TPL
STOCK VERIFIED
1995

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭ.

പ്രെസിഡെൻറ്.

മിസ്റ്റർ മാറിസ്സ് ഇ. വാട്ട്സ്, ബി. എ., ബാരിസ്റ്റർ ആറ്റ്ലാ. തിരുവിതാംകൂർ ദിവാൻ.

മെമ്പർമാർ,

൧	മിസ്റ്റർ	ഐ. സി. ചാക്കോ ബി. എ. ബി. എസ്സ്. സി. (വ്യവസായഡയറക്ടർ)
൨	,,	ജെ. ബി. കുക്ക് (തോട്ടക്കാർ)
൩	,,	പാറം ഡാനിയൽ എം. എ. എൽ. ടി. (ഗവൺമെൻറുനിയമനം)
൪	,,	ആർ. ധനരക്കോപ്പിള്ള ബി. എ. (ഓക്സൺ) (വനംകൺസർവേറ്റർ)
൫	,,	കെ. ജോർജ് ബി. എ. (ഗവൺമെൻറ് ചീഫ്സെക്രട്ടറി)
൬	,,	പി. ഹബീബ്മഹമ്മദ് എം. എ. ബി. എൽ. (ഗവൺമെൻറുനിയമനം)
൭	,,	എ. ജെ. ജാൺ ബി. എ. ബി. എൽ. [വൈക്കം (നാട്ടുപുറം)]
൮	,,	കെ. ഐ. ജോസഫ് എം. എ. ബി. എൽ. [മീനച്ചിലും ഭേദികളുവും (നാട്ടുപുറം)]
൯	,,	എൻ. വി. ജോസഫ് ബി. എ. ബി. എൽ. [പറവൂർ (നാട്ടുപുറം)]
൧൦	,,	സി. കേരളവർമ്മകോയിൽതമ്പുരാൻ [ഇടവക (ഇടവകയും പൊളിറിക്കൽപെൻഷനറും)]
൧൧	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള [കൊട്ടാരക്കരയും കുന്നത്തൂരും (നാട്ടുപുറം)]
൧൨	,,	എ. കെ. പിള്ള ബി. എ. [കരുനാഗപ്പള്ളി (നാട്ടുപുറം)]
൧൩	,,	ആർ. കെ. കൃഷ്ണപിള്ള ബി. എ. (ആക്ടിംഗ് പൊലീസ്കമ്മീഷണർ)
൧൪	,,	ആർ. കൃഷ്ണസ്വാമിഅയ്യർ ബി. എ. (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ)
൧൫	,,	എൻ. കുമാരൻ ബി. എ. ബി. എൽ. (ഗവൺമെൻറുനിയമനം)
൧൬	,,	ടി. കുമാരപിള്ള [കുൻക്കളുവും വിളവങ്കോടും (നാട്ടുപുറം)]
൧൭	ഡോക്ടർ	എൻ. കുഞ്ഞൻപിള്ള എം. എ. ബി. എസ്സ്. സി. പി. എച്ച്. ഡി. (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ)
൧൮	മിസ്റ്റർ	തെക്കുകുഞ്ഞിത്തൊമ്മൻ [മൂവാററുപുഴയും തൊടുപുഴയും (നാട്ടുപുറം)]
൧൯	,,	എക്സ്. ജി. ലോപ്പസ് (ഗവൺമെൻറുനിയമനം)
൨൦	,,	കെ. മാധവൻപിള്ള എൽ. എം. എസ്സ്. [തിരുവനന്തപുരവും നെടുമങ്ങാടും (നാട്ടുപുറം)]
൨൧	,,	കെ. സി. മാമ്മൻമാപ്പിള ബി. എ. [വ്യാപാരവും വ്യവസായവും വടക്ക]
൨൨	,,	ടി. ജെ. മാത്യു ബി. എ. ബി. എൽ. [ചങ്ങനാശേരിയും പീരുമേടും (നാട്ടുപുറം)]
൨൩	,,	ജി. നാരായണപിള്ള ബി. എ. ബി. എൽ. [തിരുവല്ലാ (നാട്ടുപുറം)]
൨൪	,,	കല്ലൂർ നാരായണപിള്ള [പത്തനംതിട്ട (നാട്ടുപുറം)]
൨൫	,,	പി. കെ. നാരായണപിള്ള ബി. എ. ബി. എൽ. [അമ്പലപ്പുഴ (നാട്ടുപുറം)]
൨൬	,,	കെ. വി. നടേശയ്യർ ബി. എ. ബി. ഇ. [ചീഫ്എൻജിനീയർ]
൨൭	,,	കെ. പി. നീലകണ്ഠപ്പിള്ള ബി. എ. ബി. എൽ. [ചിറയിൻകീഴ് (നാട്ടുപുറം)]
൨൮	,,	ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ് ഫൈനാൻഷ്യൽ സെക്രട്ടറി)
൨൯	,,	എം. എൻ. പിള്ള എൽ. എം. എസ്. (ഹോമിയൊ) [തിരുവനന്തപുരം (നഗരം)]
൩൦	,,	ആർ. പത്മനാഭൻ [ഗവൺമെൻറുനിയമനം]
൩൧	,,	ജി. പരമേശ്വരൻപിള്ള ബി. എ. ബി. എൽ. [നെയ്യാററിൻകര (നാട്ടുപുറം)]
൩൨	,,	ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള ബി. എ. ബി. എൽ. [കൊല്ലം (നാട്ടുപുറം)]
൩൩	,,	കയ്യാലവീട്ടിൽ പരമേശ്വരൻപിള്ള ബി. എ. ബി. എൽ. (അഡിഷണൽ ഹൈഡ്സക്കാർ (വക്കീൽ)
൩൪	,,	എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക)
൩൫	മിസ്സസ്	എം. പുന്നൻ പുക്കോസ് ബി. എ. എം. ബി. ബി. എസ് (ലണ്ടൻ) എൽ. എം. (റൊട്ടണ്ടാ) [സ്ത്രീവൈദ്യശാല സീനിയർ സർജൻ, മെഡിക്കൽബോർഡ് മെമ്പർ]
൩൬	മിസ്റ്റർ	ജി. രാമൻമേനോൻ എം. എ. ബി. എൽ. [മാടവപ്പിള്ളിയും കാർത്തികപ്പള്ളിയും (നാട്ടുപുറം)]
൩൭	,,	ടി. പി. രാമസുബയ്യർ ബി. എ. [ഗവൺമെൻറുസെക്രട്ടറി (നിയമസഭാസെക്രട്ടറി)]
൩൮	റാവുബഹദൂർ	കെ. വി. രങ്കസ്വാമി അയ്യങ്കാർ എം. എ. (തിരുവനന്തപുരം ആർട്ട്സ് കാളജ് പ്രിൻസിപ്പൽ)
൩൯	മിസ്റ്റർ	എസ്സ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ)
൪൦	,,	കെ. ശിവരാമപ്പണിക്കർ ബി. എ. എൽ. ടി. [ചേർത്തല (നാട്ടുപുറം)]
൪൧	,,	എം. ശിവതാണുപിള്ള [തോവാള (നാട്ടുപുറം)]
൪൨	,,	വി. സുബയ്യർ ബി. എ. ബി. എൽ. [ഗവൺമെൻറു നിയമനം ഡിപ്യൂട്ടിപ്രെസിഡൻറ്)]

G. P. T. 508. 150. 16-3-104. Vol: IX. No. 1. B

൪൩ . മിസ്റ്റർ എസ്സ്. സുബ്രഹ്മണ്യകരയാളർ ബി. എ. [പത്തനാപുരവും ചെങ്ങോട്ടയും (നാട്ടുപുറം)]
൪൪ ,, എം. സുബ്രഹ്മണ്യപിള്ള [അഗസ്തീശ്വരം (നാട്ടുപുറം)]
൪൫ ,, വി. എസ്സ്. സുബ്രഹ്മണ്യഅയ്യർ ബി.-എ. ബി. എൽ. (ഹെഡ്സക്കാർവക്കീൽ)
൪൬ ,, സി. പി. തരകൻ [കുന്നഞ്ഞുനാട്ട (നാട്ടുപുറം)]
൪൭ ,, സി. പി. തോമസ്സ് ബി. എ. എൽ. ടി. (ഗവണ്മെൻറ്നിയമനം)
൪൮ ,, കെ. കെ. തോമസ് ബി. എ. ബി. എൽ. [കോട്ടയം (നാട്ടുപുറം)]
൪൯ ,, സി. എൻ. ഗുപ്തൻ നാപ്പൂതിരി [ജന്മികൾ]
൫൦ ,, എ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ)]

തിരുവിതാംകൂർ നിയമസഭാനടപടിക്രമം.

(ഓഫിഷ്യൽറിപ്പോർട്ട്)

പുസ്തകം ൧,

൧൯൨൭-ൽ രണ്ടാംസെക്ഷൻ.

൧൯൨൭ കർക്കടകം ൧൨-നു-ക്കു മുൻപു ആഗസ്റ്റ് ൨-നു തിങ്കളാഴ്ച.

എം. ഇ. വാട്ട്സ് അവർകൾ ബി. എ. ബാരിസ്റ്റർ ആററ്ലായുടെ അഗ്രാസനാധിപത്യത്തിൻ കീഴിൽ പകൽ പതിനൊന്നരമണിക്കു തിരുവനന്തപുരം വിക്ടോറിയ ജൂബിലിടൌൺഹാളിൽ സഭായോഗംകൂടി, മിസ്റ്റർ തയ്യുതുകണ്ണിതൊമ്മൻ, മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള, മിസ്റ്റർ എം സുബ്രഹ്മണ്യപിള്ള, മിസ്റ്റർ എസ്സ്. സുബ്രഹ്മണ്യകരയാളർ ഇവർഒഴികെ ശേഷം എല്ലാമെമ്പർമാരും ഹാജരുണ്ടായിരുന്നു.

പ്രധാന സന്ദർശകന്മാർ ഗവർണ്ണർ ജനറൽ അവർകളുടെ മദ്രാസ് സ്റ്റേററ്സ് എഞ്ജിൻറ എച്ച്. എ. ബി. വെർണൻ അവർകൾ ഐ. സി. എസ്. ഗവർണർ ജനറൽ അവർകളുടെ മദ്രാസ് സ്റ്റേററ്സ് അസിസ്റ്റൻറ എഞ്ജിൻറ മേജർ ഡബ്ല്യു. കെ. ഫ്രേസർ ടെക്ക്നിക്കർ; മ. രാ. രാ. കെ. രവിവർമ്മ അവർകൾ ബി. എ. എഫ്. എം. യു. കൊച്ചുകോയിൽതമ്പുരാൻ.

പുതിയമെമ്പർമാർ.

സത്യപ്രതിജ്ഞചെയ്യുന്നതിനായി നിയമസഭാസെക്രട്ടറി ആക്ടിംഗ്പോലീസ് കമ്മീഷണർ മിസ്റ്റർ ആർ. കെ. കൃഷ്ണപിള്ളയുടെ പേരുവിളിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, നടപടിക്രമത്തപ്പററി ഒന്നുചോദിക്കുന്നതിനായി ഞാൻ ചാടിഎഴുന്നേൽക്കുന്നു. മി: ആർ. കെ. കൃഷ്ണപിള്ളയെ ഈ സഭയിലെ ഒരുമെമ്പറായി നിയമിക്കുകയും സെക്രട്ടറി സത്യപ്രതിജ്ഞ ചെയ്യുന്നതിനായി അദ്ദേഹത്തിൻെറ പേരു വിളിക്കുകയും ചെയ്തിരിക്കുന്നു. മി: പിറവു അദ്ദേഹത്തിൻെറ മെമ്പർസ്ഥാനം രാജികൊടുത്തതായി ഞങ്ങൾക്കു അറിവില്ല. അദ്ദേഹംരാജിബോധിപ്പിച്ചതായും ആ രാജി മഹാറാണി റീജൻറ തിരുമനസ്സിലെ ഗവണ്മെൻറ സ്വീകരിച്ചതായും ഗസററിൽ പ്രസിദ്ധംചെയ്തിട്ടില്ല. റെഗ്ലേഷൻപ്രകാരം ഈ സഭയിൽ അമ്പതുമെമ്പർമാർ മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളു. അതുകൊണ്ടു ഈ സഭയിൽ ഒരുപുതിയ മെമ്പറെ പ്രവേശിപ്പിക്കുന്നതു ഗവണ്മെൻറിൻെറ അധികാരത്തെ അതിക്രമിച്ചുള്ള പ്രവൃത്തിയാണ്. ഈ സഭയിൽ ഒരു മെമ്പർ സ്ഥാനം ഒഴിവാകുന്നതു നിയമസഭാതിരഞ്ഞെടുപ്പു ചട്ടങ്ങളിലെ ൨൯-ാം വകുപ്പു ചട്ടങ്ങൾപ്രകാരം മാത്രമാണു. ആ ചട്ടങ്ങൾപ്രകാരം മി: പിറവിനു ഈ സഭയിലുള്ളസ്ഥാനം ഒഴിവായിട്ടില്ല. അതുകൊണ്ടു മി: ആർ. കെ. കൃഷ്ണപിള്ളയെകൊണ്ടു ഇപ്പോൾ സത്യപ്രതിജ്ഞചെയ്യിച്ചാൽ റെഗ്ലേഷൻപ്രകാരം ഉണ്ടാകാവുന്ന അമ്പതു മെമ്പർമാർക്കുപകരം അമ്പത്തൊന്നുമെമ്പർമാർ ഉണ്ടായിരിക്കുന്നതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): സർ, ചട്ടപ്രകാരം ഗവണ്മെൻറ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരിൻെറ കാലാവധി ഗവണ്മെൻറിൻെറ ഇഷ്ടംപോലെ അവസാനിപ്പിക്കാവുന്നതാണു. നിയമസഭാതിരഞ്ഞെടുപ്പു ചട്ടങ്ങളിലെ ൨൫ (൨)-ാം ചട്ടം ഇങ്ങനെയാണു.

"ഉദ്യോഗസ്ഥമെമ്പർമാർ അവരെനിയമിച്ച സഭയുടെ കാലാവധിയോളമോ ഗവണ്മെൻറ നിർണ്ണയിക്കുന്നപ്രകാരം അതിൽ കുറഞ്ഞകാലത്തേക്കോ അവരുടെ മെമ്പർസ്ഥാനം വഹിക്കുന്നതായിരിക്കും."

ഇക്കാര്യത്തിൽ മി: പിറവ് അവധിയെടുത്തു ഇംഗ്ലണ്ടിൽപോയിരിക്കയാൽ അദ്ദേഹത്തിൻെറ മെമ്പർസ്ഥാനാവധി ഗവണ്മെൻറ അവസാനിപ്പിച്ചിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ മി: പിറവ് ഈ സഭയിൽ അദ്ദേഹത്തിൻെറ സ്ഥാനം ഒഴിഞ്ഞുപോയോ ഇല്ലയോ എന്നു ഞങ്ങൾക്കു അറിവില്ല. ഗസററിൽ അതിനെസംബന്ധിച്ചു പരസ്യം കണ്ടിട്ടില്ല. ഇപ്പോൾ ഉണ്ടാക്കീട്ടുള്ളതു ഒരു തല്ക്കാലവ്യവസ്ഥയല്ല, നിയമനം സ്ഥിരമാണു, അതിനെപററി ഞങ്ങൾക്കു വിവരമൊന്നുമില്ല.

പ്രെസിഡൻറ: ഒരുദ്യോഗസ്ഥൻ അവധിയെടുത്തു രാജ്യംവിട്ടുപോകുമ്പോൾ അതുകൊണ്ടുതന്നെ തൻെറ സ്ഥാനവും ഒഴിയുന്നു. അങ്ങനെ സ്ഥാനംഒഴിയുമ്പോൾ മെമ്പർസ്ഥാനവും അവസാനിച്ചതായി ഗവണ്മെൻറിനു തീരുമാനിക്കാവുന്നതാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുൻ അവസരങ്ങളിൽ മെമ്പർസ്ഥാനം രാജികൊടുത്തിരിക്കുന്നു എന്നും രാജി മഹാറാണിറീജൻറ തിരുമനസ്സിലെ ഗവണ്മെൻറ സ്വീകരിച്ചിരിക്കുന്നു എന്നും ഗസററപരസ്യങ്ങളിൽ സ്പഷ്ടമായി പറഞ്ഞുകാണുന്നുണ്ട്. ൧൯൨൭ ഏപ്രിൽ ൧൫-നു ഞങ്ങൾ ഗസററിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ഗവണ്മെന്റ് സെക്രട്ടറി മ. രാ. രാ. എൻ. നീലകണ്ഠപ്പിള്ള അവർകൾ ബി. എ., ബി. എൽ. തന്റെ നിയമസഭാ മെമ്പർസ്ഥാനം രാജിവെച്ചതു മഹാറാണി റീജന്റ് തിരുമനസ്സിലെ ഗവണ്മെന്റ് നിയമസഭാ തിരഞ്ഞെടുപ്പു ചട്ടങ്ങളിലെ ൨൪ (എ) ചട്ടപ്രകാരം സ്വീകരിച്ചിരിക്കുന്നു."

"ഹൈഡ്സക്കാർവക്കീൽ മ. രാ. രാ. വി. എസ്. സുബ്രഹ്മണ്യയ്യർ അവർകൾ ബി. എ., ബി. എല്ലിനെ നിയമസഭയിലെ ഒരു ഉദ്യോഗസ്ഥമെമ്പറായി മഹാറാണി റീജന്റ് തിരുമനസ്സിലെ ഗവണ്മെന്റ് നിയമസഭാ തിരഞ്ഞെടുപ്പു ചട്ടങ്ങളിലെ ൨൪ (ഡി)-ാം ചട്ടപ്രകാരം നിയമിച്ചിരിക്കുന്നു."

മി: വാൻറോസ്സിന്റെ കാര്യത്തിലും അദ്ദേഹത്തിന്റെ ഈ സഭാമെമ്പർസ്ഥാനം അദ്ദേഹം രാജിവെച്ചിരിക്കുന്നുഎന്നും ആ രാജി മഹാറാണി റീജന്റ് തിരുമനസ്സിലെ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നു എന്നും ഒരു പരസ്യം ൧൯൨൭ ഏപ്രിൽ ൨൦-ാംനു- ത്തെ ഗസററിലും ഉണ്ട്.

പ്രെസിഡെന്റ്: ഒരു ഉദ്യോഗസ്ഥമെമ്പറിന്റെ മെമ്പർസ്ഥാനം രണ്ടുവിധത്തിൽ ഒഴിവാകാം. ഒന്നു നിയമസഭാ തിരഞ്ഞെടുപ്പു ചട്ടങ്ങളിലെ ൨൪ (എ)-ാം ചട്ടപ്രകാരം മെമ്പർ രാജി ബോധിപ്പിക്കുന്നു. മറേറതു അദ്ദേഹത്തിന്റെ മെമ്പർസ്ഥാനാവധി ഗവണ്മെന്റ് ൨൪ (൨)-ാം ചട്ടപ്രകാരം അവസാനിപ്പിക്കുന്നു. നിങ്ങൾ വായിച്ച പരസ്യങ്ങളിൽ മെമ്പർമാർ ബോധിപ്പിച്ച രാജിയെ ഗവണ്മെന്റ് സ്വീകരിച്ചു മി: പിററിന്റെ കാര്യത്തിൽ ഗവണ്മെന്റ് അദ്ദേഹത്തിന്റെ മെമ്പർസ്ഥാനം അവസാനിപ്പിച്ചു. അതുകൊണ്ടു മി: ആർ. കെ. കൃഷ്ണപിള്ള വന്നു സത്യപ്രതിജ്ഞ ചെയ്യുന്നതു ക്രമാനുസരണം ആണെന്നു ഞാൻ തീർച്ചയാക്കുന്നു. താഴെ പറയുന്ന പുതിയ മെമ്പർമാർ സത്യപ്രതിജ്ഞചെയ്തു.

(എ) ആക്ടിങ്ങ് പൊലീസ് കമ്മിഷണർ മ. രാ. രാ. ആർ. കെ. കൃഷ്ണപിള്ള അവർകൾ.

(൨) എക്സൈസ് കമ്മിഷണർ എ. ജെ. വാൻറോസ്സ് എസ്കുയർ.

ചോദ്യങ്ങളും ഉത്തരങ്ങളും.

ഗവണ്മെന്റുദ്യോഗസ്ഥന്മാർ ഡിപ്പാർട്ടുമെന്റുവകയായി സാമാനങ്ങൾ വാങ്ങുന്നതു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) ഗവണ്മെന്റുവകയായി സാമാനങ്ങൾ വാങ്ങേണ്ടിവരുന്ന ഉദ്യോഗസ്ഥന്മാരെല്ലാവരും ൧൯൨൭ ഡിസംബർ ൧൫-ാംനു- ത്തെ ൨൦൨൫-ാം നമ്പർ പരസ്യത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ചട്ടങ്ങൾപ്രകാരം തന്നെ പ്രവർത്തിച്ചുവരുന്നുണ്ടോ?

(ബി) ഈ ഉദ്യോഗസ്ഥന്മാരെല്ലാവരും ൧൦൯൭, ൧൦൯൮, ൧൧൦൦, ൧൧൦൧ ഈ വർഷങ്ങളിൽ സാമാനങ്ങൾ വാങ്ങിയതു പരസ്യത്തിലെ ൨-ാം ചട്ടപ്രകാരം തിരുവിതാംകൂറിലെ വർത്തമാനപത്രങ്ങളിലും മദ്രാസ്, ബോംബേ, കല്ക്കത്താ ഇവിടങ്ങളിൽ ഉള്ള ഇംഗ്ലീഷുപത്രങ്ങളിലും ടെണ്ടേഴ്സുകൾ ബോധിപ്പിപ്പാൻ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയശേഷമാണോ?

(സി) ൧൦൯൭, ൧൦൯൮, ൧൧൦൦, ൧൧൦൧ ഈ വർഷങ്ങളിൽ വാങ്ങിയ സാമാനങ്ങൾക്കു ടെണ്ടേഴ്സുകൾ ബോധിപ്പിക്കാൻ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയ തിരുവിതാംകൂറിലും പുറമേയും ഉള്ള പത്രങ്ങളുടെപേരുകൾ.

(ഡി) പരസ്യങ്ങൾ പ്രസിദ്ധംചെയ്യാത്ത സംഗതികളിൽ അക്കൌണ്ടാഫീസർ പണം കൊടുക്കാതെ പരസ്യത്തിലെ ൨-ാം ചട്ടപ്രകാരം വാങ്ങിയ ഉദ്യോഗസ്ഥൻ ഗവണ്മെന്റനുവാദം വാങ്ങുന്നതുവരെ നിറുത്തിവെച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ൧൦൯൭, ൧൦൯൮, ൧൧൦൦, ൧൧൦൧ ഈ വർഷങ്ങളിൽ അങ്ങനെ ചെയ്തതിന്റെ ഉദാഹരണങ്ങൾ പറയുമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ്ങ് ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): (എ) ഉവ്വ്; ചട്ടം ലംഘിച്ചു സംഗതികളിൽ ഗവണ്മെന്റനുവാദംഇല്ലെങ്കിൽ.

(ബി) സ്റ്റോർചട്ടങ്ങളിലെ നിബന്ധനകൾ അനുസരിച്ചിട്ടുണ്ടെങ്കിൽമാത്രമേ ബില്ലുകൾ പാസ്സാക്കാറുള്ളു.

(സി) പണംകെട്ടിവാങ്ങുന്ന ഉദ്യോഗസ്ഥന്മാരാണുപരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു. അവരുടെ സർട്ടിഫിക്കേററുപ്രകാരം പണംകൊടുക്കാം. പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയ പത്രങ്ങൾ കണ്ടുപിടിക്കുന്നതു പ്രയാസവും വലിയ അദ്ധ്വാനവും ആണു.

(ഡി) (ബി) ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിന്നവകാശം ഇല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): (എ) ഭാഗം മറുപടിയെ സംബന്ധിച്ച്, ചട്ടലംഘനം അനുവദിക്കുന്നതു എന്തു തത്വം അനുസരിച്ചാണെന്നു പറയുമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ്ങ് ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി). സ്റ്റോർ ചട്ടങ്ങളെ അടിസ്ഥാനമാക്കിയാണു ലംഘനങ്ങൾ അനുവദിക്കുന്നതു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഏതു സന്ദർഭങ്ങളിലാണു ലംഘനങ്ങൾ അനുവദിക്കാൻ അപേക്ഷകൾ കൊണ്ടുവരുന്നതെന്നു പറയുമോ,

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ്ങ് ഗവണ്മെന്റ് ഫൈനാൻഷ്യൽസെക്രട്ടറി): ചില സംഗതികളിൽ സാമാനങ്ങൾ എളുപ്പത്തിൽകിട്ടുന്നതല്ലായിരുന്നിരിക്കാം. ഡഫ്ലാസ് വിലയോ മേലധികാരിയോ ൨,൫൦൦ രൂപായിൽ കവിഞ്ഞിരിക്കുന്നപക്ഷം ഡിപ്പാർട്ടുമെന്റു മേലധികാരി അതിനെപ്പററി ഗവണ്മെന്റിനെ തെളിപ്പെടുത്തും; അവർ ആവശ്യമുള്ള കടലാസ്സുകൾ വരുത്തിനോക്കി കാര്യം തീർച്ചയാക്കും; അവരുടെ തീർച്ചയെ അക്കൌണ്ട് ആഫീസരേയും അറിയിക്കും.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ൨,൫൦൦ രൂപായിൽക്കു ഞ്ഞധികമുള്ള സാമാനങ്ങളുടെ കാര്യങ്ങളിൽ ലംഘനങ്ങൾക്കു അനുവാദം ചോദിക്കാറില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ്ങ് ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രട്ടറി): അവയ്ക്കും അനുവാദം ചോദിക്കാറുണ്ടു ചിലപ്പോൾ,

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ചട്ടങ്ങൾ നടപ്പിൽ വരുത്തിയതിയ്യതിമുതൽ എത്ര കാര്യങ്ങളിൽ ലംഘനം അനുവദിച്ചു എന്നു പറയുമോ.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ്ങ് ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): എനിക്കു പറവാൻ സാധിക്കയില്ല. എനിക്കു മാസം ൨൦,൦൦൦ ബില്ലുകളോളം കിട്ടുന്നുണ്ടു്. അതുകൊണ്ടു് ഈ വിവരം നോക്കി എടുക്കുന്ന കാര്യം പ്രയാസമാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക) : ചട്ടങ്ങൾ ലംഘിച്ചതൊ അനുസരിച്ചതൊ ഏതാണു അധികാരമുള്ളതെന്നു പറയുമോ?.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): ലംഘനങ്ങൾ ചുരുക്കമാണെന്നു പറയേണ്ടതില്ലല്ലോ.

അധികം കരം വസൂലാക്കുന്ന താലൂക്കുകൾ.

൨. മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യാപാരവും വ്യവസായവും തെക്ക) : താഴെ പറയുന്ന വിവരം ഗവണ്മെന്റു മര്യാദയായി പറയുമോ.?

(എ) ഈ രാജ്യത്തു എൻ൭, എൻവ, എൻൻ, എഎം, ഈ ആണ്ടുകളിൽ ഏററവും അധികം കരം വസൂലായ താലൂക്കിന്റെ പേരു.

(ബി) എൻ൭, എൻവ, എൻൻ, എഎം ഈ ആണ്ടുകളിൽ ശരാശരി ആളൊന്നുക്കു ഏററവും അധികം കരം വസൂലായ താലൂക്കിന്റെപേരു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ)-ം (ബി)-ം എൻ൭, എൻവ, എൻൻ എഎം, ഈ ആണ്ടുകളിൽ വസൂലായകരവും എൻഎഎ മുതലുള്ള എൻബി എ ലെയും കാനേഷുമാരിക്കണക്കുപ്രകാരമുള്ള ജനസംഖ്യയും താലൂക്കുവാറായി കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.* എ൭-ൽ മുവാറ്റുപുഴയും എൻവ-ൽ കോട്ടയവും എൻൻ-ലും എഎം-ലും അഗസ്തീശ്വരവും താലൂക്കുകളിലാണു് ഏററവും അധികം നികുതി വസൂലായതു്. ശരാശരി ആളൊന്നുക്കുള്ള താലൂക്കുകളിലാണു ഏററവും അധികം വസൂലായതെന്നു പട്ടികയിൽ കൊടുത്തിട്ടുള്ള സംഖ്യകളിൽ നിന്നു കണക്കുകൂട്ടി എടുക്കാവുന്നതാണ്.

തിരുവനന്തപുരത്തിന്നും നാഗർകോവിലിന്നും മദ്ധ്യേ മോട്ടാർബസ്സ് പരിശോധന.

൩. മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യാപാരവും വ്യവസായവും തെക്ക): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു മര്യാദയായിപറയുമോ?

(എ) തിരുവനന്തപുരത്തിന്നും നാഗർകോവിലിന്നും മദ്ധ്യേ മോട്ടാർബസ്സുകൾ പരിശോധിക്കുന്ന സ്ഥലങ്ങൾ

(ബി) പരിശോധനയുടെ സ്വഭാവം എന്തു, പരിശോധിക്കുന്നതു് എങ്ങിനെയാണ്

(സി) പരിശോധനയുടെ ഉദ്ദേശം എന്തു?

(ഡി) ബസ്സുകളെ ഓരോസ്ഥലത്തു പരിശോധിക്കാൻ നിയമിച്ചിട്ടുള്ള ആളുകളുടെ ശമ്പളവും ഗ്രേഡും (സ്ഥാനവും)

(ഇ) ഓരോസ്ഥലത്തും ഈ ജോലിക്കായി ദിനംപ്രതി അയക്കുന്ന ആളുകളുടെ എണ്ണം.

(എഫ്) ദിവസം ൨൪ മണിക്കൂറും പരിശോധന നടത്താറുണ്ടോ, ഇല്ലെങ്കിൽ, പരിശോധനയ്ക്കുള്ള സമയം

(ജി) പെർമിററുകൾ, ലൈസൻസുകൾ മുതലായവ ഏതു ഭാഷയിലാണ് അച്ചടിച്ചിട്ടുള്ളതു്.

(എച്ച്) ഡ്രൈവർ മാർ ധരിക്കുന്ന മുദ്രകളിലെ എണ്ണം കൊടുത്തിട്ടുള്ളതു ഏതു ഭാഷയിലാണ്.

(ഐ) ചെക്ക ബുക്ക് (പരിശോധനപുസ്തകം) ഏതുഭാഷയിലാണ് വെച്ചിട്ടുള്ളതു്

(ജെ) ഈ ജോലി ചെയ്യുന്നഎല്ലാവർക്കുമോ ചിലർക്കോ ഇംഗ്ലീഷ് അറിയാമോ

(കെ) ബസ്സ് പരിശോധന ചെയ്യാൻ നിയമിക്കപ്പെട്ടിട്ടുള്ളവർ അക്രമമായി പണം വസൂൽ ചെയ്യുന്നു എന്നുപോലീസുകമ്മീഷണർക്കു ബസ്സ് ഉടമസ്ഥന്മാരുടെ പരാതി കിട്ടീട്ടുണ്ടോ ഉണ്ടെങ്കിൽ ആക്കാര്യത്തിൽ അദ്ദേഹം എന്തുപ്രയത്നിച്ചു.

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ) (എ) തിരുവനന്തപുരം, പാളയം.
(ബി) ടി കോട്ടയ്ക്കകം
(സി) കരമന.
(ഡി) നേമം
(ഇ) നെയ്യാററിങ്കര.
(എഫ്) വിളവങ്കോട്.
(ജി) തക്കല
(എച്ച്) മണിമാളിക (നാഗരുകോവിൽ)

ബി) പരിശോധനകളിൽ ഇവ ഉൾപ്പെട്ടവ

(എ) യാത്രക്കാരുടെ എണ്ണം നോക്കുക.
(ബി) വരവുസമയം കുറിക്കുക.
(സി) നിശ്ചിതസമയം പുറപ്പെട്ടുന്നോ എന്നുനോക്കുക.
(ഡി) മോട്ടാർ വാഹന ചട്ടങ്ങളും ലൈസൻസ്കളിലെ നിബന്ധനകളും അനുസരിപ്പിക്ക

* അനുബന്ധം I. (പുറം ൧൩)നോക്കുക

(സി) പ്രധാന ഉദ്ദേശം (എ) കണക്കിലധികം യാത്രക്കാരെ കുത്തിനിറച്ചു നോക്കുകയും (ബി) ബസ്സുകൾ മത്സരിച്ചു ഓടിക്കാനിടയാക്കുകയും ചെയ്തു ട്രാഫിക്കുസമയങ്ങളിൽ പ്രയാസപ്പെടുകയും എന്തുകൂടെ ചെയ്യുന്നുണ്ടോ എന്നു മനസ്സിലാക്കുകയുമാണ്

(ഡി) സാധാരണയായി ക്ലാസ് ഫൈൽ വരെ ആപ്രദേശത്തുള്ള കാൺസ്റ്റബിൾമാരും ചിലപ്പോൾ അവരുടെ പോലീസുദ്യോഗസ്ഥന്മാരും.

(ഇ) ഉണ്ട്.

(എഫ്) ഇല്ല. ബസ്സുകൾ ഓടുന്ന സമയം മാത്രം

(ജി) ഇംഗ്ലീഷ്

(വി) ഇംഗ്ലീഷ്.

(ഐ) അക്കങ്ങളും പ്രധാന അക്ഷരങ്ങളും ഇംഗ്ലീഷിലും പേരുകൾ മലയാളത്തിലും.

(ക്ലാ) അവർ ചെയ്തുവരുന്ന ജോലിക്കു വേണ്ടുന്ന ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം എല്ലാവർക്കും ഉണ്ട്.

(ക്ലാ ക്ലാ) മറുപടി നിഷേധത്തിലാണ്.

തീവണ്ടിക്കൂലി കൂട്ടിയതിന്റെ ഫലം.

൪. മിസ്. എസ്. പിറവിപ്പെരുമാൾ പിള്ള (വ്യാപാരവും വ്യവസായവും മന്ത്രി) : തീവണ്ടി ക്കൂലി വർദ്ധിപ്പിച്ചതിന്റെ ഫലത്തെപ്പറ്റി നിയമസഭയുടെ ക്വസ്റ്റ്യൻ നമ്പർ ൨൪൦ തിയ്യതിയിലെ യോഗത്തിൽ ചോദിച്ച ൯൯൦ നമ്പർ ചോദ്യത്തിന്റെ മറുപടി സംബന്ധിച്ചു, അതിൽ പറഞ്ഞ കണക്കുകൾ കിട്ടിയോ എന്നും കിട്ടിയില്ലെങ്കിൽ അക്കാലത്തെ ലാഭമോ നഷ്ടമോ എത്രയാണെന്നു ഗവർണ്ണമെന്റ് ഉദ്ദേശിക്കുന്നു എന്നു പറയുമോ?

മിസ് ആർ. നീലകണ്ഠപ്പിള്ള (ഫൈനാൻസ് ഗവർണ്ണമെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): കണക്കുകൾ കിട്ടിയിരിക്കുന്നു. കൂലികൾ വർദ്ധിപ്പിച്ചതിനാൽ ഉണ്ടായിട്ടുള്ള ലാഭമോ ചേതമോ ആ കണക്കുകളിൽ പ്രത്യേകമായി കാണിച്ചിട്ടില്ല.

നാഗർകോവിൽ മുനിസിപ്പാൽ പ്രസിഡന്റിന്റെ തിരഞ്ഞെടുപ്പു.

൫. മി: ശിവതാണുപിള്ള (കോവാളം): ഗവർണ്ണമെന്റ് ഉദ്ദേശിക്കുന്ന സംഗതികൾ പറയുമോ?

(എ) പ്രസിഡന്റിന്റെ തിരഞ്ഞെടുപ്പു സമയം നാഗർകോവിൽ മുനിസിപ്പാൽ ആഫീസിൽ പോലീസിന്റെ സഹായം വേണമെന്നു ഒരു അപേക്ഷ അവർക്കു കിട്ടിയിരുന്നുവോ, ഉണ്ടെങ്കിൽ ആരു, എന്തു കാരണത്തിന്മേലാണു അപേക്ഷിച്ചതു?

(ബി) അങ്ങനെ സഹായം അനുവദിക്കുന്നതിനു മുമ്പായി ഗവർണ്ണമെന്റ് വല്ല അന്വേഷണവും കഴിച്ചോ?

(സി) മുനിസിപ്പാൽസഭയിലെ ഒരു ഉദ്യോഗസ്ഥനായ സ്ഥലത്തെ ഇംഗ്ലീഷ്ഹൈസ്കൂൾ ഹെഡ് മാസ്റ്ററുടെ അടുക്കൽ ഡിസ്ട്രിക്ട്പോലീസ് സൂപ്രണ്ടു വിവരങ്ങൾ ചോദിക്കുന്നതിനായി പോയി എന്നു പറയുന്നതു വാസ്തവമാണോ?

(ഡി) തങ്ങളുടെ മുനിസിപ്പാൽ തിരഞ്ഞെടുപ്പു സംഗതിയിൽ പോലീസ് പ്രവേശിച്ചതിനെ പററി നാഗർകോവിലിലെ പൌരന്മാരുടെ ഇടയിൽ വളരെ ക്ഷോഭം ഉണ്ടായിട്ടുണ്ടെന്നു ഗവർണ്ണമെന്റിനു അറിയാമോ?

(ഇ) പോലീസിന്റെ പ്രവേശനത്തെ പ്രതിഷേധിക്കുന്ന വല്ല അപേക്ഷയും അവർക്കു കിട്ടീട്ടുണ്ടോ?

(എഫ്) മുനിസിപ്പാലററിയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു മെംബർ ഇതിനെപ്പററി മി: പിച്ചു അയ്യങ്കാരോടു നേരിട്ടു ആക്ഷേപം പറകയും കാര്യത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി മൊഴിഎടുക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തുഎന്നു പറയുന്നതുസത്യമോ? സത്യമെങ്കിൽ മി: പിച്ചു അയ്യങ്കാർ അങ്ങനെ ചെയ്തുവോ, ചെയ്തില്ലെങ്കിൽ എന്തുകൊണ്ടു?

(ജി) തിരഞ്ഞെടുപ്പു സമയം ഹാജരായിരുന്ന ഡിസ്ട്രിക്ട്പോലീസ് സൂപ്രണ്ടിന്റെ വല്ലതരത്തിലുള്ള റിപ്പോർട്ടും കിട്ടിയോ? മുനിസിപ്പാലററിയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു മെംബറിന്റെ ആക്ഷേപമുണ്ടായിരുന്നിട്ടും പോലീസ് സൈന്യത്തോടു കൂടെ താൻ അവിടെ ഹാജരായിരിക്കത്തക്കവല്ല സംഗതികളും അദ്ദേഹം അവിടെ കണ്ടുവോ?

൬. പോലീസ് റിപ്പോർട്ടിന്റെ ഒരു പകർപ്പും പോലീസിന്റെ സഹായത്തിനു ചെയ്ത അപേക്ഷയുണ്ടെങ്കിൽ അതിന്റെ ഒരു പകർപ്പും ഗവർണ്ണമെന്റ് മേശപ്പുറത്തു വെക്കുമോ?

മി: രാമസുബ്ബയ്യർ (ഗവർണ്ണമെന്റ്സെക്രട്ടറി): (൫) (എ) ഉവ്വു, മുനിസിപ്പാൽ പ്രസിഡന്റു മി: നയനാരാൽ; തിരഞ്ഞെടുപ്പുസമയം സമാധാനഭംഗം ഉണ്ടാകുമെന്നു ശങ്കിപ്പാൻ അദ്ദേഹത്തിനു മതിയായകാരണം ഉണ്ടായിരുന്നു എന്നാണു പറയുന്നതു

(ബി) ഇക്കാര്യത്തിൽ വേണ്ടതു പ്രവർത്തിപ്പാനായി പോലീസ് കമ്മീഷണരേയും ഗവർണ്ണമെന്റു അങ്ങനെ പിച്ചു.

(സി) ഇല്ല

(ഡി) ഇല്ല

(ഇ) ഇല്ല

(എഫ്) ചോദ്യത്തിന്റെ പ്രഥമഭാഗത്തിന്നു മറുപടി നിഷേധത്തിലാണു. അതുകൊണ്ടു രണ്ടാം ഭാഗത്തിന്നു അവകാശമില്ല.

(ജി) ഡിസ്ട്രിക്ട് പോലീസുസൂപ്രണ്ടിന്റെ ഒരു റിപ്പോർട്ടുണ്ടായിരുന്നു. തിരഞ്ഞെടുപ്പുസമയം പോലീസ് സൈന്യത്തോടു കൂടെ താൻ ഹാജരായിരിക്കത്തക്ക സംഗതികൾ അവിടെ കണ്ടു എന്നു റിപ്പോർട്ടിൽ കാണുന്നില്ല. ഡിസ്ട്രിക്ട് പോലീസ്സൂപ്രണ്ടു ഹാജരായിരിക്കുന്നതിനെപ്പററി ആക്ഷേപമൊന്നും ഉണ്ടായിരുന്നില്ല.

(ഡ) പ്രസിഡന്റിന്റേയും ഡിസ്ട്രിക്ട്പോലീസ് സൂപ്രണ്ടിന്റേയും റിപ്പോർട്ടുകളുടെ പകർപ്പുകൾ* മേശപ്പുറത്തു വെച്ചിരിക്കുന്നു.*

നാഗരുകോവിൽ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ കോട്ടാർ ഇംഗ്ലീഷ് ഹൈസ്ക്കൂൾഹെഡ്മാസ്റ്ററുടെ അനാവശ്യപ്രവേശനം.

൩. മി: എം. ശിവതാണുപിള്ള (തോവാള): (എ) നാഗരുകോവിൽ മുൻസിപ്പാലിററിയിലെ വാർഡ്തിരഞ്ഞെടുപ്പിലും ചെയർമാന്റെ തിരഞ്ഞെടുപ്പിലും കോട്ടാർ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ. അനന്തകൃഷ്ണയ്യർ പ്രവേശിക്കുന്നതിനെപ്പററി ഗവണ്മെന്റിൽ വല്ല ഹർജിയോ പരാതിയോ കിട്ടിയോ എന്നു ദയവായി പറയുമോ?

(ബി) കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന്നു ഒരു സ്ഥാനാർത്ഥി ആയിരുന്ന ഡോക്ടർ എൻ. എ. സുന്ദരംപിള്ളയും അദ്ദേഹത്തെപ്പററി ഇങ്ങനെയുള്ള പരാതികൾ പറഞ്ഞിട്ടുണ്ടോ?

(സി) (എ)-യും (ബി)-യും ഭാഗങ്ങളിൽ പറഞ്ഞ പരാതികളെ പററി വല്ല അന്വേഷണവും നടത്തിട്ടുണ്ടോ.

(ഡി) ചെയർമാന്റെ തിരഞ്ഞെടുപ്പിന്റെ സാധുതയെ ആക്ഷേപിച്ചു നാലു സാമാജികന്മാർ കൂടി കൊടുത്ത ഹർജിയിൽ ഒരു കാരണം പറഞ്ഞതു ഈ ഹെഡ്മാസ്റ്റർ മിസ്റ്റർ അനന്തകൃഷ്ണയ്യരുടെ അനാവശ്യപ്രവേശനം ആണെന്നു ഗവണ്മെന്റിന്നറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) ഗവണ്മെന്റിൽ ഒരു കമ്പികിട്ടി.

(ബി) ഇല്ല.

(സി) (എ) ഭാഗത്തിൽ പറഞ്ഞ കമ്പി വേണ്ടതു പ്രവർത്തിക്കുന്നതിന്നായി ദിവാൻ പേഷ്ക്കാർക്കു അയച്ചുകൊടുത്തു.

(ഡി) ഇല്ല.

നാഗരുകോവിൽ മുനിസിപ്പാലിററി സാമാജികന്മാരെ നിയമിക്കുന്നതിന്നുള്ള ശിപാശ.

൪. മി: എം. ശിവതാണുപിള്ള (തോവാള): (എ) താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമോ?

(൧) നാഗരുകോവിൽ മുനിസിപ്പാൽ സാമാജികന്മാരായി ഇപ്പോൾ നാലാളുകളെ ശിപാശ്ചെയ്തതു എന്തുതത്വം അനുസരിച്ചാണ്?

(൨) ആ നാലു സ്ഥാനത്തേക്കു ചെയർമാൻ മിസ്റ്റർ എ. നായനാർ ആളുകളെ ശിപാശ്ചെയ്തുവോ, ചെയ്തെങ്കിൽ അവരുടെ പേരുകളും അവകാശങ്ങളും പറയുമോ?

(൩) തിരുവനന്തപുരം ദിവാൻ പേഷ്ക്കാരും അഗസ്തീശ്വരം താലൂക്കു തഹസിൽദാരും വല്ലവരെയും ശിപാശ് ചെയ്തുവോ ചെയ്തെങ്കിൽ തഹസിൽദാരുടെ ശിപാശ്യുടെ ഒരു പകർപ്പു ഗവണ്മെന്റു ദയവായി മേശപ്പുറത്തുവെക്കുമോ?

(൪) ചെയർമാൻ ശിപാശ്ചെയ്തതു ഗവണ്മെന്റിന്റെ ആജ്ഞപ്രകാരമോ സ്വന്ത ഇഷ്ടപ്രകാരമോ.

(ബി) ഇപ്പോൾ ശിപാശചെയ്തിട്ടുള്ള നാലാളുകളിൽ രണ്ടുപേർ പഴയ സഭയിൽ ഗവണ്മെന്റു നിയമിച്ച സാമാജികന്മാരും ശേഷം രണ്ടുപേർ സ്ഥലത്തെ പഞ്ചായത്തു കോടതി ജഡ്ജിമാരുടെയും ബെഞ്ചുമജിസ്ട്രേട്ടുമാരുടെയും പട്ടികയിൽ പെട്ടവരും ആണോ?

(സി) അവരവരുടെ സമുദായക്കാർ വേറെ ആളുകളെ നിയമിക്കണമെന്നു ശിപാശ്ചെയ്തു കൊണ്ടു ഹർജികളോ അപേക്ഷകളോ അയച്ചിട്ടുണ്ടോ?

(ഡി) അവരുടെ അപേക്ഷയെ നിരാകരിച്ചു പഴയ സഭയിലെ രണ്ടു സാമാജികന്മാരെ വീണ്ടും ശിപാശ്ചെയ്യാൻ വല്ല കാരണവും ഉണ്ടോ?

(ഇ) രണ്ടാമതും ശിപാശചെയ്തിട്ടുള്ള ഒരു സാമാജികനു അറുപതിൽപരം പ്രായമുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

(എഫ്) തിരഞ്ഞെടുപ്പുനടപടികൾ നടത്താൻനിശ്ചയിച്ചിരുന്നയാളും തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാണെന്നു പ്രസിദ്ധം ചെയ്തിരുന്നയാളുമായ മിസ്റ്റർ. എ. നായനാർ ചെയർമാൻ ആയി ഇരിക്കുന്നതിനെപ്പററി ഹർജികൾ മൂലമോ പൌരന്മാരുടെ യോഗങ്ങളിൽ പാസ്സാക്കിയ നിശ്ചയങ്ങൾ മൂലമോ മഹാറാണി റീജൻറ് തിരുമനസ്സിലേക്കു സങ്കട ഹർജികൾ മൂലമോ ആക്ഷേപങ്ങൾ ഗവണ്മെന്റിന്നു കിട്ടീട്ടുണ്ടോ?

(ജി) (എഫ്) ചോദ്യത്തിൽ പ്രസ്താവിച്ച നിവേദനങ്ങളെപ്പററി വല്ല അന്വേഷണവും നടത്തിയെങ്കിൽ അതിന്റെ ഫലം എന്തായിരുന്നു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): (എ.) (൧) തിരഞ്ഞെടുപ്പിൽ പ്രാതിനിധ്യലഭിക്കാത്ത അല്പപക്ഷക്കാരായ പ്രധാന സമുദായങ്ങൾക്കു കൊടുക്കണമെന്നും നയം ഭേദപ്പെട്ടു പോകാതിരിക്കാൻ ചില പഴയ സാമാജികന്മാരെ പിരിച്ചു വിടരുതെന്നും ഉള്ള തത്വം അനുസരിച്ചാണ് ഗവണ്മെന്റു പ്രവർത്തിച്ചതു്.

(൨) ഉവ്വു. മീനാക്ഷിപുരത്തെ ഒരു ജന്മിയായ മിസ്റ്റർ എ. മുത്തുജ്യോത്സ്യരേയും കോട്ടാറെ കച്ചവടം മിസ്റ്റർ കെ. പെരുമാൾ പണിക്കരെയും മിസ്റ്റർ നായനാർ ശിപാശ്ചെയ്തു. ഇരുവരും പഴയസഭയിൽ സാമാജികന്മാരും തീരഞ്ഞെടുപ്പിൽ പ്രാതിനിധ്യം ലഭിക്കാത്ത അല്പപക്ഷക്കാരായ സമുദായങ്ങളിൽ പെട്ടവരും ആയിരുന്നു. ഒന്നാമൻ ജാതിയിൽ കുമ്പാളനും രണ്ടാമൻ ഈഴവനും ആകുന്നു. മിസ്റ്റർ മുത്തു ജ്യോത്സ്യർ മുനിസിപ്പാലിററി സംബന്ധിച്ചു നല്ലജോലിചെയ്യുന്ന ആളാണെന്നു റിപ്പോർട്ടു കിട്ടീട്ടുണ്ട്.

(൩) ഉവ്വു. തഹസിൽദാരുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പു § മേശപ്പുറത്തു വെച്ചിരിക്കുന്നു.

(൪) ശിപാശ് ചെയ്യാൻ ഗവണ്മെന്റു പ്രസിഡെന്റിനോടു ആവശ്യപ്പെട്ടിരുന്നില്ല.

---

* അനുബന്ധം ൨ നോക്കുക പുറം ൧൪

§ അനുബന്ധം ൩ നോക്കുക. പുറം ൧൪

(ബി) ഉവ്വ്,
(സി) ഉവ്വ്.
(ഡി) (എ) (മ)-ം (ഡ)-ം ഭാഗങ്ങൾക്കുള്ള മറുപടി മെമ്പർ വായിച്ചു നോക്കണം.
(ഇ) ഉവ്വ്.
(എഫ്) ഉവ്വ്.
(ജി) കാര്യം വിചാരണയിൽ ഇരിക്കുന്നു.

നാഗരുകോവിൽ മുനിസിപ്പാലിററിയിലെ വാർഡുകൾ പുതുതായി തിരിക്കുക.

വ. മി: എം. ശിവതാണുപിള്ള (തോവാള): (എ) നാഗരുകോവിൽ മുൻസിപ്പാലിററിയിലെ വാർഡുകളുടെ എണ്ണം പതിമൂന്നിൽ നിന്നു പതിനഞ്ചായി വർദ്ധിപ്പിച്ചതും അതിന്റെ കാരണവും ഗവണ്മെന്റിനു അറിവുണ്ടോ എന്നും അതിനെ സംബന്ധിച്ചു മുനിസിപ്പൽ സഭ വല്ല നിശ്ചയവും പാസ്സാക്കിട്ടുണ്ടായിരുന്നോ എന്നും പറയുമോ?

(ബി) (മ) പതിനഞ്ചു വാർഡുകളുടെ അതിരു നിർണ്ണയിക്കുന്നതിനു ഒരു സബ്കമ്മിററിയെ നിയമിച്ചിരുന്നുവോ?

(ഡ) ഉണ്ടെങ്കിൽ ആ കമ്മിററിമെമ്പർമാർ ആരെല്ലാമായിരുന്നു?

(ന) അതിരുനിർണ്ണയിച്ചു നക്കൽ റിപ്പോർട്ടു ആ സബ്കമ്മിററിയിൽ ഹാജരാക്കിയ ഉദ്യോഗസ്ഥമെമ്പറായ മിസ്റ്റർ. അനന്തകൃഷ്ണയ്യർ അല്ലായിരുന്നോ?

(ര) അതിരു നിർണ്ണയം ചെയ്തതു എന്തു തത്വം അനുസരിച്ചായിരുന്നു?

(സി) പഴയ സഭയിലും പുതിയ സഭയിലും ഉള്ളതിരഞ്ഞെടുക്കപ്പെട്ട സാമാജികന്മാരുടെയും ഗവണ്മെന്റു നിയമിച്ച സാമാജികന്മാരുടെയും എണ്ണവും സമുദായങ്ങളും ആ സമുദായങ്ങളുടെ ജനസംഖ്യയും ഭവനങ്ങളുടെ എണ്ണവും സമ്മതിദായകന്മാരുടെ എണ്ണവും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവായി തരുമോ?

(ഡി) നിയമനം ചെയ്തപ്പോൾ പഴയസഭയിൽ പ്രാതിനിധ്യം ഉണ്ടായിരുന്ന സമുദായക്കാർക്കു തിരഞ്ഞെടുപ്പിൽ സ്ഥാനം കിട്ടാതെ പോയതു വാർഡുകൾ പുതുതായി രൂപീകരിച്ചതിന്റെ ഫലമാണെന്നുള്ള സംഗതി ഗവണ്മെന്റു ആലോചിച്ചുവോ?

(ഇ) വാർഡുകൾ പുതുതായി നിർമ്മിച്ചതിനെപ്പററി വളരെ അതൃപ്തി ഉണ്ടെന്നു ഗവണ്മെന്റിനറിയാമോ? ഉണ്ടെങ്കിൽ അക്കാര്യത്തെപ്പററി അന്വേഷണം കഴിച്ചു ന്യൂനതതീർക്കാൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഉവ്വ്. എണ്ണം വർദ്ധിപ്പിക്കാൻ സംഗതിയായതു ജനസംഖ്യവർദ്ധിച്ചതുകൊണ്ടും മുനിസിപ്പാലിററിയുടെ വിസ്തീർണ്ണം കൂട്ടിയതു കൊണ്ടുമാണ്. ഇതിനെ സംബന്ധിച്ചു നാട്ടു ഒരു നിയമം പാസ്സാക്കിട്ടുണ്ട്.

(ബി) (മ) ഉവ്വ്.

(ഡ) എക്സിക്യൂട്ടീവ് എൻജിനീയർ, തഹസിൽദാർ, മെഡിക്കൽ ഉദ്യോഗസ്ഥൻ, ഹെഡ്മാസ്റ്റർ, മുനിസിപ്പൽ പ്രെസിഡെന്റു ഇവരായിരുന്നു.

(ന) അല്ല.

(ര) ജനസംഖ്യപ്രകാരം.

(സി) ചോദ്യത്തിന്റെ ഒന്നാംഭാഗം സംബന്ധിച്ചുള്ള വിവരം കാണിക്കുന്ന ഒരു പട്ടിക § മേശപ്പുറത്തു വെച്ചിരിക്കുന്നു. രണ്ടാം ഭാഗത്തു സംബന്ധിച്ചു ജനസംഖ്യ, ഭവനങ്ങളുടെ എണ്ണം, സമ്മതിദായകന്മാരുടെ എണ്ണം ഇവയെ കുറിച്ചുള്ള വിവരം ഇല്ല. ആ വിവരത്തിനു ആവശ്യപ്പെടാൻ ഗവണ്മെന്റുവിചാരിക്കുന്നുമില്ല.

(ഡി) മറുപടി ഉവ്വു എന്നാണു.

(ഇ) ഇല്ല.

നാഗരുകോവിൽ മുനിസിപ്പാലിററിയുടെ ധനസ്ഥിതി.

൯. മി: എം. ശിവതാണുപിള്ള (തോവാള): (എ) കഴിഞ്ഞ മുനിസിപ്പാൽസഭയുടെ ആരംഭകാലത്തു നാഗരുകോവിൽ മുനിസിപ്പാലിററിവകയായി വല്ല പണവും അഗസ്തീശ്വരം ഖജനാവിൽ നിക്ഷേപിച്ചിരുന്നുവോ എന്നു ഗവണ്മെന്റു ദയവായി പറയുമോ? ഉണ്ടായിരുന്നെങ്കിൽ എന്തു മുതൽ നിക്ഷേപിച്ചിരുന്നു? അതു എന്തുകാര്യത്തിനു ഉപയോഗിക്കണമെന്നായിരുന്നു ഉദ്ദേശം?

(ബി) ഈ മുതലിൽനിന്നു വല്ല സംഖ്യയും എടുത്തു ചെലവുചെയ്തോ? ചെയ്തെങ്കിൽ അതു എന്തിനത്തിലും ഏതു വർഷത്തിലും ആയിരുന്നു? നിക്ഷേപിച്ചിരുന്ന സംഖ്യയിൽ ഇപ്പോൾ എത്ര ബാക്കിയുണ്ട്?

(സി) ൧൦൯൭, ൧൦൯൮, ൧൧൦൦ ഈ കൊല്ലങ്ങളിലെ വരവും ചെലവും എന്തായിരുന്നു?

(ഡി) വീട്ടുകരം ഭേദപ്പെടുത്തുക ഉണ്ടായോ? ഉണ്ടെങ്കിൽ എപ്പോൾ? അതിനു മുമ്പും പിമ്പും ഉള്ള ശതമാനം എത്ര?

(ഇ) ൧൦൯൭, ൧൦൯൮, ൧൧൦൦ ഈ കൊല്ലങ്ങളിൽ വീട്ടുകരമോ മററു വല്ല നികുതികളോ കണക്കിൽനിന്നു തള്ളിക്കളഞ്ഞിട്ടുണ്ടോ ഉണ്ടെങ്കിൽ ഏതു വാർഡുകളെസംബന്ധിച്ചായിരുന്നു? മേൽപറഞ്ഞ കൊല്ലങ്ങളിൽ ഇങ്ങനെ കണക്കിൽനിന്നു തള്ളിക്കളഞ്ഞ സംഖ്യകൾ എത്ര?

(എഫ്) മുനിസിപ്പൽ കണക്കുകൾ പൂർണ്ണമായി പരിശോധിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ഒടുവിൽ ചെയ്തതു ആരാൽ, എപ്പോൾ?

§ അനുബന്ധം ര നോക്കുക പുറം ൧൯൭

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) സഭാവകയായി ക ൦ൻൻ ചിങ്ങം വ൯-ശ-അഗസ്തീശ്വരം ഖജനാവിൽ ക ൪ ൦ ൦ ൦ രൂപാ നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. ഇതു നിക്ഷേപിച്ചതു യല്ല പ്രത്യേക ഉദ്ദേശത്തോടുകൂടിയല്ല.

(ബി) ഉവ്വ് പൊതുജനോപകാരാർത്ഥമായിട്ടുള്ള ചില വേലകൾക്കായി ക ൦ ൦ ൦ രൂപാ ഇതുവരെ അതിൽനിന്നെടുത്തു ചെലവുചെയ്തിട്ടുണ്ട്, പലിശകൂടാതെ ഇ ൦ ൦ രൂപാ ഖജനാവിൽ ബാക്കിയുണ്ട്.

(സി)	ആണ്ടു	വരവുരൂപാ	ചെലവുരൂപാ
	ക ൦ൻവ	൪വ,വ ക	൪൪,൩൯ ൪
	ക ൦ൻൻ	൪ ൭,൨ ൦ ൪	൪ക,൪വ ൪
	ക ക ൦ ൦	൪ ൭,൪ക വ	൪ ൪,൪ ൪ വ

(ഡി) ഉവ്വ്, ക ൦ൻ൭-ൽ രണ്ടാമത്തെ അല്പവർഷംമുതൽ; ൨-ാ ശരമാനവും ൩-ാ ശരമാനവും.

(ഇ) മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

(എഫ്) ഉവ്വ് ക ക ൦ ൦ ഇലാമാസത്തിൽ അസിസ്റ്റന്റ് അക്കൌണ്ട്ആഫീസ്സർ മിസ്റ്റർ കെ. എം. മാത്യുനാൽ,

നാഗരുകോവിൽ മുനിസിപ്പാലിററിതിരഞ്ഞെടുപ്പു കേസുകൾ

ക ൦. മി. എം. ശിവതാണുപിള്ള (തോവാള): (ക) (എ) നാഗരുകോവിൽ ചെയർമാന്റെ തിരഞ്ഞെടുപ്പുസമയം പരമാരമപുരം അഡിഷണൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ മുമ്പാകെ രണ്ടു തിരഞ്ഞെടുപ്പുകേസുകൾ നിലവിൽ ഉണ്ടായിരുന്നു എന്നുള്ള സംഗതി ഗവണ്മെന്റിന്നു അറിവുണ്ടായിരുന്നോ എന്നു പറയുമോ? ഈ രണ്ടു ഹർജികൾ ഏതെല്ലായതു ഏതാണ്? അവ എത്ര നാളായി വിചാരണയിൽ ഇരിക്കുന്നു?

(ബി) താമസത്തിനു കാരണമെന്തെന്ന് വല്ല അന്വേഷണവും കഴിച്ചോ?

(ഗ) തിരഞ്ഞെടുക്കപ്പെട്ട സാരാജികന്മാരുടെ എണ്ണം പതിമൂന്നിൽനിന്നും പതിനഞ്ചായി വർദ്ധിപ്പിച്ചസ്ഥിതിക്ക് ചെയർമാന്റെ തിരഞ്ഞെടുപ്പ് (ക) (എ),യിൽ പ്രസ്താവിച്ച ഹർജികൾ രണ്ടും തീർച്ചയാക്കുന്നതുവരെ നിറുത്തിവെക്കാതിരിക്കാൻ വല്ല പ്രത്യേകകാരണവും ഉണ്ടായിരുന്നോ എന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (ക) (എ) ഉവ്വ് ആദ്യക്ഷേപഹർജികൾ ബോധിപ്പിച്ചതു ക ക ൦ ക ഇലാം ക്രമ-ാനുസരിച്ചും ക ക ൦ ക ഇലാം ൨ ൪-ാനുസരിച്ചും ആയിരുന്നു, ഡിവിഷൻപേഷ്കാർ അതു ക ക ൦ ക മീനം ൨ ൪-ാനു തീർച്ചചെയ്തു.

(ബി) താമസത്തിനു കാരണം തിരഞ്ഞെടുപ്പുകേസുകളിലെ വക്കീലന്മാർ ഹാജരാകാതിരുന്നതും നാഗരുകോവിൽ മുനിസിപ്പാലിററിപ്രൈസിഡണ്ടിന്റെ സുഖക്കേടും ആയിരുന്നു എന്നാണ് അന്വേഷണത്തിൽ അറിഞ്ഞതു്.

(ഗ) പ്രത്യേകകാരണങ്ങൾ ഉണ്ടായിരുന്നില്ല, തിരഞ്ഞെടുപ്പു നിറുത്തിവയ്ക്കണമെന്നു അപേക്ഷയില്ലാതിരുന്നതിനാൽ തിരഞ്ഞെടുപ്പു നടത്താൻ പതിവുപോലെ ഉത്തരവയച്ചു എന്നേയുള്ളൂ,

നാഗരുകോവിൽ ഡിസ്ട്രിക്ട്കോടതിയിലെ നിയമനങ്ങൾ, കമ്മിഷൻ ഉത്തരവുകൾ മുതലായവ,

(ക ക) മി: എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റു താഴെപറയുന്ന സംഗതികൾ ദയവായിപറയുമോ?

(എ) നാഗരുകോവിൽ ഡിസ്ട്രിക്ട്ജഡ്ജിനിയമിച്ചിട്ടുള്ള കമ്മിഷണർമാർ, റിസീവർമാർ, പ്രതിവക്കീലന്മാർ, ഗുമസ്തന്മാർ മുതലായവരുടെ എണ്ണവും അവരുടെ പേരും ജാതിയും വിവരവും?

(ബി) കോടതിയുടെ അധികാരപ്രകാരം പ്രസിദ്ധപ്പെടുത്തീട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആളുകൾക്കു കമ്മിഷൻ കല്പനകളും റിസീവർ ഉദ്യോഗങ്ങളും ഡിസ്ട്രിക്ട്ജഡ്ജി കൊടുക്കുന്നുണ്ടോ?

(സി) (ക) ഇപ്പോഴത്തെ ജഡ്ജിമാരും മുനിസിഫ്മാരും നാഗരുകോവിൽ ഡിസ്ട്രിക്ടിൽ നിയമിക്കപ്പെട്ടതു് എപ്പോൾ?

(ഗ) അവർ ആ സ്ഥലത്തു് ആയിട്ട് എത്രനാളായി?

(ന) അവരിൽ ആരെങ്കിലും ഒരേസ്ഥലത്തു മൂന്നുവർഷത്തിലധികം ഇരുന്നിട്ടുണ്ടോ?

(ഴ) ഉണ്ടെങ്കിൽ നിശ്ചിതസമയത്തിലധികംകാലം അവരെ ആ സ്ഥലത്തുതന്നെ വെച്ചുകൊണ്ടിരിപ്പാൻ കാരണമെന്തു്?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) (ബി) ഏതുകാലത്തെന്നു ക്സപ്പെടുത്താതെ ആവശ്യപ്പെട്ട വിവരം തരാൻ സാധിക്കയില്ല.

(സി) ഒന്നുമുതൽ നാലുവരെ മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു,

തമിഴ്താലൂക്കുകളിൽ മുൻസിപ്പന്മാർ, ജഡ്ജിമാർ, മജിസ്ട്രേട്ടന്മാർ ഇവരുടെ നിയമനം.

ക ക. മി: എം. ശിവതാണുപിള്ള (തോവാള): (എ) സിവിൽകോർട്ട് ഗൈഡ് ക ൯൩-ാംപുറത്തുള്ള ൩ന്നറ-ാംനമ്പ്ര ചട്ടത്തിൽ പ്രസ്താവിച്ച കോടതികളിൽ ജഡ്ജിമാരെയും മുൻസിപ്പുമാരെയും നിയമിക്കുന്നതു തമിഴ് ആ കോടതികളിൽ കോടതിഭാഷയാണെന്ന് സമ്മതിച്ചാണോ എന്നു ഗവണ്മെന്റു ദയവായി പറയുമോ?

(ബി) മേലാൽ ആ കോടതികളിൽ തമിഴിൽ സാമാന്യം പരിജ്ഞാനമുള്ളവരെമാത്രം നിയമിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധപതിയുമോ?

(സി) ആ സ്ഥലങ്ങളിലുള്ള മജിസ്ട്രേട്ടന്മാരുടെ കാര്യത്തിലും ഈ തത്വം സ്വീകരിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു് ചീഫ്സെക്രട്ടറി): (എ) ഉവ്വ്.

(ബി)-(എ) ഭാഗം മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല.

---

* അനുബന്ധം ഇ നോക്കുക പുറം ക ൭ * അനുബന്ധം ന നോക്കുക പുറം ക വ

(സി) ഇക്കാര്യത്തെപ്പററി ആലോചിക്കാം

തിരുവനന്തപുരത്തെ സ്കൂളുകളിൽ തമിഴ്പഠിപ്പിക്കാനുള്ള സൌകര്യങ്ങൾ.

൧൩. മി: എം. ശിവതാണുപിള്ള (തോവാള): (എ) തിരുവനന്തപുരത്തു ഡിപ്പാർട്ടുമെൻറുവകയായി വല്ല തമിഴ്സ്കൂളും ഉണ്ടോ എന്ന് ഗവണ്മെൻറു ദയവായി പറയുമോ?

(ബി) ഇല്ലെങ്കിൽ വരുന്ന സ്കൂൾ വർഷംമുതൽ നഗരത്തിൽ തമിഴ്ഉള്ളസ്ഥലങ്ങളിൽ ഡിപ്പാർട്ടുമെൻറുവകയായി തമിഴ്സ്കൂളുകൾ സ്ഥാപിക്കാൻ ദയവുണ്ടാകുമോ?

(സി) തൈക്കാട്ടു മോഡൽസ്കൂളിലും വഞ്ചിയൂർ ശ്രീമൂലവിലാസം സ്കൂളിലും തമിഴ്പഠിപ്പിക്കാൻ വല്ല സൌകര്യവും ഉണ്ടോ? ഇല്ലെങ്കിൽ വരുന്ന വർഷംമുതൽ വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കാൻ ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറുചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) ഗവണ്മെൻറു ആലോചിക്കാം

(സി) ചോദ്യത്തിന്റെ ആദ്യഭാഗത്തിനു മറുപടി ഉവ്വ് എന്നാണ്, അതുകൊണ്ടു അന്ത്യഭാഗത്തിനു മറുപടി ആവശ്യമില്ല.

തമിഴ്സ്കൂളുകളിലെ പരീക്ഷകന്മാർ.

൧൪. മി: എം. ശിവതാണുപിള്ള (തോവാള): (എ) വെർണാക്യുലർ മിഡിൽസ്കൂൾ, വെർണാക്യുലർ ട്രെയിൻഡ്ടീച്ചേഴ്സ് സർട്ടിഫിക്കററ്, വെർണാക്യുലർ ഹൈയർ എന്നിങ്ങനെയുള്ള പരീക്ഷകൾക്കു പ്രധാനപരീക്ഷകന്മാരായും അസിസ്റ്റൻറു പരീക്ഷകന്മാരായും തമിഴിൽ യോഗ്യതയില്ലാത്തവരെ നിയമിക്കുന്നതിനെ സംബന്ധിച്ചു തമിഴരുടെ പ്രതിഷേധയോഗങ്ങളെപ്പററി ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) കഴിഞ്ഞ രണ്ടുവർഷത്തെ പരീക്ഷകന്മാർ ആരായിരുന്നു, തമിഴിൽ അവരുടെ യോഗ്യതയെന്തു?

(സി) ഈ ന്യൂനത പരിഹരിക്കുന്നതിനായി ഗവണ്മെൻറു വല്ലതും ചെയ്യാൻ വിചാരിക്കുന്നുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ) ഇല്ലാ.

(ബി) ആവശ്യപ്പെട്ടവിവരം കാണിക്കുന്ന ഒരു പട്ടിക *മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ഇപ്പോഴത്തെ നടപടികൾ ന്യൂനതയുള്ളതായി ഗവണ്മെൻറിനു അറിവില്ല.

ആരോഗ്യശാസ്ത്രത്തിൽ പരിശീലനമുള്ള അദ്ധ്യാപകന്മാർ.

൧൫. മി: എം. ശിവതാണുപിള്ള (തോവാള): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ആരോഗ്യശാസ്ത്രം പ്രഥമസഹായം മുതലായവയിൽ പരിശീലിപ്പിക്കാൻ വെർണാക്കുലർ സ്കൂളുകളിൽ നിന്നും അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കാൻ തുടങ്ങിയതു ഏതു വർഷം മുതല്ക്കാണ്?

(ബി) പരിശീലനം കഴിഞ്ഞു ആ അദ്ധ്യാപകന്മാരെ ഏതു സ്ഥലങ്ങളിലാണ് നിയമിച്ചതു്?

(സി) പരിശീലനം കഴിഞ്ഞിട്ടു അവരുടെ ശമ്പളം പരിഷ്കരിച്ചോ?

(ഡി) അവരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർ ശിപാർശചെയ്തിരുന്നുവോ?

(ഇ) വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടരുടെ ശിപാർശയനുസരിച്ചു അർഹതയുള്ളവരായി കരപരിശീലനം പ്രാപിച്ച അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചോ?

(എഫ്) ആരോഗ്യശാസ്ത്രത്തിലും പ്രഥമസഹായത്തിലും പരിശീലനം പ്രാപിച്ച അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ?

(ജി) ആരോഗ്യശാസ്ത്രം പഠിച്ച അദ്ധ്യാപകന്മാരെ അവർ ആരോഗ്യശാസ്ത്രം പഠിപ്പിക്കുന്ന വെർണാക്കുലർ ട്രെയിനിങ്ങ് സ്കൂളുകളിലെ അദ്ധ്യാപകവർഗ്ഗത്തിൽ ഉൾപ്പെടുത്തിട്ടുണ്ടോ?

(എച്ച്) വെർണാക്കുലർ ട്രെയിൻഡ് ടീച്ചേഴ്സ് സെർട്ടിഫിക്കററ് പരീക്ഷയ്ക്കു ആരോഗ്യശാസ്ത്രം ഒരു നിർബന്ധവിഷയമാണോ? അല്ലെങ്കിൽ ട്രെയിനിങ്ങ് വിദ്യാർത്ഥികളെ ആരോഗ്യശാസ്ത്രം പഠിപ്പിക്കുന്നതിന്റെ ഉദ്ദേശം എന്താണ്?

(ഐ) അദ്ധ്യാപകവിദ്യാർത്ഥികൾ ആരോഗ്യശാസ്ത്രം പഠിച്ചതു എങ്ങനെയാണു പിന്നീടു ഉപയോഗപ്പെടുത്തുന്നതു?

(ജെ) അവരുടെ ക്ലാസ്സുകളിൽ ആരോഗ്യശാസ്ത്രം ഒരു പരീക്ഷാവിഷയമാണോ?

(കെ) ആരോഗ്യശാസ്ത്രത്തിൽ പരിശീലനം പ്രാപിച്ച ഓരോ അദ്ധ്യാപകന്മാർക്കു വെർണാക്കുലർ മിഡിൽ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരായി തിരഞ്ഞെടുക്കപ്പെടാൻ അവകാശമുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) ഒന്നാമത്തെ സംഘം ഫൻറുകൾ-ഉം രണ്ടാമത്തെ സംഘം ഫൻറുകൾ-ഉം.

(ബി) പരിശീലനം കഴിഞ്ഞ അദ്ധ്യാപകന്മാരെ താഴെപറയുന്ന സ്ഥലങ്ങളിൽ നിയമിച്ചു.

ഒന്നാമത്തെസംഘം.

൧.	തിരുവല്ലാ വി. എച്ച്. സ്കൂൾ.		൩.	നെയ്യാററിങ്കര വി. എം. സ്കൂൾ.	
൨.	ആററിങ്ങൽ വി. എം. സ്കൂൾ.		൪.	നാഗരുകോവിൽ വി. എച്ച്. സ്കൂൾ.	
൩.	കോട്ടയം	ടി	൫.	കൊല്ലം കൺറോൺമെൻറ് പ്രൈമറിസ്കൂൾ.	
൪.	കൊട്ടാരക്കര	ടി	൬.	ചങ്ങനാശേരി വി. എം. സ്കൂൾ.	
൫.	മാവേലിക്കര	ടി	൭.	ഏററുമാനൂർ	ടി

* അനുബന്ധം ൧ നോക്കുക. പുറം ൧൯.

രണ്ടാമത്തെ സംഘം.

൧. നെയ്യാററിങ്കര വി. എം. സ്കൂൾ.	൯. കോലാനി പ്രൈമറി സ്കൂൾ.
൨. അയർകുന്നം പ്രൈമറിസ്കൂൾ.	൧൦. അമ്പലപ്പുഴ വി. എം. സ്കൂൾ.
൩. റാന്നി വി. എം. സ്കൂൾ.	൧൧. കോഴഞ്ചേരി ടി
൪. പൊറക്കാട്ട പുതിയ പ്രൈമറി സ്കൂൾ.	൧൨. ലോകത്തൂർ പ്രൈമറിസ്കൂൾ.
൫. ഏററുമാനൂർ വി. എം. സ്കൂൾ.	൧൩. ചങ്ങനാശ്ശേരി വി. എം. സ്കൂൾ.

(സി) ഇല്ല.

(ഡി) ഉവ്വ്

(ഇ) ൧-൧-൧൯൩൦ മുതൽ വെർണാക്കുലർട്രെയിനിങ്ങ് സ്കൂളുകളിലെ മാനുവൽട്രെയിനിങ്ങ് അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു ൨൦-൨/൩-൩൦ ആക്കി. ആതീയതിമുതൽ മാനുവൽ ട്രെയിനിങ്ങ് അദ്ധ്യാപകന്മാർക്കു കൊടുത്തുവന്ന അലവൻസ് നിർത്തൽ ചെയ്തു. വെർണാക്കുലർസ്കൂൾസിലെ മാനുവൽ ട്രെയിനിങ്ങ് അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചില്ല. എന്നാൽ അവർക്ക് ൧൫ രൂപായിൽ കുറഞ്ഞ ശമ്പളമാണെങ്കിൽ ൩ രൂപായും ൧൫-ം അതിലധികവും രൂപാ ശമ്പളമാണെങ്കിൽ അഞ്ചു രൂപായും ലോക്കൽ (സ്ഥല)അലവൻസ് കൊടുക്കുന്നുണ്ട്.

(എഫ്) ആരോഗ്യശാസ്ത്രത്തിൽ ട്രെയിനിങ്ങ് രണ്ടുമാസക്കാലത്തേയുള്ളു. എന്നാൽ മാനുവൽ ട്രെയിനിങ്ങ് ഒന്നും അധികവും വർഷം കൊണ്ടേ അവസാനിക്കുന്നുള്ളു. മാനുവൽ ട്രെയിനിങ്ങ് അദ്ധ്യാപകന്മാരുടെ യോഗ്യത പ്രത്യേകതരമാകയാൽ ഡിപ്പാർട്ടുമെൻറിൽ അവർക്ക് ഉദ്യോഗക്കയററം കിട്ടാൻ തരമില്ല. എന്നാൽ ആരോഗ്യശാസ്ത്രം പഠിപ്പിക്കുന്നവർക്ക് അവരുടെസാധാരണയോഗ്യതയ്ക്കനുസാരമായി കയററം കിട്ടുന്നതും ഉപ്പത്തുരുപ്പോനാല്പതോ രൂപാ ശമ്പളത്തിൽ വെർണാക്കുലർ സ്കൂൾ ഹെഡ്മാസ്റ്റർ ആകാവുന്നതുമാകുന്നു.

(ജി) ഇല്ല. ട്രെയിനിങ്ങ് സ്കൂളോടുചേർന്ന വെർണാക്കുലർ മിഡിൽസ്കൂളിലെയോ വെർണാക്കുലർഹൈസ്കൂളിലെയോ ഉദ്യോഗസ്ഥന്മാരായിട്ടാണ് ആരോഗ്യശാസ്ത്രാദ്ധ്യാപകന്മാരെ ഗണിക്കുന്നതു്.

(എച്ച്) ചോദ്യത്തിന്റെ ഒന്നാം ഭാഗത്തിനു മറുപടി നിഷേധത്തിലാണ്. ട്രെയിനിങ്ങ് വിദ്യാർത്ഥികളെ ആരോഗ്യശാസ്ത്രം പഠിപ്പിക്കുന്നതിന്റെ ഉദ്ദേശം രാജ്യത്തുള്ള എല്ലാവെർണാക്കുലർ സ്കൂളുകളിലും ക്രമേണ അതൊരു നിർബന്ധവിഷയം ആക്കുന്നതിനാകുന്നു.

(ഐ) അവർക്ക് ആരോഗ്യശാസ്ത്രത്തിൽ കിട്ടുന്ന പരിജ്ഞാനം അവരുടെ ക്ലാസ്സുകളിൽ, പ്രത്യേകം അതൊരു നിർബന്ധവിഷയം ആക്കിയ ശേഷം, ആരോഗ്യശാസ്ത്രം പഠിപ്പിക്കുന്നതിനു ഉപയോഗപ്പെടും.

(ജെ) ആരോഗ്യശാസ്ത്രം വെർണാക്കുലർസ്കൂൾ ലീവിങ്ങ് പരീക്ഷയ്ക്കു ഒരു ഐച്ഛികവിഷയമാണ്.

(കെ) ഉവ്വ്.

ചുങ്കൻകടയിൽനിന്നും വില്ലുക്കിരി വേമ്പനൂർ റോഡിലേക്കുള്ളറോഡ്.

൧൩. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) വില്ലുക്കിരി വേമ്പനൂർ റോഡിൽ രണ്ടാം മൈൽകുററിയിൽനിന്നും ആളൂർ പകുതിയിൽ ആളൂർ ഗ്രാമത്തിൽ കൂടി അയിക്കാവി ഏലാവഴി ചുങ്കൻകടയിലേക്കു ഒരു റോഡു വെട്ടിക്കിട്ടണമെന്നു ആളൂർ പകുതിയിലെ കുടിയാന്മാർ ഗവണ്മെൻറിലേക്കു ഹർജിക്കു ബോധിപ്പിച്ചിട്ടുള്ള സംഗതി ഗവണ്മെൻറിനു അറിയാമോ?

(ബി) മേൽപറഞ്ഞ ഏലായിലെ നിലങ്ങളിലേക്കു പച്ചിലയും മററു വളങ്ങളും കൊണ്ടു പോകുന്നകാര്യത്തിലും വിളവുകൾ അവരവരുടെ വീടുകളിലേക്കു കൊണ്ടുപോകുന്നസംഗതിയിലും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിനും പുറമേ ഒരു റോഡിന്റെ അഭാവം നിമിത്തം വിളവുനഷ്ടവും ഉണ്ടാകുന്നു എന്നുള്ളസംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ?

(സി) ഒരു റോഡിനെപ്പററിയുള്ള എഴുത്തുകുത്തു ഏല നിലയിൽ ഇരിക്കുന്നു എന്നു ഗവണ്മെൻറു ദയവായി പറയുമോ?

(ഡി) ഇപ്പോഴെങ്കിലും ഒരു റോഡുകഴിയുന്ന വേഗത്തിൽ ഉണ്ടാക്കുന്നതിനു ഗവണ്മെൻറു ദയവായി വേണ്ട നടപടികൾ നടത്തുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ഉവ്വ്.

(ബി) മറുപടിനിഷേധത്തിലാണ്.

(സി) ഒരു റോഡുണ്ടാക്കുന്നതിനെപ്പററി ൧൯൧൪-ൽ ചില എഴുത്തുകൾ നടന്നു. എന്നാൽ അതുണ്ടാക്കുന്നതിനു വളരെ ചെലവുള്ളതായി കാണുകയാലും സ്ഥലത്തെ കുടിയാന്മാരുടെ ആവശ്യങ്ങൾ സാമാന്യം നന്നായി വില്ലുക്കിരി രാജാക്കമംഗലം റോഡുകൊണ്ടുംകൊള്ളച്ചൽ പറശ്ശേരിറോഡുകൊണ്ടും നിവർത്തിച്ചു വരുന്നു എന്നുകാണുകകൊണ്ടും, വേണ്ടെന്നുവച്ചു.

(ഡി) ഇക്കാര്യം ചീഫ് എൻജിനീയർ പുനരാലോചന ചെയ്തുവരുന്നു.

കോതയാററണസംബന്ധിച്ച തോടുകൾ.

൧൪. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) കോതയാററണയെ സംബന്ധിച്ചു വെട്ടണമെന്നു ആരംഭത്തിൽ നിശ്ചയിച്ചിരുന്ന തോടുകളിൽ ഏതുയെണ്ണം ഇപ്പോഴും വെട്ടാതെ കിടക്കുന്നു എന്നു ഗവണ്മെൻറു ദയവായി പറയുമോ?

(ബി) കരം വർദ്ധിപ്പിക്കുന്നതും കൃഷിക്കു ഉപയുക്തവുമായ ഒരു തോടുകൾ വെട്ടാത്തതിനുള്ള കാരണങ്ങൾ ദയവായി പറയുമോ?

(സി) പട്ടണം കാൽതോടും ഒരു വ്യവസ്ഥയിൽ ഉൾപ്പെട്ടതാണോ?

(ഡി) പട്ടണം കാൽതോടു വെട്ടുന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അടുത്തകാലത്തു തന്നെ അതു വെട്ടാൻ ആരംഭിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) (൧) അമരാവതികാൽ (൨) തിരുവിതാങ്കോടു തോടുകരിങ്കൽവരെ നീട്ടുക (൩) തേങ്ങാപ്പട്ടണംകാൽ, ഇങ്ങനെ മൂന്നു തോടുകൾ,

(ബി) തോടുകൾ വെട്ടിയടയ്ക്കുതന്നെ വ്യവസ്ഥ പൂർണ്ണമാക്കേണ്ടതുകൊണ്ടും ഇപ്പോഴത്തെ തിരുവിതാംകൂർ തോടുമുഖം പുതുതായി നീട്ടിവെട്ടുന്ന തോടുകളിൽ വെള്ളംകെട്ടുവാൻ സാധിക്കുമോ എന്നുള്ള ശങ്കയുണ്ടാകുകകൊണ്ടും ഈ തോടുകൾ വെട്ടാൻ ആരംഭിക്കാത്തതാണ്.

(സി) ഉവ്വ്.

(ഡി) ഉവ്വ്. കാര്യം ചീഫ് എൻജിനീയറിന്റെ ആലോചനയിൽ ഇരിക്കുന്നു.

ഉപ്പു ഉണക്കുന്നതിനുള്ള കാലം.

ഫ്ര. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) ശ്രീമൂലം പ്രജാസഭയുടെ പതിനെട്ടാമത്തെ യോഗത്തിലെ പ്രൊസീഡിംഗ്സ് ൪ ൪-ാം പുറത്തു "ഉപ്പുശോഷകരമല്ലാതെയിരിക്കണമെങ്കിൽ ഒമ്പതു പത്തുമാസത്തെ പഴക്കമുള്ളതായിരിക്കണം" എന്നു ദിവാൻജി അവർകൾ പ്രസ്താവിച്ചതായിക്കാണുന്നു. നിയമസഭയുടെ ഫൻവന ജൂലായി ൩൧-ന്നു യോഗത്തിൽ ൪-ാം നമ്പർ ചോദ്യത്തിന്റെ (എ) ഭാഗത്തിന് കൊടുത്ത മറുപടിയിൽ ഉപ്പു ശേഖരിച്ചശേഷം എത്രകാലംവരെ അതു ഉപയോഗിക്കാൻ പാടില്ലെന്നു ക്ലിപ്തപ്പെടുത്തിട്ടില്ലെന്നും ഉപ്പു നല്ലവണ്ണം ഉണങ്ങിയശേഷമെ സാധാരണയായി അതു പുറത്തേക്കു കൊടുക്കാറുള്ളു എന്നും ഉപ്പു ഉണങ്ങുന്നതിനു സാധാരണയായി മൂന്നുമാസം വേണ്ടിവരുമെന്നും പറഞ്ഞിരിക്കുന്നു. ഈ രണ്ടു അഭിപ്രായങ്ങളും എക്സൈസ്കമ്മീഷണർ ഗവണ്മെന്റിലേക്കു സമർപ്പിച്ചതാണോ എന്നും അതെങ്കിൽ ഏതഭിപ്രായമാണു സ്വീകരിക്കേണ്ടതെന്നും ഗവണ്മെന്റു മറുപടിയായി പറയുമോ?

(ബി) ഉപ്പുചട്ടങ്ങളിൽ അളങ്ങളിൽനിന്നു ശേഖരിച്ചു എത്രകാലം കഴിഞ്ഞു ഉപ്പു ഉപയോഗിക്കാമെന്നാണു നിശ്ചയിച്ചിട്ടുള്ളതെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): (എ) അദ്ദേഹത്തെ അഭിപ്രായം എക്സൈസ്കമ്മീഷണർ സമർപ്പിച്ചതാണെന്നു കാണുന്നില്ല. പ്രജാസഭയിൽ ദിവാൻജി അവർകൾ പ്രസ്താവിച്ചതിന്റെ ഉദ്ദേശം ഉപ്പു ഉപയോഗയോഗ്യമായി വരുന്നതു കുറെ മാസങ്ങളോളം ശരിയായി ഉണക്കിയ ശേഷമാണെന്നു ധരിപ്പിക്കുന്നതിനല്ലാതെ എത്രകാലം ഉണക്കണമെന്നു സമയക്ലിപ്തം ചെയ്യുന്നല്ലായിരുന്നു എന്നാണു തോന്നുന്നതു്. ചോദ്യത്തിന്റെ മറുപടി എക്സൈസ്കമ്മീഷണർതന്നെ വിവരങ്ങളെ അനുസരിപ്പിച്ചതിനു പറഞ്ഞിട്ടുള്ളതു്. അതിൽ പറഞ്ഞിട്ടുള്ള മൂന്നുമാസവും ഒരുദ്ദേശത്തെ ആസ്പദമാക്കിയാണു്. ഉണക്കം പല സംഗതികളെ ആശ്രയിച്ചിരിക്കും. അതിനു വേണ്ടുന്ന കാലം ക്ലിപ്തപ്പെടുത്താൻ സാധിക്കുകയില്ല.

(ബി) ഉപ്പുചട്ടങ്ങളിൽ സമയം ക്ലിപ്തപ്പെടുത്തീട്ടില്ല. അധികാരസ്ഥന്മാരുടെ യുക്തംപോലെ ചെയ്യേണ്ടതാകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ദിവാൻജി അവർകൾ ശ്രീമൂലം പ്രജാസഭയിൽ വച്ചു പറഞ്ഞിട്ടുള്ളതായ സംഗതികൾക്കു ഈ മറുപടിയിൽ പറഞ്ഞിട്ടുള്ള വില കല്പിച്ചാൽ മതിയാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): അതു ഒരു അഭിപ്രായസംഗതിയാണു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉത്തരത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടാണു വീണ്ടും ചോദിക്കുന്നതു്. ദിവാൻജി അവർകൾ ശ്രീമൂലം പ്രജാസഭയിൽവച്ചു എല്ലാ സംഗതികളും പൊതുജനങ്ങളുടെ അറിവിനായി പറയുന്നുണ്ടു്. അങ്ങനെ പറയുന്നതായ കാര്യങ്ങൾക്കു ഈ മറുപടിയിൽപറയുന്നതാതിരി ഉള്ള വില കല്പിച്ചാൽ മതിയാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): സർ, ഈ ചോദ്യം ഒരു ഉപചോദ്യമായി സ്വീകരിക്കത്തക്കതാണോ എന്നും അതിനു ഞാൻ മറുപടി പറയേണ്ടതുണ്ടോ എന്നും ഒരു വിധി പറയുമോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ കേട്ടില്ല.

പ്രസിഡന്റു: നിങ്ങളുടെ ചോദ്യത്തിനു ഒരു ഉപചോദ്യത്തിന്റെ സ്വഭാവമാണോ ഉള്ളതെന്നു മറുപടി വ്യക്തമാക്കുന്നതിനു ഇനിയും ഒരു മറുപടി പറയണമോ എന്നും ഒരു തീർച്ചയുണ്ടാകണമെന്നാണു മിസ്റ്റർ രാമസുബ്ബയ്യർ ആവശ്യപ്പെടുന്നതു്.

പ്രജാസഭയിൽ ദിവാൻജി അവർകൾ മററു കാര്യങ്ങളെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള ഒരു കാര്യം ഈ ചോദ്യത്തോടു യഥാർത്ഥസംബന്ധമുള്ളതല്ല. അതുകൊണ്ടു നിങ്ങളുടെ ചോദ്യം നടപടിക്രമം അനുസരിച്ചുള്ളതല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ കാര്യത്തെ സംബന്ധിച്ചു ഇതിൽ പറഞ്ഞിരിക്കുന്ന ദിവാൻജിയുടെ അഭിപ്രായത്തെ ഇതേനിലയിൽ വിലവച്ചാൽ മതിയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): ദിവാൻജി അവർകളുടെ ഉദ്ദേശം മറുപടിയിൽ പറഞ്ഞിട്ടുണ്ടു്. അതിൽക്കൂടുതലായി എനിക്കു ഒന്നും പറയാനില്ല.

ഉപ്പു ഉണങ്ങുന്നതിനുള്ള കാലം.

ഫ്ര. മി: എം. ശിവതാണുപിള്ള (തോവാള): ശേഖരിച്ചുവയ്ക്കുന്ന ഉപ്പു വിൽക്കുന്നതിനു ഇത്ര കാലത്തെ ഉണക്കം വേണമെന്നു സമയക്ലിപ്തം ഉണ്ടോ എന്നും ഉണ്ടെങ്കിൽ കഴിഞ്ഞ വില്പനകാലത്തു എല്ലാ ലൈസൻസികളുടെ കാര്യത്തിലും ഈ ചട്ടപ്രകാരം അനുവർത്തിച്ചിട്ടുണ്ടോ എന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): മെമ്പർ മി: കുമാരപിള്ളയുടെ ൨-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കണം.

മി: എം. ശിവതാണുപിള്ള (തോവാള): ഉപ്പിനു എത്രകാലത്തെ ഉണക്കവേണമെന്നുള്ളതിനെപ്പററി ഗവണ്മെന്റു വിദഗ്ദ്ധാഭിപ്രായം എടുത്തിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): നോട്ടീസ്കിട്ടണം.

മി: എം. ശിവതാണുപിള്ള (തോവാള): മറുപടിയുടെ സ്വഭാവംകൊണ്ടു ഇക്കാര്യത്തിൽ വിദഗ്ദ്ധാഭിപ്രായംവരുത്താൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): വിദഗ്ദ്ധാഭിപ്രായം വരുത്തിട്ടുണ്ടെങ്കിൽ വീണ്ടും വരുത്താൻ ആവശ്യമില്ല. അതുകൊണ്ടു ഈ ചോദ്യത്തിനും നോട്ടീസ്സ് വേണം.

മി: എം. ശിവതാണുപിള്ള (തോവാള): ഉപ്പു ഉപയോഗത്തിനു വിൽക്കുന്നതിനുമുമ്പായി അതു വളരെ സൂക്ഷ്മതയോടെ ഉണക്കേണ്ടതാണെന്നു ഗവണ്മെൻറിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസിക്രട്ടറി): ഇതു വിവരം അറിവാനായി ചോദിക്കയല്ല, മെംബർ ഒരുവിവരം പറഞ്ഞുതരികയാണ്.

താമരക്കുളം ഉപ്പളത്തിൽ വെള്ളപ്പൊക്കം ഉണ്ടായതിനെസംബന്ധിച്ചു എക്സൈസ്കമ്മീഷണരും ചീഫ്എൻജിനീയരും നിർവ്വഹിച്ച പ്രവൃത്തി.

൨൦. മി: ടി. കുമാരപിള്ള (കുൽക്കുളവും വിളവങ്കോടും): (എ) (൧) താമരക്കുളം ഉപ്പളത്തിൽ വെള്ളപ്പൊക്കം ഉണ്ടായതു ൧൯൦൧ മുതലാം എത്രാംതിയതി ആയിരുന്നു? എക്സൈസ്കമ്മീഷണക്കു ഇതിനെപ്പററി എപ്പോൾ അറിവുകിട്ടി?

(൨) അദ്ദേഹം താമരക്കുളം അളാസന്ദർശിച്ചതു എപ്പോൾ?

(൩) അദ്ദേഹം അവിടെ എത്രകാലം താമസിച്ചു?

(൪) ശേഖരിച്ചുവച്ച ഉപ്പു സംരക്ഷിക്കുന്നതിനും ഉപ്പു വാങ്ങുന്നവരെ സഹായിക്കുന്നതിനും അദ്ദേഹം എന്തുചെയ്തു?

(ബി) താമരക്കുളംഅളത്തിൽ വെള്ളപ്പൊക്കം ഉണ്ടായതിനെപ്പററി ചീഫ്എൻജിനീയക്കു അറിവുകിട്ടിയതു എപ്പോൾ ആണെന്നും അദ്ദേഹം സ്ഥലത്തെത്തിയതു എപ്പോളാണെന്നും അവിടെ അദ്ദേഹം എന്തുചെയ്തു എന്നും ഗവണ്മെൻറു ദയവായി പറയുമോ?

(സി) ചീഫ്എൻജിനീയരും എക്സൈസ്കമ്മീഷണരും ഒന്നിച്ചാണോ താമരക്കുളംഅളം സന്ദർശിച്ചതു? അല്ലെങ്കിൽ ഏകദേശം ആ സമയത്തു് അവർ ആ സ്ഥലത്തോ നാഗരുകോവിലിലോ ഒന്നിച്ചുകൂടിയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രിട്ടറി): (എ) (൧) വെള്ളപ്പൊക്കം ഉണ്ടായതു ൧൯൧൧ മുതലാം ൨൪-നു-യാണ്. എക്സൈസ്കമ്മീഷണക്കു അതിനെപ്പററി ൧൯൧൧ മുതലാം ൨൫-നു- അറിവുകിട്ടി.

(൨) ൨൧-നു-൧൯൧൧, ൧൩-നു-൧൯൧൧, ൨൯-നു-൧൯൧൧, ൧-൪-൧൯൧൧ ഈ തിയതികളിൽ.

(൩) ഒന്നാംപ്രാവശ്യം പകൽ ൨ മണിമുതൽ ൨ മണിവരേയും രണ്ടാംപ്രാവശ്യം പകൽ ൧൧ മണിമുതൽ ൧൧ മണിവരേയും മൂന്നാംപ്രാവശ്യം പകൽ മൂന്നര മണിമുതൽ ആറരമണിവരേയും നാലാംപ്രാവശ്യം പകൽ ൨ മണിമുതൽ ഉച്ചവരേയും അദ്ദേഹം അവിടെ താമസിച്ചെന്നു പറയുന്നു.

(൪) ഒന്നാംപ്രാവശ്യം ഗുണകരമായ വല്ലതും ഉടനെ ചെയ്യത്തക്കവണ്ണം വെള്ളം താണിട്ടില്ലായിരുന്നു. എങ്കിലും വെള്ളത്തിൽ നഷ്ടപ്പെടാത്ത ഉപ്പു സൂക്ഷിക്കുന്നതിനു ലൈസൻസികൾക്കു കഴിയുന്ന സഹായം ചെയ്യണമെന്നു അവിടത്തെ അസിസ്റ്റൻറുകമ്മീഷണരെ ഉപദേശിച്ചു.

(ബി) വെള്ളപ്പൊക്കത്തെപ്പററി ചീഫ്എൻജിനീയക്കു ൧൯൧൧ മുതലാം ൨൫-നു- അറിവുകിട്ടി. ൨൬-നു- രാവിലെ സ്ഥലത്തെത്തി അളത്തിൻെറ സ്ഥിതികൾ നോക്കി മനസ്സിലാക്കി.

(സി) മറുപടികൾ നിഷേധത്തിലാണ്.

അനുബന്ധം I.

രണ്ടാംനമ്പർചോദ്യത്തിന്റെ മറുപടി നോക്കുക.

താലൂക്കുകളിലെ കുടിപ്പിരിവു കാണിക്കുന്ന പട്ടിക.

നമ്പർ	താലൂക്ക്	൧൮൯൫ ആണ്ടുമുതൽ തവണമുടക്കം കണക്കുപ്രകാരം വസൂലായ നികുതി.				കാലനേട്ടമാരി പ്രകാരം ജനസംഖ്യയും കാലനേട്ടമാരി വർഷവും	
		൧൮൯൫ രൂപാ	൧൮൯൬ രൂപാ	൧൮൯൭ രൂപാ	൧൮൯൮ രൂപാ	൧൮൯൮	൧൮൯൯
൧	തോവാള,	൪,൮൭,൧൯	൪,൫൮,൧൩൧	൪,൫൭,൮൦൨	൪,൫൮,൭൩൫	൩൮,൫൦൩	൩൩,൮൯൩
൨	ആറ്റിങ്ങൽ	൪,൮൦,൧൮൨	൪,൯൩,൭൨൮	൨,൦൨,൭൫൭	൨,൦൩,൭൦൫	൪,൧൮,൯൪൦	൪,൩൭,൨൫൨
൩	ഇരണിയൽ	൭൭,൭൩൫	...	...	...	൪,൨൩,൭൭൩	...
൪	കൽക്കുളം	൩൭,൩൭൦	൪,൩൩൩,൭൪൭	൪,൩൭൩,൩൯൭	൪,൭൦,൭൩൭	൭൩,൨൪൪	൪,൭൨,൨൩൩
൫	വിളവാങ്കോട്ട	൩൦,൯൭൯	൪,൪൦,൮൮൪	൪,൪൩,൭൫൨	൪,൪൫,൨൮൦	൯൦,൩൭൦	൪,൮൭,൪൦൯
൬	കരയ്യാറിൻകര	൪,൦൭,൯൮൯	൪,൮൨,൦൮൨	൪,൮൮,൫൪൪	൪,൩൭,൫൩൩	൪,൭൭,൭൦൩	൨,൪൭,൫൨൯
൭	തിരുവനന്തപുരം	൩൮,൭൪൮	൪,൪൮,൫൨൩	൪,൦൫,൭൦൩	൪,൪൯,൫൦൪	൪,൫൫,൪൩൭	൪,൭൫,൮൩൩
൮	നെടുവങ്ങാട	൪,൫൦,൭൦൦	൪,൮൫,൮൯൭	൪,൭൫,൭൩൭	൪,൯൮,൭൦൩	൭൭,൪൮൦	൪,൪൨,൪൪൪
൯	ചിറയിൻകീഴ്	൭൮,൮൦൩	൪,൪൫,൮൨൭	൪,൦൭,൩൯൯	൪,൪൮,൫൭൫	൪,൩൫,൭൭൭	൪,൫൭,൪൮൨
൧൦	കൊല്ലം	൭൭,൯൭൮	൪,൦൦,൨൪൮	൪,൨൫,൭൭൦	൪,൩൪,൯൩൪	൪,൩൩,൭൯൭	൪,൯൩,൫൪൪
൧൧	കുണ്ടറ	൪,൮൪,൮൪൦	൪,൫൫,൯൫൦	൪,൫൭,൨൭൩	൪,൩൮,൭൩൭	൪,൩൭,൮൨൦	൪,൫൭,൦൫൭
൧൨	കാർത്തികപ്പള്ളി	൯൪,൭൩൪	൪,൫൨,൯൮൦	൪,൮൩,൫൫൫	൪,൩൩,൭൯൭	൪,൪൪,൫൭൦	൪,൮൭,൯൨൦
൧൩	കുന്നത്തൂർ	൪,൦൪,൫൫൮	൯൨,൨൯൭	൯൩,൫൫൩	൯൩,൭൦൯	൯൪,൩൯൦	൯൩,൮൩൩
൧൪	കൊട്ടാരക്കര	൪,൦൩,൨൮൩	൪,൪൫,൩൪൪	൪,൪൦,൩൭൭	൪,൪൮,൭൩൦	൯൦,൩൦൯	൪,൩൭,൭൫൩
൧൫	അവിയറ്റുപുഴ	൪,൮൩,൭൭൯	൪,൭൪,൩൮൮	൪,൩൫,൭൨൦	൪,൭൫,൭൩൭	൪,൪൨,൭൩൪	൪,൭൪,൫൯൦
൧൬	മാവേലിക്കര	൪,൪൪,൩൫൮	൪,൨൩,൭൭൯	൪,൩൪,൭൭൭	൪,൩൦,൩൯൩	൪,൩൦,൭൨൭	൪,൮൮,൭൭൯
൧൭	തിരുവല്ലാ	൭൩,൯൮൦	൪,൫൨,൦൭൫	൪,൩൭,൦൯൭	൪,൭൦,൩൪൦	൪,൭൩,൭൩൭	൨,൭൩,൭൭൨
൧൮	ചെങ്ങന്നൂർ	൩൭,൩൭൪	...	...	...	൪,൨൩,൮൩൯	...
൧൯	പത്തനംതിട്ട	൭൨,൮൩൯	൯൭,൮൫൭	൯൭,൮൮൭	൪,൪൨,൨൭൦	...	൪,൦൮,൦൦൨
൨൦	പത്തനാപുരം	൭൭,൭൦൯	൭൭,൯൩൩	൯൩,൩൩൭	൯൭,൦൮൦	൫൩,൭൩൯	൭൩,൫൭൦
൨൧	ചെങ്കോട്ട	൭൪,൭൨൩	൭൭,൫൨൯	൯൪,൦൭൮	൯൩,൨൦൫	൩൭,൩൦൨	൮൮,൩൫൦
൨൨	ചങ്ങനാശേരി	൭൭,൨൭൭	൪,൩൪,൯൨൦	൪,൩൫,൫൫൪	൪,൩൮,൯൦൭	൯൩,൨൮൪	൪,൫൩,൩൮൦
൨൩	കോട്ടയം	൪,൮൩,൨൭൨	൪,൯൭,൪൭൪	൪,൭൩,൫൦൩	൪,൭൩,൦൦൩	൪,൪൨,൪൩൯	൪,൭൩,൯൩൮

അനുബന്ധം I (തുടർച്ച).

പട്ടാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക

താലൂക്കുകളിലെ കരംപിരിവുകാണിക്കുന്ന പട്ടിക.

നമ്പർ	താലൂക്ക്	അതാതാണ്ടത്തെ തവണമുടക്കം കണക്കുപ്രകാരം വസൂലായ നികുതി				കാനേഷുമാരിപ്രകാരം ജനസംഖ്യയും കാനേഷുമാരി വർഷവും	
		൧൦൯൪ രൂപാ	൧൦൯൫ രൂപാ	൧൦൯൬ രൂപാ	൧൦൯൭ രൂപാ	൧൯൫൧	൧൯൫൬
൧൪	ചേർത്തല	൧,൪൦,൭൫൨	൧,൪൧,൯൭൨	൧,൪൩,൩൯൦	൧,൨൭,൩൭൯	൧,൩൩,൩൭൦	൧,൩൧,൪൭൭
൧൫	വൈക്കം	൧,൧൭,൩൦൩	൧,൨൦,൭൧൯	൧,൨൨,൭൨൪	൧,൧൩,൪൯൭	൧,൧൯,൭൨൪	൧,൧൯,൩൭൭
൨൩	ഏറ്റുമാനൂർ	൩൭,൭൧൯	...	...	...	൯൦,൩൯൧	...
൨൭	മീനച്ചിൽ	൭൭,൨൧൩	൧,൨൯,൪൭൧	൧,൩൩,൦൯൨	൧,൩൨,൧൩൩	൭൭,൭൭൭	൧,൩൭൦,൧൯൩
൨൭	മൂവാറ്റുപുഴ	൧,൩൩,൩൩൩	൧,൩൩,൦൨൩	൧,൩൨,൭൭൩	൧,൩൭,൯൪൦	൧,൩൭,൩൯൨	൧,൩൭,൪൭൯
൨൯	കുന്നത്തുനാട്	൧,൦൩,൩൭൯	൧,൪൩,൭൪൯	൧,൩൭,൭൭൯	൧,൪൨,൧൧൧	൧,൧൭,൩൯൩	൧,൭൪,൪൩൨
൩൦	തൊടുപുഴ	൧'൦൩,൪൭൯	൧,൦൩,൨൩൭	൯൩,൩൦൭	൧,൪൦,൭൭൩	൩൭,൪൨൩	൩൭,൨൭൩
൩൧	ആലങ്ങാട്	൯൧,൭൧൩	...	...	...	൧,൦൭,൭൩൩	...
൩൨	പറവൂർ	൧,൦൭,൦൩൩	൧,൩൪,൭൧൧	൧,൩൦,൩൭൪	൧,൧൪,൩൭൦	൭൦,൩൦൭	൧,൩൪,൪൩൭
൩൩	ദേവികുളം	൧,൨൧,൭൭൭	൧,൨൦,൨൪൩	൧,൧൭,൪൭൩	൧,൧൩,൨൧൨	൨൩,൪൪൭	൩൨,൭൯൩
൩൪	പീരുമേട്	൧,൨൩,൨൨൯	൯൦,൯൭൩	൯൩,൩൧൨	൧,൦൧,൩൧൨	൪൩,൧൦൪	൨൪,൦൨൩

കുറിപ്പ്—ഒടുവിലത്തെ കാനേഷ്മാരി ൧൯൨൧-ൽ ആയിരുന്നു. നിവർത്തൽചെയ്ത ഇരണിയൽ, ചെങ്ങന്നൂർ, ഏറ്റുമാനൂർ, ആലങ്ങാട് ഈ നാലു താലൂക്കുകളിലെ വിവരങ്ങൾ ഇല്ല. അതുകൊണ്ടു ൧൯൨൧-ലെ കാനേഷ്മാരി കണക്കിൻപ്രകാരമുള്ള ജനസംഖ്യയും കൊടുത്തിരിക്കുന്നു.

അനുബന്ധം ൨

൪-ാംനമ്പർചോദ്യത്തിന്റെ മറുപടിനോക്കുക.

നാഗർകോവിൽ നഗരസഭ പ്രസിഡണ്ടിന്റെ റിപ്പോർട്ടിന്റെ പകർപ്പ്

മുൻസിപ്പാൽ ആഫീസ്,

നാഗർകോവിൽ ൧൯൨൯ ഫെബ്രുവരി ൨൭-ാംനു-

പ്രിയമാന്യരെ,

൧൯൨൧-ാം-നു- വൈകിട്ട് ൪ മണിക്ക നടത്താൻനിശ്ചയിച്ചിട്ടുള്ള പ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പുസമയം ചില കലഹം ഉണ്ടാക്കി തിരഞ്ഞെടുപ്പു നടക്കാതെയാക്കാൻ ചിലർ ഉത്സാഹിച്ചുവരുന്ന വിവരം അറിയിച്ചുകൊള്ളുന്നു. തിരഞ്ഞെടുപ്പു വളരെ ഉത്സാഹമുള്ളതും ക്ഷോഭജനകവും ആകയാൽ വ്യസനകരസംഭവങ്ങൾ ഉണ്ടാകുവാനിടയുണ്ട്. അതുകൊണ്ട് തിരുവനന്തപുരം ഡിസ്ട്രിക്ട്പോലീസുസൂപ്രണ്ടവർകളെ കലാപങ്ങൾക്കുടാതെ തിരഞ്ഞെടുപ്പു നടത്തത്തക്കവണ്ണം ഉപദേശിച്ചയക്കണമെന്നു അപേക്ഷിക്കുന്നു. ഈയിടയുണ്ടായ വാർഡ് തിരഞ്ഞെടുപ്പുകളിലുണ്ടായ വ്യസനകരസംഭവങ്ങളാണ് ഇങ്ങനെ ആവശ്യപ്പെടുവാൻ എന്നെ നിർബന്ധിതനാക്കിത്തീർത്തു. താങ്കളുടെ ഇത്യാദി

൧൯൨൧ ഫെബ്രുവരി ൧൭-ാംനു-യിലെ ഡി. എസ്. പി. യുടെ റിപ്പോർട്ടിന്റെ പകർപ്പ്.

തിരഞ്ഞെടുപ്പുസമയം ഞാൻ താങ്കളുണ്ടായിരുന്നു. അതു സമാധാനത്തിൽ കഴിഞ്ഞുകൂടി, മിസ്റ്റർ നായനാർതന്നെ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

അനുബന്ധം ൩.

൭-ാംനമ്പർചോദ്യത്തിന്റെ മറുപടിനോക്കുക.

ആഗസ്തീശ്വരം തഹശീൽദാർ തിരുവനന്തപുരം ദിവാൻപേഷ്കാർക്ക് ൧൦-൪-൧൯൨൧-ൽ അയച്ച നമ്പർ ൨-ാം നമ്പർ എഴുത്തിന്റെ പകർപ്പ്.

താങ്കളുടെ ൧൯൨൦ വൃശ്ചികം ൧൭-ാംനു- R. O. C. ൩൩൧/൧൯൨൧ മിസ്, നമ്പർ ഉത്തരവിൻപ്രകാരം നാഗർകോവിൽ മുൻസിപ്പാൽ സഭയിലെക്ക 'ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള സാമാജികന്മാരുടെ കാലാവധി തീരുകയാൽ അവക്ക പകരം നിയമിക്കുന്നതിനായി അവിടെ പ്രാതിനിധ്യം ഇല്ലാത്ത അല്പപക്ഷക്കാരുടെ പ്രാതിനിധ്യം വരിക്കുന്നതിനു യോഗ്യതയുള്ള പന്ത്രണ്ടാളുകളുടെ ജാതിവിവരം കാണിക്കുന്ന ഒരു പട്ടിക ഇതോടു ചേർത്തയക്കുന്നു.

നമ്പർ	പേരു്	സമുദായം	മേൽവിലാസം
൧	പി. സി. അയ്യാ	സാമ്പവർ	നാഗർകോവിൽ സ്കൂൾക്രിസ്ത്യൻ ഹൈസ്കൂൾ അദ്ധ്യാപകൻ
൨	വി. ജോൺ	ടി	കളങ്ങാടിശേരി വടശേരി
൩	എസ്. കരുത്തുടയാൻ	ടി	ടി
൪	ഭൂതലിംഗപണിക്കർ	ഈഴവൻ	ഈഴവത്തെരു, കോട്ടാർ
൫	ആർ. രാമലിംഗംപണിക്കർ	ടി	ടി
൬	ജി. വിശ്വനാഥആശാരി	വിശ്വകർമ്മാവു്	കമ്മാളത്തെരു, കോട്ടാർ
൭	എസ്. എം. ഷഹർണാണ്ടോ	ചവളക്കാരൻ (ഭരതൻ)	ചവളക്കാരത്തെരു, കോട്ടാർ
൮	മുത്തുനിരവിയം	ടി	ശൌര്യാർതെരു, കോട്ടാർ
൯	പി. ഷൺമുഖവൈദ്യൻ എന്ന അപ്പുവൈദ്യൻ	മരുത്വാ	പ്രാണോപകാരിത്തെരു, വഴിവീശ്വരം
൧൦	എസ്. ശങ്കരകുമാർ ബി. എ, ബി. എൽ.	ഇലവാണിയൻ	വക്കീൽ, നാഗർകോവിൽ
൧൧	ജെ. ജീവരത്നം ബി. എ. ബി. എൽ.	റോമൻകത്തോലിക്ക്	ടി
൧൨	എൻ. തിരുവമ്പലംപിള്ള	നാഞ്ചിനാട്ടു മരുമക്കത്തായി വഴിവെള്ളാളൻ	റിട്ടയാർഡ് അസിസ്റ്റന്റ് എൻജിനീയർ, നാഗർകോവിൽ

൨ എഴുത്തിന്റെ ഉള്ളടക്കങ്ങൾ മടക്കിഅയക്കുന്നു.

[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]

അനുബന്ധം ൪.

൯—ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൦൯൨, ൧൦൯൩, ൧൧൦൦ ഈ വർഷങ്ങളിൽ വീട്ടുകരവും തോട്ടികരവും വകയിൽ നാഗരുകോവിൽ മുനിസിപ്പാൽ സഭ കണക്കിൽനിന്നു ഉപേക്ഷിച്ച സംഖ്യകാണിക്കുന്ന പട്ടിക.

വാർഡിന്റെ പേരു	വീട്ടുകരം									തോട്ടിക്കരം								
	൧൦൯൨			൧൦൯൩			൧൧൦൦			൧൦൯൨			൧൦൯൩			൧൧൦൦		
	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച	കാ	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.
കൃഷ്ണൻകോവിൽ കിഴക്കു	...	...	...	൧	൯	൧൩	...	൨൪	൩	൪൪	൩	...	൭	൪	...	൭	൧൩	...
ടി പടിഞ്ഞാറു	...	...	...	൧	൭	൧൧	...	൨൪	൩	...	...	...	൪	൭	...	൧൪	...	...
വടശ്ശേരി	൨	൨൧	൧൧	...	...	...	...	...	...	൨൨	൨.൩	...	൭	൧൩	...	൧൪	൧൩	...
നാഗരുകോവിൽ കിഴക്കു	...	...	...	൧	൯	൧൩	...	...	...	൨൦	൨	...	൨	൧൦	...	൭	൧൪	...
ടി പടിഞ്ഞാറു	...	...	...	...	...	...	...	...	...	൧൭	൧൨	...	൯	൧൭	...	൧൯	൨൪	...
രാമവർമ്മപുരം	൨	൧൪	൭	...	...	...	...	൧൩	൧൩	൨൪	൨൦	...	൧൧	൨൦	...	൧൧	൧൦	...
വടിവീശ്വരം	൩	൨൧	...	...	...	...	...	...	...	...	...	...	൪	൪	...	൩	൧൨	...
കോട്ടാർ	...	...	...	...	...	...	...	...	...	൪൨	...	...	...	൨൪	...	൪	൪	...
വഹയാടി	...	...	...	...	൨൪	൨	...	...	...	...	...	...	൭	൨	...	൧൦	൨൩	...
ഇലങ്ങട	൪	൧൧	൪	൧൦	൪	൧൨	൧൧	൪	൧	...	...	...	...	...	...	...	...	...
ആകെ	൧൭	൧൩	൩	൧൪	൧	൩	൧൩	൧൩	൪	൧൭൪	൧൦	...	൪൭	൨൨	..	൧൦൦	൧൦	.

അനുബന്ധം ന

൧൧-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

നാഗരുകോവിൽ കോടതികളിൽ മുൻസിപ്പന്മാരുടെയും ജഡ്ജിമാരുടെയും നിയമനം.

നമ്പർ	ഉദ്യോഗസ്ഥന്റെ പേരു	ഉദ്യോഗവും സ്ഥലവും	നാഗർകോവിൽ ഡിസ്ട്രിക്ടിൽ നിയമിച്ച തീയതി.	ഒരേ സ്ഥലത്തു എത്ര നാൾ ഇരുന്നു എന്നു		റിമാർക്സ്.
				ആണ്ടു	മാസം	
൧	മി. ആർ. രാമസുബ്ബാശാസ്ത്രി	ഡിസ്ട്രിക്ട് ജഡ്ജി നാഗരുകോവിൽ	൧൦൯൯ ചിങ്ങം	൨	ൗ	
൨	മി. എം. ഗോവിന്ദൻ	രണ്ടാം ജഡ്ജി നാഗരുകോവിൽ	൧൧൦൦ മിഥുനം	,,	൯	
൩	മി. എസ്. സുബ്രഹ്മണ്യയ്യർ	പ്രിൻസിപ്പാൽ മുൻസിപ്പു നാഗരുകോവിൽ	൧൦൯൯ മേടം	൧	൪	പിന്നീടു നാഗരുകോവിൽ അഡിഷനൽ മുൻസിപ്പു കോടതിയിലേക്കു മാററി.
൪	മി. ടി. കേശവപിള്ള	അഡിഷനൽ മുൻസിഫ് നാഗരുകോവിൽ	൧൦൯൭ മകരം	൩	൨	പിന്നീടു തിരുവനന്തപുരത്തേക്കുമാററി.
൫	മി. കെ. വേലുപ്പിള്ള	പ്രിൻസിപ്പാൽ മുൻസിഫ് പത്മനാഭപുരം	൧൦൯൭ കർക്കടകം	൨	൯	പിന്നീടു നെയ്യാററിങ്കരയ്ക്കു മാററി.
൬	മി. ജെ. ഈപ്പൻ	അഡിഷനൽ മുൻസിഫ് പത്മനാഭപുരം	൧൧൦൦ മേടം	,,	൧൧	പിന്നീടു മീനച്ചിലിലേക്കു മാററി
൭	മി. കെ. രാമകൃഷ്ണപിള്ള	ഡിസ്ട്രിക്ട് മുൻസിഫ് കുഴിത്തുറ	൧൧൦൦ വൃശ്ചികം	൧	൪	പിന്നീടു കാഞ്ഞിരപ്പള്ളിക്കു മാററി.

അനുബന്ധം ൭.

14-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

വെർണാക്കുലർ സ്റ്റാറ്റ്യൂറി പരീക്ഷകന്മാരുടെ പേരുവിവരപ്പട്ടിക.

ആണ്ട്	പരീക്ഷകന്റെ പേര്,	തമിഴിൽ യോഗ്യത.
	എ. വെർണാക്കുലർസ്റ്റാറ്റ്യൂറി ലിവിങ് പരീക്ഷ.	
എൻവ്വ	മിസ്റ്റർ, പി. ദേവസഹായം ബി. എ. എൽ. ടി (പ്രധാനി)	ബി. എ. പരീക്ഷ, രണ്ടാംക്ലാസ്സ്. തമിഴിൽ
ടി	മിസ്റ്റർ. ഡി. ടി. ജേക്കബ് (സഹായി)	മിഡിൽ സ്റ്റാറ്റ്യൂറി പരീക്ഷ ൧-ാം ക്ലാസ്സ്, മെട്രിക്കുലേഷൻ ൨-ാം ക്ലാസ്സ് ഐച്ഛികഭാഷ തമിഴ്.
എൻവ്വ	മിസ്റ്റർ. പി. ദേവസഹായം ബി. എ. എൽ.ടി (പ്രധാനി)	(മേൽകുറിച്ചിട്ടുണ്ട്)
ടി	മിസ്റ്റർ ഡി. ടി. ജേക്കബ് (സഹായി)	ടി
	ബി. വെർണാക്കുലർ ഹൈയ്യർ പരീക്ഷ.	
എൻവ്വ	മിസ്റ്റർ. കെ. എസ്. ശങ്കരരാമയ്യാ, എം.,എ., എൽ. ടി.	എം. എ. പരീക്ഷ, തമിഴിൽ
എൻവ്വ	ടി	ടി
	സി. വെർണാക്കുലർ ടീച്ചേഴ്സ് സർട്ടിഫിക്കേററ പരീക്ഷ.	
എൻവ്വ	എസ്. ശങ്കരസുബ്ബയ്യർ ബി. എ. എൽ. ടി.	ബി. എ., പരീക്ഷ, തമിഴിൽ
എൻവ്വ	ടി	ടി

മഹാറാണി റീജൻറെ തിരുമനസ്സുകൊണ്ടു അനുവദിച്ച റെഗ്യുലേഷൻ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറെ സെക്രട്ടറി): നാഞ്ചിനാട്ടു പെള്ളാളബിൽ മഹാറാണി റീജൻറെ തിരുമനസ്സുകൊണ്ടു ക്ലസ്റ്റർ ആക്ടിന്റെ ൬-ാം ൯- കല്പിച്ചനുവദിച്ച വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

മേശപ്പുറത്തു വച്ചിട്ടുള്ള ഒരു പട്ടിക.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ് ഗവണ്മെൻറെ ഫൈനാൻഷ്യൽ സെക്രട്ടറി): സർ, ക൦൯ ൬-ാം നമ്പർ നിയമസഭാറെഗ്യുലേഷൻ ക്ലസ്റ്റ (൯)-ാം വകുപ്പുപ്രകാരം ഗവണ്മെൻറെ അനുവദിച്ച മുചലവു കാണിക്കുന്ന ഒരു പട്ടിക നിയമസഭാ ചട്ടങ്ങളിൽ ൪൬-ാം ചട്ടപ്രകാരം മേശപ്പുറത്തു വച്ചുകൊള്ളുന്നു.

ഇനം	സംഖ്യ			റിമാർക്സ്
ഡിമാണ്ട് ൭ സാധാരണ ഭരണം സെക്രട്ടറിയേറ്റ്	൮൯൭	൦	൦	ക്ലസ്റ്റ൦-ചെ ൩-ാം നമ്പർ തിരുവിതാംകൂർ ഈഴവ റെഗ്യുലേഷൻ ൩൩-ാം വകുപ്പുപ്രകാരം ഒഴിവാക്കാനുള്ള അപേക്ഷകളെപ്പററി അന്വേഷണം കഴിപ്പാൻ പ്രത്യേകം നിയമിച്ചിട്ടുള്ള അസിസ്റ്റൻറെ ദേവസ്വം കമ്മിഷണരുടെ സിൽബന്ധികളുടെ ശമ്പളം, സഞ്ചാരപ്പടി, കണ്ടിൻജൻസി ഇവയ്ക്കായി
ടി	൩൨൭	൦	൦	സെക്രട്ടറിയററിൽ ഇംഗ്ലീഷ് റെക്കാർഡ് സെക്ഷനിൽ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥൻെറ സിൽബന്ധികളുടെ ക്ലസ്റ്റ൦ ക്ല൦ ഇടവം ക്ല-ാം൩- മുതൽ ൨ മാസത്തെ ശമ്പളച്ചെലവു.
ഡിമാണ്ട് ൨൦, പബ്ലിക് വൊർക്സ് ഡിപ്പാർട്ടുമെൻറ്	ക്ല൯,൦൦൦	൦	൦	പുതിയ കോളേജ് ഹൊസ്റ്റൽ ജോലി സംബന്ധിച്ചു കൂടുതൽ ഗ്രാൻറ്.
ടി	൨൯൯൭൦	൨൩	൦	തിരുവനന്തപുരം നഗരത്തിൽ ജലവിതരണവ്യവസ്ഥയെ സംബന്ധിച്ചു ചെയ്ത ജോലിക്കു മദ്രാസിലെ കൺസൽട്ടിങ്ങ് എൻജിനിയർ മിസ്റ്റർ. ജെ. ഡബ്ല്യു. മാഡ്ഡിക്കു കൊടുക്കുന്നതിനു.

ആയവ്യയക്കണക്ക്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംങ്ങ് ഫൈനാൻഷ്യൽ ഗവർണ്മെൻറെ സെക്രട്ടറി): സർ, ഞാൻ കൊല്ലവർഷം ക്ല൦ ൨-ലെക്കുള്ള ആയവ്യയക്കണക്കു ഹാജരാക്കിക്കൊള്ളുന്നു. പതിവനുസരിച്ചു കഴിഞ്ഞ വർഷത്തെ കണക്കിനെ സംബന്ധിച്ചു അല്പമായി വിമർശനം ചെയ്യുകയും, ഈ വർഷത്തെ പുനഃശ്ശോധന ചെയ്ത കണക്കുകളെ വിവരിക്കയും പിന്നീടു വരുന്ന വർഷത്തെ വരവുചിലവുകളെ സംബന്ധിച്ചുള്ള പ്രതീക്ഷ ഏതാണെന്നു പ്രസ്താവിക്കയും ചെയ്വാനാണു വിചാരിക്കുന്നതു.

ക്ല൦ ൨-ലെ ശരിയായ കണക്ക്.

(൨). ക്ല൦ ൨-ലെ വരവു ൨ ക്ല൦ക്കു ലക്ഷം രൂപായും അതിൽ നിന്നുള്ള ചെലവു ൨ ൦ ക്ല൦ക്കു ലക്ഷം രൂപായും ആയിരുന്നു. ഇങ്ങനെ പത്തു ലക്ഷം രൂപാ അധികം വന്നു; റിവൈസ്ഡ് എസ്റ്റിമേററു പ്രകാരം ൪ക്കു ലക്ഷം രൂപായാണു ബാക്കിവരുമെന്നു പ്രതീക്ഷിച്ചിരുന്നതു. എന്നാൽ വരവിൽ പ്രതീക്ഷിച്ചിരുന്നതിനെക്കാൾ ൪ ലക്ഷം രൂപാ അധികവും ചെലവിൽ ൯ ലക്ഷം രൂപാ കുറവുംവന്നു. വരവിൽ പ്രസ്താവയോഗ്യമായ വിധത്തിൽ അധികം വന്നതു ഭൂനികുതിയിലും (ക്ല൯ ലക്ഷം രൂപാ), ചുങ്കം വകയിലും (ക ലക്ഷം രൂപാ), സ്റ്റാമ്പും രെജിസ്ട്രേഷനും വകയിലും (ക്ല൯ ലക്ഷം രൂപാ) മററിനങ്ങളിൽ ക്ല൭ ലക്ഷം രൂപായും ആകുന്നു. ഭൂനികുതിയിൽ അധികം വന്നതു ആ വർഷത്തെ കന്നി കൃഷി സംബന്ധിച്ചുള്ള കിസ്തു ബാക്കി ക്ല൦൯ കർക്കടകത്തിലെ വെള്ളപ്പൊക്കം നിമിത്തം നിറുത്തിവച്ചിരുന്നതു പ്രതീക്ഷിച്ചിരുന്നതിലധികം വസൂലായതുകൊണ്ടാണു.

ക്ല൦ ക-ലെ റിവൈസ്ഡ് എസ്റ്റിമേററ്.

(൩). ഈ ആണ്ടത്തെ എസ്ററിമേററു ആകെ വരവു ൨ ൦ ൩ക്കു ലക്ഷം രൂപായും അതിൽ നിന്നുള്ള ചെലവു ൨ ൦ ൩ ലക്ഷം രൂപായും ബാക്കി ൩ക്കു ലക്ഷം രൂപായും ആയിരുന്നു. എന്നാൽ റിവൈസ്ഡ് എസ്ററിമേററു പ്രകാരം, ആകെ വരവു ൨ ക്ല൭ക്കു രൂപായും ആകെ ചെലവു ക്ല൭൯ക്കു രൂപായും ബാക്കി ക്ല൭ക്കു ലക്ഷം രൂപായും ആകുന്നു.

വരവു.

(൪). ഭൂനികുതി ബഡ്ജററു എസ്ററിമേററിനെക്കാൾ ക്ല൭ ലക്ഷം രൂപാ അധികമാണു വരവുണ്ടായതു. മുൻകൊല്ലത്തെ ബാക്കി വസൂലായതും ഗവർണ്മെൻറു ഭൂമി വിററിട്ടു അധികം പണം കിട്ടിയതുമാണു ഈ അധികത്തിനു കാരണം.

(൫). ആദായനികുതിയിൽ ക്ല൭ ലക്ഷം രൂപാ കുറവുണ്ടാകുമെന്നാണു പ്രതീക്ഷിച്ചിട്ടുള്ളതു. ഹൈ

ക്കോടതിയിൽ നിന്നു ഈയിട ഉണ്ടായ ഒരു വിധിപ്രകാരം ഇടവകഭൂമികളെ അതിൽനിന്നു ഒഴിവാക്കിയതാണ് ഈ കുറവിനു പ്രധാന കാരണം. ഇതിനും പുറമെ ആദായനികുതി റെഗുലേഷൻ ഭേദപ്പെടുത്തിയതു കൊണ്ടു ഈയാണ്ടു അവസ്ഥാന്തരമുള്ള ആണ്ടാകുന്നു. ആണ്ടിന്റെ ആദ്യമാസങ്ങളിൽ റെഗുലേഷൻപ്രകാരം നടപടികൾ നടത്തുന്നതിനു കളക്ടർമാർക്കു പ്രയാസമുണ്ടാകയും അതുകൊണ്ടു നികുതി ചുമത്തുന്ന കാര്യങ്ങളിൽ പല കേസുകളിൽ താമസം നേരിടുകയും, ചെയ്തു എന്നു കാണിക്കുന്ന റിപ്പോർട്ടുകൾ കിട്ടീട്ടുണ്ട്.

൩. പുകയില, മദ്യം, കറപ്പു ഇവ ഉൾപ്പെട്ട എക്സൈസു വരവിൽ ൨ ലക്ഷം രൂപാ വർദ്ധിച്ചിട്ടുണ്ടു. എന്നാൽ ലൈസൻസു ഫീസും സ്വദേശമദ്യത്തിനുള്ള തീരുവയും വകയിൽ ൧൯൦൦-നെക്കാൾ ൧ ലക്ഷം രൂപാ കുറവാണുള്ളതു. എക്സൈസു വരവു ബഡ്ജററു സംഖ്യയിൽ അധികപ്പെട്ടതു, പുകയില തീരുവയിൽ അധിക സംഖ്യ വസൂലായതു മൂലവും ബ്രിട്ടീഷ് ഗവർണ്മെൻറിൽ നിന്നു കറപ്പിനും കഞ്ചാവിനും വകവച്ചു കിട്ടാനുള്ള സാദ്ധ്യതയിലുള്ള വർദ്ധനം മൂലവും ആകുന്നു. പുകയില തീരുവയിൽ ൧ ലക്ഷത്തോളം രൂപാ അധികം വന്നതു തീരുവ കണക്കാക്കുന്നതിനു ൧൯൧൧ കാലം ൧൯-ാംനു- മുതൽ ഡച്ചു് റാത്തലിനു പകരം ബ്രിട്ടീഷ് ഇൻഡ്യയിലെ പോലെ ഇവിടെയും ഇംഗ്ലീഷ് റാത്തൽ സ്വീകരിച്ചതുകൊണ്ടാണു. ൧൦൦൦ സേർ കഞ്ചാവിനും ൨൦൦൦ സേർ കറപ്പിനും ഉള്ള തീരുവ വച്ചു കിട്ടുമെന്നായിരുന്നു ഈയാണ്ടത്തെ ബഡ്ജററിൽ പ്രതീക്ഷിച്ചിരുന്നതു. എന്നാൽ വകവച്ചു കിട്ടാനുള്ളതു ൧൯൧൨-൧൩-ൽ ഇവിടെ പിരിഞ്ഞിട്ടുള്ള ൩൦൦൦ സേർ കഞ്ചാവിന്റെയും ൪൦൦൦ സേർ കറപ്പിന്റെയും തീരുവയാണു. ലൈസൻസു ഫീസ് നിമിത്തവും കഞ്ചാവിന്റെയും കറപ്പിന്റെയും തീരുവ വകവച്ചുകിട്ടിയതുകൊണ്ടും ആണു ബഡ്ജററിനെക്കാൾ ൧ ലക്ഷം രൂപാ അധികം വന്നതു.

൪. ചുങ്കംവക വരവിൽ ൨ ലക്ഷം രൂപാ അധികം കാണുന്നുണ്ടു. അതു മുഴുവനും മിക്കവാറും ആലപ്പുഴയിലെ ഇറക്കുമതിയും കയററുമതിയും ചുങ്കംമൂലം ഉണ്ടായ വരവാണു. ഇതിനു കാരണമായ പ്രധാനകയററുമതി ചരക്കുകൾ കൊപ്രാ, മുളക്, ചുക്കു, മഞ്ഞൾ മുതലായവയാണു. ഇവയിൽ വർദ്ധനയുണ്ടായതിനുള്ള കാരണം ഈ യാണ്ടിൽ അവസമുദ്ധിയായി ഉണ്ടായതുകൊണ്ടാണു. മുളകിന്റെ കയററുമതിതീരുവ കണ്ടിക്കു അണ്ണ ബ്രിട്ടീഷ് രൂപായിൽ നിന്നും പത്താക്കിയതും ചുങ്കംഇനത്തിലെ ഈ വർദ്ധനയ്ക്കു കാരണമാണു. ഇറക്കുമതി തീരുവയിൽ ൧ ലക്ഷം രൂപായിലധികം അധികവരവുണ്ടു. അതുപ്രധാനമായി ഇരുമ്പും ഉരുക്കും, ചരക്കുകൾ, ശീമകുമ്മായം, ചായങ്ങൾ, കടലാസ്സു ഇവകൊണ്ടുണ്ടായിട്ടുള്ള വർദ്ധനയാണു. ആലപ്പുഴകടൽ പാലത്തിനു സമീപം ചെളിവീണതുകൊണ്ടു മിക്കവാറും തുണ്ടുമുഴുവനും കപ്പലുകൾക്കു അവിടെ വരാനും നംകൂരമിറക്കികിടക്കാനും സൌകര്യമുണ്ടായി. കയറു്, മത്സ്യം ഇവയുടെ വ്യാപാരങ്ങളിൽ ഇടിവില്ലായിരുന്നെങ്കിൽ കുറഞ്ഞപക്ഷം അരലക്ഷം രൂപാകൂടെ ചുങ്കമിനത്തിൽ അധികവരവുണ്ടായിരുന്നേനെ.

൫. സ്റ്റാമ്പും രജിസ്ട്രേഷനും ഇനത്തിൽ ൧ ലക്ഷം രൂപാ അധികവരവുണ്ടായിരുന്നു. നായർ റെഗുലേഷനും ഈഴവറെഗുലേഷനും പ്രകാരം ദാനപത്രങ്ങൾ സംബന്ധിച്ചു അധികം മുദ്രപത്രങ്ങൾ വിക്കുകയും അധികം രജിസ്റ്റർ ഫീസ് വസൂലാകയും ചെയ്തതാണു. ഈ വർദ്ധനവിനു പ്രധാനകാരണം. കോട്ടുഫീസു മുദ്രകൾവിററവകയിലും ൧ ലക്ഷം രൂപാ അധികവരവുണ്ടു.

൬. ഇനിയത്തെ അധികവരവുള്ളഇനം പലിശയാണു "ഇൻഡ്യാ ഗവർണ്മെൻറു കടപ്പത്രങ്ങളുടെ പലിശ" "ഇൻഡ്യാഗവർണ്മെൻറു കടപ്പത്രത്തിന്റെ വിക്രയലാഭം" ഈ ഇനങ്ങളിലാണു പ്രധാനമായി അധികവരവുണ്ടായതു. ഈ യാണ്ടിൽ ൩ ൧ ലക്ഷം രൂപാ പ്രത്യക്ഷവിലയുള്ള ഇൻഡ്യാഗവർണ്മെൻറു കടപത്രങ്ങൾ രാജ്യത്തിന്റെ കരുതൽ മുതലോടു ചേർത്തു. ചിലകടപ്പത്രങ്ങളുടെ വർഷാർപ്പണ്ണ ശവസൂലായതുനിമിത്തം" ഇൻഡ്യാഗവർണ്മെൻറു കടപ്പത്രപലിശ" വകയിൽ അരലക്ഷം രൂപാ അധികംകിട്ടി. ഈ ഗവർണ്മെൻറ് ൧ ലക്ഷം ബ്രിട്ടീഷ് രൂപാ മുടക്കിയിരുന്ന ൧൯൧൪ ൧൯൧൫ പലിശ ഇൻഡ്യാഗവർണ്മെൻറു കടപ്പത്രങ്ങൾ ൧൯൧൪ ൧൯൧൫ പലിശ കടപ്പത്രങ്ങളായി മാററിയപ്പോൾ ബ്രിട്ടീഷ് ഗവർണ്മെൻറിൽനിന്നും ലാഭമായി മുക്കാൽ ലക്ഷം രൂപാകിട്ടി. കരുതൽമുതൽ ഇനംവകയ്ക്കു ഇൻഡ്യാ ഗവർണ്മെൻറു സിക്യൂറിററിപ്പത്രങ്ങൾ ഈ യാണ്ടിൽ വാങ്ങിയ വകയിലും പ്രത്യക്ഷവിലയും വാങ്ങിയവിലയും തമ്മിലുള്ള വ്യത്യാസം ഏകദേശം ൧ ലക്ഷം രൂപയും കണക്കിൽ വരവുവച്ചു. ഇങ്ങനെയാണു ലാഭംവകയായി ൨ ലക്ഷം രൂപാ വരവുകാണിച്ചിട്ടുള്ളതു.

൭. ചെങ്കോട്ട-തിരുവനന്തപുരം തീവണ്ടിപ്പാതവഴിയിൽ ൨ ലക്ഷം രൂപാ വരവു ബഡ്ജററിൽ കണക്കാക്കിയിരുന്നെങ്കിലും തന്നാണ്ടുവരവു അരലക്ഷം രൂപാ കുറവായിരുന്നു. ൧൯൧൦-ലെ വരവിനെക്കാൾ ഒരു ലക്ഷം രൂപായും കുറവായിരുന്നു. ഇതിനു കാരണം ൧൯൧൪ സെപ്തമ്പർ ൩൦-ാംനു- അവസാനിച്ച അദ്ധ്യവർഷത്തിൽ ആകെവരവു ൧൧ ലക്ഷം രൂപാ ഉണ്ടായിരുന്നെങ്കിലും ൧൯൧൫ മാർച്ച് ൩൧-ാംനു- അവസാനിച്ച അദ്ധ്യവർഷത്തിലെ വരവു ൯ ലക്ഷം രൂപാമാത്രമേ ഉണ്ടായിരുന്നുള്ളു. ഇങ്ങനെ ആകെകുറവു ൨ ലക്ഷം രൂപാ ആയിരുന്നു. ഒന്നാം വർഷാർത്തിലെ ചെലവു ൩,൦,൯൦൦ രൂപാ ആയിരുന്നതു രണ്ടാം അദ്ധ്യവർഷത്തിൽ ആകെ ൩,൭,൭൦൦ ആയിവർദ്ധിച്ചു. രണ്ടാംഅദ്ധ്യവർഷത്തിലെ ആകെവരവിൽ കുറവുവന്നതു ൧൯൧൪ ഡിസംബർമാസത്തിൽ പാലത്തുകടക്കു സംഭവിച്ചതുകൊണ്ടും കൂലിനിരക്കു കുറച്ചതുകൊണ്ടും ആകുന്നു. ൧൯൧൦-ലെ ആകെവരവു ൨ ലക്ഷം രൂപായും ഈ യാണ്ടത്തെവരവു ൧,൩൫,൭൦൦ രൂപായും ആകുന്നെങ്കിലും ൧൯൧൬ ഏപ്രിൽ ൧-ാംനു- ആരംഭിക്കുന്ന ഒഹീഷ്യൽ-വർഷത്തിനു പ്രതികൂലസംഭവങ്ങൾ ഒന്നും ഉണ്ടാകയില്ലെന്നുള്ള സങ്കല്പത്തിന്മേൽ-വരുന്നയാണ്ടത്തേക്കുള്ള ബഡ്ജററിൽ ൨ ലക്ഷം രൂപായാണു കാണിച്ചിട്ടുള്ളതു.

ചെലവു.

൧൦. ചെലവിന്റെ സംഗതിയിൽ പ്രധാന ഇനങ്ങളിലുംകൂടി ൩ ലക്ഷം രൂപാ കുറവുണ്ടാകുമെന്നാണു റിവൈസ്ഡ് എസ്റ്റിമേററിൽ കാണിച്ചിട്ടുള്ളതു. അരലക്ഷം രൂപായോളം വ്യത്യാസങ്ങൾ ചില ഇനങ്ങളിൽ വന്നിട്ടുള്ളതിനു സമാധാനം ബഡ്ജററിനോടു ചേർത്തിട്ടുള്ള മെമ്മോറാണ്ടത്തിൽ കാണിച്ചിട്ടുണ്ടു.

൧൦൦ലെ ബഡ്ജററ് എസ്റ്റിമേററ്.

൧൧. ഇനിഞാൻവരുന്നയാണ്ടത്തേക്കുള്ള ബഡ്ജററിനെപ്പററി പ്രസ്താവിക്കാം. ഗവർണ്മെൻറു ഗ്രാന്റു

ചിററകിട്ടുനവിധ ഇളവുകൾ ഭൂനികുതിഇനത്തിലാണ് ഉൾപ്പെടുത്തിവന്നതു. ൪ ലക്ഷം രൂപായോളം വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്ന ഈ വരവു, ഏറെക്കുറയ മുലമുതലിന്റെ സ്വഭാവമുള്ളതാണ്. അതുകൊണ്ടു അതിനെ സാധാരണവരവിൽനിന്നൊഴുത്തു മുകളുതൽ വരവിലാണ് ൧൧൦൨ലെക്കുള്ള കണക്കിൽ ചേർത്തിട്ടുള്ളതു. ഇങ്ങനെ ഈ യാണ്ടത്തെറിവൈസ്ഡ് എസ്റ്റിമേററ് അടിസ്ഥാനമാക്കിക്കൊണ്ട് ൧൧൦൨-ാമാണ്ടത്തെ ആകെവരവു ൨൧൧൯ ലക്ഷം രൂപായായി കണക്കാക്കിയിരിക്കുന്നു. ചെലവിനു ൨൦ വു ലക്ഷം രൂപായും അനുവദിച്ചിട്ടുണ്ട്. ഇതു ൧൧൦൦ലെ യഥാർത്ഥചെലവിനെക്കാളും ഈ പണ്ടത്തെ റിവൈസ്ഡ് എസ്റ്റിമെററ് പ്രകാരമുള്ള സംഖ്യയെക്കാളും ഏകദേശം വു ലക്ഷംരൂപാ കൂടുതലാണ്. വരുന്നയാണ്ടിൽ ചെലവുകഴിച്ചു ൩൯ ലക്ഷം രൂപാ മിച്ചമുണ്ടാകുമെന്നാണു പ്രതീക്ഷ.

വരവു.

൧൩. വരുന്നയാണ്ടത്തെ ആകെവരവു ഈ യാണ്ടിൽഉണ്ടാകുമെന്നു പ്രതീക്ഷിച്ചിട്ടുള്ളതിൽ ൪ ലക്ഷം രൂപാ കുറവായിരിക്കും എന്നാണുശങ്ക- വരവിൽ പ്രത്യേകവിവരണം ആവശ്യമുള്ള ഇനങ്ങൾ അധികമില്ല ഭൂനികുതി വരവു ൩ലക്ഷം രൂപാ കുറച്ചാണു കണക്കാക്കിട്ടുള്ളതു- ഇതിനു പ്രധാന കാരണം ഭൂവില്പനയിൽനിന്നുള്ളവരവു സാധാരണ വരവിൽനിന്നു മാററിക്കളകകൊണ്ടാണ് - റിവൈസ്ഡ് എസ്റ്റിമെററിൽനിന്നു മുക്കാൽ ലക്ഷം രൂപായും കുറച്ചിട്ടുണ്ട്- സ്റ്റാമ്പുറെജിസ്ട്രേഷനു സംബന്ധിച്ചു ഈയാണ്ടത്തെ വരവു അസാധാരണയാകയാൽ ആയിനത്തിൽ മുക്കാൽ ലക്ഷം രൂപാ കുറച്ചാണ് എസ്റ്റിമേററിൽ ചേർത്തിട്ടുള്ളതു- പ്രസ്താവയോഗ്യമായ ഇനിയൊരിനം ഉള്ളതുപചിശയ്ക്കാണ്. അതും ഈ യാണ്ടിലുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിട്ടുള്ള സംഖ്യയിൽ ൧൧ ലക്ഷം രൂപ:കുറച്ചാണു എസ്റ്റിമേററ്-ഇതിനുകാരണം ൧-ാം പാരാവിൽ പ്രസ്താവിച്ചപ്രകാരം ഇൻഡ്യാഗവണ്മെന്റു സിക്യൂറിററിപത്രങ്ങൾ വാങ്ങിയതിൽ കിട്ടിയലാഭം, ആണ്ടുതോറും ഉണ്ടാകുന്നതല്ലാത്തതുകൊണ്ടും തള്ളിക്കളകകൊണ്ടും ഇൻഡ്യാഗവണ്മെന്റു പ്രൊനോട്ടിനു ൧൯ യാണ്ടിൽ മുടക്കിയസംഖ്യയുടെ രണ്ടു അഭ്യവഷ്ടപ്പലിശ ചേർത്തതുകൊണ്ടും ആകുന്നു. റേയിൽപ്പവരവു രണ്ടുലക്ഷം രൂപായായികണക്കാക്കിയതിനു സമാധാനം മുമ്പുതന്നെ പറഞ്ഞുവല്ലോ.

ചെലവു

൧൪. ചെലവു ഭാഗത്തു സ്ഥിരംചെലവുകൾക്കായി അനുവദിച്ച സംഖ്യ ൨൦ വു ലക്ഷം രൂപായായിരുന്നു. ബഡ്ജററിൽ പുതിയചെലവുകൾ ചേർക്കുന്നതിനു വന്ന ൧൦ വു അപേക്ഷകളെ ഫൈനാൻസ് കമ്മിററിയുടെ സഹായത്തോടുകൂടെഗവണ്മെന്റു പരിശോധിക്കയും ൪ ലക്ഷം രൂപാ ചെലവിൽക്കൂട്ടുകയും ചെയ്തിരിക്കുന്നു. ഈ അപേക്ഷകളെ ബഡ്ജററിന്റെ അടിഭാഗത്തു കുറിപ്പുകളാൽ വിവരിച്ചിട്ടുണ്ട്.

൧൫. ലാൻഡ്സ്റെ പന്യൂഡിപ്പാർട്ടുമെന്റു. ചന്തകൾനന്നാക്കുന്നതിനു ൧൪,൨൦൦ രൂപാ അനുവദിച്ചിരിക്കുന്നു. ഇതിനുപുറമെ വേറൊരു ൧൩,൯൦൦ രൂപാ എൻജിനീയർ വകുപ്പിൽ പൂർത്തിയാകാത്ത പണികളും പുതിയ പണികളും" എന്നഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ ഇതിന്നായി അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൭,൭൦൦ രൂപായാണ്. നിയമസഭയിലെ വദജ്ജടെയും ശ്രീമൂലംപ്രജാസഭയിലെ നിവേദനങ്ങളുടേയും ഫലമായി ൧-ാംഗ്രേഡ് പാവിത്രക്കാരുടെ എണ്ണം ൪൯ൽ നിന്നു ൧൦൦-ായി വർദ്ധിപ്പിക്കാനും അതിന്നനുസരിച്ചു ൨-ാം ഗ്രേഡ് പാവിത്രക്കാരുടെ എണ്ണം ൩൪൯ ൽനിന്നു ൩൦൪-ായി കുറയ്ക്കാനും അനുവദിച്ചിരിക്കുന്നു.

൧൬. വനം. വനംവകുപ്പിൽ വനം കണ്ടെഴുത്തുജോലിക്കായി ഒരു പ്രത്യേക ഉദ്യോഗസ്ഥനേയും അദ്ദേഹത്തിന്നാവശ്യമുള്ള സിൽബന്തികളെയും നിയമിക്കുന്നതിനു ൧൧,൨൦൦ രൂപാ അനുവദിച്ചിരിക്കുന്നു. ഇതു അന്വേഷണത്തിൽ ഇരിക്കുന്ന ൨൪ റിസർവ്വ് കേസുകളിൽ വരുന്ന അവകാശതർക്കങ്ങൾ തീർക്കുന്നതിനാണ്. കോന്നിയിലെ ഫാറസ്റ്റ്സ്കൂൾ ഒരു വർഷം കൂടി നടത്തുന്നതിനാണു നിശ്ചയിച്ചിരിക്കുന്നതു.

൧൭. സാധാരണഭരണം. ഈശ്വറെഗ്രുലേഷൻ ൪-ം൭ (൧)-ം അദ്ധ്യായങ്ങളുടെ വ്യാപ്തിയിൽനിന്നു ഒഴിവാക്കാൻ റെഗ്രുലേഷൻ നമ്പ-ാം വകുപ്പുപ്രകാരമുള്ള അപേക്ഷകളെപ്പററി അന്വേഷണം നടത്തുന്നതിനായി ൧൦൦൧ ഇടവം ൭-ാനു മുതൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അന്വേഷണം നടത്തേണ്ടതായി അനവധി അപേക്ഷകൾ വന്നിട്ടുള്ളതുകൊണ്ട് ആ ഉദ്യോഗസ്ഥനും സിൽബന്തികൾക്കും ൧൧൦൨ ഇടവം അവസാനം വരെ കൊടുക്കേണ്ടുന്ന ശമ്പളവും അനുവദിച്ചിട്ടുണ്ട്.

൧൮. നീതിന്യായക്കോടതികൾ. ഹൈക്കോടതിയിലെ ടെമ്പററി ജഡ്ജിമാരേയും ടെമ്പററി രണ്ടാം ജഡ്ജിമാരുടെ കോടതികളും ആറു ടെമ്പററിമുൻസിപ്പ് കോടതികളുള്ളവയിൽ അഞ്ചും വച്ചുകൊണ്ടിരിക്കുന്നതിനു പണം അനുവദിച്ചിട്ടുണ്ട്. മൂന്നു ടെമ്പററി സർക്കാർ വക്കീലന്മാരുള്ളവരെയും ൧൧൦൨-ാമാണ്ടു മുഴുവനും വച്ചുകൊണ്ടിരിക്കാനാണു ആലോചന. ൨൦ കമ്മിററിക്കു തല്ക്കാലത്തേക്കു വേണ്ടുന്ന സിൽബന്ദികളെ അനുവദിച്ചിട്ടുണ്ട്. ൧൧൦൨-ൽ ൨ മാസത്തേക്കു ലാസ്ഡിലേസ്കമ്മിററിയുടെ ചെലവിനു ൩൦,൭൦൦ രൂപായും അനുവദിച്ചിട്ടുണ്ട്.

(൧) ഒരു തല്ക്കാലമുൻസിപ്പ്കോടതി നിർത്തലാക്കി, തൊടുപുഴ ഒരു മുൻസിപ്പ് മജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്നതിനും (൨) ചങ്ങനാശേരിയിൽ ഒരു സ്റ്റേഷനറിമജിസ്ട്രേട്ടുകോടതിക്കുള്ള അപേക്ഷപ്രകാരം അവിടെയുള്ള മുൻസിപ്പുകോടതി പരീക്ഷണാർത്ഥം ഒരു മുൻസിപ്പ് മജിസ്ട്രേട്ടുകോടതിയാക്കുന്നതിനും (൩) മാവേലിക്കരയിൽ ഒരു ബഞ്ചുമജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്നതിനും ആവശ്യം ഉള്ളപക്ഷം സിവിലും സെഷൻസും കോടതികൾ എന്ന ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. വിചാരണയിൽ ഇരിക്കുന്ന കേസുകളിലെ തടവുപുള്ളികളുടെ സ്ഥിതി നന്നാക്കുന്നതിന്നായി ൧൦,൫൦൦ രൂപാ ഒരു മൊത്തത്തുകയായി അനുവദിച്ചിരിക്കുന്നു.

൧൯. പോലീസ്. കൊച്ചിയിൽ ഒരു പുതിയ ഔട്ട് പോസ്റ്റ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും തിരുവനന്തപുരവും കോട്ടയവും ഡിസ്ട്രിക്ട്കളിൽ ൩൦ കൊൺസ്റ്റബിൾമാരെ പുതുതായി നിയമിക്കുന്നതിനും വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതിനും പുറമെ ജോലി പരിശീലിപ്പിച്ചു ഒടുവിൽ ഇൻസ്പെക്ടർമാരായി നിയമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആറുപ്രൊബേഷണറി ഇൻസ്പെക്ടർമാരെയും നിയമിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.

൨൦. വിദ്യാഭ്യാസം. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യ റിവൈസ്ഡ് എസ്റ്റിമേറ്റിനെക്കാൾ ഏകദേശം ൨൫ ലക്ഷം രൂപാ അധികമാണ്. വിദ്യാഭ്യാസപ്രചാരമില്ലാത്ത സ്ഥലങ്ങളിൽ ചില വൈർണാകുലർ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും ഇപ്പോഴുള്ള വൈർണാകുലർ വിദ്യാലയങ്ങളിൽ ഉയർന്ന ക്ലാസുകളും കൂടുതൽ ഡിവിഷനുകളും ഏർപ്പെടുത്തുന്നതിനും വ്യവസ്ഥചെയ്തിട്ടുള്ളതിനുപുറമേ സ്ത്രീകൾക്കുള്ള കാളേജിൽ ഇന്റർമീഡിയറ്റ്ക്ലാസ്സുകളിൽ രണ്ടാംഗ്രൂപ്പ് (പ്രകൃതിശാസ്ത്രം) പഠിപ്പിക്കുന്നതിനും ആ കാളേജ് ഒന്നാം ഗ്രേഡായി ഉയർത്തി കൺവെർട്ടുചെയ്യുന്നതിനും ബി. എ. പരീക്ഷയ്ക്കു അഞ്ചാം ഗ്രൂപ്പ്, ചരിത്രവും, ആറാം ഗ്രൂപ്പ്, ഭാഷയും ഏർപ്പെടുത്തുന്നതിനും വേണ്ട പണവും മൊത്തമായി അനുവദിച്ചിട്ടുണ്ട്. രണ്ടാംഗ്രൂപ്പ് (പ്രകൃതിശാസ്ത്രം) എടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ ഇപ്പോൾ ഇവിടത്തെ സയൻസ്കോളേജിലോ മദ്രാസ്സിലെ വിമൻസ് ക്രിസ്ത്യൻ കോളേജിലോ ചെന്നു ചേരേണ്ടിയിരിക്കുന്നു. സർവ്വകലാശാലാ പഠിതവിഷയത്തിൽ വിദ്യാർത്ഥികൾക്കു രണ്ടാംഗ്രേഡ് കാളേജുകൾക്കു അവരുടെ പകുതി പഠിതം നടത്തുന്നതിനെ സാധിക്കുന്നുള്ളു. മദ്രാസ്സിൽ സ്ത്രീകൾക്കായുള്ള കാളേജുകളിൽ മേലാൽ ബ്രിട്ടീഷ് ഇൻഡ്യയിലെ വിദ്യാർത്ഥിനികൾക്കു പ്രവേശനം കൊടുത്തശേഷം സ്ഥലം ഉണ്ടെങ്കിൽ മാത്രമേ തിരുവിതാംകൂറിൽനിന്നു ചെല്ലുന്ന വിദ്യാർത്ഥിനികൾക്കു പ്രവേശനം കൊടുക്കുകയുള്ളു എന്നുള്ള നിശ്ചയം ഈയിടെ അവിടെ ചെയ്തിട്ടുണ്ടല്ലോ. ഈ രാജ്യത്തെ സദാ എണ്ണത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിനികൾക്കു ഉൽകൃഷ്ട വിദ്യാഭ്യാസം നടത്തുന്നതിന്റെ ഭാരത്തിൽ ഒരു വലിയ ഭാഗം വഹിക്കുന്ന പ്രൈവറ്റ് കാളേജുകൾക്കു ഗ്രാൻറു കൊടുക്കുന്നതിന്നായി ൧൯,൦൦൦ രൂപായും നീക്കിവച്ചിട്ടുണ്ട്.

൨൧. കൃഷിയും മത്സ്യവ്യവസായവും. മത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിൽ ആവശ്യമുള്ള സിൽബന്ധികളോടുകൂടെ മൂന്നാമതൊരു ഇൻസ്പെക്ടരെ നിയമിച്ചും മേലന്വേഷണം ശരിയായി നടത്തുന്നതിക്കുവേണ്ടും ഇൻസ്പെക്ടർമാരുടെ ജോലിപങ്കിട്ടും ആ ഡിപ്പാർട്ടുമെൻറു പരിഷ്കരിക്കുന്നതിനുമായി ആവശ്യമുള്ള കൂടുതൽ പണം അനുവദിച്ചിട്ടുണ്ട്. ആലുവായിലെ കൃഷിവിദ്യാലയം രണ്ടുവർഷം കൂടെയും കരനിലം പരിശോധനയ്ക്കുള്ള പുറക്കാട്ടെ പരീക്ഷണസമ്പ്രദായത്തെ മൂന്നുവർഷം കൂടെയും നടത്തിക്കൊണ്ടുപോകുന്നതിനാണു നിശ്ചയിച്ചിട്ടുള്ളതു. ഇപ്പോഴുള്ള മൂന്നു മത്സ്യവ്യവസായസ്കൂളുകൾക്കു പുറമെ മൂന്നമ്പത്തു ഒരു സ്കൂൾകൂടി സ്ഥാപിക്കുന്നതാണ്.

൨൨. മെഡിക്കലും സാനിട്ടറിയും ഡിപ്പാർട്ടുമെൻറുകൾ. ഈ ഡിപ്പാർട്ടുമെൻറുകളിലെക്കു ൧൫ ലക്ഷംരൂപാ കൂടുതൽ അനുവദിച്ചിട്ടുണ്ട്. തുമ്പമണ്ണും കുമിളിയിലും ഈ ആണ്ടിൽ സ്ഥാപിച്ച ഔഷധാലയങ്ങൾക്കു പുറമെ പുളിങ്കുന്നിലും ചെരുകടവിളയിലും രണ്ടു സ്ഥിര ഔഷധാലയങ്ങൾ സ്ഥാപിക്കുന്നതിനും നാഗർകോവിൽ ഡിസ്ട്രിക്ട്ആശുപത്രിയിൽ ഒരു സ്ത്രീ സബ് അസിസ്റ്റൻറു സർജനെകൂടി നിയമിക്കുന്നതിനും ആലോചിച്ചിട്ടുണ്ട്. "ഭക്ഷണം" "വസ്ത്രവും കിടക്കയും" "സാമാനങ്ങൾ വാങ്ങുക അററകുററം തീർക്കുക" എന്നുള്ള ഇനങ്ങളിൽ കൂടുതൽ സംഖ്യകളും ജനറൽ ആശുപത്രിയിൽ പുതിയവാർഡുകളും നാഗർകോവിൽ, കൊല്ലം, കോട്ടയം ആസ്പത്രികളിൽ പ്രസവവാർഡുകളും തുറക്കുന്നതിനു വേണ്ടുന്നസിൽബന്ധിച്ചെലവും അനുവദിച്ചിട്ടുണ്ട്. കൃത്രിമോപ്രൗഷധങ്ങളും ശസ്ത്രക്രിയകൾക്കുള്ള അനുസാരികളും വാങ്ങുന്നതിനു നീക്കിവച്ചിട്ടുള്ള സംഖ്യ ൨,൨൫,൫൦൦ രൂപായാണു. ഇതു ഈ യാണ്ടത്തെക്കു അനുവദിച്ചിട്ടുള്ളസംഖ്യയേയും കഴിഞ്ഞയാണ്ടിൽ ചെലവായ സംഖ്യയേയും കാൾ ൪൫,൦൦൦ രൂപാ അധികമാണ്. "എക്സ്റേ" ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനും വൈദ്യുതശക്തി നിർമ്മിക്കുന്നതിനുമായി ജനറൽ ആസ്പത്രിയിൽ ഒരു ഇലെക്ട്രിക് ഡിപ്പാർട്ടുമെൻറു ഏർപ്പെടുത്തുന്നതിനു ൫,൦൦൦ രൂപാ അനുവദിച്ചിരിക്കുന്നു. വെല്ലൂർ ക്രിസ്ത്യാനിസ്കൂളിൽ പഠിക്കാൻ ചെല്ലുന്ന തിരുവിതാംകൂർ സ്ത്രീകൾക്കു വേണ്ടി ഗ്രാൻറു കൊടുക്കയില്ലെന്നു മദ്രാസ് ഗവർണ്ണർ പറഞ്ഞിരിക്കായാൽ തിരുവിതാംകൂറിലെ രണ്ടു സ്ത്രീകളെ പഠിപ്പിക്കുന്നതിനു ആണ്ടിൽ ൪൦൦ രൂപാവീതം നാലുവർഷത്തെക്കു ആ മെഡിക്കൽസ്കൂളിനു ഗ്രാൻറു കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു, മുൻ വ്യവസ്ഥ അനുസരിച്ചു, കീഴാണ്ടുകളിൽ ചെയ്തിട്ടുള്ളതുപോലെയും ൧൫ ലക്ഷം പുതുതു പുതിയ വൈദ്യശാലകൾ തുറക്കുന്നതാണ്.

൨൩. സാനിറിഫിക്കും മിസലേനിയസും ഡിപ്പാർട്ടുമെൻറുകൾ. പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറിൽ താല്ക്കാലികമായി ഈ യാണ്ടിൽ നിശ്ചയിച്ചിരുന്ന ൨ ഇൻസ്പെക്ടർമാർ വരുമെന്നായാണ്ടിലും ഉണ്ടായിരിക്കുന്നതു ആ ഡിപ്പാർട്ടുമെൻറിലെ ജോലി വർദ്ധിച്ചിരിക്കയാൽ അതു നിർവ്വഹിക്കുന്നതിനു മൂന്നു താൽക്കാലിക ഇൻസ്പെക്ടർമാരെ കൂടി നിയമിക്കുന്നതുമാകുന്നു.

൨൪. പൊതുമരാമത്തു: ഈ യാണ്ടിൽ തീവണ്ടിസർവ്വീസിന്റെ ചെലവൊഴിച്ചു, പൊതുമരാമത്തുവകയ്ക്കു അനുവദിച്ചിട്ടുള്ള സംഖ്യ ൨൯ ലക്ഷം രൂപായാകുന്നു, ഈ സർവ്വീസ്ചെലവുകൾ സാധാരണ വരവിൽനിന്നു ചെയ്യാതെ, പൊതുമരാമത്തിൽ നിന്നു നീക്കി, കാപ്പിറൽ എക്സ്പെണ്ടിച്ചർ ചെലവിലാണു ചേർക്കുന്നതു. ഇതിനുപുറമെ ഈ യാണ്ടിൽ കൂടുതലായി ൧,൫൪,൪൦൦ രൂപയും അനുവദിച്ചിട്ടുണ്ട്, ഇതിൽ അധികഭാഗവും ൧൯൫ ഇടവപ്പാതിയെ വെള്ളപ്പൊക്കം നിമിത്തം ഉണ്ടായനഷ്ടങ്ങൾ തീർക്കുന്നതിനാണു. വരുന്നയാണ്ടിൽപി, ഡബ്ല്യു, ഡി വകുപ്പിലേക്കു ൩൦ ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. ഈ ൩൦ ലക്ഷം രൂപായിൽ ൩൫ ലക്ഷം ചെട്ടികുളങ്ങരക്കു, ൧ ൫ ലക്ഷം ഗതാഗതമാർഗ്ഗങ്ങൾക്കു, ൧ ലക്ഷം വിളക്കുവയ്പ് ജലസംഭരണം, തോടുകൾ മുതലായതിനും ൧ ൫ ലക്ഷം കൃഷിസേചനപ്രവൃത്തികൾക്കു ആകുന്നു. തൽക്കാലത്തെക്കു കൃഷിസേചനപ്രവൃത്തികൾ പരിശോധിക്കാൻ നിയമിച്ചിട്ടുള്ള സൂപ്പർവൈസർമാരുടെ ശിപാർശപ്രകാരം പുതിയപ്രവൃത്തികൾ ചെയ്യുന്നവകയ്ക്കു നിശ്ചയിച്ചു ൧൫,൧൦൦ രൂപായും ഒടുവിൽ പറഞ്ഞ സംഖ്യയിൽ ഉൾപ്പെടും, ചീഫ്സൂപ്പർവൈസർമാർ, സാമാനങ്ങൾ, ആയുധങ്ങൾ ഇവയ്ക്കു ൪.൫ ലക്ഷം രൂപായും ഡെൽഹിയിലെ കൊട്ടാരം പണിക്കു ൭൦,൦൦൦ രൂപായും അനുവദിച്ചിട്ടുണ്ട്.

സാധാരണവരവിൽനിന്നു ചെയ്യാത്ത കാപ്പിറൽഎക്സ്പെണ്ടിച്ചർ (ചെലവു).

൨൫. കൊല്ലം-തിരുവനന്തപുരം തീവണ്ടിപ്പാത യുക്തമൂലധനത്തിൽ ഇനത്തിൽ ൧൯൫൧ ലെ ബഡ്ജറ്റിൽ ൪,൦൦൦ രൂപായുടെ ചെലവു അനുവദിച്ചിട്ടുണ്ടായിരുന്നു. ഈ ഇനത്തിൽ ജോലിചെയ്യാനില്ലാത്തതുകൊണ്ടും സ്ഥലവിലമാത്രം കൊടുക്കാനുള്ളതുകൊണ്ടും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഈ സംഖ്യ ൨,൦൦൦ രൂ

ക്കി. ഇതുകൂടാതെ വേറെ രണ്ടിനം ചെലവുകളും റിവൈസ്ഡ് എസ്റ്റിമേററിൽ കാണിച്ചിട്ടുണ്ട്. ഒന്നുതീവ്ര ണ്ടിപ്പാതയ്ക്കുള്ള സർവ്വേചെലവാണു. ഫിൻറസ് ഹെബ്രുവരി ഫ്രാംന്റ- മുതൽ ഒരു റെയിൽവെ എൻജിനീയരെ നിയമിച്ചപ്പോൾ ഈയാണ്ടാരംഭം മുതൽ റെയിൽവെ സർവ്വെ ചെലവുകൾ മുൻ പ്രസ്താവിച്ചപ്രകാരം "റെയിൽ വെ സർവ്വെ" എന്ന ഇനത്തിൽ മൂലധനമായി ചേർക്കയാണു ചെയ്യുന്നതു. ഇതിന്നായി പൊതുമരാമത്തുവകയിൽ അനുവദിച്ചിരുന്ന ൪.൦,൦൦൦ രൂപയ്ക്കുപകരം റിവൈസ്ഡ് എസ്റ്റിമേററ്പ്രകാരമുള്ള ൪൩,൫൦൦ രൂപാ ഈ ഇനത്തിൽ ചേർത്തിരിക്കുന്നു. ഇനിയും ഈ ഇനത്തിൽ ഒരു സംഖ്യചെർത്തിട്ടുള്ളതു കൊച്ചി തുറമുഖം പണിക്കു ഫിൻവൽ കൊടുത്ത സഹായം ബ്രിട്ടീഷ് രൂപയാണ്. ഇതു മുമ്പു അഡ്വാൻസ് ഇനത്തിലാണു ചേർത്തു വന്നതു. അതു എൻെറ മുൻഗാമി അദ്ദേഹത്തിൻെറ ബഡ്ജററ് പ്രസംഗത്തിൽ പ്രസ്താവിച്ചപ്രകാരം തിരികെ കിട്ടുന്നതല്ല. അതുകൊണ്ടു ഈയാണ്ടത്തെ കണക്കിൽ അഡ്വാൻസ് ഇനത്തിൽ അതു വരവു ചേർത്തു കൊണ്ടു "ചാപ്പിറൽ അക്കൌണ്ടു" (മൂലധനം) ഇനത്തിൽ ചെലവായിചേർത്തു. റിവൈസ്ഡ് എസ്റ്റിമേററിലെ ഈ സംഖ്യകൾ കണക്കാക്കുമ്പോൾ ഈ വാണ്ടിൽ പ്രതീക്ഷിച്ചിരുന്ന ൧൫ ലക്ഷം രൂപാബാക്കി ൧൫ ലക്ഷം രൂപയായി കുറഞ്ഞുപോകും. വരുന്നയാണ്ടത്തേക്കു കൊല്ലം-തിരുവനന്തപുരം തീവണ്ടി സംബന്ധിച്ചു ൩,൫൦൦ രൂപായും കൊല്ലം-എറണാകുളം റെയിൽവെ, ഫ്ലാററഫാന്റർ ഇണക്കയം റെയിൽവെ, മാവേലിക്കര കൊച്ചി ശാഖ റെയിൽവെ എന്നീ മൂന്നു റെയിൽവെ സർവ്വെക്കായി ൯൫,൦൦൦ രൂപായും അനുവദിച്ചിട്ടുണ്ട്.

൨൩. സർ, ൧൯൩൫-ൻെറയും ൧൯൩൬-ൻെറയും അവസാനത്തിൽ ഉണ്ടാകുന്ന ധനസ്ഥിതിയെയും കടത്തിൻെറ നിലയെയും പററി അല്പം പ്രസ്താവിച്ചുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിച്ചു കൊള്ളാം ൧൯൩൫ ലെ കണക്കിൻപ്രകാരം ആയാണ്ടവസാനത്തെ ധനം ൨൦ വു ലക്ഷം രൂപായും കടം ൧൨ ലക്ഷം രൂപായുംആയിരുന്നു. ഈയാണ്ടത്തെ റിവൈസ്ഡ് എസ്റ്റിമേററിൻപ്രകാരം ഈ ആണ്ടവസാനത്തിൽ ധനം ൨൩ ലക്ഷം രൂപായും കടം ൧൩ ലക്ഷം രൂപായും ആയിരിക്കും. ചെങ്കോട്ട-കൊല്ലം റെയിൽവെ കടവും ൧൦ൻ൧ ലെ കടപ്പത്രപ്രകാരമുള്ള കടവും വീട്ടുന്നതിനു കരുതിവരുന്ന സിങ്കിങ്ങ്ഫണ്ട് ഈ ആണ്ടാരംഭത്തിൽ ൪൦ ലക്ഷം രൂപാ ആയിരുന്നു. അതു ആണ്ടവസാനത്തിൽ ൪൪ ലക്ഷം രൂപായായി അവസാനിക്കുമെന്നാണു പ്രതീക്ഷ. ഈ സംഖ്യയുടെ പകുതി ഇൻഡ്യാഗവണ്മെൻറ് സിക്യൂറിററിയിലാണ്മുടക്കിയിരിക്കുന്നതു. ഈരാജ്യത്തെ നികുതിയിന്മേൽ ൧൯൩൫ ൧൯൩൬-മാണ്ടാരംഭത്തിൽ ൧൦ വു ലക്ഷംരൂപാ ആയിരുന്നതു ഈആണ്ടവസാനത്തിൽ ൧൩ ലക്ഷം രൂപാആയിരിക്കും. ഇതിൽ വീട്ടാത്ത നികുതി, നികുതിയും പലിശയുള്ള ഇൻഡ്യാഗവണ്മെൻറ സിക്യൂറിററിയിൽ പ്രത്യക്ഷവിലയായ ൪൧ ലക്ഷം രൂപായും ഇൻഡ്യാ ഇമ്പീരിയൽ ബാങ്കിലും ഇൻഡ്യാ, ആസ്ട്രേലിയാ, ചൈനാ, ചാർട്ടേഡ് ബാങ്കിലും സ്ഥിരമായി നിക്ഷേപിച്ചിട്ടുള്ള ൨൨ ലക്ഷം രൂപായും ഉൾപ്പെടും. ധനത്തിൽ അധികഭാഗവും നിക്ഷേപിച്ചിരിക്കുന്ന ഇൻഡ്യാഗവണ്മെൻറ സിക്യൂറിററികളുടെ വിലയിൽ ഉണ്ടാകുന്ന കൂടുതൽ കുറവു കണക്കാക്കിയാൽ കണക്കിൽ ധനമായി കാണിച്ചിരിക്കുന്ന ൧൩ ലക്ഷം രൂപാ യഥാർത്ഥത്തിൽ ൧൨ ൫ ലക്ഷം രൂപാ ആയിരിക്കുമെന്നു സങ്കല്പിക്കാം. ൧൯൩൬-ാമാണ്ടു അവസാനത്തിൽ ധനം ൨൫ ൨ ലക്ഷം രൂപായും കടം ൧൪ ൫ ലക്ഷം രൂപായും ആയിരിക്കും; അതായതു കടംകഴിച്ചു ൧൦ ൫ ലക്ഷംരൂപാ ധനമുണ്ടായിരിക്കും. ഈയാണ്ടവസാനത്തിൽ ൩൯ ലക്ഷം രൂപായും വരുന്നയാണ്ടവസാനത്തിൽ ൪൦ ൫ ലക്ഷം രൂപായും കയ്യിരുപ്പു മുതൽ ഉണ്ടായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

൨൪. സ്റ്റേററ് എയിഡഡ് ബാങ്ക് (മെസ്സേഴ്സ്):—സ്റ്റേററ്എയിഡഡ് ബാങ്ക് തിരുവിതാംകൂർ കമ്പനി റെഗുലേഷൻപ്രകാരം, ഒരു ജോയിൻറ് സ്റ്റോക്ക് കമ്പനിയായി റജിസ്റ്റർ ചെയ്തു കഴിഞ്ഞിരിക്കുന്നു. ബാങ്കും ഗവണ്മെൻറും തമ്മിലുള്ള ഉടമ്പടി ൧൯൨൯ ജൂലായി ൧൫-ാംനു- എഴുതി കൈമാററം ചെയ്തു. ൧൯൨൯ ജൂലായി ൧൫-ാംനു- ലെ ൧൨൬൫/൧൯൨൯-ാം നമ്പരും ൧൯൨൯ ജൂൺ ൪-ാംനു- ലെ ൧൦൪/൧൯൨൯-ാം നമ്പരും ഗവണ്മെൻറുത്തരവുകളിൽ ഉള്ള വ്യവസ്ഥകൾ തന്നെയാണു ഉടമ്പടിയിലും ഉള്ളതു; ബാങ്കുകൾ വിജ്ഞാപനം അല്പദിവസങ്ങൾക്കുള്ളിൽ പ്രസിദ്ധം ചെയ്യുമെന്നാകുന്നു പ്രതീക്ഷ.

സ്റ്റാണ്ടിങ് ഓർഡർ ഭേദഗതി പ്രമേയം.

പ്രസിഡൻറ്: തിരുവിതാംകൂർ നിയമസഭയുടെ നടപടി നമ്പർ സ്റ്റാൻറിങ് ഓർഡർ ഭേദപ്പെടുത്തുന്നതിന്നു മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ പേരിൽ ഒരു പ്രമേയം ഉണ്ടു. പ്രമേയം ഇങ്ങനെയാണ്.

"സ്റ്റാണ്ടിങ് ഓർഡർ നമ്പർ-നടപടിയിൽ ഓരോ എന്നവാക്കിനു ശേഷം വരുന്ന "സെഷൻ" എന്ന വാക്കിനു പകരം "യോഗം" (മീററിങ്) എന്ന വാക്കു ചേർക്കണം.

ഈപ്രമേയം ഹാജരാക്കുന്നതിനു സഭ അനുവദിക്കുന്നുവോ?

അനുവാദം കൊടുക്കപ്പെട്ടു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): സർ, സ്റ്റാണ്ടിങ് ഓർഡർ നടപടി താഴെ പറയുംപ്രകാരം ഭേദപ്പെടുത്തണമെന്നു ഞാൻ ഒരുപ്രമേയം ഹാജരാക്കിക്കൊള്ളുന്നു.

രണ്ടാംവകുപ്പിൽ ഓരോ എന്ന പദത്തിനു ശേഷമുള്ള "സെഷൻ" എന്ന പദത്തിനു പകരം "മീററിംഗ്" എന്ന പദം ചേർക്കണം.

ഒരു സെഷനിൽ പലയോഗങ്ങൾ ഉള്ളതുകൊണ്ടു സെഷൻ ആരംഭിക്കുന്നതിനു ൧൫ ദിവസം മുമ്പു നിയമസഭയിലെ ജോലിയെ പററി നോട്ടീസ് കിട്ടുന്നതു് അസാദ്ധ്യമായികാണുകയാലും സ്റ്റാണ്ടിംഗ് ഓർഡർ വേറെ വിധത്തിൽ വ്യാഖ്യാനിക്കപ്പെടാതിരിക്കേണ്ടതിന്നുമായി ഞാൻ ഈ ഭേദഗതി പ്രമേയം ഹാജരാക്കുന്നതാണ്. അങ്ങനെ ചെയ്താൽ സെക്രട്ടറിക്കു സ്റ്റാണ്ടിംഗ് ഓർഡർ പ്രകാരം ആവശ്യമുള്ള നോട്ടീസ്സു കൊടുക്കാൻ സാധിക്കും.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടർ വക്കീൽ): പ്രമേയം ഒരുസിദ്ധകമ്മിററിയെ ഏല്പിക്കേണ്ടതാണ്.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഭേദപ്പെടുത്തിയാൽ സ്റ്റാണ്ടിംഗ് ഓർഡർ എങ്ങനെയായിരിക്കുമെന്നു പറയുമൊ? ഇതുകൂടിമിത്തം വേറെയും ചിലഭേദങ്ങൾ ഉണ്ടാക്കേണ്ടിവരുമെന്നു എനിക്കു തോന്നുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): സ്റ്റാണ്ടിംഗ് ഓർഡർ നമ്പർ ഭേദപ്പെടുത്തിയാൽ ഇപ്രകാരമായിരിക്കും:—

"ഓരോ യോഗത്തിന്നും നിശ്ചയിച്ചിട്ടുള്ള തീയതിക്കു കുറഞ്ഞപക്ഷം ൧൫ ദിവസം മുമ്പു ഒരു യോഗത്തിൽ നടത്താനുള്ള ജോലി വിവരിക്കുന്ന ഒരു തല്ക്കാലപട്ടിക ഓരോരാൾക്കും സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാകുന്നു. അങ്ങനെയുള്ള തല്ക്കാലപട്ടിക അയച്ചശേഷം ആയോഗത്തിൽ നടത്താനുള്ളജോലിയുടെ ഒരുവിവരണം അദ്ദേഹത്തിന്റെ സ്ഥിരതാമസസ്ഥലത്തൊ, തിരുവനന്തപുരത്തെ താമസസ്ഥലത്തൊ ഓരോസെഷനും മുന്നു ദിവസം മുമ്പു എന്നതക്കവണ്ണം സെക്രട്ടറി ഓരോരാൾക്കും അയച്ചുകൊടുക്കണം"

ഒടുവിലത്തെ "സെഷൻ" എന്നപദവും ഭേദപ്പെടുത്തേണ്ടിവന്നേക്കാം.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): "ഒരു യോഗത്തിൽ എന്നതിനുപകരം ആ യോഗത്തിൽ" അല്ലെങ്കിൽ "അങ്ങനെയുള്ള യോഗത്തിൽ" എന്നുചേർക്കേണ്ടിവരും.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ജോലി ഉടനുന്നതിനു മുമ്പായി ഒരു വാക്കു പറഞ്ഞു കൊള്ളട്ടെ, സർ, സ്റ്റാണ്ടിംഗ് ഓർഡർ ഭേദപ്പെടുത്തുന്നതിനെപ്പററിയുള്ള ചട്ടങ്ങൾ പ്രകാരം എപ്പോഴെങ്കിലും ഒരു ഭേദം ചെയ്യാൻ ഒരുപ്രമേയം കൊണ്ടുവരികയും അതിനു സഭയുടെ അനുവാദം സിദ്ധിക്കയും ചെയ്താൽ ആപ്രമേയം ഒരു സിലെക്ട്കമ്മിററിയെ ഏല്പിക്കേണ്ടതാകുന്നു. സിലെക്ട്കമ്മിററിയിൽ മിസ്റ്റർ. ജോർജ് പ്രസ്താവിച്ചപ്രയാസങ്ങളെപ്പററി ആലോചിക്കാവുന്നതാണ്.

പ്രെസിഡെൻറ്: ഭേദഗതി പ്രമേയം ഇപ്പോൾ ഒരു സിലെക്ട്കമ്മിററിയെ ഏല്പിക്കാം. അതിനു സഭയുടെ അംഗീകാരത്തിന്നായി ആറു മെമ്പർമാരുടെ പേരു പറവാൻ ഞാൻ പ്രമേയം ഹാജരാക്കിയമെമ്പരോടു തന്നെ ആവശ്യപ്പെട്ടുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): താഴെ പറയുന്ന മെമ്പർമാരുടെ പേരുകൾ പറഞ്ഞുകൊള്ളുന്നു.

മി: ജി. പരമേശ്വരൻപിള്ള.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള.

മി: എൻ. വി. ജോസഫ്.

മി: പി. കെ. നാരായണപിള്ള.

മി: കെ. പി. നീലകണ്ഠപ്പിള്ള.

മി: ടി. കുമാരപിള്ള.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ ജോർജിനെ കൂടെ സിലെക്ട്കമ്മിററിയിൽ ഉൾപ്പെടുത്തേണ്ടതാകുന്നു എന്നു ഞാൻ അഭിപ്രായപ്പെടുന്നു, അദ്ദേഹം ആണല്ലൊ വേറെയും ഭേദങ്ങൾ ഉണ്ടാക്കേണ്ടിവരുമെന്നു ചൂണ്ടിക്കാണിച്ചതു.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): എനിക്കു വിരോധമില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ആറു മെമ്പർമാരെ പാടുള്ളു എന്നാണ് ചട്ടത്തിൽ പറഞ്ഞിട്ടുള്ളതു.

(സഭ മിസ്റ്റർ. എസ്. പിറവിപ്പെരുമാൾപിള്ള ആദ്യം പറഞ്ഞ ആറു പേരെയും സ്വീകരിച്ചു)

പ്രെസിഡെൻറ്: സാവകാശം പോലെ ബഡ്ജററിനെപ്പററി ചിന്തിക്കുന്നതിനായി സഭ ഈ അവസരത്തിൽ പിരിഞ്ഞു, അടുത്ത വ്യാഴാഴ്ച രാവിലെ പതിനൊന്നര മണിക്കു വീണ്ടും കൂടുന്നതാണ്.

ഉച്ചതിരിഞ്ഞു ൧൨-൨ ൦ മണിക്കു സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി,

അനുബന്ധം.

കൊച്ചി-ലെ ഫൈനാൻസ് കമ്മിററിയുടെ പ്രവൃത്തി വിവരം

൧൯൨൯ ജൂലായി ൩-ാം൹ ചൊവ്വാഴ്ച.

നിയമസഭയിലെ ൧൯൨൦-ലെ ഫൈനാൻസ് കമ്മിററിയുടെ മൂന്നാമത്തെ യോഗം ൧൯൨൯ ജൂലായി ൩-ാം൹-ക്ക ൧൯൨൦ മിഥുനം ൨൨-ാം൹ ചൊവ്വാഴ്ച പകൽ ൧ മണിക്ക ഹജൂരാഫീസിൽ ദിവാൻജി അവർകളുടെ മുറിയിൽ വച്ചു കൂടി. താഴെപ്പറയുന്ന സാമാജികന്മാർ ഹാജരുണ്ടായിരുന്നു.

റാവുബഹദൂർ ആർ. കൃഷ്ണപിള്ള അവർകൾ ബി. എ., ബി. എൽ., ആക്ടിങ്ങ് ദിവാൻ, പ്രസിഡൻറ്.

ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ.

എൻ. വി. ജോസഫ് അവർകൾ, ബി. എ., ബി. എൽ.

കെ. ജോർജ് അവർകൾ ബി. എ.

ആർ. നീലകണ്ഠപ്പിള്ള അവർകൾ, ബി. എ., ബി. എൽ.

ടി. പി. രാമസുബ്ബയ്യർ അവർകൾ ബി. എ. സെക്രട്ടറി.

൧. ൧൯൨൦-ലേക്ക ൧-ാമൻഡ് റെവന്യൂ വകയ്ക്കുള്ള ബഡ്ജററ എസ്റ്റിമേററ പരിശോധിച്ചു. "൧ സി ജനികതി-താലൂക്ക കച്ചേരികൾ" എന്ന ഇനത്തിൽ ചന്തകൾ നന്നാക്കുന്നതിന്ന അനുവദിച്ചിട്ടുള്ള ൨൦൦൦ രൂപായിൽ താഴെ പറയുന്ന ജോലികൾ പബ്ലിക്ക് വൊർക്സ് ഡിപ്പാർട്ടുമെൻറിൽ നിന്ന ചെയ്യേണ്ടതാകയാലും ഓരോന്നും ൪൦൦ രൂപായിൽ കവിഞ്ഞതാകയാലും ആ ഡിപ്പാർട്ടുമെൻറവക ബഡ്ജററിലേക്ക മാററണമെന്ന നിശ്ചയിച്ചു.

(൧) കോതമങ്ങലം ചന്തയിൽ ഓടിട്ട ഒരു ഷെഡ് പണിയുന്നതിന്ന ൪൭൦൦ രൂപാ

(൨) മേപരമ്പാവൂർ സസ്യക്കച്ചന്തയ്ക്കുചുററും ഒരു മതിൽ കെട്ടുന്നതിന്ന ൧൧൨൨ രൂപാ

൨. ബഡ്ജററ രണ്ടാം ഭാഗത്തിലെ താഴെപറയുന്ന ആലോചനകളെപ്പററി വിമർശനം ചെയ്തു.

(൧) കൊല്ലം, കോട്ടയം, തിരുവനന്തപുരം ഈ ദിവാൻ പേഷ്കാരന്മാരുടെ ആഫീസുകളിൽ ൨൦-ാം/൨-ാമ൹ രൂപാ ശമ്പളത്തിൽ ഓരോ ടൈപ്പിസ്റ്റിനെ സ്ഥിരമായി നിശ്ചയിക്കണമെന്നും അതിനായി "൧ ബി. ഡിവിഷൻ കച്ചേരികൾ" എന്ന ഇനത്തിൽ ൧൧൦൦-ലേക്ക ന്യൂന്യം രൂപാ അനുവദിക്കണമെന്നും ഉള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു.

(൨) കൊല്ലം ദിവാൻ പേഷ്കാരുടെ ആഫീസിൽ അവിടത്തെ റിക്കാർഡുകൾ ക്രമപ്പെടുത്തിവയ്ക്കുന്നതിന്ന തല്ക്കാലം ആറുമാസത്തേക്ക മാസം ഒന്നിന്ന ൨൦ രൂപാ വീതം ശമ്പളത്തിൽ രണ്ടു ഗുമസ്തന്മാരെ നിയമിക്കണമെന്നും അതിന്നായി ൧൧൦൦-ലെ ബഡ്ജററിൽ "൧-ബി-ഡിവിഷൻ കച്ചേരികൾ" എന്ന ഇനത്തിൽ ൨൪൦ രൂപാ അനുവദിക്കണം എന്നും ഉള്ള അഭിപ്രായങ്ങളും കമ്മിററി സ്വീകരിച്ചു.

(൩) നെടുമങ്ങാട്ട താലൂക്കിലെ പുതുവൽ കേസുകൾ ക്ഷണത്തിൽ തീർച്ചചെയ്യുന്നതിന്ന ചെയ്തിട്ടുള്ള പ്രത്യേക ഏർപ്പാടുകൾ തുടർന്നുകൊണ്ടു പോകണമെന്നുള്ള അഭിപ്രായം കമ്മിററി അംഗീകരിക്കയും അതിന്നു താഴെ കാണുന്ന പ്രകാരം ൧൧൦൦-ലെ ബഡ്ജററിൽ "൧ സി, താലൂക്കുകച്ചേരികൾ" എന്ന ഇനത്തിൽ പണം അനുവദിക്കേണ്ടതാണെന്ന സമ്മതിക്കയും ചെയ്തു.

		രൂപാ
(൧)	൧ റെവന്യൂ സൂപ്പർവൈസർ മാസം ൭൪ രൂപാ ശമ്പളത്തിൽ ൧൧ മാസത്തേക്ക	വ൨൪
(൨)	൧൧ മാസത്തേയ്ക്ക് ൨൪ രൂപാ ശമ്പളത്തിൽ ഗുമസ്തൻ ൧, ൨൦ രൂപാ ശമ്പളത്തിൽ ഗുമസ്തന്മാർ ൩, ൭ രൂപാ ശമ്പളത്തിൽ ശിപായിമാർ ൨	൧,൧൧൧
(൩)	റെവന്യൂ സൂപ്പർവൈസക്ക ൧൧ മാസത്തേക്ക മാസം ൨൦ രൂപാ പ്രകാരം സഞ്ചാരപ്പടി	൨൨൦
(൪)	൧൧ മാസത്തേക്ക ൭ രൂപാ ശമ്പളത്തിൽ ൧൩ ചെയിൻമെൻ (ചങ്ങലക്കാർ)	൧൦൦൧
	ആകെ	൩,൧൪൭

൪. ഒന്നാംഗ്രേഡു പാവ്വത്ത്യക്കാരന്മാരുടെ എണ്ണം ൪൩-ൽ നിന്ന ൧൦ ആയി വർദ്ധിപ്പിക്കണമെന്നും അതനുസരിച്ചു ൨-ാം ഗ്രേഡു പാവ്വത്ത്യക്കാരന്മാരുടെ എണ്ണം ൩൪-ൽ നിന്ന ൩൦ ആയി കുറയ്ക്കണമെന്നും അങ്ങനെ ൧൧൦൦ മിഥുനം ൧-ാം൹ മുതൽ നടപ്പിൽ വരുത്തുന്നതിന്ന ൧൧൦൦-ലെ ബഡ്ജററിൽ ൨൭൦൦ രൂപാ അനുവദിക്കണമെന്നുമുള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു.

൫. കോട്ടയത്തെ സർവ്വെ സ്ക്കൂൾ താഴെ കാണുന്ന പ്രകാരമുള്ള കുറഞ്ഞ സ്റ്റിപ്പന്തികളോടുകൂടെ നടത്തിക്കൊണ്ടു പോകുന്നതിന്ന ൧൧൦൦-ലെ ബഡ്ജററിൽ ൩,൩൭ രൂപാ അനുവദിക്കണമെന്നുള്ള അഭിപ്രായവും കമ്മിററി സ്വീകരിച്ചു.

					രൂപാ
(൧)	൧൧ മാസത്തേക്ക	൩൫ രൂപാ ശമ്പളത്തിൽ ഹെഡ്മാസ്റ്റർ	൧		൩൭൫
(൨)	ടി	൩൦ രൂപാ ടി	ഇൻസ്ട്രക്ടർ	൧	൩൩൦
(൩)	ടി	൧൫ രൂപാ ടി	ശിപായി	൨	൧൫൨
			ആകെ		൩,൧൩൭

൬. ഉദ്യോഗസ്ഥന്മാരെ ചെയിനും തിയൊഡോലയിറവും സർവ്വെ പഠിപ്പിക്കുന്നതിന്നായി ഒരു പ്രത്യേക സർവ്വെ ക്ലാസ് ആരംഭിക്കുന്നതിന്ന ൧൧൦൦-ലെ സർവ്വെ ഡിപ്പാർട്ടുമെൻറ ബഡ്ജററിൽ ൩൦൦൦ രൂപാ അനുവദിക്കണമെന്നുള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു.

൭. പിന്നത്തെ അഭിപ്രായം ഗവൺമെൻറത്തരവിൻപ്രകാരം പ്രധാനവും പ്രയാസവുമുള്ള രണ്ടു ആദായനികുതി കേസുകളിൽ ആദായ നികുതി കമ്മിഷണരുടെ മുമ്പാകെ ഹാജരായി ഗവൺമെൻറ ഭാഗം വാദിച്ചതിന്ന

നത്തു അസിസ്റ്റൻറ ഹെഡ്ക്ലർക്കിലന്മാക്ക പ്രതിഫലം കൊടുക്കുന്നതിനു "വ ആദായനികുതി" എന്ന ഇനത്തിൽ ൧൧൦വ-ലെ ബഡ്ജററിൽ ൧൦൦ രൂപാ അനുവദിക്കണമെന്നുള്ളതായിരുന്നു. ഇതു നിയമസഭ ഒരിക്കൽ വിസമ്മതിച്ചതാകയാൽ അനുവദിക്കാൻ പാടില്ലെന്നു മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള വാദിച്ചു. ഇമ്മാതിരി ഇങ്ങനെയുള്ള ജോലി ചെയ്യുന്നതിനു പ്രതിഫലം കൊടുക്കാൻ പാടില്ലെന്നുള്ള തത്വം ഗവർണ്ണമെൻറ അംഗീകരിച്ചിട്ടുണ്ടെന്നും എന്നാൽ അനുവദിക്കണമെന്ന സംഖ്യ ഗവർണ്ണമെൻറ തങ്ങളുടെ വാഗ്ദാനം പാലിക്കുന്നതിനു മാത്രമാണു ചേർത്തിട്ടുള്ളതെന്നും പറഞ്ഞപ്പോൾ മിസ്റ്റർ പരമേശ്വരൻ പിള്ള തൻെറ വാദം ഉപേക്ഷിച്ചു.

വ. തിരുവനന്തപുരം പോർട്ടുസാനിട്ടറി ഡിപ്പോ ൧൧൦വ-ൽ കൂടെ നടത്തുന്നതിനും ഒരു പൊററിആഫീസക്കും ൪ ശിപായിമാക്കും ൧൧ മാസത്തേക്കുള്ള ശമ്പളം ൪,൪൫ രൂപാ ൧൧൦വ-ലെ ബഡ്ജററിൽ "ന ഉപ്പ്" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൯. മിസ്റ്റർ ടി. വി. കൃഷ്ണയ്യരുടെയും മിസ്റ്റർ സ്വാമിനാഥപിള്ളയുടെയും ഉപ്പുകുങ്ങളിൽ മാസം ൯ രൂപാ ശമ്പളത്തിൽ ന ശിപായിമാരെ നിയമിക്കുന്നതിനും അതിന്നായി പതിനൊന്നുമാസത്തെ ശമ്പളമായ വ൯൦ രൂപാ ൧൯൦വ-ലെ എക്സൈസ് ബഡ്ജററിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൧൦. എക്സൈസസ് ഡിപ്പാർട്ടുമെൻറിലെ പൊററിആഫീസർമാക്കും ശിപായിമാക്കും ഉള്ള ഡിപ്പാർട്ടുമെൻറവക പരീക്ഷയ്ക്കു ൧൯വ ൭-ൽ പോളുകടലാസ്സുകൾ തയ്യാറാക്കുകയും ഉത്തരക്കടലാസ്സുകൾ നോക്കുകയും ചെയ്യുന്ന പരീക്ഷകന്മാക്ക കൊടുക്കുന്നതിനു ൧൧൦വ-ലെ എക്സൈസ് ബഡ്ജററിൽ ൪൦൦ രൂപാ ഉൾപ്പെടുത്തണമെന്നുള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു.

൧൧. എക്സൈസസ് ഡിപ്പാർട്ടുമെൻറിൽ താഴെ വിവരിക്കുന്ന ജോലികൾ ചെയ്യണമെന്നും അതിനു ആവശ്യമുള്ള പണം അനുവദിച്ചു് ൧൧൦വ-ലെ എക്സൈസ് ബഡ്ജററിൽ "പൊററികൺസ്ട്രക്ഷനും റിപ്പെയറും" എന്ന ഇനത്തിൽ ചേർക്കണമെന്നുമുള്ള അഭിപ്രായങ്ങൾ കമ്മിററി സ്വീകരിച്ചു.

(൧) ദേവികുളം വടക്കൻറേഞ്ചിൽ പാലപ്പട്ടി എന്ന സ്ഥലത്തുള്ള പ്രിവൻറിവ് സ്റ്റേഷനു ഒരു സ്ഥിരമായ കെട്ടിടം പണിയുന്നതിനു രൂപാ ൭൦൦.

(൨) കുറെ രണ്ടാംക്ലാസ്സും മൂന്നാംക്ലാസ്സും പ്രിവൻറിവ് സ്റ്റേഷൻസ് ഉണ്ടാക്കുന്നതിനു രൂപാ ൩,൦൦൦.

(൩) കരിങ്കുളം എന്ന സ്ഥലത്തു ചൌക്കക്കെട്ടിടത്തിൻെറ മേൽപുര നന്നാക്കുന്നതിനു രൂപാ ൨൦൦.

(൪) ചിന്നാർ ചൌക്ക കെട്ടിടത്തിൻെറയും അതോടുചേർന്ന ലൈൻസിൻെറയും മേല്പുര നന്നാക്കുന്നതിനു രൂപാ ൭൦൦.

൧൨. മലയാററൂർ, കോന്നി, ആര്യൻകാവു എന്നീ തേക്കിൻകാടുകളെ വിസ്തീർണ്ണപ്പെടുത്തി ശരിയായി നടത്തണമെന്നും ആ ജോലി കുറെക്കാലം നടത്താൻ ഏല്പിക്കുന്ന മൂന്നു റേഞ്ചർമാക്ക മാസം ൩൦ രൂപാ വീതം ലോക്കൽ അലവൻസ് കൊടുക്കുന്നതിനു വനംവക ൧൧൦വ-ാമാണ്ടത്തെ കണക്കിൽ ൯൦൦ രൂപാ അനുവദിക്കണമെന്നുമുള്ള അഭിപ്രായവും കമ്മിററി സ്വീകരിച്ചു.

൧൩. വനം ഗാർഡുകളെ പരിശീലനം ചെയ്യിക്കുന്നതിനുള്ള സ്കൂൾ തുടർന്നുകൊണ്ടുപോകണമെന്നും അതിനു ൧൧൦വ-ലെ വനം ബഡ്ജററിൽ ൭,൭൦൦ രൂപാ അനുവദിക്കണമെന്നുമുള്ള അഭിപ്രായവും കമ്മിററി സ്വീകരിച്ചു.

൧൪. ഹജൂർ ഇംഗ്ലീഷ് റിക്കാർട്ടിലെ ചുഴയതും പ്രായാന്യവും ഉള്ള റിക്കാർട്ടുകൾ തിരഞ്ഞെടുത്തു അച്ചടിപ്പിച്ചു വിഷയവിവരം പട്ടികകൾ ഉണ്ടാക്കുന്നതിനു ഇപ്പോഴുള്ള പ്രത്യേക ഉദ്യോഗസ്ഥനേയും സിൽബന്തികളേയും ൧൧൦൧ ഇടവം ൧-ാനു മുതൽ ൯ മാസത്തേക്കുകൂടി ആ ജോലിയിൽ വെക്കണമെന്നും അവരെ സംബന്ധിച്ചു ൧൧൦വ-ൽ ആറുമാസത്തേക്കു താഴെകാണിച്ച പ്രകാരമുള്ള ചെലവു "൧ ൫ എ. സാധാരണ ചെലവു" എന്ന ഇനത്തിൽ അനുവദിക്കണമെന്നും ഉള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു.

(൧)	മാസം വ ൧൦ രൂപാ ശമ്പളത്തിൽ ഉദ്യോഗസ്ഥൻ			൧വ൯൫൦	രൂപാ
(൨)	ടി ൪൦	ടി	വ ബി. എം. ഗുമസ്തന്മാർ	൪൫൦	ടി
(൩)	ടി വ൫	ടി	വ ടൈപ്പിസ്റ്റ്	൩൦൦	ടി
(൪)	ടി ൯	ടി	വ ശിപായിമാർ	൧൦൫	ടി
(൫)	വ മൊച്ചികൾക്കും വ ശിപായിമാക്കും മാസം ൩ രൂപാവീതം അലവൻസ്			൭വ	ടി
			ആകെ	വവവ൦	ടി

൧൫. ഈഴവറെഗുലേഷൻ ൪.൦.൭.൦ അദ്ധ്യായങ്ങളുടെ വ്യാപ്തിയിൽ നിന്നു ഒഴിവാക്കാനുള്ള അപേക്ഷകളെപ്പററി അന്വേഷണം കഴിപ്പാൻ നിശ്ചയിച്ചിട്ടുള്ള പ്രത്യേക ഉദ്യോഗസ്ഥനേയും സിൽബന്തികളെയും ൧൧൦വ-ൽ മൂന്നു മാസക്കാലം ആ ജോലിയിൽതന്നെ വയ്ക്കുന്നകാര്യം അനന്തരം വാദവിഷയമായി.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ളയും മി. എൻ. വി. ജോസഫും പ്രതിഷേധിച്ചു. മി: പരമേശ്വരൻപിള്ളയുടെ അഭിപ്രായം ഈഴവറെഗുലേഷനിൽനിന്നു ഒഴിവാക്കാനുള്ള അപേക്ഷകൾ കോർട്ടുഫീസു കൊടുക്കുന്നതിൽനിന്നു ഒഴിവാക്കപ്പെടുകയായിരുന്നു എന്നായിരുന്നു. എങ്കിലും ഈ അഭിപ്രായം നിയമസഭാമുമ്പാകെ വയ്ക്കുന്നതിനും ൧൧൦വ-ലെ ആദ്യബഡ്ജററിൽ "൧ ൫ എ സാധാരണചെലവു" എന്ന ഇനത്തിൽ താഴെ വിവരിച്ചപ്രകാരം വ ൭൫൯ രൂപാ നീക്കിവെക്കുന്നതിനും കമ്മിററി സമ്മതിച്ചു.

(൧)	ഉദ്യോഗസ്ഥൻെറ ശമ്പളവും അലവൻസും രൂപാ		൧൧൭൫
(൨)	സിൽബന്തികളുടെ ശമ്പളം	ടി	൪൭൭
(൩)	ഉദ്യോഗസ്ഥൻെറ സഞ്ചാരപ്പടി	ടി	൩൦൦
(൪)	സിൽബന്തികളുടെ	ടി	൨൦൦
(൫)	ആഫീസ്ചെലവു	ടി	൭൫
(൬)	സർക്കിട്ടുചെലവു	ടി	൧൦൦
(൭)	കണ്ടിജ്ജൻറ ചെലവു	ടി	൨൦൦
	ആകെ	ടി	വ ൭ ൪൯

൧൯. ഈഴവരെഗ്ഗണേക്കുനിൽന്നും മഴിവാക്കാനുള്ള അപേക്ഷകൾ സംബന്ധിച്ച ജോലികൾക്കായി ൧൧൦൧ കർക്കടകം ൧-ാംനു മുതൽ ൪ മാസത്തേക്ക ഹജൂർകച്ചേരിയിലെ നിയമ വകുപ്പിൽ ഒരു ബി. എ., ഗ്രമസ്ഥനെ ൪൦ രൂപാ ശമ്പളത്തിൽ നിയമിക്കുന്നതിനും അയാളുടെ അക്കാലത്തെ ശമ്പളത്തിനു ൨൦൦ രൂപാ ൧൧൦൨-ലെ ബഡ്ജററിൽ "൧൪ എ—സാധാരണഭരണം" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൧൬. സേവിങ്ങ്സ്ബാങ്കു കണക്കുകൾ പരിശോധിക്കുന്ന ജോലി സംബന്ധിച്ച ൪൦-൪-൬൦ രൂപാ ശമ്പളത്തിൽ ഒരു ഗ്രമസ്ഥനെയും ൨൪-൪/൨-൪൦-൪/൩-൪൦ രൂപാ വീതം ശമ്പളത്തിൽ മൂന്നു ഗ്രമസ്ഥന്മാരെയും അക്കൌണ്ടാഫീസിൽ കൂടുതലായി നിയമിക്കണമെന്നും അതിനു ൧൧൦൨-ലെ ബഡ്ജററിൽ "൧൪ ബി-സാധാരണഭരണം അക്കൌണ്ടാഫീസ്" എന്ന ഇനത്തിൽ ൧,൨൩൪ രൂപ ചേർക്കണമെന്നുള്ള അഭിപ്രായം കമ്മിററിസ്വീകരിച്ചു.

൧൭. ഹൈക്കോടതിയിലെ തൽക്കാല ഡ്യൂമാരെയും അഞ്ചു തൽക്കാല രണ്ടാംജഡ്ജിമാരെയും ആറു തൽക്കാല മുൻസിപ്പന്മാരെയും ൧൯൦൨-ൽ ജോലിയിൽവെച്ചുകൊണ്ടിരിക്കുന്നകാര്യം അനന്തരം ആലോചനയ്ക്കെടുത്തു മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള ഈ സംഗതിക്കു പ്രതികൂലവും മി: എൻ. വി. ജോസപ്പും ശേഷം മെമ്പർമാരും അനുകൂലവും ആയിരുന്നു. ഇതിന്നായി ൧൧൦൨-ലെ ബഡ്ജററിൽ ൯,൬൯൨ രൂപാ "൧൯ എ-ഹൈക്കോടതി" എന്ന ഇനത്തിൽ ൨,൬൪൪ രൂപായും "൧൯ ബി-സിവിലും സെഷനും കോടതികൾ" എന്ന ഇനത്തിൽ ൩,൯൯൬ രൂപായും അനുവദിക്കണമെന്നു കമ്മിററി സമ്മതിച്ചു.

൧൮. സിവിൽനടപടിനിയമം ൯൨-ാം വകുപ്പുപ്രകാരം നിയമിക്കേണ്ടുന്ന രൂൾകമ്മിററിക്കു ഒരു സെക്രട്ടറിയെയും സിൽബന്തികളെയും നിയമിക്കുന്നകാര്യം പിന്നെ കമ്മിററി ആലോചനയ്ക്കെടുക്കുകയും താഴെ കാണുംപ്രകാരം ആളെ നിയമിക്കണമെന്നു സമ്മതിക്കയുംചെയ്തു.

(൧) മാസം ൬൦ രൂപാ ശമ്പളത്തിൽ സെക്രട്ടറി
(൨) ടി ൨൪ ടി ഒരു ഗ്രമസ്ഥൻ ടൈപ്പിസ്റ്റ്
(൩) ടി ൯ ടി ഒരു ശിപായി

ഈ ജോലിക്കു സ്ഥിരമായ സിൽബന്തികൾ ആവശ്യമില്ലെന്നു കമ്മിററി വിചാരിക്കയാൽ ൧൧൦൨-ലെ ബഡ്ജററിൽമാത്രം "൧൯ എ-ഹൈക്കോടതി" എന്ന ഇനത്തിൽ ൧,൧൪൪ രൂപാ അനുവദിക്കണമെന്നു സമ്മതിച്ചു.

൨൦. കാഞ്ഞിരപ്പള്ളി മുൻസിപ്പുകോടതിയിൽ മാസം ൧൨൫ രൂപാ ശമ്പളത്തിൽ ഒരു ആമ്പുനെ കൂടുതലായി നിയമിക്കുന്നകാര്യവും അതിന്നായി ൧൧൦൨-ലെ ബഡ്ജററിൽ "൧൯ ബി-സിവിലും സെഷനും കോടതികൾ" എന്ന ഇനത്തിൽ ൧൯൨ രൂപാ അനുവദിക്കേണ്ടതാണെന്നും ഉള്ളതു കമ്മിററി സമ്മതിച്ചു.

൨൧. ദേവികുളം, കാഞ്ഞിരപ്പള്ളി, ചെങ്ങോട്ട ഈ മുൻസിപ്പുകോടതികളിൽ ഇപ്പോൾ നാജരുടെ ജോലിനോക്കുന്ന ൩൪ രൂപാ ശമ്പളക്കാരായ ഗ്രമസ്ഥന്മാർക്കു പകരം ൪൦ രൂപാ ശമ്പളത്തിൽ ൩ നാജരന്മാരെ നിയമിക്കുന്നതിനും മേല്പടി ഗ്രമസ്ഥന്മാരുടെ ഉദ്യോഗം നിറുത്തലാക്കുന്നതിനും ൧൧൦൨-ലെ ബഡ്ജററിൽ "൧൯ ബി-സിവിലും സെഷനും കോടതികൾ" എന്ന ഇനത്തിൽ ൧൯൪ രൂപാ കൂടുതൽ അനുവദിക്കുന്നതിനും കമ്മിററിസമ്മതിച്ചു.

൨൨. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഈ ഡിസ്ട്രിക്ട്കോടതികളിലെ തൽക്കാല സർക്കാർ വക്കീലന്മാരെയും അവരുടെ സിൽബന്തികളെയും ൧൧൦൨-ലും ജോലിയിൽ വച്ചുകൊണ്ടിരിക്കുന്നതിനും അതിനു "൧൯ ഇ-ഡിസ്ട്രിക്ട്കോടതി സർക്കാർവക്കീലന്മാർ" എന്ന ഇനത്തിൽ ൪,൯൦൬ രൂപാ ൧൧൦൨-ലെ ബഡ്ജററിൽ അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൩. നാഗരകോവിൽ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, പറവൂർ ഈ സ്ഥലങ്ങളിലെ ഗ്രാമപഞ്ചായത്തും, ബെഞ്ചുമജിസ്ട്രേട്ടു കോടതികളിൽ താഴെ വിവരിക്കുന്നപ്രകാരം കൂടുതൽ ആളുകളെ നിയമിക്കണമെന്നും പീസ്വക്കു പകർപ്പു ഗ്രമസ്ഥൻ ഒഴികെ ശേഷം സിൽബന്തികളുടെ ശമ്പളത്തിനും ൧൧൦൨-ലെ ബഡ്ജററിൽ "൧൯ ബി, സി-ഗ്രാമപ്പഞ്ചായത്തുകളും ബെഞ്ചുമജിസ്ട്രേട്ടുകോടതികളും സിൽബന്തികൾ" എന്ന ഇനത്തിൽ ൧,൯൪൬ രൂപാ ചേർക്കണമെന്നും ഉള്ള അഭിപ്രായം കമ്മിററിസ്വീകരിച്ചു.

	ഗ്രമസ്ഥന്മാർ	പകർപ്പുഗ്രമസ്ഥൻ	ശിപായി
നാഗരകോവിൽ	൨൦-൨/൩-൩൦ രൂപാ ശമ്പളത്തിൽ ൧.	൧൪ രൂപായിൽ ൧.	൯-൧/൩-൧൧ രൂപായിൽ ൧.
തിരുവനന്തപുരം	൩൦ രൂപായിൽ ൧.	൧൪ രൂപായിൽ ൧. (സ്ഥിരം) പീസ്വക്കു് ൧.	൯-൧/൩-൧൧ രൂപായിൽ ൧.
ആലപ്പുഴ		൧൪ രൂപായിൽ ൧.	
കോട്ടയം	൨൦-൨/൩-൩൦ രൂപായിൽ ൧.		
പറവൂർ	൨൦-൨/൩-൩൦ രൂപായിൽ ൧.	൧൪ രൂപായിൽ ൧.	൯-൧/൩-൧൧ രൂപായിൽ ൧.

൨൪. ചങ്ങനാശേരി മുൻസിപ്പിന് മജിസ്ട്രേട്ടധികാരം കൊടുക്കുന്നതിനും ആ കോടതിയിൽ താഴെവിവരിക്കുന്ന കൂടുതൽ സിൽബന്തികളെ നിയമിക്കുന്നതിനും പതിനാറു മാസത്തേക്കുള്ള ചെലവു വുന്നൻ രൂപ ൧൧൦൨-ലെ ബഡ്ജററിൽ "൧൯ ബി-സിവിലും സെഷനും കോടതികൾ" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

(൧) മാസം ൨൦-൨/൩-൩൦ രൂപായിൽ ൨ ഗ്രമസ്ഥന്മാർ
(൨) മാസം ൧൪ രൂപായിൽ ൨ പകർപ്പു ഗ്രമസ്ഥന്മാർ
(൩) മാസം ൯-൧/൩-൧൧ രൂപായിൽ ൧ വാർഡർ

൨൫. പൊലീസ് കമ്മിഷണരുടെ ആപ്പീസിൽ മോട്ടാർ വകുപ്പിലെ ഗ്രമസ്ഥൻ ജോലി ൧൧൦൨ ചിങ്ങം ൧-ാംനു മുതൽ ൨൫-൪/൩-൪൦ രൂപാ ശമ്പളത്തിൽ സ്ഥിരമാക്കുന്നതിനും അതിന്നു ൧൧ മാസത്തെ ശമ്പളം ൨൭൪ രൂപാ ൧൧൦൨-ലെ പൊലീസ് ബഡ്ജററിൽ അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൩. കോട്ടയം, തിരുവനന്തപുരം, ഡിസ്ട്രിക്ടുകളിലെ പോലീസ് കോൺസ്റ്റേബിൾമാരുടെ കാഠിന്യം ഉള്ളതാക്കുന്നതിനു ക്ലാസ്സ് ചിഹ്നം ക്ലാസ്സ് മുതൽ താഴെപറയുന്നപ്രകാരം സ്പെഷ്യൽ കോൺസ്റ്റബിൾമാരെ പോലീസ്സൈന്യത്തിൽ കൂട്ടുകയോ ചേർക്കണമെന്നും ആയാണ്ടത്തെ പോലീസ് ബഡ്ജറ്റിൽ അതിന്നായി സന്യ്യ രൂപാ അനുവദിക്കണമെന്നും ഉള്ള അഭിപ്രായം കമ്മിറ്റി സ്വീകരിച്ചു.

(ക)	മാസം	ക്ലാ	രൂപാശമ്പളത്തിൽ	ക്ലാ-ക്കുള്ള	കൺസ്റ്റബിൾ	൪
(ഖ)	ടി	ക്ലാ	ടി	ഖ	ടി	ന
(ഗ)	ടി	ക്ലാ	ടി	ഗ	ടി	ക്ലാ
(ഘ)	ടി	ക്ലാ	ടി	ഘ	ടി	ക്ലാ

൨൪. മാസം ന൦ രൂപാ ശമ്പളവും ൨൦ രൂപാ കുതിരപ്പണവുമായി ഈ മുറ തൽക്കാല പ്രൊബേഷണറി പോലീസ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനും ഈതിന്നായി ക്ലാ൦ഖ-ലെ പോലീസ്ബഡ്ജറ്റിൽ ന,ന൦ രൂപാ അനുവദിക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൨൫. കണിയാപുരത്തു പരീക്ഷാർത്ഥം സ്ഥാപിച്ചിട്ടുള്ള റെയിൽവേസ്റ്റേഷൻ ഇനിയും ഇടൻകാണിരിക്കുന്നതുകൊണ്ടു ക്ലാ൩ രൂപാശമ്പളത്തിൽ അവിടെ ബീറ്റരജോലിക്കു നിയമിച്ചിട്ടുള്ള ഒരു ഒന്നാംക്ലാസ്സ് കാൺസ്റ്റബിളിന്റെ ജോലിയും നാമമാത്രമായിട്ടുള്ളതാകുന്നതുകൊണ്ടു ക്ലാ൦ഖ-ലെ പോലീസ്ബഡ്ജറ്റിൽ ക്ലാ൩ രൂപാ അനുവദിക്കണമെന്നുള്ള അഭിപ്രായം കമ്മിറ്റി സമ്മതിച്ചു.

൨൬. വിദ്യാഭ്യാസ സംബന്ധിച്ചുള്ള താഴെപറയുന്ന ശുപാർശകൾ കമ്മിറ്റി സ്വീകരിക്കുകയും അവയ്ക്കാവശ്യമുള്ള പണം ക്ലാ൦ഖ-ലെ വിദ്യാഭ്യാസബഡ്ജറ്റിൽ അനുവദിക്കണമെന്നു സമ്മതിക്കുകയുംചെയ്തു.

(ക) ആർട്സ്, സയൻസ് കോളേജുകളിലെ പണ്ഡിതന്മാരുടെയും സ്ത്രീകളുടെ കോളേജിൽ ഇപ്പോഴുള്ള പണ്ഡിതന്മാരുടെയും ശമ്പളക്രമം പരിഷ്കരിച്ചു ൪൦-൩-൭ ൦-ക്ലാ൦-ക്ലാ ൦ ൦-ൽനിന്നു ൪൦-൩-൭ ൦-ക്ലാ൦-ക്ലാ൨ ൦ രൂപാ ആക്കണമെന്നു ഈ ഇനത്തിനു ഉടനടി കൂടുതൽ ചിലവുവരുന്നതല്ല.

(ഖ) ട്രെയിനിംഗ്കോളേജിൽ ഇപ്പോൾ ൨ ൪-൩/൩-൪ ൦ രൂപാ ശമ്പളത്തിൽ ഉള്ള ഗ്രേഡ്സ്റ്റൻ പണി നിറുത്തലാക്കി ൨ ൪-൩/൨-൪ ൦-൩/൩-൩ ൦ രൂപാശമ്പളത്തിൽ മാനുവൽട്രെയിനിങ്ങിനു ഒരു അണ്ടർഗ്രാഡ്വേറ്റ് അസിസ്റ്റന്റ്ഇൻസ്ട്രക്ടറെ ക്ലാ ൦ ൨ ചിഹ്നം ക്ലാ-ന്നുമുതൽ നിയമിക്കണമെന്നുള്ളതു്, ഇതിനു, ഉടനെതന്നെ- കൂടുതൽ ചെലവുവരുന്നതല്ല.

(ന) ക്ലാ൨ ൪-ക്ലാ൨ന്നു സ്കൂൾവർഷത്തിൽ ഇംഗ്ലീഷ്സ്കൂളുകളിൽ നിയമിച്ച ക്ലാ൩ തല്ക്കാലഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ജോലി ഉടൻകൊണ്ടുപോകയും അതിന്നായി ക്ലാ ൦ ൨-ലെ വിദ്യാഭ്യാസബഡ്ജറ്റിൽ ൧൯൩ ൦ രൂപാ അനുവദിക്കയും ചെയ്യണം.

(ഘ) കുഞ്ഞിരപ്പള്ളി ഇംഗ്ലീഷ്മിഡിൽസ്കൂളിൽ ന൦-൩-വ ൪ രൂപാ സ്കേയിലിൽ ഹെഡ്മാസ്റ്ററായിരുന്ന ക്ലാ ൦ ൪ക്കു ൨൨-ന്നു മുതൽ പെൻഷൻപററിപിരിഞ്ഞുപോയ ട്രെയിൻഡ് എഫ്. എ. ഹെഡ്മാസ്റ്റർക്കുപകരം ൩൦-൩-൬ ൦ രൂപാ സ്കേലിൽ ഒരു രണ്ടാംഗ്രേഡ് ഗ്രാഡ്വേറ്റ് അദ്ധ്യാപകനെനിയമിക്കണമെന്നുള്ളതു് ഇതുനിമിത്തം ഉടനെ കൂടുതൽ ചെലവു വരുന്നതല്ല.

(ങ) ചെങ്ങോട്ട ഇംഗ്ലീഷ്ഹൈസ്കൂളിൽ ക്ലാ൧-ന്നു ൨ സ്കൂൾവർഷാരംഭംമുതൽ ൨ ൪-൩/൨ ൦-൩ ൩-൪ ൪ രൂപാ ശമ്പളത്തിൽ ഒരു ഡ്രിൾമാസ്റ്ററെ കൂടുതലായി നിയമിക്കണമെന്നും അതിന്നു ക്ലാ ൦ ൨-ലെ വിദ്യാഭ്യാസബഡ്ജറ്റിൽ ന൦ ൦ രൂപാ അനുവദിക്കണമെന്നുമുള്ള സംഗതി.

(ന്യ) ഇംഗ്ലീഷ്സ്കൂൾ അസിസ്റ്റന്റ്ഇൻസ്പെക്ടർമാർ ഇരുവരുടെയും സ്ഥിരപ്രയോഗപ്പടി മാസം ൩൪ രൂപായിൽനിന്നു ൪ ൦ രൂപായാക്കിയും പെട്ടെന്നു ക്ലാസ്സ് ൨-ലേക്കു ഉയർത്തിക്കൂടാ അസിസ്റ്റന്റ്ഇൻസ്പെക്ടർമാരുടെ സ്ഥിരപ്രയോഗപ്പടി മാസം ൩൪ രൂപായിൽനിന്നു ൪ ൦ രൂപായായും വർദ്ധിപ്പിക്കണമെന്നും അതിനു ക്ലാ ൦ ൨-ലെ ബഡ്ജറ്റിൽ ന്യ൦ ൦ രൂപാ അനുവദിക്കണമെന്നും.

(പ) രാജപുരം ഗാൽവ്ഇംഗ്ലീഷ്ഹൈസ്കൂളിൽ ക്ലാ ൨-ന്നു-ക്ലാ ൪ രൂപാ സ്കേലിൽ ക്ലാ ൨ രൂപാ ശമ്പളത്തിൽ ഒരു ഡ്രാവറോറി അററൻഡർനിനെ നിയമിക്കണമെന്നും അതിനു ക്ലാ ൦ ൨-ലെ ബഡ്ജറ്റിൽ ക്ലാ ൩ രൂപാ അനുവദിക്കണമെന്നും.

(ഇതുസമയം മിസ്റ്റർ ജി. പരമേശ്വരൻപിള്ള യോഗത്തിൽ ഹാജരായി.)

(ഫ) വെർണാക്യുലർസ്കൂൾ ഇൻസ്പെക്ടരുടെ ആഫീസിൽ ൨ ൩-൪/൩-൪ ൦ രൂപാ സ്കെയിലിൽ ഒന്നാം ൨ ൦-൨/൩-൩ ൦ രൂപാ സ്കെയിലിൽ ഒന്നും ഇങ്ങനെ രണ്ടുഗുമസ്തന്മാരെ കൂടുതലായി നിയമിക്കണമെന്നു അതിന്നായി ക്ലാ ൦ ൨-ലെ വിദ്യാഭ്യാസബഡ്ജറ്റിൽ ൪൯൪ രൂപാ അനുവദിക്കണമെന്നും.

(ന) ഗാൽസ്കൂൾ ഇൻസ്പെക്ടറുടെ ആഫീസിൽ ൨ ൦-൨/൩-൩ ൦ രൂപാ സ്കെയിലിൽ ൨ ൦ രൂപാ ശമ്പളത്തിൽ രണ്ടു ഗുമസ്തന്മാരെയും ൩-ക്ലാ/൩-ക്ലാ രൂപാസ്കെയിലിൽ ൩ രൂപാ ശമ്പളത്തിൽ ഒരു ശിപായിയെയും നിയമിക്കണമെന്നു അതിന്നായി ക്ലാ ൦ ൨-ലെ വിദ്യാഭ്യാസബഡ്ജറ്റിൽ ൪൩൩ രൂപാ അനുവദിക്കണമെന്നും.

(ക ൦) ചില അപൂർണ്ണ വെർണാക്യുലർസ്കൂളുകളിൽ ഉയർന്നതരം ക്ലാസ്സുകൾ ഏർപ്പെടുത്തുന്നതിനു ക്ലാ ൪ രൂപാ ശമ്പളത്തിൽ ക്ലാ ൪ അദ്ധ്യാപകന്മാരെ പുതുതായി നിയമിക്കണമെന്നും അതിന്നായി ക്ലാ ൦ ൨-ലെ വിദ്യാഭ്യാസ ബഡ്ജറ്റിൽ ൨ ൭ ൪ രൂപാ അനുവദിക്കണമെന്നും,

ഇതിനെസംബന്ധിച്ച് വെർണാക്യുലർസ്കൂളുകളിലെ ഉയർന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ സംഖ്യ പ്രത്യേകം ന്യ-ം ൧-ാ ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ സംഖ്യ കുറഞ്ഞുകുറഞ്ഞു വരുന്നതായി തോന്നുന്നു എന്നും അങ്ങനെയാണെങ്കിൽ ആ സ്കൂളുകളിൽ ഉയർന്നതരം ക്ലാസ്സുകൾ ഏർപ്പെടുത്തിട്ടാവശ്യം ഉണ്ടോ എന്നു സംശയമാണെന്നും മിസ്റ്റർ ചാമുണ്ണിയ്ക്കു കെ. പരമേശ്വരൻപിള്ള പ്രസ്താവിച്ചു. ഇതിനെപ്പററി അന്വേഷിക്കാമെന്നു ആയിങ്ങ് ദിവാൻ മറുപടിപറഞ്ഞു.

(ക ക) ചില വെർണാക്യുലർ സ്കൂളുകളിൽ ക്ലാസ്സുകളുടെ പുതിയ ഡിവിഷൻ ഉണ്ടാക്കുന്നവയിൽ പാ

പ്പിക്കുന്നതിനു കൂടുതൽ നിയമിക്കുന്ന അദ്ധ്യാപകന്മാരുടെ ശമ്പളത്തിനു മൊത്തത്തുകയായി നൂറു, ൦൦൦ രൂപാ,

(ക്ഷ) തമിഴോഷ പഠിപ്പിക്കുന്ന നാലു വെർണാക്യുലർ സ്കൂളുകളിൽ ഉയർന്ന ക്ലാസ്സുകളിലും തമിഴ് അദ്ധ്യാപിക്കുന്നതിനാൽ മാസത്തിൽ ൧൫ രൂപാ ശമ്പളത്തിൽ രണ്ടു അദ്ധ്യാപകന്മാരെയും ൧൨ രൂപാ ശമ്പളത്തിൽ രണ്ടു അദ്ധ്യാപകന്മാരെയും നിയമിക്കണമെന്നും അതിന്നായി ൧൧൦൮-ലെ ബഡ്ജററിൽ ൭൯൨ രൂപാ അനുവദിക്കണമെന്നും,

ഈ നാലുസ്കൂളുകളും കേവലം തമിഴ്സ്കൂളുകളാണൊ, അതോ തമിഴും പഠിപ്പിക്കുന്ന മലയാളംസ്കൂളുകളാണോ എന്നും തമിഴ്സ്കൂളുകളാണെങ്കിൽ അവിടെ മലയാളം ഒരു ഐച്ഛികവിഷയമായിട്ടെങ്കിലും പഠിപ്പിക്കുന്നുണ്ടോ എന്നും മിസ്റ്റർ ജി. പരമേശ്വരൻപിള്ള ചോദിച്ചു. വിവരം ഇപ്പോൾ ഇല്ലെന്നും എഴുതിവരുത്താമെന്നും ആക്ടിങ്ങ്ദിവാൻ പ്രസ്താവിച്ചു.

(ക്ഗ) ചില വെർണാക്യുലർ ആൺ മിഡിൽസ്കൂളുകളിൽ ൧൦൦൦ രൂപാ ശമ്പളത്തിൽ ആറു മുൻഷിമാരെ നിയമിക്കണമെന്നും അതിന്നായി ൧൧൦൮-ലെ ബഡ്ജററിൽ ൧൨ൻ്നൂറു രൂപാ അനുവദിക്കണമെന്നും,

(ക്ഘ) വെർണാക്യുലർ ആൺമിഡിൽസ്കൂളുകളിലെ പത്തു മാസത്തിൽത്തുടർന്നു അദ്ധ്യാപകന്മാർക്കു ൧൧ ൧ കർക്കടകം ഒന്നാംതീയതിമുതൽ മാസം അമ്പതുരൂപാ ലോക്കൽ അലവൻസ് കൊടുക്കണമെന്നും അതിന്നായി ൧൧൦൮-ലെ ബഡ്ജററിൽ നൂറു രൂപാ അനുവദിക്കണമെന്നും,

പിന്നെത്തെ വകൽ ഒരുമണിക്കു വീണ്ടും കൂടണമെന്നുള്ള നിശ്ചയത്തോടുകൂടി കമ്മിററി മണിക്കു പിരിഞ്ഞു.

ഉച്ചകഴിഞ്ഞു ൧-൩൦ മണിക്കു വീണ്ടും കൂടി.

ഗ്രന്ഥസമക്ഷത്തോടു ൧൧൦൮-മാണ്ടത്തെ ഡെഫനാൻസ് കമ്മിററിയുടെ നാലാമത്തെയോഗം ഉച്ചകഴിഞ്ഞു ൧-൩൦-നു ൧൧൦൮ മിഥുനം ൨൪-നു ബുധനാഴ്ച, പകൽ ഒരു മണിക്കു ഹജൂരാഫീസിൽ ദിവാൻജിയുടെ അദ്ധ്യക്ഷതയിൽവച്ചു് കൂടി. താഴെപറയുന്ന സാമാജികന്മാർ ഹാജരുണ്ടായിരുന്നു.

റാവുബഹദൂർ ആർ. കൃഷ്ണപിള്ള അവർകൾ, ബി. എ., ബി. എൽ., ആക്ടിങ്ങ്ദിവാൻ, പ്രസിഡൻറ്.
ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള അവർകൾ, ബി., എ., ബി. എൽ.,
ജി. പരമേശ്വരൻപിള്ള അവർകൾ, ബി., എ., ബി. എൽ.,
എൻ. വി. ജോസഫ് അവർകൾ ബി. എ., ബി. എൽ.,
കെ. ജോർജ് അവർകൾ, ബി. എ.,
ആർ. നീലകണ്ഠപ്പിള്ള അവർകൾ, ബി. എ., ബി. എൽ.,
ടി. പി. രാമസുബ്ബയ്യർ അവർകൾ, ബി, എ.,

൧൧൦൮-ലെ ബഡ്ജററ് രാണ്ടാംഭാഗത്തിലെ അഭിപ്രായങ്ങൾ ആലോചനയ്ക്കെടുക്കുന്നതിനുമുമ്പായി സിവിൽനടപടിനിയമപ്രകാരം ഒരു റൂൾ കമ്മിററിയെ നിയമിക്കുന്നതിനെപ്പററി തലേദിവസത്തെ യോഗത്തിൽ നടന്ന വാദത്തെ സംബന്ധിച്ചു, എല്ലാചട്ടങ്ങളും കല്പനകളും പുതിയസിവിൽനടപടിനിയമത്തിൽ ഉൾപ്പെടുത്തിട്ടുള്ളതുകൊണ്ടു കമ്മിററിക്കു ഉടനെതന്നെങ്ങോട്ടിയൊന്നുമുണ്ടാകയില്ലെന്നും അതുകൊണ്ടു ഒരു കമ്മിററിയെ ഇപ്പോൾ നിയമിച്ചിട്ടാവശ്യം ഇല്ലെന്നും മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള പ്രസ്താവിച്ചു. നിയമപ്രകാരം ഒരു കമ്മിററിയെ നിയമിക്കേണ്ടതു ആവശ്യമാണെന്നും ഇപ്പോൾ ഒരു കമ്മിററിയെ രൂപീകരിച്ചില്ലെങ്കിൽ ചട്ടങ്ങളും കല്പനകളും ഭേദപ്പെടുത്തുകയൊ പുതുതായി ഉണ്ടാക്കുകയൊ വേണ്ടിവരുമ്പോൾ കുറെ സമയം വൃഥാനഷ്ടമായിപോകുന്നതാണെന്നും മി. ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ചു. മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള ഈ അഭിപ്രായം സ്വീകരിക്കയും കമ്മിററിയെ രൂപീകരിക്കയും സെക്രട്ടറിയെ നിയമിക്കയും ചെയ്യാമെന്നു സമ്മതിക്കയും ചെയ്തു. എന്നാൽ ശേഷം സിൽബന്ധികളെ പുതിയചട്ടങ്ങളും ഉത്തരവുകളും ഉണ്ടാക്കുന്നതിനൊ ഇപ്പോൾ ഉള്ളവയെ ഭേദപ്പെടുത്തുന്നതിനൊ ആവശ്യം നേരിടുമ്പോൾ മാത്രം നിയമിച്ചാൽ മതിയാകുമെന്നും അദ്ദേഹം പ്രസ്താവിച്ചു. എങ്കിലും തലേദിവസം കുറച്ചുപ്രകാരമുള്ള സിൽബന്ധികളെ നിയമിക്കുന്നതിനു വേണ്ടുന്ന പണം ൧൧൦൮-ലെ ബഡ്ജററിൽ ചേർക്കുന്നതിനു വിരോധമില്ലെന്നും അദ്ദേഹം പറഞ്ഞു.

൨. ൧൧൦൮-ലെ വിദ്യാഭ്യാസബഡ്ജററിൽ സഹായധനങ്ങളും വിദ്യാർത്ഥിവേതനങ്ങളുംകൊടുക്കുന്നതിനു ഇത്ര അധികം പണം അനുവദിച്ചിട്ടാവശ്യമില്ലെന്നു മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള പ്രസ്താവിച്ചു. വിദ്യാർത്ഥിവേതനങ്ങളെപററി ഗവണ്മെൻറ് ഉത്തരവു അയച്ചിട്ടുള്ള ഉത്തരവുകളിൽ അടങ്ങിട്ടുള്ള തത്വം അദ്ദേഹം സ്വീകാര്യമായി വിചാരിച്ചില്ല. സാധുക്കൾക്കു വിദ്യാർത്ഥിവേതനങ്ങൾ കൊടുക്കുന്നതിനെപററിയും അതിനു അധികസംഖ്യ അനുവദിക്കുന്നതിനെപററിപോലും അദ്ദേഹത്തിനു വിരോധമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ സാമർത്ഥ്യമുള്ളവർക്കു വേതനങ്ങൾ കൊടുത്തിട്ടു വരുമ്പോൾ കഴിവുള്ളവർക്കു പഠിത്തം നിർത്തിക്കളയാതിരിപ്പാൻ കാരണമായിരിക്കാം. എന്നു മിസ്റ്റർ എൻ. വി. ജോസഫ് പറഞ്ഞു. രാജ്യത്തിൽ ഇപ്പോൾ ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യുവാൻ ഉത്സാഹിപ്പിച്ചിട്ടാവശ്യം ഇല്ലെന്നു മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള മറുപടി പറഞ്ഞു. ഈ സംഗതി നിയമസഭയിൽ വാദപ്രതിവാദത്തിനു വിഷയമാക്കാൻ യോഗ്യതയുള്ള ഒന്നാകുന്നതും ബഡ്ജററ് സെഷനിൽ അതു ആലോചനയ്ക്കുകൊണ്ടു വരാവുന്നതാണെന്നും ആക്ടിങ്ങ്ദിവാൻ പ്രസ്താവിച്ചു.

൩. അനന്തരം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു താഴെപ്പറയുന്ന സംഗതികൾ കമ്മിററി ആലോചനയ്ക്കെടുക്കുകയും അവയെ അംഗീകരിക്കുകയും ചെയ്തു.

(ക) രണ്ടുപുതിയ പെൺപള്ളിക്കൂടങ്ങൾ, ഒന്ന് മഹമ്മദീയപെൺകുട്ടികൾക്കു ചങ്ങനാശ്ശേരിയിലും മറെറാന്നു പുലയർവേലിക്കരയും ൧-൨-ം ക്ലാസ്സുകളോടുകൂടി ൧൧൦൮ ഇടവംമുതൽ സ്ഥാപിക്കണമെന്നും ൧൧൦൮-ലെ ബഡ്ജററിൽ അതിന്നായി ൧൧൦൮ രൂപാ അനുവദിക്കണമെന്നും,

(ഖ) താഴെപറയുന്ന മിഡിലും പ്രൈമറിയും പെൺപള്ളിക്കൂടങ്ങൾ പൂർണ്ണസ്കൂളുകൾ ആക്കണമെന്നും അതിന്നായി ൧൧൦൮-ലെ ബഡ്ജററിൽ ൪ ൪ ൦ ൦ രൂപാ അനുവദിക്കണമെന്നും . . .

(ക)	നേമം വെർണാക്യുലർ മിഡിൽ സ്കൂൾ.		൪൫൦ രൂപാ
(ഖ)	ശക്തികുളങ്ങര	ടി	൪൫൦ "
(ഗ)	വെണ്ണിക്കുളം	ടി	൪൫൦ ടി
(ഘ)	മുട്ടക്കാട്ടുപ്രൈമറിസ്കൂൾ		൨൫൦ ടി
(ങ)	ചെമ്പൂർ	ടി	൨൫൦ ടി
(ച)	വാഴപ്ല	ടി	൨൫൦ ടി
(ഛ)	വാളൻ	ടി	൨൫൦ ടി
(ജ)	കുറിച്ചി	ടി	൨൫൦ ടി
(ഝ)	പള്ളംതെക്കു	ടി	൨൫൦ ടി
(ഞ)	മലയിഞ്ഞി	ടി	൨൫൦ ടി
(ട)	ഇടവിചുണ്ടൻ	ടി	൫൦൦ ടി
(ഡ)	കുളത്തൂർ	ടി	൩൦൦ ടി
(ഢ)	വേലങ്ങാലി	ടി	൩൦൦ ടി

(ന) ചില വെർണാക്യുലർ പെൺപള്ളിക്കൂടങ്ങളിൽ ചില ക്ലാസുകളിൽ പ്രത്യേക ഡിവിഷൻ ഉണ്ടാക്കണമെന്നും അതിന്നു മൊത്തമായി ൩൦൦൦ രൂപാ അനുവദിക്കണമെന്നും,

(പ) കുന്നത്തുനാടു, മൂവാറ്റുപുഴ, തൊടുപുഴ, പത്തനാപുരം മുതലായി വിദ്യാഭ്യാസം പ്രചാരത്തിൽ വന്നിട്ടില്ലാത്ത താലൂക്കുകളിൽ ഡിപ്പാർട്ടുമെന്റു വകയായി വെർണാക്യുലർ സ്കൂളുകൾ സ്ഥാപിക്കണമെന്നും അതിന്നു ൧,൫൦൦ രൂപാ അനുവദിക്കണമെന്നും.

(ഫ) ആൺകുട്ടികളുടെ ചില വെർണാക്യുലർ സ്കൂളുകളിൽ കൊറാൻ പഠിപ്പിക്കുന്നതിന്നു ൧൦ രൂപാ ശമ്പളത്തിൽ ൧ അദ്ധ്യാപകന്മാരെ നിയമിക്കണമെന്നും അതിന്നു ൧൨൦ രൂപാ അനുവദിക്കണമെന്നും.

(ബ) നടക്കുന്ന സ്കൂൾ വർഷത്തിന്റെ ആരംഭം മുതൽ പൈതമാറ്റം ആൺകുട്ടികളുടെ മുഹമ്മദൻ പ്രൈമറി സ്കൂളിൽ ഇപ്പോൾ ൧൦ രൂപാ ശമ്പളത്തിൽ കൊറാൻ പഠിപ്പിക്കുന്ന അദ്ധ്യാപകന്നുപകരം ൧൫ രൂപാ ശമ്പളത്തിൽ ഒരു അറബിമുൻഷിയെ നിയമിക്കണമെന്നും അതിന്നു കൂടുതലായി ആവശ്യമുള്ള ൪൫ രൂപാ അനുവദിക്കണമെന്നും.

(ഭ) ൧൯൨൫ ചിങ്ങം ൧-ാംനു മുതൽ സംസ്കൃതകോളജിലെ വൈദിക ക്ലാസ്സിൽ ൫൦-൩/ -൭൦ രൂപാശമ്പളത്തിൽ ഒരു അസിസ്റ്റൻ പണ്ഡിതരെ കൂടുതലായി നിയമിക്കണമെന്നും അതിന്നു ൫൫൦ രൂപാ അനുവദിക്കണമെന്നും.

(മ) ൧൯൨൫ കർക്കടകം ൧-ാംനു മുതൽ കോളിജിയേറ്റ്ഹോസ്റ്റലിൽ താഴെ വിവരിക്കുന്ന ജോലിക്കാരെ കൂടുതലായി നിയമിക്കണമെന്നും ൧൨ രൂപാ ശമ്പളമുള്ള ഒരു ഹെഡ് കുക്കിന്റെ ശമ്പളം ൧൫ രൂപാ ആക്കണമെന്നും അതിന്നു ൧൯൨൫ ലെ ബഡ്ജറ്റിൽ ൧൯൫ രൂപാ അനുവദിക്കണമെന്നും.

കൂടുതൽ ജോലിക്കാർ

൨൦-൨/൩-൦ രൂപാ ശമ്പളത്തിൽ അക്കൌണ്ടന്റ്			൧
൧൨-൧/൪-൧൫	ടി	അറൈറണ്ടർ	൧
൯-൮/൩-൧൧	ടി	ശിപായി	൧
൧൫	ടി	ഹെഡ് കുക്ക്	൪
൧൧	ടി	അസിസ്റ്റന്റു കുക്ക	൪

(ൻ) ൧൯൨൫ കർക്കടകം ൧-ാംനു മുതൽ സ്ത്രീകളുടെ ഹോസ്റ്റലിലെ മേട്രനും ട്യൂട്ടർമാർക്കും ഇപ്പോൾ കൊടുക്കുന്ന ക്ലേശഭത്തിലെ പകരം മേട്രന്നു മാസം ൨൫ രൂപായും രണ്ടു ട്യൂട്ടർമാരിൽ ഓരോരുത്തർക്കും മാസം ൧൫ രൂപായും അലവൻസ് കൊടുക്കണമെന്നും അതിന്നു ൧൯൨൫-ലെ ബഡ്ജറ്റിൽ ൩൩൦ രൂപാ അനുവദിക്കണമെന്നും.

(൧൦) വിദ്യാഭ്യാസപ്രദർശനങ്ങൾക്കു ഗ്രാന്റു കൊടുക്കുന്നതിനായി ൨൫൦ രൂപാ അനുവദിക്കണമെന്നും

(൧൧) മ്യൂസിയം പാഠ്യപുസ്തകങ്ങളുടെ വിപ്ലവസംബന്ധിച്ചു ൨൫ രൂപാശമ്പളത്തിൽ ഇപ്പോഴുള്ള ഗുമസ്തന്നു ൧൯൨൫-ലും അതു ജോലിയിൽ വച്ചു കൊണ്ടിരിക്കണമെന്നും അദ്ദേഹത്തിന്നു ൧൯൨൫ മാസത്തെ ശമ്പളത്തിന്നു ൨൭ രൂപാ അനുവദിക്കണമെന്നും.

(൧൨) വെർണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാർക്കു ശമ്പളം കൂട്ടി കൊടുക്കുന്നകാര്യത്തെപ്പററി ആലോചിക്കുന്നതിന്നു നിയമിച്ചിട്ടുള്ള കമ്മിററിയിലെ അനുദ്യോഗസ്ഥസാമാജികന്മാർക്കു സഞ്ചാരപ്പടി കൊടുക്കുന്നതിന്നു ൪൦ രൂപാ അനുവദിക്കണമെന്നു.

൨. ൧൯൨൫ ചിങ്ങം ൧-ാംനു മുതൽ മുന്നമ്പത്തു ഒരു ഫിഷറികണ്ടിൻഡേഷൻ സ്കൂൾ ആരംഭിക്കണമെന്നും അതിന്നു താഴെ വിവരിക്കും പ്രകാരം ൭൯൦ രൂപാ കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെന്റു വക ൧൯൨൫-ലെ ബഡ്ജറ്റിൽ അനുവദിക്കണമെന്നുള്ള ആലോചന കമ്മിററി സ്വീകരിച്ചു.

മാസം ൨൦ രൂപാ പ്രകാരം ഹെഡ്മാസ്റ്റരുടെ ശമ്പളം			രൂപാ ൨൪൦.
ടി	൩	ടി	ടി ലോക്കൽ അലവൻസ് ൪൫.
ടി	൧൫	ടി	ടി നെയ്ത്തുവാദ്ധ്യാരുടെ ശമ്പളം ൧൫൫.
കണ്ടിജൻസി			൩൪൦
			ആകെ ൭൯൦

൩. അരൂർ, കൊടവൂർ, ഒരം എന്നിവിടങ്ങളിലെ ഹെഡ്മാസ്റ്റർമാർക്കു മാസം ൪ രൂപാ വീതം ലോക്കൽ അലവൻസ് കൊടുക്കണമെന്നും അതിനായി കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെന്റുവക ൧൯൨൫-ലെ ബഡ്ജറ്റിൽ ൧൮ രൂപാ അനുവദിക്കണമെന്നുള്ള ആലോചന കമ്മിററി സ്വീകരിച്ചു.

൪. ൧൯൨൫ ചിങ്ങം ൧-ാംനു മുതൽ തിരുവല്ലാ ആഗ്രിക്കൾച്ചറൽ ഡെമൺസ്ട്രേട്ടർ മിസ്റ്റർ കെ. കെ. ജോസഫിനു, തന്റെ സ്വന്തം ജോലിക്കു വിഘ്നം കൂടാതെ മാന്യമായ വിധത്തിൽ റബ്ബർ കൃഷി ചെയ്യുന്ന

തിനെപ്പററി കൃഷിക്കാരെ ഉപദേശിപ്പാൻ അയക്കണമെന്നും ഈതിനു മാസം ക്ക് രൂപവീതം അലവൻസ് അ
ലവൻസു കൊടുക്കണമെന്നും അതിനായി കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെൻറിലെ ക്ലാർക്കിനെ
ബഡ്ജററിൽ കണ്ടു രൂപാ അനുവദിക്കണമെന്നും ഉള്ള ആലോചനയെ കുറെ വാദപ്രതിവാദത്തിനുശേഷം കമ്മി
ററിസ്വീകരിച്ചു.

ഒ. പരിക്ഷണാർത്ഥം സ്ഥാപിച്ചിട്ടുള്ള തുകൽ വ്യവസായശാലയെ ക്ലാർക്കിനെ നടത്തിക്കൊണ്ടുപോകേ
ണമെന്നും അതിനു അവിടത്തെ രജിസ്റ്റേഡ്സിൽബന്ധികളായ ടാനറി അസിസ്റ്റന്റിനു ൪൦-൯-൦ രൂപായും
വും ഗുമസ്തനു അക്കൗണ്ടന്റിനു ൨൦-൧-൦ രൂപായും കൂടി ൬൦ രൂപയും താഴെ വിവരിക്കുന്ന പ്ര
കാരം കണ്ടിൻജൻസി വകയ്ക്കു ൪൫൦ രൂപയും വ്യവസായഡിപ്പാർട്ടുമെൻറിലെ ക്ലാർക്കിനെ ബ
ഡ്ജററിൽ അനുവദിക്കണമെന്നും ഉള്ള സംഗതി കമ്മിററി സമ്മതിച്ചു. വ്യവസായഡിപ്പാർട്ടുമെൻറിന്റെ ൦൦ വക
പ്പുയോജനമുള്ള യാതൊരു ജോലിയും ചെയ്യുന്നില്ലെന്നു മിസ്റ്റർ യു. പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടു.
എങ്കിലും ഒരാണ്ടു കൂടെ അതു നടത്തിക്കൊണ്ടു പോകുന്നതിനും അതിന്റെ ശേഷം അതു നടത്തണമോ എന്നുള്ള
കാര്യം ൦൦യാണെന്നതെ അവരുടെ ജോലികണ്ടതിന്റെ ശേഷം, തീർച്ചയാക്കണമെന്നും അദ്ദേഹം സമ്മതിച്ചു.

വേലക്കാരുടെ യമ്പളം രൂപാ ൧൦൦

അപരിഷ്കൃതസാധനങ്ങളും തൈലങ്ങളും ൪൦൦

കൂലിവേലക്കാരുടെ കൂലി ൬൦൦

മററുകണ്ടിൻജൻസി ൪൦൦

ആകെ ൪൫൦ വ.

വ. കമ്മിററി മെഡിക്കൽഡിപ്പാർട്ടുമെൻറുമായി താഴെവിവരിക്കുന്ന ആലോചനകളെപ്പററി ചിന്തിച്ചു
സ്വീകരിച്ചു.

(൧) താഴെവിവരിക്കുന്ന സിൽബന്ധികളോടും കണ്ടിൻജൻറു ചിലവുകളോടും കൂടെ ക്ലാർക്കിനെ ചി
ങ്ങം ൧-നു-മുതൽ പുളിങ്കുന്നിൽ ഒരുഡിസ്പെൻസറി സ്ഥാപിക്കണമെന്നും അതിനു ക്ലാർക്കിനെ മെഡിക്കൽ
ബഡ്ജററിൽ ൧൫൦ രൂപ അനുവദിക്കണമെന്നും,

മാസം	൪൦-൧൦/൨-വ൦ രൂപാശമ്പളത്തിൽ സബ്അസിസ്റ്റന്റു സർജൻ			൧
ടി	൨൦-൧-൨ ൪-൧/൨-൩൦ രൂപാശമ്പളത്തിൽ കമ്പൗണ്ടർ			൧
ടി	ടി	ടി	സൂതികർമ്മിണി	൧
ടി	൩-൧/൩-൧൧	ടി	ശിപായി	൧
ടി	വൃദ്ധ	ടി	തൂപ്പുകാരൻ	൧
കണ്ടിൻജൻസി ഒരാണ്ടത്തേക്കു രൂപ				൧൨൦

(൨) താഴെവിവരിക്കുന്ന സിൽബന്ധികളോടും കണ്ടിൻജൻറു ചെലവുകളോടും കൂടെ ക്ലാർക്കിനെ ചിങ്ങം ൧-നു-മുതൽ പൊങ്ങുകടവിളയിൽ ഒരുഡിസ്പെൻസറി സ്ഥാപിക്കണമെന്നും അതിന്നായി ക്ലാർക്കിനെ മെഡിക്കൽ ബഡ്ജററിൽ വ൫൦ രൂപ അനുവദിക്കണമെന്നും,

മാസം	൪൦-൧൦/൩-വ൦ രൂപ ശമ്പളത്തിൽ സബ്അസിസ്റ്റന്റു സർജൻ			൧
	൨൦-൧-൨ ൪-൧/൨-൩൦	ടി	കമ്പൗണ്ടർ	൧
കണ്ടിൻജൻസി ഒരാണ്ടത്തേക്കു രൂപ				൧൨൦

(൩) ക്ലാർക്കിനെ ചിങ്ങം ൧-നു- മുതൽ ൪൦ രൂപശമ്പളത്തിലും ൪൦-൧൦/൩-വ൦ രൂപ സ്കെയിലിലും ഒരു സ്ത്രീ സബ്അസിസ്റ്റന്റു സർജനെ സ്ത്രീകൾക്കുള്ള ൨൫ രൂപ അലവൻസോടുകൂടി നാഗരുകോവിൽ ആസ്പത്രിയിൽ നിയമിക്കണമെന്നും അതിനു ക്ലാർക്കിനെ മെഡിക്കൽ ബഡ്ജററിൽ വ൨൫ രൂപാ അനുവദിക്കണമെന്നും,

(൪) മെഡിക്കൽഡിപ്പാർട്ടുമെൻറിൽ ൪൦ രൂപ ശമ്പളത്തിൽ ൩ നർസ്കുട്ടികളെ കൂടുതലായി നിയമിക്കണമെന്നും അതിന്നായി ആ ഡിപ്പാർട്ടുമെൻറിൽ ക്ലാ൩൦ രൂപ അനുവദിക്കണമെന്നും,

(൫) നാഗരുകോവിൽഡിസ്ട്രിക്ട് ആസ്പത്രിയിലെ പുതിയ പ്രസവവാർഡിലേക്കു മാസം ൨൦ രൂപ ശമ്പളത്തിൽ ൨൦-൧-൨ ൪-൧/൨-൩൦ രൂപ സ്കെയിലിൽ ഒരു സൂതികർമ്മിണിയെ നിയമിക്കണമെന്നും അതിന്നായി ക്ലാർക്കിനെ മെഡിക്കൽ ബഡ്ജററിൽ വ൨൦ രൂപ അനുവദിക്കണമെന്നും,

(൬) പത്തുരൂപ ശമ്പളത്തിൽ ൧൦-൧||൪-൧൨ രൂപസ്കെയിലിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ പുതിയവാർഡുകളിലേക്കു നു വാർഡർമാരേയും നാഗരുകോവിൽ ഡിസ്ട്രിക്ട്ആശുപത്രിയിലെ പുതിയപ്രസവവാർഡുകളിലേക്കു ൨ വാർഡർമാരെയും കോട്ടയം ഡിസ്ട്രിക്ട് ആശുപത്രിയിലെ പുതിയ പ്രസവവാർഡിലേക്കു ൨ വാർഡർമാരേയും കൊല്ലം വിക്ടോറിയാആശുപത്രിയിലെ പുതിയപ്രസവവാർഡിലേക്കു ഒരു വാർഡരേയും ഇങ്ങനെ പതിനൊന്നു വാർഡർമാരെ നിയമിക്കണമെന്നും അതിനു ക്ലാർക്കിനെ മെഡിക്കൽബഡ്ജററിൽ ക്ലാ൧൫൦ രൂപ അനുവദിക്കണമെന്നും,

(൭) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ പുതിയവാർഡുകളിലേക്കു കുഴൽവെള്ളംഎടുത്തു കൊണ്ടുപോകുന്നതിനുള്ളതു നടപ്പിലാകുന്നതുവരെ താൽക്കാലികമായി വ൫ രൂപ ശമ്പളത്തിൽ നാലുതണ്ണിക്കാരെ നിയമിക്കണമെന്നും അതിന്നായി ക്ലാർക്കിനെ മെഡിക്കൽ ബഡ്ജററിൽ നു൭൫ രൂപ അനുവദിക്കണമെന്നും

(൮) തിരുവനന്തപുരം ജനറൽ ആസ്പത്രിയിൽ ൪, നാഗരുകോവിൽ ഡിസ്ട്രിക്ട്ആസ്പത്രിയിൽ ൨, കോട്ടയം ഡിസ്ട്രിക്ട്ട ആസ്പത്രിയിൽ ൨ ഇങ്ങനെ ആകെ ആറുതോട്ടികളെ മാസം വ൫ അര രൂപശമ്പളത്തിൽ നിയമിക്കണമെന്നും അതിനു ക്ലാർക്കിനെ മെഡിക്കൽ ബഡ്ജററിൽ ൪൫൨ രൂപ അനുവദിക്കണമെന്നും,

(൯) പാലക്കാട്ടിട്ട ഡിസ്ട്രിക്ട്ട ഡിസ്പെൻസറിയിൽ ൧൦ രൂപ ശമ്പളത്തിൽ ൧൦-൧/൪-൧൨ രൂപ സ്കെയിലിൽ ഒരുവാർഡരേയും തിരുവനന്തപുരം കോട്ടയ്ക്കകം ആസ്പത്രിയിൽ ൧൦ രൂപശമ്പളത്തിൽ ൧൦-൧/൪-൧൨ രൂപസ്കെയിലിൽ ഒരു സ്ത്രീവാർഡരെയും കായങ്കുളം ഡിസ്ട്രിക്ട്ടഡിസ്പെൻസറിയിൽ ഒരാണ്ടത്തേ

ക്ക ൧൦ രൂപശമ്പളത്തിൽ ൧൦-൧|ഇ-൧൨ സെക്ക്യിലിൽ ഒരുവാർഡരേയും ൯ രൂപ ശമ്പളത്തിൽ ൯-൧൩-൧൪ സ്കെയിലിൽ ഒരുശിപായിയേയും നിയമിക്കണമെന്നും അതിന്നു ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൪൨൯ രൂപ അനുവദിക്കണമെന്നും,

(൧൦) തിരുവനന്തപുരം ജനറൽ ആസ്പത്രിയിലെ പുതിയവാർഡുകളിലും കൊല്ലംവിക്ടോറിയാആസ്പത്രിയിലും നാഗരകോവിലും കോട്ടയവും ഡിസ്ട്രിക്ട്ആസ്പത്രികളിലും പുതുതായി ഉണ്ടാക്കിട്ടുള്ള പുതിയവാർഡുകളിലും ആവശ്യമുള്ള കിടക്കകളും വസ്ത്രങ്ങളും വാങ്ങുന്നതിനും ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൩൦൦൦ രൂപ അനുവദിക്കണമെന്നു,

(൧൧) തിരുവനന്തപുരം ജനറൽആസ്പത്രിയിലും കൊല്ലംവിക്ടോറിയാ ആസ്പത്രിയിലും നാഗരകോവിലിലെയും ആലപ്പുഴയിലും കോട്ടയത്തെയും ഡിസ്ട്രിക്ട്ആസ്പത്രികളിലും ആവശ്യമുള്ളസാമാനങ്ങൾവാങ്ങുന്നതിന്നു ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൩,൦൦൦ രൂപ മൊത്തം സംഖ്യയായി അനുവദിക്കണമെന്നു,

(൧൨) തിരുവനന്തപുരം ജനറൽ ആസ്പത്രിയിൽ എക്സ്-റേയും വൈദ്യുതചികിത്സയും ഏർപ്പെടുത്തുന്നതിന്നു ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൩൫൦൦ രൂപ അനുവദിക്കണമെന്നു,

(൧൩) പേപ്പട്ടിവിഷചികിത്സയെ സംബന്ധിച്ചു തിരുവനന്തപുരം ജനറൽആസ്പത്രിയിൽ ൧൦ രൂപ ശമ്പളത്തിൽ ൧൦-൧/ഇ-൧൨ രൂപ സെക്ക്യിലിൽ ഇപ്പോഴുള്ളതൽക്കാലവാർഡരെ ഇനിയും ജോലിയിൽവച്ചുകൊണ്ടിരിക്കണമെന്നും, അതിന്നു ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൧൨൦ രൂപ അനുവദിക്കണമെന്നും

(൧൪) ജനറൽ ആസ്പത്രിയിൽ പേപ്പട്ടിവിഷചികിത്സയ്ക്കും ഗുണ്ടാററിൽ കെ. ഡി. എച്ചു. പി. കമ്പനിയുടെ ആസ്പത്രി പേപ്പട്ടിവിഷചികിത്സയ്ക്കുള്ള ഒരുസ്ഥലമാക്കാൻ ആലോചിക്കുന്നതുകൊണ്ടു, അവിടെയും ആ ചികിത്സയ്ക്കാവശ്യമുള്ള യൂറോപ്പിൻ ഔഷധങ്ങളും ശസ്ത്രങ്ങളും മുതലായവയും വാങ്ങുന്നതിന്നു ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൨,൫൦൦ രൂപ അനുവദിക്കണമെന്നു,

(൧൫) തിരുവനന്തപുരം ജനറൽ ആസ്പത്രിയിൽ പേപ്പട്ടിവിഷചികിത്സ സംബന്ധിച്ചു സാമാനങ്ങൾ, ഭക്ഷണസാധനങ്ങൾ, കിടക്കകൾ, വസ്ത്രങ്ങൾ മുതലായവ വാങ്ങുന്നതിന്നു കണ്ടിൻജൻസിയായി ൫൦൦ രൂപ അനുവദിക്കണമെന്നു,

(൧൬) കൊട്ടാരം ഡിസ്പെൻസറിയിലെ കമ്പൌണ്ടക്ക് കന്യാകുമാരിയിലെ സന്ധ്യാഡിസ്പെൻസറി സംബന്ധിച്ചുള്ള ജോലിയും ചെയ്യുന്നതിന്നു ൨ രൂപ അലവൻസിൽ കൂട്ടികൊടുക്കണമെന്നും അതിന്നു ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൨൨ രൂപ അനുവദിക്കണമെന്നും,

(൧൭) ബാക്ടീരിയൊളൊജിക്കൽ പരീക്ഷണശാലയിൽ ഇപ്പോൾ ൨൦.൨/൩.൩൦ രൂപശമ്പളത്തിലുള്ള ഒരുഗുമസ്തനേയും ൨൦ രൂപശമ്പളത്തിലുള്ള ഒരുമീഡിയാ മേക്കറേയും ൧൨ രൂപ ശമ്പളത്തിലുള്ള ഒരുഅററൻഡറേയും ജോലിയിൽ വച്ചു കൊണ്ടിരിക്കണമെന്നും അതിന്നു ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൪൭൨ രൂപ അനുവദിക്കണമെന്നും

൯, ആയുർവ്വേദഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു താഴെ വിവരിക്കുന്ന ആലോചനകളെപററി കമ്മിററി ആലോചിച്ചു സ്വീകരിച്ചു.

(൧) ആയുർവേദം സംബന്ധിച്ചുള്ള ഉർല്ലഭമായ ഗ്രന്ഥങ്ങളെ അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്യുന്നതിന്നായി മാസം ൪൦ രൂപശമ്പളത്തിൽ തൽക്കാലത്തേക്കു നിയമിച്ചിട്ടുള്ള പണ്ഡിതരെ ൧൧൦൨-ലും ആ ജോലിയിൽ വച്ചുകൊണ്ടിരിക്കണമെന്നും അതിന്നായി ൧൧൦൨-ലെ ആയുർവേദഡിപ്പാർട്ടുമെൻറു ബഡ്ജററിൽ ൪൪൦ രൂപ അനുവദിക്കണമെന്നും,

(൨) ആയുർവേദംസംബന്ധിച്ചുള്ള ഉർല്ലഭമായഗ്രന്ഥങ്ങളെ പകർത്തുന്നതിനുള്ള ചെലവും കണ്ടിൻജൻസി ചെലവും വകയ്ക്കു ൫൦൦ രൂപ അനുവദിക്കണമെന്നു,

(൩) ൧൧൦൨-ൽ ൧൦ പുതിയവൈദ്യശാലകൾ സ്ഥാപിക്കുകയും ഓരോ വൈദ്യശാലയ്ക്കും മാസം ൧൫ രൂപാവീതം ഗ്രാൻറു അനുവദിക്കയും ചെയ്യണമെന്നും അതിന്നു ൧൧൦൨-ലെ ആയുർവേദഡിപ്പാർട്ടുമെൻറുബഡ്ജററിൽ ൧൭൫൫ രൂപ അനുവദിക്കണമെന്നും,

(൪) തിരുവനന്തപുരം ആയുർവ്വേദആസ്പത്രിയിൽ ൧൧൦൨-ാമാണ്ടം ൧-൯-മുതൽ ൧൫ രൂപശമ്പളത്തിൽ ൧൫-൧-൨൦ രൂപസ്കെയിലിൽ ഒരുമ്മണി വൈദ്യനെ നിയമിക്കണമെന്നും അതിന്നായി ൧൧൦൨-ലെ ആയുർവേദഡിപ്പാർട്ടുമെൻറുവക ബഡ്ജററിൽ ൧൭൫ രൂപ അനുവദിക്കണമെന്നും,

൧൦. വാക്സയിൻഡിപ്പോ സൂപ്രണ്ടു മി. എം കെ. ഗോപാലപിള്ളയെ വാക്സയിൻ തയ്യാറാക്കുന്ന ജോലി പരിശീലിച്ചു വരുന്നതിന്നു രണ്ടുമാസം ബെൽഗാമിലും ഒരുമാസം ഗുണ്ടിക്കയിലും അയക്കണമെന്നും അതിന്നു സാനിട്ടറി ഡിപ്പാർട്ടുമെൻറു വക ൧൧൦൨-ലെ ബഡ്ജററിൽ ൯൦൦ രൂപ അനുവദിക്കണമെന്നും കമ്മിററി സമ്മതിച്ചു.

൧൧. ൧൧൦൨-ൽ ആറുമാസത്തേക്കു സാനിററി ഡിപ്പാർട്ടുമെൻറിൽ ഒരുവാക്സിനേഷൻക്ലാസ്സ് ഏർപ്പെടുത്തി ഇരുപതിൽ കവിയാതെ ആളുകളെ ഓരോരുത്തരോടും ൨ രൂപാവീതം ഫീസ് വസൂലാക്കിക്കൊണ്ടു ൩ മാസം വാക്സയിൻ ഡിപ്പോവിലും രണ്ടുമാസം പുറമെയും വാക്സിനേഷൻജോലി പരിശീലിപ്പിക്കണമെന്നും അവരെ പരിശീലിപ്പിക്കുന്നതിന്നു വാക്സയിൻഡിപ്പോസൂപ്രണ്ടിന്നു നാലുമാസത്തേക്കു മാസം ൫൦ രൂപാവീതം പ്രതിഫലം കൊടുക്കണമെന്നും അതിന്നായി ൧൧൦൨-ലെ സാനിട്ടറിബഡ്ജററിൽ ൨൦൦ രൂപ അനുവദിക്കണമെന്നുമുള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു. ൨൦൦ രൂപായോളംവരുന്ന വിദ്യാർത്ഥിഫീസ്സുഡിപ്പാർട്ടുമെൻറുവക വരവായി ചേർക്കണമെന്നും തീർച്ചയാക്കി.

൧൨. മാഗാലി, സെൻറ്ജോസഫ്സ് ആസ്പത്രിക്കുള്ള ഗ്രാൻറു മാസം ൩൦ രൂപയിൽനിന്നും ൫൦ രൂപായായി വർദ്ധിപ്പിക്കണമെന്നും അതിന്നായി ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ ൨൨൦ രൂപാ അനുവദിക്കണമെന്നും ഉള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു.

൧൩. വെല്ലൂർ മിഷ്യണറി മെഡിക്കൽസ്കൂളിൽ തിരുവിതാംകൂറിൽനിന്നും രണ്ടു വിദ്യാർത്ഥിനികളെ പഠിപ്പിക്കുന്നതിന്നു ആണ്ടിൽ അഞ്ഞൂറുരൂപാവീതം നാലു വർഷത്തേക്കു ഗ്രാൻറു കൊടുക്കുന്നതിന്നും അതിന്നായി

കഫ ൦ വ-ലെ മെഡിക്കൽ ബഡ്ജററിൽ ൩ ൦ ൦ രൂപാ അനുവദിക്കണമെന്നുള്ള ആലോചന കമ്മിററി സ്വീകരിച്ചു,

കര. സ്റ്റേഷനറിഡിപ്പാർട്ടുമെൻറിലെ താഴെ പറയുന്ന സിൽബന്തികളുടെ ശമ്പളസ്കെയിൽ സെക്രട്ടറിയററിലെ സിൽബന്തികളുടെ ശമ്പളസ്കെയിലിനോടു സമമാക്കണമെന്നുള്ള അഭിപ്രായം കമ്മററി സ്വീകരിച്ചു. ഇതുനിമിത്തം കഫ ൦ വ-ൽ കൂടുതൽ ചെലവൊന്നും ഉണ്ടാകയില്ല. ഇപ്പോഴത്തെയും ഭാവിയിലേക്കു നിർദ്ദേശിച്ചിട്ടുള്ളതുമായ സ്കെയിൽ ഇപ്രകാരമാണ്.

	ഇപ്പോഴത്തെ സ്കെയിൽ രൂപാ	മേലാലത്തെ സ്കെയിൽ രൂപാ
ഹെഡുക്ലാർക്ക്	൪ ൦-൪/വ-൭ ൦	൪ ൦-൪-൭ ൦
ഹെഡ്ആക്കൌണ്ടൻറ്	൪ ൦-൪/വ-൭ ൦	൪ ൦-൪-൭ ൦
ക ൦ ഗുമസ്തന്മാർ (ഒരു അക്കൌണ്ടൻറുൾപ്പടെ)	വ ൪-൪/൩-൪ ൦	വ ൪-൪/വ-൪ ൦-൪/൩-൪ ൦
ന്യൂ പാക്കർമാർ	കവ	കവ--ക/൪-കര
കമുച്ചി	കവ	കവ-ഗ/൪-കര

കഉ. ചീഫ്എൻജിനീയർ ആഫീസിലേയും ഡിവിഷൻ, സബ്ഡിവിഷൻ, സെക്ഷൻ ആഫീസുകളിലേയും സിൽബന്തികളെ അന്യോന്യം വിതിച്ചു ചീഫ്എൻജിനീയർ ആഫീസിലേയും ഡിവിഷൻ ആഫീസുകളിലേയും സിൽബന്തികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു തയ്യാറാക്കിയ താഴെ കാണിച്ചപ്രകാരമുള്ള വ്യവസ്ഥയും അതിനാൽ ഉണ്ടാകുന്ന കൂടുതൽചെലവു ൨൩ രൂപാ കഫ ൦ വ-ലെ പി. ഡബ്ലിയു. ഡി. ബഡ്ജററിൽ അനുവദിക്കണമെന്നുള്ള അപേക്ഷയും കമ്മിററി സ്വീകരിച്ചു.

ചീഫ്എൻജിനീയർ ആഫീസ്.

ഇപ്പോഴത്തെ സ്റ്റാഫ്	മേലാലത്തെ സ്റ്റാഫ്
൪ ൦-൪/വ-൭ ൦ രൂപായിൽ വ ക്ലാർക്ക്	൪ ൦-൪/വ-൭ ൦ രൂപായിൽ വ ക്ലാർക്ക്
വ ൪-൪/൩-൪ ൦ ടി കര ടി	൩ ൪-൩/വ-൪ ൦ ടി ൪ ടി
	വ ൪-വ/വ-൩൪ ടി ൪ ടി
	വ ൦-ക-വ ൪ ടി കക ടി

കൂടുതൽചെലവു കവ്വര കക്ക രൂപാ മാസം കക്ക

ഡിവിഷൻ ആഫീസുകൾ.

വ ൪-൪/൩-൪ ൦ രൂപായിൽ വ ക്ലാർക്ക്	വ ൪-വ/വ-൩൪ രൂപായിൽ കവ ക്ലാർക്ക്സ്
	വ ൦-ക-വ ൪ ടി വ ൪ ടി

കൂടുതൽചെലവു മാസം കസ്വ രൂപാ.

സബ്ഡിവിഷൻ ആഫീസുകൾ.

൩ ൦ രൂപായിൽ കര ക്ലാർക്ക്സ്	വ ൪-വ/വ-൩൪ രൂപായിൽ കര ക്ലാർക്ക്സ്

കൂടുതൽചെലവു മാസം വ കഗ രൂപാ.

സെക്ഷൻ ആഫീസുകൾ.

൩ ൦ രൂപായിൽ ൩൭ ക്ലാർക്ക്സ്	വ ൪-വ/വ-൩൪ രൂപായിൽ ൩൭ ക്ലാർക്ക്സ്
വ ൦-ക-വ ൪ ൩൭ ക്ലാർക്ക്സ്	വ ൦-ക-വ ൪ ടി കൻ ടി

ചാർജ്ജ് മാസം ൩൭വ. രൂപാ.

ആകെ കൂടുതൽചെലവു ആണ്ടൊന്നുക്കു കസ രൂപാ.

കസ്വ. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലുവാ ഇറിഡിവിഷനിൽ ചില്ലറ കൃഷിസേചനപ്രവൃത്തികളെപ്പററി അന്വേഷിക്കുന്നതിനും അവയെ നിർവ്വഹിക്കുന്നതിനും നിയമിച്ചിട്ടുള്ള തൽക്കാലസിൽബന്തികളെ കഫ ൦ വ-ലും ആ ജോലിയിൽ വയ്ക്കുന്നതുമെന്നും അതിനു കഫ ൦ വ-ലെ പി. ഡബ്ലിയു. ഡി. ബഡ്ജററിൽ ൧൩ ൦ രൂപാ അനുവദിക്കണമെന്നുമുള്ള ആലോചനയെ കമ്മററി സ്വീകരിച്ചു.

കഗ. പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പിലെയും ജനറൽസ്റ്റോറിലെയും സാമാനങ്ങൾ തിട്ടപ്പെടുത്തുന്നതിനു കഫ ൦ വ-ൽ രണ്ടുമാസക്കാലത്തേക്കു ഒരു അസിസ്റ്റൻറ് എൻജിനീയരെ നിയമിക്കണമെന്നും അതിനു താഴെവിവരിച്ചപ്രകാരമുള്ള ചെലവു കര ൦ ൦ രൂപാ കഫ ൦ വ-ലെ പി. ഡബ്ലിയു ഡി. ബഡ്ജററിൽ അനുവദിക്കണമെന്നുമുള്ള ആലോചനയെ കമ്മിററി സ്വീകരിച്ചു.

	രൂപാ
രണ്ടുമാസത്തേക്കു ഒരു അസിസ്റ്റൻറ്എൻജിനീയരുടെ ശമ്പളം	വ ൦ ൦
ടി ഡിപ്പ്യൂട്ടേഷൻഅലവൻസ്	കസ ൦
ടി സഞ്ചാരപ്പടിയും വണ്ടിക്കൂലിയും	വ ൦ ൦
ടി കൂലിക്കാരുടെ ചെലവുമുതലായ കണ്ടിൻജൻറ്ചെലവുകൾ	വ ര ൦
ആകെ	കര ൦ ൦

കവ. കഫ ൦ വ-ലും സോൾജേർസ്കമ്മിററി അവരുടെ ജോലി തുടർന്നുകൊണ്ടുപോകണമെന്നും അതിനു കഫ ൦ വ-ലെ ബഡ്ജററിൽ "നവ മിസ്സലേനിയസ്സ്" എന്ന ഇനത്തിൽ വ ൪ ൦ രൂപാ അനുവദിക്കണമെന്നും ഉള്ള ആലോചനകമ്മിററി സ്വീകരിച്ചു.

കൻ. അഞ്ചൽഡിപ്പാർട്ടുമെൻറു സംബന്ധിച്ചു താഴെവിവരിക്കുന്ന നിർദ്ദേശങ്ങൾ കമ്മിററി സ്വീകരിച്ചു.

(കഗ) തെക്കാട്ടു അഞ്ചലാപ്പീസിൽ കഗ രൂപാശമ്പളത്തിൽ ഒരു ഗുമസ്തനേയും ൭ രൂപ ശമ്പളത്തിൽ ഒരു ശിപായിയേയും കൂടുതലായി നിയമിക്കണമെന്നും അതിനു അഞ്ചൽഡിപ്പാർട്ടുമെൻറുവക ബഡ്ജററിൽ വസ്തര രൂപാ അനുവദിക്കണമെന്നും

(ഗ) കൊല്ലം അഞ്ചലാപ്പീസിൽ ൧ ൫ രൂപാശമ്പളത്തിൽ ഒരു ഗുമസ്തനെ കൂട്ടുതലായി നിയമിക്കണമെന്നും അതിനു അഞ്ചൽഡിപ്പാർട്ടുമെൻറവക ബഡ്ജററിൽ ൧൯൩൫ രൂപാ അനുവദിക്കണമെന്നും

ഘ, മാവേലിക്കരയിലെ ഗ്രാമപ്പഞ്ചായത്തു കോടതി ഒരു ഗ്രാമപ്പഞ്ചായത്തും ബെഞ്ചുമജിസ്ട്രേട്ടുകോടതിയായി മാററണമെന്നും ജഡ്ജിമാരുടെ എണ്ണം ൪-ൽനിന്നു ൬-ായി വർദ്ധിപ്പിക്കണമെന്നും മാസം ൧ ൫ രൂപാശമ്പളത്തിൽ ഒരു പകർപ്പുഗുമസ്തനെ നിയമിക്കണമെന്നും കുഞ്ഞിൻകൻസിവകയായി ൭ ൦ രൂപാ അനുവദിക്കണമെന്നും ഉള്ള നിർദ്ദേശങ്ങളെ കമ്മിററി സ്വീകരിച്ചു. ഇതിനുപുറമെ ൧൯൩൫-ലെ ബഡ്ജററിൽ "ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറ സിവിലും ക്രിമിനലും കോടതികൾ,, എന്ന ഇനത്തിൽ ൨൩൫ രൂപാ അനുവദിക്കുന്നതിനും കമ്മററി സമ്മതിച്ചു.

വൈകിട്ടു ൨-൫ മണിക്കു കമ്മിററി പിരിഞ്ഞു.

ഫൻവന്ന ജൂലായി ൧൩-ന്നു ചൊവ്വാഴ്ച.

നിയമസഭയിലെ ൧൯൩൫-ലെ ഫൈനാൻസ്കമ്മററിയുടെ അഞ്ചാമത്തെ യോഗം ഫൻവന്ന ജൂലായി ൧൩-ന്നു ൧൯൩൫ മിഥുനം ൨൯-ന്നു ചൊവ്വാഴ്ച ഉച്ചതിരിഞ്ഞു ൫ മണിക്കു ഹജൂർക്കച്ചേരിയിൽ ദിവാൻെറ മുറിയിൽവച്ചുകൂടി.

താഴെ പറയുന്ന മെംബർമാർ ഹാജരുണ്ടായിരുന്നു.

റാവുബഹദൂർ ആർ. കൃഷ്ണപിള്ള അവർകൾ ബി. എ., ബി. എൽ. ആക്ടിംഗ് ദിവാൻ പ്രസിഡൻറ്;
ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ.
ജി. പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ.
എൻ. വി. ജോസഫ് അവർകൾ ബി. എ., ബി. എൽ.
കെ. ജോർജ്ജ് അവർകൾ ബി. എ.
ആർ. നീലകണ്ഠപ്പിള്ള അവർകൾ ബി. എ., ബി. എൽ.
ടി. പി. രാമസുബ്ബയ്യർ അവർകൾ ബി. എ. (കൺവീനർ)

൨. പബ്ലിക്കുവൊർക്സ്ഡിപ്പാർട്ടുമെൻറവക ൧൯൩൫-ലെ ചെലവിൻെറ ബഡ്ജററുഎസ്റ്റിമേററു ആദ്യം ആലോചനയ്ക്കെടുത്തു.

(൧) പബ്ലിക്കുവൊർക്സ്ഡിപ്പാർട്ടുമെൻറവക ൧൯൩൫-ലെ ബഡ്ജററിൽ "അപൂർണ്ണപ്രവൃത്തികൾ സർക്കാർആപ്പീസുകളുടെയിൻെറ സമീപത്തു ഒരു കമ്മട്ടവും മുദ്രാലയവും പണിയുന്നതിനു എന്നു ൨൦-ാംഇനത്തിനുനേരെ വ൦൦൦ രൂപാചേർത്തു കാണുന്നതു എന്തിനാണെന്നും ആ പണിയുന്ന കെട്ടിടത്തിലേക്കു കമ്മട്ടവും മുദ്രാലയവും മാററിയിടാൻ ആലോചനയുണ്ടോ എന്നും മിസ്റ്റർ ജി. പരമേശ്വരൻപിള്ള ചോദിച്ചു, ആ കെട്ടിടങ്ങൾ മുദ്രാലയത്തിനും കമ്മട്ടത്തിനും ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നും പകുതിതീർത്തപണി പൂർത്തിയാക്കാനാണെന്നും മിസ്റ്റർ ജോർജ്ജ് പറഞ്ഞു,

(൨) ൨൭൭-ാംനമ്പർ "അപൂർണ്ണപ്രവൃത്തികൾ ആലപ്പുഴ, ചേർത്തലതോട്ടു," എന്നതിനെപ്പററി തോടിൻെറ കാര്യംതന്നെ ഉപേക്ഷിച്ചിരിക്കെ ഇനി അതു സംബന്ധമായി പണം ചെലവുചെയ്യുന്നതു നിഷ്പ്രയോജനമാണെന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ചതിനു തോടിൻെറ ഇണ്ടറററത്തും ചെയ്തിട്ടു മുഴുവനും ആകാതെ കിടക്കുന്ന പണികൾ പൂർത്തിയാക്കാനാണെന്നു മിസ്റ്റർ ജോർജ്ജു സമാധാനം പറഞ്ഞു,

(൩) "അപൂർണ്ണപ്രവൃത്തികൾ കോട്ടക്കൽതോട്ടു" ഇനം ൩൫൦-നെപ്പററി ആ തോടുകൊണ്ടു ഗുണപ്പെടേണ്ടുന്ന ഏലാമുഴുവനും ഇപ്പോൾ മഴവെള്ളം നശിച്ചു കിടക്കയാൽ ആ തോടു എത്രയുംവേഗത്തിൽ പൂർത്തിയാക്കേണ്ടുന്ന അത്യാവശ്യമാണെന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ചു.

(൪) കാസുഷെഡുകളിലും മുസംവരിബ ഗ്ലാവുകളിലും ഇൻഡ്യൻ പാചകപാത്രങ്ങൾ ഉണ്ടാക്കിയിരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി മിസ്റ്റർ ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ചു. ഇതിനെപ്പററി ആലോചിക്കാമെന്നു ആക്ടിംഗ്ദിവാൻ മറുപടിപറഞ്ഞു,

(൫) പൊൻകുന്നത്തിൽ നിന്നു നീരേററുപുറത്തേക്കുള്ള റോഡ് നന്നാക്കി പൂർത്തിയാക്കണമെന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞു. അതൊരു നല്ല റോഡാക്കുന്നതിനു വളരെ പ്രയാസമാണെന്നു മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള പ്രസ്താവിച്ചു. ഈ സംഗതിനിയമസഭയിൽ പ്രസ്താവിക്കണമെന്നും ഇപ്പോൾ ചീഫ്എൻജിനീയരോടു ആലോചിച്ചിട്ടു ഈ പണിക്കു ൧൯൩൫-ൽ പണംഅനുവദിക്കാൻ കഴിയുമോ എന്നുനോക്കാമെന്നും ആക്ടിങ്ദിവാൻ പറഞ്ഞു.

(൬) പൂവാറിൽ ഒരു പാലം കെട്ടേണ്ട അത്യാവശ്യകതയെ പററിയും മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞു. പാലം കെട്ടുന്നതിനുണ്ടാകാവുന്ന ചെലവു അവിടെ ഒരു ചുങ്കം ഏർപ്പെടുത്തി നികത്താവുന്നതാണെന്നും അദ്ദേഹം പറഞ്ഞു പ്രസ്താവിച്ചപ്രകാരം അവിടെ പാലം കെട്ടിയാൽ അവിടെയുള്ള ചന്ത നന്നാകാനും ഇടയുണ്ട്, ഇതിനെപ്പററി അന്വേഷണം നടത്താമെന്നു ആക്ടിങ് ദിവാൻ-വാഗ്ദാനംചെയ്തു.

(൭) അമരവിള ഒററശേഖരമംഗലം റോഡിൽ മൂന്നു കലുങ്കുകൾകൂടി ആവശ്യമാണെന്നും അതുകഴിയുന്നതും വേഗത്തിൽ ഉണ്ടാക്കേണ്ടതാണെന്നും മിസ്റ്റർ ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ചു,

(൮) നിയമസഭാ മന്ദിരം പണിയുന്നതിനു കഴിയുന്നതും വേഗത്തിൽ പണം അനുവദിക്കണമെന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടു. ഹജൂരാപ്പീസിൻെറ പടിഞ്ഞാറുഭാഗത്തു ഒരു സ്ഥലം വാങ്ങാൻ ഒരാലോചനയുണ്ടെന്നും എന്നാൽ അതിനു വമ്പിച്ചവില കൊടുക്കേണ്ടിവരുമെന്നും മിസ്റ്റർ കെ. ജോർജ് പറഞ്ഞു. അങ്ങനെയുള്ള ഒരു സ്ഥലം വമ്പിച്ച ഒരു തുകകൊടുത്തുവാങ്ങുന്നതു ശരിയല്ലെന്നും ലാകാളേജിൻെറ വടക്കുഭാഗത്തു ഡിസ്ട്രിക്ട്കോർട്ട് കെട്ടിടങ്ങൾക്കായി എടുത്തസ്ഥലം നിയമസഭാമന്ദിരത്തിനു മതിയാകും എന്നു മിസ്റ്റർ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള പറഞ്ഞു. ഡിസ്ട്രിക്ട്കോടതി ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലം പട്ടണത്തിൻെറ മദ്ധ്യസ്ഥാനത്തും ജനങ്ങൾക്കു വളരെ സൌകര്യമുള്ളതുമാകയാൽ ഡിസ്ട്രിക്ട്കോടതിക്കു അതാണ് ഏററവും ഉത്തമസ്ഥാനം എന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടു, എല്ലാകോടതി

കളും സ്റ്റേഷണറി മജിസ്ട്രേട്ടുകോടതിപ്രകാരം അവിടെ ആക്കാവുന്നതാണെന്നും ഏതായാലും നിയമസഭാമന്ദിരം സംബന്ധിച്ചുള്ള ജോലികൾ എത്രയും ശീഘ്രത്തിൽ നിർവഹിക്കേണ്ടതാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

(ൻ) കോട്ടയത്തുള്ള എല്ലാസിവിൽ കോടതികളും ആഫീസുകളും ഡിസ്ട്രിക്ട്കോടതിവളപ്പിൽ സ്ഥാപിക്കുന്നതിനെപ്പററി മിസ്റ്റർ കേ. കേ. തോമസിന്റെ അപേക്ഷയുണ്ടെന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞു. സഭയുടെ കൂടുകം സെഷനിൽ മറുപടിപറയേണ്ടതായി മിസ്റ്റർ കേ. കേ. തോമസിന്റെതന്നെ ഒരു ചോദ്യം ഉണ്ടെന്നു ആക്ടിങ് ദിവാൻ പ്രസ്താവിച്ചു.

ഫ. അനന്തരം കമ്മിററി ൧൯൨൯-ലെ ബഡ്ജററിന്റെ രണ്ടാംഭാഗത്തിലെ ആലോചനകളെ പററി ചിന്തിച്ചു.

(൧) പീരുമേട് താലൂക്ക് ആഫീസിൽ ൨൪-൬/൩-൪ ൦ രൂപാ ശമ്പളത്തിൽ ഒരു ഗുമസ്തനെ ൧൯ രൂപാ ശമ്പളത്തിൽ ഒരു പകർപ്പു ഗുമസ്തനെയും ൧൯൨൯ ചിങ്ങം ൧-ാംനു മുതൽ കൂടുതലായി നിയമിക്കണമെന്നും അതിന്നായി ൧൯൨൯-ലെ ബഡ്ജററിൽ ൧ സി-താലൂക്ക് കച്ചേരികൾ എന്ന ഇനത്തിൽ ന്യൂനം രൂപാ—ശമ്പളം ൪൦ രൂപായും ഹിൽ അലവൻസ് ൨൦ രൂപായും അനുവദിക്കണമെന്നും.

(൨) പിന്നീട് ആലോചനാവിഷയമായ ഉപനാംകണ്ടെഴുത്തു ജോലി പൂർത്തിയാക്കുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുന്നകാര്യം ആയിരുന്നു. ആലോചിച്ചിട്ടുള്ള പ്രകാരം അത്ര വലിയ ശമ്പളമുള്ള ഒരുദ്യോഗസ്ഥനും അത്രഅധികം സിൽബന്തികളും ആവശ്യമുണ്ടോ എന്നു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ളയും മിസ്റ്റർ ജി. പരമേശ്വരൻപിള്ളയും സംശയരൂപത്തിൽ പറഞ്ഞു. ൨൦-൩൦ ൦ രൂപാ ശമ്പളമുള്ള ഒരുദ്യോഗസ്ഥൻ ആ ജോലിക്കുതിയാകയില്ലയോ എന്നു മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള ചോദിച്ചു. ജോലിക്കു ജുഡിഷ്യൽ സ്വഭാവമുള്ളതാകയാൽ റെവന്യൂജോലിയിൽ നല്ല പരിചയമുള്ള ഒരു സീനിയർ ഉദ്യോഗസ്ഥൻ ആവശ്യമാണെന്നും ജോലി തൃപ്തികരമാകുംവണ്ണം ചെയ്തില്ലെങ്കിൽ ജനങ്ങൾക്കു വളരെ നഷ്ടത്തിന്നിടയാകുമെന്നും ആക്ടിംഗ് ദിവാൻ പ്രസ്താവിച്ചു. അനന്തരം താഴെവിവരിക്കും പ്രകാരം ഒരു പ്രത്യേക ഉദ്യോഗസ്ഥനെയും സിൽബന്തികളേയും കണ്ടിൻജൻറ് ചെലവുകളും ൧൯൨൯ ചിങ്ങം ൧-ാംനു മുതൽ അനുവദിക്കണമെന്നും അതിന്നായി ൧൯൨൯-ലെ പനംവക ബഡ്ജററിൽ ൧൭,൨൧൨ രൂപാ ചേർക്കണമെന്നും സമ്മതിച്ചു.

(൧)	ഉദ്യോഗസ്ഥന്റെ ൧൧ മാസത്തെ ശമ്പളം		൪,൪൦൦ രൂപാ
(൨)	താഴെപറയുന്ന സിൽബന്തികൾക്കു ൧൧ മാസത്തെ ശമ്പളം		
	൩൦ രൂപാ ശമ്പളത്തിൽ ഒരു ഹെഡ്ക്ലാർക്ക്		൩൩൦ രൂപാ
൨൦	ടി	ഒരു ക്ലാർക്ക്	൨൨൦ ,,
൩൫	ടി	ഒരു സർവെയർ	൩൨൫ ,,
൨൦	ടി	ഒരു ടൈപ്പിസ്റ്റ്	൨൨൦ ,,
൧൦	ടി	ഒരു ഡഫഡാർ	൧൧൦ ,,
൯	ടി	മുന്നൂറിപ്പായിമാർ	൨൯൫ ,,
		ആകെ	൨൧൧൨
(൩)	ഉദ്യോഗസ്ഥനും സിൽബന്തികൾക്കും സഞ്ചാരപ്പടി		൨,൦൦൦
(൪)	കണ്ടിൻജൻസി		
	(എ) സാധാരണക്ക്		൧൨൦൦
	(ബി) ചെയിൻമെന്നിനു കൂലി		൪൦൦
	ആകെ (൧ മുതൽ ൪ വരെ)		൧൭,൨൧൨

(൩). ഡിവിഷണൽ ഫാറസ്റ്റ് ആഫീസുകളിലെ ആറു ഹെഡ്അക്കൌണ്ടന്റുമാരുടെയും ശമ്പളം ൨൫-൫/൩-൪ ൦ രൂപായിൽ നിന്നു ൪൦-൨-൫൦ രൂപാ ആക്കി പരിഷ്കരിക്കുന്നതിനും അതിന്നായി ൧൯൨൯-ലെ വനം വക ബഡ്ജററിൽ ൯൦ രൂപാ കൂടുതലായി അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൪. ൧൯൨൯ ചിങ്ങം ൧-ാംനു മുതൽ തൊടുപുഴ, തൊടുപുഴ താലൂക്കിലെ എല്ലാ പകുതികളിലും സിവിൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിന്റെ ക്രിമിനലും അധികാരത്തോടും കൂടെ ഒരു മുൻസിഫ് മജിസ്ട്രേട്ടു കോടതി സ്ഥാപിക്കുന്നതിനും അവിടെ മുൻസിഫ്മജിസ്ട്രേട്ടുപോടെ താഴെപറയുന്ന സിൽബന്തികളെ നിയമിക്കുന്നതിനും കമ്മിററിസമ്മതിച്ചു.

മാസം ൨൦-൨൫/൨-൩൫ ൦ രൂപാ ശമ്പളത്തിൽ മുൻസിഫ്			൧
ടി	൪൫	ടി ഹെഡ്ക്ലർക്ക്	൧
	൪൦ രൂപാ ശമ്പളത്തിൽ നാജരു്		൧
	൨൦-൨/൩-൩൦	ടി ഗുമസ്തന്മാർ	൯
	൧൫	ടി ക്രിമിനൽ പകർപ്പു ഗുമസ്തന്മാർ	൨
	൧൫	ടി സിവിൽ ടി ;	൨
	൧൫	ടി ആമീൻമാർ	൩
	൧൦-൧/൩-൧൨	ടി മുച്ചി	൧
	൯-൧/൩-൧൧	ടി വാർഡർ	൧
	൯-൧/൩-൧൧	ടി കോടതിശിപായിമാർ	൨
	൯-൧/൩-൧൧	ടി പ്രാസസ്സ് ശിപായിമാർ	൧൫

* താല്ക്കാലമുൻസിഫ് കോടതികളിൽ ഒന്നു നിർത്തലാക്കണമെന്നും, ആ കോടതിയിലെ ഉദ്യോഗസ്ഥന്മാരെയെല്ലാം പുതിയകോടതിയിൽ നിയമിക്കണമെന്നും താലൂക്ക് ആഫീസിലെ ക്രിമിനൽ ഉദ്യോഗസ്ഥന്മാരെ കുറയ്ക്കണമെന്നും ഇതുനിമിത്തം ആണ്ടിൽ ൩,൩൨൫ രൂപാ ലാഭമുണ്ടാകുമെന്നും പ്രസ്താവിച്ചു. ഇതു നിമിത്തം ശരാശരി ചെ

ഖവു ൧൦,൨൨൦ രൂപായിൽനിന്നു ൪,൪൯൯ രൂപായായി കുറയും ഇങ്ങനെ ൧൯൦൨-ലെ ൧൧ മാസത്തെ ചെലവു ൨,൪൦൦ രൂപാമാത്രമായിരിക്കും "ഈ സംഖ്യ" ഗുണ്ടുവി—സിവിൽകോടതികൾ—സിവിലാസെഷനും കോടതികൾ എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

ഇ. അനന്തരം ചാസ്ഡ്ലേസ്കമ്മിററി വ്യവഹാരങ്ങൾ തീർക്കാതെ തീരാതെ കിടക്കുന്നതിനെപ്പററി അന്വേഷണം നടത്തുന്നതിനുള്ള കമ്മിററിയുടെ രൂപീകരണത്തെപ്പററി കമ്മിററി ആലോചിച്ചു. കമ്മിററിയിൽ ഒരു പ്രസിഡൻറും നാലു സാമാജികന്മാരും വേണം; സാമാജികന്മാരിൽ രണ്ടു ഒരു ഡിസ്ട്രിക്ട്ജഡ്ജിയും ഒരു തിരുവനന്തപുരം വക്കീൽ സംഘം തിരഞ്ഞെടുക്കുന്ന ഒരു ഹൈക്കോർട്ടുവക്കീലും രണ്ടുപേർ ഉൾപ്രദേശങ്ങളിലെ വക്കീൽസംഘങ്ങൾ തിരഞ്ഞെടുക്കുന്നവരിൽനിന്നു ഗവണ്മെൻറു തിരഞ്ഞെടുക്കുന്ന രണ്ടു വക്കീലന്മാരും ആയിരിക്കണം. കമ്മിററിയുടെ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനായിരിക്കണം. കമ്മിററിയുടെ ജോലിക്കാലം ൧൯൦൨ ചിങ്ങം ൧-ാംനു മുതൽ ൨ മാസം ആയിരിക്കും. ഇങ്ങനെയാകുന്നു ആലോചിച്ചിട്ടുള്ളതു ഇതിൻെറ ചിലവിനായി താഴെവിവരിക്കുംപ്രകാരമുള്ള സംഖ്യകൾ ശമ്പളം, സിൽബന്തികളുടെ ശമ്പളം, അലവൻസ്, കണ്ടിജൻസി ഇവയ്ക്കായി അനുവദിക്കണം എന്നു ആവശ്യപ്പെട്ടു.

ശമ്പളം

(൧)	പ്രെസിഡെൻറിന്നു മാസം ൨,൨൦൦ ഡ്ര്. രൂപാപ്രകാരം	൯൭൧൧
(൨)	ഉദ്യോഗസ്ഥമെമ്പറിന്നു മാസം ൭൦൦ രൂപാശമ്പളവും ൧൪൦ രൂപാ അലവൻസും	൯൭൨൦
(൩)	സെക്രട്ടറിക്കു മാസം ൪൦൦ രൂപാശമ്പളവും ൫൦ രൂപാ അലവൻസും	൩,൫൪൦

സിൽബന്തികൾ

(൧)	മാസം ൭൫ രൂപാ ശമ്പളത്തിൽ ഹെഡ്ക്ലാർക്കും അക്കൌണ്ടൻറും	൯൦൦
(൨)	മാസം ൪൦ രൂപാശമ്പളത്തിൽ ഒരു ക്ലാർക്ക്	൪൮൦
(൩)	ടി ൩൦ ടി	൨൪൦
(൪)	ടി ൨൫ ടി ഒരു ടൈപ്പിസ്റ്റ്	൩൦൦
(൫)	ടി ൧൦ ടി അറ്റണ്ടുതിപായിമാർ	൪൮൦
	സഞ്ചാരപ്പടി	൭൫൦
	കണ്ടിജൻസി	൧൦൦
	ആകെ	൩൦,൯൭൧

ഇങ്ങനെ ൧൯൦൨-ലെ ബഡ്ജററിൽ അനുവദിക്കാൻ ആലോചിച്ചിട്ടുള്ള സംഖ്യ ൩൦,൯൭൧ രൂപായാകുന്നു.

തിരുവിതാംകൂറിലെ ജുഡിഷ്യൽ ഭരണവും ബ്രിട്ടീഷ് ഇൻഡ്യായിലെ ജുഡിഷ്യൽ ഭരണവും മിക്കവാറും ഒരേരീതിയിലാകയാലും വ്യവഹാരങ്ങൾ തീരുന്നതിനു കാലതാമസം നേരിടുന്നതിനെപ്പററി അന്വേഷണം നടത്തുവാൻ ഒരു കമ്മിററിയെ ബ്രിട്ടീഷ് ഗവണ്മെൻറു നിയമിക്കയും ആ കമ്മിററി അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കയും ചെയ്തിരിക്കുകൊണ്ടും നമ്മുടെ ഹൈക്കോടതിയും ആ റിപ്പോർട്ടു വായിച്ചു് അതിൽ പറയുന്ന പരിഹാരമാർഗ്ഗങ്ങളെ തിരുവിതാംകൂറിൻെറ സ്ഥിതിക്കു അനുയോജ്യമാം വണ്ണം നടപ്പിൽ വരുത്തിയാൽ നന്നായിരിക്കുമെന്നു മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻ പിള്ള അഭിപ്രായപ്പെട്ടു. ഹൈക്കോടതി ആ റിപ്പോർട്ടു വായിച്ചു അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതുകൂടെ ഒരു കമ്മിററി നിയമിക്കാതിരിക്കണമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ഒരു കമ്മിററിയെ നിയമിച്ചാൽ പോലും അതിൻെറ പ്രസിഡൻറായി പെൻഷൻപററി പിരിഞ്ഞ ഒരു ഹൈക്കോടതി ജഡ്ജിയെ മാസം ൧,൫൦൦ ബ്രിട്ടീഷ് രൂപാ ശമ്പളംകൊടുത്തു നിയമിക്കേണ്ട യാതൊരാവശ്യവും ഇല്ല. ഹൈക്കോടതിയിൽ നിന്നു പ്രായം കുറഞ്ഞ ഒരു ജഡ്ജിയെ തിരഞ്ഞെടുക്കാവുന്നതും അങ്ങനെ തിരഞ്ഞെടുത്താൽ കമ്മിററി രീതിയാകുന്ന പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു അദ്ദേഹം തന്നെ ഹൈക്കോടതിയിൽ ഉണ്ടായിരിക്കുന്നതു ആകുന്നു, അനുദ്യോഗസ്ഥന്മാരെ തന്നെ ശമ്പളം കൂടാതെ പ്രസിഡൻറായിരിപ്പാൻ ചട്ടിക്കുന്നതിനു പ്രയാസമില്ല. കമ്മിററിയിൽ ഒരു ഹൈക്കോടതി ജഡ്ജിയുള്ളപ്പോൾ വേറൊരു ഹൈക്കോടതി ജഡ്ജിക്കൂടി സാമാജികനായി ഇരിക്കേണ്ടാവശ്യമില്ല. സെക്രട്ടറിസ്ഥാനത്തേക്കു, ഒരു രണ്ടാം ജഡ്ജിയുടെ സ്ഥാനമുള്ളയാളും ആവശ്യമില്ല. മി: ജി. പരമേശ്വരൻ പിള്ളയും മി: എൻ. വി. ജോസഫ് ഈ അഭിപ്രായം തന്നെ പറഞ്ഞു. ഒരു കമ്മിററിയെ നിയമിച്ചാൽ തന്നെയും അതിനായി അനുവദിക്കണമെന്നു പറയുന്ന സംഖ്യ ചെലവു ചെയ്യുന്നതു ഒരു വെറുംഗർവ്വായിരിക്കും എന്നു് മി: ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ചു. ഈ ആലോചന നിയമസഭയിൽ ഹാജരാക്കുന്നതിനുപോലും മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള വിരോധിയായിരുന്നു. കാര്യം നിയമസഭാമുമ്പാകെ ഹാജരാക്കണമെന്നു തീർച്ചയാക്കിയാൽ തന്നെയും അതിനുവേണമെന്നു പറയുന്ന ചിലവിൻെറ ഭീമത്വം നിമിത്തം അതിൻെറ ഇപ്പോഴത്തെ രൂപത്തിൽ ഹാജരാക്കുന്നതിനു താൻ അനുകൂലിക്കയില്ലെന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ളയും പറഞ്ഞു. ഒരു കമ്മിററിയെ നിയമിക്കണമെന്നുണ്ടായിരുന്നാൽ തന്നെയും ഡിസ്ട്രിക്ട്ജഡ്ജിയായിരുന്നിട്ടുള്ള ഒരു ഹൈക്കോർട്ടു ജഡ്ജിയും ഹൈക്കോടതിയിൽ വ്യവഹരിക്കുന്ന ഒരു ഹൈക്കോർട്ടുവക്കീലും ഡിസ്ട്രിക്ട് കോടതിയിൽ ആദ്യവ്യവഹാരങ്ങൾ നടത്തി പരിചയമുള്ള വേറൊരു വക്കീലും കമ്മിററിയിൽ ഉണ്ടായിരുന്നാൽ മതിയാകും എന്നു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ളയും മിസ്റ്റർ ജി. പരമേശ്വരൻപിള്ളയും അഭിപ്രായപ്പെട്ടു. സെക്രട്ടറിയായിട്ടു ഡൻസിപ്പിൻെറ സ്ഥാനമുള്ള ഒരാളും മതിയാകും. ഇപ്പോൾ ആലോചിച്ചിട്ടുള്ളതിൽ വളരെ കുറച്ചു സിൽബന്തികൾമാത്രമെ കമ്മിററിക്കു ആവശ്യമുള്ളു. എന്നാൽ കാര്യം നിയമസഭാമുമ്പാകെ വയ്ക്കണമെന്നായിരുന്നു ഭൂരിപക്ഷാഭിപ്രായം.

ന. പോലീസ്കമ്മീഷണരുടെ ആഫീസിലെ മോട്ടോർ വകുപ്പിൽ ൧൯൦൨ ചിങ്ങം ൧-ാംനു മുതൽ സ്ഥിരമായി ൨൦ രൂപാ ശമ്പളത്തിലും ൨൦-ന/൨-ന ക/ന-൪൦ സ്കെയിലിലും ഒരു ടൈപ്പിസ്റ്റിനെ നിയമിക്കുന്ന

മെന്നും അതിനായി ൧൧൦൨-ലെ പോലീസ് ബഡ്ജററിൽ ൨൨൦ രൂപാ അനുവദിക്കണമെന്നുമുള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു.

൬. താഴെ വിവരിക്കുന്ന ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു പോലീസ് ഔട്ട്പോസ്റ്റ് ഓച്ചിറയിൽ ൧൧൦൨ ചിങ്ങം ൧-ാംനു-മുതൽ നിയമിക്കണമെന്നും അതിനായി ൧൧൦൨-ലെ പോലീസ് ബഡ്ജററിൽ ൩൭൪ രൂപാ അനുവദിക്കണമെന്നുമുള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു.

(൧)	മാസം	൧൩	രൂപാ ശമ്പളത്തിൽ ഒരു	൧-ാം ക്ലാസ്സ്	കാൺസ്റ്റബിൾ
(൨)	൪	൧൧	ടി	൩-ാം	ടി
(൩)	ടി	൧൦	ടി	൪-ാം	ടി

൭. അനന്തരം മഹാരാജാവു തിരുമനസ്സിലെ സ്ത്രീകളുടെ കോളേജിൽ ഇന്റർമീഡിയേററ് പരീക്ഷയുടെ രണ്ടാംഗ്രൂപ്പും ബി. എ. പരീക്ഷയുടെ അഞ്ചും ആറും ഗ്രൂപ്പുകളും സ്ഥാപിക്കുന്നതിനും അതിനായി ൧൧൦൨-ലെ വിദ്യാഭ്യാസബഡ്ജററിൽ ൪൦൦൦ രൂപായും പീ. ഡബ്ല്യൂഡി ബഡ്ജററിൽ ൧൬൦൦൦ രൂപായും അനുവദിക്കണമെന്നുള്ള നിർദ്ദേശം കമ്മിററി ആലോചനയ്ക്കെടുത്തു. വിലവു അധികമായി പോയി എന്നും ഇക്കാര്യത്തെപ്പററി ധൃതികൂട്ടാനുമില്ലെന്നും മിസ്റ്റർ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള പറഞ്ഞു. വെർണാക്കുലർ സ്ക്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുന്നതിനെപ്പററി റിപ്പോർട്ടു ചെയ്‌വാൻ നിയമിച്ചിട്ടുള്ള കമ്മിററി അവരുടെ റിപ്പോർട്ടു സമർപ്പിച്ചശേഷം മാത്രം ഇക്കാര്യം ആലോചനയ്ക്കെടുത്താൽ മതിയെന്നും അതാണ് ഇതിലും പ്രധാനമെന്നും അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിനു താൻ വിരോധിയല്ലെന്നും എന്നാൽ ചെലവു വൻ തുകയായി പോയെന്നും ഇതിനേക്കാൾ മുൻപെ ചെയ്യേണ്ടതായ കാര്യങ്ങൾ ഉണ്ടെന്നും പ്രസ്താവിച്ചു. ഇക്കാരണങ്ങളാൽ, ഈ സംഗതി, നിയമസഭമുമ്പാകെ ഹാജരാക്കുന്നതിനു അദ്ദേഹം പ്രതികൂലിച്ചു. നിയമസഭയിൽ ഇതു വാദിച്ചു തീർച്ചയാക്കേണ്ടതാണെന്നു മി. ജി, പരമേശ്വരൻപിള്ളയും മി. എൻ. വി ജോസഫും സമ്മതിച്ചു. കമ്മിററി ഭൂരിപക്ഷാഭിപ്രായപ്രകാരം തീർച്ചയ്ക്കായി നിയമസഭമുമ്പാകെ വയ്ക്കുന്നതാണെന്നു നിശ്ചയിച്ചു.

൮. അനന്തരം കമ്മിററിയുടെ ആലോചനയ്ക്കു വിഷയമായതു മിസ്സ് യൂനിസ് ഗോമസ് എം. എ. യ്ക്കു ഇംഗ്ലീഷ് ഭാഷയിൽ ഉൽകൃഷ്ട വിദ്യാഭ്യാസത്തിനായി ഓക്സ്ഫോർഡിൽ പോയിപഠിക്കുന്നതിനു രണ്ടുവർഷത്തെ സ്റ്റഡിലീവ് (വിദ്യാഭ്യാസനാവധി) അനുവദിക്കയും അവർ ഇംഗ്ലണ്ടിൽ താമസിക്കുന്നകാലം ദിവസം ഒന്നുക്കു ൧൦ ഷില്ലിങ്ങ് വീതം താമസപ്പടിയും രണ്ടു വർഷത്തെ സ്റ്റഡിലീവ് അലവൻസ് ൨൧൦൦ രൂപായും കൊടുക്കയും ചെയ്യണമെന്നും അതിനായി ൧൧൦൨-ലെ വിദ്യാഭ്യാസബഡ്ജററിൽ ൩൧൦൦ രൂപാ അനുവദിക്കണമെന്നും ഉള്ള സംഗതി ആയിരുന്നു. ഭാഷയിലും സാങ്കേതിക മല്ലാത്ത മററുവിഷയങ്ങളിലും ഉൽകൃഷ്ട വിദ്യാഭ്യാസം വേണമെന്നു ആഗ്രഹിക്കുന്നവർ സ്വന്തചിലവിന്മേൽ പോകേണ്ട താണെന്നു വിചാരിച്ചുകൊണ്ടു മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ളയും മിസ്റ്റർ ജീ. പരമേശ്വരൻപിള്ളയും ഇക്കാര്യത്തിനു പ്രതികൂലമായിരുന്നു. വൈദ്യത്തിൽ ഉൽകൃഷ്ട വിദ്യാഭ്യാസത്തിനു പോകാൻ സ്റ്റഡിലീവ് അനുവദിക്കുന്നതു് കേവലം വ്യത്യസ്തമാണെന്നും അതുകൊണ്ടു ഈ ആലോചനയ്ക്കു താൻ വിരോധിയാണെന്നും കൂടി മിസ്റ്റർ കെ. പരമേശ്വരൻപിള്ള പ്രസ്താവിച്ചു. പിന്നെ ഒരുകാലം ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു വലിയശമ്പളത്തിൽ ഒരു യൂറോപ്യൻ പ്രൊഫസ്സറെ വരുത്തുന്നതിനെക്കാൾ ചാരേ. മിസ്സ് ഗോമസ്സിനു സ്റ്റഡിലീവും അലവൻസും കൊടുക്കുന്നതായിരിക്കുമെന്നു കോളേജിനു അധികം പ്രയോജനം മിസ്സ് ഗോമസിനെക്കൊണ്ടായിരിക്കും എന്നും അതു കൊണ്ടു ഇക്കാര്യത്തിനു താൻ അനുകൂലിയാണെന്നും മിസ്റ്റർ എൻ. വി. ജോസഫ് പ്രസ്താവിച്ചു. കമ്മിററിയിൽ ഭൂരിപക്ഷം അനുകൂലമായിരുന്നതിനാൽ കാര്യം നിയമസഭയുടെ തീർച്ചയ്ക്കായിവിട്ടു.

൯. വെർണാക്കുലർ സ്ക്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുന്ന കാര്യത്തെപ്പററി അന്വേഷണം നടത്താൻ നിയമിച്ച കമ്മിററിയുടെ അംഗമായി ഒരാളെ മൂന്നു മാസത്തേക്കു മാസം ൩൫ രൂപാശമ്പളത്തിന്മേൽ നിയമിക്കണമെന്നുള്ള അഭിപ്രായം കമ്മിററി സ്വീകരിച്ചു. അതിനാവശ്യമുള്ള ൧൦൪ രൂപാ കമ്മിററിയുടെ അനുദ്യോഗസ്ഥ സാമാജികന്മാരുടെ സഞ്ചാരപ്പടിക്കു അനുവദിച്ച ൪൦൦ രൂപായിൽനിന്നു കൊടുക്കുന്നതിനും കമ്മിററി സമ്മതിച്ചു

൧൦. പിന്നീടു കമ്മിററി ആലോചനയ്ക്കെടുത്തതു പ്രൈവററ് കോളേജുകൾക്കും ഹോസ്റ്റലുകൾക്കും ഗ്രാൻറ് അനുവദിക്കുന്ന കാര്യമായിരുന്നു. (൧) പ്രൈവററ് കോളേജുകൾക്കു ഗ്രാൻറു കിട്ടാൻ അവകാശമുണ്ടെന്നു ഒരു പ്രഖ്യാപനം ചെയ്യേണ്ടതാണെന്നു (൨) സംഖ്യാണ്ണയായി ഗ്രാൻറു അനുവദിക്കുന്നതു് വിദ്യാഭ്യാസകോർഡിനേറ്റിബന്ധനകൾക്കനുസരണമായിരിക്കണമെന്നും (൩) ഗ്രാൻറു കൊടുക്കുന്നതു അതിനു പണം ഉള്ളതുപോലെ ആയിരിക്കുമെന്നും ഉള്ളതിനെപ്പററി ആയിരുന്നു പ്രസ്തുത ആലോചന: കോളേജ് ഹോസ്ററലുകൾക്കു മാനേജരുമാരുടെ കയ്യിൽ നിന്നും ചെലവാകുന്ന സംഖ്യനോക്കിക്കൊണ്ടു ഗ്രാൻറു അനുവദിക്കേണ്ടതാണെന്നും സാമാന്യങ്ങൾ പുസ്തകങ്ങൾ സാമഗ്രികൾ ഇവയ്ക്കുള്ള ആകെചെലവിൽ പാതിയും സാങ്കേതിക വിഷയങ്ങൾമാത്രം പഠിപ്പിക്കുന്നതിനുപയോഗിക്കുന്ന കെട്ടിടങ്ങളുടെ ചെലവിൽ പാതിയും മററു വിദ്യാലയങ്ങളുടെ ചെലവിൽ മൂന്നിലൊരംശവും ഗ്രാൻറായി കൊടുക്കേണ്ടതാണെന്നു ഉള്ളസംഗതികൾ ആലോചനക്കുവിഷയീകരിച്ചും ഈ ആവശ്യങ്ങൾക്കു വ്യ, ൪൭൫ രൂപാ വേണ്ടിവരുമെന്നാണു കണക്കാക്കിയതു്. ഗ്രാൻറിനത്തിൽ ൧൧൦൨-ലെ ബഡ്ജററിൽ വ്യ, ൪൦,൦൦൦ രൂപ ഇപ്പോൾതന്നെ അനുവദിച്ചിട്ടുണ്ടു്, ൧൧൦൨-ലെ ബഡ്ജററിൽ വിദ്യാഭ്യാസസംബന്ധമായി നൂൻ,൦൦൦ രൂപാ കൂടുതലായി അനുവദിക്കണമെന്നാണു് ആലോചന, ഇങ്ങനെഗ്രാൻറ് കൊടുക്കുന്നതിനു ബാകുന്ന വ്യ,വൂൻ,൦൦൦ രൂപായിൽ വൂൻ,൦൦൦ രൂപ കോളേജുകൾക്കു ഗ്രാൻറു കൊടുക്കുതിനും വിനിയോഗിക്കണമെന്നാണു് അഭിപ്രായപ്പെടുന്നതു്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ളയും മി: ജി. പരമേശ്വരൻപിള്ളയും ഗ്രാൻറ കൊടുക്കുന്ന കാര്യത്തിനു വിരോധം പറഞ്ഞില്ലെങ്കിലും സർവ്വകലാശാലാകമ്മിററിയുടെ റിപ്പോർട്ടിന്മേൽ ഗവണ്മെൻറ് തീർച്ചയായ ഒരു ഉത്തരവു പുറപ്പെടുവിക്കുന്നതുവരെ ഒന്നാംഗ്രേഡ് കോളേജുകളെപററിക്കുന്നതായ ഒരു നയം പ്രസിദ്ധപ്പെടുത്തുന്നതു യുക്തമല്ലെന്നു വാദിച്ചു. വിദ്യാർത്ഥികൾ അവിടെ താമസിച്ചുപഠിക്കുന്ന ഒരു സർവ്വകലാശാലയാണു വേണ്ടതെന്നു ഗവണ്മെൻറ് തീർച്ചയാക്കിയെന്നു വന്നാൽ പലസ്ഥലങ്ങളിൽ ഒന്നാംഗ്രേഡ് കോളേജുകൾ ഉണ്ടായിരിക്കുന്നതു ഒരു പ്രതിബന്ധമായിത്തീരുന്നതും ഗവണ്മെൻറ് കെട്ടിടങ്ങൾ വർദ്ധിപ്പിക്കുന്നതിന് അനുവാദം നൽകിയും ഗ്രാൻറുകൾ കൊടുത്തും, അവയെപോഷിപ്പിക്കുന്നതിനു ഉത്സാഹിച്ചാൽ അവയുടെ സ്ഥിരാവകാശങ്ങളെപ്പററി വാദങ്ങൾ ഉണ്ടായി ഗവണ്മെൻറിന്നിട്ട് വിഷമത്തിലാകുന്നതും ആകുന്നു. ഗവണ്മെൻറ് ഒരു നയം പ്രസിദ്ധപ്പെടുത്താതിരിക്കുകയൊ, അവയെ പ്രത്യക്ഷമായ് പ്രോത്സാഹിപ്പിക്കാതിരിക്കയൊ ചെയ്താൽ ഗവണ്മെൻറിനു ഉത്തരവാദിത്വമില്ലാതെയെങ്കിലും ഇരിക്കും. അതുവരെയൊരോ കാര്യത്തിലും അതാതിന്റെ ഗുണദോഷം നോക്കിമാത്രം ഗ്രാൻറ കൊടുക്കേണ്ടതും ക്ലിപ്തനയം ഇന്നതെന്ന് പ്രസിദ്ധമാക്കാതിരിക്കേണ്ടതുമാകുന്നു. സർവ്വകലാശാലാ കമ്മിററിയുടെ റിപ്പോർട്ട് സ്വീകരിക്കുന്നതുവരെ ഗവണ്മെൻറ് ഉന്നതവിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ പഠിത്തത്തിനു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യേണ്ടതാകുന്നു എന്നും അതുകൊണ്ടു ഗവണ്മെൻറിന്റെ ആലോചനകൾക്കു താൻ അനുകൂലമാണെന്നും മി: എൻ. വി. ജോസഫ് പ്രസ്താവിച്ചു. ഒടുവിൽ മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ളയും മി: ജി. പരമേശ്വരൻപിള്ളയും കോളേജുകളെ സഹായിക്കുന്നതു ആവശ്യമാണെന്നു സമ്മതിക്കയും രണ്ടു നിബന്ധനകളോടുകൂടി ഗ്രാൻറുകൾ കൊടുക്കുന്നതിനു അനുകൂലിക്കയും ചെയ്തു. (എ) ഗ്രാൻറുകളുടെ ഉദ്ദേശം ഒന്നാംഗ്രേഡ് കോളേജുകളുടെ സ്ഥാപനവും സൃഷ്ടിയും സഹായിക്കുന്നതിനോ പ്രോത്സാഹിപ്പിക്കുന്നതിനോ അല്ല. (ബി) സർവ്വകലാശാല ആരംഭിക്കുന്നകാലത്തു ഗവണ്മെൻറിനെ വിഷമസ്ഥിതിയിലാക്കത്തക്കവണ്ണം ഗ്രാൻറുകൊടുക്കുന്നതിനെക്കുറിച്ചു ഒരു ക്ലിപ്തനയം ഗവണ്മെൻറ് പ്രഖ്യാപനം ചെയ്യരുതു എന്നതാണു നിബന്ധനകൾ.

ഈ അഭിപ്രായത്തോടു മി: എൻ. വി. ജോസഫ് യോജിച്ചു.

ഇങ്ങനെ ൧൯൨൯-ലെ വിദ്യാഭ്യാസ ബഡ്ജററിൽ "൨൦എഫ്- ഗ്രാൻറിൻഎയിഡ്" എന്നതിന്നു സർ, ൧൦൦ രൂപാ കൂടുതലായി അനുവദിക്കുന്നതിനു കമ്മിററിസമ്മതിച്ചു.

൧൨. കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെൻറു സംബന്ധിച്ചുള്ള താഴെപറയുന്ന അഭിപ്രായങ്ങളെ പററി ആലോചിച്ചതിന്റെശേഷം അവയെകമ്മിററി സ്വീകരിച്ചു.

(എ) കരിനിലങ്ങളുടെ പരിശോധനയ്ക്കു പൊറക്കാട്ടു സ്ഥാപിച്ചിട്ടുള്ള പരീക്ഷാസ്റ്റേഷൻ ൧൯൨൯ ചിങ്ങം ൧-ാംനു-മുതൽ മൂന്നുവർഷത്തേക്കുകൂടി വച്ചുകൊണ്ടിരിക്കുന്നതിനും അതിന്നായി ൧൯൨൯-ലെ ബഡ്ജററിൽ താഴെവിവരിച്ചപ്രകാരം സ൦൦൦ൻ രൂപാ അനുവദിക്കണമെന്നും,

(എ) ഒരു ശിപായിക്കു മാസം ൻ രൂപാപ്രകാരം ൧൯ മാസത്തെ ശമ്പളം	.ൻൻ രൂപാ
(ബി) കണ്ടിൻജൻറ ചിലവുകൾ	സ൦൦൦
ആകെ	സ൦൦ൻ

(ബി) മൃഗങ്ങളെ വളർത്തുന്നതിലും ക്ഷീരസംബന്ധമായിലും ഉപരിപരിശീലനത്തിന്നായി ബാങ്കളൂരിലെ ഇമ്പീരിയൽ ഇൻസ്റ്റിട്ട്യൂട്ടിൽപോയി പഠിക്കുന്നതിനു ഇണിയൽ കൃഷിസബ്ബ് ഇൻസ്പെക്ടർ മിസ്റ്റർ കെ. കൃഷ്ണപിള്ളയ്ക്കു ൧൦ മാസത്തെ പഠിത്തകാലാവധി (സ്റ്റഡിലീവ്) കൊടുക്കണമെന്നും അദ്ദേഹത്തിനു അക്കാലത്തെയ്ക്കു ലീവ് അലവൻസ് ൨൨ രൂപായും ദിവസം ഒന്നര രൂപാപ്രകാരം ൪൫൦ രൂപാ താമസച്ചെലവും കൂടി സ൭൫ രൂപാ കൊടുക്കുന്നതിനായി ൧൯൨൯-ലെ ബഡ്ജററിൽ അനുവദിക്കണമെന്നും,

താമസച്ചെലവിനു അനുവദിച്ച ദിവസം ഒന്നരരൂപാ വളരെക്കുറഞ്ഞുപോയിഎന്നും കൃഷിഡയറക്ടർ ശിപാർശചെയ്തപ്രകാരം ദിവസം ഒന്നുക്കു രണ്ടുരൂപാ അനുവദിക്കേണ്ടതാണെന്നും മി: ജി. പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടു. താമസച്ചെലവു വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ ആലോചിക്കാൻ ഇടയില്ലെന്നും ആവശ്യമുണ്ടായാൽ അതിനപ്പുറവി പിന്നീടു ആലോചിക്കേണ്ടതാണെന്നും ആക്ടിങ് ദിവാൻജിഅവർകൾ പ്രസ്താവിച്ചു.

(സി) ആലുവായിലെ കൃഷിവിദ്യാലയം താഴെവിവരിക്കുന്ന സിൽബന്തികളോടുകൂടി ൧൯൨൯ ചിങ്ങം ൧-ാംനു-മുതൽ മൂന്നുവർഷത്തേക്കുകൂടി നടത്തിക്കൊണ്ടുപോകണമെന്നും അതിന്നായി ൧൯൨൯-ലെ ബഡ്ജററിൽ ൪ ൧൦ൻ രൂപാ അനുവദിക്കണമെന്നും.

ഇൻസ്ട്രക്ടർക്കു ൧൯മാസത്തെ ശമ്പളം	ന്യസ്യ൦ രൂപാ.
വീട്ടുകൂലിഉൾപ്പെടെ സിൽബന്തികളുടെ ശമ്പളം (ആശാരിക്കു രൂപാ ൨ ൪, കൊല്ലന്നു രൂപാ ൨ ൪, ഗുമസ്തന്നു രൂപാ ൨൦-൫/൩-൩൦, ഇണ്ടു ശിപായിമാർക്കു രൂപാ ൻ-൧/൩-൧൫)	൧൦ൻൻ
സമ്പാദ്യപ്പണി	൨൫൦
കണ്ടിൻജൻറ ചെലവുകൾ	സ൭൪൦
ആകെ	൪ ൧ന്യൻ

(ഡി) കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെൻറിൽ ഏർക്കണമെന്നു ബോട്ടനിസ്റ്റിന്റേയും (സസ്യവിദഗ്ധന്റേയും) സിൽബന്തികളുടേയും ഉദ്യോഗങ്ങൾ സ്ഥിരമാക്കണമെന്നും അതിന്നായി ഡിപ്പാർട്ടുമെൻറുവക ൧൯൨൯-ലെ ബഡ്ജററിൽ ൨൦൫ രൂപാ അനുവദിക്കണമെന്നും

(എ) മാസം ൧൪൦-രൂപാപ്രകാരം സസ്യവിദഗ്ധന്റെ ശമ്പളം	൧൭൦൦ രൂപാ
(ബി) മാസം ൧൪ രൂപാപ്രകാരം ഒരു അററൻഡന്റുടെ ശമ്പളം	൧൭൦
(സി) ൻ-൧/൩-൧൫ രൂപാപ്രകാരം ഒരു ശിപായിയുടെ ശമ്പളം	൧൦൫
ആകെ	൨൦൫

(ഇ) കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെൻറിന്റെ മത്സ്യവ്യവസായ ശാഖയെ താഴെ വിവരിക്കുന്നപ്രകാരം പുനഃസംഘടനം ചെയ്യണമെന്നു.

(എ) ൧൪൦-രൂപാശമ്പളത്തിൽ ൧൪൦-൧൦-൨൦൦ രൂപാ സ്കെയിലിൽ ഒരു ഇൻസ്പെക്ടറെ കൂടുതലായി നിയമിക്കുക.

(ബി) പറവൂർ ഫിഷറീസബ്ജ് ഇൻസ്പെക്ടരുദ്യോഗം നിറുത്തലാക്കുക,

(സി) ൨൦ രൂപാശമ്പളത്തിൽ ൨൦ ൨/൩ -൩൦ രൂപാ സ്കെയിലിൽ ഒരു ഗുമസ്തനേയും ൯—രൂപാ ശമ്പളത്തിൽ ൯-൧-൩-൧൧ സ്കെയിലിൽ ഒരു ശിപായിയെയും കൂടുതലായി നിയമിക്കുക,

(ഡി) അധികംകായ്ക്കുക്ഷമതയോടുകൂടിയ മേലനേഷണം ഉണ്ടായിരിക്കത്തക്കവണ്ണം ഫിഷറി ഇൻസ്പെക്ടർമാരുടെ ജോലിവിഭാഗിക്കുകയും ൧൧൦൨ ലെ ബഡ്ജററിൽ ൧൩൯൯ രൂപാ അതിന്നായി അനുവദിക്കുകയും ചെയ്യുക.

(ഇ) പുളിയറ പരീക്ഷണാർത്ഥമായുള്ള കൃഷിത്തോട്ടത്തിലെക്ക ഒരു ജലസൂത്രം വാങ്ങേണമെന്നും അതിന്നായി കൃഷിയും രത്നവ്യവസായവും ഡിപ്പാർട്ടുമെൻറുവക ൧൧൦൨ലെ ബഡ്ജററിൽ ൧൭൦൦ രൂപാ അനുവദിക്കണമെന്നും.

൧൩. വ്യവസായഡിപ്പാർട്ടുമെൻറുവക താഴെവിവരിക്കുന്നസംഗതികളെപ്പററി കമ്മിററി ചിന്തിച്ചു അവയെ സ്വീകരിച്ചു.

(൧) കൈത്തയോലകൊണ്ടു പണസഞ്ചികൾ, ചുരുട്ടുപെട്ടികൾ, പായ്കൾ, സഞ്ചികൾ മുതലായവ ഉണ്ടാക്കി പരീക്ഷിച്ചുനോക്കണമെന്നും അതിന്നായി വ്യവസായഡിപ്പാർട്ടുമെൻറുവക ൧൧൦൨ലെ ബഡ്ജററിൽ ൨൪൦ രൂപാ അനുവദിക്കണമെന്നും.

(൨) തിരുവനന്തപുരം ശ്രീമൂലം സംഗീതികസ്കൂളിൽ ൧൧൦൨ ചിങ്ങം ൧-ാംനു മുതൽ ഒരുവർഷത്തേക്ക ൪൦ രൂപാശമ്പളത്തിൽ ഒരദ്ധ്യാപകനെ കൂടുതലായി നിയമിക്കണമെന്നും അതിന്നായി വ്യവസായ ഡിപ്പാർട്ടുമെൻറുവക ൧൧൦൨-മാണ്ടത്തെ ബഡ്ജററിൽ ൪൪൦ രൂപാ അനുവദിക്കണമെന്നും.

(൩) നാഗരുകോവിൽ എസ്. എം. ആർ. വി. വിദ്യാലയത്തിൽ മാസം ൪൦ രൂപാ ശമ്പളത്തിൽ ഇരിക്കുന്നതെയ്ത്തു അദ്ധ്യാപകനെ ൧൧൦൨-ലും ജോലിയിൽ വച്ചുകൊണ്ടിരിക്കണമെന്നും അതിന്നായി വ്യവസായ ഡിപ്പാർട്ടുമെൻറുവക ൧൧൦൨-ലെ ബഡ്ജററിൽ ൪൪൦ രൂപാ അനുവദിക്കണമെന്നും

൧൪. പരസ്പരസഹായഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങളെ കമ്മിററി ചിന്തിച്ച് സ്വീകരിച്ചു.

(൧) പരസ്പരസഹായസംഘംവകുയോഗങ്ങൾക്ക ഗ്രാൻറു കൊടുക്കുന്നതിനും പരസ്പരസഹായസംഘങ്ങളുടെ ശമ്പളമില്ലാത്ത സംസ്ഥാപകന്മാക്ക സഞ്ചാരപ്പടികൊടുക്കുന്നതിനുമായി പരസ്പരസഹായഡിപ്പാർട്ടുമെൻറുവക ൧൧൦൨ലെ ബഡ്ജററിൽ ൨൦൦൦ രൂപാ അനുവദിക്കണമെന്നു.

(൨) സൂപ്പർവൈസിങ്ങ് യൂണിയനിന്നു ഗ്രാൻറുകൊടുക്കുന്നതിന്നു പരസ്പരസഹായഡിപ്പാർട്ടുമെൻറുവക ൧൧൦൨ലെ ബഡ്ജററിൽ ൪൦൦൦ രൂപാ അനുവദിക്കണമെന്നു.

(൩) ൪൦-൫/൨-൬൦ രൂപാ ശമ്പളത്തിൽ മൂന്നു തച്ചുലെ പരസ്പരസഹായസംഘം ഇൻസ്പെക്ടർമാരെയും ൯-൧/൩-൧൧ രൂപാശമ്പളത്തിൽ മൂന്നു ശിപായിമാരെയും നിയമിക്കണമെന്നും ഇപ്പോളുള്ള ഏഴുതച്ചുലെ ഇൻസ്പെക്ടർമാരെയും അവരുടെ ഏഴുശിപായിമാരെയും ൧൧൦൨-ലും ജോലിയിൽവച്ചുകൊണ്ടിരിക്കണമെന്നും അതിന്നായി പരസ്പരസഹായ ഡിപ്പാർട്ടുമെൻറുവക ൧൧൦൨ലെ ബഡ്ജററിൽ താഴെവിവരിക്കുന്നപ്രകാരമുള്ള ൯൪൦ രൂപാ അനുവദിക്കണമെന്നും.

പത്തുഇൻസ്പക്ടർമാക്ക പതിനൊന്നുമാസത്തെ ശമ്പളം	൪൪൦൦ രൂപാ
അവക്ക് മാസം൩൦ രൂപാപ്രകാരം സ്ഥിരസഞ്ചാരപ്പടി	൩൩൦൦
പത്തുശിപായിമാരുടെ ശമ്പളം	൯൯൦
൫ സഞ്ചാരപ്പടി	൪൦൦
കണ്ടിൻജൻറുചെലവു	൨൧൦
ആകെ	൯൪൦

ബഡ്ജററ് ഫിനാൻസുസെക്രട്ടറി ൧-ാം ഖണ്ഡം പ്രധാനമായി ലാൻഡ്റവന്യൂ ബഡ്ജററ് കമ്മിററിവീണ്ടും ആലോചനയ്ക്കെടുത്തു. പാവപ്പെട്ടകാരന്മാക്ക രണ്ടാംഗ്രേഡിൽനിന്നു ഒന്നാം ഗ്രേഡിലേക്ക കയററംകൊടുക്കുമ്പോൾ അവരെ അവരുടെ സ്ഥലങ്ങളിൽനിന്നു മാററിവേറെ സ്ഥലങ്ങളിൽ ആക്കുന്നതു നഷ്ടമായിരിക്കുമെന്നും ഈ നഷ്ടത്തിന്നു ഇടയാകാത്തവണ്ണം ഏപ്പാടുചെയ്യണമെന്നു ലാൻഡ് റവന്യൂകമ്മിഷണരോടു ആജ്ഞാപിക്കണമെന്നും മി: ജി. പരമേശ്വരൻപിള്ള പറഞ്ഞു. പാവപ്പെട്ടകാരന്മാർ അവരുടെ ജീവിതസംഖ്യ പലിശകുറച്ചുമാത്രം ഇല്ലാഗവണ്മെൻറു സേവിംഗ്സ് ബാങ്കിൽ ഡിപ്പോസിററ് ചെയ്യുന്നതിനുപകരം പരസ്പരസഹായ ബാങ്കുകളിൽ നിക്ഷേപിക്കുവാൻ അനുവദിക്കണമെന്നും അദ്ദേഹം പ്രസ്താവിച്ചു.

അതിനുശേഷം, മി: ജി. പരമേശ്വരൻപിള്ള തിരുവനന്തപുരം നഗരത്തിൽ ഒരു അനുദ്യോഗസ്ഥ പ്രസിഡൻറിനെ നിയമിക്കേണ്ട ആവശ്യകതയെപ്പററി പ്രസ്താവിച്ചു.

വൈകിട്ടു ൩-൨ മണിക്ക കമ്മിററിയുടെ യോഗം അവസാനിച്ചു.

ടി. പി. രാമസുബ്ബയ്യർ.
ഫൈനാൻസ് കമ്മിററി സംയോജകൻ.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൨൭ ആഗസ്റ്റ് ൪-ാംനു

(A true Translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർനിയമസഭ.

രണ്ടാമത്തെ കൗൺസിൽ,

രണ്ടാമത്തെ സെഷൻ—൧൯൨൮.

അഫിഷ്യൽ റിപ്പോർട്ട്.

൧൯൨൮ ആഗസ്റ്റ് ൩-ാം൹ ൧൯൨൦ കർക്കടകം ൨൧-ാം൹ വ്യാഴാഴ്ച.

സഭായോഗം പകൽ മണി ൧൦ അടിച്ചു മുപ്പത്തഞ്ചു മിനിട്ട് ആയപ്പോൾ വീണ്ടുംകൂടി. എം. ഇ. വാടസ എക്സിക്യൂട്ടീവ് ബി. എ. ബാരിസ്റ്റർ അട്വാ അദ്ധ്യക്ഷൻ ആയിരുന്നു. മിസ്റ്റർ തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ, മിസ്റ്റർ കെ. സി. മാമ്മൻ മാപ്പിള, മിസ്റ്റർ എസ്. പിറവിപ്പെരുമാൾപിള്ള മിസ്റ്റർ എം. ശിവതാണുപിള്ള, മിസ്റ്റർ എം. സുബ്രഹ്മണ്യപിള്ള, മിസ്റ്റർ എസ്. സുബ്രഹ്മണ്യക്കരയാളർ ഇവർ ഒഴികെ എല്ലാ മെംബർമാരും ഹാജരായിരുന്നു.

പ്രൈസിഡെണ്ട്: പ്രസിഡണ്ടപ്പെടത്തിട്ടില്ലാത്തതോ സഭയുടെ മേശപ്പുറത്തു വച്ചിട്ടില്ലാത്തതോ ആയ ഗവർണ്മെണ്ട് നിയമിച്ച ഒരു കമ്മിട്ടിയുടെ റിപ്പോർട്ടിനെ സഭയിൽ നടക്കുന്ന വാദപ്രതിവാദത്തിൽ ഉദ്ധരിച്ചു പ്രസ്താവിക്കാമോ എന്നുള്ള രീതിസംബന്ധമായ പ്രശ്നം സഭയുടെ കഴിഞ്ഞ സെഷനിൽ ചോദിക്കപ്പെട്ടു. ഒരു സംഗതിയെ പരിശോധിച്ചു തീർച്ചപറയാം എന്നു ഞാൻ വാക്കു പറഞ്ഞു. ഒരു സംഗതിയെ കുറിച്ചു ചട്ടങ്ങളേയും സ്ഥിതാന്തങ്ങളേയും ഗ്രേറ്റ് ബ്രിട്ടണിലേയും ഐർലണ്ടിലേയും പാർലിമെണ്ടുകളിൽ നടപ്പുള്ള നടപ്പിനേയും ഞാൻ പരിശോധിച്ചു. എന്റെ തീർച്ച ഇപ്രകാരം ആകുന്നു.

"ഒരു പ്രമാണം സഭയുടെ മേശപ്പുറത്തു വച്ചിരുന്നിരിക്കയോ വയ്ക്കപ്പെട്ടു വരികയോ അല്ലെങ്കിൽ മറെറ വിധത്തിൽ മെംബർമാർക്കു കൊടുക്കപ്പെടുകയോ ചെയ്താൽ അല്ലാതെ അതിനെ വാദപ്രതിവാദത്തിനിടയിൽ പ്രായോഗിച്ചു പറയാൻ പാടില്ല. എന്നാൽ ഒരു ചട്ടം പബ്ലിക് അല്ലാത്ത പ്രമാണങ്ങളെ ആകട്ടെ ഗവണ്മെണ്ട് ഗൂഢമായുള്ളതെന്നോ മറെറ വിധത്തിൽ സ്വതന്ത്രമാണെന്നോ അവകാശപ്പെടുന്നതായ പബ്ലിക് പ്രമാണങ്ങളെ ആകട്ടെ സംബന്ധിക്കുന്നതല്ല"

പ്രശ്നങ്ങളും മറുപടിയും.

ഉപ്പുകൂടുതൽ ആയി വിളയിക്കുന്നതിന് പ്രതിബന്ധങ്ങൾ.

൨൧. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): തിരുവിതാംകൂറിലെ ഉപ്പളങ്ങളിൽ കൂടുതൽ ഉപ്പ് വിളയിക്കുന്നതിന്പ്രതിബന്ധമായിരിക്കുന്നതും ൧൯൦൦-ാമാണ്ടു മകരമാസം ൨-ാം നടന്നതായ നിയമസഭായോഗത്തിൽചോദിച്ച ൯൪-ാം നമ്പർ പ്രശ്നത്തിന്ഗവണ്മെണ്ട് പറഞ്ഞ മറുപടിയിൽ ഗവണ്മെൻറിനു അറിയാവുന്നതാണെന്നു പറഞ്ഞിട്ടുള്ളതും ആയ കാരണങ്ങൾ ഏതെല്ലാമാണെന്നു ഗവണ്മെൻറ് സഭയോടു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): പ്രധാനകാരണങ്ങൾ താഴെ പറയുന്നവ ആകുന്നു.

(i) നാട്ടുകളുത്തു കടലിൽ നിന്നുള്ള കൈവഴിയിൽ നിന്നല്ല സ്വഭാവേനയുള്ള ഉൾക്കടലിൽ നിന്നു ഉപ്പുവെള്ളം കയറേണ്ടിയിരിക്കുന്നതുകൊണ്ട് ആ ഉപ്പ്വെള്ളത്തിൽ പ്രതിത്വാളണ്ടാകുന്ന കുറവു;

(ii) കോതയാറുകൾ വെള്ളം സമീപസ്ഥലങ്ങളിൽ കൃഷിക്കായി പായിക്കുന്നതു നിമിത്തം ആ ശുദ്ധജലം ഉപ്പ്പാത്തികളിൽ ഊറിയിറങ്ങുകയും ഉപ്പ് വിളയിക്കുന്നതിനു ഉപയോഗിക്കുന്ന ഉപ്പ്വെള്ളത്തിന്റെ ഗുണത്തെ കുറയ്ക്കുകയും ചെയ്യുന്നു;

(iii) വർഷകാലങ്ങൾ ഉപ്പ് കൃഷിക്കുള്ള കാലത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു, അതുകൊണ്ട് ഉപ്പു വിളയിക്കുന്നതിനെ നിറുത്തി വയ്ക്കേണ്ടിവരുന്നു.

(iv) അടുത്തകാലത്തു മഴ വർദ്ധിച്ചുപോകുകയും കൊടുങ്കാററു ഉണ്ടായതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) താഴെക്കുള്ള അളവിൽ നല്ല ബ്രൈൻകിട്ടാതായതു എപ്പോൾ മുതൽക്കാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): കൃത്യമായിട്ടു പറയാൻ സാധിക്കയില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആദ്യം നല്ല ബ്രൈൻകിട്ടി കൊണ്ടിരുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): ഇല്ലെന്നു തന്നെയാണ് പറയേണ്ടതു്. ആദ്യം മുതൽക്കേ ഒരു സ്ഥിതിതന്നെയാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ശുദ്ധജലത്തിന്റെ ഉപദ്രവത്തെ തടുക്കാൻ ഗവണ്മെണ്ട് എന്താണ് ചെയ്തിട്ടുള്ളതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): "ഉപ്പ് കൂടുതൽ വിളയിക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ" എന്നതിനെ സംബന്ധിച്ചുള്ള മുഖ്യപ്രശ്നത്തിൽനിന്നു ഇതെല്ലാം ജനിക്കുന്നുണ്ടോ എന്നു അഗ്രാസനത്തിൽ നിന്നു ഒരു വിധി കിട്ടണം എന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രൈസിഡെണ്ട്: വിവരം നിങ്ങൾക്കു അറിയാം എങ്കിൽ നിങ്ങൾ മറുപടി പറയുന്നതാണ് എന്നു എനിക്കു തോന്നുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു ചോദ്യത്തിനു ഗവണ്മെൻറ് ഉത്തരം ചോദ്യത്തിനു നല്കിട്ടുള്ള മറുപടിയിൽ ഗവണ്മെൻറിനു അതിനെപ്പററി അറിയാം എന്നു പറഞ്ഞിട്ടുള്ളതു കൊണ്ടാണ് ചോദിക്കുന്നതു്.

G. P. T. 589. 150. 5-4-104

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി) അതിലേക്കുള്ള കാരണത്തെപ്പററിയാണ്. അതിയാം എന്നു പറഞ്ഞിട്ടുള്ളതു് ആ കാര്യം അദ്ദേഹം മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു കാരണങ്ങളെ പരിഹരിക്കാൻ ഗവണ്മെണ്ട് എന്തു ചെയ്തു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഉപ്പളങ്ങളിൽ പണി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ.

൨൫. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) ഉപ്പളങ്ങളിൽ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരേയും കീഴ് ജീവനക്കാരേയും രണ്ടു കൊല്ലത്തിൽപ്പററി കാലം വച്ചിരിക്കുന്നതു് അവരുടെ ആരോഗ്യത്തിനു ഹാനികരം ആണെന്നു ഗവണ്മെണ്ട് അറിഞ്ഞിട്ടുണ്ടോ?

(ബി) ഉപ്പളങ്ങളിൽ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരും കീഴ്ജീവനക്കാരും പുത്രകാലത്തേക്കു അവിടെ ജോലിനോക്കണം എന്നു കീഴ്വഴക്കമില്ലെന്നും നിശ്ചയിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ എന്തു്?

(സി) ഇപ്പോൾ ഉപ്പളങ്ങളിൽ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരും അവരുടെ സർവ്വീസ് കാലവും, ഉപ്പളത്തിൽ ഉള്ള സർവ്വീസ് കാലവും, ഒന്നിലധികം തവണ അവിടെ നിയമിച്ചിട്ടുള്ളവരുടെ പേരും ആ ആൾ: തവണയും അവരെ അവിടെ നിയമിച്ചിരുന്ന കാലവും കാണിച്ചു ഒരു പട്ടിക ഗവണ്മെണ്ട് സദയം മേശപ്പുറത്തു വയ്ക്കുമോ?

(ഡി) ക്രമൻസ്യ-രം ക്ര ൦ ൦-ം ഇടയ്ക്കു ഉപ്പളങ്ങളിലേക്കു മാററുകയും എന്നാൽ അവർ അവിടെ ചെന്നെത്തും മുമ്പേ ഉടൻ തന്നെ മററു സ്ഥലത്തേക്കു മാററുകയും ചെയ്തു ആളുകളുടെ പേരും അവരെ ഏതു സ്ഥലത്തേക്കു പിന്നീടു മാററി എന്നും ഗവണ്മെൻറ് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) യും (ബി) യും മറുപടി നിഷേധം.

(സി) ക്ര ൦ ക്ര മിനാ ക്രവുന്ന ഉപ്പളങ്ങളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ പേരും മൊത്തം സർവ്വീസ് മുതലായ വിവരങ്ങൾ, മെമ്പർക്കു വായിച്ചു നോക്കത്തക്കവണ്ണം നിയമസഭാ സെക്രട്ടറിയുടെ ആഫീസിലുണ്ട്.

(ഡി) അറിഞ്ഞിടത്തോളം അങ്ങിനെ സംഭവങ്ങൾ ഉണ്ടായിട്ടില്ല.

പതിതസമുദായക്കാരുടെ പേരിൽ ഭൂമി പതിച്ചു കൊടുക്കൽ.

൨൬. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) (എ) കൽക്കുളം താലൂക്ക കോതനല്ലൂർ പകുതിയിൽ പതിത സമുദായത്തിലെ ചേന്നവരുടെ പേരിൽ പതിച്ചു കൊടുക്കുന്നതിനായി വനം ഡിപ്പാർട്ടുമെൻറിൽ നിന്നു എടുത്തിട്ടുള്ള സ്ഥലത്തിൻെറ പേരും വിസ്താരവും,

(ബി) ഈ പ്രദേശം പതിച്ചു കിട്ടുന്നതിനായി ഇതുവരെ കിട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണവും ഗവണ്മെണ്ട് സദയം പറയുമോ?

(സി) മററു താലൂക്കുകളിൽ ഉള്ള അനേകം ഭൂമിയുടമസ്ഥന്മാർ പുതുതായ ചട്ടങ്ങളെ അവഗണിച്ചും വനം ഡിപ്പാർട്ടുമെണ്ട് ഈ സ്ഥലത്തെ റവന്യൂഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കുന്നതിനു മുൻപായും ഈ പ്രദേശത്തു പ്രവേശിക്കയും തന്നിമിത്തം പതിത സമുദായങ്ങളിൽ ഉള്ളവർക്കു ദോഷം വരുത്തുകയും ചെയ്തിട്ടുള്ള അവസ്ഥകളെക്കുറിച്ചു ഗവണ്മെൻറിനു അന്വേഷിക്കാൻ ദയയുണ്ടാകുമോ?

(സ) ഈ ഭൂമി വാസ്തവത്തിൽ പതിത സമുദായക്കാരുടെ പേരിൽ പതിച്ചു കൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു തന്നെയോ?

(ഴ) കോതനല്ലൂർ പകുതിയിൽ സ്ഥിരതാമസക്കാരായ പതിത സമുദായക്കാരുടെ അവകാശങ്ങളെ ഗവണ്മെണ്ട് സദയം ആലോചിച്ചു ഈ ഭൂമികളെ അവർക്കു പതിച്ചു കൊടുക്കുമോ?

(ഇ) കോതനല്ലൂർ പകുതിയിലെ സ്ഥിരതാമസക്കാരായ പതിത സമുദായക്കാർ കൈവശം വച്ചു അനുഭവിച്ചു വരുന്ന ഈ വസ്തുക്കളെ പതിച്ചു കിട്ടുന്നതിനു അന്യതാലൂക്കുകളിൽ സ്വാധീനശക്തിയുള്ള ജനങ്ങൾ അപേക്ഷിക്കയും കൈവശക്കാരെ ഇറക്കാൻ ശ്രമിക്കയും ചെയ്യുന്ന വസ്തുതയെ കുറിച്ചു ഗവണ്മെണ്ട് സദയം അന്വേഷിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) (എ) കോതനല്ലൂർ പകുതിയിൽ സർവ്വേ നമ്പർ ൨ ൦ നമ്പരിൽ ഉൾപ്പെട്ടതായി ൨ ൦ ൪ ഏക്കർ ൪ ൭ സെൻറ വിസ്താരം ഉള്ള പ്രദേശം പതിതസമുദായക്കാരുടെ പേരിൽ പതിച്ചു കൊടുക്കുന്നതിനായി നീക്കിവച്ചിട്ടുണ്ട്. ഈ വസ്തുക്കളെ വനം ഡിപ്പാർട്ടുമെൻറിൽ നിന്നു ഏററു വാങ്ങിച്ചിട്ടില്ല. അവ ആദ്യം റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ അധീനത്തിൽ ഇരുന്നു. പിന്നീടു അതിൽ നിന്നുള്ളതേക്കു തടികളെ വെട്ടിമാററുന്നതിനായി അവയെ വനം ഡിപ്പാർട്ടുമെൻറിൽ ഏൽപ്പിച്ചു. വൃക്ഷങ്ങളെ മാററിയതിൽ പിന്നീടു അവയെ റവന്യൂ ഡിപ്പാർട്ടുമെൻറിനെ പുനഃസ്ഥ ഏൽപ്പിച്ചു. പുറമ്പോക്കു പേരിൽ പതിഞ്ഞതും ആയി ൧ ൭ ഏക്കർ ൨ ൧ സെൻറ വിസ്താരം ഉള്ളതു കഴിച്ചു ശേഷം സ്ഥലം കുടികളുടെ പേരിൽ പതിച്ചു കൊടുക്കുന്നതിനുണ്ട്.

(ബി) ൪ ൭ അപേക്ഷകൾ ൨ ൦ അപേക്ഷക്കാർ ഭൂമിയിൽ പ്രവേശിച്ചു കൈവശം വച്ചു ഭുജിക്കുന്നു.

(സി) മററു താലൂക്കുകളിലെ യാതൊരു ഗൃഹസ്ഥനും ഒഴിച്ചിടപ്പെട്ട പ്രദേശത്തിൽ പ്രവേശിച്ചിട്ടില്ല. കൈവശം വച്ചു കൊണ്ടിരിക്കുന്നവർ, തക്കല, കൽക്കുളം, കോതനല്ലൂർ ഈ പകുതികളിലെ സ്ഥിരനിവാസികൾ ആകുന്നു.

(സ) ഒഴിച്ചിട്ട വസ്തുക്കളെ പതിത സമുദായക്കാക്കു മാത്രം പതിച്ചു കൊടുക്കണം എന്നു നിശ്ചയിച്ചിരിക്കെ അവർക്കുള്ള വസ്തു സംബന്ധമായ യോഗ്യതകളെ സംബന്ധിച്ചു ഒഴിച്ചിട്ട കാലത്തു യാതൊരു നിബന്ധനകളും നിശ്ചയിച്ചിട്ടില്ല.

(ഴ) അവരുടെ അവകാശങ്ങളെയും ആലോചിക്കുന്നതാണ്.

(ഇ) അഴിച്ചിടപ്പെട്ട പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലത്തും അന്യരാജ്യങ്ങളിൽ ഉള്ള യാതൊരാളും പ്രവേശിക്കയോ കുടിയേറ്റ അനുവദിച്ചു കിട്ടണം എന്നു അപേക്ഷിക്കയോ കുടിയേറ്റ ചെയ്തിട്ടില്ല.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും) കോതനല്ലൂർ പകുതിയിൽ അനേകം സാധുക്കൾക്കു വീടില്ലാതെയും താമസിക്കാൻ നിവൃത്തിയില്ലാതെയും ഇരിക്കുമ്പോൾ പുറമേ നിന്നു വരുന്ന ആളുകൾക്കു ഈ സ്ഥലം പതിച്ചു കൊടുക്കുന്ന നയം നന്നായിരിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): പുറമെയുള്ള ആളുകൾക്കു പതിച്ചു കൊടുക്കാൻ ഉദ്ദേശിച്ചിട്ടില്ല എന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): പുറമെ നിന്നും ആളുകൾ ഈ പകുതിയിലുള്ള സ്ഥലങ്ങളിൽ പ്രവേശിച്ചു കൃഷി മുതലായവ ചെയ്തു കഴിഞ്ഞാൽ അവക്കു പതിച്ചു കൊടുക്കുന്നില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): പുറമെയുള്ള ആളുകൾക്കു പതിച്ചു കൊടുത്തിട്ടില്ല എന്നു മറുപടിയിൽ ഉണ്ട്.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): പകുതിയിലെ കാര്യമാണ് ചോദിക്കുന്നത്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): പകുതിക്കു പുറമെ നിന്നാണെങ്കിൽ അങ്ങനെയുള്ള ആളുകൾക്കു പതിച്ചു കൊടുത്തിട്ടുണ്ടോ എന്നു കൂടുതൽ അന്വേഷണം ചെയ്തു മറുപടി പറയേണ്ടിയിരിക്കുന്നു.

ഇരണിയൽ, ശ്രീചീന്ദ്രം, കന്യാകുമാരി, താഴക്കുടി എന്നീ കൺസർവെൻസി നഗരങ്ങളുടെ വിസ്താരവും ജനസംഖ്യയും എന്തു?

(ബി) ഈ നഗരങ്ങളെ സംബന്ധിച്ചു ഫ്രീഡം-മാരെങ്കിലും ഫ്രീഡ്-മാരെങ്കിലും സാനിട്ടറികമ്മിഷണർ അയച്ചിട്ടുള്ള ഇൻസ്പെക്ഷൻ നോട്ടുകൾ ഗവണ്മെന്റു മുമ്പാകെ വയ്ക്കുമോ?

(സി) ഈ നഗരങ്ങളിൽ സാംക്രമികരോഗങ്ങൾ ഉൽപ്പെടുന്നു എന്നും അവയാൽ അനേകം ജനങ്ങൾ മരിക്കുന്നു എന്നും ഗവണ്മെന്റിനറിയാമോ?

(ഡി) ഈ നഗരങ്ങളിൽ ഓരോന്നിലും ഉള്ള ജനങ്ങൾക്കു കുടിക്കാൻ നല്ലവെള്ളം കിട്ടുന്നില്ല എന്നു ഗവണ്മെന്റു അറിയാൻ ഇടയായിട്ടുണ്ടോ?

(ഇ) ഈ ദോഷത്തെ പരിഹരിക്കാൻ ഗവണ്മെന്റു വല്ലതും ചെയ്തിട്ടുണ്ടോ ചെയ്തിട്ടുണ്ടെങ്കിൽ എന്തു?

(എഫ്) കന്യാകുമാരിയിൽ വാവാത്തുറയിൽ ജനാരോഗ്യത്തെ സംബന്ധിച്ചു സാനിട്ടറി കമ്മിഷണർ ഫ്രീഡ്സ്, ഫ്രീഡ് ഈ തുണ്ടുകളിൽ ഗവണ്മെന്റിനെക്കു എഴുതി ബോധിപ്പിച്ചിട്ടുണ്ടോ? ആ റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കുമോ? ആ റിപ്പോർട്ടിന്മേൽ ഗവണ്മെന്റു വല്ല നടപടിയും നടത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടി?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

		വിസ്താരം	ജനസംഖ്യ
(എ)	ഇരണിയൽ	൪ ച: മൈൽ	൪൩൪൫
	ശ്രീചീന്ദ്രം	൮ ,,	൩൩൭൦
	കന്യാകുമാരി	൩ ,,	൩൩൦൪
	താഴക്കുടി	൪ ൮/൮൮	൩൮൯൩

(ബി) ഒന്നാംഭാഗത്തിനു മറുപടി നിഷേധം. റിപ്പോർട്ടു വായിക്കയും ഇൻസ്പെക്ഷൻനോട്ടുകളിൽ പറഞ്ഞിരിക്കുന്ന സംഗതികളെക്കുറിച്ചു ഡിപ്പാർട്ടുമെന്റു മേലധികാരികൾ സ്വന്തമായ ശിപാർശകൾ ചെയ്തുമ്പോൾ നടപടി നടത്തുകയും ചെയ്യുന്നുണ്ട്.

(സി) ഈ സ്ഥലങ്ങളിൽ ചിലപ്പോൾ എല്ലാം സാംക്രമികരോഗങ്ങൾ ഉത്ഭവിക്കാറുണ്ടെന്നും ആ അവസരങ്ങളിൽ ഏതാനും മരണങ്ങൾ ഉണ്ടാകാറുണ്ടെന്നും ഗവണ്മെന്റിനറിയാം.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. ശ്രീചീന്ദ്രത്തെ കാര്യം ആകട്ടെ അവക്കു കുടിക്കാൻ നല്ലവെള്ളം സംഭരിക്കാനുള്ള സംഭാവ്യതയെ പ്രത്യേകമായി പരിശോധിച്ചു. എന്നാൽ അവിടെ കുഴിച്ചു കിണറുകളിൽ ഉപ്പുവെള്ളമേ കാണാറുള്ളു എന്നുവരികിലും തെക്കുമണ്ഡലത്തിൽ ഉള്ള കിണറിൽ നല്ലവെള്ളമുണ്ടെന്നു അതിനെ കേടുപാടുതീർത്തു നന്നാക്കി. അങ്ങേൽആഫീസിനു എതിരെയുള്ളതായ മറ്റൊരു കിണറിനേയും നന്നാക്കുന്നതിനു നടപടി നടത്തിവരുന്നു. മറ്റുസ്ഥലങ്ങളിൽ കുടിക്കാൻ ശുദ്ധജലം സംഭരിക്കുന്നകാര്യത്തിൽ ഗവണ്മെന്റു ഈ വിഷയത്തെ സാമാന്യേന ആലോചിക്കയും കുടിക്കുന്നതിനുള്ള ജലം ഇല്ലാത്തതായ ഗ്രാമീണപ്രദേശങ്ങളിൽ കിണറുകൾ കുഴിക്കുന്നതിനു ചീഫ്എഞ്ജിനീയർതന്നെ ശ്രമിക്കണം എന്നു അദ്ദേഹത്തിനോടു ആജ്ഞാപിക്കയും ചെയ്തിരിക്കുന്നു.

(എഫ്) സാനിട്ടറി കമ്മിഷണർ ഇക്കാര്യത്തെ ഇൻസ്പെക്ഷൻ നോട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. ചോദ്യത്തിലെ മറ്റുഭാഗങ്ങളുടെ കാര്യത്തിനു മേൽ (ബി) ഭാഗത്തിനു പറഞ്ഞിരിക്കുന്ന മറുപടി മെമ്പർ നോക്കിക്കാണുക.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (ബി) ഭാഗത്തിൽ പറഞ്ഞിട്ടുള്ള റിപ്പോർട്ട് എല്ലാഡിപ്പാർട്ടുമെന്റു മേലധികാരികൾക്കും അയച്ചുകൊടുത്തിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മറുപടിയിൽ അങ്ങിനെയാണു പറയുന്നതു; പാർട്ടു (ബി)-യിൽ പറയുന്ന റിപ്പോർട്ട് ഡിപ്പാർട്ടുമെന്റധികൃതന്മാരുടെ ശിപ്പാർശക്കായിട്ടു അയച്ചിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അങ്ങിനെ ഇവിടെ പറഞ്ഞിട്ടില്ലല്ലോ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം); സംഗതികളെകുറിച്ചു ഡിപ്പാർട്ടുമെൻറ്മേലധികാരികൾ സൂക്ഷ്മമായ ശിപാർശചെയ്യുമ്പോൾ നടപടി നടത്തുകയും ചെയ്യുന്നുണ്ട് എന്നുപറഞ്ഞിട്ടുണ്ടല്ലോ.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു ജനറൽ സ്റ്റേറ്റുമെൻറാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): ഡിപ്പാർട്ടുമെൻറുമേലധ്യക്ഷന്മാരുടെ വിചാരം അറിയാതെ അതിനെ സംബന്ധിച്ചു എങ്ങനെ എഴുതിയയക്കാൻ സാധിക്കും.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു സാനിട്ടറി കമ്മീഷണരുടെ റിപ്പോർട്ടിനെ സംബന്ധിച്ചുമാത്രമാണു പറഞ്ഞിട്ടുള്ളത്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): അതിൽ മററുള്ളവർക്കു അയച്ചുകൊടുക്കുന്നതായിട്ടു പറഞ്ഞിട്ടില്ല. സാധാരണ ഡിപ്പാർട്ടുമെൻറ്മേലധ്യക്ഷന്മാരുടെ ശിപാർശപോലെ ചെയ്യുമെന്നാണു മറുപടിപറഞ്ഞുവരുന്നത്. അവർക്കു ഈ റിപ്പോർട്ടുകൾ ഇല്ലെങ്കിൽ ഈ റിപ്പോർട്ടു എന്താണെന്നും അതനുസരിച്ചു എന്തെല്ലാം ചെയ്യണമെന്നും അറിയാൻ തരമില്ലല്ലോ.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): നടപടിനടത്താൻ ഈ റിപ്പോർട്ടിന്റെപ്പുറമേ ഡിപ്പാർട്ടുമെൻറ് മേലധ്യക്ഷന്മാരോടു ചോദിച്ചു മറുപടി വരുത്തണമെന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): എന്നു ഞാൻ മനസ്സിലാക്കിയില്ല.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഇപ്പോൾ ഇവിടെ പറഞ്ഞിരിക്കുന്നതു പ്രത്യേകം റിപ്പോർട്ടല്ല. അതനുസരിച്ചാണു നടപടി നടത്തുന്നതു എന്നാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): ഇങ്ങനെയുള്ള കാര്യങ്ങൾ സാധിച്ചു കിട്ടണം എങ്കിൽ എന്തു നടപടി നടത്തണം.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതിലേക്കു പ്രത്യേകം റിപ്പോർട്ടയക്കണം, അതായതു ഇന്നതു ചെയ്യണം എന്നുള്ള ശിപാർശയോടുകൂടി അയക്കണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): അങ്ങനെ എഴുതി അയച്ചിട്ടില്ല.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഉള്ളതായി എനിക്കറിവില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): പാർട്ടു (ഇ)യിൽ ഗുഹീന്ദ്രംപകുതിയിൽ ഒരു കിണറു നന്നാക്കിയതായിട്ടും മറെറാന്നു നന്നാക്കാൻ പോകുന്നതായിട്ടും പറയുന്നു. ഇതുപോലെ മററുള്ള സ്ഥലങ്ങളിൽ കിണറു കഴിപ്പിക്കാൻ ആലോചിക്കാത്തതു എന്തുകൊണ്ടാണ്?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): എന്തുകൊണ്ടാണെന്നു പറയാൻ തരം ഇല്ല. വേണമെങ്കിൽ ആലോചിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): ൻസ—ലും ൻ ഗ്ര-ലും ആണല്ലോ സാനിട്ടറി കമ്മീഷണർ എഴുതിഅയച്ചതു്. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പകർച്ചവ്യാധികൾ അവിടങ്ങളിൽ ധാരാളം ഉണ്ടാകുന്നുണ്ടെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു അതിനെ പരിഹരിക്കാൻ ഗവണ്മെൻറ് എന്തുചെയ്തു.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതിനെപ്പററി അവസാനമായിട്ടു പറയുന്നുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം) ചീഫ്എഞ്ചിനീയർ എപ്പോൾആണു് എഴുതിഅയച്ചിട്ടുള്ളതു്.

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതുനോക്കിവേണം പറയാൻ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോട്ടം): ഇതിനെപററി അധികംതാമസിയാതെ എന്തെങ്കിലും ചെയ്യുതരാൻ സാധിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ആലോചിക്കാം,

പ്രായംചെന്നവരുടെ വിദ്യാഭ്യാസം.

൨൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): അക്ഷരാഭ്യാസമില്ലാത്ത പ്രായം ചെന്നവരെ മാതൃകയായി വിദ്യാഭ്യാസംചെയ്യിക്കുന്നതിനു വല്ലപദ്ധതിയും നവീനമുണ്ടു സന്നദ്ധം ആക്കീട്ടുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ഏതാനും സമുദായത്തിൽ അക്ഷരജ്ഞാനം കുറവായിരിക്കുന്ന അവസ്ഥയെയും അവരുടെയിടയിൽ പ്രായംചെന്നവരെ പഠിപ്പിക്കുന്നതിനു നിശാപാഠശാലകൾ വേണം എന്നുള്ള ആവശ്യകതയെയും ഗണിച്ചു കുടികൾ നിശാപാഠശാലകൾ ആരംഭിക്കുന്നതിനും അവയ്ക്കു സഹായധനം നൽകുന്നതിനും ഒരുക്കൂട്ടംചട്ടങ്ങൾ ഗവണ്മെണ്ടു അനുവദിച്ചിട്ടുണ്ടു. ഈ പാഠശാലകളിൽ ൧൮ വയസ്സിനു മേലുള്ളവരെ പഠിക്കാൻ ചേർക്കാവുന്നതാണ്. ൧൯൧൦-ാമാണ്ടിൽ ൪൭ നിശാപാഠശാലകൾ ഉണ്ടായിരുന്നു. അവയിൽ ൨൭ പാഠശാലകൾക്കു സഹായധനം കൊടുത്തിരുന്നു. ഈ പദ്ധതിയിൽ ഇതിനെ വിശാലപ്പെടുത്തുന്നതിനു അവസരങ്ങൾക്കും വ്യവസ്ഥയുണ്ടു.

പാഠശാലാഗൃഹങ്ങൾക്കു സഹായധനവും കുടിവക പാഠശാലാഗൃഹങ്ങളും.

൨൫. മി: കെ മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): കഴിഞ്ഞതുരകൊല്ല (൧൯൧൦-൧൧) ത്തിനിടയിൽ കുടിവക ഇംഗ്ലീഷ് ഹൈസ്കൂളുകളിലെ മാനേജർമാർക്കു കൊടുത്തിട്ടുള്ള പാഠശാലാഗൃഹസഹായത്തിൽ ഏററവും വലിയതുകഎന്തു? ഏററവും വലിയതുക ഗൃഹസഹായധനം ആയിലഭിച്ചിട്ടുള്ള പാഠശാലകളിൽ കൂടിയാൽ എത്രവിദ്യാർത്ഥികൾക്കു ഇരിക്കാൻ സ്ഥലംഉണ്ടു.

മി. കെ. ജോർജ് (ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ൩൪ ൪ ൦ രൂപ. ഈ സ്കൂളിൽ ൩൬ ൦ വിദ്യാർത്ഥികൾക്കു ഇരിക്കാൻ സ്ഥലംഉണ്ടു.

നാഗരസഭകളിൽ ജോലിക്കായി നിയമിച്ചിട്ടുള്ള സ്ത്രീകളായ തുപ്പുകാർക്കും തോട്ടികൾക്കും ഗർഭകാലത്തിലും പ്രസവകാലത്തിലും സഹായം.

൨൬. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): സ്ത്രീകളായ തുപ്പുകാർക്കും തോട്ടികൾക്കും ഗർഭകാലത്തിലും പ്രസവകാലത്തിലും മിഡ്വൈഫുമാരുടെ വിശേഷാൽ സഹായധനമായോ സഹായം നൽകുന്നതിനു എന്തുനഗരസഭകൾ ഏർപ്പാടുചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): ഒന്നുംഇല്ല.

യോഗ്യതസിദ്ധിച്ച സൂതികർമ്മിണികളെ മുനിസിപ്പാലിട്ടികൾ നിയമിക്കാൻ

ഡി. വ്യ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): പാവപ്പെട്ട സ്ത്രീകൾക്ക അവരുടെഗൃഹത്തിൽ ചെന്നുപ്രസവം നോക്കുവാനായി യോഗ്യതയുള്ള സൂതികർമ്മിണികളെ എത്രമുനിസിപ്പാലിട്ടികൾ നിയമിച്ചിട്ടുണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ്സെക്രട്ടറി): നാഗർകോവിൽ, കൊല്ലം, കോട്ടയം, എന്നീമുനിസിപ്പാലിറ്റികൾ, ആവശ്യമുനിസിപ്പാലിട്ടി ശിശുരക്ഷമസംഘത്തിലേക്ക ഇ ൦ ൦ രൂപഗ്രാണ്ട് കൊടുക്കുന്നു. ആ സംഘം ആ നഗരത്തിൽ അങ്ങാടിത്തിലേക്കായി യോഗ്യത സിദ്ധിച്ച രണ്ടുസൂതികർമ്മിണികളെ നിയമിച്ചിരിക്കുന്നു.

നർസുകളും വിവാഹപ്രതികൂലമായ ചട്ടവും.

ഡി. വ്യ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): (എ) നർസുകൾ വിവാഹസംബന്ധമായ ചട്ടത്തെ ലംഘിച്ചതിലേക്കായി അവരെ ഉദ്യോഗത്തിൽനിന്നു വിട്ടുത്തിച്ചെന്നു കഴിഞ്ഞ നവംബർ ൨-൹ നിയമസഭാസമ്മേളനത്തിൽ ക്ക-ം നമ്പർ പ്രശ്നത്തിൽ മറുപടിയായി ഗവർണ്ണമെന്റുപറഞ്ഞു. സർക്കാരുദ്യോഗത്തിൽ ഇരിക്കുന്ന സ്ത്രീകൾ വിവാഹംചെയ്യുകൂടാഎന്ന ഒരുചട്ടം ഗവർണ്ണമെന്റ് ഉണ്ടാക്കിട്ടുണ്ടോ എന്നു ഗവർണ്ണമെന്റു പറയുമോ?

(ബി) വിവാഹം ചെയ്തതിലേക്കായി എത്ര നർസുമാരെ ഉദ്യോഗത്തിൽനിന്നു മാററിട്ടുണ്ട്.

മി. കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): (എ) സർക്കാരുദ്യോഗത്തിൽ ഇരിക്കുന്ന സ്ത്രീകൾ വിവാഹംചെയ്യുകൂടാഎന്ന ചട്ടം ഗവർണ്ണമെന്റു ഉണ്ടാക്കിയിട്ടില്ല; എന്നാൽ നർസുമാരെ പരിശീലിപ്പിക്കുന്നക്ലാസിൽ ചേർന്നു പഠിക്കുവാൻ ആളുകളെ ക്ഷണിക്കുന്നതായ പരസ്യത്തിൽ നിശ്ചയിച്ചിരുന്ന വ്യവസ്ഥകളിൽ ഒന്നു പരിശീലനകാലത്തിലും അവർ ഉദ്യോഗത്തിൽ ഇരിക്കണം എന്ന നിർബന്ധം ഉള്ളതായ അഞ്ചുകൊല്ലം കാലത്തിനിടയിലും അവർ വിവാഹംചെയ്യുന്നതായാൽ അവരുടെ ഉദ്യോഗം നിന്നുപോകും എന്നാകുന്നു.

(ബി) അല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): വിവാഹപ്രതികൂലമായ ഈ നിയന്ത്രണങ്ങൾ ക്ലിപ്തമായ ഉദ്യോഗകാലത്തിൽ എങ്കിലും മാററവല്ലഇനം സ്ത്രീകളായ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽനിശ്ചയിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി. കെ മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഈ ഇനം ഉദ്യോഗസ്ഥന്മാർക്കുമാത്രം ആ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള വിശേഷാൽ കാരണങ്ങൾ എന്തു.

മി. കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): രോഗപരിചരണ പ്രവൃത്തിനടത്തുന്നതിനു നർസുമാർവിവാഹം ചെയ്യാത്തവരായിരിക്കുന്നതു വളരെ അഭിലഷണീയം ആണെന്നു മെഡിക്കൽ സർവീസിനുള്ള കാര്യകരണസംഘം ബോധിപ്പിച്ചിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): ഗവർണ്ണമെന്റ് ഈ തത്വത്തെഅംഗീകരിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): ഉണ്ടു. അതു രോഗിപരിചരണപ്രവൃത്തിയെസംബന്ധിച്ചിടത്തോളംമാത്രം ആകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): രോഗിപരിചാരികകളെ സംബന്ധിച്ചിടത്തോളം മാത്രം വിവാഹത്തിനു ഈ വിധം പ്രതികൂലത്തിനു വിശേഷാൽ കാരണം എന്തു?

മി: കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): 'മെഡിക്കൽ സർവീസിനുള്ള കാര്യകരണസംഘം ഈ വിധം ഉപദേശിച്ചു ഗവർണ്ണമെന്റ് ഈ ഉപദേശത്തെ അംഗീകരിക്കയും ചെയ്തു എന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): പെൺകുട്ടികളെ വിവാഹം ചെയ്യാതെ വച്ചിരിക്കുന്നതു സമുദായരീത്യാ അനുചിതമാണെന്നും സാധാരണമായിവിശ്വസിക്കപ്പെട്ടിരിക്കുന്നു എന്നു ഗവർണ്ണമെന്റിനു അറിയാമോ?

മി: കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): ഞാൻ നീതിസംബന്ധമായ പ്രശ്നംചോദിക്കുന്നു. സർ, അതു പരിശിഷ്ടപ്രശ്നമായി ജനിക്കുന്നുണ്ടോ?

പ്രസിഡണ്ട്: ഇതു നീത്യനുസാരം അല്ലാ, എന്തുകൊണ്ടെന്നാൽ ഇതു അഭിപ്രായപ്രകടനത്തിനായി ആവശ്യപ്പെടുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാട്ടും): പെൺകുട്ടികളെ കല്യാണം കഴിക്കാതെ ഗൃഹങ്ങളിൽ വച്ചു കൊണ്ടിരിക്കുന്നതു സമുദായരീത്യാ അനുചിതം ആണെന്നു സാധാരണമായി ഗണിക്കപ്പെട്ടുവരുന്നില്ലയോ എന്നായിരുന്നു എന്റെ പ്രശ്നം.

മി: കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): മെംബർ പറഞ്ഞതായ വിവരം ഞാൻ അംഗീകരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): ഹിന്ദുക്കളുടെ ഇടയിൽ ൨൦ വയസ്സിനും ൩൦ വയസ്സിനും അകം പ്രായം ഉള്ള സ്ത്രീകളിൽ നൂറിനു രണ്ടുപേർ വീതംപോലും അനൂഢകളായിരിക്കുന്നില്ല എന്നു ഗവർണ്ണമെന്റിനു അറിയാമോ?

മി: കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): സെൻസസ്റിപോർട്ട് നോക്കണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): ഞാൻ അതുനോക്കീട്ടുണ്ട്.

മി: കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): ഞാൻ അതുനോക്കീട്ടില്ല.

ഗൃഹപരിശോധനങ്ങൾ.

നം. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): ൧൯൦൦ മുതൽ ഹെൽത്ത് സ്ഇൻസ്പെക്ടർമാരും സബ്ഇൻസ്പെക്ടർമാരും രജിസ്ട്രേട്ടന്മാരിൽനിന്നു വാറണ്ടുകൂടാതെ എത്ര ഗൃഹപരിശോധനം നടത്തിട്ടുണ്ട്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്ചീഫ്സെക്രട്ടറി): നമ്പർ ൧൯൦൯-ം നമ്പറ്-ം

൧൯൦൯ മുതൽ ൧൯൦൦ വരെയുള്ള ആണ്ടുകളിൽ തിരുവനന്തപുരത്തു മുനിസിപ്പൽ ചന്തകളിൽ നിന്നു പിരിച്ചുടോൾ.

നമ്പ. മി: എക്സ്. ജി. ലോപ്പസ് (ഗവണ്മെണ്ട്നിയമിച്ച മെംബർ): ൧൯൦൯-൧൯൦൦ എന്നി കഴിഞ്ഞ ആറുകൊല്ലങ്ങളിൽ തിരുവനന്തപുരത്തുള്ള മുനിസിപ്പൽ ചന്തകളിൽ ഈടായ ടോളിനു കണക്കു ഗവണ്മെൻറ് മേശപ്പുറത്തുവയ്ക്കുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട പട്ടിക * മേശപ്പുറത്തുവച്ചിട്ടുണ്ട്.

മീനിനുള്ള ടോളിനു പകരം തുക കൊടുക്കൽ

നമ്പ. മി: എക്സ്. ജി ലോപ്പസ് (ഗവണ്മെൻറനിയമിച്ചമെംബർ): ചന്തകളിൽ വില്ക്കുന്ന മീനിനുള്ള ടോൾതുക വേണ്ടെന്നു വയ്ക്കാൻ ഗവണ്മെൻറിനൊ തിരുവനന്തപുരം മുനിസിപ്പാലിറ്റിയ്ക്കൊ കഴിവില്ലാ എന്നു വരികിൽ, മീൻവില്ക്കുന്ന ഓരോ സ്ത്രീയിലും നിന്നു ടോൾപിരിക്കുന്നതിനെ നിറുത്തുകയും ൧൯൦൯ മാർച്ച് ൨൪-നു- പാതിരിമാരും അവിടത്തെ ഊരുകാരും അയച്ചുകൊടുത്തിൽ അപേക്ഷിച്ചിരുന്നതുപോലെ പള്ളിയിലെ അധികാരസ്ഥന്മാരിൽ നിന്നു ആണ്ടുതോറും ന്യായമായ ഒരു തുക അതിനുപകരമായി വാങ്ങിക്കയും ചെയ്യുന്നതിനു ഗവണ്മെൻറ് മുനിസിപ്പാലിറ്റിയോടു ആജ്ഞാപിക്കയും ഈ ഏർപ്പാടു ൧൯൦൨ ആരംഭംമുതൽ നടപ്പാക്കയും ചെയ്യുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ഇക്കാര്യം ഗവണ്മെണ്ട് ആലോചിച്ചുവരുന്നു. തിരുവനന്തപുരം മുനിസിപ്പൽ കൌൺസിൽ സമുദ്രതീരപ്രദേശങ്ങളിൽ നിന്നു ഒരു മെംബർവേണ്ടതാണ്.

നമ്പ. മി: എക്സ്. ജി. ലോപ്പസ് (ഗവണ്മെൻറനിയമിച്ച മെംബർ): (എ) തിരുവനന്തപുരം മുനിസിപ്പൽകൌൺസിലിൽ തിരുവനന്തപുരത്തെ സമുദ്രതീരനിവാസികളുടെ പ്രതിനിധിയായി ഒരു മെംബർഇല്ല എന്നു ഗവണ്മെൻറിനു അറിയാമൊ?

(ബി) തിരുവനന്തപുരത്തെ സമുദ്രതീരനിവാസികളിൽനിന്നു ഒരു മെംബറെ എങ്കിലും തിരുവനന്തപുരം മുനിസിപ്പൽകൌൺസിലിൽ നിയമിക്കേണ്ടതാണെന്നു ഗവണ്മെണ്ട് നിശ്ചയിക്കുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) മുനിസിപ്പൽ അതിർത്തിയ്ക്കകത്തുള്ളതീരപ്രദേശങ്ങൾ പേട്ട ഡി വാർഡിൽ ഉൾപ്പെട്ടതാണ്. ജനങ്ങൾ നിയമിച്ച ഒരു കൗൺസിലർ കൗൺസിലിൽ അതിലെ പ്രതിനിധിയായി ഉണ്ട്.

(ബി) മെംബർ ആവശ്യപ്പെട്ട ഉറപ്പുപറയുന്നതിനു ഗവണ്മെൻറിനു നിവൃത്തിഇല്ല എന്നു വ്യസനിക്കുന്നു.

ചാലയിൽ കരുപ്പട്ടിക്കടചന്ത.

നമ്പ. മി: എക്സ്. ജി. ലോപ്പസ് (ഗവണ്മെൻറനിയമിച്ചമെംബർ): (എ) കരുപ്പട്ടിക്കടച്ചന്ത തിരുവനന്തപുരം നഗരത്തിൽ ഉള്ള ചന്തകളിൽ വച്ചു ജനങ്ങൾ ധാരാളം വന്നുചേരുന്നതും ധാരാളമായി ഉപയോഗപ്പെടുത്തുന്നതുമായ ഒരു ചന്തയാണെന്നു ഗവണ്മെൻറിനു അറിയാമൊ?

(ബി) എല്ലാവിധ ആഹാരസാധനങ്ങളും മീൻ, ഇറച്ചി, മലക്കറി ഇവയുംകൂടെ വിൽക്കുന്നില്ലയൊ?

(സി) ഈ ചന്തയുടെ അനാരോഗ്യാവസ്ഥയെ പററിവല്ല പൗരനും വല്ലപ്പഴും പരാതിപ്പെട്ടിട്ടുണ്ടൊ?

(ഡി) ൧൯൦൯ മകരം ൧൪-നു-നഗരസഭയെ സന്ദർശിച്ച പൗരന്മാരുടെ നിയുക്തസംഘം അറിയിച്ചസംഗതികളെ കുറിച്ചു നഗരസഭ എന്തു നടപടി നടത്തിട്ടുണ്ട്?

(ഇ) ഈ ചന്തയിൽനിന്നു ആണ്ടിനാൽ വരവുഎന്ത്; സ്ഥലത്തിൻെറ ഉടമസ്ഥനു ആണ്ടിനാൽഎന്തു പാട്ടം കൊടുക്കുന്നു?

(എഫ്) ഈ സ്ഥലവും പരിസരങ്ങളും വളരെ താഴ്ന്നനിരപ്പിൽ ഉള്ളതാണെന്നും വെള്ളംകെട്ടുള്ളതാണെന്നും ഇപ്പോൾ നഗരസഭയ്ക്കു അറിയാമൊ?

(ജി) ജനങ്ങളുടെ കസവുകച്ചവടത്തിനു ഹാനിവരാതെ ഈ ചന്തയെ കുറേകൂടെ നല്ല സ്ഥലത്തേക്കു മാററുകയും നവീനരീതിയിലുള്ള സകലസൌകര്യങ്ങളും അവിടെ വരുത്തുകയും ചന്ത സമാഗ്രഹിയാക്കിവയ്ക്കുകയും ചെയ്യണമെന്നു ഗവണ്മെൻറ നഗരസഭയോടു ആജ്ഞാപിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ, (ഗവണ്മെണ്ട് സെക്രട്ടറി (എ) ഈ ചന്ത ജനങ്ങൾഅധികമായി ഉപയോഗിക്കുന്ന ഒന്നാണ്. ഇതു നഗരസഭപോട്ടത്തിനു എടുത്തിരിക്കുന്ന ഒരുസ്ഥലത്തു നടത്തിവരുന്നു. ഇതു അനാരോഗ്യകരമായസ്ഥിതിയിൽ വയ്ക്കപ്പെട്ടിരിക്കുന്നില്ലഎന്നു അറിയിച്ചിരിക്കുന്നു. ഈ ചന്തയുടെ ശുചീകരണത്തിലേക്കു പ്രത്യേകം ജീവനക്കാർഉണ്ടു.

(ബി) അതെ

(സി) ഇല്ല

(ഡി) കുരുപ്പകാരം പൗരന്മാരുടെ നിയുക്തസംഘം ചെന്നുകാണുകയോ രേഖാമൂലം വല്ലപരാതിയും കൊടുക്കയൊ ചെയ്തിട്ടില്ല. ഏതാനുംജനങ്ങൾ നഗരസഭയിൽചെന്നു; ടൊൾകൺട്രാക്ടർമാർ കൂടുതൽഫീസ്പിരിച്ചു വരുന്നുഎന്നുപറഞ്ഞു. സൂക്ഷ്മമായവല്ല ഉദാഹരണവും പറയാൻ അവർക്കു സാധിച്ചും ഇല്ല: പരാതിയുടെ സത്യാവസ്ഥയെ നിർണ്ണയിക്കാനായി ഹെൽത്താഫീസർമുൻ അറിയിപ്പുകൊടുക്കാതെ അവിടം സന്ദർശിക്കണം എന്നുനഗരസഭ ആജ്ഞാപിച്ചിട്ടുണ്ട്.

(ഇ) ൧൧൦൦ മാണ്ടത്തേക്കു പിരിവു സൂന്യൻ ൫ രൂപാ ക്രമചക്രം, അതിൽ ചാട്ടം ൩൦ രൂപാ

(എഫ്) അറിയാം

(ജി) ഈസംഗതിയെക്കുറിച്ചു ഗവർണ്ണമെന്റും നഗരസഭയും തമ്മിൽ എഴുത്തുകുത്തുനടന്നുവരുന്നു.

പെൺപള്ളിക്കൂടം സ്കൂൾഇൻസ്പെക്ടസിന്റെ ആഫീസിൽ സ്ത്രീകളെനിയമിക്കാൻ

൩൫. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും- നെടുമങ്ങാടും): കഴിഞ്ഞ സെഷ്യനിൽ ൪൯൭ (സി) പ്രശ്നത്തിനു പറഞ്ഞിരിക്കുന്ന മറുപടിയുടെകാര്യത്തിൽ ക്ലാർക്കുജോലിക്കു സ്ത്രീകളുടെ അപേക്ഷകയെഎന്തുകൊണ്ടു നിരസിച്ചു എന്നുള്ളതിനു റിപ്പോർട്ടുഅയക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു ഗവർണ്ണമെന്റു പറയുമോ? ഉണ്ടെങ്കിൽ അതിന്റെ ഒരുപ്രതിമേശ പുറത്തുവയ്ക്കുമോ?

മി: കെ. ജാർജ് (ഗവർണ്ണമെണ്ട് ചീഫ്സെക്രട്ടറി) ഉണ്ടു. റിപ്പോർട്ടിന്റെ ഒരു * പ്രതിമേശപ്പുറത്തു വച്ചിരിക്കുന്നു.

യൂനിവെർസിററി കമ്മിററിയുടെ റിപ്പോർട്ട്

൩൬. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) തിരുവിതാംകൂട്ടു യൂനിവെർസിററികമ്മിററിയുടെ റിപ്പോർട്ടിന്മേൽ എന്തുനടപടിനടത്തിഎന്നു ഗവർണ്ണമെണ്ട് പറയുമോ?

മി: കെ. ജാർജ് (ഗവർണ്ണമെണ്ട് ചീഫ്സെക്രട്ടറി യാതൊരുനടപടിയും നടത്തിട്ടില്ല.

അനുബന്ധം ഛ.

൨൧൦൦ പ്രശ്നത്തിനു മറുപടിനോക്കുക

തിരുവനന്തപുരം നഗരസഭയിലെ ചന്തകളിൽനിന്നു പിരിവിനുകണക്കു.

	കാണ്മാരി ചന്ത			പേട്ടചന്ത			ശാസ്താംകോവിൽ ചന്ത			കുറിക്കാട്ടു ചന്ത			കുരുപട്ടിക്കട ചന്ത			കരമനചന്ത			ആകെ		
ആണ്ടു	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	ക.	രൂ.	ച.	ക.	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.
൧൦൯൫	൪൦൭൩	൧൬	൫	൭൫൦൦	൭൭	൧൫	൧൭൬൫	൭൫	൭൭	൫൫൦	൧൭	൭൭	൭൧൬൭	൧	൦				൧൧൧൬	൧	൪
൧൦൯൬	൪൦൦൬	൭൬	൯	൭൭൫൫	൭൭		൭൬൬൪	൭൭	൦	൬൭൭	൭൭	൭൭	൭൯൯൭	൭൦	൭൭	൧൭൪	൧൬	൧൦	൧൬൭൦൬	൭	൬
൧൦൯൭	൪൬൭൬	൧൫	൯	൭൪൪൬	൧൯	൭൭	൭൬൭൧	൭൭	൭൭	൬൬൭	൭൬	൦	൬൫൭൭	൭൭	൭൭	൪൦൯	൧൦	൭	൧൪൪൪	൭൭	൧൭
൧൦൯൮	൫൫൫൭	൫		൧൬൬൭	൧൯	൭	൬൧൧൯	൭൬	൭	൬൪൦	൭൭	൭	൬൭൭൦	൧൭	൭	൬൬൪	൧൯	൭	൧൫൫൫	൧	൦
൧൦൯൯	൫൭൦൭	൧൫	൬	൧൬൭൬	൧൭	൭	൬൭൭൬	൭൭	൦	൬൭൭൭	൭	൦	൬൭൭൭	൭	൦	൬൭൯	൭	൦	൧൭൭	൭	൯
൧൦൯൰	൪൭൦൭	൧൫	൯	൭൬൭൭	൧൭		൭൬൭൬	൭൭	൭	൬൭൭	൭	൦	൬൭൭൭	൭	൦	൬൭൭	൭	൦	൧൭൭	൭	൯

൧൦൯൱	൪൦൭൩	൧൬	൫	൭൫൦൦	൭൭	൧൫	൧൭൬൫	൭൫	൭൭	൫൫൦	൧൭	൭൭	൭൧൬൭	൧	൦				൧൧൧൬	൧	൪
൧൦൯൲	൪൦൦൬	൭൬	൯	൭൭൫൫	൭൭		൭൬൬൪	൭൭	൦	൬൭൭	൭൭	൭൭	൭൯൯൭	൭൦	൭൭	൧൭൪	൧൬	൧൦	൧൬൭൦൬	൭	൬
൧൦൯൳	൪൭൦൭	൧൫	൯	൭൬൭൭	൧൭		൭൬൭൬	൭൭	൭	൬൭൭	൭൭	൭	൬൫൭൭	൭൭	൭	൬൬൪	൧൯	൭	൧൫൫൫	൭	൬
൧൦൯൴	൫൫൫൭	൫		൧൬൬൭	൧൯	൭	൬൧൧൯	൭൬	൭	൬൪൦	൭൭	൭	൬൭൭൦	൧൭	൭	൬൬൪	൧൯	൭	൧൫൫൫	൭	൧
൧൦൯൵	൪൭൦൭	൧൫	൯	൭൬൭൭	൧൭		൭൬൭൬	൭൭	൭	൬൭൭	൭	൦	൬൭൭൭	൭	൦	൬൭൯	൭	൦	൧൭൭	൭	൯
൧൦൯൶	൪൦൭൩	൧൬	൫	൭൫൦൦	൭൭	൧൫	൧൭൬൫	൭൫	൭൭	൫൫൦	൧൭	൭൭	൭൧൬൭	൧	൦				൧൧൧൬	൧	൪
ആകെ	൬൭൫ ൫൭	൦	൭൦	൭൬൭൭	൭൬	൫൫	൭൭൫ ൭൯	൬൭	൭	൫൭ ൫	൭൭	൦	൬ ൦ ൫ ൦	൭	൭	൭ ൫ ൭	൬൭	൫	൭൫ ൫	൭൭	൫

അനുബന്ധം ൨.

നമ്പർ-നമ്പർ പ്രശ്നത്തിന്നു മറുപടിനോക്കുക

നമ്പർ ൧൦൭൮/൧൧൦൩.

വിദ്യാഭ്യാസഡൈറെക്ടരുടെ ആഫീസ് തിരുവനന്തപുരം ൧൯൨൩-൭-൧൧, തിരുവിതാംകൂറ്റ വിദ്യാഭ്യാസഡൈറെക്ടർ അയക്കുന്നതു

ഗവണ്മെണ്ട് ചീഫ്സെക്രട്ടറിക്കു.

വിഷയം-സഭാപ്രശ്നങ്ങൾ

പൂർവ്വസ്വാവം- ൧൯൨൩-൭-൧-ലെ എഡ്യൂക്കേഷൻ ഇൻസ്പെക്ടർ ആർ. ഒ. സി. ൨൩-ൽ ൩൨-നമ്പർ ലെട്ടർ

സർ, സ്ത്രീകളെ ക്ലർക്കുകളായിനിയമിക്കുന്നതിനെ സംബന്ധിച്ചു ഇതിനാൽ അറിയിക്കുന്നതുഎന്തെന്നാൽ ഒടുചിസ്റ്റിന്നു ഇൻസ്പെക്ടരുടെ സർക്കുട്ടിൽ ഒന്നിച്ചുമേപാകേണ്ടിയിരിക്കുന്നതും അക്കാലത്തുതാമസിക്കാൻ സ്ഥലം കിട്ടുന്നതിൽ അവർക്കുബുദ്ധിമുട്ടുനേരിടുന്നതും എന്നാൽ പുരുഷന്മാരായ ക്ലാർക്കു മുസാവരിബംഗ്ലാവിലേയൊ ക്യാമ്പ് ഷെഡിലെയൊ പുറവീടുകളിൽ ഒന്നിൽതാമസിച്ചുവരുന്നു എന്നുള്ളതും, ചിലസ്ഥലങ്ങളിൽ ഈവിധം വാസസ്ഥലംകൂടി ഇല്ലാതിരിക്കുന്നതും ആകകൊണ്ടുടൈപിസ്റ്റ് ഉദ്യോഗം സ്ത്രീകൾക്കുചിതമല്ലാഎന്നും സാധാരണക്ലാർക്കിന്റെ ഉദ്യോഗത്തിന്റെ കാര്യത്തിലാവട്ടെ ഏതാനംകാലത്തേക്കു ആണുങ്ങളും പെണ്ണുങ്ങളും ഉൾപ്പെട്ട ഒരുമിശ്രസിൽബന്ധിസംഘത്തെ വയ്ക്കേണ്ടിവരുന്നതിൽ ചില ദുഷ്കടംഉണ്ടെന്നും എന്നാൽ വിവാഹംകഴിക്കാത്ത സ്ത്രീകളെ നിയമിക്കുന്നതായാൽ അവസരംഉണ്ടാകുമ്പോൾ ഇതുപരിശോധിച്ചുനോക്കാംഎന്നും പെൺപള്ളിക്കൂടം ഇൻസ്പെക്ടരസ് പറഞ്ഞിരിക്കുന്നു.

ഇൻസ്പെക്ടരസിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. എന്നു

ആക്ടിങ് വിദ്യാഭ്യാസ ഡൈറക്ടർ ആർ. കൃഷ്ണസ്വാമിഅയ്യർ,

വാദപ്രതിവാദത്തെനിറുത്തിവെക്കണം എന്നുള്ളപ്രമേയം

മി: സി. പി. തരകൻ (കുന്നത്തുനാടു): സർ, ഈ സഭയിലെനടപടികളെ നിറുത്തിവെക്കണം എന്നുള്ള ഒരുഉപക്ഷേപം എനിക്കുണ്ടു. (വിഷയത്തെക്കുറിച്ചു ഒരുലേഖനം മെംബർ പ്രസിഡണ്ടിന്റെ കയ്യിൽ കൊടുത്തു)

പ്രെസിഡെണ്ട്: ഈസഭാകാര്യങ്ങളെനിറുത്തിവെക്കണം എന്നുള്ളഉപക്ഷേപം പ്രയോഗിക്കാൻ അനുമതികിട്ടണംഎന്നുഅപേക്ഷിച്ചു ഒരു അറിയിപ്പു ഈ സഭയിലെ മെംബർമാരിൽ ഒരാളിൽനിന്നു ഇതാഎനിയ്ക്കു കിട്ടിയിരിക്കുന്നു. ആഉപക്ഷേപം ഇപ്രകാരംആകുന്നു,,

" പ്രസ് റെഗുലേഷൻമൂലം ഉണ്ടായിട്ടുള്ളസ്ഥിതിഎന്ന പൊതുവെ അത്യന്തം പ്രധാനപ്പെട്ട ഒരുകാര്യത്തെ കുറിച്ചു വാദപ്രതിവാദം നടത്തുന്നതിലേക്കായി സഭയുടെ നടപടികളെ നിറുത്തിവെക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു;

"പ്രസ്റെഗുലേഷൻ" എന്നപദത്താൽ ൧൯൨൦-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ ആയ വർത്തമാനപ്പത്ര റെഗുലേഷൻ എന്നു മെംബർ വിചാരിക്കുന്നതായി ഞാൻ ഊഹിക്കുന്നു. ഈ ഉപക്ഷേപം അംഗീകരിക്കത്തക്കതാണോ എന്നു ഇപ്പോൾ എനിക്കു തീർച്ചചെയ്യേണ്ടിയിരിക്കുന്നു. "ഉപക്ഷേപം ചെയ്യാലോചനയ്ക്കായി മുമ്പിനാലെ നിയോഗിച്ചിരിക്കുന്നതൊ തത്സംബന്ധമായ ഒരു ഉപക്ഷേപത്തിന്നു അറിയിപ്പു മുമ്പിനാലെ കൊടുത്തിരിക്കുന്നതൊആയ കാര്യത്തിന്റെ അർത്ഥനിരൂപണം ആയിരിക്കരുതു" എന്നു നിയമസഭാചട്ടങ്ങൾ ൧൦ (൪) ചട്ടത്തിൽ പറഞ്ഞിരിക്കുന്നു. ഇതിന്നു മുമ്പിൽ തന്നെ രണ്ടുഉപക്ഷേപങ്ങൾ കുറിച്ചുഅറിയിപ്പു തന്നിട്ടുള്ളതായി ഞാൻ കാണുന്നു. ആരണ്ടും മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ വകയാണ്. ഒന്നു ബഡ്ജറ്റ് ഇനം ൧൩ (സി) പൊതുരാജ്യപരണം-നിയമസഭാ-എന്ന (൯) മാത്തെഡിമാണ്ടിൽ ആണ്, ഇതു ഇന്നലേക്കുനിശ്ചയിച്ചിരിക്കുന്ന ചിലവിൽ ഒരു രൂപാകുറയ്ക്കണം എന്നുള്ളപരനിർദ്ദേശകമായ ഉപക്ഷേപം ആണ്. ഇതിന്റെ ഉദ്ദേശ്യം വർത്തമാനപ്പത്ര റെഗുലേഷനെ റദ്ദാക്കണം എന്നുനിർദ്ദേശിക്കാൻ ആകുന്നു. മറേറതു ഏകദേശം ഇതേ വാചകത്തിൽ ഉള്ളതു തന്നെ. ഇതു ൧൯൨൦-ാമത്തെ ഡിമാണ്ടിൽ ബഡ്ജറ്റ് ഇനം ൧൩ (സി) ലാആഫീസർസ് എന്നതിൻ കീഴിൽ ആണ്. ഇതിൽ ഒരു കാര്യം കുറയ്ക്കണം എന്നു പറഞ്ഞിരിക്കുന്നു.

പരിചിതിന്നമായി വ്യാഖ്യാനിക്കയും പദത്തെ വളരെ സങ്കുചിതമായ സാങ്കേതികാർത്ഥത്തിൽ ഗ്രഹിക്കയും ചെയ്യുന്നതായാൽ മിസ്റ്റർ തരകൻ അനുമതിക്കായി അപേക്ഷിക്കുന്നഉപക്ഷേപം അതിന്നു മുമ്പിലേ ഉപക്ഷേപങ്ങൾക്കു അറിയിപ്പുകൊടുത്തിട്ടുള്ളതുകൊണ്ടു പ്രഥമദൃഷ്ടിയിൽ അംഗീകാര്യം അല്ല. എന്നാൽ ഈ രാജ്യത്തിൽ ഏതാനും മാർഗ്ഗങ്ങളിലും വളരെചുരുക്കം എണ്ണം ആളുകളാലും ഇക്കാര്യം അവശ്യം പ്രധാനപ്പെട്ടതായിഗണിക്കപ്പെട്ടിരിക്കുന്നതായി ഞാൻ ഗ്രഹിക്കുന്നു. ആ സ്ഥിതിക്കു കേവലം സാങ്കേതികത്വം ഈ വിഷയത്തെക്കുറിച്ചുവാദപ്രതിവാദത്തിൽ കൈകൊള്ളുവാൻ നാംസമ്മതിച്ചുകൂടാഎന്നുള്ളഎന്റെഅഭിപ്രായത്തിൽ സകലരും യോജിക്കും എന്നുവിചാരിക്കുന്നു. (കേൾക്കുക്) കേൾക്കുക) അതുകൊണ്ടു ഈ സഭാകാര്യങ്ങളുടെ നടത്തിപ്പിനെ ക്രമപ്പെടുത്തുന്നതിൽ എനിക്കുണ്ടായിരിക്കാവുന്നതായ വല്ല സാമാന്യാധികാരങ്ങളേയും വിവേചനത്തേയും പ്രയോഗിച്ചു്, പ്രധാനോപക്ഷേപത്തിന്റെ വാദപ്രതിവാദത്തെ അനുമതിക്കുവാൻ ഞാൻ സന്നദ്ധനായിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സർക്കാർവക്കീൽ) ഈ ഉപക്ഷേപം പ്രയോഗിക്കാൻ അനുമതികൊടുക്കുന്നതിനെ ഞാൻ എതിർക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) മെംബർ സംസാരിക്കുന്നതുരീത്യനുസരണം; ആണോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു. പ്രസിഡെണ്ട് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ അതിന്നു വിഘ്നംവരുത്തിഅദ്ദേഹത്തിന്നു ഈ ഉപക്ഷേപത്തെ എതിർക്കാമൊ?

പ്രൈസിഡെണ്ട്: ആ ക്ഷണത്തിൽ പ്രൈസിഡെണ്ട് രീതിപ്രശ്നത്തെകുറിച്ചു സംസാരിക്കുന്നില്ല. എന്നാൽ സഭയെക്കുറിച്ചുള്ള സാമാന്യ നീതിയെകുറിച്ചു വളരെ സൂക്ഷ്മമായിസംസാരിക്കയായിരുന്നു. ഞാൻ പറഞ്ഞു വന്നതിനെ തുടർന്നുപറയാം. അതുകൊണ്ടു സംഗതിയുടെപ്രാധാന്യത്തെഗണിച്ചും രാജ്യത്തിന്റെസാമാന്യേനയുള്ള അഭിപ്രായത്തെ പരിശോധിക്കാനായും ഇക്കാര്യത്തെക്കുറിച്ചുഈസഭയുടെ അഭിപ്രായത്തെ നിർബന്ധമായിപ്രചരിപ്പിക്കേണ്ടതുവിശാലനീതി തത്വത്തേയും രാജ്യധൂർവ്വഹതയെയും സംബന്ധിച്ചുകാരണങ്ങളാൽ അഭിലഷണീയം. ആകണമെന്നുഞാൻ വിചാരിക്കുന്നു. ഈ കാരണത്താൽ ഈ ഉപക്ഷേപം പ്രയോഗിക്കാൻ മിസ്റ്റർ തരകന് ഈ സഭ അനുവാദംകൊടുക്കുമൊ എന്നു സഭയോടു ചോദിക്കുവാൻ ഞാൻ സന്നദ്ധൻ ആയിരിക്കുന്നു.

മി: കുര്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി വക്കീൽ) സർ, ഞാൻ അതിനെ എതിർക്കുന്നു

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഒരു രീതിവാദം പുറപ്പെടുവിക്കുന്നു. ഈ വിഷയത്തെക്കുറിച്ചു ഒരു ഉപക്ഷേപത്തിനു അറിയിപ്പു ഞാൻ കൊടുത്തിട്ടുള്ളതുകൊണ്ടു നിരത്തിവെയ്ക്കുന്നതിനുള്ള ഉപക്ഷേപമായി പരിഗണിക്കാവുന്നതായിൽ അംഗീകാരവും അല്ലെന്നു പ്രൈസിഡെണ്ട് ഇതിനു മുമ്പിലേവിധിച്ചിട്ടുണ്ട്. അതുകൊണ്ട് ഉപക്ഷേപത്തെ ഇപ്പോൾ എതിർക്കുന്നതിൽ വല്ലഉപയോഗവും ഉണ്ടോ,?

പ്രൈസിഡെണ്ട്; ചില്ലക്രമനടപടികൾവേണം എന്നു ചട്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതായി ഞാൻ പറഞ്ഞു. ഈ ഉപക്ഷേപം പ്രയോഗിക്കാൻ സഭയുടെ അനുമതിലഭിക്കുന്നതിനു പ്രയോക്താവിനു പ്രസിഡെണ്ട്സമ്മതം നൽകി. ഒരു മെംബർ എഴുന്നേറ്റു പ്രയോക്താവിനു അനുമതികൊടുക്കുന്നതിനെ എതിർക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ചട്ടപ്രകാരം ഈഉപക്ഷേപത്തെ തള്ളിക്കളയാം എന്നുള്ളകാരണത്താൽ ഗവണ്മെന്റ് ചട്ടങ്ങളെ ഉപയോഗിക്കാൻ പോകുന്നില്ല എന്നാണൊ ഗവണ്മെന്റിന്റെ അഭിപ്രായം എന്നറിയേണ്ടിയിരിക്കുന്നു.

പ്രൈസിഡെണ്ട്: മെംബർ ഇതിനെ പ്രത്യേകിച്ചു രീതിവാദമായി ചോദിക്കുന്നതായാൽ ഞാൻ ഇതിനു ഒരു തീർച്ചപറയാം. എന്നാൽ അദ്ദേഹം പറയുന്നതു ചട്ടങ്ങളെ സംബന്ധിച്ച് അവ്യക്തമായസാമാന്യ നിരൂപണമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): '-ഉപക്ഷേപംചെയ്യുന്നതിനായി മുമ്പിലാലെ നിയോഗിച്ചിരിക്കുന്നതൊ തത്സംബന്ധമായി ഒരു ഉപക്ഷേപത്തിനു മുമ്പിലാലെ അറിയിപ്പു കൊടുത്തിരിക്കുന്നതൊ ആയ കാര്യത്തിന്റെ അഗ്രനിരൂപണം ആയിരിക്കരുതു്'' എന്നു ചട്ടത്തിൽ പറഞ്ഞിരിക്കുന്നു.

പ്രൈസിഡെണ്ട്: ആ സംഗതിയെക്കുറിച്ചു ഇതിനു മുമ്പിലെ ഞാൻ വിവരിച്ചുപറഞ്ഞുകഴിഞ്ഞു. സങ്കീർണ്ണമായ സാങ്കേതിക കാരണത്താൽ ഈപ്രാധാന്യമേറിയ ഇതുപോലെയുള്ള വിഷയത്തെപ്പററിയുള്ള വാദപ്രതിവാദം നടന്നുകൂടാഎന്നും ഈ സഭയുടെ പ്രവൃത്തിയെ നിയന്ത്രിച്ചു ഭരിക്കുന്നകാര്യത്തിൽ എനിക്കുള്ള വല്ല സാമാന്യാധികാരങ്ങളെയും പ്രയോഗിച്ചു, ആ പെരിയ സാങ്കേതികതത്വത്തെ അകററി വെക്കുന്നതിനു എനിക്കു മനസ്സുണ്ടെന്നു ഞാൻ പറഞ്ഞു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതു ചട്ടം അല്ലെങ്കിൽ സ്ഥിരാജ്ഞ അനുസരിച്ചാണു ഈ സാമാന്യാധികാരം പ്രയോഗിക്കപ്പെട്ടിരിക്കുന്നതു എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കുര്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി വക്കീൽ): ഒ ക-ാം നംബർ സ്ഥിരാജ്ഞ സാമാന്യാധികാരത്തെ നടത്തിക്കുന്നതിനുള്ള വ്യവസ്ഥയാണ്. പക്ഷെ അതു നിയമസഭാചട്ടങ്ങളാലോ സ്ഥിരാജ്ഞകളാലൊ വ്യവസ്ഥചെയ്യപ്പെട്ടിട്ടില്ലാത്ത സംഗതികൾക്കുമാത്രമെ സംബന്ധിക്കുന്നുള്ളു.

പ്രൈസിഡെണ്ട്: അതേ. എന്നാൽ ഈ വിഷയത്തെക്കുറിച്ചുള്ള ചട്ടങ്ങളുടെ ഭാവാർത്ഥം സഭയുടെ ഉത്തരവിനു വേണ്ടതായ പ്രൈസിഡെൻറിന്റെ വിവേചനത്തെ നൽകണം എന്നാണ് എന്റെ വിചാരം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒ ക-ാം നമ്പർ സ്ഥിരാജ്ഞ പ്രസ്തുതസംഗതിക്കു സംബന്ധിക്കുന്നതല്ല.

പ്രൈസിഡെണ്ട്: സംബന്ധിക്കുന്നില്ല എന്നു എനിക്കറിയാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉപക്ഷേപം സ്വീകാര്യയോഗ്യമല്ല എന്നുള്ളതിനെ സംബന്ധിച്ചു പ്രൈസിഡെൻറിനു ചട്ടങ്ങളെ ശിഥിലീകരിക്കാൻ പാടില്ല, ചട്ടങ്ങളും സ്ഥിരാജ്ഞകളും അനുസരിച്ചു അവയെ ശിഥിലീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം പ്രൈസിഡെൻറിനു ഇല്ല.

പ്രൈസിഡെണ്ട്: ഞാൻ പറഞ്ഞതുപോലെ മഹാപ്രധാനമായ ഈകാര്യത്തിൽ വിശാലവീക്ഷണസമ്പന്നരായ അംഗങ്ങൾ ഞാൻ ആഗ്രഹിക്കുന്നു. ഇതിൽ സാങ്കേതിക പ്രതിബന്ധങ്ങളെ അകററിവെക്കാൻ ഞാൻ സന്നദ്ധനാണ്. എന്നാൽ മെംബർക്കു അതിനു മനസ്സില്ലാ എന്നു വരുകിൽ ഈ സംഗതിയുടെ വാദപ്രതിവാദം നടത്തിക്കൂടാ എന്നു ഈ സഭയിൽ ഭൂരിപക്ഷം വലുതായ അഭിപ്രായം ഉണ്ടെന്നുവരികിൽ മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ വാദത്തെ സമ്മതിക്കാൻ ഞാൻ സന്നദ്ധനാണ്.

മി: കുര്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): സാർ, ഞാൻ ഒരു വാക്കു പറയാൻ ആഗ്രഹിക്കുന്നു. മിസ്റ്റർ തരകൻ അറിയിപ്പുതന്നിരിക്കുന്ന ഉപക്ഷേപം പ്രൈസ്ലാനടപ്പാക്കിയതിനാൽ ജാതമായ അവസ്ഥ''യെ സംബന്ധിച്ചാകുന്നു. പ്രൈസ്ലാ എന്നതിന്റെ അർത്ഥം ക്ക ാ ക-ാമാണെന്നു ഒ-ാം റെഗുലേഷൻ ആയ വർത്തമാനപ്പുത്രറെഗുലേഷൻ എന്നാകുന്നു. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പ്രയോഗിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ഉപക്ഷേപം വർത്തമാനപ്പുത്രറെഗുലേഷനെ റദ്ദാക്കണം എന്നു നിർദ്ദേശിക്കുന്നതു ആകുന്നു. അതുകൊണ്ടു ഇതിനാൽ പ്രസ്തുതമായ വിഷയം മിസ്റ്റർ തരകന്റെ ഉപക്ഷേപംതന്നെയാണൊ എന്നും വ്യാഖ്യാനിച്ചു തീർച്ചചെയ്യേണ്ടതായിരിക്കുന്നു. സാർ, നിങ്ങൾ പറഞ്ഞതിൽനിന്നു ഞാൻ ധരിക്കുന്നതു നിങ്ങൾ കേവലം സാങ്കേതിക പ്രതിബന്ധങ്ങളെ പിടിച്ചുനിൽക്കണം എന്നു വിചാരിക്കുന്നില്ലഎന്നാണ് അതുകൊണ്ടു അദ്ദേഹം സഭയുടെ അനുമതി വാങ്ങുവാൻ നിങ്ങൾ സമ്മതിച്ചു, മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപം സഭയുടെ അനുമതി മി.തരകൻ ആവശ്യപ്പെടുന്നതായ ഉപക്ഷേപത്താൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന അതേ സംഗതിയെക്കുറിച്ചുള്ളതല്ലാഎന്നു പ്രൈസിഡെണ്ട് വിചാരിക്കുന്നതായാൽ സഭയുടെ അനുമതിവാങ്ങുന്നതിനു ചട്ടം അനുസരിച്ചുതന്നെ പ്രൈസിഡെണ്ട് സമ്മതിക്കാവുന്നതാണ്,

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്വാമിൻ, വർത്തമാനപ്പത്രക്കാരുടെ ലേഖനാൽ ജാതമായ അവസ്ഥയെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിനു നിങ്ങൾ സമ്മതം നൽകിയതിലേക്കായി ഞാൻ വാസ്തവത്തിൽ കൃതജ്ഞനായിരിക്കുന്നു. ഇപ്പോഴത്തെ പ്രശ്നം ആ വിഷയത്തെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിലേക്കായി നാം സഭയെ ബന്ധിക്കുന്നതായ ചട്ടത്തിന്റെ അതിലംഘനത്തിനായി ചൊല്ലണമോ എന്നുള്ളതത്രെ. അതുകൊണ്ടു ഈപ്രശ്നം ഈ സഭയുടെ എല്ലാമെംബർമാരേയും ബന്ധിക്കുന്നതും തല്ക്കാലത്തെ നിയമമായിരിക്കുന്നതും ആയ പ്രത്യേകചട്ടത്തെ നാംശിഥിലീകരിക്കുന്നതു നീതികരിക്കാവുന്നതാണോ എന്നാകുന്നു ഈ വിഷയത്തെക്കുറിച്ചു വാദപ്രതിവാദം നടത്തണം എന്നുള്ള നമ്മുടെ ഉത്കണ്ഠയിൽ ഉപക്ഷേപങ്ങളുടെ അറിയിപ്പിന്റെ സ്വഭാവത്തിൽ ആ പ്രത്യേകവിഷയത്തിന്റെ വാദപ്രതിവാദത്തെ നിങ്ങൾതന്നെയും പറഞ്ഞതുപോലെ ചട്ടങ്ങൾ സമ്മതിക്കുന്നില്ല എന്നുവരികിൽ നിങ്ങൾ വല്ല പ്രത്യേകചട്ടത്തെ ശിഥിലീകരിക്കയൊ സാധുവായ നിയമത്തെ താൽക്കാലികമായി വിഗണിക്കയൊ ചേയ്യേണ്ടതായ ആവശ്യം ഇല്ല എന്നു ഞാൻ അറിയിക്കുന്നു. ഈ വിഷയത്തെ വിവിധമാർഗ്ഗങ്ങളിൽ നമുക്കു ഗുണദോഷനിരൂപണംചെയ്യാൻ കഴിയും. ഉപക്ഷേപത്തിനു അറിയിപ്പുതന്നിരിക്കുന്നതായി കാണുന്ന മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ആ ഉപക്ഷേപത്തെ ഉപസംഹരിക്കണം എന്നുംആവശ്യം ഉണ്ടെങ്കിൽ വീണ്ടും അതിനെ പ്രയോഗിക്കണം എന്നും നമുക്കു അദ്ദേഹത്തിനോടു അപേക്ഷിക്കാം. ഇതിനിടയിൽ ബഡ്ജറ്റിനെക്കുറിച്ചുള്ള സാമാന്യനിരൂപണസൗകര്യം നമുക്കെല്ലാവർക്കും ഉണ്ട്. സഭാകാര്യം നിറുത്തിവെക്കണം എന്നുള്ള ഉപക്ഷേപത്താൽ സാധ്യമാവുന്നതു ബഡ്ജറ്റിന്റെ സാമാന്യനിരൂപണത്തിലും സാധ്യംആകുന്നു.

പ്രെസിഡെൻറ്: മിസ്റ്റർ പി. കെ. നാരായണപിള്ള, സംബന്ധപ്പെട്ട എല്ലാവരുടേയും ഗുണത്തെ ഉദ്ദേശിച്ചു് വൊട്ടുമൂലം തീർച്ചപ്പെടുത്തേണ്ടസംഗതി ആണ് ഇതെന്നു ഞാൻ വിചാരിക്കുന്നു. ഇതു ബഡ്ജറ്റിന്റെ സാമാന്യനിരൂപണത്തിൽ സാധ്യം ആണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സംഗതിയെപ്പററി സഭയിൽ വാദപ്രതിവാദം നടത്തണം എന്ന് ഗവണ്മെൻറിന് ആഗ്രഹം ഉണ്ടെങ്കിൽ ഇതിനെ ഗവണ്മെണ്ട് സ്വയമേവ നിശ്ചയമായും ഗുണദോഷനിരൂപണവിഷയമാക്കി വെക്കാവുന്നതാണ്.

പ്രസിഡെൻറ്: ഗവണ്മെൻറ് ഈവിധത്തിൽഉള്ള ഒരു പ്രമേയം പ്രയോഗിക്കുന്നതു വളരെ വിധിവിരുദ്ധമായ അവസ്ഥയെജനിപ്പിക്കും എന്നുള്ളതുകൊണ്ടു അങ്ങനെ ചെയ്യുന്നതു യുക്തം ആണെന്നു ഗവണ്മെണ്ട് വിചാരിക്കുന്നില്ല. സർക്കാരുദ്യോഗസ്ഥൻ അല്ലാത്ത ഒരു മെമ്പർ സംസാരിക്കുന്നതു അയാളുടെ സ്വന്തം അഭിപ്രായത്തെ അല്ലാഎന്നും രാജ്യത്തിന്റെ പൊതുവെയുള്ള അഭിപ്രായത്തിന്റെ പ്രതിനിധികൾ ആയിരിക്കുന്ന മററുവിധ ജനങ്ങളുടെ പ്രതിനിധിആയിട്ടാണെന്നും ഉള്ള തത്വത്തെ അംഗീകരിച്ചു് ഒരു അനുദ്യോഗസ്ഥമെംബർ അദ്ദേഹത്തിന്റെ അഭിപ്രായം വെളിവാക്കിയിരിക്കുന്നസ്ഥിതിക്കു മിസ്റ്റർ സി. പി. തരകന്റെ അപേക്ഷ അദ്ദേഹം പ്രതിനിധീകരിക്കുന്ന കൂറേപ്പേരുടെ വിസ്തൃതമായ ജനപക്ഷമായ പിൻബലത്തോടുകൂടിയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ചൂണ്ടിക്കാണിക്കുന്നതെന്തെന്നാൽ,

പ്രെസിഡെൻറ്: ഈ സംഗതിയിൽ എനിക്കു പ്രത്യേകമായി യാതൊരു അഭിപ്രായവുമില്ല. ഞാൻ പറയുന്നതിന്റെ താല്പര്യം എല്ലാംകൂടി ഇത്രയേയുള്ളു. എന്തെന്നാൽ ഈ വിഷയത്തിന്റെ ഗുണദോഷനിരൂപണം നടത്തണം എന്ന അനുദ്യോഗസ്ഥാഭിപ്രായം സ്വയമേ വെളിവാക്കപ്പെട്ടസ്ഥിതിക്കു യാതൊരുശങ്കയ്ക്കും വകയില്ലാത്തതുകൊണ്ടു ഞാൻ വാദപ്രതിവാദത്തിനിടയ്ക്കു വെളിവാക്കുവാനുള്ള താല്പര്യഭിപ്രായപ്രകടനത്തെ സംക്ഷേപിക്കാം. ഗ്രാംഗങ്ങൾ മുതലായ ചെറിയ പ്രതിബന്ധങ്ങളെ വിഗണിക്കുന്നതായ അഗ്രവലിയ ആനുകൂല്യം കാണിച്ചിട്ടും നിർബാധമായും പൂർണമായും സമ്മതിക്കാം എന്നു ഞാൻ പറഞ്ഞു. ഈ വിഷയത്തിന്റെ ഗുണദോഷനിരൂപണം നടത്താൻ വിമനസ്കരാണെന്നും ചട്ടങ്ങളെ മുറുകെപിടിച്ചുനിൽക്കേണ്ടതാണെന്നുമുള്ള അനുദ്യോഗസ്ഥാഭിപ്രായം ഉണ്ടായിരിക്കുന്നതായി അതേകാലത്തുതന്നെ നിങ്ങൾഅറിഞ്ഞിട്ടുണ്ട്. അനുദ്യോഗസ്ഥാഭിപ്രായത്തിന്റെ ആ ശാഖയെ വ്യതിക്രമിക്കണം എന്നു നിർബന്ധിക്കുവാൻ ഞാൻ നിശ്ചയമായും ശ്രമിക്കയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ പ്രശ്നത്തെസംബന്ധിച്ചു നിയമം ഏതുസ്ഥിതിയിൽ ഇരിക്കുന്നു എന്നു ഞാൻ ചൂണ്ടിക്കാണിച്ചതേയുള്ളു.

പ്രെസിഡെണ്ട്: നിങ്ങൾ പറയുന്നതു ഞാൻ നല്ലപോലെ മനസ്സിലാക്കുന്നു. വമ്പിതായ നീതിതത്വസംബന്ധമായ ഒരു പ്രശ്നത്തിന്റെ ഗുണദോഷനിരൂപണം ചെയ്യുന്നതിൽപരം സഭയിലെ ചട്ടങ്ങളെ അശിഥിലമായി പരിപാലിക്കുന്നതു കൊള്ളാം എന്നാണ് നിങ്ങളുടെ അഭിപ്രായം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു സംഗതിയെ സംബന്ധിച്ചു ഉപക്ഷേപത്തിനു അറിയിപ്പു മുമ്പിലേ കൊടുക്കപ്പെട്ടിരുന്നിരിക്കേ അതേസംഗതിയുടെ ഗുണദോഷനിരൂപണത്തിനായിസഭാകാര്യങ്ങൾ നിറുത്തിവെക്കണം എന്നുള്ള ഉപക്ഷേപം പ്രയോഗിച്ചുകൂടാ എന്നൊരു ചട്ടം ഉണ്ട്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അതാണ് ചട്ടം, സംശയമില്ല. സഭാകാര്യങ്ങൾ നിറുത്തിവെക്കണം എന്നുള്ള ഉപക്ഷേപം വർത്തമാനപത്രറെഗ്ലേഷനാൽ ജാതമായ അവസ്ഥയെ സംബന്ധിക്കുന്നതും മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപം റെഗ്ലേഷനെ റദ്ദാക്കണം എന്നുള്ളതിനെ സംബന്ധിക്കുന്നതും ആകകൊണ്ട്, സർ, ഈ ചട്ടം പ്രസ്തുതസംഗതിക്കു യോജിക്കുന്നതായി ഗണിക്കണം എന്നില്ലാ എന്നാണ് ഞാൻ അറിയിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പരനിർദ്ദേശ്യമായ ഒരു ഉപക്ഷേപം അയയ്ക്കുന്ന മെംബർ ഉപക്ഷേപത്തിന്റെ ഉദ്ദേശത്തെ വിവരിച്ചു പറയണം എന്നുള്ളതു നിർബന്ധം ആണോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഉപക്ഷേപം ഇപ്പോൾ നിൽക്കുന്നനിലയിൽ അതിനെ രണ്ടു ഭിന്നമായ മാർഗ്ഗങ്ങളിൽ വ്യാഖ്യാനിക്കാവുന്നതാകുന്നു. ഇതു മിസ്റ്റർ തരകന്റെ ഉപക്ഷേപം തന്നെയാണെന്നു വ്യാഖ്യാനിക്കുന്നതായാൽ ചട്ടം വ്യതിക്രമിക്കപ്പെടുന്നു. ആവിധം വ്യാഖ്യാനം ചെയ്യുന്നില്ല എന്നുവരുകിൽ ചട്ടത്തിന്റെ വ്യതിക്രമണം ഇല്ല. സഭാകാര്യങ്ങൾ നിറുത്തിവെക്കണം എന്നുള്ള ഉ

പക്ഷേപം പ്രയോഗിക്കാൻ സഭയുടെ അനുമതി ചോദിക്കാവുന്നതാണ്. ആവിധത്തിൽ ഈ ഉപക്ഷേപത്തെ പര്യാലോചിക്കാം എന്നാണ് ഞാൻ അറിയിക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്രത്തെ "റട്ടാക്കൽ" എന്നു ഞാൻ എഴുതിയകാലത്തു വർത്തമാനപ്പത്രത്തെ സംബന്ധിച്ചപ്രശ്നത്തിന്റെ സകല മുഖങ്ങളെയും ഞാൻ ഉൾക്കൊള്ളിച്ചിരുന്നു എന്നു ഞാൻ വിവരിച്ചുപറയട്ടെ.

പ്രെസിഡന്റ്: ഏതാദൃശകാര്യത്തിൽ ലാ മെംബരുടെ അഭിപ്രായത്തിന്നു മഹത്തായ ഗുരുത്വം ഞാൻ നൽകേണ്ടതാണ്. ഒരു നിയമത്തെ റട്ടാക്കണം എന്നുള്ള ഉപക്ഷേപം അതേനിയമത്താൽ ജാതമായ അവസ്ഥയുടെ ഗുണദോഷനിരൂപണം ചെയ്യണം എന്നുള്ള ഉപക്ഷേപത്തിൽനിന്നു തീരെ ഭിന്നമായകാര്യം ആണെന്നു അദ്ദേഹം നിങ്ങൾ എല്ലാവർക്കും എനിക്കും പൂർണ്ണമായി വ്യക്തപ്പെടുത്തിത്തന്നിരിക്കുന്നു; ഇതു സൂക്ഷ്മമായ വ്യത്യാസംആണ്. സംഗതിയുടെ പ്രാധാന്യത്തെ ഗണിച്ച് ഞാൻ ഈ വ്യത്യാസത്തെ അംഗീകരിക്കയും അക്കാരണത്താൽ മി: തരകന്റെ ഉപക്ഷേപം സാധുവാണെന്നു ധരിക്കാൻ മനസുള്ളവനായിരിക്കയും ചെയ്യുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇവിടെ രണ്ടു ഉപക്ഷേപങ്ങൾ ഉണ്ടു. മി: പരമേശ്വരൻപിള്ളയ്ക്കു, മി: നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപങ്ങളിൽ ഒന്നിനെക്കുറിച്ചുമാത്രം സ്വല്പം പറയാനുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): ഒന്നു വർത്തമാനപ്പത്രറെഗ്ലേഷനെ സംബന്ധിച്ചുള്ളതാണ്, മറ്റേതു വർത്തമാനപ്പത്രറഗ്ലേഷനെ റട്ടാക്കണം എന്നു നിർദ്ദേശിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ലാ മെംബരുടെ വിവരണത്തിൽ ഉപക്ഷേപങ്ങളിൽ ഒന്നു ഉൾപ്പെടുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): അതിൽ മറ്റെ ഉപക്ഷേപവും ഉൾപ്പെടുന്നു എന്നു എനിക്കുതോന്നുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെങ്ങനെ സാർ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെയും ഭിന്നവിധങ്ങളിൽ വ്യാഖ്യാനിക്കാവുന്നതുതന്നെ. അതുകൊണ്ടാണ് അതു വ്യാഖ്യാനിച്ചു തീർച്ചചെയ്യേണ്ടതാണെന്നു ഞാൻ പറയുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്രറെഗ്ലേഷനാൽ ജാതമായ അവസ്ഥ അല്ലാതെ രാജ്യത്തിൽ ഇപ്പോൾ മറ്റു യാതൊരു അവസ്ഥയും ഇല്ല എന്നു ഞാൻ പറയട്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): അതു വ്യാഖ്യാനിക്കുന്നതുപോലെയിരിക്കും. സാർ, നിങ്ങൾ പറഞ്ഞതുപോലെ വിഷയപ്രാധാന്യത്തെ ഗണിച്ചു ഈ രണ്ടു ഉപക്ഷേപങ്ങളും സാങ്കേതികക്രമത്തിൽ രണ്ടു ഭിന്നസംഗതികളെസംബന്ധിക്കുന്നവയാണെന്നു നിശ്ചയിക്കുന്നതു സംശയമാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വർത്തമാനപ്പത്രറെഗ്ലേഷനെ സംബന്ധിച്ചുള്ള ഉപക്ഷേപത്തിൽ ആ റെഗ്ലേഷൻ നടപ്പാക്കിയതിനാൽ ജനിപ്പിക്കപ്പെട്ട അവസ്ഥകൂടി ഉൾപ്പെടുന്നില്ലയോ എന്നു അറിയേണ്ടിയിരിക്കുന്നു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): അങ്ങനെവേണം എന്നില്ല. അതുകൊണ്ടാണു ഇതു വ്യാഖ്യേയവിഷയം എന്നു ഞാൻ പറയുന്നതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ രണ്ടു ഉപക്ഷേപങ്ങളും ഒന്നുതന്നെ എന്നു പ്രെസിഡണ്ട് തീർച്ചചെയ്തിട്ടില്ലെന്നോ എന്നു അറിയേണ്ടിയിരിക്കുന്നു. കാര്യപരിപാടിയിൽ ഉള്ള ഉപക്ഷേപത്തിന്റെ സാമ്യംനിമിത്തം സാങ്കേതികമായ വൈഷമ്യം ഉണ്ടു എന്നു പ്രെസിഡണ്ട് പറഞ്ഞിരിക്കെ ഉപക്ഷേപങ്ങൾ ഒന്നുതന്നെയോ ഭിന്നങ്ങളോ എന്നു വീണ്ടും വ്യാഖ്യാനിക്കാൻ എന്റെ സ്നേഹിതൻ പ്രെസിഡന്റിനോടു അപേക്ഷിക്കുന്നതിനെ മനസിലാക്കാൻ എനിക്കു കഴിയുന്നില്ല.

പ്രെസിഡന്റ്: പ്രെസിഡന്റിന്റെ തീർച്ചയെ വീണ്ടും ആലോചിക്കണം പ്രെസിഡണ്ടിനോടു അപേക്ഷിക്കാൻ ഈ സഭയിലെ ഓരോ മെംബർക്കും അധികാരം ഉണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ രണ്ടാമത്തെ ഉപക്ഷേപം സഭാകാര്യത്തെ നീട്ടിവെക്കുന്നതിനായി ഇപ്പോൾ അപേക്ഷിക്കപ്പെട്ടിരിക്കുന്ന ഉപക്ഷേപത്തിൽനിന്നു യാതൊരുവിധത്തിലും ഭിന്നംഅല്ല. വല്ല ഭേദവും കണ്ടുപിടിക്കുന്നതു വളരെപ്രയാസം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ മറ്റൊരുചോദ്യം ചോദിക്കട്ടെ? വാസ്തവത്തിൽ ഒരു സങ്കടം ഉണ്ടായിരിക്കയും പ്രെസിഡന്റു ചട്ടത്തെ ശിഥിലമാക്കാൻ സന്നദ്ധനായിരിക്കയും ചെയ്യുന്നസ്ഥിതിക്കു രണ്ടു ഉപക്ഷേപങ്ങളും ഒന്നുതന്നെ എന്നുള്ള സൂക്ഷ്മമായ ഭേദത്തിന്റെ വ്യവഹാരം എന്തിനായി ഇതിനിടയ്ക്കുകൊണ്ടുവരണം.?

പ്രെസിഡന്റ്: മി: കെ. പി. നീലകണ്ഠപ്പിള്ളേ, നിങ്ങൾ ഈ രണ്ടു ഉപക്ഷേപങ്ങൾക്കും എഴുതി അയച്ചു;അതു കാര്യപരിപാടിയിൽ ചേർത്തിട്ടുണ്ട്. നിങ്ങൾ എന്നോടൊന്നിച്ചു ഉന്നതതരമായ തലത്തിൽകയറി ഈ ഗുണദോഷനിരൂപണത്തെ അനുവദിക്കത്തക്കവണ്ണം ആ ഉപക്ഷേപങ്ങളെ പിൻവലിക്കണം എന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അതു ആലോചിക്കാം.

പ്രെസിഡന്റ്: നിങ്ങൾ അതു ആലോചിക്കുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ആലോചിച്ചു എന്റെ തീർച്ച നാളെ അറിയിക്കാം.

പ്രെസിഡന്റ്: ആ സ്ഥിതിക്കു മി: തരകൻ അറിയിച്ചുകൊടുത്തിട്ടുള്ള വിളംബോപക്ഷേപത്തിന്റെ പര്യാലോചന നാളെവരെ മാററിവച്ചിരിക്കുന്നതാണ്.

ബഡ്ജറ്റിന്റെ സാമാന്യനിരൂപണം.

പ്രസിഡന്റ്: നാം ഇപ്പോൾ ബഡ്ജറ്റിന്റെ സാമാന്യനിരൂപണം ആരംഭിക്കാം. ഇന്നും നാളയും തിങ്കളാഴ്ച ഏതാനും മണിക്കൂറും ബഡ്ജറ്റിന്റെ സാമാന്യനിരൂപണത്തിനായി വിനിയോഗിക്കുന്നതായിരിക്കും. ഡിമാണ്ടുകളെക്കുറിച്ചുള്ള വാദപ്രതിവാദവും അവയ്ക്കു വോട്ടുകൊടുക്കലും ആഗസ്റ്റ് ൻ-ന- തിങ്കളാഴ്ചമുതൽ തുടങ്ങും. ഇക്കാര്യത്തിലേക്കു അനുവദിക്കാവുന്ന പൂർണ്ണപ്രമേയമായ ഏഴുദിവസം ഇതിലേക്കായി നീക്കിവച്ചിട്ടുണ്ട്. ഏഴു ദിവസങ്ങളിൽ മൂന്നു ദിവസങ്ങൾ പബ്ലിക് വർക്സ്, വിദ്യാഭ്യാസം ഭൂനികുതി എന്നീ ഇനങ്ങൾക്കു ഓരോന്നിനു ഒന്നിൽ കവിയാത്ത ദിവസംവീതം ഉപയോഗിക്കാവുന്നതാണ്. ശേഷം ഉള്ള ഡിമാൻഡുകൾ ഏഴാം ദിവസം അവസാനത്തിനുമുമ്പു പ്രതിപാദിക്കപ്പെടുന്നതാകുന്നു. ഓരോ ഡിമാൻഡിനും നീക്കിവച്ചിരിക്കുന്ന കാലത്തിന്റെ അവസാനത്തിൽ സംസാരിക്കാതെ കിടക്കുന്ന തത്സംബന്ധമായ പ്രമേയങ്ങൾ എല്ലാം സ്വയം നഷ്ടമായി തീരുന്നതാണ്. നിയത ദിവസങ്ങളിൽ അവസാനദിവസം വൈകുന്നേരം ഈ മണിക്കൂറിനു ചുണ്ടിലുള്ള ഡിമാൻഡുകളെ സംബന്ധിച്ചു ഓരോ പ്രശ്നത്തേയുംകുറിച്ചു ൪ ൦ (൩) ചട്ടം അനുസരിച്ചു സഭയുടെ അഭിപ്രായം അറിയുന്നതാകുന്നു.

സാമാന്യനിരൂപണത്തിനിടക്കു ഫിനാൻഷ്യൽ സെക്രട്ടറി ഒഴികെയുള്ള ഓരോ മെമ്പർക്കും മൂന്നാണ്ടുകളിൽ എന്നപോലെ ൨൦ മിനിട്ടിൽ കവിയാത്ത സമയം അനുവദിക്കുന്നതാണ്. ചിലവിനങ്ങളുള്ള ഡിമാണ്ടുകൾക്കായി വോട്ടുകൊടുക്കുമ്പോൾ ഓരോ പ്രയോക്താവിനും മറുപടി പറയാൻ അധികാരം. ഉള്ള ഓരോ അഫിഷ്യൽ മെമ്പർക്കും ൨൦ മിനിട്ടും മററു മെമ്പർമാരിൽ ഓരോരുത്തർക്കും ൧ മിനിട്ട് വീതവും അനുവദിക്കുന്നതാണ്. മൂന്നാണ്ടുകളിലെ ചാർജ്ജിൻപടി ബഡ്ജററിനെക്കുറിച്ചുള്ള ഉപക്ഷേപങ്ങൾക്കു അനുവാദകൻ വേണം എന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്വാമിൻ, ൧൯൨൯-മാണ്ടത്തെ ഇം റഗ്ലേഷൻ ഉണ്ടാക്കിയതിൽ ജനിപ്പിക്കപ്പെട്ടിരിക്കുന്ന അവസ്ഥ പ്രധാനപ്പെട്ട വിഷയം ആണ്. ഈ ഈ സഭയുടെ പയ്യോലോചനയെ അർഹിക്കുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള ഗുണദോഷനിരൂപണത്തെ കേൾക്കുന്നതിനു പ്രസിഡണ്ടിനുള്ള ഉൽക്കണ്ഠക്കായി ഞാൻ അദ്ദേഹത്തിനു വിശിഷ്ടമായ വന്ദനം കൃതജ്ഞൻ ആയിരിക്കുന്നു. വർത്തമാനപ്പത്രം റഗ്ലേഷൻ ഉണ്ടാക്കിയതിൽ ഈ സഭയുടെ ജീവിതം തീരെ വിസ്മൃതിക്കപ്പെട്ടിരുന്നു എന്നു ഞാൻ ചൂണ്ടിക്കാണിക്കണം എന്നില്ലല്ലോ? ഇതിനെ—

പ്രസിഡണ്ട്: പ്രസംഗങ്ങളെ സംബന്ധിച്ചു ഇന്നവ സംബന്ധപ്പെട്ട കാര്യങ്ങൾ എന്നു പ്രതിപാദിക്കുന്ന ചട്ടത്തെ മെമ്പർ ശ്രദ്ധിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. ഇക്കാര്യം ബഡ്ജറ്റുമായി എങ്ങനെ നേരിട്ടു സംബന്ധപ്പെട്ടിരിക്കുന്നു എന്നു ഞാൻ കാണുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ സഭാസമക്ഷം നടക്കുന്നതു ബഡ്ജററിന്റെ സാമാന്യനിരൂപണം ആണ്. രാജ്യത്തിന്റെ സാമാന്യകാര്യവിചാരം ബഡ്ജററിൽ ഉണ്ട്. വർത്തമാനപ്പത്രറെഗ്ലേഷൻ അനുസരിച്ചു മജിസ്ട്രേട്മാർ പൊലീസ് ആഫീസർമാർ മററു ഉദ്യോഗസ്ഥന്മാർ ഇവരുടെ കൃത്യങ്ങളും ഇവരുടെ ശമ്പളവും ഇവിടെ പയ്യോലോചനയ്ക്കായി വരുന്നു. ഈ പ്രസ്തുത റെഗ്ലേഷൻ ഉണ്ടാക്കിയ കാര്യത്തിൽ ഈ സഭയുമായി ആലോചിച്ചിട്ടില്ലാ എന്നുള്ള വസ്തുതയും ഈ പ്രശ്നത്തിന്റെ മറെറാരു വശമാണ്. രണ്ടു പ്രത്യേക ഇനങ്ങളിൽ ആയി ഇക്കാര്യത്തിന്റെ ഗുണദോഷനിരൂപണം ചെയ്യുന്നതിനു രണ്ടു ഉപക്ഷേപങ്ങൾ പ്രെസിഡണ്ട് അനുവദിച്ചിരിക്കെ ബഡ്ജറ്റിന്റെ സാമാന്യനിരൂപണത്തിൽ ഇക്കാര്യത്തിന്റെ വാദപ്രതിവാദത്തിനു ആക്ഷേപം അദ്ദേഹം പറഞ്ഞുകൂടാ എന്നും ഞാൻ ചൂണ്ടിക്കാണിക്കാം.

പ്രെസിഡണ്ട്: ബഡ്ജറ്റിന്റെ സാമാന്യനിരൂപണം എന്നുള്ളതു ബഡ്ജറ്റിൽ അടങ്ങിയിരിക്കുന്ന നീതിതത്വങ്ങൾക്കു ആകപ്പാടെ ബഡ്ജറ്റിനോ പ്രത്യേകം സംബന്ധിക്കുന്നതായ അഭിപ്രായങ്ങളെ കാര്യകുശലരീതിയിൽ തീർച്ചപ്പെടുത്തി പറയുകയാണു എന്നാകുന്നു എന്റെ അഭിപ്രായം. ഇക്കാര്യത്തിൽ മെമ്പർ ഉദ്ദേശിക്കുന്നതു എന്താണെന്നു ഞാൻ പൂർണ്ണമായി കാണുന്നു. എന്നാൽ ഉന്നതനീതിയേയും കേവലമായ അധികാരത്തേയും മററും സംബന്ധിച്ചുള്ള പ്രശ്നത്തെ ഇക്കാര്യത്തിലേക്കോ അക്കാര്യത്തിലേക്കോ നീക്കിവച്ചിരിക്കുന്ന ഇത്രയായി ഒരു രൂപമോടെടുത്തിച്ചുവച്ചു ഗുണദോഷനിരൂപണം ചെയ്യുന്നതു അതേ കാലത്തിൽ ബഡ്ജറ്റിനോടു നിരൂപണത്തിനുള്ള അവകാശങ്ങളുടെ വാസ്തവത്തിൽ ക്ലിഷ്ടമായ ഒഴിയലത്രെ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) സങ്കടനിവൃത്തിക്കായിട്ടാണു ഈ വിഷയം പ്രയോഗിക്കപ്പെട്ടതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അ സംഗതിയിൽ നിയമസാചട്ടങ്ങളിൽ ൪൭-ാം നംബർ ചട്ടത്തെ ശ്രദ്ധിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു:—

"ആകപ്പാടെ ബഡ്ജറ്റിനേയോ അതിൽ അടങ്ങിയിരിക്കുന്ന നീതിതത്വത്തെ സംബന്ധിച്ച പ്രശ്നത്തെയോ കുറിച്ചു ഗുണദോഷനിരൂപണം ചെയ്യാൻ സഭയ്ക്കു അധികാരം ഉണ്ട്. എന്നാൽ ഈ ഒരുയിൽ യാതൊരു ഉപക്ഷേപവും പ്രയോഗിച്ചുകൂടാ. ബഡ്ജറ്റിനെക്കുറിച്ചു ഈദ്ദേശഗുണദോഷനിരൂപണത്തെ സംബന്ധിച്ചു സഭയെ രണ്ടു കക്ഷികളാക്കി പിരിക്കുന്നതിനു യാതൊരു മെമ്പർക്കും അധികാരവും ഇല്ല".

അതുകൊണ്ടു സങ്കടം അതിനുള്ളിൽ ഉൾപ്പെട്ടതാണോ എന്നാകുന്നു പ്രശ്നം.

പ്രെസിഡണ്ട്: ഉൾപ്പെട്ടതല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സംഗതി ബഡ്ജറ്റിന്റെ നിരൂപണത്തിനു സംബന്ധപ്പെട്ടതല്ല എന്നാണോ അദ്ധ്യക്ഷസ്ഥാനത്തിന്റെ തീർച്ച!

പ്രെസിഡണ്ട്: എന്റെ തീർച്ച അതു ബഡ്ജറ്റിന്റെ സാമാന്യനിരൂപണത്തിന്റെ കാര്യത്തിനു നേരിട്ടു സംബന്ധം ഉള്ളതല്ല എന്നാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിങ്ങൾക്കു വന്ദനം.

പ്രെസിഡണ്ട്: ഇപ്പോൾ വിസ്തരിക്കാൻ ശ്രമിക്കുന്നതായ വിഷയത്തിന്റെ ഗുണദോഷനിരൂപണത്തിനു ഒരു അവസരം നിങ്ങൾക്കും ഈ സഭയിലെ മററു മെമ്പർമാർക്കും നൽകുന്നതിനു ഞാൻ എത്ര ഉൽക്കണ്ഠിതനാ

യിരുന്നു എന്നു വളരെ ശ്രമപ്പെട്ടു ഞാൻ വിവരിച്ചുപറഞ്ഞു. വാദപ്രതിവാദത്തെ നടയണം എന്നല്ലാ എന്റെ വിചാരം. ചട്ടത്തെ യോജിപ്പിക്കുന്ന വിഷയം ആണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബഡ്ജറ്റിന്റെ സാമാന്യനിരൂപണമല്ലെ, വർത്തമാനപ്പത്ര റെഗുലേഷനെപ്പററി ഞാൻ പ്രസ്താവിച്ചതു ഞാൻ തീർച്ചയായിട്ടല്ലാ എന്നു ത്യജിക്കപ്പെട്ടതായി അതു കൊണ്ടു ഞാൻ ഗ്രഹിക്കുന്നു.

പ്രെസിഡെണ്ട്: ഇപ്പോൾ ലാ മെംബർ ഉദ്ധരിച്ചതായ ചട്ടം അനുസരിച്ചു ഇതു ബഡ്ജറ്റിന്റെ സാമാന്യനിരൂപണത്തിൽ പറയുന്നതായ പണസംബന്ധമായവ്യവസ്ഥകൾക്കു യോജിച്ചതല്ല എന്നു ഞാൻ പറയുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊണ്ടു ഈ സംഗതിയെപ്പററി വാദപ്രതിവാദം ഞാൻ ഇപ്പോൾ നടത്തുവാൻ അനുവദിക്കപ്പെടുന്നില്ല എന്നു ഞാൻ വിചാരിക്കുന്നു.

പ്രെസിഡെണ്ട്: പാടില്ല: നാം വാസ്തവത്തിൽ ഇപ്പോൾ ചർച്ചിക്കുന്നതു ബഡ്ജറ്റിൽ പണസംബന്ധമായ വ്യവസ്ഥയാണ്. അതുമായിവല്ല സംബന്ധവും നിങ്ങൾ കാണിക്കാതിരിക്കുന്നതുവരെ പാടില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ പ്രസംഗത്തെ അടുത്ത പറയാൻ എനിക്കു സ്വാതന്ത്ര്യം ഉണ്ടോ?

പ്രെസിഡെണ്ട്: മെംബർ വ്യാഖ്യാനിക്കുന്ന നിലയിൽ ഈ സംഗതി ബഡ്ജറ്റിന്റെ നിരൂപണത്തിനു സംബന്ധപ്പെട്ടതല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വർത്തമാനപ്പത്ര റെഗുലേഷനെ സംബന്ധിച്ചു തീർച്ച ഇതാണെന്നുവരുകിൽ-

പ്രെസിഡെണ്ട്: പ്രെസിഡെണ്ടിന്റെ തീർച്ചയെക്കുറിച്ചു ഗുണദോഷനിരൂപണം ചെയ്തു കൂടാ: എന്നുള്ള ചട്ടത്തെ മെംബർ ശ്രദ്ധിക്കുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ അതിന്റെ ഗുണദോഷങ്ങളെ നിരൂപിക്കുന്നില്ലാ. ഇതാണു അദ്ധ്യക്ഷന്റെ തീർച്ച എന്നു വരികിൽ ഞാൻ കേവലം ആസനത്തിൽ ഇരുന്നേക്കാം.

പ്രെസിഡെണ്ട്: ഇന്നതെന്ന വിഷയത്തെക്കുറിച്ചു സംസാരിക്കാൻ മററുവല്ല മെംബരും ആഗ്രഹിക്കുന്നുണ്ടോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): മിസ്റ്റർ നീലകണ്ഠപ്പിള്ള ഇവിടെ വായിച്ചബഡ്ജറ്റ് പ്രസംഗത്തെ മുഴുവനും ഞാൻ ശ്രദ്ധയോടുവായിച്ചു നോക്കി. അതു വെറും പച്ചവെള്ളമാണ്. അതിൽ കൈപ്പോ ഇനിപ്പോ ചവർപ്പോ കനം ഇല്ല. ബഡ്ജറ്ററിലെ സംഖ്യകളുടെ വിവരങ്ങളെ പ്രസ്താവിച്ചിട്ടുണ്ട് എന്നല്ലാതെ ഗവണ്മെന്റ് അടുത്തകൊല്ലം സ്വീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന നയം എന്താണെന്നോ അതിനു സംബന്ധിച്ചു ജനസാമാന്യവും ഈ സഭാംഗങ്ങളും അറിഞ്ഞിരിക്കേണ്ട സാഗതികൾ എന്തെല്ലാമാണെന്നോ ഒന്നും തന്നെ വിവരിച്ചു കാണുന്നില്ല.

ഗവണ്മെൻറിൽ നിന്നും മൂന്നു റെയിൽവേ സർവ്വെ ചെയ്‌വാൻ നിശ്ചയിച്ചിട്ടുള്ളതായി ബഡ്ജറ്ററിൽ കാണുന്നുണ്ട്. എന്നാൽ അതിലേക്കു ഏകദേശമായിട്ടെങ്കിലും എന്തു ചിലവുവരുമെന്നോ ആ ചിലവിന് ഗവണ്മെന്റു എന്തു മുഗ്ദ്ധങ്ങളാണ് ധിക്കേശിച്ചിരിക്കുന്നു എന്നോ ബഡ്ജറ്ററ പ്രസംഗത്തിൽ ഒന്നും തന്നെ വിവരിച്ചു കാണുന്നില്ലാ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബഡ്ജറ്ററിൽ അതിന് പ്രൊവിഷൻ ഉണ്ടോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): പ്രൊവിഷൻ ഉണ്ട്. അതു് സർവ്വെ ചെയ്യുന്നതിനാണ്. സർവ്വെ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നതു് തീവണ്ടി നടപ്പാക്കുന്നതിനാണ്. അതിലേക്ക് എന്തു ചിലവുവരുമെന്നു ഏകദേശമായിട്ടെങ്കിലും ഗവണ്മെൻറു അറിഞ്ഞിരിക്കാൻ ഇടയുണ്ട്. ആസ്ഥിതിക്ക് ഈ സഭാംഗങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. റെയിൽവെ സംബന്ധിച്ചു ഡിസ്കസ് ചെയ്യാൻ സഭക്ക് അധികാരമില്ലെങ്കിലും ബഡ്ജറ്ററിലെ മററു ഭാഗങ്ങളെ സംബന്ധിച്ചു ആലോചിക്കുമ്പോൾ ഈ സഭാംഗങ്ങൾ അതു് അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണ്. ഭാവിയിൽ ഇങ്ങിനെ നാട്ടിന് ഒരു ഭീമമായി വരുന്ന ചിലവു് ഏതിനത്തിൽ കരുതേണ്ടിയിരിക്കുന്നു എന്നുള്ള ചിന്തകൂടാതെ ബഡ്ജറ്ററിന്റെ ശേഷം ഭാഗത്തിലേക്കു പ്രവേശിക്കുന്നതു് അശേഷം മുൻ കരുതൽ ഇല്ലാത്ത ഒരു പ്രവൃത്തിയായി തീരുന്നതാണ്.

അതുപോലെ ലാസ്ഡിലേസ് കമ്മിററി എന്ന പേരിൽ ഒരു കമ്മററിക്ക് ഭീമമായ ഒരു സംഖ്യ ചിലവാക്കാൻ നിശ്ചയിച്ചിരിക്കുന്നതായി കാണുന്നു. മൈസൂർ മദ്രാസ് മുതലായ പല ദേശങ്ങളിലും ലാസ്ഡിലേസ് കമ്മററി ഏർപ്പെടുത്തീട്ടുണ്ട്. അവയുടെ റിപ്പോർട്ടുകൾ നമുക്കു വായിച്ചു നോക്കത്തക്ക സൌകര്യത്തിലും ഇരിക്കുന്നു. ആ സ്ഥിതിക്ക് ഇത്ര വളരെ പണം ചിലവുചെയ്തു് ഒരു കമ്മററി ഏർപ്പെടുത്തേണ്ട ആവശ്യം എന്താണെന്ന് ഒന്നും ബഡ്ജറ്ററ് പ്രസംഗത്തിൽ കാണുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും): മൈസൂരിലേയും മദ്രാസിലേയും ഇവിടത്തേയും സ്ഥിതി ഒരുപോലെയാണോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): മൈസൂരിലെയും മദ്രാസിലെയും ഇവിടത്തേയും സ്ഥിതി ഒരുപോലെ അല്ലെങ്കിലും അതിപ്പോർട്ടിനെ വെച്ചു നോക്കുന്നപക്ഷം നമ്മുടെ രാജ്യത്തിന് ആവശ്യമുള്ള സംഗതികൾ അതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതിലേക്ക് വ മാസക്കാലത്തോളം ക വ ൦ ൦ രൂപാ ശമ്പളത്തിൽ ഒരു പ്രസിഡൻറും വ ൦ ൦ രൂപാശമ്പളത്തിൽ ഒരുദ്യോഗസ്ഥനെമ്പറും ര ൦ ൦ രൂപാശമ്പളത്തിൽ ഒരു സിക്രിട്ടറിയും രണ്ടു മൂന്നു അനുദ്യോഗസ്ഥന്മാരും കൂടി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു തെളിവു ശേഖരിച്ചു് ഒരുറിപ്പോർട്ട് സമർപ്പിക്കേണ്ട ആവശ്യമില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും): മെംബർക്കു തുകയെ സംബന്ധിച്ചു മാത്രമേ ആക്ഷേപമുള്ളോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): ഇത്ര ഭീമമായ ഒരു സംഖ്യ ചിലവഴിച്ച് ഒരു കമ്മററിയുടെ ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം.

നാഗർകോവിലിൽ ഹൈസ്കൂളിലെ ഫർണിച്ചർ വകക്കു ൨,൦൦൦ രൂപാ ചിലവു നിശ്ചയിച്ചിരിക്കുന്നതായിക്കാണുന്നു. കുന്നത്തുനാട് മുതലായ സ്ഥലങ്ങളിൽ സ്കൂളും അതിലേക്കു വേണ്ട സാമാനങ്ങളും ഉണ്ടാക്കി കൊടുത്താൽ ഹൈസ്കൂൾ ആക്കാമെന്ന് ഗവണ്മെന്റു സാധാരണ പറഞ്ഞു വരുന്നു. കോട്ടാറിലെ ഹൈസ്കൂളിന് ൨൫,൦൦൦ രൂപാ ചിലവു ചെയ്യാൻ ഒരുമടിയും ഇല്ലാ. ഈ ൨൫,൦൦൦ രൂപായും ഉണ്ടെങ്കിൽ രണ്ടു ഹൈസ്കൂൾ ഉണ്ടാക്കുവാനാണ്.

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമിച്ച മെംബർ): രണ്ടുസ്കൂൾ ഹൈസ്കൂൾ ആക്കുന്നതിന് അത്രയും തുകവേണമൊ.

മി: സി. പി. തരകൻ (കുന്നത്തുനാട്): മുഴുവനും വേണ്ടിവരിക്കയില്ലായിരിക്കാം. അതിൽ കുറവായിരിക്കാം. എങ്കിൽ ഞാൻ പറഞ്ഞ അഭിപ്രായം കുറെ കൂടി ശക്തിപ്രാപിക്കുമല്ലൊ. എന്നാൽ സംസ്ഥാനത്തിന്റെ വടക്കെ അററത്തുള്ള ഞങ്ങൾ ആവശ്യപ്പെടുമ്പോൾ ഈവിധം ആണ് സമാധാനം പറയുക. ആസ്ഥിതിക്കു നാഗർകോവിലിലെ ഹൈസ്കൂളിൽ ഫർണിച്ചർ വകക്കു ൨,൦൦൦ രൂപാ ചിലവുചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതിൽ ഒരു ന്യായവും ഇല്ലാ. ഇതുപോലെ പല സംഗതികളും എടുത്തു കാണിക്കാൻ ഉണ്ട്. മററു ഭാഗങ്ങളെ സംബന്ധിച്ചു വാദപ്രതിവാദം നടക്കുമ്പോൾ ആ കാര്യങ്ങളെപ്പററി പറഞ്ഞുകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസത്തെ സംബന്ധിച്ച് വടക്കൻ വിദ്യാഭ്യാസത്തിനും തെക്കൻ വിദ്യാഭ്യാസത്തിനും വല്ല വ്യത്യാസവും ഉണ്ടൊ?

മി: സി. പി. തരകൻ (കുന്നത്തുനാട്): വളരെ വ്യത്യാസം ഉണ്ട്. വടക്കൻ ഭാഗങ്ങളിൽ പള്ളിക്കൂടങ്ങൾക്കു കെട്ടിടങ്ങൾ ഉണ്ടാക്കുമ്പോൾ സാമാനങ്ങളും മററും കൂടി ഉണ്ടാക്കണം എന്നു കുന്നത്തുനാട് മുതലായ സ്ഥലങ്ങളിൽ ഉള്ള ജനങ്ങളോടു ഗവണ്മെന്റു പറഞ്ഞ മറുപടി കേട്ടിട്ടുള്ള അനുഭവംകൊണ്ടുപറഞ്ഞതാണ്.

മി: എൻ. വി. ജോസഫ് (പറവൂർ): ഈ ബഡ്ജററിന്റെ നിരൂപണകാര്യത്തിൽ ഒരു ഉചിതമായ നിരൂപണം ഇന്നു നടത്തുന്നതിനു ഞാൻ പൂർണ്ണമായി ഒരുങ്ങീട്ടില്ല. എന്നാൽ ഇന്നത്തെ നിലയെ നോക്കിയതിൽ എഴിച്ചു നിന്നു എനിക്കു പറയാനുള്ളതു പറയേണ്ടതു എന്റെ ധർമ്മം ആണെന്നു എനിക്കു തോന്നുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മെമ്പർ പ്രസ്താവിക്കുന്ന നിലപ്പാടെന്നു പറഞ്ഞു തരുമോ?

മി: എൻ. വി. ജോസഫ് (പറവൂർ): കഴിഞ്ഞാണ്ടു പ്രസംഗിക്കാർ തള്ളിത്തിക്കിവന്നതായും ഓരോ മെമ്പരും തല്ലസിഡെണ്ടിന്റെ ദൃഷ്ടിയെ ആകർഷിക്കാൻ കാത്തിരിക്കുന്നതായും ഞാൻ കണ്ടു. എന്നാൽ ഇന്നു അതുകണ്ടു, ഒരു മെമ്പറിനും മറെറാരു മെമ്പറിനും ഇടയ്ക്കു ധാരാളം സമയം അന്തരം ഉള്ളതായി ഞാൻ കാണുന്നു. അതു കൊണ്ടു ഇതിനെ മാററി വൈക്കുന്നതിനു പകരം—

മി: ടി. കുമാരപിള്ള (കല്ലുകുളവും വിളവൻകോടും): ഇതിനു കാരണം എന്താണ്?

മി: എൻ. വി. ജോസഫ് (പറവൂർ): അതു ഓരോ മെമ്പരുടെ മനസ്ഥിതി നിമിത്തം ആയിരിക്കാം ഞാൻ മനശ്ശാസ്ത്രം അഭ്യസിച്ചിട്ടില്ല: അതുകൊണ്ടു അദ്ദേഹത്തിനു മറുപടി പറയാൻ എനിക്കു കഴിയുകയില്ല. സാർ, ബഡ്ജററിനെ സ്ഥൂലമായി നോക്കിയാലും...

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇന്നു സംസാരിക്കാൻ ഒരുങ്ങീട്ടില്ലാത്തവരായി അദ്ദേഹത്തിനെപോലെ മെമ്പർമാർ ഉണ്ടു എന്നു മെമ്പർക്കു അറിയാമൊ എന്നു മെമ്പരിൽ നിന്നു അറിയേണ്ടിയിരിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): നിശ്ചയമായും ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ അദ്ദേഹം എന്തിനായി ചീത്ത മനസ്ഥിതി എന്ന കാരണം ആരോപിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): ചീത്തമനസ്ഥിതി എന്ന കാരണം ഞാൻ പറഞ്ഞതേയില്ല.

സ്വാമിൻ, ഈ ബഡ്ജററ് നോക്കിയതിൽ അതിനെ കുറിച്ചു എന്താനും ഗുണങ്ങൾ പറയാം എന്നു എനിക്കു തോന്നുന്നു. പബ്ളിക്കുവൊർക്സ് ഡിപ്പാർട്ടുമെണ്ടു് നോക്കിയതിൽ തിരുവിതാംകോട്ടിലെ വടക്കൻ പ്രദേശങ്ങൾക്കു അവിടത്തെ ജനങ്ങൾ പ്രതീക്ഷിച്ചിട്ടുള്ളിടത്തോളം ശ്രദ്ധപതിഞ്ഞിട്ടില്ല: ഒരു പ്രത്യേകദൃഷ്ടാന്തം മാത്രം പറയാം. പെരിയാറിൽ ഒരു പാലം കെട്ടി പറവൂർ താലൂക്കിനെ തിരുവിതാംകോട്ടിലെ പ്രധാനഭൂമിയോടു യോജിപ്പിക്കാം എന്നു ഗവണ്മെന്റു അനേകം അവസരങ്ങളിൽ വാക്കു പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ടു. കഴിഞ്ഞ ബഡ്ജററു കാലത്തു പോലും എന്റെ സ്നേഹിതൻ മിസ്റ്റർ. സി. പി. തരകൻ പെരിയാറിൽ ഒരു അണ കെട്ടുമൊ എന്നു ഗവണ്മെന്റിനോടു ചോദിച്ചു. പാലത്തിനു സ്ഥലം നോക്കി അടയാളപ്പെടുത്തുന്നതിനായി ൧൦൦ രൂപായെങ്കിലും ഗവണ്മെണ്ടു് കഴിഞ്ഞാണ്ടു ചിലവാക്കി. എന്നാൽ ഇപ്പോൾ പാലം കെട്ടുന്നതിനു വേണ്ടി യാതൊരേർപ്പാടും ചെയ്തിട്ടില്ല. അതു തുടങ്ങുന്നതിനു പോലും ഗവണ്മെണ്ടു് യാതൊരു നടപടിയും നടത്തിട്ടില്ല. പാലം ആവശ്യമാണെന്നുള്ളതിൽ പറവൂർ താലൂക്കു നിവാസികളും കുന്നത്തുനാടു താലൂക്കുനിവാസികളും യോജിക്കുന്ന ഒരു സംഗതിയാണ്.

മറെറാരു കാര്യം ഏതൊ ചില ഗാർഹിക വ്യവസായത്തിനൊ മുററോ ആയി ഒരു വലിയ തുക കഴിഞ്ഞാണ്ടു നീക്കിവച്ചിരുന്നു എന്നുള്ളതാണ്. എന്നാൽ പന്ത്രണ്ടു മാസം കാലം കഴിഞ്ഞിരിക്കുന്നു; എന്നു വരികിലും സാരമായ യാതൊന്നും ചെയ്തിട്ടുള്ളതായി ഞാൻ കാണുന്നില്ല.

വിദ്യാഭ്യാസവിഷയം നോക്കാം. ഉൽകൃഷ്ടവിദ്യാഭ്യാസത്തിലേക്കുള്ള ചിലവു വളരെ വലുതായി തീർന്നിരിക്കുന്നതു കൊണ്ടു ആ മാർഗ്ഗത്തിൽ വല്ല പരിഷ്കാരവും നടത്തണം എന്നു ഗവണ്മെണ്ടു് വിചാരിക്കുന്നതായി കഴിഞ്ഞാണ്ടത്തെ ബഡ്ജററു പ്രസംഗത്തിൽ ഫിനാൻഷ്യൽസെക്രട്ടറി സഭയോടു പറഞ്ഞു: അവർ വീണ്ടും ആലോചിച്ചാലും ഇല്ലെങ്കിലും വല്ലതും ചെയ്യേണ്ടതു തന്നെ. ഗവണ്മെന്റു ഉൽകൃഷ്ടവിദ്യാഭ്യാസത്തെ ഇല്ലാതാക്കണം എന്നു ഞാൻ പറയുന്നില്ല.

തിരുവിതാംകൂർ യൂനിവെർസിറ്റി (വിശ്വവിദ്യാലയം) ക്കു ഒരു പദ്ധതി ഇപ്പോൾ ഉണ്ട്, അതും ഗുരുകുലവാസരീതിയിൽ ആണ്. ഈ സംഗതിയിൽ ഒരു പരിഹാരിക്കാനായ തീർച്ചകഴിയുന്ന വേഗത്തിൽ ഗവണ്മെൻറു ചെയ്യുന്നതാണ്. ഗവണ്മെണ്ട് ഒരു യൂനിവെർസിറ്റി ഉണ്ടാക്കാൻ പോകുന്നുവോ അതു ഗുരുകുലവാസരീതിയിൽ ആയിരിക്കുമോ അതു തിരുവനന്തപുരത്തു ആയിരിക്കുമൊ തിരുവിതാംകൂറിലെ മററുവല്ല ഭാഗത്തും ആയിരിക്കുമൊ എന്നു ഈ നാട്ടിലെ ജനങ്ങൾ സംശയിച്ചു കൊണ്ടിരിക്കുന്നു. കുടിവക വിദ്യാലയങ്ങൾ, അവയിലു ഇക്കാര്യത്തിൽ ഗവണ്മെൻറുമായി സഹകരിക്കാൻ സന്നദ്ധമായിരിക്കുന്നവർവിചാരിക്കുന്ന നിലയിൽ ഇരിക്കുന്നു. അവരുടെ വിദ്യാലയങ്ങൾ മുൻ നടന്നതു പോലെ നടക്കണം എന്നാണ് അവർ ആവശ്യപ്പെടുന്നതു. ഞങ്ങൾ ഗവണ്മെൻറിന്റെ സഹായത്തിനായി വരുമ്പോൾ ഗവണ്മെൻറു തിരിഞ്ഞു നിന്നു കൊണ്ടു. ഞങ്ങൾ ഒരു പദ്ധതി രൂപിച്ചിട്ടുണ്ട്, ആ പദ്ധതി പൂർത്തിയാകും മുമ്പെ യാതൊരു പ്രോത്സാഹനവും നിങ്ങൾക്കു നൽകാൻ നിവൃത്തിയില്ല, എന്നു പറയുന്നു. അതു കൊണ്ടു ജനങ്ങളെ ഇപ്രകാരം ഉള്ള സങ്കുചിത സ്ഥിതിയിൽ വിട്ടുകൂടുന്നതു നല്ലതല്ല. ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധം തീർച്ചചെയ്യുന്നതു നല്ലതു.

നിങ്ങളുടെ ആലോചനയ്ക്കായി സമർപ്പിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്ന മറെറാരു സംഗതി കൃഷിക്കാര്യം ആകുന്നു. നമ്മുടെ ജനങ്ങൾ പ്രാധാന്യേന കൃഷിക്കാരാണ് എന്നു പറയേണ്ടതില്ലല്ലോ. ഇപ്പോഴത്തെ മഹത്തായ ന്യൂനത പട്ടണസമീപപ്രദേശങ്ങളിൽ പാർക്കുന്ന ജനങ്ങൾക്കു കൃഷി ചെയ്യാൻ മതിയായ ഭൂമി കിട്ടുന്നില്ലെന്നുള്ളതാണ് ഗവണ്മെൻറിനു വളരെ അധികം ഒഴിച്ചിടപ്പെട്ടവനങ്ങൾ ഉണ്ടു. അവയിൽ നിന്നു ഏതാനും ഏക്കർ വിട്ടുത്തു ജനങ്ങൾക്കു കൃഷിക്കായി വിട്ടു കൊടുക്കുന്നതുമാണ്. കൃഷീവലന്മാർക്കു ഗവണ്മെ സഹായത്തിനു ഉള്ള മറെറാരു കാര്യം നമ്മുടെ നാട്ടിൽ പ്രായേണ ഓരോ കൃഷിക്കാരനും കടം ഉള്ളവനായിരിക്കുന്നു എന്നുള്ളതാണ്. പരിഷ്കൃതരീതിയിൽ കൃഷിനടത്തിക്കുകയൊ പരിഷ്കൃതങ്ങളായ കൃഷിപ്പണിയായുധങ്ങളൊ അല്ല ശ്രീതിരുവിതാംകൂറിലെ കർഷകസാമാന്യത്തെ രക്ഷിക്കാൻ ആകുന്നതാണ്. കൃഷിക്കാരൻ ഇപ്പോഴേ പണം കടം കൊടുത്തവന്റെ നിർദ്ദയമായ പിടിയിൽ കിടക്കുന്നു. അയാളെ മോചിപ്പിക്കുന്നതെങ്ങിനെ എന്നാണ് പ്രശ്നം. സങ്കടകാരണം കൃഷിസംബന്ധമായുള്ളതല്ല, ധനസംബന്ധമായുള്ളതാണ്. കൃഷിയെ അടിസ്ഥാനപ്പെടുത്തി പരസ്പരസഹായബ്യാങ്കുകൾ ഗവണ്മെണ്ട് സംഘടിപ്പിക്കയും ജനങ്ങൾക്കു കടം കൊടുക്കുകയും അവയെ സാധാരണ ജനങ്ങൾക്കു സുലഭമാക്കുകയും ചെയ്താൽ അല്ലാതെ കൃഷിഡിപ്പാർട്ടുമെണ്ടു് കൃഷിയായുധങ്ങൾ കൊടുത്തതു കൊണ്ടു യാതൊരു ഉപയോഗവും ഇല്ല.

മി: എ. കെ. പിള്ള (കുന്നനാഗപ്പള്ളി): കൃഷിയെഅടിസ്ഥാനപ്പെടുത്തിയുള്ള പരസ്പരസഹായബ്യാങ്കുകൾ എന്നാൽ മെംബർ എന്തർത്ഥമാക്കുന്നു എന്നു പറഞ്ഞുതരുമോ?

മി: എൻ. വി. ജോസഫ് (പറവൂർ): പ്രാധാന്യേന കൃഷിക്കാർക്കായി ഉദ്ദേശിച്ചിട്ടുള്ളതും കൃഷിക്കാരുടെ കൃഷിപ്പണിയിൽ അവരെ സഹായിക്കുന്നതായ പരസ്പരസഹായ ബ്യാങ്കുകൾ.

മി: പി. കെ. പിള്ള (കുന്നനാഗപ്പള്ളി): പരസ്പരസഹായരീതിയിൽഉള്ള കൃഷിബ്യാങ്കുകൾ എന്നുമെംബർ അർത്ഥമാക്കുന്നു എന്നു തോന്നുന്നു.

മി: എൻ. വി. ജോസഫ (പറവൂർ): പരസ്പരസഹായബ്യാങ്കുകളെ അനേകം സ്ഥാനങ്ങളിൽ നിന്നു നോക്കാവുന്നതാണ്. വ്യവസായങ്ങളെ പോഷിപ്പിക്കാനായൊ കച്ചവടത്തെയൊ കൃഷിയെയൊ പോഷിപ്പിക്കാനായൊ പരസ്പരസഹായബ്യാങ്കു രൂപിപ്പിക്കാവുന്നതാണ്. ഒരു കൃഷീവലന്നു കിട്ടുന്നതിനെക്കാൾ അധികം ഗുണം ആ ബ്യാങ്കിൽനിന്നു കച്ചവടക്കാരന്നു കിട്ടുന്നതിനു സൌകര്യം ഉണ്ടാകത്തക്കവണ്ണം അതിലെ നടത്തിപ്പിനുള്ള ചട്ടങ്ങളെ രൂപിപ്പിക്കാം; അതുപോലെതന്നെ കൃഷിക്കാർക്കൊ വ്യവസായക്കാർക്കൊ ബ്യാങ്കുകൾ സുഖകരമായ്ക്കവണ്ണം അവയുടെ നടത്തിപ്പിനുള്ള ചട്ടങ്ങളെ രൂപീകരിച്ചു ശരിപ്പെടുത്താം. അതാണ് ഞാൻ പറഞ്ഞതിന്റെ താല്പര്യം. എന്റെ വാക്കുപ്രയോഗം അത്ര ശോഭനമായിരുന്നില്ലായിരിക്കാം.

ഗവണ്മെൻറിന്റെ പര്യാലോചനത്തിനു വിഷയം ആക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നതായ മറെറാരു സംഗതി അസംഖ്യം ജനങ്ങൾ, പ്രത്യേകിച്ചും വടക്കൻതിരുവിതാംകൂറിൽ അവരുടെ ധനത്തെ മുടിപ്പാനത്തിനായി ദുർവ്യയം ചെയ്യുന്നു എന്നുള്ളതാണ്. ആലുവാ മുൻസിപ്പാലിററിയുടെ അതിർത്തികളിൽനിന്നു മുട്ടുകുത്തുകളെ ആ മുൻസിപ്പാലിററി എടുത്തുകളയുന്നതിനു സമ്മതിക്കണംഎന്നു ഒരു തീർപ്പുനിശ്ചയം ആ മുൻസിപ്പാലിററി ഗവണ്മെൻറിലേക്കു അയച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നു. ഈ വിധത്തിൽ ഇക്കാര്യത്തിൽ ഗവണ്മെൻറിനുള്ള പിടിമയ സല്പം അയച്ചു വിടുന്നതിനായി പ്രാദേശികസംഘങ്ങൾ മാത്രമല്ല മററനേകം പ്രമാണപ്പെട്ട സംഘങ്ങളും ഗവണ്മെൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചലും തോടുകളുവും): ആ തീർപ്പു നിശ്ചയം ഗവണ്മെൻറിനു കിട്ടിട്ടുണ്ടൊ?

മി: എൻ. വി. ജോസഫ് (പറവൂർ): മുൻസിപ്പാലിററി അതു സർക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. അതു ഗവണ്മെൻറിനു കിട്ടീട്ടുണ്ടൊ എന്നു എനിക്കു അറിഞ്ഞുകൂടാ. ഞാൻ ആലുവാ മുൻസിപ്പാലിററി പ്രസിഡൻറ് ആകയാലും അതു ഉദ്യോഗസംബന്ധമായ രഹസ്യം ആകയാലും അതിനെകുറിച്ചു കൂടുതലായി യാതൊന്നും ഞാൻ പറയുകയില്ല. മധ്യവർജ്ജനപ്രസ്ഥാനത്തിന്റെ പ്രോത്സാഹികൾക്കു ഏതുതരാവിധം സഹായം ഗവണ്മെൻറിനു ചെയ്യാൻകഴിയും എന്നു എനിക്കു അറിയാം. ഇതിനെഅനുവദിക്കുന്നകാര്യത്തിൽ ഗർഹടങ്ങൾ ഗവണ്മെൻറിനു ഉണ്ട്. എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നു ആദായത്തിന്റെ വലിയ അംശം അപഹൃതം ആകും. കള്ളുചെത്തുകയിൽ നിന്നുള്ള ആദായം മുഴുവനും ഇല്ലാതാകുന്നതു ഗവണ്മെൻറിനെ ആപദ്സ്ഥിതിയിൽ ആക്കും. അതു ഞാൻ നല്ലപോലെ അറിയുന്നു. എന്നാൽ ഡിപ്പാർട്ടുമെണ്ടിന്റെ പരമോദ്ദേശ്യവും ക്രമേണയുള്ള പ്രവർത്തനവും ആലക്ഷ്യത്തിലേക്കായി നയിക്കപ്പെടണം. ഗവണ്മെൻറിന്റെ കർമ്മവിഷയത്തെ അല്ലാ ഡിപ്പാർട്ടുമെൻറിന്റെ നടത്തിപ്പിനെയാകുന്നു ഞാൻ ആക്ഷേപിക്കുന്നതു്. എക്സൈസ്ഇൻസ്പെക്ടർമാരും എക്സൈസ്ഡിപ്പാർട്ടുമെൻറിൽ ഉള്ള എല്ലാ ഉദ്യോഗസ്ഥന്മാരും ഒരു മധ്യവർജ്ജനപ്രവർത്തകനെ കാണുമ്പോൾ ഭയപ്പെടുന്നു എന്നു ഞാൻ ശങ്കിക്കുന്നു. ഏതായാലും ഇക്കാര്യത്തിൽ ഗവണ്മെൻറ് ധർമ്മമായ ദൃഷ്ടിയെ അംഗീകരിക്കണം എന്നാണ് എന്റെ ആഗ്രഹം.

കഴിഞ്ഞ ബഡ്ജെറ്റ്ദിവസത്തിലും ഈ സമയിൽ മററവസരങ്ങളിലും അനേകം പ്രസംഗങ്ങൾ നടന്നിട്ടുള്ളതിനാൽ മിസ്റ്റർ ജോസഫിന്റെ (ചിരി) സാധുവായ നിവേദനത്തിനുപുറമെ ധാരാളം ഉപകരണങ്ങൾ നമുക്കു

ണ്ട് എന്നുള്ളതുകൊണ്ടു സ്വാമിൻ, ഞാൻ ഫലവത്തായ ഒരു പ്രസംഗം ചെയ്തിട്ടില്ലായിരിക്കാം. അതുകൊണ്ടു ഞാൻ എഴുന്നേല്ക്കുമ്പോൾ ഈ ഏതാനംസംഗതികൾ മാത്രമേ ഗവർണ്ണമെന്റിനെ അറിയിക്കണം എന്നു ഞാൻ വിചാരിച്ചുള്ളു. എന്റെ ഉള്ളുതുറന്നു ഞാൻ വിചാരിച്ചായിരുന്നു വിചാരിക്കുന്നതു, അതുകൊണ്ടു ഞാൻ സ്ഥാനത്തിൽ ഇരിക്കുന്നു (ചിരി).

മി: സി. കേരളവർമ്മ കോയിൽതമ്പുരാൻ (ഇടവക): കഴിഞ്ഞതവണത്തെപ്പോലെ ഈ ആണ്ടും ഒരു സർപ്ലസ് ബഡ്ജററ്കിട്ടിയതുകൊണ്ടു ഞാൻ ഗവർണ്ണമെന്റിനേയും ഫിനാൻസ് പ്രസിഡണ്ടിനിയവും അനുമോദിക്കുന്നു. എന്നാൽ ഒരു സർപ്ലസ്ബഡ്ജററ് കിട്ടിയതുകൊണ്ടു മാത്രം അനുമോദനത്തിനവകാശമുണ്ടോ എന്നു ചോദിച്ചേക്കാം. അന്യരാജ്യങ്ങളിലെ—അതായതു ബ്രിട്ടീഷ്ഇൻഡ്യയിലായാലും മററു നാട്ടുരാജ്യങ്ങളിലായാലും സ്ഥിതി നോക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെസ്ഥിതിയും രാജ്യഭരണരീതിയും ഏതുരീതിയിലായാലും നല്ലതാണെന്നുള്ളതിനു യാതൊരുസംശയവുമില്ല. വേണ്ടുന്നപോലെ ചിലവുകഴിച്ചു രാജ്യത്തിനു ക്ഷേമം വരുത്തുന്നപക്ഷം കുറെ അധികം കടം വന്നാലും തരക്കേടില്ലെന്നാണു് എന്റെ അഭിപ്രായം. ഇപ്പോൾ ചിലവുകൾ ഗണ്ണു് ചെയ്തിരിക്കുന്ന സംഖ്യയിൽ വലിയ ദോഷങ്ങളൊന്നും ഞാൻ കാണുന്നില്ല. അതുകൊണ്ടു് അതും ശരിയാണെന്നാണു് എന്റെ അഭിപ്രായം. എന്നാൽ ചില ഭാഗങ്ങളിലെല്ലാം ചില്ലറയായ ന്യൂനതകൾ എല്ലാം ഇരിക്കാം. പക്ഷേ അവയെല്ലാം ക്ഷന്തവ്യങ്ങളായിട്ടുള്ളതേയുള്ളു. ചെലവുചുരുക്കുമ്പോൾ അത്യാവശ്യമായ പല സംഗതികളും നിർത്തിക്കളഞ്ഞു ലജനാവിൽ പണം മിച്ചംവെയ്ക്കുന്നതുകൊണ്ടു യാതൊരുഫലവുമില്ല. മേനേരേമറിച്ചു് കാലാനുസൃതമായ പലപരിഷ്കാരങ്ങളും നടത്തുന്നതിൽ രാജ്യത്തിന്കുറെ കടംവന്നുപോയിഎന്നിരുന്നാലും വിരോധമില്ല. എന്നാൽ ഈയാണ്ടത്തെബഡ്ജററിൽ വരവുഭാഗത്തിലുംചിലവുഭാഗത്തിലും എന്റെ ഒപ്പീനിയിൽപെട്ടിടത്തോളം വലുതായിട്ടുള്ള ന്യൂനതകൾ ഒന്നും കാണുന്നില്ല. വളരെകാലമായി നടന്നുവരുന്ന പതിവിനെ വിടാതെയും രാജ്യക്ഷേമത്തെയും കാലാവസ്ഥയെയും അടിസ്ഥാനപ്പെടുത്തിയും ബുദ്ധിപൂർവ്വം നിർമ്മിച്ചിട്ടുള്ള ഒരു ബഡ്ജററാണെന്നു് പറയുന്നതിനു ഞാൻ സംശയിക്കുന്നില്ല. ഇങ്ങനെതന്നെ ആണ്ടോടാണ്ടു് സർപ്ലസ്ബഡ്ജററുതന്നെ കിട്ടുന്നപക്ഷം അതു രാജ്യത്തിനു വളരെ ക്ഷേമമായിരിക്കും.

ഒന്നാമതായി രജിസ്ട്രേഷൻഫീസ് സംബന്ധിച്ചു ഈ ആണ്ടിൽ കുറെ കൂടുതലായിട്ടു പിരിഞ്ഞിട്ടുണ്ടെന്നു കാണുന്നു. എന്നാൽ അതു നായന്മാരുടേയും ഈഴവരുടെയും ഇടയിലുള്ള ഭാഗംനിമിത്തമുണ്ടായിട്ടുള്ളതാണെന്നു ഫിനാൻഷ്യൽ സിക്രട്ടറിയുടെ പ്രസംഗത്തിൽ പറയുകയുണ്ടായി. എന്നാൽ എന്റെ അറിവിൽപെട്ടിടത്തോളം അനേകം സാധുക്കൾ ഈ ഫീസടിക്കുന്നതിനുവേണ്ടി വളരെ ബുദ്ധിമുട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. സാധുക്കളെ കഷ്ടപ്പെടുത്തി സർക്കാരിലെ മുതലെടുപ്പു കൂട്ടുന്ന നയം നല്ലതല്ല. അതുകൊണ്ടുഗവർണ്ണമെന്റിനു ചെറിയനഷ്ടം നേരിട്ടാലും സാധുക്കളുടെ രക്ഷക്കുവേണ്ടി അവരുടെ പക്ഷത്തിനു ഭാഗത്തെ സംബന്ധിച്ചുള്ള രജിസ്ട്രേഷൻഫീസു വേണ്ടെന്നു വെക്കണം എന്നാണു എന്റെ അഭിപ്രായം.

ഇടവകക്കകത്തുള്ള കുടിയാന്മാരിൽനിന്നു ആദായനികുതിപിരിക്കാൻ നിവൃത്തിയില്ലാതെ വന്നതിനാൽ ഏകദേശം ഒന്നര ലക്ഷം രൂപായോളം ആവക കരത്തിനു കുറവുണ്ടെന്നു കാണുന്നു. ഇടവക കുടിയാന്മാരുടെ പക്കൽനിന്നും ഭൂസ്വത്തിൽനിന്നും കിട്ടുന്ന ആദായത്തിന്റെ ആദായനികുതി പിരിക്കുന്നതു ഒട്ടും ശരിയല്ല. കുടിയാന്മാർ സർക്കാരിലേക്കു കൊടുക്കേണ്ട രാജഭോഗമാണ് അവർ ഇടവക ഉടമസ്ഥന്മാർക്കു കൊടുക്കുന്നതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വില്വംകോട്ടും): ബില്ലിനേപ്പററി ഇവിടെ സംസാരിക്കാമോ

മി: സി. കേരളവർമ്മതമ്പുരാൻ (ഇടവക): ഒരു ബില്ലിനേപ്പററിയും ഇവിടെ ഞാൻ ഒന്നും പറഞ്ഞില്ലല്ലോ. ഇടവക കുടിയാന്മാരുടെ പക്കൽനിന്നു ആദായനികുതി ഈടാക്കുന്നതിനെപ്പററി ബഡ്ജററിൽ പറഞ്ഞിട്ടുണ്ടു്, അതുകൊണ്ടു ആദായനികുതി ഇടവക കുടിയാന്മാരുടെ പക്കൽനിന്നും ഈടാക്കാതെ ഇരിക്കുന്നതു ന്യായമായിരിക്കും എന്നെ ഞാൻ പറയുന്നൊള്ളു.

ഇംഗ്ലീഷ് ആശുപത്രികൾക്കായിട്ടു വളരെ പണം ചിലവിടുന്നതായിട്ടു കാണുന്നു. ആയുർവ്വേദവകുപ്പിന്നു വളരെ കുറച്ചു പണം-ചിലവുചെയ്യുന്നുള്ളു. എന്നാൽ ഈ നാട്ടിലെ സമ്പ്രദായം സൂക്ഷിച്ചുനോക്കുന്നപക്ഷം ആളുകൾക്കു ആയുർവ്വേദത്തിലാണു അധികം വിശ്വാസമുള്ളതെന്നു കാണാം. ഇംഗ്ലീഷ്വിദ്യാഭ്യാസത്തിന്റെആധിക്യത്തിനു മററു പല സംഗതികളിലും എന്നപോലെ ചികിത്സക്കാരായി കുറെ ആളുകൾ ആയുർവ്വേദചികിത്സയിലും വിശ്വാസം കുറഞ്ഞു എങ്കിലും ഇപ്പോൾ വളരെവിശ്വാസം ആയുർവ്വേദചികിത്സയിലുണ്ടു്. അങ്ങനെ ആളുകൾക്കു വളരെ വിശ്വാസം ജനിച്ചിരിക്കുന്ന ആയുർവ്വേദത്തിനു വളരെ പണം കുറച്ചു അനുവദിക്കയും ഇംഗ്ലീഷ്ചികിത്സക്കു കൂടുതൽ പണം അനുവദിക്കയും ചെയ്തിരിക്കുന്നതിന്റെ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇപ്പോൾ നാട്ടുവൈദ്യശാലകൾക്കു ഗ്രാൻറുകൊടുക്കുന്ന ഒരു പതിവാണു നടന്നുവരുന്നതു്. ഗ്രാൻറ്വൈദ്യന്മാർ അവരുടെ ഗ്രാൻറിൽ നിന്നു പണമെടുത്തു മരുന്നുകൾ ഉണ്ടാക്കുന്നതിനു ചിലവാക്കുകയല്ലാതെ സ്വന്തം പണമെടുത്തുപയോഗിക്കുക എന്നുള്ളതു അത്ര എളുപ്പമുള്ളതല്ല. അതിനാൽ സർക്കാരിൽനിന്നു വൈദ്യന്മാർക്കു ശമ്പളംകൊടുത്തു ഓരോ സ്ഥലങ്ങളിൽ നിയമിച്ചു് അവർക്കു ആവശ്യമുള്ള മരുന്നുകളും ഉണ്ടാക്കിക്കൊടുത്താൽ വളരെ ഗുണമുണ്ടു്. ഇതു ആദ്യം പ്രധാന പട്ടണങ്ങളിൽ ഒരു പരീക്ഷാർത്ഥമായെങ്കിലും തുടങ്ങിയാൽ നന്നായിരിക്കും.

ഇപ്പോൾ ഈ രാജ്യത്തിൽ പലസ്ഥലങ്ങളിലും അനേകം സാധുക്കൾ റോഡ്നീളെ അലഞ്ഞുനടക്കുന്നതായി കാണുന്നുണ്ടു്. അവരുടെ കഷ്ടതകൾക്കൊരവസാനവുമില്ല. ധർമ്മരാജ്യം എന്നു ഇൻഡ്യാ ഒട്ടുക്കു കേൾവികേട്ട ഈ തിരുവിതാംകൂറിൽ ഇത്രവളരെ സാധുക്കൾ അനാഥമായി അലഞ്ഞുനടക്കാൻ ഇടവരുത്തുന്നതു ഗവർണ്ണമെന്റിനും ജനസാമാന്യത്തിനും ഒരുപോലെ ലജ്ജാവഹമായ ഒരു സംഗതിയാണു് ബഡ്ജററിൽ രണ്ടു ലക്ഷം രൂപായോളം സ്റ്റേറ്റ്ചാരിട്ടി എന്ന ഇനത്തിലേക്കു നീക്കിവച്ചിട്ടുണ്ടു. വെളിയിൽനിന്നു നോക്കുന്ന ആൾക്കു ഇവിടെ ധാരാളം ധർമ്മം നടക്കുന്നുണ്ടെന്നു തോന്നിപ്പോയേക്കും. എന്നാൽ അകത്തുകയറി നോക്കുന്നപക്ഷം സ്റ്റേറ്റ്ചാരിട്ടി ഒക്കെ എവിടെ പോകുന്നു എന്നു സംശയവും തോന്നിപ്പോകും. ഇന്നലെതന്നെ ഞാൻ കണ്ടു രണ്ടു സാധുക്കൾ റോഡിൽകിടന്നു കഷ്ടപ്പെടുന്നതുകണ്ടു. എനിക്കു വളരെ വ്യസനംതോന്നി എനിക്കു കഴിവുള്ളതു ഞാൻ കൊടുക്കയും ചെയ്തു. ഇതുപോലെ പലരും ചെയ്യുന്നുണ്ടു്. അതുകൊണ്ടു മതിയായില്ല യൂറോപ്യൻരാജ്യങ്ങളിൽ ഉള്ളതുപോലെ നമ്മുടെ രാജ്യത്തു ഒരു Poor Asylum തന്നെ സ്ഥാപിക്കണം ഈ ടൌണിൽ

തന്നെ ഈ സ്ഥിതിയായാൽ പിന്നെ നാട്ടിൻപുറങ്ങളിലെ കഥ പറയാനുണ്ടോ സ്റ്റേട്ട്ചാരിട്ടി എന്ന ഇനം ഇപ്പോൾ ഉപയോഗിക്കുന്നതു പഴയസമ്പ്രദായം അനുസരിച്ചാണ് അതിനെ ഒന്നു പരിഷ്കരിച്ചു നവീനസമ്പ്രദായത്തിൽ ആക്കണം. ജാതിമതഭേദംകൂടാതെ അതു സകല സാധുക്കൾക്കും ഉപകാരമാർഗ്ഗമാക്കിത്തീർക്കണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുവങ്ങാടം): ഇടവകയിൽനിന്നു ധർമ്മംവകക്കു ചില വാക്കുണ്ടോ?

മി: സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക) യഥാശക്തി അവിടേയും ചില ഫർപ്പാടുകൾ വച്ചിട്ടുണ്ട്. പക്ഷെ അതും സ്റ്റേട്ട്ചാരിട്ടീസ് പോലെ ഇരിക്കുന്നതെയുള്ളു. (ചിരി)

കൃഷി ഡിപ്പാർട്ടുമെണ്ടിനെ ഞാൻകഴിഞ്ഞതവണയുംപറഞ്ഞു വാസ്തവത്തിൽ അതു ജനങ്ങൾക്കു വളരെഗുണമായിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറാണ്. പക്ഷെ പഴയ സംപ്രദായത്തിൽനിന്നു പുതിയസമ്പ്രദായത്തിലേക്കു പോകുന്നതിന്നുനമ്മുടെകൃഷിക്കാർ വളരെ വിമുഖതയുള്ളവരാണ്. ഈ സ്വഭാവവുംകൊണ്ടു ആ ഡിപ്പാർട്ടുമെൻറിൻെറ മുന്നോട്ടുള്ള ഗതിക്കു തടസ്സംനേരിടുന്നുണ്ട്. പക്ഷെ അതു കാലക്രമംകൊണ്ടു നീങ്ങുകയുള്ളു. കുറെകൂടി ആ ഡിപ്പാർട്ടുമെണ്ടിലേക്കു പണം അനുവദിച്ചുകൊടുക്കണം ആഗ്രികൾച്ചറൽ ലോൺവകക്കു രണ്ടോ മൂന്നോ ലക്ഷം രൂപാ നീക്കിവച്ചിട്ടുള്ളതായി കാണുന്നു. പക്ഷെ അതു ആവശ്യമുള്ളവർക്കു കിട്ടുന്നില്ല. ഞാൻ ചിറയിൻകീഴ്താലൂക്കിൽ അന്വേഷിച്ചുനോക്കി സാധുക്കളും ലോൺവാങ്ങിക്കുന്നതിന്നു യോഗ്യതയുള്ളവരും ആയ ആളുകൾക്കു കിട്ടുന്നില്ല. അതുകൊണ്ടു അതിലേക്കു നിശ്ചയിച്ചിട്ടുള്ള തുകയെ സമമായി ഭാഗിച്ചു എല്ലാ താലൂക്കുകൾക്കും കൊടുക്കണം. ഓരോ താലൂക്കിലും തഹശീൽദാർ കൃഷിഇൻസ്പെക്ടർ നിയമസഭാമെമ്പർ ഇവരെചേർത്തു ഒരു ബോർഡായി രൂപീകരിച്ചു അവരുടെ ശിപാർശപ്രകാരം ലോൺകൊടുക്കുന്നതു നന്നായിരിക്കും മേലുദ്യോഗസ്ഥന്മാർ അതിനേപ്പററി അന്വേഷണം നടത്തിയാൽമാത്രംമതി. അല്ലാതെ കുറെ റവന്യൂ കമിഷണരുടെമേൽനോട്ടത്തിലും കുറെ പേഷ്കാരുടെ മേൽനോട്ടത്തിലും ഇപ്രകാരമെല്ലാം ലോൺകൊടുക്കുക എന്നുവക്കേണ്ട ആവശ്യമില്ല. ജനപ്രതിനിധികൾക്കു കൂടി സൌകര്യംകൊടുത്താൽ അതു വളരെ നന്നായിരിക്കും.

ഇവിടെ സർക്കാർരൂപാഎന്നൊരു നാണയമേഇല്ല ആ സ്ഥിതിക്കു ഇങ്ങനെ ഇമ്മാജിനറിയായി ഒരു നാണയം വച്ചുകൊണ്ടിരിക്കേണ്ട ആവശ്യം എന്തെന്നു എനിക്കു മനസിലാകുന്നില്ല. രൂപയായിട്ടുള്ള ചിലവുകൾ എല്ലാം ബ്രിട്ടീഷ്രൂപയാക്കിയാൽ എളുപ്പമുണ്ട്. അങ്ങനെ ചെയ്യുന്നപക്ഷം അരചക്രം നഷ്ടമുണ്ടെല്ലോഎന്നുവാദിച്ചേക്കാം എന്നാൽ ആ നഷ്ടംകൂടാതെ ശരിപ്പെടുത്തുന്നതിന്നു പലമാർഗ്ഗങ്ങളും ഉണ്ടല്ലോ. ഇപ്പോഴത്തെമാതിരി ഒരു പഴയ സമ്പ്രദായമാണു അതിനെ ഒന്നു ഭേദപ്പെടുത്തുന്നതു നല്ല പരിഷ്കാരം ആയിരിക്കുമെന്നു എനിക്കുതോന്നുന്നു. അല്ലെങ്കിൽ ഒ പണത്തിനുള്ള ഒരു നാണയം അടിക്കണം.

ഇതിൽ കൂടുതലായി എനിക്കു ഇപ്പോൾ ഒന്നും പറയാനില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചലും-മേവികളവും): സാർ, കഴിഞ്ഞാണ്ടു ബഡ്ജററിൻെറ സമാന്യനിരൂപണത്തിനിടയിൽ ഈ സഭയിലെ അധികം പരിചിതരായ മെംബർമാരുടെ പ്രസംഗങ്ങൾ സശ്രദ്ധം കേൾക്കുന്നതുകൊണ്ടുള്ള ഗുണം എനിക്കു അധികംലഭിച്ചിരുന്നു. ഇയ്യുണ്ടും മി: പി. കെ. നാരായണപിള്ളയെപ്പോലെ പരിചയവും പ്രായവും ഉള്ള മെംബർമാരുടെ പ്രസംഗങ്ങൾ കേൾക്കുന്നതിനായി ഞാൻ കാത്തിരിക്കയായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ അധ്യക്ഷസ്ഥാനത്തിൽനിന്നു ഒരു സംഗതിയെക്കുറിച്ചു പറഞ്ഞതായതിന്നുനിമിത്തം മി: പി. കെ. നാരായണപിള്ള അദ്ദേഹത്തിൻെറ പ്രസംഗം ഉടൻ പറഞ്ഞില്ല. അദ്ദേഹം സഭാശാലവിട്ടു പോയി എന്നുകുളിതോന്നുന്നു. ഈ ഗ്രാണ്ടുദോഷനിരൂപണങ്ങളിൽ മെംബർമാർ സ്വീകരിക്കുന്ന വിഷയങ്ങളുടെ സംബന്ധിച്ചിടത്തെ മെമ്പർമാർ എപ്പോഴും ആലോചിക്കാറില്ല എന്നു കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഈ അവസരത്തിൽ വല്ലതും സംസാരിക്കുന്നതിൻ ഞാൻ മി: എൻ. വി. ജോസഫ് എന്നപോലെ വളരെ വിഷമാവസ്ഥയിൽ ഇരിക്കുന്നു എന്നാൽ ധാരാളം സമയം ഉള്ളതുകൊണ്ടും പൊതുസമയത്തേയും പൊതുധനത്തേയും ദുർവ്യയം ചെയ്യുന്നതു ന്യായമല്ലാത്തതുകൊണ്ടും ഞാനും ഈ യാണ്ടത്തെ ബഡ്ജററിനെ കുറിച്ചു ഏതാനും നിരൂപണങ്ങൾ പറയുന്നതിനായി എഴുന്നേക്കുന്നു.

മി: എ. കെ. പിള്ള-(കരുനാഗപ്പള്ളി): മെംബർമാർ ത്യാഗംചെയ്തും ഒരു അവസ്ഥയെ രക്ഷിക്കാനായി ഭൂമിയോട്ടു പാഞ്ഞുകയറുന്നു എന്നു എന്തുകൊണ്ടു പ്രസംഗം കാണിക്കുന്നു എന്നു ഞാൻ നിർദ്ദേശിക്കാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചലും മേവികളവും): അതുപോലൊന്നും ഞാൻ തീരെ വിചാരിച്ചില്ല. മി: പി. കെ. നാരായണപിള്ളയ്ക്കു വല്ല ഉദ്ദേശ്യവും ഉണ്ടു എന്നും ഞാൻ പ്രസ്താവിച്ചില്ല. വല്ലതും ഞാൻ പ്രസ്താവിച്ചതായി വല്ലവരും സംശയിക്കുന്നു എന്നു വരികിൽ ഞാൻ മാപ്പുചോദിക്കുന്നു ചെയ്യാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ വിചാരിച്ചതു ഇതത്രേ-മി: എൻ. വി. ജോസഫും മി: കെ. ഐ. ജോസഫും ഇന്നു സംസാരിക്കാൻ തയ്യാറായി വന്നിരുന്നില്ല എന്നു വരികിലും ഇവിടെ ഏതൊരു രാഷ്ട്രീയവട്ടം ഉണ്ടായിരുന്നു അതിനെ രക്ഷിക്കാനായി മാത്രം സ്വാതന്ത്ര്യാഗശീലത്താൽ സംസാരിക്കാനായി ചാടിവന്നു എന്നു അവർപറഞ്ഞതിൽ നിന്നു തോന്നിപ്പോകും. ഈ വിധം ബോധം ജനിപ്പിക്കുന്നതും അഭിലഷണീയം ആണോ എന്നു മാത്രമേ ഞാൻ നിർദ്ദേശിക്കുന്നുള്ളു.

മി: കെ. ഐ. ജോസഫ് (മീനച്ചലും-മേവികളവും): ആ വട്ടത്തിൽ ഞാൻ മി: എ. കെ. പിള്ളയെ ഉൾപ്പെടുത്തിയേയില്ല. വയോവൃദ്ധരും അനുഭവവൃദ്ധരും ആയ മെംബർമാരുടെ പ്രസംഗങ്ങൾ കേൾക്കാനായി ഞാൻ കാത്തിരിക്കയായിരുന്നു.

ബഡ്ജററിനെക്കുറിച്ചു എൻെറ ഒന്നാമത്തെ സംഗതി നിയമസഭയ്ക്കായി നീക്കിവച്ചിട്ടുള്ളതു ഇനത്തെ കുറിച്ചാണ്. വളരെഅടുത്തകാലത്തുതന്നെയാണ് ക്ലാസ്സ് മാർക്കത്തെ ഇംഗ്ലീഷ്മത്തെ റെഗുലേഷൻ ആയ ചട്ടമാനപ്രകാരറെഗുലേഷൻ ഈ സഭയിൽ പ്രയോഗിക്കാതെ നടപ്പാക്കപ്പെട്ടിരിക്കുന്നതു.

മി: സി. പി. തരകൻ (മാവേലിക്കരനിയമസഭാമെമ്പർ): മെംബർ സംസാരിക്കുന്നതു മുറയാണോ?

മി: കെ. ഐ. ജോസഫ് (മീനച്ചലും മേവികളവും): "നിയമസഭ" എന്ന ഇനത്തിൽ ഏതാനും തുക ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതായി ഞാൻ കാണുന്നു. അതുകൊണ്ടു ഞാൻ ഈ വിഷയത്തെ കുറിച്ചു സംസാ

രിക്കുന്നു. ആ ഇനം ചിലവിനെ കുറിച്ചു എന്റെ സാമാന്യ നിരൂപണത്തിൽ വല്ല നിർദ്ദേശവും ഞാൻ പറയുന്നതു പൂർണ്ണമായും മുറയ്ക്കുള്ളതാണോ എന്നു ഞാൻ വിചാരിക്കുന്നു.

പ്രൊസീഡിങ്ങ്സ്: ഇവിടെ നിയമം എന്തെന്നാൽ ഒരു വിഷയത്തെക്കുറിച്ചു മെംബർ ദീർഘമായി സംസാരിക്കാം. അതു ആദിന്റെ പണച്ചിലവു ആകുന്ന വിഷയവുമായി വളരെ അടുപ്പിച്ചു സംബന്ധപ്പെട്ടതായിരിക്കണം. വർത്തമാനപ്പത്രറെഗ്ലുലേഷനിലെ വിശാലമായ നിയമത്തെ നിയമസഭാമുഖം ജനങ്ങളെ ബാധിക്കുന്നതായ ഒരു പ്രശ്നമാക്കി ഗുണദോഷനിരൂപണം ചെയ്യുന്നതിൽ വിഹരിക്കാൻ അദ്ദേഹം ഇടങ്ങുന്നതായാൽ ശരിയായ ബഡ്ജറ്റ്പ്രസംഗത്തിന്റെ അതിരിനുള്ളിൽ ഉൾപ്പെട്ടതല്ലാ എന്നു ഞാൻ കുറെമുമ്പെ വിധിച്ചു ബഹിഷ്കരിച്ചതായ പ്രദേശങ്ങളിൽ അദ്ദേഹം സഞ്ചരിക്കുകയാണ്. അതു കേവലം വ്യവഹാരികം ആണ്; നാം ഇപ്പോൾ ബഡ്ജറ്റിൽ നേരിട്ടുള്ളതിവാഴിച്ചിരിക്കുന്ന സംഗതികളുടെ ഗുണദോഷനിരൂപണം നടത്തുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഞാൻ വർത്തമാനപ്പത്ര റെഗ്ലുലേഷനിലെ നിയമത്തെയോ വ്യവസ്ഥകളെയോ നിരൂപണംചെയ്യുന്നതിനു ഉദ്ദേശിക്കുന്നില്ല എന്നു പ്രൈസിഡെണ്ടിനോടും ഈ സഭയിലെ മെംബർമാരോടും ഖേദപ്പെടുത്തിപറയാം. നിയമസഭയ്ക്കായി നീക്കിവച്ചിട്ടുള്ള ഇനത്തെ കുറിച്ചു സംസാരിക്കാൻ മാത്രമെ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

പ്രൈസിഡൻറ്: ഈ ഇനത്തെ കുറിച്ചു സംസാരിക്കാൻ മെംബർക്കു ധാരാളം അവസരം ഉണ്ടായിരിക്കുന്നതാണ് എന്നു ഞാൻ മെംബരോടുപറയാം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): സഭയിൽ കൊണ്ടുവരുന്നതെന്തെന്നു ഒരു റെഗ്ലുലേഷൻ അടുത്ത കാലത്തു നടപ്പാക്കപ്പെട്ടു എന്നുള്ള വിവരം സഭയുടെ ശ്രദ്ധയ്ക്കു വിഷയം ആക്കണം എന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. കൌൺസിലിൽ പ്രയോഗിക്കാതെ റെഗ്ലുലേഷൻ നടപ്പാക്കുവാൻ ഗവണ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടെന്നു വരികിൽ നിയമസഭയ്ക്കു യാതൊരു തുകയും നീക്കിവെക്കേണ്ടതായ ആവശ്യകത ഞാൻ കാണുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അധ്യക്ഷൻ ഒരു വിധി നിശ്ചയിച്ചതിൽപിന്നീടു മെംബർ പറയുന്നതു മുറയാണൊ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഞാൻ മുറയായിട്ടു സംസാരിക്കുന്നുവൊ എന്നു അങ്ങും ഇങ്ങും ഇരിക്കുന്ന മെംബർമാർ പ്രസ്താവിക്കുന്നു. എന്നാൽ ഇതിനെപ്പററി സംസാരിക്കാൻ എനിക്കു പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടു എന്നു എനിക്കു ബോദ്ധ്യം ഉണ്ടു്. ഇതു ഈ രാജ്യത്തിലെ ജനങ്ങൾ വളരെ തീക്ഷ്ണമായി അനുഭവപ്പെടുന്ന ഒരു സംഗതിയാണെന്നും ഞാൻ വിചാരിക്കുന്നു.

മി: സി. പി. തോമസ് (ഗവണ്മെണ്ടു നിയമിച്ച മെംബർ): സഭയുമായി ആലോചിക്കാതെ രാജാവു നേരിട്ടു റെഗ്ലുലേഷൻ നടപ്പാക്കാവുന്നതാണെന്നു നിയമസഭാറഗ്ലുലേഷനിൽ ഒരു വ്യവസ്ഥയുള്ളതായി അദ്ദേഹം ഈ സഭയിൽ സാമാജികസ്ഥാനം സ്വീകരിച്ചകാലത്തു അറിഞ്ഞിട്ടില്ലയൊ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇതു അസംബന്ധവും അർത്ഥശൂന്യവും ആയ പ്രസ്താവ ആണ് എന്നിരുന്നാലും ഞാൻ അതിനു മറുപടിപറയാം. നിയമങ്ങൾ സാധാരണമായി സഭവഴി നടപ്പാക്കപ്പെടും എന്നാണു എന്റെ വിശ്വാസം. എന്നാൽ വ്യത്യസ്താവസ്ഥകളിലും ആവശ്യനിർബന്ധത്താലും സഭയിൽ പ്രവേശിപ്പിക്കാതെ റെഗ്ലുലേഷൻ നടപ്പാക്കാവുന്നതാണ്.

മി: സി. പി. തോമസ് (ഗവണ്മെൻറു നിയമിച്ച മെംബർ): അവിളംബ്യാവസരങ്ങളിൽ രാജാവു റഗ്ലുലേഷൻ നടപ്പാക്കുന്നു എന്നുള്ള കാരണത്താൽ നിയമസഭയ്ക്കുള്ള ചിലവു അനാവശ്യം ആണെന്നു മെംബർ വിചാരിക്കുന്നുവൊ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഈ പ്രത്യേകസംഗതിയിൽ വല്ല അവിളംബ്യതയൊ അത്യാവശ്യമൊ ഉണ്ടായിരുന്നതായി വെളിവാക്കിട്ടില്ല. അതുകൊണ്ടു ഈ പ്രസ്തുതനിയമം പ്രസിദ്ധപ്പെടുത്തിയതിൽ ഗവണ്മെൻറു സ്വീകരിച്ചതായ നീതിയെ ഗണിച്ചു നിയമസഭാ എന്ന ഇനത്തിൽ യാതൊരു തുകയും നീക്കിവെക്കുന്നതു അനാവശ്യം ആണെന്നു ഞാൻ പറയുന്നു.

മററു ചില ഡിപ്പാർട്ടുമെൻറുകളെക്കുറിച്ചും ഏതാനും നിരൂപണങ്ങൾ പ്രസ്താവിക്കാം. വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടു് നോക്കാം. ഈ ഇനത്തിൽ ചിലവു ശീർഷത്തിൽ വലുതായിവരുന്നു എന്നു ഫിനാൻഷ്യൽസെക്രട്ടറിഅദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രത്യേകം എടുത്തുപറഞ്ഞു. ഇക്കാര്യത്തിലേക്കു ചിലവിനെ ഇതിലധികമായി വർദ്ധിപ്പിക്കുംമുമ്പെ വിദ്യാഭ്യാസസംബന്ധമായ നീതിയെ പൊതുവെ പരിഷ്കരിക്കേണ്ട വിഷയത്തെ ശ്രദ്ധിക്കുന്നതാണെന്നു അദ്ദേഹം ഈ സഭയോടു ഉറപ്പുപറകയുംചെയ്തു. ഈയ്യാണ്ടത്തെ ധനകാര്യനിരൂപണത്തിൽ അതിനെക്കുറിച്ചു യാതൊന്നും അടങ്ങീട്ടില്ല. എന്നുതന്നെയുമല്ല ഒരു രണ്ടാംഗ്രേഡ് കാളേജിനെ ഒന്നാംഗ്രേഡ്ക്കുന്നതിനും കൂടുതൽ വിഷയങ്ങൾ പഠിപ്പിക്കുന്നതിനും വേണ്ട പണച്ചിലവിനു വ്യവസ്ഥ ചെയ്തിരിക്കുന്നതായും കാണുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസംകൊണ്ടു ഈ രാജ്യത്തിലെ ജനങ്ങൾക്കു അധികം ഗുണം സിദ്ധിക്കുന്നില്ല എന്നു എടുപ്പത്തിൽ കാണാവുന്നതാണ്. ഉൽകൃഷ്ട വിദ്യാഭ്യാസം സർക്കാരുദ്യോഗത്തിനായി തേടിനടക്കാൻ അവരെ നിർബന്ധിക്കുന്നേയുള്ളു. ജനങ്ങൾക്കു വാസ്തവത്തിൽ ഉള്ള ആവശ്യം സാങ്കേതിക വിദ്യാഭ്യാസം ആണ്, ഇതിനെക്കുന്നതി ഉൽകൃഷ്ട വിദ്യാഭ്യാസത്തെ നിയന്ത്രിപ്പെടുത്തണമെന്നിരിക്കുന്നു. എനിക്കറിയിക്കേണ്ട മറെറൊരു സംഗതി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ വലിയ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനെക്കുറിച്ചാകുന്നു. ഡൈറക്ടരുടെ ഉദ്യോഗത്തെ നിർത്തൽ ആക്കുകയും ഈ ഡിപ്പാർട്ടുമെണ്ടിലെ കാര്യങ്ങൾ നാനൂറു രൂപയോ മററൊ ശമ്പളമുള്ള ഒരു സെക്രട്ടറി നോക്കുകയും ചെയ്യാവുന്നതാണ്. പരിശോധനപ്രവൃത്തി ഇൻസ്പെക്ടർമാർ നടത്താവുന്നതാണ്. ഇൻസ്പെക്ടർമാരുടെ എണ്ണത്തെയും കുറയ്ക്കാവുന്നതാണ്. വലിയ ശമ്പളമുള്ള ഹൈസ്കൂൾ മാസ്റ്റർമാർ സ്വപ്രവൃത്തി ശരിയായി നടത്തുന്നതെന്നു പ്രതീക്ഷിക്കാവുന്നതാണ്. അതുകൊണ്ടു പരിശോധനാർത്ഥം വളരെ അടുപ്പിച്ചായിരിക്കണമെന്നില്ല. തിരുവിതാംകൂറിലെ അവസ്ഥയ്ക്കു ഒരു പ്രഥമാദ്ധ്യാപകന്റെ ശമ്പളം അഞ്ചു രൂപയിൽകൂടുതൽ ആയിരിക്കേണ്ട ആവശ്യം ഇല്ല എന്നുകൂടി ഞാൻ നിർദ്ദേശിക്കാം. ഇതു ഞാൻ കഴിഞ്ഞാണ്ടും നിർദ്ദേശിച്ച സംഗതിയാണ്.

മററൊരു സംഗതി പ്രത്യേകം ഇംഗ്ലീഷ്പള്ളിക്കൂടങ്ങളും മലയാളം പള്ളിക്കൂടങ്ങളും ഇല്ലാതെയായ ഇപ്പോഴത്തെ രീതിയെ സംബന്ധിച്ചാകുന്നു ഈ രണ്ടു പള്ളിക്കൂടങ്ങളേയും ഒന്നിച്ചു ചേർക്കുന്നതു നിങ്ങൾക്കു മിതവ്യയകരവും സുകരവും ആയിരിക്കുന്നതാണ് എന്നു എനിക്കു തോന്നുന്നു. ആദ്യത്തെ രണ്ടുകൂട്ടങ്ങൾക്കു പഠനം നാട്ടുഭാഷയിലുമാത്രം ആയിരിക്കണമെന്നുവേണം. അതിൽപിന്നീടു ഇംഗ്ലീഷ് മലയാളവും കൂട്ടിക്കലർത്തിക്കൊണ്ടു, അതു ഇഷ്ടപ്പെട്ടിട്ടു വല്ലവർക്കും വല്ല പ്രത്യേക മാർഗ്ഗത്തിലും വിശേഷിച്ചുകാണാം സമ്പാദിക്കണമെന്നുവെച്ചാൽ ഇങ്ങനെ ആകിൽ അയാൾ ഉൽകൃഷ്ടപ്രകാരങ്ങൾക്കു പോകാം.

മി: ടി. രിവാരമേനോൻ (ചെത്തലൈ): മലയാളംപള്ളിക്കൂടങ്ങളേയും ഇംഗ്ലീഷ്പള്ളിക്കൂടങ്ങളേയും ഒന്നിച്ചുചേർക്കുന്നതുകൊണ്ടു ഈവിധത്തിൽ ഇത്ര കാര്യക്ഷമത വരുത്താവുന്നതാണെന്നു അഭിപ്രായമുണ്ടോ?

മി: കെ. വൈ. ജോസഫ് (മീനച്ചിലം-മേവികുളവും): ഞാൻ പറയുന്നതു ഇതിന്റെ ചുരുക്കത്തിലുള്ളതു, ഒന്നിച്ചുചേർത്തതിൽപിന്നീടു ഈ പാഠശാലകളുടെ ആവശ്യങ്ങൾക്കു കണക്കുകൾ കൂട്ടിക്കിഴിക്കണം. അപ്പോൾ കാര്യക്ഷമതക്കു ഹാനിവരുന്നതല്ല. അങ്ങനെ ചെയ്യുന്നതുകൊണ്ടു അധ്യാപകരുടെ ചെലവുകളെ നിർത്താവുന്നതും ഗവണ്മെണ്ടിനു അധികം പണം ലാഭം വരുത്താവുന്നതും ആകുന്നു. കൂടുതലും അധികം കാര്യക്ഷമതയായി നടത്തിക്കാവുന്നതാണ്.

ഈ സഭയിലെ മെമ്പർമാർ കാര്യമായി ആലോചിക്കേണ്ട മറെറാരു സംഗതി എക്സൈസ്ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു ആണു. മദ്യവർജ്ജനപ്രസ്ഥാനം ഈ രാജ്യത്തിൽ സർവ്വത്ര വളർന്നുവരുന്നുണ്ടെന്നും അബ്കാരിയിൽനിന്നുള്ള മുതലെടുപ്പു സ്ഥിരമായുള്ളതാണെന്നും ഗവണ്മെന്റു വിചാരിക്കാൻ പാടില്ലാ എന്നും എല്ലാവർക്കും അറിയാം. ഇയ്യിടത്തെ ബഡ്ജററിൽ വല്ല ചിലവു മിച്ചവും ഉണ്ടെങ്കിൽ അതു കലാൽമുതലെടുപ്പിൽനിന്നുകൂടി ജനിച്ചതാകുന്നു. പ്രത്യേകിച്ചും ജനങ്ങൾ മദ്യവർജ്ജനപ്രസ്ഥാനത്തിനായി സ്ഥിരോത്സാഹമായി മനഃപൂർവ്വം പ്രവർത്തിച്ചുവരുന്നു എന്നുള്ള ദിപ്പോ ഇതു മുതലെടുപ്പിനുള്ള സ്ഥിരമായ ഉല്പത്തിസ്ഥാനം അല്ലാത്തതുകൊണ്ടു ആദായത്തിനു മറെറാരു വല്ല സ്ഥിരോല്പത്തിസ്ഥാനവും ഗവണ്മെന്റു നോക്കുന്നതു നല്ലതു. എക്സൈസ്ഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പിന്റെ കഥയെക്കുറിച്ചാകട്ടെ ഇക്കാര്യത്തിൽ ഗവണ്മെന്റു വാഴിച്ചിട്ടുള്ള രീതിയെ നടത്തുന്നതിൽ കീഴുദ്യോഗസ്ഥന്മാർ ജാഗ്രതകരായിരിക്കുന്നില്ലാ എന്നു എനിക്കു പറയാൻകഴിയും. വ്യാജമായി ചേർത്തും വ്യാജക്കച്ചവടവും അനേകം സ്ഥലങ്ങളിൽ നടന്നുവരുന്നു. ഇതു ഷാപ്പുകൾ ലേലത്തിൽപിടിക്കുന്നതിനു അനേകം ജനങ്ങളെ ഉത്സാഹിപ്പിക്കുന്നവരായ ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെപോലും ഉപേക്ഷയുക്തമായ അറിവോടുകൂടിയാണെന്നും പറയാറുണ്ട്.

ഇനിപൊതുമരാമത്തു ഡിപാർട്ടുമെണ്ടിനെക്കുറിച്ചുപറയാം ഈ ഡിപാർട്ടുമെണ്ടിലെ ഭീമസ്തൂതം തിരുവിതാങ്കോട്ടിലെ എല്ലാജനങ്ങൾക്കും അറിയാവുന്നതാകയാൽ ഇതിനെക്കുറിച്ചു അധികം സംസാരിക്കേണ്ടതായ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല ഏതായാലും ഒന്നുരണ്ടു വസ്തുതകൾ ഞാൻ പ്രസ്താവിക്കാം. അനേകംകൊല്ലങ്ങൾക്കു മുമ്പെ തുടങ്ങി അനുവദിച്ചിട്ടുള്ളതായ എത്രയൊ എണ്ണം റോഡുകളും പാലങ്ങളും ഇപ്പോഴും ശ്രമിക്കപ്പെടാതെ കിടക്കുന്നു. മിനച്ചിലിൽ ഓലം പൊൻകുന്നം റോഡിൽ ഒരു പാലം ഇതിനുദാഹരണമായി പറയാവുന്നതാണ്. ആ പണിക്കു അടങ്കൽ ഫൻ ഫന്നു-ാം വർഷത്തിൽ അനുവദിക്കപ്പെട്ടു. ഇപ്പോഴും ഇതു ഫൻ ഇരുന്നതുപോലെ ഇരിക്കുന്നു. ആ സ്ഥലത്തു യാതൊരു പണിയും ചെയ്യുന്നതായി ഞാൻകാണുന്നില്ല. ആണ്ടുതോറും പ്രജാസഭാമെമ്പർമാർ ഇക്കാര്യത്തെക്കുറിച്ചു നിവേദനങ്ങൾ ചെയ്യുന്നു. എന്നാൽ കാര്യോദ്ദേശം യാതൊരു ഉപയോഗവുംഇല്ല. എനിക്കു ചൂണ്ടികാണിക്കേണ്ടതായ മറെറാരുസംഗതി സംബന്ധപ്പെട്ട അധികാരസ്ഥന്മാരുടെ ഉപേക്ഷയാലും പലപ്പോഴും അനുവദിച്ചു തുകകൾ ചിലവാകാതെ ഒതുങ്ങിപ്പോകുന്നു. ഇതിനേക്കു എത്രയൊ എണ്ണം ഉദാഹരണങ്ങൾ ഉണ്ടു. പൊതുമരാമത്തു ഡിപാർട്ടുമെണ്ടിലെ ഈ കുറവുകളെ പരിഹരിക്കാൻ ശരിയായ നടപടി നടത്തുന്നതായി ഗവർണ്മെണ്ടു നോക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. മുമ്പു കടുത്തുരുത്തിറോഡിൽ മണക്കണാട്ടിൽ ഉള്ളപാലം ആകട്ടെ പണിപൂർത്തിയായതിൽ പിന്നീടുവേഗത്തിൽ മുറിഞ്ഞുപോകും കേടുവെച്ചു. അതു രൂപകല്പനത്തിൽഉള്ള ന്യൂനതനിമിത്തമൊ പണിനടത്തിച്ചു കണ്ടാക്ടരുടെ വീഴ്ചനിമിത്തമൊ എന്നു എനിക്കറിഞ്ഞുകൂടാ. ഈ സംഗതിയും ചീഫ്എഞ്ചിനീയർ ശരിയാക്കേണ്ടതാണ്. പൊതുമുതലിനെ പൊതുമരാമത്തു ഡിപാർട്ടുമെന്റു ഈ വിധം ദുർവ്യയംചെയ്യുകൂടാ എന്നുമാത്രമേ ഞാൻപറയുന്നുള്ളു. ഈ വിഷയത്തെക്കുറിച്ചാകട്ടെ ആക്ടിപ്പാടെബഡ്ജെറ്റിനെ കുറിച്ചാകട്ടെ എനിക്കു ഇതിലധികം ഒന്നും ഇപ്പോൾ പറയാനില്ല അതുകൊണ്ടു ഞാൻ സ്ഥാനത്തിരിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം) സാർ ഇന്നത്തേക്കു സന്നിഹിതനായിരിക്കാതെയിരിക്കുന്നതിനു മാപ്പുചോദിച്ചുകൊണ്ടു എനിക്കുതുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ക്ഷ ഠ ക്ഷ-ാണ്ടത്തെക്കുള്ള ബഡ്ജെറ്റുകൾ നോക്കിയാൽ ക്ഷ ഠ ക്ഷ ചിലവുമിച്ചത്തോടുകൂടി രാജ്യകാര്യങ്ങൾക്കു വിജയവത്തായി സാധനം സമ്പാദിച്ചു ചിലവാക്കിട്ടുണ്ടെന്നു അവകാശിക്കുന്നു. ഇതുമുന്നാണ്ടത്തെ തുകയെനോക്കുമ്പോൾ അനുകൂലമായിരിക്കുന്നു. ഇക്കൊല്ലത്തെക്കുള്ള തുകകളെ നോക്കുന്നതായാൽ അതു സർക്കാരുവക്കം ശ്രേയസ്കരമായി കാണിക്കുന്നതിൽ ധനകാര്യദർശിക്കു അൽപ്പം അമിതശ്രദ്ധയുണ്ടായിരിക്കുന്നു എന്നു എനിക്കു തോന്നുന്നു. ഇതിനെ ക്ഷ ഠ ക്ഷ-ാണ്ടത്തേക്കുള്ള തുകയിലെ ഏറ്റിമേട്ടിലെ തുകകൾകൊണ്ടു വിവേചിക്കുന്നതായാൽ-ചിലവുമിച്ചം പത്തുപതിനഞ്ചു ലക്ഷം രൂപയോളം വരും എന്നു നിസ്സംശയം നമുക്കു നിശ്ചയിക്കാം എന്നു തോന്നുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ആണ്ടുതോറും ചിലവുമിച്ചം ഉള്ള ബഡ്ജെറ്റുകൾ നമുക്കുണ്ടായിരിക്കുന്നു. ഇതു രാജ്യത്തിലെ ദുരിതാധിക്യം നിമിത്തം ജനിച്ചതാണെന്നു എനിക്കു വിശ്വസിക്കാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ഗ്രാമീണജനങ്ങളുമായി അടുത്ത പരിചയമുള്ള ഞങ്ങൾക്കു, അവരിൽമിക്കവരും മാരിദ്ര്യത്താൽ വാസ്തവത്തിൽ കഷ്ടത അനുഭവിച്ചുവരുന്നുഎന്നും അവരുടെ അവസ്ഥകഷ്ടതരമായിവേച്ചു വരുന്നുഎന്നും ഉള്ള ദുഃഖവിഷയം ഞങ്ങളുടെമനസ്സിൽ സന്നിവേശിച്ചിട്ടുണ്ടു. ഗ്രാമീണജനങ്ങൾ എത്രത്തോളം ഋണബദ്ധരായിരിക്കുന്നു എന്നു അറിയണമെന്നുകരുതി ഗവർണ്മെണ്ടു പ്രസിദ്ധപ്പെടുത്തിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സ് പുസ്തകം ഞാൻ ഇയ്യിടെനോക്കി. ശരിയായതുകൊണ്ടു അതിൽ മ

ട്ടം അല്ലാഎന്നുവരികിലും ഈ രാജ്യത്തിൽ ഉള്ള ക്ഷാമബന്ധനത്തിന്റെ വലുപ്പത്തെക്കുറിച്ചു ഏതാനുംഅറിവു എനിക്കുണ്ടായി. ഒററിക്കായും ചുണ്ടപ്പണയത്തിനായും വസ്തുക്കൾ കൈമാററംചെയ്തിട്ടുള്ളതു സംബന്ധിച്ചുള്ള തുക ആറുകോടിരൂപയോളം ക്ഷാമംഉണ്ടെന്നുകാണിക്കുന്നു. ബാങ്കാൽ കടവും രെജിസ്റ്റർ കടപ്പത്രവും മററുള്ള ഇടപാടുകളും അനുസരിച്ചുള്ളകടവുംചേർത്തിയുള്ള തുകയും ആറുകോടിരൂപയാകും ഇതിനേയുംകൂട്ടിചേർത്താൽ രാജ്യത്തിൽ ജനങ്ങളുടെക്ഷാമം ക്ക കോടി രൂപയോളംആണെന്നു നമുക്കനുമാനിക്കാം. തിരുവിതാംകൂട്ടിലെ ജനതതി പ്രായേണ, അതാവിതു ക്ക ാ ാ ാ ന്നു വീതം ജനങ്ങൾ, കൃഷിവലരാണെന്നുള്ള വസ്തുതനമുക്കു അറിയാവുന്നതുകൊണ്ട് ഈ തുകയെ കൃഷിചലായ ജനതതിയിൽമാത്രം വിതിച്ചാൽ ഓരോരുത്തർക്കും ക ഒ രൂപാവീതം കടംഉള്ളതായി കാണാം. ഇനിതിരുവിതാംകൂട്ടുകാരുടെ ശരാശരിധനംഎന്ത്? ഇതിലേക്കു അടിസ്ഥാനമായ കണക്കുകൾഇല്ല. ഈ രാജ്യത്തിലെധനസ്ഥിതിയെപ്പററിയുള്ള കണക്കുഎടുക്കണം എന്നു ഇവിടെയും മററു സ്ഥലങ്ങളിലും ഞങ്ങൾ നിലവിളിച്ചുവരുന്നുണ്ട്. നമുക്കുള്ള സ്വകാര്യകണക്കുനോക്കുന്നതായാൽ ഇതുആളൊന്നുക്കു ക ാ ാ രൂപാവീതംആകും. ആളൊന്നുക്കു ക ഒ രൂപാവീതം കടംവളരെ ഗുരുഭാരമായകടംതന്നെ. ഈ സാധുജനങ്ങൾക്കു സഹായം ഗവണ്മെണ്ട്ചെയ്താൽഅല്ലാതെ നമ്മുടെ അടങ്ങിപ്പാർക്കുന്നവരും കഷ്ടമാശിക്കുന്നതായ കൃഷിവലരായ ജനങ്ങളുടെ ദീർഘകാലത്തെ കഷ്ടസ്ഥിതി കാലാന്തരത്തിൽ എന്തായിതീരും എന്നു എനിക്കു അറിഞ്ഞുകൂടാ.

ഉസ്വത്തു ചുരുക്കം ഏതാനും ആളുകളുടെകയ്യിൽ പൂട്ടികിടക്കുന്നു എന്നുള്ളവസ്തുതയും ക്ഷാമബന്ധാവസ്ഥയെ വർദ്ധിപ്പിക്കുന്ന മറെറാരുകാരണം ആകുന്നു. ഗ്രാമീണജനങ്ങളുടെ പ്രധാനകാലക്ഷേപമാർഗ്ഗം നെൽകൃഷിആകുന്നു. ഒരേക്കർവസ്തുവിൽ ൧ മേനിയേ വിളവാകുള്ളുഎന്നു കൃഷിഡയറക്ടർപറയും, അതുതന്നെ ഒരുപറവിത്തുവിതച്ചാൽ ഏഴുപറനെല്ലുകിട്ടും. ഒരുപറനിലംകൃഷിചെയ്യുന്നതിനു നാലുരൂപാവിലവരുകും എന്നു കൃഷിഡയറക്ടർ കഴിഞ്ഞാണ്ടുനമ്മോടുപറഞ്ഞു. ഇതിനെനെല്ലാക്കികാണിക്കുന്നതായാൽ ആറുപറനെല്ലുകും ഈ നെൽകൃഷിമൂലധനം സാധാരണമായി കടംവാങ്ങിച്ചുവരുന്നതു നെൽപലിശയ്ക്കാണു അതാവിതു ക ാ ാ ന്നു ക ാ വീതം പലിശക്കാണ്. ഈ സ്ഥിതിക്കു നാട്ടുമുറത്തുള്ള കൃഷിപലക്കാർ ഗുരുഭാരമായകടത്തിൽ അകപ്പെട്ടു കഷ്ടപ്പെട്ടുവരുന്നു എന്നു സാർ, നിങ്ങൾക്കു ബോധംആകുംഎന്നു എനിക്കുറപ്പുണ്ടു.

അവരുടെ ദാരിദ്ര്യത്തെ അധികമായി വർദ്ധിപ്പിക്കുന്നതായ മററു കാരണങ്ങളുംഉണ്ടു. കൂലിയാന്മാർക്കും ജന്മികൾക്കും തമ്മിൽ ഇപ്പോൾ ഉള്ള ബന്ധത്തിന്റെ അവസ്ഥ വടക്കൻതിരുവിതാംകൂട്ടിലും സെൻട്രൽ തിരുവിതാംകൂട്ടിലും ഉള്ള ജനങ്ങൾക്കുഅറിയാം. ജന്മിക്കുടിയാൻ റെഗ്ലേഷനെ ഭേദപ്പെടുത്തുന്നതിനായി പരാതികളും യോഗങ്ങൾകൂടി തീർപ്പുനിശ്ചയങ്ങളും ഉണ്ടാക്കി ഗവണ്മെൻറിൽ അയച്ചിരിക്കുന്നതായും നാം കേട്ടുവരുന്നുണ്ടു. കുടികൾ അനുഭവിച്ചുവരുന്ന കഷ്ടങ്ങളെ അറിഞ്ഞിട്ടു ഗവണ്മെൻറു ഒരു കമ്മിട്ടി ഏർപ്പെടുത്തി ആ കമ്മിട്ടി ഒരു റിപ്പോർട്ടും ഒരു നക്കൽ ബില്ലും ഗവണ്മെൻറിലേക്കു സമർപ്പിച്ചു. ജനങ്ങളുടെ ദീർഘകാലസ്ഥിതമായ സങ്കടങ്ങളെ ഏതെങ്കിലും വിധത്തിൽ പരിഹരിക്കത്തക്കവണ്ണം ഗവണ്മെൻറിനു യുക്തം എന്നു തോന്നുന്നതേഗതികളോടുകൂടി കമ്മിട്ടി സമർപ്പിച്ചതായ ഈ നക്കൽബില്ലിനെ സഭയിൽ പ്രയോഗിക്കണം എന്നു അനേകംവർഷം നിർബന്ധമായി അപേക്ഷിച്ചിരുന്നു.

നെൽകൃഷിക്കു അടുത്തു തിരുവിതാംകൂട്ടിലെ ജനതതിയിൽ മിക്കവരും ഏർപ്പെട്ടിരിക്കുന്ന തെങ്ങിൻ പറമ്പുകൃഷി അല്ലെങ്കിൽ തെങ്ങുകൃഷിആണ്. തെങ്ങിൻതോപ്പിനുള്ള കരം ഇപ്പോൾ ഏക്കർ ഒന്നുക്കു ഏഴുരൂപയോളം ആയിരിക്കുന്നു എന്നും അതു അമിതമായി വലുതാണെന്നും ഞാൻ കഴിഞ്ഞാണ്ടിലും, ആണെന്നു തോന്നുന്നു, ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പതിപ്പിച്ചു. റബ്ബർ, തയില മുതലായി അധികം വിളയുന്ന വിളവുകൾക്കു കരത്തിനോടൊത്തുനോക്കുമ്പോൾ ഇതു വസ്തുതത്തിൽ വളരെ ഗുരുവായുള്ളതല്ല. റബ്ബറിനു കരം ഏക്കർഒന്നിനു രണ്ടുരൂപയാണ് തേക്കിലയ്ക്കു ഏക്കർ ഒന്നുക്കു ഒരു രൂപയേയുള്ളു. എന്നുതന്നയുമല്ല ചവുക്കത്തിരുവയിലുള്ള കുടിശ്ശികപ്പിൽ ക ാ ാ ന്നു ന്നു വീതം അംശവും ഗവണ്മെൻറിനു കിട്ടുന്നതു തെങ്ങിൻ വിളവുകളിൽനിന്നാണ് തെങ്ങുകൃഷി ഈ രാജ്യത്തിൽ നടപ്പുള്ളതായ നാശകരമായ രോഗത്താൽ നശിപ്പിക്കപ്പെട്ടുവരുന്നതായ ഒരു വ്യവസായം ആണെന്നു ഞാൻ പറയണംഎന്നില്ല. ഇതിൽ പങ്കുകൊള്ളുന്നതായി മററു കായ്ക്കളും ഉണ്ട്. ട്രഞ്ചി ഫെഡെരേടെഡ്, മലയാസ്റ്റേറ്റ്സ്, സിലോൺ എന്നീ പുറമെയുള്ള രാജ്യങ്ങളിൽ തെങ്ങു സമൃദ്ധിയായിവളരുന്നു. അവിടങ്ങളിൽനിന്നുള്ള മത്സ്യവും ആപ്രിക്കായിലുള്ള തൈലതാലങ്ങളുടെ വർദ്ധനമാകുവിളവും നമ്മുടെ ചരക്കുകളെ കച്ചവടസ്ഥലങ്ങളിൽ നിന്നു കാലാന്തരത്തിൽ ബഹിഷ്കരിച്ചേക്കാം, കയററുമതിതീരുവയ്ക്കു ഇപ്പോൾഉള്ള തോതു ജർമ്മനിയുമായുള്ള യുദ്ധത്തിനിടയ്ക്കു നിശ്ചയിച്ചതാണ്. അതു അവിഹിതമായി നിശ്ചയിച്ചിട്ടുള്ളതാണ്. താരിപ്പുവില കണ്ടി ക്ക ക ഒ ാ രൂപാവീതം നിശ്ചയിച്ചിരിക്കുന്നു. കയററുമതിതീരുവ താരിപ്പുവിലയുടെ ക ാ ാ ന്നു ഇ വീതംഉള്ള അംശം ആണ്. തിരുവിതാംകൂട്ടിലെ അവസ്ഥകളുമായി പരിചയംഉള്ള ഏവനും, വില വ്യ രൂപാ മുതൽ ക ാ ാ വരെ ഭിന്നമായിരിക്കയാണെന്നു അറിയാം. കണ്ടി ഒന്നുക്കു ഇ രൂപാ തീരുവ ചുമത്തുകയും താരിപ്പുവിലയെ ക ഒ ാ രൂപയായി സ്ഥിരപ്പെടുത്തുകയും ചെയ്യുന്നതു വളരെ അനുചിതമായ കരം ആണെന്നു ഇതുമായി പെരുമാറുന്ന ഡിപ്പാർട്ടുമെൻറുതന്നെയും സമ്മതിക്കും എന്നു എനിക്കുതോന്നുന്നു. ഏക്കർഒന്നുക്കു ഒ രൂപയോളം വരുന്നതായ ഭൂനികുതിക്കു പുറമെ ക ഒ ാ രൂപാ എന്നുള്ള സാങ്കല്പികമായ വിലയിൽ ഇ രൂപാവരുന്നതായ കയററുമതിത്തീരുവയും ഞങ്ങൾ വഹിക്കേണ്ടിയിരിക്കുന്നു. ഇക്കരം കൃഷിക്കാരനു ഉചിതമായിരിക്കത്തക്കവണ്ണം തെങ്ങുകൃഷി നടത്തുന്നവർക്കു ഏതാനും പരിഹാരം നല്കേണ്ടതായിരിക്കത്തക്കവണ്ണം ഇതു അത്ര കഠിനം ആണെന്നു ഞാൻ വിചാരിക്കുന്നു. ഈ സംഗതിയെക്കുറിച്ചു ഗവണ്മെൻറു ശ്രദ്ധ പതിക്കണം എന്നു ഞാൻ വീണ്ടും നിർബന്ധമായി അപേക്ഷിക്കുന്നു.

മററാരുകായ്യം മലംകൃഷിയാകുന്നു. ഈ പ്രദേശങ്ങൾ കിട്ടുന്നതു തരിശുഭൂമിച്ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിട്ടാണ്. ഇതിലും ഗ്രാമീണമായ ജനങ്ങൾക്കു സ്വല്പം പ്രയാസംഉണ്ടു. ഇതിലേക്കു ഒരു നാമമാത്ര അപേക്ഷിച്ചിട്ടുണ്ടായിരുന്നെങ്കിലും എന്നും അയാൾ ഇപ്പഴത്തെ ചട്ടങ്ങളെ പരിഹാസ്യമായി അനുവർത്തിക്കാൻ അശക്തനായിരുന്നുഎന്നുള്ള കാരണത്തിന്മേൽ തരിശുഭൂമിച്ചട്ടങ്ങൾ അനുസരിച്ചു അയാളുടെ അപേക്ഷ തള്ളപ്പെട്ടുഎ

ന്നും ഞാൻ അറിയുന്നു. തരിശുഭൂമിച്ചട്ടങ്ങൾ ഉണ്ടാക്കിയതു യൂറോപ്യനായ തോട്ടക്കാരനായി ആലോചിച്ചിട്ടാണു. ഒരു യൂറോപ്യനായ തോട്ടക്കാരന്റെ കൈവശം ൧൦൦൦ ഏക്കറോ ൨൦൦൦ ഏക്കറോ ഉണ്ടായിരുന്നാലും അതിൽ ഒരംശംമാത്രമെ അയാൾ കൃഷിചെയ്യുന്നുള്ളു എന്നിരുന്നാലും അതിനെ തൊട്ടുകിടക്കുന്ന ഒരു ഭൂമി പതിച്ചുകിട്ടുന്നതിനു ഒരു ഇൻഡ്യാക്കാരൻ അപേക്ഷിക്കുമ്പോൾ ആ യൂറോപ്യന്നു ആ വസ്തു വേണമൊ എന്നു അയാളോടു എഴുതിചോദിക്കയും അയാളുടെ നിരസനം ലഭിക്കയും ചെയ്തുവരുന്നു. ഈ ഉദ്യമങ്ങളിൽ പ്രവേശിക്കാൻ ഇനിയുള്ള നാട്ടുകാരന്നു ഈ ചട്ടങ്ങൾ വലുതായ കഷ്ടത്തെ ജനിപ്പിക്കുന്നു എന്നു ഞാൻ പറയാം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വർത്തമാനപ്പത്രറെഗുലേഷനെ പ്രസ്താവിക്കുന്ന ഒരു മുദ്രാകാരം അല്ലാ എന്നു പ്രൈസിഡെന്റും തീർച്ചചെയ്തിരിക്കുന്നസ്ഥിതിക്കു മിസ്റ്റർ തോമസ് ഈ ചട്ടങ്ങളിലെ വ്യവസ്ഥകളെ പ്രസ്താവിക്കാമൊ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): ആ ചട്ടങ്ങളെകുറിച്ചു ഗുണദോഷനിരൂപണം ചെയ്യാനായി അവയുമായി ഞാൻ ഒരുങ്ങിവന്നിട്ടില്ല. എന്നുവരികിലും എനിക്കു ചട്ടങ്ങൾ അറിയാം

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): തരിശു ഭൂമികളെ സംബന്ധിക്കുന്ന ചട്ടങ്ങളിലെയൊ മറെറ വല്ല റെഗുലേഷനിലേയൊ സ്വീകൃതവ്യവസ്ഥകളെ മെംബർക്കു വ്യാഖ്യാനിക്കാൻ ഉള്ളസ്വാതന്ത്ര്യം ഉണ്ടൊ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): തിരുവിതാങ്കോട്ടിലെ കുടിയാന്മാർ വാസ്തവത്തിൽ അനുഭവിച്ചുവരുന്ന കഷ്ടങ്ങളെ കുറിച്ചു ഞാൻ സംസാരിക്കുന്നു. തരിശു ഭൂമികൾക്കുള്ള ചട്ടങ്ങൾ പ്രകാരം ഒരു ഉദ്യോഗസ്ഥൻ, അതു ആരുതന്നെയായിരുന്നാലും അയൽ പക്കത്തുള്ള തോട്ടത്തിന്റെ ഉടമസ്ഥന്റെ സൗകര്യത്തെയോ സൗകര്യക്കേടിനെയൊ പററി അന്വേഷിക്കാൻ നിർബന്ധൻ ആയിരിക്കുന്നു. നദികൾ, റോഡുകൾ എന്നിവ പോലെ സ്ഥിരമായ അതിർത്തികൾ ഉണ്ടായിരുന്നാലും തോട്ടമുടമസ്ഥന്നു അയാളുടെ സ്വന്തം കാര്യങ്ങൾക്കായി ആയിരമൊ രണ്ടായിരമൊ ഏക്കർ ഉണ്ടായിരുന്നാലും തേയിലകൃഷിക്കായി പോകുന്ന തിരുവിതാങ്കോട്ടുകാരെ അയാൾ പുൽതൊട്ടിയിലെ പട്ടി എന്ന പോലെ പ്രതിബന്ധിക്കുന്നു. ഗവണ്മെന്റു തരിശു ഭൂമികൾക്കുള്ള ചട്ടങ്ങളെ പരിശോധിക്കയും, മേലാൽ അധികം എണ്ണം തിരുവിതാങ്കോട്ടുകാർ ഈ വസ്തുക്കളെ കൃഷിക്കായി ഉപയോഗിക്കത്തക്കവണ്ണം ആവശ്യമുള്ള സൌകര്യങ്ങൾ കൊടുക്കയും ചെയ്യണം എന്നു ഞാൻ അപേക്ഷിക്കുന്നു.

ഇനി കണ്ടുകൃഷിവസ്തുക്കൾക്കുള്ള കരത്തെ കുറിച്ചു പറയാം ഇതിനെ സംബന്ധിച്ചു എനിക്കു ഒരു അപേക്ഷയുണ്ടു്. അതു ഇതാകുന്നു. കണ്ടുകൃഷി വിചാരിപ്പുകാർക്കു നെല്ലു അളന്നു ഏൽപ്പിക്കുന്നതിൽ ഉള്ള ദുർഘടവും അസൗകര്യവും ആണു കണ്ടുകൃഷിക്കുടിയാന്മാരുടെ പ്രധാനപ്പെട്ട ആവലാതി. ഇതു ഇല്ലാതാക്കുന്നതിനായി വിലത്തരം സാധാരണ നിരക്കു അനുസരിച്ചു കണക്കുകൂട്ടിക്കൊവുന്നതാണു്. ഈ സംഗതിയെ ഗവണ്മെന്റു താല്പര്യമായി ശ്രദ്ധിച്ചു വരുന്നു എന്നുള്ള ഉറപ്പു കിട്ടിയതു നിമിത്തം ഒരു വിധം ആശ്വാസം ഞങ്ങൾക്കു ഉണ്ടായിട്ടുണ്ടെന്നു വരികിലും ഒരു കൊല്ലം പൂർത്തിയായി തികഞ്ഞിട്ടും സ്പഷ്ടമായ ഫലം ഇക്കാര്യത്തിൽ സിദ്ധിച്ചിട്ടില്ല എന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. ഇതു സംബന്ധമായ ഒരു നിയുക്തജനസംഘം അടുത്തകാലത്തു ആക്ടിംഗ് ദിവാൻജിയെ ചെന്നു കണ്ടു ഈ സംഗതിയെ കുറിച്ചു അന്വേഷിച്ചു. ഈ കഷ്ടങ്ങളെ അകററുന്നതിന്നു നടപടി ചെയ്യുന്നതാണെന്നുള്ള വാഗ്ദാനവും കിട്ടി, കണ്ടുകൃഷിക്കുടിയാന്മാരുടെ ദയനീയാവസ്ഥയെ മതിയാകും വണ്ണം പരിഹരിച്ചു നന്നാക്കിട്ടുണ്ടു എന്നു എനിക്കു തോന്നുന്നില്ല.

ഇനി ഞങ്ങളുടെ താലൂക്കുകളിൽ ഗതാഗത മാർഗ്ഗങ്ങളെ കുറിച്ചു പറയാം. ഇതു വിളവിനെ അധികമായി ബാധിക്കുന്നു. മിസ്റ്റർ. നടേശയ്യൻ ഈ ഡിപ്പാർട്ടുമെണ്ടിലെ മേലധികാരം കയ്യേററത്തിൽ പിന്നീടു ആകപ്പാടെ വടക്കൻ ഡിവിഷനിൽ മുന്നാളുകളിലെക്കാൾ അധികമായും കുറഞ്ഞ ചിലവിലായും ഗതാഗതമാർഗ്ഗങ്ങളിൽ ഓഹരിചെലവിക്കുന്നുണ്ടു്. എന്നു സാനന്ദം അറിയിക്കാം. റോഡുവെട്ടിക്കുന്നതിൽ കുടികൾ കാണിക്കുന്ന താല്പര്യത്തിന്നു ശരിയായ പ്രോത്സാഹകമായി, അവർ വെട്ടിയ റോഡുകളെ പരിപാലിക്കുന്നതിനായി സാനന്ദം ചീഫ് എഞ്ചിനീയർ സ്വീകരിക്കയും ഈ വിധം കുടികളെ അധികമായി സഹായിക്കയും ചെയ്തുവരുന്നു. വാസ്തവത്തിൽ ഞങ്ങൾക്കു വേണ്ടതു കൂടുതൽ എണ്ണം വെള്ളം വാൻപോകുന്നതിനുള്ള തോടുകൾ ആണു്. മീനച്ചിലാറു മുവാററുപുഴയാറു ആലുവായാറു ഇവയിലെ പ്രവാഹങ്ങളിൽ ഉള്ള ഒഴുക്കുകളെ ഗത്യന്തരങ്ങളിലാക്കിയാൽ ഇപ്പോൾ വിളവില്ലാതെ കിടക്കുന്നതായ താഴ്ന്നപ്രദേശങ്ങളിലെ നിലങ്ങളെ വിളയിക്കാവുന്നതും രാജ്യത്തിൽ തന്നയും വെള്ളപ്പൊക്കം നിമിത്തം ഉള്ള നാശങ്ങളിൽ നിന്നുമോചനം ഉണ്ടാക്കാവുന്നതും ആകുന്നു. യൂറോപ്യൻ-രാജ്യങ്ങളിൽ കൃഷിക്കുവെള്ളപ്പാച്ചിലിനുള്ളതോടുകൾക്കായും വെള്ളം വാൻപോകുന്നതിനുള്ള തോടുകൾക്കായും വലിയ തുകകൾ ചിലവാക്കിവരുന്നു. ഇങ്ങനെ ചെയ്യുന്നതായിരുന്നാൽ വലിയവെള്ളപ്പൊക്കങ്ങളിൽ ജനങ്ങൾക്കു ഈ തോടുകളെ ഉപയോഗിക്കാൻ കഴിയും. മഴക്കാലങ്ങളിലും പ്രവാഹകാലങ്ങളിലും ഒഴുക്കു നിമിത്തം ഈ നദികളിൽ സഞ്ചാരം അസാധ്യമായി പോകുന്നു. അതു കൊണ്ടു ഈ വിഷയത്തെ ദൂരവനും പരിശോധിക്കയും നമ്മുടെ നദികളിൽ അനേകങ്ങളിലെ ഒഴുക്കുവെള്ളത്തെ തോടുകളിലേക്കായി വെട്ടിവിടുന്നതിനും ഇപ്പോൾ കൃഷിച്ചിലവിന്നു വേണ്ടുമ്പോൾ വിളയുന്നതായ നിലങ്ങളെ ഫലപ്രദമാക്കുന്നതിലേക്കായി ഈ തോടുകളെ ഉപയോഗപ്പെടുത്തുന്നതിനും ആയി ഒരു പദ്ധതി സമർപ്പിക്കയും ചെയ്യുന്നതിനായി ഒരു സ്പെഷ്യൽ ആഫീസരെ നിയമിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.

ഇനി കൃഷിഡിപ്പാർട്ടുമെൻറിനെ കുറിച്ചുപറയാം. കൃഷിഡിപ്പാർട്ടുമെൻറു വാസ്തവത്തിൽ പ്രയോജനവത്തായ പണി ചെയ്യണം എന്നുണ്ടെങ്കിൽ ആ ഡിപ്പാർട്ടുമെൻറിലേക്കു നീക്കിവച്ചിരിക്കുന്നതായ ൨,൫൭,൦൦൦ രൂപാ തീരെ മതിയാകുന്നതല്ല എന്നു വ്യസനസമേതം പറയുന്നു. ൨,൫൭,൦൦൦ രൂപാ എന്ന തുകയിൽ മിക്കവാറും ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും സഞ്ചാരപ്പടിയും വിഴുങ്ങിക്കളയുന്നു. വാസ്തവത്തിൽ ഉള്ള പോഷകപ്രവൃത്തിനടത്തണം എന്നു വരികിൽ കൃഷി പോഷകപ്രവൃത്തിക്കുമാത്രം ചിലവു ചെയ്യാനായി ൫൦ ലക്ഷം രൂപാ തിരിച്ചു വയ്ക്കയും ആ തുകയെ ഈ രാജ്യത്തിലുള്ള കൃഷിക്കാരുടെ ഗുണത്തിനായി നല്ലവിധം ചിലവാക്കണം എന്നു കൃഷിഡൈറക്ടരോടു ആജ്ഞാപിക്കയും ചെയ്യണം.

മി: പാറ്റം ഡാന്ന്യൽ (ഗവണ്മെന്റ് നിയമിച്ചമെമ്പർ): ബഡ്ജറ്റിന്റെ ഗുണദോഷനിരൂപണം നടത്തിട്ടുള്ള പൂർവ്വസഭാദ്യംഗങ്ങളിൽ ഒരു കാര്യക്കാരനായി പോലും ഞാൻ ഹാജരായിരുന്നിട്ടില്ല. അതു കൊണ്ടു ബഡ്ജറ്റിനെ കുറിച്ചു സാമാന്യമായി പ്രസംഗം ചെയ്യുന്നതിൽ മെംബരിൽ നിന്നു ഏതെല്ലാം കാര്യങ്ങൾ പ്രതീക്ഷിക്കപ്പെടുന്നുണ്ട് എന്നു എനിക്കു അറിഞ്ഞുകൂടാ. എന്തായാലും ഞാൻ ബഡ്ജറ്റു നോക്കിയതിൽ എന്റെ മനസിൽ ഏതാനും ഭാവങ്ങൾ ഉദിച്ചുവൊ ആ ഭാവങ്ങളെ വാചാ പറയുന്നതിനു അനുവാദം ഞാൻ ചോദിക്കുന്നു.

പ്രാധാന്യേന തെക്കൻ തിരുവിതാംകൂട്ടിൽ നടപ്പുള്ള സംഗതികളെ നോക്കുന്നതായാൽ അവിടങ്ങളിൽ വ്യവസായങ്ങളും കച്ചവടവും കുറയ്ക്കുമായി തീരെ ഇല്ലാ തെക്കൻതിരുവിതാംകൂട്ടിൽ ജനങ്ങളുടെ പ്രധാനകൈത്തൊഴിൽ കൃഷിയാണ്. അതാണ് ജനങ്ങളുടെ മുഖ്യമായ ജീവനോപായം. കൃഷിക്കാരെ സഹായിക്കുന്നായിപോയിച്ചിപ്പാറയിലെ തടാകം ഉണ്ടാക്കി വളരെ അധികം ഗവണ്മെന്റു ചെയ്തിട്ടുണ്ടു സംശയമില്ല. ആ തടാകത്തിൽ നിന്നു ഇടച്ചുയായിവെള്ളം കിട്ടും എന്നു വിശ്വസിച്ചുകൊണ്ടു തെക്കൻ തിരുവിതാംകൂട്ടിലെ ജനങ്ങൾ അവരുടെ പറമ്പുകളെ നിലങ്ങളായി മാററി അപ്പോൾ കഴിഞ്ഞ അനേകം കൊല്ലങ്ങളിൽ ആയിനെൽകൃഷി നടത്തി വരുന്നു. നെൽകൃഷി നിലങ്ങൾക്കു തെക്കൻ തിരുവിതാംകൂട്ടിൽ കുറം അത്യന്തം വലുതാണ് എന്നു പറഞ്ഞുകൊള്ളട്ടെ. അതിനുപുറമെ തെക്കൻ തിരുവിതാംകൂട്ടിലെ നിലങ്ങളുടെ പ്രകൃതിയാകട്ടെ വളരെ ഊർജിതത്തിൽ പണിനടത്തിയല്ലെങ്കിൽ വിളവു വളരെ ഉച്ചമായിരിക്കും. ഇതു നിരൂപണം പുതുതായി തിരുത്തിയ നിലങ്ങൾക്കു അധികമായി സംബന്ധിക്കുന്നു. ഒരു റോഡിനടുത്തായും കായലിന്റെ കരയിലായും നല്ലപ്പിക്കർ നിലം കൃഷി ചെയ്യുന്നതിനു നാമമാത്രപ്രായിൽ കുറയാതെ ചിലവാകുന്നു. അതു ഫ്ലക്കർ ഒന്നിനു ൧ ഉ രൂപാ വീതം ആകുന്നു. ൧ ഉ രൂപയ്ക്കു ചെയ്തിട്ടുള്ള വേല പസ്തുവത്തിൽ ആവശ്യമുള്ളതിലധികം അല്ലാ എന്നു എനിക്കറിയാം. ഇതു ഒരുനല്ല വിളവുവിളയിക്കുന്നതിനു കൂടിയ തീരുവ എന്ന വിധം ആവശ്യമുള്ളതുകയിൽ നിന്നു കുറവാണ്. റോഡുകളിലും കായലുകളിലും നിന്നു അകലെയായി നിലങ്ങൾ ഉള്ളവർക്കു നല്ല വിളവും കിട്ടുന്നതിനു എന്തുമാത്രം ചിലവുവേണ്ടിവരും എന്നു ഇതിൽ നിന്നു ഊഹിക്കാവുന്നതാണ്. വടക്കൻ തിരുവിതാംകൂട്ടിൽ നിലങ്ങളിൽ ശരാശരിവിളവു ൧ കോട്ടയാണ് എന്നു ഇതിനു മുമ്പു പ്രസംഗിച്ചു ഒരാൾ പറഞ്ഞതായിതോന്നുന്നു. പുതുതായി തിരുത്തിയ നിലങ്ങൾ ഉൾപ്പെടെ തെക്കൻ തിരുവിതാംകൂട്ടിലെ ശരാശരിവിളവു ഞാൻ കണക്കുകൂട്ടുന്നതായാൽ അതിനെക്കാൾ കുറവായ ഒരു തുക പറയേണ്ടിയിരിക്കും. ഈ തരം വിളവിലക്കായി ശരാശരി ൧ ഉ രൂപാചിലവാക്കേണ്ടിയിരിക്കുന്നു. അതു തൃപ്തികരമായ അവസ്ഥയല്ല. ഞങ്ങളുടെ സങ്കടങ്ങളിൽ ഞങ്ങളെ സഹായിക്കാനായി ഞങ്ങളുടെ മേലാവായി നിയുക്തരായ ഉദ്യോഗസ്ഥന്മാർ ഇക്കാര്യങ്ങളെ കാര്യമായി ആലോചിക്കാറില്ല എന്നു പറയേണ്ടിയിരിക്കുന്നു. നെൽകൃഷിയുള്ള പ്രദേശങ്ങളിൽ ഗതാഗതമാർഗ്ഗങ്ങൾ വളരെ ആവശ്യം ആയിരിക്കുന്നു. ഊടുപച്ചിലവഴി മുതലായവകൊണ്ടുപോകുന്നതു അനേകം സ്ഥലങ്ങളിൽ വളരെ ദുർഘടം ആയി കാണപ്പെട്ടിരിക്കുന്നു. തെക്കൻ തിരുവിതാംകൂട്ടിലുള്ള കായലുകളിൽ ഒരുകരയെ വയലിനു ഉരം കൊണ്ടു പോകുന്നതിനും നല്ലവിളവു വിളയിക്കുന്നതിനും കൃഷിക്കാരനെ ശക്തനാക്കുന്നതിലേക്കായി, വണ്ടിപോകത്തക്ക റോഡാക്കണം എന്നു അനേകം കൊല്ലങ്ങളായി ശ്രീമൂലം പ്രജാസഭയിൽ നിവേദനങ്ങൾ ചെയ്യപ്പെട്ടുവരുന്നു എന്നു എനിക്കറിയാം. അങ്ങിനെ ചെയ്യുന്നതാണെന്നു വാഗ്ദാനവും പലപ്പോഴും കിട്ടീട്ടുണ്ട്. എന്നാൽ ഗവണ്മെന്റിന്റെ വാഗ്ദാനത്തെ നിർവ്വഹിക്കുന്നതിനു അധികം യത്നം ചെയ്തിട്ടുള്ളതായി ഞങ്ങൾ കാണുന്നില്ല. ഈ ദുർഘടം ഇല്ലാതാക്കുന്നതായി ശരാശരി പറയുന്നതായാൽ ഗതാഗതത്തിനു ആവശ്യമുള്ള സൗകര്യങ്ങളുടെ അഭാവത്തെ കുറിച്ചു ഇടവിടാതെ പരാതിപറയുന്നവരെ നിശബ്ദരാക്കുന്നതിനായി ഗവണ്മെന്റു ഇപ്പോൾ ഒരു പുതിയമാർഗ്ഗം എടുത്തു. അതു ഒരു കൂട്ടം ചട്ടം ആയിരുന്നു. കുടികളുടെ വഴിറോഡുപറമ്പുകളുടെ ചട്ടങ്ങൾ എന്നാണ് അതിനു അവർ പേരുകല്പിച്ചതു്. ഇതിനെക്കാൾ അധികം അയുക്തികമായ ഒരു കൂട്ടം ചട്ടങ്ങൾ ഊഹിക്കാൻ കഴിവില്ലാ എന്നു ഞാൻ പറയുന്നതായാൽ ഞാൻ ക്രമത്തിലധികം കഠിനമായ വാക്കുപ്രയോഗിക്കുന്നു എന്നു വിചാരിച്ചുപോകരുതു. ഈ ചട്ടങ്ങൾ ശ്രീമൂലംപ്രജാസഭയിൽ വളരെ കഠിനമായി ആക്ഷേപിക്കപ്പെട്ടു. അപ്പോഴും അതിനെക്കുറിച്ചു ആലോചിക്കുന്നതാണെന്നുപറഞ്ഞു. ഈ ചട്ടങ്ങളെ വേഗത്തിൽ പിൻവലിക്കുന്നതിനായി എടുക്കുകയും തെക്കൻ തിരുവിതാംകൂട്ടിലെ കുടികളുടെ അവസ്ഥയ്ക്കു യോജിക്കത്തക്കവണ്ണം അവയെ ഭേദപ്പെടുത്തുകയും ചെയ്യുന്നതാണെന്നു ഈ സഭയിൽ വാഗ്ദാനം ചെയ്തിട്ടുള്ളതായി മിസ്റ്റർ കുമാരപിള്ള ഈ സഭയിൽ ചോദിച്ചു ഏതാനും ചോദ്യങ്ങളിൽ നിന്നു ഞാൻ ധരിച്ചു. ചട്ടങ്ങൾ ഈ സ്ഥിതിയിൽ ഇരിക്കുന്ന കാലത്തു ജനങ്ങൾ അനുഭവിച്ചുവരുന്ന മഹാസങ്കടം നിമിത്തം അനേകശതം ജനങ്ങൾ ഒന്നിച്ചു ചേർന്നു ഇതു ഈ രാജ്യത്തിൽ സാധാരണസ്ഥിതിയിൽ സംഭവിക്കുന്ന കഥയല്ല – അവരുടെ വസ്തുക്കളിൽ ഏതാനും ഭാഗങ്ങൾ വിട്ടുകൊടുക്കയും അവർ വിട്ടുകൊടുത്ത സ്ഥലങ്ങളിൽ ഉള്ള നാടുവഴിയെ ഒരുവിധം വണ്ടിപോകത്തക്ക റോഡു ആക്കുന്നതിൽ പണം ചിലവാക്കയും ചെയ്തു. വസ്തുക്കൾ ഉള്ളവരെല്ലാം ഈ വിധം റോഡുകൾ അത്യാവശ്യമായി വേണ്ടിയിരിക്കുന്നില്ല. ചിലർ അയൽപക്കക്കാർക്കു ഉപകാരം ചെയ്യാനും മററുചിലർ ഈ റോഡുകൾ ഉണ്ടാക്കുന്നതു നിമിത്തം അധികമായിഗുണം ലഭിക്കുന്നവർക്കു ഉപകാരം ചെയ്യാനും അവരുടെ റോഡുകളിൽ ഏതാനും അംശങ്ങളെ റോഡുണ്ടാക്കുന്നതിനായി വിട്ടുകൊടുത്തു. എന്നാൽ ജനങ്ങളുടെ ഉൽസാഹത്തിൽ ഗുണപ്പെട്ടുകൊള്ളുന്നതിലും ആ റോഡുകളെ തങ്ങളുടെ സംരക്ഷണത്തിൽ സ്വീകരിക്കുന്നതിലും സർക്കാർഉദ്യോഗസ്ഥന്മാരിൽ നിന്നു ജനങ്ങൾ പ്രതീക്ഷിക്കുന്നതായ മററുവിധസഹായം നൽകുന്നതിലും ഗവണ്മെന്റ് സദാ മന്ദമായിരിക്കുന്നു. ഇതിനുദാഹരണമായിഇതിൽ പെട്ടഒരു സംഗതിപറയാം അഞ്ചുകൊല്ലത്തിനു മുൻപു ഒരുകടിവക റോഡ്വെട്ടി, അതിനു രണ്ടാമതെലോളം നീളം ഉണ്ട്. ജനങ്ങൾ അവരുടെ വസ്തുക്കളിൽ ഏതാനും ഭാഗങ്ങൾ വിട്ടുകൊടുത്തു വേലനടത്തി അതിനെനിരപ്പാക്കുന്നതിനു ഒരുവിധം വണ്ടിറോഡാക്കുന്നതിനും വേലക്കൂലിയും കൊടുത്തു. ജനങ്ങൾ അതിനു ഇപ്പോൾ ഉപയോഗിച്ചുവരുന്ന അതു സർക്കാർചിലവിന്മേൽ സംരക്ഷിക്കണം എന്നു അവർഗവണ്മെന്റിനോടു അപേക്ഷിച്ചു ഹർജികൊടുത്തു. ഇതു ശ്രീമൂലം പ്രജാസഭയിൽ മുന്നു കൊല്ലത്തിനുമുൻപു അറിയിക്കപ്പെട്ടു. ഗവണ്മെന്റ് ചിലവിന്മേൽ സംരക്ഷിക്കുന്നതിനായി അതിനെവേഗത്തിൽ സർക്കാരിൽ നിന്നു സ്വീകരിക്കും എന്നു അക്കാലത്തുകിട്ടിയമറുപടിയിൽ നിന്നു ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു.

എന്നാൽ നിർഭാഗ്യവശാൽ ഇന്നും ആ റോഡ്നാശമ്പെടുകൊല്ലത്തിനു മുൻപു ഇരുന്നനിലയിൽ തന്നെഇരിക്കുന്നു. ആ റോഡിന്റെ സംരക്ഷണത്തിനായി വല്ലതുകയും ഉണ്ടായിരിക്കും എന്നും ഉൾകണ്ണോടെ പ്രതീക്ഷിച്ചുകൊണ്ടു, ഞാൻ ബഡ്ജറ്റു വായിച്ചു നോക്കിയതിൽ ആ റോഡിനെ കുറിച്ചു അതിൽ യാതൊരു പ്രസ്താവവും ഇല്ലായെന്നു കണ്ടു എനിക്കവളരെ ഇഛാഭംഗം ജനിച്ചു. ഇപ്പോഴെ അമിതമായഭാരം വഹിച്ചു വരുന്നകുടികൾ ആവശ്യമുള്ള സകുടുംബസഹായവും ലഭിക്കും എന്നുപ്രതീക്ഷിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നു ലഭിക്കുന്ന ഏതാണ്ടുസഹായം ആണ്.

ഇതുസംബന്ധമായി എനിക്കു മറെറാന്നു പറയാനുണ്ട്. പണ്ടുപണ്ടെ ഈ വസ്തുക്കൾ വഴി ഒഴുകിപ്പോയിരുന്നതായി വെള്ളം വാർന്നുപോകുന്നതിനുള്ള കാലുകളിൽ മിക്കവയിലും ഇരുകരയിലുമുള്ള പുസ്തകളുടെ ഉടമസ്ഥന്മാർ കുടിയേറി കൃഷിക്കാക്കി തീരെ ഉപയോഗരഹിതമായി ഭവിക്കത്തക്കവണ്ണം അവ തീരെ വീതികുറഞ്ഞുപോയി കഴിഞ്ഞതവണ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ചെറിയതരം ഉടപ്പുകൾക്കുള്ള കാരണങ്ങളെ ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥൻ അന്വേഷിക്കുന്നതായാൽ ഈ ചെറിയ ഉടപ്പുകളിൽ മിക്കവയുടേയും പ്രധാനകാരണം ഈ കാലുകൾ ഇടുങ്ങിപ്പോയതാണെന്നു അദ്ദേഹത്തിനു നിശ്ചയമായും ബോധ്യംവരും. അനേകം സ്ഥലങ്ങളിൽ ഈ ഉടപ്പുകൾ പുതുതോറും ഒരേസ്ഥലത്തുതന്നെ ഉണ്ടാകുന്നു. തൽക്കാലത്തേക്കു ഒന്നു മാററി വെട്ടിവിട്ടും വെള്ളം ഈ കാലുകൾവഴി ഒഴുകിപ്പോകും എന്നാൽ വലിയ മഴ ഉണ്ടാകുമ്പോൾ അതേസ്ഥലത്തു വീണ്ടും ഉടപ്പുവീഴും അതുകൊണ്ടു ആണ്ടുതോറും ആവർത്തിച്ചുവരുന്നു. ഒരേസ്ഥലത്തുതന്നെ ഉണ്ടാകുന്നതായ ചെറിയ ഉടപ്പുകളുടെ കേടുപാടുതീർത്തു നന്നാക്കുന്നതിനു ആണ്ടുതോറും പണം ചിലവുചെയ്തുവരുന്നു. എന്നാൽ വാസ്തവത്തിൽ ഉള്ള കാരണം കണ്ടറിഞ്ഞു കൃഷിക്കാക്കുണ്ടാകുന്ന ഈ ചേതങ്ങളെ ഫലവത്തായും സ്ഥിരമായും അകററത്തക്കവണ്ണം ഈ കാലുകളെ പൂർവ്വസ്ഥിതിയിൽ വീതി കൂട്ടിക്കുന്നതിനു യാതൊരു ശ്രമവും ചെയ്തുവരുന്നില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനു സംബന്ധിച്ചു ഒരു സംഗതി അറിയിക്കാം. പതിതസമുദായങ്ങൾക്കും വിദ്യാഭ്യാസത്തിൽ പിന്നോക്കം ഉള്ള സമുദായങ്ങൾക്കും അനുകൂലഫീസ് ചുമത്തുന്ന രീതി ഗവണ്മെൻറ് അതിദയാപുരസ്സരം ഏതാനുംകൊല്ലങ്ങൾക്കുമുമ്പെ ഏർപ്പെടുത്തി. അടുത്തകാലത്തു വിദ്യാഭ്യാസത്തിൽ മുന്നോക്കം ഉള്ളവരുടെ കൂടെയിലും ദരിദ്രന്മാരിൽ ഒരാശത്തിനു ആ ആനുകൂല്യം ഏർപ്പെടുത്തി. ഇതു നിശ്ചയമായും പാഠശാലകൾക്കു സ്വല്പം നഷ്ടം നിസ്സംശയം ജനിപ്പിക്കുന്നു. ഗവണ്മെണ്ടുപാഠശാലകളെ സംബന്ധിച്ചേടത്തോളം നഷ്ടം ഗവണ്മെൻറിനെ മാത്രമെ ബാധിക്കുന്നുള്ളു. എന്നാൽ കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ട്. അവിടങ്ങളിലും അനുകൂലഫീസിനുള്ള രീതി ഏർപ്പെടുത്തുന്നതിനു ഗവണ്മെണ്ടു ഉൽകണ്ഠിതരായിരിക്കുന്നു. സർക്കാർ പള്ളിക്കൂടവും കുടിപ്പള്ളിക്കൂടവും ഉള്ളതായ ഒരു സ്ഥലത്തു ഫീസാനുകൂല്യം വേണമെന്നു ആഗ്രഹിക്കുന്ന ആൺകുട്ടികൾ ആനുകൂല്യരീതി കുടിവക പാഠശാലയിൽ നടപ്പാക്കീട്ടില്ല എന്നുവരികിൽ സർക്കാർപള്ളിക്കൂടങ്ങളിൽ പെന്നുചേരുന്നു. ഇതിനു അക്രമമായ മാത്സര്യം ആണ്. ഇതിനെ ഏതാനും കുടിപ്പള്ളിക്കൂടങ്ങളിലെ ദരിദ്രരായ മാനേജർമാർക്കു സഹിക്കേണ്ടിയിരിക്കുന്നു. ഒരേസ്ഥലത്തു രണ്ടു കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നാൽ ഈ രണ്ടു പാഠശാലകൾതമ്മിൽ മാത്സര്യം ഉണ്ട്. ഈ പദ്ധതി ഏർപ്പെടുത്തുന്നതുകൊണ്ടു ഗുണക്ക ജനിക്കാവുന്നതായ നഷ്ടത്തെ പേടിച്ചു അതു നടപ്പാക്കാൻ വിശ്വസ്തനായിരിക്കുന്ന മാനേജർ ഉള്ളതായ പാഠശാലയിൽനിന്നു പാവപ്പെട്ട കുട്ടികളെ ആകർഷിക്കണമെന്നുള്ള കരുതലോടുകൂടി മററെസ്കൂളിലെ മാനേജർ ഈ പദ്ധതി അയാളുടെ സ്കൂളിൽ നടപ്പാക്കുന്നു. തന്നിമിത്തം കുടിപ്പള്ളിക്കൂടങ്ങളിലെ മാനേജർമാരും ഇതു നടപ്പാക്കുന്നതിനു നിർബന്ധിക്കപ്പെട്ടുപോകുന്നു. ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടങ്ങളനുസരിച്ചു ഈ പദ്ധതി ഏർപ്പെടുത്തിയതു നിമിത്തം കുടിപ്പള്ളിക്കൂടങ്ങളിലെ മാനേജർമാർക്കു ജനിക്കുന്ന നഷ്ടത്തിൽ മുക്കാൽപങ്കുമാത്രമെ ഗവണ്മെൻറ് ആവർക്കു വകവച്ചുകൊടുക്കുന്നുള്ളു. ഇതിന്റെ യുക്തിയുക്തം ഞാൻ അറിയുന്നില്ല. ഗവണ്മെൻറ് ഒരു പദ്ധതി നടപ്പാക്കി കുടിപ്പള്ളിക്കൂടങ്ങളിലെ മാനേജർമാരും അവരുടെ പാഠശാലകളിൽ ഇതു നടപ്പാക്കണമെന്നു ഗവണ്മെൻറ് കാര്യവശാൽ നിർബന്ധിക്കയാകുന്നു ചെയ്യുന്നതു. ഫീസാനുകൂല്യം നടപ്പാക്കിയതുനിമിത്തം വാസ്തവത്തിൽ ഏതാനും പാഠശാലകൾക്കു ഫീസിൽ നഷ്ടമായി ആണ്ടിൽ ൧൦൦ രൂപയോളം നഷ്ടം സഹിക്കേണ്ടിവരുന്നു. ഇതു ഗവണ്മെൻറിന്റെ ഗൌരവപ്പെട്ട ശ്രദ്ധയെ അർഹിക്കുന്ന ഒരു കാര്യം ആണെന്നു എനിക്കു തോന്നുന്നു.

പ്രൈസിഡണ്ടു്: ഇന്നു ഒരു പ്രധാനപ്പെട്ട ഒരു വൈദികകർമ്മം നടക്കുന്നു. അതിൽ സംസ്ഥാനഉദ്യോഗസ്ഥന്മാർ സന്നിഹിതരായിരിക്കേണ്ടതു നിർബന്ധംആകുന്നു. ഈ സഭയിലെ അനുദ്യോഗസ്ഥസാമാജികന്മാരും ക്ഷണിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു ഈ സഭായോഗം ഖാഹുക്കുണം കഴിഞ്ഞു ഉച്ചക്കുമേൽ നടക്കുന്നതല്ല. നാളെകാലത്തു പതിനൊന്നരമണിവരെ നമുക്കു യോഗം നിറുത്തിവയ്ക്കാം.

സഭായോഗം ഉച്ചക്കുമേൽ മണി ൨ അടിച്ചു ൪൦ മിനിട്ടായപ്പോൾ പിരിഞ്ഞു.

നിയമസഭാസെക്രട്ടറി ടി. പി. രാമലിങ്ങപ്പിള്ള

(A true Translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

ദ്വിതീയസഭ,

൧൯൩൯-ലെ രണ്ടാമത്തെ യോഗം.

ഔദ്യോഗിക റിപ്പോർട്ട്.

കർക്കടകം ൧൧-ാം തീയതി ആഗസ്റ്റ് ൩-ാം തീയതി വെള്ളിയാഴ്ച.

മി: എം. ഇ. വാട്ട്സ് ബി. എ. ബാരിസ്റ്റർ അറ്റ്ലായുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം വിക്ടോറിയാജൂബിലി ടൌൺഹാളിൽ വച്ചു പതിനൊന്നുമണിക്കു സഭ വീണ്ടും ആരംഭിച്ചു. താഴെ പേർ പറയപ്പെടുന്ന അംഗങ്ങളൊഴികെ എല്ലാവരും ഹാജരുണ്ടായിരുന്നു. മിസ്റ്റർ എസ്സ്. പിറവിപ്പെരുമാൾപിള്ള, മിസ്റ്റർ എം. സുബ്രഹ്മണ്യപിള്ള, മി: എസ്സ്. സുബ്രഹ്മണ്യകുരയാളർ

ചോദ്യോത്തരങ്ങൾ.

കാളേജുകളുടെ സ്റ്റാൻഡാർഡുയർത്തൽ.

൧൭. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മദ്രാസ്സർവ്വകലാശാലയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഗവർണ്ണമെന്റു കാളേജുകളിൽ ഏതിന്റെയെങ്കിലും സ്റ്റാൻഡാർഡുയർത്തുന്നതിലേക്കു ഗവർണ്ണമെന്റു എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നു ദയവു ചെയ്തു പറയുമോ?

മി: കെ. ജാർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി). അടുത്ത വിദ്യാഭ്യാസവർഷാരംഭം (൧൯൩൯-൧൯൪൦) മുതൽ സ്ത്രീകൾക്കുള്ള കാളേജിനെ ഒരു ഒന്നാംഗ്രേഡ് കാളേജാക്കുന്നതിനു വേണ്ടതെന്തു ചെയ്യണമെന്നു പ്രാരംഭബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

സ്ത്രീകൾക്കുള്ള കാളേജിൽ രണ്ടാം ഗ്രൂപ്പിലേക്കു വിദ്യാർത്ഥിനികൾ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) ൧൯൩൯ലെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു രണ്ടു റിപ്പോർട്ടിൽ, സ്ത്രീകൾക്കുള്ള കാളേജിൽ രണ്ടാം ഗ്രൂപ്പിൽ ചേരുന്നതിനു അപേക്ഷകരായിട്ടു അനവധി വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നതായി പറയുന്നതിനെ ഉദാഹരിക്കാനായി എന്തു പ്രവർത്തിക്കാനുദ്ദേശിക്കുന്നുവെന്നോ, എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നോ പറയുന്നതിനു ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

(ബി) ഏതു സ്ത്രീ വിദ്യാർത്ഥികളാണു സയൻസുകാളേജിൽ രണ്ടാം ഗ്രൂപ്പിൽ ഇപ്പോൾ പഠിച്ചു വരുന്നതു?

മി: കെ. ജാർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): (എ) അടുത്ത വിദ്യാഭ്യാസ വർഷാരംഭം ൧൯൩൯-൧൯൪൦ മുതൽ ഇൻറർ മീഡ്യറി ക്ലാസ്സിൽ രണ്ടാം ഗ്രൂപ്പേർപ്പെടുത്തുന്നതിനു ഗവർണ്ണമെന്റുദ്ദേശിച്ചിരിക്കുന്നു. ൧൯൩൮-ാമാണ്ടു അതിലേക്കു ആവശ്യമുള്ള തുക ആ ആണ്ടത്തെ പ്രാരംഭ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

(ബി) ജൂനിയർ ഇൻറർമീഡിയേറ്റു ക്ലാസ്സിൽ ൧൮-ം സീനിയർ ഇൻറർമീഡിയേറ്റു ക്ലാസ്സിൽ ൧൫-ം.

൧൯൩൮-ലും ൧൯൩൯-ലും ഇറക്കിട്ടുള്ള ഇംഗ്ലീഷ്പള്ളിക്കൂടങ്ങൾ.

൩൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൯൩൮-൧൯൩൯ വരെയുള്ള കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിന്നു പുതിയതായി ഇറക്കപ്പെട്ടിട്ടുള്ള ഇംഗ്ലീഷുപള്ളിക്കൂടങ്ങൾ എത്രയെന്നും, അതേ കാലത്തു തന്നെ ഇറക്കപ്പെട്ടിട്ടുള്ള പ്രൈവറ്റു സ്ക്കൂളുകൾ എത്രയെന്നും പറയുന്നതിനു ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരിംഗ്ലീഷു പള്ളിക്കൂടവും പുതുതായി ഇറന്നിട്ടില്ല; പുതുതായി ഇറക്കപ്പെട്ടിട്ടുള്ള പ്രൈവറ്റു സ്ക്കൂളുകളുടെ എണ്ണം ൧൯൩൮-ൽ ൨൫-ം ൧൯൩൯-ൽ ൧൫-ം ആകുന്നു.

൧൯൩൯-ൽ ഇറക്കപ്പെട്ടിട്ടുള്ള നിശാപാഠശാലകൾ.

൩൦. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൯൩൯-ൽ പുതുതായി നിശാപാഠശാലകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ, അവയുടെ എണ്ണമെത്രയെന്നും ദയവു ചെയ്തു ഗവർണ്ണമെന്റു പറയുമോ?

മി. കെ. ജാർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): ഉണ്ട്. പത്തു നിശാപാഠശാലകൾ.

ഗവർണ്ണമെന്റു നിശാപാഠശാലകളുടെ കൊല്ലം തോറുമുള്ള ചെലവു.

൩൧. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിന്നും നടത്തിപ്പോരുന്ന ഒരു നിശാപാഠശാലയുടെ ഒരു കൊല്ലത്തെ ചെലവെന്തെന്നു പറയുന്നതിനു ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): ൧൫൦ രൂപാ.

൧൯൩൯ലെ പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സിന്റെ സഞ്ചാരങ്ങൾ.

൩൨. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) ൧൯൩൯-ലെ രണ്ടു റിപ്പോർട്ടിൽ പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സ് മിസ്സ് കാരപിറയ് വന്ന ദിവസം ക്യാമ്പിൽ കഴിച്ചിട്ടുണ്ടെന്നും, അക്കാലത്തു തന്റെ കീഴിലുള്ള എല്ലാ അംഗീകൃതപാഠശാലകളും പരിശോധിച്ചിട്ടുണ്ടെന്നും അവയിൽ മിക്കവയും ഒന്നിലധികം പ്രാവശ്യം പരിശോധിച്ചിട്ടുണ്ടെന്നും പറയുന്നതനുസരിച്ചു

G. P. T. 699. 150. 6-5 1104.

(എ) ഒന്നിലധികം പരിശോധനകൾ നടത്തപ്പെട്ടിട്ടുള്ള പാഠശാലകൾ എത്രയെന്നും,

(ഡി) വന്ന ദിവസം കൊണ്ടു ആകെയുള്ള ൪൪ പള്ളിക്കൂടങ്ങളും പരിശോധിച്ചുവോ എന്നു,

(ബി) തല്സ്ഥാനത്തിലും അതിനു ചുററുമായി അവരുടെ കീഴിലുള്ള പള്ളിക്കൂടങ്ങളുടെ എണ്ണം എത്രയെന്നും പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) ൨ (ഡി).

(ഡി). ഇല്ല. റിപ്പോർട്ടിൽ പറയപ്പെട്ടിട്ടുള്ള മൂന്നു പള്ളിക്കൂടങ്ങളെ ഴിച്ചു അവരുടെ നേരെ അധികാരത്തിലുൾപ്പെട്ട എല്ലാ പള്ളിക്കൂടങ്ങളും (൪൫ എണ്ണം) പരിശോധിച്ചു.

(ബി) അവരുടെ നേരെ അധികാരത്തിലുൾപ്പെട്ട ൧൫-ാം അസിസ്റ്റന്റു ഇൻസ്പെക്ടസ്സിന്റെ അധികാരത്തിലുള്ള ഇടപ്പള്ളി ൨ ൭-ാം.

ഡിപ്പാർട്ടുമെന്റിൽ നിന്നും നടത്തിപ്പോരുന്ന രണ്ടു ഇംഗ്ലീഷ് മലയാളം പ്രൈമറി സ്കൂളുകളുടെ ചെലവു.

൪൩. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): റിട്രെഞ്ചുമെന്റു ഡിപ്പാർട്ടിന്റെ റിപ്പോർട്ടിൽ പറയപ്പെട്ടിട്ടുള്ള രണ്ടു ഇംഗ്ലീഷ് മലയാളം പ്രൈമറി സ്കൂളുകളുടെ നടത്തിപ്പിലേക്കു കൊല്ലംതോറുമുള്ള ചെലവെത്രയെന്നു പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമെ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ൨ ൭ വ ൦ രൂപ;

വായനശാലകൾക്കും ഗ്രന്ഥശാലകൾക്കുമുള്ള സഹായധനം.

൪൪. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഏതു ചട്ടമനുസരിച്ചാണു ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും സഹായധനം നൽകുന്നതെന്നു പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും സഹായധനം അനുവദിക്കപ്പെട്ടിട്ടുള്ളതു ന്യായമനുസരിച്ചാണെന്നു ൧൯൧൭ ഏപ്രിൽ ൨ ൪-ാം തീയതിയിലെ ഗവണ്മെന്റു ഉത്തരവു നമ്പർ ഇ. ൧൫൦ ൪൫-ലും അതിനടിയിൽ കാണിച്ചിട്ടുള്ള ചട്ടങ്ങളിലും വിവരിച്ചിട്ടുണ്ടു. അതിന്റെ പകർപ്പുകൾ മേശമേൽ വച്ചിട്ടുമുണ്ടു.

ഡിമാൻഡു നോട്ടീസ്സുകൾ അയക്കുന്നതു്.

൪൫. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഡിമാൻഡു നോട്ടീസ്സുകളെ സംബന്ധിച്ചും അവക്കു നോട്ടീസ്സുപടി ചുമത്തുന്നതിനെ സംബന്ധിച്ചും ലാൻഡുറവന്യൂ കമ്മീഷണരുടെ പക്കൽ നിന്നും ഗവണ്മെന്റിലേക്കു "സ്വന്ത്രനിർദ്ദേശങ്ങൾ" കിട്ടീട്ടുണ്ടോ? ഉണ്ടെങ്കിൽ അവയെ മേശമേൽ വയ്ക്കുന്നതിനും ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി) ലാൻഡുറവന്യൂ കമ്മീഷണരുടെ നിർദ്ദേശങ്ങൾ ഗവണ്മെന്റിലേക്കു കിട്ടിയിട്ടുള്ളതും അതിനെ സംബന്ധിച്ചുള്ള ഗവണ്മെന്റുത്തരവുകൾ ൧൯൨൫ ജൂലായ ൨ ൭-നു-ലെ ഗസററിൽ ലാൻഡുറവന്യൂ ഡിപ്പാർട്ടുമെന്റു വിഭാഗത്തിൽ ൧൧൫ മുതൽ ൧൧൫൨ വരെ വകുപ്പുകളിൽ ൧൯൨൫ ജൂലായി ൨ ൧-നു-ലെ ൧൯൨൫ാമത്തെ ഗവണ്മെന്റുത്തരവു ഡിസ് നമ്പർ ൧ ൦ വ ൪-ൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതുമാകുന്നു.

ലാൻഡുറവന്യൂ കമ്മീഷണരുടെ പകുതികച്ചേരികൾ പരിശോധനയും ഡിമാൻഡു നോട്ടീസുകളും.

൪൬. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) ൧൧൦൦-ൽ ലാൻഡുറവന്യൂ കമ്മീഷണർ പരിശോധന നടത്തിയ നാലു പകുതികച്ചേരികൾ ഏതെല്ലാമെന്നു ഗവണ്മെന്റു ദയവുചെയ്തു പറയുമൊ?

(ബി) നിയമനിർമ്മാണസഭയിൽ ഡിമാൻഡു നോട്ടീസുകളെ സംബന്ധിച്ചുണ്ടായ വാദപ്രതിവാദത്തെ അസ്പദമാക്കി ഏതു ഡിമാൻഡുനോട്ടീസ്സുകൾ പകുതിജീവനക്കാർ നേരിട്ടു കക്ഷികൾക്കു കൊടുത്തിട്ടുണ്ടെന്നും അല്ലാതെ ഏതു നടത്തീട്ടുണ്ടെന്നും ലാൻഡുറവന്യൂ കമ്മീഷണർ അന്വേഷിച്ചറിഞ്ഞിട്ടുണ്ടോ എന്നു പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(സി) പകുതികച്ചേരികളിലെ പരിശോധനനോട്ടുകളിൽ ഡിമാൻഡുനോട്ടീസ്സുകളെയും അപ്പീലുകൾ നടത്തിപ്പിനെയും സംബന്ധിച്ചു എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): (എ) ലാൻഡുറവന്യൂ കമ്മീഷണർ ൧൧൦൦-ാമാണ്ടു തരണിക്കാവു, അങ്കമാലി കെ. ഡി. എച്ച്. പി. കൺസ്സഷൻ, പള്ളിവാശൽ, ആനക്കുളം പണ്ടാരം എന്നീ പകുതികച്ചേരികൾ പരിശോധിച്ചു.

(ബി) ക്കും (സി) ക്കും ഉത്തരം നിഷേധരൂപത്തിലാകുന്നു.

൧൧൦൦-ാമാണ്ടു തിരുവനന്തപുരം തഹശീൽദാർ അയച്ചിട്ടുള്ള ഡിമാൻഡുനോട്ടീസ്സുകൾ.

൪൭. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) (എ) ൧൧൦൦-ാമാണ്ടു തിരുവനന്തപുരം തഹശീൽദാർ അയച്ചിട്ടുള്ള ഡിമാൻഡു നോട്ടീസ്സുകൾ എത്രയെന്നും

(ബി) ഇവയിൽ എത്രയെണ്ണം നേരിട്ടു കക്ഷികൾക്കുതന്നെ കൊടുത്തുവെന്നും അല്ലാതെ എത്രയെണ്ണം നടത്തിട്ടുണ്ടെന്നും,

(സി) തിരുവനന്തപുരം താലൂക്കിലെ ഒരുപകുതി വച്ചു് നടത്തീട്ടുള്ള നോട്ടീസ്സുകൾ ശരാശരി എത്രയുണ്ടെന്നും പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ൧൯,൩൩൩;

(ബി) ഓരോ നോട്ടീസ്സിനേയും സംബന്ധിച്ചു അന്വേഷിച്ചെങ്കിൽ മാത്രമെ അതിനെക്കുറിച്ചു അറിയാൻ സാധിക്കൂ. എന്നാൽ അതറിയുന്നതിലേക്കു ചെയ്യുന്ന ശ്രമവും സമയവ്യയവും തന്മൂലമുണ്ടാകാവുന്ന കാര്യുചാഭത്തിനു അനുയോജ്യമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

(സി) ൩ വ ൦.

നിയമനിർമ്മാണസഭയിൽ ഡിമാൻഡുനോട്ടീസ്സുകളെ അനുബന്ധം ൧ എയും ബിയും നോക്കുക.

തിരുവനന്തപുരം തഹശീൽദാരുടെ ജലസേചനക്കണക്കുകൾ പരിശോധന.

൪൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): (എ) ൧൯൧൦-ാമാണ്ടു തിരുവനന്തപുരം തഹശീൽദാർ പരിശോധിച്ചിട്ടുള്ളതായ ജലസേചനക്കണക്കുകളുടെയും തോട്ടുകളുടെയുംഎണ്ണം എത്രയെന്നും,

(ബി) കർഷകവൃത്തിക്കും ജനങ്ങളുടെ ധനകാര്യസംബന്ധമായുമുള്ള സ്ഥിതിക്കു ഹാനികരമായിട്ടുള്ള ഏതെങ്കിലും സംഗതികൾ അദ്ദേഹം ഗവണ്മെൻറിന്റെ ശ്രദ്ധക്കു വിഷയമാക്കിട്ടുണ്ടോ എന്നും,

(സി) നിലങ്ങളെ പുരയിടങ്ങളാക്കുന്നതു അദ്ദേഹം കണ്ടിട്ടുണ്ടോ എന്നും കണ്ടിട്ടുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിനുള്ള കാരണങ്ങളെക്കുറിച്ചു അന്വേഷിച്ചിട്ടുണ്ടോ എന്നും ആ കാരണങ്ങളെ ഗവണ്മെൻറിനു ധരിപ്പിച്ചിട്ടുണ്ടോ എന്നും അവയെ പരിഹരിക്കുന്നതിനായി അദ്ദേഹം എന്തെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടോ എന്നുംപറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ൧൯൧൦-ാമാണ്ടു തിരുവനന്തപുരം തഹശീൽദാർ ജലസേചന കുളങ്ങളും ചാലുകളും പരിശോധിച്ചിട്ടില്ല.

(ബി)ക്കും (സി) ക്കും ഉത്തരം നിഷേധരൂപത്തിലാണ്.

തിരുവനന്തപുരം പേഷ്കാരുടെയും തഹശീൽദാരുടെയും സർക്കിട്ടു ജോലി,

൪൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): (എ) തിരുവനന്തപുരം തഹശീൽദാർ ൧൯൧൦-ൽ തദ്സ്ഥാനംവിട്ടു ഒന്നിലധികം ദിവസം താമസിച്ചിട്ടുള്ള ക്യാമ്പുകളുടെ പേരു പറയുന്നതിനും;

(ബി) അതുപോലെതന്നെ ആ കൊല്ലം തിരുവനന്തപുരം പേഷ്കാർ സർക്കിട്ടിൽ കഴിച്ചിട്ടുള്ള സ്ഥലങ്ങളുടെയും പേരുപറയുന്നതിനും ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) കഠിനംകുളവും കഴക്കൂട്ടവും

(ബി) തോവാള, കന്യാകുമാരി, നാഗരുകോവിൽ, കുഴിത്തുറ, ആററിങ്ങൽ, വർക്കല.

ഞുണികുതിപ്പിരിവു ശതമാനം.

൫൦. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): വീട്ടുതാരം നടന്നു കരംപിരിക്കുന്ന നടപ്പു നിറുത്തലാക്കപ്പെട്ടതായ വർഷത്തിനു മുൻപുള്ള മൂന്നു കൊല്ലങ്ങളിൽ പിരിച്ചിട്ടുള്ള ഞുണികുതിയുടെ ശതമാനം എത്രയെന്നു പറയുന്നതിനു ദയവുചെയ്തു ഗവണ്മെൻറിനു മനസ്സുണ്ടാകുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി):

ആണ്ടു	തന്നാണ്ടു നികുതിയുടെ ശതമാനം	കുടിശിഖ ശതമാനം
൧൦൯൭	൯൭.൩	൩൭.൭
൧൦൯൮	൯൯.൨	൪൨.൧
൧൦൯൯	൯൭.൨൨	൩൪.൧൭

സർവെസൂപ്രണ്ടിന്റെ ശമ്പളം.

൫൧. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): സർവെ സൂപ്രണ്ടിന്റെ ശമ്പളം കുറയ്ക്കുന്നതിനു ഗവണ്മെൻറുദ്ദേശിച്ചിട്ടുണ്ടോ എന്നു പറയുന്നതിനു ഗവണ്മെൻറിനു മനസ്സുണ്ടാകുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അങ്ങനെചെയ്യുന്നതിനു ഗവണ്മെൻറു തൽക്കാലം ഉദ്ദേശിക്കുന്നില്ല.

പരസ്പരസഹായസംഘങ്ങളിൽ ആണ്ടറുതി ജോലിനോക്കുന്ന ജീവനക്കാരുടെ സ്ഥലംമാററം.

൫൨. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവുംനെടുമങ്ങാട്ടും): പരസ്പര സഹായസംഘങ്ങളിൽ പ്രസിഡെൻറന്മാരായിട്ടോ, സെക്രട്ടറിമാരായിട്ടോ, ആണ്ടറുതിജോലി നോക്കുന്ന ജീവനക്കാരെ സ്ഥലം മാററുന്നവിഷയത്തിൽ പരസ്പരസഹായസംഘം രജിസ്ട്രാരോടു ആലോചിക്കണമെന്നു ഒരുനിബന്ധന ഉണ്ടാക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഡിപ്പാർട്ടുമെൻറിന്റെ സൌകര്യമായ നടത്തിപ്പിനും കീഴ്ജീവനക്കാരെ ഒരിക്കുന്നതിനും വിഘാതമായി തീരാനിടയുള്ളതുകൊണ്ടു നിർദ്ദേശം സ്വീകരിക്കുന്നില്ല.

സ്ത്രീകൾക്കുള്ള കാളേജ് ഹോസ്റ്റൽ.

൫൩. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): സ്ത്രീകൾക്കുള്ള കാളേജിലെ ഹോസ്റ്റലിന്റെ ചുററുമുള്ള സ്ഥലശുചീകരണസ്ഥിതിയെപ്പററി ഒരു റിപ്പോർട്ടാവശ്യപ്പെടുന്നതിനു ദയവുചെയ്തു ഗവണ്മെൻറിനു കഴിയുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി) കഴിയും.

ഗവണ്മെൻറുപയോഗത്തിലേക്കായി എടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളുടെ പ്രതിഫലത്തിന്മേലുള്ളപലിശ.

൫൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഗവണ്മെൻറാവശ്യത്തിലേക്കായി എടുത്തിട്ടുള്ള സ്ഥലങ്ങൾക്കു കുടിയാന്മാർക്കു കൊടുക്കാനുള്ള രൂപ: നും വില മി സ്ഥലങ്ങളെടുത്തകാലം തന്നെ കൊടുക്കാതെ താമസിപ്പിച്ചതിനു ഗവണ്മെൻറു പലിശകൊടുക്കുന്നുണ്ടോ എന്നു പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ൧൦൭൭ ലെ ൧൧-ാം നമ്പരായി ഭൂമിഏറ്റെടുപ്പു റെഗുലേഷൻ ൩-ാം വകുപ്പും മി റെഗുലേഷനെ സംബന്ധിച്ചു ഗവണ്മെൻറിലേക്കു എടുക്കുന്ന ഭൂമിക്കു പൈസയും വിലക്കുപലിശ കൊടുക്കുന്നതിനെ നിയന്ത്രിക്കുന്ന ൧൯൧൮ ഡിസംബർ ൧൩-ാം തീയതിയിലെ ൧൭-ം ൧൭-ം ചട്ടങ്ങളും നോക്കുന്നതിനായി മെമ്പരുടെ ശ്രദ്ധയെക്ഷണിച്ചുകൊള്ളുന്നു.

മി: എം. എൻ. പി. കുറുപ്പിന്റെമേൽ സ്പെഷ്യൽ ആഫീസർ മി: കെ. ജേക്കബ്ബ് ചെയ്ത റിപ്പോർട്ടു.

൫൫. മി: സി. പി. തരകൻ (കുന്നത്തുനാടു): അസിസ്റ്റൻറു എൻജിനീയർ മി. എം. എൻ. പി. കുറുപ്പിന്റെ മേൽ ഉണ്ടായിട്ടുള്ള പരാതിയെ സംബന്ധിച്ചു സ്പെഷ്യൽ ആഫീസർ മിസ്റ്റർ കെ.ജേക്കബ്ബ് ഗവണ്മെൻറിലേക്കയച്ചിട്ടുള്ള റിപ്പോർട്ടും അതിന്മേലുണ്ടായിട്ടുള്ള ഗവണ്മെൻറുത്തരവും മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനുദയവുണ്ടാകുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഉത്തരം പ്രതിക്കൂലമായിട്ടാണ്. റിപ്പോർട്ട് ഗവണ്മെൻറ പരിശോധിച്ചുവരുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഈ റിപ്പോർട്ട് എന്നാണ് ഗവണ്മെൻറിനുകിട്ടിയതു്?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): തീയതിനല്ല ഓർമ്മയില്ല. ഒരു വർഷത്തിനു മേലായിഎന്നാണുതോന്നുന്നതു്.

കഴിഞ്ഞതരണ്ടുകൊല്ലങ്ങളിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ പ്രമോഷനും നിയമനങ്ങളും.

മി: സി. പി. തരകൻ (കുന്നത്തുനാട്): കഴിഞ്ഞതരണ്ടുകൊല്ലങ്ങളിൽ (ക ൦ൻ൯-ക്ക ൧ ൦) അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിട്ടുള്ള പ്രമോഷനും നിയമനങ്ങളേയും സംബന്ധിച്ചു ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെൻറ മേശപ്പുറത്തു വയ്ക്കുന്നതിനു ദയവുചെയ്തു ഗവണ്മെൻറിനു മനസ്സുണ്ടാകുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട*സ്റ്റേറ്റുമെൻറ മേശപ്പുറത്തു വച്ചിരിക്കുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): സാധാരണ ഉദ്യോഗസ്ഥന്മാർ അതാതാണ്ടിൽ ചെയ്യുന്ന നിയമനങ്ങൾ ഗവണ്മെൻറ നിരൂപണം ചെയ്യുന്ന പതിവുള്ളതനുസരിച്ചു ഈ നിയമനങ്ങളെ സംബന്ധിച്ചും നിരൂപണം ചെയ്തിട്ടുണ്ടൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ചെയ്തിരിക്കണം.

മി: സി. പി. തരകൻ (കുന്നത്തുനാട്): അതിൽ ഈ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻ സമക്ഷവേനയോടുകൂടി പ്രവർത്തിച്ചു എന്നുള്ള അഭിപ്രായമാണൊ ഗവണ്മെൻറിനുണ്ടായിട്ടുള്ളതു്?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഫയൽ നോക്കിയാലേ നിശ്ചയമായി പറയാൻ സാധിക്കുകയുള്ളു.

അനുബന്ധം ക എ.

൨൪-ാം നമ്പർ ചോദ്യത്തിനുത്തരം നോക്കുക.

തിരുവിതാംകൂർ ഗവണ്മെൻറപ്രൊസീഡിംഗ്സ്.

(ക) ക ൦ൻ ക മേടം ക-ാം തീയതി ഓച്ചിറ രാജരാജവർമ്മ വായനശാലയുടേയും ഗ്രന്ഥശാലയുടേയും മാനേജർ അയച്ചിട്ടുള്ള മെമ്മോറിയലും

(ഖ) ക൯ക്കന്നു ഏപ്രിൽ ഖ ക-ാംതീയതി ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർക്കയച്ചിട്ടുള്ള ലററർ നമ്പർ ക ക ൪ ൯ ഇ-ം

(ഗ) ക൯ക്കന്നു മെ ക്കന്നു-ാ തീയതിആക്ടിംഗ്വിദ്യാഭ്യാസഡയറക്ടരിൽനിന്നുള്ള ൪൩൯-ാംനമ്പർലററും

(ഘ) ക൯ക്കന്നു മെ ഖ ൧-ാംതീയതിയിലെ ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർക്കുള്ള ക൯ക്കന്നുലെ ക ൪ ൪ ൪/ക ൪ ക ഈ ലററും

(ങ) ഓച്ചിറ രാജരാജവർമ്മ വായനശാലയുംഗ്രന്ഥശാലയുംപരിശോധിച്ചു ക൯ക്കന്നുള്ളൺ ക ൪-ാംതീയതി ദിവാൻജിഎഴുതിട്ടുള്ള നോട്ടും

(ന) ക൯ക്കന്നു ജൂദായി ൩-ാം ൨ീയതിയിലെ ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർക്കയച്ച ക൯ന്നു ൪-ാം നമ്പർ ഈ ലററും

(ഩ) ക൯ക്കന്നു സെപ്ററംബർ ക ഖ-ാം തീയതി ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടരുടെ പക്കൽ നിന്നുള്ള ക ൦ ക൯-ാംനമ്പർലററും

(വ) ക൯ക്കന്നു-ലെ സെപ്ററംബർ ക൯-ാം തീയതി ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർക്കുള്ള ക൯ക്കന്നു-ലെ ഖ ഖ ൧ ക/ക ൪ ക-ം നമ്പർ ഇ ലററും

(൯) ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടരുടെ ക൯ക്കന്നു അക്ടോബർ ക൩-ാംതീയതിയിലെ ക ക ൦ ൧-ാംനമ്പർ ലററും

(ക൦) ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർക്ക് ക൯ക്കന്നു അക്ടോബർ ഖ ൧-ാം തീയതിഅയച്ചിട്ടുള്ള ക൯ക്കന്നുലെ ൩ ക്കന്നു ക-ം ക ൪ ക-ം നമ്പർ ഇ ലററും

(ക്ക) ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടരുടെ ക൯ക്കന്നു നവംബർ ക ഖ-ാംതീയതിയിലെ ക ഖ ൩.൩-ാം നമ്പ്ര ലററും

(ക്ഖ) ക൯ക്കന്നു നവംബർ ഖ ൪-ാംതീയതി ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർക്കയച്ച ക൯ക്കന്നുലെ ൩ ഖ ൪/ക ൪ ക-ാം നമ്പർ ഇ ലററും

(ക്ഗ) ക൯ക്കന്നുഡിസംബർ ൪-ാംതീയതി ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടരുടെ ക ൦ ൦ലെ ക ൩ ൦/ഖ ൩ ക ൧-ം നമ്പർലററും ആയിച്ചു.

ഓച്ചിറ രാജരാജവർമ്മ വായനശാലയുടേയും ഗ്രന്ഥശാലയുടേയും പ്രവർത്തകന്മാർ ടി സ്ഥാപനത്തിനു സഹായധനം കിട്ടേണ്ടതാണെന്നു കാണിച്ചു ഗവണ്മെൻറിൽ അപേക്ഷഅയച്ചതനുസരിച്ചു അതിന്മേൽ വിദ്യാഭ്യാസഡയറക്ടരുടെ അഭിപ്രായമെന്താണെന്നു ഗവണ്മെൻറിൽനിന്നും ചോദിച്ചു. ഒരു പ്രത്യേകസ്ഥലത്തുള്ളവരുടെ നന്മയെ മാത്രം ലക്ഷ്യമാക്കി ഒരു ഗ്രന്ഥശാലക്കു ചെയ്യുന്ന ധനസഹായം ഇങ്ങനെതിരി സംസ്ഥാനത്തുള്ള മററു സ്ഥാപനങ്ങൾക്കും ചെയ്തുകൊടുക്കാത്തപക്ഷം അതിലേക്കു ചെലവിടുന്ന പണം പൊതുവെയുള്ള ഫണ്ടിൽനിന്നും എടുക്കുന്നതു ന്യായമല്ലെന്നാണു മിസ്റ്റർ. ഹാഡ്സൺ പറഞ്ഞതു്. അതനുസരിച്ചു സംസ്ഥാനത്തുള്ള എല്ലാ ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും ഒരു കണക്കെടുക്കുന്നതിനും, സഹായധനം കൊടുത്തു ഗ്രന്ഥശാലകളും മററും സ്ഥാപിക്കുന്നതിന്റെ ഉപയോഗത്തേയും ആശാസ്യതയേയും സഹായധനം കൊടുക്കേണ്ട രീതിയേയും കുറിച്ചു തന്റെ അഭിപ്രായമെന്തെന്നും, ഇങ്ങനെതിരി സ്ഥാപനങ്ങളെ ഡിപ്പാർട്ടുമെൻറ മേൽനോട്ടത്തിൽകൊണ്ടുവരേണ്ടതെങ്ങനെയെന്നും, അംഗീകാരത്തിനും, ധനസഹായത്തിനും എന്തെല്ലാം ചുമതലകളാണു ചുമത്തപ്പെടേണ്ടതെന്നും, ഉപയോഗപ്രദങ്ങളായസ്ഥാപനങ്ങൾക്കുമാത്രമെ ധനസഹായം ലഭിക്കുന്നൊള്ളു എന്നറിയുന്നതിനു എന്തെല്ലാം ഗവണ്മെൻറിൽ നിന്നും സൂക്ഷിക്കേണ്ടതായുണ്ടെന്നും മററും വിശദമായി റിപ്പോർട്ടു ചെയ്യുന്നതിനു ഡയറക്ടരോടാവശ്യപ്പെട്ടു. ൪൪ ഗ്രന്ഥശാലകളേയും വായനശാലകളേയുംപററി മിസ്റ്റർ. ഹാഡ്സൺ

*അനുബന്ധം ക എയും ക ബിയും നോക്കുക.

വിശദമായി ഒരു റിപ്പോർട്ട് അയക്കയും സഹായധനംകൊടുത്തു ഗ്രന്ഥശാലകളുംമററും പരിപാലിക്കുന്ന സമ്പ്രദായം ആവശ്യവും ആശാസ്യവും ആയിട്ടുള്ളതാണെന്നും, ആണ്ടുതോറും പിരിഞ്ഞുകിട്ടുന്ന വരിപ്പണം സഹായധനം കൊടുക്കുന്ന വിഷയത്തിൽ ഒരു തോതായി കരുതേണ്ടതാണെന്നും, ഏതാനും നിർദ്ദിഷ്ടഗ്രന്ഥങ്ങളും ആണ്ടുതോറും ഒരു ചുരുങ്ങിയ ആദായമെങ്കിലും ഉള്ള ഗ്രന്ഥശാലകൾക്കുമാത്രമെ സഹായധനം കൊടുക്കേണ്ടതുള്ളുവെന്നും, പരിശോധനയ്ക്കും പരിപാലനത്തിനും ടി സ്ഥാപനങ്ങളെ എലിമെൻററി സ്കൂൾഇൻസ്പെക്ടന്മാരുടെ അധീനതയിൽ വിട്ടുകൊടുത്താൽ മതിയെന്നും, അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

൧൯൧൭ ഏപ്രിൽ ൨൩-ാം രീയതി തിരുവനന്തപുരം അതിന്മേലുണ്ടായ ഉത്തരവ്, നമ്പ്. ൧൩൦൭ ഇ.

മി: ഹാഡ്സൻെറ അഭിപ്രായത്തെക്കുറിച്ചാലോചിച്ചതിൽ അതു സ്വീകാര്യമായി ഗവണ്മെൻറിനു തോന്നുന്നു. അതുകൊണ്ടു പ്രാരംഭമായി ൧൦൯൫-ാമാണ്ടത്തെ വിദ്യാഭ്യാസബഡ്ജററിൽ സഹായധനത്തിനു അർഹതയുള്ള ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും സഹായധനം കൊടുക്കുന്നതിനു ൧൦൦൦ രൂപാ നീക്കിവയ്ക്കുന്നതായിരിക്കും. അംഗീകരണത്തിനും ധനസഹായത്തിനും ആവശ്യമുള്ള നക്കൽ ചട്ടങ്ങളെ അനുവാദത്തിനായി ഗവണ്മെൻറിലേക്കു ഡയറക്ടർ കഴിയുന്നതും വേഗത്തിൽ അയക്കേണ്ടതാണ്.

(ഉത്തരവിൻപ്രകാരം)
എം. രാജരാജവർമ്മ,
ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി.

(൧) വിദ്യാഭ്യാസഡയറക്ടർക്ക്
(൨) അക്കൌണ്ടാഫീസർക്ക്
(൩) ഗസററിലേയ്ക്ക്
(൪) പ്രസ്സ്റൂമിലേക്ക്.

അനുബന്ധം ൧ ബി.

൪൪-ാം നമ്പർ ചോദ്യത്തിനു ഉത്തരം നോക്കുക.

ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും സഹായധനം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ചട്ടങ്ങൾ.

൧. ഈചട്ടങ്ങളനുസരിച്ചു "ഗ്രന്ഥശാല" എന്നാൽ ജനങ്ങൾക്കു വായിക്കാൻ കൊടുക്കാവുന്ന ഗ്രന്ഥാവലി എന്നാകുന്നു. "വായനശാല" എന്നാൽ "ഗ്രന്ഥശാല"യിൽ ഉൾപ്പെടുന്നതുകൂടാതെ ജനങ്ങൾക്കു വായിക്കാൻസൌകര്യമുള്ള ഒരു മുറികൂടി ഉൾപ്പെടുന്നു. ഗ്രന്ഥശാലകളും, വായനശാലകളും, മാസികകളും പത്രങ്ങളും വരുത്തുന്നതാവരുത്താത്തതൊ ആയിവരാം.

൨. സംസ്ഥാനത്തുള്ള ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും താഴെ കാണിക്കുന്ന സംഗതികളിൽ തൃപ്തികരമാണെന്നുള്ളപക്ഷം ഗവണ്മെൻറിൽനിന്നും സഹായധനത്തിനർഹതയുണ്ട്.

(എ) അവ വിദ്യാഭ്യാസഡയറക്ടരാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കമ്മിററിയുടേയും, കാര്യദർശിമാരുടേയും മേൽനോട്ടത്തിൽ ഇരിക്കണം.

(ബി) അവ ജനങ്ങളുടെ ഉപയോഗത്തിനു നിബന്ധം തുറന്നിരിക്കണം.

(സി) അവ യാതൊരു വ്യക്തിഭേദവും ഇല്ലാതിരിക്കണം.

(ഡി) ഗ്രന്ഥശാലാചട്ടങ്ങളും വായനശാലാചട്ടങ്ങളും വിദ്യാഭ്യാസഡയറക്ടരാൽ അനുവദിക്കപ്പെട്ടിട്ടുള്ളതായിരിക്കണം.

(ഇ) ഓരോ ഗ്രന്ഥശാലയും അല്ലെങ്കിൽ വായനശാലയും കുറഞ്ഞതു ഇരുനൂറു അംഗീകൃതഗ്രന്ഥങ്ങൾ ഉള്ളതായിരിക്കണം.

(എഫ്) ആണ്ടുതോറും വരിസംഖ്യയിൽ നിന്നുള്ള വരവു ൪൦ രൂപായിൽ കുറവായിരിക്കരുതു്.

൩. ഗ്രന്ഥശാലകളിലും വായനശാലകളിലും പൂർത്തിയായ കണക്കുകൾ, രെജിസ്തരുകൾ, റിക്കാഡുകൾ ഇവ സൂക്ഷിക്കുകയും, ഏതു പ്രൈമറിസ്കൂൾ ഇൻസ്പെക്ടരുടെ അധികാരാതൃത്തിയിലാണോ വായനശാലകളും ഗ്രന്ഥശാലകളും സ്ഥിതിചെയ്യുന്നതു ആ ഇൻസ്പെക്ടരുടെ പരിശോധനക്കു ടി കണക്കുകളും മററും അധീനമാവും ഇരിക്കണം.

൪. വിദ്യാഭ്യാസ ഡയറക്ടരാൽ തള്ളപ്പെട്ടിട്ടുള്ളതായ യാതൊരു ഗ്രന്ഥങ്ങളും മാസികകളും ഗവണ്മെൻറു ധനസഹായം ലഭിക്കുന്ന ഒരു വായനശാലകളിലും, ഗ്രന്ഥശാലകളിലും ഉണ്ടായിരിക്കരുതു,

൫. ഗ്രാൻറിനുള്ള അപേക്ഷകൾ അതിൻെറ ശരിയായ ഫാറത്തിൽ ആണ്ടുതോറും കന്നിമാസം ൧-ാതിയതിക്കുമുൻപു ഏതു പ്രൈമറി സ്കൂൾ അസിസ്റ്റൻറു ഇൻസ്പെക്ടരുടെ അധികാരസീമയിലാണോ വായനശാലകളോ ഗ്രന്ഥശാലകളോ സ്ഥിതിചെയ്യുന്നതു ആ ഇൻസ്പെക്ടർക്കു അയക്കേണ്ടതും അതിൻെറ ഒരു കാപ്പി അതേ സമയംതന്നെ വിദ്യാഭ്യാസഡയറക്ടർക്കു അയക്കേണ്ടതുമാകുന്നു, അങ്ങനെ അയക്കുന്ന അപേക്ഷ അസിസ്റ്റൻറു ഇൻസ്പെക്ടർ മുഖാന്തിരം ഇൻസ്പെക്ടർ, ഡെപ്യൂട്ടിഡയറക്ടർ വഴിയായി ഡയറക്ടർക്കു അയക്കേണ്ടതുമാകുന്നു:

൬. സഹായധനത്തിനുള്ള ഓരോ അപേക്ഷയും

(൧) ഗ്രന്ഥശാലയുടേയൊ വായനശാലയുടേയൊ ചട്ടങ്ങളുടെ ഒരു പ്രതിയും,

(൨) ഗ്രന്ഥശാലയിലൊ വായനശാലയിലൊ ഉള്ള പുസ്തകങ്ങളുടെയും, വരുത്തുന്ന മാസികകളുടേയും ഒരു ലിസ്റ്റുംകൂടി ഉള്ളതായിരിക്കണം.

൭. സഹായധനം ഒരു സ്ഥാപനത്തിനു ആണ്ടൊന്നുക്കു പരമാവധി ൧൫൦ (നൂററിഅൻപതു) രൂപായിൽ ഒരിക്കലും കൂടുതലായിരിക്കുന്നതല്ല.

൮. സഹായധനം അനുവദിക്കുന്നതിനു അധികാരമുള്ള ഉദ്യോഗസ്ഥൻ വിദ്യാഭ്യാസഡയറക്ടരാകുന്നു.

൯. ആണ്ടുതോറുമുള്ള സഹായധനം അസിസ്റ്റൻറു ഇൻസ്പെക്ടരാൽ അടയാളപ്പെടുത്തപ്പെട്ടിട്ടുള്ള ബില്ലനുസരിച്ചു തുലാം, മകരം, മേടം, കർക്കടകം എന്നിനാലു തവണകളായി കൊടുക്കപ്പെടും.

൧൦. മേൽകാണിച്ചിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളെ നിഷേധിക്കുന്നതു ഡയറക്ടരാൽ സഹായധനം പിൻവലിക്കപ്പെടുന്നതിനു പര്യാപ്തമായി തീർക്കുന്നതാണു.

സഹായധനത്തിനുള്ള അപേക്ഷ.

൧ സ്ഥാപനത്തിന്റെ പേരു
താലൂക്ക്
പ്രവൃത്തി
കര

൨. സ്ഥാപനതീയതി

൩. ഭരണരീതി

൪. ഗ്രന്ഥശാലയിൽ ഉള്ള പുസ്തകങ്ങളുടെ എണ്ണം
(൧) ഇംഗ്ലീഷ്
(൨) മലയാളം
(൩) തമിഴ്
(൪) മററുഭാഷകൾ (വിശദപ്പെടുത്തണം)

൫. വരുത്തുന്നതായ മാസികകൾ, വർത്തമാനപത്രങ്ങൾ മുതലായവ.
മാസികയുടെപേരു. വില

൬. സ്ഥാപനം പൊതുജനങ്ങളുടെ ഉപയോഗത്തിനു അനുവദിക്കപ്പെട്ടിട്ടുള്ളതാണോ.

൭. അപേക്ഷ തീയതിക്കുമുൻപുള്ള മലയാള വർഷത്തിലെ കണക്കുകൾ.

വരവു	രൂ. ച. കാ.	ചെലവു	രൂ. ച. കാ.
(൧) വരി		(൧) സ്ഥാപനം	
(൨) സംഭാവന		(എ)	
(൩) സ്ഥാപനം വകക്കുള്ള വസ്തുക്കളുടെയൊ, ഫണ്ടിന്റെയോ മേലുള്ള ആദായം		(ബി)	
(൪) മററിനങ്ങൾ		(സി)	
		(ഡി)	
		മുതലായവ	
		(൨) ഗ്രന്ഥങ്ങൾ	
		(൩) മാസികകൾ	
		(൪) ഫർണിൻജർസി	
		(൫) മററിനങ്ങൾ	

സ്ഥലം
തീയതി

മാനേജരുടെ ഒപ്പ്.

അനുബന്ധം ൨ എ.

൪൩-ാം ചോദ്യത്തിനുത്തരം നോക്കുക.

൧൦൯൯-൧൧൦൦ വരെ അഡ്വൈൽഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

ജാതി	൧൦൯൯-ൽ ചെയ്തിട്ടുള്ള സ്ഥിരനിയമനങ്ങൾ	൧൧൦൦-ൽ ചെയ്തിട്ടുള്ള സ്ഥിരനിയമനങ്ങൾ
൧ ഹിന്ദു—		
ബ്രാഹ്മണൻ (മലയാളർ)	...	...
ഓ (മററുള്ളവർ)	൩	൪
നായന്മാർ	൪	൪
ഈഴവർ	൩	...
നാടാർമാർ	...	...
കമ്മാളർ	...	...
ക്ഷത്രിയർ (മലയാള)	...	...
പുലയർ	...	...
മററ് അധഃകൃതർ	...	൧
വെള്ളാളർ	...	...
മററുഹിന്ദുക്കൾ	൧	൧
൨. മഹമ്മദീയർ	൧	...
൩. ക്രിസ്ത്യാനികൾ		
പ്രൊട്ടസ്റ്റാൻഡുകാർ	...	...
റോമൻകത്തോലിക്കർ	൧	...
സിറിയൻക്രിസ്ത്യാനികൾ		
(എ) ജേക്കോബൈററുകാർ	...	൧
(ബി) റിഫാറംഡ്	൧	൧
(സി) റോമാസിറിയാനികൾ	...	...

അനുബന്ധം ൨ ബി.

൪ാം നമ്പ്ര ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൦൯൯-൧൧൧൦ വരെ അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ ചെയ്തിട്ടുള്ള പ്രമോഷനു ജാതിതിരിച്ചുള്ള പട്ടിക.

ജാതി	൧൦൯൯-ൽ ചെയ്തിട്ടുള്ള പ്രമോഷൻ	൧൧൧൦-ൽ ചെയ്തിട്ടുള്ള പ്രമോഷൻ
൧. ഹിന്ദുക്കൾ		
ബ്രാഹ്മണർ (മലയാളി)	...	...
ടി (മററുള്ളവർ)	൯	൧൩
നായന്മാർ	൪	൨
ഈഴവർ	...	...
നാടാന്മാർ	...	...
കമ്മാളർ	...	...
ക്ഷത്രിയർ (മലയാളി)	...	...
പുലയർ	...	...
മററു അധഃകൃതർ	...	...
വെള്ളാളർ	൧	൩
മററു ഹിന്ദുക്കൾ	൩	...
൨. മഹമ്മദീയർ	...	൧
൩. ക്രിസ്ത്യാനികൾ		
പ്രൊട്ടസ്റ്റന്റുകാർ	൧	൧
റോമൻകത്തോലിക്കാർ	൧	൨
സിറിയൻ ക്രിസ്ത്യാനികൾ		
(എ) ജേക്കോബൈററുകാർ	൩	൨
(ബി) റിഫ്ഓർഡ്	൨	൧
(സി) റോമാസിറിയാനികൾ	...	...

ബഡ്ജററിനെപ്പററിപൊതുവായുള്ള വാദപ്രതിവാദം (തുടർച്ച).

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നടപടിക്രമത്തെപ്പററി ഒരു സംഗതി കൊണ്ടുവരുന്നതിനു ഞാൻ അനുവാദം ചോദിക്കുന്നു. നിയമസഭാചട്ടങ്ങളിൽ ൪൨-ാമത്തെ ചട്ടം താഴെകാണുന്നപ്രകാരമാകുന്നു:—

"ബഡ്ജററവതരിപ്പിക്കുന്ന ദിവസത്തെ തുടർന്നു ദിവാൻജി നിശ്ചയിക്കുന്ന ഏതെങ്കിലും ദിവസം അതിലേക്കു ദിവാൻജി നിശ്ചയിക്കുന്നസമയം ബഡ്ജററിനെ സംബന്ധിച്ചു പൊതുവായൊ, അതിലടങ്ങിയിരിക്കുന്ന തത്വങ്ങളേയൊ പരാമർശിച്ചു വാദപ്രതിവാദം ചെയ്യുന്നതിനു നിയമസഭയ്ക്കു സ്വാതന്ത്ര്യമുള്ളതാകുന്നു. എന്നാൽ ഈ അവസരത്തിൽ ഏതെങ്കിലും ഉപക്ഷേപം ഹാജരാക്കുകയൊ, ബഡ്ജററിനെപ്പററിയുള്ള വാദപ്രതിവാദത്തിൽ നിയമസഭയെ വിഭജിക്കുന്നതിനൊ ഒരു മെമ്പറിനു അധികാരമില്ലാത്തതാകുന്നു.

ഈ ന്യായമനുസരിച്ചു് ഭരണസംബന്ധമായൊ, ധനസംബന്ധമായൊ ഉള്ള കാര്യങ്ങളുടെ ആവശ്യതികളെ പരിഹരിക്കുന്ന സംഗതികളുക്കുറിച്ചു മിതമായ രീതിയിൽ ന്യായവിരോധമെന്നു സഭയുടെ അനുവാദംലഭിക്കുന്നതിനു മുൻപു വാദപ്രതിവാദം നടത്തുന്നതിനു ഒരു മെമ്പറിനു സ്വാതന്ത്ര്യമുണ്ടൊ ഇല്ലയൊ എന്നു അദ്ധ്യക്ഷനിൽ നിന്നും ഒരു തീർപ്പുണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മി: കുഞ്ഞുലം പരമേശ്വരൻപിള്ള (അഡീഷനാൽ ഹെഡ്സെക്രട്ടറി): ധനവിഷയമായി വല്ല ബന്ധവുമുണ്ടെങ്കിൽ ഈ മാതിരി സംഗതികളെക്കുറിച്ചു ബഡ്ജററ് വാദപ്രതിവാദവേളയിൽ പ്രസംഗിക്കുന്നതു കൊണ്ടു വിരോധമില്ലെന്നാണു എനിക്കു തോന്നുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബഡ്ജററിനെപ്പററിയുള്ള പൊതു വാദവേളയിൽ ഇൻറർപോർട്ടൽ ട്രേഡ്കൺവെൻഷനെപ്പററി പറയാമൊ എന്നു മാ മെമ്പർ പറയുമോ?

മി: കുഞ്ഞുലം പരമേശ്വരൻപിള്ള (അഡീഷനാൽ ഹെഡ്സെക്രട്ടറി): സൂക്ഷ്മം നോക്കുന്നതായാൽ അതു പറയാൻ പാടില്ലാത്തതാണു്. എന്തെന്നാൽ അതു നിയമസഭയുടെ അധികാരപരിധിയിൽപെട്ട ഒരു സംഗതിയല്ല.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡിപ്യൂട്ടിപ്രസിഡൻറ്): സർ, മിസ്റ്റർ രാമൻമേനോന്റെ ചോദ്യം കേട്ടിടത്തോളം—

മി: എം. ശിവതാണുപിള്ള (തോവാള): അദ്ധ്യക്ഷന്റെ തീർച്ചയറിയുന്നതിനായി അവതരിപ്പിച്ചിരിക്കുന്ന ഒരു സംഗതിയെക്കുറിച്ചു വാദിക്കുന്നതിനു ഒരു മെമ്പറിനു അവകാശമുണ്ടോ എന്നു അദ്ധ്യക്ഷനവർകൾ ദയവുചെയ്തു പറയുമോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡെപ്യൂട്ടിച്ചെയർമാൻ): നടപടിക്രമത്തെപ്പററി പുറപ്പെടുവിച്ച സംഗതിയെക്കുറിച്ചല്ല ഞാൻ വാദിക്കുന്നതു്, ഞാൻ വേറൊരു കാര്യത്തെക്കുറിച്ചാണു പറയുന്നതു്. മിസ്റ്റർ ശിവതാണുപിള്ള അതു അനുവദിക്കുന്നില്ലെങ്കിൽ ഞാൻ സംസാരിക്കണമെന്നു വിചാരിക്കുന്നില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നടപടിക്രമത്തെപ്പററി പുറപ്പെടുവിച്ച സംഗതിയെക്കുറിച്ചു എല്ലാമെമ്പാന്മാർക്കും സംസാരിക്കാൻ അർഹതയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനാൽ മെഹർ്സക്കാർവക്കീൽ): അദ്ധ്യക്ഷൻ നടയാതിരിക്കുന്നിടത്തോളം ഒരു മെമ്പറിന്റെ തന്റെ അഭിപ്രായം അദ്ധ്യക്ഷന്റെ ആലോചനക്കുവേണ്ടി രേഖപ്പെടുത്തുന്നതിനു അവകാശമുണ്ടു്. നടയുന്നതിനുള്ള അധികാരം അദ്ധ്യക്ഷനാണു്. എന്നാൽ മെമ്പറന്മാരുടെ അഭിപ്രായങ്ങൾ തീർച്ചക്കു തന്നെ സഹായിക്കുമെന്നുള്ളതിനാൽ അദ്ധ്യക്ഷൻ അവർകൾ അവയെ ഗൗരവത്തോടുകൂടിയ സംഗതിയായി സ്വീകരിക്കുന്നതായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): നടപടിക്രമത്തെ സംബന്ധിച്ച കാര്യത്തെപ്പററി എനിക്കു പറയാമോ?

അദ്ധ്യക്ഷൻ: ഈ സംഗതിയിൽ മെമ്പറന്മാരുടെ അഭിപ്രായമെന്തെന്നറിയാൻ എനിക്കു താല്പര്യമുണ്ടു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ബഡ്ജററിനെസംബന്ധിച്ചു ആകമാനമായോ അതിൽ അന്തർഭൂതമായിട്ടുള്ള അഭിപ്രായങ്ങളെയോ പററിയുള്ള വാദപ്രതിവാദത്തെ നിയന്ത്രിക്കുന്നതിനു തിരുവിതാംകൂറിലും ബ്രിട്ടീഷ് ഇൻഡ്യയിലും ചില പ്രത്യേകനിയമങ്ങൾ ഉണ്ടു്. പ്രസ്തുതസംഗതി ഈ പ്രകാരമുള്ള ചട്ടങ്ങളുടെ ഒരു വ്യാഖ്യാനം മാത്രമാകുന്നു. രാജിചട്ടങ്ങളുടെ ആന്തരതത്വങ്ങളെക്കുറിച്ചു ചിന്തിക്കുന്നതായാൽ അതേപ്പററി അക്ഷരംപ്രതിയുള്ള ഒരു വ്യാഖ്യാനം അസ്ഥാനത്തിലും അനാവശ്യവുമാണെന്നു അദ്ധ്യക്ഷനും മെമ്പറന്മാരും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു നമുക്കു നോക്കാനുള്ളതു അതേസംബന്ധിച്ചു എന്താണു പ്രവർത്തിക്കേണ്ടതെന്നും കൃത്യമായും ഉചിതമായുമുള്ള വ്യാഖ്യാനത്തെ എങ്ങനെ ഒഴിക്കാമെന്നും ആകുന്നു. ചട്ടങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെതന്നെ ഗൌരവപ്രമുഖങ്ങളും സംസ്ഥാപിതവ്യവസ്ഥകളെന്നും മാമൂലുകളെന്നും അറിയപ്പെടുന്നതും ഇവിടെയും മററുള്ളിടത്തും നടപ്പിലിരിക്കുന്നതുമായ സമ്പ്രദായങ്ങളും മുൻ പതിവിനേയും അനുസരിച്ചു നിയമനിർമ്മിതിയെ നിയന്ത്രിക്കേണ്ടതാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെ നോക്കുന്നതായാൽ പക്ഷെ ഇംഗ്ലണ്ടിലെ പ്രജാസഭയിൽ നടപ്പില്ലാത്ത അവിടത്തെ രീതി വേറെതരത്തിലാണു്. ബഡ്ജററിനെസംബന്ധിച്ചു പൊതുവെയുള്ള വാദപ്രതിവാദത്തിൽ നാം ഇവിടേയും ഇന്ത്യയിലെ നിയമനിർമ്മാണ സഭകളിലും നടന്നുവരുന്ന രീതിയെ കണ്ടു പ്രവർത്തിക്കേണ്ടതാകുന്നു. അങ്ങിനെ നോക്കിയാൽ "ബഡ്ജററിനെസംബന്ധിച്ചു പൊതുവെയോ അല്ലാത്തപക്ഷം അതിൽ അന്തർഭവിച്ചിട്ടുള്ള ഏതെങ്കിലും തത്വത്തെയോ" കുറിച്ചുള്ള വാദപ്രതിവാദം രൂപാ, അണ, പൈസാ എന്ന രൂപത്തിൽ കൊണ്ടുവരാവുന്ന സംഗതികൾ മാത്രമല്ലെന്നും നേരേമറിച്ചു ഭരണസംബന്ധമായി ബഡ്ജററ്പ്രൊവിഷൻക്കുടി അന്തർഭവിച്ചിട്ടുള്ള പൊതുഭരണം മുതലായ സംഗതികളെക്കുറിച്ചുകൂടി പ്രതിവാദിക്കാമെന്നും അർത്ഥമാകുന്നു. സർ, അതിന്റെ രഹസ്യമെന്തെന്നാൽ "മുഴുവൻബഡ്ജററ്" എന്നുപറഞ്ഞാൽ നമുക്കു അതിനെ പ്രത്യേകം പ്രത്യേകം തിരിച്ചു തിരിച്ചു വയ്ക്കാൻ പാടില്ലെന്നാകുന്നു. "മുഴുവൻബഡ്ജററ്" എന്നുവച്ചാൽ ഭരണയന്ത്രങ്ങളെ വേണ്ടവണ്ണം ജോലിചെയ്യിപ്പിക്കുന്നതിനായി ഗവണ്മെൻറിങ്കനിന്നും അലോചിച്ചു തയാർചെയ്തിട്ടുള്ള ഒരു മുഴുവൻ ഭരണക്കൂടമെന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. ബഡ്ജററ് മുഴുവനും വാദപ്രതിവാദത്തിനായി അവതരിപ്പിച്ചിരിക്കുമ്പോൾ ഭരണസംബന്ധമായ നയത്തെക്കുറിച്ചു പൊതുവെ ചർച്ചചെയ്യുന്നതു നിയമനിർമ്മാണസഭയുടെ ഒരു പ്രത്യേകാവകാശമാണെന്നു മററാരെയെങ്കിലും ബോദ്ധ്യപ്പെടുത്തുന്നതിനു വകിയ വാദം നടത്തണമെന്നു തോന്നുന്നില്ല. സർ, എന്റെ സ്നേഹിതൻ മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള പറഞ്ഞതുപോലെ പണ സംബന്ധമായി അതിനോടു ബന്ധമുണ്ടായിരിക്കണമെന്നു പറഞ്ഞിട്ടുള്ളതു് വാസ്തവമാകുന്നു. ഭരണസംബന്ധമായ സംഗതികളെയോ നയങ്ങളെയോ കുറിച്ചു നോക്കുമ്പോൾ ഇവക്കു് ബഡ്ജററിൽ പ്രത്യേകം പണമനുവദിച്ചിട്ടുള്ള ഭരണയന്ത്രങ്ങളുമായി ബന്ധമുണ്ടെന്നല്ലാതെ ലാമമ്പർ പറയുന്നതുപോലെ വ്യാഖ്യാനിക്കുന്നതായാൽ അതു വെറും ഒരു പരമാബദ്ധമായിതീരുന്നതാണെന്നു ഞാൻ ബഹുമാനപുരസ്സരം ബോധിപ്പിച്ചുകൊള്ളുന്നു. പൊതുവെയുള്ള വാദപ്രതിവാദത്തിനുശേഷം നിയമം അനുവദിക്കുന്നതു് ഗ്രാൻറാവശ്യങ്ങൾക്കുവേണ്ടി വോട്ടുചെയ്യുകയാകുന്നു. ചർച്ചയ്ക്കുപക്ഷേപങ്ങളൊഴിച്ചു ഗ്രാൻറാവശ്യങ്ങൾക്കുവേണ്ടി വോട്ടുചെയ്യുമ്പോഴാണു ധനസംബന്ധമായ കാര്യങ്ങളിലേക്കു മാത്രം നാം കടക്കുന്നതു്. എന്നാൽ ബഡ്ജററിനെപ്പററി പൊതുവായിവാദിക്കുമ്പോൾ നിയമസഭക്കു ഭരണസംബന്ധമായുള്ള പൊതുനയത്തെക്കുറിച്ചു പ്രതിവാദിക്കാമെന്നു ഞാൻകരുതുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ പരമേശ്വരൻപിള്ള ദയവുചെയ്തു—

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): എനിക്കു പറയാനുള്ളതു പറഞ്ഞു തീർന്ന ശേഷം എന്നോടു ചോദിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സർ, ഈ നിയമസഭയിലെ പതിവു തന്നെ എടുത്തുനോക്കിയാൽ ലാമമ്പർ പറഞ്ഞിട്ടുള്ളതു് അടിസ്ഥാന രഹിതമാണെന്നു കാണാവുന്നതാണു്. ബഡ്ജററിനെപ്പററിയുള്ള പൊതുയോഗത്തിൽ വച്ചു ഈ സഭാമന്ദിരത്തിൽ വച്ചുതന്നെ, തൊഴിലില്ലായ്മ, ഗവണ്മെൻറു ജോലിക്കു ആളെടുക്കൽ, വൈക്കം സത്യാഗ്രഹവും അതിന്റെ ഗുണപാഠങ്ങളും മുതലായ സംഗതികളെക്കുറിച്ചു നാം വാദപ്രതിവാദം നടത്തിട്ടുണ്ടു്. ഈ വിഷയങ്ങളെ സംബന്ധിച്ചുള്ള വാദപ്രതിവാദം ഇടരെ അനുവദിച്ചിട്ടും ഉണ്ടു്. സർ, ഒന്നു കൂടി പറയുന്നതായാൽ എന്റെ സ്നേഹിതന്മാരിൽ ഒരാൾ ഇന്നലെ പത്രറെഗ്ലുലേഷനെപ്പററി സൂചിപ്പിച്ചു പറഞ്ഞതിൽ നിന്നുമാണു നടപടിക്രമത്തെ സംബന്ധിച്ചുള്ള ഈ സംഗതി ഉത്ഭവിച്ചതു്. ഞാൻ പറയുന്നതു ഇതാണു്, ബഡ്ജററിനെ സംബന്ധിച്ചുണ്ടായ പൊതു വാദത്തിൽ ഈ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഒരാൾ പ്രസ്സ് നിയമത്തിന്റെ ആവശ്യകതയേയും പ്രസ്സിന്റെ സെൻസർ ഷിപ്പിനെയും പററി

പ്രസ്താവിച്ചിട്ടുള്ളതും അതു് ആ അവസരത്തിൽ അദ്ധ്യക്ഷന്റെ ആലോചനക്കു വിഷയീഭൂതമായിട്ടുള്ളതുമാകുന്നു. എന്തായാലും അദ്ധ്യക്ഷൻ ആമെമ്പറെ തടയാതെ സംസാരിക്കുന്നതിനു അനുവദിക്കുകയാണു ചെയ്തു. ഗവർണ്ണമാരുടെ നിയമസഭാനടപടികൾ അങ്ങനെയുള്ള വശത്തെയാണു ഞാൻ സൂചിപ്പിക്കുന്നതു്. അതുകൊണ്ടു മുൻപടപ്പു് ഇന്നാതിരി വാദപ്രതിവാദങ്ങൾ ഈ സഭയിൽ ഒരിക്കൽ അനുവദിക്കപ്പെട്ടിട്ടുള്ളതാണെന്നു വ്യക്തമാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പത്രറെഗ്ലമേഷൻ ഉപകാരകരമായ ഒരു റെഗ്ലേഷനല്ലയോ എന്നു ദയവുചെയ്തു മെമ്പർ പറയുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതല്ല ഇപ്പോൾ പ്രതിപാദ്യമായിട്ടുള്ളതു്. പത്ര റെഗ്ലേഷനെക്കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതു് ശരിയാണോ എന്ന സംഗതിയെക്കുറിച്ചല്ല നടപടിക്രമത്തെപ്പററി ചോദ്യം പുറപ്പെടുവിച്ചിട്ടുള്ളതു്. ഒരു ചെയ്തിയെക്കുറിച്ചാണു മിസ്റ്റർ രാമൻ മേനോൻ നടപടിക്രമത്തെപ്പററി സംസാരിച്ചതെന്നു ഞാൻ വിചാരിക്കുന്നു. മുൻ പതിവിനു വിപരീതമായി ഒരു തീരുമാനം ഈ സംഗതിയിൽ ഉണ്ടായാൽ അതു ഈ സഭയുടെ ഗൌരവത്തിനു ഹാനികരമായി തീരുന്നതാണു്. ആ ഒരു സംഗതിയാണു എന്നെ ഈ അവസരത്തിൽ സംസാരിക്കുന്നതിനു പ്രേരിപ്പിച്ചതു്.

ഈ സഭയിലെ മുൻ പതിവിനെ ഞാൻ ചൂണ്ടിക്കാണിച്ചുവല്ലോ. പണവുമായി യാതൊരു ബന്ധവുമില്ലാത്തതാണെങ്കിലും ജനഹിതങ്ങളായ ചോദ്യങ്ങൾ ഈ സഭയിൽ വാദമുഖമായിതീർന്നിട്ടുണ്ടു്. ഗവണ്മെന്റു അതിനനുവദിച്ചിട്ടുമുണ്ടു്. നയസംബന്ധമായ ഒരു കാര്യമായതുകൊണ്ടാണു് ഗവണ്മെന്റു നിയമസഭയിൽ അവയെക്കുറിച്ചു പ്രതിപാദിച്ചു കാണുന്നതിൽ ഔത്സുക്യം കാണിച്ചതു്. രാജ്യകാര്യം സംബന്ധമായ ഭേദഗതികളെക്കുറിച്ചു് ഇൻഡ്യൻ നിയമനിർമ്മാണസഭകളിൽ പ്രതിപാദിക്കുന്നതെന്നുള്ളതു എല്ലാപേക്കും അറിയാവുന്ന സംഗതിയാകുന്നു. അതിനെ സംബന്ധിച്ചു പ്രത്യേകോദാഹരണങ്ങൾ ചൂണ്ടിക്കാണിക്കേണ്ടാവശ്യം ഇല്ലല്ലോ.

കൂടാതെ നിയമനിർമ്മിതിയിൽ യാതൊരു ചുമതലയുമില്ലാത്ത ഗവണ്മെന്റു അംഗങ്ങളടങ്ങിയ നിയമസഭയുള്ള നമ്മുടെ രാജ്യംപോലുള്ള ഒരു രാജ്യത്തു് ഗ്രാൻറിനെ സംബന്ധിച്ചുള്ള വാദങ്ങൾ സഭയുടെ ശ്രദ്ധക്കു വിഷയമാകുന്നതിനു മുൻപു പൊതു ഭരണത്തെ സംബന്ധിച്ചു അനുദ്യോഗസ്ഥമെമ്പറന്മാരുടെ അഭിപ്രായങ്ങൾ അറിയേണ്ടതു് അത്യാവശ്യമാണെന്നാണു എനിക്കു തോന്നുന്നതു്. ഗ്രാൻറിനെ സംബന്ധിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കുന്ന ആളിനു പത്തു നിമിഷവും അതേ സംബന്ധിച്ചു സംസാരിക്കുന്ന മററുള്ളവർക്കു് അഞ്ചുനിമിഷവും വീതം സമയം ക്ലിപ്തപ്പെടുത്തിട്ടുണ്ടു്. അതു പ്രത്യേകമായിട്ടുള്ള ഒരു സംഗതിയെ സംബന്ധിച്ചു വാദം മാത്രമാകുന്നു.

എന്നാൽ പൊതു വായുള്ള വാദപ്രതിവാദം, ഭരണസംബന്ധമായി ജനങ്ങളുടെ അഭിപ്രായമെന്തെന്നു ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാകയാൽ മേൽ കാണിച്ചതുപോലുള്ള ഒരു നിബന്ധന ഇവിടെ ആദരണീയമല്ല. അതുകൊണ്ടു മിസ്റ്റർ രാമൻ മേനോൻ കൊണ്ടുവന്നിട്ടുള്ള നടപടിക്രമത്തെ സംബന്ധിച്ചു സംഗതി ഈ സഭയുടെ മുൻപതിവിനെ അഗാധമായിസ്പർശിക്കുന്നതും അതേ സംബന്ധിച്ചുള്ള തീരുമാനം ഈ സഭയെ മാത്രമല്ലാ ഇതുപോലെയുള്ള മററു സഭകളേയും ബന്ധിക്കുന്നതാണെന്നു ഞാൻ ബഹുമാനപുരസ്സരം അറിയിച്ചുകൊള്ളുന്നു. നിയമസഭയുടെ ഗൌരവത്തെ പരിപാലിക്കുന്നതിലേക്കു അതിനനുകൂലമായ ഒരു തീരുമാനം ഉണ്ടാകേണ്ടതാണെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ഭേദികളുവും): ഞാൻ അദ്ദേഹത്തിനോടു ഒരു ചോദ്യം ചോദിക്കട്ടെയോ? ഭരണസംബന്ധമായ നയമെന്നാൽ അതിലുൾപ്പെട്ടിട്ടുള്ള എല്ലാ വിഭാഗങ്ങളേയും കുറിച്ചു ഇവിടെ വാദിക്കാവുന്നതാണൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതെ, നിശ്ചയമായും, പ്രസ്തുത നിമിഷം സമയക്ലിപ്തതയുണ്ടു്. അതിനകം ഒരു ബുദ്ധിമാനായ പ്രാസംഗികൻ ആകപ്പാടെയുള്ള സംഗതിയെക്കുറിച്ചു പ്രതിപാദിക്കുകയാണു എന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഒരൊററവിഷയത്തെക്കുറിച്ചാണു വാദിക്കാൻ ഒരാൾ തുനിയുന്നതെങ്കിൽ അദ്ദേഹത്തിനു അതേപ്പററി കൂലങ്കഷമായി പറയാം.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടേറിയററ്): ഒരാൾ പണവുമായി യാതൊരുബന്ധവുമില്ലാത്ത ഒരു വിഷയത്തെക്കുറിച്ചു പ്രതിപാദിക്കാൻ ഒരുങ്ങുന്നു എന്നു വരികിൽ അദ്ദേഹത്തിനതങ്ങനെ ചെയ്യാമൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതു അതാതിന്റെ ഗൌരവാഗൌരവങ്ങളെ അനുസരിച്ചു തീർച്ചപ്പെടുത്തേണ്ടതാണു്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടേറിയററ്): താൻ പ്രതിപാദിക്കുന്ന വിഷയവും പണവുമായി യാതൊരുബന്ധവുമില്ലെന്നു അദ്ദേഹം സമ്മതിക്കുകയൊ യാതൊരുബന്ധവുമില്ലെന്നു സൂചിപ്പിക്കുകയൊ ചെയ്യാതിരുന്നാൽ അദ്ദേഹത്തിനു പൊതുവേയുള്ള വാദപ്രതിവാദസമയത്തു അ വിഷയത്തെക്കുറിച്ചു സംസാരിക്കാമൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): രണ്ടിനും തമ്മിൽ യാതൊരുബന്ധവുമില്ലെന്നു മെമ്പർസമ്മതിക്കുകയൊ സംസാരിക്കുന്നതിനു മെമ്പറെ തടുക്കുകയൊ ചെയ്യുന്നതായാൽ അദ്ദേഹത്തിനു ആ വിഷയത്തെക്കുറിച്ചു സംസാരിക്കാൻ പാടില്ല.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടേറിയററ്): അങ്ങനെയാണെങ്കിൽ നിങ്ങൾ പറഞ്ഞതും ഞാൻ പറഞ്ഞതും ഒന്നുതന്നെയാണെന്നു മെമ്പർ അറിയുന്നോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാൻ പറഞ്ഞിട്ടുള്ളതിനും അദ്ദേഹം സ്ഥാപിക്കാനായി ശ്രമിച്ചതിനും തമ്മിൽ വലുതായ അന്തരമുണ്ടു്.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട ഡിപ്യൂട്ടി പ്രെസിഡൻറ്): മി: ജി. പരമേശ്വരൻപിള്ള നടപടിക്രമത്തെപ്പററി സംസാരിച്ചതുകൊണ്ടു അതേപ്പററി ഞാൻ അല്പം പറയാമെന്നു വിചാരിക്കുന്നു. ബഹു

ററിനെപ്പററി പൊതുവേ നാം ചെയ്യുന്നതായ പരിഗണനം സൂക്ഷ്മം പറയുന്നതായാൽ നിയമസഭയുടെ ജോലി അല്ല എന്നാൽ ചട്ടത്തിലെ വകുപ്പനുസരിച്ചു ബഡ്ജററ നിയമസഭയുടെ അനുമതിക്കായി ഗവണ്മെൻറു വച്ചിരിക്കുന്നു. പ്രജാസഭയുടെ മുൻപാകെയാണ് അതു വച്ചിരിക്കുന്നതെങ്കിൽതന്നെയും അവിടെയും ഇതുപോലെയുള്ള വാദം ഉണ്ടാകുമായിരുന്നു. അതുകൊണ്ടു ഇതേപ്പററി ഇപ്പോൾ ചിന്തിക്കേണ്ടുന്ന ബഡ്ജററിനെപ്പററി പൊതുവേയുള്ള പരിഗണനവേളയിൽ പൊതുനയത്തെപ്പററി നിയമസഭക്കു ചർച്ചചെയ്യാമോ എന്നുള്ളതാകുന്നു. ഭരണനയസംബന്ധമായ കാര്യങ്ങളെക്കുറിച്ചു പ്രതിപാദനം ആകാമെന്നു സമ്മതിക്കുന്നതിൽ ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടു യോജിക്കുന്നു. നിയമം പറയുന്നതു ഇപ്രകാരമാകുന്നു.

"ബഡ്ജററ് അവതരിപ്പിച്ച ദിവസത്തെ തുടർന്നു മിഡ്നൈറ്റ് നിശ്ചയിക്കുന്ന ദിവസം അല്ലെങ്കിൽ അനുവദിച്ചിട്ടുള്ള സമയംവരെ ബഡ്ജററിനെപ്പററി പൊതുവായോ അതിൽ അന്തർഭൂതമായിട്ടുള്ള ഏതെങ്കിലും തത്വത്തേയോ കുറിച്ചു പ്രതിപാദിക്കുന്നതിനു നിയമസഭക്കു സ്വാതന്ത്ര്യമുള്ളതാകുന്നു.

അതിൽ ഭരണനയംകൂടി ഉൾപ്പെടുമെന്നുള്ളതു തർക്കമററസംഗതിയാണ്. അതുകൊണ്ടു ഭരണസംബന്ധമായ പൊതുകാര്യങ്ങളെക്കുറിച്ചു പറയാവുന്നതാകുന്നു. നമുക്കു ഇപ്പോൾ പൊതുഭരണത്തെപ്പററിയുള്ള ബഡ്ജററാണു വിഷയമായിട്ടുള്ളതു്. ആ കൂട്ടത്തിൽ ഭരണനയങ്ങളെക്കുറിച്ചു പ്രതിപാദിക്കാവുന്നതാകുന്നു. ഞാൻ എന്റെ അഭിപ്രായത്തെ ഉദാഹരിക്കാം ഒരു ഭൂമി കൊണ്ടുവരുമ്പോൾ ഏതുവിധത്തിൽ പണമുണ്ടാക്കാമെന്നുപറയുന്നതിനു നിയമസഭക്കു അധികാരമില്ല. ഏതെങ്കിലും പ്രത്യേകമായ ഒരു ഇനം തുക വർദ്ധിപ്പിക്കണമെന്നോ ഏതെങ്കിലും പ്രത്യേകമൊരിനം നികുതി കുറക്കണമെന്നോ കുറയ്ക്കണമെന്നോ പറയുന്നതിനു നിയമസഭക്കു അധികാരമില്ല. ഈ സംഗതികളെക്കുറിച്ചു പൊതുവേയുള്ള വാദപ്രതിവാദസമയം മാത്രമെ ശോധനചെയ്യുൻപാടുള്ളു. ബഡ്ജററിൽ ഏതെങ്കിലും ഒരിനം ഒഴിച്ചിട്ടുണ്ടെങ്കിൽ അതിനു പ്രത്യേകമൊരു നീക്കിവെപ്പു വേണ്ടതാണെന്നു നമുക്കു അഭിപ്രായപ്പെടാം. ശ്രീ അണ്ണാസ്വാമി എന്നു പ്രത്യേകം സൂചനയുണ്ടെങ്കിലല്ലാതെ ബഡ്ജററിനെപ്പററി പൊതുവെ നമുക്കു പ്രതിപാദിക്കാൻ പാടില്ലാഎന്നു അദ്ധ്യക്ഷൻ തീർത്തുമാനിച്ചിട്ടുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ ബഡ്ജററിലുള്ള ഓരോ വിഭാഗവും ഗവണ്മെൻറിനറിവുള്ള ഒരു പ്രത്യേകനയം അടങ്ങിയതായിരിക്കണം. പൊതുവെ ചെയ്യുന്ന വാദപ്രതിവാദവേളയിൽ ഭരണസംബന്ധമായ എല്ലാ നയങ്ങളേയും കുറിച്ചു പ്രതിപാദിക്കാവുന്നതാ ഇതുപ്രകാരമുള്ള ഭരണതന്ത്രങ്ങളെക്കുറിച്ചു പ്രതിപാദിക്കേണ്ടതുമാണെന്നു വിചാരിക്കുന്നതിൽ ഞാൻ മിസ്റ്റർ ജി. പരമേശ്വരൻപിള്ളയോടു യോജിക്കുന്നു.

അദ്ധ്യക്ഷൻ: ഇന്നലെ നടന്ന സംഭവങ്ങളെ ഡപ്യൂട്ടിപ്രെസിഡൻറിന്റെ അറിവിനായി ദയവുചെയ്തു മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള ഒന്നു വായിക്കുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): "

"മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ നിയമം ഉണ്ടാക്കുന്നതിൽ ഈ നിയമസഭയുടെ അഭിപ്രായമറിഞ്ഞിട്ടില്ലായെന്നുള്ളതു് സംഗതിയുടെ വേറൊരു ഭാഗമാണ്. പ്രത്യേകഭൂനത്തിന്മേൽ ഈ സംഗതിയെക്കുറിച്ചു പ്രതിപാദിക്കുന്നതിന് രണ്ടു ഉപക്ഷേപങ്ങളെ അനുവദിച്ചിട്ടു, ബഡ്ജററിന്റെ പൊതുവെയുള്ള വാദപ്രതിവാദവേളയിൽ ഈ സംഗതിയെക്കുറിച്ചു് പറയാൻ പാടില്ലെന്നു ഗവണ്മെൻറു ശാഠ്യം പിടിക്കുന്നതു് ശരിയല്ലെന്നു ഞാൻ ചൂണ്ടിക്കാണിക്കുന്നു.

അദ്ധ്യക്ഷൻ: മുഴുവൻ ബഡ്ജററിൽ അടങ്ങിയിട്ടുള്ള പ്രത്യേകം തത്വങ്ങളെ ആസ്പദമാക്കി ചെയ്യുന്ന വെറും ഒരുദ്യോഗികജോലിയാണു ബഡ്ജററിനെപ്പററി പൊതുവേയുള്ള വാദപ്രതിവാദമെന്നു എനിക്കു തോന്നുന്നതു്. എന്നാൽ ഗഹനീയമായ രാഷ്ട്രീയകാര്യങ്ങളേയും അവകാശങ്ങളേയും കുറിച്ചു് അനേകായിരം ശ്രീ ഇതിനും അതിനും മററും നിരിച്ചിട്ടു പ്രതിപാദനം നടത്താമെന്നുള്ളതു് യഥാർത്ഥത്തിൽ ബഡ്ജററ് വാദപ്രതിവാദത്തെക്കുറിച്ചു തീരെ ക്ലിഷ്ടവും അസാധാരണവുമായിട്ടുള്ള ഒരഭിപ്രായമാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വിഷയത്തെ അവതരിപ്പിച്ചിട്ടുള്ളതു സാകല്യപരിഹാരാർത്ഥമാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): അങ്ങിനെയാണെങ്കിൽ താഴെപ്പറയുന്ന നിയമസഭാനിയമം 8 വു—ാം വകുപ്പു നോക്കുക:—

ബഡ്ജററ് മുഴുവനായോ, അതിൽ അന്തർഭൂതമായിട്ടുള്ള ഏതെങ്കിലും തത്വത്തേയോ കുറിച്ചു് പ്രതിവാദിക്കുന്നതിന് സഭക്കു സ്വാതന്ത്ര്യമുള്ളതാകുന്നു. അല്ലാതെ ഏതെങ്കിലും ഉപക്ഷേപം അവതരിപ്പിക്കുകയോ, സഭയെ ബഡ്ജററ് സംബന്ധമായ വാദപ്രതിവാദത്തിൽ ഭിന്നിപ്പിക്കുകയോ ചെയ്യുന്നതു് പാടില്ലാത്തതാകുന്നു.

അങ്ങിനെയായാൽ അതിൽ ആവലാതി ഉൾപ്പെട്ടിട്ടുണ്ടോ?

അദ്ധ്യക്ഷൻ: ഇല്ലാ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബഡ്ജററ് വാദപ്രതിവാദത്തിൽ ഇതു സന്ദർഭോചിതമല്ലെന്നാണോ അദ്ധ്യക്ഷന്റെ തീരുമാനം?

അദ്ധ്യക്ഷൻ: ബഡ്ജററ് വാദപ്രതിവാദവും അതുമായി നേരെ യാതൊരു ബന്ധവുമില്ലെന്നാണ് ഞാൻ പറയുന്നതു്. അതുകൊണ്ടു അതു് അസ്ഥാനത്തിലാണെന്നു ഞാൻ തീരുമാനിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ നന്ദിപറഞ്ഞു കൊള്ളുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾ ഇപ്പോൾ വാദിക്കണമെന്നു വിചാരിക്കുന്ന വിഷയത്തെപ്പററി പറയുന്നതിനു ഒരവസരം നിങ്ങൾക്കു തരുന്ന കാര്യത്തിൽ ഞാൻ എത്രമത്താളം ഉൽകണ്ഠിതനാണെന്നു നിങ്ങളോടു പറഞ്ഞു കഴിഞ്ഞു. വാദത്തെത്തടയണമെന്നെനിക്കു ആശയില്ല. അതു ചട്ടത്തിനധീനമായ ഒരു സംഗതിയാണെന്നേയുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊണ്ടു ബഡ്ജററിനെപ്പററിയുള്ളപൊതുവാദത്തിൽ വർത്തമാനപ്പത്രറഗ്ലേഷ്യനെക്കുറിച്ചു് ഞാൻ വാദിച്ചപ്പോൾ എന്നെ തടയുകയാണ് ചെയ്യുന്നതു് എന്നു ഞാൻ മനസ്സിലാക്കുന്നു.

അദ്ധ്യക്ഷൻ: ചട്ടമനുസരിച്ചു നോക്കുന്നതായാൽ പണസംബന്ധമായ ബഡ്ജററ് വാദപ്രതിവാദത്തിൽ, താങ്കൾ മെംബർ ഇപ്പോൾ ചൂണ്ടിക്കാണിച്ചതുപോലെ, വാദം അനുവദനീയമല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊണ്ടു ഞാൻ മനസ്സിലാക്കേണ്ടതു് അതുകാര്യത്തെക്കുറിച്ചു് പറയുന്നതിന് എന്നെ അനുവദിക്കുന്നില്ലെന്നാണോ?

അദ്ധ്യക്ഷൻ: അല്ല. പ്രസ്തുതവിഷയവും ബഡ്ജറ്റുമായുള്ള പരസ്പരബന്ധം കാണിക്കുന്നതുവരെ പാടില്ലെന്നാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, എനിക്കു എന്റെ പ്രസംഗത്തെ തുടരാമോ?

അദ്ധ്യക്ഷൻ: ഈ സംഗതി, മെംബർ പറഞ്ഞതുപോലെ ബഡ്ജറ്റ് വാദത്തിൽ അനുവദനീയമല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു വർത്തമാനപ്പത്രാദ്ധ്യക്ഷനെപ്പററിയുള്ള ഒരു തീർച്ചയാണെങ്കിൽ,

അദ്ധ്യക്ഷൻ: അദ്ധ്യക്ഷന്റെ തീരുമാനം വാദവിഷയമല്ലെന്നുള്ള നിയമം മെംബർ അറിയുന്നോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ അതിനെപ്പററി വാദിക്കുകയില്ല ഇതാണ് അദ്ധ്യക്ഷന്റെ തീരുമാനമെങ്കിൽ ഞാൻ വിരമിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡെപ്യൂട്ടിപ്രസിഡന്റ്): പണവിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത പ്രസ്തുതസംഗതി ബഡ്ജറ്റിനെപ്പററിയുള്ള പൊതുവാദത്തിൽ പ്രതിപാദിക്കാൻ പാടില്ലെന്നാണ് അദ്ധ്യക്ഷനവർകൾ പറഞ്ഞിട്ടുള്ളതായി ഞാൻ കരുതുന്നു്. അതു തന്നെയാണ് ഭരണനയത്തിന്റെ സൂക്ഷ്മാർത്ഥവും അല്ലാത്തപക്ഷം രാജ്യഭരണത്തിന്റെ പൊതുവായുള്ള നയത്തെക്കുറിച്ചു് ചർച്ചചെയ്യുന്നതിന് നിയമസഭക്കുള്ള അധികാരത്തെ കൊടുക്കാതിരിക്കുക എന്നാണു വരുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവിക്കുളവും): ബഡ്ജറ്റുമായി നേരെ യാതൊരു സംബന്ധവുമില്ലാത്ത ഒരു വിഷയത്തെക്കുറിച്ചു ബഡ്ജറ്റ് വാദപ്രതിവാദവേളയിൽ പ്രതിപാദിക്കാമോ എന്നു് ഒരു വ്യവസ്ഥ ചെയ്തു ഡെപ്യൂട്ടിപ്രസിഡന്റ് പറയുമോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡെപ്യൂട്ടിപ്രസിഡന്റ്): പാടില്ലായിരിക്കാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ചാമബേർ ചൂണ്ടിക്കാണിച്ചതായ കഴിഞ്ഞദിവസത്തെ വാദപ്രതിവാദത്തെ സംബന്ധിച്ചിടത്തോളം വാദത്തിനായി ഇഷ്ടമിക്കപ്പെട്ടതൊ, നിർദ്ദേശിക്കപ്പെട്ടതൊ ആയ നയത്തെ പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവരുന്നതു ബഡ്ജറ്റവതരണത്തിനു ഹേതുഭൂതമായ ഭരണകൂടത്തിന്റെ ചുമതലയല്ലെന്നു ഡെപ്യൂട്ടിപ്രസിഡന്റിനോടു പറഞ്ഞുകൊള്ളട്ടെയോ? ഭരണനയസംബന്ധമായ ഒരുവിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്നതു ഈ സഭയുടെ സ്വാതന്ത്ര്യവുമല്ലേ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡെപ്യൂട്ടിപ്രസിഡന്റ്): ഭരണസംബന്ധമായും നിയമസംബന്ധമായും ഉള്ള നയം രണ്ടായിട്ടാണ് കരുതുന്നു. ഒന്നിനെത്തന്നെ വളർത്തുകയെന്നതു് ഭരണനയത്തിലുൾപ്പെട്ട ഒരുദ്ദേശ്യമല്ല, എന്നുമാത്രവുമല്ല അതുമായി ഒരുസംബന്ധവുമില്ലാത്തതാകുന്നു.

അദ്ധ്യക്ഷൻ: മി. വിഎസ്സ്. സുബ്രഹ്മണ്യയ്യർ ഇതിനെപ്പററി എന്താണുപറയുന്നതു?

മി. വി. എസ്സ്. സുബ്രഹ്മണ്യയ്യർ (ഹൈഡ്സക്കാർവക്കീൽ): ബഡ്ജറ്റവതരണവേളയിൽ ഈ സഭയുടെ പതിവെന്താണെന്ന് എനിക്കു നല്ലനിശ്ചയമില്ലെന്നു പറയേണ്ടിരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ദയവുചെയ്തു കുറച്ചുകൂടി ഉറക്കെ പറയുമോ?

മി. വി. എസ്സ്. സുബ്രഹ്മണ്യയ്യർ (ഹൈഡ്സക്കാർവക്കീൽ): ബഡ്ജറ്റവസരത്തേക്കുറിച്ചു അനുസൃതിക്കേണ്ടതായ സഭാനടപടിക്രമങ്ങളെ നിയമനിർമ്മാണസഭാചട്ടങ്ങളിൽ വിശദീകരിച്ചിട്ടുള്ളതുകൊണ്ടു ഈ സഭയിലെ ബഡ്ജറ്റവസരത്തിൽ പരിചയംസിദ്ധിച്ചിട്ടില്ലാത്ത ഒരുവനുതന്നേയും ഇന്നത്തെപ്രസ്തുതവിഷയം വാദപ്രതിവാദയോഗ്യമോഎന്നു് ആ ചട്ടങ്ങളെനോക്കിയാൽ കാണാവുന്നതാണു. ആ ചട്ടമെന്താണെന്നു് വായിച്ചുകഴിഞ്ഞിരിക്കുന്നു: അതിൽപറയുന്നതു ഇപ്രകാരമാകുന്നു, "ഇപ്രകാരമുള്ള വിവരണത്തിനുശേഷം ബഡ്ജറ്റമുഴുവനായോ അതിൽ അന്തർഭൂതമായ ഏതെങ്കിലും തത്വത്തേയൊക്കുറിച്ചു പ്രതിപാദിക്കുന്നതിനു സഭക്കവകാശമുണ്ട്.

ബഡ്ജറ്റിൽ പ്രത്യേകം ഗ്രാന്റിനെസംബന്ധിച്ചുള്ള വാദമുണ്ടാകുമ്പോൾ മെമ്പർമാർക്കു ഉപയോഗിക്കാൻ പാടില്ലാത്ത ഒരവകാശമാണ് ഈ ചട്ടത്തിലടങ്ങിയിരിക്കുന്നതു. ഡെപ്യൂട്ടിപ്രസിഡന്റ് കാണിച്ചിട്ടുള്ളതുപോലെ ഡിമാന്റിനുമേലുള്ള ചെയ്യുമ്പോൾ ഈ സഭയ്ക്കു ഏതെങ്കിലും പ്രത്യേകമിനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളഗ്രാന്റുകളുടെ കുറയ്ക്കുന്നതിനു ഉപക്ഷേപം കൊണ്ടുവരികയോ ശുപാർശചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. എന്നാൽ ബഡ്ജറ്റിനെപ്പററിപൊതുവെപറയുമ്പോൾ ഓരോ ഇനങ്ങളിലുമുള്ള ചെലവുകളെ പുതുക്കണമെന്നോ വരുമാനത്തിനു തുതനമാർഗ്ഗങ്ങൾ ഉണ്ടാക്കണമെന്നോ, മററുതരത്തിലുള്ള വരുമാനം ഉപയോഗിക്കാൻ പാടില്ലെന്നോ അഭിപ്രായപ്പെടുന്ന നിയമസഭക്കു അധികാരമുണ്ടു. ഇതെല്ലാം ബഡ്ജറ്റിനെ സംബന്ധിച്ചു പൊതുവെയുള്ള പ്രതിപാദനവേളയിൽ പ്രതിവാദിക്കാവുന്നകാര്യങ്ങളാണ്. പ്രത്യേകമിനം ഗ്രാന്റിനെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ അവ അസ്ഥാനത്തിലായിത്തീരുന്നു. മെമ്പറന്മാർക്കുമററവസരങ്ങളിൽ ഉപയോഗിക്കാൻ പാടില്ലാത്ത ഒരുസ്വാതന്ത്ര്യം ചട്ടം അനുവദിക്കുന്നു എങ്കിലും അതിനു പ്രത്യേകംചില നിബന്ധനകളുംകൂടിയുണ്ട്. ഞാൻനോക്കിയേടത്തോളം ബഡ്ജറ്റുമുഴുവനായിട്ടോ, അതിൽഅടങ്ങിയിട്ടുള്ള ഏതെങ്കിലും തത്വവുമായിട്ടോ ബന്ധമുള്ള ഒരുവിഷയത്തെക്കുറിച്ചുപ്രതിപാദിക്കാവു എന്നാണുഞാൻ നോക്കിട്ടു ചട്ടത്തിൽനിന്നും വെളിപ്പാകുന്നതു. ബഡ്ജറ്റിൽഅടങ്ങിയിട്ടുള്ള തത്വമെന്നുപറഞ്ഞാൽ ഏതെങ്കിലും പ്രത്യേകമിനത്തിൽ നീക്കിവച്ചിട്ടുള്ളതുക മാത്രമാണെന്നല്ലാഅർത്ഥമാകുന്നതു്. വരുമാനത്തിന്റെ ആകപ്പാടെയുള്ള വിനിമയമോ, പലതരത്തിലുള്ള വരുമാനമാർഗ്ഗങ്ങളെ കണ്ടുപിടിക്കുന്നതിൽ കാണിക്കുന്ന ഗവണ്മെന്റിനയമോ ഉൾപ്പെടുന്നു. ഇവബഡ്ജറ്റിൽ അന്തർഭവിച്ചിട്ടുള്ളതത്വങ്ങളായിരിക്കും. ഏതെങ്കിലും ഒരുസംഗതി ബഡ്ജറ്റിലടങ്ങിയിട്ടുള്ള ഏതെങ്കിലും ഒരിനത്തിലുൾപ്പെടുന്നില്ലെങ്കിൽ അതപ്പററിയുള്ള വാദം അസ്ഥാനത്തിലായിരിക്കുമെന്നാണ് എനിക്കുതോന്നുന്നതു. ഏതെങ്കിലും ഒരുസംഗതി ബഡ്ജറ്റിനുള്ളിൽ കൊണ്ടുവരാമോ പാടില്ലയോ എന്നു് നിർണ്ണയിക്കുന്നതു ആ സംഗതിയുടെ സ്വഭാവത്തനുസരിച്ചാണ്. ഏതെങ്കിലും ഒരുതരത്തിൽ ബഡ്ജറ്റിലുൾപ്പെടാത്ത സംഗതികൾ ചുരുക്കമായേ ഉണ്ടായിരിക്കൂ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ബഡ്ജററസമ്മേളനത്തെപ്പററി ഈ സഭയുടെ മുൻപതി വിനെക്കുറിച്ച് എന്താണ് മെമ്പർ പറയുന്നതു.

മി. വി. എസ്സ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സക്കാർവക്കീൽ): ഞാൻ നോക്കിയിടത്തോളം ഈ സംഗതിയി ൽമുമ്പു ഒരു തീർപ്പുണ്ടായിട്ടുള്ളതായി തോന്നുന്നില്ല. മി. പരമേശ്വരൻപിള്ള ചൂണ്ടിക്കാണിച്ച ഉദാഹരണങ്ങൾ യാ തൊന്നത്തരം തടസ്സംപറകയോ നടപടിക്രമത്തെപ്പററി ചോദ്യംചെയ്യുകയോ ചെയ്യാതെ തുടർന്നുപോണ്ടിരുന്നതിനു ദൃഷ്ടാന്തങ്ങളുണ്ട്. നടപടിക്രമത്തെപ്പററി ചോദ്യംചെയ്തായിട്ടോ അതിനെപ്പററി ഒരുതീർപ്പുണ്ടായതായിട്ടോ നമുക്കറിവുണ്ടെങ്കിൽ അതു ഒരുമുൻപതിവായിരുന്നേനേ തടസ്സംപറഞ്ഞപ്പോൾ വിട്ടിട്ടില്ലെന്നുള്ളതുകാരണം ഒരു പതിവാ യികരുതാൻ പാടില്ല എന്നുകേൾക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മുമ്പുണ്ടായിട്ടുള്ളപതിവുകളെ ആദരിക്കേണ്ടതു സഭയുടെ കർത്തവ്യമാണെന്ന് മെമ്പറോടു ഞാൻ പറഞ്ഞുകൊള്ളട്ടെയോ?

മി: വി. എസ്സ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സക്കാർവക്കീൽ): നിശ്ചയമായിട്ടും അങ്ങനെതന്നെ. എനിക്കു അതിൽ വിപരീതപക്ഷമില്ല. മുൻപതിവില്ലെന്നുപറഞ്ഞതിൽനിന്നും ഞാൻഅർത്ഥമാക്കിട്ടുള്ളതു്. അതേസം ബന്ധിച്ചു ഒരുപ്രത്യേകതീർപ്പുണ്ടായിട്ടില്ലെന്നും ആസംഗതിയെക്കുറിച്ച് ചിന്തിക്കുകപോലെ ഉണ്ടായിട്ടില്ലെന്നും ആകുന്നു. അതുകൊണ്ടു മുൻപതിവുണ്ടായിരുന്നുവെന്നു മിസ്റ്റർ പരമേശ്വരൻപിള്ള പറയുമ്പോൾ ഞാൻപറയുന്നതു മുൻപു ഇതെപ്പററി ആരും തടസ്സംപറഞ്ഞപ്പെടുവിച്ചിട്ടില്ലെന്നും അതുകൊണ്ടു പതിവുണ്ടായിട്ടില്ലെന്നും ആകുന്നു. ആസംഗതിയെക്കുറിച്ചു ചിന്തിക്കുകയാകട്ടെ അതിന്മേൽ തീർപ്പുകൽപ്പിക്കുകയാകട്ടെ ചെയ്തിട്ടില്ല. അദ്ദേഹം അങ്ങ നെ ഏതെങ്കിലും പ്രത്യേകം ഒരുതീർപ്പുള്ളതായി പറയുന്നതുമില്ല. ഏതെങ്കിലുംസംഗതി ബഡ്ജററുമായി എങ്ങനെ യെങ്കിലും ബന്ധമുള്ളതായിപറയാൻ സാധിക്കാത്തപക്ഷം ആസംഗതി അസ്ഥാനത്തിലാണെന്നു വിചാരിക്കു മെന്നുകേൾക്കുന്നു. ബഡ്ജററിനുള്ളിൽ കൊണ്ടുവരാൻ പാടില്ലാത്തതായിവളരെചുരുക്കം കാര്യങ്ങളെ ഉണ്ടായിരിക്കും. അങ്ങനെ ഒന്നുണ്ടെങ്കിൽ അതുഅസ്ഥാനത്തിലുമായിരിക്കും.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിൻെറ ജോലി യെപ്പററി വിമർശിക്കുന്നതോ അതിൻെറ ജോലിയിലുള്ള വീഴ്ചകളെ ചൂണ്ടിക്കാണിക്കുന്നതൊ അസ്ഥാനത്തിലാകു ന്നതാണൊ?

മി: വി. എസ്സ്. സുബ്രഹ്മണ്യയ്യർ (ഹെഡസക്കാർവക്കീൽ): അതു് ബഡ്ജററിൽ വരുന്ന ഒരു ഡിപ്പാർട്ടുമെൻറു ടെഗണവിഷയമാണു. മുൻപറഞ്ഞതുപോലെ ബഡ്ജററിലുൾപ്പെടുത്താൻ പാടില്ലാത്തതായി വളരെചുരുക്കം സംഗ തികളേ ഉണ്ടായിരിക്കും. ബഡ്ജററുമായി അതിനു ബന്ധമുണ്ടെന്നു് കാണിക്കാമെങ്കിൽ അതുബഡ്ജററിൽ ഉൾപ്പെ ടുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): രാജ്യഭരണത്തിനായിട്ടാണു ബഡ്ജററ് ഉണ്ടാക്കപ്പെട്ടിരി ക്കുന്നതെങ്കിൽ രാജ്യഭരണ സംബന്ധമായ ഏതെങ്കിലും കാര്യത്തെക്കുറിച്ച് പ്രതിപാദിക്കാൻപാടില്ലയൊ എന്നു ദയവുചെയ്തു പറയുമൊ.

മി: വി. എസ്സ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സക്കാർ വക്കീൽ): ഏതുസംഗതി ബഡ്ജററുമായി ഘടിപ്പിക്കാൻ പാടില്ലെന്നു എനിക്കു പറയാൻ പ്രയാസമാണ്. അതുഓരോസംഗതിയേയും ആശ്രയിച്ചിരിക്കും.

മി: എം. ശിവതാണുപിള്ള (തോവാള): സർ, നടപടിക്രമത്തെപ്പററിയുള്ള ചോദ്യത്തെ സംബന്ധിച്ചു എനിക്കു അല്പംപറയാനുണ്ടു. പ്രസ്തുതസംഗതിഎനിക്കു വളരെ വ്യക്തമായിട്ടാണിരിക്കുന്നതു്. എന്നാൽ ഇവി ടെ ഉദ്ധരിക്കപ്പെട്ട ചട്ടത്തിൻെറ വ്യാഖ്യാനത്തെസംബന്ധിച്ചു ചില സംശയങ്ങളും ഉണ്ട്. ഒരു ശ്രേഷ്ഠമായ പ്ര വൃത്തിയെയോ സ്വഭാവത്തെയൊ, പുലർത്തുന്നതിനുവേണ്ടി ഒരു വിഷയത്തെക്കുറിച്ച് പ്രതിപാദിക്കാൻ പാടില്ലെ ന്ന് നിയമചട്ടം ഘോഷിക്കുന്നുണ്ടെങ്കിലും, പ്രശസ്തമായ ആവിഷയാദർശത്തെ പരിഗണിച്ചും ചട്ടത്തിൻെറ വ്യാപ്തി കുറയിച്ചു അവഗണിച്ചും പ്രവർത്തിക്കേണ്ടതാണെന്ന് ഈ നിയമസഭയിൽതന്നെ അദ്ധ്യക്ഷൻ തീർച്ചചെയ്തിരിക്കുന്ന സ്ഥിതിക്ക് ഉദാഹരണങ്ങൾ ഏറ്റുരെപോകേണ്ട ആവശ്യമില്ല. ബഡ്ജററിനെപ്പററി പൊതുവെയുള്ള വാദപ്ര തിവാദത്തിൽ ഒരു പൌരൻെറ പ്രാധമികാവകാശത്തെ ബലമായിതടയുന്ന ഭരണനയത്തെക്കുറിച്ച് പ്രതിപാദി ക്കാൻ പാടുണ്ടോഎന്നാണു ഇവിടെ ഈചട്ടത്തിൽനിന്നും വ്യക്തമാകുന്നുള്ളതു്. അതുകൊണ്ട് പ്രസ്തുതസംഗതി യിൽ വൃഷ്ണുത്വമായ വിശ്വാസത്തെ ആസ്പദമാക്കി അനുകൂലമായ ഒരുതീർപ്പുണ്ടാകുന്നതു് ബുദ്ധിപൂർവ്വമായ ഒരു പ്ര വർത്തിയാകുന്നു.

ഈ സഭ ജനപ്രതിനിധികളുടെ ഭൂരിപക്ഷമുള്ളതാണ്. അതുകൊണ്ടു ബഡ്ജററ് അവതരിക്കപ്പെട്ടിരിക്കു മ്പോൾ ഓരോ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചും അവരുടെ അഭിപ്രായം ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്നുണ്ടെങ്കിൽ ബഡ്ജററിനെപ്പററി പൊതുവിലുള്ള വാദപ്രതിവാദം, ജനപ്രതിനിധികൾ, അതേപ്പററി ശരിയായവിധത്തിൽ ആലോചിക്കുന്നുണ്ടെന്നാകുന്നു പ്രഥമമായിലക്ഷ്യപ്പെടുത്തുന്നതു്. കുടുംബസംബന്ധമായ ആപത്തുകൊണ്ടു കുഴങ്ങു ന്ന എനിക്കുപോലും, ഒട്ടിംഗിനിടയായ സംഗതി വ്യക്തമായിട്ടാണിരിക്കുന്നതു്. ബഡ്ജററിനെപ്പററി അവധാന പൂർവ്വം പരിഗണനം ചെയ്യുന്നതിന് ഒരാൾ സ്വസ്ഥചിത്തനായിരിക്കണം. എൻെറസ്നേഹിതൻ പറഞ്ഞതുപോലെ ഭരണാധികാരികളുടെ ഏതൊന്നിർദ്ദിഷ്ട നിയമപ്രകാരം ജനങ്ങൾക്ക് ക്ലേശംനേരിട്ടിട്ടുള്ളതും, അപ്രകാരംതന്നെ ജ നപ്രതിനിധികൾക്കും സംങ്കടം നേരിട്ടിട്ടുള്ളതും ആകുന്നു. അതുകൊണ്ട് അതിന് ഏതെങ്കിലും ശരിയായ പരി ഹാരമുണ്ടാകുന്നതുവരെ അവർക്ക് മഗൗരവമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനുതക്ക സൈ്വരമനസ്ഥിതി ഉ ണ്ടാകുന്നതല്ല. ഈ നിയമസഭയിലെ മുൻനടപ്പു് മുൻസൂചിപ്പിച്ചിട്ടുള്ളതിനേയും ഇപ്പോൾ പ്രസ്താവിച്ചസാധാര ണതത്വത്തേയും ആസ്പദമാക്കി സഭയിൽ ഹാജരാക്കിയിരിക്കുന്ന നടപടിക്രമത്തെപ്പററിയുള്ള ചോദ്യത്തെ സംബ ന്ധിച്ച് അനുകൂലമായ ഒരു തീർച്ചചെയ്തു നിയമസഭയുടെ അവകാശങ്ങളെ നിലനിർത്തണമെന്ന് ഞാൻ അ പേക്ഷിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലുംദേവികുളവും): ഇതു് പരിഹാരം കണ്ടുപിടിക്കാൻ വിഷമമുള്ള ഒരു സംഗതിയായി ഞാനും കരുതുന്നില്ല. ചട്ടം വളരെ വ്യക്തമായിരിക്കുന്നു. ചട്ടമനുസരിച്ചു ബഡ്ജററിനെപ്പററിയു ള്ളപൊതുവാദത്തിൽ ബഡ്ജററിനോടു സംബന്ധമുള്ള ഏതുതത്വത്തേയും കുറിച്ച് ചിന്തിക്കാവുന്നതാണ്. ജനങ്ങളു ടെ പ്രാഥമികാവകാശങ്ങളെ സംബന്ധിച്ചുള്ള സംഗതികൾ, ഭരണതന്ത്രസംബന്ധമായ ഇതരസംഗതികൾ, ഇവ

ബഡ്ജറ്റിൽ ഏതെങ്കിലും ഇനത്തിൽ ഉൾപ്പെടുത്താമെങ്കിൽ, വാദപ്രതിവാദത്തിനു ശരിയായ സംഗതികളായിട്ടാണ് ഞാൻ കരുതുന്നത്. എന്നാൽ ബഡ്ജറ്റുമായി ഇവക്ക് നേരിയതായെങ്കിലും ബന്ധവുമില്ലെങ്കിൽ അതു അത്ര സന്തോഷിക്കാവുന്നതല്ല. ഏതെങ്കിലും ഒരു സംഗതി ബഡ്ജറ്റിനുള്ളിൽ ഉൾപ്പെടുന്നതാണോ, അല്ലയൊ എന്നുള്ളതുമാത്രം വ്യാഖ്യാനത്തെ സംബന്ധിച്ച ഒരു കാര്യംമാത്രമാണ്. വരവുചെലവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഏതും ബഡ്ജറ്റിനെപ്പററിയുള്ളചൊദ്യനിരൂപണത്തിൽപ്രതിവാദിക്കുന്നതിന്മെമ്പറന്മാർക്ക് അവകാശമുണ്ട്. എന്നാൽ വരവുചെലവുകളിൽ ബന്ധിക്കാതെനിൽക്കുന്ന ഒരുസംഗതിയാണെങ്കിൽ അതുനിരൂപണത്തിനുവിഷയമായിസ്വീകരിക്കാൻ പാടില്ല. ഡിപ്പാർട്ടുമെന്റു നടപടികളിലുള്ള ന്യൂനതയെക്കുറിച്ച് പൊതു നിരൂപണത്തിൽ ചൂണ്ടിക്കാണിക്കാവുന്നതാണ്. എന്നാൽ ക്ഷുദ്രകരമായ ഒരു ചർച്ച ഉദാഹരണത്തിനായിട്ടല്ലാതെ ചെയ്യുന്നതു് സന്ദർഭത്തിനനുകൂലിക്കുന്നതല്ല. വരവുചെലവുകളുമായി ബന്ധമുള്ള പൊതുനയത്തെക്കുറിച്ചും മററുമുള്ള ഉദാഹരണങ്ങൾ പൊതു നിരൂപണത്തിലുൾപ്പെടുത്താവുന്നതാണ്.

അദ്ധ്യക്ഷൻ: ഞാനെഴുന്നേൽക്കുന്നതിനുമുൻപു നടന്നിട്ടുള്ള വാദവിഷയം പ്രാധാന്യമേറിയതും രസാവഹവുമാകുന്നു. മി: പിള്ള, നാരായണപിള്ളയുടെ ഇന്നലത്തെ പ്രസംഗം തടഞ്ഞതിൽനിന്നുമാണ് അതു തുടങ്ങിയിട്ടുള്ളത്. ബഡ്ജറ്റിൽ പണവുമായി നേരിട്ടു ബന്ധമുള്ള സംഗതിയോടു പ്രാധാന്യമേറിയ രാഷ്ട്രീയകാര്യങ്ങൾ ഉൾപ്പെടുത്തി നിരൂപണം ചെയ്യുന്നതു് സാധുവാണെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. ഇന്നലത്തെ എന്റെ നിരോധനാജ്ഞയിൽ ഞാൻ പണസംബന്ധമായുള്ള പ്രസ്തുത വിഷയത്തിന്റെ ചേർച്ചയെ കൂടെക്കൂടെ കാണിച്ചിട്ടുള്ളതായി നിങ്ങൾ കണ്ടിരിക്കും. മി: നാരായണപിള്ള ഹാജരാക്കിയ സംഗതി എവിടെ വാദവിഷയമായി സ്വീകരിക്കാൻ കഴിയുമെന്നും തോൻ കാണിച്ചുകഴിഞ്ഞു. ബഡ്ജറ്റിനെപ്പററിയുള്ള പൊതുനിരൂപണവും, ഗ്രാന്റിനായിട്ടുള്ള ഉപക്ഷേപങ്ങളുടെ നിരൂപണവും സംബന്ധിച്ചുള്ള നടപ്പും നിയമവും നിയമസഭയെ തീരിപ്പെടുത്തിക്കൊണ്ടുപോകുന്നതിനുള്ള ഉപകരണങ്ങളാണെന്ന് ഞാൻ നിങ്ങളോട് പറയേണ്ട ആവശ്യമുണ്ടെന്നുതോന്നുന്നില്ല. അതു മി: ജി. പരമേശ്വരൻപിള്ള പറഞ്ഞതുപോലെ തിരിച്ചു തിരിച്ചിട്ടുള്ള ചെറിയ അറകളല്ല വാദപ്രതിവാദങ്ങളെ നിയമപ്പെടുത്തുന്നതിനുള്ള ഉപകരണമാകുന്നു. പൊതുനിരൂപണത്തിൽ നാം പ്രാധാന്യമേറിയ തത്വങ്ങളെ സ്വീകരിച്ചിട്ടു ഉപക്ഷേപങ്ങൾ ഗ്രാന്റിനെ സംബന്ധിച്ചുള്ള വാദത്തിൽ പ്രതിപാദിക്കാനായി നീക്കിവയ്ക്കുന്നു. കൂടാതെ അസംബന്ധവും അനാവശ്യവുമായ വാദങ്ങളെ ഒഴിവാക്കുന്നതിനു മി: സുബ്ബയ്യർ പറഞ്ഞതുപോലെ വാദവിഷയം ബഡ്ജറ്റിനോടു സംബന്ധമുള്ളതായിരിക്കണമെന്നു നാം സിദ്ധാന്തിക്കുന്നു. അതുകൊണ്ടു ബഡ്ജറ്റിലുൾപ്പെടുത്താവുന്ന നയങ്ങളുടെയോ, തത്വങ്ങളുടെയോ പരാമർശിച്ചു ബഡ്ജറ്റ്പൊതുനിരൂപണത്തിൽ പ്രതിപാദിക്കാനുള്ളതിൽ യാതൊരു തടസ്സവും ഇല്ലാത്തതാകുന്നു.

ഇനി മി: നാരായണപിള്ള തുടങ്ങിയതും ഞാൻ നിരോധിച്ചതുമായ ഇന്നലത്തെ പ്രസംഗത്തെക്കുറിച്ചു ചിന്തിക്കാം. ഈ സഭയുടെ കഴിഞ്ഞ കുറഞ്ഞൊരു കാലത്തിനുള്ളിൽ സംഭവിച്ചിട്ടില്ലാത്തതായ ഒരു പ്രധാന സംഭവമാണ് ഇതു്. ഇൻഡ്യയിലെ നിയമസഭകളും എന്നുമാത്രമല്ലാ ബ്രിട്ടീഷ് സാമ്രാജ്യത്തിലുള്ള എല്ലാനിയമസഭകളും പാർലമെന്റു മാതാവായ ഹൌസ് ആഫ് കാമൺസിനെ അനുകരിച്ചിട്ടുള്ളതും, അതനുസരിച്ച്, നമ്മുടെ ഈ സഭയും നടപടിക്രമത്തിലും മററും പാർലമെന്റു രീതിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിച്ചുപോരുന്നതുമാണെന്നു നമുക്കെല്ലാപേക്കും അറിയാവുന്നതാണല്ലൊ. പാർലമെന്റു സഭയെപ്പോലെ ഈ സഭയും രണ്ടുതരത്തിലാണ് വർത്തിക്കുന്നതു്. ഒരുവിധത്തിൽ അതൊരു നിയമനിർമ്മാണസഭയും മറെറാരുവിധത്തിൽ ഭരണകാര്യങ്ങളെ നിയന്ത്രിക്കുന്ന ഒരു സഭയുമാകുന്നു. അതുകൊണ്ടാണ് കാമൺസ് സഭക്കാർ പണമിടപെട്ട ഭരണകാര്യങ്ങളെക്കുറിച്ചു പ്രവർത്തിക്കുമ്പോൾ സഭ വെറും ഒരു സെലക്ടുകമ്മററിയായി തീരുന്നതു്. സഭ സെലക്ടുകമ്മററിയായി വർത്തിക്കുമ്പോൾ നിയമനിർമ്മാണസംബന്ധമായ സകല രജിസ്ട്രികളും നീട്ടിവയ്ക്കുന്നു. അതുപോലെതന്നെ നാമും ഈ സഭയിൽ ബഡ്ജറ്റ് നിരൂപണത്തിൽ ഒരു സെലക്ടുകമ്മററിയാണു. ബഡ്ജറ്റിനെപ്പററി ഉപാമിവിചാരമായാലുശരി, അതിലുൾപ്പെട്ട ഏതെങ്കിലും ഇനത്തിലായാലുംശരി ബഡ്ജറ്റ് നിരൂപണത്തിലേർപ്പെട്ടിരിക്കുമ്പോൾ നാം ഒരു സെലക്ടുകമ്മററിയിലാകുന്നു. കാമൺസ് സഭയുടെ നടപടിക്രമമനുസരിച്ചു നിയമനിർമ്മാണത്തിലുള്ള നമ്മുടെ ജോലി തല്ക്കാലം നിർത്തിവച്ചിരിക്കുന്നതായിട്ടാണു കരുതേണ്ടതു്. മററു വർഷങ്ങളിൽ നാം നിയമനിർമ്മിതിയിൽമാത്രം ഏർപ്പെട്ടിരിക്കുന്നതും അപ്പോൾ ഭരണസംബന്ധമായ വരവുചെലവുകളെക്കുറിച്ചു് ചിന്തിക്കാത്തതുമാകുന്നു. ഞാൻ പറഞ്ഞിട്ടുള്ളതിന് പ്രമാണം സർ എർസ്കിൻ മേയുടെ പാർലമെന്ററി പ്രാക്ടീസ് എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. അതു താഴെകാണുംപ്രകാരമാണു ഘോഷിക്കുന്നതു്. ഒരു ഡിപ്പാർട്ടുമെന്റിന്റെ ഭരണസംബന്ധമായ സംഗതികൾ വാദവിഷയമാണു. എന്നാൽ നിയമനിർമ്മാണത്തിന്റെ ആവശ്യകത നിയമത്തിനധീനമായ മററു സംഗതികൾ ഇവ സെലക്ടുകമ്മററിയിൽ പ്രതിപാദിക്കാൻപാടില്ലാത്തതാകുന്നു."

മേൽകാണിച്ചതിനെ അനുകരിച്ചു് ബഡ്ജറ്റ് നിരൂപണത്തിലേർപ്പെട്ടിരിക്കുന്ന ഈ സഭയിൽ നിയമനിർമ്മാണം എന്ന ജോലി തല്ക്കാലത്തേക്കു നിർത്തിവച്ചിരിക്കുന്നുവെന്ന കാരണത്തിന്മേൽ, നിയമനിർമ്മാണം സംബന്ധിച്ചു യാതൊരു സംഗതികളും ഹാജരാക്കാൻപാടില്ലെന്നു ഞാൻ തീരുമാനിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ബ്രിട്ടീഷ് പാർലമെന്റിൽ മെമ്പറന്മാർക്ക് അവരുടെ അഭിപ്രായപ്രകടനത്തിന് അവസരം കിട്ടുമ്പോൾ അതാകുകൊല്ലത്തെ ഭരണസമ്പ്രദായത്തെ ക്രോഡീകരിക്കുന്നതായ ഒരു അഡ്രസ്സ് ചക്രവർത്തിതിരുമനസ്സിലേയ്ക്കു അയക്കുന്ന പതിവുണ്ടെന്നു പറഞ്ഞുകൊള്ളട്ടെയൊ? ബഡ്ജറ്റ് യോഗത്തിലല്ലാതെ ഇവിടെ അതിനു നമുക്കു ഒരവസരം ലഭിക്കുന്നില്ല.

അദ്ധ്യക്ഷൻ. നമുക്കു അങ്ങനെയൊരു പതിവ് മി: എ. കെ. പിള്ള പറഞ്ഞതുപോലെ ഇല്ലാത്തതുകൊണ്ടാണു ഭരണസംബന്ധമായ സംഗതികളെക്കുറിച്ചു് യോഗ്യതാനുസരണം അവസരംപോലെ ബഡ്ജറ്റുയോഗത്തിൽതന്നെ പ്രതിപാദിക്കാമെന്നു വച്ചിട്ടുള്ളതു്. എന്നാൽ നിയമനിർമ്മാണം സംബന്ധിച്ചു യാതൊരു സംഗതിയും, അതു സംബന്ധിച്ചുള്ള സഭയുടെ ജോലി തല്ക്കാലം മാററിവച്ചിരിക്കുന്നതിനാൽ, ബഡ്ജറ്റുനിരൂപണവേളയിൽ പ്രതിപാദിക്കാൻപാടില്ലാത്തതാകുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): നിയമനിർമ്മാണമെന്നു ഖണ്ഡിച്ചുപറയാൻ പാടില്ലാത്തതും, നിയമനിർമ്മാണസഭവഴിയല്ലാതെ നിയമമാക്കിട്ടുള്ളതുമായ ഒരു സംഗതിയുള്ളപ്പോൾ അതേപ്പററിയുള്ള സകല ചുമതലകളും ഗവണ്മെൻറിലാണു സ്ഥിതിചെയ്യുന്നതു്. ഈതിൽ നിയമ ശൈവപരിത്യത്തെ ഞങ്ങൾക്കു ചൂണ്ടിക്കാണിക്കാൻ കഴിയും.

അദ്ധ്യക്ഷൻ: ഏതുവഴിക്കുണ്ടായതാണെങ്കിലും നിയമനിർമ്മാണം നിയമനിർമ്മാണംതന്നെ. പ്രസ്തുതവിഷയത്തെ പാടവിഷയമാക്കുന്നതിനു മററുമാർഗ്ഗങ്ങൾഉണ്ടു്. ഒന്നു ഇന്നലെ മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസംഗിക്കാനായാരംഭിച്ചതും വർത്തമാനപത്ര റെഗുലേഷനേപ്പോലുള്ളതുമായ വിഷയങ്ങളെക്കുറിച്ചു് ചിന്തിക്കാനായി സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ള ഉപക്ഷേപം ഹാജരാക്കുകയാകുന്നു. എന്നാൽ പ്രസ്തുത സംഗതിയെക്കുറിച്ചു പ്രതിവാദിക്കാൻ നിങ്ങൾക്കവസരം കിട്ടുമോ എന്നുള്ളതു സഭതന്നെ തീരുമാനിക്കേണ്ട സംഗതിയാകുന്നു.

ബഡ്ജററുദ്യോഗത്തിൽ നിയമനിർമ്മാണം സംബന്ധിച്ചവിഷയങ്ങളെക്കുറിച്ചു് പ്രതിവാദിക്കാൻ പാടില്ലെന്നു തീരുമാനിച്ചു കഴിഞ്ഞു. മിസ്റ്റർ നീലകണ്ഠപിള്ള അവതരിപ്പിച്ചിട്ടുള്ളതായ ടോക്കൺമോഷൻ വർത്തമാനപ്പത്രറെഗുലേഷൻ മൂലമുണ്ടായിട്ടുള്ളസ്ഥിതിഗതികളെക്കുറിച്ചു ചിന്തിക്കുന്നതിനായി സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ തടയുന്നതല്ലോ എന്നുള്ളതും ഇന്നലെ സഭയിൽ ഹാജരാക്കിയതുമായ സംഗതിയെക്കുറിച്ചാണു് ഇനിചിന്തിക്കേണ്ടതു്. ബഡ്ജററിൽ അനുവദിക്കപ്പെട്ടിട്ടുള്ളതിൽ ചില കുറവുകൾ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു മി: നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുള്ളതെന്നാണു എനിക്കു അതേ സംബന്ധിച്ചു തോന്നുന്നതു്. അദ്ദേഹത്തിന്റെ ഉപക്ഷേപങ്ങൾ ഏതെങ്കിലും നിശ്ചിതനയത്തെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതല്ല. ഒരിനത്തിൽ ഒരു രൂപയും മറെറാരിനത്തിൽ ഒരു കാശും കുറയ്ക്കണമെന്നുകാണിച്ചു, നിശ്ചിതതുക കുറക്കണമെന്നുള്ള ഉപക്ഷേപങ്ങളാണു അവ. അതുകൊണ്ടു ആ ഉപക്ഷേപങ്ങൾ സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ തടയുന്നതായി ഗണിക്കാൻ പാടില്ലാത്തതാകുന്നു. അതുകയാൽ വർത്തമാനപ്പത്രറെഗുലേഷൻ മൂലമുണ്ടായ സ്ഥിതിഗതികളെക്കുറിച്ചു് ചിന്തിക്കുന്നതിനായി മി: തരകൻ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപം അനുവദനീയമായി സ്വീകരിച്ചിരിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറ്): ചട്ടം ൧൯ (൪) താഴെകാണും പ്രകാരം പറയുന്നു:—

ആലോചനയ്ക്കു മുൻകൂട്ടിനിശ്ചയിച്ചിട്ടുള്ളതോ ആലോചനക്കെടുക്കാമെന്നുമുൻകൂട്ടി നോട്ടീസുകൊടുത്തിട്ടുള്ളതോ ആയ യാതൊരു സംഗതിയേയും ഉപക്ഷേപം പ്രതീക്ഷിക്കാൻ പാടില്ലാത്തതാകുന്നു.

അതുകയാൽ ഈ സംഗതിയെപററി ഒരുപക്ഷേപത്തിനു മി: കെ. പി. നീലകണ്ഠപ്പിള്ള നോട്ടീസുകൊടുത്തിട്ടുണ്ടോഎന്നാണു ചിന്തിക്കേണ്ടതു്. നിയമമനുസരിച്ചു ഗ്രാൻറിനായുള്ള ഡിമാൻറു സമയത്തു ഒരുപക്ഷേപത്തെക്കുറിച്ചു ചിന്തിക്കുന്നതു് ഏതെങ്കിലും വകക്കായി നീക്കിവച്ചിട്ടുള്ളതുകയെ കുറക്കുകയൊ, നീക്കുകയോ ചെയ്യുന്നതിനാകുന്നു ഓരോ മെമ്പറന്മാർക്കും വിതരണം ചെയ്യപ്പെട്ടിട്ടുള്ള അച്ചടിഫാറങ്ങൾ ഏതെങ്കിലും ഇനത്തിലേക്കുദ്ദേശിച്ചിട്ടുള്ള തുക കുറയ്ക്കണമെന്നൊ, ഏതാനും ഇനത്തിലേയ്ക്കുള്ള സംഖ്യ നിശേഷം ഒഴിക്കണമെന്നൊ ആണു ഉപക്ഷേപം മൂലം വിശദീകരിക്കുന്നതു. മി: നീലകണ്ഠപ്പിള്ളയും ബഡ്ജററിൽ ഏതാനും ഇനത്തിലേക്കുദ്ദേശിച്ചിട്ടുള്ള തുകകൾ കുറക്കണമെന്നഭിപ്രായപ്പെട്ടിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു. ആ ഉപക്ഷേപനിരൂപണവേളയിൽ പക്ഷേ അദ്ദേഹം എന്തിനെപ്പററിയാണു സംസ്കാരിക്കാനുദ്ദേശിച്ചിരിക്കുന്നതെന്നു സൂചിപ്പിച്ചിട്ടുണ്ടായിരിക്കാം, എന്നാൽ അതു ഉപക്ഷേപത്തിന്റെ ഒരംശമായിരിക്കുന്നില്ല: എന്തെന്നാൽ ആ ഉപക്ഷേപവിചാരണയിൽ ഓരോ മെമ്പറിനും അവരവർക്കുതോന്നിയവിധത്തിൽ പ്രതിവാദിക്കാം. അതിനു ഞാൻ ഒരുദാഹരണം പറയാം. മി: മാക്മില്ലനെ നിയമിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചു് പ്രതിവാദിച്ചപ്പോൾ ഏതാനും മെമ്പറന്മാർ ദേവികുളം ഡിവിഷൻ കുറച്ചുകളയാമെന്നു അഭിപ്രായപ്പെട്ടു. ഇൻഡ്യാക്കാരനായ ഒരു ജനാംഗ്ലോസ്സ് മജിസ്ട്രേട്ടിനെ അവിടെ നിയമിച്ചാൽ മതിയെന്നു വേറെ ചില മെമ്പറന്മാരും അഭിപ്രായപ്പെട്ടു. വേറെയും പല അഭിപ്രായങ്ങളും പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു ഇപ്രകാരമുള്ള ഉപക്ഷേപങ്ങൾ പലവിധത്തിൽ പ്രതിവാദിക്കപ്പെടാവുന്നവയാണു. പൊതുഭരണത്തിലൊ, നിയമസഭയിലൊ, ഏതെങ്കിലും ഇനത്തിൽ ഒരു രൂപകുറക്കണമെന്നു മി: കെ. പി. നീലകണ്ഠപ്പിള്ള അഭിപ്രായപ്പെടുകയാണെങ്കിൽ അതിൽനിന്നും അദ്ദേഹം എന്താണുദ്ദേശിച്ചിട്ടുള്ളതെന്നു നിശ്ചയിക്കാൻ പ്രയാസമാണു. നിയമനിർമ്മാണ സഭ സെക്രട്ടറി മി: വി. പി. രാമസുബ്ബയ്യർ തന്റെ ജോലിയെ ശരിയായിനിർവ്വഹിക്കുന്നില്ലെന്നൊ, ഷാട്ട്ഹാന്റുകൾ ഇത്രകാലത്തെ ശമ്പളം വളരെ കുറഞ്ഞുപോയിട്ടെന്നൊ, നിയമനിർമ്മാണസഭാനടപടികൾ ഉടനടി പ്രസിദ്ധപ്പെടുത്തിയില്ലെന്നൊ ഏതെങ്കിലും അദ്ദേഹം ഉദ്ദേശിക്കുന്നതായിവരാം. ടോക്കൺ മോഷനെ സംബന്ധിച്ചു പ്രതിവാദിക്കുമ്പോൾ തന്നോടുള്ളതു സ്വന്ത അഭിപ്രായം തുറന്നു പറയുന്നതിനു അവർക്കു സ്വാതന്ത്ര്യമുണ്ടു്. അതുകൊണ്ടു മി: നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ സംബന്ധിച്ചു നോക്കുന്നതായാൽ അതു മി: തരകന്റെ ഉപക്ഷേപത്തെ ബന്ധിക്കുന്നതായി വിചാരിക്കാൻ ന്യായമില്ല. ഒരു രൂപാ കുറയ്ക്കണമെന്നാണു് മി: നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപം കാണിക്കുന്നതു്. അതു ബഡ്ജററിൽ നിർദ്ദിഷ്ടമായ പ്രത്യേകമൊരിനത്തെക്കുറിച്ചു പ്രതിവാദിക്കുന്നതിനായിട്ടാണു അദ്ദേഹം അയച്ചിട്ടുള്ളതും. അതുകൊണ്ടു ഇദ്ദേഹത്തിന്റെ ഉപക്ഷേപവും മി. തരകന്റെ ഉപക്ഷേപവും ഒന്നല്ലാ ഭിന്നങ്ങളാകുന്നു. സർ എർസ്കിൻമെയുടെ പാർലമെൻററി പ്രാക്ടീസ് എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചതായി അദ്ധ്യക്ഷൻ പറഞ്ഞതുപോലെ, നിയമനിർമ്മാണത്തിന്റെ ആവശ്യകതകൾ നിയമത്തെ രൂപപ്പെടുത്തുക, എന്നിപ്രകാരമുള്ള സംഗതികൾ ബഡ്ജററു് നിരൂപണത്തിൽ ഉൾപ്പെടുന്നില്ല. ഈ സഭയുടെ അഭിപ്രായങ്ങളെ ഗവണ്മെൻറിനെ ധരിപ്പിക്കുന്നതിനും കൈവശപ്പെടുത്തുന്നതിനും ഉള്ള മാർഗ്ഗം സഭാനടപടികൾ മാററിവയ്ക്കുന്നതിനു ഉപക്ഷേപമൊ, പ്രമേയമൊ ഹാജരാക്കുകയാകുന്നു. വർത്തമാനപ്പത്ര റെഗുലേഷനെപ്പററിയുള്ള പ്രമേയങ്ങൾ ബാലട്ടിലില്ലാത്തതിനാൽ സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ള ഉപക്ഷേപം ഹാജരാക്കുക ഒന്നു മാത്രമെ നിവൃത്തിമാർഗ്ഗമായി കാണുന്നുള്ളൂ. അതേ വിഷയത്തിൽ തന്നെ നിരൂപണം ഊഹിക്കപ്പെട്ടിട്ടുള്ള വേറെ എതെങ്കിലും ഉപക്ഷേപം ഉണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. മി. കെ. പി. നീലകണ്ഠപ്പിള്ള

ടെ ഉപക്ഷേപം ബഡ്ജറ്റിൽ ഒരു പ്രത്യേക ഇനത്തിൽ ഒരു രൂപ കുറയ്ക്കണമെന്നു മാത്രമാണെന്നാണു ഞാൻ മനസ്സിലാക്കിട്ടുള്ളതു. അതുകൊണ്ട് അതിന്മേലുള്ള നിരൂപണം ഈ സംഗതിയിലായിരിക്കാമെന്നുഹിക്കേണ്ട ആവശ്യമില്ല. ആകയാൽ മി: തരകന്റെ ഉപക്ഷേപം അനുവദനീയമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിഷയത്തിൽ കുറെ പ്രമേയങ്ങൾ അയച്ചിട്ടുണ്ട് ഉന്നയിക്കപ്പെട്ട ചട്ടം അവയേയും ബന്ധിക്കുന്നതല്ലേ?

മി. സുബ്ബയ്യർ (നിയമിക്കപ്പെട്ട (ഡെപ്യൂട്ടിപ്രസിഡന്റ്): ആ പ്രമേയങ്ങൾ ഈ സഭയിൽ പ്രതിവാദനത്തിന് ബാധ്യതയിൽ വന്നിട്ടില്ല. മുൻകൂട്ടി നിരൂപണത്തിനു സഭ ഉദ്ദേശിച്ചിട്ടുള്ളതായ ഒരു സംഗതിയെ സമാനപടികൾ മാററിവയ്ക്കണമെന്നുള്ള ഉപക്ഷേപം ഊഹിക്കാൻ പാടില്ലെന്നാണു നിയമം പറയുന്നതു്. അതുകൊണ്ടു ആ സംഗതിയിൽ ഒരു നിരൂപണം നാം ഊഹിക്കേണ്ടതില്ല. നോട്ടീസുകൊടുത്തിട്ടുള്ള ഉപക്ഷേപങ്ങളിലെഴിച്ചു ഇനി മേലുണ്ടാകാൻ പോകുന്ന നിരൂപണമെന്തായിരിക്കാമെന്നു നമുക്കു മുൻകൂട്ടി ചിന്തിക്കാൻ പാടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): എന്റെ ഉപക്ഷേപത്തിനിടയിൽ വർത്തമാനപ്പത്രറിപ്പോർട്ടിലേക്കുറിച്ചായിരിക്കണം നിരൂപണം എന്നു ചേർത്തിരിയ്ക്കുന്ന കുറിപ്പിന്റെ അർത്ഥമെന്താണെന്നു ദയവു ചെയ്തു സ്പീക്കർ പറയുമോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡെപ്യൂട്ടിപ്രസിഡന്റ്): അതു ഞാൻ പറഞ്ഞതുപോലെ ഉപക്ഷേപത്തിന്റെ ഒരു അംശമായിത്തീരുന്നില്ല. അതുപക്ഷെ ഉപക്ഷേപത്തെ എതിർക്കുന്നതിനൊ മറെറാവേണ്ടിവന്നാൽ ചാ മെംബർക്കോ ഉപക്ഷേപത്തെ എതിർക്കാൻ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥമെംബർക്കോ ഉപയോഗമായി തീരട്ടെയെന്നുള്ള ഉദ്ദേശത്തോടുകൂടി മെംബർ തന്നെ ചേർത്തിട്ടുള്ള ഒരു വിവരണം മാത്രമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ അഭിപ്രായത്തിനു പ്രമാണമായി കരുതേണ്ടതു ആരേയാണ്? എന്നെ തന്നെയോ മററാരെങ്കിലേയുമോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട)(ഡെപ്യൂട്ടിപ്രസിഡന്റ്): അദ്ദേഹത്തിന്റെ അഭിപ്രായത്തിനു അദ്ദേഹം തന്നെയാണു നിശ്ചയമായിട്ടും പ്രമാണം പക്ഷെ ഞാൻ പറയുന്നതു് അദ്ദേഹത്തിന്റെ ഉപക്ഷേപം ബഡ്ജറ്റിൽ ഒരു നിശ്ചിതഇനത്തിൽ ഒരു രൂപ കുറക്കണമെന്നു മാത്രമേയുള്ളുവെന്നാണ്. അദ്ദേഹത്തിന്റെ കുറിപ്പ് ഉപക്ഷേപത്തിന്റെ ഒരംശമായി തീരുന്നില്ല. അതുബഡ്ജറ്റിൽ ആ ഇനത്തിൽ ഉത്തരവാദിയായുള്ള ഉദ്യോഗസ്ഥന്റെ അറിവിലേക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു വിവരണം മാത്രമാകുന്നു.

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെംബർ): ഉപക്ഷേപങ്ങളുന്നയിക്കുന്ന ഓരോ മെംബറും അങ്ങനെ വിവരണക്കുറിപ്പ് കൂടി ചേർക്കണമെന്ന് നിർബന്ധമാണോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ) (ഡെപ്യൂട്ടി പ്രസിഡന്റ്): അങ്ങനെ ഒരു വിവരണം മെംബർന്മാർ കൊടുക്കേണ്ട ആവശ്യം ഒട്ടും തന്നെയില്ല. അങ്ങനെ ഒരുകുറിപ്പ് കൂടാതെ തന്നെ ഒരുപക്ഷേപം സാധുവായിരിക്കും.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഉപക്ഷേപകർത്താവു തന്റെ കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ളതല്ലാതെ മററു സംഗതികളെക്കുറിച്ച് പ്രസംഗിക്കുന്നതിനു മററു മെംബറന്മാർക്കു അധികാരമില്ലേ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ) (ഡെപ്യൂട്ടിപ്രസിഡന്റ്): അതാണു ഞാൻ ഇതുവരെ പറഞ്ഞതു് ഓരോ മെംബറിനും അവരവരുടെ അഭിപ്രായം പ്രകടിപ്പിക്കാവുന്നതാണ്.

മി: സി. പി. തരകൻ (കുന്നത്തുനാട്): ആ മെംബറിനു തന്നെ വേറെ വിഷയത്തെപ്പററി പറയാൻ പാടില്ലേ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ) (ഡെപ്യൂട്ടിപ്രസിഡന്റ്): അതും പറയാം (ചിരി).

വിഷയങ്ങളിലൊന്നാണ് അതു് മററ് വിഷയങ്ങളും അദ്ദേഹത്തിനു ഉൾപ്പെടുത്താം.

അദ്ധ്യക്ഷൻ: നിയമനിർമ്മാണസഭാ ചട്ടങ്ങൾ ഫൻ (ഗ)ാംവകുപ്പിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതനുസരിച്ചു നോക്കുന്നതായാൽ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അയച്ചിട്ടുള്ള ഉപക്ഷേപങ്ങൾ രണ്ടും ഉപക്ഷേപങ്ങളല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതുകൊണ്ട് സഭാനടപടികൾ മാററിവയ്ക്കണമെന്നു കാണിച്ചുള്ള മിസ്റ്റർ തരകന്റെ ഉപക്ഷേപം ഹാജരാക്കുന്നതിനുള്ള അപേക്ഷയെ അനുവദിക്കാവുന്നതാണ്. ആ അപേക്ഷയെ അനുവദിക്കണമോ വേണ്ടയോ എന്നുള്ളതു സഭതന്നെയാണു തീർച്ചചെയ്യേണ്ടതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): സഭ അദ്ദേഹത്തിനു അനുമതികൊടുക്കുന്നോ ഇല്ലയോ എന്നാണോ അങ്ങു ചോദിക്കുന്നതു്?

അദ്ധ്യക്ഷൻ: അദ്ദേഹത്തിനു അനുവാദം ആവശ്യമുണ്ടെങ്കിൽ ഉപക്ഷേപവുംകൊണ്ടു മുന്നോട്ടുവരുന്നതിനായി മിസ്റ്റർ തരകനു ഞാൻ അനുവാദം കൊടുക്കുകയാണ് ചെയ്യുന്നതു്?

മി: സി. പി. തരകൻ (കുന്നത്തുനാട്): അത്യാവശ്യമായ ഒരു പൊതുകാര്യത്തെ, അതായതു വർത്തമാനപ്പത്രറിപ്പോർട്ടേഷൻ മൂലമുണ്ടായിട്ടുള്ള സ്ഥിതിയെ, കുറിച്ചു പര്യാലോചിക്കുന്നതിനു സഭാനടപടികൾ മാററിവയ്ക്കണമെന്നു ഞാൻ ഉപക്ഷേപിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): മിസ്റ്റർ തരകൻ അനുവാദം ചോദിക്കുകയാണെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെയാണെങ്കിൽ അനുവാദം കൊടുക്കുന്ന കാര്യത്തിൽ ഞാൻ തടസ്സം പറയുന്നുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്റ്റാൻഡിംഗ് ഓഡർ നമ്പർ വന്നു അനുസരിച്ചു ഇന്നത്തെ സഭാനടപടികളിൽ അടുത്ത ഇനത്തിലേക്കു പ്രവേശിക്കാമെന്നു ഞാൻ ഉപക്ഷേപിക്കുന്നു.

അദ്ധ്യക്ഷൻ: ഞാൻ സഭയുടെ അഭിപ്രായത്തിനായി ചോദിക്കുന്നു. സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ളുപക്ഷേപം മിസ്റ്റർ തരകൻ കൊണ്ടുവരികയും, മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള അതിനെ രണ്ടുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതെപ്പററി സഭയുടെ അഭിപ്രായമറിയുന്നതിനു ഞാൻ അതിനെ സഭാസമക്ഷം വിട്ടിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ എന്റെ ഉപക്ഷേപം ഹാജരാക്കി അതപ്പററിതീർച്ചചെയ്തുഇവരെ മാററ ഉപക്ഷേപം സസ്പെൻഡിലിരുന്നു. അല്ലാത്തപക്ഷം സ്റ്റാൻഡിംഗ് ആർഡർ നമ്പ്ര വന്നു ആവശ്യമില്ലായിരുന്നു.

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): സ്ററാൻഡിംഗ് ആർഡർ നമ്പർ വന്നു നടപടികളെ സംബന്ധിച്ചാണ പറയുന്നത്. മിസ്റ്റർ തരകന്റെ ഉപക്ഷേപം ഇന്നത്തെ നടപടികളിലുൾപ്പെട്ട മസ്ററററമെന്റിൽ ഒരിനം അല്ല. അതുകൊണ്ടു ഉദ്ധരിക്കപ്പെട്ടതായ സ്റ്റാൻഡിംഗ് ആർഡർ അതിനെ ബന്ധിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഇന്നത്തെ നടപടികളെക്കുറിച്ചുള്ള ഒരു സ്റ്റേററമെന്റ അതനുസരിച്ചു ഇന്നു ഇനി അടുത്തു നടക്കേണ്ട ജോലിയിലേക്കു പ്രവേശിച്ചിട്ടു മിസ്റ്റർ തരകന്റെ ഉപക്ഷേപം മാററിവയ്ക്കണമെന്നാണു ഞാൻ പറയുന്നത്.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡിപ്യൂട്ടിപ്രസിഡന്റ്): സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ളതു പ്രത്യേകമൊരു വകുപ്പാണ്; ഇന്നത്തെക്കുള്ള നടപടിസ്റ്റേററമെന്റിൽ അതു ഉൾപ്പെടാൻ പാടില്ലാത്തതാകുന്നു. ഉപക്ഷേപത്തെപ്പററിയുള്ള അഭിപ്രായം ഉപക്ഷേപകർത്താവിൽ സ്ഥിതിചെയ്യുമ്പോൾ എങ്ങിനെയാണു നാം ഉപക്ഷേപത്തെ മാററി വയ്ക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. സ്റ്റാൻഡിംഗ് ആർഡർനമ്പ്ര വന്നു സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ കാണുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അതേസംബന്ധിച്ചു ഒരു തീരുമാനം അദ്ധ്യക്ഷനിൽ നിന്നുമുണ്ടാകണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ: മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ നിങ്ങളുടെ ഉപക്ഷേപം സാധുവല്ലെന്നു ഇന്നത്തെ സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ള സംഗതി അപ്രധാനമായ ഒന്നായതുകൊണ്ടു ഞാൻ അഭിപ്രായപ്പെടുന്നു. അതിനുശേഷം വർത്തമാനപ്പത്രറിഫ്ലേക്ഷൻ മൂലമുണ്ടായ സ്ഥിതിയെപ്പററി ചർച്ചാലോചിക്കുന്നതിനു സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ള ഉപക്ഷേപം ഹാജരാക്കുന്നതിനു സഭയുടെ അനുമതിയുണ്ടോ എന്നറിവാൻ വോട്ടിനിടപ്പെട്ടു. അഞ്ചുപേർ ഉപക്ഷേപത്തെ അനുകൂലിച്ചു.

അദ്ധ്യക്ഷൻ: ഇരുപതംഗങ്ങൾ മിസ്റ്റർ തരകനു അനുവാദം കൊടുക്കുന്ന കാര്യത്തിൽ അനുകൂലികളായിട്ടില്ലാത്തതിനാൽ അദ്ദേഹത്തിനു സഭയുടെ അനുമതി ഇല്ല.

ബഡ്ജററിനെപ്പററിയുള്ള ചൊദ്യനിർത്തുപണം വീണ്ടും തുടരട്ടെ.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡെപ്യൂട്ടിപ്രെസിഡന്റ്) സർ, എനിക്കു ബഡ്ജററിനെപ്പററി കുറഞ്ഞതാണു പറയാനുള്ളത്. ആദ്യമായി ഗവണ്മെന്റ്ന്റെ ഭരണത്തിൽ ഒന്നാമത്തെ കൊല്ലാകൊണ്ടുതന്നെ ബഡ്ജററിൽ ക്ഷ ാ ക്ഷ-ാമാണ്ടിൽ ക്ഷ ാ ലക്ഷം രൂപാ ചെലവു നീക്കിയിരുപ്പും അതിൽ കൂടുതലായ ഒരു തുക ക്ഷ ാ ക്ഷ-ാമാണ്ടത്തേക്കും കാണിച്ചു സഭാസമക്ഷം ഒരു ബഡ്ജററ് അവതരിപ്പിക്കുന്നതിനു സാധിച്ചതിൽ ഗവണ്മെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. അതു പുത്തനും ചെറുപ്പക്കാരനുമായ ഫൈനാൻഷ്യൽ സെക്രട്ടറി മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ സാമർത്ഥ്യത്തെ ദ്യോതിപ്പിക്കുന്നു ഇത്രാതിരി നീക്കിയിരിപ്പുവരുന്ന ബഡ്ജററുകൾക്കുമേലും രൂപികരിക്കുന്നതിനു തക്ക ഭാഗ്യം അദ്ദേഹത്തിനുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

നമ്മെ സംബന്ധിച്ചിടത്തോളം ബഡ്ജററിൽ കാണിച്ചിട്ടുള്ള ഏതാനും ഇനങ്ങളിലേക്കു നീക്കിവച്ചിട്ടുള്ള തുകകളെക്കുറിച്ചു എനിക്കു അല്പംപറയാനുണ്ട്. സാധുക്കൾക്കുഅഭയം നൽകുന്ന ഒരു ഡിപ്പാർട്ടുമെന്റായിട്ടാണു മെഡിക്കൽഡിപ്പാർട്ടുമെന്റിനെ കരുതിയിരിക്കുന്നത്. നമുക്കു വളരെ വലിയ ചെലവുള്ളതുമായ ഒരു സ്ഥാപനമുണ്ടെങ്കിലും അവയിൽ ചിലതിന്റെ നടത്തിപ്പിൽ പല ന്യൂനതകളും ഞാൻ കാണുന്നുണ്ട്. ഈ ന്യൂനതകളെ പരിഹരിക്കണമെങ്കിൽ ബഡ്ജററിൽ ശരിയായ തുകകൾ നീക്കിവയ്ക്കണം. ന്യൂനതകളിൽ ഒന്നിനെ സംബന്ധിച്ചിടത്തോളം അതായതു എക്സ്-റേയുടെ ആവശ്യകത ആ വകക്കായി ബഡ്ജററിൽ ൩,൦൦൦ രൂപ നീക്കിവച്ചിരിക്കുന്നതു ചാരിതാർത്ഥ്യജനകംതന്നെ. അതിനെസംബന്ധിച്ചുള്ള യന്ത്രവും അതിനെ ഉപയോഗിക്കുന്നതിനുള്ള ആളും പഴയപടി അല്ലാതെ ജനങ്ങൾക്കു തൃപ്തികരമായവിധത്തിൽ ആയിത്തീരണമെന്നുള്ള ഒരു ആശമാത്രമാകുന്നു അതിൽ എനിക്കുള്ളത്. അതുകൊണ്ടു ആ നിർദ്ദേശത്തിനു ഞാൻ സ്വാഗതം അരുളുന്നു. എല്ലൊ മററോ ഒടിഞ്ഞുപോയിരുന്നാൽ എക്സ്-റേയുടെ സഹായമില്ലായിരുന്നാൽ ഒടിഞ്ഞ എല്ലു ശരിയായി യോജിച്ചിട്ടുണ്ടോ ഇല്ലയൊ എന്നു കണ്ടുപിടിക്കുന്നതിനു ഡാക്ടർമാർക്കു പ്രയാസമായിരിക്കുന്നു.

അതേസംബന്ധിച്ചു ഇനി പറയാനുള്ളതു കണ്ണാശുപത്രിയെക്കുറിച്ചാണ്. കണ്ണാശുപത്രിയിലു അധികം പേർ അവിടെ പോയി നോക്കിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ഒരു ഇരുട്ടുമുറി ഇല്ലാതിരിക്കുന്നതു പരിതാപകരംതന്നെ. ഇപ്പോൾ നമുക്കു അതിന്റെ ഒരു ഛായമാത്രമെയുള്ളു എന്നു അതിലേക്കു നമ്മുടെമുമ്പിൽ കിട്ടീട്ടുള്ള ബഡ്ജററിലു യാതൊന്നും കരുതിട്ടുള്ളതായി കാണുന്നില്ല.

ആദ്യം പുസ്തകവിച്ചതുപോലെ ഈ അവസരത്തിൽ ഇവിടെയുള്ള ചുരുക്കെഴുത്തുകാർക്കു വളരെ കുറഞ്ഞ ശമ്പളമെ കൊടുക്കുന്നുള്ളു എന്നാണു എനിക്കു പറയാനുള്ളതു. ബ്രിട്ടീഷ് ഗവൺമ്മെന്റിലുള്ള ഷൊർട്ടുഹാൻഡ് പ്രവിശ്യകളിലേയും ചുരുക്കെഴുത്തു റിപ്പോർട്ടുകാരെ അപേക്ഷിച്ചു തങ്ങളുടെ റിപ്പോർട്ടുകാരുടെ ശമ്പളം ഇലോം തുഛമാണെന്നറിഞ്ഞു അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനായി മദ്രാസ് നിയമസഭയിൽ ഒരു പ്രമേയം പാസാക്കിയിട്ടുള്ളതു ഈ സഭ അറിഞ്ഞിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ റിപ്പോർട്ടുകാരുടെ ശമ്പളം മദ്രാസ് റിപ്പോർട്ടുകാരുടെ ശമ്പളത്തിൽപകുതിയിൽ കുറവും അവരുടെ എണ്ണം വളരെ കുറവുമാകുന്നു. അവരുടെ ജോലി ചുമതലയേറിയതും ബഹുമാനപ്പെട്ടതുമാകുന്നു. അതു കാണ്ടു ഗവണ്മെന്റു അതേസംബന്ധിച്ചു ശ്രദ്ധിക്കുമെന്നും അവരുടെ സ്ഥിതി പരിഷ്കരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

അടുത്തു എനിക്കു പറയാനുള്ളതു ആഹാരസാധനങ്ങളുടെ വിളവു വർദ്ധിപ്പിക്കണമെന്നാണ്. എന്റെ സ്നേഹിതൻ കൃഷിഡയറക്ടർ, ആഹാരപദാർത്ഥങ്ങളുടെ വിളവു വർദ്ധിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനും, അതിലേക്കു കൃഷിതന്നെയാണു പ്രധാനമായിട്ടുള്ളതെന്നും കണ്ടിട്ടു കൃഷിക്കാരെ കഴിയുന്നതു സഹായിച്ചു അവരെ പ്രോത്സാഹിപ്പിക്കുന്നതിനു തന്റെ കീഴുദ്യോഗസ്ഥന്മാരെ അദ്ദേഹം അനുവദിച്ചിട്ടുണ്ട്; എന്നാൽ നിർഭാഗ്യവശാൽ വനം കൺസർവേററർ നേരേമറിച്ചു് പ്രവർത്തിക്കുന്നതുകൊണ്ടു ആ സംഗതിയിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനു കൃഷിഡയറക്ടർക്കു സാധിക്കാതെവരുന്നു. എങ്ങനെയാണെന്നു ഞാൻ പറയാം. ഡാക്ടർ കുഞ്ഞൻപിള്ള കൃഷിക്കു ഏററവും ഉചിതമായ വളം ചാണകമാണെന്നാണു പറയുന്നതു്. ഇതിനു നമുക്കു കന്നുകാലി ഉണ്ടായിരിക്കണമെന്നുള്ളതിനുപുറമെ അവയ്ക്കു് മേയുന്നതിനു തക്ക പുൽത്തകിടികളും ഉണ്ടായിരിക്കണം. വനം കൺസർവേററർ കന്നുകാലികൾക്കു് മേച്ചിലിനു വേണ്ട സ്ഥലം അനുവദിക്കാതിരിക്കുന്നു. അതുകൊണ്ടാണ് വനം കൺസർവേററർ വിപരീതമായിരിക്കുന്നതെന്ന് ഞാൻ പറഞ്ഞതു്. ഈ രണ്ടു ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാരും ഒന്നുചേർന്ന് ഒരുണ്ടുപോലെ പ്രവർത്തിക്കാത്തപക്ഷം കൃഷിക്കാരുടെകാര്യം കുഴപ്പത്തിലാകുന്നതാണ്. എന്റെ സ്നേഹിതൻ വനം കൺസർവേററർ പറയുന്നതു് കന്നുകാലികൾക്കു് യഥേഷ്ടം മേയാവുന്ന കാടുകൾ തിരുവിതാംകൂറിൽ ധാരാളമുണ്ടെന്നാണ്. അദ്ദേഹം എടുത്തിട്ടുള്ള കണക്കിൽനിന്നും ആടു, മാടു, (കോലാടു്)ചെമ്മരുതി മുതലായവക്കു് എല്ലാസ്ഥലങ്ങളിലും ഒരേസമയം മേയാൻ സാധിക്കുന്നതല്ലെന്നു കാണിച്ചുകൊടുക്കാം. ചില സ്ഥലങ്ങളിൽ റിസർവ് വനങ്ങൾ മുന്നോ നാലോ മൈലുള്ളതായാണെങ്കിലും അദ്ദേഹം കാടുകൾ തിരിച്ചിട്ടിട്ടുണ്ട്. പതിച്ചു കൊടുത്തിട്ടുള്ള സ്ഥലങ്ങൾക്കടുത്തു് അദ്ദേഹം കാടുകൾ തിരിച്ചിടാറുണ്ട്. അതുകൊണ്ടു കന്നുകാലികൾക്കു് മേയുന്നതിന് പ്രയാസമായിരിക്കുന്നു. കഴിഞ്ഞകൊല്ലത്തെ അദ്ദേഹത്തിന്റെ റിപ്പോർട്ടിനോടുകൂടിയുള്ള അനുബന്ധം നോക്കിയപ്പോളാണ് സംഗതികൾ അത്ര പരിതാപനിലയിലാണെന്നറിയാനിടയായതു് കൊല്ലം, ചെങ്ങോട്ട ഇവ താലൂക്കുകളിൽ കുറെ സ്ഥലം എല്ലാമൃഗങ്ങൾക്കും, മററു കുറെ സ്ഥലങ്ങൾ ആടിനും കോലാടിനുമായും തിരിച്ചിട്ടിട്ടുണ്ടെന്നും എല്ലാമൃഗങ്ങൾക്കുംകൂടി സ്ഥലം ഇല്ലെന്നും ഇ ര—ാം വരിയിൽ കാണുന്നു. അതുകൊണ്ടു എല്ലാദ്ദേശങ്ങൾക്കുമായി കൊല്ലത്തും ചെങ്ങോട്ടയിലും സ്ഥലം വിട്ടിട്ടില്ല. എല്ലാമൃഗങ്ങൾക്കുംകൂടി മേയുന്നതിനു കുറെ സ്ഥലം പ്രത്യേകം തിരിച്ചിടേണ്ടതു് അത്യാവശ്യമായിട്ടാണെനിക്കുതോന്നുന്നതു്. എല്ലാമൃഗങ്ങൾക്കും മേയുന്നതിനാണു തിരിച്ചിട്ടുള്ള സ്ഥലമൊഴിച്ചു കന്നുകാലികളെ വേറെ ഏതിടത്തെങ്കിലും കൊണ്ടുപോകുന്നെങ്കിൽ മാത്രമെ അതുസംബന്ധിച്ചു ശ്രദ്ധിക്കേണ്ടതുള്ളു. കാടുകളെ സൂക്ഷിക്കണമെന്നുള്ളതിൽ വനം കൺസർവേററരോടു ഞാനും യോജിക്കുന്നു. എന്നാൽ ആടു, മാടു, ചെമ്മരുതി ഇവയ്ക്കു യഥേഷ്ടം മേയുന്നതിനു വേണ്ട സ്ഥലം വിട്ടുകൊടുക്കേണ്ടതു അത്യാവശ്യമാകുന്നു. എങ്കിൽ മാത്രമെ കൃഷിഡയറക്ടരുടെ ഉദ്ദേശ്യവും സാധിക്കുകയുള്ളു. മേയുന്നതിനു സ്ഥലമില്ലാതെ വളം കിട്ടാൻ വളരെ പ്രയാസമാണ്. ഗവണ്മെന്റു അക്കാര്യത്തിൽ വനം കൺസർവേററരെ അതേപ്പററി അവധാനപൂർവ്വം ആലോചിച്ചു എന്താണ് പ്രവർത്തിക്കേണ്ടതെന്നു അറിയുന്നതിൽ നിയോഗിക്കുമെന്നു വിശ്വസിക്കുന്നു.

സഭയുടെ ശ്രദ്ധക്കു വിഷയമാക്കണമെന്നു ഞാൻ വിചാരിക്കുന്ന മറെറാരുസംഗതി ഇന്നലെ എന്റെ മേശമേൽ വച്ചിരുന്ന ഒരെഴുത്തിലേതാണു. ഈ യിട ചങ്ങനാശേരിയിൽനടന്ന പരസ്പരസഹായസംഘം കാൻഫറൻസിൽ അദ്ധ്യക്ഷൻ ലാൻഡ്മാർട്ട്ഗേജ്ബാങ്കുകൾ ചില പ്രത്യേകരീതിയിൽ തുടങ്ങേണ്ടതാണെന്നു പ്രസ്താവിച്ചിരുന്നു. കൃഷിക്കാരെ സംബന്ധിച്ചുനോക്കിയിടത്തോളം അതു അത്യാവശ്യമായ ഒരു സംഗതിയാകുന്നു. ആ വിഷയത്തിൽ ഗവണ്മെന്റു വേണ്ട സഹായം ചെയ്യുന്നതായാൽ അതു ഇപ്പോൾ ബുദ്ധിമുട്ടുന്ന കൃഷിക്കാർക്കു വലുതായ ഒരനുഗ്രഹമായിത്തീരുന്നതാണ്.

ഫൈനാൻഷ്യൽസെക്രട്ടറി മിസ്റ്റർ ആർ. നീലകണ്ഠപ്പിള്ളയുടെ ബഡ്ജററ് പ്രസംഗത്തിൽ രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിൽ നിന്നുമുള്ള നികുതി വർദ്ധനവിന്റെ കാരണം നായന്മാരുടേയും ഈഴവരുടേയും വക അനേകം ദാനപത്രങ്ങൾ രജിസ്റ്റരാക്കീട്ടുണ്ടെന്നും അതിൽനിന്നുമാണ് ആദായം കൂടീട്ടുള്ളതെന്നും പറഞ്ഞുകാണുന്നു. എന്നാൽ അതേപ്പററി അദ്ദേഹം വല്ലകണക്കുകളും കൊടുത്തിട്ടുണ്ടോ എന്നു ഞാൻ നോക്കി. ആകപ്പാടെ എത്ര ആധാരങ്ങളാണ് രജിസ്റ്റർചെയ്തിട്ടുള്ളതെന്നു ഒരു കണക്കു പ്രസിദ്ധപ്പെടുത്തിയിരുന്നെങ്കിൽ റെഗ്ലേഷൻ എത്രത്തോളം ഉപയോഗപ്രദമായിത്തീർന്നിട്ടുണ്ടെന്നു കാണാമായിരുന്നു.

അവസാനമായി എനിക്കു പറയാനുള്ളതു് കാടു പതിച്ചു കൊടുക്കുന്നതിനെപ്പററിയാണ്. അതേസംബന്ധിച്ചു നോക്കിയാൽ തക്കതായ ക്രമം കൂടാതെതന്നെ ആകപ്പാടെയുള്ള സ്ഥിതി അനാശാസ്യമെന്നു പറയാം. പതിനഞ്ചു വർഷത്തിൽ കുറഞ്ഞ ഒരാററ കേസുപോലും എനിക്കറിഞ്ഞുകൂടാ. ഒരു സ്ഥലം പതിച്ചുകൊടുക്കണമെന്നും പറഞ്ഞു തന്റെ അവകാശങ്ങളെകാണിച്ചു റിസർവ്വുചെയ്യാനിട്ടിട്ടുള്ള സ്ഥലത്തിന്മേൽ ആരെങ്കിലും അപേക്ഷ കൊടുത്താൽ ആ അപേക്ഷയെ ഗൌനിക്കുതന്നെയില്ല. അയാൾക്കു കാട്ടിൽ പ്രവേശിക്കാനും പാടില്ല. ഗവണ്മെന്റിനു അതിൽനിന്നു ഒന്നും കിട്ടുന്നതുമല്ല. രണ്ടുകക്ഷികൾക്കും പ്രയോജനമില്ലാതായിട്ടാണ് അവസാനം ഏതായാലും അതുസംബന്ധിച്ചു വേണ്ടതു പ്രവർത്തിക്കുന്നതിനു പേഷ്കാരെക്കൊണ്ടു മാത്രം മതിയാകാത്തതിനാൽ ഒരുസ്പെഷ്യൽഉദ്യോഗസ്ഥനെ നിയമിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഗവണ്മെന്റു ചെയ്തിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇന്നത്തെ തീർച്ചയിന്മേൽ മിസ്റ്റർ പി. കെ. നാരായണപിള്ളക്കു തന്റെ പ്രസംഗം നിയന്ത്രിക്കാണമെന്നു തലശ്ശക്കിട്ടിൽ വരുത്തുവെന്നുള്ള ഏകകാരണത്താൽ തുടരാൻ പാടില്ലയോഎന്നു ദയവുചെയ്തു അറിയിക്കുമോ?

അദ്ധ്യക്ഷൻ: അതേപ്പററി മിസ്റ്റർ പി. കെ. നാരായണപിള്ളതന്നെ പറയുകയാണ് നല്ലതു്.

മി: സി. പി. താമസ് (നിയമിക്കപ്പെട്ടു): എന്റെ ആദ്യമായിട്ടുള്ള ജോലി പുതിയ കരം ചുമത്തി ജനങ്ങളെ ഉപദ്രവിക്കാതെ ചെലവുനീക്കി വലുതായ മിച്ചം വരുന്ന ഒരു ബഡ്ജററ് രൂപീകരിച്ചതിൽ ഫൈനാൻഷ്യൽ സെക്രട്ടറിയേയും ഗവണ്മെന്റിനേയും അഭിനന്ദിക്കുകയാകുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാടു്): കരമുമുകിനു അധികം തീരുവ കൂട്ടീട്ടുണ്ടെല്ലോ, അതു കരമല്ലയോ?

മി: സി. പി. തോമസ് (നിയമിക്കപ്പെട്ട): കുരുമുളകിന്റെ വിലയ്ക്കു കൂട്ടിയതു കുരുമുളകിന്റെ വില വളരെ കൂടുതലായിരുന്നപ്പോളാണിരുന്നു. അതു കൊണ്ടു അതു ഒരു ഭാരമായി കുരുമുളകു കൃഷിക്കാർ കരുതിയിരുന്നുമില്ല. അതേപ്പററി അത്രയെ പറയാനുള്ളു.

വിദ്യാലയങ്ങൾ പല്ലാരു ഗ്രാമ്യ വരവും വരവിൽ വളരെ കൂടുതലായ ചെലവും ഫൈനാൻഷ്യൽസെക്രട്ടറി ബഡ്ജററിൽ കാണിച്ചിരുന്നതായി ഞാൻ പറയുകയായിരുന്നു. ഇങ്ങിനെയുള്ള അവസരങ്ങളിൽ ധനസ്ഥിതിയെപ്പററി കുറച്ചുകൂടി തൃപ്തികരമായ നിലയെ അവലംബിച്ചു ചെലവിനത്തിൽ ഉപയോഗപ്രദങ്ങളായ ഇനങ്ങളിലേക്കു കുറച്ചുകൂടി വല്ലതും ചെയ്തിരുന്നെങ്കിൽ ഫൈനാൻഷ്യൽ സെക്രട്ടറിയുടെ കൃത്യം കുറച്ചുകൂടി അഭിനന്ദനീയമായിരിക്കുമായിരുന്നു. മേലാലെങ്കിലും വരുമാനത്തിൽ കുറവു വരവു കണക്കാക്കുകയൊ ചെലവു കണക്കാക്കുന്നതിൽ കൂടുതൽ ചെലവു ചെയ്യുകയോ ചെയ്തു പ്രയോജനകരങ്ങളായ പല ഇനങ്ങളിലും ചെലവിനു വഴികാണാതെ വരുന്നതിൽ അദ്ദേഹം വേണ്ടപോലെ ശ്രദ്ധിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

ഇനി വിദ്യാഭ്യാസവകുപ്പിനെക്കുറിച്ചു അല്പം പറയാനായി ഞാൻ ഒരുങ്ങുന്നു. വാദ്ധ്യാന്മാരുടെ ശമ്പളം കൂട്ടുന്ന വിഷയത്തിൽ വേണ്ടതു ആലോചിച്ചു പ്രവർത്തിക്കുന്നതിനായി നിയമിക്കപ്പെട്ട കമ്മററിയുടെ രൂപീകരണത്തിൽ മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ ഒരു പ്രതിനിധിയെന്നനിലയിൽ ഞാൻ ഗവണ്മെൻറിന്റെ പ്രവൃത്തിയെ അഭിനന്ദിക്കുന്നു. കമ്മിററിയുടെ നിയമനത്തിനു, അതേസംബന്ധിച്ചുണ്ടായ ജി. ഒ. യിലും അനാവശ്യമായതാമസം നേരിട്ടുവെങ്കിലും നിശ്ചിതസമയത്തിനുള്ളിൽ കമ്മിററി അതിന്റെ റിപ്പോർട്ടിനു അതിന്റെ അദ്ധ്യക്ഷനെ പ്രസിഡണ്ടപ്പെടുത്തി കഷ്ടപ്പെടുന്ന അദ്ധ്യാപകന്മാർക്കു സംകടനിവൃത്തിയുണ്ടാക്കിക്കൊടുക്കുമെന്നു വിശ്വസിക്കുന്നു.

ഒരുവർഷത്തിനുമുൻപു ദിവാൻജിഅവർകൾ വാക്കുത്തം ചെയ്തിട്ടുള്ളതും ആറുമാസത്തിനുമുൻപു വീണ്ടുംപറഞ്ഞിട്ടുള്ളതുമായ ജനറൽ വിദ്യാഭ്യാസകമ്മിററിയുടെ രൂപീകരണത്തിൽ ഗവണ്മെൻറു കാണിച്ച അമാന്തത്തിൽ ഞാൻ അനുശോചിക്കുന്നു. ഇനിയെങ്കിലും ഗവണ്മെൻറു കാലതാമസത്തിനിടയാകാതെ നീക്കിവയ്ക്കാൻപാടില്ലാത്തതായ ആ സംഗതിയിൽ കമ്മിററിയെനിശ്ചമിക്കുമെന്നു വിശ്വസിക്കുന്നു. ഗവണ്മെൻറധീനതയിൽ വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളെക്കുറിച്ചു പണ്ടു ചോദിച്ചിരുന്നതായ ഏകസഭ—അതായതു ഹൈഡ്മാസ്റ്ററന്മാരുടെ സഭ കഴിഞ്ഞ ഏതാനുവർഷങ്ങളായി ഇല്ലാതിരിക്കുന്നുവെന്നു കാണുമ്പോഴാണ് ഈ സംഗതിയുടെഗൌരവം എത്രകണ്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നതു് വിദ്യാഭ്യാസം നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരുസ്ഥലത്തു വിദ്യാഭ്യാസസംബന്ധമായ സംഗതികളെക്കുറിച്ചു കൂടക്കൂടെക്കൂടിയാലോചിക്കുന്നതിനു ഒരു സഭയില്ലാതിരിക്കുന്നതു ശോചനീയംതന്നെ. ഹൈഡ്മാസ്റ്ററന്മാരുടെ കാൺഫറൻസ് കൂടാതെ കഴിയുന്നുവെന്നും അതിനുള്ളകാരണം വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളെക്കുറിച്ചു ഗവണ്മെൻറു താമസിയാതെ ചിന്തിക്കുന്നതാണെന്നും വരുമ്പോഴാണു വിദ്യാഭ്യാസവകുപ്പിലുള്ള കഴിയുന്നതും വേഗത്തിൽ ഒരുകമ്മിററിയെ നിയമിക്കണമെന്നു നിർബന്ധിക്കേണ്ടിവരുന്നതു മുൻപുനടന്നു വന്നതുപോലെ വിദ്യാഭ്യാസകമ്മിററിയെ നിയമിക്കുന്നതു കൂടാതെ ഹൈഡ്മാസ്റ്ററന്മാരുടെ കാൺഫറൻസുകൂടി മുറക്കു നടപ്പിലാക്കുന്നതിൽ ഗവണ്മെൻറിനു വേണ്ടതുപ്രവർത്തിക്കാൻ കഴിയുന്നതാണോ എന്നുകൂടി ഗവണ്മെൻറു ആലോചിക്കണമെന്നുപേക്ഷയുണ്ട്.

ഇനിപ്രൈവാറു സ്കൂളുകളെ സംബന്ധിച്ചും അവയ്ക്കു കൊടുക്കുന്ന സഹായധനത്തെ സംബന്ധിച്ചും പറയേണ്ടിയിരിക്കുന്നു. കെട്ടിടങ്ങൾക്കും ഉപകരണങ്ങൾക്കുമായി സഹായധനം കൊടുക്കുന്നതിനെപ്പററി എഡ്യൂക്കേഷൻകാര്യത്തിൽ പ്രസ്താവിച്ചിട്ടുള്ളതിനെക്കുറിച്ചാണു ആദ്യമായി എനിക്കു പറവാനുള്ളതു. കെട്ടിടം അതിനുവേണ്ട ഉപകരണങ്ങൾ ഇവയെല്ലാം തൃപ്തികരമാംവണ്ണം ചെയ്തു തീർത്തു അംഗീകരണം സിദ്ധിച്ചിട്ടുള്ള ഒരുസ്കൂളിനല്ലാതെ കെട്ടിടത്തിനും ഉപകരണത്തിനുമായിട്ടുള്ള സഹായധനം കൊടുക്കാൻപാടില്ലെന്നു ഈയിടെ ഒരുനിയമം പാസാക്കിയിരിക്കുന്നതായി കാണുന്നു. ആ മാതിരി ഒരുന്യായം കോഡിൽനിന്നു വ്യക്തമാകുന്നുണ്ടെന്നു് എനിക്കു വളരെ സംശയമായിരിക്കുന്നു. അതേസംബന്ധിച്ചു വ്യക്തമായി കോഡിൽ യാതൊന്നുംതന്നെ പറയുന്നില്ല. വെറുംവ്യാഖ്യാനത്തിന്റെ ഒരുഫലമാണിങ്ങനെ ഒരുനിയമത്തിനിടയാക്കിയതു. അതുകൊണ്ട് അതേപ്പററി എനിക്കു പറയാനുള്ളതു ഇങ്ങിനെ ഒരുവ്യാഖ്യാനം ആവശ്യമില്ലാത്തതും ഔദാര്യരഹിതവുമാകുന്നു എന്നാണു അതിന്റെ ഫലം എന്നാണ് താഴെകാണുന്ന പ്രകാരമാണെന്നു പറയാം. ഒരുഹൈസ്കൂൾ തുടങ്ങുന്നതിനായി ഒരുപ്രൈവാറുസ്കൂൾ മാനേജർ ആരംഭിക്കുന്നതായി വിചാരിക്കുക. കുറഞ്ഞപക്ഷം ൨൦,൦൦൦ രൂപ കെട്ടിടത്തിനും ൪൦൦൦ രൂപ ഉപകരണങ്ങൾക്കുമായി അദ്ദേഹം ചെലവുചെയ്യേണ്ടിവരും. ഡിപ്പാർട്ടുമെൻറു പറയുന്നതു ആദ്യമായി ൨൦,൦൦൦ രൂപ കെട്ടിടത്തിനും ൪൦൦൦ രൂപ ഉപകരണങ്ങൾക്കും ചെലവാക്കുക.' അതിന്റെ ശേഷം കുട്ടികൾ വർദ്ധിച്ചു സ്ഥലം മതിയാകാതെ കെട്ടിടം നീട്ടണമെങ്കിൽ അതിനു, അതിനുവേണ്ട ഉപകരണങ്ങൾക്കു ഗവണ്മെൻറു ഗ്രാൻറു തന്നു ഞങ്ങളെസഹായിക്കും." എന്നാണു, പ്രൈവാറുസ്കൂളുകൾ തുടങ്ങുന്നതും നടത്തുന്നതും വിദ്യാഭ്യാസചെലവുകളെ സംബന്ധിച്ചു നോക്കുന്നതായാൽ ഗവണ്മെൻറിനു അതൊരു ഗണ്യമായ സഹായമല്ലെന്നു കാണാവുന്നതിനാൽ പ്രൈവാറുസ്കൂൾ മാനേജരന്മാരോടു കാണിക്കുന്ന ഈ നയം ശരിയായിട്ടുള്ളതൊ ബുദ്ധിപൂർവ്വമായിട്ടുള്ളതോ അല്ലാത്തതാകുന്നു. മാനേജരന്മാർ സ്കൂൾ തുടങ്ങുന്നതിനെ സംബന്ധിച്ചു് അതിന്റെ പ്രാരംഭചിലവുകൾക്കായി പണം ആവശ്യപ്പെടുമ്പോൾ അവർക്കു വേണ്ട സഹായം ഗവണ്മെൻറു ചെയ്തുകൊടുക്കേണ്ടതാണെന്നാണു ഞാൻപറയുന്നതു. അല്ലാതെ കെട്ടിടത്തിനും സാമാനത്തിനുംമററും പണം അവർ ചെലവുചെയ്തശേഷമല്ലാ അവരെസഹായിക്കേണ്ടതു്.

പ്രൈവാറു സ്കൂളുകളെ സംബന്ധിച്ചു ഗവണ്മെൻറു ശ്രദ്ധ കൊടുക്കേണ്ട വിഷയമാക്കാനുള്ളതു് പുതിയ സ്കൂളുകൾ തുടങ്ങുന്നതിൽ നിർവേറേണ്ടതായിട്ടുള്ള ചില നിബന്ധനകളെപ്പററിയാണ്. മാനേജരന്മാർക്കു നെരിട്ടിട്ടുള്ള ഒരു വിഷമം നിബന്ധനകളെ നിർവഹിക്കുന്നതിലാണു. അത്യാവശ്യമായിട്ടുള്ളതും അത്യാവശ്യമല്ലാത്തതുമായ നിബന്ധനകളെ ഡിപ്പാർട്ടുമെൻറു വേർതിരിച്ചു കാണിക്കുന്നില്ല. വാദ്ധ്യാന്മാരുടെ യോഗ്യതകൾ സാമാനങ്ങൾ, പഠിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ ഇവ പ്രധാന കാര്യങ്ങളാണു. കെട്ടിടത്തെ സംബന്ധിച്ചു ഒരു നിബന്ധനയുള്ളതു് തറക്കു തറയോടിടണമെന്നുള്ളതാണ്. മററൊരു നിബന്ധന കെട്ടിടത്തിനു ചുററുമുള്ള സ്ഥലം നിര

പ്പെടുത്തിയിട്ടുണ്ടെന്നുള്ളതാണ്. ഈ സംഗതികൾ ആദ്യം പ്രസ്താവിക്കപ്പെട്ടതുപോലെ അത്രപ്രധാനമല്ല. എന്നാൽ ഈ എല്ലാകാര്യങ്ങളും ഒന്നുചേർത്താണു ചുമതലപ്പെടാറുള്ളത്. അതിൽ ഏതാണു പ്രധാനമായിട്ടുള്ളതെന്നും ഏതു അപ്രധാനമായിട്ടുള്ളതെന്നും പേർ തിരിക്കുന്നതിനു മാനേജരന്മാർ വിഷമിക്കുന്നു. ഈ നിബന്ധനകളെ മാനേജർ നിർവ്വഹിക്കുന്നതിൽ തന്നെയും മിക്കവാറും സാദ്ധ്യമായിട്ടുള്ളതു പോലെ ഏതെങ്കിലും ഒരു കാര്യം നിർവ്വഹിച്ചിട്ടില്ലാ എന്ന കാരണത്താൽ അനുവാദം പിൻവലിച്ചുകൂടെന്നും, മാർഗ്ഗീകരണം എടുത്തു കളഞ്ഞിരിക്കുന്നു എന്നുമുള്ള അഭിപ്രായം ആവിർഭവിക്കും അദ്ദേഹത്തിനുള്ള അനുഭവം. മാനേജരെ അറിയിക്കുന്നതു് ഇങ്ങനെയാണ്. "നിങ്ങൾ നിർവ്വഹിക്കാമെന്നു സമ്മതിച്ചിട്ടുള്ള നിബന്ധനകളെ നിർവ്വഹിച്ചിട്ടില്ല." അതുകൊണ്ടു ഞാൻ പറയുന്നതു് ഈ നിബന്ധനകളെ മാനേജരന്മാർക്കു മുമ്പോൾ അതിൽ ഏതാണ് പ്രധാനമായിട്ടുള്ളതെന്നും ഏതു അപ്രധാനമായിട്ടുള്ളതെന്നും അവയെ നിർവ്വഹിക്കുന്നതിനുള്ള സമയം അവയുടെ പ്രാധാന്യമനുസരിച്ചു ക്രമപ്പെടുത്തണമെന്നും ആകുന്നു.

ഇതു സംബന്ധിച്ചു മറെറാരു സംഗതി പറയാനുള്ളതു സ്ഥല വ്യത്യാസത്തെക്കുറിച്ചാണ്. വിദ്യാഭ്യാസത്തിൽ പുതുതായി പിന്നാക്കം നിൽക്കുന്നതും, വിദ്യാഭ്യാസത്തിന്റെ ഗുണങ്ങളെക്കുറിച്ചു അറിയുന്നതിനു തക്ക ജ്ഞാനിയില്ലാത്ത ആളുകൾ താമസിക്കുന്നതും ആയ സ്ഥലങ്ങളിൽ അനുവദിക്കുന്ന സ്കൂളുകൾക്കു വിദ്യാഭ്യാസത്തിന്റെ ഗുണങ്ങളെക്കുറിച്ചു അറിയാവുന്ന ജനങ്ങളുള്ളതും നല്ല കെട്ടിടവും അതിനു വേണ്ട ഉപകരണങ്ങളും നിഷ്പ്രയാസം ഉണ്ടാക്കാൻ കഴിവുള്ള ആളുകളുള്ളതുമായ സ്ഥലത്തു അനുവദിക്കുന്ന സ്കൂളുകൾക്കു കൂടുതലായ നിബന്ധനകളേപ്പോലെ കാഠിന്യമുള്ള ചുമതലകൾ ചുമത്താൻ പാടില്ലാത്തതാകുന്നു. ഒരു പുതിയ സ്കൂൾ തുറക്കണമെന്നു വിചാരിക്കുന്ന സ്ഥലത്തു സ്കൂളിന്റെ ആവശ്യകതയെ നിറവേററുന്ന മററു സ്കൂളുകളുണ്ടോ എന്നു അന്വേഷിക്കേണ്ടതും അങ്ങനെയുള്ള സ്കൂളുകൾ തമ്മിൽ ചില താരതമ്യങ്ങൾ നടത്തപ്പെടേണ്ടതുമാകുന്നു. ഉദാഹരണമായി ധാരാളം സ്കൂളുകളുള്ള തിരുവല്ലായിലോ മദ്ധ്യതിരുവിതാംകൂറിലുള്ള മറെറന്തെങ്കിലും താലൂക്കുകളിലോ ഒരു സ്കൂൾ തുടങ്ങണമെന്നു വിചാരിക്കുന്ന പക്ഷം ആ സ്കൂളിന്റെ ഡിപ്പാർട്ടുമെന്റിൽ നിന്നും കാഠിന്യമായ ചുമതലകൾ ചുമത്തപ്പെടുന്നതായാൽ അതു സാധുകരിക്കപ്പെടാവുന്നതാണ്. നേരെ മറിച്ചു അങ്ങോ ആറോ മൈൽ ചിനകം ഇംഗ്ലീഷ് മീഡിയം സ്കൂളുകളില്ലാത്ത ഒരു സ്ഥലത്തു ഒരു മാനേജർ ഒരു സ്കൂൾ തുറക്കണമെന്നു വിചാരിക്കുന്നതായാൽ അതിലേക്കു നിശ്ചയിക്കുന്ന നിബന്ധനകൾ സ്വഭാവത്തിലല്ലെങ്കിലും അനുവദിക്കപ്പെട്ട സമയത്തിൽ ഒന്നു മാറെറണ്ടതാകുന്നു.

ഡിപ്പാർട്ടുമെന്റിൽ നിന്നും അനുവദിച്ചിട്ടില്ലാത്തതോ, ഗ്രാന്റു നൽകാമെന്നു സമ്മതിച്ചിട്ടുള്ള തല്ലാത്തതൊ ആയ സ്കൂൾ സാമഗ്രികൾക്കു സഹായധനം കൊടുക്കാൻ പാടില്ലെന്നുള്ള നിയമമാണ് സാമഗ്രികളെ സംബന്ധിച്ചു സഹായധനം കൊടുക്കുന്നതിൽ ഗൌനിക്കേണ്ട മറെറാരു സംഗതി. അതിന്റെ ദോഷമെന്താണെന്നാൽ സ്കൂളിലേക്കു ആവശ്യമുള്ള സാധനങ്ങൾ ആവശ്യപ്പെടുന്ന അവസരത്തിൽ വാങ്ങിക്കൊടുക്കുന്നതിനു തക്കവണ്ണം മാനേജരന്മാർക്കു ഡിപ്പാർട്ടുമെന്റിൽ നിന്നും അനുവാദം, വിശേഷിച്ചും ആവശ്യപ്പെടുന്ന സമയം തന്നെ ഗ്രാന്റു കൊടുത്തു കൊള്ളാമെന്നുള്ള അനുവാദം കിട്ടാൻ വിഷമമായിത്തീരുന്നു എന്നുള്ളതാണ്. വിദ്യാഭ്യാസച്ചെലവു കുത്തനെ കൂടിയപ്പോൾ അതിൽ അംഗങ്ങളായിരുന്ന എല്ലാമാനേജരന്മാരും അതിനെപ്പററി പ്രസ്താവിച്ചു. എന്നാൽ പ്രായോഗികമായ വിഷമങ്ങളെ ഓർത്തു വളരെ ചുരുക്കം ചില മാനേജരന്മാരുമാത്രമേ ഗ്രാന്റിനു അപേക്ഷിക്കാൻ ഒരുമ്പെട്ടുള്ളു. അതുകൊണ്ടു ഞാൻ ഗവർണ്ണർമാരോടപേക്ഷിക്കുന്നതു് മുൻകൂട്ടി ഗ്രാന്റനുമതി കിട്ടിയിരിക്കണമെന്നുള്ള നിയമത്തെ ഭേദപ്പെടുത്തണമെന്നാണ്. ഡിപ്പാർട്ടുമെന്റിൽ നിന്നും ഗ്രാന്റു കൊടുക്കാൻ ഫണ്ടു കണ്ടുപിടിക്കുന്നതുവരെ മാനേജരന്മാർ ക്ഷമിക്കുന്നതിനു ഒരുക്കമുണ്ടെങ്കിൽ പിന്നെന്തിനാണു ഈ സംഗതിയിൽ അത്ര നിർബന്ധം കാണിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഡിപ്പാർട്ടുമെന്റിൽ നിന്നും ഫിനിസ്റിന്റെ അംഗീകരിക്കണമെന്നുള്ളതു് ആവശ്യം തന്നെ. ശേഖരിച്ചിട്ടുള്ള സാമാനങ്ങളുടെ ലിസ്റിന്റെ അംഗീകരിക്കപ്പെട്ടതും, പണം ഉണ്ടാകുന്നതു വരെ ഗ്രാന്റുവാങ്ങിക്കുന്നതിനു മാനേജർ കാത്തിരിക്കുന്നതിനും തയ്യാർ ആണെങ്കിൽ അപ്പോൾ ഗ്രാന്റു കൊടുക്കാവുന്നതാണ്. ഗ്രാന്റു കൊടുക്കുന്ന അവസരത്തിൽ ഡിപ്പാർട്ടുമെന്റിൽ നിന്നു പുതുതായ അപേക്ഷകളെ ഒഴിച്ചു തന്റെ അപേക്ഷക്കു പ്രാധാന്യം കൊടുക്കണമെന്നു മാനേജർ കരുതുന്നതാണ്. അതുകൊണ്ടു മാനേജരന്മാർ ഗ്രാന്റു കൊടുക്കുന്നതിലേക്കു വേണ്ട ഫണ്ടു ഗവർണ്മെന്റിനുണ്ടാകുന്നതു വരെ കാത്തിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. മുൻകൂട്ടി അനുവാദം വാങ്ങുന്നതിനു പ്രയാസമാണെന്നു കണ്ടിട്ടു മിക്കമാനേജരന്മാരും ഗ്രാന്റിന് ശ്രമിക്കുന്നതു് നിഷ്പ്രയോജനമായി കരുതി തള്ളിക്കളയുകയാണ് ചെയ്തു വരുന്നതു്. കെട്ടിടങ്ങൾക്കാകട്ടെ, സാമാനങ്ങൾക്കാകട്ടെ ആയി ഗ്രാന്റു് ചുരുക്കമാണു അപേക്ഷിച്ചതായ ഒരു ഗവർണ്മെന്റു റിപ്പോർട്ടിൽ കാണുന്നതു് ചുരുക്കം സ്കൂളുകളാണ്. സ്കൂളിന് ആവശ്യമുള്ള സാമാനങ്ങൾ അതാതു സമയം തന്നെ വാങ്ങിക്കൊടുക്കുന്നതിന് ഗവർണ്മെന്റിൽ നിന്നു കാലതാമസം കൂടാതെ അനുവാദം കിട്ടുന്നതു വിഷമമാണെന്നു കണ്ടിട്ടല്ലാതെ ഒരു മാനേജർക്കും ഗ്രാന്റിനു ആവശ്യമില്ലാഞ്ഞിട്ടല്ലാ ഗ്രാന്റിനു അപേക്ഷിക്കാതിരുന്നതു്.

വിദ്യാഭ്യാസവിഷയത്തെപ്പററി ഒന്നുകൂടി എനിക്കു പറയാനുണ്ട്. അതു സന്മാർഗ്ഗപാഠത്തെസംബന്ധിച്ചാണു ഡാക്ടർ മിച്ചൽ പുതിയകോട്ടയം പുതിയരീതിയിലുള്ള പാഠപദ്ധതിയും അവതരിപ്പിച്ചപ്പോൾ അദ്ദേഹം നീതിയുടെ മുഖപുരയായി ഇതിനെപ്പററി അല്പം പറയുന്നുണ്ട്. സന്മാർഗ്ഗോപദേശത്തെപ്പററി പാഠപദ്ധതിയിൽ യാതൊന്നും പറയുന്നില്ല. ഡിപ്പാർട്ടുമെന്റിൽ നിന്നും അതിന്റെ പ്രാധാന്യത്തെ അറിയാത്തതുകൊണ്ടല്ലാ ശരിയായരീതിയിലുള്ള സന്മാർഗ്ഗപാഠങ്ങളെ രൂപീകരിക്കുന്നതിനുള്ള വിഷമം കൊണ്ടാണു അങ്ങനെ ചെയ്യാത്തതു്. എന്നാൽ അതേസമയംതന്നെ സന്മാർഗ്ഗപാഠത്തെ സംബന്ധിച്ചു ഓരോ സ്കൂളുകളിലും എന്തു ചെയ്യുന്നുവെന്നു അന്വേഷിക്കുന്നതിനു ഇൻസ്പക്ടരന്മാരോ-പ്രത്യേകം ചുമതലപ്പെടുത്തീട്ടുണ്ട്. ആണ്ടുതോറുമുള്ള റിപ്പോർട്ടുകളിൽ, ഏതെങ്കിലും സ്കൂളിൽ സന്മാർഗ്ഗോപദേശത്തെപ്പററി എന്തു ചെയ്യുന്നുവെന്നു ഇൻസ്പെക്ടർ അന്വേഷിച്ചറിഞ്ഞതായിട്ടെന്നിലും തന്നെ കാണുന്നില്ല. പ്രൈവററ് സ്കൂളുകളിൽ മതോപദേശംമൂലം അതിൽ കുറെ ശ്രദ്ധിക്കാവുന്നതെന്നു എനിക്കറിയാം, ഗവർണ്മെന്റു സ്കൂളുകളിൽ എന്തുചെയ്യുന്നുണ്ടെന്നെനിക്കറിഞ്ഞുകൂടാ. മതസംബന്ധമായ ഉപദേശങ്ങൾ ഗവർണ്മെന്റു സ്കൂളുകളിൽ സാധ്യമല്ലെങ്കിലും ആഴ്ചതോറും എത്രയോ സമയം ജീവചരിത്രം മുതലായ അനുയോജ്യങ്ങ

ളായ പാഠങ്ങളുള്ള പാഠപുസ്തകങ്ങൾ വഴിയായി ഗവണ്മെന്റ് സ്കൂളുകളിലും സന്മാർഗ്ഗോപദേശങ്ങളെക്കുറിച്ചു ശ്രദ്ധിക്കാവുന്നതാകുന്നു. പ്രൈവറ്റ്സ്കൂളുകളിൽ സാധാരണയുള്ള സമയത്തിൽ അല്പംകൂടി ഇതിലേക്കു ചെലവാക്കുന്നതിനു ഞങ്ങളെ അനുവദിക്കുന്നില്ല. അതുകൊണ്ടു സന്മാർഗ്ഗോപദേശത്തിനായി വച്ചിരിക്കുന്നസമയം ഉച്ചക്കുമുമ്പാണു. മിക്കസ്കൂളുകളിലും മതോപദേശത്തിനുള്ള സമയം അദ്ധ്യേതാക്കളും അവരെ പഠിപ്പിക്കാനുള്ള അദ്ധ്യാപകന്മാരും ക്ഷീണിച്ചിരിക്കുന്ന അവസരമായ മദ്ധ്യാഹ്നമാണ്. അതുകൊണ്ടു സന്മാർഗ്ഗോപദേശത്തിന്റെ പ്രാധാന്യതയെ ഓർത്ത് ആഴ്ചയിൽ രണ്ടോ മൂന്നോ മണിക്കൂർവീതം അദ്ധ്യയനസമയമായ മുപ്പതു മണിക്കൂറിൽ നിന്നും ചെലവുചെയ്യുന്നതിനു മാനേജന്മാർക്കു അനുവാദം നല്കേണ്ടആവശ്യകതയെക്കുറിച്ചു ചിന്തിക്കുന്നതിനായി ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു. അല്ലാത്തപക്ഷം അതിലേക്കു ചെയ്തു കൊണ്ടിരിക്കുന്ന തുച്ഛമായ യത്നവും നാമമാത്രമായി തീരുകയേയുള്ളു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഡെപ്യൂട്ടിപ്രസിഡന്റ്): അദ്ധ്യേതാക്കളും അദ്ധ്യാപകന്മാരും അക്ഷീണന്മാരായിരിക്കുന്ന രാവിലത്തെ ആദ്യസമയമായാൽ തടസ്സമുണ്ടോ?

മി: സി. പി. തോമസ് (നിയമിക്കപ്പെട്ട): ഇതിലേക്കുള്ള സമയം രാവിലെ ആകുന്നതായാൽ ഒരുനിബന്ധവിഷയമല്ലാത്തതു കൊണ്ടു പലകുട്ടികളും ഹാജരാകാതിരുന്നേക്കാനിടയുണ്ട്, അതാണ് നിയമനയുള്ള സമയത്തിനു മുൻപു ഇതിനു ഒരുങ്ങുന്നതായാലുള്ള ദോഷം. കൂടാതെ രാവും അഞ്ചും നാഴികയ്ക്കു മുമ്പുനിന്നു വരുന്ന നാട്ടുംപുറങ്ങളിലുള്ള സ്കൂളുകളിലെ കുട്ടികൾക്കു പ്രയാസവുമാകുന്നു. മതോപദേശസമയം ക്ലാസ്സിൽ പോകാതെ കഴിച്ചു കൂട്ടുന്നതിനു അവർക്കു ഒരു പ്രേരണകൂടിയായി തീർന്നേക്കും.

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): ഇതു ഒരുനിബന്ധവിഷയമാക്കണമെന്നു മിസ്റ്റർ സി. പി. തോമസ് പറയുന്നുണ്ടോ

മി: സി. പി. തോമസ് (നിയമിക്കപ്പെട്ട): ഞാൻ അങ്ങനെപറയുന്നില്ല. സന്മാർഗ്ഗോപദേശത്തെ സംബന്ധിച്ചുള്ളതെന്തുകൊണ്ടും അതു നിബന്ധമാക്കണം. മതോപദേശം നിബന്ധവിഷയമാക്കാൻ പ്രയാസമുണ്ട്.

ഇനി വിദ്യാഭ്യാസവകുപ്പിലേക്കു അനുവദിച്ചിട്ടുള്ള തുകയിൽ മിച്ചമിരുപ്പിനെപ്പററി അല്പം പറയാനുണ്ട്. വിദ്യാഭ്യാസസംബന്ധമായ പല ആവശ്യങ്ങളും നിറവേററുന്നതിനു പണമില്ലെന്നു മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഡിപ്പാർട്ടുമെന്റിൽനിന്നും ഒരുകൊല്ലം രണ്ടുലക്ഷവും വേറൊരുകൊല്ലം അരലക്ഷവും വീതം വലിയതുകകൾ മിച്ചം കാണുന്നതു് ശോചനീയംതന്നെ. ഗ്രാന്റുകൊടുക്കുന്ന വിഷയത്തിൽ പ്രൈവറ്റ്സ്കൂൾ മാനേജന്മാരെ സഹായിക്കണമെന്നു ഗവണ്മെന്റിനു വിചാരമുണ്ടായിരുന്നെങ്കിലും അങ്ങനെ ഗവണ്മെന്റിനു നിന്നും ഒരു സഹായത്തിനു മാനേജന്മാർ എത്രത്തോളം ആവശ്യമുള്ളവരായിരുന്നുവെന്നു ഡിപ്പാർട്ടുമെന്ററിഞ്ഞിരുന്നുവെങ്കിലും ആ വഴിക്കു കൂടുതൽ പണം ചെലവുചെയ്യുന്നതിനു ഡിപ്പാർട്ടുമെന്റിനു സാധിക്കുമായിരുന്നുവെന്നുള്ളതു നിശ്ചയമാണു. നാട്ടുംപുറപ്പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ കുറഞ്ഞതാരുകാലമായുള്ള നിലവിളി നോക്കിയാൽ അവരുടെ ശമ്പളത്തിൽ ശാശ്വതമായ ഒരു കൂട്ടത്തിനു നിവൃത്തിയില്ലെങ്കിലും സംസ്ഥാനത്തെ അക്കൌണ്ടു നിയമം അനുവദിക്കുന്നപക്ഷം അവർക്കു ഒരു ബോണസ് കൊടുക്കുന്ന വിഷയത്തിലെങ്കിലും ഒരു ഗ്രൂപ്പാർ ചെയ്യുന്നതിൽ ഡിപ്പാർട്ടുമെന്റു വൈമുഖ്യം കാണിച്ചതു എന്തുകൊണ്ടാണെന്നറിയുന്നില്ല.

പ്രൈവറ്റ്സ്കൂളുകളിൽ പകുതി ഫീസ് ഇളവുചെയ്തുകൊടുക്കുന്നതിനെപ്പററി എന്റെ സ്നേഹിതൻ മിസ്റ്റർ പാറ ഡാനിയൽ ഇന്നലെപറഞ്ഞതു തന്നെ ഞാൻ വീണ്ടും പറയുന്നു. ഈ പകുതിഫീസ് പ്രൈവറ്റ്സ്കൂൾ മാനേജരന്മാരോടാലോചിക്കാതെ ഗവണ്മെന്റു ഏർപ്പെടുത്തിട്ടുള്ളതാണ്. പ്രൈവറ്റ്സ്കൂൾ മാനേജന്മാർ അതിനെ അനുഷ്ഠിക്കേണ്ടതില്ലെങ്കിലും പലരുമതിൽ വ്യാസാദ്ധ്യത്തിനകത്തു ഒന്നിലധികം സ്കൂളുകളില്ലാത്ത സ്ഥലത്തെ മാനേജരന്മാരൊഴിച്ചു മററുള്ളവർ അതു് അനുഷ്ഠിക്കേണ്ടതാണിട്ടാണിരിക്കുന്നതു്. താഴ്ന്നവർഗ്ഗക്കാരുടെ നന്മയെ ഉദ്ദേശിച്ചു പകുതി ഫീസ്സുനുവലിച്ചു കൊടുക്കേണ്ടതാണെന്ന് ഗവണ്മെന്റിനു തോന്നുകയാണെങ്കിൽ അതിൻമൂലം മാനേജരന്മാർക്കുണ്ടാകുന്ന നഷ്ടം മുഴുവനും ഗവണ്മെന്റിൽനിന്നുതന്നെ കൊടുക്കേണ്ടതാണ്.

ഗവണ്മെന്റിന്റെ പ്രത്യേക ശ്രദ്ധയെ അർഹിക്കുന്നവരും, ഭാരമേറിയതും ക്ലേശാവഹവുമായ ജോലിനിർവ്വഹിക്കുന്നവരുമായ ചുരുക്കെഴുത്തു റിപ്പാർട്ടന്മാരുടെ ശമ്പളത്തെ സംബന്ധിച്ചു് മിസ്റ്റർ സുബ്ബയ്യർ രേഖപ്പെടുത്തിയ അഭിപ്രായത്തോടുകൂടി ഞാനും യോജിക്കുന്നു.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു് ഓരോ ഡിസ്ട്രിക്ടിലും അവശ്യം കൂടിയേതീരൂ എന്നുള്ള ജോലിയുടെ പ്രാധാന്യത്തെപ്പററി ആലോചിക്കുന്നതിനു ഡിസ്ട്രിക്ട്ബോർഡുകൾ സ്ഥാപിക്കേണ്ട ആവശ്യകതയെപ്പററിയാണ് ഞാൻ പറയാൻപോകുന്നതു്. ഇപ്പോൾ ഒന്നോ അധികമോ ആളുകളുടെ അഭ്യർത്ഥനപ്രകാരം ഒരുറോഡിനു പകരം വേറൊരുറോഡ് സ്വീകരിക്കുമായിരിക്കുന്നു. ഇങ്ങനെ നമുക്കു ഏതാനും നല്ലറോഡുകൾ കിട്ടുന്നുവെന്നുള്ളതിൽ സംശയമില്ല. എങ്കിലും ഒരു നയമനുസരിച്ചു നിശ്ചിതസ്ഥലങ്ങളിൽ റോഡുകൾ വെട്ടുന്നതിനെയും മററുതരത്തിലുള്ള ഗതാഗതസൌകര്യങ്ങളുടെയും ആവശ്യകതയെപ്പററി ഡിപ്പാർട്ടുമെന്റിനെ ഗുണദോഷിക്കുന്നതിനു തൃപ്തികരമായ ബോർഡുകൾ സ്ഥാപിക്കേണ്ടതു് അത്യാവശ്യമാകുന്നു.

എക്സ്റെയെസംബന്ധിച്ചു ചെയ്ത ഗ്രൂപ്പാർ്ക്കു പിൻതാങ്ങി എനിക്കു അല്പം പറയാനുണ്ട്. അതിന്റെ നടത്തിപ്പിനു ആവശ്യമുള്ള പ്ളാൻറിനു ബഡ്ജററിൽ വേണ്ട നിക്ഷേപം കരുതീട്ടുണ്ടെന്നുള്ളതു സന്തോഷാവഹം തന്നെ. മെഡിക്കൽ ഡിപ്പാർട്ടുമെന്റു അതിലേക്കു ഉടൻതന്നെ വേണ്ടതു പ്രവർത്തിച്ചു ആ ജോലി തുടങ്ങി ഇപ്പോൾ അമ്മാതിരി ആവശ്യങ്ങൾക്കായി മദ്രാസിലും മററും പോകുന്ന ആവശ്യത്തെ ഇവിടംകൊണ്ടുതന്നെ നിർവ്വഹിച്ചു് വേണ്ട സൌകര്യം നല്കുമെന്നു മാത്രം ഞാൻ പ്രത്യാശിക്കുന്നു.

മി: ററി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേട്ടും): ൧൯൩൦-൩൧ാമാണ്ടത്തെ ധനകാര്യസംബന്ധമായ സംഗതികൾ അത്ര സന്തോഷാവഹമല്ലാതെയാണു ആണ്ടു കാണപ്പെട്ടതെങ്കിലും അക്കൊല്ലത്തെ വരവിൽ ഗണ്യമായ ഒരു വർദ്ധനയുണ്ടായിരുന്നു. പത്തുലക്ഷം രൂപ മിച്ചം കാണുന്നതിനു നമുക്കു സാധിച്ചിട്ടുണ്ട്. വെള്ളപ്പൊക്കം മുതലായ നാശങ്ങൾ കേവലം നിസ്സാരങ്ങളായിരുന്നുവെന്നും ഗവണ്മെന്റും ജനങ്ങളും തൻമൂലമുണ്ടായ കഷ്ടപ്പാടുകളിൽനിന്നും ശീഘ്രം നിവൃത്തിക്കപ്പെട്ടുവെന്നുമാകുന്നു അതിൽനിന്നു വ്യക്തമാകുന്നതു്. ൧൯൩൧-ാമാണ്ടത്തെ ബഡ്ജററ് തയാറാക്കിയപ്പോൾ ൧൯൩൦-ാമാണ്ടത്തെ വരവു എത്രയെന്നു നിർണ്ണയമി

ച്ചായിരുന്നു. കൂടാതെ ൧൯൨൦-ാമാണ്ടത്തെ ബഡ്ജററ് ൧൯൨൧-ാമാണ്ടു നാട്ടിനു നേരിട്ട ആപത്തിൽനിന്നു രക്ഷപ്രാപിച്ചു എന്നു ബോദ്ധ്യം വരാതെ കണ്ടാണു തയാർ ചെയ്തിട്ടുണ്ടായിരുന്നതും, കഴിഞ്ഞവർഷത്തെ ബഡ്ജററിൻപ്രകാരം നീക്കിയിരിപ്പു നൂറു ലക്ഷമാണെങ്കിലും പരിഷ്കരിക്കപ്പെട്ട കണക്കുപ്രകാരം ൧൭൫ ലക്ഷം രൂപ മിച്ചം വരുമെന്നാണ് ഉദ്ദേശിക്കുന്നതു്. ൧൯൨൦-ാമാണ്ടത്തെ സ്ഥിതി ആലോചിച്ചാൽ അതിൽ കൂടുതലായ ഒരു തുകതന്നെ നാം ഉദ്ദേശിച്ചിരുന്നാൽതന്നെയും വരവു നിർണ്ണയപ്പെടുത്തുമ്പോൾ വലിയ തെററിന്നിടവരുകയില്ലെന്നു നമുക്കു്ഹിക്കാം.

അടുത്തകൊല്ലത്തെ വരവു ബഡ്ജററിൻപ്രകാരമുള്ള വരവ് ൧൯൨൧ ലക്ഷം രൂപയാകുന്നു. കഴിഞ്ഞ കൊല്ലത്തെ വരവിൽ ൪,൭/൮ ലക്ഷം രൂപ കുറവാണു്. ൧൯൨൦-ാമാണ്ടത്തെ ബഡ്ജററിൽ നാം വലിയ കുറവുകണക്കിട്ടുണ്ടെന്നു പക്ഷെ തോന്നിയേക്കാം. എന്നാൽ പരമാർത്ഥം അങ്ങനെയല്ല. പുറമ്പോക്കുകൾ വിററ ഇനത്തിൽ ൧൯൨൦-ാമാണ്ടത്തെ വരവു ഏപ്രിൽവരവിലാണ് ബഡ്ജററിൽ കൊള്ളിച്ചിരുന്നതു്. എന്നാൽ ആ ഇനം വരവു "ലാൻഡ്റവന്യൂ" എന്ന ഇനത്തിലേന്നിന്നും മാററിയ്ക്കുകയും 'റവന്യൂ പ്രോപ്പിററി' എന്ന ഇനത്തിൽ കാണിച്ചിരിക്കുന്നു. അതുകൊണ്ടു ൧൯൨൦-ാമാണ്ടത്തെ ബഡ്ജററ് വരവു കഴിഞ്ഞ കൊല്ലത്തെ പരിഷ്കരിക്കപ്പെട്ട ബഡ്ജററിൻപ്രകാരം നൂറു ലക്ഷം രൂപ മാത്രമേ കുറഞ്ഞുകാണുന്നുള്ളു. അടുത്തകൊല്ലത്തെ വരവു നൂറു ലക്ഷം രൂപയല്ലാ ൧൭൫ ലക്ഷം രൂപയേ കുന്നു. ഇതു കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഇട്ടിട്ടുള്ളതാണ്. അപ്രതീക്ഷിതമായ യാതൊന്നും ഉണ്ടാകാതിരുന്നാൽ അതിൽ കൂടുവാൻ തുക മുക്കാൽശതമാനം കൂടിവരുന്നതാണ്. മേൽകാണിച്ച തുകകൾ കഴിഞ്ഞ കുറച്ചുകാലങ്ങളായി പണസംബന്ധമായി നാം സുഖമായിരിക്കുകയായിരുന്നുവെന്നാണ് കാണിക്കുന്നതു്. കൂടാതെ നമ്മുടെ പണസ്ഥിതികൾക്കും തോറും വർദ്ധിക്കുന്നുവെന്നുകൂടി കാണിക്കുന്നുണ്ട്. അതുകൊണ്ടു രവിനദീനദ്ധിക്കുടുത്ത് ചെലവു നിയന്ത്രിച്ചതിലും നാട്ടിൽ ദാരിദ്ര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ചെലവാക്കുന്നതിലേക്കു ഗണ്യമായ ഒരു തുക മിച്ചം കണ്ടതിലും ഞാൻ ഗവർണ്മെൻറിനെ അഭിനന്ദിക്കുന്നു.

ഓരോ ഇനത്തിലുള്ള വരവുപ്രത്യേകം പ്രത്യേകം എടുത്തുനോക്കുന്നപക്ഷം ആണ്ടുതോറുമുള്ള വരവും, ചെലവും നീക്കിയിരിപ്പും കണ്ടു നമുക്കു തൃപ്തിപ്പെടുന്നതുപോലെ സന്തോഷിക്കാൻ അർഹതയില്ലാത്തതാകുന്നു. ഏററവും പ്രധാനപ്പെട്ടതു ഇനം—ഭൂനികുതി — ആണ്ടുതോറും കൂടിവരുന്നതായി വിചാരിക്കാൻ പാടില്ല. ശാശ്വതമായ ഒരു നിരക്കനുസരിച്ചു് കരം നിർണ്ണയിക്കപ്പെട്ടിട്ടുള്ളതും കൂടുതൽ കരം ചുമത്തുക എന്നതുള്ളതു് അടുത്തകാലം ആശിക്കപ്പെടാവുന്നതുമല്ല. പ്രധാന പണിവും കാലം തററിയ കരം ഈ ഇനങ്ങളിൽ കൂടുതലായ വരവു കുറഞ്ഞുവരുന്നതാണ് കണ്ടുവരുന്നതു്. നമുക്കു സൌകര്യമുള്ള സ്ഥലങ്ങളെല്ലാം മിക്കവാറും നാം പതിപ്പിച്ചു കഴിഞ്ഞു. ബാക്കിയുള്ളതു് ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറുകാർ വിടാതെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു.

അടുത്തു വിചാരണചെയ്യാനുള്ള ആദായനികുതിയിൽനിന്നുള്ള വരവാണ്. ൧൯൨൦-ാമാണ്ടത്തെ കണക്കുപ്രകാരം ആകെയുള്ള വരവു ൪,൭൫,൭൫,൭൫൦ രൂപയാണ്. ൧൯൧൯-ാമാണ്ടത്തെ ബഡ്ജററുപ്രകാരം വരവു അതിൽ കുറവാണ്. അതായതു ൭,൫൪,൯൦൦ രൂപ പരിഷ്കരിക്കപ്പെട്ട കണക്കുപ്രകാരം ഉദ്ദേശിക്കപ്പെട്ട വരവു ൪,൦൦,൦൦,൦൦൦ രൂപായായ കാണുകയുള്ളുവെന്നാണ്. ൧൯൨൦-ാമാണ്ടത്തെക്കു ൪,൪൦,൦൦,൦൦൦ രൂപ നവാബ്ജർറിൽനിന്നും ഉദ്ദേശിക്കുന്നുണ്ട് തുക ആകപ്പാടെ അശ്വാസജനകമല്ലാ. ഇതു് ഒരു പുതിയ ഇനം നികുതിയായതുകൊണ്ടു് കഴിഞ്ഞ കുറച്ചു കൊല്ലങ്ങളിലെ കണക്കിൽനിന്നും ഒരു തോതെടുക്കുന്നതു് അബദ്ധമായിരിക്കും. കൂടാതെ ഒന്നുകൂടി ചിന്തിക്കാനുണ്ട്. ആദായനികുതിമേലുള്ള റഗുലേഷൻ കഴിഞ്ഞ കൊല്ലങ്ങൾക്കകം ഒന്നിലധികം പ്രാവശ്യം ഭേദപ്പെടുത്തിയിട്ടുണ്ട് അതു പല വിധത്തിലും വെറും തെററായനീതിയിൽ പ്രവർത്തിച്ചുവന്നതുകൊണ്ടു തൻമൂലം കഴിഞ്ഞ കുഴപ്പങ്ങൾക്കു ഇടയായിട്ടുണ്ടെന്നു നമുക്കു ചിന്തിക്കേണ്ടതുണ്ട്. ആ കാരണത്താൽതന്നെ വലിയ തുകകൾ തിരിച്ചുകൊടുക്കേണ്ടതായിട്ടും ഇടവരുന്നു. ഏതായാലും ഈ ഡിപ്പാർട്ടുമെൻറിന്റെ ചുമതലയുള്ള മിസ്റ്റർ ബിൻസൺ കഴിഞ്ഞ്യേറററതോടുകൂടി അതിന്റെ നടത്തിപ്പു ചിരുന്ന ഭയങ്കരരീതികൾ മൂലം ആളുകൾ അനുഭവിച്ചിരുന്ന കഷ്ടപ്പാടുകൾ നിങ്ങൾ അറിഞ്ഞിരുന്നുണ്ട്. അതുകൊണ്ടു ജനങ്ങൾ അദ്ദേഹത്തിനെ ഇടനടയുള്ളവരായ ആകുന്നു. എന്നാലും ഇപ്പോഴും പല കഷ്ടപ്പാടുകളും നിലനിന്നുണ്ട്. ഭേദപ്പെടുത്തപ്പെട്ട റഗുലേഷനനുസരിച്ചു ഒന്നുകൂടി വരവ് അതിനു മുൻകൊല്ലം വരാവുന്നതായ തുകയാണ്. എന്നാൽ ഏതെങ്കിലും ഒരു വർഗ്ഗത്തെ ഹാജരാക്കി പരിശോധിച്ചാൽ അതിൽ കാണുന്ന തുക ഒരു ആണ്ടത്തേക്കും അതുപോലെ അതിനു മുൻകൊല്ലത്തെയും വരവായി കരം പിരിവുകാർ നിർണ്ണയിക്കുന്നു. ഗവൺമെൻറ്—പകുപ്പുപ്രകാരം നിശ്ചയിക്കുന്നതുള്ള അപേക്ഷകൾ തീർച്ചചെയ്യാതെ വളരെക്കാലം വരെ താമസിപ്പിക്കാറുണ്ട്. ഈ പ്രകാരമുള്ള അഴിമതികൾ ഡിപ്പാർട്ടുമെൻറിന്റെ പിഴയത്തിനും, റഗുലേഷന്റെ ശാന്തമായ നടത്തിപ്പിനും നിദാനങ്ങളായ ആളുകൾക്കു ഹാനികരങ്ങളായ തീരുമാനങ്ങൾ ഗവർണ്മെൻറിനെ കമ്മീഷണരേയും ഉൽബോധിപ്പിക്കുന്നു. ഈ കുഴപ്പങ്ങളെ നിവൃത്തി അതിന്റെ സ്ഥാനത്തു ആദായനികുതി ഏർപ്പെടുത്തണമെന്നു അഭിപ്രായമുള്ളവർ ഈ നാട്ടിലു ഇല്ലാതില്ല. ഇലാമായികുതി ഡിപ്പാർട്ടുമെൻറു വളരെ സംഘടനയുള്ള ഒരു പഴയ ഡിപ്പാർട്ടുമെൻറായി തീരാൻ എളുപ്പമുള്ളതാകുന്നു. അതുകൊണ്ടു് അതിന്റെ നടത്തിപ്പിൽ ശാന്തമായ ഒരു നീതി ഏർപ്പെടുത്തേണ്ടതും അതിനെ സാധാരണമാക്കേണ്ടതും ഗവർണ്മെൻറിന്റെ ശ്രദ്ധ പതിയേണ്ട സംഗതികളാകുന്നു.

ഭൂമിക്കുള്ള സംഗതിയിലും ആദായനികുതി ഡിപ്പാർട്ടുമെൻറു പ്രധാനമേറിയ ഒരു ഡിപ്പാർട്ടുമെൻറാകുന്നു. ഒരു രാജ്യത്തെ ധനസ്ഥിതി അധികത്തെ തൊഴിലിനെ ആശ്രയിച്ചിരിക്കുന്നു. കഴിഞ്ഞ കാലങ്ങളേക്കാൾ ഉപ്പു ഭാണ് അതുകൊണ്ടു യഥാർത്ഥമായിരിക്കുന്നതു്. ചുനങ്ങൾ ഉദാസീനമായിട്ടു പ്രകൃതിക്കു തൊഴിലിൽ ഏർപ്പെടാതിരിക്കുന്നിടത്തോളം അവർ സാധുക്കളാണെ, മിക്കവാറും ആഹാരത്തിനുകൂടി നിവൃത്തിയില്ലാത്തവരോ ആയ കഴിഞ്ഞുകൂടുന്നു ചേരുന്നുള്ളു. കൃഷിക്കാരുടെ രാജ്യമായ തിരുവിതാംകൂറിലും ജോലിയല്ലാതെ ബുദ്ധിമുട്ടുന്നവരുടെ എണ്ണം വിശേഷിച്ചും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ, നമുക്കു പ്രത്യക്ഷമായി കാണുന്നതാണ്. കച്ചവടവും, കൈത്തൊഴിലും നാട്ടിൽ വർദ്ധിക്കുന്നപക്ഷം, നാട്ടിൽ ധനവർദ്ധനയും ഗവർണ്മെൻറിന്റെ കൂടുതലായതും ആദായനികുതിയും ലഭിക്കുന്നതുമാകുന്നു. പറയത്തക്കവിധം പറയുന്നപക്ഷം ആണ്ടുതോറും ഗവർണ്മെൻറ് കൂടുതൽ ആദായനികുതി

തി വസൂലാക്കുന്നവകയിൽ അതിന്റെ അർത്ഥം നാട്ടിൽ തൊഴിൽവർദ്ധനയുണ്ടെന്നാകുന്നു. ധനസംബന്ധമായ വർദ്ധനനാട്ടിലുണ്ടോഎന്നു നിർണ്ണയിക്കുന്നതിനു ആദായനികുതി ഒരു മാർഗ്ഗദർശിയായിരിക്കുന്നതാണു. യഥാർത്ഥത്തിൽ അതു ഒരുനാട്ടിന്റെ ഐശ്വര്യത്തിന്റെ മാനദണ്ഡമാണു. പൌരകർമ്മമായി ജനങ്ങളുടെ അഭിവൃദ്ധിയെ അളക്കുന്നതിനു ആദായനികുതിഡിപ്പാർട്ടുമെന്റു ഗവണ്മെന്റിലേക്കു എല്ലാപ്പോഴും ഒരുകണ്ണായിരിക്കുന്നതും, അതുകൊണ്ടാണു വളരെ താല്പര്യത്തോടും പ്രത്യേകരീതിയിലും നടത്തപ്പെടുന്ന ഒരു പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റാണെന്നു ഞാൻ പറഞ്ഞതു്. ബഡ്ജറ്റിൽ ആദായനികുതിവകയിൽകാണുന്ന കണക്കു നോക്കിയാൽ ആണ്ടുതോറും കാണുന്ന നിശ്ചലതയെയോ അഥവാ കുറവിനേയോ കുറിച്ചു ഒരു ഗൗരവമായ അന്വേഷണമുണ്ടാകേണ്ടതാണു്. നാട്ടുകൊടുക്കലിനു അഭിവൃദ്ധിയുണ്ടെന്നുള്ളതു് ഒരുവിധത്തിലും കാണിക്കുന്നില്ല. അതുകൊണ്ടു അക്കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കുന്നതിനു ഗവണ്മെന്റിന്റെ ശ്രദ്ധപതിയുമെന്നു വിശ്വസിക്കുന്നു.

ഉപ്പു നികുതിയിൽനിന്നും ഉള്ളവരവു ഉപ്പിന്റെ ചുങ്കം കൂടാതിരുന്നാൽ വർദ്ധിക്കുന്നതിനു നിവൃത്തിയില്ല. ചുങ്കം കൂടണമെന്നു എനിക്കു ആഗ്രഹമില്ല. എന്നാൽ ഈ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു എനിക്കു ഒന്നു പറയാനുണ്ടു്. ഉപ്പു കൃഷിയെപ്പററി പല അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ടെന്നു നിയമസഭാനടപടികൾ കാണുന്നു. സ്വദേശത്തെ ഒരുതൊഴിലായ അതിന്റെ അഭിവൃദ്ധിയിൽ ഗവണ്മെന്റിന്റെ ഗാഢമായ ശ്രദ്ധപതിയേണ്ടതാണു.

എക്സൈസ്വകുപ്പിൽ ൧൯൨൦-൨൧ മാണ്ടത്തെവരവു് കഴിഞ്ഞ ബഡ്ജറ്റ് വരവിനേക്കാൾ രണ്ടുലക്ഷം രൂപാ കൂടുതലും പരിഷ്കരിക്കപ്പെട്ട കണക്കിനോടു അനുകൂലിച്ചും ഇരിക്കുന്നു. ഇവിടെ ഒരു കൂടുതൽ വരവിനെ പ്രതീക്ഷിച്ചിട്ടുണ്ടു്. എക്സൈസ് ഇനത്തിലുള്ള വരവിൽ കള്ളു, ചാരായം, കറുപ്പു്, കഞ്ചാവു് ഈ ഇനങ്ങളിൽ നിന്നുമുള്ള വരവുംഉൾപ്പെടുന്നു. ഈ സാധനങ്ങൾ നിസ്സംശയമായി ഹാനികരങ്ങളും ജനങ്ങളുടെ ദുർഗ്ഗുണത്തിനു കാരണമായവയുമാകുന്നു, എക്സൈസ് സാധനങ്ങളുടെ ഉപയോഗം കുറയുന്നതുകുറക്കണമെന്നാണു ഗവണ്മെന്റിന്റെ നയമെന്നു ഗവണ്മെന്റുതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. ചിലസ്ഥലങ്ങളിൽ എക്സൈസ് കമ്മീഷണർ ഷാപ്പുകളുടെ എണ്ണംതന്നെ കുറച്ചിട്ടുണ്ടു്. എങ്കിലും രണ്ടുലക്ഷം രൂപാകൂടുതൽ കണക്കാക്കിയിരിക്കുന്നതിൽനിന്നും ൧൯൨൦-൨൧ മാണ്ടത്തെ ചെലവു ൧൯൧൯-൨൦ മാണ്ടത്തേതിൽ കൂടുതലായിരിക്കണമെന്നു തെളിയുന്നു. ഇതു ആശ്വാസജനകമല്ല. ഈ ഇനത്തിലുള്ള വരവു ഒരു നിശ്ചിതതുകയിൽ കൂടാൻപാടില്ലെന്നു ഗവണ്മെന്റിനു പ്രത്യേകം ഒരു നിശ്ചയം പാസാക്കേണ്ടതും, അതനുസരിച്ചു കഴിയുന്നതും തുക കുറച്ചു കുറച്ചു കൊണ്ടുവരുന്നതിനു എക്സൈസ് കമ്മീഷണരെ ചുമതലപ്പെടുത്തേണ്ടതും ആകുന്നു. ഈ സംഗതിയിൽ ഗവണ്മെന്റിന്റെനയം എന്തായാലും ഈ ഡിപ്പാർട്ടുമെന്റിൽനിന്നും ആശിക്കാവുന്നതുകയേ കഴിയുന്നതു കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടതു പ്രവർത്തിക്കുന്നതിനു വിപരീതമായ ഒരു ശക്തി എല്ലായ്പ്പോഴും തയാറുണ്ടു്: ഈഇനത്തിലെ വരവുതോഷാവഹമെന്നോ, സംശയാസ്പദമെന്നോ ആണു ഞാൻ പറയുന്നതു്.

ഈ ഇനത്തിൽനിന്നും അടുത്തതു്, അതായതു ചുങ്കം-വിഭാഗം പ്രവേശിക്കുന്നതു് വലുതായ ഒരനുഗ്രഹമാണു: ഇതിൽനിന്നുള്ള വരവു് ശക്തിസൂചകവും, അനാവശ്യമായി ചുങ്കം കൂടാതെ ഈഇനത്തിൽ കൂടുതലായുണ്ടാകുന്ന ഏതുമുതലും അഭിലഷണീയവുമാകുന്നു. ആദായനികുതിയിൽനിന്നുള്ള ഇതുസംസ്ഥാനത്തിലെ തൊഴിൽ വർദ്ധനയുടെ ഒരു മാനദണ്ഡമായിരിക്കുന്നതുപോലെ, ചുങ്കംവകയിലുള്ള വരവു അന്യരാജ്യങ്ങളായുള്ള കച്ചവടത്തിന്റെ ഒരു മാനദണ്ഡമായിരിക്കും. ഈഇനത്തിൽ ഒരു കൂടുതൽതുക കണക്കാക്കുന്നതിനു ഗവണ്മെന്റിനുസാധിച്ചതു് ആശ്വാസപ്രദംതന്നെ. എങ്കിലും ഈ കൊല്ലംകുരുമുളകിനുണ്ടായിരുന്ന തീരുവ വർദ്ധിച്ചിരിക്കുന്നു? എന്നു ഓർമ്മിക്കണം. ൧൯൧൯-൨൦ മാണ്ടത്തേ ബഡ്ജറ്റിനു അപേക്ഷിച്ചു് ൧൯൨൦-൨൧ മാണ്ടത്തെ ബഡ്ജറ്റിൽ മൂന്നുലക്ഷം രൂപാ കൂടുതൽ വന്നിരിക്കുന്നതു് കച്ചവടത്തിലും മററും ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ കാണിക്കുന്നോ എന്നു ഞാൻ സംശയിക്കുന്നു.

വനംഡിപ്പാർട്ടുമെന്റു ൧൩ ലക്ഷം രൂപാവരവുവരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. രാജകീയ വൃക്ഷങ്ങളുൾപ്പെടെയുള്ള തടിവില്പനയിൽ നിന്നാണു പ്രധാന ഇനംവരവു, കഴിഞ്ഞകുറെ കൊല്ലങ്ങളിലെ ഈ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള വരവു നോക്കിയാൽ മിക്കപ്പോഴും ഒന്നുപോലെയോ അഥവാ കുറയുന്നതിനുള്ള ഒരു വഴിപോലെയോ ആണുകാണുന്നതു്. ഒരുകാലത്തും ഒരു കൂടുതലും നടക്കത്തക്കാകാൻ കഴിയുന്നില്ല. വെറും ആദായകരമായനിലയിൽ ഈ ഡിപ്പാർട്ടുമെന്റുനടത്തണം നിയന്ത്രിക്കണമെന്നു അഭിപ്രായപ്പെടുന്നതല്ലെന്നു ഞാൻ. വനംഡിപ്പാർട്ടുമെന്റിന്റെ ഉദ്ദേശംതന്നെ കാടുകളെ സൂക്ഷിക്കുകയും അവയെ നശിപ്പിക്കാതെ രക്ഷിക്കുകയും ആയിരിക്കണം. എന്നാൽ ഇങ്ങനെയല്ലാ ഇപ്പോൾ അതിനെ ഭരിക്കുന്നതു്. ചില വൃക്ഷങ്ങൾ രാജകീയ വൃക്ഷങ്ങൾ എന്നുള്ള പ്രസ്താവന ഏററവും ഭയങ്കരമായ ഫലങ്ങൾക്കിടയാക്കിട്ടുണ്ടു്. പതിവുകളിലും മററും നില്ക്കുന്ന രാജകീയ വൃക്ഷങ്ങളെ സൂക്ഷിക്കുന്നതിൽ ഗവണ്മെന്റു അനവധിപണം ചെലവാകുന്നു. വനംഡിപ്പാർട്ടുമെന്റിൽനിന്നും അതിരേക്ക നിയുക്തരായ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ സ്ഥലങ്ങളിൽ രതക്ക, ഈട്ടിമുതലായ വൃക്ഷങ്ങൾ നില്ക്കുന്നതു് തങ്ങൾക്കു ആപൽകരമായിട്ടുള്ളതാണെന്നു ജനങ്ങളെ ഏങ്ങനേയോ മനസ്സിലാക്കി. അതുകൊണ്ടു ഈ വൃക്ഷങ്ങൾ നാട്ടിൻപുറങ്ങളിൽ തീരെയില്ലാതായി സർക്കാർവനങ്ങളിൽ അഭയം പ്രാപിച്ചുകഴിഞ്ഞു, തൻമൂലം ഏററവും സൌകര്യപ്രദവും ആദായകരവുമായ വഴി ക്രമേണ നശിച്ചുപോയി. പതിവു സ്ഥലങ്ങളിലും നില്ക്കുന്നതേക്കാൾ ഈട്ടിയും ഗവണ്മെന്റുവകയാണെന്നുള്ള അന്യായമായ വസ്തു റെഗുലേഷനും കട്ടങ്ങളുമാണു ഇതിനിടയാക്കിയതു. പതിവു സ്ഥലങ്ങളിൽനിന്നും മുറിക്കപ്പെട്ടിട്ടുള്ള രാജകീയവൃക്ഷങ്ങളുടെ വിലയിൽ പകുതിതടികൾ വിററതിൽ പിന്നീടു അതാതു വസ്തുവുടമസ്ഥന്മാർക്കു കൊടുക്കുന്നതാണെന്നുള്ള നിയമം പലകുഴപ്പങ്ങൾക്കും ഇടയാക്കി. എപ്പോൾ തടികൾ ചെലവു ചെയ്തുമെന്നു് ഉടമസ്ഥന്മാർക്കു അറിയാൻ നിവൃത്തിയില്ലാതായി. വില സംബന്ധമായും മററുമുള്ള വിവരങ്ങളറിയുന്നതിനു ഉടമസ്ഥന്മാർ കേവലം വനംകീഴുദ്യോഗസ്ഥന്മാരെ ആശ്രയിക്കേണ്ടിവന്നു. തങ്ങൾക്കുകിട്ടാനുള്ള വിലയിൽ പകുതിക്കുള്ള അപേക്ഷകൾ ശ്രദ്ധിക്കാതെ ഇരുന്നു. ഓർമ്മക്കുറിപ്പുകളും വാണ്ടും വീണ്ടുമുള്ള അപേക്ഷകളും പ്രയോജനമല്ലാതായി. തങ്ങളുടെ അപേക്ഷകൾ ശ്രദ്ധിക്കേണ്ടതാണെന്നു ഊർജ്ജിതപ്പെടുത്താൻ ത്രാണിയുള്ള ആളുകൾതന്നെയും താമസം തുടങ്ങി, അവധി

മാറ്റംകൊണ്ടും മററും ഉദ്യാനരൂപേ. ഇപ്രകാരമുള്ള വിഷമങ്ങളെക്കൊണ്ടു തങ്ങളുടെ പുരയിടങ്ങളിലുള്ള ചെറുതും വലുതുമായ വൃക്ഷങ്ങളെ അവർ തീപ്പിച്ചും പിഴുതും നശിപ്പിച്ചു. ഇന്നോ ആറോ വർഷങ്ങൾ കഴിഞ്ഞു അപേക്ഷകൾ അയക്കുന്നതൊ, തീരുമാനത്തിനുള്ളിൽ ഈ സമയം കഴിയുന്നതൊ-തീരുമാനത്തിനു അസാധാരണതാമസം നേരിട്ടാലോ-ആയസ്ഥലങ്ങളിൽ അപേക്ഷകന്മാർക്കു കാലഹരണം എന്നൊരു ദോഷം ബാധിച്ചു തങ്ങളുടെ അപേക്ഷകൾ സാധുവല്ലാതായി തീരുന്നതു പതിവാണെന്നു കാണുന്നു. ബഡ്ജററിൽ കാണിച്ചിട്ടുള്ള കണക്കുകൾ യഥാർത്ഥങ്ങളല്ലെന്നു എനിക്കു നിശ്ചയമുണ്ടു. വരവിൽ തിരിച്ചുകൊടുക്കാനുള്ള കുടിവിചു എന്നൊരു വലിയ തുക കൂടി ഉൾപ്പെടുന്നു. ഈ തുക തിരിച്ചുകൊടുക്കണമെന്നുദ്ദേശമില്ലാത്തതുകൊണ്ടു ഡിപ്പാർട്ടുമെൻറിന്റെ ലീഡറായ ആതുക കൂടി ആദായത്തിൽ ഉൾപ്പെടുത്തിക്കളയാം. പതിവിൽ നില്ക്കുന്ന ചെക്കുകളെ രാജകീയ വൃക്ഷങ്ങളിൽനിന്നും ഒഴിപ്പാക്കുന്നതിനെക്കുറിച്ചു ചിന്തിക്കാനായി ഒരിക്കൽ ഒരു കമ്മിററി നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്നു. കമ്മിററിയുടെ റിപ്പോർട്ടു എന്താണെന്നു ജനങ്ങളെ അറിയിച്ചില്ല. ഗവണ്മെൻറ് ആ റിപ്പോർട്ടിന്മേൽ യാതൊന്നും പ്രവർത്തിച്ചതുമില്ല. കൂടുതൽ വരവുകാണിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവണ്മെൻറു പുറമോക്കുകളെ തങ്ങളുടെ അധികാരത്തിലുൾപ്പെടുത്തണമെന്നുള്ള വനം ഡിപ്പാർട്ടുമെൻറിന്റെ നയം എനിക്കു അനുകൂലിക്കാൻ പാടില്ലാത്ത മറെറാരു സംഗതിയാണു. തിരുവിതാംകൂറിൽ കൈവശമുള്ളതിൽ കൂടുതൽ കാടുകളെ സൂക്ഷിക്കുന്നതിനു തക്കസൗകര്യമില്ലെന്നു ഗവണ്മെൻറു ഒന്നിലധികം പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടു. ഗവണ്മെൻറു അതിനെ മറന്നിട്ടു ബ്ലാക്കെഴ്സ്ക്കായി റിസർവ്വ് പ്രഖ്യാപിക്കുന്നതിൽ ശ്രദ്ധാലുവായി കാണുന്നു. ഈ വസ്തുത്തിനു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതായും പറഞ്ഞു. ഇപ്പോൾ ഒഴിച്ചിടൽ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ കുടിപാർപ്പുള്ളതൊ, ജനസാന്ദ്രതയുള്ളതൊ ആണു. അതു ഒഴിച്ചിടുന്നതിനുള്ള കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും എത്രയുണ്ടെന്നു പറയുന്നതിനേക്കാൾ അതു ചോദിച്ചറിയുകയാണുനല്ലതു്. ഗവണ്മെൻറു ഈ സംഗതിയിൽ സ്വീകരിക്കുന്ന നയത്തിന്റെ പോരായ്മയെക്കുറിച്ചു ഈ സഭയിൽ തന്നെ പല അവസരങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു. അതുകൊണ്ടു അതേ സംബന്ധിച്ചു കൂടുതലായിഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

മുതലെടുപ്പിൽ മററപ്രധാന ഇനങ്ങൾ ഇനിയും ചിന്തിക്കേണ്ടതായിരിക്കുന്നതു് സ്റ്റാമ്പും റജിസ്ട്രേഷനുമാണു. ഈ സംഗതിയിൽ വിശേഷാൽ ഒന്നും തന്നെ അവശ്യപ്പെട്ടിട്ടില്ല. ഇതിന്മേലുള്ള വരവു പെട്ടന്നു കുറയുന്നതിനൊ, കണക്കിലധികം വർദ്ധിക്കുന്നതിനൊ ശക്തിയില്ലാത്തതാണു. ഇപ്പോൾ അവസാനിക്കുന്നതായ കൊല്ലംഗണ്യമായ ഒരു കൂടുതൽ ഉണ്ടാകുന്നതിനുള്ള കാരണം ഫൈനാൻഷ്യൽ സെക്രട്ടറി പ്രത്യേകം കാണിച്ചിട്ടുണ്ടു്.

ചെലവു സംബന്ധമായ ഇനങ്ങളിലേക്കു പ്രവേശിക്കുന്നതിനു മുൻപായി പി. ഡബ്ലിയു. ഡിയിൽനിന്നുള്ള വരവിനെപ്പററിക്കൂടി പറയാനുണ്ടു്. ആകപ്പാടെ ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും അടുത്തകൊല്ലം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വരവു രൂപാ ൩,൫൦,൫൦൦ രൂപാ റോഡുകളിലും പാലങ്ങളിലുമുള്ള ടോൾ വഴിയായും ൫൭,൫൦൦ രൂപാ ജലസേചനം വഴിയായും ആകുന്നു. ൧൯൦൯-ാമാണ്ടത്തെ പരിഷ്കരിക്കപ്പെട്ട കണക്കുപ്രകാരം റോഡുകളും പാലങ്ങളും വഴിയായി ൧,൫൦,൦൦൦ രൂപാ വരേണ്ടതായി കാണിച്ചിരിക്കുന്നു. ൧൯൦൮-ാമാണ്ടത്തെ ബഡ്ജററ് രൂപീകരണത്തിലും ഈ തുകതന്നെയാണിട്ടിരിക്കുന്നതു്. എന്നാൽ ടോളുകൾ ലേലത്തിലിട്ട സ്ഥിതിയെക്കുറിച്ചാലോചിച്ചാൽ ൧൯൦൮-ാമാണ്ടു ഈ ഇനത്തിലുള്ള വരവു ബഡ്ജററിൽ കാണിച്ചിട്ടുള്ളതിന്റെ ഇരട്ടിയിൽ കൂടുതൽ വരുമെന്നാണു കാണുന്നതു്. അങ്ങിനെയാണെങ്കിൽ ഗവണ്മെൻറു ഈ ടോളുകൾ പിഴയായി അനാശാസ്യമായ ഒരു തുക ഈടാക്കുകയാണു ചെയ്യുന്നതു്. ഇത്തരം നികുതികൾ നിറുത്തേണ്ടതാണെന്നു വാദിച്ചാൽ അതു ശ്രദ്ധിക്കാതെയും വന്നേക്കാം. എന്നാൽ നമ്മുടെ മുൻഗാമികളാകട്ടെ നിർബ്ബന്ധം സമ്പാദിച്ചിരുന്നു. അവർക്കു ടോൾ പിരിക്കുന്നവരിൽനിന്നാകട്ടെ ടോൾ കൂലത്തുന്നവരിൽ നിന്നാകട്ടെ ഒരു അപകീർത്തിയുമുണ്ടായിരുന്നില്ല. കള്ളന്മാർ മാത്രമാണു നമ്മുടെ മുൻഗാമികളെ പീഡിപ്പിച്ചിരുന്നതു്. എന്നാൽ രാജപാതകൾ ടോൾ പിരിക്കുന്നവരിൽനിന്നും വിമുക്തമായിരുന്നു. പരിഷ്കാരവർദ്ധനയും, ശരിയായ ഗവണ്മെൻറും ഇല്ലെങ്കിൽ ഗതാഗതത്തു റോഡിന്റെ മദ്ധ്യഭാഗത്തു നിറുത്തുന്നു.

മി: ടി. എ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ പൂട്ടുകന്മാർ മോട്ടാർകാറിൽ സഞ്ചരിച്ചിരുന്നോ എന്നു മെയവുചെയ്യുപറയുമൊ?

മി: ററി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടും): ചില്ലർ രാജാവിന്റെ പേരിലും മററുള്ളവർ മുൻ സിപ്പാഹിയിൽ എന്ന പേരുള്ള സ്വതന്ത്രഗവണ്മെൻറു എന്ന പേരിലും അതു ചെയ്യുന്നു. ഈ നികുതികൾ ജനങ്ങൾക്കു അപരിമിതമായ ഉപദ്രവവും, അസൗകര്യങ്ങളും ഉണ്ടാക്കുന്നു. എന്നാൽ ഇപ്രകാരമുള്ള ഉപദ്രവങ്ങൾകൊണ്ടു ഗവണ്മെൻറിനുണ്ടാകുന്ന ലാഭവും തുച്ഛമാണു്. റോഡുകളിലും, തോട്ടിൻകരകളിലും ഉള്ള ഈ ടോൾഗേറുകൾ സമാധാനപരിശീലനം ചെയ്യിപ്പിക്കുന്ന വിദ്യാമന്ദിരങ്ങളാണു. ഈ ഗ്രാമം രാജപാതകളുടെ മദ്ധ്യഭാഗത്തു നിന്നു അഭ്യസിക്കുന്നതിനേക്കാൾ അംഗീകാരം സിദ്ധിച്ചിട്ടുള്ള വിദ്യാമന്ദിരങ്ങളിൽനിന്നും സമർത്ഥമായ അദ്ധ്യാപകന്മാർ സ്കൂളുകളിൽനിന്നും അഭ്യസിക്കുന്നതാണു നല്ലതു. മോട്ടാർവണ്ടികളുടെയും ബസ്സുകളുടേയും ഉടമസ്ഥന്മാർക്കു പ്രത്യേകം കരം ചുമത്തപ്പെടണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുവെങ്കിൽ വാഹനങ്ങൾ ഓടിക്കുമ്പോൾ കൊടുക്കേണ്ടതായ നികുതിയെ നിറുത്തൽചെയ്തു ഉത്തരവസ്ഥാനത്തുതന്നെ അതായതു വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ—അവയ്ക്കു കരം ചുമത്തേണ്ടതാകുന്നു.

ചെലവിനത്തിലേക്കു പ്രവേശിക്കുമ്പോൾ ഒരുതരം ആശ്ചര്യമായി വിഷമമാകുന്നതു ഗതാഗതസൗകര്യങ്ങളെ നന്നാക്കുന്നതിലേക്കു നീക്കിവച്ചിട്ടുള്ള തുകയുടെ പോരായ്മയാണു. ആകപ്പാടെ മരാമത്തെടുത്തു പി. ഡബ്ലിയു. ഡി. വകക്കു നീക്കിവച്ചിട്ടുള്ളതു വരവു ലക്ഷം രൂപയാണു. സംസ്ഥാനത്തിലെ നികുതി ആകപ്പാടെ വർദ്ധിച്ചുവരുകയായിരുന്നുവെങ്കിലും പി. ഡബ്ലിയു. ഡി. വകക്കുള്ള നിക്ഷേപം കുറച്ചിരിക്കുകയാണു ചെയ്തിരിക്കുന്നതു. ൧൯൦൯-ാമാണ്ടത്തെ പരിഷ്കരിക്കപ്പെട്ട കണക്കുപ്രകാരം ചെലവു ൧൯൦൯-ാമാണ്ടു ചെലവായതിൽ ൩ ലക്ഷം രൂപാ കുറവാണു. അടുത്ത വർഷത്തേക്കു ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക ഇതിലും കുറവാണു. ഇതിൽ കാണിക്കുന്ന മിച്ചം ഒരിക്കലും അഭിനന്ദിക്കത്തക്കതല്ല. ഇതു യഥാർത്ഥമായ ഒരു കുറവു ജനങ്ങൾക്കു സങ്കടകരവുമാകുന്നു. അതുകൊണ്ടു സംസ്ഥാനത്തിലുള്ള ഗതാഗതസൗകര്യങ്ങളെ പോഷിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ആയി ആവശ്യപ്പെട്ടിട്ടുള്ള തുകയെ വർദ്ധിപ്പിക്കേണ്ട ആവശ്യകതയെ ഞാൻ

[illegible] അറിയിച്ചുകൊള്ളുന്നു. തിരുവിതാംകൂറിലെ സ്ഥിതികൾ അങ്ങേക്കു നല്ലപോലെ പരിചയമായിട്ടുണ്ടല്ലോ. അതുകൊണ്ടു നാട്ടിന്റെ ഐശ്വര്യം അതിലുള്ള റോഡുകളുടേയും തോടുകളുടേയും കൂടുതലിനെ ആശ്രയിച്ചിരിക്കുമെന്നുള്ളതിനെക്കുറിച്ചു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

വിദ്യാഭ്യാസം വകക്കു ചെലവു ചെയ്യുന്നതുക യാതൊരുത സ്സവുംകൂടാതെ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. പ്രതിപാദ്യമായ ബഡ്ജററിൽ അടിലക്ഷത്തിൽ ച്ചിട്ടുള്ള തുക ഈ അവസാനിക്കുന്നതായ കൊല്ലത്തെ പരിഷ്കരിക്കപ്പെട്ട കണക്കിനേക്കാൾ രണ്ടരലക്ഷം രൂപ കൂടുതലാകുന്നു. വിദ്യാഭ്യാസം വകക്കു ചെയ്യുന്ന ചെലവു വിസ്മയകരമാണെന്നു ഫൈനാൻഷ്യൽ സെക്രട്ടറി കഴിഞ്ഞ പ്രാവശ്യം തന്നെ പറഞ്ഞിട്ടുണ്ട്. എന്നിട്ടും ചെലവു വർദ്ധിച്ചുതന്നെ വരുന്നു. [illegible] ഫലപ്രദമായ ഒരു മാർഗ്ഗം അതിലേക്കു കണ്ടുപിടിക്കാത്തപക്ഷം നമുക്കു പണം മതിയാകാതെ [illegible] ഉണ്ടായി വരുന്നതാണു.

മുനിസിപ്പാലിറ്റി [illegible] രൂപ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. ഈ സ്ഥാപനങ്ങൾ സ്വതന്ത്രാടിസ്ഥാനത്തിൽ പരിശീലനസ്ഥാപനങ്ങളായിട്ടാണു സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ഈ മുനിസിപ്പാലിറ്റികളിൽ താമസിക്കുന്ന ആളുകൾക്കു ഈ സ്ഥാപനങ്ങൾ മൂലം യാതൊരു ലാഭവും ഉണ്ടായിട്ടില്ല. നിശ്ചയിക്കപ്പെട്ട [illegible] ഉദ്യോഗസ്ഥാദ്ധ്യക്ഷന്റെ [illegible] ഉണ്ടായിരുന്ന പഴയ പട്ടണപരിഷ്കരണങ്ങൾ [illegible] ജനകരങ്ങളായ ജോലികൾ നിർവ്വഹിച്ചു [illegible] ഇപ്പോഴത്തെ പല മുനിസിപ്പാലിറ്റികളിലേയും [illegible] ക്ഷോഭകരമായിരിക്കുന്നു. [illegible] ഇതിനാൽ മീററിംഗ് [illegible] മാററപ്പെടുന്നതായ കണ്ടുവരുന്നു. അംഗങ്ങൾ തമ്മിലുള്ള പരസ്പരശത്രുതയും അസൂയയും മീററിംഗിൽ പ്രതിഫലിക്കുകയാണു്. പട്ടണത്തിന്റെ നന്മയെക്കുറിച്ചു ജനങ്ങളിൽ നിന്നു പിരിച്ചെടുക്കുന്ന പണത്തെക്കുറിച്ചോ ആരുംതന്നെ [illegible] കാണുന്നില്ല. മുനിസിപ്പാലിറ്റിയുടെ നടത്തിപ്പിൽ ഗവർണ്മെന്റിന്റെ [illegible] പൂർവ്വാധികാരം [illegible] ആണു. [illegible] അനാസ്ഥകളും ഭേദപ്പെട്ട സ്വതന്ത്രഭരണത്തിലേക്കു യഥാർത്ഥമായി പ്രവർത്തിക്കുന്നു എന്നു കാണുന്നതുവരെ ഈ സ്ഥാപനങ്ങൾക്കു ഗ്രാന്റു കൊടുക്കാൻ പാടില്ലാത്തതാകുന്നു. [illegible] ത്തിനുവേണ്ടി വാദം മുഴക്കുന്ന ആളുകൾക്കു സ്വതന്ത്രഭരണം നടത്തുന്ന ഈ സ്ഥാപനങ്ങളുടെ അവസ്ഥ ആശ്വാസജനകമായിട്ടല്ലാ കാണപ്പെടുന്നതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

അദ്ധ്യക്ഷൻ: സഭ പിരിഞ്ഞു വീണ്ടും [illegible] കൂടുന്നതാണു. [illegible] സഭ പിരിഞ്ഞു [illegible] വീണ്ടും ആരംഭിച്ചു.

മി: എൻ. കുമാരൻ (നിയമിക്കപ്പെട്ട): ഇപ്പോഴത്തെ ഫൈനാൻഷ്യൽ സെക്രട്ടറി അവതരിപ്പിച്ചതായ [illegible] ബഡ്ജററിനെ കഴിഞ്ഞദിവസം ഞാൻ താല്പര്യത്തോടെ ശ്രദ്ധിക്കുകയും അതിനെസംബന്ധിച്ചു നല്ലപോലെ ആലോചിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യമായി വളരെ വിശദമായും സാമർത്ഥ്യത്തോടുകൂടിയും തന്റെ അഭിപ്രായങ്ങളെ വിശദീകരിച്ചതിനു മിസ്റ്റർ നീലകണ്ഠപ്പിള്ളയെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ ഉൾഗാമ്ഭീര്യത്തെ അപേക്ഷിച്ചു അദ്ദേഹത്തിനു ആദ്യമായി ആദായബഡ്ജററ് എന്നു ഞാൻ കരുതുന്ന ഈ ബഡ്ജററ് തയ്യാറാക്കുന്നതിനു ഭാഗ്യം സിദ്ധിച്ചു. [illegible] മിസ്റ്റർ ജെല്ലി തന്റെ ഒന്നാമത്തെ ബഡ്ജററ് സഭയിൽ ഹാജരാക്കിയപ്പോൾ സാമ്പത്തിക നില തൃപ്തികരമല്ലായിരുന്നു. പി. ഡബ്ളിയു. ഡി ഇനത്തിൽ ഒരു ലക്ഷം രൂപാ കുറച്ചതിന്റെ ശേഷമേ ബഡ്ജററു വരുചെലവുകളെ തുല്യപ്പെടുത്തുന്നതിനു സാധിച്ചുള്ളു. എന്നാൽ ഇപ്പോഴത്തെ ഫിനാൻഷ്യലിന്റെ കുട്ടിക്കു അങ്ങനെ ഒരു പരിഹാരശസ്ത്രക്രിയ ചെയ്യേണ്ട ആവശ്യം കാണുന്നില്ല. യഥാർത്ഥത്തിൽ പ്രധാനവരുമാനത്തിൽ [illegible] ലക്ഷം രൂപ കൂടാതെ നടപ്പു വർഷാവസാനത്തിൽ നല്ല ലക്ഷം രൂപാ മിച്ചമുണ്ടാകുമെന്നു തോന്നുന്നു. എന്നാൽ കഴിഞ്ഞ കൊല്ലത്തെ അനുഭവം നോക്കുന്നതിൽ പ്രസ്തുത വർഷത്തെ കണക്കുകൾ പൂർത്തിയാകുമ്പോൾ അതു [illegible] ലക്ഷമായോ [illegible] ലക്ഷമായോ കുറയാവുന്നതാണ്.

ബഡ്ജററിനു [illegible] പ്രധാനമായി നിർദ്ദേശിക്കുന്നതു [illegible] ഞാൻ ഉൾക്കൊള്ളുന്നതിൽ കൂടുതൽ വരവിനു ഉള്ളതിൽ [illegible] ചെലവു [illegible] ആക്കുന്നില്ലെന്നാകുന്നു. കഴിഞ്ഞ കുറച്ചു കൊല്ലങ്ങളിലെ കണക്കുകൾ ബഡ്ജററ് രൂപീകരണത്തിൽ [illegible] വേണ്ടുംപോലെ ശ്രദ്ധിച്ചു [illegible] വിഷമമാക്കുന്നുണ്ടു. നമ്മുടെ കൃത്യമായ വരവു ഉള്ളേടത്തോളം [illegible] ചെലവു ഉള്ളേടത്തോളം [illegible] കവിയാതെയും ആണു ഇരിക്കുന്നതു [illegible] അങ്ങനെയാണു വേണ്ടതു. [illegible] ഇനി [illegible] ഉള്ളേടത്തോളം [illegible] വരവും, കൃത്രിമമായ [illegible] ഉള്ള വലുതായ [illegible] ക്കായ സമാധാനം [illegible] ആയിട്ടുണ്ട്. [illegible] വിചാരിച്ചു [illegible] വരുന്നപക്ഷം [illegible] നമ്മ [illegible] നമുക്കില്ലാതാകുകയും [illegible] ആശിക്കത്തക്കതായ [illegible] ഉള്ളേടത്തോളം [illegible] ചെലവു വെട്ടിക്കുറക്കുന്നതിനു [illegible] നമുക്കു സാധിക്കാതെയും [illegible] കഴിഞ്ഞ [illegible] കൊല്ലങ്ങളിൽ നമുക്കു ചെയ്യാൻ സാധിച്ചതിനേക്കാൾ ഇനി [illegible] ആദായം കുറഞ്ഞു [illegible] നിർണ്ണയപ്പെടുത്തി പറയുന്ന [illegible] സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

[illegible], [illegible], [illegible] ഇനി കൊല്ലങ്ങളിലെ വരവുചെലവുകൾ താരതമ്യപ്പെടുത്തി നോക്കുമ്പോൾ; [illegible] ലക്ഷമായി വർദ്ധിച്ചപ്പോൾ [illegible] ലക്ഷമായി കൂടിട്ടുള്ളതു വന്നും പ്രസ്തുത വർഷാവസാനത്തോടുകൂടി മുന്നു കൊല്ലങ്ങളിലുമായി സംസ്ഥാനത്തിലേക്കു ആകെയുള്ള കെട്ടിക്കിടപ്പു [illegible] ലക്ഷം രൂപാ [illegible] വന്നും നമുക്കു കാണാവുന്നതാണ്. ഞാൻ [illegible] പറഞ്ഞ പോലെ അടുത്തകൊല്ലം ചെലവിൽ കൂടുതൽ വരുന്ന [illegible] ലക്ഷം രൂപ [illegible] വരുവാനും [illegible] നമുക്കു [illegible] ഇപ്പോഴുള്ള [illegible] കിടക്കുന്നതു നല്ലതുതന്നെ എന്നുള്ളതു [illegible] സംശയമില്ല. [illegible] ഇതുകൊണ്ടു [illegible] ഉണ്ടായിക്കൊണ്ടിരിക്കുന്ന [illegible] കൂടുതൽ ചെലവു [illegible] വിഷയത്തിൽ ഗവർണ്മെന്റിനെ [illegible] ക്കുന്നു. [illegible] ആവശ്യങ്ങളെ [illegible] നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ ക്രമേണ വളർന്നുകൊണ്ടിരിക്കണം. [illegible] നിരന്തരവും ചെലവു നമ്മുടെ സ്ഥായിയായ [illegible] നങ്ങളുടെ വളർച്ചയ്ക്കു അനുകൂലിച്ചും അല്ലാതിരുന്നാൽ [illegible] ഇപ്പോലെ ഐശ്വര്യമുള്ള സാമ്പത്തികാവസ്ഥയെ നമു [illegible] മിക്കവാറും പ്രാപിക്കേണ്ടിവരും. നാം ഉള്ളേടത്തോളം ഇപ്പോലെ [illegible] ചെലവു

വിൽ വ്യക്തം രൂപാ ഒന്നായി ഒരു കൊല്ലത്തേക്കു കൂടുതൽ ചെലവുചെയ്യുന്നതു സാധുകരിക്കപ്പെടാവുന്ന ഒരു കാര്യമാണോ എന്നു ഞാൻ ബഹുമാനിച്ചു സംശയിക്കുന്നു.

ബഹുമാന്യ പരിചിന്തനയിൽനിന്നു വിഷയമാകുന്ന ഇനി ഒരു സംഗതി ഇടക്കിടക്കുള്ള നഷ്ടങ്ങളിൽ വലുതായകരം ചുമത്തപ്പെട്ടിരിക്കുന്ന കുടിയാന്മാർക്കു യാതൊരാശ്വാസവും നൽകാതെ സംസ്ഥാനനിധിയിലേക്കു നീക്കിയിരുപ്പുകൾ കൂടുതൽകൂട്ടുന്ന രീതിയെ സാധുകരിക്കാൻ ഗവണ്മെന്റിനു വല്ല ന്യായവുമുണ്ടോ എന്നുള്ളതാകുന്നു. കരംചുമത്തുന്ന വിഷയത്തിൽ നാം അങ്ങേഅറത്തെ അനുഭവത്തിനെ പ്രാപിച്ചിട്ടുണ്ടെന്നും ജനങ്ങൾക്കു കൂടുതലായ യാതൊരു വർദ്ധനവിനേക്കുറിച്ചും തന്നെ ദുസ്സഹമാണെന്നും പലപ്പോഴും പ്രസ്താവനകൾ ഉണ്ടായിട്ടുണ്ട്. ആ പ്രസ്താവനകൾ യഥാർത്ഥമായി ഞാനും കരുതുന്നു. വിദേശഭരണത്തിലിരിക്കുന്ന ബ്രിട്ടീഷിന്ത്യയെ അപേക്ഷിച്ചു നമുക്കു നമ്മുടെ ഔദാര്യനിധിയായ ഗവണ്മെന്റിന്റെ സംരക്ഷണയിൽ വളരെ കുറവായ രീതിയിലെ കരം ചുമത്തപ്പെട്ടിട്ടുള്ളതെന്നു ഒരു മിഥ്യാബോധം നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ [illegible], [illegible] ബ്രിട്ടീഷിന്ത്യയിലുള്ള പ്രവിശ്യകളിലെ കണക്കുകളിൽനിന്നും ശരാശരി ആളൊന്നുക്കു വരുന്ന രൂപാ വ്യത്യാസം [illegible] രൂപയുടെ മാത്രമേ കരം വരുന്നൊള്ളു. തിരുവിതാംകൂറിലാണെങ്കിൽ ആളൊന്നുക്കുള്ള കരം [illegible] രൂപ [illegible] ആണത്രേ കുറവ്. ഫ്ലാറ്റ് നിരക്കിൽ അടിസ്ഥാനപ്പെടുത്തിയാണു നമ്മുടെ അയൽവാസികളായ [illegible] കേരളത്തിലെ ഈ സാലങ്ങളിലുള്ളവർക്കോ കൂടുതൽ കരം നമ്മിൽ ചുമത്തപ്പെട്ടിരിക്കുന്നതെന്നു അറിയാൻ പ്രയാസമുണ്ടായിരിക്കുന്നു. എന്നാൽ സാമ്പത്തികനില നോക്കിയാൽ തിരുവിതാംകൂർകാരെക്കാൾ അവരാണു നല്ലനിലയിലിരിക്കുന്നതു. ഏതായാലും ആവശ്യങ്ങളെ നിറവേററുന്നതിനായിട്ടല്ലാതെ ജനങ്ങളിൽനിന്നും കൂടുതൽപണം വസൂലാക്കാൻപാടില്ലെന്നുള്ള കരങ്ങൾസംബന്ധിച്ചുള്ള ഒരു സാധാരണ തത്വമാകുന്നു. ഇപ്പോഴത്തെ ആളുകളുടെ അടുക്കൽനിന്നും നികുതി വസൂലാക്കി വലുതായ മുതൽ ശേഖരിച്ചു ഇനി വരാൻ പോകുന്ന ആളുകളുടെ നന്മക്കുവേണ്ടി ചെലവുചെയ്യുന്നതു സാധുകരിക്കാവുന്ന ഒരു നയമല്ല. ഇടക്കിടക്കുണ്ടായിരിക്കുന്ന നഷ്ടങ്ങൾക്കു അടിസ്ഥാനപ്പെടുത്തിയെങ്കിലും നമ്മുടെ സംസ്ഥാനത്തുള്ള സാധുക്കൾക്കു ഉപകാരമായിരിക്കുന്ന ചില നികുതികളെങ്കിലും കുറവുചെയ്തിരുന്നെങ്കിൽ അതു ഗവണ്മെന്റു പക്ഷത്തിൽ ഒരു ഔദാര്യവും രാജ്യക്ഷേമസന്നദ്ധതയുമായ ഒരു പ്രവൃത്തിയായിരിക്കുമായിരുന്നു. ഇതുകൂടാതെ ഏററത്തിനിന്നും പ്രധാനമായ ഫീസുകളിലും പുതിയ നികുതി മാർഗ്ഗങ്ങളുണ്ടെങ്കിൽ ആ വഴി പുതിയ കരങ്ങളേർപ്പെടുത്തുന്നതിൽ ഗവണ്മെന്റു അവമതിയ്ക്കു കാണിക്കുന്നതായി ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ അവസരത്തിൽ നികുതിയുടെ ഭാരത്തിൽനിന്നും റബ്ബർ ഒഴിവാക്കപ്പെട്ടിരിക്കുന്നതിനെക്കുറിച്ചു സൂചിപ്പിക്കാതെ നിവൃത്തിയില്ല. വളരെക്കാലങ്ങൾക്കുമുമ്പു തന്നെ റബ്ബർ, തേയില മുതലായി ഗവണ്മെന്റിലേക്കു ആദായമുണ്ടാക്കുന്ന സാധനങ്ങളിൽ കരം ചുമത്തപ്പെടേണ്ട ആവശ്യകതയെപ്പററി ഗവണ്മെന്റിനെ ധരിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗവണ്മെന്റു തേയിലക്കു നികുതി ഏർപ്പെടുത്തിയതല്ലാതെ റബ്ബറിനു നികുതി ഏർപ്പെടുത്തിയില്ല. നമ്മുടെ ചുങ്കവരുമാനത്തിൽ തേയിലക്കുള്ള ഏററവുമധികം നികുതി ഒരു പ്രധാന ഇനമാകുന്നു. നികുതിയുള്ള ഏററവുമധികം ഇനങ്ങൾക്കു ഈ മൂന്നുമാസത്തെയും, മൂന്നുലക്ഷത്തി [illegible] രൂപാ കഴിഞ്ഞകാലവും അതിൽനിന്നു മുകളിലെടുപ്പുവന്നിട്ടുള്ളതുമാകുന്നു. കുറച്ചുമുമ്പു റബ്ബറിനു വലിയ ആവശ്യമില്ലായിരുന്നു. തൻമൂലം ചിലയിൽ ഒരു കുറവും ഉണ്ടായിരുന്നു. എന്നാൽ ഈ സ്ഥിതി വിട്ടു റബ്ബർ കൃഷിക്കാരനു അത്യന്തരമായ ലാഭമാണു അടുത്തുണ്ടായതു്. അതുകൊണ്ടു റബ്ബറിനു നികുതി ഏർപ്പെടുത്തുന്നതിനു തക്ക അവസരം ഇതാകുന്നു. റബ്ബർ കൃഷിക്കാർ അത്യന്തമായ ലാഭമെടുക്കുന്ന ഈ അവസരത്തിൽ അതിലധികാരംശത്തിനു ഗവണ്മെന്റിനും അവകാശമുള്ളതിനാൽ ന്യായമായ ഒരു നികുതി റബ്ബറിനു ചുമത്തുന്നതിനു ഗവണ്മെന്റു ധൈര്യസമേതം പ്രവൃത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. കൂടാതെ റബർകൃഷിയും തേയിലകൃഷിയും ഒരു കുടിൽ വ്യവസായമല്ല. വലിയ പണക്കാരെയാണ് നികുതി ചുമത്തേണ്ടതായിട്ടുള്ളതു. കേവലം തെങ്ങുകൃഷിക്കാരെയല്ല. അതുകൊണ്ടു ഗവണ്മെന്റിൽനിന്നും പ്രാധാന്യമേറിയതും മിക്കവാറും നമ്മുടെ ചുങ്കവരുമാനമുതൽ ഒന്നാമത്തെ ഇനമായി തീരാവുന്നതുമായ ഈ നികുതിമാർഗ്ഗത്തെ തട്ടിത്തുറക്കുന്നതിനു കാലതാമസമെന്നു വേണ്ടതു പ്രവൃത്തിക്കരുതെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ അവസരത്തിൽ നാട്ടിലെ കച്ചവടവർദ്ധനക്കുവേണ്ടി ഗവണ്മെന്റിന്റെ ശ്രദ്ധ വേണ്ടുപോലെ പതിഞ്ഞുകാണുന്നില്ലെന്നുള്ള സംഗതി ഈ സഭയുടെ ആലോചനയ്ക്കു വിഷയമാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അടുത്ത കൊല്ലത്തേക്കു ചുങ്കവരുമാനം മുതൽ കണക്കാക്കപ്പെട്ടിരിക്കുന്നതു് പതിനൊന്നു ലക്ഷം രൂപയാണ്. പത്തൊമ്പതിനഞ്ചു കൊല്ലങ്ങൾക്കകം ഈ ഇനത്തിലുള്ള നമ്മുടെ വരവു ഇരട്ടിക്കുന്നതു അധികരിച്ചിട്ടില്ലെങ്കിലും അതിനോടു ഇപ്രകാരമാകേണ്ടതാണെന്നു പറയുന്നതിനു ഒരു ദീർഘദൃഷ്ടിയുടെ പാടവം വേണമെന്നില്ല. എന്നിട്ടും കച്ചവടസംബന്ധമായ വർദ്ധനയെക്കുറിച്ചു ചിന്തിക്കാതെ അങ്ങനെതന്നെ ഇരിക്കുന്നതേയുള്ളു. വളരെ പണം ചിലവു ചെയ്തു വെംബ്ലിപ്രദർശനത്തിൽ നാം ഭാഗഭാക്കുകളായിരുന്നു. എന്നാൽ അതിൽനിന്നും നമുക്കു എന്തു പ്രയോജനമാണുണ്ടായതെന്നു കാണാൻ പ്രയാസമായിരിക്കുന്നു. ഡാക്ടർ കുഞ്ഞൻപിള്ള കച്ചവടവർദ്ധനയെപ്പററി പല പ്രധാനപ്പെട്ട അഭിപ്രായങ്ങളും പുറപ്പെടുവിച്ചിട്ടുള്ളതായി ഞാൻ അറിയുന്നു. എന്നാൽ അതുസംബന്ധിച്ചു ഗവണ്മെന്റു എപ്പോഴാണു ഗൗരവമായി ചിന്തിക്കാൻപോകുന്നതെന്നു അറിയുന്നില്ല. വിദേശികളുമായുള്ള നമ്മുടെ കച്ചവടം പകുതിക്കാരായ ഏതാനും വിദേശികളുടെ കയ്യിലാണു സ്ഥിതിചെയ്യുന്നതു്. ദേശീയ വ്യവസായങ്ങൾ ഇത്തൽക്കുടി പരുങ്ങലിലുള്ളവയായതു പരാധീനതയിലുള്ളതു്. അല്ലാത്തപക്ഷം ഗവണ്മെന്റു അവരെ സഹായിച്ചു, ഒരു കമേർഷ്യൽ റിപ്പോർട്ടുമെന്റു രൂപീകരിക്കുക, ഒരു ചേംബർ ആഫ് കാമഴ്സ് ഉടനുണ്ടാക്കുക, നമ്മുടെ കൃത്രിമവും അല്ലാത്തതുമായ സാമഗ്രികൾ ചെലവാകുന്ന ലോകത്തുള്ള പ്രധാനപ്പെട്ട കച്ചവടസ്ഥലങ്ങളിൽ കച്ചവടപ്രതിനിധികളെ നിയമിക്കുക മുതലായ അനുകൂല്യങ്ങൾ ചെയ്തുകൊടുക്കണം. നമ്മുടെ സാമഗ്രികൾ വില്ക്കുന്നതിനു പുതിയ കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനു വേണ്ട ശ്രമം ചെയ്യണം. ഇപ്പോൾ നടപ്പിലിരിക്കുന്ന സർവ്വവ്യവസായം ഞാൻ വിശദീകരിക്കുന്നതിനു ഗതിക്കു ഒക്കുന്നതാകുന്നു. നാല്പതൊ അൻപതൊ കൊല്ലങ്ങൾക്കു മുൻപു നാടു വിറകിനുമാത്രം ഉപയോഗിച്ചുകൊണ്ടിരുന്ന കരിങ്ങാലിൽനിന്നും ഇപ്പോൾ നമ്മുടെ കടലുകളിൽ ഉണ്ടാക്കിവരുന്നതായ കയർ ഇപ്പോൾ നമ്മുടെ ഏററുമതികളിൽ ഒരു വലിയ ഇനമായി

തിന്നിരിക്കുന്നു. ഏകദേശം ഒരുണ്ടു കൊല്ലത്തിയിൽനിന്നുമുള്ള ചുങ്കം രണ്ടു ലക്ഷമായിരുന്നപ്പോൾ കയറിൽനിന്നും നൂറ്റു ലക്ഷം രൂപ വരവുണ്ടായിരുന്നു. കൂടാതെ അതിൽനിന്നും ഏഴു കോടിരൂപ ജനങ്ങൾക്കു ആദായവുമുണ്ടായിരുന്നു. എന്നാൽ ഏകദേശം ഒരു ദശാബ്ദത്തിൽ ഈ വ്യാപാരത്തിൽ ഒരു കുറവുകാണുന്നു. നമ്മുടെ കയറിന്റെ വിദേശത്തുനിന്നും ആവശ്യം വളരെ കുറഞ്ഞിരിക്കുന്നു. വിലയിൽ ൪ മുതൽ ൬ വരെ ശതമാനം കുറവുവന്നിട്ടുണ്ട്. കയറുണ്ടാക്കുന്ന സാധുക്കളും അവരിൽനിന്നും അതു ശേഖരിച്ചു വയ്ക്കുന്ന കച്ചവടക്കാരും കടിനമായി വിഷമിക്കുന്നു. ഇതു കൊഴിൽ മിക്കവാറും വലിയ വസ്തുവകകളും മററുമുള്ള ഗൃഹസ്ഥന്മാരെപ്പോലെ ശക്തിയില്ലാത്തവരായ ഇടത്തരക്കാരുടെ കൈയിലാണു സ്ഥിതിചെയ്യുന്നതു്. അവരുടെ കഷ്ടപ്പാടുകളിൽ ഗവണ്മെൻറു യാതൊരു താല്പര്യവും കാണിക്കുന്നില്ല. ഗവണ്മെൻറിന്റെ നന്മയെമാത്രം നോക്കുകയാണെങ്കിൽ തന്നെയും ഉൾപ്പെടെ ഗവണ്മെൻറുകയുണ്ടാക്കുന്നവരുടെ അവരുടെ രക്ഷക്കായിചെന്നു് അവരുടെ സ്ഥിതിയെ പരിശോധിക്കുക. തല്ക്കാലമുള്ള കുഴപ്പത്തിൽനിന്നും എങ്ങനെയാണു രക്ഷപ്പെടേണ്ടതെന്നാലോചിച്ചു മാർഗ്ഗം കണ്ടുപിടിക്കുക മുതലായവ ചെയ്യുമായിരുന്നു. പലപ്രധാനപ്പെട്ട കച്ചവടസ്ഥലങ്ങളിലും കച്ചവടപ്രതിനിധികളോടുകൂടി ഒരു കമ്മേർഷ്യൽ ഡിപ്പാർട്ടുമെൻറു രൂപീകരിക്കപ്പെടുന്നതായാൽ അതിലേക്കുവേണ്ടിവരുന്ന ഒരുലക്ഷം രൂപാചെലവും നിർമ്മൂലം ഉണ്ടാകാവുന്ന കൂടുതൽചുങ്കം, ജനങ്ങൾക്കുണ്ടാവുന്ന അനുഭവം ഇവകളാൽ പരിഹാരമുണ്ടാകുന്നു്. അതുകൊണ്ടു ഈസംഗതിയിൽ ഗവണ്മെൻറിന്റെ ശ്രദ്ധയെ ഉടനടി ക്ഷണിച്ചുകൊള്ളുന്നു.

കച്ചവടവർദ്ധനയപ്പോലെ തന്നെ പ്രാധാന്യമായ സംഗതിയാണു നാട്ടിൽ സാമാന്യനിരക്കിൽ പലിശക്കടം കിട്ടുവാൻ സാധിക്കുന്നതു്. നമ്മുടെ കച്ചവടത്തിനും കൈത്തൊഴിലിനും അത്യാന്താപേക്ഷിതമായിട്ടുള്ളതാണു ധാരാളം നിക്ഷേപധനവും, കുറഞ്ഞ നിരക്കിൽ പലിശക്കു പണവും ഉണ്ടായിരിക്കുന്നതു്. ഇപ്പോൾ നടപ്പിലിരിക്കുന്ന പലിശ നിരക്കു വളരെ കൂടുതലായിരിക്കുന്നതിനാൽ ബാങ്കുകാരനും ഫ്രണ്ടിയൽ കാരനും കൊടുക്കാനുള്ള ഭീമമായ പലിശകൊടുത്തു കഴിഞ്ഞാൽ കച്ചവടക്കാരനും, കൈത്തൊഴിൽ കാരനും കിട്ടുന്ന ലാഭം തീരെനിസ്സാരമാണു. സാവധാനം പുറപ്പെട്ടിരിക്കുന്ന സ്റ്റേറ്റു എഗ്രിഡഡ്ബാങ്കു് ഈ സംഗതിയിൽ കൂടുതലായി ഒന്നും പ്രവർത്തിച്ചു എന്നു പറയുവാനില്ല. പണം നിക്ഷേപിക്കുന്ന ആൾക്കു തന്റെ പണത്തിനു കൂടുതൽ പലിശ ആവശ്യപ്പെടുന്നതിനാൽ സ്വദേശബാങ്കുകൾക്കു ഈ സംഗതിയിൽ ഒന്നും പ്രവർത്തിക്കാൻ നിവൃത്തിയില്ലാതിരിക്കുന്നു. ജനങ്ങളുടെ പണങ്ങൾ ഗവണ്മെൻറിൽ നിന്നും ധാരാളമായി സ്വദേശബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളതും എന്നാൽ അതിൽനിന്നു എന്തെങ്കിലും ഭാഗം ജനങ്ങളുടെ ആവശ്യത്തിലേക്കു കൊടുക്കേണ്ടതാണെന്നു തീരുമാനിച്ചിട്ടില്ലാത്തതുമാകുന്നു. വിദേശകച്ചവടക്കാർ വളരെ കുറഞ്ഞ പലിശക്കു ഈ പണം ഈ ബാങ്കുകളിൽ നിന്നു എടുക്കുകയും ജനങ്ങളുടെ ശാശ്വതമായ നാശത്തിനു നാട്ടിൽ നിന്നുമുള്ള പണം അവർ കവർന്നു കൊണ്ടു പോകുകയും ചെയ്യുന്നു. ഗവണ്മെൻറിൽ നിന്നും ഭീമമായ ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ള ഇംപീരിയൽ ബാങ്കും മററുബാങ്കുകളും നാട്ടുകാർക്കു പണം കൊടുക്കുന്ന വിഷയത്തിൽ വലിയ വൈമുഖ്യം കാണിക്കുന്നു. അതുകൊണ്ടു നമ്മുടെപണം ഈ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നതു് വിദേശകച്ചവടക്കാരുടെ ലാഭത്തിനാണെന്നാണു തോന്നുന്നതു്. അതേ സമയം നമ്മുടെ കച്ചവടവും കൈത്തൊഴിലും സ്വദേശികളായ പണക്കാർക്കു് വലുതായ പലിശകൊടുക്കേണ്ടിവരുന്നതിനാൽ പിന്നോട്ടു വലിക്കുകയാണു ചെയ്യുന്നതു്. ഈ പണം എന്തു കൊണ്ടു നമ്മുടെ കച്ചവടക്കാർക്കും കൈത്തൊഴിലുകാർക്കും കൊടുത്തുകൂടെന്നറിയുന്നില്ല. നിക്ഷേപനിധികളുടെ ഒരംശം പണം ആവശ്യപ്പെടുന്ന സ്വദേശികൾക്കു ശരിയായ ജാമ്യത്തിന്മേൽ കൊടുക്കപ്പെടേണ്ടതാണെന്നു ഗവണ്മെൻറിനു തീരുമാനിക്കാവുന്നതാകുന്നു.

എന്നാലും സ്ഥിരോത്സാഹികളായ പ്രവർത്തകന്മാരുടെ പരിശ്രമത്തിൽ പരസ്പരസഹായത്തിന്റെ മാതിരിയിൽ ഒരു ലാൻഡുമാർട്ടുഗേജ്ബാങ്കു് രൂപീകരിക്കുന്നതിനു ഒരുങ്ങിവരുന്നതായി ഞാൻ അറിയുന്നു. മിക്കവാറുമുള്ള ഐറോപ്യരാജ്യങ്ങളിലെല്ലാം ഈ മാതിരി ബാങ്കുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും ജനക്ഷേമാർത്ഥം പ്രവർത്തിച്ചുവരുന്നതുമാണെന്നു എനിക്കറിയാം. ഇതേ സംബന്ധിച്ചു ആലോചിക്കുന്നതിനായി മൈസൂരിലും ഒരു കമ്മിററിനിയമിക്കപ്പെട്ടതായും, ബാങ്കിന്റെ ആവശ്യകതയെ കാണിച്ചു കമ്മിററിയുടെ റിപ്പോർട്ടു ഈയിടെ ഗവണ്മെൻറിലേക്കു അയക്കുകയും ചെയ്തിട്ടുണ്ടു് തിരുവിതാംകൂറിൽ എന്തു കൊണ്ടു ഇതു വിജയപ്രദമാകയില്ലെന്നു എനിക്കറിഞ്ഞുകൂടാ. നേരെ മറിച്ചു ഈ നാട്ടിലെ ആളുകളുടെ പ്രകൃതത്തിനും വാസനയ്ക്കും ഇതു ഏററവും യോജിക്കുന്നതായിട്ടു വേണം വിചാരിക്കാൻ. അതുകൊണ്ടു ഗവണ്മെൻറിന്റെ ഉത്തമമായ ആലോചനയ്ക്കു ഈ സംഗതി വിഷയമായിത്തീരണമെന്നു പ്രാർത്ഥിക്കുന്നതിൽ എനിക്കു അശേഷം മടിയില്ല.

എക്സൈസ്സ് ഭാഗത്തെ സംബന്ധിച്ചു ഒന്നു രണ്ടു വാക്കുകൾ പറയാതെ എന്റെ അഭിപ്രായങ്ങളെ ഉപസംഹരിക്കാൻ നിവൃത്തിയില്ല. എക്സൈസ്സ് കമ്മിററി കഴിഞ്ഞ ആണ്ടു സമർപ്പിച്ച റിപ്പോർട്ടു മേലുള്ള അവസാന ഉത്തരവിനു ഗവണ്മെൻറു എടുത്തിട്ടുള്ള സമയത്തെക്കുറിച്ചാണു ആദ്യമായി എനിക്കു പറയാനുള്ളതു്. മുൻപു പല അവസരങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു് അബ്കാരി നയം തന്നെയാണു ഗവണ്മെൻറു ഇനിയും അവലംബിക്കുന്നതെങ്കിൽ, എക്സൈസ്സ് കമ്മിററിയുടെ റിപ്പോർട്ടിനു ഒരുത്തരവു പുറപ്പെടുവിക്കുന്നതിനു ഇത്രത്തോളം കാലതാമസം നേരിട്ടതും കുറെക്കൊല്ലങ്ങൾ കൊണ്ടു തിരുത്തി ഇല്ലാതാക്കുന്നതും വളരെ നാളായി ആശിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ അബ്കാരി പരിഷ്കാരം നടപ്പിലാക്കാതേയും ഇരിക്കുന്നതെന്തു കൊണ്ടാണെന്നറിയുന്നില്ല. ബഡ്ജററിൽ നിന്നും ആട്ടത്തുകൊല്ലത്തെക്കു അബ്കാരി വകയിൽ കൂടുതൽ മുതൽ കണക്കാക്കപ്പെട്ടിരിക്കുന്നതായികാണുന്നു. അബ്കാരി മുതലെടുപ്പു അത്ര ശരിയായിട്ടുള്ളതല്ലെന്നു ഗവണ്മെൻറു തന്നെ പ്രസ്താവിച്ചിട്ടുണ്ടു്, എന്നിട്ടും ആ മുതൽ വീണ്ടും വസൂലാക്കുന്നതിനു ഗവണ്മെൻറു തയ്യാറായിരിക്കുന്നതു് അതിശയകരമായിരിക്കുന്നു. ഇതു നിമിത്തം ഗവണ്മെൻറു പ്രസ്താവനകളുടെ യാഥാർത്ഥ്യം സംശയിക്കപ്പെടാവുന്നതാണു്. എന്നാലും തെററിദ്ധാരണകളെല്ലാം നീങ്ങുന്നതിനു കഴിയുന്നതും വേഗത്തിൽ വേണ്ട ഉത്തരവുകൾ ഗവണ്മെൻറു പുറപ്പെടുവിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എച്ച്. ജി. ചാപ്പൽ (നിയമിക്കപ്പെട്ട മെംബർ). "നിയമസഭയ്ക്കു മുമ്പാകെ കൈനേനൻസ്യൽ സെക്ട്ട് അവതരിപ്പിച്ച ഗ്രോറാമിന്റെ വളരെ നല്ലതും കണക്കു സംബന്ധമായി നോക്കുന്നതായാൽ ഒരു നിക്കിയ രൂപ്പ് ബഡ്ജറ്റ് തുപികരിക്കുന്നതിൽ ഗവർണ്ണമെന്റ് വേണ്ടത്രമം ചെയ്തിട്ടുള്ളതാകുന്നു. എന്നാൽ ജനങ്ങളുടെ അ ട്ടുടയ്ക്കെ പ്രവർത്തനത്തിനു കുന്ന വിശാലമായ ഭരണനയത്തെ സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നതാണിച്ചാൽ അദ്ദേഹം [illegible] ഒന്നു തന്നെ പറഞ്ഞിട്ടില്ലെന്നു കാണാം. പ്രസിഡന്റ്, ശ്രീ വളരെ. ഈ വർഷം ഒരു വലിയ ഇടയായിരിക്കുന്നു. ആകപ്പാടെ ചൊന്നതിരാമത്തു ഡിപ്പാർട്ടുമെന്റിലേ ക്കാട്ടുകിട്ടിക്കുന്നു [illegible] പുതിയതാകാത്തതും പഴയതു. ഉറപ്പുള്ള റോഡുകൾക്കും മററു ഗതാഗതമാർഗ്ഗങ്ങൾക്കുമായി ഒരു കൊടുത്തുമരാമത്തിനു നിർദ്ദേശിച്ചിട്ടുള്ള തുക ഒ,ന്നര,ന്നവൻ രൂപാ മാത്രമാ കുന്നു. ഈ പ്രധാനമായ ഇനത്തിലുള്ള വിനിയോഗത്തിലും തിരുവനന്തപുരം ഡിവിഷനെക്കുറിച്ച് ശരിയായി ഗൌ നിച്ചു കാണുന്നില്ല. പഴയതും പുതിയതുകാത്തതുമായ വേലകൾക്കു ആ ഡിവിഷനിലേക്കു നിശ്ചിച്ചിട്ടുള്ളതു [illegible] [illegible] [illegible]. കൊല്ലം കോട്ടയ ഈ ഡിവിഷൻസിലേക്കു നിർദ്ദേശിച്ചിട്ടുള്ള തുകയെക്കാ [illegible] [illegible] [illegible]. നേരെ മറിച്ച് ആ തുകകളെ വർദ്ധിപ്പിക്കേണ്ടതാണ്. തിരുവനന്തപുരം ഡിവിഷനിലെ പണിവകുപ്പു മാത്രം ഒരു കുടിൽ തുക ചെലവു ചെയ്യേണ്ടതാണെന്ന് മാത്രമെ ഞാൻ പറ [illegible] [illegible] [illegible], തിരുവനന്തപുരം, നെയ്യാററിൻകര, ഈ താലൂ ക്കുകളിലെ ഇറിഗേഷൻ പദ്ധതികൾക്കായി നിർദ്ദേശിച്ചിട്ടുള്ള തുക [illegible] രൂപ മാകുന്നു. സാമ്പത്തിക യുടെ നാട്ടുകാരം കൊടുക്കുന്നതിൽ പ്രധാനഭാഗവും ആയ കൃഷിക്കാരുടെ നന്മയിൽ ഗവർണ്ണമെന്റു മാതൃകാ ൽകുന്നുയും കാണിക്കുന്നില്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നതു. ഈ സ്ഥിതി കഴിയുന്നത്ര വേഗ ത്തിൽ മാറപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

തെക്കൻ തിരുവിതാംകൂറിലെ കടത്തുകാർക്കു, വിശേഷിച്ചും കടപ്പുറത്തുള്ളവർ, സ്ഥലമില്ലാതെ കഷ്ടപ്പെട്ടു ന്നു. ഇടവിടാതുള്ള പരിശ്രമം, എല്ലായ്പ്പോഴുമുള്ള ആപത്തു ഭാശ്വതമായ പട്ടിണി ഇവയാണ് കടപ്പുറത്തുതാ മസക്കാരായ ക്രിസ്ത്യാനികളുടെ കഷ്ടതകൾ. യാതൊന്നുമില്ലാത്തമണലുള്ള പ്രദേശത്തുതാമസിക്കുന്നവരായ അവരുടെ ഭാര്യമാരും കുട്ടികളും തങ്ങളുടെ സ്വന്തപരിശ്രമം കൊണ്ടു കുടുംബത്തെക്കൂടി ആദായത്തെ പോഷിപ്പിക്കുന്നതി നു സാധിക്കാതെ വിഷമിക്കുന്നു. തങ്ങളുടെ സ്വന്തമെന്നു പറയാവുന്നതായി ഒരിഞ്ചു സ്ഥലംപോലും ഇവർക്കി ല്ലെന്നുള്ള വസ്തുത ചിന്തിക്കുമ്പോൾ പാടില്ലാത്തതാകുന്നു. പഴഞ്ചൊല്ലിൽ പറയുംപോലെ മുതുകിൽകൂരയുമായി ട്ടാണ് അവർ നടക്കുന്നതു. ജനിച്ചതും വളർന്നതുമായ സ്ഥലങ്ങളിൽ നിന്നും പലപ്പോഴും അവർ നിഷ്കാസിത രായും തീരുന്നു. അതു സംബന്ധിച്ചുള്ളതായി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. കൃഷിമത്സ്യഡയറക്ടർ, ലാൻ ഡ്റവന്യൂകമ്മീഷണർ ആദിയായ ഗവർണ്മെന്റുദ്യോഗസ്ഥന്മാർക്കു സാധ്യങ്ങളായ ഇവരുടെ സംകടങ്ങൾ എത്ര ക ണ്ടുണ്ടെന്നു പറയാൻ കഴിയുന്നതാണ്, എന്റെ അനുഭവപ്രകാരം ഉദ്യോഗസ്ഥന്മാരിൽ ഞാൻ പറയുന്നതു പരമാർത്ഥ മല്ലാതെ മറെറാന്നുമല്ലെന്നു അറിഞ്ഞാൽ സന്തോഷമുണ്ടാകും. അതുകൊണ്ടു മഹാറാണിയിങ്കൽ തിരുമനസ്സിലെ ഏററ വും താഴത്തേയുള്ളവരും നിയമാനുസാരികളുമായ ഈ സാധുക്കൾക്കായി കടലോരങ്ങളിലടുത്തുള്ള പുറമ്പോക്ക കളും പുതു വലുകളും പതിച്ചു കൊടുത്തു തുടങ്ങണമെന്നു ഞാൻ ഗവർണ്ണമെന്റിനോടപേക്ഷിക്കുന്നു. കടലോരവാ സികളായ ഇവർക്കുവേണ്ടി ചെയ്യുന്ന ചുരുങ്ങിയ അർത്ഥമായാണിതു. ഈ അവസരത്തിൽ മത്സ്യവ്യവസായത്തിനു വേണ്ട ആനുകൂല്യങ്ങൾ ചെയ്തു അവരെ പ്രോത്സാഹിപ്പിക്കുന്നതിനു കൃഷിമത്സ്യഡിപ്പാർട്ടുമെന്റിനെ വേണ്ടപോ ലെ ചെലവാക്കുന്നതിനുംകൂടി ഞാൻ ഗവർണ്ണമെന്റിനോടപേക്ഷിക്കുന്നു. ഏതാനും മീനുണക്കാനുള്ള സ്ഥലങ്ങളും ഏതാനും ഉദ്യോഗസ്ഥന്മാരും ഉള്ളതുകൊണ്ടു മാത്രമല്ലപോരാ, മത്സ്യം പിടിക്കുന്ന ഇവരുടെ ഐശ്വര്യം കൃഷി മത്സ്യഡയറക്ടറുടെയും തങ്ങളെ തങ്ങളുടെ തൊഴിലിൽ സഹായിക്കുന്നതിനു ഒരുക്കമുള്ള ആളുകളുടെയും അനുക്ര മത്തിലും തങ്ങളുടെ സാമ്പത്തികനിലയിലും ആണ് സ്ഥിതിചെയ്യുന്നതു. ഒരു നാട്ടിൽ തൊഴിൽ സംബന്ധമാ യി ഒരുണർവുണ്ടാകുന്നതിനു ഏകോപിച്ചല്ലാതുള്ള പ്രവർത്തനം ഒരിക്കലും പര്യാപ്തമാകുന്നതല്ല. വ്യവസായ ഡിപ്പാർട്ടുമെന്റും, കൃഷിമത്സ്യഡിപ്പാർട്ടുമെന്റും, പരസ്പരസഹായഡിപ്പാർട്ടുമെന്റും തമ്മിൽ യഥാർത്ഥത്തിൽ സഹകരണമില്ലെന്നു എനിക്കു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. എക്കണാമിക്ഡെവലപ്പ്മെന്റ് ബോ ർഡ്ഇ പയോഗപ്രദമായ പലിയതജോലി ചെയ്യുന്നില്ല. ആണ്ടിൽ നാലുതവണമാത്രമെ ബോർഡു ഒരുമിച്ചുകൂടു ന്നൊള്ളു. ആ പകക്കു ചെലവുചെയ്യുന്നപണം ഫലം കൊടുക്കുന്നവക്കു യാതൊരു ഗുണവും ചെയ്യുന്നില്ലെന്നാണു എനിക്കു തോന്നുന്നതു. വ്യവസായവർദ്ധനക്കു സ്ഥിരമായ ഒരു നയം അത്യാവശ്യമാണ് യഥാർത്ഥമായവല്ല ഗുണവുമുണ്ടാകണമെങ്കിൽ ബോർഡു ആഴ്ചതോറുമല്ലെങ്കിലും രണ്ടാഴ്ചക്കൊരിക്കൽ കൂടണമാണ്. ഭരണസംബ ന്ധമായ കാര്യങ്ങളിൽ അനുഭവപ്രാഗത്ഭ്യമുള്ള ആളുകൾ കൂടി ഉൾപ്പെടുത്തണമെന്നു ഗവർണ്ണമെന്റ് ഉദ്ദേശിക്കുന്നതിന്ന് മെഡി ക്കൽബോർഡിന്റെ സ്വീകാര്യസ്വീകാര്യം വഹിക്കുന്നു. ഒരു ഡിപ്പാർട്ടുമെന്റിന്റെ തലവനായ ഭരണത്തിനു ഉദ്യോഗ സ്ഥന്മാരും അനുഭവപ്രാഗത്ഭ്യമുള്ള ഒരു ബോർഡിന്റെ ആവശ്യമുണ്ടെങ്കിൽ അനേകം ഡിപ്പാർട്ടുമെന്റുകളു ടെ ഒന്നോരണ്ടിച്ചുള്ള പ്രവർത്തിക്ക് അതുപോലെ ഒരു ബോർഡു അത്യന്താപേക്ഷിതമാകുന്നു. ഉപ്പോഴത്തെ ധന പരിപോഷണബോർഡിന്റെ കാര്യം അന്വേഷിക്കുന്നതു ഈ മാസം തന്നെ ടി ബോർഡ് നിറുത്തൽചെയ്തു പകരം തൽസ്ഥാനത്തു ഒരു അഡ്മിനിസ്ട്രേറ്റീവ്ബോർഡ് സ്ഥാപിക്കണമെന്നും അങ്ങനെ ചെയ്യുന്നതായാൽ ടി ബോർഡ് അടുത്ത ആണ്ടാരംഭം മുതൽക്കു തന്നെ ജോലി തുടങ്ങുന്നതുമാണെന്നു ഞാൻ ഗവർണ്ണമെന്റിന്റെ ദയ വാഗ്രഹത്തിക്കു വിഷയമാക്കുന്നു.

പടിഞ്ഞാറുള്ളതിലെ ക്രിസ്ത്യാനികൾക്കു വിദ്യാഭ്യാസവിഷയത്തിൽ ഫീസ്സു ഇളവുചെയ്തുകൊടുക്കുന്നതിലും ഭാഷണം നടത്തുന്നതിലും കൂടുതൽ സൌജന്യങ്ങൾ ചെയ്യേണ്ട ആവശ്യകതയെപ്പററി ഒരു വാക്കുകൂടി എ ന്റെ പ്രസംഗ അവസാനിക്കുന്നതിനുമുൻപു പറഞ്ഞുകൊള്ളട്ടെ. തിരുവനന്തപുരത്തു നാം കന്യാകുമാരിക്കും മ ദ്ധ്യേയുള്ള കടലോരത്തു ഒരിടത്തുപോലും ഒരു ഇംഗ്ലീഷുപള്ളിക്കൂടമില്ല. അതും ഗവർണ്ണമെന്റിന്റെ ദയവായ ശ്ര ദ്ധയെ പതിപ്പിക്കേണ്ട ഒരു സംഗതിതാണ്. കൂടാതെ അതുപോലെതന്നെയുള്ള ഒരു സ്ഥിതിയാണ് ഗവർണ്ണ മെന്റുകോളിജ് കഴിഞ്ഞ ചില ക്രിസ്ത്യാനികൾക്കു കൂടുതൽ പ്രവേശനാവസരം കൊടുക്കേണ്ടതു. രാജ്യകൃത്യങ്ങളിൽ ജാതിവിഭാഗമനുസരിച്ചുള്ള നിയമനം ആശാസ്യമായ ഒരു നയമല്ല. എന്നാൽ തങ്ങളുടെ അഭ്യുദയത്തിൽ ബദ്ധ

ശ്രദ്ധാലുക്കളും കൂടുതൽ ഗുണം അനുഭവിക്കുന്നവരും ആയ മററു വർഗ്ഗക്കാർ തങ്ങളുടെ അവകാശങ്ങളെയും ആവശ്യങ്ങളെയും പുലർത്തുന്നതിനു ഒരുമ്പെട്ടിരിക്കുമ്പോൾ സാധുക്കളായ കടൽപ്പുറക്രിസ്ത്യാനികൾക്കും വേണ്ട ആനുകൂല്യങ്ങൾക്കു അവകാശമുള്ളതാകുന്നു. ഇത്രയും പറഞ്ഞിട്ടു ഞാൻ വിരമിക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കരുനാഗപ്പള്ളിയും): അദ്ധ്യക്ഷനവർകളെ, തിരുവിതാംകൂറിന്റെ സാമ്പത്തികനില തൃപ്തികരമല്ലെന്നു വിചാരിക്കുന്ന കൂട്ടത്തിലൊരുവനല്ല ഞാൻ. അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ ജനാഭിപ്രായമനുസരിച്ചും, രാഷ്ട്രീയമായും ശാസ്ത്രീയമായുമുള്ള തത്വങ്ങളെ ആസ്പദമാക്കിയും, ക്ഷ ഠ ഠ-മാണ്ടത്തെ എന്റെ ബഡ്ജററ് പരിഗണനയിൽ തിരുവിതാംകൂറിലെ സാമ്പത്തികനിലയെ അത്ര തൃപ്തികരമല്ലെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. ഭരണറിപ്പോർട്ടിൽ ക്ഷ ഠ ഠ-മാണ്ടത്തെ വരവിൽ ക്ഷ ഠ.ഡ ലക്ഷം രൂപാ മിച്ചവും ക്ഷ ഠ ക-മാണ്ടത്തെ പരിഷ്കരിക്കപ്പെട്ട കണക്കുപ്രകാരം ക്ഷ ഠ.ഴ ലക്ഷം രൂപാ മിച്ചവും കാണുന്നുണ്ടെങ്കിലും എന്റെ അഭിപ്രായം അതുതന്നെയാണ്. സംസ്ഥാനത്തിന്റെ ന്യായമായ ചെലവിലേക്കു ആവശ്യമുള്ള തുകകൾ വർദ്ധിക്കുന്നതിൽ ഗവണ്മെന്റിനു പ്രയാസമായിരിക്കുമെന്നു എനിക്കു ഭയമില്ല. ഗവണ്മെന്റിന്റെ വരുമാനം പണം നാട്ടുകാരുടെ ജീവിതനിലയെ നന്നാക്കുന്നതിനുതകത്തക്കവണ്ണം തൃപ്തികരമായ രീതിയിലല്ലാ ചെലവാക്കുന്നതു എന്നും കൂടാതെ കുറെ ചുമത്തുന്നവിഷയത്തിൽ ജനങ്ങളിൽ എല്ലാവർക്കുമോരോട്ടം ഗവണ്മെന്റിന്റെ ഖജനാവിലെ പ്രവർത്തിക്കുന്നില്ലെന്നും ആണ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. നികുതിയുടെ അമിതമായ ഭാരത്തെപ്പററി ഉദാഹരിക്കുന്നതായാൽ തെങ്ങുകൃഷിക്കാരോടും, റബ്ബർകൃഷിക്കാരോടും സ്ഥിതി നോക്കിയാൽ മതി. തെങ്ങിനു സംഭവിച്ചിട്ടുള്ള രോഗങ്ങളിലും ഏററക്കുറവുകളായി ഇടവിടാതെ നടത്തിവരാറുള്ള ഒരേതുകയിലും തണ്ണീരുള്ള ഉരുകുകയുംകൂടിയും നാട്ടിൽ മിക്കഭാഗങ്ങളിലും തെങ്ങുകൃഷി ഇപ്പോൾ വളരെ ദുരവസ്ഥിതിയിലാണിരിക്കുന്നു. എന്നാൽ തെങ്ങുകൃഷിയിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ അഞ്ചോ ആറോ ഇരട്ടിവരുമാനമാണ് റബ്ബർകൃഷിയിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. റബ്ബർകൃഷി നമ്മുടെ നാട്ടിൽ അതിന്റെ ശൈശവത്തിലാണെന്നു പറയപ്പെട്ടിരിക്കുന്നു. ചെറിയ റബ്ബർചെടികൾക്കു ഏതെങ്കിലും പ്രത്യേകതരം വളത്തപ്പെടാൻ പാടില്ലാത്തതും ചുമത്തേണ്ട ആവശ്യം ഇല്ലാത്തതുമാകുന്നു. എന്നാൽ നാട്ടിൽനിന്നു കേററിഅയക്കുന്ന റബ്ബറിനും, റബ്ബർ ഏട്ടുകുന്ന റബ്ബർ മരങ്ങൾക്കും, നികുതിഏർപ്പെടുത്തുന്ന നീതിയും, ഉപകാരപ്രദമാകുമെന്നു എനിക്കു പറയാനുള്ളത്. തെങ്ങുകൃഷിക്കാരനു തന്റെ തൊഴിലിന്റെ വർദ്ധ്യക്യദശയിൽ വൃക്ഷങ്ങളെയും വിളവുകളെ കയററി അയക്കുന്നതിൽ ഏറെക്കുറവുചുമത്തപ്പെട്ടിരിക്കുന്നു. അതുകൊണ്ടു തന്റെ തൊഴിലിന്റെ യൌവ്വനദശയിൽ ധാരാളം പണം ആദായം വന്നുകൊണ്ടിരിക്കുന്ന റബ്ബർകൃഷിക്കാരനു ഒരു പ്രത്യേകം നികുതിചുമത്തുന്നതു നീതികരമായേ ഇരിക്കുകയുള്ളു. ശരിയായ ഒരേറുകുതിച്ചുകേറ്റം മാത്രം റബ്ബറിനു മതിയെന്നാണു എന്റെ അഭിപ്രായം. ആധുനികനിലക്കു ഏതു തരത്തിലുള്ള വൃക്ഷകരങ്ങൾക്കും ഞാൻ വിപരീതിയാണ്. വൃക്ഷകരം ഏർപ്പെടുത്തുന്നതിനേക്കാൾ കച്ചവടസാധനങ്ങളായ പ്രധാന സാമഗ്രികൾക്കു ന്യായമായ ഭൂനികുതിയും ഏറ്റക്കുറവുചുമത്തുകയും ഏർപ്പെടുത്തുന്നതാണ് ഏറ്റവും ഉത്തമമായ കൃഷികരം.

രാജ്യത്തിലെ മുതലെടുപ്പിൽനിന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ചിലവു തീരെ അതൃപ്തികരമാകുന്നു. ജനങ്ങളുടെ ജീവസന്ധാരണത്തിനു അത്യാവശ്യങ്ങളായ സംഗതികളെ പരിപുഷ്ടിക്കുക എന്നുള്ളതിനെ വിസ്മരിച്ചു, ഗവണ്മെന്റു നയമനങ്ങൾക്കു ഏതാനും ആളുകളുടെ പ്രത്യേകസൌകര്യങ്ങൾക്കുമായിപ്പണം ചിലവാക്കുന്നു. കഴിഞ്ഞ ഭയങ്കരമായ ലോകസമരകാലത്തും അതു കഴിഞ്ഞുള്ള കുറെക്കാലങ്ങളിലും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ചു ഉദ്യോഗസ്ഥന്മാരുടെയിടയിലും ഭയസന്ദേഹമുണ്ടായിരുന്നു. ക്ഷ ഠ ഠ-മാണ്ടും സാമ്പത്തികാന്തരീക്ഷം മേഘാവൃതമായിരുന്നു. എനിക്കു തെററീട്ടില്ലെങ്കിൽ മി: ജാർജിനു ക്ഷ ഠ ഠ-മാണ്ടത്തെ ബഡ്ജററ് തയ്യാറാക്കുന്നതിൽ വളരെ വിഷമങ്ങൾ നേരിട്ടിട്ടുണ്ടെന്നാണു തോന്നുന്നതു. ആ സമയം യുദ്ധത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും നാം വേണ്ടുവോളം കരകേറീട്ടുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ഉദ്യോഗസ്ഥന്മാർ ഉദ്ദേശിച്ചിട്ടുള്ളതിൽനിന്നും സംഗതികൾ ഭേദപ്പെട്ടു വന്നിട്ടുണ്ട്. ഇക്കൊല്ലം ക്ഷ ഠ ഠ-മാണ്ടത്തെ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ മി: നീലകണ്ഠപ്പിള്ള വളരെ സന്തുഷ്ടനായിക്കണ്ടു. ക്ഷ ഠ ഠ-മാണ്ടത്തെ മിച്ചം ക്ഷ ഠ ലക്ഷം രൂപായും ക്ഷ ഠ ക-മാണ്ടത്തെ മിച്ചം ഏകദേശം ക്ഷ ഠ ലക്ഷം രൂപായും, മുൻപുണ്ടായ ഏകദേശം ഇനങ്ങളിലെ ചെലവുകഴിച്ചു കിട്ടിയ ഈ തുക നമുക്കെല്ലാവർക്കും ആശ്വാസകരംതന്നെ. എങ്കിലും സാമ്പത്തികനില തൃപ്തികരമല്ലെന്നു പറയുന്നതിനു ഉദ്യോഗസ്ഥന്മാർക്കു മിക്കവാറും ഒരു പ്രേരണശക്തിയുണ്ട്. ഇങ്ങനെ സംഭവിക്കുന്നതു സാധാരണയായി അനുദ്യോഗസ്ഥാംഗങ്ങൾ അത്യാവശ്യമായ ഏതെങ്കിലും ഇനം ചിലവിനെക്കുറിച്ചു നിർബന്ധിക്കുമ്പോഴാണു. അതായതു് വണ്ടിപോകുന്നതിനു റോഡുകൾ, പാലങ്ങൾ ഇവയുണ്ടാക്കുക, കൃഷിച്ചാലുകളും, വെള്ളച്ചാലുകളും വെട്ടുക പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെപ്പോലുള്ള താഴ്ന്ന തരം ശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുക മുതലായ ഇനങ്ങളിലേക്കു. എന്നാൽ ഇതു വലിയ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനോ, വലിയശമ്പളം കൊടുത്തോണ്ടു പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനോ, വലിയ മുതലാളിമാരുടെ അഭ്യുദയത്തിനുമാത്രം പയ്യപ്പെടുമാകുന്നതോ, അധികരിക്കും അഭിപ്രായപ്പെട്ടിട്ടുള്ളതോ ആയ വലിയ സ്കീംതുടങ്ങുന്നതിനോ വിഘാതമാകുന്നില്ല. നേരെമറിച്ചു ഗവണ്മെന്റിന്റെ വെറും പ്രതാപമാത്രങ്ങളായ പദ്ധതികളെ പണവിനിയോഗത്തിൽ ഗവണ്മെന്റിനു പററിയിട്ടുള്ള വീഴ്ചകളെ അവലംബമാക്കി തകർക്കുന്നതിനും ഉദ്യോഗസ്ഥന്മാർ തയ്യാറാക്കിട്ടുള്ള പ്രകാശമാനങ്ങളായ ചിത്രങ്ങളെ മററവസരങ്ങളിലേക്കു ഉപയോഗിക്കുന്നതിനും അനുദ്യോഗസ്ഥാംഗങ്ങൾക്കു പ്രത്യേകവാസനയുണ്ട്. സാധുക്കളുടെ സ്ഥിതികളെ ശാന്തമാക്കിത്തീർക്കുന്നതിനുള്ള മാർഗ്ഗങ്ങളെ അനുദ്യോഗസ്ഥാംഗങ്ങൾ ഗവണ്മെന്റിൽ സമർപ്പിക്കുമ്പോളാണു കുഴപ്പങ്ങളെല്ലാം ഉണ്ടാകുന്നതു്. ഇമ്മാതിരി ഉദ്യോഗസ്ഥന്മാരുടേയും അനുദ്യോഗസ്ഥന്മാരുടെയും വാച്ചുമാററസ്ഥിതികൾ തമ്മിലുള്ളതു്. എന്നാൽ അതു സന്ദർഭമാലോചിക്കുന്നതായാൽ വളരെ സ്വഭാവികമാണു. ഉദ്യോഗസ്ഥന്മാരും ജനങ്ങളും തമ്മിൽ അനുകമ്പയും ഐകമത്യവും ഉണ്ടെങ്കിൽ ഇമ്മാതിരിസ്ഥിതികൾ ഭേദപ്പെട്ടുത്തപ്പെടാവുന്നതും പൊതുക്കാര്യങ്ങളെ ശാസ്ത്രീയരീതിയിൽതന്നെ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഒത്തൊരുമിച്ചു പ്രവർത്തിക്കാവുന്നതുമാകുന്നു. ഗവണ്മെന്റു നയങ്ങളേയും പ്രവർത്തികളേയും പരിരക്ഷി

ക്കുന്നതിനു സമയിച്ചുള്ള അനുദ്യോഗസ്ഥമെമ്പറന്മാരുടെ അധികാരം യഥാർത്ഥത്തിൽ വളരെ കുറവാണു. അതുകൊണ്ടു അനുദ്യോഗസ്ഥമെമ്പറന്മാർക്കു, തങ്ങൾ പ്രതിനിധികരിക്കപ്പെടുന്ന ആളുകളുടെ അഭ്യർത്ഥനയ്ക്കു കാര്യങ്ങളെയും ഗണ്യമായിബാധിക്കുന്ന സംഗതികളിൽ കേവലം ഒരു സാന്ത്വിക്കശക്തിയെ മാത്രമേ പ്രയോഗിക്കാൻ സാധിക്കു. അതുകൊണ്ടു എന്റെ ഉദ്യമം സാമ്പത്തികമായും മററും സംസ്ഥാനത്തിലെ ഭരണവ്യാപാരങ്ങളിൽ കാണുന്ന ന്യൂനതകളെ പരിഹരിക്കുന്നതിനു വേണ്ട ന്യായങ്ങളെയും, വാദങ്ങളേയും പുറപ്പെടുവിക്കുകയാകുന്നു, അതുകൊണ്ടു സകല അധികാരങ്ങളും തങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്ന അധികാരികളെ സന്ദർശിക്കുകയെങ്കിലും ഒന്നു ചലിപ്പിക്കാതിരിക്കയില്ല കഴിഞ്ഞകൊല്ലം ഗ്ലാഡ്സ്റ്റനിൽനിന്നു, യോഗ്യമായ ഭരണതന്ത്രത്തിന്റെ എന്നാനും പൊതുതത്വങ്ങളെ ഞാൻ ഉദ്ധരിക്കുകയും, അവയെ തിരുവിതാംകൂറിലെ ഭരണരീതിയുമായി താരതമ്യപ്പെടുത്തുന്നതിനു ശ്രമിക്കുകയും ചെയ്തു. ഉദ്യോഗസ്ഥന്മാരിലൊ അനുദ്യോഗസ്ഥന്മാരിലൊ ആരെങ്കിലും തന്നെ ആ തത്വങ്ങളെ നിഷ്കാസനം ചെയ്തിട്ടുമില്ല. നേരെമറിച്ചു പരസ്യമായും രഹസ്യമായും അനേകംപേരന്മാർ അവയെ അംഗീകരിക്കുകയാണുചെയ്തതു. എന്നാൽ നാം ആധുനിക തത്വങ്ങളെ കേവലം സ്തുതിക്കുകമാത്രമായിരുന്നുചെയ്തതു്. അതുകൊണ്ടുമോചനം. കുഴമ്പിന്റെ പരിശോധന അതുപിന്നെന്നതിലാണു ഇരിക്കുന്നതു്. അതുപോലെ സംസ്ഥാനത്തിലെ സാമ്പത്തികനയം നമുക്കു ഉപയോഗപ്രദമാകുന്നതു് നമ്മുടെ നാട്ടിലെ സ്ഥിതിഗതികൾക്കു അതു് എത്രത്തോളം അനുയോജ്യമായിരിക്കുമെന്നു പരിശോധിക്കുമ്പോളാണു, ഇപ്പോൾ തത്വങ്ങളെക്കുറിച്ചു വിവരിക്കുന്നതിനു തുനിയുന്നില്ല. അവയുടെ പ്രായോഗ്യതയെക്കുറിച്ചാണു പറയാൻപോകുന്നതു്. ആവശ്യമുള്ളടത്തോളമല്ലാതെ കൂടുതലായി യാതൊരു നികുതിയും ജനങ്ങളിൽ ചുമത്തപ്പെടാൽ പാടില്ലെന്നുള്ളതു രാഷ്ട്രീയമായും സാമ്പത്തികമായും സർവ്വസാധാരണമായി സ്വീകരിച്ചിട്ടുള്ള ഒരു തത്വമാകുന്നു, ചെലവുനിക്കിവയ്ക്കുതായ മിച്ചമുണ്ടെങ്കിൽ എല്ലാ പരിഷ്കൃതഗവണ്മെന്റുകളും നികുതി കുറവുചെയ്യുന്നുണ്ടു്. ൧൮൦൦-ാമാണ്ടത്തെ നിക്കിയിരിപ്പു ഏകദേശം ൧൭൦൦ ലക്ഷം രൂപയാണു, ജനങ്ങൾക്കു ചുമത്തപ്പെട്ടിട്ടുള്ള നികുതിയിൽ ചുരുങ്ങി എട്ടൊ ലക്ഷം രൂപായെങ്കിലും കുറച്ചുകൊല്ലത്തേക്കു കുറവുചെയ്തുകൊടുക്കാൻ ഗവണ്മെന്റിനു എന്തുകൊണ്ടു പാടില്ലെന്നറിഞ്ഞാൽ കൊള്ളാം. ന്യായമായ ചെലവു വർദ്ധിക്കുമ്പോൾ നികുതിവർദ്ധിപ്പിക്കുന്നതിൽ ഗവണ്മെന്റു സംശയിക്കേണ്ടതില്ല. ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നവരും എല്ലുപ്രധാന സംഗതികളിലും സംസ്ഥാനത്തിന്റെ യഥാർത്ഥസഹായികളും ആയ സാധാരണ കൃഷിക്കാർ കാലവൈപരീത്യത്താലും വെള്ളപ്പൊക്കങ്ങളാലും കഷ്ടപ്പെടുന്നു എന്നുള്ളതു എല്ലാർക്കും അറിയാവുന്നതാകുന്നു. രണ്ടൊ മൂന്നൊ കൊല്ലത്തേക്കു രൂപായ്ക്കു ൧ അണവീതം ഭൂനികുതി കുറക്കുന്നതായാൽ അതു ഗവണ്മെന്റിന്റെ ബുദ്ധിപൂർവ്വമായും ഉപകാരപ്രദമായും ഔദാര്യപ്രദമായും ഉള്ള ഒരു പ്രവൃത്തിയായിത്തീരുന്നതാണു്. എന്നാൽ ചുരുങ്ങിയ കാലങ്ങളിൽ നാട്ടിലെ വരവുചെലവിനു പൎയ്യാപ്തമാകാതെ വരുകയും വേറെയോഗ്യമായ രീതിയിൽ യാതൊരുതരം നികുതിയും ജനങ്ങളിൽ ചുമത്താനില്ലെന്നു കാണുകയും ചെയ്യുന്നപക്ഷം കുറവുചെയ്യാമെന്നുദ്ദേശിച്ചു ഭൂനികുതി റദ്ദു് ചെയ്യാവുന്നതാണു്, ഈ കാലങ്ങളിൽ ഒരു ഗവണ്മെന്റിനു നികുതി ഇളവുചെയ്തുകൊടുക്കുകയെന്നുള്ള സ്ഥിതി ചലിയ്ക്കുന്നതു വളരെ ദുർല്ലഭമാണു്: അതുകൊണ്ടു ഈ വലിയ അവസരത്തെ ഉപേക്ഷിക്കാൻ പാടില്ലാത്തതാകുന്നു. ന്യായമായിട്ടും ആപത്തില്ലാതേയും ഗവണ്മെന്റിനു ഇപ്രകാരം ഒരു കുറവു നികുതിയിൽ ജനങ്ങൾക്കു ചെയ്തുകൊടുക്കാമെന്നിരിക്കെ അങ്ങനെ ചെയ്യാതിരിക്കുന്നതു ജനങ്ങളും അധികാരസ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരും തമ്മിൽ സൌഹൃദവും സൌഹാർദ്ദതയും ഇല്ലെന്നാണു സൂചിപ്പിക്കുന്നതു്. എന്റെ ആഗ്രഹം ഇപ്രകാരമുള്ള സൌഹൃദവും അനുകമ്പയും കഴിയുന്നടത്തോളം ദൃഢമൂലമാക്കണമെന്നും തൻമൂലമുണ്ടാകാവുന്ന സ്വാഭാവികവും ഉപയോഗപ്രദവുമായ പ്രതിഫലങ്ങളെ പ്രായോഗികമാക്കണമെന്നും ആകുന്നു.

സാധാരണയായി ഗവണ്മെന്റുദ്യോഗസ്ഥന്മാർക്കു ജനങ്ങളുടെ യഥാർത്ഥസ്ഥിതിയേക്കുറിച്ചും ഗവണ്മെന്റു നയത്തെ രൂപീകരിക്കുന്നതിനു അറിഞ്ഞിരിക്കേണ്ട സംഗതികളെക്കുറിച്ചും ഒരു കേവലജ്ഞാനം മാത്രമേയുള്ളു എന്നു പറയേണ്ടിവന്നതിൽ എനിക്കു മനസ്താപമുണ്ടു്. അവർ മിക്കവാറും പ്രമാദപരമായ ഉദാഹരണങ്ങൾ സ്വീകരിക്കയും അവ്യക്തമായ സാധാരണരീതികളെ പിൻതുടരുകയും ചെയ്യുന്നു. നാട്ടിന്റെ ഭരണനയങ്ങളുടെ രൂപീകരണത്തിൽ ഈ സംഗതികൾ ആധാരമായി സ്വീകരിക്കുന്നതിനാൽ രാജ്യം മിക്കവാറും കുഴപ്പങ്ങളിൽ ഉൾപ്പെട്ടുപോകുന്നു. ജനങ്ങളുടെ സാമ്പത്തികനിലയെ ക്രമീകരിക്കാൻവേണ്ടി വേണ്ടതു പ്രവർത്തിക്കാതെവെറും ആഡംബരപരങ്ങളും പ്രൌഢശ്രവണങ്ങളും ഒരുലക്ഷമൊ അഞ്ചൊ ആറൊ ലക്ഷമൊ ചെലവു വേണ്ടിവരുന്ന തൈഹ്ലൂറും കെട്ടിടങ്ങൾ പണിയുക എങ്ങനെയാണു റയിൽവേക്കു് വേണ്ട പണമുണ്ടാകേണ്ടതെന്നറിയാതെ റെയിൽവെ സർവ്വേനടത്തുക ഹാർബർ സ്കീംസ് എന്നിങ്ങനെയുള്ള സംഗതികളിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിഞ്ഞുപോകുന്നു. ഇതിനുള്ള പ്രധാനകാരണം വലിയ ഉദ്യോഗസ്ഥന്മാരും ജനങ്ങളുംതമ്മിൽ സൌഹാർദ്ദതയും സൌഹൃദവും ഇല്ലായ്മയാകുന്നു. ഇതാണു ഗവണ്മെന്റിന്റെ പ്രധാനമായ ദോഷം. അതിനനുസരണമായ ഒരു പ്രീതി ഗവണ്മെന്റിനോടു ജനങ്ങൾക്കും ഉണ്ടായിരിക്കുന്നു. ജനങ്ങളേയും ഭൂമിയേയും കുറിച്ചു യഥാർത്ഥമായുള്ള സ്ഥിതികളെപ്പററി ഉദ്യോഗസ്ഥന്മാരുടെ മനസ് അതുപ്രകാരമാണെന്നുള്ളതിനു ഞാൻ ഏതാനും ഉദാഹരണങ്ങൾ പറയാം. കൂടക്കൂടെ പൊയ്ക്കൊണ്ടിരിയ്ക്കുന്നതായ മോട്ടാർബോട്ടുകളും സ്റ്റീംബോട്ടുകളും നിമിത്തം കരകളിടിഞ്ഞു ചാവറതോട്ടിന്റെ ഇരുകരകളിൽനിന്നും അനേകം തെങ്ങുകൾ മറിഞ്ഞുവീണു പറമ്പുകൾക്കു ഉണ്ടായിട്ടുള്ളതിനെപ്പററി ഏതാനുംകൊല്ലങ്ങൾക്കുമുമ്പു ഈ സമയിലെ ഒരു മെമ്പർ ഗവണ്മെന്റിനു അറിയാമൊ എന്നു ചോദിച്ചിരുന്നു. അറിയാൻപാടില്ലെന്നു ഗവണ്മെന്റു മറുപടികൊടുത്തു രാജ്യകാര്യങ്ങളിൽ താല്പര്യമുള്ള മിക്ക സ്ത്രീകളും പുരുഷന്മാരും അറിഞ്ഞിട്ടുള്ളതാണു മുൻപറഞ്ഞ സംഗതി. ഇപ്രകാരമുള്ള സംഗതികളെപ്പററി അന്വേഷിച്ചു അതിലുള്ള ന്യൂനതകളെ പരിഹരിക്കേണ്ട ചുമതലയുള്ള ഗവണ്മെന്റു അവയെസംബന്ധിച്ചു അറിഞ്ഞിട്ടില്ലെന്നു പറയുന്നതു പരിതാപകരമല്ലയൊ? ഭൂരിഭാഗം ജനങ്ങളുടെ ഇടയിലും പ്രചാരമായിരിക്കുന്നതൊഴിലില്ലായ്മയും ഒരിരിപ്പും സാധാരണജനങ്ങളനുഭവിച്ചുപോരുന്ന കഷ്ടപ്പാടുകളും ഗവണ്മെന്റിന്റെ ന്യൂനതകൊണ്ടൊ ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ അഴിമതികൾകൊണ്ടൊ അപ്രകാരമുള്ള മററു രാഷ്ട്രീയകാരണങ്ങളാലൊ അല്ലെന്നു ഏതാനും ഉദ്യോ

ദേസ്ഥന്മാർ വിചാരിയ്ക്കുന്നതായി തോന്നുന്നു. ജനങ്ങളുടെ സാമ്പത്തികാവസ്ഥ തൃപ്തികരമാണെന്നു അവർ ചില അവസരങ്ങളിൽ പറയാറുണ്ട്. എന്നാൽ ഉദാഹരണങ്ങൾ അവരുടെ അഭിപ്രായങ്ങളെ ഖണ്ഡിക്കുമ്പോൾ ജനസംഖ്യ വർദ്ധനമൂലമുള്ള കഷ്ടപ്പാടുകളാണു് എന്നു അവർ അങ്ങോട്ടാരോപിക്കുന്നു. തിരുവിതാംകൂർ ഇംഗ്ലണ്ടിനെക്കാളും തിങ്ങി കുടിപാർപ്പുള്ളിടമാണെന്നു പറയുന്നതിനുകൂടിയും ചില ഉദ്യോഗസ്ഥന്മാർ തുനിഞ്ഞിട്ടുണ്ട്. ഇമ്മാതിരി വാസ്തവസ്ഥിതികളെപ്പററി ചെയ്യുന്ന ഊഹത്തിലുണ്ടാകുന്ന പ്രമാദങ്ങൾ പരിതാപകരങ്ങളാകുന്നു തിരുവിതാംകൂറിലെ ൧൯൨൧-ാമാണ്ടത്തെ ജനസംഖ്യ റിപ്പോർട്ടിൽ ൪-ാംവശത്തു ചതുരശ്രമൈലൊന്നിന തിരുവിതാംകൂറിൽ കുടിപാർപ്പുള്ള ജനങ്ങളുടെ സംഖ്യ ൪൮൯ ആയും ബൽജിയത്തിൽ ൩൭൭ ആയും ഇംഗ്ലണ്ടിലും വെയ്ത്സിലും ൩൯൮ ആയും പറയുന്നു. ഇതിൽനിന്നും സാധാരണനോക്കുന്നപക്ഷം തിരുവിതാംകൂർ ഇംഗ്ലണ്ടിനേക്കാൾ ബൽജിയത്തേയാകാൾ കൂടുതൽ കുടിപാർപ്പുള്ള രാജ്യമാണെന്നു പറയുന്നതു ശരിയല്ല. എന്നാൽ ഉദ്യോഗസ്ഥന്മാർ രാജ്യകാര്യങ്ങളെപ്പററി അത്ഭുതകരമാംവണ്ണം കണക്കാക്കിട്ടുണ്ടെന്നു കാണുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ഡിഫിഷണൽ ഹെഡ്സക്കാർവക്കീൽ): കുടിപാർപ്പുള്ള വിസ്തീർണ്ണം മാത്രമൊ അതതുകാടുകളുടെ വിസ്തീർണ്ണംകൂടി മെമ്പർ ഉൾപ്പെടുത്തുന്നോ?

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ അതിലേക്കുവരുന്നു.

തിരുവിതാംകൂറിൽ കുടിപാർപ്പുള്ളസ്ഥലം ൨൫൦ ചതുരശ്രമൈൽ മാത്രമെയൊള്ളുവെന്നാണു അവർ പറയുന്നതു്. ആകെയുള്ള ജനസംഖ്യയായ ൪൦ ലക്ഷത്തെ ഇതുകൊണ്ടു ഭാഗിക്കുമ്പോൾ തിരുവിതാംകൂറിലെ ജനസംഖ്യ ചതുരശ്രമൈലൊന്നിന ൧൭൦൦-ൽ അധികമാകുന്നു പറയപ്പെട്ടിരിക്കുന്നു. ഈമാതിരി കണക്കാക്കുന്നതിൽ യഥാർത്ഥസംഗതികളെപ്പററി പലപ്രമാദങ്ങളും വന്നുപോകുന്നു. ആദ്യമായി തൊഴിലില്ലായ്മയെക്കുറിച്ചോ, ജീവനോപായങ്ങളെക്കുറിച്ചോ ഉള്ള വിചാരണയിൽ കുടിപാർപ്പിനെ സംബന്ധിച്ചുനോക്കേണ്ടതു് സ്ഥിരതാമസത്തിനു പര്യാപ്തമായ വിസ്തീർണ്ണത്തെമാത്രമല്ല ജനങ്ങൾക്കു ആഹാരസമ്പാദനാർത്ഥമുതകുന്ന വിസ്തീർണ്ണത്തെ മുഴുവനുമാണു കണക്കാക്കേണ്ടതുള്ളതു്. തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും കൈവശംവച്ചുകൊണ്ടിരിക്കുന്നതും ൨൪൦ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതുമായ കാടുകൾതന്നെയും, ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറു ജോലിക്കാർ, കൺട്രാക്ടുമന്മാർ, കൂലിക്കാർ തുടങ്ങി അനേകമാളുകൾക്കു ആഹാരമാർഗ്ഗങ്ങളെ പ്രദാനം ചെയ്യുന്നുണ്ടെന്നുള്ളതു സർവ്വസമ്മതമാകുന്നു. കൂടാതെ സംസ്ഥാനത്തിലെ കാട്ടുജാതിക്കാർ തുടങ്ങി ജനതതിയിൽ ഒരു വലിയവിഭാഗം യഥാർത്ഥമായി കാട്ടിൽതന്നെ താമസിച്ചു ജീവിച്ചുവരുന്നു. അതുകൊണ്ടു സാമ്പത്തിക സംഗതികൾക്കായി തിരുവിതാംകൂറിലെ ജനസംഖ്യ ചതുരശ്രമൈലൊന്നിന ൧൭൦൦-ൽ കൂടുതലാണെന്നു പറയുന്നതു മഹാബാലമാകുന്നു. രണ്ടാമതായി മററുകാരണങ്ങളാലും തിരുവിതാംകൂർ ഇംഗ്ലാണ്ടിനേക്കാളും തിങ്ങി കുടിപാർപ്പുള്ളതാണെന്നുവരുത്തുന്നതു തെററാകുന്നു. ഇംഗ്ലണ്ടിലും വെയിൽസിലും ചതുരശ്രമൈലൊന്നിന ൩൯൮ ആളുകൾവീതം കുടിപാർക്കുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നതിലും മണ്ണിൻെറ സ്വഭാവത്താലൊ ശീതോഷ്ണങ്ങളുടെ ദോഷത്താലെ കൃഷിക്കുപയുക്തങ്ങളല്ലാത്തവയും സാധാരണാർത്ഥത്തിൽ കൃഷിചെയ്തിട്ടില്ലാത്തതും തന്മൂലം ജനങ്ങൾക്കു പറയത്തക്ക ഉപജീവനമാർഗ്ഗങ്ങൾ ഒന്നും നൽകാത്തതും ആയ പ്രദേശങ്ങളുടേയും ധനികന്മാരുടേയും വേട്ടസ്ഥലങ്ങളെയുംമററും ഉൾപ്പെടുത്താതിരുന്നിട്ടില്ല. അതുകൊണ്ടു തിരുവിതാംകൂറിലെ ജനസംഖ്യയെ ഇംഗ്ലണ്ടിലേതുമായി താരതമ്യപ്പെടുത്തുന്നതിനു ൨൫൦ ചതുരശ്രമൈൽമാത്രം തിരുവിതാംകൂറിൽനിന്നും എടുത്തുകാണിക്കുന്നതു് ശരിയല്ല. തിരുവിതാംകൂറിൻെറ ആകപ്പാടെയുള്ള വിസ്തീർണ്ണം, അതായതു ൧൭൭൫ ചതുരശ്രമൈൽ ഉൾപ്പെടുത്തുകയൊ അല്ലാത്തപക്ഷം ജനസാമാന്യത്തിനു ഗണ്യമായ യാതൊരുപജീവനമാർഗ്ഗവും ൧൦കൊത്തു ഇംഗ്ലണ്ടിലേയും വെയിൽസിലേയും സ്ഥലങ്ങൾ ഒഴിച്ചുകളകയൊ ചെയ്യണം. എന്നാൽ മേൽപറയപ്പെട്ട തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാർ ഈ രണ്ടു സംഗതികളും ചെയ്തിട്ടില്ല. അതുകൊണ്ടു ഇംഗ്ലണ്ടിനേക്കാളും തിരുവിതാംകൂർ ഇടതിങ്ങി കുടിപാർപ്പുള്ള രാജ്യമാണെന്നു അവർ ചെയ്യുന്ന ഊഹം തീരെ സ്വീകാര്യമല്ല. അതു ൧൦ ലക്ഷം ജനങ്ങളുള്ള ലണ്ടൻ പട്ടണത്തേക്കാൾ ൪൦൦ മടങ്ങു വലിപ്പമുള്ള തിരുവിതാംകൂറിൽ ൪൦ ലക്ഷം ജനങ്ങളുള്ളതെന്ന കാരണത്താൽ ഇംഗ്ലണ്ടു തിരുവിതാംകൂറിനേക്കാളും ൪൦൦ മടങ്ങു കൂടുതൽ ജനസംഖ്യയുള്ള രാജ്യമാണെന്നു പറയുന്നതുപോലെയാണു താരതമ്യങ്ങൾ ശരിയായ വാസ്തവസ്ഥിതികളിൽ സ്ഥാപിതമായിരിക്കണം അല്ലാത്തപക്ഷം അവ കേവലം ഉപയോഗശൂന്യങ്ങളാണ്.

മൂന്നാമതായി ശീതോഷ്ണസ്ഥിതികളും ദിവസേന വർദ്ധിച്ചുകൊണ്ടുമിരിക്കുന്ന ആളുകളുടെ ആവശ്യങ്ങളും രണ്ടുരാജ്യങ്ങളിലും വ്യത്യാസമായിരിക്കുന്നതിനാൽ ഇംഗ്ലണ്ടിലെ ജനങ്ങൾക്കു ഉപജീവനമാർഗ്ഗം കൊടുത്തുവരുന്ന ഇംഗ്ലണ്ടിലെ മണ്ണിൻെറഗുണം തിരുവിതാംകൂറിലെ ജനങ്ങൾക്കു ഉപജീവനം നൽകിവരുന്ന തിരുവിതാംകൂറിലെ മണ്ണിൻെറഗുണത്തെക്കാൾ വളരെ ഭിന്നമായിരിക്കുന്നു. ചില ഉദ്യോഗസ്ഥന്മാർ പറഞ്ഞതായ മറെറാരുകാരണം ജനങ്ങളുടെ പൊതുവെയുള്ള സാമ്പത്തികനിലയെ ഉയർത്തുന്നതിനും നാട്ടിൻെറ ഐശ്വര്യങ്ങളെ പുലർത്തുന്നതിനും ആത്യന്താപേക്ഷിതങ്ങളായ സംഗതികൾ റെയിൽവെ, തുറമുഖങ്ങൾ മുതലായവയാകുന്നുവെന്നാകുന്നു സൂക്ഷ്മമായി നോക്കുന്നതായാൽ റെയിൽവെയും തുറമുഖങ്ങളുംകൊണ്ടു ജനങ്ങളുടെ സ്ഥിതിഭേദപ്പെടാൻ പര്യാപ്തമല്ലെന്നുകാണാം. ആധുനികരീതിയിൽ കൃഷിസംബന്ധമായും കൈത്തൊഴിൽസംബന്ധമായും കഴിയുന്നിടത്തോളം വർദ്ധനയുണ്ടെങ്കിൽമാത്രമെ റെയിൽവെയും തുറമുഖങ്ങളും അഭിവൃദ്ധിപ്പെടുന്നതിനു സാധിക്കുകയൊള്ളുഎന്നു പറഞ്ഞിരുന്നെങ്കിൽ അതു തത്വത്തിനു യോജിച്ചിരുന്നേനേ. മദ്ധ്യതിരുവിതാംകൂറിലെ ഓരോ ഇഞ്ചു ഭൂമിയും കൃഷിചെയ്യുന്നുണ്ടെന്നു ഒരു ധാരണ വലിയ ഉദ്യോഗസ്ഥന്മാരുടെ ഇടക്കുള്ളതുപോലെതോന്നുന്നു. ഇതു മിക്കവാറും ഉദ്യോഗസ്ഥന്മാർ മോട്ടാർവാഹനങ്ങളിൽ സഞ്ചരിക്കുന്നതുകൊണ്ടും, അവർ കടന്നുപോകുന്നതായ താഴ്ന്നപ്രദേശങ്ങളിൽ കൃഷിചെയ്തിട്ടുള്ള ചെറിയചെടികളേയും, കാട്ടുമരങ്ങളേയും തിരിച്ചറിയാതിരിക്കത്തക്കവണ്ണം അവരുടെ മനസ്സു ഇതരസംഗതികളിൽ വ്യാപിതമായിരിക്കുന്നതുകൊണ്ടും വന്നുപോകുന്ന പ്രമാദങ്ങളാണു്. എന്നാൽ കാൽനടയായൊ, കാളവണ്ടിയിലൊ യാത്രചെയ്യുന്നവനും ഭൂമിയേപ്പററിയും അതിലെ കൃഷിയേപ്പററിയും കുറച്ചു ബോധമുള്ളവനുമായ ഒരാൾക്കു മദ്ധ്യപ്രദേശങ്ങളിൽപോലും അധികംഭാഗം കൃഷിക്കധീനമാകാതെ കിടക്കുന്നതുകാണാം. ഉദാഹരണമായി മദ്ധ്യപ്രദേശങ്ങളായ മാവേലിക്കര, കുന്നത്തൂർ, കൊട്ടാരക്കര ഈ താലൂക്കുകളിൽ കൃഷിചെയ്തിട്ടില്ലാത്തതായ വിസ്തീർണ്ണപ്രദേശങ്ങൾ ധാരാളമുണ്ട്. താഴ്ന്നപ്രദേശങ്ങളുടെ ഒരു ഭാഗമായ കുതനാട്ടുപള്ളി-

താലൂക്കിൽപോലും കൃഷിചെയ്യപ്പെടാത്ത വളരെ സ്ഥലങ്ങളുണ്ട്. വേനൽക്കാലത്തു ജലസൗകര്യമില്ലാത്തതിനാൽ ഈ താലൂക്കുകളിലെ ഏതാനംസ്ഥലങ്ങൾ കൃഷിചെയ്യാതെകിടക്കുന്നു, എന്നാൽ കൃഷിചെയ്യാതെകിടക്കുന്നതിൽ അധികഭാഗവും വലിയ ഉദ്യോഗസ്ഥന്മാരുടേയും ധനികന്മാരുടേയും പതിവുകളാണു.

ഈ ഉദാഹരണങ്ങൾ എന്റെ പ്രധാന ഉദ്ദേശത്തോടു സംബന്ധിക്കപ്പെട്ടിട്ടുള്ളതാണു. തങ്ങളുടെ നയങ്ങളെ രൂപീകരിക്കുന്നതിലും, ഭരണസംബന്ധമായ നടപടികളെ രൂപപ്പെടുത്തുന്നതിലും ഗവർണ്ണമെന്റു ഉദ്യോഗസ്ഥന്മാരെമാത്രം ഗണിക്കാൻ പാടില്ലാത്തതാണു ജനങ്ങളുടെ വാസ്തവസ്ഥിതികളറിയുന്നതിനോ, അവരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളേയോ, അവരുടെ സ്ഥിതികളെ ക്രമീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളേയോ ആരാഞ്ഞറിയുന്നതിനു തക്കസൌഹാർദ്ദത ഉദ്യോഗസ്ഥന്മാർക്കു ജനങ്ങളോടില്ല. അതുകൊണ്ടു ജനങ്ങളുടെ അഭിപ്രായമനുസരിച്ചു എല്ലാഗവർണ്ണമെന്റു നടപടികളേയും പരിശോധിക്കുന്നതിനും, ഗവർണ്ണമെന്റിലേക്കു ഉപദേശങ്ങളെ തരുന്നതിലേക്കും ഒരു അനുദ്യോഗസ്ഥ ഉപദേഷ്ടാവിനേയോ മിനിസ്റ്റരേയോ നിയമിക്കേണ്ടതാണെന്നു ഞാൻ ഗവർണ്ണമെന്റിനോടപേക്ഷിക്കുന്നു. അങ്ങനെ ഒരു മിനിസ്റ്ററെ നിയമസഭക്കു ഉത്തരവാദിയായിനിയമിക്കുന്നപക്ഷം എല്ലാ പ്രധാനസംഗതികളിലും ജനഹിതങ്ങളെ, അതു ഗവർണ്ണമെന്റിലേക്കു ആവശ്യകമെന്നു തോന്നുമ്പോൾ, അദ്ദേഹം ഗവർണ്ണമെന്റിനെ ധരിപ്പിക്കുന്നതാകുന്നു. ഇപ്പോഴത്തെ വർഗ്ഗീയനിലക്കു വിവിധവർഗ്ഗങ്ങളിൽ പെട്ടവരാണോ ഏതൊ മിനിസ്റ്റർമാരെ നിയമിക്കുന്നതായിരിക്കും ആശാസ്യമായിട്ടുള്ളതു്. ജനങ്ങളുടെ അഭ്യുദയമാണു ഗവർണ്ണമെന്റിന്റെ ഉദ്ദേശമെന്നു ഗവർണ്ണമെന്റുദ്യോഗസ്ഥന്മാർ ഭാവിക്കാറുള്ളതിനു വല്ല ശക്തിയുമുണ്ടെങ്കിൽ അവർ ഉടനടി ഇപ്രകാരം ഒന്നോ അന്നിലധികമോ മിനിസ്റ്റന്മാരെ നിയമിക്കുന്നതിനു മഹാറാണി റീജൻറ് തിരുമനസ്സിനെ ഉപദേശിക്കേണ്ടതാകുന്നു. അങ്ങിനെ ഏതെങ്കിലും പ്രവർത്തിക്കുന്നപക്ഷം ജനങ്ങളുടെ യഥാർത്ഥമായ സംഗതികളിൽ ജനപ്രതിനിധികൾക്കും ഗവർണ്ണമെന്റിനെ ഗുണമായരീതിയിൽ പ്രതിപ്പിക്കാൻ കഴിയാതെ വരുമെന്നു എനിക്കുതോന്നുന്നു. സംസ്ഥാനത്തെ തൃപ്തികരമായ സാമ്പത്തികഭരണത്തിനും അതു പാലെതന്നെ ഗവർണ്ണമെന്റിന്റെ മററു പ്രവർത്തികളിലും തൃപ്തികരമായ ഫലപ്രാപ്തിക്കുമേൽ കാണിക്കുതുപോലെ ഗവർണ്ണമെന്റും ജനങ്ങളുംതമ്മിൽ സൌഹാർദ്ദതയും മയോജിപ്പും ഉണ്ടാകേണ്ടതാണു. ജനങ്ങളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള സൌഹാർദ്ദതയും മോജിപ്പു ഇല്ലാതെപോയതിനാൽ ഉണ്ടായതുപത്തിനു മറെറാരു ഉദാഹരണമാണു വർത്തമാനപ്പത്രറെഗുലേഷൻമൂലം ജനങ്ങളുടെയും ഉദ്യോഗസ്ഥന്മാരുടെയും ഇടയ്ക്കുണ്ടായിട്ടുള്ള അനാവശ്യമായസമയവ്യയവും കുഴപ്പങ്ങളും മററും. ഞാൻ ഈ പ്രധാനമായ വിഷയത്തെക്കുറിച്ചു സൂചിപ്പിക്കുന്നതേയുള്ളു. അതേസംബന്ധിച്ചു പറയുന്നതിനു മേലെ അവസരമുണ്ടാകുമെന്നുവിചാരിച്ചു അതിൻനിന്നും തല്ക്കാലംകൂടുതലൊന്നും പറയാതെ വിരമിച്ചുകൊള്ളുന്നു. വലിയ ഉദ്യോഗസ്ഥന്മാരും ജനങ്ങളും തമ്മിലുള്ള സൌഹാർദ്ദതയുടേയുംഏകമതിയുടെയും അഭാവത്തിനു ഒരുത്തമോദാഹരണമാണു് വർത്തമാനപ്പത്രറഗുലേഷനെന്നു മാത്രം പറഞ്ഞുകൊള്ളട്ടെ.

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി: പി. ഹബീബ്മഹമ്മദ് (നിയമിക്കപ്പെട്ട): ഫൈനൻഷ്യൽസെക്രട്ടറിയുടെ സ്റ്റേറ്റ്മെന്റിനെപ്പററി കുറഞ്ഞൊന്നു പറയുന്നതുകൊണ്ടു ബഡ്ജററിനെക്കുറിച്ചു ഞാൻ അധികമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. ബഡ്ജററിനെപ്പററിയുള്ള പ്രധാന ചില സംഗതികളേയും നാട്ടിലെ സാമ്പത്തിക സ്ഥിതിയേയും കുറിച്ചുമാത്രം പ്രസ്താവിച്ചിട്ടു വിശദവിവരണമുള്ള വിചാരണകൾ സഭയിൽ കൂടുതൽ പരിചയം സിദ്ധിച്ചിട്ടുള്ള മുതിർന്ന അംഗങ്ങളുടെ ആലോചനക്കു് വിടുന്നു.

ഇക്കൊല്ലവും നമുക്കു് ഒരു നീക്കിയിരുപ്പു് ബഡ്ജററുണ്ടു്. പരിഷ്കരിക്കപ്പെട്ടകണക്കുപ്രകാരം ൨ ക്ഷ ൭൫ ലക്ഷം രൂപാ നമുക്കു വരവും, ൨ ൦ ൦ ലക്ഷം രൂപാ ചെലവും, നീക്കിയിരുപ്പും ക്ഷ ൭൫ ലക്ഷം രൂപായുമാകുന്നു. അതുകൊണ്ടു് സംതൃപ്തിക്കോ, സമാധാനത്തിനോ വകുതിനാണവകാശമുള്ളതെന്നു് എനിക്കു് അറിഞ്ഞുകൂടാ. ഇക്കൊല്ലം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വരവു് ൨ ക്ഷ ൭൫ ലക്ഷം രൂപായും ചെലവു് ൨ ൧ ൫ ലക്ഷം രൂപായും ആകുന്നു, അതുകൊണ്ടു് കഴിഞ്ഞകൊല്ലത്തെപ്പോലെ മുന്നുലക്ഷത്തിൽ ചിൽവാനം രൂപ നാംമിച്ചം ഉദ്ദേശിക്കുന്നു. ലൈസൻസുഫീസ്സിലും, നാട്ടുമദ്യത്തിനു ചുമത്തിട്ടുള്ള തീരുവയിലും താരതമ്യേനയുള്ള നിസ്സാരമായ കുറവു് മദ്യവർജ്ജനപ്രസ്ഥാനം ശരിയായ ശക്തിയെപ്രാപിച്ചിട്ടില്ലെന്നതെളിയിക്കുന്നു. അതു് ജനങ്ങളുടെ നിർധനതയെ കുറിക്കുന്ന ഒരടയാളമായി ഞാൻ ഗണിക്കുന്നു. എങ്ങിനെകൊണ്ടാൽ മുഷ്ടാന്നാഹാരത്തിനു ഗതിയില്ലാത്ത സാധുക്കളാണു് സാധാരണ മദ്യപാനത്തിനായും മാറും പോകുന്നതു് കൂടാതെ ആദായനികുതിയിൽഉള്ള കുറവു് പുതിയറഗുലേഷൻ നിമിത്തവും ഇടവക ഭൂമികൾ കരമൊഴിവാക്കിയതിനാലുമാണെങ്കിലും കച്ചവടത്തിലും കൈത്തൊഴിലിലും നമ്മുടെ സമ്പത്തികമായപിന്നോക്കത്തെക്കൂടി അതുകാണിക്കുന്നുണ്ടു്. പാശ്ചാത്യ പരിഷ്കൃതരാജ്യങ്ങളിൽ ആദായനികുതി രാജ്യത്തിന്റെ മുതലെടുപ്പിൽ ഏറ്റവും പ്രധാനപ്പെട്ട ഒരിനമാകുന്നു. എന്നാൽനമ്മുടെ സ്വന്തരാജ്യത്തു് ഈ ഇനത്തിലെവരവു് എത്രനിസ്സാരമാണെന്നു് ഞാൻ പറയേണ്ടതില്ലല്ലോ.

കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളായി നമുക്കു ചെലവു നീക്കി മിച്ചം വരുന്ന ബഡ്ജററാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു എന്നാൽ ഈ നീക്കിയിരുപ്പു ബഡ്ജററു എന്തിനെ സൂചിപ്പിക്കുന്നു? വരവു ചെലവിൽ അധികമായിപ്പോകുന്നു എന്നു എല്ലായ്പ്പോഴും നോക്കിക്കൊണ്ടിരിക്കുന്ന തുണിയുള്ള ഒരു തൊഴിലാളി എങ്ങിനെയൊ അതു പോലെയാണു് സംസ്ഥാനം എന്നു അതു പറയുന്നു. നീക്കി ഇരിപ്പു വരുന്ന ബഡ്ജററുകൾ ആണു് ശരിയായ സാമ്പത്തിക ഭരണത്തിന്റെ ഒരു അളവു്. നീക്കിയിരുപ്പു ബഡ്ജററുകൾ ആവശ്യത്തിലധികം പ്രാധാന്യം കല്പിക്കുന്ന ആളുകൾ മിക്കവാറും വ്യാപാരത്തിൽ ന്യായമായ ലാഭത്തെ ലഘുവാക്കിവന്ന മദ്ധ്യകാലങ്ങളിലെ രാജ്യതന്ത്രജ്ഞന്മാരെപ്പോലെയാണു്. ആണ്ടു തോറും ലാഭത്തിനു വേണ്ടി ഭ്രമിച്ചു കൊണ്ടിരുന്നതും ലാഭം കിട്ടിക്കൊണ്ടിരുന്നതുമായ രാജ്യങ്ങൾ അവസാനത്തിൽ പരിതപിക്കുന്നതു ഞാൻ ചൂണ്ടിക്കാണിക്കേണ്ടതില്ലല്ലോ. മാതൃകയെക്കുറിച്ചു കൂടുതലായി ഞാൻ ഒന്നും പറയുന്നില്ലെങ്കിലും നീക്കിയിരുപ്പു കാണിക്കണമെന്നുള്ള ബഡ്ജററിന്റെ നയം അത്ര നന്നല്ല. ആകപ്പാടെയുള്ള സംഗതികളുടെ ചുരുക്കമെന്തെന്നാൽ സ്വന്ത ചെലവും, പൊതുചെലവും തമ്മിൽ ഒരു വ്യത്യാസം നാം കരുതണമെന്നുള്ളതാണു്. സ്വന്തം കാര്യത്തിൽ 'തുണിക്കു തക്കവണ്ണം കോട്ടു വെട്ടണ' മെന്നുള്ളതു സാധുവാണെങ്കിലും ഭരണകാര്യങ്ങളിൽ ആതത്വത്തെ അവലംബിക്കുന്നതു അത്ര നന്നല്ല. ആവസാനം പറഞ്ഞ സംഗതിയിൽ മിക്കവാറും തത്വത്തിനു നേരെ വിപരീതമായി നമ്മുടെ ആവശ്യാനുസരണം ന

ക്കു ഇണിവാങ്ങേണ്ടതായിവരും. നമുക്കു ആവശ്യമുള്ളതിൽ കൂടുതൽ വാങ്ങുന്നതായാൽ ധനാഗമത്തിനു നാശം വിഴുക്കാതെ യിരിക്കും. അതുപോലെ തന്നെ രാജ്യത്തിലെ സാമ്പത്തികസാഗതിയിലും. ആവശ്യങ്ങളിൽ കൂടുതൽ കാണിക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കുകയില്ല. എന്നാൽ അതുകൊണ്ടു എത്രതന്നെ ഉദ്ദേശിക്കപ്പെടാവുന്നിടത്തോളവും അഭിനന്ദിക്കത്തക്കതാണ് ഭരണരീതി എന്നിരുന്നാലും ജനങ്ങളുടെ നന്മയെ വിചാരിച്ചു ഭരണവിഷയത്തിൽ ചെലവു ഒരിക്കലും വർദ്ധിപ്പിക്കപ്പെടാവുന്നതല്ല. ഇപ്പോഴത്തേക്കാൾ ചുരുങ്ങിയ ഒരു തുക കൊണ്ടു നമുക്കു ഭരണീയരായുള്ള ചുമതലയെ നിർവ്വഹിക്കയും ഭരണയന്ത്രങ്ങളെ ന്യൂനതകൂടാതെ ഓട്ടിക്കുകയും ചെയ്യാമോ എന്നാണ് നമുക്കു നോക്കാനുള്ളതു്. ചെലവു കുറക്കുന്നതായാൽ അതു ഭരണത്തിനു ഹാനിയെ ചെയ്യുന്നതായിരിക്കുമെന്നു ചിലർ പറഞ്ഞേക്കാം. തത്വം നോക്കിയാൽ ഇതു ശ്രുതിമധുരമായിരിക്കും. എന്നാൽ എനിക്കു ഗവണ്മെൻറിനോടു പറയാനുള്ളതു് നാം കഴിഞ്ഞേക്കുമേൽ ചുമത്തുകയും സാധാരണ കൃഷിക്കാരൻ ദുസ്സഹമായ അതിന്റെ ഭാരത്താൽ വേദനപ്പെടുകയുമാണ് ചെയ്യുന്നതെന്നാകുന്നു. ഈ സംഗതിയിൽ അതുകൊണ്ടു ഗവണ്മെൻറിന്റെ ശ്രദ്ധയവസ്തുപോലെ പതിയേണ്ട സമയം വളരെ അടുത്തിരിക്കുന്നു.

നമ്മുടെ മുതലെടുപ്പു ആണ്ടു തോറും വർദ്ധിച്ചു കൊണ്ടിരിക്കുന്ന എന്നുള്ള സംഗതിയാണു ഇനി നോക്കാനുള്ളതു്. അതു നമ്മുടെ ജനങ്ങൾ നിയമേന ഉന്നതിയെ പ്രാപിച്ചുവരുന്നുവെന്നു കാണിക്കുന്നുവോ? നമ്മുടെ നാട്ടിലുള്ള ധനാഗമമാർഗ്ഗങ്ങൾ വർദ്ധനയെ പ്രാപിച്ചു വരുന്നതായും, ജനങ്ങൾ അവയെ പൂർവ്വാധികം ഉപയോഗിച്ചു വരുന്നതായും അതു കാണിക്കുന്നുണ്ടോ? അതേ സംബന്ധിച്ചു തൃപ്തികരമായ ഒരുത്തരം പറയുന്നതിനു എനിക്കു നിവൃത്തിയില്ല. ദാരിദ്ര്യം, തൊഴിലില്ലായ്മ, തൻമൂലമുള്ള അസംതൃപ്തി ഇവ നാൾക്കുനാൾ വർദ്ധിച്ചുവരുന്നുവെന്നുള്ളതു് സുപ്രസിദ്ധമാകുന്നു. എങ്കിലും നമ്മുടെ നാട്ടുപഴയ വിധേനയുള്ള സെരുകയ്യങ്ങളോടു കൂടിയതും പ്രകൃത്യാതന്നെ ഉള്ളതായ ആ മാർഗ്ഗങ്ങളെ വേണ്ടും വണ്ണം കണ്ടുപിടിച്ചു ഉപയോഗപ്പെടുത്തുന്നതായാൽ നമുക്കു ദാരിദ്ര്യത്തെ ഭയപ്പെടേണ്ട ആവശ്യമില്ലെന്നും എനിക്കു നല്ലപോലെ അറിവുണ്ടു്. പ്രകൃതിയിൽ തന്നെയുള്ള ധനാഗമമാർഗ്ഗങ്ങളെ അഭിവൃദ്ധിപ്പെടുത്തികൊണ്ടു വരുന്നതു് ജനങ്ങളെ വേണ്ടപ്പോലെ സഹായിക്കുന്നതായാൽ തിരുവിതാംകൂറിനു തന്നാട്ടുമുള്ള എല്ലാ ജനങ്ങളേയും വേണ്ടുംവണ്ണം സംരക്ഷിക്കുവാനുതാകുന്നു. എന്നാൽ നമ്മുടെ കൃഷി സംബന്ധമായും കൈത്തൊഴിൽ സംബന്ധമായുമുള്ള നമ്മുടെ സ്ഥിതികൾ ഏററവും ശോചനീയസ്ഥയിലാണിരിക്കുന്നതെന്നു എല്ലാപേർക്കും അറിയാവുന്നതാണല്ലോ. ധനാഗമമാർഗ്ഗങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ വിശാലമായ നമ്മുടെ ഡിപ്പാർട്ടുമെൻറുകൾ പറയത്തക്കവണ്ണം യാതൊന്നും തന്നെ ചെയ്തു കാണുന്നില്ല. അതിൽ കാണുന്ന വീഴ്ച ആരുടെ എങ്കിലും മേൽ ആരോപിക്കപ്പെടണമെന്നു എനിക്കുദ്ദേശമില്ല. എങ്കിലും കൃഷിവ്യവസായഡിപ്പാർട്ടുമെൻറുകൾ നാട്ടിന്റെ നട്ടെല്ലായിരിക്കുന്ന കൃഷിക്കാരെ സ്പർശിക്കാൻപോലും തുനിഞ്ഞിട്ടില്ലെന്നുള്ള വാസ്തവം ഒരുത്തർക്കും സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ലത്തതാകുന്നു. പരസ്പരസഹായ ഡിപ്പാർട്ടുമെൻറിനെപ്പററിയും എനിക്കു അതു തന്നെയാണ് പറയാനുള്ളതു്. ജനങ്ങൾ അതിൽ നിന്നും ഉണ്ടാകാനുള്ള ഗുണങ്ങളെ അനുഭവിക്കുന്നതിനു ആരംഭിക്കുക പോലും ചെയ്തിട്ടില്ല. മുൻപിലത്തെപ്പോലെ തന്നെ ഇപ്പോഴും നമ്മുടെ ആളുകൾ സംതൃപ്തരും പരസ്പരം വിശ്വാസമില്ലാത്തവരും ആകുന്നു. പരസ്പരസഹായം എന്ന ഒരു ചിന്തപോലും അവരിൽ പ്രവേശിച്ചിട്ടില്ല. കച്ചവടസംബന്ധമായി നാം ഇപ്പോഴത്തേക്കാൾ നികൃഷ്ടനിലയിൽ ആയിരുന്നോ എന്നുള്ളതു സംശയമാണ്. ഈ സന്ദർഭത്തിൽ, വളരെക്കാലമായി ആലോചനാവിഷയമായിരുന്ന സ്റ്റേററ എയ്ഡഡ് ബാങ്ക് ഏകദേശം വെളിയിലേക്കു പ്രവേശിക്കാറായി എന്നു കാണുന്നതിനു എനിക്കു സന്തോഷമുണ്ടു്. എന്നാൽ അതു മൂലം അടുത്തകാലങ്ങളിൽ നമ്മുടെ സാമ്പത്തികമായ നില ഗണ്യമായ നിലയിൽ അഭിവൃദ്ധിപ്പെടുമോ എന്നു എനിക്കു നിശ്ചയിക്കാൻ പ്രയാസമാണ്. എങ്കിലും തങ്ങളുടെ സ്വന്തകാര്യത്തെ മാത്രം ലക്ഷ്യമാക്കി ഇപ്രകാരമുള്ള സ്ഥാപനങ്ങളെ സാധാരണ ഭരിച്ചു പോരുന്ന ഏതാനും ധനികന്മാരേക്കാൾ, ജനങ്ങളിൽ എല്ലാക്കും ഒരുപോലെ കൂടുതൽ ഉപകാരപ്രദമായിരിക്കത്തക്കവണ്ണം ഈ സ്ഥാപനങ്ങളെ നടത്തി കഴിക്കുമെന്നു നമുക്കു ആശിക്കാം.

പൊതുവെയുള്ള സാമ്പത്തികാവസ്ഥയുടെ ഈ ചർച്ചയെ ഉപസംഹരിക്കുന്നതിനു മുൻപായി, ഭരണകാര്യത്തിൽ വേണ്ട നോട്ടവും കുറവും ചെയ്യേണ്ടതിനെപ്പററി അല്പം എനിക്കു പറയാനുണ്ടു്. ബഹുമാന്യ ഗ്രൂപ്പുകരണത്തിൽ അതിന്റെ കർത്താക്കന്മാരെ പ്രേരിപ്പിച്ചതായ തത്വങ്ങൾ ആശ്വാസകരങ്ങളാണെന്നു പറയുന്നതിൽ എനിക്കു ഭയമില്ല. എന്നാൽ അഭിവൃദ്ധിയെ പ്രാപിക്കാതിരിക്കുന്ന നമ്മുടെ പ്രകൃതിമാർഗ്ഗങ്ങളെക്കൊണ്ടു വിദ്യാഭ്യാസവിഷയമായി നാം സാധിച്ചിരിക്കുന്ന അതിശയജനകമായ വർദ്ധനയും അഭിമാനപൂർവ്വം നമുക്കു ചൂണ്ടിക്കാണിക്കാവുന്ന മററു സംഗതികളും ഉണ്ടെങ്കിലും സാധാരണ ഒരു കൃഷിക്കാരന്റെ ദാരിദ്ര്യദുഃഖം ഏററവും പ്രബലമായ ഒരു കാര്യമാകുന്നു. വെറും പട്ടിണിയെന്നോ പകുതിപ്പട്ടിണിയെന്നോ ഉള്ള നിലയിൽ അനവധി ആളുകൾ ദിവസം കഴിച്ചു പോരുന്നുണ്ടു് ജനങ്ങളുടെ ആളൊന്നുക്കു ശരാശരിയുള്ള വരവു ജീവസന്ധാരണത്തിനു മതിയാകുന്നില്ല. അതുകൊണ്ടു നമ്മുടെ നാട്ടിനെപ്പോലുള്ള ഒരു രാജ്യത്തു ആദായവ്യയങ്ങളിൽ പ്രത്യേകനോട്ടവും കുറവും വേണമെന്നുള്ളതു് എല്ലാപ്പോഴും അറിഞ്ഞിരിക്കേണ്ട സംഗതികളാണ്. ആവശ്യമില്ലാതെ ചെലവുചെയ്യുന്ന ഓരോരുത്തൻ പട്ടിണിയിലും ദാരിദ്ര്യത്തിലും നിന്നു ഈടാക്കീട്ടുള്ളതും, അനാവശ്യമായി ചെലവുചെയ്തിട്ടുള്ള ഓരോ ചക്രവും ജനക്ഷേമാർത്ഥം പ്രവർത്തിക്കാനുതകുന്ന ഉച്ചതരമായ ആദായത്തിനു നിന്നു എടുക്കപ്പെട്ടിട്ടുള്ളതുമാകുന്നു. നിരന്തരം നാം കേട്ടുകൊണ്ടിരിക്കുന്ന മുറവിളി നമ്മുടെ ഭരണം മുകളിൽ ഭാരമേറിയതെന്നും, വലിയ ഉദ്യോഗസ്ഥന്മാർക്കു ക്രമാതീതമായ ശമ്പളം കൊടുത്തുവരുന്നുവെന്നും കീഴ്ജീവനക്കാർക്കു കേവലം നിസ്സാരശമ്പളമെ കൊടുക്കുന്നുള്ളുവെന്നും തൻമൂലം എത്രതന്നെ സന്മാർഗ്ഗനിഷ്ഠയുള്ളവനായാലും അവരുടെയിടയിൽ പ്രചരിച്ചു വരുന്ന അഴിമതികൾ അനുവദിക്കപ്പെടാതിരിക്കാൻ നിവൃത്തിയില്ലെന്നും അതുകൊണ്ടു ആണ്ടു തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ചെലവുകൊണ്ടു നമ്മുടെ ഭരണയന്ത്രങ്ങളെ ശരിയാംവണ്ണം ശക്തിമത്തായ വിധത്തിൽ നിയന്ത്രിക്കാൻ നമുക്കു സാധിച്ചിട്ടില്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നതു്. അതുകൊണ്ടു ചെലവിലുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനയെ പ്രത്യേകം സൂക്ഷിക്കേണ്ടതു് അത്യാവശ്യമായ ഒരു രാഷ്ട്രീയസംഗതിയാകുന്നു. ചെലവു വരവിൽ കവിഞ്ഞല്ല നിൽക്കുന്നതെന്നു സൂക്ഷിക്കേണ്ടതു ഗവണ്മെൻറിന്റെ എന്നപോലെ ജനങ്ങളുടേയും ചുമതല

ചയാകുന്നു. എന്നാൽ സ്വാഭാവികമായുണ്ടാകാവുന്ന ആദായങ്ങളെ പ്രവൃത്തിക്കുന്നതിനു വേണ്ടിവരുന്ന ഇനങ്ങളിൽ ചെയ്യേണ്ട ചെലവു ഒരിക്കലും കുറവുചെയ്യാൻ പാടില്ലാത്തതും അങ്ങിനെചെയ്യുന്നതായാൽ കാലക്രമേണ അതിന്റെഫലം രാജ്യഭണ്ഡാരത്തിൽ പ്രതിഫലിച്ചു കാണുന്നതുമാകുന്നു. ഗവണ്മെന്റിന്റെഅടുത്ത ചുമതല നിസ്സഹായശബ്ദം നഠംകഴിപ്പെടുന്ന കീഴ്ജീവനക്കാരുടെ ശബ്ദം വർദ്ധിപ്പിക്കുകയാകുന്നു. നിന്ദ്യതക്കു വേണ്ടിടത്തോളമെങ്കിലും താമസിയാതെഅവർക്കുകൊടുത്തു അവരുടെസ്ഥിതി ഒന്നുയർത്താത്തപക്ഷം അഴിമതികളുംതുണിക്കാവുകളും അനുഭവമായിത്തീരുന്നതാണു. വിദ്യാഭ്യാസംസിദ്ധിച്ചിട്ടുള്ളവരായ ചെറുപ്പക്കാരുടെ ബുദ്ധിശക്തിക്കു ഇന്നത്തേതിനു നിരന്തരമായ വ്യാപാരത്തിനുവേണ്ട സൌകര്യംനഠംകി തൊഴിലില്ലായ്മയെ കഴിയുന്നത്രപരിഹരിക്കുന്നതിനു നമ്മളുടെ ശക്തിയിൽപെട്ടതു പ്രവർത്തിക്കേണ്ടതുമാകുന്നു. അങ്ങിനെചെയ്യുന്നതായാൽ അതു അവർക്കു നാട്ടിനും അഭിവൃദ്ധികരമായി തീരുന്നതാണു.

എന്റെപ്രസംഗം അവസാനിപ്പിക്കുന്നതിനുമുൻപു ഞാൻ പ്രതിനിധീകരിക്കുന്ന വർഗ്ഗക്കാരുടെ നന്മയെഅതുസ്പഷ്ടമാക്കി അല്പംപറയണമെന്നു വിചാരിക്കുന്നു. ഈ വർഗ്ഗക്കാർ ആണ്ടുതോറും രാജ്യഭണ്ഡാരത്തിലെ ഒരുപ്രധാനഭാഗം നിറക്കുന്നകൂട്ടരാണെന്നുള്ളതു സുപ്രസിദ്ധമാകുന്നു. ഈ സംഗതി കഴിഞ്ഞുപോയ മഹാരാജാവു തിരുമനസ്സുകൊണ്ടു സമ്മതിച്ചിട്ടുള്ളതാകുന്നു. കൻസിൽ ഹാളിൽ വച്ചു ആലപ്പുഴയുള്ള മഹമ്മദീയർ തിരുമനസ്സിലേക്കു സമർപ്പിച്ച മംഗളപത്രത്തിനു മറുപടിയായി ഇപ്രകാരമാണു കല്പിച്ചു മറുപടിപറഞ്ഞതു. മഹമ്മദീയർ കച്ചവടക്കാരായും, വ്യാപാരികളായും ഭൂമിയുടമസ്ഥന്മാരായും നാട്ടിലേക്കു ഗണ്യമായ ധനസഹായംചെയ്തിട്ടുണ്ടു്. നമ്മോടും നമ്മുടെ ഗവണ്മെന്റിനോടും അവർക്കുള്ള ഭക്തി നമുക്കഭിമാനമുള്ളതാകുന്നു. അതുമുതൽ വിദ്യാഭ്യാസവിഷയത്തിൽ മഹമ്മദീയർക്കു പ്രത്യേകസൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിലും ഗവണ്മെന്റുദ്യോഗങ്ങളിലും അവരുടെ അവകാശങ്ങളെ പ്രത്യേകം ഗൌരവിക്കുന്നതിലും ഗവണ്മെന്റു ശ്രദ്ധിക്കുന്നുണ്ടു്. അറബിഭാഷ പഠിപ്പിക്കുന്നവിഷയത്തിൽ ചിലപ്രത്യേകസൌകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെങ്കിലും അവ അശേഷം തൃപ്തികരങ്ങളായിരിക്കുന്നില്ല. മുസ്ലിമിങ്ങുകളുടെ അപേക്ഷയെ നിറവേറുന്നതിനായി ചെയ്തുവരാറുള്ള ഗവണ്മെന്റിന്റെ സാവധാനമായും അപൂർണ്ണമനസ്സോടുകൂടിയും ഉള്ള പ്രവൃത്തി ഉദ്ദേശസാദ്ധ്യത്തിനു മിക്കവാറും പ്രയോജനമാകാതാണിരിക്കുന്നതു. ഉദാഹരണമായി കാളേജുക്ലാസ്സുകളിൽ അറബിഭാഷ പഠിപ്പിക്കുന്നതിനു ഒരു അറബിഭാഷ്യപ്രകാരം നിയമിക്കണമെന്നുള്ള അപേക്ഷയുണ്ടെങ്കിലാണിക്കാം. ഇതുപോലുള്ളതെക്കാലമായി ആശിച്ചുകൊണ്ടിരിക്കുന്ന ഒരാവശ്യമാണു. അതുകൊണ്ടു് ഗവണ്മെന്റു ഇക്കാര്യത്തിൽ മുസ്ലിമിങ്ങളുടെ അപേക്ഷയെ വേണ്ടപോലെ ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മഹമ്മദീയരെപ്പോലെ വിദ്യാഭ്യാസത്തിന്റെ ഗുണങ്ങൾക്കു അടിമപ്പെട്ടവരായി വളരെചുരുക്കം ചിലവർഗ്ഗക്കാരെയുള്ളുവെന്നുള്ളതു് സുപ്രസിദ്ധമാകുന്നു. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സ്ഥലങ്ങളിൽ അവരാണു ഏററവുംസമാധാനപരമായും നിയമാനുസൃതമായും ഇരിക്കുന്ന പ്രജകൾ. വിദ്യാഭ്യാസവിഷയത്തിൽ ചെയ്യുന്ന സൌകര്യങ്ങളേക്കാളും പ്രധാനമായിട്ടുള്ളതു മഹമ്മദീയരെ ഗവണ്മെന്റുദ്യോഗികളിൽ നിയമിക്കുകഎന്നുള്ളതാണു. ഓരോവർഗ്ഗക്കാരും താന്താങ്ങളുടെ അവകാശങ്ങളെ ഗവണ്മെന്റിന്റെ ശ്രദ്ധക്കു വിഷയമാവിപ്പിക്കുന്ന കാലമാണിതു. മഹാറാണിറീജന്റു തിരുമനസ്സിലെ ഗവണ്മെന്റിൽ മഹമ്മദീയർക്കു പ്രവേശിക്കാനുള്ള അവകാശത്തെ അനുവദിക്കാതിരുന്നാൽ അതുനടപ്പാക്കുക ചെയ്തിട്ടുള്ള വലുതായ ഒരനീതിയായി തീരുന്നതാണു്. മഹമ്മദീയർ, ഈഴവർമുതലായ ചില വർഗ്ഗക്കാർക്കു പ്രത്യേകസൌജന്യങ്ങളെ ചെയ്തുകൊടുക്കേണ്ടതാണെന്നു് കാണിക്കുന്നതായ പലസർക്കുലർകളും ഉത്തരവുകളും ഉണ്ടായിട്ടുണ്ടു്. എന്നാൽ ഈ സർക്കുലർകളേയും ഉത്തരവുകളേയും സംബന്ധിച്ചു നോക്കിയടത്തോളം അവയുടെ അനുഷ്ഠാനത്തിലല്ല. അനുഷ്ഠിക്കാതിരിക്കുന്നതിലാണു അധികാരികൾ അവയെ ബഹുമാനിച്ചിട്ടുള്ളതു്. കഴിഞ്ഞകുറെകൊല്ലങ്ങളിലെ പരിചയത്തിൽനിന്നു പ്രത്യേകമായി പെരുമാറുക എന്നുള്ളതു കേവലം ഒരുപ്രദർശനം മാത്രമാണെന്നു ഞങ്ങൾക്കുമനസ്സിലായിട്ടുണ്ടു്. മഹമ്മദീയരെപ്പോലെ ഇത്രശക്തിഹീനവും, വിദ്യാവിഹീനവുമായ ഒരുവർഗ്ഗത്തിന്റെ അവകാശങ്ങളെ എളുപ്പം വിസ്മരിക്കാവുന്നതെയൊള്ളു എന്നുചില ഉദ്യോഗസ്ഥന്മാർ വിശ്വസിക്കുന്നതായിട്ടുള്ളിടത്തോളം ഞങ്ങൾക്കു വിചാരിക്കേണ്ടിയിരിക്കുന്നു. ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ ഭാവനയും പ്രവൃത്തിയും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നു നല്ലബോദ്ധ്യമുള്ളതുകൊണ്ടു് ഞങ്ങൾ ഇപ്പോൾ ന്യായവും നീതിയും മാത്രമേ അവശപ്പെടുന്നുള്ളു. രാജ്യത്തിലെ നികുതിവകയിൽ മഹമ്മദീയർ ഒരു പ്രധാനഭാഗം കൊടുത്തുവരുന്നുണ്ടു്. എന്നാൽ ഭരണസംബന്ധമായ ഉദ്യോഗങ്ങളിൽ നിന്നും ഞങ്ങളെപുറത്തുതള്ളിയിരിക്കുന്നു. ഭാരത്തിൽ പങ്കുകൊള്ളാൻ ഞങ്ങളോടാവശ്യപ്പെടുന്നു. എന്നാൽ ഭരണകാര്യങ്ങളിൽ ഉൾപ്പെടുന്നതിനുള്ള അവകാശം ഞങ്ങൾക്കു തടഞ്ഞിരിക്കുകയാണുചെയ്യുന്നതു. നിസ്സാരമായ നിയമനങ്ങൾക്കുപോലും ഒരുമഹമ്മദീയനു പലകഷ്ടതകളും അനുഭവിക്കേണ്ടിയിരിക്കുന്നു. നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ വർഗ്ഗീയമത്സരങ്ങളിൽ പെട്ടുപോകുന്നു. തന്റെഅവകാശങ്ങളെ ഒരുവലിയ ഉദ്യോഗസ്ഥനെ ധരിപ്പിക്കുന്നതിനു ഉദ്യോഗസ്ഥന്റെ മുമ്പാകെചെല്ലുന്നതിനുപോലും ഒരുമഹമ്മദീയാപേക്ഷകനു സാധിക്കുന്നില്ല. ഗവണ്മെന്റുദ്യോഗസ്ഥന്മാരിൽ മഹമ്മദീയർക്കു രക്ഷാധികാരികളില്ലാത്തതും ഓരോമുസൽമാനും അവനവന്റെ കാര്യങ്ങൾ അധ്വാനിച്ചുതന്നെ അന്വേഷിക്കേണ്ടതായിട്ടും ഇരിക്കുന്നു. അധികാരമുള്ളവർക്കു ചട്ടങ്ങളും ഉപചട്ടങ്ങളും എന്നിങ്ങനെ ഗവണ്മെന്റുദ്യോഗത്തിനായുള്ളപുരോഗതികളെ തടയുന്നതിനു പലആയുധങ്ങളും പ്രയോഗിക്കാൻകഴിയാം. നൂതനമായി ഏർപ്പെടുത്തിട്ടുള്ള മഹമ്മദീയരാണു അതുനിമിത്തം അധികംകഷ്ടപ്പെടാനിടയാകുന്നതു. കുററം ആരെങ്കിലും ഒരാൾ ആളിൽ ആരോപിക്കണമെന്നു എനിക്കഭിലാഷമില്ല. ഇപ്പോഴത്തെ വാസ്തവസ്ഥിതിയെക്കുറിച്ചു ഞാൻ പറയുന്നതുമാത്രമുള്ളു. നാട്ടിലുള്ള മുസ്ലിമിങ്ങുകളുടെ അനുഭവങ്ങളും അഭിപ്രായങ്ങളുമാണു ഞാൻപറഞ്ഞിട്ടുള്ളതു. ഇമ്മാതിരി സംഗതികൾ മേലാൽ നടക്കാൻപാടില്ലാത്തതാകുന്നു. മഹാറാണിറീജന്റു തിരുമനസ്സിലെ ഗവണ്മെന്റു വിദ്യാഭ്യാസത്തിലും ഗവണ്മെന്റുദ്യോഗങ്ങളിലും വേണ്ടുപോലെ ശ്രദ്ധിച്ചു വേണ്ടുപ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

ടി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിലും വകുപ്പു): നമ്മുടെമുൻപിൽ അവതരിക്കപ്പെട്ടിട്ടുള്ള നീക്കിയിരുപ്പു ബഡ്ജററിനെപ്പററി ഗവണ്മെന്റിനെ അഭിനന്ദിക്കുന്നതിൽ എനിക്കവലുതര ചാരിതാർത്ഥ്യമു

ണ്ട്. ഇപ്പോഴത്തെ ഫൈനാൻഷ്യൽ സെക്രട്ടറി അവതരിപ്പിച്ചതായ പ്രഥമബഡ്ജററ് ഇത്രത്തോളമായി കാണുന്നതു ആശ്വാസകരംതന്നെ.

മി. സി. പി. തരകൻ (കുന്നത്തുനാട്): ദയവുചെയ്തു ഉറക്കെപ്പറയണം.

മി: കെ. സി. മാത്തൻമാപ്പിള (കച്ചവടവും കൈത്തൊഴിലും വടക്കു): ഈ ബഡ്ജററ് ഇതിനേക്കാളും സാരവത്തായി നമുക്കു അഭിമാനത്തിനും മേൽ ഉണ്ടാകാൻ പോകുന്ന അനാധി ബഡ്ജററുകളുടെ ഒരു മുൻഗാമി മാത്രമാകുന്നു. സംഗതികൾ നേരേമറിച്ചു വിപരീതമായും സാമ്പത്തികാവസ്ഥ തലകീഴായുമിരുന്നിരുന്നുവെങ്കിൽ ഗവർണ്ണമെന്റിനെക്കുറിച്ചു വിമർശിക്കുന്നവർ ദിവാൻജി അവർകളേയും ഫൈനാൻസുസെക്രട്ടറി അവർകളേയും ആക്ഷേപിച്ചു സകല വിഴുപ്പുകളും അവരിൽ ചുമത്തുമായിരുന്നു. അതുകൊണ്ടു പ്രധാന ഭരണാധികാരിയേയും, ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റധ്യക്ഷനേയും ബഡ്ജററു രൂപീകരണത്തിൽ ബന്ധിച്ചിട്ടുള്ള മററുള്ളവരേയും അഭിനന്ദിക്കേണ്ടതുള്ളതു് ഒരിക്കലും അസ്ഥാനത്തിലാകുന്നതല്ല. ബഡ്ജററിനെ സംബന്ധിച്ചു് പൊതുവെ നിരൂപണം ചെയ്യുന്ന ഇപ്രകാരമുള്ള അവസരങ്ങളിൽ ഭരണവിഷയമായ എല്ലാ സംഗതികളേയുംപററി ചിന്തിക്കുന്നതിനു നമുക്കു വേണ്ട അവകാശം നല്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു മിസ്റ്റർ രാമൻമേനോനെപ്പോലെ ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു് ഉപന്യാസങ്ങളും മററും വായിക്കുന്നതിനും ഓരോ ഡിപ്പാർട്ടുമെൻറിനേയും സംബന്ധിച്ചുള്ള ഭരണാധികാരം നമുക്കുണ്ടായിരുന്നുവെങ്കിൽ എത്രത്തോളം ഒഴുക്കായി കാര്യങ്ങൾ നാം നിറവേററുമായിരുന്നുവെന്നു അവരോടു പറയുന്നതിനും ഒരുത്തൻ പ്രേരിക്കപ്പെട്ടുമായിരുന്നു. ഇപ്രകാരമുള്ള മിഥ്യാബോധങ്ങളും ഓരോ ഡിപ്പാർട്ടുമെൻറും എത്രത്തോളം പൂർവ്വാധികം ഭംഗിയായി നടത്തുമെന്നും അതിനുള്ള മാർഗ്ഗങ്ങളും എന്റെ ചെറുപ്പത്തിൽ എനിക്കു തോന്നിട്ടുണ്ടായിരുന്നു. എന്നാൽ പ്രാപ്തിയും, പരിചയവും, കൂടുതൽ ജ്ഞാനമില്ലെങ്കിലും, വന്നതോടുകൂടി ഗവണ്മെൻറുഭരണത്തിൽ ചുമതലപ്പെട്ടവർക്കു എന്തെല്ലാം മാർഗ്ഗവിഘ്നങ്ങൾ ഉണ്ടാകുവുന്നതാണെന്നു എനിക്കു നല്ലപോലെ കാണുവാൻകഴിഞ്ഞു. അതുകൊണ്ടു മിസ്റ്റർ രാമൻമേനോനെപ്പോലെ അത്ഭുതകരങ്ങളായ നവീന സൃഷ്ടികൾ അവതരിപ്പിക്കുന്നതിനു എനിക്കു ഒരുമ്പെടാൻ നിവൃത്തിയില്ല.

എന്റെ പല സ്നേഹിതന്മാരും ബഡ്ജററിനെപ്പററി വിവരമായി പരിഗണനം ചെയ്തിട്ടുള്ളതും, ഓരോ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുള്ള പ്രധാനസ്വഭാവങ്ങളെ ചൂണ്ടികാണിച്ചിട്ടുള്ളതുമാകുന്നു. അതുകൊണ്ടു വീണ്ടും അതേപ്പററി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഗവണ്മെൻറിന്റെ ശ്രദ്ധക്കു വിഷയീഭവിക്കുന്നതിൽ ഒരിക്കലും ഞാൻ ഉപേക്ഷ കാണിച്ചിട്ടില്ലാത്ത എന്റെ ചില അഭിപ്രായങ്ങളെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഞാൻ ഈ അവസരത്തെ വിനിയോഗിക്കാമെന്നു കരുതുന്നു.

കുറെകൊല്ലങ്ങൾക്കുമുമ്പു ശ്രീമൂലംപ്രജാസഭയിൽ ഒരംഗമായി ഞാൻ ആദ്യം വന്നപ്പോൾ കൈത്തൊഴിൽ സംബന്ധിച്ചു കാര്യങ്ങളിൽ ഗവർണ്മെൻറിൽനിന്നു നേരിട്ടു ധനസഹായവും കൂടുതൽ പ്രോത്സാഹനവും ഉണ്ടാകേണ്ടതാണെന്നു വാദിച്ചിട്ടുണ്ട്. കൈത്തൊഴിൽസംബന്ധമായ കാര്യങ്ങളിൽ ഗവണ്മെൻറു സഹായം എന്ന അഭിപ്രായംതന്നെ അനാദരിച്ചിരുന്നകാലമായിരുന്നു അതു്. ആമാതിരി സംഗതികളിൽ ഉൾപ്പെടുക ഗവണ്മെൻറിന്റെ ജോലിയല്ലെന്നുള്ള ലാർഡുമാർക്കി തുടങ്ങിയുള്ളവരുടെ അഭിപ്രായങ്ങൾ പ്രബലമായിരുന്നു അന്നു. ഓരോ രാജ്യതന്ത്രനിപുണന്മാർ തങ്ങളുടെ അധികാരസ്ഥാനങ്ങളിൽനിന്നും ഇപ്രകാരമുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടു എത്രകാലം കഴിഞ്ഞിരിക്കുന്നുവെന്നു നമുക്കിപ്പോൾ അറിയാവുന്നതാകുന്നു. ലോകമാസകലംതന്നെ, വിശേഷിച്ചും ഇൻഡ്യയിൽ നാട്ടിലെ ധനാഗമമാർഗ്ഗങ്ങളെ പോഷിപ്പിക്കുന്നതിൽ ഗവണ്മെൻറു വളരെ താല്പര്യമായി പ്രവൃത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. രാജ്യത്തിലെ പതിവു ചടങ്ങുകളെമാത്രം അനുഷ്ഠിക്കുക എന്നുമാത്രം ഗവണ്മെൻറു കരുതിവന്ന ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ ഇംഗ്ലണ്ട്, അമേരിക്ക മുതലായ പാശ്ചാത്യരാജ്യങ്ങളിലെ സ്ഥിതി നോക്കുന്നതായാൽ കൈത്തൊഴിൽ സംബന്ധമായോ, കച്ചവടസംബന്ധമായോ, കൃഷിസംബന്ധമായോ എന്തായാലും ശരി ഗവണ്മെൻറിന്റെ ഏററവും പ്രധാനമായ ജോലി നാട്ടിലെ സകല ശക്തികളും ധനവർദ്ധനവിഷയത്തിൽ ജനങ്ങളെ സഹായിക്കുന്നതിനായി ചെലവാക്കുന്നതിനാണെന്നു നാം കാണുന്നു. ഇതിലേക്കു മിലിററി, ഫൈനാൻസ്, ഡിപ്ലോമാററിക് മുതലായ ഗവണ്മെൻറിന്റെ എല്ലാവകുപ്പുകളും ജനങ്ങളുടെ അനീനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പോഷണമില്ലാതിരിക്കുന്ന ഉഷ്ണമേഖലയിൽപെട്ട രാജ്യങ്ങളിലെ ചൈശവസ്ഥിതിക്കളെ കവർന്നുകൊണ്ടുപോകുന്നതിനായി ഓരോരോരാജ്യത്തിലേയും ജനതതിക്കു അനുവാദം കൊടുക്കപ്പെട്ടിരിക്കുന്നതും അവരെ അക്കാര്യത്തിൽ തങ്ങളുടെ ശക്തിക്കനുസരണമായി ഓരോരാജ്യവും സഹായിച്ചുകൊണ്ടിരിക്കുന്നതുമാകുന്നു. എന്നാൽ നാം എന്താണുചെയ്യുന്നതു? നാം ഇപ്പോഴും കണ്ണുകാണാതുഴലുന്നതേയുള്ളു. നമുക്കു കൃഷിഡിപ്പാർട്ടുമെൻറും, വ്യവസായഡിപ്പാർട്ടുമെൻറും, പരസ്പരസഹായഡിപ്പാർട്ടുമെൻറും ഉള്ളതു് വാസ്തവംതന്നെ. കഴിഞ്ഞ കുറച്ചുകൊല്ലങ്ങൾക്കകം ഈ ഓരോഡിപ്പാർട്ടുമെൻറധ്യക്ഷന്മാരുടേയും ചുമതലയിൽവിട്ടിട്ടുണ്ടായിരുന്ന പണംകൊണ്ടു് അവർ പ്രശസ്തമാംവണ്ണം തങ്ങളുടെ ജോലിയെ നിറവേററി എന്നുള്ള വസ്തുതയെ ഞാൻ വിസ്തരിക്കുന്നുമില്ല. ചെലവിനു തികയാതെ ഉഴലുന്ന ഇൻഡ്യയിലെ മററു രാജ്യങ്ങളെ നോക്കുമ്പോൾ, തിരുവിതാംകൂറിലെ മുതൽ ഈ വിഷയത്തിൽ ഇരുവരെ നാം ഉപയോഗിച്ചുവന്നതിൽ കൂടുതലായി ചെലവു ചെയ്തു ധനസ്ഥിതിയെ പോഷിപ്പിക്കേണ്ട ഒരു ചുമതല നമുക്കുണ്ടെന്നേ ഞാൻ പറയുന്നുള്ളു. കൈത്തൊഴിൽ സംബന്ധമായും ധനസംബന്ധമായുമുള്ള ജനങ്ങളുടെ പരിശ്രമത്തെ പോഷിപ്പിക്കുന്നതിനായി ഏകദേശം ഒരു കോടി രൂപാ കടം വാങ്ങിയതു പഞ്ചാബ് ഗവണ്മെൻറാണെന്നാണു എനിക്കു തോന്നുന്നതു്. മദ്രാസ് പ്രവിശ്യ ഗവണ്മെൻറുപ്പെടെ നാട്ടിലെ ധനാഗമമാർഗ്ഗങ്ങളെ പോഷിപ്പിക്കുന്നതിൽ പരിശ്രമിച്ചുപോരുന്ന മററു പ്രവിശ്യാ ഗവണ്മെൻറുകളും നമുക്കുണ്ട്. ആ ഡിപ്പാർട്ടുമെൻറു ഭാരവാഹിയായ മിനിസ്റ്റർ ഈ അവസരത്തിൽ നമ്മുടെ സഭയിൽ ഹാജരായിരിക്കുന്നതു് യാദൃച്ഛികവും നമുക്കു അഭിമാനകരമായിട്ടുള്ളതുമാകുന്നു. മദ്രാസ് പ്രവിശ്യയിലെ ധനപരിപോഷണത്തിനായി അദ്ദേഹം ചെയ്തുകൊണ്ടിരുന്ന പ്രവൃത്തിയെ നാം കാണുകയും കണ്ടുള്ളതപ്പെടുകയും ചെയ്തിട്ടുണ്ട്. മദ്രാസ് ഡവലപ്പുമെൻറു ഡിപ്പാർട്ടുമെൻറിനെ അനുകരിച്ചു് നമ്മുടെ ഗവണ്മെൻറും പ്രവൃത്തിക്കുന്നതായാൽ അതു നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഇംഗ്ലണ്ടിൽ എന്താണു പ്രവൃത്തിക്കപ്പെട്ടിട്ടുള്ളതെന്നു ഞാൻ ചുരുക്കിപ്പറയാം. ഇംഗ്ലണ്ടിൽ ഗവണ്മെൻറു് പത്തുലക്ഷം പവൻ ആൻഗ്ലോഎക്സ്പ്രൻ അയിൽകമ്പനിയിലും, പത്തുലക്ഷംപവൻ ബ്രിട്ടീഷ് ഡൈവ്വു വസായത്തിലും വീണ്ടും ഒരു പത്തുലക്ഷമൊ

അവരധികമും ബീറവ്ക്കുവർ വ്യവസായത്തിലും നിക്ഷേപിച്ചതായി നാം അറിയുന്നു. അവിടത്തെ ജന
ങ്ങൾ ധാരാളം പണമുള്ളവരാണെങ്കിലും, ഏററവും പരിഷ്കൃതമായ ബാങ്കിംഗ് ഇംഗ്ലണ്ടിലാണുള്ളതെങ്കിലും അ
ങ്ങനെ പണം ഏറവുമതിക്കാക്കം അളുപോലെ ഭീമമായ തുകകൾ, സാമാനങ്ങൾക്കായുള്ള തങ്ങളുടെ അപേ
ക്ഷകൾ ഇംഗ്ലണ്ടിലെ കച്ചവടക്കാക്കയക്കണമെന്നുള്ള നിബന്ധനയിന്മേൽ, വിദേശരാജ്യങ്ങളായ ആസ്ട്രേലിയാഫ്രാ
ഗോ, ആസ്ട്രേലിയാ, മററ ബ്രിട്ടീഷ് കാളനികൾ, ഇവക്ക കടമായി കൊടുക്കപ്പെട്ടു. ഈയ്യിടയായി എസ്റ്റ്
മോർട്ട് ഇൻഷ്യുറൻസ്സ്കീം എന്ന ഒരു പുതിയ പദ്ധതി അവർ ഏർപ്പെടുത്തിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ മരാ
ക്കം വിലകൂടാതെ കടം കൊടുക്കുന്ന സാമാനങ്ങളുടെ വിലയിൽ ഇടാകാതെവരുന്നവക തങ്ങൾ കൊടുത്തുകൊ
ള്ളാമെന്നു കച്ചവടക്കാക്ക ഉറപ്പുകൊടുക്കുകയാണ് ഇവർ ചെയ്യുന്നത്. മററ പലവിധത്തിലും നേരിട്ടോ അ
ല്ലാതെയോ ഗവണ്മെൻറ ഇപ്രകാരം പരിഷ്കൃതരാജ്യങ്ങളിലെ കച്ചവടത്തെ പുലർത്തുന്നുണ്ട്. അവിടെ ഇപ്പ്ര
കാരം ചെയ്യുന്നതായാൽ ഇൻഡ്യയിൽ, വിശേഷിച്ചും തിരുവിതാംകൂറിൽ എന്തുകണ്ടാണു പ്രവർത്തിക്കാനുള്ളത്? ന
മ്മുടേതു ഒരു ചെറിയരാജ്യവും, ജനങ്ങൾ നല്ലപോലെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും തൻമൂലം പ്രധാന്യമേ
റിയ ഇ സംഗതിയിൽ വേണ്ടതു പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗങ്ങളേയും, അവസരങ്ങളേയും കണ്ടുപിടിക്കുന്നതി
ന്നു ഗവണ്മെൻറിനു ധാരാളം പ്രയാസമുണ്ടാകുന്നു. ഗവണ്മെൻറ പ്രത്യേകം ശ്രദ്ധവെക്കണ്ട
ചെയ്തതാൻ അപേക്ഷിക്കുന്നതായതു പദ്ധതി ലാൻഡ്മാർട്ട്ഗേജ്ബാങ്ക് രൂപീകരണമാണ്. ഇൻഡ്യയിൽ മററി
ടങ്ങളിലുള്ളതുപോലെ നമ്മുടെ ആളുകളിൽ ഏറിയ ഭൂരിഭാഗവും കൃഷിക്കാരാകുന്നു. അവർ കടത്തിൽ മുങ്ങിയി
രിക്കുകയാണെന്നു സമ്മതിക്കപ്പെട്ടിട്ടുള്ള സംഗതിയെ ഞാൻ ഒന്നുകൂടി പറയേണ്ട ആവശ്യമില്ല. ധനക്ലേശംനി
മിത്തം അവക്ക ശരിയാംവണ്ണം കൃഷിചെയ്യുന്നതിനു സാധിക്കാതെവരുന്നു. ധാരാളമായി കൃഷിചെയ്യുന്നു, പരി
ഷ്കൃതരീതിയിലുള്ള കൃഷി, എന്നും മററും ഡാക്ടർ കുഞ്ഞൻപിള്ളക്ക എത്രവേണമെങ്കിലും പ്രസംഗിക്കാം. എ
ന്നാൽ നാനിൽ തൊണ്ണൂററാൻപതു ആളുകൾക്കും അതു സാദ്ധ്യമല്ല. അതുകൊണ്ടു കൃഷിക്കാക്ക അവരുടെ ക
ഷ്ടങ്ങളെ പരിഹരിക്കുന്നതിനു ഗവണ്മെൻറ വല്ല മാർഗ്ഗവും കണ്ടുപിടിക്കേണ്ടതാകുന്നു. പരിചയിച്ചിട്ടുള്ള
ത്തോളം ഇൻഡ്യയിലെസ്ഥിതിക്ക ലാൻഡ്മാർട്ട്ഗേജ്ബാങ്ക് ആണു ഏററവും ഉപയുക്തമായമാർഗ്ഗം. പരസ്പ
രസഹായഡിപ്പാർട്ടുമെൻറ് ഇപ്രകാരം ഒരു ബാങ്ക് സ്ഥാപിക്കുന്നതിലേക്ക ശ്രമിക്കണമെന്നും അതിലേക്ക വേ
ണ്ട സഹായം ഗവണ്മെൻറ ചെയ്തുകൊടുക്കണമെന്നും ഒരഭിപ്രായമുണ്ട്. എന്നാൽ അതേസംബന്ധിച്ച് ചില
വിപരീതാഭിപ്രായങ്ങളും ഞാൻ കണ്ടു. പഞ്ചാബിൽ പരസ്പരസഹായ ഡിപ്പാർട്ടുമെൻറാണ് ലാൻഡ്മാ
ർട്ട്ഗേജ്ബാങ്ക് നടത്തുന്നത്. എന്നാൽ പരസ്പരസഹായബാങ്കിലെ കുറഞ്ഞ കാലാവധിക്കടം ലാൻഡ്മാർട്ട്
ഗേജ്ബാങ്കിലെ നീണ്ടകാലാവധിക്കടത്തിനു വിപരീതമായിരിക്കുന്നുവെന്നാണു അധികാരികളിൽ ചിലർ പറയു
ന്നത്. അതുകൊണ്ട് ഗവണ്മെൻറ്സഹായത്തോടുകൂടി ഒരു പ്രത്യേകസ്ഥാപനം തുടങ്ങുന്നതു ഉത്തമമായിരി
ക്കും. പയോനിയർ എന്ന പത്രത്തിൽ ഒരു ലേഖകൻ പ്രസ്താവിച്ചിട്ടുള്ള പ്രസ്താവന ശ്രദ്ധേയമാണ്. അദ്ദേഹം
അതു്ദ്ദേശിച്ചു പറയുന്നതു് ഇപ്രകാരമാകുന്നു.

"കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനു ഏകദേശം ഇ ം ദ്രമനം ഹോരികളും ഡിബൻച്ചർബാൺഡു
കളും ഗവണ്മെൻറിൽ നിന്നു എടുക്കണം (ഇതുബാങ്കുകളുടെ നില തൃപ്തികരമാകുമ്പോൾ പ്രൈവററ് ഏജൻ
സികളിൽ ഏർപ്പെടുത്തിക്കാനാണ്). ഇത്തരം പുതിയ സ്ഥാപനങ്ങളിലേക്ക് ധാരാളം നിധിയുണ്ടാക്കുന്നതിനു ഡി
ബൻച്ചർബാൺഡുകളുടെ പലിശക്ക് ഗവണ്മെൻറപ്പ് ആവശ്യമാകുന്നു. പബ്ലിക്ക്ഫണ്ടിലും ട്രസ്റ്റ്
ഫണ്ടിലും ഒരു ഭാഗം ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുഡിബൻച്ചർബാണ്ടുകളെ നെഗോഷ്യബിൾഇൻസ്ട്രുമെൻറ
കളായി ഗവണ്മെൻറിൽ നിന്നും കരുതേണ്ടതു് ഇതിൻറ ഉപരിവർദ്ധനക്ക അത്യാവശ്യമാണ്. ജോലിനടത്തി
പ്പിലേക്ക പരമാവധി ആവശ്യമുള്ള തുകഇത്രയെന്നു നിയമ നിബന്ധനയുണ്ടായിരിക്കണം. കടങ്ങൾ മുൻകൂട്ടി
വീട്ടുക ലാൻഡ്മാർട്ട് ഗേജ ബാങ്ക് സിവിൾകേസുകളെ വിചാരണചെയ്യുന്നതിനുള്ള പൂർണ്ണാധികാരം ഇവ ലാ
ൻഡ്മാർട്ട്ഗേജ് ബാങ്കുരജിസ്റ്റുക്ക ഉണ്ടായിരിക്കണം. ട്രാൻസ്ഫർ ആഫ്പ്രോപ്പർട്ടിഅക്ട്, സിവിൽപ്രൊസീ
ഡ്യൂർകോഡ് ഇവയിൽ ഏതാനും വകുപ്പുകൾ ഭേദപ്പെടുത്തണം. അവസാനമായി, പരസ്പരസഹായസംഘങ്ങ
ളിൽ വർദ്ധിച്ചു വരുന്നകടംകൊടുപ്പും, ലാൻഡ്മാർട്ട്ഗേജ്ബാങ്കിലെ നീണ്ട കാലാവധികടങ്ങളും പരസ്പരം കൂട്ടി
ങ്ങൾക്കും പ്രമാസങ്ങൾക്കും ഇടയാകാതിരിക്കയില്ല,, അതുകൊണ്ടു അതുരണ്ടും പ്രത്യേകമായിരിക്കണം. മററ്
രാജ്യക്കാർ, വിശേഷിച്ചും ഇൻഡ്യായിലെ മററപ്രവിശ്യകളിൽ, എന്താണുചെയ്തുവരുന്നതെന്നു കണ്ടുപിടിക്കുന്ന
തിനായി വിദഗ്ദ്ധന്മാരുടെ ഒരു ചെറിയ കമ്മിററി നിയമിക്കപ്പെടേണ്ടതായ കാലം ഏതായാലും അത്യാസന്നമാ
യിരിക്കുന്നു. ആ വിഷയത്തിൽ വ്യവസായ ഡയക്ടർക്ക വേണ്ട ഉപകരണങ്ങളുണ്ടെന്നു ഞാൻ വിശ്വസിക്കുന്ന
വേണ്ടസഹായങ്ങളെല്ലാം ഇക്കാര്യത്തിൽ ഗവണ്മെൻറിലേക്ക ചെയ്തുകൊടുക്കുന്നതിനു കൃഷിഡയറക്ടക്കും വ്യവ
സായ ഡയറക്ടക്കും പ്രയാസമായിരിക്കയില്ല. ഇതിലേക്ക എന്തെങ്കിലും ചെയ്യേണ്ടതും, അതു താമസംകൂടാതെ
ചെയ്യേണ്ടതും ആകുന്നു. ആവശ്യമില്ലെന്നു ബോദ്ധ്യമാകുന്നതുവരെ ഈ വിഷയത്തിൽ എൻെറ നിർബന്ധമായ
പ്രേരണശ കുതിമത്തായിരിക്കുന്നതാകുന്നു.

രണ്ടാമതായി മൈസൂർ ഗവണ്മെൻറചെയ്തതുപോലെ ഗവണ്മെൻറതന്നെ ചിലവലിയ പദ്ധതികൾ ഏറ്റു
ക്കണ്ട ആവശ്യത്തെപ്പററി ഗവണ്മെൻറിനെധരിപ്പിക്കണമെന്നുള്ളതാണ് എനിക്കചെയ്യാനുള്ളതു്. അതായതു ശി
വസമുദ്രം വെള്ളച്ചാട്ടത്തിൽ നിന്നും എലക്ട്രിസിററിഎടുക്കുക. കൂടാതെ അവക്ക ഇരുമ്പുവ്യവസായവും ഉണ്ട്.
ഗവണ്മെൻറതന്നെയാണ് ഇതുകളും മററവലിയ പദ്ധതികളും തുടങ്ങിട്ടുള്ളതു്. മൈസൂർ ദിവാൻ മിസ്റ്റർ ശേ
ഷാദ്രിഅയ്യരെപ്പോലെ നോട്ടവും, സാമർത്ഥ്യവും ഉള്ളദിവാൻജിമാർ നമ്മുടെരാജാക്കന്മാക്കുണ്ടായിരുന്നുവെങ്കിൽ
ഒരു മാതൃകയായൊ ധന മാർഗ്ഗമായൊഗവണ്മെൻറിൽ നിന്നും എടുത്തു നടത്താവുന്ന ആശാസ്യമായ വല്ല പ
ദ്ധതികളും ഉണ്ടൊ ഇല്ലയൊ എന്നു ചിന്തിക്കുന്നതു്, ഗവണ്മെൻറിനു ആവശ്യമായിരിക്കുമായിരുന്നു. അന്വേ
ഷിക്കപ്പെട്ടതായ അഭിപ്രായങ്ങളിലിസ്തീം ഉണ്ട്. കഴിഞ്ഞ ദിവാൻ മിസ്റ്റർ രാഘവയ്യരു ആ വിഷയത്തിൽ വളരെ
താല്പര്യം കാണിച്ചിരുന്നു. എന്നാൽ ആ താല്പര്യം ക്ഷണികവും തന്മാത്ര ജീവിതവും മാത്രമായിരുന്നു, പ്രാരമ്ഭ
കടമ്പുകളോടുകൂടി പതിവു പോലെ അതും തള്ളപ്പെട്ടു. കൈത്തൊഴിൽ സംബന്ധമായഅഭിവൃദ്ധിക്ക എലക്ട്ര
സിററി അത്യാവശ്യമണെന്നുള്ളതു് എല്ലാവരും സമ്മതിക്കപ്പെട്ടിട്ടുള്ളതാകുന്നു. രണ്ടുകളുടെ സ്വന്ത വിലവി

ന്മേൽ മദ്രാസ് ഗവണ്മെന്റ് ഇലക്ട്രിസിറ്റിഉണ്ടാക്കാൻ പോകുന്നതും, അതു സംസ്ഥാനത്തെ ആകെവണ്ടിക്കുന്നതാക്കിനിർത്തുന്നതും ആകുന്നു. ഞാൻ ഇതിനെപ്പററി അന്വേഷണങ്ങൾ നടത്തികൊണ്ടിരുന്നതും, തെക്കെ ഇൻഡ്യക്കു ഏററവും ആദായകരവും ആശാസ്യകരവുമായ ഒരുപ്രവർത്തനമാകുമെന്നുഎനിക്കു തോന്നിട്ടുള്ളതുമാകുന്നു.

തിരുവിതാംകൂർ പെരിയാറിന്റെ മുകൾഭാഗത്തു ഒരു വലിയ വെള്ളച്ചാട്ടമുണ്ട്, ആ സ്ഥലങ്ങളെ പരിശോധിക്കുന്നതിനും, തന്റെ സ്വന്ത അറിവിനായിട്ടു സ്കീമിനെ സംബന്ധിച്ച് അന്വേഷണം നടത്തിയ ആളുമായ അദ്ദേഹം അതെപ്പററി വിശദമായി എന്നോടു തർക്കിച്ചിട്ടുണ്ട്. ഈ വെള്ളച്ചാട്ടത്തിൽ നിന്നും നിഷ്പ്രയാസം എലക്ട്രിസിറ്റി എടുക്കുന്നതിനു എളുപ്പമുണ്ടെന്നു അദ്ദേഹം തന്നെബോദ്ധ്യപ്പെട്ടത്തിൽ പെരുംപാംകുട്ടി വെള്ളച്ചാട്ടത്തിന്റെ ഉയർച്ച മിക്കപാരം നിസാരമാണ്. എന്നാൽ തടാകത്തിലെവെള്ളം വലിയ കുന്നുകളുടെ മുകളിൽക്കൂടി പത്തു പതിനഞ്ചു മൈൽസ് ദൂരം വരെ കൊണ്ടുപോകാമെന്നും അതിന്റെ ശേഷം ഏകദേശം ൧൦൦൦ അടിഉയരത്തിൽ നിന്നും പെരിയാർ നിരപ്പിലേക്കു വീഴ്ത്താവുന്നതാണെന്നും മേൽ പ്രസ്താവിക്കപ്പെട്ട ഇഞ്ചിനിയർ എന്നോടുപറഞ്ഞിട്ടുണ്ട്. ഈ പ്രസ്താവന വാസ്തവമാണെങ്കിൽ ഈ നാട്ടിൽ നടക്കേ ഉദ്ദേശിക്കാവുന്നതിൽ വച്ചു ഏററവും അഭിലാഷണീയവും പ്രായോഗികവുമായ ഒരുപദ്ധതിയാണെന്നു സമ്മതിക്കപ്പെടുന്നതാണു. അങ്ങിനെയാണെങ്കിൽ വിദ്യുച്ഛക്തി ഉണ്ടാക്കുന്നതിനുള്ള ചെലവുവളരെ തുച്ഛമായിരിക്കുന്നതും അതിനെ കുറഞ്ഞ വിലക്കു തെൻഇൻഡ്യാറെയിൽവെക്കാൻകഴിയുന്നതും കൊച്ചിഇറമുഖത്തിനുംകൊച്ചിയിലും ആലപ്പുഴയിലുള്ള പണ്ടകശാലകൾക്കും, തിരുവിതാംകൂറിലുള്ള റബ്ബർ, തേയില തോട്ടക്കാർക്കും കൊടുക്കാവുന്നതും ആകുന്നു. ഈ വെള്ളച്ചാട്ടത്തെ സാധാരണയായി പറഞ്ഞുവരുന്നതു് പെരുപാംകുട്ടി വെള്ളച്ചാട്ടമെന്നാണ്. ൧൦൦൦ ചതുരശ്ര മൈലിൽ കൂടുതൽ സ്ഥലത്തു നിന്നും പ്രധാന പെരിയാർ നദിക്കു ജലം കിട്ടുന്ന (കല്ലാർ നദിക്കു ൧൦ ചതുരശ്ര മൈലിനകത്തുള്ള വെള്ളമേ കിട്ടുന്നൊള്ളു. എന്നു പറയുമ്പോൾ തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാകുന്നതാണ്) ഈ വെള്ളമെല്ലാം പെരുംപാംകുട്ടി ഇടുക്കിൽക്കൂടിയാണ്) പോകേണ്ടതായിട്ടുള്ളതു്. ഇതിന്റെ മൂന്നുവശങ്ങളിലും തുല്യമായ വലിയ കുന്നുകൾ ഉണ്ട്. അതുകൊണ്ടുനാലാമത്തെവശം ഒരു ചിറകെട്ടിഉയർത്തുന്നതായാൽ വർഷകാലത്തു നദിയിലേക്കു ഒഴുകിവിഴുന്നതും അറേബ്യൻ കടലിൽ ചേരുന്നതും വലിപ്പത്തിൽ നയാഗ്രവെള്ളച്ചാട്ടത്തോളം വരുന്നതുമായ വെള്ളം രേഖരിച്ചു ഒരുവലിയക്രിത്രിമതടാകം നമുക്കു ഉണ്ടാക്കാവുന്നതാകുന്നു. തിരുവിതാംകൂറിൽ പുതുതായിതുറക്കുന്ന തിരുമേശക്കപ്പെട്ടിട്ടുള്ളറെയിൽവെയുംവിദ്യുച്ഛക്തികൊണ്ടു് മുടന്താവുന്നതാണ് കാലക്രമേണപുതിയവ്യവസായങ്ങൾ നാട്ടെങ്ങും വ്യാപിക്കുന്നതായിരിക്കും. അതുകൊണ്ടു ഈ പ്രമേയം ഗവണ്മെന്റിന്റെ ശ്രദ്ധയെ വേണ്ടപോലെ അർഹിക്കാവുന്നതും വിദ്യുച്ഛക്തി സമ്പന്ധമായി വേണ്ടത്രപരിശീലനവും പരിചയവും സിദ്ധിച്ചിട്ടുള്ള വ്യവസായ എൻജിനീയരെ നിയോഗിച്ചു ഇതെസംബന്ധിച്ചു് അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യിപ്പിക്കേണ്ടതുമാകുന്നു.

ഇപ്രകാരമുള്ള സംഗതികളിൽ ഗവണ്മെന്റു വേണ്ടതുപോലെ തങ്ങളുടെ ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നുള്ളതു പരിതാപകരമാകുന്നു. പല വലിയ പദ്ധതികളും ഉണ്ട്. അതിരപ്പള്ളിസ്കീമിനെപ്പററി ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. വിദ്യുച്ഛക്തി ഉല്പാദിക്കുന്നതിനെ സംബന്ധിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഈ സംഗതികളിൽ ചിലതെങ്കിലും സ്വീകരിച്ചു പ്രവർത്തിക്കുന്നതിനു ഗവണ്മെന്റു തങ്ങളുടെ ശക്തിയും ശ്രദ്ധയും പ്രയോഗിക്കാതിരിക്കുന്നതിന്റെ കാരണം എന്താണെന്നു ഞാൻ അറിയുന്നില്ലാ. അവ അഭിവൃദ്ധിയെ പ്രാപിക്കുന്നപക്ഷം ഗവണ്മെന്റിനു ഇഷ്ടമുണ്ടെങ്കിൽ അവയെ ഭാവിയിൽ ജനങ്ങളെ ഏല്പിക്കാവുന്നതാണ്.

ഞാൻ കൂടക്കൂടെ വ്യവഹരിച്ചുകൊണ്ടിരിക്കുന്ന മറെറാരുസംഗതി തിരുവിതാംകൂറിലെ ഗതാഗതസൌകര്യത്തെകുറിച്ചാകുന്നു. നാട്ടിൽ നാനാഭാഗങ്ങളിൽനിന്നും ഗതാഗതസൌകര്യത്തെപ്പററി പരാതികൾ ഉണ്ടായിട്ടുണ്ട്. വടക്കൻപ്രദേശങ്ങളിലുള്ള ഞങ്ങൾ തിരുവനന്തപുരത്തും നാഗർകോവിലിലും ഉള്ള ജനങ്ങളിൽനിന്നും ഗതാഗതത്തിന്റെ കുറവിനെക്കുറിച്ചു പരാതികൾ ഉണ്ടാകുകയില്ലെന്നു വിശ്വസിച്ചിരുന്നു എന്നാൽ ആ സംഗതിയിൽ തിരുവനന്തപുരം കേവലം നിസ്സാരനിലയിലുള്ള ഒരു ഡിസ്ട്രിക്ടാണെന്നു മിസ്റ്റർ ലോപ്പസ് പരാതിപ്പെടുന്നു. അതുകൊണ്ടു തിരുവനന്തപുരവും തെക്കൻ തിരുവിതാംകൂറും ഗതാഗതക്കുറവിനെപ്പററി പരാതിപ്പെടുന്നപക്ഷം വടക്കൻ തിരുവിതാംകൂറിലേയും മദ്ധ്യതിരുവിതാംകൂറിലേയും ഗതാഗതക്കുറവിനെക്കുറിച്ചു ജനങ്ങൾക്കുള്ള പരാതി എത്രത്തോളമുണ്ടായിരിക്കുമെന്നു നിങ്ങൾക്കു ഊഹിക്കാവുന്നതാകുന്നു. ഈ സംഗതിയിൽ പുതിയറോഡുകൾ വെട്ടുന്നതിനും ഉള്ള റോഡുകളെ സൂക്ഷിക്കുന്നതിനുമായി ഒരുറോഡുസബ്ബോർഡു സ്ഥാപിക്കണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്. റോഡുകൾ പ്രധാന റോഡുകളെന്നും, ശാഖറോഡുകൾഎന്നും പ്രാത്യേക ഇനങ്ങളായി വിഭജിക്കണം. പ്രധാനറോഡുകൾ ഗവണ്മെന്റിൽനിന്നും മററു ചെറിയ റോഡുകൾ ഗവണ്മെന്റും ജനങ്ങളുംകൂടിയും നന്നാക്കിസൂക്ഷിക്കണം. അതിലേക്കു ഒരു പ്രത്യേകപദ്ധതി നിർമ്മിച്ചു അതനുസരിച്ചു കഴിയുന്നതും നടക്കണം. അങ്ങിനെ ചെയ്യുന്നതായാൽ ഗതാഗതത്തിലുള്ള വൈഷമ്യങ്ങൾ എളുപ്പത്തിൽ പരിഹരിക്കപ്പെടാവുന്നതായിരിക്കും.

അദ്ധ്യക്ഷൻ: സമയം നോക്കുന്നതിനു നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിലും വടക്കു): മററു പ്രധാനപ്പെട്ട പല സംഗതികളെക്കുറിച്ചും പ്രതിപാദിക്കണമെന്നു എനിക്കു ആഗ്രഹമുണ്ടായിരുന്നു. എന്നാൽ സമയമായതിനാൽ ഇനിയും ദീർഘിക്കണമെന്നു വിചാരിക്കുന്നില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, വളരെയേറെത്തോടും ലജ്ജയോടും കൂടിയാണു ഞാൻ ഇന്നുപ്രസംഗിക്കാൻ എഴുന്നേൽക്കുന്നതെന്നു ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഈ സഭയിലെഒരംഗമെന്നുള്ളനിലയിൽ ഒരു കൊല്ലത്തിന്റെ അവസാനവും മറെറാരുകൊല്ലത്തിന്റെ ആദ്യവും ആയ ഈഅവസരത്തിൽ വേണ്ടതു പ്രവർത്തിക്കുന്നതിനു നിർബന്ധിതനായിരിക്കുന്ന ഈ അവസരത്തിൽ ഗവണ്മെന്റിന്റെ കൃത്യനിർവ്വഹണത്തിൽ ഗവണ്മെന്റിനെ അഭിനന്ദിക്കുന്നതിനും തേജോമയമായ ഭാവിനാട്ടിനും

ഭാവിനാട്ടിനും എനിക്കും ഉണ്ടെല്ലോ എന്നു വിചാരിച്ചു സർവ്വാംഗീകരിക്കുന്നതിനും ഞാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അതു രണ്ടും ചെയ്യുന്നതിനു എനിക്കു നിവൃത്തിയില്ലെന്നു സമ്മതിക്കതന്നെ വേണം. മിസ്റ്റർ മമ്മൻമാപ്പിള്ള നൈപുണ്യതപെടുത്തികളെ സംബന്ധിച്ചു പ്രസംഗിക്കുകയായിരുന്നുവല്ലോ, എന്നാൽ ഇവിടെയാകട്ടെ വർത്തമാനപ്പത്രറഗുലേഷൻ കുറച്ചുരൂപാമാത്രം ചെലവുചെയ്തു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതുനിമിത്തം ധാരാളം വിമർശനങ്ങൾ ചൂടും നാടെങ്ങും വ്യാപിച്ചിട്ടുണ്ട്. ആ വിഷയത്തെക്കുറിച്ചു ദീർഘമായി പ്രസംഗിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ജനഹൃദയത്തിൽ ശാശ്വതമായി സ്ഥിതിചെയ്യുന്ന ഒരു സങ്കടമാണിതെന്നു മാത്രമേ ഞാൻ പറഞ്ഞുകൊള്ളുന്നുള്ളു. ജനങ്ങളുടെ അഭിപ്രായങ്ങളെ ഗവർണ്മെന്റിൽനിന്നും ആദരിച്ചു പ്രവർത്തിക്കണമെന്നു വിചാരിക്കുന്നതിനു ശക്തിയുള്ള ജനപ്രതിനിധികളടങ്ങിയ ഒരു സഭയായിരുന്നു ഇതെങ്കിൽ വർത്തമാനപ്പത്രറഗുലേഷൻ ജനങ്ങളുടെ തലക്കുമീതെ സ്ഥിതിചെയ്യുന്ന ഈ അവസരത്തിൽ സപ്ലൈസ് വേണമെന്നാവശ്യപ്പെടുന്നതിനു ഗവർണ്മെന്റു ധൈര്യപ്പെടുകയില്ലായിരുന്നു. സർ, ഞാൻ അങ്ങനെയു മുഷിപ്പിച്ചിട്ടുണ്ടെങ്കിൽ ദയവുചെയ്തു ക്ഷമിക്കണം; എങ്കിലും ഗവർണ്മെന്റിന്റെ ഏററവും ചുമതലാബോധമില്ലാത്ത ഈ പ്രവൃത്തിയിൽ എനിക്കുള്ള വ്യാകുലതയെ പ്രകാശിപ്പിക്കാതിരിക്കാൻ വഴി കാണുന്നില്ല. ആ വിഷയത്തെപ്പററി ദീർഘിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഉടൻതന്നെ മററു സാധാരണ സംഗതികളിലേക്കു പ്രവേശിക്കുന്നു.

ഫൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽനിന്നും വലുതായ നീക്കിയിരുപ്പുണ്ടെന്നു നാം അറിയുന്നു, എന്നാൽ യഥാർത്ഥവരവു അതിൽക്കൂടുതൽ ആയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ കണക്കാക്കപ്പെട്ടതും യഥാർത്ഥത്തിൽ വരവുവന്നതുമായ തുകകൾ തമ്മിൽ വളരെ വ്യത്യാസമുണ്ടായിരിക്കുന്നതിനാൽ ഈ തുകകളിൽ നമുക്കു വലിയ പ്രാധാന്യം കല്പിക്കാൻ നിവൃത്തിയില്ല. ഈ കണക്കുകൾ ഏതെങ്കിലും ശാസ്ത്രീയരീതിയെ അടിസ്ഥാനപ്പെടുത്തി ചെയ്തിട്ടുള്ളതാണോ എന്നു ഞാൻ സംശയിക്കുന്നു. ൧൮൦൦-ാമാണ്ടു അവർ ൪ ലക്ഷം രൂപാമാത്രമെ ഉദ്ദേശിച്ചിരുന്നുള്ളു. എന്നാൽ ൧൦ ലക്ഷം രൂപായാണു യഥാർത്ഥ മിച്ചം. ഈ കൊല്ലം സ്വരൂപ ലക്ഷമേ അവർ ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിലും അവർക്കു ൧൭ അര ലക്ഷമാണു കിട്ടിയതു്. കേവലം വയസ്സുചെന്ന സ്ത്രീകൾക്കും ഇങ്ങനെ കണക്കാക്കാൻ കഴിയുമെന്നാണു എനിക്കു തോന്നുന്നതു്. (ചിരി) ഓരോ കൊല്ലത്തിന്റെയും ആദ്യം ഇപ്രകാരം സൂക്ഷ്മജ്ഞാനമില്ലാതെ ഓരോ ഇനങ്ങളിലും ഊഹിക്കപ്പെടുന്നതും അവസാനം വലുതായ വ്യത്യാസത്തിനിടയാക്കുന്നതുമായ കണക്കുകൾ തയ്യാറാക്കുന്നതു ഒരുശാസ്ത്രജ്ഞനു ഒട്ടുംയോജിക്കുന്നതല്ല. ഇക്കൊല്ലത്തെക്കാളും അടുത്ത കൊല്ലം കൂടുതൽ മിച്ചം ഊഹിക്കപ്പെടാൻ എനിക്കു കഴിയും എന്നുള്ള വസ്തുതയെ ഗവർണ്മെന്റിനെ ധരിപ്പിക്കുന്നതിനായി മാത്രമാണു് ഞാൻ ഇതു പറയുന്നതു്. നിവൃത്തിയുള്ളപ്പോഴെല്ലാം കരം ഇളവുചെയ്തുകൊടുക്കേണ്ടതു എല്ലായ്പോഴും ഗവർണ്മെന്റിന്റെ കർത്തവ്യമാണെന്നുള്ള എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ മിസ്റ്റർ ജി. രാമൻമേനോന്റെ അഭിപ്രായത്തോടു ഞാൻ മുക്തകണ്ഠം യോജിക്കുന്നു. ഈ അവസരത്തിൽ സർവ്വേസിൽ ബ്ലോക്കുകൾ പറഞ്ഞിട്ടുള്ളതിനെ ഗവർണ്മെന്റിന്റെ ശ്രദ്ധക്കു വിഷയമാക്കുന്നതിനു എനിക്കു താല്പര്യമുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം ഒരു പ്രമാണമായി എന്നെ പ്രേരിപ്പിച്ചിട്ടല്ലാ ഞാൻ അതു പറയണമെന്നു വിചാരിക്കുന്നതു്; അദ്ദേഹത്തിന്റെ അഭിപ്രായം ഗവർണ്മെന്റു വിലയുള്ളതായി സ്വീകരിച്ചിരിക്കുന്നതിനാലാണു ഞാൻ അങ്ങനെചെയ്യുന്നതു്. കഴിഞ്ഞവർഷം കരംകുറവുചെയ്യുന്നതിനെപ്പററി പ്രസ്താവിച്ച അവസരത്തിൽ ഇൻഡ്യാഗവർണ്മെന്റിന്റെ ബഹുമാനപ്പെട്ട ഫൈനാൻഷ്യൽ മെംബർ ഇപ്രകാരം പറഞ്ഞു.

"ഇപ്പോഴത്തെ തൃപ്തികരമായ നിലനോക്കിയാൽ കഴിഞ്ഞ നാലുകൊല്ലങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വലുതായ കൂടുതലിനു നിദാനമായ കരങ്ങളെ ഇപ്പോഴത്തെ താരിപ്പനുസരിച്ചു് കൊണ്ടുപോകുന്നതു് ആഗ്രഹിക്കത്തക്കതൊ, അഭിനന്ദിക്കത്തക്കതൊ ആയ സാമ്പത്തികനയമല്ലെന്നാണു് ഇൻഡ്യാഗവർണ്മെന്റിന്റെ അഭിപ്രായം. നാട്ടിന്റെ അഭിവൃദ്ധിയനുസരിച്ചു് നമ്മുടെ ചെലവും വർദ്ധിച്ചു വരുന്നു എന്നുള്ളതും ഏതാനും നികുതിമാർഗ്ഗങ്ങൾ വർദ്ധിക്കുന്നതിനുള്ള ലക്ഷണം കാണുന്നില്ലെന്നുള്ളതും വാസ്തവം തന്നെ. എന്നാൽ ഇപ്പോൾ നമ്മുടെ വരവു് ആവശ്യത്തിൽ കൂടുതലായിരിക്കുന്നു. കുറെക്കാലം കഴിഞ്ഞു് അഥവാ നികുതി വർദ്ധിപ്പിക്കേണ്ട ആവശ്യം വരുമ്പോൾ അവങ്കിൽതന്നെയും അതുവരെ ഇപ്പോഴത്തെ രീതിയിൽ നികുതിചുമത്തപ്പെടുന്നതു് ന്യായമല്ലെന്നു നമുക്കു തോന്നുന്നു."

ഇപ്പോൾ ഉദ്ധരിക്കപ്പെട്ടതായ ഓരോ വാചകവും നമ്മുടെ സ്ഥിതിക്കു് യോജിച്ചതാണു്. കഴിഞ്ഞ നാലു കൊല്ലങ്ങളായി നമുക്കു വലിയ നീക്കിയിരുപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതെങ്കിലും ഏതെങ്കിലും കരം കുറവുചെയ്യുന്നതു് ആവശ്യമൊ, ആശാസ്യമൊ എന്നു ഗവർണ്മെന്റു് ചിന്തിച്ചിട്ടില്ല. അടുത്തകണക്കെഴുത്തിനു മുൻപായി ഏതെങ്കിലും കരം കുറവു ചെയ്യുന്നതു് ഗവർണ്മെന്റിനു സാധ്യമല്ലെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള എന്നോടു പറഞ്ഞിട്ടുണ്ട്. ഓരോ രൂപാക്കും രണ്ടു് അണ വീതം കുറക്കണമെന്നല്ലാ ഞാൻ പറയുന്നതു്. മറെറവല്ല വിധത്തിലും ഗവർണ്മെന്റിനു കരം കുറവു ചെയ്യാം. ചിലനികുതി മാർഗ്ഗങ്ങളെ അവർക്കുപേക്ഷിക്കാം. അവരുടെവരവിൽ ഒരു പ്രധാനമാർഗ്ഗമാണു എക്സൈസ് നികുതി. ആ വിഷയത്തിൽ അവരുടെ വ്യാപാരത്തിന്റെ അസാന്മാർഗികതയെ പുരസ്കരിച്ചല്ലെങ്കിലും കൊല്ലംതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ മിച്ചത്തെ വിചാരിച്ചു് ജനങ്ങളുടെ അഭിപ്രായാനുസരണം ചിലസ്ഥലങ്ങളിലെ എക്സൈസ് ആദായത്തിൽ ഒരു ഭാഗം കുറക്കുന്നതിനു അവർക്കു കഴിയുന്നതല്ലേ? ൧൮൮൧-ലെ എക്സൈസ് മുതലെടുപ്പു് ൪ ൪,൪൭,൦൦൦ രൂപാ ആയിരുന്നു. എന്നാൽ ഇക്കൊല്ലമാകട്ടെ അതു് ൪ ൨,൩൫,൦൦൦ രൂപയാകുന്നു. അതുകൊണ്ടു ആ ലഞ്ജാവഹമായ വ്യാപാരത്തിൽനിന്നും നാം ഒരോവർഷവും നികുതി വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. ഗവർണ്മെന്റിന്റെ ഒരു പ്രധാനഡിപ്പാർട്ടുമെന്റു ലഞ്ജാവഹമായ ഈ വ്യാപാരത്തെ പുലർത്തുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതായി നോക്കുമ്പോൾ, ഗവർണ്മെന്റിനെ സഹായിക്കുന്നതും വഴികാണിക്കുന്നതും ആയി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന നിയമസഭയിലെ ഒരംഗമായും, സംസ്ഥാനത്തെ ഒരു പ്രജയായും ഇരിക്കുന്നതിനു എനിക്കു വളരെ വ്യാകുലത്തുണ്ടു. സാർ, നമ്മുടെ ഒരു പ്രധാനഭരണാധികാരി ഗവർണ്മെന്റിന്റെ വിശ്വസ്ഥനായ പ്രതിനിധിയെന്നനിലയിൽ ഗവർണ്മെന്റിന്നു് ഏതാനും പണം കിട്ടുമെന്നുള്ള കാരണത്താൽ, കൂടുതൽ, കൂടുതൽ കുടിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കുന്നതായി സൂചിപ്പിക്കുന്ന ഗാർഡ് ലേഖത്തിൽ വലിയതുകക്കു ലേലംവിളികേൾക്കുന്നതിനു ജനങ്ങളെ

പ്രോത്സാഹിപ്പിച്ചു് ദേശംതോറും സഞ്ചരിക്കുകയായിരുന്നു. ഗവണ്മെന്റ് പ്രേരണയിലും മദ്ദ്യവില്പനക്കാരുടെ കമ്പളിപ്പിലും കപ്പെട്ടു് ജനങ്ങൾ അധികമധികം കുടിക്കാത്തപക്ഷം, ഗവണ്മെന്റിന്നു ഇത്ര കൂടുതൽ മിച്ചംകിട്ടുവാൻ സാധിക്കുമോ? അതുകൊണ്ടു തങ്ങൾക്കു കൂടുതൽ നികുതിയുണ്ടായിക്കൊണ്ടിരിക്കുന്നതിന്നു ഗവണ്മെന്റു ജനങ്ങൾ അധികമധികം കുടിയന്മാരായി തീരണമെന്നാണു് ഉദ്ദേശിക്കുന്നതു്. നിങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗത്തിന്റെ സന്മാർഗ്ഗികതയെക്കുറിച്ചു് ഗണ്യമില്ലെങ്കിൽ പണമുണ്ടാക്കുന്നതിന്നു വേറെ മാർഗ്ഗങ്ങളില്ലയൊ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ? ഉൎവ്വൃത്തിഗൃഹങ്ങളെ പോഷിപ്പിക്കുന്നതിനായി എന്തുകൊണ്ടു വേറൊരു ഡിപ്പാർട്ടുമെന്റു പാടില്ലാ? അതു കൂടുതൽ ചാരിതാൎത്ഥ്യമുള്ളതായിരിക്കും. വളരെ ലജ്ജയോടുകൂടിയാണെങ്കിലും വളരെ താല്പൎയ്യമായിട്ടാണു ഞാൻ ഈ ചോദ്യം ചോദിക്കുന്നതു്; എന്തുകൊണ്ടെന്നാൽ പണമുണ്ടാക്കുന്നതു മാത്രമാണു് ഗവണ്മെന്റു സാരമായി കരുതുന്നതായി തോന്നുന്നതു്. ജനങ്ങളുടെ അഭ്യുദയത്തെക്കുറിച്ചു് കരുതേണ്ടുന്ന ചുമതല നമുക്കില്ലെ? ജനങ്ങൾ കൂടുതൽ കൂടുതൽ കുടിക്കുന്നതിനും തൻമൂലം ബോധരഹിതരായി തമ്മിൽ കയ്യത്തുകുത്തുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിന്നു നിങ്ങൾ തയ്യാറാണൊ? അതിന്റെ ശേഷം ഇവിടെ വന്നു് ജയിലിന്റെ എണ്ണം വൎദ്ധിപ്പിക്കുന്നതിനും, പോലീസുകാരുടെ എണ്ണം കൂട്ടുന്നതിനും കൂടുതൽ പണം ആവശ്യപ്പെടുന്നതു് ആക്ഷേപകരമല്ലെ? ഇങ്ങിനെയാണൊ ഗവണ്മെന്റു ജനങ്ങളെ സഹായിക്കുന്നതു്? ആ മാതിരി പണം കരുതുന്നതു ചിത്തസ്വാസ്ഥ്യവും ന്യായവിരുദ്ധവുമാകുന്നു. ഏതു ബോധമുള്ള മനുഷ്യനും അതു ഭയങ്കരമായ വെറും ചെലവാണെന്നു കാണാവുന്നതാണു്. നിങ്ങൾ കൂടുതൽ ചെലവുചെയ്യുന്നതിന്നു് കുറച്ചു പണം വാങ്ങുകയാണു ചെയ്യുന്നതു. ജനങ്ങളുടെ വിദ്യാഭ്യാസവകുക്കു പണം വേണമെന്നു് നിങ്ങൾ പറയുന്നു. എന്നാൽ കുടിയന്മാരായിതീരണമെന്നും, മറ്റൊരു രൂപത്തിൽ പണം നിധിയെ നിങ്ങൾക്കു തരണമെന്നും നിങ്ങൾ വിചാരിക്കുന്ന ആളുകളെ എന്തിനാണു നിങ്ങൾ വിദ്യ അഭ്യസിപ്പിക്കുന്നതു്? സർ, ഈ സംഗതിയെക്കുറിച്ചു് സഭയുടെ ശ്രദ്ധയ്ക്കു പോലെ പതിപ്പിക്കണമെന്നു എനിക്കു് ഉദ്ദേശമില്ലായിരുന്നുവെങ്കിൽ, ഇന്നു ഒരു പ്രസംഗം ചെയ്യുന്നതിനായി ഞാൻ ഒരുങ്ങുകയില്ലായിരുന്നു. ഈ ആക്ഷേപകരമായ വ്യാപാരം നിറുത്തൽ ചെയ്യണം. വിദ്യാഭ്യാസം ഉപേക്ഷിക്കുന്നതിനും ഞങ്ങൾ ഒരുക്കമാണു്. പ്രവൃത്തിയിൽ അനാരോഗ്യവും ആദൎശത്തിൽ അസാന്മാൎഗ്ഗികവും ആയ ഈ വ്യാപാരം നിറുത്തുന്നതിന്നു് ഗവണ്മെന്റു ശ്രമിക്കുന്നപക്ഷം ഞങ്ങൾ കൂടുതൽകരം കൊടുക്കുന്നതിനും ഒരുക്കമാണു്.

തന്റെ അഭിനന്ദനങ്ങളിലും, തൃപ്തി സന്തോഷങ്ങളെ പ്രകടിപ്പിച്ചതിലും മി: മാമ്മൻമാപ്പിള വളരെ വൈദഗ്ദ്ധ്യം കാണിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിനെപ്പോലെയുള്ള ഒരഭിപ്രായം എനിക്കും ഉണ്ടായിരുന്നെങ്കിൽകൊള്ളാമായിരുന്നുവെന്നു എനിക്കു മോഹമുണ്ടു്. പ്രായപൂൎത്തിവരുമ്പോൾ ആ സാമൎത്ഥ്യം എനിക്കും ഉണ്ടാകുമെന്നു ഞാൻ സമാധാനപ്പെടുന്നു. എങ്കിലും യാതൊരഭിനന്ദനത്തിനും ഗവണ്മെന്റിനവകാശമില്ലെന്നു് എനിക്കു പറഞ്ഞുകഴിയും. ഗവണ്മെന്റു സംബന്ധമായ കാൎയ്യങ്ങളിൽ ജനങ്ങളെ കൂടുതൽ കൂടുതലായി ചുമതലപ്പെടുത്തുന്നതിനും, അവരെ കൂടുതൽ കൂടുതലായി തങ്ങളുടെ വിശ്വസ്ഥന്മാരായി സ്വീകരിക്കുന്നതിനും ഞങ്ങൾ അപേക്ഷിക്കുകയായിരുന്നു. സമാംഗങ്ങൾ യാതൊന്നും പറയുന്നില്ലെന്നുമാത്രമല്ലാ വല്ലതും പറയാനുണ്ടാകുമെന്നു വിചാരിക്കപ്പെട്ടിരുന്ന ചുരുങ്ങിയ സ്ഥലത്തുനിന്നും ഒരാച്ചുപോലും കേൾക്കുന്നില്ല. മുതൽ വൎദ്ധിപ്പിക്കുന്നതിനൊ, അതിനെ ചെലവുചെയ്യുന്നതിനൊ, ഞങ്ങൾക്കു ന്യായമായ അവകാശമില്ല. അവരുടെ നിശ്ശബ്ദതകൾക്കെല്ലാം 'അതേ' എന്നു പറയുന്നതിനാണു ഞങ്ങൾ ഇവിടെ കൂടിയിരിക്കുന്നതു്. ബഹുഭൂരിപക്ഷം വശങ്ങളെ തിരിച്ചു നോക്കിയാൽ, എല്ലാ ഗണ്യമായ അംഗങ്ങളും അതേസംബന്ധിച്ചു് നമുക്കു യാതൊരഭിപ്രായവും പുറപ്പെടുവിക്കാൻ പാടില്ലാത്തതുമായ ഇനങ്ങൾ ഇററാലിക്സിൽ അച്ചടിച്ചിരിക്കുന്നതായി നമുക്കു കാണാം. ആ വക ഇനങ്ങൾ വോട്ടുചെയ്യപ്പെടാൻപാടില്ലാത്തവയാണെന്നു് അറിയപ്പെടുന്നു. മാസമൊന്നിന്നു ൧൫ രൂപാ ശമ്പളം വാങ്ങുന്ന ഒരു ശിപായിയുടെ ശമ്പളം വോട്ടുചെയ്യപ്പെടാവുന്നതാണു്. എന്നാൽ മാസം ൩൦൦ രൂപാ വാങ്ങിക്കുന്ന ഒരുദ്യോഗസ്ഥന്റെ ശമ്പളം വോട്ടുചെയ്യപ്പെടാൻപാടില്ലാത്തതാകുന്നു. അദ്ദേഹത്തിന്റെ നടത്തയിൽ ഞങ്ങൾക്കഭിപ്രായമേയില്ല. ഒരു ശിപായി ആവശ്യമാണോ അല്ലയൊ എന്നുമാത്രം ഞങ്ങൾക്കു പറയാം. നിയമസഭയിൽ അനുദ്യോഗസ്ഥാംഗങ്ങളുടെ അധികാരലോഭത്തെക്കുറിച്ചു് ജനങ്ങളുടെയിടയിൽ ഒരു വിചാരംകടന്നുകൂടീട്ടുണ്ടെന്നുള്ളതു് ഒരു ഗൂഢരഹസ്യമാകുന്നു. എന്നാൽ ഈ ഗുരുതരമായ അധികാരം കൊണ്ടുനടന്നു ഗവണ്മെന്റു സഭയുടെ അവകാശങ്ങളെ ഗണ്യമായി കരുതിയിരുന്നുവെങ്കിൽ, ഞങ്ങൾക്കു് വല്ലതും ചെയ്യുവാൻ കഴിയുമായിരുന്നു. ഞങ്ങൾ ചോദ്യങ്ങൾ അയക്കുമ്പോൾ താഴെകാണുംപ്രകാരമാണു ഞങ്ങൾക്കു കിട്ടുന്നമറുപടി "അനുവദിക്കപ്പെട്ടില്ല. ചട്ടം ൨൮ (ഡി)" ചട്ടം ൨൮ (എൽ) ഒരഭിപ്രായം ചോദിക്കുന്നതായിട്ടാണു കാണിക്കുന്നതു്; അതുകൊണ്ടു ആ ചോദ്യം അനുവദിക്കപ്പെടുന്നതല്ല. യഥാൎത്ഥത്തിൽ ചോദ്യം ഒരഭിപ്രായപ്രകടനം ആവശ്യപ്പെടുകയില്ല. ഉദാഹരണമായി ഞാൻ അഭിപ്രായത്തിനായി ചോദ്യങ്ങൾ അയച്ചു. എന്നാൽ അതു് അഭിപ്രായത്തെ പറയുന്നതിനുള്ള ഒരു ചോദ്യമാണെന്നായിരുന്നു എനിക്കുകിട്ടിയ മറുപടി. അതുകൊണ്ടു്, ചുരുക്കികളയുക എന്ന പ്രയോഗത്താൽ, ശക്തിമത്തായ യാതൊരു ചോദ്യത്തിനും ഞങ്ങൾക്കു സഭയിൽ പാടില്ലാതായിതീരുന്നു. അതുപോലെതന്നെ ഗവണ്മെന്റു നടപടികളിൽ ഞങ്ങൾക്കു ന്യായമായ ഒരഭിപ്രായത്തിന്നു് അവകാശമേയില്ല. സഭയുടെ അധികാരങ്ങളെ നേരേ അവഗണിക്കുകകൂടി ചെയ്യുന്നുണ്ടു്. ഉദാഹരണമായി ഈ സഭയുടെ അനുമതികൂടാതെ പാസാക്കിയ വൎത്തമാനപ്പത്രറഗുലേഷൻതന്നെ പറയാം.

എന്റെ പ്രസംഗം ഭിൎത്ഥിച്ചിക്കണമെന്നു് എനിക്കു ആഗ്രഹമില്ല. യഥാൎത്ഥത്തിൽ ഞാൻ ഒരു പ്രസംഗവുചെയ്യണമെന്നുദ്ദേശിച്ചില്ല. ഗവണ്മെന്റുചെയ്യുന്ന ചെയ്ത്തനയ്ക്കു വിപരീതമായുള്ള എന്റെ ചെറിയ, ശക്തിഹീനമായ ഒച്ചയെ പുറപ്പെടുവിക്കണമെന്നേ ഞാൻ ആഗ്രഹിച്ചുള്ളു. എന്റെ ഈ ശക്തിഹീനമായ ഒച്ചക്കു അവരുടെ ശ്രദ്ധയെ ആകൎഷിക്കുന്നതിന്നു തക്ക യാതൊരു ശക്തിയുമുണ്ടായിരിക്കയില്ലെന്നു എനിക്കറിയാം. എന്നാൽ ഈ ഒച്ച എന്റെ നാട്ടുകാരുടെ ഹൃദയാന്തൎഭാഗങ്ങളിൽ പ്രവേശിച്ചു് ഒരു ഗവണ്മെന്റിന്നും തടുക്കാൻ പാടില്ലാത്തവണ്ണം ശക്തിമത്തായി പ്രവഹിക്കുമെന്നു എനിക്കറിയാം. തങ്ങളുടെതെററു എന്താണെന്നും അതു എങ്ങിനെയാണു പരിഹരിക്കേണ്ടതെന്നും ഉള്ളബോധം ഗവണ്മെന്റിനുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ അവൎക്കു നന്മയെ ആശംസിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതുവരെ നടന്ന പൊതുവാദപ്രതിവാദത്തിനിടയിൽ ഒരുപക്ഷേ മുന്നോട്ടു പ്രസംഗങ്ങളിൽനിന്നും വർത്തമാനപ്പത്രറഗുലേഷനെപ്പററിയുള്ള പ്രസ്താവന അത്ര കഠിനമായി തടഞ്ഞിട്ടില്ലെന്നു എനിക്കുതോന്നുന്നു.

അദ്ധ്യക്ഷൻ: ഏതാനും പരിധികളിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. നിയമനിർമ്മാണത്തെസംബന്ധിച്ച് പ്രസ്താവിക്കാതിരുന്നിടത്തോളംകാലം ഒരു പ്രസംഗം തന്നെയും നടപടിക്രമത്തിനു വിപരീതമാകണമെന്നുദ്ദേശിച്ചു ഞാൻ തടഞ്ഞിട്ടില്ല; അതായതു് അതിനെ ദുഷിക്കുകയോ ഭേദപ്പെടുത്തുകയോ, പുതിയ നിയമത്തെ വീണ്ടും കൊണ്ടുവരുകയോ ചെയ്യണമെന്നാവശ്യപ്പെടാതിരുന്നിടത്തോളം കാലം ഇവരെ ഈ സംഗതികളിൽ പ്രവേശിക്കാതിരുന്നിടത്തോളംകാലം ന്യായമായ പരിധിയിൽ ഇരുന്നിടത്തോളംകാലം ഞാൻ അതിനെ അനുവദിച്ചു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിയമനിർമ്മാണത്തെപ്പററി ഒന്നും പറയാതെ അദ്ധ്യക്ഷന്റെ തീർപ്പുകൾ പരിധിക്കുള്ളിൽനിന്നു ഈ സഭയിൽ പ്രസംഗിക്കുന്നതിന് എനിക്കവകാശമുണ്ടോ എന്നു ദയവുചെയ്തു പറയുമോ?

അദ്ധ്യക്ഷൻ: അതു ഞാനാണു തീർപ്പുപ്പെടുത്തേണ്ടതു്. അതു അതാതുസമയത്തു പുറപ്പെടുന്ന പ്രസ്താവനകളെ ആശ്രയിക്കുന്നതായിരിക്കും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അതിരിനെ ഉല്ലംഘിക്കുമ്പോൾ എന്നെ തടഞ്ഞുകൊള്ളാം.

അദ്ധ്യക്ഷൻ: നിങ്ങളുടെ പ്രസ്താവനയിൽ യാതൊരു ദോഷവും ഞാൻ കാണുന്നില്ലെന്നു ഞാൻ മി: നാരായണപിള്ളയോടു പറഞ്ഞുകൊള്ളുന്നു. സഭയുടെ അഭിപ്രായഗതി ഏതുതരത്തിലാണെന്നു എനിക്കു നല്ലപോലെ അറിയാവുന്നതുണ്ട്. വാദപ്രതിവാദത്തെ ഞാൻ ക്ഷണിക്കുകയും അതിലേക്കു എന്നാൽ കഴിയുന്നിടത്തോളം വേണ്ട സമയവും കൊടുക്കുകയുംചെയ്തു ആ സംഗതിമുഴുവനും സഭയിൽ സമർപ്പിക്കുകയും സഭയോ, സഭയിൽ കൂടി സംസാരിക്കുന്ന ജനങ്ങളോ നാം കണ്ടതരത്തിൽ മറുപടി നല്കുകയും ചെയ്തു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സമാനടപടികൾ മാററിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഗവർണ്മെന്റ് അംഗം എന്തുകൊണ്ടു എതിർത്തുഎന്നു ദയവുചെയ്തുപറയുമോ?

അദ്ധ്യക്ഷൻ: ആ അഭിപ്രായം പരിശോധിക്കണമെന്നുള്ള എന്റെ ഉദ്ദേശം ഒന്നുമാത്രത്താലാണു. അല്ലാതുപക്ഷം ആ സംഗതി സൂക്ഷ്മക്കുറവിനാൽ വിട്ടുപോയി എന്നു വന്നേക്കാമായിരുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, വിദ്യാഭ്യാസബഡ്ജററിനെ സംബന്ധിച്ചു ഏതാനും അംഗങ്ങൾ പുറപ്പെടുവിച്ച അഭിപ്രായങ്ങൾക്കു മറുപടിയെന്നുള്ള നിലയിൽകുറച്ചു പറയുന്നതിനാണു ഞാൻ എഴുന്നേൽക്കുന്നതു്. സംസ്ഥാനത്തിലെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു പൊതുവായി ഒരു വിമർശനം ഇല്ലാതിരിക്കുന്നതുകൊണ്ടു എന്റെ കൃത്യം എളുപ്പമാക്കിത്തീർത്തിരിക്കുന്നു. ഡിപ്പാർട്ടുമെന്റിൽ ഏതാനും ഇനങ്ങളെക്കുറിച്ചാണു വിമർശനം പുറപ്പെട്ടിട്ടുള്ളതു. ഒരംഗം പുറപ്പെടുവിച്ച ആക്ഷേപം വിദ്യാഭ്യാസഡയറക്ടർ ആവശ്യമില്ലെന്നും വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വളരെ കൂടുതലാണെന്നും ആയിരുന്നു.

ഡയറക്ടറെ സംബന്ധിച്ചുള്ളടത്തോളം കഴിഞ്ഞ ബഡ്ജററ് യോഗത്തിൽ ആ സ്ഥാനം ആവശ്യമില്ലാത്തതാണെന്നു ഒരു ഉപക്ഷേപം ഹാജരാക്കുകയും അതേപ്പററി വാദപ്രതിവാദം ഉണ്ടാകയും, ഉപക്ഷേപം പിൻവലിക്കപ്പെടുകയും ഈണ്ണ ഒടുവിൽ ചെയ്തതു്. അതുകൊണ്ടു അതിനെക്കുറിച്ചു വീണ്ടും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെക്കുറിച്ചു മെമ്പർ പുറപ്പെടുവിച്ച അഭിപ്രായത്തോടുകൂടി എനിക്കു യോജിക്കാൻ നിവൃത്തിയില്ല. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഏതാനും ഉദ്യോഗസ്ഥന്മാർക്കു നല്കുന്ന ശമ്പളം കൂടുതലൊ അല്ലയൊ എന്നുള്ളതു മററുഡിപ്പാർട്ടുമെന്റുകളിൽ മററുദ്യോഗസ്ഥന്മാർക്കു കൊടുത്തുവരുന്ന ശമ്പളത്തോടു താരതമ്യപ്പെടുത്തിട്ടാണു നിർണ്ണയിക്കേണ്ടതു. അതനുസരിച്ചുനോക്കിയാലും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാർ ചെയ്തുവരുന്ന ജോലിയുടെ മാഹാത്മ്യം ആലോചിച്ചാലും, ശമ്പളം കൂടുതലാണെന്നു പറയാൻ നിവൃത്തി കാണുന്നില്ല.

പിന്നീടു വേറൊരുപക്ഷയത്തെക്കുറിച്ചു പ്രസ്താവിച്ചതു ഇംഗ്ലീഷ് മലയാളം മിഡിൽസ്ക്കൂളുകൾ യോജിപ്പിച്ചു ഒന്നാക്കുന്നതിന്റെ ആശ്യാസ്യതയെക്കുറിച്ചാണു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): കാളേജ് പ്രഫസ്സറുടെ ൯൦൦ രൂപാ ശമ്പളം ഒരു വെണ്ണാകുലർ ടീച്ചറുടെ ൨൫ രൂപാ ശമ്പളത്തോടു താരതമ്യേന ശരിയാണെന്നു എന്നു ദയവുചെയ്തു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): പ്രഫസ്സറിനു ൯൦൦ രൂപാ കിട്ടുന്നില്ല. പ്രഫസ്സറന്മാർക്കു ൩൦൦ മുതൽ ൬൦൦ വരെയാണു ശമ്പളം.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒരു കാളേജിലെ പ്രഫസ്സറുടെ ൬൦൦ രൂപാ ശമ്പളം ഒരു വെണ്ണാകുലർ ടീച്ചറുടെ ശമ്പളത്തോടു താരതമ്യേന ശരിയായിരിക്കുന്നോ എന്നു ദയവുചെയ്തു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ൩൦൦ രൂപാമുതൽ ൬൦൦ രൂപാവരെയുള്ള സ്കേൽ ക്രമത്തിൽ മാത്രമെ പ്രഫസ്സർക്കു ശമ്പളം കിട്ടുന്നുള്ളു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒരു കാളേജ് പ്രഫസ്സറുടെ കൂലിയ ശമ്പളം ഒരു വെണ്ണാകുലർ സ്ക്കൂൾ ടീച്ചറിനു കൊടുത്തുവരുന്ന ൨൫ രൂപാ ശമ്പളത്തോടു ശരിയായിരിക്കുന്നുണ്ടൊ എന്നാണു ഞാൻ ചോദിക്കുന്നതു്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): വണ്ണാകുലർ സ്ക്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം വേണ്ടപോലെ ഇല്ലെന്നുള്ളതു പൊതുവെ എല്ലാപേക്കും അറിയാവുന്നതാണു. അതുകൊണ്ടാണു അവരുടെ ശമ്പളത്തെ പരിഷ്കരിക്കുന്നതിനെക്കുറിച്ചാലോചിക്കുന്നതിനായി ഗവർണ്മെന്റിൽനിന്നു ഒരു കമ്മററിയെ നിയമിച്ചിട്ടുള്ളതു്.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒരു കോളേജ് പ്രഫസ്സറുടെ ശമ്പളം ഒരു ബി. എ. അദ്ധ്യാപകനുകൊടുത്തുവരുന്ന ൪ ൦ രൂപാ ശമ്പളത്തിനോടു താരതമ്യേന തുല്യമായിരിക്കുന്നുണ്ടോ എന്നു വിദ്യാഭ്യാസഡയറക്ടരോടു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ): നിശ്ചയമായിട്ടും തുല്യമാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഇത്ര വലിയ ശമ്പളം കൊടുക്കത്തക്കവണ്ണം ഈ പ്രഫസ്സറന്മാർക്കുള്ള വിശേഷാൽ യോഗ്യതകൾ എന്തെല്ലാമാകുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഒരു പ്രഫസ്സറുടെ വിശേഷാൽ യോഗ്യതകൾ അദ്ദേഹത്തിന്റെ വിദ്യാഭ്യാസയോഗ്യതകളെ ആശ്രയിച്ചിരിക്കുന്നു. വളരെ ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള ആളുകളെ മാത്രമെ പ്രഫസ്സറന്മാരായി നിയമിക്കുന്നുള്ളു. അവർക്ക് ബി. എ. ആണേഴ്സ് ബി. എ. എന്നീ ക്ലാസ്സുകൾ പഠിപ്പിക്കേണ്ട ചുമതലയേറിയ ജോലികൾ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. അതിനു ഇപ്രകാരമുള്ള ശമ്പളം കൊടുക്കപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം അതിലധികം ട്രാണിയുള്ളവരെ കിട്ടാതെയുമാകുന്നു. ഒരു പ്രഫസ്സറിനു ഇവിടെ കിട്ടിയിരുന്ന ശമ്പളവും മറെറാരിടത്തു കിട്ടിവരുന്ന ശമ്പളവും തമ്മിൽ നമുക്കു താരതമ്യപ്പെടുത്തേണ്ടതുണ്ട്. മദ്രാസിലും മൈസൂരിലും ഈ ഉദ്യോഗസ്ഥന്മാർക്കു കൊടുത്തുവരുന്ന ശമ്പളവും അവർക്ക് ഇവിടെനിന്നും കൊടുത്തുവരുന്ന ശമ്പളത്തെ അവർ എങ്ങനെ താരതമ്യപ്പെടുത്തുന്നു എന്നും നോക്കുക അങ്ങിനെ നോക്കുന്നതായാൽ ഇവിടത്തെ ശമ്പളം കൂടുതലാണെന്നു ഒരിക്കലും വരുന്നതല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ പ്രഫസ്സറന്മാരുടെ ശമ്പളം സാധാരണ ബി. എ. അദ്ധ്യാപകന്മാരുടെ ശമ്പളത്തോടു തുല്യമാണോ എന്നാണു ഞാൻ ചോദിക്കുന്നത്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): നിശ്ചയമായിട്ടും തുല്യമാകുന്നു. മദ്രാസ്സിലും മറെറങ്ങിടത്തും ബി. എ. അദ്ധ്യാപകന്മാർക്ക് ഇവിടെ കൊടുത്തു വരുന്നതിൽ കൂടുതൽ കൊടുത്തു വരുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ പ്രഫസ്സറന്മാരുടെ പ്രത്യേകയോഗ്യതകൾ എന്തെല്ലാമാകുന്നു? സാധാരണ ബി. എ ക്കാരേയും എം. എ ക്കാരേയും അപേക്ഷിച്ചു അവ ഏതുതരത്തിൽ വ്യത്യസ്ഥമാണോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതേ വ്യത്യസ്ഥമാകുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട ഡെപ്യൂട്ടിപ്രസിഡന്റ്): ഹൈക്കോർട്ടിലെ ഏതാനും ഗുമസ്തന്മാർക്ക് ഹൈക്കോടതിജഡ്ജിമാരെപ്പോലെയുള്ള വിദ്യാഭ്യാസയോഗ്യതകൾ ഇല്ലയോ എന്നു ദയവുചെയ്തു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): അതേ. യോഗ്യതകളെ അനുസരിച്ചു മാത്രമല്ലാശമ്പളം സ്ഥിതിചെയ്യുന്നത്. അത് അവർ ചെയ്യുന്ന ജോലിയുടെ നിലയേയും ആശ്രയിച്ചിരിക്കുന്നു. അതേ, ഏതാനും പേർക്ക് ഹൈക്കോടതി ജഡ്ജിമാരേപ്പോലുള്ള യോഗ്യതകളുണ്ട്. ചില ഗുമസ്തന്മാർ ബി. എ; ബി. എൽ ആണ്. ജഡ്ജിമാരും അപ്രകാരമാകുന്നു. ഞാൻ പറഞ്ഞതുപോലെ, ശമ്പളം യോഗ്യതകളേയും അവർ ചെയ്യുന്ന ജോലിയുടെ പ്രാധാന്യതയേയും ആശ്രയിച്ചിരിക്കുന്നു.

ഇംഗ്ലീഷ് വർണാക്യുലർ മിഡിൽ സ്കൂളുകൾ ഒരുമിച്ചുചേർക്കുന്ന സംഗതിയെക്കുറിച്ചാണ് വേറൊന്നു പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. ആ വിഷയത്തെക്കുറിച്ച് ഒരുപക്ഷേ നോട്ടീസ്സ് കൊടുത്തിട്ടുള്ളതായി ഞാൻ കാണുന്നു. കൂടാതെ ആവിഷയത്തെപ്പററിയുള്ള ഏതാനും കടലാസുകൾ നോക്കുന്നതിനു എനിക്ക് സമയവും ഉണ്ടായിരുന്നില്ല. അതേ സംബന്ധിച്ച് മിസ്റ്റർ ഹാഡ്സൺ റിശദമായി പ്രതിപാദിച്ചിട്ടുള്ളതായി ഞാൻ അറിയുന്നു. അതുകൊണ്ടുകൂടുവു ചെയ്യുന്നതിനുള്ള ഉപക്ഷേപം വാദപ്രതിവാദത്തിനു വരുന്നതുവരെ എന്റെ അഭിപ്രായം പുറത്താണെന്നുമാത്രമേ ഗ്രഹിക്കുന്നില്ല.

മൈസേഴ്സ് ചാർഡാനിയവും, സി. പി. തോമസും ഫീസ്സിളവു ചെയ്തുകൊടുക്കുന്നതിനെക്കുറിച്ച് പ്രസ്താവിക്കയും, അതേ സംബന്ധിച്ചുള്ള ഗവണ്മെന്റുത്തരവും. ആ സമ്പ്രദായം തങ്ങളുടെ സ്കൂളുകളിൽ ഇഷ്ടം പോലെ ഏർപ്പെടുത്തുകയൊ, ഏർപ്പെടുത്താതിരിക്കുകയൊ ചെയ്യുന്നതിനു മാനേജരന്മാർക്ക് സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ടെങ്കിലും കാര്യത്തിൽ ഫീസ്സനുവദിച്ചു കൊടുക്കാത്തപക്ഷം അതനുവദിച്ചു കൊടുക്കുന്നതായ ഡിപ്പാർട്ടുമെന്റും, സ്വകാര്യസ്കൂളുകളിലെക്കു തങ്ങളുടെ വിദ്യാർത്ഥികൾ പെരുകുന്നുണ്ടെന്നുള്ളതും കൊണ്ടു തങ്ങളും ഫീസ്സിളവുചെയ്തു കൊടുക്കുന്നതിൽ നിർബ്ബന്ധിതരായിരിക്കുന്നു എന്നു പരാതിപ്പെടുകയുണ്ടായി. ജി. ഒ. കൊണ്ടു പ്രായോഗികമായി ഈ ഫീസ്സുകൾ ഇളവു ചെയ്തുകൊടുക്കുന്നതിനു അവരെ നിർബന്ധിക്കുന്നതായിരിക്കുമ്പോൾ ഗവണ്മെന്റിൽ നിന്നും അവർക്ക് ആ കാരണത്താൽ മുമ്പിട്ടുള്ള നഷ്ടത്തിന്റെ മുക്കാൽ ഭാഗമെ സഹായധനമായി കൊടുക്കുന്നുള്ളു. ആ പരാതിക്കു അവർക്ക് ഏതാനും ന്യായമുണ്ടെന്നു എനിക്കു സമ്മതിക്കേണ്ടിയിരിക്കുന്നു. ഫീസ്സിളവു ചെയ്തുകൊടുക്കുന്ന നടപടിക്രമത്തെക്കുറിച്ച് ഗവണ്മെന്റു ഒരു റിപ്പോർട്ടിനു ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടുകൾ മുമ്പ് കിട്ടേണ്ടതായിരുന്നു. എന്നാൽ ഡയറക്ടർ ജോലി ഞാൻ കയ്യേററതു് നാലുമാസത്തിനു മുമ്പ് ആകയാലും, അത്യാവശ്യമായ പല സംഗതികളും അതിനിടക്കു ശ്രദ്ധിക്കേണ്ടതായി വന്നതിനാലും, അതേ സംബന്ധിച്ചന്വേഷിക്കുന്നതിനു എനിക്കു ഇതുവരെ സമയം കിട്ടിയിട്ടുണ്ടായിരുന്നില്ലാ. എന്നാൽ എന്റെ റിപ്പോർട്ടു ഗവണ്മെന്റിലേക്കു സമർപ്പിക്കുമ്പോൾ ഈ പരാതിയെ സംബന്ധിച്ച് ശ്രദ്ധിക്കുന്നതാണ്.

കെട്ടിടത്തിനും ഉപകരണങ്ങൾക്കും, അംഗീകരണം സിദ്ധിച്ചിട്ടുള്ള സ്കൂളുകൾക്കു-മാത്രമെ ഗ്രാൻറുകൊടുക്കുന്നുള്ളു എന്നും, മിക്കവാറും ഒരുസ്കൂൾ ഹൈസ്കൂളാക്കുമ്പോൾ കെട്ടിടം വകക്കു ൧,൦൦൦ രൂപായും ഉപകരണങ്ങൾക്കായി ൩,൦൦൦ രൂപായും മാനേജരുടെ കൈയിൽ നിന്നും ചെലവു ചെയ്തതിന്റെ ശേഷമേ ആ സ്കൂളിനു അംഗീകരണം സിദ്ധിക്കുന്നുള്ളു എന്നും ആണ് മിസ്റ്റർ സി. പി. തോമസ്സ് പുറപ്പെടുവിച്ചിട്ടുള്ള പരാതി. അതുകൊണ്ടു യഥാർത്ഥത്തിൽ ഇപ്രകാരമാണ് സംഭവിക്കുന്നതു്. അതായതു കെട്ടിടം കൂടുതലാവുണ്ടാക്കുകയൊ, കൂടുതലായ് ഉപകരണങ്ങൾ, സ്കൂൾ അംഗീകരിക്കപ്പെട്ടശേഷം, മാനേജർ ശേഖരിക്കുകയൊ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമെ സഹായധനം ലഭിക്കൂ എന്നുള്ളതാണ്. ഇതിൽ ഏതാണ്ടു തകരാറുണ്ടെന്നു ഞാൻ വിചാരിക്കുന്നു. യഥാർത്ഥസംഗതികൾ മിസ്റ്റർ തോമസ്സ് പറഞ്ഞിട്ടുള്ളതുപോലെ തന്നെ യാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു

സ്കൂൾ തുറക്കുന്നതിനുള്ള അനുവാദമോ, ഒരുസ്കൂളിൽ ഒരു പുതിയ ക്ലാസ്സ് ഏർപ്പെടുത്തുന്നതിനുള്ള അനുവാദമോ ചില പ്രത്യേക നിബന്ധനയിന്മേൽ കൊടുത്തു വരുകയെന്നുള്ളതാണു സാധാരണ സംഭവിക്കുന്നതു. ഈ നിബന്ധനകൾ നിറവേററപ്പെടുന്നതായാൽ സ്കൂളുകൾക്കെല്ലാമോ, അനുവാദം കിട്ടിയശേഷം ഉറപ്പിട്ടുള്ള ഉയർന്ന ക്ലാസ്സോ അംഗീകരിക്കപ്പെടുന്നു. ഈ നിബന്ധനകൾ കെട്ടിടം, പണിയാണ്, കെട്ടിടത്തെ സംബന്ധിച്ചു മാനേജർ പ്ലാനും അടങ്ങും കൂടെ കൊടുക്കേണ്ടതുണ്ട്. ഇവ്വിധം അടങ്ങുന്ന ഡിപ്പാർട്ടുമെന്റു ഓവർസീയർ തന്നെ പരിശോധിക്കുകയോ മുമ്പാകെ നിർദ്ദിഷ്ടമുള്ളതുകയിൽ കൂടുതൽ ചെലവുവരുന്നപക്ഷം അവരെപ്പോലുള്ള ഡിപ്പാർട്ടുമെന്റിലേക്കയച്ചു പരിശോധിപ്പിച്ചു അവരുടെ അനുവാദത്തോടുകൂടി തിരിച്ചുവരുത്തുന്നു. ഈ സംഗതികളിൽ മാനേജർക്കു ഗ്രാന്റിനു അപേക്ഷിക്കുന്നതിനു അവകാശമുണ്ട്. എങ്കിലും സ്കൂളോ ക്ലാസോ അംഗീകരിക്കപ്പെടുന്നതിനുമുമ്പു ഗ്രാന്റു കിട്ടുന്നതല്ല. അതേസംബന്ധിച്ചു ചോദ്യം പറയുന്നതു ഇപ്രകാരമാകുന്നു. "ഗ്രാന്റ്-ഓവകയ്പ്പ (ഡി)യും (ഇ)യും പ്രകാരം (അധ്യാപകരുടെ കെട്ടിടഗ്രാന്റുകളും ഉപകരണഗ്രാന്റുകളും) അനുവദിക്കേണ്ട അധികാരികൾക്കു ആവശ്യമാണെന്നു കരുതിട്ടുള്ള ജോലികൾക്കു ജോലി തുടങ്ങുന്നതിനുമുമ്പുതന്നെ അതേസംബന്ധിച്ചുള്ള പ്ലാനും എസ്റ്റിമേറും അനുവദിക്കപ്പെട്ടിട്ടുള്ളതും പൊതുമരാമത്തു ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടെ ഉപദേശം അവരുടെ സർട്ടിഫിക്കേറോടുകൂടിയ ചെലവിലും പണികഴിപ്പിക്കപ്പെട്ടിട്ടുള്ളതും ആയ ജോലികൾക്കുമാത്രമേ ഗ്രാന്റു അനുവദിക്കപ്പെടാവു എന്നാണു പറയുന്നതു". അതുകൊണ്ടു ഗ്രാന്റനുവദിക്കുന്നതിനുമുമ്പായി ഗ്രാന്റനുവദിക്കാനുള്ള ഉദ്യോഗസ്ഥൻ കെട്ടിടമോ ഉപകരണമോ ആവശ്യമാണെന്നു വിചാരിക്കണം. രണ്ടാമതു കെട്ടിടം തുടങ്ങുന്നതിനുമുമ്പായി കെട്ടിടമാണെങ്കിൽ അതിന്റെ പ്ലാനും എസ്റ്റിമേറും അനുവദിക്കാനുള്ള ഉദ്യോഗസ്ഥൻ അംഗീകരിക്കപ്പെട്ടിരിക്കണം. അവസാനമായി പൊതുമരാമത്തുഡിപ്പാർട്ടുമെന്റിന്റെ ഉപദേശപ്രകാരമായി പണിപൂർത്തിയാക്കിയും തെളിവുണ്ടാകത്തക്കവിധം ഇരിക്കണം. ഗ്രാന്റിനു അപേക്ഷിക്കുന്നതിനു മുമ്പു അംഗീകാരം സിദ്ധിച്ചിട്ടുള്ള സ്ഥാപനത്തിനുമാത്രമേ ഗ്രാന്റുകൊടുക്കുക എന്നുപറയാൻ യാതൊരു കാരണവും ഇല്ല. ഒരു സ്കൂൾ പുതിയതായി തുറക്കുന്നതിനോ ഉയർന്ന ക്ലാസ്സർപ്പെടുത്തുന്നതിനോ അനുവാദംകൊടുക്കുന്ന അവസരത്തിൽ ചുമത്തപ്പെടുന്ന നിബന്ധനകളിൽ ഒന്നു ചില കെട്ടിടങ്ങൾ പണികഴിക്കണമെന്നുള്ളതാണ്. പ്ലാനും എസ്റ്റിമേറും അയയ്ക്കുന്നതിനും അംഗീകരിക്കപ്പെട്ട ഉടൻതന്നെയും കെട്ടിടം തുടങ്ങുന്നതിനുമുമ്പും ഗ്രാന്റിനപേക്ഷിക്കുന്നതിനു മാനേജർക്കു സ്വാതന്ത്ര്യമുള്ളതാകുന്നു. കെട്ടിടം പൂർത്തിയാക്കിയശേഷവും മററു ചുമത്തപ്പെട്ടിട്ടുള്ള നിബന്ധനകൾ നിറവേററപ്പെട്ടശേഷവും സ്കൂളിനോ ക്ലാസിനെ അംഗീകരണം കിട്ടാവുന്നതും പണികഴിപ്പിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിനു അഭ്യർത്ഥനത്തിനു ഗ്രാന്റുകിട്ടാവുന്നതും ആകുന്നു.

മി: സി. പി. തോമസ് (നിയമിക്കപ്പെട്ട മെമ്പർ): ചട്ടത്തിനു ഒരു പുതിയ വ്യാഖ്യാനം ഡിപ്പാർട്ടുമെന്റു കല്പിച്ചുവന്നിരുന്നു എന്നും ഞാൻ പ്രസ്താവിച്ചുപ്രകാരം അതു ഉപയോഗിച്ചുകൊണ്ടിരുന്നു എന്നുമാത്രമാണു ഞാൻ പറഞ്ഞതു്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): അമ്മാതിരി സംഗതികൾ എനിക്കറിയാൻ പാടില്ല.

മി: സി. പി. തോമസ് (നിയമിക്കപ്പെട്ട മെമ്പർ): ഇപ്പോൾതന്നെ ഒരു സ്കൂൾമാനേജർ ഗവണ്മെന്റിലേക്കു കൊടുത്തിട്ടുള്ള ഒരപ്പീൽ ഉണ്ട്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): അങ്ങനെ ഏതെങ്കിലും കേസുണ്ടെങ്കിൽ അതേസംബന്ധിച്ചു ചിന്തിക്കുന്നതാണെന്നു ഞാൻ വാഗ്ദത്തംചെയ്യുന്നു. ഞാൻ പറഞ്ഞിട്ടുള്ള രീതിക്കു ഗ്രാന്റുകൊടുക്കുന്ന വിഷയത്തിൽ വിഘാതമായി യാതൊന്നുംതന്നെ ചട്ടത്തിലില്ലെന്നാണു ഇത്രത്തോളം പറഞ്ഞതു.

ഒരു സ്കൂളിനു അനുവാദംകൊടുക്കുമ്പോഴോ ഒരുഫോർക്ലാസ് ഏർപ്പെടുത്താൻ അനുവാദം കൊടുക്കുമ്പോഴോ ചുമത്തപ്പെടുന്ന നിബന്ധനകളെ സംബന്ധിച്ചു മിസ്റ്റർ തോമസ് പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം ഇപ്രകാരമാണ്. നിബന്ധനകൾ പ്രധാനം അപ്രധാനം എന്നു രണ്ടായി വിഭജിക്കപ്പെടണമെന്നും വിദ്യാഭ്യാസത്തിൽ മുന്നിട്ടും പിന്നിട്ടും നിൽക്കുന്ന സ്ഥലങ്ങളിലേക്കു ചുമത്തപ്പെടുന്ന നിബന്ധനകൾ ഒരുപോലെ ആയിരിക്കരുതെന്നും ആകുന്നു. ഈ നിബന്ധനകളെ പ്രധാനം അപ്രധാനമെന്നു വിഭജിക്കുന്നതൊ വിദ്യാഭ്യാസത്തിൽ പിന്നാക്കംനിൽക്കുന്ന സ്ഥലത്തേക്കാൾ ഒരുതരം നിബന്ധനകളും വേറൊരുതരം നിബന്ധനകൾ വിദ്യാഭ്യാസത്തിൽ മുന്നിട്ടുനിൽക്കുന്ന സ്ഥലത്തേക്കും നിർബന്ധമാക്കുന്നതൊ സാധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഡിപ്പാർട്ടുമെന്റിൽനിന്നും ചെയ്തുകൂട്ടാൻ കഴിയാവുന്നതായി വിചാരിക്കാവുന്ന ഒരൊററസംഗതി വിദ്യാഭ്യാസത്തിൽ പിന്നോക്കംനിൽക്കുന്ന സ്ഥലത്തെ സ്കൂൾമാനേജർക്കു അതിൽ മുന്നിട്ടുനിൽക്കുന്ന സ്ഥലത്തെ സ്കൂൾമാനേജരേക്കാൾ കുറച്ചുകൂടി സമയം കൊടുക്കാം എന്നുള്ളതാണ്. എന്റെ സർവ്വീസപരിചയത്തിൽ നിന്നും ഇപ്രകാരമുള്ള സമയക്കൂടുതൽ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും ഇപ്പോഴും അനുവദിച്ചുകൊണ്ടിരിക്കുന്നുവെന്നും ആണു ഞാൻ മനസ്സിലാക്കുന്നതു്. അതിൽ കവിഞ്ഞുള്ള പ്രവൃത്തി ഡിപ്പാർട്ടുമെന്റിനു അനുകൂലിച്ചതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

വൈരാജമെമ്പർ മിസ്റ്റർ. ററി. ജെ. മാത്തു ആണെന്നുതോന്നുന്നു, കഴിഞ്ഞവർഷത്തെ അതായതു ൧൯൦൦-ാമാണ്ടത്തെ വിദ്യാഭ്യാസബഡ്ജററിൽ വന്ന നീക്കിയിരുപ്പിനെക്കുറിച്ചു പ്രസ്താവിച്ചു. മിച്ചംവന്ന തുക എത്രയെന്നു എനിക്കറിയാം. ൧൯൦൦-ാമാണ്ടു ആകെ ൧-൧൫ ലക്ഷം രൂപാ മിച്ചം വന്നിട്ടുണ്ട്. പ്രധാനതുകകൾ സഹായധനംവകയിൽ ൪,൦൦൦ രൂപായും പ്രൊവിൻഷ്യൽ സ്റ്റാഫ്‌വകയിൽ ൨,൦൦൦ രൂപയും ആകുന്നു. സഹായധനംവകയിൽ ൧൯൦൦-ാമാണ്ടു ഇത്ര വലുതായ മിച്ചത്തിനിടയായതെങ്ങിനെയെന്നു എനിക്കിപ്പോൾ പറയാൻ നിവൃത്തിയില്ല. എന്നാൽ ഇക്കൊല്ലത്തെ സംബന്ധിച്ചേടത്തോളം ഈ അണ്ടത്തെ സഹായധനം വകയ്ക്കു ൩,൦൦൦ രൂപ കൂടുതൽ ഗ്രാന്റുവേണമെന്നു ഞാൻ സഭയിൽ ആവശ്യപ്പെട്ടിട്ടു മൂന്നുമാസമെ ആകുന്നുള്ളു. ഇപ്പോഴത്തെ വർണ്ണാക്യുലർ ഇൻസ്പെക്ടരുടെ നിർബന്ധംകൊണ്ടാണു ഞാൻ അങ്ങിനെ ചെയ്തതു്. അതുകൂടാതെ ഇക്കൊല്ലം അനുവദിക്കുന്നതിനു ഗവണ്മെന്റിനെ നിർബന്ധിച്ചതാണെങ്കിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രാന്റിൽ നിന്നും ഗണ്യമായ ഒരു തുക ഇക്കൊല്ലം മിച്ചംവരുന്നതിനു അർഹതയുണ്ടെന്നു എനിക്കുതോന്നുന്നില്ല. മററു പ്രധാനതുകകൾ പ്രൊവിൻഷ്യൽ സ്റ്റാഫിനെ സംബന്ധിച്ചുള്ള ൨,൦൦൦ രൂപയാകുന്നു. ഒന്നാംഗ്രേഡിൽ അ

മനേകം ഒഴിവുകൾ നിയമനം നടത്തപ്പെടാതെ ഇരിക്കുന്നതിനാലാണ് ഈ തുക മിച്ചംവന്നിട്ടുള്ളത് രണ്ടാംഗ്രേഡ് അദ്ധ്യാപകന്മാരെ ഒരു തരംതാഴ്ത്തിയതിനുശേഷമല്ലാതെ ഈ ഒഴിവുകളിൽ നിയമനം നടത്തപ്പെടാവുന്നതല്ലെന്നു ഗവണ്മെന്റു നിർബന്ധിക്കുന്നു, അതുപോലെതന്നെ ഇപ്പോൾ ഒഴിവുവന്നിരിക്കുന്നതായ പലസ്കൂളുകളിലേയും ഒന്നാം വാദ്ധ്യാന്മാരെ ൻ ഒന്നാം വാദ്ധ്യാന്മാർക്ക് ഒഴിവുണ്ട്. നിയമിക്കുന്നതു ഒന്നാംഗ്രേഡ് അദ്ധ്യാപകന്മാരെ തരം താഴ്ത്തിട്ടാണ് വേണ്ടതെന്നു അവർ നിർബന്ധിക്കുന്നു. ഇപ്പോൾ ബഡ്ജറ്റ് യോഗംകൂടുന്നതിനു മുമ്പു തന്നെ ഒന്നാംഗ്രേഡ് അദ്ധ്യാപകന്മാരുടെ തരം താഴ്ത്തലിനെക്കുറിച്ചു ഞാൻ ഗവണ്മെന്റിലേക്കു പ്രമേയങ്ങൾ അയച്ചിട്ടുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചലം-മേവികുളവും): ഈ ഒഴിവുകൾ എത്രകാലമായി ഉണ്ടായിട്ടു് എന്ന് ദയവുചെയ്തു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ചിലതു് ഒരു കൊല്ലമായും ചിലതു രണ്ടുകൊല്ലമായും ഒഴിവായ്കിടക്കുകയാണെന്നു തോന്നുന്നു. യഥാർത്ഥത്തിൽ ക്ലറിക്കലോണ്ടാണു ഒന്നാംഗ്രേഡിലേക്കുള്ള പ്രമോഷൻ നടന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചലം-മേവികുളവും): ഈ ഒഴിവുകളിൽ നിയമനം നടത്താതിരിക്കുന്നതിന് വല്ലപ്രത്യേക കാരണങ്ങളുമുണ്ടോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): എനിക്കറിഞ്ഞുകൂടാ. ഒന്നാംഗ്രേഡ് അദ്ധ്യാപകന്മാരുടെ തരം കുറക്കുന്നതിന് പ്രമേയങ്ങൾ അയച്ചിട്ടുണ്ടെന്നും, ബഡ്ജറ്റ് യോഗം കഴിഞ്ഞാലുടൻ രണ്ടാംഗ്രേഡു് അദ്ധ്യാപകന്മാരുടെ തരം താഴ്ത്തലിനെക്കുറിച്ചുള്ള പ്രമേയങ്ങൾ അയക്കുന്നതാണെന്നും മാത്രമേ എനിക്ക് പറയാൻ നിവൃത്തിയുള്ളു. അപ്രകാരം ചെയ്യുന്നതായാൽ പ്രൊവിൻഷ്യൽസ്റ്റാഫിലേക്കുള്ളിച്ചിട്ടുള്ളതു കയിൽ മിച്ചം വരാൻ ഇടയില്ല. ൧൯൨൦-ാമാണ്ട് മിച്ചം വന്ന ൧,൫൩,൦൦൦ രൂപയിൽ ൩൨,൦൦൦ രൂപ ഈ രണ്ടിനങ്ങളിലാണുണ്ടായിട്ടുള്ളതു്. ബാക്കിയുള്ളതു് പല ഇനങ്ങളിലായുള്ളതാണ്. ഇപ്രകാരമുള്ള ചെറിയ ഭേദഗതികൾ ൧൦ ലക്ഷം രൂപയ്ക്കുള്ളതൽ ചെലവു വരുന്ന ഒരു ചുമതലയേറിയ ഡിപ്പാർട്ടുമെന്റിൽ സ്വാഭാവികവും അത്രപ്പററി പ്രത്യേകം പ്രസ്താവന ആവശ്യമില്ലാത്തതുമാകുന്നു.

സാമാന്യനിയമവും മതവിഷയമായും ഉള്ള ബോധത്തെപ്പററിയും മി: തോമസ് പ്രസംഗിച്ചു. ഇതു ഒരു വലിയ പ്രമാദമായവിഷയമായതിനാൽ അതിലേക്ക് ഇപ്പോൾ പ്രവേശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): സർ, എനിക്ക് കുറച്ചുമാത്രമെ പറയാനൊള്ളു ഒന്നോരണ്ടോ അംഗങ്ങൾ എക്സൈസ് നികുതിയെക്കുറിച്ചു പ്രസ്താവിച്ചു. അതു വർദ്ധിച്ചുവരികയാണെന്നാണു അവർ പറഞ്ഞതു്. ഉദാഹരണമായി ൧൯൨൦-ാമാണ്ടത്തെ കണക്കുപ്രകാരം വരവു് ൪ വു ലക്ഷം രൂപയാണ് ൧൯൨൧-ാമാണ്ടത്തെ വരവു് ൪ നു ലക്ഷം രൂപയിൽ ചിലപാനം മാത്രമെയുണ്ടായിരുന്നുള്ളു. കൂടുതൽ വരവു് അബ്കാരിയിൽ നിന്നാണെന്നാണു മെമ്പറന്മാർ വിചാരിക്കുന്നതായി തോന്നുന്നതു്. യഥാർത്ഥത്തിൽ കൂടുതൽ വരവു് അബ്കാരിയിലല്ല. എക്സൈസ്റവന്യൂപുകയിലയിൽ നിന്നും കറപ്പും, കഞ്ചാവും കൂടി ഉൾപ്പെടുന്ന അബ്കാരിയിൽ നിന്നും ആണു വരുന്നതു്.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഇപ്പോൾ ബഡ്ജററിൽ ചേർത്തിട്ടുള്ളതുകകൾ എക്സൈസ്കമ്മീഷണർ ലേലംചെയ്തു കുറച്ചിട്ടുള്ളതുകകൾ തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

മി: എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): അടുത്തകൊല്ലത്തേക്കുള്ള തുകകൾ ഇട്ടിട്ടില്ല. അതു എന്തു വരുമെന്നു എനിക്ക് നല്ല നിശ്ചയമില്ല.

മി: സി. പി. തരകൻ (കുന്നത്തുനാട്): വന്നിട്ടുള്ളിടത്തോളമുള്ള അനുഭവം കൊണ്ടു് കൂടുമെന്നോ കുറയുമെന്നോ വിചാരിക്കാൻ ന്യായമുണ്ടോ?

മി: എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): കുറച്ചുകൂടുതൽവരുമെന്നേക്കാം. എക്സൈസ് ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേററിലേപ്പുള്ള കൂടുതൽ പുകയിലയിലുള്ള കൂടുതലും കറപ്പിലുള്ള ചുങ്കത്തിന്റെ ഡിസ്റ്റേണ്ടും ആകുന്നു. അബ്കാരിയിൽ കൂടുതൽ വരവില്ല. ൧൯൨൦-ാമാണ്ടത്തെപ്പോലെ അബ്കാരി ഇനത്തിലെ വരവു് ൨൩ ലക്ഷം രൂപായാകുന്നു. ഞാൻ സ്ഥലംതോറും കുററി ഷാപ്പിനു കൂടുതൽ തുക ആവശ്യപ്പെട്ടു ജനങ്ങളെ കുടിക്കുന്നതിനു പ്രോത്സാഹിപ്പിച്ചതായി-ഞാൻ അദ്ദേഹം പറഞ്ഞതു ശരിയായി ചേട്ടിട്ടുണ്ടെങ്കിൽ മി: എ. കെ. പിള്ള പ്രസ്താവിച്ചു. അതാണു ഞാൻ ചെയ്യാതിരുന്നതെന്നാണു എനിക്കു അദ്ദേഹത്തിനോടു പറയാനുള്ളതു്. നേരെമറിച്ചു പല അവസരങ്ങളിലും ന്യായിയ തുകകൾ വിളിക്കുന്നതിൽനിന്നും ഉൽസുകരായ ലേലക്കാരെ പിൻവലിപ്പിക്കുന്നതിൽ ശ്രമിച്ചിട്ടുണ്ടായിരുന്നു. ലേലസമയത്തു ഷാപ്പുകൾക്കായി വലിയ മത്സരം ഉണ്ടായിരുന്നു. ക്ലേശമില്ലാതെ വിളിക്കുന്ന വിളികൾ കഴിയുന്നതും ചുരുക്കുന്നതിനു എനിക്കു വളരെ സൂക്ഷ്മമായിരിക്കേണ്ടി വന്നു. അങ്ങുമിങ്ങും ലേലം കുറക്കുന്നതിനു ഉദ്ദേശ്യത്തോടായി ഒരു കൂട്ടായ്മ, സംഘമെ ഒക്കെ ഞാൻകണ്ടു, ആ അവസരങ്ങളിൽ കഴിയുന്നതും ന്യായമായ തുക ലഭിക്കുന്നതിനു ഞാൻ താല്പര്യപ്പെട്ടിട്ടുണ്ട്. എന്നാൽ അങ്ങനെയുള്ള അവസരങ്ങൾ വളരെ ചുരുക്കമായിരുന്നു. ഭൂരിഭാഗം സംഗതികളിലും ബോധരഹിതമായി വലിയതുകകൾ വിളിക്കുന്നതിൽ നിന്നു ജനങ്ങളെ പിൻമാററുന്നതിനു എനിക്കിടയുണ്ടായിട്ടുണ്ട്.

മി: എ. കെ. പിള്ള (കുന്നംകുളപ്പുഴ): ഈ ലേലത്തിനു എന്തുകൊണ്ടാണു വലിയ മത്സരമുണ്ടായിരുന്നതു് എന്നു ദയവുചെയ്തു പറയുമോ?

മി: എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): അതു ജനങ്ങളുടെ ഇടയിൽ മദ്യപാനത്തിൽനിന്നും വിരമിക്കുന്നതിനുള്ള ആശയുണ്ടെന്നു പറയുന്നതുവെറുതെയാണെന്നു തെളിയിക്കുന്നു. സഭയിലെ അംഗങ്ങൾ വിചാരിക്കുന്നതു് ജനങ്ങൾ കുടിക്കണമെന്നു് ആഗ്രഹിക്കുന്നില്ലെന്നാണു. എന്നാൽ നേരെമറിച്ചു് അതിനു വലിയ അത്യാവശ്യമുണ്ടെന്നാണു ഞാൻ കാണുന്നതു്.

മി: എ. കെ. പിള്ള (കുന്നംകുളപ്പുഴ): മദ്യവ്യാപാരം നിയമത്തിനധീനമായിട്ടു ആയിരുന്നെങ്കിലും, അതു് പ്രത്യേകം ഗണനക്കപ്പെട്ടിരുന്നു എങ്കിലും അത്രവളരെ മത്സരവും ലാഭവും ഈ സംഗതിയിൽ, ഉണ്ടാകുമായിരുന്നോ എന്നു ദയവുചെയ്തു പറയുമോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അദ്ദേഹം, കൊല്ലം മുതൽ തെക്കോട്ടു നാഗർകോവിൽവരെ സ്വതന്ത്രഷാപ്പ് ഏർപ്പാടു സ്വീകരിച്ചതാണ്; ഉദാഹരണമായി തിരുവനന്തപുരം ടൌണിൽ ലൈസൻസില്ലാത്തതു ചെറുതായ വില്പനയോ ഒരുമാതിരി കാണാൻ പ്രയാസമാണ്. എങ്കിലും സ്വതന്ത്രഷാപ്പ് ഏർപ്പാടു അതിന്റെ ശൈശവാവസ്ഥയിൽ ഇരിക്കുന്നിടത്തെ മുമ്പു ചിലയിടത്തും ഉണ്ടായിരുന്നു. ലൈസൻസുള്ളതായ വില്പന ഇല്ലാത്തതിനാൽ തിരുവനന്തപുരത്തു ഒരു കുപ്പികളിന്മേൽ ചക്രം മുതൽ ൬ ചക്രംവരെ വിലയുണ്ട്; എന്നാൽ വടക്കു അതിനു ഏകദേശം ൩ ചക്രമേ വിലയുള്ളു. വ്യാജവ്യാപാരം നിരത്താപ്പെടുന്നതായാൽ ഷാപ്പുകൾക്കു വിലകൂട്ടാൻ കഴിയുന്നു. വ്യാജം നടക്കുമ്പോൾ ഷാപ്പുകാർക്ക് അങ്ങനെ ചെയ്യാൻ നിവൃത്തിയില്ല. വ്യാജം തടയുന്നതിനുള്ള ശക്തി എനിക്കു ഉപാരാതാണിരിക്കുന്നത്. ചങ്ങനാശേരി ഭാഗത്തുള്ള ഒരു വലിയ താലൂക്കിൽ വ്യാജവ്യാപാരം നിരത്താക്കുന്നതിനു എനിക്കു ചിലതു പറയാനുണ്ടോ അതിനു കുടിയാന്മാരുടെ ഒരു വലിയ കൂട്ടമുണ്ട്. കോട്ടയംതാലൂക്കിൽ ഏകദേശം ൨൫ ആളുകളുണ്ട്. ഒരു വലിയ താലൂക്കിൽ മുഴുവനും ആളുകളെ കൊണ്ടു വ്യാജം നിരത്തൽചെയ്യുന്നതിന് ഞങ്ങൾക്കു കഴിയുന്നതും ശ്രമിക്കുന്നതും അതിൽ വളരെ ഒക്കെ പ്രവൃത്തിച്ചിട്ടുള്ളതുമാകുന്നു. മദ്യപാനിയർക്കു മദ്യം ലഭിക്കുന്നതിൽ കഴിയുന്നത്ര അസൌകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് ഡിപ്പാർട്ടുമെൻറിന്റെ ഉദ്ദേശം. ഷാപ്പുകളുടെ എണ്ണം കുറവുചെയ്തതും, മദ്യത്തിനു തീരുവകൂട്ടിയതും, മററു നിരോധന സമ്പ്രദായങ്ങളും ഡിപ്പാർട്ടുമെൻറിൽനിന്നു ചെയ്തിട്ടുള്ളതു മദ്യപാനത്തെ തടയുന്നതിനാണ്. കഴിഞ്ഞ പത്തുകൊല്ലങ്ങൾക്കകം ചാരായത്തിന്റെ ഉപയോഗം ൫,൯൦,൦൦൦ ഗ്യാലനിൽനിന്നു ൫,൫൦,൦൦൦ ഗ്യാലനായി കുറവുചെയ്തു. ഞങ്ങളുടെ നയത്തിന്റെ വിജയത്തെ സൂചിപ്പിക്കുന്നു. വർഷാന്തോറും ചെറിയവ്യത്യാസങ്ങളുണ്ടായേക്കാം. എങ്കിലും ഒരു നയത്തിന്റെ ഫലസിദ്ധി അറിയുന്നതിന് കുറച്ചുകാലത്തെ അനുഭവത്തിലെ ഫലം തന്നെയാണു നോക്കേണ്ടതു്. കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ എടുത്തുനോക്കുന്നതായാൽ ൪൦,൦൦൦ ഗ്യാലൻ ചാരായം, അതായതു് സ്വൽപ്പം കൂടി, ചെലവിൽ കുറഞ്ഞിട്ടുണ്ട്. എങ്കിലും അതിൽനിന്നുള്ള വരവു് കുറഞ്ഞിട്ടില്ല. ഇതു് ഒരു നാശകരമായ മൂലധനമെന്നു് മി: ററി. ജെ. മാത്യു അഭിപ്രായപ്പെട്ടു. എന്നാൽ മദ്യപാനത്തിനുള്ള ഒരു നികുതിയായതുകൊണ്ടു് അതു ഒരിക്കലും ആക്ഷേപകരമായ ഒരു മൂലധനമല്ലെന്നാണു എന്റെ അഭിപ്രായം. കുടിയന്മാർ കൊടുക്കേണ്ട ഒരു നികുതിയാണ് അതു്; മററുള്ളവരല്ല. ജനങ്ങൾ കുടിക്കണമെന്നു് ഞങ്ങൾ ആവശ്യപ്പെടുന്നില്ല, എന്നാൽ ഞങ്ങൾ അവരോടു പറയുന്നതു് ഇങ്ങനെയാണ് 'നിങ്ങൾക്കു് കുടിക്കണമെങ്കിൽ, കുടിക്കു് ഗവർണ്മെൻറിനു പണം കൊടുക്കുക.'

മി: ടി. കെ. പിള്ള (കരുനാഗപ്പള്ളി): കൂലിവേലക്കാർ അധികം കൂടുന്ന ദിക്കുകളിൽ ഷാപ്പുകൾകൊടുക്കുന്നതിനും, അവരെ ഷാപ്പുകളിലേക്കു ആകർഷിക്കുന്നതിനുള്ള ഉപകരണങ്ങൾ വയ്ക്കുന്നതിനു അനുവദിച്ചിട്ടില്ലെ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഞങ്ങൾ അവരെ ആകർഷിക്കുന്നതിനായി യാതൊന്നും ചെയ്യുന്നില്ല. എന്നാൽ കുടിക്കു എവിടെയാണോ അധികം ആവശ്യക്കാർ കാണുന്നതു് അവിടെ ഷാപ്പുകൾ കൊടുക്കുന്നതിനു ഞങ്ങൾ അനുവദിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സംസ്ഥാനത്തു മദ്യപാനം ക്രമേണ നിവൃത്തി നിരത്തിന് ഒടുവിൽ നിശ്ശേഷം ഇല്ലാതാക്കുന്നതിലേക്കു എന്താണ് എക്സൈസ് കമ്മീഷണർ പ്രവൃത്തിച്ചിട്ടുള്ളതെന്നു് അദ്ദേഹത്തിൽനിന്നും അറിയുന്നതിന് ഞാൻ ഈ അവസരം ഉപയോഗിക്കട്ടെയോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): നിശ്ചയമായിട്ടും ലഹരി പദാർത്ഥങ്ങളെ വർജ്ജിക്കുന്നതിലേക്കു് വേണ്ടതു പ്രവൃത്തിക്കുന്നതിലേക്കാണ് എന്റെ ഡിപ്പാർട്ടുമെൻറു രൂപീകരിക്കപ്പെട്ടിട്ടുള്ളതായി ഞാൻ കരുതുന്നു്. ഞങ്ങളുടെ ഓരോ പ്രവൃത്തിയും ആവഴിക്കാണു നിയോഗിക്കപ്പെടുന്നു്. ഞാൻ പറഞ്ഞതുപോലെ, പത്തുകൊല്ലത്തിനകം ഞങ്ങൾക്കു് ചാരായച്ചിലവിൽ ൪൦,൦൦൦-ഗ്യാലൻ കുറക്കുന്നതിനു കഴിഞ്ഞു. ലഹരിവർജ്ജനത്തിൽ ഞങ്ങളുടെ ശ്രമം എത്രത്തോളമുണ്ടെന്നുള്ളതിന് ഇതു ഒരുത്തമ ഉദാഹരണമാകുന്നു. ഈ കഴിഞ്ഞ കാലത്തിൽ ഷാപ്പുകളുടെഎണ്ണം ൪ ശതമാനം ഞങ്ങൾ കുറച്ചിട്ടുണ്ട്. അതിൽനിന്നുള്ളനഷ്ടം ൨൫,൦൦൦ രൂപാമുതൽ ൩൦,൦൦൦ രൂപാവരെ ആകുന്നു. എന്നാൽ മദ്യത്തിനു തീരുവകൂട്ടുകയും വൃക്ഷകരം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): റവന്യൂവിലുള്ള വർദ്ധനകൂടിയുള്ള കൂടുതലിനെയല്ലെ കാണിക്കുന്നതെന്നു ദയവുചെയ്തു പറയുമോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): റവന്യൂവിലുള്ള കൂടുതൽ കുടിക്കൂടുതലാണെന്നുള്ളതിനു ലക്ഷ്യമല്ല. മദ്യത്തിന്റെ വില കൂട്ടി, കുടിക്കുന്ന ശീലത്തെ ഞങ്ങൾ കുറച്ചു വരികയാണു. മെമ്പർ ഒരു തെററിദ്ധാരണയിലാണിരിക്കുന്നതെന്നു ബഹുമാനപൂർവ്വം ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. റവന്യൂവിലുള്ള കൂടുതൽ മദ്യത്തിനുള്ള തീരുവകൂട്ടലിന്നായാണു കാണിക്കുന്നതു്. വൃക്ഷകരവും ചാരായത്തീരുവയും കൊള്ളുന്നതോടെ കൂട്ടീട്ടുണ്ട്. ചങ്ങനാശ്ശേരിയിലും മീനച്ചലും ന്യായമായവിലക്കു ഷാപ്പുകൾ വില്ക്കുന്നതിനു മധ്യപജ്ജന പ്രവൃത്തകന്മാർ എന്നെ അനുവദിച്ചില്ല. ഇവർ തങ്ങൾക്കു് നിസ്സാരമായി വിലയ്ക്കു മദ്യംകിട്ടുന്നതിനു മദ്യപന്മാരെ സഹായിക്കുകയല്ലെ ചെയ്തിട്ടുള്ളതെന്നു ഞാൻ സംശയിക്കുന്നു. അവരുടെ പ്രവൃത്തിമൂലം ചങ്ങനാശേരിയിലും മീനച്ചലും ന്യായമായി നിരക്കിൽ വളരെക്കുറച്ചുവിലക്കു ഷാപ്പുകൾ വിലക്കുകൊടുക്കേണ്ടതായിവന്നു. ഷാപ്പിന്റെ യഥാർത്ഥമായ വിലയനുസരിച്ചു് ചെലവുകൂട്ടുക എന്നാണു എന്റെ നയം. ഇക്കാര്യത്തിൽ എത്രവലുതായിരിക്കുമെന്നോ അത്രത്തോളം തടസ്സം കുടിയിൽ നേരിടുന്നതാണ്. ചെലവുകൂട്ടുകയും, മദ്യത്തിനുവയും മദ്യത്തിൽ ചുമത്തേണ്ടതും തൽമൂലം മദ്യം കൂടുതൽ വിലക്കു വില്ക്കാനിടവരുന്നതുമാകുന്നു. ന്യായമായ ചെലവുകൂട്ടുക ലഭിക്കുന്നതിൽ ഞാൻ ചെയ്തശ്രമം യഥാർത്ഥത്തിൽ മധ്യപജ്ജനത്തിൽ ഞാൻ ചെയ്ത പ്രവൃത്തിയായിക്കരുതാവുന്നതാണ്. ഷാപ്പുടമസ്ഥൻ നഷ്ടപ്പെടുന്നതല്ല. അവൻ വിലകൂട്ടുകയും, എത്രത്തോളം വിലകൂട്ടിനവൻ വില്ക്കുന്നോ അത്രത്തോളംകുറച്ചു് ഒരാൾ കുടിക്കുകയും ആണുഫലം. ഇതിന്റെ അനുഭവം ഒരു കുപ്പികളിന്മേൽ ൨ മുതൽ ൬ ചക്രം വരെ വിലവച്ചുവില്ക്കുന്ന തിരുവനന്തപുരത്തു് പ്രത്യക്ഷമായി കാണാവുന്നതാണ്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): എക്സൈസ്കമ്മിററി റിപ്പോർട്ട് എങ്ങിനെ അവസാനിച്ചുഎന്നു് ദയവുചെയ്തു പറയുമൊ?

മി: ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): എക്സൈസ് കമ്മിററിക്കാരുടെ റിപ്പോർട്ട് ഗവർണ്ണർറിലേക്ക് സമർപ്പിച്ചിട്ടുള്ളതും, വേഗത്തിൽ നമുക്ക ഉത്തരവുകൾ കിട്ടുന്നതും ആകുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): റിപ്പോർട്ട് സമർപ്പിച്ചിട്ട് എത്രകാലമായിഎന്നു ദയവു ചെയ്തു പറയുമൊ?

മി: ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അദ്ദേഹം ആറുമാസത്തിലധികമായി.

അദ്ധ്യക്ഷൻ: എക്സൈസ് കമ്മിററിയുടെ റിപ്പോർട്ടനുസരിച്ചാണ് അധികം സംഗതികളിലും എക്സൈസ് കമ്മീഷണർ പ്രവർത്തിക്കാറുള്ളതെന്നു എനിക്കറിയാവുന്നതു.

മി: ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ഷാപ്പുകളുടെ എണ്ണം കുറക്കുക, മദ്യത്തിനുള്ള തീരുവകൂട്ടുക, വിദേശമദ്യഷാപ്പുകളുടെ എണ്ണം കുറക്കുക, ഷാപ്പുകളുടെസ്ഥാപനം ഇത്യാദി സംഗതികളിൽ കമ്മിററിയുടെ ശുപാർശ അനുസരിച്ചാണ് ഞാൻ പ്രവർത്തിക്കാറുള്ളത്. എല്ലാപേരും കൂടിയോജിച്ചിട്ടില്ലാതെ ഒന്നൊരണ്ടോ സംഗതികളിൽ മാത്രം റിപ്പോർട്ടിനെ അനുസരിക്കുന്നില്ല.

അദ്ധ്യക്ഷൻ: സഭ ഇപ്പോൾ പിരിഞ്ഞു തിങ്കളാഴ്ചകാലത്തു് ഏഴര മണിക്ക് കൂടുന്നതാണ്.

൪. ൪ മണിക്കു സഭ പിരിഞ്ഞു.

ററി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A Tru translation)

T. RAMALINGAM PILLAI,
Head Translater to Government.

തിരുവിതാംകൂർ നിയമസഭ,

ഗണോമത്തെയോഗം

ദ്വിതീയസമ്മേളനം

ഔദ്യോഗികറിപ്പോർട്ട്.

൧൯൨൯ ആഗസ്റ്റ് ൮—ന് തിങ്കളാഴ്ച, ൧൧ മണി കഴിഞ്ഞ് ൧൫ മിനുട്ടിന് ഉപാദ്ധ്യക്ഷൻ മി. സുബ്ബയ്യർ അവർകൾ ബി. എ., ബി. എൽ. പരീക്ഷ ജയിച്ചതിൽ വിക്ടോറിയാജൂബിലിടെയർ ഹാളിൽവച്ചു ൧൧ മണിക്കു വീണ്ടും യോഗം ആരംഭിച്ചു. താഴെപ്പറയുന്നവരൊഴികെ മററെല്ലാ അംഗങ്ങൾക്കും ഹാജരുണ്ടായിരുന്നു:—

മിസ്റ്റർ പി. ഹബീബ് മഹമ്മദ്.
" ജി. നാരായണപിള്ള.
" എസ്. പിറവിപ്പെരുമാൾപിള്ള.
" എം. സുബ്രഹ്മണ്യപിള്ള.
" എസ്. സുബ്രഹ്മണ്യകൈയാളർ.
ചോദ്യോത്തരങ്ങൾ.

'നായർ', 'മറവഹിന്ദുക്കൾ' എന്നപദങ്ങളുടെ വിവരണം.

ഇ൦. മി. ടി. കുമാരപിള്ള (കുണ്ടറയും വിളവങ്കോടും): താഴെപ്പറയാൻപോകുന്ന ചോദ്യങ്ങൾക്കു മറുപടിപറയുവാൻ ദയവുണ്ടാകുമോ:—

(എ) നിയമസഭയിലെയ്ക്ക് അയയ്ക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ സ്റ്റേറ്റുമെൻറുകളിൽ പ്രയോഗിച്ചുവരുന്ന 'നായർ' എന്നപദത്തിൽ ആരെല്ലാം ഉൾക്കൊള്ളുന്നുണ്ടെന്നും, നായന്മാരുടെ കൂട്ടത്തിലുള്ള വിഭാഗങ്ങളും, അവാന്തരവിഭാഗങ്ങളും 'നായർ' പദത്തിൽ അടങ്ങിയിട്ടുണ്ടോ എന്നും,

(ബി) 'മറവഹിന്ദുക്കൾ' എന്നപദത്തിൽ ആരെല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നും,

(സി) ദേവിയിൽ ഗവർണ്ണമെൻറ് 'നായർ', 'മറവഹിന്ദുക്കൾ' എന്ന പദങ്ങളിൽ ഉൾക്കൊള്ളുന്ന വിഭാഗങ്ങൾക്കും അവാന്തരവിഭാഗങ്ങൾക്കും പ്രത്യേകം തലവാചകങ്ങൾചേർത്തു വിവരണങ്ങൾ തയാറാക്കുമോ എന്നും.

മി. കെ. ജോർജ് (ഗവർണ്ണമെൻറ് ചീഫ്സെക്രട്ടറി):—

(എ) 'നായർ' എന്നപദം, നായർസമുദായത്തിലുൾക്കൊള്ളുന്ന സകല വിഭാഗങ്ങളേയും അവാന്തരവിഭാഗങ്ങളേയും ഉൾക്കൊള്ളുന്നതായി സാധാരണപ്രയോഗിച്ചുവരുന്നവിധത്തിലാണ് സ്റ്റേറ്റുമെൻറുകളിൽ ഉപയോഗിച്ചിട്ടുള്ളതു. (൧൯൨൯—മാണ്ടിലെ സെൻസസ്റിപ്പോർട്ട് ൧ ഉ-ാം ഖണ്ഡികനോക്കുക)

(ബി) 'മറവഹിന്ദുക്കൾ' എന്ന പദത്തിൽ ഗവർണ്ണമെൻറിനാൽ പ്രത്യേകം ഈവം തിരിക്കപ്പെട്ടിട്ടില്ലാത്തവരാണ് ഉൾക്കൊള്ളിട്ടുള്ളതു. അതാവതു:—

(൧) മലയാളബ്രാഹ്മണർ, (൨) മറവബ്രാഹ്മണർ, (൩) നാടാന്മാർ, (൪) ഇഴവർ, (൫) കമ്മാളർ; (൬) ക്ഷത്രിയർ, (മലയാള) (൭) നായന്മാർ, (൮) പുലയർ, (൯) മറവകീഴ്ജാതിക്കാർ, (൧൦) വെള്ളാളർ,

(സി) ഈ ചോദ്യം ആലോചിച്ചതിനുശേഷമേ ഉത്തരം പറയാൻ പാടുള്ളു.

മെഡിക്കൽഡിപ്പാർട്ടുമെൻറിൽ ഓഫീസാറിയിൽനിന്നും നടത്തിയിട്ടുള്ള നിയമനങ്ങളുടെ സ്റ്റേറ്റുമെണ്ട്.

ഓ൦ വു. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൊല്ലവർഷം ൧൦൮൪—മാണ്ടുമുതൽ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ഓഫീസാറിയിൽനിന്നും നടത്തിയിട്ടുള്ള നിയമനങ്ങളുടെ പൂർണ്ണമായ ഒരു ലിസ്റ്റ് മേശപ്പുറത്തുവയ്ക്കാൻ ഗവർണ്ണമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർണ്ണമെണ്ട് ചീഫ്സെക്രട്ടറി): ഇപ്രകാരം ഒരു ലിസ്റ്റ് തയാറാക്കുക എന്നുള്ളതും അതിനുവേണ്ടിവരുന്ന സമയവും കൂലി തുടങ്ങിയ ചെലവിനോടുകൂടിയതിൽ അതു നിരുപയോഗമാണെന്നു കാണുന്നതിനാൽ-അപ്രകാരം ഒരു ലിസ്റ്റ് ആവശ്യപ്പെടുന്നതിനു ഗവർണ്ണമെണ്ടുദ്ദേശിക്കുന്നില്ല.

ഉളവാപുരം—വെഞ്ഞാറമൂട്ട് വഴിയുടെ പരിഷ്കാരം.

ഓ൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ആററിങ്ങൽ മുതൽ വക്കലവരെയുള്ള ഉളവാപുരംവഴിയും, ചിറയിൻകീഴ്നിന്നു വെഞ്ഞാറമൂട്ടിലേക്കുള്ള വഴിയും നന്നാക്കി വണ്ടിമുതലായവാഹനങ്ങൾക്കു സഞ്ചാരസൌകര്യം ഉണ്ടാകത്തക്കരീതിയിലാക്കുന്നതിനുള്ള എസ്റ്റിമേററ് കിട്ടിയിട്ടുണ്ടോ എന്നു പറയുന്നതിനു ഗവർണ്ണമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെണ്ട് സെക്രട്ടറി): ഇല്ലാ. എസ്റ്റിമേററ് തയാർചെയ്തുവരുന്നതേയുള്ളു എന്നാണു അറിയുന്നതു.

ഏലക്കമൺചിറക്കര റോഡ്.

ഓ൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന സംഗതികൾക്കു മറുപടി പറയുന്നതിനു ഗവർണ്ണമെൻറിനു ദയവുണ്ടാകുമോ?

(എ) ൧൦൯൩-മാണ്ടു 'ഇലക്കമൺ—ചിറക്കര' റോഡു എന്നപേരായ ഒരു റോഡ് വക്കലയുള്ള അയിത്തക്കാരായ ജനങ്ങളാൽ അവരുടെ സ്വന്തചിലവിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു ഗവർണ്ണമെൻറ് അറിഞ്ഞിട്ടുണ്ടോ?

(ബി) ഈ റോഡ് ഡിപ്പാർട്ടുമെൻറ് ഭരണത്തിലും സംരക്ഷണയിലും എടുക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഗവർണ്ണമെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

(സി) ഈ റോഡ് ഇപ്പോൾ പൊതുമരാമത്തുഡിപ്പാർട്ടുമെൻറിനാൽ നന്നാക്കപ്പെടുകയും, അതിന്റെ സംരക്ഷണയിൽ മുതിർക്കുകയും ചെയ്യുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) അതേ. അതു ഒരു റോഡല്ലാ ഒരു പാതമാത്രമാണ്.

(ബി) അതേ. പക്ഷെ 'കുടിവകറോഡ് ചട്ടങ്ങൾ' അനുസരിച്ചു, ഒരാൾതന്നെ അതു ഒരു റോഡാക്കിത്തീർക്കാത്തപക്ഷം ഗവണ്മെന്റിനു യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല.

(സി) ഇല്ല.

സെൻട്രൽ ജയിലിലുള്ള മാനസികരോഗികളും ഭ്രാന്തന്മാരായ ജയിൽപുള്ളികളും.

൯൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) സെൻട്രൽജയിലിൽ തടവുകഴിച്ചുകൊണ്ടിരിക്കുന്ന മാനസികരോഗികളുടേയും സ്വന്തക്കുടുംബത്തിൽനിന്നിട്ടുള്ള ക്രിമിനൽ ഭ്രാന്തന്മാരുടേയും എണ്ണവും,

(ബി) അവരെ മററുള്ള തടവുപുള്ളികളിൽനിന്നും പ്രത്യേകം സൂക്ഷിക്കുന്നതിനു അനുമതിസിദ്ധിച്ചിട്ടുണ്ടോ എന്നും പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) മാനസികരോഗികളാരും ഇപ്പോൾ സെൻട്രൽജയിലിൽ ചികിത്സയിലിരിക്കുന്നില്ല. പക്ഷെ രണ്ടുകററം ചെയ്ത തടവുകാരും വിസ്താരത്തിലിരിക്കുന്ന മറെറാരുപുള്ളിയും മുൻപു ഭ്രാന്താസ്പത്രി ചികിത്സയിൽഇരുന്നിട്ടുണ്ട്.

(ബി) മാനസികരോഗമുള്ളവരെ പ്രത്യേകം സൂക്ഷിക്കുന്നതിനു സ്ഥലമില്ല. പക്ഷെ എപ്പോഴെങ്കിലും ഏതെങ്കിലും ഒരു തടവുകാരൻ ഭ്രാന്തിന്റെ ലക്ഷണം കാണിക്കുമ്പോൾ ഉടൻതന്നെ അയാളെ മററുള്ളവരിൽനിന്നു പിടിത്തി ഒരു ഒറ്റത്തുകമുറിയിൽ താമസിപ്പിക്കുന്നു.

സെൻട്രൽ ജയിലിലെ സദാചാരാദ്ധ്യാപകൻ.

൯൮. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) സെൻട്രൽജയിലിലെ തടവുപുള്ളികളുടെ സദാചാരാദ്ധ്യാപകനായ മി. കെ. എസ്. നാരായണയ്യരെ ആ സ്ഥാനത്തിലെ ഒരു അനുദ്യോഗസ്ഥ സന്ദർശനത്തിനയിട്ടുണ്ടോ എന്നും,

(ബി) സദാചാരാദ്ധ്യാപകൻ എന്നനിലയിൽ അദ്ദേഹത്തിനു ജയിൽഡിപ്പാർട്ടുമെന്റിൽനിന്നു ഏതെങ്കിലും പ്രതിഫലം കിട്ടിവരുന്നുണ്ടോഎന്നും പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി), (എയും ബിയും) ഈ രണ്ടു ചോദ്യങ്ങൾക്കു ഉത്തരം അനുസരണത്രപത്തിൽതന്നെ ആകുന്നു.

വ്യവസായഡിപ്പാർട്ടുമെന്റ് മുഖാന്തരം മഷി ഉണ്ടാക്കുക,

൯൯. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ദ്രവമായമഷിയും, മഷിപ്പൊടിയും, മഷിക്കട്ടകളും ഉണ്ടാക്കുന്നതിനുള്ള വ്യവസായഡിപ്പാർട്ടുമെന്റിന്റെ ശ്രമങ്ങൾ എത്രത്തോളം സാഫല്യമായിട്ടുണ്ടെന്നു പ്രസ്താവിക്കുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): വ്യവസായഡിപ്പാർട്ടുമെന്റ് നല്ലതരത്തിലുള്ള നീലക്കരുപ്പ്മഷി ഉണ്ടാക്കിയിട്ടുണ്ട്. മഷിപ്പൊടിയും, മഷിഗുളികകളും ഉണ്ടാക്കുന്നതോർത്തു താമസിയാതെ തുടങ്ങുന്നതാണ്.

൧൦൦. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെന്റിന്റെ ക്ഷാരം—മാങ്ങ നടന്ന സ്ഥാവരവസ്തുക്കളുടെ വില്പന.

൧൦൧. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെന്റിന്റെ ക്ഷാരം-മാങ്ങിലെ ക്രമക്കേടുകൾ സ്ഥാവരവസ്തുക്കളുടെ വില്പനയിലുള്ള കൂട്ടുകെട്ടിനെ സംബന്ധിച്ചു ലാൻഡ്ററിബ്യൂണലിലെ ചെയർമാന്റെ പക്ഷത്തിനിന്നും സ്വന്തമായ ഒരു വിവരണം ലഭിച്ചിട്ടുണ്ടോ എന്നു പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ? അങ്ങനെയാണെങ്കിൽ ആ റിപ്പോർട്ടു മേശപ്പുറത്തുവയ്ക്കുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതെ ആ റിപ്പോർട്ടിന്റെ ഒരു പ്രതി* മേശപ്പുറത്തു വച്ചിട്ടുണ്ട്.

C.I.

കണ്ടുകൃഷിവസ്തുക്കളിലെ കരം പണമായിട്ടു പിരിക്കുന്നതു.

൧൦൨. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കണ്ടുകൃഷിവസ്തുക്കൾ സംബന്ധിച്ചുള്ള തവണക്കാരുടെ പണമാക്കുന്ന വിഷയത്തിൽ, ഉണ്ടായിട്ടുള്ള ഗവണ്മെന്റിന്റെ പ്രസ്താവനകൾക്കുശേഷം അതു് എത്രത്തോളം പ്രവൃത്തിരൂപത്തിൽ ആയിട്ടുണ്ടെന്നു പ്രസ്താവിക്കാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ,

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): കണ്ടുകൃഷിവസ്തുക്കളിലുള്ള നെല്ലു പിരിവിനായി ൪ ശതമാനത്തിൽ കൂട്ടുതൽ, കൊട്ടാരങ്ങളിൽ അരി കൊടുക്കുന്നതിനും, കുടുംബസംബന്ധമായ ഇന്നിശോഗം, അന്ത്യപ്രയിച്ചു, തിരുപ്പു ചരം മുതലായവ കൊടുക്കുന്നതിനും ഇപ്പോൾ ഉപയോഗിച്ചുവരുന്നു. കണ്ടുകൃഷിവസ്തുക്കൾ സംബന്ധിച്ചുള്ള കരം നെല്ലായിട്ടു കൊടുക്കുന്നതു നിവൃത്തിക്കുന്നപക്ഷം ഈ ആവശ്യങ്ങൾ അടച്ചുതീർക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു ഗവണ്മെന്റു ലാൻഡ്ററിബ്യൂണൽ കമ്മിഷണരുമായി എഴുത്തുകുത്തുകൾ നടത്തിവരികയാണ്. അദ്ദേഹത്തിന്റെ അഭിപ്രായം നിപ്പോട്ടു ഇതേവരെ കിട്ടിയിട്ടില്ല.

കണ്ടുകൃഷിവസ്തുക്കളിലെ ഗവണ്മെന്റിലുള്ള മാററം.

൧൦൩. മി. ടി. കെ. തോമസ് (കോട്ടയം): കണ്ടുകൃഷിപ്പാട്ടം നെല്ലായിട്ടു കൊടുക്കുന്നതു മാററണമെന്നുള്ളതിനെപ്പററി താഴെ പറയാൻപോകുന്ന കാര്യങ്ങൾക്കു മറുപടി പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(എ) നിയമസഭാനടപടികൾ ഒന്നാംവാല്യം ൧൯൪-ാംപുറത്തു കൊടുത്തിട്ടുള്ള ഉപക്ഷേപത്തിന്റെ മറുപടി കഴിഞ്ഞതിൽപിന്നീടു ഗവണ്മെന്റു എന്തു നടപടി നടത്തിയിട്ടുണ്ടു?

(ബി) അതുകഴിഞ്ഞു അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആ അന്വേഷണത്തിന്റെ ഫലമെന്തു?

(സി) ഏതെങ്കിലും തടസ്സങ്ങൾ കാണുന്നെങ്കിൽ അവ ഏവ?

---

*അനുബന്ധം ക

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമന്റ് സെക്രട്ടറി): മി. പി. കെ. നാരായണപിള്ളയുടെ നമ്പർ-ാ നമ്പർ ചോദ്യത്തിന് നാൾക്കിയിട്ടുള്ള മറുപടിയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

സംസ്ഥാനത്തിൽഉള്ള പ്രവൃത്തിക്കാരന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക.

൧൭. മി. എ. കെ. ജാൺ (വയ്ക്കം): ഈ സംസ്ഥാനത്തിൽഉള്ള പ്രവൃത്തിക്കാരന്മാരുടെ ജാതിതിരിച്ചുള്ള ഒരു ലിസ്റ്റ് മേശപ്പുറത്തുവയ്ക്കാൻ ഗവർണ്ണമന്റിന് ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമന്റ് സെക്രട്ടറി): ഈ വിവരം അടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വച്ചിട്ടുണ്ട്.

മി. എ. കെ. ജാൺ (വയ്ക്കം): കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിലായി നിയമിക്കപ്പെട്ടിട്ടുള്ള പ്രവൃത്തിക്കാരന്മാരുടെ എണ്ണം അറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമന്റ് സെക്രട്ടറി): ആ കണക്കു ഞാൻ ഇപ്പോൾ തയാർചെയ്തിട്ടില്ല.

മി. എ. കെ. ജാൺ (വയ്ക്കം): ഈഴവർ, മഹമ്മദീയർ, റോമൻകത്തോലിക്കർ മുതലായവരിൽനിന്നും അപേക്ഷകളുണ്ടായിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമന്റ് സെക്രട്ടറി): ആ സംഗതി സൂക്ഷ്മമായി തീർത്തുപറയുന്നതിന് ഇപ്പോൾ നിവൃത്തിയില്ല.

മി. എ. കെ. ജാൺ (വയ്ക്കം): ലിസ്റ്റ് തയാറാക്കിട്ടുള്ളതിൽ ചില സമുദായക്കാരെ ഉൾപ്പെടുത്തിയിട്ടില്ല. അതിന്റെ കാരണം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമന്റ് സെക്രട്ടറി): ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും ഞങ്ങൾ ഹാജരാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം അതു വരുത്തുന്നതിനാജ്ഞാപിക്കുന്നതാണ്.

മി. എ. കെ. ജാൺ (വയ്ക്കം): ആവശ്യപ്പെട്ടിട്ടുള്ള കാസ്റ്റ്വാർസ്റ്റേറ്റുമെന്റിൽ ബ്രാഹ്മണർ, ക്രിസ്ത്യാനികൾ, മററു ജാതിക്കാർ മുതലായവരുടെ നിയമനത്തെപ്പററി വിവരിച്ചിട്ടുണ്ട്. ഇതിൽ ഈഴവരേയും മഹമ്മദീയരേയും ഉൾപ്പെടുത്താത്തതെന്തുകൊണ്ടാണെന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമന്റ് സെക്രട്ടറി): ഹാജരാക്കിയിട്ടുള്ള സ്റ്റേറ്റുമെന്റിൽ ഇപ്പോഴുള്ള പ്രവൃത്തിക്കാരന്മാരെ ഗ്രൂപ്പുകളായി തരംതിരിക്കുകയും, ഓരോ സമുദായത്തിലുള്ളവരെ പ്രത്യേകം പ്രത്യേകം പട്ടികയിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

മി. എ. കെ. ജാൺ (വയ്ക്കം): അതിൽനിന്നു മഹമ്മദീയസമുദായത്തിലും ഈഴവസമുദായത്തിലും ഉൾപ്പെട്ട പ്രവൃത്തിക്കാരന്മാർ ഇല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമന്റ് സെക്രട്ടറി): അതിപ്പോൾ എനിക്കു പറയാൻ നിവൃത്തിയില്ല.

പരവൂർ പോലീസ് ഇൻസ്പെക്ടർ.

൧൭൮. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) പരവൂരുള്ള അനേകമാളുകൾ ചേർന്ന് സ്ഥലം പോലീസ് ഇൻസ്പെക്ടരെ കൊല്ലം മജിസ്ട്രേട്ടുകോടതിയിൽ ചില ക്രിമിനൽകേസുകളിൽ പ്രതിയാക്കുന്നതിന് ഗവർണ്ണമന്റിന്റെ അനുമതി ചോദിച്ചിട്ടുള്ളതു പരമാർത്ഥമോണോ എന്നു പറയുന്നതിന് ഗവർണ്ണമന്റിന് ദയവുണ്ടാകുമോ?

(ബി) ജനങ്ങളുടെ അപേക്ഷയും അതിനുള്ള കാരണങ്ങളും അനുസരിച്ചു ഗവർണ്ണമന്റ് എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ?

മി. കെ. ജാൺ (ചീഫ് സെക്രട്ടറി): (എ) പരവൂർ പോലീസ് ഇൻസ്പെക്ടരെ പ്രാസിക്യൂട്ടു ചെയ്യുന്നതിന് അനുവാദം ചോദിച്ചുകൊണ്ടു രണ്ടു അപേക്ഷകൾ വന്നിട്ടുണ്ടായിരുന്നു.

(ബി) ഒന്നാമത്തെ അപേക്ഷയിലുള്ള ദോഷാരോപണങ്ങൾ അടിസ്ഥാനമുള്ളതായിരുന്നതുകൊണ്ടും, അയാൾ, അപേക്ഷകനോടു ഒരു ക്രിമിനൽകേസിൽ ചാർജ് ചെയ്തതുകൊണ്ടും, കള്ളുകുടിമുതലായ ഒത്താഗ്രങ്ങളിൽ പ്രവേശിച്ചിരുന്ന അയാളുടെ അനുജനെ ചാർജ് ചെയ്തതുകൊണ്ടും ഇൻസ്പെക്ടരോടുണ്ടായിരുന്ന സ്പർദ്ധയുടെ ഫലമായിട്ടുണ്ടായതുകൊണ്ടും അപേക്ഷ തള്ളപ്പെട്ടു. രണ്ടാമത്തെ അപേക്ഷയെ സംബന്ധിച്ചിടത്തോളം ഇൻസ്പെക്ടർ പൊതുജനപ്രീതി സമ്പാദിച്ചിട്ടുള്ള ഒരാളാണെന്നുള്ള കാരണത്തിൻപേരിൽ അന്വേഷണം നടത്തിയ അവസരത്തിൽ, അപേക്ഷകന്റെ പക്ഷത്തിൽ, കേസിൽനിന്നും പിൻവലിച്ചു. അന്വേഷണാവസരത്തിൽ ഹാജരായിരുന്ന പരവൂർ ദേശത്തിലെ പ്രധാനപൌരന്മാർ, ഒരു കള്ളുകേസ് ഇൻസ്പെക്ടരുടെപേരിൽ ഉണ്ടാക്കാൻ ഉദ്ദേശിച്ചിട്ടുള്ള അപേക്ഷകന്റെ ദോഷാരോപണത്തിനെതിരായി വാദംനടത്തി. ഇങ്ങനെ പ്രാസിക്യൂഷന് അനുമതി നൽകുന്നതിനു യാതൊരുവഴിയും ഉണ്ടായില്ല.

ലാൻഡ്ഡിക്കാർഡ് ഡിപ്പാർട്ടുമെന്റിലെ കംപ്യൂട്ടർ ഡ്രാഫ്റ്റ്സ്മെൻ.

൧൭൯. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ലാൻഡ്ഡിക്കാർഡ് ഡിപ്പാർട്ടുമെന്റിലെ എഴുത്തുകാരെ സാധാരണ പരീക്ഷാമുഖേനയോ, പ്രായനിബന്ധനകൾ ഇവയിൽനിന്നും ഒഴിച്ചുവിട്ടിട്ടുണ്ടോ എന്നു പറയുന്നതിന് ഗവർണ്ണമന്റിന് ദയവുണ്ടാകുമോ?

(ബി) നിശ്ചിതസമയത്തിനു വാദപ്രതിവാദം നടന്ന അവസരത്തിൽ ലാൻഡ്ഡ്രവന്യൂ കമ്മീഷണർ സമ്മതിച്ചതുപോലെ അവരെ മററു ഡിപ്പാർട്ടുമെന്റുകളിൽ നിയമിക്കുന്നതിന് ഗവർണ്ണമന്റ് ഏർപ്പാടുചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമന്റ് സെക്രട്ടറി): (എ) ഇല്ലാ.

(ബി) കോച്ചിയിൽനിന്നു വിട്ടയക്കപ്പെട്ട ചില കംപ്യൂട്ടർ എഴുത്തുകാരിൽ പകുതിപേരെ അക്കൌണ്ടന്റാഫീസിൽ നിയമിക്കുകയും, മററുള്ളവരെ നിവൃത്തിയുള്ളിടത്തോളം അവരുടെ യോഗ്യതയ്ക്കനുസരണമായ ഉദ്യോഗങ്ങളിൽ നിയമിക്കുന്നതിനു ഏർപ്പാടുചെയ്യുകയും ചെയ്തിട്ടുണ്ട്.

ടൌൺ പ്ലാനിംഗ് റിഗ്ലേഷൻ മിസ്റ്റർ ഡാൻ-ന്റെ അഭിപ്രായം അനുസരിച്ചു ചെയ്തിട്ടുള്ള പ്രവൃത്തി.

൧൮. മി. എം. എൻ. പിള്ള (തിരുവനന്തപുരം): ടൌൺ നഗരസ്ഥാപനവിഷയത്തിൽ റിഗ്ലേഷനായ മി. ഡാൻ ചട്ടപ്രകാരത്തിന്റെ നമുക്കുവേണ്ടി തയാറാക്കി ഹാജരാക്കിയിട്ടുള്ള റിപ്പോർട്ടിനനുസരണമായി

---

* അനുബന്ധം ൨.

ഗവർണ്ണർക്കു എന്തു പ്രവൃത്തി ചെയ്തിട്ടുണ്ടു. അതിനെപ്പററി ഇതേവരെ ഒരാലോചനയും നടത്തിയിട്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ചു കഴിയുന്നതും കാലക്ഷേപം കൂടാതെ പ്രവൃത്തികൾ ചെയ്യുന്നതിനു ദയവുണ്ടാകുമോ? ഈ ചോദ്യങ്ങൾ ചോദിക്കുന്നതിനു ഗവർണ്ണർക്കു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ് സെക്രട്ടറി): മി. ഡാൻ ഒരു റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. ഫെബ്രുവരി ഇരുപതിൽ, തെങ്കാശിയിൽനിന്നും കൊച്ചിയിലേയ്ക്കു പോയ്വഴിക്കു മി. ഡാൻ മുൻപിലത്തെ ദിവാൻജി ആവശ്യപ്പെട്ടതനുസരിച്ചു, തിരുവനന്തപുരം സന്ദർശിക്കുകയുണ്ടായി. ഇവിടെ അവർ ഒരു പട്ടണവിസ്തീർണ്ണസ്കീമിന്റെ ആവശ്യകതയെപ്പററി ആലോചന നടത്തുകയും, തിരുവനന്തപുരം വിട്ടതിൽപിന്നീടു സംസ്ഥാനത്തിലുള്ള എല്ലാ പട്ടണങ്ങളിലും, വിശേഷിച്ചു തിരുവനന്തപുരത്തും ആരോഗ്യകരമായ രീതിയിൽ ഒരു ടൗൺ പ്ലാനിംഗ് സ്കീം തയാറാക്കി നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകതയെപ്പററി മി. ഡാൻ ദിവാൻജിക്കവർക്കു കത്തെഴുതുകയും ചെയ്തു. അദ്ദേഹം ഈ വിഷയത്തെപ്പററി ഒരു റിപ്പോർട്ടു തയാർചെയ്തു അയക്കുന്നതിനു ചില കാര്യങ്ങൾ ചെയ്യണമെന്നു അഭിപ്രായപ്പെടുകയും, ആവശ്യമുള്ള പക്ഷം അദ്ദേഹത്തിന്റെ ഇംഗ്ലണ്ടുയാത്രകഴിഞ്ഞതിനു പിന്നീടു ആയതു തയാർചെയ്യണമെന്നു അദ്ദേഹം വാഗ്ദാനം ചെയ്യുകയുംചെയ്തു. ഇതിനു മറുപടിയായി അദ്ദേഹം അവധികഴിഞ്ഞു തിരികെവന്നിട്ടു ഈ സംഗതിയെപററി ഗൌനിക്കാമെന്നു തീരുമാനിക്കയുണ്ടായി. ഇതു കഴിഞ്ഞിട്ടു മിസ്റ്റർ ഡാൻ ഒന്നോരു എഴുത്തുകുത്തുകളും നടത്തിയിട്ടില്ല.

വിദ്യാഭ്യാസഡയക്ടരുടെ ആഫീസിൽ ക്ലർക്കായ മിസ്റ്റർ വി. കേശവൻതമ്പി.

൭൫. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ഇതിനിടെ വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ ക്ലർക്കായിരിക്കുകയും പ്രമോഷൻ അവകാശങ്ങളെല്ലാം കൂടാതെ തടഞ്ഞുവെയ്ക്കുകയും ചെയ്തിട്ടുള്ള മിസ്റ്റർ വി. കേശവൻതമ്പി അടുത്തുണ്ടായ പററുന്നതിനുള്ള ഹർജി കൊടുക്കാൻ ഗിർബന്ധിതനായെന്നു ഗവർണ്ണർക്കു അറിഞ്ഞിട്ടുണ്ടോ?

(ബി) ഗവർണ്ണർക്കു അദ്ദേഹത്തിന്റെ മെമ്മോറിയൽ അനുസരിച്ചു ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ? നടത്തിയിട്ടുണ്ടെങ്കിൽ അതെന്താണ്?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) ക്ലർക്കു സ്വയമേവ തന്നെ ജോലിയിൽനിന്നും പിരിയുന്നതിനു അനുവാദം അപേക്ഷിച്ചതിനാലും യാതൊരുപ്രതിവിധിയും ചെയ്യേണ്ടതാവശ്യമില്ലെന്നു ഗവർണ്ണർക്കു തോന്നിയതിനാലും അതു റിക്കാർഡുചെയ്തു കളഞ്ഞു.

പിറവം പാപ്പാട്ടിപ്പാററോഡു.

൭൬. മി. എ. ജെ. ജോൺ (വയ്ക്കം): (എ) കൊച്ചിസംസ്ഥാനാതിർത്തിയിലുള്ള പിറവംമുതൽ പാപ്പാട്ടിപ്പാറവരെയുള്ളറോഡു പൂർത്തിയാക്കേയാ എന്നു പറയാൻ ഗവർണ്ണർക്കു ദയവുണ്ടാകുമോ?

(ബി) അപ്രകാരം ചെയ്തിട്ടില്ലെങ്കിൽ അടുത്തകൊല്ലം അതായതു ൧൯൩൮-ാമാണ്ടു അവസാനിക്കുന്നതിനുമുൻപു അതു പൂർത്തിയാക്കുന്നതിനാജ്ഞാപിക്കാൻ ഗവർണ്ണർക്കു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കു സെക്രട്ടറി): (എ) മറുപടി പ്രതികൂലമായിട്ടാണ്.

(ബി) ൧൯൩൮-ാമാണ്ടത്തെ ബഡ്ജററിൽ ഈ ജോലിക്കുവേണ്ടി ൧൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടു. ഈ തുകകൊണ്ടു ജോലിതീരുകയില്ലെന്നു ചീഫ്എൻജിനീയർ റിപ്പോർട്ടുചെയ്തിട്ടുണ്ടു. ൧൯൩൮-ാമാണ്ടിൽതന്നെ ഈ ജോലിക്കുവേണ്ടി കൂടുതൽ ഫണ്ടനുവദിക്കുമോഎന്നുള്ളതു ഗവർണ്ണർക്കു ഇപ്പോൾ വിധിയിക്കാൻ നിവൃത്തിയില്ല.

മി. എ. ജെ. ജോൺ. (വയ്ക്കം): ആ ജോലി പൂർത്തിയാക്കുന്നതിനു എത്രമാത്രം രൂപാവേണ്ടിവരുമെന്നു അറിഞ്ഞുകൂടാമോ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കു സെക്രട്ടറി): അനുമതിലഭിച്ചിട്ടുള്ള എസ്റ്റിമേററിന്റെ തുക വുടെ ൧൦ രൂപയാണ്.

മി. എ. ജെ. ജോൺ (വയ്ക്കം): ഇതുവരെ എത്ര ചിലവായിട്ടുണ്ടു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കു സെക്രട്ടറി): ൩൫൭൯ രൂപാ ചെലവായിട്ടുണ്ടു. അടുത്തകൊല്ലത്തേക്കു ൧൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടു.

ചങ്ങനാശേരിയിലെ ടോൾഗേററ്.

൭൭. മി. കെ. കെ. തോമസ് (കോട്ടയം):

(എ) ചങ്ങനാശേരിയിൽ എം. സി. റോഡിൽ തോമസിയാരെ ഒരു ഡബ്ലിയു. ഡി. ടോൾഗേററ് ഉണ്ടെന്നുള്ളവസ്തുത പരമാർത്ഥമാണോ എന്നു പറയാൻ ഗവർണ്ണർക്കു ദയവുണ്ടാകുമോ?

(ബി) തിവല്ലാ വടക്കുനിന്നു ചങ്ങനാശേരിക്കു ടോൾഗേററും ഇപ്പോൾ എടുപ്പിക്കുന്നതാൻ നിശ്ചയിച്ചിട്ടുള്ള ടോൾഗേററും തമ്മിലുള്ള ദൂരമെന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കു സെക്രട്ടറി):

(എ) അങ്ങനെ ഒരു നിശ്ചയം ഉണ്ടായിട്ടില്ല.

(ബി) ഒന്നാംഭാഗത്തിനു ഉത്തരം പറഞ്ഞുകഴിഞ്ഞാൽ ഇതിന്റെ ആവശ്യമില്ലല്ലോ.

അനുബന്ധം ൧.

നമ്പർ-൧൦൦൭ചോദ്യത്തിന്റെ ഉത്തരം.

ആർ. ഒ. സി. എൻ. ഇ. ഇ. ഇ. ൧൯൩൭ നവം ൦-ാം നമ്പർ/ജനികുതി ആദായനികുതി, ജനികുതി കമ്മിഷണരുടെ ആഫീസ് എൻ. ന്യ ജ്ഞാപനപ്രകാരം ൧൯ തിരുവനന്തപുരം.

തിരുവിതാംകൂർ

ആദായനികുതി-ജനികുതികമ്മിഷണർ

എസ്. സി. എച്ച്. റോബിൻസണിൽനിന്നും

തിരുവനന്തപുരംഗവർണ്ണർ

ചീഫ്സെക്രട്ടറിഅവർകൾക്കു.

സർ,

കൊല്ലംഡിവിഷനിൽ, വിശുദ്ധിച്ചും കന്നാഗപ്പള്ളി കാർത്തികപ്പള്ളി എന്നീ താലൂക്കുകളിൽ ഇൻ ഡിപ്പാർട്ടുമെന്റിന്റെ ഭരണറിപ്പോർട്ടിൽ നാലാം ഖണ്ഡികയിൽ ചേർത്തിട്ടുള്ള സ്ഥാവരവസ്തുക്കളുടെ റിപ്പോർട്ടിലെ അസാധാരണമായ കുടിശ്ശികയെപ്പററിയുള്ള എന്റെ ആർ. ഒ. സി. നമ്പർ വസ്തുവ/ ഇ, എൻ ആർ. കൺവെന്റ് ഹൈസ്കൂൾ വസ്തുവിലെ എഴുത്തിന്റെ ഇടപ്പാടായി ഇപ്രകാരം കുടിശ്ശിക വരുത്തിയ സ്ഥാവരവസ്തുക്കൾ ധാരാളം വിൽക്കപ്പെടുന്നതിനുള്ള കാരണങ്ങൾ വിവരിച്ചുള്ള [illegible] കവുവസ്തു ഹൈസ്കൂൾ വസ്തു- ആർ. ഒ. സി നമ്പർ/ [illegible] നമ്പർ റിപ്പോർട്ടിന്റെ ചുരുക്കം [illegible] ചുവടെ ചേർക്കുന്നു. ഈ കുടിശ്ശികയ്ക്കുള്ള കാരണം ആ താലൂക്കുകളിലെ ഉദ്യോഗസ്ഥന്മാർ [illegible] ഡിസംബർ വു-ാം-യിലെ റവന്യൂ വകുപ്പ് നമ്പർ [illegible] ജി. ഒ. ഡിസ് ഉത്തരവുകൾ സ്വീകരിച്ചു കരം കുടിശ്ശികകളുടെ സ്ഥാവരവസ്തുക്കൾ, സംഗമവസ്തുക്കൾ മുഴുവനും കുടിശ്ശിക ഈടാക്കുന്നതിനുവേണ്ട ശ്രമം ചെയ്തതിനുശേഷം, ആ വസ്തുക്കൾ ലേലം ചെയ്തു

ബഡ്ജറ്റിന്റെ സാധാരണ വാദപ്രതിവാദം, (തുടർച്ച),

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഇന്നത്തെ വിഷയത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുൻപായി ബഡ്ജറ്റു വാദപ്രതിവാദം ആരംഭിച്ചപ്പോൾ നടപടികളുടെ കുറിപ്പിലെപ്പറ്റി ഒരു ചെറിയ സങ്കടം പറയുന്നതിനു എഴുന്നേറ്റതാണെന്നു അവതരിപ്പിക്കുന്നു. സി. പി. തരകൻ അവർകളുടെ ഹാജരാക്കപ്പെട്ട 'ഉപഭോഗവസ്തുക്കളുടെ നികുതി' കൽകുന്നതിനു, സർക്കാർ കടന്നാക്രമണം എന്നു പറഞ്ഞു പ്രമേയം കൊണ്ടുവരുന്നതിനു അദ്ധ്യക്ഷനെ അനുവദിക്കാതെ അദ്ദേഹം ചെയ്തതിനെപ്പറ്റി ഞാൻ ചോദ്യം ചെയ്തിട്ടുണ്ടായിരുന്നു. ഞാൻ അന്നു ഹാജരാക്കിയ ആദ്യത്തെ പ്രമേയം സഭയിൽ ഇല്ലാതെയോ ഒക്കെയാണെങ്കിലും ഇന്നു ഗവർണ്ണർ നിശ്ചയിക്കേണ്ടതായുള്ള പ്രമേയങ്ങൾ നോട്ടീസിട്ടതിനു ശേഷമുള്ളതായി ഒരു പ്രമേയം നിയമസഭയ്ക്കു മുമ്പിൽ ഉണ്ടായിട്ടുള്ളതു സ്റ്റാൻഡിംഗ് ഉത്തരവുകളും സ്പഷ്ടീകരിച്ചു ഒപ്പിടുകയുമായിരുന്നതിൽ അവസാനത്തെ ഒന്നു ഏതു ഒപ്പിട്ടു പിന്നീട് ഓരോ സ്റ്റാൻഡിംഗ് ഉത്തരവുകളും നിയമസഭയ്ക്കു പരിശോധിച്ചു സ്റ്റാൻഡിംഗ് ഓർഡർ ഇ എ-൦ വകുപ്പിനെപ്പറ്റി പ്രസ്താവിച്ചു, ഈ നിയമസഭയ്ക്കു [illegible] ഇതിനു [illegible] നടപടികളെപ്പറ്റിയുള്ള [illegible] ഈ സംഗതിയിൽ ഈ സംഗതി വാദപ്രതിവാദവിഷയമാക്കുന്നതിനും മറ്റുമുള്ള [illegible] കാണുന്നു. എന്നുസംബന്ധിച്ചിടത്തോളം, ന്യായമുള്ളതാണെങ്കിൽ ഈ പ്രമേയസംഗതി നടപടികളിൽ [illegible] എന്നുള്ളതു അത്യന്താപേക്ഷിതമായിരിക്കുന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ നിലയ്ക്കു നിയമസഭാനടപടി [illegible] അവസാനപതിപ്പിൽ ഈ ഭാഗംകൂടി ചേർക്കുന്നതിനു നിയമസഭാ സെക്രട്ടറിയോടാജ്ഞാപിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഞാൻ ആ സമയത്തു ഹാജരായിരുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ഒന്നാമതായി പതിപ്പെല്ലാം മെമ്പന്മാർക്കു അയച്ചുകൊടുക്കാവുന്നതുള്ളതു തിരുത്തുകൾ വരുത്തുന്നതിനും, നടപടികളിൽ വിട്ടുപോയിട്ടുള്ള സംഗതികൾ കൂട്ടിച്ചേർക്കുന്നതിനും മാത്രം കിട്ടിയിട്ടുള്ളതാണ്.

മി. പി. കെ. നാരായണപിള്ള ആ സമയം ഹാജരാക്കിയിട്ടുള്ള സംഗതികളിലല്ലെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവ അതിൽ ചേർക്കുന്നതിനു അംഗീകാരത്തിനു പൂർണ്ണാധികാരമുണ്ടെന്നു ഞാൻ സധൈര്യം പ്രസ്താവിക്കുന്നു. മനഃപൂർവ്വം ഒഴിവാക്കിയിരിക്കുന്ന ചില ഭാഗങ്ങൾ വിട്ടുകൂടുകയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ പറഞ്ഞിട്ടുള്ള സംഗതികൾ ചേർക്കുന്നതിനു വിഷമമില്ല. പക്ഷേ മറ്റുള്ള അംഗങ്ങളുടെ അഭിപ്രായങ്ങൾ ചേർക്കുന്നതിനു എനിക്കധികാരമില്ലെന്നതു വിഷമമാണ് ഇവിടെ ഉള്ളതു്.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ തിരുത്തുകൾ കൊടുത്തയക്കുന്ന അവസരത്തിൽ, ലാമെമ്പറിനു സ്വാഭിപ്രായം പ്രസ്താവിക്കേണ്ട ആവശ്യമുണ്ടാകും, നടപടികളിൽ ഏതെങ്കിലും കുറയ്ക്കണമെന്നു ഇതിന്റെ അധികാരികൾക്കു മനഃപൂർവ്വം ഉദ്ദേശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കുഞ്ഞാലി പരമേശ്വരൻപിള്ള (അഡ്വിഷണൽ ഹെഡ്സർക്കാർ വക്കീൽ). ഈ അവസരത്തിൽ എനിക്കു ഒരു വാക്കു പറയേണ്ടതായിട്ടുണ്ടു. സ്റ്റാൻഡിംഗ് ഓർഡർ ഇ എ-൦ വകുപ്പിനെപ്പറ്റി സൂചിപ്പിച്ചതു വാസ്തവമാണ്. പക്ഷേ അതൊരു സാധാരണ ക്രമത്തിനനുസരിച്ചാണ് ചെയ്തതു. അതിനു പ്രകൃതത്തോടുള്ള സാമ്യത്തെപ്പറ്റി സെക്രട്ടറിയോടു സൂചിപ്പിക്കുകയും, അദ്ദേഹം ആ വിവരം അദ്ധ്യക്ഷനെ അറിയിക്കുകയും, അദ്ധ്യക്ഷൻ അതു പരിശോധിച്ചിട്ടു പ്രകൃതത്തോടു ചേരുന്നതല്ലെന്നു അഭിപ്രായപ്പെടുകയുമുണ്ടായി. ഈ കാര്യങ്ങളെല്ലാം സെക്രട്ടറിയേയും അദ്ധ്യക്ഷനേയും എന്നെയും മാത്രം ബാധിക്കുന്ന ഒരു പ്രത്യേകസംഗതിയായിരുന്നു. ഈ സഭയുടെ പരിധിയിൽ അതുൾപ്പെടുത്തിയിട്ടില്ല. ഈ വിവരം ഗവർണ്ണർ-ഗിക്കപതിപ്പിൽ കാണാതിരിക്കുന്നതിനുള്ള സ്പഷ്ടമായ കാരണം അതാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്റ്റാൻഡിംഗ് ഓർഡർ ഇ എ-൦ വകുപ്പിനെ ഞാൻ സകാരണം എതിർക്കുകയും, അദ്ധ്യക്ഷൻ അതു സ്വീകരിക്കുകയുമുണ്ടായി.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ നിങ്ങളുടെ വ്യത്യസ്ഥാഭിപ്രായം ഹാജരാക്കുകയാണെങ്കിൽ ലാമെമ്പർ അദ്ദേഹത്തിന്റെയും ഹാജരാക്കുന്നതാണ്.

നമുക്കു ബഡ്ജറ്റിനെപ്പറ്റിയുള്ള വാദപ്രതിവാദം തുടരാം.

മി. കെ. വി. ടോമയ്യർ (ചീഫ്എൻജിനീയർ): സർ, തിരുവിതാംകൂറിലെ ഉത്തരഭാഗങ്ങൾക്കു അവിടത്തെ ജനങ്ങൾ ഉദ്ദേശിച്ചിരുന്നതുപോലുള്ള ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു എന്നു ചവറ മെമ്പർ എൻ. വി. ജോസഫ് അദ്ദേഹത്തിന്റെ ബഡ്ജറ്റു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ അഭിപ്രായം ശരിയല്ലാ. ഗതാഗതവിഷയത്തിൽ, പ്രത്യേകിച്ചു ഗതാഗതസൌകര്യങ്ങൾ പൂർണ്ണമാക്കിട്ടില്ലത്തതു ഉത്തരതിരുവിതാംകൂറിലും, മദ്ധ്യതിരുവിതാംകൂറിലും ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നതു എപ്പോഴും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്. ഗതാഗതസൌകര്യവിഷയത്തിൽ വഴികൾ നന്നാക്കുന്നതിലും, പുതിയ റോഡുകൾ മുതലായവ കവർന്നതിലും ഏററവും അധികമായ ചെലവു ഉണ്ടായിട്ടുള്ളതു പി. ഡബ്ലിയു. ഡി. ഡിപ്പാർട്ടുമെന്റിനു ആലുവാ, കോട്ടയം, കൊല്ലം എന്നീ മദ്ധ്യതിരുവിതാംകൂറിലുൾപ്പെട്ട ദേശങ്ങളിലാണെന്നും ക്ലാസ്സ്-൨ മുതൽ ക്ലാസ്സ്-൧ വരെയുള്ള ഗവർണ്മെന്റു സ്റ്റോറുകൾ നിന്നും, ക്ലാസ്സ് ൩ മുതലുള്ളതിലെ ഗവർണ്മെന്റിൽ നിന്നും അറിയാവുന്നതാണ്; ആയതു ചെലവു ഗതാഗതസൌകര്യത്തിനു നീക്കിവച്ചിട്ടുള്ള ആകെത്തുകയുടെ വ്യത്യാസം [illegible] ശതമാനവരെ ആയിട്ടുണ്ടു. ഗതാഗതസൌകര്യങ്ങൾക്കായി ക്ലാസ്സ് ൩ മുതൽ ക്ലാസ്സ് ൧ വരെയുള്ള പാർക്കുകളുടെ ചെലവു ആണ്ടിൽ [illegible] രൂപയ്ക്കു, ഇതു ആകെ ചിലവിന്റെ [illegible] ശതമാനവുമാണ്. പക്ഷേ ക്ലാസ്സ് ൨-മുതൽ ക്ലാസ്സ് ൧-മാണ്ടുവരെയുള്ള ചെലവു [illegible] രൂപയും, അതായതു ആകെത്തുകയുടെ [illegible] ശതമാനവുമാണ്

കെട്ടിടങ്ങൾ, ഗതാഗതസൌകര്യത്തിനുള്ള ചെലവു [illegible], ഒപ്പാരജനനന്മയ്ക്കുള്ള മററു ജോലികൾ, കൃഷിനുവേണ്ടിയുള്ള ജോലികൾ മുതലായവയ്ക്കുവേണ്ടി ഗവർണ്മെന്റു [illegible] അനുവദിച്ചിട്ടുള്ള [illegible] രൂപയിൽ [illegible] ശതമാനമായ [illegible] രൂപയോളം ഗതാഗതസൌകര്യവിഷയത്തിലേയ്ക്കു ഉപയോഗിച്ചിട്ടുള്ളതു.

ഗതാഗതസൗകര്യത്തിനും മററുള്ള ജോലികൾക്കുമായി [illegible] ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക ഏകദേശം ൧,൪൯,൧൦൦ രൂപയും, ഗതാഗതസൗകര്യം, [illegible] മുതലായവയ്ക്കുള്ള തുക ഏകദേശം [illegible],൭൫,൦൦൦ രൂപയുമാണ്. ഗതാഗതസൗകര്യങ്ങൾക്കു [illegible] [illegible],൭൫,൦൦ രൂപ [illegible] ഗതാഗതസൗകര്യങ്ങൾക്കും, മററു [illegible] [illegible] [illegible] വേണ്ടി [illegible] ആകെ [illegible] ൨,൦൦,൦൦൦ രൂപയുടെ [illegible] ഗതാഗതസംബന്ധമായ ജോലികൾക്കായി അനുവദിക്കപ്പെട്ടുള്ള [illegible],൪൯,൧൦൦ രൂപയിൽനിന്നു ഇപ്പോൾ [illegible] അവിടുത്തെ, അതായത് [illegible], കൊട്ടാരം, പി. ഡബ്ല്യു. ഡി [illegible] [illegible], [illegible],൭൫,൦൦൦ രൂപയും, മധ്യതിരുവിതാംകൂറിലെ [illegible], പി. ഡബ്ല്യു. ഡിവിഷൻ [illegible] [illegible],൭൫,൦൦൦ രൂപയും, മലബാറിലെ [illegible] [illegible] [illegible], [illegible] [illegible] [illegible] [illegible],൭൫,൦൦൦ രൂപയും കിട്ടുന്നു. ഇടക്കിടയ്ക്കു ഗതാഗതസൗകര്യങ്ങൾ വർദ്ധിക്കുന്നതിലും പുതിയ [illegible] [illegible] [illegible]

[illegible] ശ്രദ്ധയെ വിശദീകരിച്ചിരിക്കുന്നു, ഈ കാര്യത്തിൽ അവസാനമായ തീരുമാനം ഉണ്ടാകുന്നതുവരെ അ[illegible] ജോലി തുടരുന്നു.

[illegible] അന്വേഷണം ഏതാനും കാലത്തേക്കു കൂടി തുടരുകയും ആ സ്കീം വളരെ ചെലവുള്ളതാണെന്നു കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. എന്നാലും [illegible] ഉത്സാഹിക്കുന്ന [illegible] ഉദ്ദേശത്തെ [illegible] ക്കുന്നുണ്ടെന്നും [illegible] ചെയ്യാവുന്ന [illegible] സ്കീം [illegible] ഈ വിഷയം വീണ്ടും [illegible] [illegible] ഇപ്പോൾ [illegible] [illegible] ചെലവു [illegible] [illegible] ചെയ്തിട്ടുണ്ട്. [illegible] ഉദ്ദേശിക്കുന്നതുപോലെ ഈ കാര്യത്തിന്റെ പ്രാധാന്യമായി ബന്ധപ്പെട്ടിരിക്കുന്ന [illegible] കാണുന്നില്ല. [illegible] [illegible] ചെയ്തിട്ടുള്ള [illegible] ഈ വിഷയം [illegible]

ഓരോ [illegible] ഉള്ള [illegible] വിഷയം, പ്രത്യേകിച്ചു റോഡുകൾ [illegible] [illegible] ഡിപ്പാർട്ടുമെന്റിനെ [illegible] [illegible] ഡിപ്പാർട്ടുമെന്റിന്റെ [illegible] [illegible] ചെയ്തു [illegible] ഗവർണ്ണർ [illegible] ചെയ്തതാണ്.

ചക്രഗതാഗതത്തിനു [illegible] പ്രമുഖരായ മി. ജി. ഒ. മാസ്സ് റോഡുകളിൽ ഘർഷണപ്പെടുത്തിയിട്ടുള്ള ചുങ്കത്തുകയും [illegible] [illegible] കരം [illegible] [illegible] ഇതിനെപ്പറ്റിയും പ്രസ്താവിച്ചു. ഈ വിഷയം ഗവർണ്ണറിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. [illegible] ഗണകരമായ ഒരു [illegible] ഞാൻ വിചിന്തനം ചെയ്തുണ്ടായി [illegible] ഒരുതരം [illegible] എന്റെ അഭിപ്രായത്തിൽ [illegible] ഇനിയും വിശദമാക്കപ്പെടാത്തതാണെന്നു തോന്നുന്നില്ല. ഇപ്രകാരം [illegible] ധാരാളമായി [illegible] [illegible] ഉപയോഗിക്കുന്ന വാഹനങ്ങളും ഒരുപോലെ [illegible] [illegible] ഒരു ന്യായമായ [illegible] തോന്നുന്നില്ല. ഗവർണ്ണർ [illegible] [illegible] ഈവക [illegible] [illegible] [illegible]

പുരംഡിവിഷനിൽ നല്ലരേഡ്യോറം ഉള്ളതും ഗ്രാണ്ടു സ്വതന്ത്രമായി ഗതാഗതത്തിനുവിട്ടിട്ടുള്ളതുമായ ഇ ദിപക്ഷവും ഉത്തരതിരുവിതാംകൂറിനും മദ്ധ്യതിരുവിതാംകൂറിനുമായി അനുവദിക്കണമെന്നു കരുതുന്നു.

തിരുവനന്തപുരംഡിവിഷനിൽ കൃഷിസംരക്ഷണവേലകൾക്കു അനുവദിച്ചിട്ടുള്ള തുകയുടെ കുറവിനെപ്പററിയും അതിപ്രാധാന്യം സൂചിപ്പിച്ചിട്ടുണ്ടു. കുമ്പളം, തൊടുകളും നന്നാക്കുന്നതോടു യുദ്ധകാലത്തും ചെയ്തിട്ടുണ്ടു. ഇതായുള്ള ക്രമീകരണങ്ങൾ മുതൽ ക്രമം വരെ ഗ്രാണ്ടിന്റെ ബഡ്ജററിൽ കഴിവുള്ളതുകൾ അനുവദിച്ചിട്ടുണ്ടു. കൃഷിസംരക്ഷണത്തോടുകൂടിയ ക്രമീകരണങ്ങൾക്കു ഗ്രാണ്ടു ൧൦൦ രൂപയും ക്രമീകരണങ്ങൾക്കു ക്രമീകരണങ്ങൾ ക്രമം ൧൦൦ രൂപയുമായിരുന്നു എന്നുള്ളവസ്തുത ഇവിടെ വളരെ പ്രധാനമാണു. ക്രമീകരണ മുതൽ ക്രമം ൧൦൦ വരെയുള്ള തുകകൾക്കു ഖ്യ൧൦൦ രൂപയും ൧൧൦൦ രൂപയും ക്രമം ൧൧൦൦ രൂപയുമായിരുന്നു. ക്രമീകരണങ്ങൾക്കു ക്രമം ൧൦൦൦ രൂപയാണെന്നു ഉല്ലേഖിക്കുന്നു. ക്രമം ൧-ാമാണ്ടത്തെക്കു ക്രമം ൧൦൦ രൂപ ബഡ്ജററിൽ കൂട്ടിച്ചിട്ടുണ്ടു. സംരക്ഷണം നന്നാക്കൽ ആയുധങ്ങൾ ചെടികൾ മുതലായവ നട്ടുപിടിക്കുക ഇതു ചായവസ്തു ക്രമം ൧-ാമാണ്ടത്തേയ്ക്കു അനുവദിച്ചിട്ടുള്ളതുകയ്ക്കു ൧,൧൦൦ രൂപയാണ്.

ബഹുമാനപ്പെട്ട ഗ്രാമപ്രമുഖന്മാരും തോട്ടുകൾ മററുള്ള ഗതാഗതസൗകര്യങ്ങളും മുതലായവയുടെ പരിപ്രേക്ഷ്യത്തിൽ ചർച്ചയ്ക്കു ഗവർണ്ണമെന്റിനെ ഉപദേശിക്കുന്നതിനു ഗതാഗതസംബന്ധമായ, കമ്മിററി ഉണ്ടാക്കണമെന്നു മി. കെ. വി. മാത്തൻമാപ്പിള പ്രസ്താവിച്ചു. ഇതു ഒരുനല്ല നിർദ്ദേശമാണെന്നു ഞാൻ ഇതിനെപ്പററി ചിന്തിച്ചുനോക്കാവുന്നതാണ്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ, ; ഗ്രാമങ്ങൾ സമസ്തിലെ ഗ്രാമപ്രമുഖന്മാരുടെ എൻറെ ഡിപ്പാർട്ടുമെൻറിനെപ്പററി ഗൗരവതരമായ വിമർശനം ഒന്നുമുണ്ടായില്ല ഒന്നര ബുദ്ധിജീവികൾ പൊതുവിൽ കൃഷിക്കാണിച്ചിട്ടുള്ള ഏതാനുംസംഗതികൾ മുഴുവനും ന്യായമല്ലെന്നു അവർ ചൂണ്ടിക്കാണിക്കുന്നു എന്നിക്കു നിശ്ചയമുണ്ടു. ഉദാഹരണമായി കൃഷിഡിപ്പാർട്ടുമെൻറുകൾക്കു ധനപരിപോഷകങ്ങൾ ഡിപ്പാർട്ടുമെൻറുകളുടെ പ്രവൃത്തി ഏതൊരുവിധത്തിലും ഫലവത്തായില്ലെന്നു മി. ഹബീബ് മഹമ്മദ് അഭിപ്രായപ്പെട്ടു. കൃഷിഡിപ്പാർട്ടുമെൻറിലേക്കു നീക്കിവച്ചിട്ടുള്ളതുക മുഴുവൻ ശമ്പളഇനത്തിലും ട്രാവലിംഗ് അലവൻസ് ഇനത്തിലുമായി ചിലവഴിക്കുകയാണെന്നാണ് എൻറെ സ്നേഹിതൻ മി. കെ. കെ. തോമസ് വിചാരിക്കുന്നതു.

മി. കെ. കെ. തോമസ് (കോട്ടയം): "മുഴുവനും" എന്നു ഞാൻ പറഞ്ഞില്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അദ്ദേഹം "മുഴുവനും" എന്നുപറഞ്ഞുകൊണ്ടാണു ഞാൻ വിചാരിച്ചതു.

മി. കെ. കെ. തോമസ് (കോട്ടയം): ഞാൻ "ഭൂരിപക്ഷം മാത്രം" എന്നു മാത്രമേ പറഞ്ഞുള്ളു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഞാൻ അദ്ദേഹത്തിനു നന്ദിപറയുന്നു. എന്തായാലും ഇപ്രകാരം ഒരഭിപ്രായമുണ്ടായതു നമ്മിലെല്ലാവരിലും സർവ്വസാധാരണമായി കാണുന്ന സ്വഭാവവും അതിശയോക്തിചേർത്തു പറയുന്ന സ്വഭാവത്തിന്റെ ഫലമാണെന്നാണു എനിക്കുതോന്നുന്നതു. ഒരുമനുഷ്യൻ തന്റെകേസ് ഹാജരാക്കുമ്പോൾ അയാളുടെ കേസ് കഴിയുന്നതും ബലവത്താക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായാൾ കേസിൽ കഴിയുന്നടത്തോളം കറുത്തിരുണ്ട ചായം പിടിപ്പിക്കുന്നതു സാധാരണമാണ്. പക്ഷെ മിക്ക സമയത്തും ഫലം നേരെ വിപരീതമായിട്ടാണ്. അഭിവൃദ്ധിവിഷയത്തിൽ എൻറെ ഡിപ്പാർട്ടുമെൻറിനു ഒരുലക്ഷംരൂപ അനുവദിക്കണമെന്നു നിങ്ങൾ പ്രത്യേകം അപേക്ഷിച്ചതിനു വേണ്ടി ഞാൻ മി. തോമസിനു നന്ദി പറയുന്നു. എനിക്കു മററാലക്ഷം രൂപ കിട്ടുകയാണെങ്കിൽ അതു നല്ലതിനല്ലാതെ ഉപയോഗപ്പെടുത്താകുന്നതും ഏതെങ്കിലും മഹത്തായ പരിപോഷകപദ്ധതി തയാറാക്കുമെന്നും ഞാൻ അദ്ദേഹത്തോടും സമസ്തിലെ മററുള്ള അംഗങ്ങളോടും തീർത്തുപറയുന്നു.

തിരുവിതാംകൂറിലെ കർഷകർ കടത്തിൽ മുങ്ങിക്കിടക്കുകയാണെന്നും ജന്മിമാരുടെ കടങ്ങളിൽനിന്നും മുക്തരാക്കുന്നതുവരെ കടംകൂടി കൃഷിസംബന്ധമായുള്ള പരിപ്രേക്ഷ്യങ്ങൾ എന്നിവയെപ്പററിയുള്ള കൃഷിഡിപ്പാർട്ടുമെൻറിന്റെ ഉപദേശങ്ങൾ അവർക്കു ഉപകാരപ്രദങ്ങളാകയില്ലെന്നും മി. എൻ. വി. ജോസഫ് ചൂണ്ടിക്കാണിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായം വളരെ പരമാർത്ഥമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. പക്ഷെ ഈ വിഷയത്തെ ഗവർണ്ണമെന്റു നിർദ്ദേശം ഉപേക്ഷിച്ചിട്ടില്ലെന്നുള്ളതും സ്മരണീയമാണു. ഉദാഹരണമായി ഗവർണ്ണമെന്റു പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു. അവ അവരുടെ സംരക്ഷണത്തിലാകയാൽ അവ നടക്കുന്നതും അഭിവൃദ്ധിയെപ്രാപിച്ചുവരുന്നു. ഈസംഘങ്ങൾ കർഷകന്മാർക്കു മററു തൊഴിൽകാർക്കും സാരമായ പരസഹായം ചെയ്തുവരുന്നു. ഈ പരസ്പരസഹായസംഘങ്ങൾ മിക്കവാറും പണംവായ്പകൊടുക്കുന്ന സംഘങ്ങളായി തുടങ്ങിയിട്ടുള്ളതുകൊണ്ടു അവയുടെ പ്രധാനമായ പ്രവൃത്തി കർഷകന്മാരെയും മററു തൊഴിൽകാരേയുമാണു അവരുടെ പ്രവൃത്തികളിൽ സഹായിക്കുന്നതിനു അവർക്കു ധനം കടംകൊടുക്കുകയാണു, പക്ഷെ ഈസംഘത്തിനു കർഷകന്മാർക്കു അല്പസഹായംചെയ്യുന്നതിനെ സാധിക്കുന്നുള്ളു എന്നുള്ളതും പരമാർത്ഥമാണ്. ഇതിനും ഇതിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അതിന്റെവ്യാപ്തി വർദ്ധിപ്പിക്കുന്നതിനുമായി ഗവർണ്ണമെന്റു സൌകര്യങ്ങളുണ്ടെന്നും നാട്ടിലെല്ലാടത്തും പണംവായ്പകൊടുക്കുന്നതും മററുള്ളതുമായ പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കുന്നതിനിടയാകട്ടെന്നും തൻമൂലം പണാകടംവാങ്ങുന്നതിനു ആഗ്രഹിക്കുന്ന ഭൂരിപക്ഷം ആളുകൾക്കു ഈസംഘങ്ങൾ ഉപകാരപ്രദങ്ങളായിത്തീരട്ടെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. പരസ്പരസഹായസംഘങ്ങൾ അതിലെ അംഗങ്ങൾക്കു ചുരുങ്ങിയ അവധിക്കുമാത്രമേ പണം കടംകൊടുക്കുന്നുള്ളു. തിരുവിതാംകൂറിലെ കർഷകജനത്തിനു ഇതു മതിയാകുന്നില്ല. അവരുടെ വസ്തുക്കളെല്ലാം കടക്കാർക്കു പണയാധാരപ്പെട്ടിരിക്കുന്നതുകൊണ്ടു അവ ഒഴിപ്പിക്കുന്നതിനു അവർക്കു ദീർഘകാലത്തേക്കു പണം കടംകൊടുക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ദീർഘകാലത്തേയ്ക്കു പണംകടമായി കൃഷിക്കാർക്കു നൽകണമെന്നുള്ളുദ്ദേശ്യത്തോടുകൂടിയായിരിക്കണം മഹാനായ ഉപാദ്ധ്യക്ഷനും എൻറെസ്നേഹിതനായ മി. മാർട്ടിപ്പിള്ളയും വസ്തുജാമ്യത്തിന്മേൽ പണം കടംകൊടുക്കുന്ന ബാങ്കുകൾ ഏർപ്പെടുത്തണമെന്നു സൂചിപ്പിച്ചതെന്നുതോന്നുന്നു. ഈ വിഷയവും ഗവർണ്ണമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. മദ്രാസിൽ തുടങ്ങിയിട്ടുള്ളവയു

കടലിലിയിൽ വസ്തു മററി ബാങ്കുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെപ്പററി പരസ്പരസഹായസംഘങ്ങൾ രജിസ്ട്രാർ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ധനാപഹരിപ്പാക്കുന്ന ബോർഡ് ഈ വിഷയത്തെപ്പററി വാലപ്രതിവാദംചെയ്ത് പരീക്ഷണമായിട്ട് മാത്രമെങ്കിലും ഈ മാതിരിയുള്ള ഒരു ബാങ്ക് സ്ഥാപിക്കണമെന്നപേക്ഷിച്ചതുകൊണ്ട് ഒരു പ്രമേയം പാസാക്കിയതും ആങ്ങിടയാണെല്ലോ. സമസ്തിയെ മററപക്ഷത്തെ മെമ്പർമാർ ധനപരിപാലനബോർഡിന്റെ പ്രവൃത്തികളെപ്പററി എന്തുതന്നെ വിചാരിച്ചാലും ഈ ബോർഡ് പല ഉപകാരപ്രദങ്ങളായ വിഷയങ്ങളെ പുരസ്കരിച്ചു പല അവസരങ്ങളിലും ആലോചന നടത്തിയിട്ടുണ്ടെന്നും, പിന്നീട് അതിനെപ്പററി വാലപ്രതിവാദം കഴിഞ്ഞിട്ട് അവയെപ്പററി ഗവണ്മെന്റിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും പറയേണ്ടിയിരിക്കുന്നു. വാലപ്രതിവാദവസരത്തിൽ ഈ മാതിരി ഗ്രാമ്യബാങ്കുകൾ വിജയകരമാകുവണ്ണം തിരുവിതാംകൂറിൽ നടത്തിക്കൊണ്ടുപോകുന്നതിൽ വരാവുന്ന വൈഷമ്യങ്ങളെ ചില മെമ്പർമാർ ചൂണ്ടിക്കാണിക്കുകയും, അതിനാൽ ഈ വൈഷമ്യങ്ങളെ ഇല്ലാതാക്കി സ്ഥാപനത്തെ വിജയകരമാക്കാൻ പാടുള്ളതോ എന്നു പരിശോധിക്കുന്നതിനു പരീക്ഷണത്തിനായിട്ട് മാത്രം ഒരു മാതിരി ഒരു ബാങ്ക് സ്ഥാപിക്കണമെന്നു ഗവണ്മെന്റിനോടു അപേക്ഷിക്കുന്നതാണു നല്ലതെന്നു നിർദ്ദേശിക്കുകയുംചെയ്തു.

എന്റെ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുള്ള വാലപ്രതിവാദത്തിൽ ആലോചനയിൽവന്ന മറെറാരു വിഷയം, ഹിസ്റ്റർ സ്നേഹിതൻ മി. ലൊപ്പസ് പ്രസ്താവിച്ചതാണ്. ആഴമുള്ള മത്സ്യം ഉണക്കുന്ന സ്ഥലങ്ങളെപ്പററിയും, തുക്കവരുടെ അവസ്ഥകളെപ്പററിയുമാകുന്നു. കടൽതീരങ്ങളിൽ പലസ്ഥലങ്ങളിലും ധാരാളം മത്സ്യം ഉണക്കുന്ന സ്ഥലങ്ങൾ സ്ഥാപിക്കണമെന്നു മി. ലോപ്പസ് ആവശ്യപ്പെടുന്നു. ഇതു ഒരു നല്ല നിർദ്ദേശമാണ്. ഇതിൽ നിന്നുണ്ടാകുന്ന ഗുണത്തെപ്പററി ഗവണ്മെന്റു മനസ്സിലാക്കിയിട്ടുണ്ട്. എന്തായാലും കൊല്ലങ്ങൾക്കുമുമ്പു കൃഷി-ഡിപ്പാർട്ടുമെന്റു ഈ സംസ്ഥാനത്തെ മത്സ്യവ്യവസായം സ്വന്തമാണെന്നു ഏററെടുക്കുകയിലപ്പോൾ മത്സ്യം ഉണക്കുന്നതിനു തെക്കു ഒരു സ്ഥലംമാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ അതിനു ൯ സ്ഥലങ്ങളുണ്ടു. പുതുതായി സ്ഥാപിക്കുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്തുവരുന്നുമുണ്ടു. പക്ഷേ മത്സ്യം ഉണക്കുന്നതിനുള്ള സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം, ഇവയെ ഗവണ്മെന്റു ഉണ്ടാക്കിയാൽമാത്രംപോരാ. തുക്കവരുടെ ഉപയോഗത്തിനാണു ഏർപ്പെടുത്തിയിട്ടുള്ളതു. അവർ അവയെ വഴിയാംവണ്ണം ഉപയോഗിക്കണം. ഉദാഹരണമായി, മത്സ്യവ്യവസായത്തിൽ തിരുവിതാംകൂറിലുള്ള പ്രധാനസ്ഥലങ്ങളിലൊന്നു ഏററവും വലുതോ അല്ലാത്തപക്ഷം ഒരു പ്രധാനസ്ഥലമോ ആയ കന്യാകുമാരിയിലെ തുക്കവരുടെ അപേക്ഷയ്ക്കനുസരണമായി രണ്ടു കൊല്ലങ്ങൾക്കുമുമ്പു അവിടെ ഒരു മത്സ്യം ഉണക്കുന്ന സ്ഥലം സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതു സുപ്രസിദ്ധമായ ഒരു സംഗതിയാണല്ലോ. അതു ശരിയായി ഉപയോഗിക്കുന്ന രീതിയിൽ ഇപ്പോൾ ഉപയോഗപ്പെടുത്തിവരുന്നില്ലെന്നു വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. അവിടെയുള്ള തുക്കവർ രണ്ടുകക്ഷികളായി പിരിഞ്ഞിരിക്കുന്നതുകൊണ്ടു അവർ തമ്മിൽ എപ്പോഴും ശണ്ഠകൾ ഉണ്ടാകുന്നുണ്ടു. ഒരു കക്ഷിയിലെ മെമ്പർമാർക്കു ആ സ്ഥലത്തു പ്രവേശിക്കണമെന്നു ആഗ്രഹമുണ്ടെങ്കിലും, അവരെ മററുള്ളവർ എതിർക്കുന്നതുകൊണ്ടു അവർക്കു അവിടെ പ്രവേശിക്കുന്നതിനു നിവൃത്തിയില്ല. ആ സ്ഥലത്തു നിയമിച്ചിട്ടുള്ള ഇൻസ്പെക്ടർക്കു തന്റെ ജീവൻ സൂക്ഷിച്ചുകൊള്ളണമെന്നു കാണിച്ചു അവർ ഒരു കത്തു എഴുതുകയും അയക്കുകയും തൻമൂലം അദ്ദേഹത്തിനെ അവർ ഭയപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വിജയകരമായ വിധത്തിൽ ഒരു മത്സ്യം ഉണക്കുന്നസ്ഥലം സ്ഥാപിക്കുന്നതിനു വേണ്ട സൗകര്യങ്ങളുള്ള കന്യാകുമാരിയിലെ അവസ്ഥ ഇതാണു. അതിനാൽ മി. ലോപ്പസ്സിനെപ്പോലെ ജനസ്വാധീനമുള്ള ഒരാളോടു ഞാൻ അപേക്ഷിക്കുന്നതെന്തെന്നാൽ, അവർ തങ്ങളുടെ സഹോദരന്മാരോടു ഈ സ്ഥലങ്ങൾ അവരുടെ നന്മയ്ക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ളവയാണെന്നും, കാട്ടുപൂച്ചകളെപ്പോലെ പരസ്പരം കലഹമുണ്ടാക്കാതെ ആ സ്ഥലങ്ങളെ വഴിയാംവണ്ണം ഉപയോഗിക്കണമെന്നു ഉപദേശിക്കയും ചെയ്യണമെന്നാണ്.

തുക്കവരുടെ സാമ്പത്തികസ്ഥിതി ശോചനീയമായിരിക്കുന്നു എന്നു മി. ലോപ്പസ് പിന്നീടു പ്രസ്താവിച്ചു. തുക്കവരിലെ ഭൂരിപക്ഷംപേരുടേയും ധനസ്ഥിതി തൃപ്തികരമല്ല. ഈ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാർ തുക്കവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനു കഴിയുന്നതെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും പറയേണ്ടിയിരിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ സഹകരണയിലും മേൽനോട്ടത്തിലും തുക്കവരുടെ കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു അനേകം സ്കൂളുകൾ ഏർപ്പെടുത്തുകയും, ചില പരസ്പരസഹായ സംഘങ്ങൾ അവരുടെ ഇടയിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു. ഈ വിദ്യാലയങ്ങളും സംഘങ്ങളും വേമ്പനാട്ടുകായലിന്റെ കരകളിൽ വസിക്കുന്ന വാലന്മാർ എന്നു വിളിക്കപ്പെടുന്ന ഒരുതരം മുക്കുവർക്കു മാത്രം പ്രയോജനകരമായുള്ളവയാണു. ഇതു ഞങ്ങൾക്കവരോടു പ്രത്യേക പക്ഷപാതം ഉള്ളതുകൊണ്ടോ, മറെറുള്ളവരെ ഞങ്ങൾ വ്യത്യാസമായി ഗണിക്കുന്നതുകൊണ്ടോ ഉണ്ടായിട്ടുള്ളതല്ല. ഞങ്ങളുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നവരും, ഞങ്ങളുടെ ഉപദേശങ്ങൾക്കനുസൃതം ഗുണപ്പെടുന്നവരും വാലന്മാരാണെന്നു ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ടു ധനസംബന്ധമായും സാമുദായികമായുമുള്ള ഞങ്ങളുടെ ശ്രമങ്ങൾ വടക്കൻതിരുവിതാംകൂറിലുള്ള വാലന്മാരെമാത്രമേ സംബന്ധിക്കുന്നുള്ളു. പക്ഷേ തെക്കൻതിരുവിതാംകൂറിലും ഇപ്രകാരമുള്ള ശ്രമങ്ങൾ ചെയ്യുന്നതിനു ഞങ്ങൾ തയ്യാറുണ്ടു. ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ തെക്കൻതിരുവിതാംകൂറിലെ കടൽതീരത്തു വസിക്കുന്ന ക്രിസ്ത്യാനികളുടെ ഇടയിൽ ഈ പരസ്പരസഹായസംഘം സ്ഥാപിക്കുന്നതിനു ശ്രമിച്ചു. പക്ഷേ അതു വിജയകരമായി പരിണമിച്ചില്ല. ഞാൻ മി. ലോപ്പസ്സിനോടും അദ്ദേഹത്തിനെപ്പോലെയുള്ള മററു മഹാന്മാരോടും അപേക്ഷിക്കുന്നതു ഇപ്രകാരമാണ്. ധനസംബന്ധമായും സാമുദായികമായും വ്യാവസായികസംബന്ധമായും അവർക്കു അഭിവൃദ്ധി സിദ്ധിക്കുന്നതു മത്സ്യം ഉണക്കു സ്ഥലങ്ങൾ, പരസ്പരസഹായസംഘങ്ങൾ, മുതലായവയുമുണ്ടാകുന്നു, ഗവണ്മെന്റു ഈ സംഗതികളിൽ അവർക്കു നൽകിയിട്ടുള്ള സൗകര്യങ്ങൾ അവർ വഴിയാംവണ്ണം ഉപയോഗിച്ചു ഫലപ്രദമാക്കിത്തീർക്കുന്നതിനു, തക്കതായ ഉപദേശങ്ങൾ നിങ്ങൾ നൽകണമെന്നാണ്. ഇതു സംബന്ധിച്ചു ജനങ്ങളിൽനിന്നും തക്കതായ സഹകരണവും, അവരുടെ നായകന്മാരുടേയും അവരുടെ ഇടയിലുള്ള മഹാന്മാരുടേയും ഹാർദ്ദവമായ ഒത്തുചേരലും ഉണ്ടെങ്കിൽ മത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റു തുക്കവരുടെ ധനസംബന്ധമായും സാമുദായികമായുമുള്ള സ്ഥിതി അഭിവൃദ്ധമാക്കുന്നതിനു പര്യാപ്തമായിത്തീരുമെന്നുള്ളതു എനിക്കു നിശ്ചയം ഉണ്ടു.

മി. കെ. കെ. തോമസ് (കോട്ടയം): ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിൽ എന്തു ശതമാനമാണു സ്ഥാപനം, കണ്ടിൻജൻസി ചെലവു മുതലായവയല്ലാതെ അഭിവൃദ്ധി വിഷയത്തിനു ചിലവാക്കിയിട്ടുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഇക്കാര്യം ഇന്നതാണെന്നു ഇപ്പോൾ പറയാൻനിവൃത്തിയില്ല.

മി. കെ. കെ. തോമസ് (കോട്ടയം): കൃഷിവകുപ്പിൽ ഞങ്ങൾ സ്ഥാപനത്തിനുള്ള ചെലവുമാത്രമേയുള്ളുവെന്നുള്ളതു. പരീക്ഷണത്തിനു ഇത്ര പണം പ്രത്യേകം കരുതിയിട്ടില്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മെംബർ എന്താണുദ്ദേശിക്കുന്നതെന്നതിനെ സൂക്ഷ്മമായി മനസ്സിലാകുന്നില്ല. സംരക്ഷിത വനങ്ങളിൽനിന്നു ൧൦,൦൦൦ ഏക്കർസ്ഥലം കൃഷിവകുപ്പു ഡിപ്പാർട്ടുമെന്റു ഏറ്റുകഴിഞ്ഞോ എന്നോണോ മെംബർ ഉദ്ദേശിക്കുന്നതു? ഞങ്ങൾ കർഷകന്മാരുടെ അവരുടെ സാധാരണ കൃഷി നഷ്ടമില്ലാതാക്കുന്നതിനുള്ള മാർഗ്ഗം ഉപദേശിക്കാനാണു ഇപ്പോൾ ശ്രമിക്കുന്നതു്, കൂടുതൽ രീതിയിൽ സ്പെഷ്യൽകൃഷിയോ, മറ്റേതെങ്കിലും കൃഷിയോ നടത്തുന്നതിനുള്ള സ്കീം ഞങ്ങൾ ഇപ്പോൾ തുടങ്ങിയിട്ടില്ല. അതുകൊണ്ടാണു്, ഞാൻ പറഞ്ഞതു്, "ഒരു ലക്ഷം രൂപ കൃഷി അനുവദിക്കയാണെങ്കിൽ——കൂട്ടത്തിൽ——————."

മി. കെ. കെ. തോമസ് (കോട്ടയം): ഏതായാലും ഗ്രാമസ്ഥന്മാരുടെ കമ്പളം, സക്കിട്ടുപടി മുതലായവ കൂടാതെ എത്ര ശതമാനം ചെലവു വരുന്നുണ്ടെന്നു ഡയറക്ടർക്കു പറയാൻ നിവൃത്തിയില്ലെന്നു ഞാൻ വിശ്വസിക്കട്ടെയോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷി-മത്സ്യവ്യവസായ ഡയറക്ടർ): കമ്പളം, സക്കിട്ടുപടി മുതലായവയ്ക്കുമേലും ചിലവാകുന്ന തുക ബഡ്ജറ്റിൽ കാണിക്കുന്നതാണു്. മാതൃകാത്രൂപത്തിൽ കൃഷിചെയ്യുന്നതിനു ഉള്ള ചെലവു പരീക്ഷണത്തിൽ ചേർക്കുന്നതാണു്.

മി. കെ. കെ. തോമസ് (കോട്ടയം): മാതൃകാതോട്ടങ്ങൾക്കു പ്രത്യേകചെലവുകൾ ഉണ്ടല്ലോ.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷി-മത്സ്യവ്യവസായ ഡയറക്ടർ): എന്റെ സ്നേഹിതൻ ബഡ്ജറ്റിന്റെ ആ ഭാഗം മനസ്സിലാക്കി വായിച്ചിട്ടില്ലെന്നു എനിക്കു തോന്നുന്നു.

മി. ഒ. കെ. പിള്ള (കുന്നംഗപ്പള്ളി): ഒരു ലക്ഷം രൂപാ അനുവദിക്കയാണെങ്കിൽ അതിനേക്കാൾ ഉള്ള ചെലവിൽ കൂടുതൽ രൂപീകരിക്കാമെന്നു ഡാക്ടർ കുഞ്ഞൻപിള്ള പറയുന്നു. പക്ഷേ ആദ്യം പണം ആവശ്യപ്പെടുകയും, പിന്നീടു ചെലവിൽ കൂടുതൽ തയാറാക്കുകയുമാണോ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം നടപ്പുള്ള രീതി?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷി-മത്സ്യവ്യവസായ ഡയറക്ടർ): എന്റെ അധീനത്തിലുള്ള പണം ഉപയോഗപ്പെടുത്തി സാധിക്കാവുന്നതെല്ലാം ചെയ്തിട്ടുണ്ടു്, മിസ്റ്റർ ഹാബീബ് മഹമ്മദ് പറഞ്ഞതിനു മറുപടി, ഈ സ്കീം ഒരു അതിശയമാക്കിയാണെന്നും, എന്റെ കൈവശമുള്ള പണംകൊണ്ടു ഞാൻ കഴിയുന്നതു ചെയ്തുകഴിഞ്ഞു എന്നുമാണു് മറുപടി പറഞ്ഞതു്.

മി. ഒ. കെ. പിള്ള (കുന്നംഗപ്പള്ളി): ഡാക്ടർ കുഞ്ഞൻപിള്ള ഒരു ലക്ഷം രൂപാ ആവശ്യപ്പെടുന്നതിനുമുമ്പാവ്, അദ്ദേഹം ഏതെങ്കിലും പദ്ധതി തയാറാക്കിയിട്ടുണ്ടോ എന്നുള്ള സംഗതി അറിയണമെന്നു എനിക്കു അഭിപ്രായമുണ്ടു്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷി-മത്സ്യവ്യവസായ ഡയറക്ടർ): ഞാൻ തൽക്കാലം കൂടുതൽ പറഞ്ഞു് ആവശ്യപ്പെട്ടിട്ടില്ല. പക്ഷേ ഡെവലപ്പ്മെന്റു സ്കീമിനു ഒരു ലക്ഷം രൂപ ചിലവാക്കേണ്ടതാണെന്നു് മിസ്റ്റർ തോമസ് പറഞ്ഞു. ആ തുക അനുവദിക്കുകയാണെങ്കിൽ ഒരു വലുതായ ഡെവലപ്പ്മെന്റു സ്കീം തയാറാക്കി ജോലിനടത്തുന്നതിനുവേണ്ടി ആ പണം വിനിയോഗിക്കാം എന്നുമാത്രമേ ഞാൻ മറുപടി പറഞ്ഞുള്ളു.

മി. ജെ. ധർമ്മശാസ്ത്രിപ്പിള്ള (ചാലക്കുടി): സർ, ഗവൺമെന്റു ഡിപ്പാർട്ടുമെന്റിനെപ്പററി എനിക്കു അധികം ഒന്നും പറയാനില്ല; എന്നാലും ചെറുതോണി വാരിപ്പുവിവാരാവസ്ഥയിൽ സമയത്തു മറുപടിക്കാർ പ്രസ്താവിച്ചു ഒന്നുകൂടി സംഗതി ഒന്നുകൂടി . നിന്നു സ്വല്പം പറയാനുണ്ടു് സംരക്ഷിതവനങ്ങളിൽ കന്നുകാലി മേയ്ക്കുന്നതു വിഷയത്തിൽ ചില വൈഷമ്യങ്ങളുണ്ടെന്നു മിസ്റ്റർ സബ്ബയ്യർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. തിരുവിതാംകൂറിലെ കന്നുകാലികൾ സംബന്ധിച്ചിടത്തോളം യാതൊരു വിഷമങ്ങളുമില്ലെന്നു ഞാൻ ഈ സഭയിൽ പല അവസരങ്ങളിലും തീർത്തു പറഞ്ഞിട്ടുണ്ടു്. ജോലി നടത്തുവാനുള്ള തോട്ടങ്ങളിലും കൂപ്പുകളിലുമൊഴിച്ചു മററുള്ള സംരക്ഷിതവനങ്ങളിലെല്ലാം ഇന്നു ഗവൺമെന്റു നിയമവിധേയമായി മേയ്ക്കുന്നതിനനുവാദം നൽകിയിട്ടുണ്ടു്. പക്ഷേ പുളിനെയുമുള്ള ചില സ്ഥലങ്ങൾ അനുഭവിക്കുന്ന കഷ്ടപ്രാപ്തിയെപ്പററിയായതിനാൽ അതു ഗ്രഹിച്ചിട്ടുണ്ടു്. മുമ്പു ഗവൺമെന്റു ഞാൻ അറിയിച്ചതിൽ കൂടുതൽ അളവുകൾ പുളിയോ സാരിക്കുവേണ്ടി കന്നുകാലികളെ അയയ്ക്കുന്നതിനുള്ള വിഷമങ്ങളെപ്പററി എന്നോടു പറയുകയുണ്ടായി. അവർ കന്നുകാലികളെ അയയ്ക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സ്ഥലത്തു അപ്പോൾ കസ്റ്റപ്പിസ് സിസ്റ്റം അനുസരിച്ചു ജോലിനടന്നുവന്നതിനാൽ അവിടെ കന്നുകാലികളെ അയയ്ക്കുന്നതു നന്നല്ലെന്നു അവർ മനസ്സിലാക്കി. എന്നെ കണ്ടു് അവിടെ വൃക്ഷങ്ങളെ നശിപ്പിച്ചുതുടങ്ങിയതിനെപ്പററിയാണു് മുറിച്ചിരിക്കുന്നതു്, ഇതു അവിടത്തിനിന്നും പുതിയതായ മുളകൾ വിണ്ടും ഉണ്ടാകുന്നതിനു തടസ്സമുണ്ടാക്കുന്നു എന്നു അറിയിച്ചു. അങ്ങനെയുള്ള സ്ഥലത്തു കന്നുകാലികളെ അയയ്ക്കുകയാണെങ്കിൽ, സ്വാഭാവികമായി അവ മുളകളും തളിരിലകളും നശിപ്പിക്കുകയും തൻമൂലം പുതിയ വൃക്ഷങ്ങളെ കാടുകൾ നശിക്കുകയും ചെയ്യാൻ ഇടയുണ്ടു്. ആയതുകൊണ്ടു കന്നുകളുണ്ടാകുന്നതിനു പോലുണ്ടായതാണു്, കുറേനാൾ അവ കാടുകൾ കന്നുകാലിമേയ്ക്കലിൽനിന്നും തടഞ്ഞുപ്പെട്ടിരിക്കുന്നതു്. അതു അഞ്ചു കൊല്ലത്തേയ്ക്കോ, പിന്നെ കൊല്ലത്തേയ്ക്കോ, ഒരു പക്ഷേ ഇരുപതു കൊല്ലത്തേയ്ക്കോ വേണ്ടിവരുന്നതായാലും; എന്നാൽ ആ സ്ഥലത്തിന്റെ രീതി അനുസരിച്ചു നിർണ്ണയിക്കാൻ പാടുള്ളു. ഇപ്പോൾ ഒരിക്കലും അഞ്ചു കൊല്ലത്തിൽ കവിഞ്ഞുപോകുന്നില്ല. അതുകൊണ്ടു് തിരുവിതാംകൂറിലെ കന്നുകാലികളെ മേയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഈമാതിരി കൃഷിയുള്ള തോട്ടങ്ങളിലല്ലാതെ വിഷമങ്ങൾ യാതൊന്നും കാണുന്നില്ല. തോട്ടങ്ങളിൽ യാതൊരു ധനം വ്യയം ചെയ്തതിനുപിന്നീടു അവയ്ക്കു കന്നുകാലികളെ മേയ്ക്കാൻ ഒരുവിധത്തിലും അനുമതിനൽകാൻ പാടില്ലല്ലോ.

പിന്നീടു് കർഷകരുടെ ഒടുക്കത്തിനെ സംബന്ധിച്ചു ഞങ്ങൾ അനുഭവിക്കുവരുന്ന കഷ്ടതകളെപ്പററി എന്റെ സ്നേഹിതൻ മിസ്റ്റർ ടി. കെ. മാത്യു പ്രസ്താവിച്ചു. അതു സ്വാഭാവികമായി ഉണ്ടാകാവുന്ന ഒരു ആപത്തിയാണു്. ഇതു ഒന്നോ രണ്ടോ ദിവസത്തെ പ്രവൃത്തിയുടെ ഫലമല്ല. ൧൦ വർഷം—മാണ്ടു കഴിഞ്ഞതിൽപിന്നീടു് ഞങ്ങൾ കുടിവിട ഒടുക്കിവരുന്നതേയുള്ളു. എന്തായാലും യാതൊരു പണം ഈ ഇനത്തിൽ കുടിശ്ശികയായി കിട

ച്ചുണ്ടെന്നു ഗവർണ്ണമെന്റു അറിഞ്ഞിരിക്കുന്നതിനാൽ അവർ ഇതിനു ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിനു ഉത്സാഹിച്ചുവരുന്നുണ്ട്. ഇക്കൊല്ലത്തെ ബഡ്ജററിൽ ഞാൻ ൩ ൦ ൦ ൦ ൦ രൂപ കൊള്ളിച്ചിട്ടുണ്ട്. ഗവൺമെന്റു പിന്നീടു ൪ ൦,൦ ൦ ൦ രൂപകൂടി അനുവദിക്കുകയുംചെയ്തു. ഇങ്ങനെ ഒരു ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിലുണ്ടായിട്ടുള്ള കൂടുതൽ ജോലി നിർവ്വഹിക്കുന്നതിലേയ്ക്കു ൩ ഗുമസ്തന്മാരേയും ഗവൺമെൻറു അനുവദിച്ചിട്ടുണ്ട്. പ്രസ്തുതകാര്യത്തിൽ ഞങ്ങൾ ഇക്കൊല്ലം പുരോഗതിയെ പ്രാപിച്ചുവരുന്നു. ൨ ൦ ൦ ൦ രൂപ ഇന്നേവരെ കൊടുത്തുതീർത്തിട്ടുണ്ട്; മിക്കവാറും മററുള്ള ൧൪ ൦ ൦ ൦ രൂപ ഈ കൊല്ലത്തിന്റെ അവസാനത്തിനുമുമ്പു നടച്ചുതീർക്കുന്നതാണ്.

കുടിശിക കുടിശികകൾ താമസിച്ചടച്ചുതീർക്കുന്നതിന്റെ ഉദ്ദേശ്യം കാലാവധിറസീതുകൾമൂലം ഗുണം സിദ്ധിക്കണമെന്നുള്ളതാണെന്നു അനേക മെംബർമാർതന്നെ സന്ദർഭവശാൽ സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ഈ വിഷയത്തിൽ കാലാവധിറസീതുകൾമൂലം ഗുണംനടക്കണമെന്നു ഈ ഡിപ്പാർട്ടുമെൻറിനോ ഗവൺമെൻറിനോ ഉദ്ദേശ്യമില്ലെന്നുള്ള ഉ മിസ്റ്റർ മാത്യു വിങ്ങനോടും ഈ സഭയ്ക്കുനോടും ഞാൻ തീർത്തുപറയുന്നു. ഏതിനെങ്കിലും അവകാശികൾ ഉണ്ടെന്നുകാണുന്നപക്ഷം അവ അവർക്കു നൽകുന്നതാണ്. എന്നാൽ ഇക്കാര്യത്തിലുള്ള കൈവശത്തിനു എന്തെന്നാൽ, ദീർഘകാലമായി നിലനിന്നുപോരുന്ന അവകാശങ്ങൾ വഴിയാംവണ്ണം നിർണ്ണയിക്കുക എന്നുള്ളതു അത്ര സുസാധകമല്ലെന്നുള്ളതാണ്. ഓരോരുത്തരുടേയും അവകാശത്തെപ്പററി പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇതിനു വിഷമതയുണ്ട്. ഇതിനു ദീർഘകാലം വേണ്ടിവരുന്നതും സ്വാഭാവികമാണ്.

വനങ്ങളെ സംരക്ഷിച്ചിട്ടുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിനാൽ സ്ഥാപിതമായ നയം പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുന്നില്ലെന്നും മെംബർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറു ഗവൺമെൻറിന്റെ സ്ഥിരമായ നയത്തിൽനിന്നും വ്യതിചലിച്ചു പ്രവർത്തിച്ചിട്ടില്ലെന്നും, ഗസററിൽ ആപ്പോഴപ്പോൾ കാണുന്ന പരസ്യങ്ങൾ ഗവൺമെൻറു സംരക്ഷിതവനത്തിൽ ഉൾപ്പെടുത്തുന്നതിനു ഉദ്ദേശിച്ചുകഴിഞ്ഞതിട്ടുള്ള വസ്തുക്കളെ സംബന്ധിച്ചുമാത്രമുള്ളവയാണെന്നും കഴിഞ്ഞ തവണ ഞാൻ സഭയ്ക്കുമുൻപാകെ പ്രസ്താവിച്ചിട്ടുണ്ട്. ഞങ്ങൾ ഇപ്പോൾ പുതിയ സ്ഥലങ്ങളൊന്നും സംരക്ഷിതവനത്തിലേക്കു ചേർക്കുന്നില്ല; ജോലി തീർക്കുന്നതിനു നേരിടുന്ന താമസം ഒരു കീഴുദ്യോഗസ്ഥന്റെ കുറവുകൊണ്ടാണ്. ഇതേവരെ കീഴുദ്യോഗസ്ഥന്റെ ജോലി ചെയ്തുപന്നിരുന്നതു ദിവാൻപേഷ്കാരനായിരുന്നു. പക്ഷെ അവരുടെ മററുള്ള ജോലിത്തിരക്കുകൾനിമിത്തം അവർക്കു ഈ ജോലി ശരിയാംവണ്ണം നിറവേററുന്നതിനു സാധിച്ചില്ല. അതുകൊണ്ടു കുടിശികകൾ വർദ്ധിക്കയാൽ ഒരു കീഴുദ്യോഗസ്ഥനെ നിയമിക്കുന്നതിനു ഗവൺമെൻറിനു ഭയവുണ്ടായിട്ടുണ്ട്. അതിനാൽ താമസംവിനാ, കൂടുതൽ സ്ഥലം റിസർവിൽ ഉൾപ്പെടുത്തുന്നു എന്നുള്ള ഈവലാതികൾ അശേഷം അവസാനിക്കുന്നതാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ഗവൺമെൻറു അക്കൗണ്ടന്റ് ജനറൽ സിക്രട്ടറി): സർ, എന്റെ ജോലികളെപ്പററിയുള്ള പ്രസ്താവനകൾക്കു ഞാൻ മെംബർമാർക്കു കൃതജ്ഞത പ്രകാശിപ്പിക്കുകൊള്ളുന്നു ബഡ്ജററിനെപ്പററി ചെലവേയുള്ള വാദപ്രതിവാദാവസരത്തിൽ അനുദ്യോഗസ്ഥസാമാജികന്മാരാൽ ഹാജരാക്കപ്പെട്ടിട്ടുള്ള പല സംഗതികൾക്കും ഉദ്യോഗസ്ഥസാമാജികന്മാർ മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുന്നതിനാൽ ആ പ്രസംഗങ്ങൾക്കു അനുബന്ധമായി എനിക്കു സ്വല്പംമാത്രമേ പറയാനുള്ളു.

വരവിനങ്ങളെ സംബന്ധിച്ചാകട്ടെ, ബഡ്ജററു എസ്റ്റിമേററുകൾക്കും ഇക്കൊല്ലത്തെ നവീകരിച്ചിട്ടുള്ള എസ്റ്റിമേററുകൾക്കും തമ്മിലുള്ള യോജിപ്പില്ലായ്മയെപ്പററി മിസ്റ്റർ കെ. കെ. താമസ്സ് ഇങ്ങനെയുള്ള മററു മെംബർമാർ സൂചിപ്പിച്ചിട്ടുണ്ട്. ഈ സംഗതിയിൽ ൧൯൨൯ പോമാണ്ടിലെ കയ്യററിയിട്ടുള്ള പൂർണ്ണസംഖ്യകൾ ൨ ൦ ൦ ലക്ഷം രൂപയാണെന്നും, ഇക്കൊല്ലത്തെ നവീകരിച്ച എസ്റ്റിമേററു ൨ ൦ ലക്ഷം രൂപയാണെന്നു ഒരു സംഖ്യയാണുദ്ദേശിക്കുന്നതെന്നും ഓർക്കേണ്ടതാണ്. ഈ രണ്ടുസംഖ്യകളും തമ്മിലുള്ള വ്യത്യാസം ൧൦ അരലക്ഷം രൂപയാണ്. തറവിലയിൽ കിട്ടാനുള്ള കൂടുതൽവരവ്, കരപ്പു, കണ്ടുകെട്ടു ഇവയിലുള്ള ചുങ്കത്തിന്റെ കുറവ്, തീരുവ, സ്റ്റാമ്പു, രജിസ്ട്രേഷൻ, പലിശ മുതലായ വരവുകൾക്കെതിരായി കുറയിക്കേണ്ടുന്ന വരവിന്റെ കുറവു, ആദായനികുതി മുതലായവയാണ്. ൧൯൨൯ പോമാണ്ടിൽ നിന്നുമുണ്ടായ കൂടുതലിനുള്ള കാരണം. ഓരോ നവീനവർഷത്തേയും ബഡ്ജററു രൂപീകരിക്കുന്നതു, അതായതു കൊല്ലത്തിലെ ആദ്യത്തെ ഏഴോ ഒൻപതോ മാസങ്ങളിലെ പിരിവുകളുടെയും, മുൻകൊല്ലത്തിലെ മൂന്നോ നാലോ മാസങ്ങളിലെ തീരുമാനമനുസരിച്ചുള്ള വരവിന്റേയും അടിസ്ഥാനപ്പെടുത്തിയാണ്. തീരുമാനിക്കപ്പെടുകയ്ക്കു ആസമയത്തു ലഭിക്കുന്ന ഏററവും പുതിയതുകളെയാണു കണക്കാക്കിയാണ് തിട്ടപ്പെടുത്തുന്നതു.

ഇടപാടുവസ്തുക്കൾ ആദായനികുതിയെ സംബന്ധിച്ചിടത്തോളം അനുഭവിച്ചുവരുന്ന പ്രത്യേകഭാഗത്തെപ്പററിയുള്ള കൈക്കോടതിയുടെ തീരുമാനം ആദായനികുതി ബഡ്ജററു രൂപീകരിച്ച അവസരത്തിൽ അറിഞ്ഞതില്ല. ഇക്കൊല്ലത്തിലാണ് ഡഡ്ലിപൌണ്ടിന്റെ സ്ഥാനത്തു ആൾവെർഡ്ലിപ്പാവ്പൌണ്ടു പുകയിലയ്ക്കു ചുങ്കം ചുമത്തുന്ന വിഷയത്തിൽ ഉപയോഗപ്പെടുത്തിത്തുടങ്ങിയതു്. നല്ലതുകിഴിച്ചു കയററുമതിച്ചുങ്കം കണ്ടു ഒന്നുക്കു ൬ ഡ്രാ. രൂപയിൽനിന്നും ൧ ൦ ഡ്രാ. രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടു. തീരുവകളിൽനിന്നും കൂടുതൽ വന്നുചേരുന്നതുകൾ ഈ രീതിയിൽ ഇക്കൊല്ലത്തെ ബഡ്ജററു രൂപീകരണാവസരത്തിൽ മുൻകൂട്ടി അറിയുന്നതിനു നിവൃത്തിയില്ലായിരുന്നു. ഇതുകൂടാതെ ആദായനികുതിയിലെ ചില സംഗതികൾ ശീതോഷ്ണാവസ്ഥയുടെ ഭേദഗതികൾ മുതലായി മനുഷ്യർക്കു അറിഞ്ഞാൽ നിവൃത്തിയില്ലാത്ത പലകാരണങ്ങളാൽ ഭേദപ്പെടേണ്ടി വന്നിട്ടുണ്ട്. ബഡ്ജററു എസ്റ്റിമേററിനു നവീകരിച്ച എസ്റ്റിമേററുകൾക്കുതമ്മിൽ വ്യത്യാസം ഉണ്ടാകുക എന്നുള്ളതു് തിരുവിതാംകൂർ ബഡ്ജററിൽമാത്രം നടന്നുവരുന്ന ഒരു പ്രത്യേക സംഗതിയല്ല; മററു പലസ്ഥലങ്ങളിലും ഇപ്രകാരം സംഭവിക്കാറുണ്ട്. ഉദാഹരണമായി ഇന്ത്യാഗവൺമെൻറു ൧൯൨൯-൩൦ മാണ്ടുമുതൽ ൧൯൨൯-൩൧ മാണ്ടുവരെ ൧൨ ലക്ഷം രൂപാ വർദ്ധനവുണ്ടെന്നു ബഡ്ജററിൽകൊള്ളിക്കുകയും, എന്നാൽ സൂക്ഷ്മമായി ൪ കോടി രൂപ ചെലവാക്കുകയും ചെയ്തു എന്നുള്ളവസ്തുത ൧൯൨൯ മുതൽ ൧൯൨൯ വരെയുള്ള ഇന്ത്യാഗവൺമെൻറു ബഡ്ജററിൽനിന്നും ഗ്രഹിക്കാവുന്നതാണ്. ഏതായാലും നമ്മുടെ വ്യത്യാസം വളരെക്കുറഞ്ഞ ഒരു ശതമാനം മാത്രമേ ആകുന്നുള്ളു. ഈ ഗതിയിൽ വ്യത്യാസങ്ങൾ ഒഴിച്ചുകൂട്ടാൻ പാടില്ലാത്തവയുമാണ്.

വരുന്നതുകൊല്ലത്തിലും ഏന്നു അറുലക്ഷം രൂപാവരെ മിച്ചപ്രതീക്ഷയുണ്ടെന്നു കുമാരൻ അവർകൾ പ്രസ്താവിച്ചിട്ടുണ്ട്. ചരക്കു വരവു് ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ കൂടുതലുണ്ടായതിനു കാരണങ്ങൾ ഇന്നവയാണെന്നു മെമ്പർ പ്രസ്താവിച്ചിട്ടില്ലാത്തതിനാൽ അതു് ഒരുപക്ഷേ ഒരു ഉത്സവം മാത്രമാണെന്നു ഞാൻ വിചാരിക്കുന്നുള്ളു. ഇനിക്കുതിമുകളുള്ള വരവു വളരെ വർദ്ധിക്കുന്നതിനു നിവൃത്തിയില്ല. ആകെയുണ്ടായ ഏകദേശം ഒന്നര ലക്ഷം രൂപയായിരുന്നു. ഇതു് ഗണ്യമായി കുറഞ്ഞുവരികയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അടുത്തകൊല്ലം പരുത്തിഗ്രേഡിങ്ങിൽ ഏതെങ്കിലും വർദ്ധന ഉണ്ടാകുമോ എന്നറിഞ്ഞാൽ നന്നായിരുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് ഗ്രേഡിംഗ് ഫിനാൻഷ്യൽ സിക്രട്ടറി): ഈ ഇനത്തിൽ ഡെപ്യൂട്ടി സിറായി സൂക്ഷിച്ചിരിക്കുന്നതിനാൽ അതിൽനിന്നും ഇതുവഴി യാതൊന്നും കിട്ടാൻ ഇടയില്ല.

മി. സി. പി. തൊമ്പ്രക്കുട്ടിപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഡിപ്പോസിറ്റ് പണിയത്തിചാക്കിയാകട്ടെ.

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് ആക്ടിംഗ് ഫിനാൻഷ്യൽ സിക്രട്ടറി): അതു് കണ്ടറിയേണ്ട ഒരു സംഗതിയാണ്.

മി. സി. പി. തരകൻ (കുന്നത്തൂനാട്): ചെലവെപ്പറ്റി എന്തു പറയുന്നു?

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് ആക്ടിംഗ് ഫിനാൻഷ്യൽ സിക്രട്ടറി): ഇപ്പോൾ ഡെപ്യൂട്ടി സിറുകൾക്കു ചെലവു യാതൊന്നുമില്ല. ഒരു സാധാരണവർഷമായ ഏതിൽ-ാമാണ്ടിൽ ഏതു് ലക്ഷം രൂപയായിരുന്നു ഉല്പന്നിക്കുതി ഏകദേശം-ാമാണ്ടിൽ ഏന്നു് ലക്ഷം രൂപയായി കുറഞ്ഞിട്ടുണ്ട്. മത്സ്യവ്യാപാരം ധാരാളം അഭിവൃദ്ധിയെ പ്രാപിക്കുകയും, സ്വാഭാവികമായുള്ള കാരണങ്ങളാൽ അതിന്റെ ഉപയോഗം കുടിവരികയും ചെയ്യുന്നപക്ഷം ഈ സംഗതിയിൽ പറയത്തക്ക കൂടുതൽ യാതൊന്നും നമുക്കു ആശിക്കുന്നതിനു നിവൃത്തിയില്ല. പുകയിലയിൽനിന്നു വരുന്നതുകൊല്ലം കൂടുതൽ വരവുണ്ടാകുമെന്നു ഗവണ്മെന്റു ബഡ്ജറ്റിൽ കണക്കാക്കിയിരിക്കുന്നു. അബ്കാരിയിൽ ഇതുകൊല്ലത്തെ നവീകരിച്ച ബഡ്ജറ്റ് രൂപീകരിച്ച അവസരത്തിൽ കിട്ടിയ അറിവിനനുസരണമായി വരുന്നതുകൊല്ലത്തെയ്ക്കു സ്വീകാര്യമാക്കിത്തീർത്തിട്ടുണ്ട്. കഞ്ചാവു, കറുപ്പു ഇവയുടെ തീരുവയിലുള്ള കുറവു അന്യതുകൊല്ലങ്ങളിലുള്ള ചെലവിനുസരിച്ചിരിക്കും. വരുന്നതുകൊല്ലത്തെക്കു എക്സൈസ് കമ്മീഷണർ പ്രതീക്ഷിച്ചിട്ടുള്ള ചെലവിനെ ആസ്പദമാക്കിയാണ് വരുന്നതുകൊല്ലത്തെ കുറവു കണക്കാക്കിയിരിക്കുന്നതു്. തീരുവകയിൽ വരുന്നതുകൊല്ലത്തിൽ കിട്ടുന്നതുക കണക്കാക്കിയതിൽ ഏകദേശം-ാമാണ്ടു പിരിഞ്ഞുകിട്ടിയതിനെക്കാൾ ഏ,൫൦,൦൦൦ രൂപാ അധികമായിട്ടാണ് കാണുന്നതു്. തീരുവമുഖേനയുള്ള വരവിന്റെ അഭിവൃദ്ധി, വർദ്ധിച്ചുവിലയു കച്ചവടസംഗതികളിലുള്ള പരിഷ്കാരം എന്നീ പൊതുകാര്യങ്ങളിലാണു പ്രധാനമായി സ്ഥിതി ചെയ്യുന്നതു്. സാധാരണ കാണുന്ന സ്ഥിതിഗതികൾ നിലനിൽക്കുന്നപക്ഷം ബഡ്ജറ്റിൽ കാണിച്ചിട്ടുള്ളതുക ഈടാക്കാമെന്നു നമുക്കു ഉള്ളുറിക്കാം. ഏകദേശം-ാമാണ്ടിൽ ഏന്നു,൫൦,൦൦൦ രൂപയായിരുന്ന വനംവകനികുതി, ഏകദേശം-ാമാണ്ടിൽ ഏന്നു,൪൦,൦൦൦ രൂപയായി കുറഞ്ഞിട്ടുണ്ട് വരുന്നതുകൊല്ലത്തെക്കു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതുക ഏന്നു,൫൦,൦൦൦ രൂപയാണ്. സ്റ്റാമ്പു, രജിസ്ട്രേഷൻ ഇതുവഴി ഇതുകൊല്ലം ഈടായിട്ടുള്ളതുക അസാധാരണമായ ഒന്നാണ്. അതു സാധാരണ രീതിയനുസരിച്ചു ക്രമേണയുണ്ടായ കൂടുതൽമൂലമല്ലാ മറിച്ചു നികുതിവരവുകൾ, അതായതു പ്രധാനപ്പെട്ട നികുതിവർഗ്ഗത്തിൽ ഉൾക്കൊള്ളാത്തവ, ഏകദേശം-ാമാണ്ടത്തെ പിരിവായ ഏ.൪൦ ലക്ഷം രൂപയ്ക്കുനേരെ വിപരീതമായി ഏ.൭൪ ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളതു്. സംഗതികൾ ഇങ്ങനെയിരിക്കുമ്പോൾ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നും അസാധാരണമായ ഖാദം ഉണ്ടാകാതിരിക്കുന്നപക്ഷം ചില മെമ്പറന്മാർ ഉന്നയിക്കുന്നതുപോലെ അടുത്തകൊല്ലം നമുക്കു ഏ.൫.൪൦ ലക്ഷം രൂപാ കൂടുതലായി കിട്ടുന്നതെങ്ങനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ലാ. ഏതായാലും അവസാനത്തെ കണക്കുകൾ തിട്ടപ്പെടുത്തുമ്പോൾ ശരിയായിട്ടുള്ള ഭാഗത്തെ, തെററായിട്ടുള്ള ഭാഗത്തോടു ചേർത്തിയശേഷം വ്യത്യാസം കാണുമെന്നുള്ളതു സംഭവ്യമത്രേ.

ആദായത്തിൽ നിന്നും ഉണ്ടാകുന്ന മിച്ചത്തെ അടിസ്ഥാനപ്പെടുത്തി താഴ്ന്നതരം കീഴുദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു മി. രാമൻതമ്പി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ഉദ്ദേശ്യം ശരിയായിട്ടുള്ളതുതന്നെ എങ്കിലും വരുന്നതുകൊല്ലത്തെക്കു ഉദ്ദേശിച്ചിട്ടുള്ള വരവും ചിലവും തമ്മിലുള്ള വ്യത്യാസം നാലര ലക്ഷം രൂപയാണ്. കൂടാതെ അടുത്തകൊല്ലത്തിൽ, ബഡ്ജറ്റ് രൂപീകരിച്ച അവസരത്തിൽ ചിന്തയ്ക്കു വിഷയീഭവിച്ചിട്ടില്ലാത്തതും നിയമസഭയുടെ അധികാരസീമയിൽ പെട്ടതും പെടാത്തതുമായ പുതിയ ഇനങ്ങളുടെ ആവശ്യം അനുസരിച്ചു കൂടുതൽതുകകൾ ചിലവുചെയ്യാൻ അനുവദിക്കേണ്ടിവന്നേയ്ക്കാവുന്നതുമാണ്. ആസ്ഥിതിക്കു ഇപ്പോൾ കണക്കാക്കിയിരിക്കുന്നതിച്ചുംതുക നല്ലതിനുള്ളണ്ണം കുറഞ്ഞുപോകുന്നു. ഇപ്പോൾ ആകപ്പാടെ പകരംനോക്കുന്നവരും അപ്പോഴപ്പോൾ നിയമിക്കപ്പെടുന്ന പരുത്തിഗ്രേഡിങ്ങ് ഏജന്റ് രൂപാ ശമ്പളംവാങ്ങുന്ന ഏജന്റ് കീഴുദ്യോഗസ്ഥന്മാരുണ്ട്. അവരുടെ ശമ്പളം മാസത്തിനു ൨ രൂപാവീതം വർദ്ധിപ്പിക്കുകയാണെങ്കിൽ അലവൻസുകളും പെൻഷൻതുകകളും കൂടാതെ കൊല്ലം ഒന്നിക്കു ൪,൫൦,൦൦൦ രൂപയിൽ കൂടുതൽ വേണ്ടിവരുന്നതാണ്. മി. കെ. ഐ. ജോസഫ് അഭിപ്രായപ്പെട്ടതുപോലെ ഏകദേശം ൨൦,൦൦,൦൦൦ രൂപായോളമുള്ള അബ്കാരി നികുതി ശാശ്വതമെന്നു വിശ്വസിക്കാൻ നിവൃത്തിയില്ലാത്തവിധത്തിലുള്ളതാണ്. ഈതുക നീക്കിവയ്ക്കുന്നപക്ഷം ഏകദേശം-ാമാണ്ടു ൪.൪൦ ലക്ഷം രൂപാ കൂടുതൽ ചിലവുവന്നിരുന്നതും അടുത്തകൊല്ലം ഏന്.൪൦ ലക്ഷം രൂപായുടെ ചെലവു കൂടുതലായി ഉണ്ടാകുന്നതുമാണ്. സംഗതികൾ ഇങ്ങനെയിരിക്കുമ്പോൾ ക്രമത്തിലധികമായ ചെലവുകൾക്കു ഒരുമെമ്പടുന്നതും ഇപ്പോഴുള്ള നികുതികുറയ്ക്കുന്നതും ധനസംബന്ധമായ ഒരു നല്ല നയമായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു.

ഗ്രാൻറിനുള്ള അപേക്ഷകൾ.

ആവശ്യം ൧. പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ്—൨൭൭.൭൫ ലക്ഷം രൂപാ.

ഉപാദ്ധ്യക്ഷൻ: ഇപ്പോൾ നമുക്കു ഗ്രാൻറിനുള്ള അപേക്ഷകളെപ്പററി ആലോചിക്കാം.

മി. കെ. വി. നടേശയ്യർ (ചീഫ്ഇൻജിനീയർ): സർ, അപേക്ഷ ഒന്നാംനമ്പരിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ ൨൭൭.൭൫ ലക്ഷം രൂപായിൽ കൂടാതെ ഒരു ഗ്രാൻറിനു ഒരു പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

പി. എ. കെട്ടിടങ്ങൾ, യന്ത്രസാമഗ്രികൾ മുതലായവ നിയന്ത്രണം സിൽബന്തിച്ചിലവ്.

ഉപക്ഷേപങ്ങൾ ൧ മുതൽ ൪ വരെ.

താഴപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ലാ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ജനറൽ ഡിസ്കഷനിൽ ന്യൂസ്പേപ്പർ നിയന്ത്രണത്തെപ്പററി പറയാൻ പാടില്ലെന്നു തടുത്തിട്ടുള്ളതിലുള്ള ഞങ്ങളിൽ പലരും അഭിപ്രായവ്യത്യാസത്തെ കാണിക്കുന്നതിനായിട്ടു ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിക്കുന്നില്ലാ. ജനറൽ ഡിസ്കഷനിൽ ഞങ്ങളിൽ പലരും സംസാരിക്കാതിരുന്നിട്ടുള്ളതു്.

൧. അനുവദിച്ചിട്ടുള്ള സം, ൦ ഒന്നു രൂപായിൽനിന്നു സം ൧ രൂപാ കുറയ്ക്കുന്നതിനു—

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ധ്യക്ഷന്റെ തീരുമാനത്തിനു പ്രതിഷേധം—മേലനുഭവയിൽ എന്റെ പേരിലുള്ള ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ലാ.

൨. സിൽബന്തിച്ചിലവിനു അനുവദിച്ചിട്ടുള്ളതുകയായ സം, ൦ ഒന്നു രൂപയിൽനിന്നു ൨ സം, ൦ രൂപാ കുറയ്ക്കുന്നതിനു—

ഉപാദ്ധ്യക്ഷൻ. പ്രമേയങ്ങൾ ഹാജരാക്കുകയോ ഹാജരാക്കാതിരിക്കുകയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം അംഗങ്ങൾക്കുണ്ടു്. പക്ഷെ അവ ഹാജരാക്കാതിരിക്കുന്നതുകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. എന്തായാലും അതു ഓരോ അംഗത്തിന്റേയും ഇഷ്ടാനുസരണം വിടുന്നതാണു്.

മി. ജി. രാമൻമേനോൻ (മാടവഴിക്കരയും കാർത്തികപ്പള്ളിയും): മി. നാരായണപിള്ളയെ പ്രസംഗിക്കുന്നതിനു പ്രസിഡന്റു അനുവദിക്കാത്തതിൽ പ്രതിഷേധിച്ചും, അടിയന്തിരത്തിനു സംബന്ധിച്ചു ഗവണ്മെന്റിന്റെ പ്രമേയത്തിലയേയും ആസ്പദമാക്കി, പത്രറെഗുലേഷനെപ്പററി വിചിന്തനംചെയ്യുന്നതിനു അവസരംനൽകുന്നതുവരെ, ഞാൻ യാതൊരുപ്രമേയവും ഹാജരാക്കുന്നില്ലെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

൩. സിൽബന്തിച്ചിലവിനനുവദിച്ചിട്ടുള്ള തുകയായ സം, ൦ ഒന്നു രൂപയിൽ ൨ ൦ രൂപാ കുറക്കുന്നതിനു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്റെ പേരിലുള്ള ഉപക്ഷേപം ഞാൻ ഹാജരാക്കുന്നില്ലാ.

൪. സിൽബന്തിച്ചിലവിനനുവദിച്ചിട്ടുള്ള തുകയായ സം, ൦ ഒന്നു രൂപയിൽ ൧ ൦ രൂപാ കുറയ്ക്കണമെന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പത്രറെഗുലേഷനെപ്പററി ഗവണ്മെന്റിന്റെ പെരുമാററം എനിക്കു തൃപ്തികരമല്ലെന്നു തോന്നുന്നതിനാൽ എന്റെ പേരിലുള്ള രോഷൻ ഹാജരാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ലാ.

൫. സ്ഥാപനത്തിനുള്ള സം, ൦ ഒന്നു രൂപയിൽനിന്നു ൧ ൦ രൂപാ കുറക്കുന്നതിനു.

ഉപക്ഷേപം ൧.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ബഹുമാനപ്പെട്ട ഉപാദ്ധ്യക്ഷരെ, ഭാഗ്യദോഷമായ ഒരു സംഭവം ഉണ്ടായിരിക്കുന്നതു വളരെ ചിന്താപരമായ ഒരു സംഗതിയാണെന്നു സമ്മതിച്ചേതീരൂ. എന്റെ വിചാരങ്ങൾ എന്തെല്ലാമായാലും അവ വളച്ചുകെട്ടിപ്പറയാതെ നേരെപറയണമെന്നാണു് എന്റെ വിചാരം. ആശയം വിശദമാക്കുന്നതിനു ധാരാളം ശ്രമിച്ചവനും, ശ്രമിച്ചുകൊണ്ടിരിക്കുന്നവനുമായ ഒരാളിനു ഇത്രമാത്രമുള്ള ഒരവസരത്തിൽ മൌനം അവലംബിക്കുകഎന്നുള്ളതു അസാദ്ധ്യമാണു്. വീണ്ടും ഞാൻ ഈ ഡിപ്പാർട്ടുമെന്റിനെപ്പററിയുള്ള അഭിപ്രായം പുറപ്പെടുവിക്കതന്നെ ചെയ്യും. അല്ലാതെ ഈ ഡിപ്പാർട്ടുമെന്റുകാര്യങ്ങളെ സ്വാതന്ത്ര്യമായി വിടുന്നതിനു നിശ്ചയിച്ചിട്ടില്ലാ. സാധാരണമായി ഈ ഡിപ്പാർട്ടുമെന്റുകാര്യങ്ങളെപററി പ്രസ്താവിക്കുന്നതു ഒടുവിലത്തേതു്. പക്ഷേ ഇതുകൊണ്ടും അതിനെപ്പററി പൂർണ്ണമായി വിചിന്തനം ചെയ്യുന്നതിനു വേണ്ടി അതു ആദ്യമായി ആലോചനയ്ക്കു വരണമെന്നു പ്രത്യേകം ഏർപ്പാടുചെയ്തിട്ടുള്ളതാണു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അദ്ദേഹത്തെ ഉപക്ഷേപം ഹാജരാക്കുന്നതിനു മുൻപായി പ്രസംഗംചെയ്യാൻ അനുവദിക്കാമോ?

ഉപാദ്ധ്യക്ഷൻ. മി. എ. കെ. പിള്ള, നിങ്ങൾ ഒന്നാമതായി ഉപക്ഷേപം ഹാജരാക്കണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഉപക്ഷേപം ഹാജരാക്കുന്നതിനുമുൻപു എന്റെ മുൻഗാമികളെ പ്രസംഗം ചെയ്യാൻ അനുവദിച്ചുസ്ഥിതിക്കു എന്നെ അപ്രകാരം അനുവദിക്കാത്തതിനുള്ള കാരണം ഞാൻ കാണുന്നില്ലാ.

സർ, ഞാൻ താഴപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

൧. സിൽബന്തിച്ചിലവിനു അനുവദിച്ചിട്ടുള്ള സം, ൦ ഒന്നു രൂപയിൽ നിന്നു ൨ ൦ രൂപാ കുറയ്ക്കുന്നതിനു്.

ഉദ്യോഗത്തിന്റെ ശക്തിയെ ഒന്നുകൂടി പ്രബലപ്പെടുത്തുന്നതിന്റെ ആവശ്യകതയെപ്പററി ഡിപ്പാർട്ടുമെന്റിനെ അറിയിക്കണമെന്നുള്ളതാണു് ഇതിന്റെ ഉദ്ദേശ്യമെന്നു തെളിയുന്നുണ്ടു്. സർ, അനേകംവർഷങ്ങൾക്കു മുൻപു അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികളും ആലോചനകളും ഇതേവരെ തുടങ്ങുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലാ. ൨ ൦ൻ-മാണ്ടിലെ ബഡ്ജററിൽകൊള്ളിച്ചിട്ടുള്ള ചില പദ്ധതികൾ ഇതേവരെ കരുനാഗപ്പള്ളിയിൽ പൂർത്തിയായിട്ടില്ലാ. അവ വേഗം തീർക്കാമായിരുന്നല്ലോ എന്നു ചീഫ് ഇൻജിനീയരോടു മററൊരവസരത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പക്ഷെ അതിനെല്ലാം കാരണഭൂതൻ എക്സിക്യൂട്ടീവ് ഇൻജിനീയരാണെന്നാണു് അദ്ദേഹം മറുപടിപറഞ്ഞതു്. പ്രസ്തുതവിവരം എക്സിക്യൂട്ടീവ് ഇൻജിനീയരെ അറിയിച്ചപ്പോൾ ഇതിനെല്ലാം കാരണഭൂതൻ ചീഫ് ഇൻജിനീയരാണെന്നു അദ്ദേഹം പറയുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇൻജിനീയർ): ഞാൻ ഒരു ന്യായവാദത്തിനാണു് എഴുന്നേല്ക്കുന്നതു്: ഈ ഉപക്ഷേപം ൨ ൦ രൂപാ മുതൽ ശമ്പളംപററിവരുന്ന ക്ലാർക്കന്മാർ, എഴുത്തുകാർ, പ്യൂൺസ്ഇവർ ചേർന്ന ചീഫ്ഇൻജിനീയറാഫീസ് എസ്റ്റാബ്ലിഷ്മെന്റിനെയാണു് സംബന്ധിക്കുന്നതു. അതിനാൽ മെമ്പർ

എസ്റ്റാബ്ലിഷ്മെൻറിനെപ്പററി മാത്രമാണു അഭിപ്രായം പറയേണ്ടതെന്നും, ചീഫ് ഇൻജിനീയരാലും എക്സിക്യൂട്ടീവ് ഇൻജിനീയരാലും നടത്തപ്പെടുന്ന ഭരണത്തെപ്പററിയല്ലെന്നും പറയേണ്ടിയിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ദയവുചെയ്തു ഉച്ചത്തിൽ പറയണം

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ബഹുമാനപ്പെട്ട മെംബറിന്റെ അഭിപ്രായം ഞാൻ നല്ലതിനുണ്ണം മനസ്സിലാക്കുന്നുണ്ട്. പക്ഷെ ഞാൻ എന്താണ് പറഞ്ഞുപോകുന്നതെന്നും ചീഫ് ഇൻജിനീയരാലും എക്സിക്യൂട്ടീവ് ഇൻജിനീയരാലും നടത്തപ്പെടുന്ന ഭരണത്തെപ്പററിയുള്ള എന്റെ അഭിപ്രായം എന്തുകൊണ്ടു യോജിക്കാതെ വരുമെന്നുള്ള ബഹുമാനപ്പെട്ട മെംബർ എങ്ങനെ ഊഹിച്ചുഎന്നു എനിക്കു മനസ്സിലാകുന്നില്ല. ചീഫ് ഇൻജിനീയരുടെ ആഫീസ്സിലുള്ള ജോലിയുടെ കുറവിനെപ്പററി ചൂണ്ടിക്കാണിക്കണമെന്നുള്ള പ്രത്യേക ഉദ്ദേശ്യത്തിൻപേരിലാണോ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഒരാൾ സംസ്സാരിച്ചുകൊണ്ടിരിക്കുമ്പോൾ മറെറാരുമെംബർ പ്രസംഗിക്കുന്നതിനു എഴുന്നേൽക്കുന്നതു നടപടിക്രമത്തിനു യോജിച്ചതാണോ എന്നു ചോദിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇൻജിനീയർ): മെംബർ പറയുന്നതു നല്ലതിനുണ്ണം കേൾക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഞാൻ വെറുതെ എഴുന്നേററുനിൽക്കുകമാത്രമാണ്.

ഉപാദ്ധ്യക്ഷൻ. മെംബർ പറയുന്നതു നല്ലതിനുണ്ണം കേൾക്കുന്നതിനാണു അദ്ദേഹം എഴുന്നേററുനിൽക്കുന്നതു; അല്ലാതെ പ്രസംഗിക്കുന്നതിനാണെന്നു അർത്ഥമാകുന്നില്ലാ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആഫീസിൽ അന്വേഷണംനടത്തിയപ്പോൾ ഈ വിഷയങ്ങളെല്ലാം അവനടത്തത്തക്കയോഗ്യതയില്ലാത്തആളുകളെ ഏല്പിച്ചിരിക്കയാണെന്നാണ് എനിക്കു അറിവുകിട്ടിയതു. ആഫീസിലുള്ള ഗുമസ്ഥന്മാരിൽ മൂന്നോ നാലൊപേർപോലും ബി. എ. ബിരുദധാരികളല്ലാ. ഇവരെ യഥാർത്ഥമായി ജോലിചെയ്യുന്നതിനുപകരം, ഒരു മാതിരി രക്ഷാധികാരസ്ഥാനത്താണ്. ഇവിടെ നിയമിച്ചിട്ടുള്ളതു, ചില പ്രത്യേകനിശ്ചയങ്ങൾ നിറവേററുന്നതിനുള്ള താമസത്തെപ്പററിയും ജോലികളുടെ നടത്തിപ്പിനെപ്പററിയും, പല ആവലാധികളുണ്ടു. സർ, ആഫീസിൽ നിയമിക്കപ്പെട്ടിട്ടുള്ള ക്ലാർക്കന്മാരുടെ പ്രത്യേകപരീക്ഷായോഗ്യതയോ: അയോഗ്യതയോ എന്തുതന്നെ ആയാലും, തൽമൂലം ഉണ്ടാകുന്ന നഷ്ടങ്ങളും അസൌകര്യങ്ങളും സഹിക്കേണ്ടതു പൊതുജനങ്ങളാണ്. എന്നാൽ പലജോലികളും നടത്തുന്നതിനു അനുമതിലഭിച്ചിട്ടുണ്ടു. ബഡ്ജററുപാസ്സാക്കുന്നതു ഉദ്യോഗസ്ഥന്മാരിൽനിന്നു സരസമായ പ്രസംഗങ്ങളും നമുക്കു കേൾക്കാവുന്നതാണു. ഇങ്ങനെ സംഗതികളെല്ലാം മംഗളമായി നടക്കട്ടെന്നാണ് നാം ആശിക്കുന്നതു. പക്ഷെ പ്രവർത്തിക്കുമ്പോൾ ഒരുമ്പോൾ ഏവംവിധം സംഗതികൾ തൃപ്തികരമാംവണ്ണം നടക്കുന്നതു നാം കാണുന്നില്ല. കഴിഞ്ഞതവണത്തിൽ അനുവദിച്ചിട്ടുള്ള ജോലികൾ ഇതേവരെ ആരംഭിച്ചിട്ടില്ലെന്നു എനിക്കറിയാം. പണം അനുവദിച്ചിട്ടുണ്ടെന്നുള്ളവിവരം നാം അറിയുന്നുണ്ടെങ്കിലും, സ്ഥലത്തു ജോലികൾ യാതൊന്നും ആരംഭിച്ചുകാണുന്നില്ല. തന്റെ ജോലിയപ്പററി നല്ലബോധമുള്ള ചീഫ് ഇൻജിനീയർ തന്റെ കീഴുദ്യോഗസ്ഥർ അവരുടെ ജോലി നല്ലതിനുണ്ണം ചെയ്യുന്നുണ്ടോ എന്നന്വേഷിക്കണമെന്നുമാത്രമേ എനിക്കു പറയാനുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപക്ഷേപം ഇതേവരെ പിൻതാങ്ങപ്പെട്ടില്ലാ. ഇതു നടപടിക്രമത്തിനു യോജിച്ചതാണോ?

ഉപാദ്ധ്യക്ഷൻ. ബഡ്ജററുമോഷൻ പിൻതാങ്ങപ്പെടണമെന്നു നിർബന്ധമില്ല.

മി. കെ. വി. നടേശയ്യർ (ചീഫ് ഇൻജിനീയർ): സർ, മെംബർ പറയുന്നതു ശ്രദ്ധിക്കുന്നതിനു ഞാൻ കഴിയുന്നശ്രമംചെയ്തു. പക്ഷെ ഡിപ്പാർട്ടുമെൻറിന്റെ ജോലിനടത്തിപ്പിൽ ഇപ്പോഴത്തെ ഉപക്ഷേപം എങ്ങനെ സംബന്ധിക്കുന്നുഎന്നു എനിക്കു മനസ്സിലാകുന്നില്ല.

ഉപാദ്ധ്യക്ഷൻ. അദ്ദേഹം പറയണമെന്നുദ്ദേശിക്കുന്നതെന്തെന്നാൽ നിങ്ങളുടെ ഡിപ്പാർട്ടുമെൻറു വഴിയാംവണ്ണം ജോലികൾ നിർവഹിക്കുന്നില്ലെന്നാണ്. പക്ഷെ എസ്റ്റാബ്ലിഷ്മെൻറിനു അനുവദിച്ചിട്ടുള്ളതുക കുറയ്ക്കണമെന്നുള്ളതിനുമാത്രമേ ഉപക്ഷേപം കാജരാക്കിയിട്ടുള്ളു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇൻജിനീയർ); ഡിപ്പാർട്ടുമെൻറു, അനുവദിച്ചിട്ടുള്ളതു എങ്ങനെ വിനിയോഗിച്ചുവന്നിരുന്നുഎന്നും, കഴിയുന്നിടത്തോളം യാതൊരുവീഴ്ചകളുംകൂടാതെയാണ് ജോലികൾ നടന്നുവന്നിരുന്നതെന്നുമുള്ള സംഗതിയ്ക്കു ഒരുണർത്തിപ്പെട്ടു ഉത്തമസാക്ഷ്യംവഹിക്കുന്നു. ചീഫ് ഇൻജിനീയരുടെ ആഫീസിൽ ഉള്ള എഴുത്തുകൾ അയയ്ക്കുന്നതിനും മററും സ്വല്പംതാമസം നേരിട്ടേയ്ക്കാം. താമസങ്ങളുണ്ടെങ്കിലും ഉണ്ടെങ്കിൽ അവ ഇപ്പോഴത്തെ സ്ഥിതിമൂലമുണ്ടായവയാണ്. ഒന്നാമതായി ആവശ്യാനുസരണമുള്ള ജോലിക്കാരില്ലാ, രണ്ടുകുറവു പരിഷ്കരണക്കമ്മററിയുടെ ഉപദേശപ്രകാരമുണ്ടായ ഫ ൦ ൻ വ-ലെ പരിഷ്കരണത്തിൽ ഒരു ഡ്രാഫ്ററ്സ്മാൻ ഉൾപ്പെടെ ആഫീസിൽ ന്യൂപേരെ കുറച്ചിട്ടുണ്ടു. സിൽബന്ധികളുടെ കുറവു നല്ലപോലെ ബോദ്ധ്യമായിരിക്കുന്നു: ആകയാൽ ഗവർണ്ണമെൻറിനോടു ഇടക്കിടെത്തുടരെ അപേക്ഷിച്ചതിൻപ്രകാരമായി ഫ ഫ ൦ ൦-ാമാണ്ടത്തെ ബഡ്ജററിൽ ജോലിക്കാരെ വർദ്ധിപ്പിക്കുന്നതിനു ഗവർണ്ണമെൻറു അനുവദിച്ചിട്ടുണ്ടു.

രണ്ടാമതായി ജോലിയുടെ വർദ്ധനയാണ് ഇടക്കാലങ്ങളിൽ, ജോലിനടത്തിപ്പിന്റെ കുറവുകളിലുള്ള മേൽനോട്ടത്തിലും ഗതാഗതസൌകര്യങ്ങളിലും, കൃഷിസംബന്ധമായ കാര്യങ്ങളിലും ഫ ൦ ൻ വ-ാമാണ്ടിലെ പരിഷ്കരിച്ച നിയമസഭയുടെ പ്രവർത്തികളിലും: മഴ, വെള്ളപ്പൊക്കം തുടങ്ങിയവകൊണ്ടുള്ള നഷ്ടങ്ങൾ അതിവേഗത്തിൽ പരിഹരിക്കേണ്ടിവന്നതിലും, ഡിപ്പാർട്ടുമെൻറിന്റെ ജോലി വളരെ വർദ്ധിച്ചിട്ടുണ്ട്.

ചീഫ് ഇൻജിനീയരുടെ ആഫീസിലെ ജോലിയുടെവർദ്ധന താഴെപ്പറയുന്ന സംഗതികളിൽനിന്നും വെളിവാകുന്നതാണ്:—

(എ) ആഫീസിൽവന്നുചേർന്നിട്ടുള്ള എഴുത്തുകൾ ഫ ൦ ൯-ാമാണ്ടിലുണ്ടായിരുന്ന ഫ ൭ ൦ ൦ ൦ത്തിൽനിന്നു ഫ ഫ ൦ ഫ-ാമാണ്ടു ൨ ൨ ൦ ൦ ആയി വർദ്ധിക്കുകയും ആഫീസിൽനിന്നും അയച്ചിട്ടുള്ളഎഴുത്തുകൾ ഫ ൦ ൯-ാമാണ്ടിലെ ഫ ൭ ൦ ൦ ൦ ത്തിൽനിന്നു ഫ ഫ ൦ ഫ-ാമാണ്ടിൽ ൨ ഫ ൪ ൦ ൦-ായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ടു.

(ഛ) ഡ്രായിങ്ങ്വിഷയത്തിൽ ഉണ്ടായിട്ടുള്ള എസ്റ്റിമേററുമുതലായവ ക ൦ൻ ൭-ാമാണ്ടത്തെ ൩ ൦ സ—ൽ നിന്നു ക ക ൦ ൦-ാമാണ്ടു ന്യ ൭ ൩ ആയി വർദ്ധിച്ചിട്ടുണ്ടു.

(ന) പൊതുമരാമത്തുവേലകൾക്കു പററിയിട്ടുള്ളതുക ക ൦ൻ ൭-ാമാണ്ടത്തെ ക,ൻ ൦,൦ ൦ ൦ രൂപയിൽനിന്നു ക ക ൦ ക-ാമാണ്ടു ഛ,ൻ ൦,൦ ൦ ൦ രൂപയായി വർദ്ധിച്ചിട്ടുണ്ടു.

(ര) കൃഷിസംരക്ഷണത്തിനുവേണ്ടി വ്യയംചെയ്യുതുക ക ൦ൻ ൭-ാമാണ്ടിൽ ഏകദേശം ന൨,൦ ൦ ൦ രൂപയിൽനിന്നു ക ക ൦ ക-ാമാണ്ടു ക,ര ൭,൦ ൦ ൦ രൂപയായിവർദ്ധിച്ചിട്ടുണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ബഹുമാനപ്പെട്ടമെംബർ കൂടുതൽ പ്ലീഡർമാരെയും ക്ലർക്കുമാരേയും ആവശ്യപ്പെടണമെന്നുള്ള എന്റെ അഭിപ്രായത്തെ പിൻതാങ്ങിയാണ് സംസാരിക്കുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. പക്ഷെ സാമർത്ഥ്യം എന്നതിന്റെസാരം, കഴിയുന്നതും ചുരുക്കം ആളുകളെക്കൊണ്ടു ധാരാളംജോലി ചെയ്യിക്കുന്നതുമെന്നാണ്.

മി. കെ. വി. നടേശയ്യർ (ചീഫ്ഇൻജിനിയർ): ആ ഭാഗത്തെപററി ഞാൻ സ്വല്പം പറഞ്ഞുകൊള്ളുന്നു. ഇരുകിടയുണ്ടായിട്ടുള്ള സ്ഥിതിവിശേഷങ്ങൾക്കു അനുസരണമായി ഗുമസ്തന്മാരും ഡ്രാഫ്ട്സ്മാൻമാരും അവരാൽ കഴിയുന്നത്രയും നല്ലതുപോലെയും ജോലിചെയ്തുതീർക്കുന്നതിനു വേണ്ടശ്രമം ചെയ്തുവരുന്നുണ്ടു. ആഫീസിൽ ബി. എ. ബിരുദധാരികളായ ക്ലർക്കന്മാരുടെ കുറവിനെപററിയും മെംബർ സൂചിപ്പിച്ചു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ സ്വന്തഅഭിപ്രായമായി എനിക്കു ഒരു വാക്കു പറയാനുണ്ടു. ഞാൻ കൂടുതൽ ബി. എ. ബിരുദധാരികളെ നിയമിക്കണമെന്നു ശുപാർശചെയ്യുകയില്ല ചെയ്തതു, ബി. എക്കാരല്ലാത്ത ക്ലർക്കന്മാരെമാററി അവരുടെസ്ഥാനത്തു ബി. എക്കാരെ നിയമിക്കണമെന്നുമാത്രമാണ് ഞാൻപറഞ്ഞതു.

മി. കെ. വി. നടേശയ്യർ (ചീഫ്ഇൻജിനിയർ): ഞങ്ങളുടെ ഡിപ്പാർട്ടുമെൻറിൽ വളരെചുരുക്കം ബി. എ. ബിരുദധാരികളുള്ളു. കൂടാതെ ഞങ്ങളുടെ ഡിപ്പാർട്ടുമെൻറിൽ ജെനറൽഅക്കൗണ്ടുടെസ്റ്റ്, പി. ഡബ്ല്യിയു. ഡിവിഷൻഅക്കൗണ്ടുടെസ്റ്റ് മുതലായ ചില ടെസ്റ്റ് പരീക്ഷകൾ പാസ്സായവരെയാണ് സ്വീകരിക്കേണ്ടതു. മുൻപു ഞങ്ങൾ കഴിയുന്നിടത്തോളം അപ്രകാരം ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളതു, മേലും അപ്രകാരംതന്നെ ചെയ്യുന്നതുമാണ്. ഇങ്ങനെയിരിക്കുന്നസ്ഥിതിക്കു മെംബർ ഹാജരാക്കിയിട്ടുള്ളഉപക്ഷേപം പിൻവലിക്കാൻ അദ്ദേഹത്തിനു മനസ്സുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: മി. എ. കെ. പിള്ള, നിങ്ങളുടെ ഉപക്ഷേപത്തെ നിങ്ങൾ പ്രബലപ്പെടുത്തുന്നുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ പ്രമേയം പ്രബലപ്പെടുത്താമെന്നു ഞാൻ വിചാരിക്കുന്നില്ല. പക്ഷെ, ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചിടത്തോളം ജോലികളെല്ലാം നല്ലതിനുണ്ണം നിർവഹിക്കാമെന്നു മെംബർ ഇതേവരെ ഉറപ്പുപറഞ്ഞിട്ടില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പു): അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനു നമുക്കു അധികാരമില്ലേ?

ഉപാദ്ധ്യക്ഷൻ: ഞാൻ പ്രസ്തുതസംഗതിയെപററിആലോചിക്കുകയിലും പ്രസ്താവിക്കണമെന്നാഗ്രഹിച്ചിരിക്കയായിരുന്നു. എന്നാൽ ആരും എഴുന്നേററില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എല്ലാസംഗതികളും നല്ലതിനുണ്ണം ശ്രദ്ധിച്ചുനടത്തപ്പെടും എന്നു ഉറപ്പായ ഒരു മറുപടി ലഭിച്ചാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ്ഇൻജിനിയർ): അതു ഇപ്പോൾ ശ്രദ്ധിച്ചുതന്നെ നടത്തിവരുന്നു. മേൽ നല്ലതിനുണ്ണം ശ്രദ്ധിക്കുകയുംചെയ്യും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

സദസ്സിന്റെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൭-ം വു-ം ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്നഉപക്ഷേപങ്ങൾ മെംബർ ഹാജരില്ലാതിരുന്നതിനാൽ ഹാജരാക്കപ്പെട്ടില്ലെന്നു വിചാരിക്കപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

(൭) ആയുധങ്ങൾ വാങ്ങുന്നതിനു അനുവദിച്ചിട്ടുള്ള ക ൦ ൦ രൂപായിൽനിന്നു ക ൭ ൩ രൂപാ കുറയ്ക്കണമെന്നു.

(വ) ആഫീസ്ചെലവുകൾക്കുമററും അനുവദിച്ചിട്ടുള്ള ക ൦ ൦ ര രൂപയിൽനിന്നും ൩ ൦ ര രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൻ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): സർ, അദ്ധ്യക്ഷന്റെ തീരുമാനത്തിനെ പ്രതിഷേധിച്ചും അദ്ദേഹത്തിനു സംബന്ധിച്ചുള്ള ഗവണ്മെണ്ടിന്റെ മനോഭാവത്തിനെ കരുതിയും ഞാൻ താഴെപ്പറയുന്ന പ്രമേയം ഹാജരാക്കുന്നില്ല.

(ൻ) നിയന്ത്രണത്തിനു അനുവദിച്ചിട്ടുള്ള ക ൻ,൧൧൭ ൦ രൂപയിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപങ്ങൾ ക ൦—ം, ക ക—ം.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ലാ.

മി എം. എൻ. പിള്ള.

(ക ൦) നിയന്ത്രണത്തിനു അനുവദിച്ചിട്ടുള്ള ക ൻ,൧൧൭ ൦ രൂപയിൽനിന്നും ക ൦ രൂപാ കുറയ്ക്കണമെന്നു

മി. ടി. കുമാരപിള്ള,

(൧൧) നിയന്ത്രണത്തിന് അനുവദിച്ചിട്ടുള്ള ൨൯,൫൫൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണമെന്നു,

ഉപക്ഷേപം ൧൨.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയതിന്നു ഗണിക്കപ്പെട്ടു.

മി. ജിസ്റ്റ്, പിറപ്പിൾപ്പുത്തൻപിള്ള,

(൧൨) നിയന്ത്രണത്തിന് അനുവദിച്ചിട്ടുള്ള ൨൯,൫൫൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണമെന്നു,

ഉപക്ഷേപം ൧൩.

താഴെപ്പറയുന്ന പ്രമേയം ഹാജരാക്കപ്പെട്ടില്ല,

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ)

(൧൩) നിയന്ത്രണത്തിന് അനുവദിച്ചിട്ടുള്ള ൨൯,൫൫൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണമെന്നു

ൻ. ബി. മേനോൻ, മതാധ്യക്ഷന്മാരും മുതലായവ.

എക്സിക്യൂട്ടീവ് ഉപക്ഷേപം ൧൪.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും); മി. ജി. പരമേശ്വരൻപിള്ള, മി. ചങ്ങനാശേരി പരമേശ്വരൻപിള്ള, മി. പി. കെ. നാരായണപിള്ള മുതലായവ ൧൧ വേക്കുവേണ്ടി മുൻപു പറഞ്ഞപ്പെട്ടതുപോലെ സങ്കടകരമായ പ്രതിഷേധമെന്ന നിലയിൽ ഞാൻ ഉപക്ഷേപം ഹാജരാക്കുന്നില്ലാ.

(൧൫) എസ്റ്റാബ്ലിഷ്മെൻറിൻകീഴിലുള്ള സംഗ്രേഡ് സൂപ്പർവൈസർമാർക്കു അനുവദിച്ചിട്ടുള്ള ൩൫,൧൧൦ രൂപയിൽനിന്നു ൧,൫൦൦ രൂപാ കുറയ്ക്കുന്നതിന്നു.

മി. ജി. പരമേശ്വരൻപിള്ള (തൈയ്യൂർ വിൻകര): അദ്ദേഹം എഴുതിക്കൊടുത്തതല്ലാ ആ സംഗതി പ്രസ്താവിച്ചതു. ഞാൻ അതു പൂർണ്ണമായി വിസമ്മതിക്കുന്നു.

ഉപക്ഷേപങ്ങൾ ൧൫ മുതൽ ൧൯ വരെ,

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ലാ.

മി. കെ. ശിവരാമപ്പണിക്കർ.

(൧൫) എസ്റ്റാബ്ലിഷ്മെൻറിനനുവദിച്ചിട്ടുള്ള ൩൫,൧൧൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണമെന്നു,

മി. എം. എൻ. പിള്ള

(൧൬) എസ്റ്റാബ്ലിഷ്മെൻറിനനുവദിച്ചിട്ടുള്ള ൩൫,൧൧൦ രൂപയിൽനിന്നും ൧,൩൫൦ രൂപ കുറയ്ക്കണമെന്നു.

മി. ജി. രാമൻമേനോൻ.

(൧൭) എസ്റ്റാബ്ലിഷ്മെൻറിനനുവദിച്ചിട്ടുള്ള ൨൫,൪൭൭ രൂപയിൽയിന്നും ൫൦൦ രൂപാ കുറയ്ക്കണമെന്നു

മി. ടി. കുമാരപിള്ള.

(൧൮) സത്രങ്ങൾ നന്നാക്കുന്നതിലേക്കും അവയുടെ സംരക്ഷണാർത്ഥവും അനുവദിച്ചിട്ടുള്ള ൧൮,൭൦൧ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണമെന്നു.

മി. ജി. രാമൻമേനോൻ.

(൧൯) തിരുവനന്തപുരം സയൻസ് കാലേജിൽ കെമിസ്ട്രിക്കെട്ടിടം നിർമ്മിക്കുന്നതിന്നു അനുവദിച്ചിട്ടുള്ള (൨൭) ൧൦,൦൦൦ രൂപാ വേണ്ടെന്നുവെക്കുന്നതിന്നു.

ഉപക്ഷേപം ൨൦.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം ഹാജരാക്കുന്നതിനാണ് എഴുന്നേൽക്കുന്നതു.

(൨൦) കെട്ടിടങ്ങൾക്കനുവദിച്ചിട്ടുള്ള ൩,൪൭,൪൭൫ രൂപയിൽ നിന്നു ൧൦ രൂപാ കുറയ്ക്കുന്നതിന്നു.

സർ, കരുനാഗപ്പള്ളിയിലും ചവറയിലുമുള്ള സ്കൂളിനെപ്പററിയുള്ള ഡിപ്പാർട്ടുമെൻറിന്റെ ഉദാസീനതയെ ചൂണ്ടിക്കാണിക്കുന്നതിനാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു. ഉപക്ഷേപത്തിന്റെ മുന്നറിവിലും ഇതിനെപ്പററി പ്രസ്താവിച്ചിട്ടുണ്ടു. എന്റെ ഉപക്ഷേപത്തിൽ ഞാൻ ഒരു പ്രത്യേക സൂചനം ചെയ്തിട്ടുണ്ടെങ്കിലും എന്റെ ഉദ്ദേശ്യം ആ ഭാഗത്തേക്കുമാത്രം സഭസ്യന്റെ ശ്രദ്ധയെ ആകർഷിപ്പിക്കണമെന്നല്ലാ. ഉൾനാടുകളിലെ ആവശ്യങ്ങൾമാത്രം നിറവേററിയതുമതിയല്ലെന്നുള്ളതാണു എനിക്കു പ്രസ്താവിക്കാനുള്ളതു. മററുസ്ഥലങ്ങളിൽ ചിലവാക്കുന്നതിൽ വളരെ കൂടുതലായി തലസ്ഥാനത്തു പണം വ്യയംചെയ്യുവരുന്നുണ്ടു. ഉദാഹരണമായി വഞ്ചിയൂർ ഗേൾസ്സ്കൂളിന് എത്രപണം ചെലവായിട്ടുണ്ടെന്നു ഇക്കാലം നാഗരുകോവിൽ സാമാനങ്ങൾക്കുമാത്രം അനേകായിരം രൂപാ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള സംഗതി നമുക്കു അറിവാവുന്നതാണല്ലൊ, ഇതിനെ സംബന്ധിച്ചിടത്തോളം ഒരു ഹയർഗ്രേഡ്സ്കൂളിനു വേണ്ടിവരുന്നതിനെക്കാൾ വളരെ കൂടുതൽപണം ചെലവായിട്ടുണ്ടെന്നു മി. ഗുകൻ സൂചിപ്പിച്ചുകഴിഞ്ഞു. സ്ഥലംപോരാതെ വന്നിരിക്കുന്ന ചവറസ്കൂളിൽ കൂടുതൽകെട്ടിടങ്ങൾ കെട്ടിക്കുന്നതിന് ഫണ്ടുകൾ അനുവദിച്ചു ജനങ്ങളെ സഹായിക്കുന്നതിനുപകരം ഒന്നോ രണ്ടോ ക്ലാസുകൾ എടുത്തുകളയുകയെന്ന ഒരപ്പെടുത്തുകയാണു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുചെയ്തതു. വളരെ കഷ്ടതകൾ അനുഭവിച്ചതിന്റെ ഫലമായിട്ടാണു ജനങ്ങൾ ഷെഡുപോലുള്ള ഒരുകെട്ടിടം കെട്ടിച്ചതു. പക്ഷെ ഗവർണ്ണർ ചിലവായ തുകയിൽ ഒരുവീതം കൊടുത്തു അവരുടെ സ്വാർത്ഥചരിത്രാഗമ്പീര്യത്തെ അഭിനന്ദിക്കയുമുണ്ടായില്ലാ. ജനങ്ങൾ സ്വയമേവ ഓരോ സഹായങ്ങൾചെയ്യുന്ന സ്ഥലത്താണു ഗവർണ്ണർ അവരെ കുറേക്കൂടി സഹായിക്കേണ്ടതെന്നു ഗവർണ്ണർക്കു മനസ്സിലാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. പക്ഷെ അവർ അനുകരിച്ചുവരുന്ന നയ

യം മനസ്സിലാക്കിക്കൊണ്ടു കാണപ്പെടുന്നു. ഇനിമേലിൽ ഉത്തരവാദിത്വബോധമില്ലാത്തവരായിരി
ക്കുന്ന [illegible] ഗവർണ്ണർക്കു ഭരിക്കുവാൻ സാധിക്കുന്നതല്ലാതെ വരുന്നു. പക്ഷേ ഇനിമേലിൽ ചൊടിയുള്ളവരും
സ്വാഭിപ്രായങ്ങൾക്കു [illegible] ഉള്ളവരും ഉത്തരവുള്ളവരുമായ [illegible] സ്ഥാനങ്ങളിൽ ഗവർണ്ണർക്കു അവരെ തീ
[illegible] സാധിക്കുന്നില്ലാ. അതുകൊണ്ടു ഫിൻഡിങ്ങിനിലർഡിപ്പാർട്ടുമെന്റിന്റെയും ഗവർണ്ണർമാരുടെയും നിലവിലുള്ള
[illegible] ഇതിനെ [illegible] ഉപേക്ഷിക്കണമെന്നുള്ളതാണു എന്റെ ഉപദേശം [illegible] ഉള്ളേടം.

മി. കെ. വി. നാടാരശ്ശൻ (ചീഫ് ഇഞ്ചിനീയർ): സർ, കെട്ടിടങ്ങൾക്കാവശ്യമായ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള [illegible] സംഗതികൾ വിശദമാക്കുന്നതിന് [illegible] ചെയ്തുകൊള്ളാം. അവ ഗ
[illegible] ഉത്തരവനുസരിച്ചു [illegible] ഡിപ്പാർട്ടുമെന്റിന്റെയും [illegible] കാര്യക്കാരുടെ [illegible] നിലയിലാണ്. അതുകൊണ്ടു ഉത്തരവാദിത്വം ചീഫ് ഇൻജിനിയറിനു മാത്രമല്ല സ്ഥിതിചെയ്യുന്നതാണ്.

മി. ഷി. കെ. [illegible] (ഇരിങ്ങാലക്കുടപ്പുഴ): സാധാരണമായി ഓരോ മന്ത്രിയും ഡിപ്പാർട്ടുമെന്റിന്റെ പ്രതിനിധി എന്ന നിലയിൽ സംസാരിക്കുമ്പോൾ അദ്ദേഹം [illegible] ഇടനടക്കുചിച്ചുമാത്രമേ പ്രസംഗിക്കുകയുള്ളു എന്നുള്ളതു സർവ്വസാധാരണമാണ്.

മി. കെ. വി. നടരശ്ശൻ (ചീഫ് എൻജിനിയർ): ഡോട്ടുചെയ്യേണ്ട തുകയായ [illegible] രൂപാ യിൽ സംരക്ഷണാവകുപ്പ് [illegible] രൂപയും, പുതിയ ജോലികൾക്കു [illegible] രൂപയും അടങ്ങിയിരിക്കുന്നു. കരുനാഗപ്പള്ളി താലൂക്കിൽ ചെന്ന കായംകുളത്തുള്ള ഇംഗ്ലീഷ് ഹൈസ്കൂളിൽ കൂടുതൽ സൌകര്യം ഉണ്ടാക്കുന്നതിന് കൊല്ലവർഷം [illegible] ബഡ്ജറ്റിൽ [illegible] രൂപാ കൊള്ളിച്ചിട്ടുണ്ടു. കെട്ടിടങ്ങളുടെ [illegible] അനുവദിച്ചിട്ടുള്ള [illegible] രൂപയിൽ [illegible] വിദ്യാഭ്യാസസംബന്ധമായ കെട്ടിടങ്ങൾക്കു [illegible] രൂപാ യിങ്ങിനെ വെച്ചിട്ടുണ്ടെന്നും ഡിപ്പാർട്ടുമെന്റു അനുവദിച്ചിട്ടുള്ള ഫണ്ടു അനുസരിച്ചും കെട്ടിടങ്ങളുടെ ഇനങ്ങൾ സംബന്ധിച്ചുള്ള ഗവർണ്ണരിന്റെ ഉത്തരവനുസരിച്ചും ഇത്തരം കെട്ടിടങ്ങൾക്കു ഇതിൽക്കൂടുതൽ ഫണ്ടുകൾ അനുവദിക്കുന്നതിന് നിവൃത്തി യാതൊന്നും കാണുന്നില്ലെന്നും അനുബന്ധം ബി-യിൽനിന്നും മനസ്സിലാകുന്നുണ്ടു.

ചവറയിലെ ഇംഗ്ലീഷ്ഹൈസ്കൂളിനുവേണ്ടി ഓടിട്ട ഒരു പുതിയ ഷെഡ് കെട്ടുന്നതിൽ വ, ൦ ൧ ൦ രൂപാ [illegible] ഏസ്റ്റിമേറ്റ് ഗവർണ്ണർ [illegible] ജനുവരിമാസം [illegible] ഗവർണ്ണർക്കു [illegible]യച്ചിട്ടുണ്ടു. ഇന്നേവരെ ആയതിന് അനുമതി ലഭിച്ചിട്ടുമില്ലാ. ഇനിമേലിൽ ഒരു പുതിയ ഷെഡ് പണികഴിപ്പിച്ചുകൊണ്ടു സ്കൂളിൽ കൂടുതലായ ഒരു പുതിയകെട്ടിടം കെട്ടുന്നതിന്റെ ആവശ്യകതയെപ്പററി ഗവർണ്ണർക്കു ആലോചിക്കുവരുന്നുണ്ടു. [illegible] കൊടുക്കുകയ്ക്കു [illegible] ഏസ്റ്റിമേറ്റ് വീണ്ടും പരിഷ്കരിക്കേണ്ട ആവശ്യമുണ്ടു. [illegible] ഗവർണ്ണർ അന്വേഷണം നടത്തുമ്പോൾ, കൂടുതൽ സ്ഥലം [illegible] ഫെഡ്മാസ്റ്റരുടെ നിർണ്ണയം [illegible], ഏസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ട ആവശ്യമില്ലെന്നും, ഈ സംഗതി ഗവർണ്ണർക്കു വിദ്യാഭ്യാസ [illegible] [illegible] നിശ്ചയിച്ചുകൊള്ളുന്നതാണെന്നുമാണ് മറുപടി പറഞ്ഞിട്ടുള്ളതു്.

ഉപാദ്ധ്യക്ഷൻ: മി. നടരശ്ശൻ, നിങ്ങൾ ഒരു വിഷയത്തെ സ്പർശിച്ചിട്ടില്ലാ. അതായതു്, നാഗരകോവിൽ പള്ളിക്കൂടത്തിലേക്കു സാമാന്യങ്ങൾ വകയ്ക്കു [illegible], ൦ ൦ ൦ രൂപാ ആവശ്യപ്പെട്ടതെന്തുകൊണ്ടാണ്?

മി. കെ. വി. നടരശ്ശൻ (ചീഫ് എഞ്ചിനിയർ): ഞാൻ അതു് ആവശ്യപ്പെട്ടിട്ടില്ലാ. അതു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു വകയ്ക്കുള്ള ബഡ്ജറ്റിൽ കൊള്ളിച്ചതാണ്.

മി. കെ. സി. മാമ്മൻമാപ്പിള (കൃഷിവകുപ്പും—വ്യവസായവും, വടക്കു): സർ, ഡിപ്പാർട്ടുമെന്റിന്റെ പൊതുവായുള്ള നയത്തെപ്പററി ഈ അവസരത്തിൽ ഒരു വാക്കുപറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. [illegible] ഡിപ്പാർട്ടുമെന്റിൽ അനുവാദം ലഭിച്ചിട്ടുള്ള ജോലികളെല്ലാം അതാതു വർഷങ്ങളുടെ അവസാനത്തിൽ മാത്രമേ നടത്തുന്നതിനു ആരംഭിക്കാറുള്ളു.

മി. കെ. വി. നടരശ്ശൻ (ചീഫ് എൻജിനിയർ): കെട്ടിടങ്ങൾക്കുള്ള തുകയിൽ നിന്നും [illegible] കുറയ്ക്കുണ്ടെന്നുള്ള സംഗതിയിൽ [illegible] പ്രസ്താവിക്കുവാനാണോ? ഇതു നടപടിക്രമത്തിനു യോജിച്ചതാണോ?

മി. കെ. സി. മാമ്മൻമാപ്പിള (കൃഷിവകുപ്പും- വ്യവസായവും, വടക്കു): പ്രത്യേകിച്ചു കെട്ടിടങ്ങളെക്കുറിച്ചാണ്. ചീഫ് എൻജിനിയർ [illegible] ചെയ്തിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തെ സംഗതിയുടെ പരമാർത്ഥം മനസ്സിലാക്കാമായിരുന്നു. അദ്ദേഹം ഈ ഒരു വിഷയത്തെപ്പററി പറയുന്നതെന്തുകൊണ്ടു, ഞാൻ അതിന് [illegible] മാറാവ്യാധികൾ, പാലങ്ങൾ, കലുങ്കുകൾ, മുതലായവയെ സംബന്ധിച്ചും ഈ ന്യൂനതകൾ ധാരാളം കാണാൻ സാധിക്കും. അതു ഒരു തീരാവ്യാധിയാണ്, അതിനാൽ അപ്രകാരമുള്ള സംഗതികൾ ഇല്ലാതാക്കുന്നതിനുള്ള [illegible] ആലോചിച്ചിരിക്കുന്നു.

മി. കെ. [illegible]. ജോസഫ് (മിനച്ചിലും—മേവികളുവും): അതു് മാറാവ്യാധിയാണെങ്കിൽ അതു വരിക്കുന്ന ഉദ്ദേശമിതു?

മി. കെ. സി. മാമ്മൻമാപ്പിള (കൃഷിവകുപ്പും—വ്യവസായവും, വടക്കു): അതെല്ലാം ദൈവത്തിന്റെ സാമർത്ഥ്യം അനുസരിച്ചുണ്ടാകുന്നതു്,

ഉപാദ്ധ്യക്ഷൻ: എനിക്കറിയാവുന്നിടത്തോളം, മാറാവ്യാധികളെല്ലാം മാറാവുന്നതാണ്.

മി. കെ. സി. മാമ്മൻമാപ്പിള (കൃഷിവകുപ്പും-വ്യവസായവും, വടക്കു): ആ സംഗതിയിന്നും ദീർഘിപ്പിക്കുന്നതെന്തു ഞാൻ വിചാരിക്കുന്നില്ലാ. ഈ വിധത്തിലുള്ള കുഴപ്പങ്ങൾ വരുന്നതെന്തെന്നാൽ ഡിപ്പാർട്ടുമെന്റു ആദ്യമായി ഒരു ജോലിക്കായി ബഡ്ജറ്റിൽ ഇത്ര തുകയുള്ളതാക്കുകയും, പിന്നീടു എസ്റ്റിമേറ്റും പ്ലാനും ഗവർണ്ണർക്കയച്ചു അനുമതി [illegible] [illegible] ചെയ്തു [illegible] പതിവുകാണുന്നു. സാധാരണ നടപ്പനുസരിച്ചു ബഡ്ജറ്റ് അനുവസാനത്തിലാ പാസ്സാകുക. ബഡ്ജറ്റിൽ അനുമതി ലഭിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അനുസരിച്ചു പ്ലാനും എസ്റ്റിമേറ്റും [illegible], [illegible], [illegible] [illegible] ചെയ്തുകൂട്ടുകയും, അവയെ ഗവർണ്ണർ സൂക്ഷ്മമായി പരിശോധിച്ചു ചീഫ് ഇൻജിനിയറിനു അയച്ചുകൊടുക്കുന്നതിന് വളരെ കാലതാമസം വേണ്ടിവരികയുമാണ് പതിവു. പിന്നീടു ലേലവി

[illegible] ചീഫ് എൻജിനീയർക്ക് [illegible] നേരിടുന്നു. ഇവ [illegible] ഒഴുക്കുകൾ [illegible] വരാം. [illegible] ഇവിടെ [illegible] ഇവിടെ [illegible] ഇവ [illegible] ചീഫ് [illegible] ഇവ [illegible] ചീഫ് [illegible] ബ്ലഡ് [illegible] ചീഫ്. എൻജിനീയർക്ക് [illegible] അനുമതി [illegible] ചീഫ് [illegible] ജോലികൾ [illegible] ചീഫ് [illegible] ഇൻജിനീയർക്ക് [illegible] ചീഫ് [illegible] ജോലികൾ [illegible] ചീഫ് [illegible] ഇൻജിനീയർക്ക് [illegible]

ഉപാദ്ധ്യക്ഷൻ: ഈ ഉപക്ഷേപത്തെപ്പറ്റി ആർക്കെങ്കിലും എന്തെങ്കിലും പറയാനുണ്ടോ?

മി. സി. പി. തോമസ് (തിരുവല്ല): എന്റെ സുഹൃത്തായ മി. മാത്തൻമാപ്പിളയുടെ അഭിപ്രായങ്ങളെ ഞാൻ ബഹുമാനിക്കുന്നു. ഒരു കൊല്ലത്തേക്ക് ബഡ്ജറ്റിൽ ഒരു ജോലിക്കായി തുക അനുവദിക്കുമ്പോൾ അപ്രകാരം തുക അനുവദിക്കുന്നതിനു മുൻപായി എസ്റ്റിമേറ്റ് തയാറാക്കുന്നതു് ജോലിയുടെ നടത്തിപ്പിനു [illegible] ഞാൻ വിചാരിക്കുന്നു.

മി. [illegible] (ഗവൺമെന്റ് ചീഫ് വക്കീൽ): സർ, ബഡ്ജറ്റിൽ തുക കൊള്ളിക്കുന്നതിനു മുൻപായി എസ്റ്റിമേറ്റുകൾ [illegible] മി. മാത്തൻമാപ്പിള അഭിപ്രായപ്പെട്ടതു്.

മി. കെ. സി. മാത്തൻമാപ്പിള (കൃഷി-വ്യവസായം, വടക്ക): ബഡ്ജറ്റിൽ തുകകൊള്ളിക്കുന്നതിനു മുൻപായി എസ്റ്റിമേറ്റ് തയാറാക്കി അതു അനുമതി വാങ്ങണമെന്നാണ് ഞാൻ പറഞ്ഞതു്.

മി. കെ. ജോർജ് (ഗവൺമെന്റ് ചീഫ് വക്കീൽ): ഞാനും ഈ അഭിപ്രായപ്പെടുന്നതു് ബഡ്ജറ്റിലുള്ള പദ്ധതികൾ [illegible] ചെയ്യുന്നതിനു് മുൻപായി അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. ബഡ്ജറ്റു് അനുവദിച്ചു കഴിഞ്ഞാൽ മുൻകൂട്ടി എസ്റ്റിമേറ്റു തയാറാക്കാൻ സാധിക്കാതിരിക്കുന്നതുകൊണ്ടു് അനേകം പ്രവൃത്തികൾക്കു ഞങ്ങൾ അനുവാദം നൽകുന്നു. പൊതുജനങ്ങൾക്കു ജിജ്ഞാസയുള്ള പദ്ധതികളും നടപ്പാക്കുന്നതു അവസരത്തിലാണു് ചെയ്തുവരുന്നതു.

മി. കെ. സി. മാത്തൻമാപ്പിള (കൃഷി-വ്യവസായം, വടക്ക): സൂക്ഷ്മമായ പരിശോധന നടത്തുമെങ്കിൽ അധിക ജോലികളിൽ നല്ല ഒരു ശതമാനം മുൻകൂട്ടി ഊഹിച്ചു കൂടുന്നതല്ലേ?

മി. കെ. ജോർജ് (ഗവൺമെന്റ് ചീഫ് വക്കീൽ): മുൻകൂട്ടി അറിയത്തക്കവണ്ണം വളരെ ചുരുക്കം എണ്ണം മാത്രമേ ഉള്ളു. [illegible] ബഡ്ജറ്റു് സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഗവൺമെന്റു പണികളുടെ അത്യാവശ്യകതയെക്കുറിച്ചു് ആവശ്യമില്ലാതെയോ [illegible] ചിന്തിക്കുന്നു. [illegible] മുൻപു ഡിപ്പാർട്ടുമെന്റിന്റെ പതിവു ഇപ്രകാരമായിരുന്നു. [illegible] മുൻപായി ഏതാനും അടങ്കലുകൾ തയാറാക്കി അനുവാദം വാങ്ങുകയായിരുന്നു. അതുകൊണ്ടു എസ്റ്റിമേറ്റുകൾ മുഖേന [illegible] ഡിപ്പാർട്ടുമെന്റിന്റെ [illegible] ഇടയായി. ഈ കാരണങ്ങളിൽ അപ്രകാരമുള്ള എസ്റ്റിമേറ്റുകൾ [illegible] ഇടയായിട്ടുണ്ടു. അതുകൊണ്ടു [illegible] ബഡ്ജറ്റു് സമ്പ്രദായം [illegible] ചെയ്തുവരുന്നതിനും ഇപ്പോൾ നടപ്പിലിരിക്കുന്ന [illegible] ഇടയായി, ഈ രീതിയിലും ചിലപ്രവൃത്തികൾ [illegible] ഇല്ല. [illegible] ചെയ്യുക, [illegible] ചെയ്തുവരുന്നു. [illegible] ഡിപ്പാർട്ടുമെന്റു [illegible] ചെയ്യുന്നതിനു [illegible] ചെയ്തു [illegible] ഉൾപ്പെടുത്തിയ [illegible] എന്നവയ്ക്കുള്ളതു്. ബഡ്ജറ്റു് [illegible] ഡിപ്പാർട്ടുമെന്റു പ്ലാനും എസ്റ്റിമേറ്റും [illegible] ചെയ്യുക എന്നുള്ളതു് [illegible] നിയമം [illegible] ആവശ്യങ്ങൾക്കു ഇപ്പോൾ നടപ്പിലിരിക്കുന്ന സമ്പ്രദായത്തെ [illegible] ചെയ്യുന്നതു; ഗവൺമെന്റു അപ്രകാരം ചെയ്യാൻ ശ്രമിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

മി. [illegible] ഡാനിയേൽ (നാമനിർദ്ദേശം ചെയ്തതു): കിണറുകൾ കുഴിക്കുന്നതിനെപ്പറ്റി ഒരു വാക്കു പറയാൻ എനിക്കു അനുവാദമുണ്ടോ?

ഉപാദ്ധ്യക്ഷൻ: ചെട്ടിപ്പണികളുടെ കൂട്ടത്തിൽ കിണറുകളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു എനിക്കറിയാൻ പാടില്ല.

മി. ആർ. നീലകണ്ഠപ്പിള്ള (ഗ്രാ. ഡെവലപ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ഉണ്ടു.

മി. [illegible] ഡാനിയേൽ (നിയമനിർദ്ദേശം ചെയ്തതു): സർ, അനേകം പരിശ്രമങ്ങളിലെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയാണു് സാധാരണ കിണറുകളുടെ പണി അനുവദിക്കപ്പെടുന്നതു, അവ കുഴിക്കപ്പെടുന്ന സ്ഥലങ്ങൾ [illegible] ഗവൺമെന്റിലേക്കു [illegible] ആകുന്നു.

മി. [illegible] ടേയ്ലർ (ചീഫ് എൻജിനീയർ): സർ, കിണറുകൾ കുഴിപ്പിക്കുക എന്നുള്ളതു പൊതുവായ [illegible] ഉൾപ്പെടുത്തിയിട്ടുണ്ടു. [illegible] ഈ സംഗതിയെ സംബന്ധിച്ചു [illegible] ചെയ്തിട്ടുണ്ടോ എന്നു എനിക്കു അറിയാൻ പാടില്ല.

[illegible] നിങ്ങൾ [illegible] പ്രവൃത്തിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ചാപ്പാറ സ്കൂൾ സംബന്ധിച്ചിടത്തോളം എന്റെ തീരുമാനം [illegible] ഇപ്പോൾ ഉപേക്ഷിക്കാവുന്നതല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): ഞാൻ അദ്ദേഹത്തിന്റെ തീരുമാനം സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു.

ഉപന്യാസം [illegible] ചർച്ചയ്ക്കെടുത്തു

[illegible] ഉപന്യാസങ്ങൾ,

[illegible] ഉപന്യാസങ്ങൾ സ്വീകരിക്കപ്പെട്ടില്ല.

മി. ടി. [illegible] പിള്ള,

[illegible] ടി, ടി, [illegible] ഗ്രൂപ്പിൽ നിന്നും [illegible] ഗ്രൂപ്പിലേക്കു മാറ്റുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

[illegible] ടി, ടി, [illegible] ഗ്രൂപ്പിൽ നിന്നും [illegible] ഗ്രൂപ്പിലേക്കു മാറ്റുന്നു.

[illegible]

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): സർ, ഞാൻ [illegible] പ്രമേയം സ്വീകരിക്കുന്നതിനെ എതിർക്കുന്നു.

[illegible] ടി, ടി, [illegible] ഗ്രൂപ്പിൽ നിന്നും [illegible] ഗ്രൂപ്പിലേക്കു മാറ്റുന്നു.

[illegible] ചില ഇനങ്ങൾക്കായി [illegible] ആവശ്യപ്പെടുകയും, ആ വക പണം മററു ചില ഇനങ്ങൾക്കായി ചിലവാക്കുകയും ചെയ്യുന്ന ക്രമം ചൂണ്ടിക്കാണിക്കുന്നതിനാണു ഞാൻ ഈ പ്രമേയം സ്വീകരിക്കുന്നതു; സർ, കുരുനാഗപ്പള്ളി താലൂക്കിൽ [illegible] റോഡുണ്ടാക്കുന്നതിനു ഈ സഭയിൽ കഴിഞ്ഞതവണ ഒരു അപേക്ഷ [illegible] ആ വകയ്ക്കു അനുമതി വാങ്ങുകയുംചെയ്തു. പക്ഷെ ആ വക പണം മറേറതോ ആവശ്യത്തിനാണ് വിനിയോഗം ചെയ്തിട്ടുള്ളതു. ചില റോഡുകൾക്കു പണം അനുവദിച്ചിട്ടുണ്ടു. [illegible] നിർദ്ദേശം ഉൾക്കൊള്ളിക്കപ്പെട്ടതു, എന്നുമാത്രമല്ലാ, അനുവദിക്കപ്പെട്ട ഇനമറിഞ്ഞുകൊണ്ടു ചിലവാക്കപ്പെടുകയുംചെയ്യുന്നു. സർ, ഈ സംഗതി അവർ സമസ്തിന്റെ അറിവുകൂടാതെയാണ് പ്രവൃത്തിച്ചു വരുന്നതുള്ളതു. ഇതിനെ നാം മനസ്സുകൊണ്ടു എതിർക്കുന്നതാണ്, അവർ ഒരു ആവശ്യം അയക്കുമ്പോൾ ഏതോ ഒരു ജോലി അത്യാവശ്യമാണെന്നു, അതിനു അനേകം കൊല്ലങ്ങളായി ആവശ്യമുള്ളതാണെന്നു പറയുന്നു. സർ, അതുകൊണ്ടു ഞാൻ പറയുന്നതെന്തെന്നാൽ ഒരു ഇനത്തിനുവേണ്ടി പണമനുവദിച്ചിരിക്കുന്ന സ്ഥിതിക്കു മറെറ ഇനങ്ങളിലേക്കു അതു ചിലവാക്കുന്നതു ഒരുമാതിരി വഞ്ചനയാണ്. ഈ വിഷയത്തിൽ എന്റെ താല്പര്യമുണ്ടായ ഒരു സംഗതി എനിക്കറിവുണ്ടു.

ഉപന്യാസകൻ: 'വഞ്ചന' എന്നതു കുറെ കടുത്ത ഒരു പദമാണ്.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): നിങ്ങൾ ആ പദം മാററിക്കൊള്ളുന്നതിൽ എനിക്കു വിരോധമില്ല.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): മെമ്പർ ഉദാഹരണങ്ങൾ പറഞ്ഞിട്ടില്ല. എനിക്കു ചില റോഡുകളെപ്പററി ഓർമ്മയുണ്ടു. അവയ്ക്കു ഗ്രാമീകിട്ടുന്നതിൽ കുറെതാമസം നേരിട്ടിട്ടുണ്ടു. അനുവദിച്ച തുകകൾ വ്യയംചെയ്യാൻ നിവൃത്തിയില്ലാത്ത വേളകളിൽ അവ, ബഡ്ജററിൽ മുകാമിച്ചിട്ടുള്ളവയും, കുറെക്കൂടി അഭിവൃദ്ധി ഉണ്ടായിട്ടുള്ളവയുമായ മറെറ ജോലികൾക്കായി വിനിയോഗിക്കുന്നതു നിയമപ്രകാരം ചെയ്തുവരുന്ന ഒരു ന്യായവുമാണ്.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): ശാസ്താംകോട്ട--പടനായർകുളങ്ങര റോഡിന്റെ സൂക്ഷ്മസ്ഥിതി എന്താണെന്നറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ചെങ്കോട്ട--കുരുനാഗപ്പള്ളി റോഡ് മെച്ചപ്പെടുത്തിയാണ് മെമ്പർ ചൂണ്ടിക്കാണിച്ചതെങ്കിൽ, അതു പൂർത്തിയായിക്കഴിഞ്ഞു.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): ഇപ്പോൾ അവിടെ ജോലി യാതൊന്നും നടന്നുവരുന്നില്ലാ.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): അവിടെ ജോലി മുഴുവനും പൂർത്തിയായിക്കഴിഞ്ഞതുകൊണ്ടാണ്.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): റോഡിൽ പകുതിമാത്രമേ പൂർത്തിയായിട്ടുള്ളതു. ശേഷംഭാഗം സ്വന്തമുള്ള പഴയ രീതിയിൽ കിടക്കുകയാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): അതു പകുതിമാത്രമേതീർത്തിട്ടുള്ളു എന്നു മെമ്പർ പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. എനിക്കറിവുള്ളിടത്തോളം റോഡു വാഹനസൗകര്യത്തിനു ഉപയോഗിക്കത്തക്കതാണ്. തോട്ടിന്റെ കടത്തുസ്ഥലത്തു ഒരു വള്ളവും ഞങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു. അതിനാൽ വഞ്ചനകൊള്ളത്തെ ബഡ്ജററിൽ ഇതു കൊള്ളിച്ചിട്ടില്ല. അനുവദിക്കപ്പെടുന്ന ഇതുകൾ റോഡുകൾക്കായി ഉപയോഗിക്കുന്നതു അത്യാവശ്യമെന്നു തോന്നുമ്പോഴല്ലാതെ, അവ മറെറസംഗതികൾക്കായി വിനിയോഗിക്കുക പതിവില്ലാ. ഇപ്പോഴുള്ള നിയമങ്ങളനുസരിച്ചു ആ ഇനങ്ങളെസംബന്ധിച്ചു മാററംചെയ്യുന്നതു ചീഫ് ഇഞ്ചിനീയരുടെയും ഗവൺമെണ്ടിന്റെയും യുക്തംപോലെയാണ്.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): ആയിരംതെങ്ങു--ഓച്ചിറ റോഡിന്റെ സ്ഥിതിയെപ്പററി അറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഭൂമി ഏറ്റെടുക്കേണ്ടിവന്നതിനാലാണ് അതിനു താമസം നേരിട്ടിട്ടുള്ളതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, അല്പകാലമല്ലാ: ആകെ പണം മററു ചിലവുകൾക്കു വിനിയോഗിച്ചു കഴിഞ്ഞതുള്ള വിവരം എനിക്കു അറിവില്ലെങ്കിലും ഞാൻ ചൂണ്ടിക്കാണിച്ചതു മൂന്നു റോഡുകളെപ്പററിയും അദ്ദേഹത്തിനു യാതൊന്നും പറയേണ്ടതായിട്ടില്ല. ഞാൻ ആ സ്ഥലങ്ങളിൽ പോയിട്ടുണ്ടായിരുന്നു; എന്നിട്ടു ആ റോഡുകളിൽ ജോലി തുടങ്ങിയതായി കണ്ടില്ല.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): കരുനാഗപ്പള്ളി മുതൽ തെക്കായിട്ടുള്ള റോഡിനെസംബന്ധിച്ചിടത്തോളം എസ്റ്റിമേററു തയ്യാർചെയ്തുവരുന്നു. അതു ഏകദേശം ഒന്നു ബന്ധപ്പെട്ടിൽ കൊടുത്തിട്ടുണ്ടു. ഇതു അപൂർണ്ണമായ ഒരു ജോലിയല്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): സർ, തിരുവിതാംകൂറിലെ ഗതാഗത സൌകര്യങ്ങളുടെ സ്ഥിതി തീരെ തൃപ്തികരമല്ല. അതിനു ഒരു വ്യവസ്ഥയോ, നിവൃത്തിപദ്ധതിയോ, തുടർച്ചയായുള്ള നയമോ ഉണ്ടായിട്ടില്ല. ഗതാഗതസൌകര്യങ്ങളുടെ തൃപ്തികരമല്ലാത്ത അവസ്ഥയെപ്പററി ഈ സഭയിൽ എന്നപോലെ ശ്രീമൂലം പ്രജാസഭയിലും പല അംഗങ്ങൾമാരും ധാരാളം വാദം നടത്തിയിട്ടുണ്ടു. പൊതുവേയുള്ള വാദപ്രതിവാദ സമയത്തിൽ, ബാംബേയിലെ മാതൃകയനുസരിച്ചു റോഡുസംബന്ധമായ ഒരു ബോർഡു തിരുവിതാംകൂറിൽ ഏർപ്പെടുത്തണമെന്നും, നവീനപണികളെയും സംരക്ഷണവേലകളേയും പല വകുപ്പിൽ വിഭജിച്ചു ലീഡുമായ ഒരു കാര്യപരിപാടി തയാർചെയ്യുന്നതെന്നും ഞാൻ അഭിപ്രായം പുറപ്പെടുവിക്കുകയുണ്ടായി. ഒന്നാം തരത്തിലുള്ള ജോലികൾ ഗവൺമെൻറുതന്നെ പൂർണ്ണമായി കയ്യേറുക്കണമെന്നും, രണ്ടാംതരത്തിൽ ഉൾപ്പെട്ട ജോലികൾ അതിൽ താല്പര്യമുള്ള ജനങ്ങളും, ഗവൺമെൻറും ചേർന്നു നടത്തണമെന്നും, നാലുകൂൻപോട്ടു മെച്ചപ്പെടുത്തുന്നതോടെ ഓരോരുത്തരും ചെയ്യുന്ന പണികളുടെ ക്രമത്തെ വ്യത്യസ്ഥപ്പെടുത്തണമെന്നുമാണു നിർദ്ദേശിച്ചിട്ടുള്ളതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബോംബേയിലുള്ള റോഡ് ബോർഡ് ജോലി തൃപ്തികരമായി ചെയ്തു വരുന്നുണ്ടെന്നറിയാമോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): അതു ബാംബേയിൽ ഈയിടെയാണു ആരംഭിച്ചിട്ടുള്ളതെന്നു എനിക്കറിയാം; പക്ഷെ ഇംഗ്ലണ്ടിൽ വളരെ നാളായിട്ടു അതു് വളരെ വിജയകരമായി നടന്നുവരുന്നുണ്ടു. അതിനാൽ അതു വിജയപ്രദമാകുമെന്നു ജോലി നടത്താതിരിക്കുന്നതിനു യാതൊരു കാരണവും കാണുന്നില്ലാ. ഇവിടെ ഏററവും ഉച്ചത്തിൽ നിലവിളിക്കുട്ടുന്നവർക്കു റോഡുകൾ അനുവദിക്കുന്നു; പക്ഷെ ജനങ്ങൾ പലവർഷങ്ങളായി നിലവിളി കൂട്ടിക്കൊണ്ടിരിക്കുന്നവരായ ഗണിക്കപ്പെടാത്ത സ്ഥലങ്ങളിലുള്ള റോഡുകളെപ്പററി ഓർക്കുന്നതേയില്ലാ. തൻമൂലം അവയ്ക്കു ഓരോ കൊല്ലം കഴിയുംതോറും യാതൊരു പ്രതിവിധിയും ഉണ്ടാകുന്നതില്ല. അതിനാൽ ഈ വിഷയത്തെപ്പററി ഗാഢമായി ആലോചിക്കുന്നതിനും ഒരു കാര്യപരിപാടി തയാറാക്കുന്നതിനും നിഷ്പക്ഷനിലയെ അവലംബിച്ചിരിക്കുന്നവരും സാമർത്ഥ്യമുള്ളവരുമായ ഏതാനുംപേരെ നിയമിക്കുന്നതിനു ഗവണ്മെൻറു അനുമതി നൽകുന്നപക്ഷം ഗതാഗത സൌകര്യങ്ങളെപ്പററിയുള്ള കഷ്ടപ്പാടുകൾക്കു വളരെ കുറവുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. ബഡ്ജററിൻെറ പൊതുവെയുള്ള വാദപ്രതിവാദാവസരത്തിൽ ഞാൻ ഈ സംഗതി സഭയ്ക്കിൻെറ പ്രത്യേകശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. അതിൻെറ പ്രത്യേകഗുണത്തെപ്പററി പറയുകയാണെങ്കിൽ രാജ്യത്തിൻെറ തെക്കേഅററം മുതൽ വടക്കേഅററംവരെ കിടക്കുന്നതും പ്രധാനവുമായ മെയ്ൻറോഡിൽ പാലങ്ങൾ പണിചെയ്യുന്നതെന്നു എനിക്കു തോന്നുന്നു. ഈ വഴിയിൽ ഒരേ ഒരു പാലം അതായതു ആലുവാപാലം മാത്രമേ പണിചെയ്യേണ്ടതായിട്ടുള്ളു എന്നെനിക്കു തോന്നുന്നു. ആ പാലം തീർക്കുന്നതിനു വേണ്ടി നിർബന്ധപൂർവ്വം അപേക്ഷകളുണ്ടായിട്ടുണ്ടു. ഇതിനെ സംബന്ധിച്ചിടത്തോളം ജോലി തുടങ്ങുമെന്നു ഞങ്ങൾക്കു അറിവുകിട്ടിയെങ്കിലും ഇതേവരെ അതിൽ ശരിയായ യാതൊരു ജോലിയും ചെയ്തുകാണുന്നില്ലാ. അതു കഴിയുന്നതും വേഗം തുടങ്ങുന്നതിനും ആയതു പൂർത്തിയാക്കുന്നതിനും ചീഫ്എൻജിനിയരും ഗവൺമെൻറും ഗൗരവമായി വേണ്ട ആലോചനകൾ നടത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

പിന്നീടു കർഷകറോഡുകളെ സംബന്ധിച്ചിടത്തോളം, ഡിപ്പാർട്ടുമെൻറിൻെറ പ്രവൃത്തി തൃപ്തികരമല്ലെന്നുള്ള സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധക്കു വിഷയീകരിപ്പിച്ചുകൊള്ളുന്നു. ജോലി നിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം ചില വിഷമങ്ങളുണ്ടായേക്കാം. അവയെല്ലാം ഒഴിച്ചുകൂടാൻ പാടില്ലാത്തവയുമാണ് പക്ഷെ ജനങ്ങൾക്കു ഈ റോഡുകളെപ്പററി ആലോചിക്കുന്നതിനു വേണ്ട ആഗ്രഹം ഉണ്ടാകുന്നതിനും തൻമൂലം ഗവണ്മെൻറിനു ചിലവു ധാരാളമായി കുറയുന്നതിനും പുറമെ ഗവണ്മെൻറു സഹായിക്കുന്നപക്ഷം പ്രസ്തുതകാര്യത്തിൽ താല്പര്യമുള്ള ജനങ്ങൾ ആ ജോലി ചൊടിയോടുകൂടി കയ്യേൽക്കുന്നതിനുമായിട്ടു നിയമങ്ങളിൽ സാരമായ ചിലഭേദഗതികൾ വരുത്തേണ്ടതായിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറു സംബന്ധിച്ചു റോഡുകൾക്കു മെയിലൊന്നുക്കു ൧. ൦ ൦ രൂപയോളം സംരക്ഷണത്തിനു അനുവദിച്ചിരിക്കുന്ന സ്ഥിതിക്കു കുടിവക റോഡുകൾക്കു പലവർഷങ്ങളായി ഡിപ്പാർട്ടുമെൻറു അനുവദിച്ചുവരുന്ന തുക ൪ ൦ രൂപയാണ്. ഈ കുടിവക റോഡുകൾക്കു ചുരുങ്ങിയപക്ഷം ൧. ൦ ൦ രൂപായെങ്കിലും അനുവദിക്കണമെന്നാണ് എനിക്കു തോന്നുന്നതു. ആദ്യത്തെ മൂന്നോ നാലോ കൊല്ലങ്ങൾക്കു ചെലവു തുകയാകെ ൧. ൦ ൦ രൂപയെങ്കിലും അനുവദിക്കേണ്ടതാണ് ഇതൊക്കെ റോഡ് ബോർഡിനു തൃപ്തികരമായ നിലയിൽ കൊണ്ടുവരുന്നതിനു സാധിക്കുകയും ചെയ്യുന്നതാണ്.

മി. ഒ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, സമയം അതിക്രമിച്ചുപോകുന്ന വിവരം ഞങ്ങൾ ഓർക്കപ്പെടുത്തിക്കൊള്ളട്ടെ. അദ്ദേഹം മണി ഒന്നടിക്കുന്നതിനു നു മിനിട്ടുള്ളപ്പോഴാണ് പ്രസംഗം ആരംഭിച്ചതു; ഇപ്പോൾ മണി ഒന്നായിരിക്കുന്നു.

ഉപാദ്ധ്യക്ഷൻ. അല്ലാ, അല്ലാ, അദ്ദേഹം ഒന്നടിക്കുന്നതിനു നു മിനിട്ടുണ്ടായിരുന്നപ്പോൾ ആരംഭിച്ചില്ലാ.

കെ. സി മാമ്മൻമാപ്പിള (കച്ചവടം വ്യവസായം-വടക്കു): ഉപാദ്ധ്യക്ഷൻ അവർകൾ എന്നെ പ്രസംഗിക്കാൻ അനുവദിച്ചുവെങ്കിലും എൻെറ സമയത്തെപ്പററി ഓർക്കപ്പെടുത്തിയതിനു ഞാൻ മി. നീലക

ണപ്പിള്ളയുടെ കൃതജ്ഞതയുള്ളവനായിരിക്കുന്നു. എന്തായാലും ആ സൂചന സ്വീകരിച്ചു ഞാൻ പ്രസംഗം ഉപസംഹരിക്കുന്നു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഗതാഗതസൌകര്യമാണ് രാജ്യത്തിന്റെ ഉന്നതി: അത്യാവശ്യമായിട്ടുള്ളതു. ഈ വിഷയത്തിൽ ഈ രാജ്യത്തെ ചില ഭാഗങ്ങൾ വളരെ പിന്നോക്കം നിൽക്കുകയാണ് ചെയ്യുന്നതു. റോഡുകളുടെ കാര്യത്തിൽ ഉത്തരതിരുവിതാംകൂർ വളരെ പിന്നോക്കംതന്നെ.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം—വടക്കു): മധ്യതിരുവിതാംകൂറിൽ ഗതാഗതസൌകര്യം യാരാളം ഉണ്ടോ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മധ്യതിരുവിതാംകൂറിൽ ഉത്തരതിരുവിതാംകൂറിലെക്കാൾ സൌകര്യമുണ്ടു. ഈ രാജ്യത്തു പലഭാഗങ്ങളിലും ഞാൻ സഞ്ചരിച്ചിട്ടുണ്ടു, ഗതാഗതത്തിനുള്ള സൌകര്യമുള്ളതു ഉത്തരതിരുവിതാംകൂറിലാണ്. വടക്കൻ തിരുവിതാംകൂറിൽ ജലമാർഗ്ഗമായ ഗതാഗതസൌകര്യം ഇല്ല. കരമാർഗ്ഗമായ ഗതാഗതത്തിനു മോണ്ണ റോഡുകളുമില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം, വടക്കു): മധ്യതിരുവിതാംകൂറിൽ ഏതു തരമെൽ റോഡുകൾ ഉണ്ടെന്നുള്ള കണക്കു പറയാമോ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഏതു താലൂക്കിലെ കണക്കാണ് പറയേണ്ടതു? എല്ലാം പറയാൻ സമയമില്ല. തിരുവല്ലാതാലൂക്കിൽ ഒട്ടുവളരെ റോഡുകൾ ഉണ്ടു. ൨ ൦ ൦ മയിലിലധികം റോഡുണ്ടു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം, വ്യവസായം, വടക്കു): മി. കുഞ്ഞിത്തൊമ്മന്റെ സഹായം കൊണ്ടു എത്ര റോഡുകൾ കുന്നത്തുനാട്ടിൽ ഉണ്ടായിട്ടുണ്ടു?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുന്നത്തുനാടു എന്റെ നിയോജകമണ്ഡലത്തിന്റെ അന്തർതാലൂക്കാണ്. അവിടെയും അധികം റോഡുകളില്ലാ. എന്റെ നിയോജകമണ്ഡലം മൂവാററുപുഴ, തൊടുപുഴ ഈ താലൂക്കുകളാണ്.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം, വടക്കു): ഉദ്ദേശം എത്ര മൈൽ റോഡുണ്ടെന്നു പറയാമോ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉദ്ദേശമായിട്ടു പറയുന്നതുകൊണ്ടു പ്രയോജനമില്ലല്ലോ. തീർച്ചയും തീരാറായതുമായിട്ടു കുറെ റോഡുകൾ ഉണ്ടു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): ഉള്ളിടത്തോളം കൊണ്ടു തൃപ്തിപ്പെട്ടു കൊള്ളണം.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതുകൊണ്ടു തൃപ്തിപ്പെടാൻ നിവൃത്തിയില്ല. ഇനിയും വളരെ ആവശ്യമുണ്ടു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട മെമ്പർ): തിരുവല്ലായിൽ കുടിവക റോഡുകൾ തുറക്കുന്നതിനു മുൻപ് എത്ര റോഡുകളുണ്ടായിരുന്നു?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തിരുവല്ലാ താലൂക്കിലേയ്ക്കു വിദ്യാഭ്യാസത്തിനു ചിലവാക്കിട്ടുള്ളതുപോലെ വടക്കൻ തിരുവിതാംകൂറിലേയ്ക്കും ചിലവാക്കിയിരുന്നാൽ ഞങ്ങളും ധാരാളം റോഡുകൾ വെട്ടി മററു താലൂക്കുകളുമായി കിടപിടിച്ചു നിൽക്കുമായിരുന്നു. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവർക്കു ഇമ്മാതിരി കാര്യങ്ങളിൽ പ്രവർത്തിക്കുവാൻ വിഷമം.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട മെമ്പർ): ഉദ്ദേശമായിട്ടു തിരുവല്ലാ താലൂക്കിലേയും കുന്നത്തുനാടുതാലൂക്കിലേയും ജനസംഖ്യയുടെ കണക്കു ഒന്നു പറയാമോ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുന്നത്തുനാടുതാലൂക്കു എന്റെ അയൽതാലൂക്കാണ്. ഞാൻ അതിന്റെ പ്രതിനിധിയല്ലെങ്കിലുമുണ്ടു. സംസ്ഥാനത്തെ ജനസംഖ്യയിൽ അഞ്ചാമത്തെതാണ് മൂവാററുപുഴ താലൂക്കു. അഗസ്തീശ്വരം കഴിഞ്ഞാൽപിന്നെ അധികം ജനിക്കുന്നിയുള്ള താലൂക്കും മൂവാററുപുഴതാണ്.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): വലിപ്പം കൊണ്ടും മററും പ്രാധാന്യമുള്ള താലൂക്കു—

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വലിപ്പംകൊണ്ടുംമററും പ്രാധാന്യം മൂവാററുപുഴ താലൂക്കിനും ഉണ്ടു. ഇങ്ങനെയുള്ള ചോദ്യങ്ങളെല്ലാം ഒടുവിൽ ചോദിച്ചുകൊള്ളാം. എനിക്കു സംസാരിക്കുവാൻ സമയമില്ലാതെ പോകും.

നാടുകൾ രാജ്യത്തിന്റെ ഏററവും ഉൾഭാഗത്തു താമസിക്കുന്നവരാണ്. മൂവാററുപുഴതാലൂക്കു സമുദ്രനിരത്തുനിന്നും വളരെ ഉയരത്തിലുള്ള ഒരു താലൂക്കാണ്. തെക്കോട്ടുചെല്ലുന്തോറും രാജ്യത്തിനു വളരെ വീതികുറഞ്ഞുചുരുങ്ങുന്നു. അവിടെ റോഡുകൾ ധാരാളമുണ്ടു. മധ്യതിരുവിതാംകൂറിലുള്ളവർക്കു ജലമാർഗ്ഗമായ യാത്രാസൌകര്യം ധാരാളംഉണ്ടു. റോഡുകളും കുറവില്ല. എന്നാൽ ആ സ്ഥലങ്ങളിലെ സൌകര്യത്തിൽ എനിക്കു സന്തോഷമേയുള്ളു.

തെക്കൻ തിരുവിതാംകൂറിൽ നല്ല റോഡുള്ളതിനാൽ അതിക്കടി ബസ്സോടിക്കാൻകഴിയുന്നു. ഞങ്ങളുടെ സ്ഥിതി അങ്ങനെയല്ല. ഭൂമി വളരെ നിമ്നോന്നതമായിക്കിടക്കയാണ്. റോഡുകളും കുറവു. അതുകൊണ്ടു യാത്രാസൌകര്യം വളരെ കുറവാണ്. ഗവർണ്മെന്റിൻസംഗ്രഹം കീഴെ പതിച്ചിരുന്നില്ലാ. ഇപ്പോഴത്തെ ചീഫ് ഇൻജിനീയർ വടക്കൻ തിരുവിതാംകൂറിലെ സ്ഥലങ്ങളെല്ലാം സഞ്ചരിച്ചുകണ്ടിട്ടുണ്ടു. പല റോഡുകൾക്കുംപണം ബഡ്ജററിൽകൊള്ളിച്ചിട്ടുമുണ്ടു. പക്ഷെ ഇനിയും പലറോഡുകളും പാലങ്ങളും അത്യാവശ്യമാണ്. കഴിഞ്ഞ കൊല്ലത്തിൽതന്നെ പുത്തനായി വെട്ടുന്നതിനു ബഡ്ജററിൽകൊള്ളിച്ചിരുന്ന റോഡുകൾ പലതും ഇടങ്ങിട്ടില്ലാ. എന്നാൽ ഇക്കൊല്ലത്തിലും ചിലതെല്ലാം ബഡ്ജററിൽ ചേർത്തിട്ടുണ്ടു. എന്നാൽ ആവശ്യമുള്ളിടത്തോളം ആയിട്ടില്ലാ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): സർ, നിയമങ്ങളനുസരിച്ചുള്ള സമയത്തിൽ കൂടുതൽ സംസാരിക്കുന്നതിനു ഒരു മെമ്പറെ അനുവദിക്കാൻ അദ്ധ്യക്ഷനു പ്രത്യേക അവകാശമുണ്ടോ?

ഉപാദ്ധ്യക്ഷൻ: ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതു നിയമത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു അറിഞ്ഞുകൊള്ളാം.

ഉപാദ്ധ്യക്ഷൻ: അദ്ധ്യക്ഷനോടു അപ്രകാരം ഇടയ്ക്കു ചോദിക്കാൻ പാടില്ലാ.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൧,൪൫,൦൦൦ രൂപയാണ് പുതിയ റോഡുകൾക്കുവേണ്ടി ഈ വർഷത്തെയ്ക്കു ബഡ്ജററിൽ ചേർത്തിട്ടുള്ളതു. എന്നാൽ ആലുവാ ഡിവിഷനിലെയ്ക്കു ഇതിൽ വളരെ കുറവായ ഒരു സംഖ്യയുള്ളു. അതായതു ൩൫,൦൦൦ രൂപാ അതിൽ ൨൫,൦൦൦ രൂപാ ദേവികുളത്തെയ്ക്കു പോയി. ബാക്കി ൧൦,൦൦൦ രൂപാമാത്രമാണ് ഗതാഗതസൗകര്യത്തിനുവേണ്ടി വടക്കൻ തിരുവിതാംകൂറിലെയ്ക്കുള്ളതു. കൊല്ലം ഡിവിഷനിലെയ്ക്കു ൪൩,൯൦൦ രൂപയും, തിരുവനന്തപുരം ഡിവിഷനിലെയ്ക്കു ൪൦,൭൩,൦ രൂപയും, പുതിയ റോഡുകൾക്കായി നീക്കിവച്ചിട്ടുണ്ടു. ഈ രണ്ടു ഡിവിഷനും ആലുവാഡിവിഷനെക്കാൾ ഗതാഗതസൗകര്യമുള്ളതാണ്. ആസ്ഥിതിക്കു ദേവികുളം ഒഴിച്ചുള്ള ഉത്തരതിരുവിതാംകൂറിലെയ്ക്കു ൧൫,൫൦൦ രൂപാമാത്രം അനുവദിച്ചിരിക്കുന്നതു എന്തായാ കഷ്ടമായ ഒരു സംഗതിയാണ്.

വടക്കു ഭാഗത്തിൽ ഗസ്റ്റൻഹൗസുകൾ വളരെ ചെളിയായിരിക്കയാണ്. വടക്കൻ തിരുവിതാംകൂറിൽനിന്നു നോക്കാൾ ഇവിടെ എത്തുന്നതിനുതന്നെ മദ്രാസിൽ എത്തുന്നതിനെക്കാൾ അധികം ബുദ്ധിമുട്ടും ചെലവും ഉണ്ടു. മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു മുതലായ പ്രദേശങ്ങൾക്കു ഗതാഗതസൗകര്യത്തിനുവേണ്ടി ചിലവു ചെയ്യാൻ ഗവർണ്ണമെന്റിനു വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ലാ. തരിശ്രൂമികൾ പണിചെയ്തുകൊടുത്ത ഇനങ്ങളിലെ തരിവില, തീരുവില മുതലായ ഇനങ്ങളിലുമായി പത്തോ പന്ത്രണ്ടോ വർഷം രൂപാ കഴിഞ്ഞ ൧൪ വർഷങ്ങൾക്കുള്ളിൽ ആ താലൂക്കുകളിൽനിന്നും ഈടായിരിക്കാം. ആ സ്ഥലങ്ങളിൽ ഗതാഗതത്തിനു സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കേണ്ടതു ഗവർണ്ണമെന്റിന്റെ ഒഴിച്ചുകൂടാത്ത കടമയാണ്. ഇപ്പോൾ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെങ്കിലും സപ്ലിമെന്ററിഗ്രാന്റായിട്ടോ മററോ കൊണ്ടുവന്നു കൂടുതലായുള്ള ഉത്തര തിരുവിതാംകൂറിലെ ഗതാഗതസൗകര്യത്തിനു ഉപയോഗപ്പെടുത്തണം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): തിരുവനന്തപുരം ഡിവിഷനിലേയ്ക്കു ൪൦,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞതിൽ അധികംഭാഗവും പഴയറോഡുകൾ പുതുതായി ഗ്രാവൽചെയ്യുന്നതിനും മെററൽചെയ്യുന്നതിനുമാണെന്നു ബഡ്ജററുകൊണ്ടു കാണുന്നില്ല?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തിരുവനന്തപുരം ഡിവിഷനിലെ പുതിയറോഡു വേലകൾക്കായിട്ടാണ് ഈ ൪൦,൦൦൦ രൂപാ ബഡ്ജററിൽ കാണുന്നതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആ വേലകളുടെ സ്വഭാവം എന്താണ്?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആലുവായിൽ അനുവദിച്ചിട്ടുള്ളതു പോലെതന്നെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): തിരുവനന്തപുരത്തെ കാര്യമാണു ചോദിച്ചതു്.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതാണു ഞാൻ പറഞ്ഞതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പുതിയ റോഡുകൾ ഇറക്കാനോ, ഇപ്പോഴുള്ള റോഡുകളെ ഗ്രാവൽചെയ്യാനോ എന്നാണു ചോദിക്കുന്നതു. അതു വിവരിച്ചു പറഞ്ഞിട്ടില്ലേ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതെല്ലാം വിവരിച്ചു പറഞ്ഞിട്ടുണ്ട്. (ചിരി) അങ്ങനെയുള്ള വിവരണങ്ങളോടുകൂടി ആലുവാ സബ്ഡിവിഷനിലേയ്ക്കു ൧൫,൫൦൦ രൂപാ മാത്രമേ അനുവദിച്ചിട്ടുള്ളു. ഇവിടെ ൪൦,൦൦൦ രൂപയുമാണ്.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ടമെമ്പർ): തിരുവല്ലായിൽ വിദ്യാഭ്യാസത്തിനു ധാരാളം പണംചിലവു ചെയ്യുന്നതുകൊണ്ടാണ് റോഡു തിരുവല്ലായിൽ വർദ്ധിച്ചിട്ടുള്ളതെന്നു പറഞ്ഞല്ലോ. മൂവാററുപുഴതാലൂക്കിൽ ചിലവുചെയ്തതിലധികം തിരുവല്ലാതാലൂക്കിൽ വിദ്യാഭ്യാസത്തിനുവേണ്ടി ചിലവുചെയ്തിട്ടുണ്ടോ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തിരുവല്ലായെ അപേക്ഷിച്ചു മൂവാററുപുഴയ്ക്കു ചിലവുചെയ്തിട്ടുള്ളതു വളരെ കുറവാണ്. എന്റെ ബാല്യകാലത്തു ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു ൪ മൈലിൽ കൂടുതലുള്ള കോട്ടയത്തോ എറണാകുളത്തോ പോകേണ്ടിയിരുന്നു. ഇപ്പോൾ അവിടെ സ്കൂൾ സ്ഥാപിച്ചിട്ടുണ്ടു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ടമെമ്പർ): ഗവർണ്ണമെന്റു പണം ചെലവുചെയ്യുന്നതിനും ജനങ്ങൾ പണംചെലവുചെയ്യുന്നതിനും വ്യത്യാസമുണ്ടോ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വളരെ വ്യത്യാസംഉണ്ടു. ഗവർണ്ണമെന്റു ഞങ്ങളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി ഒന്നുംതന്നെ ചിലവുചെയ്തിരുന്നില്ലാ. തിരുവല്ലായിലും മററും അങ്ങനെയല്ല. ധാരാളം പണം ചിലവുചെയ്തിട്ടുണ്ടു.

മി. സി. പി. തരകൻ (കുന്നത്തുനാടു): വർത്തമാനപ്പത്രം റഗ്യുലേഷനെ സംബന്ധിച്ചു ഗവർണ്ണമെന്റു അതിനെസംബന്ധിച്ചു ഞാൻ ഹാജരാക്കീട്ടുള്ള പ്രമേയത്തെക്കുറിച്ചു വാദപ്രതിവാദം സ്വീകരിച്ചു നയത്തെക്കുറിച്ചു എനിക്കു കഠിനമായ വിയോജിപ്പു ഉണ്ടായിരുന്നാലും അതനുസരിച്ചു ഈ സഭയോടും ഗവർണ്ണമെന്റിനോടും നിസ്സഹകരണനയം സ്വീകരിക്കേണ്ട ആവശ്യമില്ലെന്നു എനിക്കു ബോധ്യപ്പെട്ടതുകൊണ്ടും എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കുള്ള സങ്കടത്തെ ഈ അവസരത്തിൽ അറിയിക്കാതിരിക്കുന്നതു അവരോടു ഒരു വഞ്ചനയായിരിക്കുമെന്ന വിശ്വാസത്താലും, ഈ പ്രമേയത്തെപ്പററി രണ്ടുവാക്കു പറഞ്ഞുകൊള്ളുന്നു. വടക്കൻ തിരുവിതാംകൂറിലെ ഗതാഗതസൗകര്യവിഷയത്തിൽ ഉണ്ടായിട്ടുള്ള അതൃപ്തിയെസംബന്ധിച്ചു പലതവണയും പ്രജാസഭയും നിയമസഭയിലും പ്രസ്താവിച്ചിട്ടുണ്ടു. അതിനെസംബന്ധിച്ചു വീണ്ടും എടുത്തുപറയേണ്ട ആവശ്യമില്ലാ. മി. നടേശയ്യർ ചീഫ് ഇൻജിനീയറായതിനുശേഷം വടക്കൻ തിരുവിതാംകൂറിലെ ജനങ്ങളുടെ ആവലാതിയെ ഗവർണ്ണമെന്റു പരിഹരിക്കേണ്ടതാണെന്നുള്ള ബോധം ഗവർണ്ണമെന്റിനും ചീഫ് ഇൻജിനീയർക്കും ഉണ്ടാകുകയും അതിന്റെ പരിഹാരത്തിനായി ശക്തിപോലെ ശ്രമിച്ചുവരികയും ചെയ്യുന്നുണ്ടെന്നുള്ളതു സമ്മതിക്കാതെ തരമില്ലാ. അതിലേയ്ക്കു ഗവർണ്ണമെന്റിനോടും അദ്ദേഹത്തോടും നന്ദിപറഞ്ഞുകൊള്ളുന്നു. എന്നാൽ ഇനിയും അത്യാവശ്യ

അളവായി പല സംഗതികളും ചെയ്യേണ്ടതുണ്ട്. മി. മാമ്മൻമാപ്പിള പറഞ്ഞതുപോലെ ആലുവാപ്പുഴയും വളരെ കാലമായി ജനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതാണ്. കഴിഞ്ഞ ബഡ്ജററസമ്മേളനാവസരത്തിൽ ഞാൻ ഇൻറർപെലേഷനിൽ ഗവർണ്ണമെൻറിനോട് ചോദിച്ചസമയം അതിനെസംബന്ധിച്ച എസ്റ്റിമേററ ചീഫ് ഇൻജിനിയർ പരിശോധിച്ചുവരികയാണ് എന്നുള്ള മറുപടിയാണ് പറഞ്ഞിട്ടുള്ളതു. ഇപ്പോഴും പരിശോധനതീർന്നിട്ടില്ലായിരിക്കാം. പാലത്തസംബന്ധിച്ച ബഡ്ജററിൽ യാതൊരു സംഖ്യയും അനുവദിച്ചിട്ടില്ല എന്നു കാണുന്നതു വളരെ ശോചനീയമായ ഒരു സംഗതിയാണ്. ഈ വർഷത്തിലെങ്കിലും അതിൽ ഉത്സാഹപൂർവ്വം പ്രവർത്തിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഇനി മെയിൻ സെൻട്രൽറോഡിനെപ്പററിയാണ് പറയാനുള്ളതു. കോട്ടയംമുതൽ വടക്കോട്ടുള്ള മെയിൻ സെൻട്രൽറോഡും, തെക്കോട്ടുള്ള മെയിൻ സെൻട്രൽറോഡും തമ്മിൽ വളരെ വ്യത്യാസമുണ്ട്. വിശേഷിച്ചും ഇപ്പോൾ അഞ്ചൽകാർ ഈ വഴി ഓടിക്കുന്നതുകൊണ്ടു ഈ റോഡു നന്നാക്കാതിരിക്കുന്നതുമിത്തം വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. മുൻപു അഞ്ചലോട്ടക്കാർ അഞ്ചൽ ഉരുപ്പടികൾ കൊണ്ടുവന്നിരുന്നതു മെയ്യൂർ കോട്ടയത്തുനിന്നു പിറേറദിവസമെങ്കിലും എഴുത്തുകൾ ആലുവാ മുതലായ പ്രദേശങ്ങളിൽ കിട്ടിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ റോഡിൻെറ കഷ്ടതകൊണ്ടോ മോട്ടാറിൻെറ ക്ലേശംകൊണ്ടോ പിറേറദിവസം എന്നുള്ളതിനുപകരം ചിലപ്പോൾ രണ്ടു, മൂന്നു ദിവസംകഴിഞ്ഞാണ് അഞ്ചൽ കിട്ടിവരുന്നതു. അഞ്ചൽക്കാരോടുചോദിച്ചാൽ റോഡിൻെറ ക്ലേശമെന്നാണ് പറയുന്നതു്. ഏതായാലും ഈ വിധം പരാതിഉണ്ടാകാതിരിക്കത്തക്കവണ്ണം റോഡു നന്നാക്കിത്തുടങ്ങേണ്ടതു അത്യാവശ്യമാണു. മൂവാററുപുഴയ്ക്കുംകോട്ടയത്തിനും മദ്ധ്യേയുള്ള മാർഗത്തെയ്ക്കല്ലാതെ എവിടെയെങ്കിലും മെററൽചെയ്യാതിരുന്നിട്ടുണ്ടോ എന്നെനിക്കുസംശയമാണു. അതിനെ ശരിപ്പെടുത്തി കുണ്ടുംകുഴിയുമായി റോഡിനെ കൃഷിചെയ്യുന്ന സ്ഥലംപോലെ ആക്കിത്തീർക്കാതെ വണ്ടിക്കു പോകത്തക്കവിധത്തിലാക്കിത്തീർക്കണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

മി. സി. പി. രാമൻ് (നിയമിക്കപ്പെട്ടഅംഗം): ഞാൻ കടിവക റോഡുകളെപ്പററി കുറെ സംസാരിക്കണമെന്നാഗ്രഹിക്കുന്നു. കഴിഞ്ഞകൊല്ലം ബഡ്ജററു സമ്മേളനത്തിൽ ഇപ്പോഴത്തെ കടിവക റോഡുചട്ടങ്ങളെ സംബന്ധിച്ചു ചില പരാതികളുണ്ടായിട്ടുകയും ചീഫ്എൻജിനീയർ ആ ചട്ടങ്ങളെ പരിഷ്കരിക്കാമെന്നു വാഗ്ദാനം ചെയ്തുകയുംചെയ്തു. അതുകഴിഞ്ഞിട്ടു ഇപ്പോൾ ഒരു കൊല്ലമായിരിക്കുന്നു. എങ്കിലും ചട്ടങ്ങൾ യഥേഷ്ടം പരിഷ്കരിച്ചിട്ടില്ല. മാററംവരുത്തിയ ചട്ടങ്ങൾ ചീഫ്എൻജിനിയരുടെ നിർമ്മാണക്കളേടുകൂടി ഗവർണ്ണമെൻറിൻെറപക്കൽ ഇരിക്കയാണെന്നും അതിനാൽ കഴിയുന്നതുംവേഗത്തിൽ പുതിയ ചട്ടങ്ങൾ പരസ്യംചെയ്തുകയും അവയെ പ്രവൃത്തിരൂപത്തിൽവരുത്തുകയുംചെയ്യുമെന്നു ഞാൻ ആശിക്കുന്നു.

കടിവകറോഡുകളുടെ സംരക്ഷണത്തെസംബന്ധിച്ചിടത്തോളം സാധാരണറോഡുകൾക്കു അനുവദിക്കുന്ന തുകയുടെ കണക്കനുസരിച്ചു ഇവയുടെ സംരക്ഷണംവകയ്ക്കു അനുവദിക്കുന്ന തുക തുലോം ചെറുതാകുന്നു പറയേണ്ടിയിരിക്കുന്നു. അതിനാൽ കടിവകറോഡുകളുടെ സംരക്ഷണംവകയ്ക്കു മൈൽഒന്നിന്നു ൨൦ രൂപയോ ൧൫ രൂപയോ അടങ്ങിയ ഒരു വലിയതുക അനുവദിക്കണമെന്നും എനിക്കു ഗവർണ്ണമെൻറിനോടു അപേക്ഷിക്കേണ്ടിയിരിക്കുന്നു.

മി. എ. ജെ. ജാൻ (വയ്ക്കം): സർ, അടുത്തകാലംവരെ വടക്കൻതിരുവിതാംകൂറിലെ ഗതാഗതസൌകര്യങ്ങളെസംബന്ധിച്ചു സംഗതികളിൽ ഗവർണ്ണമെൻറിൻെറ ശ്രദ്ധ വഴിയാംവണ്ണം പതിഞ്ഞിരുന്നില്ല എന്നുള്ളതു സർവ്വസമ്മതമായ ഒരു സംഗതിയാണല്ലോ. ഉത്തരതിരുവിതാംകൂറിലേയും മദ്ധ്യതിരുവിതാംകൂറിലേയും ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ഗവർണ്ണമെൻറു കൂടുതലായി ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നുള്ള വസ്തുത ക്ലൈൻ്ാമാണ്ടത്തെയും ക്ക ൦ ാമാണ്ടത്തേയും ഭരണറിപ്പോർട്ടിൽ ഗവർണ്ണമെൻറു പ്രസ്താവിച്ചിരിക്കുന്നു. റിപ്പോർട്ടുകളിൽ ഗവർണ്ണമെൻറു ഈ മാതിരി നിശ്ചയങ്ങൾ പാസ്സാക്കുന്നുണ്ടെങ്കിലും ആവശ്യമുള്ളിടത്തോളം ശ്രദ്ധ ഡിപ്പാർട്ടുമെൻറിൽ കാണാത്തതുകൊണ്ടു ജനങ്ങൾക്കു അതിൽനിന്നു ഗുണമുണ്ടാകുന്നില്ല. ക്ക ൦ ൻ്ാമാണ്ടിൽ ഒരു ലക്ഷം ആലുവാഡിവിഷനിലും കോട്ടയംഡിവിഷനിലും പുതിയ റോഡുകൾവെട്ടുന്നതിനായി അനുവദിക്കപ്പെട്ടുവെങ്കിലും ആ തുകയിൽ പകുതി മേവികളുംഡിവിഷനിലുള്ള റോഡുകൾക്കാണു ചിലവാക്കപ്പെട്ടതു. ക്ക ൦ ൦ ാമാണ്ടു പുതിയ ജോലികൾക്കും പഴയ റോഡുകൾ നന്നാക്കുന്ന വകയ്ക്കുമായി ആകപ്പാടെ ചിലവായ തുക ക്ക൯,൨ക്ക,൯൫ രൂപയിൽ ആലുവാഡിവിഷനിലേക്കു ചിലവായ തുക ൨,൯൨,൦൯൦ രൂപയാണു. ഈ തുകയിൽ ഭൂരിപക്ഷമായ ക്ക,൨൨,൦൯൨ രൂപ ഹൈറേഞ്ചു സബ്ഡിവിഷനുവേണ്ടി ചിലവാക്കി.

അതുകൊണ്ടു ആലുവാഡിവിഷൻെറ മററുരണ്ടു സബ്ഡിവിഷനിലേക്കുള്ളതു കിട്ടിയിട്ടുള്ള തുക വളരെ ചെറുതാണു. ഈ തുക ഹൈറേഞ്ചിലെ ആവശ്യങ്ങൾ നിറവേററിയതിൽപിന്നീടു മററുള്ള താലൂക്കുകൾക്കായി വിഭജിക്കപ്പെട്ടു. ഈ വിഭാഗത്തിലും കോവക്കംതാലൂക്കിൻെറ ആവശ്യങ്ങൾക്കു ശരിയായ ഒരു തുക കിട്ടിയിട്ടില്ല. കോവക്കംതാലൂക്കിൽ ആകപ്പാടെ ചിലവാക്കിയിട്ടുള്ളതു ൩,൩൫,൫൩ രൂപയാണു. ക്ക ൦ ൦ ാമാണ്ടിൽ തലയോലപ്പറമ്പിൽനിന്നും കുന്നാട്ടുകളത്തേയ്ക്കു ഒരു റോഡുവെട്ടുന്നതിനു ക്ക൫ രൂപ അടങ്ങിയ ഒരു തുക ചിലവായെന്നു പൊതുമരാമത്തുരേഖകൾ പരിശോധിക്കുന്നതിൽ കാണുന്നു, പിന്നീടു ൫൫൫-നെമ്പരായ മററുരജിസ്തിയും തലയോലപ്പറമ്പിൽനിന്നും കുന്നാട്ടുകളത്തേയ്ക്കു ഒരു റോഡുവെട്ടുന്നതിനു ക്ക൦൨ രൂപ ചിലവായെന്നു പ്രസ്താവിച്ചിരിക്കുന്നു. ഈ റോഡിനുവേണ്ടി വാസ്തവമായി ചിലവാക്കിയ തുക എത്രയാണെന്നു എനിക്കു പറയാൻ നിവൃത്തിയില്ല. പിന്നീടു ൫൨൯-ഇനത്തിൽ വടയാർ ചന്തപ്പുഴത്തിങ്കലിനിന്നും മലക്കളത്തേക്കു ഒരു റോഡ്വെട്ടുന്നതിനു ക്ക൫൨ രൂപ ചിലവായെന്നു പ്രസ്താവിച്ചിരിക്കുന്നു. വടയാർ ചന്തപ്പാലം എൻെറ ഭവനത്തിനു വളരെ സമീപത്തായതുകൊണ്ടു ക്ക ൦ ൦ ാമാണ്ടു അനുവദിച്ചിട്ടുള്ള ഈ തുക ചെലവായിട്ടുണ്ടോഎന്നും ഈമാതിരി ഒരു റോഡ് വെട്ടിയിട്ടുണ്ടോഎന്നു വടയാർ ചന്തപ്പാലംനിൽക്കുന്ന സ്ഥലം സന്ദർശിച്ചറിയുന്നതിനു ഞാൻ ചീഫ് ഇൻജിനിയരെ ക്ഷണിച്ചുകൊള്ളുന്നു. ഇതിൽനിന്നും മനസ്സിലാകുന്നതെന്തെന്നാൽ ഈ ചെറിയ തുകകൊണ്ടുപോലും വയ്ക്കത്തുള്ള ജനങ്ങൾക്കു യാതൊരു ഉപകാരവും ഉണ്ടായിട്ടില്ലെന്നാണു, അടുത്തകാലത്തേയ്ക്കു പുതിയ ജോലികൾക്കായി അനുവദിച്ചിട്ടുള്ള തുക ൧ അര ലക്ഷം രൂപയാണു. ഇതിൽ വൈക്കത്തേയ്ക്കുള്ള ആകെത്തുക ക്ക൨,൧൫൦ രൂപയാണ് അതിനാൽ ശ്രീമൂലംപ്രജാസഭയിലും ഈ സഭയ്ക്കിലും വീണ്ടും വീണ്ടും അപേക്ഷകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുഎങ്കിലും കോവക്കംതാലൂക്കിൻെറ ആവശ്യങ്ങളെപ്പററി

ഡിപ്പാർട്ടുമെന്റു ശ്രദ്ധിക്കുന്നില്ലെന്ന് ഇവിടെനിന്നും മനസ്സിലാക്കാവുന്നതാണ്. പുതിയ റോഡുകൾ മുറക്കേണ്ടതിനും ഇപ്പോഴുള്ള ചില റോഡുകൾ നന്നാക്കേണ്ടതിനുംപുറമെ കൃഷിക്കു ഉപയുക്തങ്ങളായ ചില തോടുകൾകൂടെ വെട്ടേണ്ടതായിട്ടുണ്ടെന്നു ചീഫ് എഞ്ചിനീയർ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സംഗതികൾ ഇങ്ങനെ ഇരിക്കുമ്പോൾ ഒരു കക്ഷിയ്ക്കു യാതൊന്നുംചെയ്യുന്നതിനു ഡിപ്പാർട്ടുമെന്റിനു ശ്രദ്ധയില്ലാതെയിരിക്കുന്നു എന്നു കാണുന്നതാകാം എന്നു എനിക്കു മനസ്സിലാകുന്നില്ല.

കഴിഞ്ഞ ചില്ലറകൊല്ലങ്ങളിലായി ഒരുവകുപ്പുകൾക്കു പുതുതായി പുതിയ ജോലി ഏർപ്പെടുത്തിട്ടുള്ളതായി എനിക്കു അറിവുണ്ടായിട്ടില്ല. അങ്ങനെയുള്ള ചുമതലകളിലും ഒരുവകുപ്പുകൾക്കു കാര്യക്കുറവു ഉണ്ടായിട്ടുള്ളതിനു ഞാൻ ഗവർണ്മെന്റിനോടു ആവശ്യപ്പെടുന്നു.

മി. ടി. കെ. തോമസ് (കോട്ടയം): ഡി. റിജിസ്ട്രേഷൻ ഗവർണ്മെന്റുസെക്രട്ടറിയുടെ ശ്രദ്ധയിൽ പ്രത്യേകം ശ്രദ്ധയുള്ള കാര്യങ്ങൾ നിയമസഭയിൽ നിയമസഭയിൽ ഉപന്യസിക്കപ്പെട്ട സംഗതികളെസംബന്ധിച്ചു ഏതാനം വാക്കുകൾകൂടി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ഒരുവർഷക്കാലത്തിനുള്ളിലായി പല ഉദ്യോഗസ്ഥന്മാരിലും ഈ വകുപ്പിലെ ചുമതലകൾ ഏൽപ്പിക്കപ്പെട്ടിട്ടുണ്ടു. ഇന്ത്യൻ ഉദ്യോഗസ്ഥന്മാരുടേയും നിയമസഭയുടേയും ഇടയിലുള്ള ബന്ധം [illegible] ഉദ്യോഗസ്ഥന്മാരിലും [illegible] ഉണ്ടായിട്ടുള്ളതു.

മി. ടി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ [illegible] എന്തുകൊണ്ടാണ്?

മി. ടി. കെ. തോമസ് (കോട്ടയം): അതു, [illegible] ഉദ്യോഗസ്ഥന്മാരിലും [illegible] അവർ മനസ്സിലാക്കുന്നു. വിശേഷിച്ചു കക്ഷിയ്ക്കു [illegible] ഒരു [illegible] വിഷമമായി തോന്നുന്നു. [illegible] റോഡുകൾ [illegible] ഇപ്പോഴുള്ള [illegible] ചില [illegible] കുടിവക റോഡുകൾ [illegible] ചുമതലകൾ [illegible] ഇന്ത്യൻ [illegible] ഇതിനു [illegible] ഒരു [illegible] ഗവർണ്മെന്റിനു [illegible] ഇന്ത്യൻ [illegible] ഇതിനു [illegible] ഇന്ത്യൻ [illegible] ഇന്ത്യൻ [illegible] ഇന്ത്യൻ

ജനങ്ങൾക്കു ഗവൺമെണ്ടിന്റെ അനുവാദം ലഭിക്കുന്നതു. അപ്രകാരം ഉള്ള അനുവാദം നൽകുന്നതു സ്ഥലം പരിശോധന നടത്തുന്ന ഒരു ഗവർണ്മെന്റ്പ്രതിനിധി അല്ലെങ്കിലും പ്രധാനമായി ഓർക്കേണ്ടതായിട്ടുണ്ട്. ഒരു ഇനത്തിന്നുവേണ്ടി അനുവദിച്ചിട്ടുള്ളതുക ഒരു കൊല്ലത്തിലോ രണ്ടു കൊല്ലത്തിലോ ആയി മുറയ്ക്കു ചിലവാക്കപ്പെട്ടുകയാണെങ്കിൽ സ്ഥലം പരിശോധന നടത്തിയിട്ടില്ലാത്ത അടുത്തു വരുന്ന ഉദ്യോഗസ്ഥന് ഈ ജോലിയുടെ അനിവാര്യതയെപ്പററി അറിവില്ലാതിരുന്നേക്കാം. തൻമൂലം വീണ്ടും പണി അനുവദിക്കാതിരുന്നേക്കാം. ഇപ്രകാരമായ ഒരു അവസ്ഥയാണു ഇവിടെ കാണുന്നതു്. അതിന്റെ ഫലമെന്തെന്നാൽ അനേക വർഷങ്ങളായി ഒരു വിഷയത്തെപ്പററി മുറവിളി കൂട്ടിയതിൽപിന്നീടു ഒടുവിൽ ഗവൺമെണ്ടിന്റെ അനുമതി ലഭിക്കുമ്പോൾ ജോലി ചെയ്യേണ്ടുന്നതൊ അഥവാ കഴിയേണ്ടുന്നതചക്കം പൂർത്തിയാകാതെയൊ വന്നുകൂടുന്നു. അതുകൊണ്ടു മി. ചു. കെ. പിള്ള പുറപ്പെടുവിച്ചിട്ടുള്ള പരാതി ന്യായമായിട്ടുള്ളതുതന്നെ.

ഗതാഗത സൗകര്യങ്ങളെ സംബന്ധിച്ചു ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്ന മറെറാരു ന്യൂനത എന്തെന്നാൽ പൊതുജനങ്ങൾ നടത്തുന്ന രീതിപ്രകാരിയാണു ഒരു സെക്ഷനിലെയൊ സബ് ഡിവിഷനിലെയൊ റോഡുകൾ നന്നാക്കുന്ന ചുമതല കരാറെടുത്തിരിക്കുന്ന ഒരു മുനിസ്സിപ്പാലിറ്റിയെന്നു വന്നേക്കാം. അപ്പോൾ മുൻപറയപ്പെട്ട വിഷയം പ്രസക്തമായിട്ടുണ്ട്. ഈ കാര്യത്തിൽ ഡിപ്പാർട്ടുമെണ്ടിനെക്കാൾ വീഴ്ചവരുത്തുന്നതു മുനിസിപ്പൽ വിഷയത്തിൽ കാരണമായിത്തീരുന്നു. കുറെ നാളത്തേക്കു നല്ലവിധത്തിൽ സംരക്ഷിച്ചു വരികയും അടുത്തകാലത്തു അതിനു കാലത്തു ഗതാഗതത്തിനു കൊള്ളാത്തതായിത്തീർന്നിട്ടുള്ളവയുടെ അനേകം ദൃഷ്ടാന്തങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. കൂടാതെ നന്നാക്കുന്നതിനു ഏറെറടുക്കപ്പെട്ടിട്ടുള്ള പല റോഡുകൾ ഉണ്ട്. അയ്യങ്കാവിലെ വളരെ വലിയ ഗുണകരം ചിലവഴിച്ചിട്ടുമുണ്ട്. പക്ഷെ അവ ഇപ്പോൾ ഉപയോഗശൂന്യമായ നിലയിൽ കിടക്കുകയും ഡിപ്പാർട്ടുമെന്റ് അവയെ വീണ്ടും നന്നാക്കാതെ നിർദ്ദേശം ഉപേക്ഷിച്ചിരിക്കുകയും ചെയ്തു. ഇപ്രകാരം റോഡുകൾക്കായി ചെലവു ചെയ്തിട്ടുള്ള തുക പൊടിയെയാണു് വ്യയം ചെയ്തതു്. റോഡുകൾക്കായി പ്രാരാബ്ധപ്രവൃത്തി ചെലവു ചെയ്തിട്ടുണ്ടെങ്കിലും അവ പൂർത്തിയാകാഞ്ഞതുകൊണ്ടു ചെലവുള്ള ആദായം ഉപകാരപ്രദങ്ങളായിത്തീർന്നിട്ടില്ല. ഇതെല്ലാം ഖേദകരമാണ്. ഉദാഹരണമായി മുളംകുന്നത്തു പൂഞ്ഞാറ്റിലുള്ള റോഡിനെപ്പററി പറയാം. അതു ഇടക്കാലത്തു നന്നാക്കുന്നതിനായി ഏർപ്പെടുത്തിയെങ്കിലും അതു പൂർത്തിയാക്കുന്നതിനു ഗവൺമെണ്ടിന്റെ ശ്രദ്ധ പതിഞ്ഞുകാണുന്നില്ല.

ഗതാഗതത്തിനു ഗവൺമെണ്ടു ദുഃഖാന്തം വെട്ടിക്കുന്നതിലുള്ള നഷ്ടവിഷയം മനസ്സിലാക്കുകയാൽ ജനങ്ങൾക്കു തന്നെ ആ ജോലി ചെയ്യേണ്ടുന്നതല്ലേ? എന്നിട്ടും അവയെ സംരക്ഷിക്കുന്നതിലും ഗവൺമെണ്ടിന്റെ ശ്രദ്ധ പതിഞ്ഞുകാണുന്നില്ല.

ഈ വിഷയത്തിൽ ജനങ്ങൾകൊണ്ടുവന്നിട്ടുള്ള പരാതികളും ഒക്കിന തിരുവിതാംകൂറിനെ സംബന്ധിച്ചു കാണിച്ചിട്ടുള്ള പ്രസ്തുതപക്ഷപാതവുംകൂടി ആലോചിക്കുമ്പോൾ എനിക്കു ഒരുസംഗതി പറയാനുണ്ടു. ഓരോ താലൂക്കിലും താലൂക്കുബോർഡുകൾ ഏർപ്പെടുത്തി, റോഡുകൾ, കലുങ്കുകൾ, സാധാരണ പാലങ്ങൾ മുതലായവയുടെ പണിയും സംരക്ഷണവും അവരെ ഏല്പിക്കാവുന്നതാണ്. അങ്ങനെയായാൽ ജോലി കുറെക്കൂടി നല്ലവിധത്തിൽ നടക്കും എന്നു എനിക്കു തോന്നുന്നു.

ഉപാദ്ധ്യക്ഷൻ: താലൂക്കുബോർഡുകൾ ഏർപ്പെടുത്തണമെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്?

മി. കെ. കെ. ജോസഫ് (ഭിന്നഭൂമി—ദേവികുളവും): അതാണ് എന്റെ അഭിപ്രായം. താലൂക്കുബോർഡുകൾ ഏർപ്പെടുത്തണമെന്നും, ഓരോ താലൂക്കിലും ഉള്ള ജനസംഖ്യയുടെ ഒരു നല്ല ശതമാനം അതാതു താലൂക്കുകളുടെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചിലവഴിക്കുന്നതിനു പ്രസ്തുത സമിതികളെ ചുമതലപ്പെടുത്തണമെന്നുമാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. അപ്പോൾ ജോലി കുറെക്കൂടി തൃപ്തികരമാവുമെന്നും

നടക്കുകയും, തൻമൂലം അധികം പരാതികൾക്കു ഇടവരാതിരിക്കുകയും ചെയ്യുന്നതാണ്. ഈ അഭിപ്രായത്തിലേയ്ക്കു, വിശേഷിച്ചും ഓരോ താലൂക്കിലുള്ള ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു, അതാതു താലൂക്കിലെ ഒരു നല്ല ശതമാനം തുനികൾ നീക്കിവയ്ക്കുന്ന വിഷയത്തിലേയ്ക്കാണ് ഞാൻ ഗവർണ്ണമെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നത്. ഈ തുക താലൂക്കുബോർഡിനെ ഏൽപ്പിക്കുകയാണ് വേണ്ടതു്. ഈ അഭിപ്രായത്തെ ചീഫ് എഞ്ചിനീയർ അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അനുമൂലം കൂടി കൂട്ടുന്നതിനിടയാകുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-തോടുകളുവും): എന്റെ അഭിപ്രായം സ്വീകരിച്ചു താലൂക്കുബോർഡുകൾ സ്ഥാപിച്ചു ഇപ്പോഴുള്ള തുനികളിലുള്ള ഒരുഭാഗം അവരെ ഏൽപ്പിക്കുകയും ചെയ്യുകയാണെങ്കിൽ കൂടുതൽ കാര്യത്തിനുപ്പററി ആലോചിക്കേണ്ട ആവശ്യമില്ല. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഈ ബോർഡുകൾ ജോലി കുറച്ചുകൂടി ഉത്തമമായി നിർവ്വഹിക്കുന്നതാണ്.

മി. എൻ. വി. ജോസഫ് (പറവൂർ): മിസ്റ്റർ എ. കെ. പിള്ളയുടെ ഉപക്ഷേപം ഞാൻ പിന്തുണയ്ക്കുന്നു. ഡിപ്പാർട്ടുമെന്റിന്റെ പൊതുവേയുള്ള നയത്തെപ്പററി മാന്യമെമ്പർമാർ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കാര്യത്തിൽ എനിക്കും ഒരഭിപ്രായം പറയുവാനുണ്ട്. നാം തിരുവിതാംകൂറിന്റെ ആവശ്യങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ നമ്മുടെ പൊതുപ്രയോജനം ഒന്ന് പരിഗണിക്കേണ്ടതാണ്. അതിനുള്ള കാലം കഴിഞ്ഞുപോയിരിക്കുന്നു എന്നു ഞാൻ പറയുകയില്ലെങ്കിലും. മിസ്റ്റർ കുഞ്ഞിരാമമേനോന്റെ അഭിപ്രായത്തിൽ നിന്നും നമുക്കു നല്ലതിനെപ്പററി മനസ്സിലാക്കുന്നുണ്ട്. ഇവിടെ തിരുവിതാംകൂറിലെയ്ക്കു സാമാന്യം വലിയ ഒരു തുക അനുവദിക്കപ്പെട്ടിട്ടുണ്ടെന്നുള്ള വാസ്തവം; പക്ഷെ ആ തുക കിഴക്കൻമലകളിലേയ്ക്കാണ് വിനിയോഗിക്കപ്പെടുന്നതു. പൊതുജനാഭിപ്രായത്തെ ഡിപ്പാർട്ടുമെന്റിന്റെ ഗതാഗതസൌകര്യങ്ങൾക്കായി ആകെ അനുവദിച്ചിട്ടുള്ള തുക മുഴുവനായി ഉപയോഗിക്കണമെന്നു ആവശ്യപ്പെടുകയും പറവൂർകൊണ്ടു അവസാനിക്കുകയും ചെയ്യുന്നു. ഇനിമേൽ പറവൂർനിന്നു ജോലി ഇടങ്ങണമെന്നു ഞാൻ ഡിപ്പാർട്ടുമെന്റിനോടു ആവശ്യപ്പെടുന്നു.

മി. കെ. വി. നാരായണയ്യർ (ചീഫ് എഞ്ചിനീയർ): ഭാവിച്ചു തുടങ്ങുന്നതു പറവൂർമുതൽക്കാണെന്നു മെമ്പറിന്നു മനസ്സിലാക്കിക്കൊള്ളട്ടെ.

മി. എൻ. വി. ജോസഫ് (പറവൂർ): എനിക്കു ചീഫ്എഞ്ചിനീയർ പറയുന്നതു കേൾക്കാൻ നിവൃത്തിയില്ല.

ഉപാദ്ധ്യക്ഷൻ: അനുവദിച്ച തുക ഓരിടത്തു പറവൂർമുതൽക്കാണെന്നതു കാണുന്നതു്.

മി. എൻ. വി. ജോസഫ് (പറവൂർ): അതു ബഡ്ജററനുസരിച്ചുള്ളതാണല്ലോ.

മി. കെ. വി. നാരായണയ്യർ (ചീഫ്എഞ്ചിനീയർ): ബഡ്ജററിലുള്ള തുക അനുസരിച്ചാണ് സാധാരണ വിതരണം നടത്തിവരുന്നതു്.

മി. എൻ. വി. ജോസഫ് (പറവൂർ): എന്റെ സ്വന്തനിയോജകമണ്ഡലം പറവൂരാണ്. പള്ളിത്തോട്, അതായതു പള്ളികിടക്കുന്ന തോടു എന്നുപേരുള്ള ഒരു തോടു ഞങ്ങൾക്കുണ്ട്. 'പള്ളിത്തോട്' എന്നു അതിനെ വിളിക്കുന്നതിനുള്ള കാരണം കേൾക്കുന്നതു രസകരമായിരിക്കും. പറവൂരേയ്ക്കു ഒഴുകുന്ന ഈ തോട്ടിനു നൂറടിമേൽ നീളമുണ്ട്. തോടു ഇടയ്ക്കിടയ്ക്കു മേടുകൾ ഉള്ളതുകൊണ്ടു വള്ളങ്ങൾക്കു അതിൽക്കൂടി യാത്രചെയ്യുന്നതിനു നിവൃത്തിയില്ല. അവയെ തോളിൽകൂടി വഹിച്ചുകൊണ്ടുപോകുകയാണ് ചെയ്യുവരുന്നതു്.

ഈ തോടിന്റെ ആഴം വർദ്ധിപ്പിക്കുന്നതിലേയ്ക്കു കുറെ പണം ചെലവാക്കണമെന്നുള്ള വസ്തുത അധികൃതന്മാരെ അറിയിക്കുന്നതിനു ഞങ്ങൾ ആണ്ടുതോറും ശ്രമിച്ചുവരികയാണ്. പക്ഷെ പൊതുമരാമത്തുഡിപ്പാർട്ടുമെന്റു അതിനു കുറെ പണമെങ്കിലും ചിലവുചെയ്തു എന്നു ഞാൻ വിചാരിക്കുന്നില്ല. ആ തോടു കൂടാതെ പറവൂർനിന്നു ഏറെ ദൂരമെമ്പ നീളമുള്ള ഒരു റോഡുമാത്രമേ ഞങ്ങൾക്കുള്ളു. വെള്ളപ്പൊക്കം ഉണ്ടാകുന്ന അവസരത്തിൽ, ഇതിന്റെ ഏതാണ്ടു നീളംവരുന്ന സ്ഥലം വെള്ളത്തിനടിയിലാണ് സ്ഥിതിചെയ്യുന്നതു. ഡിപ്പാർട്ടുമെന്റധികൃതന്മാർ ഇടവപ്പാതിക്കാലത്തു തിരുവിതാംകൂറിന്റെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ യാത്രചെയ്യാനാലോചിച്ചിരുന്നുവെങ്കിൽ ഈ സാഗതികളെല്ലാം ഗവർണ്ണമെന്റിനു ബോദ്ധ്യമാക്കുന്നതിനിടയാകുമായിരുന്നു. വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ നമുക്കു 'ആവുപാസുഖവാസകാലം' എന്നുപറയുന്ന കാലമുണ്ട്. അപ്പോഴാണ് ചീഫ്എഞ്ചിനീയർ ഇടവിട്ടുള്ള ഉദ്യോഗസ്ഥന്മാർ വടക്കൻദിക്കുകളിലേയ്ക്കു യാത്രയ്ക്കു ഉൽസുകരായിത്തീരുന്നതു. അപ്പോൾ ഉല്ലാസകാലമായതുകൊണ്ടു എല്ലാം മംഗളമായിരിക്കും. പക്ഷെ ഞാൻ വർഷകാലത്തെപ്പററിയാണ് പറയുന്നതു. അവർ ഈ സ്ഥലങ്ങളിൽ മഴക്കാലത്തു പോകണമെന്നു നിർബന്ധിക്കുകയാണെങ്കിൽ അവർക്കു ജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടതകളും അസൌകര്യങ്ങളും സ്വാനുഭവംകൊണ്ടു മനസ്സിലാവുന്നതാണ്.

എനിക്കു വീണ്ടും ഒരു പാലത്തെപ്പററി സല്ലാപം പറയാനുണ്ട്, അതായതു വടക്കേക്കരപ്പാലം. വടക്കേക്കര ഒരു ചെറിയ പഞ്ചായത്താണ്. പക്ഷെ അതു പ്രധാനപ്പെട്ട ഒന്നാണ്. ഈ പഞ്ചായത്തിൽ ആയിരത്തിൽ കൂടുതൽ വോട്ടന്മാരുണ്ട്. - അതുപോലെ ഏകദേശം 2 നാഴിക നീളവും ഒരു നാഴിക വീതിയുമുള്ള ഈ പഞ്ചായത്തിന്റെ പ്രാധാന്യം ഇത്രയധികം ഉണ്ടെന്നു മനസ്സിലാക്കാവുന്നതാണ്. പബ്ലിക്ക് ആഫീസുകളും വിദ്യാഭ്യാസസംബന്ധമായ സ്കൂളുകളും നദിയുടെ മറുവശത്താണ് സ്ഥിതിചെയ്യുന്നതു. രണ്ടോ മൂന്നോ വർഷങ്ങൾക്കുമുമ്പു ഈ നദിക്കു കുറുകെയായി ഒരു പാലം പണിയുന്നതിനു ആരംഭിക്കുകയുണ്ടായി. ഫൗൺഡേഷൻ-ഉല്ല വെള്ളപ്പൊക്കത്തിനുമുമ്പായി ഡിപ്പാർട്ടുമെന്റു അവിടെ കുറെ ജോലി നടത്തി. അവ, ഇപ്പോൾ കടന്നുപോകുന്ന വള്ളങ്ങൾക്കു ഒരു മാർഗ്ഗതടസ്ഥമായി പരിണമിച്ചിരിക്കുന്നു. പാലംകെട്ടുന്ന ജോലി നടന്നുവരുന്നതും ഞാൻ കാണുന്നില്ല. ഇക്കൊല്ലത്തിലും ആവുകയ്ക്കു ഒരു ചെറിയ തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. പക്ഷെ അതു എപ്പോഴാണ് പ്രസ്തുത ജോലി തീർക്കാൻപോകുന്നതെന്നറിയാൻ പാടില്ല. ഈ പാലപ്പണിയെപ്പററി ഭൂരിഭാഗം പരാതികൾ ഉണ്ടായിട്ടുണ്ട്.

ഇതുകൂടാതെ എനിക്കു പറയാനുള്ള മറെറാരു സംഗതി, പറവൂർ ഒരു സത്രമല്ലെന്നുള്ളതാണ്. ഈ താലൂക്കിലെ ജനങ്ങൾക്കു ഗതാഗതസംബന്ധമായ അസൌകര്യങ്ങൾ ഉണ്ട്. സ്വാനുഭവംകൊണ്ടു ഇവയെ മനസ്സിലാക്കുന്നതിനു സാധിക്കത്തക്കവിധത്തിൽ സർക്കാർ ഉദ്യോഗസ്ഥന്മാർ അവിടെ താമസിക്കുന്നില്ല. ഇതിന്റെ കാര

ണം ഈ അഭിപ്രായക്കാരുടെയായിരിക്കാം. അതിനാൽ മര്യാദയായി ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നതു, സർക്കാർ ഉദ്യോഗസ്ഥന്മാർ സ്വാഭാവികമായി ജനങ്ങളുടെ അഭിപ്രായങ്ങൾ മനസ്സിലാക്കത്തക്കവണ്ണം പ്രസ്തുത സ്ഥലത്തു സ്ഥിരമായിട്ടു താമസിക്കുന്നതിനുവേണ്ടി ഒരു സത്രം അവിടെ പണികഴിപ്പിക്കണമെന്നാണ്.

ആലുവാപ്പുഴയാകട്ടെ ഇതിലേക്കു പ്രധാന്യമേറിയ ഒന്നാണ്. എന്റെ സ്നേഹിതനായ മിസ്റ്റർ തരകൻ ഈ വിഷയത്തെപ്പററി തന്റെ സ്പീച്ചിൽ പല പ്രാവശ്യങ്ങളിലും പറയുകയുണ്ടായി. ഈ പദ്ധതിക്കുകൊണ്ടു ഷോറണൂർ മുതലായ സ്ഥലങ്ങളും വിദൂരപ്രദേശത്തിൽ ഖദിപ്പിക്കുന്നതിനു സാദ്ധ്യമാകുന്നതാണ്. ഗവണ്മെന്റു അതിനെപ്പററി ഈ പദ്ധതിക്കുള്ളതാണെന്നു നമ്മുടെ വിശ്വാസം ഉണ്ടായിട്ടുണ്ട്. പക്ഷെ അതിനെക്കുറിച്ചു [illegible] ഇതു പ്രയോജനപ്പെടുത്തുന്നതിനു വിനിയോഗിക്കുമ്പോൾ ആലുവാപ്പുഴയും കെട്ടുന്നതു ഇപ്പോൾ സാദ്ധ്യമാകുന്നു. ചീഫ് എഞ്ചിനീയർ [illegible] പറഞ്ഞിട്ടുണ്ട്. എന്റെ ചോദ്യമെന്തെന്നാൽ, ആലുവാപ്പുഴയ്ക്കു [illegible] ഇതു [illegible] ആലുവാപ്പുഴയ്ക്കു രണ്ടായി വിഭാഗിച്ചിരിക്കുന്നതു ഇതാണ്. [illegible] ഈ രണ്ടു ഭാഗങ്ങൾക്കുമിടയിൽ ഗതാഗതസൗകര്യമായ അസൈസ്സ് [illegible] ഇപ്പോൾ [illegible] ഗതാഗതസൗകര്യങ്ങൾക്ക് അവയുടെ ഇടയിൽ ശരിയായ പണ്ണം നിലവെ [illegible] ഗവണ്മെന്റിനു [illegible] ഇതു [illegible] ഗതാഗതസൗകര്യങ്ങൾ [illegible] ഇപ്പോൾ [illegible] ഗതാഗതസൗകര്യങ്ങൾ [illegible] ഇപ്പോൾ [illegible] ഗ്രാമങ്ങളിലേക്കു [illegible] ഇവിടെ ഏതാനും ചിലതല്ലുകളിലെ വിവരം [illegible] പറയപ്പെട്ടിട്ടുള്ളതു. സ്വന്തമായും ഉപേക്ഷിക്കുന്നു എന്നുള്ളവ്രതം അനുഷ്ഠിച്ചിരിക്കുന്ന എന്റെ സ്നേഹിതന്മാരിൽ ചിലർക്കുവേണ്ടി ഈ താലൂക്കുകളിലെ ഗതാഗതസംബന്ധമായ ആവശ്യങ്ങളും കഷ്ടം കുറവുള്ളതല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഉദാഹരണമായി സംസ്ഥാനത്തിൽവെച്ചു തീരെ ശ്രദ്ധപതിയാത്ത താലൂക്കുകളിലൊന്നാണ് ചേർത്തല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്റെ താലൂക്കിനെപ്പററി സൂചിപ്പിച്ചതിനു ഞാൻ മിസ്റ്റർ എ. കെ. പിള്ളയോടു നന്ദിപറയുന്നു. എന്നാൽ ചോദ്യമെന്നുള്ളപക്ഷം ചേർത്തലയെപ്പററി സംസാരിക്കുന്നതിനു എനിക്കു മറെറാരു അവസരം ഉണ്ടാകുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി). പക്ഷെ ഒരു പ്രത്യേക താലൂക്കിലെ മെമ്പറല്ലെന്നുള്ളവിചാരം എനിക്കില്ലാ. ഞാൻ സംസ്ഥാനം ഒട്ടുക്കുള്ള ഒരു മെമ്പറായിരിക്കുന്നതുകൊണ്ടു, എന്റെ അഭിപ്രായംകൊണ്ടു എവിടെയെല്ലാം ഗുണം ഉണ്ടാകുമോ, അവിടെയെല്ലാം കഴിയുന്നത്ര ശ്രമംചെയ്യേണ്ടതു എന്റെ കടമയാണ്. ഗതാഗതസൗകര്യങ്ങളെ സംബന്ധിച്ചിടത്തോളം തീരെ ശ്രദ്ധപതിഞ്ഞിട്ടില്ലാത്ത താലൂക്കുകളിൽ ഒന്നാണ് ചേർത്തല.

മി. പി. കെ. കുഞ്ഞുപിള്ള (അമ്പലപ്പുഴ): മെമ്പർ പറയുന്നതു പുതിയ ചേർത്തലയെപ്പററിയോ പഴയ ചേർത്തലയെപ്പററിയോ എന്നറിഞ്ഞാൽ കൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ചേർത്തലയ്ക്കു പഴയതെന്നു പുതിയതെന്നും പഴയതെന്നും ചേർത്താണ് പറഞ്ഞതു.

ഇപ്പോൾ ചേർത്തലപട്ടണത്തിൽ നാ. നാഴികനിളത്തിൽ റോഡുകൾ ഉണ്ട്. എന്നാൽ ചേർത്തലത്താലൂക്കു മുഴുവൻ നോക്കുമ്പോൾ അവിടെ ഏ നാഴികനിളത്തിലുള്ള റോഡുകളുടെ അവിടെയുള്ളു. നേരെമറിച്ചു തിരുവനന്തപുരത്തു ഒരു ഏരിയക്കും ഉപയോഗിക്കാത്ത ഒരവിടുത്തെപോലെ. ഇല്ലാ. ഉൾനാടുകളിലേക്കു പോകുകയാണെങ്കിൽ റോഡുകളുടെ ശരിപ്പാടിട്ടുള്ള ഗുണം അനുഭവിക്കാൻ ഒരുദാഹരണം വീട്ടുപടിക്കൽ കാണുകയില്ലാ. ഡിപ്പാർട്ടുമെന്റു മനസ്സിലാക്കേണ്ട ഒരു സംഗതി ഇതാണ്. ഞങ്ങൾ അഭിപ്രായപ്പെടുന്ന സംഗതികളെപ്പററിയുള്ള ഉത്തരവാദിത്വം ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനായ ചീഫ് എൻജിനിയർ ഏറ്റെടുക്കാതിരിക്കുന്നതിൽ എനിക്കു വളരെ സങ്കടമുണ്ട്. ഗവണ്മെന്റു സകലതിനും ഉത്തരവാദിയാണെന്നും, അതുകൊണ്ടു ഓരോ വിഷയങ്ങൾ ആലോചിക്കുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം പറയുന്നു. എനിക്കറിയാം ഗവണ്മെന്റിന്റെ പ്രതിനിധി എന്നതിലധികം ഈ സമസ്യക്കിനോടു സമാധാനങ്ങൾ പറയേണ്ടതു അദ്ദേഹമാണല്ലോ. ഗതാഗത സൗകര്യവിഷയത്തിൽ കൂടുതൽചെലവു ചിലവാക്കേണ്ടതും, ഇപ്പോഴുള്ളതിൽ കൂടുതലായ ശ്രദ്ധയോടുകൂടി പ്രവൃത്തിനടത്തുകയും ചെയ്യണമെന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇൻജിനിയർ): ഗതാഗത സൗകര്യങ്ങൾ സംബന്ധിച്ചു ബോർഡ് ഏർപ്പെടുത്തണമെന്നു മി. മാത്തൻമാപ്പിള പ്രസ്താവിച്ചു. ബഡ്ജററിന്റെ സാധാരണ സമ്മേളനാവസരത്തിൽ ഏതാനും മറുപടികൾ അതു സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ ആ അഭിപ്രായത്തെ സാമാന്യേന സ്വീകരിക്കുകയും ഗവണ്മെന്റു രേഖിതപ്പററി ആലോചിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

ചില മെമ്പർമാർ ആലുവപ്പുഴ പാലം പണിയുമെന്നതിനെപ്പററി പ്രസ്താവിച്ചു. ആ വിഷയത്തിൽ ചെയ്യുവാനുള്ളതിനെപ്പററിയാണെന്നു ഞാൻ വിസ്തരിച്ചു പറഞ്ഞുകഴിഞ്ഞു. എസ്റ്റിമേററു താമസിയാതെതന്നെ ഗവണ്മെന്റിന്റെ കൈവശം വന്നുചേരുമെന്നും, പുതിയചട്ടങ്ങൾ മേശാനടപ്പിൽ വരുമെന്നും ഞാൻ ആശിക്കുന്നു. ഞാൻ വിസ്തരിച്ചു പറഞ്ഞിട്ടുള്ളതുപോലെ ജനങ്ങൾ കെട്ടിയിട്ടുള്ള റോഡുകൾക്കു, ആവശ്യാനുസരണമുള്ള വീതിയുള്ളപക്ഷം അവയെ ഗവണ്മെന്റു ഏറ്റെടുക്കുന്ന വിഷയത്തിൽ ഇപ്പോഴുള്ളചട്ടങ്ങൾ ബാധകങ്ങളായി തീരുന്നതല്ലാ. വരുന്നകൊല്ലത്തിൽ അനേകംറോഡുകൾ ഗവണ്മെന്റിലേക്കു ഏറ്റെടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. കുടിവക റോഡുകളുടെ സംരക്ഷണത്തിനു അനുവദിച്ചിട്ടുള്ള തുകയുടെ കുറവിനെപ്പററിയിടത്തോളം, അവയ്ക്കു അനുവദിച്ചിട്ടുള്ള തുകകൾ മൈൽമുന്നൂറു രൂപാവീതമുള്ള ചെറുതുകകൾ രൂപാവരെയാണ്. ഈ റോഡുകളിൽ വണ്ടി ഗതാഗതം വർദ്ധിക്കുന്നതിനോടുകൂടി, അവയുടെ സംരക്ഷണത്തിനു അനുവദിക്കുന്ന ഗ്രാന്റും വർദ്ധിപ്പിക്കുന്നതാണ്. ഗതാഗത സൗകര്യങ്ങൾക്കനുസരണമായി സംരക്ഷണത്തിനുള്ള ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്ന നയം കഴിഞ്ഞ മൂന്നോ നാലോ കൊല്ലങ്ങളായി മുറയ്ക്കു നടപ്പിൽ കൊണ്ടുവരികയാണ്.

ഡിപ്പാർട്ടുമെന്റു അനുവദിച്ചിട്ടുള്ള ഫണ്ടുകൾ ഡിവിഷനുകളിലേക്കു വിഭാഗിച്ചുകൊടുക്കുന്നതെങ്ങനെയെന്നു ബഡ്ജററിന്റെ സാധാരണ സമ്മേളനാവസരത്തിൽ ഉണ്ടായിരുന്ന ഏതാനും മറുപടിയിൽ ഞാൻ വിസ്തരിച്ചു പറഞ്ഞുകഴിഞ്ഞല്ലോ. വരുന്നകൊല്ലത്തേക്കു ആലുവാ ഡിവിഷനിലും മററുള്ള ഡിവിഷനുകളിലും മററും അനുവദിച്ചിട്ടുള്ള തുകകളെപ്പററിയും ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. ഈ വിഷയത്തെപ്പററി എനിക്കിനിയധികമൊന്നും പറയാനില്ല.

മി. എ. ജെ. ജോൺ (തൊവക്കം): ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയിൽനിന്നു വയ്ക്കത്തു പണികൾക്കുവേണ്ടി ഗണ്യമായ ഒരു ഭാഗം നീക്കിവച്ചിട്ടുണ്ടെന്നു ചീഫ് എൻജിനിയർ വിചാരിക്കുന്നുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനിയർ): ഓരോ താലൂക്കിലും മുഖ്യമായ ഫണ്ടുകൾ അനുവദിക്കുന്നതിനു ഞങ്ങൾക്കു സാധിക്കുകയില്ലാ. ഓരോ സ്ഥലങ്ങളിലെ അത്യാവശ്യങ്ങൾ അനുസരിച്ചും നിയമസഭയിലും ശ്രീമൂലം പ്രജാസഭയിലും ഹാജരാകുന്ന അപേക്ഷകൾ അനുസരിച്ചുമാണ് തുകകൾ അനുവദിച്ചുവരുന്നതു.

മി. എ. ജെ. ജോൺ (തൊവക്കം): വയ്ക്കം താലൂക്കിലേയ്ക്കു കുറെക്കൂടി വലുതായ ഒരു തുക അനുവദിക്കണമെന്നു ചീഫ് എൻജിനിയർ വിചാരിക്കുന്നുണ്ടോഎന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനിയർ): എനിക്കു നിശ്ചയമില്ലാ. താലൂക്കിലുള്ള ജനങ്ങൾ അവരുടെ ആവശ്യങ്ങളെപ്പററി ഒന്നുകൂടി ആലോചിച്ചതിൽപിന്നീടു എന്നെ അറിയിക്കേണ്ടതാണ്. (ചിരി)

മി. എ. ജെ. ജോൺ (തൊവക്കം): ചീഫ് എൻജിനീയർ പ്രജാസഭയിലെ റിപ്പോർട്ടുകൾ വായിക്കുന്ന പതിവുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): അവിടെ കൂടുതൽ റോഡുകൾ വേണമെന്നു മെമ്പർമാർ എന്നോടു ആവശ്യപ്പെട്ടിട്ടുള്ളതായി എനിക്കറിയാം.

മി. എ. ജെ. ജോൺ (തൊവക്കം): ഈ അപേക്ഷകളിൽനിന്നും മനസ്സിലാകുന്ന തത്വം എന്താണ്?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഏതാനും ചില തോടുകൾ വെട്ടിക്കുന്നതിനല്ലാതെ മററുള്ള ആവശ്യങ്ങൾക്കു അപേക്ഷകൾ വന്നിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ഞങ്ങൾ തലയോലപ്പറമ്പുമുതൽ കുഞ്ഞാട്ടുകളംവരെയുള്ളതും ധാരാളം പണച്ചിലവുള്ളതുമായ റോഡു സംബന്ധിച്ചു ജോലിയും കയ്യേററിട്ടുണ്ടു.

മി. എ. ജെ. ജോൺ (തൊവക്കം): ഈ റോഡിന്റെ അനുവാദം ലഭിച്ചുകഴിഞ്ഞായിരുന്നുവെന്നും, ജോലി തുടങ്ങിയതുതന്നാണെന്നും അറിഞ്ഞാൽ കൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഈ ഭൂമിയുള്ള അടങ്കൽ എത്രയുംകൊല്ലങ്ങൾക്കു മുൻപു അനുവദിച്ചുകഴിഞ്ഞു. ഒരു പുതിയ അടങ്കൽ തയാറാക്കിയിട്ടുള്ളതിനു ഈയിടെ അനുവാദം വരിച്ചിട്ടുണ്ടു. അതിനാൽ ജോലി വളരെ വേഗത്തിൽ തീരുമെന്നു കരുതുന്നു.

മി. എ. ജെ. ജാൺ (തൊവക്കം): ആ റോഡിന്റെ ജോലി ആരംഭിച്ച തീയതി എന്നാണെന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഞാൻ ഓർക്കുന്നില്ല.

മി. എ. ജെ. ജാൺ (തൊവക്കം): കഴിഞ്ഞ പത്തു കൊല്ലങ്ങളിൽ തൊവക്കം താലൂക്കിലേയ്ക്കു ഏതെങ്കിലും പുതിയജോലി അനുവദിച്ചിട്ടുണ്ടോഎന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): തൊവക്കത്തേയ്ക്കു അനുവദിച്ചിട്ടുള്ള ജോലികൾ ഇന്നതെല്ലാമായിരുന്നുഎന്നു ഞാൻ സൂക്ഷ്മമായി ഓർക്കുന്നില്ല. ആ സംഗതി അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു. ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ വൈക്കത്തേയ്ക്കു രണ്ടോ മൂന്നോ തോടുകൾ അനുവദിച്ചിട്ടുണ്ടു.

മി. എ. ജെ. ജാൺ (തൊവക്കം): കണിയാൻതോടിന്റെ ആഴം വർദ്ധിപ്പിക്കുന്നതുകൊണ്ടു വടക്കുള്ള ജനങ്ങൾക്കു എന്തെങ്കിലും ഉപകാരമുണ്ടാകുമോഎന്നു ചീഫ് എൻജിനീയർ പറഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ആ സ്ഥലത്തുള്ള ജനങ്ങൾ തോടു നന്നാക്കണമെന്നു ഗവർണ്മെൻറിനോടപേക്ഷിച്ചു. ആ ജോലി കയ്യേറ്റതു അതുകൊണ്ടാണ്.

മി. എ. ജെ. ജാൺ (തൊവക്കം): തോടിന്റെ വീതി കൂട്ടുന്നതിനും ആഴം കൂട്ടുന്നതിനുമാണു ജനങ്ങൾ ആവശ്യപ്പെട്ടതെന്നും, പണി കേവലം ബാഹ്യമായി നടത്തുന്നതിനല്ല അവർ ആവശ്യപ്പെട്ടതെന്നും ചീഫ് എൻജിനീയർ അറിയുന്നുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): അനുമതി വരിച്ചിട്ടുള്ള ഒരു അടങ്കൽ അനുസരിച്ചാണു ജോലി നടന്നുവരുന്നതു; ഇനിമേൽ ഏതുതരത്തിലാണു ചെയ്യേണ്ടതെന്നു മെംബർ പ്രസ്താവിക്കുകയാണെങ്കിൽ ആ സംഗതിയെപ്പററി ആലോചിക്കുന്നതാണു.

മി. എ. ജെ. ജാൺ (തൊവക്കം): ഫ്ലാററ്-ാമാണിയും ഫ്ലാൻ-ാമാണിയും ഡിപ്പാർട്ടുമെൻറു അനുകരിച്ചിരുന്ന നയം എന്തായിരുന്നു?

ഉപാദ്ധ്യക്ഷൻ: മി. ജാൺ നിങ്ങൾ വൃഥാ തർക്കിക്കുകയാണല്ലോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ചില മെംബർമാർ മെയിൻ സെൻട്രൽറോഡിനെപ്പററി സൂചിപ്പിച്ചു. ഉല്ലലകാലത്തു മെയിൻ സെൻട്രൽറോഡു ഒരു നല്ല റോഡാണു 'കോഴ'എന്ന സ്ഥലത്തിനും മൂവാററുപുഴയ്ക്കും മദ്ധ്യേയുള്ള ഏതാനും ഭാഗങ്ങൾ മഴക്കാലത്തു വളരെ ചീത്തയായിത്തീരുന്നു. 'കോഴ'യ്ക്കും മൂവാററുപുഴയ്ക്കും മദ്ധ്യേയുള്ള ഈ ഭാഗത്തിൽ കൂടുതൽഭാഗവും മെററൽ ചെയ്യുകഴിഞ്ഞു. ഇനി ഒന്നോ രണ്ടോ മൈൽമാത്രം സ്ഥലംമാത്രമെ മെററൽചെയ്യാതെ കിടപ്പുള്ളു. മെയിൻ സെൻട്രൽറോഡിൽ മെററൽചെയ്യാത്ത മററു ഭാഗത്തെപ്പററി മെംബർ സംശയസ്ഥാനത്തിൽ പറകയുണ്ടായി. 'കോഴ'എന്ന സ്ഥലത്തിനും ചെങ്ങന്നൂരിനും മദ്ധ്യേയും, ചെങ്ങന്നൂരിനും കോട്ടാരക്കരയ്ക്കും മദ്ധ്യേയും, കൊട്ടാരക്കരയ്ക്കും തിരുവനന്തപുരത്തിനും മദ്ധ്യേയും ഉള്ള സ്ഥലങ്ങളിൽ വളരെഭാഗങ്ങളിൽ ചല്ലിയിടാതെ കിടപ്പുണ്ടു്. അതുകൊണ്ടിതെന്നായാലും 'കോഴ'എന്ന സ്ഥലത്തിനും മൂവാററുപുഴയ്ക്കും മദ്ധ്യേയുള്ള ഭാഗത്തെ വേല ശരിയായി നിർവഹിക്കുന്നതിനു വേണ്ട ശ്രമം ചെയ്തുവരുന്നുണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കൊല്ലത്തുനിന്നും ആലപ്പുഴയ്ക്കുള്ള റോഡു വളരെ വിസ്താരം കുറഞ്ഞതാകയാൽ രണ്ടുമോട്ടാർ ഒരുമിച്ചുപോകുന്നതിനു സാധിക്കുകയില്ലാ. അതിനാൽ കഴിഞ്ഞ ഏതാനും മാസങ്ങളിലായി പല ആപത്തുകളും ഉണ്ടായിട്ടുള്ള സംഗതി ചീഫ് എൻജിനീയർ അറിയുന്നുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഞാൻ ഇരാപത്തിനെപ്പററിയും കേട്ടിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ റോഡിന്റെ വീതി വളരെ കുറവാണെന്നുള്ള വസ്തുത ഞാൻ പറയുന്നതു ചീഫ് എൻജിനീയർ വിശ്വസിക്കാൻ തയാറുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): വാഹനങ്ങൾ വർദ്ധിച്ചുവരുന്നതിനോടുകൂടി വീതി കുറഞ്ഞ ഭാഗങ്ങൾക്കു വീതി വർദ്ധിപ്പിക്കുന്നതാണ്.

ആലുവാ ഡിവിഷനിലേയ്ക്കു അനുവദിച്ചിട്ടുള്ള ഇക്കഴിഞ്ഞ വാർഷിക ഹൈറേഞ്ചുകളിലേയ്ക്കു വ്യയം ചെയ്തുകഴിഞ്ഞിരിക്കുന്നുഎന്നു ചില മെംബർമാർ പറകയുണ്ടായി. ഫ്ലാററ്-ാമാണത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ജോലികളുടെ ലിസ്റ്റ് എൻറെ കൈവശം ഉണ്ടു. ആലുവാഡിവിഷനിലെ ജോലി തീർന്നിട്ടില്ലാത്ത റോഡുകളിൽ നടന്നു എല്ലാം താണപ്രദേശങ്ങളിലും രണ്ടെണ്ണം മാത്രം ഹൈറേഞ്ചിലുമാണു. തോടുകളെ സംബന്ധിച്ചിടത്തോളം അനുവദിക്കപ്പെട്ടിട്ടുള്ള ൪ ജോലികൾ താഴ്ന്ന പ്രദേശത്തിലാണു. പുതിയ ജോലികളിൽ താണപ്രദേശത്തിൽ ൪ റോഡുകൾ അനുവദിച്ചിട്ടുള്ളതിൽ, ഹൈറേഞ്ചിൽ ഒരു റോഡുമാത്രമെ അനുവദിച്ചിട്ടുള്ളു. താഴ്ന്നപ്രദേശത്തു ഒരു പാലം പണിയിക്കുന്നതിനനുവദിച്ചിട്ടുണ്ടു പക്ഷെ ഹൈറേഞ്ചിൽ പാലത്തിനോ, കലുങ്കുകൾക്കോ ബഡ്ജററിൽ അനുവദിച്ചിട്ടില്ലാ. കൂടാതെ താണപ്രദേശത്തു ഒരു തോടുവെട്ടുന്നതിനും അനുവാദം വരിച്ചിട്ടുണ്ടു.

കോട്ടയം ഡിവിഷനിൽ 'തീർന്നിട്ടില്ലാത്ത ജോലി'കളുടെ കൂട്ടത്തിൽ താണപ്രദേശത്തിനു ൨ റോഡുകൾക്കും, ൨൫ പാലങ്ങൾക്കും, കലുങ്കുകൾക്കും, ൩ തോടുകൾക്കും അനുവാദം വരിച്ചിട്ടുണ്ടു എന്നാൽ, ഹൈറേഞ്ചിൽ ൪ റോഡുകൾ വെട്ടുന്നതിനു മാത്രമെ അനുവദിച്ചിട്ടുള്ളു. 'പുതിയ ജോലിക'ളുടെ കൂട്ടത്തിൽ താണപ്രദേശത്തിൽ ഒരു റോഡിനും, ൭ പാലങ്ങൾക്കും കലുങ്കുകൾക്കും അനുവാദം നൽകിയിട്ടുണ്ടെങ്കിലും ഹൈറേഞ്ചിലേയ്ക്കു യാതൊന്നും അനുവദിച്ചിട്ടില്ലാ. എന്തായാലും ഹൈറേഞ്ചുകളും സംസ്ഥാനത്തിലുൾപ്പെട്ട ഒരു ഭാഗമാണെന്നും, ഹൈറേഞ്ചുകളിലുള്ള ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതു സംസ്ഥാനത്തിനു പൊതുവെ ഉപകാരപ്രദമാണെന്നുള്ള വസ്തുത മെംബർമാർക്കു അറിയാവുന്നതാണെന്നു എനിക്കു വിശ്വാസമുണ്ടു

മി. എ. ജെ. ജാൺ (തൊവക്കം): ഹൈറേഞ്ചുകളിലെ ജനസംഖ്യ എത്രയാണ്?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനിയർ): റോഡുകൾ വർദ്ധിക്കുമ്പോൾ ജനസംഖ്യയും വർദ്ധിക്കും. ഗതാഗതസൗകര്യങ്ങൾക്കനുവദിച്ചിട്ടുള്ള തുകയുടെ കുറവിനെപ്പററി മി. മാത്യു സൂചിപ്പിച്ചുകഴിഞ്ഞു. സംസ്ഥാനത്തിലെ ഗതാഗതസൗകര്യങ്ങൾക്കു കൂടുതൽ ഫണ്ടുകൾ അനുവദിക്കുന്നതിനു ഗവർണ്ണമെന്റിന്റെ ഇപ്പോഴത്തെ സ്ഥിതി അനുവദിക്കുന്നില്ലാ. ഉദാ—പൂഞ്ഞാർ റോഡിനെപ്പററിയും മെമ്പർ സൂചിപ്പിച്ചു. ജോലി അടങ്കലില്ലാതെ ചെയ്യപ്പെട്ടതിനാൽ ആയതു് നിറഞ്ഞുകിടക്കുന്നു. അടങ്കൽ എസ്റ്റിമേററുകൾ ഉള്ളതുകൊണ്ടു, താമസിയാതെതന്നെ പ്രസ്തുതജോലി വീണ്ടും ആരംഭിക്കുന്നതാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും ചിങ്ങവനവും) : ജോലി വീണ്ടും ആരംഭിക്കുന്നതിനു അനുവാദം ഉണ്ടാകുന്നതു എപ്പോഴാണെന്നു ചീഫ്എൻജിനിയരിൽ നിന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനിയർ) : അടുത്തകൊല്ലത്തിൽ ജോലി വീണ്ടും ആരംഭിക്കുവാനുള്ള ഇരുപതിനായിരം അനുവദിക്കുന്നതിനു ഗവർണ്ണമെന്റിനു കഴിഞ്ഞു. ഇതുകൂടാതെ അറക്കുളം റോഡിനെപ്പററി മി. കെ. ജെ. ജോസഫ് സൂചിപ്പിച്ചു. അതു് അതിനു ഗ്രേഡുകൾ അനുമതിനൽകിഎന്നു കാണുന്നില്ല. വടക്കേകൊല്ലത്തെ ബഡ്ജററിൽ ആ പണിക്കു പണം അനുവദിച്ചിട്ടില്ല. അതു അനുപാലനത്തിൻകീഴിൽ ഇരിക്കുന്ന ഒരു വേലയാണ്.

മി. എൻ. വി. ജോസഫ് "പള്ളിക്കാട്ടു" അതായതു പള്ളികിടക്കുന്ന തോടിനെപ്പററി സൂചിപ്പിച്ചു. അതു് ചെറിയപള്ളിത്തോടിന്റെ മറെറാരു പേരാണെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ) : ഡിപ്പാർട്ടുമെന്റിൽ അതിന്റെപേരു ചെറിയപള്ളിത്തോടെന്നാണ്. പരക്കെ ജനങ്ങളുടെയിടയിൽ അതിന്റെപ്രസിദ്ധമായപേരു പള്ളിത്തോടെന്നാണ്.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനിയർ) : അതു ഏതാനുംകൊല്ലങ്ങൾക്കു മുമ്പു ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. പരക്കെ കഴിഞ്ഞകൊല്ലത്തിൽ ഞങ്ങൾ ആ ജോലി തുടങ്ങുകയും, അതു കുറെചെയ്തുതീർക്കുകയും ചെയ്തു. ഫണ്ടുകൾ ആ ജോലി പൂർത്തിയാക്കാനുമെന്നു ഞങ്ങൾ ആശിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ) : കഴിഞ്ഞ ഏതു മാസങ്ങളിലായി എത്രജോലി തീർന്നിട്ടുണ്ടെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ്ഇൻജിനിയർ) : ഞങ്ങൾക്കാവശ്യത്തിനു ജോലിനിർത്തിവച്ചിരിക്കുകയാണ്. അതു തുടങ്ങിയതു ഏതു മാസമാണ്. പരക്കെ ജോലിചെയ്തുതീർക്കുന്നതിനു സാധിച്ചിട്ടില്ല. അടുത്ത കൊല്ലത്തിൽ ജോലിതീർക്കണമെന്നു ഞങ്ങൾ ആശിക്കുന്നു.

മി. എൻ. വി. ജോസഫ് വടക്കേകര പാലത്തെപ്പററി സൂചിപ്പിക്കുകയുണ്ടായി ഏതാൻ-മാസങ്ങളായ അസാധാരണവും ഭയങ്കരവുമായ വെള്ളപ്പൊക്കത്തിൽ ആ ജോലിക്കു ഏതാനംചില തടസ്സങ്ങളുണ്ടായി. ഒരു പുതിയ എസ്റ്റിമേററു തയാർചെയ്യേണ്ടതായിട്ടുള്ളതിനാൽ ജോലി ഏതു വർഷമാണു ചെയ്തുതീർക്കുന്നതാണ്.

മി. എൻ. വി. ജോസഫ് (പറവൂർ) : പുതിയ അടങ്കൽ വേണ്ടിവന്നതു വെള്ളപ്പൊക്കം മൂലമാണോ?

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനിയർ) : അധികവും വെള്ളപ്പൊക്കംകൊണ്ടാണ് വേണ്ടിവന്നിട്ടുള്ളതു്.

മി. എൻ. വി. ജോസഫ് (പറവൂർ) അധികവും എന്നേയുള്ളുഅല്ലെ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനിയർ) : അതെ. വീണ്ടും മി. എൻ. വി. ജോസഫ് പറവൂരിലെ സത്രത്തെപ്പററി പ്രസ്താവിക്കുകയുണ്ടായി. അതിന്റെ പൂർവ്വചരിത്രത്തെപ്പററി ഇപ്പോൾ പറയേണ്ട ആവശ്യമില്ലല്ലോ. ഇപ്പോൾ പണിചെയ്തുവരുന്ന സിവിൽജയിൽ പൂർത്തിയാകുമ്പോൾ, പഴയജയിൽ ചില പുതിയപണികളോടുകൂടി ഒരു 'ക്യാമ്പ്ഷെഡ്' ആയി ഉപയോഗിക്കാവുന്നതാണ്. മെമ്പർ അമ്പലപ്പുഴ തിരുവല്ലാറോഡിനെപ്പററിയും സൂചിപ്പിച്ചു. അതേ റോഡിന്റെ ആവശ്യം ഇന്നതാണെന്നു എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

മി. എൻ. വി. ജോസഫ് (പറവൂർ) : വാസ്തവത്തിൽ എന്താണെന്നു അറിയാൻപാടില്ല (ചിരി)

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനിയർ) : എന്നാൽ ഞാൻ എങ്ങനെയാണ് ഇതുചോദ്യത്തിനു ഉത്തരംപറയേണ്ടതു?

മി. എൻ. വി. ജോസഫ് (പറവൂർ) : ആ റോഡും ആലോചനയ്ക്കു വിധേയീകരിക്കണംഎന്നു മാത്രമാണ് ഞാൻപറഞ്ഞതു.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ) : മി. പി. കെ. നാരായണപിള്ള ഈറോഡിനെപ്പററി പ്രത്യേകം ഉത്സാഹമുണ്ടു. ഈ റോഡിനെപ്പററിയുള്ള അപേക്ഷകൾക്കു ഞാൻ പലപ്പോഴുംമറുപടിപറഞ്ഞിട്ടും ഉണ്ടു.

അമ്പലപ്പുഴമുതൽ തിരുവല്ലാവരെയുള്ള റോഡിന്റെ ഒന്നാമത്തെഭാഗം അമ്പലപ്പുഴമുതൽ തകഴിവരെയുള്ള റോഡാണ്. ഈ റോഡിന്റെ ഒന്നാമത്തെ അംശം അമ്പലപ്പുഴമുതൽ കരുമാടിയും, ആലപ്പുഴതോട്ടുവരെയുള്ളതാണ്, രണ്ടാമത്തെഭാഗം, തോട്ടുമുതൽ തകഴിവരെയുള്ളതാണു. ഈ ഭാഗങ്ങൾ സാധാരണ വെള്ളപ്പൊക്കത്തിന്റെനിരപ്പിൽനിന്നുയർത്തുകയും വേ അടവീതിയുള്ള വഴികളായി ഇവയിലെ നന്നാക്കപ്പെടുകയും ചെയ്തിട്ടുണ്ടു. തോട്ടുകളിൽ പാലങ്ങൾപണിയിച്ചാൽ മാത്രമെ ഇവ വാഹനസഞ്ചാരത്തിനു ഉപയോഗപ്രദമായിത്തീരുകയുള്ളു. തകഴിമുതൽ ഇടവാവരെയുള്ള രണ്ടാമത്തെഭാഗം വെള്ളം നിറഞ്ഞതായതുകൊണ്ടു അവിടെ ഒരുറോഡുണ്ടാക്കുന്നതിനുള്ള അന്വേഷണം ഇതുവരെ ഉടങ്ങിയിട്ടില്ല. ഇടത്വാമുതൽ നീരേററുപുറം വരെയുള്ള മൂന്നാമത്തെവിഭാഗത്തിൽ ആണ്ടുതോറും വളരെ രൂപാവീതം വ്യയംചെയ്തു, അതിനെ ഒരുഇടവഴിയായി സംരക്ഷിച്ചുവരുന്നു. നാലാമത്തേതും ഒടുവിലത്തേതുമായ വിഭാഗം നീരേററുപുറത്തിനും കുമ്പിൾ ചാൻ ചിനും മദ്ധ്യേയുള്ളഭാഗത്തിലുൾപ്പെട്ട റോഡാണു. ഇതിനെ സംബന്ധിച്ചിടത്തോളം രണ്ടുവഴികൾ പരിശോധിക്കയും, തിരുവല്ലാ പുഴക്കിഴ്റോഡിൽ നീരേററുപുറവും പൊടിയടിയും തമ്മിൽബന്ധിക്കുന്ന ഒരു റോഡുണ്ടാക്കുന്നതിനു തയാറാക്കപ്പെട്ടിട്ടുള്ള അടങ്കൽ ഈയിടെ ഗവർണ്ണമെന്റിന്റെ അനുമതിയ്ക്കു അയയ്ക്കുകയും ചെയ്തിട്ടുണ്ടു.

ഒടുവിൽ എനിക്കു മി. എ. കെ. പിള്ളയുടെ അഭിപ്രായത്തെപ്പററി സ്വല്പം പറയാനുണ്ടു. അദ്ദേഹം ചൎച്ചയ്ക്കുവെയ്ക്കുന്നതിനെപ്പററി പറയുകയും തന്റെ ഉപക്ഷേപം വാങ്ങിക്കുന്നതിനു വന്നുചേരുമ്പോൾ തനിക്കു സമ്മതമുള്ള പക്ഷം അതിനെപ്പററി പറഞ്ഞുകൊള്ളാമെന്നു മി: ശിവരാമപ്പണിക്കർ അഭിപ്രായപ്പെടുകയും ചെയ്തു. അതിനാൽ അതിനെപ്പററി ഇപ്പോൾ യാതൊന്നും പറയുന്നതല്ലെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. വൈ. ജോസഫ് (മീനച്ചിലും ഭേദികളുവും) : താലൂക്കുബോൎഡുകൾ ഏൎപ്പെടുത്തുന്നതിനും ഗതാഗതസൌകൎയ്യങ്ങൾ സംബന്ധിച്ചുള്ള പണികളും സംരക്ഷണങ്ങളും അവയെ പുഷ്ടിക്കുന്നതിനും ഓരോ ജില്ലകളിൽനിന്നു കിട്ടുന്ന തുനികുതികൾ നിന്നു ഒരംശം അതാതു താലൂക്കിലെ ഗതാഗതസൌകൎയ്യങ്ങൾക്കു കൊടുത്തുകൊടുക്കുന്നതിനു ഗവർണ്ണമെന്റു ചെയ്യുന്നതിനെപ്പററി ചീഫ് എൻജിനീയർക്കു എന്തുപറയാനുണ്ടു?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ) : ആ വിഷയത്തെപ്പററി വിട്ടുപോയതിൽ ഞാൻ വ്യസനിക്കുന്നു. ഓരോ ഡിസ്ട്രിക്ടിലും നടക്കുന്ന ജോലികളെപ്പററി വിവരണം നൽകുന്ന വിഷയങ്ങളിൽ ഡിപ്പാർട്ടുമെന്റിനെ ഉപദേശിക്കുന്നതിനു ഡിസ്ട്രിക്ട്ബോർഡുകൾ ഏൎപ്പെടുത്തണമെന്നു മി. സി. പി. തോമസ് അഭിപ്രായപ്പെടുകയുണ്ടായി. സംസ്ഥാനത്തിലെ ഗതാഗതസൌകൎയ്യങ്ങൾക്കു പുതിയതായി പദ്ധതികൾ കണ്ടുപിടിക്കുന്നതിനും ഗവർണ്മെന്റിനെ ഉപദേശിക്കുന്നതിനും ഒരു ഗതാഗതസൌകൎയ്യബോർഡ് ഏൎപ്പെടുത്തണമെന്നു മി. മമ്മൻതാപ്പിള്ള അഭിപ്രായപ്പെട്ടു. അതു ഒരു നല്ലഅഭിപ്രായമാണു. ഇവരണ്ടിലും ഏതിനു യാതൊരുതരവെ പരിത്യാഗമില്ല. ഇപ്പോൾ ഗതാഗതസൌകൎയ്യങ്ങളെ സംബന്ധിച്ചിടത്തോളം തൃപ്തികരമായ വിധത്തിൽ ബഡ്ജററെത്രുചികരിക്കുന്നതിനു ചീഫ് ഇൻജിനീയർക്കു വളരെ വിഷമമുണ്ടു. അതിനാൽ ഇപ്രകാരം ഒരുബോർഡുഏൎപ്പെടുത്തുന്നതു ചീഫ്ഇൻജിനീയർക്കു വളരെ ഉപകാരപ്രദമായിരിക്കുന്നതാണു.

ബഡ്ജററു സമ്പാദനത്തിനു മുൻപായി അടങ്കലുകൾ തയാർചെയ്യുന്നതിനെപ്പററി എനിക്കു അധികമൊന്നും പറയാനില്ല. ഇപ്പോൾ നടന്നുവരുന്ന രീതിയിലുള്ള നയത്തെപ്പററി ഗവർണ്മെന്റു ചീഫ്സിക്രട്ടറി മി. ജാർജ് വിസ്തരിച്ചു പറഞ്ഞുകഴിഞ്ഞല്ലോ. മുൻപിലത്തെ പതിവെന്തെന്നാൽ അനേകം അടങ്കലുകൾക്കു അവയുടെ നടത്തിപ്പിനെപ്പററി വാതന്ത്രത്തെ ആലോചിക്കുന്നതിനു മുൻപായി അനുവാദം നൽകപ്പെട്ടിരുന്നു. അവയെ പുതുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യേണ്ടിവന്നിട്ടുണ്ടു. ഇതുകൊണ്ടു ഡിപ്പാർട്ടുമെന്റിലുള്ള ചീഫ് എൻജിനീയർമുതലായ ഉദ്യോഗസ്ഥന്മാൎക്കു അനാവശ്യമായി കൂടുതൽജോലി ചെയ്യേണ്ടിവരികയും ചിലപ്രത്യേകസംഗതികളിലൊഴിച്ചു മുൻകൂട്ടി അടങ്കൽതയാറാക്കുന്ന ജോലി നിറുത്തിവയ്ക്കുകയുംചെയ്തു. ഇപ്പോൾ ബഡ്ജററിൽകൊള്ളിച്ചിട്ടുള്ള ഇനങ്ങൾക്കു മാത്രമെ അടങ്കലുകൾ തയാറാക്കുക പതിവുള്ളു. ഇതു് ഒരു സാധാരണനിയമമായി നിന്നിരിക്കുന്നു. ആമാതിരിയുള്ള പുതിയജോലികൾക്കു വർഷാരംഭത്തിലെ നു-ാമത്തെയോ ൪—ാമത്തെയോ മാസത്തിനകം അടങ്കലുകൾ തയാർചെയ്യുവരുന്നുണ്ടു. പുറംജോലി ചെയ്യേണ്ട സ്ഥലത്തു ചില അടങ്കലുകൾക്കു കൂടുതൽ സമയംവേണ്ടിവരുന്നു. സാധാരണയായി ഞങ്ങൾ ആണ്ടിന്റെ മദ്ധ്യത്തിൽതന്നെ ജോലികൾ ആരംഭിക്കുകയും കുറെ ചെയ്തുതീൎക്കുകയും ചെയ്യുന്നു. ചിലതിൽ വ്യത്യാസങ്ങൾ വന്നേയ്ക്കാം; അങ്ങനെയുള്ള ജോലികൾക്കു 'പൂൎത്തിയാകാത്ത ജോലികൾ' എന്ന ഇനത്തിൽ അടുത്തകൊല്ലത്തെ ബഡ്ജററിൽ പണം അനുവദിക്കുകയും അവയെ കഴിയുന്നതും വേഗത്തിൽ ചെയ്തുതീൎക്കുകയും ചെയ്യുന്നുണ്ടു.

മി. കെ. വൈ. ജോസഫ് (മീനച്ചിലും ഭേദികളുവും): ഗതാഗതസൌകൎയ്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു താലൂക്കുബോൎഡുകൾ ഏൎപ്പെടുത്തണമെന്നും, ഓരോ താലൂക്കിലേയും തുനികുതിയുടെ ഒരംശം ഗതാഗതസൌകൎയ്യങ്ങൾക്കുവേണ്ടി താലൂക്കു ബോൎഡിനെ ഏൽപ്പിക്കണമെന്നുമുള്ള എന്റെ അഭിപ്രായത്തിലേയ്ക്കു ചീഫ് ഇഞ്ചിനീയരുടെ ശ്രദ്ധയെ ആകൎഷിച്ചുകൊള്ളട്ടെയോ?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): താലൂക്കുബോൎഡുകൾക്കു തുനികുതിയുടെ ഒരു ഭാഗം നൽകണമെന്ന വിഷയത്തിനെപ്പററി ഏതെങ്കിലും പറയുന്നതിനു എനിക്കു യാതൊരധികാരവും ഉണ്ടെന്നു തോന്നുന്നില്ല. പക്ഷെ റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ മുതലായവയുടെ സംരക്ഷണവും പണിയും താലൂക്കുബോൎഡുകളെ ഏൽപ്പിക്കുന്ന വിഷയത്തെപ്പററി പറയുകയാണെങ്കിൽ, അവയെ സംബന്ധിച്ചിടത്തോളം, താലൂക്കുബോൎഡുകൾ ഏൎപ്പെടുത്തിയതിൽ പിന്നീടു മാത്രമേ അവയെപ്പററി പറയേണ്ടതുള്ളു, എന്നാണു പറയപ്പെടുന്നതു. ഇപ്പോൾ ആ മാതിരി റോഡുകളുള്ള മദ്രാസ് പ്രസിഡൻസിയിലും, മററുസ്ഥലങ്ങളിലും ആ ബോൎഡുകൾ എന്തുചെയ്യുവരുന്നു എന്നുള്ളതും നമുക്കു ആലോചിക്കേണ്ടതായിട്ടുണ്ടു. ആ സ്ഥലങ്ങളിലുള്ള റോഡുകളിൽ പൊതുമരാമത്തു പണികൾ നടത്തുന്നതിനു അവരുടെ കീഴിൽ ചോക്കൽ ഹണ്ടു എഞ്ചിനീയറന്മാർ ഉണ്ടു. ഇവിടുത്തെ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു ആ ജോലിയും, കൂടാതെ കെട്ടിടങ്ങൾ, കൃഷിസംബന്ധമായ ജോലികൾ മുതലായവയും ചെയ്തുവരുന്നു. അതുകൊണ്ടു ഈ വിഷയത്തെപ്പററി ഗവർണ്മെന്റിനു ഗാഢമായി ചിന്തിക്കേണ്ടതായിട്ടുണ്ടു.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): ഞാൻ എന്റെ ഉപക്ഷേപോദ്ദേശം സാധിച്ചു എന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ടു. നമുക്കു ആ വിഷയത്തെപ്പററി കൂടുതൽ പരിജ്ഞാനം ഉണ്ടായി എന്നുമാത്രമല്ല, ചീഫ് ഇഞ്ചിനീയർ നമുക്കു ചില ഉറപ്പുകൾ തരികയുംചെയ്തിട്ടുണ്ടു. അതുകൊണ്ടു എന്റെ ഉപക്ഷേപത്തെപ്പററി ഞാൻ നിർബന്ധിക്കുന്നില്ല.

ഉപക്ഷേപം സമ്മതിച്ചതിന്റെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ ൨൪, ൨൫, ൨൬.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ,

൨൪. ഗതാഗതത്തിനു അനുവദിച്ചിട്ടുള്ള ൧൫,൭൫,൭൭൫ ൻ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണമെന്നു്.

മി. ടി. കുമാരപിള്ള.

൨൫. ഗവർണ്മെന്റിന്റെ റിസർവായി വച്ചിരിക്കുന്നതനുസരിച്ചുള്ള ൩൨,൯൦൦ രൂപാ വേണ്ടെന്നുവയ്ക്കുന്നതിനു്.

മി. കെ. പി. നീലകണ്ഠപ്പിള്ള.

ചന്ദ്ര. എക്സിക്യൂട്ടീവിന്റെ അനുവദിച്ചിട്ടുള്ള ചന്ദ്ര, ൧൮, ൧൯ന രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണമെന്ന്.

ഉപാദ്ധ്യക്ഷൻ: നടക്കട്ടെ തൽക്കാലം പിരിയാം. ൨ മണി മുതൽ ചർച്ചയ്ക്കെടുക്കുമ്പോൾ വീണ്ടും യോഗം കൂടാം.

൨ അടിച്ചു ൪ മിനിട്ടായപ്പോൾ വഴിപിരിയുകയും ൨ അടിച്ചു ൪ മിനിട്ടായപ്പോൾ വീണ്ടും കൂടുകയുംചെയ്തു.

ഉപക്ഷേപം ൨൭.

മി. കെ. കെ. തോമസ് (കോട്ടയം): സർ, താഴപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളട്ടെയോ?

൨൭. എക്സിക്യൂട്ടീവിന്റെ അനുവദിച്ചിട്ടുള്ള ൨ ൧, ൧൮, ൧൯ന രൂപയിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്ന്.

സർ, ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം എന്തെന്നാൽ ഗ്രാമ്യ ദേശങ്ങളിൽ ടോറിംഗ് റോഡുകൾ നിർമ്മിക്കുകയാൽ ജനങ്ങൾ അനുഭവിക്കുന്നിടത്തിരിക്കുന്ന കഷ്ടതകൾ നവാബിനെ മനസ്സിലാക്കുന്നതിനാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): സർ, ഇതു നടപ്പിൽ വരുത്തിക്കൂടുമോ എന്നു ചോദിച്ചുകൊള്ളുന്നു. ൨ന, ൧൮, ൧൯ന രൂപാ നിശ്ചയിച്ചിരിക്കുന്നതു എക്സിക്യൂട്ടീവിലാണ്; അതായതു എക്സിക്യൂട്ടീവ് ഇഞ്ചിനീയറന്മാർ, അസിസ്റ്റന്റ് ഇഞ്ചിനീയറന്മാർ മുതലായ ഉദ്യോഗസ്ഥന്മാർക്കു, കരാറുകാരെ, താത്കാലസൊസൈറ്റികൾ ഇടങ്ങിയുള്ള പബ്ലിക് പരിഷ്കാരണങ്ങൾക്കുമാണ്. ഈ ഉപക്ഷേപം ഹാജരാക്കുന്ന അവസരത്തിൽ, ടോളിനെ സംബന്ധിച്ച നയങ്ങളെപ്പററി ചോദ്യമുണ്ടായാൽ നടത്തുമോ എന്നറിഞ്ഞാൽകൊള്ളാം. ഈ സംഗതിയിൽ ഞാൻ അദ്ധ്യക്ഷന്റെ തീരുമാനത്തിനു അപേക്ഷിക്കുന്നു. കരാറുകാരെ, താത്കാലസൊസൈറ്റികൾ, മററു പബ്ലിക് പരിഷ്കാരണങ്ങൾ മുതലായവ; അനുവദിച്ചിട്ടുള്ള ൨ന, ൧൮, ൧൯ന രൂപയുടെ തുക കുറയ്ക്കണമെന്നു ആവശ്യപ്പെടുന്ന സന്ദർഭത്തിൽ അതിനടുത്തുള്ള ചെലവു പ്രമേയങ്ങളെ സംബന്ധിച്ചു വാദം നടത്തുന്ന അവസ്ഥയിലാണോ ഈ വിഷയത്തെപ്പററി വിചിന്തനം ചെയ്യേണ്ടതു. ചുങ്കത്തിനെപ്പററിയുള്ള നയം ഒരു ഉപക്ഷേപത്തെപ്പററി ഭേദഗതിവരുത്തുമോ ചെയ്യേണ്ടതു.

മി. കെ. കെ. തോമസ് (കോട്ടയം): എക്സിക്യൂട്ടീവ് ഡിപ്പാർട്ടുമെന്റിന്റെ ചുമതൽ ഒഴിഞ്ഞു. ആ സ്ഥിതിക്കു ഈ ഉപക്ഷേപത്തിലാണു ടോറിംഗിനെപ്പററി പ്രതിവാദിക്കേണ്ടതെന്നു എനിക്കാലോചനയുണ്ടു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): കഴിഞ്ഞകൊല്ലം ഉണ്ടായിട്ടുള്ള ഒരു തീരുമാനത്തെപ്പററി ഇവിടെ സൂചിപ്പിക്കുന്നതിനു എനിക്കു ചോദിക്കാമോ?

ഉപാദ്ധ്യക്ഷൻ: അങ്ങിനെ ചെയ്യണം.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഇതാണു അദ്ധ്യക്ഷന്റെ തീരുമാനം. ബഡ്ജററിൽ "നിയന്ത്രണം" എന്ന തലക്കെട്ടിൽ കൊടുത്തിട്ടുള്ള ഇനങ്ങളുമായി സംബന്ധമുള്ള എല്ലാ വിഷയങ്ങളെപ്പററിയും നിങ്ങൾക്കു, നിയന്ത്രണ കാര്യങ്ങളെപ്പററി പ്രതിവാദിക്കുമ്പോൾ വാദിക്കാവുന്നതാണു. ബഡ്ജററിന്റെ ൧൯-ാം, ൧൮-ാം പുറങ്ങൾ പരിശോധിക്കുകയാണെങ്കിൽ "നിയന്ത്രണം" എന്ന തലക്കെട്ടിൽ ചില ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതായിക്കാണാം. അവിടെ ആ തലക്കെട്ടിൽ കാണിച്ചിട്ടുള്ള ഓരോ തലക്കെട്ടും സംബന്ധിച്ചു ഏതിനെപ്പററിയും, നയത്തെപ്പററിയും നിങ്ങൾക്കു വാദപ്രതിവാദം ചെയ്യാവുന്നതാണ്.

ഇങ്ങനെ എക്സിക്യൂട്ടീവ് എന്ന തലക്കെട്ടിൽ മെമ്പറന്മാർക്കു എക്സിക്യൂട്ടീവ് എന്ന വിഷയത്തെപ്പററിയുള്ള ചിലവുകളുടെ സകല ഇനങ്ങളെയും സംബന്ധിച്ചു നയങ്ങളെപ്പററി വാദപ്രതിവാദം ചെയ്യാവുന്നതാണ്. എക്സിക്യൂട്ടീവിനു നിയന്ത്രണത്തിനുമായി അനുവദിച്ചിട്ടുള്ള തുകയെ സംബന്ധിച്ചു ഉപക്ഷേപം ഹാജരാക്കുമ്പോഴാണു ആദായോല്പത്തിയെക്കുറിക്കുന്ന നയത്തെപ്പററി വാദപ്രതിവാദം നടത്തേണ്ടതു. അല്ലാതെ എക്സിക്യൂട്ടീവിനെപ്പററി മാത്രം ആലോചിക്കുന്ന ഈ ഉപക്ഷേപത്തിലല്ല. മി. തോമസ്സിന്റെ അഭിപ്രായത്തിന്റെ പേരിലുള്ള സന്ദർഭം പ്രമേയത്തിൻകീഴിൽ ഈ വിഷയത്തെപ്പററി സൌകര്യമായി വിചിന്തനം ചെയ്യാമല്ലോ. സന്ദർഭം പ്രമേയത്തിൽ അഭിപ്രായം കെട്ടിടം മുതലായതുകൾക്കുള്ള ൨ന, ൧൮ന, ൧൯ന രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണമെന്നു അഭിപ്രായപ്പെടുന്നു. അഭിപ്രായത്തിന്റെ ഉദ്ദേശ്യം ഉത്തര തിരുവിതാംകൂറിൽ ജലസൌകര്യാർത്ഥം തോടുകൾ വെട്ടിക്കുന്നതിനുള്ള ആവശ്യകതയെപ്പററി വാദപ്രതിവാദം ചെയ്യണമെന്നാണ്.

ഉപാദ്ധ്യക്ഷൻ: ആ സംഗതികളെപ്പററിമാത്രമേ അഭിപ്രായത്തിനു പ്രസക്തിയുള്ളു എന്നില്ലല്ലോ.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ആ ഉപക്ഷേപം പരിഗണിക്കുമ്പോൾ അഭിപ്രായത്തിനു എല്ലുകാര്യങ്ങളെപ്പററിയും പറയാവുന്നതാണ്.

ഉപാദ്ധ്യക്ഷൻ: മി. തോമസ്സിനോടു അഭിപ്രായം കുറയ്ക്കണമെന്നു നിർബന്ധിക്കുന്നതു ഭേദപ്പെടുത്തുന്നതിനും, "നിയന്ത്രണത്തിലുള്ള തുകയോടുകൂടി അതിനെ കൂട്ടുന്നതിനും ആവശ്യപ്പെടാമല്ലോ.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഉപക്ഷേപങ്ങൾ ഒരു മുറ അനുസരിച്ചു ഏർപ്പെടുത്തിയിരിക്കയാണ്. അതു തിരുത്തുന്നതിനു അധികാരമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. കെ. കെ. തോമസ് (കോട്ടയം): അദ്ധ്യക്ഷൻ അനുവദിക്കുകയാണെങ്കിൽ ആ സംഖ്യ ഭേദപ്പെടുത്തുന്നതിനു എനിക്കു യാതൊരു വിസമ്മതവുമില്ല.

ഉപാദ്ധ്യക്ഷൻ: മി. തോമസ് സംഖ്യ ഭേദപ്പെടുത്തുന്നതിനു അനുവദിക്കുകയാണെങ്കിൽ നിങ്ങൾക്കു ഉപക്ഷേപമുണ്ടാകാൻ ഇടയില്ല. അഭിപ്രായത്തിന്റെ ഉദ്ദേശ്യം എന്തെന്നാൽ ചുങ്കസ്ഥാവരങ്ങളെ സംബന്ധിച്ചു നയത്തെപ്പററി അഭിപ്രായം നടത്തുന്നതിനു അവകാശം സിദ്ധിക്കത്തക്കവണ്ണം ആവശ്യമുള്ള ഇനങ്ങൾ എല്ലാം അതിൽ ചേർക്കണമെന്നാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ്സിക്രട്ടറി): ആ ഉപക്ഷേപത്തിലുള്ള സംഖ്യമാത്രം മാററുകയാണെങ്കിൽ അടുത്തുവരുന്ന ഉപക്ഷേപങ്ങളും മാററേണ്ടിവരുന്നതാണ്. അതു പ്രമേയപട്ടികകളുടെയും ആകെപ്പാടെ കുഴക്കുന്നതാണ്.

മി. കെ. കെ. തോമസ് (കോട്ടയം): നടേശയ്യർ ഈ വിഷയത്തെപ്പററി വാദപ്രതിവാദത്തിനു തയാറാകുമെന്നു ഉദ്ദേശിച്ചാണ് ഞാൻ ഈ പ്രമേയം മുമ്പേകൂട്ടി അയച്ചിട്ടുള്ളത്.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ആ വിഷയം ഗവർണ്ണമെന്റിന്റെ പ്രത്യേക വിഷയമായിട്ടുള്ളതാണെന്നു ഞാൻ എന്റെ ബഡ്ജററു പ്രസംഗത്തിൽ പസ്താവിച്ചുകഴിഞ്ഞല്ലോ.

ഉപാദ്ധ്യക്ഷൻ: ശ്രീ. തോമസ് നിയന്ത്രണത്തിനു നീക്കിവച്ചിട്ടുള്ളതുകകൂടി ഉൾപ്പെടത്തത്തക്കവിധത്തിൽ നിങ്ങളുടെ ഉപക്ഷേപത്തിൽ പറഞ്ഞിരിക്കുന്നതുകകൂടി ഭേദപ്പെടുത്തി അതിനെ ൨൫,൫൦,൦൦൦ രൂപ എന്നാക്കിക്കൊള്ളണം.

മി. കെ. കെ. തോമസ് (കോട്ടയം): നിയമത്തിയതനുസരിച്ചു എന്റെ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

൨൬. ചുങ്കസ്ഥലങ്ങൾ മുഖാന്തിരം ഈവക്കിട്ടുള്ള ൨൫,൫൦,൦൦൦ രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കുന്നതിനു. ഞാൻ മുൻപുപറഞ്ഞതുപോലെ ഈ ഉപക്ഷേപം കൊണ്ടുള്ള ഉദ്ദേശ്യം എന്തെന്നാൽ റോഡുകളിൽ ചുങ്കസ്ഥലങ്ങൾ ഏർപ്പെടുത്തിയതിനാൽ ജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടതകൾ ഗവർണ്ണമെന്റിനെ അറിയിക്കുന്നതിനും സാധുക്കളായ ജനങ്ങൾക്കു മേൽ ഈ കഷ്ടതകൾ പാർത്തുകൂടാതിരിക്കത്തക്കവണ്ണം ഗവർണ്ണമെന്റിന്റെ മനസ്സിനെപ്പററി പുനരാലോചനനടത്തുന്നതിനുമാണ്. ൧൦൯൬-ാമാണ്ടുമുതൽ ചുങ്കസ്ഥലങ്ങൾ വഴിയുള്ള വരവു വളരെ വേഗത്തിൽ കുറഞ്ഞുവരുന്നു എന്നുള്ള വസ്തുത ഡിപ്പാർട്ടുമെന്റു കുറിച്ചിട്ടുള്ളതും വ്യക്തം നടന്നു മനസ്സിലാകുന്നു. ൧൦൯൬-ാമാണ്ടു ചുങ്കസ്ഥലങ്ങൾ ആകെ വരവായ ൪൭,൯൯,൭൭ രൂപാ, ൧൦൯൭-ാമാണ്ടു ൪,൪൭,൭൭,൦൦൦ രൂപയായി വർദ്ധിച്ചിരിക്കുന്നു. അങ്ങനെകൊല്ലംകൊണ്ടു ഏകദേശം അഞ്ചിരട്ടിയായിരിക്കുന്നു. ഇപ്പോൾകൈവശമുള്ള വിവരങ്ങൾ അനുസരിച്ചു നോക്കുകയാണെങ്കിൽ ഈ ആണ്ടിൽ പ്രസ്തുത സംഖ്യ രണ്ടുലക്ഷമാകുമെന്നുള്ളതിനു ഒട്ടും അതിശയിക്കാനില്ല.

ഉപാദ്ധ്യക്ഷൻ: ഈ ആണ്ടിൽ അതു് രണ്ടുലക്ഷത്തിലധികമാണെന്നു ചീഫ്എൻജിനിയർ പറഞ്ഞുകഴിഞ്ഞുവല്ലോ

മി. കെ. കെ. തോമസ് (കോട്ടയം): ആകെയുള്ള വരവിൽനിന്നു ൫൦ ശതമാനം പിരിക്കുന്നതിനുള്ള ചിലവും ഇതു പിരിക്കുന്നവർക്കു ക്രമമായ ഒരു ലാഭവുംകൂടി കണക്കാക്കിനോക്കുമ്പോൾ സംസ്ഥാനത്തിലുള്ള സാധുക്കളായ ജനങ്ങളിൽനിന്നു ഏകദേശം ൩ ലക്ഷരൂപാ പിരിച്ചുവരുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഇതുകൂടാതെ സൌകര്യങ്ങളില്ലാത്ത പലസ്ഥലങ്ങളിൽ മുൻസിപ്പൽ നഗരസഭകയായ ചുങ്കസ്ഥലങ്ങൾ ഈയിടെ ഏർപ്പെടുത്തിയിട്ടുണ്ടു. അവിടെയുള്ള പിരിവുകൾ മിക്കവാറും ഒരുലക്ഷം രൂപ വരെ ഉണ്ടായിരിക്കുന്നതാണ്. തിരുവിതാംകൂറിലെ ചല്ലിയിട്ട റോഡുകളുടെനീളം ൧൫൦ മൈൽമാത്രമെയുള്ളു. ടാറിട്ടവിഷയത്തിൽ എം. സി. റോഡുകൾ, എം. എസ്. റോഡുകൾ, കന്യാകുമാരി റോഡുകൾ മുതലായ ചില ചെറിയ റോഡുകളെപ്പററിമാത്രമെ ഗണിക്കേണ്ടതു ആവശ്യമുള്ളു. ഇവ ഏകദേശം മുന്നൂറോ മുന്നൂറിനടുത്തോ നാഴിക നീളമെയുള്ളു. ഈ റോഡുകളുടെ ഒരുമൈലിനുള്ള ചിലവു ആണ്ടൊന്നുക്കു ൪,൫൦൦ രൂപയാണ്. അതിനാൽ ഈ സ്ഥലത്തെൽനിന്നുള്ള റോഡുകളുടെ ആകെചിലവു ൧,൫൦,൦൦൦ രൂപയിൽ അല്പം കൂടുതലുമാണ്. അങ്ങനെകൊണ്ടു നാം നാലുലക്ഷം രൂപാ പിരിക്കുമ്പോൾ അതിൽനിന്നും വെളിവാകുന്നതെന്തെന്നാൽ.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ അതു നാലുലക്ഷം രൂപായാണെന്നു എങ്ങനെ കണക്കാക്കി?

മി. കെ. കെ. തോമസ് (കോട്ടയം): ചുങ്കസ്ഥലം മാനേജരന്മാർക്കു ൩ ലക്ഷം രൂപാ കിട്ടുന്നു. അതിൽനിന്നു ഗവർണ്ണമെന്റിനു ൨ ലക്ഷം രൂപാ മാത്രമേ കിട്ടുന്നുള്ളു. ഗവർണ്ണമെന്റിനു ബാക്കിയുള്ള തുക കിട്ടുന്നില്ലെങ്കിലും ജനങ്ങൾ ആയതു കൊടുക്കുകതന്നെവേണം. ആകയ്ക്കുകയെ നാലുലക്ഷമാക്കിത്തീർക്കുന്നതു കുറഞ്ഞതുലക്ഷം രൂപാ മുനിസിപ്പൽ നഗരസഭകൾ ചുങ്കസ്ഥലങ്ങളിൽനിന്നും പിരിയുന്നുണ്ടു. ഇതിൽനിന്നും, റോഡുകളിൽ ചിലവാക്കുന്നതിനെക്കാൾ വളരെ കൂടുതലായ ഒരു സംഖ്യയാണ് പിരിച്ചുവരുന്നതെന്നു തെളിയുന്നതാണ്.

കൂടാതെ ചുങ്കം പിരിക്കുന്നവരുടെ ക്രൂരസഹിക്കത്തക്കതല്ലാ. ക്രൂരതയിലും മററുള്ളവരെ ഉപദ്രവിക്കുന്ന വിഷയത്തിലും ഈ പിരിവുകാർ മദ്ധ്യകാലങ്ങളിലെ പ്രാചീനരോമൻപിരിവുകാരെപ്പോലും അതിശയിക്കുന്നുണ്ടു. ഞാൻ ഒരു ഉദാഹരണംപറയാം. ഒരു പാവപ്പെട്ടപുലയൻ ഒരിക്കൽ സുഖക്കേടു പിടിപെട്ടു അവന്റെ കുട്ടിയെ ഒരു വണ്ടിയിൽകയററി ആസ്പത്രിയിലേക്കു കൊണ്ടുപോകേണ്ടിവന്നു. ആ ദരിദ്രനായ പുലയന്റെ കൈവശം വളരെ കുറച്ചുപണം മാത്രമെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു ചുങ്കസ്ഥലം സൂക്ഷിപ്പുകാരന്നു പണം കൊടുക്കാൻ അവന്നു നിവൃത്തിയില്ലായിരുന്നു. അതിനാൽ ആ പാവപ്പെട്ടപുലയന്നു പണയമായി അവന്റെ മേൽമുണ്ടു കൊടുക്കേണ്ടിവന്നു. ഈ ചുങ്കസ്ഥലം സൂക്ഷിപ്പുകാരുടെ അക്രമം വിശേഷിച്ചും സാധുക്കളും അക്ഷരാഭ്യാസമില്ലാത്തവരുമായ യാത്രക്കാരോടുള്ള അക്രമം വളരെ കഠിനമാണ്. ചിലപ്പോൾ ഈ സാധുക്കളും അക്ഷരാഭ്യാസമില്ലാത്തവരുമായ ആൾക്കാരിൽനിന്നും ചുങ്കസ്ഥലം സൂക്ഷിപ്പുകാരു രണ്ടു തവണ പണം പിടിക്കുന്നുണ്ടു. ഈ ദോഷങ്ങൾ ദരിദ്രജനങ്ങൾക്കു ഒരു സങ്കടമായിട്ടാണ് പരിണമിച്ചിട്ടുള്ളതെന്നു ഈ സഭയിൽ കൂടിയവർക്കെല്ലാം അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ ചുങ്കസ്ഥലങ്ങൾമൂലം സാധുക്കളായ കൃഷിക്കാർ അനുഭവിച്ചുവരുന്ന കഷ്ടതകളെപ്പററിയും സ്വല്പം പറയാനുണ്ട്. കാഞ്ഞിരപ്പള്ളിയിലുള്ള കോട്ടയംചന്തയിലേക്കു മരച്ചീനിയോ പുക്കളോ വിൽക്കുന്നതിനു കൊണ്ടുപോകുന്നതുമനുഷ്ഠിക്കുന്നതുമവൻ വഴിയ്ക്കു മൂന്നു ചുങ്കസ്ഥലങ്ങളിലും കടന്നിട്ടു ചല്ലിയോടുകൂടിയ ചന്തയിലും പണം അടയ്ക്കേണ്ടതായിട്ടുണ്ട്. ഇവയെല്ലാംകൂടാതെ വണ്ടിപ്പെട്ടസൂക്ഷിപ്പുകാരനും ഒരു സംഖ്യകൂടി കൊടുക്കേണ്ടതായിട്ടുണ്ടു. ആ സാധുമനുഷ്യനു രണ്ടുദിവസത്തേയ്ക്കുള്ള സ്വന്തചിലവും കഴിക്കേണ്ടതായിട്ടുണ്ടു കൂടാതെ വളരെ ചെലവുള്ള കടത്തിൽ അവന്റെ കാളകളെയും സംരക്ഷിക്കണം. ചുങ്കസ്ഥലം സൂക്ഷിപ്പുകാരന് ൩൫ ചക്രം കൊടുത്തിട്ടു അല്ലപോലുള്ളതുകകൾ ചന്തയിലെ ചുങ്കസ്ഥലം സൂക്ഷിപ്പുകാരനുംകൊടുത്തു, ഒരു പട്ടണത്തിൽ രണ്ടുദിവസത്തേയ്ക്കു അവനും അവന്റെ കാളകളുടേയും ചിലവുംകഴിഞ്ഞു അവൻ വീട്ടിലേയ്ക്കു തിരികെപോരുന്നതുവരെ അവന്റെ കൈവശം മിക്കവാറും യാതൊന്നും കാണുകയില്ലെന്നുതന്നെപറയാം. അ

തുകകൊണ്ടു ചുങ്കസ്ഥലം വയ്ക്കുന്ന ഈ രാജ്യത്തിലുള്ള സാധുക്കൾക്കു വളരെ ഉപദ്രവകരമായിത്തീർന്നിരിക്കുന്നുഎന്നു താൻ അഭിപ്രായപ്പെടുന്നു. അതു കച്ചവടത്തിനു ഒരു ബാധകമായിട്ടാണ് തീർന്നിരിക്കുന്നതു.

ബസ്സുകളെ സംബന്ധിച്ചിടത്തോളം അവ ഓരോ യാത്രയിലും ചുങ്കം കൊടുക്കേണ്ടതായിട്ടുണ്ട്. അതിനാൽ കൊല്ലത്തുനിന്നും തിരുവനന്തപുരത്തേയ്ക്കോടുന്ന ബസ്സുകൾ ദിവസംതോറും നാലുപ്രാവശ്യമെങ്കിലും കൊടുക്കേണ്ടതായിട്ടുണ്ട് ഏകദേശം ൨൫ ൦ ൦ രൂപാ വരെ വിലവരുന്ന ഒരു ബസ്സിന് ആണ്ടുതോറും ചുങ്കം ഇനത്തിൽ ഇടമന്ഥാനം ൨൫ ൦ രൂപാ കൊടുക്കേണ്ടതായിട്ടുണ്ട്.

അതിനാൽ ചുങ്കംവയ്ക്കുന്നഏർപ്പാടു എന്നതു നിശ്ശേഷം നിറുത്തൽചെയ്യുന്നതു ഈ രാജ്യത്തിലുള്ള സാധുക്കളായ ജനങ്ങൾക്കു ഒരു വലിയ ഉപകാരമായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതു സാദ്ധ്യമല്ലാത്തപക്ഷം ചുങ്കത്തിന്റെ തുകയിലോ അതു പിരിക്കുന്നരീതിയിലോ ചില ഭേദഗതികൾ വരുത്തേണ്ടതിന്റെ ആവശ്യത്തെപ്പററി ഗവർണ്ണമെന്റിനെ അറിയിക്കണമെന്നാണ് ഞാൻ ആശിക്കുന്നതു. രാജ്യത്തിനകത്തായിട്ടുള്ളതു സാമാന്യവണ്ടികളെങ്കിലും ചുങ്കം പിരിവിൽനിന്നും നിശ്ശേഷം ഒഴിച്ചുവിടണമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നതു. ഗോഡുകളെല്ലാം ചീത്തയാകുന്നതു ബസ്സുകളാലും മററു മോട്ടാറുകളാലുമാണെന്നും, വണ്ടികളാലല്ലെന്നുള്ള സംഗതി എല്ലാവർക്കും അറിയാവുന്നതാണു. ചുങ്കത്തിൽനിന്നുള്ള കൂടുതലധികം വരവും ബസ്സുകളിലും മോട്ടാർകളിലുംനിന്നാണ്; സാമാന്യവണ്ടികളിൽനിന്നല്ല. സർ, ഈ വിധമുള്ള കഠിനമായ അക്രമം നിശ്ശേഷം ഇല്ലാതെയാക്കുന്നതിനു കഴിയുന്ന പ്രവൃത്തികൾചെയ്യണമെന്നും, അതല്ലെങ്കിൽ അതു സാധിക്കാത്തപക്ഷം സാധുജനങ്ങളേയും സാമാന്യവണ്ടികളേയും ചുങ്കത്തിൽനിന്നു മുക്തരാക്കണമെന്നും ജനങ്ങളുടെ സങ്കടങ്ങൾ അറിഞ്ഞ ഒരാളെന്നനിലയിൽ ഞാൻ അപേക്ഷിക്കുന്നു. കൃഷിക്കാർക്കു ഉപയോഗിച്ചുവരുന്ന സാധാരണ വണ്ടികൾ, കാളകൾ, കലപ്പകൾ മുതലായവയിൽനിന്നു ചുങ്കം ഈടാക്കുന്നതിനു മുനിസിപ്പൽ റഗ്ലേഷൻ അനുവദിച്ചിട്ടില്ലാ. ഞാൻ ഉദാഹരിച്ചപ്രകാരം കാഞ്ഞിരപ്പള്ളിയിൽനിന്നു കോട്ടയത്തേയ്ക്കു മരിച്ചിനിയോ ചക്കയോ കൊണ്ടുപോകുന്ന ഒരു മനുഷ്യന് എന്തുവിഷമത നേരിടുന്നുഎന്നു ഉദാഹരണംമൂലം ഞാൻ വ്യക്തമാക്കിയല്ലോ. ഇപ്രകാരം, ജനങ്ങൾ സാമാന്യവിച്ചയ്ക്കു കഴിഞ്ഞുപോകുമ്പോൾ വളരെ ചെറിയ ഒരുതുക മാത്രമേ സാധുക്കളായ ജനങ്ങളുടെ കൈവശം കാണുകയുള്ളു എന്ന സംഗതിയും ഇതിൽനിന്നും വെളിപ്പെടുന്നുണ്ടു. സംഗതി ഇങ്ങനെയാകുകകൊണ്ടു കഴിയുന്നപക്ഷം ചുങ്കസ്ഥലങ്ങൾ നിശ്ശേഷം നിറുത്തൽചെയ്യുന്നതാണ്. അല്ലാത്തപക്ഷം സാധുജനങ്ങളേയും സാമാന്യവണ്ടികളേയും ചുങ്കത്തിൽനിന്നു മുക്തരാക്കേണ്ടതാണ്. ഈ സംഗതി ഞാൻ സഭയ്ക്കു നിർബന്ധപൂർവ്വം അറിയിച്ചുകൊള്ളുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പു): സർ, ഇപ്പോഴത്തെ ചുങ്കം പിരിക്കുന്ന ഏർപ്പാടു തീരെ ജനസമ്മതമില്ലാത്ത ഒന്നാണെന്നു എല്ലാവരും സമ്മതിക്കുമെന്നു എനിക്കു തോന്നുന്നു. കരംപിരിവിന്റെ പ്രധാനമായ ഒരുനിയമം എന്തെന്നാൽ, ഇടയ്ക്കുള്ള ജോലിക്കാർ ആരുംതന്നെ ജനങ്ങൾക്കു കൊടുത്തുതീർക്കുന്നതിലധികമായിട്ടു യാതൊരാദായവും കൈവശപ്പെടുത്തുവാൻ ഇടവരുത്തരുതെന്നുള്ളതാണു. പക്ഷേ കൺട്രാക്ടർമാർവഴിയുള്ള ഇന്നത്തെ ചുങ്കം ഏർപ്പാടു, ഈ കൺട്രാക്ടറന്മാർക്കു വലുതായ ലാഭങ്ങൾ കിട്ടുന്നതിനു സൗകര്യംനൽകുന്നതാകുന്നു. ഗവർണ്മെന്റിനു ൨,൦൦൦ രൂപാ കിട്ടിവരുന്ന ചില ചുങ്കസ്ഥലങ്ങളിൽനിന്നു കൺട്രാക്ടറന്മാർ ൪൦,൦൦൦ രൂപാ ഉണ്ടാക്കിവരുന്നതായി വിശ്വാസയോഗ്യമായ അറിവു എനിക്കു സിദ്ധിച്ചിട്ടുണ്ടു. ദിനംതോറും ചെല്ലുന്തോറും ബസ്സുകളുടേയും വണ്ടികളുടേയും എണ്ണം വർദ്ധിച്ചുവരുന്നു. എന്നാൽ കൺട്രാക്ടർ, തനിക്കു കിട്ടുന്ന ലാഭത്തുക മററുള്ളവരെ അറിയിക്കാതിരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധയുള്ളവനായിരിക്കുന്നു. പക്ഷേ കൺട്രാക്ടറന്മാർക്കു കിട്ടിവരുന്ന തുകയെപ്പററി ഒരുവനു കണക്കാക്കി നോക്കാവുന്നതാണ്. ആദായനികുതി വളരെ വർദ്ധിക്കുന്നുണ്ടെന്നുള്ള ഉത്സാഹം ആണ്ടുതോറും കൂടിവരുന്നതുമുള്ളതു എങ്കിലും ഗവർണ്മെന്റിനു ഇപ്പോൾ കിട്ടിവരുന്നതുക കൺട്രാക്ടറന്മാർക്കു കിട്ടിവരുന്നതുകയിൽനിന്നും ഇരട്ടി കുറഞ്ഞതു ഒന്നാണെന്നു എനിക്കു വിശ്വാസയോഗ്യമായ അറിവു കിട്ടിയിട്ടുണ്ടു. ഈ ഇടവാങ്ങൽക്കാരെ ഉപേക്ഷിക്കുന്നതിനു മടിയില്ലാത്തപക്ഷം ഈ ഏർപ്പാടിൽ ഭേദഗതികൾ വരുത്തണം. പബ്ലിക്ക്റോഡുകൾ റോഡുകൾ പട്ടുകുന്നതിലും, അവയെ സംരക്ഷിക്കുന്നതിലും, ഉപയോഗിക്കുന്നസ്ഥിതിക്കു ചുങ്കം പിരിക്കുന്ന ഏർപ്പാടിനു ഞാൻ വിരോധിയല്ല. മോട്ടാർ ബസ്സുകളിലും കാറുകളിലും യാത്രചെയ്തു ധാരാളംപണം ചെലവുചെയ്യാവുന്നവരും, മോട്ടാറിൽതന്നെ യാത്രചെയ്യേണ്ടിവരുന്ന സാധുക്കളും, റോഡുകളുടെ നല്ലനിലയിൽ സൂക്ഷിക്കുന്നതിനുവേണ്ടി ഒരു ചെറിയതുക നൽകുന്ന വിഷയത്തിൽ മനസ്സാപിടിക്കേണ്ട ആവശ്യമില്ലാ. പക്ഷേ കിട്ടുന്ന തുകയിൽ ഒരു വലുതായ ഭാഗം ഇടവാങ്ങൽക്കാർ കൈക്കലാക്കുന്നു എന്നതാണു അപേക്ഷിക്കുവാനുള്ളതു, എന്നിക്കു പ്രധാനമായി പറയാനുള്ളതു, ഒരുമാതിരി ഇപ്പോഴത്തെ സ്ഥിതി അനുസരിച്ചുള്ള ഈ ഏർപ്പാടിൽ പല കുഴപ്പങ്ങളെ സംഭവിക്കുന്നുണ്ടു ഇന്റർപോർട്ടൽ ടാക്സ് കൺസർവേഷനിൽ എന്തെങ്കിലും തുണ്ടോ എന്നു നിശ്ചയിക്കുവാൻ പാടില്ലാ.

മി. എൻ. കുമാരൻ (നിയമിതം): നമുക്കു ആണ്ടുതോറും മിച്ചംവരുന്നതുക വർദ്ധിച്ചുവരുന്നതിനെ തണിക്കു പക്ഷം മെമ്പർ ചുങ്കം വേണ്ടെന്നുവയ്ക്കുന്നതിൽ വിസമ്മതിക്കുമോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പു): ഈ ചുങ്കം ഏർപ്പാടു ഒരുകൂട്ടർ നിറുത്തൽചെയ്യുന്നതിൽ ഞാൻ അനുകൂലിക്കുന്നുണ്ടെന്നു വിചാരിക്കുന്നില്ലാ. എന്തെന്നാൽ അതു ടോൾ കൊടുക്കാൻ ശക്തിയുള്ളവരിൽ നിന്നാണല്ലോ പിരിക്കുന്നതു. ജനങ്ങളിൽനിന്നു ചുങ്കം പിരിക്കുന്ന വിഷയത്തിൽ മററുള്ള രാജ്യങ്ങൾക്കു വൈപരീത്യമുള്ളതായി കാണുന്നില്ലാ. ഉദാഹരണമായി ഇംഗ്ലണ്ടിലെ ഒരു കാര്യത്തിൽ ഈമാതിരി ഏർപ്പാടിൽ പിരിക്കപ്പെടുന്ന പിരിവിനേക്കാൾ ഇരട്ടിലക്കം പോസ്റ്റേജ് ഒരു ഫണ്ടുണ്ട്, ഇവിടെ ധൂർത്തു കൂട്ടുന്നതിനും അവശ്യ സംരക്ഷണം കൊടുക്കുന്നതിനും ചിലവാക്കുന്ന തുകയ്ക്കു പകരം കൂടുതലായി വരുന്നുണ്ടു. ഇടക്കാലത്തു ഇ നെപ്പററി ബഹളം ഉണ്ടാകുകയും, അധികമുള്ള ഇടവരവുള്ള ബഡ്ജറ്റുകൾ വരുത്തിയുണ്ടാക്കുന്ന ഏർപ്പാടുകൾക്കു ചാൻസലർ ഈ പ്രായപ്പെടുകയും ചെയ്തു. എന്നിട്ടും ചുങ്കംകുറക്കുന്നതിനോ അവ വേണ്ടെന്നുവയ്ക്കുന്നതിനോ അപേക്ഷകളുണ്ടായില്ലാ. നമ്മുടെ രാജ്യത്തിലുള്ള ചുരുക്കം ആളുകളിൽ ബസ്സുകളും മോട്ടാർവണ്ടികളും ഉപയോഗിക്കുന്ന ആളുകൾ മുതലെ ചുങ്കത്തെ എനിക്കു തോന്നുന്നു. ഈമാതിരി ഏർപ്പാടുകൾചെയ്തു സുഖസൗകര്യങ്ങൾക്കുവേണ്ടി സാധുജനങ്ങൾകൊടുത്തുവരുന്ന ജനങ്ങളിൽ കൂടുതൽകരം ചുമത്തുന്നതു ശരിക്കും ന്യായമല്ലാ.

സർ, 'ഇൻറർപോർട്ടൽ' ഡ്രയിഡ് കൺസർവൻഷിനെപ്പററിയുള്ള സാങ്കേതിക സംഗതികൾ എന്തെല്ലാമാണെന്നു എനിക്കു അറിയാൻ പാടില്ലാ. എന്റെ സ്വന്താഭിപ്രായം എന്തെന്നാൽ സൌകര്യത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന പെട്രോളിൽ ഒരു കൂടുതൽ തീരുവ ചുമത്തണമെന്നാണ്. ആവഴി നമുക്കു ധാരാളം പണം വന്നുചേരുന്നതാണ്. ഉപയോഗിച്ചുവരുന്ന പെട്രോൾ ഇത്രയധികം സൂക്ഷ്മമായി കണ്ടുപിടിക്കുന്നതു വളരെ എളുപ്പമാണ്. സാധനങ്ങളെ അവയുടെ ഉത്ഭവസ്ഥാനങ്ങൾക്കു കരംചുമത്തുന്നതു വളരെ സൌകര്യപ്രദമായിരിക്കുന്നതാണ്. അതുകൊണ്ടു ബ്രിട്ടീഷ് ഗവർണ്മെൻറുമായുള്ള ഏർപ്പാടിൽ വിപരീതമായി പ്രവർത്തിക്കേണ്ടിവരികയില്ലെങ്കിൽ തിരുവിതാംകൂറിൽ ഉപയോഗപ്പെടുത്തിവരുന്ന പെട്രോളിൽ കൂടുതൽ തീരുവ ചുമത്തുന്നതു വളരെ സൌകര്യപ്രദമായിരിക്കും. ബസ്സുകളും മോട്ടാർകാറുകളും ഉപയോഗിക്കുന്ന ആളുകളെ തിരിച്ചറിയുന്നതിനു ഇതു ഒരു നല്ല മാർഗ്ഗമായിരിക്കുകയും ചെയ്യും.

മി. എ. ജെ. വാൻറൂവ് (എക്സൈസ് കമ്മിഷണർ): പെട്രോളിന്റെ ചുങ്കം അതു തിരുവിതാംകൂറിൽ വരുന്നതിനുമുൻപായി പിരിക്കപ്പെട്ടുപോകുന്നതിനാൽ നമുക്കു പെട്രോളിൽ യാതൊരുവിധമായ ചുങ്കവും ചുമത്തുന്നതിനു അധികാരമില്ലെന്നു ഞാൻ മെമ്പർമാരെ അറിയിച്ചുകൊള്ളട്ടെ.

മി. കെ. സി. മാമൻമാപ്പിള (കൃഷിയും വ്യവസായവും വകുപ്പ്): ബ്രിട്ടീഷ് ഗവർണ്മെൻറുമായി ഇപ്പോഴുള്ള കരാറനുസരിച്ചു ചില വിഷമങ്ങളുണ്ടായേയ്ക്കാം പക്ഷേ ഈ വിഷയത്തെപ്പററി ബ്രിട്ടീഷ് ഗവർണ്മെൻറുമായി ആലോചിച്ചു ഒരു തീരുമാനമുണ്ടാക്കുക എന്നുള്ളതു ഗവർണ്മെൻറിനു കഴിയുന്നതാണ്. അതു പരിഹരിക്കാൻ പാടില്ലാത്ത ഒരു പ്രയാസമല്ലാ. പെട്രോൾ വിൽക്കുന്നവർ ഒരു തരത്തിലുള്ള സ്റ്റാമ്പിലോ മാർക്കിലുള്ളതോ കൊടുക്കണമെന്നു കാണിക്കുന്ന പ്രത്യേക ചില വ്യവസ്ഥകൾ ചീഫ് ഇൻസ്പെക്ടർ എക്സൈസ് കമ്മിഷണർക്കു ആലോചിച്ചു ചെയ്യാവുന്നതാണ്. ഇപ്രകാരം ചെയ്യുന്നപക്ഷം ഇതു കൂടുതൽ സൌകര്യപ്രദമായിരിക്കും. ഇതിൽനിന്നുള്ള ആദായത്തെ തടസ്സപ്പെടുത്തുന്നതിനു ഞാൻ ഒരിക്കലും അനുകൂലിയല്ലാ. വിശേഷിച്ചും മോട്ടാർബസ്സുകളുടേയും കാറുകളുടേയും ഉപയോഗം ധാരാളമായി വർദ്ധിച്ചുവരുന്ന ഈക്കാലത്തു അതത്രമാത്രമാണ്, പക്ഷേ ഒരോ ആളും തന്നാലാകുന്ന എന്തും ഉചിതമായ നിലയിലായിരിക്കും. ഇപ്പോൾ ചുങ്കം ഒരു ദിവസം ഒരു പ്രാവശ്യമാത്രമേ പിരിച്ചിട്ടുള്ളു. ഇപ്പോൾ ഒരു ബസ്സോ കാറോ പോകുന്ന അവസരത്തിലൊക്കെ അവർക്കു ചുങ്കം കൊടുക്കേണ്ടതായിട്ടുണ്ടു. ചില അവസരങ്ങളിൽ ഒരു ബസ്സോ, കാറോ, ഒരുദിവസം രാവിലെ അഞ്ചോ ആറോ ചുങ്കം കൊടുത്തിട്ടുണ്ടാവും. പെട്രോൾ ഉപയോഗിക്കുന്നതനുസരിച്ചു ഒരു ചുങ്കം ചുമത്തുകയാണെങ്കിൽ ഈ വിഷമങ്ങളെല്ലാം ഇല്ലാതാവുന്നതാണ്. അതു പക്ഷപാതത്തിനിടയാക്കുകയുമില്ലാ. അതുകൂടാതെ ഈ വരവിനു യാതൊരു കുറവുമില്ലാതെതന്നെ സാമാന്യവണ്ടികൾക്കു കരംചുമത്തുന്ന ഏർപ്പാടു നമുക്കു നിറുത്താവുന്നതാണ്. ഈ സാമാന്യവണ്ടികളിൽനിന്നും ഒടുക്കുവരി കിട്ടുന്നതു എന്തും ഉചിതമായ ഒന്നാണ്. തന്റെ ദിനക്കൂലിയായ മുക്കാലിയും വണ്ടികയററി ആസ്പത്രിയിലേയ്ക്കു കൊണ്ടുപോകയും, വഴിക്കു ചുങ്കംകൊടുക്കാൻ നിവൃത്തിയില്ലാതിരുന്നതിനാൽ ചുങ്കത്തിനു പകരമായി തന്റെ രണ്ടാംമുണ്ടു കൊടുക്കേണ്ടിവരികയുംചെയ്ത ഒരു സാധുമനുഷ്യനെപ്പററി മി. താമസ് ഉദാഹരിച്ചതു വളരെ രസകരമായിരിക്കുന്നു. അതുകൊണ്ടു ചുങ്കം ചുമത്തുന്ന ഏർപ്പാടു അതുപ്പോലെ ഉദ്ദേശിക്കുകയും അതിനടുത്തകാലം ഉപയോഗപ്പെടുത്തുന്ന പെട്രോളിൽ ഒരു ചുങ്കംചുമത്തുകയും ചെയ്യുണ്ട ആവശ്യകതയിലേക്കു ഞാൻ അധികൃതന്മാരുടെ ശ്രദ്ധയെ നിർബന്ധപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

മി. കെ. എ. ജോസഫ് (മീനച്ചിലും മേവികളവും): ഇപ്പോഴത്തെ ചുങ്കംപിരിക്കുന്നരീതി പലമാതിരി പരാതികൾക്കും കാരണമായിത്തീർന്നിട്ടുണ്ടു. ഒന്നാമതായി ഈ വിഷയത്തിൽ ഒരു യോജിപ്പുകാണുന്നില്ലാ. ചിലസ്ഥലങ്ങളിൽ ഓരോയാത്രയ്ക്കും ചുങ്കംപിരിക്കുന്നുണ്ടു, മററുസ്ഥലങ്ങളിൽ ഓരോദിവസത്തേയ്ക്കു ചുങ്കംപിരിക്കുന്നു. ഉദാഹരണമായി കോട്ടയത്തുനിന്നും മുണ്ടക്കയത്തേയ്ക്കുള്ള റോഡിൽ ഏകദേശത്തു മൈലിൽ ഓരോയാത്രയിലും ടോൾപിരിച്ചുവരുന്ന ഒരു ചുങ്കസ്ഥലമുണ്ടു. മററുസ്ഥലങ്ങളിൽ മോട്ടാർകാറുകളും ബസ്സുകളും അനേകം പ്രാവശ്യം ഓടിക്കൊണ്ടിരുന്നാലും ചുങ്കം ഒരുദിവസം ഒരുതവണമാത്രമേ കൊടുക്കേണ്ടതായിട്ടുള്ളു.

മറെറാരുസംഗതി ചുങ്കസ്ഥലങ്ങൾ തമ്മിലുള്ള ദൂരത്തെപ്പററിയാണ്. ചിലസ്ഥലങ്ങളിൽ ടോൾഗേറ്റുകൾ വളരെ അടുത്തും, മററുചിലസ്ഥലങ്ങളിൽ അവ അൻപതോ അറുപതോ മയിലുകൾ അകലെയുമാണു സ്ഥിതിചെയ്യുന്നതു. അതിനാൽ ചുങ്കം കൊടുക്കേണ്ടിവരുന്ന ഒരുവന്നു ദൂരത്തെസംബന്ധിച്ചു യാതൊരു ഐകരൂപ്യവും കാണുന്നതിനു സാധിക്കുന്നതല്ല.

ഞാൻ പറയണമെന്നാഗ്രഹിക്കുന്ന മറെറാരുവിഷയം നഗരസഭകൾ ചുങ്കംപിരിക്കുന്ന സംഗതിയാണ്. എന്റെ അഭിപ്രായം ശരിയാണെങ്കിൽ റോഡുകളുടെ സംരക്ഷണവിഷയത്തിൽ നഗരസഭകൾ യാതൊരു ജോലിയും കയ്യേൽക്കുന്നില്ലാ. അതിനാൽ ഈ നഗരസഭകൾ ചുങ്കംപിരിക്കുന്നവിഷയത്തിൽ ഒരു ന്യായവും ഞാൻ കാണുന്നില്ലാ. കൂടാതെ നഗരസഭകൾ നടത്തുന്ന ഈ പിരിവുമൂലം ഗവർണ്മെൻറിനു യാതൊരു പ്രയോജനവുമുണ്ടാകുന്നില്ലാ.

മി. എൻ. വി. ജോസഫ് (പറവൂർ): എല്ലാ നഗരസഭകളും ചുങ്കംപിരിക്കുന്നുണ്ടോ?

മി. കെ. എ. ജോസഫ് (മീനച്ചിലും മേവികളവും): അതാണു ഐകരൂപ്യമില്ലാതിരിക്കുന്ന മറെറാരുസംഗതി. ചില നഗരസഭകൾ ചുങ്കംപിരിക്കുന്നു, പക്ഷേ ചില നഗരസഭകൾ പിരിക്കുന്നില്ലാ. പിരിഞ്ഞിട്ടുള്ള കണക്കിലും ഐകരൂപ്യം കാണുന്നില്ലാ. ചില നഗരസഭകൾ ഓരോ ബസ്സിനും ഓരോ രൂപാവീതം പിരിക്കുന്നു, പക്ഷേ മററുചിലതു രണ്ടുരൂപാവീതം പിരിക്കുന്നു.

മി. ടി. ജേ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഓരോ ബസ്സിനും രണ്ടു രൂപാവീതം പിരിക്കുന്ന ഏതെങ്കിലും നഗരസഭയുണ്ടോ?

മി. കെ. എ. ജോസഫ് (മീനച്ചിലും മേവികളവും): കോട്ടയത്തു ഓരോബസ്സും രണ്ടുരൂപാവീതം കൊടുക്കണമെന്നു എനിക്കു തോന്നുന്നു.

മി എൻ. വി. ജോസഫ് (പറവൂർ): ചുങ്കം പിരിക്കരുതെന്നു ഗവർണ്മെൻറു വിരോധിച്ചിട്ടുള്ള ഏതെങ്കിലും നഗരസഭ ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ഐ. ജോസഫ്, (മിനക്കിലും ദേവികുളവും): വാസ്തവംപറയുകയാണെങ്കിൽ ചില നഗരസഭകൾ ചുങ്കംപിരിക്കുന്നു, ചിലതു പിരിക്കുന്നില്ലാ. ഇതാണു എനിക്കു പറയാനുള്ളതു. ഈ വിഷയത്തിൽ ഐകരൂപ്യം കാണുന്നില്ലാ.

മി. പാർ ഡാനിയൽ (നിയമിതം): ചുങ്കംപിരിക്കുന്നതിനനുവദിക്കപ്പെട്ടിട്ടുള്ള നഗരസഭകളോടു അവരുടെ അധികാരപരിധിയിലുള്ള റോഡുകളെ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണോ? ഉദാഹരണമായി നാഗർകോവിൽ നഗരസഭക്കു ചുങ്കംപിരിക്കാൻ അനുവാദം നൽകിയിട്ടുണ്ടു, അതു ഈതിനോടു വകയായ റോഡുകളെ സംരക്ഷിക്കുകയും ചെയ്യുവരുന്നുണ്ടു.

മി. കെ. ഐ. ജോസഫ് (മിനക്കിലും ദേവികുളവും): നഗരസഭകൾ അവരുടെ അധികാരപരിധിയിലുള്ള റോഡുകൾ സംരക്ഷിക്കാൻ നിർബന്ധിതരല്ലെന്നാണ് എനിക്കറിവുകിട്ടിയിട്ടുള്ളതു. എനിക്കു അതിനപ്പുറം അല്ലു നിശ്ചയമില്ലാ. ഗവർണ്ണർ മെമ്പർ അതിനെപ്പറ്റി വിശദമായി പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു വിഷയത്തിലെ എന്റെ അഭിപ്രായം നമ്മിലാണെങ്കിൽ നഗരസഭകളെ ചുങ്കംപിരിക്കാൻ അനുവദിക്കുന്നതിൽ യാതൊരു ന്യായവും ഞാൻ കാണുന്നില്ലാ. മറ്റൊരുസംഗതി എന്തെന്നാൽ അനേകം നഗരസഭകൾ അടുത്തടുത്തു സ്ഥിതിചെയ്യുന്നു എന്നുള്ളതാണു.

മി. ടി. സി. മാത്തൻമാപ്പിള (കൃഷിവകുപ്പും വ്യവസായവുംവകുപ്പും): റോഡുകളുസംരക്ഷിക്കുന്ന നഗരസഭകൾ ഒന്നോ നാലോ മൈൽ വരുള്ള അവരുടെ അധികാരപരിധിയിലുള്ള റോഡുകളുടെ സംരക്ഷണത്തിനു ചെലവിടുന്നുണ്ടെന്നിരിക്കെ ഇവയിലെ വളരെ കുറഞ്ഞ ചുങ്കം ഒരു തുകയാണു പിരിക്കുന്നതെന്നുള്ളതും ഒരു പരമാർത്ഥമല്ലേ?

മി. കെ. ഐ. ജോസഫ് (മിനക്കിലും ദേവികുളവും): അതങ്ങനെയായിരിക്കാം. എന്തായാലുംചുങ്കം പിരിക്കുന്നവിഷയത്തിൽ നടന്നുവരുന്ന ഏർപ്പാടിൽ യാതൊരു ഐകരൂപ്യവുമില്ലെന്നുള്ള സംഗതിയാണു ഈ സഭയിൽ എനിക്കു പ്രസ്താവിക്കേണ്ടിയിരിക്കുന്നതു. ചുങ്കം കൊടുക്കേണ്ട ജനങ്ങൾ ഈ ഐകരൂപ്യമില്ലായ്മയിലേക്കു വളരെ കഷ്ടങ്ങൾ അനുഭവിച്ചുവരുന്നുണ്ടു.

മി. കെ. ഐ. ജോസഫ് (മിനക്കിലും ദേവികുളവും): എനിക്കു ബോധമായി പറയേണ്ട മറ്റൊരു സംഗതി എന്തെന്നാൽ വാസ്തവത്തിൽ ഗവർണ്ണർക്കു കിട്ടാൻ കഴിയുന്നതുധനം ഇപ്പോൾ കിട്ടുന്നില്ലെന്നുള്ളതാണ്. ഇപ്പോൾ അവർ ചുങ്കംപിരിക്കുന്നതിനു കണ്ട്രാക്ട് കൊടുത്തിരിക്കയാണു. ഇതുകൊണ്ടു ലാഭംകിട്ടുന്നതു ഇടക്കാരിന്നു സംഗതി നിർവ്വഹിക്കുന്നവർക്കാണു.

മി. മാത്തൻമാപ്പിള അഭിപ്രായപ്പെട്ടതുപോലെ പെട്രോളിനു ഒരു ഇറക്കുമതിച്ചുങ്കം ചുമത്തുന്ന ഏർപ്പാടിനോടു ഞാനും കൂട്ടുകൂടുന്നു. ഇതു ഗവർണ്മെന്റു തന്നെയായി ആലോചിക്കേണ്ട ഒരു സംഗതിയാണു.

ഉപാദ്ധ്യക്ഷൻ: അപ്രകാരം പ്രവൃത്തിക്കുന്നതിനു സാദ്ധ്യമല്ലാത്തപക്ഷം മറ്റേതു നീതിയാണ് നിങ്ങളുടെ അഭിപ്രായം അനുസരിച്ചു സരിക്കുന്നതായിട്ടുള്ളതു?

മി. കെ. ഐ. ജോസഫ് (മിനക്കിലും ദേവികുളവും): അതു സാദ്ധ്യമല്ലാതിരുന്നാലും ഇപ്പോഴത്തെ ഏർപ്പാടിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതത്യാവശ്യമാണെന്നാണ് എനിക്കു തോന്നുന്നതു. ഇപ്പോഴുള്ള ദോഷങ്ങളെ പരിഹരിക്കുന്നതിനുള്ള വഴികൾ കണ്ടുപിടിക്കുന്നതിനാണ് ഗവർണ്ണർക്കിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നതു. അങ്ങനെയാണെങ്കിൽ കരാറെടുക്കുന്നവരിൽനിന്നും കിട്ടുന്ന ഇത്ര തുക നേരിട്ടു ഗവർണ്ണർക്കിലേക്കു അടയ്ക്കുന്നതാണ്, പണ്ടത്തെക്കു ചുങ്കം പിരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം വണ്ടിഉടമസ്ഥന്മാരുടെ ലൈസൻസുകൾ ഏർപ്പാടുചെയ്യുന്നതാണ് ഗവർണ്ണർക്കു നല്ലതു.

ഉപാദ്ധ്യക്ഷൻ: ചുങ്കംപിരിക്കുന്ന ജോലി ഒരു ഡിപ്പാർട്ടുമെന്റിൽനിന്നും മറ്റൊരു ഡിപ്പാർട്ടുമെന്റിലേയ്ക്കു മാറ്റുകയാണെങ്കിൽ ഫലം എന്തായിരിക്കും?

മി. കെ. സി. മാത്തൻമാപ്പിള (കൃഷിവകുപ്പും വ്യവസായവുംവകുപ്പും): അവിടുന്നു സൂചിപ്പിച്ചതു കൂടുതൽ ഗുണകരമായിരിക്കുമാണ്.

മി. കെ. ഐ. ജോസഫ് (മിനക്കിലും ദേവികുളവും): ഞാൻ പറഞ്ഞുകഴിഞ്ഞതുപോലെ വണ്ടി ഉടമസ്ഥന്റെ ലൈസൻസ് എടുക്കുകയാണെങ്കിൽ ചില കുഴപ്പങ്ങൾ മിക്കതും അവസാനിക്കുന്നതാണ്. ഇപ്പോഴത്തെ ചുങ്കം പിരിക്കുന്ന രീതി ഉപേക്ഷിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു. റോഡുകൾ ഉപയോഗിക്കുന്ന വകുപ്പു വണ്ടികളിൽനിന്നു ഒരു ഇത്ര ഗുണഭോക്തൃസമുദായം ഉപേക്ഷിക്കണമെന്നു മി. താമസ് അഭിപ്രായപ്പെട്ടു. ഞാൻ അതിനോടു യോജിക്കുന്നില്ലാ. ഈ മാതിരി വാഹനങ്ങൾ ഉപയോഗിക്കുന്നവരോടു അതിനു ഒരു ഇത്ര കൊടുക്കാൻ പറയുന്നതു ന്യായമാണ്. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ മി. താമസ് ഫാക്കരാക്കിയ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പക്ഷെ ചുങ്കം പിരിക്കുന്ന വിഷയത്തിലുള്ള തത്വത്തോടു ഞാൻ യോജിക്കുന്നില്ല.

മി. എൻ. വി. ജോസഫ് (പറവൂർ): ഈ ഉപക്ഷേപകർത്താവു ചുങ്കം ഏർപ്പാടു ആകപ്പാടെ നിറുത്തൽ ചെയ്യുന്നതെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളതു. ഉപക്ഷേപം പിൻതാങ്ങിയിട്ടുള്ള മറ്റു രണ്ടു മെമ്പർമാരും ഉപക്ഷേപത്തെ മറ്റു ചില പ്രത്യേകനിബന്ധനകളിന്മേൽ പിൻതാങ്ങിയിട്ടുണ്ടു. ഉപക്ഷേപകർത്താവിനോടു ചേർന്നു ചുങ്കംഏർപ്പാടു വേണ്ടെന്നുവയ്ക്കുന്ന വിഷയത്തിൽ ഞാനും യോജിക്കുന്നു. എന്റെ ഒന്നാമത്തെ നിർദ്ദേശം എന്തെന്നാൽ പത്തോ പന്ത്രണ്ടോ മൈൽ ദൂരം ധാരാളം പോകുമ്പോൾ പബ്ലിക്കു റോഡുകൾ മുമ്പേ അടയ്ക്കപ്പെട്ടിരിക്കുന്നതു വലിയ ദോഷിയാണെന്നാണ്. അതു പലപ്പോഴും ഗതാഗതത്തിനു ഒരു തടസ്ഥമായി നാം കാണുന്നു. മറ്റൊരു വിഷമം എന്തെന്നാൽ ഈ ചുങ്കം ഏർപ്പാടു കാരംപിരിവു വിഷയത്തിലും ഐകരൂപ്യമില്ലാത്തതും അന്യായമായുള്ളതുമാണെന്നും കാൺമാനാണ്. മോട്ടാറുകളും വണ്ടികളും ഈ റോഡുകളെ ഉപയോഗപ്പെടുത്തുന്നതുകൊണ്ടു, അവ ഒരു വലിയ തുക നൽകണമെന്നുള്ളതിൽ ന്യായം ഇല്ലാതില്ല. ചിന്തയായിട്ടുള്ള റോഡുകളിൽ ഈ ചുങ്കം ഏർപ്പാടു കാണുന്നില്ല; ചില നല്ല റോഡുകളിൽ മാത്രമേ ഇവകയ്ക്കു നാം കാണുന്നുള്ളു. ചുങ്കം പിരിക്കുകയില്ലാത്ത മറ്റനേകം റോഡുകളിൽക്കൂടി മോട്ടാർകാറുകളും വണ്ടികളും ഓടുന്നുണ്ടു. ഒരു ചുങ്കസ്ഥലത്തു എത്തുമ്പോൾ വാഹനം സൂക്ഷിപ്പുകാരൻ എട്ടോ പത്തോ അണ ആവശ്യപ്പെടുന്നു; ചിലപ്പോൾ ചില്ലറയില്ലായ്മയാൽ കൂടെ വാസ്തവം നേരിടുന്നു. ഈ വിധത്തുള്ള ചില്ലറ അസൌകര്യങ്ങൾ ഈ ചുങ്കം ഏർപ്പാടിൽനിന്നും ഉണ്ടാകുന്നുണ്ടു. ഈ റോഡുകൾ ഉപയോഗപ്പെടുത്തുന്നവരിൽനിന്നു ഏതെങ്കിലും ഒരു

യോഗ്യമാണെന്നുള്ളതു വാസ്തവമാണ്. ഏതെന്റെ അഭിപ്രായത്തിൽ പെട്രോളിന് ഒരു ഇറക്കുമതി ചുങ്കം ചുമത്തുന്നതു ന്യായമാണെന്നു തോന്നുന്നു. അങ്ങനെയുള്ള ചുങ്കം ഫലപ്രദവും കാര്യക്ഷമവുമായിരിക്കും; എന്തുകൊണ്ടെന്നാൽ മോട്ടോർകാറുകൾ ഇന്ത്യയിൽ ഓടിക്കുന്നതുകൊണ്ടു വസ്തുതാവേ ഉപയോഗിക്കുന്ന പെട്രോളിൻമേലാണ് ചുങ്കം വരുന്നതു്. പക്ഷേ കാളവണ്ടി മുതലായ വാഹനങ്ങളെ സംബന്ധിച്ചിടത്തോളം എങ്ങനെയാണു പ്രവർത്തിക്കുക എന്നു്.

മി. കെ. സി. ജോസഫ് (മീനച്ചിലും മേലുകാവും): അതുകൊണ്ടാണ് വണ്ടികൾക്കു ലൈസൻസ് വയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടതു.

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു രൂപ വിലയുള്ളതും ദൈനംദിനാവശ്യങ്ങൾക്കുള്ളതുമായ ഒരു കാറിന്റെ ഉടമസ്ഥൻ ആ കാറു ഒരു വഴിയിലൂടെ ഒരു തവണമാത്രമേ ഉപയോഗിക്കുന്നുള്ളു എന്നു വിചാരിക്കുക. ലൈസൻസ് എടുക്കുന്നതിനു അയാൾക്കു ഒരു രൂപ ചിലവുചെയ്യേണ്ടിവരും. ഇതാണ് ഈ വിഷയത്തിന്റെ മറ്റൊരവസ്ഥാനം. ദിവസം മുഴുവനും റോഡിലൂടെ ഗതാഗതംചെയ്യുന്ന സാധാരണ വാഹനങ്ങളെ സ്വന്താവശ്യത്തിനുള്ള ഒരു കാറിന്റെ ഉടമസ്ഥന്റെമേൽ ഒരു രൂപയും, ഗതാഗതത്തിനുപയോഗിക്കുന്ന ഒരു ബസ്സിനോ മോട്ടോറിനോ അതേ തുകയും ചാർജ്ജുചെയ്യുന്നതേയുള്ളുകാരം ന്യായമായിരിക്കും.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ടവർ): തനതാവശ്യത്തിനുള്ള കാറുകളും മറ്റുള്ളവയും തമ്മിൽ തിരിച്ചറിയുന്നതു അസാദ്ധ്യമാണെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. എൻ. വി. ജോസഫ് (പറവൂർ): അതു സാദ്ധ്യമായേക്കാം. പക്ഷേ മറ്റേതെങ്കിലും പക്ഷത്തു ആലോചിക്കുണ്ടാകേണ്ടതാണ് ഞാൻ പ്രസ്താവിക്കുന്നതു.

മി. സി. പി. തരകൻ (കുന്നത്തുനാടു): വള്ളങ്ങൾക്കു രജിസ്ട്രേഷൻ ഫീസുള്ളതായിട്ടു അറിവുണ്ടോ?

മി. എൻ. വി. ജോസഫ് (പറവൂർ): ഉണ്ടായിരിക്കാം.

മി. കെ. കെ. തോമസ് (കോട്ടയം): അതുകൊണ്ടു വളരെ ഉപദ്രവമുണ്ടെന്നറിയാൻ പാടില്ലേ? കുട്ടനാടൻ മുതലായ പ്രദേശങ്ങളിൽ അധികം ആളുകൾ ബുദ്ധിമുട്ടുന്നില്ലേ?

മി. എൻ. വി. ജോസഫ് (പറവൂർ): ചുമത്തപ്പെടുന്ന എല്ലാനികുതിയും, അവ കൊടുക്കുന്നവർക്കു ചില ഉപദ്രവങ്ങൾക്കും അസൗകര്യങ്ങൾക്കും കാരണമായിത്തീരുന്നതാണ്.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (ഉഴവൂർപുഴയും കൊടുപുഴയും): വള്ളങ്ങൾക്കുള്ള ടോൾഗേറ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനേക്കാൾ ഇപ്പോഴത്തെ ഏർപ്പാടല്ലേ ഉപദ്രവം കുറവു?

മി. എൻ. വി ജോസഫ് (പറവൂർ): വഞ്ചിക്കു ഉപദ്രവം കൂടുതൽ എന്നോ മോട്ടോർകാറിനു ഉപദ്രവം കുറവാണെന്നോ പറയാൻ നിവൃത്തിയില്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (ഉഴവൂർപുഴയും കൊടുപുഴയും): വഞ്ചികൾക്കു വച്ചിട്ടുള്ള ഫീസിനേക്കാൾ മോട്ടോറിനും മറ്റും ടോൾഗേറ്റ് വച്ചിരിക്കുന്നതു ഉപദ്രവമല്ലേ?

മി. എൻ. വി. ജോസഫ് (പറവൂർ): ഉപദ്രവം ഉണ്ടാകും. പുഴയിലും മറ്റുമാകുമ്പോൾ കൂടുതൽ ചിലവുണ്ടാകും.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ചില ഭാഗങ്ങളിൽ വഞ്ചികൾക്കു ചുങ്കം കൊടുക്കേണ്ടതായിട്ടുണ്ടെന്നുള്ള വിവരം മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

മി. എൻ. വി. ജോസഫ് (പറവൂർ): അതു ഉണ്ടായിരിക്കാം. എന്റെ സ്നേഹിതൻ മി. കെ. എ. ജോസഫ് സൂചിപ്പിച്ച ലൈസൻസ് ഏർപ്പാടിനെപ്പററി പറയുകയാണെങ്കിൽ, തിരുവിതാംകൂറിൽ പെട്രോൾ കച്ചവടത്തിനു ലൈസൻസ് ഏർപ്പെടുത്തുകയാവുന്നതാണ്. പക്ഷേ സമർത്ഥനായ ഒരു കച്ചവടക്കാരൻ സംസ്ഥാനത്തിന്റെ അതിർത്തിയിൽ വ്യാപാരശാലകൾ സ്ഥാപിച്ചു പെട്രോൾ കച്ചവടം ചെയ്തുതുടങ്ങും.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പ്): പുകയിലയുടെ കാര്യത്തിൽ ഇരുവശവുള്ള മാറു സാധനങ്ങൾക്കു ഇപ്രകാരം സംഭവിക്കയില്ലെന്നു മെമ്പർ വിചാരിക്കുന്നില്ലയോ?

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു ഇറക്കുമതി ചുങ്കം ഉണ്ടായില്ലാ. പുകയിലയുടെ രീതി അതല്ലല്ലോ. തിരുവിതാംകൂറിലെ ഒരു കച്ചവടക്കാരനു പെട്രോളിനു ലൈസൻസ് കിട്ടിയിട്ടുണ്ടെന്നും അദ്ദേഹം കൊച്ചി സംസ്ഥാനത്തിന്റെ അതിർത്തിയിൽ ഒരു പെട്രോൾ വില്പനയ്ക്കുള്ള കട സ്ഥാപിക്കുന്നെന്നും വിചാരിക്കുക. തിരുവിതാംകൂറുകാരനായ ഒരാൾ പോയി പെട്രോൾ വാങ്ങിക്കൊണ്ടു തിരുവിതാംകൂറിലെയ്ക്കു വരുന്നു. ഇങ്ങനെയാണെങ്കിൽ പെട്രോളിൽ ചുങ്കം പിരിക്കുന്നവിഷയത്തിൽ എന്താണുചെയ്യുന്നതു? ഈ സംഗതികൾ കൂണിക്കണിച്ചുകൊണ്ടു ചുങ്കം ഏർപ്പാടുകൾ പൊതുജനങ്ങൾക്കു ഉപദ്രവകരമായിത്തീർന്നിക്കുന്നതിനാൽ അതു നിർദ്ദേശം നിറുത്തിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇതിൽ എനിക്കു അല്പംപോലും ശങ്കയില്ല.

മി. സി. പി. തോമസ് (നിയമിതം): ബസ്സിൽ നിന്നും പിരിക്കുന്ന ചുങ്കത്തുകയിൽ ഈയിടെ വരുത്തിയിട്ടുള്ള ഭേദഗതിയെപ്പററി എനിക്കു സ്വല്പം പറയാനുണ്ടു. മുൻപു അവർക്കു ഒരു മണിക്കൂറിലൊരിക്കൽ മാത്രമേ ചുങ്കംകൊടുക്കേണ്ടിയിരുന്നുള്ളു, ഇപ്പോൾ അവർ കടന്നുപോകുന്ന ഓരോ ചുങ്കസ്ഥലത്തും ചുങ്കംകൊടുക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം ചുങ്കം പിരിക്കുന്ന ഏർപ്പാടു അന്യായമാണ്. മി. കെ. കെ. തോമസ് പ്രസ്താവിച്ചതുപോലെ ൧൦൦ രൂപവിലയുള്ള ഒരു ബസ്സ് ഒരു മാസത്തിൽ ചുങ്കം രൂപത്തിൽ കൊടുക്കേണ്ടിവരുന്നതു ൨൦൦ രൂപയാണു. ഇങ്ങനെ ഒരു കൊല്ലമാകുമ്പോൾ തുക ൨൦൦൦ രൂപയിൽ അധികമാകുന്നു. ഇതു വളരെ കഠിനമാണു. ഇപ്പോൾ ൧൭ പേരെ കൊണ്ടുപോകുന്നതിനു ലൈസൻസുള്ള ഒരു ബസ്സിൽ ഉടമസ്ഥനു ചുങ്കം കൂടാതെ ദിവസം ഒന്നിനു ഏകദേശം ൩൦ രൂപാ പല ഇനങ്ങളിലായി ചെലവുചെയ്യേണ്ടതായിട്ടുണ്ടു. ഇക്കൂട്ടത്തിൽ ടയർ മാറുക, ഡ്രൈവർക്കു ശമ്പളംകൊടുക്കുക, പെട്രോൾ വിലമുതലായവ ഉൾപ്പെടുന്നു. അതിനാൽ ചുങ്കസ്ഥലങ്ങളിൽ കൂടി കടന്നുപോകുന്ന അവസരങ്ങളിലൊക്കെ ചുങ്കംകൊടുക്കണണമെന്നു അവരെ നിർബന്ധിക്കുകയാണെങ്കിൽ തൻമൂലം ഈ വ്യവസായത്തിനു നാശം സംഭവിക്കുന്നതായിരിക്കും. ഒരു ചുങ്കസ്ഥലത്തു അതായതു്, പാരിപ്പള്ളിയിൽ ൧൫ ൨൦ പൈസാമാണു മുതലാണു ഈ ഭേദഗതി നടപ്പിൽ വരുന്നതു. ഈ ഭേദഗതി

നടപ്പിൽവരാൻ പോകുന്നു എന്നുള്ള വിവരം അറിയുന്നതിനു മുൻപാണു അനേകം ബസ്സു ഉടമസ്ഥന്മാർ ബസ്സുകൾ വരുത്തിയിട്ടുള്ളതു. ഏതായാലും ചില സ്ഥലത്തുകൂടി കടന്നുപോകുമ്പോഴെല്ലാം ചുങ്കംകൊടുക്കുക എന്നുള്ളതു ഈ ബസ്സുകൾക്കെല്ലാം ഒരു കഷ്ടകാലമായിട്ടാണു എനിക്കു തോന്നുന്നതു. ഈ നിയമം പ്രൈവറ്റു കാറുകളെയല്ല, ബസ്സുകളെയാണു അധികം ദോഷപ്പെടുത്തുന്നതു. ബസ്സുകളെ കച്ചവടസംബന്ധമായ കാര്യങ്ങൾക്കാണു ഓടിച്ചുവരുന്നതു. അതിനാൽ നാട്ടുകാരോടു വ്യത്യസ്ഥമായ രീതിയിൽ പെരുമാറുന്നതാണു ന്യായം. എന്തിരുന്നാലും ഇവിടെ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി ന്യായമായിട്ടുള്ളതല്ല. അതു നടപ്പിൽകൊണ്ടുവരാൻ പാടില്ലെന്നാണു എന്റെ അഭിപ്രായം.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): ചുങ്കങ്ങൾമൂലം ഉണ്ടായിട്ടുള്ള സങ്കടങ്ങളെപ്പററി വിചിന്തനം ചെയ്യുന്നതിനാണല്ലോ മി. കെ. കെ. താമസ്സ് ഈ പ്രമേയം ഹാജരാക്കിയിട്ടുള്ളതും, പല കാരണങ്ങളാൽ അവയെ നിവൃത്തിക്കുന്നതിനു ഞങ്ങൾ ശ്രമിച്ചിട്ടുള്ളതും സാധുക്കളായ ജനങ്ങളുടെ കഷ്ടതകളെപ്പററി അദ്ദേഹം പ്രതിപാദിച്ചു കണ്ടതു നാട്ടുകാരുടെ അഭിവൃദ്ധിയെ അവ തടയുന്നതുണ്ടെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. ഭൂതിനപ്പററിയുള്ള വിവരങ്ങൾ വിസ്തരിച്ചു പറയുന്നതിനു മുൻപു, റോഡുകളെ ഉപയോഗിക്കുന്ന വാഹനങ്ങളിൽ നിന്നു ചുങ്കം പിരിച്ചുവരുന്നതിന്റേയും, പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു ഈ നികുതിയുമായി എർപ്പെട്ടതിന്റേയും ചരിത്രം സഭയ്ക്കു അറിയിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വാദപ്രതിവാദാവസരത്തിൽ ചുങ്കംഏർപ്പെടുത്തിയതിന്റെ ചരിത്രം എങ്ങനെ കൊടുക്കണമെന്നു ഞാൻ ആലോചിക്കുകയുണ്ടായി.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): ഈ വിഷയത്തെപ്പററി വിശദമായി മനസ്സിലാക്കുന്നതിനു ഒരു ചുരുക്കിയ ചരിത്രം അത്യാവശ്യമാണു. പൊതുമരാമത്തു ഡിപ്പാർട്ടുമെണ്ടിന്റെ ജോലി എന്തെന്നാൽ ഗവർണ്മെന്റു് അതിനു ഏർപ്പെടുത്തിട്ടുള്ള തുകകൊണ്ടു വർദ്ധിച്ചുവരുന്ന ഗതാഗതത്തിനുതക്കതായ വിധം റോഡുകളെ വണ്ടിക്കു മുതലായ പൊതുജനോപകാരപ്രദങ്ങളായ ജോലികൾ നിർവ്വഹിക്കണം എന്നുള്ളതാണു്.

മി. എം. ശിവതാണുപിള്ള (തോവാള): റോഡുകളെ വഴിയാത്രക്കാർ സംരക്ഷിക്കുക എന്നുള്ളതു എന്റെ സ്നേഹിതൻ മി. പി. കെ നാരായണപിള്ള പൊതുവായി അനുഷ്ഠിച്ചിരുന്നില്ലെങ്കിൽ) പറയുമായിരുന്നു, ഗവർണ്മെന്റിന്റെ ഏററവും പ്രധാനമായ കടമയാണെന്നുള്ളതു് അദ്ദേഹത്തിനു അറിയാമോ എന്നറിഞ്ഞാൽകൊള്ളാം,

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): ബ്രിട്ടീഷ്ഇൻഡ്യയിലും മററുസ്ഥലങ്ങളിലും അതു ഗവർണ്മെന്റിന്റെ കടമയായിരുന്നില്ലാ, പക്ഷെ ഇന്നവരെ തിരുവിതാംകൂറിന്റെ വകയാണു്.

മി. എം. ശിവതാണുപിള്ള (തോവാള): ആ വിവരത്തെപ്പററി വിസ്തരിച്ചു പറയുന്നതിന് മെണ്ടറിനു ഭയവുണ്ടാകുമോ?

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): ബ്രിട്ടീഷ്ഇൻഡ്യയിൽ ഡിസ്ട്രിക്ട്കളിൽ റോഡുകളുടെ സംരക്ഷണം നടത്തുന്നതു ഗുണികതിയിൽ കണക്കുകൾവെച്ചു ഒരു റോഡു കരംപിരിച്ചിട്ടുള്ള ഒരു ചോക്കുകൾ ഫണ്ടുകൊണ്ടാണു നടത്തിവരുന്നതു: ഈ കണക്കനുസരിച്ചു വർഷംതോറും മാത്രമേ തിരുവിതാംകൂറിൽ ഗുഴുവനും ചിലവാക്കാൻ അധികാരമുള്ളു. പക്ഷെ ഗവർണ്മെന്റു പണികൾക്കും, റോഡുകളുടെ സംരക്ഷണത്തിനുമായി ഏറെ ലക്ഷംരൂപ വിതം ചെലവാക്കിവരുന്നുണ്ടു. അതിനു പ്രത്യേക കരം യാതൊന്നും പിരിക്കുന്നതില്ലാ.

മി. എം. ശിവതാണുപിള്ള (തോവാള): അതു ട്രിട്ടീഷ്ഇൻഡ്യക്കു വെളിയിലെവിടെങ്കിലുമോ തുറോപ്പിൽ എവിടെയെങ്കിലുമോ നടപ്പുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): നാം ഇവിടെ ചെയ്തുവരുന്നതുപോലെ മററുരാജ്യങ്ങളിൽ ഗവർണ്മെന്റുറോഡുകളെ സംരക്ഷിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ലാ.

മി. എം. ശിവതാണുപിള്ള (തോവാള): മററുള്ള രാജ്യങ്ങളിൽ റോഡുകളില്ലയോ? (ചിരി)

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): റോഡുകൾ ഇപ്പോൾ കരംപിരിച്ചു സൂക്ഷിക്കുന്നതിനും വളരെ വേഗത്തിലും റോഡുകളെ ചിത്രയാക്കുന്നതിനുവേണ്ടിയും ഓടുന്നവാഹനങ്ങൾ വർദ്ധിക്കുന്നതനുസരിച്ചു റോഡുകളുടെ സ്ഥിതി നന്നാക്കുന്നതിനും അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ടുകൾ ഇപ്പോൾ അങ്ങളല്ലെന്നു കണ്ടപ്പോൾ, പൊതുമരാമത്തു ഡിപ്പാർട്ടുമെണ്ടിന്റെ കടമ കൂടുതൽ ഫണ്ടുകൾക്കു ആവശ്യപ്പെടുകയാണു. റോഡുകൾ ഗതാഗതം വർദ്ധിക്കുകമൂലം പൊതുമരാമത്തു ഡിപ്പാർട്ടുമെണ്ടു കൂടുതൽഫണ്ടുകൾ ആവശ്യപ്പെടുന്നു എന്നു ഗവർണ്മെന്റു് മനസ്സിലാക്കിയപ്പോൾ, ഗവർണ്മെന്റു ഫ 0 വ്വ—ചെ റഗ്ഗുലേഷനെ ഭേദപ്പെടുത്തി ഫ 0 ൻ വ്വ—ാമാണ്ടിൽ പാസാക്കിയ റഗ്ഗുലേഷനനുസരിച്ചാണു ചുങ്കം പിരിച്ചുവരുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇങ്ങനെയുള്ള വാദപ്രതിവാദാവസരങ്ങളിൽ റഗ്ഗുലേഷൻ നവീകരിച്ചു സംഗതി പ്രസ്താവിക്കാമോ?

ഉപാദ്ധ്യക്ഷൻ: മി. നടേശയ്യർ റെഗ്ഗുലേഷനെ അടിസ്ഥാനപ്പെടുത്തി ചുങ്കം പിരിച്ചുവരുന്നു എന്നു മാത്രമേ പറഞ്ഞുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. നടേശയ്യർ റഗ്ഗുലേഷൻ നവീകരിക്കുന്ന കാര്യത്തെപ്പററിയാണു പറയുന്നതു.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): മദ്ധ്യരാജ്യങ്ങൾക്കു ഒരുകാലത്തും സ്ഥിരനാഴിക നിരക്കു മാത്രമേ ഉള്ളുവെന്നും പ്രധാനപ്പെട്ട റോഡുകളുടെ സംരക്ഷണത്തിനുതകുവാൻ ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള ഇ ര 0 0 രൂപായാണെന്നും മി. താമസ് പ്രസ്താവിച്ചു. റോഡുകളുടെ സംരക്ഷണത്തിനു വേണ്ടിവരുന്ന തുക ഉദ്ദേശം ഫ ര 0, 0 0 0 രൂപാവാണെന്നു അദ്ദേഹം കണക്കാക്കിയിരിക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): എനിക്കു ചീഫ്എൻജിനീയരെ തിരുത്തുന്നതിനു അനുവാദം തരുമോ? ഞാൻ പറഞ്ഞതു ഫ്ന്ദ 0, 0 0 0 രൂപയെന്നാണു.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): സംരക്ഷണത്തിനുള്ളതു ഒരുകാലത്തും ഫ 0 0 0 രൂപയും കൂടുതലായ രണ്ടുകാര്യങ്ങളുടെയും എടുത്തുനോക്കാം. ഈ റോഡുകളെ സംബന്ധിച്ചിടത്തോളം അവയെ ശരിയായി സൂക്ഷിക്കുക എന്നുള്ളതു വളരെ പണച്ചിലവുള്ളതും വിഷമമേറിയതുമായിത്തീർന്നിട്ടുണ്ടു മോട്ടാർവണ്ടി,

കളും വിദേശിച്ചു ബസ്സുകളും വളരെ അധികമായി ഓടിക്കൊണ്ടിരിക്കുന്ന തിരുവനന്തപുരംമുതൽ ആരുവാമൊഴി വരെയുള്ള നെക്കർട്ടായിൻറോഡിനെപ്പററി ആലോചിച്ചുനോക്കാം. ഈയിടവരെ അതായതു ക്ലാസ്സ്-ാമാണുവരെ നാലോ അഞ്ചോ കൊല്ലങ്ങളിൽ ഒരിക്കൽമാത്രമേ റോഡുകൾ വീണ്ടും നന്നാക്കേണ്ടിയിരുന്നുള്ളു. പക്ഷെ ഇപ്പോൾ രണ്ടോ മൂന്നോ കൊല്ലത്തിനകത്തു വീണ്ടും അവയിൽ ചല്ലിയിടേണ്ട ആവശ്യം വന്നുചേർന്നിട്ടുണ്ടു. റോഡിൽ ഗതാഗതം വളരെ വർദ്ധിച്ചിട്ടുണ്ടെന്നു ഈ സംഗതിതന്നെ തെളിയിക്കുന്നുണ്ടല്ലോ.

മി. കെ. കെ. നമ്പ്യാർ (കോട്ടയം): ഓരോ മഴയിന്നു ശേഷം ആയിരം രൂപാ ചിലവാകുന്നുണ്ടെന്നു പ്രസ്താവിച്ചിട്ടുള്ള നാട്ടുകാരുണ്ടായിപ്പോർട്ടിലെക്ക ചീഫ്എൻജിനിയരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടയോ?

മി. കെ. വി. നാരായണയ്യർ (ചീഫ്എൻജിനിയർ): അതു തരാശിയുള്ള തുക മാത്രമാണു. പ്രധാനപ്പെട്ട റോഡുകളിലേക്കുള്ള തുകയെപ്പററിയാണു ഞാൻ പറഞ്ഞതു. ഇപ്പോൾമുള്ള റോഡുകളിലുള്ള വലുതായ ദോഷങ്ങൾ അങ്ങനെയല്ലാതെ വരാൻ നിവൃത്തിയുമില്ല. ഈ റോഡിൽ ഏർപ്പെടുത്തിയിട്ടുള്ള ചുങ്കം വക വരവു ക്ലാസ്സ്-ാമാണ്ടിൽ ൨൫,൦൦൦ രൂപ ആയിരുന്നു. ക്ലാസ്സ്-ാമാണ്ടിൽ ഇതു ൪൫,൦൦൦ രൂപയായി വർദ്ധിച്ചിട്ടുണ്ടു. അതിനാൽ ക്ലാസ്സ്-ാമാണ്ടു മുതൽക്ക ഗതാഗതം വർദ്ധിച്ചു വേഗത്തിൽ യാത്രചെയ്യുന്ന മോട്ടാർവാഹനങ്ങൾക്കുപയോഗമാണു. ക്ലാസ്സ്-ാമാണ്ടിൽ ഈ റോഡിന്റെ സംരക്ഷണത്തിനു അനുവദിച്ചിട്ടുള്ള തുക ൭൫൦ രൂപായായിരുന്നു. അതു ക്ലാസ്സ്-ാമാണ്ടു ൪,൫൦൦ രൂപയായും, ക്ലാസ്സ്-ാമാണ്ടിൽ ൯,൫൦ രൂപയായും ക്ലാസ്സ്-ാമാണ്ടിൽ ക്ലാ൦ രൂപയായും വർദ്ധിപ്പിച്ചിരിക്കുന്നു. ഇതു ആവശ്യങ്ങൾക്കു പോരെന്നു വന്നതുകൊണ്ടു ക്ലാസ്സ്-ാമാണ്ടു ക്ലാ൦ രൂപായാക്കിയിരിക്കുന്നു. പക്ഷെ ഗതാഗതം ഏകദേശം മൂന്നിരട്ടിയായി വർദ്ധിച്ചിരിക്കുന്നതിനാൽ ക്ലാസ്സ്-ാമാണ്ടുമുതൽ സംരക്ഷണത്തിനുള്ള തുക ഒരുലക്ഷത്തിനു ക്ലാ൦ രൂപാവീതമെങ്കിലും അനുവദിക്കേണ്ടിവരും. കെ. കെ. റോഡിൽ ക്ലാ൦ൻ-ാമാണ്ടു ചുങ്കംപിരിവുമൂലമുള്ള വരവു ക്ലാ,൫൦ രൂപ മാത്രമായിരുന്നു. അതു ക്ലാ൦ ക്ലാ-ാമാണ്ടു൭,൫൦ രൂപ, ക്ലാ൨ രൂപയായി വർദ്ധിക്കുകയും ക്ലാ൦൫-ാമാണ്ടിൽ ൭൭,ക്ലാ൦ രൂപ ആയിരിക്കുന്നു. ക്ലാ൦ ക്ലാ-ാണ്ടിൽ സംരക്ഷണത്തിനുള്ള ഫണ്ടിൻറെ കുട്ടേണ്ടിവന്നു. വളരെ താമസിയാതെയോ കുറേക്കഴിഞ്ഞിട്ടോ അതുവിണ്ടും കൂട്ടേണ്ടിവരികയുംചെയ്യും.

റോഡുകളെ ഉപയോഗിക്കുന്നവർ അവ നന്നാക്കി ശരിയായി സൂക്ഷിക്കുന്ന വിഷയത്തിൽ ഒരുതുക ചെലവുചെയ്യുന്നതുമെന്നുള്ളതു സ്പഷ്ടമാണല്ലോ. ബസ്ഉടമസ്ഥന്മാരും മററും റോഡുകൾ ഉപയോഗിക്കുന്നതിനുവേണ്ടി സാധാരണ കരം ഒടുക്കുന്നവരെ ബുദ്ധിമുട്ടിച്ചു തുക ഈടാക്കാൻ പാടില്ലെന്നുള്ള സംഗതി മി. മമ്മൻമാപ്പിള സമ്മതിച്ചിരിക്കുന്നു. ഈ ഉദ്ദേശ്യത്തോടുകൂടിയാണു ചുങ്കസ്ഥലങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള റോഡുകൾ ഉപയോഗിക്കുന്നവരിൽനിന്നു കടാം പിരിച്ചുവരുന്നതു. ഇതു എല്ലായിടത്തും നടന്നുവരുന്നതാകയാൽ ഈ തുക തിരുവിതാംകൂറിൽ പിരിച്ചുവരുന്നതു അത്ര അതിശയകരമായ സംഗതിയല്ലാ. മലബാറിലും തിരുനൽവേലിയിലും വാടകയ്ക്കോടുന്ന മോട്ടാർകാറുകൾക്കു മൈലൊന്നുള്ളതു ന്നു പൈസവീതം ലൈസൻസ് പിരിച്ചുവരുന്നുണ്ടെന്നു ഏതിക്കു അറിവുണ്ടു. അതുകൊണ്ടു ചുങ്കംപിരിക്കുക എന്നുള്ളതു തിരുവിതാംകൂറിൽമാത്രമുള്ള ഒരു പ്രത്യേകമോ പുതിയതോ ആയുള്ള സംഗതിയല്ലെന്നു കാണപ്പെടുന്നതാണ്. തിരുവിതാംകൂർ പൊതുജനങ്ങൾക്കു അസൗകര്യങ്ങളുണ്ടെന്നുള്ളതിൽ സംശയമില്ലാ. ഇതിനെ ഇല്ലായ്മചെയ്യുന്നതിനു കുറെക്കൂടി നല്ല ഒരുപായം കണ്ടുപിടിക്കുന്നതിനു ഞാൻ ബുദ്ധിമുട്ടുകയും റെജിസ്ട്രേഷൻ ഫീസ്പിരിവിനെപ്പററി ഞാൻ ആലോചിക്കുകയും ചെയ്തിട്ടുണ്ടെന്നു ബഹുമാനിതന്റെ സാധാരണ നന്മേച്ഛുത്വത്തിലുണ്ടായ എന്റെ മറുപടിയിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞതുപോലെ ആ ഫീസ്പിരിവും വിഷമമുണ്ടാക്കുന്നതല്ലെന്നില്ലാ. റോഡുകൾ ധാരാളമായി ഉപയോഗിച്ചുവരുന്നവയും റോഡുകൾ വളരെ ചുരുക്കമായി ഉപയോഗിച്ചുവരുന്നവയും ആയ എല്ലാത്തരം വാഹനങ്ങളും ഒരുപോലെ ഓരംവഹിക്കേണ്ടിവരുന്നതു ന്യായമായ ഒരു ഏർപ്പാടല്ലാ. പെട്രോളിൽ തീരുവചുമത്തുന്ന സംഗതി ഈ റോഡുകളിൽകൂടി ഓടുന്ന മോട്ടാർവണ്ടികളെമാത്രമേ ബാധിക്കുകയുള്ളു എന്നു കാണുന്നതുകൊണ്ടു അതു സദ്ധുതായി വരുന്നപക്ഷം ഞാനും അതിനെപ്പററി ആലോചിക്കുന്നതാണ്. ഈ വിഷയം മുഴുവനും ഗവർണ്മെന്റിന്റെ ആലോചനക്കു വിഷയീകരിച്ചിരിക്കയാണ്.

ബഹുമാനസമ്മേളനത്തിലുണ്ടായിരുന്ന എന്റെ മറുപടിയിൽ ഞാൻ പറഞ്ഞുകഴിഞ്ഞതുപോലെ റോഡുകൾ നന്നാക്കുന്നതിലും അവയെ സംരക്ഷിക്കുന്നതിലും ഗവർണ്മെന്റു ക്ലാ,൫൦,൦൦൦ രൂപ ചെലവാക്കുന്നുണ്ടു. റോഡുകളെ ധാരാളം ഉപയോഗപ്പെടുത്തുന്ന വാഹനങ്ങൾ സംസ്ഥാനത്തിലെ നികുതിയിൽ ഒരുഭാഗം കൊടുക്കണമെന്നുള്ളതു സാധാരണ കരംകൊടുത്തുവരുന്നവരെ സംബന്ധിച്ചിടത്തോളം നീതിയായിട്ടുള്ളതുതന്നെ. ക്ലാ൦ൻ-ാമാണ്ടു ചുങ്കംവഴിയുള്ളവരവു ൪,൫൦,൦൦൦ രൂപയായി വർദ്ധിച്ചിട്ടുണ്ടു. ഈ തുക റോഡുകൾക്കു വേണ്ടി വ്യയംചെയ്യുവരുന്ന തുകയുടെ നാലിലൊരുഭാഗം മാത്രമേ ആകുന്നുള്ളു. വണ്ടിഗതാഗതം ധാരാളമുള്ള റോഡുകളിൽമാത്രമേ ചുങ്കം ഏർപ്പെടുത്തിയിട്ടുള്ളു. ഇപ്പോൾ പറഞ്ഞുകഴിഞ്ഞതുപോലെ ഈ സംഗതി ആലോചനക്കു വിഷയമാക്കിട്ടുണ്ട്. മെംബർമാർ പ്രസ്താവിച്ചിട്ടുള്ള ഓരോ അഭിപ്രായങ്ങളെപ്പററിയും ഗവർണ്മെന്റു ശ്രദ്ധാപൂർവ്വം ആലോചിക്കുന്നതാണ്.

ചിലസാമാജികന്മാർ ഓരോ യാത്രാവസരങ്ങളിലും ചുങ്കം കൊടുക്കേണ്ടിവരുന്നതിന്റെ വിഷമങ്ങളെപ്പററി പ്രസംഗിക്കുകയുണ്ടായി. സാമാന്യവണ്ടികൾ ഇടയ്ക്കിടയ്ക്കു കഷ്ടതകൾ യാതൊന്നും അനുഭവിക്കുന്നില്ലാ. അവ ഒരുദിവസം പതിനാലോ പതിനഞ്ചോ തവണമാത്രമേ സാവധാനത്തിൽ യാത്രചെയ്യുകയുള്ളു. അതുകൊണ്ടു അവയ്ക്കു ഒരുപ്രാവശ്യമാത്രമേ ചുങ്കം കൊടുക്കേണ്ടി വരികയുള്ളു. മോട്ടാർകാറുകളും എട്ടുപേക്കും ഒൻപതുപേക്കും പന്ത്രണ്ടുപേക്കും പതിനാറുപേക്കും ഇരിക്കാവുന്ന വണ്ടികളും പൊതുവണ്ണ അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്തു റോഡുകളെ നിരന്തരം ഉപയോഗിക്കുന്നു. ഇവ ദിവസം ഒന്നുകൂടെന്ന അനേകം യാത്രകൾ പോകുന്നു. അതിനാൽ അവപോകുന്ന ഓരോതവണയും ചുങ്കംകൊടുക്കണമെന്നുള്ളതു ന്യായമാകുന്നേ ഇടയുള്ളു. ഇതുമൂലം സാധാരണജനങ്ങൾക്കു കഷ്ടപ്പെടുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. കഴിഞ്ഞുറ ചുങ്കസ്ഥലത്തു യാത്ര ചെയ്തു പിരിവു ഏതാണ്ടു കൊല്ലങ്ങൾക്കു മുമ്പിലാണു ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതു. കെ. കെ. റോഡിൽ ക്ലാ൦ൻ-ാമാണ്ടു മൈൽക്കാറിനിൽക്കുന്ന സ്ഥലത്തു പൂചിക്കൽ കവലയിൽ യാത്രക്കാരുടെ പിരിവു ഏർപ്പെടുത്തി യതു ക്ലാ൦ ക്ലാ-ാമാണ്ടാണ്. അതുപോലെതന്നെ അടൂരും പാരിപ്പള്ളിയിലും ക്ലാ൦ൻ-ാമാണ്ടാണു ഏർപ്പെടു

ത്തപ്പെട്ടത്. ലോറിബസ്സുകളും ലോറികളും യാത്രക്കാരെ ചുങ്കം അടയ്ക്കുന്ന സംപ്രദായം ഏർപ്പെടുത്തിയിട്ടുള്ളതു നാലു സ്ഥലങ്ങളിൽമാത്രമാണു. ഇതാണ് ക്ക ാ ര-ാമാണ്ടിൽ ചുങ്കംമൂലവും ഈ സ്ഥലങ്ങളിൽ നിന്നും ലഭിച്ചു വരവും വളരെ വർദ്ധിക്കുവാനുണ്ടായ കാരണം.

മദ്ധ്യസ്ഥന്മാരുടെ അധികമായ ലാഭത്തെപ്പററി ചില സാമാജികന്മാർ പ്രസ്താവിക്കയുണ്ടായി. നമുക്കു കിട്ടേണ്ടതായ നികുതി ഈടാക്കുന്നതിനു ജോലിക്കാർ തമ്മിലുള്ള മത്സരത്തിന്റെ നിതിയാണു നാം ഇവിടെ വിവരിക്കേണ്ടതു. അവർതമ്മിൽ ധാരാളം മത്സരം ഉണ്ടായിരുന്നിരിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു. മദ്ധ്യസ്ഥന്മാർക്കു അധികമായ ലാഭമാണും ഉണ്ടാകാൻ ഇടയില്ലെന്നാണ് എനിക്കുതോന്നുന്നതു. ഈമാതിരി മത്സരംകൊണ്ടു തുക ക്രമത്തിലധികം ഉയർന്നിട്ടുള്ള ചില ഉദാഹരണങ്ങൾ ഞാൻപറയാം. കൊല്ലസാവുരിൽ ക്ക ാ ക-ാമാണ്ടത്തെ തുകയായ ൪ ൦ ൦ ൦ രൂപയിൽനിന്നു ക്ക ാ ഗ-ാമാണ്ടു ഏകദേശം വ൯ ൦ ൦ രൂപയായി വർദ്ധിച്ചിട്ടുണ്ടു. ഗുവാറവുപു ക്ക ാ ക-ാമാണ്ടിലെ തുകയായ ൪ ൦ ൦ ൦ രൂപ ക്ക ാ ഗ-ാമാണ്ടു ൬ ൦ ൦ ൦ രൂപയായിട്ടുണ്ടു. അടൂർ ക്ക ാ ക-ാമാണ്ടിൽ ഏകദേശം ക്ക ഗ ൦ ൦ ൦ രൂപയിൽനിന്നു ക്ക ാ ഗ-ാമാണ്ടു ഗ ൦ ൦ ൦ രൂപയായും വർദ്ധിച്ചിട്ടുണ്ടു. കോട്ടയം കുമിളിറോഡിലെ ക്ക൪-ാമത്തെ മൈൽകുററിയിലുള്ള ചുങ്കസ്ഥലത്തിൽ ക്ക ാ ക-ാമാണ്ടിലെ ചുങ്കപ്പിരിവായിരുന്ന ക്ക൪ ൦ ൦ രൂപ ക്ക ാ ഗ-ാമാണ്ടിൽ ഏകദേശം ൩ഗ ൦ ൦ രൂപയായി വർദ്ധിച്ചിട്ടുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ചുങ്കംകണ്ട്രാക്ടറന്മാർ പിരിക്കുന്നതുക ഇന്നതിൽനിന്നും കൂടാൻപാടില്ലായെന്ന് ഗവണ്മെൻറ് നിശ്ചയിച്ചിട്ടുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ്ഇൻജിനീയർ): ഞങ്ങൾ ഏററവും ചെറിയതുക ഇന്നതാണെന്നു തീരുമാനിച്ചിട്ടുണ്ടു, അതുകൊണ്ടു ലേലംവിളികേൾക്കുന്നവർക്കു അവരുടെ ഇഷ്ടംപോലെ തുക വർദ്ധിപ്പിക്കാവുന്നതാണ്. ആദ്യമായി വിളിക്കുന്നതുകമാത്രമെ ഞങ്ങൾ നിശ്ചയിക്കുകയുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): പിരിക്കാവുന്നതുക കൂട്ടപ്പെടുത്താതിരുന്നാൽ യാത്രക്കാരന്മാർക്കു കഷ്ടതകളുണ്ടാകുകയില്ലേ?

ഡിപ്പുട്ടിഅദ്ധ്യക്ഷൻ: അതെങ്ങനെയാണ് അപ്രകാരംസംഭവിക്കുന്നതു?

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): പിരിക്കാവുന്നതുക ഇന്നതാണെന്നു സ്ഥിരപ്പെടുത്തുകയാണെങ്കിൽ ആവശ്യക്കാർ വളരെ വലിയതുകകൾക്കു ലേലംവിളിക്കാതെ സൂക്ഷിക്കുന്നതാണ്.

മി. കെ. വി. നടേശയ്യർ (ചീഫ്ഇഞ്ചിനീയർ): ഓരോബസ്സിലോ മോട്ടോർകാറിലോ നിന്നും പിരിക്കാവുന്നതുക നിർണ്ണയിച്ചിട്ടുണ്ടു. അതുകൊണ്ടു സങ്കടങ്ങളൊന്നും ഉണ്ടാകാൻ ഇടയില്ല എല്ലാടോൾഗേററുകളിലും ഈതുകകളുടെ ക്രമത്തെ വിവരിക്കുന്ന ഒരുബോർഡ് ഉണ്ടായിരിക്കുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): നഷ്ടംവരുന്നപക്ഷം ആയതു സഹിക്കുന്നതിനൊരുമ്പെട്ടു പരിശ്രമിക്കുന്ന ആളുകൾ ഇങ്ങനെയുള്ള മത്സരങ്ങളിലേർപ്പെടുമോഎന്നു ചീഫ്ഇഞ്ചിനീയരിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ്ഇഞ്ചിനീയർ): ഇല്ല അവർക്കു നഷ്ടംവരുമെന്നു സംശയമുണ്ടെങ്കിൽ അവർ ഈ മത്സരത്തിൽ ഏർപ്പെടുകയില്ല. ഇതിൽ ഏർപ്പെടുന്നആളുകൾക്കു ഏതെങ്കിലും ലാഭമുണ്ടായിരിക്കുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): എന്നാൽ കിട്ടിയതുക ൭ ൦ ൦ ൦ രൂപയിൽനിന്നു ക്ക൪ ൦ ൦ ൦ രൂപയായി പെട്ടെന്നു വർദ്ധിച്ചതിനു അദ്ദേഹം എന്തു സമാധാനംപറയുന്നു. ഇപ്രകാരം സംഭവിച്ചതു നഷ്ടം ഉണ്ടാകുന്നെങ്കിൽ അതു സഹിക്കാൻ തയാറായി ലേലംവിളികേട്ടവർ കൺട്രാക്ട് കയ്യേററതുകൊണ്ടായിരിക്കുമോ?

മി. കെ. വി. നടേശയ്യർ (ചീഫ്ഇഞ്ചിനീയർ): ഞാൻപറഞ്ഞതുപോലെ അതവർക്കു ഒരുനഷ്ടമായിത്തീരുകയില്ല പരക്കെധാരാളം ലാഭംവരികയില്ലെന്ന് മാത്രം കെ. കെ. റോഡിൽ ലേലത്തുക ൯ ൦ ൦ ൦ രൂപയിൽനിന്ന് ൨ ൦ ൦ ൦ ൦ രൂപയായി വർദ്ധിച്ചു. പാരിപ്പള്ളിയിൽ ൪൪ ൦ ൦ രൂപയിൽനിന്ന് ക്ക ൭ ൦ ൦ രൂപയായി നെടുമങ്ങാട്ടു ൭ ൦ ൦ രൂപയിൽനിന്ന് ക്ക ൭ ൦ ൦ രൂപയായി.

മി. കെ. വി. നടേശയ്യർ (കുഴിത്തുറയിൽ ൪൪ ൦ ൦ രൂപയിൽനിന്ന് ൩൩ ൦ ൦ രൂപയായി ആരുവാമൊഴിയിൽ ക്ക ൭ ൦ ൦ രൂപയിൽനിന്നു ൨ ൭ ൩ ൦ ൦ രൂപയായി വർദ്ധിച്ചിട്ടുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): തിരുവനന്തപുരത്തുനിന്നും ആരുവാമൊഴിവരെയുള്ള മെയിൻറോഡിന്റെ സംരക്ഷണത്തിനു ആണ്ടുതോറും എന്തു ചെലവാകുന്നുണ്ടെന്ന് ചീഫ്ഇഞ്ചിനീയരിൽനിന്നറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ്ഇഞ്ചിനീയർ): അതു ഒരുമൈൽനിന്നു ഏകദേശം ക്ക൧. ൦ ൦ രൂപയാണ്. റോഡ്മുഴുവൻ എടുത്തുനോക്കുകയാണെങ്കിൽ ചിലവാകുന്നതുക ൩൪ ൦ ൦ ൦ രൂപയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): കുഴിത്തുറയിലും ആരുവാമൊഴിയിലുംഉള്ള ചുങ്കസ്ഥലങ്ങളിൽനിന്നും പിരിഞ്ഞുകിട്ടിയതുക എന്താണ്?

മി. കെ. വി. നടേശയ്യർ (ചീഫ്ഇഞ്ചിനീയർ): ൨൭ ൦ ൦ ൦ രൂപയാണ്.

മി. ശിവതാണുപിള്ള (തോവാള): ആ റോഡിന്റെ സംരക്ഷണത്തിനു ചിലവാക്കുന്നതിൽ കൂടുതലല്ലയോ?

മി. കെ. വി. നടേശയ്യർ (ചീഫ്ഇഞ്ചിനീയർ): ആ റോഡിന്റെ സംരക്ഷണത്തിനു കൂടുതൽതുകകൾ അപേക്ഷിക്കാൻ കാലമായിരിക്കുന്നു.

നമുക്കിപ്പോൾ ചുങ്കങ്ങളിൽനിന്നു ൨ ൩ ൦ ൦ ൦ രൂപ കിട്ടുന്നുണ്ടു. ചുങ്കങ്ങൾ വേണ്ടെന്നുവയ്ക്കുന്നതിനും ഈനികുതിപിരിക്കുന്നതിനു വേറെമാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതിനുംഉള്ള ആലോചനനടന്നുവരുന്നുണ്ടു. ഈ അഭിപ്രായത്തോടുകൂടി ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പിരപ്പമേട്ടും): ഞാൻ മി. തോമസ് ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ പിന്താങ്ങുന്നു. ഉപദ്രവം നൽകുന്ന കരങ്ങൾ ചുമത്തുന്നതുകൊണ്ടും ചില കരങ്ങൾ തിരുവിതാംകൂറിൽഉണ്ടു. അവ മഹാജനങ്ങൾക്കു അത്യധികമായ ഉപദ്രവത്തിനു കാരണമായിത്തീരുന്നുണ്ടെന്നല്ലാതെ ഗവണ്മെന്റിനു അവമൂലം അധികം ഗുണമുള്ളതായി എനിക്കു തോന്നുന്നില്ല. ഈവിഷയത്തിൽ ഈ ചുങ്കങ്ങളേയും ബഡ്ജറ്റിൽ നാവിഗേഷൻ രസീതുകൾ എന്നു പറയുന്നവയും ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ടു. ഇക്കൂട്ടത്തിൽ നഗരസഭവക ചുങ്കസ്ഥലങ്ങളിൽ ചുമത്തിയിട്ടുള്ള കരങ്ങളും ഉൾപ്പെടുന്നുവെന്നതാണു. ജനങ്ങൾ റോഡുകളെ ഉപയോഗപ്പെടുത്തുന്നതുകൊണ്ടും അവർ ബസ്സുകളിലും മോട്ടാർകാറുകളിലും വളരെവേഗത്തിൽ സഞ്ചരിക്കുന്നതുകൊണ്ടും അവരുടെ സൗകര്യത്തിനുവേണ്ടിയാണ് പിരിക്കപ്പെടുന്നതെന്നുള്ളനാമം പല സമൂഹികന്മാരും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. (ദയവുചെയ്തു ഉച്ചത്തിൽ പറയണം) വണ്ടിയിൽപോകുന്ന ആളുകളേയും മോട്ടാറിൽപോകുന്ന ആളുകളേയും പ്രത്യേകം തരംതിരിക്കണമെന്നു ഇവർ ആശയപ്പെടുകിൽ റോഡിൽക്കൂടിനടക്കുന്ന ആളുകളേയും വീട്ടിൽഇരിക്കുന്നആളുകളേയും കൂടി പ്രത്യേകം തരംതിരിക്കാത്തതെന്താണെന്നു ഞാൻ ഇവരോടു ചോദിച്ചുകൊള്ളട്ടെ. ഈതത്വത്തെപ്പററി കുറെകൂടി കടന്നാലോചിക്കയാണെങ്കിൽ നമുക്കുറോഡിൽക്കൂടിനടക്കാനുദ്ദേശിക്കുന്ന ഓരോ മനുഷ്യനിലും ഒരുകരം ചുമത്തേണ്ടിവന്നേയ്ക്കാവുന്നതാണ്. രാജകീയമായപാതകൾ യാത്രക്കാർക്കു ഒരുവിധത്തിലും ഉപദ്രവകരങ്ങളാകാൻ പാടില്ലാത്തതാകുന്നു. രാജപാതകൾ സംരക്ഷിക്കുകഎന്നുള്ളതു ഗവണ്മെന്റിന്റെ ചുമതലയല്ലെന്നു ചീഫ്ഇഞ്ചിനീയർ പ്രസ്താവിച്ചു. അങ്ങനെയാണെങ്കിൽ അവയെ സംരക്ഷിക്കേണ്ടതു ആരുടെ കടമയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. രാജപാതകൾ മഹാരാജാവുതിരുമനസ്സിലെ പ്രജകൾക്കു യഥേഷ്ടം സഞ്ചരിക്കുന്നതിനുള്ളവയാണ്. റോഡുകൾ ഗവണ്മെന്റു മുതലാണെന്നു എന്റെ സ്നേഹിതൻ മി. നാരായണപിള്ള അഭിപ്രായപ്പെട്ടു. അതു ഗവണ്മെന്റു മുതലായിരിക്കാം. പക്ഷെഅതു സംരക്ഷിക്കേണ്ടചുമതലയും ഗവണ്മെന്റിനാണെന്നല്ലാ. ഇതിനുവേണ്ടുന്നതുകൾ ഈ ഉദ്ദേശത്തോടുകൂടിയാണ് എടുക്കപ്പെട്ടിട്ടുള്ളതു. അപ്പോൾ റോഡുകളെ സംരക്ഷിക്കുന്നതിനുവേണ്ടി ഞങ്ങൾ പ്രത്യേകം ചില കരങ്ങൾ പിരിച്ചുഅവകൊണ്ടു റോഡുകളെ സംരക്ഷിച്ചുകൊള്ളണമോ എന്നുള്ള വിഷയത്തെപ്പററി ചോദ്യമുണ്ടായി. ഞങ്ങൾ ഒരു പ്രത്യേകസംഗതി നിർവഹിക്കുന്നതിനു വേണ്ടിയല്ല കരംകൊടുക്കുന്നതെന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. ഞങ്ങൾ ഭൂനികുതിയും ഇറക്കുമതിതീരുവ കയററുമതിത്തീരുവ മുതലായവയും കൊടുത്തുവരുന്നതു ഗവണ്മെന്റിനെ ഒരു ട്രസ്റ്റിയാക്കണമെന്നുള്ള ഒരു ഉദ്ദേശത്തോടുകൂടി ഗവണ്മെന്റിന്റെ പൊതുചെലവുള്ള ആവശ്യങ്ങൾക്കാണ് കരങ്ങൾകൊടുത്തുവരുന്നതു. റോഡുകൾവെട്ടുന്നതും അവസംരക്ഷിക്കപ്പെടുന്നതും ഗവണ്മെന്റിന്റെ കൃത്യങ്ങളിൽ ഒന്നുമാത്രമാകുന്നു. ഭേണ്ടുടത്തെ ഫിർപ്പെടുത്തിയിട്ടുള്ളതു ഈ കൃത്യനിർവഹണത്തിനാകുന്നു. അതിനാൽ റോഡുകൾ പൊതുചെലവുള്ളതു ഫണ്ടിൽ നിന്നാണ് സംരക്ഷിക്കപ്പെടേണ്ടതു. അതുകൊണ്ടു ഒരു പ്രത്യേകചിലവിനായിട്ടു ഒരു വിശേഷാൽകരം കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഡിപ്യൂട്ടിഡയറക്ടർ: അപ്പോൾ ചില റോഡുകളെ സംബന്ധിച്ചടത്തോളം സംരക്ഷണത്തിനുള്ള ഫണ്ടുകൾ എകദേശം വിചാരിച്ചിട്ടുള്ളതു വിതരണം ചെയ്യേണ്ടിവരുംഎന്നൊരു വിഷമമുണ്ടു. ഉദാഹരണമായി മെയിൻതെക്കൻറോഡിനു മൈൽ ഒന്നുക്കു ക്ക ൦ ൦ രൂപ ആവശ്യമുണ്ടു. പക്ഷെ മൂവാററുപുഴറോഡിനു മൈൽ ഒന്നിനു ക്ക ൦ രൂപ വേണ്ടിവരും.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പിരപ്പമേട്ടും): ഒരുറോഡ് മററുള്ള റോഡുകളെക്കാൾ അധികമായി ഉപയോഗപ്പെടുകയോ ആറോഡിലുള്ള ഗതാഗതം മററുള്ള റോഡുകളിലേക്കാൾ വളരെകൂടുതലാകയോ ചെയ്താൽ ആറോഡിലുള്ള കച്ചവടസ്ഥിതി അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നും അവിടെയുള്ള ആളുകൾ ആദായനികുതി കരം മുതലായവയുടെരൂപത്തിൽ കരം കൊടുത്തുവന്നിരിക്കണമെന്നും ഉദ്ദേശിക്കണമേന്നാണ് ഇതിനുമറുപടിയായി എനിക്കു പറയാനുള്ളതു. പട്ടണങ്ങളിൽതാമസിക്കുന്ന ആളുകൾ നാട്ടിൻപുറങ്ങളിൽ താമസിക്കുന്നവരെക്കാൾ കൂടുതലായി കരങ്ങൾ കൊടുത്തുവരുന്നുണ്ടു. അതുകൊണ്ടു കച്ചവടവും ഗതാഗതവും വർദ്ധിച്ചിട്ടുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കു—

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പട്ടണത്തിൽ താമസിക്കുന്ന ഒരാളിന്റേയും ഗ്രാമങ്ങളിൽ താമസിക്കുന്ന ഒരുവന്റേയും ശരാശരിയുള്ള വരവുതമ്മിൽ വ്യത്യാസമില്ലയോ എന്നു മി. മാത്യു പറഞ്ഞാൽകൊള്ളാം.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പിരപ്പമേട്ടും): ഏതെങ്കിലും വ്യത്യാസമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാനറിഞ്ഞിടത്തോളം വല്ല വ്യത്യാസമുണ്ടായിരുന്നാലും അതു ഗ്രാമങ്ങളിൽ താമസിക്കുന്നവർക്കനുകൂലമാകുന്നിരിക്കും. ചുങ്കങ്ങൾ ചീഫ്എൻജിനീയർ പ്രസ്താവിച്ചതുപോലെ ഒരു റഗുലേഷനെ അടിസ്ഥാനപ്പെടുത്തിയാണു ചുമത്തപ്പെട്ടിട്ടുള്ളതു. ഇവിടെ ഞങ്ങൾ ആവശ്യപ്പെടുന്നതു റഗുലേഷൻസ് മാററപ്പെടുത്തലല്ല. എന്നാൽ റോഡുകൾ ഉപയോഗപ്പെടുത്തുന്നതിൽ കരം ചുമത്തുന്നതിനു റഗുലേഷൻമൂലം അനുമതി നൽകപ്പെട്ടിട്ടുള്ള അധികാരത്തെ ഉപയോഗിക്കാതിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഗവണ്മെന്റിനു ബോധ്യമാക്കണമെന്നുള്ളതാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു. അതു ഒരു പുതിയ കരമായതുകൊണ്ടു ഒരു കാലത്തിൽ അതു ഇന്നതുകൂടുതൽ ഉയർന്നുപോകുമെന്നുള്ളതു നിശ്ചയിക്കാൻ പാടില്ല.

എനിക്കു ഹാജരാക്കാനുള്ള മറെറാരു സംഗതി എന്തെന്നാൽ ഏതെങ്കിലും ആവശ്യംകൂടാതെ പുതിയ കരം യാതൊന്നും ചുമത്താൻ പാടില്ലെന്നാണു. ഈ ചുങ്കങ്ങൾ ചുമത്തത്തക്കവണ്ണം ഇപ്പോഴുള്ള പ്രത്യേക ആവശ്യം എന്താണു? പൊതുചെലവുള്ള ഫണ്ടിൽനിന്നു ഈ റോഡുകൾ സംരക്ഷിക്കാൻ ശേഷിയില്ലാതിരിക്കത്തക്കവണ്ണം തിരുവിതാംകൂർ ഗവണ്മെന്റു കടപ്പെട്ടുപോയോ? ഫണ്ടുകൾ ഉണ്ടാക്കേണ്ട അത്യാവശ്യം ഉണ്ടായിരുന്നപ്പോൾ ജനങ്ങൾ പുതിയ കരങ്ങൾ കൊടുക്കുന്നതിനു സമ്മതിച്ചു. ഉദാഹരണമായി ആദായനികുതിയെപ്പററിയിടത്തോളം അതു പിരിക്കുന്നതിനെപ്പററി ആർക്കും ഒരു കൈപ്പിഴയും ഉണ്ടായിരുന്നില്ല. അതു യാതൊരു അസൗകര്യങ്ങൾക്കും ഇടയാക്കിയുമില്ല. പക്ഷെ ഈ ചുങ്കസ്ഥലങ്ങൾകൊണ്ടു നമുക്കു പലവിധ കഷ്ടതകളും അനുഭവിക്കേണ്ടിവരുന്നു. അവയ്ക്കു എതിരായി പല ബഹളങ്ങളും ഉണ്ടാകുന്നുണ്ടു്. ഈ കാരണത്താലാണ് ടോൾ പിരിക്കുവാനുള്ള റഗുലേഷനാൽ നൽകപ്പെട്ട അധികാരങ്ങൾ നടപ്പിൽ വരുത്തരുതെന്നു ഞങ്ങൾ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നതു.

മദ്ധ്യസ്ഥന്മാക്ക് ധാരാളം ലാഭം കിട്ടുന്നില്ലെന്നു എന്റെ സ്നേഹിതൻ മി. നടേശയ്യർ തെളിയിക്കാൻ ശ്രമിച്ചിട്ടുണ്ടു. ഈ വിഷയത്തെപ്പററി കുറെക്കൂടി ഗൗരവമായി ആലോചിക്കുകയാണെങ്കിൽ ഈ മദ്ധ്യസ്ഥന്മാക്ക് വാസ്തവത്തിൽ ധാരാളം ലാഭത്തിനു ഇടയുണ്ടെന്നു അദ്ദേഹം നിശ്ചയമായും സമ്മതിക്കുന്നതാണ്. അദ്ദേഹം കോട്ടയം കുമിളിറോഡിന്റെ സംഗതിയെപ്പററി ഉദാഹരിച്ചു. മൂന്നു സ്ഥലങ്ങളിലുള്ള റോഡുകളിൽ അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ചു ക്ലാ ക്ലാ-മാണിൽ വിൽപ്പനത്തുക ക്ലാ,൦൦൦ രൂപയായി വർദ്ധിച്ചിട്ടുണ്ട്. പക്ഷേ അതിനടുത്ത കൊല്ലത്തിൽ ആകെ തുക സ്ക്ക,൦൦൦ രൂപായായിത്തീർന്നിട്ടുണ്ടെന്നും നാം മനസ്സിലാക്കി. സർ, ഒരു വർഷക്കാലംകൊണ്ടു ഗതാഗതം അത്രത്തോളം വർദ്ധിച്ചുഎന്നോ പിരിക്കപ്പെട്ടതുക ഇരട്ടിയാവുകയൊ ഇരട്ടിയിൽ കൂടുതലാകുകയാ ചെയ്തു എന്നോ അനുമാനിക്കാൻ നിവൃത്തിയുണ്ടോ? നിശ്ചയമായിട്ടും ഇല്ല. ക്ലാ ക്ലാ-മാണ്ടു ലേലം വിളിച്ചെടുത്ത ആൾ സ്ക്ക,൦൦൦ രൂപായിൽ കുറയാത്ത ഒരു തുക പിരിച്ചിട്ടുണ്ടെന്നു നമുക്കു എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടു സ്ക്ക,൦൦൦ രൂപയിൽ നിന്നും ഗവർണ്ണമെന്റിനു ക്ലാ,൦൦൦ രൂപ മാത്രമേ കിട്ടിയിട്ടുള്ളു.

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു കൊല്ലത്തിൽ ഒരു ബസ്സ് ശരാശരി എന്തു തുക നൽകേണ്ടി വരുമെന്നു അതു ആയിരമോ രണ്ടായിരമോ രൂപ ആയിരിക്കുമോ എന്നും അറിഞ്ഞാൽ കൊള്ളാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പിരുമേടും): ഈ വിവരം മി. സി. പി. തോമസ് സഭയ്ക്കു ഹസ്തലിഖിതമാണെന്നു തോന്നുന്നു. എനിക്കു അറിവു കിട്ടിയിട്ടുമില്ല ഞാൻ അതിനുവേണ്ടി ശ്രമം ചെയ്തിട്ടുമില്ല.

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു ബസ്സ് ദിവസംതോറും ക്ക,൦൦൦ രൂപാ കൊടുക്കുന്നുണ്ടെന്നുള്ള സംഗതിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതിനു ആ വിവരം പറയാമോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ചില അവസരങ്ങളിൽ ഒരു യാത്രയ്ക്കു ക്ക രൂപായും ചിലപ്പോൾ ഒരു ദിവസത്തേയ്ക്കു ക്ക രൂപായും ആയേയ്ക്കാം. അതുകൊണ്ടു ഒരു ദിവസം ബസ്സൊന്നിനു ക്ക രൂപാ വീതം എന്നു ദിവസത്തേയ്ക്കു കണക്കാക്കുകയാണെങ്കിൽ എല്ലാപ്രകാരത്തിലും അതു ശരിയായി വരികയില്ല. അതുകൊണ്ടാണു മദ്ധ്യസ്ഥന്മാക്ക് ധാരാളം ലാഭം കിട്ടുന്നുണ്ടെന്നു ഞാൻ പറഞ്ഞതു. ഈ വിഷയത്തിലുള്ള അധികമായ മത്സരത്തിനുള്ള കാരണം തന്നെ മുൻപുള്ള ചുങ്കസ്ഥലം മാനേജരന്മാക്ക് വളരെ വലിയ ലാഭംകിട്ടിവന്നിരുന്നതാണെന്നു ഒരുവനു എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. കോട്ടയം കുമിളിറോഡിന്റെ കാര്യം ഇപ്രകാരമാണു. ഈ കൊല്ലത്തേയ്ക്കു തുക ൪,൦൦൦ രൂപയായി വർദ്ധിക്കുകയും ആയതു വരുന്ന കൊല്ലത്തിൽ ൬,൦൦൦ രൂപയാകുകയും ചെയ്തു മററൊരു റോഡിനെപ്പററി എന്റെ സ്നേഹിതൻ മി. നടേശയ്യർ സൂചിപ്പിച്ചു. സർ, അവിടത്തേക്കു ഈ വ്യത്യാസം ഊഹിക്കാവുന്നതാണ്. അതുകൊണ്ടു അതു ഒരു അത്യാവശ്യമായ ഉർവ്വശം ആണെന്നാണു എനിക്കു പറയേണ്ടിയിരിക്കുന്നതു. ഇങ്ങനെ വ്യയം ചെയ്യുന്ന പണം ജനങ്ങളുടെ വകയാണു അതിനാൽ പൊതുജനങ്ങൾക്കു ഇപ്രകാരം അതൃപ്തിയും ഉണ്ടാകത്തക്കവണ്ണം അതു ഉപയോഗിക്കാൻ പാടില്ലെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു കൺട്രാക്ടക്ക് കിട്ടുന്ന ലാഭത്തിന്റെ തുക എന്തായിരിക്കും?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): കൺട്രാക്ടക്ക് കിട്ടിവരുന്ന ലാഭത്തിന്റെ സൂക്ഷ്മമായ തുക ഇന്നതാണെന്നു നിർണ്ണയിക്കുന്നതു സാധ്യമല്ല. പരക്കെ രാജ്യത്തെപ്പററി നമുക്കുള്ള അറിവിൽനിന്നും മോട്ടാർ കാറുകൾക്കുടിവരുന്ന കണക്കനുസരിച്ചും കൺട്രാക്ടറന്മാർ ഉണ്ടാക്കിവരുന്ന ലാഭത്തെപ്പററി നിർണ്ണയിക്കാവുന്നതാണ്.

മി. തരിയത്തുകുഞ്ഞിക്കുഞ്ഞമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ടോൾഗേററു ഫീസ് നിർത്തണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഈ രാജ്യത്തു ഗവർണ്ണമെന്റിൽനിന്നും ജനസൗകര്യത്തിനായി വളരെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ അതിലേയ്ക്കു പ്രതിഫലം ഒന്നും വാങ്ങിക്കാതെ ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി ചിലവുമാത്രം ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെണ്ട് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറാണു മററു ഡിപ്പാർട്ടുമെന്റുകൾ ഒന്നും അങ്ങിനെയല്ല. ക്രിമിനൽ നീതിഭരണത്തിനുപോലും ഗവർണ്ണമെന്റിനു വരവുണ്ട്. പക്ഷേ ഡിപ്പാർട്ടുമെണ്ടിൽനിന്നും ഗവർണ്ണമെന്റിനു നല്ലതായ തുക ലഭിക്കുന്നു. ഈ ഒരു ഡിപ്പാർട്ടുമെണ്ടിൽമാത്രമേ ജനസൗകര്യത്തിനായി ചിലവുചെയ്യുന്നുള്ളു. ജനങ്ങൾക്കു രാജവീഥികളിൽ സ്വാതന്ത്ര്യം സഞ്ചരിക്കുന്നതിനു ടോൾഗേററുഫീസ് എന്ന രൂപത്തിൽ ഗവർണ്ണമെന്റു ഒരേർപ്പാടു വെച്ചിരിക്കുന്നതു വളരെ അസൗകര്യമാണ്. തുക കൊടുക്കുന്നതുകൊണ്ടുള്ള മെച്ചമനസ്സുകൊണ്ടല്ല പറയുന്നതു. എന്നാൽ ആ ഇനത്തിൽ ക്ക,൩൦,൦൦൦ രൂപായാണു വരവുപ്രതീക്ഷിച്ചിരിക്കുന്നതും എന്നാൽ അതിലിരട്ടിയോളം തുക കൺട്രാക്ടർമാക്ക് ലഭിക്കുന്നുണ്ട്.

മി. എൻ. വി. ജോസഫ് (പറവൂർ): ജനങ്ങൾക്കു സഞ്ചരിക്കുന്നതിനാ ഫീസ് അതല്ലാ വാഹനങ്ങൾ സഞ്ചരിക്കുന്നതിനാ?

മി. തരിയത്തു കുഞ്ഞിക്കുഞ്ഞമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ജനങ്ങൾ സഞ്ചരിക്കുന്നതിനാണ്, വാഹനങ്ങൾ തനിയെ സഞ്ചരിക്കയില്ലല്ലോ. (ചിരി) ജനങ്ങൾക്കാണ് അതുകൊണ്ടു അസൗകര്യം ഉണ്ടാകുന്നതു.

സഞ്ചാരസൗകര്യം സ്വാതന്ത്രമായിട്ടു ജനങ്ങൾക്കു നൽകുന്നതിൽ ഗവർണ്ണമെന്റു യാതൊരു ലാഭവും ഇച്ഛിക്കുന്നതല്ലെന്നാണു എനിക്കു പറയാനുള്ളതു. ക്ക,൩൦,൦൦൦ രൂപയാണു ഇപ്പോൾ ചുങ്കവാതൽ ഇനത്തിൽനിന്നും ഗവർണ്ണമെന്റിനു ലഭിക്കുമെന്നു സങ്കല്പിച്ചിരിക്കുന്നതു. അതു വേറെ ഇനങ്ങളിൽനിന്നു ഈടാക്കാമല്ലോ. രാജ്യത്തിന്റെ വടക്കുതെക്കുഭാഗത്തുനിന്നു ഈ രാജധാനിക്കു വരുന്നവഴിക്കു അനേകം സ്ഥലങ്ങളിൽ സഞ്ചാരസ്വാതന്ത്ര്യം തടയപ്പെട്ടിരിക്കുന്നു. ടോൾ ഗേററുകൾ അവിടെ നിർത്തണമെന്നാജ്ഞാപിച്ചാൽ നിൽക്കാതെ തരമില്ലല്ലോ അർദ്ധരാത്രിയിലൊ മററൊ അത്യാവശ്യക്കാരും പ്രമാണിച്ചു സഞ്ചരിക്കേണ്ടിവന്നാലാണു കുറെക്കൂടി ഉപദ്രവം. രാത്രിചുങ്കസ്ഥലത്തുചെന്നാൽ ചിലപ്പോൾ അവർ ഗാഢനിദ്രയായിരിക്കും. അല്ലെങ്കിൽ ഭവനങ്ങളിലായിരിക്കും. അതുകൊണ്ടു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു. ഇങ്ങിനെ ജനങ്ങൾ എത്രയോ സ്ഥലങ്ങളിൽ അസൗകര്യം അനുഭവിക്കുന്നു. അതിലേയ്ക്കു ഞാൻതന്നെ അനുഭവസ്ഥനാണു. ഇത്രയൊക്കെ ബുദ്ധിമുട്ടു അനുഭവിച്ചാലും ഇതിൽനിന്നു കിട്ടുന്നതെന്താണു? ക്ക,൩൦,൦൦ രൂപ മാത്രം. അതു വേറെ ജനങ്ങളിൽനിന്നും ഈടാക്കാം,

എന്റെ ചില മാന്യസ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചതുപോലെ മോട്ടാർ കാറുകൾക്കു ലൈസൻസ് കൊടുക്കുന്നതിൽ കൂടുതൽ ഫീസു ചുമത്തുകയോ അല്ലാത്തപക്ഷം പെട്രോളിന്നു കരം ചുമത്തുകയോ മറ്റോ ചെയ്തു ചുങ്കംവയ്ക്കുന്ന ഏർപ്പാടു നിറുത്തിയാൽ ഉണ്ടാകുന്ന നഷ്ടത്തെ പരിഹരിക്കാം. സഞ്ചാരസ്വാതന്ത്ര്യത്തിനു ജനങ്ങളിൽനിന്നു യാതൊരു ആക്ഷേപവും ഇല്ലാതെ മുൻപു നൽകിക്കൊണ്ടിരുന്നതുപോലെതന്നെ മേലും നൽകിക്കൊണ്ടിരിക്കണമെന്നാണു എന്റെ അഭിപ്രായം. അതിനാൽ ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): തിരുവിതാംകൂറിൽ ഉള്ള ജനങ്ങളിൽ എത്ര ശതമാനം വീതമാണു മോട്ടാർവാഹനങ്ങളിൽ യാത്രചെയ്യുന്നതു്.

മി. തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിന്റെ കണക്കു തയ്യാറാക്കിട്ടില്ല.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി). ഉദ്ദേശം എത്രശതമാനം വീതമുണ്ടെന്നു പറയാമോ?

മി. തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഉദ്ദേശം കുറഞ്ഞിട്ടേയുള്ളൂ. ആളുകളിൽ പകുതിയോളം ചുങ്കസ്ഥലങ്ങളിലെ മുഖം പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ടു്. അതായതു രാജവീഥികളിൽക്കൂടി സ്വച്ഛന്ദം സഞ്ചരിക്കുന്നതിനു അസ്വാതന്ത്ര്യം നേരിടുന്നുണ്ടു്. ഈ യക്ഷരാജ്യത്തിലെ ഗവണ്മെന്റു ഒരിക്കലും ഇങ്ങനെ ഒരു നയം സ്വീകരിക്കരുതു.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): രാജവീഥികളിൽക്കൂടി സഞ്ചരിക്കുന്നതിനു വളരെ അസ്വാതന്ത്ര്യമുണ്ടെന്നു മെംബർക്കറിയാമോ?

മി. തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അസ്വാതന്ത്ര്യം ഉണ്ടെന്നാണു് പറഞ്ഞതു്.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): പതിനഞ്ചോ ഇരുപതോ കൊല്ലങ്ങൾക്കു മുമ്പായിട്ടു റോഡിൽ നടന്നതുകൊണ്ടു ഒരുതരത്തിലും മരിച്ചിട്ടുണ്ടെന്നു കേട്ടിട്ടുണ്ടോ?

മി. തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ചിലർ നടന്നുപോകുമ്പോൾ വഴിമദ്ധ്യേ വീണുതന്നെ മരിക്കാറുണ്ടു്. മോട്ടാർ അപകടം ഉണ്ടാകാറുമുണ്ടു്. റെയിൽവേ അപകടവും സംഭവിക്കുന്നുണ്ടു്. ഇഡ്കാവണ്ടികൾ ആളുകൾ മരിക്കുന്നുണ്ടു് രസൗകര്യം ധാരാളമുള്ളപ്പോൾ ഈമാതിരി ഉണ്ടാകുന്ന അപകടങ്ങൾ ഇത്രമായിട്ടു ജനങ്ങൾ കണിക്കുന്നുണ്ടു്. മോട്ടാർ പാടില്ല എന്നു ഒരു നിയമം ഗവണ്മെന്റിൽ നിന്നും ഉണ്ടാക്കാത്തതു അതുകൊണ്ടാണു്. സൌകര്യത്തോടുകൂടി ചില അപകടങ്ങളും ലോകത്തിൽ സംഘടിപ്പിച്ചു കാണുകയുള്ളു. ഗുണദോഷസമ്മിശ്രമല്ലേ എല്ലാം? (ചിരി)

മി. എൻ. വി. ജോസഫ് (പറവൂർ): ടോൾഗേറ്റ് നിർത്തണമെന്നു പറഞ്ഞതു അതിലുള്ള അസൗകര്യംകൊണ്ടോ തുക ഈടാക്കുന്ന നഷ്ടംകൊണ്ടോ?

മി. തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇതെല്ലാംകൊണ്ടും.

മി. എൻ. വി. ജോസഫ് (പറവൂർ): അപ്പോൾ മററാരുതരത്തിലും പണം ഈടാക്കിക്കൂടാ എന്നാണോ അഭിപ്രായം?

മി. തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മററുപല ഇനങ്ങളിൽനിന്നും പണം ഈടാക്കുന്നുണ്ടു്. ടോൾഗേറ്റ് ഇനത്തിൽ പണം ഈടാക്കിക്കൂടാ എന്നാണു് ഞാൻ പറഞ്ഞതു.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): സർ, ചുങ്കംവക കരം ഉപേക്ഷിക്കണമെന്ന അഭിപ്രായത്തോടനുകൂലിച്ചു എന്റെ മുൻഗാമികളായ സാമാജികന്മാരുടെ ഉദ്ദേശ്യം എനിക്കു മനസ്സിലാകുന്നില്ലെന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഭൂനികുതികുറച്ചു, ജനങ്ങളുടെ ഭാരം കുറയ്ക്കുന്നതിനു ഗവണ്മെന്റു കഴിയുന്നതും കാലേക്കൂട്ടി ശ്രമിക്കണമെന്നു ഞാൻ നിർബ്ബന്ധപൂർവ്വം അഭിപ്രായപ്പെടുന്നു. പക്ഷെ ഈ വിഷയത്തിൽ, ഇവിടെ ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനും പാസ്സാക്കുന്നതിനുംകൂടി മുതലാളിമാരുടെ ഒരു ഗൂഢാലോചന നടക്കുന്നുണ്ടെന്നും സംശയിക്കേണ്ടിയിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): 'ഗൂഢാലോചന' എന്ന പദം മെമ്പർ ഒന്നു വിശദമാക്കാമോ?

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): എന്റെ സ്നേഹിതന്നു ധാരാളം ഫലിതമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷെ മുതലാളിമാരുടെ ഇടയ്ക്കു പരിശുദ്ധമല്ലാത്ത ഒരു കൂട്ടുകെട്ടു ഉണ്ടെന്നോ മറ്റോ പറയാമെന്നു തോന്നുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ഇതൊക്കെ സഭാനടപടികൾക്കു വിരുദ്ധമായ പദങ്ങളാണെന്നും, അവ ഇതുപോലുള്ള നിയമസഭകളിൽ അവിടുന്നു അനുവദിക്കയില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

ഡെപ്യൂട്ടിഅദ്ധ്യക്ഷൻ: അവയിൽ സഭാനടപടികൾക്കു വിരുദ്ധമായി യാതൊന്നുമില്ലല്ലോ.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): അതു സഭാനടപടികൾക്കു വിരുദ്ധമല്ല. സർ, ഞാൻ അതു തന്നെ വീണ്ടും പറയുന്നു. ഈ വിഷയത്തിൽ ഉദ്യോഗസ്ഥസാമാജികന്മാർക്കും അനുദ്യോഗസ്ഥസാമാജികന്മാർക്കും പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുകയാണെങ്കിൽ അവർ വലുതായ ഒരു ഭൂരിപക്ഷംകൊണ്ടു ഈ ഉപക്ഷേപത്തെ പാസാക്കുന്നതാണു്. എന്തുകൊണ്ടു ഇതു അവരെ നേരിട്ടുസംബന്ധിക്കുന്ന സംഗതിയാണു്.

മി. എൻ. വി. ജോസഫ് (പറവൂർ): സാമാജികന്മാരിൽ ഭൂരിപക്ഷംപേർ മോട്ടാർകാറുകളുടെ ഉടമസ്ഥന്മാരാണോ എന്നു മെമ്പറിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): എനിക്കു അപ്രകാരമാണു് വിചാരിക്കേണ്ടിയിരിക്കുന്നതു.

മി. സി. പി. താമസ് (നിയമിക്കപ്പെട്ട മെമ്പർ): മിസ്റ്റർ കെ. കെ. താമസ് സാമാന്യവണ്ടികളെപ്പററി പറഞ്ഞതെന്താണെന്നു മെമ്പറിനു മനസ്സിലായിട്ടുണ്ടോ?

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി): അന്നു ഞാൻ ഇവിടെ ഹാജരാകാതിരുന്നതിൽ മനസ്സിലാകുന്നു.

മി. സി. പി. താമസ് (നിയമിക്കപ്പെട്ട മെമ്പർ): അദ്ദേഹം ചുങ്കംചുമത്തുന്നതിനെതിരായിട്ടുള്ളതു വാദിച്ചതന്നു ഞാൻ മെമ്പറിനെ ധരിപ്പിച്ചുകൊള്ളുന്നു.

മി. ഫ്. കെ. പിള്ള (കരുനാഗപ്പള്ളി): പൊതുജനാഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി, മോട്ടോർകാറുകൾ ജനങ്ങൾക്കു ഉപദ്രവകരമായിത്തീർന്നിട്ടുണ്ടെന്നേ എന്റെ അഭിപ്രായം. രാജകീയമായ രാജപാതകൾ ജനങ്ങൾക്കു സ്വാതന്ത്ര്യം സഞ്ചരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ടി. ജെ. മാത്യു പ്രസ്താവിച്ചുകണ്ടു. പക്ഷെ അപ്രകാരം സ്വാതന്ത്ര്യമായി അവ ഉപയോഗപ്പെടുത്തുകയാണെങ്കിൽ, ജീവിതം ആപൽക്കരമായിത്തീരുമെന്നാണ് എന്റെ താഴ്മയായ അഭിപ്രായം. ജനങ്ങൾ വളരെ ബുദ്ധിമുട്ടിയാണ് തല്ലിപ്പിടിച്ചു രക്ഷപ്പെടുന്നതു. ഈ മോട്ടോർവാഹനങ്ങളാൽ ഉണ്ടായിട്ടുള്ള ആപത്തുകളുടെ ഒരു കണക്കെടുത്തുനോക്കുകയാണെങ്കിൽ അവ നാൾക്കുനാൾ ജനങ്ങൾക്കു ആപൽക്കരമായും, ഉപദ്രവകരമായും പൊതുവേ വളരെ രക്ഷക്കുറവായും തീർന്നിട്ടുണ്ടെന്നുള്ള സംഗതി നമുക്കു നല്ലതിന്മണ്ണം മനസ്സിലാകുന്നതാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ആപത്തുണ്ടാകുന്നതിനു ഒരു ശിക്ഷയായിട്ടാണോ ചുങ്കം പിരിക്കുന്നതെന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. ഫ്. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ അക്കാര്യം വിസ്തരിച്ചുപറയാം. പിരിഞ്ഞുകിട്ടുന്ന പണം ഗവർണ്മെന്റു ശരിമാർഗ്ഗത്തിൽ ഉപയോഗപ്പെടുത്തുകയാണെങ്കിൽ, അവർ ഗ്രാമങ്ങൾക്കു വീതിപിടിപ്പിക്കുകയും, കൽനടയായി പോകുന്നവർക്കു നടന്നുപോകുന്നതിനു ഗ്രാമിന്റെ ഒരുഭാഗം പ്രത്യേകം വിട്ടുകൊടുക്കുകയും ചെയ്യേണ്ടതാണ്. നിങ്ങൾ മെഷീൻഗ്രാഡിങ്ങിനു കൊടുക്കുന്നതു ഒരു മണിക്കും നു മണിക്കും മദ്ധ്യേ നടന്നുപോയ്കൂടാത്തതെങ്കിൽ, സ്വന്തം ഇഷ്ടമോടു സ്വന്തം ആട്ടംക്കു നടക്കുന്നതിനു വളരെ വിഷമമുണ്ടെന്നു നിങ്ങൾക്കു മനസ്സിലാകുന്നതാണ്.

മി. എൻ. വി. ജോസഫ് (പറവൂർ): ഇപ്പോൾ ചുമത്തിയിട്ടുള്ള ചുങ്കം മററവല്ലവിധത്തിലും പിരിക്കുകയാണെങ്കിൽ മെമ്പർ തൃപ്തിപ്പെടുമോ?

മി. ഫ്. കെ. പിള്ള (കരുനാഗപ്പള്ളി): പിരിവിന്റെ പ്രത്യേകരീതിയെപ്പററിയല്ല ഞാൻ സംസാരിക്കുന്നതു.

മി. എൻ. വി. ജോസഫ് (പറവൂർ): ഇപ്പോൾ ചുങ്കം പിരിക്കുന്ന രീതി മോട്ടോർ മുതലായ വാഹനങ്ങളുടെ ഉടമസ്ഥന്മാർക്കും വഴിയാത്രക്കാർക്കും വളരെ ഉപദ്രവകരമായിത്തീർന്നിട്ടുണ്ടോ എന്നു മെമ്പറിൽ നിന്നു അറിഞ്ഞാൽകൊള്ളാം.

മി. ഫ്. കെ. പിള്ള (കരുനാഗപ്പള്ളി): അതു വഴിയാത്രക്കാരെ നല്ലതിന്മണ്ണം ബുദ്ധിമുട്ടിക്കുന്നുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പിരിച്ചുവരുന്ന ചുങ്കത്തിൽ ഒരുഭാഗം കാൽനടയായി പോകുന്നവരുടെ ഇടയിൽ വീതിച്ചുകൊടുക്കാമോ?

മി. ഫ്. കെ. പിള്ള (കരുനാഗപ്പള്ളി): ഗവർണ്മെന്റു ഈവക പണം വഴിയാത്രയ്ക്കു വിനിയോഗിക്കുകയാണെങ്കിൽ, ഈ ഇക്കൂട്ടർ മോട്ടോറുനടത്തുന്നതിനു ശേഷിയില്ലാത്തവരുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി ചെലവാക്കാവുന്നതാണ്. ജർമ്മനിയിൽ ദേശീയജനാധിപത്യം ഏർപ്പെടുത്തിയിരിക്കുന്ന സമയത്തു ഭരണാധികാരികൾ ഇപ്പോൾ ചുങ്കം പിരിച്ചുവരുന്ന രീതിയെപ്പററി ബഹുമാനപ്പെട്ട മിസ്റ്റർ ശ്രീനിവാസശാസ്ത്രി കഴിഞ്ഞ ദിവസം പ്രസ്താവിക്കയുണ്ടായി. ജർമ്മനി ഒരു ബോൾഷെവിക്ക് രാജ്യമല്ല. അതൊരു സാധാരണ രാജ്യമാണ്, ഇംഗ്ലണ്ടിലെക്കാൾ കുറഞ്ഞനിലയിലെ ജർമ്മനിയിൽ ബോൾഷെവിസം പ്രചാരത്തിലിരിക്കുന്നുള്ളു. അവിടെ അവർ മോട്ടോർകാറുകളിൽനിന്നു, രണ്ടുനിലകളും മൂന്നുനിലകളും ഉള്ള മാളികകളുടെ ഉടമസ്ഥന്മാരിൽനിന്നും വളരെ വലുതായ ചുങ്കങ്ങൾ പിരിച്ചുവരുന്നുണ്ട്. ഇതിന്റെ സാരം എന്തെന്നാൽ ധാരാളം പണം വ്യയംചെയ്യുന്നതിനു ശേഷിയുള്ള ധനികന്മാരെക്കാളും ജനസമുദായത്തെ പൊതുവേ സംരക്ഷിക്കണമെന്നാണ് ആധുനികകാലത്തിലെ മഹാന്മാരുടെ അഭിരുചി, എന്നാകുന്നു. ഒരു മോട്ടോർകാർ കൂടിയേകഴിയൂ എന്നുള്ള ഒന്നല്ലെന്നും, ഒരു ധാരാളിചിലവാണെന്നും, പക്ഷെ അല്പസമയംകൊണ്ടു ദൂരദേശങ്ങളിലെത്താവുന്നതുകൊണ്ടുള്ള ലാഭത്തിനും, മററവഴിക്കു ധാരാളം ആദായം ഉണ്ടാകുന്നതിനും ഇടയുള്ളതാണെന്നുമുള്ള സർവ്വസാധാരണമായ ഒരു സംഗതിയാണല്ലോ. ബോൾഷെവിസം നടപ്പിൽ വന്നിരിക്കുന്ന റഷ്യയിൽ മറെറല്ലാവരും, മോട്ടോർകാറുകളും പൊതുജനങ്ങളുടെ വകയായിത്തീർന്നിട്ടുള്ളതുകൊണ്ടു യാതൊരു വ്യത്യാസവും, വിഷമവും കൂടാതെ അവിടെ അവയെ എല്ലാവർക്കും ഉപയോഗിക്കാവുന്നതാണ്. ഈ ഉപക്ഷേപത്തെ എതിർക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല, പക്ഷെ ഈ വിഷയത്തിന്റെ പ്രധാനപ്പെട്ട ഭാഗം നിങ്ങളുടെ ആലോചനയ്ക്കു വിഷയീഭവിക്കണമെന്നേയുള്ളു.

മി. കെ. ജെ. ജോസഫ് (മീനച്ചിലും ദേവികുളവും): ചുങ്കംപിരിക്കുന്ന രീതി അദ്ദേഹം അംഗീകരിക്കുന്നുണ്ടോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. ഫ്. കെ. പിള്ള (കരുനാഗപ്പള്ളി): പിരിക്കുന്ന പ്രത്യേകവിധത്തെപ്പററി എനിക്കു യാതൊരു വിചാരിതാഭിപ്രായവുമില്ല.

മി. കെ. കെ. തോമസ് (കോട്ടയം): സർ, ചുങ്കങ്ങൾ ഉപേക്ഷിക്കുന്നതിനു വിപരീതമായി മിസ്റ്റർ നടേശയ്യർ ഹാജരാക്കിയിട്ടുള്ള സമാധാനങ്ങൾ ഞാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനമായ സമാധാനം ഇതിൽനിന്നു ഗവർണ്മെന്റിനു യാതൊരു ലാഭവും ഉണ്ടാകുന്നില്ലെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു എന്നു എനിക്കു തോന്നുന്നു; പക്ഷെ ഓരോ കൊല്ലം കഴിയുന്തോറും ലേലത്തുകകൾ വർദ്ധിച്ചുവരുന്ന സംഗതിയും ചീഫ്എഞ്ചിനീയർതന്നെ ഉദാഹരിച്ചിട്ടുണ്ട്. കെ. കെ. റോഡിൽ ഏ൪-ാമത്തെ മൈലിലുള്ള ചുങ്കസ്ഥലത്തെ ലേലത്തുക ഏ൪,൦൦൦ രൂപയിൽനിന്നു അടുത്ത കൊല്ലത്തേയ്ക്കു നവ,൦൦൦ രൂപയായി വർദ്ധിച്ചിട്ടുണ്ട്. മററുള്ള സാമാജികന്മാർ ചുങ്കങ്ങൾ ഉപേക്ഷിക്കുന്നതിനെപ്പററി പ്രസംഗിക്കുകയായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ സഭയ്ക്കിന്റെ അഭിപ്രായം അറിയുന്നതിനുവേണ്ടി ഈ ഉപേക്ഷാവാദം വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. പി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): സർ, എനിക്കു ഏതാനും ചില സംഗതികൾ മാത്രമേ പറയേണ്ടതായുള്ളു. റോഡുകളിൽനിന്നും ചുങ്കംപിരിക്കുന്ന സംഗതിയോടു ഞാൻ ബലമായി അനുകൂലിച്ചിരിക്കുന്നു.

എന്നു മി. തോമസ് ഇപ്പോൾ പറഞ്ഞുകഴിഞ്ഞു. അതു ഇപ്രകാരമല്ലെന്നും, ഈ സംഗതി ഇപ്പോൾ ഗവർണ്ണമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ടെന്നുമുള്ള സംഗതി ഞാൻ സ്പഷ്ടമാക്കിയിട്ടുണ്ടല്ലോ. ബ്രിട്ടീഷ് ഇൻഡ്യയിൽ, ബാംബേയിലും കൽക്കട്ടയിലും ഇതു ഒരു ആലോചനാവിഷയമായിത്തന്നിരിക്കയാണു. അവർ കപ്പലോളിനു കൂടുതൽ നിരവു ചുമത്തുന്നതിന്റെ സാധ്യതയെപ്പററി ആലോചിക്കുകയും, ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു കൂടുതൽ ശുൽകം മാററിവയ്ക്കുകയും ചെയ്തുവരികയാണ്. രാജപാതകളെ സംരക്ഷിക്കുന്നതു ഗവർണ്ണമെന്റിന്റെ കടമയാണെന്നു മി. മാത്തു പ്രസ്താവിച്ചു. ഗവർണ്ണമെന്റു ഇതു ചെയ്തുവരികയും, തൻമൂലം ൧൦,൪൦,൦൦൦ രൂപ ചെലവുചെയ്തുകഴിയുകയും ചെയ്തുണ്ടു, ചുങ്കത്തിൽനിന്നുള്ള വരവു ൧൧൦൫-ാമാണ്ടിൽ ൧,൪൭,൦൦൦ രൂപയും, ൧൦൯൭ാമാണ്ടിലും ൧൦൯൮-ാമാണ്ടിലുംകൂടി ഏകദേശം ൩൦,൦൦൦ രൂപയും മാത്രമായിരുന്നു. അതുകൊണ്ടു ചുങ്കത്തിൽനിന്നുള്ള ഈ വരവു റോഡുകൾക്കുവേണ്ടി ഗവർണ്ണമെന്റു ചെലവുചെയ്യുന്നതുകയിൽ വളരെ ചെറിയ ഭാഗം മാത്രമേ ആകുന്നുള്ളു. ൧൧൦൫-ാമാണ്ടിലെ വലുതായ കൂടുതൽ മദ്ധ്യസ്ഥന്മാർക്കു കിട്ടിയ അത്യധികമായ വാടകത്തെ സൂചിപ്പിക്കുകയാണെന്നു ചില സാമാജികന്മാർ പ്രസ്താവിച്ചു. ൧൧൦൫-ാമാണ്ടു പുതിക്കൽ കവലചുങ്കസ്ഥലത്തിന്റെ ലേലത്തുക വളരെ കാലത്തേയിരുന്നു; എന്തെന്നാൽ ൧൦൯൮-ാമാണ്ടു ആദിമാസത്തിൽ റോഡിനു വലുതായ ഹാനിതട്ടിയിരുന്നതുകൊണ്ടു ൧൧൦-ാമാണ്ടിൽ പുനരുദ്ധാരണ ജോലി നടന്നുവന്നിരുന്നതുകൊണ്ടും, ൧൧൦-ാമാണ്ടവസാനത്തിൽ ചുങ്കസ്ഥലം ശേഖരംചെയ്തസമയം റോഡിൽ ഗതാഗതത്തിനു വർദ്ധനവുണ്ടായിരുന്നില്ല. ൧൧൦൫-ാമാണ്ടിൽ ഗതാഗതം അതിവേഗത്തിൽ വർദ്ധിക്കുകയും ഇതുകൂടാതെ ബസ് സർവീസുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ളതുകൊണ്ടു ൧൧൦൫-ാമാണ്ടിലെ വരവു ൩,൦൦൦ രൂപയായി വർദ്ധിച്ചിട്ടുണ്ടു. മദ്ധ്യസ്ഥന്മാർക്കു കിട്ടാനിടയുള്ള ലാഭം ഇപ്രകാരം ഉള്ള മത്സരംനിമിത്തം ലേലത്തുക കൂടിയതിനാൽ ഇല്ലാതെയാകുന്നുള്ളതും ഇതിൽനിന്നും തെളിയുന്നുണ്ടു. ചുങ്കസ്ഥലം കുത്തകപിടിക്കുന്നവർക്കു ഒരു ചെറിയലാഭം കിട്ടിയാലുന്നു എന്നുള്ളതു അത്യന്താപേക്ഷിതവുമാണു. ചില ചുങ്കസ്ഥലങ്ങളിൽ ആകെ കുറഞ്ഞുകാണുന്നതുകൊണ്ടു നഷ്ടങ്ങളും ഉണ്ടാകുന്നുകൂടെന്നുള്ള സംഗതി വ്യക്തമാണു. പാരിപ്പള്ളിയിൽ, ൧൧൦൫-ാമാണ്ടുമുതൽ ബസ്സുകൾക്കു യാത്രത്തോരമുള്ള ചുങ്കം ഏർപ്പെടുത്തിയതിന്റെഫലമായി ആകെ ൪,൪൦൦ രൂപയിൽ നിന്നു ൧൪,൯൦൦ രൂപയായിക്കൂടിയിരിക്കുന്നു. അടുത്തതു ഇതേപ്രകാരണത്താൽ ആകെ ൧൦,൫൦൦ രൂപയിൽനിന്നു ൮,൦൦൦ രൂപാ ആയിത്തീർന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ചുങ്കത്തിനു പകരം മററൊരു വരവുണ്ടാകുകയാണെങ്കിൽ ചുങ്കം വേണ്ടെന്നുവയ്ക്കുന്നതിനു ഗവർണ്ണമെന്റിനു ഔദാര്യമുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. വി നാടരയ്യർ (ചീഫ് ഇഞ്ചിനീയർ): ഗവർണ്ണമെന്റു അതിനെപ്പററി ആലോചിച്ചുവരുന്നുണ്ടു. ഏതെങ്കിലും ഒരു തീരുമാനം ഉണ്ടാകുന്നതിനുമുമ്പു അവയുടെ ബഹിഷ്കരണത്തെപ്പററി ഒന്നും പറയാൻ നിവൃത്തിയില്ല. ഞാൻ പറഞ്ഞുകഴിഞ്ഞതുപോലെ ഈ വിഷയം ഗവർണ്ണമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ടു. മി. കെ. കെ. തോമസ് അദ്ദേഹത്തിന്റെ ഉപക്ഷേപത്തെപ്പററി നിർബന്ധിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ഞാൻ നിർബന്ധിക്കുകതന്നെ ചെയ്യുന്നു.

ഉപക്ഷേപം വോട്ടിനിടുകയും, ൨൪ പേർ അനുകൂലിക്കുകയും ൧൩ പേർ പ്രതികൂലിക്കുകയും ചെയ്തതിനാൽ പാസ്സാക്കുകയുംചെയ്തു.

മി. സി. പി. തരകൻ (നിയമിക്കപ്പെട്ടു): ഞാൻ പോൾ എടുക്കണമെന്നാവശ്യപ്പെടുന്നു.

പോൾ എടുക്കുകയും താഴെപ്പറയുന്ന ഫലം കാണുകയുംചെയ്തു.

അനുകൂലികൾ ൨൪.

൧.	മിസ്റ്റർ	പാർഡാനിയൽ	൧൩.	മിസ്റ്റർ	പി. കെ. നാരായണപിള്ള
൨.	,,	എ. ജെ. ജാൻ	൧൪.	,,	കെ. പി. നീലകണ്ഠപ്പിള്ള
൩.	,,	കെ. കെ. ജോസഫ്	൧൫.	,,	എം. എൻ. പിള്ള
൪.	,,	എക്സ്. ജി. ജോപ്പസ്	൧൬.	,,	ആർ. പത്മനാഭൻ
൫.	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	൧൭.	,,	ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള
൬.	,,	ടി. കുമാരപിള്ള	൧൮.	,,	ജി. രാമൻമേനോൻ
൭.	,,	തരിയത്തു കുഞ്ഞിക്കുഞ്ഞമ്മൻ	൧൯.	,,	കെ. ശിവരാമപ്പണിക്കർ
൮.	,,	കെ. മാധവൻപിള്ള	൨൦.	,,	ജിവതാണുപിള്ള
൯.	,,	കെ. സി. മാമൻമാപ്പിള	൨൧.	,,	സി. പി. തരകൻ
൧൦.	,,	ടി. ജെ. മാത്തു	൨൨.	,,	സി. പി. തോമസ്
൧൧.	,,	ജി. നാരായണപിള്ള	൨൩.	,,	കെ. കെ. തോമസ്
൧൨.	,,	കല്ലൂർ നാരായണപിള്ള	൨൪.	,,	സി. എൻ. ഉപ്പുണ്ണിത്തമ്പുരാൻ

പ്രതികൂലികൾ ൧൩.

൧.	മിസ്റ്റർ	എ. സി. ചാക്കോ	൧൦.	മിസ്റ്റർ	കുളത്തൂർ പരമേശ്വരൻപിള്ള
൨.	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൧.	മിസസ്സ്	എം. പുന്നൻപൂരക്കോസ്
൩.	,,	കെ. ജാർജ്	൧൨.	മിസ്റ്റർ	ടി. പി. രാമസുബ്ബയ്യർ
൪.	,,	സി. കേരളവർമ്മ വലിയകോയിത്തമ്പുരാൻ	൧൩.	റാവുബഹദൂർ	കെ. വി. രങ്കസ്വാമി അയ്യങ്കാർ
൫.	,,	ആർ. കെ. കൃഷ്ണപിള്ള	൧൪.	മിസ്റ്റർ	എസ്. സി. എച്ച് റോബിൻസൺ
൬.	,,	ആർ. കൃഷ്ണസ്വാമിഅയ്യർ	൧൫.	,,	വി. എസ്. സുബ്രഹ്മണ്യയ്യർ
൭.	,,	ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൧൬.	,,	എ. ജെ. വാൻറോസ്
൮.	,,	കെ. വി. നടേശയ്യർ			
൯.	,,	ആർ. നീലകണ്ഠപ്പിള്ള			

നിഷ്പക്ഷനിലക്കാർ ൩.

൧. മിസ്റ്റർ ജെ. ബി. കുക്ക് ൩. മിസ്റ്റർ എ. കെ. പിള്ള
൨. ,, എൻ. വി. ജോസഫ്
പ്രമേയം പാസ്സായതായി വിചാരിക്കപ്പെട്ടു.

൨൮-ാം നമ്പർ ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. എം. എൻ. പിള്ള.

൨൮. എക്സിക്യൂട്ടീവിനു അനുവദിച്ചിട്ടുള്ള ൨൩,൫൪,൦൪൩ രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണമെന്ന്.

മി. ടി. കുമാരപിള്ള.

൨൯. എക്സിക്യൂട്ടീവിനു അനുവദിച്ചിട്ടുള്ള ൨൩,൫൪,൦൪൩ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപം ൩൦.

മെമ്പർ ഹാജരില്ലാതിരുന്നതുകൊണ്ടു താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയിട്ടില്ലെന്നു നിശ്ചയിക്കപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൩൦. എക്സിക്യൂട്ടീവിനു അനുവദിച്ചിട്ടുള്ള ൨൩,൫൪,൦൪൩ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപം ൩൧.

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ്സിക്രട്ടറി): ഈ ഉപക്ഷേപം അതേ തലവാചകത്തിലുൾപ്പെട്ടതും മെമ്പർ ഹാജരാക്കിയതിനോടു സംബന്ധിക്കുന്നതും ആകുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ഞാൻ അദ്ദേഹം പറയുന്നതു കേൾക്കുന്നില്ല. ഉപക്ഷേപം ഹാജരാക്കുന്നതിൽ അദ്ദേഹം ഏതെങ്കിലും തടസ്സം പറയുകയോ എന്ന് എനിക്കറിയാൻ പാടില്ല.

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ്സിക്രട്ടറി): ഹാജരാക്കിക്കഴിഞ്ഞിട്ടുള്ള പ്രമേയം ഈ തുകയ്ക്കുതന്നെ അതേ തലവാചകത്തിൽ ഉൾപ്പെടുന്നു. അതുകൊണ്ടു ഈ ഉപക്ഷേപം ഹാജരാക്കാൻ പാടില്ലെന്നു ഞാൻ വിചാരിക്കുന്നു, എന്തെന്നാൽ അതു സംബന്ധിച്ചു ഒരു ഉപക്ഷേപത്തെപ്പററി വാദപ്രതിവാദം നടന്നുകഴിഞ്ഞിരിക്കുന്നു.

ഡിപ്യൂട്ടി അദ്ധ്യക്ഷൻ: മി. തോമസ്, ആ വിഷയത്തെ പുരസ്കരിച്ചു നയസംബന്ധമായി വിചിന്തനം ചെയ്യാൻ ആണ് നിങ്ങൾ ആവശ്യപ്പെട്ടതു. അതിനെപ്പററി വിചിന്തനംചെയ്തുകഴിഞ്ഞു എന്നുള്ള ബോദ്ധ്യം നിമിത്തമാണു ഞാൻ ഉപക്ഷേപത്തെ ഭേദപ്പെടുത്തുന്നതിനനുവദിച്ചതു്.

മി. കെ. കെ. തോമസ് (കോട്ടയം): ഇപ്പോൾ അതു വേറൊരു നയമാണ്.

ഡിപ്യൂട്ടി അദ്ധ്യക്ഷൻ: ഒരു ടോക്കൺ ഉപക്ഷേപം പാസാക്കുകയാണെങ്കിൽ അതു ഗവർണ്ണമെന്റിനു ആക്ഷേപകരമായിത്തീരുന്നതാണ്. അതു ഒരു പ്രത്യേകവിഷയത്തെപ്പററി ഈ സഭയ്ക്കുള്ള അഭിപ്രായവും അതു വെളിപ്പെടുത്തുന്നതാണ്.

മി. കെ. കെ. തോമസ് (കോട്ടയം): എന്നാൽ ഞാൻ ഈ ഉപക്ഷേപത്തെ ഹാജരാക്കുന്നില്ല.

൩൧. കെട്ടിടങ്ങൾക്കും മററും നീക്കിവച്ചിട്ടുള്ള ൨൩,൫൪,൧൦൩ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപം ൩൨.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. എം. എൻ. പിള്ള.

൩൨. കെട്ടിടങ്ങൾ മുതലായവയ്ക്കു നീക്കിവച്ചിട്ടുള്ള ൨൩,൫൪,൧൦൩ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപം ൩൩.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ പ്രമേയം ഹാജരാക്കിയില്ലെന്നു ഗണിക്കപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൩൩. കെട്ടിടങ്ങൾ മുതലായവയ്ക്കു് അനുവദിച്ചിട്ടുള്ള ൨൩,൫൪,൧൦൩ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപം ൩൪.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള.

൩൪. പുതിയ ജോലികൾക്കായി അനുവദിച്ചിട്ടുള്ള ൫,൨൩,൫൪൩ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണമെന്ന്.

൩൦. കൃഷിമന്ത്രി— മൂലധനക്കണക്കു.

ഉപക്ഷേപം ൩൫.

മി. ടി. കുമാരപിള്ള.

൩൫. കൃഷിയുടെ അഭിവൃദ്ധിക്കു റെവന്യൂ അക്കൌണ്ടു, കമാത്തത്തുകയിൽ കൂലിച്ചിലവുകൾക്കു അനുവദിച്ചിട്ടുള്ള ൫,൨൫,൭൩൨ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപം നമ്പ്.

മി. സി. പി. നായർ.

നമ്പ്. ഡിമാൻഡ് പ്രകാരം അനുസരിച്ചുനവദിച്ചിട്ടുള്ള ആകെത്തുക വന്നു ഒരു ലക്ഷം രൂപയിൽ നിന്നു പി രൂപ കുറയ്ക്കണമെന്നു്.

ഉപക്ഷേപം നമ്പ്.

മി. വി. കെ. പിള്ള (കുന്നാംഗപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.—

നമ്പ്. ഡിമാൻഡ് പ്രകാരം അനുവദിച്ചിട്ടുള്ള ആകെത്തുക വന്നു ഒരു ലക്ഷം രൂപയിൽ ഫ പി രൂപ കുറയ്ക്കണമെന്നു്.

ഈ, ഡിപ്പാർട്ടുമെന്റിന്റെ സാധാരണ നയത്തിലുള്ള ചില ദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനു പരീക്ഷണാർത്ഥം ഉദ്ദേശിച്ചിട്ടുള്ള ഒരു ഉപക്ഷേപമാണെന്നുള്ളതു സ്പഷ്ടമാണ്. ഒന്നാമതായി എനിക്കു ചീഫ് ഇഞ്ചിനീയരെ മനസ്സിലാക്കാനുള്ളതെന്തെന്നാൽ, പെട്ടെന്നു ജോലി നിറവേററുന്നതിനേക്കാൾ ജോലിയുടെ ഗുണത്തെപ്പററിയും ധനലാഭത്തെപ്പററിയുമാണു അദ്ദേഹം ശ്രദ്ധിക്കേണ്ടതെന്നുള്ള സംഗതിയാണ്, ഞാൻ ഉദ്ദേശിക്കുന്നതിനുള്ളതു. കഴിഞ്ഞ മൂന്നുനാലു കൊല്ലങ്ങളിലെ ഡിപ്പാർട്ടുമെന്റിന്റെ ജോലി പരിശോധിച്ചു മനോഭാവപക്ഷാൽ ചിലവാക്കുന്ന കാര്യത്തിൽ തനിക്കു വളരെ ശ്രദ്ധ ഗവണ്മെന്റിനെ ധരിപ്പിക്കണമെന്നുള്ള ആഗ്രഹം ചീഫ് എൻജിനീയർക്കുണ്ടെന്നു കാണാവുന്നതാണ്. ജോലിയുടെ രീതി വളരെ മോശപ്പെട്ടതാണെന്നു. ഉദാഹരണമായി ഈ ഹാളിൽനിന്നും അധികം ദൂരെയല്ലാത്ത ഒരു സ്ഥലത്തു നടന്ന ഒരു സംഗതി പറയാം. ഈയിടെയുണ്ടായിരുന്ന മഴക്കാലത്തു ഈ ഗതി പരമനുള്ള വഴി അടഞ്ഞുപോകുമെന്നു ഞങ്ങൾ ഭയപ്പെട്ടുപോയി. അവിടെ ഒരു കലുങ്കു കെട്ടിയിട്ടുണ്ടു, പക്ഷേ പെട്ടെന്നുണ്ടായ അത്യാവശ്യം നിറവേററുന്നതിനാണ് അതു പണിചെയ്യപ്പെട്ടതു. മഴ കൂടുതലായി വീണ്ടും ഉണ്ടായേയ്ക്കുമെന്നു, കൂടുതൽ വെള്ളം ഉണ്ടാകുമ്പോൾ, വെള്ളം കെട്ടിനിൽക്കുമെന്നും ജലം ഒഴുകിപോകുന്നതിനു കുറെക്കൂടി വലുതായ മുക്കലുങ്കു വേണ്ടിവരുമെന്നും ഉള്ളവസ്തുത മനസ്സിലാക്കുന്നതിനു തക്കസാമർത്ഥ്യം ചീഫ്എൻജിനിയർക്കു ഇല്ലായിരുന്നു. പക്ഷേ ധനലാഭം മാത്രംകരുതി, തൽക്കാലത്തേക്കു ഒരുകലുങ്കു കെട്ടുന്നതിനു അദ്ദേഹം ഏർപ്പാടുചെയ്തു. ഞാൻ അദ്ദേഹത്തെ കുററപ്പെടുത്തുന്നില്ല, പക്ഷേ ഡിപ്പാർട്ടുമെന്റിനുവേണ്ടി അദ്ദേഹം ഇതിനു സമാധാനം പറയേണ്ടിയിരിക്കുന്നു. തൽഫലമായി പട്ടണത്തിന്റെ ഒരുഭാഗത്തു മററൊരു ഭാഗത്തിൽനിന്നുള്ള വഴി അടഞ്ഞുപോയി. ഈവിധമുള്ള ജോലികൾക്കു ചിലവാക്കുന്നതുക ഒരു ഭയങ്കരമായ ദുർവ്യയമായിട്ടു ഞാൻ വിചാരിക്കുന്നുള്ളു. ഈ ഉദാഹരണം പറയുന്നതെന്തുകൊണ്ടെന്നാൽ, ഇതു നമുക്കു വളരെ അടുത്തുള്ള ഒന്നാണ്. ഉൾനാട്ടുകളിൽ നടന്നിട്ടുള്ള സംഗതികളോടു കണക്കെടുത്തുനോക്കിയാൽ ഇതുമാതിരി പല ഉദാഹരണങ്ങളും കാണാവുന്നതാണ്. കഴിഞ്ഞകൊല്ലത്തിൽ തിരഞ്ഞെടുപ്പുസമയത്തു ഞങ്ങൾ കുന്നാംഗപ്പള്ളിയിൽ ഒരുസ്ഥലത്തുനിന്നും മറെറസ്ഥലങ്ങളിലേയ്ക്കു പോയപ്പോൾ എല്ലാ കലുങ്കുകളും ഉപയോഗശൂന്യങ്ങളായിട്ടാണ് കണ്ടതു. ഈയിടെ ഒരുദിവസം ഞാൻ കാർത്തികപ്പള്ളിയിൽക്കൂടി കടന്നുപോയപ്പോൾ, ഒഴിഞ്ഞുവിഴാറായി കിടന്നിരുന്ന ഒരു പാലം ഞാൻ കാണുകയുണ്ടായി. സമയത്തിനു ഈപാലത്തെപ്പററി ഗവണ്മെന്റു ശ്രദ്ധിച്ചെങ്കിൽ, ഈപാലം വളരെ ഉപയോഗപ്രദമായിത്തീരുമായിരുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): പാലത്തിന്റെ പേരെന്താണ്?

മി. എ. കെ. പിള്ള (കുന്നാംഗപ്പള്ളി): പ്രത്യേകപാലത്തിന്റെ പേർ എനിക്കറിയാൻ പാടില്ല. പക്ഷേ ഇതേമിലയിൽ കിടക്കുന്ന വേറൊരുപാലത്തിന്റെ പേരു ഞാൻ പറയാം. അതായതു വീണുകിടക്കും ചവിട്ടുകൾ മദ്ധ്യത്തുള്ളപാലം. ചീഫ് എൻജിനീയർ അതുപോയി പരിശോധിക്കുകയാണെങ്കിൽ അതു തീരെ ഉപയോഗശൂന്യമാണെന്നു അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിയും. മറെറാരു പാലത്തെപ്പററി പറയാം, അതായതു തഴവായ്ക്കും കുന്നാംഗപ്പള്ളിയ്ക്കും മദ്ധ്യേ ഇടക്കാലംവരെ അനേകം മോട്ടാർകാറുകൾ കാളിവരുന്നതെ പാലം ചവിട്ടുകൾ നിണ്ടുകിടക്കും മദ്ധ്യേയുണ്ടു, പക്ഷേ ഇപ്പോൾ മോട്ടാർകാറുകൾക്കു അതിനുള്ളിൽ പോകാൻ നിവൃത്തിയില്ല. അവർ ഈ സംഗതികളൊക്കെ ചെയ്യുന്നതു അവർ പണം ചുരുക്കിച്ചിലവാക്കുന്നു എന്നു കാണിക്കുന്നതിനു മാത്രമാണ്. പക്ഷേ വാസ്തവത്തിൽ സംഭവിക്കുന്നതെന്തെന്നാൽ, ധനലാഭത്തിനുപകരം കുറെനാൾ കഴിയുമ്പോൾ കൂടുതലായ ചെലവാണ് ഉണ്ടാകുന്നതു. ഗവണ്മെന്റിനെ മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്ന മുഖ്യസംഗതി ഇതുതന്നെയാണ്. ഭാവിയിൽ അവർ വളരെ സൂക്ഷ്മതയോടുകൂടി പെരുമാറുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ സ്വാനുഭവത്തിൽനിന്നു ഡിപ്പാർട്ടുമെന്റിനോടു ഒരു സങ്കടത്തെപ്പററി പറയാനുണ്ടു. നാം ഏതെങ്കിലും ഒരു ചോദ്യത്തെപ്പററി ചീഫ് എൻജിനീയരോടു പറയുമ്പോൾ അദ്ദേഹം എക്സിക്യൂട്ടീവു എൻജിനീയരോടു ആലോചിക്കാൻ പറയുന്നു. എക്സിക്യൂട്ടീവു എൻജിനീയരുടെ അടുക്കൽ നാം ചെല്ലുമ്പോൾ അദ്ദേഹം പറയുന്നതു, വിഷയം ചീഫ്എൻജിനീയരുടെ ആലോചനയിൽ ഇരിക്കുന്നു എന്നാണ്.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): ഞാൻ എക്സിക്യൂട്ടീവു എൻജിനീയരുടെ അടുക്കലേക്കയച്ച ഒരു ഉദാഹരണമെങ്കിലും അദ്ദേഹത്തിനു പറയാമോ?

മി. എ. കെ. പിള്ള (കുന്നാംഗപ്പള്ളി): ആയിരംതവണ, ഓച്ചിററോഡിനെപ്പററി അദ്ദേഹത്തു ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ആ വിഷയത്തെപ്പററി എക്സിക്യൂട്ടീവു ഇൻജിനീയരോടു പറയണമെന്നു അദ്ദേഹം എന്നോടു മറുപടിപ്പറയപ്പെടുകയുണ്ടായി. എന്നാൽ പ്രസ്തുതസംഗതി ചീഫ്എൻജിനീയരുടെ ആലോചനയിൽ ഇരിക്കയാണെന്നാണ് എക്സിക്യൂട്ടീവു എൻജിനീയരോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): എന്നോടു അദ്ദേഹം ചോദിച്ചിരുന്ന ചില സംഗതികളുടെ വിവരണം സ്ഥലത്തെ ഉദ്യോഗസ്ഥന്മാരോടു ചോദിച്ചറിയണമെന്നു ഞാൻ പറഞ്ഞിരുന്നിരിക്കാം.

മി. എ. കെ. പിള്ള (കുന്നാംഗപ്പള്ളി): അങ്ങനെ വരാനിടയുണ്ടു. ഡിപ്പാർട്ടുമെണ്ടുമായി എനിക്കു യാതൊരു ബന്ധവുമില്ലാത്തതിനാൽ അതിന്റെവിവരങ്ങൾ എനിക്കറിയാൻ പാടില്ല. ഞാൻ പറഞ്ഞിട്ടുള്ള ഉദാഹരണം, സാധാരണയുള്ളതിനെപ്പററിമാത്രമാണ്. വീണ്ടും ഉദാഹരിക്കണമെന്നുണ്ടെങ്കിൽ ധാരാളം ഉദാ

[illegible] പറയേണ്ടതായിട്ടുണ്ട്. എക്സിക്യൂട്ടീവ് എൻജിനീയറന്മാരും, ചീഫ്എൻജിനീയറും തമ്മിൽ കൂടുതൽ [illegible]ക്കാരിച്ചപ്പോൾ പരസ്പരസഹായത്തോടുകൂടി വർത്തിക്കണമെന്നുള്ള വസ്തുതയാണ് എനിക്കു പറയേണ്ടിയിരി[illegible]ക്കുന്നതു, ജനങ്ങളുമായിട്ടു ഏറ്റവും അധികമായി ഇടപെടുന്നവരെന്ന ഡിപ്പാർട്ടുമെന്റുകളിൽ ഒന്നാണല്ലോ. [illegible]ണ്ടിന്റെ ഇപകാരപ്രവർത്തനങ്ങളുടെ പ്രവൃത്തികളെ പ്രത്യക്ഷത്തിൽ കാണിക്കാവുന്നതു ഈ ഡിപ്പാർട്ടുമെന്റു[illegible]ടുകൂടിയാണ്, [illegible]നിക്കെന്തുപകാരമുണ്ടോ? എന്നു നാം ആരോടെങ്കിലും ചോദിക്കുമ്പോൾ, "എനിക്കു ഒരുദോഷവും [illegible]ക്കുന്നതിനുള്ള [illegible] കിട്ടിയിട്ടുണ്ട്" എന്നു അധികം മറുപടിപറയും, ഗവർണ്മെന്റിന്റെ [illegible] പ്രവൃത്തികളിൽനിന്നും ലഭിക്കുന്ന ഗുണങ്ങൾ ഇപ്രകാരം പ്രത്യക്ഷത്തിൽ കാണിക്കാവുന്നതാണു, അ[illegible]ണ്ടാൽ, നിങ്ങൾ വേണ്ടിടത്തോളം സൂക്ഷ്മതയോടും സ്വദേശസ്നേഹത്തോടും ആകും അല്ലെങ്കിൽ നിങ്ങൾ [illegible] [illegible]ക്കാതെ ദോഷംചെയ്യുകയാണെന്നാണ് ഞാൻ പറയുന്നതു, പക്ഷേ മനസ്സാക്ഷി അനുസരിച്ചു പ്രവൃത്തിക്കുവാനു[illegible] ചീഫ്എൻജിനീയർ ഈ വിഷയങ്ങളെപ്പററി നല്ലതിനല്ലാം ശ്രദ്ധിക്കുമെന്നും, അവയെ സംബന്ധിച്ചു [illegible] [illegible] ആവശ്യമുള്ളിടത്തോളം [illegible]ക്കുകയില്ലെന്നും എനിക്കു നിശ്ചയമുണ്ട്.

ടി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): സർ, ജോലിക്കു ചെയ്യുവാനുള്ള വിഷയത്തിൽ ഡിപ്പാർട്ടുമെന്റു പണം വളരെ ചുരുക്കിമാത്രമേ ചെലവുചെയ്യുന്നുള്ളു എന്നുള്ളവിവരം മെമ്പർ അംഗീകരിച്ചു [illegible]ന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. പക്ഷേ കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ ജോലിക്കുടെ രീതി [illegible] [illegible]ക്കുന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ലാ.

മി. എ. കെ. പിള്ള (കുന്നാംതുപ്പള്ളി): എന്റെ സ്വന്തകാര്യത്തെപ്പററി ഒരുവാക്കു പറഞ്ഞുകൊള്ളട്ടെ. ഞാൻ കഴിഞ്ഞ മൂന്നുകൊല്ലങ്ങളിലെ സംഗതിയെപ്പററി പറഞ്ഞതെന്തെന്നാൽ, കഴിഞ്ഞ മൂന്നുകൊല്ലങ്ങളിലായി [illegible]ക്കുമേ എനിക്കു രാജ്യഭരണത്തെപ്പററി അറിവുണ്ടായിരുന്നുള്ളു. അതിനുമുമ്പുള്ള സ്ഥിതി എന്തായിരുന്നുഎന്നു [illegible]ക്കുവാൻ പാടില്ലാ. കഴിഞ്ഞ മൂന്നുകൊല്ലത്തെപ്പററി മറവിയാകുന്ന ഉദ്ദേശ്യത്തോടും ഞാൻ സൂ[illegible] ചിപ്പിച്ചതല്ല.

ടി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): മി. എ. കെ. പിള്ള സ്വാഭാവികമായി അദ്ദേഹത്തി[illegible]ന്റെ ധാരണകൾ മാത്രമേ പ്രസ്താവിച്ചിട്ടുള്ളു, ഞാൻ എന്തുകാര്യങ്ങൾ പറഞ്ഞുകൊള്ളുന്നു. ജോലിയുടെ [illegible] രീതിയെപ്പററിയും, അതിന്റെ തുടക്കത്തിൽ നിർവ്വഹണത്തെപ്പററിയും അന്വേഷിക്കുകയുണ്ടായതാണു ഞങ്ങളു[illegible] [illegible]ന്നാമതായുള്ള പ്രവൃത്തി. മെമ്പർ ഈ വിവരത്തെപ്പററി എന്നോടു സംസാരിച്ചതായും, അതിനെപ്പററി [illegible] ഞാൻ അദ്ദേഹത്തോടു വിസ്തരിച്ചുപറഞ്ഞതായും ഞാൻ ഓർക്കുന്നു, പക്ഷേ അപ്പോൾ അദ്ദേഹത്തിനു ഞാൻ [illegible]ചിത്തതു മനസ്സിലായില്ലെന്നിരിക്കാം. ആ കുഴുങ്ങിന്റെ പിൻവശം മുൻപേക്കുള്ളി നന്നാക്കിയിട്ടുണ്ടായിരുന്നു, [illegible] കഴിഞ്ഞ ഇടവമാസം [illegible] ഒരുമഴയിൽ പെയ്തുണ്ട [illegible] ഇഞ്ചു മഴപെയ്തുകയാൽ കിള്ളിയാർനദി കര [illegible]ക്കവിഞ്ഞൊഴുകി. അസാധാരണമായ വെള്ളപ്പൊക്കം ഉണ്ടായതിനാൽ ബസ്റോഡിൽ മുൻപറയപ്പെട്ട നാശം [illegible] ഉണ്ടായി, ഈ വെള്ളപ്പൊക്കംകൊണ്ടും, അതിൽനിന്നുണ്ടായ നാശംകൊണ്ടും കുഴുങ്ങുകളിൽ മുറിഞ്ഞുപോകുകയുണ്ടാ[illegible]യി, അതിനാൽ ഏതാനുംദിവസങ്ങൾക്കുമുൻപു ചെയ്യപ്പെട്ട ജോലിയുടെ രീതിയും, ഈ അപകടവുമായി [illegible]ത്തായ ബന്ധവുമില്ലാ. പിന്നീടു മെമ്പർ, കഴിഞ്ഞ തിരഞ്ഞെടുപ്പുസമയത്തു പലസ്ഥലങ്ങളിൽ യാത്രചെയ്തു [illegible]ക്കുമ്പോൾ പലകുഴുങ്ങുകൾ ഇടിഞ്ഞുകിടന്നിരുന്നതു അദ്ദേഹം കണ്ടതായി പ്രസ്താവിച്ചിരിക്കുന്നു. ക[illegible]ഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ഞാൻ ഈ വിഷയത്തെപ്പററി വിസ്തരിച്ചുപറഞ്ഞിട്ടുണ്ട്. അപ്പോൾ ഈ കുഴുങ്ങ[illegible]കൾ കേടുവന്നതുകയായിരുന്നു. പിന്നീടു അദ്ദേഹം നീണ്ടകരയ്ക്കും ചവറയ്ക്കും മദ്ധ്യേയുള്ള പാലത്തെപ്പററി സൂ[illegible]ചിപ്പിച്ചു. ഞാൻ എന്റെ പ്രസംഗങ്ങളിൽ പറഞ്ഞുകഴിഞ്ഞപോലെ റോഡുകൾ, പാലങ്ങൾ മുതലായവ [illegible]നന്നാക്കപ്പെടുമ്പോൾ അവയെ നന്നാക്കുന്നതിൽ ഡിപ്പാർട്ടുമെന്റു ശ്രദ്ധപതിപ്പിച്ചുകൊണ്ടിരിക്കയാണു, ഈപ്പ[illegible]കാരം നന്നാക്കാതെ കുറെനാൾ കിടപ്പിലായിപ്പോയി, പക്ഷേ പ്രത്യേക ആവശ്യങ്ങൾ നേരിട്ടപ്പോൾ ജോലി [illegible]ചിട്ടും ആരംഭിച്ചു. ജോലി ഇപ്പോൾ നിന്നിരിക്കാം, അല്ലാത്തപക്ഷം വേഗത്തിൽ അവസാനിക്കുന്നതാണു, [illegible]ശവായിൽനിന്നു കുന്നാംതുപ്പുഴിയിലേക്കുള്ള പാലത്തെപ്പററിയും അദ്ദേഹം പ്രസ്താവിച്ചു. അതിന്റെ സ്ഥി[illegible]തിയെപ്പററി അന്വേഷിക്കുന്നതാണു.

മി. എ. കെ. പിള്ള (കുന്നാംതുപ്പള്ളി): ഒരേസമയത്തു പൊളിച്ചിടപ്പെട്ടവയോ നന്നാക്കപ്പെട്ടവയോ [illegible]ആയ കുഴുങ്ങുകളെ സംബന്ധിച്ചിടത്തോളം, ഒരേ സമയത്തുതന്നെ അവയെല്ലാം ഇടിച്ചിടുന്നതിനു ഡിപ്പാർട്ടുമെന്റു എന്തിനുമുതിരുന്നു എന്നു ചീഫ്എഞ്ചിനീയരോടു ഞാൻ ചോദിച്ചുകൊള്ളുന്നു.

ടി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): അവയെല്ലാം അപ്പോൾ കേടുപ്പെട്ടവയല്ലായിരുന്നു പ[illegible]ഴയ കുഴുങ്ങുകളാണ്.

മി. എ. കെ. പിള്ള (കുന്നാംതുപ്പള്ളി): ആ റോഡിൽ അതിനുമുമ്പായി കുഴുങ്ങുകളില്ലായിരുന്നോ?

ടി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): അപ്പോൾ പുതിയ കുഴുങ്ങുകൾ ശാശ്വതമായി കെട്ടി [illegible]ചേർന്നിരുന്ന സ്ഥാനത്തു കുറച്ചുകാലത്തേക്കുമാത്രം കെട്ടിയിരുന്ന ചില കുഴുങ്ങുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

ചീഫ്എഞ്ചിനീയരും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരും പരസ്പരം യോജിച്ചുപ്രവൃത്തിക്കണമെന്നുള്ളതിനെ [illegible]പ്പററിയും അദ്ദേഹം സൂചിപ്പിച്ചു. അപ്രകാരം അവർ യോജിച്ചു വർത്തിക്കുന്നില്ലെന്നു എനിക്കു തോന്നുന്നില്ലാ. ഡിപ്പാർട്ടുമെന്റു വിജയകരമാകുന്നതിനു ഒരിക്കപ്പെട്ടവരുന്ന എന്നുള്ള വസ്തുതയെ ഒരുന്നറിപ്പോർട്ടു നല്ലതിനല്ലാം [illegible]തെളിയിക്കുന്നുണ്ട്. അല്ലെങ്കിലാതെ എന്നു സംബന്ധിച്ചിടത്തോളം എക്സിക്യൂട്ടീവ് വകുപ്പുമായി ഞാൻ പൂർണ്ണ [illegible]മായി യോജിച്ചു പ്രവൃത്തിക്കുന്നുണ്ടെന്നു ഞാൻ തീർത്തുപറയുന്നു. എനിക്കു ഇതിൽ കൂടുതലായി ഒന്നും പറയാ [illegible]തില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഈ ഉപകാരപ്രദമായതെപ്പററി എനിക്കു കുറെ സം[illegible]സാരിക്കേണ്ടതായിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെന്റു ദോഷരഹിതമാണെന്നു ചീഫ്എഞ്ചിനീയർ വിചാരിക്കുന്നു. ഓരോ ഡിപ്പാർട്ടുമെന്റിനും അതിന്റെ ദോഷങ്ങളും ഉണ്ടായിരിക്കുന്നതാണ്; പക്ഷേ അതാകട്ടെ ദോഷങ്ങളാ[illegible]ണെന്നു ഡിപ്പാർട്ടുമെന്റിന്റെ മേലുദ്യോഗസ്ഥന്മാർ സമ്മതിക്കേണ്ടതു. എന്തായാലും ജനങ്ങളുടെ പ്രതിനിധി[illegible]

[illegible] ഗ്രാമങ്ങൾ ചുണ്ടിക്കാണിക്കപ്പെട്ടു, അതുകൊണ്ടു അങ്ങിനെ: ജനപ്രതിനിധികളെ തെററിദ്ധരിക്കുകയല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനെപ്പററി പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. ഞാൻ പൊതുജനങ്ങളുടെ സംസാരിക്കുന്നില്ല, പക്ഷെ ചില ഉദാഹരണങ്ങൾ പറഞ്ഞു ഞാൻ ഇപ്പിടിപ്പെട്ടുകൊള്ളാം. [illegible] സമീപം കണ്ണംപേരൂർപാലം എന്നു വിളിച്ചുവരുന്ന പാലം കെട്ടുന്നതിനുവേണ്ടി [illegible] പണമായിട്ടുണ്ടെന്നുള്ള സംഗതി പ്രസിദ്ധമാണല്ലോ, ആ പാലം തീരെ നിലവാരമാണെന്നു കാണുന്നു. [illegible] കേട്ടുണ്ടിവിടെ. [illegible] സൂക്ഷ്മമായി [illegible] ഇവിടെ [illegible] ചില അഴിമതികളെയും [illegible] കോട്ടയം പട്ടണത്തിൽ [illegible] ഇവിടെ [illegible] ചെലവിട്ടു [illegible] ചെയ്തിട്ടുള്ള [illegible] ഇടയുണ്ട്; ആ [illegible] ഇട്ടിട്ടില്ല. [illegible] ഉള്ളതു [illegible] ഉള്ളു; [illegible] കാരണം എന്താണെന്നു [illegible] നിവൃത്തിയില്ല. [illegible] ചെയ്യപ്പെട്ടതാണ്. അതു [illegible] ആ പാലത്തിൽക്കൂടി [illegible] ഉദ്ദേശിക്കുന്നതു, പകുതി [illegible] ആണെന്നാണ് അറിയുന്നതു.

മി. കെ. കെ. തോമസ് (കോട്ടയം): അന്നു ചാർജ് കയ്യേററിയ ഉദ്യോഗസ്ഥനാരായിരുന്നു.

പ്രസിഡണ്ടു് അദ്ധ്യക്ഷൻ: മിസ്റ്റർ തോമസ് ഇതെങ്ങനെ ഇവിടെ യോജിക്കും?

മി. ടി. കെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): പക്ഷെ, നാലുകൂലിക്കാരും കഴിഞ്ഞിട്ടും പാലം അങ്ങനെതന്നെ കിടക്കുന്നു. ആ റോഡിലുള്ള ഗതാഗതം കണ്ടിട്ടുള്ള ആളുകൾക്കു ആ പാലത്തിൽക്കൂടി നടന്നുപോകുന്നതു എത്ര വിഷമമാണെന്നു നല്ലതിനല്ലാം മനസ്സിലാകുന്നതാണ്. അതിൽ കയ്യിട്ടു തെരുവിലേക്കു പോകുന്നതിനുള്ള വഴിയേയുള്ളു; അതുകൊണ്ടു വണ്ടിപോകുന്ന അവസരത്തിൽ ഒരാൾ ആ പാലത്തിൽക്കൂടി നടക്കുകയാണെങ്കിൽ വീഴാതിരിക്കുന്നതിനു വണ്ടിയുടെ മുമ്പിലുള്ള രക്ഷയ്ക്കുവേണ്ടിയിരിക്കുന്ന ഇരുമ്പുകൾ അവരുടെ ദേഹത്തു തട്ടാതിരിക്കത്തക്കവണ്ണം അതിൽക്കൂടി കടന്നുപോകുന്നതിനു, മുനിസിപ്പാലിറ്റിയുടെ മദ്ധ്യേയുള്ള സ്ഥിതിചെയ്യുന്ന ഈ പാലത്തിൽ ഇതുവരെ പലകകൾ ഉറപ്പിച്ചിട്ടില്ലെന്നുള്ളതു വാസ്തവത്തിൽ അതിശയകരമായിരിക്കുന്നു.

മുനിസിപ്പാലിറ്റി മറിഞ്ഞതുമൂലം ചില ആളുകൾ ആപത്തിൽപ്പെട്ടു മരിച്ചുപോയ വിവരവും ഞങ്ങളുടെ അറിവിൽപ്പെട്ടിട്ടുണ്ട്. ആ പാലത്തിൽ അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി രണ്ടു കമ്പുകൾ ബന്ധിച്ചിട്ടുകൊടുത്തതു ഞാൻ വിചാരിക്കുന്നു. പക്ഷെ, പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ ആ കമ്പുകൾ എടുത്തുകളയുകയാൽ, സാമാന്യം കയറിക്കൊണ്ടുപോയ ഒരു പണി മറിഞ്ഞു നദിയിൽ വീഴുകയും ചില മരണങ്ങളുണ്ടാവുകയുംചെയ്തു. സാമാന്യങ്ങളുടെയല്ലെന്നു മാത്രമല്ല, വണ്ടിയിൽ കയറിപ്പോകുന്ന കാളകളുടെയുമായി, കമ്പുകൾ എടുത്തു മാററുന്നതിലും, ഇടുന്നതിലും സ്വല്പമാത്രം സൂക്ഷ്മത കാണിച്ചിരുന്നു എങ്കിൽ, ഈ അപകടത്തെ തടയുന്നതിനു സാധിക്കുമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഡിപ്പാർട്ടുമെൻറു പൊതുജനങ്ങളെപ്പററി രണ്ടുവാക്കു ഈ അവസരത്തിൽ പ്രസ്താവിക്കുന്നു, പബ്ലിക്ക്‌വർക്കസ് ഡിപ്പാർട്ടുമെൻറിലേക്കു കഴിഞ്ഞ വർഷത്തെക്കാൾ പുതിയ വേലകൾക്കുള്ള പണം വളരെ കുറവായിരിക്കുന്നു. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുകയാണ് ഗജനാവിന്റെ പ്രയോജനമായി ചെയ്യേണ്ടതു, എന്നാൽ ഈ വിഷയത്തിലേക്കു ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഗതാഗതസൗകര്യം എവിടെ കുറവായിരിക്കുന്നുവോ അവിടെയാണ് അധികം പണം വ്യയംചെയ്യേണ്ടതു, പണ്ടേതന്നെ ധാരാളം സൗകര്യമുള്ള സ്ഥലങ്ങൾക്കു കൂടുതൽ പണം ചിലവു ചെയ്യുകയല്ല വേണ്ടതു്. മുൻപറഞ്ഞതുപോലെ ഈ വിഷയത്തിൽ ഒരു ശരിയായ തത്വമുണ്ടായിട്ടല്ലാ ഇപ്പോൾ പ്രവർത്തിച്ചുവരുന്നതു. പണ്ടത്തേക്കാൾ ഇപ്പോൾ വളരെ മോശമുണ്ടു. ഇപ്പോൾത്തന്നെ ചീഫ് എഞ്ചിനീയർ വടക്കൻ തിരുവിതാംകൂറിൽ ഗതാഗതസൗകര്യം കുറഞ്ഞ സ്ഥലങ്ങൾ ഏതെല്ലാമെന്നു ഏതിടത്തുകയല്ലാമാണ് റോഡുകൾ അത്യാവശ്യമെന്നുനോക്കി മനസ്സിലാക്കിയിട്ടുണ്ട്. ചിലയിടത്തു പുതുതായ റോഡ് തുറന്നിട്ടുണ്ട്. അൻകാലങ്ങളിൽ കേവലം തിരിഞ്ഞുനോക്കാത്ത സ്ഥലങ്ങളുണ്ട് അവ. അതുകൊണ്ടു അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നയത്തെ വളരെ പ്രശംസിക്കേണ്ടിയിരിക്കുന്നു. ഗതാഗതസൗകര്യം തീരെ ഇല്ലാത്ത സ്ഥലങ്ങളിലേക്കു അദ്ദേഹത്തിന്റെ ദൃഷ്ടി പതിയുകയും പല സ്ഥലങ്ങളിലും റോഡുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടു. ഇപ്പോൾ ഗതാഗതസൗകര്യം അധികമുള്ള തെക്കൻതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും ചിലവാക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള തുകയിൽ കുറവാണു തെക്കോട്ടു വടക്കൻതിരുവിതാംകൂറിലേക്കും ചിലവാക്കേണ്ടതാണ്. വളരെ കാലമായിട്ടു ഞങ്ങൾ കൊടുക്കുന്ന നിവേദനങ്ങൾ മുഖാന്തരം ഗതാഗതസൗകര്യം വർദ്ധിച്ചിട്ടുണ്ടു്. വളരെക്കാലം ഞങ്ങൾ ഗതാഗതസൗകര്യമില്ലാത്തവരായി ഇരുന്നിട്ടുള്ളതിനാൽ ഇപ്പോൾ ഞങ്ങൾ [illegible] വ്യയം ചെയ്യേണ്ടതാണ്. ഇപ്പോൾ ഇച്ഛിക്കുന്നതു കിട്ടുകയില്ലെങ്കിലും വ്യയം ചെയ്യാത്തതു കണ്ടുമുണ്ട്.

മി. കെ. സി. മാമ്മൻമാപ്പിള (കുമ്പനാടവും പുതുപ്പള്ളിയും-വടക്കു): നിങ്ങളുടെ ഗ്രാമത്തിൽ സൗകര്യം കിട്ടേണ്ടതുകൊണ്ടു നിങ്ങളുടെ ഭാഗത്തുനിന്നു കുറച്ചുകൂടി ആളുകൾ ഉണ്ടായിട്ടുള്ളതിനാലല്ലേ ഇപ്പോൾ ഞങ്ങൾ [illegible] വ്യയം ചെയ്യുന്നതു?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൂടുതൽ കിട്ടുന്നുണ്ടെന്നു തോന്നുകയില്ല. ഒരു ഭാഗത്തു കിട്ടുന്ന സൗകര്യത്തിനു ഇച്ഛിക്കുന്ന സൗകര്യം ഞങ്ങൾക്കു കിട്ടിയാൽ മതി. വ്യയം തീരെ കുറവായി മുൻകാലങ്ങളിൽ ചെയ്തുകൂട്ടുന്നതിനാൽ ഗവണ്മെന്റു ഞങ്ങൾക്കുവേണ്ടി കൂടുതൽ വ്യയംചെയ്യേണ്ടതു ന്യായമുണ്ടു്. എന്നിട്ടും ഇപ്പോൾക്കിപ്പോൾ ഇച്ഛിക്കുന്നതു മതിയെന്നേ ഞങ്ങൾ പറയുന്നുള്ളു. ആഹാരം കഴിച്ചുകൂട്ടുന്ന പല ഹാരമെ പോലെ ഗതാഗതസൗകര്യമുള്ളിടത്തു കൂടുതൽ പണം ചിലവിടുന്നു. പട്ടിണികിടക്കുന്നവർക്കു ആഹാരത്തിനുപകരം കൊടുക്കയില്ല എന്നുപറയുന്നതു പക്ഷഭേദത്തിന്റെ വകയിൽ തോന്നിച്ചതല്ല. മൂവാററുപുഴ, കുന്നത്തുനാടു, തൊടുപുഴ ഇവയ്ക്കുള്ളതു ഗതാഗതസൗകര്യമുള്ളതല്ല. ചിലയിടത്തു ആളുകൾ ഉണ്ടെങ്കിൽ അവർക്കു വളരെ ശക്തിയായി പ്രവർത്തിക്കുന്നവരാണ്. വേനപ്പാറകളിൽവർണ്ണപ്പോക്കു. അതിനാൽ

ജലമാർഗ്ഗമായി സൌകര്യമില്ല. കരമാർഗ്ഗമായി സഞ്ചരിക്കാൻ റോഡുമില്ല. ഇപ്പോൾ മെയിൻറോഡിൽക്കൂടി വടക്കോട്ടു ഒരുദ്യോഗസ്ഥൻ പോവുകയാണെങ്കിൽ വളരെ കഷ്ടപ്പെട്ടു ചാകാതെചെന്നു എത്തിയെന്നുവന്നേക്കാം. കാറു ചെളിയിൽ പുതഞ്ഞുപോകും. വളരെ വ്യസിപ്പിച്ചുമാണു അങ്ങോട്ടു സഞ്ചരിക്കുതിരിക്കുന്നതു. (ചിരി) ഈ വിധത്തിലാണു ഞങ്ങളുടെ കഷ്ടത. അത്ര പ്രയാസപ്പെട്ടാണു ഞങ്ങൾ ഇവിടെ വരിക. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേയും ജനങ്ങൾ ഞങ്ങളുടെ കഷ്ടതയിൽ സഹതാപം കാണിക്കേണ്ടതുണ്ടു. ഞാൻ വടക്കുതിരുവിതാംകൂറിലെ ജനങ്ങളുടെ പ്രതിനിധിയാണെങ്കിലും അവർ എവിടെ ഗതാഗതത്തിനു ബുദ്ധിമുട്ടുണ്ടോ അവരുടെ കാര്യത്തെ ഒന്നാമതായി എടുത്തുപറയാൻ തയ്യാറാണു.

മി. കെ. സി. മാമൻമാപ്പിള (കുച്ചുവടം, വ്യവസായം മെമ്പർ വടക്കു): ചേർത്തലയിൽ അനുഭവിക്കുന്ന കഷ്ടതയിൽ ഒരു ശതമാനം നിങ്ങളനുഭവിക്കുന്നില്ല എന്നുള്ളതു നിഷേധിക്കുവാൻ ബോദ്ധ്യപ്പെടുന്നവർക്കു ഇനി ഒരു പദ്ധതിനടത്തു കൊള്ളുന്നതു ചേർത്തലത്താലൂക്കിലേയ്ക്കു പോയി ചിലവാകുമ്പോൾ മിസ്റ്റർ കുഞ്ഞിക്കണ്ണൻ ചെയ്യാൻ തയ്യാറുണ്ടോ?

മി. തരിയത്തുകുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴയും കോട്ടയവും): ചേർത്തലയിലെ സാഹചര്യത്തെപ്പറ്റി എല്ലാം എനിക്കു നല്ല അറിവുണ്ടു. ചേർത്തല എന്നു പറയുമ്പോൾ ഒരു താലൂക്കുകൂടിയല്ല. ആവിടെ ജലമാർഗ്ഗം സമൃദ്ധിയും നല്ലപോലെ ഉണ്ടു. എങ്കിലും അവിടെ റോഡു വരുത്തുകയാണെന്നു ഞാൻ പറയുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ചോദിക്കുന്നതു അവർക്കു ഗതാഗതം പുരോഗമിക്കുന്നതിനു ഒരു ഗുണമുണ്ടാകുമെന്നു തോന്നുന്നുവോ?

മി. തരിയത്തുകുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴയും കോട്ടയവും): ചേർത്തലയ്ക്കു റോഡു വരുത്തുകയാണെങ്കിൽ വേണം. ഞങ്ങളെപ്പോലെതന്നെയാണു അവരുംബുദ്ധിമുട്ടുന്നതു. നമ്മുടെ ഏതിരുവിതാംകൂറിലെ ജനങ്ങൾക്കു അസൌകര്യം അനുഭവിച്ചിട്ടുണ്ടു. അവരുടെ കാര്യം ഞങ്ങളുടെയുപോലെ തന്നെ ഗവർണ്മെന്റിന്റെ കടമയാണെന്നാണു ഞാൻ പറഞ്ഞതു. പ്രാദേശിക പ്രതിപത്തിക്കടിപ്പെടാതെ എന്നു വിചാരിക്കണം. ശരീരത്തിന്റെ ഒരു അവയവത്തിനു സുഖക്കേടുപററിയാൽ ആ ഭാഗമെന്തു സുഖപ്പെടുത്തണം. അതിനെ സുഖപ്പെടുത്താതെ വച്ചുകൊണ്ടിരുന്നാൽ അതു ശരീരം മുഴുവൻ ബാധിക്കും. ഏതുപ്രകാരമെങ്കിലും, ഏതു, ഏതൊരു സ്ഥലത്തിൽ കൃഷിചെയ്യുന്ന യാതൊരു അഭിവൃദ്ധിയും ഇല്ലാതിരിക്കുന്നതു രാജ്യത്തെ പൊതുവിൽ ബാധിക്കുന്ന ഒരു സംഗതിയാണു. അതുകൊണ്ടു ഇപ്പോൾ ഗതാഗതത്തിനു ബുദ്ധിമുട്ടുള്ള വടക്കൻതിരുവിതാംകൂറിലാണു് ഗവർണ്മെന്റിന്റെ മുഖ്യ ചിന്തയെങ്കിൽ. ചീഫ് എൻജിനീയറുടെ മുഖ്യ ഒരുവിധം ഈ വിഷയത്തിൽ പോയിട്ടുണ്ടു. പക്ഷെ പ്രവൃത്തിയിൽ പൂർണ്ണമായിട്ടു വന്നുകഴിഞ്ഞിട്ടില്ല. മൂവാറ്റുപുഴ, കോട്ടയം, മുതലായ താലൂക്കുകളിൽ ജീവിക്കുന്നവരിനു നിശ്ചയിച്ചിട്ടുള്ള റോഡുകൾ ഏതു കാരണവശാലാണു ഇതുവരെ മാറ്റപ്പെട്ടു കഴിഞ്ഞിട്ടില്ല. ആവിടെ പുതുക്കൻറോഡു ഇപ്പോൾ ചുരുക്കം. കൃഷിവത്സരം ജനങ്ങൾ പരിഞ്ഞാറൻ പ്രദേശങ്ങളിൽനിന്നു കുടിയേറിക്കൊണ്ടിരിക്കുന്ന താലൂക്കാണു് മൂവാറ്റുപുഴ, തൊടുപുഴ ഈ സ്ഥലങ്ങൾ. ജനിക്കുതി, ജനസംഖ്യ മുതലായതെല്ലാം ഇതിലേക്കു കയറുന്നുണ്ടു്. പുതിയവേലകൾ ഒന്നുതന്നെ ഇതുവരെ ഇതുകയും ആളുകൾ ഡിവിഷനിലേക്കു ചെന്നിട്ടില്ല. ഇതു വളരെ നഷ്ടമാണു്. പാലങ്ങൾ, റോഡുകൾ മുതലായവ ഉണ്ടാക്കിത്തരണം. ഞങ്ങൾ നല്ല ഒരു തുക നികുതി കൊടുത്തുവരുന്നുണ്ടു്. ഇവിടത്തെ ജനങ്ങൾക്കു സിദ്ധിക്കേണ്ടതായ ആവശ്യം പ്രധാനമായി പറയുന്നതു് രണ്ടു സംഗതികളാണു്. മറെറാന്നും സാധിച്ചില്ലെങ്കിലും ഇതു സാധിക്കാതെ (ഒന്നാമത്തെ ഈ വിഷയത്തോടു സംബന്ധമില്ലെങ്കിലും പറയാതെ നിവൃത്തിയില്ല) ഉദ്യോഗസ്ഥന്മാരിൽനിന്നുള്ള ഉപദ്രവത്തിനിന്നും ഞങ്ങളെ രക്ഷിക്കണം. (ചിരി) പിന്നെ ഒന്നു റോഡു വടക്കൻതിരുവിതാംകൂറിലെ ഗതാഗതസൌകര്യം വർദ്ധിപ്പിക്കണമെന്നുള്ളതായിരിക്കണം ഗവർണ്മെന്റിന്റെ നയം. എന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഒരു കണ്ണിൽ എണ്ണയും മറെറാരു കണ്ണിൽ ചുണ്ണാമ്പും ഒഴിച്ചുകൊണ്ടിരിക്കുന്ന നയം ഒരുതരക്കും ചേർന്നതല്ല. രാജ്യത്തിന്റെ എല്ലാ ഭാഗത്തേയും ഒരുപോലെ വിചാരിച്ചു എല്ലാ ഭാഗത്തിലുമുള്ള ആവശ്യങ്ങൾ വേണ്ടപോലെ സാധിച്ചുകൊടുക്കേണ്ടതു ഗവർണ്മെന്റിന്റെ പ്രധാനകടമയാണു്. ഉത്തരതിരുവിതാംകൂറിൽ ഗതാഗത വിഷയത്തിലുള്ള അസൌകര്യങ്ങളെപ്പററി കുഞ്ഞിക്കണ്ണൻ അവർകളുടെ അഭിപ്രായത്തോടു ഞാൻ അക്ഷരംപ്രതി യോജിച്ചുകൊള്ളുന്നു. അതിൽ കൂടുതലായി ഈ ഭാഗത്തെ സംബന്ധിച്ചു എന്തെങ്കിലും പറയേണ്ട ആവശ്യമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. മി. നടേശയ്യർ ചീഫ് ഇഞ്ചിനീയർ ആയതിനുശേഷം ഗതാഗതത്തിലുള്ള അസൌകര്യത്തെ ഇല്ലാതാക്കുന്നതിനു അദ്ദേഹം വളരെ പരിശ്രമിച്ചിട്ടുണ്ടു്. പല ഭാഗങ്ങളിലും പുതിയ റോഡുകളുണ്ടാക്കാൻ അദ്ദേഹം സഹായിച്ചിട്ടുണ്ടു്. അതിനാൽ അദ്ദേഹത്തോടു പ്രത്യേകം നന്ദിപറഞ്ഞുകൊള്ളുന്നു.

മി. കെ. സി. മാമൻമാപ്പിള (വ്യവസായം, കുച്ചുവടം മെമ്പർ വടക്കു): ഇപ്പോൾ ഏററവും കൂടുതൽ റോഡുള്ളതു മൂവാറ്റുപുഴ, കുന്നത്തുനാടു, തൊടുപുഴ ഈ താലൂക്കുകളിലാണെന്നു് മി. തരകൻ ഓർക്കുന്നുണ്ടോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): അല്ലാ. ഏററവും കൂടുതൽ റോഡുള്ളതു മൂവാറ്റുപുഴ, കുന്നത്തുനാടു ഈ താലൂക്കുകളിലാണെന്നു ഒരിക്കലും ഒരുത്തർക്കും പറയാൻ സാധിക്കയില്ല. മി. നടേശയ്യർ റോഡുണ്ടാക്കുന്നതിനെ സംബന്ധിച്ചു സ്വീകരിച്ചിട്ടുള്ള എല്ലാനയത്തോടും പൂർണ്ണമായി യോജിക്കാൻ നിവൃത്തിയില്ല. രണ്ടു സംഗതിയെ സംബന്ധിച്ചു മാത്രമേ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നുള്ളു. ഒന്നാമതു വർഷകാലത്തിൽ വെള്ളത്തിൽക്കൂടെ വഞ്ചിയിലും റോഡിൽക്കൂടി വെള്ളത്തിലും പൊതുജനങ്ങൾ സഞ്ചരിച്ചാൽ മതിയെന്നാണു അദ്ദേഹം തീരുമാനിച്ചിരിക്കുന്നതു്. ഏവിടേയെങ്കിലും പുതിയറോഡു ഉണ്ടാക്കാനാരംഭിക്കുമ്പോൾ സാധാരണ ചിറകെട്ടി പൊക്കിയിടേണ്ട ആവശ്യം വന്നാൽ അവിടെ പൊക്കംകുറച്ചു വർഷകാലത്തു വെള്ളം റോഡിന്റെ മീതേക്കൂടെ ഒഴുകിപ്പോകത്തക്കവിധത്തിലുള്ള നയമാണു് ഈ ഡിപ്പാർട്ടുമെന്റിൽനിന്നും സ്വീകരിച്ചു റോഡുകൾ ഉണ്ടാക്കി വരുന്നതു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): റോഡിലെ ചില പൊക്കക്കുറച്ചുകൂട്ടിയിട്ടുള്ള റോഡിന്റെ ഒരു ഉദാഹരണം പറയണമെന്നു ഞാൻ മെംബറിനോടു ആവശ്യപ്പെടട്ടെയോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): ചീഫ് ഇഞ്ചിനീയർ ആയാലും എക്സിക്യൂട്ടീവ് ഇഞ്ചിനീയറായാലും ഈമട്ടിലാണ്; അതായതു വർഷകാലത്തു മൂന്നുനാലുമാസം ഗതാഗതത്തിനു സൌകര്യമില്ലാത്ത വിധത്തിലാണു റോഡുണ്ടാക്കുന്നതു. വർഷകാലത്തു വെള്ളപ്പൊക്കത്തിന്റെ ചിറയുടെ മിതത്തിൽ ഒഴുകി റോഡുമുറിഞ്ഞുപോകുന്നതു സാധാരണയാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അപ്രകാരം ചിറയുടെ മിതത്തിൽ മുറിഞ്ഞുപോകത്തക്കവണ്ണം വെട്ടിപ്പൊളിച്ചിട്ടുള്ള റോഡുകൾക്കു ഉദാഹരണങ്ങൾ പറയുന്നതിനു ഞാൻ മെംബറിനോടു ആവശ്യപ്പെടുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): പീരുമേട്ടിലേക്കുള്ള റോഡ് ഇതിനുദാഹരണമാണ്.

ഡിപ്യൂട്ടി അദ്ധ്യക്ഷൻ: നിങ്ങൾക്കു പറയാനുള്ളതെല്ലാം നിങ്ങളുടെ ഉപപടിയിൽ വിസ്തരിച്ചുകൊള്ളണം.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഇതിന് ഇപ്രകാരം ഉണ്ടാകത്തക്കതു എന്നു അദ്ദിപ്രായമാണു എനിക്കുള്ളതു. ചീഫ് എഞ്ചിനീയർ ഇതിനെപ്പററി ശ്രദ്ധിക്കുന്നപക്ഷം ഞാൻ കൃതാർത്ഥനാകുന്നതാണ്.

മററൊരു സംഗതി, റോഡുകൾ ഏറെ അടിമുറുക്കി ഏറെ അടിവരെ വിരിയുള്ളതാണ്. ഭാരമുള്ള കാവുകൾ ധാരാളമുള്ള ഇക്കാലത്തു ഏറെ മുറുക്കി ഏറെ അടിവരെ വിരിയുള്ള റോഡുകൾക്കു വാതെരു പ്രയോജനവും ഇല്ലെന്നുമാത്രമല്ല, ഉപയോഗത്തെക്കാൾ അധികം ഉപദ്രവമാണ് ഉണ്ടാകുന്നതു. ഇതുകൊണ്ടു ഏതു അടിവിരിയിൽ കുറഞ്ഞു റോഡുകൾ ആവശ്യമില്ല. റോഡുകൾ ഉണ്ടാക്കുന്നതിനു ഉപയോഗിക്കത്തക്ക വിധത്തിൽ വേണം മാർഗ്ഗം ഉണ്ടാക്കാൻ. ഈ സംഗതിയെ ഞാൻ ഗവർണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു.

മി. എ. ജെ. ജോൺ (ദേവികുളം): ഓൺ മി. എ. കെ. പിള്ളയുടെ ഉപക്ഷേപത്തെപ്പററിൻതാങ്ങുകയും സംരക്ഷണം നന്നാക്കുകമുതലായ ജോലികളിൽ ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പററി ഏതാനും വാക്കുകൾ പറയാനൊരുങ്ങുകയും ചെയ്യുന്നു. ആണ്ടുതോറും റോഡുകൾ നന്നാക്കുന്നതിനും മററുമുള്ള ഗതാഗതസൌകര്യങ്ങൾക്കുമായി വൃദ്ധി ലക്ഷം രൂപാ നീക്കി വയ്ക്കുന്നുണ്ട്. കേടുപോക്കലും സംരക്ഷണം എന്നു പറഞ്ഞുവരുന്ന ഈ പ്രവൃത്തി മിക്കസ്ഥലങ്ങളിലും ഉപയോഗശൂന്യമായിട്ടാണ് തീർന്നിരിക്കുന്നതു്. ഓരോ ആണ്ടിലും ഈ പണികൾക്കായി അനേകലക്ഷംരൂപാ അനുവദിക്കുന്നുണ്ട്, പക്ഷെ ഡിപ്പാർട്ടുമെന്റിൽ ധാരാളം ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നിട്ടും അവർ ഈ വേലകളുടെ വിഷയത്തിൽ യാതൊരു ശ്രദ്ധയും പ്രദർശിപ്പിക്കുന്നില്ല. പണികൾക്കായി കഴിയുന്നതും കൂടുതൽതുക അനുവദിപ്പിക്കണമെന്നുള്ളതാണ് ഇവരുടെ നയം എന്നു തോന്നുന്നു. ഇവയിൽ മിക്കപണികളും ആണ്ടുതോറും ഒരുസ്ഥലങ്ങളിൽ തന്നെയാണ് ചെയ്യപ്പെടുന്നതു്. പണികൾ ശരിയാംവണ്ണം നടത്തിവരുന്നില്ലെന്നുള്ളതു ഈ സംഗതി നല്ലതിനല്ലെന്നു തെളിയിക്കുന്നുണ്ട്. ഒന്നോ രണ്ടോ ഉദാഹരണങ്ങൾ പറയുകയാണെങ്കിൽ, ക ൦ ൻ൯-ാമാണ്ടത്തിൽ വെള്ളപ്പൊക്കസമയത്തു മൂവാററുപുഴയാറിന്റെ തെക്കുകരയിൽ തൊടുപുഴയ്ക്കുസമീപം മുന്നടവുകൾ ഉണ്ടായിരുന്ന അതിലധികം വളരെ വലുതും മറെറാന്നും ചെറുതുമായിരുന്നു. ക ൦ ൧-ാമാണ്ടിന്റെ അവസാനത്തിൽ വലുതു നന്നാക്കപ്പെടുകയും, മറെറാന്നും ശ്രദ്ധയിൽനിന്നും വിട്ടുകളയുകയുംചെയ്തു. മറെറടവുകൾ രണ്ടുംകൂടി നന്നാക്കണമെന്നു സംബന്ധിച്ചുള്ള പൊതുജനങ്ങൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരോടുപേക്ഷിച്ചു. ആവശ്യമുള്ള ചെലവു ഇരുന്നൂറോ മുന്നൂറോ രൂപയിൽ കവിയുകയില്ലായിരുന്നു. ഡിപ്പാർട്ടുമെന്റു അതിനെപ്പററി നിശ്ശേഷം വിസ്മരിക്കുകയും ആ ഉടവുകൾ അതേപടിയിൽ കിടക്കുകയുംചെയ്തു. കഴിഞ്ഞകൊല്ലത്തിന്റെ അവസാനത്തിൽ ശ്രദ്ധയിൽനിന്നു തള്ളപ്പെട്ട ഉടവുകളിൽ ഒന്നു വലുതാകുകയും തൻമൂലം ഏകദേശം ൧൦ അടി നീളത്തിലുള്ള നടുവിലുടെ കുറ ഇടിയുകയും ഒഴുക്കിലകപ്പെട്ടുപോകയുംചെയ്തു. എക്സൈസ് സ്റ്റേഷന്റെ ഒരുഭാഗവും ചുററുമുള്ള പുരയും നശിക്കുകയും ഇപ്രകാരം ന്യൂ ൧ ൦ രൂപയിൽ കൂടുതൽനഷ്ടം ഉണ്ടാകുകയുംചെയ്തു.

ഇക്കാര്യം ആ ഉടവു നന്നാക്കുകയുണ്ടായി. പക്ഷെ മററുള്ള ചെറിയ ഉടവുകളെപ്പററി ശ്രദ്ധിച്ചിട്ടില്ല. ഏതാനും ദിവസങ്ങൾക്കുമുമ്പു ഒഴുക്കുണ്ടാകയാൽ മററെ ഉടവിന്റെ വീതിയും വളരെക്കൂടി, അതുമൂലം ഒരു തോടുണ്ടായി ഒന്നാന്തരം തെങ്ങിൻതോപ്പുകളിൽകൂടി ജലം ഒഴുകുകയുംചെയ്തു. ഡിപ്പാർട്ടുമെന്റു സാമ്പത്തികമായും ശ്രദ്ധയോടും കൂടി പെരുമാറിയിരുന്നെങ്കിൽ ഇപ്രകാരമുള്ള ഭയങ്കരങ്ങളായ നഷ്ടങ്ങൾ കൂടാതെ കഴിക്കാമായിരുന്നു.

ഇവഞ്ചിയിലുള്ള തയ്യോപ്പുറവു കുത്താട്ടുകുളം റോഡിന്റെ കാര്യമാണ് മററൊരു ഉദാഹരണം. അതിനെപ്പററിയുള്ള വിവരം ചീഫ് എൻജിനിയർ ആവശ്യപ്പെടുന്നപക്ഷം, അതു വിസ്തരിച്ചു പറയുന്നതിനും ഞാൻ തയ്യാറുണ്ട്.

മററൊരുദാഹരണം പറയാനുണ്ട്. അതു് കുണിയാൻതോടിന്റെ കാര്യമാണ്.

അതുകൊണ്ടു്, ഏതെങ്കിലും പണികൾ ചെയ്യുന്നപക്ഷം അവ ഗാഢമായി ആലോചിച്ചിട്ടു ഉത്തമമായവിധത്തിലും പൂർത്തിയായും ചെയ്യണമെന്നും, ജോലി തീർന്ന ഉടൻതന്നെ വീണ്ടും കേടുകൾ ഉണ്ടായാൽ ആ ജോലിയുടെ മേൽനോട്ടംവഹിച്ചു ഉദ്യോഗസ്ഥനെ ഉത്തരവാദിയാക്കണമെന്നുമാണ് എനിക്കു പറയാനുള്ളതു്.

മി. കെ. കെ. തോമസ് (കോട്ടയം): ജോലികളുടെ വിവരണത്തെപ്പററി ചിന്തിക്കുമ്പോൾ തെക്കൻതിരുവിതാംകൂറിനെപ്പററി ഒന്നു രണ്ടു സംഗതികൾ പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കോതയാറെന്നവകയ്ക്കു ഏകദേശം വ ൦, ൪൫, ൦ ൦ രൂപാ ചെലവായിട്ടുണ്ട്. ഈ ചിലവു എൻസ. ശതമാനം പലിശമാത്രമേ നൽകുന്നുള്ളു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനിയർ): ഇതു കടപടിക്രമത്തിനു യോജിച്ചതാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. മി. കുമാരപിള്ളതന്നെ മകാതയാർപ്രാജക്ടിനെപ്പററി യാതൊന്നും പറയാതിരിക്കുന്നസ്ഥിതിക്കു മി. തോമസ് ആവിഷയത്തെപ്പററി പ്രസ്താവിക്കുന്നതു ന്യായമാണോ?

ഡിപ്യൂട്ടി അദ്ധ്യക്ഷൻ: അതിൽ ന്യായക്കേടൊന്നുമുള്ളതായി എനിക്കു തോന്നുന്നില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ആകെ ചിലവായ വ 0,0 0,0 0 0 രൂപയിൽനിന്നു വ. ശരാശരി നിരക്കിൽ കിട്ടാവുന്ന പലിശമാത്രമേ കിട്ടുന്നുള്ളു എന്നുതന്നെയല്ല, ഓരോ ആണ്ടുകഴിയുന്തോറും ചിലവു വർദ്ധിച്ചു വരികയുംചെയ്യുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെട്ടൂററിൻകര): അതു കച്ചവടസംബന്ധമായ ഒരു കാര്യമാണെന്നു വന്നിട്ടുണ്ടെങ്കിൽ ആ ഇനം ചെലവാക്കപ്പെട്ടുകൂടെന്നു ഞാൻ മി. തോമസിനോടു ചോദിച്ചുകൊള്ളട്ടെ.

മി. കെ. കെ. തോമസ് (കോട്ടയം): കാരണത്തിനാണ്? ഏതിനെപ്പറ്റിയിൽപ്പെട്ടടത്തോളം കോണ്ട്രാക്ടർ പ്രാക്ടീസ് പണ്ടുമുതലുള്ളതിനു മുൻപുള്ളതു മാനാമം കൂട്ടുകളോടു കൂടിയ നടത്തപ്പെട്ടു മുപ്പതിനായിരമോ നാല്പതിനായിരമോ പ്രത്യേക സ്ഥലങ്ങളിലേ ഉണ്ടാകുന്നുള്ളു. ഈ സാഹചര്യത്തിൽ ചിലവാക്കിയിട്ടുള്ള വലിയ തുകയും അതിൽനിന്നു ചെലവിടുന്ന ആദായത്തേയും തമ്മിൽ താരതമ്യപ്പെടുത്തുന്നതിനു നിവൃത്തിയില്ല.

കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ഗവർണ്മെന്റു ഹോസ്റ്റലിലെ കെട്ടിടങ്ങൾക്കായി ചെലവാക്കുന്ന തുക ചിലവാക്കിയതുതന്നെ. മുവായിരമോ നാലായിരമോ രൂപാവിലയുള്ള കെട്ടിടങ്ങൾക്കു വാടക ഇനത്തിൽ ഗവർണ്മെന്റു ഇരുന്നൂറോ മുന്നൂറോ രൂപയും മാസംതോറുമിന്നു ചെലവാക്കുന്നു. ഇതു അത്യന്തം പരിതാപകരമായ ഒരു സ്ഥിതിയാണ്. ഉദാഹരണമായി നാഗർകോവിൽ ഹോസ്റ്റലിലെ കെട്ടിടം വാടകയ്ക്കു കണക്കാക്കിയിട്ടുള്ളതു ക, വ്വ, 0 0 0 രൂപയാണ്. ക്ലാസ്സ്ടൊണ്ടിൽ വ, ര ഇ, 0 0 0 രൂപ ചെലവുചെയ്തു കഴിഞ്ഞിരിക്കുന്നു. ക്ലാസ്സ്-മെണ്ടിൽ വ ഇ, 0 0 0 രൂപ ചെലവുചെയ്തുകഴിഞ്ഞു. ക്ലാസ്സ്-ടൊണ്ടിൽ ഇനിയും ന. 0, 0 0 0 രൂപ ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു തിരുവനന്തപുരത്തെ പുതിയ ഹോസ്റ്റലിനു സംബന്ധിച്ചിടത്തോളം കെട്ടിടംവാടക ക, ക ഇ, ന്നൂ 0 0 രൂപാ ചിലവായിക്കഴിഞ്ഞിരിക്കുന്നു. അതുകൂടാതെ ഇതുകെട്ടിടത്തിനടുത്തുണ്ടായിട്ടും ഇരുപതിനായിരമോ മുപ്പതിനായിരമോ രൂപാ ചെലവുചെയ്തു വരുന്നുണ്ടെന്നാണു എനിക്കു തോന്നുന്നതു. ഇത്തരത്തിലുള്ള വിതരണം ശുദ്ധ അനാവശ്യചിലവാണിതു മാത്രമേ സാധാരണയായി ഓർക്കുകയുള്ളു എന്നെനിക്കു തോന്നുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): സർ, ഇതിലുള്ള നടപടിക്രമത്തെപ്പററി ഞാൻ വീണ്ടും ചോദ്യംചെയ്യുകയുണ്ടായി. എനിക്കു മറുപടിപറയുന്നതിനു അവസരം അനുവദിക്കാതെ അദ്ദേഹം ഇങ്ങനെ വരെ പ്രസംഗം തുടർന്നുകൊണ്ടുപോകുന്നതു ന്യായമാണോ?

ഡിപ്യൂട്ടി അദ്ധ്യക്ഷൻ: അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചുകൊള്ളട്ടെ. അവസ്ഥയെന്നു തോന്നുന്ന പക്ഷം നമുക്കു നാളെയും തുടരാമല്ലോ മി. നടേശയ്യർ നിങ്ങൾക്കു നിർബന്ധമായി മറുപടിപറയേണ്ടുന്ന അവസ്ഥ വരുകയാണ്.

മി. കെ. കെ. തോമസ് (കോട്ടയം): കോട്ടയംമുതലായ സ്ഥലങ്ങളിൽ അനേകം കെട്ടിടങ്ങൾക്കു യാതൊരു ക്ലാസ്സും ഇടാതെ ഗവർണ്മെന്റു ഇരുന്നൂറും മുന്നൂറും രൂപാ വാടകകൊടുത്തുവരികയും, യാതൊരു പ്രതിഫലവുമില്ലാത്ത അനേകപക്ഷം രൂപാ ചിലവാകുന്ന ജോലികളിൽ ഗവർണ്മെന്റു ഉൾപ്പെടുകയും ചെയ്യുന്നു. എനിക്കു ഇതിൽക്കൂടുതൽ ഒന്നും പറഞ്ഞുകൂടാനില്ല.

മി. ഫ്. കെ. പിള്ള (കുന്നാറപ്പള്ളി): ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ള എല്ലാ വിഷയങ്ങളെപ്പററിയും ചീഫ്എൻജിനീയർ ശ്രദ്ധാപൂർവ്വം മറുപടിപറഞ്ഞതിൽ ഞാൻ കൃതജ്ഞതയുള്ളവനായിരിക്കുകയും, എന്റെ അഭിപ്രായങ്ങളെപ്പററി അദ്ദേഹം വീണ്ടും പര്യാലോചിച്ചു വേണ്ടുന്ന പ്രവർത്തിക്കുമെന്നു ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. ഞങ്ങൾതമ്മിലുള്ള പരിചയത്തെ സംബന്ധിച്ചിടത്തോളം, അദ്ദേഹം ജനങ്ങളുടെ പ്രതിനിധി പറഞ്ഞിട്ടുള്ള ഒരാളാണെന്നും ജനങ്ങൾക്കുവേണ്ടി കഴിയുന്നതെല്ലാം ചെയ്യുവാനുദ്ദേശം ഞാൻ സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. എന്നാലേ, ഞാൻ മുൻപു സൂചിപ്പിച്ചിട്ടുള്ള ഡിപ്പാർട്ടുമെന്റു സംബന്ധമായ കാര്യങ്ങൾ പലതും വിഴുപ്പിൽ കിടപ്പുണ്ടെന്നും പറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ ഈ വിഴുപ്പുകൾ പരിഹരിക്കുന്നതിനു അദ്ദേഹം കഴിയുന്നവണ്ണം പരിശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): സർ, ഞാൻ ചുരുങ്ങിയ ഒരു മറുപടിപറയാം. എനിക്കു രണ്ടു സാമാജികന്മാരോടുമാത്രമേ മറുപടിപറയേണ്ടതുള്ളു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): ഉപക്ഷേപകർത്താവു ഉപക്ഷേപത്തെ വീണ്ടും നിർബന്ധപൂർവ്വം ചോദ്യമാക്കുന്നില്ലല്ലോ.

ഡിപ്യൂട്ടി അദ്ധ്യക്ഷൻ: എന്നാലും അദ്ദേഹത്തിനു മറുപടിപറയാൻ അധികാരമുണ്ടല്ലോ, ഉപക്ഷേപകർത്താവു അദ്ദേഹത്തിന്റെ ഉപക്ഷേപത്തെപ്പററി നിർബന്ധിക്കാത്തപക്ഷം, നിങ്ങൾ ശ്രദ്ധാനപ്പെട്ട സംഗതികളെപ്പററിമാത്രം സൂചിപ്പിച്ചാൽ മതിയാകുന്നതാണ്.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): പണിതീർത്തു അധികം താമസിയാതെതന്നെ ഹായി സംഭവിച്ച കണ്ണൻദേവൻതോർ പാലത്തെപ്പററി മി. ജി. ജെ. മാത്യു പ്രസ്താവിക്കയുണ്ടായി. ഇതു ഞാൻ ചീഫ്ഇൻജിനീയരാകുന്നതിനു മുൻപായിരുന്നു ഡിപ്പാർട്ടുമെന്റു പരിശോധനാസ്തുതിനു ഒരു പുതിയ സമ്പ്രദായമനുസരിച്ചു ചെയ്തുവേലയാണ് അതു്. അതു് ഒരു മോൾഡിയായി പരിണമിച്ചതിൽ എനിക്കു സങ്കടമുണ്ട്. കോട്ടയത്തെ നാഗമ്പടം പാലം അങ്ങനെയല്ലാതിരുന്നുമുൻപായി പകുതിമാത്രമേ പടകകളിട്ടു ഉറപ്പിക്കപ്പെട്ടിട്ടുള്ളു. എന്തെന്നാൽ ആസമയത്തു അതു് മതിയാകുമെന്നു തോന്നി. ഗതാഗതം വിശാലപ്പെടുത്തുന്ന മോട്ടോർ വണ്ടികൾ വർദ്ധിക്കുകമൂലം പാലത്തിന്റെ ശേഷംഭാഗത്തിൽ പടകകളിട്ടുറപ്പിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള ക 0,0 0 0 രൂപയുടെ അടങ്കൽ ഗവർണ്മെന്റിലേക്കയച്ചിരിക്കുന്നു. അനുവാദം കിട്ടിയുടൻ ജോലി ആരംഭിക്കുന്നതാണ്. മണിമലയിലുണ്ടായ ഒരാപത്തിനെപ്പററിയും മെമ്പർ സൂചിപ്പിക്കുകയുണ്ടായി. അർദ്ധരാത്രിസമയത്തു കേടുവന്ന പാലത്തിൽക്കൂടി വണ്ടി വിട്ടുകൊണ്ടുപോയ ഒരു വണ്ടിക്കാരന്റെ മൈദ്യംകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും റിപ്പോർട്ടു വന്നിട്ടുണ്ടായി. എന്തായാലും ഞാൻ ആ സംഗതിയെപ്പററി ആലോചിച്ചു വേണ്ടുന്ന പ്രവർത്തിക്കാം. ഉത്തരതിരുവിതാംകൂറിലുള്ള ഗതാഗതങ്ങൾ അഭിവൃദ്ധിയിൽ വരുത്തുന്ന വിഷയത്തിൽ ഗവർണ്മെന്റും ഡിപ്പാർട്ടുമെന്റും പ്രദർശിപ്പിച്ചിട്ടുള്ള പ്രതിപത്തിയെ അംഗീകരിച്ചതിനുവേണ്ടി മി. കുഞ്ഞിത്തൊമ്മനോടും മി. തരകനോടും ഞാൻ കൃതജ്ഞതയുള്ളവനായിരിക്കുന്നു. വീണ്ടും അഭിവൃദ്ധികരങ്ങ

ളായ പ്രവൃത്തികൾ നിർവഹിക്കേണ്ടതാവശ്യമാകുന്നു ഗവണ്മെന്റിന്റെ ബാദ്ധ്യതയായിരിക്കുന്നു. ചെലവുചെയ്യുന്നതിനു പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനെ ഏർപ്പിക്കുവാൻ സാധിക്കുന്ന തുകകൾകൊണ്ടു കഴിയുന്നത്ര വേലകൾ ചെയ്യുന്നതാണ്. വെള്ളപ്പൊക്കമുണ്ടാകുന്ന അവസരത്തിൽ വെള്ളത്തിനടിയിലായിപ്പോകുന്ന റോഡുകളെ സംബന്ധിച്ചിടത്തോളം സ്ഥിതിഗതികൾ അനുവദിക്കുന്നിടത്തോളം താണസ്ഥലത്തെ ഉയർത്തുന്നതിനു ഡിപ്പാർട്ടുമെന്റു ശ്രമിച്ചുവരുന്നുണ്ട്. മെയിൻസെന്ട്രൽ റോഡിലും മററും ഈയ്യിടെ ഞങ്ങൾ താഴ്ന്നസ്ഥലങ്ങൾ ഉയർത്തിയിട്ടുണ്ട്. മൂവാററുപുഴയാറിന്റെ തെക്കോലപ്പുറമ്പിനു സമീപമുള്ള ചില ഉടവുകൾ വേഗത്തിൽ അടയ്ക്കേണ്ടതിനെപ്പററി മി. ജൺ സൂചിപ്പിച്ചു. അതിനടുത്തു മണ്ണു ഇല്ലാത്തതുകൊണ്ടും, അതിനായി ഭൂമി വാങ്ങേണ്ടിയിരുന്നതുകൊണ്ടുമാണ് ഇപ്രകാരം താമസമുണ്ടായത്. ഭൂമി കിട്ടിയ ഉടൻതന്നെ ഉടവു നികത്തുന്നതിനുള്ള അടയ്ക്കുകയുംചെയ്തു. ഈയ്യിടെ ഉടവുകളുണ്ടായതു ബലഹീനങ്ങളായ ചില സ്ഥലങ്ങളിലാണ്, അവയും മററു സകല ഉടവുകളും പരമസിയാകെ അടയ്ക്കുന്നതാണ്. അദ്ദേഹം കണ്ടിയാൻകാടിനെപ്പററിയും പ്രസ്താവിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി അടുത്തവർഷാരംഭത്തിലുള്ളതു. അതിനു ചെലവ് ഒരു ജോലിക്കു ചെലവഴിക്കുന്നതു്. ഈ ജോലി ക്രമപ്രകാരം പൂർത്തിയാകുന്നതാണ്. നാഗർകോവിൽ പ്രദേശത്തുള്ള കെട്ടിടങ്ങൾക്കു അടുത്തുള്ള മററു കെട്ടിടങ്ങളെക്കാൾ വേഗം ചീത്തയാകുന്ന വലിയ ഇടുക്കുകളുണ്ടെന്നു മി. ഗൺ സൂചിപ്പിച്ചു. ചില ഭാഗങ്ങളിലും നേരത്തിലും ഉള്ള കെട്ടിടങ്ങൾ പണിചെയ്യുന്നതെന്നു തീരുമാനിക്കപ്പെട്ടിട്ടുള്ള ചില സ്ഥലങ്ങളിൽമാത്രം ഈ പ്രകാരമുള്ള വലിയ തുകകൾ വ്യയംചെയ്യേണ്ടതുണ്ടു്. സർ, ഒരു സാധാരണമായി എന്റെപ്പററി തന്റെ മനസ്സിനു തോന്നിയിട്ടുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനു വേണ്ടി മി. എ. കെ. പിള്ളയോടു ഞാൻ കൃതജ്ഞതയുള്ളവനായിരിക്കുന്നു. എനിക്കു ഇതിൽ ഒട്ടുമേ ഒന്നും പറയാനില്ല. ഉപക്ഷേപകത്തിലുള്ള താൻ ഭാഗരാജിച്ചിട്ടുള്ള ഉപക്ഷേപങ്ങളെപ്പററി നിർവ്വണ്ണിക്കാത്തതു നമ്മൾ ഞാൻ സന്തോഷിക്കുന്നു.

ഉപക്ഷേപം സഭയ്ക്കു അംഗീകരിക്കുന്നതിനോടു മി. പി. പിൻവലിക്കപ്പെട്ടു.

നമ്പർ നമ്പർ ഉപക്ഷേപങ്ങൾ.

പരിഗണിക്കപ്പെട്ടു ഉപക്ഷേപങ്ങൾ മാറ്റിവെക്കപ്പെട്ടു.

മി. ടി. രാമൻമേനോൻ,

നമ്പർ ഡിമാൻഡ് ക അനുസരിച്ചു അനുവദിച്ചിട്ടുള്ള ചെലവിൽ ചകക്കം രൂപയിൽനിന്നു ക രൂപാ കുറയ്ക്കണമെന്നു.

മി. ടി. കുമാരപ്പിള്ള,

നമ്പർ ഡിമാൻഡ് ക അനുസരിച്ചു അനുവദിച്ചിട്ടുള്ള ചെലവിൽ ചകക്കം രൂപയിൽനിന്നു ക രൂപ കുറയ്ക്കണമെന്നു.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലേക്കു ക-ാമത്തെ ഡിമാൻഡിൽ ചെലവിൽ ചകക്കം രൂപ ന്യൂനം-ക രൂപാ അനുവദിക്കണം എന്നുള്ള വിഷയം വോട്ടിനിടുകയും അതു സ്വീകരിക്കുകയുംചെയ്തു.

ഗ്രാന്റു അനുവദിച്ചു.

അടുത്തദിവസം രാവിലെ ക മണി നു യോഗിക്കുന്നതിനു.

യോഗം പിരിഞ്ഞു.

മി. പി. രാമലിങ്ങപ്പിള്ള,
നിയമസഭാ സിക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI.
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭ

൧൯൨൧-ൽ രണ്ടാമത്തെ യോഗം.

൧൯൨൧ ആഗസ്റ്റ് ൨൦-൦൩-ക്കു ൧൯൨൧ കർക്കടകം ൨൩-൦൩ ചൊവ്വാഴ്ച.

(ഒഫിഷ്യൽ റിപ്പോർട്ട്).

സഭ പകൽ ൧൧-൩൦-ന വീണ്ടും കൂടി. ഡിപ്യൂട്ടിപ്രെസിഡൻറ് മിസ്റ്റർ, വി. സുബ്ബയ്യർ, ബി. എ., ബി. എൽ. അദ്ധ്യാസനാധിപത്യം വഹിച്ചു. മിസ്റ്റർ. എസ്. പിരവിപ്പെരുമാൾപിള്ളയും മിസ്റ്റർ. സുബ്രഹ്മണ്യകുറയാർക്കും ഒഴിക്കെ ശേഷം എല്ലാ മെമ്പർമാരും ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

താരിപ്പു വിലയും കയററുമതി ചുങ്കവും വർദ്ധിപ്പിച്ചതു.

൭൫. മി: ടി. കുമാരപിള്ള (പൽക്കുളവും വിളവങ്കോടും): (എ) കള്ളു, ചാരായം, കറപ്പു, കഞ്ചാവു ഇവയുടെ വിലയും കയററുമതി തീരുവയും ഗവൺമെന്റ് മുതൽ ൧൯൨൧ വരെയുള്ള ഓരോ വർഷങ്ങളിലും എക്സൈസ് ഡിപ്പാർട്ടുമെൻറു വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നു ഗവർണ്മെൻറു ദയവായി പറയുമോ.

(ബി) ഉണ്ടെങ്കിൽ ഏതു ചരക്കുകൾക്കു എന്തു നിരക്കിൻപ്രകാരമാണ് വർദ്ധിപ്പിച്ചിട്ടുള്ളതു?

(സി) താരിപ്പു വിലയും തീരുവനിരക്കും വർദ്ധിപ്പിച്ചതു കൊണ്ടു എക്സൈസ് ഡിപ്പാർട്ടുമെൻറിന്റെ വരവു ആണ്ടു തോറും എത്ര രൂപാ വർദ്ധിച്ചിട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): (എ) യും (ബി)-യും "കള്ളു, ചാരായം, കറപ്പു, കഞ്ചാവു ഇവയുടെ വില" എന്നു മെമ്പർ പറഞ്ഞതു എന്തർത്ഥത്തിലാണെന്നു സ്പഷ്ടമല്ല. ഷാപ്പുകളിൽ കള്ളൊഴിക്കുന്ന ശേഷം സാധനങ്ങളുടെ വില ഡിപ്പാർട്ടുമെൻറിൽ നിന്നു കൂട്ടപ്പെടുത്താറില്ല. കള്ളിന്റെ വില ഗാലന്നു ഇത്രയിൽ കുറയരുതെന്നു നിശ്ചയിച്ചിട്ടുള്ളതു അതിൽ കുറഞ്ഞ വിലയ്ക്കു ഷാപ്പുകാർക്കു വിൽക്കാൻ പാടില്ലാത്തതും അതിനെ പററി ലൈസൻസിൽ നിബന്ധനചെയ്തിട്ടുള്ളതും ആകുന്നു. മെമ്പർ ആവശ്യപ്പെടുന്നതു വൃക്ഷനികുതി, ചാരായത്തിന്റെ തീരുവ, കറപ്പിന്നും കഞ്ചാവിന്നും ഷാപ്പുകാരോടു വസൂലാക്കുന്ന വിലയും ആണെങ്കിൽ ആ വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

കയററുമതി തീരുവയുടെ കാര്യം പറഞ്ഞാൽ ഒരു സാധനത്തിന്റെയും കയററുമതിക്കു വർദ്ധിപ്പിച്ചിട്ടില്ല. ഈ കാലത്തു ചില സാധനങ്ങളുടെ താരിപ്പു വില കുറപ്പെടുത്തിട്ടുണ്ട്. ഈ കുറവുകൾ കാണിക്കുന്ന ഒരു പട്ടിക † മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ആവശ്യപ്പെട്ട വിവരം താഴെ ചേർത്തിരിക്കുന്നു.

വർഷം	വർദ്ധന രൂപാ
൧൯൧൯	൪ ൪,൨൭൨
൧൯൨൦	൨൨,൧൪൭
൧൯൨൧	൯൯,൯൯൨
൧൯൨൨	൧,൪൦,൯൧൩
൧൯൨൩	൧,൭൨,൪൮.

കസവുതരങ്ങൾക്കുള്ള കമ്പോളങ്ങൾ.

൭൬. ഈ പ്രദേശത്തുണ്ടാക്കുന്ന കസവുതരങ്ങൾക്കു പുതിയ വില്പന സ്ഥലങ്ങൾ കണ്ടു പിടിക്കാൻ വല്ല യത്നവും ചെയ്തിട്ടുണ്ടോ എന്നു ഗവർണ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ഈ പ്രദേശത്തുണ്ടാക്കുന്ന കസവു തരങ്ങൾക്കു ജെർമനി, ഫ്രാൻസ്, ഇററലി ഈ രാജ്യങ്ങളിൽ പുതിയ വില്പന സ്ഥലങ്ങൾ കണ്ടു പിടിക്കാൻ യത്നങ്ങൾ ചെയ്തു കൊണ്ടിരിക്കയാണ്. മദ്രാസ് ഗവർണ്മെൻറും യൂറോപ്പിൽ അതിന്നു വില്പനസ്ഥലങ്ങൾ ഉണ്ടോ എന്നു അന്വേഷണം കഴിക്കുന്നുണ്ട്. അവരുടെ അന്വേഷണത്തിൽ തിരുവിതാംകൂറിൽ ഉണ്ടാക്കുന്നവയും ഉൾപ്പെടുന്നതു കൊണ്ടു ആ അന്വേഷണത്തിന്റെ ഫലവും പ്രതീക്ഷിച്ചിരിക്കയാണ്.

ഇംഗ്ലീഷ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ മാർക്കു കാളേജ്കളിലേക്കു കയററം കൊടുക്കുക.

൭൭. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കാളേജ്കളിലെ പ്രൊഫെസ്സർമാരായും പ്രാസംഗികന്മാരായും ട്യൂട്ടർമാരായും, ഡെമൺസ്ട്രേട്ടർമാരായും ൧൯൧൯ മുതൽ ൧൯൨൦ വരെ കയററം കൊടുക്കപ്പെട്ടിട്ടുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ എണ്ണം ഗവർണ്മെൻറു ദയവായി പറയുമോ.

മി: കെ. ജോഷ്വ (ഗവർണ്മെൻറു ചീഫ് സെക്രട്ടറി): ഒന്നു.

---

* അനുബന്ധങ്ങൾ ൧ എയും ൧ ബിയും നോക്കുക, പുറം ൧൭൭.

† അനുബന്ധം ൧ സി നോക്കുക, പുറം ൧൭൭

G. P. T. 793. 150 26-5-104.

പെൺപള്ളിക്കൂടങ്ങളിൽആൺ അദ്ധ്യാപകന്മാർ.

൭൭: മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) പുരുഷന്മാരായ അദ്ധ്യാപകന്മാരുള്ള പെൺകുട്ടികളുടെ വെർണാക്കുലർ ഹൈസ്കൂളുകളുടെ എണ്ണം.

(ബി) ആ അദ്ധ്യാപകന്മാരുടെ എണ്ണം.

മി: കെ. ജാൎജ്ജ (ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) യും (ബി)-യും ഈ സംസ്ഥാനത്തു പെൺകുട്ടികൾക്കായി ഒരു വെർണാക്കുലർ ഹൈസ്കൂൾ മാത്രമേയുള്ളു. അവിടെ നാലു ആൺഅദ്ധ്യാപകന്മാരും ഉണ്ട്.

പബ്ലിക്ക് സർവീസിൽ ക്ലൎക്കുകൾക്കായി ചെലവു ചെയ്യുന്ന സംഖ്യ.

൭൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൯൧൦-ൽ ഗവണ്മെൻ ഉദ്യോഗസ്ഥന്മാൎക്കു കൊടുത്ത ശമ്പളത്തിന് എത്ര ശതമാനമാണ് ക്ലൎക്കുകൾക്കായി കൊടുത്തതെന്നു ഗവണ്മെൻറ ദയവായി പറയുമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): സിൽബെന്തിച്ചു ലവായുള്ള ൪൮,൦൦൭,൭൦ രൂപയും ശമ്പളച്ചെലവു ൨൭,൪൮,൨൪ രൂപയും ആകുന്നു. മുൻ പറഞ്ഞ സിൽബന്തികൾ എന്നു പറഞ്ഞവരിൽ ക്ലൎക്കുകൾ, അദ്ധ്യാപകന്മാർ, ഫെഡ്കൺസ്റ്റബിൾമാർ കൺസ്റ്റബിൾമാർ മുതലായവരുൾപ്പെട്ട എല്ലാ ഗസെററഡ് അല്ലാത്ത ഉദ്യോഗസ്ഥന്മാരും ഉൾപ്പെടും. ക്ലൎക്കുകൾക്കു മാത്രം കൊടുക്കുന്ന സംഖ്യകൾ കാണിക്കുന്ന പ്രത്യേക കണക്കുകൾ അക്കൗണ്ടാഫീസിൽ വെച്ചു വരുന്നില്ല.

ബ്രിട്ടീഷ് ഇൻഡ്യയിലെ അസാദ്ധ്യതിക വിദ്യാലയങ്ങളിൽ പഠിക്കുന്ന തിരുവിതാംകൂർകാരായ വിദ്യാൎത്ഥികൾ.

൭൯. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയിലെ അസാദ്ധ്യതികകാളജ്കളിൽ തിരുവിതാംകൂർ കാരായ എത്ര വിദ്യാൎത്ഥികൾ പഠിക്കുന്നുണ്ടെന്നു വല്ല വിവരവും ഗവണ്മെൻറിനുണ്ടോ?

മി: കെ. ജാൎജ്ജ (ഗവണ്മെൻറ ചീഫ്സെക്രട്ടറി): മറുപടി നിഷേധത്തിലാണ്.

ഓച്ചിറ പൊതുച്ചന്തകളിലെ ചുങ്കം പിരിക്കൽ

൮൦. മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): (എ) ൧൯൧൯ മേടം ൧൦-ാംനു മി: എ. കെ. പിള്ളയുടെ ൩൦൯-ാം നമ്പർ ചോദ്യത്തിനു കൊടുത്ത മറുപടി സംബന്ധിച്ചു താഴെ വിവരിക്കുന്ന സംഗതികൾ ഗവണ്മെൻറ ദയവായി അന്വേഷിച്ചു പറയുമോ?

(൧) ഓച്ചിറയിൽ സസ്യാദികളും മത്സ്യവും വിൽക്കുന്ന പൊതുച്ചന്തകൾക്കു ചുററുമോ സമീപത്തോ അരി, നെല്ല്, ഉപ്പു, മുളകു മുതലായവ വിൽക്കുന്നവയും ചുങ്കം പിരിക്കുന്ന ഈ ചന്തകളുടെ ഭാഗമല്ലാത്തവയുമായ കടകൾ ഉണ്ടോ?

(൨) ചന്തകളിൽ വ്യാപാരം നടക്കുന്നതു രാവിലെ ഏഴുമണിക്കും വൈകിട്ടു എട്ടുമണിക്കും മദ്ധ്യേയാണെന്നു മറുപടിയിൽ പറഞ്ഞിട്ടുള്ളതു മേല്പറഞ്ഞ കടകളിലെ വ്യാപാരവും ചന്തകളിലെ വ്യാപാരവും തമ്മിൽ തെററിപ്പോകനിമിത്തമാണോ?

(൩) ഓച്ചിറയിൽ അവയ്ക്കായി പ്രത്യേകം നിയമിച്ചിട്ടുള്ള സ്ഥലങ്ങളിൽ നടത്തുന്നവയും കുറെ തേങ്ങയൊ അല്പം കയറൊ വിററു അന്നന്നത്തേക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ സാധുക്കളായ സ്ത്രീകളും കുട്ടികളും വരുന്നവയുമായ പച്ചക്കറിയും മത്സ്യവും ചന്തകളിൽ വ്യാപാരം നടക്കുന്നതു ഉദ്ദേശം വൈകിട്ടു ൪ മണിക്കും ൬ മണിക്കും മദ്ധ്യേയാണോ?

(ബി) മേൽപറഞ്ഞ സംഗതികൾ നിമിത്തം ഓച്ചിറ വൈകിട്ടു ൫ മണിക്കും ൬ മണിക്കും മദ്ധ്യേ നടത്തുന്ന അന്തികടകളിലെ ചുങ്കം ഏർപ്പാടു നിറുത്തൽചെയ്യുന്നകാൎയ്യം ഗവണ്മെൻറ ദയവായി പുനരാലോചന ചെയ്യുമോ?

മി: കെ. ജോൎജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) (൧) ഓച്ചിറയിൽ പച്ചക്കറിയും മത്സ്യവും ചന്തകൾക്കുചുററും അരി, നെല്ല്, മുതലായവ വില്ക്കുന്ന സ്വകാൎയ്യകടകൾ ഉണ്ടു.

(൨)—ാ (൩)-ം പച്ചക്കറി മാൎക്കററിലും മത്സ്യമാൎക്കററിലും ഉച്ചക്കുമുമ്പു തുടങ്ങി വൈകിട്ടു ൬ മണിവരെ സാമാനങ്ങൾ കൊണ്ടുചെന്നു വിററുവരുന്നുണ്ടു. അതിനാൽ മറുപടിയിൽപിശകില്ല.

(ബി) ഓച്ചിറയിലെ മാൎക്കററുകൾ അന്തിക്കടഎന്ന ഇനത്തിൽപെടാത്തതുകൊണ്ടു അവിടെ ചുങ്കം വസൂലാക്കുന്ന ഏർപ്പാടു നിറുത്തൽചെയ്യുന്നകാൎയ്യം പുനരാലോചനചെയ്യാൻ സംഗതിയില്ല.

വീരശൈവവിദ്യാൎത്ഥികളുടെ സ്കൂൾഫീസ്.

൮൧. മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): (എ) വീരശൈവസമുദായത്തിൽ (സെൻസസ് റിപ്പോർട്ടിൽ പഞ്ചാരങ്ങൾ എന്നുപറയപ്പെടുന്ന) പെട്ട ചിലർക്കുതി അവരുടെ സമുദായത്തിലെ വിദ്യാൎത്ഥികൾക്കു സ്കൂൾഫീസിന്റെ കാൎയ്യത്തിൽ ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നു കാണിച്ചുകൊണ്ടു ഗവണ്മെൻറിനു സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു പ്രവൎത്തിച്ചു എന്നു ഗവണ്മെൻറ ദയവായി പറയുമോ?

(ബി) ആ സമുദായക്കാൎക്കു സ്കൂൾഫീസിന്റെ കാൎയ്യത്തിൽ വല്ല ആനുകൂല്യങ്ങളും ഗവണ്മെൻറ ദയവായി അനുവദിക്കുമോ.

മി: കെ. ജോൎജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ)-ും (ബി)-ും ഇംഗ്ലീഷും മലയാളവും വിദ്യാഭ്യാസത്തെ സംബന്ധിച്ചു വീരശൈവ സമുദായത്തെ പിന്നോക്കവൎഗ്ഗമായി ഗണിക്കുന്നതിനു ഗവണ്മെൻറ ഇതിനു മുമ്പുതന്നെ അനുവദിച്ചുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു ഇംഗ്ലീഷും നാട്ടുഭാഷയും സ്കൂളുകളിൽ ആ സമുദായത്തിലെ വിദ്യാൎത്ഥികൾ പാതിഫീസു കൊടുക്കേണ്ടതുള്ളു.

ആർട്സും സയൻസും കാളേജുകളിലും സ്ത്രീകളുടെ കാളേജിലും ഉള്ള സ്ത്രീവിദ്യാർത്ഥികൾ.

൨൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സ്ത്രീകളുടെ കാളേജിലും സയൻസും ആർട്സും കാളേജുകളിലും എത്രയെത്ര വിദ്യാർത്ഥിനികൾ ഇപ്പോൾ പഠിച്ചുവരുന്നുണ്ടെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

സ്ത്രീകളുടെ കാളേജ്	൧൮൩
സയൻസ് കാളേജ്	൪൮
ആർട്സ് കാളേജ്	൪൩

വൈക്കത്തുള്ള സർക്കാർതെങ്ങിൻതോട്ടം.

൨൯. മി: എ. ജെ. ജോൺ (വൈക്കം): (എ) താഴെകാണിക്കുന്ന വിവരങ്ങളടങ്ങിയ ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തുവെക്കുമോ?

(൧) വൈക്കത്തുള്ള സർക്കാർതെങ്ങിൻതോട്ടത്തിന്റെ ആകെ വിസ്തീർണ്ണം.

(൨) ആ പറമ്പുവാങ്ങിച്ച തീയ്യതി.

(൩) അതിനു കൊടുത്തവില.

(൪) അതു തെങ്ങിൻതോട്ടമാക്കിയ തീയ്യതി.

(൫) കൃഷിഡിപ്പാർട്ടുമെന്റിനു കൊടുക്കുന്നതിനുമുമ്പു ആ പറമ്പിൽനിന്നു ആണ്ടുതോറും കിട്ടിവരുന്ന ശരാശരി ആദായം.

(൬) കൃഷിഡിപ്പാർട്ടുമെന്റിനെ ഏല്പിച്ചശേഷം ആണ്ടുതോറും ചെലവുകഴിച്ചു ആ തോട്ടത്തിൽനിന്നു കിട്ടിവരുന്ന ആദായം.

(൭) ആ തോട്ടം സംബന്ധിച്ചു ആണ്ടുതോറും ചെയ്തുവരുന്ന ആകെ ചെലവു.

(൮) ഇപ്പോൾ ആ തോട്ടത്തിൽ ഉള്ള തെങ്ങിന്റെ എണ്ണം.

(ബി) പബ്ലിക്ക്റോഡിൽനിന്നും ഈ തോട്ടത്തിലേക്കു പോകാൻ വല്ലവഴിയും ഉണ്ടോ എന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) (൧) ൪ ഏക്കർ ൯ ൦ സെൻറു.

(൨) ആ സ്ഥലം വൈക്കത്തെ ഇംഗ്ലീഷ്ഹൈസ്കൂൾ സ്ഥാപിക്കുന്നതിനായി റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും എടുത്തു പബ്ലിക്ക്വർക്ക്സ് ഡിപ്പാർട്ടുമെന്റിനെ ൧൦ വർഷം മിഥുനം ൫൦-ാനു- ഏല്പിച്ചു.

(൩) ൧൪,൨൯൫ രൂപാ ൨൪ ചക്രം നു കാണും.

(൪) സ്ഥലം കൃഷിഡിപ്പാർട്ടുമെന്റിനെ ൧൦൯൨ കന്നി ൧-ാംനു- ഏല്പിച്ചു.

(൫) ൧൦൯൦ മുതൽ ൧൦൯൧ വരെ ആ സ്ഥലം പല പാട്ടത്തിനു ഏല്പിച്ചുവന്നു. ആണ്ടൊന്നുക്കു ശരാശരി പാട്ടം ൨ രൂ ൩൫ രൂപാ൯ ചക്രം ആകുന്നു.

(൬) ആ തോട്ടത്തിലെ ആകെ വിളവു കാണിക്കുന്ന ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു. ചിലവുകഴിച്ചു വരവുകാണിക്കുന്ന കണക്കില്ല.

(൭) മുന്നുവർഷത്തെ ആകെചെലവുകാണിക്കുന്ന ഒരു പട്ടിക ¶ മേശപ്പുറത്തുവെച്ചിരിക്കുന്നു.

(൮) ൨ രൂ ൨; അതിൽ ൧൯൨ കായ്ക്കുന്നുണ്ടു.

(ബി) കടവിൽനിന്നു ക്ഷേത്രത്തിലേക്കുപോകുന്ന റോഡിൽനിന്നു രണ്ടടിവീതിയുള്ള ഒരു ചെറിയ ഇടവഴിയുണ്ടു്.

മാതൃകാതോട്ടങ്ങൾ.

൨൯. മി: എ. ജെ. ജോൺ (വൈക്കം): താഴെപറയുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

(എ) വളം പരീക്ഷിച്ചുകാണിക്കുന്നതിനായി കടവാക തെങ്ങിൻതോട്ടങ്ങളും നിലങ്ങളും ൧൦൯൫ മുതൽ എടുത്തിട്ടുള്ളതിന്റെ ആകെ വിസ്തീർണ്ണം.

(൨) ഈ ഭൂമി ഉടമസ്ഥന്മാരുടെ പേരുകളും ഓരോരുത്തരുടെ പക്കൽനിന്നും ഏറ്റെടുത്ത വിസ്തീർണ്ണവും.

(൩) ഓരോരുത്തരിലും ഗവണ്മെന്റു ചെലവാക്കിയ സംഖ്യയും വസൂലായ സംഖ്യയും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) ൨൭ ഏക്കർ ൭൨ സെൻറു.

(൨)-ം (൩)-ാ, ഭൂമി ഉടമസ്ഥന്മാരുടെപക്കൽനിന്നു ഒന്നും വസൂലായിട്ടില്ല. മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന പട്ടിക നിയമസഭാ സെക്രട്ടറിയുടെ ആപ്പീസിൽ വായിച്ചുനോക്കാൻ കിട്ടുന്നതാണു്.

തലയോലപ്പറമ്പും എൽ. ജി. ഈ. ഗവൺസ്കൂൾ.

൨൭. മി: എ. ജെ. ജോൺ (വൈക്കം): തലയോലപ്പറമ്പത്തു എൽ. ജി. ഈ. പെൺപള്ളിക്കൂടം നടത്തുന്ന കെട്ടിടം അപകടസ്ഥിതിയിൽ ഇരിക്കുന്നുഎന്നു ഗവണ്മെന്റിന്നറിവുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു് ചീഫ്സെക്രട്ടറി): കെട്ടിടം അനുപയുക്തമായ സ്ഥിതിയിലാണെന്നല്ലാതെ അപകടസ്ഥിതിയിൽ അല്ലെന്നും അറ്റകുറ്റങ്ങൾ തീർക്കാൻ വഴിഎടുക്കുന്നു എന്നും റിപ്പോർട്ടുകിട്ടിട്ടുണ്ടു്.

പുതുവൽചട്ടങ്ങളുടെ പരിഷ്കാരം.

൨൭൧. മി: കെ. കെ. തോമസ് (കോട്ടയം): (എ) നിയമസഭാ നടപടികൾ ഏഴാംപുസ്തകം ൨ ൭ന്നു-ം പുറത്തു പ്രസിദ്ധപ്പെടുത്തിട്ടുള്ള എന്റെ പ്രമേയത്തെ സംബന്ധിച്ചു ഗവണ്മെന്റു വാഗ്ദാനം ചെയ്തപ്രകാരം പുതുവൽചട്ടങ്ങൾ പരിഷ്കരിക്കുന്നതിനു അതിൽപിന്നെ ഗവണ്മെന്റു എന്തു പ്രവർത്തിച്ചു എന്നു ദയവായി പറയുമോ?

---

* അനുബന്ധം ൨ (എ) നോക്കുക: പുറം ൧൭൨.

¶ അനുബന്ധം ൨ (ബി) നോക്കുക: പുറം ൧൭൨.

(ഗ) അതിനെപ്പററി ഇതുവരെ ഒരു തീർച്ചയും ചെയ്തിട്ടില്ലെങ്കിൽ, കഴിയുന്നവേഗത്തിൽ ആ ചട്ടങ്ങളെ പരിഷ്കരിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ)-ം (ഗ)—ം, ഇതിനെപ്പററി ശിപാർശകൾ അയക്കുന്നതിനു ഭൂനികുതിയും ആദായനികുതിയും കമ്മീഷണരോടു ആവശ്യപ്പെട്ടിരുന്നു. ശിപാർശകൾ കിട്ടി. പുതുവൽ ചട്ടങ്ങൾ പരിശോധിച്ചു പരിഷ്കരിക്കാൻ ഒരു കമ്മിററിയെ നിയമിക്കാൻ ഗവണ്മെൻറു വിചാരിക്കുന്നു. ഈ കമ്മിററിയിൽ ഭൂനികുതികമ്മീഷണരും തിരുവനന്തപുരം, കൊല്ലം, കോട്ടയം ദിവാൻപേഷ്കാരന്മാരും നിയമസഭയിലെ അനുദ്യോഗസ്ഥമെമ്പർമാർ സഭയുടെ ഈ സെഷനിൽ അവരുടെയിടയിൽനിന്നു തന്നെ തിരഞ്ഞെടുക്കുന്ന മൂന്നു അനുദ്യോഗസ്ഥമെമ്പർമാരും സാമാജികന്മാരായിരിക്കും.

ഡിമാൻറുനോട്ടീസുകൾ.

വ്യ. മി: കെ. കെ. തോമസ് (കോട്ടയം): (എ) നിയമസഭാനടപടികൾ ഒ-ാം പുസ്തകം വർത്തമാനത്തു പ്രസിദ്ധപ്പെടുത്തിട്ടുള്ള പ്രമേയത്തെ സംബന്ധിച്ചു ഡിമാൻറുനോട്ടീസുകൾ അയക്കുന്നതിനെപ്പററി സഭ പാസ്സാക്കിയ നിശ്ചയമനുസരിച്ചു വല്ലതും പ്രവർത്തിച്ചോ എന്നു ഗവണ്മെൻറു ദയവായി പറയുമോ?

(ഗ) ഇല്ലെങ്കിൽ വല്ലതും പ്രവർത്തിക്കാൻ വിചാരിക്കുന്നുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ)-ം (ഗ)—ം, ചോദ്യം ഇല്ലായി ഗ ഒ-ാം നമ്പരത്തെ ഗവണ്മെൻറ് ഗസററിന്റെ ചാർജ്ജുവകുപ്പിപ്പാർട്ടുമെൻറ് ഷീററ് എ ഇരു എ-ം എ ഇരു ഗ-ം പുറങ്ങളിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ചോദ്യം ഇല്ലായി ഗ ഒ-ാം നമ്പരത്തെ എ ഒ ഗ-ാം നമ്പർ ഗവണ്മെൻറുത്തരവു മെമ്പർ വായിച്ചു നോക്കണം.

തിരുവിതാംകൂറിലെ നിന്നു മാസ്പുരാമ്പുവളങ്ങൾ കയററി അയക്കുന്നതിനെപ്പററി.

വ്യ. മി: കെ. കെ. തോമസ് (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) തിരുവിതാംകൂറിലെ മണ്ണിൽ ഉള്ള മാസ്സുരാമ്പുവളങ്ങളെപ്പററി കൃഷിഡിപ്പാർട്ടുമെൻറിന്റെ അഭിപ്രായം എന്താണ്? മററുമണ്ണിനോടു താരതമ്യപ്പെടുത്തിനോക്കിയാൽ വളരെ കുറവാണോ?

(ഗ) ആണ്ടുതോറും തിരുവിതാംകൂറിൽനിന്നുകയററി അയക്കുന്ന കൊഞ്ചിൻതോട്ടു, മത്സ്യവളം, എല്ലു, പിണ്ണാക്കു മുതലായ മാസ്സുരാമ്പുവളങ്ങൾ ഏതു?

(ങ) ഈ രാജ്യത്തിലെ കൃഷിയുടെ അഭിവൃദ്ധിക്കു മാസ്സുരാമ്പുവളങ്ങൾ അത്യന്താപേക്ഷിതമാകയാൽ തിരുവിതാംകൂറിൽനിന്നു ആ വളങ്ങൾ കയററി അയക്കുന്നതു ഗവണ്മെൻറു വിരോധിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) തിരുവിതാംകൂറിലെ മണ്ണിൽ മാസ്സുരാമ്പുവളം വളരെ കുറവാണെന്നാണ് കൃഷിഡിപ്പാർട്ടുമെൻറിന്റെ അഭിപ്രായം.

(ഗ) എക്സൈസ്ഡിപ്പാർട്ടുമെൻറിന്റെ വർഷാന്ത്യറിപ്പോർട്ടുകളുടെ ഗ-ം അനുബന്ധങ്ങൾ മെമ്പർ വായിച്ചുനോക്കണം. എ ഇ ഗ ഒ-ലെ വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ങ) ഇതു വളരെ ആലോചിക്കേണ്ടുന്ന ഒരു സംഗതിയാണ്.

മി: കെ. കെ. തോമസ് (കോട്ടയം): മറുപടിയുടെ ന-ാം ഭാഗം സംബന്ധിച്ചു ഗവണ്മെൻറു അതിനെപ്പററി ആലോചിക്കാൻ ഒരുക്കമുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): മറുപടി പറഞ്ഞതാണ്.

മി: കെ. കെ. തോമസ് (കോട്ടയം): കാര്യം വളരെ ആലോചിക്കേണ്ടതാണെന്നു പറയുന്നതുകൊണ്ടു അതു അങ്ങനെ സൂക്ഷ്മതയോടെ ഗവണ്മെൻറു ആലോചിക്കുമോ എന്നു വീണ്ടും ചോദിച്ചുകൊള്ളുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഇതിനെപ്പററി ഉടനടി ഉറപ്പുപറവാൻ സാധിക്കയില്ല. ഗവണ്മെൻറു അതിനെപ്പററി ആലോചിക്കുമെന്നു പറയാം.

ഫോറസ്റ്റ് യൂററിലൈസേഷൻ ഉദ്യോഗസ്ഥൻ.

വ്യ. മി: കെ. കെ. തോമസ് (കോട്ടയം): താഴെ വിവരിക്കുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) തിരുവിതാംകൂറിലെ വനവിഭവങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ഒരു ഫോറസ്റ്റ്യൂററിലൈസേഷൻ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

(ഗ) ആ ഉദ്യോഗസ്ഥൻ വല്ല റിപ്പോർട്ടുകളും സമർപ്പിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വനത്തിലുണ്ടാകുന്ന ഏതേതു വിഭവങ്ങളെപ്പററി?

(ങ) ഏതു വിഭവങ്ങളെപ്പററി റിപ്പോർട്ടുകൾ സമർപ്പിക്കാനുണ്ട്.

(ഴ) ഈ റിപ്പോർട്ടുകൾ താമസംകൂടാതെ സമർപ്പിക്കാൻ ശട്ടംകെട്ടുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): എ ഒ ൻ്റ-ൽ അന്നു വനം ഡിപ്പുട്ടികൺസർവേററർ ആയിരുന്ന മിസ്റ്റർ ആർ. ധനുഷ്കോടിപ്പിള്ളയേയും എ ഒ ൻ-ൽ വനം അസിസ്റ്റൻറുകൺസർവേററർ മിസ്റ്റർ കെ. എസ്. നാരായണയ്യങ്കാരെയും ഫോറസ്റ്റ് യൂററിലൈസേഷൻ (വനത്തിലെ വിഭവങ്ങൾ ഉപയോഗപ്രദമാക്കുന്നതിനു വേണ്ട അന്വേഷണം) ജോലിക്കു ഗവണ്മെൻറു നിയമിച്ചു. ഇപ്പോഴൊരു യൂററിലൈസേഷൻ ഉദ്യോഗസ്ഥൻ ഇല്ല.

(ഗ) ചെയ്തു ജോലിയുടെ അഭിവൃദ്ധികാണിക്കുന്ന റിപ്പോർട്ടുകൾ ഗവണ്മെൻറിലേക്കയച്ചിട്ടുണ്ട്.

മി: ധനുഷ്കോടിപ്പിള്ള വടക്കേഫാറസ്റ്റ് ഡിവിഷനിൽ ഒരു സാമ്പത്തികസർവ്വെ നടത്തുകയും ഈററയും ഉറപ്പില്ലാത്ത വൃക്ഷങ്ങളും കടലാസ്പൾപ്പ് ഉണ്ടാക്കാൻ ഉപയോഗിക്കാൻ കൊള്ളാമോ എന്നു അന്വേഷണങ്ങൾ നടത്തുകയും ചെയ്തു. ഇതിന്റെ ഫലമായി വടക്കൻതിരുവിതാംകൂറിൽ ഒരു തീപ്പെട്ടിവ്യവസായശാല സ്ഥാപിച്ചിട്ടുണ്ട്. തീപ്പെട്ടി ഉണ്ടാക്കുന്നതിനും മററും അവിടെ ഈററ ഉപയോഗിച്ചുവരുന്നു.

അസിസ്റ്റൻറു കൺസർവേററർ മിസ്റ്റർ കെ. എസ്. നാരായണയ്യങ്കാർ താഴെപറയുന്ന ജോലികൾ നടത്തിയിരുന്നു.

---

* അനുബന്ധം ന. നോക്കുക: പുറം ക്സ്ൻ.

(എ) തടിവ്യാപാരസ്ഥലങ്ങളുടെ സ്ഥിതിയും ആ വ്യാപാരത്തിനുള്ള സൗകര്യങ്ങളും കണ്ടുപിടിക്കുക.

(ബി) പുനലൂർ പേപ്പർമില്ലിന്റെ ആവശ്യത്തിലേക്കു അസംസ്കൃതസാധനങ്ങൾ കൊടുക്കുന്നതിനു മേലുള്ള പത്തനാപുരവും റേഞ്ചുകളിൽ ഈററുള്ളസ്ഥലങ്ങൾ സർവ്വേചെയ്തു വിലമതിക്കുക.

(സി) രാമക്കൽമേട്ടിൽ ഒരു മാറ്റം വെ ഉണ്ടാക്കാൻ കഴിയുമോ എന്നു പരിശോധിക്കുക.

(ഡി) വനത്തിലെ ചില്ലറ വിഭവങ്ങൾ കൊണ്ടു പരീക്ഷകൾ നടത്തുക. പെൻസിൽ, ബില്ല്യാർഡുപന്തുകൾ മുതലായവ ഉണ്ടാക്കുന്നതിനു വിഭ പരിചി. മരങ്ങൾ കൊള്ളാമോ എന്നു പരിശോധിപ്പിച്ചു നോക്കിട്ടുണ്ട്.

(ഞ)-ം (ര)-ം വനത്തിൽ ഉണ്ടാകുന്ന ചില്ലറ വിഭവങ്ങളെപ്പററിയുള്ള അന്വേഷണങ്ങൾ അവരവരുടെ ഡിവിഷനെ സംബന്ധിച്ചിടത്തോളം അതാതു ഡിവിഷണൽ ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാർതന്നെ നടത്തേണ്ടതാണെന്നു ഫാറസ്റ്റ്-ൽ ഗവർണ്ണമെന്റു ആലോചിച്ചു

കോട്ടയം ഡിവിഷനിലെ ഡിപ്പോകൾ.

൯൦. മി: കെ. കെ. തോമസ് (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായിപറയുമോ?

(എ) കോട്ടയം ഫാറസ്റ്റ് ഡിവിഷനിൽ ഉള്ള ഡിപ്പോകളുടെ എണ്ണം.

(ബി) ആ ഡിവിഷനിൽ ചെറിയ ഡിപ്പോകൾ ഉണ്ടോ? ഉണ്ടെങ്കിൽ എവിടെയാണ്.

(സി) കാഞ്ഞിരപ്പള്ളി, ഈരാട്ടുനട, മീനച്ചിൽ, കോട്ടയം നഗരം മുതലായ സ്ഥലങ്ങളിൽ ചെറിയ ഡിപ്പോകൾ സ്ഥാപിക്കുകയും അങ്ങനെ പ്രവൃത്തിച്ചെലവു കുറയ്ക്കുകയും ചെയ്യുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): കോട്ടയം ഫാറസ്റ്റ് ഡിവിഷനിൽ മൂന്നു ചെറിയ ഡിപ്പോകൾ ഉണ്ട്. (എ) വെട്ടിക്കാട്ട (ബി) പാറമ്പുഴ (സി) ആലപ്പുഴ.

(ബി) മല്ലപ്പള്ളി ഫാറസ്റ്റ് വാച്ച് സ്റ്റേഷനിൽ ഒരു ചെറിയ ഡിപ്പോ ആരംഭിച്ചിട്ടുണ്ട്.

(സി) ചെറിയ ഡിപ്പോകൾ സ്ഥാപിക്കുന്നതിനായി അതായു പ്രദേശങ്ങളിൽ തടിക്കുള്ള ആവശ്യത്തെ ആശ്രയിച്ചിരിക്കും ഓരോ സ്ഥലത്തെ ജനങ്ങൾക്കു തടിക്കുള്ള ആവശ്യം അറിയാതെ അങ്ങുമിങ്ങും ചെറിയഡിപ്പോകൾ സ്ഥാപിക്കുന്നതു അഭിലഷണീയമാണെന്നു തോന്നുന്നില്ല. മുൻകാലങ്ങളിൽ അങ്ങനെ തുറന്നിട്ടുള്ള ഡിപ്പോകൾ അവിടെ നിന്നു തടിവാങ്ങാൻ ആരുമില്ലാതെ, പരാജയത്തിലാണു കലാശിച്ചതു്.

പബ്ലിക്ക് സർവ്വീസിൽ സമുദായ പ്രാതിനിധ്യം.

൯൧. മി: കെ. കെ. തോമസ് (കോട്ടയം): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ഉദ്യോഗങ്ങളിൽ, പ്രത്യേകമായി ഗസററഡല്ലാത്തവരേയും എക്സിക്യൂട്ടീവും മിനിസ്റ്റീരിയലും സിൽബന്ധികളെയും നിയമിക്കുമ്പോൾ പ്രാതിനിധ്യം ഇല്ലാത്തതും അല്പംമാത്രം പ്രാതിനിധ്യം ഉള്ളവയും ആയ സമുദായങ്ങളിലെ ആളുകളെയാണ് പ്രോത്സാഹിപ്പിക്കേണ്ടതെന്നു ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു ഗവണ്മെന്റു ഉത്തരവുകൾ അയച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ വക ഉത്തരവുകൾപ്രകാരം തന്നെ ഡിപ്പാർട്ടുമെന്റുമേലധികാരികൾ എല്ലാപ്പോഴും പ്രവർത്തിച്ചു വരുന്നുണ്ടോ?

(സി) ചാൻറവന്ന്, എക്സൈസ് മുതലായ ഡിപ്പാർട്ടുമെന്റുകളിൽ സ്ഥിരമായും ആക്ടിംഗായും പുതുതായി നിയമിക്കുന്ന ആളുകളുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക പരിശോധനയ്ക്കായി ആണ്ടുതോറും ഗവണ്മെന്റിലേക്കു അയച്ചു വരുന്നുമെന്നു ആജ്ഞ പിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ഉവ്വ്. ഗസ്റ്റ്-ൽ ഇലാഖായി ൨൧-നു ജെ. ഇസ്ലാം നമ്പർ ഗവണ്മെന്റു സർക്കുലറിന്റെ ഒരു പകർപ്പ് * മേശപ്പുറത്തു വച്ചിരിക്കുന്നു അതു് അവസരം പോലെ ആവർത്തിച്ചിട്ടുള്ളതുമാണ്. ഡിപ്പാർട്ടുമെന്റുമേലധികാരികൾ മിക്കപ്പോളും ഗവണ്മെന്റിന്റെ ഉപദേശപ്രകാരം നടന്നിട്ടുണ്ട്. അല്ലാത്തവരോടു ഉപദേശപ്രകാരം തന്നെ നടക്കണമെന്നു ആജ്ഞാപിച്ചു വരുന്നു.

(ഡി) നിയമനങ്ങളുടെ ജാതിവിവരം കാണിക്കുന്ന പട്ടികകൾ ക്വാർട്ടർ(മൂന്നുമാസം)തോറും ഡിപ്പാർട്ടുമെന്റുമേലധികാരികളിൽ നിന്നു വരുത്തി ഗവണ്മെന്റു പരിശോധിക്കുന്നുണ്ട്.

മി: കെ. കെ. തോമസ് (കോട്ടയം): മറുപടിയുടെ (ബി) ഭാഗത്തെ സംബന്ധിച്ചു ഉപദേശാനുസരണം പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥന്മാരുടെ വിഴുപ്പുകെട്ടു ഗവണ്മെന്റ് കാര്യമായി ഗൌനിക്കാറുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഉവ്വ്.

അനുബന്ധം എ

൭൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

എ. ൧൯൯൬-മുതൽ ൧൯൯൯വരെ വൃക്ഷനികുതിയുടെയും ചക്കരച്ചാരായത്തിന്റെയും കള്ളിന്റെ ചാരായത്തിന്റെയും ഉള്ള തീരുവയുടെയും നിരക്കു കാണിക്കുന്ന പട്ടിക.

	൧൯൯൬-൯൭			൧൯൯൭-൯൮			൧൯൯൮-൯൯		
	രൂ.	അ.	പൈ.	രൂ.	അ.	പൈ.	രൂ.	അ.	പൈ.
എ. അല്പർഷത്തിലെ വൃക്ഷനികുതി									
പന	൧	൪	൦	൧	൧൨	൧	൧	൧൨	൦
തെങ്ങ്	൨	൮	൦	൩	൦	൮	൩	൦	൦
ചൂണ്ടപ്പന	൪	൦	൦	൫	൦	൦	൫	൦	൦
ബി. പ്രൂഫ് ഗാലൻ ഒന്നിനുതീരുവ.									
ചക്കരച്ചാരായം	൩	൧൨	൦	൩	൧൨	൦	൪	൬	൦
കള്ളിന്റെ ചാരായം	൩	൪	൦	൩	൧൪	൦	൪	൯	൩

---

* അനുബന്ധം ൪ നോക്കുക കൂറം, ൧൩൯

അനുബന്ധം ക്വബി.

൧൯-ാം നമ്പ്ര ചോദ്യത്തിന്റെ മറുപടി നോക്കുക.

II. കറപ്പിനും കഞ്ഞാവിനും ഷാപ്പുകാരോടു വാങ്ങുന്നവില.

	കറപ്പ്.			കഞ്ഞാവ്.		
	ഗ്രാ.	അ.	കൈ.	ഗ്രാ.	അ.	കൈ.
൧൦൯൯ മീനം ൧൨൦-ന്നു വരെ	൪൨	൦	൦	൨൩	൨൧	൦
൧൦൯൯ മീനം ൧൩-ാം-ന്നു മുതൽ ൧൦൯൧ മീനം ൧൨-ാംന്നു വരെ	൩൨	൨൧	൦	൨൩	൦	൦
൧൦൯൧ മീനം ൧൩-ാംന്നു-മുതൽ ൧൦൯൨ മീനം ൧൨—ാംന്നു-വരെ	൩൪	൨൧	൦	൨൩	൦	൦
൧൦൯൨ മീനം ൧൩-ാംന്നു-മുതൽ ൧൧൦൦ മീനം ൧൨-ാംന്നു-വരെ	൩൨	൦	൦	൨൩	൦	൦
൧൧൦൦ മീനം ൧൩-ാംന്നു-മുതൽ	൧൩	൨൧	൦	൨൩	൦	൦

അനുബന്ധം ക്സി.

൧൯-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

III. ചില കയററുമതിച്ചരക്കുകളുടെ താരിപ്പു വില രേഖപ്പെടുത്തിയതു്

ആണ്ടു്.	ചരക്കിന്റെപേരു്.		താരിപ്പുവില ആയിരുന്നതു് ഗ്രി. രൂപാ.	താരിപ്പുവില വർദ്ധിപ്പിച്ചതു് ഗ്രി. രൂപാ.
൧൦൯൯	൧ മത്സ്യം (കൊഞ്ചല്ലാത്ത)	ഹൺട്രഡ്	൩	൧൦
	൨ കൊഞ്ചു്	വെയിററ്	൩	൨൪
	൩ വാളൻപുളി	ഒന്നിന്	൨ ½	൧൨
൧൦൯൧	൧ വിറകു്	ടൺഒന്നിന്	൧൫	൧൨
	൨ കരി	ടി	൨൨	൫൨
	൩ പുന്നക്കായെണ്ണ	ഹൺട്രഡ്	൨	൨൦
൧൦൯൨	൧ ചുക്കു്	വെയിററ്	൧൪	൩൧ ½
	൨ ഇഞ്ചി	ഒന്നിന്	൧൦	൨൪
൧൧൦൦	മഞ്ഞൾ		൧	൧൪

അനുബന്ധം ൨ എ.

൨൩-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

മെവക്കത്തെ മറങ്ങിൻ തോട്ടത്തിൽ നിന്നു ൧൦൯൨ മുതൽ ൧൧൦൦ വരെ കിട്ടിയ അനുഭവം കാണിക്കുന്ന പട്ടിക.

ആണ്ടു്.	തേങ്ങാഎണ്ണം.	വിററ്കിട്ടിയവില. ഗ്രാ.	ച.	കാ.
൧൦൯൨	൫൩൦ ൪	൨൨൯	൨൨	൧
൧൦൯൩	൧ ൦ ൧൨	൩൩൩	൨൫	൧൩
൧൧൦൦	൨൨ ൨൩	൫ ൪൩	൧൦	൧

അനുബന്ധം ൨ ബി.

൨൩-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൦൯൨ മുതൽ ൧൧൦൦ വരെ വൈക്കം മെങ്ങിൻ തോട്ടത്തിനുവേണ്ടി നടത്തിയ ചെലവു വിവരം കാണിക്കുക.

ആണ്ടു്	വിത്തു, വളം മുതലായവ	കമ്പളം, കൂലി ഇത്യാദി	സ്ഥിരവേലകൾ	പലവക	ആകെ
	ഗ്രാ. ച. കാ.	ഗ്രാ. ച. കാ.	ഗ്രാ. ച. കാ.	ഗ്രാ. ച. കാ.	ഗ്രാ. ച. കാ
൧൦൯൨	൧ ൪—൦—൦	൨ ൦ ൨൫—൧൧	൪ ൫ ൨—൧൫—൫	൨—൨ ൨—൦	൨൨ ൨—൧൫—൧൪
൧൦൯൩	൧ ൦ ൨—൨ ൧—൧൨	൩൧ ൨—൨൩—൩	൨ ൨ ൫—൨ ൪—൧൫	൪—൨—൨	൩൪ ൧—൨൩—൪
൧൧൦൦	൧൨൩—൧൫—൧൧	൩ ൦ ൫—൧—൦	൩൫ ൩—൧ ൪—൧ ൦	൧൩—൨ ൦—൫	൩ ൫ ൫—൩—൫

അനുബന്ധം ൩.

വൃ-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൯൦൮-ൽ കയററിഅയച്ചിട്ടുള്ള ഭേസ്സുരാമ്പവകുടുംബത്തുടെ കണക്കു കാണിക്കുന്ന പട്ടിക.

	൧൯൦൯-ൽ കയററുമതി ചെയ്തതു ഫണ്ടുററ്വെയിററ്	വില രൂപാ
കൊമ്പുകൾ എല്ല് ഇതുമാതി	൧,൨൩൫	൩,൫൨൯
മഞ്ഞുവട്ടം	൩,൯൭൫	൩൧,൧൪൫
കൊഞ്ചിൻമേതോട്	൭,൨൧൨	൨൫,൧൨൪
പുന്നക്കാപിണ്ണാക്ക്	൪,൦൭൩	൧൦,൭൫൨
മുരാട്ടിപിണ്ണാക്ക്	൭൫൦	൨,൨൪൪
മററുതരം പിണ്ണാക്ക്	൪,൯൩൩	൪൩,൪൫൨
ആകെ	൨൩,൨൪൦	൧,൨൩,൭൧൦

അനുബന്ധം ൪.

൯൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

ബോർഡുകൾ.

നമ്പർ ൬൭. ൪൩൪൧.

സബ്ജക്ട്.

ഉദ്യോഗദാനവിഷയത്തിൽ കാര്യക്ഷമതയ്ക്കു യോഗ്യതയുള്ളവരായവരെ അശ്രദ്ധമാക്കാതെ ഈഴവർ, മുഹമ്മദീയർ മുതലായി വിദ്യാഭ്യാസത്തിൽ പിന്നിലകപ്പെടുന്ന സമുദായങ്ങളിൽ പെട്ടവരോടു പ്രത്യേകം ലക്ഷ്യം കാണിക്കേണ്ടതാണെന്നു എല്ലാ ഡിപ്പാർട്ടുമെന്റു മേലധികാരികളേയും ഇതിനാൽ അറിയിച്ചിരിക്കുന്നു.

(ഉത്തരവിൻപ്രകാരം)

ഹജൂർകച്ചേരി,
തിരുവനന്തപുരം
൧൯൧൭ ജൂലായി ൨൨.

എം. രാജരാജവർമ്മ,
ഗവണ്മെന്റ് അണ്ടർസെക്രട്ടറി.

അപേക്ഷകൾ (ഉടർച്ച).

ഡിപ്യൂട്ടിപ്രെസിഡെന്റ്: ഇനി നാം അപേക്ഷകളെപ്പററിയുള്ള ആലോചനയിൽ പ്രവേശിക്കാം.

ഡിമാൻറ് ൨ വിദ്യാഭ്യാസം—൩.൪.൧ ലക്ഷം രൂപ.

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): ഡിമാൻറ് ൨ വിദ്യാഭ്യാസവകയ്ക്കു ൩.൪.൧ ലക്ഷം രൂപായിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

൨ ൦. (എ) വിദ്യാഭ്യാസം മേലന്വേഷണം—൧ ഡയറക്ടർ

ഉപക്ഷേപങ്ങൾ ൪൦ മുതൽ ൪൨ വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: ജി. രാമൻമേനോൻ: ൪൦ സിൻബന്തികൾക്കു അനുവദിച്ചിട്ടുള്ള ൧൧, ൨൫൦ രൂപായിൽ ൨൪൦ രൂപാകുറയ്ക്കണമെന്നു

മി: ജി. രാമൻമേനോൻ: ൪൧, ഓവർസീയക്കു അനുവദിച്ചിട്ടുള്ള ൭൫൦ രൂപാവിട്ടുകളയണമെന്നു.

മി: കെ. മാധവൻപിള്ള: ൪൨, സിൻബന്തികൾക്കു അനുവദിച്ചിട്ടുള്ള ൧൫, ൭൫൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൪൫.

മി: സി. പി. തരകൻ (കുന്നത്തുനാടു): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കികൊള്ളുന്നു.

൪൫ സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൧൫,൦൦൦ രൂപായിൽ ൪൦൦ രൂപാ കുറയ്ക്കണം,

൧൯൦൯-ൽ ൧൨,൦൦ രൂപാമാത്രമെ ഈ ഇനത്തിൽ ചിലവുണ്ടാകാൻ ഇടയുള്ളു എന്നു ബഡ്ജററു കൊണ്ടു കാണുന്നു. ആ സ്ഥിതിക്കു ഇക്കൊല്ലം ൧൫,൦൦൦ രൂപാ ഇതിലേക്കായി നിയോഗിച്ചിരിക്കുന്നതെന്തിനാണെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടു ൪൦൦ രൂപാ കുറയ്ക്കണമെന്നാണു എന്റെ അഭിപ്രായം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൧൫,൦൦൦ രൂപായിൽ താഴെ വിവരിക്കുന്നപ്രകാരം മൂന്നിനങ്ങൾ ഉൾപ്പെടും.

(൧)	ഡയറക്ടരുടെ സഞ്ചാരപ്പടി രൂപാ	൧,൦൦൦
(൨)	ആഫീസ് സിൻബന്തികളുടെ ടി	൨൦൦
(൩)	ഡയറക്ടർ ആഫീസ് ഓവർസീയരുടെ ടി	൪൦൦

മി: സി. പി. തരകൻ പ്രസ്താവിച്ചപ്രകാരം ൧൯൦൯-ൽ ഈസംഖ്യമുഴുവനും ചെലവായില്ല. ൧൯൦൯-ൽ യഥാർത്ഥത്തിൽ വന്നസ്ഥ രൂപാ മാത്രമെ ചെലവായുള്ളു. അതു ഡയറക്ടർ ചെയ്തുപോരുന്ന അത്രകൊണ്ടാണു. വരുന്നയാണ്ടിൽ ഈ ൧൫,൦൦൦ രൂപായിൽ ഒരംശമെങ്കിലും ചെലവുകാതെ ബാക്കി ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഡയറക്ടർ സഞ്ചരിച്ചുപോകുന്നതിന്റെ ആവശ്യത്തെപ്പററി രണ്ടു അഭിപ്രായം ഉണ്ടാകാൻ വഴിയില്ല. എന്തെന്നാൽ ൧൦൯൯-ലെ ബഡ്ജററു വാദപ്രതിവാദത്തിൽ മിസ്റ്റർ സ്റ്റീഫൻസൺ സഞ്ചരിച്ചുപോകാത്തതിനെപ്പററി മെമ്പർമാർ ആക്ഷേപം പറഞ്ഞതായി കാണുന്നു. ഈ സമാധാനം മി: തരകനു തൃപ്തിപ്പെടുത്തുമെന്നും അദ്ദേഹം ഉപക്ഷേപം പിൻവലിക്കുമെന്നും വിശ്വസിക്കുന്നു.

ഡിപ്യൂട്ടിപ്രെസിഡെണ്ട്; ഡയറക്ടരുടെ സമാധാനംകൊണ്ടു തൃപ്തിപ്പെടുന്നുവൊ മി: തരകൻ?

മി: സി. പി. തരകൻ (കുന്നത്തുനാട്): ക്ലാസ്സ് വണ്ണത്തിന് രൂപാ ചിലവുണ്ടായതായിട്ടാണു കാണുന്നതു, ഇക്കൊല്ലത്തിൽ മി: സ്റ്റീഫൻസൻ വളരെ കുറച്ചാണു സംഗീട്ടുചെയ്തിട്ടുള്ളതെന്നു രാജ്യഭരണറിപ്പോർട്ടു കൊണ്ടു കാണുന്നു ക്ലാസ്സ് ക്ലാസ്സ് രൂപാ മാത്രമെ ഈ ഇനത്തിൽ ചിലവായിട്ടുള്ളു. അതു സംഗീട്ടിന്റെ കുറവുകൊണ്ടാണെന്നു ഡയറക്ടർ അവർകൾ പ്രസ്താവിച്ചിട്ടില്ല. അതിനാൽ ഈ സംഖ്യ കുറയ്ക്കേണ്ടതല്ലെന്നു ഞാൻ എന്റെ അഭിപ്രായം.

ഡിപ്യൂട്ടിപ്രെസിഡൻറ്: വരുന്നയാണ്ടിൽ സംഗീട്ടുപോകുമെന്നാണു അദ്ദേഹം പറയുന്നതു്. നിങ്ങളുടെ ഉപക്ഷേപത്തെപ്പററി നിർബന്ധമുണ്ടോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): നിർബന്ധമുണ്ടു്.

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ക്ലാസ്സ് ലെ ബഡ്ജററിൽ ക്ലാസ്സ് രൂപാ അനുവദിച്ചിരുന്നു. എന്നാൽ ആണ്ടിന്റെ ആദ്യഭാഗത്തു മി; സ്റ്റീഫൻസൻ സംഗീട്ടുപോകാതിരുന്നതിനാൽ അതു ഭേദപ്പെടുത്തേണ്ടിവന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): അതു ക്ലാസ്സ് ക്ലാസ്സിലും ഭേദപ്പെടുത്തിയോ?

മി ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഉവ്വ്.

വരുന്നയാണ്ടിൽ ഈ സംഖ്യ മുഴുവനും ചെലവാക്കുമെന്നു മി: തരകനോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. യഥാർത്ഥത്തിൽ ഓവർസീയക്ക് അനുവദിക്കുന്ന ൪ ൦ ൦ രൂപാ മുഴുവനും എല്ലാംകാലവും ചെലവാകുന്നുണ്ടു്. ഡയറക്ടരെ സംബന്ധിച്ചുള്ള സംഖ്യയിലാണു ബാക്കിവരുന്നതു വരുന്നയാണ്ടിൽ ഈ സാല്യയ്ൽ അല്പംപോലും ബാക്കിവരുത്തുകയില്ലെന്നു ഞാൻ മി: തരകനോടു ഉറപ്പുപറയാം(ചിരി).

മി: സി. പി. തരകൻ (കുന്നത്തുനാട്): മി:കൃഷ്ണസ്വാമി അയ്യർപറഞ്ഞ സമാധാനം അനുസരിച്ചു ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഡിപ്യൂട്ടിപ്രെസിഡൻറ്. ഉപക്ഷേപം പിൻവലിക്കാൻ മി: തരകനെ സഭ അനുവദിക്കുന്നുവോ?

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൪൪.

മി: കെ. ഐ. ജോസഫ് (മീനച്ചലും ഭേവികുളവും): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൪൪. ഡയറക്ടർക്കു അനുവദിച്ചുള്ള ക ൧,൪൯൨ രൂപായിൽ ക ൦ ൦ രൂപാകുറയ്ക്കണം

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിഗ് വിദ്യാഭ്യാസ ഡയറക്ടർ): സർ, ഒരപേക്ഷയുണ്ടു്. ചിലമെംബർമാരുടെ പ്രസംഗങ്ങൾ ശരിയായികേൾക്കാൻ കഴിയാത്തതുകൊണ്ടു മുൻവരിയിൽ ചെന്നിരിക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രെസിഡൻറ്: ആകട്ടെ, അങ്ങനെ ചെയ്തു കൊള്ളുക.

മി: കെ. ഐ. ജോസഫ് (മീനച്ചലും ഭേവികുളവും): വിദ്യാഭ്യാസംവകയ്ക്കു ചിലവു ആണ്ടുതോറും വർദ്ധിച്ചുവരുന്നു. ഇതിനെപററി കഴിഞ്ഞ വർഷം ഫൈനാൻഷ്യൽ സെക്രട്ടറി ബഡ്ജററ്ഹ.ജരാക്കിയ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ആണ്ടത്തേക്കു കണക്കാക്കിയിട്ടുള്ള ചെലവു കഴിഞ്ഞയാണ്ടത്തെ അടങ്കലിൽ വന്ന ലക്ഷം രൂപാക്കു തുല്യമാണ്. വിദ്യാഭ്യാസകാര്യങ്ങൾക്കായി മേലാൽ മുതൽമുടക്കുന്നതിനു മുമ്പായി വിദ്യാഭ്യാസനയം തന്നെ പുനഃശോധനചെയ്യുന്നതാണെന്നും കഴിഞ്ഞകൊല്ലം പറഞ്ഞിരുന്നു.

ഡിപ്യൂട്ടിപ്രെസിഡൻറ്. വിദ്യാഭ്യാസത്തിന്നു അനുവദിച്ചിട്ടുള്ള സംഖ്യ കുറയ്ക്കുന്നതിനെപ്പററിയല്ലല്ലോ നിങ്ങൾ സംസാരിക്കുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചലും ഭേവികുളവും): ഞാൻ പറഞ്ഞതു ഉപക്രമം മാത്രമേണ്ടു്.

വിദ്യാഭ്യാസത്തിന്റെ ആകെ ചെലവു് ആണ്ടുതോറും വർദ്ധിച്ചുവരുന്നതുകൊണ്ടു അതിലെ ഓരോ ഇനത്തെ പററിയും സൂക്ഷ്മതയോടെ പര്യാലോചിക്കേണ്ടതാണു. പ്രൈമറിയും സെക്കണ്ടറിയും വിദ്യാഭ്യാസം സംബന്ധിച്ചു ഇപ്പോൾ ചെയ്തു വരുന്ന ചെലവു ഒരു വിധത്തിലും കുറയ്ക്കാൻ നിവൃത്തിയില്ല. നേരെമറിച്ചു ആ ചെലവു വർദ്ധിപ്പിക്കേണ്ടിവന്നേക്കാം. അതുകൊണ്ടു നമ്മുടെ ആലോചനാവിഷയം ആക്കാവുന്നതു കോളേജ് വിദ്യാഭ്യാസം, മേലന്വേഷണം ഭേദധികാരം ഇവയെ സംബന്ധിച്ച ചെലവുകളാണ്.

ഇപ്പോഴത്തെ ഉപക്ഷേപത്തെപ്പററി ആലോചിച്ചാൽ, മേലധികാരം സംബന്ധിച്ച ചെലവു വളരെ കുറയ്ക്കാമെന്നാണു എനിക്കുപറവാനുള്ളതു്. കഴിഞ്ഞയാണ്ടിൽ വിദ്യാഭ്യാസഡയറക്ടരുടെ ഉദ്യോഗം തന്നെ വേണ്ടെന്നുവെയ്ക്കണമെന്നു ഒരു പ്രമേയം ഉണ്ടായിരുന്നു. ഭരണാധികാര വിഭജനത്തിനു നിയമപ്രകാരം ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു പ്രതീക്ഷിച്ചിരിക്കയാണെന്നും, അതു കിട്ടിയശേഷം ഡയറക്ടരുടെ അധികാരം എത്രത്തോളം വിഭജിക്കാമെന്നു ആലോചിക്കുന്നതാണെന്നും അന്നത്തെ വിദ്യാഭ്യാസഡയറക്ടർ അപ്പോൾ മറുപടിപറഞ്ഞു, അതുകൊണ്ടു ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നുഎന്നു അറിഞ്ഞുകൂടാ. എന്നാലും മററഡിപ്പാർട്ടുമെൻറുകളിൽ നിന്നു വ്യത്യസ്തമായി, ഇപ്പോഴത്തെപോലെ ഇത്രത്തോളം അധികാരം ഒരാളിൽ തന്നെ സമർപ്പിച്ചിട്ടാവശ്യം ഇല്ലെന്നു എനിക്കു തോന്നുന്നു്. വിദ്യാഭ്യാസം സംബന്ധിച്ചു ജോലിചെയ്യുന്നതു അതിനോടടുത്തു പെരുമാറുന്നവരാണ്. വിദ്യാഭ്യാസത്തിന്റെ ഗുണം അളക്കേണ്ടതു വിദ്യാർത്ഥികളിൽ കാണുന്ന ഫലം കൊണ്ടാണ്. മേലന്വേഷണത്തിനു ചെലവാക്കുന്ന പണം കൊണ്ടു വിദ്യാർത്ഥികൾക്കു ഗുണമൊന്നും സിദ്ധിക്കുന്നില്ല. ഒരാളിൽ അസീമാധികാര സമർപ്പണം അത്യാവശ്യമല്ലാത്തതുകൊൽ മേലധികാരം സംബന്ധിച്ച ചെലവു കുറയ്ക്കാമെന്നു ബോധിപ്പിച്ചുകൊള്ളുന്നു. വിദ്യാഭ്യാസ ഡയറക്ടരെപ്പോലെ വലിയശമ്പളമുള്ള ഉദ്യോഗസ്ഥന്നു ആവശ്യമാണെന്നു എനിക്കു തോന്നുന്നില്ല. ഡയറക്ടരുടെ രണ്ടുജോലികൾ പരിശോധനയും ഡിപ്പാർട്ടുമെൻറു സംബന്ധിച്ചു എഴുത്തുകുത്തുജോലിയും ആകുന്നു. രണ്ടാമത്തെ ജോലി ഞാൻ സാമാന്യ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞപ്രകാരം ഒരു സാധാരണ സെക്രട്ടറിയെ ഏൽപ്പിക്കാവുന്നതാണു്. സ്കൂൾ പരിശോധനജോലി

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഒരു ഉദ്യോഗസ്ഥനായിരുന്നു സെക്രട്ടറി ആകേണ്ടതെന്നു മെംബർ പറയുമോ. വിദ്യാഭ്യാസ വകുപ്പിൽ നിന്നോ സെക്രട്ടേറിയറ്റിൽ നിന്നോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വിദ്യാഭ്യാസവകുപ്പിൽ നിന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഒരു ഗ്രേഡിലുള്ള ഉദ്യോഗസ്ഥനെ യാണോ സെക്രട്ടറിയായി നിയമിക്കേണ്ടതെന്നു മെംബർ പറയുമോ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സെക്രട്ടറി മാസം നം ൦ മുതൽ ൪ ൦ വരെ രൂ. ശമ്പളമുള്ള ഗ്രേഡിൽ ഉള്ളവനായിരിക്കണം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): ഹെഡ്മാസ്റ്റർ ഗ്രേഡിൽഉള്ള ഒരാളെ സെക്രട്ടറിയായി നിയമിക്കാമോ എന്നു പറയുമോ.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എനിക്കതിനുംവിരോധമില്ല ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥനെ ഭരണജോലികൾക്കു അങ്ങനെയായാൽ സെക്രട്ടറിയെ നിയമിച്ചാൽ മതിയാകും.

ഇനി സ്കൂൾപരിശോധനയെപ്പറ്റി പറയാം ഇപ്പോൾ വിദ്യാഭ്യാസ ഡയറക്ടർചെയ്യുന്ന സ്കൂൾ പരിശോധന ജോലി നടത്തുന്നതിനു ഒരു ചീഫ് ഇൻസ്പെക്ടർമതിയാകും, ആ ജോലിക്കു വിദ്യാഭ്യാസ ഡയറക്ടരെപ്പോലെ പരിചയസമ്പത്തുള്ള ഉദ്യോഗസ്ഥൻ ആവശ്യമില്ല. യഥാർത്ഥം പറഞ്ഞാൽ സ്കൂളുകളുടെ പരിശോധനജോലി അധികവും ഹെഡ്മാസ്റ്റർമാരാണു ചെയ്യുന്നതു. രണ്ടാംഗ്രേഡ് സ്കൂളുകളിലെയും മിഡിൽസ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാരെ കാര്യക്ഷമതനോക്കി നിയമിച്ചാൽ ഇത്രഅധികം ഇൻസ്പെക്ടർമാർതന്നെ വേണ്ടി വരികയില്ല. വിദ്യാഭ്യാസത്തിനായി ചെലവു ചെയ്യുന്ന സംഖ്യ കാര്യക്ഷമതയ്ക്കു ഹാനിവരാതെ കുറയ്ക്കാമെന്നു കാണിച്ചുതരാം എന്ന നിലയ്ക്ക് ഈ സംഗതികൾ ഞാൻ സഭാ സമക്ഷം പ്രസ്താവിച്ചുകൊള്ളുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ) ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ). ഇങ്ങനെയുള്ള ഒരുപക്ഷേപം ചെലവു വർദ്ധിപ്പിക്കാതെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനോ കാര്യക്ഷമത കുറയ്ക്കാതെ ചെലവു കുറയ്ക്കുന്നതിനോ കൊണ്ടുവരാൻ സാധിക്കും. ഇവയിൽ രണ്ടാമത്തെതാണു കെ. ഐ. ജോസഫിന്റെ ഉദ്ദേശമെന്നു തോന്നുന്നു. ഇക്കാര്യത്തെപ്പററി ചിന്തിക്കുമ്പോൾ ഒന്നാമതായി ചെലവു കുറയുമൊ എന്നും രണ്ടാമതായി ചെലവു അല്പം കുറഞ്ഞതായും കാര്യക്ഷമതയ്ക്കു ഹാനികരമായി ഭവിക്കയില്ലയോ എന്നും ആലോചിക്കേണ്ടതാണ്. മി. കെ. ഐ. ജോസഫ് പ്രസ്താവിച്ചപ്രകാരം ഇങ്ങനെയുള്ള ഒരു പ്രമേയം കഴിഞ്ഞയാണ്ടിൽ ഈ സഭയിൽ വാദവിഷയമായിരുന്നു അന്നു അനുദ്യോഗസ്ഥ സാമാജികന്മാരിൽ തന്നെ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നെന്നും ഒടുവിൽ പ്രമേയം പിൻവലിക്കപ്പെട്ടു എന്നുകാണുന്നു.

ഇങ്ങനെയൊരു വ്യവസ്ഥ—

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പ്രമേയം പിൻവലിച്ചതു എന്തു നിശ്ചയത്തിന്മേലായിരുന്നു എന്നു മെംബർ പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ററിങ്ങ് വിദ്യാഭ്യാസഡയറക്ടർ): പ്രമേയം പിൻവലിച്ചതേ എനിക്കറിവുള്ളു. ഗവണ്മെന്റും അനുദ്യോഗസ്ഥാംഗങ്ങൾതമ്മിൽ വല്ല ഉടമ്പടിയും ഉണ്ടായിരുന്നോഎന്നു എനിക്കറിവില്ല. എനിക്കറിവുള്ളേടത്തോളം ഉടമ്പടിയോ നിശ്ചയമോ ഒന്നും ഉണ്ടായിരുന്നില്ല.

ഇങ്ങനെയൊരു വ്യവസ്ഥ—

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഗവണ്മെന്റു ഭരണാധികാരവിഭജനത്തിനു നിയമിച്ച ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രതീക്ഷിച്ചിരിക്കയാണെന്നും ആറിപ്പോർട്ടനുസരിച്ചു ഈ കാര്യത്തെപ്പററി ആലോചിക്കുമെന്നും കഴിഞ്ഞകൊല്ലം പറഞ്ഞിട്ടില്ലയോ.

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഭരണാധികാര വിഭജന ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രതീക്ഷിച്ചിരുന്നതുകൊണ്ടല്ല പ്രമേയം പിൻവലിച്ചതു. കഴിഞ്ഞബഡ്ജററ് യോഗത്തിന്റെ നടപടികൾമുഴുവനും ഞാൻ വായിച്ചുനോക്കി. മി: ജോസഫ് പറയുന്നതിനു ആധാരമായിയാതൊന്നും അതിൽ കണ്ടില്ല.

മി: ജോസഫ് ഇപ്പോൾ നടപ്പിൽവരുത്തണമെന്നു പറയുന്ന ഒരു വ്യവസ്ഥകുറെവർഷങ്ങൾക്കുമുമ്പു ഉണ്ടായിരുന്നു. അതു അതുപ്പിക്കാമായികണ്ടുകൊണ്ടാണു ഡയറക്ടരുദ്യോഗം സൃഷ്ടിച്ചതു. ഡയറക്ടർക്കു പലജോലികൾ ചെയ്യാനുണ്ടു. അവയെല്ലാം അദ്ദേഹത്തെപ്പോലെ ശരിയായി ചെയ്യാൻ വേറൊരുദ്യോഗസ്ഥനും കഴികയില്ല. പ്രധാന ഇൻസ്പെക്ടിങ്ങ് ഉദ്യോഗസ്ഥന്മാരും കാളേജ് പ്രിൻസിപ്പാൾമാരും ഉൾപ്പടെ ഡിപ്പാർട്ടുമെന്റിലെ എല്ലാ ഉദ്യോഗസ്ഥന്മാരുടെയും മേലന്വേഷണം കഴിക്കുക, പ്രൈവററ്കാളേജുകളുടെ പ്രിൻസിപ്പാൾമാരോടും സർവ്വകലാശാലയോടും എഴുത്തുകുത്തുനടത്തുകമുതലായവയാണു പ്രധാനജോലികൾ. ഗവണ്മെന്റു ഭരണയന്ത്രത്തിന്റെ ഒരു ഭാഗമായ ഹജൂരാപ്പീസിലെ ഒരു സെക്രട്ടറിക്കു ഈ ജോലികൾ ഡയറക്ടരെപോലെ കാര്യക്ഷമതയോടെ നിർവ്വഹിക്കാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): സംഗതികൾ മുഴുവനും ഒരു സെക്രട്ടറിയുടെ അധീനത്തിലിരുന്ന ഒരു കാലം ഉണ്ടായിരുന്നെന്നു ഡയറക്ടർക്കു അറിവുണ്ടോ എന്നു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ഉണ്ട്.

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): ചക്രവർത്തിമഹാരാജാവു തിരുമനസ്സിലെക്കു വിദ്യാഭ്യാസകാര്യങ്ങൾ നിടത്തുന്ന ഒരു വിദ്യാഭ്യാസസെക്രട്ടറിഉണ്ടെന്നു മെമ്പർക്കു അറിവുണ്ടോഎന്നു പറയുമോ.

മ: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഇംഗ്ലണ്ടിലെ സ്ഥിതികൾ എനിക്കു സുപരിചിതമല്ല അവിടെ ഒരു വിദ്യാഭ്യാസസെക്രട്ടറി ഉണ്ടെന്നു എനിക്കറിയാം. വിദ്യാഭ്യാസകാര്യങ്ങളെസംബന്ധിച്ചു സെക്രട്ടറിക്കു ഉപദേശങ്ങൾ കൊടുക്കാൻ ഒരു സ്ഥിരഉദ്യോഗസ്ഥൻകൂടെ ഇല്ലയോഎന്നു എനിക്കു നിശ്ചയമില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഇംഗ്ലണ്ടിൽ ഒരു വിദ്യാഭ്യാസ ബോർഡ് ഉള്ളവിവരം മെമ്പർക്കു അറിയാമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ഇംഗ്ലണ്ടിൽ ഒരു വിദ്യാഭ്യാസ ബോർഡ് ഉണ്ട്.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കാളേജ് പ്രിൻസിപ്പാൾ): യുദ്ധത്തിനു ശേഷം ഇംഗ്ലണ്ടിൽ ഒരു വിദ്യാഭ്യാസമന്ത്രി ഉണ്ടെന്നു ഡയറക്ടർക്കു അറിവുണ്ടോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ഉണ്ടു. യുദ്ധകാലത്തു ഒരു വിദ്യാഭ്യാസമന്ത്രിയുദ്യോഗം സൃഷ്ടിച്ചു എന്നുതോന്നുന്നു.

മി: കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): മിസ്റ്റർ ജോസഫിന്റെ അഭിപ്രായം സ്വീകരിച്ചാൽ ആഡിപ്പാർട്ടുമെന്റിന്റെ മേൽഅധികാരം നടത്തുന്നതു സെക്രട്ടറി ആയിരിക്കുമോ ദിവാൻ ആയിരിക്കുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): സെക്രട്ടറിയല്ല ദിവാനു മാത്രമേ ഡിപ്പാർട്ടുമെന്റിന്റെ മേൽഅധികാരം നടത്തുവാൻ കഴിയുള്ളു.

ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെമേൽ യാതൊരുതരം അധികാരവും നടത്താൻ സെക്രട്ടറിക്കു സാധിക്കയില്ലെന്നാണു താൻ പറഞ്ഞതു. ഒരു സെക്രട്ടറിക്കു എന്തു ചെയ്യാൻ കഴിയും? ദിവാന്നു സമർപ്പിക്കുവാൻ നോട്ടെഴുതുന്നതുമാത്രം കഴിയും. ഇങ്ങനെ ഇതിന്റെ പരിണാമം ഇപ്രകാരമായിരിക്കും. ഡിപ്പാർട്ടുമെന്റിന്റെ ഭരണസംബന്ധിച്ചു ജോലികൾ ദിവാൻതന്നെ ചെയ്യേണ്ടിവരും.

വീണ്ടും സെക്രട്ടറി എല്ലായ്പ്പോഴും തലസ്ഥാനത്തു താമസിക്കയല്ലാതെ സഞ്ചരിച്ചു പോകുവാൻ ഇടവില്ലാത്തതുകൊണ്ടു ഡിപ്പാർട്ടുമെന്റിലുള്ള പലതരം സ്ഥാപനങ്ങളുടെ ജോലിനിർവഹണത്തെപ്പററി നേരിട്ടു യാതൊരറിവും ലഭിക്കാൻ ഇടവില്ല. ഇതുനിമിത്തം അദ്ദേഹത്തിന്റെ നിയമനകാലത്തു അദ്ദേഹത്തിനു ഡിപ്പാർട്ടുമെന്റിനെപററി വല്ലപരിജ്ഞാനവും ഉണ്ടായിരുന്നാൽതന്നെയും അതുക്ഷണത്തിൽ കാലത്തിനു തോജിക്കാത്തതായിപോകും. ഈ സ്ഥിതിയിലുള്ള ഒരാൾക്കു ഇൻസ്പെക്ടർമാരുടെയും കാളേജ് പ്രിൻസിപ്പാൾമാരുടെയും മേൽ നാമമാത്രമായിട്ടല്ലാതെ യഥാർത്ഥ മേലന്വേഷണം നടത്തുവാൻ സാധിക്കയില്ല.

(ഈ സമയം പ്രസിഡന്റു ഹാജരായി അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു).

ഇങ്ങനെ ഈ രണ്ടുവിധത്തിലും അതായതു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ മേൽഅധികാരം നടത്തുന്ന കാര്യത്തിലും അവരുടെ ജോലിയുടെ മേലന്വേഷണകാര്യത്തിലും മിസ്റ്റർ ജോസഫ് കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥ ഇപ്പോഴത്തെ വ്യവസ്ഥയെക്കാൾ കാര്യക്ഷമതയ്ക്കു പോരാത്തതായിരിക്കും.

ഇനിയൊരുസംഗതി പറവാനുള്ളതു വിദ്യാഭ്യാസ ഡയറക്ടരുടെ ഒരു ജോലി ഡിപ്പാർട്ടുമെന്റിന്റെ പലശാഖകളുടെ ജോലിഏററിരിക്കയാണു. ഈ ജോലി സെക്രട്ടറിക്കു ഡയറക്ടരെപ്പോലെ ചെയ്യാൻ കഴിയില്ല.

അവസാനമായി ഗവർണ്ണമെന്റിന്റെമുമ്പാകെ ആലോചനക്കു വരുന്ന വിദ്യാഭ്യാസകാര്യങ്ങളെപ്പററി ഗവർണ്ണമെന്റിനു ഉപദേശം നല്കേണ്ടതും വിദ്യാഭ്യാസഡയറക്ടരുടെ ജോലിയാണു. രഹസ്യക്കുറിപ്പുകൾ എഴുതി ദിവാന്നു അയച്ചു ഉപദേശം കൊടുക്കുവാൻ സെക്രട്ടറിക്കു കഴിയുമായിരിക്കും. എന്നാൽ രഹസ്യനോട്ടെഴുതി ഉപദേശം കൊടുക്കുന്നതു ഒരു കാര്യം, ഹജൂരാഫീസിന്നു പുറത്തുനിന്നു നിയമനസാരം ഉപദേശം എഴുതിഅയക്കുന്നതു കേവലം വ്യത്യസ്ഥമായ വേറൊരുകാര്യം.

ഇപ്പോൾ ഉണ്ടാക്കേണമെന്നുപറയുന്ന വ്യവസ്ഥപ്രകാരം വിദ്യാഭ്യാസ ഡയറക്ടരുടെ ഭരണജോലിപോലും ശരിയായി നടക്കയില്ലെന്നാണു എന്റെ അഭിപ്രായം. ഉപദേശസംബന്ധമായ ജോലിയോ സെക്രട്ടറിചെയ്താൽ ഇപ്പോഴത്തേതിൽ പാതിപോലും നന്നാകയില്ലെന്നും എനിക്കുതോന്നുന്നു.

ഇനി ഈ ഉപക്ഷേപത്തിന്നു ആധാരമായി പറഞ്ഞ മററുചില സംഗതികളെപ്പററി ചിന്തിക്കാം. ചെലവിൽ വല്ലകുറവും ഉണ്ടാകുമോ, ഉണ്ടാകുമെങ്കിൽ കുറവെന്തായിരിക്കും എന്നുനോക്കാം. മിസ്റ്റർ ജോസഫിന്റെ അഭിപ്രായം സ്വീകരിച്ചാൽ നമുക്കുകിട്ടുന്ന ഇക എന്തായിരിക്കും. സെക്രട്ടറിക്കു ൧൦൦ മുതൽ ൯൦൦ വരെ ശമ്പളം കൊടുക്കണമെന്നാണു മിസ്റ്റർ ജോസഫ് പറഞ്ഞതു്, അങ്ങനെയാണെങ്കിൽ സെക്രട്ടറിയായി നിയമിക്കുന്നതിന്നു ഹെഡ്മാസ്റ്റർ മാരിലുനിന്നോ ഹജൂർസെക്രട്ടേറിയററിലുനിന്നോ ആളെതിരഞ്ഞെടുക്കണം. ഹജൂരിലുനിന്നു ഒരാളെനിയമിച്ചാൽ അയാൾക്കു രാജ്യത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പററി നേരിട്ടുള്ള യാതൊരറിവും ഉണ്ടായിരിക്കയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മൈസൂരിൽ ആരാണു വിദ്യാഭ്യാസഡയറക്ടർ ഒരുഅദ്ധ്യാപകനാണോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഒരുമത്സരപ്പരീക്ഷ നടത്തിയതിൽ ജയിച്ചതു സിവിൽ സെർവീസ് ഉദ്യോഗസ്ഥനാണു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പാൾ): മൈസൂരിൽ മൈസൂർ സർവ്വകലാശാലാ വൈസ്ചാൻസെലർ ഗവർണ്ണമെന്റിന്റെ വിദ്യാഭ്യാസസെക്രട്ടേറിയററും അല്ലയോ എന്നു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരോടു ചോദിച്ചുകൊള്ളുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ); വൈസ്ചാൻസെലർ വിദ്യാഭ്യാസവകുപ്പിലെ ഒരുഉദ്യോഗസ്ഥനാണെന്നുതോന്നുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): അദ്ദേഹം വിദ്യാഭ്യാസസെക്രട്ടേറിയറാണു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഡയറക്ടറായി നിയമിക്കുന്നതു കോളേജ് പ്രിൻസിപ്പാൾമാരെയാണെന്നും പ്രിൻസിപ്പാൾമാർക്കു കാളേജ് ഭരണത്തിൽ പരിചയമുണ്ടാകാമെങ്കിലും ഡിപ്പാർട്ടുമെന്റിന്റെ പലശാഖകളുടെ പ്രവൃത്തിയെ സംബന്ധിച്ചു പരിചയം ഇല്ലാത്തതിനാൽ അങ്ങനെയുള്ള പരിചയം സിദ്ധിച്ചു വിദ്യാഭ്യാസകാര്യങ്ങളെപ്പററി ഗവർണ്ണമെന്റിനെ ഉപദേശിക്കുന്നതിന്നു അവർ യോഗ്യന്മാരായി തീരുന്നതിന്നു ദീർഘകാലം വേണ്ടിവരുമെന്നും ഇപ്പോഴത്തെ വ്യവസ്ഥയ്ക്കു ഒരുക്ഷേപം പററുണ്ടായി. ഈ ആക്ഷേപത്തെ സംബന്ധിച്ചു എല്ലാസംഗതികളിലും പരിചയം സിദ്ധിച്ചിട്ടുള്ള ഒരുവിദ്യാഭ്യാസവകുപ്പുകിട്ടുന്നകാര്യം അസാദ്ധ്യമാണെന്നു എനിക്കു പറയാനുള്ളു. ഡിപ്പാർട്ടുമെന്റിന്റെ ഏതെങ്കിലും ഒരുശാഖയി

ജനിന്ന ഒരാളെ എടുത്തു നിയമിക്കയേ നിവൃത്തിയുള്ളു. ഏതുശാഖയിൽ നിന്നെടുത്താലും തദ്സംബന്ധമായി ഉള്ള ശാഖകളുടെ പ്രവൃത്തിയെപ്പററി പരിചയം സിദ്ധിക്കുന്നതിന്നു കുറെകാലതാമസം കൂടാതെ തരമില്ല.

വിദ്യാഭ്യാസസെക്രട്ടറിക്കായി ഹെഡ്ക്വാർട്ടേഴ്സ് ഹെഡ്മാസ്റ്റർമാരിൽ ഒരാളെ നിയമിക്കണമെന്നു മിസ്റ്റർ കെ. ഐ. ജോസഫ് പറകയുണ്ടായി. അങ്ങനെ നിയമിക്കുന്ന ഒരു സെക്രട്ടറിക്കു ഡയറക്ടരായിക്കയററാ കൊടുക്കപ്പെടുന്ന ഒരു പ്രിൻസിപ്പാലിനോടു, കാര്യക്ഷമതയുണ്ടാകുമോ എന്നു ഞാൻ അദ്ദേഹത്തോടു ഗൗരവമായി ചോദിക്കുന്നു. ബി. എ. പാസ്സായ ഒരു സാധാരണക്കാരൻ കാലക്രമത്തിൽ ഒരു ഹെഡ്മാസ്റ്റർ ആകാം. എന്നാലതു അത്ര സമയത്തിനോടു സമ്പർക്കപ്രകാരം സമ്പാദിച്ചിട്ടുള്ള പരിചയം കൊണ്ടു മാത്രമേ പ്രിൻസിപ്പാൽ ആകുവാൻ കഴിയുന്നുള്ളു. ഇങ്ങനെയിരിക്കെ മിസ്റ്റർ ജോസഫ് പറയുന്നപ്രകാരം നിയമിക്കപ്പെടുന്ന ഒരു സെക്രട്ടറി പ്രിൻസിപ്പാൽ ആയിരുന്നിട്ടുള്ള ഡയറക്ടർക്കു വിദ്യാഭ്യാസകാര്യങ്ങളിൽ ഗവർണ്ണമെന്റിനു ഉപദേശിക്കുന്നതിന്നു പ്രാപ്തനായിരിക്കുമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഒരു സാധാരണ ഹെഡ്മാസ്റ്റർക്കു ജോലിനടത്തുന്നതിൽ പ്രാപ്തിയുണ്ടാകുമെന്നു പറഞ്ഞതിന്നു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ഒന്നു രണ്ടു ഉദാഹരണങ്ങൾ പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): കാര്യപ്രാപ്തിയുടെ സംഗതിയിൽ മറെറ പ്രിൻസിപ്പാലും ഒരു ഹെഡ്മാസ്റ്ററും തമ്മിൽ വ്യത്യാസമുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വിദ്യാർത്ഥിസംബന്ധിച്ച ജോലികൾ ചെയ്യുന്ന സാധാരണ ഹെഡ്മാസ്റ്റർ മാത്രമായിരിക്കുമെന്നുള്ളതിന്നു ഉദാഹരണം പറയണം.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതാണെന്റെ അഭിപ്രായം. ആളുകളുടെ യോഗ്യതായോഗ്യതകളെപ്പററി വിമർശനം ചെയ്‌വാൻ ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഡയറക്ടരുടെ ജോലി എന്താണു?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഭരണം, ക്രമീകരണം, ഗവർണ്ണമെന്റിനു ഉപദേശിക്കുക.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇതു അക്ഷരപ്പിഴയല്ലേ. ഒരു സാധാരണ ഹെഡ്മാസ്റ്റർക്കു ചെയ്‌വാൻ സാധിക്കാത്ത ജോലികൾ വല്ലതും പ്രത്യേകമായി ചൂണ്ടിക്കാണിക്കാൻ കഴിയുമോ എന്നാണു ഞാൻ അറിയാൻ ആഗ്രഹിക്കുന്നതു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഡയറക്ടർക്കുള്ളേടത്തോളം സാധാരണ പ്രവൃത്തി ഒരുമാതിരിയായി തീർന്നിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഡെവലൂഷൻ ഉദ്യോഗസ്ഥന്റെ ശിപാർശകൾ ഗവർണ്ണമെന്റിലേക്കു അയച്ചിട്ടുണ്ടു. അവയെപ്പററി കാലതാമസം കൂടാതെ ഗവർണ്ണമെന്റു ഉത്തരവിടുമെന്നാണു എന്റെ അഭിപ്രായം. ഇപ്പോഴത്തെ നിലയിൽ ഡയറക്ടർക്കു ജോലിയുടെ ഭാരം വഹിക്കാൻ കഴിയുന്നതിലധികമാണു. താൻ ഇൻസ്പെക്ടറായിരുന്നപ്പോൾ ഇപ്പോഴത്തെപ്പോലെ നാലോ അഞ്ചോ കൊല്ലം കൊണ്ടേ ഇവിടെ വരുമെന്നു വിചാരിച്ചിരുന്നില്ലെന്നു മിസ്റ്റർ സ്റ്റീഫൻസൺ മുമ്പു എന്നോടു പറകയുണ്ടായി. ഞാൻ അദ്ദേഹത്തെ കാണുന്നതിന്നു അദ്ദേഹത്തിന്റെ ബംഗ്ലാവിൽ ചെന്ന അവസരങ്ങളിലൊക്കെ അദ്ദേഹം കടലാസ്സുകെട്ടുകളുടെ മദ്ധ്യത്തിൽ ഇരിക്കുന്നതായിട്ടാണു കണ്ടിട്ടുള്ളതു. എനിക്കിപ്പോഴുള്ള നാലുമാസത്തെ പരിചയംകൊണ്ടു അദ്ദേഹം ഡയറക്ടരുടെ ജോലിയെപ്പററി പറയുന്നതു പരമാർത്ഥമാണെന്നു എനിക്കു സംശയംകൂടാതെ പറയാം. അദ്ദേഹം ഇപ്പോൾ ചെയ്തു തീർക്കുന്നതു സാധാരണ പ്രവൃത്തിയിൽ അദ്ദേഹത്തിന്നു അല്പമെങ്കിലും ആശ്വാസം കൊടുക്കണമെന്നുള്ളതിന്നു സംശയമില്ല. അദ്ദേഹത്തിന്റെ സാധാരണ ജോലിയിൽ നിന്നു എത്രതന്നെ എടുത്തുകളഞ്ഞാലും ഡയറക്ടരുടെ ശക്തിയെല്ലാം പ്രയോഗിച്ചു ജോലിചെയ്താലും തീരാതെവന്നു ജോലി അദ്ദേഹത്തിന്നു പിന്നേയും ഉണ്ടായിരിക്കും.

മി. ടി. ടി. തോമസ് (കോട്ടയം): അദ്ദേഹത്തിന്നു ഒരു പേർസണൽ അസിസ്റ്റന്റു ഇല്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസഡയറക്ടർ): ഉണ്ടു്. പേർസണൽ അസിസ്റ്റന്റു ഉണ്ടു്. എന്നാൽ അദ്ദേഹത്തിന്നു പിടിപ്പുള്ള ജോലിയുണ്ടു്. ഇപ്പോൾ ആ ഉദ്യോഗത്തിലിരിക്കുന്ന ആൾ നിയമിക്കപ്പെട്ടിട്ടു ഒരാണ്ടു കഴിഞ്ഞിട്ടില്ലെങ്കിലും സുഖമെടുക്കുന്നതിന്നു അവകാശമുണ്ടായി അപേക്ഷിച്ചു കഴിഞ്ഞിരിക്കുന്നു. ഡയറക്ടരാഫീസിൽ ജോലി വളരെ അധികമാണു്. കാലത്തു ഏഴു മണിമുതൽ വൈകുന്നേരം മണിവരെയും ചിലപ്പോൾ ചുഴിഞ്ഞു എട്ടും മണിവരെയും ജോലിചെയ്യേണ്ടിയിരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അങ്ങനെയുള്ള ജോലി കീഴുദ്യോഗസ്ഥന്മാരെ ഏല്പിക്കാൻ പാടില്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസഡയറക്ടർ): ഉവ്വു്, ജോലിയുടെ ഒരു വലിയ അംശം കീഴുദ്യോഗസ്ഥന്മാരെ ഏല്പിക്കാം. ഈ ഉദ്ദേശത്തോടുകൂടിയാണു ഡെവലൂഷൻ ഉദ്യോഗസ്ഥനെ നിയമിച്ചതു്. എന്നാലും ഞാൻ മുമ്പു പറഞ്ഞപ്രകാരം ഡയറക്ടർക്കു വളരെ ജോലി ഉണ്ടാകും. ആ ജോലി ഇപ്പോൾ അദ്ദേഹം ചെയ്യുന്ന ജോലിയുടെ ഭൂരിഭാഗത്തെക്കാളും അധികം ഉത്തരവാദിത്വം ഏറിയതായിരിക്കുമെന്നാണു വ്യത്യാസം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അധികം ഉത്തരവാദിത്വമുള്ള ഈ ഭാഗം ജോലി ഒരു വിദ്യാഭ്യാസസെക്രട്ടറിയെക്കൊണ്ടോ ചീഫ് ഇൻസ്പെക്ടരെക്കൊണ്ടോ ചെയ്യിക്കാൻ കഴികയില്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസഡയറക്ടർ): ജോലിയുടെ ഒരുഭാഗം വിദ്യാഭ്യാസസെക്രട്ടറിയെ ഏല്പിക്കുന്നതായാൽ അതു ഹജൂർ സെക്രട്ടറിയററിൽ ഏകാധീനമാക്കുകയായിരിക്കും. എന്നാൽ മെമ്പറുടെ ശിപാർശ ജോലി ഏകാധീനമാക്കണമെന്നല്ല അധികാരം വിഭജിക്കണമെന്നാണല്ലോ. ഡയറക്ടരുടെ ജോലി എടുത്തു വിദ്യാഭ്യാസസെക്രട്ടറിയെ ഏല്പിക്കുന്നതു അധികാരവിഭജനമല്ല കേവലം ഏകാധീനമാക്കുകയാകുന്നു.

ഇനിയും ഡയറക്ടരുടെ സാധാരണജോലികൾക്കുപുറമെ അദ്ദേഹം ഗവർണ്ണമെന്റുപരീക്ഷകളുടെ കമ്മിഷണറുമാകുന്നു. അദ്ദേഹം അനേകം പരീക്ഷകൾ നടത്തുന്നുണ്ടു്. ഇംഗ്ലീഷ്സ്കൂൾലീവിങ്ങ് വെർണ്ണാക്യുലർ സ്കൂൾലീവിങ്ങ്, വെർണ്ണാക്യുലർ ഹൈസ്കൂൾ ടീച്ചേർസ്സർട്ടിഫിക്കററു പരീക്ഷകൾ, രണ്ടു സംഗീതപ്പരീക്ഷ

കാം രണ്ടു തരത്തിൽ പരീക്ഷകൾ, സംസ്കൃതകോളേജ്സംബന്ധിച്ചു നാലു പരീക്ഷകളും ഉണ്ട്. ഇങ്ങനെ ഏഴു പരീക്ഷകൾ അദ്ദേഹം നടത്തേണ്ടതായിട്ടുണ്ട്. ഈ പരീക്ഷകൾക്കെല്ലാംകൂടി ഇരുപതാണ്ടിൽ ൨൫൦൦ ആളുകൾ ചേർന്നിരുന്നു. ഡയറക്ടരുടെ ആഫീസിൽ ഇവയെസംബന്ധിച്ചു ഒരു പരീക്ഷാവകുപ്പുണ്ട്. അതിൽ സ്ഥിരം സിൽവന്തികളുമുണ്ട്. പരീക്ഷകൾക്കു അല്പംമുമ്പുമുതൽ അല്പം പിമ്പുവരെ കുറെ ആളുകളെ തൽക്കാലമെടുക്കേണ്ടതുണ്ട്. നിയമിക്കണം. ഈ വകുപ്പിന്റെ മേലന്വേഷണത്തിനു ഉത്തരവാദിത്വമുള്ള ഒരുദ്യോഗസ്ഥൻ ആവശ്യമാണ്. മാർക്കുകൾ കൂട്ടുന്നതു വളരെസൂക്ഷ്മതയോടെ ചെയ്യേണ്ടതാകുന്നു. ആ ജോലി മേലന്വേഷണം ചെയ്യുന്ന ഉദ്യോഗസ്ഥനെപ്പററി ശങ്കയ്ക്കുപോലും സംഗതി ഉണ്ടായിരിക്കരുത്. ഈ ജോലിയും വിദ്യാഭ്യാസസെക്രട്ടറിയെ ഏല്പിക്കണമെന്നാണോ മെമ്പർപറയുന്നത്?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതിനു ഞാനൊരു വിരോധവും കാണുന്നില്ല.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): ഈ ജോലിക്കു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ശമ്പളംകൊടുത്തു നിയമിക്കേണ്ടിവരും. ശങ്കിച്ചിട്ടാവശ്യമില്ലാത്ത ഒരുദ്യോഗസ്ഥനെ വേണമെങ്കിൽ അങ്ങനെയൊരാൾ വേണമെന്നാണു മെമ്പർ ആവശ്യപ്പെടുന്നത്. ആ ഉദ്യോഗസ്ഥനു നല്ല ശമ്പളം കൊടുക്കണം. എന്നാൽ ൫൦൦ മുതൽ ൮൦൦ വരെ രൂപാവിൽ കൂടുതൽ ശമ്പളംകൊടുക്കാൻ മിസ്റ്റർ ജോസഫിനു സമ്മതമില്ലായിരിക്കും. ഇങ്ങനെ ൫൦൦ മുതൽ ൮൦൦ വരെ രൂപാശമ്പളത്തിൽ രണ്ടു ഉദ്യോഗങ്ങൾ വിദ്യാഭ്യാസസെക്രട്ടറിയുടേയും പരീക്ഷകളുടെ മേലുദ്യോഗസ്ഥന്റെയും സൃഷ്ടിക്കേണ്ടിവരും. ഈ രണ്ടു ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനു ൯൦൦ രൂപാമുതൽ ൧൦൦൦ രൂപാവരെ കൂടുതൽ ചെലവുണ്ടാകും. ഇങ്ങനെ ഡയറക്ടരുടെ ഉദ്യോഗം നിറുത്തൽചെയ്താൽ ഉണ്ടാകുന്നലാഭം മാസം ൪൦ മുതൽ ൯൦ വരെ രൂപായാണ്. ഇതു നിമിത്തം വേറെവിധത്തിലുണ്ടാകുന്ന ചെലവു ഈ ചെറിയ ലാഭത്തെ വിഴുങ്ങിക്കളകയില്ലയോ. സ്കൂൾ ഇൻസ്പെക്ടർമാരും കാളേജ് പ്രിൻസിപ്പാൽമാരും സമർപ്പിക്കുന്ന പരിഷ്കാരപദ്ധതികളെ ഇപ്പോൾ ഡയറക്ടർ ചെയ്യുന്നതുപോലെ പഠിച്ചാലോചനചെയ്യാൻ വിദ്യാഭ്യാസസെക്രട്ടറിക്കു കഴിയുമെന്നു മിസ്റ്റർ ജോസഫ് വിചാരിക്കുന്നുവൊ? എന്റെ കാര്യം പറഞ്ഞാൽ നിഷേധത്തിൽ മറുപടി പറയുന്നതിനു എനിക്കു അശേഷം മടിയില്ല. ഇങ്ങനെയായാൽ പുതിയവ്യവസ്ഥകൾ ഗാഢമായ ആലോചനകൂടാതെ സ്വീകരിക്കപ്പെടുകയും അതു നിമിത്തം മിസ്റ്റർ ജോസഫ് പ്രത്യാശിക്കുന്ന ലാഭത്തെക്കാൾ എത്രയോ വലിയ നഷ്ടം ഗവർണ്മെന്റു സഹിക്കേണ്ടിവരികയും ചെയ്യും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പ്രിൻസിപ്പാൽമാരും ഇൻസ്പെക്ടർമാരും വല്ല വ്യവസ്ഥകളും ചെയ്യണമെന്നു ആവശ്യപ്പെടുന്നതു ഗാഢമായി പഠിച്ചാലോചന ചെയ്തശേഷം അല്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): ആ വ്യവസ്ഥകൾ ഗാഢമായ ആലോചനയ്ക്കു ശേഷമോ ആലോചനകൂടാതെയോ സമർപ്പിക്കുന്നതു ആവിധിക്കാം. മററല്ലാവരെയുംപോലെ ഉദ്യോഗസ്ഥന്മാരുണ്ടാകുന്നതിനുകളേയും ബാധിക്കുന്ന ഒരു ബലഹീനതയുണ്ട്. ഒരു ഉദ്യോഗസ്ഥനു കൂടുതൽ കീഴുദ്യോഗസ്ഥന്മാർ ആവശ്യമായി വന്നാൽ യഥാർത്ഥത്തിൽ ആവശ്യമുള്ളതിൽ അധികം ആളുകളെ ചോദിക്കുന്നതിവാണ്. അങ്ങനെതന്നെ ഒരു പുതിയ പദ്ധതി തയ്യാറാക്കി സമർപ്പിക്കുമ്പോൾ അതു ആവശ്യത്തിലധികം ചെലവുള്ളതാക്കിതീർക്കുന്നതിവാണ്. ഇങ്ങനെയുള്ള പദ്ധതികൾ ശരിയായ പരിശോധനകൂടാതെ സ്വീകരിക്കാതിരിക്കാൻ ഉത്തരവാദിത്വം ഉള്ള ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമല്ലയോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ അയാളുടെ സ്ഥാനത്തായിരുന്നാൽ അങ്ങനെ ചെയ്യുകയില്ല.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): ഗവർണ്മെന്റിന്റെ ആലോചനകളുംകൂടി സമർപ്പിക്കപ്പെടുന്ന പുതിയ വ്യവസ്ഥകളെ ശരിയായി പരിശോധിക്കുന്നതിനു വിദ്യാഭ്യാസസെക്രട്ടറിക്കു സാധിക്കയില്ല. അങ്ങനെ പുതിയ വ്യവസ്ഥകൾ പഴയതിനേക്കാളും നല്ലതല്ലാതെയും കാലാന്തരത്തിൽ അധികം ചെലവുള്ളതായും പരിണമിക്കാൻ സംഗതിയുണ്ട്. അതുകൊണ്ടു മിസ്റ്റർ ജോസഫിന്റെ ഉപക്ഷേപത്തെ ഞാൻ കുറിയമായി പ്രതിഷേധിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പു): വിദ്യാഭ്യാസഡയറക്ടരുടെ ഉദ്യോഗം നിറുത്തലാക്കണമെന്നും അദ്ദേഹം ഇപ്പോൾ ചെയ്തുവരുന്ന ജോലികൾ ഹജൂരിൽ ദിവാന്റെ ഒരു സെക്രട്ടറിയെ ഭരമേല്പിക്കണമെന്നും മിസ്റ്റർ ജോസഫ് പറഞ്ഞു

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ അങ്ങനെ പറഞ്ഞില്ല. ആ ജോലികൾ ഒരു സെക്രട്ടറിക്കും ഒരു ഇൻസ്പെക്ടർക്കുംകൂടി ഓഹരിചെയ്തു കൊടുക്കണമെന്നാണ് ഞാൻ പറഞ്ഞതു.

മി: കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും വ്യവസായവും, വകുപ്പു): ഡയറക്ടരുടെ ജോലികളിലും അധികാരങ്ങളിലും ഒരു ഭൂരിഭാഗം ഒരു ദിവാൻ സെക്രട്ടറിക്കയക്കാം ഗവർണ്മെന്റു സെക്രട്ടറിയേയൊക്കൊണ്ടു വഹിപ്പിക്കേണ്ടതാണെന്നു മിസ്റ്റർ ജോസഫ് അഭിപ്രായപ്പെടുന്നതായിട്ടാണ് ഞാൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു ഗ്രഹിച്ചതു. മിസ്റ്റർ ജോസഫ് എന്റെ തെററു തിരുത്തുകയൊ അദ്ദേഹത്തിനു പറയാനുള്ളതു പറകയൊ ചെയ്യുന്നതു അദ്ദേഹത്തിന്റെ മറുപടിയിൽ ആയിക്കൊള്ളട്ടെ. ഇപ്രകാരംതന്നെ ചീഫ്എൻജിനീയറിന്റെ ഉദ്യോഗം നിറുത്തലാക്കണമെന്നും പ്രാപ്തിയുള്ള എക്സിക്യൂട്ടീവ് എൻജിനീയർമാരെ നിയമിക്കണമെന്നു ചീഫ്എൻജിനീയർ ഇപ്പോൾ ചെയ്യുന്ന ജോലികൾ-എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും ദിവാന്റെ ഒരു പി. ഡബ്ല്യു. ഡി. സെക്രട്ടറിക്കുംകൂടി ഓഹരിചെയ്തുകൊടുക്കണമെന്നും അദ്ദേഹത്തിനു അഭിപ്രായപ്പെടാവുന്നതാണ്. ഇതിനുപുറമെ ഡർബാർഫിസിഷ്യന്റെ ഉദ്യോഗം നിറുത്തലാക്കുകയും യൊഗ്യന്മാരെ ഡിസ്ട്രിക്ട്ആശുപത്രികളിൽ നിയമിക്കയും ചെയ്തു ഡർബാർഫിസിഷ്യന്റെ ജോലികൾ ദിവാന്റെ ഒരു മെഡിക്കൽ സെക്രട്ടറിക്കും സഞ്ചാരക്കുംകൂടി വീതിച്ചുകൊടുക്കാമെന്നും കൂടെ അദ്ദേഹത്തിനു പറയുന്നതിനു വിരോധമില്ല ഇങ്ങനെ ലാൻഡ്രവന്യൂ കമ്മീഷണരെ സംബന്ധിച്ചും എക്സൈസ്കമ്മീഷണരെ സംബന്ധിച്ചും മററു പല ഡിപ്പാർട്ടുമെന്റു മേലധികാരികളെ സംബന്ധിച്ചും പറയാവുന്നതാണ്. ഇതു നൂതനവും ആകർഷണീയവും ആയ ഒരു സൂത്രം തന്നെ. രാജ്യഭരണത്തിന്റെ ആരംഭകാലങ്ങളിൽ ഗവർണ്മെന്റിന്റെ എല്ലാജോലികളും നടത്തിയിരുന്നതു രാജാ

പ്രധാനമന്ത്രിയോ ആയിരുന്നിരിക്കാം എന്നു ഞാൻ വിചാരിക്കുന്നു. ബ്രിട്ടീഷ്ഭരണത്തിന്റെ ആരംഭത്തിൽ നോൺ റെഗ്യുലേഷൻ പ്രൊവിൻസസ് എന്നു പറയുന്ന പ്രദേശങ്ങളിൽ എക്സിക്യൂട്ടീവ്, സിവിൽ, ക്രിമിനൽ മുതലായ എല്ലാജോലികളും ഒരുദ്യോഗസ്ഥൻതന്നെയാണു വഹിച്ചുവന്നതു്. ഭരണരീതി ക്രമപ്പെടുകയും ഗവണ്മെന്റിന്റെ പ്രവൃത്തിപന്ഥാക്കൾ വർദ്ധിച്ചുവരികയും ചെയ്തപ്പോൾ ഒരുദ്യോഗസ്ഥന് ഈ എല്ലാജോലികളും നിർവ്വഹിക്കാൻ കഴിയാതെവന്നു, തിരുവിതാംകൂറിൽ മിസ്റ്റർ ജോസഫ് പറയുന്നപ്രകാരമുള്ള ഒരു വ്യവസ്ഥ ഏർപ്പെടുത്തി പരീക്ഷിച്ചുനോക്കിയതിനെപ്പററി മിസ്റ്റർ ജോസഫിനു അറിവില്ലായിരിക്കും. ഡോക്ടർ മിച്ചൽ കോളേജ് പ്രിൻസിപ്പാളും ദിവാന്റെ സെക്രട്ടറിയും ആയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. പഴയ റിക്കാർട്ടുകൾ നോക്കിയാൽ അക്കാലത്തു ജോലി വളരെ കുറവായിരുന്നു എന്നു കാണാവുന്നതാണ്. എന്നാൽ ഇക്കാലത്തെ ജോലിവർദ്ധനവു ഭീതിജനകമാണ്. ആ വ്യവസ്ഥ പരീക്ഷിച്ചു പോരാ എന്നു കണ്ടു നിറുത്തിക്കളഞ്ഞു. പിന്നീടു മിസ്റ്റർ അയ്യപ്പൻപിള്ളയുടെ കാലത്തു ഈ വ്യവസ്ഥ പുനർജീവിപ്പിച്ചു. പിന്നെയും ഉപേക്ഷിച്ചു. അനന്തരം ഹോഡ്സൺ കമ്മിററി എന്നു പേരായ ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററിയിൽ ഞാനും ഒരു സാമാജികനായിരുന്നു.—ആ കമ്മിററി ആലോചിച്ചു ഇപ്പോഴത്തെ വ്യവസ്ഥ ശിപാർശചെയ്തു്യും ചെയ്തു. ആ വ്യവസ്ഥയാൽ അന്നുമുതൽ ജോലി തൃപ്തികരമായി നടക്കുന്നുണ്ട്. ഡിപ്പാർട്ടുമെന്റിലെ ജോലിയുടെ വിവിധത്വം ഏററവും വർദ്ധിച്ചിട്ടുള്ള ഇക്കാലത്തു ഡയറക്ടരുടെ ഉദ്യോഗം നിറുത്തിക്കളയണമെന്നു അഭിപ്രായം ചെയ്യുന്ന ജോലിക്കാരെ ഒരു സെക്രട്ടറി—പ്രയോഗത്തിൽ ദിവാൻതന്നെ—ചെയ്യണമെന്നും ആരെങ്കിലും പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോഴും ജോലി ദിവാന്റെ കയ്യിലാണു. ദിവാന്റെ വിശ്വസ്തന്ത്രിയുടെ നിലയിലാണു ഡയറക്ടർ അതുചെയ്യുന്നതു്. വിദ്യാഭ്യാസഡയറക്ടർ മുഖ്യനായിട്ടല്ലാതെ സെക്രട്ടറിമുഖാന്തിരം ദിവാൻ ജോലിനടത്താൻ ആരംഭിച്ചാൽ അനേകം പ്രയാസങ്ങൾ നേരിടും. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ചൂണ്ടിക്കാണിച്ച പ്രയാസങ്ങൾതന്നെ ഉണ്ട്. കാളേജ്പ്രിൻസിപ്പൽമാരുടെയും പ്രൊഫസർമാരുടെയും ഇൻസ്പെക്ടർമാരുടെയും കാര്യങ്ങളിൽ വിധിപറയേണ്ടതു മുന്നൂറോ നാന്നൂറോ രൂപാ രണ്ടുമൂന്നു വാങ്ങുന്ന ഒരാളായിരിക്കും. ഈസംഗതിയെപ്പററി കാര്യമായി ചിന്തിപ്പാൻതന്നെ പ്രയാസമാണ്. ഇംഗ്ലണ്ടിലേയോ മൈസൂരിലെയോ മററു സ്ഥലങ്ങളിലേയോ സംഗതികളോടു താരതമ്യപ്പെടുത്തണമെന്നില്ല. അവിടങ്ങളിലെ വ്യവസ്ഥ എന്താണെന്നറിഞ്ഞിട്ടുതന്നെ ആവശ്യമില്ല. അവയെപററി ഒരുവന്റെ പരിജ്ഞാനം പ്രദർശിപ്പിച്ചിട്ടും ആവശ്യമില്ല. അവിടങ്ങളിലെ വ്യവസ്ഥകളെ പഠിച്ചാൽ മിസ്റ്റർ ജോസഫിന്റെ അഭിപ്രായത്തിനു അനുകൂലമായി യാതൊന്നും ഇല്ലെന്നു അറിയാം. അതൊരു പുരോഗമനം ആയിരിക്കും. ഡിപ്പാർട്ടുമെന്റിനെപ്പററി വല്ല അറിവും ഉള്ളവരെല്ലാം ഇപ്പോഴത്തെ വ്യവസ്ഥ ഭേദപ്പെടുത്തിട്ടുവേണ്ടും ഇല്ലെന്നു പറയും. അപ്രകാരം അവിശ്വസ്തനും ആയ ഒരുവൻ ഡിപ്പാർട്ടുമെന്റിന്റെ മേലധികാരി ആയിരുന്നെങ്കിൽ കാര്യം വേറെയായിരുന്നേനെ. ഇപ്പോഴത്തെ വ്യവസ്ഥ വളരെ തൃപ്തികരമാണ്. ഡോക്ടർ മിച്ചൽ വിട്ടുപോയതു ജോലിയുടെ ആധിക്യംകൊണ്ടാണെന്നു മുൻ സഭയിൽ മിസ്റ്റർ ഹോഡ്സൺ പ്രസ്താവിക്കുകയുണ്ടായി. ഡോക്ടർ ബിഷപ്പ് ജോലിയിൽ ഇരിക്കുമ്പോൾതന്നെ മരിച്ചു. ഇതുതന്നെയാണു മിസ്റ്റർ സ്റ്റീഫെൻസന്റെയും മിസ്റ്റർ കൃഷ്ണസ്വാമി അയ്യരുടെയും സാക്ഷ്യം എന്നു വിചാരിക്കുന്നു. ഗുമസ്തന്മാർ കൊണ്ടുചെല്ലുന്ന കടലാസ്സുകൾ എല്ലാം വാങ്ങി അടയാളംവച്ചു കൊടുത്തിട്ടു കൈയ്യുംകെട്ടി ഇരുന്നുകൊണ്ടു കാണാൻചെല്ലുന്നവരോടു-ക്കെ വർത്തമാനം പറഞ്ഞു സാമർത്ഥ്യം നശിക്കാൻ ഡയറക്ടർക്കു കഴിയുമെന്നുള്ളതിനു സംശയമില്ല. മിസ്റ്റർ ഹോഡ്സനും മിസ്റ്റർ സ്റ്റീഫെൻസനും പറഞ്ഞിട്ടുള്ളപ്രകാരം ഒരാൾക്കു നിർവ്വഹിക്കാൻ കഴിയാത്തവണ്ണം ജോലി വർദ്ധിച്ചിട്ടുണ്ടു. അതുകൊണ്ടു ജോലി പകുത്തിരിക്കേണ്ട കാലമാണ് അതിക്രമിച്ചിട്ടുള്ളതു്. ഉപക്ഷേപത്തെ ഞാൻ പ്രതിക്ഷേപിക്കുന്നു.

മി. സി. പി. തോമസ് (ഗവണ്മെന്റുനിയമനം): സർ, ഇപ്പോഴത്തെ വ്യവസ്ഥയെ ഭേദപ്പെടുത്തി മിസ്റ്റർ ജോസഫ് പറയുംപ്രകാരം ഒന്നുംതന്നെ അശേഷം അഭിലഷണീയമായിരിക്കയില്ല. ഞാൻ ബഹുമാനപ്രസ്താവിച്ചപ്രകാരം എന്റെ നിലയ്ക്കു വിദ്യാഭ്യാസഡയറക്ടർ - ആവശ്യമില്ലെന്നല്ല ഒരു വിദ്യാഭ്യാസഡയറക്ടരുടെ ജോലിചെയ്യുന്ന ഒരു യഥാർത്ഥവിദ്യാഭ്യാസഡയറക്ടർ വേണമെന്നാണു. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞപ്രകാരം വിദ്യാഭ്യാസഡയറക്ടരുടെ സമയത്തിൽ അധികഭാഗവും ഒരു താണതരംഉദ്യോഗസ്ഥൻ ചെയ്യാവുന്ന എല്ലാമാതിരിസാധാരണ ആഫീസ് ജോലിചെയ്യുന്നതിനു വിനിയോഗിച്ചുവരുന്നു. ഡാക്ടർ മിച്ചലിന്റെകാലത്തിനുശേഷം വിദ്യാഭ്യാസഡയറക്ടർ വിദ്യാഭ്യാസവുമായി സംബന്ധിച്ചു പ്രാധാന്യതയുള്ള എന്തെങ്കിലും ഒരു കാര്യംചെയ്തിട്ടുണ്ടോ എന്നു ചോദിക്കാൻ സംഗതിയുണ്ട്, ഡാക്ടർ മിച്ചൽപ്രസിദ്ധപ്പെടുത്തിയ വിദ്യാഭ്യാസകോഡ് അവർ അങ്ങുമിങ്ങും മുടിപ്പെടുത്തി തൊട്ടുമിനുക്കിട്ടുണ്ടു. ഇതുവക്കിയ ശമ്പളമുള്ള ഒരുദ്യോഗസ്ഥൻ ഡിപ്പാർട്ടുമെന്റു മേലധികാരി ആയിരിക്കയും കാലാതിക്രമനുസരിച്ചുവിദ്യാഭ്യാസനയം സംബന്ധിച്ചു ആലോചനാവിഷയമാക്കേണ്ടിയിരുന്ന പല സംഗതികൾ ആലോചനയ്ക്കെടുക്കാതിരിക്കയും ചെയ്തിട്ടുള്ളതു കരംകൊടുക്കുന്ന കുടിയാന്മാർക്കു വലിയനഷ്ടംതന്നെയാണു. ഈസംഗതിയെക്കുറിച്ചു ഞാൻ വിദ്യാഭ്യാസഡയറക്ടരോടു സംസാരിച്ചപ്പോൾ മററതരം ജോലികളുടെ ഭാരം നിമിത്തം പ്രധാന്യതയുള്ള ജോലികളൊന്നും ചെയ്യാൻ സമയം കിട്ടുന്നില്ലെന്നായിരുന്നു അദ്ദേഹം പറഞ്ഞതു്. ഡെവലപ്പ്മെന്റ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടെന്താണെന്നോ അദ്ദേഹം ജോലിവിഭജനം എത്രത്തോളം ശിപാർശചെയ്തിട്ടുണ്ടെന്നോ എനിക്കറിവില്ല. ജോലിവിഭജനം പലവിധത്തിൽചെയ്യാം. കഴിഞ്ഞപ്രാവശ്യം ഞാൻ ഒരു ഉദാഹരണം പറഞ്ഞു ഒരു വിദ്യാർത്ഥിക്കുതന്റെ ഐച്ഛികവിഷയമായ ചരിത്രം മാററി ആക്കണമെങ്കിൽ ഹെഡ്മാസ്റ്റർ അതിനെപ്പററി ഒരു വാമൊഴി വാങ്ങി ഇൻസ്പെക്ടർക്കയക്കുന്നു. ഇൻസ്പെക്ടർ ഡയറക്ടർക്കയക്കുന്നു. അദ്ദേഹത്തിനു മാത്രമെ അതനുവദിക്കാൻ അധികാരമുള്ളു.

മി: കെ. ഐ. ജോസഫ് (മീനച്ചലം-ദേവികുളവും): ഇൻസ്പെക്ടർതന്നെ അനുവദിച്ചാൽ വല്ലതരക്കേടും വരാനുണ്ടോ?

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമനം): ഞാൻ പറയുന്നതു ഹെഡ്മാസ്റ്റർക്കു തന്നെ അതനുവദിപ്പാൻ അധികാരം ഉണ്ടായിരിക്കണമെന്നാണു. വിദ്യാർത്ഥികളുടെ ബുദ്ധിയെയും സ്വഭാവത്തെയും തൃപ്തികരിക്കേണ്ടതു ഹെഡ്മാസ്റ്റർ ആകയാൽ ഒരു വിദ്യാർത്ഥിക്കുതന്റെ ഐച്ഛികവിഷയം മാററണമോ എന്നു തീർച്ചയാക്കാൻ യോഗ്യൻ ഹെഡ്മാസ്റ്റർതന്നെയാണ്. ഇങ്ങനെയുള്ള നിസ്സാരസംഗതികൾ ഡയറക്ടരുടെ

ജോലിയിൽ പെട്ടതായിരിക്കുന്നു. ഇങ്ങനെയുള്ള വേറെയും ഉദാഹരണങ്ങൾ പറവാനുണ്ടു. വിദ്യാഭ്യാസ ഡയറക്ടരുടെ ആഫീസുകളിലും മററു ആഫീസുകളിലും ഉള്ള സാധാരണ ജോലികളെപ്പററി ഒരന്വേഷണം നടത്തുന്നതിനു ഒരു അനുദ്യോഗസ്ഥക്കമ്മിററിയെ നിയമിച്ചാൽ ഇങ്ങനെയുള്ള അനേകം കാര്യങ്ങൾ പ്രത്യക്ഷമാകുന്നതാണ്. അങ്ങനെയുള്ള ജോലികളിൽ നിന്നു വിദ്യാഭ്യാസഡയറക്ടരെ വിമുക്തനാക്കേണ്ടതാണെന്നു ഞാൻ ബലമായി ശിപാർശചെയ്തുകൊള്ളുന്നു. അങ്ങനെചെയ്താൽ വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചുള്ള പ്രധാനസംഗതികളെപ്പററി ആലോചിപ്പാൻ അദ്ദേഹത്തിനു അവസരം കിട്ടുമല്ലോ.

ടി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ ജോസഫിന്റെ വാദത്തിനു മറുപടിയായി ഇപ്പോൾ നടപ്പിലിരിക്കുന്ന വ്യവസ്ഥ കേവലം മാററണമെന്നാണു തന്റെ അഭിപ്രായമെന്നും അതിന്റെ സ്ഥാനത്തു വിദ്യാഭ്യാസമേലന്വേഷണരീതി ഉടനടി ഏർപ്പെടുത്തണമെന്നു പറഞ്ഞതാണെന്നു ഞാനു മനസ്സിലാക്കുന്നു. മിസ്റ്റർ മാത്തൻമാപ്പിളയെയും മിസ്റ്റർ തോമാസിനെയും പോലെയുള്ള മഹാന്മാർ ഇപ്പോഴത്തെ വ്യവസ്ഥതന്നെ നിലനിർത്തിക്കൊണ്ടു പോകേണ്ടതാണെന്നു പറയുമെന്നു തീർച്ചയറിയാം. എന്നാൽ അവർ ഇപ്പോഴത്തെ വ്യവസ്ഥയിൽ തിന്നുകൊണ്ടിരിക്കുന്നതാണെന്നും നാം ഓർക്കേണ്ടതാണ്. മിസ്റ്റർ മത്തൻമാപ്പിളയും മിസ്റ്റർ സി. പി. തോമാസും സഹപാഠിമാസ്റ്റർമാരായിരുന്നു. അവർക്കു പോരാത്ത പണത്തിനു കൂടി പോകുന്നതു് എളുപ്പമല്ല. നഷ്ടപ്പെട്ടുകാര്യത്തിന്നനുകൂലമായി അവർ എന്തു ശക്തിയോടെ വാദിച്ചുവന്നു കഴിവില്ലാ. ഇപ്പോഴത്തെ വ്യവസ്ഥപൊളിച്ചു പണിയേണ്ടതാണെന്നു അവർ സമ്മതിക്കയില്ല. ഈ വ്യവസ്ഥയുടെ പരിണാമത്തെപ്പററിചിന്തിക്കുമ്പോൾ നാമു സംഗതികൾ ആലോചിക്കണം. വിദ്യാഭ്യാസരീതി, വിദ്യാഭ്യാസഭാഷ, വിദ്യാഭ്യാസവിഷയം, വിദ്യാഭ്യാസമേലന്വേഷണം. ഒടുവിലത്തെ സംഗതിയായ വിദ്യാഭ്യാസമേലന്വേഷണത്തെപ്പററി മാത്രമേ മിസ്റ്റർ ജോസഫ് ചിന്തിക്കുന്നുള്ളു എന്നാണ് പുനിക്കു തോന്നിയതു. നമ്മുടെ വിദ്യാഭ്യാസം കേവലം ഒരു ഡിപ്പാർട്ടുമെന്റിന്റെ വക ജോലിയാക്കിക്കളഞ്ഞിരിക്കുന്നു എന്നു ഞാൻ ശങ്കിക്കുന്നു. നമ്മുടെ രാജ്യത്തെക്കാൾ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള രാജ്യങ്ങളെ നോക്കിയാൽ അവിടെ വിദ്യാഭ്യാസം ഒരു ഡിപ്പാർട്ടുമെന്റിന്റെ അധീനത്തിലല്ലെന്നു കാണാവുന്നതാണ്. മതത്തെ ഒരു ഡിപ്പാർട്ടുമെന്റിന്റെ അധീനത്തിലാക്കുന്നതുപോലെയാണു ഇതും. ലോകത്തിലേക്കും വലിയ സർവ്വകലാശാലകളായ ഓക്സ്ഫോർഡിലും കേമ്ബ്രിഡ്ജിലും ഗവണ്മെന്റിൽ നിന്നു ഗ്രാന്റു ലഭിക്കുന്നതിനായി ആണ്ടുതോറും അവരുടെ ചെലവിന്റെ ഒരു കണക്കു ബോധിപ്പിക്കണമെന്നല്ലാതെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റുമായിട്ടാതൊരു ബന്ധവുമില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഗവണ്മെന്റിനു യാതൊരു ഇടവാടും ഉണ്ടായിരിക്കുന്നതല്ല. വിദ്യാഭ്യാസാഭിവൃദ്ധിക്കു പുതിയ മസ്തിഷ്കങ്ങളും പുതിയ അഭിപ്രായങ്ങളും പുതിയ ആശയങ്ങളുമാണ് ആവശ്യം. അവയെ വ്യക്തിക്കാൻ ഗവണ്മെന്റിനു സാധിക്കയില്ല. വിദ്യാഭ്യാസം അഭിവൃദ്ധിയുടെ പ്രതിനിധിയും ഗവണ്മെന്റു യഥാസ്ഥിതികത്വത്തിന്റെ പ്രതിനിധിയും ആകുന്നു.

ഡയറക്ടർക്കു ജോലിയുടെഭാരം ഒരാൾക്കു വഹിക്കാൻ കഴിയുന്നതിലധികമാണെന്നു പറഞ്ഞു തനിക്കനുകൂലമായ ഒരഭിപ്രായം ജനിപ്പിപ്പാൻ മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ ശ്രമിച്ചു. അതു നേരുതന്നെ. വിദ്യാഭ്യാസനേതാവു (ഡയറക്ടർ) വിദ്യാഭ്യാസനേതൃത്വം കഴിക്കുന്നതുള്ള ജോലിയല്ലാതെ ചെയ്യുന്നുണ്ട്. ഇപ്പോഴത്തെ നിലയിൽ വിദ്യാഭ്യാസ ഡയറക്ടരുടെജോലി ഡയറക്ടരുടെ ജോലി ചെയ്യാതിരിക്കയാണ്. ആഫീസ് ഹെഡ്ഗുമസ്തന്റെ ജോലിയാണ്. അദ്ദേഹം ഇപ്പോൾ ചെയ്തുവരുന്നതു് ഡിപ്പാർട്ടുമെന്റിന്റെ ഭരണസംബന്ധമായ സാധാരണ ജോലികൾ ചെയ്യുന്നതിൽ അദ്ദേഹത്തിന്റെ സമയം മുഴുവനും വ്യയംചെയ്യുന്നു. അദ്ദേഹത്തിന്റെ സമയം മുഴുവനും ഡിപ്പാർട്ടുമെന്റിലെ എഴുത്തുകുത്തു ജോലിയിലാണ് അതിന്റെ നയം സംബന്ധിച്ചുജോലിയിലല്ല വ്യയം ചെയ്യുന്നതെന്നു ഞാൻ ഭയപ്പെടുന്നു. കാളജ് പ്രൊഫെസർമാരിൽ നിന്നു ആളെത്തിരഞ്ഞെടുത്തു ഡയറക്ടരായി നിയമിക്കുന്നതിനെപ്പററിയും ഒരുവാക്കു പറഞ്ഞുകൊള്ളട്ടെ. ഡാർവിന്റെ അഭിപ്രായം വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനു യോജിപ്പിക്കാതെ, ഹെഡ്മാസ്റ്റർ സ്ഥാനത്തുനിന്നു ഇൻസ്പെക്ടരായും ഇൻസ്പെക്ടർ സ്ഥാനത്തുനിന്നു പ്രൊഫെസ്സരായും പ്രൊഫെസ്സർ സ്ഥാനത്തുനിന്നു പ്രിൻസിപ്പാലായും പ്രിൻസിപ്പൽ സ്ഥാനത്തുനിന്നു ഡയറക്ടരായും തീരുന്നു ഒരാൾ ഹെഡ്മാസ്റ്ററെക്കാൾ ബുദ്ധിമാനാകുന്നതു എങ്ങനെയാണെന്നു എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. അയാൾ ഉന്നതസ്ഥിതി പ്രാപിക്കുമ്പോഴെക്കു തന്റെ തലകൊണ്ടു ശരിയായി വെലചെയ്യാൻ കഴിയാതവണ്ണം അതു അന്യകാര്യങ്ങൾകൊണ്ടു നിറഞ്ഞുപോകുമെന്നാണ് എന്റെ ഭയം. അതുകൊണ്ടാണ് ഇങ്ങനെയുള്ള കാര്യങ്ങളിൽ പുതിയ ബുദ്ധിയും പുതിയ അഭിപ്രായങ്ങളും പുതിയ ആളുകളും വേണമെന്നു ഞാൻ പറയുന്നതു്.

മേലന്വേഷണത്തിനും അധികാരം വഹിക്കുന്നതിനും പക്വബുദ്ധികളായ മനുഷ്യർ ആവശ്യമാണെന്നു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പറഞ്ഞു. ഇതു പ്രയോഗത്തിൽ എത്രത്തോളം അനുഭവസിദ്ധമായിട്ടുണ്ടെന്നു നമുക്കു നോക്കാം. ഡോക്ടർ മിച്ചൽ വിദ്യാഭ്യാസഡയറക്ടരായി. അദ്ദേഹം കാളേജ് പ്രിൻസിപ്പാൽ ആയിരുന്നു. അദ്ദേഹം കുറെക്കാലം ഗവണ്മെന്റിന്റെ വിദ്യാഭ്യാസസെക്രട്ടറിആയിരുന്നതു കൊണ്ടു ഭരണപരിചയം ഉണ്ടായിട്ടുണ്ടെന്നു പറവാനെങ്കിലും കഴിയുമായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമി ഡാക്ടർ ബിക്കുപ്പ് ആയിരുന്നു. അദ്ദേഹം രസതന്ത്രം പഠിപ്പിച്ചിരുന്ന വഴിക്കു പ്രിൻസിപ്പലായി. പ്രിൻസിപ്പാൽ ആയിരുന്നതുകൊണ്ടു് വിദ്യാഭ്യാസഡയറക്ടരായി. അല്ലാതെ വിദ്യാഭ്യാസവിദഗ്ധന്റെ വല്ല യോഗ്യതയും ഉണ്ടായിട്ടില്ല. പിന്നെ വന്നതു മിസ്റ്റർ ഹോഡ്സൻ ആണ്. അദ്ദേഹം ഇംഗ്ലീഷ് പ്രൊഫസർ ആയിരുന്നിടത്തുനിന്നു ഡയറക്ടർ സ്ഥാനത്തു നിയമിക്കപ്പെട്ടു. പിന്നീടു പ്രകൃതിശാസ്ത്രം പഠിപ്പിച്ചിരുന്ന മിസ്റ്റർ സ്റ്റീഫെൻസൺ കാളേജ് പ്രിൻസിപ്പലായും അനന്തരം വിദ്യാഭ്യാസഡയറക്ടരായും നിയമിക്കപ്പെട്ടു. ഇപ്പോൾ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരാണ്. ഇനി നമുക്കു വിദ്യാഭ്യാസഡയറക്ടരായി കിട്ടുന്നതു യുദ്ധ ചരിത്ര പ്രൊഫസരും ആയിരുന്നേക്കാം. നമുക്കു വിദ്യാഭ്യാസഡയറക്ടരായി കിട്ടുന്നതു വിദ്യാഭ്യാസവിദഗ്ധന്മാരെയല്ല ഓരോ വിഷയത്തിൽ മാത്രം പ്രത്യേകജ്ഞാനമുള്ളവരെ മാത്രമാണെന്നു ഇതിൽ നിന്നു തെളിയുന്നുണ്ടല്ലോ. നമ്മുടെ കോളേജിൽ എൻജിനീയറിങ്ങ് പഠിപ്പിക്കാൻ നിശ്ചയിച്ചാൽ ഒരു എൻജിനീയറിങ്ങ് പ്രൊഫസരെ നിയമിക്കേണ്ടിവരുമല്ലോ. പിന്നീടു കാലക്രമേണ അദ്ദേഹം സെർവീസ് പ്രകാരം പ്രിൻസിപ്പാൽആകും. തന്നിമിത്തം വിദ്യാഭ്യാസഡയറക്ടരും ആയിത്തീരും.

മി: കെ. സി. മാമ്മൻമാപ്പിള (വ്യവസായവും വ്യവസായവും, വടക്ക്): കോളേജ് പ്രൊഫസറായി പരിപ്പിച്ചു പരിചയമില്ലാത്ത വിദ്യാഭ്യാസഡയറക്ടരുടെ ജോലികൾ ചെയ്യാൻ പ്രാപ്തിയുള്ള ഏതെങ്കിലും ഒരാളെ മെമ്പർക്ക് പറവാൻ കഴിയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു രാജ്യത്തു നമുക്കു കോളേജ് വിദ്യാഭ്യാസത്തോടു ബന്ധമൊന്നുമില്ല. ഇവിടത്തെ കോളേജ് വിദ്യാഭ്യാസം ഒരു വിദ്യാഭ്യാസസർവ്വകലാശാലയുടെ അധികാരത്തിൻ കീഴിലാണ്. ഇവിടെ നാം ചിന്തിക്കാനുള്ളതു ഇവിടത്തെ ഗവണ്മെന്റിന്റെ കീഴിലുള്ള വിദ്യാഭ്യാസത്തെപ്പററിയാണ്. അതിനെ സംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടർക്കു ഒരു വിദ്യാർത്ഥിയുടെ നിലയിൽ ലഭിച്ചിട്ടുള്ള പരിചയം മാത്രമേയുള്ളു. ആ പരിചയംകൊണ്ടു നമുക്കു തൃപ്തിപ്പെടാമെങ്കിൽ അതിനെ അടിസ്ഥാനമാക്കി വാങ്ങിക്കാം. മിസ്റ്റർ സ്റ്റീവൻസൺ ഇൻഡ്യയിലെത്തിയപ്പോൾ ജോലി സുഖമുള്ളതായിരിക്കുമെന്നു വിശ്വസിച്ചിരുന്നു എന്നും വന്നപ്പോൾ ജോലിയുടെ പ്രയാസം കൊണ്ടു നിരാശയിലാകുകയുമുണ്ടായി എന്നും മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞു വല്ലോ. അതായതു അദ്ദേഹം ഒരു ഹെഡ്ക്ലാർക്കിന്റെ ജോലിയാണു ചെയ്തിരുന്നത്. ഇത്രവിശാലമായ ഒരു വിഷയത്തെപ്പററി വാഗ്വിലാസം ചെയ്യാൻ നമുക്കു സമയമില്ല. മിസ്റ്റർ ജോസഫ് പറഞ്ഞപ്രകാരം നാം വരിതപ്പിനടക്കുന്നതേയുള്ളു. ആലോചിച്ചു പുതിയ ഒരു ഡയറക്ടറെ മിസ്റ്റർ ജോസഫ് ഹാജരാക്കിട്ടുള്ളതെന്നു സഭ അറിഞ്ഞിരിക്കണം. അതിനു അവിടപ്പോടെ ന്യൂനതകൾ ഉണ്ടെന്നു പറഞ്ഞു കുററപ്പെടുത്തുന്നതു ശരിയല്ല. ഒരു വിഷമത്തിനു ഒരു പരിഹാരം കണ്ടു പിടിക്കാൻ മിസ്റ്റർ ജോസഫ് ശ്രമിക്കുന്നു എന്നേയുള്ളു. വിദ്യാഭ്യാസത്തിന്റെ ഒരു മുഖം വിദ്യാഭ്യാസനേതൃത്വം ആകുന്നു. എന്റെ അഭിപ്രായത്തിൽ ഇതിനെപ്പററി വല്ലതും കൂടെ സംസാരിപ്പാൻ കഴിയുമെന്നു പ്രത്യാശിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മിസ്റ്റർ ജോസഫ്കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തിനു പ്രതികൂലിക്കാനാണ് ഞാൻ എഴുന്നേല്ക്കുന്നതു്. മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതു് ഞാൻ ശരിയായി ഗ്രഹിച്ചിട്ടുണ്ടെങ്കിൽ ഒരു ഡയറക്ടറെ നിയമിക്കുന്ന കാര്യം അദ്ദേഹം ആക്ഷേപിക്കയാണ് ചെയ്യുന്നതു്. ആദ്യം അദ്ധ്യാപകനായി, പിന്നെ ഹെഡ് മാസ്റ്ററായി, പിന്നെ ഇൻസ്പെക്ടറായി, പിന്നെ പ്രൊഫസ്സറായി, പിന്നെ പ്രിൻസിപ്പാലായി അവസാനത്തിൽ ഡയറക്ടറായി തീരുന്ന ആളാണ് ഡയറക്ടർ എന്നാണ് അദ്ദേഹം ഡയറക്ടറെ വർണ്ണിച്ചതു്. അങ്ങനെയുള്ള ഒരാൾ ഡയറക്ടർ ഉദ്യോഗത്തിനു അയോഗ്യനാണെന്നു കേൾക്കുന്നു അദ്ദേഹം പറഞ്ഞതു ഇതുകൊണ്ടു് ഞാൻ വിചാരിക്കുന്നു പരിണാമവാദം.—

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): തെററായ ഒരു ഉദാഹരണമാണു അദ്ദേഹം പാടിക്കുന്നതു. പരിണാമവാദം തെററാണെന്നു ഞാൻ പറഞ്ഞില്ല. എന്നാൽ വിലയ്ക്കെടുക്കാത്തതു മുഖ്യമായും ആളെ തിരഞ്ഞെടുത്താണു, പരിണാമപാരമ്പര്യം നോക്കിയല്ല-

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഈവ്യവസ്ഥ ന്യൂനതകളുള്ളതാണെന്നായിരുന്നു മി. എ. കെ. പിള്ള കൊണ്ടുവന്ന വാദം. അദ്ധ്യാപകൻ വളർന്നാണു ഡയറക്ടർ ആകുന്നതെങ്കിൽ, എന്റെസ്നേഹിതനു വിരോധമില്ലാത്ത പക്ഷം, അദ്ദേഹം ആ സ്ഥാനത്തു ഇരുന്നുകൊള്ളട്ടെ. എന്നാൽ അദ്ദേഹത്തിന്റെ വാദംകേട്ടപ്പോൾ പഴക്കമില്ലാത്ത ഒരുയുവജനക്കാരനെ ഡയറക്ടറായി നിയമിക്കണമെന്നു അദ്ദേഹം ശിപാർശ ചെയ്യുന്നതായിട്ടാണു എനിക്കുതോന്നിയതു് അതിൽപിന്നെ അദ്ദേഹം പ്രിൻസിപ്പാലിനെ ഡയറക്ടറായി നിയമിക്കുന്നതിനെ ആക്ഷേപിക്കുകേട്ടു. അവസാനമായി എനിക്കുമനസ്സിലായതു ഉപക്ഷേപം കൊണ്ടുവന്ന മിസ്റ്റർ കെ. എ. ജോസഫ് ഇരട്ടത്തുപ്പിനടക്കയാണെന്നും വല്ലതും കണ്ടുപിടിക്കാനുള്ള ശ്രമത്തിൽ ഡയറക്ടറെ തട്ടിയുരുട്ടിയിടാൻ നോക്കുകയാണെന്നും ആകുന്നു അതു ഈ സഭ സ്വീകരിക്കേണ്ടുന്ന ഒരു പ്രശ്നം അല്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഇരട്ടത്തുപ്പിനടക്കുന്നതിനു പകരം അദ്ദേഹം ഒരു വ്യവസ്ഥ തയ്യാറാക്കി കൊണ്ടുവരണം, അതിന്റെ ഔചിത്യത്തെപ്പററി അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരിക്കുകയുംവേണം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): മെമ്പർ സംസാരിക്കുന്നതു ഞാൻ പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയാണോ മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയാണോ?

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻപറയുന്നതു വേണ്ടുവോളം വ്യക്തമാണെന്നു വിചാരിക്കുന്നു. താൻഹാജരാക്കുന്ന വ്യവസ്ഥയുടെ ന്യായങ്ങൾപ്പററി അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരിക്കണം. മിസ്റ്റർ ജോസഫ് കൊണ്ടുവന്ന ഉപക്ഷേപം വിസ്തൃതമാണു. ഇപ്പോഴത്തെ വ്യവസ്ഥയെ സാധൂകരിക്കുന്നതിനു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ കൊണ്ടുവന്ന വാദങ്ങളുള്ളതു ആവശ്യമല്ല. വിദ്യാഭ്യാസമേലന്വേഷണത്തിനു ഹജൂരാഫീസിലെ ഒരുസെക്രട്ടറിമതിയെന്നു മിസ്റ്റർ ജോസഫ് പറയുന്നു. ആ പേരുഅദ്ദേഹത്തിനു അത്രമനോഹരമായി തോന്നുന്നെങ്കിൽ:—

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): വിദ്യാഭ്യാസഡയറക്ടരുടെ ജോലി രണ്ടായി പകുത്തു ഒരുപങ്കു് ഇൻസ്പെക്ടരേയും കേവലം ഭരണസംബന്ധമായും ഡിപ്പാർട്ടുമെന്റു സംബന്ധമായും ഉള്ളമററൊരു പങ്കു സെക്രട്ടറിയേയും ഏല്പിക്കാമെന്നാണു ഞാൻപറഞ്ഞതു. എന്റെസ്നേഹിതനു ഞാൻ പറഞ്ഞതു ഗ്രഹിക്കാൻ കഴിയാത്തതുകൊണ്ടു് ഞാൻ വ്യസനിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): വിദ്യാഭ്യാസസംബന്ധമായ ഡിപ്പാർട്ടുമെന്റൽ കാര്യങ്ങളെ നോക്കുകയും അതിനുത്തരവാദിയായിരിക്കയും ചെയ്യുന്ന ഒരുസെക്രട്ടറി ഇപ്പോൾതന്നെ ഹജൂർ കച്ചേരിയിൽ ഉണ്ടു. ഭരണസംബന്ധമായ കാര്യങ്ങൾ ഇപ്പോഴത്തെ വിദ്യാഭ്യാസ സെക്രട്ടറി ചെയ്യുന്നുണ്ടു. എന്റെ സ്നേഹിതൻ അഭിപ്രായപ്പെട്ടപ്രകാരമാണെങ്കിൽ മേലന്വേഷണവും അധികാരവും വേറൊരാൾക്കായിരിക്കണം, സ്കൂൾ പരിശോധന ജോലി ഒരു ഇൻസ്പെക്ടരും ഭരണസംബന്ധമായും മററുമുള്ള സാധാരണജോലി വിദ്യാഭ്യാസസെക്രട്ടറിയും ചെയ്യണമെന്നു എന്റെസ്നേഹിതൻ പറയുന്നു. ഈ രാജ്യത്തു അനേകം ഇൻസ്പെക്ടർമാർ ഉള്ളപ്പോൾ ഏതു ഇൻസ്പെക്ടരെയാണ് എന്റെ സ്നേഹിതൻ ഉദ്ദേശിക്കുന്നതെന്നു എനിക്കറിവില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): വെർണാക്കുലർ സ്കൂളുകൾക്കു ഒരു ചീഫ്ഇൻസ്പെക്ടരും ഇംഗ്ലീഷ്സ്കൂളുകൾക്കു വേറൊരു ചീഫ് ഇൻസ്പെക്ടരും ഇല്ലയൊ?

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അനേകം രണ്ടു ഇൻസ്പെക്ടർമാരായി ഇവർക്കു പുറമെ ഡയറക്ടരുടെ നേരെ കീഴിൽ ഒരു പെൺപള്ളിക്കൂടം ഇൻസ്പെക്ടസ്സും ഉണ്ടു. ഇങ്ങനെ ഇപ്പോഴത്തെ

ഡയറക്ടർഉദ്യോഗം പോണമെന്നുകൂടിച്ചാൽ വിദ്യാഭ്യാസത്തിന്റെ മുന്നാഡിപ്പാർട്ടുമെൻറിൽ മേലധികാരികൾ ഉണ്ടാകും. മിസ്റ്റർ ജോസഫ് പറയുന്നപ്രകാരം ചെയ്താൽ-അതാണ് എനിക്കുമനസ്സിലായതു-അവരുടെമേൽ അധികാരമാണ് ഉള്ളതു ദിവാന്റെ ആജ്ഞപ്രകാരം ഹജൂരാഫീസിലുള്ള ഒരുസെക്രട്ടറി ആയിരിക്കും. ഈ വ്യവസ്ഥമൂലം വീണ്ടും പ്രയാസങ്ങൾ ഉണ്ടാകും എന്തെന്നാൽ മിസ്റ്റർ മാത്തൻമാപ്പിള പറഞ്ഞപ്രകാരം രാജ്യത്തിലെ എല്ലാഡിപ്പാർട്ടുമെൻറുകളും ഒരാളിന്റെ കീഴിലാകേണ്ടിവരും. ആ കാലംകഴിഞ്ഞുപോയിരിക്കുന്നു. അധികാരവിഭജനം നൂതനമായി ഉണ്ടാക്കിട്ടുള്ള ഓർഡർപ്രകാരം ഏകാധിപത്യം ഭൂതകാലത്തെ ഓർമ്മപ്പാടാകുന്നു. ഇക്കാര്യത്തിൽ അധികം വാദപ്രതിവാദത്തിന്നു വഴിയില്ല, അതുകൊണ്ടു മിസ്റ്റർ ജോസഫിന്റെ ഉപക്ഷേപത്തെ അങ്ങീകരിക്കാൻ കഴികയില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ചെലവുകുറയ്ക്കുന്നതിന്നായി ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായവ്യവസ്ഥയെപ്പററി ഒരു പരിഷ്കാരം ചെയ്യുകയാണ് ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം. ഓണക്കൂറിന്റെ കാര്യക്ഷമതയും ഒരു വിഷയമാണ്. മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതുപോലെ വിദ്യാഭ്യാസ വ്യവസ്ഥയെ മീതിമേൽ മാറ്റിക്കൂടാ, ആ വ്യവസ്ഥയെ ഏതുവിധത്തിലാണ് നടത്തിക്കൊണ്ടു പോകേണ്ടതെന്നാകുന്നു വാദം. ഇപ്പോൾ സ്കൂളുകളിൽ നൽകുന്ന വിദ്യാഭ്യാസവും രീതിയെ കൂടുതൽ കാര്യക്ഷമതയുള്ളതാക്കുന്നതിന്നു ഇപ്പോൾ ഉള്ള സാമഗ്രികളും അപൂർണ്ണമാണെന്നു സമ്മതിച്ചാൽ മേലന്വേഷണത്തിനുള്ള വ്യവസ്ഥകളുടെ സ്വഭാവം എന്തായിരിക്കണം എന്നാണു ചോദ്യം. മാററാരെക്കാളും മിസ്റ്റർ ജോസഫ് വാദവിഷയമാക്കിട്ടുള്ളതു വിദ്യാഭ്യാസ ഡയറക്ടർ ഇപ്പോൾ ചെയ്യുന്ന ജോലിയാണ്. അദ്ദേഹത്തിന്റെ ജോലികൾ ഒരു ചീഫ് ഇൻസ്പെക്ടർക്കും ഒരുസെക്രട്ടറിക്കും കൂടിവിതിച്ചുകൊടുക്കണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു. അതിനെക്കുറിച്ചു ഒരു അഭിപ്രായം പറയണമെങ്കിൽ കുറെ സമയം വേണ്ടിവരുമെന്നു ഞാൻ വിചാരിക്കുന്നു. ഡയറക്ടരുടെ ആഫീസിലെ ജോലിനിർവ്വഹണത്തെപ്പററി കുറെപറയുന്നതിന്നുമുമ്പായി ഒരു അന്വേഷണം ആവശ്യമാണ്. അന്വേഷണം നടത്തുന്നതിന്നു ഒരുകമ്മിററിയെ നിയമിക്കയാണ് ഉത്തമമാർഗ്ഗം. മിസ്റ്റർ മാത്തൻ മാപ്പിള പറഞ്ഞപ്രകാരം ഇപ്പോൾ ഉണ്ടാകണമെന്നു പറയുന്ന വ്യവസ്ഥ നൂതനമായതല്ല; അതു ഒരിക്കൽ പരീക്ഷിച്ചിട്ടുകൊള്ളുന്നതിൽ തെററില്ലെന്നു തോന്നിക്കഴിഞ്ഞതാണ്. മിസ്റ്റർ ജോസഫ് പറയുന്നപ്രകാരം ചെയ്താൽ ചെലവു കുറയുമോ എന്നു കണ്ടറിയേണ്ടുന്ന ഒരുപുതിയ സംഗതിയാണ്. മിസ്റ്റർ ജോസഫ് പറയുന്നപ്രകാരം ഡയറക്ടരുദ്യോഗം ഒരുവെള്ളാനയാണെങ്കിൽ അതിനുപുറമേ രണ്ടുവെള്ളാനകൾ-ഒരുസെക്രട്ടറിയും ഒരുചീഫ് ഇൻസ്പെക്ടരും-കൂടുകൂന്നു ഉണ്ടാകാൻപോകുന്നതു, ചെലവിന്റെകാര്യത്തിൽ മിസ്റ്റർ ജോസഫിന്റെ വ്യവസ്ഥപ്രകാരം അതു കുറയാനല്ല വർദ്ധിക്കുവാനാണ് സംഗതിയുള്ളതു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): രണ്ടു ഇൻസ്പെക്ടർമാർക്കുപുറമേ, വെർണാക്കുലർസ്കൂൾ ഇൻസ്പെക്ടരും പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സും, ഉണ്ടെന്നു മെമ്പർക്കറിയാമോ.

മി: എൻ. വി. ജോസഫ് (പറവൂർ): എനിക്കറിയാം. ഒരു ഇൻസ്പെക്ടരും അദ്ദേഹത്തിന്റെ കീഴിൽ രണ്ടു അസിസ്റ്റന്റ് ഇൻസ്പെക്ടർമാരും ഉണ്ടായിരുന്നാൽ മതിയെന്നാണു ഞാൻ പറയുന്നതു. ഇൻസ്പെക്ടരെ എങ്ങനെയെങ്കിലും നാമകരണം ചെയ്തുകൊള്ളുക. ഈ പ്രയാസങ്ങൾക്കിടയിൽ ഞാൻ ഉപക്ഷേപത്തെ പ്രതിക്ഷേപിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): എന്റെ ഉപക്ഷേപത്തിന്നു ക്ഷേപിക്കുന്നതിന്നു ഒരാളുകിലും ഉണ്ടായതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു. കാര്യക്ഷമതയെന്നും ധനവ്യയം എന്നും മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പറഞ്ഞസമാധാനങ്ങളിൽ ഡയറക്ടരുദ്യോഗം നിർത്തലാക്കി ഒരുണ്ണിക്കായ്ക്കുകൾ നോക്കുന്നതിന്നു ഒരു സെക്രട്ടറിയെ നിയമിച്ചാൽ ചിലവു കുറയ്ക്കാമെന്നു ഞാൻ ഇതിനുമുമ്പെന്നെ പറഞ്ഞുവല്ലോ. ചീഫ് ഇൻസ്പെക്ടർ ഡിപ്പാർട്ടുമെൻറിന്റെ മേലന്വേഷണം നടത്താൻ കഴിയും. അങ്ങനെ ചെയ്യുന്നതിനാലും ചെലവുകുറയ്ക്കാം. ഇതിനാൽ കാര്യക്ഷമതയ്ക്കു ഹാനിവരികയില്ലെന്നാണു ഇപ്പോഴും എന്റെ വിശ്വാസം. എന്റെ അഭിപ്രായം എന്താണെന്നു വ്യക്തമാക്കുന്നതിനു മേലന്വേഷണം ചീഫ് ഇൻസ്പെക്ടരെയും ഒരുണ്ണിക്കായ്ക്കുകൾ സെക്രട്ടറിയെയും ഒരുമേല്പിക്കാമെന്നു ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): അങ്ങനെയുള്ള ഒരു ഇൻസ്പെക്ടർക്കു നാട്ടുഭാഷാ വിദ്യാലയങ്ങളുടെ മേൽ അധികാരം ഉണ്ടായിരിക്കുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): ഞാൻ സമർപ്പിച്ചിട്ടുള്ളതുകൂടി ഉപക്ഷേപം സംബന്ധിച്ചു ഞാൻ ഇതു വിശദമാക്കിക്കൊള്ളാം. നാട്ടുഭാഷാ വിദ്യാലയങ്ങളും ഇംഗ്ലീഷുഭാഷാ വിദ്യാലയങ്ങളും യോജിപ്പിക്കാമെന്നാണു എന്റെ അഭിപ്രായം. എന്റെ ഉപക്ഷേപം വാദത്തിന്നെടുക്കുമ്പോൾ ഞാൻ ഈ സംഗതിയെപ്പററി വിശദമായി സംസാരിക്കുന്നുണ്ടു. അതുകൊണ്ടു ഞാൻ പറയുന്നതു അധികാരം ഒരു ചീഫ് ഇൻസ്പെക്ടരിൽ സമർപ്പിക്കാമെന്നാകുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ചീഫ് ഇൻസ്പെക്ടരെ ഡയറക്ടർഎന്നു വിളിക്കുന്നതിന്നു വിരോധമുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): എനിക്കവിരോധമില്ല

മി: കെ. സി. മാത്തൻ മാപ്പിള (പ്രാവാരവും വ്യവസായവും, വടക്കു): ഡയറക്ടരുടെ പേരുമാറ്റി ചീഫ് ഇൻസ്പെക്ടർ എന്നാക്കിയാൽ മെമ്പർ തൃപ്തിപ്പെടുമോ എന്നു പറയുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): പേരിനെസംബന്ധിച്ചു എനിക്കു യാതൊരു ചിന്തയും ഇല്ല. വിദ്യാഭ്യാസകാര്യങ്ങളിൽ ഇപ്പോൾ അധികാരങ്ങളെല്ലാം ഒരുസ്ഥാനത്തു ലയിച്ചിരിക്കുന്നു. ഇൻസ്പെക്ടരുടെ ഒരു മേലന്വേഷണവും അതിനെ നിയന്ത്രിക്കുന്നതിന്നു ഡയറക്ടരുടെ വേറൊരുമേലന്വേഷണവും ആവശ്യമില്ല. മിസ്റ്റർ മാത്തൻമാപ്പിള മററു ഡിപ്പാർട്ടുമെൻറിൽ മേലധികാരികളെപ്പററി, ഉദാഹരണമായി, എൻജിനീയറിങ് ഡിപ്പാർട്ടുമെൻറിൽ ചീഫ് എൻജിനീയരുടെ ജോലികളെ ഒരു എക്സിക്യൂട്ടിവ് എൻജിനീയരെ ഏല്പിക്കാമെന്നും പറകയുണ്ടായി. പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ സർവ്വത്തിനും ഉത്തരവാദിയായി ഒരു മേലധികാരിയുണ്ടു. എന്നാൽ വിദ്യാഭ്യാസസംബന്ധിച്ചു നാട്ടുഭാഷാവിദ്യാലയങ്ങൾക്കു ഒരു ഇൻസ്പെക്ടർ, ഇംഗ്ലീഷുവിദ്യാലയങ്ങൾക്കു വേറൊരാൾ, പെൺപള്ളിക്കൂടങ്ങൾക്കു വേറൊരാൾ ഇങ്ങനെയുണ്ടു. ഇവർക്കെല്ലാവർക്കും പകരം ഒരു

ചീഫ് ഇൻസ്പെക്ടരെമാരും മേലന്വേഷണത്തിനും കുമികരണത്തിനുമായി നിയമിച്ചാൽ യാതൊരു പ്രയോജനവും ഉണ്ടായിരിക്കയില്ല.

മി: കെ. സി. മാമൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ്): ഓരോ ഡിവിഷൻ ചാർജ്ജായി എക്സിക്യൂട്ടിവ് എൻജിനീയർമാർ ഇല്ലയോ?

മി: കെ. ഐ. ജോസഫ് (മിനിച്ചലും മേവികുളവും): എക്സിക്യൂട്ടിവ് എൻജിനീയർ ഓരോ ഡിവിഷന്റെ ചാർജ്ജ് വഹിക്കുന്നു. ചീഫ് എൻജിനീയർ ഈ രാജ്യത്തുള്ള എല്ലാ എക്സിക്യൂട്ടിവ് എൻജിനീയർമാരുടെ ജോലി മേലന്വേഷണം ചെയ്യുന്നു. എന്നാൽ ചീഫ് എൻജിനീയരുടെ ജോലി മേലന്വേഷണം ചെയ്യുന്നതിനു ഒരു മേലുദ്യോഗസ്ഥൻ ഇല്ല.

മി: കെ. സി. മാമൻമാപ്പിള (വ്യാപാരവും വ്യവസായവും, വകുപ്പ്): മുഴുവൻ ഡിപ്പാർട്ടുമെന്റിന്റെ മേലധികാരം വഹിക്കുന്നതിനും ജോലിക്രമപ്പെടുത്തുന്നതിനും ഒരാൾ വേണം. അയാളെ ഡയറക്ടർ എന്നോ വേറെ എന്തെങ്കിലും പേരോ വിളിച്ചാലും വേണ്ടതില്ല. എന്നാണല്ലോ മെമ്പർ പറയുന്നത്?

മി: കെ. ഐ. ജോസഫ് (മിനിച്ചലും മേവികുളവും): ഡയറക്ടർ എന്ന പേരിനല്ല ഞാൻ കുറേ പറയുന്നത്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എൻജിനീയറിങ്ങ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച ജോലികളെല്ലാം ശരിയായി നടക്കുന്നുണ്ടെന്നാണ് മിസ്റ്റർ ജോസഫ് വാദിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. ഐ. ജോസഫ് (മിനിച്ചലും മേവികുളവും): ഞാൻ അങ്ങനെ പറയുന്നില്ല. എന്നുമാത്രമല്ല വിദ്യാഭ്യാസവകുപ്പിന്റെ സ്ഥിതി കേവലം വ്യത്യസ്തമാണെന്നാണ് ഞാൻ പറഞ്ഞുവന്നത്. ഏതു വിദ്യാഭ്യാസ സ്ഥാപനവും പരാശ്രയംകൂടാതെ നടത്തിക്കൊണ്ടു പോകാവുന്നതാണ്. ഒരു സ്ഥാപനത്തിന്റെ വിജയം മേലുദ്യോഗസ്ഥന്മാരുടെ മേലന്വേഷണത്തെ അല്ല ആ സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയേയും സ്വഭാവത്തേയും ആകുന്നു ആശ്രയിച്ചിരിക്കുന്നത്. ഈ അദ്ധ്യാപകന്മാരെ നിയമിക്കുന്ന രീതിയെ ആണു അധികവും ആശ്രയിച്ചിരിക്കുന്നത്. പ്രാപ്തിയുള്ളവരെ തിരഞ്ഞെടുത്തു നിയമിച്ചാൽ കൂടക്കൂടെയുള്ള മേലന്വേഷണത്തിനു ആവശ്യം ഉണ്ടാകയില്ല. ഡയറക്ടരുടേയോ മിസ്റ്റർ മാമ്മൻമാപ്പിളയേയും മിസ്റ്റർ മാത്യുവിനേയും പോലെയുള്ള മെമ്പർമാരുടെയോ വാദങ്ങൾ എനിക്കു ബോദ്ധ്യം വരുത്തുന്നില്ല. ഇവിടെയുള്ള അനുദ്യോഗസ്ഥമെമ്പർമാരിൽ ചിലർ കരുതിക്കൂട്ടി മൌനം ദീക്ഷിച്ചിരുന്നില്ലെങ്കിൽ എന്നെ പിൻതാങ്ങാൻ ഇതിലധികം ആളുകൾ ഉണ്ടായിരുന്നേനെ. എങ്കിലും അനുദ്യോഗസ്ഥമെമ്പർമാരിൽ പ്രസംഗിച്ചവരുടെ സാധാരണ അഭിപ്രായം എന്റെ അഭിപ്രായത്തിനു എതിരാണെന്നു കാണുന്നു. വരുന്ന ബഡ്ജറ്റുസെഷനിൽ ഈ പ്രമേയം തന്നെ കുറച്ചുകൂടി ജയകരമാംവണ്ണം ഹാജരാക്കാമെന്നുള്ള പ്രത്യാശയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രൈസിഡെന്റ്: മിസ്റ്റർ ജോസഫിന്റെ ഉപക്ഷേപത്തെ പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ? സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

മേലന്വേഷണം ൨—ഇൻസ്പെക്ടർമാർ.

ഉപക്ഷേപങ്ങൾ ൪ ൪—ം ൪ന്നു—ം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

൪ ൪. സിൽബന്തിച്ചെലവിനായി അനുവദിച്ചിട്ടുള്ള ൨൫,൦൦൦ രൂപായിൽ ൫൦ രൂപാ കുറയ്ക്കണം.

സംസ്ഥാനത്തെ ഇംഗ്ലീഷ് സ്കൂളുകളിൽ വിദ്യാർത്ഥികളെ സ്കൗട്ട് ഏർപ്പാട് പരിശീലിപ്പിക്കുന്നതിന്റെ ആവശ്യകതയെ പ്രസ്താവിക്കണമെന്നാണ് എന്റെ ഉദ്ദേശം. ബാലബാലികമാരെ ബലവും ഉപയോഗവുമുള്ള പൌരന്മാരായി വളർത്തിക്കൊണ്ടു വരികയാണ് വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശം. അതിനു അവർ യഥേച്ഛാസംഭവങ്ങൾ കണ്ടു അമ്പരന്നുപോകുന്ന ദുർബലന്മാരും നിഷ്പ്രയോജനന്മാരുമായിരിക്കാൻ പാടില്ല. അവർ ആപത്തു നേരിടുമ്പോൾ തന്റേടമുള്ളവരായിത്തീരുന്നതിനു സ്കൌട്ടുപരിശീലനം വളരെ ഉപയോഗമുള്ളതായിരിക്കും. സ്കൌട്ട് ഏർപ്പാട് ഏററവും ഉപകാരപ്രദമായ ഒരു വ്യവസ്ഥയാണെന്നു ഈ സമുദായസാമാജികന്മാർ എല്ലാവരും സമ്മതിക്കുന്നതാണെന്നു എനിക്കു അറിവുള്ളതുകൊണ്ടു ഈ വിഷയത്തെപ്പററി ദീർഘമായി സംസാരിപ്പാൻ വിചാരിക്കുന്നില്ല. ഈ ഏർപ്പാട് നടപ്പിൽ വരുത്തീട്ടില്ലാത്ത ഏകരാജ്യമാണു നമ്മുടെ സംസ്ഥാനമെന്നുതോന്നുന്നു. അതുകൊണ്ടു ഈ സഭ എന്റെ ഉപക്ഷേപം സ്വീകരിച്ചു ഒരു കമ്മിഷണരുടെ നിയമനം ശിപാർശചെയ്യുമെന്നു വിശ്വസിക്കുന്നു: അതിന്നായി ഇവിടെനിന്നു ഒരാളെ അയച്ചു പരിശീലിപ്പിച്ചുവരുത്തണം. എനിക്കു വേറൊന്നും പറവാനില്ല.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഒരേതലവാചകത്തിൽ രണ്ടു ഉപക്ഷേപങ്ങൾ ഉണ്ട്. മററെ ഉപക്ഷേപത്തെപ്പററിയും മിസ്റ്റർ എ. കെ. പിള്ള ഇപ്പോൾ സംസാരിക്കേണ്ടതാണെന്നു തോന്നുന്നു അല്ലെങ്കിൽ മറെറവിഷയത്തെപ്പററി സംസാരിപ്പാൻ നമുക്കു അവസരം കിട്ടുകയില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രയാസം എന്താണെന്നു മനസ്സിലാകുന്നില്ല.

പ്രൈസിഡെന്റ്: നിങ്ങൾ വ്യത്യാസമില്ലാത്ത രണ്ടു ഉപക്ഷേപങ്ങൾ ഹാജരാക്കിട്ടുണ്ട്. രണ്ടിനേയും പററി സംസാരിക്കാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെപേരിൽ ഉള്ള ഇനിയത്തെ ഉപക്ഷേപത്തിന്റെ ഉദ്ദേശം സ്വപ്രശമ്പളക്കാരായ അദ്ധ്യാപകന്മാരെ അവരുടെ വീടുവിട്ടു ദൂരപ്രദേശങ്ങളിലേയ്ക്കു മാററുന്നതിനാൽ ഉണ്ടാകുന്ന കഷ്ടപ്പാടുകളെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ കാര്യത്തിൽ പറയത്തക്കതായി ചിലതൊക്കെ ഡിപ്പാർട്ടുമെന്റിൽനിന്നു ചെയ്യുന്നുണ്ടെന്നു എനിക്കറിയാം. സങ്കടങ്ങൾക്കു കുറേയൊക്കെ പരിഹാരം വരുത്തുന്നുമുണ്ട്. എന്നാലും ഈ പ്രവൃത്തിയിൽ കാണുന്ന അഭിവൃദ്ധി ഗണ്യമായിട്ടില്ല. അദ്ധ്യാപകന്മാരെ അവരുടെ വീടുവിട്ടു ദൂരദിക്കുകളിലേക്കു സ്ഥലം മാററീട്ടുള്ള പല ഉദാഹരണങ്ങൾ എനിക്കു

തന്നെ അറിയാം. എങ്കിലും ഉദാഹരണങ്ങൾ പറയണമെന്നു വിചാരിക്കുന്നില്ല. അതെങ്കിലും ഞാൻ പറയുന്നതു നിഷേധിക്കുന്നുണ്ടെങ്കിൽ പ്രത്യക്ഷകാരണംകൂടാതെ സംസ്ഥാനത്തിന്റെ ഒരററത്തുനിന്നു മറെറാരററത്തേക്കു അദ്ധ്യാപകന്മാർക്കു സ്ഥലംമാററം കൊടുത്തിട്ടുള്ളതിന്റെ എണ്ണം കുറയാത്ത ഉദാഹരണങ്ങൾ ഞാൻ പറയാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉദ്യോഗക്കയററത്തോടുകൂടെയാണോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉദ്യോഗക്കയററത്തോടുകൂടെയല്ല.

മി: എൻ. വി. ജോസഫ് (പറവൂർ): അദ്ധ്യാപകന്മാരിൽ എത്ര ശതമാനം അവരവരുടെ സ്വദേശത്തുണ്ടു?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വിവരങ്ങളെല്ലാം എനിക്കറിയാത്തതിനെ വിചാരിപ്പാൻ സംഗതിയില്ലല്ലോ.

മി: കെ. കെ. താമസ് (കോട്ടയം): നാട്ടുരാജ്യങ്ങളുകളിൽ എല്ലാംകൂടി എത്ര അദ്ധ്യാപകന്മാർ ഉണ്ടെന്നു മെംബർക്കു വിവരമുണ്ടോ എന്നു പറയുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കവിടെ അറിവില്ല.

ആ അല്പശമ്പളക്കാരായ അദ്ധ്യാപകന്മാർക്കു നേരിടുന്ന സങ്കടങ്ങൾ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നു എന്നേയുള്ളു. ന്യായമായ കാരണങ്ങൾ ഉണ്ടാകാം. ആ കാരണങ്ങൾ എന്താണെന്നും നിവൃത്തിമാർഗ്ഗം എന്താണെന്നും അറിയണമെന്നല്ലാതെ ഞാൻ യാതൊരുദോഷാരോപണവും ചെയ്യുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ അദ്ധ്യാപകന്മാരെ സ്ഥലം മാററിട്ടുള്ളതു് ശിക്ഷയായിട്ടാണോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) അതു അധികാരസ്ഥന്മാർക്കു അറിവാൻ തരമുള്ളവരല്ലോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഏ. ൻറസ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള രണ്ടുവിഷയങ്ങളെപ്പററിയാണ് സംസാരിച്ചിട്ടുള്ളതു്. തിരുവിതാംകൂറിൽ സ്കൂൾട്ടീച്ചർപ്പാടുനടപ്പിൽവരുത്തുകയാണ് ഒന്നു, സ്കൂൾട്ടീച്ചർപ്പാടു നടപ്പിൽ വരുത്തുന്നതിന്റെ ആവശ്യകതയെ പററി ഡിപ്പാർട്ടുമെൻറിനു നല്ല ബോധമുണ്ടു. ആ വ്യവസ്ഥവിജയപ്രദമാകണമെങ്കിൽ അതിന്റെ സ്ഥാപനവും നടത്തിപ്പും ഒരു അനദ്ധ്യാപകസംഘം ആളുകൾ ഏറേക്കണമെന്നുള്ളതു് അത്യന്താപേക്ഷിതമാകുന്നു. എന്നാൽ അങ്ങിനെയൊരു അനദ്ധ്യാപകസ്ഥാപനത്തെ രൂപീകരിക്കുന്നതിനും അതിനെ ശരിയായരീതിയിൽ നിർവ്വഹണത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും ഉപയുക്തമായ ആരംഭപ്രവൃത്തികൾ ചെയ്യാൻ ഗവണ്മെൻറിനു കഴിയും. ഈ കാര്യത്തിൽ ചെയ്യേണ്ടുന്ന വ്യവസ്ഥകളെപ്പററി ഒരുറിപ്പോർട്ടു മിസ്റ്റർ സ്റ്റീഫൻസൻ ഗവണ്മെൻറിലേക്കു സമർപ്പിച്ചിട്ടുണ്ട്. അതിപ്പോൾ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

ഇനി അല്പ ശമ്പളക്കാരായ അദ്ധ്യാപകന്മാരെ ദൂരദിക്കുകളിലേക്കു സ്ഥലം മാററുന്നതിനാലുണ്ടാകുന്ന കഷ്ടപ്പാടുകളുടെ കാര്യത്തിൽ വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടരുടെ ചക്കൽ നിന്നു എനിക്കൊരു കണക്കുകിട്ടീട്ടുണ്ടു. ഈ സ്കൂൾ വർഷാരംഭത്തിൽ സ്ഥലംമാററത്തിനു ൨൭൩ അപേക്ഷകൾ ഇൻസ്പെക്ടർക്കുകിട്ടിയെന്നു അതുകൊണ്ടുകാണുന്നു. ൨൭൩ അപേക്ഷകൾ കിട്ടിയെന്നു ഞാൻ പറഞ്ഞതു അപേക്ഷകളുടെ സാധാരണഅർത്ഥത്തിലല്ല. അദ്ധ്യാപകന്മാരുടെ ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനു വേണ്ടുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനു അദ്ദേഹം ഒരു സാധാരണസമ്പ്രദായം സ്വീകരിച്ചു അവനവന്റെ ഔദ്യോഗികചരിത്രത്തിന്റെ വിവരങ്ങൾ ചേർത്തയക്കാൻ അദ്ദേഹം ഓരോ അദ്ധ്യാപകനും ഓരോപട്ടിക അദ്ദേഹം അയച്ചുകൊടുത്തു. ഈ പട്ടികയിൽ ഒരു കാളം അദ്ധ്യാപകന്നു ഏതു സ്ഥലത്തേക്കുമാററം വേണമെന്നുള്ളതായിരുന്നു. ഈ പട്ടികയിൽവിവരങ്ങൾ ചേർത്തു ഇൻസ്പെക്ടർക്കു അയച്ചുകൊടുക്കണമെന്നു ഓരോ അദ്ധ്യാപകനോടും ആവശ്യപ്പെട്ടിരുന്നു പട്ടികയിൽ വിവരങ്ങൾ ചേർത്തപ്പോൾ സ്ഥലംമാററം വേണമെന്നു ആഗ്രഹം പ്രകടിപ്പിച്ചവരുടെ എണ്ണം നോക്കിയാണ് ൨൭൩ അപേക്ഷകൾ എന്നു പറഞ്ഞതു്.

ഇവരിൽ ൭൯൯ അദ്ധ്യാപകന്മാർക്കു അവരവർ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്കു മാററം കൊടുക്കാൻ ഇൻസ്പെക്ടർക്കു സാധിച്ചു.

൪൯ അദ്ധ്യാപകന്മാർക്കു അവരവർ പറഞ്ഞ സ്ഥലത്തേക്കുതന്നെയല്ലെങ്കിലും അതിനടുത്തസ്ഥലത്തേക്കുമാററം കൊടുത്തു.

൨൨൭ ആളുകളെ പ്രമോഷൻ കൊടുത്തു സ്ഥലം മാററി. പക്ഷെ അവരിൽ ചിലർക്കു മാററം കിട്ടിയതു സ്വദേശത്തിൽ നിന്നു ദൂരസ്ഥലങ്ങളിലേക്കായിരിക്കാം. ഒരു ഉദാഹരണം പറഞ്ഞുകാട്ടും വിശദമാക്കാം. ഒരാൾ ൨൪ രൂപാശമ്പളത്തിൽ ഒരു ൪-ാം ക്ലാസ് അദ്ധ്യാപകനായിരിക്കാം. ഒരു പ്രാഥമികസ്കൂളിന്റെ ഹെഡ്മാസ്റ്റർ ഉദ്യോഗം ഒഴിവായാൽ ൨൭ രൂപാശമ്പളവും ൨ രൂപാഅലവൻസും ഉള്ള ആ ഉദ്യോഗത്തിനു അവകാശി ആ ക്ലാസിലെ അദ്ധ്യാപകന്മാരിൽ അധികം സെർവീസ് ഉള്ള ആളാണ്. എന്നാൽ ഹെഡ്മാസ്റ്റർ ഉദ്യോഗം ഒഴിവുണ്ടാകുന്ന സ്ഥലം കയററത്തിനു അവകാശമുള്ള അദ്ധ്യാപകന്റെ സ്വദേശം അല്ലായിരിക്കാം. അങ്ങനെ വരുമ്പോൾ ആ അദ്ധ്യാപകനെ പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്ററായി പ്രമോഷൻ കൊടുത്തു ദൂരദിക്കിലേക്കു അയക്കേണ്ടിവരും. ൨൨൭ ആളുകളുടെ സ്ഥലം മാററം ഇങ്ങനെയുള്ളതായിരുന്നു.

വീണ്ടും ഒരു അദ്ധ്യാപകൻ അവധികഴിഞ്ഞു തിരിച്ചുവരുമ്പോൾ പകരം നോക്കിയിരുന്ന അദ്ധ്യാപകൻ തന്റെ സ്ഥിരസ്ഥലത്തേക്കു പോകേണ്ടിവരും. എന്നാൽ ആ സ്ഥലം തന്റെ സ്വദേശം അല്ലായിരിക്കാം. ഇങ്ങനെയുള്ള സ്ഥലമാററങ്ങൾ ൩൪ ഉണ്ടായിരുന്നു.

൨ അദ്ധ്യാപകന്മാരെ ഓരോ കുററങ്ങൾക്കു ശിക്ഷയായി സ്ഥലം മാററിട്ടുണ്ട്.

൪൫ അദ്ധ്യാപകന്മാരെ സ്ഥലം മാററിയതു അവർ പഠിപ്പിച്ചിരുന്ന സ്കൂളുകളിൽ തമിഴ് ആരംഭിച്ചപ്പോൾ അവർക്കു തമിഴ് അറിഞ്ഞുകൂടെന്നു കണ്ടതിനാലായിരുന്നു.

൨൨ അദ്ധ്യാപകന്മാരെ സ്ഥലം മാററിയതു ദീർഘകാലത്തെ അവധിയിൽ ചിലഅദ്ധ്യാപകന്മാർ പോയതുകൊണ്ടാണ്.

വീണ്ടും മാർച്ചുസ്കൂൾ വർക്കുതിക്കുന്നേരവും ആരംഭത്തിൽ ചില അദ്ധ്യാപകന്മാരെ ട്രെയിനിങ്ങിനു തിരഞ്ഞെടുക്കാറുണ്ട്. അങ്ങനെയുള്ള അവസരത്തിൽ ചില അദ്ധ്യാപകന്മാരെ അവരുടെ സ്വദേശത്തേക്കു മാററും. എന്നാൽ അങ്ങനെ ചെയ്യുന്നതിനു ട്രെയിനിങ്ങിനെടുത്ത ചില അദ്ധ്യാപകന്മാരുടെ സ്ഥിരപ്രാവണം മററ് സ്കൂളുകളിലേക്കു മാററേണ്ടിവരും. ഒരു വർഷത്തിൽ അങ്ങനെയുള്ള മാററങ്ങൾ ചില ഉണ്ടായിരുന്നു. വരുന്നവർഷത്തിൽ ഈ പതിനഞ്ചു അദ്ധ്യാപകന്മാരും ട്രെയിനിങ്ങ് കഴിഞ്ഞു തിരിച്ചു വരുമ്പോൾ ചിലമാററങ്ങൾ വേണ്ടിവന്നേക്കും.

അവസാനമായി ചില സ്കൂളുകളിൽ ഇംഗ്ലീഷ് ആരംഭിക്കുന്നതിനായി ആറ് അദ്ധ്യാപകന്മാരെ സ്ഥലം മാററേണ്ടിവന്നു. എന്തെന്നാൽ ചിലരെ ഇംഗ്ലീഷ് ഇല്ലാത്തസ്കൂളുകളിൽ നിന്നു ഇംഗ്ലീഷ് ഉള്ള സ്കൂളുകളിലേക്കു മാററേണ്ടതു ആവശ്യമായിവന്നു.

ഇങ്ങനെ എല്ലാകാരണങ്ങൾ കൊണ്ടു ഉണ്ടായ ആകെ മാററങ്ങൾ ഏകദേശം അപേക്ഷകൾ അനുവദിക്കാൻ കഴിയാതെ വന്നകേസുകൾ ഏകദേശം ആയിരുന്നു. ഞാൻ വിവരിച്ച മാററങ്ങളിൽ ഏതിനേങ്കിലുമല്ലാതെ വേറൊരു സ്ഥലമാററവും താൻ ചെയ്തിട്ടില്ലെന്നു ഇൻസ്പെക്ടർ എന്നെ അറിയിച്ചിരിക്കുന്നു. അങ്ങനെതിരിക്കെ വെർണ്ണാക്കുലർ സ്കൂൾ അദ്ധ്യാപകന്മാരെ കഴിവുള്ളേടത്തോളം അവരവരുടെ സ്വദേശങ്ങളിൽ നിയമിക്കണമെന്നു ഈ സഭ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ള ആഗ്രഹപ്രകാരം പ്രവൃത്തിച്ചിട്ടുള്ളതിനു ഇൻസ്പെക്ടരെ സ്തുതിക്കയല്ലാ വേണ്ടതെന്നു എനിക്കുതോന്നുന്നു. കഴിഞ്ഞഡെപ്പുട്ടേഷൻ (അവധിക്കാലം) അധികഭാഗവും ഇൻസ്പെക്ടർ ഈ ജോലിയിൽ ഏർപ്പെട്ടിരുന്നു എന്നു എനിക്കുതന്നെ അറിയാം. ഈ മാററങ്ങൾ സംബന്ധിച്ചു അദ്ദേഹം തയ്യാറാക്കിയ രജിസ്റ്റർ ഞാൻ കണ്ടിട്ടുണ്ട്. അതൊരു തടിയൻ പുസ്തകവും അരഡസൻ ഗുമസ്തന്മാർ വെള്ളൊൻകാലം മുഴുവനും ജോലിചെയ്തു തയ്യാറാക്കിയതും ആകുന്നു. ഇൻസ്പെക്ടർ വാൻ ചെന്നു ശ്രദ്ധകൊടുത്തതിൻെറ ഫലമായിട്ടാണ് ഒന്നാൻ അദ്ധ്യാപകന്മാർക്കു അവർ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്കും രണ്ടു അദ്ധ്യാപകന്മാർക്കു അവർ ആവശ്യപ്പെട്ടതിൻെറസമീപസ്ഥലങ്ങളിലേക്കും മാററം കൊടുക്കാൻ കഴിഞ്ഞതു. ഇതൊരു സ്തുത്യർഹമായ പ്രവൃത്തിയായിരുന്നു എന്നു സഭ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു കാരണം പ്രൊമോഷനാണ്. മററുള്ള കാരണങ്ങൾ എന്തെന്നു ദയവായി പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): പ്രമോഷൻ ഒരു കാരണമാണ്. ശേഷം കാരണങ്ങൾ ഇവയാണ്. പകരം ജോലിനോക്കുന്ന ഒരു അദ്ധ്യാപകനെ സ്ഥിരപ്പെടുത്തുമ്പോൾ അയാളെ സ്വദേശംവിട്ടു ദൂരദിക്കിൽനിയമിക്കേണ്ടിവരും. അയാളെ നിയമിക്കുന്ന സ്ഥിരംഒഴിവു ദൂരദിക്കിൽ ആയിരിക്കാമല്ലോ സംഭവിച്ചിട്ടുള്ളതു്. അവധിയിലിരിക്കുന്ന ഒരാൾ മടങ്ങിവരുന്നതിനാലും പകരംനോക്കുന്ന ആൾക്ക് സ്ഥലംമാററം കൊടുക്കേണ്ടിവരും. ഉദ്യോഗകയററത്തോടുകൂടെ പകരംനോക്കുന്നഅദ്ധ്യാപകൻ സ്ഥിരക്കാരൻ മടങ്ങിവരുമ്പോൾ സ്വന്ത ഉദ്യോഗസ്ഥലത്തേക്കു തിരിച്ചുപോകേണ്ടിവരും. ഇങ്ങനെ അയാളെ സ്വദേശത്തേക്കുതന്നെ മാററാൻ കഴിയാതെവരും. ചിലരെ സ്ഥലം മാററിയതു ശിക്ഷയായിട്ടാണ്. ചിലർക്കു തമ്മിൽ പരിജ്ഞാനമില്ലാത്തതുകൊണ്ടും ചിലർ ദീർഘകാല അവധിയിൽ പോകുകകൊണ്ടും ചിലരെ ട്രെയിനിങ്ങിനു അയയ്ക്കുകകൊണ്ടും സ്ഥലംമാററങ്ങൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. ചില സ്കൂളുകളിൽ ഇംഗ്ലീഷ്പഠിപ്പിക്കേണ്ട ആവശ്യം നേരിടുകയാലും സ്ഥലംമാററം ആവശ്യമായി വന്നു. ഇങ്ങനേയുള്ള കാരണങ്ങളിൽ ഏതെങ്കിലും ഒന്നിനല്ലാതെ സ്ഥലംമാററം ചെയ്തു ഉണ്ടായിട്ടില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ദീർഘകാലത്തെ അവധി എടുക്കുന്ന ആളെ സ്ഥലംമാററം ചെയ്യുന്നതിൻെറ കാരണം എനിക്കു ശരിയായി ഗ്രഹിപ്പാൻ കഴിഞ്ഞിട്ടില്ല.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ഒരാൾ ദീർഘകാലത്തേക്കു അവധി എടുക്കുന്നു. അങ്ങനെ ഒരൊഴിവും ഉണ്ടാകുന്നു. ആ അദ്ധ്യാപകൻ അവധി എടുത്തതിനാലുണ്ടായ ഒഴിവിൽ തന്നിമിത്തം ആ സ്ഥലത്തേയ്ക്കു ഒരു മാററംകൊടുക്കണമെന്നു വേറൊരു അദ്ധ്യാപകൻ അപേക്ഷിച്ചിട്ടുണ്ടായിരിക്കാം. അപ്പോൾ അവധിയിൽപോകുന്ന അദ്ധ്യാപകൻെറ സ്ഥിരപ്രാവണം വേറൊരുസ്കൂളിലേയ്ക്കു മാററിട്ടു അയാളുടെ സ്ഥാനത്തേയ്ക്കു അപേക്ഷകനു മാററംകൊടുക്കുന്നു. അവധിയിൽപോയ ആൾ മടങ്ങിവരുമ്പോൾ ഇതുപക്ഷം അവരവരുടെ സ്വദേശത്തു ഉദ്യോഗംകൊടുക്കുന്നതിനു ചില മാററങ്ങൾ ചെയ്യേണ്ടിവരും: ഇതിലധികമൊന്നുംഎനിക്കു പറവാനില്ല.

മി: സി. പി. തരകൻ (കുന്നത്തുനാട്): സർ, മി: എ. കെ. പിള്ളയുടെ ഉപന്യാസത്തിൽ ആദ്യഭാഗത്തെപ്പററി എനിയ്ക്കു യാതൊരു വിപരീതാഭിപ്രായവുമില്ല. അതിനെസംബന്ധിച്ചു ഞാൻ മി: എ. കെ. പിള്ളയോടു ഹാർദ്ദമായി യോജിക്കുകയുമുണ്ടു.

രണ്ടാമത്തഭാഗത്തിൽ അദ്ദേഹത്തിൻെറ അഭിപ്രായം മുഴുവനും ശരിയാണോ എന്നു എനിക്കു ബലമായ സംശയം ഉണ്ട്. അഴിഞ്ഞുചുഞ്ഞുകിടന്ന മലയാളംസ്കൂൾ ഡിപ്പാർട്ടുമെൻറു ഈ കഴിഞ്ഞ ഒരുകൊല്ലംകൊണ്ടു ഏതെല്ലാംവിധത്തിൽ വ്യത്യാസപ്പെട്ടിട്ടുണ്ടെന്നുള്ളതു തിരുവിതാംകൂറിലെ പബ്ലിക്കുറോഡിൽകൂടി ചെവിയുറന്നു ഒരു മൈൽ എങ്കിലും നടന്നിട്ടുള്ള ആളുകൾക്കു സ്പഷ്ടമായിട്ടു മനസ്സിലായിരിക്കണം. അദ്ധ്യാപകന്മാരെ അവരുടെ സ്വദേശങ്ങളിലേയ്ക്കു സ്ഥലംമാററിക്കൊടുക്കുന്നില്ല എന്നുള്ള പരാതി ഈ സഭയിലും ശ്രീമൂലംപ്രജാസഭയിലും ഉണ്ടായിരുന്നപ്പോൾ ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ ആ സംഗതിക്കു കാര്യമായ വല്ല ശ്രമവും ചെയ്തിട്ടുള്ളതായി ഇതുവരെ ആർക്കും മനസ്സിലായിട്ടില്ല. എന്നാൽ ഇപ്പോഴത്തെ ഇൻസ്പെക്ടർ ആ മേജാലിയിൽ പ്രവേശിച്ചശേഷം ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധവയ്ക്കുകയും കഴിയുന്നിടത്തോളം അദ്ധ്യാപകന്മാരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിനു മനഃപൂർവ്വമായിട്ടു ശ്രമിയ്ക്കുകയും ചെയ്തിട്ടുണ്ടെന്നു എനിക്കു ധാരാളമായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ആ സംഗതിയെ സംബന്ധിച്ചു ചിലപ്പോഴെല്ലാം തെററിദ്ധാരണകൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ അവയുടെ അടിഭാഗംവരെ അന്വേഷിച്ചു വരുന്നപക്ഷം ഈ തെററിദ്ധാരണകൾ നിങ്ങിപ്പോകും. പല അദ്ധ്യാപകന്മാരും തങ്ങളുടെ സ്ഥലമാററത്തെപ്പററി സങ്കടപ്പെട്ടു എൻെറ അടുക്കൽ വന്നിട്ടുണ്ട്. അവരെല്ലാം ഞാൻ കുറിച്ചുകൊണ്ടുചെന്നു മിസ്റ്റർ ചെറിയാനെ കണ്ടു സംസാരിക്കയും അദ്ദേഹം ചെയ്തിട്ടുള്ളതെല്ലാം അക്രമമാണെന്നു സമർത്ഥിക്കയും ചെയ്തു. ഈ ഓരോ സംഗതികളുടേയും പിരിഅഴിച്ചുനോ

ക്കിയപ്പോഴാണു മിസ്റ്റർ ചെറിയാൻ പ്രവർത്തിച്ചിട്ടുള്ളതെല്ലാം ന്യായമാണെന്നു മനസ്സിലായതു്. അതിനാൽ അദ്ധ്യാപകലോകത്തിന്റെ നന്ദിയ്ക്കു് അദ്ദേഹം അർഹൻ ആണെന്നു എനിക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. ഒന്നാണു ദൃഷ്ടാന്തങ്ങൾ ഞാൻ പറയാം. അടുത്തകാലത്തു ബ്രഹ്മപുരം സ്കൂളിൽ ഒരാളിനെ ഹെഡ്മാസ്റ്ററായി നിയമിച്ചു. അദ്ദേഹം പൊതുമരാമത്തുവകുപ്പിൽ ബ്രഹ്മപുരംവരെ മിസ്റ്റർ ചെറിയാനെ ശകാരിച്ചുകൊണ്ടു പോകുന്നതായി ഞാൻ അറിഞ്ഞു. എനിയ്ക്കു പരിചയമുള്ള ഒരാളിനെക്കൊണ്ടു ആ ഹെഡ്മാസ്റ്ററെ എന്റെ വീട്ടിൽ വരുത്തി ചോദിച്ചു. അദ്ദേഹം ഗവർണ്മെന്റ്സ്കൂളിൽനിന്നും എടുത്ത ആളാണു്. ഗവർണ്മെന്റ്സ്കൂളിലുള്ള എല്ലാ ആൺവാദ്ധ്യാന്മാരേയും ആൺപള്ളിക്കൂടങ്ങളിൽ നിയമിക്കണമെന്നുള്ള ഉത്തരവുണ്ടല്ലോ, ആ വാദ്ധ്യാർ കുരുനാഗപ്പള്ളി സ്വദേശിയും മീനച്ചൽ ഗവർണ്മെന്റ്സ്കൂളിലെ അദ്ധ്യാപകനുമായിരുന്നു. കുരുനാഗപ്പള്ളിയ്ക്കു സമീപം ഹെഡ്മാസ്റ്റർ പോസ്റ്റ് ഒഴിവില്ലാത്തതുകൊണ്ടു് ആ വാദ്ധ്യാരെ ബ്രഹ്മപുരം ഹെഡ്മാസ്റ്ററായി നിയമിച്ചതു്. പിന്നെ കുറേ ദിവസം ഒരു ആൾ ബ്രഹ്മപുരത്തുതന്നെ വാദ്ധ്യാരായിരുന്നു. അദ്ദേഹം ക്ലാമങ്ങലത്തേയ്ക്കു സ്ഥലംമാറ്റം വേണമെന്നു അപേക്ഷിച്ചിരുന്നു. രാമങ്ങലത്തേക്കാണു സ്ഥലംമാറ്റിയതു്. ക്ലാമങ്ങലം എന്നുള്ളതിനെ ഇൻസ്പെക്ടർ ആഫ് സ്കൂൾസിലെ ക്ലാർക്ക് തെററിദ്ധരിച്ചതിലുള്ള അപരാധം ഇൻസ്പെക്ടരുടെമേൽ ചുമത്തുന്നതു നന്നായിരിയ്ക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുപോലെ ഇരുത്തിയ്ക്കോടിയിൽ സ്കൂളിലെ ഹെഡ്മാസ്റ്ററെ അപ്പർപ്രൈമറിലേക്കു സ്ഥലംമാറ്റി. ഇതു അക്രമമാണെന്നും അപേക്ഷയില്ലാത്ത സ്ഥലത്തേക്കാണു സ്ഥലംമാറ്റമെന്നും എന്റെ അടുക്കൽ ചിലർ പരാതിപറഞ്ഞു. എങ്കിലും ഇവിടെവന്നു അന്വേഷിച്ചപ്പോൾ ആ മനുഷ്യൻ അപ്പർപ്രൈമറിലെയ്ക്കു സ്ഥലംമാറ്റണമെന്നു അപേക്ഷിച്ചിരുന്നതായി മനസ്സിലായി. പൊതുവെ ചില അദ്ധ്യാപകന്മാരോടും അസിസ്റ്റന്റു ഇൻസ്പെക്ടർമാരോടും ഇതിനെ സംബന്ധിച്ചു ഞാൻ സംസാരിച്ചിട്ടുള്ളതിൽ എത്രയും നീതിയായിട്ടും അദ്ധ്യാപകന്മാരുടെ ആഗ്രഹങ്ങളെ സാധിച്ചുകൊടുക്കത്തക്കവിധത്തിലും ഡിപ്പാർട്ടുമെന്റു വളരെ മനഃപൂർവ്വമായിട്ടു ശ്രമിച്ചിട്ടുണ്ടെന്നു എനിക്കു ബോധ്യപ്പെട്ടിട്ടുള്ളതുകൊണ്ടും അദ്ധ്യാപകലോകത്തിന്റെ ജനസാമാന്യത്തിനും അദ്ദേഹത്തോടുള്ള നന്ദിയെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ടി: കെ. സി. മാമ്മൻമാപ്പിള(വ്യാപാരവും വ്യവസായവും വടക്കു): സർ,ബോയിസ്സ്കൗട്ട്എപ്പാട്ടു ശരിയായ വ്യവസ്ഥകൾ ചെയ്തുനടപ്പിൽവരുത്തുന്നതു ഏററവുംഅഭിലഷണീയമായിരിക്കുമെന്നു എല്ലാവരും സമ്മതിക്കുന്നതാണ്, തിരുവിതാംകൂറിൽ ഈ ഏർപ്പാടു നടപ്പിൽവരുത്താൻ ശ്രമങ്ങൾ ചെയ്തുവരുന്നു എന്നു ഡയറക്ടർ പറഞ്ഞതുകേട്ടു ഞാൻ വളരെ സന്തോഷിക്കുന്നു. അതുകൊണ്ടു ആ വിഷയത്തെപ്പററി ഞാൻ ദീർഘമായി സംസാരിച്ചിട്ടാവശ്യം ഇല്ല. എന്നാൽ അല്പഗമ്പളക്കാരായ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരെ അനാവശ്യമായും അകാരണമായും സ്ഥലം മാററം ചെയ്യുന്നു എന്നു മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ പരാതിയെപററി അല്പം സംസാരിക്കേണ്ടതു എന്റെ ധർമ്മമാണെന്നു ഞാൻ വിചാരിക്കുന്നു.

ഇപ്പോഴത്തെ വെർണാക്യുലർസ്കൂൾ ഇൻസ്പെക്ടർ ഡിപ്പാർട്ടുമെന്റു കയ്യേററശേഷം അടുത്ത ചില മാസങ്ങൾക്കുള്ളിൽ അദ്ദേഹം രണ്ടു പ്രധാനപരിഷ്കാരങ്ങൾ നടപ്പിൽവരുത്തി വിജയത്തിൽ അവസാനിപ്പിച്ചിട്ടുണ്ടെന്നു, മിസ്റ്റർ തരകൻ പ്രസ്താവിച്ചപോലെ, രാജ്യത്തിൽ സഞ്ചരിച്ചു വെർണാക്യുലർസ്കൂൾ അദ്ധ്യാപകന്മാരോടു എടപെട്ടിട്ടുള്ള എല്ലാവർക്കും അറിയാവുന്നതാണ്. ഒരു പരിഷ്കാരം നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരെ കഴിവുള്ളടത്തോളം അവരുടെ സ്വദേശങ്ങളിലേക്കോ അതിനടുത്ത ദിക്കുകളിലേക്കോ സ്ഥലംമാററം ചെയ്യുകയാണ്. മറേറതു ഡിപ്പാർട്ടുമെന്റിൽ പകരം ജോലിനോക്കിട്ടുള്ള ആളുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഒഴിവുണ്ടാകുമ്പോൾ അവരുടെ ആക്ടിംഗ് സർവീസ്നോക്കി സീനിയർ ക്രമപ്രകാരം ആളെ നിയമിക്കയാകുന്നു, ഈ രണ്ടു സംഗതികൾക്കായി വേണ്ടിവന്ന അദ്ധ്വാനം വിശ്വസിക്കാൻ കഴിയാതവണ്ണം അധികമായിരുന്നു എന്നു ആ ജോലിയെപററി അറിവുള്ളവർക്കു മാത്രമേ ഗ്രഹിപ്പാൻ കഴിയുകയുള്ളു. സ്വദേശത്തേക്കു മാററം വേണമെന്നു അപേക്ഷിച്ചിട്ടുള്ള ഏകദേശം ൨൦൦൦ അദ്ധ്യാപകന്മാരുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ ആഗ്രഹം നിവൃത്തിച്ചുകൊടുത്തവിധത്തെപ്പററി ഡയറക്ടർ പ്രസ്താവിച്ചുവല്ലോ. ഈ വിഷയം ഞാൻ പൂർണ്ണമായി പഠിച്ചിട്ടില്ലാ അതുകൊണ്ടു അതിനെപ്പററി വിസ്താരമായി സംസാരിപ്പാൻ വിചാരിക്കുന്നില്ല. എന്നാൽ വിഷയം സൂക്ഷ്മമായി പഠിച്ചവർ പറഞ്ഞുകേട്ടു അറിവു എനിക്കുണ്ടു്. ഈ വിഷയത്തെപ്പററി ജാഗ്രതയുള്ള ചില അനദ്ധ്യാപകസ്ഥമെമ്പർമാർ ഈ രജിസ്റ്റർ പരിശോധിച്ചശേഷം അതു തയ്യാറാക്കുന്നതിനു ചെയ്തിട്ടുള്ള അദ്ധ്വാനം അതി ഭീമമാണെന്നാണ് എന്നോടു പറഞ്ഞിട്ടുള്ളതു്. ഏകദേശം ൨൦൦ അദ്ധ്യാപകന്മാർക്കു അവർ ചോദിച്ചസ്ഥലത്തേക്കുതന്നെ മാററംകൊടുത്ത വിവരവും സ്വദേശത്തിനടുത്ത സ്ഥലങ്ങളിലേക്കു മാററംകൊടുത്ത അദ്ധ്യാപകന്മാരുടെ എണ്ണവും ഡയറക്ടർ നമ്മോടു പറഞ്ഞുവല്ലോ. ഇതുവരേയും സ്ഥലംമാററംകൊടുക്കപതിവുണ്ടായിരുന്നു എന്നതിനെപ്പററി തർക്കമില്ല. എന്നാൽ മാററങ്ങൾ കൊടുത്തുവന്നതു പ്രധാനമായി പ്രമുഖന്മാരുടെ ശിപാർശപ്രകാരം ആയിരുന്നു. ജനസ്വാധീനമുള്ള ഒരാൾക്കു സ്വദേശത്തേക്കു മാററം കൊടുത്തപ്പോൾ വേറെ അനേകം അദ്ധ്യാപകന്മാർക്കു വലിയ അസൌകര്യങ്ങൾ നേരിട്ടിട്ടുണ്ടാകും. എല്ലാം തോന്നിയപോലെയാണ് ചെയ്തിരുന്നതു്; മാററങ്ങൾ കൊടുത്തതിന്നു ക്രമമോ നയമോ ഇല്ലായിരുന്നു. ഇങ്ങനെയാണ് സ്വദേശംവിട്ടു ദൂരദിക്കുകളിലേക്കു മാററുന്നതിനാലുണ്ടായ സങ്കടങ്ങളെപ്പററി അദ്ധ്യാപകന്മാരുടെ പരാതി നാമൊക്കെ കേൾക്കാനിടവന്നതു്. ഇങ്ങനെയാണ് പ്രജാസഭയിലും നിയമസഭയിലും മററുസ്ഥലങ്ങളിലും ഈസംഗതി സംസാരവിഷയവും വാദവിഷയവും ആയിതീർന്നതു്. ഈ പരിഷ്കാരം നടപ്പിൽവരുത്തുന്നതിനു എത്ര അമാനുഷഅദ്ധ്വാനം വേണ്ടിവന്നുഎന്നു മനസ്സിലാക്കാൻ മെമ്പർമാർ ശ്രമിക്കുമെന്നുവിശ്വസിക്കുന്നു. ചെയ്തപ്രവൃത്തിയെശ്ലാഘിച്ചു മെമ്പർമാർ നമ്മുടെ പക്കലയച്ചിരുന്ന നമുക്കു യോഗ്യമായിരുന്നതു്. ചെയ്തപ്രവൃത്തിയെ അധിക്ഷേപിച്ചു ഇവിടെ ചില പ്രസ്താവനകൾ ഉണ്ടായതിനെപററി എനിക്കു യഥാർത്ഥമായ വ്യസനം ഉണ്ടു്. കുറെ നല്ല ജോലിചെയ്തിട്ടുണ്ടെന്നു മിസ്റ്റർ എ. കെ. പിള്ള സമ്മതിച്ചു നേരുതന്നെ എങ്കിലും താൻ പറഞ്ഞതു ആരെങ്കിലും നിഷേധിച്ചാൽ അനാവശ്യമായി സ്ഥലംമാററംചെയ്ത ഉദാഹരണങ്ങൾ പറവാൻ താൻ തയ്യാറാണെന്നു അദ്ദേഹം പറഞ്ഞുവല്ലോ. ചിലതെല്ലാം ചെയ്തിട്ടുണ്ടെന്നു സമ്മതിച്ചാലും ചെയ്തപ്രവൃത്തിയുപ്പിക്കരം അല്ലെന്നു ഇതിലെന്തു സൂചനയില്ലയോ? അദ്ദേഹം പറഞ്ഞ ഉദാഹരണങ്ങൾ നോക്കിയാൽ അതു പ്രശംസയ്ക്കും പ്രോത്സാഹനത്തിനും പകരം കുററപ്പെടുത്തലിനും ആക്ഷേപവും അല്ലയോ? ആരെങ്കിലും ഒരാൾ ഒരു ഉൽകൃഷ്ടപ്രവൃത്തി ചെയ്തിട്ടു വരുമ്പോൾ—ഉദാഹരണമായി ഒരു യോ

ഭേദഭാവം ഒരു ശുഭാത്തിൽ വിജയംനേടിട്ടോ അല്ലെങ്കിൽ ഒരു ഒട്ടുകാരൻ തെ പറയാതെ ഒട്ടും ജയിച്ചിട്ടോ വരുമ്പോൾ—"നീ ഒരു നല്ല പ്രവൃത്തിചെയ്തു സംശയമില്ല, എങ്കിലും നീ ഇച്ഛയ്ക്കുന്നതു തെറ്റിപ്പോയി" എന്നു നാം പറഞ്ഞാൽ ചെയ്തതിനെ പ്രശംസിച്ചു പറയേണ്ടതു വായിൽ ആ വാക്കുകൾ നിന്നുതുണ്ടവും അന്തോഷവും ആയിരിക്കും. ചീഫ് ഇൻസ്പെക്ടർ സ്വയലാഭേച്ഛകൂടാതെ ചെയ്ത പ്രവൃത്തിയുടെ വലിപ്പം എനിക്കറിയാം മറ്റുള്ളവർക്കും അറിവാൻ കഴിയുന്നതായിരുന്നു. ചീഫ് ഇൻസ്പെക്ടർക്കു ഗുണകരമായ ഇങ്ങനെ നിയന്ത്രണംചെയ്യാതെ താൻ ചെയ്യാൻ നിർബന്ധിതനാകുന്ന സ്ഥലമാറ്റങ്ങൾ മുഖാന്തരം പല പ്രമാണികളുടെ പ്രീതിയും പൊതുജനങ്ങളുടെ സന്തോഷവും സമ്പാദിക്കാൻ കഴിയുമായിരുന്നു. എന്നാൽ അനേകം മിഷൻപ്രാണികളായ സാധു അദ്ധ്യാപകരുടെ സങ്കടനിവാരണത്തിന്നായി ഇൻസ്പെക്ടറുടെ അധികാരത്തെ ക്ലിപ്തപ്പെടുത്തി അതിന്നു അദ്ദേഹത്തെ പ്രശംസിക്കയാണ് വേണ്ടതെന്നുള്ളതിന്നു സംശയമില്ല. എങ്കിലും സൂചനകളും കുത്തുവാക്കുകളും അല്ലാതെ പ്രത്യക്ഷമായ ആക്ഷേപങ്ങൾ ഇല്ലാത്തതുനിമിത്തം ഞാൻ സന്തോഷിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): ഈ ഉപക്ഷേപകർത്താവു മിസ്റ്റർ എ. കെ. പിള്ളയും ചീഫ് ഇൻസ്പെക്ടർ മിസ്റ്റർ ചെറിയാനും അല്ലായിരുന്നെങ്കിൽ സമാജമാജികന്മാർതന്നെ സ്വീകരിക്കുന്നതു കേൾക്കുന്നതിനായി മിസ്റ്റർ ചെറിയാൻ ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിച്ചതല്ലയോ എന്നൊരു സംശയം ഞാൻ ഏറ്റുപറയുന്നതുകൂടാതെ പ്രസ്താവിക്കേണ്ടിയിരുന്നു. ഉപക്ഷേപകർത്താവു മിസ്റ്റർ എ. കെ. പിള്ളയും ചീഫ് ഇൻസ്പെക്ടർ മിസ്റ്റർ ചെറിയാനും ആകുന്നു. അതുകൊണ്ടു സംശയത്തിന്നു വഴിയില്ല. ഗവർണ്മെന്റുകാർ അദ്ധ്യാപകന്മാരുടെ സ്ഥലം മാറ്റുകയ്ക്കുത്തിൽ ചീഫ് ഇൻസ്പെക്ടർ ചെയ്തിട്ടുള്ള മഹത്തായ പ്രവൃത്തിനിമിത്തം അവരിൽ ചിലരെങ്കിലും അതുകൊണ്ടു ഒട്ടുമിക്കവർ ഒന്നിച്ചിട്ടുള്ളതായി കാണുന്ന എന്നു തിരുവിതാംകൂറിന്റെ വടക്കേഅറ്റത്തുനിന്നു തെക്കുനാവനം ഇടയ്ക്കു നടക്കുന്ന അദ്ധ്യാപകന്മാരുടെ നേരിട്ടുസംസാരിച്ചറിഞ്ഞിട്ടുള്ള വസ്തുതകൾ പറഞ്ഞുകേൾക്കുകയുണ്ടായി. ഈ ഉപക്ഷേപത്തെപ്പററിപ്പറയുമ്പോൾ ഒരു ചീഫ് ഇൻസ്പെക്ടറുടെ ജോലിയെപ്പററി ഒരാക്ഷേപം ആണെന്നു ഞാൻ വിചാരിക്കുന്നേയില്ല. ഈ ലോകത്തിൽ ന്യൂനതയില്ലാത്തതെന്നുമില്ലെന്നു സർവ്വസമ്മതമാണ്. ഒരുകാര്യത്തിൽ ഒരു ശാഠ്യം നടക്കുന്നുണ്ടെങ്കിൽ അതെന്തു വിഷയമാണെന്നുപറയാം. അവരവരുടെ സ്വദേശത്തിൽ തന്നെ അദ്ധ്യാപകന്മാർ നടത്തുന്നതിനേക്കാൾ ആലോചിച്ചാൽ അവരുടെ ഗുണവുമുള്ളതും സ്വദേശത്തോ അടുത്തുതന്നെയോ സ്ഥലം കൊടുത്തു കൂടെന്നു തോന്നിപ്പോകും. പ്രസ്താവത്തിലുള്ള ഒരു വിഷമമിതു. തങ്ങൾ ആഗ്രഹിക്കുന്ന സ്ഥലത്തു കിട്ടുവാൻ സാധ്യതയില്ലെന്നു ചില അദ്ധ്യാപകന്മാർ എല്ലായ്പോഴും ഇണ്ടായിരിക്കും. ഈ അദ്ധ്യാപകന്മാരെ പലർക്കുകൂടി അയക്കണം. അപ്പോൾ ചിലർ അവരുടെ സ്വദേശത്തുനിന്നു ദൂരദിക്കുകളിൽ ആയിപ്പോയി എന്നുവരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങൾ ഉദാഹരണങ്ങളായി എടുത്തു പറയാതെ അനേകം അദ്ധ്യാപകന്മാരെ അവരുടെ സ്വദേശംവിട്ടു ദൂരദിക്കുകളിലേക്കു മാറിട്ടുണ്ടെന്നു മിസ്റ്റർ എ. കെ. പിള്ളയ്ക്കു തെളിയിക്കാൻ കഴിയുമെങ്കിൽ അദ്ദേഹത്തോടു സഭയുടെ ആലോചനയ്ക്കു വിഷയമാക്കേണ്ടതുതന്നെയാണു. ഈ അദ്ധ്യാപകന്മാരിൽ ഇന്നശതമാനം അധികം ആളുകളെ അവരുടെ സ്വദേശംവിട്ടു ദൂരദിക്കുകളിൽ നിയമിച്ചിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞിരുന്നുവെങ്കിൽ തന്റെ ഇൻസ്പെക്ടരുടെ പ്രവൃത്തിയിൽ ഒരു ന്യൂനത ആയിരുന്നേനെ. ചുരുക്കം ചില അദ്ധ്യാപകന്മാരെ അവരുടെ സ്വദേശം വിട്ടു ദൂരദിക്കുകളിൽ നിയമിച്ചിരിക്കുന്നു എന്നുള്ള പ്രസ്താവങ്ങളും നിവേദനങ്ങളും ഇൻസ്പെക്ടരുടെ ജോലിനിർവ്വഹണത്തിന്നു ഒരാക്ഷേപമായി വിട്ടു വരികയില്ല. അതുകൊണ്ടു ഗവർണ്മെന്റുകാർ ഈ സംഗതിയുടെ ആലോചനയ്ക്കു വിഷയമാക്കേണ്ടതുമല്ല.

മി: പി. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എന്റെ പ്രസംഗം ഈ പ്രസ്താവനകൾക്കെല്ലാം അർഹമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

പ്രൊസിഡന്റ്: മിസ്റ്റർ മാത്തൻമാപ്പിളയുടെയും മിസ്റ്റർ എൻ. വി. ജോസഫിന്റെയും പ്രസ്താവനകളെ സംബന്ധിച്ചു മിസ്റ്റർ എ. കെ. പിള്ളയുടെ പ്രസംഗത്തിൽ യാതൊരുകുത്തുവാക്കോ ഉള്ളതായി എനിക്കു തോന്നിയില്ലെന്നു, അദ്ദേഹത്തെ നീതികരിച്ചു ഞാൻപറയുന്നു. അദ്ദേഹം അധിക വിവരം സഭയ്ക്കു നൽകാൻ ശ്രമിക്കയും ഇത്രത്തോളം ചെയ്തതിൽ പ്രവൃത്തി ക്ഷണത്തിൽ പൂർത്തിയാക്കണമെന്നു ആശംസിക്കയും മാത്രമാണു ചെയ്തതെന്നു കരുതുന്നു എനിക്കു മനസ്സിലായതു.

മി: എൻ. വി. ജോസഫ് (പറവൂർ): മിസ്റ്റർ. എ. കെ. പിള്ളയെ ഞാൻനല്ലവണ്ണം അറിയുന്നതുകൊണ്ടു അദ്ദേഹത്തിന്റെകാര്യത്തിൽ എനിക്കു യാതൊരുശങ്കയും ഇല്ലെന്നു ഞാൻ ആരംഭത്തിലെപറഞ്ഞുവല്ലോ. അദ്ദേഹത്തെ അറിയാത്ത ഒരാൾ ഉപക്ഷേപം വായിക്കുമ്പോൾ അദ്ദേഹത്തെശങ്കിച്ചുപോകുന്നു, ഇത്രമാത്രമെ ഞാൻ പറഞ്ഞുള്ളു.

മി: കെ. കെ. തോമസ് (കോട്ടയം): മിസ്റ്റർ എ. കെ. പിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തിന്റെ ഉദ്ദേശം ഈ സംസ്ഥാനത്തു സ്കൂൾ ഫൈനൽ പരീക്ഷയ്ക്കു നടപ്പിൽ വരുത്തുന്നതിന്റെ ആവശ്യം സഭയെ പ്രബോധിപ്പിക്കുന്നതിനാണ്. ഞാൻ ഒരു പുരോഗാമിയാണെന്നുള്ള ആക്ഷേപത്തിനു ഞാൻ പാത്രമായേക്കാമെങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഞാൻ ഒരു അദ്ധ്യാപകശാസ്ത്രജ്ഞൻ അല്ല. എനിക്കൊരു സാമന്യജ്ഞന്റെ പരിചയമേ ഉള്ളു. എന്നാൽ സാധാരണയായി സ്കൂളുകളായി ചേരുന്ന ബാല്യക്കാരിൽ അധികം പേരും സ്കൂളുകളിൽ നൽകുന്ന വിദ്യാഭ്യാസം കൊണ്ടു ഗുണപ്പെടാൻ ആഗ്രഹമുള്ളവരായി കാണുന്നില്ലെന്നാണ് എന്റെ അനുഭവം ഈ വ്യവസ്ഥ ഇവിടെ നടപ്പിൽ വന്നിട്ടുള്ളതുകൊണ്ടു എനിക്കു വ്യസനമാണുള്ളതു്. ഈ വ്യവസ്ഥ ഇവിടെ ഏർപ്പെടുത്തിയാൽ വിദ്യാർത്ഥികളിൽ അധികം പേരും സ്കൂളുകളിൽ നൽകുന്ന അഭ്യാസം ഉപയോഗപ്പെടുത്തുകയില്ല. സ്കൂളുകളായി ചേരുന്നവിദ്യാർത്ഥികൾക്കു കിട്ടുന്ന പരിശീലനം അവരിൽ പലരുടെയും സംഗതിയിൽ അഭിനന്ദനീയമല്ല.

രണ്ടാമത്തെ ഉപക്ഷേപത്തിൽ മിസ്റ്റർ എ. കെ. പിള്ളയുടെ ഉദ്ദേശം അല്പശമ്പളക്കാരായ അദ്ധ്യാപകന്മാരെ അവരുടെ സ്വദേശം വിട്ടു ദൂരദിക്കുകളിലേക്കു സ്ഥലം മാറുന്നതിനാലുണ്ടാകുന്ന സങ്കടങ്ങൾ ഗവർണ്മെ

ൻറിനെ ബോദ്ധ്യപ്പെടുത്തണമെന്നാകുന്നു. വിദ്യാഭ്യാസഡയറക്ടർ കൊടുത്തുവിവരങ്ങൾ ഗവണ്മെൻറ ഇക്കാര്യത്തിൽ ജാഗ്രതയുള്ളവരാണെന്നു തെളിയിക്കുന്നു. ഇപ്പോഴത്തെ ചീഫ് ഇൻസ്പെക്ടർ ഒട്ടുവളരെ അദ്ധ്യാപകന്മാർക്ക് അവരുടെ ആഗ്രഹപ്രകാരം അവരവരുടെ സ്വദേശത്തെക്കു മാററം കൊടുത്തു കഴിഞ്ഞിരിക്കുന്നു. അതുതന്നെ ഒരു ദീർഘപ്രവൃത്തിയാണ്. ജനപ്രതിനിധികളുടെ സ്തുതിയ്ക്കു വിദ്യാഭ്യാസഡയറക്ടരുടെ അഭിനന്ദനവും ഇൻസ്പെക്ടരുടെ പ്രവൃത്തിയെപ്പററി ജനസാമാന്യത്തിനു എത്രമതിപ്പുണ്ടെന്നു കാണിക്കുന്നു. അദ്ധ്യാപകന്മാരെ അവരുടെ സ്വദേശംവിട്ടു ദൂരദിക്കുകളിലേക്കു മാററിട്ടുള്ളതിന്റെ ഏഴു ദൃഷ്ടാന്തങ്ങൾ തനിക്കറിവാനെന്നു മിസ്റ്റർ എ. കെ. പിള്ള പറയുന്നു. ദൃഷ്ടാന്തങ്ങളുടെ ഉർജ്ജിതപ്രകാരം തന്നെ അദ്ധ്യാപകന്മാർക്ക് അവരുടെ ആഗ്രഹപ്രകാരം സ്ഥലംമാററം കൊടുക്കാൻ ഇൻസ്പെക്ടർ എത്രത്തോളം ശ്രമിച്ചിട്ടുണ്ടെന്നു ഏവരുടെയും ബോദ്ധ്യപ്പെടുത്തുന്നതാണ്. അങ്ങുമിങ്ങും ഓരോ വ്യക്തികളുടെ സങ്കടങ്ങൾ സഭയിൽ വാദവിഷയമാക്കാതെ ഇൻസ്പെക്ടരുടെ ദൃഷ്ടിയിൽ കൊണ്ടുവരികയായിരുന്നു ഉത്തമം. ഈ പ്രസ്താവനകളോടുകൂടി ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

മി: ടി. ഇ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഞാനും ചിലവാക്കുകൾ പറവാൻ ആഗ്രഹിക്കുന്നു. മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതു കുത്തുവാക്കാണെന്നോ ഇപ്പോഴത്തെ ചീഫ് ഇൻസ്പെക്ടർ അദ്ധ്യാപകന്മാരെ അവരുടെ സ്വദേശത്തെക്കു മാററിയിട്ടില്ലെന്നോ അവരെ സ്വദേശത്തു നിന്നു ദൂരദിക്കുകളിലേക്കു മാററിക്കളഞ്ഞു എന്നോ അദ്ദേഹം സൂചിപ്പിക്കാൻ ശ്രമിച്ചു എന്നോ എനിക്കു തോന്നിയില്ല. അങ്ങനെ മാററം കൊടുക്കാത്ത ചിലദൃഷ്ടാന്തങ്ങൾ തനിക്കറിയാമെന്നു മാത്രമേ അദ്ദേഹം പറഞ്ഞുള്ളു. ഈ സഭയിലും മററു സ്ഥലങ്ങളിലും കുറെ മുമ്പുകൊണ്ടു വന്നിട്ടുള്ള പരാതികൾക്കെല്ലാം പരിഹാരംഉണ്ടാക്കി കഴിഞ്ഞിരിക്കുന്നു എന്നു വിദ്യാഭ്യാസഡയറക്ടർ വായിച്ച പട്ടികയിൽ നിന്നു സ്പഷ്ടമാകുന്നുണ്ട്. അദ്ധ്യാപകന്മാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇൻസ്പെക്ടർ സാദ്ധ്യമായ അദ്ധ്യാപകന്മാരുടെ ആഗ്രഹം അന്വേഷിച്ചറിഞ്ഞു അനേകംപേർക്കു മാററം കൊടുത്തു ആഗ്രഹം സാധിപ്പിച്ചു കൊടുത്തു എന്നു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരുടെ പ്രസംഗത്തിൽ നിന്നു വ്യക്തമാകുന്നുണ്ട്. ചില കാര്യങ്ങളിൽ അങ്ങനെ ചെയ്തിട്ടില്ലെന്നുവരാം. എന്നാൽ അവയെല്ലാം ഡയറക്ടർ പ്രസ്താവിച്ച പ്രകാരം അദ്ദേഹം പറഞ്ഞ കാരണങ്ങളിൽ ഏതെങ്കിലും കൊണ്ടായിരിക്കണം. അതുകൊണ്ട് ഉപക്ഷേപത്തിനു അനുകൂലമായൊരു പ്രതിപാദനമായ എന്തെങ്കിലും പറവാനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ചീഫ് ഇൻസ്പെക്ടരെ ഏററവും അഭിനന്ദിക്കേണ്ടതാണെന്നുമാത്രം മിസ്റ്റർ കൃഷ്ണസ്വാമി അയ്യരോടുകൂടെ ഞാനും പറഞ്ഞു കൊള്ളുന്നു.

മി: സി. പി. തോമസ് (ഗവണ്മെൻറ് നിയമനം): മിസ്റ്റർ എ. കെ. പിള്ള കൊണ്ടു വന്നിട്ടുള്ള ഉപക്ഷേപത്തിനെതിരായി (പ്രൈസിഡെൻറ്: ദയവായി ഉറക്കെ പറയണം) ഞാനും ചിലവാക്കുകൾ പറവാൻ ആഗ്രഹിക്കുന്നു. വിട്ടുവിട്ട ദൂരദിക്കുകളിൽ പോയിജോലി ചെയ്യേണ്ടിവരുന്ന അദ്ധ്യാപകന്മാരുടെ പ്രയാസങ്ങളെപ്പററി എന്നോടും പലർ ഇതിനു മുമ്പു പരാതി പറഞ്ഞിട്ടുണ്ട്. അങ്ങനെ ഞാൻ ഈ വിഷയത്തെപ്പററി വെർണാകുലർ സ്കൂൾ ചീഫ് ഇൻസ്പെക്ടരോടു സംസാരിക്കുന്നതിനിടയായി. അദ്ധ്യാപകന്മാരുടെ വളരെക്കാലത്തെ സങ്കടത്തിനു നിവൃത്തിയുണ്ടാക്കാൻ അദ്ദേഹം ചെയ്യുന്ന ദീർഘപ്രവൃത്തിയെപ്പററി അനുമോദിക്കുന്നിടയായതിനെക്കുറിച്ചു എനിക്കു വളരെ ചാരിതാർത്ഥ്യം ഉണ്ട്. വിദ്യാഭ്യാസഡയറക്ടർ തന്ന പട്ടികകൊണ്ടും മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ വിചിത്രദൃഷ്ടാന്തങ്ങളുടെ ചുരുക്കം കൊണ്ടും സാധാരണമനുഷ്യരാൽ കഴിയുന്നതിലധികം പ്രസ്തുതത്തിലെ വിദ്യാഭ്യാസഉദ്യോഗസ്ഥൻ സാധിച്ചിട്ടുണ്ടെന്നു ഏവർക്കും ബോദ്ധ്യമാകുമെന്നു തീർച്ചപറയാം. ഏഴ്പേരുടെ മാത്രമുള്ള പരാതി ഈ സഭയിൽ വാദവിഷയമാക്കാൻ സംഗതി വന്നതിനെപ്പററി നാം യഥാർത്ഥമായി ഖേദിക്കേണ്ടിയിരിക്കുന്നു.

ഇനി സ്കൂൾ ഫൈനൽ പരീക്ഷയെപ്പററി പറയാം. വിദ്യാലയങ്ങളിൽ കൊടുക്കുന്ന ഗ്രന്ഥജ്ഞാനത്തെ പൂർത്തിയാക്കുന്നതിനു ഈ ഫൈനൽ ഏററവും ഉപയുക്തമാണെന്നു ആധുനികവിദ്യാഭ്യാസശാസ്ത്രജ്ഞന്മാരെല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. നമ്മുടെ വിദ്യാർത്ഥികൾ പുസ്തകങ്ങൾ മാത്രം വായിച്ചു പരീക്ഷയ്ക്കു പഠിച്ചു മാത്രം പാടാൻ പരിചയിക്കുന്നതുകൊണ്ട് ചില അവസ്ഥകളിൽ എന്തു ചെയ്യണമെന്നറിയാതെ മനോധൈര്യം ക്ഷയിച്ചവരായിപോകുന്നു എന്നു പരക്കെ ഒരു പരാതിയുണ്ട്. അതുകൊണ്ട് നമ്മുടെ ബാലന്മാരെ വിദ്യാലയങ്ങളിൽ നിന്നു പുറത്തുകൊണ്ടുപോയി അന്യസ്ഥലങ്ങളിൽ പാർപ്പിച്ചു ഓരോ അവസ്ഥകളിൽ ഇന്നവിധം വർത്തിക്കണമെന്നു പരിചയിപ്പിക്കാനുള്ള ഏതു വ്യവസ്ഥയും സന്തോഷത്തോടെ സ്വീകരിക്കേണ്ടതാകുന്നു. അതുകൊണ്ട് ഈ കാര്യം വിദ്യാഭ്യാസഡയറക്ടർ ആലോചനയിലെടുത്തു ഒരു പദ്ധതിതയ്യാറാക്കി ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടെന്നറിയുന്നതു ചാരിതാർത്ഥ്യഹേതുകമാകുന്നു. ഇതിനെ സംബന്ധിച്ചു ഉടനെതന്നെ ഗവണ്മെൻറ് കല്പനകൾ പുറപ്പെടുവിക്കുമെന്നു പ്രത്യാശിക്കുന്നു.

മി: സി. എസ്. തുപ്പൻ നമ്പൂതിരി (ജന്മികൾ): അദ്ധ്യാപകന്മാരുടെ സ്ഥലംമാററം സംബന്ധിച്ചു അവർക്കുള്ളതായ സങ്കടം എല്ലാക്കാലത്തും ഉണ്ടായിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നതു. അതായതു ഓരോ ദേശത്തും ക ാ-ം ക്ലാ-ം, വ ാ-ം അദ്ധ്യാപകന്മാർ അവിടത്തെ സ്വദേശികൾ ആയിരിക്കും. എന്നാൽ അടുത്തു സ്കൂൾ ഇല്ലെന്നു വന്നേക്കാം. എന്റെ ദേശത്തിൽതന്നെ ക ാ-ം വ ാ-ം അദ്ധ്യാപകന്മാർ ഉണ്ട്. എന്നാൽ ആ ദേശത്തു ഒരു സ്കൂളുമില്ല. അങ്ങനെയിരിക്കുന്ന അവസരത്തിൽ എല്ലാവർക്കും അതാതു സ്ഥലങ്ങളിൽതന്നെ, അവരുടെ സ്വദേശങ്ങളിൽതന്നെ സ്ഥലംമാററംകൊടുക്കുന്നതിനു ആരു വിചാരിച്ചാലും സാധിക്കയില്ലാ എന്നാണു എന്റെ വിശ്വാസം. ഇപ്പോൾ എണ്ണമറ്റോരോ അദ്ധ്യാപകന്മാർക്കു അവരുടെ സ്വദേശങ്ങളിൽതന്നെ സ്ഥലംമാററം കൊടുത്തിട്ടുണ്ടെന്നു അറിയുന്നതു വലിയ ഒരു സംഗതിയാണെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇതിനുമുമ്പും സ്ഥലംമാററത്തെ സംബന്ധിച്ചു അനേകംപേർ പരാതിപ്പെട്ടുകൊണ്ടിരുന്നിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ സ്കൂൾ വർഷാരംഭത്തിൽ അവർക്കുള്ള വലിയ സങ്കടം തീർന്നു എന്നാണു ഞാൻ വിചാരിക്കുന്നതു്. അതു എന്റെ അടുത്തു അവർ പറയുകയും ചെയ്തിട്ടുണ്ട്. ഏതായാലും ചീഫ് ഇൻസ്പെക്ടർ ഇപ്പോൾ ചെയ്തിട്ടുള്ളതായ ഓരോ ഏർപ്പാടുകളും അദ്ധ്യാപകവർഗ്ഗത്തിനു വലിയ രക്ഷയുണ്ടാക്കിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. അതിനാൽ ഞാൻ ഈ ദോഷത്തെ എതിർക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എന്റെ പ്രമേയം, നിർദ്ദോഷമായ ഈ പ്രമേയം എന്റെ മേൽ പല ദോഷാരോപണങ്ങൾക്കും ഇടയാക്കിയതിനെപ്പററി ഞാൻ വ്യസനിക്കുന്നു. കപടമായി

യാതൊന്നും സൂചിപ്പിക്കാൻ എനിക്ക ഉദ്ദേശമുണ്ടായിരുന്നില്ലെന്നു എല്ലാ മെമ്പർമാരോടും ഞാൻ ശപഥംചെയ്തുകൊള്ളുന്നു. ഈ ദോഷാരോപണങ്ങൾ എന്നെ കുപിതനാക്കേണ്ടതായിരുന്നു. എന്നാൽ ലോകത്തെ ഞാൻ കുറച്ചൊക്കെ അറിയുന്നതുകൊണ്ടു ഞാൻ അതു നിമിത്തം ദുഃഖിയുന്നില്ല. "ഞാൻ ജനിച്ച കാലത്തിനു വന്ദനം പറഞ്ഞുകൊള്ളുന്നു" എന്നു ഹാമ്ലറ്റ് പറഞ്ഞതുപോലെ ഞാനും പറഞ്ഞുകൊള്ളുന്നു.

സർ, തങ്ങൾ കേൾക്കുന്നതിനു അനുയോജ്യമായ അർത്ഥങ്ങൾ കല്പിപ്പാൻ മെമ്പർമാർക്കുള്ള അസാമർത്ഥ്യത്തെപ്പററി എനിക്കു ആശ്ചര്യം ഉണ്ട്. അവർ ഒരോരോ അഭിപ്രായങ്ങളാലും ആശങ്കകളാലും അന്ധന്മാരായിതീർന്നിട്ടു നിഴലുകളിലൊക്കെ ഭൂതങ്ങളെ കാണുന്നു. ഇനിയും എന്നെ തെററിദ്ധരിക്കുമെന്നു ഭയപ്പെടുന്നതുകൊണ്ടു ഇക്കാര്യത്തെപ്പററി കൂടുതലായി ഒന്നും പറയുന്നില്ല. ചീഫ് ഇൻസ്പെക്ടരുടെ അലംഭാവത്തെപ്പററി എനിക്ക അറിവില്ലാതില്ല ഇക്കാര്യത്തിൽ അദ്ദേഹം വളരെ വ്യഥിതനായിട്ടുണ്ടെന്നു എനിക്കറിയാം. ശ്രീമൂലം പ്രജാസഭയിൽ എനിക്ക പരിശീലനം ഉണ്ടായിട്ടില്ലാത്തതിനാൽ ഉദ്യോഗസ്ഥന്മാരെ അവർ ചെയ്തിട്ടുള്ളതിന്നും അവർ ചെയ്തിട്ടില്ലാത്തതിനും സ്തുതിക്കുന്ന വിദ്യ ഞാൻ കരസ്ഥമാക്കീട്ടില്ല. അദ്ദേഹത്തിന്റെ സ്തുതി പാടാൻ ഞാൻ വിചാരിച്ചില്ല. അതു അദ്ദേഹത്തിന്റെ ജോലിയെ ഞാൻ വിലമതിക്കാഞ്ഞിട്ടല്ല, അദ്ധ്യാപകന്മാരുടെ സങ്കടങ്ങൾക്കു ഞാൻ അധികം വില കല്പിച്ചുകൊണ്ടാണ്. ഒരാൾക്കുണ്ടാകുന്ന സങ്കടത്തെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവരുന്നതു ന്യായമായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ന്യായം പ്രവർത്തിച്ച ഒരുദാഹരണം എടുത്തുകാണിച്ചുകൊണ്ടു പ്രയോജനമില്ല. ആയിരം കേസുകളുള്ളിടത്തിൽ നൂറു കേസുകളിൽ ന്യായം പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ന്യായം പ്രവർത്തിച്ചിട്ടില്ലാത്തശേഷം ഒരു കേസു ഗവർണ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവരുന്നതു ന്യായമാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): ഈ സഭയിൽ പ്രത്യേകദൃഷ്ടാന്തങ്ങൾ എടുത്തു പറയാൻ പാടുണ്ടോ എന്നു മെമ്പർ പറയുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഓരോ വ്യക്തികളുടെ അവകാശങ്ങളെ എടുത്തു പറവാൻ ഈ സഭയ്ക്കു സ്ഥലം ആകരുതെന്നു ഒരു ചട്ടം ഉണ്ടാക്കീട്ടുള്ളതായി എനിക്കറിയാം. മറ്റൊരു വിചാരിച്ചും എന്നോടുള്ള സ്നേഹവും ഈക്കാര്യത്തിൽ സംബന്ധപ്പെട്ടവരോടും ന്യായമായി വർത്തിക്കണമെന്നു വിചാരിച്ചും തന്നെയാണു ഞാൻ ആരുടെയും പേരുകൾ പറയാഞ്ഞതു്. ഞാൻ ആരെയെങ്കിലും മനസ്സിൽ വിചാരിച്ചുകൊണ്ടു അയാളുടെ ഭാഗം വാദിക്കയാണെന്നു വിചാരിക്കരുതു്. ഏതെങ്കിലും പ്രത്യേകജാതിയിൽപെട്ട ഏതെങ്കിലും പ്രത്യേകവ്യക്തിയുടെ അവകാശം സ്ഥാപിപ്പാനാണു ഞാൻ ഈ പ്രമേയം കൊണ്ടുവന്നതെന്നും എന്നെ തെററിദ്ധരിക്കരുതു്. ഈ തെററിദ്ധാരണക്കു ഇടംകൊടുക്കാതെ ഈ സഭയിൽ ഒന്നും പറവാൻ കഴിവില്ലാത്തതിനെപ്പററി ഞാൻ വ്യസനിക്കുന്നു.

വിദ്യാഭ്യാസഡയറക്ടർ സ്വീകരിച്ച എന്റെ പ്രമേയത്തിന്റെ ഒന്നാംഭാഗത്തെപററി എനിക്ക ഒന്നുപറവാനുണ്ടു. വിഷയം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നുഎന്നു ഡയറക്ടർ പറയുമ്പോൾ അതു അദ്ദേഹത്തിന്റെ സ്വന്തനിലയിൽ പറയുന്നതാണെന്നുതോന്നുന്നു. ഞാൻ പ്രമേയത്തെപ്പററി നോട്ടീസ്കൊടുത്തപ്പോൾ അദ്ദേഹം ആവശ്യമുള്ള എല്ലാവിവരങ്ങളോടുംകൂടെ വരുമെന്നും ഗവണ്മെൻറു എന്താണുചെയ്യാൻ വിചാരിക്കുന്നതുഎന്നുകൂടി പറയുമെന്നും ഞാൻവിചാരിച്ചിരുന്നു. അദ്ദേഹം തനിക്ക പറവാനുള്ള തുവ്യക്തമാക്കുമെന്നു വിശ്വസിക്കുന്നു. മിസ്റ്റർ സ്റ്റീഫെൻസൺ തന്റെ ശിപാർശകൾ ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടെന്നും അതിപ്പോൾ ഗവണ്മെൻറിൽ ഇരിക്കുന്നുഎന്നും അദ്ദേഹംപറഞ്ഞു. ഗവണ്മെൻറു ഇക്കാര്യത്തിൽ എന്തുചെയ്യാൻ പോകുന്നു എന്നു എനിക്ക അറിഞ്ഞുകൂടാ. ഗവണ്മെൻറിൽനിന്നു വിവരം കിട്ടട്ടെഇ ഗവണ്മെൻറു മെമ്പർമാർ മുഖാന്തരം ആകയാൽ അദ്ദേഹം ഗവണ്മെൻറിനുവേണ്ടി അല്ലെങ്കിലും തന്റെ മറുപടിയിൽ പറയുമെന്നു വിശ്വസിക്കുന്നു. ഈ പ്രമേയത്തെപ്പററി എനിക്ക നിർബന്ധമില്ല എന്നാൽ മെമ്പറിന്റെ മറുപടി അറിഞ്ഞശേഷം എന്റെ പ്രമേയം പിൻവലിക്കയായിരിക്കും എനിക്ക സന്തോഷം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): എന്റെ മുൻപ്രസംഗത്തിൽ തിരുവിതാംകൂറിൽ സ്കൂളുട്ടു് ഏർപ്പാടു നടപ്പിൽവരുത്തുന്നതിനെപ്പററി ഒരു റിപ്പോർട്ട് മിസ്റ്റർ സ്റ്റീഫെൻസൺ ഗവണ്മെൻറിലേക്കു അയച്ചിട്ടുണ്ടെന്നു ഞാൻ പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ ശിപാർശകളെ അനുവദിച്ചു ഗവണ്മെൻറ് ഉത്തരവിടാൻ ആലോചിക്കുന്നുഎന്നു പ്രസ്താവിപ്പാൻ എനിക്കിപ്പോൾ അധികാരം തന്നിരിക്കുന്നു.

അദ്ധ്യാപകന്മാരുടെ സ്ഥലംമാററത്തെപററിയും ഞാൻ മുമ്പുപറഞ്ഞുകൊള്ളുന്നു. മിസ്റ്റർ. എ. കെ. പിള്ളയുടെ ഉത്തമവിശ്വാസത്തെപ്പററി എനിക്കൊരു ശങ്കയും ഉണ്ടായിട്ടില്ല. ആരേപ്പററിയും ദോഷാരോപണംചെയ്യാൻ അദ്ദേഹത്തിനു യാതൊരു വിചാരവും ഇല്ലായിരുന്നുഎന്നു അദ്ദേഹം പറഞ്ഞതു മെമ്പർമാർ എല്ലാവരും യാതൊരുസംശയവുംകൂടാതെ സ്വീകരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഞാൻ ഈയിടെ കുചക്കോട്ടവരെ സർക്കീട്ടുപോയിരുന്നപ്പോൾ അദ്ധ്യാപകന്മാർക്ക അവരവരുടെ സ്വദേശത്തെക്കു സ്ഥലം മാററം കൊടുക്കുന്ന കാര്യത്തിൽ ഇൻസ്പെക്ടർചെയ്ത സൽപ്രവൃത്തിനിമിത്തം അദ്ദേഹത്തെ എല്ലാവരും വളരെ പ്രശംസിക്കുന്നതു കേൾക്കാൻ ഇടയായിഎന്നും പറഞ്ഞുകൊള്ളുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) സർ, പ്രമേയം ഞാൻ പിൻവലിക്കുന്നു.

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൪ ൭.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള

൪ ൭. സിൽബന്ധിച്ചുലവിനു അനുവദിച്ച വസ്തുതകൾ രൂപയിൽ ൪൯ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൪ ൮.

മി: ജി. രാമൻ മേനോൻ (മാടവചിക്കരയും കാർത്തികപ്പള്ളിയും): ഞാൻ ഇന്നലെപറഞ്ഞകാരണങ്ങളാ

ൽ വർത്തമാനപ്പത്ര റെഗുലേഷനനുസരിച്ച് വരേപ്രകാരം ചെയ്യാൻ ഒരവസരം കിട്ടുന്നതുപോലെ ഇതും മററുള്ള ഉപക്ഷേപങ്ങളും ഞാൻ ഹാജരാക്കുന്നില്ല.

൪൭. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള വർദ്ധനവു നിർത്തുപായിൽ ൪൯ രൂപാ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൪൯ മുതൽ ൫൧ വരെ താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയിട്ടില്ല.

മി: കെ. മാധവൻപിള്ള

൪൯. സിൽബന്തിച്ചെലവിനു അനുവദിച്ച വർദ്ധനവു ൧൦ രൂപായിൽ ൫ രൂപ കുറയ്ക്കണം.

മി: ജി. രാമൻ മേനോൻ

൫൦. സഞ്ചാരപ്പടിക്കനുവദിച്ചിട്ടുള്ള ൨൫,൦൦൦ രൂപായിൽ നൂറു രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

൫൧. സഞ്ചാരപ്പടിക്കനുവദിച്ചിട്ടുള്ള ൨൫,൦൦൦ രൂപായിൽ നൂറു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൫൨.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

൫൨. ഇൻസ്പെക്ടർമാർക്കനുവദിച്ചിട്ടുള്ള ൧ ൩,൫൦൦ രൂപായിൽ ൫ രൂപ കുറയ്ക്കണം.

സർ, ഈ ഉപക്ഷേപത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വം ഞാൻ മുമ്പു വിവരിച്ച പ്രകാരം വാസ്തവമുള്ളതാണ്. എന്റെ മുൻ ഉപക്ഷേപത്തെപ്പററി പറഞ്ഞതുപോലെ സംഗതിയിൽ വിദ്യാഭ്യാസച്ചിലവു വർദ്ധിച്ചുവരുന്നു എന്നും പ്രാഥമികവിദ്യാഭ്യാസത്തിന്റെ മദ്ധ്യമവിദ്യാഭ്യാസത്തിനും ഉള്ള ചെലവു കുറയ്ക്കാൻ സാധിക്കയില്ലെന്നും ഞാൻ പറകയുണ്ടായി. കുറേകൂടി വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം അതിനും ഉള്ള ചെലവു കുറയ്ക്കാൻ സാധിക്കുമോ എന്നു ഞാൻ ആലോചിക്കുന്നു. ഇൻസ്പെക്ടർമാരും അസിസ്റ്റന്റു ഇൻസ്പെക്ടർമാരും ഇപ്പോൾ ചെയ്തുവരുന്ന ജോലി നോക്കിയാൽ അവരുടെ എണ്ണം കുറയ്ക്കുന്നതു കൊണ്ടു പരീക്ഷകന്മാരുടെ ഹാനിവരുമെന്നു ഞാൻ വിചാരിക്കുന്നില്ല. വിദ്യാഭ്യാസം നൽകുന്ന വിഷയത്തിലെ കാര്യക്ഷമത അദ്ധ്യാപകന്മാരെ ആശ്രയിച്ചിരിക്കുന്നു. അല്ലാതെ മേലന്വേഷണത്തെയോ പരിശോധനയെയോ ആശ്രയിച്ചല്ലാ എന്നു അദ്ധ്യാപകന്മാരുള്ള ഗീതിയെയോ അല്ല എന്നാണ് എന്റെ അഭിപ്രായം. അദ്ധ്യാപകന്മാരുടെ കാര്യക്ഷമത മനോഭാവം നിരീക്ഷിക്കുന്നതായാൽ ഇത്രയധികം ഇൻസ്പെക്ടർമാരും അസിസ്റ്റന്റു ഇൻസ്പെക്ടർമാരും ആവശ്യമായി വരികയില്ല. അതിനാൽ അസിസ്റ്റന്റു ഇൻസ്പെക്ടർമാരുടെ എണ്ണം കുറയ്ക്കണമെന്നുള്ള സംഗതിയിലേക്ക് ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനായിട്ടാകുന്നു ഞാൻ ഈ ഉപക്ഷേപം കൊണ്ടു വന്നിട്ടുള്ളതു. കാര്യക്ഷമതയ്ക്കു യാതൊരു ഹാനിയും വരാതെ അവരുടെ എണ്ണം കുറയ്ക്കുമെന്നാകുന്നു എന്റെ വിശ്വാസം. ഇൻസ്പെക്ടർമാരുടെ എണ്ണം കുറയ്ക്കുന്നതിനു സംബന്ധിച്ച് ഇംഗ്ലീഷും വെർണാക്കുലറും സ്കൂളുകൾ വേർതിരിക്കുന്നതിനെ സംബന്ധിച്ചുള്ള പ്രമേയം ആലോചനയ്ക്കു വരുമ്പോൾ ഞാൻ സംസാരിച്ചുകൊള്ളാം;

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): സർ, ഈ രാജ്യത്തുള്ള നാട്ടുഭാഷാ വിദ്യാലയങ്ങളുടെ കണക്കു പറയാം. ഇവിടെ സർക്കാർ വകയായും സ്വകാര്യവകയായും ൨൭൫ നാട്ടുഭാഷാവിദ്യാലയങ്ങൾ ഉണ്ട്. അവയെ പരിശോധിക്കുന്നതിനു ൨൫ അസിസ്റ്റന്റു ഇൻസ്പെക്ടർമാരും ഉണ്ട്. ൨൭൫ വിദ്യാലയങ്ങളെ ൨൫ അസിസ്റ്റന്റു ഇൻസ്പെക്ടർമാർക്ക് പങ്കിട്ടാൽ ഓരോ അസിസ്റ്റന്റു ഇൻസ്പെക്ടർക്കും പന്ത്രണ്ടു വിദ്യാലയങ്ങൾ ഉണ്ടാകും. വർഷന്തോറും പരിശോധനയിൽ ആണ്ടുതോറും നൂറിൽകുറയാതെ വിദ്യാലയങ്ങൾ ഓരോ അസിസ്റ്റന്റു ഇൻസ്പെക്ടരും പരിശോധിക്കണമെന്നാണ് ചട്ടം. ഒരു ഉദ്യോഗസ്ഥനു ഇത്രയധികം സ്കൂളുകൾ പരിശോധിക്കാൻ കഴിയുകയില്ലെന്നു അനുഭവം കൊണ്ടു അറിഞ്ഞിട്ടുള്ളതാണ്. ഇതിനു പുറമെ ഗ്രാന്റിനുള്ള അവകാശം നിർണ്ണയിക്കുന്നതിന്നായും പ്രൈവേററു സ്കൂളുകൾ അസിസ്റ്റന്റു ഇൻസ്പെക്ടർമാർ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇതിനും പുറമെ അനേകം ആളുകൾ പ്രൈവേററു സ്കൂളുകൾ ആരംഭിക്കുന്നതിനു അനുവാദത്തിനും അനുവാദപ്രകാരം മുമ്പു ആരംഭിച്ചിട്ടുള്ള സ്കൂളുകളുടെ സ്വീകരണത്തിനും അപേക്ഷിക്കാറുണ്ട്. ഈ സ്കൂളുകളും അസിസ്റ്റന്റു ഇൻസ്പെക്ടർമാർ പരിശോധിക്കേണ്ടതായിട്ടുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഗ്രാന്റിന്നായും സ്വീകരണത്തിന്നായും ഒരാണ്ടിൽ ആകെ എത്ര അപേക്ഷകൾ വരുമെന്നു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): എല്ലാ പ്രൈവേററു സ്കൂളുകളും ഗ്രാന്റിന്നപേക്ഷിക്കും. അവയുടെ എണ്ണം ഡിപ്പാർട്ടുമെന്റുവക സ്കൂളുകളുടെ എണ്ണത്തെക്കാൾ അധികവുമാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഓരോ ആണ്ടിലെ ശരാശരി എണ്ണം എത്രയുണ്ടെന്നു മെമ്പർ പറയുമോ.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): സ്കൂളുകൾക്കു ഗ്രാന്റു അനുവദിക്കുന്നതു മൂന്നു വർഷത്തിലൊരിക്കലാണ്. അനുവദിച്ചു കഴിഞ്ഞാൽ മൂന്നു വർഷത്തേക്കു കൊടുത്തതു കാണുമിരിക്കും. അവയ്ക്കു ഗ്രാന്റിനുള്ള അവകാശം നിർണ്ണയിക്കുന്നതിനു ആണ്ടുതോറും പ്രൈവേററു സ്കൂളുകളിൽ ശരാശരി മൂന്നിലൊരംശം പരിശോധിക്കണം. ഇങ്ങനെ ഓരോ വർണ്ണാകുലർ സ്കൂൾ അസിസ്റ്റന്റു ഇൻസ്പെക്ടരും ആണ്ടുതോറും പരിശോധിക്കേണ്ടുന്ന വിദ്യാലയങ്ങളുടെ എണ്ണം വലിയതാണെന്നും പരിശോധന കൊണ്ടുള്ള ഗുണം കുറയ്ക്കാതെ ആ എണ്ണം വർദ്ധിപ്പിക്കാൻ പാടില്ലെന്നും സഭയ്ക്കു ഗ്രഹിക്കാവുന്നതാണ്.

ഇംഗ്ലീഷ് സ്കൂളുകളിൽ മിഡിൽ സ്കൂളുകൾ മാത്രമേ അസിസ്റ്റന്റു ഇൻസ്പെക്ടർമാരുടെ അധികാരത്തിൻകീഴിൽ ഉള്ളു. അംഗീകരണം സിദ്ധിച്ച ഹൈസ്കൂൾ മിഡിൽ സ്കൂളുകൾ അവയുടെ മേലന്വേഷണത്തിനു രണ്ടു അസിസ്റ്റന്റു ഇൻസ്പെക്ടർമാരും ഉണ്ട്, അവർ ഓരോരുത്തരും നൂറു സ്കൂളുകളുടെ വർഷാന്ത്യപരിശോധനയ്ക്കു അർഹരാണ്. ഈ ഹൈസ്കൂളുകളിൽ ഏതു ഒഴികെ ശേഷമെല്ലാം പ്രൈവേററു സ്കൂളുകളാണ്. ഇംഗ്ലീഷ് സ്കൂളുകൾക്കു ഗ്രാന്റു അനുവദിക്കുന്നതു ഓരോ വർഷത്തേക്കാകയാൽ എല്ലാ പ്രൈവേററു സ്കൂളുകളും ഗ്രാന്റിനു അവകാശം ഉണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കുന്നതിന്നായി ആണ്ടുതോറും പരിശോധിക്കണം. ഇങ്ങനെ ഗ്രാന്റു

കൊടുക്കുന്ന ആവശ്യത്തിലേക്കായി ഓരോ അസിസ്റ്റൻറ ഇൻസ്പെക്ടരും ഒരു പ്രൈവറ്റ സ്കൂളുകൾ പരിശോധിക്കണം. ഇങ്ങനെ ഒരു തോറും പുതിയ സ്കൂളുകൾ ഉണ്ടാകുന്നുണ്ട്. അവയെ തുടങ്ങുന്നതിനു മാനേജർമാരുടെ അപേക്ഷകൾ വരും. പിന്നെ അനുവാദത്തോടു കൂടെ ആരംഭിച്ച സ്കൂളുകളുടെ അംഗീകരണത്തിനു അപേക്ഷകൾ വരും. ഇങ്ങനെ അനുവാദം കൊടുക്കുന്നതിനോ അംഗീകരിക്കുന്നതിനോ മുമ്പായി അങ്ങനെയുള്ള ഓരോ സ്കൂളും അസിസ്റ്റൻറ ഇൻസ്പെക്ടർ മുഖാന്തിരം പരിശോധിച്ചു ഒരു റിപ്പോർട്ടു സമർപ്പിക്കണം.

ആകയാൽ സ്കൂളുകൾ പരിശോധിച്ചിട്ടു ആവശ്യമില്ല എന്നോ മറ്റു സൂത്രം നമ്മെ സ്വീകരിക്കാതെ, അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ എണ്ണം കുറയ്ക്കണമെന്നു മിസ്റ്റർ ജോസഫ് കൊണ്ടുവന്നിട്ടുള്ള പ്രമേയം സ്വീകരിക്കാൻ പാടില്ലെന്നു പ്രത്യക്ഷമാണ്.

സ്കൂൾ ഇൻസ്പെക്ടർമാരുടെ എണ്ണം കുറയ്ക്കുന്നതിനെപ്പററിയും മിസ്റ്റർ ജോസഫ് പറഞ്ഞുവല്ലോ. രണ്ടു സ്കൂൾ ഇൻസ്പെക്ടർമാരെയുള്ളൂ.

മി: വി. സുബ്ബയ്യർ (ഗവർണ്മെൻറ ഡിപ്യൂട്ടിപ്രെസിഡൻറ്): അദ്ദേഹം അങ്ങനെ പ്രമേയം ഹാജരാക്കീട്ടില്ല. അതിനെ പററി ഇനിയൊരവസരത്തിൽ സംസാരിക്കാമെന്നാണ് പറഞ്ഞതു്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ഈ പ്രസ്താവനകളോടുകൂടെ ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): സർ, വിദ്യാഭ്യാസ ഡയറക്ടർ പറഞ്ഞ സംഗതികളെയും കണക്കുകളെയും പററി ആലോചിച്ചാലും ഇപ്പോഴത്തെ ചട്ടങ്ങൾ പ്രകാരം അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ എണ്ണം കുറയ്ക്കാൻ പാടില്ലെന്നു എനിക്കു തോന്നുന്നുണ്ട്. മേലന്വേഷണത്തിൻറെയും പരിശോധനയുടെയും തത്വം നമ്മെയ്ക്കു ഗ്രഹിപ്പിക്കണമെന്നേ എനിക്കാവശ്യം ഉണ്ടായിരുന്നുള്ളൂ. ഈ പ്രസ്താവനയോടുകൂടെ ഞാൻ ഉപക്ഷേപം പിൻവലിച്ചു കൊള്ളുന്നു.

സഭയുടെ അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

മേലന്വേഷണം—ഇൻസ്പെക്ടർമാർ.

ഉപക്ഷേപങ്ങൾ ൪൩- ൪൪-ം

മെമ്പർമാർ ഹാജരില്ലാത്തതിനാൽ താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കാത്തതായി സങ്കൽപിച്ചു.

മി: കെ. മാധവൻപിള്ള.

൪൩. സിൽബന്തിച്ചെലവിന്നനുവദിച്ചിട്ടുള്ള ൨,൭൨൪ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള.

൪൪. സിൽബന്തിച്ചെലവിന്നനുവദിച്ചിട്ടുള്ള ൨,൭൨൪ രൂപായിൽ ൪൩൯ രൂപാ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൪൫- ൪൯-ം.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: ജി. രാമൻമേനോൻ.

൪൫. സിൽബന്തിച്ചെലവിന്നനുവദിച്ചിട്ടുള്ള ൩,൯൯൮ രൂപായിൽ ൮൮൦ രൂപാ കുറയ്ക്കണം.

മി: ജി. രാമൻമേനോൻ

൪൬. സിൽബന്തിച്ചെലവിന്നനുവദിച്ചിട്ടുള്ള ൫,൭൩൫ രൂപായിൽ ൯൯ രൂപാ കുറയ്ക്കണം,

ഉപക്ഷേപം ൪൭.

മെനാർ ഹാജരില്ലാത്തതിനാൽ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കാത്തതായി സങ്കല്പിച്ചു.

മി: ടി. കുമാരപിള്ള.

൪൭. സഞ്ചാരപ്പടിക്കനുവദിച്ചിട്ടുള്ള ൪,൭൮൦ രൂപായിൽ ൧൫൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൪൮— ൫൧-ം.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല,

മി: കെ. പി. നീലകണ്ഠപ്പിള്ള.

൪൮. സഞ്ചാരപ്പടിക്കനുവദിച്ചിട്ടുള്ള ൪,൭൮൦ രൂപായിൽ ൩൩൦ രൂപാ കുറയ്ക്കണം.

മി: ജി. രാമൻമേനോൻ.

൪൯. സഞ്ചാരപ്പടിക്കനുവദിച്ചിട്ടുള്ള ൪,൭൮൦ രൂപായിൽ ൩൩൦ രൂപാകുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൫൦— ൫൪-ം.

മെമ്പർമാർ ഹാജരില്ലാത്തതിനാൽ താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കാത്തതായി സങ്കല്പിച്ചു.

മി: ടി. കുമാരപിള്ള.

൫൦. സാമാനങ്ങൾ വാങ്ങുന്നതിനും കേടുതീർക്കുന്നതിനും അനുവദിച്ചിട്ടുള്ള ൪൦൦ രൂപായിൽ ൨൦൦ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള.

൫൧. ആഫീസ് ചെലവിനും പലവകയ്ക്കും അനുവദിച്ചിട്ടുള്ള ൧൪൦ രൂപായിൽ ൭൦ രൂപാകുറയ്ക്കണം.

ഉപക്ഷേപം ൫൨.

താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൫൨. ഇൻസ്പെക്ടർമാർക്കു അനുവദിച്ചിട്ടുള്ള ൧൭,൨൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൫൩.

മെമ്പർ ഹാജരില്ലാത്തതിനാൽ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കാത്തതായി സങ്കല്പിച്ചു.

മി: ടി. കുമാരപിള്ള.

൫൩. ഇൻസ്പെക്ടർമാർക്കു അനുവദിച്ചിട്ടുള്ള ൧൭,൨൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൩൪ മുതൽ ൩൭വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: കെ. ശിവരാമപണിക്കർ.

൩൪. ഇൻസ്പെക്ടർസ്മാക്ക് അനുവദിച്ചിട്ടുള്ള ൧൭,൫൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: കല്ലൂർ നാരായണപിള്ള.

൩൫. ഇൻസ്പെക്ടർസ്മാക്ക് അനുവദിച്ചിട്ടുള്ള ൧൭,൫൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മേലന്വേഷണം. ആകെ അനുവദിച്ച സംഖ്യ.

മി: കെ. പി. നീലകണ്ഠപ്പിള്ള

൩൬. മേലന്വേഷണത്തിന് അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧,൧൦,൫൦൦ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൩൭.

മെമ്പർ ഹാജരില്ലാത്തതിനാൽ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കാത്തതായി സങ്കല്പിച്ചു.

മി: എം. എൻ. പിള്ള.

൩൭. മേലന്വേഷണത്തിന് അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧,൧൦,൫൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൩൮.

താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

൩൮, മേലന്വേഷണത്തിന് അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧,൧൦,൫൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

൫ ൦ ബി. കോളേജ് വിദ്യാഭ്യാസം - ൧ സയൻസ് കോളേജ്.

ഉപക്ഷേപങ്ങൾ ൩൯. ൪൦—൪.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: ജി. രാമൻമേനോൻ.

൩൯. ഒബ്സർവ്വാഹ്ട്സ്മാനു അനുവദിച്ചിട്ടുള്ള ൩൫൫ രൂപാ വിട്ടുകളയണം.

മി: ജി. രാമൻമേനോൻ.

൪൦, ഒരു സസ്യസൂക്ഷിപ്പുകാരനു അനുവദിച്ചിട്ടുള്ള ൩൫൫ രൂപാ വിട്ടുകളയണം.

ഉപക്ഷേപങ്ങൾ ൪൧ മുതൽ ൪൪ വരെ

മെമ്പർമാർ ഹാജരില്ലാത്തതിനാൽ താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കാത്തതായി സങ്കല്പിച്ചു.

മി: ടി. കുമാരപിള്ള.

൪൧. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൪ ൦ രൂപായിൽ ൩ ൦ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള

൪൨. ആഫീസ് ചെലവിനും പലവകയ്ക്കും അനുവദിച്ചിട്ടുള്ള ൧,൫ ൦ രൂപായിൽ ൪ ൦ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള.

൪൩. കായികാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൧൭൭ ൦ രൂപായിൽ ൩൭ ൦ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള.

൪൪. വേലക്കാരുടെ ശമ്പളത്തിനു അനുവദിച്ചിട്ടുള്ള ൧,൭൫൩ രൂപായിൽ ൭൫൩ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള

൪൫. സയൻസ് കോളേജിനു അനുവദിച്ചിട്ടുള്ള ൪൫,൭൭൫ രൂപായിൽ ൧ ൦ ൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൪൬.

മി: കെ. ഐ. ജോസെഫ് (മീനച്ചിലും ദേവികുളവും): സർ, താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

൪൬. സയൻസ്കോളേജിനു അനുവദിച്ചിട്ടുള്ള ൪൫,൭൭൫ രൂപായിൽ ൧ ൦ ൦ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നതിന്റെ ഉദ്ദേശം കോളജ് വിദ്യാഭ്യാസത്തിന്റെ ചെലവുകുറയ്ക്കാനാണെന്നു നമ്മുടെ മുമ്പാകെവച്ചിട്ടുള്ള അച്ചടിച്ച ലിസ്റ്റിൽ കാണിച്ചിട്ടുണ്ടു. ആർട്സ് കൊളെജിലെ പ്രൊഫെസർമാക്കുകൊടുക്കുന്ന ശമ്പളത്തെ സംബന്ധിച്ചും ഞാൻ ഒരു ഉപക്ഷേപം ഹാജരാക്കീട്ടുണ്ടു. രണ്ടു ഉപക്ഷേപങ്ങളിലും അന്തർഭവിച്ചിട്ടുള്ളതത്വം ഒന്നാകയാൽ അതിനെക്കുറിച്ചും ഇപ്പോൾതന്നെ സംസാരിക്കാൻ വിചാരിക്കുന്നു. രാജ്യത്തിന്റെ ആകെമാനമുള്ളക്ഷേമം ഉൽകൃഷ്ടവിദ്യാഭ്യാസം നല്കുന്നതിലല്ല കിടക്കുന്നതു, പ്രാഥമിക വിദ്യാഭ്യാസവും മദ്ധ്യമവിദ്യാഭ്യാസവും നല്കുന്നതിലാകുന്നുഎന്നാണു എന്റെ പ്രധാനവാദം. ബഡ്ജററിൽ കൊടുത്തിരിക്കുന്നകണക്കുകൊണ്ടു കാളെജ് വിദ്യാഭ്യാസത്തിനു ഒരു വലിയ സംഖ്യ അനുവദിച്ചിട്ടുണ്ടെന്നു കാണാം. വിദ്യാഭ്യാസംസംബന്ധിച്ചു ഗവർണ്ണമെന്റിന്റെ പ്രധാനധർമ്മം എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം സമ്പാദിക്കാൻ അവസരം ഉണ്ടാക്കി കൊടുക്കയാണു. അതിനാൽ ഗവർണ്ണമെന്റു അതിനു സർവ്വപ്രധാനമായി കരുതേണ്ടതാണ്. മദ്ധ്യമവിദ്യാഭ്യാസം സംബന്ധിച്ചു അതിനാഗ്രഹിക്കുന്നവർക്കു വേണ്ടസൌകര്യങ്ങൾ ഗവർണ്ണമെന്റു ഉണ്ടാക്കികൊടുക്കുന്നതു നന്നായിരിക്കും. കാളേജ് വിദ്യാഭ്യാസം അതിരുവേണ്ടുന്ന ചെലവു വഹിപ്പാൻ കഴിവുള്ളവർക്കു ഒരു ആഡംബരമാത്രമാണെന്നു ഞാൻ വിചാരിക്കുന്നു. രാജ്യത്തിന്റെ ക്ഷേമം സാധാരണവിദ്യാഭ്യാസംഉള്ള അധികം ആളുകൾ ഉണ്ടായിരിക്കുന്നതിലാണു, അല്ലാതെ ഉൽകൃഷ്ടവിദ്യാഭ്യാസ ബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ള ചുരുക്കം ആളുകൾ ഉണ്ടായിരിക്കുന്നതിലല്ല. കാളേജുകളിലെ പ്രൊഫെസർമാരുടെയും ഉറവും ജോലി

ഫലംകൊണ്ടു അളക്കുകയാണെങ്കിൽ പ്രായോഗികമായി അവർ രാജ്യത്തിനു യാതൊരുഗുണവും ചെയ്യുന്നില്ലെന്നു പറയാം. അവർ ആണ്ടുതോറും ഉപജീവനത്തിനു കഴിവില്ലാത്ത കുറെ ബി. എ. ക്കാരെ ഇറക്കിവിടുന്നതേയുള്ളു. അതുകൊണ്ടു കോളേജ് വിദ്യാഭ്യാസത്തിനു പണം ചെലവാക്കുന്നതു രാജ്യത്തിന്റെ ഗുണത്തിനായിട്ടല്ല.

ഈ ചെലവുകുറയ്ക്കുന്നതിനു രണ്ടു കോളേജുകളിലെയും പ്രിൻസിപ്പാൾമാരുടെയും പ്രൊഫെസർമാരുടെയും ശമ്പളം കുറയ്ക്കുകയാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു പ്രിൻസിപ്പാൾമാർക്കു നൂറു രൂപാ ശമ്പളം കൊടുത്തിട്ടാവശ്യമില്ലെന്നു എനിക്കു തോന്നുന്നു. എന്റെ വാദം സ്ഥാപിക്കുന്നതിനു പ്രൈവറ്റ് കാര്യക്കാരുകളിലെ പ്രിൻസിപ്പാൾമാർക്കു ഇതിനോടു ഏതാണ്ടു തുല്യമായ ശമ്പളമാണു കിട്ടുന്നതെന്നു പറഞ്ഞുകൊള്ളുന്നു. പ്രൊഫെസർമാരുടെ ശമ്പളത്തെ സംബന്ധിച്ചും ഇതുപോലെ സ്കേൽ അനുവദിച്ചിട്ടാവശ്യം ഇല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ആദ്യംശമ്പളമായി നൂറു രൂപാകൊടുക്കുന്നതു ന്യായമാണെന്നു ഞാൻ സമ്മതിക്കുന്നു. പിന്നീടു ദ്വ൦ മുതൽ ൨൫൦ രൂപാവരെയും പിന്നീടു ൩൦൦ മുതൽ ൪൦൦ രൂപാവരെയും സ്കേൽ അനുവദിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട കാണുന്നു. ഉദാഹരണമായി കണക്കപ്രൊഫെസരുടെ സ്കേൽ ൩൦൦ മുതൽ ൪൦൦ രൂപാവരെയാണു; ശേഷമുള്ളവരുടെ സ്കേൽ ൨൦൦ മുതൽ ൨൫൦ രൂപാവരെയാണു. മറ്റൊരു ഡിപ്പാർട്ടുമെന്റിലും ഇങ്ങനെ സ്കേയിൽ അനുവദിച്ചുകാണുന്നില്ല. മറ്റുഡിപ്പാർട്ടുമെന്റിലെ ശമ്പളസ്കേൽ വളരെ കുറവായിരിക്കെ അവർക്കു ഇങ്ങനെയൊരു വലിയശമ്പളസ്കേൽ അനുവദിച്ചതിൽ ഗവണ്മെന്റിനെ നീതീകരിക്കാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

എന്റെ അഭിപ്രായത്തിൽ പ്രൊഫസർമാരുടെ ശമ്പളം നൂറു രൂപായിൽ തുടങ്ങി ൩൦൦ രൂപായിൽ അവസാനിപ്പിച്ചാൽമതി. കണക്കപ്രൊഫസർക്കു പണ്ടു ശമ്പളസ്കേയിൽ ൨൦൦ മുതൽ ൨൫൦ രൂപാവരെ ആയിരുന്നു എന്നു പറഞ്ഞു. എന്നാൽ ഇപ്പോൾ ആ ജോലി നൂറു മുതൽ ൪൦൦ രൂപാ ശമ്പളസ്കേയിൽ ഉള്ള ഒരാളെക്കൊണ്ടു ചെയ്യിക്കുന്നു എന്നും കേട്ടു. ഇക്കാരണങ്ങളാൽ പ്രൊഫസർമാരുടെ ശമ്പളസ്കേയിൽ ഗവണ്മെന്റിനു കുറയ്ക്കാവുന്നതാണു എന്നു ഞാൻ ബലമായി വാദിച്ചുകൊള്ളുന്നു.

മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ മൂന്നാം പ്രൊഫസർമാരുടെ ശമ്പളം മറ്റു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തോടു താരതമ്യപ്പെടുത്തുകയുണ്ടായി. ഒരു ഡിസ്ട്രിക്ട്ജഡ്ജിക്കു ൪൦൦ മുതൽ ൫൦൦ രൂപാവരെ ശമ്പളവും സബോർഡിനേറ്റ്ജഡ്ജിക്കു ൨൦൦ മുതൽ ൪൦൦ രൂപാവരെ ശമ്പളവും മാത്രമേയുള്ളു. ഹണ്ടർകമ്മിഷനിലെ സെക്രട്ടറിമാർക്കു ൨൦൦ രൂപയിൽ കൂടുതൽ ശമ്പളം കിട്ടുന്നില്ല. പ്രൊഫസർമാർക്കു ഈ ഉദ്യോഗസ്ഥന്മാരെക്കാൾ അധികം ശമ്പളംകൊടുക്കുന്നതിനു ഞാനൊരുന്യായവും കാണുന്നില്ല. മറ്റൊരുവിധത്തിൽ നോക്കിയാൽ ഉത്തമാശയങ്ങളുടെ മൂലം സഹോദരജനങ്ങളെ വിദ്യ അഭ്യസിപ്പിക്കുന്നവരുടെ ജോലിക്കു മിഷ്യണറിവേലയുടെ സ്വഭാവമാണുള്ളതെന്നു കാണാം. അതുകൊണ്ടു ഈ പ്രൊഫസർമാർ അത്ര വലിയ ശമ്പളംകൊണ്ടു തൃപ്തിപ്പെടുകയുള്ളു എന്നുവിചാരിപ്പാൻ സംഗതിയില്ല. വീണ്ടും ഇക്കാലത്തു വേണ്ട യോഗ്യതയുള്ള ആളുകളെ നൂറു രൂപാമുതൽ ൪൦൦ രൂപാവരെ ശമ്പളസ്കയിലിൽ കിട്ടാൻ പ്രയാസമില്ല. ഇങ്ങനെയാകയാൽ ഇപ്പോഴത്തെ ശമ്പളസ്കയിൽ ഭേദപ്പെടുത്തണമെന്നു ഞാൻ ബലമായി ശിപാർശചെയ്യുന്നു. ചില പ്രയാസങ്ങൾ നിമിത്തം ഇപ്പോൾ ആ സ്ഥാനത്തിരിക്കുന്നവർക്കു സാധകമാകത്തക്കവണ്ണം ശമ്പളം ഭേദപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ പുതിയതായി ആളെ നിയമിക്കുമ്പോൾ ഗവണ്മെന്റു ഈ സംഗതികളെപ്പററി ആലോചിച്ചു നൂറു മുതൽ ൪൦൦ രൂപാ സ്കയിലിൽമാത്രമേ നിയമനങ്ങൾ ഉണ്ടാക്കാവു എന്നാണു ഞാൻ പറയുന്നതു്. ഇപ്പോഴുള്ള ആളുകളെ പറഞ്ഞയച്ചുകളയാനോ അവരുടെ ശമ്പളം കുറയ്ക്കുവാനോ പാടില്ല. എന്നാൽ ഭാവിയിലെ നിയമനങ്ങൾക്കു നൂറു മുതൽ ൪൦൦ രൂപാവരെ ശമ്പളത്തിൽ ആളെ കിട്ടുന്നതുകൊണ്ടു ആ സ്കയിലേ അനുവദിക്കാവു.

പ്രെസിഡെൻറ്: സഭ ഇപ്പോൾ പിരിഞ്ഞു നാലു മണിക്കു വീണ്ടും കൂടും.

സഭ ചക്കുകക്ഷണത്തിനായി ഉച്ചതിരിഞ്ഞു രണ്ടു മണ്ണിക്കു പിരിഞ്ഞു നാലു മണിക്കു വീണ്ടും കൂടി.

ഡിപ്യൂട്ടിപ്രെസിഡൻറു അദ്ധ്യക്ഷസ്ഥാനാധിപത്യം വഹിച്ചു.

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, കോളേജ് അദ്ധ്യാപകന്മാർക്കു ചെലവാക്കുന്ന സംഖ്യ കുറയ്ക്കുന്നതിന്റെ അഭിലഷണീയത സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണു മി. കെ. ഐ. ജോസഫ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഗവണ്മെന്റുചെലവിന്മേൽ നടത്തേണ്ടുന്ന ഉന്നതവിദ്യാഭ്യാസം മാത്രമാണെന്നും മദ്ധ്യമവിദ്യാഭ്യാസത്തിനു ഗവണ്മെന്റു വേണ്ട സഹായങ്ങൾ ചെയ്യുന്നതു ഇന്ന അന്തർത്ഥമാണു കല്പിക്കുന്നതെന്നു എനിക്കു നല്ലവണ്ണം മനസ്സിലാകുന്നില്ല. ഉണ്ടാക്കിക്കൂട്ടത്താൽ മതിയെന്നു കരുതുന്ന അദ്ദേഹത്തിന്റെ അഭിപ്രായം എന്നു തോന്നുന്നു.

ഡെപ്യൂട്ടിപ്രെസിഡൻറ്: ഗ്രാന്റു കാടുക്കുന്നതിനെപ്പററി ആലോചിക്കാം അദ്ദേഹം പറയുന്നതു്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): കോളേജ്വിദ്യാഭ്യാസം ഒരു വലിയ കാര്യമാണെന്നാകുന്നു അദ്ദേഹം വിചാരിക്കുന്നതു്. ഇങ്ങനെയിരിക്കെ ഇപ്പോഴുള്ള കോളേജുകൾ നിറുത്തലാക്കണമെന്നാണു അദ്ദേഹം ന്യായമായി അഭിപ്രായപ്പെടേണ്ടതു്. എന്നാൽ അദ്ദേഹം പറഞ്ഞതിൽനിന്നും നൂതനമായി ഉണ്ടാകുന്ന അനുമാനപ്രകാരം കാര്യങ്ങൾ നേരെ പറയാതെ ഇപ്പോഴുള്ള കോളേജുകൾ ക്രമേണ നിർജ്ജീവമായി തീരത്തക്കവണ്ണം അവയുടെ കഴുത്തു പിടിച്ചു ഞെക്കിക്കളയണമെന്നു വളച്ചുകെട്ടി പറയുകയാണു ചെയ്യുന്നതു്.

ഡെപ്യൂട്ടിപ്രെസിഡൻറ്: അതിപ്പോഴത്തെ കാര്യമല്ലായ്കകൊണ്ടു ഒരു പരിഹാരമാർഗ്ഗം ആലോചിക്കാം (ചിരി).

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): രണ്ടു കോളേജുകളിലേയും പ്രിൻസിപ്പാൾമാർക്കു നൂറു രൂപ ശമ്പളം കൊടുക്കുന്നതു എന്തിനാണെന്നും പ്രൊഫസർമാർ പലയിശമ്പളം വാങ്ങുന്നതു എന്തിനാണെന്നും പ്രത്യേകമായി പ്രൊഫസർമാർക്കു ൨൦൦ മുതൽ ൨൫൦ രൂപാവരെയും നൂറു മുതൽ ൪൦൦ രൂപാവരെയും രണ്ടുതരം സ്കയിലുകൾ വെച്ചിരിക്കുന്നതു എന്തിനാണെന്നും തനിക്കറിഞ്ഞുകൂടായ്കയുണ്ടായിരുന്നു അദ്ദേഹം പറഞ്ഞു. രണ്ടുതരം ശമ്പളസ്കയിലുകൾ ഉള്ളതിനു കാരണംപോലും അനേകം [illegible]

ന്നെ മിസ്റ്റർ ജോസഫ് സഭയിൽവന്നതിനെപ്പററി ഞാൻ ആശ്ചര്യപ്പെടുന്നു. പ്രമേയങ്ങൾ ഹാജരാക്കുന്നവർ അവയെസംബന്ധിച്ച വിവരങ്ങളെല്ലാം സമ്പാദിക്കാൻ ബുദ്ധിമുട്ടാറില്ലെന്നാണു പ്രതീക്ഷ. രണ്ടുതരം ശമ്പളസ്കെയിലുള്ള രണ്ടുതരം പ്രൊഫെസർമാരെ ഗവൎണ്മെൻറു നിയമിച്ചിട്ടില്ലെന്നും ൪൦ മുതൽ ൧൫൦ വരെയുള്ള സ്കെയിൽ മുമ്പിനാലെ ഉണ്ടായിരുന്ന സ്കെയിലാണെന്നും ആ സ്കെയിൽ അധികമായിപ്പോയി എന്നുവച്ചു രണ്ടു മൂന്നു വൎഷംമുമ്പു ഗവൎണ്മെൻറു ആ സ്കെയിൽ കുറച്ചുകൊണ്ടാണു മിസ്റ്റർ ജോസഫ് അല്പമായിട്ടൊരു അനുഭവിക്കൽ കഴിച്ചിരുന്നു എങ്കിൽ ഗ്രഹിക്കമായിരുന്നു. അങ്ങനെയാണു ഗവൎണ്മെൻറുത്തരവിനു മുമ്പു നിയമിക്കപ്പെട്ട പ്രൊഫെസർമാൎക്കു വലിയ സ്കെയിലും ആ ഉത്തരവിനുശേഷം നിയമിക്കപ്പെട്ടവൎക്കു കുറഞ്ഞ സ്കെയിലും ഇങ്ങനെ രണ്ടു ശമ്പളസ്കെയിലുകൾ ഉണ്ടാകാൻ ഇടവന്നിട്ടുള്ളതു്. ആദ്യം നിയമിക്കപ്പെട്ട പ്രൊഫെസർമാൎക്കു അനുവദിച്ചുപോയ വലിയശമ്പളം പിന്നീടുണ്ടായ ഉത്തരവിൻപ്രകാരം കുറയ്ക്കുന്നതു ന്യായമായിരിക്കയില്ലല്ലോ.

അതിനുപുറമേ മിസ്റ്റർ ജോസഫ് പ്രൊഫസർമാരുടെ ശമ്പളവും മററു ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും താരതമ്യപ്പെടുത്തുകയുണ്ടായി. ഇങ്ങനെ ഉപമിക്കുന്നതിനു സംബന്ധിച്ചു ഞാൻ അനുഭാവത്തോടു യോജിക്കുന്നില്ല. ഒരു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെ മററു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരോടു ഉപമിക്കുന്നതു നീതിവിരുദ്ധമാണു്. അല്ലെങ്കിലും ഡിസ്ട്രിക്ട്ജഡ്ജിമാൎക്കു ഇപ്പോൾ ന്യായമായ ശമ്പളം കൊടുക്കുന്നില്ലെന്നുവച്ചു പ്രൊഫസർമാൎക്കും ന്യായമായ ശമ്പളം കൊടുക്കരുതെന്നു വരികയില്ല. ന്യായമായി ഉപമിക്കേണ്ടതു തിരുവിതാംകൂറിലെ പ്രൊഫെസർമാരുടെ ശമ്പളവും മററു ഡിക്കുകളിൽ അവൎക്കു കൊടുക്കുന്ന ശമ്പളവുമാണു്. മദ്രാസിലെ ശമ്പളം നോക്കിയാൽ ഇൻഡ്യൻ എഡ്യുക്കേഷണൽ സെർവീസിലെ പ്രൊഫസർമാരുടെ ശമ്പളം ൪൦൦ മുതൽ ൧൫൦൦ രൂപാ വരെയാണെന്നു മാത്രമല്ല, അവരുടെ മുമ്പുള്ള ശമ്പളം നിയമിക്കുമ്പോൾ അവൎക്കുള്ള പ്രായത്തെയും അനുസരിച്ചിരിക്കും. മദ്രാസ് എഡ്യുക്കേഷണൽ സെർവീസിലും അസിസ്റ്റൻറു പ്രൊഫസർമാരും ലെക്ചുറർമാരും അസിസ്റ്റൻറു ലെക്ചുറർമാരും ഉണ്ടു്. അവൎക്കു കൊടുക്കുന്ന ശമ്പളം ൨൫൦-വും ൧൫൦ രൂപാ സ്കെയിലാണു്. പ്രൊഫസർമാരിൽ അധികമാളുകളും ആദ്യത്തെ സെർവീസിൽപെട്ടവരാണു്. രണ്ടാമത്തെ സെർവീസിൽ ഉള്ളതു നാം ഇവിടെ പ്രൊഫസർമാരെന്നും അസിസ്റ്റൻറു പ്രൊഫെസർമാരെന്നും നാമകരണം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാരാണു്. മൈസൂരിൽ-ഞാൻ പറയുന്നതു ശരിയല്ലെങ്കിൽ തിരുത്തുന്നതു സന്തോഷമാണു്- പ്രൊഫെസർമാൎക്കു ൪൦൦-മുതൽ ൧൦൦൦ രൂപാ ശമ്പളം കിട്ടുന്നു എന്നാണു് എൻെറ അറിവു. നമ്മുടെ കാളേജുകളിലെ പ്രൊഫസർമാരുടെ ശമ്പളം മററുദ്യോഗസ്ഥന്മാരുടെ ശമ്പളത്തോടു ഒത്തുനോക്കണമെങ്കിൽ അങ്ങനെ ഒത്തുനോക്കേണ്ടതു തിരുവിതാംകൂറിലെ മററു ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തോടല്ല, മററു ഡിക്കുകളിൽ അതേ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തോടാണു്. ആ തത്വം അനുസരിച്ചു പരിശോധിച്ചാൽ ഞാൻ കൊടുത്തിട്ടുള്ള കണക്കിൽനിന്നു നമ്മുടെ പ്രൊഫെസർമാൎക്കു കൊടുക്കുന്ന ശമ്പളം കുറഞ്ഞുപോയി എന്നല്ലാതെ കൂടുതൽ ആയിപ്പോയി എന്നു വരികയില്ലെന്നും അവർ ചെയ്യുന്ന ജോലിക്കു തക്കതായ പ്രതിഫലം കൊടുക്കയാണെങ്കിൽ ഇപ്പോഴത്തെ സ്കെയിൽ കൂട്ടിക്കൊടുക്കേണ്ടതാണെന്നും ബോദ്ധ്യപ്പെടുന്നതാണു്. ഇനി പ്രിൻസിപ്പാൽമാരെപ്പററി പറകയാണെങ്കിൽ ഞാനും ഒരു പ്രിൻസിപ്പാലായിരുന്നു. പ്രിൻസിപ്പാലിൻെറ ഭാരണജോലി, പ്രത്യേകമായി പണത്തെപ്പോലെ വിദ്യാൎത്ഥികൾക്കു കീഴ്വണക്കം ഇല്ലാത്ത ഈ കാലത്തു, മെത്തമേൽ കിടക്കുംപോലെ സുഖമുള്ളതല്ല. വളരെ ബുദ്ധിമുട്ടും ഉത്തരവാദിത്വവും ഉണ്ടു്. എനിക്കു വളരെ പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടു്. പ്രിൻസിപ്പാലായി പ്രൊമോഷൻകിട്ടുമ്പോൾ പ്രൊഫെസറുടെ കൂടുതൽ ശമ്പളത്തിനു പുറമെ കൂടുതലായി കിട്ടുന്ന ൨൫ രൂപാ കൂടുതലായി ഉണ്ടാകുന്ന ജോലിക്കും ഉത്തരവാദിത്വത്തിനും കേവലം അനുയോജ്യമല്ല. അതിനാൽ നമ്മുടെ കാളേജുകളിലെ പ്രൊഫെസർമാൎക്കു അവരുടെ യോഗ്യതയ്ക്കുപുറമായ ശമ്പളം കിട്ടുന്നില്ലെന്നും അവൎക്കു കിട്ടേണ്ടതിൽ അല്പം കുറച്ചാണു് കിട്ടുന്നതെന്നും എൻെറ സമാധാനംകൊണ്ടു മിസ്റ്റർ ജോസെഫിനു ബോദ്ധ്യമാകുമെന്നു വിശ്വസിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ബ്രിട്ടീഷ്ഇൻഡ്യയിലും തിരുവിതാംകൂറിലും ഉള്ള പ്രൊഫെസർമാരുടെയും ഡിസ്ട്രിക്ട്ജഡ്ജിമാരുടെയും ശമ്പളം തമ്മിൽ ഒത്തുനോക്കിയാൽ ഒന്നിനു മറെറതിനോടുള്ള വിത്യാസമാണം എന്താണെന്നു ഡയറക്ടർ പറയുമോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇൻഡ്യൻ എഡ്യുക്കേഷണൽ സെർവീസിലെ പ്രൊഫെസർമാരുടെ ശമ്പളം ൪൦൦-മുതൽ ൧൫൦ രൂപാവരെയുള്ള ഒരു സ്കെയിലിൻപ്രകാരം ആകുന്നു. മദ്രാസിൽ ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ശമ്പളം ഏകദേശം ൨൦൦൦ രൂപായാണെന്നാകുന്നു എൻെറ വിശ്വാസം.

മി: കെ. കെ. തോമസ് (കോട്ടയം): കൊച്ചിയിലെ പ്രൊഫെസർമാരുടെ ശമ്പളസ്കെയിൽ എന്താണെന്നു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അവൎക്കു കൊടുക്കുന്ന ശമ്പളം എന്താണെന്നു എനിക്കറിവില്ല. എറണാകുളം കാളേജ് ഒന്നാംഗ്രേഡായി ഉയൎത്തിയതു കഴിഞ്ഞുകൊല്ലം മാത്രമാണു്.

മി: കെ. കെ. തോമസ് (കോട്ടയം): ൪൦൦ രൂപായിൽ വളരെ കൂടിയിരിക്കുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): എനിക്കറിവില്ല. ഊഹിച്ചു പറവാൻ ഞാൻ ഒരുക്കവുമല്ല.

റാവു ബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പാൽ): സർ, മി: ജോസഫ് ഹാജരാക്കിയതും ഇപ്പോൾ സഭയുടെ ആലോചനാവിഷയവും ആയിരിക്കുന്ന ഉപക്ഷേപത്തെ സംബന്ധിച്ചു അതിൻെറ സ്വഭാവം അദ്ദേഹംതന്നെ ഇന്നു രാവിലെ ഹാജരാക്കിയ ഒരുപക്ഷേപത്തിൻെറ സ്വഭാവം തന്നെയാകുന്നു എന്നു പറഞ്ഞുകൊള്ളുന്നു. "ഓരാണ്ടൻചെടികളുടെ" കൂട്ടത്തിൽ മി: ജോസഫിനു പ്രത്യേകം അഭിരുചിയുള്ള പ്രകാരം തോന്നുന്നു. സഭയുടെ കഴിഞ്ഞ ചില സെഷനുകളിലെ പ്രൊസീഡിംഗ്സ് മി: ജോസഫ്

വായ്ക്കുന്നേക്കുന്നുള്ള ബുദ്ധിമുട്ട് എടുത്തിരുന്നുവെങ്കിൽ ഈ സഭയിൽ പിന്നെയും പിന്നെയും കൊണ്ടുവന്നിട്ടുള്ള വാദങ്ങൾ ഇപ്പോഴും കൊണ്ടുവരാനുള്ള പ്രയാസങ്ങൾ സഹിക്കാതെ കഴിക്കാമായിരുന്നു. പ്രൊഫെസർമാരുടെ കൂടിയ ശമ്പളം ൧ ൪ ൦ രൂപായായി നിശ്ചയിച്ചുകൊണ്ടു പ്രൊഫെസർമാരുടെ "രുങ്കിയ" ശമ്പളങ്ങളെപ്പററി ഈ സഭയുടെ ഒന്നാമത്തെ ആണ്ടിൽ ഇവിടെ വച്ചു ആക്ഷേപങ്ങൾ ചിലർ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ സഭയ്ക്കു മുന്നവസ്ഥ തികയുന്നതിനുമുമ്പെ തന്നെ പ്രൊഫെസർമാർക്കു കൊടുക്കുന്ന ശമ്പളം തീരെ കുറവാണെന്നും അവരുടെ ശമ്പളം൧ ൦ ൦–൧ ൪ ൦ രൂപായിൽനിന്നു ൧ ൦ ൦–൧ ൦ ൦ രൂപായായി കുറച്ചുകളയരുതെന്നും സഭയുടെ അദ്ധ്യക്ഷസ്ഥാനത്തുനിന്നു പരാതി ഉണ്ടായി. ഈ കാര്യത്തെ സംബന്ധിച്ചു ഈ സഭയിൽ തന്റെ അഭിപ്രായത്തെക്കൂടിയോ ഉദ്ദേശത്തെക്കൂടിയോ കാണാൻ പ്രയാസമായിട്ടുകാണുന്നു. ഇന്നു മി: ജോസഫ് ഒന്നു കാട്ടുന്നു പ്രൊഫസർമാർക്കു കൊടുക്കുന്ന "വമ്പിച്ച" ശമ്പളത്തെപ്പററി ആക്ഷേപം പറയുകയും പ്രൊഫെസർമാരുടെ ശമ്പളം കുറയ്ക്കണമെന്നും ൧ ൦ ൦–൧ ൦ ൦ രൂപാഗ്രേഡിലുള്ള പ്രൊഫെസർമാരെ പേലുള്ള ക്രമേണ ഇല്ലാതാക്കി അതിലും കുറഞ്ഞ ശമ്പളത്തിലുള്ള ഒരുതരം പ്രൊഫെസർമാരെ പകരം നിയമിക്കണമെന്നും അഭിപ്രായപ്പെടുകയും ചെയ്തു. ഒരേസമയം തന്നെ രണ്ടുഗ്രേഡിലുള്ള പ്രൊഫെസർമാർ—൧ ൦ ൦–൧ ൪ ൦ രൂപാ ശമ്പളമുള്ള പഴയ ഗ്രേഡ് പ്രൊഫെസർമാരും ൧ ൦ ൦–൧ ൦ ൦ രൂപാ ശമ്പളമുള്ള പുതിയ ഗ്രേഡ് പ്രൊഫെസർമാരും—ഉള്ളതിനെപ്പററി മി: ജോസഫ് കഠിനമായി ആക്ഷേപിച്ചു. എന്നാൽ വെച്ചു കൊണ്ടിരിക്കുന്നതിനു അദ്ദേഹത്തിനു വിരോധമില്ലാത്ത ൧ ൦ ൦–൧ ൦ ൦ രൂപാ ഗ്രേഡിലുള്ളവരിൽ പലരും ചെറുപ്പക്കാരാകയാൽ അവർ ഇല്ലാതാകുന്നതിനു വളരെക്കാലം വേണ്ടിവരും. അതുകൊണ്ടു മി: ജോസഫിന്റെ പ്രമേയം നടപ്പിലാക്കിയാൽ ഒരു തരത്തിൽ പല ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുന്ന അനൌചിത്യം നിലനില്ക്കുന്നു ചെയ്യും. അതുകൊണ്ടു ഈ അനൌചിത്യത്തിനു മി: ജോസഫിനുള്ള ആക്ഷേപപ്രകാരം തന്നെ ഒന്നാമത്തെ ശമ്പളത്തിലുള്ള കുറെ പ്രൊഫെസർമാരെ കൂടി നിയമിക്കുന്നതിനുവകുപ്പു നാം വിഡ്ഡിവേഷം കെട്ടാൻ മി: ജോസഫ് നമ്മോടു ആവശ്യപ്പെടുന്നതുതന്നെയാകുന്നു എന്നു ഞാൻ വാഖ്യാനിച്ചുകൊള്ളുന്നു.

എന്നാൽ നിസ്സാരങ്ങളായ സാങ്കേതികവിരുദ്ധങ്ങൾ ഞാൻ കാര്യമായി വിചാരിക്കുന്നില്ല. സംഗതിയുടെ അടിസ്ഥാനത്തെപ്പററിയാണ് ഞാൻ വിമർശനം ചെയ്യാൻ വിചാരിക്കുന്നതു്. പ്രാചീനവും പഴകിപ്പോയതുമായ ചില വാദങ്ങളാണ് മിസ്റ്റർ ജോസഫ് കൊണ്ടുവന്നിട്ടുള്ളതു. വിദ്യാഭ്യാസ പ്രധാനജോലിയ്ക്കു ഒരുപ്രതിഫലം കൊടുക്കുന്നതിനെപററി കൊണ്ടുവന്നിട്ടുള്ള വാദം പ്രതിഫലം ഉള്ള ഏതു ജോലിക്കും പററുന്നതാണ്. വിദ്യാഭ്യാസ പ്രധാനം ഒരു മിഷ്യനറി വേലയെപോലെ കരുതണം എന്നു അദ്ദേഹം പറയുന്നു. അദ്ധ്യാപകജോലിയിൽ പ്രവേശിക്കുന്നവർ നന്മചെയ്യുന്നിന്റെ പ്രതിഫലം നന്മചെയ്യുന്നതുതന്നെയാണെന്നുള്ള തത്വത്തിൽ തൃപ്തിപ്പെടുകയല്ലാതെ അതിനു പണം ചോദിക്കുന്നതു ന്യായമല്ലെന്നാണ് അദ്ദേഹം പറഞ്ഞതെന്നു തോന്നുന്നു. ഈ തത്വം ഏതു കാര്യത്തിലും ആധാരമാക്കിയാൽ പീഡിതരും സാധുക്കളുമായ ആളുകളെ ന്യായം സമ്പാദിക്കാൻ—ന്യായവും നീതിയും സമ്പാദിക്കുന്ന കാര്യം ബഹുപ്രയാസമുള്ളതു—സഹായിക്കുന്നകാര്യം ഏതായാലും ഉത്തമമായ ഒരുസൽപ്രവൃത്തിയാകയാൽ വക്കീലന്മാർ പ്രതിഫലംകൂടാതെ അവരുടെ കക്ഷികളുടെ കേസ്സുകൾ നടത്തികൊടുക്കേണ്ടതാകുന്നു എന്നു പറയാം. അവർക്കു വക്കാലത്തു കൊടുക്കുമ്പോൾ അവർ പ്രതിഫലം ചോദിക്കാതെ സ്വീകരിക്കേണ്ടതാകുന്നു. വീണ്ടും മനുഷ്യർ തമ്മിലുണ്ടാകുന്ന കലഹങ്ങൾ തീർക്കയും നീതിന്യായങ്ങൾ നടത്തികൊടുക്കുകയും ചെയ്യുന്നതിനെക്കാൾ ഉൽകൃഷ്ടവും മഹത്തുമായ ഒരു ജോലിയില്ല. നമ്മുടെ ജഡ്ജിമാർ ഈ ജോലിയാണ് ചെയ്യുന്നതു്. അങ്ങിനെയിരിക്കെ അവർ എന്തിനാണ് വലിയ ശമ്പളം ആശിക്കുന്നതു്? പിന്നെയും നമ്മുടെ ജഡ്ജിമാർക്കു നമ്മുടെ പ്രൊഫെസർമാരുടെ ശമ്പളത്തെക്കാൾ വലിയ ശമ്പളം കൊടുക്കാത്തതിനെ പററി മിസ്റ്റർ ജോസഫ് ശഠിക്കുന്നതു് എന്തിനാണ്? മിസ്റ്റർ ജോസഫിന്റെ വാദങ്ങൾ ലൌകിക പ്രവൃത്തികൾക്കു പ്രതിഫലം നൽകുന്നതിനുള്ള തത്വങ്ങളെ പററി അദ്ദേഹത്തിനുള്ള അജ്ഞതയെ പ്രദർശിപ്പിക്കുന്നു. ലൌകിക സേവനത്തിനുള്ള പ്രതിഫലം ആത്മീകസേവനത്തിനോ അദ്ധ്യാത്മികസേവനത്തിനോ ഉള്ള പ്രതിഫലത്തോടു താരതമ്യപ്പെടുത്തി നോക്കിയാൽ ചിലപ്പോൾ വ്യത്യാസം കണ്ടേക്കാം. ഇതിനുള്ള സമാധാനം ആത്മീകസേവനത്തിൽ ധർമ്മവും ഉദ്ദേശവും ഇടകലർന്നു കിടക്കുന്നു എന്നുള്ളതാണ്. എന്നാൽ ലൌകിക സേവനത്തിന്റെ കാര്യം മാത്രം ആലോചിക്കുമ്പോൾ ശമ്പള നിർണ്ണയത്തിനുള്ള പ്രമാണം മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞതാണു. അതായതു് ശമ്പളം ജോലിക്കു കോയിക്കാരന്റെ യോഗ്യതകൾക്കു യോജിച്ചതായിരിക്കണം, പുതുതായി നിയമിക്കുന്ന ഓഫീസിക്കു കൊടുക്കുന്നശമ്പളം ഉപമിക്കണമെന്നു അങ്ങനെയുള്ള ജോലിക്കു സമീപസ്ഥലങ്ങളിൽ യോഗ്യന്മാരെ ആകർഷിക്കുന്ന ശമ്പളത്തോടടുക്കുന്നു. ഈ പ്രമാണം നമ്മുടെ പ്രൊഫെസർമാരുടെ ശമ്പളക്കാര്യത്തിൽ സ്വീകരിച്ചാൽ അതും എത്രയായിരിക്കണം എന്നു തീർച്ചയാക്കേണ്ടതു് നമ്മുടെ അയൽ ദിക്കുകളിലും അടുത്തുള്ള സർവ്വകലാശാലയിലും മദ്രാസിലേയും മൈസൂരിലെയും, വിദ്യാഭ്യാസസംബന്ധിപ്പിച്ചുള്ള ഡിപ്പാർട്ടുമെന്റുകളിലും കൊടുക്കുന്ന ശമ്പളം നോക്കിട്ടാകുന്നു. മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ ഇതെല്ലാം വിവരിച്ചുകൊണ്ടു ഞാനും വിവരിക്കണമെന്നു വിചാരിക്കുന്നില്ല. മദ്രാസിലെയും മൈസൂരിലെയും ഉദ്യോഗസ്ഥന്മാരുടെ പട്ടികകൾ വായിച്ചുനോക്കിയും ഇൻഡ്യായിലെ പുതിയ സർവ്വകലാശാലകൾ കൊടുക്കാമെന്നു പറയുന്ന ശമ്പളം എന്താണെന്നു അന്വേഷിക്കയും ചെയ്താൽ തിരുവിതാംകൂറിൽ ഇപ്പോൾ പ്രൊഫെസർമാർക്കു കൊടുക്കാമെന്നു പറയുന്ന ശമ്പളം നമുക്കു ഇതുവരെ മതിച്ചിരുന്ന ആളുകളെപോലെയുള്ളവരെ ആകർഷിക്കത്തക്കതല്ലെന്നും അതിനു ഗ്രഹിക്കാം. ഇവിടെയും ലോകമൊട്ടുക്കും സാധനങ്ങളുടെ വിലയും തന്മൂലം ഉപജീവനച്ചെലവും വർദ്ധിച്ചുകൊണ്ടു നമ്മുടെ പ്രൊഫെസർമാരുടേയും മററുശമ്പളക്കാരുടേയും യഥാർത്ഥശമ്പളം ഇപ്പോൾ വളരെക്കുറഞ്ഞുപോയിഎന്നും ഈ സന്ദർഭത്തിൽ പറയുന്നതു് അസംബന്ധമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു ൧ ൦ ൦ രൂപാശമ്പളത്തിനു ഇപ്പോൾ പണ്ടത്തെത്തിൽ വളരെക്കുറച്ചേവിലയുള്ളു. മദ്രാസിലും മററുമുള്ള കാളേജ്കളോടു താരതമ്യപ്പെടുത്തി നോക്കിയാൽ ഇവിടത്തെ കാളേജുകളിൽ കാര്യക്ഷമത കുറഞ്ഞുവരുന്നതിനു ഇതാകുന്നു ഒരു കാരണം. അവിടങ്ങളിൽ സാധനങ്ങളുടെവില വർദ്ധിച്ചതിനു അനുരൂപമായി പ്രൊഫെസർമാരുടെ ശമ്പളവും വർദ്ധിപ്പിച്ചു എന്നാൽ നമ്മുടെ രാജ്യത്തു സാധനങ്ങളുടെവില വർദ്ധിച്ചപ്പോൾ പ്രൊഫെസർ മാരുടെശമ്പളത്തിൽ കുറയ്ക്കുകയാണ്ചെയ്തിട്ടുള്ളതു്. ഇതു വലിയ കഷ്ടമാണ്. ക

യ്ക്ഷമതയ്ക്കും സൽകീർത്തിക്കും ഒരു ഉത്തമപാതം സമ്പാദിച്ചിട്ടുള്ള നമ്മുടെ കോളേജുകളുടെ കാര്യക്ഷമതയും മാന്യതയും പാലിച്ചുകൊണ്ടുപോകുന്നതു പ്രശംസനീയവും അഭിനന്ദനീയവും നാം ശ്രദ്ധിക്കേണ്ടതുമാകുന്നു. മിസ്റ്റർ ജോസഫിന്റെ ആവശ്യം പോലെ നാം ചെയ്താൽ ഈ കാര്യക്ഷമതയ്ക്കും സൽകീർത്തിക്കും നിശ്ചയമായിട്ടു നിവൃത്തം മിസ്റ്റർ ജോസഫിന്റെ അഭിപ്രായം നടപ്പിൽ വരുത്തുന്നതല്ലെന്നും നമ്മുടെ കോളേജുകളുടെ കാര്യക്ഷമതയും മാന്യതയും ആകർഷണീയതവും കുറയ്ക്കുന്നതല്ലെന്നും നാം ചെയ്യുന്നതെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

ആകർഷണീയതത്തെപ്പറ്റി പറയുമ്പോൾ മിസ്റ്റർ ജോസഫിന്റെ അഭിപ്രായത്തിന്റെ വൈരുദ്ധ്യ ബലഹീനതപ്രത്യക്ഷപ്പെടുന്നുണ്ട്. മററു സ്ഥാപനങ്ങളിലെ പ്രൊഫസർമാരുടെ ശമ്പളത്തോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ നമ്മുടെ പ്രൊഫസർമാരുടെ ശമ്പളം അമിതമായതുകൊണ്ട് അതു കുറച്ചു ചെലവു കുറയ്ക്കണം എന്നു പറയുന്നു മിസ്റ്റർ ജോസഫിന്റെ അഭിപ്രായമെങ്കിൽ അതു സ്വീകരിക്കാൻ എനിക്കു മനസ്സു കേടില്ലായിരുന്നേനെ. വേലക്കാർക്കു വാങ്ങാൻ മനസ്സുള്ളതിലധികം ശമ്പളം കൊടുക്കുന്നതു നിർദ്ദയത്വം തന്നെ. ഒരു സ്ഥാപനത്തെ ഒരു സംഖ്യചെലവുചെയ്തു നടത്തുകയെന്നുള്ളപ്പോൾ അതിലധികമായ സംഖ്യ അതിനായി ചെലവാക്കുന്നതു ബുദ്ധിയല്ല. എന്നാൽ ഒരു സ്ഥാപനത്തിന്റെ ചെലവിനെപ്പറ്റി പറയുമ്പോൾ അവിടത്തെ ജോലിക്കാരുടെ ശമ്പളം മാത്രമല്ല കൊടുക്കേണ്ടതു്. ആ സ്ഥാപനത്തിൽ നിന്നുള്ള വരവും കണക്കാക്കണം. ഒരു കോളേജിന്റെ ആകർഷണീയത്വം അവിടത്തെ പ്രൊഫസർമാരുടെ യോഗ്യതയെ ആശ്രയിച്ചിരിക്കും. ആ സ്ഥാപനത്തിന്റെ സാമ്പത്തികബലവും വരവും വലുതിന്റെ ആകർഷണീയത്വത്തെയും ആശ്രയിച്ചിരിക്കും. അതുകൊണ്ട് ഒരുകോളേജിലെ ഫീസ് വരവും ആകർഷണീയത്വവും അന്യോന്യം ബന്ധിച്ചുകിടക്കുന്നു. ഇപ്പോൾ നമ്മുടെ കോളേജുകൾ അതതു തിരുവിതാംകൂറിലും മദ്രാസിലും മൈസൂരിലും ഉള്ളകോളേജുകളെക്കാൾ കുറഞ്ഞ ചെലവിലാണ് നടത്തപ്പെടുന്നതു എന്നു, ആരെങ്കിലും തർക്കിക്കുമെന്നുള്ള ശങ്കകൂടാതെ, പറയാം. കഴിഞ്ഞ സർവ്വകലാശാലാകമ്മിഷന്റെ അഭിപ്രായപ്രകാരം ഒരുകോളേജിന്റെ ന്യായമായ ചെലവു കൊടുക്കേണ്ടുന്ന സംഖ്യയിൽ എത്രയോ കുറഞ്ഞ ഒരു സംഖ്യയാണ് നമ്മുടെ കോളേജുകൾക്കു ചെലവു ചെയ്തു വരുന്നതു്, ആ കണക്കുകൾ എന്റെപക്കൽ ഉണ്ട്. മിസ്റ്റർ ജോസഫിനോ വേറെ ഏതെങ്കിലും അനുദ്യോഗസ്ഥന്മാർക്കോ ആ കണക്കുകൾ കാണേണ്ടതുണ്ടെങ്കിൽ ഞാൻ കാണിക്കാം. ആ കണക്കുകൾ പറഞ്ഞു ഈ സഭയെ ഞാൻ മുഷിപ്പിക്കുന്നില്ല. പട്ടിണിശമ്പളത്തിൽ പ്രൊഫെസർമാരെ നിയമിക്കുന്നതു കേവലം മിതവ്യയം അല്ലെന്നുമാത്രം ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. അധികശമ്പളവും അധികയോഗ്യതയും ഉള്ള പ്രൊഫസർമാർ ഉള്ള കാളേജുകളിൽ പഠിക്കുന്ന ചേരണമെന്നാണു വിദ്യാർത്ഥികളുടെ ആഗ്രഹം. കാളേജിന്റെ ശമ്പളച്ചെലവു കുറയ്ക്കുമ്പോൾ കാളേജിന്റെ വരവും കുറയ്ക്കുകയായിരിക്കും. മിസ്റ്റർ ജോസഫിന്റെ ആലോചനയുടെഫലം:

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കാളേജിലെ വിദ്യാർത്ഥികളുടെ ശരിയായ എണ്ണം എത്രയാണെന്നു പറയുമോ?

റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): ഇപ്പോഴത്തെ എണ്ണം എത്രയാണെന്നു അറിഞ്ഞുകൂടാ. എന്നാൽ സംഖ്യ ഈയിടെ കുറഞ്ഞുപോയി എന്നു എനിക്കറിയാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ എണ്ണമാണ് എനിക്കറിയേണ്ടതു്.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ഇവിടത്തെ സയൻസ് കാളേജിലേതിനെക്കാൾ അധികമായിരിക്കില്ല. ആർട്ട്സ് കോളേജിലേതിനെക്കാൾ അധികമായിരിക്കാം, നിശ്ചയമില്ല. ഏകദേശം ൧൦൦ ഉണ്ടായിരിക്കാം. എന്നെ സംബന്ധിച്ച വിഷയത്തിന്റെ കാര്യത്തിൽ സെൻറ് ജോസഫ്സ് കാളേജിലെ വിദ്യാർത്ഥികളുടെഎണ്ണം വളരെ കുറഞ്ഞു വരികയാണെന്നു മിസ്റ്റർ എ. കെ. പിള്ളയോടു പറഞ്ഞു കൊള്ളുന്നു. ഉദാഹരണമായി ചരിത്രവകുപ്പിൽ ബി, എ. ക്ലാസ്സിൽ നൂററമ്പതോളം ഇരുന്നൂറോ ഉണ്ടായിരുന്നതു ഇപ്പോൾ അമ്പതുപേരായി കുറഞ്ഞു പോയിരിക്കുന്നു എന്നാണു പറയുന്നതു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇങ്ങനെ സംഭവിച്ചതു പ്രൊഫെസർമാരുടെ ശമ്പളം കുറച്ചതുകൊണ്ടാണെന്നാണോ പ്രൊഫെസരുടെ അഭിപ്രായം എന്നു പറയുമോ?

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): അല്ല, അതു നിമിത്തമോ കാര്യക്ഷമതക്കുറവുകൊണ്ടോ ആയിരിക്കാൻ പാടില്ല. അതു വളരെനല്ല, ഒരു കോളേജാണ് സെൻറ് ജോസഫ്സ് കോളേജ് ഒരു സാധാരണമെട്രിക്കുലേഷൻ കോളേജല്ല. അവിടെ നല്കുന്നതു സാധാരണ വിദ്യാഭ്യാസമല്ല ഒരു പ്രത്യേകതരം വിദ്യാഭ്യാസമാണ്. ചിലസന്ദർഭങ്ങൾ സെൻറ് ജോസഫ്സ് കോളേജിനെപ്പോലെയുള്ള ഒരു സ്ഥാപനത്തെ സ്വീകരിക്കുന്നതു പോലെയല്ല നമ്മുടെ കാളേജുകളെ പോലെ കേവലം ലൌകികവിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളെ ബാധിക്കുന്നതു. അതുകൊണ്ട് നാം നമ്മുടെ വാദത്തിൽ താരതമ്യപ്പെടുത്തിനോക്കേണ്ടതു കേവലം ലൌകികവിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളെയാണ്. ഉദാഹരണമായി മദ്രാസിലെ പ്രെസിഡെൻസി കോളേജും നമ്മുടെ കോളേജുകളും മദ്രാസിലെ പച്ചയ്യപ്പാസ് കോളേജും നമ്മുടെ കാളേജുകളും തമ്മിൽ താരതമ്യപ്പെടുത്തിനോക്കുന്നതിനു വിരോധമില്ല. ആ കാളേജുകളിലെ പ്രൊഫെസർമാരുടെ ശമ്പളസ്കെയിലുകളും പരിഷ്കരിച്ചു ഭേദപ്പെടുത്തിട്ടുള്ള കാര്യവും ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒന്നു ഗവണ്മെന്റിന്റെ അധികാരത്തിൻകീഴിലും മറെറാരു ഒരു പരോപകാരസമുദായത്തിന്റെ അധികാരത്തിൻ കീഴിലുമാണെന്നുള്ള ഏകവ്യത്യാസം മാത്രമേയുള്ളു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ(ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): പച്ചയ്യപ്പാസ്കോളേജ് ഗവണ്മെന്റിന്റെ അധികാരത്തിൻകീഴിലല്ല. ചിലവർഷങ്ങൾക്കു മുമ്പു പ്രിൻസിപ്പാളിന്റെ ശമ്പളം ൩൦൦ രൂപാ ആയിരുന്നു. അതിൽപ്പിന്നെ ശമ്പളം വളരെ കൂട്ടീട്ടുണ്ട്. മുമ്പു ആ കാളേജിലെ പ്രൊഫെസർമാരുടെ ശമ്പളം ൨൦൦-൩൦൦ രൂപാ ആയിരുന്നു. ചിലരുടെ ശമ്പളം അതിൽപിന്നെ വളരെ വർദ്ധിപ്പിച്ചു ൫൦൦ രൂപാവരെ ആക്കീട്ടുണ്ടെന്നു തോന്നുന്നു. ഉദാഹരണങ്ങൾ വർദ്ധിപ്പിച്ചിട്ടാവശ്യം ഉണ്ടെന്നു തോന്നുന്നില്ല. എന്റെ വാദം സ്ഥാപിക്കാൻവേണ്ടുവോളം ഉദാഹരണങ്ങൾ ഉണ്ട്. ആവശ്യമുണ്ടെങ്കിൽ മററു കാളേജുകളിൽ നിന്നു ഇനിയും വരുത്തുവാൻകഴിയും. മെമ്പർമാർക്കു ഇനിയും വിവരങ്ങൾ വേണമെന്നുണ്ടെങ്കിൽ ആ കാളേജുകളിൽ എനിക്കുള്ള സ്നേഹിതന്മാർക്കു എഴുതി അയച്ചു എന്റെ സഹസാമാജികന്മാരുടെ അറിവിനായി വരുത്താം.

ഇനി എന്റെ വാദം തുടരാം. രണ്ടിടയ്ക്ക് ഈ സംഗതി അനേകം വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റുകളിൽ സമ്മതിച്ചിട്ടുള്ളതാണെന്നുള്ള കാര്യം ഞാൻ മെംബർമാരെ ധരിപ്പിച്ചു കൊള്ളുന്നു. ഇൻഡ്യൻഎഡ്യൂക്കേഷണൽ സെസ്സിസിൽ ശമ്പളം രണ്ടിട പരിഷ്കരിച്ചു വർദ്ധിപ്പിച്ചിട്ടുണ്ട്. മുമ്പു ആയിരത്തെ ആയിരത്തഞ്ചുറുപ്പതു ആയി അവസാനിച്ചതു ഇപ്പോൾ ൧൭൫ രൂപാവരെ ആക്കിയിരിക്കുന്നു. മദ്രാസ് ഏഡ്യൂക്കേഷണൽ സർവീസിലെയും ശമ്പളം വർദ്ധിപ്പിച്ചു വ൦൦ രൂപാവരെ ആക്കിട്ടുണ്ട്. മററെല്ലാദിക്കുകളിലും ശമ്പളം കൂടി ൧൫൦൦ രൂപാവരെ തിരുവിതാംകൂറിൽ മാത്രം ശമ്പളം കുറഞ്ഞു വരുന്നു. നമ്മുടെ പ്രൊഫെസർമാർക്ക ൨൫൦-൭൫൦ രൂപാവരെ കിട്ടിവന്നിരുന്നു. ആ സ്കേൽ പുനഃസ്സംഘടനചെയ്തു ൩൦൦-൫൦൦ രൂപാ ആക്കിയിരിക്കുന്നു.

ഇനി കാളേജ് പ്രിൻസിപ്പാൽമാരുടെ ശമ്പളത്തെപ്പററി പറയാം. മദ്രാസ് സെർവീസിൽ പ്രസിഡെൻസി കാളേജ് പ്രിൻസിപ്പാലിന്നു ൨൫൦ രൂപാ അലവൻസ് കൊടുത്തുവരുന്നു. ഉൾപ്രദേശങ്ങളിലെ കാളേജ്കളിലും ക്രിസ്ത്യൻ കാളേജിലും പ്രിൻസിപ്പാലിന്നു അവരുടെ സെർവീസ് ശമ്പളത്തിന്നുപുറമേ ൧൫൦ രൂപാ അലവൻസ് കൊടുക്കുന്നു. ഈ അലവൻസിന്നു "സ്പെഷ്യൽപേ" (പ്രത്യേകശമ്പളം) എന്നാണു പേർ. മൈസൂരിലെ രണ്ടു കാളേജ്കളിലേയും പ്രിൻസിപ്പാൽമാർക്ക അവരുടെ ഗ്രേഡ് ശമ്പളത്തിന്നു പുറമെ ൨൦൦ രൂപാ കൊടുക്കുന്നുണ്ടു. അവർക്ക സുഖം തന്നെയാണു, എന്തെന്നാൽ അലവൻസിന്നു പുറമേ ൨൦൦ രൂപാ വാടകയ്ക്കുള്ള വിശേഷസൗകര്യവുമുള്ളതു സൌജന്യമായി കൊടുത്തിട്ടുണ്ട്. ഞാൻ ഒരിക്കൽ മൈസൂർ കാളേജ്പ്രിൻസിപ്പാലിന്റെ വീട്ടിൽ പോയിരുന്നപ്പോൾ അദ്ദേഹത്തിന്റെ ജീവിതസ്ഥിതി കണ്ടിട്ടു എനിക്ക അസൂയ തോന്നി. അങ്ങനെ പാർക്കാൻ തിരുവിതാംകൂറിലെ പ്രിൻസിപ്പാൽമാർക്ക് സാധിക്കയില്ല. ഈ കണക്കിൽ പറഞ്ഞതു ഇവിടെ പ്രിൻസിപ്പാൽമാർക്കും പ്രൊഫെസർമാർക്കും കൊടുത്തുവരുന്ന അലവൻസും കൂടുതൽ ശമ്പളമോ ഉള്ള ഡിക്കുകളിൽ അതേ സ്ഥാനത്തിരിക്കുന്നവരും അതേയോഗ്യതയുള്ളവരും അതേ ജോലി ചെയ്യുന്നവർമായ പ്രിൻസിപ്പാൽമാരുടെ ശമ്പളത്തോടും അലവൻസോടും അശേഷം സാമ്യമുള്ളതല്ലെന്നു കാണിപ്പാൻ മാത്രമാണ്. യൂനിവേർസിററി എക്സാമിനേഷൻ ബോർഡുകളിലും ബോർഡ് ആഫ്സ്റ്റഡീസിലും മററു സംഘങ്ങളിലും നിയമിക്കുന്നതിന്നു തിരുവിതാംകൂറിലെ പ്രൊഫെസർമാരെ മൈസൂറിലെയും മദ്രാസിലെയും പ്രൊഫെസർമാരോടു തുല്യയോഗ്യതയുള്ളവരായിട്ടാണ് വിചാരിച്ചു വരുന്നതു്. നമ്മുടെ പ്രൊഫസർമാർക്കും അവർക്കും ജോലി ഒന്നാണ്, യോഗ്യതയും പിത്തിയും സമമാണു. നമ്മുടെ ശമ്പളത്തിൽ മാത്രം കുറവുണ്ടു, അതു ഇനിയും കുറയ്ക്കണമെന്നാണ് മിസ്റ്റർ. ജോസഫ് പറയുന്നതു്. തിരുവിതാംകൂറിലെ പ്രൊഫെസർ ഉദ്യോഗങ്ങൾ ഇപ്പോഴത്തെ കുറഞ്ഞ ശമ്പളത്തിൽ പോലും സ്വീകരിക്കാൻ സ്വദേശികൾ ഉള്ളതു കൊണ്ടു അവരുടെ ശമ്പളം അല്പം കുറയ്ക്കാൻ കഴിയുമെന്നു എനിക്കറിയാം. എന്തെന്നാൽ അവർക്ക വീട്ടിനടുത്തും ബന്ധുക്കളുടെ ഇടയിലും പാർക്കാമെന്നുള്ളസൌകര്യം കൂടി ഉണ്ടല്ലോ. എന്നാൽ കുറയ്ക്കുന്നതിന്നു ഒരു അതിരുണ്ട്. എങ്ങനെയായാലും വ്യത്യാസം സ്വല്പമായിരിക്കാനെ ഇടയുള്ളു.

ഇനി ഞാൻ ഈ വാദത്തിന്റെ ശാസ്ത്രീയഭാഗത്തേക്ക പ്രവേശിച്ചു കൊള്ളുന്നു. വിദ്യാഭ്യാസവും സമുദായവും സംബന്ധിച്ചുള്ള തെററായ ഒരു തത്വം ആധാരമാക്കി ഉണ്ടാക്കിട്ടുള്ള ഒരു അബദ്ധാഭിപ്രായമാണു മിസ്റ്റർ. ജോസഫ് ഈ വാദം കൊണ്ടു വരാൻ കാരണം. ഇതിനെപ്പററി അല്പം ദീർഘമായി പറയാൻ ആവശ്യമുണ്ട്. എന്നാൽ ഏകദേശം അമ്പതു വർഷം മുമ്പു ഈ അബദ്ധാഭിപ്രായം പ്രചാരത്തിലിരുന്നു. അതിന്റെ സാധുതത്തെ അടിസ്ഥാനമാക്കി മിസ്റ്റർ. ജോസഫ് വാദിക്കുന്നതു കൊണ്ടു അതിപ്പോഴും അസാധാരണമല്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കാളേജ്പ്രൊഫെസർമാരുടെ ശമ്പളം കുറയ്ക്കുന്നതിന്നു കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ നീതീകരിക്കുന്നതിനായി മിസ്റ്റർ. ജോസെഫ് സർവ്വകലാശാലാ വിദ്യാഭ്യാസത്തെ കഠിനമായി ആക്ഷേപിക്കയും കാളേജ്വിദ്യാഭ്യാസം നൽകുന്നതിന്നുള്ള ഭാരം ഗവണ്മെന്റു വഹിക്കുന്നതിന്റെ അനൌചിത്യം പ്രസ്താവിക്കയും ചെയ്തിരിക്കുന്നു. പ്രാഥമികം, മദ്ധ്യമം, ഉൽകൃഷ്ടം ഇങ്ങനെയുള്ള പലതരം വിദ്യാഭ്യാസത്തിന്നു ഗവണ്മെന്റു സഹായത്തിന്നുള്ള അവകാശം അന്യോന്യം വിരുദ്ധമാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചിട്ടു അവയിൽ ഏതെങ്കിലും ഒന്നിന്റെ അഭിവൃദ്ധി മററെവയ്ക്കു അധോഗതിവരുത്താതിരിക്കയില്ലെന്നു അദ്ദേഹം സങ്കല്പിച്ചിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന്നു ഗവണ്മെന്റു തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യേണ്ടതാണെന്നും മദ്ധ്യമവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഗവണ്മെന്റിന്റെ ധർമ്മം ഏകദേശം അത്രത്തോളം ഉണ്ടെന്നും കാളേജുകൾ സ്ഥാപിച്ചു നടത്തുന്ന കാര്യത്തിൽ രാജ്യത്തിലെ മുതലെടുപ്പ് ചെലവു ചെയ്യാൻ ഗവണ്മെന്റിന്നു യാതൊരു ന്യായവുമില്ലെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പ്രാചീനകാലത്തെ ഈ അഭിപ്രായം മിസ്റ്റർ ജോസഫ് ഇന്നിവിടെ വിളമ്പിയതിനെപ്പററി എനിക്ക വിസ്മയമാണുള്ളതു. അദ്ദേഹത്തിന്റെ അഭിപ്രായത്തിന്നടിസ്ഥാനമായ അബദ്ധങ്ങൾ സാമാന്യേന പഴക്കം ചെന്നതും ഏകദേശം ൪൦ വർഷങ്ങൾക്കു മുമ്പുണ്ടായ വാദപ്രതിവാദത്തിൽ തെററാണെന്നു സ്ഥാപിച്ചു പോയതുമാണ്. കഴിഞ്ഞ അമ്പതുവർഷത്തിൽ മനുഷ്യർ വിചാരിക്കയും പറകയും ചെയ്യുകയും ചെയ്തിട്ടുള്ളതു നോക്കിയാൽ ശാസ്ത്രമാകട്ടെ ഗവണ്മെന്റുകളുടെ പ്രയോഗമാകട്ടെ മിസ്റ്റർ ജോസഫിന്റെ അഭിപ്രായത്തെസഹായിക്കുമെന്നു പറവാൻ കഴികയില്ല.

ലോകത്തിൽ ഏതുഭാഗത്തേയും വിദ്യാഭിവൃദ്ധിനോക്കിയാൽ പ്രാഥമിക വിദ്യാഭ്യാസത്തിലും മദ്ധ്യമവിദ്യാഭ്യാസത്തിലും കാണുന്ന അഭിവൃദ്ധിതന്നെ കാളേജ്വിദ്യാഭ്യാസത്തിലും സർവ്വകലാശാലാ വിദ്യാഭ്യാസത്തിലും കാണാം. രാജ്യത്തിലെ മുതലെടുപ്പു കാളേജ്വിദ്യാഭ്യാസത്തിന്നായി ചെലവു ചെയ്യുന്നതെന്നുള്ള പ്രമാണം ഗവണ്മെന്റുകൾ സ്വീകരിച്ചിട്ടുള്ളതായി ഇതുകൊണ്ടുകാണാമോ? പുതിയ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന്നും ഇപ്പോഴുള്ള സർവ്വകലാശാലകളുടെ സ്വത്തുക്കൾ വർദ്ധിപ്പിക്കുന്നതിന്നും ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്യുന്നതിന്നും കഴിഞ്ഞ രണ്ടുതലമുറകളിൽ ലോകരെല്ലാം പണം കോരിവാരിചെലവുചെയ്തു ദോഷങ്ങൾ കളിക്കാൻ സംഗതിഎന്തു്? ഉൽകൃഷ്ടവിദ്യാഭ്യാസം മിസ്റ്റർ ജോസഫ് വാദിക്ക

മ്പോലെ സാമാന്യക്കാക്ക ആവശ്യമില്ലാത്തതും പ്രാഥമികവും മദ്ധ്യമവും മററുതരവും വിദ്യാഭ്യാസപ്രചാരണത്തിനു ചെയ്യേണ്ടതെല്ലാം ചെയ്തിട്ടല്ലാതെ ഗവണ്മെൻറ ചെലവുചെയ്തു സഹായിക്കരുതാത്തതുമായ ഒരു ആഡംബരമാണെങ്കിൽ ലോകരക്ഷകമാരുടെ മഹാന്മാർ ആയ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനുവേണ്ടി ഇത്രത്തോളമൊക്കെ ചെയ്യാൻ കാരണമെന്തു? രാജ്യത്തിനു പുറകേരാജ്യം, നിദ്ധനരാജ്യംപോലും, തങ്ങൾക്ക സ്വന്തമായി കാളേജുകളും സർവ്വകലാശാലകൾക്കുടനും വേണമെന്നു വിചാരിച്ചുവരുന്നു. അവയുടെ എണ്ണം വേഗത്തിൽ വർദ്ധിക്കുന്നു. കാളേജ് വിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധിതാണതരം വിദ്യാഭ്യാസത്തിൻെറ അധോഗതിയെ സൂചിപ്പിക്കുന്നു എങ്കിൽ പ്രാഥമികവിദ്യാഭ്യാസവും മദ്ധ്യമവിദ്യാഭ്യാസവും പ്രചരിപ്പിക്കാനുള്ള ഉത്സാഹത്തോടുകൂടി ഇതും അവർ ചെയ്യുന്നതെന്തിനു? ഈ അവസരത്തിൽ സവിസ്തരം പ്രസ്താവിച്ചിട്ടാവശ്യം ഉണ്ടെന്നു വിചാരിക്കുന്നില്ലാ ഉൽകൃഷ്ടവിദ്യാഭ്യാസത്തേയും മററെല്ലാ വിദ്യാഭ്യാസത്തേയുംപ്രാഥമികമായാലും മദ്ധ്യമമായാലും പററിയുള്ള ചോദ്യങ്ങൾ അന്യോന്യം ബന്ധിക്കപ്പെട്ടുകയും ഇടകലർന്നുകിടക്കുന്നവയും ആണെന്നുള്ളതുമാത്രം ബലമായി താങ്കളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു. ഇതുനിമിത്തമാണു അനുഭവത്തിൽ ഒന്നു മറെത്തതിൻെറ അഭിവൃദ്ധിമററവയുടെയും അഭിവൃദ്ധിക്ക കാരണമായിട്ടുള്ളതു: ഇവിടത്തെ യുവജനങ്ങൾക്ക പ്രാഥമികവും മദ്ധ്യമവും വിദ്യാഭ്യാസം നൽകുന്നതിനു യോഗ്യതനല്കുന്നതുകൊണ്ടു വിദ്യാഭ്യാസം പ്രദാനംചെയ്യാൻ ഒരുക്കമില്ലാതെ പ്രാഥമികവും മദ്ധ്യമവും വിദ്യാഭ്യാസം വേണമെന്നും അങ്ങനെയുള്ള വിദ്യാഭ്യാസം നല്കുന്നതിനു ജനനാൽ തിരുവിതാംകൂർ കാരായവരെ മാത്രമേ നിയമിക്കാവൂഎന്നും നിർദ്ദേശിക്കുന്നതെങ്ങനെ? അദ്ധ്യാപകന്മാരായി തിരുവിതാംകൂർകാരെമാത്രമേ നിയമിക്കാവൂ എന്നുശഠിക്കയും അതെസമയംതന്നെ കൊളേജ് വിദ്യാഭ്യാസം വഴിച്ചു യോഗ്യതപ്രാപിച്ചവരെ കിട്ടുന്നകാര്യം പ്രയാസമാക്കിതീർക്കയും ചെയ്താൽ പ്രാഥമികവും മദ്ധ്യമവും വിദ്യാഭ്യാസത്തിൽ അഭിവൃദ്ധിയുണ്ടാക്കുന്നകാര്യം അസാദ്ധ്യമാണെന്നുമാത്രമല്ല അതു പബ്ലിക്ക് സെർവിസിലുള്ള എല്ലാഡിപ്പാർട്ടുമെൻറുകളെയും ബാധിക്കുന്ന ഒരു സംഗതിയാകുന്നു. ഈ രാജ്യത്തെ എല്ലാഉദ്യോഗങ്ങളും ഈ രാജ്യക്കാക്ക മാത്രമേ കൊടുക്കാവൂഎന്നും ഈസമയത്തിൽ അനേകപ്രാവശ്യം നിവേദനങ്ങൾ ഉണ്ടായിട്ടുണ്ടു. പ്രധാന ഉദ്യോഗങ്ങളിൽ മതിയായ വിദ്യാഭ്യാസയോഗ്യതയില്ലാത്തവരെ നിയമിച്ചു കാര്യക്ഷമതയ്ക്കു ഹാനിവരുത്താൻ ആഗ്രഹമില്ലെന്നും ഇവിടെ പലപ്രാവശ്യംപ്രസ്താവനകൾ ഉണ്ടായിട്ടുണ്ടു. ഇവിടെയുള്ളവക്ക ഉൽകൃഷ്ട വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗങ്ങളെല്ലാം തടഞ്ഞുകൊണ്ടു പബ്ലിക്ക സർവ്വീസിൻെറ കാര്യക്ഷമത പാലിക്കയും അതിനു ഉൽകൃഷ്ടവിദ്യാഭ്യാസ യോഗ്യതയുള്ള ആളുകളെ സമ്പാദിക്കയും ചെയ്യാൻ എങ്ങനെകഴിയും?

മി: ജോസഫിൻെറ ആലോചനകളും കൊളേജ് വിദ്യാഭ്യാസം സംബന്ധിച്ചു ഗവണ്മെൻറിൻെറ ചുമതലയെപററി അദ്ദേഹത്തിൻെറ അഭിപ്രായങ്ങളും സ്വീകരിച്ചാലുണ്ടാകാവുന്ന ദോഷങ്ങൾ ഇവമാത്രമല്ല. അദ്ദേഹത്തിൻെറ അഭിപ്രായം സ്വീകരണത്താൽ ഉണ്ടാകാവുന്ന മുഖ്യവും ആപൽകരവും ആയതുമ്പ ദോഷംഉണ്ടു. അതിനെ ഞാനിപ്പോൾ സഭയുടെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊള്ളുന്നു. ഇക്കാലത്തെ രാഷ്ട്രീയവാഞ്ഛകളെല്ലാം സാമാന്യ ജനത്തിൻെറ വാഞ്ഛകളോടു ബന്ധിച്ചുകിടക്കുന്നു. നമ്മുടെ ഗവണ്മെൻറിനു മനോവിശാലത വർദ്ധിക്കണമെന്നും രാജ്യഭരണത്തിൽ സാമാന്യജനത്തിനു ഒരുനല്ല ഓഹരി ഉണ്ടായിരിക്കണമെന്നും നാം ആഗ്രഹിക്കുന്നു. അവർക്കിപ്പോൾ അവകാശങ്ങളൊന്നുമില്ലല്ലോ. മിസ്റ്റർ ജോസഫിൻെറ അഭിപ്രായസ്വീകരണം മദ്ധ്യമവിദ്യാഭ്യാസത്തിനും ഉദ്യോഗസ്ഥവർഗ്ഗത്തിൻെറ കാര്യക്ഷമതയ്ക്കും മാത്രമേ ഹാനികരമായിരിക്കൂഎന്നുണ്ടായിരുന്നെങ്കിൽ അതുകൊണ്ടു വളരെ ദോഷമുണ്ടെന്നു ഞാൻ വിചാരിക്കയില്ലായിരുന്നു. എന്നാൽ അതു ജനസാമാന്യത്തിൻെറ ആകാംക്ഷകൾക്ക വിരുദ്ധമാണെന്നുള്ളതു നാമോർക്കുമ്പോൾ അതുവളരെ ദോഷകരമാണെന്നു ഞാൻ വിചാരിക്കുന്നു. ഉദ്യോഗങ്ങൾക്ക വിദേശിയരെ നിയമിക്കരുതെന്നും സ്വദേശികളെ മാത്രമേ നിയമിക്കാവൂഎന്നുംഉള്ള പ്രമാണം കാര്യക്ഷമതയുള്ള ആളുകളെ ഇവിടെ ലഭിക്കുന്നതിനു മാർഗ്ഗമില്ലെങ്കിൽ യോഗ്യന്മാരെ വിദേശങ്ങളിൽനിന്നു വരുത്തിനിയമിക്കുന്നകാര്യം അസാദ്ധ്യമാക്കുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസം നല്കുന്നതിനു ഗവണ്മെൻറരുനും ചെയ്യേണ്ടതില്ലെന്നും ചെലവധികമുള്ള കോളെജുകൾ സ്ഥാപിച്ചുനടത്തുന്നതു പണം ദുർവ്യയം ചെയ്യലായാണെന്നുമുള്ള പ്രമാണം സ്വീകരിച്ചാൽ ഇവിടെയുള്ളവക്ക വലിയ ഉദ്യോഗങ്ങൾ വഹിപ്പാൻ വേണ്ടുന്നയോഗ്യത ലഭിപ്പാൻ വിദ്യാഭ്യാസസൌകര്യങ്ങൾ ഉണ്ടാകുന്നതെങ്ങനെയാണു? അങ്ങനെ മായാൽ ഉദ്യോഗങ്ങളിൽ പ്രവേശിച്ചു രാജ്യസേവനം ചെയ്യാൻ ആഗ്രഹിക്കുന്നവർ അവരുടെ ആഗ്രഹനിവൃത്തിക്കു ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു രാജ്യം വിട്ടുപോകേണ്ടിവരും. എന്നാൽ ഈ ഉദ്ദേശത്തോടുകൂടെ രാജ്യംവിട്ടുപോകാൻ എല്ലാപൌരന്മാക്കും സാധിക്കയില്ല. ഉദാഹരണമായി തിരുവിതാംകൂറിൽ എത്രആളുകൾക്കാണു തങ്ങളുടെ മക്കളെ തിരുവിതാംകൂർവിട്ടു ദൂരദേശങ്ങളിലേക്കു ഉന്നതവിദ്യാഭ്യാസത്തിനായി അയക്കാൻ കഴിയുന്നതു? ഇതുനിമിത്തമല്ലേ തിരുവിതാംകൂറിലെ വിദ്യാർത്ഥികൾക്കു ഉന്നത വിദ്യാഭ്യാസത്തിനു സൌകര്യങ്ങൾ ഉണ്ടാകത്തക്കവണ്ണം നമ്മുടെ കോളെജുകളിൽ സ്ഥലസൌകര്യം ഉണ്ടാക്കണമെന്നു പിന്നേയും പിന്നേയും പരാതികൾ ഉണ്ടായിട്ടുള്ളതും? ഒരുകോളെജിനെ രണ്ടായി വിഭജിച്ചതും പുതിയകോളെജുകളെ അംഗീകരിച്ചിട്ടുള്ളതും ഉള്ളകോളെജുകളിൽ പുതിയപഠനവിഷയങ്ങൾ ഏർപ്പെടുത്തിട്ടുള്ളതും ഈ മുറവിളിയുടെ ഫലമല്ലയോ? ഗവണ്മെൻറു ഉന്നതവിദ്യാഭ്യാസത്തിനെസംബന്ധിച്ചു തങ്ങളുടെമുറ അനുഷ്ഠിക്കുന്നതുകൊണ്ടു മിസ്റ്റർ ജോസഫ് വിലപിക്കുന്നു എന്നാൽ പൊതുജനം അദ്ദേഹത്തോടു സഹതപിക്കുന്നില്ല. അവരുടെ അഭിപ്രായം വിപരീതമാണു. ഇതു ഗ്രഹിക്കുന്നതിനു നമ്മുടെ കോളെജുകൾ നിറഞ്ഞു കവിഞ്ഞൊഴുകുന്നതുനോക്കിയാൽമതി. തിരുവനന്തപുരത്തെ പഴയകോളേജ് രണ്ടായി വിഭജിച്ചു എന്നിട്ടു രണ്ടിലുംവിദ്യാർത്ഥികൾ നിറഞ്ഞിരിക്കുന്നു. ഈ രാജ്യത്തു പുതിയ കോളെജുകൾ ഉണ്ടായിട്ടുണ്ടു. അവയും നിറഞ്ഞിരിക്കുന്നു. ഈ രാജ്യത്തുതന്നെ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു ഇനിയും കസൌകര്യങ്ങൾ ഉണ്ടാക്കികൊടുക്കണമെന്നുവീണ്ടും അപേക്ഷകൾ വരാനുള്ള സമയം ആസന്നമായിരിക്കുന്നു. ഉത്തരവാദിത്തബോധമുള്ള മാതാപിതാക്കന്മാർ എന്തുകൊണ്ടാണു തങ്ങളുടെ മക്കൾക്ക ഉന്നതവിദ്യാഭ്യാസം വേണമെന്നു വിചാരിക്കുന്നതു? അവർ ബുദ്ധിയില്ലാത്തവരോ? മിസ്റ്റർ ജോസഫ് എന്തുപറഞ്ഞാലും ആ മാതാപിതാക്കന്മാരുടെ പ്രവൃത്തിയെനീതികരിക്കണമെന്നാണു എൻെറ സ്വന്തഅഭിപ്രായം. ഉന്നതവിദ്യാഭ്യാസത്തിനായി സ്വരാജ്യംവിട്ടു ദൂരദിക്കുകളിൽ പോകാതെ ഏതു സമുദായനിലയിലും ഏതു ധനസ്ഥിതിയിലും ഉള്ള എല്ലാ പൌരന്മാക്കും അവരുടെ മക്കൾക്കും ഉന്നതവിദ്യാഭ്യാസംകൊണ്ടുള്ള ഗുണങ്ങൾ സിദ്ധിക്കാൻ സ്വരാജ്യത്തുതന്നെ സൌകര്യങ്ങൾ ഉണ്ടാക്കികൊടുക്കാതെ ഉദ്യോഗങ്ങളിലും സമുദായനേതൃത്വ

ത്തിലും ജനാഭിപ്രായരൂപീകരണത്തിലും ഭാഗഭാക്കുകളാകാൻ എല്ലാവർക്കും ഒരുപോലെയുള്ള അവസരങ്ങൾ ലഭിക്കുന്നതു എങ്ങനെ? തിരുവിതാംകൂറിലെ ഏതു മിടുക്കനായ പൌരനും അവന്റെ മക്കൾക്കു ഇവിടെതന്നെ ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിനു വിഘ്നങ്ങൾ ഉണ്ടാക്കുന്ന ഏതുപ്രവൃത്തിയും ജനഹിതത്തിനു വിരുദ്ധമാണ്. അവർക്കു ഉന്നത വിദ്യാഭ്യാസം കൊടുക്കാതിരിക്കുന്നതു സ്വരാജ്യസേവനത്തിനു സ്വയാഭിലാഷപ്രാപ്തിക്കും അവർക്കുണ്ടായിരിക്കേണ്ട അവസരങ്ങൾ ഇല്ലാതാക്കുകയാണ്. ജനഹിതപ്രകാരം രാജ്യം ഭരിക്കപ്പെടണമെങ്കിൽ ജനങ്ങൾ വിദ്യാഭ്യാസം ഉള്ളവരായിരിക്കണം. സാമാന്യവിദ്യാഭ്യാസം അല്ല ഉൽകൃഷ്ടവിദ്യാഭ്യാസംതന്നെ ഉള്ളവരായിരിക്കണം. ആ വിദ്യാഭ്യാസം നിമിത്തം അവർ അനുഗമിക്കാനും നേതൃത്വം വഹിക്കാനും പ്രാപ്തരായാൽപോരാ നായകന്മാരായിരിക്കാനും പ്രാപ്തരാകണം.

സർ, എന്റെ വാദത്തെ ബലപ്പെടുത്തുന്നതിനനുകൂലമായി മലകത്തിന്റെ പലഭാഗങ്ങളിലുള്ള വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരുടെയും രാജ്യതന്ത്രജ്ഞന്മാരുടെയും അഭിപ്രായങ്ങൾ, ആവശ്യപ്പെട്ടാൽ, എനിക്കുദ്ധരിപ്പാൻകഴിയും. ആ ലോകനേതാക്കന്മാരുടെ അഭിപ്രായങ്ങൾ എല്ലാവരാലും ആദരിക്കപ്പെട്ടിട്ടുള്ളതും കുറഞ്ഞപക്ഷം മിസ്റ്റർ ജോസഫിന്റെയോ ഈ സഭയിലുള്ള മററുള്ളവരുടെയെങ്കിലുമോ അഭിപ്രായങ്ങളോളമെങ്കിലും വിലയുള്ളതുമാകുന്നു. ഏതുരാജ്യത്തും സ്വാതന്ത്ര്യപ്രാപ്തി ആ രാജ്യത്തെ ഉന്നതവിദ്യാഭ്യാസാഭിവൃദ്ധിക്കു അനുരൂപമായിരിക്കും എന്നു ഞാൻ പ്രസ്താവിച്ച തത്വം സ്ഥാപിക്കുന്നതിനു എത്ര അധികാരവചനങ്ങൾ വേണമെങ്കിലും ഉദ്ധരിപ്പാൻ കഴിയുമെന്നു ഞാൻ വീണ്ടുംപറഞ്ഞുകൊള്ളുന്നു. (മിസ്റ്റർ ജി. പരമേശ്വരൻപിള്ള: കേൾക്കട്ടെ, കേൾക്കട്ടെ) നമ്മുടെ ആളുകൾക്കു ഇവിടെ ലഭിക്കാൻ കഴിവുള്ളതിൽ ഏററവും ഉൽകൃഷ്ടവും ഉത്തമവുമായ വിദ്യാഭ്യാസം പ്രാപിക്കാൻ കഴിവുണ്ടാക്കിക്കൊടുക്കയും ധനവും മാഹാത്ംയവും നോക്കാതെ എല്ലാവരെയും അതിന്റെ ഗുണങ്ങൾ അനുഭവിപ്പാൻ പ്രാപ്തരാക്കുകയും ചെയ്യാതെ നമ്മുടെ ഭരണക്രമത്തിൽ സ്വാതന്ത്ര്യാഭിവൃദ്ധി ഉണ്ടാകുമെന്നു ആശിപ്പാൻ പാടില്ല. വാദത്തിന്റെ ഈ ഭാഗത്തിന്നു സർവപ്രാധാന്യം കൊടുപ്പാൻ ഞാൻ അശേഷം മടിക്കുന്നില്ല. അതിന്റെ പ്രാധാന്യം ശരിയായി ഗ്രഹിക്കേണ്ടതു അത്യാവശ്യമാണ്. എന്തെന്നാൽ അതിന്റെ സാധുത്വം പ്രത്യക്ഷമാണെങ്കിലും അതിനെ നിഷേധിക്കുന്ന അനേകം കുടിലബുദ്ധികൾ ഉണ്ട്. ആധാരവചനങ്ങൾ ഉദ്ധരിക്കണമെങ്കിൽ എനിക്കനുവദിച്ചിട്ടുള്ളതിലധികം സമയം വേണ്ടിവരും. എങ്കിലും ഈയിടെ ഉണ്ടായിട്ടുള്ള ഒരു പുസ്തകത്തെപ്പററി പറവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. അതു ചില വർഷങ്ങൾക്കുമുമ്പു രണ്ടു വിദ്വാന്മാരും ബുദ്ധിശാലികളുമായ തത്വജ്ഞന്മാർ രചിച്ചിട്ടുള്ളതും എന്റെ അഭിപ്രായത്തെ വളരെ ബലപ്പെടുത്തുന്നതുമാകുന്നു. പ്രൊഫെസർ മൂർഹെഡും പ്രൊഫെസർ ഹെതറിങ്ടണുംകൂടി ഉണ്ടാക്കിട്ടുള്ള "സമുദായസേവ" എന്ന പുസ്തകത്തെപ്പററിയാണു ഞാൻ പറയുന്നതു്. ഈ പുസ്തകം സമ്പൂർണമായും ആ വിഷയത്തെസംബന്ധിച്ചു എല്ലാവരും അംഗീകരിച്ചിട്ടുള്ളതുമാകുന്നു. അതിൽ അവർ എന്റെ വാദത്തെ വിശദീകരിക്കയും ഉൽകൃഷ്ടവിദ്യാഭ്യാസവും പ്രജായിപത്യവും തമ്മിൽ യോജിക്കയില്ലെന്നുള്ള വാദം അബദ്ധമാണെന്നു കാണിക്കയും ചെയ്തിരിക്കുന്നു. ഇപ്പോൾ വിമർശനം ചെയ്തിട്ടുള്ള അൽപാഭിപ്രായങ്ങൾ സമുദായാകാംക്ഷകൾക്കു വളരെ ദോഷം ചെയ്യുന്നു എന്നും നമ്മുടെയാശയങ്ങളുടെ നിവൃത്തിക്കു വിഘാതങ്ങളാണെന്നും അവർ അതിൽ തെളിയിച്ചിട്ടുണ്ട്. ഈ തരം പുസ്തകങ്ങൾ പാരായണംചെയ്യുകയും ഈ വിഷയത്തെസംബന്ധിച്ചു അംഗീകൃത ഗ്രന്ഥങ്ങൾ വായിച്ചുനോക്കുകയും ചെയ്താൽ മിസ്റ്റർ ജോസഫിന്റെ അഭിപ്രായങ്ങൾ കുറഞ്ഞപക്ഷം അൻപതുവർഷം മുമ്പുള്ളതാണെന്നു പ്രത്യക്ഷപ്പെടും. വാദം വേറൊരുരീതിയിൽ കൊണ്ടുവന്നിരുന്നുവെങ്കിൽ അഭിനന്ദനീയമായിരുന്നേനെ. കാളേജുകളുടെ മററു സ്ഥാപനങ്ങളാകട്ടെ ഏതുയും കുറഞ്ഞചെലവിന്മേൽ നടത്തുകയാണ് ആവശ്യം എന്നുള്ളതു സത്യംതന്നെ എന്തെന്നാൽ എല്ലാവിധ അമിതവ്യയവും അക്ഷന്തവ്യമാണ്. ഉൽകൃഷ്ടവിദ്യാഭ്യാസത്തെട്ടു പ്രാഥമികവിദ്യാഭ്യാസംവരെ എല്ലാതരം വിദ്യാഭ്യാസവും പൂർവസ്ഥിതിയിലാക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ ആദരിക്കുന്നു. പഠനവിഷയങ്ങൾ നല്ലതായിരിക്കണം, വിദ്യാഭ്യാസവും സ്ഥലം നല്ലതായിരിക്കണം, വിദ്യാഭ്യാസത്തിന്റെ ഉദ്ദേശങ്ങൾ നല്ലതായിരിക്കണം. ഇവയെല്ലാം സാധ്യമാക്കുന്നതിനു പരിഷ്കാരങ്ങൾ ആവശ്യമുണ്ട്. എന്നാൽ ആ പരിഷ്കാരങ്ങൾ മിസ്റ്റർ ജോസഫിന്റെ ആലോചന സ്വീകരിച്ചുകൊണ്ടു സാധ്യമായിവരുന്നതല്ലെന്നു ഉറപ്പുപറയാം. അതു സ്വീകരിച്ചാൽ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞതുപോലെ നാം ഉന്നതവിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലുകയായിരിക്കും. ഡയറക്ടർ പറഞ്ഞപ്രകാരം മിസ്റ്റർ ജോസെഫ് നമ്മുടെ കാളേജുകളെ സുഷുപ്ത്യാവസ്ഥയിൽ കിടത്തി ക്രമേണ നിർജ്ജീവമാക്കണമെന്നു ശിപാർശചെയ്യാതെ അവയെ ഇപ്പോൾതന്നെ ശവങ്ങളായിരുന്നു ഉത്തമം.

മി: കെ. സി. മാമൻമാപ്പിള്ള (വ്യാപാരവും വ്യവസായവും വകുപ്പു): പ്രൊഫെസർമാരുടെ ശമ്പളത്തെപ്പററി മിസ്റ്റർജോസഫ് പറഞ്ഞതിനോടെല്ലാം ഞാൻ യോജിക്കുന്നില്ല. എന്നാൽ വിദ്യാഭ്യാസഡയറക്ടരുടെ വാദഗതി കുറച്ചുകൂടി വിശദമാക്കിക്കിട്ടിയാൽ കൊള്ളാമെന്നു ആഗ്രഹമുണ്ട്. അദ്ദേഹത്തിന്റെ വാദഗതി ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞില്ല. തിരുവിതാംകൂറിലേയും ബ്രിട്ടീഷ്ഇൻഡ്യയിലേയും ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ശമ്പളങ്ങളെ താരതമ്യപ്പെടുത്തി പറയണമെന്നു മി: മാത്യു മി: കൃഷ്ണസ്വാമിഅയ്യരോടാവശ്യപ്പെട്ടു. ആ ചോദ്യത്തിന്റെ പിന്നിൽ കിടന്നതു എന്താണെന്നു മി: കൃഷ്ണസ്വാമിഅയ്യർ ഗ്രഹിച്ചോ എന്നു ഞാൻ അറിയുന്നില്ല. തിരുവിതാംകൂറിലെ പ്രൊഫസർമാരുടെ ശമ്പളം ബ്രിട്ടീഷ് ഇൻഡ്യയിൽ അതേ ജോലിചെയ്യുന്ന പ്രൊഫെസർമാരുടെ ശമ്പളത്തേക്കാൾ കുറവായിരിക്കാം. അപ്രകാരംതന്നെ ഇവിടത്തെ ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ശമ്പളം ബ്രിട്ടീഷ് ഇൻഡ്യയിലെ ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ശമ്പളത്തേക്കാൾ വളരെ കുറവാണ്. വേറെ ഏതു ഡിപ്പാർട്ടുമെന്റെടുത്തു നോക്കിയാലും ശമ്പളത്തിൽ ഈ വ്യത്യാസം കാണുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അവർ ചെയ്യുന്ന ജോലിയുടെ വലിപ്പത്തെ അല്ല ആശ്രയിച്ചിരിക്കുന്നതു്. അതാതു രാജ്യത്തിന്റെ ധനസ്ഥിതിപോലെയാണു ഉദ്യോഗസ്ഥന്മാർക്കു ശമ്പളംകൊടുക്കുന്നതു വിദ്യാഭ്യാസഡയറക്ടരുടെ അഭിപ്രായങ്ങൾക്കെതിരായി ഒരു വിദഗ്ധന്റെനിലയിലല്ല ഞാൻ സംസാരിക്കുന്നതു. എന്നാൽ അദ്ദേഹം ആക്ഷേപങ്ങൾക്കു മറുപടി പറയുമ്പോൾ എന്റെസംശയങ്ങൾ തീർക്കുമെന്നാശിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ പല ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരേയും

ബ്രിട്ടീഷ്ഇൻഡ്യയിലെ പല ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരേയും താരതമ്യപ്പെടുത്തിപറഞ്ഞതിൻറെ വിശ്വാസജനകശക്തിയെപ്പററി എനിക്കു സംശയമുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): തിരുവിതാംകൂറിലെ വിദ്യാർത്ഥികൾക്കു അന്യദിക്കുകളിലെ പ്രൊഫസർമാരുടെ അടുക്കൽപോയി അവരിൽനിന്നു ഗുണങ്ങൾ സിദ്ധിക്കാൻ കഴിവുള്ളപ്പോൾ ഇവിടത്തെ പ്രജകൾക്കു അന്യദിക്കുകളിലെ ഡിസ്ട്രിക്ട്ജഡ്ജിമാരിൽ നിന്നു ഒരു ഗുണവും പ്രാപിക്കാൻ നിവൃത്തിയില്ലെന്നുള്ള സംഗതി മി: മാമ്മൻമാപ്പിളയ്ക്കു ബോധ്യമായിട്ടുണ്ടോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): നമ്മുടെ വിദ്യാർത്ഥികൾക്കു വിദേശങ്ങളിലെ നല്ല പ്രൊഫസർമാരുടെ ഗുണം കിട്ടുന്നുണ്ടെന്നാണു അതിൽനിന്നു അനുമാനിക്കേണ്ടതു. ഒരുപക്ഷേ അമിതശമ്പളമുള്ള പ്രൊഫസർമാർ ഇല്ലാതിരിക്കാൻ ഒരു കാരണമാണു ഇവിടെയുള്ള പ്രൊഫസർമാർക്കു അധികശമ്പളം കൊടുക്കാതിരിക്കാൻ അതൊരു കൂടുതൽ കാരണമാണു്. ചില മെമ്പർമാർ മൈസൂരിനേയും തിരുവിതാംകൂറിനേയും അന്യോന്യം ഉപമിച്ചുപറഞ്ഞതിനെപ്പററിയും എനിക്കു ചിലതെല്ലാം പറവാനുണ്ടു്. വിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും മൈസൂർ ഐശ്വര്യമുള്ള ഒരു രാജ്യമാണു്. അതുകൊണ്ടു മൈസൂരിനെ തിരുവിതാംകൂറിനോടുപമിക്കാൻ പാടില്ലെന്നു എനിക്കു തോന്നുന്നു. പിന്നത്തെ പ്രാസംഗികൻ പ്രൊഫസർ രംഗസ്വാമിഅയ്യങ്കാരും ഈ പാട്ടുതന്നെ പാടിയിരുന്നു എന്നുതോന്നുന്നു-ഇനിയും——

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൽ): ഇവിടവും ബ്രിട്ടീഷ് ഇൻഡ്യയിലേയും ഡിസ്ട്രിക്ട്ജഡ്ജിമാരുടെ അധികാരങ്ങളും അധികാരവ്യാപ്തിയും സമമാണൊ എന്നു മിസ്റ്റർ മാമ്മൻമാപ്പിള പറയുമോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): അല്ലായിരിക്കാം എങ്കിലും അവർ ചെയ്യുന്ന ജോലിതന്നെയാണു ഇവിടത്തെ ഡിസ്ട്രിക്ട്ജഡ്ജിമാരും ബുദ്ധികൊണ്ടു ചെയ്യുന്നതു്. ആഫീസ് ജോലിയിൽ അവർ വ്യയം ചെയ്യുന്ന സമയവും സമമാണ്. അതു അധികാരവിസ്തീർണ്ണതയെ ആശ്രയിച്ചിരിക്കുന്നില്ല. അവർ നടത്തുന്ന നീതിന്യായങ്ങളുടെ സ്വഭാവം ജോലിയുടെ ആധിക്യവും കാഠിന്യവും പോലിരിക്കും.

സർ, പ്രൊഫസർ രങ്കസ്വാമിഅയ്യങ്കാർ എന്നെ എതുവിസ്താരം ചെയ്യുന്നതിനു എനിക്കു മനസ്സില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ്പ്രിൻസിപ്പാൽ): സർ, മിസ്റ്റർ മാമ്മൻമാപ്പിള ഈ വിഷയം വിസ്തരിക്കുമ്പോൾ ചോദ്യങ്ങൾ ചോദിക്കാൻ എനിക്കവകാശമുണ്ടു്. അവയ്ക്കു മറുപടിപറയുന്നതും പറയാതിരിക്കുന്നതും അദ്ദേഹത്തിൻറെ ഇഷ്ടമാണ്. മിസ്റ്റർ മാമ്മൻ മാപ്പിളയെക്കൊണ്ടു നിർബന്ധിച്ചു മറുപടിപറയിക്കാൻ ആർക്കും കഴിയുകയില്ല. എന്നാൽ ചോദ്യങ്ങൾ ചോദിക്കാൻ എനിക്കവകാശം ഉണ്ടു്. അതിനെന്നെ അനുവദിക്കയുംവേണം. ചോദ്യംചോദിക്കുന്നതിനു മുമ്പുതന്നെ മറുപടി പറകയില്ലെന്നു മിസ്റ്റർ മാമ്മൻമാപ്പിള പറയുന്നതുകൊണ്ടു എന്നെ വിരോധിക്കാൻ പാടില്ല.

ഡിപ്യൂട്ടിപ്രെസിഡണ്ടു്: ചോദ്യംചോദിക്കാൻ നിങ്ങൾക്കവകാശം ഉണ്ടു്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ്പ്രിൻസിപ്പാൽ): ഇവിടത്തെ ഡിസ്ട്രിക്ട്ജഡ്ജിമാർ ചെയ്യുന്ന ജോലിയും ബ്രിട്ടീഷ്ഇൻഡ്യയിലെ ജഡ്ജിമാർ ചെയ്യുന്ന ജോലിയും അവരുടെ അധികാരങ്ങളും അധികാരവ്യാപ്തിയും ഗുണവും നോക്കിയാൽ ഒന്നുതന്നെയാണെന്നു തീർച്ചയായി പറവാൻ അദ്ദേഹത്തിനു കഴിയുമോ എന്നാണു എനിക്കു മിസ്റ്റർ മാമ്മൻമാപ്പിളയോടു ചോദിക്കാനുള്ളതു്. മദ്രാസിലെ ജുഡിഷ്യൽ വകുപ്പിൽ ഇവിടത്തെ ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ജോലിയോടു കൂടുതൽ സമത്വമുള്ള ജോലിചെയ്യുന്ന വേറെ ഉദ്യോഗസ്ഥന്മാരില്ലയൊ എന്നും ചോദിക്കാനുണ്ടു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരോടു എനിക്കൊരു ചോദ്യം ചോദിക്കാൻ പാടുണ്ടൊ? (ചിരി)

ഡിപ്യൂട്ടിപ്രെസിഡണ്ടു്: ഇല്ല.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): പ്രൊഫസർ രങ്കസ്വാമിഅയ്യങ്കാർ എന്നെ ഒരു പ്രത്യേകസംഗതിയിൽ പിടിച്ചുകൊണ്ടിരിക്കാനാണ് വിചാരിക്കുന്നതു്. ഉപമ എല്ലാസംഗതിയിലും തയാറിപ്പിക്കാമെന്നു തോന്നുന്നില്ല. ഏതെങ്കിലും ഒരു സംഗതിയെപ്പററി അനേകവ്യത്യാസങ്ങളും അനേകസമത്വങ്ങളും ഉണ്ടാകാം. രണ്ടു കാര്യങ്ങളെ സർവസംഗതിയിലും ഉപമിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. താരതമ്യപ്പെടുത്തൽ നീരസം വരുത്തുന്നതാണ്. രണ്ടു കാര്യങ്ങൾ സർവസംഗതികളിലും സമത്വമുള്ളതായിരിക്കയില്ല. വലുതാക്കിക്കാണിക്കാവുന്ന സമത്വങ്ങളും അസമത്വങ്ങളും ഉണ്ടാകും. വേറെവിധത്തിൽവ്യാഖ്യാനിക്കാവുന്ന ചില സംഗതികൾ എടുത്തുകാണിപ്പാനാണു ഞാൻ വിചാരിച്ചതു്. ചില സംഗതികളിൽ ഒരു കാര്യത്തെ മറെറാരു കാര്യത്തോടു ഉപമിക്കാമെങ്കിലും എല്ലാ സംഗതികളിലും സമത്വം സങ്കല്പിക്കാമെന്നു ഞാൻ പറയുന്നില്ല. മദ്രാസിലേയും മൈസൂരിലേയും പ്രൊഫസർമാർക്കു ഇവിടത്തെക്കാൾ അധികം ശമ്പളമുണ്ടെന്നു പ്രൊഫസർ രങ്കസ്വാമിഅയ്യങ്കാർ സ്ഥാപിച്ചതുകൊണ്ടു മാത്രം ഇവിടത്തെ പ്രൊഫസർമാരേയും അതേനിലയിൽ കരുതണമെന്നു ഒരു പ്രമാണമാക്കാൻ പാടില്ല. ശേഷം മെമ്പർമാർക്കു വേറെവിധത്തിൽ അഭിപ്രായപ്പെടാൻ മതിയായ വേറെ അനേകം സംഗതികൾ ഉണ്ടെന്നു ഞാൻവിചാരിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ്പ്രിൻസിപ്പാൽ): ഇവിടത്തെ പ്രൊഫസർമാരുടേയും മദ്രാസിലും മൈസൂരിലും ഉള്ള പ്രൊഫസർമാരുടേയും ജോലികൾ തമ്മിൽ ഉള്ള സമത്വത്തോളം തന്നെ സമത്വം ഇവിടത്തെ ഡിസ്ട്രിക്ട് ജഡ്ജിമാരുടേയും മദ്രാസിലെ ഡിസ്ട്രിക്ട്ജഡ്ജിമാരുടേയും ജോലികൾതമ്മിൽഉണ്ടൊ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): എനിക്കുപറയാനുള്ളതു പറഞ്ഞു. അതു അദ്ദേഹത്തിൻറെ ചോദ്യത്തിനു മറുപടി അല്ലെങ്കിലൊ അദ്ദേഹത്തിനു ബോധ്യമായിട്ടില്ലെങ്കിലൊ ഞാൻ വ്യസനിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കാളേജ് പ്രിൻസിപ്പാൾ): സർ, എന്റെ സ്വന്തകാര്യം പറഞ്ഞുകൊള്ളട്ടെ. മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാക്ക് ബോധ്യപ്പെടണമെന്ന ആഗ്രഹത്തിനു ആഗ്രഹമില്ല. അദ്ദേഹം മിസ്റ്റർ മാമ്മൻമാപ്പിളയോട് ഒരു ചോദ്യം ചോദിച്ചു. സഭയ്ക്കാണു ബോധ്യപ്പെടേണ്ടതു്, ഒരു തെളിവുമാത്രം ഉപസ്ഥിപ്പെടുത്തേണ്ട വിഷയമല്ല അതു്.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ്): ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. ഈ കൊണ്ടു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരെ എനിക്കു ഉപസ്ഥിപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിവൃത്തിയില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കാളേജ് പ്രിൻസിപ്പാൾ): മി: രങ്കസ്വാമി അയ്യങ്കാക്ക് ഉപ്പിയായോ ഉപ്പിയായില്ലയോ എന്നിവിടെ ചോദ്യം ഇല്ല.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും-വ്യവസായവുംവകുപ്പ്): മി: രങ്കസ്വാമിഅയ്യങ്കാരെ എനിക്കു ബോധ്യപ്പെടുത്താൻ എനിക്കു കഴിഞ്ഞില്ലെങ്കിൽ എന്റെ ബുദ്ധിക്കുറവുകൊണ്ടായിരിക്കാം. അതെങ്ങനെയായാലും ഞാൻ മറുപടിപറഞ്ഞുകഴിഞ്ഞു. അതിലധികം പറവാൻ എന്നെനിർബന്ധിക്കാൻപാടില്ല.

ഇനിയും, ഈദൃശ ജോലി ചെയ്യുന്നയാളും മദ്രാസിലെ പ്രൊഫസറുടെ അർത്ഥമോ പത്തോ ഇരട്ടി ശമ്പളമുള്ള ഈദേശത്തിലെ പ്രൊഫസരോടു താരതമ്യപ്പെടുത്തിയും ഈ സാദൃശ്യം പറയാവുന്നതാണ്, താരതമ്യപ്പെടുത്തൽ നിരസം വരുത്തുന്നതാണെന്നു വീണ്ടും പറഞ്ഞുകൊള്ളുന്നു.

വിഷയത്തിന്റെ മറ്റൊരു വശത്തേക്കു ഞാൻ സഭയുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. പിന്നെന്തുപറ്റി ജോലിചെയ്യാൻ ആഗ്രഹിക്കുന്നതു കൊണ്ടു തിരുവിതാംകൂർകാക്കു കുറഞ്ഞശമ്പളത്തിൽ ഇവിടെ ജോലിചെയ്യാൻ ഇഷ്ടമുണ്ടെങ്കിലോ എന്നു പ്രൊഫെസർ രങ്കസ്വാമിഅയ്യങ്കാർ പറയുകയുണ്ടായി. ഡയറക്ടരും ഗവർണ്ണരും ഈ സംഗതി അധികമധികം മനസ്സിൽ കരുതിക്കൊള്ളുമെന്നും ഞാൻ ആശിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ക്രമത്തിലധികം വിദേശിയരെ നിയമിക്കുന്നതിനെപ്പററി അവസരം കിട്ടിയപ്പോഴൊക്കെ ഞാൻ ആക്ഷേപിച്ചിട്ടുണ്ടു. അവർ ഇവിടെ വന്നു നമ്മോടൊരു ദാക്ഷിണ്യം കാണിക്കുന്നതോവണ്ണത്തിലാണ് ജോലിചെയ്യുന്നതു. നമുക്കു അവരെക്കൂടാതെ കഴിച്ചാൽ വളരെ നന്നായിരിക്കും. വിദേശിയരെക്കാൾ മോശമാണെങ്കിലും വേണ്ടതില്ല ഡിപ്പാർട്ടുമെന്റിൽ ഈ നാട്ടുകാരെ അധികം കാണണമെന്നാണു എന്റെ ആഗ്രഹം.

മി: സി. പി. തരകൻ. (കുന്നത്തുനാടു): സർ, ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അധികമാണെന്നോ കുറവാണെന്നോ പറയുമ്പോൾ മററുരാജ്യങ്ങളിലെ കണക്കു കൊണ്ടു താരതമ്യപ്പെടുത്താൻ ഉത്സാഹം പ്രദർശിപ്പിക്കുന്ന ആദരണീയ സാമാജികന്മാരിൽ പലരും മദ്രാസിലും മൈസൂരിലും സഞ്ചരിക്കാൻ തയ്യാറുണ്ടെങ്കിലും അടുത്തുള്ള കൊച്ചിവരെ പോകാൻ വലിയ വൈമനസ്യം പ്രദർശിപ്പിക്കുന്നു. (ചിരി)

അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടണമെന്നുള്ള സംഗതി ഇവിടെ വാദവിഷയമായപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയിൽ വ്യത്യാസമുണ്ടു അദ്ധ്യാപകന്മാരുടെ ശമ്പളമെന്നു മി: സ്റ്റീഫൻസൺ പറയുകയുണ്ടായി. കൊച്ചിയിൽ എത്ര രൂപായാണെന്നു ചോദിച്ചപ്പോൾ മറുപടിയില്ല. - അതുപോലെതന്നെ പ്രൊഫസർമാരുടെ ശമ്പളക്കാര്യം വാദവിഷയമായ സമയത്തു മദ്രാസിലെയും മൈസൂരിലെയും ശമ്പളത്തോടും സ്കൈയിലും എല്ലാം ഡയറക്ടക്കും മി: രംകസ്വാമിഅയ്യങ്കാക്കും നിശ്ചയമുണ്ടു. കൊച്ചിയിലെക്കാര്യം വിസ്മൃതിക്കുകളഞ്ഞതിൽ എന്തൊ ചില ഹേതുക്കൾ ഉണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മദ്രാസിലെ പ്രൊഫസർമാരുടെയോപ്പം നമ്മുടെ പ്രൊഫസർമാക്കും ശമ്പളം കൊടുത്തുകൊണ്ടിരിക്കയും അതുകൊണ്ടു നമുക്കു മാറുവിഷയങ്ങൾക്കു കുറവുവരുത്തിരിക്കയും ചെയ്യാൻ വലിയ ദോഷമില്ല.

"തരിവളയിട്ടുകിലുക്കാൻ മോഹം അരിമണിയാണു കൊറിക്കാനില്ല" എന്നു മലയാളത്തിലുള്ള പഴഞ്ചൊല്ലു നിങ്ങളും കേട്ടിരിക്കുമല്ലോ. റാവുബഹദൂർ രംകസ്വാമിഅയ്യങ്കാർ മുതലായി ഇപ്പോൾ നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലുള്ള അതിമാനുഷരും അമാനുഷരുമായ പ്രൊഫസർമാരെ എല്ലാക്കാലവും കിട്ടിക്കൊണ്ടിരിക്കുന്നതു നല്ലതുതന്നെയെന്നിരുന്നാലും ഇത്രവലിയ യോഗ്യതയുള്ള ആളുകൾക്കു ആകാവുന്നിടത്തോളം ശമ്പളം കൊടുക്കാനുള്ള ശക്തി നമുക്കുണ്ടാകാതിരിക്കുന്നിടത്തോളംകാലം തരിവളയിട്ടുകിലുക്കേണ്ട ആവശ്യമില്ല. ഈ രാജ്യത്തുള്ള ആളുകൾ ഉന്നത വിദ്യാഭ്യാസം ചെയ്തു ഇത്രവലിയ ശമ്പളമില്ലാത്ത ഒരു സ്കൈയിൽ ജോലിനോക്കാൻ തയാറുണ്ടോ എന്നന്വേഷണം ഗവണ്മെന്റു നടത്തി ചിലവു കുറഞ്ഞരീതിയിൽ നമ്മുടെ വിദ്യാഭ്യാസത്തെ ഇപ്പോഴത്തെപ്പോലെതന്നെമേലും നടത്തിക്കാണിരിക്കാൻ സാധിക്കുമോ എന്നു പരിശോധിച്ചു സാധിക്കുമെങ്കിൽ ബോധ്യപ്പെട്ടാലല്ലാതെ അന്യരാജ്യത്തിലെ തരിവളകിലുക്കരുതെന്നു മാത്രം പറഞ്ഞുകൊണ്ടു ഞാൻ ഇരുന്നുകൊള്ളുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും). മി: ജോസഫിന്റെ വാദവിഷയം രണ്ടുഭാഗങ്ങളായി വിഭജിക്കാം. ഒന്നു കാളേജുകൾ വേണ്ടെന്നുവെക്കണമെന്നാണു. ഞാൻ ശരിയായി ഓർമ്മിക്കുന്നുണ്ടെങ്കിൽ കഴിഞ്ഞകൊല്ലത്തെ ബഡ്ജററ് വാദത്തിൽ മേവണ്ടിടത്തോളം വിദ്യാഭ്യാസം പ്രദാനം ചെയ്യാൽ ഈ രാജ്യത്തിൻ ക്രിമിനൽ കോടതികളെല്ലാം നിവൃത്തിക്കളയാമെന്നു ഒരു മെമ്പർ (ആരാണെന്നു ഞാൻ ഓർക്കുന്നില്ല). പ്രസ്താവിച്ചു, ആഭോഗത്തുനിന്നുതന്നെ വിദ്യാലയങ്ങളെല്ലാം നിവൃത്തിക്കളയണമെന്നു ഇപ്പോൾ ഒരഭിപ്രായപ്പെടുത്തിട്ടുള്ളതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ക്രിമിനൽ കോടതികൾ വർദ്ധിപ്പിക്കണമെന്നാണ് അതിന്റെ അർത്ഥമെന്നുവരുമോ? ദീർഘകാലമായിനിന്നു പോരുന്ന സ്ഥാപനങ്ങൾ പ്രയോജനമുള്ളവയോ അല്ലയോ എന്നു യാതൊരു അന്വേഷണവും കൂടാതെ നിവൃത്തിക്കളയണമെന്നു പറയുന്നതു കഥയില്ലാത്ത ഒരു ആക്രമമാണു. വിഷയത്തിന്റെ മറെറാഭാഗം അതായതു പ്രൊഫസർമാരുടെ ശമ്പളം കുറയ്ക്കണമെന്നുള്ളതു ഒരു ഗൌരവസംഗതിയായി മി: ജോസഫ് വിചാരിക്കുമെന്നു എനിക്കു തോന്നിയിരുന്നില്ല. വാദസമയം അവശ്യമില്ലാത്ത പ്രാധാന്യം കൊടുത്തിട്ടു. അതിനെ പ്ലററിമററു മെമ്പർമാക്കു അവരുടെ അഭിപ്രായങ്ങൾ സ്വാതന്ത്ര്യമായി പ്രകടിപ്പിക്കുവാൻ അവസരം ഉണ്ടാക്കിക്കൊടുത്തില്ലെങ്കിൽ അതുതാനെ തന്നെ മരിച്ചു പോയേനെ. മാമ്മൻമാപ്പിള ആരംഭിച്ചതു ബ്രിട്ടീഷ്ഇൻഡ്യയിലെ ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ശമ്പളവും ഇവിടത്തെ ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ശമ്പളവും താരതമ്യപ്പെടുത്തിക്കൊണ്ടാണു. ആ വാദത്തിന്റെ ബലം വിദ്യാഭ്യാസഡയറക്ടർ സമ്മതിച്ചതുമായിരുന്നു. അവരുടെ ശമ്പളത്തോതിലുള്ള വ്യത്യാസം മദ്രാസ്സിലെ പ്രൊഫെസർമാരുടെ ശമ്പളത്തിനും നമ്മുടെ

പ്രൊഫസർമാരുടെ ശമ്പളത്തിനു തമ്മിലും ഉണ്ടായിരിക്കണമെന്നു നാം അനുമാനിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം: ഇതു സാദൃശ്യം സാധുവാണെന്നു ഞാൻ സമ്മതിക്കുന്നില്ല. കനാമതായി മി: രങ്കസ്വാമിഅയ്യങ്കാർ അദ്ദേഹത്തിന്റെ കോളജുകളെൽ സൂചിപ്പിച്ചപ്രകാരം ബ്രിട്ടീഷ് ഇൻഡ്യയിൽ ഡിസ്ട്രിക്ടുജഡ്ജിമാർ ചെയ്യുന്ന ജോലിയുടെ മാന്യതയും പ്രധാന്യവും ഗുണവും നമ്മുടെ ഡിസ്ട്രിക്ട് ജഡ്ജിമാർ ചെയ്യുന്നതിനെക്കാൾ ഉൽകൃഷ്ടമാണെന്നു സുപ്രസിദ്ധമാണ്.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും-വ്യവസായവും, വടക്ക): തിരുവിതാംകൂറിലെ ഏതെങ്കിലും ഡിസ്ട്രിക്ട് ജഡ്ജിതാൻ ചെയ്യുന്ന ജോലി സ്വഭാവംകൊണ്ടും ഗുണംകൊണ്ടും ബ്രിട്ടീഷ്ഇൻഡ്യയിലെ ഡിസ്ട്രിക്ടുജഡ്ജിയുടെ ജോലിയോടു സദൃശമല്ലെന്നു സമ്മതിക്കുമെന്നു മി: ടി. ജെ. മാത്യുവിനു തോന്നുന്നുണ്ടോ?

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ഞാൻ ചോദിച്ചാൽ അവർ സമ്മതിക്കുമെന്നു വിചാരിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും-വ്യവസായവുംവടക്ക): അദ്ദേഹത്തിനു നല്ലനിശ്ചയമുണ്ടോ?

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ഉവ്വ്. നല്ല നിശ്ചയമുണ്ട്. എന്നാൽ ബ്രിട്ടീഷ്ഇൻഡ്യയിലെ പ്രൊഫെസർമാരെയും ഇവിടത്തെ പ്രൊഫെസർമാരെയും സംബന്ധിച്ചു അങ്ങനെ പറവാൻ നിവൃത്തിയില്ല. ഒരു കാളേജ് പ്രൊഫെസരുടെ അധികാരം ഒരു ക്ലാസ്സിലെ വിദ്യാർത്ഥികളുടെ മേലാണ്. ഓരോ ക്ലാസ്സിലും ഇത്ര വിദ്യാർത്ഥികളെ ആകാവൂ എന്നു ക്ലിപ്തപ്പെടുത്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം അതിലധികമായാൽ ക്ലാസ്സു വിഭജിക്കണം. അതുകൊണ്ടു പ്രൊഫെസർമാരുടെ ജോലി തിരുവിതാംകൂറിലായാലും ബ്രിട്ടീഷ് ഇൻഡ്യായിലായാലും സമമായിരിക്കും.

മി: കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): ഒരു കോടതിയിൽ ഫയലാക്കുന്ന വ്യവഹാരങ്ങളുടെ എണ്ണം ഒരു നിശ്ചിത അതിരു കടന്നാൽ ആ കോടതിയും അതേ മാതിരിയിൽ രണ്ടായി വിഭജിക്കയില്ലയോ? അപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയും തിരുവിതാംകൂറും തമ്മിൽ സാദൃശ്യം ഉണ്ടായിരിക്കയില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): നടപടി ക്രമം സംബന്ധിച്ചു ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുള്ള ഒരു വാദത്തിൽ ജുഡിഷ്യൽ ഭരണത്തെ സംബന്ധിച്ചു ദീർഘമായ വിമർശനം അസംബന്ധമല്ലയോ എന്നു അറിയാൻ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രെസിഡെൻറ: വിമർശനം ദീർഘിപ്പിച്ചിട്ടാവശ്യം ഉണ്ടെന്നു തോന്നുന്നില്ല. അതു കേവലം അസംബന്ധമാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): എന്നാൽ ഞാൻ ആ ചോദ്യത്തിനു മറുപടി പറയുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദൃഷ്ടാന്തമായിട്ടു അതു അസംബന്ധമാണോ?

ഡിപ്യൂട്ടിപ്രെസിഡെൻറ: ദൃഷ്ടാന്തമായിട്ടു അസംബന്ധമല്ല. എന്നാൽ അതിനെപ്പററി ദീർഘമായ വാദത്തിൽ പ്രവേശിക്കുന്നതു അസംബന്ധമാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): കാളേജിലെ ഓരോ ക്ലാസ്സുകളിലേയും വിദ്യാർത്ഥികളുടേയും എണ്ണം സർവ്വകലാശാലാചട്ടങ്ങൾ ക്ലിപ്തപ്പെടുത്തിട്ടുണ്ട്. തിരുവിതാംകൂറിലെ ഡിസ്ട്രിക്ട്കോടതികളിൽ ഫയലാക്കുന്ന വ്യവഹാരങ്ങളുടെ എണ്ണത്തിനും ബ്രിട്ടീഷ് ഇൻഡ്യയിൽ ഫയലാക്കുന്ന വ്യവഹാരങ്ങളുടെ എണ്ണത്തിനും തമ്മിൽ ബന്ധമൊന്നുമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതൊരു ചോദ്യം—

ഡിപ്യൂട്ടിപ്രെസിഡെൻറ: നാം സംഗതിവിട്ടു അകന്നുപോകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകൂറിനു ആകപ്പാടെ ഒരു ഡിസ്ട്രിക്ട് ജഡ്ജി ഉണ്ടോ എന്നു മെമ്പറോടു ചോദിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രെസിഡെൻറ: ഈ സംഗതിയെപ്പററി നാം ദീർഘമായി വിമർശനം ചെയ്യണോ എന്നു ഞാൻ പറഞ്ഞുവല്ലോ.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): കാളേജുകളുടെ കാര്യത്തിൽ ബ്രിട്ടീഷ് ഇൻഡ്യയിലെ സ്ഥിതികൾ നമുക്കു അനുകരിക്കാവുന്ന ദൃഷ്ടാന്തമായി എടുക്കാമെന്നാണു എൻെറ വാദം.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും-വ്യവസായവും വടക്ക): അമേരിക്കയിലെ കാളേജുകളെയും മി. മാത്യു ദൃഷ്ടാന്തമായി എടുക്കുമോ?

ഡിപ്യൂട്ടിപ്രെസിഡെൻറ: ആ ചോദ്യത്തിന്നവകാശം ഇല്ല. മി. മാമ്മൻമാപ്പിളെ, എന്തെന്നാൽ തിരുവിതാംകൂറിലെ കാളേജുകളും മദ്രാസ് പ്രസിഡെൻസിയിലെ കാളേജുകളും ഒരു സർവ്വകലാശാലയുടെ കീഴിലാണെന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു.

മി: എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): മദ്രാസിലെ കാളേജുകളിലെ പ്രൊഫെസർമാരും തിരുവനന്തപുരം കാളേജുകളിലെ പ്രൊഫെസർമാരും അതെ വിഷയങ്ങൾ അല്ലയോ പഠിപ്പിക്കുന്നതു?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അതേ.

മി: എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): പഠിപ്പിക്കാൻ അവർക്കുള്ള യോഗ്യതയും അവർ പഠിപ്പിക്കേണ്ടുന്ന സമയവും സമമല്ലയോ?

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അതെ. അവർ അതേ പരീക്ഷാബോർഡിലെ സാമാജികന്മാരാണ്. ഇവിടത്തെ വിദ്യാർത്ഥികൾക്കും ബ്രിട്ടീഷ്ഇൻഡ്യയിലെ കാളേജുകളിലെ വിദ്യാർത്ഥികൾക്കും ഒരേപരീക്ഷയാണുള്ളതു. ചോദ്യക്കടലാസ്സുകൾ തെയ്യാറാക്കുന്നതു അതെ പരീക്ഷാബോർഡാണു. കാളേജുകളുടെ മേലന്വേഷണം നടത്തുന്നതു അതേ സർവ്വകലാശാലയാണു. ഒരേ സർവ്വകലാശാലയുടെ ചട്ടങ്ങളാണു ഈ കാളേജുകൾ അനുസരിക്കുന്നതു. മററു ഡിപ്പാർട്ടുമെൻറുകളെപ്പററി ഇപ്രകാരം പറവാൻ സാധിക്കയില്ല. അതുകൊണ്ടു ഗവണ്മെൻറുഭാഗത്തുനിന്നു കൊണ്ടുവന്നിട്ടുള്ള വാദം ശരിയാണു. നമ്മുടെ മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന

കാര്യത്തിൽ ബ്രിട്ടീഷ് ഇൻഡ്യയിൽ വിദ്യാർത്ഥികൾക്കു കൊടുക്കുന്ന തരം വിദ്യാഭ്യാസം തന്നെ ഇവിടെയും കൊടുക്കേണ്ടതാണെന്നും ഞാൻ ബലമായി പറഞ്ഞുകൊള്ളുന്നു. അതുകൊണ്ടു ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രൊഫെസർമാരുടെ സ്ഥിതിയോടു തുല്യസ്ഥിതിയിലുള്ള പ്രൊഫസർമാർ നമ്മുടെ കാളേജുകളിലും ഉണ്ടായിരിക്കേണ്ടതു ഒരു പ്രധാന സംഗതിയാണു. നമ്മുടെ കാളേജുകൾക്കും മററു കോളേജുകളുപ്പോലെ വിലയുണ്ടായിരിക്കേണ്ടതാകയാൽ പ്രൊഫസർമാരായി നാം ആളുകളെ നിയമിക്കുന്നതു, അവർ നമ്മുടെ നാട്ടിൽ തന്നെ ഉള്ളവരായിരുന്നാലും വിദേശങ്ങളിൽനിന്നു വരുന്നവരായിരുന്നാലും, അവരുടെ യോഗ്യത നോക്കിവേണം. നമ്മുടെ കാളേജുകളിൽനിന്നു ജയിച്ചുപോകുന്ന വിദ്യാർത്ഥികൾക്കു മദ്രാസിലേയും മററു സ്ഥലങ്ങളിലേയും കാളേജുകളിൽനിന്നു ജയിച്ചുപോകുന്ന വിദ്യാർത്ഥികളോടു തുല്യയോഗ്യതയില്ലെങ്കിൽ നമ്മുടെ വിദ്യാർത്ഥികൾക്കു വില ഉണ്ടായിരിക്കയില്ലെന്നു പ്രത്യക്ഷമാണു. അതുകൊണ്ടു നമ്മുടെ കോളേജുകളുടെ ഘടന ബ്രിട്ടീഷ് ഇൻഡ്യയിലെ കോളേജുകളോടു കഴിവുള്ളേടത്തോളം സമമാകേണ്ടതുണ്ടു. ഈ പ്രസ്താവനകളോടുകൂടെ ഞാൻ ഇരുന്നുകൊള്ളുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സാർ, പ്രമേയം അശേഷം സ്വീകാര്യയോഗ്യമല്ലെന്നു കാണിക്കുന്നതിന്നായി മി. രങ്കസ്വാമി അയ്യങ്കാർ ചെയ്ത പ്രസംഗം ഞാൻ ശ്രദ്ധയോടെ കേട്ടു. എന്നാൽ അദ്ദേഹം ഉന്നതമായി ബ്രിട്ടീഷ്ഇൻഡ്യയിലെ സ്ഥിതി എടുത്തതിനാൽ അദ്ദേഹത്തിന്റെ വാദം മുഴുവനും ദുഷിച്ചുപോയിരിക്കുന്നു. ബ്രിട്ടീഷ്ഇൻഡ്യയിലെ ഭരണക്രമം മുകളിൽ ഘനം കൂടിയതും നാശകരവും ആണെന്നു നമുക്കെല്ലാവർക്കും അറിയാമല്ലോ. നമ്മുടെ സ്ഥിതി അവിടത്തെ സ്ഥിതിയോടു സാദൃശ്യപ്പെടുത്തുന്നതു അതിരു കടന്നുപോകയാണു. ഉന്നതവിദ്യാഭ്യാസം പൌരജീവിതത്തിനു അത്യാവശ്യമാണെന്നും എന്നാൽമാത്രമേ നമുക്കു മനഃപരിഷ്കാരവും ജനഹിതപ്രകാരമുള്ള ഭരണത്തിനുള്ള യോഗ്യതയും സിദ്ധിക്കയുള്ളു എന്നും അതിനാൽ ആ വിദ്യാഭ്യാസം നമുക്കു ഒഴിച്ചുകൂടാതെയെന്നും മി രങ്കസ്വാമിഅയ്യങ്കാർ പറഞ്ഞുവല്ലോ. എന്നാൽ യഥാർത്ഥമനഃപരിഷ്കാരവും ഉൽകൃഷ്ടവിദ്യാഭ്യാസവും ഉണ്ടാകുന്നതിനു ശമ്പളകൂടുതലുള്ള പ്രൊഫെസർമാർ വേണമെന്നു സങ്കല്പിച്ചിട്ടാവശ്യം ഇല്ല. തിരുനിനാപ്പള്ളി സെൻറ ജോസഫ് കോളേജിൽ വിദ്യാർത്ഥികളുടെ സംഖ്യ നമ്മുടെതിൽ കുറവല്ലെന്നു മി. രങ്കസ്വാമി അയ്യങ്കാർ സമ്മതിക്കുന്നുണ്ടു. എന്റെ കാര്യത്തിനു ആ സമ്മതം മതി. അവിടെ പ്രൊഫെസർമാർക്കു ശമ്പളം വളരെ കുറവായിരുന്നിട്ടും വിദ്യാർത്ഥികൾ അവിടെ ചെന്നുചേരുന്നതെങ്ങനെ?

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ് പ്രിൻസിപ്പൽ): ഗ്രാൻറ വാങ്ങുന്ന ആ വിദ്യാലയത്തിലേക്കു സെൻറജോസഫ്കാളേജ് പ്രൊഫെസർമാരുടെ കണക്കിൽ കാണിക്കുന്ന ശമ്പളം എത്രയാണെന്നു മെമ്പർക്കറിയാമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കറിഞ്ഞുകൂടാ.

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ് പ്രിൻസിപ്പൽ): ഗവണ്മെൻറകാളേജുകളിലെ തുല്യയോഗ്യതയുള്ള പ്രൊഫെസർമാരുടെ ശമ്പളംതന്നെയാണു അവർക്കു കാണിക്കുന്നതെന്നു മെമ്പർക്കു അറിവുണ്ടോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ കാളേജിനു ഗവണ്മെൻറകൊടുക്കുന്ന ഗ്രാൻറിനെപ്പററി എനിക്കറിഞ്ഞിട്ടാവശ്യമില്ല. കുറഞ്ഞ ശമ്പളത്തിനു വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ആളുകിട്ടുമോ എന്നേ എനിക്കറിയേണ്ടതുള്ളു.

ഡിപ്യൂട്ടിപ്രസിഡൻറ: മി: രങ്കസ്വാമിഅയ്യങ്കാർ ഒരു വ്യത്യാസം കാണിച്ചു. അതൊരു ലൌകിക സ്ഥാപനം അല്ലെന്നു അദ്ദേഹം പറഞ്ഞുവല്ലോ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ് പ്രിൻസിപ്പൽ): ആ കാളേജിലെ പ്രിൻസിപ്പാലും പ്രൊഫെസർമാരും ജെസൂട്ട്മിഷ്യനിൽപെട്ടവരാണെന്നും അവർക്കു ശമ്പളംവാങ്ങാൻപാടില്ലെന്നും ഞാൻ പറഞ്ഞതു അദ്ദേഹത്തെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. അവർ ശമ്പളമില്ലെങ്കിൽപ്പിടുകപോലും ചെയ്യാറില്ലെന്നു മെമ്പർക്കറിയാമോ എന്നു പറയുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കറിഞ്ഞുകൂടാ. ഇവിടെ ഉപജീവനച്ചെലവു അധികം വർദ്ധിച്ചിട്ടുണ്ടെന്നും അതുകൊണ്ടു ഇപ്പോഴത്തെ ശമ്പളവും പോരായെന്നും ശമ്പളം കൂട്ടുന്നതു അത്യാവശ്യമാണെന്നുംകൂടെ അദ്ദേഹം വാദിച്ചിരുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ് പ്രിൻസിപ്പൽ): പ്രൊഫെസർമാരുടെ ശമ്പളത്തിന്റെ "യഥാർത്ഥവില" വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉപജീവനത്തെപ്പററി ഉദ്യോഗസ്ഥന്മാർക്കും സാധാരണക്കാർക്കും ഉള്ള അഭിപ്രായവ്യത്യാസമാണു ഇതിനുകാരണം. അതു ഓരോരുത്തരുടേയും നിലയെ ആശ്രയിച്ചിരിക്കും, കുറഞ്ഞശമ്പളത്തിൽ ജോലിചെയ്യാൻ മനസ്സുള്ളവർ ഉണ്ടാകുമെന്നു മിസ്റ്റർ ജോസഫ് പറഞ്ഞു. യോഗ്യനായ ഒരു മാന്യനു പ്രതിഫലംകൂടാതെ ജോലിചെയ്യാമെന്നു പറഞ്ഞിട്ടുള്ളതും എനിക്കറിവുണ്ടു്. ഈ കാലത്തു ഉപജീവനത്തിനു വേണ്ടുന്ന ചെലവു വളരെ വർദ്ധിച്ചിട്ടുണ്ടെന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ പറയുന്നു. അതു പണത്തിന്റെ സുലഭത്വംകൊണ്ടോ ക്ഷേണത്തിന്റെ ദുർല്ലഭത്വംകൊണ്ടോ ആകാം. ക്ഷേണസാധനങ്ങൾക്കു ദുർലഭത്വം ഇല്ലെന്നും അവയെ ഉണ്ടാക്കുന്നതിനു കുറവില്ലെന്നും ഡോക്ടർ കുഞ്ഞൻപിള്ള പറയും. പണം സുലഭമായിതീർന്നിരിക്കുന്നുഎന്നും ആ സുലഭത്വത്തിനു ഒരു കാരണം വലിയ ശമ്പളങ്ങളാണെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ് പ്രിൻസിപ്പൽ): ഞാൻ മെമ്പരോടു ഒരുകാര്യം—

ഡിപ്യൂട്ടിപ്രെസിഡെൻറ: നാം ധനശാസ്ത്രവിഷയങ്ങളിൽ കിടന്നുഴലുന്നു. ഇതിൽ ആ വാദങ്ങൾ അസംബന്ധമാണു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രൊഫസർമാർ പട്ടിണി കിടക്കേണ്ടിവരുമെന്നു അദ്ദേഹം സഭയോടു ബോധിപ്പിക്കയുണ്ടായി.

ഡിപ്യൂട്ടിപ്രെസിഡെൻറ: വില വർദ്ധിച്ചു എന്നേ അദ്ദേഹം പറഞ്ഞുള്ളു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പട്ടിണി ശമ്പളമെന്ന അദ്ദേഹം പറകയുണ്ടായി. സ്വദേശസ്നേഹമില്ലാതെയും മുകളിൽ ഘനംകൂട്ടിയും ഭരണം നടത്തുന്ന ബ്രിട്ടീഷ്ഇൻഡ്യയിലെപോലെ വലിയ ശമ്പളം നമ്മുടെ പ്രൊഫെസർമാർക്കു കൊടുക്കരുതെന്നാണു എന്റെ വാദം. അതാണു പ്രമേയവിഷയവും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ ഈ സഭാമദ്ധ്യത്തിൽ പറഞ്ഞ രസകരമായ പ്രസംഗത്തിനു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഗൗരവവും പ്രസംഗരീതിയും എന്നെ നന്നായി ആകർഷിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പല പ്രസ്താവനകളും ഈ വിഷയത്തോടു സംബന്ധമില്ലാത്തതും ഈ വാദത്തിൽപെടാത്തതുമാകയാൽ പ്രസംഗത്തിന്റെ സാരത്തിനു എന്തു വിലയാണു കല്പിക്കേണ്ടതെന്നു ഞാൻ അറിയുന്നില്ല. അദ്ദേഹം കുറെ ധനശാസ്ത്രതത്വങ്ങളും രാജ്യതന്ത്രപ്രമാണങ്ങളും എടുത്തുപറഞ്ഞു. ഈ വാദത്തിൽ അവയെക്കുറിച്ചു ഒരാവശ്യവുമില്ല. ഞാൻ ഉന്നതവിദ്യാഭ്യാസത്തിനു വിരോധിയല്ലെന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരെ ഗ്രഹിപ്പിച്ചുകൊള്ളുന്നു. ഒരു സാധാരണ തിരുവിതാംകൂർകാരനു ഉൽകൃഷ്ടകാലേജ് വിദ്യാഭ്യാസം ആവശ്യമില്ലെന്നുമാത്രമെ ഞാൻ പറയുന്നുള്ളു. ഇത്രത്തോളമുള്ള ഫലംകൊണ്ടു അതു കാണാവുന്നതാണല്ലോ. സാധാരണകാവിനക്കുടുത്തുള്ളകഠം കോളേജ് വിദ്യാഭ്യാസം കഴിഞ്ഞു പതിനഞ്ചോ ഇരുപതോ രൂപാ ശമ്പളമുള്ള ഉദ്യോഗങ്ങൾക്കു വെണ്ടി നടക്കുന്നതു നാം കാണാറുണ്ടല്ലോ. മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെ പ്രസംഗത്തിന്റെ മറ്റുഭാഗങ്ങളിൽ ഈ വാദം സംബന്ധിച്ചു നാം ചിന്തിക്കേണ്ടതായ വല്ല സംഗതികളും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

ഇവിടെ കൊടുക്കുന്ന ശമ്പളവും ബ്രിട്ടീഷ്ഇൻഡ്യയിലെ ശമ്പളവും തമ്മിൽ താരതമ്യപ്പെടുത്തിക്കാണിക്കയുണ്ടായി. എന്റെ വാദങ്ങളുടെ അടിസ്ഥാനം ആ വ്യത്യാസമല്ല. യഥാർത്ഥം പറഞ്ഞാൽ അങ്ങനെ സാദൃശ്യം പറയുന്നതു എനിക്കു ഇഷ്ടമല്ല. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ അതിനെപ്പററി പറഞ്ഞതുകൊണ്ടു ഞാനും അതിനെപ്പററിപ്പറവാൻ നിർബ്ബന്ധിതനായിതീർന്നു എന്നേയുള്ളു. സാദൃശ്യങ്ങൾ ഒരിക്കലും ശരിയായിരിക്കയില്ല. അവയെ അടിസ്ഥാനപ്പെടുത്തി വിധിപറവാനോ തീർച്ചചെയ്യാനോ പാടില്ല. ഈ കാര്യത്തിന്റെ യോഗ്യതായോഗ്യതകളെപ്പററി ഒരു സംഗതിയേ പറവാനുള്ളു. നമ്മുടെ പ്രൊഫെസർമാർ ജോലിചെയ്യാനുള്ള മണിക്കൂറിന്റെ എണ്ണം മററുസ്ഥലങ്ങളിലെ പ്രൊഫെസർമാർ ജോലിചെയ്യുന്ന സമയത്തോടു തുല്യമായിരിക്കാം. നമ്മുടെ രാജ്യത്തിന്റെ ധനസ്ഥിതി നോക്കിയാൽ നമ്മുടെ പ്രൊഫെസർമാർക്കു ഇത്ര വലിയശമ്പളം കൊടുക്കാൻ നിവൃത്തിയില്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. നമ്മുടെ മുഴുവെട്ടു അധികമായിരുന്നെങ്കിൽ ഈ പ്രൊഫസർമാർക്കു ഇത്ര വലിയ സംഖ്യകൾ കൊടുക്കുന്നതു നല്ലതായിരിക്കുമായിരിക്കും. ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്ന പ്രൊഫസർമാരുടെ ശമ്പളം കുറയ്ക്കണമെന്നു ഞാൻ പറയുന്നില്ല. മേലാൽ നിയമിക്കുന്നവരെയും ശമ്പളക്കൂടുതൽ കൊടുക്കുന്നതിനെപ്പററിയുമാണു ഞാൻ പറയുന്നതു. ഇവിടെ പ്രസംഗിച്ച ചില അനുദ്യോഗസ്ഥമെമ്പർമാരുടെ യഥാർത്ഥ അഭിപ്രായം അറിവാൻ എനിക്കു വളരെ ആഗ്രഹംഉണ്ടു. അവർ പ്രമേയത്തെ അനുകൂലിക്കയോ പ്രതികൂലിക്കയോ ചെയ്തില്ല. അതറിയുന്നതിനായി എനിക്കീപ്രമേയത്തെപ്പററി നിർബന്ധമുണ്ടു. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരുടെയും മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെയും വൈഭവത്തേയും പ്രതിവാദത്തേയും ഞാൻ ഗ്രഹിച്ചു അനുമോദിച്ചുകൊള്ളുന്നു. അവരുടെ അടിസ്ഥാനത്തിനനുകൂലമായി വാദിക്കേണ്ടതു അവരുടെ ധർമ്മമാണല്ലോ. അനുദ്യോഗസ്ഥമെമ്പർമാരുടെ ശ്രദ്ധയെ ഞാൻ ഇതിലേക്കു ബലമായി ആകർഷിച്ചുകൊള്ളുന്നു. ഉദ്യോഗസ്ഥമെമ്പർമാരുടെ അഭിപ്രായത്തെപ്പററി ഞാൻ കാര്യമായി വിചാരിക്കുന്നില്ല. രാജ്യത്തിന്റെഗുണം ഓർത്തു് അനുദ്യോഗസ്ഥമെമ്പർമാർ എന്റെ അഭിപ്രായത്തോടു യോജിക്കുമോ എന്നേ എനിക്കറിവാൻ ആഗ്രഹമുള്ളു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസഡയറക്ടർ): സർ മിസ്റ്റർ ജോസഫ് അദ്ദേഹത്തിന്റെ ഉപക്രമപ്രസംഗത്തിൽ പ്രൊഫെസർമാരുടെയും ഡിസ്ട്രിക്ട്ജഡ്ജിമാരുടേയും ശമ്പളങ്ങളെ താരതമ്യപ്പെടുത്തി കാണിച്ചു. ആ സാദൃശ്യം ഞാൻ സ്വീകരിച്ചില്ല. ഇതു ഞാൻ കരുതലോടുകൂടെയാണു സ്വീകരിക്കാത്തതു. ശമ്പളങ്ങൾ താരതമ്യപ്പെടുത്തുകയാണെങ്കിൽ അങ്ങനെ ചെയ്യേണ്ടതു ഇവിടെയുള്ള പ്രൊഫസർമാർക്കു കിട്ടുന്ന ശമ്പളവും ബ്രിട്ടീഷ് ഇൻഡ്യയിലും മൈസൂരിലും ഉള്ള പ്രൊഫസർമാരുടെ ശമ്പളവും തമ്മിലാണെന്നാണു ഞാൻ പറഞ്ഞതു്. കൊച്ചിയിലെ പ്രൊഫസർമാരുടെ ശമ്പളത്തെപ്പററി എന്നോടു ചോദിച്ചപ്പോൾ എനിക്കറിവില്ലെന്നു ഞാൻ പറഞ്ഞു. കൊച്ചിയിലെ ശമ്പളങ്ങളെപ്പററി ഞാൻ അജ്ഞതാം പ്രദർശിപ്പിച്ചതിൽ എന്തോ ഗൂഢാർത്ഥം ഉണ്ടെന്നു മിസ്റ്റർ തരകൻ വിചാരിക്കുന്നു. അവിടത്തെ ശമ്പളത്തെപ്പററി എനിക്കറിവുണ്ടെന്നും അതെന്റെ വാദത്തിനു പ്രതികൂലമാകയാൽ ഞാൻ അതു സഭാമദ്ധ്യത്തിൽ പ്രസ്താവിക്കാത്തതാണെന്നും അദ്ദേഹം സങ്കല്പിക്കുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാടു): അതറിവാൻ അദ്ദേഹം ശ്രമിച്ചില്ലെന്നുമാത്രമെ ഞാൻ പറഞ്ഞുള്ളു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസഡയറക്ടർ): അതിനും എനിക്കു സമാധാനം പറവാൻ ഉണ്ടു്. മദ്രാസിലേയും മൈസൂരിലേയും ശമ്പളത്തെപ്പററി വളരെ മുമ്പുതന്നെ എനിക്കറിവുണ്ടു്. ഉപക്ഷേപത്തിന്റെ നോട്ടീസുകിട്ടിയശേഷം വിവരം അറിവാൻ ഞാൻ മദ്രാസിലെക്കാകട്ടെ മൈസൂരിലേക്കാകട്ടെ എഴുതിഅയച്ചിട്ടില്ല. മിസ്റ്റർ ജോസഫ് ഉപക്ഷേപം ഹാജരാക്കിയശേഷം എന്റെ ഓർമ്മ ശരിയാണോ എന്നറിവാനായി എന്റെ സ്നേഹിതൻ റൈനാൻഷ്യൽസെക്രട്ടറിയോടു ചോദിച്ചു. എന്റെ പക്കൽ ഉള്ള വിവരം ശരിയാണെന്നു ഐ. ഇ. എസ്സും എം. ഇ. എസ്സും ഉദ്യോഗസ്ഥന്മാരുടെ ശമ്പളവിവരം അടങ്ങിയ ഒരു അച്ചടിച്ച പുസ്തകം അദ്ദേഹം ഭയവായി എന്നെ കാണിച്ചു എന്നെ ബോദ്ധ്യപ്പെടുത്തി. കൊച്ചിയിലെ ശമ്പളത്തെപ്പററി ഞാൻ ചോദിച്ചാറെ അദ്ദേഹത്തിന്നറിവില്ലെന്നാണു പറഞ്ഞതു്. ഈ ഉപക്ഷേപത്തിന്റെ നോട്ടീസു അല്പദിവസങ്ങൾക്കുമുമ്പുമാത്രമാണു എനിക്കു കിട്ടിയതെന്നും മിസ്റ്റർ തരകനെ അറിയിച്ചുകൊള്ളുന്നു. ഡയറക്ടരുദ്യോഗത്തിൽ ഞാൻ പ്രവേശിച്ചിട്ടു നാലുമാസമെ ആയിട്ടുള്ളു എന്നും മിസ്റ്റർ തരകനു അറിയാമല്ലോ. കഴിഞ്ഞ ആണ്ടിന്റെ ആദ്യഭാഗത്തു ഞാൻ കഴിഞ്ഞ വർഷത്തെ ഉദ്യോഗങ്ങളുടെ പ്രൊസീഡിംഗ്സ് വായിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ശേഷംദിവസങ്ങൾ വ്യ ഉപക്ഷേപങ്ങൾക്കു മറുപടി തയ്യാറാക്കുന്നതിൽ വ്യയം ചെയ്യേണ്ടിവന്നു.

ഈ ഉപക്ഷേപങ്ങളെസംബന്ധിച്ചു എതിർഭാഗത്തുനിന്നു കൊണ്ടുവരാൻഇടയുള്ള വാദങ്ങൾക്കു മുറപടി പറയാൻ ആവശ്യമുള്ള വിവരങ്ങളും കണക്കുകളും ശേഖരിക്കാനുണ്ടായിരുന്നു, ജോലിയുടെ ഭാരംനിമിത്തം ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഇത്ര വലിയ വാദം ഉണ്ടാകുമെന്നും കൊച്ചിയിലെ പ്രൊഫസർമാരുടെ ശമ്പളത്തെപ്പററിയുള്ള വിവരം ആവശ്യമായിവരുമെന്നും ഞാൻ കരുതീട്ടില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഉപക്ഷേപത്തിന്റെ നോട്ടീസു കിട്ടിയതു സ്വല്പദിവസംമുമ്പു മാത്രമാകയാൽ കൊച്ചിയിലേക്കു വിവരത്തിനു ഞാൻ എഴുതിഅയച്ചിരുന്നു എങ്കിലും ഇപ്പോഴത്തേക്കുമറുപടി കിട്ടുന്ന കാര്യം സംശയമാണെന്നും പറയേണ്ടിയിരിക്കുന്നു.

തിരുവിതാംകൂറിലേയും മദ്രാസിലെയും ഡിസ്ട്രിക്ട്ജഡ്ജിമാരുടെയും ശമ്പളങ്ങളിലുള്ള വ്യത്യാസംപോലെയുള്ള ഒരു വ്യത്യാസം ഇവിടത്തെ പ്രൊഫെസർമാരുടെയും മദ്രാസിലെ പ്രൊഫസർമാരുടെയുംശമ്പളങ്ങളിൽ ഉണ്ടോഎന്നു മിസ്റ്റർ മാമ്മൻമാപ്പിള എന്നോടു ചോദിക്കുകയുണ്ടായി.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതെല്ലാം വിഷയത്തോടു സംബന്ധമുള്ളതാണോ എന്നു അഗ്രാസനാധിപതിയുടെ ഉത്തരവിന്നായി അപേക്ഷിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ: മി: കൃഷ്ണസ്വാമിഅയ്യർ, ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ശമ്പളത്തെപ്പററി വിസ്തരിച്ചിട്ടാവശ്യം ഇല്ല.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): മദ്രാസിലെ ഡിസ്ട്രിക്ട്ജഡ്ജിമാർ ഇൻഡ്യൻ സിവിൽ സർവീസിൽപെട്ടവരാണെന്നു പറവാനാണു ഞാൻ അതെടുത്തു പറഞ്ഞതു്.

മി: എൻ. കുമാരൻ (ഗവണ്മെൻറ നിയമനം): അവരെല്ലാവരുമല്ല:

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): പ്രൊവിൻഷ്യൽ സർവ്വീസിൽനിന്നെടുത്തു നിയമിച്ചിട്ടുള്ള അല്പം ചിലരെ ഒഴിച്ചു.

മി: എൻ. കുമാരൻ (ഗവണ്മെൻറ നിയമനം): ചിലരെ വക്കീലന്മാരിൽനിന്നു നിയമിച്ചിട്ടുള്ളതാണ്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): വക്കീലന്മാരിൽനിന്നു നിയമിച്ചിട്ടുള്ള ചിലരും ഉണ്ട്. എന്നാൽ ഡിസ്ട്രിക്ട്ജഡ്ജിമാരിൽ അധികമാളുകളും സിവിൽസർവ്വീസിൽ ഉള്ളവരാണ്. സിവിൽസെർവീസിൽ ആളെ എടുക്കുന്നതു മത്സര പരീക്ഷമുഖാന്തിരമാണ്. നീരസഹേതുവായെക്കാം എന്നുള്ളതുകൊണ്ടു ഇക്കാര്യം ഞാൻ അധികം വിസ്തരിക്കുന്നില്ല. ഈ ഉപക്ഷേപം സ്വീകരിച്ചാലും ഉപേക്ഷിച്ചാലും എനിക്കൊരുപോലെയാണ്. അതുകൊണ്ടു മിസ്റ്റർ മാമ്മൻമാപ്പിള പ്രസ്താവിച്ച സംഗതിയെപ്പററി ഇതിലധികം പറവാൻ ഞാൻ വിചാരിക്കുന്നില്ല. ഇവിടെ ഒരു പ്രൊഫെസറിന്റെ കൂടുതൽ ശമ്പളം ൧൦൦ രൂപയാണ്. ഇൻഡ്യൻ എഡ്യൂക്കേഷണൽ സെർവീസിൽ ൨൧൫ രൂപായാണ് അതായതു ൨-ന്നു ൫ വീതം എന്നാൽ ജോലിയെ സംബന്ധിച്ചു യാതൊരു വ്യത്യാസവും ഇല്ല. ഇവിടെയും മദ്രാസിലും പ്രൊഫസർമാർ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതു ഒരേ സർവ്വകലാശാലയുടെ അതേ പരീക്ഷകൾക്കാണു. ഇനിയും ഇവിടത്തെ പ്രൊഫെസർമാർ പഠിപ്പിക്കാനുള്ള വിദ്യാർത്ഥികളുടെ എണ്ണം നോക്കിയാലും സംഗതികൾ നമ്മുടെ പ്രൊഫസർമാർക്കു അനുകൂലമായി കാണുമെന്നു എനിക്കു നിശ്ചയമാണ്.

സർ. തൃശ്ശിനാപ്പള്ളി സെൻറജോസഫ്സ് കാളേജിലെ പ്രൊഫസർമാരുടെ ശമ്പളത്തെയും ഇവിടത്തെ പ്രൊഫസർമാരുടെ ശമ്പളത്തെയും താരതമ്യപ്പെടുത്തുകയുണ്ടായി. ഈ സാദൃശ്യംകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നും ഞാൻ വിചാരിക്കുന്നു. ഒരു നിമിഷം സമയത്തെ ഒരടി നീളത്തോടു സദൃശപ്പെടുത്തുന്നതുപോലെയാണു അതു. രണ്ടും രണ്ടിനമാണ്. സമത്വമില്ലാത്ത രണ്ടു കാര്യങ്ങളെ സദൃശപ്പെടുത്തുവാൻ സാധിക്കയില്ല. സമയം നീളത്തോടൊ രണ്ടിനത്തെയും ഘനത്തോടോ ഉപമിക്കുവാൻ പാടില്ല. ഇവിടത്തെ പ്രൊഫസർമാർ തങ്ങൾചെയ്യുന്ന ജോലിക്കു തക്കതായ പ്രതിഫലം കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടെയാണു ജോലിചെയ്യുന്നതു്. എന്നാൽ സെൻറജോസഫ്കാളേജിലെ പ്രൊഫസർമാർ ജോലിചെയ്യുന്നതു സ്വയത്യാഗത്തിന്റെ പ്രേരണയാലാണു. ഇതുതന്നെയാണ് ആലുവാകോളേജിന്റെ കാര്യത്തിലും ആകോളേജിലെ പ്രിൻസിപ്പാലിനു ൨൫൦ രൂപയേശമ്പളമുള്ളു. ഇവിടത്തെ കോളേജ്പ്രിൻസിപ്പാലിന്റെ ശമ്പളവും ൨൫൦ രൂപയായി കുറയ്ക്കണമെന്നു മെംബർ പറയുമൊ? ഇനിയും പൂനായിലെ ഫെർഗ്യൂസ്സൺകാളേജിന്റെ കാര്യം എടുക്കുക. വിശ്രുതരാജ്യതന്ത്രജ്ഞനായ കഴിഞ്ഞുപോയ മിസ്റ്റർ ഗോഖലയ്ക്കു അവിടെ ൧൦ രൂപാ ശമ്പളമെ കിട്ടിയിരുന്നുള്ളു. ആ ശമ്പളത്തിൽ അദ്ദേഹം ആ കാളേജിൽ ഇരുപതു വർഷം സേവനംചെയ്തു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രൊഫെസർമാരുടെ ശമ്പളം കുറച്ചാൽ വലിയ കഷ്ടപ്പാടുണ്ടാകാൻ സംഗതിയില്ലെന്നു കാണിക്കാൻ മാത്രമാണു ഞാൻ ആ സാദൃശ്യം പറഞ്ഞതു. സെൻറജോസഫ്സ് കാളേജിലേയും അതു പോലെയുള്ള മററു സ്ഥാപനങ്ങളിലേയും പ്രൊഫെസർമാർ അവർക്കു കിട്ടുന്ന ശമ്പളംകൊണ്ടു സുഖമായി ജീവിക്കയും കാര്യങ്ങൾ നടത്തുകയും ചെയ്യുന്നവരല്ലോ, അവരും കാളേജ് വിദ്യാർത്ഥികളെപഠിപ്പിക്കുന്നതു ജോലിതന്നെയാണു ചെയ്യുന്നതു്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഇവിടെ ഞങ്ങൾക്കും ഇരുന്നൂറോ നൂറമ്പതോ രൂപാ കൊണ്ടു കഴിച്ചു കൂട്ടാൻ കഴിയും. എന്നാൽ ശമ്പളം ഉപജീവനത്തിനു മതിയാകുമോ എന്നല്ല വാദം. ശമ്പളം ചെയ്യുന്ന ജോലിക്കു അനുയോജ്യമായിരിക്കണമെന്നാണ് എന്റെ വാദം. എന്റെ വാദത്തിന്റെ സാരം അതാണ്.

ഇപ്പോഴത്തെ ശമ്പളസ്കേൽ വളരെ കൂടിപ്പോയി എന്നു മിസ്റ്റർ. എ. കെ. പിള്ള പറഞ്ഞു. എന്നാൽ പ്രൊഫെസർമാരുടെ ശമ്പളം ൩൦൦-൬൦൦ രൂപായായി കുറച്ചാപ്പോൾ തിരുവിതാംകൂറിലെ പണ്ഡിതരും എത്ര ബഹളം ഉണ്ടാക്കിയെന്നു അദ്ദേഹം ഓർക്കുന്നുണ്ടായിരിക്കുമല്ലോ. അങ്ങനെയിരിക്കെ അദ്ദേഹം ഇപ്പോൾ പറയുന്നതു പൊതുജനഹിതം അനുസരിച്ചാണോ എന്നു ഞാൻ ചോദിച്ചു കൊള്ളുന്നു.

ഈ പ്രസ്താവനകൾ അനുസരിച്ചു സഭ ഈ ഉപക്ഷേപത്തെ തള്ളിക്കളയുമെന്നു വിശ്വസിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഈ പ്രമേയം സഭ സ്വീകരിച്ചാലും ഉപേക്ഷിച്ചാലും തനിക്കൊരുപോലെയാണെന്നു മിസ്റ്റർ. കൃഷ്ണസ്വാമിഅയ്യർ പറഞ്ഞു വല്ലോ. സഭയുടെ അഭിപ്രായത്തെ ഗവണ്മെന്റു അതുയെ വിലമതിക്കുന്നുള്ളു എന്നാണോ അതിന്റെ അർത്ഥമെന്നു പറയുമോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ഞാനാകട്ടെ ഗവണ്മെൻറാകട്ടെ സഭയുടെ അഭിപ്രായം സാരമാക്കുന്നില്ലെന്നു ഞാൻ പറഞ്ഞില്ല. പ്രമേയം പാസ്സാക്കപ്പെടുമെന്നിരുന്നാലും എന്റെ വാദത്തെ സ്ഥാപിക്കുന്നതിനുള്ള ചിലവാദങ്ങൾ ഞാൻ കൊണ്ടു വരുന്നില്ലെന്നാണ് ഞാൻ പറഞ്ഞതു. എന്റെ വിജയത്തിനൊ പരാജയത്തിനൊ അല്ല ഞാൻ ഉപയോഗിക്കുന്ന സാമഗ്രികൾക്കാണ് ഞാൻ അധികം പ്രാധാന്യം കല്പിക്കുന്നതെന്നു ഞാൻ പറഞ്ഞു്.

ഉപക്ഷേപം അനന്തരം വോട്ടിനു വെച്ചതിൽ ൧൮ പേർ അനുകൂലമായും ൨൦ പേർ പ്രതികൂലമായും വോട്ടു ചെയ്യുവാൻ തള്ളപ്പെട്ടുപോയി.

മി. സി. പി. തരകൻ (കുന്നത്തുനാടു): ആളെണ്ണി വോട്ടെടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ആളെണ്ണി വോട്ടെടുത്തതിന്റെ താഴെ കാണും പ്രകാരം സഭ പിരിഞ്ഞു.

അനുകൂലം ൨൦.

൧. മിസ്റ്റർ. കെ. ഐ. ജോസെഫ്
൨. ,, എൻ. വി. ജോസെഫ്
൩. ,, എക്സ്. ജി. ലോപ്പസ്
൪. ,, സി. പി. കൊച്ചുകുഞ്ഞുപിള്ള
൫. ,, എ. കെ. പിള്ള
൬. ,, എൻ. കുമാരൻ
൭. ,, ടി. കുമാരപിള്ള
൮. ,, കെ. മാധവൻപിള്ള
൯. ,, കെ. സി. മാമ്മൻമാപ്പിള്ള
൧൦. ,, ജി. നാരായണപിള്ള
൧൧. ,, കല്ലൂർ നാരായണപിള്ള
൧൨. ,, പി. കെ. നാരായണപിള്ള
൧൩. ,, കെ. പി. നീലകണ്ഠപ്പിള്ള
൧൪. ,, എം. എൻ. പിള്ള
൧൫. ,, കങ്ങനാശേരി പരമേശ്വരൻപിള്ള
൧൬. ,, ജി. രാമൻമേനോൻ
൧൭. ,, കെ. ശിവരാമപ്പണിക്കർ
൧൮. ,, എം. ശിവതാണുപിള്ള
൧൯. ,, സി. പി. തരകൻ
൨൦. ,, കെ. കെ. തോമസ്.

പ്രതികൂലം ൨൨.

൧. മിസ്റ്റർ. ജെ. ബി. കുക്ക്
൨. ,, പൊറ്റഡാനിയൽ
൩. ,, ആർ. ധനുഷ്കോടിപ്പിള്ള
൪. ,, കെ. ജോർജ്
൫. ,, എ. ജെ. ജോൺ
൬. ,, സി. കേരളവർമ്മകോയിൽതമ്പുരാൻ
൭. ,, ആർ. കെ. കൃഷ്ണപിള്ള
൮. ,, ആർ. കൃഷ്ണസ്വാമിഅയ്യർ
൯. ഡോക്ടർ. എൻ. കുഞ്ഞൻപിള്ള.
൧൦. മിസ്റ്റർ. കെ. വി. നടേശയ്യർ
൧൧. ,, ആർ. നീലകണ്ഠപ്പിള്ള
൧൨. ,, ആർ. പത്മനാഭൻ
൧൩. ,, കയ്യാലം പരമേശ്വരൻപിള്ള
൧൪. മിസ്സസ്. എം. പുന്നൻലൂക്കോസ്
൧൫. മിസ്റ്റർ. ടി. പി. രാമസുബ്ബയ്യർ
൧൬. റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ
൧൭. മിസ്റ്റർ. എസ്. സി. എച്ച്. റോബിൻസൺ
൧൮. ,, എം. സുബ്രഹ്മണ്യപിള്ള
൧൯. ,, സി. പി. തോമസ്
൨൦. ,, സി. എൻ. അപ്പുൻനംപൂതിരി
൨൧. ,, വി. എസ്സ്. സുബ്രഹ്മണ്യഅയ്യർ
൨൨. ,, എ. ജെ. വാൻറോസ്സ്.

ഉപക്ഷേപം ൧൭.

ഡിപ്യൂട്ടിപ്രസിഡൻറ്: ൧൭-ാം നമ്പർ ഉപക്ഷേപം നാം ഇപ്പോൾ ആലോചിച്ച ഉപക്ഷേപം പോലെ തന്നെയാണ്. അതിനാൽ അതു വിട്ടിട്ടു ഇനിയത്തെ ഉപക്ഷേപത്തെപ്പററി ആലോചിക്കാം.

ഛ. മഹാരാജാവു തിരുമനസ്സിലെ ആർട്സ് കാളേജ്.

ഉപക്ഷേപങ്ങൾ ൬൭ മുതൽ ൭൦ വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: ജി. താണുപിള്ള

൬൭. ഒരു ട്രാഫ്ട്സ്മാനെ (പടം വരയ്ക്കുന്നവൻ) അനുവദിച്ചിട്ടുള്ള ൩൦൦ രൂപാ വിട്ടുകളയണം.

മി: ടി. കുമാരപിള്ള

൬൮. ആർട്സ് കാളേജിനു അനുവദിച്ചിട്ടുള്ള ൧൬,൩൪൪ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. ഐ. ജോസഫ്

൭൦. ആർട്സ് കാളേജിനു അനുവദിച്ചിട്ടുള്ള ൧൬,൩൪൪ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

ന. മഹാരാജാവു തിരുമനസ്സിലെ വിമൻസ് കാളേജ്.

ഉപക്ഷേപങ്ങൾ ൭൧ മുതൽ ൭൩ വരെ

മി: എ. കെ. പിള്ള

൭൧. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩,൩൩൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള

൭൨. കാളേജ് ഒന്നാം ഗ്രേഡായി ഉയർത്തുന്നതിനും ഇൻറർമീഡിയെററ ക്ലാസ്സിനു ൨-ാം ഗ്രൂപ്പ് ഏർപ്പെടുത്തുന്നതിനും അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൪,൦൦൦ രൂപാ വിട്ടുകളയണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

൭൩. കാളേജ് ഒന്നാം ഗ്രേഡായി ഉയർത്തുന്നതിനും ഇൻറർമീഡിയെററ് ക്ലാസ്സിൽ ൨-ാം ഗ്രൂപ്പ് ഏർപ്പെടുത്തുന്നതിനും അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൪,൦൦൦ രൂപാ വിട്ടുകളയണം.

ഉപക്ഷേപം ൭൪.

മി: കെ. എ. ജോസഫ് (മീനച്ചിലും ദേവികുളവും): സർ, താഴെ കാണുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു,

൭൪. സ്ത്രീകളുടെ കാളേജ് ഒന്നാംഗ്രേഡായി ഉയർത്തുന്നതിനും ഇൻറർമീഡിയെററ ക്ലാസ്സിൽ ൨-ാം ഗ്രൂപ്പ് ഏർപ്പെടുത്തുന്നതിനും അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൪,൦൦൦ രൂപാ വിട്ടുകളയണം.

ഉപക്ഷേപത്തെപ്പററി വല്ലതും സംസാരിക്കുന്നതിനു മുമ്പായി കഴിഞ്ഞവർഷം ഫൈനാൻഷ്യൽ സെക്രട്ടറി ചെയ്ത പ്രസംഗത്തിൽ നിന്നു ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു.

'നിലയറിയാതെ അതിവേഗത്തിലുള്ള, ഒരു ഗതി തടയേണ്ടതാകുന്നു എന്നു സഭ സമ്മതിക്കും എന്നു എനിക്കു നിശ്ചയമുണ്ട്. അതുകൊണ്ടു വരുന്നയാണ്ടിൽ ഡിപ്പാർട്ടുമെൻറു നടത്തിക്കൊണ്ടു പോകാൻ ആവശ്യമുള്ളപണം മാത്രമേ ഈ ബഡ്ജററിൽ അനുവദിച്ചിട്ടുള്ളു. അഭിവൃദ്ധിപ്പെടുത്തുന്നതിനു പറയത്തക്ക ഒരു സംഖ്യയും അനുവദിച്ചിട്ടില്ല. നമ്മുടെ വിദ്യാഭ്യാസനയം എന്തായിരിക്കണമെന്നു ആലോചിച്ചു തീർച്ചയാക്കുന്നതുവരെ ഈ നിലയാണ് അവലംബിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു. ഇതു പ്രാധാന്യമേറിയ ഒരു വിഷയം ആകുന്നു. അന്യോന്യഗസ്ഥാഭിപ്രായം അറിയാതെയും സമുദായഗുണം ആലോചിക്കാതെയും കാര്യം തീർച്ചയാക്കുകയില്ലെന്നു സഭയോടു ഉറപ്പുപറയാൻ ആവശ്യമില്ലെന്നു വിശ്വസിക്കുന്നു''

അതിനാൽ വിഷയത്തിൻെറ യോഗ്യതായോഗ്യതകളെപ്പററി ആലോചിക്കാതെ തന്നെ ഇപ്പോഴത്തെ വിദ്യാഭ്യാസ നയം പുനഃശോധനചെയ്തു ഒരു തീർച്ചയായ നയം സ്വീകരിക്കാതെ അതും ജനപ്രതിനിധികളുടെ അഭിപ്രായം അറിഞ്ഞിട്ടു മാത്രം, ഇപ്പോഴത്തെ രീതിയിലുള്ള വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവണ്മെൻറു യാതൊന്നും ചെയ്തുകൂടുകയില്ലെന്നു കഴിഞ്ഞവർഷത്തെ ഫൈനാൻഷ്യൽ സ്റ്റേററുമെൻറിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ള സംഗതി സഭയുടെ ആലോചനയ്ക്കു ഞാൻ ആദ്യമേ വിഷയമാക്കിക്കൊള്ളുന്നു. ഫൈനാൻഷ്യൽ സെക്രട്ടറി ഇങ്ങനെ പ്രസ്താവിച്ചിരിക്കെ ഇപ്പോഴത്തെ സ്ത്രീകളുടെ കാളേജിൽ രണ്ടാം ഗ്രൂപ്പ് ഏർപ്പെടുത്തുന്നതിനും ആ കാളേജ് ഒന്നാം ഗ്രേഡായി ഉയർത്തുന്നതിനും ഒരു സംഖ്യ ചോദിക്കുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഓരോ ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ മനസ്ഥിതി പോലെ ഗവണ്മെൻറിൻെറ നയം ഭിന്നപ്രതിഭേദപ്പെട്ടു കൊണ്ടിരിക്കയാണെങ്കിൽ രാജ്യത്തിനു അഭിവൃദ്ധി ഉണ്ടാകുന്നതു എങ്ങനെയാണെന്നു ഗ്രഹിക്കാൻ കഴിയുന്നില്ല. ഇതു ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളെ പോലും ബാധിക്കുന്ന ഒരു സംഗതിയാകുന്നു. ഗവണ്മെൻറു ഒന്നു വാഗ്ദാനം ചെയ്യുകയും ക്ഷണത്തിൽ അതു വിസ്മരിച്ചു അവരുടെ ഇച്ഛം പോലെ പ്രവർത്തിക്കയും ചെയ്യുന്നു. ഇതു ഈ സഭയുടെ മെമ്പർമാരെ നിസ്സാരമാക്കിക്കളകയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ പ്രമേയത്തെപ്പററി ആദ്യമായി ഇതാണ് എനിക്കു പറയാനുള്ളതു്.

ഇനി ഉപക്ഷേപത്തിൻെറ യോഗ്യതയെപററി പറയാം. വിദ്യാർത്ഥിനികൾക്കു ഒരു ഒന്നാംഗ്രേഡ് കാളേജും ഇപ്പോഴത്തെ സ്ത്രീകളുടെ കാളേജിൽ രണ്ടാംഗ്രൂപ്പും ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. രണ്ടാം ഗ്രൂപ്പു എടുക്കാൻ അധികം വിദ്യാർത്ഥിനികൾ ഉണ്ടായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഉണ്ടെങ്കിൽതന്നെ ഇപ്പോഴത്തെ സയൻസ് കാളേജിൽ അവർക്കു സ്ഥലസൌകര്യം ഉണ്ടാക്കികൊടുത്താൽ മതിയാകുമെന്നു ഞാൻ വിചാരിക്കുന്നു. പുരുഷന്മാരുടെ കാളേജുകളിൽ വിദ്യാർത്ഥിനികൾക്കു പ്രവേശനം നൽകുന്നതിൽ ഞാനൊരുദോഷവും കാണുന്നില്ല. അതുകൊണ്ടു വിഷയത്തിൻെറ ഗുണത്തെ ആലോചിച്ചിട്ടും ഈ സംഖ്യ അനുവദിക്കുന്നതിനു നിവൃത്തിയില്ല. ഈ സംഖ്യക്കുപുറമെ ഈ ആവശ്യത്തിനു കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനു ചൊല്ലുമരാമത്തു ഡിപ്പാർട്ടുമെൻറു ബഡ്ജററിൽ ൧൫,൦൦൦ രൂപാ അനുവദിച്ചുകാണുന്ന വിവരവും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ രണ്ടുസംഖ്യകളും കേവലം അനാവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. വിദ്യാഭ്യാസനയം മുഴുവനെ ഇപ്പോഴല്ലെങ്കിൽ പിന്നൊരിക്കൽ ആലോചനാവിഷയം ആകേണ്ടതാകുന്നു. ചില പ്രമേയങ്ങൾ ഹാജരാക്കാതിരിക്കയും ചില പ്രമേയങ്ങൾ പിൻവലിച്ചുപോകയും ചെയ്തിട്ടുണ്ടെങ്കിലും സഭയുടെ അഭിപ്രായം ഇപ്പോഴത്തെ വിദ്യാഭ്യാസനയം പുനഃശ്ശോധനചെയ്യുന്നതിനു അനുകൂലമാണെന്നു ഗവണ്മെൻറു ഗ്രഹിച്ചിട്ടുണ്ടെന്നു നിശ്ചയമായി പറയാം. അതുകൊണ്ടു ഗവണ്മെൻറു കാര്യം പുനരാലോചനചെയ്തു വിദ്യാഭ്യാസം ഇപ്പോഴത്തെ

തിയിൽ അടിവച്ചടിപ്പെടുത്തുന്നകാര്യം നിറുത്തിവെക്കണമെന്നു വിശ്വസിക്കുന്നു. ഈ പ്രസ്താവനകളോടുകൂടെ പ്രമേയം സഭാമുമ്പാകെ ഹാജരാക്കിക്കൊള്ളുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ്‌വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ ഉപക്ഷേപത്തെ പ്രതിക്ഷേധിക്കുന്നു. വിമൻസ്‌കാളേജിൽ ഇപ്പോൾ ഇൻറർമീഡിയററ്ക്ലാസ്സിൽ ഒന്നും മൂന്നും ഗ്രൂപ്പുകൾ പഠിപ്പിക്കുന്നുണ്ട്. രണ്ടുവർഷംമുമ്പു, അതായതു ൧൯൨൪ ജൂലായിമാസത്തിൽ, വിമൻസ്‌കാളേജിൽ ഇൻറർമീഡിയററ്ക്ലാസ്സിൽ രണ്ടാംഗ്രൂപ്പും പഠിപ്പിക്കണമെന്നു ഒരു ഹർജി ചിലരെല്ലാംകൂടി ഗവണ്മെൻറിലേക്കു സമർപ്പിക്കയുണ്ടായി. ഇതുസംബന്ധിച്ചു ഒരു ഡിപ്പുട്ടേഷൻതന്നെ ദിവാനെച്ചെന്നു കണ്ടില്ലയോ എന്നു എനിക്കിപ്പോൾ ഓർമ്മയില്ല. ആ ഹർജി റിപ്പോർട്ടിന്നായി ലേഡിപ്രിൻസിപ്പലിനു അയച്ചുകൊടുത്തു. രണ്ടാംഗ്രൂപ്പു അവിടെ ആരംഭിക്കുന്നതു അഭിലഷണീയമായിരിക്കുമെന്നും കാളേജ് ഒന്നാംഗ്രേഡായി ഉയർത്തേണ്ടതാണെന്നും അവർ റിപ്പോർട്ടുചെയ്തു. ഇതു സ്കൂൾവർഷം ൧൯൨൫-൨൬-ൻെറ അവസാനത്തിലായിരുന്നു. ഇക്കാര്യം ഉടൻതന്നെ ആലോചിക്കണമോ എന്നു ഡയറക്ടർ ഗവർണ്ണൻറിയോടു ചോദിച്ചു. അടുത്തകൊല്ലംതന്നെ വല്ലതും ചെയ്യാൻ സമയം അതിക്രമിച്ചുപോയിരിക്കുന്നു എന്നും എങ്കിലും കഴിയുന്നവേഗത്തിൽ അതിനെപ്പററി ഒരു റിപ്പോർട്ടു സമർപ്പിക്കണമെന്നും ഗവർണ്ണൻറു ഡയറക്ടരോടു ആജ്ഞാപിച്ചു. കഴിഞ്ഞ സ്കൂൾവർഷത്തിൽ ലേഡിപ്രിൻസിപ്പാൾ വീണ്ടും ഒരു റിപ്പോർട്ടു സമർപ്പിക്കയും മിസ്റ്റർ സ്റ്റീഫൻസൺ തൻെറ ശിപാർശകൾ ഗവർണ്ണൻറിലേക്കു അയക്കയുംചെയ്തു. വിമൻസ്‌കാളേജിൽ രണ്ടാംഗ്രൂപ്പു ഏർപ്പെടുത്തണമെന്നു രാജ്യനിവാസികൾ ആവശ്യപ്പെടുന്നണ്ടെന്നും ആഗ്രൂപ്പുകൂടെ ഏർപ്പെടുത്തിയാൽ കാളേജ്‌വിശാലമാകുമെന്നും,എല്ലാവിധത്തിലും പ്രയോജനമുള്ളതായിരിക്കുമെന്നും അദ്ദേഹത്തിൻെറ എഴുത്തിൽ പ്രസ്താവിച്ചിരുന്നു. വിദ്യാർത്ഥിനികൾക്കു സർവ്വകലാശാലാവിദ്യാഭ്യാസം പാതികൊടുത്തിട്ടു അവരുടെ വിദ്യാഭ്യാസം പൂർത്തിയാകുന്നതിനു വല്ല ആൺ വിദ്യാലയങ്ങളിലോ ഗുരുകുലങ്ങളിലെവല്ല കാളേജിലുമോ ചെന്നുചേരുന്നതിനു വിട്ടയക്കുന്നതു അഭിലഷണീയമല്ലെന്നും അതുകൊണ്ടു രണ്ടാംഗ്രൂപ്പുകൂടെ ഏർപ്പെടുത്തുകയും കാളേജിനെ ഒന്നാംഗ്രേഡായി ഉയർത്തുകയും ചെയ്യുന്നതു യുക്തമായിരിക്കുമെന്നുംകൂടെ അദ്ദേഹം പ്രസ്താവിച്ചിരുന്നു. അങ്ങനെയാണെങ്കിൽ ബി. എ. പരീക്ഷയ്ക്കു അഞ്ചും ആറും ഗ്രൂപ്പുകൾ ഏർപ്പെടുത്തി ആരംഭിക്കാം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അഞ്ചാംഗ്രൂപ്പു ചരിത്രവും ധനശാസ്ത്രവും ആണ്. ആറാംഗ്രൂപ്പിൽ രണ്ടുഭാഗങ്ങളുണ്ട്. ഒരു ഭാഗത്തിനു സംസ്കൃതം പ്രധാനഭാഷയും മലയാളം ഉപഭാഷയും മറേറഭാഗത്തിനു മലയാളം പ്രധാനഭാഷയും സംസ്കൃതം ഉപഭാഷയുമാകുന്നു. അദ്ദേഹത്തിൻെറ ശിപാർശകളെപ്പററി ഗവർണ്ണൻറു പയ്യാലോചനചെയ്തു അദ്ധ്യാപകന്മാരുടെ നിയമനത്തെപ്പററിയും മററും വേണ്ട വിവരങ്ങൾ റിപ്പോർട്ടുചെയ്യാൻ കല്പിച്ചു. അപ്പോഴേക്കു മിസ്റ്റർ സ്റ്റീഫൻസൺ അവധിയിൽപോകയും റിപ്പോർട്ടു സമർപ്പിക്കേണ്ട ജോലി എൻേറതായിത്തീരുകയും ചെയ്തു. ഞാൻ എൻെറ ശിപാർശകൾ സമർപ്പിച്ചപ്പോൾ സഭയോടു ആലോചിക്കാതെ രണ്ടാംഗ്രേഡ് ആരംഭിക്കാനും കാളേജ് ഒന്നാംഗ്രേഡായി ഉയർത്താനും അനുവദിക്കാൻ കഴിയുമായിരുന്നു. നിയമപ്രകാരം ഗവർണ്ണൻറിനു ഈ അധികാരം ഉണ്ടെങ്കിലും സഭയുടെ അഭിപ്രായം അറിയാതെ ഇങ്ങനെയുള്ള ഒരു വലിയ കാര്യത്തിൽ പ്രവേശിക്കുന്നതു യുക്തമല്ലെന്നു അവർ വിചാരിച്ചു. ഇങ്ങനെയാണു കൌൺസിലിൽ വാദപ്രതിവാദം ചെയ്തു ഒരു അഭിപ്രായം രേഖപ്പെടുത്തുന്നതുകൊണ്ടു ഈ ആവശ്യത്തിനു ഒരു മൊത്തസംഖ്യബഡ്ജററിൽ ചേർക്കാൻ ഇടവന്നതു.

വിഷയത്തിൻെറ യോഗ്യതായോഗ്യതകളെപററി ഇനി ചിന്തിക്കാം. പുരുഷന്മാർക്കുള്ള സയൻസ്‌കാളേജിൽ രണ്ടാംഗ്രൂപ്പിൽ സീനിയർ ഇൻറർമീഡിയററ്ക്ലാസ്സിൽ ൧൫ വിദ്യാർത്ഥിനികളും ജൂനിയർ ഇൻറർമീഡിയേററ്ക്ലാസ്സിൽ ൧൫ വിദ്യാർത്ഥിനികളും ഉണ്ട്. ആ കാളേജിൽ രണ്ടാംഗ്രൂപ്പിനു പ്രവേശനത്തിന്നപേക്ഷിക്കുന്നവിദ്യാർത്ഥിനികളുടെ എണ്ണം വർഷംപ്രതി വർദ്ധിച്ചുവരികയാണ്. ഞാൻ പ്രിൻസിപ്പാൾ ആയിരുന്നപ്പോൾ കാളേജ്പ്രവേശനത്തിനു യോഗ്യതയുണ്ടെന്നു സാക്ഷ്യപ്പെടുത്തപ്പെട്ടിട്ടുള്ളവരായി രണ്ടാംഗ്രൂപ്പിൽ പ്രവേശനത്തിന്നപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥിനികളെയും ആദ്യമേ ചേർക്കയും പിന്നെയുള്ള സ്ഥലസൌകര്യംപോലെമാത്രം വിദ്യാർത്ഥികളെ ചേർക്കയും ആയിരുന്നു പതിവു. ഇപ്പോഴും അതുതന്നെയാണു പതിവെന്നാകുന്നു എൻെറ വിശ്വാസം. രണ്ടാംഗ്രൂപ്പിൽ പ്രവേശനത്തിന്നപേക്ഷയുള്ളതുപോലെ സയൻസുകാളേജിൽ വേറൊരു ഗ്രൂപ്പിനെ സംബന്ധിച്ചും ഇല്ല. കാളേജ്‌വിഭാഗത്തോടുകൂടി ഒന്നാംഗ്രൂപ്പിനുള്ള പ്രവേശനസൌകര്യം ധാരാളമായിട്ടുണ്ട്. രണ്ടാംഗ്രൂപ്പിൽ പ്രവേശനത്തിനു സ്ഥലസൌകര്യങ്ങളിൽ എന്തായാ അധികം അപേക്ഷകൾ ഉണ്ട്. അതുകൊണ്ടു രണ്ടാംഗ്രൂപ്പിൽ പ്രവേശനത്തിന്നപേക്ഷിച്ചിട്ടു പ്രവേശനം കിട്ടാതെപോകുന്ന അനേകം വിദ്യാർത്ഥികളുടെ ഗുണം ഉദ്ദേശിച്ചു ഇപ്പോൾ സ്ത്രീകൾക്കായി വിനിയോഗിക്കുന്ന സ്ഥലംകൂടി അവർക്കു ലഭിക്കത്തക്കവണ്ണം എന്തെങ്കിലും ചെയ്യാൻ സമയമായിട്ടില്ലയോ എന്നു ഞാൻ സഭയോടു ചോദിച്ചുകൊള്ളുന്നു.

ഇതിനെസംബന്ധിച്ചു വേറൊരുസംഗതികൂടി പറയുവാനുണ്ട്. മദ്രാസ് സർവ്വകലാശാലാചട്ടങ്ങൾപ്രകാരം കാളേജ്പ്രവേശനത്തിനു യോഗ്യതയുണ്ടെന്നുള്ള സാക്ഷിപത്രം ലഭിക്കാത്തവിദ്യാർത്ഥിനികൾക്കും ലേഡിപ്രിൻസിപ്പാലിൻെറ യുക്തംപോലെ കാളേജിൽ പ്രവേശനം അനുവദിക്കാം. എന്നാൽ പുരുഷന്മാർക്കായുള്ള കാളേജുകളിൽ അവരെ പ്രവേശിപ്പിച്ചുകൂടാ. അതുകൊണ്ടു കാളേജ്പ്രവേശനത്തിനു അർഹതയുള്ളവരായി സർട്ടിഫിക്കററിൽ പ്രസ്താവിച്ചിട്ടില്ലാത്തവിദ്യാർത്ഥിനികളെ സയൻസ്‌കാളേജ് രണ്ടാംഗ്രൂപ്പിൽ ചേർക്കാറില്ല. എന്നാൽ ആ ഗ്രൂപ്പു വിമൻസ്‌കാളേജിൽ ഉണ്ടായിരുന്നാൽ,അങ്ങനെയുള്ള വിദ്യാർത്ഥിനികളെ അവിടെ ചേർക്കാം. ഇങ്ങനെ രണ്ടാംഗ്രൂപ്പ് എടുക്കുന്ന വിദ്യാർത്ഥിനികളുടെ എണ്ണം വളരെ വർദ്ധിക്കും. ഈ സഭ ഗവർണ്ണൻറിന്റെ ആലോചന സ്വീകരിക്കുമെങ്കിൽ വിമൻസ്‌കാളേജിൽ രണ്ടാംഗ്രൂപ്പിൽ ചേരുന്നതിനു മുപ്പതിൽകുറയാതെ വിദ്യാർത്ഥിനികൾ ഉണ്ടാകും. ആരംഭത്തിനു അതു നല്ലൊരു എണ്ണമാണല്ലോ.

ഇതിനും പുറമെ വൈദ്യം പഠിക്കാൻ വിചാരിക്കുന്ന വിദ്യാർത്ഥിനികൾക്കു രണ്ടാംഗ്രൂപ്പ് വളരെ പ്രയോജനമുള്ളതായിരിക്കും. നമ്മുടെ രാജ്യത്തിൽ വൈദ്യം പഠിച്ച സ്ത്രീകളെ വളരെ ആവശ്യമാണ്. നമ്മുടെ സ്ത്രീകൾ പുരുഷവൈദ്യന്മാരുടെ അടുക്കൽ ചികിത്സയ്ക്കുപോകാൻ മടിയില്ലാത്തനിലയെ പ്രാപിച്ചിട്ടില്ല. പുരുഷന്മാരുടെ ചികിത്സയിൽ ഇരിക്കാൻ മടിക്കുന്ന അനേകം സ്ത്രീകൾ ഉണ്ട്. അവർക്കു സ്ത്രീവൈദ്യന്മാർ വളരെ ഉപ

കാരമായിരിക്കും. ഇങ്ങനെ അനേകം സ്ത്രീകളെ വൈദ്യം പഠിക്കാൻ പ്രാപ്തരാക്കുന്നതുകൊണ്ടും വിമൻസ് കാളേജിൽ രണ്ടാംഗ്രൂപ്പ് ഏർപ്പെടുത്തുന്നതു വളരെക്കാലത്തെ ഒരു ന്യൂനതപരിഹരിക്കയായിരിക്കും.

മി: കെ. കെ. തോമസ് (കോട്ടയം): സർ, ഈ മെമ്പറിനു സമയക്കുറവു ഇല്ലയോ? ഇനി ആലോചനയ്ക്കെടുക്കേണ്ടുന്ന വേറെ അനേകം ഉപചോദ്യങ്ങൾ ഉണ്ട്.

ഡിപ്യൂട്ടിപ്രസിഡൻറ്: അദ്ദേഹം ചിലനിമിഷംകൊണ്ടു പ്രസംഗം അവസാനിപ്പിക്കുമായിരിക്കും.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇനി കാളേജ് ഒന്നാംഗ്രേഡാക്കുന്നതിനെപ്പററി പറയാം. വിമൻസ് കാളേജിൽ ചരിത്രവും ഭാഷയും ഗ്രൂപ്പുകൾ ഏർപ്പെടുത്തിയാൽ ന്യായമായ വലിപ്പമുള്ള ക്ലാസുകൾ ഉണ്ടാകുമെന്നു തീർച്ചപറയത്തക്കവണ്ണം ഇപ്പോൾ തന്നെ ആർട്സ്കാളേജിലെ ബി. എ. ക്ലാസ്സുകളിൽ വിദ്യാർത്ഥിനികൾ ഉണ്ട്. ഈ ആണ്ടിൽ ആർട്സ് കാളേജിലെ ജൂനിയർ ബി. എ. ക്ലാസ്സിൽ ൪൦ ൪൦ ൫൦ ഗ്രൂപ്പുകൾ എടുത്തിട്ടുള്ള വിദ്യാർത്ഥിനികളുടെ എണ്ണം ൨൪൦ സീനിയർ ബി. എ. ക്ലാസിൽ ഉള്ളവരുടെ എണ്ണം ൨൫൦ ആകുന്നു. എണ്ണം നോക്കാതെ തന്നെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞയാണ്ടത്തെ വിദ്യാർത്ഥിനികളുടെ എണ്ണം മെംബർ പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): കഴിഞ്ഞയാണ്ടിൽ ജൂനിയർ ബി. എ. ക്ലാസിൽ ൨൭൦ സീനിയർ ബി. എ. ക്ലാസിൽ ൯൦ വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നു. അതിനുമുമ്പുള്ള വർഷത്തെക്കാളും ജൂനിയറും സീനിയറും ബി. എ. ക്ലാസ്സുകളിൽ വിദ്യാർത്ഥിനികളുടെ എണ്ണം ൧൫൦ ൧൩൦ ആയിരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). വിമൻസ് കാളേജിൽ ഓരോ വിദ്യാർത്ഥിനിയും നിമിത്തമുള്ള ശരാശരി ചെലവെന്താണെന്നു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): കണക്കു എന്റെ പക്കൽ ഇല്ലാത്തതുകൊണ്ടു വ്യസനിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഏകദേശം ൪ ൦ ൦ രൂപായാണ്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അങ്ങനെയല്ലത്തിൽ കണ്ടുപിടിക്കാം. വിദ്യാർത്ഥിനികളുടെ എണ്ണം ൧൫൦ ചെലവു ൪ ൭,൦ ൦ ൦ രൂപായും ആകുന്നു. അതുകൊണ്ടു ഓരോ വിദ്യാർത്ഥിനിക്കുമുള്ള ചെലവു ഏകദേശം ൪ ൦ ൦ രൂപാ ആയിരിക്കും.

വിമൻസ് കാളേജിൽനിന്നു ഇൻറർമീഡിയേറ്റ് പരീക്ഷപാസ്സാകുന്ന അനേകം വിദ്യാർത്ഥിനികൾ ബി. എ.ക്കു പഠിക്കുന്നതിനായി മദ്രാസിലെ ക്വീൻ മേരീസ് കാളേജിലൊ വിമൻസ് ക്രിസ്ത്യൻ കാളേജിലൊചെന്നു ചേരുന്നവിവരം സമയം അറിയിച്ചു കൊള്ളുന്നു. ഇതു പുരുഷന്മാർക്കുള്ള കാളേജിൽ ചേരുന്നതിനു അവർക്കുള്ള വൈമനസ്യം കൊണ്ടുമാത്രമാണ്. പുരുഷന്മാരോടുകൂടെ പഠിക്കുന്നതിനു വിരോധമില്ലാത്ത ചില സ്ത്രീകൾ ഉണ്ടെങ്കിലും അതിനു അനുകൂലമല്ലാത്തവളരെ പേർ നമ്മുടെ രാജ്യത്തുണ്ട്. അതുകൊണ്ട് സ്ത്രീകൾക്കായുള്ള കാളേജുകളിൽ ചേർന്നു പഠിക്കുന്നതിനു മദ്രാസ് മുതലായ ദൂരദിക്കുകളിൽ അയച്ചു അവരുടെ രക്ഷകർത്താക്കന്മാർ വലിയചെലവു വഹിച്ചു വരുന്നു. ഇക്കാരണങ്ങളാൽ വിമൻസ് കാളേജ് ഒന്നാംഗ്രേഡായി ഉയർത്തിയാൽ ഐ, ന്യഎ, ന്യസി ഈ ഗ്രൂപ്പുകളിൽ ന്യായമായ വലിപ്പമുള്ള ക്ലാസ്സുകൾ രൂപീകരിക്കാൻ കഴിയുമെന്നു നമുക്കു തീർച്ചപറയാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആൺവിദ്യാലയങ്ങളിൽ ൧൫ വയസ്സുമുതൽ ൨ ൦ വയസ്സുവരെ പ്രായമുള്ള എത്രവിദ്യാർത്ഥിനികൾ ഇപ്പോൾ പഠിക്കുന്നുണ്ടെന്നു വിദ്യാഭ്യാസഡയറക്ടർക്കു പറവാൻ കഴിയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ആ വിവരം തരാൻ സാധിക്കയില്ല. എന്നാൽ ആൺവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുടെ ആകെ എണ്ണം പറവാൻ കഴിയും.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): നാച്ചുറൽ സയൻസിനു പുരുഷന്മാരും സ്ത്രീകളും ഒരുമിച്ചിരിക്കാമെന്നും ഹിസ്റ്ററിക്കു പാംഗ്വേജിനും ഒന്നിച്ചിരിക്കാൻ പാടില്ലെന്നും അങ്ങോ പറയുന്നതു?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ചിലർക്കു അതിൽ വിരോധം ഉള്ളതു. അവർ മദ്രാസിലെ ക്വീൻ മേരീസ് കോളേജിലോ മററോ പോയി ചേരുന്നുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): നാച്ചുറൽ സയൻസ് പഠിക്കുന്നതിനു സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചിരിക്കുമ്പോൾ ഹിസ്റ്ററിക്കു ഒന്നിച്ചിരിക്കാൻ പാടില്ലെന്നു പറയുന്നതു എന്തുകൊണ്ടാണ്?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അങ്ങനെ ഞാൻ പറയുന്നില്ല. എല്ലാ വിഷയവും പുരുഷന്മാരോടൊന്നിച്ചു പഠിക്കുന്നതിനു ചിലസ്ത്രീകൾക്കു വിരോധമുണ്ടു എന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതിൽ ആദ്യം തുടങ്ങേണ്ടതു ഏതാണ്?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇൻറർമീഡിയറിൽ രണ്ടാംഗ്രൂപ്പും ബി. എ. യിൽ ചരിത്രം, ഭാഷകൾ ഈ ഗ്രൂപ്പുകളും എല്ലാം ഒന്നിച്ചു ഉറക്കണം, എന്നാണ് ഗവണ്മെൻറു വിചാരിക്കുന്നതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): യൂനിവേർസിററിക്കമ്മിററി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനെപ്പററി എന്തെങ്കിലും ആലോചിച്ചു തീരുമാനിക്കുന്നതിനു മുമ്പ് സ്ത്രീകളുടെ കാളേജിനെ ഒന്നാംഗ്രേഡ് ആക്കുന്നതു് നന്നായിരിക്കുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇവിടെ മൂന്നു നാലുകാളേജ് ഉള്ളതുകൊണ്ടു് ഇവിടം ഒരു യൂനിവെർസിററിസെൻറർ ആയിരിക്കാനേ നിവൃത്തിയുള്ളു. യൂനിവെർസിററിക്കമ്മി

റിപ്പോർട്ടു ഏതു വിധത്തിൽ ഇരുന്നാലും വിമൻസ് കാളേജ് ഒന്നാം ഗ്രേഡ് ആക്കുന്നതുകൊണ്ട് യാതൊരു വിരോധവുമില്ല. ഇവിടെ സയൻസ് കാളേജ്, ആർട്ട്സ് കാളേജ്, ലാകാളേജ്, എഞ്ചിനീയറിങ്ങ് കാളേജ്, വിമൻസ് കാളേജ് ഇങ്ങനെ നാലഞ്ചു കാളേജുകൾ ഉണ്ട്.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഹയ്യർഗ്രേഡ് ഇംഗ്ലീഷ്സ്കൂളുകളിൽ സ്ത്രീപുരുഷന്മാർ ഒന്നിച്ചിരുന്നു പഠിക്കുന്നതു ദോഷമോ അതല്ല കാളേജുകളിൽ സ്ത്രീ പുരുഷന്മാർ ഒന്നിച്ചിരുന്നു പഠിക്കുന്നതു ദോഷമോ? ഇതിൽ ഏതാണ് അധികം ദോഷമായിട്ടുള്ളതു്?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസഡയറക്ടർ): ഹൈസ്കൂളിലായിരുന്നാലും കാളേജിലായിരുന്നാലും ൧൪ വയസ്സിനു താഴെയായിരുന്നാൽ അത്ര ദോഷമില്ല. (ചിരി).

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഹയ്യർഗ്രേഡ് ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ സാധാരണയായിട്ടു സ്ത്രീകൾ കാണുന്നതു ൧൪ വയസ്സിനുമേൽ വ ം—നു അകമല്ലേ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസഡയറക്ടർ): ൧൪ വയസ്സിൽ കൂടുതലായിട്ടു ഹൈസ്കൂളുകളിൽ കാണുമെന്നു തോന്നുന്നില്ല.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ശരിയാണെന്നു സമ്മതിക്കാം. കാളേജ്ക്ലാസ്സുകളിൽ പഠിക്കുന്ന സ്ത്രീകൾക്കു സാധാരണ വ.വ വയസ്സിനുമേൽ കാണുകയില്ലേ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസഡയറക്ടർ): ൧൪ വയസ്സുകഴിഞ്ഞവർ കാണും.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അതിൽ ഏതാണു അപകടമായകാലം?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): അതിൽ അപകടം ഉണ്ടെന്നു വിചാരിക്കുന്നപക്ഷം അപകടംഉണ്ടു.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അങ്ങിനെയാണെങ്കിൽ സ്ത്രീപുരുഷന്മാർ ഒന്നിച്ചിരുന്നു പഠിക്കുന്ന ക്ലാസ്സുകൾഎല്ലാം മാററുന്നതല്ലേ നല്ലതു?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): അതും ചെയ്യേണ്ടതാണു.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഇവിടത്തെ സ്ത്രീകളുടെ കാളേജിനെ ഫർസ്റ്റ്ഗ്രേഡ് ആക്കിയാൽ ഇപ്പോൾ മദ്രാസിൽ ക്വീൻമേരീസ്കാളേജിൽ പഠിക്കുന്ന കുട്ടികൾഎല്ലാവരും തിരിയെ വരുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾ പോയിട്ടുള്ളവർ തിരിയെ വന്നില്ലെങ്കിലും ഇനിമേൽ പോകാതിരിക്കും.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഇപ്പോൾ ആർട്സ്കാളേജിൽ ഉള്ളതിനെക്കാൾ കൂടുതൽ കാൎയ്യക്ഷമത വരുത്താമെന്നും അവിടെ പഠിക്കുന്ന കുട്ടികളെയെല്ലാം ഇങ്ങോട്ടു വരുത്താമെന്നും വിചാരിക്കുന്നുണ്ടോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): പോയകുട്ടികളെ വരുത്താമെന്നു വിചാരിക്കുന്നില്ല. ആർട്സ്കാളേജിൽ പുരുഷന്മാരായ വിദ്യാൎത്ഥികളോടു ഒന്നിച്ചിരുന്നു പഠിക്കാൻ വൈമനസ്യമുള്ളവർ മദ്രാസിലേക്കു പോകുന്നതിനുപകരം ഇവിടത്തെ വിമൻസ്കാളേജ്ൽചേരും.

മി: എ. കെ. പിള്ള (കുരുനാഗപ്പള്ളി): ഉന്നതവിദ്യാഭ്യാസത്തിനായി പുരുഷന്മാരും ഇപ്പോൾ മദ്രാസിൽ പോകാറില്ലേ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഇവിടെ ഓണേഴ്സ് ക്ലാസ്സുകൾ ഇട്ടശേഷം മൂന്നുകൂട്ടം ചിലരെ മദ്രാസിൽപോകുന്നുള്ളു എന്നാണു എന്റെ അറിവു.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ആർട്സ്കാളേജിൽ ഇപ്പോൾ ഉള്ള കാൎയ്യക്ഷമത പോലെ വിമൻസ്കാളേജിനെ ഒന്നാംഗ്രേഡ് ആക്കിയാൽ കിട്ടുന്നതിനു എന്തുചിലവാകും?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾ ഇംഗ്ലീഷിന് രണ്ടു ട്യൂട്ടർമാരാണു ഉള്ളതു. ഒന്നാംഗ്രേഡ് ആക്കുന്നപക്ഷം ഒരു ട്യൂട്ടരും ഒരസിസ്റ്റന്റ് പ്രൊഫസരുംകൂടി വേണ്ടിവരും.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഉദ്ദേശം അതിന്റെ ആകത്തുക എന്താകുമെന്നു പറയാമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): പറയാം. ഇംഗ്ലീഷിനു വ ം ം രൂപാ മുതൽ ൩ ം ം രൂപാവരെ ശമ്പളമുള്ള ഒരസിസ്റ്റന്റ് പ്രൊഫസർവേണം. ൧ ം ം രൂപാ മുതൽ ൧ ൫ ം രൂപാവരെ ശമ്പളമുള്ള ഒരു ട്യൂട്ടരും വേണം. ഇപ്പോൾ ഹിസ്റ്ററിക്കു രണ്ടു ട്യൂട്ടർമാരെയുള്ളു. അതിലേക്കു ഒരു പ്രൊഫസരും ഒരസിസ്റ്റന്റ് പ്രൊഫസരും വേണ്ടിവരും. പ്രൊഫസർവേലയ്ക്കു് ഇപ്പോൾ വിചാരിച്ചിരിക്കുന്നതു ഒരു യൂറോപ്യൻ ലേഡിയെ വരുത്തണമെന്നാണു. അതിനാൽ ൪ ം ം രൂപാ മുതൽ ൭ ൫ ം രൂപാവരെ ശമ്പളമുള്ള ഒരു പ്രൊഫസരും ൨ ം ം രൂപാ മുതൽ ൩ ം ം രൂപാവരെ ശമ്പളമുള്ള ഒരസിസ്റ്റന്റ് പ്രൊഫസ്സരും അതിലേക്കുവേണം. ഇത്രയുമുണ്ടായിരുന്നാൽ ഹിസ്റ്ററിഗ്രൂപ്പു തുടങ്ങാം. അതിനുപുറമെ സംസ്കൃതവും മലയാളവും തുടങ്ങണമെങ്കിൽ ഇപ്പോൾ ആർട്സ്കാളേജിൽ ഉള്ളതിനെ തോതുകൂട്ടി എടുക്കുന്നപക്ഷം ഇപ്പോഴുള്ള പണ്ഡിതന്മാരുടെ ൨ ൫ ം രൂപാ ശമ്പളമുള്ള ഓരോ ചെക്ച്ചറും ൧ ം ം രൂപാ മുതൽ ൧ ൫ ം രൂപാവരെ ശമ്പളമുള്ള ഓരോ ട്യൂട്ടരും കൂടുതലായി വേണ്ടിവരും

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): കെട്ടിടത്തിനെ സംബന്ധിച്ചു കൂടുതൽ ചിലവാകുകയില്ലേ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ചിലവാകും.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഒന്നാംഗ്രേഡ് കാളേജ് ആക്കുന്നപക്ഷം അവിടെ പഠിപ്പിക്കുന്നതിനു മുഴുവനും സ്ത്രീകളുതന്നെ നിയമിക്കുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): കഴിയുന്നിടത്തോളം സ്ത്രീകളുതന്നെ നിയമിക്കും.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഇപ്പോൾ വിമൻസ്കാളേജിൽ പുരുഷന്മാർ പഠിപ്പിച്ചുവരുന്നുണ്ടോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഉണ്ട്.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ആ സ്ഥാനത്തേക്ക സ്ത്രീകൾ അപേക്ഷിച്ചിട്ടുണ്ടോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ആവശ്യപ്പെട്ട യോഗ്യതയുള്ള സ്ത്രീകളെ കിട്ടുമ്പോൾ അവരെ നിയമിച്ചിട്ടുണ്ട്. മിസ്റ്റർ ജീവാചാരിയാണ ഇപ്പോൾ വിമൻസ്കാളേജിൽ സംസ്കൃതപണ്ഡിതൻ. ആ ഉദ്യോഗത്തിന്ന യോഗ്യതയുള്ള ഒരാളായ മിസ്സ് കാത്ത്യായനിഅമ്മയുടെ അപേക്ഷവരികയും അവരെ.ശീപാർശചെയ്യുകയും ചെയ്തിട്ടുണ്ട്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഇതു വാദം പ്രമാണമാക്കുകയല്ലേ എന്നറിവാൻ ആഗ്രഹിക്കുന്നു. ഇതനുവദിച്ചാൽ ചെലവവന്തുകുമെന്നാണ അവരുടെ വാദം.

ഡിപ്യൂട്ടിപ്രെസിഡെൻറ: ചെലവവന്തുകുമെന്ന മിസ്റ്റർ കുമാരപിള്ളചോദിച്ചു. മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ അതിന്ന മറുപടി പറകയാണ.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അതു അറിയേണ്ടതാണല്ലോ. ഈ കൌൺസിലിൽ നിന്നും അനുവദിക്കുന്ന പണമാണല്ലോ. ഒരു സ്ഥലത്തു ൪,൦൦൦ രൂപാ എന്ന എഴുതിക്കാണുന്നു. മറെറാരു സ്ഥലത്തു ൯,൦൦൦ രൂപാ എന്നും എഴുതിക്കാണുന്നു. ആ ചിലവിനെപ്പററി അറിയേണ്ടതാണല്ലോ.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): മിഥുനം ൧൪-ാം തുതൽ ൫൦-ാം തു-വരെയുള്ള ൧൭ ദിവസത്തേക്ക ചെലവു തുകയാണ ൪൦൦ രൂപ.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഇപ്പോൾ കാളേജിനെ ഫർസ്റ്റ്ഗ്രേഡ് ആക്കുമ്പോൾ അതിലേക്കാവശ്യമുള്ള എല്ലാ വിഷയങ്ങളും പഠിപ്പിക്കാൻ സ്ത്രീകളെത്തന്നെ കിട്ടുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഹിസ്റ്ററിയും ഇംഗ്ലീഷും പഠിപ്പിക്കാൻ സ്ത്രീകളെ കിട്ടാൻവിഷമമില്ല. നാച്ചുറൽ സയൻസിന്ന ഡിമാൻസ്ട്രേറ്ററായിട്ടു പുരുഷന്മാരേ കിട്ടുകയുള്ളു. സ്ത്രീകളെകിട്ടാൻ പ്രയാസമാണ.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): വാല്യാർ പുരുഷനായിരിക്കുന്നതുകൊണ്ടു ദോഷമില്ലെ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): വാല്യാർ മാത്രമല്ലെ പുരുഷൻ ആയിരിക്കയുള്ളു. പുരുഷന്മാരോടുകൂടി ഒന്നിച്ചിരുന്നു പഠിക്കേണ്ട ആവശ്യമില്ലല്ലോ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, പ്രമേയം അനുവദിച്ചു സംഖ്യ മുഴുവനും വിട്ടുകളയണമെന്നാണെന്നാകുന്നു ഞാൻ ഗ്രഹിച്ചതു.

ഡിപ്യൂട്ടിപ്രെസിഡെൻറ: ഉപരക്ഷപത്തെപ്പററി വോട്ടുചെയ്യുന്നതിന്ന ഉദ്ദേശം ചെലവെന്തായിരിക്കും എന്നു സഭ അറിയേണ്ടതാണ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): വാല്യാർമാത്രം പുരുഷനായിരിക്കുന്നതിൽ ദോഷമില്ലെന്നാണോ പറയുന്നതു.?

മി: ആർ കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഗോക്കൾസ്ത്രീകൾ ഒന്നും അല്ലല്ലോ പള്ളിക്കൂടങ്ങളിൽ പഠിക്കാൻ വരുന്നവർ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മെമ്പർ ഇരിക്കുന്നതിനുമുമ്പായി പ്രാരംഭചിലവിൻേറയും ആണ്ടുതോറും ഉണ്ടാകുന്ന ചിലവിൻേറയും ഒരു കണക്ക ഉദ്ദേശമായിട്ടെങ്കിലും പറയുമോ?

ഡിപ്യൂട്ടിപ്രെസിഡണ്ട്: അരമാസത്തേയ്ക്ക് ഉദ്ദേശം ൪൦൦൦ രൂപയാണെന്ന അദ്ദേഹം പറഞ്ഞുവല്ലൊ

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസഡയറക്ടർ): അതിൽ ആണ്ടുതോറും ഉണ്ടാകാത്തചെലവും ഉൾപ്പെട്ടുന്നുണ്ട്. ൧൭൦൫-ാം ബഡ്ജററിൽ ഉൾപ്പെടുത്തുന്നതിനായി ഞാൻ അയച്ച കണക്കിൻപ്രകാരം ആകെ സംഖ്യ ൯,൯൭൫ രൂപാ ആയിരുന്നു. അതിൽ പുസ്തകങ്ങൾക്കും ഉപകരണങ്ങൾക്കും ൩,൫൦൦ രൂപയും ശാസ്ത്രീയസാമഗ്രികൾക്കും പുസ്തകങ്ങൾക്കും ഗാസുണ്ടാക്കുന്നതിന്ന ൩,൦൦൦ രൂപായും ഉൾപ്പെടുത്തിട്ടുണ്ട്. ഈ സംഖ്യകൾ കഴിച്ചു ബാക്കിയുള്ള ൩൫൭ രൂപ അരമാസത്തെ ശമ്പളച്ചെലവാണ്. ആണ്ടുതോറുമുള്ള കൂടുതൽ ചെലവുണ്ടാകുന്നതു രണ്ടാംവർഷത്തിൻെറ ആരംഭംമുതൽക്കാണ്. ആവശ്യമുള്ള അദ്ധ്യാപകന്മാരെ എല്ലാം ആദ്യംതന്നെ നിയമിച്ചിട്ടാവശ്യമില്ലല്ലോ ഉദാഹരണമായി ഇംഗ്ലീഷ്പഠിപ്പിക്കാൻ ആവശ്യമുള്ള അദ്ധ്യാപകന്മാരെ എല്ലാവരേയും ആരംഭത്തിൽതന്നെ നിയമിച്ചിട്ടാവശ്യമില്ല. ഒരു നമ്പൂരിയിൽ ഒരാളെ നിയമിച്ചാൽമതിയാകും. മറെറ ആളിൻെറ നിയമനം ൧൭൦൫-വരെ നിറുത്തിവയ്ക്കാം. ഇപ്രകാരംതന്നെ ചരിത്രം പഠിപ്പിക്കുന്നതിനുള്ള പ്രൊഫസരുടേയും അസിസ്റ്റൻറപ്രൊഫസരുടേയും കാര്യത്തിലും ഒരാളെ ൧൭൦൫-ൽ നിയമിക്കണം. മറെറയാളെ ൧൭൦൭-ൽ നിയമിച്ചാൽ മതിയാകും. ഇങ്ങനെ ഈ വ്യവസ്ഥകൊണ്ടുണ്ടാകുന്ന മെച്ചത്തിചവു പ്രത്യക്ഷമാകുന്നതു ൧൯൫൭-ാമതു സ്ത്രീവർഷത്തിൽ അതായതു രണ്ടുവർഷം കഴിഞ്ഞാണ് ചെലവിൻെറ ഒരുദ്ദേശസംഖ്യപറയാം ഇംഗ്ലീഷ്അസിസ്റ്റൻറപ്രൊഫസർക്ക ൫൦൦-൭൦൦ രൂപയും ട്യൂട്ടർക്ക ൧൦൦-൧൫ രൂപയും കൊടുക്കേണ്ടിവരും. ഇങ്ങനെ ആരംഭത്തിൽ ഇംഗ്ലീഷ്ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുള്ള കൂടുതൽ ചെലവു മാസംപ്രതി ൩൦൦ രൂപ ആയിരിക്കും. ചരിത്രത്തിന്ന ഒരു പ്രൊഫസരും ഒരു അസിസ്റ്റൻറപ്രൊഫസരുമേവേണം. പ്രൊഫസരിൻെറ ആരംഭശമ്പളം ൩൦൦ രൂപയായും അസിസ്റ്റൻറപ്രൊഫസരിൻെറതു ൨൦൦ രൂപയായും എടുത്താൽ ആകെ ചെലവു മാസം ൫൦൦ രൂപ ആയിരിക്കും. ഇങ്ങനെ ഈ രണ്ടുവിഷയങ്ങൾ സംബന്ധിച്ചുള്ള ചെലവു ൭൦൦ രൂപയാണ. പിന്നെ പ്രിൻസിപ്പാളിൻെറ ഇപ്പോഴത്തെ ശമ്പളമായ ൩൫൦ രൂപ൯൭൦ രൂപ ആക്കേണ്ടിവരും. ഈ കൂടുതൽ ൨൫൦ രൂപകൂടെ കൂട്ടിയാൽ ആകെ ചെലവു ൧൭൫൦ രൂപ ആകും. ഇനി സംസ്കൃതത്തിനും മലയാളത്തിനും വേണ്ടുന്ന കൂടുതൽ അദ്ധ്യാപകന്മാരുടെ ശമ്പളം ൬൦൦ രൂപ ആയിരിക്കും. ഇങ്ങനെ ആകപ്പാടെയുള്ള കൂടുതൽചെലവു മാസംപ്രതി ൧൭൫൦ രൂപ ആകുമെങ്കിൽ വർഷംപ്രതി ൨൧,൫൦൦ രൂപ ആയിരിക്കും. കൂടുതലായി വേണ്ടിവരുന്ന സിൽബന്തിച്ചെലവും കൂട്ടിയാൽ ആകെ ചെലവു ൨൫,൦൦൦ രൂപ ആയിരിക്കും.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കു മനസ്സിലായിടത്തോളം കാളേജ് ഒന്നാംഗ്രേഡായി ഉയർത്തണമെന്നോ ഇൻറർമീഡിയെററിൽ പുതിയ ഗ്രൂപ്പുകൾ ഏർപ്പെടുത്തണമെന്നോ അനുല്യോഗസ്ഥമെമ്പർമാർക്കു ആഗ്രഹമില്ല. ഇതിൻെറപിന്നിൽ ഒരു ഗൌരവമായ വിഷയമുണ്ട്. നമ്മുടെ നയം എന്തായിരിക്കണമെന്നു തീർച്ചയാക്കുന്നതിനുമുമ്പായി കുറേശെ കുറേശെആയി വല്ലതും ചെയ്തുകൊണ്ടു പ്രയോജനമില്ല. പുതിയ ചെലവുകൾവഹിക്കാൻ നാം ഒരുക്കമുണ്ടോ എന്നാലോചിക്കണം. ഇത്രത്തോളം ചെയ്തതുതന്നെ ശരിയായോ എന്നു നമുക്കു ഭയമായിരിക്കുന്നു. ആ ഭയം നീങ്ങി മനസ്സിനു സ്വസ്ഥത ഉണ്ടാകുന്നതിനുമുമ്പെ അതെമാർഗ്ഗത്തിൽക്കൂടെ മുമ്പോട്ടുപോകുന്നതു ശരിയല്ല. ഇതു ആപ്പിൻെറ മുന കടത്തുകയാണ്. ഇൻറർമീഡിയററ് ക്ലാസിൽ രണ്ടാംഗ്രൂപ്പിനാണു ഇപ്പോൾ ചോദിക്കുന്നതു്. അതനുവദിച്ചുകിട്ടിയാൽ ഇൻറർമീഡിയററിൽ മററുഗ്രൂപ്പുകൾക്കാവശ്യമുണ്ടാകും. കാളേജ് ഒന്നാംഗ്രേഡാകിയാൽ അവിടെ ഒന്നുമുതൽഏഴുവരെ ഗ്രൂപ്പുകളും വേണമെന്നുപറയും. അതിൻെറശേഷം ഓണേഴ്സ്ക്ലാസുകൾക്കു അപേക്ഷയുണ്ടാകും. അതില്ലെങ്കിൽ വിദ്യാർത്ഥികൾ മദ്രാസിൽ പോകേണ്ടിവരുന്നു ഇവിടെയും ഓണേഴ്സ്ക്ലാസുകൾ ഇട്ടാൽഅതിൽ പഠിക്കുന്നതിനു ധാരാളം കുട്ടികൾ ഉണ്ടാകുമെന്നവർ പറയും. ഇതെല്ലാംകൊണ്ടും ആർട്സ്കാരുടെയും സയൻസ്കാരുടെയും നിലിത്തമുള്ള വൻചിലവു ഇരട്ടിയ്ക്കുകയാണുചെയ്തു. നാം ചെയ്യാൻവിചാരിക്കുന്നതു ഗൌരവമായ ഒരു കാര്യമാണ്. അതിനെപ്പററി ദീർഘകാലം ഗാഢമായി ആലോചിക്കാതെ ഇങ്ങനെ ചില്ലറ ചില്ലറയായി ആലോചിച്ചു അല്പാല്പം വല്ലതും ചെയ്യുന്നതു ദോഷമാണ്. കുറെദൂരംപോയാൽ തിരികെപോരുവാൻ പ്രയാസമായിരിക്കും. അതു ചിന്തയും മുമ്പോട്ടുപോകാൻ ഒരു കാരണമായിതീരുകയും ചെയ്യും. അതുകൊണ്ടു ഈ സംഖ്യ അനുവദിക്കുന്നതിനുമുമ്പു ഇക്കാര്യത്തെപ്പററി സമഗ്രമോ അതിലധികമോ പ്രാവശ്യം ആലോചിക്കണമെന്നു വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വാദം ഇവിടെ അവസാനിപ്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഡിപ്യൂട്ടിപ്രെസിഡണ്ട്: ആ അഭിപ്രായം ഞാൻ സ്വീകരിക്കുന്നില്ല. ഇതൊരു പ്രധാനവിഷയമാണ്, അതിനപ്പററി കുറച്ചുകൂടെ വാദപ്രതിവാദം ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): സർ, എൻെറ സ്നേഹിതൻ മിസ്റ്റർ ജോസഫ് കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കാൻ കഴിയാത്തതുകൊണ്ടു വ്യസനിക്കുന്നു. അതിൽ ഉൾപ്പെടുന്നതു ഉന്നതവിദ്യാഭ്യാസാർത്ഥം അനുവദിച്ചിട്ടുള്ള ൪ ൦ ൦ രൂപയെ വിട്ടുകളയുന്ന കാര്യം മാത്രമല്ലാ ഈ ഉപക്ഷേപത്തിൻെറ മൂലകാരണമായി കഴിഞ്ഞവർഷം ഫൈനാൻഷ്യൽസെക്രട്ടറി ചെയ്ത പ്രസംഗത്തിൻെറ ഒരുഭാഗം മിസ്റ്റർ ജോസഫ് ഉദ്ധരിച്ചു കേൾപ്പിച്ചുവല്ലൊ. ആ പ്രമാണം നാം സ്വീകരിച്ചാൽഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ചു നാം ഗവണ്മെണ്ടിൻെറ കൈകളെ ബന്ധിച്ചിട്ടുകയായിരിക്കും. എന്തെന്നാൽ അപ്പോൾ സ്വകാര്യസ്ഥാപനങ്ങൾക്കും പ്രോത്സാഹനമുണ്ടാകയില്ല.

മി: കെ. ഒ ജോസഫ് (മീനച്ചലും ഭേദികളുവും): മെമ്പർ പറഞ്ഞതിൻെറ അന്ത്യഭാഗം വിശദമാക്കുമോ?

മി: എൻ. വി. ജോസഫ് (പറവൂർ): ഗവണ്മെൻറിനു ഉന്നതവിദ്യാഭ്യാസം സംബന്ധിച്ചു സ്വന്തമായി പണം ചെലവുചെയ്യാൻ പാടില്ലെന്നുവന്നാൽ രാജ്യം ഒട്ടുക്കുള്ള സ്വകാര്യസ്ഥാപനങ്ങൾക്കും ഗവണ്മെൻറിൽനിന്നുവല്ല ഗ്രാണവും സിദ്ധിക്കാൻ വഴി ഉണ്ടാകയില്ല.

മി: കെ. കെ. തോമസ് (കോട്ടയം): ഗവണ്മെൻറിനു സ്വന്തം സ്ഥാപനങ്ങൾക്കു പണം ചെലവുചെയ്യാൻകഴിയാത്തതുകൊണ്ടു അവയ്ക്കെന്താണ്?

മി: എൻ. വി. ജോസഫ് (പറവൂർ): ഈ വിഷയം ഉന്നതവിദ്യാഭ്യാസത്തിനായി പണം ചെലവിടുന്ന ഒരു സംഗതിയാണെങ്കിൽ അതു നേരിട്ടോ അല്ല വേറെ മാർഗ്ഗേണയോ ചെയ്യാവുന്നതാണു. സ്വന്തം സ്ഥാപനങ്ങൾ നടത്തുന്നതിനാൽ ഗവണ്മെണ്ടു നേരിട്ടും സ്വകാര്യസ്ഥാപനങ്ങൾക്കു ഗ്രാൻറുകൊടുക്കുന്നതിനാൽ ഗവണ്മെണ്ടുഇതരമാർഗ്ഗേണയും ഉന്നതവിദ്യാഭ്യാസത്തെ സഹായിക്കുകയാകുന്നു. അതുകൊണ്ടു എങ്ങനെനോക്കിയാലും ഈ പ്രമേയം ഗവണ്മെണ്ടു ഉന്നതവിദ്യാഭ്യാസത്തിനായി പണം വ്യയംചെയ്യുന്ന കാര്യത്തിൽ ഒരു തടസ്സം ആകുന്നു. ഈ സംഗതി മനസ്സിലാക്കിക്കൊണ്ടുവേണം വോട്ടുചെയ്യാനെന്നു ഞാൻ സഭയോടുഅപേക്ഷിച്ചുകൊള്ളുന്നു.

മി: പദർ. ഡാനിയൽ (ഗവണ്മെൻറു നിയമനം): സർ, വിമൻസ് കാളേജിൽ രണ്ടാംഗ്രൂപ്പ് ഏർപ്പെടുത്തുന്നതു ബുദ്ധിപൂർവ്വകമായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഏതു കാളേജിലും രണ്ടാംഗ്രൂപ്പ് ഏർപ്പെടുത്തുന്നതു ഇപ്പോൾ ഒരു സമ്പ്രദായമായിതീർന്നിരിക്കുന്നു എന്നു തോന്നുന്നു. ചില വർഷങ്ങൾക്കു മുമ്പു തിരുവനന്തപുരം മഹാരാജാസ് കാളേജ് ഉൾപ്പെടെ തിരുവിതാംകൂറിലെ യാതൊരു കാളേജിലും രണ്ടാംഗ്രൂപ്പ് ഇല്ലായിരുന്നു. ഇപ്പോൾ തിരുവിതാംകൂറിലെ ഏതു കാളേജിലും രണ്ടാംഗ്രൂപ്പ് ഉണ്ട്. ഇല്ലാതിരുന്നതു വിമൻസ് കാളേജ് മാത്രമായിരുന്നു. അവിടെയും വരുന്ന സ്കൂൾ വർഷാരംഭം മുതൽ ആ ഗ്രൂപ്പ് ഏർപ്പെടുത്തുന്ന കാര്യമാണ് ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നതു്. തിരുവിതാംകൂറിനു പുറമേയും മദ്രാസ് സർവ്വകലാശാലയോടു സംഘടിപ്പിച്ചിട്ടുള്ള എല്ലാകാളേജുകളും രണ്ടാംഗ്രൂപ്പ് ഏർപ്പെടുത്തിവരുന്നു. ഇതുകൊണ്ടു് ഗൌരവമായ ഒരുപ്രയാസമാണ് നേരിട്ടിട്ടുള്ളതു. കഴിഞ്ഞകൊല്ലം, അതായതു ഈസ്കൂൾ വർഷത്തിൻെറ ആരംഭത്തിൽ ഇൻറർമീഡിയെററ് രണ്ടാംഗ്രൂപ്പിൽ ജയിച്ച ൨ ൦ വിദ്യാർത്ഥികൾ ഇവിടത്തെ കാളേജിൽ ഗ്രൂപ്പ് ൨ എ യിൽ പ്രവേശനത്തിന്നപേക്ഷിച്ചിരുന്നു. ബി. എ., പരീക്ഷയ്ക്കു രണ്ടാം ഗ്രൂപ്പിൽ മൂന്നു ഭാഗങ്ങൾ ഉണ്ട്. എ ഭാഗത്തിൽ സസ്യശാസ്ത്രവും ബി ഭാഗത്തിൽ മൃഗശാസ്ത്രവും സി ഭാഗത്തിൽ ഭൂഗർഭശാസ്ത്രവും ആകുന്നു. പ്രധാനവിഷയങ്ങൾ. എന്നാൽ കാളേജിൽ ൨ ൪ പേരെ മാത്രമേ ചേർക്കുന്നതിനു തരപ്പെടുത്തുള്ളു എങ്കിലും പ്രയാസപ്പെട്ടു ൩ ൦ പേർക്കു പ്രവേശനം കൊടുത്തു. ഇങ്ങനെ കാളേജിൽ പ്രവേശനത്തിന്നപേക്ഷിച്ചവിദ്യാർത്ഥികളിൽ പാതിയിലധികം പേർ ഇച്ഛാഭംഗത്തോടെ മടങ്ങി പോകേണ്ടിവന്നു. മദ്രാസ് സർവ്വകലാശാലയോടു ചേർന്ന അനേകം കാളേജുകളുണ്ടെങ്കിലും ഇൻറർമീഡിയെററ് രണ്ടാംഗ്രൂപ്പ് എടുത്തുപാസ്സായവിദ്യാർത്ഥികളെ പിന്നെ പഠിപ്പിക്കുന്നതിനു സാമഗ്രികൾ ഉള്ള കാളേജുകൾ നാലേയുള്ളു എന്നുള്ളതും പ്രസ്താവയോഗ്യമാണ്. ഈ നാലുകാളേജുകൾ മദ്രാസിലെ പ്രധാ

നകാളേജുകളായ പ്രെസിഡെൻസി കാളേജും ക്രിസ്ത്യൻ കാളേജും എറണാകുളം കാളേജും തിരുവിതാംകൂറിൽ മഹാരാജാസ് കാളേജും ആകുന്നു. എന്നാൽ ഇൻറർമീഡിയററ് രണ്ടാംഗ്രൂപ്പ് പഠിപ്പിക്കുന്ന കാളേജുകൾ അനേകം ഉണ്ട്. എന്നാൽ സസ്യശാസ്ത്രം ഐച്ഛിക വിഷയമായി എടുത്തു ജയിച്ചാൽ അവർക്കു ആ വിഷയത്തിന്റെ പഠനം തുടരുന്നകാര്യം അസാദ്ധ്യമായിവരികയും അവർ പ്രകൃതിശാസ്ത്രഗ്രൂപ്പിലൊ രസതന്ത്രഗ്രൂപ്പിലൊ തത്വജ്ഞാനഗ്രൂപ്പിലൊ പ്രവേശനത്തിനപേക്ഷിപ്പാൻ നിർബന്ധിതരായിതീരുകയും ചെയ്യുന്നു. എനിക്കു താല്പര്യം ഉള്ള ഒരു വിദ്യാർത്ഥിക്കു ഇവിടത്തെ കാളേജിൽ അനുവാദം കിട്ടാതെപോയി. അവനെ ആർട്സ്കാളേജിൽ തത്വജ്ഞാനഗ്രൂപ്പിൽ ചെർപ്പിക്കാൻ എന്റെ ഒരു സ്നേഹിതൻ ഗൌരവമായി തന്നെ എന്നെ ഉപദേശിച്ചു. അതെന്തു വിഡ്ഢിത്തമാണെന്നാണ് എനിക്കു തോന്നിയതു്. കാര്യങ്ങളുടെ സ്ഥിതി ഇങ്ങനെയിരിക്കെ നമ്മുടെ കാളേജുകളിൽ ഗവണ്മെന്റു രണ്ടാംഗ്രൂപ്പ് വർദ്ധിപ്പിക്കുന്നതു ബുദ്ധിയായിരിക്കുമൊ എന്നു ഞാൻ സംശയിക്കുന്നു. തിരുവിതാംകൂർ ഒട്ടുക്കു ബി. എ. ക്ലാസ്സിൽ ൨൫ വിദ്യാർത്ഥികളെ ചേർക്കുന്നതിനുമാത്രമേ സൌകര്യങ്ങൾ ഉണ്ടാക്കിട്ടുള്ളു. അങ്ങനെയിരിക്കെ ഒരു കാളേജിൽക്കൂടി രണ്ടാംഗ്രൂപ്പ് ഏർപ്പെടുത്തി അതിൽ പാസ്സാകുന്നവരെ ഞാൻ വിവരിച്ചപ്രകാരം ഒരിടത്തും നിവൃത്തിയില്ലാതെ വിടുന്നതു് വലിയകാര്യമാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രെസിഡെൻറ്: വേറെയാരെങ്കിലും സംസാരിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വിഷയം ഇപ്പോൾ വോട്ടിനു വെക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: എ. കെ. പിള്ള (കുന്നാംഗപ്പള്ളി): ഇതത്ര പ്രധാന വിഷയമാകയാൽ ഇനിയും വാഗ്വിവാദം ആവശ്യമാണെന്നു എനിക്കു തോന്നുന്നു.

ഡിപ്യൂട്ടിപ്രെസിഡെൻറ്: എനിക്കു വിരോധമില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ മുമ്പു പറഞ്ഞതിൽ കൂടുതലായി ഒന്നും എനിക്കു പറവാനില്ല. എന്റെ അഭിപ്രായം ഞാൻ വിവരമായി പറഞ്ഞു. കൂടുതൽ വാദങ്ങൾ ആവശ്യമാണെന്നു എനിക്കു തോന്നുന്നില്ല. നമ്മുടെ വിദ്യാഭ്യാസനയം പുനരുദ്ധാരണ ചെയ്യാത്തെടത്തോളം വിദ്യാഭ്യാസത്തിനു ചെലവു ചെയ്യുന്നതു ദുർവ്യയം ആണ്. അതുകൊണ്ടു സഭ ഈകാര്യം സ്വാതന്ത്ര്യത്തോടെ ആലോചിക്കണമെന്നപേക്ഷിക്കുന്നു ഈ വിഷയത്തെപ്പററി മിസ്റ്റർ എൻ. വി. ജോസഫ് സംസാരിച്ചതുകാര്യം വിട്ടാണു. അദ്ദേഹം പറഞ്ഞതുകേട്ടിട്ടു മെമ്പർമാർ ഒരു മുൻവിധികല്പിക്കരുതെന്നു അപേക്ഷിച്ചുകൊള്ളുന്നു. ഉദ്യോഗസ്ഥമെമ്പർമാരോടു വാദിച്ചിട്ടാവശ്യം ഇല്ലല്ലോ. ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം എന്താണെന്നു ഗ്രഹിച്ചുകൊണ്ടു അനുദ്യോഗസ്ഥമെമ്പർമാരെങ്കിലും വോട്ടുചെയ്യുമെന്നു വിശ്വസിക്കുന്നു.

ഉപക്ഷേപം വോട്ടിനു വെക്കണമെന്നു എനിക്കു നിർബന്ധമുണ്ട്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ് വിദ്യാഭ്യാസ ഡയറക്ടർ): ഇനിയും ഇതിനെപ്പററി എനിക്കിപ്പോഴൊന്നും പറവാനില്ല. കാര്യം ഞാൻ വിശദമാക്കി സംസാരിച്ചിട്ടുണ്ട്. അതിൽ സുഗ്രാഹ്യമല്ലാതെവല്ലതും ഉണ്ടായിരുന്നെങ്കിൽ മിസ്റ്റർ കുമാരപിള്ളയുടെയും മററും ചോദ്യങ്ങൾക്കു ഞാൻ പറഞ്ഞമറുപടികൾകൊണ്ടു അവ വ്യക്തമായിരിക്കണം. എനിക്കിതിലധികമൊന്നും പറവാനില്ല.

ഡിപ്യൂട്ടിപ്രെസിഡെൻറ്: സഭ രണ്ടായി പിരിയണമെന്നുണ്ടൊ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉവ്വ്, സർ.

ഡിപ്യൂട്ടിപ്രെസിഡെൻറ്: വിമൻസ് കാളേജിൽ ഇൻറർമീഡിയെററ് പരീക്ഷയ്ക്കു രണ്ടാംഗ്രൂപ്പ് ഏർപ്പെടുത്തുന്നതിനും ആ കാളേജ് ഒന്നാംഗ്രേഡായി ഉയർത്തുന്നതിനും മൊത്തമായി അനുവദിച്ചിട്ടുള്ള ൪൦൦൦ രൂപ വിട്ടുകളയണം എന്നാണ് ഉപക്ഷേപം.

൨൭ മെംബർമാർ അനുകൂലമായും ൨൪ പേർ പ്രതികൂലമായും വോട്ടുചെയ്തതിനാൽ ഉപക്ഷേപം തള്ളപ്പെട്ടു.

ഉപക്ഷേപം വ൧.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി: ജി. നാരായണപിള്ള.

വ൧ ഇൻറർമീഡിയെററ് പരീക്ഷയ്ക്കു രണ്ടാം ഗ്രൂപ്പ് ഏർപ്പെടുത്തുന്നതിനു കാളേജ് ഒന്നാംഗ്രേഡായി ഉയർത്തുന്നതിനും മൊത്തമായി അനുവദിച്ചിട്ടുള്ള ൪൦൦൦ രൂപ വിട്ടുകളയണം.

൪. റീച്ചേഴ്സ് കാളേജ്

ഉപക്ഷേപങ്ങൾ വുന്നു മുതൽ വുവ്വ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: ജി. രാമൻ മേനോൻ: വുന്നു സിൽബന്ധിച്ചിലവിനു അനുവദിച്ച ൪൦൦൦ രൂപായിൽ ൩൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള: വ൧ സാമാനങ്ങൾക്കും കണ്ടിങ്ജൻസിക്കും അനുവദിച്ച ൭൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: കെ. ഐ. ജോസഫ്: വുവ്വ റീച്ചേഴ്സ് കാളേജിനു അനുവദിച്ച ൫൪,൩൩൦ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം.

കോളേജ് വിദ്യാഭ്യാസം- ആകെസംഖ്യ.

ഉപക്ഷേപങ്ങൾ വുൻ-ാൻ൦-ം

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: എം. എൻ. പിള്ള: വൂൻ കാളേജ് വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൧,൦൦,൯൧൭ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: പി. ഹബീബ് മഹമ്മദ്: ൯൦ കാളേജ് വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൧,൦൦,൯൧൭ രൂപായിൽ ൧൦൦ രൂപാകുറയ്ക്കണം.

൨൦. ഇംഗ്ലീഷ് സ്ക്കൂൾ വിദ്യാഭ്യാസം ആൺ ഹൈസ്കൂളുകൾ.

ഉപക്ഷേപങ്ങൾ ൯൧-ം ൯൨-ം

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല,

മി: കെ. ശിവരാമപ്പണിക്കർ: ൯൧ സിൽബന്തിച്ചിലവിനു അനുവദിച്ച ൯൭,൭൯൭ രൂപായിൽ ൧൦൦ രൂപാകുറയ്ക്കണം

മി: സി. പി. തരകൻ: ൯൨ സാമാനങ്ങൾക്കു അനുവദിച്ച ൨൯,൭൦൦ രൂപായിൽ ൨൦,൦൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൯൩.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) : താഴെപറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കി കൊള്ളുന്നു.

൯൩. എസ്. എം. വി. സ്കൂളിൽ ജലസൂത്രത്തിന്റെ സംരക്ഷണത്തിനു അനുവദിച്ച ൧൦൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഇനി ഹാജരാക്കാനുള്ള ഉപക്ഷേപങ്ങളോടു താരതമ്യപ്പെടുത്തിയാൽ ഈ ഉപക്ഷേപത്തിനു വലിയപ്രാധാന്യം ഇല്ല. ഇക്കാര്യത്തിനു ഇനിയും അധികംപണം നാം ചെലവാക്കരുതെന്നേ എനിക്കു പറവാനുള്ളു.

ഡിപ്യൂട്ടിപ്രെസിഡെന്റ്: ഉപക്ഷേപം നിങ്ങൾ ആലോചനയ്ക്കായി ഹാജരാക്കുകയാണെന്നു വിശ്വസിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഉവ്വ്, സർ. എന്നാൽ സമയത്തിന്റെ കാര്യം ആലോചിച്ചിട്ടു ഇതിനെപ്പററിമിർച്ച മായി സംസാരിക്കാൻ വിചാരിക്കുന്നില്ല. നാം ആഡംബരങ്ങൾക്കു പണം ചെലവു ചെയ്യുന്നു. ജലസൂത്രങ്ങൾക്കായും ഗാസ്യന്ത്രങ്ങൾക്കായും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു പണം ചെലവുചെയ്യുന്നു. വൈദ്യുതയന്ത്രങ്ങളും വേണമെന്നു അവർ വിചാരിച്ചേക്കാം. നല്ലവെള്ളം സുലഭമായിരിക്കുന്ന അവസ്ഥയ്ക്കു ഈ ജലസൂത്രത്തിനുപണം ചെലവു്ചെയ്തിട്ടാവശ്യം ഇല്ല. ആ ഡിപ്പാർട്ടുമെന്റിനു ആഡംബരങ്ങൾക്കു മോഹമുള്ളതിനാലാണ് ഈ ജല സൂത്രത്തിന്നിപ്പോൾ ചോദിക്കുന്നതു- അതുകൊണ്ടു ജലസൂത്രത്തിന്നു അനുവദിച്ച സംഖ്യയിൽ നിന്നു ൧൦ രൂപാ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ) : സർ, എസ്. എം. വി. സ്കൂൾ കെട്ടിടം പണിതപ്പോൾ ഈ ജലസൂത്രവും സ്ഥാപിച്ചതാണ്. അതവിടെതന്നെ ഇപ്പോഴും ഉണ്ടു. അവിടത്തെ പ്രയോഗശാലയിൽ പ്രകൃതിശാസ്ത്രവും രസതന്ത്രവും പഠിക്കുന്ന വിദ്യാർത്ഥികളുടെ ആവശ്യത്തിനുവെള്ളം കൊണ്ടുവരാനാണ് അതുദ്ദേശിച്ചിട്ടുള്ളതു. ജലസൂത്രത്തിന്റെ ആവശ്യത്തെപ്പററി ഇംഗ്ലീഷ്സ്ക്കൂൾ ഇൻസ്പെക്ടർ അയച്ച ഒരുറിപ്പോർട്ടിന്റെ ഒരു ഭാഗം ഞാൻ വായിച്ചുകേൾപ്പിക്കാം. അദ്ദേഹം ഇങ്ങനെ പറയുന്നു.

"കുഴൽവെള്ളം എടുക്കുന്ന കിണറു സ്കൂൾ കെട്ടിടത്തിൽ നിന്നു അകലത്താണ് താഴെപറയുന്ന ആവശ്യങ്ങൾക്കു യാരാളം വെള്ളം വേണം.

൧. കുടിക്കുന്നതിനു കിണററിലെ വെള്ളം നല്ലതെന്നു കെമിക്കൽഎക്സാമിനർ മിസ്റ്റർ രാമൻപിള്ള പറഞ്ഞിരിക്കുന്നു.

൨. ദിനസ്പ്രതി കക്കൂസുകളും മൂത്രപ്പുരകളും കഴുകിപ്പിക്കുന്നതിനു.

൩. കുട്ടികളുടെ ഊൺസ്ഥലങ്ങൾവെടിപ്പാക്കുന്നതിനു.

൪. പ്രയോഗശാലയിൽ വ മുറികളും അവിടെ പരിശീലിക്കുന്നതിനു ൩൦൦ വിദ്യാർത്ഥികളും ഉണ്ടു. അവിടത്തെ ആവശ്യങ്ങൾക്കു.

൫. കെട്ടിടത്തിന്റെ നിള വിസ്തീർണ്ണം ൧൭൦ സെൻറുണ്ടു. ആ സ്ഥലം അവസരം പോലെ കഴുകുന്നതിനു

ആ സ്കൂളിൽ ൧൪൦ വിദ്യാർത്ഥികൾഉണ്ടു. മേൽപ്രകാരമുള്ള അവരുടെ ആവശ്യങ്ങൾക്കു വേണ്ടുന്ന വെള്ളം സംഭരിക്കുന്നതിനുവേറെ മാർഗ്ഗം ഇല്ല.,,

മേൽപ്രസ്താവിച്ച ആവശ്യങ്ങളുടെ നിവൃത്തിക്കു ജലസൂത്രം അത്യാവശ്യമാണെന്നു ഇതിൽ നിന്നു കാണാവുന്നതാണ്. സ്കൂൾകെട്ടിടം ഭീമമായ ഒന്നാണ്. സ്കൂളിനു അങ്ങിനെയൊരുകെട്ടിടം ഉണ്ടാക്കിയതിന്റെ ഒരു ചിത്രത്തെപ്പററി മെംബർ ചോദിക്കുമായിരിക്കും. അങ്ങിനെയൊരുകെട്ടിടം ഉണ്ടാക്കരുതായിരുന്നു എന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഉണ്ടാക്കിപ്പോയ അവസ്ഥയ്ക്കു അതു വെടിപ്പായിസൂക്ഷിക്കേണ്ടതാണ്. അതിന്നായി ഒരു ജലസൂത്രംഇല്ലെങ്കിൽ ഒരുസൈന്യം തണ്ണീക്കാരെ നിയമിക്കേണ്ടിവരും. കിണറുകുഴിത്തുമാണല്ലോ. അതുകൊണ്ടു ശ്രീമൂലവിലാസം സ്കൂളിൽ ഒരു ജലസൂത്രം അത്യാവശ്യമാണ്. അതിന്റെ സംരക്ഷണത്തിനു പണം അനുവദിക്കേണ്ടതുമാണ്.

മെംബർ ഇതു കൊണ്ടുതൃപ്തിപ്പെടുമെന്നും ഉപക്ഷേപം പിൻ വലിക്കുമെന്നും വിശ്വസിക്കുന്നു.

ഡിപ്യൂട്ടിപ്രെസിഡെൻറ്: ഉപക്ഷേപത്തെപ്പററി നിർബന്ധമുണ്ടോ മിസ്റ്റർ എ. കെ. പിള്ളേ

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

ഡിപ്യൂട്ടിപ്രെസിഡൻറ്: പ്രമേയം പിൻവലിക്കുന്നതിന് സഭ അനുവദിക്കുന്നോ?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

൨. സ്ത്രീകളുടെ ഹൈസ്കൂളുകൾ.

ഉപക്ഷേപങ്ങൾ ൯൪-ം ൯൫-ം

താഴെപറയുന്നഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: ജി. രാമൻമേനോൻ:

൯൪. സ്പെഷ്യൽ ക്ലാസ്സുകളിൽ ചേരുന്ന അലവൻസ് കൊടുക്കാൻ അനുവദിച്ച തുക ൨൫ രൂപാ വിട്ടുകളയണം.

മി: ജി. രാമൻമേനോൻ:

൯൫. സാമാനങ്ങൾ വാങ്ങുന്നതിനനുവദിച്ച ൪,൦൦൦ രൂപയിൽ ൨,൦൦൦ രൂപാ കുറവുചെയ്യണം.

൩. വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന.

ഉപക്ഷേപം ൯൩.

താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി: കെ. ശിവരാമപ്പണിക്കർ:

൯൩. വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധനയ്ക്കു അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപാ പിട്ടുകളയണം.

ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസം-ആകെ സംഖ്യ

ഉപക്ഷേപം ൯൪.

മി: കെ. കെ. തോമസ് (കോട്ടയം): താഴെപറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൯൪. ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൪,൫൪,൯൨൨ രൂപായിൽ നിന്നു ൨ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം ഇത്രത്തോളം നാം ഇംഗ്ലീഷ്വിദ്യാഭ്യാസത്തിനു അനുവദിപ്പണം ചെലവുചെയ്യുവാനുദ്ദേശിക്കുന്നുവോ ചോദ്യം ചെയ്യാതെ അതു സർക്കാർസംഘങ്ങളെയൊ ആളുകളെയൊ ബോധിപ്പിക്കുന്നതിന്റെ അഭിലഷണീയത ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിധേയീകരിപ്പിക്കുന്നതാകുന്നു. എല്ലാത്തരം വിദ്യാഭ്യാസത്തിനും കൂടെ നമ്മുടെ ആകെ ചെലവു ൪൦,൦൦,൦൦൦ രൂപാ ആകുന്നു. ഇതിൽ ഇത്രത്തിലധികം ചെലവിടുന്നതിന്റെ ഫലം ശോചനീയമാണു, ഇതൊരു ഭയങ്കരചെലവാണെന്നാണു ഹൈദ്രാബാദ്സെക്രട്ടറി പറഞ്ഞതു. ഈ സംഖ്യയിൽ അധികഭാഗവും നാട്ടുഭാഷാവിദ്യാഭ്യാസത്തിനാണു ചെലവു ചെയ്യുന്നതെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു ആവശ്യത്തിലധികം വളരെ അധികം പണം ചെലവുചെയ്യുന്നു എന്നാണു സഭയുടെ ഈ ഭാഗത്തുള്ള വരുടെ അഭിപ്രായം. ഇംഗ്ലീഷ്സ്കൂൾവിദ്യാഭ്യാസത്തിനു വരവുകഴിച്ചുള്ള ചെലവു ആറുലക്ഷത്തിൽ ചിലവാണു രൂപായാണു. ഡിപ്പാർട്ടുമെന്റുവക സ്കൂളുകളിൽ മാത്രം വരവു കഴിച്ചുള്ള ശരാശരി ചെലവു ൧൫ രൂപായാണു. എന്നാൽ ഗ്രാന്റുള്ളതും ഇല്ലാത്തതുമായ പ്രൈവറ്റ്സ്കൂളുകളിൽ ആ ചെലവു ൩ രൂപായാണു. ചെലവു വർദ്ധിച്ചു വർദ്ധിച്ചുവരുന്നതായി കാണുന്നതുകൊണ്ടു ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രൈവറ്റ്എജന്റന്മാരെ ഏല്പിച്ചു ചെലവു ചുരുക്കുന്നകാര്യം ആലോചിക്കേണ്ടുന്ന ഒന്നാണെന്നു എനിക്കുതോന്നുന്നു.

വേറൊരു സംഗതി ഇംഗ്ലീഷ്വിദ്യാഭ്യാസം പ്രൈവറ്റ്എജന്റന്മാർക്കു വിട്ടുകൊടുക്കുന്നതിനു പകരം ഗവണ്മെന്റു അതിന്റെ ചെലവു ക്രമേണവർദ്ധിപ്പിച്ചുകൊണ്ടു വരുന്നു എന്നു ഒരു അഭിപ്രായം ഉണ്ടെന്നുള്ളതാണു. എങ്കിലും പ്രൈവറ്റുസ്കൂൾമാനേജരന്മാരുടെയും അദ്ധ്യാപകന്മാരുടേയും താന്തോന്നിത്തങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ട ജാഗ്രതയോടും കാർക്കശ്യത്തോടും പരിശോധനകഴിപ്പിച്ചു അവരുടെമേൽ അധികാരം നടത്താവുന്നതാകുന്നു. ചില സ്ഥലങ്ങളിൽ ചില സ്ഥാപനങ്ങളെ മാതൃകാസ്ഥാപനങ്ങളായി മേലാലും വെച്ചുനടത്തിക്കൊണ്ടുപോകുന്നതിനു വിരോധമില്ല. എങ്കിലും നിർഭാഗ്യവശാൽ നമ്മുടെ മിക്കമാതൃകാസ്ഥാപനങ്ങളും വീൺചെലവിന്റെ മാതൃകകളാണു. ഈ സ്കൂളുകൾ അദ്ധ്യാപകന്മാർ വിദ്യാർത്ഥികളുടെ സ്വഭാവം രൂപീകരിച്ചു അവരെ നല്ലപൌരന്മാരാക്കുന്ന സ്ഥലങ്ങളായിരിക്കാതെ അനുസരണക്കേടിന്റെയും ദേഷത്തിന്റെ വിളനിലങ്ങളാണെന്നു വിദ്യാർത്ഥിസമൂഹത്തെക്കൊണ്ടു പ്രത്യക്ഷമാകുന്നതാണ്. പ്രൈവറ്റ്സ്ഥാപനങ്ങളിൽ അദ്ധ്യാപകന്മാർ വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിൽ ജാഗ്രതകാണിക്കുന്നുണ്ട്. മദ്ധ്യതിരുവിതാംകൂറിൽ ഒരു സ്കൂൾ അദ്ധ്യാപകനായ എന്റെ ഒരു സ്നേഹിതൻ വിദ്യാർത്ഥികളോടു ഇടപ്പെട്ടു അവരെ സ്വാധീനമാക്കുന്നതിനു ശ്രമിച്ചപ്പോൾ "നിങ്ങൾ സ്കൂളിൽ നിങ്ങൾക്കുള്ള ഡിപ്പാർട്ടുമെന്റു വക ജോലികൾ ചെയ്താൽമതി" എന്നു പറഞ്ഞുകൊണ്ടു ഹെഡ്മാസ്റ്റർ തന്നെ താക്കീതാക്കി എന്നു ആ അദ്ധ്യാപകൻതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു. അങ്ങനെയിരിക്കെ ഡിപ്പാർട്ടുമെന്റുവക സ്കൂളുകളിൽ അനുസരണവും അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും തമ്മിലുള്ള ബന്ധവും ഉച്ചനീചമായിരിക്കണം. പ്രൈവറ്റ്സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ പരമോദ്ദേശം സേവയാണ്. ഡിപ്പാർട്ടുമെന്റുവക സ്കൂളുകളിൽ അദ്ധ്യാപകന്മാർ ജോലിചെയ്യുന്നതു അങ്ങനെയൊരു പരമോദ്ദേശത്തോടുകൂടിയല്ല ശമ്പളത്തിനാണെന്നു വിദ്യാഭ്യാസവകുപ്പുകാർതന്നെ കൂടെക്കൂടെ പറഞ്ഞുവല്ലൊ. ഇങ്ങനെ ഈ ഹൈസ്കൂളുകളെ സ്വകാര്യമാനേജർമാരെക്കൊണ്ടു നടത്തിച്ചാൽ ഗവണ്മെന്റിനു അവരുടെ ചെലവു കുറയ്ക്കാൻ ഇടയാകുന്നതും തൻമൂലം അവരുടെ ഒരു വലിയ പ്രയാസം പരിഹരിക്കാൻ കഴിയുന്നതും ആകുന്നു. ഇതെല്ലാം ഗവണ്മെന്റു പെട്ടെന്നു ചെയ്യേണ്ടതാണെന്നു ഞാൻ പറയുന്നില്ല. ഇരുപത്തുസ്കൂളുകൾ ഉള്ളതിൽ ഓരോ ആണ്ടിൽ ഓരോസ്കൂൾ പ്രൈവറ്റ് മാനേജരെ ഏല്പിക്കാൻ വ്യവസ്ഥചെയ്താൽ മതിയാകും. നായർ സമുദായസംഘം, സി. എം. എസ്മിഷ്യൻ, സനാതനധർമ്മവിദ്യാശാലാസംഘം ഇങ്ങനെ സംഘങ്ങൾ ഉണ്ടല്ലൊ. ഗവണ്മെന്റിൽനിന്നു വല്ലസഹായവും ചെയ്യുമെന്നുണ്ടെങ്കിൽ ഈ സ്കൂളുകൾ ഏറ്റെടുത്തുനടത്താൻ ഈ സംഘങ്ങൾ തെയ്യാറുണ്ടാകും. ഈ നയം സ്വീകരിച്ചാൽ വിദ്യാഭ്യാസച്ചെലവുകുറയെല്ലാം ചുരുങ്ങും. അതുകൊണ്ടു ആണ്ടുതോറും ഒന്നൊരണ്ടോ സ്കൂളുകൾ പ്രൈവറ്റ് മാനേജ്മെന്റിനു വിട്ടുകൊടുക്കത്തക്കവണ്ണം ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു താല്പര്യത്തോടെ ബോധിപ്പിച്ചുകൊള്ളുന്നു. ആ സ്കൂളുകളിൽ ഉള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചു പ്രയാസമുണ്ടാകാം. പെൻഷൻകൊടുത്തുവിട്ടോ മറവു ഡിപ്പാർട്ടുമെന്റുകളിലൊ സ്കൂളുകളിലൊ കാളേജുകളിലൊ അവസരംപോലെ അവരെ നിയമിച്ചോ ആ പ്രയാസത്തിനും ഒരു നിവൃത്തിയുണ്ടാക്കാം. ഈ പ്രസ്താവനകളോടുകൂടി അനുവദിച്ച സംഖ്യയിൽ നിന്നു ഒരു രൂപാ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: എ. ജെ. ജോൺ (വൈക്കം): സർ, ഞാൻ മി: കെ. കെ. തോമസിന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഞാനും ഇതേമാതിരി ഒരു ഉപക്ഷേപം അയച്ചിരുന്നു. വരുന്ന ആണ്ടത്തേക്കു വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള സംഖ്യ ൪൦,൯൫,൭൦൦ രൂപായാണ്. വിദ്യാഭ്യാസത്തിനുള്ള ഭീമമായചെലവു ഇനിയും

വർദ്ധിക്കാതിരിക്കേണ്ടതിനു വല്ല പരിഹാരമാർഗ്ഗവും കണ്ടുപിടിക്കേണ്ടതാണെന്നു ഹൈസ്കൂൾസെക്രട്ടറി കഴിഞ്ഞയാണ്ടിൽ പ്രസ്താവിക്കുകയുണ്ടായി. ഈ പ്രയാസത്തിനുള്ള ഏകനിവൃത്തി കഴിവുള്ളടത്തോളം ഡിപ്പാർട്ടുമെൻറുവക സ്ഥാപനങ്ങളെ കാര്യക്ഷമതയുള്ള പ്രൈവറ്റ് മാനേജ്മെൻറിനു വിട്ടുകൊടുക്കയാണ്. വിദ്യാഭ്യാസകാര്യങ്ങളിൽ പൊതുജനങ്ങളോടു സഹകരിക്കുക എന്നതു എല്ലാപരിഷ്കൃത ഗവണ്മെൻറുകളും സ്വീകരിച്ചിട്ടുള്ള ഒരു നയം ആകുന്നു. ഈ ഗവണ്മെൻറും അംഗീകരണം സിദ്ധിച്ച പ്രൈവറ്റ് സ്കൂളുകൾക്കു ഗ്രാൻറുകൊടുക്കുന്നുണ്ട്. ൧൯൩൮-ൽ ചെക്കുള്ള ബഡ്ജറ്റിൽതന്നെയും ഗ്രാൻറുകൊടുക്കുന്നതിനായി ൫,൫൯,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടു. ഇവിടത്തെ പബ്ലിക്കു പരീക്ഷകളുടെയും സർവ്വകലാശാല പരീക്ഷകളുടെയും ഫലം നോക്കിയാൽ പ്രൈവറ്റ്സ്കൂളുകൾ ഡിപ്പാർട്ടുമെൻറുവക സ്കൂളുകളെക്കാൾ മോശമല്ലെന്നു കാണാം. അതുകൊണ്ടു പ്രൈവറ്റ്സ്കൂളുകളും കാര്യക്ഷമതയോടെ നടത്താൻ കഴിയുമെന്നു സ്പഷ്ടമാകുന്നുണ്ടു. ഡിപ്പാർട്ടുമെൻറുവകയായി ഹൈസ്കൂളുകളും മിഡിൽ സ്കൂളുകളും ഉൾപ്പെടെ ൪൨ ഇംഗ്ലീഷ് സ്കൂളുകൾ ഉണ്ട്. ഇതിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ൧൭,൫൪൪ ആകുന്നു. സഹായധനം വാങ്ങുന്ന ൪൫ ഇംഗ്ലീഷ് സ്കൂളുകളിൽ ആകെ വിദ്യാർത്ഥികളുടെ എണ്ണം ൧൦,൪൪ ഇന്നുണ്ടാകുന്നു. വിദ്യാഭ്യാസഗുണനിലപ്പാട്ടിനെന്നു വച്ചാൽ അനുബന്ധത്തിൽനിന്നു ഗവണ്മെൻറുവക ഡിപ്പാർട്ടുമെൻറുവക ഇംഗ്ലീഷ്സ്കൂളുകൾക്കായി ൪,൭൫,൭൫൪ രൂപാ ചെലവുചെയ്യുന്നതായി കാണാം. എന്നാൽ സ്വകാര്യ ഇംഗ്ലീഷ് സ്കൂളുകൾക്കു കൊടുക്കുന്ന ഗ്രാൻറിനു തുകയിൻന്നു,൪൦൦ രൂപായാണു. ഇങ്ങനെ ആണ്ടുതോറും ഗവണ്മെൻറു ഓരോ വിദ്യാർത്ഥിക്കായി ൩൪ ൧/൩ രൂപാ ചെലവുചെയ്യുന്നു. എന്നാൽ ഗ്രാൻറു സ്കൂളുകളുടെ കാര്യത്തിൽ ഓരോവിദ്യാർത്ഥിയെസംബന്ധിച്ചു ഗവണ്മെൻറിൻെറ ചെലവു൯ക്കി രൂപാമാത്രമേയുള്ളു. ഇങ്ങനെ ഗവണ്മെൻറു സ്കൂളുകൾ സ്വകാര്യസ്കൂളുകളെക്കാൾ നാലിരട്ടി ചെലവുള്ളവയാണെന്നു വ്യക്തമാകുന്നു. ശരിയായ മാനേജ്മെൻറിനു ആൾപ്പാർത്ത സ്ഥലങ്ങളിൽമാത്രമേ ഗവണ്മെൻറു സ്കൂളുകൾ വെച്ചുനടത്തിട്ടാവശ്യം ഉള്ളു. എന്നാൽ അവിടെയുള്ള ഗവണ്മെൻറു സമ്പോഷണത്തോടെ സ്കൂളുകളെ അവർക്കേല്പിച്ചുകൊടുക്കണം. എന്നുമാത്രമല്ല ഗവണ്മെൻറു സ്കൂളുകൾ ഉള്ള എല്ലായിടത്തും ശരിയായ മാനേജർമാരെ കിട്ടാൻ ഗവണ്മെൻറു ജാഗ്രതയായി പരിശ്രമിക്കയും അവർക്കു കഴിയുന്ന സഹായമെല്ലാം ചെയ്തുപ്രോത്സാഹിപ്പിക്കയും വേണം. ഈ പ്രസ്താവത്തോടുകൂടെ ഞാൻ ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിക്കുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): സർ, മിസ്റ്റർ കെ. കെ. തോമസ് ഈ ഉപക്ഷേപം കൊണ്ടുവന്നതിൻെറ ഉദ്ദേശം ഡിപ്പാർട്ടുമെൻറുവക സ്കൂളുകളെ പ്രൈവറ്റ് മാനേജ്മെൻറിനു വിട്ടുകൊടുക്കുന്നതിൻെറ ആവശ്യകതയെകാണിക്കുന്നതിനാണെന്നുതോന്നുന്നു. ൧൯൧൯-ൽ നിയമിച്ച വിദ്യാഭ്യാസച്ചെലവുകമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു ഇംഗ്ലീഷ് വിദ്യാഭ്യാസപ്രചാരണം മേലാൽ സ്വകാര്യപരിശ്രമത്തിനു, കഴിവുള്ളടത്തോളം, വിട്ടുകൊടുക്കേണ്ടതാണെന്നു ഗവണ്മെൻറു തീർച്ചചെയ്തുസംഗതി അദ്ദേഹത്തിന്നറിവുണ്ടെന്നു വിശ്വസിക്കുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): എൻെറ അഭിപ്രായം വ്യക്തമാക്കിക്കൊള്ളട്ടെ. ഗവണ്മെൻറു ചിന്നാക്കംപോകണമെന്നാണു ഞാൻ പറയുന്നതു. അതായതു ഇപ്പോഴുള്ള ൫൦ ഡിപ്പാർട്ടുമെൻറുവക ഹൈസ്കൂളുകളെയും ആണ്ടുതോറും ഓരോന്നോരോന്നായി പ്രൈവറ്റ് മാനേജ്മെൻറിനു വിട്ടുകൊടുക്കണം എന്നാണു എൻെറ അഭിപ്രായം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): യാതൊരു ഇംഗ്ലീഷ് മിഡിൽ സ്കൂളും ഗവണ്മെൻറു വെച്ചുകൊണ്ടിരിക്കേണ്ടതില്ലെന്നും ഹൈസ്കൂളുകളുടെ കാര്യത്തിൽ ആറെണ്ണംമാത്രം മാതൃകയ്ക്കായി വെച്ചുകൊണ്ടിരുന്നാൽമതിയെന്നു ശേഷം ഹൈസ്കൂളുകൾ ഔദാര്യമായ ഗ്രാൻറോടുകൂടെ സ്വകാര്യമാനേജ്മെൻറിനു വിട്ടുകൊടുക്കേണ്ടതാണെന്നും വിദ്യാഭ്യാസച്ചെലവുകമ്മിററി ശിപാർശചെയ്തിരുന്നു. ൧൯൩൫ ഏപ്രിൽ മാസത്തിൽ ദിവാൻെറ അഗ്രാസനാധിപ്രവൃത്തിൻ കീഴിൽക്കൂടിയ വിദ്യാഭ്യാസഉദ്യോഗസ്ഥന്മാരുടെ ഒരു യോഗത്തിൽ ഈ ശിപാർശകളെ പര്യാലോചനചെയ്തു. ഈ ആലോചനയുടെ ഫലമായി ഗവണ്മെൻറു ഇപ്രകാരം കല്പിച്ചു.

"കമ്മിററിയുടെ അഭിപ്രായങ്ങളെമുഴുവനേ അംഗീകരിക്കുന്നു എന്നു രേഖപ്പെടുത്തുവാൻ ഗവണ്മെൻറു തയ്യാറില്ലെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസം സംബന്ധിച്ചു സ്വകാര്യപരിശ്രമങ്ങളെ അധികമധികം ആശ്രയിക്കയായിരിക്കും തങ്ങളുടെ നയംഎന്നു ഈ അവസരത്തിൽ ഗവണ്മെൻറു വീണ്ടും പ്രസ്താവിച്ചുകൊള്ളുന്നു. ഡിപ്പാർട്ടുമെൻറുവക ഇംഗ്ലീഷ് സ്കൂളുകളെ സ്വകാര്യമാനേജ്മെൻറിനുവിട്ടുകൊടുക്കുന്നതിനാൽ കാര്യക്ഷമതയ്ക്കു ഹാനിയുണ്ടാകുവാനില്ലെന്നു നിശ്ചയപ്പെട്ട കേസുകളിലെല്ലാം അങ്ങനെ വിട്ടുകൊടുക്കുന്നതിനു ഗവണ്മെൻറു തയ്യാറായിരിക്കും. ഓരോകേസിലും അതതിൻെറ യോഗ്യതായോഗ്യതകളെ നോക്കി പ്രവൃത്തിക്കുന്നതായിരിക്കും. അല്ലാതെ ഈ കാര്യത്തിൽ കൃത്യമായ ഒരു വ്യവസ്ഥചെയ്യാൻ എളുപ്പമല്ല. ഇനിയും അധികം ഇംഗ്ലീഷ് സ്കൂളുകൾ ആവശ്യമാകുന്നു ഗവണ്മെൻറിനു ബോധമുണ്ടു. എന്നാൽ അധികം സ്കൂളുകൾ സ്ഥാപിക്കുന്നകാര്യം പണത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ അല്പകാലമാത്രമേ സാധ്യമായിവരുന്നുള്ളു".

ഈ ഉത്തരവനുസരിച്ചു ഭരണങ്ങാനം ഇംഗ്ലീഷ് മിഡിൽസ്കൂൾ ഭരണങ്ങാനം പള്ളികാര്യസ്ഥന്മാരെ ഏല്പിച്ചു. കുമ്പിടാരത്തിൻെറ ഒരു നിബന്ധന പള്ളിക്കൂടംവക സാമാനങ്ങൾ ഇൻസ്പെക്ടർ അവയ്ക്കു നിശ്ചയിക്കുന്ന വില കൊടുത്തശേഷം അവർ ഉപയോഗിച്ചുകൊള്ളണമെന്നായിരുന്നു. വിദ്യാഭ്യാസ കോഡിലെ നിബന്ധനകൾ അനുസരിച്ചുതന്നെ സ്കൂൾ നടത്തിക്കൊണ്ടു പോകണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ടായിരുന്നു. പള്ളിക്കൂടം പള്ളിക്കാരെ ഏല്പിച്ചിട്ടു വർഷംമൂന്നായി എങ്കിലും പള്ളിക്കൂടത്തോടുകൂടെതന്നെ ഏല്പിച്ചുകൊടുത്ത സാമാനങ്ങൾക്കു നിശ്ചയിച്ചുവില അവർ ഇതുവരെ കൊടുത്തിട്ടില്ല. ഈ സംഖ്യ ൧൫൫ ൧/൨ രൂപായാണു. ഈ സംഖ്യയിൽ ഒരംശം കഴിഞ്ഞയാണ്ടിലും ഈ യാണ്ടിലും ആസ്കൂളിനുനടപ്പിച്ചു ഗ്രാൻറിൽനിന്നു കുറച്ചു വസൂലാക്കി. ഗവണ്മെൻറിൻെറ ഭാഗത്തുനിന്നു ഉടമ്പടിപ്രകാരംതന്നെ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും പള്ളിക്കൂടം ഭരണമേററ പള്ളിക്കാർ അവർചെയ്യേണ്ടപ്രകാരം ചെയ്തിട്ടില്ലെന്നു ഇതിൽനിന്നു കാണാവുന്നതാണു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): സ്കൂൾകെട്ടിടം പള്ളിക്കാർഉണ്ടാക്കി അവർ സ്കൂൾനടത്തിയിരുന്നതാണോഎന്നു ഡയറക്ടർ പറയുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഒരു സംഗതി—

ഡിപ്യൂട്ടിപ്രെസിഡെന്റ്: നിങ്ങൾ നടപടി ക്രമം ലംഘിക്കുന്നു. മിസ്റ്റർ. ജോസഫ്, മിസ്റ്റർ. മാത്യു ഒരു ചോദ്യം ചോദിച്ചതിന്നു മിസ്റ്റർ, കൃഷ്ണസ്വാമിഅയ്യർ മറുപടി പറകയാണ്.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): പ്രധാന കെട്ടിടം പള്ളിവകയാണു. അതു അവർക്കു തന്നെ മടക്കിക്കൊടുത്തു. ജനങ്ങൾ കൂടി ഒരു പാർശ്വമന്ദിരം കൂടെ കെട്ടി കെട്ടിടത്തിനു വിസ്തീർണ്ണം വരുത്തിയിരുന്നു. ആ പാർശ്വമന്ദിരം ഗവണ്മെന്റിനെ ഏല്പിച്ചതു എന്തു വ്യവസ്ഥയിന്മേലാണെന്നു അറിവില്ലായിരുന്നു. സ്കൂൾ പള്ളിക്കാരെ ഏല്പിച്ചപ്പോൾ അതിനു ശേഷം ആവ്യവസ്ഥയെ പററി അറിയുകിട്ടുകയാണെങ്കിൽ അതിനെ പററിവല്ല തർക്കവുണ്ടായാൽ അതു പള്ളിക്കാരും ജനങ്ങളും തമ്മിൽ തീർത്തുകൊള്ളണമെന്നു കരാർചെയ്തിട്ടുണ്ട്. ഇങ്ങനെ കെട്ടിടത്തിന്റെ ഒരു ഭാഗം പള്ളിയിൽനിന്നു പണിയിച്ചതും അതു വിസ്തീർണ്ണം വരുത്തിയതു ജനങ്ങൾ വരിയിട്ടെടുത്ത പണം കൊണ്ടും ആകുന്നു.

കുറെ മുമ്പു ഹൈസ്കൂൾ മിഡിൽ സ്കൂളും അവിടത്തെ ജനങ്ങളെ ഏല്പിക്കണമെന്നു ആലോചന ഉണ്ടായിരുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സാമാനങ്ങൾക്കു വിലനിശ്ചയിച്ചതു കുറഞ്ഞ ടെണ്ടറിലാണെന്നു ഉദ്യോഗസ്ഥർ പറഞ്ഞതു എന്തിന്റെ അടിസ്ഥാനപ്പെടുത്തിയാണെന്നു പറയുമോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസ ഡയറക്ടർ). ആഫീസിലുള്ള വിവരങ്ങളും ഇന്നിലത്തെ ഇൻസ്പെക്ടർ മിസ്റ്റർ. എ. നാരായണയ്യരോടു സംഭാഷണമദ്ധ്യേ അറിഞ്ഞതും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): യഥാർത്ഥത്തിൽ അങ്ങനെയല്ല ഉണ്ടായതെന്നാണ് എന്റെ അറിവു.

ഡിപ്യൂട്ടിപ്രെസിഡന്റ്: ചോദ്യം ചോദിച്ചു വിവരമറിയാതെ അഭിപ്രായം പറവാൻ പാടില്ല. നിങ്ങൾ അഭിപ്രായം പറഞ്ഞതു ക്രമവിരുദ്ധമാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) : പള്ളിക്കൂടം മൈനോറിയിൽ കണ്ട അനേകം പുസ്തകങ്ങൾ സ്കൂൾവകയല്ലായിരുന്നു ജനങ്ങളുടെതായിരുന്നുവോ എന്നു വിദ്യാഭ്യാസ ഡയറക്ടർ പറയുമോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): എനിക്കറിവില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ പുസ്തകങ്ങൾ സാമാനങ്ങളുടെ കൂട്ടത്തിൽ കൂട്ടിയിരുന്നുവോ എന്നു പറയുമോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയക്ടർ): പുസ്തകങ്ങൾ സാമാനങ്ങളുടെകൂട്ടത്തിൽ ഉൾക്കൊള്ളിച്ചതിൽ ഞാൻപാടില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഗവണ്മെന്റിനു കൊടുക്കേണ്ടുന്ന സംഖ്യ തീർച്ചപ്പെടുത്തിയപ്പോൾ ഈ പുസ്തകങ്ങളുടെ വിലയും ഉൾപ്പെടുത്തിയില്ലയോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസ ഡയറക്ടർ): സാമാനങ്ങൾ മാത്രമേ വിലയിട്ടുള്ളു എന്നാണു എന്റെ അറിവു. ചില പുസ്തകങ്ങളും വില തിട്ടപ്പെടുത്തിയായിരിക്കാം. എന്നാൽ ആ കാര്യത്തെപ്പററി എനിക്കറിവില്ല.

ഇനി തിരുവനന്തപുരത്തെ പെൺകുട്ടികളുടെ പ്രൈമറിസ്കൂൾ ഉണ്ട്. കയ്മാറത്താൽ ഗവണ്മെന്റിലേക്കു വല്ല നഷ്ടവും സംഭവിച്ചാൽ അതു കവച്ചുകൊടുക്കാമെന്നു ഉടമ്പടി എഴുതി വാങ്ങിച്ചു കൊണ്ടു ആ സ്കൂൾ ഗവർണ്മെന്റിൽ പള്ളിക്കാർക്കു ഏല്പിച്ചു കൊടുത്തു. മുമ്പാറവപുഴ ഇംഗ്ലീഷ്ഹൈസ്കൂൾ പ്രൈവെററു മാനേജ്മെന്റിനുവിട്ടുകൊടുക്കുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നു. ചില ഇംഗ്ലീഷ്മിഡിൽസ്കൂൾ തങ്ങളുടെ മാനേജ്മെന്റിനു വിട്ടുകൊടുക്കണമെന്നു നായർ സെർവീസ് സംഘത്തിൽ നിന്നു ഒരു അപേക്ഷയും കിട്ടിട്ടുണ്ട്. ഈ അപേക്ഷകൾ രണ്ടും ആലോചനയിൽ ഇരിക്കുന്നു.

ഡിപ്പാർട്ടുമെന്റുവക സ്കൂളുകൾ പ്രൈവെററുമാനേജ്മെന്റിനു വിട്ടുകൊടുക്കുന്ന സാധാരണ നയത്തെപ്പററി ഒരു വാക്കു പറവാനുണ്ട്. കയ്മാറത്തിനു അനുകൂലമായി പറവാൻ ചെലവു ചുരുങ്ങും എന്നുള്ള ഏകസംഗതിമാത്രമേയുള്ളു. ഇംഗ്ലീഷ്മിഡിൽ സ്കൂളുകളുടെ കാര്യത്തിൽ ഗവണ്മെന്റിനു വലിയ ചെലവില്ല.

മി: എ. കെ. പിള്ള (കുരുനാഗപ്പള്ളി): പ്രൈവെററു മാനേജർമാർക്കു അതൊരു ആദായമാർഗ്ഗം അല്ലേ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസ ഡയറക്ടർ): ചില മാനേജർമാർക്കു അങ്ങനെയായിരിക്കാം. മാവേലിക്കരസ്പെഷ്യൽ സ്കൂളിനോടു ചേർന്ന ഹോസ്റ്റൽ ചെലവുകൾപ്പെടെ ഇതു ന്യായമായി ഇംഗ്ലീഷ്മിഡിൽ സ്കൂൾ വിദ്യാഭ്യാസ ചെലവായി ഗണിച്ചു കൂടാത്തതാകുന്നു.—ഇംഗ്ലീഷ് മിഡിൽ സ്കൂളുകൾ വക ചെലവു ൭ ൧൯൯൫ ൧ രൂപ ആയിരുന്നു.

മി: കെ. കെ. തോമസ് (കോട്ടയം); ഞാൻ ഇംഗ്ലീഷ് മിഡിൽ സ്കൂളുകളുടെ കാര്യംയാതൊന്നും പറഞ്ഞതില്ലെന്നു പറഞ്ഞുകൊള്ളുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ഇംഗ്ലീഷ് മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചു ഡിപ്പാർട്ടുമെന്റിന്റെ സാധാരണ നയത്തെപ്പററിയാണു ഞാൻ പറയുന്നതു. സ്കൂളുകൾ പ്രൈവെററു മാനേജ്മെന്റിനു വിട്ടുകൊടുക്കുമ്പോൾ ചില സംഗതികൾ ആലോചിക്കാനുണ്ട്. ൧൯൧൦-ൽ ഇംഗ്ലീഷ്മിഡിൽ സ്കൂളുകൾ വക ആകെ ചെലവു ൪ ൧൨ ൦ ൧ രൂപാ ആയിരുന്നു. ഇപ്പോൾ ആകെ ചിലവു ൭ ൪ ൦ ൦ ൦ രൂപാ ആയിരിക്കുമെന്നാണ് കണക്കാക്കിട്ടുള്ളതു. ഇതിൽ നിന്നു പ്രൊവിൻഷ്യൽ സ്റ്റാഫിലുള്ള ബി. എ. അദ്ധ്യാപകന്മാരെ ഇംഗ്ലീഷ്മിഡിൽ സ്കൂളുകളിൽ നിയമിച്ചതിനാലുള്ള

ഫണ്ട്, ൧൦൦ രൂപാ കുറയ്ക്കേണ്ടതാണ്. പ്രൈവേററ് മിഡിൽ സ്ക്കൂളുകളിൽ ഹെഡ്മാസ്റ്റർമാരായി അണ്ടർ ഗ്രാഡ്വേട്സ് മതിയാകും. എന്നാൽ ഡിപ്പാർട്ടുമെൻറ് വക സ്ക്കൂളുകളിൽ മിഡിൽ സ്ക്കൂൾഹെഡ്മാസ്റ്റർമാരായി നാം ബി. എ. ക്കാരെമാത്രമേ നിയമിക്കാറുള്ളു. അവരിൽ ചിലർ ചിലപ്പോൾ ഒന്നാം ഗ്രേഡിൽ ഉള്ളവരായിരിക്കും.

മി: സി. പി. തോമസ് (ഗവണ്മെൻറനിയമനം): സ്കൂളുകൾ ഡിപ്പാർട്ടുമെൻറവകയായിരിക്കുന്നിടത്തോളം ഈ ഫണ്ട് ൧൦൦ രൂപാ കുറയ്ക്കുന്നതു ന്യായമായിരിക്കുമോ എന്നു പറയുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസഡയറക്ടർ): കയ്മാററത്തെസംബന്ധിച്ചു ആലോചിക്കുന്ന ചില സംഗതികൾ ഞാൻ പ്രസ്താവിക്കുന്നു എന്നേയുള്ളു. ഇവ എന്റെ സ്വന്ത അഭിപ്രായങ്ങളാണ് ഗവണ്മെൻറിന്റെ അഭിപ്രായങ്ങളായിട്ടല്ല പറയുന്നതു്. ഓരോസ്കൂളിന്റെയും കയ്മാററം അതിന്റെ യോഗ്യതായോഗ്യതകളെ ആലോചിച്ചു തീർച്ചയാക്കേണ്ടതാണെന്നു ഗവണ്മെൻറുതന്നെ കല്പിച്ചിട്ടുണ്ടല്ലോ.

ഡിപ്യൂട്ടിപ്രസിഡൻറ്: നമുക്കിനി അഞ്ചുമിനിട്ടുകൂടെയേ ഉള്ളു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ്വിദ്യാഭ്യാസഡയറക്ടർ): വരവുകഴിച്ചുള്ള ചെലവു ഏകദേശം ൧൬,൫൦൦ രൂപായാണ്. അതത്ര അധികമല്ലല്ലോ. അതുകൊണ്ടു ചെലവു ചുരുക്കണമെന്നാണ് ഉദ്ദേശമെങ്കിൽ ഇംഗ്ലീഷ് മിഡിൽസ്കൂളുകൾ സംബന്ധിച്ചു ഗവണ്മെൻറിനു ആണ്ടുതോറും പുറയത്തക്ക ചെലവില്ലാത്തതിനാൽ അവരെ കയ്മാററം ചെയ്യാൻ ആവശ്യമില്ല. എന്നാൽ മൂവാററുപുഴ ഹൈസ്കൂളിനെപോലെ നമുക്കു വളരെ പ്രയാസമുണ്ടാകുന്ന ചില ഹൈസ്കൂളുകൾ ഉണ്ട്. ആ സ്കൂൾ ഗവണ്മെൻറിൽനിന്നു ഏറെറടുത്തപ്പോൾ സമുദായനേതാക്കന്മാർ ചില വാഗ്ദാനങ്ങൾ ചെയ്തു ആ വാഗ്ദാനങ്ങൾ ഇപ്പോഴും നിവൃത്തിയാകാതെ കിടക്കുന്നു. അതുനിമിത്തം ഗവണ്മെൻറിനു ആ സ്കൂൾ നടത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ട്. ഗവണ്മെൻറു വളരെ പണം ചെലവുചെയ്തു അടുത്ത സ്ഥലം കൂടി വാങ്ങി കൂടുതൽ കെട്ടിടങ്ങൾ പണിയുകയോ അതിന്റെ മാനേജ്മെൻറ് വല്ല സ്വകാര്യമാനേജരെ ഏല്പിക്കയോ ചെയ്യാതെ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയെ കാര്യങ്ങൾ പ്രാപിച്ചിരിക്കുന്നു. ഇങ്ങനെയുള്ള സ്കൂളുകളുടെ കാര്യത്തിൽ ഗവണ്മെൻറിനു യഥാർത്ഥബുദ്ധിമുട്ടുണ്ട്.

മി: പ. കെ. നാരായണപിള്ള (അമ്പലപ്പുഴ): മൂവാററുപുഴ ആരാണു ഈ വാഗ്ദാനം ചെയ്തതു?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): ഒരു പള്ളിക്കാര്യസ്ഥനാണെന്നു തോന്നുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): ഈ സ്കൂൾ ഏറെറവാങ്ങി നടത്തുവാൻ കഴിവുള്ളവർ മൂവാററുപുഴ ഇല്ലെന്നാണോ ഗവണ്മെൻറു പറയുന്നതു?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അല്ല. കാര്യം ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

മി: കെ. കെ. തോമസ് (കോട്ടയം): പള്ളിക്കാർ വാഗ്ദത്തലംഘനം ചെയ്തു എന്നാണോ അദ്ദേഹം പറയുന്നതു?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ അങ്ങനെയൊന്നും പറയുന്നില്ല. മൂവാററുപുഴയിലെ ജനങ്ങളുടെ നേതാക്കന്മാർ അവർ ചെയ്ത വാഗ്ദാനപ്രകാരം പ്രവൃത്തിച്ചിട്ടില്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. എനിക്കു സംസാരിക്കാൻ സമയമില്ലെന്നു തോന്നുന്നതുകൊണ്ടു അവസാനിപ്പിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: വേറെയാരെങ്കിലും സംസാരിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?

മി: സി. പി. തോമസ് (ഗവണ്മെൻറനിയമനം): ഒരണങ്ങാനം മിഡിൽസ്കൂൾ പ്രൈവററ്മാനേജ്മെൻറിന് വിട്ടുകൊടുക്കാൻചെയ്തശ്രമത്തെപ്പററി സാമാനങ്ങളുടെ വില അവർക്കുകൊടുക്കണമെന്നു ഗവണ്മെൻറു ആവശ്യപ്പെട്ടതു ഔദാര്യമായില്ല എന്നു പറയേണ്ടിയിരിക്കുന്നു. സ്കൂളിൽഉപയോഗിച്ചിരുന്നസാമാനങ്ങളുടെ വില മാത്രമേ, ഗവണ്മെൻറിന്റെ നയത്തിനനുസരിച്ചു പള്ളിക്കാരോടു ചോദിക്കുമായിരുന്നുള്ളു എന്നു ഞാൻ വിചാരിക്കുന്നു.

മി: എ. കെ. പിള്ള (കുരുനാഗപ്പള്ളി): നടപടിക്രമം സംബന്ധിച്ചു ഒന്നു ചോദിച്ചുകൊള്ളുന്നു. വ്യക്തികളെ വാദവിഷയമാക്കാമോ എന്നു.

ഡിപ്യൂട്ടിപ്രെസിഡൻറ്: സാധാരണ തത്വം സംബന്ധിച്ചു വാദം പാടുള്ളതു.

മി: സി. പി. തോമസ് (ഗവണ്മെൻറനിയമനം): പ്രധാനകെട്ടിടം പള്ളിക്കാരുടേതായിരുന്നു. അതുകൊണ്ടു പള്ളിക്കാരെ കുററപ്പെടുത്തുന്നതു ന്യായമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ഡിപ്യൂട്ടിപ്രെസിഡൻറ്: പള്ളിക്കാർ കരാർ ചെയ്തുപോയതുകൊണ്ടു ഇപ്പോൾ ആ ചോദ്യത്തിനു അവകാശമില്ല.

മി: സി. പി. തോമസ് (ഗവണ്മെൻറനിയമനം): സാമാനങ്ങളുടെ വില അവരോടു ചോദിക്കരുതായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു.

ഇനിയും മിഡിൽസ്കൂളുകളെ പ്രൈവററ്മാനേജർമാരെ ഏല്പിക്കുന്നതുകൊണ്ടു ഗവണ്മെൻറിനു ലാഭമില്ലെന്നു പറഞ്ഞുവല്ലോ. എനിക്കതു അത്ര സമ്മതമാകുന്നില്ല. ഒരു സംഖ്യ കുറച്ചുവെന്നു പറഞ്ഞുവല്ലോ. ആ സംഖ്യ കുറയ്ക്കാൻ പാടില്ലെന്നു തെളിയിക്കാം. സ്കൂളുകൾ പ്രൈവററ്മാനേജർമാർക്കു വിട്ടുകൊടുക്കുന്നതിനാൽ ആ ചെലവുകൂടാതെ കഴിക്കാമെങ്കിൽ ആ സംഖ്യ ലാഭമായി ഗണിക്കേണ്ടതാണ്. വീണ്ടും ഇപ്പോൾ എല്ലാക്കൊല്ലവും ഇംഗ്ലീഷ്മിഡിൽസ്കൂളുകൾക്കായി ൨,൪,൫൦൦ രൂപാ ചെലവുചെയ്യുന്നുണ്ട്. സ്കൂളുകൾ കയ്മാററം ചെയ്താൽ ആ സംഖ്യയും ലഭിക്കാം. മിസ്റ്റർ ജാൻ കണക്കാക്കിയ—

മി: എ. കെ. പിള്ള (കുരുനാഗപ്പള്ളി): മിഡിൽസ്കൂളുകളുടെ മാനേജ്മെൻറു കയ്മാററംചെയ്തു വരുമ്പോൾ പ്രൈവററ്മാനേജർമാർക്കു വളരെ താല്പര്യം ഉള്ളതും മിഷൻസ്കൂളുകളെ സംബന്ധിച്ചു അല്ലാത്തതും എന്തുകൊണ്ടാണെന്നു മെമ്പർ പറയുമോ?

മി: സി. പി. തോമസ് (ഗവണ്മെൻറനിയമനം): വളരെ താല്പര്യം ഉള്ളതായി എനിക്കറിവില്ല.

പ്രൈവെററ് സ്കൂളുകളെ സംബന്ധിച്ചു ഗവണ്മെൻറിന്റെ ചെലവു മിസ്റ്റർ മേനോൻ കണക്കാക്കിയതു ശരിയല്ല. ഞാൻ കണക്കാക്കിയപ്രകാരം പ്രൈവറസ്കൂളുകളിലെ വിദ്യാർത്ഥിനിക്കുള്ള ചെലവു നൂറു രൂപായും ഗവണ്മെൻറസ്കൂളുകളിലെ വിദ്യാർത്ഥിനിക്കുള്ള ചെലവു ഏഴു രൂപായും ആകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): സമയം കഴിഞ്ഞുപോയിട്ടുള്ളതിൽ ചിലവാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: സമയം കഴിഞ്ഞു രണ്ടുമിനിട്ടായിരിക്കുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരുടെ പ്രസംഗം മുക്കാൽമണിക്കൂർ ഹൈസ്കൂൾ വിദ്യാഭ്യാസനയം പുനഃപരിശോധന ചെയ്യുന്ന കാര്യം മാത്രമേ ഞാൻ ആലോചനാവിഷയമാക്കിയുള്ളു എന്നു എനിക്കു മനസ്സിലായിരിക്കുന്നു. ഹൈസ്കൂളുകൾ പ്രൈവറ്റ്മാനേജ്മെന്റിൽ സി. എം. എസ്. സ്കൂളും സമാനതയ്ക്കു വിദ്യാശാലയുംപോലെ നന്നായി നടത്തപ്പെടുമെന്നുള്ള സംഗതിയിലേക്കു ഗവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിക്കാനാണു ഞാൻ ഉദ്ദേശിച്ചതു്. വേറെയും നാലഞ്ചുസ്കൂളുകൾ തിരുവിതാംകൂറിൽ ഹൈസ്കൂളുകൾ ഏല്പിക്കാൻ യോഗ്യതയുള്ള എത്രയോ സംഘങ്ങൾ ഉണ്ടെന്നു എനിക്കു തോന്നുന്നു. ഈ സ്കൂളുകൾ കയ്മാറ്റം ചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാർ ശ്രദ്ധ മുള്ളവരായിരിക്കണം.

ഡിപ്യൂട്ടിപ്രസിഡൻറ്: ഈ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു. ഉപക്ഷേപം വോട്ടിനു കൊക്കണമെന്നു മിസ്റ്റർ തോമസ്സിനു നിർബന്ധമുണ്ടോ?

മി: കെ. കെ. തോമസ് (കോട്ടയം): ഡയറക്ടർതന്നെ ഉറപ്പുനൽകിയ്ക്കു ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു. മേലിൽ ഉപക്ഷേപങ്ങൾ അതിനാൽ ഉർബലപ്പെട്ടുപോകുന്നു. ന. ഖ. ൦ ൬ക്ക രൂപയ്ക്കു ഡിമാൻറ്-൨ വിദ്യാഭ്യാസം ഞാൻ സഭയുടെ വോട്ടിനായി വെക്കുന്നു.

പ്രമേയം സ്വീകരിക്കയും ഗ്രാൻറു അനുവദിക്കയും ചെയ്തു.

ഉപക്ഷേപങ്ങൾ ൻ്വ മുതൽ ൻ്വ വരെ

അനുവദിച്ച സമയം കഴിഞ്ഞുപോയതിനാൽ താഴെ വിവരിക്കുന്ന ഉപക്ഷേപങ്ങൾ ഉർബലപ്പെട്ടുപോയി.

മി: കെ. ഐ. ജോസഫ്:

ൻ്വ. ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ച ൧,൦൦,൦൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

൨൦ ഡി. നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസം.

മി: ടി. കുമാരപിള്ള:

ൻ൯. സ്ത്രീകളുടെ നാട്ടുഭാഷാഹൈയും മിഡിലും സ്കൂളുകൾക്കനുവദിച്ച ൨,൫൭,൫൭൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. കെ. പിള്ള:

൧൦൦. നാട്ടുഭാഷാ പ്രാഥമിക സ്കൂളുകൾക്കനുവദിച്ച ൩,൪ൻ,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള:

൧൦൧. നാട്ടുഭാഷാ പ്രാഥമിക സ്കൂളുകൾക്കനുവദിച്ച ൨,൦൫,൩൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൧൦൨. മൊത്തസംഖ്യയായി അനുവദിച്ച ൪൩,൧൦൦ രൂപാ വിട്ടുകളയണം.

മി: എ. കെ. പിള്ള:

൧൦൩. കരകൌശല പരിശീലനത്തിനനുവദിച്ച ൨,ൻ൨൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: പി. ഹബീബ് മഹമ്മദ്:

൧൦൪. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ വിദ്യാഭ്യാസത്തിനു അനുവദിച്ച ൧൩,൩ൻ,൩൨൦ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: കെ. കെ. തോമസ്:

൧൦൫. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ വിദ്യാഭ്യാസത്തിനു അനുവദിച്ച ൧൩,൩ൻ,൩൨൦ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

൨൦ ഇ. സ്പെഷ്യൽസ്കൂൾ വിദ്യാഭ്യാസം.

മി: എ. കെ. പിള്ള:

൧൦൬. ഉർദ്ദുണപരിഹാരപാഠശാലയ്ക്കു അനുവദിച്ചിട്ടുള്ള ൻ,൧൩ൻ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കല്ലൂർ നാരായണപിള്ള:

൧൦൭. മലയാളബ്രാഹ്മണരുടെ സ്പെഷ്യൽ സ്കൂളിനു അനുവദിച്ച ൭,൩൦൦ രൂപാ വിട്ടുകളയണം.

മി: കെ. ശിവരാമപ്പണിക്കർ:

൧൦൮. മലയാളബ്രാഹ്മണരുടെ സ്പെഷ്യൽസ്കൂളിനു അനുവദിച്ച ൭,൩൦൦ രൂപാ വിട്ടുകളയണം.

൨൦ എഫ്. പലവക.

മി: ആർ. പത്മനാഭൻ:

൧൦൯. ഹോസ്റ്റൽസിനു അനുവദിച്ച ൧൩,൦൦൮ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൧൧൦. ടെക്സ്റ്റ്ബുക്ക കമ്മററിക്കു അനുവദിച്ച ൧,൩൩൦ രൂപായിൽ ൧ രൂപ കുറയ്ക്കണം.

മി: എ. കെ. പിള്ള:

൧൧൮. അനാഥശാലകളുടെ സഹായത്തിനു അനുവദിച്ച ൨,൫൦൦ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: ജി. നാരായണപിള്ള:

൧൧൯. സാമന്തന്മാരെ ഇടപെടുത്തുന്നതിനു മുതലായവയ്ക്കു അനുവദിച്ച ൩൫,൫൦൦ രൂപാ വിട്ടുകളയണം.

മി: കല്ലൂർ നാരായണപിള്ള:

൧൧൧. കാരുമുള്ളുകൾക്കു ഗ്രാൻറു കൊടുക്കുന്നതിനു അനുവദിച്ച ൭൫,൦൦൦ രൂപായിൽ ൫൭,൦൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൧൧൨. കാളേജുകൾക്കു സഹായധനം കൊടുക്കുന്നതിനായി അനുവദിച്ച ൭൫,൦൦൦ രൂപായിൽ നൂറു, ൦൦൦ രൂപാ കുറയ്ക്കണം.

മി: ടി. കുമാരപിള്ള:

൧൧൩. കാരുമുള്ളുകൾക്കു സഹായധനം കൊടുക്കുന്നതിനു അനുവദിച്ച ൭൫,൦൦൦ രൂപായിൽ ൪൫,൦൦൦ രൂപാ കുറയ്ക്കണം.

മി: എ. കെ. പിള്ള:

൧൧൪. ഗ്രാൻറു ഇൻ എയിഡ് (സഹായധനം) കൊടുക്കുന്നതിനു അനുവദിച്ച ൭,൭൫,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: പി. കെ. നാരായണപിള്ള:

൧൧൫. ഗ്രാൻറു ഇൻ എയിഡ് കൊടുക്കുന്നതിനു അനുവദിച്ച ൭,൭൫,൦൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: പി. ഹബീബ് മുഹമ്മദ്:

൧൧൬. ഗ്രാൻറു ഇൻ എയിഡ് കൊടുക്കുന്നതിനു അനുവദിച്ച ൭,൭൫,൦൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഡിമാണ്ടു നമ്പർ ആകെ സംഖ്യ.

മി: ജി. രാമൻമേനോൻ:

൧൧൭. ഡിമാൻറു നമ്പർ അനുവദിച്ച ആകെസംഖ്യ ൩൫,൫൦ ലക്ഷം രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: ടി. ജെ. മാത്യു:

൧൧൮. ഡിമാണ്ടു നമ്പർ അനുവദിച്ച ആകെ സംഖ്യ ൩൫,൫൦ ലക്ഷം രൂപായിൽ ൧ രൂപാകുറയ്ക്കണം.

മി: ടി. ജെ. മാത്യു:

൧൧൯. ഡിമാണ്ടു നമ്പർ അനുവദിച്ച ആകെ സംഖ്യ ൩൫,൫൦ ലക്ഷം രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: കെ. കെ. തോമസ്:

൧൨൦. ഡിമാണ്ടു നമ്പർ അനുവദിച്ച ആകെ സംഖ്യ ൩൫,൫൦ ലക്ഷം രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: എ. ജെ. ജാൻ.

൧൨൧. ഡിമാണ്ടു നമ്പർ അനുവദിച്ച ആകെ സംഖ്യ ൩൫,൫൦ ലക്ഷം രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: എം. എൻ. പിള്ള:

൧൨൨. ഡിമാണ്ടു നമ്പർ അനുവദിച്ച ആകെ സംഖ്യ ൩൫,൫൦ ലക്ഷം രൂപായിൽ ൫ രൂപകുറയ്ക്കണം.

മി: എ. കെ. പിള്ള:

൧൨൩. ഡിമാണ്ടു നമ്പർ അനുവദിച്ച ആകെ സംഖ്യ ൩൫,൫൦ ലക്ഷം രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കെ. ഐ. ജോസഫ്:

൧൨൪. ഡിമാണ്ടു നമ്പർ അനുവദിച്ച ആകെ സംഖ്യ ൩൫,൫൦ ലക്ഷം രൂപായിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞങ്ങൾക്കു രണ്ടു മണിയ്ക്കുമുമ്പിനു കൂടെ അവകാശം ഇല്ലയോ എന്നു പ്രൈസിഡന്റിനോ സഭയുടെ നേതാവോ, അതാരുടെയാണും വേണ്ടതില്ല, പറയുമോ? ഉണ്ടെങ്കിൽ നാളെ രണ്ടു മണിക്കു്ർ സമയംകൂടെ ഈ വാദം തുടരാം.

ഡിപ്യൂട്ടിപ്രസിഡൻറു: ഉവ്വ് എന്നാൽ വിദ്യാഭ്യാസവിഷയത്തിനല്ല. ഒരു ദിവസം അഞ്ചു മണിക്കൂറാണ്. അതു കഴിഞ്ഞുപോയിരിക്കുന്നു.

തെക്കിട്ടു ൪-മണി മണിക്കു പിന്നെത്തെ ദിവസം പകൽ ൧൧.൩൦ മണിക്കു വീണ്ടും കൂടണമെന്നുള്ള നിശ്ചയത്തിന്മേൽ സഭ പിരിഞ്ഞു.

നിയമസഭാസിക്രട്ടറി, ടി. പി. രാമസുബ്ബയ്യർ. (ഒപ്പു)

(A true Translation.)

T. RAMALINGAM PILLAI,
Head Translator to Government

തിരുവിതാംകൂർ നിയമസഭ.

ദ്വിതീയദശാബ്ദം,

൧൯൧൫-ലെ രണ്ടാം സമ്മേളനം.

ഔദ്യോഗിക റിപ്പോർട്ട്.

൧൯൧൫ ആഗസ്റ്റ് ൨൪/൧൫ ൦ കർക്കടകം ൧ ൭ ബുധനാഴ്ച.

ഇന്നു കൃത്യം ൨൫-ന്നു ദിവാൻ മിസ്റ്റർ എം. ഇ. വാട്സ് ബി. എ., ബാരിസ്റ്റർ ആററ്ലായുടെ അദ്ധ്യക്ഷതയിൽ വിക്ടോറിയാ ജൂബിലിടൌൺ ഹാളിൽവച്ചു യോഗനടപടികൾ വീണ്ടും ആരംഭിച്ചു. മിസ്റ്റർ എസ്. പിരവിപ്പെരുമാൾപിള്ളയും മിസ്റ്റർ എസ്. സുബ്രഹ്മണ്യകൈയാളും ഒഴികെയുള്ള എല്ലാ അംഗങ്ങളും ഹാജരുണ്ടായിരുന്നു.

ചോദ്യോത്തരങ്ങൾ.

നെടുമങ്ങാട്ടുതാലൂക്കിലെ പട്ടയംകൊടുക്കൽ.

൯൧. മി. കെ. മാധവൻപിള്ള (നെടുമങ്ങാട്-തിരുവനന്തപുരം): ൧൯൧൦-ാമാണ്ടു നെടുമങ്ങാട്ടു താലൂക്കിൽനിന്നും തീർപ്പുചെയ്തിട്ടുള്ള ൪൧ ൭ന്നു പുതുവൽ കേസുകളിൽ എത്ര എണ്ണത്തിനു പട്ടയങ്ങൾ കൊടുത്തിട്ടുണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): പട്ടയം കൊടുക്കുന്നതിലേക്കുള്ള ഫാറങ്ങൾ തയ്യാറായിട്ടില്ലായിരുന്നതിനാൽ ൧൯൧൦-ൽ തീർപ്പുചെയ്ത പുതുവൽകേസുകളെ സംബന്ധിച്ചിടത്തോളം പട്ടയങ്ങൾകൊടുക്കാൻ ആ ആണ്ടിൽ സാധിച്ചിട്ടില്ല. അച്ചടിച്ച ഫാറങ്ങൾ അതിനുശേഷം കിട്ടിയിട്ടുള്ളതും പട്ടയങ്ങൾ തയ്യാറാക്കി വരുന്നതും അധികതാമസംകൂടാതെ അവ കൊടുക്കപ്പെടുന്നതും ആണ്.

മാവേലിക്കരയിൽ ഒരു ജില്ലാക്കോടതി സ്ഥാപിക്കണം.

൯൨. മി. ജി. രാമൻമേനോൻ (മാവേലിക്കര—കാർത്തികപ്പള്ളി): രണ്ടു പ്രത്യേക ജില്ലാക്കോടതികൾ സ്ഥിതിചെയ്യുന്നതായ ആലപ്പുഴയും കോട്ടയവും തമ്മിലുള്ള ദൂരം ൧൫ മൈൽ മാത്രവും എന്നാൽ കൊല്ലവും മാവേലിക്കരയുംതമ്മിൽ ഉള്ളദൂരം ൩൫ മൈലും ആണെന്നുള്ളതും ഒരേതരത്തിലുള്ള രണ്ടോ അതിലധികമോ കോടതികൾ ഒരേസ്ഥലത്തുണ്ടായിരിക്കുന്നതിനെക്കാൾ പണസംബന്ധമായും മററപ്രകാരത്തിലും ജനങ്ങൾക്കു കൂടുതൽ ഉപയോഗപ്രദവും ആശ്വാസകരവും ആയിരിക്കുന്നതു് പല സ്ഥലങ്ങളിലായി ഇത്തരത്തിലുള്ള കോടതികൾ ഉണ്ടായിരിക്കുന്നതാണെന്നുള്ളതും ആയ വസ്തുതകളെ മുൻനിറുത്തി മാവേലിക്കര ഒരു ജില്ലാക്കോടതി സ്ഥാപിക്കുന്നതിനെസംബന്ധിച്ചു് ൧൯൧൫ മേടം ൯-ന്നു ൧൭ വ-ാം നമ്പർ ചോദ്യത്തിനുണ്ടായ മറുപടി കയ്യിലെടുത്തു പുനരാലോചിക്കുമോ?

മി. കെ. രാജു (ഗവണ്മെൻറു ചീഫ്സെക്രട്ടറി): രൂപീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന നിയമവിദുഷകന്മാരുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം ഇതിനെപ്പററി പുനരാലോചിക്കാം.

നദികളിലെ ഗതാഗതസൌകര്യം.

൯൩. മി. എ. ജെ. ജാൺ (മാവേലിക്കര):

(എ) നദികളിലെ ഗതാഗത സൌകര്യത്തെസംബന്ധിച്ചു പരിശോധന നടത്താനായി നിയമിച്ചിരുന്ന സ്പെഷ്യൽഓഫീസർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ ഗവണ്മെണ്ടിൽ നിന്നും എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ?

(ബി) ആ സ്പെഷ്യൽഓഫീസർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൻെറ ഒരു പകർപ്പു സഭമുമ്പാകെ ഹാജരാക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി):

(എ) റിപ്പോർട്ടു ഇപ്പോൾമാത്രം കിട്ടിയിട്ടുള്ളതും അതു അച്ചടിച്ചുവരുന്നതും ആകുന്നു.

(ബി) അച്ചടിച്ചുകഴിഞ്ഞാലുടൻ റിപ്പോർട്ടിൻെറ ഒരു പ്രതി സഭയിൽ ഹാജരാക്കുന്നതാണ്.

മി. എ. ജെ. ജാൺ (മാവേലിക്കര): ഏതെല്ലാം ആറുകളുടെ പരിശോധന നടത്തിയിട്ടുണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മൂവാററുപുഴയാറിനേയും പമ്പാനദിയേയും പരിശോധിച്ചിട്ടുണ്ട്.

കൃഷിക്കാർക്കുള്ള റോഡുകളെ സംബന്ധിച്ചുള്ള നിയമങ്ങൾ പുതുക്കണം.

൯൪. മി. കെ. കെ. തോമസ് (കോട്ടയം):

(എ) നിയമനിർമ്മാണസഭാനടപടികൾ ൧൦൦ വാല്യം വുൻവ-ാം പുറത്തിൽ അച്ചടിച്ചിട്ടുള്ളതായ കൃഷിക്കാർക്കുള്ള റോഡുകളെസംബന്ധിച്ചുള്ള നിയമങ്ങളെപ്പററിയുള്ള പ്രമേയത്തിൻെറ മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നല്ലോ, അതിനെസംബന്ധിച്ചുള്ള പുതുക്കിയ കരടുചട്ടങ്ങൾ കഴിയുന്നതും വേഗത്തിൽ പ്രസിദ്ധപ്പെടുത്തുമെന്നായിരുന്നല്ലോ. അതിനെസംബന്ധിച്ചു എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

(ബി) ഒന്നും ഇതുവരെ ചെയ്തിട്ടില്ലെങ്കിൽ കഴിയുന്നതുംവേഗത്തിൽ അതു ചെയ്യാൻ ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ചീഫ്എഞ്ചിനീയർ ആ ചട്ടങ്ങളെ പുതുക്കി വരികയാണ്. അദ്ദേഹത്തിൻെറ പക്കൽനിന്നും കരടുനിയമങ്ങൾ കിട്ടിയാലുടൻ ചട്ടങ്ങളെ പുതുക്കുന്നകാര്യത്തിൽ ഗവണ്മെണ്ടിൻെറ ശ്രദ്ധ പതിയുന്നതായിരിക്കും.

റെയിഞ്ചറന്മാരുടെ സ്ഥിരസഞ്ചാരപ്പടി.

൯൫. മി. കെ. കെ. തോമസ് (കോട്ടയം):

(എ) റെയിഞ്ചറന്മാർക്കു കൊടുത്തുവരുന്ന സ്ഥിരസഞ്ചാരപ്പടിഎന്തു്?

(ബി) ദേവികുളം ഡിവിഷനിലുള്ള റെയിഞ്ചറന്മാർക്കു കൂടുതൽ സഞ്ചാരപ്പടി നിരക്കിന് അവകാശമുള്ളതിനാൽ 'ഹൈറേഞ്ചസ്' എന്ന സാങ്കേതികശബ്ദത്തിൽ ഉൾപ്പെടുന്നില്ലെങ്കിലും മലംപ്രദേശങ്ങളിൽ ജോലിനോക്കുന്ന റെയിഞ്ചറന്മാർക്കു കൂടുതൽ സഞ്ചാരപ്പടി കൊടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി):

(എ) റെയിൽവേക്കാരുടെ സ്ഥിരസഞ്ചാരപ്പടി ഇപ്പോൾ പ്രതിമാസം ൨ ൫ രൂപയാണ്.

(ബി) പുതുക്കിയ സഞ്ചാരപ്പടിനിയമം അനുസരിച്ചു മൈസൂരേഞ്ചസിൽ അല്ലാതെ മററു മലംപ്രദേശങ്ങളിൽ വേലചെയ്യുന്ന റെയിൽവേക്കാർക്കും സാധാരണയനുവദിച്ചിട്ടുള്ള സഞ്ചാരപ്പടിയിൽനിന്നും ൨ ൫ ശതമാനം കൂടുതൽ സഞ്ചാരപ്പടി അനുവദിക്കപ്പെട്ടിട്ടുണ്ടു.

ഗവണ്മെന്റുസർവീസിലെ വർഗ്ഗീയപ്രാതിനിധ്യം.

൯൭. മി. കെ. കെ. തോമസ് (കോട്ടയം):

(എ) അപേക്ഷകന്മാർക്കു ശരിയായ യോഗ്യത ഉണ്ടായിരുന്നാൽ വർഗ്ഗീയപ്രാതിനിധ്യത്തെ മുൻനിർത്തിയാണോ സർക്കാർസർവീസിൽ പുതിയതായി ആളുകളെ നിയമിക്കാറുള്ളതു്?

(ബി) ഒന്നാമത്തെ ചോദ്യത്തിന്റെ മറുപടി അതേ എന്നാണെങ്കിൽ പ്രത്യേക പ്രാതിനിധ്യത്തെ ഗവണ്മെണ്ടിൽനിന്നും അംഗീകരിച്ചിട്ടുള്ളതു് ഏതേതു സമുദായങ്ങളെസംബന്ധിച്ചാണ്.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാമർത്ഥ്യം, പരീക്ഷായോഗ്യത, പ്രത്യേകമായി ഓരോ ഉദ്യോഗങ്ങൾക്കുണ്ടായിരിക്കേണ്ട വിശേഷാൽ യോഗ്യതകൾ ഇവയ്ക്കു യാതൊരു കുറവും വരാത്തവിധത്തിൽ വർഗ്ഗീയപ്രാതിനിധ്യത്തെയും കഴിയുന്നിടത്തോളം ലാക്കാക്കി പ്രവർത്തിപ്പാൻ ഗവണ്മെണ്ടു ശ്രമിക്കുന്നുണ്ടു്. വിദ്യാഭ്യാസത്തിൽ പിന്നാക്കം സ്ഥിതിചെയ്യുന്ന സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെണ്ടുസർവീസിനു അത്യന്താപേക്ഷിതങ്ങളായ യോഗ്യതകൾഎങ്കിലും ഉണ്ടെന്നുകാണുന്ന സന്ദർഭങ്ങളിലെല്ലാം ന്യൂനതയുള്ളിടത്തോളം പ്രത്യേകത കാണിച്ചുവരുന്നുണ്ടു്.

(ബി) സമുദായങ്ങളെ ഇപ്പോൾ സർവീസിലുള്ള പ്രാതിനിധ്യത്തെസംബന്ധിച്ചിടത്തോളം താഴെ പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു.

൧. ഹിന്ദു.

- ൧. മലയാളബ്രാഹ്മണർ
- ൨. മററുബ്രാഹ്മണർ
- ൩. നാടാർ
- ൪. ഈഴവർ
- ൫. കണക്കാളർ
- ൬. മലയാളക്ഷത്രിയർ
- ൭. നായർ
- ൮. പുലയർ
- ൯. മററുതാണജാതിക്കാർ
- ൧൦. തവളളാളർ
- ൧൧. മററു ഹിന്ദുക്കൾ

൨. മഹമ്മദീയർ.

൩. ക്രിസ്ത്യാനികൾ.

- ൧. പ്രോട്ടസ്റ്റന്റ്
- ൨. റോമൻകത്തോലിക്കർ
- ൩. സുറിയാനി ക്രിസ്ത്യാനികൾ
  - (എ) ജാക്കോബൈറ്റുകൾ
  - (ബി) പുത്തൻകൂറുകാർ
  - (സി) റോമൈസിറിയൻകാർ

൪. മററുജാതിക്കാർ.

നിയമനിർമ്മാണസഭയിൽ ഉത്തരംപറയേണ്ട ചോദ്യങ്ങളുടെ തിരഞ്ഞെടുപ്പു്.

൯൮. മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം):

(എ) നിയമനിർമ്മാണസഭായോഗങ്ങളിൽവച്ചു മറുപടി പറയുന്നതിലേക്കായി തിരിച്ചുപ്പെടുത്തി ചോദ്യങ്ങളെ തിരഞ്ഞെടുക്കുന്നതു ഏതെങ്കിലും ക്ലിപ്തനിയമങ്ങളെ ആധാരമാക്കിയാണോ? അങ്ങിനെയാണെങ്കിൽ അവ എന്താണ്?

(ബി) ഇപ്പോൾ അതേസംബന്ധിച്ചു യാതൊരു നിയമങ്ങളും ഇല്ലെങ്കിൽ ചില നിർദ്ദിഷ്ടനിയമങ്ങൾ ഉണ്ടാക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) ഇതുസംബന്ധിച്ചു യാതൊരുനിയമവുംഇല്ല. എന്നാൽ ഏതേതു ചോദ്യങ്ങൾക്കു മറുപടിപറയാൻ വേണ്ടിടത്തോളം വിവരങ്ങൾ ഹജൂരാഫീസിൽനിന്നും ഉടയവർ കിട്ടാൻകഴിയുമോ ആ ചോദ്യങ്ങൾക്കെല്ലാം മറുപടികളും ഉടൻതന്നെ കൊടുക്കുന്നു. മററു നിവേദനങ്ങളെ സംബന്ധിച്ചിടത്തോളം മറുപടി-കൊടുക്കുന്നതിനുവേണ്ട വിവരങ്ങൾ എഴുതിഅയപ്പാൻ അതാതു ഡിപ്പാർട്ടുമെണ്ടു മേധാവികാരികളോടും ഏതുദ്യോഗസ്ഥനെസംബന്ധിച്ചു നിവേദനം ഉണ്ടായിരിക്കുന്നുവോ ആ ഉദ്യോഗസ്ഥനോടും ആവശ്യപ്പെടുകയും അവരുടെ മറുപടികൾ കിട്ടിയതിനുമേൽ ആ ചോദ്യങ്ങൾക്കു മറുപടി കൊടുക്കയുംചെയ്യുന്നു. അങ്ങിനെ മറുപടി കിട്ടിയതിനുമേൽമാത്രമെ ആ നിവേദനങ്ങൾക്കു മറുപടിപറവാൻ ഗവണ്മെണ്ടിനു സാധിക്കയുള്ളൂ. ഇൻകുന്നു ഏപ്രിൽ ൨൦-നു നടന്നതായ ഈ സഭയുടെ യോഗത്തിൽവച്ചു ൨൪-ാം നമ്പർ ചോദ്യത്തിനു പറഞ്ഞിരുന്ന മറുപടിയിലേക്കു പ്രയോക്താവിന്റെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു.

(ബി) ക്ലിപ്തമായ ഏതാനും നിയമങ്ങൾ ഉണ്ടാക്കുക എന്നുള്ളതു തീരെ പ്രായോഗികമല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഡിപ്പാർട്ടുമെണ്ടു മേധാവികളോടു വിവരങ്ങൾ ചോദിക്കുന്ന സന്ദർഭങ്ങളിലെല്ലാം ഇത്രനാളിനകം വിവരങ്ങൾ അറിയിക്കണംഎന്നുള്ളതു വ്യവസ്ഥപ്പെടുത്താറുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആവശ്യപ്പെടുന്ന വിവരങ്ങൾ കൊടുക്കപ്പെടുന്നു ഇത്രകാലത്തിനുള്ളിൽ വേണമെന്നു സാധാരണ നിഷ്കർഷ ചെയ്യാറുണ്ട്. എന്നാൽ ചിലപ്പോൾ പ്രയോക്താക്കൾ അനേകംവർഷങ്ങളുടെ വിവരങ്ങളെക്കുറിച്ചു ചോദിക്കാറുള്ള സന്ദർഭങ്ങളിൽ ആവശ്യപ്പെടുന്നിടത്തോളം വിവരങ്ങൾ മുഴുവൻശേഖരിച്ചു നിശ്ചിതകാലത്തിനകത്തിൽ അയച്ചുതരുന്നതിനു എല്ലായ്പ്പോഴും സാധ്യമാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേലുകാവു): ഡിപ്പാർട്ടുമെണ്ടു മേധാവികൾ മനഃപൂർവ്വമായി, മറുപടിക്കു വേണ്ട വിവരങ്ങൾ എഴുതിഅയക്കുന്നവിഷയത്തിൽ, അമാന്തംകാണിക്കാതെഇരിപ്പാൻ ഗവണ്മെണ്ടിൽനിന്നു ഏതെങ്കിലും മാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഈ നിവേദനങ്ങളെ അത്യാവശ്യസംഗതികളായികരുതി അവയ്ക്കു മറുപടികൾ ഉടൻതന്നെ അയച്ചുകൊള്ളേണ്ടതാണെന്നു കർശനമായ ഒരു ആജ്ഞ ഡിപ്പാർട്ടുമെണ്ടു മേധാവികൾക്കു എല്ലാപ്പോഴും കൊടുത്തിട്ടുണ്ട്.

ഭൂനികുതിവകുപ്പിൽ ഈഴവർ, കത്തോലിക്കർ ആദിയായവരുടെ നിയമനം.

൯൯. മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ):

(എ) ഈ രാജ്യത്തെ ഓരോ പ്രജാവിഭാഗത്തിനും ഭൂനികുതിവകുപ്പിൽ ഉദ്യോഗം കിട്ടുന്നതിനു ഇപ്രകാരം ഉണ്ടെന്നുള്ള പ്രമാണത്തെ ഗവണ്മെണ്ടിൽനിന്നു അംഗീകരിച്ചിട്ടുണ്ടോ?

(ബി) ഈ പ്രമാണത്തെ ഗവണ്മെണ്ടിൽനിന്നു അംഗീകരിച്ചിട്ടുണ്ടെങ്കിൽ കത്തോലിക്കാക്രൈസ്തവന്മാരികൾ, ഈഴവർ, മഹമ്മദീയർ ആദിയായ സമുദായക്കാർക്കു ഈ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെണ്ടിൽ വേണ്ടിടത്തോളം പ്രാതിനിധ്യം കൊടുക്കാതിരിക്കുന്നതു എന്തുകൊണ്ടാണ്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഭൂനികുതിയും ആദായനികുതിയും കണ്ടിക്കണക്കും മററു ഡിപ്പാർട്ടുമെണ്ടു മേധാവികൾക്കും ആഫീസു മേലധികാരികൾക്കും അവരവരുടെ കീഴിലുള്ള ഡിപ്പാർട്ടുമെന്റിൽ ഓരോ വർഗ്ഗത്തിനും വേണ്ടിടത്തോളം പ്രാതിനിധ്യം കൊടുക്കാതിരിക്കുന്നതു എന്തുകൊണ്ടാണെന്നു ആജ്ഞ കൊടുത്തിട്ടുണ്ടു.

ഭൂനികുതിവകുപ്പിൽ കത്തോലിക്കരുടെ നിയമനം.

൯൦൦. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ):

(എ) റെവന്യൂ ദേവസ്വം വിഭാഗത്തിനുമാത്രവും ഭൂനികുതിവകുപ്പിൽ വേണ്ടിടത്തോളം കത്തോലിക്കരെ നിയമിക്കുന്നില്ല എന്നുള്ള കത്തോലിക്കർക്കു വലുതായസങ്കടത്തിനു കാരണമായിരിക്കുന്നു എന്നുള്ള സംഗതി ഗവണ്മെന്റിനു അറിവില്ലയോ?

(ബി) ഭൂനികുതിവകുപ്പിൽ നിയമനംനടത്തുന്നതിനു അധികാരമുള്ള ഓരോ ഉദ്യോഗസ്ഥനും കത്തോലിക്കർക്കു വേണ്ടുവോളം പ്രാതിനിധ്യം കൊടുത്തുകൊള്ളേണ്ടതാണെന്നാണി കർശനമായ ഒരു ആജ്ഞ കൊടുക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ഈ സംഗതി ഗവണ്മെന്റിനു അറിവില്ല,

(ബി) വേണ്ടിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഓരോവർഗ്ഗക്കാർക്കും യോഗ്യതക്കും സാമർത്ഥ്യത്തിനും കുറവുവരാതിരിക്കത്തക്കവിധത്തിൽ വേണ്ടിടത്തോളം പ്രാതിനിധ്യം കൊടുത്തുകൊള്ളേണ്ടതാണെന്നു ഇതിനുമുമ്പുതന്നെ ആജ്ഞകൊടുത്തിട്ടുണ്ടു.

അഹിന്ദുക്കളേയും അവർണ്ണഹിന്ദുക്കളേയും ചില ഡിപ്പാർട്ടുമെന്റു മേധാവികളായി നിയമിക്കണം.

൯൦൧. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കുംവേണ്ടിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത എല്ലാ ഡിപ്പാർട്ടുമെന്റിലും അവർക്കു ശരിയായ പ്രാതിനിധ്യംലഭിക്കുന്നതുവരെ അവരെത്തന്നെ മേലധികാരികളായി നിയമിക്കുന്നതിനു ഗവണ്മെന്റിലേക്കു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റിനു അതു ക്ഷിപ്രസാദ്ധ്യമാണെന്നു തോന്നുന്നില്ല.

ഹജൂർആഫീസിൽഉള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു കണക്കു.

൯൦൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ):

(എ) ഹജൂർആഫീസിൽ സ്ഥിരമായും പകരമായും ജോലിയുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക സഭാമേശമേൽ ഹാജരാക്കാമോ?

(ബി) കഴിഞ്ഞ മൂന്നുവർഷങ്ങളായി (അതായതു ൧൦൯൬ മുതൽ ൧൧൦൦ വരെ) സ്ഥിരമായും പകരമായും ഉണ്ടായിട്ടുള്ള നിയമനങ്ങളുടെ ഒരു പട്ടിക സഭാമേശമേൽ ഹാജരാക്കാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പ്രയോക്താവു ആവശ്യപ്പെട്ടിട്ടുള്ള പട്ടികകൾ ഈ സഭാസമക്ഷം ഹാജരാക്കിയിരിക്കുന്നു.

(പട്ടികകൾക്കു ൧-ം ൨-ം അനുബന്ധങ്ങൾ നോക്കുക)

മലംപ്രദേശങ്ങളിൽ പാർക്കുന്നവരെ ലൈസൻസ്സ്കൂടാതെ തോക്കുകൾ ഉപയോഗിക്കാൻ അനുവദിക്കണം.

൯൦൩. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): വന്യമൃഗങ്ങളിൽനിന്നും ഉപദ്രവങ്ങൾ എല്ലായ്പ്പോഴും ഉണ്ടാകാൻ ഇടയുള്ളവരായ മലംപ്രദേശവാസികൾക്കു ലൈസൻസ്സുകൂടാതെ തോക്കുകൾ ഉപയോഗിക്കുന്നതിനുള്ള അനുവാദംകൊടുക്കണമെന്നു ഈ നിയമസഭയുടെ കഴിഞ്ഞ ഒരു യോഗത്തിൽ പാസ്സാക്കപ്പെട്ട പ്രമേയത്തെ ജനങ്ങളുടെ രക്ഷയ്ക്കായി ആസ്പദമാക്കി ഉടൻതന്നെ നടപ്പിൽ വരുത്തുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): നിയമനിർമ്മാണസഭാ നടപടികൾ വ്യാഴാഴ്ച ൧൯൩൮-ാം പുറത്തു പ്രസിദ്ധംചെയ്തിട്ടുള്ള ൨൭൨-ാംനമ്പർ നിവേദനം (ഈ) പിരിവിനു ഗവണ്മെന്റിൽനിന്നും കൊടുത്തിട്ടുള്ള മറുപടിയിലേക്കു പ്രയോക്താവിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

പ്രതിനിധിസഭകളിലെ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ
പബ്ലിക്ക സർവീസിൽ നിയമിച്ചുകൂടാ.

൧൦൪. മി. തയ്യിൽ കുഞ്ഞിരാമത്താമ്മൻ (മുവാററുപുഴ-തൊടുപുഴ): ജനപ്രതിനിധി സഭകളിലെ അംഗങ്ങളായിതിരഞ്ഞെടുക്കപ്പെടുന്നവരെ അവരുടെ പ്രാതിനിധ്യകാലം തീരുന്നതുവരെ യാതൊരു ഉദ്യോഗങ്ങളിലും നിയമിക്കുന്നതല്ലന്നു ഒരു തീരുമാനം ചെയ്യാമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഈ വിഷയം വളരെ പ്രധാനമായ ഒന്നായതുകൊണ്ടു ഇതു ഒരു പ്രത്യേക നിവേദനമാക്കാമെന്നുള്ളതാണ്.

അനുബന്ധം ൧.

(൧൦൫-ാം ചോദ്യത്തിൻെറ മറുപടി നോക്കുക)

(എ) ഹജൂരാഫീസിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക.

൧.	ഹിന്ദുക്കൾ.	സ്ഥിരം.	പകരം.
൧	മലയാളബ്രാഹ്മണർ	...	...
൨	മററുബ്രാഹ്മർ	൪ ൧	൫
൩	നാടാന്മാർ	...	൧
൪	ഈഴവർ	൪	൪
൫	കമ്മാളർ	...	...
൬	മലയാളക്ഷത്രിയർ	൨	...
൭	നായന്മാർ	൪ൻ	൧൩
൮	പുലയർ	...	...
൯	മററു താണജാതിക്കാർ	...	...
൧൦	വെള്ളാളർ	൧൩	൩
൧൧	മററുഹിന്ദുക്കൾ	൬	൩
൨.	മഹമ്മദീയർ	൩	൧
൩.	ക്രസ്ത്യാനികൾ	...	...
൧	പ്രാട്ടസ്റ്റൻറ് ക്രസ്ത്യാനികൾ	൩	൧
൨	റോമൻകത്തോലിക്കർ	൩	...
൩	സിറിയൻ ക്രസ്ത്യാനികൾ		

		സ്ഥിരം.	പകരം.
(എ)	ജാക്കോബൈറ്റ്സിറിയൻ	൨	൧
(ബി)	പുത്തൻകൂറുകാർ	൧	൧
(സി)	റോമൻസിറിയൻ	൧	൨
(ഡി)	പ്രാട്ടസ്റ്റൻറ് സിറിയൻ	൩	൧

അനുബന്ധം ൨.

(൧൦൨-ാം ചോദ്യത്തിൻെറ മറുപടി നോക്കുക)

(ബി) ൧൦൯വു മുതൽ ൧൧൦൦ വരെ ഹജൂരാപ്പീസിൽ ഉണ്ടായിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

ജാതി	൧൦൯വു പകരം	൧൦൯വു സ്ഥിരം	൧൦൯൩ പകരം	൧൦൯൩ സ്ഥിരം	൧൧൦൦ പകരം	൧൧൦൦ സ്ഥിരം
൧. ഹിന്ദുക്കൾ						
൧ മലയാളബ്രാഹ്മണർ	...	...	൧	...	...	...
൨ മററുബ്രാഹ്മണർ	൩	൨	...	൧	...	൪
൩ നാടാന്മാർ	൧	...	...	...	...	...
൪ ഈഴവർ	൪	...	൩	൧	...	...
൫ കമ്മാളർ	...	...	...	...	...	...
൬ ക്ഷത്രിയർ	...	൧	...	...	...	...
൭ നായന്മാർ	൧൧	൨	൫	...	൩	൬
൮ പുലയർ	...	...	...	...	...	...
൯ മററുതാണജാതിക്കാർ	...	...	...	...	...	...
൧൦ വെള്ളാളർ	൩	...	൧	...	...	൧
൧൧ മററുഹിന്ദുക്കൾ	...	...	...	...	...	...
൨. മഹമ്മദീയർ	...	...	൧	൧	...	൧
൩. ക്രസ്ത്യാനികൾ						
൧ പ്രാട്ടസ്റ്റൻറ്	...	൧	൧	...	...	൧
൨ റോമൻകത്തോലിക്കർ	...	...	...	...	൧	൧
൩ സിറിയൻക്രസ്ത്യാനികൾ						
(എ) ജാക്കോബൈറ്റ്	൨	൧	...	...	...	...
(ബി) പുത്തൻകൂറുകാർ	...	...	൧	...	൧	...
(സി) റോമാ സിറിയൻ ക്രസ്ത്യൻ	൧	...	൨	...	...	...
(ഡി) പ്രാട്ടസ്റ്റൻറ് സിറിയൻ	...	...	...	...	...	...

ഗ്രാൻറുകൾക്കുള്ള ഡിമാൻഡുകൾ (തുടർച്ച).

ഡിമാൻസ് നം. ഭൂനികുതി വു-ഉ ൮ ലക്ഷം രൂപാ.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): സർ മൂന്നാംനമ്പർ ഡിമാൻഡായ ഭൂനികുതിക്കു വു-ഉ ൮ ലക്ഷം രൂപയിൽ കവിയാതെ ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഫ. (എ) ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ.

ഫഉ൦ മുതൽ ഫഉൻ വരെ നമ്പർ ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. കെ. മാധവൻപിള്ള:

ഫഉ൭. ഉദ്യോഗസ്ഥന്മാരുടെ ശമ്പളംവകക്കു അനുവദിച്ചിട്ടുള്ള ഫ൮൦൦൦ രൂപായിൽനിന്നും ഫ൦൦ രൂപ കുറക്കണം.

നമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

മി. പി. കെ. നാരായണപിള്ള:

ഫഉ൮. ഭൂനികുതിയും ആദായനികുതിയും കമ്മിഷണർക്കു അനുവദിച്ചിട്ടുള്ള ഫ൮൭,൫൭൭ രൂപയിൽനിന്നും ഫ൦൦ രൂപ കുറക്കണം.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള:

ഫഉൻ. ഭൂനികുതിയും ആദായനികുതിയും കമ്മിഷണർക്കു അനുവദിച്ചിട്ടുള്ള ഫ൮,൫൭൭ രൂപയിൽനിന്നും ഫ൦൦ രൂപാ കുറക്കണം.

ഫ. (ബി) ഡിവിഷൻകച്ചേരികൾ.

ഫ൫൦ മുതൽ ഫ൫൮ വരെ നമ്പർ ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനോൻ:

ഫ൫൦. ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിലേക്കു അനുവദിച്ചിട്ടുള്ള ൫൭,൦൮൮ രൂപയിൽനിന്നും, ൭൮൦ രൂപാ കുറക്കണം.

മി. കെ. മാധവൻപിള്ള:

ഫ൫൧. ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനു അനുവദിക്കപ്പെട്ടിട്ടുള്ള ൭൦,൫൭൭ രൂപയിൽനിന്നും ഫ൦൦ രൂപാ കുറക്കണം.

മി. കെ. മാധവൻപിള്ള:

ഫ൫൨. ഉണ്ണികാലെചിലവുകൾക്കായി നീക്കിവച്ചിട്ടുള്ള ൨൭൦ രൂപാ ഉപേക്ഷിക്കണം.

ഉപക്ഷേപം ഫ൫൩.

മി. കെ. കെ. തോമസ്സ് (കോട്ടയം): സർ, താഴെപറയുന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഫ൫൩. ഡിവിഷൻകച്ചേരികൾക്കായി നീക്കിവച്ചിട്ടുള്ള ൫൭,൭൭൭ രൂപായിൽനിന്നും ഫ രൂപാ കുറക്കണം.

ഈ ഉപക്ഷേപം കൊണ്ടുവന്നതിൽ എനിക്കുള്ള ഉദ്ദേശം കൊള്ളാരപരിധികൾക്കുള്ളിലായി കോട്ടയം ഡിവിഷൻകച്ചേരി സ്ഥിതിചെയ്യുന്നതുനിമിത്തം ജനങ്ങൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെ ഗവർണ്ണമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാകുന്നു. രാജകുടുംബാംഗങ്ങളുടെ എഴുന്നള്ളത്തുകളും കൊള്ളാരമായി സംബന്ധംഉള്ള മററു മാന്യന്മാരായ ആളുകളുടെ സന്ദർശനങ്ങളും ഈയിടെ കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നതും അങ്ങിനെ അവർ വരുന്ന സന്ദർഭങ്ങളിൽ ഡിവിഷൻകച്ചേരിയിലെ ജോലികൾ താല്ക്കാലികമായിട്ടെങ്കിലും നിറുത്തിവക്കേണ്ടതായിവരുന്നതും ആകുന്നു. മേൽപറഞ്ഞ കാരണങ്ങളാൽ സവർണ്ണഹിന്ദുക്കൾ അല്ലാത്തവർക്കു കാര്യങ്ങൾനടത്തുന്നതിൽ വളരെ ബുദ്ധിമുട്ടു അനുഭവിക്കേണ്ടതായിവരുന്നു. ഇതുകൂടാതെ പലതരത്തിലും പല ഇനത്തിലും പലജാതിയിലും ഉൾപ്പെട്ട ജനങ്ങൾക്കു ഒന്നുപോലെ ദിവസേന പോകേണ്ടതായ ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതിയും ഈ കൊള്ളാരപരിധികൾക്കുള്ളിൽതന്നെയാണു സ്ഥിതിചെയ്യുന്നതു. ആകയാൽ അവർണ്ണഹിന്ദുക്കൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകളേയും അസൗകര്യങ്ങളേയും ഒഴിപ്പാനായി ഡിവിഷൻകച്ചേരിയും അതോടു തൊട്ടുകിടക്കുന്ന മററു കച്ചേരികളും എല്ലാപേക്കും എല്ലായ്പ്പോഴും പോകുന്നതിനു അസൗകര്യമുള്ള ഏതെങ്കിലും ഒരു സ്ഥലത്തേക്കു മാററിഇടണമെന്നു ഞാൻ ഗവർണ്ണമെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): സർ, ഈ സംഗതി ഇതിനുമുമ്പുതന്നെ എഴുത്തുകുത്തിനു വിഷയമായിതീർന്നിട്ടുണ്ടു. ദിവാൻപേഷ്കാർ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിലേക്കു ഒരു പുതിയസ്ഥലം തിരഞ്ഞെടുത്തിട്ടുണ്ടു. ദിവാൻജി ആ സ്ഥലം പരിശോധിച്ചുകഴിഞ്ഞതായും അറിയുന്നു. ദിവാൻപേഷ്കാരുടെയും അസിസ്റ്റൻറിന്റേയും ആഫീസുകൾ ഇടുന്നതിലേക്കു കെട്ടിടങ്ങൾ ആ സ്ഥലത്തു കഴിയുന്നതും വേഗത്തിൽ കെട്ടിതീർക്കുന്നതിനെസംബന്ധിച്ചു വേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ സംഗതി കഴിയുന്നതും വേഗത്തിൽ നടപ്പുവരുത്തുന്നവിഷയത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുന്നതാണെന്നുള്ള വിവരമുണ്ടു മെമ്പറിനോടു ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): പുത്തനായി തിരഞ്ഞെടുത്തിട്ടുള്ള സ്ഥലം ഏതാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അതു ജില്ലാക്കോടതിക്കു സമീപമാണ്.

മി. കെ. കെ. തോമസ് (കോട്ടയം): മിസ്റ്റർ റാബിൻസൺ പറഞ്ഞ സമാധാനത്തിൻമേൽ സ്ഥിതിക്കു ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൯൪.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള:

൧൯൪. ഡിവിഷൻകച്ചേരികൾക്കായി നീക്കിവച്ചിട്ടുള്ള ൭൩,൭൭൭ രൂപയിൽനിന്നും ൧ രൂപാ കുറക്കണം.

൧. (സി) താലൂക്കുകച്ചേരികൾ.

൧൯൫ മുതൽ ൧൯൭ വരെ നമ്പർ ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനോൻ:

൧൯൫. കൂടുതലായി ഒരു ഗുമസ്തനേയും ഒരു പകർപ്പുഗുമസ്തനേയും നിയമിക്കുന്നതിലേക്കായി അനുവദിച്ചിട്ടുള്ള ൪൪൦ രൂപാ ഉപേക്ഷിക്കണം.

മി. കെ. മാധവൻപിള്ള:

൧൯൬. ഉദ്യോഗസ്ഥന്മാരുടെ ശമ്പളംവകക്കു നീക്കിവച്ചിട്ടുള്ള ൧,൪൯,൯൪൭ രൂപയിൽനിന്നും ൧൦൦ രൂപ കുറക്കണം.

മി. കെ. മാധവൻപിള്ള:

൧൯൭. ചന്തകളെ പരിഷ്കരിക്കുന്നതിലേക്കായി നീക്കിവച്ചിട്ടുള്ള ൧൪,൫൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറക്കണം.

നമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

മി. പി. കെ. നാരായണപിള്ള.

൧൯൮. ചന്തകളെ പരിഷ്കരിക്കുന്നതിനായി നീക്കിവച്ചിട്ടുള്ള ൧൪,൫൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനോൻ.

൧൯൯. വക്കീൽഫീസ് ചിലവിലേയ്ക്കായി നീക്കിവച്ചിട്ടുള്ള ൩൦൦ രൂപയും ഉപേക്ഷിക്കണം.

മി. ജി. രാമൻമേനോൻ.

൨൦൦. വക്കീൽ ഫീസ് ചിലവിലേയ്ക്കായി നീക്കിവച്ചിട്ടുള്ള ൩൦൦ രൂപയും ഉപേക്ഷിക്കണം.

ഉപക്ഷേപം ൨൦൧.

മി. എ. മജ. ജാൻ (കൊവക്കം) സർ, താഴെപ്പറയുന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൨൦൧. താലൂക്കു കച്ചേരികൾക്കായി നീക്കിവച്ചിട്ടുള്ള ൨൪൩,൭൭൭ രൂപയിൽനിന്നും ൧ രൂപ കുറക്കണം.

ഈ ഉപക്ഷേപം ഹാജരാക്കിയതിൽ എനിക്കുള്ള ഉദ്ദേശം കണ്ണോലിക്കർ, മഹമ്മദീയർ, ഈഴവർ ആദിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത വർഗ്ഗങ്ങളിൽപെട്ട ആളുകളെ തഹശീൽദാർ ഉദ്യോഗത്തിൽ നിയമിക്കാതിരിക്കുന്നതിനു ഗവർണ്ണമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാകുന്നു. ആകെ ൩൨ തഹശീൽദാരന്മാരുള്ളതിൽ ഒരു കണ്ണോലിക്കനോ ഒരു മഹമ്മദീയനോപോലും ഇല്ല. ൧൦൯൯-ൽ പകരം തഹശീൽദാരായി നിയമിക്കപ്പെട്ട ഒരു ഈഴവൻ ഉണ്ട്. വർഗ്ഗീയ പ്രാതിനിധ്യത്തെ ഗവർണ്ണമെന്റിൽനിന്നും അംഗീകരിച്ചിട്ടുണ്ടു. സാമർത്ഥ്യം യോഗ്യതകളുമുള്ളവർക്കു യാതൊരു കുറവും വരാത്തവിധത്തിൽ വേണ്ടിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത അപേക്ഷകന്മാരെ സംബന്ധിച്ചിടത്തോളം പ്രത്യേകത കാണിച്ചു വരുന്നുണ്ടെന്നും അങ്ങിനെ ചെയ്തുകൊള്ളേണ്ടതാണെന്നു കാണിച്ചു ഡിപ്പാർട്ടുമെണ്ടു മേലധികാരികൾക്കു ആജ്ഞകൊടുത്തിട്ടുണ്ടെന്നും ഗവർണ്ണമെന്റിൽനിന്നും പറയുകയും ഉണ്ടായി. പ്രമാണരൂപത്തിൽ ഈ തത്വത്തെ ഗവർണ്ണമെന്റിൽനിന്നും അംഗീകരിച്ചിട്ടുണ്ടെന്നുവരികിലും അതിനെ പ്രയോഗത്തിൽവരുത്തുന്ന വിഷയത്തിൽ യാതൊന്നും പ്രവർത്തിച്ചിട്ടില്ല.

സംഗതികളുടെ സ്ഥിതി ഇങ്ങനെ ഇരിക്കുന്നതിനുള്ള മൂല കാരണങ്ങൾ ഗവർണ്ണമെന്റിൽനിന്നും അംഗീകരിച്ചിട്ടുള്ളതും മററു ഉദ്യോഗസ്ഥന്മാർക്കു അയച്ചു കൊടുത്തിട്ടുള്ളതും ആയ ഉത്തരവിനെ ആവശ്യംപോലെ വ്യാഖ്യാനിക്കാനുള്ള സൌകര്യവും ഡിപ്പാർട്ടുമെണ്ടു മേലധികാരികളിൽ മിക്കവരുടെയും അനുദാരഹിതമായ മനസ്ഥിതിയുംആകുന്നു. ഒന്നാമതായി "സാമർത്ഥ്യം" എന്നുള്ള വാക്കുതന്നെ ഓരോ ഉദ്യോഗസ്ഥന്മാർക്കും അവരവർ നിയമിക്കുന്ന ആളുകൾക്കു ഉണ്ടെന്നു വരുത്തുന്നതിനു യാതൊരു വിധത്തിലും വൈഷമ്യമില്ലാത്തവിധത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ഞും ചരിഞ്ഞും വ്യാഖ്യാനിക്കുന്നതിനു വളരെ സൌകര്യമുള്ള ഒരു വാക്കാണ്. ഒരു പ്രത്യേക അപേക്ഷകൻ അയാൾ അപേക്ഷിച്ചിട്ടുള്ള ജോലിക്കു സമർത്ഥനാണോ അല്ലയോ എന്നു അയാളെ ആ ജോലിയിൽ നിയമിക്കുന്നതിനു മുമ്പായി നിശ്ചയിക്കാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഒരിക്കൽ ഒരുത്തനെ ഒരു ജോലിയിൽ നിയമിച്ചുകഴിഞ്ഞാൽ അവൻ സമർത്ഥനായാലും ശരി അല്ലെങ്കിലും ശരി അവനു ൬൦ വയസ്സു തികയുന്നതുവരെ ഉദ്യോഗസ്ഥനായിതന്നെ കഴിഞ്ഞുകൂടാമെന്നുള്ളതു നിശ്ചയംതന്നെ. 'ആദി' എന്നൊരു വാക്കുംകാണുന്നുണ്ടു. അതിന്റെ അർത്ഥം എന്തെന്നു മനസ്സിലാക്കുവാൻ എനിക്കു തീരെ കഴിഞ്ഞിട്ടില്ല. ആകയാൽ ഈ വിഷയത്തെ സംബന്ധിച്ചു നിശ്ചിതമായ ഏതാനുംനിയമങ്ങൾ ഉണ്ടാക്കി ആ നിയമങ്ങൾ അനുസരിച്ചു കണിശമായി നടന്നുകൊള്ളേണ്ടതാണെന്നു കർശനമായ ആജ്ഞ ഓരോ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കേണ്ടതു ഗവർണ്ണമെന്റിന്റെ ചുമതലയാണ്. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർ അവരിൽനിന്നും ആരെയെങ്കിലും നിയമിക്കണമെന്നു ആവശ്യപ്പെടുന്നില്ല. വേണ്ടിടത്തോളം യോഗ്യതകൾ ഉള്ളവരെമാത്രം നിയമിക്കണമെന്നേ അവർക്കു താല്പര്യമുള്ളു. ൩൨ തഹശീൽദാരന്മാരുള്ളതിൽ ൧൩ പേർ നായന്മാരും ൧൧ പേർ ബ്രാഹ്മണരും ൪ പേർ അകത്തോലിക്കരായുള്ള ക്രിസ്ത്യാനികളും ഒരാൾ ഈഴവനും ആകുന്നു. ഈ രാജ്യത്തിൽ ആകെയുള്ള ജനസംഖ്യയിൽ ഏകദേശം ൧/൩ ഓളം വരുന്ന കണ്ണോലിക്കാ സമുദായത്തിൽനിന്നും ഒരുവനെപോലും

തഹശീൽദാരായി നിയമിച്ചിട്ടില്ല. ഈ നാട്ടിൽ ഉള്ള ഭിന്ന സമുദായക്കാരുടെ തമ്മിൽ കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നുള്ള സംഗതി ഒരു പരസ്യമായ രഹസ്യം ആണല്ലൊ. അതിലേക്കുള്ള പ്രധാന കാരണം ഇല്ലാത്തതും ന്യായരഹിതമായും ഉള്ള ഉദ്യോഗവിതരണം തന്നെയാണ്. പരമാർത്ഥത്തെ മറച്ചുവക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലല്ലൊ. ആകയാൽ തഹശീൽദാരുദ്യോഗത്തിനു കിട്ടുന്ന അപേക്ഷകളെ സംബന്ധിച്ചിടത്തോളം തഹശീൽദാരുദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ ഏററവും കുറഞ്ഞതായ യോഗ്യതകൾ എങ്കിലും അപേക്ഷകന്മാർക്കു ഉണ്ടെന്നു കാണുന്നസന്ദർഭങ്ങളിലെല്ലാം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽപെട്ട അപേക്ഷകന്മാരുടെ അപേക്ഷകളെ മററുള്ളവരുടെ അപേക്ഷകളെക്കാൾ കൂടുതലായി മുഖ്യമെന്നു വിചാരിക്കേണ്ടതാണ്. ഈ അഭിപ്രായപ്രകടനത്തോടുകൂടി എന്റെ ഉപക്ഷേപത്തെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): മെമ്പർ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപം വളരെ രസാവഹമായ ഒന്നാണ്. മററുള്ളവരുടെ നേർക്കു ന്യായരാഹിത്യം യാതൊന്നും ഉണ്ടാകാൻ ഇടയാകാതിരിക്കുന്നിടത്തോളം കാലം ആ ഉപക്ഷേപത്തെ അനുകൂലിക്കാൻ ഞാൻ സന്നദ്ധനാണ്. ഗവർണ്മെൻറിൽനിന്നും ഇതു പര്യന്തം അനുകരിച്ചുവന്ന നയം ഡിപ്ലോർട്ടുമെണ്ടിൽ ദീർഘകാലം പഴക്കവും സിദ്ധിച്ചിട്ടുള്ളവരും ഡിപ്ലോർട്ടുമെണ്ട് പരീക്ഷകളിൽ ജയിച്ചിട്ടുള്ളവരും ആയ ആളുകളെ തരണ്ടേണ്ടാ നിവൃത്തിയുള്ളിടത്തോളം തഹശീൽദാരന്മാരായി നിയമിക്കേണ്ടതു എന്നുള്ളതായിരുന്നു. തഹശീൽദാരുദ്യോഗത്തിനു സാധാരണയായി ആളിനെ തിരഞ്ഞെടുക്കാറുള്ളതു മജിസ്ട്രേട്ടന്മാരുടെ കൂട്ടത്തിൽനിന്നാണ്. ക ൻ്റ്വ ചിങ്ങം ൮-ന്നു നടപ്പിൽ വരുത്തിയ റവന്യൂ ദേവസ്വം വിഭജനത്തിനുശേഷം അവർണ്ണ ഹിന്ദുക്കൾക്കു കൂടുതൽ ഉദ്യോഗങ്ങൾ കൊടുത്തിട്ടു ആ വഴിക്കു അവരെ ഡിപ്ലോർട്ടുമെണ്ടിൽ കൂടുതലായി കൊണ്ടുവരുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്തുവരുന്നുണ്ട്. ഉദ്യോഗകയററവിഷയത്തിൽ വർഗ്ഗീയപ്രാതിനിധ്യത്തെ മുൻനിർത്തി പെട്ടെന്നു പ്രവർത്തിപ്പാൻ നിവൃത്തിയില്ലാതെണിരിക്കുന്നതു, എന്തുകൊണ്ടെന്നാൽ സർവീസുകൊണ്ടും യോഗ്യതകൊണ്ടും തഹശീൽദാരുദ്യോഗത്തിലേക്കു കയററം കിട്ടുന്നതിനു ഏററവും അടുത്തിട്ടുള്ള പലരിലും അങ്ങിനെ ചെയ്യുന്നതു കഠിനമായ ഹൃദയവ്യഥക്കു കാരണമായി തീരുമെന്നുള്ളതുകൊണ്ടുതന്നെ "പഴയതിന്നാൽ പനയുന്തിന്നാം എന്നൊരു പഴമൊഴിയുണ്ടല്ലൊ. നമ്മുടെ ഉദ്ദേശത്തെ സാവധാനത്തിൽ ക്രമേണ സാധിക്കുന്നതു ഉത്തമമായിരിക്കും. പെട്ടെന്നു എന്തെങ്കിലും ഭേദഗതികളോ നയവ്യത്യാസങ്ങളോവരുത്തുന്നപക്ഷം വളരെക്കുഴപ്പങ്ങൾക്കും ദോഷങ്ങൾക്കും കാരണമാകുന്നതാണ്. മി. മാഹവയ്യരുടെ കാലത്തു മജിസ്ട്രേട്ടന്മാരും തഹശീൽദാരന്മാരുമായി നിയമിക്കുവാൻ യോഗ്യതയുള്ളവരായി ഭിന്ന സമുദായങ്ങളിൽനിന്നും ആളുകളെ തിരഞ്ഞെടുക്കുന്നതിലേക്കു സിവിൽ ലിസ്റ്റ് ഒരിക്കൽ പരിശോധിച്ചിട്ടുള്ളതായി എനിക്കു അറിയാം. എന്നാൽ പരമാർത്ഥം പറകയാണെങ്കിൽ എക്സൈസ് ഡിപ്ലോർട്ടുമെണ്ടിലൊ മറേറതെങ്കിലും ഡിപ്ലോർട്ടുമെണ്ടിലൊ ഉള്ള ഇൻസ്പെക്ടറന്മാരിൽനിന്നും മേൽപ്രകാരം യോഗ്യതയുള്ള ഒരുവനെപോലും കണ്ടുപിടിക്കുവാൻ ഞങ്ങൾക്കു സാധിച്ചില്ല. റവന്യൂദേവസ്വം വിഭജനത്തിനുശേഷം ഗവർണ്മെൻറിൽനിന്നും ഒരു കൃസ്ത്യാനിയെ അതായതു മി. മാത്തനെ ദിവാൻപേഷ്കാരായി നിയമിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ഡിവിഷൻ അസിസ്റ്റൻറന്മാരാണെങ്കിൽ മി. കുരിയൻ. മി. ഇട്ടിയറാ എന്നിവരെ ആ ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ടു. മി. തയ്യൻ, മി. ഏബ്രഹാം, മി. തോമസ്, മി. മാത്തൻ മി. ഗോവിന്ദൻ എന്നിവരെ തഹശീൽദാരന്മാരായും നിയമിച്ചിട്ടുണ്ട്. മേൽ കുറിച്ചിട്ടുള്ള നിയമനങ്ങളെല്ലാം റവന്യൂദേവസ്വം വിഭജനത്തിനുശേഷം ഉണ്ടായിട്ടുള്ളവയുമാണ്. അതിനാൽ ഞാൻ പറയുന്നതു കയററംകിട്ടുന്നതിനു ഏററവും സമീപിച്ചിട്ടുള്ള ആളുകൾക്കു യാതൊരു കുഴപ്പവും നേരിടാതിരിക്കത്തക്കവിധത്തിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിലെ അംഗങ്ങളെ നിയമിക്കുന്ന വിഷയത്തിൽ ഗവർണ്മെണ്ടു കഴിയുന്നിടത്തോളം ശ്രമം ചെയ്യുന്നുണ്ടെന്നാണ്. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായത്തിൽനിന്നും ഒരുവനെ നിയമിക്കാനായി വളരെ പ്രായംചെന്നവനും വളരെ അംഗങ്ങളടങ്ങിയ ഒരു വലിയ കുടുംബത്തിലെ രക്ഷകർത്താവും കുടുംബത്തിനു അടുത്ത അവകാശിയും ആയ ഒരുവൻെറ അവകാശത്തെ അവഗണിക്കുക എന്നുള്ളതു തീരെ ന്യായരഹിതമായിട്ടുള്ളതുതന്നെയാണെന്നുള്ളതിനെ മി. ജാണും സമ്മതിക്കും എന്നു എനിക്കു നിശ്ചയമുണ്ട്. ഈ സംഗതിയെക്കുറിച്ചു മി. ജാണിനുള്ള അഭിപ്രായത്തോടു ഞാൻ പൂർണ്ണമായിയോജിക്കുന്നതുംഎനിക്കു അതേക്കുറിച്ചു ഹാർദ്ദമായ അനുഭാവം ഉള്ളതും ആകുന്നു. സിവിൽലിസ്റ്റ് ഒന്നു നോക്കുന്നപക്ഷം എല്ലാ വർഗ്ഗങ്ങൾക്കും ശരിയായ പ്രാതിനിധ്യം കൊടുക്കുന്ന വിഷയത്തിൽ ഗവർണ്മെണ്ടു അത്യന്ത ശ്രദ്ധയോടുകൂടിയിരിക്കയാണെന്നു മനസ്സിലാക്കാവുന്നതാണ്. സിവിൽലിസ്റ്റ് പരിശോധിച്ചാൽ ഞാൻ ഇപ്പോൾ പറഞ്ഞതു ശരിയാണെന്നു തെളിയുന്നതാണ്. തഹശീൽദാരുദ്യോഗത്തിനു ചില നിശ്ചിതയോഗ്യതകൾ ഉണ്ടായിരിക്കണമെന്നും കുറച്ചെങ്കിലും പഴക്കംഉള്ള ആളുകളെമാത്രം ഈ ഉദ്യോഗത്തിൽ നിയമിക്കാൻ പാടുള്ളതും ആകുന്നു. ഡിപ്ലോർട്ടുമെണ്ടിൽ യാതൊരു പഴക്കവും ഇല്ലാത്ത പുത്തൻ ആളുകളെ ആദ്യമായി തഹശീൽദാരായി നിയമിക്കുക എന്നുള്ളതു ഒട്ടും ഗുണകരമായിട്ടുള്ളതല്ലെന്നു പൊതുജനങ്ങൾക്കു അറിവുള്ളതാണെന്നാണു എൻെറ വിശ്വാസം. അങ്ങനെ ചെയ്യുന്നതായാൽ ഡിപ്ലോർട്ടുമെണ്ടിലെ ജോലി തടസ്സപ്പെടുന്നതു വലിയ ഹാനി വരുമെന്നുള്ളതിനും പുറമെ ജനങ്ങൾക്കു വലിയകഷ്ടപ്പാടിനും ബുദ്ധിമുട്ടിനും ഇടയാകുമെന്നുള്ളതും ആണ്. ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതിനെ അതായതു ഗവർണ്മെണ്ടിൽനിന്നും ഈ വിഷയത്തിൽവേണ്ടപോലെ ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നുള്ളതിനെ അവസാനമായി ഒരിക്കൽകൂടി ആവർത്തിച്ചു പറഞ്ഞുകൊള്ളുന്നു. മി. ജാൺ സിവിൽലിസ്റ്റ് പരിശോധിച്ചു ഗവർണ്മെൻറിൽനിന്നും എന്തു ചെയ്യുന്നു എന്നുകണ്ടുപിടിക്കാൻ ശ്രമിക്കുന്നപക്ഷം—

മി. എ. ജെ. ജാൺ (കൊച്ചി) ഈ ഡിപ്ലോർട്ടുമെണ്ടിൽ ഒരു കത്തോലിക്കൻ തഹശീൽദാരെങ്കിലും ഉണ്ടോ എന്നു മി. റാബിൻസൺ പറയുമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): മജിസ്ട്രേററന്മാർക്കാണു സാധാരണയായി തഹശീൽദാരന്മാരായി കയററം കൊടുക്കാറുള്ളതു. മജിസ്ട്രേട്ടന്മാരുടെ പട്ടികയിൽ യാതൊരു കത്തോലിക്കനും ഉൾപ്പെട്ടു കാണാത്തതുകൊണ്ടു ഇപ്പോൾ യാതൊരു കത്തോലിക്കൻ തഹശീൽദാരും ഇല്ല.

മി. എക്സ്. ജി. ലോപ്പസ് (നിയമിതാംഗം): കത്തോലിക്കരിൽനിന്നും ഈ ഉദ്യോഗത്തിനു വല്ല അപേക്ഷകളും കിട്ടിയിട്ടുള്ളതായി മി. റാബിൻസൺസ് അറിയുമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ആദായനികുതിയും ഭൂനികുതിയും കമ്മീഷണർ): എല്ലാ അപേക്ഷകളും ഗവൺമെണ്ടിലേക്കു അയച്ചു കൊടുക്കപ്പെടുന്നതിനാൽ അതു സംബന്ധിച്ചു എനിക്കു അറിഞ്ഞുകൂടാ.

മി. സി. എൻ. ഇപ്പുൻനമ്പൂതിരി (ജന്മിമെമ്പർ): ഖാൻസ് റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗസ്ഥന്മാരായിട്ടു നമ്പൂരിമാർ വല്ലവരുമുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ആദായനികുതിയും ഭൂനികുതിയും കമ്മീഷണർ): ഇപ്പോൾ ഇല്ല.

മി. കെ. കെ. തോമസ് (കോട്ടയം) തഹശീൽദാരന്മാരായോ ഡിവിഷൻഅസിസ്റ്റൻറന്മാരായോ ഏതെങ്കിലും ജാതിക്കാ ബൈറനുകൃസ്ത്യാനി ഉണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഈ ഉദ്യോഗത്തിൽ നിയമിതരായിട്ടുള്ള കൃസ്ത്യാനികൾ ജാതിക്കാബൈറനുകാരാമാരോ മാർത്തോമാക്കാരൊ എന്നുള്ളതു എനിക്കു അറിഞ്ഞുകൂടാ എന്നല്ലാതെ കൂടുതലായി മി. തോമസിനു ഖുതപ്പെറി അറിവുണ്ടായിരിക്കാനാണു എളുപ്പമുള്ളതു.

മി. കെ. കെ. തോമസ് (കോട്ടയം): ഈ ഇനക്കാരെ പ്രത്യേകമായി ഗവണ്മെൻറിൽനിന്നുംതരംതിരിച്ചിട്ടുണ്ടായിരുന്നതുകൊണ്ടാണു ജാതിക്കാബൈറനുകൃസ്ത്യാനികളിൽ ആരെങ്കിലും ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ടോ എന്നു ചോദിക്കുവാൻ ഇടയായതു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): കൃസ്ത്യാനികളെ അനേകം ഉപവർഗ്ഗക്കാരായി തരംതിരിക്കുന്നതിനു ഗവണ്മെൻറു ഇനിയും തയാറുള്ളതായി എനിക്കു തോന്നുന്നില്ല. അങ്ങിനെ തരംതിരിക്കുന്നതായിരുന്നാൽ കൃസ്ത്യാനികളെ ഏ ഒ ഉപവർഗ്ഗക്കാരായി പിരിക്കേണ്ടിവരുന്നതാണ്.

മി. കെ. കെ. തോമസ് (കോട്ടയം): ഒരു നിവേദനത്തിനു ഗവണ്മെണ്ടു കൊടുത്ത മറുപടിയിൽ നിന്നും കൃസ്ത്യീയസമുദായത്തെ അനേകം ഉപവർഗ്ഗക്കാരായി തരംതിരിച്ചിട്ടുള്ളതായി കാണുന്നുണ്ട്. കൃസ്ത്യാനികളെ പ്രാട്ടസ്റ്റൻറുകാർ, റോമൻകത്തോലിക്കർ,സുറിയാനികൾ ഇങ്ങിനെമൂന്നിനക്കാരായും ഒടുവിൽപറഞ്ഞ സുറിയാനികളെ വീണ്ടും ജാതിക്കാബൈറ്റ്, പുത്തൻകൂറുകാർ, റോമോസിറിയൻഎന്നിങ്ങനെ മൂന്നു ഉപശാഖകളായും തരംതിരിച്ചിട്ടുള്ളതായി ആ മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതുതന്നെ തരിയാതിട്ടില്ലെന്നാണു എൻെറ അഭിപ്രായം.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടവും കൈകത്തൊഴിലും വക വടക്കൻ മെമ്പർ) കൃസ്ത്യീയസമുദായത്തെ അനേകം ഉപവർഗ്ഗങ്ങളായി തരം തിരിക്കുക എന്നുള്ള അഭിപ്രായത്തെ സംബന്ധിച്ചു എനിക്കു വലിയഭ്രമംഇല്ല. എന്നാൽ ജാതിക്കാബൈറ്റ് കൃസ്ത്യാനികൾ ആരെങ്കിലും തഹശീൽദാരായിട്ടുണ്ടോ എന്നു അറിഞ്ഞുകൊള്ളാമെന്നു എനിക്കു താല്പര്യമുണ്ട്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മി. എബ്രഹാം ഒരു ജാതിക്കാബൈറ്റ കൃസ്ത്യാനിയാണെന്നാണു എനിക്കു തോന്നുന്നതു.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടവും കൈകത്തൊഴിലും വക വടക്കൻ മെമ്പർ): അല്ല, അദ്ദേഹം ഒരു മാർ തോമ്മാകൃസ്ത്യാനിയാണു.

മി. പി. ഹബീബ് മഹമ്മദ് (നിയമിത മെമ്പർ) മഹമ്മദീയന്മാരിൽ ഈ ഉദ്യോഗത്തിനു അപേക്ഷകന്മാരായി ആരെങ്കിലും ഉണ്ടായിരുന്നുവൊ?

മി. എസ്. സി. എച്ച് റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എല്ലാ അപേക്ഷകളും ഗവൺമെണ്ടിലേക്കു അയക്കപ്പെടുന്നതുകൊണ്ടു എനിക്കു അതുപ്പറ്റി അറിവില്ല.

മി. പി. ഹബീബ് മഹമ്മദ് (നിയമിതമെമ്പർ): ഇപ്പോൾ മഹമ്മദീയന്മാർ ആരെങ്കിലും തഹശീൽദാരന്മാരായിട്ടുണ്ടോ?

മി. എസ്. സി. എച്ച് റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇപ്പോൾ തഹശീൽദാരായി ഒരു മഹമ്മദീയനും ഇല്ല.

മി. പി. ഹബീബുമഹമ്മദ് (നിയമിതമെമ്പർ): ഡിപ്പാർട്ടുമെൻറിൽ പാർശ്വകാരന്മാരായി മഹമ്മദീയരിൽ ഒരുവനെങ്കിലും ഉണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ആരും ഉള്ളതായി എനിക്കു തോന്നുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-മേലുകാവും): നിയമനവിഷയത്തിൽ സമുദായങ്ങളെ പ്രതിനിധീകരിക്കുന്നതു ഉദ്യോഗങ്ങൾക്കു വേണ്ട ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസയോഗ്യതകളെ അടിസ്ഥാനമാക്കിയാണോ അല്ല തുല്യയോഗ്യതകളെ അടിസ്ഥാനമാക്കിയാണോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഗവൺമെൻറിൽനിന്നും ഇതുസംബന്ധിച്ചു എന്തെങ്കിലും ഒരു നിശ്ചിതപ്രമാണം സ്വീകരിച്ചിട്ടുള്ളതായി എനിക്കു തോന്നുന്നില്ല. ഒരു സമുദായത്തിൽ ആകെയുള്ള അംഗങ്ങളുടെ സംഖ്യയെ മുൻനിറുത്തിയൊ അതല്ല ഓരോ സമുദായത്തിനും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള അംഗങ്ങളുടെ സംഖ്യയെ മുൻനിറുത്തിയോ എങ്ങിനെയാണ് ഈ സംഗതിയിൽ പ്രവർത്തിക്കേണ്ടതു എന്നു പറവാൻ സാധ്യമല്ലാതാണിരിക്കുന്നതു, അതിനാൽ ഞാൻ പറയുന്നതു ഇതെ സംബന്ധിച്ചു നിശ്ചിതമായ പ്രമാണങ്ങൾ രൂപീകരിക്കുന്നതു അസാദ്ധ്യമാകുന്നു എന്നും എന്നാൽ എല്ലാപേരേയും ഒന്നുപോലെ തൃപ്തിപ്പെടുത്താൻ ഗവൺമെൻറിൽനിന്നും വേണ്ടപോലെ യത്നിക്കുന്നുണ്ടെന്നും ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-മേലുകാവും) പ്രാതിനിധ്യം ഘടാരാമായി സിദ്ധിച്ചിട്ടുള്ള ഒരു സമുദായത്തിൽനിന്നും ഉള്ള അപേക്ഷകന്മാർക്ക് പ്രാതിനിധ്യം വേണ്ടുവോളം ലഭിച്ചിട്ടില്ലാത്ത സമുദായത്തിലെ അംഗങ്ങളായ അപേക്ഷകന്മാരെക്കാൾ വളരെ കൂടുതൽ യോഗ്യതകൾ ഉള്ളതായിവരുന്ന സന്ദർഭങ്ങളിൽ ഗവൺമെൻറിൽനിന്നും എന്താണ് പ്രവർത്തിക്കാറുള്ളതു?

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രന്ഥികൃതിയും ആദായനികുതിയും കമ്മിഷണർ): ഒമ്പതുകൂടെ ചോദ്യം എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഞാൻ ഒരു ഉദാഹരണം പറയാം. ബി. എൽ. പരീക്ഷജയിച്ചിട്ടുള്ള ഒരു ബ്രാഹ്മണന്റെയും ബി. എ. മാത്രം ജയിച്ചിട്ടുള്ള ഒരു മഹമ്മദീയന്റെയും അപേക്ഷകൾ ഒരേ ഉദ്യോഗത്തിനു ലഭിക്കുകയുണ്ടായി എന്നു വിചാരിക്കുക. അങ്ങിനെയുള്ള സന്ദർഭത്തിൽ ബ്രാഹ്മണനെയോ മഹമ്മദീയനെയോ ആരെയാണ് ആ ഉദ്യോഗത്തിൽ നിയമിക്കുന്നത്?

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രന്ഥികൃതിയും ആദായനികുതിയും കമ്മിഷണർ): ഇതു കേവലം ഉദാഹരണത്തിനായി കൊണ്ടു വന്നിട്ടുള്ളതുമാത്രമാണ്. ഈ സംഗതിയെസംബന്ധിച്ചു ഒഴിയുന്നടത്തോളം ന്യായമായി പ്രവർത്തിക്കുന്നതിനു ഞങ്ങൾ വേണ്ടുവോളം ശ്രമിക്കുന്നുണ്ട്. മി. ജോസഫ് ഇപ്പോൾ പറഞ്ഞതു കേവലം ഉദാഹരണത്തിനുവേണ്ടി മാത്രം പറഞ്ഞതും അങ്ങിനെ ഒരു കേട്ടം ഇതേവരെ ഉണ്ടായിട്ടില്ലാത്തതുമാകുന്നു. അങ്ങിനെ ഒരു കേട്ടം ഇനിമേൽ ഉണ്ടാകുന്നപക്ഷം ഒഴിയുന്നടത്തോളം ന്യായമായവിധത്തിൽ പ്രവർത്തിക്കുന്നതിനു ഞങ്ങൾ ശ്രമിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഗവർണ്ണർമാരുടെ സാമർത്ഥ്യത്തിനോ അല്ലെങ്കിൽ സമുദായ പ്രാതിനിധ്യം എന്ന പ്രമാണത്തിനോ ഏതിനാണു കൂടുതൽ പ്രാധാന്യം കല്പിച്ചിട്ടുള്ളതു് എന്നറിഞ്ഞാൽ കൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രന്ഥികൃതിയും ആദായനികുതിയും കമ്മിഷണർ): ഈ സംഗതിയെസംബന്ധിച്ചു ഗവർണ്ണരുടെ അഭിപ്രായത്തിനുമേൽ മാത്രമേ ശരിയായ മറുപടി പറയാൻ സാധിക്കയുള്ളു.

മി. സി. എൻ. തുപ്പൻനമ്പൂതിരി (ജന്മിമെമ്പർ): ഇന്നയിന്ന ജാതിയിൽനിന്നോ ഉദ്യോഗത്തിനു നിയമിക്കണമെന്നുള്ളതിനു വല്ല നിയമവുമുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രന്ഥികൃതിയും ആദായനികുതിയും കമ്മിഷണർ): ഇല്ല.

മി. ടി. കെ. മാത്തു (ചങ്ങനാശേരി പീരുമേട്): രജിസ്ട്രേഷൻക്കാരെ സാധാരണയായി തഹശീൽദാരന്മാരായി കയററാറുകൾക്കാണുള്ളതു എന്നു മി. റാബിൻസൺ പറഞ്ഞുവല്ലോ. എന്നാൽ രജിസ്ട്രേഷൻക്കാരായി ഏവിടെനിന്നാണ് ആളുകളെ നിയമിക്കാറുള്ളതു് എന്നു അറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രന്ഥികൃതിയും ആദായനികുതിയും കമ്മിഷണർ): എല്ലാ ഡിപ്പാർട്ടുമെൻറുകളിൽനിന്നും എടുക്കാറുണ്ട്.

മി. ടി. കെ. മാത്തു (ചങ്ങനാശേരി പീരുമേട്): പ്രവൃത്തിചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ നിന്നാണോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രന്ഥികൃതിയും ആദായനികുതിയും കമ്മിഷണർ): അതെ. ഹജ്ജ് ആഫീസ് അക്കൗണ്ടാഫീസ് മുതലായ ആഫീസുകളിൽനിന്നാണ്.

മി. വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡിപ്യൂട്ടിപ്രസിഡൻറ്): മി. റാബിൻസൺ പറഞ്ഞതിൽനിന്നും അനുദ്യോഗസ്ഥരായുള്ളവരെ തഹശീൽദാരന്മാരായി നേരിട്ടു എടുക്കാറില്ല എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രന്ഥികൃതിയും ആദായനികുതിയും കമ്മിഷണർ): ഇതേവരെ അങ്ങിനെ ഒന്നും ഉണ്ടായിട്ടില്ല

മി. വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): അതിനാൽ അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ചു ഈ വിഷയത്തെസംബന്ധിച്ചു സമുദായപ്രാതിനിധ്യം എന്നുള്ള സംഗതിയെപ്പററി ചിന്തിക്കേണ്ടആവശ്യമേ ഇല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രന്ഥികൃതിയും ആദായനികുതിയും കമ്മിഷണർ): മി. സുബ്ബയ്യർ പറയുന്നതു എനിക്കു മനസ്സിലാകുന്നുണ്ട്. എന്നാൽ ഏതു ചോദ്യത്തിനു മറുപടിപറയുന്നതു അല്പം ആലോചിച്ചതിനുശേഷം വേണമെന്നിരിക്കുന്നു.

മി. ഏ. കെ. പിള്ള (കുന്നാഗപ്പള്ളി): സർ, ഇവിടെ നടന്നുകൊണ്ടിരുന്ന വാദപ്രതിവാദം കേട്ടപ്പോൾ സ്ഥിതി അറിയിക്കുന്നതായി എനിക്കു തോന്നി. എന്റെ അഭിപ്രായത്തിൽ നമ്മുടെ ഇപ്പോൾക്കു ഏതുതന്നെ എടുത്താലും നല്ലതു് എന്നു എനിക്കു മനസ്സിലായില്ല. എന്തോ നല്ല ഉദ്ദേശ്യത്തോടുകൂടി ഇന്നിന്ന ആൾക്കാരുടെ സാമർത്ഥ്യം യോഗ്യത മുതലായവ കൂടാതെ ചില കുഴപ്പവും ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ സമുദായപ്രാതിനിധ്യം എന്ന പ്രമാണത്തെ മുൻനിറുത്തി പ്രവർത്തിക്കുന്നതായി ഗവർണ്ണരുടെ ഒരിക്കൽ പറഞ്ഞുകേട്ടു. എന്നാൽ ഒരിക്കൽ അവർ അതിനെ സമ്മതിക്കുന്നപക്ഷം Reducio aud absurdum എന്ന ഒരു തിയറിയിലേക്കു അല്ല അവരെ നയിച്ചുകൊണ്ടുപോകുന്നതായി അവർക്കു അറിവാൻ ഇടവരുന്നതാണ്. സർ, ഈ രാജ്യത്തു് അനേകം സമുദായങ്ങളുണ്ട്. ഗവർണ്ണരുടെ തിരുമനസ്സറിഞ്ഞുതന്നെ ചില ഇടക്കാർ ഉണ്ട്. മററു ഹിന്ദുക്കൾ എന്നും മററും ചില സമുദായക്കാരെ ക്ലിപ്തമല്ലാത്ത വിധങ്ങളിലും ഗണിച്ചിട്ടുണ്ട്. ഈ മററു ഹിന്ദുക്കൾ എന്ന ഇനത്തിൽ പെട്ടവരായി അനേകം ഉപസമുദായക്കാർ ഉണ്ടായിരിക്കും എന്നു എനിക്കു നല്ലപോലെ നിശ്ചയമുണ്ട്. ഇങ്ങനെ നോക്കുന്നപക്ഷം ആകെ എത്ര സമുദായക്കാരുണ്ടെന്നു നമുക്കു അറിഞ്ഞുകൂടാ എന്നു കാണുന്നതാണ്. എന്റെ അറിവു എത്തിയടത്തോളം ഈ രാജ്യത്തിനു ഒരു മററു സമുദായംമാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളു എന്നാണു തോന്നുന്നതു് ആ സമുദായം ഈ രാജ്യത്തെ രാഷ്ട്രീയപരമായ ഒന്നുമാത്രമാണ്. എന്നാൽ ഗവർണ്ണരോ അവർ സൂക്ഷ്മക്കുറവോടുകൂടിയിരിക്കുന്ന സന്ദർഭങ്ങളിലോ അല്ല ജനങ്ങളോടു സമാധാനം പറയുന്ന വിഷയത്തിൽ ശങ്കതോന്നുന്നതായ സന്ദർഭങ്ങളിലോ ചില പേരുകൾ ശ്രദ്ധിക്കുകാരെ സന്തോഷിപ്പിക്കേണ്ട ആവശ്യം തോന്നുന്ന സന്ദർഭങ്ങളിലൊ സർക്കാർ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ സമുദായ പ്രാതിനിദ്ധ്യം എന്നുള്ളതിനെ ലാക്കാക്കി പ്രവർത്തിക്കുന്നതായി സമ്മതിക്കുന്നുമുണ്ട്. രാജ്യത്തിന്റെ രക്ഷയെപ്പററി ആലോചിക്കുന്ന പക്ഷം ഉദ്യോഗങ്ങൾക്കു അവശ്യവേണ്ട ഏററവും കുറഞ്ഞ യോഗ്യതകൾ ഉള്ളവരെ അതാതു ഉദ്യോഗങ്ങളിൽ നിയമിക്കുക എന്നുള്ള നയത്തെ ഒരിക്കലും തുടരാൻ പാടുള്ളതല്ല.

ണർ, നാം ഇപ്പോൾ ഇരിക്കുന്നതു് രാജ്യത്തിനു ആവശ്യമുള്ളതു എന്തെന്നു അറിഞ്ഞു പ്രവർത്തിക്കുന്നതിനു വേണ്ടിയാണ്. അല്ലാതെ രാജ്യത്തിൽനിന്നും കിട്ടുന്ന നികുതിയെ അവരവർക്കായി ഭാഗിച്ചു എടുത്തുകൊണ്ടുപോകുവാൻ അല്ല. നാം ഓരോരുത്തരും ചില വാക്കിലിട്ടുള്ള തുകകൾക്കു അനുസരിച്ചുള്ള തുകകളെ നാം കൊടുത്തിട്ടുള്ള നികുതിയിൽനിന്നും ഓരോരുത്തർക്കു തിരിച്ചു വാങ്ങണമെന്നു വിചാരമുള്ളപക്ഷം നികുതിതന്നെ ഒട്ടും കൊടുക്കുകയില്ല എന്നു നാം നിശ്ചയിക്കുന്നതല്ലയോ കുറേക്കൂടി ഭേദമായിരിക്കുന്നതു് എന്നാണു ഞാൻ ചോദിക്കുന്നതു്. സെൻസസ് റിപ്പോർട്ടിലോ ഭരണറിപ്പോർട്ടിലോ നോക്കി നാം ഗവർണ്ണമെന്റിലേക്കു കൊടുത്തിട്ടുള്ള നികുതി നമുക്കു തിരിച്ചുതരണമെന്നു ആവശ്യപ്പെടുകയോ? പുലയർ ആദിയായി ചിന്നോക്കംകിടക്കുന്ന സമുദായക്കാരുടെ കഥ വളരെ പരുങ്ങലിലാകും. പക്ഷെ അതു സാരമില്ലല്ലോ. കുട്ടികൾക്കു അതിന്റെ കൈക്കൂലി പൊള്ളിയാലും തള്ളക്കുട്ടികൾക്കു പേണ്ടതു കിട്ടുന്നുണ്ടോ എന്നുള്ളതു് മാത്രമേ നമുക്കു നോക്കാനുള്ളിട്ടുള്ളു. വർഗ്ഗീയപ്രാതിനിധ്യം അത്യന്താപേക്ഷിതമാണെന്നു മുറവിളിക്കൂട്ടുന്ന ഈ ആളുകൾതന്നെ പുലയർ ആദിയായുള്ള ആളുകളുടെ അവകാശങ്ങൾക്കു പേണ്ടിയും വാദിക്കുന്നവരാണ്, പക്ഷപാതികളുടെ വാദത്തിനു ശക്തി കൂട്ടുന്നതിലേക്കായി മാത്രം ഇങ്ങിനെയുള്ളവരുടെ പേരിലെടുത്തു പ്രചിച്ചു കൊണ്ടുവരുന്നതല്ലയോ എന്നു എനിക്കു സംശയംതോന്നിപ്പോകുന്നു. ഈ ആദർശത്തെ നാം സ്വീകരിക്കുന്നപക്ഷം വലിയ മത്സരം വർദ്ധിക്കുന്നതിനും വർഗ്ഗീയപ്രാതിനിധ്യം കൂടുതൽ വേണം എന്നു മുറവിളി അമ്മവില്ലാത്തവിധം വർദ്ധിക്കുന്നതിനും ഇടയാകുന്നതാണ്. അതുകൊണ്ടു സമുദായ പ്രാതിനിധ്യം എന്ന കാര്യം ഒട്ടും ശരിയായിട്ടുള്ള ഒന്നല്ലെന്നും ബുദ്ധിപൂർവ്വമായി പ്രവർത്തിക്കുന്നപക്ഷം ഇതിനെ ഗവർണ്ണമെന്റു ഒരു നയമായി സ്വീകരിക്കാൻ പാടില്ലെന്നുംമാത്രമാണ് ഗവർണ്ണമെന്റിനെ ധരിപ്പിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നതു്.

മി. എ. ജെ. ജാൺ (തൈക്കം): സർക്കാർ ഉദ്യോഗങ്ങൾക്കു ആളുകളെ ആജ്ഞയായി എടുക്കുക എന്നുള്ളതു ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് വേണ്ടതു എന്നു മെമ്പറിനു പറയാൻ കഴിയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വിഷയത്തിൽ ജോലിക്കുള്ള ശേഷി എന്നുള്ള ഒരേഒരു സംഗതിമാത്രമേ തോതായി സ്വീകരിക്കാൻ പാടുള്ളു. ഏതൊരു നൈതിക തത്വങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള ധർമ്മമത്സരം ഉണ്ടായിരിക്കേണ്ടതാണ്. ആ മത്സരത്തിൽ പങ്കുകൊള്ളുന്നതിനു രാജ്യത്തിലുള്ള എല്ലാജനങ്ങൾക്കും ഒരുപോലെ സൌകര്യങ്ങളും ഉണ്ടാക്കികൊടുക്കേണ്ടതാണ്.

മി. എ. ജെ. ജാൺ (തൈക്കം): ഓരോ ഡിപ്പാർട്ടുമെന്റിലെന്റെ മേലധികാരികളും ഇപ്പോൾ ആളുകളെ നിയമിക്കാറുള്ളതു് ജോലിക്കുള്ള ശേഷി എന്നുള്ള ഏകതത്വത്തെമാത്രം അടിസ്ഥാനമാക്കിയാണോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോൾ അവർ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ മേലാൽ അങ്ങനെ ചെയ്യേണ്ടതാണെന്നു നാം നിർബന്ധിക്കണം.

മിസ്റ്റർ തയ്യിൽ കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): ഇതുവരെ മത്സരപ്പരീക്ഷ ഏർപ്പെടുത്താതുകൊണ്ടു ചില സമുദായക്കാർക്കു ഉണ്ടായിട്ടുള്ള ദോഷങ്ങളെയും ചില സമുദായക്കാർക്കു ഉണ്ടായിട്ടുള്ള ഗുണങ്ങളെയും ഇപ്പോൾ പരിഹരിക്കാൻ കഴിയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല; ഇതുവരെ ഉണ്ടായിട്ടുള്ളദോഷത്തെ നിവൃത്തിക്കാനുപോകാതിരിക്കുന്നതിനു എന്തെല്ലാം വേണമോ അതെല്ലാം ചെയ്യുവാൻ സാധിക്കും.

മി. തയ്യിൽ കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): അതിനു വർഗ്ഗീയപ്രാതിനിധ്യം അല്ലേ നല്ലതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ലാ ഇതു് വർഗ്ഗീയപ്രാതിനിധ്യംകൊണ്ടു ഇതുവരെ ഉണ്ടായിട്ടുള്ള ദോഷത്തെ നിലനിർത്തിക്കൊണ്ടുപോകയേയുള്ളു. ഇതുവരെ നായന്മാർ അല്ലെങ്കിൽ മറെറാരുജാതിക്കാർ നടത്തിക്കൊണ്ടിരുന്ന അപരാധങ്ങളെല്ലാം ചെയ്യാൻ ഞങ്ങൾക്കും മത്സരകുത്തകകിട്ടുന്നതെന്നല്ലാ ഒരു സമുദായക്കാർ പറയേണ്ടതു്.

മി. തരിയത്തുകുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ-തൊടുപുഴ): പ്രാതിനിധ്യം കുറഞ്ഞവർക്കു ശരിക്കായ പ്രാതിനിധ്യം കിട്ടിയല്ലാതെ ഇപ്പോഴത്തെ പ്രാതിനിധ്യക്കുറവിനെ പരിഹരിക്കാൻ സാധിക്കുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോൾ ഏതുശക്തി ഉപയോഗിച്ചു പ്രാതിനിധ്യംവേണമെന്നു ആവശ്യപ്പെടുന്നൊ ആ ശക്തികൊണ്ടു ഇപ്പോൾ ഉണ്ടായിട്ടുള്ള ദോഷത്തെ മാററാനാണ് നോക്കേണ്ടതു്. അല്ലാതെ ആ ദോഷം ചെയ്യാനുള്ള അവസരം ഞങ്ങൾക്കും കിട്ടിയതിനുശേഷമേ അതു മാററാവൂഎന്നു ഒരു സമുദായം പറഞ്ഞാലുപോരാ. ഏതെങ്കിലും ഒരു സമുദായത്തിന് ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കുന്നില്ലെന്നു എപ്പോൾ മനസ്സിലാകുന്നുവൊ ആ നിമിഷത്തിൽതന്നെ നിയമനാധികാരികളുടെമേൽ ശരിയായ മേൽനോട്ടം ഉണ്ടാകാൻ ശ്രമിക്കേണ്ടതാണ്.

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു ഉദ്യോഗത്തിനു തിരുവിതാംകൂർകാരനായ ഒരാളും അന്യദേശിക്കായ മറെറാരാളും ഇങ്ങനെ രണ്ടുപേർ അപേക്ഷകന്മാരായി ഉണ്ടായിരിക്കുകയും തിരുവിതാംകൂർകാരൻ ജോലിക്കു അത്യാവശ്യമായുള്ള യോഗ്യതകൾമാത്രമുള്ളവനും മറെറാരാൾ അതിൽ കൂടുതൽ യോഗ്യതയുള്ളവനും ആയിരിക്കുകയും ചെയ്യുന്നുവെന്നു വിചാരിക്കാം. ഇങ്ങിനെവരുന്ന സന്ദർഭങ്ങളിൽ മ. എ. കെ. പിള്ളയുടെ അഭിപ്രായം അനുസരിച്ചു ആരേയാണ് ആ ജോലിയിൽ നിയമിക്കേണ്ടതെന്നു അറിഞ്ഞാൽകൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എഞ്ചിനീയർ ഡിപ്പാർട്ടുമെന്റിനെപോലെയുള്ള ചില ഡിപ്പാർട്ടുമെന്റുകളിൽ തിരുവിതാംകൂർകാരേയോ അന്യനാട്ടുകാരേയോ നിയമിക്കുന്നവിഷയത്തിൽ എനിക്കു യാതൊരുവിരോധവുംഇല്ലാ. ഇത്തരത്തിലുള്ള ഡിപ്പാർട്ടുമെന്റുകളിൽ കഴിയുന്നിടത്തോളം കൂടുതൽ യോഗ്യതയുള്ള ആളുകളെത്തന്നെയാണ് നിയമിക്കേണ്ടതു്.

മി. എൻ. വി. ജോസഫ് (പറവൂർ): സാധാരണയായി സർക്കാർ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ തിരുവിതാംകൂർകാരനായ അപേക്ഷകനു അവശ്യംവേണ്ട യോഗ്യതകൾ ഉണ്ടായിരിക്കയും അന്യനാട്ടുകാരനായ അപേക്ഷകനു കൂടുതൽ യോഗ്യതയുണ്ടായിരിക്കയും ചെയ്യുന്ന സന്ദർഭങ്ങളിൽ അന്യനാട്ടുകാരനെന്തെങ്കിലും കൂടുതൽയോഗ്യത ഉണ്ടെന്നുള്ള ഏക കാരണത്തെമാത്രം അടിസ്ഥാനമാക്കി അയാളെ നിയമിക്കുന്നതെന്നാണൊ മി. എ. കെ. പിള്ളയുടെ അഭിപ്രായം എന്നാണ് ഞാൻ ചോദിച്ചതു്.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): അതുസംബന്ധിച്ചു ഞാൻ പറവാൻതുടങ്ങുകയാണ്. അതു ഏതെന്നോ അല്ലായെന്നോ ഉള്ള ഒന്നുവാക്കുകൊണ്ടു മറുപടി പറയത്തക്ക ഒരു ചോദ്യമല്ലാതുള്ളതു. യോഗ്യതയെ മാത്രം മുഖ്യമായിഗണിക്കണമെന്നായി എഞ്ചിനീയറാണ്, റയിൽവേ മുതലായ ഏതാനും ഡിപ്പാർട്ടുമെൻറുകൾ ഉണ്ട്. ഈ ഡിപ്പാർട്ടുമെൻറുകളുസംബന്ധിച്ചു യോഗ്യതയെമാത്രം അല്ലാതെ മറ്റു യാതൊന്നിനേയും വകവയ്ക്കുന്നതായിട്ടില്ല. ഇവയിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നവിഷയത്തിൽ നിയമിക്കുന്നവൻ ഏതു രാജ്യക്കാരനാണെന്നുള്ളതിനെപ്പററി ചിന്തിക്കേണ്ട ആവശ്യമേഇല്ലാ.

ഇംഗ്ലീഷ് രാജ്യക്കാരനായ ഒരുവൻതന്നെ ഈ ഭരണത്തുവന്നു നാംകൊടുക്കുന്ന ശമ്പളത്തിനു ജോലിചെയ്യാൻ തയ്യാറുള്ളപക്ഷം അയാളുടെ പൂർവ്വചരിത്രങ്ങളും യോഗ്യതകളുംകൊണ്ടു അപേക്ഷകന്മാരിൽ കൂടുതൽ സാമർത്ഥ്യമുള്ളവൻ അയാളാണ് എന്നു ബോദ്ധ്യപ്പെടുന്നുഎങ്കിൽ അയാളെത്തന്നെ നിയമിക്കാൻ നാം സന്നദ്ധരായിരിക്കണം. നാം മുടക്കുന്ന മുതലിന് ഏററവും കൂടുതലായ ആദായമാണ് നമുക്കു കിട്ടേണ്ടതു്. നാം കൊടുക്കുന്ന ശമ്പളത്തിനു ഏററവും കൂടുതൽജോലി ചെയ്യുന്നിക്കുക എന്നുള്ളതാണ് നമ്മുടെ ആവശ്യം. എന്നാൽ തഹശീൽദാർ ദിവാൻബഹദൂർ മുതലായ ഉദ്യോഗങ്ങൾക്കു എന്നല്ലാ ദിവാൻജി ഉദ്യോഗത്തിനുപോലും തിരുവിതാംകൂർകാരനെത്തന്നെ നിയമിക്കണമെന്നും മറെറ ആരേയും നിയമിച്ചുകൂടാതെന്നും നിർബന്ധിക്കുന്നതിന് നമുക്കു സ്വാതന്ത്ര്യമായ അവകാശമുണ്ട്. ഈ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ ശരിയായ യോഗ്യതയുള്ളവരെ തിരുവിതാംകൂർകാരിൽനിന്നും കിട്ടാത്ത സന്ദർഭങ്ങളിൽ മാത്രമെ അന്യരാജ്യക്കാരെ നിയമിക്കാൻ പാടുള്ളു. ഇങ്ങനെ പറയുന്നതുള്ളകാരണം ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുടെ ജോലികൾ ശരിയായി നിർവഹിക്കുന്നതിനു പരിതസ്ഥിതികളുടെ പരിപൂർണ്ണജ്ഞാനം അത്യന്താപേക്ഷിതമായിരിക്കുന്നതുകൊണ്ടു് ആ സംഗതി തിരുവിതാംകൂർകാർക്കു നല്ലപോലെ അറിയാൻ ഇടയുള്ളതുകൊണ്ടുതന്നെയാണ്.

മി. എൻ. വി. ജോസഫ് (പറവൂർ): ഏററവും കൂടുതൽയോഗ്യത എന്നുള്ളതിനെ നാം ലാക്കാക്കേണ്ടതായി ഏതാനും ഡിപ്പാർട്ടുമെണ്ടുകൾ ഉണ്ടെന്നാണോ മെമ്പർ പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കേണ്ടതു്.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): അങ്ങനെയല്ല. സർക്കാർ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ സാമർത്ഥ്യം എന്നുള്ളതുതന്നെ മാനദണ്ഡം ആയിരിക്കേണ്ടതാണെന്നു ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): എന്നാൽ ഗവർണ്ണമെന്റു സർവീസിലുള്ള എല്ലാ ഉദ്യോഗങ്ങളിലും തിരുവിതാംകൂറുകാരനായ അപേക്ഷകനേക്കാൾ കൂടുതൽ യോഗ്യതയുള്ള അന്യനാട്ടുകാരനെ നിയമിക്കാൻപാടില്ലാത്തതു എന്തുകൊണ്ടാണ്?

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): തഹശീൽദാർ, ദിവാൻബഹദൂർ, ദിവാൻ മുതലായുള്ള ഉദ്യോഗങ്ങളെ സംബന്ധിച്ചേടത്തോളം സാമർത്ഥ്യം എന്നുപറയുന്നതിൽ പരിതസ്ഥിതികളെ സംബന്ധിച്ചുള്ള പരിജ്ഞാനം എന്നുള്ളതുകൂടി ഉൾപ്പെട്ടിരിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): പരിതസ്ഥിതികൾ എന്നുപറഞ്ഞതുകൊണ്ടു മെമ്പർ വിവക്ഷിക്കുന്നതു രാജ്യത്തിലുള്ള ജനങ്ങളെക്കുറിച്ചുള്ള പരിജ്ഞാനം എന്നാണോ എന്നറിഞ്ഞാൽകൊള്ളാം.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): ഏതെങ്കിലും സ്ഥലനിവാസികളെക്കുറിച്ചു ഞാൻ പറയുന്ന സന്ദർഭങ്ങളിലെല്ലാം രാജ്യത്തിലുള്ള ജനങ്ങളെ ആകമാനം ഉദ്ദേശിച്ചാണ് ഞാൻ പറയാറുള്ളതു്? ഞാൻ മുമ്പു പറഞ്ഞതുപോലെ എനിക്കറിയാവുന്നതും ഞാൻ സമുദായമായിഗണിക്കാൻ തയ്യാറുള്ളതുമായ സമുദായം ഈ രാജ്യത്തെ രാഷ്ട്രീയഘടന എന്നതുമാത്രമാണ്.

മി. ഏ. ജെ. ജാൻ (വൈക്കം): വളരെ സമർത്ഥന്മാരായ യൂറോപ്യന്മാരെപ്പോലുള്ളവരെ നിയമിക്കുന്നതിൽ മെമ്പറിനു എന്തെങ്കിലും വിപരീതാഭിപ്രായംഉണ്ടോ?

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി) വമ്പിച്ചസംഖ്യകളുടെ സഹായം ആവശ്യമായിട്ടുള്ള സംഗതികൾക്കല്ലാം സമർത്ഥന്മാരായ യൂറോപ്യന്മാരെപ്പോലുള്ളവരെ നിയമിക്കുന്നകാര്യത്തിൽ എനിക്കു യാതൊരു വിരോധവുമില്ല. നിയമിതനാകുന്നവന്റെ പൂർവ്വചരിത്രത്തിൽനിന്നും അയാൾ രാജ്യത്തിനു ഏററവും ഗുണകരമായവിധത്തിൽ പ്രവർത്തിക്കുമെന്നു നമുക്കു പൂർണ്ണബോദ്ധ്യം ഉണ്ടാകുന്നിടത്തോളംകാലം ഇംഗ്ലണ്ടിൽനിന്നോ അമേരിക്കയിൽനിന്നോ ഇററലിയിൽനിന്നോ ഐറ്റ്ലൻഡിൽനിന്നോപോലും ഒരാളിനെപ്പെടുത്തി ചീഫ് എഞ്ചിനീയറായി നിയമിക്കുന്നവിഷയത്തിൽ ഞാൻ ഒരുകാലത്തും വിപരീതാഭിപ്രായക്കാരനായിരിക്കുന്നതല്ല. സർ, ഏററവും കൂടുതൽഫലം കിട്ടണമെന്നുള്ളതാണു നമ്മുടെ ആവശ്യം. നാം ചെലവിടുന്ന പണത്തിനു ഏററവും കൂടുതൽ ആദായം കിട്ടണമെന്നുള്ളതാണു നമുക്കു ആവശ്യമായിട്ടുള്ളതു. ആയിരമോ രണ്ടായിരമോ രൂപാ കൊടുക്കുന്നതിൽ നമുക്കു യാതൊരു വിരോധവുമില്ല ഉപയോഗപ്രദവും ആദായകരവും ഗുണകരവുംആയ വിധത്തിൽ ജോലി ചെയ്യിക്കാൻ സാധിക്കുന്നിടത്തോളംകാലം കീഴ്സിൽണ്ടന്തികൾക്കു കൂടുതൽശമ്പളം കൊടുക്കുന്ന വിഷയത്തിൽ യൂറോപ്യൻകമ്പനിക്കാർ യാതൊരുമടിയും കാണിക്കാറില്ല. ഏററവും കുറഞ്ഞ ചിലവുകൊണ്ടു ഏറവും കൂടുതൽആദായം എടുക്കണമെന്നുള്ള വിചാരം മാത്രമെ അവർക്കുള്ളു. ഈസ്റ്റ്ഇൻഡ്യാകമ്പനിക്കാർ അവരുടെകീഴിൽ നാട്ടുകാരെ നിയമിച്ചതു അവർക്കു യൂറോപ്യന്മാരെ കിട്ടാതിരുന്നതുകൊണ്ടല്ലാ നാട്ടുകാരെനിയമിച്ചാൽ ഏററവും കുറഞ്ഞചിലവിൽ ഏററവും കൂടുതലായതോതിൽ ചെയ്യിക്കാൻ സാധിക്കുമെന്നു അറിയാമായിരുന്നതുകൊണ്ടാണ് എന്നുള്ളസംഗതി നമുക്കെല്ലാവർക്കും നല്ലപോലെ അറിയാമെന്നുള്ളതാണല്ലോ. അതുപോലെതന്നെ ഒരു ഉദ്യോഗസ്ഥനു ശമ്പളമായി കൊടുക്കുന്നതുകൂടാതെ അനുരൂപമായവിധത്തിലുള്ള ജോലി അയാളെക്കൊണ്ടു ചെയ്യിക്കാമെന്നുള്ളിടത്തോളംകാലം സമർത്ഥനായ ഒരുദ്യോഗസ്ഥനു ൧൦൦൦-മോ ൫൦൦-മോ രൂപാ ശമ്പളം കൊടുക്കുന്നകാര്യത്തിൽ എനിക്കു യാതൊരുവിരോധവുമില്ല. ചിലവിനനുരൂപമായ വിധത്തിൽ രാജ്യത്തിനു ഗുണംസിദ്ധിച്ചാലും സിദ്ധിച്ചില്ലെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ശമ്പളംവകയ്ക്കു ഖജാനാവിൽനിന്നും ൧൦൦ രൂപാ ചിലവാക്കുന്നുഎങ്കിൽ ഒരോ സമുദായക്കാർക്കു അവരവർക്കു അവകാശപ്പെട്ടിട്ടുള്ള അംശംകിട്ടുന്നതെന്നു ഈ സഭയിലുള്ള ചില അംഗങ്ങൾക്കു ആശയുള്ളതായി തോന്നുന്നു. നാം അങ്ങനെയുള്ള ഒരു മനസ്ഥിതിയെ അംഗീകരിക്കുന്നപക്ഷം അതായതു ചിലവിനനുരൂപമായ വിധത്തിൽ രാജ്യത്തിനു ഗുണം സിദ്ധിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി ഒട്ടുംതന്നെ ഗണിക്കാതെ രാജ്യത്തെ നികുതിയെ നാം എല്ലാവരേയും

ക്കൂടി ഭാഗിച്ചെടുക്കണമെന്നു വിചാരിക്കുന്നപക്ഷം പബ്ലിക്കുസർവീസ് എന്നതു പിടിച്ചുപറിച്ചുകൊണ്ടു വന്നിട്ടുള്ള ഉദ്യോഗത്തെ പങ്കിടുന്നതിനായി കക്ഷിക്കാർ എല്ലാപേരും ഒന്നിച്ചുകൂടുന്ന അടുക്കളപോലെ ആയിത്തീരുകയാണു്. ഒരു രാഷ്ട്രീയ ദേശീയസംഘം ഉണ്ടെന്നു വിചാരിക്കുക. രാജ്യത്തിൽ ഒരു യുദ്ധം ഉണ്ടായി എന്നു വിചാരിക്കുക. ഉദ്യോഗവിഷയത്തിൽ അവരവർക്കു അവകാശമുള്ള ഭാഗങ്ങൾ അവരവർക്കു വീതിച്ചുകിട്ടണമെന്നു മുറവിളിക്കൂട്ടുന്ന ആളുകൾ "എനിക്കു ചെയ്യാൻകഴിയുന്നതിനെ ഗവർണ്മെന്റിൽനിന്നു സ്വീകരിക്കുന്നതേ. ഞാൻ രാജ്യത്തിനുവേണ്ടി ത്യാഗംചെയ്യാൻ സന്നദ്ധനാണു" എന്നു മുന്നോട്ടുവന്നു പറയാൻ ആളുണ്ടോ? "എത്ര ചക്രവർത്തിമാർക്കു് ജന്മമാരായി പോന്നിട്ടുണ്ടു; എത്ര മഹാന്മാരായിട്ടുണ്ടു്" എന്നിങ്ങനെ അക്ഷമന്മാരായി അന്വേഷിക്കുമോ. സൈന്യത്തിൽ ഭിന്നസമുദായങ്ങൾക്കു ജനസംഖ്യക്കനുപാതമായ പ്രാതിനിധ്യം കൊടുക്കണം സിദ്ധിച്ചിട്ടില്ലെന്നതിനാണു പ്രാതിനിധ്യം ശരിയായ വഴിക്കല്ലല്ലോ സമുദായങ്ങളിൽനിന്നു കൂടുതൽ ആളുകളെ പട്ടാളത്തിൽ ചേർക്കണമോ എന്നും മററും അവർ പരാതിപറയുമോ? പരിഗണിക്കുമോ ഇപ്രകാരംഎല്ലാം വരുമ്പോൾ രാജ്യത്തിനുവേണ്ടി ത്യാഗംചെയ്യാൻ ഒരുങ്ങുന്നതു ആരെങ്കിലും വിചാരിക്കുന്നുണ്ടോ? അങ്ങനെയുള്ള സന്ദർഭങ്ങളിൽ ജനങ്ങൾ കഴിയുന്നതോളം ഭരണത്തിന്റെ ചുമതലകളിൽനിന്നു ഒഴിഞ്ഞുമാറിക്കൊൾ ശ്രമിക്കുന്നതായിരിക്കും. ഇപ്പോൾ അവർ ഗവർണ്മെന്റുസർവ്വീസിൽ പ്രവേശിക്കാൻ ഉൽസുകരായി കാണപ്പെടുന്നതു രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്നുള്ള ആശകൊണ്ടല്ല. ഗവർണ്മെന്റിന്റെ നിയന്ത്രണത്തിലായി കിട്ടുന്ന ഉദ്യോഗത്തിൽനിന്നു കഴിയുന്നിടത്തോളം കൂടുതലായ ഒരു ഭാഗം പ്രയോജനമാക്കണമെന്നുള്ള ഉദ്ദേശംകൊണ്ടുമാത്രമാണു്. സർ, ഈ സംഗതിയെസംബന്ധിച്ചു ഇപ്രകാരമുള്ള ഒരു മനോഭാവത്തിലല്ല ജനങ്ങൾ അംഗീകരിക്കേണ്ടതു. വാദവിഷയത്തിന്റെ ഈ മുഖത്തെക്കൂടി സഭയുടെ ശ്രദ്ധയെ വിഷയമാക്കുന്നതുമാത്രമേ എനിക്കു താല്പര്യമുണ്ടായിരുന്നുള്ളു. സഭാംഗങ്ങൾ അനേകംപേരും എന്റെ ഈ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുമെന്നും എനിക്കു നല്ല നിശ്ചയമുണ്ടു.

മി. എ. ജെ. ജോൺ (വൈക്കം): സമുദായപ്രാതിനിധ്യം എന്ന തത്ത്വത്തെ എപ്പോൾമുതൽക്കാണു ഗവർണ്മെന്റു സ്വീകരിച്ചുതുടങ്ങിയതു?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സമുദായപ്രാതിനിധ്യംഎന്ന പ്രമാണത്തെ ഗവർണ്മെന്റു അംഗീകരിച്ചിട്ടുള്ളതായി എനിക്കു തോന്നുന്നില്ല. അഥവാ അതിനെ അവർ അംഗീകരിച്ചിട്ടുണ്ടെങ്കിൽതന്നെ അതു ആലോചനകൂടാതെയും സൂക്ഷ്മക്കുറവിനാലും ചെയ്തുപോയിട്ടുള്ളതായിരിക്കണം. പൂർവ്വപ്രകാരമായാലും ഈ സംഗതിയെപ്പററി അവർ വീണ്ടും ആലോചിച്ചു അയുക്തികവും അഭിലഷണീയവുമായ ഈ സ്ഥിതിയിൽനിന്നും ഒഴിഞ്ഞുമാറുന്നതിനു വേണ്ട ശ്രമം ഗവർണ്മെന്റിൽനിന്നും ചെയ്യുമെന്നും ഞാൻ ആശിക്കുന്നു കഴിയുന്നതുവേഗത്തിൽ അപ്രകാരം പ്രവർത്തിക്കുന്നതിനു വേണ്ട തയ്യാറെടുപ്പു അവർ സജ്ജീകരിക്കേണ്ടതാണു. ഗവർണ്മെന്റിനു പ്രവർത്തിക്കണമെന്നു തോന്നുന്ന കാര്യങ്ങളെല്ലാം പ്രവർത്തിക്കുന്നതിനുള്ള ശക്തിയും അധികാരവുമുണ്ടെന്നുള്ളതു എനിക്കറിയാം. അപ്രകാരം അവർ ചെയ്തിട്ടുള്ളതിനു ഉദാഹരണങ്ങൾ ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ. അയുക്തികമായ ഈ നയത്തെ വെടിയുന്നവിഷയത്തിൽ ഗവർണ്മെന്റു അവരുടെ ശക്തിയെ ഉപയോഗപ്പെടുത്താതെഇരിക്കുന്നതു എന്തുകൊണ്ടെന്നറിയുന്നില്ല.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹൈഡ്സക്കാർവക്കീൽ): പബ്ലിക്കുസർവീസിൽ സമുദായപ്രാതിനിധ്യം വേണമെന്നാണു പൊതുജനാഭിപ്രായത്തിന്റെ പോക്കുഎങ്കിൽ സമുദായപ്രാതിനിധ്യംഎന്ന ആദർശത്തെ ഗവർണ്മെന്റു സ്വീകരിക്കാതിരിക്കുന്നതു ശരിയായിരിക്കുമെന്നുണ്ടോ മിസ്റ്റർ എ. കെ. പിള്ളയുടെ അഭിപ്രായം?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സമുദായപ്രാതിനിധ്യത്തെ അനുകൂലിച്ചുള്ള ഒരു പൊതുജനാഭിപ്രായം ഉണ്ടായിരിക്കുന്നതല്ല. പൊതുജനങ്ങൾ പലഅംഗങ്ങളോടോ സാധാരണ ചർച്ചചെയ്യാറുള്ളപോലെ സമുദായങ്ങളോടോ തന്നിരിച്ചിട്ടുവേണം ഈ സമുദായക്കാരുടെയോ അല്ലെങ്കിൽ മറേറസമുദായക്കാരുടേയോ പൊതുവായ അഭിപ്രായം സമുദായപ്രാതിനിധ്യത്തിനു അനുകൂലമായിട്ടാണെന്നുറിക്കുന്നതു എന്നു പറയേണ്ടതു. പൊതുജനങ്ങളുടെ ഏതെങ്കിലും ചില പ്രത്യേകവിഭാഗങ്ങളുടെ ന്യായരഹിതമായ ഇത്തരത്തിലുള്ള അപേക്ഷകൾകേട്ടു ഗവർണ്മെന്റു മെച്ചപ്പെടുന്നപക്ഷം അതു ഗവർണ്മെന്റിന്റെയോ ഭരണകൂടത്തിന്റെയോ ശരിയായ ഒരു നയമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കല്യാണംപരമേശ്വരൻപിള്ള (അഡീഷനൽ ഹൈഡ്സക്കാർവക്കീൽ): പബ്ലിക്കുസർവീസിൽ സമുദായപ്രാതിനിധ്യം വേണമെന്നു ഭൂരിപക്ഷസമുദായവും ആവശ്യപ്പെടുകയും അപ്രകാരം ആവശ്യപ്പെടുന്ന എല്ലാ സമുദായങ്ങളും ചേരുമ്പോൾമൊത്തം തിരുവിതാംകൂറിലെ പൊതുജനത്തെയിത്തീരുകയുംചെയ്യുന്നപക്ഷം അങ്ങിനെയുള്ള ഒരു പൊതുജനാഭിപ്രായത്തെ ഗവർണ്മെന്റിന്റെ നയമായി സ്വീകരിക്കുന്നതിനു മിസ്റ്റർ എ. കെ. പിള്ളയുടെ അഭിപ്രായംഅനുസരിച്ചു അതു ശരിയായ കാര്യമാകുന്നില്ലേയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സന്നിഗ്ധകാര്യത്തെ പ്രമാണമാക്കിപ്പറയുന്ന സമ്പ്രദായം ഇപ്പോൾ പറഞ്ഞതു. ഗവർണ്മെന്റു ചെയ്തിട്ടുള്ള തരംതിരിപ്പിൽ ഉൾപ്പെടുത്തിട്ടില്ലാത്തതായി വളരെ അധികം സമുദായങ്ങൾ ഉണ്ടു്. വേറെപലർ തഹശീൽദാരുടെ ദ്വിഭാഷമോ ഹൈക്കോർട്ടുജഡ്ജി ഉദ്ദേശമോ ആവശ്യപ്പെടുന്നില്ല. ഗവർണ്മെന്റു ഈ രാജ്യത്തെ അനേകം സമുദായങ്ങളെ തരംതിരിച്ചിട്ടുള്ളതിൽ പതിനഞ്ചു പേരുകൾ ഉൾപ്പെടുത്തിക്കാണുന്നു. ശേഷമുള്ള അനേകസമുദായങ്ങൾ ഇടംവിട്ടിട്ടുമുണ്ടു്. ഈ രാജ്യത്തിൽ ആകെ കുടി പ സമുദായങ്ങൾ ഉണ്ടെന്നു വിചാരിക്കുക. ഹൈക്കോടതിയിൽ എത്ര ജഡ്ജിമാരുണ്ടു്. ഈ രാജ്യത്തിൽ ആകെ എത്ര ദിവാൻപേഷ്കാരന്മാരുണ്ടു്. ഈ ഇരുപതു സമുദായങ്ങളിൽ എത്രസമുദായങ്ങളിലെ പ്രതിനിധികളെ ഹൈക്കോർട്ടുജഡ്ജിമാരായോ പേഷ്കാരന്മാരായോ നിയമിച്ചു തൃപ്തിപ്പെടുത്തുവാൻ ഗവർണ്മെന്റിനു സാധിക്കും. ഇപ്രകാരം പോകുന്നപക്ഷം ആരംഭത്തിൽ ഞാൻ പറഞ്ഞതുപോലെ നമ്മുടെ വർഗ്ഗം വെറും അസംബന്ധമായി പരിണമിക്കും. ഒരു അഴുക്കിടത്തു അപ്പുറംപോകാൻ നിവൃത്തിയില്ലാതായിത്തീരും. അതിനാൽ അനാവശ്യമായ ഈ ഇളക്കത്തെ നാം തടയണം. അപ്രകാരം തടുക്കേണ്ടിയിരിക്കുന്നസ്ഥിതിക്കു അതു കഴിയുന്നതും വേഗത്തിൽചെയ്തു സമുദായപ്രാതിനിധ്യം എന്ന അബദ്ധമായ സിദ്ധാന്തത്തെ അനുവദിക്കുന്നതിനു മേലാൽ തയ്യാറില്ലെന്നു പറയുന്നതല്ലയോ നന്നായിരിക്കുന്നതു. ഏതെങ്കിലും ഒരു സമുദായത്തിനു സങ്കടംതോന്നുന്നു എങ്കിൽ ശ്രീമൂലംപ്രജാസഭവഴി ഗവർണ്മെന്റിനെ ആ സംഗതി അറിയിക്കാമെന്നുള്ളതാണു. സങ്കടംഅനുഭവിക്കുന്ന സമു.

മായത്തിലെ പ്രതിനിധികൾക്കു ആ സമയത്തു ഗവർണ്ണമെന്റുസർവ്വീസിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ അവരുടെകാര്യം മനഃപൂർവ്വമായി വിട്ടുകളയുന്നു എന്നു ഗവർണ്ണമെന്റിനെ ധരിപ്പിക്കാം. ഏതെങ്കിലും ഒരു സമുദായം കുറവാളായി തീരുന്നതെന്തുകൊണ്ടെന്നുവെച്ചാൽ അതിനെ അടിസ്ഥാനമാക്കി മറ്റുള്ളസമുദായങ്ങളുടെയും അതേ പ്രകാരം തന്നെ ചെയ്യുന്നതിനു ഗവർണ്ണമെന്റിൽനിന്നും അനുവദിക്കണം എന്നു പറയുന്നതു തീരെ യുക്തിയുക്തമായിരിക്കുന്നില്ല. ഈ നിലയെ ഗവർണ്ണമെന്റു ഒരിക്കലും അനുകൂലിക്കാൻപാടുള്ളതല്ല.

മി. സി. പി. മേനോൻ (കുന്നത്തുനാടു): ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽ ഒരു ജാതിയിലുള്ള ആളുകൾതന്നെ അധികമായി വരുന്നതുകണ്ടാൽ അതു പരിഹരിക്കേണ്ടതല്ലേ?

മി. ടി. കെ. പിള്ള (കുന്നംഗപ്പള്ളി): "വരുന്നതുകണ്ടാൽ" എന്നുവച്ചാൽ ഒരു ഡിപ്പാർട്ടുമെന്റിൽ ഒരു വർഗ്ഗത്തിലുള്ള ആളുകളെ ധാരാളം കാണുന്നുവെന്നല്ലേ? അധികം സിൽബന്ധികൾ ഉണ്ടുകൊണ്ടെന്താണു ദോഷം? അവരെക്കൊണ്ടു രാജ്യത്തിനു ഗുണം ചെയ്യാനാണു നോക്കേണ്ടതു. അതിലേക്കു പരിശ്രമം ചെയ്യുകയും അതിൽ എല്ലാപേർക്കും ചേരുന്നതിനു സൌകര്യവും ഉണ്ടായിരിക്കയും ചെയ്യണം. സർ, ഞാൻ പറയുന്നതു ഇതാണ്, ധർമ്മമായ മത്സരം ഉണ്ടായിരിക്കണം. പബ്ലിക്കു സർവ്വീസിൽ ആളുകളെ നിയമിക്കുന്നതിനുസംബന്ധിച്ചു ചില ക്ലിപ്തനിബന്ധനകൾ ഏർപ്പെടുത്തണം. ആ ക്ലിപ്തനിബന്ധനകൾ അനുസരിച്ചു മാത്രമേ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കാൻപാടുള്ളു. പ്രവേശിക്കുന്നതിനുള്ള സൌകര്യവും എല്ലാപേർക്കും ഒരുപോലെ കൊടുക്കണം. നാട്ടിലുള്ള എല്ലാ ജനങ്ങൾക്കും ഒരുപോലെ സൌകര്യംകൊടുക്കണം. ജനങ്ങളിൽ ഒരംശത്തിനെങ്കിലും ഈ മത്സരത്തിൽനിന്നു മുഴിച്ചുകാണുന്നിത്തരുതു. ആരംഭത്തെസംബന്ധിച്ചിടത്തോളം എല്ലാപേർക്കും തുല്യമായ സൌകര്യങ്ങൾ കൊടുക്കേണ്ടതാണ്. ഉദാഹരണമായി ഒരു അദ്ധ്യാപിക ഓട്ടപ്പന്തയം ചെയ്യുന്നു എന്നു വിചാരിക്കുക. അപ്പോൾ ഓട്ടപ്പന്തയക്കാരെ എല്ലാപേരേയും ഒരു സ്ഥാനത്തു നിൽക്കുവാൻ ആജ്ഞാപിച്ചിട്ടു നാം ഒന്നു, രണ്ടു, മൂന്നു എന്നു എണ്ണുകയും അവർ എല്ലാപേരും ഒരേസമയത്തുതന്നെ പുറപ്പെടുകയുംചെയ്തുകൂടുകയല്ലോ ചെയ്യാവുന്നതു. ഏറ്റവും കൂടുതൽവേഗത്തിൽ ഓടുന്ന ആളിനു നാം സമ്മാനവും കൊടുക്കുന്നു. ക്ഷീണിച്ചോ സുഖമില്ലാതെയോ ഇരിക്കുന്ന ആളിനു ആ കാരണത്താൽ നാം പ്രത്യേകസൌകര്യം ഒന്നുംതന്നെ കൊടുക്കുന്നില്ല. രണ്ടാമതു വന്നവൻ ക്ഷീണിച്ചവൻ ആണുകൊണ്ടു ഒന്നാമനെക്കാൾ മുഖ്യമായി കരുതി അയാൾക്കു സമ്മാനംകൊടുക്കുവാനും നാം ഒരുങ്ങുന്നില്ല.

മി. എൻ. വി. ജോസഫ് (പറവൂർ): ശ്രീമേനോൻ, നിയമനിർമ്മാണസഭ ഇടത്തിയുള്ള പ്രതിനിധിസംഖ്യകളിലേക്കു അംഗങ്ങളെ നിയമിക്കുന്നതിൽ സമുദായപ്രാതിനിധ്യം വേണമെന്നാണോ മിസ്റ്റർ എ. കെ. പിള്ളയുടെ അഭിപ്രായം?

മി. എ. കെ. പിള്ള (കുന്നംഗപ്പള്ളി): താൽക്കാലികമായി അപ്രകാരം ചെയ്യുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. മിസ്റ്റർ കുഞ്ഞിരാമമേനോൻ പറഞ്ഞതുപോലെ ഒരു മേശപ്പുറത്തു ഏതെങ്കിലും ആഹാരസാധനങ്ങൾ വിളമ്പിയിരുന്നാൽ താഴെനിൽക്കുന്ന കുഞ്ഞുങ്ങൾക്കു അവയെ ഉപയോഗിക്കുന്നതിനു ഉയരമുള്ള സ്റ്റൂളിന്റെയോ മറ്റോ സഹായംവേണ്ടിവരുന്നതാണെന്നുള്ളതു പരമാർത്ഥംതന്നെ. അതുപോലെതന്നെ ധർമ്മമായ തിരഞ്ഞെടുപ്പുവഴിക്കു പ്രതിനിധിസംഖ്യകളിൽ പ്രാതിനിധ്യം ഉണ്ടാക്കുവാൻ ശ്രേഷ്ഠിയില്ലാത്ത സമുദായക്കാർ നിയമനംകൊണ്ടു പ്രതിനിധികരിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതു. എന്നാൽ ഈ പ്രമാണം തന്നെ പബ്ലിക്കുസർവ്വീസിൽ ആളുകളെ നിയമിക്കുന്നവിഷയത്തിലും തുടരുവാൻപാടുള്ളതല്ല.

മി. എൻ. വി. ജോസഫ് (പറവൂർ): പ്രാതിനിധ്യസഭകളിലേക്കു ഏറ്റവും നല്ല ആളുകളെ പ്രതിനിധികളായി തിരഞ്ഞെടുക്കുന്നതല്ലയോ മിസ്റ്റർ എ. കെ. പിള്ളയുടെ അഭിപ്രായംഅനുസരിച്ചു ഇഷ്ടാഭിലാഷമായിട്ടുള്ളതു?

മി. എ. കെ. പിള്ള (കുന്നംഗപ്പള്ളി): ലീഗിസ്ലേറ്റീവു കൌൺസിലിനെപ്പോലെ എല്ലാ കാര്യങ്ങളിലും ക്ലിപ്തമായ ഉപദേശങ്ങൾ ഗവർണ്ണമെന്റിനുകൊടുക്കേണ്ട ചുമതലയുള്ളതും സങ്കടംപറയുകയുമുള്ള ഏകവിഷയത്തിൽമാത്രം ശ്രദ്ധചെലുത്തിക്കേണ്ടതല്ലാത്തതും ആയ ഏതെങ്കിലും ഒരുസഭയാണു ഇവിടെ ഉണ്ടാകാൻപോകുന്നതു എങ്കിൽ പണ്ടത്തെ ഏതൻസിലും റോമിലും ചെയ്യപ്പെട്ടവന്നതുപോലെ രാജ്യത്തിൽഉള്ളവരിൽ ഏറ്റവും ബുദ്ധിമാന്മാരായിട്ടുള്ളവരെത്തന്നെ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടേണ്ടതാണെന്നാണു എന്റെ അഭിപ്രായം. അപ്രകാരമുള്ള സഭകളിലേക്കു ആവശ്യമുള്ളതു ഏതെങ്കിലും ഒരാതനുസരിച്ചു ഏറ്റവും കുറഞ്ഞ യോഗ്യത ഉള്ളവരെയല്ല ഏറ്റവും കൂടുതൽ ബുദ്ധിമാന്മാരായിട്ടുള്ളവരെയാണു. അത്യാവശ്യമായ യോഗ്യതകൾ മാത്രം ഉള്ള ആളുകളെ നിയമിക്കേണ്ടതാണെന്നു നാം പറയുന്നപക്ഷം നാം ചിലപ്പോൾ പണത്തിനു ഏറ്റവും കൂടുതൽആളെ എടുക്കുന്നവിഷയത്തിൽ നമുക്കു ഒട്ടുംതന്നെ താല്പര്യമില്ലെന്നുമാത്രമേ അതിൽനിന്നു തെളിയുന്നുള്ളു. ഒരു ക്ഷീണിതനായ ആൾ പറയുന്നു "ഞാൻ ശ്രേഷ്ഠിയല്ലെങ്കിലുമാണു, ആരോടും മത്സരിക്കുന്നതിനു എനിക്കു ശ്രേഷ്ഠിയില്ല. മത്സരപരീക്ഷകളിൽ ഞാൻ ചേരുന്നപക്ഷം ജയിക്കുന്നകാര്യവും സാദ്ധ്യമല്ല. എന്നാൽ ഈ ഉദ്യോഗത്തിനു അത്യന്താപേക്ഷിതമായ ചേഷ്ടിത എനിക്കുണ്ടു. അപ്പോൾ എന്റെ ഗ്രാമത്തിൽനിന്നും വളരെ ആളുകൾ ഗവർണ്ണമെന്റു സർവ്വീസിൽ ഇല്ലാത്തതുകൊണ്ടു ചുരുക്കിട്ടി സർവ്വീസിൽ നിയമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു". എന്നിപ്രകാരം പറയുന്നു എന്നുവിചാരിക്കുക. നിങ്ങളുടെ അഭിപ്രായം അനുസരിച്ചു ഇതു യുക്തിയുക്തമായ ഒരു വാദമാണല്ലോ. ആസ്ഥിതിക്കു വിദ്യാഭ്യാസം തീരെ ഇല്ലാത്തവരും എഴുതുന്നതിനുപോലും അറിവില്ലാത്തവരും ആയ എല്ലാപേരേയും ഒന്നുപോലെ ഗവർണ്ണമെന്റിന്റെ കീഴിലുള്ള ഓരോ ഉദ്യോഗങ്ങളിൽ നിയമിക്കാൻ പാടില്ലാത്തതു എന്തുകൊണ്ടാണ്. ഇംഗ്ലണ്ടിലുണ്ടായ "ചാർട്ടിസ്റ്റ്മൂവ്മെന്റു" പോലെ ഈ നാട്ടിലെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്ത സകലരേയും കൂടിച്ചേർന്ന് "രാജ്യത്തിൽ ഭൂരിപക്ഷം ഞങ്ങളാണ്" ഈ രാജ്യത്തിലുള്ള ജനങ്ങൾക്കെല്ലാം ഗവർണ്ണമെന്റിൽനിന്നു വളരെക്കാലമായി വിദ്യാഭ്യാസം പ്രദാനം ചെയ്യപ്പെടാറുണ്ടെങ്കിലും ഇപ്പോഴും വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരായ ഞങ്ങൾതന്നെയാണു ഈ രാജ്യത്തെ ഭൂരിപക്ഷം. നിങ്ങളുടെ കലാശാലകളിൽ സാഹിത്യം ശാസ്ത്രങ്ങൾ മുതലായവ പഠിപ്പിക്കുന്നതിനു ഞങ്ങൾ ഒരുക്കമാണു. ഞങ്ങളെ കലാശാലകളിൽ പ്രൊഫസറന്മാരായി നിയമിക്കണം. ഞങ്ങളിൽ ചിലരെ ചീഫ്എഞ്ചിനീയരായി നിയമിക്കണം" എന്നിങ്ങനെ പറയുന്നു എന്നുവിചാരിക്കുക. ഈ യുക്തിവാദത്തെ സ്വീകരിച്ചു ഇത്തരക്കാർക്കു സർവ്വീസിൽ പ്രാതിനിധ്യം കുറവാണെന്നുള്ള ഏകകാരണത്തെമാത്രം അടിസ്ഥാനമാക്കി അവരെ ഉദ്യോഗങ്ങളിൽ നിയമിക്കേണ്ടതാണെന്നാണോ മെമ്പറിന്റെ അഭിപ്രായം.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചവടക്കെണ്ടത്തിൽ സംഘങ്ങൾക്കു വടക്കൻ മെമ്പർ): ചാർട്ടിസ്റ്റ് യഥാർത്ഥത്തിൽ ജനസംഖ്യയിൽ ഭൂരിപക്ഷം ആയിരുന്നുഎങ്കിൽ അവർ ഭൂരിപക്ഷക്കാർ ആണെന്നു വിളിച്ചുപറയേണ്ട ആവശ്യംതന്നെ നേരിടുകയില്ലായിരുന്നുഎന്നും അവക്ക് ആവശ്യമുള്ളതായിരുന്നതിനെ അവർ സാധിക്കുമായിരുന്നതെന്ന എന്നുംഉള്ള വസ്തുതകൾ മി. എ. കെ. പിള്ളയ്ക്കു അറിവില്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈസഭയിൽ വാദപ്രതിവാദങ്ങൾ നടത്തുന്നതിനുസംബന്ധിച്ചു ചില നിയമങ്ങൾ ഉള്ളവ ഇല്ലായിരുന്നുഎങ്കിൽ മെമ്പർ എന്നോടു ചോദിച്ചു ചോദ്യത്തിനു ഞാൻ മി. മാമ്മൻമാപ്പിളയോടു ഒരു എതിർചോദ്യം ചോദിക്കുമായിരുന്നുതന്നെ. ഇപ്പോൾ ഈ രാജ്യത്തിലുള്ള ഭൂരിപക്ഷംജനങ്ങൾ വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരല്ലയോ എന്നു ഞാൻ മെമ്പറിനോടു ചോദിക്കുന്നു. അവർ മുന്നോട്ടു വന്നു കണക്കുകൾ പറഞ്ഞു അവരുടെ ജനസംഖ്യയിൽ ഭൂരിപക്ഷമെന്നോ അവർ വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരാണെന്നും തെളിയിക്കുന്നു എന്നു വിചാരിക്കട്ടെ. അപ്രകാരത്തിൽ പ്രാതിനിധ്യമുണ്ടായിട്ടില്ലാത്തവരും പിന്നണിയിൽ ഡ്രിൽചെയ്തു നടക്കുന്ന ആൾക്കാരുമായ ആളുകളുടെ ഭൂരിപക്ഷം ഗവർണ്ണരിൽ നിന്നു കാണിക്കണമെന്നു ആവശ്യപ്പെടുന്നതായ പ്രസ്താവനകൾ അവരുടെ സംബന്ധിച്ചു കാണിക്കുന്നതിനു വേണ്ടിയുള്ളതായിരിക്കണമെന്നാണോ മെമ്പറുടെ അഭിപ്രായം. ഗവർണ്ണരുടെ പ്രാതിനിധ്യം എന്നു ആദർശം വ്യക്തിയുക്തമായിട്ടുള്ളതാണെന്നു വിചാരിക്കുന്നപക്ഷം ഇപ്പോൾ നമ്മുടെ രാജ്യത്തെ ജനസംഖ്യയിൽ ഭൂരിപക്ഷക്കാരായ വിദ്യാഭ്യാസരഹിതന്മാരെ സംബന്ധിച്ചും ഈ ആദർശത്തെ സ്വീകരിക്കുന്നതിൽ എന്താണു വിരോധം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-മേലുകാവു): ഭൂരിപക്ഷവർണ്ണം പ്രാതിനിധ്യം ചെയ്തിട്ടില്ലാത്തതു സമുദായത്തിൽപെട്ട ഒരുവനും ശരിയായി പ്രാതിനിധ്യം ചെയ്തിട്ടുള്ള സമുദായത്തിൽപെട്ട ഒരുവനും ഒരേ ഗവർണ്ണന്റെ അഭിപ്രായക്കാരായി വരുന്നു എന്നും അവർക്ക് രണ്ടു ആളുകൾക്കും ഒരേപോലെയുള്ള പരീക്ഷണങ്ങൾ കൂടി ഉണ്ടെന്നും വിചാരിക്കുക. ആ സന്ദർഭത്തിൽ ആരെനിയമിക്കണമെന്നു മെമ്പറിന്റെ അഭിപ്രായം?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പരീക്ഷാരേഖകൾ പരീക്ഷായോഗ്യതകൾ എന്നതിലായി ഞാൻ യാതൊരുവിധവും കല്പിക്കുന്നില്ല. ജോലിചെയ്യുന്നതിനുള്ള സാമർത്ഥ്യമെന്നു മാത്രമെ ഞാൻ വകയ്ക്കുന്നുള്ളു. ആൾക്കു കൂടുതൽ സാമർത്ഥ്യമുണ്ടെങ്കിൽ ആയാളെ ഉദ്യോഗത്തിൽ നിയമിക്കണം.

മി. തയ്യിൽ കുഞ്ഞിക്കൃഷ്ണൻ (മൂവാറ്റുപുഴ-തൊടുപുഴ): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. രാജ്യത്തിൽ ക്ഷേമം വർദ്ധിക്കുന്നതിനും വർഗ്ഗങ്ങളുടെ ഇടയിൽ ഐകമത്യവും പൊതുവിൽ സമാധാനവും ഉണ്ടാകുന്നതിനുംആയി ഉദ്യോഗമാനവിക്കയത്തിൽ വർഗ്ഗീയപ്രാതിനിധ്യം സ്വീകരിക്കേണ്ടതു അത്യാവശ്യമാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വർഗ്ഗീയപ്രാതിനിധ്യം സ്വീകരിക്കണമെന്നോ അതല്ലെങ്കിൽ ഗവർണ്ണർ സ്വീകരിച്ചുഎന്നോ അറിഞ്ഞതിനുശേഷമല്ലേ ഇങ്ങനെ ധാരാളം ആവശ്യപ്പെടാൻ തുടങ്ങിയതും അസ്വസ്ഥതവർദ്ധിച്ചതും?

മി. തയ്യിൽ കുഞ്ഞിക്കൃഷ്ണൻ (മൂവാറ്റുപുഴ-തൊടുപുഴ): ചിലരോഗത്തിനു ചികിത്സിക്കുമ്പോൾ രോഗം ആരംഭത്തിൽ കുറെ വർദ്ധിച്ചിട്ടായിരിക്കാം ഒടുവിൽ സുഖപ്പെടുന്നതു. അതുകൊണ്ടു ചികിത്സ നിർത്തുന്നതു ശരിയാണോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ചിലസുഖക്കേടുകൾക്കു കരുപ്പു കൊടുക്കാറുണ്ട്, അതു കൊടുക്കുന്നതോടെ കൂടുതൽകരുപ്പു കൊടുക്കേണ്ടിവരുമെന്നറിയാമോ?

മി. തയ്യിൽ കുഞ്ഞിക്കൃഷ്ണൻ (മൂവാറ്റുപുഴ-തൊടുപുഴ): ഇതു അതുമാതിരിയുള്ള സുഖക്കേടല്ല (ചിരി) രാജ്യത്തു പൊതുവിൽ സമാധാനവും ജനങ്ങളുടെ ഇടയിൽ ഐകമത്യവും ഉണ്ടാകുന്നതിനു ഉദ്യോഗമാനവിക്കയത്തിൽ വർഗ്ഗീയപ്രാതിനിധ്യം നൽകേണ്ടതാവശ്യമാണ്. എല്ലാവർഗ്ഗക്കാരും അതിലേക്കുള്ള ഉൽക്കണ്ഠ പ്രത്യക്ഷപ്പെടുത്തിക്കഴിഞ്ഞു. "ഞങ്ങളുടെ വർഗ്ഗക്കാർക്കു പബ്ലിക്കുസർവീസിൽ വേണ്ടിടത്തോളം പ്രാതിനിധ്യം കിട്ടുന്നില്ല" എന്നു എല്ലാവർഗ്ഗക്കാരും പറയാറുണ്ടു. എന്നാൽ ചാർട്ടഡ്പ്രൊഫഷ്യൂ ഡിപ്പാർട്ടുമെന്റിൽ അനേകം കാലം പലവർഗ്ഗക്കാർക്കും പ്രവേശനം അനുവദിക്കപ്പെട്ടിരുന്നില്ല. ജനങ്ങളുടെ ഇടയിലുള്ള നിലകൂടി പിരിക്കുക, ചോരവരുത്തുക, പുതുവസ്ത്രികൾ പതിച്ചുകൊടുക്കുക, ജനപ്രതിനിധി സഭകൾക്കു പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടേർസ്ലിസ്റ്റ് തയ്യാറാക്കുക മുതലായി ജനസാമാന്യത്തെ നേരിട്ടു ബാധിക്കുന്ന പല പ്രധാനകാര്യങ്ങളും നിർവ്വഹിക്കേണ്ടതു ചാർട്ടഡ്പ്രൊഫഷ്യൂ ഡിപ്പാർട്ടുമെന്റുകൾതന്നെ. മേലെ ഒരു ഡിപ്പാർട്ടുമെന്റുകാർക്കും പൊതുജനങ്ങളുടെ ഇത്ര ഇടപെടേണ്ട ആവശ്യമില്ല. അങ്ങിനെയുള്ള ഒരുഡിപ്പാർട്ടുമെന്റിൽ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളിൽ ഏതാനും ചിലവർഗ്ഗക്കാർക്കുമാത്രമേ പ്രവേശനം നാകുകയുള്ളു എന്നു വന്നിരിക്കുന്നതു വളരെ ഉത്സാഹമായ ഒരുസംഗതിയാണ്. ഉദ്യോഗമാനവിക്കയത്തിൽ ഈ ഡിപ്പാർട്ടുമെന്റിൽ മററു പലഡിപ്പാർട്ടുമെന്റുകളിലും ഉള്ളതുപോലെയൊ അധികമോ വർഗ്ഗീയ പക്ഷപാതം കാണിക്കുന്നു എന്നു കണക്കുകൾകാണ്ടു കാണാം. പുകകാണാത്തിടത്തു അഗ്നിയുണ്ടെന്നു പറയുന്നതുപോലെ എവിടെയെല്ലാം ഉദ്യോഗനിയമനത്തിൽ ഉദ്യോഗസ്ഥന്മാർ വർഗ്ഗീയ പക്ഷപാതം കാണിക്കുന്നുണ്ടോ അവിടെയെല്ലാം മററു ഉദ്യോഗസ്ഥന്മാരിലും അവർ വർഗ്ഗീയ പക്ഷപാതം കാണിക്കും എന്നു ന്യായമായി പറയാവുന്നതാണ്.

കൃഷിക്കാരായ ജനങ്ങളുടെ ബുദ്ധിമുട്ടിയുള്ള പരിശ്രമത്താലാണു രാജഭണ്ഡാരം പൊഴിക്കുന്നതു. ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെന്റിലെ നികുതി, എക്സൈസ്നികുതി, രജിസ്ട്രേഷൻഫീസു തുടങ്ങിയുള്ള എല്ലാത്തരം നികുതികളും നാട്ടിൻപുറങ്ങളിലെ കൃഷീവലന്മാരിലെനിന്നുമാണു അധികവും സംഭരിച്ചുവരുന്നതു. രാജ്യത്തു നടപ്പുള്ള രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും എല്ലാവർഗ്ഗക്കാരിലും നിന്നാണല്ലോ. വരവിലെനിന്നു ചിലവു ചെയ്യുന്ന പണവും എല്ലാഭാഗത്തുള്ളവർക്കും എല്ലാവർഗ്ഗക്കാർക്കും ശരിയായികിട്ടാൻ അവകാശമുണ്ടു. പണത്തിന്റെസ്ഥിതി എങ്ങിനെയിരുന്നാലും ഉദ്യോഗമാനത്തിൽ സമഭാവന ഇല്ലെങ്കിൽ ജനങ്ങളുടെ ഇടയിൽ എങ്ങിനെ ഐകമത്യവും സമാധാനവും ഉണ്ടാകും?

മത്സരപരീക്ഷകൾകൊണ്ടാണു യോഗ്യത നിർണ്ണയിക്കേണ്ടതു അല്ലെങ്കിൽ കാര്യക്ഷമത പോകും എന്നു ഒരു മെമ്പർ പറയുകയുണ്ടായി. പലവർഗ്ഗക്കാർക്കും ശരിയായ പ്രാതിനിധ്യം പബ്ലിക്കുസർവീസിൽ ലഭിക്കുന്നില്ലെന്നുള്ള സ്വരം രാജ്യമാകട്ടെ മുഴങ്ങിയതിനുശേഷമാണു മത്സരപരീക്ഷ വേണമെന്നുള്ള വാദം ഉണ്ടായിട്ടുള്ളതു. അതു പ്രാതിനിധ്യംഅധികമായിട്ടുള്ള ഭാഗത്തുനിന്നുമാണു താനും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു ഹിന്ദുരാജാവു തോന്ന്യാസമായിട്ടു രാജ്യഭരണം നടത്തുന്നു എന്നിരിക്കട്ടെ. ആ അവസരത്തിൽ മെമ്പർ ഒരു ജനപ്രതിനിധിഭരണം ആവശ്യപ്പെടുമോ അതല്ല ഒരു ക്രിസ്ത്യാൻരാജാവുകൂടി അങ്ങനെ തോന്ന്യാസഭരണം നടത്തിയതിനുമേൽ ജനപ്രതിനിധി ഭരണത്തിനു ആവശ്യപ്പെട്ടാൽ മതിഎന്നു വിചാരിക്കുമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഏതവസരത്തിലും നീതിനടക്കയും ജനക്ഷേമം വർദ്ധിക്കയും ചെയ്യണമെന്നേ ജനങ്ങൾ വിചാരിക്കാവൂ. അതിനു കാലഭേദമില്ല.

൧൦൦ രൂപാ ൧൦ പേർക്കു വീതിക്കേണ്ടതാണെന്നിരിക്കട്ടെ. അതിൽ ൯൦ രൂപായും രണ്ടുപേർ തനിച്ചു ആദ്യമേ എടുത്തു. ബാക്കി ൧൦ രൂപായുള്ളതെങ്കിലും കിട്ടാത്തവർക്കു കൊടുക്കണമെന്നു പറയുമ്പോൾ അതു പാടില്ലാ, ൧൦ പേർക്കും സമമായിട്ടെന്നു ആ പത്തുരൂപായും മുറിക്കണംഎന്നു കൂടുതൽ എടുത്ത രണ്ടുപേർ പറയുന്നതുപോലെയാണു ഇപ്പോൾ വർഗ്ഗീയപ്രാതിനിധ്യം പാടില്ലെന്നും മത്സരപരീക്ഷ ഏർപ്പെടുത്തണമെന്നും പറയുന്നതു. ഇപ്പോൾ ഉദ്യോഗത്തിൽ ഇരിക്കുന്നവരെ എല്ലാം ഒഴിപ്പിച്ചു മത്സരപരീക്ഷ ഏർപ്പെടുത്തി ജയിക്കുന്നവരെമാത്രം നിയമിക്കയാണെങ്കിൽ തരക്കേടില്ല. അതു സാധ്യമല്ലല്ലോ. ഇപ്പോൾ റവന്യൂവകുപ്പിൽ ൧൦-നു ൯൦ ഉദ്യോഗങ്ങൾ ചില വർഗ്ഗക്കാർ കയ്യടക്കി ഇരിക്കുന്നു. ഇനിമുണ്ടാകുന്ന ഒഴിവിൽഎങ്കിലും ഞങ്ങളെ നിയമിക്കണമെന്നു പ്രാതിനിധ്യമുള്ളവർ പറയുമ്പോൾ അതിനു തോന്ന്യപരീക്ഷ വയ്ക്കണം എന്നുപറയുന്നതു എത്രമാത്രം ആശ്വാസകരമായിരിക്കുമോ [illegible] ചില ഗ്രൂപ്പുകാരോടു പ്രത്യേകം ആഭിമുഖ്യം കാണിച്ചിരിക്കുന്ന ചില ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗങ്ങളിൽ ആ വർഗ്ഗക്കാർ മാത്രമായി. മേലിലെങ്കിലും ജനസംഖ്യാനുസൃതമായ പ്രാതിനിധ്യം കുറവുള്ള വർഗ്ഗക്കാരെ മാത്രം [illegible] ഉദ്യോഗങ്ങൾക്കു നിയമിക്കുന്നതു ഗവർണ്മെന്റിന്റെ കടമയാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ തത്വം സ്വീകരിക്കയാണെങ്കിൽ വേടൻ, കുറവൻ, ചാലയൻ, പുലയൻ മുതലായ ജാതിക്കാർക്കും ചില്ലറപ്രാധാന്യമുണ്ടായി അവർ എല്ലാം മത്സരപരീക്ഷയ്ക്കു വരികയും അവരെ ഉദ്ദേശിച്ചു ധനസമ്പാദനമാർഗ്ഗമായി കരുതുകയും ചെയ്യുന്നതുകൊണ്ടു ഗ്രൂപ്പു വേണ്ടെന്നാണൊ വിചാരിക്കുന്നതു്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ധനസമ്പാദനത്തെ ഉദ്ദേശിച്ചുമല്ലല്ലോ പറയുന്നതു്. രാജ്യത്തു നീതിനടക്കയും ക്ഷേമം വർദ്ധിക്കയും ചെയ്യണമെന്നുദ്ദേശിച്ചുള്ളതാണു പറയുന്നതു. റവന്യൂ ഡിപ്പാർട്ടുമെന്റിൽ പ്രവേശനം ലഭിച്ചിട്ടില്ലാത്ത വർഗ്ഗക്കാർ ഡിവിഷനിലും താലൂക്കിലും പകുതിയിലും പോകുമ്പോൾ അവരുടെ അനുഭവം എന്താണെന്നു എനിക്കു അറിയാം. ജനസംഖ്യാനുപാതത്തിനു ഒരുകാലവുമെത്തുന്നതിനു വർഗ്ഗീയപ്രാതിനിധ്യം അനുവദിക്കയല്ലാതെ മറ്റൊരുമാർഗ്ഗമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയാണെങ്കിൽ ഓരോ താലൂക്കിലും എല്ലാജാതിക്കാരുടെയും പ്രാതിനിധ്യം ഉള്ള താലൂക്കു ബോർഡ് ഏർപ്പെടുത്തുകയും അവർക്കു നിയന്ത്രണാധികാരം കൊടുക്കയും ചെയ്താൽ പോരേ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): അതു പ്രായോഗിക യോഗ്യത്തിൽ അടുത്ത കാലത്തു സാധ്യമല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ബ്രിട്ടീഷ്ഇൻഡ്യയിൽ ഇത്തരത്തിൽ പ്രാദേശിക ബോർഡുകൾ ഉണ്ടെന്നറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): അവിടെയും വർഗ്ഗീയപ്രാതിനിധ്യം ഉണ്ടെന്നുള്ള വിവരം മി. എ. കെ. പിള്ളക്കു അറിയാമല്ലോ?

ഉദ്യോഗസ്ഥന്മാരെ ക്രമപ്പെടുത്തുക എന്നുള്ളതു വളരെ പ്രയാസമാണു. വർഗ്ഗീയപ്രാതിനിധ്യം അനുവദിക്കുന്നതു അതിനേക്കാൾ വളരെ കസാരകയും ഉണ്ടാക്കും. ഒരു ഡിപ്പാർട്ടുമെന്റിൽ പല പടികളിലും ഒരേജാതിക്കാർ ആയിത്തന്നെ അഴിമതി വർദ്ധിക്കയേ ഉള്ളൂ. ജാതിത്തണലിലാണെല്ലാം അഴിമതികളും അക്രമങ്ങളും വളരുന്നതു്. അതുകൊണ്ടു ഉദ്യോഗനിയമനത്തിൽ വർഗ്ഗീയപ്രാതിനിധ്യത്തെ സ്വീകരിക്കുന്നതു [illegible] ആത്മഹത്യാപരമാണു. എല്ലാ ഡിപ്പാർട്ടുമെന്റിലും വിശിഷ്ട്യ മജിസ്ട്രേറ്റ്, ഡിപ്പാർട്ടുമെന്റിലും അതിനു പ്രത്യേകിച്ചു താലൂക്കടിസ്ഥാനത്തിലും പകുതിക്കടിസ്ഥാനത്തിലും ഇപ്പോഴും എല്ലാവർഗ്ഗങ്ങളിലും നിന്നു നിയമനം നടത്തുന്നതു കൊണ്ടിരിക്കുന്ന വർഗ്ഗക്കാരുടെ അവകാശങ്ങൾ പരിരക്ഷിക്കണം. ഉദ്യോഗത്തിനു യോഗ്യതയുള്ളവരെ മാത്രം നിയമിച്ചാൽ മതി. പരീക്ഷപാസ്സായിട്ടുള്ള ആളുകൾ പിന്നാക്കവർഗ്ഗങ്ങളിലും ഇപ്പോൾ ഉണ്ടു. യോഗ്യതയും ചില വർഗ്ഗക്കാർക്കു മാത്രമുള്ളതല്ലല്ലോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ഭരണങ്ങാനവും): കൂടുതൽ യോഗ്യതയുള്ളവരെ കിട്ടിയാൽ കുറഞ്ഞയോഗ്യതയുള്ളവർക്കു കൊടുക്കണോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): യോഗ്യതയുള്ളവരെ സ്വീകരിക്കണമെന്നാണല്ലോ വച്ചിരിക്കുന്നതു്. യോഗ്യതയുള്ളവർ പ്രാതിനിധ്യം ഇല്ലാത്തവർഗ്ഗക്കാരിൽ ഉണ്ടെങ്കിൽ അവർക്കു കൊടുക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ഭരണങ്ങാനം): എന്റെ ചോദ്യം അതല്ല. കൂടുതൽ യോഗ്യതയുള്ളവരെ കിട്ടുമ്പോൾ കുറഞ്ഞ യോഗ്യതയുള്ളവർക്കു കൊടുക്കണോ എന്നാണു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ആ ചോദ്യത്തിനുത്തരം മറുപടിയായിട്ടുണ്ടു്. എന്റെ പ്രസംഗം കഴിഞ്ഞിട്ടു ചോദ്യങ്ങൾ ചോദിച്ചാൽ മറുപടി പറയാം.

സാധുക്കളായ കൃഷീവലന്മാരുടെ സങ്കടങ്ങളും വർഗ്ഗീയമായ അനീതിയും എടുത്തുപറയാതെ തരമില്ല. ഞാൻ നാട്ടിൻപുറത്തുള്ള ഒരു കൃഷിക്കാരനാണു. അവർക്കുള്ള സങ്കടങ്ങൾ എനിക്കറിയാം. റവന്യൂഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാർ സമഭാവനയുള്ളവരല്ലെങ്കിൽ അതു മററു ഡിപ്പാർട്ടുമെന്റുകളിലെക്കാൾ ജനങ്ങളെ അധികം ബാധിക്കും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): റവന്യൂഡിപ്പാർട്ടുമെണ്ടിൽ ഇപ്പോൾ വല്ല അഴിമതികളും നടക്കുന്നതായിട്ടു സംശയമുണ്ടോ?

മി. തയ്യുള്ള കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ–തൊടുപുഴ): പണ്ടേതന്നെ മാറ്റുപല ഡിപ്പാർട്ടുമെൻറുകളെ കാൾ കൂടുതൽ അഴിമതിയുള്ള ഡിപ്പാർട്ടുമെൻറാണു റവന്യൂഡിപ്പാർട്ടുമെൻറ് അതിലും ചോദ്യക്കാർ ഉണ്ട്, പ ക്ഷേ സംഖ്യകുറയും,

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വർഗ്ഗീയപ്രാതിനിധ്യം സ്വീകരിക്കുന്നതുകൊണ്ടു അഴിമതി ഇല്ലാതാകുമോ?

മി. തയ്യുള്ള കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): വമ്പരെ കുറയും, ഒട്ടുംകൂടുവാൻ വഴിയില്ല നിശ്ചയം, പ്രജാസഭ നിയമസഭ തുടങ്ങിയുള്ള ജനപ്രതിനിധി സഭകൾക്കു പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ അവസരത്തിൽ വർഗ്ഗീയപ്രതിപത്തി മതമിണ്ടുകാണാം റവന്യൂഡിപ്പാർട്ടുമെൻറുകാരാണല്ലോ വോട്ടർസ്ലിസ്റ്റ് തയ്യാറാക്കുന്നതു് വോട്ടിനു അവകാശമുള്ളവരെ ലിസ്റ്റിൽ ചേർക്കാതെയും അവകാശമില്ലാത്തവരെ ചേർത്തും ഇങ്ങിനെ പല അഴിമതിപ്രവൃത്തികൾ കാണിച്ചാൽ കണ്ടുപിടിക്കുവാൻ ഉടനെ സാധിക്കയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പട്ടയം——

മി. തയ്യുള്ള കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഒടുവിൽ ചോദിക്കണം,

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒടുവിൽ ചോദിച്ചാൽ പോരാ ഇപ്പോൾ ചോദിച്ചു മനസ്സിലാക്കണമാണ്. പട്ടയം അനുസരിച്ചല്ലേ ലിസ്റ്റ് തയ്യാറാക്കുന്നതു?

മി. തയ്യുള്ള കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): തഹസീൽദാർ വോട്ടേർസ് ലിസ്റ്റ് തയ്യാറാക്കുന്നപക്ഷം കണ്ടുപിടിക്കുവാൻ പ്രയാസം. അമ്പതിനായിരമോ അറുപതിനായിരമോ വോട്ടന്മാരുള്ള ഒരു താലൂക്കിലെ വോട്ടവകാശമുള്ള ആളുകളെയെല്ലാം വിട്ടു അവകാശമില്ലാത്ത ആളുകളെയെല്ലാം ചേർത്തുഎന്നു കണ്ടുപിടിക്കുക എന്നുള്ളതു വമ്പിച്ചതുകൊണ്ടു ഒരു മൊട്ടുസൂചി തപ്പിഎടുക്കുന്നതിനെക്കാൾ പ്രയാസമുള്ളതാണ്: അതിലുള്ള തെററു കണ്ടുപിടിക്കുന്നതിനു കണ്ടുപ്പർ നോക്കിയാലെ നിവൃത്തിയുള്ളു. തണ്ടപ്പേർ സർവ്വണ്ണ ഉദ്യോഗസ്ഥന്മാരുടെ കയ്യിലാണ്. അതു ഇററുപറയുവാനിരിക്കാൻ നിവൃത്തിയില്ല. നോക്കി വൈദ്യനെ വ്യക്തമായി മനസ്സിലാക്കണമല്ലോ. ഈ പ്രതിനിധി സഭയിൽ നിന്നു തെളിയുന്നതല്ലോ ഇതുവിധമുള്ള ഭരണങ്ങൾക്കു ശമനമുണ്ടാകേണ്ടതു്, അതിനാൽ സമുദായത്തോടു ഇവിടെ സംഗതികൾ ഇററുപറയുകതന്നെവേണം.

പുരുഷൻമാർ പതിവുകുറയ്ക്കുന്നതിലും റവന്യൂഡിപ്പാർട്ടുമെൻറിൽ പ്രാതിനിധ്യം കുറഞ്ഞവർക്കു മററുള്ളവരെ അപേക്ഷിച്ചു വിഷമങ്ങൾ ഉണ്ടെന്നാണ് അനുഭവസ്ഥന്മാർ പറയുന്നതു്. വർഗ്ഗീയപ്രാതിനിധ്യം അനുവദിച്ചില്ലെങ്കിൽ ചിലവർഗ്ഗക്കാർ ഉത്സാഹമായ പലസ്ഥലങ്ങളും മേലാലും അനുഭവിക്കേണ്ടിവരും. എൻെറ മാന്യസ്നേഹിതൻ മി. എ. കെ. പിള്ള ജനസങ്കടത്തിൻെറ വാസ്തവസ്വഭാവം വേണ്ടുപോലെ മനസ്സിലാക്കാതെയുള്ളതുകൊണ്ടാണു വിയോജിപ്പായം പുറപ്പെടുവിക്കുന്നതു എന്നും വാസ്തവം മനസ്സിലാക്കിയാൽ എൻെറ അഭിപ്രായത്തോടു യോജിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതുകൊണ്ടല്ലെന്നു മെസ്സേഴ്സ് ബോദ്ധ്യപ്പെടുത്തിക്കൊള്ളട്ടെ. ഇപ്പോൾ ഉള്ള ദോഷത്തെ പരിഹരിക്കാൻ വേറെവഴി ഉണ്ടോഎന്നു നോക്കണം.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): എൻെറ മാന്യസ്നേഹിതൻ പറയുന്നതു് ഇതിലധികം പരിഹാരം ഉണ്ടാക്കാൻ അക്രമികളായ ഉദ്യോഗസ്ഥന്മാരെ സർവീസിൽനിന്നു പരിച്ചുവിടണമെന്നായിരിക്കാം. അങ്ങനെ ചെയ്യണമെന്നു പ്രജാസഭയിലും നിയമസഭയിലും വളരെക്കാലമായിട്ടു പറയാറുണ്ടു്. ഞാൻ തന്നെ ഇതുസംബന്ധിച്ചു പ്രജാസഭയിൽ നിവേദനവും നിയമസഭയിൽ പ്രമേയവും കൊണ്ടുവന്നിട്ടുണ്ടു്. അതുകൊണ്ടൊന്നും പരിഹാരമുണ്ടായില്ല. മേലിലും പരിഹരിക്കപ്പെടുമെന്നു തോന്നുന്നില്ല. ഇപ്പോൾ ജനസങ്കടത്തിനു ഒരു പ്രധാന പരിഹാരമാർഗ്ഗം വർഗ്ഗീയപ്രാതിനിധ്യം മാത്രമേയുള്ളു. അതു പ്രയോഗത്തിൽ വരുത്താൻ പ്രയാസമില്ല. റവന്യൂഡിപ്പാർട്ടുമെണ്ടിൽ നമ്പൂതിരിമാരിലും പ്രത്യേകിച്ചു നായർകുടുംബക്കാരിലും, കത്തോലിക്കാ ക്രിസ്ത്യാനികൾ, ഈഴവർ, മഹമ്മദീയർ തുടങ്ങിയുള്ള പ്രാതിനിധ്യം കുറഞ്ഞവർക്കാരുടെ അപേക്ഷകളെ പ്രഥമമായി ഗണിച്ചു നിയമനം നടത്തണമെന്നുള്ള എൻെറ അഭിപ്രായത്തെ ഇററുപറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കുമ്പടവും-കൈകുത്താഴിയും വക വടക്കൻമെമ്പർ): സർ, സമുദായപ്രാതിനിധ്യത്തിനു ദോഷങ്ങൾ ഉണ്ടെന്നു തെളിയിക്കാൻ ചിലരെ എളുപ്പമാണ്. മാതൃകാദർശപ്രകാരം നോക്കുന്ന പക്ഷം സമുദായപ്രാതിനിധ്യം എന്നതിനെ പ്രതിനിധിസഭകളിലോ പബ്ലിക്സർവീസിലോ അംഗീകരിക്കുന്നതു രാഷ്ട്രീയഐക്യത്തെ വളരെ വലിയ ഹാനികരമാണെന്നുള്ളതിനെ മറുത്തുപറവാൻ മിനക്കാരുമാർഗ്ഗമില്ലതന്നെ എന്നാൽ ഡിപ്ലൊമാറ്റിക്കു ഡിഡൻറ് അവർകൾ മുൻപു ഒരിക്കൽ വേറെ ഒരു സംഗതിവശാൽ പറഞ്ഞതു ഇടയായ ഉപോൽബലനം മാതൃകാരാജ്യങ്ങളിൽ അല്ലല്ലോ ജീവിക്കുന്നതു്. നാം ജീവിക്കുന്നതു പ്രായോഗികമായ ഒരു ലോകത്തിൽ ആണല്ലോ. ആ സ്ഥിതിക്കു ആ ലോകത്തിൽ ഉണ്ടാകാവുന്ന പ്രായോഗികമായ സംഗതികളെപ്പററിയാണ് ആലോചിപ്പാനാണു ഇരുന്നതു്. ഇപ്പോഴുള്ള ചില കുഴപ്പങ്ങളുടെ മൂലകാരണങ്ങൾ വളരെക്കാലം മുമ്പുതന്നെ ഉത്പാദിച്ചിട്ടുള്ളവയും കഠിനമായ സാമുദായിക കലഹങ്ങളിലും ചരിത്രസംബന്ധമായ വ്യത്യാസങ്ങളിലും വേരൂന്നിക്കിടക്കുന്നവയും ആണ്, ഗവർണ്മെൻറിൻെറ രക്ഷതയെ ആസ്പദമാക്കി നോക്കുന്നപക്ഷം പ്രായോഗികരീതി കൈക്കൊള്ളുന്നതാകുന്നു ഇത്തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളെ അവഗണിക്കുന്നതു ഒട്ടുംതന്നെ ആശാസ്യമായിരിക്കുന്നതല്ല, എൻെറ സ്വന്ത അഭിപ്രായം മാത്രം നോക്കുന്നപക്ഷം സമുദായപ്രാതിനിധ്യം എന്ന വിഷയത്തിനു കഴിയുന്നിടത്തോളം കുറവായ ഒരു പ്രാധാന്യം മാത്രമേ നൽകപ്പെടുവാൻ പാടുള്ളു. എൻെറ സ്വന്ത അഭിപ്രായങ്ങളെ മാത്രം വിചാരിക്കുകയാണെങ്കിൽ ഉദ്യോഗശേഷി എന്നുള്ളതിനു യാതൊരു കുറവും ഉണ്ടാകാതിരിക്കുന്നിടത്തോളം കാലം ഏതെങ്കിലും ഒരുസമുദായത്തിലുള്ള ആളുകളെ കൂടുതലായി നിയമിക്കുന്നു എന്നുള്ളതിനെപ്പററി ഞാൻ ഒരുകാലത്തും പരാതിപറയാൻ പുറപ്പെടുകയില്ല, എന്നാൽ ഞാൻ വിചാരിക്കുന്നതുപോലെയല്ലാതെ ഓരോ സംഗതികളെ സംബന്ധിച്ചുമററു പ്രകാരത്തിൽ അഭിപ്രായം ഉള്ള ആളുകൾ ഉണ്ടായിരിക്കയും ഭിന്നസമുദായങ്ങളിൽ പെട്ട ഭൂരിപക്ഷം ആളുകൾ അതതുസമുദായങ്ങൾക്കു ന്യായമായി കിട്ടുവാനുള്ള അവകാശങ്ങളെപ്പററി ഗവർണ്മെൻറ് പ്രത്യേകം ആലോചിക്കേണ്ടതാണ് എന്ന് അനുഗ്രഹിക്കയും നിർബന്ധിക്കയും മുറവിളിക്കൂട്ടുകയും ചെയ്യുമ്പോൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈത്തരം അപേക്ഷകളെ വകവക്കാതിരിക്കുന്നതു ഗവർണ്മെൻറിന് ഒട്ടും ഭംഗിയായിട്ടുള്ളതല്ലെന്നും അവർ അനുഭവിക്കുന്നപക്ഷം തീരെ അനാശാസ്യമായ ഫലങ്ങൾ ഉണ്ടാകുന്നതാണെന്നും

എനിക്കു നല്ലപോലെ ബോദ്ധ്യമുള്ളതാണ്. വളരെ പ്രാധാന്യമുള്ളതിനുദ്ദേശ്യയുക്തിയുക്തമായി ചൂണ്ടികാണിക്കപ്പെട്ടിട്ടുള്ളതുപോലെ സമുദായപ്രാതിനിധ്യം അധികാരസ്ഥാനങ്ങളിൽ നിന്നും അനേകം അഴിമതികൾ ഉണ്ടാകുന്നതിന് പഴുതുകൊടുക്കുകയായി തീരുന്നതാണ്. മി. എ. കെ. പിള്ള പറഞ്ഞതുപോലെ ഈ അസംബന്ധമായ വാദങ്ങളിൽ ഒന്നാണെന്നുള്ള ആക്ഷേപത്തിനും ഇടയുണ്ട്. ഇന്നത്തെ രീതിപ്രകാരം സാമർത്ഥ്യപരീക്ഷനടത്തി അതിൽ നിന്നും സാമർത്ഥ്യം ഉണ്ടെന്നുകാണുന്നവരെ മാത്രമേ സർക്കാർ ഉദ്യോഗങ്ങളിൽ നിയമിക്കാൻപാടുള്ളു എന്ന കർശനമായ ഒരു തീരുമാനം ചെയ്യുവാനോ സർക്കാർ സർവ്വീസിൽ ആളുകളെ നിയമിക്കുന്ന വിഷയത്തിൽ എല്ലാസമുദായക്കാരുടെയും അവകാശങ്ങളെ ഒരുപോലെ ഗണിച്ചുകൊള്ളണമെന്നോ എന്ന തീരുമാനിക്കുന്നതിനോ പാടില്ല. ഈ കാര്യത്തിൽ ബുദ്ധിപൂർവ്വമായി ചെയ്യാവുന്ന ഏകമാർഗ്ഗം പ്രാതിനിധ്യം കുറഞ്ഞിട്ടുള്ള സമുദായങ്ങളുടെ മാനാമാവകാശം കഴിയുന്നിടത്തോളം അനുഭവിക്കാൻ ശ്രമിക്കുക എന്നുള്ളതാണ്. മി. എ. കെ. പിള്ള വേടന്മാരേയും മററു മലംജാതിക്കാരേയും സംബന്ധിച്ചു പറകയുണ്ടായല്ലോ. അവർ ശരിയായി സംസാധിക്കാൻ പോലും അറിയാവുന്നവരല്ല. സങ്കടങ്ങൾ പറഞ്ഞു മററുള്ളവരെ ധരിപ്പിക്കുന്നതിനുപോലും ശേഷിയില്ലാത്തസമുദായങ്ങളെ തീരെ അധണ്ണകോടിയിൽ തള്ളിയിരിക്കുന്നതു അവരുടെ ഭാഗ്യദോഷമെന്നേ പറയാനുള്ളു. എന്നാൽ ഗവർണ്ണമെന്റു അവരുടെ ഭാഗം പിടിച്ചു അവരെ സംബന്ധിച്ചിടത്തോളം യാതൊരു അന്യായവും പ്രവർത്തിക്കാതിരിക്കുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. സംസാരിക്കുന്നതിനുപോലും ശ്രാണിയില്ലാത്ത സമുദായങ്ങളുടെ രക്ഷകർത്താക്കന്മാർ തങ്ങൾതന്നെയാണെന്നു ഗവർണ്ണമെന്റു വിചാരിക്കാനുള്ളതാണ്. മുൻഅണിയിൽ വന്നിട്ടുള്ളവരും പ്രത്യേക അവകാശാധികാരങ്ങൾ സിദ്ധിച്ചിട്ടുള്ളവരുമായ സമുദായക്കാർ ഇങ്ങിനെയുള്ള താണസമുദായങ്ങളിൽപെട്ട ബലഹീനരായ സഹോദരങ്ങളുടെ ന്യായമായ അവകാശങ്ങളെസംരക്ഷിതമാക്കി ചെയ്യുന്നതിനു കഴിയുന്നത്ര ശ്രമം ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. പേണ്ടുംവണ്ണം ഉള്ളസമുദായപ്രാതിനിധ്യത്തേയും സാമർത്ഥ്യത്തേയുംകൂടി പററി ഗവർണ്ണമെന്റ് ഒന്നുപോലെ പെരുമാറേണ്ടതാണ്. ഗവർണ്ണമെന്റ് സാധാരണയായി പറഞ്ഞുവരാറുള്ള മറുപടി സാമർത്ഥ്യം എന്നുള്ളതിനു അവിശ്രമമായ വിധത്തിൽ ഓരോ സമുദായത്തിന്റേയും ന്യായമായ അവകാശങ്ങളെപ്പററി പേണ്ടുംവണ്ണം ഗണിക്കുന്നു എന്നാണല്ലോ. അഭിപ്രായരൂപത്തിലുമാത്രം നോക്കുന്നപക്ഷം യാതൊരു സംശയവുംകൂടാതെ ഇതൊരു നല്ല നയം തന്നെ എന്നു തോന്നാമെന്നു വരികിലും ക്രിയാരൂപത്തിൽ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ തൃപ്തികരമായവിധത്തിൽ ഈ അഭിപ്രായം അനുസരിച്ചു പ്രവർത്തിക്കുന്നതു അസാദ്ധ്യമാണെന്നു കാണുന്നതാണ്. ഇപ്പോഴുള്ള സർവ്വീസുകളിലുള്ളതു കുറഞ്ഞു പരിശോധിച്ചുനോക്കുകയും ഓരോ ഡിപ്പാർട്ടുമെന്റുകളും ഗവർണ്ണമെന്റിലേക്കു അയച്ചുകൊടുക്കുന്നതും ഈ സഭയിൽ ചോദിക്കുന്ന ഓരോ ചോദ്യങ്ങൾക്കും ഗവർണ്ണമെന്റിൽനിന്നും പറയുന്ന മറുപടികളിൽ അടങ്ങിയിരിക്കുന്നതും ആയ കണക്കുകളെ ഒന്നു വായിച്ചുനോക്കുകയും ചെയ്യുന്നപക്ഷം തീരെ അന്യായമായവിധത്തിൽ ചില സമുദായങ്ങൾക്കു വളരെ കൂടുതലായ പ്രാതിനിധ്യവും മററുചില സമുദായങ്ങൾക്കു തീരെകുറവായ പ്രാതിനിധ്യവും കൊടുത്തിട്ടുള്ളതായി ഏവരും സമ്മതിക്കുന്നതാണെന്നാണു എനിക്കുതോന്നുന്നതു. പ്രാതിനിധ്യം കുറഞ്ഞിട്ടുള്ള സമുദായങ്ങളിലുനിന്നും അപേക്ഷകന്മാർ ഉണ്ടായിരുന്നാലും കൂടുതൽ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിലുനിന്നും ഉള്ള അപേക്ഷകന്മാരെ തന്നെ ഡിപ്പാർട്ടുമെൻറുമേധാവികൾ ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുള്ളതായും ഇങ്ങനത്തിലുള്ള അവരുടെ പ്രവൃത്തികളെ സംബന്ധിച്ചു അവർ തൃപ്തികരമായ യാതൊരുസമാധാനവും തരാറുള്ളതിട്ടില്ലെന്നും ഗവർണ്ണമെന്റുതന്നെ മുൻപുചില സന്ദർഭങ്ങളിൽ സമ്മതിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ടു. കൃത്യനിർവ്വഹണത്തിൽ ഗുണമേന്മയിൽ കാരികൾ ഇപ്രകാരമുള്ള ഉപേക്ഷകൾ കാണിക്കുന്നതിനെസംബന്ധിച്ചു ഗവർണ്ണമെന്റു പേണ്ടപോലെ ശ്രദ്ധപതിപ്പിച്ചിരുന്നു എങ്കിൽ ഏതെങ്കിലും ഒരുനിവൃത്തിയുണ്ടാക്കുവാൻ കഴിയുമായിരുന്നേനെ അവശ്യം പേണ്ടതോ ഗൃഹകൾ ഉള്ളവരും മിന്നസമുദായങ്ങളിലുപെട്ടവരും ആയ അനേകം അപേക്ഷകന്മാർ ഉള്ളസന്ദർഭങ്ങളിൽ ഏററവും കുറവായി മാത്രം പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിൽ പെട്ട അപേക്ഷകന്മാരുടെ അവകാശങ്ങളെ പ്രധാനമായിക്കരുതേണ്ടതാണു. എന്നുള്ള നിയമത്തിനെ നടപ്പാക്കുന്നവിഷയത്തിൽ ഗവർണ്ണമെന്റിനുള്ള ശേഷിക്കുറവിനെ അവർതന്നെ ഏററുപറയുന്നതു കേട്ടപ്പോൾ എനിക്കു അത്യന്തം ഖേദമായ നിരാശയാണുണ്ടായതു. ഗവർണ്ണമെന്റു സ്വീകൃതമായി ഈ നയത്തെ സ്വീകരിച്ചതിനുമേലും ഡിപ്പാർട്ടുമെണ്ടുമേധാവികൾ ഗവർണ്ണമെന്റുത്തരവിനെ അനുസരിച്ചു പ്രവർത്തിക്കുന്നില്ലെന്നു ഗവർണ്ണമെന്റുതന്നെ സമ്മതിക്കുന്നു. കാര്യങ്ങൾ ഇപ്രകാരംതന്നെ മേലാലും നടന്നുകൊണ്ടുപോകുന്നതിനു ഒരിക്കലും അനുവദിക്കാൻ പാടുള്ളതല്ല. ഏതുപ്രകാരമായാലും സമുദായപ്രാതിനിധ്യത്തിനുള്ള എല്ലാക്ഷേത്രങ്ങൾക്കും പ്രയോജനം അനുവദിക്കാതെ തന്നെ ഈ സംഗതിയിൽ ഉള്ള അതൃപ്തിയുടെ പ്രധാനകാരണങ്ങളെ ഉന്മൂലനംചെയ്യുന്നതിനു വളരെ എളുപ്പമാണു. രാജ്യപരിപാലനം എന്നുള്ളതിൽ മിന്നദേശ്യങ്ങളും വഴക്കുകളും രാജികളും ഇല്ലാതെ കഴികയില്ലല്ലോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ നിലപ്പാടു സ്വീകരിക്കുന്നതുകൊണ്ട് യഥാർത്ഥത്തിൽ രാജ്യത്തിന്റെ നന്മയാണു വലിയകുഴപ്പങ്ങൾ നേരിടുന്നതു എന്നുള്ളതു സ്പഷ്ടമല്ലേ? മാമ്മൻമാപ്പിള അറിയുന്നില്ലയോ?

മി. കെ. സി. മാമ്മൻ മാപ്പിള (കുമ്പടം കൈത്തൊഴിൽ വകുപ്പുകൾക്കുള്ള മെമ്പർ): രാജ്യത്തിന്റെ അഭിവൃദ്ധിയെ നാം പലപ്രകാരേണ കുറക്കുന്നുണ്ട്. ഞാൻ ആരംഭത്തിലേതന്നെ സൂചിപ്പിച്ചതുപോലെ നാം ഒരു മാതൃകാരാജ്യത്തിലല്ല ജീവിക്കുന്നതെന്നുള്ളതുകൊണ്ട് തന്നെ ഇങ്ങിനെയുള്ള വിഷയങ്ങളിൽ ചിലകുഴപ്പങ്ങൾ നാം സഹിക്കേണ്ടതായിവരും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ജപ്പാൻ ഇംഗ്ലണ്ട് ഈ രാജ്യങ്ങൾ അതെന്നുപറയാനും മി. മാമ്മൻമാപ്പിള ഒരുക്കമാണോ?

മി. കെ. സി. മാമ്മൻമാപ്പിള (കുമ്പടവും കൈത്തൊഴിലും വകുപ്പുകൾക്കുള്ള മെമ്പർ): അല്ല അവിടേയും അല്പസ്വല്പവ്യത്യാസങ്ങളോടുകൂടി ഇതേസ്ഥിതിതന്നെ ഉണ്ടായിരിക്കുന്നതാണു. മാതൃകാരാജ്യത്തു പ്രവർത്തിക്കുന്നതുപോലെ ഈ രാജ്യത്തും പ്രവർത്തിക്കണം എന്നുള്ള അഭിപ്രായത്തോടു എനിക്കു യാതൊരു ശ്രദ്ധയും തോന്നുന്നില്ല. അപൂർണ്ണമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതു. ഒരുകാര്യം കുറെകൂടി ഉപകാരമായിഎന്നും മററൊന്നുകുറെ കുടിപ്പോയിഎന്നും പറഞ്ഞേക്കാം. ഇടയ്ക്കു പുരോഗമനം കൈയ്യുന്നതായും മറെറാരിടത്തു ക്രമേണ അഭിവൃദ്ധിപ്പെടുന്നതായും വന്നേക്കാം. നാം മാതൃകയായിട്ടുള്ള ആധാരങ്ങളെ അടിസ്ഥാനമാക്കിയല്ല എല്ലാദിക്കിലും പ്രവർത്തിക്കാ

ഒള്ളതു. പെട്ടെന്നു കല്പനീയമായ ഒരുനില കൈക്കൊണ്ടു നാം സംഗതികളെ വീക്ഷിക്കാൻ തുടങ്ങുന്നപക്ഷം ഗവണ്മെണ്ടാകുന്ന യന്ത്രത്തിന്റെ ആകമാനം ഒന്നുചുഴിഞ്ഞു വൃത്തിയാക്കേണ്ടതായി കാണപ്പെടുന്നതാണു. സംഗതികളുടെ ഇപ്പോഴത്തെ സ്ഥിതികൊണ്ടു നാം തൃപ്തിപ്പെടണമെന്നുള്ളതിനും പുറമെ നാം ഇപ്പോൾ ഏതുപരിസ്ഥിതികളിൽ ജീവിക്കുന്നുവൊ അവയ്ക്കനുസൃതമായ വിധത്തിൽ മുൻപോട്ടുപോകുന്നതിനു നാം ശ്രമിക്കേണ്ടതുമാകുന്നു.

മി. എൻ. കുമാരൻ (നിയമിതമെമ്പർ): സർ, സമുദായപ്രാതിനിധ്യം എന്ന ഈ വിഷയത്തെക്കുറിച്ചു ഞാനും അല്പം പറയേണ്ടതാണെന്നു എനിക്കുതോന്നുന്നു. ഈ സഭമുമ്പാകെ ഈ വിഷയംകൊണ്ടുവരപ്പെട്ടിട്ടുള്ളതു ഇപ്പോൾ ആദ്യമായിട്ടല്ല. ഈ വിഷയത്തെക്കുറിച്ചുതന്നെ മി. കുഞ്ഞിരാമത്താമ്പൻ ഈ കഴിഞ്ഞനിയമസഭായോഗത്തിൽ ഒരുപ്രമേയം ഹാജരാക്കിയിട്ടുണ്ടായിരുന്നു. ഈ നിയമസഭാംഗങ്ങൾ നിയമനിർമ്മാണസഭായോഗനടപടികൾ ഒന്നു പരിശോധിച്ചു നോക്കുന്നപക്ഷം ഈ സഭയിൽ പ്രാതിനിധ്യംസിദ്ധിച്ചിട്ടുള്ള ഓരോസമുദായക്കാരും ഈ വിഷയത്തെസംബന്ധിച്ചു മുറവിളികൂട്ടിയിട്ടുള്ളതായി കാണാവുന്നതാണു. നായർ, കൃസ്ത്യൻ, മഹമ്മദീയൻ ഈഴവർ ഇങ്ങനെയുള്ള എല്ലാസമുദായങ്ങളും സമുദായപ്രാതിനിധ്യത്തെ ഗവണ്മെണ്ടു അംഗീകരിക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു.

രാജ്യത്തിന്റെ നന്മയെ ലാക്കാക്കിപ്രവർത്തിക്കുന്നപക്ഷം വർഗ്ഗീയപ്രാതിനിധ്യത്തെ ഗവണ്മെൻറുസ്വീകരിക്കാൻ പാടില്ല എന്നു മി. എ. കെ. പിള്ളപറയുന്നതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു രാജ്യത്തിലുള്ള ജനങ്ങൾ എല്ലാപ്രകാരം ഒരുകാര്യംചെയ്യേണ്ടതു ആവശ്യമാണെന്നു അഭിപ്രായപ്പെടുമ്പോൾ അതു രാജ്യത്തിനു ഗുണകരമായിട്ടുള്ളതല്ലെന്നു എൻറെസ്നേഹിതനു എങ്ങിനെ പറയാൻകഴിയുന്നുഎന്നു എനിക്കു മനസ്സിലാകുന്നില്ല. രാജ്യത്തിലുള്ള പ്രധാനസമുദായങ്ങൾ എല്ലാം ഒന്നുപോലെ ഈ പ്രമാണത്തെ സ്വീകരിക്കേണ്ടതു ആവശ്യമാണെന്നു അഭിപ്രായപ്പെടുന്ന സന്ദർഭത്തിൽ അതിനെ സ്വീകരിച്ചുകൂടാഎന്നു പറവാൻ വാഗ്വിഗ്രഹവാദക്കാർക്കു മാത്രമെ സാധിക്കയുള്ളു. രാജ്യത്തിന്റെ നന്മഎന്നുപറയുന്നതു ജനങ്ങളുടെ നന്മതന്നെയാണു്. അതുകൊണ്ടു സമുദായപ്രാതിനിധ്യത്തെ സ്വീകരിക്കാതിരിക്കുന്നതു ഏററവും നന്നായിരിക്കും എന്നുള്ള അഭിപ്രായത്തെ മേൽ ഉണ്ടാകാവുന്നതായ ഒരു ജനസമൂഹം ഒരുപക്ഷെ സ്വീകരിച്ചേക്കാം. ചിലപ്പോഴെല്ലാം ഈ സഭയിലുള്ള അംഗങ്ങളുടെ ശ്രദ്ധയെ മാതൃകകളായുള്ള മാരകാര്യങ്ങളിലേക്കു ആകർഷിക്കുമെന്നുള്ള ഒററപ്രധാനസംഗതിയാൽ മി. എ. കെ. പിള്ള ഈ സഭയിൽ ഹാജരായിരിക്കാൻ ഇടയായ്തു ഒരുവലിയ കാര്യമായി ഞാൻ പലപ്പോഴും വിചാരിച്ചുപോയിട്ടുണ്ടു. ഇക്കഴിഞ്ഞസഭയിൽവച്ചുതന്നെ അദ്ദേഹം ചില പൃച്ഛനകൾ തരികയുണ്ടായല്ലൊ. അവയെ പ്രത്യുത്തരത്തിൽ കൊണ്ടുവരികഎന്നുള്ളതു അസാദ്ധ്യമാണെങ്കിലും വാദത്തിന്റെ രീതികൾ ഒന്നുയർത്തുകയും നമ്മുടെശ്രദ്ധയെ ചില മാതൃകകളിലേക്കു ആകർഷിക്കയുംചെയ്തു ഇപ്പോഴത്തെവാദപ്രതിവാദത്തിലും അതുപോലെതന്നെ ഒരുപക്ഷം പിടിച്ചു വാദിക്കുകയായിരുന്നു. അതേസംബന്ധിച്ചു അദ്ദേഹത്തിനുള്ള അഭിപ്രായങ്ങൾ എന്താണെന്നു നമ്മെമനസ്സിലാക്കിയുംകഴിഞ്ഞു. നാം അവയെപ്രത്യേകം ശ്രദ്ധിക്കേണ്ടതാണു. ഡിപ്പാർട്ടുമെൻറുമേധാവികൾ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്ന അവസരങ്ങളിൽ ഈ അഭിപ്രായങ്ങളെ പററി പ്രത്യേകം ഓർമ്മിക്കേണ്ടതും ആകുന്നു. എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ മിതവാദം പ്രകാശിക്കുന്നതിലായി എന്നു തന്നെവരുന്നക്കാം. ഇപ്പോൾ നമ്മുടെ ആലോചനയ്ക്കു വിഷയമായിട്ടുള്ളതു റവന്യൂഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം സമുദായപ്രാതിനിധ്യം എന്ന പ്രമാണത്തെ ഗവണ്മെൻറു അംഗീകരിക്കുന്നതൊ വേണ്ടയൊ എന്നുള്ളതാണ്, ചിലസമുദായങ്ങളിൽനിന്നു ഈ ഡിപ്പാർട്ടുമെൻറിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ സമുദായപ്രാതിനിധ്യംഎന്ന പ്രമാണത്തെഗവണ്മെൻറു അംഗീകരിക്കുന്നതാണെന്നു ചില ഉത്തരവുകളിൽ പ്രത്യേകം വിശദമായി പ്രസ്താവിച്ചിട്ടുണ്ട് ഈപ്രമാണത്തെ ആസ്പദമാക്കിവേണം ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കേണ്ടതു എന്നുള്ളതിൽ മററുഡിപ്പാർട്ടുമെൻറുകളെക്കാൾ ലാൻറുറവന്യൂഡിപ്പാർട്ടുമെൻറിലെ നിയമനങ്ങളെ സംബന്ധിച്ചാണ് കൂടുതൽശ്രദ്ധചെലുത്തിക്കേണ്ടതു രാജ്യഭരണത്തിന്റെ ഏററവും പ്രധാനപ്പെട്ട ഭാഗം ഭൂനികുതി വകുപ്പാണെന്നുള്ളതു തർക്കമററസംഗതിതന്നെയാണല്ലൊ. മി. തയ്യുമുകുന്ദത്തെത്താമ്പേനും മററുപ്രാസംഗികന്മാരും പറഞ്ഞിട്ടുള്ളതുപോലെ മററുള്ള ഡിപ്പാർട്ടുമെൻറുകളെക്കാൾ രാജ്യത്തിലെ ജനതതിക്കു കൂടുതലായി ഇടപെടേണ്ടിവരുന്നതു ലാൻഡുറവന്യൂഡിപ്പാർട്ടുമെൻറുമായിട്ടാണ്. ജനങ്ങളുടെ ഏററവും പ്രധാനപ്പെട്ട സ്വത്തുതന്നെയാണ്. കരപിരിക്കുക, ലാൻഡ്റിക്കാർഡുസൂക്ഷിക്കുക മുതലായ രാജ്യത്തിലുള്ള ജനങ്ങളെ നാനാമായിബാധിക്കുന്ന വിവിധജോലികൾ നടത്തുന്നതു ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറാണ്. ഈ ഒരുസംഗതിതന്നെ ഈ ഡിപ്പാർട്ടുമെൻറിൽ രാജ്യത്തിലുള്ള വിവിധസമുദായങ്ങൾക്കു വേണ്ടപോലെ പ്രാതിനിധ്യം കൊടുക്കേണ്ടതാണെന്നുള്ളതിനു ബലവത്തരമായ ഒരുകാരണമായിരിക്കുന്നു. പലതരത്തിലുള്ള റവന്യൂഉദ്യോഗസ്ഥന്മാരുമായി ഇടപെടേണ്ടിവരുന്നവരും പ്രാതിനിധ്യം കുറവായി മന്ത്രംസാധിച്ചിട്ടുള്ള സമുദായങ്ങളിൽപെട്ടവരും ആയ ആളുകൾക്കു പലപ്പോഴും പലവിധത്തിലുള്ളബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നുള്ളസംഗതി മി. കുഞ്ഞിരാമത്താമ്പൻ മുമ്പു ഒരു അവസരത്തിൽ പറകയുണ്ടായി. ഉദാഹരണമായി ഒരുതാലൂക്കുകച്ചേരിയിൽഉള്ള സർവ്വസ്വകാര്യങ്ങൾ എല്ലാപേരും ഒരുസമുദായത്തിൽപെട്ടവരാണെന്നുവിചാരിക്കുക. മററുള്ളതായ സമുദായങ്ങൾക്കു ഇങ്ങനെയുള്ള ഒരുകച്ചേരിയിൽ ഒരുസംഗതിയും ന്യായാനുസരണം ചെയ്യാൻസാധിക്കുന്നതല്ല. പലപ്രകാരത്തിലും ജനങ്ങൾക്കു ആ കച്ചേരിയുമായി ഇടപെടേണ്ടതായി വരുന്നതാണല്ലൊ. മററുഡിപ്പാർട്ടുമെൻറുകളെപ്പോലെ ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറും അഭിമതിധാരാളമുള്ള ഒരുഡിപ്പാർട്ടുമെൻറാണ്എന്നും ഈ അഭിമതി പ്രത്യേകിച്ചു താണതരം ജീവനക്കാരുടെ ഇടയിലാണ് ധാരാളമായി കണ്ടുവരുന്നതുഎന്നും ഇതിനുമുമ്പു പലസന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണല്ലൊ. അതുകൊണ്ടു പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത സമുദായത്തിൽപെട്ട ഒരുവൻ ഒരുതാലൂക്കുകച്ചേരിയിൽ ഏതെങ്കിലുംഒരുകാര്യംസാധിക്കാൻ ചെല്ലുന്നപക്ഷം അവിടെയുള്ള മിക്കസിൽബന്ധികൾക്കും തടസ്സങ്ങൾകൊടുക്കേണ്ടതായിവരുന്നു. എന്നാൽ ഈ കച്ചേരിയിൽഭിന്ന സമുദായങ്ങളിൽ നിന്നും ഉള്ള ആളുകളെ സിൽബന്ധികളായിനിയമിക്കുന്നപക്ഷം ഒരുപ്രത്യേകസമുദായം അവരുടെ അധികാരത്തെ മററുള്ളസമുദായങ്ങളുടെനേർക്കു വിപരീതമായി പ്രയോഗിക്കുന്നതിനെ തടയുന്നതാണ്. ഉദ്യോഗാർത്ഥിയെപററി ആലോചിക്കുന്നപക്ഷവും ഒരാഫീസിലുള്ള സിൽബന്ധികൾ അവരുടെ ചുമതലകളെ ശരിയായി നിർവ്വഹിക്കുന്നതിനു ഭിന്നസമുദായങ്ങളുടേയും പ്ര

തിനിധികൾ ആ ആഫീസിൽ ഉണ്ടായിരിക്കഎന്നതു അത്യന്താപേക്ഷിതമായിട്ടുള്ളതാണു. അവർ അധികാരത്തെദുരുപയോഗപ്പെടുത്താതെ സൂക്ഷിച്ചുകൊള്ളുകയുംചെയ്യും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വാദത്തെ ഒന്നുകൂടി പോഷിപ്പിക്കുമ്പോൾ ഒരു ആശുപത്രിയിൽ ഒരു പ്രത്യേകസമുദായത്തിൽ പെട്ട ഡാക്ടർ ഇല്ലാതെവന്നപക്ഷം ആസമുദായത്തിൽപെട്ട രോഗികളെ ശരിയായിചികിത്സിക്കുകയില്ലന്നുകൂടി വന്നുചേരുന്നതാണെന്നുള്ള വസ്തുത മി. കുമാരൻ അറിയുന്നില്ലയോ? മി. കുമാരൻ പറയുന്നതനുസരിച്ചു ഒരാസ്പത്രിയിൽതന്നെ നാട്ടിലുള്ള വിവിധസമുദായങ്ങളുടെയും പ്രതിനിധികൾക്കുണ്ടായിട്ടാണിരിക്കുന്നതു. എന്നാൽ അതു അസാദ്ധ്യമാണുതാനും.

മി. എൻ. കുമാരൻ (നിയമിതമെമ്പർ): ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെണ്ടിന്റെ സ്ഥിതി മറ്റുഡിപ്പാർട്ടുമെണ്ടുകളിൽ നിന്നും വളരെവ്യത്യാസമായതുകൊണ്ടു എന്റെഅഭിപ്രായം ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെൻറിനെമാത്രമെ ബന്ധിക്കയുള്ളു. ആസ്പത്രികളുടെകാര്യത്തിൽ രോഗികൾ ഏതുജാതിയിൽപെട്ടവരായിരുന്നാലും അവരെ ചികിത്സിക്കുന്നവിഷയത്തിൽ ഡാക്ടറന്മാർ ഉന്നതരും ഉദ്യോഗസ്ഥന്മാരായതുകൊണ്ടു യാതൊരുവിസമ്മതവും കാണിക്കുന്നില്ല. ജാതിവിചാരമോ രോഗികൾകൊടുക്കുന്ന പണമോ സ്വാധീനപ്പെടുത്തുന്നതു സ്വഭാവമല്ല അവർക്കുള്ളതു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി പീരുമേട്): ഗവൺമെൻറിൽനിന്നു കൊടുക്കുന്ന ശമ്പളത്തിനു പുറമെ സ്വകാര്യമായി പ്രതിഫലങ്ങൾകൂടി വാങ്ങാൻ അനുവാദമുള്ള ഉദ്യോഗസ്ഥന്മാരാണു ഡാക്ടറന്മാർ എന്നുള്ള വസ്തുത മി. കുമാരനു അറിവില്ലയോ?

മി. എൻ. കുമാരൻ (നിയമിതമെമ്പർ): അറിയാം.

കൂടാതെ ആശുപത്രികളിൽ ഡാക്ടറന്മാരും രോഗികളും മാത്രമുള്ളതു. എതുകക്ഷികൾ ആരുംഇല്ല ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെൻറിലാകട്ടെ രണ്ടുകക്ഷികളും അവർക്കു മദ്ധ്യസ്ഥനായി ഒരു ഉദ്യോഗസ്ഥനും ഉണ്ടായിരിക്കും. ആപ്പീസിൽഉള്ള ഉദ്യോഗസ്ഥന്മാരുടെകൂട്ടത്തിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഒരു ഇനക്കാരനുള്ള കേസുകൾ എതുകക്ഷി ആഫീസിൽ പ്രാതിനിധ്യം ഉള്ള സമുദായത്തിൽപെട്ടവനായിരിക്കുന്ന സന്ദർഭങ്ങളിൽ നീതിയായ വിധത്തിൽ നോക്കാതെവന്നുപോകുവാൻ ധാരാളം എളുപ്പമുണ്ടു.

നിയമവകുപ്പിൻനടപ്പിലിരിക്കുന്നകാര്യങ്ങളെപററി ഞാൻ യാതൊന്നുംപറയുന്നില്ല. അവിടെ സംഗതികളുടെസ്ഥിതി ആകപ്പാടെഒന്നുവേറെതന്നെയാണു്. എന്നാൽ നിയമപരിപാലനകൃത്യനിർവ്വഹണം എന്നചുമതലയുള്ളതാണതരം ആഫീസുകളിൽ സംഗതികൾതടസ്സവരുന്നതു നാം വിചാരിക്കുന്നതുപോലെയൊ ആഗ്രഹിക്കുന്നതുപോലെയാണല്ലോ ആകയാൽ സാമർത്ഥ്യംഎന്നുള്ളതിനെതന്നെ ചുരുക്കിവിചാരിക്കുന്നപക്ഷം ദിനസരിയുടെയുള്ളതുകൊണ്ടു സർവ്വീസിൽപ്രതിനിധികരിക്കുന്നതു അഭിലഷണീയമായിരിക്കുമെന്നുള്ളതിനു യാതൊരുസംശയവുമില്ല സമുദായപ്രാതിനിധ്യത്തിനു എതിരായി പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങളിൽ ഒന്നു ഉദ്യോഗസാമർത്ഥ്യം ഇന്നതുതാണല്ലോ. എന്നാൽ ആയതു നമ്മുടെ വാദവിഷയത്തെ യാതൊരുവിധത്തിലും ബന്ധിക്കുമെന്നു എനിക്കു തോന്നുന്നില്ല. സർവ്വീസിൽ നിയമിക്കേണ്ട ഒരാളുടെ കുറഞ്ഞതുപക്ഷം ഇന്നയോഗ്യതകൾ ഉണ്ടായിരിക്കണമെന്നുള്ളതിനെപററി ഗവൺമെൻറു ചില്ലനിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടു്. അപ്പോൾ നിശ്ചയിക്കപ്പെട്ട യോഗ്യതകൾ കുറഞ്ഞുപോയി എന്നു കാണുന്നപക്ഷം അതു കൂട്ടുന്നതിനുള്ള ചുമതല ഗവൺമെൻറിന്റേതുതന്നെയല്ലോ. ഉദാഹരണമായി സ്കൂൾഫൈനൽപരീക്ഷ പാസ്സായിരിക്കണമെന്നു നിശ്ചയിച്ചിട്ടുള്ള ടത്തു ഇൻറർമീഡിയേറ്റുപരീക്ഷ പാസ്സായിരിക്കണം എന്നു ഒരു നിയമം ഗവൺമെണ്ടിനു പാസ്സാക്കാമെന്നുള്ളതാണു്. അങ്ങിനെയല്ലാതെ ഒരാൾ സമർത്ഥനല്ല എന്നു യാതൊരുഡിപ്പാർട്ടുമെൻറു മേലധികാരിക്കും പറയാനുള്ള അധികാരമില്ല. ഒരാളിനെ ഉദ്യോഗത്തിൽ നിയമിച്ചതിനുമേൽമാത്രമെ അയാൾ ജോലിക്കുശേഷിമാനാണൊ അല്ലയൊ എന്നുള്ളതിനെപററി ചോദ്യത്തിനുപോലും ഇടയുണ്ടാവുകയുള്ളു. ഒരു ഉദ്യോഗസ്ഥൻ അയാളുടെകീഴിലുള്ള ഒരു ഗുമസ്തൻ ഉദ്യോഗത്തിനു ശേഷിതീരെ പോരാത്തവനാണെന്നു അഭിപ്രായപ്പെടുന്നതിനും അപ്രകാരം കാണുന്ന പക്ഷം അയാൾക്കു ന്യായമായിട്ടുള്ള കയറ്റങ്ങൾ കൊടുക്കാതെ തടയുന്നതിനും ഉള്ള പൂർണ്ണാധികാരങ്ങൾ ഉണ്ടു്. അല്ലാതെ ആളുകൾ ഉദ്യോഗങ്ങളിൽ നിയമിക്കപ്പോൾതന്നെ അയാൾ സമർത്ഥനാണൊ അല്ലയോ എന്നു തീർച്ചയാക്കണം എന്നു ശഠിക്കുന്നതും സമുദായപ്രാതിനിധ്യം എന്നല്ലാതെ അപേക്ഷിച്ചു സാമർത്ഥ്യം എന്നവിഷയത്തെപററി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു പറയുന്നതും തീരെ അർത്ഥമില്ലാത്തതാണെന്നാണു എന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ സമുദായപ്രാതിനിധ്യം എന്നതുതന്നെ സ്വീകരിക്കേണ്ടതുകൊണ്ടു സാമർത്ഥ്യമെന്നതുതന്നെയാണെന്നു നാം ഏതു പ്രകാരത്തിലും നിരാകരിക്കേണ്ടതായി വരുന്നില്ലഎന്നുള്ളതുകൊണ്ടുതന്നെ.

പല സമുദായങ്ങൾ പന്തയത്തിൽചേർന്ന ചില്ലകളുടെ ചിലസ്ഥാനങ്ങളെ ചെന്നെത്തുകയും മററുചിലർ വളരെപിറകിൽ ആയിപ്പോവുകയും ഞങ്ങൾ മത്സരിക്കാൻ തയ്യാറില്ലെന്നും ഞങ്ങൾക്കു ചിലപ്രത്യേക ആനുകൂല്യങ്ങൾ ചെയ്തുതരേണ്ടതാണെന്നും പറയുന്നതു ഒട്ടും ശരിയായിട്ടുള്ളതല്ലെന്നു എന്റെ സ്നേഹിതൻ മി. എ. കെ. പിള്ള പറയുകയുണ്ടായല്ലോ. നാം എല്ലാവരും ഒരേസ്ഥലത്തുനിന്നല്ലാ പുറപ്പെട്ടിട്ടുള്ളതു എന്നുള്ളതിനാൽ ഈ ഉദാഹരണം തീരെ യോജിക്കുന്നില്ല എന്നാണു എനിക്കു തോന്നുന്നതു ചിലർ അഞ്ചുകിലോമീററർ ഓടുന്നു ചിലർ അഞ്ചുമയിൽ പിറകെനിന്നും ഇപ്രകാരം പലസ്ഥാനങ്ങളിൽ നിന്നാണു് നാം പുറപ്പെട്ടിട്ടുള്ളതു. നാം മത്സരിക്കേണ്ടതായിവന്നിരിക്കുന്നതു ഒരേപരിസ്ഥിതികളിൽനിന്നു കൊണ്ടല്ല. ഇന്നും എല്ലാസമുദായക്കാർക്കും ചേർന്നുപഠിക്കുവാൻ പാടില്ലാത്തതായി നാട്ടുത്തിരുന്ന പള്ളിക്കൂടങ്ങളോടും ഈ നാട്ടിലുണ്ടു്. സ്കൂളുകളിൽ പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലാത്ത പുലയരും അനുവദിക്കപ്പെട്ടിട്ടുള്ള നായരും ഒരേപരിതസ്ഥിതികളിൽനിന്നുതന്നെയാണു് മത്സരിക്കുന്നതു എന്നു പറയുന്നതിൽ വല്ല ന്യായവുമുണ്ടോ? അങ്ങിനെ പറയുന്നതു തീരെന്യായമായിട്ടുള്ളതല്ലെന്നാണു് എന്റെ താഴ്മയായ അഭിപ്രായം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): താണജാതിക്കാരെ പള്ളിക്കൂടങ്ങളിൽ ചേർക്കുന്നവിഷയത്തിൽ വിചാരിക്കാനുള്ളവരുടെ കൂട്ടത്തിൽ ഒരുവനല്ല ഞാൻ എന്നു മി. കുമാരനു അറിയാമല്ലോ?

മി. എൻ. കുമാരൻ (നിയമിതമെമ്പർ): മി. എ. കെ. പിള്ള അപ്രകാരം പറയുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു. ഓരോ അഭിപ്രായവും ഏതേതു ആദർശങ്ങളെ അടിസ്ഥാനമാക്കികൊണ്ടുവരുന്നുവെന്നു ആ ആദർശങ്ങളെ സംബന്ധിച്ചു ആർക്കും ചോദ്യംചെയ്യാൻ അവകാശമില്ല അതിനാൽ ഇങ്ങിനെയുള്ള മാതൃ

കകൾക്കുള്ളപ്പററി ഒരാൾ സംസാരിക്കുമ്പോൾ അതു ഈ വാദപ്രതിവാദങ്ങളുടെ രീതിയെത്തന്നെ ഗുണീകരിക്കയാണു ചെയ്യുന്നതു പ്രവൃത്തി മറിച്ചായിരുന്നാലും ഈ മാതൃകകളെ നമ്മുടെ ദൃഷ്ടിപഥങ്ങളിൽ എല്ലായിപ്പോഴും പിടിച്ചുകൊണ്ടിരിക്കാമെന്നുള്ളതാണല്ലൊ. ഈ വിഷയത്തെസംബന്ധിച്ചിടത്തോളം സമുദായപ്രാതിനിധ്യം എന്ന പ്രമാണത്തെ ഗവർണ്മെണ്ടിൽ നിന്നും സ്വീകരിക്കേണ്ടതാണിവ്വിത്തിയുള്ളസന്ദർഭങ്ങളിലെല്ലാം മുൻ പറയപ്പെട്ട പ്രമാണങ്ങളെ ക്രിയാസ്വരൂപത്തിൽ കൊണ്ടുവരുന്നതിനു ഗവർണ്മെണ്ടു കഴിയുന്നിടത്തോളം ശ്രമിക്കേണ്ടതും ആണു.

മി. പി. ഹബീബ്മഹമ്മദ് (നിയമിതമെമ്പർ): സർ, ചില മെമ്പറന്മാർ ഈ സഭയിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളെ പുരസ്കരിച്ചു ഞാനും എന്റെ അഭിപ്രായങ്ങളെ പറഞ്ഞുകൊള്ളട്ടെ. ഭിന്നസമുദായങ്ങൾക്കിടയിൽ അസൂയതോന്നത്തക്ക വ്യത്യാസങ്ങൾ ഉണ്ടെന്നു പറയുന്നവരുടെ കൂട്ടത്തിൽ ഒരുവനല്ല ഞാൻ ഭിന്നസമുദായങ്ങൾ തമ്മിൽ ഉള്ള പൂർണ്ണമായ ഒരുമയിലും യോജിപ്പിലും ആണ് ഒരു രാജ്യത്തിന്റെ ശക്തിമത്തായ ഉന്നതിയും ക്ഷേമവും സ്ഥിതിചെയ്യുന്നതു എന്നുള്ള പരമാർത്ഥം മി. എ. കെ. പിള്ളയെപോലെതന്നെ എനിക്കും നല്ലപോലെ അറിയാമെന്നുള്ളതാണ്. എന്നാൽ സമുദായങ്ങൾതമ്മിൽ ചില വ്യത്യാസങ്ങൾഉണ്ടു. ഒരു പ്രത്യേക സമുദായത്തെക്കുറിച്ചുമാത്രം സംസാരിക്കുമ്പോൾ എനിക്കു യഥാർത്ഥമായ മനസ്താപം ഉണ്ട്.

വിശാലമായ ചില ആധാരങ്ങളെ അടിസ്ഥാനമാക്കി ഇൻഡ്യാഗവർണ്മെണ്ടുപോലും സമുദായപ്രാതിനിധ്യത്തെ ഒരു നയമായി സ്വീകരിച്ചിട്ടുണ്ടു. പ്രായോഗികമായ ചില ആധാരങ്ങളെ അടിസ്ഥാനമാക്കി ഇതിനെ പകർത്തുകമാത്രമെ നാം ചെയ്യുന്നുള്ളു. അന്യസമുദായങ്ങളോടാപ്പംവന്നുചേരുന്നതുവരെ ഗവർണ്മെണ്ടു ഉയർത്തികൊണ്ടുപോകേണ്ടതായി ഏതാനും ചിലതാണ് സമുദായങ്ങൾ ഈ രാജ്യത്തിൽ ഉണ്ടു. യാതൊരുപ്രകാരത്തിലും നിസ്സാരമായിഗണിക്കാൻ പാടില്ലാത്തചില പ്രത്യേകസ്വഭാവവിശേഷങ്ങൾ ഓരോ പ്രത്യേക സമുദായത്തിനുംഉണ്ടു. മഹമ്മദീയസമുദായത്തിനുള്ള പ്രത്യേകസ്വഭാവവിശേഷം യാതൊരുവിധത്തിലും ന്യൂനതവരുത്താതെ സൂക്ഷിക്കേണ്ടതാണെന്നാണ് എന്റെ സ്വന്തഅഭിപ്രായം. വമ്പിച്ച ഏകത്വമുള്ള രാജ്യത്തിലുള്ള മററുജനങ്ങളോടുകൂടി ചയിപ്പിക്കത്തക്കതായ ചിലസംഗതികൾ ഉണ്ടു. എന്നാൽ മററുചില സംഗതികളിൽ നാം പ്രത്യേകമായി നിൽക്കേണ്ടതായും ഇരിക്കുന്നു. മനുഷ്യസ്വഭാവത്തിന്റെ സ്ഥിതിക്കു ഒരു സമുദായത്തിനു തന്നെ എല്ലായിപ്പോഴും മററുള്ള ആളുകളുടെമേൽ ശക്തിയും അധികാരവും ഉണ്ടായിരിക്കുന്നതും ഗുണപ്രദമല്ല. അധികാരസ്ഥാനങ്ങളിലുള്ളവരെ അടുക്കുന്നതിനു യാതൊരുനിവൃത്തിയും ഇല്ലെന്നും അവർ എല്ലായ്പ്പോഴും നിന്ദ്യമായവിധത്തിൽ പെരുമാറുന്നുഎന്നും എന്റെ സമുദായത്തിൽപെട്ടവർ എപ്പോഴും പരാതിപറഞ്ഞുവരാറുണ്ടു. മുസ്ലിങ്ങൾ മുതലായ താണസമുദായങ്ങളിൽപെട്ട ആളുകൾക്കു അവർണ്ണനീയമായ ദുഃഖവും കഷ്ടപ്പാടും രാജ്യത്തിൽ വളരെ ഉയർന്നഉദ്യോഗങ്ങളിൽ സ്ഥിതിചെയ്യുന്ന സമുദായക്കാർമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി എന്നോടുപലപ്രാവശ്യവും അവർ പരാതിപറഞ്ഞിട്ടുണ്ടു. ആ സമുദായത്തിൽപെട്ട ഒരുവൻ എന്നനിലയിൽ എനിക്കു അവരോടു അനുകമ്പയും തോന്നുന്നുണ്ട്. പ്രജാപ്രഭുത്വത്തിന്റെയും സാമുദായികരാജ്യഭരണത്തിന്റെയും പൂർണ്ണമായവളർച്ചക്കു അത്യന്ത പേക്ഷിതമായിട്ടുള്ള ഏകസംഗതി ഉദ്യോഗസാമർത്ഥ്യം ആണു എന്നു ഞാനും പൂർണ്ണമായി സമ്മതിക്കുന്നു. എന്നാൽ സാമർത്ഥ്യത്തെ നാം എങ്ങിനെയാണു നിശ്ചയിക്കുക എന്നുള്ളചോദ്യം വളരെ വിഷമതരമായ ഒന്നാണു. നാംസാധാരണ മനുഷ്യരല്ലേ? ഗവർണ്മെണ്ടു എന്നുപറയുന്നതുതന്നെ കുററങ്ങളും കുറവുകളും ഉള്ള ആളുകൾചേർന്നു ഉണ്ടാകിട്ടുള്ള ഒന്നല്ലയോ? ഇപ്പോഴത്തെ പ്രജാപ്രഭുത്വഭരണത്തിന്റെ പ്രധാനഉദ്ദേശ്യങ്ങളിൽ ഒന്നു ക്ഷീണസമുദായങ്ങളെ ഹിംസിക്കുന്നതിൽ ഈതിനുള്ള വാസനയാണെന്നാണു എനിക്കു പറവാനുള്ളതു. പബ്ലിക്ക്സർവീസ് ഉൾപ്പെടെയുള്ള എല്ലാ പൊതുക്കാര്യങ്ങളിലും അവരവർക്കു ന്യായമായി അവകാശമുള്ള പ്രാതിനിധ്യത്തെ താണസമുദായക്കാർക്കു കൊടുക്കണമെന്നു മാത്രമാണു ഞാൻ അവരുടെ രക്ഷക്കുള്ള ഏകമാർഗ്ഗമായി ഗവർണ്മെണ്ടിനോടു അപേക്ഷിച്ചുകൊള്ളുന്നതു. സമുദായപ്രാതിനിധ്യം എന്ന തത്വത്തെ അങ്ങേഅററംവരെ കൊണ്ടുപോകണമെന്നു ശഠിക്കുന്നവരുടെ കൂട്ടത്തിൽപെട്ട ഒരാളല്ല ഞാൻ. ഇതു താല്ക്കാലികവും മാററിക്കൂടാവുന്നതും ആയ ഒരു പ്രമാണം ആണെന്നുള്ളതിനെ ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. എന്നാൽ ഭിന്നസമുദായങ്ങൾതമ്മിൽ സമന്വയസാദ്ധ്യതവരുന്നതുവരെ ഈ പ്രമാണത്തെ ബലമായി അനുകരിക്കേണ്ടതാണ്. അതുവരെ സാമർത്ഥ്യം എന്ന വിഷയത്തിൽ കാണിക്കുന്നിടത്തോളം ശുദ്ധ സമുദായപ്രാതിനിധ്യം എന്നവിഷയത്തിലും കാണിക്കേണ്ടതാണു. ഇത്രയും പറഞ്ഞുംകൊണ്ടു മി. ജാൻ ഹാജരാക്കിയ പ്രമേയത്തെ ഞാൻ പിന്താങ്ങിക്കൊള്ളുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): മി. എ. കെ. പിള്ളയുടെ പ്രസംഗത്തെ ഞാൻ ഗാഢമായ ശ്രദ്ധയോടുകൂടി ശ്രവിച്ചുകൊണ്ടിരിക്കയായിരുന്നു. അദ്ദേഹം സ്വീകരിച്ചിട്ടുള്ള മാതൃകകൾ ശരിയായിട്ടുള്ളവയാണെന്നു ഞാനും സമ്മതിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ചില അവസാനതീരുമാനങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ അദ്ദേഹവുമായി ഒട്ടും യോജിക്കുന്നില്ലഎന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം മിക്കവാറും താഴെപറയപ്പെടുന്നവയെ അടിസ്ഥാനമാക്കി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളവയാണ് സർക്കാർ ഉദ്യോഗം അനഭിലഷണീയമായ ഒന്നാണെന്നും ഒരു നീതി നിഷ്കിഞ്ചനമായിട്ടുള്ളതാണെന്നും പരിതസ്ഥിതികളുടെ വിശേഷഗതികൊണ്ടുമാത്രം സർവീസിൽ പ്രവേശനം ലഭിക്കുന്നതിനിടയായിട്ടില്ലാത്ത സമുദായങ്ങൾ സർവീസിൽ പ്രവേശനംലഭിച്ചിട്ടുള്ള ഇതരസമുദായങ്ങൾക്കു ഇതു പര്യന്തം സർവീസിന്റെ സഹജമായ ഉച്ഛിഷ്ടങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന നാമമാത്രഗുണങ്ങളെ ആശിച്ചു പുറപ്പെടരുതു എന്നുംമററും ഉള്ള സംഗതികളെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ഉൻപറഞ്ഞ വാദങ്ങളെ പുറപ്പെടുവിച്ചിട്ടുള്ളതു. എന്നാൽ ഈ സംഗതിയെ സംബന്ധിച്ചു ഞങ്ങൾക്കുള്ള അഭിപ്രായം അതിനോടു ഒട്ടും യോജിച്ചിട്ടുള്ളതല്ല.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): സർ, കുറ്റം അങ്ങിനെയല്ല. അദ്ദേഹം എന്റെ അഭിപ്രായങ്ങളെ തെററായി ധരിപ്പിക്കയാണ് ചെയ്യുന്നതു. ഞാൻ അദ്ദേഹം പറഞ്ഞതുപോലെ ഒരിക്കലും പറഞ്ഞിട്ടില്ല. പബ്ലിക്ക്സർവീസ് എന്നതു നാട്ടിന്റെ നന്മയെ അടിസ്ഥാനമാക്കി വേണ്ടതാണെന്നും അല്ലാതെ സമയംപോലെ നാം സൃഷ്ടിക്കുന്ന ഓരോ സമുദായവിഭാഗങ്ങളുടെ രക്ഷയെ ഉദ്ദേശിച്ചു വേണ്ടതല്ലെന്നും മാത്രമാണ് ഞാൻ പറഞ്ഞതു.

മി. കെ. കെ. തോമസ് (കോട്ടയം): ചില ആളുകൾ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതുകൊണ്ടും അവർക്ക് അതിൽനിന്നും ഉള്ള ദോഷഫലങ്ങൾ ഉണ്ടായിട്ടുണ്ടിരിക്കുന്നതുകൊണ്ടും അതിനാൽ മററു സമുദായങ്ങളും അതേ സർവ്വീസിൽതന്നെ പ്രവേശിക്കുന്നതു നന്നായിരിക്കയില്ലാഎന്നും മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കിയതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ സ്നേഹിതനായ ഞാൻ ഒരിക്കൽക്കൂടി തിരുത്തിക്കൊള്ളട്ടെ. യാതൊരു സമുദായവും സർവ്വീസിൽ പ്രവേശിച്ചുകൂടാഎന്നു ഞാൻ പറഞ്ഞിട്ടില്ലാ, ഈ വിഷയത്തെപ്പററി നാം ആലോചിക്കുമ്പോൾ ദാസന്മാരുടെ മനോഭാവത്തോടുകൂടിയല്ല യജമാനന്മാരുടെ നിലയിൽവേണം അതേപ്പററി ചിന്തിക്കേണ്ടതു എന്നു മാത്രമെ ഞാൻ പറഞ്ഞുള്ളു. എപ്പോഴെങ്കിലും സ്വാഭിവൃദ്ധിക്കാലി ആരെങ്കിലും ശ്രമിക്കുമ്പോൾ ഞാൻ അതിനെ എതിർക്കുന്നതാണ്.

മി. കെ. കെ. തോമസ് (കോട്ടയം): എങ്ങിനെയായാലും ഇതേ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ നിലപാടു വേറെതന്നെയാണ്. പരിസ്ഥിതികളുടെ ഗതിവിശേഷംകൊണ്ടു മനുഷ്യർ സർവ്വീസിനെ ലോകത്തിലുള്ളതായ ഒന്നായിട്ടല്ല, മനുഷ്യരെമറിച്ചു ജീവിതായോധനമാർഗ്ഗങ്ങളിൽ ഉത്തമവും അഭിമാനകരവും ആയ ഒന്നായിട്ടാണ് വിചാരിച്ചുപോരുന്നതു. അതിനാൽ സർവ്വീസിൽ പ്രവേശിക്കുന്ന കാര്യത്തിൽ അവർ വളരെ താല്പര്യമുള്ളവരാകും ഇരിക്കുന്നു. ഈ സംഗതിയെപ്പററി ഈ നിലയിൽനിന്നു നിരീക്ഷണംചെയ്യുന്നപക്ഷം സമുദായപ്രാതിനിധ്യത്തെപ്പററിയുള്ള വഴക്കു ഈയിടെയങ്ങും തുടങ്ങിയ ഒന്നല്ലെന്നും രാമരാവു ദിവാൻജിയുടെ കാലം മുതൽക്കെ തുടങ്ങിയിട്ടുള്ള ഒന്നാണെന്നും മിസ്റ്റർ എ. കെ. പിള്ളതന്നെ സമ്മതിക്കുമെന്നാണു എനിക്കു തോന്നുന്നതു. അന്നുമുതൽ മുറവിളി കൂട്ടിക്കൊണ്ടിരുന്നതിന്റെ ഫലമായി ചില സമുദായങ്ങൾക്കു സർവ്വീസിൽ ലഭിക്കുന്ന പ്രാതിനിധ്യം ക്രമേണ വർദ്ധമാനമായിതന്നെ വരികയാണ് ചെയ്യുന്നതു. ഈ വഴിക്കു നോക്കുന്നപക്ഷവും ഇപ്പോൾ സർവ്വീസിൽ കുറവായിമാത്രം പ്രാതിനിധ്യം സിദ്ധിച്ചിട്ടുള്ള സമുദായക്കാർക്കു ന്യായമായി അവകാശമുള്ള അംശത്തെ ക്രമേണ കൊടുക്കേണ്ടതാണെന്നു വന്നുചേരുന്നു. എന്റെ സ്വന്ത അഭിപ്രായം ഇതിനു അനുകൂലമല്ല. എന്നാലും വർത്തമാനകാലത്തെ സ്ഥിതി വിശേഷംകൊണ്ടു ഏതെങ്കിലും ഒരു സമുദായക്കാർ മുന്നോട്ടുവന്ന് അവർക്കു സർവ്വീസിൽ ന്യായമായി കിട്ടുവാനുള്ള ഭാഗം കിട്ടുന്നില്ലാഎന്നു പരാതിപറയുന്നപക്ഷം അവരുടെ കാര്യത്തിൽ എന്തെങ്കിലും ഒരു പ്രത്യേകത കാണിക്കേണ്ടതു ഗവർണ്ണമെന്റിന്റെ ചുമതലയാണെന്നാണു എനിക്കു തോന്നുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ—ദേവികുളം): ഒരു സമുദായത്തിനു കിട്ടേണ്ടഭാഗം എന്നുപറഞ്ഞതു എന്തിനെ ഉദ്ദേശിച്ചാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. കെ. തോമസ് (കോട്ടയം): മെമ്പർതന്നെ ഇതേവാക്കുകൾ ഉപയോഗിച്ചിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഒരു സമുദായത്തിനു കിട്ടുവാനുള്ള ഭാഗം എന്നു മെമ്പർ പറഞ്ഞതു എന്തിനെ ഉദ്ദേശിച്ചാണെന്നു എനിക്കു നല്ലപോലെ മനസ്സിലാകുന്നില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഇതോടുകൂടി സമുദായത്തിൽപെട്ടവരായി ആളുകൾ ന്യൂനപക്ഷം ജനങ്ങളോടും ഉണ്ടെന്നും അവർക്കു ന്യായമായി കിട്ടുവാനുള്ള ഭാഗം കിട്ടിയിട്ടില്ലെന്നും അവർ മുറവിളി കൂട്ടിക്കൊണ്ടിരിക്കയാണെല്ലാ. ആ അർത്ഥത്തിൽതന്നെയാണു ഞാനും ആ പദങ്ങളെ ഉപയോഗിച്ചിട്ടുള്ളതു.

ദേവസ്വത്തെ ലാൻഡ്‌റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നു തിരിച്ചതിനുശേഷം ലാൻഡ്‌റവന്യൂ ഡിപ്പാർട്ടുമെൻറിൽ അവർണ്ണഹിന്ദുക്കൾക്കു പ്രവേശനം ലഭിക്കുന്ന കാര്യത്തിൽ സാങ്കേതികമായിട്ടുള്ള ബുദ്ധിമുട്ടു നീക്കപ്പെട്ടിട്ടുണ്ടെന്നുവരികിലും പരമാർത്ഥത്തിൽ ആ വൈകല്യം നാളിതുവരെ നീങ്ങിയിട്ടില്ല എന്നുള്ള സംഗതികൂടി ഞാൻ ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. ഗവർണ്ണമെന്റിൽനിന്നും തയ്യാറാക്കിയിട്ടുള്ള കണക്കുകളിൽനിന്നുതന്നെ സർവ്വീസിലുള്ള താണതരം ഉദ്യോഗങ്ങളിൽ അവർണ്ണഹിന്ദുക്കളായി വളരെ കുറച്ചുപേർ മാത്രമെ ഉള്ളുഎന്നു തെളിവാകുന്നുണ്ടു. അഹിന്ദുക്കളെ റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതിലുള്ള തടസ്സം ഇപ്പോൾ ഇല്ലാതായിരിക്കുന്ന സ്ഥിതിക്കു മേലാൽ താണതരം ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുമ്പോൾ പ്രാതിനിധ്യം വളരെ കുറവായി മാത്രം ലഭിച്ചിട്ടുള്ള സമുദായങ്ങളിൽപെട്ട ആളുകളെ നിയമിക്കുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നുള്ള സംഗതിയിലേയ്ക്കു ഗവർണ്ണമെന്റിന്റെ ശ്രദ്ധയെ സദയം ക്ഷണിച്ചുകൊള്ളുന്നു

എന്റെ സമുദായത്തെ സംബന്ധിച്ചു പറകയാണെങ്കിൽ അവർക്കു വളരെ കുറവായിമാത്രമെ പ്രാതിനിധ്യം ലഭിക്കുന്നുള്ളു എന്ന വസ്തുത കണക്കുകൾമൂലം തെളിഞ്ഞുകിട്ടിയതാണെന്നുള്ളതാണ്. തഹശീൽദാരന്മാരുടെ എണ്ണവും മിസ്റ്റർ റാമ്പിൻ ഖാൻ തന്ന പേരുകളും നോക്കിയതിൽ തഹശീൽദാരായി ഒരു ജാക്കോബൈറ്റ് ക്രിസ്ത്യാനിപോലും ഇല്ലഎന്നു് എനിക്കു ഉറപ്പുവന്നിട്ടുണ്ടു വളരെയധികം സിദ്ധിച്ചിട്ടുള്ള ധാരാളം ആളുകൾ ഉള്ള ഈ സമുദായത്തിനു തീരെ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നാണു എനിക്കു തോന്നുന്നതു. റവന്യൂ ഡിപ്പാർട്ടുമെൻറു ആകമാനം നോക്കുന്നപക്ഷം ഒരു മജിസ്ട്രേട്ടു ഒഴിക വേറെ ഒരു ഒററ ഉദ്യോഗസ്ഥനെപ്പോലും ഈ സമുദായത്തിൽപെട്ടവനായി കാണുന്നതല്ല. ആകയാൽ ഗവർണ്ണമെന്റിൽനിന്നും ഒരു നയം സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു മേലാലും ആ നയത്തെത്തന്നെ തുടർന്നു പ്രവർത്തിക്കണമെന്നും അപ്രകാരം പ്രവർത്തിച്ചു സർവ്വീസിൽഉള്ള ഗുണങ്ങൾ അനുഭവിക്കുന്നതിനു ഇതുവരെ ഇടയായിട്ടില്ലാത്ത സമുദായങ്ങൾക്കു മേലാലെങ്കിലും അതിലേക്കു ചില സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നും ഞാൻ ഗവർണ്ണമെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): മിസ്റ്റർ എ. കെ. പിള്ളയുടെ ഉദ്ദേശശുദ്ധിയെപ്പററി എനിക്കു എപ്പോഴും വളരെ ബഹുമാനമാണുള്ളതു. അദ്ദേഹത്തിന്റെ ആദർശങ്ങളിൽ ചിലതു പ്രായോഗികങ്ങൾ അല്ലെന്നാണു ചിലപ്പോൾ എനിക്കു തോന്നിയിട്ടുള്ളതുപോലെ ഈ അവസരത്തിലും തോന്നുന്നതു എന്നു പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ സ്ഥിതിഗതികൾ ഞാൻ അറിഞ്ഞിട്ടുള്ടിടത്തോളം മിസ്റ്റർ പിള്ളയുടെ ആദർശം ഇവിടെ ഉപയോഗകരമായ വിധത്തിൽ സ്വീകരിക്കാമെന്നു എനിക്കു വളരെ സംശയമുണ്ടു. ഉദ്യോഗമാനവിഷയത്തിൽ കാര്യക്ഷമതയ്ക്കു എത്രയും അത്യാവശ്യമായി നോക്കേണ്ടതാണെന്നു സംശയംകൂടാതെ പറയാം. കേവലം വർഗ്ഗീയപ്രാതിനിധ്യംമാത്രം നോക്കി ഡാക്ടർ കുഞ്ഞൻപിള്ള രയ ചീഫ് എഞ്ചിനീയരായും മിസ്റ്റർ നടേ

ശയ്യരെ ഡർബാർഫിസിഷ്യനായും നിയമിക്കാൻ ആരെങ്കിലും ശുപാർശചെയ്യുന്നപക്ഷം അതിന് കേവലം ഞാനെന്നല്ലാതെ മറ്റാരുപേരും കൊടുക്കാനില്ല. എന്നാൽ കാര്യക്ഷമതയ്ക്കു ഹാനിയില്ലാത്തവിധത്തിൽ വർഗ്ഗങ്ങൾക്കു ന്യായമായ പ്രാതിനിധ്യം സംസ്ഥാനത്തിൽ അനുവദിക്കപ്പെടുന്നില്ലഎന്നു ഏതെങ്കിലും ഒരു വർഗ്ഗക്കാർക്കു ബോദ്ധ്യപ്പെടുന്ന അവസരത്തിൽ അവരുടെ ന്യായമായ പ്രാതിനിധ്യം കൊടുക്കേണ്ടതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): ഓരോ ഡിപ്പാർട്ടുമെൻറിലും എല്ലാ വർഗ്ഗക്കാരും ഉണ്ടായിരുന്നാലല്ലേ കാര്യക്ഷമതയ്ക്കു കുറെക്കൂടി രസനകയ്യുള്ളതു?

മി. സി. പി. തരകൻ (കുന്നുമ്പുറത്തുനാട്ടു): യോഗ്യതയുള്ള എല്ലാവർഗ്ഗക്കാർക്കും ന്യായമായ പ്രാതിനിധ്യം കൊടുക്കേണ്ടതു അത്യാവശ്യമാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): അതു കാര്യക്ഷമതയ്ക്കു സഹായമായിരിക്കയില്ലേ?

മി. സി. പി. തരകൻ (കുന്നുമ്പുറത്തുനാട്ടു): വളരെ സഹായമായിരിക്കും. ഗവർണ്ണമെൻറിന്റെ സ്വാധീനത്തിലുള്ള എല്ലാ ഉദ്യോഗങ്ങളും ഓരോ അവസരത്തിലും ഓരോ വർഗ്ഗങ്ങളുടെ സംഖ്യയും വിദ്യാഭ്യാസവും മററും മനോക്കി ശതാംശമായി വീതിച്ചു പങ്കിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായത്തോടു എനിക്കു അശേഷം യോജിക്കാൻ നിവൃത്തിയില്ല. ഒരു വർഗ്ഗക്കാരെക്കാ അല്ലെങ്കിൽ ഏതാനും വർഗ്ഗക്കാരെക്കാ വർഗ്ഗീയപ്രാതിനിധ്യം കൊടുക്കണമെന്നു ആവശ്യപ്പെടുമ്പോൾ ഗവർണ്ണമെൻറാ അതിന്റെ കീഴിലുള്ള ഏതെങ്കിലും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരോ അതിനെ അവഗണിച്ചു പ്രവർത്തിക്കുന്നുഎന്നു ഏതെപ്പോഴെങ്കിലും ബോദ്ധ്യപ്പെട്ടാൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ കർശനമായ നടപടി നടത്തുകയും എല്ലാ വർഗ്ഗക്കാരോടും സമഭാവനയോടെ പ്രവർത്തിക്കുന്നതിനു ആവശ്യമുള്ള എല്ലാ ഏർപ്പാടുകളും ചെയ്യുകയും ചെയ്യണം. കാര്യക്ഷമത കാര്യക്ഷമത എന്നുമാത്രംപറഞ്ഞു കേവലം മത്സരപരീക്ഷവച്ചു അതിൽ ഒന്നാമനും രണ്ടാമനും ജയിക്കുന്നവർക്കു മാത്രമെ ഉദ്യോഗം കൊടുക്കുവാൻ പാടുള്ളു എന്നുള്ള അഭിപ്രായത്തോടു യോജിക്കാൻ നിവൃത്തിയില്ല. പോലീസ് കോൺസ്റ്റബിൾ പങ്കാപ്പുൺ അഞ്ചൽപ്പുൺ ഇവരെ നിയമിക്കുന്നതിനു ഇംഗ്ലീഷിലൊ മലയാളത്തിലൊ വലിയ ഒരു പരീക്ഷവച്ചു അതിൽ ജയിക്കുന്ന ആളുകളിൽനിന്നു അവരുടെ മുറ അനുസരിച്ചു മാത്രമെ ഉദ്യോഗം കൊടുക്കാവൂഎന്നുള്ളതിൽ അർത്ഥമില്ലാഎന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇങ്ങിനെയുള്ള ഉദ്യോഗങ്ങളിൽ ന്യായമായിട്ടുള്ള പ്രാതിനിധ്യം എല്ലാ വർഗ്ഗക്കാർക്കും കൊടുക്കേണ്ടതു അത്യാവശ്യമാണ്.

ഉപർന്നതരം ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം പന്ത്രണ്ടൊ ഇരുപതോ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർ ഉണ്ടെങ്കിൽ അവ ഓരോന്നിലും നായർ ബ്രാഹ്മണൻ, കത്തോലിക്കർ, ഈഴവർ, ഇങ്ങനെ പ്രധാന വർഗ്ഗക്കാർ ആയിരിക്കണമെന്നു വിചാരിക്കാൻ ന്യായമില്ലാ. പ്രധാന പേരിൽ മന്നൂറണ്ടുപേർ ഒരേവർഗ്ഗംതെയിരിക്കുന്നതുകൊണ്ടു അർവ്വാദം ഇല്ല എന്നാൽ മന്നൂറണ്ടു വർഗ്ഗക്കാർമാത്രം എല്ലാ ഡിപ്പാർട്ടുമെണ്ടിന്റേയും ആദ്ധ്യക്ഷം വഹിക്കുന്നതുകൊണ്ട് ഈ സംശയം ഉണ്ടാകുന്നു. ഗവർണ്ണമെൻറു കാര്യക്ഷമതയ്ക്കു അനുകൂലമായ വിധത്തിൽ വർഗ്ഗീയപ്രാതിനിധ്യം കൊടുക്കാമെന്നു മിസ്റ്റർ റാബിൻസൺ പ്രസ്താവിച്ചതിനു അദ്ദേഹത്തോടും ഗവർണ്ണമെൻറിനോടും ഞാൻ നന്ദിപ്രകടിപ്പിക്കുകയുകൊള്ളുന്നു. ഈ ആശയം സ്ഥിരമായിവച്ചു പരിപാലിച്ചുകൊണ്ടു പോകണമെന്നു ഞാൻ ഗവർണ്ണമെണ്ടിനോടു അപേക്ഷിക്കയും ചെയ്യുകയുകൊള്ളുന്നു.

മി. ആർ. പത്മനാഭൻ (നിയമിതമെമ്പർ): മിസ്റ്റർ എ. ജെ. രാമൻ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ ഞാൻ ബലമായി പിന്താങ്ങുന്നതോടുകൂടി നിയമനാധികാരസ്ഥാനങ്ങളിലെല്ലാനിന്നും പ്രത്യേകിച്ചു റവന്യൂ ഡിപ്പാർട്ടുമെൻറിലുള്ളവരിൽനിന്നും ഈ രാജ്യത്തെ താണസമുദായങ്ങളിൽപെട്ട ആളുകൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന ന്യായരഹിതവും നിർദ്ദയവും ആയ പെരുമാററത്തിലേയ്ക്കു ഗവർണ്ണമെണ്ടിന്റെ ശ്രദ്ധയെ ഈ സന്ദർഭത്തിൽ ആകർഷിച്ചുകൊള്ളുകയും ചെയ്യുന്നു.

ഒരു ജനതക്കു യാതൊരു ലോപവും വരാത്തവിധത്തിൽ പ്രാതിനിധ്യം കുറഞ്ഞിട്ടുള്ള സമുദായങ്ങളിൽ പെട്ട ആളുകളുടെ പ്രത്യേകത കാണിച്ചു ആ വഴിക്കു എല്ലാ ഡിപ്പാർട്ടുമെൻറുകളിലും രാജ്യത്തിലുള്ള ഭിന്നസമുദായങ്ങൾക്കെല്ലാം വേണ്ടപോലെ പ്രാതിനിധ്യം കൊടുക്കണം എന്നുള്ളതാണല്ലൊ ഈ വിഷയത്തിൽ ഗവർണ്ണമെൻറു അംഗീകരിച്ചിട്ടുള്ള നയം. കാര്യക്ഷമതയെ നിഷേധിച്ചുകൊണ്ടു പോവുക എന്നുള്ള ഒരു സംഗതിയാണു പബ്ലിക്കു സർവ്വീസിൽ ആളുകളെ നിയമിക്കുന്ന വിഷയത്തിൽ ഒന്നാമതായും ഏറ്റവും പ്രധാനമായും ശ്രദ്ധിക്കാനുള്ളതു്എന്നും ഗവർണ്ണമെൻറു അഭിപ്രായപ്പെട്ടിട്ടുണ്ടു ഈ പ്രമാണത്തെ ചിലപ്പോൾ താണസമുദായക്കാരുടെ ന്യായമായ അവകാശങ്ങളെ തോല്പിക്കുന്നതിനായി ദുരുപയോഗപ്പെടുത്തി വരാറുണ്ടെങ്കിലും ഈ പ്രമാണത്തെത്തന്നെ സ്ഥായിമായി നിലനിർത്തിക്കഎന്നുള്ളതു രാജ്യത്തിന്റെ നന്മക്കു അത്യന്താപേക്ഷിതമായിട്ടുള്ള ഒന്നുതന്നെയാണെന്നാണ് എനിക്കു ഇപ്പോഴും ഉള്ള അഭിപ്രായം. എന്നാലും താണജാതിക്കാരെ സംബന്ധിച്ചു ന്യായംനടത്തപ്പെടുന്നില്ല എന്നു പറയാതെ തരമില്ല. നാലുകൊല്ലങ്ങൾക്കുമുമ്പു "വില്ലേജ് ആഫീസർസ് ടെസ്റ്റ്" എന്ന പരീക്ഷയിൽ കാട്ടിൽ ഒന്നാമനായി ജയിച്ച ഒരു ഈഴവൻ ഒരു സ്ഥിരം പകുതി അക്കൌണ്ടന്റു ജോലിക്കു അപേക്ഷ സമർപ്പിച്ചതിൽ അയാൾക്കു ആളു കുറഞ്ഞതായിരുന്നതായും എന്നാൽ അയാളെക്കാൾ കുറഞ്ഞ പരീക്ഷായോഗ്യതകൾ മാത്രം ഉള്ളവരും ആളിമുഖ്യം സിദ്ധിച്ചിട്ടുള്ളവരുംആയ ആളുകളെ നിയമിച്ചുവരുന്നതായും എനിക്കു അറിവുണ്ടു. ജുഡീഷ്യാസ്സുക്കാർക്കു ഇതരത്തിലുള്ള അനേകം ഉദാഹരണങ്ങൾ കണ്ടുപിടിക്കാൻ കഴിയുമെന്നുള്ളതുണ്ട്. മഹോപാദ്ധ്യായ പരീക്ഷയിൽ ഒന്നാമതായി ജയിച്ച ഒരു ഈഴവനു ഇതേവരെ സർവ്വീസിൽ പ്രവേശനം ലഭിച്ചിട്ടില്ലാത്തതായി എനിക്കറിയാം. ഇപ്രകാരം ഇനിയും പല ഉദാഹരണങ്ങളുംഉണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്രകാരമുള്ള ന്യായരഹിതമായ പ്രവൃത്തികളെ തടയണമെന്നു പറയുന്നതുകൊണ്ടു മിസ്റ്റർ പത്മനാഭൻ ഉദ്ദേശിക്കുന്നതു ഏതെങ്കിലും ഒരു പ്രത്യേകസമുദായത്തിന്റെ നേരെ ന്യായരഹിതമായ പക്ഷപാതം ഉണ്ടാകാതെ സൂക്ഷിക്കുന്നതിനു ഏറ്റവും ഉതകുന്ന ഏതെങ്കിലും ഒരു ഏർപ്പാടു നടപ്പിൽ വരുത്തേണ്ടതാണ് എന്നാണൊ അതല്ല ആ സമുദായങ്ങൾക്കെല്ലാവർക്കുമായി അപ്രകാരമുള്ള ന്യായരഹിതമായ പ്രവൃത്തികൾ ചെയ്യുന്നതിനുവേണ്ട സൌകര്യം ഉണ്ടാക്കികൊടുക്കേണ്ടതാണ് എന്നാണൊ?

മി. ആർ. പത്മനാഭൻ (നിയമിത മെമ്പർ): ന്യായരഹിതമായി പ്രവർത്തിക്കുന്നതിനു സഹായികളായ പരിതസ്ഥിതികൾ മേലാൽ ഉണ്ടായിരുന്നുകൂടാഎന്നുമാത്രമാണു ഞാൻ ഉദ്ദേശിക്കുന്നതു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മി. എ. ജെ. ജോൺ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഹാർദ്ദമായി പിന്താങ്ങിക്കൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): സർ, ഈ വാദപ്രതിവാദത്തിനു വിഷയമായ സംഗതി ഏററവും രസകരമായ ഒന്നാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. മി. എ. കെ. പിള്ളയുടെ അഭിപ്രായത്തിൽ അടങ്ങിയിട്ടുള്ള സംഗതികളെപ്പററി മിക്കമെമ്പറന്മാർക്കും പ്രായോഗികരൂപത്തിൽ കൊണ്ടുവരാൻ പാടില്ലാത്തവയല്ലെന്നോ മി. മാമ്മൻമാപ്പിളയുടെ അഭിപ്രായപ്രകാരം അസാദ്ധ്യം എന്നോ തോന്നിയതിൽ എനിക്കു അതിയായ മനസ്താപമുണ്ടു. ഈ സംഗതിയെ സംബന്ധിച്ചു അപ്രകാരം വിചാരിക്കാൻ എനിക്കു സാധിക്കുന്നതല്ല. എന്റെ അറിവു എത്തിയിടത്തോളം മി. എ. കെ. പിള്ള വളരെ പ്രായോഗികമായ സംഗതികളെപ്പററി മാത്രമേ സൂചിപ്പിച്ചിട്ടുള്ളുഎന്നാണു തോന്നുന്നതു. കാര്യക്ഷമതഎന്നുള്ള ഏകപ്രമാണത്തെമാത്രം അടിസ്ഥാനപ്പെടുത്തിയുംകൊണ്ടല്ല അദ്ദേഹം ഈ വിഷയത്തെപ്പററി വാദിച്ചതു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനഘട്ടത്തിൽ ഞാൻ അദ്ദേഹത്തോടു ചോദിച്ചു ചോദ്യത്തിനു അപേക്ഷകന്മാർ തുല്യയോഗ്യതകൾ ഉള്ളവരായി വരുന്ന സന്ദർഭങ്ങളിൽ കുറവായി മാത്രം പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിൽനിന്നുള്ള അപേക്ഷകന്മാരെ നിയമിക്കുന്ന വിഷയത്തിൽ അദ്ദേഹത്തിനു യാതൊരു വിരോധവുമില്ല എന്നാകിയല്ലെ അദ്ദേഹം ഉരുപടി പറകയുണ്ടായതു. അദ്ദേഹം ഈ ഭാഗം സമ്മതിക്കുന്നിടത്തോളംകാലം തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ സ്ഥിതിയിലും അദ്ദേഹത്തിന്റെ സൂചനകൾ പ്രായോഗികമായിട്ടുള്ളവയല്ലാ എന്നുപറഞ്ഞുകൂടാഎന്നാണ്എനിക്കുതോന്നുന്നതു്.

മി. എൻ. കുമാരൻ (നിയമിതമെമ്പർ): മിസ്റ്റർ എ. കെ. പിള്ളയുടെ ആ അഭിപ്രായം സമുദായപ്രാതിനിധ്യം എന്ന പ്രമാണത്തോടു യോജിച്ചു ഒന്നാണോഎന്നു ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): അതു യോജിക്കാത്തതല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു ഏററവും കുറഞ്ഞ യോഗ്യതയെ തേടാക്കി വയ്ക്കണമെന്നുപറയുന്നപ്രമാണത്തോടു ഒട്ടും യോജിക്കുന്നതല്ല എന്നുള്ളതിനെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): അതെ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇങ്ങിനെ ചെയ്യുന്നപക്ഷം നാം അതുമൂലം സർവ്വീസിൽ ചേരുന്നവരുടെ കാര്യക്ഷമത ഇല്ലായ്മക്കും സ്ഥാനംകൊടുക്കുകയാണു ചെയ്യുന്നതു എന്നു മിസ്റ്റർ ജോസഫ് മനസ്സിലാക്കുന്നില്ലയോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഞാൻ ആ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നു.

മി. എ. ജെ. ജോൺ (വൈക്കം): യോഗ്യതകളുടെ മാനദണ്ഡത്തെ ഒന്നുകൂടി ഉയർത്തിക്കൂടെയോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായത്തിൽപെട്ട ആളുകൾ ഏററവുംകുറഞ്ഞ യോഗ്യതകൾമാത്രം ഉള്ളവർ ആണെങ്കിലും ഉദ്യോഗങ്ങളിൽ നിയമിച്ചുകൊള്ളേണ്ടതാണെന്നുപറയുന്നതിനെ എനിക്കു യാതൊരു പ്രകാരത്തിലും മനസ്സിലാക്കാൻ കഴിയുന്നില്ല. ചിലചില്ലറസംഗതികളിൽ ഞങ്ങൾക്കുള്ളിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്നുപറഞ്ഞിട്ടും മിസ്റ്റർ എ. കെ. പിള്ള കൊണ്ടുവന്നിട്ടുള്ള സൂചനകളെ എനിക്കു പിൻതാങ്ങാതെ നിവൃത്തിയില്ല. ഏതുപ്രകാരമായാലും പബ്ലിക്കുസർവ്വീസിൽ ആളുകളെ നിയമിക്കുന്ന സന്ദർഭങ്ങളിൽ ഏററവും പ്രധാനമായി ശ്രദ്ധിക്കാനുള്ളതു കാര്യക്ഷമത എന്നുള്ള വികയത്തിലാണ്. ഈ പരമാർത്ഥത്തെ ആരും വിസംവദിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. മി. എ. കെ. പിള്ളയോടു മി. കുട്ടാലം പരമേശ്വരൻപിള്ള ചോദിച്ചുചോദ്യത്തിൽ ഗവണ്മെന്റിൽനിന്നും സമുദായപ്രാതിനിധ്യം എന്ന പ്രമാണത്തെ സ്വീകരിക്കണമെന്നു ജനങ്ങൾക്കു പൊതുവായി ഒരു അഭിപ്രായം ഉണ്ടായിരിക്കുന്നപക്ഷം പൊതുജനങ്ങളുടെ ആ ആഗ്രഹം അനുസരിച്ചു ഗവണ്മെന്റു പ്രവർത്തിക്കുന്നതല്ലയോ ശരിയാവുന്നതു എന്നു ഒരു സൂചന ഉണ്ടായിരുന്നു. തിരുവിതാംകൂർ ഗവണ്മെന്റിനു രാജ്യത്തിന്റെ യഥാർത്ഥനന്മയെ ലാക്കാക്കി പ്രവർത്തിക്കണമെന്നു വിചാരമുള്ളപക്ഷം രാജ്യത്തിലെ പൊതുജനാഭിപ്രായമെന്നുള്ളതോടുകൂടി ചില ആളുകൾ വല്ലപ്പോഴും തള്ളിവിടുന്നതായ അഭിപ്രായപ്രകടനങ്ങൾക്കു അവർ ഒരിക്കലും ഒരവസ്ഥയ്ക്കു കീഴടങ്ങരുതു. ഈ സമയത്തുവച്ചു പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾതന്നെയും രാജ്യത്തിലുള്ള ജനങ്ങളിൽ ഭൂരിപക്ഷക്കാരുടെ അഭിപ്രായത്തിന്റെ ശരിയായ ഒരു പ്രതിഫലനം ആയി എല്ലായിപ്പോഴും ഇരിക്കുന്നതല്ല. അവരവരുടെ ചില പ്രത്യേക കാര്യസാദ്ധ്യത്തിനായി സമുദായപ്രാതിനിധ്യം എന്ന പ്രമാണത്തെ നടപ്പിലാക്കുന്നകാര്യത്തിൽ പ്രത്യേകതാല്പര്യമുള്ളവരായി ചില ആളുകൾ ഓരോ സമുദായത്തിലും ഉണ്ടായ് എന്നു വരാവുന്നതാണ്. അവരുടെ അഭിപ്രായത്തെ പിൻതാങ്ങുന്നതിനു ചില വർത്തമാനപത്രങ്ങളും ഉണ്ടായിഎന്നുമിരിക്കാം. പക്ഷെ ഇത്രയുംകൊണ്ടു ആ രാജ്യത്തിൽ ഉള്ള ജനങ്ങൾ ആകമാനം സമുദായ പ്രാതിനിധ്യം എന്ന പ്രമാണത്തിനു അനുകൂലികൾ ആണെന്നവസ്തുതകൂടുന്നതല്ലല്ലോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഗവണ്മെന്റിൽനിന്നും ഈ വിഷയത്തിൽ ഏതെങ്കിലും റഫറൻഡം സ്വീകരിച്ചിട്ടുണ്ടോ എന്നു ഞാൻ മെമ്പറിനോടു ചോദിക്കുകൊള്ളട്ടെ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഇല്ല. ചിലവർത്തമാനപത്രങ്ങളിൽ ഏതാനും റിപ്പോർട്ടുകളും നയമിതാംഗങ്ങൾ സഭയിലോ പ്രജാസഭയിലോവച്ചു ചില നിവേദനങ്ങളും ഉണ്ടായിട്ടുള്ളതായിമാത്രം കാണാവുന്നതാണ്. എന്നാൽ ഇവയെ തിരുവിതാംകൂറിലുള്ള എല്ലാ ജനങ്ങളുടെയും യഥാർത്ഥമായ അഭിപ്രായമായി ഗണിച്ചുകൂടാവുന്നതല്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): പൊതുജനങ്ങളുടെ അഭിപ്രായം എന്താണ് എന്നു ഗവണ്മെന്റിനു അറിവാനുള്ളമാർഗ്ഗം കാണിച്ചുതരുവാൻ മെമ്പറിനു കഴിയുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഗവണ്മെന്റിനു ജനങ്ങളുടെ പൊതുവെയുള്ള മനോസ്ഥിതി എന്തെന്നു മനസ്സിലാക്കുവാൻ കഴിയും. അങ്ങിനെ മനസ്സിലാക്കിയാലും രാജ്യത്തിന്റെ നന്മക്കു യഥാർത്ഥമായി ആവശ്യമുള്ളവ ഇന്ന കാര്യങ്ങൾ ആണെന്നറിഞ്ഞു അവയെ ലാക്കാക്കിമാത്രമെ പ്രവർത്തിക്കുവാൻ പാടു

ള്ള. വർത്തമാനപത്രങ്ങളിലെ റിപ്പോർട്ടുകളെയോ മറ്റേതെങ്കിലും റിപ്പോർട്ടുകളെയോ വായിച്ചു മനസ്സിലാക്കുന്നതിൽ യാതൊരു വിരോധവുമില്ല. എന്നാൽ ഇവയെല്ലാം മനസ്സിലാക്കിയതിനുശേഷം ഗവൺമെന്റ് ഈ വിഷയത്തെപ്പററി സ്വാതന്ത്ര്യമായി ചിന്തിച്ചു റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്ന സംഗതികൾ സാധൂകരിക്കപ്പെടാവുന്നവയാണോ അല്ലയോ എന്നു തീരുമാനിക്കേണ്ടതാണ്.

മി. എ. ജെ. ജാൺ (കൊല്ലം): ജനങ്ങൾക്കു യഥാർത്ഥമായി ആവശ്യമുള്ളതെന്താണെന്നു ഗവൺമെൻറിനു എങ്ങിനെ മനസ്സിലാക്കാൻ കഴിയും?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): മിക്ക ഉദ്യോഗസ്ഥന്മാരും ജനങ്ങളുമായി സ്വാതന്ത്ര്യമായി ഇടപെടാറുള്ള സ്ഥിതിക്കു ജനങ്ങൾക്കു ആവശ്യമായിട്ടുള്ളതു എന്താണെന്നു അവർക്കു അറിയാൻ കഴിവുള്ളതാണല്ലോ.

മി. എ. ജെ. ജാൺ (കൊല്ലം): തിരുവിതാംകൂറിലുള്ള സകല ആളുകളോടും കൂടിയാലോചിക്കാതെ അവർ സ്വാതന്ത്ര്യമായി ഇടപെടുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): മിക്കവാറും എല്ലാ ആളുകളും തന്നെ ഉദ്യോഗസ്ഥന്മാരുമായി ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ ഇടപെടുന്നുണ്ടെന്നാണ് ഞാൻ പറയുന്നതു.

മി. എൻ. വി. ജോസഫ് (പറവൂർ): അപ്പോൾ ഉദ്യോഗസ്ഥന്മാർക്കു ഇപ്രകാരം സിദ്ധിക്കുന്ന അറിവിനെ എല്ലാംകൂടി ഒന്നായി കൂട്ടിച്ചേർക്കണമെന്നാണോ പറയുന്നതു?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഇവയെല്ലാം മനസ്സിലാക്കിയതിനു ശേഷവും പൊതുജനാഭിപ്രായം എന്നു സാധാരണ പറഞ്ഞുവരാറുള്ള ആ അഭിപ്രായത്തിനു കീഴടങ്ങി പ്രവർത്തിക്കരുതു.

മി. എൻ. കുമാരൻ (നിയമിത മെമ്പർ): ഇന്ത്യൻനാഷനൽകോൺഗ്രസ്സ്പോലും സമുദായ പ്രാതിനിധ്യം എന്ന പ്രമാണത്തെ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വസ്തുത മെമ്പറിനു അറിയാമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഞാൻ ഒരു കോൺഗ്രസ്സ് കക്ഷിയല്ലാത്തതുകൊണ്ടു എനിക്കു ഈ ചോദ്യത്തിനു മറുപടിപറവാൻ നിവൃത്തിയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കോൺഗ്രസ്സ് ആദർശങ്ങളേയും കോൺഗ്രസ്സ് ഏർപ്പാടുകളേയും സ്വീകരിക്കാൻ മെമ്പർ ഒരുക്കമാണോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): കോൺഗ്രസ്സിനെപ്പററി എനിക്കു നല്ലപോലെ അറിവില്ല.

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു മെമ്പർ ഒരു പ്രമാണത്തെ സ്വീകരിക്കുന്നതുകൊണ്ടു എല്ലാ പ്രമാണങ്ങളും സ്വീകരിക്കണമെന്നു നിർബന്ധമുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഈ സംഗതിയെ സംബന്ധിച്ചു എനിക്കു തോന്നിയിട്ടുള്ള അഭിപ്രായത്തെ ഞാൻ പറയുന്നുഎന്നേയുള്ളു. ഒന്നാമതായി ശ്രദ്ധിക്കേണ്ടതു കാര്യക്ഷമത എന്നുള്ളതിനെപ്പററിയാണെന്നു ഞാൻ പറഞ്ഞുവല്ലോ.

മി. ടി. ജെ. മാത്തു (ചങ്ങനാശേരി-പീരുമേട്): പൊതുജനാഭിപ്രായം എന്തെന്നു കണ്ടുപിടിക്കുവാൻ എന്തുകൊണ്ടും മുഖ്യം ഉദ്ദേശം എന്നു ഞാൻ ചോദിച്ചതിനു മിസ്റ്റർ ജോസഫ് മറുപടി പറഞ്ഞില്ലല്ലോ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): എല്ലാവരുടേയും അഭിപ്രായം വോട്ടെടുത്തു അറിയുന്നതായാൽ പൊതുജനാഭിപ്രായം എന്താണെന്നു മനസിലാക്കാൻ കഴിയുംഎന്നുപറയാം. ഓരോരുത്തരുടേയും അഭിപ്രായം മനസ്സിലാക്കുവാൻ നിവൃത്തിയില്ലെങ്കിൽ നിയമസഭാവോട്ടറന്മാരുടെ അഭിപ്രായമെങ്കിലും അറിയാമെന്നുള്ളതാണല്ലോ.

മി. എൻ. വി. ജോസഫ് (പറവൂർ) അപ്പോൾ വർത്തമാനപത്രങ്ങളിൽ ഉള്ള അഭിപ്രായപ്രകടനങ്ങളും പൊതുജനാഭിപ്രായത്തെ വിശദീകരിക്കുന്നുണ്ടല്ലോ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): മിക്കവാറും മറിച്ചുവരാനാണു എളുപ്പം.

മി. കുട്ടിയാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടറി): ഈ സഭയിലെ ഒരു വോട്ടു പൊതുജനാഭിപ്രായത്തെ പ്രതിഫലനം ചെയ്യുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഈ ഒരു സംഗതിയെ അടിസ്ഥാനമാക്കിയല്ല ഈ സഭയിലേക്കു അംഗങ്ങളെ തിരഞ്ഞെടുത്തിട്ടുള്ളതു എന്നുള്ളതുകൊണ്ടു അങ്ങിനെ വരുമെന്നു എനിക്കു തോന്നുന്നില്ല.

മി. വി. സുബ്ബയ്യർ (നിയമിത മെമ്പർ) (ഡെപ്യൂട്ടി പ്രസിഡൻറ്): അങ്ങിനെയാണെങ്കിൽ ഈ സഭയിലുള്ള അനുദ്യോഗസ്ഥ സാമാജികന്മാരിൽ ഭൂരിപക്ഷക്കാരുടെ അഭിപ്രായം പൊതുജനാഭിപ്രായത്തെ പ്രതിഫലനം ചെയ്യുകയില്ലാത്ത സ്ഥിതിക്കു നാം ഒന്നര മണിക്കൂറിൽ കൂടുതൽ സമയം ഈ സംഗതിയെസംബന്ധിച്ചു ആലോചിപ്പാൻ വ്യയംചെയ്തതു അവകാശമായിരുന്നില്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഈ സംഗതിയെ സംബന്ധിച്ചു ഇതിനെ ഒരു പ്രയോജനകരമായ തീരുമാനമായി ഗണിക്കാമെന്നുള്ളതിനെ ഞാനും സമ്മതിക്കുന്നു. മറെറപ്രകാരത്തിൽ അതുപ്പററി വിചാരിക്കാൻ പാടുള്ളതല്ല. അതുതന്നെയും ശരിയായല്ലാതെവരാൻ വളരെ എളുപ്പമുണ്ടു. ഗവൺമെൻറു ആ അഭിപ്രായത്തെമാത്രം അടിസ്ഥാനമാക്കി പ്രവർത്തിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ചില സംഗതികളെപ്പററി ആലോചിക്കുമ്പോൾ ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ അനുദ്യോഗസ്ഥ സാമാജികന്മാരിൽ ഭൂരിപക്ഷം ആളുകളും തെററിപ്പോയി എന്നു വരാവുന്നതാണു.

മി. ടി. ജെ. മാത്തു (ചങ്ങനാശേരി-പീരുമേട്): പൊതുജനാഭിപ്രായത്തെ ശരിയായി പ്രതിഫലനംചെയ്യുന്ന ഏതെങ്കിലും വർത്തമാനപത്രം തിരുവിതാംകൂറിലുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഇങ്ങനെയുള്ള ഒരുചോദ്യത്തെക്കുറിച്ചു യാതൊന്നും പറയേണ്ട ആവശ്യമുള്ളതായി എനിക്കു തോന്നുന്നില്ല. ഞാൻ അതിനു മറുപടി പറയാനും തയ്യാറില്ല. അതു സന്ദർഭോചിതമായ ഒരു ചോദ്യമല്ല.

നിയമന വിഷയത്തിൽ ഗവൎണ്ണമെന്റിക്കേണ്ട പ്രമാണങ്ങളെ പററി പറകയാണെങ്കിൽ കാൎയ്യക്ഷമത എന്നുള്ളതാണു ഏററവും കൂടുതലായ ആവശ്യം എന്നു ഞാൻ പറയുന്നു. എന്നാൽ അതോടുകൂടി തന്നെ ശരിയായി പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽപ്പെട്ടവരുടെ നേക്കു ചില പ്രത്യേക അംഗീകാരങ്ങൾ കാണിക്കുന്ന വിഷയത്തിൽ ഞാൻ വിപരീതാഭിപ്രായക്കാരനല്ല. തുല്യ യോഗ്യതകൾ ഉള്ളവരായി അനേകം അപേക്ഷകന്മാർ ഉള്ളപ്പോൾ പ്രാതിനിധ്യം ന്യായമായി ലഭിച്ചിട്ടില്ലാത്തതോ ഒട്ടുംതന്നെ ലഭിച്ചിട്ടില്ലാത്തതോ ആയ സമുദായങ്ങളിൽപ്പെട്ട അപേക്ഷകന്മാരെ ഗവണ്മെന്റു നിയമിക്കാമെന്നുള്ളതാണു.

ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമനസമ്പ്രദായംകൊണ്ടു പ്രാതിനിധ്യം ശരിയായി ലഭിച്ചിട്ടില്ലാത്ത സമുദായക്കാൎക്കു വളരെ സങ്കടങ്ങൾ നേരിടുന്നു എന്നു ഒരു വാദം പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടു. സമുദായ പ്രാതിനിധ്യം എന്ന പ്രമാണം പരിഗണിച്ചു അതനുസരിച്ചു പ്രവൎത്തിക്കാൻ തുടങ്ങുന്നപക്ഷം ഇപ്പോൾ സൎവ്വീസിൽ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായക്കാൎക്കു ചെയ്തു വരുന്നതായി പറയപ്പെടുന്ന പ്രവൃത്തികൾതന്നെ ഈ സമുദായങ്ങൾക്കും ചെയ്യുന്നതിനു സൌകൎയ്യം ഉണ്ടാകിക്കൊടുക്കുകമാത്രമേ ചെയ്യുകയുള്ളു എന്നാണു എന്റെ അഭിപ്രായം. അതിനാൽ ഇപ്പോഴുള്ള ബുദ്ധിമുട്ടു നീക്കുന്നതിനു ആ വഴിയേ പോയാൽ സാധിക്കുന്നതല്ല. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങൾക്കു വേണ്ടുവോളം പ്രാതിനിധ്യം കൊടുക്കുന്നപക്ഷം ആ സമുദായത്തിലെ അംഗങ്ങൾ ഇപ്പോൾ അനുഭവിച്ചുവരുന്നതുപോലെയുള്ള കഷ്ടപ്പാടുകൾ മേലൽ അനുഭവിക്കേണ്ടതായി വരികയില്ല എന്നു മി. കുഞ്ഞിരാമമേനോൻ മററു ചിലരും പറഞ്ഞതായി എനിക്കു തോന്നുന്നു. എന്നാൽ അക്കാലത്തും ഇപ്പോഴത്തെപ്പോലെ ബുദ്ധിമുട്ടു നേരിട്ടുകൊണ്ടിരിക്കുമെന്നുതന്നെയാണു എനിക്കു തോന്നുന്നതു. ഇപ്പോൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സമുദായങ്ങൾ അല്ലായിരിക്കും അപ്പോൾ ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുന്നതു എന്നൊരു വ്യത്യാസം മാത്രമേ ഉണ്ടാകുകയുള്ളു. ഇപ്പോൾ ക്രിസ്ത്യാനികൾക്കാണു ബുദ്ധിമുട്ടനുഭവിക്കുന്നതു എങ്കിൽ ക്രിസ്ത്യാനികളെ നിയമിക്കുമ്പോൾ നായന്മാരായിരിക്കാം ബുദ്ധിമുട്ടു അനുഭവിക്കേണ്ടതായിവരുന്നതു. ജനങ്ങളുടെ നന്മയും രക്ഷയും വൎദ്ധിപ്പിക്കുന്നതിനുള്ള ശരിയായ മാൎഗ്ഗം സമുദായ പ്രാതിനിധ്യം എന്ന പ്രമാണത്തെ സ്വീകരിക്കുകയല്ലതല്ല എന്നു ഇതിനാൽ തെളിയുന്നുണ്ടല്ലോ. ഇതിനെ തടയുന്നതിനുള്ള ഏകമാൎഗ്ഗം ഉദ്യോഗസ്ഥന്മാർ നാട്ടിലുള്ള എല്ലാ പ്രജകളോടും ഒന്നുപോലെ ന്യായമായും ദയയായും പെരുമാറുന്നതിലേക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുക എന്നുള്ളതുമാത്രമാണു. അതിലേക്കു ഈ നിയമസഭയും ശ്രീമൂലം പ്രജാസഭയും പോരെങ്കിൽ വൎത്തമാനപത്രങ്ങളും ഉണ്ടല്ലോ. ഉദ്യോഗസ്ഥന്മാർ അവരുടെ ചുമതലകളെ ശരിയായി നിൎവ്വഹിക്കുന്നുണ്ടോ എന്നറിഞ്ഞു അവർ തെററുകൾ വല്ലതും ചെയ്യുന്നുണ്ടെങ്കിൽ അതിനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന വിഷയത്തിൽ ഇവ എപ്പോഴും ജാഗ്രതകളായിരിക്കയാണല്ലോ. ഇവകൊണ്ടല്ലാതെ സമുദായപ്രാതിനിധ്യം എന്ന പ്രമാണത്തെ സ്വീകരിക്കുന്നതുകൊണ്ടു ഈ ദോഷം നീക്കപ്പെടുന്നതല്ല.

സമുദായ പ്രാതിനിധ്യത്തിനനുകൂലമായി കൊണ്ടുവരപ്പെട്ടിട്ടുള്ള മറെറാരു യുക്തി ഭിന്നസമുദായക്കാൎക്കു ശരിയായ പ്രാതിനിധ്യം കൊടുക്കുന്നപക്ഷം ഗവണ്മെന്റിൽനിന്നും നികുതിരൂപത്തിൽ പിരിച്ചു ശമ്പളത്തിലേക്കു വേണ്ടി ചിലവുചെയ്യുന്ന പണം എല്ലാ സമുദായക്കാൎക്കും ഒരുപോലെ വീതിച്ചുകൊടുക്കുവാൻ കഴിയും എന്നുള്ളതാണു. ഞാൻ ഈ അഭിപ്രായത്തോടു ഒട്ടുംതന്നെ യോജിക്കുന്നില്ല. ശമ്പളമായി ചിലവിടുന്ന ഗവണ്മെന്റു പണം ഭിന്നജാതികൾ തമ്മിൽ തുല്യമായി വീതിച്ചു എടുക്കുക എന്നുള്ള പ്രമാണത്തെ അടിസ്ഥാനമാക്കി വ്യയം ചെയ്യാനുള്ളതല്ല. അതിനെ രാജ്യത്തിന്റെ ശരിയായ നടത്തിപ്പിനും രക്ഷയ്ക്കും ആയി ഉപയോഗിക്കുവാനുള്ളതാണു. അതിനാൽ യുക്ത്യനുസരണം നോക്കുന്ന പക്ഷം സമുദായ പ്രാതിനിധ്യം എന്ന പ്രമാണം ഒരു പ്രകാരത്തിലും സ്വീകാരയോഗ്യമായിട്ടുള്ളതല്ല എന്നു ഞാൻ താഴ്മയായി അറിയിച്ചുകൊള്ളുന്നു.

എന്നാൽ ഔചിത്യം എന്ന ഒരു സംഗതികൂടി ഇടയ്ക്കു ആലോചിക്കേണ്ടതായിരിക്കുന്നു. ഈ ഔചിത്യത്തെപ്പററി ആലോചിക്കുന്നപക്ഷം ഇപ്പോഴത്തെ സ്ഥിതിക്കു ഏതെങ്കിലും ഒരു മാൎഗ്ഗത്തിൽ ഭിന്നസമുദായങ്ങൾ തമ്മിൽ ഒരു യോജിപ്പു ഉണ്ടാക്കിത്തീൎക്കേണ്ടതായിട്ടിരിക്കുന്നതായി കാണുന്നതാണു. എന്നാൽ അപ്രകാരം യോജിക്കുന്നതിനുവേണ്ടി കാൎയ്യക്ഷമത എന്നുള്ളതിനെ ബലികഴിക്കുവാനും പാടുള്ളതല്ല. ഈ പ്രമാണത്തെ ഔചിത്യം എന്നുള്ളതുമായി ഖണ്ഡിച്ചു പ്രവൎത്തിക്കുന്നതിനു യാതൊരു വൈകല്യവുമില്ല. പബ്ലിക്കു സൎവ്വീസിൽ ശരിയായി പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിലും യോഗ്യതയുള്ള ആളുകൾ ഉണ്ടെന്നുള്ള വസ്തുത നമുക്കു എല്ലാവൎക്കും അറിയാമെന്നുള്ളതാണല്ലോ. അങ്ങനെയുള്ള ആളുകളുടെ സംബന്ധിച്ചു കാൎയ്യക്ഷമതക്കു യാതൊരു ന്യൂനതയും കൂടാതെ വിധത്തിൽ ഏതെങ്കിലും പ്രത്യേകത കാണിക്കാമെന്നുള്ളതാണു. മററുള്ള അപേക്ഷകന്മാരോടു തുല്യമായ യോഗ്യതകൾ ഇവർക്കും ഉണ്ടെന്നു കാണുന്ന സന്ദർഭങ്ങളിൽ ഇവരെത്തന്നെ നിയമിച്ചു ഇവരോടുള്ള പ്രത്യേകതയെ ഗവണ്മെന്റിനു വെളിപ്പെടുത്താമെന്നുള്ളതു ഉള്ളതു.

മി. വി. സുബ്ബയ്യർ (നിയമിത അംഗം) (ഡെപ്യൂട്ടി പ്രസിഡന്റു): ഈ പ്രമേയം ഇങ്ങനെയുള്ള ഒരു ചലനത്തിൽ വന്നുചേൎന്നിട്ടില്ലാതിരുന്നു എങ്കിൽ ഞാൻ ഈ വാദപ്രതിവാദത്തിൽ ഭാഗമാക്കാകുകയില്ലായിരുന്നു. കത്തോലിക്കർ, ഈഴവർ, മഹമ്മദീയർ തുടങ്ങിയ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും തഹശീൽദാരന്മാരായി നിയമിക്കപ്പെട്ടവർ ആരുംതന്നെ ഇല്ലെന്നുള്ളതിനെ ചൂണ്ടിക്കാണിക്കുന്നതിലേക്കായിട്ടാണല്ലോ ഈ പ്രമേയം സമർപ്പിക്കുക കൊണ്ടുവരപ്പെട്ടിട്ടുള്ളതു. മി. എ. ജെ. ജാൺ ഹാജരാക്കിയ പ്രമേയം അതാണല്ലോ. മി. റാബിൻസൺ അതിലേക്കു തീരുമാനമായ ഒരു മറുപടിയും പറഞ്ഞുവല്ലോ. തഹശീൽദാരന്മാരെ നിയമിക്കുന്ന കാൎയ്യത്തിൽ അനുദ്യോഗസ്ഥന്മാരിൽനിന്നു നേരിട്ടു ആൾ എടുക്കാറില്ലെന്നും ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽനിന്നു മാത്രമേ ആളുകളെ എടുക്കാറുള്ളു എന്നും അദ്ദേഹം പറഞ്ഞതുകൊണ്ടു ഈ വിഷയത്തെപ്പററിയുള്ള വാഗ്വാദം അവിടെവച്ചുതന്നെ അവസാനിക്കും എന്നായിരുന്നു ഞാൻ വിശ്വസിച്ചിരുന്നതു. അദ്ദേഹവും അധികാരസ്ഥാനങ്ങളിലുള്ള മാന്യന്മാരും സിവിൽ ലിസ്റ്റു പരിശോധിച്ചു തഹശീൽദാർ ഉദ്യോഗം കൊടുക്കത്തക്കവിധം യോഗ്യതയും അവകാശവും ഉള്ളവരായി ഏതെങ്കിലും കത്തോലിക്കനോ മഹമ്മദീയനോ ഈഴവനോ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽപെട്ട ആരെങ്കിലുമോ ഉണ്ടോ എന്നു കണ്ടുപിടിക്കുവാൻ വളരെ ശ്രമം ചെയ്യുകയും അപ്രകാരം യോഗ്യതയൊ അവകാശമോ ഉള്ള യാതൊരുത്തനുമില്ല എന്നു കാണുകയും ചെയ്തതിനാലാണു ചില സമുദായങ്ങളിൽപെട്ട ആളുകളെ തഹശീൽദാരന്മാരായി കാണാനില്ലാത്തതു എന്നു അദ്ദേഹം പറഞ്ഞുവെല്ലോ. ഒരു ഈഴവനെ നിയമിച്ചതായിട്ടുള്ള സംഗതിയെപ്പററി അദ്ദേഹം പ്രതേ

കമായി എടുത്തു ചൂണ്ടിക്കാണിക്കയും ചെയ്തുവല്ലോ. ആ വാദമുഖത്തിനു മറുപടിയായി പറയാമെന്നുള്ളതു, "ഇന്നാർ ഇന്നാർ എല്ലാം ഈ ഉദ്യോഗത്തിനു അവകാശികളായിട്ടുണ്ടല്ലോ അവരെ നിയമിക്കുകണ്ടതുതന്നെ ഇല്ലല്ലോ?" എന്നുള്ളതുമാത്രമെ ആയിരിക്കാൻ തരമുള്ളു. പേരുകൾ പറയാതെകണ്ട ന്യായമായ അവകാശങ്ങളെ ഗണിച്ചിട്ടില്ലാത്തതായി ചില ആളുകൾ ഉണ്ടെന്നുപറഞ്ഞു മി. റാബിൻസൺ പറഞ്ഞതിനെ എതിർക്കാകുന്നില്ലാ. അങ്ങിനെ ചെയ്യുന്നതിനു പകരം സമുദായപ്രാതിനിധ്യം എന്ന പ്രമാണം സ്വീകാര്യമോ അല്ലയോ എന്നുള്ള തിരെപ്പററി ചിന്തിക്കാവാണു നാം ഇടങ്ങിയിരിക്കുന്നതു. ഈ വിഷയത്തെപ്പററി ഇപ്പോൾ ചിന്തിക്കേണ്ട ആവശ്യമേയില്ല എന്നാണു എന്റെ അഭിപ്രായം. ഗവർണ്ണമെന്റു സർവ്വീസിൽ ഉള്ള പല വകുപ്പുകളിലും സമുദായപ്രാതിനിധ്യം ആവശ്യമായിരിക്കുന്നു എന്നു കാണിച്ചു പല പ്രമേയങ്ങളും പല മെമ്പറന്മാരും ഹാജരാക്കിയിട്ടുള്ളതായി കാണുന്നുണ്ടു. ഈ വിഷയത്തെപ്പററി ഇടക്കിടക്കുള്ള വാദപ്രതിവാദം കഴിഞ്ഞിരിക്കയാണെല്ലോ. ഏതു വർഷങ്ങൾക്കുമുമ്പായാലും ഏതു ആളുകൾ ഏതു വാദപ്രതിവാദം ഈ സഭയിൽവച്ചു നടത്തിയിരുന്നാലും ഈ സംഗതിയെ സംബന്ധിച്ചു പ്രായോഗികമായോ അല്ല പ്രമാണരൂപത്തിലെങ്കിലുമോ ഒരു തീരുമാനം ഉണ്ടാക്കുന്നതിനു സാദ്ധ്യമാകുന്നതല്ല എന്നാണു എനിക്കു തോന്നുന്നതു. അതിലേക്കുള്ള ഏകമാർഗ്ഗം യോഗ്യതയുള്ള ആളുകൾ ഉണ്ടായിരിക്കയും ഗവർണ്ണമെന്റാ നിയമനാധികാരികളും അവരുടെ ന്യായമായ അവകാശങ്ങളെ അവഗണിക്കയും ചെയ്യുന്നപക്ഷം അങ്ങനെയുള്ള ഓരോ സംഗതികളേയും ഗവർണ്ണമെന്റിനെ ധരിപ്പിച്ചു അവയെപ്പററി വേണ്ടുന്നപോലെ ആലോചിക്കണമെന്നു ഗവർണ്ണമെന്റിനോടു അപേക്ഷിക്കുക എന്നുള്ളതുമാത്രമാകുന്നു. പ്രമാണരൂപത്തിൽ നോക്കുന്നപക്ഷം മി. റാബിൻസൺ പറഞ്ഞതുപോലെ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത എല്ലാ സമുദായക്കാരേയും ഗവർണ്ണമെന്റു സർവ്വീസിൽ നിയമിക്കേണ്ടതാണു. ഈ സമുദായങ്ങളിൽനിന്നും ആളുകളെ വരിക്കാതിരുന്നതിനെക്കുറിച്ചു അദ്ദേഹം പറയുകയും ഉണ്ടായല്ലോ, അതിനാൽ പ്രയോഗത്തിന്റെ നേർക്കുള്ള ബഹുമാനത്തിനു യാതൊരു കുറവുംകൂടാതെ പറകയാണെങ്കിൽ നമുക്കു മററു പ്രമേയങ്ങളിലേക്കു കടന്നുചെല്ലാകുകയും അവയെ സംബന്ധിച്ചു കൂടുതൽ ഉപയോഗപ്രദമായ വിധത്തിൽ വാദപ്രതിവാദം ചെയ്യുകയും ചെയ്യാമായിരുന്നു എന്നു പറയാതെ തരമില്ല.

മി. ടി. ഇ. മാത്യു (ചങ്ങനാശേരി—പീരുമേട്): സമുദായ പ്രാതിനിധ്യം എന്ന വിഷയത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനായി ഞാനും ഒരു പ്രമേയത്തെപ്പററി അറിവുതന്നിട്ടുണ്ടായിരുന്നുവല്ലോ. എന്നാൽ ഡിപ്യൂട്ടിപ്രസിഡന്റു പറഞ്ഞതുപോലെ ഇപ്പോഴത്തെ വാദം തഹശീൽദാർ ഉദ്യോഗത്തിൽ ആളുകളെ നിയമിക്കുന്നതിനെസംബന്ധിച്ചു മാത്രമെ ആയിരിക്കാൻ പാടുള്ളു. വാദപ്രതിവാദമദ്ധ്യേ ഉത്ഭവിച്ച പൊതുസംഗതിയെക്കുറിച്ചു ഞാൻ ഇപ്പോൾ യാതൊന്നും പറയുന്നില്ല. തഹശീൽദാരന്മാരുടെ നിയമനത്തെ സംബന്ധിച്ചു ലാൻഡുറവന്യൂ കമ്മീഷണരും ഡിപ്യൂട്ടി പ്രസിഡന്റും പറഞ്ഞഭാഗങ്ങൾക്കു മാത്രം മറുപടി പറഞ്ഞുകൊള്ളുന്നു. തഹശീൽദാരുദ്യോഗത്തിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും ആളുകളെ നിയമിക്കുന്ന വിഷയത്തിൽ ഗവർണ്ണമെന്റു അനുകൂലിക്കുന്നതിനോടുകൂടി ഇരിക്കയാണെന്നും അപ്രകാരം നിയമിക്കുന്നതിലേക്കു കഴിയുന്നത്രത്രമം ചെയ്തുകൊണ്ടിരിക്കയാണെന്നും മറുപടി പറകയുണ്ടായല്ലോ. എന്നാൽ ഇതു അഭിപ്രായപ്രകടനമോ ഗൂഢപ്രകടനമോ കഴിഞ്ഞ ഉടൻ പറഞ്ഞതു തീരെ അർത്ഥമില്ലാത്ത ഒന്നാണിപ്പോൾ എന്നുതന്നെ വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. സിവിൽ ലിസ്റ്റ് പരിശോധിച്ചു നോക്കിയെന്നും, കയററംകൊടുക്കുന്നതിനു അർഹന്മാരായി ആരെയും കണ്ടില്ല എന്നും ആണല്ലോ മി. റാബിൻസൺ മറുപടി പറഞ്ഞതു. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാരെ സംബന്ധിച്ചിടത്തോളം റവന്യൂ ഡിപ്പാർട്ടുമെന്റിലേക്കുള്ള പ്രവേശനദ്വാരം അടക്കപ്പെട്ടിരിക്കുന്നതായി തന്നെ ഇതിൽനിന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. അതിനാൽ മിസ്റ്റർ റാബിൻസൺ ഇതേ മനസ്ഥിതിതന്നെ വാലുപിടിച്ചുകൊണ്ടിരിക്കുന്നപക്ഷം അതായതു സിവിൽലിസ്റ്റ് അനുസരിച്ചു ഇപ്പോൾതന്നെ നിയമിതന്മാരായിട്ടുള്ള വരുടെകൂട്ടത്തിൽ യോഗ്യതയുള്ളവരെ കാണാഞ്ഞപക്ഷം തഹശീൽദാരായി ആരെയുംനിയമിക്കയില്ല എന്നുതന്നെയിരിക്കുന്നപക്ഷം അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ചു ഏല്ലാനിയമനങ്ങളും കയററംകൂലം മാത്രമെകൊടുക്കാൻ തരമുള്ള എന്നുള്ളതിനാൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തസമുദായങ്ങളിൽനിന്നു ആരെയും നിയമിക്കാൻ അദ്ദേഹത്തിനു സാദ്ധ്യമാകുന്നതല്ലഎന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അങ്ങനെയാകുമ്പോൾ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർ എല്ലായിപ്പോഴും പ്രാതിനിധ്യംലഭിക്കാത്തവരായിതന്നെ കിടന്നുകൂടേണ്ടതായുംവരും. ഇതു മിസ്റ്റർ റാബിൻസൺപറഞ്ഞതായ ഗവർണ്ണമെന്റിന്റെ അഭിപ്രായങ്ങൾക്കുള്ളിൽക്കണ്ടുകൂടാത്ത നേരെവിപരീതമായ ഫലമാണ്. ഗവർണ്ണമെന്റു അവരുടെ ഉൾക്കണ്ണായിൽനിന്നും മോചിതരാകുന്നതിനു പ്രായോഗികമായ ഏതുമാർഗ്ഗത്തെയാണ് സ്വീകരിച്ചിട്ടുള്ളതു എന്നു മിസ്റ്റർ റാബിൻസൺതന്നെ പറഞ്ഞു അറിഞ്ഞുകൊള്ളാമെന്നു എനിക്കു അതിയായ മോഹമുണ്ടു. ഇതേസംബന്ധിച്ചു ഗവർണ്ണമെന്റു സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളെയൊ നടത്തിയിട്ടുള്ള അന്വേഷണങ്ങളെയൊകുറിച്ചു അദ്ദേഹം യാതൊന്നുംതന്നെ നമ്മെ അറിയിക്കയൊ മനസ്സിലാക്കുകയൊ ചെയ്തതായി എനിക്കു അതിയായ മനസ്താപമുണ്ടു. റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും ഉള്ള കയററം മൂലംമാത്രമല്ലാതെ മററുഡിപ്പാർട്ടുമെന്റുകളിൽനിന്നൊ വക്കീലന്മാരുടെകൂട്ടത്തിൽനിന്നൊ വേറെഏതിടത്തെങ്കിലുംനിന്നൊ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തസമുദായങ്ങളിൽപെട്ട ഒന്നോ രണ്ടോ പേർക്കെങ്കിലും തഹശീൽദാരുദ്യോഗം കൊടുത്തിരുന്നുവെങ്കിൽ എത്രയ്ക്കു വളരെ തൃപ്തിയുണ്ടാകുമായിരുന്നേനെ. മിസ്റ്റർ റാബിൻസൺ പറഞ്ഞമറുപടിയെ ക്ഷമകൂടാതെ ഒന്നു പരിശോധിച്ചു നോക്കുപക്ഷം തഹശീൽദാന്മാരെ സാധാരണയായി മുഹമ്മദീയന്മാരുടെകൂട്ടത്തിൽനിന്നു അല്ലെ നിയമിക്കുവാറുള്ളതു എന്നും ഹിന്ദുക്കളുടെ ഡിവിഷൻകച്ചേരികളിലൊ ഹജൂരാപ്പീസിലൊ ഉള്ള ഗുമസ്തന്മാരുടെകൂട്ടത്തിൽനിന്നു അല്ലെ നിയമിക്കുവാറുള്ളതു എന്നും അദ്ദേഹം സമ്മതിക്കുന്നതായി തെളിയുന്നുണ്ടു. അതിനാൽ ഈ ഡിപ്പാർട്ടുമെന്റുകളിൽ ഗുമസ്തന്മാരെ നിയമിക്കുന്നവിഷയത്തിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തസമുദായക്കാർക്കു പ്രത്യേകത നല്കുന്ന കാര്യത്തിൽ അദ്ദേഹം പ്രത്യേകം പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നുണ്ടെന്നുകിലും അദ്ദേഹത്തിൽനിന്നു അറിയാൻ ഇടയായിരുന്നുവെങ്കിൽ ഞാൻ പൂർണ്ണസംതൃപ്തൻ ആകുമായിരുന്നേനെ. എന്നാൽ ഞാൻ ഇപ്പോൾ സൂചിപ്പിച്ചതായ രണ്ടുമാർഗ്ഗങ്ങളിൽ ഒന്നുംതന്നെ ഒരു പ്രകാരത്തിലും ഗവർണ്ണമെന്റു അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ആകയാൽ മിസ്റ്റർ ജാൺ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിൽ അടങ്ങിയിട്ടുള്ള, വിഷയത്തെസംബന്ധിച്ചു മിസ്റ്റർ റാബിൻസൺ പതിപ്പിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ

ഗൌരവതരമായ ശ്രദ്ധ ഗവണ്മെന്റിൽനിന്നും പതിപ്പിക്കേണ്ടതാണെന്നു ഞാൻ ഗവണ്മെന്റിനെ ധരിപ്പിച്ചുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): തഹശീൽദാരന്മാരെ നിയമിക്കുന്നതിനെസംബന്ധിച്ചു മി. ടി. ജെ. മാത്യു പുറപ്പെടുവിച്ച വാദമുഖം എന്താണെന്നു എനിക്കു ശരിയായിമനസ്സിലാകുന്നില്ല. അവരെ എവിടെഎല്ലാംനിന്നു നിയമിക്കണമെന്നു സൂചിപ്പിച്ചതു എനിക്കു മനസ്സിലായില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി പിങ്കമേട്): ഹജൂരാപ്പീസിലും മററഡിപ്പാർട്ടുമെന്റുകളിലും ഗ്രമസ്ഥന്മാരെ നിയമിക്കുന്നവിഷയത്തിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു പ്രത്യേകത നൽകപ്പെടുന്നതാണു എന്നു ഗവണ്മെന്റു കൈക്കൊള്ളുന്നപക്ഷം ഞാൻ സന്തുഷ്ടനാകുമായിരുന്നു എന്നാണു ഞാൻപറഞ്ഞതു. തഹശീൽദാരന്മാരെ മജിസ്ട്രേട്ടന്മാരുടെകൂട്ടത്തിൽനിന്നുമല്ലാതെ നിയമിക്കുന്നതു എന്നുള്ളതുകൊണ്ടു വക്കീലന്മാരെയും മജിസ്ട്രേട്ടന്മാരായി നിയമിക്കാമെന്നുള്ളതാണു എന്നായിരുന്നു മറെറാരു വാദമുഖം.

മി. എ. ജെ. ജാൺ (വൈക്കം): മി. എ. കെ. പിള്ളയേയും ഒരുപക്ഷം മിസ്റ്റർ കെ. ഐ. ജോസഫിനേയും കൂടാതെ ഈ സഭയുടെ ഈ ഭാഗത്തുള്ള അംഗങ്ങളിൽ മിക്കവരും സമുദായ പ്രാതിനിധ്യം എന്ന പ്രമാണത്തെ പിൻതാങ്ങുകയാണു ചെയ്തിട്ടുള്ളതു. മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ റിമാർക്കുകളെപററി എനിക്കും എന്റെ സ്നേഹിതൻ മിസ്റ്റർ മാത്തൻമാപ്പിളയുമായി യോജിക്കുന്നതിനു മാർഗ്ഗം കാണുന്നില്ല. മിസ്റ്റർ എ. കെ. പിള്ള ബഹുമായി വാദിച്ച ആദർശങ്ങളെ സംബന്ധിച്ചു അവ ആധുനികലോകത്തിൽ നടപ്പിൽ വരുത്താവുന്നവയല്ലെന്നുമാത്രമെ പറവാനുള്ളു. എന്താനും ശതവർഷങ്ങൾക്കുശേഷം ലോകം ഒരു മാതൃകാനിലയെ പ്രാപിക്കുമ്പോൾ അവയും പ്രായോഗികമായിവന്നേക്കാം. മി. ജോസഫിന്റെ അഭിപ്രായത്തെസംബന്ധിച്ചു പറകയാണെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായം പൊതുജനാഭിപ്രായത്തിനു അനുസരണമായിട്ടുള്ളതാണോഎന്നു അദ്ദേഹത്തിനുതന്നെ നിശ്ചയമില്ലാതാണിരിക്കുന്നതു. ഒരിക്കൽ സമുദായപ്രാതിനിധ്യം എന്നപ്രമാണത്തെ അദ്ദേഹം പിൻതാങ്ങുകയും മറെറാരിക്കൽ അതിനെ എതിർക്കുകയും ചെയ്തിട്ടുള്ളതായി ഞാൻ ഓർക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): സമുദായ പ്രാതിനിധ്യം എന്നപ്രമാണത്തെ ഞാൻ എപ്പോഴാണു പിൻതാങ്ങിയതു എന്നു അറിയിക്കാമോ?

മി. എ. ജെ. ജാൺ (വൈക്കം): അദ്ദേഹം അതിനെ പിൻതാങ്ങിയതു അല്പം ചില ഭേദഗതികളോടുകൂടിയാണു്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം); യുക്തിയോഗ്യതകൾ ഉള്ളവരായുള്ളപേക്ഷകന്മാർ ഉണ്ടായിരിക്കുന്ന സന്ദർഭങ്ങളിൽ പ്രാതിനിധ്യം തീരെ ലഭിച്ചിട്ടില്ലാത്തതോ അല്പംമാത്രം ലഭിച്ചിട്ടുള്ളതോ ആയ സമുദായങ്ങളിൽപെട്ട അപേക്ഷകന്മാർക്കു ചിലപ്രത്യേകതകൾനൽകണം എന്നുള്ള വിശേഷണത്തോടുകൂടിമാത്രമെ ഞാൻ ആ പ്രമാണത്തെ പിൻതാങ്ങിയിട്ടുള്ളു. ഏററവുംകുറഞ്ഞയോഗ്യതകൾമാത്രമുള്ള ആളുകൾക്കു അവർ പിന്നണിയിൽ സ്ഥിതിചെയ്യുന്ന സമുദായങ്ങളിൽപെട്ടവരാണെന്നുള്ള ഏകകാരണത്തെമാത്രം അടിസ്ഥാനമാക്കി പ്രത്യേകത നൽകപ്പെടണമെന്നുള്ള പ്രമാണത്തെസംബന്ധിച്ചു ഞാൻ വിപരീതാഭിപ്രായക്കാരനാണു്.

മി. എ. ജെ. ജാൺ (വൈക്കം): മിസ്റ്റർ കെ. ഐ. ജോസഫിന്റെ അഭിപ്രായം എന്തുതന്നെയായിരുന്നാലും അദ്ദേഹം പൊതുജനാഭിപ്രായത്തെ പ്രതിഫലനം ചെയ്യുകയാണോ എന്നുള്ളകാര്യത്തിൽ അദ്ദേഹത്തിനുതന്നെ നിശ്ചയം ഇല്ലാതിരിക്കുന്നസ്ഥിതിക്കു അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കു യാതൊരുവിലയും കല്പിക്കേണ്ടതായി എനിക്കു തോന്നുന്നില്ല. ഗവണ്മെന്റു ഈ പ്രമാണത്തെ സ്വീകരിക്കുമെന്നും വേണ്ടുവോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തസമുദായങ്ങളിൽപെട്ടവരെ നിയമിക്കുന്നവിഷയത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നു ചാൻസറവന്യൂകമ്മിഷണരോടു ആവശ്യപ്പെടുമെന്നും ഞാൻ വിശ്വസിക്കുന്നു. മിസ്റ്റർ റാബിൻസൺ അതെസംബന്ധിച്ചു ഒരു കരാർ ചെയ്യാൻ തയ്യാറുള്ളപക്ഷം ഞാൻ എന്റെ പ്രമേയത്തെ പിൻവലിക്കാൻ ഒരുക്കമാണു്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): സർ, റവന്യൂ ഡിപ്പാർട്ടുമെന്റിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ ഞങ്ങൾ ആ പ്രമാണം അനുസരിച്ചു പ്രവർത്തിക്കുന്നതിനു കഴിയുന്നിടത്തോളം ശ്രമിച്ചുവരുന്നതായി ഞാൻ പറഞ്ഞതിൽനിന്നും മെമ്പറിനു മനസ്സിലാക്കുവാൻ കഴിഞ്ഞിരിക്കുമെന്നാണു എനിക്കു തോന്നുന്നതു. ഏററവുംകുറവായിമാത്രം പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിൽനിന്നും ആളുകളെ തിരഞ്ഞെടുത്തു നിയമിക്കുന്നതിനു ഞങ്ങൾ കഴിയുന്നത്ര ശ്രമിക്കുന്നുണ്ടു.

മി. എ. ജെ. ജാൺ (വൈക്കം): ഡിപ്പാർട്ടുമെന്റിനുപുറത്തിലുള്ളതിൽനിന്നും ആളുകളെ എടുക്കാൻ പാടില്ലായോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അതേസംബന്ധിച്ചു എനിക്കു തൽക്കാലം യാതൊരുമറുപടിയും പറവാൻ നിവൃത്തിയില്ല. ഗവണ്മെന്റു അതേപററി ആലോചിക്കേണ്ടതായിരിക്കുന്നു. ഞാൻ സംസാരിച്ചുകൊണ്ടിരുന്ന പ്രമാണത്തെസംബന്ധിച്ചു പറകയാണെങ്കിൽ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ ശ്രദ്ധിക്കേണ്ടപ്രമാണം ഈ ഡിപ്പാർട്ടുമെന്റിൽ ഏററവുംകുറവായിമാത്രം പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിൽനിന്നും ആളുകളെ തിരഞ്ഞെടുക്കുക എന്നുള്ളതായിരിക്കേണ്ടതാണെന്നു ഞാൻ പല ഉദ്യോഗസ്ഥന്മാർക്കും അറിവുകൊടുത്തിട്ടുണ്ടു് എന്നുമാത്രമെ പറയാനുള്ളു.

മി. എ. ജെ. ജാൺ (വൈക്കം): ഗ്രേഡുകനിമജിസ്ട്രേട്ടന്മാരുടെകൂട്ടത്തിൽ കത്തോലിക്കർഉണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംകമ്മിഷണർ): എനിക്കു നിശ്ചയമില്ല.

ഈ സംഗതിയിൽ ഞങ്ങളാകുന്നതു കഴിയുന്നതാക്കയും ചെയ്യുന്നുണ്ടു. മേലാലും നിവൃത്തിയുള്ളിടത്തോളം പ്രവർത്തിക്കുന്നതിനു ശ്രമിക്കുന്നതായിരിക്കും എന്നും പൂർണ്ണമായി വിശ്വസിച്ചുകൊള്ളുക.

മി. എ. ജെ. ജാൺ (വൈക്കം): ഇപ്രകാരം വാക്കുതരുന്നസ്ഥിതിക്കു ഞാൻ എന്റെപ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൧൪൨.

മി. കെ. കെ. തോമസ് (കോട്ടയം): സർ, താഴെപറയുന്ന പ്രമേയത്തെ ഞാൻ ഈ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

൧൪൨. താമൂക്കുകച്ചേരികൾക്കായി നീക്കിവച്ചിട്ടുള്ള ൨൪൫൫൧ രൂപായിൽനിന്നും ഒരു രൂപം കുറയ്ക്കണം.

തഹശീൽദാരന്മാർക്ക് താരതമ്യേന കുറവായശമ്പളംമാത്രം ഉള്ളതിനായും കയറ്റത്തിനുമാർഗ്ഗം ധാരാളമായില്ല എന്നുള്ളതിനായും അവരുടെ ഇടയിലുള്ള അതൃപ്തിയെ ഗവർണ്ണമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതാകുന്നു. സർവ്വീസിൽ കാര്യക്ഷമതഎന്നുള്ളതിനായാണല്ലോ നാം ലക്ഷ്യമായിട്ടുള്ളതു. ഈരോഗവർണ്ണമെന്റുള്ളോഗസ്ഥന്മാരിലും നാം അതിനെ ആശിക്കയും ചെയ്യുന്നുണ്ടല്ലോ. ഉദ്യോഗസ്ഥന്മാർക്ക് വണ്ണമുള്ള തൃപ്തിയും ആശക്കുമാർഗ്ഗവും ഉണ്ടെങ്കിൽ അല്ലാത്ത അവർ ഏതയപൂർവ്വമായും നന്നായും സമർത്ഥമായും വേലചെയ്യുമെന്നു ആശിക്കാൻ പാടുള്ളതല്ല. ഈ സംഗതിയെപററി കൂലങ്കഷമായി പരിശോധിക്കുന്നപക്ഷം തിരുവിതാംകൂർ ദേവസ്വം വകുപ്പിൽഉള്ള തഹശീൽദാരന്മാരുടെ ശമ്പളത്തിനോ കയറ്റത്തിനുള്ളമാർഗ്ഗങ്ങളോ തീരെ തൃപ്തികരമായിരിക്കുന്നില്ലഎന്നു കാണാവുന്നതാണു. മററുഡിപ്പാർട്ടുമെന്റുകളിൽഉള്ള ഉദ്യോഗസ്ഥന്മാർക്ക് ഇത്രവർഷങ്ങൾക്കിടയിൽ ഇത്രഉയർന്ന ശമ്പളംകൂടും എന്നൊരു കണക്ക് നടപ്പിലുള്ളതായി കാണുന്നു. എന്നാൽ തഹശീൽദാരന്മാരുടെ ശമ്പളം ദിവാൻ ശങ്കരസുബ്ബയ്യരുടെകാലത്തു നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരുന്നതുതന്നെയാണു ഇന്നും നൽകപ്പെട്ടുവരുന്നതു. അവരെ രണ്ടുതരമായിതിരിച്ചു കുറഞ്ഞവർക്ക് ൧൭൫ം കൂടിയവർക്ക് ൨൦൦ം രൂപാവീതം ആണു ശമ്പളം നിശ്ചയിച്ചിരിക്കുന്നതു. കൂടിയവരുടെകൂട്ടത്തിൽ ൫ ഒഴിവുകൾഉണ്ടു. ഈ പത്തുഒഴിവുകളിൽതന്നെ ആളുകളെ നിയമിച്ചിട്ടില്ല. ഒരു തഹശീൽദാർക്ക് സാധാരണയായി രണ്ടാംഗ്രേഡിൽനിന്നുരണ്ടാംഗ്രേഡിൽ എത്തുന്നതിനു സാധാരണയായി ൧൨ വർഷത്തോളം വേണ്ടിവരുന്നു.

പ്രസിഡൻറ്. ഗ്രാൻറ വർദ്ധിപ്പിക്കണമെന്നോ കുറയ്ക്കണമെന്നോ മെമ്പർ ആവശ്യപ്പെടുന്നതു?

മി. കെ. കെ. തോമസ് (കോട്ടയം): ശമ്പളം കൂട്ടണമെന്നാണു ഞാൻ പറയുന്നതു.

പ്രസിഡൻറ്. മെമ്പർ കൊണ്ടുവന്നിട്ടുള്ളപ്രമേയം ഗ്രാൻറ കുറയ്ക്കണമെന്നാണെങ്കിൽ മെമ്പർ പറയുന്നതു ഗ്രാൻറ കൂട്ടണമെന്നും ആണെന്നുതോന്നുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): തഹശീൽദാരന്മാർക്ക് കൂടുതൽശമ്പളം കൊടുക്കുന്നപക്ഷം അവർ കുറെകൂടി നല്ലപോലെ വേലചെയ്യുമെന്നാണു എന്റെവാദം. പ്രൊഫസരന്മാരുടെ ശമ്പളംകുറക്കുന്നതിനെസംബന്ധിച്ചു മി. കൃഷ്ണസ്വാമിഅയ്യർ പറഞ്ഞതിനു നാം ഇന്നലെ കേട്ടുവല്ലോ. പ്രൊഫസരന്മാരുടെ ശമ്പളക്രമത്തെ ഇതേരീതിയിൽതന്നെ മേലാലും വച്ചുകൊണ്ടിരിക്കേണ്ടതാണെന്നുള്ളതിലേക്കു ഗവർണ്ണമെന്റിൽനിന്നും പുറപ്പെടുവിപ്പിച്ചവാദങ്ങളിൽ മിക്കവയും തഹശീൽദാരന്മാരുടെ കാര്യത്തിലും ഉദ്ദേശശക്തിയോടുകൂടിതന്നെ പററുമെന്നുള്ളവയാണു. തഹശീൽദാരന്മാർക്ക് ഉണ്ടായിരിക്കേണ്ടതായി നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത തൃപ്തികരമായിട്ടുള്ളതുതന്നെ. അവരിൽ മിക്കവരും ബി. എൽ. പരീക്ഷാവിജയികളാണു. ഹജൂരാപ്പീസിലോ ലാൻഡുറവന്യൂഡിപ്പാർട്ടുമെൻറിലൊ താണജോലികളിലോ പതിനഞ്ചോ ഇരുപതോ കൂടുതലോവർഷങ്ങൾ ജോലിനോക്കിയതിനുശേഷമാണു ഇവർ തഹശീൽദാരന്മാരായി നിയമിതരാകുന്നതു. ഇരുപതുവർഷത്തെ സർവ്വീസ്കഴിഞ്ഞതിനുശേഷം ഒരു സ്ഥിരം തഹശീൽദാരുദ്യോഗം കിട്ടുന്നതിനു പിന്നെയും നാലഞ്ചുവർഷംവേണ്ടിവരുന്നു. ഈ സന്ദർഭത്തിൽ ഞാൻചില ക്രിസ്ത്യൻ തഹശീൽദാരന്മാരുടെ കാര്യത്തെപററികൂടി പറഞ്ഞുകൊള്ളട്ടെ. റവന്യൂദേവസ്വം വിഭജനത്തിനു ശേഷവും തഹശീൽദാരന്മാർക്കു—അവരിൽ ഒരാൾ മരിച്ചുപോയി—സാധാരണയായി നൽകപ്പെടാറുള്ള അവകാശങ്ങൾപോലും കൊടുക്കപ്പെട്ടില്ല എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. റവന്യൂഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കാതെ മുമ്പു ഇരുന്നിരുന്ന ഉദ്യോഗങ്ങളിൽതന്നെ അവർ ഇരുന്നിരുന്നുഎങ്കിൽ ൨൫൦ രൂപ മുതൽ ൩൫൦–൩൭൫ രൂപാവരെ ശമ്പളമുള്ള ഡിവിഷൻ അസിസ്റ്റൻറന്മാരാകുമായിരുന്നേനെ. റവന്യൂ ദേവസ്വം വിഭജനകാലത്തു അവർ റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിയമിതരായിപ്പോയതുകൊണ്ടു അവരുടെ കയറ്റത്തിനുള്ള മാർഗ്ഗങ്ങൾ ദോഷകരമായവിധത്തിൽ തടയപ്പെട്ടു. സംഗതികളുടെസ്ഥിതി ഈവിധം ആകയാൽ ഈവിഷയത്തെപററി പുനരാലോചിച്ചു തഹശീൽദാരന്മാർക്കു സർവ്വീസു അനുസരിച്ചു ശമ്പളംകൂട്ടത്തക്കവിധത്തിൽ ഒരു സ്കെയിൽ എങ്കിലും ഏർപ്പെടുത്തണമെന്നു ഗവർണ്ണമെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു. താരതമ്യത്തിനായി കൊച്ചിയിലേയും ബ്രിട്ടീഷ് ഇൻഡ്യായിലേയും തഹശീൽദാരന്മാരുടെ കഥ ഒന്നു പരിശോധിച്ചുനോക്കാവുന്നതാണ്. കൊച്ചിയിൽ ഒരു തഹശീൽദാർക്കു ൨൦൦ മുതൽ ൩൫൦ വരെ രൂപ ശമ്പളം ഉണ്ടു.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർണ്ണമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): കൊച്ചിയിൽ ആകെ എത്ര തഹശീൽദാരന്മാരുണ്ടു?

മി. കെ. കെ. തോമസ് (കോട്ടയം): നാലോ അഞ്ചോ?

മി. എൻ. കുമാരൻ (നിയമിത മെമ്പർ): കൊച്ചിരാജ്യത്തിന്റെ ആകെയുള്ള വിസ്തീർണ്ണം എന്താണു?

മി. കെ. കെ. തോമസ് (കോട്ടയം): ഇന്നലെയും ഈതസംഗതിയെപററിതന്നെ ഇപ്രകാരമുള്ള ഒരു വാദത്തിനുവേണ്ടി ചോദിക്കയുണ്ടായല്ലോ;

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർണ്ണമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): കൊച്ചിരാജ്യം കോട്ടയംഡിവിഷനേക്കാൾ വലുതോ ചെറുതോ?

മി. കെ. കെ. തോമസ് (കോട്ടയം): ഏകദേശം കോട്ടയംഡിവിഷനോളംവരും. മററു ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവുമായി താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം തഹശീൽദാരന്മാരുടെ ശമ്പളം ദിവാൻ ശങ്കരസുബ്ബയ്യരുടെകാലത്തു നിശ്ചയിക്കപ്പെട്ടിരുന്നതുതന്നെയാണെന്നു പറയാവുന്നതാണു. ഫോറസ്റ്റു ഇൻസ്പെക്ടറന്മാരുടെശമ്പളം ൪൦ രൂപായായിരുന്നതു ഇപ്പോൾ ൨൦൦ രൂപാ സ്കെയിൽവരെയും ഡിസ്ട്രിക്ട്രജിസ്ട്രാറന്മാരുടെശമ്പളം ൨൦൦ രൂപായും ആക്കി വർദ്ധിപ്പിച്ചിട്ടുണ്ടു. എന്നാൽ ദിവാൻ ശങ്കരസുബ്ബയ്യരുടെകാലത്തു ൧൭൫ രൂപ ശമ്പളംകിട്ടിക്കൊണ്ടിരുന്ന ഒരു തഹശീൽദാരുടെശമ്പളം ഇന്നും ആ ൧൭൫ രൂപതന്നെയാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (ശുവാറപുഴ-കൊടുപുഴ): ഗവണ്മെൻറിൽനിന്നും ഇപ്പോൾ കൊടുത്തുവരുന്ന ശമ്പളത്തിനു യോഗ്യതയുള്ള തഹശീൽദാരന്മാരെ കിട്ടാകുമോ?

പ്രസിഡൻറ്: മിസ്റ്റർ താമസ് നിങ്ങൾക്കു അനുവദിക്കപ്പെട്ടിട്ടുള്ള സമയം തീർന്നുപോയിരിക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): മററു മെമ്പറന്മാർക്കു കൂടുതൽ സമയം അനുവദിച്ചുകൊടുക്കാൻ പ്രസിഡൻറിനു ദയവുണ്ടായതുകൊണ്ടു എന്നെയും അല്പംകൂടി സംസാരിക്കുവാൻ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

പ്രസിഡൻറ്: അപ്രകാരം അനുവദിച്ചതു അവർ സംസാരിച്ചുതുടങ്ങിയപ്പോൾതന്നെ കൂടുതൽ സമയം ഉണ്ടായിരുന്നതുകൊണ്ടാണ്. ഇപ്പോഴാകട്ടെ വളരെക്കുറച്ചുസമയംമാത്രമേ ഉള്ളു. അതിനാൽ മര്യാദാതിക്രമത്തെ തടയേണ്ടിയിരിക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): തഹശീൽദാരന്മാരുടെ ശമ്പളം വളരെ കുറവാണെന്നുള്ള സംഗതിയിലേക്കു ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മി. എച്ച്. സി. എച്ച്. റാബിൻസൺ (ശുദ്ധികൃതിയും ആരോഗ്യകൃതിയും കമ്മിഷണർ): സർ, മിസ്റ്റർ കെ. കെ. താമസ് പറഞ്ഞതിനെ ഞാൻ ശ്രദ്ധാപൂർവ്വം കേൾക്കുകയും കുറിച്ചെടുക്കുകയും ചെയ്തിട്ടുണ്ടു. തഹശീൽദാരന്മാർ ഇല്ലാതെ പോകുവാൻ ഒരു മെമോറിയൽ ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടെന്നും ആ മെമോറിയലിൽ പ്രസ്താവിച്ചിട്ടുള്ള പല വിഷയങ്ങളെ സംബന്ധിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു ഗവണ്മെൻറു എന്നോടു ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉള്ള സംഗതികൾ ഞാൻ ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ സംഗതിയെപ്പററി ശ്രദ്ധാപൂർവ്വം ആലോചിക്കുന്നതായിരിക്കും. ഈ സംഗതി അന്വേഷണത്തിനു ആലോചനക്കു വിഷയമായിത്തീർന്നിരിക്കുന്നു എന്നുള്ളതുകൊണ്ടു മിസ്റ്റർ കെ. കെ. താമസ് അദ്ദേഹത്തിന്റെ പ്രമേയത്തെ പിൻവലിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): മിസ്റ്റർ റാബിൻസൺ പറയുന്നതിനെ അടിസ്ഥാനമാക്കി ഞാൻ എന്റെ പ്രമേയത്തെ പിൻവലിക്കാൻ ഒരുക്കമാണ്.

മി. സി. പി. തരകൻ (കുന്നത്തുനാടു): അദ്ദേഹം പിൻവലിക്കുന്നതിനെ ഞാൻ തടയുന്നു. ഫ ൦ രൂപാക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിൽ എനിക്കു അനുകൂലഅഭിപ്രായമില്ല.

മി. കെ. ജി. ജോസഫ് (മീനച്ചിൽ-ഭരണികുളം): മിസ്റ്റർ കെ. കെ. താമസിന്റെ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

പ്രസിഡൻറ്: ഈ പ്രമേയം പിൻവലിക്കുന്നതിനെസംബന്ധിച്ചു ഈ സഭയുടെ അഭിപ്രായം എന്തെന്നു അറിയേണ്ടിയിരിക്കുന്നു. മിസ്റ്റർ കെ. കെ. താമസ് അദ്ദേഹം ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ പിൻവലിക്കുന്നതിനു അനുവാദം അപേക്ഷിക്കുകയും മിസ്റ്റർ സി. പി. തരകൻ അതിനെ പിൻവലിക്കുന്നതിനു എതിർക്കുകയും ചെയ്തിരിക്കുന്നു. ഇവരെസംബന്ധിച്ചു സഭക്കു പൊതുവിലുള്ള അഭിപ്രായം എന്തെന്നറിയേണ്ടിയിരിക്കുന്നു.

മി. കെ. കെ. താമസിനു അദ്ദേഹത്തിന്റെ പ്രമേയം പിൻവലിക്കുന്നതിനു സഭയുടെ അനുവാദം ലഭിക്കുന്നതാണെന്നുള്ള സംഗതി യോജിക്കുകയും ഭൂരിപക്ഷാഭിപ്രായപ്രകാരം പാസ്സാക്കപ്പെടുകയും ചെയ്തു.

ഫ ൪൩—ം ഫ ൪൮—ം നമ്പർ പ്രമേയങ്ങൾ.

മെമ്പറന്മാർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന ഉപദക്ഷപകൾ ഹാജരാക്കപ്പെടാത്തവയായി ഗണിക്കപ്പെട്ടു.

മി. സി. പി. തരകച്ചുകുഞ്ഞുപിള്ള:

ഫ ൪൩. താലൂക്കുകച്ചേരികൾക്കായി നീക്കിവച്ചിട്ടുള്ള ൨,൪൩,ഫ൦൦ രൂപായിൽനിന്നും ഫ ൦ രൂപാ കുറക്കണം.

മി. ടി. കുമാരപിള്ള:

ഫ ൪൪. താലൂക്കുകച്ചേരികൾക്കു നീക്കിവച്ചിട്ടുള്ള ൨,൪൩,ഫ൦൦ രൂപായിൽനിന്നും ഫ ൦ ൦ രൂപാ കുറക്കണം.

ഫ. (ഡി) പ്രവർത്തിക്കുന്നതിനുള്ളതു.

പ്രമേയം ഫ ൪൫.

താഴെപറയുന്ന പ്രമേയം ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനോൻ:

ഫ ൪൫. ഗുണവർദ്ധന ഇൻസ്പക്ടന്മാർക്കായി നീക്കിവച്ചിട്ടുള്ള ഫ,൪൩,൨൫ രൂപാ കുറക്കണം.

ഫ ൪൩—ം ഫ ൪൭—ം നമ്പർ പ്രമേയങ്ങൾ.

മെമ്പർ ഹാജരില്ലാതിരുന്നതിൽ താഴെപറയുന്ന പ്രമേയങ്ങൾ ഹാജരാക്കപ്പെടാത്തവയായി ഗണിക്കപ്പെട്ടു.

മി. പി. കെ. നാരായണപിള്ള:

ഫ ൪൩. പോലീസുകാരന്മാർക്കായി നീക്കിവച്ചിട്ടുള്ള ൯൪,൪ഫ൦ രൂപായിൽനിന്നും ഫ ൦ രൂപാ കുറക്കണം.

മി. പി. കെ. നാരായണപിള്ള:

ഫ ൪൭. വാടകച്ചുമതലക്കായി നീക്കിവച്ചിട്ടുള്ള ൯൪,൪ഫ൦ രൂപായിൽനിന്നും ഫ ൦ രൂപ കുറക്കണം.

പ്രമേയം ഫ ൪൭.

മി. കെ. കെ. താമസ് (കോട്ടയം): ഞാൻ താഴെപറയുന്ന പ്രമേയത്തെ അവതരിപ്പിക്കുകയാണു.

ഫ ൪൭. പ്രവർത്തിക്കുന്നതിനുള്ളതു കാൾക്കായി നീക്കിവച്ചിട്ടുള്ള ൨,൯൩,൭൦൦ രൂപായിൽനിന്നും ഫ രൂപ കുറക്കണം.

തരിശുഭൂമിയെസംബന്ധിച്ചു ഫ൯൨ മുതൽ ൨൭൭ വരെ ചോദ്യങ്ങൾ ചോദിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങളെ പുതുക്കുന്നതു അത്യാവശ്യമാണെന്നുള്ള സംഗതിയിലേക്കു ഈ സഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഈ ചട്ടങ്ങ

ളിലെ ന്യൂ-ാം വകുപ്പുനിമിത്തം ജനങ്ങൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകളെസംബന്ധിച്ചു ബഹുമാനിക്കുന്നതിനെക്കുറിച്ചു പൊതുവായി വാദപ്രതിവാദം നടത്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽതന്നെ ഞാൻ പറകയുണ്ടായല്ലോ.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): സർ, ഞാൻ നടപടിക്രമത്തെപ്പററി ഒന്നു ചോദിച്ചുകൊള്ളട്ടെ. പ്രവർത്തിക്കുന്ന്ക്കുന്നതിന്റെ ചിലവിലേക്കായി നീക്കിവച്ചിട്ടുള്ള തുകയെസംബന്ധിച്ചുള്ള പ്രമേയത്തെപ്പററി സംസാരിക്കുമ്പോൾ തരിശുഭൂമിനിയമങ്ങളെപ്പററി പറവാൻ ഇടയാകുന്നതു് എങ്ങിനെയെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഈ നിയമങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരാൻ ചുമതലപ്പെട്ടവർ പാർവ്വത്യകാരന്മാർ ആയതുകൊണ്ടുതന്നെ.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): പ്രവർത്തിക്കുന്ന്ക്കുന്നതിന്റെ ജോലി നടത്തിപ്പിനെസംബന്ധിച്ചു സംസാരിക്കാമെന്നല്ലാതെ ഈ ചട്ടങ്ങളെസംബന്ധിച്ചു പ്രതിപാദിക്കാൻ പാടുള്ളതല്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): പുതുക്കിയ തരിശുഭൂമിനിയമങ്ങളിൽ ന്യൂ-ാം നമ്പർ വകുപ്പിനെസംബന്ധിച്ചു ഏതിർവ്വാദങ്ങളായി ഒരു പ്രമേയം ഉണ്ടു.

മി. കുട്ടിക്കൃഷ്ണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി വക്കീൽ): ഈ പ്രമേയം പ്രവർത്തിക്കുന്ന്ക്കുന്നതിന്റെ ജോലിയെസംബന്ധിച്ചു ഒന്നുമല്ലല്ലോ. ഈ പ്രമേയത്തെപ്പററി പ്രതിപാദിക്കുമ്പോൾ ഈ പ്രത്യേക ചട്ടത്തെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുന്ന വിഷയത്തിൽ പാർവ്വത്യകാരന്മാർ സ്വീകരിച്ചിട്ടുള്ള നടപടിയെസംബന്ധിച്ചു മി. കെ. കെ. തോമസ് സംസാരിക്കുന്നതിൽ യാതൊരുവിരോധവും ഇല്ലെന്നും എന്നാൽ ആ ചട്ടങ്ങളെ സംബന്ധിച്ചു പൊതുവായി യാതൊന്നും പറവാൻ പാടില്ലെന്നുണ്ടെന്നു എനിക്കു തോന്നുന്നതു. പക്ഷേ പ്രതിവാദമല്ലെങ്കിൽ ഈ വകുപ്പുകളെ ചൂണ്ടിക്കാണിച്ചു പാർവ്വത്യകാരന്മാർ അവയ്ക്കനുസരണമായവിധത്തിൽ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററിയും പറയാമെന്നുള്ളതാണു. ഈ ചട്ടങ്ങളിൽ ഏതെങ്കിലും ഭേദഗതികൾ വരുത്തേണ്ടതിനെക്കുറിച്ചു എന്തെങ്കിലും സംസാരിക്കണമെന്നു മെമ്പറിനു വിചാരമുള്ളപക്ഷം അതു വേറൊരു ഉപരോധപ്രമേയം വേണ്ടതാണ്.

പ്രസിഡൻറു: ഇപ്പോൾ പറയപ്പെട്ട പരിധികൾക്കുള്ളിൽ നിങ്ങൾക്കു സംസാരിക്കാമെന്നുള്ളതാണ്.

മി. കെ. കെ. തോമസ് (കോട്ടയം): ചട്ടങ്ങൾ മാററണമെന്നു ഞാൻ പറയുന്നില്ല. ജനങ്ങൾക്കുണ്ടായ വമ്പിച്ചു ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാമല്ലോ.

മി. കുട്ടിക്കൃഷ്ണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി വക്കീൽ): പാർവ്വത്യകാരന്മാർ ചെയ്യുന്ന ജോലിയെസംബന്ധിക്കുന്നിടത്തോളം അങ്ങിനെ ആവാം.

മി. കെ. കെ. തോമസ് (കോട്ടയം): അങ്ങിനെതന്നെ. ഞാൻ ഈ പരിധികൾക്കുള്ളിൽതന്നെ സംസാരിക്കാം. സർ, തേൽകൃഷിയും തെങ്ങുകൃഷിയും കഴിഞ്ഞാൽ തിരുവിതാംകൂറിലെ കൃഷിക്കാർക്കു ഏററവും ആദായകരമായവിധത്തിൽ പണമിറക്കാമെന്നുള്ളതു തേയിലകൃഷിയിൽമാത്രമാണ്. മററൊരുസംഗതി തേയിലകൃഷിയെസംബന്ധിച്ചാണ്. തേയിലകൃഷി വളരെ പണച്ചിലവുള്ള ഒന്നാണെങ്കിലും സിലോണിലെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തിനോക്കുന്നപക്ഷം ഇണ്ടുതണ്ടായിട്ടുള്ള സ്ഥലങ്ങളിൽ തേയിലകൃഷി നടത്താമെന്നു കാണുന്നു. ഈയുടെ നാട്ടുപ്രമുഖക്കാർ ഒന്നോ രണ്ടോ പുല്ലുകൾ ഭൂമിയിൽ തേയിലച്ചെടി നടുകയും തേയിലയെ വളരെ എളുപ്പമായ ഒരു പുഴിയിൽ ഉണക്കിഎടുക്കുകയും ചെയ്യുന്നതുകൊണ്ടു ഈ കൃഷി കർഷകന്മാർക്കു വളരെ ആദായകരമായിരിക്കുന്നു. ഇപ്പോൾ തിരുവിതാംകൂറിലെ ഭൂമിയുടെ വിസ്തീർണ്ണം ൨,൯൦൦ ചതുരശ്രമൈലാണ്. ഇതിൽ ൨,൪൦൦ ചതുരശ്രമൈൽ കഴിച്ചിടപ്പെട്ടിട്ടുള്ള വനങ്ങൾക്കുള്ളതാണ്. ശേഷമുള്ളതിൽ ൨,൦൦൦ ചതുരശ്രമൈലോളം കൃഷിക്കു ഉപയുക്തമായിട്ടുള്ളതല്ല. ശേഷമുള്ള ഭൂമിമാത്രമേ തിരുവിതാംകൂറുകാർക്കു കൃഷിചെയ്യുന്നതിനു സൌകര്യമായി കിട്ടുന്നുള്ളു. ഇതിലും ൭൦,൦൦൦ ഏക്കറോളം യൂറോപ്യൻ പ്ലാൻറന്മാർ കൃഷിക്കായി എടുത്തുകഴിയുന്നതുകൊണ്ടു തിരുവിതാംകൂറുകാർക്കു ൨,൦൦൦ ചതുരശ്രമൈൽമാത്രമേ ഒഴിഞ്ഞുണ്ടുള്ളു. തിരുവിതാംകൂർരാജ്യത്തിൽ യൂറോപ്യൻരാജ്യങ്ങളെ അപേക്ഷിച്ചു ജനബാഹുല്യം വളരെ കൂടുതലാണ്. അതുകൊണ്ടു ഒരു മുൻകരുതലായി കഴിയുന്നിടത്തോളം ഭൂമി തിരുവിതാംകൂറുകാർക്കു കൃഷിചെയ്യേണ്ടതിലേക്കായി കരുതിവയ്ക്കേണ്ടതാണെന്നു ഞാൻ ഗവണ്മെൻറിനോടു ഗുണദോഷിച്ചുകൊള്ളുന്നു. ചട്ടം ഇപ്രകാരം പറയുന്നു.

"രണ്ടാമത്തെ ചട്ടംഅനുസരിച്ചു അപേക്ഷകിട്ടിക്കഴിഞ്ഞാൽ ആ ഡിവിഷനിലെ പേഷ്കാരെ കമ്മിഷണരോ അപേക്ഷിക്കപ്പെട്ടിട്ടുള്ള ഭൂമിവില്പനക്കു സൌകര്യമുള്ളതാണോഎന്നു രീതിപ്പെടുത്തണം. അപേക്ഷകന്റെ ധനസ്ഥിതിയെയും പൂർവ്വചരിത്രത്തേയും വേണ്ടപോലെ അന്വേഷിച്ചു അപേക്ഷ ഉത്തമവിശ്വസ്തതിന്മേൽ കൊടുക്കപ്പെട്ടിട്ടുള്ളതാണെന്നും അതു ശേഷിയുള്ള ഒരുവനാൽ കൊടുക്കപ്പെട്ടിട്ടുള്ളതാണെന്നും അല്ലാതെ ആദായകരമാണെന്നു അല്ലയോഎന്നു പരിശോധന നടത്തുന്നതിലേക്കായിമാത്രം കൊടുക്കപ്പെട്ടിട്ടുള്ളതല്ലെന്നും ഉള്ള സംഗതികളെപ്പററി തൃപ്തിവരുത്തിക്കൊള്ളുകയുംവേണം. അതിനുശേഷം ആ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തോടുകൂടി അപേക്ഷയെ ലാൻഡ്റവന്യൂകമ്മിഷണക്കു അയച്ചുകൊടുക്കണം. റിപ്പോർട്ടിൽ ഈ ചട്ടത്തിനു പറഞ്ഞിട്ടുള്ള ഓരോ സംഗതിയേയുംസംബന്ധിച്ചു നടത്തിയ അന്വേഷണത്തിനു കിട്ടിയ അറിവിനെപ്പററി വിശദമായി പ്രസ്താവിച്ചിരിക്കേണ്ടതാണ്."

ഗവണ്മെണ്ടിൽനിന്നു അയച്ചിട്ടുള്ള ഒരു ജി. ഒ. വിനെ അടിസ്ഥാനമാക്കി ഒരു തിരുവിതാംകൂറുകാരൻ തന്റെയ്ക്കുവേണ്ടി അപേക്ഷകൊടുക്കുമ്പോൾ അടുത്തുള്ള യൂറോപ്യൻപ്ലാൻറന്മാരുടെ അടുക്കൽ അവരുടെ കൈവശം രണ്ടായിരംഏക്കർ ഭൂമിയിൽ കൂടുതൽ ഉണ്ടായിരുന്നാലും അതിനു ബലമേയും ശാശ്വതമായുംഉള്ള അതിരുകൾ ഉണ്ടായിരുന്നാലും അവർക്കു ഈ ഭൂമി ആവശ്യമുണ്ടോഎന്നു അധികാരികൾ ചോദിച്ചുകൊള്ളുന്നുണ്ട്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): യൂറോപ്യന്മാരായുള്ള വസ്തുഉടമസ്ഥന്മാരെ ഉദ്ദേശിച്ചാണോ അതല്ല അടുത്തവസ്തുവിന്റെ ഉടമസ്ഥന്മാർ ആരായിരുന്നാലും അവരെ ഉദ്ദേശിച്ചാണോ അംഗങ്ങൾ പറയുന്നതു എന്നറിഞ്ഞുകൊള്ളട്ടെ.

മി. കെ. കെ. തോമസ് (കോട്ടയം): ഏതു തോട്ടഉടമസ്ഥനേയും ഉദ്ദേശിച്ചുതന്നെ.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): കോട്ടയം മി. പി. ജാണിനെക്കുറിച്ചു എന്തുപറയുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): അദ്ദേഹത്തിന്റെ തോട്ടത്തിനുസമീപം പതിച്ചുകൊടുക്കത്തക്കതായ ഭൂമിയില്ല.

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അദ്ദേഹത്തിന്റെ തോട്ടത്തോടു ചൊട്ടിടക്കുന്ന ഭൂമിക്കു ആവശ്യപ്പെട്ടു ഉണ്ടായ ഒരപേക്ഷയെ അദ്ദേഹത്തിന്റെ അഭിപ്രായത്തിനായി അയക്കപ്പെട്ടുകൊടുത്തിട്ടുള്ളതിന്റെ തെളിയിക്കാൻ വേണ്ട റിക്കാർഡുകൾ എന്റെ കൈവശം ഉണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഈ വിഷയവുമായി എന്തു ബന്ധമാണുള്ളതെന്നു ഞാൻ ചോദിക്കാം.

പ്രസിഡന്റ്: നിങ്ങൾ പറയുന്നതിനു അധികാരവും പ്രമേയവുമായി യാതൊരു ബന്ധവും ഇല്ലാത്തതാണ്. പാർവ്വത്യകാരന്മാരുടെ നടപടിയെപ്പററിയാണു നിങ്ങൾ സംസാരിക്കുന്നതു്. എന്നാൽ നിങ്ങൾ സംസാരിക്കുന്നതു ഗവണ്മെന്റിൽനിന്നും നടപ്പാക്കിയിട്ടുള്ള ചട്ടങ്ങളേയും നിയമങ്ങളേയും സംബന്ധിച്ചാണ്.

മി. കെ. കെ. തോമസ് (കോട്ടയം): അടുത്ത തോട്ടഉടമസ്ഥന്റെ രണ്ടായിരംഏക്കർ ഭൂമിയിൽ കൂടുതൽ കൈവശമുണ്ടായിരുന്നാലും അയാളോടു ചോദിച്ചുതിനുശേഷമേ പതിച്ചുകൊടുക്കുവാൻ പാടുള്ളു എന്നു ഒരു നിയമം ഉണ്ടായിരിക്കുന്നിടത്തോളംകാലം വേണമോ വേണ്ടതോ എന്നു പറയുവാനുള്ള സ്വാതന്ത്ര്യം അങ്ങിനെയുള്ള തോട്ടഉടമസ്ഥനിലാണല്ലോ ആദ്യമായി സ്ഥിതിചെയ്യുന്നതു. അതിനാൽ ഈ അധികാരത്തെ എടുത്തുകളയുകയും അടുത്ത തോട്ടഉടമസ്ഥനോടു ചോദിച്ചുകൂടെന്നു——

പ്രസിഡന്റ്: പാർവ്വത്യകാരന്മാരുടെ നടപടിയെ സംബന്ധിച്ചോ പ്രവർത്തിക്കുച്ചേരികളെ സംബന്ധിച്ചോമാത്രമെ നിങ്ങൾക്കു സംസാരിക്കാൻ അധികാരമുള്ളു. നിങ്ങൾ ഇപ്പോൾ സംസാരിക്കുന്നതിനു നിങ്ങളുടെ പ്രമേയത്തിനും തമ്മിൽ യാതൊരുബന്ധവുംഇല്ല.

മി. കെ. കെ. തോമസ് (കോട്ടയം): സംസാരമല്ലെന്നു എനിക്കു ഇപ്രകാരം തടയുന്നപക്ഷം ആ സംഗതിയിലേക്കു പ്രവേശിക്കുന്നതിനുപോലും എനിക്കു സാധിക്കയില്ല.

പ്രസിഡന്റ്: നിങ്ങളുടെ തരംതിരിപ്പു മിക്കവാറും തെററായതാണ്.

മി. കെ. കെ. തോമസ് (കോട്ടയം): ഈ ചട്ടങ്ങളിൽ ജനങ്ങൾക്കു ഉപദ്രവം നേരിടുന്നതായി വേറെയും ഭാഗങ്ങൾഉണ്ടു. പാർവ്വത്യകാരന്മാർ ഇന്നിന്നവിധം ചെയ്യണമെന്നുപറയുന്ന ഭാഗങ്ങൾ വേണ്ടുവോളം വിശദമായിട്ടില്ല. അതുകൊണ്ടുതന്നെയാണ് തിരുവിതാംകൂറുകാരനായ അപേക്ഷകന്റെ കാര്യത്തിൽ ചുരുങ്ങിയാചില പ്രത്യേകതകൾ കാണിക്കണമെന്നും ആ അപേക്ഷകൻ വളരെ കൂടുതൽഭൂവുടമസ്ഥനായ യൂറോപ്യൻ അപേക്ഷകനുമായി മല്ലിടുന്നതിനു ഇടകൊടുക്കാതെ സൂക്ഷിക്കണമെന്നും പാർവ്വത്യകാരന്മാരോടു പ്രത്യേകം ആവശ്യപ്പെടേണ്ടതായിരിക്കുന്നതു്.

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, പ്രമേയം പകുതിക്കുച്ചേരികളെ സംബന്ധിച്ചുണ്ടല്ലോ.

പ്രസിഡന്റ്: മെമ്പർ പറയുന്നതിൽ പ്രമേയവുമായി ബന്ധമില്ലാത്ത ഭാഗങ്ങൾക്കു നിങ്ങൾ മറുപടി പറയാൻ ശ്രമിക്കേണ്ട ആവശ്യംഇല്ല. ബന്ധമുള്ളവയെസംബന്ധിച്ചുമാത്രം നിങ്ങൾ സംസാരിച്ചാൽ മതിയാകും.

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തരിശുഭൂമി നിയമങ്ങളോടായി പാർവ്വത്യകാർക്കു യാതൊരുബന്ധവുംഇല്ല. അതുസംബന്ധിച്ചുള്ള അധികാരം സ്ഥലപരിശോധന നടത്തുന്നതായ തഹശീൽദാരിലും ദേവികളും കമ്മീഷണരിലുമാണു സ്ഥിതിചെയ്യുന്നതു്. ഭാരവാഹികൾക്കു ബന്ധമുള്ളവയാണെന്നു എനിക്കു തോന്നുന്നില്ല. ഈ സംഗതികളെസംബന്ധിച്ചു മി. തോമസ് എന്തോ തെററിദ്ധാരണകൾക്കു അധീനനായിരിക്കയാണെന്നു തോന്നുന്നു. അടുത്തുള്ള ഭൂമി പതിച്ചു കിട്ടണമെന്നുള്ള അപേക്ഷകളെ തിരുവിതാംകൂറുകാരായ തോട്ടഉടമസ്ഥന്മാരുടെ അഭിപ്രായത്തിനു അയച്ചുകൊടുത്തതിലേക്കുള്ള കടലാസുകൾ എന്റെ കൈവശമുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): തരിശുഭൂമി പതിച്ചുകൊടുക്കുന്നവിഷയത്തിൽ പാർവ്വത്യകാരന്മാർക്കു എന്തെങ്കിലും അധികാരമുണ്ടോ?

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): യാതൊന്നുംതന്നെയില്ല. അതുസംബന്ധിച്ചുള്ള അധികാരം മുഴുവനും ഗവണ്മെന്റിലാണ് സ്ഥിതിചെയ്യുന്നതു്. അതിനാൽ പ്രമേയം ന്യായമായിട്ടുള്ളതാണെന്നു എനിക്കു തോന്നുന്നില്ല.

മി. സി. പി. തോമസ് (നിയമനിർമ്മാണസഭാംഗം): പാർവ്വത്യകാർ ഒരു റിപ്പോർട്ടു സമർപ്പിക്കേണ്ടതായിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അപേക്ഷിച്ചിട്ടുള്ള ഭൂമി ഇന്നതാണെന്നു കണ്ടുപിടിച്ചു അതിന്റെ ഒരു സ്കെച്ചു തയ്യാറാക്കുന്നതു പാർവ്വത്യകാരാണ്. ഈ സ്കെച്ചുനക്കലായ് ഒന്നായതുകൊണ്ടു സ്കെത്തിൽ അനുസരിച്ചല്ല അതു തയ്യാറാക്കാറുള്ളതു്. ഭൂമി ഏതാണെന്നു മനസ്സിലാക്കിയതിനുശേഷം തഹശീൽദാർ സ്ഥലത്തുചെന്നു നോക്കി ദേവികളുംകമ്മീഷണർക്കു ഒരു റിപ്പോർട്ടു അയക്കണം. അവിടെനിന്നും റിപ്പോർട്ടു ചാർട്ടുവന്നുകമ്മീഷണർക്കും അവിടെനിന്നും ഗവണ്മെന്റിലേക്കും അയക്കയും ഗവണ്മെന്റു അതിനെ അനുവദിക്കയുംചെയ്യുന്നു. എവിടെയെങ്കിലും എന്തെങ്കിലും തെററുള്ളപക്ഷം മാറ്റുകയോ എവിടെയെങ്കിലുംവെച്ചോ ഒടുവിൽ ഗവണ്മെന്റിന്റെ കയ്യിൽ കിട്ടിയതിനുശേഷമോ അറിപ്പെടുത്തപ്പെടുന്നു. അതിനാൽ ബുദ്ധിമുട്ടുണ്ടാകുന്നതിനോ പിശകുവരുന്നതിനോ ഇടയുള്ളതായി എനിക്കു തോന്നുന്നില്ല. ഇതു പല കടവുകളുംകടന്നു ഒടുവിൽ ഗവണ്മെന്റു തീരുമാനിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്. സംഗതികളുടെ സ്ഥിതി ഇങ്ങിനെയെല്ലാം ആയതുകൊണ്ടു ഞാൻ മി. തോമസ്സിനോടു അദ്ദേഹത്തിന്റെ പ്രമേയത്തെ പിൻവലിക്കണമെന്നു ആവശ്യപ്പെട്ടുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രസിഡന്റ്: സഭ ഇപ്പോൾ പിരിഞ്ഞു രണ്ടുമണിക്കു വീണ്ടും കൂടുന്നതായിരിക്കും.

ഉച്ച മണിക്കു സഭ വീണ്ടുകൂടുന്നതിനായി പിരിഞ്ഞു ഉച്ച ഒരു മണിക്കു വീണ്ടും നടപടികൾ ആരംഭിച്ചു.

പ്രമേയം ൨൪ൻ.

മി. എ. ജെ. ജാൻ (കോട്ടയം): താഴെ പറയുന്ന പ്രമേയത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

൨൪ൻ. പ്രവൃത്തിക്കച്ചേരികൾക്കു നീക്കിവച്ചിട്ടുള്ള ൨,൯൩,൯൭൦ രൂപായിൽനിന്നും ൪ രൂപാ കുറയ്ക്കണം.

ഈ പ്രമേയം അവതരിപ്പിച്ചതിൽ എനിക്കുള്ള ഉദ്ദേശം പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ നിന്നും വിശിഷ്ടപ്രകാരമുള്ള എണ്ണം ആളുകളെ പാർവത്യക്കാരന്മാരായും അക്കൗണ്ടൻറന്മാരായും നിയമിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതു വളരെ അത്യാവശ്യമായിരിക്കുന്നു എന്നുള്ളതിനെ ഗവർണ്ണമെന്റിനെ ധരിപ്പിക്കുക എന്നാകുന്നു. റവന്യൂ ദേവസ്വം വിഭജനത്തിനുശേഷവും സമുദായപ്രാതിനിദ്ധ്യം എന്ന വിഷയത്തിൽ ലാൻഡ്‌റവന്യൂ ഡിപ്പാർട്ടുമെണ്ടു യാതൊരുശ്രദ്ധയും പതിപ്പിച്ചിരുന്നില്ല എന്നുള്ളതു ഈ സഭയിലുള്ള എല്ലാ അംഗങ്ങൾക്കും അറിയാമെന്നുള്ള ഒരു വാസ്തവമാണല്ലോ.

ഒരു പകുതിയിലധികം പാർവത്യക്കാർ ഒരു പ്രധാന ഉദ്യോഗസ്ഥനാണ്. ജനങ്ങൾക്കു പലപ്പോഴും അയാളുമായി ഇടപെടേണ്ടിവരുന്നതുമാണ്. ഏതെങ്കിലും ഒന്നോ രണ്ടോ സമുദായങ്ങളിൽനിന്നുമാത്രം പാർവത്യക്കാരന്മാരായി ആളുകളെ നിയമിക്കുന്നപക്ഷം മററു സമുദായക്കാരുടെ അവസ്ഥ എന്തായിരിക്കുമെന്നു എനിക്കറിഞ്ഞുകൂടാ. അവരിൽ മിക്കവരും അവരുടെ സമുദായത്തിൽപ്പെട്ട ആളുകൾക്കു ഗുണംചെയ്തുകൊടുക്കുന്നതിനു താല്പര്യമുള്ളവരായിരുന്നാലത്തെക്കഥ പറയാനുമില്ല. ഉദാഹരണത്തിനു വളരെയധികം ചോദ്യങ്ങൾ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഇചക്കോറൽറോൾസ് തയ്യാറാക്കുന്ന വിഷയത്തിൽ പ്രധാനകക്ഷി പാർവത്യകാരനാണല്ലോ. അയാളുടെ ഇഷ്ടംപോലെയാണ് അയാൾ അതു തയ്യാറാക്കുന്നതു. പുതുവൽ പതിച്ചുകൊടുക്കുന്നതിനെസംബന്ധിച്ചു ശുപാർശചെയ്യുന്നവിഷയത്തിലും ഇതുപോലെതന്നെ. ൧൯–ാംനമ്പർ ചോദ്യത്തിനു കൊടുത്തിട്ടുള്ള ജാതിതിരിച്ച പട്ടികയിൽനിന്നും ഈ രാജ്യത്തിൽ ആകപ്പടെ ൪൦൪ പാർവത്യകാരന്മാർഉള്ളതിൽ ൪൯ പേർ ബ്രാഹ്മണരും ൩൧൦ പേർ നായന്മാരും ൩൪ പേർ മുസ്ലീമുകളും ൬൬ പേർ മററു ഹിന്ദുക്കളും ൩ പേർ ക്രിസ്ത്യാനികളും ൪ പേർ മററു ഇനങ്ങളിൽപ്പെട്ടവരും ആണെന്നു കാണാവുന്നതാണ്. ഈ കണക്കിൽനിന്നും ഈഴവരോ മഹമ്മദീയരോ ആയി ഒരു പാർവത്യകാർപോലും ഇല്ലെന്നും മററു ലക്ഷം ക്രിസ്ത്യാനികൾ ഉള്ളവരിൽനിന്നു ൩ പേർ മാത്രമേ ഉള്ളുഎന്നും കാണാവുന്നതാണല്ലോ. കത്തോലിക്കർ, മററു ക്രിസ്ത്യാനികൾ, ഈഴവർ, മഹമ്മദീയർ ആദിയായുള്ള സമുദായക്കാരുടെനേക്കു ചെയ്യുവരുന്ന ന്യായരാഹിത്യത്തിലേക്കു ഞാൻ ഗവർണ്ണമെന്റിന്റെ ശ്രദ്ധയെ സഭയെ ക്ഷണിച്ചുകൊള്ളുന്നു. അതിനാൽ ഞാൻ ഈ പ്രമേയത്തെ ഈ സഭയുടെ ഗാഢമായ ആലോചനക്കായി ഹാജരാക്കിക്കൊള്ളുന്നു. പാർവത്യകാരന്മാരേയും അക്കൗണ്ടൻറന്മാരേയും നിയമിക്കുന്ന കാര്യത്തെസംബന്ധിച്ചു തഹശീൽദാരന്മാരുടെ വിഷയത്തിൽ പറഞ്ഞതുപോലെ ഒരു സമാധാനം പറയുന്നതിനുപോലും ലാൻഡ്‌റവന്യൂ കമ്മിഷണർക്കു കഴിഞ്ഞില്ല എന്നുകൂടി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇവരെ സർവീസിൽ ഇരിക്കുന്നവരുടെകൂട്ടത്തിൽനിന്നും തിരഞ്ഞെടുത്തു നിയമിക്കേണ്ട ആവശ്യമുണ്ടെന്നു മതാനുന്നില്ല. അക്കൗണ്ടൻറന്മാരെ വെളിയിൽനിന്നാണു' നിയമിക്കാറുള്ളതു. ഷോർട്ട് അക്കൗണ്ടുകൈസ്റ്റ്' പരീക്ഷമാത്രം പാസായിരിക്കേണ്ട ആവശ്യമേയുള്ളുതാനും. അതിനാൽ മേലിട്ടു അക്കൗണ്ടൻറന്മാരായി ആളുകളെ നിയമിക്കുന്നതിനു യാതൊരുബുദ്ധിമുട്ടും ഇല്ലാത്തതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ഈ സഭയുടെ ആലോചനക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): സർ, മി. ജാൻപറഞ്ഞ സംഗതിയെസംബന്ധിച്ചു എനിക്കും വളരെ അനുഭവമുണ്ട്. ദേവസ്വങ്ങളെ ലാൻഡ്‌റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും പിരിച്ചുവിട്ടതുമുതൽ ഗവർണ്ണമെന്റിന്റെ നയം എല്ലാ സമുദായങ്ങളിൽനിന്നും ആളുകളെ നിയമിക്കുക എന്നുള്ളതായിരുന്നു. എന്നാൽ പാർവത്യകാരന്മാരുടെ വിഷയത്തിൽ വെളിയിൽനിന്നും ഒരാളെ നേരിട്ടു പാർവത്യകാരായി നിയമിക്കാൻ പാടില്ല എന്നുള്ള ഒരു തടസ്സമുണ്ടുള്ളതു. പാർവത്യകാർ ആകണമെങ്കിൽ ഒരാൾ വു–ൻ വർഷം അക്കൗണ്ടൻറായിരിക്കേണ്ടതുണ്ട്. അതിന്റെശേഷം സിനിയാറിറിമുറക്കു അയാളെ പാർവത്യകാരായി കയററംചെയ്യുന്നു. പാർവത്യകാരന്മാരെ നിയമിക്കുന്നവിഷയത്തിൽ സർവീസിനേയും സാമർത്ഥ്യത്തിനേയും മാത്രമെ നോക്കാറുള്ളു. റവന്യൂദേവസ്വം വിഭജനത്തിനുശേഷം വളരെഉദ്യോഗങ്ങൾ നിർത്തൽചെയ്യപ്പെടുകയുണ്ടായി. കുറെ എട്ടാറനാളുകഴിഞ്ഞ സൂപ്പർന്യൂമററികളായി അനേകം ആളുകൾ ഉണ്ടായിരുന്നതുകൊണ്ടും അവരെ സർവീസിലേക്കു എടുക്കുന്നതിനു ഒരു കൊല്ലത്തിലധികം വേണ്ടിവന്നതിനാലും വെളിയിൽനിന്നും ആരേയും എടുക്കുന്നതിനു സാധിച്ചില്ല. അതിനുശേഷം നിവൃത്തിയുള്ളിടത്തോളം എല്ലാ സമുദായങ്ങളിൽനിന്നും ആളുകളെ നിയമിക്കേണ്ടതാണെന്നു പ്രത്യേകം എഴുപ്പാടുചെയ്തിട്ടുണ്ടു, ഞാൻ ഓരോ ഡിപ്പാർട്ടുമെന്റിലേക്കും എഴുതിയിട്ടുള്ള എഴുത്തുകൾ ഇതിലേക്കു സാക്ഷ്യംവഹിക്കുന്നതാണ്. ഈ സഭാംഗങ്ങൾ അവയെ കണ്ടിട്ടുണ്ടെങ്കിൽ——

മി. എ. ജെ. ജാൻ (കോട്ടയം): ലാൻഡ്‌റവന്യുകമ്മിഷണരുടെ ആജ്ഞകളെ കീഴുദ്യോഗസ്ഥന്മാർ എല്ലുപ്രകാരത്തിൽ അനുസരിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഞാൻ പറഞ്ഞതുപോലെ പാർവത്യകാരന്മാരെ അക്കൗണ്ടൻറന്മാരുടെ കൂട്ടത്തിൽനിന്നുതന്നെ നിയമിക്കേണ്ടിയിരിക്കുന്നു. അല്ലാതെ വെളിയിൽനിന്നും ആദ്യമായി പാർവത്യകാരന്മാരായിതന്നെ നിയമിക്കാൻ തരമില്ല. പാർവത്യകാരന്മാർ ആദ്യമായി അക്കൗണ്ടൻറന്മാരായി ജോലി തുടങ്ങേണ്ടിയിരിക്കുന്നു. ഈ രാജ്യത്തു ആകെ ൩ ക്രിസ്ത്യാനികൾ പാർവത്യകാരന്മാരായി ഉണ്ട്. അക്കൗണ്ടൻറന്റെ ഉദ്യോഗത്തിലധികം ഇവരെ ദേവികുളംഡിവിഷനിൽ പാർവത്യകാരന്മാരായി നിയമിക്കയാണുണ്ടായതു്. ദേവികുളത്തു ദേവസ്വങ്ങൾ ഒന്നും ഇല്ലായിരുന്നതിനാൽ ഇവർ ദേവസ്വംവിഭജനത്തിനു മുമ്പുതന്നെ നിയമിതന്മാരായിരുന്നവരാണ്. ദേവികുളത്തുനിന്നും അനേകം പാർവത്യകാരന്മാർ ഗുമസ്തന്മാരായി കയററംകിട്ടി പോയിട്ടുണ്ട്. ഒരു ഉപക്ഷേപത്തിനു മറുപടിയായി ക്രിസ്ത്യൻ പാർവത്യകാരന്മാരുടെ എണ്ണം എത്രയുണ്ടെന്നു പറയപ്പെട്ടിട്ടുണ്ടല്ലോ. അതു ദേവികുളംഡിവിഷനിൽമാത്രം ഉള്ളതാണ്. അവിടെ മാത്രമേ അക്കൗണ്ടൻറായി ജോലിനോക്കി പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത ഒരുവനു പാർവത്യകാരായിരിക്കാൻ സാധിക്കയുള്ളു. ദേവസ്വം വിഭജനത്തിനുമുമ്പു മററു സ്ഥലങ്ങളിൽ സവർണ്ണഹിന്ദുക്കളെ

മാത്രമെ നിയമിച്ചുവന്നിരുന്നുള്ളു. ഞാൻ ഇവിടെ വിഭജനത്തിനുശേഷമേ വന്നുള്ളുവല്ലോ. അതുകൊണ്ട് ഈ സംഗതിയെ സംബന്ധിച്ചു എനിക്കു യാതൊന്നും അറിഞ്ഞുകൂടാ. ഇടപ്പോൾ തഹശീൽദാരന്മാർ എല്ലാ സമുദായങ്ങളിൽനിന്നും ആളുകളെ അക്കൌണ്ടന്റന്മാരായി നിയമിക്കുന്നുണ്ട്.

മി. സി. പി. താമസ് (നിയമിത മെംബർ): ഇവരെ നിയമിക്കുന്നതു ഡിവിഷൻപേഷ്കാരോ തഹശീൽദാരന്മാരോ എന്നറിഞ്ഞാൽകൊള്ളാം

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അക്കൌണ്ടന്റന്മാരെ നിയമിക്കുന്നതു തഹശീൽദാരന്മാരാണ്. ആരെയെങ്കിലും നിയമിക്കണം എന്നു പറയുവാനുള്ള അധികാരം പേഷ്കാരന്മാർക്കു നിശ്ചയമായും ഉണ്ട്. എന്നാൽ അങ്ങനെ സംഗതി ചുരുക്കി തഹശീൽദാന്മാരുടെ അധികാരസീമക്കുള്ളിൽ പേഷ്കാരന്മാർ നടക്കുകയുണ്ടായിട്ടില്ല. എന്നാൽ ഒരു നൂതനമായ ബുദ്ധിമുട്ടു നേരിട്ടിരിക്കുന്നു. സർവ്വെ, ലാൻഡ്റിക്കാർഡ്സ ഈ ഡിപ്പാർട്ടുമെൻറുകളിൽനിന്നു അനേകംപേരെ പിരിച്ചയച്ചിട്ടുണ്ടു. ഇപ്പോൾ അവർക്കു മുക്കുംതന്നെ ഉദ്യോഗം യാതൊന്നും ഇല്ലാതെയും ഇരിക്കയാണ്. ഇവർക്കു ജോലി കൊടുക്കുന്നതിനെ സംബന്ധിച്ചു അനേകം ചോദ്യങ്ങൾ ഈ സഭയിൽവച്ചുതന്നെ ചോദിച്ചിട്ടുമുണ്ടു. ഇവർക്കു എല്ലാപേക്കും ജോലി കിട്ടിത്തീരുന്നതുവരെ ഇവരെത്തന്നെ നിയമിച്ചുകൊള്ളേണ്ടതാണെന്നുകാണിച്ചു എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഞങ്ങൾ ഉത്തരവുകൾ അയച്ചിട്ടും ഉണ്ടു. ഇതേസംബന്ധിച്ചു കുറെ ബുദ്ധിമുട്ടുകളും നേരിടുന്നില്ലെന്നില്ല. ചിലപ്പോൾ ഇക്കൂട്ടരിൽ ഒരുവനെ ഒരു തഹശീൽദാർ അക്കൌണ്ടന്റായി നിയമിച്ചിരിക്കുന്നവരാം. സൂപ്പർന്യൂമററികൾ എല്ലാം നിയമിതന്മാരായിട്ടുള്ളതായി അദ്ദേഹം വിചാരിച്ചുപോകുവാൻ ഇടയുണ്ട്. ഈ ബുദ്ധിമുട്ടുകൂടാതെ കഴിച്ചുകൂട്ടുവാൻ ആയി ലാൻഡ്റിക്കാർഡ്സ്, സർവ്വെ ഈ ഡിപ്പാർട്ടുമെൻറുകളിൽനിന്നു പിരിച്ചുവിടപ്പെട്ട അക്കൌണ്ടന്റന്മാരെ എല്ലാം ഉദ്യോഗങ്ങളിൽ നിയമിച്ചുകഴിയുന്നതുവരെ മേലാൽ അക്കൌണ്ടന്റന്മാരെ നിയമിക്കുന്നതിനുള്ള അധികാരം ദിവാൻപേഷ്കാരന്മാരിൽ ഇരിക്കുന്നതല്ലയോ നല്ലതു എന്നുള്ളതിനെപ്പററി ഗവണ്മെണ്ടുമായി എഴുത്തുകുത്തുനടത്തി ആലോചിച്ചുവരുന്നുണ്ട്. പിരിച്ചുവിട്ടവരുടെ കൂട്ടത്തിൽ വളരെ കുറച്ചു ക്രിസ്ത്യാനികളെ മാത്രമേ കാണുകയുള്ളു എന്നാണു എനിക്കു തോന്നുന്നതു. പുതിയതായി ആളുകളെ നിയമിക്കുന്നതിനുമുമ്പായി ഇവരെത്തന്നെ നിയമിക്കണമെന്നു പറയുന്നതു വളരെ ന്യായമായിട്ടുള്ളതാണെല്ലാം. അങ്ങനെചെയ്യുമ്പോൾ പുറത്തുനിന്നും കുറേക്കാലത്തേക്കു ആരുംനിയമിക്കാൻ സാധിക്കുന്നതല്ല എന്നു വന്നുചേരുന്നു. എന്നാലും അക്കൌണ്ടന്റന്മാരെ നിയമിക്കുന്ന വിഷയത്തിൽ എല്ലാ സമുദായങ്ങളിൽനിന്നും ആളുകളെ എടുക്കണമെന്നും അതിൽതന്നെ കുറവായിട്ടുള്ള പ്രാതിനിധ്യം ലഭിച്ചിട്ടുള്ളവരുടെ കാര്യത്തിൽ പ്രത്യേകത നല്കണമെന്നുമാണു ഉത്തരവു. ഉത്തരവുകൾ ഇങ്ങനെയെല്ലാമാണു. അവയെ അനുസരിച്ചു പ്രവർത്തിക്കപ്പെടുമെന്നാണു എന്റെ വിശ്വാസം. അക്കൌണ്ടന്റന്മാരുടെ പൂർണ്ണവും അവർ ഏതേതു സമുദായങ്ങളിൽപെട്ടവരാണെന്നുള്ള വിവരവും കാണിക്കുന്നതിലേക്കുള്ള പട്ടിക എന്റെ കൈവശം ഇപ്പോൾ ഇല്ല. അപേക്ഷകൾക്കനുസരണമായ വിധത്തിൽ മററു സമുദായങ്ങളിൽനിന്നും വേണ്ടുവോളം ആളുകളെ നിയമിക്കുന്നുണ്ടോ എന്നു പറവാൻ എനിക്കു നിവൃത്തിയില്ല. എന്നാൽ ഇതുസംബന്ധിച്ചുള്ള കണക്കുകൾ കണിശമായി ഗവണ്മെൻറിലേക്കു അയച്ചുകൊടുത്തുവരികയും അവർ അവയെ കൂലങ്കഷമായി പരിശോധിക്കയും ചെയ്തുവരുന്നുണ്ട്. എല്ലാ സമുദായങ്ങളിൽനിന്നും ആളുകളെ അക്കൌണ്ടന്റന്മാരായി നിയമിക്കേണ്ടതാണു എന്നു പറയുന്നതിൽ ഞാൻ മിസ്റ്റർ ജാണിനോടു പൂർണ്ണമായി യോജിക്കുന്നു. എന്നാൽ അവരെ പാവർത്തികാരന്മാരായി കയററംചെയ്യുന്നതു സർവ്വീസിനെ ആസ്പദമാക്കിമാത്രമേ ചെയ്യാൻ പാടുള്ളു. ഇപ്പോൾ ചെയ്തുവരുന്നതു അങ്ങനെയല്ല എന്നുള്ളപക്ഷം മേലാൽ അങ്ങനെ ചെയ്യാനെപാടുള്ളു. ആരെയെങ്കിലും ന്യായരഹിതമായി പാവർത്തികാരായി കയററംചെയ്തതായി അപ്പീലുകൾ വല്ലതും വരുമ്പോൾ ആ തെററിനെ ശരിപ്പെടുത്തുകയും ന്യായരഹിതമായി ചെയ്ത നിയമനം ആകണക്കിൽ അതിനെ റദ്ദാക്കുകയും ചെയ്തുവരുന്നുണ്ട്. സംഗതികൾ ഇപ്രകാരം ഇരിക്കുന്ന സ്ഥിതിക്കു മിസ്റ്റർ ജാൺ അദ്ദേഹത്തിന്റെ പ്രമേയത്തെ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. ജെ. ജാൺ (തൊവക്കം): ഈ സമുദായങ്ങളിൽനിന്നുള്ളവരിൽനിന്നും എത്ര ആളുകളെ ദേവസ്വംവിഭജനത്തിനുശേഷം നിയമിച്ചിട്ടുണ്ടെന്നു അറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): കണക്കുകൾ എന്റെ കൈവശം ഇല്ല.

മി. എ. ജെ. ജാൺ (തൊവക്കം): ഈ സമുദായങ്ങളിൽനിന്നുവരുന്ന അപേക്ഷകളെ പതിക്കുന്നതിനായി ഏതെങ്കിലും രജിസ്റ്റർ പേഷ്കാരന്മാരുടെ ആപ്പീസുകളിൽ വച്ചിട്ടുണ്ടോ ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അപേക്ഷകൾക്കായി പ്രത്യേകം ഒരു രജിസ്റ്റർ വച്ചിട്ടുള്ളതായി എനിക്കു തോന്നുന്നില്ല. എന്നാൽ ഉദ്യോഗങ്ങൾക്കുള്ള ഓരോ ഹർജിയും ഹർജിപതിക്കുന്നതിനുള്ള ഒരു രജിസ്റ്ററിൽ പതിച്ചുവരുന്നുണ്ട്.

മി. എ. ജെ. ജാൺ (തൊവക്കം): ആ രജിസ്റ്ററിനു പരിശോധിച്ചാൽ ഒരുകൂട്ടരുള്ള അപേക്ഷകളുടെ എണ്ണം മനസ്സിലാക്കുവാൻ സാധിക്കുമോ ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): കഴിയും. എന്നാൽ അക്കൌണ്ടന്റ ഉദ്യോഗത്തിനുള്ള അപേക്ഷകൾ തഹശീൽദാർക്കാണു കൊടുക്കേണ്ടതു. അതിനാൽ അവയെ പേഷ്കാരന്മാരുടെ ആപ്പീസുകളിൽഉള്ള രജിസ്റ്ററിൽ പതിക്കാറില്ല. ദിവാൻപേഷ്കാർക്കു ഇങ്ങനെയുള്ള ഒരു അപേക്ഷ കിട്ടിയാൽ അദ്ദേഹം ഉടൻതന്നെ അതിനെ തഹശീൽദാർക്കു അയച്ചുകൊടുക്കുന്നു.

മി. സി. പി. താമസ് (നിയമിത മെംബർ). മിശ്രഹർജികളുടെ കൂട്ടത്തിൽ ഉദ്യോഗങ്ങൾക്കുള്ള അപേക്ഷകളെയു തള്ളുന്നതിനെക്കാൾ അവയ്ക്കുവേണ്ടി പ്രത്യേകമായി ഒരു രജിസ്റ്റർ വച്ചുകൊണ്ടിരിക്കുന്നതല്ലയോ കുറേക്കൂടി അഭിലഷണീയമായിട്ടുള്ളതു ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അതു വളരെ നന്നായിരിക്കും. എന്നാൽ ഓരോ ആപ്പീസിലും ജോലി വർദ്ധിച്ചുവരികയാണെന്നും അങ്ങനെ വർദ്ധിച്ചുവരുന്ന ജോലി ചെയ്തുതീർക്കാൻ കൂടുതലായി ആളുകളെ നിയമിക്കുന്നില്ലെന്നും ഉള്ളതിനെ മിസ്റ്റർ താമസ്സും സമ്മതിക്കും എന്നുതന്നെയാണ് എനിക്കു തോന്നുന്നതു. കൂടുതൽ രജിസ്റ്ററുകൾ വയ്ക്കുന്നതിലും ആവഴിക്കു പകർത്തിജീവനക്കാരുടെ ജോലിയെ വർദ്ധിപ്പിക്കുന്നതിലും ഞാൻ വിചാരിതാത്പര്യക്കാരനാണ്. ജനനക്കണക്കുകൾ, ക

ന്ന സംബന്ധമായ ജോലികൾ ഇങ്ങനെ അനേകം പുതിയ ഇനങ്ങളിലുള്ള ജോലികൾ ആണോടാണ്ടു അവർക്കു കൂടിക്കൊണ്ടിരിക്കയാണ്. ഈ സഭയിൽനിന്നും അറിയണമെന്നായി ആവശ്യപ്പെടാവുന്ന ഏതു വിവരവും ഞാൻ മുമ്പുപറഞ്ഞ ഹജ്ജിരജിസ്റ്ററിൽനിന്നു മനസ്സിലാക്കുവാൻ വളരെ എളുപ്പത്തിൽ കഴിയുന്നതാണ്. സാധാരണയായി അപേക്ഷകളിൽ അപേക്ഷകന്മാർ ഏതു സമുദായത്തിൽപെട്ടവരാണെന്നു പറയുക പതിവില്ലാത്തതിനാൽ ആ വിവരം അപേക്ഷകളിൽനിന്നു ഗ്രഹിക്കുവാൻ എപ്പോഴും സാധിക്കയില്ല. ഒരു അപേക്ഷകൻ ജോലികിട്ടണമെന്നു അപേക്ഷിക്കയും ആ അപേക്ഷയുടെ ഒടുവിൽ അയാളുടെ പേർ എഴുതി ഒപ്പിടുകയും മാത്രമേ ചെയ്യുകയുള്ളു. കുറെനാൾമുമ്പു ഏതാനുചില ഉദ്യോഗങ്ങൾക്കു ആളുകൾ ആവശ്യപ്പെട്ട വിവരം പരസ്യം ചെയ്തിരുന്നു. ഏതു ഉദ്യോഗത്തിനായിരുന്നു എന്നു ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. അപേക്ഷകന്മാരുടെ കൂട്ടത്തിൽ രണ്ടു ബ്രാഹ്മണരും ഉണ്ടായിരുന്നു. എന്നാൽ അവരുടെ പേരിന്റെ അവസാനത്തിൽ "അയ്യർ" എന്നു ചേർത്തിരുന്നില്ല. അതു എന്തുകൊണ്ടാണെന്നു എനിക്കറിഞ്ഞുകൂടാ. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ ഉൾപ്പെട്ട ആളുവരായിരിക്കും എന്നുവിചാരിച്ചു അവരിൽ മിസ്റ്റർ രാമകൃഷ്ണൻ എന്നൊരാളെ നിയമിക്കയുംചെയ്തു. ഈഴവ സമുദായത്തേയും ക്രിസ്ത്യാനി സമുദായത്തേയും സംബന്ധിച്ചുള്ള കഥയും ഇതുപോലെതന്നെയാണ്.

മി. എൻ. കുമാരൻ (നിയമിത മെംബർ): തന്നിട്ടുള്ള കണക്കുകളിൽനിന്നും മൂന്നു ക്രിസ്ത്യൻ പാവ്യത്രികാരന്മാർ ഉള്ളതായി കാണുന്നു. അവർ നേരിട്ടു പാവ്യത്രികാരന്മാരായി നിയമിക്കപ്പെട്ടവരോ അല്ല അക്കൌണ്ടന്റന്മാരായിരുന്നു കയററംകിട്ടി പാവ്യത്രികാരന്മാരായവരോ എന്നറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അവർ അക്കൌണ്ടന്റന്മാരായിരുന്നു കയററംകിട്ടി പാവ്യത്രികാരന്മാരായവരാണ്. അവരിൽ ഒരുവനും നേരിട്ടു പാവ്യത്രികാരായി നിയമിക്കപ്പെട്ടവനല്ല.

മി. എൻ. കുമാരൻ (നിയമിത മെംബർ): സർവീസ്മുഖേന കയററം കിട്ടിയതല്ലേ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ജോലിക്കുറവിനേയൊ പിശകായി ജോലിചെയ്തിട്ടുള്ളതിനേയൊ അടിസ്ഥാനമാക്കി ഒരാളിനുള്ള അവകാശങ്ങളെ വിധിച്ചു അടുത്ത അവകാശിക്കു കയററംകൊടുക്കുന്ന സന്ദർഭങ്ങൾ ഒഴികെ മററെല്ലായ്പ്പോഴും അങ്ങനെതന്നെയാണ്. എല്ലായ്പ്പോഴും ചെയ്തുവന്നിട്ടുള്ളതും അങ്ങനെതന്നെയാണ്. സാധാരണയായി കൂടുതൽ സർവീസുള്ള ആളിനെ പാവ്യത്രികാരായി കയററംചെയ്യുന്നു. അയാൾ ജോലി ശരിയായി ചെയ്യാത്ത സന്ദർഭങ്ങളിൽ അയാളെ വിട്ടിട്ടു നേരെ അടുത്തആളിനു കയററം കൊടുക്കുന്നു.

മി. എൻ. കുമാരൻ (നിയമിത മെംബർ): ഏതു കൊല്ലം സർവീസിൽ ഇരുന്നതിനു ശേഷമാണ് ഒരു ആൾ പാവ്യത്രികാർ ആകാൻ സാധിക്കുന്നതു?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഓരോ താലൂക്കുകളിൽ ഓരോ വിധമായിരിക്കും. ചില താലൂക്കുകളിൽ വളരെ ചെറുപ്പക്കാരായ പാവ്യത്രികാരന്മാർ ഉണ്ടായിരിക്കും. അവർ മരിക്കുകയൊ പെൻഷൻപററി പിരിയുകയൊ ചെയ്യുന്നതുവരെ ഒഴിവുകൾ ഒന്നും ഉണ്ടായിരുന്നില്ലെന്നുംവരാം.

മി. എൻ. കുമാരൻ (നിയമിത മെംബർ): നേരിട്ടു ആളുകളെ നിയമിക്കാൻ ഏതെങ്കിലും മാർഗ്ഗം ഉണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): പാവ്യത്രികാരന്മാരായിട്ടോ?

മി. എൻ. കുമാരൻ (നിയമിത മെംബർ): അതെ. സർവീസിൽനിന്നല്ലാതെ പുറമെനിന്നു പാവ്യത്രികാരന്മാരായി യോഗ്യതയുള്ളവരെ നിയമിക്കുന്ന കാര്യത്തെ സംബന്ധിച്ചു ഗവണ്മെന്റു ആലോചിക്കുമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അങ്ങനെ ചെയ്യുന്നതായാൽ അതു ഒരു അപായകരമായ നയമായിരിക്കും. ഒന്നാമത്തെ അപകടം ഭൂമിയെ തിരിച്ചറിയുക, ഭൂമി സർവ്വെചെയ്യുക, പകുതിയിൽഉള്ള ജോലിചെയ്യുക മുതലായവയിൽ യാതൊരു പരിചയവും ഇല്ലാത്ത ആളുകളെ പാവ്യത്രികാരന്മാരായി നിയമിക്കാൻ പാടില്ല എന്നുള്ളതുകൊണ്ടുതന്നെ.

മി. എൻ. കുമാരൻ (നിയമിത മെംബർ): വെളിയിൽനിന്നുള്ള അപേക്ഷകന്നു ഈ യോഗ്യതകൾ എല്ലാം ഉണ്ടായിരുന്നാലോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അയാൾക്കു കുറച്ചു പഴക്കംകൂടി ഉണ്ടായിരിക്കേണ്ടതാണ്. സർവീസിൽ ഇരിക്കുന്ന ആളുകളുടെ അവകാശങ്ങളെ ഗണിക്കാതെ വെളിയിൽനിന്നും ആളുകളെ നിയമിക്കുന്നതു ശരിയായിരിക്കുമോ എന്നൊരു ചോദ്യം അപ്പോൾ ഉണ്ടാകും. തഹശീൽദാരന്മാരുടെ കാര്യത്തെപ്പററി നാം വാദപ്രതിവാദം നടത്തിക്കൊണ്ടിരുന്നപ്പോൾ കയററംകൊടുക്കുന്ന വിഷയത്തിൽ സമുദായപ്രാതിനിധ്യം എന്നുള്ളതിനെക്കുറിച്ചു ആലോചിച്ചു പ്രവർത്തിക്കണം എന്നു ചില മെംബറന്മാർ പറകയുണ്ടായല്ലോ. അക്കൌണ്ടന്റന്മാർക്കു കയററംകൊടുത്തു പാവ്യത്രികാരന്മാരാക്കുകയാണ് ചെയ്യാവുന്നതു്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): പാവ്യത്രികാരന്മാരായി മഹമ്മദീയരൊ ഈഴവരൊ ഉണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഈ വിഷയത്തെ സംബന്ധിച്ചു ഉണ്ടായ ഉപേക്ഷപത്തിനു ഉണ്ടായ മറുപടിയിൽനിന്നും ഈ സമുദായങ്ങളിൽനിന്നും പാവ്യത്രികാരന്മാരായി ആരും ഇല്ലെന്നു മെംബറിനു മനസ്സിലാക്കാവുന്നതാണല്ലോ.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): മഹമ്മദീയരൊ ഈഴവരൊ അപേക്ഷകന്മാരായി ഉണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഉണ്ടാകാതിരിപ്പാൻ ഞാൻ കാരണം ഒന്നും കാണുന്നില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി പീരുമേട്): അക്കൗണ്ടന്റന്മാരായി മഹമ്മദീയരെ ഇതുവരെ ഇല്ലാതിരിക്കയും അവരെ ഇപ്പോൾമാത്രം നിയമിക്കയുംചെയ്യുന്നപക്ഷം പാവ്യത്യകാരന്മാർ ആകുന്നതിനു അവക്ക് ഇനിയും ഏതെങ്കിൽ സംവത്സരം വേണ്ടിവരുന്നതല്ലയോ.

മി. എസ്. സി. എച്ച്. റാബിൻസൺ (ധനികുതിയും ആദായനികുതിയും കമ്മിഷണർ): ആളുകൾ അതിനുമുമ്പു മരിക്കാത്തപക്ഷം അത്രയുംകാലം വേണ്ടിവരും. ഈ സ്ഥിതിക്ക മിസ്റ്റർ ജാൺ ഗാട്ടേഹത്തിന്റെ പ്രമേയത്തെ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): സർ, ഈ പ്രമേയത്തെസംബന്ധിച്ചു കുറെ സംസാരിച്ചുകൊള്ളാമെന്നു എനിക്കു ആഗ്രഹംഉണ്ടു. വേറൊരു പ്രമേയത്തിൽ സമുദായപ്രാതിനിധ്യം എന്നവിഷയത്തെക്കുറിച്ചു ചില അംഗങ്ങൾ ക്ഷുഭിതമായ പ്രതിപാദിക്കയുണ്ടായതല്ലോ. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും അപേക്ഷകന്മാർ ഉള്ളപ്പോൾ അവരെതന്നെ നിയമിക്കണമെന്നുള്ളയത്നം രാജ്യത്തിന്റെ രക്ഷക്കു ഹാനികരമാണെന്നുള്ള കാരണത്തിന്മേൽ എതിർക്കപ്പെടുകയുണ്ടല്ലോ ഉണ്ടായതു്. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നുള്ള അപേക്ഷകന്മാർ വേണ്ട യോഗ്യതകൾഉള്ളവർ ആയിരിക്കുന്നിടത്തോളംകാലം അവരെ നിയമിക്കുന്നതു രാജ്യത്തിന്റെ രക്ഷക്കു ഏതുപ്രകാരത്തിൽ ഹാനികരംആകുംഎന്നു എനിക്കു മനസ്സിലാകുന്നില്ല. ഓരോ ഉദ്യോഗങ്ങൾക്കു ഇന്നിന്നു യോഗ്യതയുള്ള ആളുകളെ നിയമിക്കണംഎന്നു ഗവർണ്ണറിൽനിന്നും തീരുമാനിച്ചപ്പോൾതന്നെ ആ യോഗ്യതയുള്ളവർ ആ ഉദ്യോഗസ്ഥൻ ചെയ്യേണ്ടതായ എല്ലാ ജോലികളും ശരിയാംവണ്ണം ചെയ്യുന്നതിനു പ്രാണിയുള്ളവരായിരിക്കും എന്നുതന്നെ നമുക്കു വിചാരിക്കേണ്ടിയിരിക്കുന്നു. സാമർത്ഥ്യത്തെസംബന്ധിച്ചാണെങ്കിൽ ഓരുപരീക്ഷായോഗ്യതയുള്ള രണ്ടു അപേക്ഷകന്മാർ ഉള്ളപ്പോൾ അവരിൽ ഒരാളിനു മറ്റേആളിനെക്കാൾ സാമർത്ഥ്യം കൂടുതൽ ഉണ്ടെന്നു അവരുടെ മുഖത്തുനോക്കി നിർണ്ണയിക്കാൻ നിവൃത്തിയില്ലല്ലോ. അക്കൗണ്ടന്റു ഉദ്യോഗത്തിനു വലിയ പരീക്ഷായോഗ്യതകൾആവശ്യംഇല്ല. നാം ഇപ്പോൾ ചാൻഡ്ററവന്യൂ ഡിപ്പാർട്ടുമെൻറിലുള്ള ഏററവും കുറഞ്ഞ ഉദ്യോഗത്തെപററി ആലോചിക്കയാണല്ലോ. തഹശീൽദാരന്മാരുടെ കാര്യത്തെപ്പററി ആലോചിച്ചുകൊണ്ടിരുന്നപ്പോൾ ഗവണ്മെൻറുഭാഗത്തുനിന്നുംപറഞ്ഞതു സാധാരണയായി തഹശീൽദാരന്മാരെ നിയമിക്കാറുള്ളതു മജിസ്ട്രേട്ടന്മാർക്കു കത്തുകൊടുക്കുന്ന വഴിക്കാകുന്നുവെന്നാണല്ലോ. അക്കൗണ്ടന്റന്മാരെസംബന്ധിച്ചു ഗവണ്മെൻറു മററു ഡിപ്പാർട്ടുമെൻറുകളിൽ ആലോചിക്കേണ്ടിപോയിട്ടാവശ്യമില്ല. നിയമനം വെളിയിൽനിന്നാണു നടത്തുന്നതു്. അക്കൗണ്ടന്മാരുടെ കാര്യത്തിൽഎങ്കിലും ഗവണ്മെൻറിന്റെ ഉദ്യോഗങ്ങളെയും ആജ്ഞകളെയും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ കണിശമായി അനുസരിക്കുന്നതിനു ഗവർണ്ണറു വേണ്ടശ്രമം ചെയ്യേണ്ടതാണു. ഈ സംഗതിയിൽ ഏതെങ്കിലും ഒരു നിർബന്ധതയായം ഞാൻ മിസ്റ്റർ റാബിൻസണോടു ചോദിച്ചു ചോദ്യങ്ങളാൽ സൂചിപ്പിച്ചപ്പോൾ ഗവണ്മെൻറിൽനിന്നും സ്വീകരിക്കാത്തപക്ഷം അടുത്തകാലത്തെ ധാരാളം ജനസംഖ്യയുള്ളതായ ഈഴവസമുദായത്തിൽനിന്നോ മഹമ്മദീയസമുദായത്തിൽനിന്നോ ഒരു പാവ്യത്യകാരനെപോലും കാണ്മാൻ സാധിക്കുന്നതല്ല. ഒരു ഈഴവനെയോ ഒരു മഹമ്മദീയനെയോ പാവ്യത്യകാരായി നിയമിക്കുന്നതു ഇവിടേയുള്ള എല്ലാദോഷങ്ങൾക്കും ഒരു സർവ്വരോഗശമനൌഷധമായിതീരുമെന്നല്ല ഞാൻ പറയുന്നതു. എന്നാൽ ഈഴവർ മഹമ്മദീയർ ആദിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു റവന്യൂഡിപ്പാർട്ടുമെൻറിൽ നിയമനംകിട്ടുന്നതു സാദ്ധ്യമാണെന്നറിയുന്നതുതന്നെ വളരെ സമാധാനകരമായ ഒരു സംഗതിയാണു. എന്റെ അഭിപ്രായംഅനുസരിച്ചു സമുദായപ്രാതിനിധ്യംഎന്ന പ്രമാണത്തെ കണിശമായി തുടരുന്നതു രാജ്യരക്ഷക്കു ഹാനികരമല്ലെന്നു മാത്രമല്ല രാജ്യത്തിൽഉള്ള ജനങ്ങൾക്കു സുഖാവഹമായിരിക്കയും ചെയ്യുമെന്നാണു തോന്നുന്നതു്. സർ, തിരുവിതാംകൂറിലെ രാജനീതിനിയമത്തെത്തെ ചുററിയാണിരിക്കുന്നതു എന്നുള്ളതു എല്ലാപേർക്കും അറിവുള്ള ഒരു സംഗതിയാണല്ലോ. നിയമനം എന്നുള്ളവിഷയത്തെക്കുറിച്ചു ജാതികൾതമ്മിൽ മുറുക്കവും സ്പർദ്ധയുംഉള്ളതും ഉണ്ടായിരുന്നതു ആണല്ലോ. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ചില സമുദായക്കാർ അവരുടെ അവകാശങ്ങളെപററി ഗവണ്മെൻറിന്റെ മുമ്പാകെ പരാതിപറയുമ്പോൾ അവയെ സ്വീകരിക്കാതിരിക്കയോ അല്ലെങ്കിൽ എതിർക്കയോ ചെയ്യുന്നപക്ഷം ഈ സമുദായങ്ങൾക്കു സങ്കടം ഉണ്ടാകുന്നുഎങ്കിൽ തീർച്ചയായും അതു വളരെ ന്യായമായിട്ടുള്ളതു എന്നു പറയാൻ തരമുള്ളു. അതിനാൽ ഏററവും കുറഞ്ഞ നിയമനങ്ങളിൽ എങ്കിലും പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു പ്രത്യേകതന്ത്രങ്ങൾകൊടുക്കുമെന്നു ക്ലിപ്തമായ ഒരു രീതി ഗവണ്മെൻറിൽനിന്നും പാസ്സാകുന്നപക്ഷം അതുകൊണ്ടു എല്ലാ ജാതിമുറുക്കവും തീർന്നുപോകുമെന്നാണു എന്റെ അഭിപ്രായം. ഈ സംഗതിയെക്കുറിച്ചു അന്യോന്യം വഴക്കുപിടിച്ചിട്ടുയാതൊരുകാര്യവും ഇല്ലെന്നു അപ്പോൾമാത്രമേ മനസ്സിലാക്കുകയുള്ളു. ക്ലിപ്തനിയമങ്ങൾ ഉള്ളതിനെ ഗവണ്മെൻറു അനുസരിക്കുകയും സമുദായങ്ങൾ യാതൊരു കലഹവും ഉണ്ടാകുന്നതിനോ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി മററു സമുദായങ്ങളുമായി മത്സരിക്കുന്നതിനോ ആവശ്യമില്ലാതെ വരികയും ചെയ്യുന്നതാണു്. രാജ്യത്തിനകത്തുള്ള സമാധാനം ആ രാജ്യത്തിലേക്കു സുഖാവഹമായിരിക്കുമെന്നുള്ളതിനു രണ്ടുപക്ഷംഇല്ലല്ലോ. ഒരു രാജ്യത്തിന്റെ ഉൽഗതിക്കു അത്യന്താപേക്ഷിതമായിട്ടുള്ളവയിൽ ഒന്നു രാജ്യത്തിനകത്തിൽ എങ്ങും സമാധാനം ഉണ്ടായിരിക്കഎന്നുള്ളതാണു്. ഈ സംഗതിയിൽ ഗവണ്മെൻറു വേണ്ട ശ്രദ്ധ പതിപ്പിക്കുമെന്നും പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും അപേക്ഷകന്മാർ ഉള്ളപ്പോൾ വെളിയിൽനിന്നും പുന്നയായി ആളുകളെനിയമിക്കാവുന്ന ഉദ്യോഗങ്ങളിൽഎങ്കിലും അവരെതന്നെ നിയമിക്കുന്നതിനുവേണ്ട ഏർപ്പാടുകൾചെയ്യുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. ഗവണ്മെൻറു ക്ഷീണിതമായിരുന്ന ഒരവസരത്തിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാരുടെ മുറവിളിക്കു കീഴടങ്ങിക്കൊടുത്തതായി അംഗങ്ങൾ ചിലരാൽ സൂചിപ്പിക്കയുണ്ടായല്ലോ. എന്നാൽ ഇതെങ്ങിനെ ക്ഷീണത്തിന്റെ ലക്ഷണമാകുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ പ്രമാണത്തെ കഴിഞ്ഞ ൨൦, ൨൫ വർഷങ്ങളായി സ്വീകരിച്ചു പ്രവർത്തിച്ചുവരുന്നതാണു്. എന്നിട്ടും ഈ വിഷയത്തിൽ ഗവണ്മെൻറിന്റെ പ്രവൃത്തിയെസംബന്ധിച്ചു ഇതുവരെ യാതൊരു പരാതിയും ഉണ്ടായിട്ടില്ല. കാര്യക്ഷമത എന്നവാക്കു ഒരു വളരെ നല്ലവാക്കാണെന്നുള്ളതിനു യാതൊരു സംശയവുമില്ല എന്നാൽ ഇച്ഛയോഗ്യതയുള്ള അനേകം ആളുകൾ അപേക്ഷകന്മാരായുള്ളപ്പോൾ ഒരു പ്രത്യേക അപേക്ഷകനു പ്രത്യേകസാമർത്ഥ്യമുണ്ടെന്നു ഇച്ഛാപോലെ പറയുന്നതിനുള്ള സ്വാതന്ത്ര്യം യാതൊരു ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കും കൊടുത്തുകൂടാ എന്നു ഞാൻ വിചാരമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. സമുദായ പ്രാതിനിധ്യത്തെ അടിസ്ഥാനമാക്കാതേയുള്ള ഒരു പ്രമാണത്തെ സ്വീകരി

ച്ചു യഥാർത്ഥമതഎന്നുള്ളതിനെമാത്രം അടിസ്ഥാനമാക്കി നിയമനങ്ങൾ നടത്തേണ്ടതാണെന്നുകാണിച്ചുകൊണ്ടു ഒരു മാതൃകയപറ്റി മിസ്റ്റർ എം. കെ. പിള്ള പറയുകയുണ്ടായല്ലോ. എന്നാൽ ആ മാതൃകയെ അനുസരിക്കുന്നപക്ഷം ചില സമുദായക്കാർക്കു അവസാനത്തിൽ രാജ്യത്തിനു പൊതുവേയും വളരെ ദോഷഫലങ്ങൾക്കു ഇടയാക്കുമെന്നുള്ളതാകുന്നു. അതുസംബന്ധിച്ചു എനിക്കു പറവാനുള്ളതു ഒരുപരീക്ഷായോഗ്യതകൾ ഉള്ള അപേക്ഷകന്മാർ ഉള്ളപ്പോൾ കാര്യക്ഷമതഎന്നോ മറ്റോ ഉള്ള യാതൊരു സംഗതിയെയുംപററി ഗവണ്മെന്റു ചിന്തിക്കേണ്ടതായ ആവശ്യമേഇല്ലഎന്നു മാത്രമാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ ജാൺ ഹാജരാക്കിയിരിക്കുന്ന പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി. എൻ. കുമാരൻ (നിയമിത അംഗം): സർ, ഇവിടെത്തെ പ്രമേയത്തെസംബന്ധിച്ചുണ്ടായ വാദപ്രതിവാദത്തിനിടയിൽ ഈ രാജ്യത്തെ ഡിപ്പാർട്ടുമെന്റുകളിൽ ഏററവും പ്രധാനപ്പെട്ടവയിൽ ഒന്നാണ് ലാൻഡ് റവന്യൂഡിപ്പാർട്ടുമെന്റു എന്നും താലൂക്കു പാർവ്വത്യകാരാണ് ആ ഡിപ്പാർട്ടുമെന്റിലെ ഏററവും താണതരം ഉദ്യോഗസ്ഥൻഎന്നും ഉള്ളതിനെ ഈ സഭയുടെ ഈ ഭാഗത്തുള്ള മെമ്പറന്മാർ അനേകംപേരും ചൂണ്ടിക്കാണിക്കയുണ്ടായല്ലോ. ആ സ്ഥിതിക്കു ഈ ഡിപ്പാർട്ടുമെന്റിൽ ഓരോ സമുദായക്കാർക്കും ശരിയായ പ്രാതിനിധ്യംനല്കാത്തപക്ഷം ഇപ്പോൾ നടപ്പിലിരിക്കുന്ന ഏർപ്പാടുകളെ സംബന്ധിച്ചു നമുക്കു യാതൊരു തൃപ്തിയും ഉണ്ടായിരിക്കുന്നതല്ലെന്നുതന്നെയാണു എന്റെ അഭിപ്രായം. നാലുവർഷങ്ങൾക്കുമുമ്പു ദേവസ്വം ഡിപ്പാർട്ടുമെന്റിനെ ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചതിനുശേഷം പ്രാതിനിധ്യംലഭിക്കാത്ത സമുദായങ്ങളിൽനിന്നും കുറെ ആളുകളെ അക്കൗണ്ടന്റന്മാരായി നിയമിച്ചിട്ടുണ്ടെന്നു കാണുന്നുണ്ടു. ഇക്കൂട്ടത്തിൽ ഒരുവനെങ്കിലും പാർവ്വത്യകാരാകി കയററപ്പെടുന്നതിനു ഇനിയും വളരെ കൊല്ലങ്ങൾ വേണ്ടിവരുമെന്നു മിസ്റ്റർ റാബിൻസൺ പറയുകയുണ്ടായല്ലോ. ഇപ്പോൾ ഈഴവരുടെകൂട്ടത്തിൽനിന്നും പാർവ്വത്യകാരായി ആരുംതന്നെഇല്ല. ഈഴവരെ ഇപ്പോൾ അക്കൗണ്ടന്റന്മാരായി നിയമിക്കുന്നപക്ഷവും അവരിൽ ഒരുവനെങ്കിലും ഒരു പാർവ്വത്യകാരാകുന്നതെങ്കിൽ കുറഞ്ഞപക്ഷം ഏട്ടോ പത്തോ വർഷങ്ങൾകഴിയേണ്ടതുതെങ്കിലും വേണ്ടിവരുമെന്നുള്ളതാണ്: അതിനാൽ ഗവണ്മെന്റിൽനിന്നും പാർവ്വത്യകാരന്മാരായി അക്കൗണ്ടന്റന്മാരെമാത്രമേ നിയമിക്കുകയുള്ളുഎന്നു ഒരു നിർബന്ധംവയ്ക്കുന്നപക്ഷം ഞാൻ ആ നയത്തെ തൃപ്തിയോടെ സന്തോഷത്തോടുകൂടി വീക്ഷിക്കുന്നതല്ല. അതിനാൽ പാർവ്വത്യകാരന്മാരായി ചില ആളുകളെഎങ്കിലും വെളിയിൽനിന്നും നേരിട്ടു നിയമിക്കുവാൻ പാടില്ലയോ, എന്നുള്ളതിനെപററി ആലോചിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു. ഒരുവനെ പാർവ്വത്യകാരായി നിയമിക്കുന്നതിനുമുമ്പു അമാറക്കു ഡിപ്പാർട്ടുമെന്റിൽ ഉള്ള ജോലിയിൽ അല്പം പരിചയവും തഴക്കവും ഉണ്ടായിരിക്കേണ്ടതു അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നും അതിനാൽ വെളിയിൽനിന്നും ആളുകളെനിയമിക്കുന്നതു ന്യായമായിരിക്കയില്ലെന്നും മിസ്റ്റർ റാബിൻസൺ പറഞ്ഞുവല്ലോ. അതു സുഖമായി സാധിക്കാവുന്നതാണെന്നാണു എന്റെ അഭിപ്രായം. കൂടുതൽ പരീക്ഷായോഗ്യതകൾ വേണമെന്നു നിശ്ചയിക്കാവുന്നതാണ്. വില്ലേജുടെസ്റ്റ് സർവ്വേടെസ്റ്റ് എന്നീ പരീക്ഷകൾ രണ്ടും പാസായവരെമാത്രമേ നിയമിക്കയുള്ളുഎന്നും നിശ്ചയിക്കാവുന്നതാണ്. പ്രാതിനിധ്യംലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽപെട്ടവരും ഈ മേൽപറഞ്ഞ യോഗ്യതകൾഉള്ളവരും ആയ ആളുകളെ ആദ്യമായി മൂന്നുമാസത്തേക്കോ ആറുമാസത്തേക്കോ പ്രബേഷനായി നിയമിക്കയും അതിനുശേഷം നേരെ പാർവ്വത്യകാരന്മാരാക്കി നിയമിക്കയും ചെയ്യാമെന്നുള്ളതാണ്. ഇങ്ങിനെ ഏതെങ്കിലും ഒരു ഏർപ്പാടു ഗവണ്മെന്റിൽനിന്നും ചെയ്യാത്തപക്ഷം സാധാരണഗതിയിൽ ഒരു അക്കൗണ്ടന്റു പാർവ്വത്യകാർ ആകുന്നതിനു ഏട്ടോ പത്തോ കൊല്ലം വേണ്ടിവരുന്നതാണ്. ആ സ്ഥിതിക്കു ഇപ്പോൾ നടപ്പിലിരിക്കുന്ന ഏർപ്പാടുതന്നെ മേലാലും കണിശമായി തുടർന്നുകൊണ്ടുപോകുകഎന്നുള്ളതു അത്യാവശ്യമായിട്ടുള്ളതാണെന്നു എനിക്കു തോന്നുന്നില്ല. ഈ ഭാഗങ്ങളിലേക്കു ഗവണ്മെന്റിന്റെയും ലാൻഡ്റവന്യൂ കമ്മിഷണറുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി. തയ്യിൽ കുഞ്ഞിനെന്തോമൻ (മൂവാററുപുഴ—തൊടുപുഴ): ഞാൻ മിസ്റ്റർ എ. ജെ. ജാണിന്റെ ഉപക്ഷേപത്തെ ബലമായി പിന്താങ്ങുന്നു. രജ്യത്തു ഭൂരിപക്ഷം ജനങ്ങളുടെമേൽ ഗുണകരമായോ ദോഷകരമായോ അധികാരംചെലുത്തുന്ന ഉദ്യോഗസ്ഥന്മാരിൽവച്ചു ഏററവും പ്രാധാന്യമുള്ളവർ പാർവ്വത്യകാരന്മാരാണ്. അവരുടെ ശമ്പളവും അധികാരവും എല്ലാം ഏതുതരത്തിലുള്ളതും എത്രതന്നെ പരിമിതവും ആയിരുന്നാലും അവരുടെ പ്രവൃത്തി ബഹുജനങ്ങളെ സാരമായി ബാധിക്കുന്ന ഒന്നാണ്. അതുകൊണ്ടു ഇക്കാലസ്ഥിതിക്കു നിവൃത്തിയുള്ളിടത്തോളം എല്ലാവർഗ്ഗത്തിലുംനിന്നു പാർവ്വത്യകാരന്മാരെ നിയമിക്കേണ്ടതു ജനക്ഷേമത്തിനു വളരെ അത്യാവശ്യവുമാണ്.

റവന്യൂദേവസ്വം വിഭജനംകഴിഞ്ഞിട്ടു ഇപ്പോൾ നാലുകൊല്ലമായിഎങ്കിലും അനുഭവത്തിൽ റവന്യൂദേവസ്വം വിഭജനംനടക്കുന്നതിനുമുമ്പു ഏതുമാതിരിയിലുണ്ടോ അതുമാതിരിതന്നെ ഡിപ്പാർട്ടുമെന്റു അവർണ്ണക്കും അഹിന്ദുക്കൾക്കും പ്രവേശനമില്ലാത്ത ഒന്നായിതന്നെയിരിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിന്റെ ഉപരിസ്ഥാനത്തു പ്രവേശനം ലഭിച്ചില്ലെങ്കിലും പാർവ്വത്യകാരന്മാരുടേയും താലൂക്കു ക്ലാർക്കുകളുടേയും ഇടയിൽ വേണ്ടിടത്തോളം പ്രവേശനം ലഭിച്ചിട്ടില്ലാത്തവർഗ്ഗങ്ങൾ ഒരുവിധം മററുവർഗ്ഗങ്ങളുടെ അഭിമതം അനുഭവിച്ചുകൊണ്ടിരിക്കയാണെന്നു പറയാം. റവന്യൂഡിപ്പാർട്ടുമെന്റിൽ മേലാൽ ഉണ്ടാകുന്ന ഒഴിവുകളിൽ, അതായതു പാർവ്വത്യകാർ, അക്കൗണ്ടന്റന്മാർ, താലൂക്കുകളിലേയും ഡിവിഷനുകളിലേയും ക്ലർക്കുകൾ മുതലായുള്ള ഉദ്യോഗങ്ങളിൽ പ്രവേശനംലഭിച്ചിട്ടില്ലാത്തവർഗ്ഗങ്ങളിൽനിന്നും നിയമിക്കാൻവേണ്ട ഖണ്ഡിതമായ വ്യവസ്ഥകൾചെയ്തു നടത്തിക്കേണ്ടതു ഏററവും അത്യാവശ്യമാണ്. ഇപ്പോഴത്തെ കമ്മിഷണറുടെ ഭരണകാലംതുടങ്ങി ന്യായമായ പ്രവേശനം മററുവർഗ്ഗക്കാർക്കും ലഭിക്കുമെന്നു പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഫലം അങ്ങിനെയല്ല. അതു അദ്ദേഹത്തിന്റെ തെററുകൊണ്ടാണെന്നു ഞാൻ ഖണ്ഡിച്ചുപറയുന്നില്ല. കാരണം എന്തായാലും കാര്യംപരിതാപകരമായിരിക്കുന്നു. തിരുമുമ്പു മിസ്റ്റർ എ. ജെ. ജണിന്റെ ചോദ്യത്തിനുതന്നെ മറുപടിയിലെ പട്ടികയിൽ ൪ ൦ ൫ പാർവ്വത്യകാരന്മാരുള്ളതിൽ ൧൨ ലക്ഷത്തോളംവരുന്ന ക്രിസ്ത്യാനികളിൽനിന്നു ൩ പേരാണുകാണുന്നതു്. സാധാരണ ഗവണ്മെന്റു മറുപടിതരാറുള്ളതുപോലെ ക്രിസ്ത്യാനികളിൽഉള്ള പല വർഗ്ഗക്കാരെ വെവ്വേറെതിരിച്ചു ഈ പട്ടികയിൽ കാണിച്ചിട്ടില്ല. അതിനാൽ ഈ ൪ ൦ ൫-ൽ കത്തോലിക്കർ എത്രയുണ്ടെന്നു തിരിച്ചറിയാൻ സാധിക്കയില്ല.

മി. സി. എൻ. ഇപ്പുൻനംപൂരിപ്പാട് (ജന്മിമെമ്പർ): നംപൂരിമാരെ കാണുന്നുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ബ്രാഹ്മണർ എന്നു കാണുന്നുള്ളു.

മി. സി. എൻ. ഇപ്പുൻനംപൂരിപ്പാട് (ജന്മിമെമ്പർ): നംപൂരിമാർ എന്നു കാണുന്നുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): നംപൂരിമാർ ഇല്ല, ഈഴവർഇല്ല.

മി. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മിമെമ്പർ): ഭട്ടതിരിയെ കാണുന്നുണ്ടോ? പോററിയുണ്ടോ? എമ്പ്രാൻ ഉണ്ടോ?

മി തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇല്ല. ഉള്ളതെല്ലാം ഇപ്പോൾ വായിച്ചുകേട്ടതു ബ്രാഹ്മണർ, നായന്മാർ, വെള്ളാളർ, മററുഹിന്ദുക്കൾ, ക്രിസ്ത്യാനികൾ ഇതു സാധാരണക്കാരുള്ള പട്ടിക പോലെയല്ല. ഹിന്ദുക്കളിൽ ബ്രാഹ്മണർ, നായന്മാർ, വെള്ളാളർ എന്നെല്ലാം കൊടുത്തിട്ടുണ്ടു. ക്രിസ്ത്യാനികളിൽ എല്ലാംചേർത്തു ക്രിസ്ത്യാനികൾഎന്നുമാത്രമേ ഉള്ളു. ആ സ്ഥിതിക്കു ഹിന്ദുക്കൾഎന്നു ഒരു ക്ലാസ്സായിട്ടു എഴുതിയാൽ മതിയായിരുന്നു. കത്തോലിക്കർതന്നെ ഈഴവർ, നായന്മാർ എന്നി വലിയവർഗ്ഗങ്ങളുടെ സംഖ്യയായ്ന്നു ലക്ഷത്തിൽ ശിഷ്ടമേറെയുണ്ടു. അതിനാൽ ഹിന്ദുക്കളെ തരംതിരിച്ചു എഴുതിയിരിക്കുന്നതിനേക്കാൾ കൂടുതൽന്യായവും അവകാശവും മാറു ക്രിസ്ത്യാനികളിൽനിന്നും കത്തോലിക്കരെ തരംതിരിച്ചു എഴുതുന്നതിനുണ്ടു. ഗവണ്മെൻറു അങ്ങിനെയാണ് ചെയ്തു പരുന്നതു. ഇതിലെന്തോ ഗവണ്മെൻറിനു പിശകു പററിയിരിക്കണം (ചിരി).

മി. സി. പി. തോമസ് (നിയമിത മെമ്പർ): മുന്നു ക്രിസ്ത്യൻ പാർവത്യകാരന്മാർ ഉണ്ടെന്നു പറഞ്ഞതു റവന്യൂദേവസ്വം വിഭാഗത്തിനു ശേഷമാണെന്നു മെമ്പർക്കു അറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): അതു തിരിച്ചു പറഞ്ഞിട്ടില്ല. ഇതിൽ ഈഴവർ എത്രയുണ്ടെന്നോ മഹമ്മദിയർ എത്രയുണ്ടെന്നോ കാണുന്നില്ല. പാർവത്യകാരന്മാരിൽ ആ വർഗ്ഗക്കാർ ഇല്ലായിരിക്കാം. ഇപ്പോഴത്തെ റവന്യൂകമ്മീഷണർ ഗുണവാനായ ഒരാളാണെന്നു വേണം പറയുവാൻ. ഈ മാതിരിയുള്ള ഒരു അസമത്വം അദ്ദേഹം ആദ്യക്ഷം വഹിക്കുന്ന ഡിപ്പാർട്ടുമെൻറിലും നിലനിറുത്തുന്നതല്ലാ എന്നു ഓർക്കുമ്പോൾ വളരെ സന്തോഷം തോന്നുന്നുണ്ടു. അദ്ദേഹം തിരുത്തിയാലുംകൊള്ളാം, കീഴുദ്യോഗസ്ഥന്മാർ തിരുത്തിയാലുംകൊള്ളാം, ഏതായാലും ഗവണ്മെൻറുടെനേതിരുത്തിക്കണം. അപ്പണ്ണഹിന്ദുക്കളെയുംവേണ്ടിടത്തോളം നിയമിക്കേതീരൂ.

മി. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മിമെമ്പർ): സവർണ്ണരിൽ ഉദ്യോഗം ഇല്ലാത്തവർക്കു കൊടുക്കാൻ പാടില്ലേ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): കൊടുക്കാം വിരോധമില്ല. മലയാള ബ്രാഹ്മണരും മററും പാർവത്യകാരന്മാരായിട്ടു വരാൻ അധികം തയ്യാറുള്ളവരായിരിക്കയില്ല എന്നാണ് ഞാൻ വിചാരിച്ചതു് അതുകൊണ്ടാണ് അവരുടെ പേർപറയാത്തതു്. ആർക്കെല്ലാംപ്രാതിനിധ്യം ഇല്ലയൊ അവർക്കെല്ലാംകൊടുക്കണം. അതാണു ന്യായം.

മി. സി. പി. തോമസ് (നിയമിതമെമ്പർ): പാർവത്യകാരെ നിയമിക്കുന്നവിഷയത്തിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു പ്രത്യേകം കൊടുക്കേണ്ടതാണെന്നുള്ള പ്രമാണത്തെ മിസ്റ്റർ റാബിൻസൺ സ്വീകരിച്ചിട്ടുണ്ടു. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽപെട്ടവരായി പാർവത്യകാരുദ്യോഗത്തിൽ നിയമിതരായിട്ടുള്ളവരുടെ സംഖ്യയെപ്പററിയല്ലെല്ലാ നാം ഇപ്പോൾ ചിന്തിക്കുന്നതു്. അക്കൌണ്ടൻറന്മാർക്കു കയററംകൊടുത്തു. ആ വഴിക്കുമാത്രം പാർവത്യകാരന്മാരെ നിയമിക്കുന്നതുകൊണ്ടു പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും ആളുകളെ പാർവത്യകാരന്മാരായി നിയമിക്കുന്നതു വളരെ പ്രയാസമായ ഒരു സംഗതിയാകുന്നു മിസ്റ്റർ റാബിൻസൺ വിശദമായി പറഞ്ഞു മനസ്സിലാക്കുകയുണ്ടായല്ലൊ. ഈ രാജ്യത്തിലുള്ള കെ ര ാ ള പാർവത്യകാരന്മാർ ഉള്ളതായും അവരുടെ കൂട്ടത്തിൽ ആകെ ന ക്രിസ്ത്യാനികൾ മാത്രമുള്ളതായും പ്രാതിനിധ്യം ലഭിക്കാത്ത മററു സമുദായങ്ങളിൽ പെട്ടവരായി യാതൊരുത്തനും ഇല്ലാത്തതായും കാണുന്നു. കമ്മിഷണർ പറഞ്ഞതനുസരിച്ചുതന്നെ ഒരു അക്കൌണ്ടൻറിനു പാർവത്യകാർ ആകുന്നതിലേക്കു കുറഞ്ഞപക്ഷം വർഷക്കാലമെങ്കിലും വേണ്ടിവരുന്നതാണെന്നു കാണുന്നുണ്ടല്ലൊ. ആ സ്ഥിതിക്കു പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും കുറെവളരെ ആളുകളെ അക്കൌണ്ടൻറന്മാരായി ഗവണ്മെൻറിങ്കൽനിന്നു നിയമിച്ചിട്ടുണ്ടെന്നു വയ്ക്കുന്നപക്ഷവും പാർവത്യകാരന്മാരുടെ ഇടയിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാരുടെ എണ്ണത്തിനു എന്തെങ്കിലും ഗണ്യമായ ഒരു മാററം ഉണ്ടാകുന്നതിനു കുറഞ്ഞപക്ഷം വ വർഷത്തിൽ കൂടുതൽവേണ്ടിവരുമെന്നു വിശദമാകുന്നുണ്ടല്ലൊ. ആസ്ഥിതിക്കു പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ നിന്നും ആളുകളെ പാർവത്യകാരന്മാരായി നേരിട്ടു നിയമിക്കുന്നതിനു എന്തെങ്കിലും ഒരു മാർഗ്ഗം ഗവണ്മെണ്ടിൽ നിന്നും കണ്ടുപിടിക്കാത്തപക്ഷം കുറെനാളത്തേക്കു ഇപ്പോഴത്തെസ്ഥിതിക്കു യാതൊരു മാററവും വരുത്താൻ സാധിക്കുന്നതല്ലാ എന്നുള്ള വസ്തുത അധികാരസ്ഥാനങ്ങളിലെ അറിവിനും ആലോചനയ്ക്കും ആയി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. എൻെറ സ്നേഹിതൻ മിസ്റ്റർ കുമാരൻ പറഞ്ഞതുപോലെ ഇംഗ്ലീഷ് സ്കൂൾഫൈനൽപരീക്ഷ ജയിച്ചവരെ സർക്കാർപരിശീലിപ്പിച്ചുനേരിട്ടു പാർവത്യകാരന്മാരായി നിയമിക്കുന്നതിനു എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതും ഗവണ്മെൻറിനു അസാദ്ധ്യമായിട്ടുള്ളതല്ല. ആദ്യം അവരെ പ്രബേഷനായി നിയമിക്കപ്പെടാവുന്നതും ഏതാനുംമാസം സർവീസിൽ ഇരുന്നതിനുശേഷം പാർവത്യകാരന്മാരായി കയററപ്പെടാവുന്നതും ആകുന്നു. വളരെനാളായി നിലനിന്നുവരുന്നതും വളരെ ജനങ്ങൾ അനുഭവിച്ചുപോരുന്നതും ആയ ഈ കഷ്ടതയെ ഇല്ലാതാക്കുന്നതിനു ആയി ഇതോ ഇതുപോലെ മറേറതെങ്കിലുമൊ ചെയ്യണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു. അക്കൌണ്ടൻറന്മാർക്കു കയററംകൊടുക്കുന്ന ഏകമാർഗ്ഗത്തിൽ മാത്രമെ പാർവത്യകാരന്മാരെ നിയമിക്കാൻ തരമുള്ളു, എന്നും അല്ലാതെ നേരിട്ടു നിയമിക്കാൻ പാടില്ല എന്നും എന്നാൽ ഓരോ സമുദായക്കാർക്കും സർവീസിൽഉള്ള പ്രാതിനിധ്യക്കുറവിനെ ഇല്ലാതാക്കുന്ന കാര്യത്തിൽ വളരെ ഉൽകണ്ഠയോടു കൂടിയിരിക്കയാണെന്നും ഗവണ്മെണ്ടു പറയുന്നിടത്തോളം കാലം അങ്ങിനെ പറയുന്നതിനെ പ്രവൃത്തിപത്തിൽ കൊണ്ടു ചെയ്യുന്നതിനു താല്പര്യമില്ലാത്ത ഒരു അനുഭാവപ്രകടനമായി മാത്രമേ ഗണിക്കുന്നതുള്ളു എന്നാണ് എനിക്കു തോന്നുന്നതു്. പാർവത്യകാരന്മാരെ അക്കൌണ്ടൻറന്മാരുടെ കൂട്ടത്തിൽനിന്നാണ് നിയമിക്കാവു

ള്ളതു എന്നു പറയുകയുണ്ടായല്ലൊ. ഇപ്പോൾ പാർവ്വത്യകാരന്മാരെ നിയമിച്ചുവരുന്ന സമ്പ്രദായം നോക്കിയാൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാരെ തൃപ്തിപ്പെടുത്തണം. എന്നൊരു ഉദ്ദേശംമാത്രം ഗവൎണ്മെൻറിനില്ലെന്നാണ് തോന്നിപ്പോകുന്നതു്. ദേവസ്വം ഡിപ്പാർട്ടുമെൻറിനെ ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും വേർതിരിച്ചതിനുശേഷം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും നിയമിച്ചിട്ടുള്ള ആളുകളുടെ ഒരു കണക്കു നമ്മെ കാണിക്കാൻ ലാൻഡ്റവന്യൂ കമ്മിഷണക്കു സാധിച്ചിട്ടില്ല. ഞങ്ങൾക്കു ഒരു കണക്കു നമ്മെ കാണിച്ചിരുന്നു എങ്കിൽ പ്രാധിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായത്തിൽനിന്നും ആളുകളെ നിയമിക്കുന്ന വിഷയത്തിൽ ഗണ്യമായ യാതൊരു അഭിവൃദ്ധിയും ഉണ്ടായിട്ടില്ലാ എന്നു സ്പഷ്ടമാകുമായിരുന്നു എന്നാണ് എന്റെ സംശയം. സർവ്വീസിൽ ആളുകളെ നിയമിച്ചിട്ടുള്ളതിനെ സംബന്ധിച്ചുള്ള കണക്കുകൾ ഈ സമ്പ്രദായം പലപ്പോഴും ഫാജരാക്കിയിട്ടുണ്ടല്ലൊ. ഭിന്നസമുദായങ്ങളിൽനിന്നും ജനസംഖ്യക്കനുസരണമായ വിധത്തിൽ ആളുകളെ നിയമിച്ചിട്ടുണ്ടോ എന്നു നോക്കുമ്പോൾ ഈ കണക്കുകൾ എല്ലാം ഒരുമാതിരി അതൃപ്തികരമായിതന്നെ കാണുന്നു. പുതിയതായി ആളുകളെ സർവ്വീസിൽ നിയമിക്കുന്നവസരത്തിൽ സമുദായപ്രാതിനിധ്യം എന്നുള്ളതിനെപ്പററി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു ഗവൎണ്മെൻറിൽനിന്നും പകുപ്പോഴും ഡിപ്പാർട്ടുമെൻറുമേധാവികളെ അറിയിച്ചിട്ടുണ്ടു്. എന്നാൽ ഗവൎണ്മെൻറിന്റെ ഈ ഉദ്ദേശങ്ങളെ ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വമായി വകവയ്ക്കാതെ പ്രവൎത്തിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. അവർ എന്തുതന്നെ ചെയ്തിരുന്നാലും ചെയ്തിട്ടുള്ളതിനെപ്പററി ഒരു ചെറിയ റിമാൎക്കു മാത്രമെ അവൎക്കു ലഭിക്കയുള്ളു. എന്നുള്ളതുകൊണ്ടും അവൎക്കു അതിൽക്കൂടുതലായി വല്ലതും ഉണ്ടാകയക്കമോ എന്നു ഭയപ്പെടേണ്ടതായ ആവശ്യം ഇല്ലാത്തതുകൊണ്ടും മാത്രമാണ് അവർ ഇങ്ങനെചെയ്യുന്നതു എന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടല്ലെങ്കിൽപിന്നെ എന്തുകൊണ്ടാണ് അങ്ങോട്ടാണു ഈ കണക്കുകൾ അതൃപ്തികരമായിത്തന്നെ ഇരിക്കുന്നതു് എന്നു മനസ്സിലാകുന്നില്ല. അതിനാൽ ഗവൎണ്മെണ്ടിന്റെ നയത്തെ സ്വീകരിച്ചു അതനുസരിച്ചു പ്രവൎത്തിക്കാത്ത ഉദ്യോഗസ്ഥന്മാരെക്കൊണ്ടു അതിനെസ്വീകരിപ്പിച്ചു അതനുസരിച്ചു പ്രവൎത്തിപ്പിക്കുന്നതിനു ഏതെന്തിലും ഒരു മാൎഗ്ഗം കണ്ടുപിടിക്കുന്ന വിഷയത്തിൽ ഗവൎണ്മെൻറിന്റെ മര്യാദയുണ്ടാകണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. പാറംഡാനിയൽ (നിയമിത മെമ്പർ): സർ, പ്രവൃത്തികച്ചേരികൾ സ്ഥാപിച്ചിട്ടുള്ള മിക്ക കെട്ടിടങ്ങളും കാഴ്ചയിൽ വളരെ നിസ്സാരമായി തോന്നിക്കപ്പെടുന്നവയാണെങ്കിലും ആ കച്ചേരികളിൽ ഉപയോഗിക്കുന്നതിനായി നൎകപ്പെടുന്ന ഉപകരണങ്ങൾ ഗുരുതരമായവയാണെന്നു വരികിലും ഈ കച്ചേരികൾ വളരെവലിയ അധികാരങ്ങളുടെ കേന്ദ്രസ്ഥാനങ്ങളാണ്. തെക്കൻനാടുകളിൽ ഉള്ള പാർവ്വത്യകാരന്മാരെ അധികാരികൾ എന്നാണ് സാധാരണയായി വിളിച്ചുവരാറുള്ളതു്. അധികാരികൾ എന്നുള്ളതിന്റെ അൎത്ഥം അധികാരം ഉള്ളവർ എന്നാണ്. പാർവ്വത്യകാരന്മാരിൽ എന്തെല്ലാം ചുമതലകൾ ചുമത്തിട്ടുണ്ടെന്നുള്ളതിനെപ്പററി അറിവുള്ളവർ ഈ ഉദ്യോഗസ്ഥന് ഈ പേരുതന്നെയാണ് ഏററവും യോജിച്ചിട്ടുള്ളതു എന്നു സമ്മതിക്കാതിരിക്കയില്ല. അയാളുടെ ഉദ്യോഗനില വളരെ താണതരത്തിലും അയാളുടെ ശമ്പളം വളരെ കുറഞ്ഞതും ആണെങ്കിലും അയാൾ ചെയ്യേണ്ടതായിരിക്കുന്ന ജോലികളുടെ ഗൗരവംകൊണ്ടു അയാൾക്കു ഇത്രവളരെ അധികാരം കൂടാതെയിരിക്കാൻ യാതൊരു മാൎഗ്ഗവുമില്ല. അയാൾചെയ്യേണ്ട ഓരോജോലിയും അയാൾക്കു ഒരു വളരെ വലിയ അധികാരത്തെ പ്രദാനംചെയ്യുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ഒന്നാമതായി നിയമസഭാ വോട്ടന്മാരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനെപ്പററി തന്നെ ആലോചിക്കാം. ഈ ചുമതലകൊണ്ടു അയാൾക്കു സിദ്ധിക്കുന്ന അധികാരം പക്ഷെ പുറമെ കാണുന്നതിനു സാദൃശ്യമല്ലായിരുന്നു എന്നു വന്നേക്കാം. എന്നാൽ നിയമസഭാ പരിഷ്കാരം കഴിഞ്ഞയുടൻ വോട്ടന്മാരുടെ ലിസ്റ്റ് ആദ്യമായി തയ്യാറാക്കിയ അവസരത്തിൽ അയാൾക്കു എന്തു അധികാരമാണുള്ളതു് എന്നു വിശദമായി വെളിവാക്കപ്പെട്ടു. ഒരു പകുതിയിൽ അവിടത്തെ പാർവ്വത്യകാർ വോട്ടന്മാരായിരിക്കാൻ യോഗ്യതയുള്ളവരായ ൧൦൦൦-ൽ പരം ആളുകളുടെ പേർ ലിസ്റ്റിൽചേൎക്കാതെ വിട്ടുകളഞ്ഞു. അക്കാലത്തെ തിരുവിതാംകൂർ ദിവാൻജിയുടെ അടുക്കൽ തീരുമാനത്തിനായി ഈ സംഗതി ചെല്ലത്തക്കവിധം അത്ര പ്രാധാന്യമുള്ള ഒരു സംഗതിയായിരുന്നു അതു്. യഥാൎത്ഥത്തിൽ ഏതോ ഒരു സമുദായ നേതാവിന്റെ പേരു അദ്ദേഹം ആയിരം രൂപായോളം നികുതി കൊടുത്തിരുന്നു എങ്കിലും ലിസ്റ്റിൽ കൊള്ളിച്ചിട്ടില്ലായിരുന്നതായി കാണപ്പെട്ടു. നിർഭാഗ്യവശാൽ ഈ സംഗതികൾ ഒന്നും അറിയാതെ അദ്ദേഹം പോളിംഗ്സ്റ്റേഷനിൽചെന്നു. ഞാൻ ആസമയം അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരു ലിസ്റ്റിൽ ചേൎത്തിട്ടില്ലായിരുന്നതിനാൽ അദ്ദേഹത്തിനു ഏററവും ലജ്ജാകരമായവിധത്തിൽ അദ്ദേഹത്തോടു അവിടെനിന്നും ഇറങ്ങിപോകുവാൻ പറഞ്ഞു. ഈ കൌൺസിലിലേക്കു മെമ്പറന്മാരെ കഴിഞ്ഞപ്രാവശ്യം തിരഞ്ഞെടുത്തപ്പോൾപോലും ഇങ്ങിനെയുള്ള കുഴപ്പങ്ങൾ നിശ്ശേഷം നീക്കപ്പെട്ടിരുന്നില്ല. സർ, ഇതു പാർവ്വത്യകാർക്കു വളരെ വലിയ അധികാരത്തെ പ്രദാനംചെയ്യുന്ന ചുമതലകളിൽ ഒന്നാണ്.

പാർവ്വത്യകാൎക്കു വളരെ അധികാരശക്തി നൎകുന്ന മറെറാരുസംഗതി പട്ടയംകൊടുക്കുന്നതിനു അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അയാളാണെന്നുള്ളതാണ് അയാളെ ഏതെങ്കിലുംവിധത്തിൽ തൃപ്തിപ്പെടുത്തുകയൊ അല്ലെങ്കിൽ സാധാരണയായി പീസ് എന്നുപറഞ്ഞുവരാറുള്ള ഒരു പണത്തുക അയാൾക്കു കൊടുക്കുകയോ ചെയ്തുകൂടാതെ വസ്തുവിന്റെ യഥാൎത്ഥ ഉടമസ്ഥന്നു പട്ടയം കിട്ടുന്നതല്ലെന്നുള്ള വസ്തുത ഇവിടെ സന്നിഹിതരായിട്ടുള്ള മിക്ക മെമ്പറന്മാൎക്കും അറിയാവുന്നതാണല്ലൊ. പുതുവൽ പതിച്ചു കിട്ടുന്നതിനുള്ള അപേക്ഷകളെ സംബന്ധിച്ചു നോക്കുന്നപക്ഷം അതേസംബന്ധിച്ചു പൂൎണ്ണാധികാരിയായ ഉദ്യോഗസ്ഥൻ അയാൾതന്നെ എന്നാണ് പറയേണ്ടിയിരിക്കുന്നതു്. അയാളുടെ മുകളിൽഉള്ള ഉദ്യോഗസ്ഥന്മാർ അയാളുടെ ശിപാൎശയോടെ അയാൾ എഴുതിഅയക്കുന്ന വിവരണത്തോടെയൊ അഭിപ്രായത്തോടെയാണ് ഈ സംഗതിയിൽ എന്തെങ്കിലും പ്രവൎത്തിക്കുന്നതു്. പുതുവൽ പതിച്ചുകിട്ടുന്ന സംഗതി മിക്കവാറും പാർവ്വത്യകാരന്മാരെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഈ കാരണങ്ങളാൽ പാർവ്വത്യകാരുടെ ശമ്പളം വളരെ കുറവും പബ്ലിക്കുസർവ്വീസിൽ അയാളുടെ സ്ഥാനം ഉച്ചമായിട്ടുള്ളതും ആകുന്നുവെങ്കിലും അയാളുടെ നിലയിലും ശമ്പളത്തിലും ഇവേറം കൂടുതലായ ഒരു അധികാരം അയാളിൽ ലയിച്ചിരിക്കുന്നു എന്നു ഞാൻ ഒരിക്കൽകൂടി പറഞ്ഞുകൊള്ളുന്നു. അതിനാൽ ഈ അധികാര കേന്ദ്രസ്ഥാനങ്ങളെ ഒരു പ്രത്യേക സമുദായത്തിനു മാത്രമായി ഒഴിച്ചു വിട്ടുകൊടുത്തു ഈ നിലയെ കൈവശപ്പെടുത്തി

സ്വാനുഭവങ്ങൾ കൊണ്ടു വിനിയോഗിച്ചുവന്ന സമുദായങ്ങളുടെ പ്രത്യേക സ്വത്വാകുന്നതിനു ഇടവരാതെ ഇവയെ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു കൂടി ഇതിൽ പങ്കുകൊള്ളുന്നതിനു എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടതു ഏറ്റവും അത്യാവശ്യമാണെന്നു ഞാൻ ഗവർണ്ണമെന്റിനെ ധരിപ്പിച്ചുകൊള്ളുന്നു. ഈ ഉദ്യോഗത്തിൽ ലയിച്ചിരിക്കുന്ന അധികാരം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു കൂടി ലഭിക്കുന്നതിനുവേണ്ടി മററു സമുദായക്കാർക്കുകൂടി ഈ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു ഒഴിവുകൾ കൊടുക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

മി. എസ്. സി. എച്ച്. റാബിൻസൺ (ശുദ്ധികൃതിയും ആഡിറ്റായനികൃതിയും കമ്മീഷണർ): ഞാൻ ഒരു ചോദ്യംചോദിച്ചുകൊള്ളട്ടെ. പാർവത്യകാരന്മാരെ വെളിയിൽനിന്നും നേരിട്ടു നിയമിക്കുന്നതിൽ മിസ്റ്റർ ഡാനിയൽ അനുകൂലഭിപ്രായക്കാരനാണോ?

മി. പാറം ഡാനിയൽ (നിയമിതമെമ്പർ): അതെ. യോഗ്യതയുണ്ടെങ്കിൽ നിയമിക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. യോഗ്യതയുള്ളവർ അതായതു നിശ്ചിതപരീക്ഷകൾ ജയിച്ചിട്ടുള്ള ആളുകൾ പാർവത്യകാർ ഉദ്യോഗത്തിനു അപേക്ഷകന്മാരായി വരുന്നപക്ഷം പാർവത്യകാരായി നിയമിതനാകുന്നതിനുമുമ്പു അക്കൌണ്ടൻറായിരുന്നു കിട്ടുന്ന പരിചയം കൂടിയതിനു എന്നില്ലാത്തതാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ശുദ്ധികൃതിയും ആഡിറ്റായനികൃതിയും കമ്മീഷണർ): വെളിൽനിന്നും ആളുകളെ നേരിട്ടു പാർവത്യകാരന്മാരായി നിയമിക്കുന്നപക്ഷം ഏതെങ്കിലും ഒരുകാലത്തു പാർവത്യകാരന്മാരായി കയററം കിട്ടുന്നതാണെന്നുള്ള പ്രത്യാശയോടുകൂടി വളരെക്കാലം അക്കൌണ്ടൻറന്മാരായി ജോലിചെയ്തു കയററത്തിനു ഏറ്റവും സമീപിച്ചിട്ടുള്ള ആളുകളുടെ അവകാശത്തെ അതുമൂലം തടയുകയായിരിക്കും എന്നതെമ്പറിനു തോന്നുന്നില്ലയോ?

മി. പാറം ഡാനിയൽ (നിയമിതമെമ്പർ): അങ്ങിനെയുള്ളവരുടെ അവകാശങ്ങളെ അവഗണിക്കണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ മേലാൽ ഇതേപ്രകാരം തന്നെ പറയുന്നതിനു ഇടകൊടുക്കാതിരിക്കാനായി ഗവർണ്ണമെന്റിനെനിന്നും ഇതിനെ അവരുടെ നയമായി സ്വീകരിക്കണംഎന്നു മാത്രമെ ഞാൻ പറയുന്നുള്ളു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങളുടെവക വടക്കൻമെമ്പർ): ഹൈക്കോടതിജഡ്ജിമാരേയും ജില്ലാജഡ്ജിമാരേയും നേരിട്ടു വക്കീലന്മാരുടെ കൂട്ടത്തിൽനിന്നു നിയമിക്കുന്ന സന്ദർഭങ്ങളിൽ സർവീസിൽ ഇരിക്കുന്ന സ്ഥാനമുള്ളുള്ള ഡിസ്ട്രിക്ട്മുൻസിപ്പന്മാരുടെ അവകാശങ്ങൾ അതുമൂലം തടയപ്പെടുന്നതാണെന്നു മി. ഡാനിയലിനു തോന്നുന്നില്ലയോ? ഇതിനും പാർവത്യകാരന്മാരായി നേരിട്ടു വെളിയിൽനിന്നും ആളുകളെ നിയമിക്കുന്നപക്ഷം അവകാശങ്ങൾ തടയപ്പെടുന്നതാണെന്നു മി. റാബിൻസൺ പറഞ്ഞതായ സ്ഥാനമുള്ളുള്ള അക്കൌണ്ടന്മാരുടെ കാര്യത്തിൽ എന്തെങ്കിലും വ്യത്യാസമുള്ളതായി അദ്ദേഹം വിചാരിക്കുന്നുണ്ടോ?

മി. പാറംഡാനിയൽ (നിയമിതമെമ്പർ): നിശ്ചിത പരീക്ഷായോഗ്യതകൾ ഉണ്ടെന്നുള്ളപക്ഷം ആളുകളെ പുറമെനിന്നും നേരിട്ടു പാർവത്യകാരന്മാരായി നിയമിക്കാവുന്നതാണ്. വളരെക്കാലമായി സർവീസിൽ ഇരിക്കുന്നവർ ഉണ്ടെന്നുവരികിൽ അവരെസംബന്ധിച്ചിടത്തോളം വളരെ ദീർഘമായ സർവീസും നല്ല ജോലി നടത്തിപ്പും കൊണ്ടു അവർക്കു സിദ്ധിച്ചിട്ടുള്ള അവകാശങ്ങളെ അവഗണിക്കുന്നതു വളരെ കടുപ്പമായിരിക്കും എന്നുതന്നെയാണ് എന്റെ അഭിപ്രായം.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): അഹിന്ദുക്കളേയും അഹിന്ദുക്കളേയും പാർവത്യകാരന്മാരായി നിയമിക്കുന്നപക്ഷം മി മെമ്പർ പറഞ്ഞതായ ദുഷ്ഫലങ്ങൾ നീങ്ങിപ്പോകുമെന്നാണോ അദ്ദേഹത്തിന്റെ അഭിപ്രായം?

മി. പാറം ഡാനിയൽ (നിയമിതമെമ്പർ): നിശ്ചയമായും അവയ്ക്കു വളരെ കുറവുവരും.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവട കൈത്തൊഴിൽസംഘങ്ങൾവക വടക്കൻമെമ്പർ): പാർവത്യകാരന്മാരെ ഡിപ്പാർട്ടുമെൻറിനു വെളിയിൽനിന്നും നേരിട്ടു നിയമിക്കുന്നതിൽനിന്നും ഉണ്ടാകാനിടയുള്ള ന്യായരാഹിത്യത്തെസംബന്ധിച്ചു ലാൻഡ്റവന്യൂകമ്മീഷണർക്കു വളരെ വല്ലായ്മയുള്ളതായിതോന്നുന്നു. അതു വളരെ പിശകായ ഒരു വാദമായിട്ടാണു എനിക്കു തോന്നുന്നതു. അതു യുക്തിയുക്തമായിട്ടുള്ളതാണെന്നു തെളിയിക്കുവാൻ നിശ്ചയമായും വളരെ എളുപ്പത്തിൽ സാധിക്കുമെന്നുള്ളതാണ്. എന്നാൽ അതേപ്പററി കൂലങ്കഷമായി ഒരു പരിശോധന നടത്തുന്നപക്ഷം അതിനു വാദമുഖം എന്ന നിലയിൽ യാതൊരു വിലയും കല്പിക്കാൻ പാടില്ലെന്നു തെളിയുന്നതാണ്. വക്കീലന്മാരെ ജഡ്ജിമാരായി നിയമിക്കുന്നതുകൊണ്ടു ജില്ലാജഡ്ജിമാരായിട്ടോ ഹൈക്കോടതിജഡ്ജിമാരായിട്ടോ ആവാം—സ്ഥാനമുള്ളുള്ള ഡിസ്ട്രിക്ട് മുൻസിപ്പന്മാരുടെനേക്കു ന്യായരാഹിത്യം പ്രവർത്തിക്കപ്പെടുന്നില്ലയോ? കെ. എ. സി. എസ്. ഐ. ഇ. എസ്. എന്നിങ്ങനെ അനേകം മത്സരപരീക്ഷകളിൽ യുവാക്കന്മാരും ഡിപ്പാർട്ടുമെണ്ടു സംബന്ധമായ യാതൊരു ജോലിയിലും പരിചയം ഇല്ലാത്തവരുംആയ ആളുകൾചേർന്നു ജയിക്കയും അങ്ങിനെ ജയിച്ചവരെ പെട്ടെന്നു സർവീസിൽ വളരെ ഉന്നതമായ ഓരോ ഉദ്യോഗങ്ങളിൽ നിയമിച്ചു സർവീസിൽ ഇരുന്നതന്നെ നരക്കുന്നതിനുപോലും ഇടയായിട്ടുള്ള അനേകം വരയാധികന്മാരുടെ മേലധികാരികൾ ആക്കുകയും ചെയ്തുവരാറുണ്ടല്ലോ. അതുമൂലം ചില ആളുകൾക്കു ചില വല്ലായ്മ ഉണ്ടായി എന്നു വരുന്നുക്കാം. എന്നാൽ അതു ഒഴിച്ചുകൂടുവാൻ പാടുള്ളതല്ല. അതിനാൽ ഡിപ്പാർട്ടുമെണ്ടിലുള്ള ജോലിയെസംബന്ധിച്ചു പരിചയം സിദ്ധിച്ചിരിക്കണം. എന്നുള്ള ബുദ്ധിമുട്ടിനെ ഏതുപ്രകാരമെങ്കിലും ഇല്ലാതാക്കാൻ കഴിയുമെന്നുള്ളപക്ഷം സ്ഥാനമുള്ളുള്ള അക്കൌണ്ടൻറന്മാർക്കു മനോവ്യഥക്കു ഇടയാകുമെന്നുള്ള സംഗതിയെ ആളുകളെ ഡിപ്പാർട്ടുമെണ്ടിനുവെളിയിൽനിന്നും നേരിട്ടു പാർവത്യകാരന്മാരായി നിയമിക്കണമെന്നു പറയുന്നതിനു എതിരായിട്ടുള്ള ഒരു വാദമുഖമായികൊണ്ടുവരുവാൻ പാടുള്ളതല്ല എന്നാണു എന്റെ അഭിപ്രായം. പാർവത്യകാരന്മാർക്കു വളരെ വലിയ ശമ്പളം ഇരുന്നുവരികിലും അവർക്കു വളരെ അധികാരമുണ്ടെന്നുള്ളതിനെ എല്ലാപേരും സമ്മതിക്കുമെന്നു എനിക്കു ഉറപ്പുണ്ട്. മിക്ക ആളുകളും ഗ്രാമങ്ങളിൽ വസിക്കുന്നവരാണ്. നമ്മിൽ ഓരോരുത്തർക്കും ഏതെങ്കിലും പ്രകാരത്തിൽ പാർവത്യകാരന്മാരുമായി ഇടപെടേണ്ടതായും ഉണ്ട്. മുമ്പു പറഞ്ഞതുപോലെ വോട്ടന്മാരുടെ ലിസ്റ്റ് തയ്യാറാക്കുന്നജോലി പാർവത്യകാരന്മാർ നിർവഹിക്കു—

ണതാകയാൽ ഒരു വഴിക്കു ഉദ്ദേശിച്ചപോലും നടപ്പിൽകൂടുന്നതു അവരാണു എന്നുതന്നെ പറയാം. അതിനാൽ പാർവത്യകാരന്മാർക്കുള്ള പ്രാധാന്യം ഒരു പ്രകാരത്തിലും കുറവാണെന്നു പറയാൻപാടുള്ളതല്ല. ഇപ്പോൾ പറഞ്ഞ പകുതിക്കച്ചേരികളിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയും ഒരുപോലെ സംബന്ധിക്കുമെന്നുള്ളതാണ്. സംഗതികളുടെ സ്ഥിതി ഇപ്രകാരം ആകയാൽ പകുതിക്കച്ചേരികളിൽ ഉള്ള ഉദ്യോഗങ്ങളിൽ എല്ലാ പ്രധാന സമുദായക്കാർക്കും ശരിയായ പ്രാതിനിധ്യം കൊടുക്കേണ്ടതാണെന്നുള്ളതിനെ സമ്മതിച്ചു കൊടുക്കാതെ തരമില്ല. മിസ്റ്റർ റാബിൻസൺ പറഞ്ഞതുപോലെ സ്ഥാനമുപ്പുള്ള അക്കൌണ്ടൻറന്മാരുടെ മനഃപീഡകൂടാതെ കഴിക്കണമെന്നുള്ള പ്രമാണം അനുസരിച്ചു പ്രവർത്തിക്കുന്നപക്ഷം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽപെട്ട ഒരുവനെങ്കിലും പാർവത്യകാരനാകണമെങ്കിൽ ഗ്രിക്കുകാലഴ്സ്വരെ കാത്തിരിക്കേണ്ടതായി വരുമെന്നാണു തോന്നുന്നതു്.

നേരിട്ടു നിയമിക്കപ്പെടുന്നവർക്കു ഡിപ്പാർട്ടുമെണ്ടിലെ ജോലിയുമായി സംബന്ധിച്ചു പരിചയം കാണുകയില്ലായിരിക്കുമെന്നു പറയുകയുണ്ടായല്ലോ, ശരിയായ പരീക്ഷായോഗ്യതകളെ ആസ്പദമാക്കി അതായതു സ്കൂൾ ഫൈനൽ പരീക്ഷയോ മററോ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത എല്ലാ സമുദായങ്ങളിൽനിന്നും കുറെ ആളുകളെ വീതം പ്രബേഷനറി പാർവത്യകാരന്മാരായി നിയമിക്കണം. ഇങ്ങിനെ നിയമിക്കപ്പെടുന്നവർക്കു സർവെയും മററു ആവശ്യമുള്ള വിഷയങ്ങളും പഠിക്കുന്നതിലേക്കു പ്രത്യേക ക്ലാസ്സുകൾ ഏർപ്പാടുചെയ്യണം. ആവശ്യമെന്നു തോന്നുന്നപക്ഷം പകുതിയിലെ ജോലികൾ പരിശീലിക്കുന്നതിനായി ഇവരെ അഞ്ചോ ആറോ മാസം മററു പാർവത്യകാരന്മാരുടെ കൂടെയോ അല്ലെങ്കിൽ താലൂക്കുകച്ചേരിയിലോ വേല ചെയ്യിക്കാമെന്നുള്ളതാണ്. ഇപ്രകാരം പരിശീലനം സിദ്ധിച്ചതിനുശേഷം അവരെ ഏതെങ്കിലും പകുതിയിൽ സ്ഥിരമായി നിയമിക്കാമെന്നുള്ളതുമുണ്ട്. പോലീസ് ഇൻസ്പെക്ടരന്മാരേയൊസർവയറന്മാരേയൊ പോലെ ഇവർക്കും ട്രെയിനിംഗ് നൽകുന്നതുകൊണ്ടു യാതൊരു ദോഷവും ഉണ്ടാകാനില്ല. അതിലേക്കു ഒരു പ്രത്യേക സ്കൂൾതന്നെ ഏർപ്പെടുത്തി അവിടെ ഇവരെ പരിശീലിപ്പിച്ചാലോ തരക്കേടില്ല. വനം വകുപ്പിലുള്ള ഗാർഡുകൾക്കു ഒരു പ്രത്യേകപള്ളിക്കൂടം ഉണ്ടല്ലൊ. ഇങ്ങനെ അഞ്ചോ ആറോ മാസക്കാലത്തെ പരിശീലനത്തിനുശേഷം ഇവരെ ഏതെങ്കിലും പകുതികളിൽ സ്ഥിരമായി നിയമിക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുന്നപക്ഷം പരിചയക്കുറവു എന്നുള്ള ദുഷ്യത്തെ പരിഹരിക്കാൻകഴിയുമെന്നാണു എൻെറ അഭിപ്രായം.

പാർവത്യകാരന്മാരായി ആളുകളെ പുറമെനിന്നും നേരിട്ടു നിയമിക്കണമെന്നുള്ള പ്രമാണത്തെ സ്വീകരിക്കുന്നപക്ഷം മിക്ക പാർവത്യകാരന്മാരും അവരവരുടെ പകുതികളിലേക്കു നൂതനന്മാരായിരിക്കും എന്നും തൻമൂലം അവരുടെ ജോലിയെ തൃപ്തികരമായ വിധത്തിൽ നിർവഹിക്കാൻ സാധിക്കയില്ലെന്നും ഉള്ള വാദത്തെപ്പററി നോക്കുന്നപക്ഷം ഇപ്പോൾതന്നെ പാർവത്യകാരന്മാരെ ഒരു പകുതിയിൽനിന്നും മററൊരു പകുതിയിലേക്കു ധാരാളമായി സ്ഥലം മാററിവരാറുള്ളതുകൊണ്ടു മേൽപറഞ്ഞ വാദത്തിനു യാതൊരു വിലയും ഇല്ലെന്നുതന്നെയാണ് എനിക്കു തോന്നുന്നതു. ഡിപ്പാർട്ടുമെണ്ടിലെ സങ്കേതങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞാൽപിന്നെ അവരെ ഏതു പകുതിയിൽ നിയമിച്ചിരുന്നാലും ആ പകുതിയിലെ സ്ഥിതികൾ മനസ്സിലാക്കുന്നതിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. അതിനാൽ ഡിവിഷൻ കച്ചേരികളിലും താലൂക്കുകച്ചേരികളിലും പ്രവർത്തിക്കച്ചേരികളിലും ഉള്ള ഉദ്യോഗങ്ങളിൽ ന്യായമായ ഒരു ഭാഗം ഓരോ സമുദായങ്ങൾക്കും നൽകേണമെന്നുള്ളതിനെ സമ്മതിക്കുന്നപക്ഷം ഞാൻ മുൻപു പറഞ്ഞതുപോലെയൊ അല്ലാത്തപക്ഷം ഗവർണ്മെണ്ടിനൊ ചാൻസ്ററവന്ന്യുകമ്മീഷണർക്കോ തോന്നാവുന്ന മറെറാരു തരത്തിലോ വേണ്ട രക്ഷാമാർഗ്ഗങ്ങൾ നിശ്ചയിച്ചതിനുശേഷം ഏതെങ്കിലുംപ്രകാരത്തിൽ നേരിട്ടു നിയമനം നടത്തുന്നതുകൊണ്ടു യാതൊരുപ്രകാരത്തിലും ദോഷമുണ്ടാകാനില്ലെന്നാണു എൻെറ അഭിപ്രായം. ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു സർവീസിൽ ഇരിക്കുന്ന സ്ഥാനമുപ്പുള്ളവർക്കു വളരെ ദോഷമുണ്ടാകുന്നു എന്നുള്ളവാദത്തിനും മാറുള്ള ഡിപ്പാർട്ടുമെൻറുകളിലും ഇങ്ങിനെ ധാരാളം ചെയ്തുവരാറുള്ളതുകൊണ്ടു യാതൊരു വിലയും കല്പിക്കാൻ പാടുള്ളതല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): സർവീസിൽ ഇരിക്കുന്ന ആളുകളുടെ രക്ഷയെ ആസ്പദമാക്കി ചാൻസ്ററവന്ന്യു ഡിപ്പാർട്ടുമെണ്ടിൽ പുതുതായി ആൾ നിയമിക്കുന്നതിലും കയററം കൊടുക്കുന്നതിലും ഇപ്പോൾ സ്വീകരിച്ചിട്ടുള്ള പ്രമാണത്തെത്തന്നെ മേലാൽ വച്ചുകൊണ്ടിരിക്കണമെന്നു മിസ്റ്റർ റാബിൻസണു വളരെ താല്പര്യമുള്ളതുപോലെ തോന്നുന്നു. അതുകൊണ്ടു പാർവത്യകാർ ഉദ്യോഗത്തിനുപോലും വെളിയിൽനിന്നും നേരിട്ടു ആളുകളെ നിയമിക്കുന്ന വിഷയത്തിൽ അദ്ദേഹം അനുകൂലാഭിപ്രായക്കാരനല്ല. പാർവത്യകാരുദ്യോഗത്തിൽ സമുദായ പ്രാതിനിധ്യം വേണമെന്നു ജനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ബഹളത്തിൻെറ സ്ഥിതിക്കു നേരിട്ടു ആളുകളെ നിയമിക്കേണ്ടതു അത്യാവശ്യമാണെന്നാണു എനിക്കു തോന്നുന്നതു്. അക്കൌണ്ടൻറന്മാരുടെ അവകാശങ്ങളെപററി നോക്കുന്നപക്ഷം ഈ ഉദ്യോഗങ്ങളിൽ ഏതെങ്കിലും ഒരു നിശ്ചിതശതമാനം സ്ഥാനമുപ്പുള്ള അക്കൌണ്ടൻറന്മാർക്കായി പ്രത്യേകമായി ഒഴിച്ചിട്ടുകൂടുന്നതു യുക്തമായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു്. ശേഷമുള്ള അധികം ശതമാനവും അതായതു ഏകദേശം ൭ ൪ ശതമാനത്തോളം നേരിട്ടു നിയമിക്കപ്പെടുന്നവർക്കായുംമാററിവയ്ക്കാമെന്നുള്ളതാണ്. മി. മാത്തൻമാപ്പിള പറഞ്ഞതുപോലെ നേരിട്ടുനിയമിക്കുന്നവരെ പ്രബേഷനറന്മാരായി എടുത്തു പ്രത്യേകപരിശീലനം കൊടുക്കുന്നപക്ഷം കാര്യക്ഷമതയ്ക്കു യാതൊരു കുറവും വരാതെ സൂക്ഷിക്കാമെന്നുള്ളതാണു എൻെറയും അഭിപ്രായം.

മി. മാത്തൻമാപ്പിള പറഞ്ഞതായ മറെറാരു കാര്യം പാർവത്യകാരന്മാരുടെ സ്ഥലംമാററത്തെക്കുറിച്ചാണല്ലൊ ഇവരെ ഇവരുടെ സ്വന്തദിക്കുകളിൽതന്നെ നിയമിക്കുന്നതു എല്ലായ്പോഴും നന്നായിരിക്കുമെന്നാണു എൻെറ അഭിപ്രായം. ഇവരുടെ ജോലി സ്ഥലനിവാസികളുമായി വളരെ ബന്ധപ്പെട്ടിട്ടുള്ള തന്നാണ്. പ്രാദേശിക സ്ഥിതികളെപ്പററിയുള്ള ഒരു ഗാഢമായ പരിജ്ഞാനം അവർക്കു വളരെ ഉപയോഗപ്രദമായിരിക്കുന്നതുമാണ്. അതിനാൽ നിവൃത്തിയുള്ളിടത്തോളം പാർവത്യകാരന്മാരെ അവരുടെ സ്വന്തനാടുകളിൽതന്നെ നിയമിക്കണമെന്നാണു എൻെറ അഭിപ്രായം.

ഈ സന്ദർഭത്തിൽ പാർവത്യകാരന്മാരുടെ ശമ്പളത്തെപററിക്കൂടി ഞാൻ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. മിതവ്യയത്തെ ആസ്പദമാക്കി പ്രൊഫസരന്മാരുടെ ശമ്പളം കുറക്കാവുന്നതാണെന്നു ഞാൻ ഇന്നലെ പറയുകയുണ്ടായല്ലൊ. എന്നാൽ സർവീസിലുള്ള താണതരം ഉദ്യോഗസ്ഥന്മാരുടെ കാര്യം ആലോചിച്ചു നോക്കുമ്പോൾ അവരുടെ ജീവിതസന്ധാരണത്തിനു അത്യന്തമപേക്ഷിതമായിട്ടുള്ളവയ്ക്കുകിലും മതിയാകുന്ന ഒരു ശമ്പളം അവർക്കു

കൊടുക്കേണ്ടതു അത്യാവശ്യമാകയാൽ വളരെ കുറഞ്ഞ ശമ്പളക്കാരായ പാർശ്വത്യക്കാരന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കേണ്ടതാണെന്നു ഞാൻ ബലമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. അവർ ചെയ്യേണ്ട ജോലിയുടെ പ്രാധാന്യവും വലിപ്പവും നോക്കുന്നപക്ഷം ഇപ്പോൾ അവർക്കു കിട്ടിവരുന്ന ശമ്പളം തുലോം ഇല്ലാതാണ്. ഈ സ്ഥിതിക്കു അവർക്കു കൂടുതൽ ശമ്പളം നൽകേണ്ടതാണെന്നു വീണ്ടും അഭിപ്രായപ്പെടുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി. വി. സുബ്ബയ്യർ (നിയമിതമെമ്പർ) (മിച്ചക്കുട്ടി പ്രസിഡന്റ്): പാർശ്വത്യക്കാരന്മാരെ ഇപ്പോൾ പുറമെയിന്നും ആൾക്കിട്ടു നിയമിക്കാറില്ലെന്നും അക്കൗണ്ടന്റന്മാർക്കു കയറ്റം കൊടുത്തു പാർശ്വത്യക്കാരന്മാർ ആകുന്നതു മാത്രമെ ഉള്ളു എന്നും പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ നിന്നും ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടന്റന്മാർ അവകാശക്രമം അനുസരിച്ചു പാർശ്വത്യക്കാരന്മാർ ആകുന്നതാണു എന്നും ആണു മി. റാബിൻസൺ പറഞ്ഞതിൽ നിന്നും ഞാൻ മനസ്സിലാക്കിയതു. ഇതിനു മറുപടി പറയുന്നു നേരിട്ടു ആളുകളെ നിയമിച്ചാൽ എന്താണു എന്നു ഒരു ചോദ്യമാണുണ്ടായതു്. എന്റെ വ്യക്തിഗതാഭിപ്രായം നോക്കുന്നപക്ഷം എനിക്കു ഇതിൽ യാതൊരു വിരോധവുമില്ല. എന്നാൽ മി. മുഹമ്മദ് മാപ്പിള കൊണ്ടുവന്നിട്ടുള്ള ഭേദഗതി ശരിയായില്ല എന്നുള്ളതിനെ ചൂണ്ടിക്കാണിക്കണമെന്നു ഞാൻ വിചാരിക്കുന്നു. വക്കീലന്മാരെ നേരിട്ടു ജഡ്ജിമാരായി നിയമിക്കുന്നതുകൊണ്ടു സർവീസിലിരിക്കുന്നവർക്കു ദോഷം നേരിടുന്നതായി അദ്ദേഹം സൂചിപ്പിച്ചുവല്ലോ. വക്കീലന്മാർ സന്നദ്ധരെടുക്കുന്നതുകൊണ്ടു നീതിന്യായ പരിപാലനത്തിൽ ശരിയായി പങ്കുകൊള്ളുന്നവരാണെന്നും ജഡ്ജിമാരായി നിയമിതരാകുന്നതുവരെ അവർക്കു നീതിന്യായ പരിപാലനവിഷയത്തിൽ വേണ്ട പരിജ്ഞാനം ഉണ്ടായിക്കൊണ്ടിരിക്കയാണെന്നും അവർക്കു നിയമത്തെസംബന്ധിച്ചു നാട്ടുകാരുടെയുള്ള സകല സംഗതികളും അറിവുള്ളവരായിരിക്കുന്നതാണെന്നും ഉള്ള സംഗതികൾ അദ്ദേഹം തീരെ കാണാതെപോയി.

മി. കെ. സി. മുഹമ്മദ്മാപ്പിള (കച്ചവടവും കൈത്തൊഴിലും സംഖ്യക്കാരുടെ പ്രതിനിധി): ഇൻഡ്യൻ സിവിൽസർവീസിൽ നടപ്പിലിരിക്കുന്ന നേരിട്ടുള്ള നിയമനത്തെ സംബന്ധിച്ചു മി. സുബ്ബയ്യർക്കു എന്താണു പറഞ്ഞുകൂടാത്തതു എന്നു അറിഞ്ഞാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (നിയമിതമെമ്പർ: ഡെപ്യൂട്ടിപ്രസിഡന്റ്) അതെപ്പററിതന്നെയാണു ഞാൻ അടുത്തതായി പറയാൻപോകുന്നതു.

ജഡ്ജിമാരായി നിയമിക്കപ്പെടുന്ന വക്കീലന്മാർക്കു നീതിന്യായപരിപാലന വിഷയത്തിൽ വേണ്ട പരിജ്ഞാനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും അവർക്കു നാട്ടുകാരുടെയുള്ള നിയമത്തെ സംബന്ധിച്ചു സമ്പൂർണ്ണമായ ഒരു പരിജ്ഞാനം ഉള്ളതുകൊണ്ടും വക്കീലന്മാരുടെ ഇടയിൽനിന്നു ആളുകളെ ജഡ്ജിമാരായി നിയമിക്കുന്നതിനെസംബന്ധിച്ചു പുറപ്പെടുവിച്ച വാദം പിശകായിപ്പോയി.

മെസ്സ്. സി. എസ്സ്. പരീക്ഷാവിജയിതരെ സംബന്ധിച്ചു നോക്കുന്നപക്ഷം അവിടെ തിരഞ്ഞെടുപ്പിനു അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള പ്രമാണം എന്തെന്നു എന്റെ സ്നേഹിതൻ മറന്നുപോയിരിക്കുന്നു. മി. എം. കെ. പിള്ള പറഞ്ഞതുപോലെ അവർ വിദ്യാഭ്യാസനിലവാരത്തിനു ഏററവും കൂടുതലായ ആദരവു കൊടുക്കണമെന്നു അവർക്കു താല്പര്യമുള്ളതിനാൽ ഇന്ന മത്സരപരീക്ഷകൾ നടത്തി ഏററവും യോഗ്യന്മാരെന്നു കാണുന്ന ആളുകളെ അവർ തിരഞ്ഞെടുക്കുന്നു. എന്നാൽ ഇവിടെ ഒരു നേരിട്ടു നിയമനം നടത്തണമെന്നു പറയുന്ന ആളുകൾ മത്സരപരീക്ഷകൾ നടത്തുന്ന കാര്യത്തിൽ വിപരീതാഭിപ്രായക്കാരായിട്ടാണു കാണുന്നതു. പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ നിന്നും ആളുകളെ നിയമിക്കണമെന്നു മാത്രമെ അവർക്കു ആഗ്രഹമുള്ളു. അവർ പറയുന്നതു പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നു ആളുകളെ നേരിട്ടു പാർശ്വത്യക്കാരന്മാരായി നിയമിക്കണം എന്നാണ്. ഇൻഡ്യൻ സിവിൽ സർവീസിന്റെ ഗൗരവസ്വഭാവം എടുത്തു സ്ഥാനമുള്ളപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മേലധികാരികളായി നിയമിക്കുന്നതിനുള്ള കാരണം. ആ ഉദ്യോഗങ്ങളിൽ നിയമിതരാകാൻ ഏററവും കൂടുതൽ യോഗ്യതയുള്ളവർ അവർതന്നെയാണെന്നു് ഇന്ന മത്സരപരീക്ഷകൾ മുഖാന്തരം വെളിപ്പെട്ടിട്ടുള്ളതുകൊണ്ടാണെന്നു ഞാൻ മുമ്പു തന്നെ പറഞ്ഞുവെല്ലോ. ഇവിടെ ഈ വിഷയത്തെസംബന്ധിച്ചു സമുദായ പ്രാതിനിധ്യം എന്നാണു ചോദ്യമേ ഇല്ല. ഇവിടെ നേരിട്ടു ആളുകളെ നിയമിക്കണമെന്നു പറയുന്നപക്ഷം മത്സരപരീക്ഷകൾ നടത്തുന്ന വിഷയത്തിനു വിപരീതാഭിപ്രായക്കാരാണ്. അതിനാൽ ഇ. ഗവർണ്മെന്റിലും ഉദാഹരണം തെറ്റിയാണെന്നു എനിക്കു തോന്നുന്നില്ല. അതിനിടെ സമുദായ പ്രാതിനിധ്യം വേണമെന്നു് നമ്മേക്കൊണ്ടു പറയുമ്പോൾ സമുദായപ്രാതിനിധ്യം എന്ന പ്രമാണത്തെ അടിസ്ഥാനമാക്കിയുള്ള നിയമനം സർവീസിന്റെ ഏററവും കാര്യക്ഷമതയെ ഇടിക്കുന്നതാണെന്നും നമ്മുടെ സമ്മതം കൂടാതെ നടക്കുന്നതാണെന്നു എന്നു ഞാൻ പറയുന്നതു. ഇതിക്കൽ അവരെ നിയമിച്ചുകഴിഞ്ഞാൽ കയറ്റത്തെസംബന്ധിച്ചുള്ള സാധാരണ നിയമങ്ങൾക്കു അവരും അധീനന്മാരായിരിക്കണമെന്നല്ലാതെ അവർക്കു യാതൊരു പ്രത്യേക അവകാശങ്ങളും നൽകുവാൻ പാടുള്ളതല്ല.

മി. എ. ജെ. ജോൺ (വൈക്കം): എനിക്കു മറുപടിയായി അധികം ഒന്നും പറയാനില്ല. ഈ ഭാഗത്തുനിന്നും സംസാരിച്ച മെമ്പറന്മാരെ അധികവും ഏതെ അനുകൂലിക്കയല്ലെന്നു ചെയ്തതു്. അക്കൗണ്ടന്റന്മാർക്കു പാർശ്വത്യക്കാരന്മാരായി കയറ്റം കൊടുക്കേണ്ടിയിരുന്നതാണു പാർശ്വത്യക്കാരന്മാരായി പുറമെനിന്നും ആളുകളെ മുമ്പിട്ടു നിയമിക്കാൻ സാധ്യതയില്ല എന്നു മിസ്റ്റർ റാബിൻസൺ ആദ്യം പറഞ്ഞു. ഈ ഉദ്യോഗത്തിലേക്കു വേണ്ട യോഗ്യതകൾ ഉള്ള അപേക്ഷകന്മാർ ഉണ്ടെങ്കിൽ മുൻപറഞ്ഞ നയം സ്വീകരിക്കാൻ പാടില്ലായിരുന്നു എന്നു രണ്ടാം പ്രസംഗം അങ്ങിനെ ചെയ്തപ്പോൾ. അക്കൗണ്ടന്റന്മാരുടെ ന്യായമായ അവകാശങ്ങളെ അപഗണിക്കേണ്ടതായി വരുമെന്നും അതു തീരെ ന്യായരഹിതമായ ഒരു പ്രവൃത്തിയായി തീരുമെന്നും ആണു അദ്ദേഹം മറുപടിപറഞ്ഞതു. അദ്ദേഹത്തിന്റെ സദുദ്ദേശ്യം എനിക്കു തൃപ്തികരമായിതോന്നുന്നില്ല. പാർശ്വത്യക്കാരന്മാരായി ആളുകളെ വെളിയിൽനിന്നും നേരിട്ടു നിയമിക്കുന്നു മിസ്റ്റർ മുഹമ്മദുമാപ്പിള പറഞ്ഞതുപോലെയോ അല്ലെങ്കിൽ വേറെ ഏതുകിട്ടുപ്രകാരത്തിലോ അവർക്കു പരിശീലനം നൽകപ്പെടേണ്ടതാണെന്നാണു എന്റെ പിടിതമായ അഭിപ്രായം.

അക്കൗണ്ടന്റന്മാരുടെ കൂട്ടത്തിൽ നിന്നും പാർശ്വത്യക്കാരന്മാരെ നിയമിക്കുന്നപക്ഷം അഹമ്മദീയരുടെയായുള്ള ചില സമുദായങ്ങളുടെ പ്രതിനിധികൾക്കു എട്ടുകൊല്ലത്തേക്കെങ്കിലും പാർശ്വത്യക്കാരാകാതെയിരിക്കാം എന്നു ഇവിടെ എന്റെ ചില സ്നേഹിതന്മാർ പറയുകയുണ്ടായതല്ലോ. ആ വാദത്തിൽ

അടങ്ങിയിരിക്കുന്ന യുക്തി എന്താണെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നില്ല. പരമാർത്ഥത്തിൽ ഇപ്പോൾ പ്രാതിനിധ്യംലഭിക്കാത്ത സമുദായക്കാരുടെ കൂട്ടത്തിൽനിന്നും വളരെപ്പേർ അക്കൌണ്ടന്റന്മാരാകേണ്ടിട്ടില്ല എന്നുള്ളതു നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ആ സ്ഥിതിക്കു ഇപ്പോൾ ഇവരെ അക്കൌണ്ടന്റന്മാരായി നിയമിക്കുന്ന പക്ഷം എട്ടോ പത്തോ വർഷങ്ങൾ കഴിയുമ്പോൾ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു പാർവത്യകാർ ഉദ്യോഗത്തിൽ ശരിയായ പ്രാതിനിധ്യം ലഭിക്കുമെന്നു പറയുന്നതു എങ്ങനെയെന്നു എനിക്കു മനസ്സിലാകുന്നില്ല. പ്രാതിനിധ്യം മിനിമം ഇല്ലാത്തതു വേണ്ടുവോളം ലഭിച്ചിട്ടില്ലാത്തതു ആയ അപേക്ഷകന്മാരെ സംബന്ധിച്ചു എന്തെങ്കിലും പ്രത്യേകത കാണിക്കുന്നതാണെന്നു മി. റാബിൻസൺ പറയുന്നതിനും പറയാതെയോ കൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ നിർബന്ധപൂർവം കൊണ്ടുവരുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ജനിക്കുതിയും ആദായനികുതിയും കമ്മിഷണർ): സർ, മെമ്പാന്മാർ പറഞ്ഞതിന്റെയെല്ലാം ഞാൻ ശ്രദ്ധാപൂർവംകേട്ടു. പാർവത്യകാരന്മാരായി പുറത്തുനിന്നും നേരിട്ടു ആൾ നിയമിക്കപ്പെടേണ്ടതാണെന്നും അവർക്കുവേണ്ടി പാർവത്യകാർ ഉദ്യോഗത്തിന്റെ ഏതെങ്കിലും ഒരു വിഭാഗത്തിനു സ്ഥാനം ഒഴിച്ചിടേണ്ടതാണെന്നും ഉള്ള സംഗതികളുമായി സംബന്ധിച്ചു ഗവർണ്ണമെന്റുവേണ്ടപോലെ ആലോചിക്കുന്നുണ്ടായിരിക്കും. ഈ സ്ഥിതിക്കു മെമ്പർ ഈ ഉപക്ഷേപത്തെ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. ജെ. ജോൺ (വൈക്കം): മി. റാബിൻസൺ പറഞ്ഞ ഉറപ്പിന്മേൽ ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

൧൪൦ മുതൽ ൧൪൩ വരെ നമ്പർ ഉപക്ഷേപങ്ങൾ.

മി. കെ. ശിവരാമപ്പണിക്കർ.

൧൪൦. പ്രവൃത്തിക്കച്ചേരികൾക്കായി അനുവദിക്കപ്പെട്ടിട്ടുള്ള ൨൯൯൯൯ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. കല്ലൂർ നാരായണപിള്ള.

൧൪൧. പ്രവൃത്തിക്കച്ചേരികൾക്കായി അനുവദിച്ചിട്ടുള്ള ൨൯൯൯ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. ടി. കുമാരപിള്ള.

൧൪൨. പ്രവൃത്തിക്കച്ചേരികൾക്കായി അനുവദിച്ചിട്ടുള്ള ൨൯൯൯ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

൧. ഈ. കണ്ടുകൃഷിക്കച്ചേരികളും നെൽപ്പുരകളും.

൨. കണ്ടുകൃഷി നെൽപ്പുരകൾ.

മി. പി. കെ. നാരായണപിള്ള.

൧൪൩. വിചാരിപ്പുകാരന്മാർക്കായി അനുവദിച്ചിട്ടുള്ള ൩൯൦൦ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൪൪.

മി. കെ. കെ. തോമസ് (കോട്ടയം): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

൧൪൪. കണ്ടുകൃഷിക്കച്ചേരികൾക്കും നെൽപ്പുരകൾക്കുമായി അനുവദിച്ചിട്ടുള്ള ൨൯൫൦ രൂപയിൽനിന്നും ഒരുരൂപ കുറയ്ക്കണം.

ഒന്നരണ്ടു കണ്ടുകൃഷിനെൽപ്പുരകൾ നിർത്തൽചെയ്യുന്നതു നന്നായിരിക്കുമെന്നുള്ള സംഗതി ഈ സന്ദർഭത്തിൽ ഗവർണ്ണമെന്റിനെ ധരിപ്പിച്ചാൽകൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ബഡ്ജറ്റിനെസംബന്ധിച്ചു പൊതുവായി നടത്തപ്പെട്ട വാദപ്രതിവാദത്തിൽവച്ചു കണ്ടുകൃഷിപ്പാട്ടം നെല്ലായി കൊടുക്കേണ്ടിവരുന്നതുകൊണ്ടു കണ്ടുകൃഷി കുടിയാന്മാരെക്കൊണ്ടു വളരെ ബുദ്ധിമുട്ടു മനോദുഃഖമുണ്ടാക്കുന്നു എന്നു ഞാൻ പറയുകയുണ്ടായല്ലോ. കഴിഞ്ഞആണ്ടിൽ ഈ സഭയിൽവച്ചു ഈ സംഗതിയിൽ എന്തെങ്കിലും തീരുമാനം ചെയ്യുന്നതാണ് എന്നു ഗവർണ്ണമെന്റിൽനിന്നും ഒരുമാതിരി ഉറപ്പു പറയുകയുണ്ടായി. അപ്രകാരം ഉറപ്പുപറഞ്ഞിരുന്നതിന്റെഫലമായി എന്തെങ്കിലും ഉണ്ടാകുമെന്നു ഞങ്ങൾ വളരെ ആത്മാർത്ഥതയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ ഒരു വർഷകാലത്തോളം കഴിഞ്ഞുഎങ്കിലും കാണത്തക്കയാതൊരുഫലവും ഇതുവരെ ഉണ്ടായിട്ടില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ആക്ടിംഗ് ദിവാൻജിയുടെ അടുക്കൽ ഒരു നിയുക്തജനസംഘം ഈ സംഗതിയെപ്പററി സങ്കടംപറയാനായി പോകുകയും അവരോടു ദിവാൻജി വളരെ ആദരപൂർവം പെരുമാറുകയുംചെയ്തു എങ്കിലും സംഗതികളുടെസ്ഥിതി മുമ്പിലത്തേതിനെക്കാൾ ഒരു ഇഞ്ചുപോലും മാറിയിട്ടില്ല. ദിവാൻ മി. വി. പി. മാധവരാവു ഇനങ്ങളിൽതന്നെ കരം കൊടുത്തുവന്നിരുന്ന ഏർപ്പാടിനെ നിർത്തൽചെയ്തു നാലുമുതൽ ഇതിനെപ്പററി അന്വേഷിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. കാര്യമായ ആ ഏർപ്പാടു നടപ്പിൽ വരുത്തിയിട്ടില്ലായിരുന്നുഎങ്കിൽ കൃഷിക്കാർക്കു ഭാരതാരതപ്രകാരത്തിലും നിയന്ത്രണംചെയ്യാൻ പാടില്ലാത്തതായ സാമാനങ്ങളുടെ വിലയിൽഉണ്ടായ സീമാതീതമായ വർദ്ധനയും ധനസംബന്ധമായ സ്ഥിതിഭേദവുംകൊണ്ടു ഭൂമിയിൽ ചുമത്തിയിട്ടുണ്ടായിരുന്ന സാധാരണ കരംപോലും കൊടുക്കുന്നതുതന്നെ വളരെ ബുദ്ധിമുട്ടായിതീരുകയും തൻമൂലം നിലങ്ങളിലെ കരം കുറയ്ക്കുന്നതിനു ഏതെങ്കിലുംചെയ്യേണ്ട ആവശ്യം ഗവർണ്ണമെന്റു നേരിടുകയും ചെയ്യുമായിരുന്നേനെ. ഇപ്പോൾ നടപ്പിലിരിക്കുന്നതായ ഏർപ്പാടു ഇത്രകാലത്തേക്കും ആവശ്യമായിട്ടുള്ളതല്ല. ആ കൃഷിക്കാർക്കു ഗവർണ്ണമെന്റിനോ ഗുണകരമായിട്ടുള്ളതുമല്ല. ഉൽപ്പന്നങ്ങളിൽ നെല്ലു വീണ്ടും അളക്കുമ്പോൾ ഉണ്ടാകുവുന്ന കുറവിനെ പരിഹരിക്കുന്നതിനായി ൪ ശതമാനംനെല്ലു കൂടുതൽ അളക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇതിനെ നിർത്തൽ ചെയ്യുമാറുകൂടി ൪ ശതമാനത്തിനുപകരം ൨ ശതമാനംകണ്ടു കൃഷിവിചാരിപ്പുകാരന്മാർ പിരിച്ചുതുടങ്ങി. ഇങ്ങനെ ആവശ്യപ്പെടുന്നതിൽ വളരെകൂടുതൽആണല്ലോ. കണ്ടുകൃഷിവസ്തുക്കൾക്കു ആകെയുള്ള പാട്ടം സുമാർ ൨൦൦൦ പറനെല്ലും മേൽപ്പറഞ്ഞപ്രകാരം കൂടുതൽ ആണെന്നോടാണു പിരിക്കുന്നതു ൨൫൦൦൦-ൽ ചില്വാനമുപ്പറ നെല്ലിൽ കൂടുതലുണ്ടാണ്.

ഈ നെല്ലുമുഴുവനും പെൻഷൻകൊടുക്കുന്നതിനും കൊട്ടാരത്തിലെ ആവശ്യങ്ങൾക്കും ആയി ചിലവാക്കുകയുംഅല്ല ഗവർണ്ണമെന്റു ചെയ്തുവരുന്നതു. ഈവകച്ചിലവുകൾകഴിഞ്ഞു മിച്ചംവരുന്ന നെല്ലിനെ അവർ ലേലം ചെയ്യുന്നു. ലേലത്തിൽകൊണ്ടതിനു ഒന്നാം രണ്ടാം ചക്രംവീതം നഷ്ടപ്പെടുന്നുണ്ടു. ഇതിനും പുറമേ നെല്ലുകൊടുക്കുന്ന പരിപാടിയിൽ [illegible] ൦൦൦ രൂപാവരാറും ചിലപ്പോൾ [illegible] കുടിയാന്മാരുടെ [illegible] ഉള്ളതുകളുമുണ്ടു. മററു [illegible] ഇ [illegible] ഈ [illegible] ഇപ്പോൾ നടപ്പിലിരിക്കുന്ന [illegible] നിർത്തൽചെയ്യുന്നതിനു [illegible] എന്തെങ്കിലും ഒരു മാർഗ്ഗം [illegible] എന്നു ഞാൻ ഗവർണ്ണമെന്റിനോടു അഭ്യർത്ഥിക്കുകൊള്ളുന്നു. കുണ്ടുകുഴികുടിയാന്മാരിൽ ചിലർ [illegible] വിചാരിപ്പുകാരുടെ സൌകര്യത്തിനുവേണ്ടി [illegible] നെല്ലിനെ ചാക്കുകളിൽകെട്ടി നെൽപ്പുരകളിൽകൊണ്ടുപോയി കൊടുക്കേണ്ടതായും വരാറുണ്ടു. ഗവർണ്ണമെന്റിനു ശ്രദ്ധ പതിപ്പിക്കേണ്ടതായ ഒരു പ്രധാന സംഗതിയാണ്ഇതു്. ലേലത്തിൽ പുഴുക്കനെല്ലിനു നടപ്പിലുള്ളതായ നിരക്കുവിലയനുസരിച്ചു കുടിയാന്മാർ കൊടുക്കേണ്ടുന്ന കരാർ പണമായി കണക്കാക്കേണ്ടതാണെന്നാണു ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നതു്. ഇതിനെ ഗവർണ്ണമെന്റിൽനിന്നു അനുകൂലിക്കുന്നപക്ഷം ഇപ്പോൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുടിയാന്മാർക്കു ഇതു ഒരു വലിയ അനുഗ്രഹം ആയിരിക്കും എന്നാണു ഞാൻ പറയുന്നതു്.

മി. എസ്. സി. ഡബ്ല്യു. റാബിൻസൺ (ജുഡിഷ്യലും അഡമിനിസ്ട്രേറ്റീവും കമ്മീഷണർ): ഈ സംഗതി പുഴുക്കുത്തിൽ കിടക്കുകയാണ്. അധികം താമസിയാതെ ഏതെങ്കിലും ഒരുപ്രകാരത്തിൽ തീരുമാനിക്കയുംചെയ്യുന്നതായിരിക്കും. എത്രയുംവേഗത്തിൽ ഈ സംഗതി തീർക്കുന്നതിനു ഞങ്ങൾ കഴിയുന്നത്ര ശ്രമിക്കുന്നുണ്ടു്.

മി. കെ. കെ. തോമസ് (കോട്ടയം): നെല്ലിനെ പണമായി കണക്കാക്കുന്നതു നടപ്പിലിരിക്കുന്ന നിരക്കുവിലയനുസരിച്ചുവേണം എന്നുഞാൻ പറഞ്ഞതിനെസംബന്ധിച്ചു ചാൻസ്ലറവന്യൂകമ്മീഷണർക്കു എന്തെങ്കിലും വിചാരിക്കാൻ പ്രായം ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. ഡബ്ല്യു. റാബിൻസൺ (ജുഡിഷ്യലും അഡമിനിസ്ട്രേറ്റീവും കമ്മീഷണർ): ഈ സംഗതി എഴുതുകുത്തിൽ കിടക്കുന്നതേയുള്ളു. ഈ സ്ഥിതിക്കു ഇതേസംബന്ധിച്ചു യാതൊന്നും തീരുമാനമായി പറവാൻ ഇപ്പോൾ നിവൃത്തിയില്ല. ഇടയ്ക്കുവെച്ചു ആലോചിക്കുന്നതായിരിക്കും എന്നുമാത്രമേ ഇപ്പോൾ പറവാൻ തരമുള്ളു. തീരുമാനമായ ഒരു മറുപടിപറവാൻ ഇപ്പോൾ നിവൃത്തിയില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഈ സംഗതിയിൽ ഗവർണ്ണമെന്റിന്റെ ശ്രദ്ധ പരിഞ്ഞിട്ടുണ്ടെന്നു മി. റാബിൻസൺ പറഞ്ഞറിഞ്ഞുഎങ്കിലും ഈ സംഗതിയെസംബന്ധിച്ചു ഈ സഭക്കുള്ള അഭിപ്രായം എന്തെന്നറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ ഈ സഭയിലെ മെമ്പറന്മാരുടെ അഭിപ്രായം അറിയണമെന്നു ഞാൻ പ്രസിഡണ്ടിനോടു അപേക്ഷിച്ചുകൊള്ളുന്നു.

പ്രസിഡണ്ടു: ഈ സംഗതിയിൽ എന്തെങ്കിലും ഒരു മാറ്റം വരുത്തേണ്ടതാണെന്നുള്ള കാര്യം ഗവർണ്ണമെന്റിന്റെ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുണ്ടെന്നും അവർ ഈ സംഗതിയിൽ വളരെ പ്രവൃത്തിച്ചുകഴിഞ്ഞിരിക്കുന്നു എന്നുംആണ് എന്റെ അറിവു. ഗവർണ്ണമെന്റു ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ചു ഈ മാററം നടപ്പിൽ വരുത്തുന്നതിനു ഒരു മാർഗ്ഗം കണ്ടുപിടിക്കാനായി യത്നിച്ചു പരിശ്രമിക്കയാണ്.

മി. കെ. കെ. തോമസ് (കോട്ടയം): സംഗതിയുടെ സ്ഥിതി ഇപ്രകാരംഎല്ലാം കേട്ടതിൽ ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡണ്ടു: ഉപക്ഷേപം പിൻവലിക്കാൻ മി. തോമസിനെ ഈ സഭ അനുവദിക്കുന്നോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ക. ജി. റവന്യൂസർവ്വേ.

ക്ക ൪-൦ ക്ക ൧൭-ം നമ്പർ ഉപക്ഷേപങ്ങൾ.

മെമ്പറന്മാർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെടാത്തവയായി ഗണിക്കപ്പെട്ടു.

മി. കെ. മാധവൻപിള്ള.

ക്ക ൪. എസ്റ്റാബ്ലിഷ്മെന്റിനു അനുവദിച്ചിട്ടുള്ള നൂറ്റമ്പതു രൂപായിൽനിന്നു ക്ക ൦ രൂപാ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

ക്ക ൧൭. റവന്യൂസർവ്വെക്കായി അനുവദിച്ചിട്ടുള്ള [illegible] രൂപായിൽനിന്നു ക്ക ൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ക്ക ൧൭.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

ക്ക ൧൭. മൂന്നാംനമ്പർ ഡിമാൻഡിൻകീഴിൽ അനുവദിച്ചിട്ടുള്ള വൃഥാചെലവു രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണം.

ഇങ്ങിനെ ഒരു രൂപ കുറയ്ക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതിന്റെ ഉദ്ദേശം ചാൻസ്ലറവന്യൂ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗങ്ങളിലും [illegible] നിയമിക്കുന്നവിഷയത്തിൽ ഗവർണ്ണമെന്റിന്റെ ഗാഢമായശ്രദ്ധ പതിയേണ്ടതു എത്രയും ആവശ്യമായിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കാനാണ്. ബന്ധുക്കൾക്കുസംബന്ധിച്ചുള്ള പൊതുവിർമ്മാണത്തിൽ ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനെസംബന്ധിച്ചു പ്രത്യേകതരമായി വാദപ്രതിവാദം നടന്നതായിട്ടുള്ളതുകൊണ്ടും ഇതുസംബന്ധിച്ചുള്ള പൊതുപ്രമാണങ്ങളെപ്പററിയും ചർച്ചചെയ്തുകഴിഞ്ഞിരിക്കുകൊണ്ടും ഞാൻ അധികംസമയം വ്യയംചെയ്യണമെന്നു വിചാരിക്കുന്നില്ല. എന്റെ ഉപക്ഷേപം വളരെ പൊതുവായതാണ്. [illegible] ആൾക്കാരുടേയും പക്ഷത്തിക്കക്ഷേരികളിലെ ജീവനക്കാരുടേയും കാര്യങ്ങളെസംബന്ധിച്ചുമാത്രമെ വാദപ്രതിവാദങ്ങൾ നടത്തിക്കഴിഞ്ഞിട്ടുള്ളുല്ലോ. എന്നാൽ

ലാൻഡ്‌റവന്യൂ ഡിപ്പാർട്ടുമെണ്ടിലുള്ള മററു ഉദ്യോഗസ്ഥന്മാരുടെ വിഷയത്തിലും അതേപ്രമാണംതന്നെ പററുന്നതാണെന്നാണ് എന്റെ അഭിപ്രായം. റവന്യൂദേവസ്വം വിഭജനം കഴിഞ്ഞിട്ടു ഇപ്പോൾ നാലു വർഷത്തിനു മേലായി.

മി. വി. സുബ്ബയ്യർ (നിയമനിർമ്മാണസഭാമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): തഹശീൽദാരന്മാരേയും പാർവ്വത്യക്കാരന്മാരേയുംപററിയുള്ള പാരമ്പര്യവിവാദങ്ങൾ കഴിഞ്ഞിരിക്കുന്നസ്ഥിതിക്കു പേഷ്കാരന്മാരേയും ലാൻഡ്‌റവന്യൂകമ്മിഷണറേയും നിയമിക്കുന്ന വിഷയത്തിൽ ആയിരിക്കാമോ മെമ്പറിനു പരാതിയുള്ളതു്. (ചിരി)

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പിരമേടു): ലാൻഡ്‌റവന്യൂകമ്മിഷണർ ഒരുദ്യോഗസ്ഥൻമാത്രം ആയതുകൊണ്ടു എനിക്കു ആ ഉദ്യോഗസ്ഥനെ സംബന്ധിച്ചു യാതൊരുപരാതിയും പറവാനില്ല. പേഷ്കാരന്മാരെ ലാൻഡ്‌റവന്യൂകമ്മിഷണറും മാത്രമല്ല, ലാൻഡ്‌റവന്യൂകമ്മിഷണറുടേയും പേഷ്കാരന്മാരുടേയും ആഫീസുകളിലുള്ള ഗുമസ്തന്മാരുൾക്കു ലാൻഡ്‌റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ ഉൾപ്പെട്ടവരാണല്ലോ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇതിൽ ശിപായിമാർകൂടി ഉൾപ്പെടുന്നില്ലയോ എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പിരമേടു): അവർക്കുകൂടി ഇതിൽ ഉൾപ്പെടുന്നുണ്ടു. അതേപ്പററി ശക്തിമത്തായി ഞാൻ പറയുന്നുമുണ്ടു. ഈ സംഗതിയെസംബന്ധിച്ചുള്ള വാദപ്രതിവാദം മെമ്പറന്മാർ മിക്കവാറും ചെയ്തുതീർത്തിരിക്കുന്നതിനാൽ ഈ ഉപക്ഷേപത്തെസംബന്ധിച്ചു അധികസമയം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. റവന്യൂഡിപ്പാർട്ടുമെൻറിൽ പൊതുവായുള്ള നിയമനങ്ങളെ സംബന്ധിച്ചു ഗവർണ്ണർക്കുള്ള ഗുണമായ ശ്രദ്ധ പതിയേണ്ടതാണെന്നു കാണിക്കുന്നതിനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു. റവന്യൂദേവസ്വം വിഭജനംകഴിഞ്ഞിട്ടു ഇപ്പോൾ ൪ വർഷത്തിനുമേൽ ആയിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നതു. ഇത്രയും കാലമായിട്ടും ഒരു ഈഴവനെപ്പോലും പേഷ്കാരായി നിയമിച്ചിട്ടില്ല. ഒരു കൃസ്ത്യാനെ പേഷ്കാരായി നിയമിച്ചതിൽ ഗവർണ്ണരിനോടു ഞാൻ ഏറ്റവും നന്ദിയുള്ളവനായിരിക്കുന്നതാണ്. ഈഴവർ തിരുവിതാംകൂറിലെ ജനസംഖ്യയിൽ ഒരു വലിയ വിഭാഗമാണെന്നും അവരുടെ സമുദായത്തിൽപ്പെട്ട ഒരുവനെ പേഷ്കാരായി നിയമിക്കേണ്ടതാണെന്നുള്ള വിഷയത്തിലേക്കു ഗവർണ്ണരുടെ ശ്രദ്ധയെ അവർക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുകയാണെന്നും ഉള്ള സംഗതിപററി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇപ്പോൾ ഇതുതന്നെ ഈഴവരിൽനിന്നോ മഹമ്മദീയരിൽനിന്നോ ആരേയെങ്കിലുമോ ഇതേവരെ അസിസ്റ്റൻറുപേഷ്കാരന്മാരായി നിയമിച്ചിട്ടില്ലെന്നുള്ള സംഗതിയും ഞാൻ ഗവർണ്ണരുടെ ശ്രദ്ധക്കു വിഷയമാക്കിക്കൊള്ളട്ടെ. അതിനാൽ ഞാൻ ഗവർണ്ണരുടെ ശ്രദ്ധക്കു വിഷയമാക്കുന്നതു എന്തെന്നാൽ ഈ സംഗതികളെപ്പററി ഗൌരവമായി ആലോചിക്കേണ്ടതാണെന്നാണ്. പേഷ്കാരന്മാർ അസിസ്റ്റൻറു പേഷ്കാരന്മാർ മുതലായ ഉദ്യോഗങ്ങളിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങൾക്കു നിയമിക്കുന്നതിലേക്കായി ഗൌരവതരമായി എന്തെങ്കിലും പ്രവർത്തിക്കുന്നതിനു ഗവർണ്ണരിനു മനസ്സുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടകൈത്തൊഴിൽ സംഘങ്ങൾക്കു വടക്കൻ മെമ്പർ): ഒഴിവുകളിൽ ആളുകളെ നിയമിക്കുന്നതിനെപ്പററിയുള്ള ചട്ടത്തിനു വിപരീതമായി പ്രവർത്തിച്ചിട്ടുള്ളവരാണെന്നു ഗവർണ്ണരുതന്നെ സമ്മതിക്കുന്നതായ ഉദ്യോഗസ്ഥന്മാരുടെ മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോഎന്നു ആദ്യമായി ലാൻഡ്‌റവന്യൂകമ്മിഷണരുടെ അടുക്കൽനിന്നും അറിഞ്ഞുകൊള്ളാമെന്നു ആഗ്രഹിക്കുന്നു. ഒഴിവുകളിൽ ആളുകളെ നിയമിക്കുന്ന വിഷയത്തിൽ ഭിന്നസമുദായങ്ങളിൽനിന്നും അപേക്ഷകന്മാർ ഉള്ള സന്ദർഭങ്ങളിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽപ്പെട്ട അപേക്ഷകന്മാർക്കു പ്രത്യേകം പരിഗണനയാണെന്നു ഗവർണ്ണരിൽ നിന്നും സുവ്യക്തമായി പുറപ്പെടുവിച്ചിട്ടുള്ള ആജ്ഞകളെ ലംഘിക്കയോ നിന്ദിക്കയോചെയ്തു ചില ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നു ചില ചോദ്യങ്ങൾക്കു പുതിയ നിയമനങ്ങളുടെ ഇനം തിരിച്ചുള്ള ഒരു പട്ടിക സഹിതം കൊടുത്തിട്ടുള്ള മറുപടികളിൽ ഗവർണ്ണരുതന്നെ സമ്മതിച്ചിട്ടുണ്ടു. ചില ഉദ്യോഗസ്ഥന്മാർ ഈ ആജ്ഞയെ നിർബന്ധപൂർവ്വം ലംഘിച്ചിട്ടുള്ളതായും ഗവർണ്ണരു സമ്മതിച്ചിട്ടുണ്ടു.

മ. എസ്. സി. എച്ച്. റാബിൻസൺ (ധനകാര്യവും ആഭ്യന്തരനികുതിയും കമ്മിഷണർ): ഗവർണ്ണരു പറഞ്ഞിട്ടുണ്ടായിരുന്ന മറുപടി എന്തായിരുന്നു

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടകൈത്തൊഴിൽസംഘങ്ങൾക്കു വടക്കൻ മെമ്പർ): ഈ മറുപടിപററിയുള്ള ചർച്ചയുടെ സമയത്തു അദ്ദേഹമായിരുന്നു എന്നതോർക്കുന്നു

മി. എസ്. സി. എച്ച്. റാബിൻസൺ (ധനകാര്യവും ആഭ്യന്തരനികുതിയും കമ്മിഷണർ): ഗവർണ്ണരു എന്തുണ്ടുപറഞ്ഞിട്ടുള്ളതു് എന്നു എനിക്കു ശരിയായി ഓർമ്മയില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടകൈത്തൊഴിൽസംഘങ്ങൾക്കു വടക്കൻ മെമ്പർ): ഒരുരാഡിപ്പാർട്ടുമെൻറു മേധാവികളുടെ മറുപടികളുടെ പരിപൂർണ്ണമായ വിവരം അടങ്ങിയതും പട്ടികകൾ ഉള്ളതുമായ ഒരു പ്രസ്താവനയിലുമായ മറുപടിയായിരുന്നു അതു. പക്ഷേ എളുപ്പത്തിൽ മനസ്സിലാക്കുവാൻ പാടില്ലാത്തവിധത്തിൽ അഭിപ്രായാന്യൂനം ഉള്ള ഒരു പ്രമാണം ആണു അതു എന്നാണു എനിക്കു തോന്നുന്നതു.

മി. എസ്. സി. എച്ച്. റാബിൻസൺ (ധനകാര്യവും ആഭ്യന്തരനികുതിയും കമ്മിഷണർ): "നിന്ദിക്കുക" എന്നുള്ള വാക്കു ഗവർണ്ണരു ഉപയോഗിച്ചതായി ഞാൻ വിചാരിക്കുന്നില്ല. കഴിഞ്ഞയോഗത്തിൽവച്ചു നിയമനങ്ങളെ സംബന്ധിച്ചു മി. മാമ്മൻമാപ്പിള എന്തോ സംസാരിച്ചതായി ഞാൻ ഓർക്കുന്നുണ്ടു. അതേ സംബന്ധിച്ചു ഗവർണ്ണരിൽ നിന്നും സമാധാനം ചോദിച്ചിട്ടുണ്ടെന്നും വേണ്ടതു ചെയ്യുന്നുണ്ടെന്നും ഗവർണ്ണരു പറഞ്ഞതായും ഞാൻ ഓർക്കുന്നു. എന്നാൽ "നിന്ദിക്കുന്നു" എന്ന ഒരു വാക്കു ഗവർണ്ണരിൽനിന്നും ഉപയോഗിച്ചതായി ഞാൻ ഓർക്കുന്നതേ ഇല്ല.

മി. കെ. സി. മാത്തൻമാപ്പിള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെമ്പർ): നവണ്മെണ്ടു "നിന്ദിക്കുന്നു" എന്ന വാക്കു ഉപയോഗിച്ചതായി ഞാൻ പറഞ്ഞില്ല. ഇതിനു ഇല്ലാമയിരുന്നു എന്നു മാത്രമാണ് ഞാൻ സൂചിപ്പിച്ചതു്.

മി. എസ്. സി. എച്ച്. റോബിൻസൺ (ആനക്കാട്ടിയും ആദായനികുതിയും മന്ത്രിമണ്ഡൽ): നവണ്മെണ്ടിൻനിന്നും ഇതു സംബന്ധിച്ചു എന്തുകൊണ്ടിരിക്കുന്നു എന്നു പറയാൻ എനിക്കു നിവൃത്തിയില്ല. എന്നാൽ അവർ എന്തോ ചെയ്യുന്നുണ്ടെന്നു എനിക്കു തോന്നുന്നു. ലാൻഡ്റവന്യൂഡിപ്പാർട്ടുമെന്റു ഏല്പിച്ചവങ്ങൾ ഇരുപോലെ പ്രവർത്തനം കഴിക്കേണ്ട ഇരു ഡിപ്പാർട്ടുമെന്റുകൾക്കുണ്ടെന്നു ഡിപ്പാർട്ടുമെന്റിലെ നിയമങ്ങൾ ... ...

ലും ഞാൻ ഇതെ സംബന്ധിച്ചുള്ള രണ്ടു പോയിൻറുകളിലേക്കുമാത്രം ഈ സഭയുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളട്ടെ. സർവ്വീസിൽ ഭിന്നസമുദായങ്ങൾക്കു ന്യായമായി അവകാശമുള്ള പ്രാതിനിധ്യം കിട്ടുന്നതിനെ സംബന്ധിച്ചുള്ള കലഹം പബ്ലിക്ക സർവ്വീസിലുള്ള ആദായത്തിനു വേണ്ടിയുള്ള ഒരു കലഹമായിമാത്രമെ ഗണിക്കപ്പെടാൻ പാടൊള്ളുഎന്നു പ്രസ്താവിക്കയുണ്ടായല്ലൊ. ഇതെ സംബന്ധിച്ചു മറെറാരു നിലയിലും വീക്ഷിക്കാമെന്നുള്ളതാണ്. ആ ഭാവംകൂടി ഞാൻ ഈ സഭയുടെ ശ്രദ്ധിക്കു യോചരമാക്കിക്കൊള്ളട്ടെ. സമുദായ പ്രാതിനിധ്യവും കാര്യക്ഷമതയും തമ്മിൽഉള്ള ബന്ധത്തെ സംബന്ധിച്ചു ധാരാളം സംസാരിച്ചു കഴിഞ്ഞിരിക്കയാണല്ലൊ. രാജ്യസേവനവിഷയത്തിൽ ജനങ്ങളിൽനിന്നും ഉത്തമമായ സഹായം ലഭിക്കുക എന്നുള്ളതു ന്യായമായ സമുദായ പ്രാതിനിധ്യം ഇല്ലാതിരുന്നാൽ സാധ്യമാകുന്നതല്ല. ഞാൻ ഇപ്പോൾ പറഞ്ഞതിനെ ഉദ്യോഗാർത്ഥികൾക്കു ഉണ്ടായിരിക്കേണ്ട യോഗ്യതകളെപ്പററി ഒരിക്കലും ശ്രദ്ധിക്കാതിരുന്നുകൂടാ എന്നുള്ള വാചകത്തെക്കൂടി ചേർത്തു വിശദീകരിക്കേണ്ടതായിരിക്കുന്നു. സമർത്ഥന്മാരായ ആളുകളെ സർവ്വീസിലേക്കു ചേർക്കണമെന്നുള്ളപക്ഷം രാജ്യത്തിലുള്ള ഭിന്ന സമുദായങ്ങൾക്കും സർവ്വീസിനു പ്രവേശനം നൽകുന്നതുമൂലം കാര്യക്ഷമതയെ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രവൃത്തി നാം ചെയ്യുന്നതായി കാണുന്നതാണ്. രാജ്യത്തിലുള്ള പ്രധാനപ്പെട്ട ഓരോ സമുദായത്തിനും ഏതെങ്കിലും ചില പാരമ്പര്യഗുണങ്ങൾഉണ്ടായിരിക്കാം അവർ പലതലമുറകൾ കടന്നുവന്നിട്ടുള്ളവരായതുകൊണ്ടു ചില പ്രത്യേക ബുദ്ധിവൈഭവങ്ങളും യോഗ്യതകളും അവരിൽ വളർന്നു വികസിച്ചുകാണുന്നതാണു. അവരവർക്കു പ്രത്യേകം പ്രത്യേകമായുള്ള പാരമ്പര്യഗുണങ്ങളോടുകൂടി ഈ രാജ്യത്തിൽ ഭിന്നസമുദായക്കാർ കഴിച്ചുകൂട്ടിവിട്ടുള്ള അനേകം തലമുറകൾക്കിടയിൽ അവർക്കു സിദ്ധിച്ചിട്ടുള്ള ബുദ്ധിവൈഭവങ്ങളുടെയും യോഗ്യതകളുടെയും സഹായത്താൽ ഈരാജ്യത്തുള്ള ഓരോപ്രധാനസമുദായത്തിനും രാജ്യത്തിലെ പബ്ലിക്കു സർവ്വീസിലേക്കുഏതെങ്കിലും പ്രത്യേക സഹായം ചെയ്യാൻകഴിയുംഎന്നുള്ളതിനെ നാം സമ്മതിക്കുന്നപക്ഷം ഏതെങ്കിലും ഒരു സമുദായക്കാർക്കു ചെയ്യാൻകഴിയുന്ന സഹായത്തെ പബ്ലിക്കുസർവ്വീസിനു നഷ്ടപ്രായമാക്കിത്തീർക്കുന്നതിനു എത്ര പ്രധാനമായിട്ടുള്ള ഒരു സംഗതിയാണെന്നു വിശദമാകുന്നതാണു.

താഴെ പറയുന്ന പ്രകാരത്തിലും സമുദായപ്രാതിനിധ്യം കാര്യക്ഷമതയെ അനുകൂലിക്കയും സഹായിക്കയും ചെയ്യുന്നു. ഏതെങ്കിലും ഒരു വകുപ്പിലുള്ള എല്ലാ ഉദ്യോഗങ്ങളും ഒരു പ്രത്യേക സമുദായക്കാർക്കു വിട്ടുകൊടുക്കുന്ന പക്ഷം ഉദ്യോഗസ്ഥന്മാരിൽ കാണാവുന്ന ന്യായരാഹിത്യത്തിന്മേലും പക്ഷപാതത്തിലേക്കുള്ള വാസനയിന്മേലും ഉണ്ടാകാവുന്ന പരസ്പരനിരോധം ഇല്ലാതെപോകുന്നതാണ്. നേരെമറിച്ചു സർവ്വീസിലുള്ള പല പടികളിലും രാജ്യത്തിലുള്ള ഭിന്നസമുദായങ്ങളിൽപെട്ട ആളുകളെ ഉദ്യോഗസ്ഥന്മാരായി നിയമിക്കുന്നപക്ഷം ഉദ്യോഗസ്ഥന്മാർക്കു അവരുടെ അധികാരത്തെ ദുരുപയോഗപ്പെടുത്തുന്നതിനു ഉണ്ടാകാവുന്ന മോഹത്തെ അല്പം തടയുന്നതായിരിക്കും.

പബ്ലിക്കുസർവ്വീസിൽ പ്രവേശനം ലഭിക്കുന്ന സമുദായാംഗങ്ങൾക്കു സിദ്ധിക്കുന്ന ആദായത്തിനൊ പദവിക്കൊപ്പമെ സർവ്വീസിലെ തൊഴിലുകളെ മുൻപറഞ്ഞ രണ്ടുപ്രകാരത്തിൽ വർദ്ധമാനമാക്കാമെന്നുള്ള ഒരു സംഗതികൂടിയുണ്ടു. സമുദായപ്രാതിനിധ്യം എന്നസംഗതിയെപ്പററി ആലോചിക്കുമ്പോൾ ഈ വിഷയത്തിന്റെ ഈ ഭാവങ്ങൾകൂടി ഗവർണ്ണമെന്റു ആലോചിക്കുന്നതു യുക്തമായിരിക്കുമെന്നാണു എന്റെ അഭിപ്രായം. ഗവർണ്ണമെന്റുമാത്രമല്ല ഈ വിഷയത്തെപ്പററി വാദപ്രതിവാദം ചെയ്യുന്ന അനുദ്യോഗസ്ഥാംഗങ്ങളുംകൂടി ഈ ഭാവങ്ങളെപ്പററി ചിന്തിക്കേണ്ടതാണ്.

മിസ്റ്റർ മാത്തു പറഞ്ഞതായ റവന്യൂഡിപ്പാർട്ടുമെൻറിലെ ഉയർന്നതരം ഉദ്യോഗങ്ങളിലേക്കു കടക്കുന്നപക്ഷം തഹശീൽദാർ ഉദ്യോഗത്തിലും പുറമെനിന്നും നേരിട്ടു ആളുകളെ നിയമിക്കുന്നതു അഭിലഷണീയമാകിരിക്കുമെന്നു പറഞ്ഞുകൊള്ളുന്നു. മുമ്പാരവസരത്തിൽ—

ഡിപ്യൂട്ടിപ്രസിഡൻറു: ഇതിനു വാദവിഷയവുമായി യാതൊരുബന്ധവും ഇല്ലെന്നാണു എനിക്കു തോന്നുന്നതു്. തഹശീൽദാരന്മാരെപ്പററി നാം വേണ്ടുവോളം വാദപ്രതിവാദം നടത്തിക്കഴിഞ്ഞിരിക്കുന്നു. അതുമുമ്പു തന്നെ വാദപ്രതിവാദം ചെയ്തുകഴിഞ്ഞുപോയ ഒരു പ്രത്യേക ഉപക്ഷേപം ആണ്. അതിനാൽ ഇതു ക്രമവിരുദ്ധമാണെന്നു ഞാൻ തീരുമാനിക്കുന്നു.

മി. സി. പി. തോമസ് (നയനിയമമെംബർ): സർവ്വീസിൽ ഇരിക്കുന്നവർക്കു ഇപ്രകാരമുള്ള നിയമനത്താൽ വലിയ ന്യായരാഹിത്യം ചെയ്യപ്പെടുന്നതാകുന്നുള്ളതിനെ അടിസ്ഥാനമാക്കി തടസ്സങ്ങൾ പുറപ്പെടുവിക്കയുണ്ടായി.

ഈ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗകയററത്തെ സംബന്ധിച്ചു പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു ഉള്ള ആശങ്കകളെപ്പററി അല്പം പറഞ്ഞാൽകൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ദേവസ്വം ഡിപ്പാർട്ടുമെന്റിനെ റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും വേർതിരിച്ചിരിക്കയാണല്ലൊ. ദേവസ്വംഡിപ്പാർട്ടുമെന്റിൽ സവർണ്ണഹിന്ദുക്കൾക്കല്ലാതെ മററാർക്കും പ്രവേശനം അനുവദിച്ചിട്ടില്ലല്ലൊ. എന്നാൽ കയററത്തെ സംബന്ധിച്ചേടത്തോളം ദേവസ്വംഡിപ്പാർട്ടുമെന്റിലെ ജോലിക്കാരുടെ അവകാശങ്ങളെക്കൂടി റവന്യൂഡിപ്പാർട്ടുമെന്റിൽ ഒഴിവുകൾഉണ്ടാകുന്ന സന്ദർഭങ്ങളിൽ പരിഗണിച്ചുവരാറുണ്ട്. ഈസംഗതി റവന്യൂഡിപ്പാർട്ടുമെന്റിലെ പ്രമോഷനെ സംബന്ധിച്ചിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു കൂടുതലായ ഒരു ആശ്വാസകരവും ആശ്വസനവും വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണല്ലൊ. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ ടി. ജെ. മാത്തു അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. ടി. ജെ. മാത്തു (ചങ്ങനാശേരി—പീരുമേട്): എനിക്കു കൂടുതലായി അധികംഒന്നും പറയാനില്ല. ചരിത്രസംബന്ധമായിതന്നെ ഭിന്നങ്ങളായ സമുദായങ്ങളാൽ ഈരാജ്യം അധിവസിക്കപ്പെടുന്നതുകൊണ്ടു ഭിന്ന സമുദായങ്ങളിൽനിന്നും ഭിന്നജനങ്ങളെ സർവ്വീസിലേക്കു തിരഞ്ഞെടുക്കുന്നതുകൊണ്ടു യഥാർത്ഥത്തിൽ കാര്യക്ഷമതയ്ക്കു വർദ്ധനയെ ഉണ്ടാകയുള്ളുഎന്നു ഞാൻ ഒരിക്കൽകൂടി പറഞ്ഞുകൊള്ളുന്നു. രാജ്യഭരണം രാജ്യത്തിലുള്ള സർവ്വസമുദായങ്ങളുടേയും സഹകരണത്തോടുകൂടി നടത്തുന്നതു അത്യന്താപേക്ഷിതമായിട്ടുള്ളതാണു. ഭിന്നസമുദായങ്ങൾ എല്ലാം ഭരണത്തിൽ പങ്കുകൊള്ളാത്തപക്ഷം അങ്ങിനെയുള്ള ഭരണത്തെ ജനങ്ങളുടെ സഹകരണത്തോടുകൂടിയുള്ള ഭരണംഎന്നു വിളിക്കപ്പെടാവുന്നതല്ല. ജനസമ്മതമുള്ളതും രാജ്യത്തിലുള്ള സകലസമുദായങ്ങളിൽനിന്നും സഹായവും സഹകരണവും ലഭിക്കുന്നതുംആയ ഒരുഭരണത്തെ മാത്രമെ ഞാൻ തനെപ്പുണ്ണുള്ള ഉ

രണം എന്നു പറവാൻ തയ്യാറുള്ളു. ജനങ്ങളുടെ ഒരുവിഭാഗത്താൽ നടത്തപ്പെടുന്ന ഭരണമത്രേ ഞാൻ അല്പജനാധിപത്യം എന്നുപറകയുള്ളു. അങ്ങിനെയുള്ള ഭരണത്തിനു ജനങ്ങളുടെ സഹായമില്ലാത്തതിനാൽ അതു ഒരിക്കലും സുരക്ഷിതമായിരിക്കയില്ല.

ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന വിഷയത്തെപ്പററി പറയുമെങ്കിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും കൂടുതൽ ആളുകളെ ഗവർണ്ണമെന്റിൽ നിയമിക്കുന്നതിനെപ്പററി മി. റാബിൻസൺ ഗൌരവമായി ആലോചിക്കുന്നതാണെന്നും ഗവർണ്ണരും അതു സംബന്ധിച്ചു ഗൌരവമായി ആലോചിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞതു ശരിതന്നെ. എന്നാൽ ഗവർണ്ണർക്കു ഇതുവരെ ഈ വിഷയത്തിലേക്കു നറുക്കിയിരുന്ന ശ്രദ്ധ തീരെ കുറവായിരുന്നുവെന്നു പറയാതെതരമില്ല. ഇതുപോലെയുള്ള ശ്രദ്ധതന്നെയാണു മേലും ഈ വിഷയത്തിലേക്കു ഗവർണ്ണർക്കു നറുക്കാൻ പോകുന്നതു എന്നുവരികിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളുടെ നേക്ക് ഉള്ള ഗവർണ്ണറിന്റെ പെരുമാററത്തെ ചിററമ്മയുടെ പെരുമാററം എന്നു പറവാൻതരമുള്ളു. ഗവർണ്ണറിന്റെ ഇന്നിലയെ ഒന്നുമാററാതെ പക്ഷം ഒരു സമുദായത്തിനു യാതൊരു രക്ഷാമാർഗ്ഗവും ഇല്ലാ. ഇത്രയുംകൂടി ഉറപ്പിച്ചുംകൊണ്ടു ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

മി. എ. ജെ. ജാൺ (തൈക്കാട്): നിയമനങ്ങളെ സംബന്ധിച്ചു ഗവർണ്ണറിങ്കൽനിന്നും നറുക്കിയിട്ടുള്ള ഉത്തരവുകൾ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ അനുസരിക്കാതിരുന്നതായി ഒരു ഉദാഹരണമെങ്കിലും മെമ്പറിനു അറിയാമോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): അങ്ങിനെയുള്ള ഒരു ഉദാഹരണംപോലും എന്റെ അറിവിൽ പെട്ടിട്ടില്ല.

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൪൭.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

൧൪൭. ൭൩-ാം നമ്പർ ഡിമാൻഡായ ലാൻഡ് റവന്യൂവിലേക്കു മൊത്തമായി അനുവദിച്ചിട്ടുള്ള വ്യവസ്ഥ ലക്ഷം രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണം. ഈ ഉപക്ഷേപം ഹാജരാക്കിയതിൽ എന്റെ ഉദ്ദേശം ഗവർണ്ണമെന്റ്മുഖേന വ്യക്തിയെ ഗവർണ്ണറെ ഗസററി പരസ്യപ്പെടുത്തിട്ടുള്ള തരിശുഭൂമിനിയമങ്ങളെ, പ്രത്യേകിച്ചു അവയിൽ ന്യൂനാംനിയമത്തെ പുതുക്കേണ്ടതു എത്രയും അത്യാവശ്യമാണെന്നുള്ള സംഗതി ഗവർണ്ണറിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാണ്. ന്യൂനാംനിയമം താഴെ പറയുന്നപ്രകാരം ആണ്:-

"ഭൂമിയുടെ ചട്ടം അനുസരിച്ചു അപേക്ഷകൻ കൊടുത്തിട്ടുള്ള അപേക്ഷ ഡിവിഷനിലെ പേഷ്കാരോ കമ്മിഷണരോ അപേക്ഷിച്ചിട്ടുള്ള ഭൂമി വില്പനയ്ക്കു യോഗ്യമുള്ളതാണോ എന്നു തീർച്ചപ്പെടുത്തണം. അപേക്ഷകന്റെ ധനസ്ഥിതിയേയും പൂർവ്വചരിത്രത്തേയും സംബന്ധിച്ചു പേഷ്കാരെക്കൊണ്ടു അന്വേഷണം നടത്തി അപേക്ഷ ഉത്തമവിശ്വാസത്തിന്മേൽ കൊടുക്കപ്പെട്ടിട്ടുള്ളതാണെന്നും അല്ലാതെ ആളയകരമാണോ അല്ലയോ എന്നു ഒരു പരീക്ഷ നടത്തുന്നതിലേക്കായി മാത്രം കൊടുക്കപ്പെട്ടിട്ടുള്ളതല്ലെന്നും ഉള്ള സംഗതികളെപ്പററി തൃപ്തിവരുത്തിക്കൊള്ളുകയും വേണം. അതിന്റെശേഷം ആ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തോടുകൂടി അപേക്ഷയെ ലാൻഡ് റവന്യൂ കമ്മിഷണർക്കു അയച്ചുകൊടുക്കണം. റിപ്പോർട്ടിൽ ഈ ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സംഗതിയേയും സംബന്ധിച്ചു നടത്തിയ അന്വേഷണത്തിൽ കിട്ടിയ അറിവിനെപ്പററി വിശദമായി പ്രസ്താവിച്ചിരിക്കേണ്ടതാണ്."

പേഷ്കാരോ ഡെപ്യൂട്ടികളും കമ്മിഷണരോ അപേക്ഷകന്റെ പൂർവ്വചരിത്രങ്ങൾ, ധനസ്ഥിതി, ശേഷി ഇവയെക്കുറിച്ചു അന്വേഷണം നടത്തണമെന്നു പറയുന്ന ഭാഗങ്ങളെ ലക്ഷ്യ ഗവർണ്ണറിന്റെ ശ്രദ്ധയെ ആകർഷിച്ചാകർഷിക്കുന്നതു ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി ഇപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നതു നിരർത്ഥകം ആയിരിക്കുന്നു. അപേക്ഷകന്റെ പൂർവ്വചരിത്രങ്ങളെ സംബന്ധിച്ചു അന്വേഷിച്ചു റിപ്പോർട്ടുചെയ്യണമെന്നു ഗവർണ്ണറെ ആവശ്യപ്പെടുന്നതിൽ എന്തു അർത്ഥമാണ് ഉള്ളതു്. അവരുടെ സ്വഭാവത്തെ കുറിച്ചാണോ അറിയേണ്ടതു. അല്ല അയാൾ ക്ലിഷ്ടാത്മാവാണെന്നു കണ്ടാണോ അറിയേണ്ടതു, ഗവർണ്ണറെ എങ്ങിനെ ഉദ്ദേശിക്കുന്നു എന്നു നമുക്കറിയാൻ പാടില്ല. പിന്നെയും അപേക്ഷകന്റെ ധനസ്ഥിതിയെ സംബന്ധിച്ചാണെങ്കിൽ അതിനും അയാളുടെ പേരിൽ ഭൂമിപതിച്ചുകൊടുക്കുന്നതിനും തമ്മിൽ എന്തു് ബന്ധമാണുള്ളതു എന്നറിയുന്നില്ല. അപേക്ഷകൻ ഈഭൂമിയിൽ താമസിച്ചു കൃഷിചെയ്യുമെന്നു ഗവർണ്ണർ ആഗ്രഹിക്കുന്നുവെന്നാണോ എന്നറിയുന്നതിലേക്കായിട്ടാണു ഇങ്ങനെ ചെയ്തിരിക്കുന്നതു എന്നുപറയുന്നപക്ഷം അപേക്ഷയെപ്പററി ആലോചിക്കുന്നതിനു മുമ്പുതന്നെ അപേക്ഷിച്ചിട്ടുള്ള ഭൂമിയുടെ ഒരു തുണ്ടു വിട്ടുകൊടുത്തു സർവ്വെചെയ്യുന്നതിലേക്കായി ഗവർണ്ണറിൽനിന്നു വിശ്വസിക്കുന്നതായ ഒരുകൂട്ടം ആൾക്കാരെ കെട്ടിവയ്ക്കുന്നതാണെന്നായി വേറെ ഒരു ചട്ടം ഉണ്ടല്ലോ.

ഡിപ്യൂട്ടി പ്രസിഡൻറ്: അതു അതിരുനിർണ്ണയിക്കുന്നതിനും സർവ്വെചെയ്യുന്നതിനും മാത്രമാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): ഒരേ, അതിരുനിർണ്ണയിച്ചു സർവ്വെചെയ്യുന്നതിലേക്കാണെങ്കിലും അല്ലെങ്കിലും അപേക്ഷയോടുകൂടെന്നിച്ചു എന്തെങ്കിലും ഒരു പണത്തുകകൂടി കെട്ടിവയ്ക്കുന്ന ഒരുവൻ അപ്രകാരം അപേക്ഷിക്കുന്നതു ഉത്തമവിശ്വാസത്തിന്മേൽ ആണെന്നും അല്ലാതെ കേവലം ഗവർണ്ണർക്കു സമയം കളയുന്നതിലേക്കായിട്ടു മാത്രമല്ലെന്നും ഉൂഹിക്കാവുന്നതാണെന്നാണു ഞാൻ പറയുന്നതു്. ഈ വകുപ്പുകൊണ്ടു സാധിക്കണമെന്നുദ്ദേശിക്കുന്ന മററുള്ളവരുടെ കാര്യം അപേക്ഷകൻ ഈ ഭൂമിതന്നെ വീണ്ടും മററാരുടെയെങ്കിലും വിൽക്കുന്ന ഇടയണം എന്നുള്ളതാണെന്നാണു എനിക്കു തോന്നുന്നതു്. അങ്ങിനെയാണെങ്കിൽ തർക്കങ്ങൾ അനുസരിച്ചു ഭൂമിപതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു എന്റെ അറിവു എത്തിയിട്ടുള്ളിടത്തോളം ഒരാൾ അപേക്ഷകനായി വരുന്ന സന്ദർഭങ്ങളിലെല്ലാം ഗവർണ്ണർക്കു വിൽക്കുന്ന ഭൂമിയെ ഉടൻതന്നെ അയാളാൽ രൂപീകരിക്കപ്പെട്ടിട്ടുള്ളതും അയാളുതന്നെ ഡയറക്ടറന്മാരിൽ ഒരാൾ ആയിരിക്കുന്നതുമായ ഒരു കമ്പനിക്കായി വിൽക്കുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളതു്. ഇങ്ങിനെയാണു സാധാരണയായി സംഭവിക്കാറുള്ളതു. തരിശുകൃഷിക്കുള്ള ഭൂമിയെസംബന്ധിച്ചും ഇപ്രകാരംതന്നെയാണു സംഭവിച്ചിട്ടുള്ളതു. എന്നാൽ ഇങ്ങിനെ

ഉള്ള കൈമാറററങ്ങൾ അനുവദിക്കപ്പെടുകയും ഗവർണ്ണമെന്റിന്റെ ഇവയെസംബന്ധിച്ചു യാതൊരാളും പറവാനില്ലാ തിരിക്കയും ചെയ്യുന്നപക്ഷം ഈ ചട്ടങ്ങൾ അനുസരിച്ചു പതിച്ചുകിട്ടുന്ന ഭൂമിയെ മററപ്രകാരത്തിൽ കൈമാററം ചെയ്യുന്നതിന്നു ഗവർണ്ണമെന്റു എന്തുകൊണ്ടു നിരോധിച്ചിരിക്കുന്നുഎന്നും എനിക്കു മനസ്സിലാകുന്നില്ല. ഭൂമി കൈമാററം ചെയ്യുന്ന വിഷയത്തിൽ ജനങ്ങളുടെ നിരോധിക്കുന്നതിന്നു എന്തെങ്കിലും യുക്തിയോ പ്രമാണമോ ഉള്ളതായി എനിക്കു തോന്നുന്നില്ല. ഗവർണ്ണമെന്റിന്റെ ഉദ്ദേശ്യമെന്തു കൃഷിചെയ്യുന്നവരെക്കുറിച്ചു ഉദ്ദേശത്തിന്നുവലാണല്ലോ. അപേക്ഷകൻ ഒരുകിൽ തന്നെത്താൻ കൃഷിചെയ്യുന്നു. അല്ലെങ്കിൽ കൃഷിചെയ്യുന്നവരായ മററവരുടെ വശത്തേക്കു അവർക്കു അവകാശത്തെ കൈമാററം ചെയ്യുന്നു. അപേക്ഷകൻതന്നെ കൃഷിചെയ്തിരുന്നാലും യാതൊരവ്യത്യാസവും വരാനില്ലാത്തതും ഗവർണ്ണമെന്റിന്റെ ഈ സംബന്ധിച്ചു യാതൊരുപ്രകാരത്തിലും അനേകിക്കേണ്ട ആവശ്യമില്ലാത്തതും ഒരുപക്ഷേ ഗ്രാന്റിന്റെ ദുഷ്കരമായ അഭിപ്രായം. ഭൂമി പതിച്ചുകിട്ടുന്നതിന്നു അപേക്ഷകൊടുക്കുന്നവൻ വളരെ സ്വത്തുള്ളവൻ ആയിരിക്കേണ്ട അവശ്യം എന്താണെന്നും എനിക്കു മനസ്സിലാകുന്നില്ല. ഒരുവന്നു ഗുണഭോക്തൃകളുടെ പേരിൽ കൂടുതൽഭൂമി പതിച്ചുകൊടുക്കുവാൻ ആഗ്രഹിക്കുന്നു ഗവർണ്ണമെന്റിൽനിന്നും ആശിക്കേണ്ടതു. അല്ലാതെ വളരെ ചിലധനികന്മാരുടെ കൃഷിവായി ഭൂമിമുഴുവനും പകിട്ടുകൊടുക്കുവാനല്ലാ ഗവർണ്ണമെന്റിൽനിന്നും ഉദ്ദേശിക്കേണ്ടതു്. അതിനാൽ ദരിദ്രഭൂമിനിയമങ്ങൾ അനുസരിച്ചു ഭൂമി പതിച്ചുകിട്ടുവാൻ അപേക്ഷിക്കുന്നവർ വളരെ കാഴ്ചശേഷിയുള്ളവരും അനവധി സ്വത്തുടമസ്ഥന്മാരും മററും ആയിരിക്കേണ്ടതാണെന്നു വ്യവസ്ഥചെയ്തിരിക്കുന്നതായ സൂക്ഷ്മത്തിന്റെ രൂപത്തിൽ അനാവശ്യമായ ദയാഗ്രഹകരം അപേക്ഷകന്മാർക്കു ഉണ്ടായിരിക്കണമെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു അതിന്നു മാററണമെന്നു ഞാൻ നിർബന്ധമായി പറഞ്ഞുകൊള്ളുന്നു. ഇതിനുപുറമെ ഈ നിയമങ്ങൾ മൂലം ഉദ്യോഗസ്ഥന്മാർക്കു അന്യായമായ പ്രത്യുപകാരം അനുഭവിക്കുന്നു നടത്താൻ ചുമതലപ്പെട്ടവർക്കു മഹാശിൽദാർക്കും പാർവത്യകാർക്കും ഈവിഷയത്തിൽ വളരെ സ്വാതന്ത്ര്യം നടക്കുന്നുണ്ടു. ഈ വകുപ്പുകളുടെ അർത്ഥം വിശദമല്ലാത്തതിനാലും അധികഭാഗവും അന്വേഷണം നടത്തുന്നതു ഭൂമിയുടെ പ്രത്യുപകാരാനുസരണം പ്രവർത്തിക്കുന്നതിലേക്കു വിട്ടുകൊടുക്കപ്പെട്ടിരിക്കുന്നതിനാലും അപേക്ഷകൻ ആഗ്രഹിക്കുന്ന ഒരുവൻതന്നെല്ലെന്നു എഴുതിഅയപ്പാൻ അവർക്കു വളരെ എളുപ്പമാണ്. അതിനാൽ ഇതുസംബന്ധിച്ചു അന്വേഷണം നടത്തുന്ന പാർവത്യകാർ ന്യായരഹിതമായ പ്രവർത്തികൾചെയ്യുന്നതിന്നു വളരെ എളുപ്പമുണ്ടു. രൂപനുസരിച്ചു അന്വേഷണം നടത്താൻ ചുമതലപ്പെട്ടുള്ള ഉദ്യോഗസ്ഥൻ ദിവാൻപേഷ്ക്കാർതന്നെയാണ്, അതിന്നു യാതൊരുസംശയവുമില്ല. എന്നാൽ പേഷ്ക്കാരന്മാർ റിപ്പോർട്ടുകൾ എഴുതിഅയക്കുന്നതു അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർ സമർപ്പിക്കുന്ന റിപ്പോർട്ടുകളെ ആസ്പദമാക്കിയാണെന്നുള്ള വസ്തുത നമുക്കെല്ലാപേക്കും അറിയാമെന്നുള്ളതാണല്ലോ. അതിനാൽ ഈവകുപ്പുകൾ ഉത്തമവിശ്വാസത്തോടുകൂടി അപേക്ഷകൾ വോധിപ്പിക്കുന്ന അപേക്ഷകന്മാർക്കു അനുകൂലം സൂചിപ്പിക്കുന്നതിന്നു ഇടമാകുന്നുണ്ടു. അതിനാൽ ഈ കൂളിനെ എടുത്തുകളഞ്ഞിട്ടു ഞാൻ ഇപ്പോൾ പറഞ്ഞിട്ടുള്ളപ്രകാരത്തിൽഉള്ള ഭേദഗതികളോടു കൂടി മററാതൊന്നു തൽസ്ഥാനത്തു നടപ്പിലാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ(ഗ്രനിക്കുന്നും ആദായനികുതിയുടെ കമ്മീഷണർ): സർ; ഇതിനിയമം നടത്തിക്കുവാൻ ഇടയായ എപ്പോൾ ആണെന്നും എങ്ങനെയാണെന്നും ഈസന്ദർഭത്തിൽതന്നെ വിവരമായി പറയുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. ദിവാൻജി ചീഫുമേട്ടാലുക്ക പരിശോധനനടത്തിക്കൊണ്ടിരിക്കുമ്പോൾ ദരിദ്രഭൂമിനിയമങ്ങൾ അനുസരിച്ചു കാപ്പികൃഷിക്കോ തേയിലകൃഷിക്കോ ആയി വളരെ വിസ്തീർണ്ണമുള്ളതുകൾ പതിച്ചുകിട്ടണമെന്നു അനേകംഅപേക്ഷകൾ യാതൊരുനിലയും നിലയും ഇല്ലാത്തതുകൾ കൊടുത്തിട്ടുള്ളതായും അവയിൽ ചിലതിനെ അനുവദിച്ചിട്ടുള്ളതായും അദ്ദേഹത്തിന്റെ അറിവിലെത്തുന്നതിനിടയായി. ഇപ്രകാരം അപേക്ഷിച്ചിട്ടുണ്ടായിരുന്നവരിൽ മിക്കവരും സർക്കാർഉദ്യോഗസ്ഥന്മാരും അവരുടെ അടുത്തബന്ധുക്കളും ആയിരുന്നതാണും. ബഹുമാന്യേക്കളോടുകൂടി പണം ചിലവാക്കുന്നസമ്പ്രദായത്തെ കഴിയുന്നടത്തോളംതടയേണ്ടതു അത്യാവശ്യമാണെന്നുള്ള ഉദ്ദേശത്തോടുകൂടി പുതുക്കിയതരം ദരിദ്രഭൂമിനിയമങ്ങൾ അനുസരിച്ചു ഭൂമിക്കു അപേക്ഷകൊടുക്കുന്ന ഓരോരാൾ ജീവൻറയും പൂർവ്വചരിത്രത്തേയും ധനസ്ഥിതിയേയും സംബന്ധിച്ചു പൂർണ്ണ അന്വേഷണങ്ങൾ നടത്തി കിട്ടുന്നവിവരങ്ങളെ ഓരോ അപേക്ഷയെയുംസംബന്ധിച്ചു ഗവർണ്ണമെന്റിലേക്കു അയക്കുന്നറിപ്പോർട്ടിൽ വിവരമായി പ്രസ്താവിച്ചിരിക്കേണ്ടതാണ്എന്നു ഗവർണ്ണമെന്റു ഉത്തരവുചെയ്തു. ഈഉത്തരവനുസരിച്ചു തത്സംബന്ധമായ നിയമങ്ങളെ ഫർവ്വർ ദ്രൗൺ ഗിൻ-ഗ്രൗണ്ട് ക്രമീകരം ഭേദപ്പെടുത്തുകയുംചെയ്തു. അതിനുശേഷം ദേവികുളം കമ്മീഷണർ അയച്ചിരുന്ന റിപ്പോർട്ടുകളിൽ അപേക്ഷകൾ ഉത്തമവിശ്വാസമുള്ളവയും ബഹുമാന്യേക്കളോടുകൂടി പണം ചിലവാക്കുന്നസമ്പ്രദായം അനുസരിച്ചു ഉണ്ടായിട്ടുള്ളവയും ആകുന്നതിനോ അല്ലെങ്കിൽ ഉത്തമവിശ്വാസത്തോടുകൂടി കൊടുക്കപ്പെട്ടിട്ടുള്ളവയും ദോഷോദയ ഉദ്ദേശിച്ചു മാത്രം കൊടുക്കപ്പെടാത്തവയും ആകുന്നതിനോ മാത്രം പ്രസ്താവിച്ചുവന്നതായി കാണപ്പെട്ടു. ഇപ്രകാരമുള്ള പ്രസ്താവനകൾ പോരാഎന്നു തോന്നുകയാൽ മേലാൽ അയക്കുന്നറിപ്പോർട്ടുകൾ കമ്മീഷണർ ഏതെല്ലാം സംഗതികളെ അടിസ്ഥാനമാക്കിയാണ് ഒരുവിധത്തിൽ അല്ലെങ്കിൽ മറെറാരുവിധത്തിൽ രീതിമാനിക്കുന്നു എന്നുള്ളവിവരംകൂടി വിശദമായി പ്രസ്താവിച്ചിരിക്കേണ്ടതാണെന്നു ഗവർണ്ണമെന്റു ഉത്തരവുചെയ്തിട്ടുണ്ടു

പുതുക്കിയ ദരിദ്രഭൂമിനിയമങ്ങളിലെ ആറാംവകുപ്പു അനുസരിച്ചു ഒരുഅപേക്ഷകിട്ടിയാലുടൻ ആ ഡിവിഷനിലെപേഷ്ക്കാരോ കമ്മീഷണരോ അപേക്ഷിച്ചിട്ടുള്ളഭൂമി വിലയ്ക്കുകൊടുക്കാവുന്നതാണോ അല്ലയോഎന്നു ആദ്യമായി വിചാരപ്പെടേണ്ടതായിരിക്കുന്നു. ഇതുകൂടാതെ അപേക്ഷകന്റെ പൂർവ്വചരിത്രങ്ങൾ ധനസ്ഥിതിഇവയെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തി അപേക്ഷ ഉത്തമവിശ്വാസത്തോടുകൂടി കൊടുത്തിട്ടുള്ളതാണെന്നും ശേഷിയുള്ള ഒരു വനിൽനിന്നും വന്നിട്ടുള്ളതാണെന്നും അല്ലാതെ ദേവലം ബഹുമാന്യേക്കളോടുകൂടി പണംചിലവാക്കുന്ന സമ്പ്രദായത്തെ അടിസ്ഥാനമാക്കി കൊടുക്കപ്പെട്ടിട്ടുള്ളതല്ലെന്നും ഉള്ള സംഗതികളെപ്പററി കൂടി അദ്ദേഹം തൃപ്തിവരേണ്ടതായിരിക്കുന്നു. ഇപ്പറഞ്ഞതുകൂടി യുക്തി സംപൂർണ്ണമായ ഒരുവകുപ്പായിട്ടാണ് എനിക്കു തോന്നുന്നതു. ഡിവിഷൻപേഷ്ക്കാർക്കു അദ്ദേഹത്തിന്റെ പ്രഥമാന്വേഷണത്തിൽ തന്നെ അപേക്ഷകൻ ശേഷിയില്ലാത്ത ഒരുവനാണെന്നും ബഹുമാന്യേക്കളോടുകൂടി പണം ചിലവാക്കുകയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു എന്നും തോന്നുന്നപക്ഷം ആ അപേക്ഷയെപ്പററി പിന്നാടു യാതൊന്നും തന്നെ ആലോചിക്കേണ്ടതായില്ലല്ലോ

ഈ ഗ്രന്ഥാന്വേഷണത്തിന്നു അധികംസമയം വേണ്ടിവരുമെന്നോ അതുകൊണ്ടു ആർക്കെങ്കിലും ഏതെങ്കിലും കഷ്ടതകൾ ഉണ്ടാകുമെന്നോ എനിക്കു തോന്നുന്നില്ല. അതിനാൽ ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

ഭൂമി പതിച്ചുകിട്ടുന്നതിന്നു ഉത്തമവിശ്വാസത്തോടുകൂടി കൊടുക്കുന്ന അപേക്ഷകൾ ഈ നു-ാം ചട്ടത്തിലെ വ്യവസ്ഥകൾക്കനുസരിച്ചു തള്ളിക്കളയുകയോ എന്നോ തള്ളിക്കളയപ്പെടുന്നു എന്നോ ഈ ചട്ടംകൊണ്ടു വരിക്കുന്ന അധികാരത്തെ ഉദ്യോഗസ്ഥന്മാർ ദുർവിനിയോഗിക്കുമെന്നോ എല്ലാം ചിലർക്കു സംശയമുള്ളതായി എനിക്കു തോന്നുന്നു. അങ്ങനെ ഒരിക്കലും ഉണ്ടാകയില്ലെന്നു ഞാൻ ഇതാ ഉറപ്പായി വാക്കുപറഞ്ഞുകൊള്ളുന്നു. ഒരു പക്ഷേ ഈ ചട്ടംഅനുസരിച്ചു നടത്തുന്നതായ അന്വേഷണത്തിൽ തഹശീൽദാർക്കോ ദേവികുളം കമ്മിഷണർക്കോ എന്തെങ്കിലും പിശകുപററിപ്പോകുന്നപക്ഷവും ഭൂനികുതിയും ആദായനികുതിയും കമ്മിഷണരും ഗവർമ്മെണ്ടും അപേക്ഷകന്മാരുടെ ക്ഷേമത്തെ പരിരക്ഷിക്കുന്നതിന്നു വേണ്ട വിധം പ്രവർത്തിക്കുന്നുണ്ടു. വേലചെയ്യാതെ ഭൂമിയെ ഇപ്രകാരം പതിച്ചുകൊടുക്കുന്നതിൽ ഗവർമ്മെണ്ടിന്റെ ഉദ്ദേശം ഈഭൂമി കൃഷിക്കായി ഉപയോഗപ്പെടുത്തപ്പെടണമെന്നുള്ളതാണു എന്നു ഈസഭ സമ്മതിക്കാതെ തരമില്ല ഒന്നാമത്തെ അപേക്ഷകൻ പാപ്പരായിരുന്നാലും ഉദ്ദേശിച്ചിരിക്കുന്ന കൃഷിനടത്തുന്നതിന്നു യാതൊരുശേഷിയില്ലാത്തവനായിരുന്നാലും തരക്കേടില്ല അയാൾക്കുതന്നെ ഭൂമിപതിച്ചുകൊടുക്കണംഎന്നു പറയുന്നതിൽ യാതൊരു അർത്ഥവുംഇല്ല. ഗവർമ്മെണ്ടോ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരോ ഈവിഷയത്തിൽ എത്രതന്നെ ശ്രദ്ധചെലുത്തിട്ടും തഹറേഞ്ഞുകളിലുള്ള പട്ടാളാരന്മാരിൽകണ്ടുവരുന്ന അന്യായമായ മാർഗ്ഗേരയിലുള്ള വാസനയെ നിർത്തുന്നതുവളരെ പ്രയാസമായിട്ടാണ് കണ്ടിട്ടുള്ളതു. എന്നാലും ഈ ചട്ടത്തിനെ വേണ്ടുന്നവണ്ണം കയും തൻമൂലം ഗവർമ്മെണ്ടു ഈവാസനയെ വളർത്തുകയും ചെയ്യണം എന്നുപറയുന്നതിനെ ഒരിക്കലും അഭിനന്ദിക്കാൻ പാടില്ല. സംഗതികളുടെകിടപ്പു ഇങ്ങനെയെല്ലാം ആകയാൽ തരിശുഭൂമിതിയമങ്ങളിൽ ന്യ-ാംവകുപ്പിനെ പുതുക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ മി. മാത്യു പ്രസ്സ്ചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): അപേക്ഷകന്റെ ധനസ്ഥിതി വളരെ നന്നായിരിക്കേണ്ടതാണെന്നു തെളിയിക്കുവാൻ ഫാൻഡ്റവന്യൂകമ്മിഷണർ പുറപ്പെടുവിച്ചുവാക്യം ഒട്ടും ഫലിച്ചിട്ടുള്ളതായിഎനിക്കു തോന്നുന്നില്ല. ഈഭാഗം ചേർത്തിരിക്കുന്നതു ഉദ്യോഗസ്ഥന്മാർ ഭൂമിയെ അവരുടെ ബന്ധുക്കൾക്കോ സ്നേഹിതന്മാർക്കോ പതിച്ചുകൊടുക്കുന്നതിനെ തടയുന്നതിനായിട്ടാണെന്നുള്ളതാണ് അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള മറെറാരുവാക്യം. ഈഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാർതന്നെ അവരുടെ ബന്ധുക്കളുടെയോ സ്നേഹിതന്മാരുടെയോ പേരിൽ ഈ അപേക്ഷകൾ അയക്കുന്നുഎന്നു വയ്ക്കുക. ഇങ്ങനെയുള്ള കുഴപ്പം ഉണ്ടാകുമെന്നുള്ളതിനെ ന്യ-ാം നമ്പർചട്ടം തടയുമെന്നു പറയുന്നില്ലല്ലോ. ഇങ്ങനെയുള്ള ചാരുകാർ എല്ലാം സാധുക്കൾ ആയിരിക്കുമെന്നാണ് മിസ്റ്റർ റാബിൻസൺ ഉദ്ദേശിക്കുന്നതു. എന്നാൽ ൧൦൦ ഏക്കറോ അതിലധികമോ ഭൂമി ഗവർമ്മെണ്ടിൽ നിന്നും പതിച്ചുവാങ്ങാൻ ത്രാണിയുള്ളവരായ സർക്കാർഉദ്യോഗസ്ഥന്മാർക്കു തീർച്ചയായും ധനികന്മാരും ജനസ്വാധീനംഉള്ളവരും ആയ സ്നേഹിതന്മാരും ഉണ്ടായിരിക്കും എന്നുതന്നെയാണ് എനിക്കുതോന്നുന്നതു. ഇങ്ങനെയുള്ളവരെക്കൊണ്ടു അപേക്ഷകൾ കൊടുപ്പിക്കുന്നതിനു അവർക്കയാതൊരുകഴിവുമില്ല. തരിശുഭൂമി പതിച്ചുകിട്ടുന്നതിനായി ഉത്തമവിശ്വാസത്തോടുകൂടി കൊടുക്കുന്ന അപേക്ഷകളുടെ സംഖ്യ വർദ്ധിക്കാതിരിക്കുന്നതിലേക്കായിട്ടാണ് ഈ നിയമം വച്ചിരിക്കുന്നതുഎന്നു പറയുന്നതിലാണ് കൂടുതൽ ന്യായം ഉള്ളതുഎന്നാണ് എനിക്കുതോന്നുന്നതു. ഇതുസംബന്ധിച്ചു എന്തെങ്കിലും പരാതിയുണ്ടായാൽ അതുപ്പററി മിസ്റ്റർ റാബിൻസണും വേണ്ടപ്പെട്ടവരെ ശ്രദ്ധിക്കാമെന്നു പറയുന്നതുകൊണ്ടും മററു കാരണങ്ങളാലും ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

ദ്വിതീയന്റെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൧൭൯ മുതൽ ൧൯൬ വരെ നമ്പർ ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾഹാജരാക്കപ്പെട്ടില്ല.

മി. എ. ജെ. ജാൻ.

൧൭൯. മൂന്നാംനമ്പർ ഡിമാൻഡിൻകീഴിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള വ-ാ-ര ലക്ഷം രൂപയിൽ നിന്നും ൪ രൂപ കുറയ്ക്കുന്നു.

മി. ജി. രാമൻമേനോൻ.

൧൮൦. മൂന്നാംനമ്പർ ഡിമാൻഡിൻകീഴിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള വ-ാ-ര ലക്ഷം രൂപയിൽനിന്നും ൧ രൂപ കുറയ്ക്കുന്നു.

മി. പി. ഹബീബ്മഹമ്മദ്.

൧൮൧. മൂന്നാംനമ്പർ ഡിമാൻഡിൻകീഴിൽ മൊത്തമായി അനുവദിച്ചിട്ടുള്ള വ-ാ-ര ലക്ഷം രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കുന്നു.

ഉപക്ഷേപം ൧൮൨.

മി. സി. പി. തോമസ് (നിയമിതമെംബർ): താഴെപറയുന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൧൮൨. മൂന്നാംനമ്പർ ഡിമാൻഡിൻകീഴിൽ ആകെഅനുവദിച്ചിട്ടുള്ള വ-ാ-ര ലക്ഷം രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കുന്നു.

റവന്യൂഉദ്യോഗസ്ഥന്മാരുടെ ജോലിയെസംബന്ധിച്ചു ഏതാനും സംഗതികൾ ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് എന്റെഉദ്ദേശം. പോക്കുവരവുജോലിയെസംബന്ധിച്ചു സംസാരിച്ചാൽ കൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു. ഈ സഭയിലേക്ക് മെംബറന്മാരെ തിരഞ്ഞെടുക്കുന്നതിനെ ആധാരപ്പെടുത്തുന്നതായ ഇലക്ടറൽറോളുകൾ നടപ്പിലാക്കിയ നാൾമുതൽ പോക്കുവരവുറിക്കാർഡുകൾക്ക് വലിയതരം പ്രാധാന്യംസിദ്ധിച്ചിട്ടുണ്ടു. മുമ്പു പറഞ്ഞതുപോലെ ഈജോലി അവസാനമായി പാർവത്യക്കാരിലോ പകുതി ജീവനക്കാരിലോ ആണ് ലയിക്കുന്നതു. പ്രവൃത്തികച്ചേരികളിൽ ഇരിപ്പുള്ള തണ്ടപ്പേരിനെ ആധാരമാക്കിയാണ് വോട്ടന്മാരുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നതു. ഒരാൾ യഥാർത്ഥത്തിൽ കൃഷിചെയ്യുന്നുള്ളവനും കരംകൊടുക്കുന്നവനും ആയിരുന്നാലും

[illegible] ഉദ്യോഗസ്ഥന്മാർ [illegible] ഇടപെട്ടിട്ടില്ലെങ്കിൽ [illegible] ചെയ്യാൻ പാടില്ല. ഈ [illegible] [illegible] ന്യായമായ [illegible] ഉദ്യോഗസ്ഥന്മാർ [illegible] ചെയ്തു [illegible] ഇന്നസ്ഥലങ്ങളിൽ [illegible] [illegible] ഇപ്പോൾ [illegible] [illegible] [illegible]

പ്രദേശത്തുള്ള ഉദ്യോഗസ്ഥന്മാരെ ഏതാൻ ആഫീസിലിരിക്കുന്നവരെക്കാൾ വളരെ നിർബന്ധിതരായിട്ടാണ്ന്നു കഴിയുന്നിടത്തോളം ജോലി ചെയ്തു തീർക്കുന്നതിനു അവർ ശ്രമിച്ചുവരുന്നതായി എനിക്കു അറിയാം. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ചോദ്യങ്ങൾ കേസുകളെപ്പറ്റി ഞാനേ യാതൊരുവിധമായ അഭിപ്രായം കാണിക്കുന്നില്ല. മിസ്റ്റർ ജേക്കബ് തോമസ് ആവശ്യപ്പെട്ടതുപോലെ ആവശ്യമില്ല എന്നാണു എനിക്കു തോന്നുന്നതു.

മി. സി. പി. തോമസ് (നിയമിത മെംബർ): ചെല്ലപ്പെട്ട കേസുകളുടെ എണ്ണം കൂടുന്നതുകൊണ്ടു നിയമിക്കപ്പെടുന്ന കേസുകളുടെ എണ്ണം വർദ്ധിക്കാൻ ഇടയായിട്ടുള്ളതു കാണിക്കുന്നുണ്ടല്ലോ. ചെല്ലപ്പെടുന്ന കേസുകളുടെ എണ്ണം കൂടുന്നതുകൊണ്ടു നിയമിക്കപ്പെടുന്നതിന്റെയും എണ്ണവും വർദ്ധിക്കുന്നതാണല്ലോ കാണുന്നതു?

ഡിപ്യൂട്ടിപ്രസിഡന്റ്: അപ്പീൽ ഉണ്ടല്ലോ.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): കുടിയേറ്റക്കാരുടെ അപ്പീൽപോലെയുള്ള അവകാശം ഉള്ളസ്ഥിതിക്കു ഒരു ഉദ്യോഗസ്ഥനെ അപ്രകാരം ചെയ്യുമെന്നു തോന്നുന്നില്ല. ഇനി മറ്റു സംഗതികൾക്കു കൂടി അതായതു നിയമസഭ പാസ്സാക്കിയ ഉത്തരവുകൾ സംബന്ധിച്ചു പറയാം. ആ ഉത്തരവുകൾ മിസ്റ്റർ ശങ്കരൻ ബ്ലേഡുകാരുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളവയാണ്. അവയുടെ താല്പര്യം ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്മാർ ഗ്രാമപ്രദേശത്തും സ്ഥലപരിശോധനകളിൽ പ്രധാനപ്രവൃത്തിയായി ഏടുത്തിട്ടു അതുസംബന്ധിച്ചു അവരുടെ ഡയറിയിൽ കുറിക്കണം എന്നായിരുന്നു.

മി. സി. പി. തോമസ് (കുന്നത്തുനാട്): പോക്കുവരവിനുള്ള അപേക്ഷ തള്ളപ്പെടുന്ന സന്ദർഭങ്ങളിൽ ആ വിവരം കക്ഷികളെ അറിയിക്കപ്പെടുന്നുണ്ടോ എന്നു അറിഞ്ഞാൽക്കൊള്ളാം.

ഡിപ്യൂട്ടിപ്രസിഡന്റ്: ഇപ്പോൾ വാദപ്രതിവാദത്തിനു വിഷയമായിട്ടുള്ള ഉപക്ഷേപത്തിന്റെ സീമക്കു വെളിയിൽ നാം പോകുന്നതായി എനിക്കു തോന്നുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഈ ജോലി ചെയ്യുന്നതു ഗവർണ്മെന്റാണോ ചേർന്നതാണോ ചെയ്യുന്നതു ഗുണം. ഇവയെ സംബന്ധിച്ചു അവരുടെ ഡയറിയിൽ പ്രസ്താവിക്കാറുണ്ട്.

മി. സി. പി. തോമസ് (നിയമിത മെംബർ): ഇങ്ങനെയുള്ള കൂടിയാലോചനകളുടെ ഔദ്യോഗികമായ ഫലങ്ങളെ സംബന്ധിച്ചു ജനസാമാന്യം അറിയുന്നതിൽ കമ്മീഷണർക്കു എന്തെങ്കിലും വിരോധമുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഞാൻ പറഞ്ഞതിനെ കുറേക്കൂടി വിശദമാക്കിക്കൊള്ളട്ടെ. മിവാൻജിയപ്പോൾ ഫ്രാഞ്ചൈസിയും ഭൂനികുതി പരിഷ്കരിക്കുന്ന അവസ്ഥയിൽ ആ സ്ഥലത്തുള്ള നിയമനിർമ്മാണസഭാ മെംബർ, ശ്രീമൂലപ്രജാസഭാ മെംബർ, വക്കീലന്മാരിൽ മുഖ്യന്മാരായ ഒന്നോ രണ്ടോ പ്രധാനികളെ നിയോഗിച്ചു കാണും. ഏതെങ്കിലും ഒരു സംഗതി ചെല്ലപ്പെട്ടാൽ അദ്ദേഹത്തോടു പറകയാണെങ്കിൽ അവരുമായി അതേപ്പറ്റി വാദപ്രതിവാദം നടത്തി ആ വിഷയത്തിൽ ഗവണ്മെന്റിലേക്കു എന്തുചെയ്തിരിക്കുന്നു എന്നുമറിയാം. ഇത്തരം സംഗതികൾ അവർ പറഞ്ഞു മനസ്സിലാക്കുകയും മറ്റും ചെയ്യുന്നു. ഈ സംഗതികളെല്ലാം അദ്ദേഹത്തിന്റെ ഡയറിയിൽ കുറിക്കുകയും ചെയ്യുന്നു. ഈ ഉത്തരവുകൾ മിസ്റ്റർ കൃഷ്ണൻനായർ മിവാൻജിയായിരുന്ന കാലത്തു ഉണ്ടായിട്ടുള്ളവയാണ്. ഇന്നും അവയെ അനുസരിച്ചുതന്നെ നടത്തിവരുന്നുണ്ടു. ഈ ഡയറികൾ എല്ലാം എന്റെ കയ്യിൽ വരികയും ഞാൻ അവയെ ഗവണ്മെന്റിലേക്കു അയച്ചുകൊടുക്കുകയും ചെയ്യുന്നു.

മി. സി. പി. തോമസ് (നിയമിത മെംബർ): ഇവയെ സംബന്ധിച്ചു കഴിയുന്നിടത്തോളം വിവരങ്ങൾ പൊതുജനങ്ങൾ അറിയുന്നതിനിടയാകാൻ ആ അറിവു അവർക്കു വളരെ ഉപകാരപ്രദമായിരിക്കയില്ലയോ; അവയെ പരസ്യം ചെയ്യുന്നതിൽ ഗവണ്മെന്റിനു എന്തെങ്കിലും വിരോധം ഉണ്ടോ? ഇങ്ങനെ പരസ്യം ചെയ്യുന്നപക്ഷം ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന വേലയുടെ സ്വഭാവവും അളവും അവർ ചെയ്യുന്ന ജോലിയുടെ ഫലവും ജനങ്ങൾക്കു അറിയാൻ ഇടയാകുമെന്നുള്ളതാണല്ലോ.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്മാർ ഇന്നിന്ന ആളുകളെ കണ്ടു എന്നും ഇന്നിന്ന നോട്ടീസുകൾ എടുത്തു എന്നും ഉള്ള വിവരങ്ങൾ അടങ്ങിയ പട്ടികകൾ ഭാഗ്യക്കുറിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉള്ളതായി എനിക്കു തോന്നുന്നില്ല.

മി. സി. പി. തോമസ് (നിയമിത മെംബർ): പട്ടികരൂപത്തിൽ ആയിരിക്കേണ്ട ആവശ്യം ഒന്നുമില്ല. അവരുടെ ജോലിയുടെ ഫലത്തെ സംബന്ധിച്ചു പ്രസ്താവിച്ചിരുന്നാൽമതിയും മതിയാകുന്നതാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇതിനെ സംബന്ധിച്ചു ഞാൻ നോട്ടുചെയ്തുകൊള്ളാം.

മി. സി. പി. തോമസ് (നിയമിത മെംബർ): തണ്ടപ്പേർ രജിസ്റ്ററിൽ ഒരാളിന്റെ പേർ ഉൾപ്പെടുത്തണമെന്നായി അയാൾ കൊടുക്കുന്ന അപേക്ഷയെ തള്ളിക്കളയുകയാണെങ്കിൽ ആ വിവരം കക്ഷിയെ രേഖപ്പെടുത്തുക പതിവുണ്ടോ എന്നു മിസ്റ്റർ തരകൻ ചോദിച്ചതായ ചോദ്യത്തിനു മിസ്റ്റർ റാബിൻസൺ മറുപടി പറഞ്ഞാൽക്കൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതേ സംബന്ധിച്ചു ഞാൻ വേണ്ട അന്വേഷണങ്ങൾ നടത്താം. ഏതെങ്കിലും ഒരാളിന്റെ കയ്യത്തിനു അപ്രകാരം ചെയ്തിട്ടില്ലാത്തതായി മിസ്റ്റർ തരകന്റെ അറിവിൽപെടുന്നതിനു ഇടയാകുന്നപക്ഷം അദ്ദേഹത്തിന്റെ അല്ലെ ഉദ്യോഗികമായി ഒരു എഴുത്തു അയക്കാവുന്നതുള്ളതാണ്.

മി. സി. പി. തോമസ് (നിയമിത മെംബർ): മിസ്റ്റർ റാബിൻസൺ പറഞ്ഞിട്ടുള്ള സമാധാനത്തിന്റെ സ്ഥിതിക്കു ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഡിപ്യൂട്ടിപ്രസിഡന്റ്: നാലാം നമ്പർ ഡിമാന്റായ ലാൻഡ്റവന്യൂവിലേയ്ക്കു വ്യവസ്ഥ ചെയ്ത തുകയിൽ കവിയാതെയുള്ള ഒരു സംഖ്യ അനുവദിക്കണമെന്നുള്ളതാണല്ലോ സഭമുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുള്ള ഉപക്ഷേപം.

ഉപക്ഷേപം പാസാക്കപ്പെടുകയും ഗ്രാന്റ് അനുവദിക്കപ്പെടുകയുംചെയ്തു.

ഡിമാൻഡ് ൪—ആദായനികുതി—൨൪ ലക്ഷം രൂപ.

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ൪-ാം നമ്പർ ഡിമാൻഡായ ആദായനികുതിക്കായി ൨൪ ലക്ഷംരൂപയിൽ കവിയാത്ത ഒരുസംഖ്യ അനുവദിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

൨. ആദായനികുതി.

൧൯൩ മുതൽ ൧൯൬ വരെ നമ്പർ ഉപക്ഷേപങ്ങളിലെ മെംബറന്മാർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന ഉപക്ഷേപങ്ങളിലെ ഹാജരാക്കപ്പെടാത്തവയായി ഗണിക്കപ്പെട്ടു.

മി. ജി. രാമൻമേനോൻ.

൧൯൭. എസ്റ്റാബ്ലിഷ്മെൻറിനായി അനുവദിച്ചിട്ടുള്ള ൪ ൧൭൭ രൂപയിൽനിന്നും ൨൪ ൦ രൂപ കുറയ്ക്കണം.

മി. എസ്. പിറവിംപരമ്പിൾ.

൧൯൮. ലാചാർജ്ജുകൾക്കായി അനുവദിച്ചിട്ടുള്ള ൧ ൦ ൦ രൂപ വേണ്ട എന്നുവയ്ക്കണം.

മി. ജി. രാമൻമേനോൻ.

൧൯൯. ലാചാർജ്ജുകൾക്കായി അനുവദിച്ചിട്ടുള്ള ൧ ൦ ൦ രൂപ വേണ്ടഎന്നുവയ്ക്കണം.

൧൯൯-ാം നമ്പർ ഉപക്ഷേപം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): സർ, ഞാൻ താഴെപറയുന്ന ഉപക്ഷേപത്തെ ഹാജരാക്കിയിരിക്കുകയാണ്.

൧൯൯. ൪-ാംനമ്പർ ഡിമാൻഡിൽ അനുവദിക്കപ്പെട്ടിട്ടുള്ള '൨൪ ലക്ഷം രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

ഇപ്പോൾ നടപ്പിൽ ഇരിക്കുന്നതായ ആദായനികുതി റഗ്ലേഷൻ അനുസരിച്ചുള്ള ജോലിനടത്തിപ്പിൽ ഉണ്ടാകുന്ന തെററുകളെ സംബന്ധിച്ചു വാഗ്വിവാദം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതിനു അനുവാദം ആവശ്യപ്പെട്ടതു. ആയവ്യയക്കണക്കിനെ സംബന്ധിച്ചു പൊതുവായി നിരൂപണംനടത്തിയ കൂട്ടത്തിൽ ഇതിനെക്കുറിച്ചും ഞാൻ അല്പം എന്തൊ പറകയുണ്ടായല്ലോ. ആ ഭാഗങ്ങളെ സംബന്ധിച്ചുമാത്രമേ ഞാൻ ഇപ്പോൾ പറയണമെന്നു ഉദ്ദേശിക്കുന്നുള്ളു. ഞാൻ പറയണം എന്നു വിചാരിക്കുന്ന ഒരു സംഗതി ഈ റഗ്ലേഷനിലെ ൩൯-ാം വകുപ്പു അനുസരിച്ചു പണം തിരിച്ചു കിട്ടണമെന്നായി ബോധിപ്പിക്കുന്ന അപേക്ഷകളെ ശ്രദ്ധയോടുകൂടി കഴിയുന്നിടത്തോളം വേഗത്തിൽ തീരുമാനിക്കണം എന്നുള്ളതാണു. അനേകം മാസങ്ങളെന്നല്ല അനേകം വർഷങ്ങളായിട്ടും ഇതുവരെ തീരുമാനിക്കാതെ ഈ ൩൯-ാം വകുപ്പനുസരിച്ചുള്ള അപേക്ഷകൾ ഇന്നും കിടപ്പുള്ളതായി വിശ്വസനീയമായ സ്ഥാനങ്ങളിൽനിന്നും എനിക്കു അറിവാനിടയായിട്ടുണ്ടു. കമ്പനികളിൽനിന്നും ഗവണ്മെൻറു ആദായനികുതി പിരിച്ചിട്ടുണ്ടു. അതിൻെറ ഒരു അംശംമാത്രമാണു ൩൯-ാം വകുപ്പിൻപ്രകാരം തിരിച്ചു കൊടുക്കേണ്ടതായിട്ടുള്ളതു. തിരിച്ചു കൊടുക്കുവാനുള്ളതുകയുടെ ചെറിയവയായിരിക്കും. ഡിവിഷൻ തലസ്ഥാനത്തുനിന്നും വളരെ അകലെ താമസിക്കുന്ന ആളുകൾക്കു ഇത്ര നിസ്സാരമായ ഒരു സംഖ്യ വാങ്ങുന്നതിനുവേണ്ടി ഡിവിഷൻ അസിസ്റ്റൻറിൻെറയോ കളക്ടരുടേയോ ആഫീസുകളിൽ പോകുന്നതു വളരെ ബുദ്ധിമുട്ടായിരിക്കും. തിരിച്ചു കിട്ടുവാനുള്ള സംഖ്യ വലുതായിരുന്നു എങ്കിൽ കുറെ സമയം അതിലേയ്ക്കു വിലവാങ്ങിയാലും തരക്കേടില്ലായിരുന്നു. ഇങ്ങനെ സാധാരണയായി ഇപ്പോൾ ചെറുതായിരിക്കുമെന്നുള്ളതുകൊണ്ടു പലപ്രാവശ്യം ഇതിലേക്കുവേണ്ടി പോയി ആപ്പീസുകളിൽ കാത്തുകെട്ടിക്കിടന്നു ഓരോ ക്ലാർക്കിനോടും അപേക്ഷയെപ്പററി കഴിയുന്നതും വേഗത്തിൽ ഒരു തീരുമാനം ഉണ്ടാക്കിത്തരണം എന്നായി അപേക്ഷിച്ചുംകൊണ്ടു നടക്കുന്നതു വളരെ ബുദ്ധിമുട്ടാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. വേണ്ടുംവണ്ണം കഠിനപ്രയത്നം ചെയ്തിട്ടും പണം തിരിച്ചു കിട്ടുന്നതിനു സാധിക്കുന്നില്ലെന്നുള്ള പരാതികളും ഞാൻ കേട്ടിട്ടുണ്ടു. ജനങ്ങളുടെ പക്കൽനിന്നും ആവശ്യംകൂടാതെ വാങ്ങുന്നപണം അശേഷം കാലതാമസംകൂടാതെ തന്നെ അവർക്കു തിരിയെ കൊടുത്തുതീർക്കുന്ന വിഷയത്തിൽ ഗവണ്മെൻറിൽനിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു.

ചില ആദായനികുതി കളക്ടറന്മാരുടെ ആഫീസുകളിൽ നടത്തിവരുന്ന മറെറാരു അനാരോഗ്യമായ നടപടിപുതുക്കിയറഗ്ലേഷൻമൂലം നടപ്പാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കു വിപരീതമായി അവർ പ്രവർത്തിക്കുന്നു എന്നുള്ളതാണു. ഏതെങ്കിലും ഒരു വർഷത്തെ ആദായംതന്നെ അതിനടുത്തവർഷത്തേയും ആദായമായി കരുതേണ്ടതാണെന്നുള്ള നിബന്ധനയെ സംബന്ധിച്ചാണു ഇപ്രകാരംചെയ്തുവരുന്നതു. കഴിഞ്ഞവർഷത്തേയോ അല്ലെങ്കിൽ ഏതെങ്കിലും ഒരുവർഷത്തേയോ ആദായം എത്രയാണു എന്നു കണക്കുപുസ്തകങ്ങളിൽനിന്നും കണ്ടുപിടിച്ചു കഴിഞ്ഞാപുടൻ നസ്രകയ്ക്കുത്തിനുവേണ്ടി അതിനെതന്നെ രണ്ടു വർഷങ്ങളിലേയും ആദായമായി നിശ്ചയിക്കുന്നു. കരം കൊടുക്കേണ്ട ചില ആളുകൾക്കു ഈ സമ്പ്രദായം തീർച്ചയായും ആദായകരമായിരുന്നേക്കാം. എന്നാൽ മററു ചിലർക്കു അതുമൂലം വളരെ വലിയ നഷ്ടത്തിനും ഇടയായേക്കാം. ഈ റഗ്ലേഷനിലെ നിബന്ധനകളെ എന്തിനായിട്ടു ഗവണ്മെൻറു അനുസരിക്കാതിരിക്കുന്നു എന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ചുള്ള ചട്ടങ്ങൾ വളരെ വിശദമായിട്ടുള്ളവയാണെങ്കിലും ഉദ്യോഗസ്ഥന്മാർ ഗൗനിക്കുന്നില്ലെന്നും അതേപ്പററിചോദിക്കുമ്പോൾ രഹസ്യ സർക്കുലറുകൾ ഉണ്ടെന്നുംമററും ഓരോ സമാധാനങ്ങൾ പറഞ്ഞുവരുന്നുഎന്നും മററുമാണു സാധാരണയായുള്ള പരാതി. അതെങ്ങിനെയായിരുന്നാലും ഈ നടപടി ഒട്ടും ശരിയായിട്ടുള്ളതല്ലെന്നു പറയാതെ തരമില്ല. ഉദ്യോഗസ്ഥന്മാർ റഗ്ലേഷനും രൂളുകളും അനുസരിച്ചുതന്നെ പ്രവർത്തിക്കണം. ആദായനികുതി റഗ്ലേഷൻ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുന്നതിനു ഒരു ശരിയായ അടിസ്ഥാനം ഉറപ്പിക്കാനുപക്ഷം —

ഡിപ്യൂട്ടിപ്രസിഡൻറു: മുന്നാണ്ടിൽ നികുതിപിരിച്ചുകൂട്ടുകതന്നെ തന്നാണ്ടിലും ഉദ്യോഗസ്ഥന്മാർ നികുതിപിരിക്കുന്നതിൽ നിങ്ങൾക്കു എന്താണുവിരോധം?

മി. ടി. ജെ മാത്യു (ചങ്ങനാശേരി പീരുമേട്): കഴിഞ്ഞവർഷത്തിലെ ആദായം അതിനുമുമ്പിലത്തെ വർഷത്തെ ആദായത്തിൽ നിന്നും കണക്കാക്കേണ്ടതായിട്ടാണിരിക്കുന്നതു.

വൈസ്പ്രസിഡന്റ്: അതു കുറച്ചാണെന്നു കണ്ടെന്നപക്ഷം അയാൾക്കു പണം തിരിയെ കിട്ടുന്നതിനു ള്ള അവകാശമുണ്ടല്ലോ.

ടി. ടി. നമ്പൂതിരി (ചങ്ങനാശേരി പീരമേട്ടു): കണക്കുകൾ ശരിപ്പെടുത്തുക എന്നുള്ളതു ചെയ്യപ്പെടുകയില്ല എന്നാണ് റെഗുലേഷനിൽ പറഞ്ഞിരിക്കുന്നതു. ആകയാൽ മുൻപറഞ്ഞ നായാട്ടിനുമേലുള്ള നടപടിയെ തടയുന്നതിനും പണം തിരിയെ കിട്ടണമെന്നായി കൊടുക്കുന്ന അപേക്ഷകളെ കഴിയുന്നതും വേഗത്തിൽ തീർത്തു മുന്നിക്കുന്നതിനും വേണ്ട പ്രയത്നങ്ങൾ ഗവർണ്മെന്റിൽനിന്നു ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായത്തെ ഞാൻ ഒരിക്കൽകൂടി ബലമായി പറഞ്ഞുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഗ്രൂനികുതിയും ആദായനികുതിയും കമ്മിഷണർ): സർ, പണം തിരയ്ക്കു കിട്ടുന്നകാര്യത്തിൽ വളരെ താമസം നേരിടുന്നു എന്നു പറഞ്ഞുകേൾക്കുന്നതിൽ എനിക്കു വളരെ മനസ്സുപൊറുതിയുണ്ടു. ആകട്ടെങ്കിലും മേൽപ്പറഞ്ഞപ്രകാരം തിരയ്ക്കു കിട്ടാനുള്ള പണം കിട്ടാതിരിക്കുന്നപക്ഷം അതേപ്പറ്റി എനിക്കു എഴുതുന്നതു ഗുണമായിരിക്കുമെന്നു തോന്നുന്നു. ഇങ്ങനെ എഴുതുന്നതു അപ്പീൽ അപ്പീലാണെന്നുകൊണ്ടു അതിലേയ്ക്കു സ്റ്റാമ്പിന്റെ ആവശ്യമില്ല. അവർ എഴുതി അയച്ചാൽമതിയും മതിയാകുമെന്നുള്ളതാണു. ചില പ്പോൾ ചില ആളുകൾക്കു പണത്തിനുവേണ്ടി ഗ്രാമസ്ഥിതമായ ആപ്പീസുകളിൽ പോകുന്നതു ഇഷ്ടമായില്ല എന്നു വന്നേക്കാം. എന്നാൽ മണി ആർഡറായി അയച്ചുതരണമെന്നു തഹശീൽദാർക്കു എഴുതി അയക്കാമല്ലോ. അതനുസരിച്ചു തഹശീൽദാർ ചെയ്യാത്തപക്ഷം പണം തിരയ്ക്കു കിട്ടണമെന്നു കാണിച്ചു ദിവാൻപേഷ്കാരെക്കൊ എനിക്കോ എഴുതാമല്ലോ. ഇങ്ങനെ വളരെ ചെറുതായിരിക്കുന്ന സന്ദർഭങ്ങളിൽ സാധാരണയായി തന്നാണ്ടത്തെ കണക്കിൽ അതിനെ വരവുകൊള്ളിച്ചു കണക്കു ശരിപ്പെടുത്തുകയാണു ചെയ്തുവരാറുള്ളതു. ഇതു കുറെക്കൂടി എളുപ്പവും ജനങ്ങൾക്കു സമ്മതവും ആയിട്ടുള്ളതാണു. എങ്ങിനെയായാലും താമസം നേരിടുന്നതിനു സംബന്ധിച്ചുള്ള പരാതികൾ മേലധികാരികളുടെ മുമ്പാകെ സമർപ്പിക്കുമെന്നു ഞാൻവിശ്വസിക്കുന്നു.

ഇന്നാൾ ഇന്നവിധം പ്രവർത്തിച്ചിരിക്കുന്നു എന്നു പ്രത്യേകമായി ഒരു സംഗതിയെ എങ്കിലും ചൂണ്ടിക്കാണിക്കാതെ പറഞ്ഞിരിക്കുന്നതിനാൽ റെഗുലേഷനു വിപരീതമായി പ്രവർത്തിക്കുന്നു എന്നു മൊത്തമായി പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ചു ഇപ്പോൾ എനിക്കു യാതൊന്നും പറവാൻ നിവൃത്തിയില്ല. സാങ്കല്പികമായ സംഗതികളെപ്പറ്റി എനിക്കു യാതൊന്നും പറവാൻതരമില്ല. നിയമഭേദഗതികളോ മററുചിട്ടകളോ ഉണ്ടാകുന്നുണ്ടെങ്കിൽ അപ്പീൽവഴി കേവലം കൈകൊണ്ടുവരേണ്ടതാണു. ഇതിനിടയായി വളരെ കുറച്ചു അപ്പീലുകൾ മാത്രമേ കാണുന്നുള്ളു. കാലക്രമംകൊണ്ടു അപ്പീലുകൾക്കുള്ള ആവശ്യം കുറഞ്ഞുതുടങ്ങുന്ന വരുമെന്നാണു എന്റെ വിശ്വാസം.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവട കൈകത്തെഴിൽ സംഘങ്ങൾ കേന്ദ്ര വടക്കൻ മെംബർ): വലിയ വ്യാപാരശാലകളിലെ കണക്കുപുസ്തകങ്ങളും നീക്കിയിരിപ്പു കണക്കുകളും ശരിയായി മനസ്സിലാക്കുക എന്നുള്ളതു വളരെ പ്രയാസമേറിയ ഒരു ജോലിതാണ്. എക്സ് ചെയിഞ്ചു റേറുകളേയും പണത്തിനേയും സംബന്ധിച്ചുള്ള ലേഖനങ്ങൾ വർത്തമാനപത്രങ്ങളിൽനിന്നും മനസ്സിലാക്കാൻ ശ്രമിച്ചിട്ടുള്ളവർക്കു അതു എത്ര വിഷമമേറിയ ഒരു ജോലിതാണെന്നു അറിയാമെന്നുള്ളതാണു. ശരിയായ സാങ്കേതിക പരിശീലനം സിദ്ധിച്ചിട്ടുള്ളവരും ഇങ്ങനെയുള്ള സംഗതികൾ മനസ്സിലാക്കുന്നതിനു വളരെ ചെറുപ്പംമുതൽതന്നെ പരിശീലിച്ചിട്ടുള്ളവരും ആയ ആളുകൾക്കല്ലാതെ ഒരു വ്യാപാരശാലയിലെ നീക്കിയിരിപ്പു കണക്കുകളും കണക്കുപുസ്തകങ്ങളിലെ പല ഇനങ്ങളും ശരിയായി മനസ്സിലാക്കാൻ സാധിക്കുന്നതല്ല. അതിതരസാധാരണമായ സാമർത്ഥ്യമുള്ള ചുരുക്കം പ്രായക്കാരായതിനു ശേഷവും ഇവയെ മനസ്സിലാക്കുവാൻ സാധിച്ചു എന്നുവന്നേക്കാം. എന്നാൽ നമ്മിൽ അധികംപേർക്കും അതു മിക്കവാറും അസാദ്ധ്യമായിട്ടുള്ളതാണു. ഗ്രീക്കുമഹാഭാരതപ്പോലെയാണു ഇവയെപ്പററി നമുക്കു തോന്നുന്നതു. ഇതിന്റെ ഫലമായി ഡിവിഷൻ അസിസ്റ്റന്റന്മാർ ആദിയായുള്ള ഉയർന്നതരം ഉദ്യോഗസ്ഥന്മാർ ചുമതലയുള്ള നിലപാടിൽ ആണ് എന്നു പറയപ്പെടുന്നുണ്ടെങ്കിലും ഈ വിഷയത്തെ സംബന്ധിച്ചു അവർ കീഴുദ്യോഗസ്ഥന്മാരുടെ ചുമതലയിലുള്ളതുപോലെ ആയ ഗുമസ്തന്മാരെ ആശ്രയിച്ചുപ്രവർത്തിക്കേണ്ടിവരുന്നുഎന്നാണ് ഞാൻ പറയുന്നതു ഈ ജോലി ഇങ്ങനെ ഗുമസ്തന്മാരുടെ ചുമതലയിൽ വിട്ടുകൊടുക്കുന്നതുകൊണ്ടു കക്ഷികൾക്കവരുടെ ദോഷത്തിനു ഇടയാകുന്നു. ഒരു പ്രധാനപ്പെട്ട ടൌൺഷിപ്പായ ആലപ്പുഴപട്ടണത്തിൽ ഈ സംഗതിയിൽ കൈകാര്യംചെയ്യുവരുന്ന സമ്പ്രദായങ്ങളെക്കുറിച്ചു അനേകവർഷകാലമായി എനിക്കുള്ള സ്വന്തംപരിചയത്തിന്റെ ഫലമായിട്ടാണു ഞാൻ ഇത്രയും പറയുന്നതു.

കുപ്രസിദ്ധമായ ഒരു ഉദാഹരണത്തെപ്പററി ഞാൻ പറയാം. അതു ഈയിടെ ആലപ്പുഴ ഉണ്ടായ ആദായനികുതിപണാപഹരണക്കേസ്തന്നെയാണ്. ഇപ്രകാരമുള്ള പണാപഹരണങ്ങൾ വളരെക്കാലമായിനടന്നുവരുന്നുണ്ടെന്നുള്ള പരമാർത്ഥം ആ കേസിൽ വമ്പിച്ചുവെളിപ്പെടുകയുണ്ടായല്ലോ. ഈ കേസിനു കാരണഭൂതനായി ആ പ്രത്യേകഗുമസ്തൻ ഏതെല്ലാം പണാപഹരണങ്ങൾക്കു ഉത്തരവാദിയായിരുന്നുഎന്നു എനിക്കു അറിഞ്ഞുകൂടാ. ഡിവിഷൻഅസിസ്റ്റന്റിനു ഈ വിഷയത്തിൽ മേലധികാരം ഉണ്ടെന്നാണ് വച്ചിട്ടുള്ളതു. ഇതുപോലെയുള്ള സംഗതികൾ ഗ്രഹിക്കുന്നതിനു വളരെകുറച്ചു ഉദ്യോഗസ്ഥന്മാർക്കുമാത്രമെ സാധിക്കയുള്ളു എന്നു എനിക്കു സധൈര്യം പറവാൻ കഴിയും. ക്ലാർക്കുകൾ അവരുടെ "അഭിപ്രായ"ത്തെ മേലുദ്യോഗസ്ഥന്മാരെ പറഞ്ഞുമനസ്സിലാക്കുകയും അവർ അതു അഭിപ്രായത്തെത്തന്നെ കക്ഷികളോടു പറയുകയുംചെയ്യുന്നു. ആപ്പീസ്ഭരിക്കുന്നവരായ ഈ ക്ലാർക്കന്മാരെ തൃപ്തിപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു. ഈ വിഷയത്തെസംബന്ധിച്ചു ഒരുപരീക്ഷ ഏർപ്പെടുത്തി അതിൽ ഈ വിഷയത്തിലുള്ള ചുമതലകൾവഹിക്കുവാൻ വഹിക്കുന്നവർ എന്നു അഭിമാനിച്ചുവരുന്നവരായ ഡിവിഷൻഅസിസ്റ്റന്റുമാരെയും കളക്ടറന്മാരേയുംചേർത്തുനോക്കുന്നപക്ഷം തൊണ്ണൂററാമ്പതോ തൊണ്ണൂറു ശതമാനംപേർ ഈ പരീക്ഷയിൽ നിശ്ശേഷം തോൽക്കുന്നതായി കാണുന്നതായിരിക്കുംഎന്നു എനിക്കു നിശ്ചയമായിതോന്നുന്നുണ്ടു. ഇതിൽ യാതൊരുസംശയത്തിനും അവകാശമില്ല. അവർക്കു ഈ വിഷയത്തെസംബന്ധിച്ചു ഇലോംകുറഞ്ഞ ഒരു അറിവുമാത്രമെ ഉള്ളു. ആലപ്പുഴ ആദായനികുതിആപ്പീസിൽ വെളിപ്പെടുന്നതിനു ഇടയായ ആളുപോകചെയ്തുള്ള തകരാറുകൾതന്നെ മററു ആപ്പീസുകളിലും ഉള്ളതായ് വെളിപ്പെടുന്നതായിരിക്കുമെന്നുതന്നെ എനിക്കുതോന്നുന്നു. ഒരു ഡിവിഷൻ അസിസ്റ്റന്റു ശേഷിമാൻ ആയിരുന്നാൽതന്നെയും ഈ ജോലിയിൽ ശ്രദ്ധപതിപ്പിക്കാനുള്ള സമയമോ സൌകര്യമോ അദ്ദേഹത്തിനു ലഭിക്കയില്ല. പ്രാധാന്യമേറിയ മററുജോലികളിൽ അദ്ദേഹം ശ്രദ്ധിക്കേണ്ടതായുണ്ടു. അതിനാൽ പരിജ്ഞാനക്കുറവിനാലും സ്വഭാവികമായ വാസനയില്ലായ്മ

യിലും മററുപലകാരണങ്ങളാലും ഇതുസംബന്ധിച്ചുള്ള മുഴുവൻ ചുമതലകളും താഴ്ന്നശമ്പളക്കാരായ ഗുമസ്തന്മാരിൽതന്നെയാകുന്നു. ഇപ്പോൾ നടപ്പിൽഇരിക്കുന്ന ഫ്ലർപ്പാടിന്റെ ഫലമായി ഈ ജോലിചുമതലയുള്ള ഉദ്യോഗസ്ഥന്മാരെ ഏൽപ്പിച്ചതിൽ ഗവർണ്ണമെന്റിനുള്ള ഉദ്ദേശം ഫലിക്കാതിരിക്കുന്നതിനു ഇടയാകുന്നു. ഈ സംഗതിയെസംബന്ധിച്ചു വളരെനാൾ ആലോചിച്ചുനോക്കുകയും ഡിപ്പാർട്ടുമെന്റിലുള്ള പല ആളുകളുമായി ആലോചിച്ചുനോക്കുകയും ചെയ്തതിനുശേഷം ആദായനികുതികമ്മീഷണക്കു രണ്ടുമൂന്നു സ്പെഷ്യൽഅസിസ്റ്റന്റന്മാരെ നിയമിക്കുന്നതു ഖിറററവും ആശാസ്യമായിരിക്കുമെന്നാണ് എനിക്കു തോന്നിയിട്ടുള്ളതു. അവർ ഈ വിഷയത്തിൽ പ്രത്യേകപരിജ്ഞാനവും പരിചയവും ഉള്ളവരായിരിക്കണം. അങ്ങനെ ചെയ്യുന്നപക്ഷം ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാതികൾക്കെല്ലാം മേലാൽ ഉണ്ടാകുന്നതിനു ഇടയാകുന്നതല്ല. തഹശീൽദാർതന്നെ മേലാലും ഒരുക്കൂർ ആയി ഇരുന്നതുകൊണ്ടു പുന്നാട്ട ഡിവിഷൻഅസിസ്റ്റന്റന്മാർ ഇപ്പോൾ നിർവഹിക്കുന്ന ജോലി ഞാൻ മുമ്പുപറഞ്ഞ സ്പെഷ്യൽഉദ്യോഗസ്ഥന്മാരിൽതന്നെ ലയിക്കേണ്ടതാണ്. ഇതു വളരെ അത്യാവശ്യമായ ഒരുവകുപ്പാണ് ഇതിനെ ഏതെങ്കിലും ഒരുഎസ്റ്റേറ്റു ഏല്പിച്ചുകൊടുക്കുകകൊണ്ടു ജനങ്ങൾക്കു അതികഠിനമായ നഷ്ടങ്ങൾ ഉണ്ടാകുന്നതിനു ഇടയാകുന്നു. ഇവക്കുമുമ്പിൽതുട്ടിതന്നെ കൈക്കൂലികൊടുക്കുന്നകാരണത്താൽ വലിയനഷ്ടം നേരിടുന്നതിനു ഇടയാക്കാതെ കഴിക്കുന്നആളുകളുംഉണ്ടു എന്നാൽ ഇതുകൊണ്ടു ഗവർണ്ണമെന്റിനും ഇപ്രകാരംചെയ്യാൻ കഴിയാത്ത ആളുകൾക്കും വലിയനഷ്ടത്തിനു കാരണമാകുന്നു. കൊഴിലാളികളുടെയോ കൃഷിക്കാരുടെയോ സ്ഥാനത്തിൽനിന്നു നോക്കുന്നപക്ഷം ഇപ്പോഴത്തെ ഫ്ലർപ്പാടു കേവലം നിഷ്ഫലമായിട്ടുള്ളതാണെന്നേ പറയാൻതരമുള്ളു. ആദായനികുതിചുമത്തുന്നതിൽനിന്നും ഉണ്ടാകുന്നതും ഒഴിച്ചുവക്കുന്നതുമായ തുകകൾ ജനസാധീനക്കുറവിനെപററിയല്ല ഞാൻ പറയുന്നതു. എന്നാൽ ഇപ്പോൾ നടപ്പിൽഇരിക്കുന്നതും ഇല്ലാതെ ആക്കാൻ വിചാരിക്കുന്നപക്ഷം സാധിക്കുമെന്നുള്ളതുമായ ദുഷ്യങ്ങളെപററിയാണു ഞാൻ പറയുന്നതു. ഞാൻ പറഞ്ഞിട്ടുള്ളതുപോലെ ചെയ്യുവാൻ പൂർണ്ണമായി വിശ്വസിക്കാമെന്നുള്ളവരും ആണിയുള്ളവരുമായ ആളുകളെമാത്രം ഉദ്യോഗസ്ഥന്മാരായി നിയമിക്കുകയും ചെയ്യുന്നപക്ഷം ഇപ്പോൾ യഥാർത്ഥമായി ഉള്ളതായ ന്യൂനതകൾ നിവൃത്തിയിൽ അധികമോ ഗുണവും തീർക്കാമെന്നുള്ളതാണ്. ഗവർണ്ണമെന്റിന്റേയും റവന്യൂകമ്മീഷണരുടേയും ശ്രദ്ധയെ ഞാൻ ഈ വിഷയത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

സമയം ഉണ്ടായിരുന്നുഎങ്കിൽ ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ഫ്ലർപ്പാടു തീരെ തൃപ്തികരമല്ലാത്തവിധത്തിൽആണു നടത്തിക്കൊണ്ടുവരുന്നതു എന്നുള്ളതിനെ തെളിയിക്കുന്നതിനു അനേകം ഉദാഹരണങ്ങൾ കാണിക്കാമായിരുന്നു. ഒരു വർഷത്തിൽ ൧൦൦൦ രൂപാ ലാഭവും അടുത്തവർഷത്തിൽ ൨൦൦൦ രൂപാ നഷ്ടവും ഉണ്ടായ ഒരു ആളിന്റെകഥതന്നെ ആലോചിക്കാം. ഒരു വലിയതുക ആദായനികുതിയായി ചുമത്തപ്പെട്ട ആലപ്പുഴക്കാരൻ ഒരു കച്ചവടക്കാരന്റെ കഥതന്നയുണ്ടു. അയാൾക്കു അതിരുചലശലായ നഷ്ടമുണ്ടായിരിക്കയാണെന്നു അയാൾ പറഞ്ഞു എങ്കിലും അയാളെകൊണ്ടു ഒരു വൻതുക ആദായനികുതി കൊടുപ്പിക്കപ്പെട്ടു. കുറെമാസം കഴിഞ്ഞപ്പോൾ അയാൾ പാപ്പരായി അപ്പോഴാണു അയാൾക്കു മുൻകൊല്ലം വലിയനഷ്ടമാണുണ്ടായതു എന്നു എല്ലാപേക്കും മനസ്സിലായതു. ഒരാണ്ടത്തെ ആദായനികുതി മുൻകൊല്ലത്തെത്തിനെ അപേക്ഷിച്ചു ഒരു കാലവുംകൂടെ ഞുപോകുന്നതുകൂടിതന്നെ വരേണ്ടതാണെന്നും ആയി ഒരു ധാരണ ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഉള്ളതായിതോന്നുന്നു. അതിനാൽ ജനങ്ങളുടെ പരാതി ഏതുപ്രകാരമെല്ലാം ഇരുന്നാലും ധാരണാരൂപത്തിലുള്ള ഈ ചട്ടത്തിനെ അനുസരിക്കതന്നെ ചെയ്യുന്നു. ഇതു കമ്മീഷണരുടെ തെററല്ലെന്നു ഞാനിക്കനല്ല നിശ്ചയമുണ്ടു. അദ്ദേഹം ഒരു ഉത്തമനായ ഉദ്യോഗസ്ഥനാകുന്നു. ഈ ദോഷമായ ബുദ്ധിമുട്ടുകളെ ഉൻമൂലനം ചെയ്യുന്നതിനു കഴിയുന്നതു അദ്ദേഹം ശ്രമംചെയ്തിട്ടുണ്ടെന്നും എല്ലാപേരും സമ്മതിക്കുന്നുണ്ടു. എന്നാൽ അദ്ദേഹം ഒററക്കുത്തൻമാത്രമെ ആകുന്നുള്ളു എന്നുമാത്രമല്ല ന്യൂനതസ്ഥിതിചെയ്യുന്നതു ഇടപ്പിലിരിക്കുന്ന ഫ്ലർപ്പാടിലാണ്താനും. അതിനാൽ ഗവർണ്ണമെന്റിനും മിസ്റ്റർ റാബിൻസണും ജനങ്ങൾക്കും എല്ലാപേക്കും ഒരുപോലെ ഒരു സഹായമായിരിക്കത്തക്കവിധത്തിൽ ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ എന്തെങ്കിലും ഒരു ഫ്ലർപ്പാടിനെ ഗവർണ്ണമെന്റിങ്കനിന്നും ഗടപ്പിൽ വരുത്തുമെന്നു ഞാൻ ഹൃദയപൂർവമായി വിശ്വസിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി പീരുമേട്): പണം തിരിയെ കിട്ടുന്നതിനുള്ള അപേക്ഷകളുടെ തീരുമാനത്തെസംബന്ധിച്ചു ഞാൻ മുമ്പുതന്നെ ഒരു പ്രത്യേക നിവേദനം ഹാജരാക്കിട്ടുണ്ടു. അതിലേക്കുള്ള മറുപടി ഈ യോഗത്തിൽവച്ചുതന്നെ പറയുകമെന്നും ഞാൻ വിശ്വസിക്കുന്നു. ആ സംഗതി ആദായനികുതികമ്മീഷണരുടെ ശ്രദ്ധക്കു വിഷയീഭവിക്കുമ്പോൾ കളക്ടർമാരുടെ ഓരോ അപ്പീസുകളിലും എത്ര എത്ര ഹർജികൾ വീതം തീരുമാനിക്കാത്തവയായി കഴിഞ്ഞിട കിടപ്പുണ്ടെന്നു കമ്മീഷണക്കു കാണാകുമെന്നുള്ളതാണ്.

മി. മാമ്മൻമാപ്പിള പറഞ്ഞ പരാതിയെ സംബന്ധിച്ചിടത്തോളം ഞാൻ അദ്ദേഹവുമായി പൂർണ്ണമായിയോജിക്കുകയും അദ്ദേഹത്തെ പിൻതാങ്ങുകയും ചെയ്യുന്നതോടുകൂടി ഈ ഗൌരവമേറിയ സംഗതിയിലേക്കു ഗവർണ്ണമെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു. കമ്മീഷണരുടെ അഭിപ്രായമറിയുകകൂടിതിനുശേഷം കൂട്ടത്തലായി വല്ലതും പറവാനുണ്ടോ എന്നു ആലോചിക്കാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ദ്രവ്യനികുതിയും ആദായനികുതിയും കമ്മീഷണർ): ഡിവിഷൻഅസിസ്റ്റന്റന്മാരുടെ അപ്പീസുകളിൽഉള്ള ജോലിനടത്തിപ്പിനെസംബന്ധിച്ചു മിസ്റ്റർ മാമ്മൻമാപ്പിള പറകയുണ്ടായല്ലോ. ഈ സംഗതിയിൽഉള്ള ഒററബുദ്ധിമുട്ടു അവർക്കു ധാരാളമായി ക്രിമിനൽജോലിയുള്ളതുകൊണ്ടു ആദായനികുതിയെ സംബന്ധിച്ചുള്ള ജോലിനടത്തുന്നതിന്നു വളരെ കുറച്ചുസമയംമാത്രമെ അവർക്കു കിട്ടുന്നുള്ളു എന്നുള്ളതാണ്.

ആലപ്പുഴകേസിനെസംബന്ധിച്ചുള്ള പരാതിയെപററിപറകയാണെങ്കിൽ ചില വ്യാപാരശാലകൾ പണം അയച്ചുകൊടുത്തിരുന്നു:—

ഡിപ്യൂട്ടിപ്രസിഡന്റ്. അതു ഒരു ഉദാഹരണമായി പറഞ്ഞുഎന്നുമാത്രമെ ഉള്ളു. അതുസംബന്ധിച്ചു പൂർണ്ണമായി വിചാരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടം കൈത്തറിത്തൊഴിൽസംഘങ്ങൾ വക വടക്കൻ മെമ്പർ): ഞാൻ അതിനെ ഒരു ഉദാഹരണമായി എടുത്തു പറഞ്ഞു എന്നുള്ളു. അതിനു സമാധാനമോ മറുപടിയോ പറയണമെന്നു ആവശ്യപ്പെടുന്നില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ശുനികുതിയും ആദായനികുതിയുംകമിഷണർ): മിസ്റ്റർ മാത്തൻമക്കപ്പിള്ളയുടെ സൂചനകളെപററി പ്രത്യേകം മറുപടിക്കുന്നതായിരിക്കും. ആദായനികുതിയിൽ യാതൊരുകുറവും വന്നുപോകരുതെന്നായി ഗവണ്മെൻറിനോ ദിവാൻപേഷ്കാരനുംക്കോ വിചാരമുള്ളതായി എനിക്കതോന്നുന്നില്ല. നേരെമറിച്ചു നികുതിപിരിച്ചതിൽ കണക്കുകൾ തെററിപ്പോയി എന്നുള്ള കാരണത്തിന്മേൽ നികുതിപിരിക്കുന്ന വിഷയത്തിൽനിന്നും അതിനുതല്പര്യമുണ്ടായിരുന്ന ഒരു തഹശീൽദാർക്കു വളരെ കുഴപ്പങ്ങൾ ഉണ്ടായതായി എനിക്കറിയാം. അദ്ദേഹത്തിൻെറ തിരുമാനങ്ങളിൽനിന്നും അദ്ദേഹം അപ്പീലുകൾ ഉണ്ടാവുകയും അവയിൽ തിക്കവയും അദ്ദേഹത്തിനു വിചാരിതമായി തിരുമാനിക്കപ്പെടുകയുംചെയ്തു. തൽഫലമായി അദ്ദേഹം ഒരു നല്ല ഉദ്യോഗസ്ഥനല്ലെന്നു ഗണിക്കുന്നതിനും ഇടയായിട്ടുണ്ടു. അദ്ദേഹത്തിൻെറനികുതി ചുമത്തലുകളെ മിക്കവയെയുമാററി, കൂടുതലായി കരംപിരിക്കുവാൻ പോയതുകൊണ്ടാണ് അദ്ദേഹത്തിനു ഇത്രയും കുഴപ്പങ്ങൾനേരിടാൻ ഇടയായതു. ഇതിൽകൂടുതലായി യാതൊന്നുംതന്നെ ഇതുസംബന്ധിച്ചു എനിക്കു പറയാനുണ്ടെന്നു തോന്നുന്നില്ല.

മി. ടി. ജെ. മാത്തു (ചങ്ങനാശേരി പീരുമേട്ടു): മിസ്റ്റർ റാബിൻസൺ പറഞ്ഞ മറുപടിയുടെ നിലക്കു ഞാൻ എൻെറ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൬൭.

മെമ്പർ ഹാജരില്ലായിരുന്നതിനാൽ താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു

മി. എസ്. പിരവിപ്പെരുമാൾപിള്ള.

൧൬൭. നാലാംനമ്പർ ഡിമാൻഡിൽ അനുവദിച്ചിട്ടുള്ള ൧൫ ലക്ഷം രൂപായിൽ നിന്നും ൧൦൦ രൂപാ കുറക്കണം.

ഡിപ്യൂട്ടിപ്രസിഡൻറ്. ആദായനികുതിയായ ൪-ാംനമ്പർ ഡിമാൻഡിനു ൧൫ ലക്ഷംരൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നാണ് ഈ സഭയിൽ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു.

ഉപക്ഷേപം പാസാക്കപ്പെടുകയും ഗ്രാൻറു അനുവദിക്കപ്പെടുകയുംചെയ്തു.

അടുത്തദിവസംപകൽ ൧൧ മണിക്കു വീണ്ടും യോഗംകൂടുന്നതിനായി ൪.൨൦—നു അന്നത്തെയോഗം അവസാനിച്ചു

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

(A true Translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭാ.

മിനിമസഭാ.

രണ്ടാമത്തെ സെഷൻ ൧൯൧൭.

൧൯൧൭ ആഗസ്റ്റ് ൧൨-നു-ക്കു ൧൯൧൭ കർക്കിടകം ൨൯-നു വ്യാഴാഴ്ച.

പകൽ മണി പതിനൊന്നരയ്ക്കു ചേർന്നു മിനിട്ടുകഴിഞ്ഞപ്പോൾ നമ്മുടെ തിരുവനന്തപുരം ജൂബിലിടെയ്ൻഹാളിൽ വീണ്ടുംകൂടി. മിസ്റ്റർ എം. ഇ. വാട്സ് ഏർക്കുന്നർ ബി. എ. ബാർ-അട്-ലാ അദ്ധ്യക്ഷം വഹിച്ചു. മി. എ. കെ. പിള്ള, മി. എസ്. പരമേശ്വരപ്പിള്ള, മി. ഡബ്ല്യു. സുബ്രഹ്മണ്യഅയ്യർ എന്നിവർ ഒഴിച്ചു മറ്റെല്ലാ അംഗങ്ങൾമായും ഹാജരായിരുന്നു.

പ്രശ്നങ്ങളും മറുപടികളും.

വ്യവസായങ്ങൾക്കു വായ്പകൾ.

൧൦൫. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) (i) വ്യാവസായികവായ്പകൾ കൊടുക്കുന്നതിനു അർഹതയുണ്ടെന്നു അംഗീകരിക്കപ്പെട്ടിരിക്കുന്ന എത്ര തരം വ്യവസായങ്ങൾക്കാണെന്നും,

(ii) ൧൯൧൭-മാണ്ടായ നടപ്പാണ്ടിൽ ഏതൊക്കെ വ്യവസായങ്ങൾക്കു വായ്പകൾ യഥാർത്ഥത്തിൽ കൊടുത്തിട്ടുണ്ടെന്നും,

(iii) ഓരോരുത്തനു വ്യവസായത്തിലും എത്ര തുക കൊടുത്തിട്ടുണ്ടെന്നും,

(ബി) അലങ്കാരം കൊടുക്കുന്ന വായ്പകൾ ഏതു കാര്യങ്ങൾക്കായി കൊടുത്തുവോ അവയ്ക്കായി ഉപയോഗിച്ചിട്ടുണ്ടോ എന്നു അറിയുവാൻ എന്തു ഏർപ്പാടുകൾ ഇപ്പോൾ ഉണ്ടു എന്നും ഗവർണ്മെന്റു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി):

(എ) (i) ൧൯൧൭ അക്ടോബർ ൧൦-നു-ശേഷം സർക്കാർ നിയമത്തിൽ ഭേദഗതിയിൽ വ്യവസായഡിപ്പാർട്ടുമെന്റുവിഭാഗത്തിൽ നടപ്പാക്കപ്പെട്ട വശങ്ങളിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ൧൯൧൭ അക്ടോബർ ൧൦-നു-ശേഷ ചട്ടങ്ങളെ മെംബർ നോക്കിക്കൊൾക.

(ii) നെയ്ത്തു, മരത്തുവ്യവസായം, കയറുവ്യവസായം, വ്യവസായങ്ങൾ നടത്തുന്ന പണിസ്ഥലങ്ങൾ.

(iii) നൂലിത്തിനു രൂപ ൩,൯൬൫

കയറുവ്യവസായത്തിനു ,, ൨,൦൦൦

മരത്തുവ്യവസായത്തിനു ,, ൧,൪൦൦

വ്യവസായങ്ങൾ നടത്തുന്ന പണിസ്ഥലങ്ങൾക്കു ,, ൨,൦൦൦

(ബി) ഏതു വ്യവസായങ്ങൾ ഇപ്പോൾ വായ്പകൾ കൊടുത്തിട്ടുണ്ടോ അവയെ വ്യവസായഡയറക്ടരും അദ്ദേഹത്തിന്റെ സാങ്കേതിക സഹായോദ്യോഗസ്ഥന്മാരും പരിശോധിക്കുന്നുണ്ടു.

സെൻട്രൽപ്രിസണിൽ ഉള്ള വ്യവസായ പണിസ്ഥലത്തിന്റെ പരിശോധന.

൧൦൬. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) സെൻട്രൽപ്രിസണോടുചേർന്നതായ വ്യവസായപണിസ്ഥലം കൊന്നു പരിശോധിക്കുന്നതിനു വ്യവസായഡയറക്ടരെ അധികാരപ്പെടുത്തിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ തന്നാണ്ടു (൧൯൧൭) ഏത്രപ്രാവശ്യം അദ്ദേഹം പരിശോധിക്കയും ആ കാലയിൽ ഉള്ള വ്യവസായങ്ങൾ ഗവർണ്മെന്റിനു നടവുകാക്കും തൊഴിലിനു ഉത്തമമായ ഗുണം മെച്ചക്കുറവിന്നു നടത്തപ്പെട്ടുവരുന്നുണ്ടോ എന്നും ഗവർണ്മെന്റു സദയം പറയുമോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി):

(എ) ഇല്ല.

(ബി) ഈ പ്രശ്നം ജനിക്കുന്നില്ല.

സൂതികർമ്മപരിശീലനക്ലാസിൽ ചേർക്കൽ.

൧൦൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) പുതുതായി ആരംഭിക്കാൻപോകുന്ന സൂതികർമ്മപരിശീലനക്ലാസിൽ ചേരുന്നതിനു അപേക്ഷിച്ചിട്ടുള്ള സ്ത്രീകളുടെ എണ്ണവും,

(ബി) ചേർക്കാനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണവും,

(സി) പഠിക്കുന്നവർക്കു വേതനം വാങ്ങുന്ന സ്ത്രീകളുടെ എണ്ണവും സ്വന്തചിലവിന്മേൽ പഠിക്കാൻ തയ്യാറുള്ളവരുടെ എണ്ണവും ഗവർണ്മെന്റു സദയം പറയുമോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി):

(എ) ൧൧൫.

(ബി) ൧൪.

(സി) വേതനംഉള്ളവർ ൨. വേതനംഇല്ലാത്തവർ ൩.

അഞ്ചൽ ഡിപ്പാർട്മെന്റിലെ പണക്കുറവു.

൧൦൮. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തന്നാണ്ടു (൧൯൧൭) അഞ്ചൽഡിപ്പാർട്മെന്റിൽ പണക്കുറവിനായി എത്രപേരെ ശിക്ഷിച്ചിട്ടുണ്ടു എന്നു ഗവർണ്മെന്റു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): ൭ പേരെ ശിക്ഷിച്ചിട്ടുണ്ടു.

വിക്ടോറിയാ ജൂബിലിടെയ്ൻഹാളിൽ തൽക്കാലത്തേക്കുള്ള പുരകൾ.

൧൦൯. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൦൯൭ മുതൽ ൧൯൧൭ വരെ കഴിഞ്ഞ മൂന്നുആണ്ടുകളിൽ നിയമസഭായോഗങ്ങളും സ്ത്രീകളും പ്രജാസഭയോഗങ്ങളും സംബന്ധിച്ചു തൽക്കാലമായി പുരകൾ കെട്ടുന്നതിനു ഗവർണ്മെന്റു എന്തു ചിലവാക്കിയിട്ടുണ്ടു എന്നുസദയം പറയുമോ?

മി. ടി. പി. രാമസ്വാമിയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): കഴിഞ്ഞമുന്നു ആണ്ടുകളിൽ ഈപ്രണിക്ക പബ്ളിക് വൊർക്സ് ഡിപാർട്ടുമെന്റു ചിലവാക്കിയ തുകയാവിതു.

൧൦൯൭	൧൦൦൫ രൂ.	൧൭ ചു.	൪ കാ.
൧൦൯൮	൧൩൦൦ രൂ.	൩ ചു.	൧൩ കാ.
൧൧൦൦	൧൪൪൩ രൂ.	൨൪ ചു.	൧ കാ.

ഡിവൊല്യൂഷൻ ആഫീസുകളുടെ റിപ്പോർട്.

൧൧൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) അധികാരവിനിയോഗം, റവന്യൂവിഭാഗത്തിന്റെ കണക്കു പരിശോധനയും സംബന്ധിച്ചു നിർദ്ദേശങ്ങൾ രചിക്കുന്നതിനു നിയമിക്കപ്പെട്ടിരുന്ന ഗവർണ്ണമെന്റു സെക്രട്ടറി വല്ല റിപ്പോർട്ടും ഗവർണ്ണമെന്റിലേക്കു അയച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ എപ്പോൾ എന്നും,

(ബി) ആ റിപ്പോർട്ടിന്മേൽ വല്ലനടപടിയും നടത്തിയൊ എന്നും,

(സി) ആ റിപ്പോർട്ടും അതിന്മേൽ ചെയ്ത ഉത്തരവും മേശപ്പുറത്തു വയ്ക്കുമൊ എന്നും ഗവർണ്ണമെന്റു സദയം പറയുമോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി):

(എ) ഉണ്ടു. ഒരുദ്ദേശം സ്ഥിരതാമസക്കാരിയിൽ പ്രവേശിക്കുന്നതിനു മുമ്പു കാരോ ഡിപാർട്ടുമെന്റിനേയും സംബന്ധിച്ചുള്ള റിപ്പോർട്ട് ഓരോതീയതിയിലായി സമർപ്പിച്ചിട്ടുണ്ടു.

(ബി) ഉണ്ടു.

(സി) ആ റിപ്പോർട്ടുകളിന്മേൽ ഉത്തരവുകൊടുക്കുന്നതിനു ഈ പ്രശ്നത്തെപ്പറ്റി ആലോചിക്കുന്നതാണു്.

സെക്രട്ടേറിയട്ടിൽ ഫസ്റ്റ്ഗ്രേഡ് ക്ലാർക്കുമാരുടെയും സൂപ്പർഇണ്ടണ്ടുമാരുടെയും കണക്കു.

൧൧൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജെനറലും റവന്യൂവും സെക്രട്ടേറിയട്ടിൽ സ്ഥിരതാമസക്കാരായും പകരക്കാരായുള്ളവരായും ഉള്ള ഒന്നാംഗ്രേഡ് ക്ലാർക്കുമാരുടെയും സൂപ്പർഇണ്ടണ്ടുമാരുടെയും സർവ്വീസും യോഗ്യതയും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു സദയം മേശപ്പുറത്തു വയ്ക്കുമൊ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അപേക്ഷിച്ചപ്രകാരം പട്ടിക*മേശപ്പുറത്തുവച്ചിരിക്കുന്നു.

ഇംഗ്ലീഷ് സ്കൂൾവിവിങ് സർട്ടിഫിക്കറ്റ് പരീക്ഷയ്ക്കും മററു പരീക്ഷകൾക്കും ഉള്ള പരീക്ഷകന്മാരുടെ ലിസ്റ്റ്.

൧൧൨. മി. സി. പി. തോമസ് (ഗവർണ്ണമെന്റു നിയമിച്ചമെംബർ):

(എ) ഇംഗ്ലീഷ് സ്കൂൾവിവിങ് സർട്ടിഫിക്കെട് വെർണാക്യുലർ സ്കൂൾവിവിങ്ങ് സർട്ടിഫിക്കെട് ട്രെയിൻഡ്ടീച്ചർസ് സർട്ടിഫിക്കെററു വെർണാക്യുലർ ഹൈയർ എന്നിപരീക്ഷകൾക്കു ൧൦൯൭-മാണ്ടുമുതൽ ൧൧൦൦ വരെ കഴിഞ്ഞ ൩ കൊല്ലങ്ങൾക്കിടയിൽ നിയമിച്ചിട്ടുള്ള പ്രധാനപരീക്ഷകന്മാരുടെയും അസിസ്റ്റണ്ടു പരീക്ഷകന്മാരുടെയും പേരുകൾ സർക്കാരുദ്യോഗത്തിലുള്ളവരാ പ്രൈവെട്ടുഏജൻസിയിൽ വേണ്ടവരാ എന്നു തരംതിരിച്ചു കാണിക്കുന്നപട്ടികയും,

(ബി) മേൽപറഞ്ഞകാലത്തു ഓരോന്നുണ്ടിലും സർക്കാർപാഠശാലകളിലും സർക്കാർവകയല്ലാത്ത പാഠശാലകളിലും നിന്നു ഇംഗ്ലീഷ് സ്കൂൾവിവിങ്ങ് പരീക്ഷകൾക്കു അപേക്ഷിച്ചിട്ടുള്ളവരുടെ എണ്ണം കാണിക്കുന്നപട്ടികയും

ഗവണ്മെന്റു സദയം മേശപ്പുറത്തു വയ്ക്കുമോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): (എ) കടലാസ്സുചെയ്യുന്നതിൽ അൻപതു പുറത്തോളം വരുന്നതായ പട്ടികകൾ അച്ചടിച്ചു മേശപ്പുറത്തുവയ്ക്കാൻ സുകരമല്ലാത്തവിധം അതിദീർഘമായുള്ളവയാണു അവയെ മെംബർ നിയമസഭാ സെക്രട്ടറിയുടെ ആഫീസിൽ ചെന്നു വായിച്ചുനോക്കിക്കൊള്ളാം.

(ബി) വേണ്ട വിവരം അടങ്ങിയിരിക്കുന്ന പട്ടിക † മേശപ്പുറത്തു വച്ചിരിക്കുന്നു.

തിരുവിതാംകൂറിലെ സർവ്വകലാശാലയും വിദ്യാഭ്യാസവകയായ പരിഷ്കാരങ്ങളും.

൧൧൩. മി. സി. പി. തോമസ് (ഗവർണ്ണമെന്റു നിയമിച്ചമെംബർ):

(എ) തിരുവിതാംകൂറിലെ സർവ്വകലാശാലക്കമ്മിററിയുടെ റിപ്പോർട്ട് ഗവണ്മെന്റിനു എപ്പോൾകിട്ടി എന്നും

(ബി) അതിനെക്കുറിച്ചു ഗവർണ്ണമെന്റു എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നും

(സി) അതിന്റെ ഓരോപ്രതി ഈ സഭയിലെ സാമാജികന്മാർക്കു കൊടുക്കുമോ എന്നും

(ഡി) തിരുവിതാംകൂറിലിരിക്കെക്കാൾ കേരളത്തിലേക്കൊ ഒരു സർവ്വകലാശാലസ്ഥാപിക്കേണ്ടതായ വിഷയത്തെ അടുത്തകാലത്തു ആലോചനയ്ക്കായി ഗവർണ്ണമെന്റു സ്വീകരിക്കുമോ എന്നും

(ഇ) ഇല്ലാ എന്നുവരികിൽ പ്രാഥമികം, മാദ്ധ്യമികം, വ്യാവസായികം എന്നീ പാഠശാലാ വിദ്യാഭ്യാസത്തിൽ പരിഷ്കാരങ്ങൾ ചെയ്യേണ്ടവിഷയത്തെ ഗവണ്മെന്റു സ്വീകരിക്കുമോ എന്നും

(എഫ്) സർവ്വകലാശാലകൾ സംബന്ധിച്ചു വിഷയത്തെ ഗവണ്മെന്റു തീർച്ചപ്പെടുത്തുന്നതുവരെ നിലത്തു വച്ചിരിക്കുന്നതായ ഇംഗ്ലീഷ് കൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ സമ്മേളനം നടത്തിക്കുവാൻ ഗവണ്മെന്റു ഏർപ്പാടുചെയ്യുമോ എന്നും ഗവണ്മെന്റു സദയം പറയുമോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി):

(എ) റിപ്പോർട്ട് ൧൯൨൪ ജാനുവരി ൧൦-നു ഗവർണ്ണമെന്റിനുകിട്ടി; അതു ൧൯൨൪ ഏപ്രിൽമാസത്തിൽ പ്രസിദ്ധപ്പെടുത്തപ്പെട്ടു.

(ബി)-ം (ഡി)-ം ഈ സംഗതി ആലോചനയ്ക്കെടുക്കുവാൻ ഇപ്പോഴത്തേക്കു ഗവർണ്ണമെന്റു ഉദ്ദേശിക്കുന്നില്ല.

(സി) ൧൯൨൪ നവംബർ ൪-നു നടന്ന സഭായോഗത്തിൽ ചോദിച്ചു ൧൯-മത്തെ പ്രശ്നത്തിനുള്ള മറുപടി മെംബർ നോക്കിക്കൊൾക.

---

* അനുബന്ധം I. നോക്കുക.

† അനുബന്ധം II നോക്കുക.

(ഇ) തിരുവിതാംകൂറിലെക്കും കേരളത്തിലെക്കും ഒരു സർവ്വകലാശാല സ്ഥാപിക്കണമെന്ന വിഷയത്തെ ഗണിക്കാതെതന്നെ ഈ സംഗതി ഗവർണ്ണമെണ്ടു് അനുഭാവിച്ചുവരുന്നുണ്ടു്.

(ന) ഇംഗ്ലീഷ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ സമ്മേളനം ഇപ്പോൾ നടത്തിക്കേണ്ടതു് ആവശ്യമാണെന്നു ഗവർണ്ണമെണ്ടു് വിചാരിക്കുന്നില്ല.

മി. സി. പി. തോമസ് (ഗവർണ്ണമെണ്ടു നിയമിച്ച മെംബർ): പ്രധാനത്തിന്റെ ഒരു ഭാഗത്തിൽ പ്രസ്താവിച്ചിരിക്കുന്ന വിദ്യാഭ്യാസകമ്മിററിയെക്കുറിച്ചു ഇരുട്ടാണ്ടിൽ പല തീർച്ചയും വരുത്തുന്നതിനു ഗവർണ്ണമെണ്ടു പ്രതീക്ഷിക്കുന്നുണ്ടോ എന്നു പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണമെണ്ടു ചീഫ്സെക്രട്ടറി): ഈ കൊല്ലം അവസാനിക്കാറായിട്ടല്ലായി.

മി. സി. പി. തോമസ് (ഗവർണ്ണമെണ്ടു നിയമിച്ച മെംബർ): വിദ്യാഭ്യാസവർഷത്തിൽ എന്നാണ്ഞാൻ പറയുന്നതു.

മി. കെ. ജോർജ് (ഗവർണ്ണമെൻറു ചീഫ്സെക്രട്ടറി): അല്പകാലം ചെയ്യണം എന്നു ഗവർണ്ണമെൻറു ആശംസിക്കുന്നു.

സെക്രട്ടറിയേറ്റിലും അക്കൌണ്ടാഫീസിലും മുസൽമാൻഗ്രാഡുവേറ്റുമാരെ നിയമിക്കൽ.

*. മി. പി. ഹബീബ്മഹമ്മദ് (ഗവർണ്ണമെൻറു നിയമിച്ച മെംബർ): ൧൯൧൦, ൧൯൧൧ ഈ ആണ്ടുകളിൽ എത്ര മുസൽമാൻ ഗ്രാഡുവേറ്റുകൾ സെക്രട്ടറിയേറ്റിലും, അക്കൌണ്ടാഫീസിലും ഉദ്യോഗങ്ങൾക്കു അപേക്ഷിച്ചിട്ടുണ്ടു് എന്നും ആയാണ്ടുകളിൽ അവരിൽ എത്രപേരെ നിയമിച്ചിട്ടുണ്ടു് എന്നും ഗവർണ്ണമെൻറു പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണമെൻറു ചീഫ്സെക്രട്ടറി): ൧൯൧൦, ൧൯൧൧ ഈ വർഷങ്ങളിൽ സെക്രട്ടറിയേറ്റിൽ മൂന്നു മുസൽമാൻ ഗ്രാഡുവേറ്റുകളും അക്കൌണ്ടാഫീസിൽ ഒരാളും ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുണ്ടു, അവരിൽ യാതൊരാളേയും ഇക്കാലത്തിനിടയിൽ ഈ രണ്ടു ആഫീസുകളിൽ ഒന്നിലും നിയമിച്ചിട്ടില്ല.

മി. പി. ഹബീബ് മഹമ്മദ് (ഗവർണ്ണമെൻറു നിയമിച്ച മെംബർ): ഈ നാലു അപേക്ഷകന്മാരിൽ ഒന്നു രണ്ടുപേർക്കെങ്കിലും ഈ രണ്ടു കൊല്ലങ്ങൾക്കിടയിൽ ഉദ്യോഗങ്ങൾ കൊടുക്കാത്തതു എന്തുകൊണ്ടു എന്നു ഗവർണ്ണമെൻറിന്നു അറിവുണ്ടായിരിക്കുന്നു.

മി. കെ. ജോർജ് (ഗവർണ്ണമെൻറു ചീഫ് സെക്രട്ടറി): അതു അനേക സംഗതികളെ ആശ്രയിച്ചിരിക്കുന്നു. ഇതിനുമുമ്പിലെ നിയമിച്ചിട്ടുള്ളവർ പലരും നോക്കുന്നവരായിരിക്കാം.

മി. പി. ഹബീബ് മഹമ്മദ് (ഗവർണ്ണമെൻറു നിയമിച്ച മെംബർ): ഈ രണ്ടു കൊല്ലങ്ങൾക്കിടയിൽ പുതുതായി യാതൊരാളേയും നിയമിച്ചിട്ടില്ലാ എന്നു ചീഫ്സെക്രട്ടറി അഭിപ്രായപ്പെടുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജോർജ് (ഗവർണ്ണമെൻറു ചീഫ്സെക്രട്ടറി): അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. പി. ഹബീബ് മഹമ്മദ് (ഗവർണ്ണമെൻറു നിയമിച്ച മെംബർ): ഈ വിഷയത്തിൽ മുസൽമാൻമാരുടെ നേരെ ഗവർണ്ണമെൻറിനുള്ള സുസ്ഥാപിതമായ നയത്തിനു വിരോധം അവിടുന്നു പ്രവർത്തിക്കുന്നുഎന്നു ഗവർണ്ണമെൻറു വിചാരിക്കുന്നുണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണമെൻറു ചീഫ്സെക്രട്ടറി): പുതുതായി ഒഴിവുവരുമ്പോൾ അവരുടെ അവകാശങ്ങളെ അനുഭാവേന ആലോചിക്കുന്നതാണ്.

മി. പി. ഹബീബ് മഹമ്മദ് (ഗവർണ്ണമെൻറു നിയമിച്ച മെംബർ): ഇക്കാലത്തിൽ ഉദ്ദേശം എത്ര നിയമനങ്ങൾ ഉണ്ടായിട്ടുണ്ടു എന്നു പറയുവാൻ ചീഫ്സെക്രട്ടറിക്കു സാധിക്കുമോ?

മി. കെ. ജോർജ് (ഗവർണ്ണമെൻറു ചീഫ്സെക്രട്ടറി): ഉദ്ദേശമായിട്ടു പോലും എണ്ണം പറയാൻ എനിക്കു സാധിക്കയില്ല.

മി. പി ഹബീബ് മഹമ്മദ് (ഗവർണ്ണമെൻറു നിയമിച്ച മെംബർ): ഉദ്യോഗങ്ങൾ ലഭിക്കുന്നതിനുള്ള ശ്രമത്തിൽ നിരാശരായി മടിച്ചതിൽ പിന്നിട്ടു ഈ നാലു അപേക്ഷകന്മാരിൽ മൂന്നു പേർ ഇതിനുമുമ്പിലെ തിരുവിതാംകൂറു വിട്ടുപോയിട്ടുള്ളതായി ചീഫ്സെക്രട്ടറിക്കു അറിയാമോ എന്നു ഞാൻ അദ്ദേഹത്തിനോടു ചോദിക്കട്ടെ?

മി. കെ. ജോർജ് (ഗവർണ്ണമെൻറു ചീഫ്സെക്രട്ടറി): എനിക്കു അറിഞ്ഞുകൂടാ.

മി. പി. ഹബീബ്മഹമ്മദ് (ഗവർണ്ണമെൻറു നിയമിച്ച മെംബർ): ഞാൻ അല്പകാലം പറയുന്നതിനെ അദ്ദേഹം സത്യമായി ഗണിക്കുമോ?

മി. കെ. ജോർജ് (ഗവർണ്ണമെൻറു ചീഫ്സെക്രട്ടറി): ആവാം.

അധിനിവേശപദ്ധതിക്കു കീഴിലുള്ള പ്രത്യേകം തിരിച്ചുവയ്ക്കൽ.

*. മി. എൻ. വി. ജോസഫ് (പറവൂർ):

(എ) അധിനിവേശപദ്ധതിയനുസരിച്ചു വസ്തുക്കൾ അതിലേക്കായി തിരിച്ചിടുന്നതിൽ റവന്യൂഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാർ സ്വീകരിക്കുന്ന നിരങ്കുശമായ ഏർപ്പാടുനിമിത്തം കുന്നത്തുനാട്ടിലെ ജനങ്ങളുടെ ഇടയിൽ പ്രചരിച്ചിരിക്കുന്ന സങ്കടവും അതൃപ്തിയും ഗവർണ്ണമെൻറു അറിഞ്ഞിട്ടുണ്ടോ എന്നും

(ബി) യഥാകാലം തങ്ങളുടെ പേരിൽ പതിച്ചുവാങ്ങിച്ചുകൊള്ളാം എന്നുള്ള ആശയിന്മേൽ സർക്കാർവസ്തുക്കൾ നന്നാക്കുന്നതിൽ അധികധനവും അദ്ധ്വാനവും ചിലവാക്കീട്ടുള്ള ഈ താലൂക്കിലെ അനേകം കുടിയാന്മാരുടെ സ്വത്തിന്മേലുള്ള ബാദ്ധ്യതകളെ പരിരക്ഷിക്കുന്നതിനു കാലെക്കൂട്ടി നടപടികൾ ദയാപൂർവ്വം നടത്തുമോ എന്നും ഗവർണ്ണമെൻറു സമ്മതം പറയുമോ?

മി. ഡി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെൻറുസെക്രട്ടറി): (എ) യും (ബി) യും അധിനിവേശ ചട്ടങ്ങൾ അനുസരിച്ചു ഉപയോഗത്തിനായി വസ്തുക്കൾ വേർതിരിച്ചിടുന്ന കാര്യത്തിൽ കുന്നത്തുനാട്ടുതാലൂക്കിലെ ജനങ്ങളുടെ ഇടയിൽ വല്ല സങ്കടമോ അതൃപ്തിയോ പ്രചരിച്ചുവരുന്നതായി ഗവർണ്ണമെൻറിനു അറിഞ്ഞുകൂടാ. ഇക്കാര്യത്തിൽ ഇതേപ്രകാരവസ്തു വേർതിരിച്ചുവച്ചിട്ടില്ല. ഇക്കാര്യത്തിൽ റവന്യൂഡിപ്പാർട്ടുമെൻറിലെ തന്നെ ഉദ്യോഗസ്ഥന്മാർക്കു യാതൊരു ബന്ധവുംഇല്ല ഈ പ്രവൃത്തി കൺവേ അക്കൌണ്ടന്റ് ജനറലായിലെ റെവന്യൂഡിസ്റ്റ്.

൧൯൧൪/൨ ൯-ാം നമ്പർ ഉത്തരവനുസരിച്ചു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുംചേർന്ന താത്കാലകമ്മിട്ടി ഖജ്ജമായ വസ്തുക്കൾ ചെന്നുനോക്കി പരിശോധിച്ചതിൽപിന്നീടു ചെയ്യേണ്ടതാണ് ഏതു സർക്കാർവസ്തുക്കളിൽനിന്നു അധിനിവേശത്തിനാണു വസ്തുക്കൾ തെരഞ്ഞെടുക്കേണ്ടതായതെന്നു അറിയിൽ പ്രവേശനം നടത്തിയിരിക്കുന്ന കാര്യങ്ങളെ തീർച്ചചെയ്യുന്നതിനു മതിയായ വ്യവസ്ഥകൾ അധിനിവേശ ചട്ടങ്ങളിൽ ഏ-മേതു ചട്ടത്തിൽ ഉണ്ട്, അതിലേക്കു മെംബന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ജന്മികുടിയാൻ സിത്.

൧൧൬. മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും):

(എ) ഇപ്പോഴത്തെ ജന്മികുടിയാൻ റെഗുലേഷനു ഭേദപ്പെടുത്തേണ്ടതു ആവശ്യം ആണെന്നു ഗവർണ്ണർക്കു അറിഞ്ഞിട്ടുണ്ടോ എന്നും

(ബി) ജനങ്ങളുടെ സങ്കടങ്ങളും ആവശ്യങ്ങളും കാണിച്ചും ഗസററിൽ പ്രസിദ്ധംചെയ്തിരിക്കുന്ന ബില്ലിൽ ഏതാനും മാററങ്ങൾക്കു നിർബന്ധമായി ആവശ്യപ്പെട്ടും അനേകം ഹർജികൾ ഗവർണ്ണർക്കു കിട്ടീട്ടുണ്ടോ എന്നും

(സി) കുടിയാന്മാർ ഉബോധിപ്പിച്ചിട്ടുള്ള നിവേദനങ്ങളുടെ ദൃഷ്ട്യാ ബില്ലിൽ ആവശ്യമുള്ള മാററങ്ങൾ ഉണ്ടാക്കുവാൻ ഗവർണ്ണർക്കു ഉദ്ദേശിക്കുന്നുണ്ടോ എന്നു ഗവർണ്ണർക്കു സമയം പറയുമോ?

മി. കൃഷ്ണൻ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്ക്ലർക്കാർ വകുപ്പിൽ): (എ)-യും (ബി)-യും ഉണ്ട്.

(സി) ഇപ്പോഴത്തെ രൂപത്തിൽഉള്ള നക്കൽബില്ലിനെക്കുറിച്ചു ഭൂമിമാർക്കും തൃപ്തിയില്ലാ കുടിയാന്മാർക്കും തൃപ്തിയില്ല: അവർ അവരുടെ ആക്ഷേപങ്ങൾ കാണിച്ചു ഹർജികൾ അയച്ചിട്ടുണ്ടു. ഇതുകൊണ്ടു ഗവർണ്ണർക്കു ഈ പ്രശ്നത്തെ കൂടുതൽ ആലോചനയ്ക്കായി നിർത്തിവച്ചിരിക്കുന്നു.

നിയമവിളംബകമ്മിട്ടി.

൧൧൭. മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും):

(എ) രൂപീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന നിയമവിളംബകമ്മിട്ടി നിയമിക്കുന്നതിനെക്കുറിച്ചു അവസാനമായ ഉത്തരവു കൊടുത്തിട്ടുണ്ടോ എന്നും

(ബി) ഉണ്ടെങ്കിൽ കമ്മററി എപ്പോൾ പ്രവൃത്തിചെയ്യാൻ തുടങ്ങും എന്നും എന്തുകാലത്തിനുള്ളിൽ റിപ്പോർട്ടു അയക്കും എന്നും പ്രതീക്ഷിക്കുന്നുണ്ടെന്നും

ഗവർണ്ണർക്കു സമയം പറയുമോ?

മി. കെ. ജെ. ജോർജ് (ഗവർണ്ണർക്കു ചീഫ് സെക്രട്ടറി): (എ) ഉദ്ദിഷ്ടമായ നിയമവിളംബകമ്മിട്ടിക്കു ചില വിധത്തിൽ ൧൯൩൫-ാമാണ്ടത്തേക്കുള്ള നക്കൽ ബഡ്ജററിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ബഡ്ജററ് ഇയ്യിട അനുവദിച്ചു ഉടൻ ൧൯൩൫-ാമാണ്ടു ചിങ്ങമാസത്തിൽ കമ്മിട്ടി പ്രവൃത്തി തുടങ്ങുന്നതാണ്, കമ്മിട്ടി എട്ടു മാസത്തിനകത്തു പ്രവൃത്തി പൂർത്തിയാക്കും എന്നു പ്രതീക്ഷിച്ചിരിക്കുന്നു.

അനുബന്ധം I.

൧൧൧-ാമത്തെ പ്രശ്നത്തിനു മറുപടി നോക്കുക.

സെക്രട്ടറിയേറ്റിൽ ഉള്ള സൂപ്പർഇണ്ടണ്ടെണ്ടുമാരുടേയും ഒന്നാംഗ്രേഡ് ക്ലാർക്കുമാരുടേയും സർവീസും യോഗ്യതയും കാണിക്കുന്ന പട്ടിക.

I. സൂപ്പർഇണ്ടണ്ടെണ്ടുമാർ—സ്ഥിരം.

		യോഗ്യത.	കൻവന്ന ശമ്പളം വരെ സർവീസ്.		
			വർഷം.	മാസം.	ദിവസം.
൧	വി. ഗോപാലയ്യങ്കാർ	ബി. എ.	൩൦	൩	൨൭
൨	കെ. മാധവക്കുറുപ്പ്	എം. എ-യും ഗവൺമെന്റ് കടസ്ട്ടം	൧൩	...	...
൩	ടി. എം. രാമൻപിള്ള	ബി. എ.	൨൪	൩	൧൦
൪	എം. ഗോവിന്ദപ്പിള്ള	ബി. എ.	൧൮	൧൧	൨൨
൫	ഇ. ഐ. മാത്യു	ബി. എ.	൨൩	൭	൨൨
൬	പി. പരമേശ്വരൻപിള്ള	ബി. എ., ബി. എൽ., ഗവൺമെന്റ് കടസ്ട്	൧൪	൩	൨൭
	സൂപ്പർഇണ്ടണ്ടെണ്ടുമാർ—അക്കൗണ്ടിംഗ്.				
൧	എസ്. നാരായണസ്വാമിഅയ്യർ	ബി. എ.	൨൦	൮	൭
൨	ടി. ആർ. കൃഷ്ണസ്വാമിഅയ്യർ	ബി. എ.	൧൭	൨	൧൭
൩	എസ്. കേശവയ്യർ	ബി. എ-യും തിരുവിതാംകൂർ മാജിസ്ട്രേട്ട് കടസ്ട്ടം	൨൦	൩	൨൭
൪	പി. പൊന്നുസ്വാമിപ്പിള്ള	ബി. എ.	൧൩	൧൦	൧൦
൫	ഇ. ഐ. ചാക്കോ	ബി. എ., ബി. എൽ.	൧൪	...	൭
	II. ഫർസ്റ്റ്ഗ്രേഡ് ക്ലർക്കുമാർ—സ്ഥിരം.				
൧	എസ്. നാരായണസ്വാമിഅയ്യർ	ബി. എ.	൨൦	൮	൭
൨	ടി. ആർ. കൃഷ്ണസ്വാമിഅയ്യർ	ബി. എ.	൧൭	൨	൧൭
൩	എസ്. കേശവയ്യർ	ബി. എ-യും തിരുവിതാംകൂർ മാജിസ്ട്രേട്ട് കടസ്ട്ടം	൨൦	൩	൨൭
൪	പി. പൊന്നുസ്വാമിപ്പിള്ള	ബി. എ.	൧൩	൧൦	൧൦
൫	കെ. വെങ്കട്ടരാമയ്യങ്കാർ	ബി. എ-യും തിരുവിതാംകൂർ അക്കൗണ്ടു കടസ്ട്ടം	൧൭	൩	൧൩

ഫർസ്റ്റ്ഗ്രേഡ് ക്ലാക്കമാർ—ആക്ടിംഗ്.

ക	ആർ. പരമനാഭയ്യർ	ബി. എ.	ക൩	...	ക൯
ഖ	എ. പരമനാഭയ്യർ		ഖ൪	...	ഖ൭
ന	ഐ. എസ്. നാരായണപിള്ള	ബി. എ. തിരുവിതാങ്കോ ട്ടു അക്കൗണ്ടെസ്റ്റും റവന്യൂടെസ്റ്റും	ക൨	...	ഖ൯

അനുബന്ധം II.

ക൧൨-ാമത്തെ പ്രശ്നത്തിന്റെ മറുപടി മനോക്കുക.

ഇംഗ്ലീഷ് സ്റ്റാൻഡിപ്പിംഗ് സർട്ടിഫിക്കട് പരീക്ഷയ്ക്കു സർക്കാർ പള്ളിക്കൂടങ്ങളിൽനിന്നും മററു പള്ളിക്കൂടങ്ങളിൽനിന്നും ക൯൨ക മുതൽ ക൯൨ഉ വരെ ആണ്ടുകളിൽ ചേർന്നിരുന്ന പരീക്ഷാർത്ഥികളുടെ എണ്ണം കാണിക്കുന്ന പട്ടിക.

ആണ്ടു	പരീക്ഷാർത്ഥികളുടെ എണ്ണം	
	സർക്കാർ പാഠശാലകളിൽനിന്നു	സർക്കാരല്ലാത്ത പാഠശാലകൾ
ക൯൨ക	ക൦ഉ	വ്യനക
ക൯൨൨	ക,൨൯൦	ക,൨൦ക
ക൯൨൩	ക,൨൯൯	ക,൨ഉന
ക൯൨൪	ക,൪വ്യ	ക,൨വ്യ
ക൯൨ഉ	ക,൫ക൩	ക,൨൯൨

സ്ഥിരം ഫൈനാൻസ് കമ്മിട്ടിക്കും ധനപരിപോഷണസംഘത്തിലേക്കും മെംബർമാരെ തെരഞ്ഞെടുക്കൽ.

പ്രെസിഡണ്ട്: നിയമസഭയിലെ സ്ഥിരം ഫൈനാൻസു കമ്മിട്ടിയുടേയും ധനപരിപോഷണസംഘത്തിന്റേയും കാലാവധി ഈ കൊല്ലവർഷാവസാനത്തോടുകൂടി തീരുന്നു. കുറിപ്പിലില്ലായ്മ എന്ന വിഷയത്തെ പരിശോധിച്ചു ഒരു റിപ്പോർട്ട് അയക്കുന്നതിനായി ഒരു കമ്മിട്ടി രൂപീകരിക്കുവാൻ, ഈ സഭയുടെ അഭിലാഷാനുസരണം ഗവർണ്ണർ നിർദ്ദേശിച്ചിട്ടും ഉണ്ട്. പുതുവൽ ചട്ടങ്ങളെ, പ്രത്യേകിച്ചും കടന്നിനകത്തുള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചുള്ളവയെ, പുതുപ്പിക്കുന്നതിനു ഒരു കമ്മിററി രൂപീകരിക്കണം എന്നും നിർദ്ദേശിച്ചിരിക്കുന്നു. ഇന്നത്തെ സഭാകാര്യങ്ങൾ അവസാനിച്ചതിൽപിന്നീടു ഡെപ്യൂട്ടിപ്രെസിഡൻറിന്റെ ആദ്ധ്യക്ഷത്തിൽ ഈ സഭകൂടി സ്ഥിരം ഫൈനാൻസു കമ്മിട്ടിക്കും ധനപരിപോഷണസംഘത്തിലേക്കു നാലും മെംബർമാരെ തെരഞ്ഞെടുക്കേണ്ടതാകുന്നു. ധനപരിപോഷണസംഘത്തിലേക്കുള്ള മെംബർമാർ ഈ സഭയിലെ അനുദ്യോഗസ്ഥമെംബർമാരോ ഈ സഭയിലെ മെമ്പർ അല്ലാത്തവരോ ആയിരിക്കാം. നാളെ ഉച്ചയ്ക്കുമേൽ ഈ മണിക്കു ഡെപ്യൂട്ടിപ്രെസിഡൻറിന്റെ ആദ്ധ്യക്ഷത്തിൽ യോഗംകൂടി മററു രണ്ടു കമ്മിട്ടികൾക്കും ഓരോ മെമ്പർ വീതം തെരഞ്ഞെടുക്കാവുന്നതാണ്.

ചോദ്യവിനുള്ള അപേക്ഷകൾ (തുടർച്ച).

അപേക്ഷ V. എക്സൈസ് ഡിപ്പാർട്ടുമെൻറ്—ഇ. ക ഇ ലക്ഷം രൂപ.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ). അപേക്ഷ V. എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഇ. ക ഇ ലക്ഷം രൂപായ്ക്കു കവിയാതെ ഒരുകൂട്ടു നൽകണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ന. എ. ഉപ്പു—ഉപ്പളങ്ങൾ.

ഉപക്ഷേപം ക൩വ.

മെംബർ ഹാജരില്ലാത്തതുകൊണ്ടു താഴെചേർത്തിരിക്കുന്ന ഉപക്ഷേപം അവതരിപ്പിക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

മി. എം. ശിവതാണുപിള്ള

ക൩വ. ഇൻസ്പെക്ടർമാർക്കുള്ള ന,ഉ൭ ൦ രൂപയിൽ ക ൦ ൦ രൂപ കുറയ്ക്കണം.

ക൩൯ മുതൽ ക൭ക വരെ ഉപക്ഷേപങ്ങൾ.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള

ക൩൯. ഉപ്പളങ്ങൾക്കുള്ള ൭൭,൭ഉ൭ രൂപയിൽ ക ൦ ൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള

ക൭൦. ഉപ്പുവകയ്ക്കുള്ള ൯വ,൩ഉ൭ രൂപയിൽ ക രൂപ കുറയ്ക്കണം.

മി. ടി. കുമാരപിള്ള

ക൭ക. ഉപ്പുവകയ്ക്കുള്ള ൯വ,൩ഉ൭ രൂപയിൽ ക ൦ ൦ രൂപ കുറയ്ക്കണം.

ര എ. എക്സൈസ് കമ്മിഷണർ.

ഉപക്ഷേപം ക൭വ.

മെംബർ ഹാജരില്ലാത്തതുകൊണ്ടു ഉപക്ഷേപം അവതരിപ്പിക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

മി. എ. കെ. പിള്ള

൧൭൨. ജീവനക്കാർക്കുള്ള ൧൭,൧൨൨ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

൧൭൩ മുതൽ ൧൭൯ വരെ ഉപക്ഷേപങ്ങൾ.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. കെ. മാധവൻപിള്ള.

൧൭൩. ജീവനക്കാർക്കുള്ള ൧൭,൯൭൨ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. മാധവൻപിള്ള.

൧൭൪. വ്യവഹാരച്ചെലവിനുള്ള ൪൦൦ രൂപ വിട്ടുകളയണം.

മി. ജി. രാമൻമേനവൻ.

൧൭൫. ആഫീസ്ചെലവിനും പലവകക്കും ആയി നീക്കിവച്ചിരിക്കുന്ന ൧൨൦൦ രൂപയിൽ ൨൦൦ രൂപ കുറക്കണം.

മി. കെ. കെ. തോമസ്,

൧൭൬. കമ്മിഷണർക്കായി നീക്കിവച്ചിരിക്കുന്ന ൪൨,൨൩൩ രൂപയിൽ ൧ രൂപകുറയ്ക്കണം.

ഉപക്ഷേപം ൧൭൭.

മെംബർ ഹാജരില്ലാതിരുന്നതുകൊണ്ടു താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം ഹാജരാക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

മി. എ. ശിവതാണുപിള്ള.

൧൭൭. കമ്മിഷണർക്കായി നീക്കിവച്ചിട്ടുള്ള ൪൨,൨൩൩ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൭൭൨.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-മേവികളവും):

൧൭൭൨. കമ്മിഷണർക്കായി നീക്കിവച്ചിട്ടുള്ള ൪൨,൨൩൩ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണംഎന്നുള്ള ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

തന്റെഡിപ്പാർട്ടുമെണ്ടു മദ്യനിരോധനഡിപ്പാർട്ടുമെണ്ടാണെന്നു സാമാന്യനിരൂപണകാലത്തിനിടയിൽ എക്സൈസ്കമ്മിഷണർ പറഞ്ഞു. അതു ഒരുഅർത്ഥത്തിൽ മദ്യനിരോധനഡിപ്പാർട്ടുമെണ്ടു തന്നെന്നു ധരിക്കാൻ എനിക്കുകഴിയും. മദ്യം ഉണ്ടാക്കുന്നതിനും കച്ചവടംചെയ്യുന്നതിനും ജനങ്ങൾക്കുള്ള സ്വാതന്ത്ര്യത്തെ അതു നിയന്ത്രിക്കുന്നിടത്തോളം അതു മദ്യനിരോധനഡിപ്പാർട്ടുതന്നെ എന്നാൽ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനം മദ്യനിരോധനനയത്തിന്റെ ആദർശങ്ങളിൽനിന്നു വളരെ അകന്നിരിക്കുന്നു എന്നു ഞാൻ പറയുകതന്നെവേണം. ഗവർണ്മെന്റിനുള്ള മുതലെടുപ്പിന്റെ ദൃഷ്ടി നോക്കിയാലും എക്സൈസ്ഡിപ്പാർട്ടുമെണ്ടിന്റെ അതിപ്രധാനവും പ്രഥമവും ആയ കൃത്യം വ്യാജച്ചെത്തും വ്യാജക്കച്ചവടവും നിവൃത്തിക്കയാകുന്നു. ഈ ദോഷങ്ങളെ പരിഹരിക്കുന്നതിനു ഡിപ്പാർട്ടുമെണ്ടു ശ്രമിച്ചുവരുന്നുഎന്നു എക്സൈസ്ഡിപ്പാർട്ടുമെണ്ടു സമാധാനം പറയുമായിരിക്കാം. എന്നാൽ കീഴുദ്യോഗസ്ഥന്മാർ ജാഗരൂകരായിരുന്നാൽ ഇവയെ തീരെനിവൃത്തിക്കുന്നതു ഒട്ടും പ്രയാസമായിരിക്കയില്ല എന്നുതന്നെ പറയാം. ഇക്കാര്യത്തിലേക്കായി അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിൽ അനേകം ഇൻസ്പെക്ടർമാരും സബ്ഇൻസ്പെക്ടർമാരും പെററിഓഫീസർമാരും ശിപായിമാരും നിയമിക്കപ്പെട്ടിട്ടുണ്ടു. എന്നുതന്നെയുമല്ല വ്യാജച്ചെത്തു എന്നുള്ളതുവല്ലപ്പോഴും ഒരിക്കലായിഅങ്ങുമിങ്ങുമായി നടക്കുന്നകാര്യം അല്ല. അവ ഈരാജ്യത്തിൽ അനേകം സ്ഥലങ്ങളിൽ ആണ്ടിലെല്ലാദിവസവും മുറയ്ക്കു നടന്നുവരുന്നുണ്ടു. കീഴുദ്യോഗസ്ഥന്മാർ ജാഗരൂകരായിരുന്നാൽ അവയെ കണ്ടുപിടിക്കുന്നതിൽ അവർക്ക് പ്രയാസം ഉണ്ടായിരിക്കയില്ല. ഈരാജ്യത്തിൽ ചിലേടങ്ങളിൽ മദ്യപാനപ്രസ്ഥാനസംബന്ധമായി തൽപ്രവർത്തകന്മാർ അധികം പ്രയാസംകൂടാതെയും സ്വല്പകാലത്തിലും ഇവ കണ്ടുപിടിക്കുന്നതിൽ ശക്തരായിരുന്നു. കീഴുദ്യോഗസ്ഥന്മാർ അവരുടെ പ്രവൃത്തി ശരിയായിചെയ്യുന്നുണ്ടോഎന്നു എക്സൈസ്കമ്മിഷണർ നോക്കേണ്ടതു ആവശ്യമാണ്. ആളുകൾ ജാഗരൂകരായിരിക്കയും അവരുടെ കൃത്യങ്ങൾ ശരിയായി നടത്തുകയും ചെയ്യുന്നതായാൽ അല്ലാതെ എക്സൈസ്ഡിപ്പാർട്ടുമെണ്ടിലേയ്ക്കു ഒററക്കാര്യമേപോലും ഈസമ്പ്രദായം അനുവദിക്കരുതു. കൃത്യങ്ങൾ ശരിയായി നിർവഹിക്കപ്പെട്ടിട്ടില്ലാ എന്നുവരികിൽ എന്തുതന്നെ സമാധാനംപറഞ്ഞാലും ഞങ്ങൾക്ക് തൃപ്തിവരുന്നതല്ല. വ്യാജക്കച്ചവടവും വ്യാജച്ചെത്തും സംബന്ധിച്ചു ഇത്രയും പറഞ്ഞു.

മദ്യനിരോധസംഗതി പീഡിതകൾ സ്ഥാപിക്കുന്നസ്ഥലത്തേയും അവയുടെ എണ്ണത്തേയും കുറിച്ചാണ്. താനും പീഡിതകൾ നിവൃത്തിവരുത്തിട്ടുണ്ടു എന്നു കഴിഞ്ഞ രാജ്യഭരണറിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു. സംശയംഇല്ല. എന്നാൽചെത്തായ വൃക്ഷങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും ഉപയോഗിച്ച മദ്യത്തിന്റെ അളവും വർദ്ധിച്ചിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ സമ്മതിച്ചിരിക്കുന്നു. ഉപയോഗിച്ച മദ്യത്തിന്റെ അളവും ചെത്തിയവൃക്ഷങ്ങളുടെഎണ്ണവും വർദ്ധിച്ചിരിക്കെ എത്രാനംഷാപ്പുകൾ നിവൃത്തിക്കപ്പെട്ടു എന്നുപറഞ്ഞതിന്റെ അർത്ഥം എന്ക്കുമനസ്സിലാകുന്നില്ല. പർവതപ്രദേശങ്ങളും ഒഴുക്കുമങ്ങളും ആയ വല്ല പ്രദേശങ്ങളിൽ ഷാപ്പുകൾ നിവൃത്തിയാൽ അതു ജനങ്ങളെ വളരെഅധികമായി ബാധിക്കയില്ല. കടൽനിലം ജനങ്ങൾ അധികമായി സഞ്ചരിക്കുന്ന മററുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഷാപ്പുകളെ എക്സൈസ്കമ്മിഷണർ നിവൃത്തിചെയ്യണം. അങ്ങനെയുള്ള യാതൊരുഷാപ്പും നിവൃത്തിട്ടുള്ളതായി കാണുന്നില്ല. മീനച്ചിലിൽഉള്ള ഷാപ്പുകളെ ഇതിനു ഉദാഹരണമായി പറയാം. പാലാങ്ങാടിക്കു വളരെ അടുത്തായിത്തന്നെ എത്രാനംഷാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടു. ഇന്നു പള്ളിക്കൂടത്തിനും ആശുപത്രിക്കും വളരെഅടുപ്പിച്ചു സ്ഥാപിച്ചിരിക്കുന്നു. ഈ ഷാപ്പുകൾഎല്ലാം അങ്ങാടിയിൽനിന്നു രണ്ടുഫർലാങ്ങ്ദൂരത്തിനുള്ളിൽആണ്, ഈ ഷാപ്പുകളിൽ യാതൊന്നും നിവൃത്തിവരുത്തിട്ടില്ല. എന്നാൽ അകലെയായും ഒഴുക്കുമയായുംഉള്ള ഒരുസ്ഥലത്തുള്ള മേലുകാവിലുള്ള ഷാപ്പിനെ നിവൃത്തിട്ടുള്ളതായി കാണുന്നു. മദ്യപാനദോഷത്തെ നിയന്ത്രിക്കാനായി ഷാപ്പുകൾനിവൃത്തിവരുത്തണമെന്നുള്ളതാണ് ഡിപ്പാർട്ടുമെണ്ടിന്റെനീതി. എന്നുവരികിൽ നിബിഡമായി ജനങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിൽ ഷാപ്പുകൾ നിവൃത്തിക്കേണ്ടതു വളരെ ആവശ്യംആകുന്നു. അകലെയുള്ള മലമ്പ്രദേശങ്ങളിൽ എത്രാനംഷാപ്പുകളെ നിവൃത്തിവരുത്തിയതുകൊണ്ടുപോരാ. ഷാപ്പുകളുടെഎണ്ണത്തെ കുറയ്ക്കുന്നതിനും ചിലപ്രദേശത്തെ ഇപ്പോൾഉള്ള സ്ഥാനത്തുനിന്നു മാററുന്നതിനുംഞങ്ങൾ അപേക്ഷിച്ചതിനു അനുസരണമായി കമ്മിഷണർ ഒരുഷാപ്പു മാററുവാൻ ആജ്ഞാ

ചിച്ചിട്ടുള്ളതായി പറയുന്നു. എന്നാൽ അതിനെ ഇപ്പോൾ സ്ഥാപിക്കാൻ നിശ്ചയിച്ചിരിക്കുന്നതു ഇതിലും അധികം ജനവാസം ഉള്ളടത്താണെന്നുകാണുന്നു. മുഖ്യം ഡിസ്ട്രിക്ട് ആശുപത്രിക്കും അടുത്തു ഹൈസ്കൂൾകെട്ടിടത്തിനും മുൻവശത്തായി ഉള്ള ഷാപ്പിനെ കുറിച്ചാണ് ഞാൻ പ്രസ്താവിക്കുന്നതു. മി. വാൻറാസ് സ്ഥലം ചെന്നു നോക്കി സ്ഥലസ്ഥിതിയെ അറിയാനായി അദ്ദേഹം ശ്രമിച്ചതു മുപകാരമായി. ഞാൻ എടുത്തുപറയാവുന്ന മറ്റൊരുദാഹരണം തിരുവനന്തപുരം ടൗണിൻെറതന്നെ കേന്ദ്രസ്ഥാനത്തുള്ളതാണ്. മാധവരാജന്റെ പ്രതിമ നിലനിൽക്കുന്ന റോഡിൽനിന്നു കാളേജിലേയ്ക്കുള്ള മുട്ടക്കിൽകയറുന്നേടത്തു മെയിൻറോഡിനുവളരെ അടുത്തായി അത്യന്തം അധികം എണ്ണം മദ്യപാനികൾ ചെല്ലുന്നതായ ഒരു ഷാപ്പു സ്ഥാപിച്ചിരിക്കുന്നു എന്നു മിക്ക മെംബർമാർക്കും അറിയാം എന്നു ഞാൻ വിശ്വസിക്കുന്നു. ആ ഷാപ്പിനെ അവിടെനിന്നു മാറ്റിക്കണം എന്നു അനേകം പ്രാവശ്യം ഉണ്ടായിരുന്നു. അതിനെ ഇപ്പുഴത്തെ സ്ഥാനത്തുനിന്നു ഏതാനുംഗജം തെക്കായി ഒരു സ്ഥലത്തേക്കു, അതായതു പുളിമൂട്ടിലേക്കുപോകുന്ന മുട്ടക്കിൻറെ പ്രാരംഭത്തിലായി, മാറ്റുവാൻ ആജ്ഞാപിച്ചു് കമ്മീഷണർ ഒരു കൌശലംചെയ്തിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ആവലാതിയിന്മേൽ അവസാനമായ ഉത്തരവുചെയ്തിട്ടുണ്ടോഎന്നു മെംബർക്കു അറിയാമോഎന്നു ചോദിക്കട്ടെയോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എനിക്കറിഞ്ഞുകൂടാ. ഈ ഷാപ്പു ഇപ്പോഴത്തെ സ്ഥാനത്തുനിന്നു അല്പം തെക്കോട്ടു മാറ്റിസ്ഥാപിക്കാൻപോകുന്നു എന്നു കേൾവിയുണ്ടു. അതു എനിക്കറിയാവു. ഷാപ്പു ഇപ്പോഴത്തെ സ്ഥാനത്തിനടുത്തായി യാതൊരിടത്തും ഇരിക്കാൻപാടില്ല എന്നു സ്ഥലത്തുള്ള മാന്യജനങ്ങൾ അപേക്ഷിച്ചിട്ടുണ്ടു.

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ഇപ്പുഴത്തെനില വിചാരണയിൽഇരിക്കുന്നേയുള്ളു എന്നു ഞാൻ മെംബറോടു പറയട്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉദ്ദേശിച്ചിരിക്കുന്ന സ്ഥാനവും ഇപ്പോഴത്തെ സ്ഥാനത്തിനു വളരെ അടുപ്പിച്ചാണ്. സ്ഥാനത്തിൽ ഇപ്രകാരമുള്ള മാററങ്ങൾ ചെയ്യുകകൊണ്ടു എന്തു സാരമായ കാര്യം സാധിക്കുന്നു എന്നു കമ്മീഷണർ നോക്കേണ്ടതുകുന്നു. തിരുവനന്തപുരം നഗരത്തിൽ വളരെ ജനസഞ്ചാരമുള്ളതായ സ്ഥലങ്ങളിൽ മററനേകം ഷാപ്പുകളും സ്ഥാപിച്ചിട്ടുണ്ടു. ഷാപ്പുകൾ നിറുത്തണംഎന്നുള്ള ഉദ്ദേശം വല്ലതും അദ്ദേഹത്തിനു ഉണ്ടെങ്കിൽ ഈ ഷാപ്പുകൾ നിറുത്താനാകുന്നു അദ്ദേഹത്തിനു സാധിക്കും. പേട്ടയിൽ പള്ളിക്കു വളരെ അടുത്തായി ഒരു ഷാപ്പുണ്ടു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): മെംബർ പറഞ്ഞതിനെ തിരുത്തേണ്ടതായിരിക്കുന്നു, ആ ഷാപ്പു പള്ളിയിൽനിന്നു പൂർണ്ണമായി കാൽ മൈൽ അകലെയാണു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ ദൂരം അളന്നിട്ടില്ല, എന്നാൽ ആ റോഡുവഴി നടക്കുന്ന ഏവനും അതു പള്ളിക്കു വളരെ അടുപ്പിച്ചാണെന്നു മനസ്സിലാക്കാൻ കഴിയും.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഞങ്ങൾ അളന്നുനോക്കിട്ടുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഷാപ്പുകൾ സ്ഥാപിക്കേണ്ട സ്ഥാനത്തെപ്പററി സ്വീകരിച്ചിരിക്കുന്ന നയം ആകട്ടെ തീരെ പ്രശംസനീയം അല്ല എന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. കമ്മീഷണർ ജനങ്ങളുടെ ചാതിയുടെ തത്വത്തിൽ പ്രവേശിക്കുന്നില്ല. അവരുടെ അപേക്ഷയെ അനുസരിച്ചതായി വെളിയിൽകാണിക്കണം എന്നുമാത്രമേ വിചാരിക്കുന്നുള്ളു. എക്സൈസ്കമ്മീഷണർ എന്നനിലയിൽ മിസ്റ്റർ വാൻറാസിൻെറ അവസ്ഥ വളരെ ദുഷ്കടമായുള്ളതാണെന്നു മനസിലാക്കാൻ എനിക്കു കഴിയും. നിർഭാഗ്യവശാൽ അദ്ദേഹം അപഹാസാർഹമായ ഒരു ഡിപ്പാർട്ടുമെണ്ടിൻെറ മേലധികാരിയായിരിക്കുന്നു. അദ്ദേഹം പറഞ്ഞിട്ടുള്ള സമാധാനങ്ങൾ വളരെ തൃപ്തികരമല്ലാ. ഇതിൽ കൂടുതൽ വിവരിച്ചുപറയുംമുമ്പെ മിസ്റ്റർ വാൻറാസിങ്കൽനിന്നു കൂടുതൽ സമാധാനം അറിവാൻ ഞാൻ കാത്തിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): സർ, എൻെറ ആളുകൾ ചെയ്തിട്ടുള്ള വ്യാജനിരോധനപ്രവൃത്തി മതിയാകുന്നില്ല എന്നു പറഞ്ഞുംകൊണ്ടു മെംബർ പ്രസംഗംആരംഭിച്ചു: അനേകംസ്ഥലങ്ങളിൽ പ്രത്യേകിച്ചും മീനച്ചിലിൽ വ്യാജച്ചെത്തു പ്രചരിച്ചുവരുന്നതായി അദ്ദേഹം ഉദാഹരണത്തിനു പറഞ്ഞു. അതേ സമയംതന്നെ വൃക്ഷക്കരത്തിൽ കൂടുതൽഉണ്ടെന്നു അദ്ദേഹംപറഞ്ഞു: വ്യാജച്ചെത്തിനെ തടുക്കയും കണ്ടുപിടിക്കയും ചെയ്താൽമാത്രമേ വൃക്ഷക്കരത്തിൽ കൂടുതൽഉണ്ടാകയുള്ളു. നമുക്കു വൃക്ഷക്കരം കൂടുതൽആകുന്തോറും ഭൂരിഭാഗമായി വ്യാജച്ചെത്തു കുറഞ്ഞിരിക്കും എന്നാണു തത്വം; അതുപോലെ വൃക്ഷക്കരം കുറയുന്തോറും വ്യാജച്ചെത്തും വർദ്ധിക്കും. വ്യാജച്ചെത്തിനെ പൂർണ്ണമായി അടക്കിക്കഴിഞ്ഞുഎന്നു ഞാൻ അവകാശപ്പെടുന്നില്ല. വ്യാജച്ചെത്തു നിറുത്തുന്നതിനു നമുക്കു എത്രത്തോളം ഉദ്യോഗസ്ഥന്മാർഉണ്ടെന്നു ആലോചിക്കാം. ൨൫൭ ചതുരശ്രമൈൽ വിസ്താരമുള്ള നാഗരുകോവിൽ റേഞ്ചിൽ വ്യാജച്ചെത്തു നിറുത്തുന്നതിനു ൨൭ ആളുകൾ എൻെറ കീഴിൽ ഉണ്ടു്, ൨൨൯ ചതുരശ്രമൈൽഉള്ള കൽക്കുളംറേഞ്ചിൽ ൨൭ പേർഉണ്ടു്. ൨൭൭ ചതുരശ്രമൈൽ വിസ്താരമുള്ള വിളവംകോട്ടിൽ ൨൦ പേർഉണ്ടു്. ൯൭ ചതുരശ്രമൈൽ വിസ്താരമുള്ള തിരുവനന്തപുരം റേഞ്ചിൽ ഒരു ഇൻസ്പെക്ടരും രണ്ടു സബ്ഇൻസ്പെക്ടർമാരും ഉൾപ്പെടെ ൨൦ പേർ മാത്രമേയുള്ളു. നൂറ്റൻപതു ചതുരശ്രമൈൽഉള്ള നെടുമങ്ങാട്ടു താലൂക്കിൽ ൨൪ ആളുകൾഉണ്ടു്. ൨൩൭ ചതുരശ്രമൈൽഉള്ള മീനച്ചിലിൽ ൨൩ പേരുണ്ടു. ശാസ്താരി ദേഞ്ചു ഒന്നുക്കു ൨൭ പേർവീതംഉണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): കൂടുതൽ ആളുകളെ നിയമിക്കണംഎന്നു എക്സൈസ്കമ്മീഷണർ ഗവണ്മെണ്ടിനോടു അപേക്ഷിച്ചിട്ടുണ്ടോ?

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ഈ സഭയിലെ മുറവിളി ആളുകളെ കുറയ്ക്കണം എന്നായിരിക്കെ കൂടുതൽ ആളുകൾ വേണം എന്നു ഞാൻ എങ്ങനെ ചോദിക്കട്ടെ. അതു ഹാസ്യമായി തോന്നും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ പ്രശ്നത്തിൻെറ ഈ ഒക്കിലെയ് അദ്ദേഹം സഭാസമക്ഷം എപ്പോഴെങ്കിലും വാഗ്ദാനിച്ചിട്ടുണ്ടോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതു ൨൦൯൭-ാമാണ്ടു ഈ സഭയിൽ എൻെറ പ്രസംഗത്തിൽ വിവരിച്ചുപറഞ്ഞിട്ടുണ്ടു.

ഏ ആളുകളെക്കൊണ്ടു ഞങ്ങൾക്കു എന്തു ചെയ്യാൻ കഴിയും? എന്നിട്ടും ഞങ്ങൾ കഴിയുന്നതു നല്ല പ്രവൃത്തി ചെയ്യുന്നുണ്ടു. ഇപ്പോഴത്തെ ജീവനക്കാരെക്കൊണ്ടു വ്യാജം പിടിക്കുന്ന കാര്യത്തിൽ എത്രത്തോളം അഭിവൃദ്ധി ഉണ്ടാക്കിട്ടുണ്ടു എന്നു കാണിക്കുവാൻ ചില്ലതാനും കണക്കുകൾ ഞാൻ കാണിക്കാം. ൧൦൯-ാമാണ്ടു കണ്ടുപിടിച്ച വ്യാജക്കേസുകളുടെ എണ്ണം ൧൧൭൫ ആയിരുന്നു; ൧൦൯൧-ൽ ൧൮൪൪; ൧൦൯൨-ൽ ൧൯൩൨; ൧൦൯൩-ൽ ൧൪൪൩; ൧൦൯൪-ൽ ൧൭൭൧. എന്റെ വകുപ്പിലുള്ള കീഴുദ്യോഗസ്ഥന്മാർമുഖേന ഞങ്ങൾ സ്ഥിരമായ അഭിവൃദ്ധി ഉണ്ടാക്കിവരുന്നു എന്നു ഈ കണക്കുകൾ കാണിക്കും. കീഴുദ്യോഗസ്ഥന്മാർ ചിലപ്പോൾ വ്യാജപ്രവൃത്തികളിൽ മെരുനാനുവാദം നൽകുന്നുഎന്നുള്ള ദോഷാരോപണവും ഏതാനും അംശം സത്യംതന്നെ എന്നുള്ള സംഗതിയും ഞാൻ നിങ്ങളെ അറിയിക്കതന്നെവേണം. എക്സൈസ് കമ്മീഷണരോ അസിസ്റ്റന്റോ എക്സൈസ്കമ്മീഷണരോ ഓരോ ഹെഡ്ഡാഫീസ്അടേകയോ ശിപായിയുടേകയോ ചുമതല നടക്കുന്നു എന്നുള്ളതു സാദ്ധ്യമല്ല. കീഴുദ്യോഗസ്ഥന്മാർ ഈ നാട്ടിലുള്ളവർതന്നെയാണ്. ഇവരെക്കൊണ്ടുവേണം ഞങ്ങൾക്കു പ്രവൃത്തി ചെയ്യാൻ. എന്റെ ഡിപ്പാർട്ടുമെണ്ടിൽ ഞാൻ പെട്ടിയിൽനിന്നു ആളുകളെ കൊണ്ടുവരുന്നില്ല. നമ്മുടെ നാട്ടിൽ ഉള്ളആളുകൾ ഇത്രത്തോളം പ്രവൃത്തിക്കുന്നതായാൽ ഈ നാട്ടിലെ സദാചാരനിലയ്ക്കു പരിഷ്കാരം ഉണ്ടായിപ്പെട്ടിരിക്കുന്നു എന്നു സ്പഷ്ടം ആകുന്നു. ഈ സ്ഥിതിക്കു സത്പ്രവൃത്തി ചെയ്യാതെ ഒഴിഞ്ഞു നിൽക്കുന്നവരേയും അസത്യവാന്മാരേയും ശിക്ഷിക്കാൻ മാത്രമേ എനിക്കു കഴിയൂ. ആ വിധം മൊത്താനുവാദം ഉള്ളതായി തെളിവു കൊടുക്കുമ്പോൾ എല്ലാം കഠിനമായി ശിക്ഷിക്കാറുണ്ടു്. ൧൧൦-മാണ്ടു ൧൦൦ ആഫീസർമാരേയും ൧൧൦-ൽ ൧൧൭ ആഫീസർമാരേയും ഞാൻ ശിക്ഷിച്ചിട്ടുണ്ടു്. ഒരാളെ ശിക്ഷിക്കുമ്പോൾ അയാൾ കുറ്റം ചെയ്തതായിട്ടു ബോദ്ധ്യംവന്നിരിക്കണം. ഉദ്യോഗസംബന്ധമായി കേവലം സംശയം മാത്രം ഉണ്ടായിരുന്നാൽ പോരാ. മതിയായ തെളിവു കണ്ടുമ്പോൾ ഞാൻ ശിക്ഷിക്കുന്നു. ഉദ്യോഗസ്ഥന്മാർക്കു ഗവർണ്ണൻറിനെക്കുറിച്ചു് ഒരു വിധം ഭയം ഉണ്ടായിരുന്ന കാലത്തു അതുകൊണ്ടു അവരെ ഏതാനും വിധം നിയന്ത്രണത്തിൽ വച്ചിരുന്നു എന്നാൽ ഇപ്പോഴത്തെ പ്രജാപ്രാബല്യകാലങ്ങളിൽ ആ ആശങ്ക വളരെ കുറഞ്ഞുപോയി. ഞാൻ അവർക്കു ഹിതോപദേശം നൽകുന്നു. അവരുടെ നടത്തപ്പിശകിനെക്കുറിച്ചു തെളിവു എനിക്കു കിട്ടുമ്പോൾ ഞാൻ അവരെ ശിക്ഷിക്കുന്നു. എന്നാൽ ഹിതോപദേശത്തെ അധികമായി വിശ്വസിച്ചു ആശ്രയിക്കുന്നു. ഭയം ഹേതുവായി ചെയ്യുന്ന പ്രവൃത്തിയെക്കാൾ അധികം സൽവൃത്തി അവർ ഹിതോപദേശത്തെ മാനിച്ചു ചെയ്യുന്നു.

ഷാപ്പുകളുടെ സ്ഥാനത്തേയും എണ്ണത്തേയുംകുറിച്ചു മെംബർപറഞ്ഞതു ഞാൻഅതുകിട്ടിയില്ലമൂലയിൽ ഉള്ള ഷാപ്പുകളെ നിറുത്തലാക്കി എന്നും ജനനിബിഡിതയുള്ള നഗരങ്ങളിൽ നിറുത്തലാക്കീട്ടില്ല എന്നുംആണ്. കുറച്ചതായ ഷാപ്പുകളിൽ ചിലതു ആളില്ലാ മൂലകളിൽ ഉള്ളവയായിരിക്കാം. എന്നാൽ ജനബാഹുല്യം ഉള്ള സ്ഥലങ്ങളിൽ അനേകം എണ്ണം ഷാപ്പുകൾ നിറുത്തലാക്കിട്ടുണ്ടു്. ൩,൦൦൦ രൂപായോളം വരവുണ്ടായിരുന്ന ഷാപ്പുകൾ നിറുത്തിട്ടുണ്ടു്. വഞ്ചിയൂർ നടുത്തുള്ള ഒരു ഷാപ്പു നിറുത്തലാക്കി. അതിൽനിന്നു ൩,൦൦൦ രൂപാ വരവു ഉണ്ടായിരുന്നു. കോട്ടയം നഗരത്തിൽ അഞ്ചു എണ്ണത്തോളം ഷാപ്പുകൾ നിറുത്തലാക്കിട്ടുണ്ടു്. രണ്ടാണ്ടു ചൊരിക്കൽ വിതം കുത്തക ഏല്പെടുത്തുമ്പോൾ എല്ലാം ആററിൽ ൪ വിതം എണ്ണം ഷാപ്പുകൾ നിറുത്തലാക്കിക്കൊള്ളാം എന്നു ഞാൻ എക്സൈസ് കമ്മീഷണറുമായി കരാറു ചെയ്തിട്ടുണ്ടു്. നഗരങ്ങളിൽ ഉള്ള ഷാപ്പുകളെ ക്രമേണ നിറുത്തലാക്കി വരുന്നുണ്ടു എന്നു മെംബർക്കു സ്വയം ക്ഷമയുള്ളവനായിരുന്നാൽ അതു അനുഭവം അറിയാൻ ഇടയാകും. എത്രയും അധികം എണ്ണം ഷാപ്പുകൾ ഉള്ള താലൂക്കുകൾ തുടങ്ങി ഞാൻ ഈ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടു്. സ്വതന്ത്രപീടിക ഷിർപ്പാടു പൂജ്യതായി നടപ്പാക്കിയതായ താലൂക്കുകളിൽ വളരെ അധികം എണ്ണം ഷാപ്പുകൾ ഉണ്ടു. അതുകൊണ്ടു ആ താലൂക്കുകളിൽ അധികം എണ്ണം ഷാപ്പുകൾ കാച്ചു ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിൽ ഞാൻ ൧൦൦ ശതമാനം വിജയം എന്നുള്ളതിനെ അനുഭവത്തിച്ചു. ഇതിലധികം കുറയ്ക്കുന്നതു ഗുണകരമോ അല്ലയോ എന്നും നമുക്കു തീർച്ചയാക്കേണ്ടിവരുന്ന കാലംവരെ ആ തോതിനെ ഞാൻ അനുവർത്തിക്കും. ഇപ്പോഴത്തെക്കു ഏതാനുകൊല്ലങ്ങൾക്കുകൂടി ഈ വിധം നടത്തുന്നതിനു വേണ്ട സാമഗ്രികൾ ഉണ്ടു്.

മി. കെ. ഐ. ജോസഫ് (മീനച്ചുവം-ദേവികുളവും) ഷാപ്പുകൾ നിറുത്തണം എന്നു ജനങ്ങൾ ആവശ്യപ്പെടുന്നുവെന്നതാലൂക്കുകളിൽ അവയെ നിറുത്തുന്നതിനു എക്സൈസ് കമ്മീഷണർക്കു മനസ്സുണ്ടായിരിക്കുമോ എന്നു ഞാൻ അദ്ദേഹത്തിനോടു ചോദിക്കട്ടെ?

മി. എ. ജെ. വാൻറാൻസ് (എക്സൈസ് കമ്മീഷണർ): അതു മറുപടി പറയാൻ പ്രയാസം ഉള്ളചോദ്യം ആണ്. ജനങ്ങൾക്കു മനസ്സുണ്ടോ ഇല്ലയോ എന്നു അറിയാൻ പ്രയാസംഉണ്ടു്. ഏതാനും ചെറുപ്പക്കാർ തങ്ങളുടെ അഭിപ്രായത്തെ പ്രായംചെന്നവരെക്കൊണ്ടു ബലാത്സമ്മതിപ്പിക്കാൻ ശ്രമിക്കുന്ന അതു കഷ്ടസാദ്ധ്യമായ പ്രമേയം തന്നെയോ എന്നു നമുക്കു നോക്കണം. അതു ജനസാമാന്യത്തിന്റെ അഭിപ്രായംതന്നെയോ? ൪൦-ം ൪൦-ം കൊല്ലംകാലം മദ്യപാനംചെയ്തു ശീലിച്ചിട്ടുള്ള ഒരു വലിയകൂട്ടം മദ്യപാനികൾ ഉടൻതന്നെ കുടി നിറുത്തിയേക്കുമോ എന്നാകുന്നു പ്രശ്നം. മിനച്ചുലിൽ ഈ പ്രസ്ഥാനം വലുതായിരുന്നാലും ചെറുപ്പക്കാരുടെ ഇടയിൽ മാത്രമെ പ്രാധാന്യം ഉള്ളു എന്നു എനിക്കു അറിയാം. അവർ അവരുടെ അഭിപ്രായത്തെ പ്രായം ചെന്നവരെ കൊണ്ടു നിർബന്ധിച്ചു സ്വീകരിപ്പിക്കാൻ ശ്രമിച്ചു. ചേലവില്ലനക്കു ചെന്നു ഷാപ്പു പിടിക്കരുതു എന്നു അവരോടു അപേക്ഷിച്ചു. ഇതിന്റെ ഫലം എന്തായിരുന്നു എന്നാൽ ഏതു ചുറിയിൽവച്ചു വേലം നടത്തിയോ ആ ആൾ ആൾകൊണ്ടു നിറഞ്ഞിരുന്നു. ജനങ്ങൾ ആ തക്കംനോക്കി കുറഞ്ഞ ഇകയ്ക്കു വേലം വിളിക്കട്ടെ.

മി. കെ. ഐ. ജോസഫ് (മീനച്ചുലും-ദേവികുളവും) ഒരു പകുതിയിലെ നിവാസികളിൽ മുക്കാൽപങ്കുജനങ്ങൾ ഷാപ്പുകൾ നിറുത്തണം എന്നു അപേക്ഷിച്ചു ഒരു ഹർജി ഒപ്പിട്ടു അയക്കുന്നതായാൽ അവ നിറുത്തുവാൻ അദ്ദേഹത്തിനു മനസ്സുണ്ടായിരിക്കുമോ എന്നു ഞാൻ ചോദിക്കട്ടെ?

മി. എ. ജെ. വാൻറാൻസ് (എക്സൈസ് കമ്മീഷണർ): എന്നാലും എനിക്കു ബോദ്ധ്യംവരികയില്ല. മനസ്സുള്ളവരായാലും ഇല്ലാതിരുന്നാലും ആളുകളെക്കൊണ്ടു ഒപ്പിടുവിച്ചു വാങ്ങിക്കുന്നതുവളരെ എളുപ്പം ആണെന്നു നല്ലപോലെ അറിയാം. ഗ്രാമത്തലവന്മാരിൽ മിക്കവരും ബന്ധുരായിരുന്ന കുമ്പിൽ ഇതേ സംഗതിനടന്നു. ഏതാനുംകാലത്തിനുമുമ്പു മാരോ ആളിന്റേയും സമ്മതം തിരക്കിഅറിഞ്ഞു. ഷാപ്പുകൾ മേലാൽവച്ചുകൂടാ എന്നു അഭിപ്രായപ്പെടുവാൻ ഓരോ തലവനും ജനങ്ങളെ നിർബന്ധിച്ചു.

മി. എൻ. വി. ജോസഫ് (പറവൂർ): ഈ വധം മാദ്രാസ് ആളിന്റെയും അഭിപ്രായം അറിയുന്നതിനു ഗവർണ്ണമെന്റിനു ഇഷ്ടമായിരിക്കുമോ എന്നു ഞാൻ ചോദിക്കട്ടെ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ജനങ്ങൾ മാദ്രാസിനോടു ചോദിക്കുന്ന സംഗതി ഇപ്രകാരമായ വിധത്തിൽ നടത്തപ്പെടട്ടെ. എങ്കിൽ നിങ്ങൾക്കു അപ്രകാരം ചെയ്യാവുന്നതാണ്. നിർബന്ധവും ബലാൽകാരവും പ്രയോഗിക്കുന്നതായാൽ ജനങ്ങൾ ഖേദിപ്പിട്ടു, വിപരീതമായ വിധത്തിൽ പ്രവർത്തിക്കുകയും ചെയ്യും. മീനച്ചിലിൽ മദ്യപർജനപ്രവർത്തകരോടു ചർച്ച ചിന്തിക്കയില്ലെന്നു വരുത്തിക്കൂട്ടുന്നതിനു അനേകം ശ്രമിച്ചു ഞാൻ എന്റെ ഉദ്യോഗപ്പെരിനു അവകാശം അവരോടു ചർച്ച നടത്തുക്കണം എന്നു എനിക്കു തോന്നി. അതുകൊണ്ടു ഇക്കാര്യങ്ങളിൽ ജനങ്ങൾക്കുള്ള സാമാന്യഗതി എന്താണെന്നു നാം പരിചയപ്പെടുത്തിയറിയണം. മീനച്ചിലിൽ ഉള്ള ലേലത്തിനു വന്ന ജനങ്ങൾ ചർച്ച നിർത്തുന്നതിനു അനുകൂലികൾ അല്ല എന്നു എനിക്കു പറയാൻ കഴിയും. മീനച്ചിലിൽ ലേലം നടക്കുന്ന ചെമ്പനാമറിയിൽ ലേലം വിളിക്കുവാൻ വന്നവർ നിറഞ്ഞതിനു മീനച്ചിലിൽ ആരംഭിച്ചിട്ടുള്ള സംരംഭത്തെ കുറിച്ചു ഞാൻ അന്വേഷിച്ചു. സംരംഭത്തിന്റെ ഉദ്ദേശം നല്ലതാണെന്നും അതിനുള്ള പ്രയോഗിക്കുന്ന മാർഗ്ഗം ആദരണീയം ആണെന്നും ഞാൻ അറിഞ്ഞു. ഇതു ആരംഭിച്ചു ജനങ്ങൾ ഉടൻതന്നെ ആ പ്രസ്ഥാനത്തിനു എന്തുകൊണ്ടു എന്നു വിചാരിക്കുന്നു. നാം സാധാരണ ലോകഗതിയിൽ ശ്രദ്ധിച്ചിരിക്കുന്നവരാണ്. ഇക്കാര്യങ്ങളുടെ സാഗതിയിൽ അന്യായം ചെയ്തുണ്ടായിരിക്കണം. ലക്ഷ്യത്തിൽ എത്തുന്നതിനു ക്ലേശിക്കുന്നു. ചിന്തിക്കുന്നതിനു നാം സന്നദ്ധരായിരിക്കണം. അതുകൊണ്ടത്രേ എന്റെ വിസ്താരക്കാരൻ മദ്യവർജ്ജനത്തിനായി മല്ലിടുന്നവനാണെന്നു ഞാൻ കേൾക്കുന്നതു. ഞങ്ങൾ അക്കാര്യം ആദരിക്കുന്നു. ഞങ്ങളുടെ ലക്ഷ്യസ്ഥാനത്തു എങ്ങനെ എത്തണം എന്നു ഞങ്ങൾ ആലോചിക്കുന്നില്ല. ലക്ഷ്യത്തിൽ എത്തുവാൻ അനാവശ്യമായ മദ്യപാനശീലത്തെ നിയന്ത്രിക്കുവാൻ, ഞങ്ങൾ അവിരാമം സ്ഥിരമായും ഇടവിടാതെയും പ്രവർത്തിച്ചുവരുന്നു. ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസവും മനസംസ്കാരവും വർദ്ധിക്കുന്നതോടുകൂടി ക്രമേണ മദ്യപാനം ജനങ്ങളുടെ ഇടയിൽ തീരെ ഇല്ലാതാകും. മദ്യപാനദോഷത്തെ ജനസാമാന്യം മനസിലാക്കുകയും അതിനെ വർജ്ജിക്കുകയും ചെയ്യാൻ സന്നദ്ധരായിരുന്നാൽ അല്ലാതെ ജനങ്ങൾ മുറ്റുകുടിച്ചുകൊണ്ടുകിടക്കട്ടെ എന്നു വിട്ടേച്ചു ഗവർണ്ണമെന്റു പിന്നോക്കം വാങ്ങുകയും മുതലെടുപ്പു മുഖേന ഉപേക്ഷിക്കുകയും ചെയ്യുന്നതു നിഷ്പ്രയോജനംതന്നെ. വിദ്യാഭ്യാസം വർദ്ധിച്ചിരിക്കുന്നസ്ഥലങ്ങളിൽ ജനങ്ങൾ മദ്യപാനം അധികമായി ത്യജിച്ചുവരുന്നു. തിരുവിതാംകൂർസംസ്ഥാനത്തിൽ വിദ്യാഭ്യാസം വർദ്ധിച്ചിട്ടുണ്ടു. ഇതു നമ്മുടെ ചക്ഷുപ്രത്യക്ഷം ആണല്ലോ. വിദ്യാഭ്യാസവും നാഗരികതയും വർദ്ധിക്കുന്നതോടുകൂടി ജനങ്ങൾ ഈ ശീലത്തെ അധികമായി ത്യജിക്കും. എന്നാൽ മദ്യപാനശീലം തീരെ അസ്തമിക്കും എന്നു ഞാൻ നിരൂപിക്കുന്നില്ല. മീനച്ചിലെ പ്രസ്ഥാനത്തിന്റെ സംഗതിയിൽ അതിന്റെ ഉൽഭവത്തെ ഞാൻ അന്വേഷിച്ചിട്ടുണ്ടു. മുലയിലും മുക്കിലും ജനങ്ങളെ അതിക്രമിച്ചു ഉപദ്രവിച്ചു വരുന്നവരായിട്ടുള്ള മദ്യപാനികൾ ഉണ്ടു എന്നു ഞാൻ അറിഞ്ഞിട്ടുണ്ടു. ഈ പ്രസ്ഥാനാരംഭകന്മാർ ഈ സംഗതി പൊലീസുകാരെ അറിയിക്കപ്പെട്ടതിലെയോ എന്നു ഞാൻ അവരോടു ചോദിച്ചു. അവിടെ പൊലീസുകാർ ഇല്ലാത്തതുകൊണ്ടു ആണു അപ്രകാരം ചെയ്തിട്ടില്ല എന്നു അവർ പറഞ്ഞു. കള്ളു ആകട്ടെ വളരെ ലഹരിയുള്ള സാധനം അല്ല. അതിൽ ശരീരപോഷകസാധനം അധികമായി ഉണ്ടു. ലഹരിയുള്ള മദ്യരസം പത്തിനൊരംശമേയുള്ളു. മററംശങ്ങൾ എല്ലാം ഖാദ്യാഹാരസാധനവും ജലവും പോഷകസാരവും ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ചെത്തുവൃക്ഷങ്ങൾ സാധാരണമായി അതാതു ഷാപ്പുകളുടെ അടുത്തുള്ളവയല്ലല്ലോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതെ. സാധാരണമായി ക്ലിപ്തമായ അതിരുകൾക്കുള്ളിൽ ഉള്ള വൃക്ഷങ്ങൾ ചെത്തുന്നു. സമീപത്തു വൃക്ഷങ്ങൾ ഇല്ലാതിരുന്നാൽ ക്ലിപ്തമായ അതിരുകൾക്കപ്പുറമെ അനുവാദം ഞങ്ങൾ കൊടുക്കേണ്ടിവരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഷാപ്പുകളുടെ എണ്ണം അധികമായിരുന്നാലും ചെത്തുന്നവൃക്ഷങ്ങൾ നിൽക്കുന്നസ്ഥലം ഷാപ്പുകൾക്കു വളരെ അടുപ്പിച്ചാകകൊണ്ടു വ്യാജച്ചെത്തു കണ്ടുപിടിക്കുന്നതു ഇവർക്കു അസാദ്ധ്യമാകുന്നു?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ക്ലിപ്തമായ അതിരുകളിൽ അതു സംഭവിക്കുന്നില്ല. ഒരു ഷാപ്പു സ്ഥാപിച്ചിരിക്കുന്നസ്ഥലത്തിനു വളരെ അകലെയായി നടക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): എന്റെ സുഹൃത്ത് മി. ജോസഫ് പറഞ്ഞുവിച്ചിരിക്കുന്ന വാദം പ്രധാനപ്പെട്ടതും ഗൗരവമായുള്ളതും ആകുന്നു. അബ്കാരി ശാഖയുടെ നടത്തിപ്പിന്റെ ഗുണദോഷത്തെപ്പററി മദ്യവർജ്ജന പ്രസ്ഥാനത്തെ പ്രത്യേകമായി ഖണ്ഡിക്കുന്നു പ്രസംഗിക്കാനായിട്ടാകുന്നു ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു എന്നു ഞാൻ ധരിക്കുന്നു. ഡിപ്പാർട്ടുമെന്റിന്റെ ചെലവിനു രണ്ടു പ്രധാനപ്പെട്ട കുററങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുന്നു. ഒന്നു പ്രാജച്ചെത്തിനെ ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാർ ശരിമായി നിയന്ത്രിക്കുന്നില്ല എന്നും മറെറാന്നു ഷാപ്പുകൾ പൊലിക്കസ്ഥലങ്ങളിൽ സ്ഥാപിച്ചുകൂടെ എന്നും ഉള്ളതാകുന്നു. മദ്യപാനം വലുതായ ദോഷം ആകുന്നു എന്നു സർവ്വസമ്മതംതന്നെ. ഇതിൽ ഗവർണ്ണമെന്റിനും ജനങ്ങൾക്കും ഇതു പക്കാസ്വീകരിക്കാവുന്നതായി മൂന്നുമാർഗ്ഗങ്ങൾ ഉണ്ടു. ഒന്നു തീരെ നിരുത്തേജിപ്പിക്കൽ ആണു. അതായതു ഗവർണ്ണമെന്റിന്റെ ശക്തിപ്രയോഗിച്ചു ഈ രാജ്യത്തു മദ്യം ഉണ്ടാക്കുവാനും വില്പനയ്ക്കും നിരുത്തേജകമാകുന്നു. മറെറാന്നു ജനങ്ങൾ സ്വഗൃഹത്തിൽ മദ്യം ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യട്ടെ എന്നു വിട്ടേക്കുകയാകുന്നു. മൂന്നാമത്തെമാർഗ്ഗം മദ്യപാനത്തെ ഒഴിയിൽ വച്ചുകൊണ്ടു മദ്യപാനത്തെ നിയന്ത്രിക്കുകയാകുന്നു. ഇതിനെയാണു മധ്യവർജ്ജനപ്രസ്ഥാനം എന്നു വിളിച്ചുവരുന്നതു. നാം എന്തുതന്നെ പറയുന്നതായിരുന്നാലും മദ്യപാനാർത്ഥം ഈ കുച്ചുവടത്തെ നിയന്ത്രിക്കുന്നതിനു ഗവർണ്ണമെന്റു ശക്തമായിരിക്കും എന്നു ഞാൻ വിചാരിക്കുന്നില്ല. ഗവർണ്ണമെന്റിനു സാദ്ധ്യമായ ഏകമാർഗ്ഗം മദ്യത്തെ തീരെ നിരോധിക്കുകയത്രെ. ഈ രാജ്യത്തിലെ ഇപ്പോഴത്തെ അവസ്ഥയ്ക്കു ഇതു ശക്തമെന്നു സ്വഭാവ്യമോ എന്നുള്ളതു ഗൗരവമായ ഒരു പ്രശ്നം ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) മദ്യപാനത്തിനുള്ള അവസരത്തെയും സൗകര്യത്തെയും ഗവർണ്ണമെന്റിനു കുറയ്ക്കാൻ കഴിയുകയില്ലയോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ) ഞാൻ അതുപറവാൻ മാവിക്കുന്നു. മദ്യപാനംഈ നാട്ടിൽ ആരംഭിച്ചതു ജാതിവിഭാഗം നടപ്പായതോടുകൂടിയാണോ? അതല്ലാ ഇതു ഗവർണ്ണമെന്റു നടപ്പാക്കിയതാ അതല്ല ജനങ്ങളുടെ ഈ ദുഷ്ശീലത്താൽ ഗവർണ്ണമെന്റു ബന്ധിതരായിതീർന്നുപോയി എന്നാകുന്നു അടുത്തചോദ്യം. ഗവർണ്ണമെന്റ് ഉണ്ടാകുന്നതിനുമുമ്പുതന്നെ മദ്യപാനം ഉണ്ടായിരുന്നു എന്നാണു എന്റെ അഭിപ്രായം. അതുകൊണ്ടു എക്സൈസ്ഡിപ്പാർട്ടുമെണ്ടു മദ്യപാനത്തിനു ഉത്തരവാദിയാകുന്നു വരുകിൽ ആധിപ്പാർട്ടുമെന്റു മദ്യക്കടകൾ ഉണ്ടായിരിക്കുന്നതിനും ഉത്തരവാദിയാണെന്നു വരുകിൽ അതു ഈ രാജ്യത്തിൽ ഒരു സാമുദായികദോഷമായിരിക്കുന്ന ജനങ്ങളുടെ മദ്യപാനശീലത്തിനിതു പ്രോത്സാഹനം ഉണ്ടാകുന്നു എന്നു ഞാൻവിചാരിക്കുന്നു. ജാതിബന്ധത്തെ സംബന്ധിപ്പിച്ചു ഇതിനു നമുക്കു കാരണം കാണാൻകഴിയും. ഉൽകൃഷ്ടജാതിയിൽ ഉള്ളവർ സാധാരണമായി ഈ ദുഷ്ശീലം സമ്പാദിക്കുന്നില്ലാ എന്നു നാം കാണുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മിഷണർ): താഴെ ജാതിക്കാരിൽ വിദ്യാഭ്യാസം സിദ്ധിച്ചവർ മദ്യപാനം ശീലിക്കുന്നുണ്ടോഎന്നു മെംബർപറഞ്ഞു എന്നതു അർത്ഥമുണ്ടായിരിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): അതു ഞാൻ വിവരിച്ചു പറയാം. അതുകൊണ്ടു ഇതു മദ്യപാനാസക്തിയുള്ളവരായ പ്രത്യേകജാതിയ്ക്കു സമുദായത്തിന്നു വിരോധമുള്ളതായ ഒരു ശീലം ആണെന്നു നാം നിശ്ചയിക്കണം. അതുകൊണ്ടു അവരുടെ ഇടയിൽ മിതപാനപ്രസ്ഥാനത്തിന്റെ പ്രവൃത്തി ഗവർണ്ണമെണ്ടിൽ വരാൻപാടുള്ളതല്ലാത്തതും ജനങ്ങളിൽനിന്നുതന്നെ വരേണ്ടതുമായ ഒന്നാകുന്നു.

മി. എൻ. കുമാരൻ (ഗവർണ്ണമെണ്ടുനിയമിച്ചമെംബർ) വിദ്യാഭ്യാസംഇല്ലാത്ത സമുദായങ്ങളിൽപ്പെട്ടവർമാത്രമേ കുടിക്കുന്നുള്ളുഎന്നു മെംബർക്കു അറിയാമോ?

മി. എൻ. വി. ജോസഫ് (പറവൂർ): വിദ്യാഭ്യാസംഇല്ലാത്ത സമുദായങ്ങൾ എന്നല്ലാ ശരിയായി പറയേണ്ടതു, എന്റെ അഭിപ്രായത്തെ ഞാൻ വിവരമായി പറയാം. ഇന്ത്യയിൽ മദ്യപാനം സാമുദായികമായ അപമാനംആകുന്നു എന്നതു യൂറോപ്പിലെ സ്ഥിതി അങ്ങനെയല്ലാഎന്നും നാം സന്ദർഭം അവലോകനംചെയ്താൽ നമുക്കു അറിയാൻകഴിയും. ഒരു ബ്രാഹ്മണനും ഒരു ക്രിസ്ത്യാനിയും കുടിക്കുന്നതായി നിങ്ങൾ കാണുന്നതായാൽ ബ്രാഹ്മണനെക്കുറിച്ചു തീരെ ഭിന്നമായ അഭിപ്രായം നമുക്കു ഉണ്ടാകുന്നു. ബ്രാഹ്മണൻ കുടിക്കുന്നതു വലിയ അപരാധമാണെന്നു നാം പറയുന്നു, എന്നാൽ ക്രിസ്ത്യാനിയുടെകാര്യത്തിൽ അയാൾക്കു അത്രയധികം അപമാനം നാം കല്പിക്കാറില്ല.

മി. കെ. പി. ജോസഫ് (മീനച്ചിലും മേവികളവും): ക്രിസ്ത്യാനികളുടെ ഇടയിൽ വല്ല ജാതിഭേദവും ഉണ്ടോഎന്നു മെംബറിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): മലബാറിൽഉള്ള ക്രിസ്ത്യാനികൾ തങ്ങൾ യാതൊരു ജാതിയിലും ചേർന്നവരല്ലാഎന്നു പ്രഖ്യാപനംചെയ്യുവരുന്നുണ്ടായിരിക്കാം. എന്നാൽ വസ്തുതകളെ യഥാസ്ഥിതിയിൽ ഗ്രഹിക്കുന്നതായാൽ അവർക്കു സാമുദായികബന്ധത്തിൽ ഒരു സ്ഥാനംഉണ്ടെന്നും ബ്രാഹ്മണൻമുതൽ പുലയൻവരെ തിരുവിതാംകൂറിൽ പല പദവിയിലുള്ള ജാതികളിൽഉള്ള ശീലങ്ങൾ അവരിൽ കാണുന്നുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. എന്നാൽ അവർക്കു ഒരു സ്ഥാനം കല്പിക്കണംഎന്നു എനിക്കു നിർബന്ധംഇല്ല, എവിടെയെങ്കിലുമൊരിടത്തു അയാൾക്കു സ്ഥാനമുണ്ടു. അവന്നു മലയാളദേശത്തു ഒരു ജാതിശീലവും ഒരു സാമുദായികശീലവും ഉണ്ടു. അതുകൊണ്ടു മിതപാനപ്രസ്ഥാനം ജനങ്ങൾതന്നെ ഗ്രമിച്ചുനടത്തേണ്ടതായ ഒന്നാകുന്നു. ഇതു ഗവർണ്ണമെണ്ടു ചെയ്യണംഎന്നു നാം അപേക്ഷിക്കേണ്ടതായ കാര്യംഅല്ല. ഈ പ്രശ്നത്തെ മറെറാരുവിധത്തിൽ ചോദിക്കാവുന്നതാണ്. ഗവർണ്ണമെണ്ടു ഇതിൽനിന്നു പിൻവാങ്ങുകയും ജനങ്ങൾ യഥേഷ്ടം മദ്യം ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുകകൊള്ളട്ടെഎന്നു വിട്ടുകയുംചെയ്യുന്നുഎന്നു വിചാരിക്കുക. അപ്പോൾ സ്ഥിതി എന്തായിരിക്കും. അതും നാം ആലോചിക്കേണ്ടതായ ഒരു പ്രശ്നംആണ്. അപ്രകാരംചെയ്താൽ ജനങ്ങൾ അധികം മദ്യം ഉണ്ടാക്കിക്കൊണ്ടിരിക്കും. തന്നിമിത്തം തിരുവിതാംകൂറിൽ മദ്യച്ചിലവും അധികരിക്കും. അതുകൊണ്ടു ഗവർണ്ണമെണ്ടു ഇല്ലെന്നുവരുകിൽ മദ്യപാനത്തിന്റെ നിയന്ത്രണം സാധ്യംഅല്ല. "ഒരുപാത്രം മദ്യം മനുഷ്യൻ സ്വീകരിക്കുന്നു; ഒരുപാത്രം മറെറാരുപാത്രത്തെ സ്വീകരിക്കുന്നു; ഒടുവിലത്തെപാത്രം മനുഷ്യനെ എടുത്തുകളയുന്നു" എന്ന ഒരു പഴഞ്ചൊല്ലു ജപ്പാൻഭാഷയിൽ ഉണ്ടു. അതുകൊണ്ടു ജനങ്ങൾതന്നെ അതിനെ ക്രമപ്പെടുത്തണം എന്നാകുന്നു ഞാൻ പറയുന്നതു. ആ അർത്ഥത്തിൽ തന്റെ ഡിപ്പാർട്ടുമെണ്ടു മിതപാന ഡിപ്പാർട്ടുമെണ്ടുആകുന്നു എന്നു മി. വാൻറാസ് പറഞ്ഞതിനോടു ഞാൻ യോജിക്കും, അത്യധികമായ മദ്യപാനത്തിനും ജനങ്ങൾ സ്വേഛാനുസാരം മദ്യംഉണ്ടാക്കി വിൽക്കുന്നതിനും ഇടയ്ക്കു മദ്ധ്യഗതിമാർഗ്ഗം ഇല്ല എന്നുകൂടി ഞാൻ പറയാം.

ഷാപ്പുകൾസ്ഥാപിക്കുന്ന സ്ഥലത്തെക്കുറിച്ചു ഏതാനുംവാക്കുകൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ സമ്പ്രദായംപ്രവർത്തിക്കാൻ ഞാൻതന്നെയും ശ്രമിച്ചിട്ടുണ്ടു. പറവൂർ റോഡരുകിലായി ഒന്നോരണ്ടു ഷാപ്പുകൾ ഉണ്ടായിരുന്നു. സായാഹ്നങ്ങളിൽ ഞങ്ങളിൽ ചിലർ ഈ റോഡുകൾവഴി നടക്കാറുണ്ടു. തന്മൂലമായി ഈ ഷാപ്പുകൾ എക്സൈസ് ഡിപ്പാർട്ടുമെണ്ടുകാരെകണ്ടു തങ്ങളുടെ ഷാപ്പുകളിൽ വില്പന കുറഞ്ഞുപോകയാൽ തങ്ങൾക്കു ആ ഷാപ്പുകൾ വേണ്ടാഎന്നും ഈ ഷാപ്പുകളെ ഇത്രത്തോളം മുറസ്സല്ലാത്ത സ്ഥലങ്ങളിൽ മാററിച്ചുകിട്ടണംഎന്നുംപറഞ്ഞു.

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മിഷണർ): വല്ല ഷാപ്പും ആ സ്ഥാനത്തുനിന്നു മാററപ്പെട്ടുവോ എന്നു മെംബറിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ഇല്ല മാററിട്ടില്ല. ഞങ്ങൾ എല്ലായിടത്തും അറിയിച്ചു. ഞങ്ങളുടെ അധികാരശക്തിയും പ്രയോഗിച്ചു; യാതൊരുത്തരം സ്ഥലം കൊടുക്കയില്ല.

പ്രസിഡണ്ടു: സമയമായി.

മി. കുമാരൻ (ഗവർണ്ണമെണ്ടുനിയമിച്ച മെംബർ): എക്സൈസ് ഡിപ്പാർട്ടുമെണ്ടിന്റെ [illegible]—ാമാണ്ടത്തെ പ്രവർത്തനത്തിനെക്കുറിച്ചു ഉണ്ടായ ഗവർണ്ണമെണ്ടുത്തരവിൽ ഇപ്രകാരം കാണുന്നു:—

"ചാരായവും വിദേശമദ്യവും അഫീൻ കഞ്ചാവു പുകയില ഇവയുടെ ഉപയോഗത്തിലും കള്ളിന്നുചെത്തിയ വൃക്ഷങ്ങളുടെ എണ്ണത്തിലും തന്നാണ്ടിൽ വർദ്ധനവുണ്ടായിരുന്നു. [illegible] പ്രാഫ്ത്യാഖനം ചാരായവും

ര ര൯ ഗ്രാമ൯ വാരേശമെല്ലാവും ന്യസ ശേർ അഫീനം ഒന്നുന്ന ശേർ കഞ്ചാവും ര൯ കണ്ടി പുകയിലയും ഉപയോഗത്തിൽ കൂടിട്ടുണ്ട്, കള്ളിനായിചെത്തിയ വൃക്ഷങ്ങളുടെ എണ്ണം സ്വ, ര ഒ ൯ കൂടുകയും, ന്യ ഈ ന്യ പനയും സ്വ വ ഫ ചൂണ്ടപ്പനയും ആയിവർദ്ധിച്ചു. ഈ കൂടുതലിന്റെ കാരണം പ്രായാന്യേന അധികംപ്രദേശത്തിൽ വൃക്ഷക്കരം ഏർപ്പാടു നടപ്പാക്കിയതായിരുന്നു."

തന്റെ ഡിപ്പാർട്ടുമെണ്ടു ചാസ്തുവത്തിൽ മിതപാനഡിപ്പാർട്ടുമെണ്ടു ആണെന്നുള്ള മി. വാൻറാസിന്റെ വാദം എത്രയും പ്രസ്താവയോഗ്യമാണെന്നു ഈ സർട്ടിഫിക്കെട്ടുകൊണ്ടു ഏതിച്ചു തോന്നുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ചെത്തിയവൃക്ഷങ്ങളുടെ എണ്ണത്തിൽ കൂടുതൽവരാൻകാരണം എന്തുകൊണ്ടെന്നു മെമ്പർക്കു അറിയാമോഎന്നു ഞാൻ മെമ്പേരോടു ചോദിക്കട്ടെ?

മി. എൻ. കുമാരൻ (ഗവർണ്ണെണ്ടുനിയമിച്ചമെമ്പർ): ഞാൻ അതിനെക്കുറിച്ചു സംസാരിക്കുകയല്ല.

മി എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ചെത്തിയ വൃക്ഷങ്ങളുടെ എണ്ണം കൂടിയതിനുള്ള കാരണം എന്തെന്നു മെമ്പർക്കു അറിയാമോ എന്നു ഞാൻ അദ്ദേഹത്തിനോടു ചോദിക്കട്ടെ?

മി. എൻ. കുമാരൻ (ഗവർണ്ണെൻറനിയമിച്ച മെമ്പർ): എക്സൈസ്കമ്മീഷണർക്കു പറയേണ്ടതെല്ലാം അദ്ദേഹം മറുപടിപറയുന്ന സമയം പറയാവുന്നതാണ്.

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ചെത്തിയവൃക്ഷങ്ങളുടെ എണ്ണംകൂടിയതിനുള്ള കാരണം മെമ്പർക്കു അറിയാമോ എന്നു മാത്രമേ ഞാൻ ആവശ്യപ്പെട്ടുള്ളൂ.

മി. എൻ. കുമാരൻ (ഗവർണ്ണെൻറനിയമിച്ച മെമ്പർ): ഈ സഭയിൽ നിർബന്ധമായി അറിയിക്കപ്പെട്ട രണ്ടു സംഗതി വ്യാജച്ചെത്തിനെ തടുക്കുന്നതിനും പബ്ലിക്സ്ഥലങ്ങളിൽ ഷാപ്പുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചും ഉള്ള ചട്ടങ്ങളെ എക്സൈസ് ഡിപ്പാർട്ടുമെണ്ടു പ്രവർത്തിപ്പിക്കുന്നില്ലെന്നും ഊർജ്ജിതപ്പെടുത്തുന്നില്ലെന്നുമുള്ളതാകുന്നു. മുന്നാരവസരത്തിൽ ഈ സഭയിൽ ഒരു ചോദ്യം ചോദിക്കുകയും മറുപടി പറയുകയും ചെയ്തു. ഒ ഒ ചാരായഷാപ്പുകളും സ്വ ഒ കള്ളുഷാപ്പുകളും പബ്ലിക്റോഡുകൾക്കു അടുത്തും സ്ഥ ചാരായഷാപ്പുകളും ര൯ കള്ളുഷാപ്പുകളും ചന്തകൾക്കടുത്തും ഒ വ ചാരായഷാപ്പുകളും സ്ര കള്ളുഷാപ്പുകളും പള്ളിക്കൂടങ്ങൾക്കടുത്തും ഒ ഒ ചാരായഷാപ്പുകളും ര ൦ കള്ളുഷാപ്പുകളും ദേവാരാധന സ്ഥലങ്ങൾക്കടുത്തും സ്ഥാപിക്കപ്പെട്ടിരുന്നു എന്നു ഗവർണ്ണൻറെ പറഞ്ഞ മറുപടിയിൽനിന്നു കാണാം. ഗവർണ്ണൻറെ ഏർപ്പെടുത്തിയിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചു കള്ളുഷാപ്പുകളും ചാരായഷാപ്പുകളും ഈ പബ്ലിക്സ്ഥലങ്ങൾക്കു സമീപത്തായി സ്ഥാപിച്ചുകൂടായിരുന്നു, ഈ ഷാപ്പുകളെ പബ്ലിക്സ്ഥലങ്ങളിൽ നിന്നു മാറുന്നതു ഉചിതമായിരിക്കുമോ എന്നു ഒരു സംശയം മി. എൻ. വി. ജോസഫ് പറഞ്ഞു. ഈ ഷാപ്പുകളെ പബ്ലിക് റോഡുകൾക്കു അടുത്തായി സ്ഥാപിക്കുന്നതായാൽ ജനങ്ങൾ ഈ ഷാപ്പുകളുടെ അടുത്തുചെന്നു മദ്യപിക്കാൻ ഭയപ്പെടും എന്നുള്ളതുകൊണ്ടു ഈ ഷാപ്പുകളെ അവിടെ സ്ഥാപിക്കുന്നതായാൽ അതു മിതപാനത്തെ സാധിപ്പിക്കാൻ ഹിതമായിരിക്കയില്ലയോ എന്നു അദ്ദേഹം സംശയിച്ചു. മിതപാനത്തിനായി പ്രവർത്തിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടു് അതിന്റെ ചരക്കുകളെ പരസ്യമായി കാണത്തക്കവണ്ണം ഇറക്കുവയ്ക്കുകയും തന്നിമിത്തം ജനങ്ങൾ അവിടെ ചെന്നുകൂടിക്കുന്നതിനു ഒരുവിധം പ്രോത്സാഹനം നൽകുകയും ചെയ്യുകൂടാ എന്നാണ് എന്റെ അഭിപ്രായം. ഈ കച്ചവടം ഗവർണ്ണൻറെ പ്രോത്സാഹിപ്പിക്കേണ്ടതോ ജനങ്ങൾ സന്തുഷ്ടിയോടുകൂടി നോക്കുന്നതോ ആയ വളരെ യോഗ്യമായ കച്ചവടം അല്ലാ എന്നുള്ള വസ്തുതയെ നിഷേധിക്കാൻ പാടില്ല. അതുകൊണ്ടു ഷാപ്പു ചന്തയ്ക്കോ ദേവാരാധനസ്ഥലത്തിനോ സമീപത്തിലോ അനേകം ജനങ്ങൾ കൂടുന്നതായ മറുസ്ഥലങ്ങളിലോ സ്ഥാപിക്കുന്നതായാൽ അവ ജനങ്ങൾ അവിടങ്ങളിൽ ചെന്നു കുടിക്കുന്നതിനു വലുതായ ഒരു പ്രേരകമായിരിക്കും എന്നുള്ളതുകൊണ്ടു അവ പരസ്യംഅല്ലാത്ത സ്ഥലത്തുനിന്നു പിറകോട്ടു മാറുകതന്നെവേണം. ഏതാദൃശകാര്യങ്ങളെ പരിഹരിക്കുന്നതിനായിട്ടാകുന്നു ഈ ഷാപ്പുകൾ പബ്ലിക് സ്ഥലങ്ങൾക്കു അടുത്തായി സ്ഥാപിച്ചുകൂടാഎന്നു ചട്ടങ്ങൾ നിർമ്മിച്ചിരിക്കുന്നതു് ഈ ഷാപ്പുകളെ ആക്ഷേപകരങ്ങളായ സ്ഥലങ്ങളിൽ എന്നു മാറുന്ന കാര്യത്തിൽ ഞാൻ മുമ്പു പ്രസ്താവിച്ചതായ മറുപടി കിട്ടിയതിൽപിന്നീടു ഗവർണ്ണൻറെ വല്ലമാററവും ചെയ്തിട്ടുണ്ടോ എന്നു ഞാൻ അറിയുന്നില്ല. ഈ മാർഗ്ഗത്തിൽ എക്സൈസ് ഡിപ്പാർട്ടുമെണ്ടിന്റെ ഏതു പ്രവൃത്തിയും മിതപാനപ്രസ്ഥാനത്തെ ഫലവത്താക്കുന്നതിനുള്ള ഒരു മറുപടിയായി ഈ സഭ വിചാരിക്കുമായിരുന്നു.

എക്സൈസ് കമ്മീഷണർ ഷാപ്പുകളുടെ എണ്ണത്തെ കുറച്ചുവരികയാണെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു. രാജ്യത്തിലെക്കു വലുതായ ആദായം ഉണ്ടാക്കിത്തരുന്നതായ വല്ലഷാപ്പും നിറുത്തലാക്കിട്ടുണ്ടോ എന്നു അറിയാൻ എനിക്കു ആഗ്രഹം ഉണ്ടു.

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): തിരുവനന്തപുരം ടൌണിലെ ഒരു വലിയഷാപ്പു നിറുത്തലാക്കിയതായി ഞാൻ പറഞ്ഞു.

മി. എൻ. കുമാരൻ (ഗവർണ്ണൻറെ നിയമിച്ച മെമ്പർ): ആ ഷാപ്പുകളിൽ നിന്നു കിട്ടിവന്ന ആദായം എന്തെന്നു അറിയാൻ എനിക്കു ആഗ്രഹം ഉണ്ടു.

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ആ ഷാപ്പിൽനിന്നു ആദായം ൩,൦൦൦ രൂപയോളം ഉണ്ടായിരുന്നു.

മി. എൻ. കുമാരൻ (ഗവർണ്ണൻറെനിയമിച്ച മെമ്പർ): അങ്ങനെയിരിക്കട്ടെ. വലുതായ ആദായം വരുത്തുന്നതായ അനേകം ഷാപ്പുകൾ നിറുത്തലാക്കിയിട്ടില്ലാ എന്നാണ് എന്റെ ആശങ്ക. ചേർത്തല താലൂക്കിൽ ഏകദേശം ൧൯ ൯ മൈൽ വിസ്താരത്തിന് ഒരു കള്ളുഷാപ്പു വീതം ഉണ്ടു എന്നു ഞാൻ കണക്കു കൂട്ടിയിരിക്കുന്നു

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): സർ, മെമ്പർപറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല.

മി. എൻ. കുമാരൻ (ഗവർണ്ണൻറെനിയമിച്ച മെമ്പർ): ചേർത്തലയിൽ ഓരോ ൧൯ ൯ മൈൽ ദൂരത്തിനു ഒരു കള്ളുഷാപ്പു വീതം ഉണ്ടു്. അതുകൊണ്ടു കള്ളുകുടിക്കണം എന്നു ആഗ്രഹമുള്ള ആൾക്കു കുടിക്കാൻ യാതൊരു പ്രയാസവും ഇല്ല. ഷാപ്പുകൾ വളരെ അടുപ്പിച്ചായി സ്ഥാപിച്ചിരിക്കയാൽ അയാൾക്കു അരമൈൽദൂരം നടന്നാൽമതി, ഏതാദൃശാവസ്ഥകൾ ജനസമുദായത്തിൽ മിതപാനത്തിന്റെ വളർച്ചയ്ക്കു് ഉപകരിക്കുന്നതല്ല എന്നു ഞാൻ അറിയിക്കുന്നു.

ഇനി വ്യാജച്ചെത്തിനെ കുറിച്ചു പ്രസ്താവിക്കാം. ൧൯൧൦-ാമാണ്ടു സന്നുവു വൃക്ഷങ്ങളും ൧൯൧൧-ാമാണ്ടു ൧൦൦൦ വൃക്ഷങ്ങളും ഇലാമാസത്തിനുമുമ്പായി അടയാളപ്പെടുത്തീട്ടില്ലാ എന്നു ഈ സഭയിലെ ഒരു മുമ്പിലത്തെ സെഷനിൽ ഒരു ചോദ്യത്തിന്നു മറുപടിയായി ഗവണ്മെന്ററിഞ്ഞു. ഇങ്ങനെ ഗൌരവപ്പെട്ട ഉർനടത്തുകാരെ ഇടയാക്കുന്ന ഈ വൃക്ഷങ്ങൾ അടയാളപ്പെടുത്തീട്ടില്ലെങ്കിൽ ചെത്തിയവൃക്ഷങ്ങൾ എല്ലാം അപേക്ഷിക്കപ്പെട്ടവയാണോ എന്നും അവിടങ്ങളിൽ വ്യാജച്ചെത്തു നടക്കുന്നില്ലയോ എന്നും അറിയാൻ മാർഗ്ഗമില്ല. ചെത്തിയായി അപേക്ഷിക്കപ്പെട്ട വൃക്ഷങ്ങളുടെ എണ്ണത്തിൽ കൂടുതൽ ഉണ്ടായിരുന്നില്ല എന്നു കാണിക്കാനായി ആകാം മിസ്റ്റർ വാൻറാസ് പറഞ്ഞു. വ്യാജച്ചെത്തു കേസുകളുടെ എണ്ണത്തിൽ കൂടുതൽ ഉണ്ടായിരുന്നു എന്നും അതുകൊണ്ടു വ്യാജം കണ്ടുപിടിക്കുന്നതിൽ വലുതവുണ്ടായിരുന്നു എന്നും മാത്രമേ കാണിക്കുന്നുള്ളു എന്നു ഞാൻ വിശ്വസിക്കുന്നു. വ്യാജച്ചെത്തു നടത്തിയതായി വളരെ എണ്ണം കേസുകൾ കണ്ടുപിടിച്ചിട്ടുള്ളതുകൊണ്ടു ന്യായമായി ചെത്തിയ വൃക്ഷങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടു എന്നു നിശ്ചയമായും അർത്ഥമാകുന്നില്ല. ഗവണ്മെന്റു ഉണ്ടാക്കീട്ടുള്ള ചട്ടങ്ങളെ ഡിപ്പാർട്ടുമെന്റു പരിച്ചിന്നമായി അനുവർത്തിക്കുന്നതായാൽ മദ്യസേവനത്തിലും വ്യാജച്ചെത്തിലും വരുമ്പോൾ കുറവുണ്ടായിരുന്നേനെ എന്നു ഞാൻ വിചാരിക്കുന്നു. ഈ നിർദ്ദേശങ്ങളോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ടി. ടി. ടി. ജോസഫ് (മീനച്ചിയും ദേവികുളവും): ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയപ്പോൾ ഈ സഭയിലെ അഭിപ്രായം, അനുദ്യോഗസ്ഥരുടെ എങ്കിലും അഭിപ്രായം, അറിയാൻ എനിക്കു കഴിയും എന്നു ഞാൻ വിചാരിച്ചു. ഈ സംഗതിയെക്കുറിച്ചു അവരുടെ അഭിപ്രായം അറിയാൻ എനിക്കു കഴിയാതെ വന്നതു സഹകരണപ്രാധാന്യംനിമിത്തമോ അതിസഹകരണശീലംനിമിത്തമോ എന്നു ഞാൻ അറിയുന്നില്ല. ഏതായാലും എക്സൈസ് കമ്മിഷണർ പറഞ്ഞ സമാധാനംകൊണ്ടു എനിക്കു പൂർണ്ണമായി തൃപ്തിവന്നിട്ടില്ല എന്നു ഞാൻ പറയുകതന്നെ വേണം. വ്യാജച്ചെത്തിന്റെ സംഗതിയാകട്ടെ അതിനെ പൂർണ്ണമായി നിയന്ത്രിക്കുന്നതിൽ വിഷമമുള്ളതു. ഉണ്ടു എന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഉദ്യോഗസ്ഥന്മാർ അധികം ജാഗരൂകരായിരുന്നാൽ ഇപ്പോഴത്തെക്കാൾ വളരെ അധികം ഫലവത്തായ നിയന്ത്രണം സാധിക്കാൻ അവർക്കു കഴിയും എന്നു എനിക്കു നിശ്ചയം ഉണ്ടു. കാപ്പുകൾ ഇടുന്ന സ്ഥലത്തിന്റെ കാര്യത്തിൽ തന്നാൽ കഴിയുന്നതെല്ലാം താൻ ചെയ്യുവതായി മേലും ഇതുപ്രകാരം ചെയ്യുവതും എന്നും എക്സൈസ് കമ്മിഷണർ നമ്മോടു ഉറപ്പുപറയുന്നു. എന്നാൽ ഈപ്രശ്നത്തെക്കു ഇക്കാര്യം പൂർണ്ണമായും ഗവണ്മെന്റിന്റെ, അതായതു എക്സൈസ് കമ്മിഷണരുടെ, കയ്യിൽ ഇരിക്കുന്നു ഇക്കാര്യത്തിൽ നിയന്ത്രണാധികാരം ഗവണ്മെന്റിനു അല്ലാ ജനങ്ങൾക്കു ഉണ്ടായിരിക്കണം എന്നാകുന്നു എന്റെ അഭിപ്രായം. സാധാരണമായി ഈവിധം സംഗതികളെ വല്ല അസിസ്റ്റന്റു കമ്മിഷണരോ കീഴുദ്യോഗസ്ഥന്മാരോ തനിക്കയയ്ക്കുന്ന റിപ്പോർട്ടുകളിന്മേൽ എക്സൈസ് കമ്മിഷണർ തീർച്ചചെയ്യുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ); ഞാൻതന്നെ സ്ഥലംചെന്നു പരിശോധിച്ചു.

മി. ടി. ടി. ജോസഫ് (മീനച്ചിയും ദേവികുളവും): എന്നായാലും ഇതു ജനങ്ങളെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായ ഒരു സംഗതിയാണെന്നും ഗവണ്മെന്റിനെക്കാൾ അധികമായി അവർ ആകുന്നു ഇതിൽ താല്പര്യപ്പെട്ടിരിക്കുന്നവരെന്നും ഞാൻ പറയാം. ഗവണ്മെന്റു ഈ വിഷയത്തെ നോക്കുന്നതു അവർക്കു കിട്ടുന്ന അഭിപ്രായത്തിന്റെ ഉല്പന്നമായിരിക്കാം. എന്നാൽ ഇതു ജനസംഖ്യയിൽ ജനിപ്പിക്കുന്ന മോശം വളരെ ഗൌരവപ്പെട്ട പര്യാലോചനയെ അർഹിക്കുന്നു. കാപ്പുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളുടെ കാര്യത്തിൽ ഗതമായ സ്ഥലത്തിലെ ജനങ്ങളുടെ അഭിലാഷങ്ങളെ ആലോചിക്കുന്നതാണു എന്നു എക്സൈസ് കമ്മിഷണർ എന്നോടു ഉറപ്പുപറയും എന്നുവരികിൽ ഞാൻ തൃപ്തിപ്പെട്ടിരിക്കാം. അതുവരെ എന്റെ ഉപക്ഷേപത്തെ എനിക്കു പിൻവലിക്കാൻ നിവൃത്തിയില്ല. ജനങ്ങളുടെ അഭിപ്രായം ഇന്നമാർഗ്ഗത്തിൽ അറിയണം എന്നുള്ളതിനെക്കുറിച്ചു ഞാൻ ഗണിക്കുന്നില്ല. ഏതെങ്കിലും സ്ഥലനിവാസികളുടെ അഭിപ്രായം അറിയണം. അവരുടെ അഭിലാഷങ്ങൾ അനുസരിച്ചു മാത്രമേ കാപ്പുകൾ കമ്മിഷണർ സ്ഥാപിക്കാവൂ. വല്ല പ്രത്യേകസ്ഥലത്തും കാപ്പുകൾ സ്ഥാപിക്കുന്നതിൽ ജനങ്ങൾ ആക്ഷേപം പറയുന്നതായാൽ അവിടെ കാപ്പുസ്ഥാപിക്കരുതു. എക്സൈസ്കമ്മിഷണർ സ്ഥലനിവാസികളിൽ ഭൂരിഭാഗത്തിന്റെയും അഭിപ്രായം വേണമെങ്കിൽ നിർണ്ണയപ്പെടുത്തിക്കൊള്ളട്ടെ. അല്ലെങ്കിൽ ആ സ്ഥലത്തെ നിയമസഭാ വോട്ടർമാരുടെ അഭിപ്രായം അറിഞ്ഞുകൊള്ളട്ടെ. അല്ലെങ്കിൽ സ്ഥലത്തുള്ള നിയമസഭാ സാമാജികന്മാരുടേയോ പ്രജാസഭാസാമാജികന്മാരുടേയോ അഭിപ്രായം ഗ്രഹിച്ചുകൊള്ളട്ടെ. ഏതു സ്ഥലത്തു കാപ്പു സ്ഥാപിക്കുന്നതിൽ ജനങ്ങൾ അനുകൂലിക്കുന്നുവോ അവിടങ്ങളിൽ മാത്രമെ അവ സ്ഥാപിക്കയുള്ളു എന്നും എവിടത്തെ കാപ്പുകൾക്കു ജനങ്ങൾ പ്രതികൂലികളായിരിക്കുന്നുവോ ആ കാപ്പുകളെ നിർത്തലാക്കുമെന്നും എക്സൈസ് കമ്മിഷണർ എന്നോടു ഉറപ്പുപറയാൻ ശക്തനല്ലാതിരിക്കുന്നു എന്നുള്ളതിൽ എനിക്കു വ്യസനമുണ്ടു. ഇക്കാര്യത്തിൽ ഉറപ്പു അദ്ദേഹം പറയുന്നതായിരുന്നാൽ ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കാൻ സന്നദ്ധനാണ്. അല്ലെന്നുവരികിൽ ഇതിന്നു സഭയുടെ അഭിപ്രായം അറിയണമെന്നു നിർബന്ധിക്കേണ്ടിയിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): സർ, ബഡ്ജററിന്മേലുള്ള സാമാന്യ വാദപ്രതിവാദത്തിനിടയ്ക്കു എന്റെ പ്രസംഗത്തിൽ ചാരായത്തിന്റെ ഉപയോഗം വർദ്ധിച്ചിരിക്കുന്നതായി ഞാൻ പ്രസ്താവിച്ചു എന്നു മിസ്റ്റർ കുമാരൻ നിരൂപണത്തെ സംബന്ധിച്ചു ഞാൻ പറയാം. മദ്യച്ചിലവു സ്ഥിര ധനസംബന്ധമായ പല അവസ്ഥകളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു താരതമ്യപ്പെടുത്തി നോക്കുന്നകാര്യത്തിലെങ്കിലും വല്ല ഒരു പ്രത്യേക ആണ്ടിൽ സംസ്ഥാനം ഒട്ടുക്കുള്ള ചിലവിനെ മാത്രം സ്വീകരിക്കുന്നതു നമുക്കു ശരിയായ അഭിപ്രായം ജനിപ്പിക്കുകയില്ല എന്നു ഞാൻ അപ്പോൾ പറഞ്ഞു. അതുകൊണ്ടു ഡിപ്പാർട്ടുമെന്റിന്റെ നയത്തിന്റെ ഫലത്തെ പരിശോധിക്കുന്നതിനു ഒരു ന്യായമായ കാലത്തിനു, ഒരു ശരാശരി എന്നിരിക്കട്ടെ, കിട്ടീട്ടുള്ള ഫലങ്ങളെ നോക്കണം. പത്തുകൊല്ലകാലത്തിനിടയിൽ ചാരായത്തിന്റെ സേവനത്തിൽ ൪,൦൦൦ ഗ്രാലൻ കുറവുവന്നിട്ടുണ്ടു എന്നു ഞാൻ പറഞ്ഞു. അതു ൩ ലക്ഷം കുപ്പിയോളം ചാരായമാണു. ഇത മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്നു ഏതാനും അഭിനന്ദനത്തിനു എനിക്കു അവകാശപ്പെടാവുന്നതായ വിജയ ലബ്ധിയാണെന്നു ഞാൻ വിചാരിക്കുന്നു. ഒരാണ്ടിൽനിന്നു മറെറാരാണ്ടിൽ ഗണ്യമായ വ്യത്യാസം ഉണ്ടായിരിക്കയില്ലായിരിക്കാം. ചില സംഗതികളിൽ സ്വല്പം കൂടുതലും ഉണ്ടായിരുന്നിരിക്കാം. അതു ജനങ്ങളുടെ മാറിവരുന്ന അവസ്ഥാഭേദങ്ങളെ

നിമിത്തമോ മററു വല്ല താൽക്കാലികമായ കാരണത്താലോ ആയിരിക്കാം. അതിൽനിന്നു യാതൊരു അനുമാനവും നാം ജനിപ്പിച്ചുകൂടാ. ഒരു മിശ്രമായകാലത്തിലെ, ഒരുവർഷം എന്നിരിക്കട്ടെ, വരുമാനങ്ങളെ നോക്കണം.

വൃക്ഷക്കരം കുറിയതിനെക്കുറിച്ചാകട്ടെ, ഇതു വലിയകുടുതൽ ഉണ്ടായതു, വൈക്കം, ചേർത്തല, കുന്നത്തുനാടു, പറവൂർ ഈ താലൂക്കുകളിൽ സ്വതന്ത്രപീടിക, എർപ്പാടു നടപ്പാക്കിയതിനിമിത്തംആണെന്നു ഞാൻ ചൂണ്ടിക്കാണിക്കുന്നുണ്ടിരിക്കുന്നു. ഈ താലൂക്കുകൾ ഒരു കമ്പൽക്കുത്തകക്കാരന്റെ കീഴിൽ ആയിരുന്നതിനാൽ അവയിൽ ചെത്തിയവൃക്ഷങ്ങളുടെഎണ്ണം മുന്നാണ്ടുകളിൽ കാണിച്ചിട്ടില്ല. ഈ താലൂക്കുകളെ ഡിപ്പാർട്ട്മെണ്ടിന്റെ വകുതിയിൽ ആക്കിയപ്പോൾ ചെത്തിയവൃക്ഷങ്ങളുടെഎണ്ണം കണക്കിൽ ചേർക്കപ്പെട്ടു. കൂടുതൽകാണുന്നതിനുള്ള കാരണം അതാകുന്നു. ഈ അവസ്ഥയിൽ വല്ല വിപരീതാനുമാനവും എടുക്കുന്നതു ന്യായമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

കേസുകൾ കണ്ടുപിടിക്കുന്ന സംഗതിയിൽ കണ്ടുപിടിക്കുന്ന കുററങ്ങളുടെ എണ്ണം കൂടുന്തോറും ചെയ്യുന്ന കുററങ്ങളുടെഎണ്ണം കുറയുംഎന്നു സ്പഷ്ടമാകുന്നു. വളരെഅധികംഎണ്ണം കേസുകൾ കണ്ടുപിടിക്കപ്പെട്ടുഎന്നുള്ള വസ്തുത ഉദ്യോഗസ്ഥന്മാർക്കു അനുകൂലമായവാദം ആകുന്നു. കുററക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതു അവരുടെപേരിൽ കുററനിവാരകമായ ഫലത്തെ ജനിപ്പിക്കുന്നു. നിശ്ചയംതന്നെ. കുററങ്ങളെ കണ്ടുപിടിച്ചിട്ടും നിരോധകഫലം ഉണ്ടാകുന്നില്ലെങ്കിൽ അതു നൽകിയശിക്ഷ മതിയാകാത്തതുകൊണ്ടാവിരിക്കണം. ഈ എല്ലാ സ്കേസുകൾ മുന്നന്നയോ ഒരുത്രുപ്രാവയോ പിഴശിക്ഷ നിശ്ചയിച്ചു തള്ളിക്കളയാനുള്ളവയാണെന്നു അനേകം മജിസ്ട്രേട്ടുമാർ വിചാരിക്കുന്നു. കുററസ്ഥാപനമായ എണ്ണം വളരെ അധികംആയിരുന്നാലും ശിക്ഷ സാമ്പ്രദായിരിക്കുന്നതുനിമിത്തം ഫലം തൃപ്തികരമായിരിക്കയില്ല.

ഇനി ഷാപ്പുകൾ സ്ഥാപിക്കുന്ന സ്ഥാനങ്ങളെക്കുറിച്ചു പറയാം. ജനങ്ങളുടെ അഭിപ്രായത്തിനു സകലവിധത്തിലുമുള്ളതു നൽകുന്നതാണെന്നു ഞാൻ മിസ്റ്റർ ജോസഫിനോടു ഉറപ്പുപറയാം. ജനങ്ങൾ യാതൊരു അസുഖവും പോരിടാതിരിക്കാൻ ഞങ്ങൾ കഴിയുന്നതു ശ്രമിക്കുന്നതാണ്. ഇതിന്റെഉള്ളതു, കൈവശത്തിൽ ഞാൻ പറഞ്ഞതുപോലെ ഉചിതമായ സ്ഥാനങ്ങൾ കിട്ടുന്നതിലാണ് മിസ്റ്റർ ജോസഫ് പരാമർശിച്ചു പ്രസ്താവിച്ചതായ ഷാപ്പിന്റെകാര്യത്തിൽ അതിനു കസുകയ്യുള്ളസ്ഥാനത്തു സ്ഥാപിക്കുന്നതിനായി ഞാൻ കഴിയുന്നതെല്ലാം ശ്രമിച്ചുവരുന്നു എന്നുള്ളതാണ് വാസ്തവം. ആ ഷാപ്പു അടുക്കംപേർ ഉപയോഗിച്ചുവരുന്നതായ ഷാപ്പാണ്; നാലായിരം രൂപാവരവുള്ളതുമാണ്. അധികം നല്ലസ്ഥാനംകിട്ടുന്നതുവരെ ഞങ്ങൾക്കു ഇപ്പോഴത്തെസ്ഥലത്തുതന്നെ വച്ചുകൊള്ളേണ്ടിയിരിക്കുന്നു.

മി. എൻ. കുമാരൻ (ഗവർണ്ണർ നിയമിച്ച മെംബർ): ഉചിതമായസ്ഥലം കിട്ടുന്നകാര്യത്തിൽ അദ്ദേഹത്തിനു ഉൾക്കടം എന്നാണോ അദ്ദേഹം പറയുന്നതു്.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): അതെ. ഞങ്ങൾ എവിടെ തിരിഞ്ഞാലും അവിടെ ഒരു കൃസ്ത്യാനിപള്ളിയോ പാഠശാലയോ വല്ല പബ്ലിക്ആഫീസോഉണ്ടു; രണ്ടു ഫർലാങ്ങ് എന്ന ചട്ടത്തെ നിഷ്കർഷമായി ആചരിക്കുന്നതിൽ വളരെ വിഷമങ്ങൾകാണുന്നു.

മി. എൻ. കുമാരൻ (ഗവർണ്ണർ നിയമിച്ച മെംബർ): ഷാപ്പുകളെ മാററുന്നതിനു ശരിയായസ്ഥാനങ്ങൾ ലഭിക്കുന്നതിനു മിസ്റ്റർ വാൻറാസിനു പ്രയാസം ആയികാണുന്നു എന്നുള്ള വസ്തുതയിൽനിന്നു മിക്കപ്രദേശങ്ങളിലെയും ജനങ്ങൾ അവരുടെ സമീപത്തു വാല്ലുടത്തും ഷാപ്പുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ വിപരീതക്കാരാണെന്നുള്ള ഊഹം ജനിക്കുന്നില്ലയോ.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): അതിൽനിന്നു ആ അനുമാനം ജനിക്കുന്നതല്ല എന്നില്ല

ഷാപ്പുകൾ സ്ഥാപിക്കുന്നതിൽ മറെറാരു ആപത്തുകൂടിയുണ്ടു. എല്ലാംകൂടി ൪,൦൦൦ രൂപാ ആദായം കിട്ടുന്നതായ പത്തു ഷാപ്പുകൾ തിരുവനന്തപുരം താലൂക്കിൽ ഉണ്ടെന്നുവരികിൽ ഓരോ ഷാപ്പിലും ശരാശരി ൪,൦൦൦ രൂപാവീതം കിട്ടുംഎന്നു പറയാവുന്നതാണ്. ഈ ഷാപ്പുകളെ എല്ലാം നാം നിറുത്തലാക്കുകയും വല്ല സൌകര്യമുള്ളസ്ഥാനത്തു ഒരു ഷാപ്പു സ്ഥാപിക്കുകയും ചെയ്യുന്നതായാൽ വെവ്വേറെ സ്ഥലങ്ങളിലായി പത്തു ഷാപ്പുകൾ ഉണ്ടായിരിക്കുന്നതിനേക്കാൾ അതു ജനങ്ങൾക്കു അധികം ആപൽകരം ആയിരിക്കും. എന്തുകൊണ്ടെന്നാൽ ആ ഒരു ഷാപ്പു വളരെ വലിയഷാപ്പായിതീരും; അതു പ്രകൃത്യാ ഒരു വളരെ നല്ലകെട്ടിടത്തിൽ സ്ഥാപിക്കപ്പെട്ടു മാന്യരായുള്ളവർക്കുപോലും ആ ഷാപ്പിൽ കയറുന്നതിനു പ്രലോഭനം ജനിക്കാൻ ഇടവരും. അമേരിക്കയിൽ വിളിച്ചുവരുന്നതുപോലെ ആവിധം മദ്യസൌകര്യങ്ങൾക്കുള്ളിൽ അവർക്കു എളുപ്പത്തിൽ പ്രവേശിക്കാൻകഴിയും. ഇപ്പോഴത്തെ ഷാപ്പുകളിൽആകട്ടെ മാന്യരായുള്ള യാതൊരുത്തനും കുടിക്കാനായി അതിനു പ്രവേശിക്കാൻ തുനിയുകയില്ല. അവയിൽ മിക്കതും ചിത്തകുടിലുകളിൽ നടത്തപ്പെട്ടുവരുന്നു. അവർ അതിൽ പ്രവേശിക്കുന്നതായാൽപോലും രാത്രി വളരെ താമസിച്ചിട്ടേ ചെല്ലുകയുള്ളു. ഏതായാലും അവർ ഇപ്പോഴത്തെ ഷാപ്പുകളിൽ കയറാതിരിക്കാൻവേണ്ടതു ശ്രമിക്കും. ഒരു നിർദ്ദിഷ്ടസ്ഥലത്തുള്ള ഷാപ്പുകളുടെഎണ്ണത്തെ നാം കുറയ്ക്കുമ്പോൾ നാം ശേഷംഉള്ള ഷാപ്പുകളെ വളരെ ആകർഷണീയങ്ങൾആക്കുന്നു. ഇതു മദ്യനിരോധനപ്രവൃത്തിദൃഷ്ട്യാ അനഭിലഷണീയംഅത്രേ.

മി. എൻ. പി. ജോസഫ് (പറവൂർ): ഈ ഷാപ്പുകൾക്കുള്ള സ്ഥാനം നിശ്ചയിച്ചിരിക്കുന്നതു മദ്യപാനത്തെ ക്രമപ്പെടുത്താനായിട്ടാണോ അതല്ല അവ പബ്ലിക്സ്ഥലങ്ങൾക്കുസമീപത്തായിരിക്കത്തക്കതു എന്നു കരുതീട്ടോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): ഷാപ്പുകളുടെസ്ഥാനം നിശ്ചയിക്കുന്നതിൽ ഈ രണ്ടുകാര്യങ്ങളും ആലോചിക്കുന്നുണ്ടു.

നിജമായ പരാതിയുള്ളേടത്തെല്ലാം അതിനെ ശമിപ്പിക്കാൻ ശക്യമായതെല്ലാം ഞങ്ങൾ ചെയ്യുന്നതാണെന്നു ഞാൻ മിസ്റ്റർ ജോസഫിനോടു ഉറപ്പുപറയാം.

മി. സി. എൻ. ഉപ്പുനമ്പൂതിരി (ജന്മി): സർ, മദ്യപാനം ഇന്നത്തേതായ ദോഷത്തെയാം ചെയ്യുന്നു്.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): രണ്ടും ഉണ്ട്. എല്ലാ സാധനങ്ങളും ഉപയോഗിക്കേണ്ടക്രമത്തിനു ഉപയോഗിച്ചാൽ ദോഷംഉണ്ടാകയില്ല, ഗുണമായിട്ടേ വരികയുള്ളു.

മി. സി. എൻ. ഉപ്പുനമ്പൂതിരി (ജന്മി): ഇപ്പോൾ മുൻകാലത്തെ അപേക്ഷിച്ചു കൂടുതൽ മുതലെടുപ്പുവന്നിട്ടുള്ളതായിട്ടാണ് കാണുന്നതു. അതു മിതമായിട്ടു ഉപയോഗിച്ചതിൻെറ ഫലമാണോ അതല്ല കൂടുതലായിട്ടു ഉപയോഗിച്ചതിൻെറഫലമോ.

മി എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): കൂടുതലായിട്ടുപയോഗിച്ചതിൻെറ ഫലമല്ല. കൂടുതൽ നികുതി ഏർപ്പെടുത്തിയതിൻെറ ഫലമാണ്. മദ്യപാനം കുറഞ്ഞാണ് വരുന്നതു്.

മി, കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും). എവിടെ ജനങ്ങൾ ഷാപ്പിനു പ്രതികൂലികളായിരിക്കുന്നുവൊ ആ സ്ഥലങ്ങളിൽ ഷാപ്പു സ്ഥാപിക്കുന്നതല്ല എന്നു എക്സൈസ് കമ്മിഷണർ ഉറപ്പു പറയുന്നുവൊ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): നിജമായ പരാതിയോ വാസ്തവത്തിൽ കഷ്ടമോ ഉള്ളെടത്തെല്ലാം ഞാൻ അതു അന്വേഷിച്ചു അതിനു ശമിപ്പിക്കാൻ കഴിയുന്നതു പ്രവർത്തിക്കുന്നതാണെന്നു മെംബറിനോടു ഉറപ്പുപറയാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): 'നിജ'മായ എന്നു പദത്തിൻെറ അർത്ഥം മി. വാൻറാസ് വിവരിച്ചു പറയുമോ? പരാതി നിജമാ അല്ലയോ എന്നു എങ്ങനെ നിർണ്ണയിക്കാൻപോകുന്നു?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): ഈ വിധം ആവലാതികൾ ഉണ്ടാക്കുന്നതിൽ തങ്ങൾക്കു സ്വന്തമായി കാര്യങ്ങൾ ഉള്ളവരായ ചിലരാണു ആളുകൾ ഇവയെ യന്ത്രിപ്പിച്ചുവരുന്നതായി അനേകം സംഗതികൾ, നിർഭാഗ്യവശാൽ, ഉണ്ടു. അതിനു ഉദാഹരണം പറയാം. മി ജോസഫ് പ്രത്യേകിച്ചു പ്രസ്താവിച്ചതായ ഷാപ്പിൻെറ സംഗതിയിൽ കഴിഞ്ഞതാണ്ടു ഷാപ്പു പിടിച്ചിരുന്നവനും ഇന്നയാണ്ടു അതു കിട്ടാത്തവനുമായ ഒരാൾ ഈ പരാതി യന്ത്രിപ്പിച്ചു വരുന്നതായിട്ടാകുന്നു എൻെറ അന്വേഷണത്തിൽ ഞാൻ അറിഞ്ഞിട്ടുള്ളതു. ഈ പ്രക്ഷോഭം മുഴുവനും ഉണ്ടാക്കി നടത്തിവരുന്നതു അയാളാണെന്നു ഞാൻ കേട്ടു. ഇതുപോലെ അനേകം മറുസംഗതികളുംഉണ്ടു. അതുകൊണ്ടു ഈ പരാതികളെ ആധാരപ്പെടുത്തി പ്രവൃത്തിക്കുന്നതു ഉചിതമല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അദ്ദേഹത്തിനോടു ബോധിപ്പിച്ചു ഹർജികളിൽ പറഞ്ഞിരിക്കുന്നതായ പ്രഥമദൃഷ്ടിയിൽ കാരണങ്ങളിന്മേൽ പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു മനസ്സില്ലയോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): ഞാൻ സ്ഥലംചെന്നു പരിശോധിക്കയും വല്ല കഷ്ടത്തിലും നിന്നു ജനങ്ങൾക്കു ഉപശമനംവരുത്തുവാൻ കഴിയുന്നതെല്ലാം ചെയ്യുന്നതിനും ഞാൻ തയ്യാറാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അദ്ദേഹത്തിനു കൊടുത്തിട്ടുള്ള ഹർജികളിൽ പറഞ്ഞിരിക്കുന്നതായ പ്രഥമദൃഷ്ടിയിലുള്ള കാരണങ്ങളിന്മേൽ പ്രവർത്തിക്കുവാൻ അദ്ദേഹം തയ്യാറുണ്ടോ അതല്ലാ ഓരോ സ്ത്രീകളുടെയും ഉദ്ദേശം അറിയാൻ അദ്ദേഹം ആവശ്യപ്പെടുന്നതുപോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): മെംബർ പറയുന്നതു ഞാൻ ശരിയായി ഗ്രഹിക്കുന്നില്ല. കഷ്ടം ഉള്ളതായ നിജമായ സംഗതി ഉള്ളെടത്തു കഴിയുന്നിടത്തോളം ഉപശമനം നൽകുവാൻ ഞാൻ സന്നദ്ധൻ ആണെന്നു മുമ്പിലെ ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): 'നിജമായ' എന്നു പദത്തിൻെറ അർത്ഥം ഇതുവരെ അദ്ദേഹം വിവരിച്ചു പറഞ്ഞില്ല.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): ആവലാതിക്കു ശരിയായ കാരണങ്ങൾ ഉണ്ടായിരിക്കണം അതാണു താല്പര്യം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സംബന്ധപ്പെട്ട സ്ഥലങ്ങളിൽ ഉള്ള ചുമതലപ്പെട്ട ജനങ്ങൾ പറയുന്ന പരാതിയിന്മേൽ പ്രവൃത്തിക്കുവാൻ എക്സൈസ് കമ്മിഷണർ സന്നദ്ധനാണോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): നിശ്ചയമായും ചുമതലപ്പെട്ട ജനങ്ങൾ പറയുന്ന പരാതികളെ അധികമായി ഞാൻ മാനിക്കും.

മി. കെ. ഐ ജോസഫ് (മീനച്ചിലും ദേവികുളവും): ഈ ആവലാതികൾക്കു എത്രത്തോളം മതിപ്പു അദ്ദേഹം കല്പിക്കും എന്നല്ലാ ചോദ്യം. ഒരു സ്ഥലത്തു ഷാപ്പു സ്ഥാപിക്കുന്നതിനു ആ പ്രദേശത്തിലെ ജനങ്ങൾ പ്രതികൂലികൾ ആണെന്നു അടിടത്തെ പ്രധാനപ്പെട്ട ആളുകൾ ബോധിപ്പിക്കുമ്പോൾ അടിടെ ഷാപ്പു സ്ഥാപിക്കയില്ല എന്നു ഉറപ്പു പറയുവാൻ എക്സൈസ് കമ്മിഷണർ സന്നദ്ധനാണോ എന്നാകുന്നു എൻെറ പ്രശ്നം.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): പ്രധാനികളായ അഞ്ചു പേർ ഷാപ്പു സ്ഥാപിക്കുന്നതിൽ പ്രതികൂലികളും മററു അഞ്ചുപേർ അനുകൂലികളും ആണെന്നിരിക്കട്ടെ ഏതൊരവസ്ഥയിൽ എനിക്കു എന്തുചെയ്യാൻകഴിയും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു പ്രവർത്തിക്കണം.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): വാസ്തവത്തിൽ സങ്കടം ഉണ്ടു എന്നു എനിക്കു ബോധ്യം വരുന്നിടത്തു കഴിയുന്ന എല്ലാഉപശമനവും ഞാൻ നൽകും എന്നു ഞാൻ മെംബറിനോടു ഉറപ്പു പറയാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആവലാതിപ്പെട്ട സംകടം നിജമൊ അല്ലയൊ എന്നു കണ്ടുപിടിക്കാൻ ഏതുമാർഗ്ഗം അദ്ദേഹം സ്വീകരിക്കാൻ പോകുന്നു എന്നു എക്സൈസ് കമ്മിഷണരിൽ നിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): ആ വിവരമായ സംഗതികളിൽ പ്രവേശിക്കുന്ന ആ പ്രയാസം, പരാതി നിജമാണെന്നു എനിക്കു ബോധ്യംവരുന്നിടത്തെല്ലാം ശക്തിയുള്ളതെല്ലാം ഞാൻചെയ്യും. ആ ഉറപ്പു മെംബറോടു പറയാൻ എനിക്കു കഴിയും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എക്സൈസ് കമ്മിഷണർ പറഞ്ഞതായ സമാധാനത്തിൻെറ ഒടുക്കം ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം സഭയുടെ അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ക്ലൗസ്-൦ ക്വ൦-൦ ഉപക്ഷേപങ്ങൾ താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ പ്രയോഗിച്ചില്ല.

മി. കെ. കെ. തോമസ്.

ക്ലൗസ്. ഡിവിഷൻ ആഫീസുകൾക്കുള്ള ൪ന്നു,വ്വ൭ രൂപയിൽ ക്ക രൂപ കുറയ്ക്കണം.

മി. കെ. കെ. തോമസ്.

ക്വ൦. എക്സൈസിനുള്ള ന,ന്നവ,ന്നന്നവ രൂപയിൽ ക്ക രൂപ കുറയ്ക്കണം.

ഉപക്ഷേപം ക്വ൧.

കമ്മീഷൻ ഹാജരില്ലാതിരുന്നതുകൊണ്ടു താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം പ്രയോഗിക്കാത്തതായി കണക്കാക്കപ്പെട്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

ക്വ൧. എക്സൈസിനുള്ള ന,ന്നവ,ന്നന്നവ രൂപയിൽ ഒരു രൂപ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ക്വ൨-൦ ക്വ൩-൦.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ പ്രയോഗിക്കപ്പെട്ടില്ല.

മി. കെ. ഐ. ജോസഫ്.

ക്വ൨. എക്സൈസിനുള്ള ന,ന്നവ,ന്നന്നവ രൂപയിൽ ക്ക ൦ രൂപ കുറയ്ക്കണം.

ഉ. എ. ചവുക്കത്തീരവ.

മി. ജി. രാമൻമേനവൻ.

ക്വ൩. മോട്ടോർബോട്ടു ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ൩,൫ രൂപ കുറയ്ക്കണം.

ഉപക്ഷേപം ക്വ൪.

മി. കെ. കെ. തോമസ് (കോട്ടയം): സർ, ഞാൻ താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം ഹാജരാക്കുന്നു.

ക്വ൫. ചവുക്കത്തീരവയ്ക്കായി നീക്കിവച്ചിരിക്കുന്ന ൭,൫ക്ക,൦൦൦ രൂപയിൽ ഒരു രൂപ കുറയ്ക്കണം.

ഈയടുത്തിടെ കഴിഞ്ഞാണ്ടിലും നടന്നതായ ബഡ്ജറ്റിനെക്കുറിച്ചുള്ള സാമാന്യ വാദപ്രതിവാദത്തിൽ, തെങ്ങു വിഭവങ്ങൾക്കുള്ള കയററുമതിത്തീരുവ വളരെ കൂടുതൽ ആണെന്നുള്ള വസ്തുതയെ ഞാൻ ചൂണ്ടിക്കാണിച്ചു. തെങ്ങു വ്യവസായം ഇപ്പോൾ തിരുവിതാംകൂറിലെ ഞങ്ങളുടെ പ്രധാനവ്യവസായം ആകുന്നു. സിലോൺ ഫിലിപ്പൈൻസ് മുതലായ ദേശങ്ങളുടെ മത്സരനിമിത്തവും ആഫ്രിക്കയിലുള്ള കാലക്രമത്തിന്റെ മത്സരനിമിത്തവും നമ്മുടെ തെങ്ങുവ്യവസായത്തിൽ നഷ്ടം ഉണ്ടാകുമെന്നു ശങ്കിക്കപ്പെടുന്നു. തെങ്ങിൻതോപ്പുകൾക്കുള്ള കരം മററിനം ഭൂമികൾക്കുള്ള കരത്തിനേക്കാൾ കൂടുതൽ ആണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഒരേക്കർസ്ഥലത്തു ശരാശരി ക്ക൦ വൃക്ഷങ്ങളും വൃക്ഷം ഒന്നുക്കു ൨ചക്രാവീതം ക്ലിപ്പും കണക്കുകൂട്ടുന്നതായാൽ തെങ്ങിൻതോപ്പുകൾക്കു ഏക്കർഒന്നുക്കു കരം ൭ രൂപായാകുന്നു. എന്നാൽ ഇതിനേക്കാൾ അധികം ആദായകരമാണെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന റബ്ബർ തേയില മുതലായ വിളവുകൾക്കു ഭൂനികുതി യഥാക്രമം ഏക്കർ ഒന്നുക്കു ൨ രൂപയും ക്ക രൂപയുംവീതമേയുള്ളൂ. നാശകരമായ രോഗംനിമിത്തവും അനേകം ധനസംബന്ധമായ കാരണങ്ങളാലും ക്ഷയചിഹ്നം കാണിച്ചുവരുന്ന ഈ വ്യവസായത്തിനു പ്രോത്സാഹനം നൽകേണ്ടതാകയാൽ തെങ്ങിൻവിഭവങ്ങളിന്മേൽ ഇപ്പോൾ ചുമത്തിവരുന്ന തീരുവ നീതീകരിക്കത്തക്കതാണോ എന്നു ഗവർണ്ണർ ആലോചിക്കേണ്ടതാണ്. ഇപ്പുറമുള്ള താരിപ്പുവില യുദ്ധത്തിനുമുമ്പു തെങ്ങു വിഭവങ്ങളുടെവില വളരെ കൂടുതലായിരുന്ന കാലത്തു നിശ്ചയിച്ചിരുന്നതാണെന്നു ഞാൻ അറിയുന്നു. ൩,൦൦ പൗണ്ടുകൊള്ളുന്ന കണ്ടി ക്ക-ക്കു ക്ക൨ രൂപാവീതം താരിപ്പുവില നിശ്ചയിച്ചിരിക്കുന്നു. ഈ രാജ്യത്തിൽ ഉണ്ടാകിവരുന്ന നാടൻകൊപ്രാ "പെട്ടുമേനി" എന്നോ "രാജി" എന്നോ പേരുള്ള രണ്ടാംതരംആയിട്ടേ ഇനംതിരിച്ചിട്ടുള്ളൂ. ഇതുകൂടാതെ ഇതിൽ കുറഞ്ഞതായ വിലയ്ക്കു വിൽക്കാറുമുള്ളു. കഴിഞ്ഞ ഏതാനം കൊല്ലങ്ങൾക്കു വില വ്വ൫ രൂപാമുതൽ ക്ക൦ രൂപവരെമാത്രമേ ആയിരുന്നുള്ളൂ.

മി. എ. ജെ. ചാൾസ് (എക്സൈസ് കമ്മീഷണർ): ൫ രൂപമുതൽ ക്ക൦ രൂപാവരെ വ്യത്യാസപ്പെട്ടിരിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ചിലയാണ്ടുകളിൽ വ്വ൫ രൂപയോളം കുറഞ്ഞുപോയിട്ടുണ്ടു. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വില കൃഷിക്കാർക്കു കിട്ടുന്നതുകയേക്കാൾ വളരെ കൂടുതൽ ആണെന്നുള്ള വസ്തുത എക്സൈസ് കമ്മീഷണർ തന്നെയും സമ്മതിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വില വാസ്തവത്തിൽ കിട്ടുന്ന വിലയേക്കാൾ ഇരട്ടിയോ മൂന്നിരട്ടിയോ രൂപാ കൂടുതൽആണു. ഈ സംഗതികളാൽ ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനായിട്ടേ ഇതിലേക്കു ഒരു അവലംബം ഇപ്പോൾ അത്യാവശ്യമായിരിക്കയാൽ ആ തുകകൾ കൊടുക്കാനായിട്ടോ താരിപ്പുവില കൃഷിക്കാർക്കു വാസ്തവത്തിൽ കിട്ടുന്നവിലയോടു ഒപ്പമായിട്ടുകിലും ഇതിക്കത്തക്കവണ്ണം അതിനെ കുറയ്ക്കണമെന്നുള്ളതിനായിട്ടും ഗവർണ്ണർ ആലോചിക്കണംഎന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇത്രയും പറഞ്ഞു തീരുവയ്ക്കായി നീക്കിവച്ചിട്ടുള്ള സംഖ്യ ൭,൫,൦൦൦ രൂപയിൽ ഒരു രൂപാ കുറയ്ക്കണംഎന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എ. ജെ. ചാൾസ് (എക്സൈസ് കമ്മീഷണർ): കൊപ്രായുടേയും മററു തെങ്ങിൻവിഭവങ്ങളുടേയും താരിപ്പുവിലയ്ക്കും നാട്ടുവിപണിവിലയ്ക്കും തമ്മിൽ വളരെ വ്യത്യാസമുണ്ടു എന്നുള്ളതിൻമേൽ ഞാൻ യോജിക്കേണ്ടിയിരിക്കുന്നു. ജർമ്മനിക്കാർ ഈ കച്ചവടത്തിൽനിന്നു പിൻവാങ്ങിയതുനിമിത്തം ഈ ചരക്കുകൾക്കു വില കുറഞ്ഞുപോയിഎന്നുള്ള കാരണത്താൽ ഈ വ്യത്യാസം ജനിച്ചു. യുദ്ധത്തിനു മുമ്പിൽ ഉള്ളകാലങ്ങളിൽ, പ്രത്യേകിച്ചു നെയ്യും മററുസാധനങ്ങളും ഉണ്ടാക്കുന്നവയ്ക്കു, ജർമ്മനിക്കാർ വളരെ കൊപ്രാ വിലയ്ക്കു വാങ്ങിച്ചുവന്നിരുന്നു. യുദ്ധംനിമിത്തം ജർമ്മനിക്കാർ ചരക്കെടുക്കുന്നില്ലാത്തതുകൊണ്ടു കൊപ്രായ്ക്കു വിലകുറഞ്ഞുപോയി. ഇതിനു വില കൂടുകയില്ലയോ എന്നു വളരെ താല്പര്യത്തോടുകൂടി ഞാൻ കാത്തുകൊണ്ടിരിക്കുന്നു. യുദ്ധം അവസാനിച്ചതിൻപിന്നീടു ജർമ്മനിക്കാർ അവരുടെ വ്യവസായപ്രസ്ഥാനങ്ങളെ പുനർജ്ജീവിപ്പിച്ചുവരുന്നു എന്നു അറിഞ്ഞു ഞാൻ കൊപ്രായുടെവില കൂടുകയില്ലയോ എന്നു ഞാൻ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ വില തീരെ വർദ്ധിക്കുന്നില്ല എന്നു ഞാൻകണ്ടു. നാട്ടുവില ഇപ്പോൾ താരിപ്പുവിലയേക്കാൾ വളരെ കുറവാകുകകൊണ്ടു ഞാൻ ഈ സംഗതി ഗവർണ്ണർദേഹത്തെ അറിയിക്കയും ഇതിനെപ്പററി താമസിയാതെ ഉത്തരവു

പ്രതീക്ഷിച്ചിരിക്കയും ചെയ്യുന്നു. ഈ സംഗതി ഗവർണ്ണരിനെ അറിയിച്ചിട്ടുണ്ട്. ഗവർണ്ണർ ഇക്കാര്യം ആലോചിച്ചുവരികയും ചെയ്യുന്നു ഈ സഭയോഗം അവസാനിച്ചതിൽപിന്നീട് വേഗത്തിൽ ഗവർണ്ണർ പ്രഖ്യാപനം ലഭിക്കാഎന്നു ഞാൻ പ്രതീക്ഷിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): എക്സൈസ് കമ്മിഷണരുടെ അഭിപ്രായപ്രകാരം നികുതി കുറയ്ക്കുന്നതിന്നു കുറയ്ക്കണമെന്നു ഞാൻ ശ്രദ്ധിക്കുന്നു. അതുകൊണ്ടു ഇതിൽ കൂടുതൽ ആയി ഒന്നും എനിക്കു പറയാനില്ല. മററു യാതൊരു മെമ്പർക്കും ഇതിനെകുറിച്ചു സംസാരിക്കാൻ ആവശ്യം ഇല്ലെങ്കിൽ ഞാൻ ഈ ഉപക്ഷേപം പിൻവലിക്കാൻ സന്നദ്ധനാണ്.

മി. എ. ജെ. ജാൻ (തൈക്കം): സർ, കൊച്ചിരാജ്യത്തോടു തൊട്ടുകിടക്കുന്ന ചില പ്രദേശങ്ങളിൽ നടപ്പുള്ളതായ കരച്ചുങ്കരീതി അവിടങ്ങളിലെ ജനങ്ങൾക്കു വലിയ സങ്കടകരമാണ്. തൈക്കം താലൂക്കിലെ കണ്ടനാട്ട് എന്നപോലെ കൊച്ചിരാജ്യത്താൽ മൂന്നുവശവും ചുററപ്പെട്ടിട്ടുള്ള സ്ഥലങ്ങളെയാണ് ഞാൻ പ്രസ്താവിക്കുന്നതു. കണ്ടനാട്ടിലെ ജനങ്ങൾ തൈക്കിൻവിളവുകളെ ഉൾനാട്ടിലേക്കു കൊണ്ടുവരുന്നതിന്നു ട്രീപാസ് ലഭിക്കാൻ സമ്മതിക്കാറില്ല. കണ്ടനാട്ടിലെ ജനങ്ങൾക്കു തങ്ങിൻവിളവുകളെ ഉൾനാട്ടിലേക്കു കൊണ്ടുവരണം എങ്കിൽ ട്രീപാസ് ലഭിക്കാൻ അവർ നിർബന്ധരായിരിക്കുന്നു. അവർക്കു കച്ചവടം നടത്തുന്നതു വളരെ പ്രയാസമായിരിക്കുന്നു

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): ഇക്കാര്യത്തിൽ അദ്ദേഹത്തിന്നു അറിവുകിട്ടീട്ടു എത്രകാലമായി? ഇതു വളരെ അടുത്തകാലത്താണോ?

മി. എ. ജെ. ജാൻ (തൈക്കം): അതെ, വളരെ അടുത്തകാലത്തു എനിക്കു ൧൮൦൮ മിഥുനം ൨൪-ന്നു കിട്ടിയ അറിവിനെ അടിസ്ഥാനമാക്കി ഞാൻ സംസാരിക്കുന്നു. അതുകൊണ്ടു കണ്ടനാട്ടിലും അതുപോലുള്ള മററു സ്ഥലങ്ങളിലും ഉള്ള ജനങ്ങൾക്കു ട്രീപാസ് കൊടുക്കണം എന്നും അവരുടെ കച്ചവടം പ്രയാസം കൂടാതെ അവർ നടത്തുന്നതിന്നു സമ്മതിക്കണം എന്നും ഞാൻ ഗവർണ്ണരിനോടു അപേക്ഷിക്കുന്നു. ഈ നിർദ്ദേശങ്ങളോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): അസംസ്കൃതസാധനങ്ങൾക്കു പ്രത്യേകിച്ചും കച്ചവടത്തിൽ മസാലയുള്ള സാധനങ്ങൾക്കുള്ള കയററുമതിത്തീരുവയെ ചരക്കു വിളയിക്കുന്നവൻ മേലും ആ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നതിന്നു ഇടയാകത്തക്കവണ്ണം പൊതുവെ കുറയ്ക്കുണ്ടതായുണ്ട്. മിസ്റ്റർ വാൻറാസിന്റെ വാദം കേൾക്കുകയും ഇക്കാര്യത്തിൽ അദ്ദേഹം അനുഭാവയുക്തമായ നിലയെ സ്വീകരിക്കുന്നു എന്നും കൊപ്രയ്ക്കും മററു വിളവുകൾക്കും കയററുമതിത്തീരുവ കുറയ്ക്കണം എന്നു ഉപദേശിച്ചു അദ്ദേഹം ഗവർണ്ണരിൽ ബോധിപ്പിച്ചിരിക്കുന്നു എന്നും അറിയുകയും ചെയ്തതിൽപിന്നീട് ഈ വാദപ്രതിവാദം തുടർന്നുനടത്തുന്നതിന്നു വല്ല ആവശ്യവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): മിസ്റ്റർ ജാൻ പ്രസ്താവിച്ചതായ പ്രദേശത്തിനുള്ളിൽ ഒരാൾക്കു മുമ്പിൽക്കൂടി പ്രത്യക്ഷപത്രം വാങ്ങിക്കൂടാതെ തീരുവച്ചരക്കുകൾ വള്ളങ്ങളിൽ കയററുവാൻ കരച്ചുങ്കപ്പേക ചട്ടങ്ങൾ അനുവദിക്കുന്നില്ല എന്നു അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ സംബന്ധിച്ചു അദ്ദേഹത്തിനോടു ഞാൻ പറയാം. എന്നാൽ ഇപ്പോൾ കച്ചവടമാർഗ്ഗങ്ങളും കച്ചവടസ്ഥലങ്ങളും മാറിപ്പോയിരിക്കുന്നതുകൊണ്ടു തീരുവച്ചരക്കുകളിൽ അധികം ഭാഗങ്ങളെ ഉൾനാട്ടിലേക്കു കൊണ്ടുപോകേണ്ടതു ആവശ്യമായി തീർന്നിരിക്കുന്നു. വള്ളങ്ങളിൽ ചരക്കു കയററുന്നവർ, പ്രത്യേകിച്ചും അവരുടെ ചരക്കുകളിൽ മിക്കതും തീരുവച്ചരക്കായിരുന്നാൽ, അവയെ കൊച്ചിക്കു കൊണ്ടുപോകുന്നു എന്നാണ് മുൻകാലങ്ങളിൽ ഊഹം. അക്കാലങ്ങളിൽ അധികം വ്യാജക്കച്ചവടം നടന്നിരുന്നു. അതുകൊണ്ടു വല്ലയാൾക്കും വള്ളങ്ങളിലെ ചരക്കു കയററണം എന്നുണ്ടെങ്കിൽ, ചരക്കുകൾ തീരുവ തീർക്കുന്നതിനായി കൊണ്ടുവരപ്പെടും എന്നു ഡിപ്പാർട്ടുമെന്റിനു ഉറപ്പുവരുത്തുന്നതായ ആവശ്യമുള്ള പ്രത്യക്ഷപത്രം അയാൾ മുമ്പിൽക്കൂടി വാങ്ങിക്കൊള്ളണം എന്നുള്ള ചട്ടം അക്കാരണത്താൽ ഉണ്ടായി. എന്നാൽ ഇപ്പോൾ സ്ഥിതികൾ മാറിപ്പോയി; ഞങ്ങളും ചട്ടങ്ങൾ മാററിവരുന്നു. കുത്തിയതോടു മുതലായ ഉൾനാടുകളിലേയ്ക്കു കൊണ്ടുപോകുന്ന ചരക്കുകളുടെ കാര്യത്തിൽ കച്ചവടക്കാർക്ക് അനുവാദം കൊടുക്കണം എന്നു അവിടത്തെ അസിസ്റ്റന്റു എക്സൈസ് കമ്മിഷണർക്ക് ഞാൻ ശാസനങ്ങൾ അയച്ചിട്ടുണ്ട്. വ്യാജക്കച്ചവടം നടക്കാതെ തടുക്കുന്നതിന്നു രക്ഷാവിധികൾ അത്യാവശ്യം തന്നെ. കച്ചവടക്കാരുടെമേൽ ഞങ്ങൾ ജാഗ്രതകരായി വീക്ഷിച്ചിരിക്കുന്നില്ല എന്നു അവർ അറിയുന്നുണ്ടെങ്കിൽ അവർ ചരക്കുകൾ കൊച്ചിയ്ക്കു കൊണ്ടുപോകും.

മി. എ. ജെ. ജാൻ (തൈക്കം): അവിടെയുള്ള അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്റെ അനുശാസനങ്ങൾ വസ്തുതത്തിൽ നടത്തിക്കുന്നുണ്ടോ എന്നു മിസ്റ്റർ വാൻറാസിനു നിശ്ചയമുണ്ടോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): ഇതേവരെ യാതൊരു പരാതിയും എനിക്കു കിട്ടിട്ടില്ല. എന്റെ അനുശാസനങ്ങൾ നടത്തീട്ടില്ലാത്തതായി വല്ല സംഗതികളും എന്നെ അറിയിക്കുന്നതായാൽ അവയെ അന്വേഷിച്ചു വേണ്ടതു ചെയ്യാം.

മി. കെ. കെ. തോമസ് (കോട്ടയം): എക്സൈസ് കമ്മിഷണരുടെ സാധ്യതകൾ അറിഞ്ഞതിനെ ആസ്പദമാക്കി ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം സഭയുടെ അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൨ വുമി.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭരണങ്ങാനവും): സർ, ഞാൻ താഴെ ചേർക്കുന്ന ഉപക്ഷേപം ഹാജരാക്കുന്നു.

൨ വുമി. ചവുക്കത്തീരുവയ്ക്കു നീക്കിവച്ചിട്ടുള്ള ൨ വു, ൨൦൦ രൂപയിൽ ൨൦ രൂപ കുറയ്ക്കണം.

അച്ചടിച്ചു കടലാസിൽ വിവരിച്ചിട്ടുള്ളതുപോലെ ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശ്യം പെട്രോളിന്നു ഇറക്കുമതിത്തീരുവ ചുമത്തണം എന്നു ഗവർണ്ണരിനോടു നിർദ്ദേശിക്കാനായിട്ടാകുന്നു. പെട്രോളിന്നു ഇറക്കുമതിത്തീരുവ ചുമത്തുന്ന കാര്യത്തിൽ കാര്യനടപ്പിൽ പ്രയാസങ്ങൾ ഉണ്ട് എന്നു ബഹുമാനപ്പെട്ടവരിനെക്കുറിച്ചുള്ള സാമാന്യവാദപ്രതിവാദത്തിനിടയിൽ എക്സൈസ് കമ്മിഷണർ പറഞ്ഞു എന്നു പരിഗണിച്ചും ടോറം എർപ്പാടു നിരത്തലാക്കുന്ന

തിൽ ഈ സഭ അനുകൂലിയാവിക്കുന്നു എന്നുള്ളതിനെസംബന്ധിച്ചു ഈ സംഗതി ഗവണ്മെൻറിന്റെ ഗാഢമായ ശ്രദ്ധയെ അർഹിക്കുന്നു. ഇതു ജനങ്ങളെക്കാൾ അധികമായി ഗവണ്മെൻറിനുതന്നെയിട്ടു താത്പര്യമുള്ള വിഷയമാണ്. അതുകൊണ്ടു ഇതിലേക്കു വിവരണമായി അധികം സംസാരിക്കുന്നതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇറക്കുമതിത്തീരുവ എന്നുള്ള രൂപത്തിൽ തന്നെയല്ലെങ്കിൽ ഏതെങ്കിലും വിധത്തിലുള്ള ലൈസൻസായിട്ടായാലും പെട്രോളിന്നു തീരുവ ചുമത്തുവാനുള്ളതാണെന്നുമാത്രം ആകുന്നു ഞാൻ പറയുന്നതു്. പെട്രോളിന്നു തീരുവ ചുമത്തിയാൽ ടോളിന്റെകാര്യത്തിൽ എന്നപോലെ ജനങ്ങൾക്കു ഉപദ്രവം തട്ടുകയില്ല അതുകൊണ്ടു ഈ സംഗതി ഗവണ്മെൻറിന്റെ ഗൌരവപ്പെട്ട ശ്രദ്ധയെ അർഹിക്കുന്നു. എനിക്കു ഈ നിർദ്ദേശം സമർപ്പിക്കണം എന്നേ ആവശ്യമുള്ളു. എക്സൈസ് കമ്മിഷണരുടെ പക്ഷത്തിനു യാതൊരു സമാധാനവും ലഭിക്കാതെതന്നെ ഈ ഉപക്ഷേപം പിൻവലിക്കാൻ ഞാൻ സന്നദ്ധനാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ വാൻറാസിനു മറുപടി പറയാൻ അവകാശം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു.

പ്രെസിഡണ്ട്: അതെ.

മി. എച്ച്. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): പെട്രോളിന്നു ഇറക്കുമതിത്തീരുവ ചുമത്തണം എന്നുള്ള അഭിപ്രായം ടോഡിനിരത്തലാക്കിയതിന്റെ സ്ഥാനത്തു അതിനെ എടുപ്പിക്കുന്നതാണിട്ടാണു; അതു സാദ്ധ്യം ആയിരുന്നാലും അതു ഉപശാന്തിയിൽ ഒരംശമേ ആവുകയുള്ളു എന്തുകൊണ്ടെന്നാൽ ടോഡി നിരുത്തിയതിൽ പിന്നീടു യാതൊരുവിധം തീരുവയും ചുമത്താൻ പാടില്ലാത്തതായി മോട്ടാർവണ്ടികൾ മാത്രമല്ല മററനേകംതരം വാഹനങ്ങളും ഉണ്ടു്. എന്നുതന്നെയുമല്ല ബ്രിട്ടീഷ് ഗവണ്മെൻറുമായി ചെയ്തിട്ടുള്ള ഉടമ്പടിപ്രകാരം പുകയില, ഉപ്പു, മദ്യം ഇവയൊഴിച്ചു ബ്രിട്ടീഷിൻഡ്യയിൽനിന്നുവരുന്ന ചരക്കുകൾക്കു യാതൊരു തീരുവയും നമുക്കു ചുമത്താനും പാടില്ല. കടൽവഴി ഇറക്കുമതിചെയ്യുന്ന ചരക്കുകൾക്കു തീരുവ ഈടാക്കുന്നതിനു നമുക്കു അധികാരമുണ്ടു. എന്നാൽ പെട്രോൾ പ്രായേണ കരവഴി കൊണ്ടുവരപ്പെടുന്നു. വാസ്തവത്തിൽ തിരുവിതാംകൂറിൽ ചിലവാകുന്ന പെട്രോൾ മുഴുവനും ബ്രിട്ടീഷിൻഡ്യയിൽനിന്നു വരുന്നതാണ്. ഇപ്പോൾ പെട്രോളിനെ സംബന്ധിച്ചു നമുക്കു യാതൊന്നും ചെയ്യാൻ സാധിക്കയില്ല. ഈ ഗവണ്മെൻറു ബ്രിട്ടീഷ് ഗവണ്മെൻറിലേയ്ക്കു എഴുതിഅയച്ചു ഇക്കാര്യത്തിൽ എങ്കിലും ഇപ്പോഴത്തെ ഉടമ്പടിയെ അവർ മാററുമോ എന്നറിയാൻ ഗവണ്മെൻറിൽനിന്നുമാത്രം ചെയ്യേണ്ടതായ കാര്യമാണ്. എനിക്കു ഇത്രമാത്രമെ പറയാനുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും): ഞാൻ ഈ ഉപക്ഷേപവും പിൻവലിക്കുന്നു.

ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൭൩.

മെംബർ ഹാജരാകാതിരുന്നതിനാൽ താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം ഹാജരാക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

ഉപക്ഷേപം ൧൭൪.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനവൻ:

൧൭൪ ഡിമാണ്ഡ് ൪ ഇനത്തിൽ മൊത്തം നീക്കിവച്ചിരിക്കുന്ന ൪൹൧ ലക്ഷം രൂപയിൽ ൧ ൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൭൫.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം മെംബർ ഹാജരില്ലാത്തതുകൊണ്ടു ഹാജരാക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

മി. ടി. കുമാരപിള്ള:

൧൭൫ ഡിമാണ്ഡ് ൪ ഇനത്തിൽ മൊത്തം നീക്കിവച്ചിരിക്കുന്ന ൪൹൧ ലക്ഷം രൂപയിൽ ൧ ൦ ൦ രൂപ കുറയ്ക്കണം.

ഡിമാണ്ഡ് ൪, എക്സൈസ് എന്ന ഇനത്തിൽ ൪൹൧ ലക്ഷം രൂപാ അനുവദിക്കണം എന്നുള്ള പ്രശ്നം പിന്നീടു സഭയുടെ അഭിപ്രായം അറിഞ്ഞു അനുവദിക്കപ്പെട്ടു.

ചിലവിനു തുക അനുവദിച്ചു.

ഡിമാണ്ഡ് ൩൭. വനം ൧൹൭ ലക്ഷം രൂപാ.

മി. ആർ. ധാരാപ്പോടിപ്പിള്ള (വനം കൺസർവേറേറർ): സർ, ഡിമാണ്ഡ് ൩൭ വനം എന്ന ഇനത്തിൽ ൧൹൭ ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

൩൭ എ. വനം—സംരക്ഷണവും പണികളും.

ഉപക്ഷേപം ൧൭൬.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. കെ. കെ. തോമസ്:

൧൭൬ സംരക്ഷണത്തിനും പണികൾക്കും ആയി നീക്കിവച്ചിരിക്കുന്നതായ ൪,൪ ൦,൪ ൦ ൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

൩൭ ബി. വനം—ജീവനക്കാർ.

ഉപക്ഷേപം ൧൭൭.

മി. കെ. ഐ. ജോസഫ് (മീനച്ചിലും—ഭേവികുളവും): സർ, താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

൧൭൭ തൽക്കാലത്തേക്കു നിയമിച്ചിട്ടുള്ള ക്ലാർക്കുകൾക്കായി നീക്കിവച്ചിരിക്കുന്ന ൫ ൦ ൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

അച്ചടിച്ച കടലാസുകളിൽ വിവരിച്ചിരിക്കുന്നപോലെ എന്റെ ഉദ്ദേശം ഈ കുടിശിക എങ്ങനെ വർദ്ധിച്ചുവെന്നു എന്നുള്ള വിവരം അറിയാൻ ആകുന്നു. ഈ സംബന്ധിച്ചുള്ള ക്ലാർക്കന്മാരുടെ ഉപേക്ഷയാണെങ്കി

ൽ അല്ല ഈ സഭ ഗൗരവമായി ആലോചിക്കേണ്ടതാണ്. ഈ കുടിശിഖയ്ക്കു വനം കൺസർവേറ്ററിൽനിന്നു അടിയന്തരം എന്നുമാത്രമെ ഞാൻ ആവശ്യപ്പെടുന്നുള്ളു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഞാൻ ഇതിനുമുമ്പു ഈ സഭയിൽ അറിയിച്ചിട്ടുള്ളതുപോലെ ക ൦ വുന്നുറാമാണ്ടിനുമുമ്പു കുടിവിചത്തുക ക്രമമായി ഞങ്ങൾ കൊടുക്കാതിരുന്നു. അതിലേക്കുള്ള കാരണങ്ങളിൽ ഒന്നു കുടിവക വസ്തുക്കളിൽനിന്നു വളരെ അധികം രാജകീയവൃക്ഷങ്ങൾ മുറിപ്പിക്കുന്നതിനു ക ൦ വുന്നുറാമാണ്ടു ആജ്ഞാപിക്കപ്പെട്ടിരിക്കെ കുടിവിചത്തുവകാശങ്ങൾ ഉടനടി കൊടുത്തുതീർക്കുന്നതിനു മതിയായ ഫണ്ടുകൾ അപ്പോൾ ചെയ്യപ്പെട്ടിരുന്നില്ല. തന്നിമിത്തം ഈ കുടിശികകൾ വർദ്ധിച്ചുവന്നു. ഏതാനും കൊല്ലങ്ങൾ കഴിഞ്ഞതിനുപിന്നീടു ഞങ്ങൾ ഈ കുടിശികകൾ കൊടുത്തുതീർക്കുന്നതിനു ശ്രമിക്കയും സോത്സാഹം പ്രവൃത്തി ആരംഭിക്കയും ചെയ്തു. ഈ വമ്പിച്ച കുടിശികകൾ ഒഴുക്കിത്തീർക്കുന്നതിനുള്ള ഞങ്ങളുടെ ഉൽകണ്ഠയിൽ ഈ അവകാശങ്ങളെ ദുരുപയോഗത്തിൽ തിരിച്ചുചെയ്തതുനിമിത്തം ഒന്നു രണ്ടു കേസുകൾ ഉണ്ടായിട്ടുണ്ടു. വ്യാജമായി ഖജനാവിൽനിന്നു ക ക, ൦ ൦ ൦ രൂപാ കൈപ്പറ്റിച്ചതായി ഒരു പണാപഹരണക്കേസുണ്ടായി. കുടിശിക തീർക്കുന്നതിൽ ഉള്ള ഞങ്ങളുടെ ഉത്സാഹത്തിൽ അനേകം അവകാശങ്ങളെ സൂക്ഷ്മമായി അന്വേഷിക്കാൻ ഞങ്ങൾക്കു ഇടയായില്ലാഎന്നുള്ളതായിരുന്നു ഇതിലേക്കുള്ള പ്രധാന കാരണം. ഇക്കാര്യത്തിലേക്കു നിയമിച്ചിരിക്കുന്ന ജീവനക്കാർ മതിയായതല്ലെന്നും പറയാം. എന്നുതന്നെയുമല്ല കണക്കുകൾ വച്ചിരിക്കുന്ന രീതിയിൽ വളരെ കുഴപ്പവും ഉണ്ടായിരുന്നു. ഇതുനിമിത്തം കുടിവിഖജനത്തിൽ മൂന്നുലക്ഷം രൂപാ ഞങ്ങൾ കൊടുത്തുതീർക്കേണ്ടിവന്നു. പ്രജാസഭയിലും ഈ സഭയിലും അനേകം നിവേദനങ്ങൾ സമർപ്പിച്ചതിന്റെ ഫലമായി ഈ കുടിശികകളെ താമസംകൂടാതെ തീർക്കേണ്ട ആവശ്യം നേരിട്ടു. ഡിവിഷൻ ആഫീസിലുള്ള ജീവനക്കാർ, പ്രത്യേകിച്ചും ഡിപ്പാർട്ടുമെന്റു പരിഷ്കാരം കഴിഞ്ഞതിൽപിന്നീടു, കൂടുതൽ പണിചെയ്തു തീർക്കുന്നതിനു മതിയാകാത്തതായി കാണപ്പെട്ടു. അതുകൊണ്ടു വിവരം ഗവർണ്ണരിനെ അറിയിച്ചപ്പോൾ ആറുമാസകാലത്തേയ്ക്കു ൭ ക്ലാർക്കുമാരെക്കൂടി തൽക്കാലത്തേക്കു നിയമിക്കാൻ അനുവദിച്ചു. അനുവാദത്തിനു അപേക്ഷിച്ചതു മകരമാസത്തിൽ ആയിരുന്നു. ക്ലാർക്കുമാർ മീനമാസംമുതലെ വേലചെയ്തുതുടങ്ങി. ഇപ്പോഴത്തെ അനുവാദം ആറുമാസത്തേയ്ക്കു മാത്രമാകയാൽ അടുത്തയാണ്ടിൽ ഒന്നു രണ്ടു മാസത്തേക്കുകൂടെ ഇടക്കു ജോലിചെയ്യാൻ കഴിയുകയുള്ളു. ൭ താൽക്കാലിക ക്ലാർക്കുമാരെക്കൊണ്ടു ഈ പണി അടുത്ത രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതു തീരെ സാധ്യമല്ല. അതുകൊണ്ടു ഈ ജീവനക്കാരെ ഏതാനും മാസത്തേക്കുകൂടി ഇടക്കു വച്ചുകൊണ്ടിരിക്കുന്നതിനു ഞാൻ ഗവർണ്ണരിനോടു അപേക്ഷിക്കുന്നു.

എന്റെ സ്നേഹിതൻ ഈ എന്റെ സമാധാനംകൊണ്ടു തൃപ്തിപ്പെട്ടു എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ടി. ജോസഫ് (മീനച്ചിലും—മേവികളവും): ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

സഭയുടെ അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ ക൯ക, ക൯ഗ.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള:

ക൯ക വക്കീലന്മാർക്കു പ്രതിഫലത്തിനായി നീക്കിവച്ചിരിക്കുന്ന ൪ ൦ ൦ രൂപാ കുറയ്ക്കണം.

മി. കെ. കെ. തോമസ്:

നേതൃത്വത്തിനു നീക്കിവച്ചിരിക്കുന്ന ൨,൯൦ ൦ രൂപായിൽ ക രൂപാ കുറയ്ക്കണം.

ഉപക്ഷേപം ക൯ഗ.

നമ്പർ ഹാജരില്ലാത്തതുകൊണ്ടു താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം പിൻവലിക്കപ്പെട്ടതായി ഗണിക്കപ്പെട്ടു.

മി. ടി. ജെ. മാത്യു:

ക൯ഗ ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ൨,൮൭,൯൮൪ രൂപായിൽ ക രൂപാ കുറയ്ക്കണം.

ഉപക്ഷേപം ക൯ഘ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും—മേവികളവും): താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

ക൯ഘ ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ൨,൮൭,൯൮൪ രൂപായിൽ ക ൦ ൦ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം കുടിവകവസ്തുക്കളിൽ നിൽക്കുന്ന രാജകീയവൃക്ഷങ്ങളെക്കുറിച്ചും ജനവാസത്തിനും കൃഷിയും ഉള്ള പ്രദേശങ്ങളുടെ അയൽപക്കത്തുള്ള റിസർവുകളെ വനംഎന്ന ഇനത്തിൽനിന്നു വിടുത്തുന്നതിനെക്കുറിച്ചു പ്രതിപാദിക്കലാകുന്നു.

മുന്നാലത്തകാര്യത്തിൽ ഇപ്പോഴത്തെ രീതിയനുസരിച്ചു ജനങ്ങൾ അനുഭവിച്ചുവരുന്ന സംകടത്തെ ഈ സഭയിലെ മെമ്പർമാരെ ബോധിപ്പിക്കപ്പെടുത്തുന്ന സംഗതി കഴിച്ചു അധികംഒന്നും എനിക്കു പറയാനില്ല. ഈ വൃക്ഷങ്ങളെ വസ്തു ഉടമസ്ഥന്മാരെ ഏൽപ്പിക്കുന്നതുകൊണ്ടു ഗവർണ്ണമെന്റിനു അധികദോഷം ഉണ്ടാകും എന്നു ഞാൻ വിചാരിക്കുന്നില്ല. കുടിയാന്മാർക്കു ഈ വക വൃക്ഷങ്ങളെസംബന്ധിച്ചുള്ള ഉടമസ്ഥാവകാശം ഉണ്ടായിരിക്കുന്നതു ഉചിതമായകാര്യമാണെന്നുമാത്രം. ഒഴിച്ചിടപ്പെട്ട വനങ്ങളിൽ നിൽക്കുന്ന രാജകീയവൃക്ഷങ്ങളെ നിയന്ത്രിക്കുന്നതിൽ വലിയ വിഷമങ്ങൾ നേരിടും എന്നു വനം കൺസർവേറ്റർ പറയുമായിരിക്കാം. എന്നാൽ അതു കുടിവക വസ്തുക്കളുടെ ഉടമസ്ഥന്മാരുടെ അവകാശങ്ങളെ അനാവശ്യമായി നിയന്ത്രിക്കുന്നതിനു മതിയായകാരണം ആകുന്നു എന്നു എനിക്കു തോന്നുന്നില്ല. ഈ സംഗതി ഗവർണ്ണമെന്റിന്റെ ആലോചനയ്ക്കായി ഞാൻവിടുന്നു.

രണ്ടാമതായി ഭൂമി, പ്രത്യേകിച്ചും കൃഷിചെയ്യാൻ യോഗ്യമായ ഭൂമി, കൃഷിവലരായ ജനങ്ങൾക്കു ഇപ്പോൾ മതിയായതെങ്കിലും ലഭ്യമായിരിക്കുന്നില്ല. കൃഷിചെയ്യുവരുന്ന ഭൂമിയുടെ ഗുണം ദിവസേന കുറഞ്ഞുവരുന്നു. ഈ അവസരത്തിൽ കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തിയെ അധികരിക്കണം എന്നു ഞാൻ വിചാരിക്കുന്നില്ല. ഭൂമിയെ നന്നാക്കുന്ന കാര്യത്തിൽ അവരാൽ കഴിയുന്നതെല്ലാം അവർ ചെയ്യുന്നുണ്ടായിരിക്കാം. ഇപ്പോഴത്തെ രീതിയിൽ കൃഷിക്കു ലഭ്യമായ ഭൂമികളുടെ ഗുണം കുറഞ്ഞുവരുകയും ജനങ്ങൾ സാധാരണമായി ഈ പഴയ വസ്തുക്കളെ വിട്ടിട്ടു പുതിയവസ്തുക്കളെ അന്വേഷിച്ചു പ്രാപിക്കയും ചെയ്തുവരുന്നു. എന്നാൽ ഒഴിച്ചിടപ്പെട്ട

ട്ട വനങ്ങൾക്കു പുറമെ ഇപ്രകാരം പുതുതായി കൃഷിചെയ്യാവുന്ന ഭൂമികളുടെ വിസ്താരം വളരെ പരിമിതം ആയിരിക്കുന്നു. ജനവാസത്തിനും കൃഷിചെയ്യുവാനുള്ള ഭൂമിയുംഉള്ള പ്രദേശത്തിനു അടുത്തായി അനേകം ഒഴിച്ചിടപ്പെട്ട വനങ്ങൾകൂടി കിടക്കുന്നു. അതുകൊണ്ടു ജനവാസത്തിനുള്ള പ്രദേശങ്ങളുടെ അയൽപക്കത്തുള്ള ഒഴിച്ചിടപ്പെട്ട വനങ്ങളെ ജനങ്ങൾക്കു കൃഷിചെയ്യാനായി ഒഴിച്ചുവിടാവുന്നതാകുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): ഉപക്ഷേപത്തിന്റെ ആദ്യഭാഗമായ രാജകീയ വൃക്ഷങ്ങളെ സംബന്ധിച്ച വിഷയത്തിൽ ഈ കാര്യം മുഴുവനും അന്വേഷിച്ചു റിപ്പോർട്ട് അയക്കുന്നതിനായി ഒരു കമ്മിററി ഗവർണ്ണമെന്റു വിധിയിച്ചിട്ടുണ്ടു. കമ്മിട്ടി അനേകംദിവസം യോഗംകൂടി വാദമുഖങ്ങളിൽ മിക്കവാറും പര്യാലോചിച്ചു. എന്നാൽ അതിൽ ഒരു മെമ്പർ ആയിരുന്ന മിസ്റ്റർ ഗോവിന്ദപ്പിള്ള മരിച്ചുപോകയാൽ കമ്മിട്ടിക്കു വീണ്ടും യോഗംകൂടാൻ ഇടയായില്ല. വേഗത്തിൽ യോഗം കൂടണം എന്നു ഉദ്ദേശിക്കുന്നുണ്ടു. കമ്മിട്ടിയുടെ റിപ്പോർട്ടു ഗവർണ്ണമെന്റിനു സമർപ്പിച്ചതിന്റെശേഷം ഈ സഭയിൽ ഹാജരാക്കുന്നതാണ്. മിസ്റ്റർ കെ. ജെ. ജോസഫ് പുറപ്പെടുവിച്ച വാദങ്ങളിൽ ചിലവയെ കമ്മിററി പര്യാലോചിച്ചു. ഈ സംഗതികളിലെ കമ്മിററിയുടെ അഭിപ്രായം റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്.

ഒഴിച്ചിടപ്പെട്ട വനങ്ങളെ വനം എന്നുള്ള നിലയിൽനിന്നു വിടുത്തുന്നകാര്യത്തിൽ ഈ സഭയിലും പ്രജാസഭയിലും വലിയ ഉറവിളി ഉണ്ടായിരുന്നതുകൊണ്ടു ആ കാര്യങ്ങളെ അന്വേഷിക്കുന്നതിനായി ഗവർണ്ണമെന്റു കമ്മിററികൾ നിയമിച്ചു. പത്തു കമ്മിററികളോളം നിയമിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഈ കമ്മിററികൾ അവരുടെ റിപ്പോർട്ടുകൾ ഇതിനു മുമ്പിലെ സമർപ്പിച്ചിട്ടുണ്ടു. അവയിൽ ഒൻപതു എണ്ണത്തിൽ ഗവർണ്ണമെന്റു ഉത്തരവിട്ടിട്ടുണ്ടു. ഒരു ഗവർണ്ണമെന്റിന്റെ തീർപ്പു കാത്തിരിക്കുന്നു.

മി. സി. പി. തോമസ് (ഗവർണ്ണമെന്റു നിയമിച്ച മെമ്പർ): ഈ കമ്മിട്ടികൾക്കു ചതുപ്പുനിലങ്ങളെ കുറിച്ചു മാത്രമൊ അല്ലാ സകലവിധ റിസർവുകളെ കുറിച്ചും ആലോചിക്കാൻ അധികാരമുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): ചതുപ്പുനിലങ്ങൾ മാത്രമെയുള്ളു. ഈ കമ്മിററികൾ മൊത്തത്തിൽ ൩,൫൦൦ ഏക്കർ സ്ഥലം റിസർവിൽനിന്നു വിടുത്തണമെന്നു ശുപാർശചെയ്തുകയും അപ്രകാരം വിടുത്തുന്നതിനു ഗവർണ്ണമെന്റു അനുവദിക്കയുംചെയ്തിട്ടുണ്ടു; ഈ വിഷയത്തിൽ ഗവർണ്ണമെന്റിന്റെ ആജ്ഞകളെ നടപ്പിനു വരുത്തിക്കഴിഞ്ഞു. ഏതാനും പ്രദേശങ്ങൾ ഉടനടി വീണ്ടെടുത്തുകഴിഞ്ഞിട്ടുമുണ്ടു.

ജനവാസത്തിനും കൃഷിക്കും ഉള്ള പ്രദേശങ്ങളുടെ സമീപത്തുള്ള റിസർവുകളെ വിട്ടുകൊടുക്കുന്ന കാര്യം സുസാദ്ധ്യമല്ലാ എന്നു ഈ സഭയെ എനിക്കു അറിയിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ജനവാസത്തിനുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്നു സൂക്ഷ്മമായി അറിഞ്ഞുകൂടാ. ഒരു റിസർവിനെ ഉപയോഗ്യമാക്കിക്കൊടുത്താൽ ജനങ്ങൾ അതിനെ അനുഭവിക്കാൻ തുടങ്ങും; പിന്നീടു അതിനടുത്തുള്ള പ്രദേശത്തെ വനമല്ലാത്തതാക്കുവാനായി അവർ മുറവിളികൂട്ടിത്തുടങ്ങും. വനം ഡിപ്പാർട്ടുമെന്റിലേക്കു നിരുപയോഗമായ സ്ഥലങ്ങൾ വെട്ടിത്തെളിച്ചു ഞങ്ങൾ കഴിയുന്നടത്തോളം വനമല്ലാതാക്കുന്നുണ്ടു. ഈ വിധത്തിൽ തെക്കൻ തിരുവിതാംകൂറിൽ ൩൦൦ ഏക്കറോളവും തിരുവനന്തപുരം ഡിവിഷനിൽ ൪൦൦ ഏക്കറോളവും ഞങ്ങൾ കൊടുക്കുകവഴി തെളിച്ചിട്ടുണ്ടു.

മി. കെ. കെ. തോമസ് (കോട്ടയം): റിസർവിനകത്തു ഉള്ള ചതുപ്പുനിലങ്ങളെ കൃഷിചെയ്യുന്നതുകൊണ്ടു ആദായമൊ അല്ല ചിലവാകുന്ന തുക എങ്കിലും ചെയ്യുമോഎന്നു വനം കൺസർവേററർ വിചാരിക്കുന്നുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): റിസർവുകൾക്കകത്തുള്ള ചതുപ്പുനിലങ്ങൾ കൃഷിചെയ്യുന്നവർ അതു ആദായകരം അല്ലാ എന്നു പറയുന്നു. എനിക്കു അതിനെപ്പററി ഒന്നും അറിഞ്ഞുകൂടാ.

മി. കെ. കെ. തോമസ് (കോട്ടയം): ഈ രാജ്യത്തിലെ മുന്നിലൊരംശത്തോളം റിസർവാക്കിയിരിക്കുന്ന നയത്തെസംബന്ധിച്ചു തിരുവിതാംകൂറിൽ ജനങ്ങൾ നിബിഡമായി അധിവസിച്ചുവരുന്നു എന്നുള്ള വസ്തുതയേയും ജനസംഖ്യ ഒരുതരമായി വർദ്ധിച്ചുവരുന്നുണ്ടെന്നുള്ള സംഗതിയേയും ഈ സഭ ഗ്രഹിക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നു. തിരുവിതാംകൂറിൽ അഞ്ചുപേരുള്ള ഒരു കുടുംബത്തിനു ശരാശരി ൨ഏക്കർ വിസ്താരത്തോളം കൃഷിഭൂമി ഉണ്ടെന്നു ഇന്നലെ ഞാൻ കൂണ്ടിക്കാണിച്ചു. കുന്നിയായിരുന്നപോലും ശരാശരി ആളൊന്നുക്കു ൧ഏക്കർ സ്ഥലം ഉണ്ടു. ഇപ്പോഴത്തെ ജനങ്ങൾക്കും ഭാവി സന്താനങ്ങൾക്കും കാലക്രമേണ വരിക്കുന്നതിലുള്ള അസൌകര്യങ്ങൾ കണക്കിലെടുത്തു റിസർവുകളിൽനിന്നു ഏതാനും സ്ഥലങ്ങൾകൂടി ഗവർണ്ണമെന്റിൽനിന്നും വിട്ടുകൊടുക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നു എനിക്കു തോന്നുന്നു. പശ്ചിമഭാഗത്തു കായൽപോലെയുള്ള നിരുപയോഗപ്രദേശങ്ങളെ ഇതിനു മുമ്പുതന്നെ കൃഷിക്കായി ഉപയോഗപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. ഇരിക്കധികം നികത്താൻ പാടില്ല എന്നുള്ളഘട്ടത്തിൽ നാം എത്തിക്കഴിഞ്ഞിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഈ നിലങ്ങളിൽ കടംകൃഷി ചെയ്യുന്നതിനുവേണ്ടധനവും പ്രാരാബ്ധബുദ്ധിയും ഇല്ലാത്തവരായ ജനങ്ങളുടെ അളവററതാരല്ലാഹേളവായി അപ്രകാരംചെയ്യുന്നതിനു സാദ്ധ്യമല്ല. നമ്മുടെ റിസർവ്വനങ്ങളുടെ കുറവുകൾ തെളിച്ചിട്ടുകൂടി മാത്രമാണു സ്വീകാര്യമായിട്ടുള്ള ഏകമാർഗ്ഗം. നമ്മുടെ വനങ്ങളെ വെട്ടിത്തെളിക്കുന്നതുകൊണ്ടു രാജ്യത്തിലെ നീരോട്ടസ്ഥിതിക്കു ഹാനി വരികയില്ലഎന്നു തിരുവിതാംകൂറിലെ സ്ഥിതിഭേദങ്ങൾ അറിഞ്ഞിട്ടുള്ള ഏവനും അറിയാവുന്നതാണു. എന്തുകൊണ്ടെന്നാൽ ജലാശയങ്ങൾ സമാഹരിക്കുന്നതിനും കാലവർഷങ്ങൾ നൽകുന്നതിനും റബ്ബർതലയെ മുറവോട്ടങ്ങൾ മതിയാകും. ഈ സ്ഥിതിക്കു പ്രത്യേകപ്രദേശങ്ങളെ വിശിഷ്ടജനവാസത്തിനുകൂടുത്തുള്ളപ്രദേശങ്ങളെ റിസർവാക്കുക വളരെ പ്രധാനമായി കാണപ്പെടുന്നില്ലഎന്നു ഈ സഭയുടെ ഈ കക്ഷ്യയിൽ ഉള്ളഞങ്ങളിൽ മിക്കവരും അഭിപ്രായപ്പെടുന്നവരായിരിക്കുന്നു എന്നുള്ള വസ്തുതയെ ഗവർണ്ണമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരണം എന്നു ഞാൻ ആഗ്രഹിക്കുന്നു. വനങ്ങളുടെ പ്രകൃതംനിമിത്തം ഏതാനുംവിധത്തിൽ മുതലെടുപ്പും അടുത്തകാലത്തു ഏതാനുംവിധം നിബിഡവളർച്ചയും ഉണ്ടാകും എന്നു വരുക്ഷ പ്രതീക്ഷിക്കാവുന്ന പ്രദേശങ്ങളിൽ വനങ്ങളെ വളർത്തുകാടായി ഒഴിച്ചുവക്കുന്നതു ആവശ്യം ആയിരിക്കാം. എന്നാൽ പ്രായേണപുല്ലുമാത്രം ഉണ്ടാകുന്നതോ അനേകം തലമുറകൾ ചെന്നാലും കനത്തതായ വനങ്ങളായി വളരുകയില്ലാ എന്നുള്ളതോ ആയ പ്രദേശങ്ങളെ വളർത്തുകാടായി ഒഴിച്ചുവയ്ക്കേണ്ടആവശ്യം ഇല്ല. ഈ സംഗതിയെ ഈസഭ ഗ്രഹിക്കണം എന്നു ഞാൻആഗ്രഹിക്കുന്നു:

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും) വനം കൺസർവെട്ടർ പറഞ്ഞതായ സമാധാനത്തെ ഗണിച്ചും അനുദ്യോഗസ്ഥമെമ്പർമാരിൽ മിക്കവരും ഹാജരില്ല എന്നുള്ള അവസ്ഥയെ ഗണിച്ചും ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രസിഡണ്ടു ഈ ഉപക്ഷേപം പിൻവലിക്കുവാൻ സഭ സമ്മതിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (ഗവൺമെണ്ടുനു നാമനിർദ്ദേശം ചെയ്തമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ടു) അനുദ്യോഗസ്ഥമെമ്പർമാരിൽ ഭൂരിപക്ഷവും ഹാജരില്ലാഎന്നു മി. ജോസഫ് പറഞ്ഞു. പരമാർത്ഥത്തിൽ അനുദ്യോഗസ്ഥ സാമാജികന്മാരിൽ ഭൂരിപക്ഷവും ഹാജരായിട്ടുതന്നെ ഇരിക്കുന്നു ഈ പ്രസ്താവം അപ്രത്യാഖ്യാതമായി വിടാൻ സമ്മതിച്ചുകൂടാ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും) ൨ ൫ അനുദ്യോഗസ്ഥമെമ്പർമാർ മാത്രമെ ഇവിടെയുള്ളു. ഞാൻ ഈ പ്രസ്താവിക്കുന്നതിനു മുമ്പ എണ്ണിനോക്കി (ചിരി)

പ്രസിഡണ്ടു. ഭൂരിപക്ഷം ഹാജരുണ്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര) ഈ ഉപക്ഷേപം പിൻവലിക്കുന്നതിനുള്ള കാരണങ്ങൾ പറയുന്നതിനു മെമ്പർക്കു അവകാശം ഉണ്ടോഎന്നു എനിക്കു അറിയണമെന്നിരിക്കുന്നു? ഒരുമെമ്പർ തന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതായാൽ അതിലേക്കുള്ള കാരണങ്ങൾ പറയുക പതിവില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും) ഉപക്ഷേപം പിൻവലിക്കുന്നതിനുള്ളകാരണങ്ങൾ മെമ്പർ പറഞ്ഞുകൂടാ എന്നു നിഷേധിച്ചിട്ടുണ്ടോ?

പ്രസിഡണ്ടു. ഇല്ല അങ്ങനെ കാരണങ്ങൾ പറഞ്ഞുകൂടാ എന്നു വിധിച്ചിട്ടില്ല. ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൯.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം പ്രയോഗിക്കപ്പെട്ടില്ല.

മി. ജി. രാമൻമേനവൻ. ൧൯൩. ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ള ൨,൫൫,൯൫ രൂപായിൽ ൩,൦൦൦ കുറയ്ക്കണം.

ന്യൂ. ഡി. വനം അവകാശതീർപ്പ് (താൽക്കാലികം)

ഉപക്ഷേപം ൧൯൩.

മെമ്പർ ഹാജരാകാതിരുന്നതുകൊണ്ടു താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം പ്രയോഗിക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

മി. ടി. ജെ. മാത്യു. ൧൯൩. വനം അവകാശതീർപ്പുകൾക്കായി നീക്കിവച്ചിരിക്കുന്ന ൩,൭൦൦ രൂപായിൽ ൩ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൯൭.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും) സർ, ഞാൻ താഴെചേർത്തിരിക്കുന്ന ഉപക്ഷേപം ഹാജരാക്കുവാൻ എഴുന്നേൽക്കുന്നു.

൧൯൭. വനം അവകാശതീർപ്പുകൾക്കായി നീക്കിവച്ചിരിക്കുന്ന ൩,൭൦൦ രൂപാഎന്നതുകയിൽ ൩ രൂപാ കുറയ്ക്കണം.

ഈജീവനക്കാരെ നിയമിക്കുന്നതിന് ഇടയാക്കിയ അവസ്ഥകളെ സംബന്ധിച്ചു ഏതാനും വിവരംഅറിയുന്നതിലേക്കായി മാത്രം ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നു. അവ ബഡ്ജററിൽനിന്നു അറിയാൻമാർഗ്ഗമില്ല. വിവരം കൺസർവേട്ടറിൽനിന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവെട്ടർ) വനങ്ങളുടെ അവകാശതീർപ്പു, വനങ്ങളെഒഴിച്ചു കഴിഞ്ഞതിൽപിന്നെ അടുപ്പിച്ചുതന്നെ നടത്തേണ്ടതായ പ്രധാനപ്പെട്ട പ്രവൃത്തിയാകുന്നു. എന്നാൽ എങ്ങിനെയൊ ആ പ്രവൃത്തി ലിവാൻപോന്നോർമാരെ ഏൽപ്പിച്ചിരുന്നു. അവരുടെ നാനാമുഖങ്ങളായ കൃത്യങ്ങളുടെയിടയിൽ ഈ പ്രവൃത്തി ചെയ്യുതിക്കാൻ അവർ ശക്തരായിരുന്നില്ല. ഇപ്പോൾ ൨ ൪ റിസർവുകളോളംകിടക്കുന്നു. അനേകം കൊല്ലങ്ങൾക്കുമുൻപു ഒഴിച്ചിടുവാനുള്ളവയാണെന്നുവരികിലും അവകാശത്തക്കം അവസാനമായി തീർപ്പുപ്പെടുത്തിയിട്ടില്ല. ആറുഎണ്ണത്തോളം റിസർവുകൾ കഴിഞ്ഞ ൨ ൦ കൊല്ലക്കാലമായി അവകാശത്തക്കം തീർപ്പുപ്പെടുത്താതെ കിടക്കുന്നു. അത്രയും എണ്ണം പത്തുകൊല്ലമായിട്ടും ഉണ്ടു. ഈ മാർഗ്ഗത്തിൽ ഉള്ള പണി കഴിഞ്ഞു വന്നപ്പോൾ ൧൯൭൨-ൽ ഗവണ്മെണ്ടു മി. എൻ. കൃഷ്ണയ്യങ്കാരെ കസ്തളിൽമെണ്ടാഹിസരായി നിയമിച്ചു. അദ്ദേഹത്തിനു കുടിശ്ശിഖകിടന്നജോലി കുറയ്ക്കുവാൻ ഇടയായി. അതിൽപിന്നിട്ടു പുതിയറിസർവുകൾ ഉണ്ടാക്കുവാൻ നിർദ്ദേശിച്ചു അനേകം പരസ്യങ്ങൾ ഉണ്ടായിട്ടുണ്ടു. ഈ പ്രവൃത്തിവീണ്ടും വർദ്ധിച്ചുപോയി. ഇക്കാര്യത്തെ ഗവണ്മെണ്ടിനെ അറിയിച്ചതിൽ ഈജോലി ഒരുകാലത്തിനുള്ളിലെ മുററും പൂർത്തിയാക്കുന്നതിനായി കസ്തസ്സ്പെഷ്യൽ ആഫീസറെ ഗവണ്മെണ്ടു നിയമിച്ചിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും) ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രസിഡണ്ടു. ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ സമ്മതിക്കുന്നുണ്ടോ?

ഉപക്ഷേപം സഭയുടെ സമ്മതപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ ൧൯൭൦-ം ൧൯൯൦.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനവൻ. ൧൯൭൧. വനംവക അവകാശതീർപ്പുകൾക്കായി നീക്കിവച്ചിരിക്കുന്ന ൩,൭൦൦ രൂപാ വിട്ടുകളയണം.

മി. കല്ലൂർ നാരായണപിള്ള. ൧൯൯൦. വനംവക അവകാശതീർപ്പുകൾക്കായി നീക്കിവച്ചിരിക്കുന്ന ൩,൭൦൦ രൂപാവിട്ടുകളയണം.

ഉപക്ഷേപങ്ങൾ ൨൦൪-ം ൨൦൫-ം.

താഴെചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ മെമ്പർമാർ ഹാജരില്ലാതിരുന്നതുകൊണ്ട് ഹാജരാക്കുന്നതായി ഗണിക്കപ്പെട്ടു.

മി. കെ. ശിവരാമപ്പണിക്കർ. ൨൦൦ ചതുരശ്ര അടിക്കാശതിച്ചുകായി നീക്കിവച്ചിരിക്കുന്ന ൪,൫൦൦ രൂപാവിട്ടുകൊടുക്കണം.

ആകത്തുകയെകുറയ്ക്കുന്നതിനുള്ള ഉപക്ഷേപം.

മി. ടി. ജെ. മാത്യു: ൨൫. ഡിമാണ്ട് ൫, ഇനത്തിൽ ചിലവിനു നീക്കിവച്ചിരിക്കുന്ന മൊത്തം തുകയായ ൫, വുസലക്ഷം രൂപായിൽ ൫ രൂപാകുറയ്ക്കണം.

ഉപക്ഷേപം ൨൦൧.

താഴെചേർത്തിരിക്കുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനോൻ:

൨൦൨. ഡിമാണ്ട് VI ഇനത്തിൽ ചിലവിനു നീക്കിവച്ചിരിക്കുന്ന മൊത്തത്തുകയായ ൫·വുസലക്ഷം രൂപായിൽ ൫൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൦൩.

മി. സി. പി. തോമസ് (ഗവണ്മെണ്ടുനിയമിച്ച മെമ്പർ): സർ, താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം ഹാജരാക്കുന്നു.

൨൦൩. ഡിമാണ്ട് VI. ഇനത്തിൽ ചിലവിനു നീക്കിവച്ചിരിക്കുന്ന മൊത്തംതുകയായ ൫·വുസലക്ഷം രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം.

കുടിവക വസ്തുക്കളിൽനിൽക്കുന്ന രാജകീയവൃക്ഷങ്ങളുസംബന്ധിച്ചു ജനങ്ങൾക്കു നേരിടുന്ന സങ്കടങ്ങളെ കുറിച്ചു ഏതാനുംവാക്കുകൾ ഞാൻ പറയാം. ഇക്കാര്യത്തെക്കുറിച്ചു അന്വേഷിച്ചു എഴുതി ബോധിപ്പിക്കുന്നതിനായി ഒരു കമ്മിട്ടി രണ്ടുകൊല്ലത്തിനുമുമ്പെ നിയമിക്കപ്പെട്ടിട്ടുള്ളതായി വനം കൺസർവേട്ടരിൽനിന്നു നാം അറിഞ്ഞിട്ടുണ്ടു. റിപ്പോർട്ട് അയക്കുന്നതിൽ ഇത്രയധികം താമസം വരുത്തിട്ടുള്ളതിനെക്കുറിച്ചു വളരെയധികം വ്യസനിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സങ്കടങ്ങളെ അനേകംകൊല്ലങ്ങളായി തുടരത്തുടരെ ഗവണ്മെണ്ടിനു അറിയിച്ചിട്ടുണ്ടെന്നുള്ള വസ്തുതയെ ഗണിച്ചതിൽ കമ്മിട്ടിയുടെ റിപ്പോർട്ടിനെ ത്വരപ്പെടുത്തി അതിന്മേൽ ആജ്ഞനൽകുന്നവിഷയത്തിൽ ഗവണ്മെണ്ടു ഉത്കണ്ഠിതരായിരിക്കുന്നില്ല എന്നുകണ്ടു ഞാൻ വളരെ വ്യസനിക്കുന്നു. ഏതായാലും റിപ്പോർട്ടു കഴിയുന്നത്രവേഗത്തിൽ സമർപ്പിക്കുന്നതാണെന്നു കൺസർവെട്ടർ യമ്മോടു വാക്കു പറഞ്ഞിരിക്കുന്നതുകൊണ്ടു ആ വിഷയത്തെക്കുറിച്ചു അധികമായി യാതൊന്നും എനിക്കു സംസാരിക്കേണ്ടതില്ല.

'കുടിവിള' കൊടുക്കുന്നതിലുള്ള താമസത്തിന്റെ കാര്യത്തിലും കുടിശിക വർദ്ധിച്ചുവന്നതിലേക്കു ഏതാനും സമാധാനം വനം കൺസർവെട്ടർ പറഞ്ഞിട്ടുണ്ടു. പണംകൊടുക്കലിനു ത്വരപ്പെടുത്തിവരുന്നുഎന്നും വളരെ വേഗത്തിൽ ഈ കുടിശിക കുറഞ്ഞുപോകുംഎന്നു അദ്ദേഹം പറഞ്ഞിട്ടുണ്ടു. അതുസംബന്ധിച്ചിടത്തോളം തൃപ്തികരംതന്നെ.

രാജകീയവൃക്ഷങ്ങൾ നിൽക്കുന്നതായ വസ്തുക്കളുടെ ഉടമസ്ഥന്മാർ അനുഭവിച്ചുവരുന്ന മറ്റൊരുകഷ്ടത്തെക്കുറിച്ചു ഈ സഭയുടെ ശ്രദ്ധപതിച്ചാൽകൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒരാൾക്കു അവകാശംവസ്തുവിൽ ൪൦ രാജകീയവൃക്ഷങ്ങൾ ഉണ്ടായിരിക്കയും അവയിൽ ൨൦ വൃക്ഷങ്ങൾ വെട്ടിമുറിക്കുന്നതിനു അയാൾക്കു ആവശ്യമായിരിക്കയും ചെയ്യുന്നതായാൽ ശേഷംഉള്ള എല്ലാ വൃക്ഷങ്ങളേയുംകൂടി ഉടമസ്ഥന്മാർ എടുത്തുകൊണ്ടു അവയ്ക്കു വിലകൊടുക്കണംഎന്നു ഡിപ്പാർട്മെണ്ടു നിർബന്ധിക്കുന്നു. അങ്ങിനെ ചെയ്തില്ലെങ്കിൽ ആവശ്യപ്പെട്ട അനുവാദം കൊടുക്കാറില്ല. ചെത്തോ പത്രണ്ടോ വൃക്ഷങ്ങൾ ആവശ്യപ്പെടുന്നതായ വസ്തുഉടമസ്ഥൻ അയാൾക്കു ആവശ്യമുള്ള വൃക്ഷങ്ങളെ ഉപയോഗപ്പെടുത്തണം എന്നുണ്ടെങ്കിൽ മറ്റുള്ള വൃക്ഷങ്ങളുടെ വിലയും അയാൾ കൊടുക്കണം എന്നു നിർബന്ധിക്കുന്നതു അയാൾക്കു എത്ര കഷ്ടമായിരിക്കും എന്നു ഏളുപ്പത്തിൽ മനസ്സിലാക്കാൻകഴിയും. കെട്ടിവെയ്ക്കുണ്ടുള്ള അക്കാലത്തു അയാൾക്കുകൊടുക്കാൻ ശക്തിയുള്ളതുകയിൽ രണ്ടിരട്ടിയോ മൂന്നിരട്ടിയോ ആയിരിക്കും. അതുകൊണ്ടു തങ്ങളുടെ വസ്തുക്കളിൽ നിൽക്കുന്ന വൃക്ഷങ്ങളിൽ ഏതാനും മാത്രം ആവശ്യമുള്ള ജനങ്ങളുടെ സ്ഥിതിയെ നന്നാക്കുന്നതിനായി വല്ലതും ചെയ്യുണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഡിപ്പാർട്മെണ്ടിനു എന്തുതന്നെ കഷ്ടം ജനിക്കുന്നതായാലും കുടികളുടെ കഷ്ടങ്ങളെ ഗവണ്മെണ്ടു പ്രബലത്തായി ഗണിക്കേണ്ടതാണെല്ലോ.

കൂടുതൽ വനങ്ങളെ വനമല്ലാതാക്കുന്ന കാര്യത്തിൽ ഏതാനുംവാക്കുകൾ എനിക്കു സംസാരിക്കാനുണ്ടു. ഇതുവരെ ഇക്കാര്യത്തിൽ ഗവണ്മെണ്ടിന്റെ തീർച്ച ഡിപ്പാർട്ടുമെണ്ടു മേലധികാരിയായ വനം കൺസർവേട്ടരുടെ അഭിപ്രായത്തിനു കാംക്ഷിക്കപ്പെട്ടിട്ടുണ്ടു. വനത്തിനു ഒററപ്പെട്ടുകിടക്കുന്നതായാലും വനമല്ലാതാക്കുവാൻ യാതൊരു വനംകൺസർവെട്ടരും ഒരിക്കലും ശുപാർശചെയ്തതായില്ലായിന്നു പലപ്പോഴും കാണപ്പെട്ടിരിക്കുന്നു. ആവിധം വനമല്ലാതാക്കുന്നതിനു പ്രതിബന്ധിക്കുന്നതുതന്നെ തന്റെ കടമയെന്നു വനം കൺസർവെട്ടർ വിചാരിക്കുന്നു ഇക്കാര്യത്തിൽ ഏതാദൃശമായ ഇടപ്രാധാന്യന്മാരുടെ അഭിപ്രായങ്ങളിൽ ഗവണ്മെണ്ടു പ്രാധാന്യേന നയിക്കപ്പെടുന്നതായാൽ ഈ വിഷയത്തിൽ ന്യായമായ തീർച്ച ജനങ്ങൾക്കു വരിക്കുന്നതു അസാദ്ധ്യമായിരിക്കും നിശ്ചയംതന്നെ. നമ്മുടെകൂടെ ഗവണ്മെണ്ടു ഇക്കാര്യത്തിൽ അനുഭാവസ്ഥന്മാരേയും വിശ്വസ്തരായി സ്വീകരിക്കയും അവരുടെ സുവിദിതാഭിപ്രായത്തിനു കൂടുതലായ വിലകല്പിക്കയും ചെയ്യുന്നതു അഭിലഷണീയംആണെന്നു ഞാൻ ചൂണ്ടിക്കാണിക്കാം. ജനങ്ങൾക്കു കൃഷിചെയ്യാൻ കൂടുതൽ ഭൂമികൾ സമ്പാദിപ്പിക്കേണ്ടതായ അത്യാവശ്യകത്തെ ഈ സഭയിലും ജനങ്ങളുടെ അഭിപ്രായത്തെ ഗവണ്മെണ്ടു ശ്രദ്ധിക്കുന്നതായ മറ്റൊരുമാർഗ്ഗത്തിലും വീണ്ടുംവീണ്ടും ഉത്തേജിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു. ജനങ്ങൾക്കു തൊഴിലില്ലായ്മ എന്നുള്ളവിഷയം ഗവണ്മെണ്ടിന്റെയും ജനങ്ങളുടെയും ശ്രദ്ധയെ നിർബന്ധമായി ആകർഷിക്കുന്നുണ്ടു. ഈ വിഷയത്തെ പര്യാലോചിക്കാൻ ഒരു കമ്മിട്ടിയും നിയമിച്ചിട്ടുണ്ടു. തിരുവിതാങ്കോട്ടിലെ അവസ്ഥാഭേദങ്ങളെ ആലോചിച്ചാൽ ഈ ഒഴിവുകൾ നികത്തുന്നതിനുള്ള ഒരു കാര്യോപയോഗിയായമാർഗ്ഗം കൃഷിചെയ്യുവിനു കൂടുതൽസൗകര്യം നല്കുകതന്നെയായിരിക്കും എന്നുള്ള വസ്തുതയെ കമ്മിട്ടിയുടെ റിപ്പോർട്ടു വെളിപ്പെടുത്തുന്നുവെന്നു എനിക്കു നിശ്ചയംഉണ്ടു. തദ്ദ്വാരാ വനത്തെ വനമല്ലാതാക്കുന്നകാര്യത്തിൽ അധികം ഉദാരമായതായ ഗവണ്മെണ്ടു സ്വീകരിക്കേണ്ടതിങ്കൽ പ്രാധാന്യത്തെ ഞാൻ ഉന്നതപ്പെടുത്തിയിരിക്കുന്നു. ചതുപ്പുനിലങ്ങളെ വനമല്ലാതാക്കുവാൻ ഇപ്പോൾ സമ്മതിക്കുന്നുണ്ടു. അതിലേയ്ക്കു കമ്മിട്ടികളേയും നിയമിച്ചിരിക്കുന്നു. എന്നാൽ അങ്ങനെയുള്ള കമ്മിട്ടികൾ നിയമിക്കുന്നതിൽ അ

നാവശ്യതമെസം ജനിപ്പിക്കുന്നതെങ്ങനെ ഞാൻ നിരൂപിക്കുന്നു. എനിക്കറിയാവുന്നിടത്തോളം ഇന്നേദിവസം താലൂക്ക കഠിക്കരാതുമെ ആവിധം കമ്മിഷ്ണറെ നിയമിച്ചിട്ടുള്ളു. എന്നാൽ ചതുപ്പുനിലങ്ങളെ കൃഷിക്കായി കൊടുക്കുന്ന പ്രശ്നം ഇരിക്കട്ടെ. വാസ്തവത്തിൽ റിസർവുകളിൽ ഉൾപ്പെട്ടവയല്ലാത്ത മററിനംവസ്തുക്കളെ കൃഷിക്കായി കൊടുക്കേണ്ടതു പ്രധാനംആണെന്നു ഞാൻ ചൂണ്ടികാണിക്കട്ടെ. ആ വസ്തുക്കളുടെകാര്യത്തിൽ ഗവർണ്ണമെണ്ടു ഉദാരമായനയം അംഗീകരിക്കയും അവയെ വനമല്ലാതാക്കയുംചെയ്യണം.

പുതുവൽവസ്തുക്കളെക്കുറിച്ചു ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ഇക്കാര്യത്തിൽ ഗവണ്മെണ്ടിന്റെനയം നിമിത്തം കൃഷിക്കു ഉതകുന്ന വിസ്തീർണ്ണപ്രദേശങ്ങൾ, അവയെ വാസ്തവത്തിൽ കൃഷിചെയ്യുന്നില്ലാത്തവരായ ആളുകൾക്കു കൊടുത്തുകഴിഞ്ഞതായിക്കാണുന്നു. കൂടാതെ പുതുവൽ സ്ഥലം പതിച്ചുകൊടുക്കുന്നതിൽ ഗവർണ്ണമെണ്ടിനുള്ളവിമനസ്കതയെക്കുറിച്ചു ഞാൻ ഒരു ഉദ്യോഗസ്ഥനോടു ചോദിച്ചപ്പോൾ "പതിച്ചുകൊടുത്ത എത്ര ഏക്കർ വസ്തുക്കൾ കൃഷിചെയ്യാതെ വിടപ്പെട്ടിരിക്കുന്നുവെന്നു അറിയട്ടെ" എന്നു അദ്ദേഹം എന്നോടു ആരാഞ്ഞു. ആ വസ്തുത ഞാൻ സമ്മതിക്കേണ്ടിവന്നു. ഇന്ന വസ്തുക്കൾ കൃഷിചെയ്യണമെന്നു ഏതു കാലത്തും ഇല്ലാത്തതായ ചില വലിയ പ്രദേശങ്ങൾ പതിച്ചുകൊടുക്കുവാൻ ഗവർണ്ണമെണ്ടു ഒരുപ്രാവശ്യം സമ്മതിച്ചിരുന്നതായി നമുക്കറിയാം. ഫലം എന്തു കുന്നു. കാരണം ഏതുതരത്തിലായിരുന്നാലും വിസ്താരമുള്ള ഭൂമി വ്യക്തികൾ കൈവശപ്പെടുത്തുകയാണെന്നും പ്രത്യേകിച്ചു ജനങ്ങൾക്കു കൃഷിചെയ്യാൻ സ്ഥലങ്ങൾ ഇല്ലാതാകുന്നു എന്നും ഞാൻ പറയുന്നു. ഇതോടുകൂടി ഉദാരമായ നയം ഗവർണ്ണമെണ്ടു സ്വീകരിക്കുന്നതിനുള്ള ഒരു കൂടുതൽ കാരണം ആണു. ചുരുക്കത്തിൽ ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നു.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറേറർ): തിരുവിതാംകൂറിൽ വനം ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽഉള്ള വസ്തുക്കളുടെ മൊത്തം വിസ്താരം ൨൫൦൦ ചതുരശ്രകിലോമീറ്ററാകുന്നു. ഈ വിസ്താരത്തിൽ ൧൫൦൦ ചതുരശ്ര കിലോമീറ്ററോളം പുൽത്തകിടികളും പാറകളുമടങ്ങിയ പ്രദേശമായതിനെപ്രമാണിച്ചു വൃക്ഷങ്ങളുടെ വളർച്ച തീരെ ഇല്ലാത്തതും വനം ഡിപ്പാർട്ടുമെണ്ടിനാൽ സംരക്ഷിക്കപ്പെടുന്നതിനു തീരെ സാദ്ധ്യം അല്ലാത്തതും ആയ പ്രദേശങ്ങൾ ആകുന്നു.

മി. ടി. ടി. തോമസ് (കോട്ടയം): ഇവയെ റിസർവുകളായി വച്ചിരിക്കുന്നതിൽ ഉള്ള ഗുണം എന്തെന്നു അറിയിക്കുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനംകൺസർവേറേറർ) ഗ്രൂമനസംബന്ധമായ കാര്യങ്ങൾക്കും മററു കാര്യങ്ങൾക്കും; എന്റെ സ്വന്തം അഭിപ്രായം പറയുന്നതായാൽ ഈ വസ്തുക്കളെ ജനങ്ങൾക്കു കൊടുക്കുന്നതിൽ എനിക്കു യാതൊരു വിരോധവും ഇല്ല. എന്നാൽ ഈ ഭൂമികൾ കൃഷി ചെയ്യാൻ കൊള്ളത്തക്കതാകയാൽ ജനങ്ങൾ ഇവയെ ആവശ്യപ്പെടുമോ എന്നു എനിക്കു അറിഞ്ഞുകൂടാ.

മി. എ. ജെ. ജാൺ (വയ്ക്കം): ഗ്രൂമവിഭാഗത്തിന്റെ സ്ഥിതികൾക്കായി ഇത്രയധികം പ്രദേശം വളർത്തുകാടായി വച്ചിരിക്കേണ്ടതു ആവശ്യം ആണോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുക്കോടിപ്പിള്ള (വനംകൺസർവേറേറർ): അതു അഭിപ്രായസംബന്ധമായ കാര്യം ആണു ഈ ഭൂമിയെ ഒഴിച്ചിടാതെ കിടക്കാൻ സമ്മതിക്കുന്നതിനു പകരം അവയെ സംരക്ഷണത്തിൽ ഉൾപ്പെടുത്തത്തക്ക വണ്ണം വളർത്തു കാടായി ഒഴിച്ചു വയ്ക്കേണ്ടതാണെന്നു ഗവർണ്ണമെണ്ടിന്റെ വിചാരിച്ചിട്ടുണ്ടു്.

മി. എ. ജെ. ജാൺ (വയ്ക്കം): ആ സംഗതിയിൽ വല്ല വിദഗ്ദ്ധാഭിപ്രായവും ലഭിച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുക്കോടിപ്പിള്ള (വനംകൺസർവേറേറർ): എനിക്കു അറിഞ്ഞുകൂടാ. എന്നെ വനം കൺസർവേറേറർ ആക്കുന്നതിനു വളരെക്കാലത്തിനു മുമ്പുതന്നെ അവക്കു വളർത്തുകാടായി ഒഴിച്ചിടപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

കച്ചവടാവശ്യമായ വനത്തിന്റെ കാര്യത്തിൽ ആകട്ടെ ൧൫൦൦ ചതുരശ്രമയിലോളം വിസ്താരമേ ഉണ്ടായിരിക്കയുള്ളു, ഇതിൽനിന്നാണ് വനംഡിപ്പാർട്ടുമെണ്ടിലെ മുതലെടുപ്പു ലഭിക്കുന്നതു.

പ്രത്യേകതകളായ പ്രദേശങ്ങളിൽ വളർത്തു കാടുകളെ വനമല്ലാതാക്കുന്ന കാര്യത്തിൽ ജനവാസത്തിക്കടുത്തുള്ള ഏതാനും പ്രദേശങ്ങളെ വനം ഡിപ്പാർട്ടുമെണ്ടു ഇതിൽ മുമ്പിലെ വനമല്ലാതാക്കിട്ടുണ്ടു്. അങ്ങനെ വനമല്ലാതാക്കപ്പെട്ട ഭൂമികളെ ജനങ്ങൾ ഉപയോഗപ്പെടുത്തിട്ടില്ലാ എന്നും അവ ഇപ്പോഴും കൃഷി ചെയ്യപ്പെടാതെ കിടക്കുന്നുഎന്നും ആണു ഞാൻ കാണുന്നതു്, ഇതിലേയ്ക്കു ഒരു ഉദാഹരണം പറഞ്ഞാൽ മതിയാകും. കൊല്ലംമുതൽ ചെങ്കോട്ടവരെയുള്ള റയിൽപ്പാത പണിയിക്കയും അതിൽനിന്നും ആദായം കിട്ടുന്നില്ല എന്നു കാണുകയും ചെയ്തപ്പോൾ അതിനെക്കുറിച്ചു അന്വേഷിക്കുവാൻ ഒരു കമ്മിററിയെ നിയമിക്കപ്പെട്ടു. ആ കമ്മിററി ചെങ്കോട്ടയ്ക്കു ഇടവഴിയ്ക്കു ചുററുള്ള മയിൽ ദൂരത്തേക്കുള്ള ഭൂമികളെ വനമല്ലാതാക്കണം എന്നു ഈ കമ്മിററി ഉപദേശിച്ചു. അനേകം കൊല്ലങ്ങൾക്കുമുമ്പേതന്നെ അവയെ വനമല്ലാതാക്കുകയും ചെയ്തു. എന്നിട്ടും അവ ഇപ്പോഴും കൃഷി ചെയ്യപ്പെടാതെതന്നെ കിടക്കുന്നു. തിരുവനന്തപുരം വഴിയാത്ര ചെയ്യുന്ന ഏതു വനം ഈ സംഗതി കാണാവുന്നതാണ്. വെസ്റ്റർൻഘാട്ട് റോഡ്വഴി സഞ്ചാരത്തെ പരിമിതപ്പെടുത്തുന്നതിനായും അവിടെ ചെന്നു കുടിയേറി പാർക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിനായും ആ റോഡിന്റെ വശത്തു ൧൫൦ ഏക്കറോളം പ്രദേശം അടുത്തകാലത്തു വനമല്ലാതാക്കപ്പെട്ടു. ആ പ്രദേശത്തെ വനമല്ലാതാക്കിട്ടു അഞ്ചാറു കൊല്ലം കഴിഞ്ഞിരിക്കുന്നു. എന്നാൽ യാതൊരു കുടിപാർപ്പുകാരനേയും കാണുവാൻ എനിക്കു കഴിയുന്നില്ല. അവിടെ സ്ഥിരമായ കൃഷിയും ചെയ്തിട്ടില്ല. ഏതാദൃശോദാഹരണങ്ങൾ അനേകം പറയാം. തടിയും മററു വിളവും വഹിപ്പിക്കുന്നതിനുവേണ്ടിയാണ്, അവയെ കടത്തികൊണ്ടുപോകുന്നതിനുള്ള ചിലവു ഇപ്പോഴും വളരെ അധികം ആയിരിക്കുകകൊണ്ടു അവയെ വലിയ ദൂരത്തേക്കു കടത്തികൊണ്ടുപോകാൻ കഴിയുന്നില്ല. റിസർവുകളെ ഇനിയും ഉള്ളിലോട്ടു അകലെയായി മാററുന്നതായാൽ നമ്മുടെ വനങ്ങൾ കാലക്രമത്തിനു ആദായകരങ്ങൾ അല്ലാത്തവയായി തീരും.

മി. തോമസ് പറഞ്ഞ മറെറാരുകാര്യം കൺസർവേറേറർ ചെയ്യുന്ന ഉപദേശങ്ങളെ സംബന്ധിച്ചാണ്. ഇതിനു എന്റെ അഭിപ്രായം അദ്ദേഹത്തിന്റെയിൽനിന്നു ഭിന്നമാണ്. വനമല്ലാതാക്കുന്ന നടപടിയെ എന്റെ മുൻഗാമികൾ അംഗീകരിച്ചു വന്നിട്ടുണ്ടായിരുന്നു എന്നുവരികിൽ ന്യായമായുള്ളേടത്തു ഞാൻ ഒരിക്കലും ആക്ഷേപം പറഞ്ഞിട്ടില്ല എന്നാണു ഞാൻ മി. തോമസിനോടു പറയുന്നതു. ഭൂമികൾ പതിച്ചു കിട്ടണമെന്നുള്ള അ

പേക്ഷകൾക്കും ഭൂമികളെ വനമല്ലാതാക്കുന്ന കാര്യത്തിലും വിരോധിക്കാൻ എല്ലാ കൺസർവേറേറർമാരും കടപ്പെട്ടിരിക്കുന്നു എന്ന അഭിപ്രായപ്പെട്ടു അവസാനിപ്പിച്ചതിനു മി. തോമസ് ഖേദപ്രകടിയിച്ചതായി കാണിച്ചു.

ഇനി കുടിവക വസ്തുക്കളിൽനിന്നു വൃക്ഷങ്ങൾ മാറുന്ന കാര്യത്തിൽ ചില [illegible] മി. തോമസ് ചൂണ്ടിക്കാണിച്ചു എന്നാൽ ഞങ്ങൾ [illegible] വൃക്ഷങ്ങൾ വിറകുകഴിക്കാനോ ഈ ഇരുമ്പു വൃക്ഷങ്ങളും [illegible] മറവെള്ളവയിൽനിന്നു ആവശ്യം തിരിച്ചറിയുന്നതു അസാദ്ധ്യം [illegible] വൃക്ഷങ്ങളെ നാം ശരിയായി പരിരക്ഷിക്കേണ്ടിയിരുന്നാൽ [illegible] എണ്ണം കൂട്ടേണ്ടിയിരുന്നു, കൂടിടങ്ങൾ പണിയിക്കുന്നവർക്കു ചുള്ള [illegible] വൃക്ഷങ്ങൾ [illegible] ആശ്രയപ്പെടുന്നതായ വൃക്ഷമുകുളസ്ഥാനമാക്കുന്നു മി. തോമസ് ചൂണ്ടിക്കാണിച്ചതുപോലെയുള്ള മറ്റു [illegible] സംഗതികളും ഉണ്ട്. രാജകീയ വൃക്ഷങ്ങളെ സംബന്ധിച്ചു [illegible] കമ്മിറ്റി ഈ വിഷയമത്തെയും പരിശോധിച്ചു. [illegible] ചിട്ടു എന്തെന്നു [illegible] ചെയ്യാൻ എനിക്കു സാധിക്കുന്നില്ല. കഴിയുന്നിടത്തോളം ഈ ന്യൂനതകളെ പരിഹരിക്കണം എന്നാകുന്നു ഗവർണ്ണമെന്റിന്റെ ഉദ്ദേശ്യം. [illegible] ചെയ്യുന്നതിനു [illegible] ചെയ്തിട്ടുണ്ട്. [illegible] മിച്ചമുള്ള [illegible] തന്നെ [illegible] ചെയ്തിട്ടുണ്ട്.

മി. [illegible] കുഞ്ഞിരാമമേനോൻ (മൂന്നാറിലെ [illegible] മി. [illegible] ഉപദേശപരമായ അഭിപ്രായപ്രകടനം. [illegible] ഈ രാജ്യത്തു ഇറക്കുമതി ചെയ്യുന്ന ആഹാരസാധനങ്ങളുടെ വിലയോടു [illegible] ജനസംഖ്യ ജനങ്ങളുടെ ഭാരത്തിനും ഇവയെല്ലാം ആലോചിക്കേണ്ടതാണെന്നും [illegible] ഇട്ടിരിക്കുന്നതു ശരിയല്ലെന്നും കൃഷിക്കുപയോഗ്യമായ ഒരു വലിയ ഭാഗം സ്ഥലം റിസർവിങ്ങിനു വിട്ടുത്തിക്കൊടുക്കാൻ ഞങ്ങൾക്കു പതിച്ചു കൊടുക്കേണ്ടതാണെന്നും ഉടൻ പറഞ്ഞേക്കുന്നു. ഈ അഭിപ്രായം ഇതിനുമുമ്പു പല അവസരങ്ങളിലും ഈ സഭയിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളതാണ്. ഇപ്പോൾ ഈ രാജ്യത്തെ കായലുകളും തുടവക്കുഭൂമികളും ഒഴിച്ചാൽ ബാക്കിയുള്ള സ്ഥലത്തിന്റെ പകുതി റിസർവ് വനമാക്കിയിട്ടിരിക്കുകയാണ്. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ചു കൃഷി ചെയ്യാൻ സ്ഥലമില്ലാതെവരുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗം പ്രധാനമായി കൃഷിയെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു്. കൃഷിക്കുപയുക്തമായ സ്ഥലങ്ങളിൽ ഒരു വലിയ ഭാഗവും ഇപ്പോൾ റിസർവിനു കൂടുകിയിട്ടിരിക്കുകയാണ്. നമ്മുടെ ആഹാരസാധനമായ നെല്ലിനും അരിക്കുമോത്രം ഇവിടെനിന്നും [illegible] അന്യരാജ്യങ്ങളിലേക്കയക്കുന്നുണ്ട്. ഇവിടെ കൃഷിക്കുപയുക്തമായ സ്ഥലം ധാരാളം ഉണ്ടായിരിക്കെ ഇത്രവളരെ പണം ആഹാരസാധനങ്ങൾക്കായി അന്യരാജ്യങ്ങളിലേക്കു അയക്കുന്നതു വളരെ കഷ്ടം തന്നെ. ഇപ്പോൾ റിസർവിനകത്തുള്ള പല സ്ഥലങ്ങളും പുരാതനകാലത്തു കൃഷിചെയ്തുപോരുന്നവ എന്നു കാണിക്കുന്ന അനേകം ലക്ഷ്യങ്ങൾ ഉണ്ട്. റിസർവിനകത്തു ക്ഷേത്രങ്ങളുടേയും ഗ്രാമങ്ങളുടേയും അവശിഷ്ടങ്ങളും കുളങ്ങളും എല്ലാം ഇപ്പോഴും ഉണ്ട്. ഞാൻ ചമ്പപ്പനിലക്കമ്മിറ്റിയിൽ മെമ്പറായിരുന്നപ്പോൾ മറ്റു മെമ്പർമാരോടുകൂടി മൂവാറുപുഴതാഴ്വരയിലെ റിസർവ് വനത്തിൽ പല സ്ഥലങ്ങളും പരിശോധിച്ചിട്ടുണ്ട്. അപ്പോൾ എനിക്കു ഇതു കുറേകൂടി ബോദ്ധ്യപ്പെട്ടു. പ്രജാസഭയിലും മററു പുറത്തുള്ളിടത്തും വാദമായിട്ടാണ് ഇതിനെക്കുറിച്ചു ഒരു കമ്മിറ്റി ഏർപ്പെടുത്തിയതു്. [illegible] കമ്മിറ്റി ഏർപ്പെടുത്തി. അപ്പോൾ മൂവാറുപുഴ [illegible] കുന്നത്തുനാട് ഈ താലൂക്കുകളിലും ഓരോ കമ്മിറ്റി വേണമെന്നു വരുത്തപ്പെടുകയും അതനുസരിച്ചു ഏർപ്പെടുത്തിയ മൂവാറുപുഴ കമ്മിറ്റിയിൽ ഞാനും ഒരു മെമ്പറായിരുന്നു. ഭൂരിപക്ഷം അനുഭവസ്ഥരായ മെമ്പർമാരും ചേർന്നു തയ്യാറാക്കിട്ടുള്ള റിപ്പോർട്ടു അനുസരിച്ചുള്ള സ്ഥലങ്ങൾക്കെന്നും പതിച്ചുകൊടുത്തിട്ടില്ല. റിസർവിനിന്നു ഒരു ഒമ്പതിനകത്തും ആറുകളുടേയും തോടുകളുടേയും സമീപത്തുള്ളതുമായ സ്ഥലങ്ങളെത്രയെ പതിച്ചുകൊടുക്കണമെന്നു പറയുന്നുള്ളു. റിസർവിനു വളരെ ഉള്ളിൽ കടക്കേണ്ട ആവശ്യമുണ്ടായില്ല. റിസർവിനു ദോഷമുള്ള സ്ഥലങ്ങൾ ഞങ്ങൾ ലിസ്റ്റിൽ കേറ്റിട്ടില്ല. ഈ ഇപ്പോൾ പറഞ്ഞതന്നെ കുന്നത്തുനാട്ടു താലൂക്കിലെ ചമ്പപ്പനിലക്കമ്മിറ്റിയിലെയിന്നും അനുഭവസ്ഥ മെമ്പർമാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടനുസരിച്ചുള്ള ഭൂമികളും പതിച്ചുകൊടുത്തിട്ടില്ല. കൺസർവേറേറർ ഭൂമി പതിച്ചുകൊടുക്കുന്നതു റിസർവിനു ദോഷമാണെന്നു ഗവർണ്ണമെന്റിലേക്കു എഴുതിയതുകൊണ്ടായിരിക്കാം പതിച്ചുകൊടുക്കാത്തതു്. അങ്ങനെ കൺസർവേറേറർ എഴുതിട്ടുള്ളതായി വിശ്വസിക്കാൻ കാരണം ഉണ്ട്. അദ്ദേഹം ഞാനുമായുള്ള അഭിമുഖസംഭാഷണത്തിൽതന്നെ അദ്ദേഹം ഇതു അഭിപ്രായം എന്നോടും പറഞ്ഞിട്ടുണ്ട്.

ഈ രാജ്യത്തു ഗ്രസ്ഥന്മാരുടെ കാലക്രമേണ ചെയ്യാൻ ഭൂമി യാതൊരു മാർഗ്ഗം ഇല്ല. ഒരാളിനു കൃഷി ചെയ്യുന്നതിനു ഒരേക്കർ സ്ഥലംപോലും ശരാശരി ഇവിടെ ഇല്ല. ഇതു വളരെ കഷ്ടമാണ്. അതിനാൽ റിസർവിൽനിന്നും കൃഷിക്കുപയുക്തങ്ങളായ സ്ഥലങ്ങളിൽ രണ്ടോ രണ്ടരയോ ലക്ഷം ഏക്കർസ്ഥലം ഒഴിച്ചു മാറ്റിവിടാതെ കുറേഭാഗം അധികൃത വർഗ്ഗക്കാർക്കും കുറേഭാഗങ്ങളെ അതാതുതാലൂക്കിലെ മിനിഷ്ടറിക്കു ഇഷ്ടമില്ലാത്തവർക്കും പതിച്ചുകൊടുക്കേണ്ടതും ശേഷം ചെറിയ ഭാഗങ്ങളായി മേലാൽ ചെയ്യുന്നതും രാജ്യക്ഷേമത്തിനു ആവശ്യമാണ്. ഇതിൽനിന്നും ഒരുകോടിരൂപയോളം ഗവർണ്മെന്റിനു അധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നതിനോ അല്ലെങ്കിൽ മരയിൽവെ തുറക്കുന്നതിനോ ഉപയോഗപ്പെടുത്തുന്നതാണ്. അതുകൊണ്ടു രാജ്യത്തു കൃഷി അഭിവൃദ്ധിപ്പെടുകയും ജനങ്ങൾക്കു ക്ഷേമം ഉണ്ടാവുകയുംചെയ്യും. നെല്ലുകൃഷി മാത്രംചെയ്താൽപോരാ. മററു കൃഷികളുംചെയ്യണം. അതായതു റബ്ബർ, കുരുമുളക്, തേയില, കുരുമുളകു കൃഷിചെയ്യാൻ അന്യരാജ്യങ്ങളിലേക്കു കയററുമതിചെയ്യാം. ആ പണംകൊണ്ടു നെല്ലിനും അരിക്കും വേണ്ടുന്ന പണത്തിന്റെ നഷ്ടം നിർത്താം. അതിലേക്കു ദാഹരണമായിട്ടു തേയിലകൃഷിക്കുപയോഗമുള്ള സ്ഥലങ്ങളെടുത്തു എടുക്കാം. ഇവിടെ തേയിലകൃഷിക്കു യൂറോപ്യന്മാർക്കു ധാരാളംസ്ഥലം കൊടുത്തിട്ടുണ്ട്. യൂറോപ്യന്മാർക്കു സ്ഥലം കൊടുക്കുന്നതു തെററാണെന്നു ഞാൻ പറയുന്നില്ല. അവർ ആദ്യം കൃഷിചെയ്തുതുടങ്ങിയതുകൊണ്ടാണ് നാട്ടുകാർക്കു അവരെ അനുകരിക്കാൻ സാധിച്ചതു്.

മി. [illegible] ജോസഫ് (മീനച്ചിലും മേലുകാവും): യൂറോപ്യന്മാർക്കു ഇനിയും ഭൂമി പതിച്ചുകൊടുക്കണമെന്നാണോ പറയുന്നതു്?

മി. തയ്യത്തു കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൊടുക്കണമെന്നോ കൊടുക്കണ്ട എന്നൊ ഞാൻ ഖണ്ഡിച്ചു പറയുന്നില്ല. ആളും അവക്ക കുറഞ്ഞ സ്ഥലം കൊടുത്തതുകൊണ്ടാണ് നമുക്ക ഒക്കാത്തമായ കൃഷികൾ കാണാൻ ഇടയായതു. എന്നാൽ ഈ നാട്ടുകാക്ക വേണ്ടാത്ത ഭൂമിയെ അവക്ക കൊടുക്കാവൂ. (ചിരി) ആളും നാട്ടുകാക്കുതന്നെ ഭൂമി പതിച്ചുകൊടുക്കണം. തേയിലകൃഷിക്ക കൊള്ളാവുന്ന അനവധി സ്ഥലങ്ങൾ റിസർവിൽ ഉണ്ട്. തേയില കൃഷിചെയ്യുന്നതിന്ന സ്ഥലം ധാരാളം വേണ്ടതുള്ളതുകൊണ്ടു നൂറു നൂറു ഏക്കറായി തിരിച്ചു ലേലം ചെയ്തുകൊടുത്താൽ മതി. കുറഞ്ഞ തുകവിലക്ക വിദേശികൾക്ക കൊടുക്കരുതു്. പീരുമേട്ടിനും കോട്ടയത്തക്കും മദ്ധ്യേയുള്ള റോഡിന്റെ രണ്ടുകരകളിലും ധാരാളം കൃഷിചെയ്യുന്നുണ്ട്. എന്നാൽ മൂവാററുപുഴക്കും ദേവികുളത്തിനും മദ്ധ്യേയുള്ള റോഡിന്റെ രണ്ടുകരകളിലും കാട്ടാനകളും കരടികളും വസിക്കുകയാണ്. എവിടെഎല്ലാം ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ അവിടെഎല്ലാം അവർ കൃഷിചെയ്തിട്ടുണ്ട്. പതിഞ്ഞിട്ടുള്ള ഭൂമികൾ ഒന്നും തരിശായിട്ടു കിടപ്പില്ല. കൃഷിക്ക ഉത്സാഹമില്ലെങ്കിൽ ഭൂമി പതിച്ചെടുക്കേണ്ട ആവശ്യം ഇല്ലാതില്ല. തമസൂരിപ്പുംമററും മലയിൽ ഭൂമി വെറുതേകൊടുത്താലും കൃഷിചെയ്യാൻ ആളില്ല. അവിടെയാണ് ലാൻഡ് കാളനൈസേഷൻ റൂൾസ്സ് ആവശ്യമുള്ളതു. ഇവിടത്തെസ്ഥിതി അങ്ങനെയല്ല ഇവിടെഭൂമി പതിച്ചുകൊടുത്താൽ സ്ഥിരമായി കൃഷിചെയ്യാൻ എവിടെയും ആളുകൾഉണ്ട്.

അതുകൊണ്ടു ഇപ്പോൾ റിസർവിൽ കുടുക്കിയിട്ടിരിക്കുന്ന ഭൂമിയിൽനിന്നും രണ്ടോ രണ്ടരയോ ലക്ഷം ഏക്കർ സ്ഥലം പതിച്ചുകൊടുക്കണം. ഇപ്പോൾ റിസർവു ഫാറസ്റ്റിൽനിന്നു വലിയ ആദായം ഒന്നുംഇല്ല. ആനക്കൊമ്പു, ഏലം, കുന്തിരിക്കം, തദി മുതലായവയിൽനിന്നും കിട്ടുന്ന ആദായം എല്ലാംകൂടി കണക്കാക്കിയാൽ വരവു ഏകദേശം ൧൫,൦൦൦ രൂപായാണ്. ചിലവു ൧൨,൦൦൦ രൂപയുമാണ്. ഇതിൽ ബാക്കിയുള്ള ൩ ലക്ഷം രൂപാ പുരയിടങ്ങളിൽനിൽക്കുന്ന തേക്കുതടിയിൽനിന്നും കിട്ടുന്ന ആദായമാണ്. അതു നീക്കിയാൽ റിസർവിൽനിന്നും യാതൊരാദായവും ഇല്ലെന്നു കാണാം.

രാജ്യത്തു പകുതിഭാഗം കാട്ടുജന്തുക്കൾക്ക വസിക്കുന്നതിനും പകുതിഭാഗം ൪ ലക്ഷം ജനങ്ങൾക്ക കൃഷിചെയ്തുപജീവനം കഴിക്കുന്നതിനും ഇട്ടിരിക്കുന്ന നയം ഇനിയും വച്ചുകൊണ്ടിരുന്നാൽ രാജ്യത്തിന്റെ ഐശ്വര്യത്തിന്നു ഹാനികരമായി തീരുന്നതാണല്ലൊ. ക്ലിപ്തകാലത്തിനുള്ളിൽ പതിച്ചുകൊടുക്കുന്ന ഭൂമികളിൽ കൃഷിചെയ്തില്ലെങ്കിൽ തിരികെച്ചുടുക്കാമെന്നു വ്യവസ്ഥചെയ്യാം.

കുറെക്കാലം തേക്കുതടിക്ക ഒരു കമ്മിട്ടിയെ ഏർപ്പെടുത്തി ഞാനും അതിൽ ഒരുമെമ്പർ ആയിരുന്നു. ആ കമ്മിട്ടിറിപ്പോർട്ട് സമർപ്പിക്കുമ്പോൾ വല്ലതും ഗുണം ഉണ്ടാകുമെന്നു വിചാരിച്ചു പക്ഷെ ഒരു ഫലവുമില്ല. എന്നാൽ കുടികളുടെവക പുരയിടങ്ങളിൽനിൽക്കുന്ന തടിയെല്ലാം കുടികളുടെ വകയാണെന്നു വയ്ക്കുന്നതുകൊണ്ടു ഗവണ്മെന്റിന്നു ഒരു നഷ്ടവുമില്ല. പുരയിടങ്ങളിൽ തേക്കുതടി തന്നിയെ വളർന്നാലും നട്ടു വളർത്തിയാലും ഗവണ്മെന്റിന്നു ആദായം കിട്ടുകയുംചെയ്യും. അതിമേക്ക ഒരു തിരുവ ഏർപ്പെടുത്തിയാൽ മതി. പണ്ടു കരുമുളകു എല്ലാം ഗവണ്മെന്റിന്റെ വകയായിരുന്നു. ചുരങ്ങിയവില അതായതു നേർവില മാത്രമെ ജനങ്ങൾക്ക ലഭിച്ചു വന്നിരുന്നുള്ളു. മുളകുമദിഗ്ലീല എന്നൊരു ഏർപ്പാടുണ്ടായിരുന്നു. അക്കാലത്തു ജനങ്ങൾ മുളകുകൊടി വെട്ടിപ്പറിച്ചു. ഒടുവിൽ കരുമുളകിന്നു തിരുവ ഏർപ്പെടുത്തുകയും സ്വാതന്ത്ര്യമായി കൃഷിചെയ്തുകൂടുവാൻ അനുവദിക്കുകയും ചെയ്തതിന്റെശേഷമാണ് ആദായം കിട്ടുതുടങ്ങിയതു്. അതു തേക്കുതടിയുടെ കാര്യത്തിലും യോജിക്കും.

മി. സി. പി. തോമസ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): നിങ്ങൾ ഈ കമ്മിട്ടിയിൽ ഒരു മെമ്പർ ആയിരുന്നുവല്ലൊ നിങ്ങൾ സമർപ്പിച്ച റിപ്പോർട്ടിൽ എന്തെല്ലാമാണ് അടങ്ങിയിരുന്നതു്?

മി. തയ്യത്തു കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): രാജകീയവൃക്ഷക്കമ്മററി, ഫ്രീപാസ്സു കമ്മററി ഇതുവരെ റിപ്പോർട്ടു തയ്യാറാക്കിട്ടില്ല. കൺസീനർ മീററിംഗ് വിളിച്ചുകൂട്ടുന്നില്ല. അതിൽ ഫ്രീപാസ്സു കമ്മിററിയുടെ റിപ്പോർട്ടു ഈകൌൺസിലിൽ ആകട്ടെ ഗസററിലാകട്ടെ പരസ്യംചെയ്തിട്ടില്ല. ഞാൻ മൊബരാചിരുന്ന ചമ്പപ്പുനിലക്കമ്മററിയുടെ റിപ്പോർട്ടു ഭൂരിപക്ഷം അനുദ്യോഗസ്ഥമെമ്പർമാരുടെഭിന്നറിപ്പോർട്ടുസഹിതം സമർപ്പിച്ചു ഭൂരിപക്ഷം ഭിന്നറിപ്പോർട്ടിൽ പറയുന്ന സ്ഥലങ്ങൾഒന്നും പതിച്ചുകൊടുക്കാൻ പാടില്ലെന്നാണ് കൺസർവേററരുടെ അഭിപ്രായമെന്നുകേട്ടു ആ റിപ്പോർട്ടുകൾ ഒന്നും ഇതുവരെ വെളിക്ക വന്നിട്ടില്ല.

മി. സി. പി. തോമസ്. (ഗവണ്മെണ്ടു നിയമിച്ചമെമ്പർ): സർ, ഞാൻ പറഞ്ഞതായ നിയമപ്രശ്നങ്ങൾ എന്റെ സ്നേഹിതൻ മി. തയ്യത്തു കുഞ്ഞിതൊമ്മന്റെ പ്രസംഗത്താൽ സ്ഥിരപ്പെടുത്തപ്പെട്ടിട്ടുണ്ട്, എന്നു കാണുന്നതിൽ വളരെ ചരിതാർത്ഥ്യം ഉണ്ട്. ഞാൻ ഓർമ്മപ്പെടുത്തിപറയണം എന്നു ആഗ്രഹിക്കുന്നതു വളർത്തുകാടായി ഒഴിച്ചിടപ്പെട്ട വനങ്ങളിൽനിന്നു കൂടുതൽ പ്രദേശങ്ങളെ കൃഷിക്കായി വിട്ടുകൊടുക്കുന്ന കാര്യത്തിൽ ജനങ്ങളുടെ ആവശ്യങ്ങളെ സാധിപ്പിക്കാൻ ഗവണ്മെണ്ടു തീരെ ഉൽക്കണ്ഠിതരായിരിക്കുന്നില്ല എന്നുള്ളതാകുന്നു. ഏതാദ്ദേശപ്രദേശങ്ങളിൽ ഒരു ഇനം ആയ ചമ്പപ്പുനിലങ്ങളെസംബന്ധിച്ചു ഒരു കമ്മിട്ടി നിയമിക്കപ്പെട്ടിരുന്നു മി. കുഞ്ഞിതൊമ്മൻ മെമ്പറായിരുന്നിരുന്ന ആ കമ്മററിയുടെ റിപ്പോർട്ട് ഇതുവരെ വെളിക്ക വന്നിട്ടില്ല എന്നു മി. കുഞ്ഞിതൊമ്മൻ ഇപ്പോൾ നമ്മോടു പറയുന്നു. പ്രജാസഭയിലെ അനേകം യോഗങ്ങളിലും അതിൽ പിന്നീടു ഈ സഭയിലും ജനങ്ങൾ മുടക്കായി അറിയിച്ചതിന്റെ ഫലമായി ആ വിധം കമ്മിട്ടികൾ നിയമിക്കപ്പെട്ടു എന്നു ഞാൻ ഓർക്കുന്നു. ഈ നിവേദനങ്ങൾ എത്ര ബലവത്തായി അറിയിക്കപ്പെട്ടു എന്നുള്ളതിനെ ഓർക്കുമ്പോൾ ഗവണ്മെണ്ടും ഈ സഭയുംചേർന്നു നിയമിച്ചിട്ടുള്ള ഒരു കമ്മിട്ടി അയച്ചിട്ടുള്ള റിപ്പോർട്ടിനെക്കുറിച്ചു ജനങ്ങളെ ധരിപ്പിക്കുവാൻ ഗവണ്മെണ്ടിന്നു ധൈര്യം ഉണ്ടായിട്ടില്ല എന്നുകാണുന്നതു നിർഭാഗ്യമായും വളരെ വ്യസനകരമായ കാര്യം ആകുന്നു. കൃഷിചെയ്യാൻ കൂടുതൽപ്രദേശങ്ങൾ ലഭിക്കണം എന്നുള്ള ജനങ്ങളുടെ ആവശ്യം കഴിയുന്നിടത്തോളം സാധിപ്പിക്കത്തക്കവണ്ണം ഈ വിഷയത്തെ സകലവിധ ശ്രദ്ധയോടും ഗൗരവത്തിലോടുകൂടി തീർപ്പുപ്പെടുത്തേണ്ടതു അത്യന്താപേക്ഷിതവും സർവപ്രധാനവുമാണെന്നു ഗവണ്മെന്റിനെ ഒരിക്കൽകൂടി ബഹുമാനിച്ചു ഓർമ്മപ്പെടുത്തുന്നു.

ചമ്പപ്പുനിലങ്ങൾ മാത്രമല്ല വാസ്തവത്തിൽ വനങ്ങൾ അല്ലാത്തതും എന്നാൽ വനങ്ങളുടെ പരിരക്ഷണത്തിനായിമാത്രം ഉദ്ദേശിച്ചിരിക്കുന്നതായി വിചാരിക്കപ്പെട്ടിരിക്കുന്നതുംആയി റിസർവുകൾക്കുള്ളിൽ കിടക്കുന്ന മററിനം വസ്തുക്കളേയും കൂടി ആലോചിക്കേണ്ടതു ആവശ്യമാണെന്നും ഈ പ്രസംഗം അവസാനിപ്പിക്കും മുമ്പെ ഞാൻ അറിയിക്കുന്നു. അവയെ വനമല്ലാതാക്കുന്ന സംഗതിയെ ഒരു സമർത്ഥമായ ജനസംഘം കുറിപ്പെട്ടു പരിശ്രമിക്കുകയും അതിന്മേൽ തീർച്ചജനിപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ). സർ, നെല്ലൊഴിച്ചുള്ള മററു ധാന്യങ്ങൾ കൃഷിചെയ്യുന്നതിനു ഉപയോഗയോഗ്യമായ വസ്തുക്കളെ വനം അല്ലാതാക്കുന്നതിനെ സംബന്ധിച്ച് ഞാൻ ധനപോഷണസംഘത്തിനോടു ശുപാർശചെയ്തതിന്മേൽ ആകുന്ന മണ്ണാങ്കണത്തിൽ കൃഷി നടത്താൻ സാധിക്കുമോ എന്നു അന്വേഷണം നടത്തുന്നതിനായി ഒരു കമ്മിററിയെ ഗവർണ്ണമെന്റു നിയമിച്ചതുഎന്നു ഞാൻ സഭയെ അറിയിക്കുന്നു. ഈ കമ്മിട്ടി ഈ പ്രദേശം ചെന്നുനോക്കി: വസ്തുവകയിൽ ചെന്നുനോക്കിയതിന്റെ ഫലമായി ൨,൫൦൦ ഏക്കറോളം വലുതായ നന്നു ചതുരശ്രമൈൽ വിസ്താരം ഉള്ള പ്രദേശം തേയിലയും മററും കൃഷിചെയ്യുന്നതിനു ഉപയുക്തമാണെന്നു ഗണിച്ചു വനമല്ലാതാക്കണമെന്നു അവർ അറിയിച്ചു.

മി. കെ. കെ. തോമസ് (കോട്ടയം): ആ സ്ഥലം എവിടെയാണ്.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): മണ്ണാങ്കണത്തിനു സമീപം അല്ലെന്നു

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മണ്ണാങ്കണം റിസർവിൽ നിന്നു ഒഴിച്ചു പതിച്ചുകൊടുക്കാൻ തീർച്ചപ്പെടുത്തിട്ടു എത്ര വർഷമായി?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): എനിക്കതു ഓർമ്മയില്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങോ ആറോ വർഷത്തിനുമുമ്പേ തന്നെ റിസർവിൽനിന്നു ഒഴിച്ചുപതിച്ചുകൊടുക്കണം എന്നു ഗസററിൽ പ്രസിദ്ധപ്പെടുത്തിയതായി അറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): പരസ്യം ചെയ്തിരിക്കാം

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ നടപടിച്ചു ഏതുകൊണ്ടാണു നടപടിനടത്താതിരുന്നതു്.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): അതെനിക്കറിഞ്ഞുകൂടാ.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മലയാററൂർ റിസർവിൽ പാണ്ടുപാറ പോലപ്പള്ളി ഈ സ്ഥലങ്ങൾ റിസർവിൽ നിന്നു ഒഴിച്ചു പതിച്ചുകൊടുക്കാൻ തീർച്ചപ്പെടുത്തിട്ടു എത്ര വർഷമായി.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): അങ്ങോ ആറോ വർഷമായി.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു ഇതുവരെ പതിച്ചുകൊടുക്കാതെ റിസർവിൽതന്നെ ഇട്ടിരിക്കുകയാണോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ദിവാൻ മിസ്റ്റർ രാഘവയ്യാ പതിച്ചുകൊടുക്കരുതെന്നു ആർഡർ ഇട്ടിട്ടുണ്ടു. അതിരപ്പള്ളി സ്കീം പൂർത്തിയായതിനു മേൽ വേണം പതിച്ചുകൊടുക്കാൻ എന്നു ആർഡർഉണ്ടു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിരപ്പള്ളി സ്കീം നടപ്പിൽ വരുന്നതു വരെ ഭൂമികൾ പതിച്ചുകൊടുക്കരുതെന്നു കൺസർവേറ്റർ ഗവർണ്ണമെന്റിനോടു ശുപാർശചെയ്തിട്ടുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഇല്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ-മേവികുളം റോഡിനരികിലുള്ള "കുഞ്ചിയാറ" എന്ന സ്ഥലം റിസർവിൽനിന്നു ഒഴിച്ചു പതിച്ചുകൊടുക്കണംഎന്നു ദിവാൻ മി. കൃഷ്ണൻനായരുടെ കാലത്തു തീർച്ചചെയ്തിരുന്നില്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഉണ്ടായിരുന്നു.

മി. തരിയത്തുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു പതിച്ചുകൊടുക്കാതിരിക്കുന്നതിനു മുമ്പുള്ള കാരണം എന്താണ്.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ) അതറിഞ്ഞുകൂടാ.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആ സ്ഥലം റിസർവിനു പുറത്താണോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): റിസർവിനകത്തുതന്നെ.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അടുത്ത കാലത്തു രണ്ടു റിസർവുകൾക്കു മുട്ടിച്ചതായിട്ടു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറഞ്ഞുകാണുന്നല്ലോ. അതു കൺസർവേറ്ററുടെ അഭിപ്രായം അനുസരിച്ചാണോ?

മി. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഏതുസ്ഥലം അന്വേഷിച്ചറിഞ്ഞാൽ പറയാം.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കോട്ടപ്പാറയ്ക്കടുത്തുള്ള രണ്ടു റിസർവുകൾ കൂട്ടിച്ചേർത്തിട്ടുണ്ടു. ഈ രണ്ടു റിസർവുകൾക്കു മുട്ടുണ്ടെന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇപ്രകാരം കൂട്ടിയതെന്തുകൊണ്ടാണ്.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): അതു ഇപ്പോൾ പൂർണ്ണമായി ചേർത്തതല്ല ഇപ്പോൾ നോട്ടിഫിക്കേഷൻ അയച്ചതേയുള്ളു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴാണ് അതു സ്ഥിരപ്പെടുത്തിയതല്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): റിസർവു മുമ്പേചെയ്തുകഴിഞ്ഞു. അവസാനമായി ഇപ്പോഴാണ് നോട്ടിഫിക്കേഷൻ അയച്ചതു.

അങ്ങനെ കോതമംഗലത്തും സമ്പുഷ്ടമായ സ്ഥലങ്ങളിൽ ചിലതിലുള്ള പ്രദേശങ്ങളെ വനമല്ലാതാക്കണം എന്നായിരിക്കണം മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ആഗ്രഹിക്കുന്നതു. നിശ്ചയമായും ഞാൻ ഇതിനുമുമ്പിലെ വിവരിച്ചുപറഞ്ഞിട്ടുള്ള കാരണങ്ങളാൽ ഈ പ്രദേശങ്ങളെ വനമല്ലാതാക്കുന്നതു സാധ്യമല്ല. എന്നാൽ വനാധിപ്പാർട്ടുമെൻറിലെക്കു യാതൊരു ഉപയോഗവും ഉണ്ടായിരിക്കാൻ ഇടയില്ലാത്തതും നേരത്തെ കൃഷിചെയ്യാൻ മറെറവിധത്തിൽ പ്രയോജനപ്പെടുത്തുന്നതും രാജ്യത്തിനു ഗുണസംബന്ധമായ കാര്യങ്ങളെയും മററു അവസ്ഥകളേയും സാമാന്യമായി ബാധിക്കാനുതകുന്നതുമായ പ്രദേശങ്ങളെ വനമല്ലാതാക്കുന്നതിൽ യാതൊരാക്ഷേപവും എനിക്കില്ല. ഇതിനു ഉദാഹരണമായി പള്ളിവാശൽ പ്രദേശത്തെ എടുക്കാം. അതിനു താഴ്വശത്തു നല്ലവണ്ണം ഉയർന്നസ്ഥലം തേയിലയ്ക്കുതകുന്ന ഒന്നാണ്. സ്ഥലം ഉഷ്ണപ്രദേശമാകയാൽ ഈ ഡിപ്പാർട്ടുമെൻറിനു അധികം ഉപ

യാഗമല്ലതല്ല. എന്നാൽ ഇതേവരെ യാതൊരു അപേക്ഷയും ലഭിച്ചിട്ടുണ്ടോഎന്നു എനിക്കു അറിയാൻപാടില്ല. ഇവിടെ ൨൦,൦൦൦ ഏക്കറിൽപരംപ്രദേശം കുടികളുടെ പേരിൽ പതിക്കാംഎന്നു ഞങ്ങൾ എഴുതി അയച്ചിട്ടുണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): ദേവികുളത്തും പീരുമേട്ടിലും തേയിലകൃഷി നടത്തുന്നതിൽ ചില വിൽ വ്യത്യാസം ഉണ്ടെന്നു അദ്ദേഹത്തിനു അറിയാമോഎന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുക്കോടിപ്പിള്ള (വനംകാൺസർവെട്ടർ): പള്ളിവാശലിൽ ഉള്ള ചില ദേവികുളത്തേക്കാൾ താണനിരപ്പിൽആണ്. ക്ഷോതമുടെയുള്ളു നിന്നു ഈ പ്രദേശത്തേക്കു എളുപ്പത്തിൽ പ്രവേശിക്കുന്നതിനു ഒരു റോഡ് ഉണ്ടാക്കണംഎന്നും ഞങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): ദേവികുളത്തിനു അടുത്തുള്ള പ്രദേശത്തെ നിരവിധാകോട്ടകൾ തേയിലകൃഷിക്കായി ഉപയോഗപ്പെടുത്തുംഎന്നുള്ളതു സംഭാവ്യം ഉണ്ടോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനംകൺസെർവെട്ടർ): ഇവിടെ ഇപ്പോൾ ടൈസൺവാലി എസ്റ്റേട്ട് എന്നൊരു തോട്ടം ഉണ്ടെന്നുതോന്നുന്നു. ഇതിനു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ളയ്ക്കു ബാധ്യതയുണ്ട്. ഈ തോട്ടം ദേവികുളത്തുള്ളതു അകലെയല്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ടൈസൺവാലിഎസ്റ്റേട്ട് എത്രഏക്കർ ഉണ്ടു? അതിൽ എന്തുകൃഷി നടക്കുന്നു?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കാൺസെർവെട്ടർ) അറിഞ്ഞുകൂടാ.

മി. സി. പി. തോമസ് (ഗവണ്മെൻറ് നിയമിച്ചതമ്പേർ): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം സഭയുടെ അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൨൦൪.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിലേക്കു കൊടുത്തിട്ടുള്ള ൭,൭൫,൦൦൦ രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണമെന്നാണ് എന്റെ ഉപക്ഷേപം അതു ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിന്റെ പൊതുനയത്തെപററി പ്രസ്താവിക്കലാണ്. അതിൽ മിക്കതും ഇവിടെ വിവരിച്ചുകഴിഞ്ഞു. എങ്കിലും ഇനിയും ചിലതുകൂടി പറയേണ്ടതുണ്ട്. റിസർവിനകത്തുള്ള നിലങ്ങൾ പരിശോധിച്ചു പതിച്ചുകൊടുക്കണംഎന്ന പ്രജാസഭയിലും മററും ഇടയ്ക്കായി ജനപ്രതിനിധികൾ പറഞ്ഞതിന്റെ ഫലമായിട്ടാണ് ചതുപ്പുനിലക്കമ്മിട്ടികൾ ഏർപ്പെടുത്തിയതു. അവയുടെ റിപ്പോർട്ടുകൾഎല്ലാം ഇതുവരെ പുറത്തുകൊണ്ടുവന്നിട്ടില്ല. ആ കമ്മിട്ടികളുടെ അഭിപ്രായം എന്താണ്? ആ അഭിപ്രായങ്ങൾ ഗവണ്മെന്റു എത്രമാത്രംസ്വീകരിച്ചു? മുഴുവനും സ്വീകരിച്ചിട്ടില്ലെങ്കിൽ സ്വീകരിച്ചില്ലെങ്കിൽ സ്വീകരിക്കാത്ത കാരണം എന്താണ്? എന്നെല്ലാം വിവരിച്ചു പബ്ലിക്കിന്റെ അറിവിലേക്കായി ഗസററിൽ പ്രസിദ്ധപ്പെടുത്തുകയോ റിപ്പോർട്ടിന്റെപ്രതികൾ ഈ സമാംഗങ്ങൾക്കു നൽകുകയോ ചെയ്യേണ്ടതാണ്. ജനങ്ങൾ റിസർവിനകത്തുള്ള ചതുപ്പുനിലങ്ങൾ കമ്മിററിറിപ്പോർട്ടനുസരിച്ചു പതിച്ചുകിട്ടണമെന്നു അത്യാശയോടു പ്രതീക്ഷിച്ചിരിക്കയാണ്. എന്നാൽ കമ്മിട്ടികളിലെ ഭൂരിപക്ഷം അനുദ്യോഗസ്ഥാംഗങ്ങളും ചേർന്നു മൂവാററുപുഴ കുന്നത്തുനാടു, മുതലായതാലൂക്കുകളിലെ കമ്മിട്ടികളിൽനിന്നു അയച്ചിട്ടുള്ള റിപ്പോർട്ടുകളിൽപെട്ട സ്ഥലങ്ങൾ മിക്കതും പതിച്ചുകൊടുക്കുവാൻ പാടില്ലെന്നു കൺസർവേട്ടരുടെ അഭിപ്രായപ്രകാരം ഗവണ്മെന്റു തീർച്ചപ്പെടുത്തിയിരിക്കുന്നുഎന്നാണ് ജനങ്ങളുടെ ഇടയിലുള്ളകേൾവി എന്നാൽ കമ്മിട്ടികളിലെ അനുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുകൾ വെളിക്കുവിടണമെന്നു ഈ സന്ദർഭത്തിൽ ഗവണ്മെന്റിന്റെ കടമാണ്. റോയൽ ട്രിസ്സംബന്ധിച്ചു ഈ കൗൺസിലിൽനിന്നും ഒരു കമ്മിട്ടി ഏർപ്പെടുത്തിഎങ്കിലും വർഷം നാലു കഴിഞ്ഞിട്ടും ഇതുവരെ അതു അനങ്ങാതെ കിടക്കുന്നതേയുള്ളു. അതിനാൽ ആ കമ്മിട്ടിയെ ഉടനെവിളിച്ചുകൂട്ടി കമ്മിട്ടിക്കാരുടെ റിപ്പോർട്ടു ഗവണ്മെന്റിലേക്കു അയക്കുന്നതിനായി കൺവീനറായ കൺസർവേററരോടു ഗവണ്മെന്റു ആജ്ഞാപിക്കേണ്ടതാണ്.

ഫ്രീപാസ് കമ്മിട്ടിയുടെ റിപ്പോർട്ടു ഇതുവരെ ചോദ്യങ്ങൾ ചോദിച്ചിട്ടും വെളിക്കുവന്നിട്ടില്ലാ അതും ഈ കൌൺസിലിൽനിന്നു തെരഞ്ഞെടുത്ത മെമ്പർമാരോടുകൂടിയ കമ്മിട്ടിയാണല്ലൊ. അതിന്റെ അഭിപ്രായം കൌൺസിലിനോ പൊതുജനങ്ങൾക്കോ അറിവാൻ ആവശ്യവും അർഹതയും ഉള്ളതാണല്ലൊ. ഇപ്രകാരം ഫാറസ്റ്റ്സംബന്ധിച്ചു പലകമ്മിട്ടികളുടേയും അഭിപ്രായങ്ങൾ വെളിക്കുവരാതിരിക്കുന്നതുകൊണ്ടു ആളുകൾക്കു പലതെററിദ്ധാരണകൾ ഉണ്ടാകാം. മൂവാററുപുഴയിലെ സ്വാമ്പിയേരിയാകമ്മിട്ടിയിൽ ഞാനും മെമ്പരായിരുന്നു. അനുദ്യോഗസ്ഥമെമ്പർമാരിൽ ഭൂരിപക്ഷംചേർന്നു പതിച്ചുകൊടുക്കത്തക്കസ്ഥലങ്ങളുടെ ഒരു ലിസ്റ്റ് അയച്ചിട്ടും അതിൽ യാതൊരുസ്ഥലവും ഇതുവരെ പതിച്ചുകൊടുക്കുവാൻ അനുവദിച്ചിട്ടില്ല. മൂവാററുപുഴനിന്നും ദേവികുളത്തുപോകുന്നറോഡിന്റെ രണ്ടുവശങ്ങളിലും റോഡിൽനിന്നു അരനാഴികമുതൽ ഒരുനാഴികവരെയുള്ള ഭൂമികൾ പതിച്ചുകൊടുക്കേണ്ടതാണ് റോഡിൽ ഇപ്പോൾ ജനങ്ങൾക്കു നിർഭയം സഞ്ചരിക്കാൻ പ്രയാസമാണ് റോഡിന്റെ രണ്ടുവശവും അരനാഴികവീതിയിൽ പതിച്ചുകൊടുത്താൽമതി. റിസർവിനു അതുകൊണ്ടു ദോഷമില്ല. ദോഷംവരുന്നസ്ഥലങ്ങളെ പതിച്ചുകൊടുക്കേണ്ടതാവശ്യവുംഇല്ല. പ്രസ്തുതറോഡിന്റെ രണ്ടുവശവും കണ്ണൻദേവൻകമ്പനിക്കാരുടെ തോട്ടംവരെ പതിച്ചുകൊടുക്കുവാൻ മിസ്റ്റർ കുഞ്ഞൻനായർ ദിവാൻറകുലത്തു തീർച്ചചെയ്തതാണ്, എന്നാൽ അതിൽ കുറെസ്ഥലംമാത്രമേ പതിച്ചുകൊടുത്തൊള്ളു. അതിനു ഏക്കറിനു ൩൦ രൂപാവരെ മൂല്യത്തിൽ ഗവണ്മെന്റിനു തരവിലകിട്ടി. ആ സ്ഥലം മുഴുവൻ ജനങ്ങൾ കൃഷിഇറക്കിക്കഴിഞ്ഞു. ബാക്കി സ്ഥലങ്ങളെ സംബന്ധിച്ചു ഗവണ്മെന്റു ഒന്നും ഇതുവരെചെയ്തിട്ടില്ല: അതുകഷ്ടമാണ്.

പെരിയാറിന്റെ തെക്കരീരംമുതൽ പന്ത്രണ്ടുമൈൽനീളത്തിനു യൂറോപ്യന്മാർക്കു പതിച്ചുകൊടുത്തു. അതിന്റെതെക്കു വടക്കുകിഴക്കു ഭാഗംചെയ്തു ജനങ്ങൾക്കു പതിച്ചുകൊടുക്കണം. ഏക്കറിനു ൫൦൦ രൂപായിൽ കുറയാതെ തരവിലകിട്ടു റോഡിനടുത്തും ആറിനടുത്തും മുക്കാൽമൈൽവരെ രണ്ടുവശങ്ങളിലും ഉള്ള ചതുപ്പുനിലങ്ങളെ ഞങ്ങൾ ചതുപ്പുനിലകമ്മിട്ടിറിപ്പോർട്ട് കൊടുക്കുന്നകാലത്തു സഞ്ചരിച്ചുകണ്ടിട്ടുണ്ടു. ആ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിൽ യാതൊരുതരക്കേടുംഇല്ലാഎന്നു ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു. ആ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിൽ വല്ല ദോഷവും ഉണ്ടോ എന്നു റവന്യൂകമ്മിഷണർ പരിശോധിച്ചു. ഒരു റിപ്പോർട്ട് അയക്കു

വാൻ ആജ്ഞാപിച്ചാൽ ഗവർണ്ണമെന്റിന്റെ വസ്തുവകകൾ സ്വന്തം, കുന്നത്തുനാട്ടുതാലൂക്കിൽ പോണ്ടുപ്പാറ പാലപ്പള്ളി എന്നസ്ഥലത്തു ൨൦ ഏക്കർ ചമലപ്പുസ്ഥലം പതിച്ചുകൊടുക്കണം എന്നു ദിവാൻ മിസ്റ്റർ കൃഷ്ണൻനായരുടെ കാലത്തു തീർച്ചപ്പെടുത്തിയതു ഇതുവരെ പതിച്ചുകൊടുത്തിട്ടില്ല. വനം കുറയ്ക്കണം എന്നു പറഞ്ഞുകൊണ്ടിരുന്നിട്ടും ഇപ്പോൾ കൂടുതലായി വനമെടുത്തുവരികയാണ്. ഇങ്ങനെ റിസർവ്വ്വനങ്ങളെ വർദ്ധിപ്പിച്ചാൽ രാജ്യത്തിൽഉള്ള ജനങ്ങൾ എവിടെപ്പോകും? ജനസംഖ്യ വർദ്ധിച്ചുവരുന്നല്ലോ. രാജ്യം മുഴുവൻ റിസർവ്വാക്കിയാൽ ജനങ്ങൾക്കു രക്ഷഎന്നുണ്ട്? അഞ്ചും പത്തും പക്ഷം ജനങ്ങൾ വർദ്ധിച്ചുവരുന്നു എന്നു ഓരോ ജനസംഖ്യാകാലങ്ങളിലും കാണിക്കുന്നു. ജനങ്ങൾക്കു ഉപജീവനമാർഗ്ഗം കൃഷിഅല്ലാതെ മറ്റെന്താണ് ഉള്ളത്? ഇപ്പോൾ പുതുതായി രണ്ടു റിസർവ്വുകൂടി എടുത്തിരിക്കുന്നു. റിസർവിൽനിന്നു ചിലവുചെലവിച്ചു അധികം വരവില്ലാതതും ഏതിക്കുന്നു. ജനവാസത്തിനുമേഗ്ഗ്രമാധിയും റോഡുകളുടെ അടുത്തുള്ളതുമായ പുറമേശങ്ങളെ കൃഷിക്കു ഉപയുക്തമാക്കത്തക്കവിധത്തിൽ ജനങ്ങൾ പതിച്ചുകിട്ടുംഎന്നു ജനങ്ങൾ ഉൽക്കണ്ഠയോടെ കാത്തിരിക്കയാണ്. പട്ടണവാസികളെക്കാൾ ഉൾനാട്ടിലെ കൃഷിക്കാരായ ആളുകൾക്കാണ് സ്ഥലത്തിന്റെ ദൗർലഭ്യംനിമിത്തം ഉള്ള സങ്കടവും ബുദ്ധിമുട്ടും അധികമുള്ളത്. രാജ്യവാസികളിൽ അധികവും നാട്ടുസുഖത്തുതാമസിക്കുന്ന കൃഷിക്കാരാണല്ലോ. അവരുടെ ഇടയിൽ കൃഷിക്കു ഭൂമി, ഭൂമി, എന്ന നിലവിളിയാണ് ഇപ്പോൾ കേൾക്കുന്നത്. ആളെന്നിന്നു ഓരക്കർഭൂമിപോലും ശരാശരിയില്ല. ഇനിയും റിസർവ് വർദ്ധിപ്പിക്കണം എന്നു കൺസർവേറ്ററുടെ അഭിപ്രായത്തോടു ഗവർണ്ണമെന്റു യോജിക്കുകയാണെങ്കിൽ ജനങ്ങൾ കഷ്ടപ്പെടുകയല്ലാതെ ഒന്നുമില്ല. ജനവാസസ്ഥലങ്ങളോടടുത്തുള്ള റോഡുകളുടെയും ഊടുകളുടെയും വശങ്ങളിലായി ഉടനെ ജനങ്ങൾ രണ്ടോ പക്ഷം ചുക്കർഭൂമി പതിച്ചുകൊടുത്താൽ ഒന്നോ ഒന്നരയോ കോടി രൂപാകിട്ടും. കൃഷിവർദ്ധിക്കും. ഗവർണ്ണമെന്റിന്റെ വാല്യുവാന്മാരുടെ സമ്പത്തും വർദ്ധിപ്പിക്കാം, റയിൽവേ ഇറക്കാം, എന്നിട്ടുവേണമെങ്കിൽ ഈ പണം ഉപയോഗിക്കാം, ജനങ്ങൾക്കു തൊഴിൽവർദ്ധിക്കും; വിദേശങ്ങൾക്കു ഭക്ഷണസാധനങ്ങളുടെ വിലയായി പോകുന്നതിന്റെ കയറ്റുകയും കുറയും, റിസർവിന്റെ സാരമായ കുറവുവരികയുമില്ല. പർവ്വതപ്രദേശങ്ങളൊന്നും പതിക്കേണ്ടതില്ല. താഴ്വരകളും തടങ്ങളും പതിച്ചാൽമതി. അതിനാൽ മഴ കുറയും എന്നു ഭയപ്പെടേണ്ടതില്ല.

സഭാദ്ധ്യക്ഷം ധർമ്മരക്ഷണത്തിനായി ൨ മണി അടിച്ചു ൪ മിനിട്ടായപ്പോൾ പിരിഞ്ഞു; വീണ്ടും ൩ മണിക്കു കൂടി.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവ്വേറ്റർ): ചമലപ്പുനിലങ്ങളെ സംബന്ധിച്ചു കമ്മിട്ടിയുടെ റിപ്പോർട്ട് അയക്കുന്നതിനുള്ള താമസത്തെ മിസ്റ്റർ കുഞ്ഞിരാമൻ ചോദ്യം ചെയ്തു. ഡിവിഷനൽ ഫാറസ്റ്റാഫീസുകളിൽനിന്നും വന്നിട്ടുള്ള റിപ്പോർട്ടുകൾഎല്ലാം ഉടനടി ഗവർണ്ണമെന്റിലേക്കു അയച്ചിട്ടുണ്ട് എന്നാണ് എന്റെ ഫൈലിൽനിന്നുകാണുന്നതു. അയച്ച പത്രുറിപ്പോർട്ടുകളിൽ ഒന്നുപോലും എണ്ണത്തിനു ഗവർണ്ണമെന്റു ആജ്ഞ നൽകീട്ടുണ്ടു ഇവയെകുറിച്ചുള്ള പ്രൊസീഡിംഗ്സ് എല്ലാം ഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുമുണ്ടു ഒരു റിപ്പോർട്ടുമാത്രമെ തിർച്ചയാകാതെ ഗവർണ്ണമെന്റിൽ കിടക്കുന്നുള്ളു. താമസത്തിനുകാരണം എന്താണെന്നു എനിക്കു അറിഞ്ഞുകൂടാ.

ടോട്ടിയാർത്തോട്ടത്തിനു എതിരെയുള്ള ഏതാനും പ്രദേശങ്ങളെ വനമല്ലാതാക്കേണ്ടതിനെകുറിച്ചും അദ്ദേഹം പ്രസ്താവിച്ചു. ഈ പ്രദേശത്തിന്റെ ഒരു വിവരണം ഞാൻ പറയാം അതിൽനിന്നു ഏതുവിധം പ്രദേശത്തെയാണ് വനമല്ലാതാക്കുവാൻ കമ്മിട്ടി ഉപദേശിച്ചിരിക്കുന്നതു എന്നു ഈ സഭയ്ക്കു ഏറെക്കുറെ അറിയാൻകഴിയും. ഈ പ്രദേശം ഏകദേശം ൨൫ മൈൽനീളത്തിൽ സകലജാതി വൃക്ഷങ്ങളും നിബിഡമായും സമൃദ്ധിയായും നിൽക്കുന്നതായ വനമാണ്. വൃക്ഷങ്ങൾ വളരെ നിബിഡമായിനിൽക്കുന്നതുകൊണ്ടു ഒന്നു നടന്നുപോയ കാലടികൾ മൂടിക്കിട്ടി അതിൽ ഗമിക്കാൻ തരമില്ല. ആ ഭൂമിയാണ് കൃഷിചെയ്യുന്നകാര്യത്തിലേക്കായി വനമല്ലാതാക്കണം എന്നു മിസ്റ്റർ തരിയത്തുകുഞ്ഞിരാമൻ ഇപ്പോൾ ആവശ്യപ്പെടുന്നതു. തരക്കേടു വെട്ടിമാറ്റുന്നതു തന്നെയും വളരെ പണച്ചിലവുള്ളകാര്യം തന്നെയായിരിക്കും. വളരെ അധികം പണം ചിലവാക്കാതെ അതിൽ കൃഷിചെയ്യാവുന്നതല്ല.

പടിഞ്ഞാറൻറോഡിനു അധികം ജനസാന്ദ്രതയുള്ളതാക്കുന്നതിലേക്കായി അതിന്റെ വശത്തുള്ള ഭൂമിയെയും വനമല്ലാക്കേണ്ടതിനെകുറിച്ചു അദ്ദേഹം ചിലതെല്ലാംപറഞ്ഞു കുളപ്പുഴയിൽ ആയിരം ഏക്കറും പൂവംകുട്ടിയിൽ അറുനൂറേക്കറും ഞങ്ങൾ വനത്തിൽനിന്നു ഒഴിച്ചിട്ടുണ്ടു. എന്നാൽ ഇതേവരെ ജനങ്ങൾ അവയെ കൃഷിക്കായി സ്വീകരിച്ചിട്ടില്ല. പൂവകുട്ടിപ്രദേശം ഇനിയും പതിച്ചുകൊടുക്കാതെ കിടക്കുന്നതുമുള്ളു.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): കുളപ്പുഴ പതിച്ചുകൊടുത്ത സ്ഥലം മുഴുവനും കൃഷിചെയ്തിട്ടുണ്ടെന്നറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവ്വേറ്റർ): ആശിച്ചിരുന്നതുപോലെ കൃഷി ചെയ്തിട്ടില്ല.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): ആശിച്ചിരുന്നതു എന്തു് കൃഷിയാണ്?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവ്വേറ്റർ): നെൽകൃഷി.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): കനല്ല, ലെമൺഗ്രാസ്, റബ്ബർ, മരച്ചീനി മുതലായ കൃഷികൾ അവിടെ ചെയ്യുന്നുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവ്വേറ്റർ): ഞാൻ ഈ വർഷാരംഭത്തിൽ പോയപ്പോൾ അവിടെ റബ്ബർകൃഷിയോ മരച്ചീനികൃഷിയോ ഒന്നും കണ്ടില്ല.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): അവിടെ ഒരു സെൻറു സ്ഥലംപോലും കൃഷിചെയ്യാതെ തരിശായിട്ടു കിടക്കുന്നില്ല എന്നു ആ റേഞ്ചിൽക്കൂടി കൺസർവ്വേറ്റർ സഞ്ചരിച്ചിട്ടുണ്ടെങ്കിൽ മനസ്സിലായിരിക്കും.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവ്വേറ്റർ): വർഷകാലാരംഭത്തിൽ ഒരുപക്ഷെ വിതിപ്പുകൃഷി ചെയ്തിരിക്കാം.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): മരച്ചീനി, റബ്ബർ, ലെമൺഗ്രാസ് മുതലായ കൃഷികളാണെന്നു കൺസർവ്വേറ്റർ പോയിക്കണ്ടാൽ മനസ്സിലാക്കാം.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവ്വേറ്റർ): ഇനി അടുത്തവട്ടമാകട്ടെ നോക്കാം.

കുട്ടനാട്ടുപ്രദേശത്തിൽ ഒരംശം ലേലത്തിൽ വിററതിൽ ശരാശരി ഏക്കർ ഒന്നുക്ക എസ്.ഒ രൂപാവീതം വില കൊള്ളപ്പെട്ടു. അടുത്താണ്ടു ശേഷമുള്ള ഭാഗം വിററ അതിനു വ.ം.ന മേൽ സ.ഉ രൂപായ്ക്കുകൂടെ കിട്ടിയാലുള്ളു. അപ്പോൾ റബ്ബറിനു വില വളരെ ഇടിഞ്ഞുപോയിരുന്നതിനാൽ ആളുകൾ ഈ വസ്തുവിനു പ്രിയപ്പെട്ടില്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുട്ടനാട്ടു ഏക്കറിനു സ.ം.ം രൂപായിലധികവും താഴവില കിട്ടിയതായിട്ടറിയാമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): ശരാശരിക്കു അതിനു എസ്.ഒ രൂപാ മാത്രമേ കിട്ടിയുള്ളു എന്നാണ് പേഷ്കാരുടെ റിപ്പോർട്ടിൽനിന്നു കാണുന്നതു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുട്ടനാട്ടു ഏക്കറിനു സ.ഉ.ം രൂപാവെച്ചു ചില ബ്ലോക്കുകൾക്കു ഒരേക്കറിനു താഴവില കിട്ടിയതായി അറിഞ്ഞിട്ടില്ലേ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): അറിഞ്ഞുകൂടാ.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മലയാററൂരിലുള്ള പണ്ടുപ്പാറ, പാലാപ്പള്ളി മുതലായ സ്ഥലങ്ങൾ ലേലംചെയ്താൽ ഏക്കറിനു എ.ം.ം രൂപ കിട്ടുമെന്നു വിചാരിക്കുന്നുണ്ടോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): എനിക്കു നിശ്ചയമില്ല. കിട്ടുമായിരിക്കാം.

ഇതുകൂടാതെ പൂയംകുററിയിൽ സ.ം.ം ഏക്കർ ഉള്ള ഒരു സ്ഥലവും വനത്തിൽനിന്നു ഒഴിവാക്കപ്പെട്ടു. ഞാൻ വടക്കൻഡിവിഷനിൽ ഇരുന്നപ്പോൾ ഈ സ്ഥലങ്ങൾ പതിച്ചുകിട്ടുന്നതിനായി യാതൊരു അപേക്ഷകളും ഉണ്ടായിരുന്നില്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പതിച്ചുകൊടുത്താൽ എ.ം.ം രൂപാവീതം ഏക്കറിനു താഴവില തരാമെന്നു ആളുകൾ അപേക്ഷിച്ചിട്ടുള്ളതായി അറിയാമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): അറിഞ്ഞുകൂടാ.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റെവന്യൂകമ്മിഷണരോടു ആ വിവരം ചോദിച്ചിട്ടുണ്ടോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): ഇതുവരെ ചോദിച്ചിട്ടില്ല.

ഇപ്പോൾ പൂയംകുററിയിലുള്ള സ്ഥലം പതിച്ചുകൊടുക്കപ്പെട്ടിട്ടില്ല എന്നു ഞാൻ അറിയുന്നു. ഈ വസ്തുതകളെല്ലാം ആലോചിച്ചു കുഞ്ഞിയാററിൽഉള്ള സ്ഥലത്തെ പതിച്ചുകൊടുക്കത്തക്കതാക്കേണ്ടതു എന്നു ഞാൻ ഉത്തരവു ചെയ്തു.

വേറെ ഒരു സംഗതിയെപ്പററിയും—അതായതു ഒഴിച്ചിടലിനെപ്പററിയും—മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പ്രസ്താവിച്ചു. ആണ്ടുതോറും ഒഴിച്ചിടൽ നാം വർദ്ധിപ്പിക്കുന്നു എന്നു അദ്ദേഹം പറയുകയും വർഷാന്തരറിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള രണ്ടു റിസർവുകളെപ്പററി പ്രസ്താവിക്കയുംചെയ്തു. ഭൂമികൾ ഒഴിച്ചുവയ്ക്കുന്നതിനെസംബന്ധിച്ചു ഗവൺമെൻറു ഒരു നയം ഏർപ്പെടുത്തീട്ടുണ്ട്. ഇതേവരെ ഈ നയത്തിൽനിന്നും വ്യതിചലിച്ചിട്ടില്ല എന്നു സഭയോടു ഞാൻ ഉറപ്പുപറയാം. മുമ്പു റിസർവുകളാക്കപ്പെട്ട സ്ഥലങ്ങളെ അവകാശവിചാരണനടത്തി സ്ഥിരപ്പെടുത്തുന്നതിനു ഒരു ഫാറസ്റ്റ് സെററിൽമെൻറുദ്യോഗസ്ഥൻ ഇല്ലാത്തതുനിമിത്തം ആ പണി മിന്ദിച്ചുകിടക്കുന്നു. ഇപ്പോൾ ഞങ്ങൾ വനംറെഗ്ലേഷൻ ക്രമം—ാം വകുപ്പനുസരിച്ചു ഓരോന്നിനായി പരസ്യം അയച്ചുവരുന്നു. ഈ പരസ്യങ്ങൾ ഞങ്ങൾ പുതുതായി ഭൂമികളെ ഒഴിച്ചിടുകയാണെന്നുള്ള അഭിപ്രായത്തെ മെംബർമാർക്കു ഉണ്ടാക്കിക്കാം. വാസ്തവം പറയുന്നതായാൽ പുതുതായ ഭൂമികളാഴിപ്പിക്കൽ ഒന്നും ഞങ്ങൾ തുടങ്ങുന്നില്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പുത്തൻ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ വീണ്ടും റിസർവു വർദ്ധിപ്പിച്ചതായിട്ടല്ലേ പറയുന്നതു്.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): അല്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ അല്ലേ റിസർവായി ഉറപ്പിച്ചതു്.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): ഇപ്പോൾ ഉറപ്പിക്കുതല്ല. നോട്ടിഫിക്കേഷൻ ഗസററിൽ ഒടുവിലാണു കൊടുത്തതു. മുമ്പുതന്നെ അതു റിസർവായിരുന്നു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റിസർവായിട്ടുറപ്പിച്ചതു ഇപ്പോഴാണല്ലോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): കൂടുതലായി എനിക്കൊന്നും പറയാനില്ല

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൃഷിസ്ഥലങ്ങളെ വർദ്ധിപ്പിക്കണം എന്നും അതിനു റിസർവുകളെ കുറെ കുറയ്ക്കണം എന്നും ഈ കൌൺസിൽവഴിയായി ഗവൺമെൻറിനെ ധരിപ്പിക്കാനാണു ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചിട്ടുള്ളതു. അടുത്ത കാലത്തിൽ റിസർവിൽനിന്നും ഒഴിപ്പിച്ചിട്ടുള്ള സ്ഥലങ്ങളെ ജനങ്ങൾക്കു പതിച്ചുകൊടുത്തിട്ടുണ്ട്. അങ്ങനെ കുറെ സ്ഥലങ്ങൾ പതിച്ചുകൊടുത്തതിനു നല്ല താഴവില കിട്ടീട്ടുണ്ട്. അതു കൺസർവെട്ടർ പറഞ്ഞതുപോലെ ഏക്കർ ഒന്നിനു ശരാശരി എസ്.ഒ രൂപാവീതം ആയിരിക്കും. പൂയംകുററിഗ്രൂപ്പിനുതന്നെ ലക്ഷത്തിലധികം രൂപ കിട്ടിയിരിക്കും.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെട്ടർ): ആദ്യത്തെ വർഷം ലേലംചെയ്തപ്പോൾ ശരാശരി ഏക്കറിനു എസ്.ഒ രൂപ കിട്ടിയെന്നും അടുത്തവർഷം ലേലംചെയ്തപ്പോൾ വ.ം മുതൽ സ.ം രൂപവരെ മാത്രമേ കിട്ടിയുള്ളു എന്നുമാണു പേഷ്കാർ പറഞ്ഞതു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പല വിലയ്ക്കും പോയിട്ടുണ്ട്. ഇടയ്ക്കിടെ മണ്ണും അധികം പാറയുമായിട്ടുള്ള പ്രദേശങ്ങളും ഉണ്ടായിരുന്നു. അങ്ങനെയുള്ള കുറെ ഭൂമിക്കുമാത്രമെ താഴവില കുറഞ്ഞുള്ളു. അധികവും നൂറിൽ കൂടുതൽ താഴവിലയ്ക്കാണു ലേലത്തിൽപിടിച്ചതു. ഏക്കറിനു സ.ം.ം മുതൽ സ.ഉ.ം രൂപവരെ ലേലത്തിൽ പല ബ്ലോക്കുകളും പലരും ലേലത്തിൽകൊണ്ടു. ലേലംനടക്കുമ്പോൾ ഞാൻ അവിടെയുണ്ടായിരുന്നു. ഏക്കറിനു എസ്.ം.ം രൂപാവീതം ശരാശരി കിട്ടിയെന്നാണ് കേട്ടതു. ആയിരം ഏക്കറിനു എ,സ.ം,ം.ം.ം രൂപയോളം പ്രസ്തുത സ്ഥലങ്ങളിൽനിന്നു കിട്ടിയിരിക്കും. ഇതു ചതുപ്പുനിലങ്ങൾ അല്ലായിരുന്നു. ഇങ്ങനെ ഒരുലക്ഷം ഏക്കർ കൊടുത്താൽ ഒരുകോടി രൂപ കിട്ടും. താഴവിലകൂടാതെതന്നെ കി

ട്ടും. ചതുപ്പു നിലങ്ങൾക്കു ഇതിലധികം തറവില കിട്ടും. ചതുപ്പു നിലങ്ങളിൽ വൃക്ഷങ്ങളും മറാം ഇല്ല. ഒരു വലുത് റിസർവിൽ കൂടുക്കിയിട്ടിരിക്കയാണ്. രാജ്യത്തു ആകെ അൻപതിനായിരമോ എൺപതിനായിരമോ ഏക്കർ ചതുപ്പു നിലം റിസർവിൽ കണക്കാം. അതിൽനിന്നു എന്തെയാ രൂപ തറവിലയും പ്രതിവത്സരം കരവും കിട്ടും. പുയംകുററി എന്ന സ്ഥലം പതിച്ചുകിട്ടുവാൻ പല വിദേശികളും അപേക്ഷ കൊടുത്തിട്ടുള്ളതായി കേൾക്കുന്നു. ഒന്നായി കൊടുക്കയാണെങ്കിൽ വിദേശികൾക്കു കൊടുക്കരുതെന്നും ഞാൻ ഏക്കർ ഒന്നിനു നൂറു രൂപാ വിലയായി എടുക്കാമെന്നും ഞാൻതന്നെ കമ്മിഷണരോടു പറഞ്ഞിട്ടുണ്ട്. പക്ഷെ ചില്ലറയായി ലേലം ചെയ്തു പലക്കായി കൊടുക്കണം എന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ലേലം ചെയ്താൽ ഏക്കർ ഒന്നിനു നൂറിലും കൂടുതൽ വില കിട്ടും. ഒരാത്തമായി വിദേശികൾക്കു കൊടുക്കരുത്. ഇങ്ങനെ ഭൂമി ചില്ലറയായി പതിച്ചു കൊടുത്താൽ നല്ല വില കിട്ടും. റിസർവാക്കിയിട്ടാൽ ഗവണ്മെന്റിനുള്ള ആദായം പൂജ്യമാണ്. ഫാറസ്റ്റിൽ കുറെ രൂപാ കണക്കിൽ കാണുന്നതു തേക്കുതടികളുടെ ഇനത്തിൽ ആണ്. സ്ഥിരമായ തറവിലയും കരവും തരാൻ സമ്മതമുള്ളവർക്കു സ്ഥലം പതിച്ചുകൊടുക്കണം. റിസർവിലുള്ള പർവതങ്ങളും ഉന്നതതടങ്ങളും സൂക്ഷിച്ചിട്ടിരുന്നാലെ മഴയുണ്ടാകുകയുള്ളു എന്നു പറയുമായിരിക്കാം. അതിലേയ്ക്കു പർവതങ്ങൾ ഒഴിച്ചിട്ടുകൊൾക. അങ്ങനെ ഭൂമികളെ റിസർവിൽനിന്നും ഒഴിച്ചു പതിച്ചുകൊടുക്കണമെന്നുള്ള അഭിപ്രായത്തെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ടു ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ചെലവു നയത്തെ പ്രസ്താവിക്കുന്നതിനുള്ള ഈ ഉപക്ഷേപത്തെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

ഡിമാണ്ടു VI. വനം എന്ന ഇനത്തിൽ ൧'൭൩. ലക്ഷം രൂപ അനുവദിക്കണം എന്നുള്ള ഉപക്ഷേപം സഭയുടെ അനുകൂലപ്രതികൂല ഭാവംനോക്കി അനുവദിക്കപ്പെട്ടു.

ഇക അനുവദിക്കപ്പെട്ടു.

VII എ. സ്റ്റാമ്പു ഉണ്ടാക്കൽ

മെംബർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കാത്തതായി ഗണിക്കപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൨ ൦ ൪. വാട്ടർമാർക്ക് പേപ്പർ വാങ്ങുന്നതിനായി നീക്കിവച്ചിരിക്കുന്ന ൨ ൦,൦ ൦ ൦ രൂപയിൽ ൫ ൦ ൦ രൂപാകുറയ്ക്കണം

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൨ ൦ ൫. യന്ത്രങ്ങൾ വാങ്ങുന്നതിനും അററകുററം തീർക്കുന്നതിനും ആയി നീക്കിവച്ചിരിക്കുന്ന ൭,൦ ൦ ൦ രൂപയിൽ ൫ ൦ ൦ രൂപകുറയ്ക്കണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൨ ൦ ൬. കാർഡ് ബോർഡ് മുതലാവവ വാങ്ങുന്നതിനായി നീക്കിവച്ചിരിക്കുന്ന മൊത്തം ൫ ൦,൦ ൦ ൦ രൂപയിൽ ൫ ൦ ൦ രൂപ കുറയ്ക്കണം.

മി. എസ് പിറവിപ്പെരുമാൾപിള്ള.

൨ ൦ ൭. മാനുഫാക്ചറിങ്ങ് നീക്കിവച്ചിരിക്കുന്ന ൨൦,൭ ൪ ൦ രൂപയിൽ ൫ ൦ ൦ രൂപ കുറയ്ക്കണം.

൭ ജി. സ്റ്റാമ്പു—സെൻട്രൽ ഡെപ്പോ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. ജി. രാമൻമേനവൻ.

൨ ൦ ൯. സ്റ്റാമ്പുകൾ അയക്കുന്നതിനു തകരപ്പെട്ടികൾക്കായി നീക്കിവച്ചിരിക്കുന്ന ൨,൪ ൦ ൦ രൂപയിൽ ൫,൦ ൦ ൦ രൂപ കുറക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൨ ൫ ൦. ഡിമാണ്ടു VII-ൽ നീക്കിവച്ചിരിക്കുന്ന മൊത്തം ൦'൯൪ ലക്ഷം രൂപയിൽ ൫ രൂപ കുറയ്ക്കണം.

മി. ജി. രാമൻമേനവൻ.

൨ ൫ ൫. ഡിമാണ്ടു VII-ൽ നീക്കിവച്ചിരിക്കുന്ന മൊത്തം ൦'൯൪ ലക്ഷം രൂപയിൽ ൫ ൦ രൂപ കുറയ്ക്കണം.

ഡിമാണ്ടു VII—സ്റ്റാമ്പു എന്ന ഇനത്തിൽ ൦'൯൪ ലക്ഷം രൂപ അനുവദിക്കണമെന്നു ഉപക്ഷേപം സഭയുടെ അനുകൂലപ്രതികൂലഭാവം നോക്കി അനുവദിക്കപ്പെട്ടു.

ഇക അനുവദിക്കപ്പെട്ടു.

ഡിമാണ്ഡ് VIII-രെജിസ്ട്രേഷൻ-൨'൫൭ ലക്ഷം.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സർ, ഡിമാണ്ടു VIII—രജിസ്ട്രേഷൻ എന്ന ഇനത്തിൽ ൨'൭൫ ലക്ഷം രൂപയിൽ കവിയാത്ത ഒരു ഇക അനുവദിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.

VIII എ. രെജിസ്ട്രേഷൻ ഡൈരെക്ഷൻ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി. കെ മാധവൻപിള്ള.

൨ ൫൨. കീഴ്ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ൧'൦൯൫ രൂപയിൽ ൫ ൦ ൦ രൂപ കുറയ്ക്കണം.

മെംബർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കപ്പെട്ടില്ലാ എന്നു ഗണിക്കപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൨ ൫൩. ചാർജിനായി നീക്കിവച്ചിരിക്കുന്ന ൫ ൦ ൦ രൂപയെ വിട്ടുകളയണം

താഴെപ്പറയുന്ന ഉപക്ഷേപം പ്രയോഗിക്കപ്പെട്ടില്ല.

മി. ടി. രജ. മാത്യു.

൨൭. ഡൈറെക്ഷനായി നീക്കിവച്ചിരിക്കുന്ന ൨,൦൪,൦൦൦ രൂപയിൽ ൫ രൂപ കുറയ്ക്കണം.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല എന്നു ഗണിക്കപ്പെട്ടു.

മി. എ. കെ. പിള്ള.

൨൮. ഡൈറെക്ഷണിനായി നീക്കിവച്ചിരിക്കുന്ന ൨,൦൪,൦൦൦ രൂപയിൽ ൫൦ രൂപ കുറയ്ക്കണം.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള.

൨൯. ഡൈറെക്ഷണിനായി നീക്കിവച്ചിരിക്കുന്ന ൨,൦൪,൦൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കണം.

മി. ഡബ്ല്യു. പി. തിലകഞ്ഞപ്പിള്ള.

൩൦. ഡിമാണ്ടു VIII-ൽ മൊത്തം നീക്കിവച്ചിരിക്കുന്ന ൨.൭ ലക്ഷം രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കാത്തതായി ഗണിക്കപ്പെട്ടു.

മി. എ. കെ. പിള്ള.

൩൧. ഡിമാണ്ടു VIII-ൽ നീക്കിവച്ചിരിക്കുന്ന മൊത്തം ൨.൭ ലക്ഷം രൂപയിൽ ൫൦ രൂപ കുറയ്ക്കണം.

താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനവൻ.

൩൨. ഡിമാണ്ടു VIII-ൽ നീക്കിവച്ചിരിക്കുന്ന മൊത്തം ൨.൭ ലക്ഷം രൂപയിൽ ൫൦ രൂപ കുറയ്ക്കണം.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല എന്നു ഗണിക്കപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൩൩. ഡിമാണ്ടു VIII-ൽ നീക്കിവച്ചിരിക്കുന്നതുമൊത്തം ൨.൭ ലക്ഷം രൂപയിൽ ൫൦൦ രൂപ കുറയ്ക്കണം.

ഡിമാണ്ടു VIII-രജിസ്ട്രേഷൻ എന്ന ഇനത്തിൽ ൨.൭ ലക്ഷം അനുവദിക്കണമെന്നുള്ള ഉക്ഷേപം സഭയുടെ അനുകൂലപ്രതികൂലത്തിനായി വിടപ്പെട്ടു.

പണം അനുവദിക്കപ്പെട്ടു.

പ്രെസിഡെൻറ്: അടുത്ത അഭ്യർത്ഥനയായ കൊച്ചി ഭരണം എന്ന ഇനത്തെപ്പററി വാദം നടത്തുന്നതിനു നീക്കിവച്ചിരിക്കുന്ന സമയം രണ്ടരമണിക്കൂറു നേരം ആകുന്നു. അതായതു മണി ആറടിക്കുന്നതിനുമുമ്പു നമുക്കു ജോലിതീർക്കാൻ കഴിയുന്നതല്ല. എന്തായാലും നഷ്ടമായ സമയത്തെ പരിഹരിക്കുന്നതിനായി നമുക്കു ഇനിയും ഒരു ദിവസംകൂടി ഇരിക്കേണ്ടതായിരിക്കുന്നു. അതുകൊണ്ടു ഈ അഭ്യർത്ഥനയെപ്പററി നിങ്ങൾക്കു ഉത്കണ്ഠിതമായി വാദിക്കാൻ ധാരാളം സമയം ഉണ്ടായിരിക്കുമെന്നുള്ളതിനാൽ, നാളെകാലത്തു എടുക്കാമെന്നു ഉദ്ദേശിക്കുന്ന കമ്മിററികൾക്കു മെമ്പർമാരെ തിരഞ്ഞെടുക്കുന്നതിനായി കൗൺസിലിനു നാളെ ഡെപ്യൂട്ടിപ്രെസിഡൻറിന്റെ ആദ്ധ്യക്ഷത്തിൽ കൂടുന്നതിനുള്ള അനുസരണയ്ക്കത്തെയും മറ്റു ഇല്ലാതാക്കാം. ഞാൻ കാലത്തുപറഞ്ഞതുപോലെ തിരഞ്ഞെടുപ്പിനെ ഇന്നുരണ്ടും നാളെരണ്ടും വീതം വിതിച്ചുനടത്താവുന്നതാണു. രണ്ടും ഇന്നുതന്നെ നടത്താൻ നിങ്ങൾക്കു ഇഷ്ടമാണെങ്കിൽ അങ്ങനെയും ചെയ്യാം. സമയയോഗം ഇപ്പോൾ പിരിഞ്ഞു നാളെ കാലത്തു പതിനൊന്നരമണിക്കു കൂടുന്നതാകുന്നു.

സമയൈക്യത്തിനു ൫.൫൫ മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ കൌൺസിൽ.

൧൯൩൯-ൽ രണ്ടാമത്തെയോഗം.

(ഒഫീഷ്യൽ റിപ്പോർട്ട്)

൧൯൩൯ ആഗസ്റ്റ് ൧൩-നു തിങ്കൾ ൧൧ മണി കർക്കടകം ൩൧-ാം നു വെള്ളിയാഴ്ച, പകൽ ൧൨-നു മണിക്കു തിരുവനന്തപുരം വിക്ടോറിയാ ജുബിലിടൌൺഹാളിൽ സഭ വീണ്ടും കൂടി. എം. ഇ. വാട്സ് എസ്ക്വയർ ബി. എ., ബാരിസ്റ്റർ- അറ്റ്-ലാ- ദിവാൻ, അദ്ധ്യക്ഷസ്ഥാനം വഹിച്ചു. താഴെപറയുന്നവർ ഒഴികെ ശേഷം എല്ലാമെമ്പർമാരും ഹാജരുണ്ടായിരുന്നു:- മിസ്റ്റർ. എ. കെ. പിള്ള. മിസ്റ്റർ എസ്. പിറവിപ്പെരുമാൾപിള്ള, മിസ്റ്റർ എസ്. വെങ്കിട്ടരാമണ്യകരമാമൂർ.

ചോദ്യങ്ങളും ഉത്തരങ്ങളും.

ആസ്പത്രിനഴ്സ്മാരും വിവാഹവിരോധച്ചട്ടവും.

൧൧൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൯൩൯ ഒ-നമ്പർ ൩-ാം നു-യിലെ യോഗത്തിൽചോദിച്ച ൧൦-ാം നമ്പർ ചോദ്യത്തിന്റെ (സി) ഭാഗത്തിനുത്തരമായി മരുപടിയെ സംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായിപറയുമോ?

(എ) വിവാഹംചെയ്യരുതെന്നുള്ള കല്പന ലംഘിച്ചതിനാൽ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ട നഴ്സുകൾ സമർപ്പിച്ച ഹർജികളെപററി ഗവണ്മെന്റു ആലോചിച്ചുവോ?

(ബി) വിവാഹം ചെയ്യരുതെന്നുള്ള കല്പന ലംഘിച്ചിട്ടുള്ള ഒരു നഴ്സു ജെനറൽ ആസ്പത്രിയിൽ ഇപ്പോൾ ഉണ്ടോ?

(സി) മരുപടി ഉണ്ടെന്നാണെങ്കിൽ,

(൧) അവരുടെ പേരു

(൨) യോഗ്യത

(൩) നിയമിച്ച തീയതി

(൪) ഇപ്പോഴത്തെ ശമ്പളം

(൫) അവർക്കു എത്രമക്കൾ ഉണ്ടെന്നു,

(ഡി) ചില നഴ്സുമാർക്കു ബാധകമാക്കിട്ടുള്ള വിവാഹത്തിനു വിരോധമായിട്ടുള്ള ചട്ടം മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ എല്ലാനഴ്സുകൾക്കും ലേഡിഡാക്ടർമാർക്കും ബാധകമാണോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി):

(എ) ഉവ്വ്.

(ബി) ഇല്ല.

(സി) (ബി) ഭാഗത്തിന്റെ മരുപടി കൊണ്ടു ഈ ചോദ്യത്തിനു കാരണമില്ല.

(ഡി) ൧൯൩൯ മെ ൨-ാം നു-യിലെ പരസ്യം പ്രസിദ്ധപ്പെടുത്തിയതുമുതൽ ൧൯-൩/൧-൪ ൦ രൂപാ ശമ്പളമുള്ള നഴ്സുമാർക്കു ആചട്ടം ബാധകമായിരുന്നുള്ളു. ആപരസ്യംകൊണ്ടു ആതീയതിക്കുശേഷം പരിശീലനം ചെയ്തിട്ടുള്ള എല്ലാ നഴ്സുമാർക്കും ആചട്ടം ബാധകമാക്കി. ചട്ടം ലേഡിഡാക്ടർമാർക്കു ബാധകമല്ല.

തഹശീൽദാർ മിസ്റ്റർ. എ. ആർ. സുബ്രഹ്മണ്യയ്യർ.

൧൧൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(൧) മിസ്റ്റർ എ. ആർ. സുബ്രഹ്മണ്യയ്യർ ഗ്രേഡ് തഹശീൽദാരന്മാരിൽ സ്ഥാനംകൊണ്ടു ൧൭-ാമൻ ആയിരുന്നു എന്നുള്ളതു വാസ്തവമാണോ?

(൨) ഔദ്യോഗികക്രമക്കേടുകൾക്കു അദ്ദേഹത്തിനു ൧൪ ശിക്ഷാ പിഴയിട്ടിട്ടുണ്ടോ?

(൩) തിരുമേനി അടിയന്തിരം കഴിഞ്ഞശേഷം അദ്ദേഹത്തിന്നെതിരായി തിരുവനന്തപുരം ദിവാൻപേഷ്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

(൪) തഹശീൽദാരായി മിസ്റ്റർ എ. ആർ. സുബ്രഹ്മണ്യയ്ക്കു കാര്യശേഷിഇല്ലെന്നും അദ്ദേഹത്തെ തിരുവനന്തപുരത്തുനിന്നു സ്ഥലംമാററണമെന്നും ചാർജ്ജറെവന്യൂവും ആഭ്യന്തരകുതിയും കമ്മിഷണർ റിപ്പോർട്ടുചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തുപ്രാവശ്യം?

(൫) അദ്ദേഹം ഒരു താലൂക്കിന്റെ ചാർജ് വഹിപ്പാൻ അയോഗ്യനാണെന്നു ഗവണ്മെന്റു അഭിപ്രായപ്പെട്ടിട്ടുണ്ടോ?

(൬) അദ്ദേഹത്തെ ഒരു ഗവണ്മെന്റു അസിസ്റ്റന്റു സെക്രട്ടറിയായിനിയമിച്ചതു വാസ്തവമാണോ? ആണെങ്കിൽ എന്തുതത്വമനുസരിച്ചാണു നിയമിച്ചതു?

(൭) മി: എ. ആർ. സുബ്രഹ്മണ്യയ്യർ ഹരിപ്പാട്ടുകാരനാണോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി):

(൧) അദ്ദേഹം രണ്ടാം ഗ്രേഡ് തഹശീൽദാർമാരിൽ ൧൭-ാമനാണു.

(൨) ൧൯൩൯ ആഗസ്റ്റ് വ-ാം നു- ലത്തെ നിയമസഭാ യോഗത്തിൽ ചോദിച്ച നൂറ്റാം നമ്പർ ചോദ്യം (എ) ഭാഗത്തിന്റെ മരുപടി മെമ്പർ വായിച്ചുനോക്കണം.

(൩-ാം ൪-ാം) കീഴുദ്യോഗസ്ഥന്മാരുടെ നടപടിയെപററി ഡിപ്പാർട്ടുമെന്റുമേലധികാരികളും മററുഉദ്യോഗസ്ഥന്മാരും ഗവണ്മെന്റിലേക്കയക്കുന്ന റിപ്പോർട്ടുകൾ സ്വകാര്യങ്ങളാണു.

(൫) ഇല്ല.

(൬) ഉവ്വ്. സെക്രട്ടറിയാറ ജോലിക്കു യോഗ്യനാരായി ഗവണ്മെന്റു വിചാരിക്കുന്നവരെ സെക്രട്ടറിയററ ഉദ്യോഗസ്ഥന്മാരായി നിയമിക്കും.

G. P. T. 911. 150 10-7-1104

(ഇ) മറുപടി അതേ എന്നാണ്.

മെഡിക്കൽ സർവീസ് ഒരേസമിതി.

൧൮൦. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമൊ?

(എ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ മേലന്വേഷണത്തിനു ഒരു ബോർഡിനെ നിശ്ചയിച്ചതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

(ബി) ഈ മാററം നിമിത്തം വന്നിട്ടുള്ള കൂടുതൽ പ്രതിവർഷച്ചെലവു എന്താണ്?

(സി) മെഡിക്കൽ ബോർഡിലെ ഉദ്യോഗസ്ഥമെംബർമാരിൽ ആരാണു സീനിയർ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): (എ) ഉൾപ്രദേശങ്ങളിലുള്ള ആസ്പത്രികളെ കൂടക്കൂടെയും വിസ്താരമായും പരിശോധന കഴിക്കുകയും സർവ്വതരം ന്യൂനതകളും കണ്ടുപിടിച്ചു ഉപദേശങ്ങൾ കൊടുക്കുകയും കാലതാമസംകൂടാതെയും സ്ഥലത്തുവച്ചുതന്നെയും തെററുകൾ തീർക്കയും ആവശ്യമായി വന്നു. ഡർബാർഹിസിഷ്യൻ തിരുവനന്തപുരത്തുതന്നെ മിക്കപ്പോഴും ഉണ്ടായിരിക്കേണ്ടതാകയാൽ അതാതു സ്ഥലത്തെ ആവശ്യങ്ങൾ കണ്ടറിഞ്ഞു നിവൃത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു അദ്ദേഹത്തിനു സമയം പോരാതിരിക്കുന്നു. ഇതിനുപുറമെ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വൈദ്യസഹായം അധികമായി നൽകുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാണെന്നും കണ്ടു.

(ബി) ഇതുനിമിത്തമുള്ള അധികച്ചെലവു മാസംപ്രതി രൂപാ ൨൫-൧൫൫-൧ അല്ലെങ്കിൽ വർഷംപ്രതി രൂപാ ൨൭൨-൨൪-൦ മാത്രമെയുള്ളു.

(സി) ബോർഡു സാമാജികന്മാർ ഇപ്രകാരമുള്ളവരാണ്. അതുകൊണ്ടു ആരാണു സീനിയർ എന്ന ചോദ്യത്തിനു അവകാശമില്ല.

൧൮൧-ൽ നിയമസഭയോടൊ ഫൈനാൻസുകമ്മിററിയോടൊ ആലോചിക്കാതെ ചെയ്തിട്ടുള്ള ചെലവുകൾ.

൧൮൨. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൯൦൧-ൽ ഫൈനാൻസുകമ്മിററിയോടൊ നിയമസഭയോടൊ ആലോചിക്കാതെ വോട്ടു ചെയ്യാവുന്നതും ചെയ്യാൻപാടില്ലാത്തതും ആയ ചെലവുകൾ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു കാണിക്കുന്ന ഒരു പൂർണ്ണ പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തു വയ്ക്കുമൊ?

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): വോട്ടുചെയ്യാൻപാടില്ലാത്ത ഇനങ്ങളിൽ കൂടുതൽ സംഖ്യകൾ അനുവദിച്ചിട്ടുള്ളതു കാണിക്കുന്ന ഒരു സ്റ്റേറുമെന്റു *മേശപ്പുറത്തു വച്ചിരിക്കുന്നു.

വോട്ടുചെയ്യാവുന്ന ഇനങ്ങളിൽ നിയമസാധുരേഗുലേഷൻ ൧൯ (൯) വകുപ്പുപ്രകാരം അനുവദിക്കുന്ന കൂടുതൽ സംഖ്യകളുടെ പട്ടിക സഭയുടെ എല്ലാ യോഗത്തിലും മേശപ്പുറത്തു വയ്ക്കാറുണ്ട്. ഈ യോഗത്തിലും അങ്ങനെയുള്ള ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

ചേപ്പാട്ടു ഒരു പള്ളി പണിതതു്.

൧൮൩. മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) കാർത്തികപ്പള്ളി താലൂക്കിൽ ചേപ്പാട്ടു പകുതിയിൽ ൪൧൫-ാം സർവെ നമ്പരിൽ പള്ളിയും ശ്മശാനസ്ഥലവും ഉണ്ടാക്കുന്നതിനുള്ള ഗവണ്മെന്റുത്തരവിനെതിരായി ഒരു പള്ളിയും ശ്മശാനസ്ഥലവും ഉണ്ടാക്കാൻ ചിലർ ശ്രമിക്കുന്നുണ്ടോ എന്നു ഗവണ്മെന്റു ദയവായി അന്വേഷിച്ചുപറയുമോ?

(ബി) ചേപ്പാട്ടും മററു സ്ഥലങ്ങളിലും പള്ളികളും ശ്മശാനങ്ങളും സംബന്ധിച്ചുണ്ടാകുന്ന സംഭവങ്ങൾ ആലോചിച്ചു ഹർജികൊടുത്തു മൂന്നു മാസത്തിനുള്ളിൽ അതിനു മറുപടി കിട്ടാത്തപക്ഷം പള്ളികളും ശ്മശാനങ്ങളും ഹർജിക്കാർ ഉണ്ടാക്കുന്നതിനു വിരോധമില്ലെന്നു ഈ വിഷയത്തെ സംബന്ധിച്ചുള്ള രാജകീയ വിളംബരത്തിലെ വ്യവസ്ഥ ഗവണ്മെന്റു ദയവായി വിശദീകരിക്കുമൊ?

(സി) (എ) ഭാഗത്തിൽ പറഞ്ഞ ൪൧൫-ാം സർവെ നമ്പരിന്റെ വിസ്തീർണ്ണം ൧൪ സെന്റുമാത്രം ആകയാലും സ്ഥലം ശ്മശാനമായി ഉപയോഗിച്ചാൽ അടുത്ത വേനലിലെ വെള്ളം ഉഷിച്ചു കുടിച്ചാൽ ആൾക്കാരമായി പരിണമിക്കുമെന്നുള്ളതുകൊണ്ടും ആ സ്ഥലം ശ്മശാനമായി ഉപയോഗിച്ചുപോകരുതെന്നു ഗവണ്മെന്റു ദയവായി ഉടൻതന്നെ ഉത്തരവുകൾ അയക്കുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): പള്ളിയും ശ്മശാനവും ഉണ്ടാക്കുന്നതിനുള്ള അപേക്ഷ തള്ളുന്നതിനെ സംബന്ധിച്ചു ഗവണ്മെന്റുത്തരവു കിട്ടുന്നതിനുമുമ്പായി പള്ളി പണിതുപോയി എന്നു ഗവണ്മെന്റു അറിയുന്നു.

(ബി) മറുപടി നിഷേധത്തിലാണ്.

(സി) ദിവാൻപേഷ്കാർക്കു ഹർജികൊടുത്തു ൯൦ ദിവസങ്ങൾക്കുള്ളിൽ ഹർജി ഉപേക്ഷിച്ചു ഗവണ്മെന്റുത്തരവു ഹർജിക്കാരനു കിട്ടാത്തതിനാൽ ആ സമയം കഴിഞ്ഞു പള്ളിയും ശ്മശാനവും ഉണ്ടാക്കാൻ അയാൾക്കു സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ഹർജിക്കാരനു നിയമപ്രകാരമുള്ള അവകാശത്തെ തടയുവാൻ ഗവണ്മെന്റിനു ഇപ്പോൾ നിവൃത്തിയില്ല.

തെങ്ങിൻഫലങ്ങൾക്കും കുരുമുളകിനും ഉള്ള കയററുമതിച്ചുങ്കം.

൧൮൪. മി: കെ. കെ. തോമസ് (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമൊ?

(എ) ൧൯൯൯, ൧൯൨൦, ൧൯൨൧ ഈ വർഷങ്ങളിൽ തെങ്ങിൻഫലങ്ങൾക്കും കുരുമുളകിനും വസൂലായ കയററുമതിച്ചുങ്കത്തിന്റെ തുക.

---

* അനുബന്ധം ൧.

(ഡ) ഈ സാധനങ്ങൾക്കു ൧൯൯, ൧൯൦൦, ൧൯൦൧ ഈ വർഷങ്ങളിൽ ചുമത്തിയ ചുങ്കത്തിന്റെ തോതു്.

(ന) ഈ തോതുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തിനാണു വർദ്ധിപ്പിച്ചതു്?

(പ) കരുമുളകിന്റെ ചുങ്കനിരക്കു വർദ്ധിപ്പിച്ചതു അതിന്റെ വിലവർദ്ധിച്ചതു കണ്ടാണോ? അങ്ങനെയാണെങ്കിൽ വല്ലപ്പോഴും വിലകുറഞ്ഞപ്പോൾ ചുങ്കനിരക്കു കുറച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): (൧) ൧൯൯൯, ൧൯൦൦ ഈ കൊല്ലങ്ങളിലെ കണക്കു കാണിക്കുന്ന ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു, ൧൯൦൧-ലെ കണക്കുകൾ തയ്യാറാക്കാൻ കാലമായില്ല.

(ഡ)-ം (ന)-ം (പ)-ം ഈ സാധനങ്ങൾക്കു ൧൯൯൯, ൧൯൦൦, ൧൯൦൧ ഈ കൊല്ലങ്ങളിലെ ചുങ്കനിരക്കു കാണിക്കുന്ന ഒരു പട്ടിക § മേശപ്പുറത്തു വച്ചിരിക്കുന്നു. തെങ്ങിൻ ഫലങ്ങൾക്കുള്ള ചുങ്കനിരക്കു ൧൯൯൯, ൧൯൦൦, ൧൯൦൧ ഈ കൊല്ലങ്ങളിൽ ഭേദപ്പെടുത്തിട്ടില്ല. എന്നാൽ കരുമുളകിന്റെ വില വളരെ വർദ്ധിച്ചു കണ്ടതുകൊണ്ടു അതിന്റെ ചുങ്കനിരക്കു ൧൯൦൧ ധനുവിൽ വർദ്ധിപ്പിച്ചു. ഈ സാധനത്തിന്റെ ചുങ്കം കണ്ടിക്കു ൧ രൂപായായി നിശ്ചയിച്ചതു ൪൦ വർഷം മുമ്പാണു. അതു ൧൯൦൧ ധനു ൧-ാം നു-വരെ ഭേദപ്പെടുത്താതെ കിടന്നു.

പുകയിലയുടെ കയറുമതിച്ചുങ്കം.

൧൨൪. മി: കെ. കെ. തോമസ് (കോട്ടയം): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ശേഖരിച്ചതാണോ?

(൧) ൧൯൯൯-ലും ൧൯൦൦-ലും ൧൯൦൧-ൽ ഇന്നുവരേയും ഓരോ തരം പുകയിലയുടെ ഇറക്കുമതിചുങ്കം എത്രയെത്രയാണെന്നു.

(ഡ) ൧൯൯൯ നു മുമ്പു ഓരോതരത്തിന്റെയും ചുങ്കത്തിന്റെ നിരക്കു.

(ന) നിരക്കു അധികമാക്കിയതു എപ്പോൾ.

(പ) കണ്ടിക്കു നിരക്കു കണക്കാക്കുന്നതിൽ റാത്തലിന്റെ തൂക്കം ഇത്രയാണെന്നുള്ളതു ഭേദപ്പെടുത്തി, ൧൯൦൧ ഫെബ്രുവരിയിൽ നിരക്കിലും വല്ലഭേദവും വരുത്തിയോ.

(ഫ) എങ്കിൽ ഈ ഭേദമുണ്ടാക്കാൻ കാരണമെന്തായിരുന്നു.

(ബ) ഈ മാററം കൊണ്ടു ഈ ഇനത്തിൽ ആണ്ടുതോറുമുള്ള കൂടുതൽ വരവു എത്ര.

(ഭ) ഈ മാററം മുൻ സംഗതികൾക്കു ബാധകമാക്കിയോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി):

(൧) പുകയിലതരം.

	ചുങ്കംവസൂൽ		
	൧൯൯൯	൧൯൦൦	൧൯൦൧ ധനുവരെ
ജാപ്പാണം പുകയില	൪൩൨ ൪൯൭	൩൫൯൯൦	൪൩൫ ൪൦൪
കോയംപത്തൂർ ടി	൧൦൯൭ ൭൯	൧൦൩൩൦	൯൩൯ ൪
തിരുനൽവേലി ടി	൨൨ ൪൭	൨൨ ൪൯൯	൧ ൭൩൪

(ഡ) കണ്ടിക്കു ബ്രി. രൂപാ ൧.

(ന) ൧൯൯൯ ഡിസംബറു ൧-ാം തു-മുതൽ.

(പ) ഉവ്വ്.

(ഫ) ൧൯൦൧-ഏപ്രിൽ ൨൨-ാം തു-ത്തെ നിയമസഭായോഗത്തിൽ മിസ്റ്റർ എസ്. പിറവിപ്പെരുമാൾപിള്ള ചോദിച്ച നമ്പർ-ാം നമ്പർ ചോദ്യത്തിന്റെ മറുപടി മെമ്പർ നോക്കണം.

(ബ) ൧൨ ൦൦൦൦ രൂപ.

(ഭ) ഇല്ല.

ആദായനികുതി റെഗ്ലേഷനിൽ നിന്നു ഒഴിവാക്കപ്പെട്ടവർ.

൧൨൫. മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആദായനികുതി കൊടുക്കുന്നതിൽ നിന്നു ഒഴിവാക്കപ്പെട്ടവരുടെ പേരും ഓരോരുത്തരെയും ഒഴിവാക്കിയതിനേയും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു യോഗ്യമായി മേശപ്പുറത്തു വയ്ക്കുമോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ആദായനികുതി കൊടുക്കുന്നതിൽ നിന്നു ഗവണ്മെന്റു ആരെയും ഒഴിവാക്കീട്ടില്ല. അങ്ങനെ ഒഴിവാക്കാൻ ആദായനികുതി റഗ്ലേഷൻ അനുവദിക്കുന്നില്ലല്ലോ.

ആദായനികുതി റഗ്ലേഷനിൽ നിന്നു ഒഴിവാക്കുക.

൧൨൬. മി: എം. എൻ. പിള്ള (തിരുവനന്തപുരം): തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുപുറമെ ആദായനികുതി റഗ്ലേഷനിൽനിന്നുഒഴിവാക്കപ്പെട്ട വല്ലവരും തിരുവിതാംകൂറിൽ ഉണ്ടോ? ഉണ്ടെങ്കിൽ അവരുടെ പേരുകളും അവരെ ഒഴിവാക്കിയ തിയ്യതികളും ഗവണ്മെന്റു യോഗ്യമായി പറയുമോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): മെമ്പർ മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ ൧൨൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കണം.

ഗ്രാൻറുവൈദ്യന്മാരുടെ സ്ഥലംമാററം.

൧൨൭. മി: എം. എൻ. പിള്ള (തിരുവനന്തപുരം): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു യോഗ്യമായി പറയുമോ?

(എ) ഗ്രാൻറു വൈദ്യന്മാരെ സാധാരണയായി ഒരു സ്ഥലത്തുനിന്നു മററു സ്ഥലങ്ങളിലേക്കു മാററാറുണ്ടോ എന്നും ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം (൧൯൯൯-൧൯൦൦) ഉണ്ടായിട്ടുള്ള മാററങ്ങളുടെ എണ്ണവും മാററിയ വൈദ്യന്മാരുടെ പേരും സ്ഥലങ്ങളും.

---

* അനുബന്ധം ൨ എ നോക്കുക,

§ അനുബന്ധം ൨ ബി നോക്കുക,

(ബി) ഈ വൈദ്യന്മാർക്ക് പെൻഷനുകൾ കാശുണ്ടോ, സർവീസ് റെഗുലേഷൻ അവർക്ക് ബാധകമാണോ,

(സി) ചെങ്ങന്നൂരെ ഗ്രാൻറ് വൈദ്യനെ അവിടെ നിന്നു ചങ്ങനാശ്ശേരിക്കു മാററിട്ടു അതിനു പകരം യോഗ്യതയില്ലാത്ത ഒരാളെ അവിടെ നിയമിച്ചു എന്നു പറയുന്നതു വാസ്തവമാണോ?

(ഡി) ഗവണ്മെൻറ് ഇപ്രകാരം പ്രവർത്തിക്കുന്നതിനുള്ള കാരണങ്ങൾ ഏതെല്ലാം?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) ഉവ്വ്. സ്ഥലം മാററിയ വൈദ്യന്മാരുടെ പേരുകളും സ്ഥലങ്ങളും കാണിക്കുന്ന ഒരു പട്ടിക *മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) ഇല്ല.

(സി) വൈദ്യൻ കെ. മാധവക്കുറുപ്പിനെ ചെങ്ങന്നൂർ (വടക്കേക്കര) നിന്നു ചങ്ങനാശേരി (പെരുന്ന) യിലേക്കു മാററി. അയാൾക്കു പകരം അനന്തപുരത്തു മൂത്തകോയിൽ തമ്പുരാൻെറ സാക്ഷ്യപത്രം ഉള്ള വൈദ്യവിദഗ്ദ്ധൻ കോശിക്കുട്ടിനാർ ജേക്കബിനെ ചെങ്ങന്നൂർ (വടക്കേക്കര) വൈദ്യനായി നിയമിച്ചു.

(ഡി) വൈദ്യൻ കോശിക്കുട്ടിനാർ ജേക്കബ് അവിടത്തെ സ്വദേശിയാകകൊണ്ടും മാധവക്കുറുപ്പിനെക്കാൾ ജനപ്രീതിയും ഉപയോഗവും ഉള്ളവനാകകൊണ്ടും അയ്യാളെ ചെങ്ങന്നൂർ (വടക്കേക്കര) നിയമിക്കണമെന്നു ആയുർവേദ ഡയറക്ടർ ശിപാർശചെയ്തു.

അഞ്ചൽ സൂപ്രണ്ടാഫീസിലെ അഞ്ചൽ ഇൻസ്പെക്ടർ.

൧൨൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) അഞ്ചൽ സൂപ്രണ്ടാഫീസിലെ ആഫീസ് ഇൻസ്പെക്ടർ ഇപ്പോൾ വേറെ ജോലിയിലാണോ അതെങ്കിൽ വേറെ ജോലിക്കയച്ചതു എപ്പോൾ?

(ബി) അദ്ദേഹത്തിനു പകരം ആളെ നിയമിച്ചോ, ഇല്ലെങ്കിൽ ആഫീസ് ഇൻസ്പെക്ടരുടെ ജോലി നോക്കുന്നതാരു? എന്തു മുതൽ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി):

(എ) ഉവ്വ്. ൧൯൨൭ ധനു ൧൪-ാംനു-

(ബി) പകരം ആളെ നിയമിച്ചില്ല. എന്നാൽ പോസ്റ്റുമാസ്റ്റർ തന്നെ സ്വന്തം ജോലിക്കു വിഘ്നം കൂടാതെ ആഫീസ് ഇൻസ്പെക്ടരുടെ സാധാരണജോലിയും കൂടെ നോക്കുന്നതിനു അഞ്ചൽ സൂപ്രണ്ടാഫീസ് ഹെഡ്ക്ലാർക്കിനെ ഭരമേല്പിച്ചു.

൧൯൨൭ ജൂൺ ൯-ാംനു- യിലെ ഹിന്ദു പത്രത്തിൽ മിസ്റ്റർ എസ്. കെ. നായരും മിസ്റ്റർ വി. അച്ചുതമേനോനും പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങൾ.

൧൨൮. മി: എം. എൻ. പിള്ള (തിരുവനന്തപുരം): ൧൯൨൭ ജൂൺ ൯-ാംനു-ത്തെ "ഹിന്ദു" പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന മിസ്റ്റർ എസ്. കെ. നായരുടെയും മിസ്റ്റർ അച്ചുതമേനോൻെറയും രണ്ടുലേഖനങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടുവോ,

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ഉവ്വ്.

വർത്തമാനപ്പത്രലേഖനങ്ങളെപ്പററി റിപ്പോർട്ടു.

൧൨൯. മി: എം. എൻ: പിള്ള (തിരുവനന്തപുരം): ഗവണ്മെൻറിൻെറ ഒരു ഗുരിയിൽ പെടേണ്ടതായ വർത്തമാനപ്പത്രലേഖനങ്ങൾ ആഴ്ചതോറും ഉദ്ധരിച്ചു അച്ചടിച്ചു പുസ്തകരൂപത്തിലാക്കുന്ന പതിവു ഇപ്പോൾ നടപ്പിലുണ്ടോ? ഇല്ലെങ്കിൽ എപ്പോൾ എന്തുകൊണ്ടു ആ പതിവു നിർത്തിക്കളഞ്ഞു?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ആ വ്യവസ്ഥ ഗവണ്മെൻറിനു ഭാരികമായി തോന്നുന്നതിനാൽ ൧൯൨൦ കർക്കടകംമുതൽ നിർത്തിക്കളഞ്ഞു.

൧൯൨൯-ലെ ൩-ാംനമ്പർ വർത്തമാനപ്പത്രറഗുലേഷൻ.

൧൩൦. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ രാജ്യത്തിലെ ഓരോ വർത്തമാനപ്പത്രങ്ങളിലും കൂടത്തിയ ലൈസൻസ് ഫീസിൻെറ സംഖ്യകാണിക്കുന്ന ഒരുപട്ടിക ഗവണ്മെൻറ് ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക† മേശപ്പുറത്തു വച്ചിരിക്കുന്നു.

മിസ്റ്റർ എം. ഇ. വാട്ട്സിനു അവധിയും മുൻകൂർ ശമ്പളവും.

൧൩൧. മി: എം. എൻ. പിള്ള (തിരുവനന്തപുരം): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) മി: എം. ഇ. വാട്ട്സ് ഇംഗ്ലണ്ടിലേക്കു പോയപ്പോൾ അദ്ദേഹത്തിനു മുൻകൂറായി വല്ല ശമ്പളവും കൊടുത്തോ, കൊടുത്തെങ്കിൽ എത്ര?

(ബി) വേറെവല്ലപണവും വല്ല ആവശ്യത്തിനും കൊടുത്തിരുന്നുവോ എങ്കിൽ എത്ര, എന്തിനായിട്ടു?

(സി) തിരുവിതാംകൂർ സർവീസുറഗുലേഷൻ പ്രകാരം അദ്ദേഹത്തിനു ഈ പണം കിട്ടാൻ അവകാശമുണ്ടോ

(ഡി) അദ്ദേഹം അവധിയിലാണോ പോയതു്, എങ്കിൽ ആ അവധിയുടെ സ്വഭാവം എന്തു് അതിനദ്ദേഹത്തിനവകാശം ഉണ്ടായിരുന്നോ?

(ഇ) ഏഴും ബീയും ഭാഗങ്ങളിൽ പറഞ്ഞ സംഖ്യകൾ ഖജാനയിൽ നിന്നു കൊടുക്കാനുള്ള അധികാരം ഏതായിരുന്നു?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) ഉവ്വ് മാസം ൨,൪൦൦ ബ്രി. രൂപാപ്രകാരം മൂന്നുമാസത്തെ ശമ്പളം,

(ബി) ഉവ്വ് സർക്കാർവകയായി ഒരു കാർ വാങ്ങുന്നതിനു ൧൫,൦൦൦ ബ്രി. രൂപാ

---

* അനുബന്ധം ൩ നോക്കുക

† അനുബന്ധം ൪ നോക്കുക.

(സി) തിരുവിതാംകൂർ സർവ്വീസ്റഗുലേഷൻ ഇവിടെ ബാധകമല്ല. അതിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കുന്നതിനെപ്പററി കാണുന്നതല്ലാതെ.

(ഡി) ഉവ്വ്. അവധി പ്രത്യേകവും പ്രസ്തുതകാലത്തു അനുവദിച്ചതും ആകുന്നു.

(ഇ) ഗവണ്മെൻറ്

ചർച്ചയ്ക്കു ഇൻ ചാർജ്ജായ മെമ്പർ അഡ്വോക്കേററിനെ മടക്കിക്കൊടുത്തു.

ചോദ്യം. മി: കെ. വി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചർച്ചയ്ക്കു ഇൻ ചാർജ്ജായ മെമ്പർ "അഡ്വോക്കേററ്" പത്രത്തിൽ ഈ ചില ഇന്ത്യൻപത്രങ്ങളും തിരുവിതാംകൂർ രാജ്യഭരണവും എന്ന പേരിൽ പ്രസംഗം നാലാംകോളത്തിൽ ഇങ്ങനെ ഒരു വാചകം ഉണ്ട്, "നാട്ടുനിങ്ങിയ രാജാവിന്റെ ഭരണകാലത്തു ഉദ്യോഗങ്ങളും മററുണ്ടവകാശങ്ങളും വിലകൂട്ടിപ്പറയുന്നവക്കു വിനയവന്ന ഒരു കൊട്ടാരം ഗുമസ്തൻ ഉണ്ടായിരുന്നു എന്നു പ്രസിദ്ധം ആയിരുന്നു. പണംകൊടുക്കാൻ ഒരുക്കമുണ്ടെങ്കിൽ ആൾക്കു യോഗ്യതയുണ്ടെങ്കിലും ഇല്ലെങ്കിലും ഉദ്യോഗം സമ്പാദിക്കാൻ പ്രയാസമില്ലായിരുന്നു". ഇതിനെസംബന്ധിച്ചു താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ്ക്കു അറിവുണ്ടോ?

(എ) ഈ വാചകം ഗവണ്മെൻറിന്റെ ശ്രദ്ധയ്ക്കു വിഷയമായോ ഉണ്ടെങ്കിൽ എപ്പോൾ?

(ബി) തിരുവിതാംകൂർ ക്ലാസ് 0 ക്ലർക്ക് ഇംഗ്ലീഷ് നമ്പർ വർത്തമാനപ്പത്രറഗുലേഷൻ പ്രകാരം (ബി) പ്രകാരം ആ പത്രത്തിന്റെ മേൽ വല്ലനടപടിയും നടത്തുന്ന കാര്യം ഗവണ്മെണ്ട് ആലോചിച്ചുവോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): (എ) അങ്ങനെ പ്രസിദ്ധം ചെയ്തതിന്റെശേഷം ഗവണ്മെൻറിന്റെ ശ്രദ്ധ അതിലേക്കു ആകർഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) കാര്യം ആലോചനയിൽ ഇരിക്കുന്നു.

വർത്തമാനപ്പത്രങ്ങളുടെ ലൈസൻസ്ഫീസ്.

ചോദ്യം. മി: എം. എൻ. പിള്ള (തിരുവനന്തപുരം): ലൈസൻസിന്നപേക്ഷിച്ച വർത്തമാനപ്പത്രങ്ങളുടെ പേരുകളും ഗവണ്മെണ്ട് അവയ്ക്കു ചുമത്തിയ ലൈസൻസ്ഫീസും ഫീസിലുള്ള വ്യത്യാസവും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറ് ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

ലാക്കാളേജ് പ്രൊഫസർമാരും രാഷ്ട്രീയയോഗങ്ങളും.

ചോദ്യം. മി: എം. എൻ. പിള്ള (തിരുവനന്തപുരം): താഴെപറയുന്ന സംഗതികൾ ഗവണ്മെണ്ട് ദയവായി പറയുമോ?

(എ) ലാക്കാളേജിലെ ഉദ്യോഗസ്ഥന്മാർ രാഷ്ട്രീയമോ അർദ്ധരാഷ്ട്രീയമോ ആയ യോഗങ്ങളിൽ പങ്കെടുപ്പാൻ പാടില്ലെന്നു വിരോധിച്ചിട്ടുണ്ടോ?

(ബി) ഇതിനെപ്പററിയുള്ള ഗവണ്മെണ്ടുത്തരവു മേശപ്പുറത്തുവയ്ക്കുമോ?

(സി) അർദ്ധരാഷ്ട്രീയയോഗങ്ങൾ എന്നുപറയുന്നതിന്നു ഗവണ്മെണ്ടു കൊടുക്കുന്ന അർത്ഥം എന്താണ്?

(ഡി) കഴിഞ്ഞുപോയ മിസ്റ്റർ കൊച്ചുകൃഷ്ണമാരാരും മെസ്സേഴ്സ് ഇ. ജെ. ജോൺ, കെ. ജി. ശേഷയ്യർ മുതലായവരും ലാക്കാളേജ് പ്രൊഫസർമാരായിരിക്കുമ്പോൾ ഗവണ്മെണ്ടിന്റെ ചില പ്രവൃത്തികളെ ആക്ഷേപിക്കുന്നതിന്നു കൂടിയ യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ളതു ഗവണ്മെണ്ടിന്നു അറിവുണ്ടോ?

(ഇ) ഇപ്പോഴത്തെ ഉത്തരവിന്നു പ്രത്യേകകാരണമെന്താണെന്നു ദയവായി പറയുമോ?

(എഫ്) ഫ്രാൻചൈസ് നമ്പർ റഗുലേഷനെ ആക്ഷേപിക്കുന്നതിന്നു തമ്പാനൂർക്കൂടിയയോഗത്തിൽ ഈവിടത്തെ അനേകം ഉദ്യോഗസ്ഥന്മാർ പങ്കെടുത്തിട്ടുള്ള കാര്യം ഗവണ്മെണ്ടിന്നു അറിവുണ്ടോ?

(ജി) ആ യോഗം വിളിച്ചുകൂട്ടുന്നതിനായി നോട്ടീസിൽ ഒപ്പിട്ട ഒരാൾ ഇപ്പോഴത്തെ ഹെഡ്സെക്രട്ടറി പക്ഷിയായിരുന്നെന്നും ഗവണ്മെൻറിനറിവുണ്ടോ?

(എച്ച്) കഴിഞ്ഞ ൨ ൩ വർഷമായി ലാക്കാളേജ് പ്രൊഫസർമാർക്കു രാഷ്ട്രീയയോഗങ്ങളിൽ പങ്കെടുക്കുന്നതിന്നു പൂർണ്ണസ്വാതന്ത്ര്യം കൊടുത്തിരുന്നു എന്നു ഗവണ്മെണ്ടിന്നറിവുണ്ടോ?

(ഐ) ലാക്കാളേജ് പ്രൊഫസർമാർക്കു പെൻഷനു അവകാശമുണ്ടോ, സർവ്വീസ്റഗുലേഷൻ അവർക്കു ബാധകമാണോ?

മി: കെ. ജോർജ് (ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): (എ) (എ) ഗവണ്മെണ്ടിന്റെ ശമ്പളം വാങ്ങുന്നവർ രാഷ്ട്രീയമോ അർദ്ധരാഷ്ട്രീയമോ ആയ യോഗങ്ങളിൽ പങ്കെടുക്കുന്നതു ശരിയല്ലെന്നു ഗവണ്മെണ്ടു വിചാരിക്കുന്നു എന്നും അങ്ങനെ പങ്കെടുക്കാനുള്ള സ്വാതന്ത്ര്യം വേണമെന്നു ആഗ്രഹമുള്ളവർ ഗവണ്മെണ്ടിന്റെ കീഴിൽ വേണ്ടാത്തതായ ഉദ്യോഗം രാജിവെക്കേണ്ടതാണെന്നും ഗവണ്മെണ്ടു ഒരു ഉത്തരവു അയച്ചിട്ടുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ചു ആക്ടിംഗ് ചീഫ്ജസ്റ്റീസിനയച്ച ഒരെഴുത്തിന്റെ പകർപ്പു † മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) അർദ്ധരാഷ്ട്രീയം എന്നപദം അതിന്റെ സാധാരണ അർത്ഥത്തിൽ തന്നെയാണു ഉപയോഗിച്ചിരിക്കുന്നതു,

(ഡി) മെമ്പർ പറഞ്ഞ വിവരം ഗവണ്മെണ്ടു നോട്ടുചെയ്തു.

(ഇ) ഈയിടെ ഒരവസരത്തിൽ ആ സ്വാതന്ത്ര്യം ഉപയോഗം വെട്ടിക്കുറച്ചതു

(എഫ്) ഉപദേശനിഷേധത്തിനാണ്.

(ജി) ഗവണ്മെൻറിനു അറിവില്ല.

---

* അനുബന്ധം ൩ നോക്കുക.

† അനുബന്ധം ൪ നോക്കുക.

(ഡി). മുമ്പ്. ആ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തുകൂടാ അനുവദിച്ചിരുന്നു.

(ഇ). രണ്ടുഭാഗത്തിനും മറുപടി നിഷേധത്തിലാണ്.

ലാക്കോളേജിലെ പ്രൊഫെസർമാർ.

ചോദ്യം. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന സംഗതികൾ ഗവർണ്ണരുടെ മുമ്പായി പറയുമോ?

(എ). ലാകാളേജിലെ പ്രൊഫെസർമാർ രാഷ്ട്രീയമോ അർദ്ധരാഷ്ട്രീയമോ ആയ യോഗങ്ങളിൽ പങ്കെടുക്കാൻ പാടില്ലെന്നു വിരോധിക്കുന്ന വല്ല ഉത്തരവും ഗവർണ്ണരുടെ അറിവിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ഉത്തരവിന്റെ ഒരു പകർപ്പു മേശപ്പുറത്തു വയ്ക്കുമോ?

(ബി). ലാകാളേജിലെ പ്രൊഫെസർമാരെ മുൻപിലെ ചോദ്യം നമ്പർ തിരുവിതാംകൂർ നിയമസഭാംഗങ്ങൾ ഗ്രൂപ്പടിസ്ഥാനം നിയമസഭയിലെ അനുദ്യോഗസ്ഥാംഗങ്ങൾമാരായി തിരഞ്ഞെടുക്കാമോ?

(സി). ലാകാളേജ് പ്രൊഫെസർമാരെ തിരുവിതാംകൂർ നിയമസഭയിലെ അനുദ്യോഗസ്ഥാംഗങ്ങൾമാരായി തിരഞ്ഞെടുക്കാവുന്നതാണെന്നു ഗവർണ്ണരുടെ വല്ലപ്പോഴും പ്രസ്താവിച്ചിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): (എ). മെമ്പർ മി. എം. എൻ. പിള്ളയുടെ ചോദ്യം നമ്പർ ചോദ്യം. ക (എ) ഉം ക (ബി) ഉം ഭാഗങ്ങളുടെ മറുപടി നോക്കണം.

(ബി) ഉം (സി) ഉം. ചോദ്യം നമ്പർ നിയമസഭാറെഗുലേഷന്റെ ആവശ്യങ്ങൾക്കു ലാകാളേജ് പ്രൊഫെസർമാർ അനുദ്യോഗസ്ഥാംഗങ്ങൾമാരെപ്പററിയുള്ള ചട്ടങ്ങളിൽ ഉൾപ്പെടും.

ലാകാളേജ് പ്രൊഫെസർമാരും രാഷ്ട്രീയയോഗങ്ങളും.

ചോദ്യം. മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഗവർണ്ണരുടെ മുമ്പായി താഴെ പറയുന്ന വിവരങ്ങൾ പറയുമോ?

(എ). ലാകാളേജ് പ്രൊഫെസർമാർ ഇവിടത്തെ രാഷ്ട്രീയമോ അർദ്ധരാഷ്ട്രീയമോ ആയ യോഗങ്ങളിൽ പങ്കെടുക്കുന്നതായി ഇവിടെ വല്ല കുപ്രസിദ്ധി ഗവർണ്ണരുടെ അറിവിട്ടുണ്ടോ?

(ബി). ഉണ്ടെങ്കിൽ അങ്ങനെ ചെയ്യാൻ വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ?

(സി). ഇതു വല്ലതു നടക്കുന്നതിനു മുമ്പു രാഷ്ട്രീയയോഗങ്ങളിൽ പങ്കെടുക്കാൻ അവർക്കു സ്വാതന്ത്ര്യം ഇല്ലായിരുന്നോ?

മി. കെ. ജോർജ്ജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): മെമ്പർ മി. എം. എൻ. പിള്ളയുടെ ക്രമനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ക്രമനമ്പർ ചോദ്യത്തിന്റെ രണ്ടാം ഭാഗം മറുപടിയിൽ പറഞ്ഞ പ്രത്യേകതരവസരം എന്താണെന്നു സഭയ്ക്കും പൊതുജനങ്ങളുടെയും അറിവിന്നായി ഗവർണ്ണരുടെ പറയുമോ?

മി. കെ. ജോർജ്ജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): അതു അനുബന്ധം നു-ൽ കാണാം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ക്രമനമ്പർ രണ്ടാം ഭാഗം ചോദ്യത്തിന്റെ മറുപടിയെ സംബന്ധിച്ചാണു ഞാൻ സംസാരിക്കുന്നതു്.

മി. കെ. ജോർജ്ജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): മെമ്പർ പറയുന്ന ചോദ്യം ഏതാണു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ക്രമനമ്പർ, "ഈയിടെ ഒരവസരത്തിൽ ആ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തതിനാൽ" എന്ന മറുപടി പറഞ്ഞ ഭാഗം.

മി. കെ. ജോർജ്ജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): അവസരം ഏതാണെന്നുള്ളതിനെപ്പററി അനുബന്ധം നു-ൽ പ്രസ്താവിച്ചിട്ടുണ്ടെന്നു ഞാൻ പറഞ്ഞുവല്ലോ.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അതിൽ കാണുന്നില്ല.

മി. കെ. ജോർജ്ജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): അതിലതു പ്രസ്താവിച്ചിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): സന്ദർഭത്തെപ്പററി പ്രസ്താവിച്ചിട്ടുണ്ടു. എന്നാൽ ആ ആളിന്റെ പേരു പറഞ്ഞിട്ടില്ല.

മി. കെ. ജോർജ്ജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഉദ്യോഗസ്ഥന്റെ പേരു പ്രസിദ്ധമാക്കുന്നതു യുക്തമല്ലെന്നു ഗവർണ്ണരുടെ വിചാരിച്ചു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒരാൾ ഒരു പ്രത്യേക അവസരത്തിൽ ആ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തതു് ആ സ്വാതന്ത്ര്യം കേവലം എടുത്തുകളവാൻ മതിയായ കാരണമാണെന്നു ഗവർണ്ണരുടെ വിചാരിക്കുന്നുണ്ടോ?

മി. കെ. ജോർജ്ജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): അതു അഭിപ്രായംപോലിരിക്കും.

ക്രമം ക-ലെ ഇ-ാം റെഗുലേഷനിലെ നിബന്ധനകൾ ലംഘിക്കുന്ന പത്രങ്ങളെപ്പററിയുള്ള റിപ്പോർട്ട്.

ക്രമനമ്പർ. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): താഴെപ്പറയുന്ന സംഗതികൾ ഗവർണ്ണരുടെ മുമ്പായി പറയുമോ?

(എ). ക്രമം ക-ലെ ഇ-ാം റെഗുലേഷനിലെ നിബന്ധനകൾ ലംഘിക്കുന്ന വർത്തമാനപ്പത്രങ്ങളെപ്പററി അറിവു കിട്ടുന്നതിനു ഗവർണ്ണരുടെ എന്തു വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്?

(ബി). ആ റെഗുലേഷൻപ്രകാരം കുററങ്ങൾ ചെയ്യുന്ന പത്രങ്ങളുടെ പേരു ഗവർണ്ണരിന്റെ ഒഫീഷിയൽകൊണ്ടുവരുന്നതു ആരെയെങ്കിലും പ്രത്യേകമായി നിയമിക്കുകയോ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥൻ ആരാണു?

മി. കുട്ടിക്കൃഷ്ണമേനോൻ പി. മുഹമ്മദ്കുട്ടിപ്പിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിക്കുവേണ്ടി): (എ). ഗവർണ്ണരുടെ അതിനു വേണ്ടുന്ന വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. എന്നാൽ ആ വ്യവസ്ഥകൾ എന്താണെന്നു പ്രസിദ്ധമാക്കാൻ ഗവർണ്ണരുടെ വിചാരിക്കുന്നില്ല.

(ബി). ആ നോട്ടീസ് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുകയോ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വർത്തമാനപ്പത്രറെഗ്ലേഷൻ ഭേദപ്പെടുത്തൽ.

ക്വസ്റ്റൻ. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വർത്തമാനപ്പത്രറെഗ്ലേഷൻ ഉർബ്ബലപ്പെടുത്തുന്നതിനോ ഭേദപ്പെടുത്തുന്നതിനോ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻ പിള്ള (അഡ്വക്കേറ്റ് ജനറൽ ഹെഡ് സെക്രട്ടേറിയറ്റ്): അതു ഉർബ്ബലപ്പെടുത്തണമെന്നോ ഭേദപ്പെടുത്തണമെന്നോ ഗവർണ്ണമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

കക്കടക്കാട്ടെ ടെലഫോൺ റെഗ്ലേഷൻ.

ക്വ. ൦. മി: കെ. ശങ്കരമേനോൻ (ചേർത്തല): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) കക്കടക്കാട്ടെ ടെലഫോൺ നമ്പർ റെഗ്ലേഷനെ പ്രതിഷേധിച്ചും അതിനെ ഉർബ്ബലപ്പെടുത്തണമെന്നു അപേക്ഷിച്ചും എത്ര പൊതുജനാഭിപ്രായങ്ങൾ ഗവണ്മെന്റിന് കിട്ടിട്ടുണ്ട്?

(ബി) ആ റെഗ്ലേഷൻ ഉർബ്ബലപ്പെടുത്താൻ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ജനറൽ ഹെഡ് സെക്രട്ടേറിയറ്റ്), (എ) ഉ ല.

(ബി) ചോദ്യം മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ ക്വസ്റ്റൻ-നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കണം.

സമുദായഭേദം ഉണ്ടാക്കുന്ന പത്രങ്ങൾ.

ക്വ ൧. മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (ഗുരുവായൂർ): സമുദായഭേദം ജനിപ്പിക്കുന്നതും മതദ്വേഷത്തിനും സമുദായവിദ്വേഷത്തിനും ഉള്ള പൊതുജനങ്ങൾക്കു മനോവേദന ഉണ്ടാക്കുന്നതും ഇടയുള്ള വർത്തമാനപ്പത്രലേഖനങ്ങൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനു വേണ്ടുന്ന വ്യവസ്ഥകൾ ചെയ്യുന്നതിനുവേണ്ടി ഉണ്ടാക്കുന്നതിന്റെ അഭിലഷണീയതയെപ്പററി ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ജനറൽ ഹെഡ്സെക്രട്ടേറിയറ്റ്): മറുപടി ഇല്ല എന്നാണ്.

വർത്തമാനപ്പത്രങ്ങളുടെ ലൈസൻസ് ഫീസ്.

ക്വ ൧൧. മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) വർത്തമാനപ്പത്രറെഗ്ലേഷൻപ്രകാരം വർത്തമാനപത്രാധിപന്മാരിൽനിന്നും ലൈസൻസ് ഫീസായി വസൂലാക്കിട്ടുള്ള ആകെ സംഖ്യ.

(ബി) അങ്ങനെ വസൂലാക്കിട്ടുള്ള സംഖ്യ പലിശകിട്ടത്തക്കവണ്ണം നിക്ഷേപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെ, എന്തു പലിശക്ക്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ജനറൽ ഹെഡ്സെക്രട്ടേറിയറ്റ്): (എ) കക്കടക്കാട്ടെ ക്ക-ന്നു വരെ വസൂലായ സംഖ്യ ൧ ഉ ൪ രൂപയാകുന്നു.

(ബി) ആ സംഖ്യ ഇപ്പോൾ പലിശയില്ലാതെ ഡിപ്പോസിറ്റായി വെച്ചിരിക്കുന്നു. പലിശ അനുവദിക്കുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നു.

അനുബന്ധം ക.

ക്ലാസ്സ് ചേർത്തതിന്റെ ഉരുപടി നോക്കുക.

൧൯൧൧-ൽ ഫൈനാൻസ് കമ്മിററിയുടെ നിയമസഭയുടെ ആലോചിക്കാതെ ഗവർണ്ണർ ചെലവുചെയ്യുന്നതിന് അനുമതിയില്ലാതെ വോട്ടുചെയ്യുന്ന പദ്ധതിയില്ലാത്ത ഇനങ്ങളുടെ പട്ടിക.

ബഡ്ജററിനം	സംഖ്യ			ഇനവിവരണം
	രൂ.	ച.	കാ.	
൧൧ കൊട്ടാരം	൧൩,൦൦൦	൦	൦	നിത്യച്ചിലവിലേക്കു കൂടുതൽ ഗ്രാന്റ്
	൩൮,൯൮൨	൧൧	൧൩	നാട്ടുനിങ്ങിയ മഹാരാജാവു തിരുമനസ്സുകൊണ്ടു തിരുമാസം, പുണ്യാഹം ഇവ സംബന്ധിച്ചുണ്ടായിരുന്ന കടങ്ങൾ കൊടുത്തുതീർപ്പാൻ
	൩,൪൩൪	൨	൧	മഹാരാജാവു തിരുമനസ്സിലെ ട്യൂട്ടറിന്റെ സഞ്ചാരപ്പടി, കണ്ടിജന്റസിച്ചെലവു
൧൨ പണിവക	൧൪,൦൦൦	൦	൦	കൌഡിയാർകുന്നു കൊട്ടാരത്തിൽ പുതിയ കെട്ടിടത്തിന്റെ വലിപ്പം കൂട്ടാൻ കൂടുതൽ പണികഴിക്കുക
൧൩ കൊട്ടാരംവക ലായം	൩,൩൧൩	൦	൦	൧൧൦൦-ൽ ലായത്തിലേക്കു ഒരാനയെ വാങ്ങിയതിന്നു
	൧,൬൪൦	൦	൦	സിൽബന്ധികളുടെ സഞ്ചാരപ്പടി
൧൪ സാധാരണഭരണം	൨,൬൩൦	൦	൦	ദേശത്തിൽവെക്കാനുള്ള ഗവർണ്ണമെന്റിന്റെ ഉപദേഷ്ടാവെന്നനിലയിൽ മിസ്റ്റർ മെറിന്റെ അലവൻസ്
	൪൩൦	൦	൦	പല ഡിപ്പാർട്ടുമെന്റുകളിലേയും അധികാരവിഭജനം സംബന്ധിച്ചുള്ള സ്പെഷ്യൽ ഉദ്യോഗസ്ഥന്റെ കാലാവധി ൧൧൦൧ ധനു ൧-നു മുതൽ ഒരു മാസത്തേക്കു കൂട്ടിക്കൊടുത്തതുനിമിത്തം
	൧,൦൪൦	൦	൦	ഹജൂരിൽ ഇംഗ്ലീഷ്റിക്കാർഡുവകുപ്പിലെ സ്പെഷ്യൽ ഉദ്യോഗസ്ഥന്റെ കാലാവധി ൧൧൦൧ കുംഭം ൧-നു മുതൽ ആണ്ടവസാനംവരെ നീട്ടിക്കൊടുത്തതു നിമിത്തം
	൪൪൦	൦	൦	ഈഴവഗസറ്റുമേഷന്റെ വ്യാപ്തിയിൽനിന്നു ഒഴിവാക്കാനുള്ള അപേക്ഷകളെപ്പററി അന്വേഷിക്കുന്നതിന്നു പ്രത്യേകജോലിയിലിരിക്കുന്ന അസിസ്റ്റന്റ് ദേവസ്വം കമ്മീഷണരുടെ സമ്പളത്തിന്നു
൧൫ ഖുറുമ്പം	൨,൯൦൦	൦	൦	ആലപ്പുഴ കടൽപ്പാലംവക ഇരിമ്പുട്രാം പാളകൾ വാങ്ങുന്നതിന്നു
	൯,൦൦൦	൦	൦	ആലപ്പുഴ കടൽപ്പാലത്തിന്റെ തുലാക്കൂൻ യന്ത്രം ഉറപ്പിക്കുന്നതിനുള്ള പണികൾക്കു
൧൭ ദേവസ്വം	൩,൫൦൦	൨൦	൦	ദേവസ്വം കമ്മീഷണരുടെ ആഫീസ്വകയ്ക്കു
	൩,൪൦൯	൦	൦	ശ്രീ പണ്ടാരവകയായി ഇടുതൽ ചെലവുവന്നതു കൊടുക്കുന്നതിന്നു

അനുബന്ധം ഗ (തുടർച്ച).

	ബന്ധുറിനം	സംഖ്യ			ഇനവിവരണം
		രൂപാ.	ച.	കാ.	
൨ ഇ	ധർമ്മം	൯൩൨	൦	൦	അമ്പലപ്പുഴ കണക്കുകൂടി ഉദ്യോഗസ്ഥന്മാർ ൧൦൯ാ അവസാനംവരെ ധർമ്മപ്പുല്ല് കൊടുത്തതിന്റെ വില കൊടുപ്പാൻ
൨൯.	കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ, പലവക പൊതുജനോപകാരപ്രവൃത്തികൾ	൯൦൦	൦	൦	പീരുമേട്ടുകൊട്ടാരത്തിൽ പുതുക്കോട്ടങ്ങൾ ഉണ്ടാക്കുന്നതിന്നു
		൪,൩൪൦	൦	൦	കൊട്ടാരം വകയിൽ ചില പണികൾക്കു
		൩൪൦	൦	൦	സംസ്ഥാനത്തെ റസിഡൻസികളിലേക്കു പാത്രങ്ങളും സാമാനങ്ങളും വാങ്ങുന്നതിന്നു
		൩,൭൭൭	൦	൦	മദ്രാസ്ഗവർണ്ണർ അവർകളുടെ വരവു പ്രമാണിച്ചു കൊല്ലവും തിരുവനന്തപുരവും റസിഡൻസികളിൽ ചില പ്രത്യേക പണികൾക്കു
		൨,൯൦൦	൦	൦	പീരുമേട്ടിലെ ഗവർണ്മെന്റ്ഹൗസ് ഒരു റസിഡൻസിയായി മാറുന്നതിന്നു
		൫,൨൦൦	൦	൦	തിരുവനന്തപുരം ഗസ്റ്റ്ഹൌസിലേക്കു പാത്രങ്ങൾ തുണികൾ മുതലായവ വാങ്ങുന്നതിന്നു
൩൫	മരാമത്ത്	൨,൫൦൦	൨൪	൦	കനകക്കുന്നുകൊട്ടാരത്തിലേക്കു രണ്ടു ആർച്ച് തിരുമ്പിലകൾ വാങ്ങുന്നതിന്നു
		൪,൬൩൩	൫	൦	കുറാലം കൊട്ടാരത്തിന്നോടു ചേർത്തു ൪൪ സെൻറു സ്ഥലം വാങ്ങുന്നതിന്നു
		൯,൫൦൦	൦	൦	ക്ഷേത്രവിലാസത്തിൽ ചില പണികൾക്കു
		൨,൪൪൦	൦	൦	ആറാറങ്ങൽ കൊട്ടാരത്തിലെ മണ്ഡപക്കെട്ടു പുതുതായി ഓടിടുന്നതിന്നു
		൫,൯൫൨	൦	൦	ചെങ്ങന്നൂർ കൊട്ടാരപ്പുറവു വിസ്തീർണ്ണമാക്കുന്നതിന്നു ൫൭ സെൻറു സ്ഥലം വാങ്ങുന്നതിന്നു
		൨൭	൦	൦	തിരുവട്ടാറ്റു പുതിയകൊട്ടാരം സിൽബന്ധികളുടെ അമ്പലം
		൫൦൦	൪	൦	മരാമത്തു എൻജിനീയരുടെ ആഫീസുവക കണ്ടിങ്ജന്റെ ചെലവു
൩൩	പലവക രാഷ്ട്രീയ ചെലവുകൾ	൩൪,൪൫൦	൫൫	൦	൫൯൨ ഒക്ടോബർമാസത്തിൽ മദ്രാസ്ഗവർണർ അവർകളുടെ വരവു പ്രമാണിച്ചുള്ള ചെലവുകൾക്കു
	ട	൨,൪൦൦	൦	൦	"സർക്കാർവക മോട്ടാർകാറുകൾ വാങ്ങുന്നതിന്നും സൂക്ഷിക്കുന്നതിന്നും" കൂടുതൽ ചെലവു
൩൪	സൈന്യം	൨,൩൭൭	൪	൦	പട്ടാളം വക ചില പണികൾക്കു
	നായർപട്ടാളം	൩,൯൭൫	൨൩	൦	"നായർപട്ടാളം കണ്ടിങ്ജെൻസി" ഇനത്തിൽ വന്ന കൂടുതൽ ചെലവിന്നു
	യൂറപ്പ്	൪൦൦	൦	൦	യൂറപ്പുപട്ടാളക്കാർക്കു ഡ്യൂട്ടിബത്തേ കൊടുക്കുന്നതിന്നു

അനുബന്ധം ൨ എ.

൧൯൩൦ ചോല്യത്തിന്റെ മരപ്പടിനോക്കുക.

൧൯൩൦-൧൧൦൦ കൊല്ലങ്ങളിൽ തെങ്ങിൻ ഫലങ്ങൾക്കും കുരുമുളകിനും വസൂലായ കയറുമതി ച്ചുങ്കംകാണിക്കുന്ന പട്ടിക.

സാധനങ്ങൾ	കയറുമതിച്ചുങ്കം ബ്രിട്ടീഷ് രൂപാ	
	൧൯൩൦	൧൧൦൦
കൊപ്ര	൩,൪൩,൦൧൧	൪,൦൨,൩൦൧
തേങ്ങാ	൪൧,൦൩൩	൪൪,൪൩൩
കയറ്	൪,൭൭,൭൯൭	൩,൨൩,൯൪൪
വടം	൪൪൪	൪൩൭
ചകിരി	൧,൧൪൦	൧൩,൪൪൦
തൊണ്ട്	൧,൯൧൪	൪,൦൩൩
പിണ്ണാക്ക്	൪൪,൪൦൧	൪൨,൨൦൪
വെളിച്ചെണ്ണ	൩,൯൪,൦൨൪	൩,൪൪,൨൪൪
കുരുമുളക്	൧,൩൭൨,൭൧൩	൧,൪൩,൩൯൦

അനുബന്ധം ൨ ബി.

൧൯൩൦ ചോല്യത്തിന്റെ മരപ്പടി നോക്കുക.

൧൯൩൦-൧൧൦൧ കൊല്ലങ്ങളിൽ തെങ്ങിൻഫലങ്ങൾക്കും കുരുമുളകിനും ചുമത്തിയ ചുങ്കനിരക്ക്.

സാധനങ്ങൾ	ഇക	താരിപ്പുവില		ചുങ്കം
		ക.	ണ.	
കൊപ്ര	ശതത്തൂക്കം	൨൨	൭	൪ ശതമാനം
തേങ്ങാ	൧൦൦൦	൩൪	൭	നി
കയറ	ശതത്തൂക്കം	൧൪	൦	നി
വടം	നി	൧൦	൦	നി
ചകിരി	നി	൧൦	൦	നി
തൊണ്ട്	നി	൭	൦	നി
പിണ്ണാക്ക്	നി	൪	൦	നി
വെളിച്ചെണ്ണ	നി	൧൭	൧൨	നി
കുരുമുളക്	൪൦൦ റാത്തൽ കണക്കി			൪ രൂപാ ൧-൪-൧൧൦൧ തൽ ൧൦ രൂപായാക്കി

അനുബന്ധം ൩.

൧൯൪൬-൪൭ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧ നമ്പർ മുതൽ ൧൧൦ വരെ സ്ഥലംമാറ്റം കൊടുത്ത വൈദ്യന്മാരുടെ പേരുകളും അവരുടെ മാറിയ സ്ഥലങ്ങളും കാണിക്കുന്ന പട്ടിക.

	വൈദ്യന്റെ പേര്	എവിടെനിന്നും	എവിടെക്കു
൧	എച്ച്. പത്മനാഭശാസ്ത്രി	വക്കല	പിരപ്പങ്കോട
൨	ടി. കെ. പരമേശ്വരപ്പണിക്കർ	കടുത്തുരുത്തി	മാന്നാർ
൩	പി. എൻ. നാരായണക്കുറുപ്പ്	മാന്നാർ	വൈക്കം
൪	എൻ. വേലുപ്പിള്ള	വൈക്കം	പിറവം
൫	എ. ആർ. കേരളവർമ്മവാര്യർ	പിറവം	പെരുമ്പാവൂർ
൬	സി. ആർ. അയ്യപ്പൻ	നേമം	നെയ്യാററിങ്കര
൭	പി. ശങ്കരപ്പിള്ള	ചവറ	കായങ്കുളം
൮	കെ. എൻ. ഗോവിന്ദപ്പിള്ള	കൊട്ടങ്കര	ചവറ
൯	കെ. കൊച്ചുരാമൻ	കായങ്കുളം	പള്ളിക്കൽ
൧൦	ആർ. മാധവൻപിള്ള	കോന്നി	പത്തനാപുരം
൧൧	കെ. എൻ. നാരായണപ്പണിക്കർ	വെട്ടിക്കവല	റാന്നി
൧൨	ബി. നീലകണ്ഠൻ	പത്മനാഭപുരം	നാഗരുകോവിൽ
൧൩	എ. പെരുമിയൻ ഫെർണാണ്ടസ്	വക്കല	പടിഞ്ഞാറെകല്ലട
൧൪	വി. പത്മനാഭപിള്ള	പടിഞ്ഞാറെകല്ലട	വക്കല
൧൫	ജി. കൃഷ്ണപിള്ള	പത്തനംതിട്ട	ഓമല്ലൂർ

അനുബന്ധം ൪.

കൊച്ചി ചോള്ളത്തിന്റെ മറുപടിനോക്കുക.

വർത്തമാനപ്പത്രങ്ങളുടെമേൽ ചുമത്തിയ ലൈസൻസ്ഫീസ് കാണിക്കുന്ന പട്ടിക.

നമ്പർ	വർത്തമാനപ്പത്രത്തിന്റെ പേരു	ലൈസൻസ് വസൂൽ ത്രുപാ
൧	സുവാർത്തകൻ	൫
൨	സമദർശി	൫ ൦ ൦
൩	ക്രിസ്ത്യാൻ	൫
൪	ക്രൈസ്തവ ഹിതാമണി	൫
൫	നവഭാരതി	൨ ൫
൬	നസ്രാണിദീപിക	൨ ൫
൭	മെത്രാപ്പോലീത്താ	൫
൮	മലയാളി	൧ ൫ ൦
൯	നമ്മുടെമാസിക	൫
൧൦	കുടുംബപ്രിയൻ	൫
൧൧	ജ്ഞാനനിക്ഷേപം	൫
൧൨	മിഷ്യണറി ഇന്റെലിജൻസ്	൫
൧൩	വ്യവസായമിത്രം	൫
൧൪	ബാലാമൃതം	൫
൧൫	ഡയോസീസൻമാഗസീൻ	൫
൧൬	ചർച്ച്മാൻസ്പ്രൈസ്	൫
൧൭	പ്രഭാതകിരണൻ	൫
൧൮	മാസ്മുവ്മെൻറ്ക്വാർട്ടർലി	൫
൧൯	യൂനിയൻകാളേജ് മാസിക	൫
൨൦	ഗ്രിഗോറിയൻ	൫
൨൧	ഓറഡ് ഗർൾസ്ഗിൽഡ്ക്രോണിക്കിൾ	൫
൨൨	കോട്ടയംകാളേജ് മാസിക	൫
൨൩	വെള്ളാളമിത്രം	൨ ൫
൨൪	സ്വരാട്	൨ ൫
൨൫	തിരുവനന്തപുരം ഫ്രീക്സ്പ്രെസ്	൨ ൫
൨൬	തിരുവനന്തപുരം ഡെയിലിന്യൂസ്	൨ ൫
൨൭	പ്രതിദിനം	൨ ൫
൨൮	നവശക്തി	൨ ൫
൨൯	ദിക്കിട്ടിക	൨ ൫
൩൦	ദക്ഷിണഭാരതി	൧ ൫ ൦
൩൧	മെസ്സെഞ്ചർ ഹെറാൾഡിയങ്	൫
൩൨	മലയാളമനോരമ	൨ ൫
൩൩	ഓഷധപോഷിണി	൫
൩൪	സർവ്വീസ്	൫
൩൫	സത്യവതി	൫
൩൬	പൌരപ്രഭാ	൫ ൦ ൦
൩൭	അമൃതമയം	൨ ൫
൩൮	പ്രബുദ്ധകേരളം	൫
൩൯	അഭാർകുല അൽവലൻ	൫
൪൦	സുഭാഷിണി	൫ ൦ ൦
൪൧	സതീരത്നം	൫
൪൨	വഞ്ചികേസരി	൨ ൫
൪൩	മലബാർആഡ്വൊക്കേറ്റ	൨ ൫
൪൪	വെസ്റ്റേൺസ്റ്റാർ	൨ ൫
൪൫	യുദ്ധശബ്ദം	൫
൪൬	ചോർശത്രം	൫
൪ .	ചൌരൻ	൫
൪൮	ദേശാഭിമാനി	൨ ൫
൪൯	കർമ്മചക്രം	൨ ൫
൫൦	സനാതനധർമ്മം	൫
൫൧	മലങ്കരസഭാതാരക	൫
൫൨	സിറിയൻസണ്ഡേസ്കൂൾ സന്ദർശനി	൫

അനുബന്ധം (തുടർച്ച)

നമ്പർ	വർത്തമാനപത്രത്തിന്റെ പേര്	ലൈസൻസ്‌വസൂൽ രൂപ
൪൩	ജീവകാരുണ്യം	[illegible]
൪൪	ദേശബന്ധു	[illegible]
൪൫	ദേശാഭിമാനി	[illegible]
൪൬	സ്വാതന്ത്ര്യകാഹളം	[illegible]
൪൭	മഹാത്മാ	[illegible]
൪൮	നാടാർജനബന്ധു	[illegible]
൪൯	ഭാസൻ	[illegible]
൫൦	വിളക്കുകൾ	[illegible]
൫൧	കൊട്ടയംപത്രിക	[illegible]
൫൨	പൊന്നരപ്രഭാഷകൻ	[illegible]
൫൩	ചേരമർഭൂതൻ	[illegible]
൫൪	സാരസ്വതബോധിനി	[illegible]
൫൫	വ്യവസായമിത്രം(എറ്റിക്കാണൊമിക്കൽ ജർണൽ)	[illegible]
൫൬	തൊഴിലാളി	[illegible]
൫൭	മലബാർക്രിസ്ത്യൻ	[illegible]
൫൮	വിദ്യാഭിവർദ്ധിനി	[illegible]
൫൯	പ്രബോധിനി	[illegible]
൬൦	ട്രാവങ്കോർകൊച്ചിറെറവിഡ്ജർണൽ	[illegible]
൬൧	ഇൻഡ്യൻതിങ്കർ	[illegible]
൬൨	ട്രാവങ്കോർടൈംസ്	[illegible]
൬൩	സുവിശേഷഭൂതൻ	[illegible]
൬൪	കർഷകബന്ധോദയം	[illegible]
൬൫	ദക്ഷിണദീപം	[illegible]
൬൬	കേരളകൌമുദി	[illegible]
൬൭	വേദാദ്ധ്യയനപത്രിക	[illegible]
൬൮	യോഷാഭൂഷണം	[illegible]
൬൯	കേരളിയകർഷകൻ	[illegible]
൭൦	തിരുവിതാംകൂർ അഭിമാനി	[illegible]
൭൧	പൊന്നെകോസ്റ്റ്കാഹളം	[illegible]
൭൨	ധർമ്മകുമാരൻ	[illegible]
൭൩	മലകരവിയോജിതൻ	[illegible]
൭൪	മഹിളാ	[illegible]
൭൫	ഗുരുനാഥൻ	[illegible]
൭൬	സത്യസാക്ഷി	[illegible]
൭൭	സ്കോട്ട്ക്രിസ്ത്യൻകാളേജ്മാസിക	[illegible]
൭൮	ബ്രിട്ടീഷ് യൂനിഫോറംസർവ്വേസ് ക്ലറിക്കലസ്സൺ	[illegible]
൭൯	ക്രിസ്ത്യൻ ഹോംഡോമസ്റ്റിൻ	[illegible]
൮൦	ഗാർഡ് കാളേജ്	[illegible]
൮൧	മലങ്കരകർത്തോഡിക്സ്ഭൂതൻ	[illegible]
൮൨	രാജ്യാഭിമാനി	[illegible]
൮൩	ജാതൈക്യകരമുദ്രാവാരാധനം	[illegible]
൮൪	മലങ്കരസഭാമിത്രം	[illegible]
൮൫	കേരളധർമ്മം	[illegible]
൮൬	ദ്രസ്സുരകേസരി	[illegible]
൮൭	ആത്മബോധിനി	[illegible]

അനുബന്ധം ൪.

൧൯൨൯-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

ലൈസന്സിനപേക്ഷിച്ച വർത്തമാനപ്പത്രങ്ങളുടെ പേരുകളും ഓരോന്നിനും ചുമത്തിയ ലൈസൻസ് ഫീസും കാണിക്കുന്ന പട്ടിക.

നമ്പർ	പത്രങ്ങളുടെ പേര്	ചുമത്തിയഫീ. രൂപ.
൧	ജനതാഞ്ജിനി	൨ ൪
൨	ശ്രീവാഴുംകോട	● ൦ ൦
൩	ഗാർഡിയൻ	൨ ൪
൪	സമദർശി	● ൦ ൦
൫	ആയ്കുകോകിലം	൨ ●
൬	സഹോദരി	●
൭	സുവർത്താമാനം	●
൮	മെസെഞ്ചർഫോർദിയത്ത്	●
൯	സനാതനധർമ്മം	●
൧൦	മലയാളി	൧ ● ൦
൧൧	പ്രതിദിനം	൨ ●
൧൨	നസ്രാണിദീപിക	൨ ●
൧൩	ക്രൈസ്തവമഹിളാമണി	●
൧൪	വീരകേരളൻ	● ൦ ൦
൧൫	നാടാർനന്പൻ	●
൧൬	പൌരൻ	൨ ●
൧൭	സാഹിത്യകാഹളം	൨ ●
൧൮	തിരുവനന്തപുരം ഡെയിലിന്യൂസ്	൨ ●
൧൯	നവഭാരതി	൨ ●
൨൦	ദി പീപ്പിൾ	● ൦ ൦
൨൧	ലോകമിത്രം	൨ ●
൨൨	മെള്ളാളമിത്രം	൨ ●
൨൩	വജ്രകേസരി	൨ ●
൨൪	അരശർകുലത്തർവചൻ	●
൨൫	സർവീസ്	●
൨൬	ദക്ഷിണഭാരതി	൧ ● ൦
൨൭	തൊഴിലാളി	൨ ●
൨൮	നമ്മുടെമാസിക	●
൨൯	കുഡുംബപ്രിയൻ	●
൩൦	ജനാധിനിക്ഷേപം	●
൩൧	മിഷ്യണറിഇൻറലിജൻസ്	●
൩൨	വ്യവസായമിത്രം	●
൩൩	ബാലമിത്രം	●
൩൪	ക്രിസ്ത്യൻ	●
൩൫	പ്രബുദ്ധകേരളം	●
൩൬	ഡയോസീസൻമാഗസീൻ	●
൩൭	ഫ്രീമാൻസ്പ്രെണ്ട്	●
൩൮	പ്രഭാതകിരണൻ	●
൩൯	മാസ്മുവ്മെൻറുകപ്പാട്ടർമ്മി	●
൪൦	യൂനിയൻകോളേജ്മാഗസീൻ	●
൪൧	ഗ്രിഗോറിയൻ	●
൪൨	ഓറഞ്ച്ഗർൾസ്ഗിൾഡ്ക്രോണിക്കിൾ	●
൪൩	കോട്ടയ്ക്കകംകോളേജ്മാഗസീൻ	●
൪൪	മിക്രിട്ടിൽ	൨ ●
൪൫	നവശക്തി	൨ ●
൪൬	കുട്ടനാടൻ	൧ ● ൦
൪൭	അഭ്യുദയം	൨ ●
൪൮	സിറിയൻസണ്ടേസ്ക്രോണിക്കിൾ	●
൪൯	മലങ്കരസഭാതാരക	●
൫൦	മലബാർ ആഡ്വൊക്കേറ്റ	൨ ●
൫൧	തിരുവനന്തപുരം എക്സ്പ്രസ്	൨ ●
൫൨	മഹാത്മാ	൨ ●

നമ്പർ	പത്രങ്ങളുടെ പേരു്	ചുമത്തിയഫീ. രൂപ.
൪൩	സുഭാഷിണി	൧൦
൪൪	ദേശാഭിമാനി	൨
൪൫	സ്വരാട്	൨
൪൬	സാരസ്വതബോധിനി	
൪൭	സരസ്വതി	
൪൮	പൈതൃകപ്രഭാ	൧൦
൪൯	പൈതൃകപ്രദീപകൻ	൫
൫൦	വെസ്റ്റൺസ്റ്റാർ	൨
൫൧	വിജ്ഞാനകൻ	൫
൫൨	വിചാരകൻ	൫
൫൩	കേരളകൌമുദി	൨
൫൪	സാഹിത്യം	
൫൫	വ്യവസായമിത്രം	
൫൬	കർമ്മപുഷ്പം	
൫൭	വിദ്യാഭിവർദ്ധിനി	
൫൮	രാജ്യാഭിമാനി	൨
൫൯	ചേരമർദ്ദൂതൻ	
൬൦	ട്രാവങ്കോർടൈംസ്	൨
൬൧	ബെഥനിമാസിക	
൬൨	സുവിശേഷദൂതൻ	
൬൩	സ്വദേശാഭിമാനി	൨
൬൪	കോട്ടയം പത്രിക	൨
൬൫	മലങ്കരസഭാമിത്രം	
൬൬	യുദ്ധശബ്ദം	
൬൭	പോർശബ്ദം	
൬൮	ദേശബന്ധു	൨
൬൯	ഇൻഡ്യൻതിങ്കർ	൨
൭൦	പ്രബോധിനി	൨
൭൧	മാസൻ	൫ ൦
൭൨	ഭാരതം	൨
൭൩	ജീവകാരുണ്യം	
൭൪	ധർമ്മപാലൻ	൨
൭൫	മലബാർ ക്രിസ്ത്യൻ	
൭൬	കർമ്മാളധർമ്മോദയം	
൭൭	ജാത്യൈക്യവേദപരിപാലനം	
൭൮	തിരുവിതാംകൂർ അഭിമാനി	൨
൭൯	യോഗാഭൂഷണം	
൮൦	കേരളീയകർത്താവിക്കൻ	
൮൧	വേദാദ്ധ്യായനപത്രിക	
൮൨	മലങ്കരചിയോദിതൻ	
൮൩	ട്രാവൻകോർ കോളാപ്പറേറ്റീവ് ജർണൽ	
൮൪	അനന്തഭാരതി	൨
൮൫	യുവകേസരി	൨
൮൬	ധർമ്മഭാരതൻ	
൮൭	ഇൻഡസ്ട്രിയൽമിറർ	
൮൮	ദക്ഷിണദീപം	
൮൯	പെന്തിക്കോസ്ത്കാഹളം	
൯൦	സ്കോട്ട്ക്രിസ്ത്യൻകോളേജ്മാഗസീൻ	
൯൧	ജനരഞ്ജിനി	
൯൨	ബ്രിട്ടീഷ് യൂനിഫോറം സർട്ടിഫിക്കറ്റ് ലൈസൻസ്	
൯൩	സത്യസാക്ഷി	
൯൪	ക്രിസ്ത്യൻഹോംമാഗസീൻ	
൯൫	ദി ഓറിഡ്കോളേജ്	
൯൬	ഗുരുനാഥൻ	
൯൭	മഹിള	
൯൮	കേരളധർമ്മം	
൯൯	ആയുർകാഹളം	൨
൧൦൦	മലയാളമനോരമ	
൧൦൧	ഭാഷാപോഷിണി	
൧൦൨	മലങ്കരകാർത്താവികളുടെ	
൧൦൩	ആത്മബോധിനി	

അനുബന്ധം ന.
൧൯൩൦-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.
(സ്വകാര്യം.)

തിരുവനന്തപുരം,
൧൯൨൯ ആഗസ്റ്റ് ൧൪.

എന്റെ പ്രിയമുള്ള മിസ്റ്റർ രാമൻതമ്പി,

൧൧൦൧ ഇടവം ൧൩-ാം നു- തമ്പാനൂർ ഹാളിൽ വെച്ചു നടന്ന യോഗത്തിൽ ഹാജരായി പങ്കെടുത്തതിനു മിസ്റ്റർ .... വ്യ-ന്യ-വ്യനു- അയച്ച സമാധാനത്തോടുകൂടെ അയച്ച നിങ്ങളുടെ നാ-ന്യ-വ്യനു- ത്തെ സ്വകാര്യം എഴുന്നുകിട്ടി. യോഗത്തിൽ പങ്കെടുക്കുന്നതിനു തനിക്കു അവകാശമുണ്ടെന്നുള്ള ഉത്തമവിശ്വാസത്തിന്മേൽ അങ്ങനെ ചെയ്തു പോയതാണെന്നുള്ളമിസ്റ്റർ. ... .ന്റെസമാധാനം ഗവണ്മെന്റു സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഗവണ്മെന്റിൽ നിന്നു ശമ്പളം വാങ്ങുന്നവർ രാഷ്ട്രീയമോ അരാഷ്ട്രീയമോ ആയ യോഗങ്ങളിൽ പങ്കെടുക്കുന്നതു ശരിയല്ലെന്നു ഗവണ്മെന്റു വിചാരിക്കുന്നു എന്നും ആ സ്വാതന്ത്ര്യം വേണമെന്നു ആഗ്രഹിക്കുന്നവർ ആ സ്വാതന്ത്ര്യമോ ഗവണ്മെന്റിന്റെ കീഴിലുള്ള ഉദ്യോഗമോ രണ്ടിലൊന്നു തിരഞ്ഞെടുത്തു കൊള്ളേണ്ടതാണെന്നും എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. ഗവണ്മെന്റിന്റെ ഈതീർച്ച ലാ കാളേജ് പ്രിൻസിപ്പാലിനെയും പ്രൊഫെസർമാരെയും അറിയിക്കണമെന്നു അപേക്ഷിക്കുന്നു. എന്നു നിങ്ങളുടെ വിധേയൻ

ആർ. കൃഷ്ണപിള്ള
(ഒപ്പു)

ഫൈനാൻസ് കമ്മിററിമെമ്പർമാരുടെയും എക്കണോമിക്കു ഡെവലപ്പ്മെന്റു ബോർഡിലെയും മെമ്പർമാരുടെ തിരഞ്ഞെടുപ്പ്.

പ്രെസിഡെന്റു: ഇന്നലെ വോട്ടെടുത്തതിന്റെ ഫലമായി താഴെ പറയുന്ന അനുദ്യോഗസ്ഥമെമ്പർമാർ ൧൧൦൨-ലെ ഫൈനാൻസ്കമ്മിററി മെമ്പർമാരായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

൧. മി: എം. ശിവതാണുപിള്ള
൨. മി: പി. കെ. നാരായണപിള്ള
൩. മി: ജി. പരമേശ്വരൻപിള്ള

താഴെ പറയുന്ന അനുദ്യോഗസ്ഥ മെമ്പർമാരെ എക്കണോമിക്ക് ഡെവലപ്പുമെന്റുബോർഡുമെമ്പർമാരായും തിരഞ്ഞെടുത്തു.

൧. മി: എം. എൻ. നായർ
൨. മി: സി. കേരളവർമ്മ കോയിൽതമ്പുരാൻ
൩. മി: കെ. മാധവൻപിള്ള
൪. മി: എസ്. പിറവിപ്പെരുമാൾപിള്ള

ഗ്രാൻറിനായുള്ള അപ്രത്ഥനകൾ (തുടർച്ച).

ഡിമാണ്ട് ൻ-സാധാരണഭരണം-സെക്രട്ടേറിയററ് ഇത്യാദി

൧൯൭ വക്കം രൂപാ.

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): സർ, ഡിമാണ്ട് ൻ സിക്രട്ടേറിയററു ഇത്യാദി ഇതിൽ ൧,൯൭,൧൦൦ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

൧൩ എ. സാധാരണ ഭരണം ഹജൂർ കച്ചേരി.

ഉപക്ഷേപങ്ങൾ ൨൨൧ മുതൽ ൨൨൪ വരെ.

താഴെ പറയുന്ന ഉപക്ഷേപം മെമ്പർ ഹാജരില്ലാത്തതിനാൽ ഹാജരാക്കാത്തതായി സങ്കല്പിച്ചു.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള.

൨൨൧. ൭ ചുരുക്കെഴുത്തു റിപ്പോർട്ടർമാർക്ക് അനുവദിച്ച ൪൫൨ രൂപായിൽ ൧൦൦ രൂപ കുറയ്ക്കണം.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: ജി. രാമൻമേനോൻ.

൨൨൨. ദിവാന്റെ വാസസ്ഥലത്തെ സിൽബന്തികൾക്കു അനുവദിച്ച ൯,൭൧൭ രൂപായിൽ ൭൦൦ രൂപ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള.

൨൨൩. സിൽബന്തികൾക്കു അനുവദിച്ച ൧,൧൭,൪൭൭ രൂപായിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: ജി. രാമൻമേനോൻ.

൨൨൪. ഉമാട്ടാർകാരിന്റെ സൂക്ഷിപ്പിനു അനുവദിച്ചിട്ടുള്ള ൪൫൦ രൂപായിൽ ൧൫൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൨൨൫.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൨൨൫. ഹജൂർ കച്ചേരിക്കു അനുവദിച്ചിട്ടുള്ള ൧,൫൧,൭൦൧ രൂപായിൽ ൧ രൂപ കുറയ്ക്കണം.

സർ, ജനഹിതം നോക്കി പ്രത്യേകമായി ഗവണ്മെന്റിന്റെ ഭരണനയം സംബന്ധിച്ചു, ജനഹിതപ്രകാരം തിരുത്തപ്പെടണമെന്നു ആഗ്രഹിക്കുന്ന ഒരു പരിഷ്കൃത രാജ്യമാകുന്നു തിരുവിതാംകൂർ രാജ്യം. ഏതെങ്കിലും ഭരണപ്രവൃത്തിയെയോ നയത്തെയോ സംബന്ധിച്ചു പൊതുജനാഭിപ്രായം എന്താണെന്നറിവാൻ ഗവണ്മെന്റിനു ആഗ്രഹമുണ്ടെങ്കിൽ ജനപ്രതിനിധികൾ കൂടിയിരിക്കുന്ന നിയമസഭ മുഖാന്തരമോ പത്രങ്ങൾ മുഖാന്തരമോ എളുപ്പത്തിൽ അറിവാൻ കഴിയും അതുകൊണ്ടു വർത്തമാനപ്പത്രങ്ങളെ സംബന്ധിച്ചു ഗവണ്മെന്റു സ്വീകരിക്കുന്ന

ാം ജനങ്ങളെ ഗൌരവമായ ബാധിക്കുന്ന ഒരു സംഗതിയാകുന്നു. വർത്തമാനപ്പത്ര റഗ്യുലേഷൻ പാസ്സാക്കിയതിൽ ഈ സഭയുടെ സ്ഥാനവും മാനവും ഗവണ്മെന്റ് നിസ്സാരമാക്കിക്കളഞ്ഞതു ജനങ്ങളെ എത്രത്തോളം കുണ്ഠിതപ്പെടുത്തിട്ടുണ്ടെന്നു ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തണമെന്നാണു ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം. ജനങ്ങൾക്കു അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള പ്രാഥമികാവകാശത്തെ തന്നെ ഈ റഗ്യുലേഷൻ ഹനിച്ചു കളയുന്നു, എന്നു ബോധിപ്പിച്ചു കൊള്ളുന്നു. ജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും അത്യാവശ്യമായ വർത്തമാനപ്പത്രസ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന ഈ നിയമം ജനങ്ങളുടെ മനസ്സിനെ ക്ഷോഭിപ്പിച്ചിട്ടുള്ളതുപോലെ ഗവണ്മെന്റിന്റെ ഈയിടയിലുള്ള വേറെ യാതൊരു പ്രവൃത്തിയും ക്ഷോഭിപ്പിച്ചിട്ടില്ല. നാം നമ്മുടെ ഇപ്പോഴത്തെ നിലയെ പ്രാപിച്ചതു വർത്തമാനപ്പത്രങ്ങൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യം നിമിത്തമാകുന്നു. ഉദ്യോഗസ്ഥന്മാരുടെ അഴിമതികളിൽ നിന്നു ജനങ്ങളെയും അവരുടെ വസ്തുക്കളെയും രക്ഷിച്ചിട്ടുള്ളതു സ്വാതന്ത്ര്യമുള്ളതായിരുന്ന വർത്തമാനപ്പത്രങ്ങളാകുന്നു. അവരുടെ സ്വാതന്ത്ര്യത്തിനു ഹാനികരമായ ഈ നിയമം നിമിത്തം ജനങ്ങൾ ക്ഷുഭ്ധരായതിനെപ്പററി ആശ്ചര്യപ്പെടാനില്ല. വർത്തമാനപ്പത്രങ്ങളെ ഉദ്യോഗസ്ഥന്മാർ മുഴുവനെ അധീനമാക്കിക്കളയുന്ന വർത്തമാനപ്പത്ര റഗ്യുലേഷൻ ഉദ്യോഗസ്ഥന്മാരുടെ സ്വേച്ഛാചാരണത്തിൽ നിന്നു ഞങ്ങൾക്കുള്ള അനന്യരക്ഷാമാർഗ്ഗത്തെയും ഞങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഏക വഴിയേയും ഒരേ സമയം തന്നെ ധ്വംസിച്ചുകളഞ്ഞിരിക്കുന്നു.

ബഡ്ജററിന്റെ ഉദ്ദേശം ജനങ്ങളുടെ ക്ഷേമവും ഐശ്വര്യവും വർദ്ധിപ്പിക്കുന്നതിനു വേണ്ടുന്ന പണം അനുവദിക്കയാകുന്നു, അതുകൊണ്ടു ജനങ്ങളുടെ ക്ഷേമത്തേയും ഐശ്വര്യത്തേയും ബന്ധിക്കുന്ന ഇങ്ങനെയുള്ള ഒരു കാര്യം ആ ബഡ്ജററിനെ സംബന്ധിച്ചുള്ള വാഗ്വിവാദത്തിൽ ആലോചനയ്ക്കു ന്യായമായ ഒരു വിഷയം ആകുന്നു. ഈ നിയമം പാസ്സാക്കിയശേഷം അടുത്തുണ്ടാകുന്ന ഈ ബഡ്ജററുയോഗത്തിൽ സഭയുടെ ആലോചനയ്ക്കു വിഷയമാകേണ്ടുന്ന പ്രഥമവും സർവ്വപ്രധാനവും ആയ വിഷയവും ഇതുതന്നെയാണ്. അതുകൊണ്ടുതന്നെയാണു പ്രസിഡണ്ടിന്റെ തീർച്ചയെപ്പററി മെമ്പർമാർ ക്ഷോഭിച്ചതും അതിനെ തുടർന്നു ഈ സഭയിൽ ചില സംഭവങ്ങൾ ഉണ്ടായതും.

സർ, എനിക്കനുവദിച്ചിട്ടുള്ള അല്പസമയത്തിനുള്ളിൽ വർത്തമാനപ്പത്രറഗ്യുലേഷനെപ്പററി മൂന്നുപ്രധാനസംഗതികൾ മാത്രമേ പ്രസ്താവിപ്പാൻ എനിക്കു സാധിക്കയുള്ളു. അതായതു ഇങ്ങനെയൊരു നിയമത്തെ നീതീകരിക്കത്തക്ക വല്ല പ്രത്യേക കാരണങ്ങൾ ഈ രാജ്യത്തു ഉണ്ടായിരുന്നോ എന്നും അതു പാസ്സാക്കിയ നിയമവിരുദ്ധമായവിധവും അതിലെ വ്യവസ്ഥകളുടെ നിഷ്ഠുരതയും.

മി: കെ. ഐ. ജോസഫ് (മീനച്ചലും മേലുകാവും): അതു പാസ്സാക്കിയ നിയമവിരുദ്ധമായ വിധം എന്നു മെമ്പർ പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ കുറെദിവസമായി നാം മിണ്ടാതെ വായ് പൂട്ടിയിരിപ്പാൻ നിർബന്ധിതരായിരിക്കയാണെന്നു മെമ്പർ ഗ്രഹിക്കണം. എന്റെ പ്രസംഗത്തിനിടയിൽ മെമ്പർ എന്നെ തടസ്സപ്പെടുത്താതിരിക്കണം. അവസാനത്തിൽ അദ്ദേഹത്തോടു മറുപടി പറഞ്ഞുകൊള്ളാം. അദ്ദേഹത്തിന്റെ ചോദ്യങ്ങൾ എഴുതി തന്നാലും കൊള്ളാം. അതിനൊക്കെ എന്റെ പ്രസംഗാവസാനത്തിൽ മറുപടി പറഞ്ഞുകൊള്ളാം. എന്റെ സമയച്ചുരുക്കവും ഞാൻ ആലോചിക്കേണ്ടിയിരിക്കുന്നു.

സർ, വർത്തമാനപ്പത്രങ്ങളുടെ സ്വാതന്ത്ര്യം തടഞ്ഞതിനെ നീതീകരിക്കുന്നതിനു യാതൊരു സംഗതിയും പറഞ്ഞിട്ടില്ല, ബ്രിട്ടീഷ്ഇൻഡ്യയിൽ വർത്തമാനപ്പത്രങ്ങളെ സംബന്ധിച്ചു ബിൽ നിയമസഭയിൽ ഹാജരാക്കിയപ്പോൾ, അതായതു ഫർഫാൾ അവിടെ അനേകം കേസുകൾ പത്രങ്ങളുടെമേൽ നടത്തി വിജയത്തിൽ അവസാനിച്ചു എന്നും അവിടെ രാജദ്രോഹമായ കുട്ടുകെട്ടുകളും രാജ്യഭരണം സംബന്ധിച്ചു കുലപാതകങ്ങളും ഉണ്ടായിരുന്നു എന്നു, അവയ്ക്കൊക്കെയും കാരണം പത്രങ്ങൾ ഒതുക്കുടാതെയും തടസ്സംകൂടാതേയും ഉത്സാഹിപ്പിക്കുന്നതു നിമിത്തമാണെന്നും സമാധാനം പറഞ്ഞിരുന്നു, ഈ കാരണങ്ങൾ ചോർഡ്സിൻഹായെപ്പോലെയുള്ള മിതവാദികൾപോലും മതിയാകുവില്ലെന്നു വിചാരിച്ചു. ഇങ്ങനെ അദ്ദേഹം എക്സിക്യൂട്ടീവ്കൌൺസിലിലെ ഉദ്യോഗം രാജികൊടുക്കാൻ ഓർത്തു. തിരുവിതാംകൂറിൽ അങ്ങനെയൊരു സ്ഥിതി ഉണ്ടായിട്ടില്ല. തിരുവിതാംകൂർ ഒരു പരിഷ്കൃതരാജ്യവും അവിടത്തെ ജനങ്ങൾ വിദ്യാഭ്യാസമുള്ളവരും ആകുന്നു. അവർ രാഷ്ട്രീയമായ അവകാശങ്ങൾ സമ്പാദിക്കുന്നതിനു അക്രമരഹിതമായ ശ്രമങ്ങൾ നിയമലംഘനംകൂടാതെ നടത്തുകയാണുവേണ്ടതെന്നു അഭിപ്രായമുള്ളവരാണ്. എന്നാൽ രാജ്യഭരണം നടത്തുന്നതു നിശ്ചിതതത്വങ്ങളനുസരിച്ചല്ലായ്കയാൽ ഗവണ്മെണ്ടിന്റെ പ്രവൃത്തികളേയും നയത്തേയുംപററി ആക്ഷേപങ്ങൾ പ്രത്യക്ഷമായവിധത്തിൽ ഉണ്ടായിട്ടുണ്ടു. ആ ആക്ഷേപങ്ങൾക്കു ഗവണ്മെന്റു പാത്രവുമാണ്. അതിനുലംഘിച്ചു രണ്ടു പത്രങ്ങൾ ശിക്ഷിക്കപ്പെട്ടിട്ടുമുണ്ട്. പത്രങ്ങളുടെ സാധാരണനില ആക്ഷേപയോഗ്യമാണെന്നു ആരും ഒരിടത്തും പറഞ്ഞിട്ടില്ല. പത്രങ്ങളുടെനില ആക്ഷേപയോഗ്യമാണെന്നാ അവയുടെ സ്വാതന്ത്ര്യം തടയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നോ മനസ്സിലാക്കിപ്പാർട്ടികളിലാകട്ടെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരുടെപരസ്യപ്രസ്താവനകളിലാകട്ടെ സൂചനയായിട്ടുപോലും ഉണ്ടായിട്ടില്ല. കഴിഞ്ഞ കുംഭത്തിലാണു പ്രജാസഭയിൽ ദിവാൻ പ്രസംഗിച്ചതു. പത്രങ്ങളുടെ ആപൽക്കരമായ ഗതിയെപ്പററി അതിൽ ഒരക്ഷരം പോലും പറഞ്ഞിട്ടില്ല. അതിനുശേഷം മൂന്നുമാസത്തിനുള്ളിൽ ഇങ്ങനെയൊരു നിയമത്തിനു എന്തു കാരണമാണുണ്ടായിട്ടുള്ളതു? സർ, യാതൊന്നും ഉണ്ടായിട്ടില്ല. ഉത്തരവാദിത്വബോധമില്ലാത്തതു ഉദ്യോഗസ്ഥന്മാരെപ്പററിയും ഗവണ്മെണ്ടിന്റെ കടുംകൈപ്രയോഗങ്ങളെപ്പററിയും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്, വാസ്തവംതന്നെ ചിലപത്രങ്ങളിൽ ഗവണ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മയെപ്പററിയും പ്രസ്താവനകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയൊന്നും വർത്തമാനപ്പത്രറഗ്യുലേഷനെപ്പോലെയുള്ള അധോഗതിസൂചകമായ ഒരു നിയമത്തെ നീതീകരിക്കുന്നില്ല.

ഒന്നോ രണ്ടോ പത്രങ്ങളുടെ കാര്യത്തിൽ സമാധാനവിഭ്രമണം ഉണ്ടായിട്ടുണ്ടെന്നു സമ്മതിച്ചാലും അവരെശിക്ഷിക്കുന്നതിനു ഇപ്പോൾതന്നെ ബലത്തിലിരിക്കുന്ന നിയമങ്ങൾ മതിയാകയില്ലെന്നു തെളിയിച്ചിട്ടില്ല. രാജദ്രോഹം സമുദായദ്വേഷം അപകീർത്തിപ്പെടുത്തൽ ഹീനഭാഷാപ്രയോഗം മുതലായ വർത്തമാനപ്പത്രങ്ങളുടെ കുററങ്ങളെസംബന്ധിച്ചു ശിക്ഷാനിയമത്തിലുള്ള വ്യവസ്ഥകളും ഫ്രീഡം ഓഫ് പ്രസ്സ്റഗ്യുലേഷൻ ൧൯൦൧-ാം വു-ം വ

കമ്പനിക്കുള്ളതുപോലെ സിദ്ധിച്ചിട്ടുള്ള വലിയ അധികാരങ്ങളും കാണ്ടത്തിനു മതിയാകുന്നില്ല എന്നും തെളിയിച്ചിട്ടില്ല. വർത്തമാനപ്പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടയുന്നതിനു യാതൊരു ആവശ്യമോ കാരണമോ ഉണ്ടായിട്ടില്ല.

മറ്റൊരു സംഗതി പറയാനുള്ളതു, ഇങ്ങനെയൊരു നിയമം ആവശ്യമാണെന്നു തോന്നി എന്നിരുന്നാലും, നിയമനിർമ്മാണത്തിനു പ്രത്യേകമായി നിയമിക്കപ്പെട്ടിട്ടുള്ള ഈ സഭയ്ക്കുതന്നെ അതു പാസ്സാക്കേണ്ടതായിരുന്നു എന്നാണ്. ഇതുമുഴുവനെ അതിന്റെ അധികാരത്തിലപെട്ട ഒരു വിഷയം ആയിരുന്നു. വർത്തമാനപ്പത്ര റെഗുലേഷൻ ജനങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചു നിർമ്മിച്ചതാണെങ്കിൽ ജനപ്രതിനിധികളുടെ സംഘത്തെന്നു സമ്മതിക്കപ്പെട്ടിട്ടുള്ള ഈ സഭയ്ക്കു അതു ഹാജരാക്കാമായിരുന്നു, അപ്രകാരം ചെയ്തിട്ടില്ല. അതു ഈ ജനപ്രതിനിധിസംഘത്തെ അകാരണമായി അപമാനിക്കയായിരുന്നുഎന്നല്ലാതെ ഈ സഭയ്ക്കു വിചാരിപ്പാൻ കഴിയുന്നില്ല. ഈ നിയമം ഗ്രഹിച്ചു ജനങ്ങളുടെമേൽ ചുമത്തുന്ന് എടുത്തറിഞ്ഞതാണു, അധികാരസ്ഥന്മാർ ജനങ്ങളെയാകട്ടെ അവരുടെ പ്രതിനിധികളെയാകട്ടെ വിശ്വസിച്ചില്ല. നിയമസഭാറെഗുലേഷൻ-വകുപ്പു നല്കുന്ന അധികാരം മഹാറാണി റീജൻറ് തിരുമനസ്സിന് പ്രയോഗിക്കാമോഎന്നു എനിക്കു സംശയമുണ്ട്. ഈ നിയമത്തെ പാസ്സാക്കുന്നതിനു മുമ്പേ ഒന്നുമിരുന്നുകിൽ അതു പാസ്സാക്കിയശേഷമോ ഗവർണ്ണന്റെ ഈ സമ്മതിക്കാതെ അതു ഹാജരാക്കാതിരുന്നതിനെപ്പററി കഠിനമായി ആക്ഷേപിക്കാതെ നിവൃത്തിയില്ല. തിരുവിതാംകൂർഗവർണ്ണന്റെ ജനങ്ങളുടെ ഭാഗത്തിനെ ആശ്രയിച്ചു ജീവിക്കുന്ന ഒരു ഗവർണ്ണൻറായിരുന്നെങ്കിൽ ഇങ്ങനെ ജനങ്ങളെ നിന്ദിച്ചശേഷം കുറെദിവസംപോലും നിലനില്ക്കയില്ലായിരുന്നു എന്നുപറയുന്നതിൽ എനിക്കു അശേഷം മടിയില്ല.

സർ, ഈ റെഗുലേഷനിലെ നിബന്ധനകൾ അതിന്റെ ഗ്രഹണത്തിനു അനുയോജ്യമായിരുന്നു ഇരിക്കുന്നു. മിസ്റ്റർ പി. കെ. നാരായണപ്പിള്ള പറഞ്ഞപ്രകാരം ഈ റെഗുലേഷനിലെ വ്യവസ്ഥകൾ സ്വാഭാവിക നീതിക്കും, സാധാരണ നിയമനിർമ്മാണ ചട്ടങ്ങൾക്കും രാജ്യത്തിന്റെ ക്ഷേമത്തിനും വിപരീതമാകുന്നു" ശിക്ഷയിൽ ആരംഭിച്ചു വിസ്താരത്തിൽ അവസാനിക്കുന്ന ഈ റെഗുലേഷൻ ആകപ്പടെ കീഴ്മേലായ ഒരു റെഗുലേഷൻ ആകുന്നു. എന്തും ചെയ്യാൻ മടിയില്ലാത്ത ഒരുദ്യോഗസ്ഥൻ നിർദ്ദോഷിയായ ഒരു ജനത്തിന്റെ മേൽ റെഗുലേഷൻപ്രകാരം നടപടി ആരംഭിച്ചിട്ടു ആനടപടി പരാജയത്തിൽ കലാശിച്ചാലും ആ പ്രജയ്ക്കു ഹാനിമാർഗ്ഗം വെച്ചിട്ടില്ലാത്ത ഈ റെഗുലേഷൻ നീതിവിരുദ്ധമാകുന്നു. എന്നുമാത്രമല്ല പരിഹാരത്തിനു ഒരു വഴിയും ഇല്ലാതിരിക്കത്തക്കവണ്ണം അതിൽ പ്രത്യേക വ്യവസ്ഥചെയ്തിട്ടുള്ളതായി കാണുന്നു. സർ, ഗവർണ്ണന്റെ ആലോചനക്കാരിൽ കാണുന്ന പാകതയില്ലായ്മയും സൂക്ഷിയില്ലായ്മയും ജനങ്ങളോടു സഹതാപമില്ലായ്മയും നിർണ്ണയം ഖേദിക്കാതെ നിവൃത്തിയില്ല.

തിരുവിതാംകൂറിലും പുറമെയും പൊതുജനാഭിപ്രായം സ്പഷ്ടമായിട്ടും ഈ അനിഷ്ടനിയമത്തിനു പ്രതികൂലമാണു. നാലുവർത്തമാനപ്പത്രങ്ങളൊഴികെ ഈ രാജ്യത്തുള്ള എല്ലാപത്രങ്ങളും ഈ റെഗുലേഷനെ തെളിവായി ആക്ഷേപിക്കയാണു ചെയ്തിട്ടുള്ളതു. ഈ നാലുപത്രങ്ങളും അവലംബിച്ചിട്ടുള്ള നിലയെപ്പററി അറിവുള്ളതുകൊണ്ടു ഇതിൽ ആക്ഷേപിക്കപ്പെടുവാനില്ല. ഈ റെഗുലേഷൻ ഉടനെ ദുർബ്ബലപ്പെടുത്തണമെന്നുള്ള നിലവിളിയാണു എങ്ങും കേൾക്കുന്നു. തിരുവിതാംകൂറിലെ പ്രധാനസ്ഥലങ്ങളിലെല്ലാംകൂടി അനവധിയോഗങ്ങളിൽ പാസ്സാക്കിയ നിർദ്ദേശങ്ങളും ചെയ്തപ്രസംഗങ്ങളും ഈ റെഗുലേഷനെപ്പററി ജനങ്ങളുടെ അഭിപ്രായം എന്താണെന്നു പ്രത്യക്ഷമാകുന്നു. ഈ സഭയ്ക്കു തിരഞ്ഞെടുക്കപ്പെട്ട സാമാജികന്മാരിൽ ഭൂരിപക്ഷത്തിന്റെ നില ഈ അനിഷ്ടനിയമത്തെപ്പററി ജനസാമാന്യത്തിനുള്ള കോപത്തെ വെളിപ്പെടുത്തുന്നു. സർ ഈ പ്രസ്താവനകളോടുകൂടി ഈ റെഗുലേഷനെ ഉടനെതന്നെ ദുർബ്ബലപ്പെടുത്തണമെന്നുഞാൻ നിർബന്ധപൂർവ്വം അപേക്ഷിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭരണങ്ങളും): "നിയമവിരുദ്ധം" എന്നുമെമ്പർ പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ നാട്ടിൽ ഒരു നിയമസഭയുണ്ടെന്നു എന്റെ സ്നേഹിതൻ ഓർക്കണം നിയമങ്ങൾ നിർമ്മിക്കുന്നതിനു ആസമ്മതമുണ്ടാക്കുകയും സഭ പാസ്സാക്കുകയും ആണു വേണ്ടതു, ഈ റെഗുലേഷൻ പാസ്സാക്കുന്നകാര്യത്തിൽ സഭയുമായി യാതൊരാലോചനയും നടത്തിയിട്ടില്ല. അതുകൊണ്ടു ഈ പ്രത്യേകറെഗുലേഷൻ പാസ്സാക്കിയവിധം നിയമവിരുദ്ധമാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭരണങ്ങളും): നിയമസഭാ റെഗുലേഷൻ വകുപ്പു നൽകുന്ന അധികാരപ്രകാരം പാസാക്കുന്ന ഒരു നിയമം നിയമവിരുദ്ധമാണോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ എന്റെ പ്രസംഗം ശ്രദ്ധവെച്ചുകേട്ടിരുന്നുവെങ്കിൽ ഈ റെഗുലേഷൻ പാസാക്കുന്നകാര്യത്തിൽ നിയമസഭാ റെഗുലേഷൻ വകുപ്പു നൽകുന്ന അധികാരം മഹാറാണി റീജൻറ് തിരുമനസ്സുകൊണ്ടു പ്രയോഗിച്ചതു ശരിയായൊ എന്നു എനിക്കു സംശയമുണ്ടെന്നു പറഞ്ഞതു കേൾക്കുമായിരുന്നു

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭരണങ്ങളും): മെമ്പർ പറഞ്ഞതനുസരിച്ചു വർത്തമാനപ്പത്രങ്ങളുടെ പേരുകൾ പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മലബാർ അഡ്വൊക്കേററ്, തിരുവനന്തപുരം എക്സ്പ്രെസ്, വെസ്റ്റൺസ്റ്റാർ, സേതുമണ്ഡിയിൻഡിൻനിന്നു പ്രസിദ്ധംചെയ്യുന്ന മൈക്രോകോസം എന്നോമറെറാരു പേരുള്ള ഒരുപത്രം.

മി: കെ. ജോർജ്ജ് (ഗവർണ്ണന്റെ ചീഫ് സെക്രട്ടരി): സർ, മിസ്ററർ കെ. പി. നീലകണ്ഠപ്പിള്ള ആ ദേവന്തിനു സ്വതസിദ്ധമായ വാശിയോടുകൂടെ, തിരുവിതാംകൂർ ഗവർണ്ണന്റെ വർത്തമാനപ്പത്ര റെഗുലേഷൻ പാസാക്കിയരീതിയെ കഠിനമായ് ആക്ഷേപിച്ചിരിക്കുന്നു. സർ, പ്രസംഗം തുടരുന്നതിനു മുമ്പായി ഞാൻ സഭയോടു ഒരു കാര്യം അപേക്ഷിച്ചു കൊള്ളട്ടെ. ഈ നിയമം പാസ്സാക്കിയതിന്റെ ഉദ്ദേശ്യങ്ങളെപ്പററി ന്യായമായി വിധിക്കപ്പെടുവാൻ വേറെ ഏതു വ്യക്തികൾക്കു ഉള്ളതുപോലെ, തിരുവിതാംകൂർ ഗവർണ്ണന്റെയും ഇല്ലയൊ എന്നു ആലോചിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു. സ്വാധികാരപ്രമത്തതനമുടെ ഗ

വർണ്ണമെന്റിന്റെ പാരമ്പര്യം അല്ല. നേരെ മറിച്ചു അർദ്ധബുദ്ധിയാണ് എല്ലാക്കാലത്തും അതിന്റെ ചുക്കാൻ തന്നിട്ടുള്ളതെന്നു ഏവരും സമ്മതിക്കുന്നതാണ് നമ്മുടെ പ്രതിനിധിസ്ഥാപനങ്ങൾ ജനക്ഷേമത്തിന്റെയോ നിലവിളിയുടെയോ ഫലമായി ഉണ്ടായവയല്ല. എന്നാൽ കാരുണ്യവാനായ ഒരു രാജാവിന്റെ ഇച്ഛകൾക്കനുസരിച്ചു ആകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവർണ്ണമെന്റ് നിയമസഭാറഗുലേഷൻ പാസാക്കുന്നതിനു മുമ്പു ക്ഷോഭം ഒന്നും ഉണ്ടായിരുന്നില്ലേ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി) പ്രതിനിധിസ്ഥാപനങ്ങളുടെ ആരംഭത്തെപ്പററിയാണ് ഞാൻ പറഞ്ഞതു്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ശ്രീമൂലം പ്രജാസഭ ആരംഭിച്ചു് അല്പം കഴിഞ്ഞു ദിവാൻ മിസ്റ്റർ ഗോപാലാചാരിയുടെ കാലത്തു നിർത്തിക്കളയണമെന്നു ആലോചനയില്ലായിരുന്നോ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): അതു എന്റെ കേസിനുബന്ധമല്ല. നിയമസഭ, ശ്രീമൂലംപ്രജാസഭ, മുനിസിപ്പൽ സഭകൾ, ബെഞ്ചും പഞ്ചായത്തും കോടതികൾ ഇവ ഇവയുടെ ഇപ്പോഴത്തെ നിലയെ പ്രാപിച്ചതു് നമ്മുടെ ഭരണാധികാരികളുടെ സംരക്ഷണത്തിൻ കീഴിലാണ്. വിദ്യാഭ്യാസം വർദ്ധിച്ചു, അധഃകൃതരുടെ ഉന്നതി, പുരാതനമേയുള്ള സങ്കുചിതമായ ആചാരങ്ങളെ നിറുത്തുക, എല്ലാപൌരന്മാർക്കു രാഷ്ട്രീയകാര്യങ്ങളിൽ സമാവകാശം നൽകുക മുതലായ വേറെയു. പല സംഗതികളിൽ നിന്നും ഇതു കാര്യത്തിന്റെ പരമാർത്ഥം വെളിവാകുന്നതാണ്. ഇവയിലെല്ലാം ഗവർണ്ണമെന്റ് വഴികാണിച്ചു കൊടുക്കയും ജനങ്ങൾ അനുഗമിക്കയുമാണ് ചെയ്തിട്ടുള്ളതു്. ഞാൻ ഇത്രയും പറഞ്ഞതു ഇങ്ങനെയുള്ള ഉൽകൃഷ്ടപാരമ്പര്യവും ഇത്ര മഹത്തായ കാര്യങ്ങൾ സാധ്യമാക്കിയ ചരിത്രവും ഉള്ള ഒരു ഗവർണ്ണമെന്റിന്റെ പ്രവൃത്തി ഒരു ഉദ്ദേശം ആരോപിക്കുന്നതു ന്യായമല്ലെന്നു കാണിപ്പാൻ മാത്രമാണ്. പ്രത്യക്ഷമായിട്ടും മുൻപ്രവൃത്തികളിൽ നിന്നു അനുമാനിക്കാവുന്നിടത്തോളവും ഒരു നിയമം പാസാക്കാൻ ഗവർണ്ണമെന്റിനെ ഉത്സാഹിപ്പിച്ചതു ജനങ്ങളെ അമർത്തി ഇടാനുള്ള വാഞ്ഛയോ ജനങ്ങളുടെ അവകാശങ്ങളെ നിസ്സാരമാക്കാനുള്ള ചിന്തയോ അധികാരപ്രമത്തതയോ ആയിരിക്കാൻ പാടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു റെഗുലേഷൻ പാസാക്കുന്നതിനു മുമ്പു പൊതുജനാഭിപ്രായം അറിവാൻ വല്ല ശ്രമവും ചെയ്തിരുന്നോ എന്നു പറയുമോ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): മെമ്പറിന്റെ പ്രസംഗത്തിലുണ്ടായിരുന്ന ആ സംഗതിയെപ്പററി പിന്നീടു പ്രസ്താവിക്കുന്നതാണ്.

ഞാൻ പ്രസ്താവിച്ച പരിഷ്കാരങ്ങൾ ഉണ്ടാക്കുന്നതിനു ഗവർണ്ണമെന്റിനെ പ്രേരിപ്പിച്ച ഗുണകരോദ്ദേശങ്ങൾ തന്നെ ആയിരുന്നിരിക്കണം ഒരു റെഗുലേഷൻ പാസാക്കുന്നതിനും ഗവർണ്ണമെന്റിനെ പ്രേരിപ്പിച്ചതു. ഒരു നിയമം പാസാക്കിയതു ജനങ്ങളുടെ ഗുണവും രാജ്യത്തിന്റെ ക്ഷേമവും കരുതിമാത്രമാണ്.

ഒരു പ്രാരംഭപ്രസ്താവനകളോടുകൂടെ ഒരു നിയമത്തിന്റെ ആവശ്യകതയെപ്പററി അല്പം പ്രസ്താവിക്കാം. ആധുനികപത്രങ്ങളുടെ ഗതിയെപ്പററി ആദ്യമേ സംസാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഞാൻ പറയുന്നതിൽ സംസ്ഥാനത്തുള്ള എല്ലാവൃത്താന്തപത്രങ്ങളെയും ഉദ്ദേശിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ആധുനികം" എന്നു കാലമാണെന്നു പറയുമോ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): കഴിഞ്ഞ ചില വർഷങ്ങൾ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പത്രങ്ങളുടെ ഒരു ഗതി ഗവർണ്ണമെന്റിന്റെ ഒഴിയിൽ പെട്ടിട്ടുണ്ടായിരിക്കണമല്ലോ. ഏതു തീയതിയാണ് അതു ഗവർണ്ണമെന്റിന്റെ ഒഴിയിൽ പെട്ടതെന്നു പറയുമോ? ഉദ്ദേശമായിട്ടായാലും മതി.

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): കൃത്യതീയതി പറവാൻ സാധിക്കയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആണെങ്കിലും?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): സർ, എന്റെ പ്രസംഗത്തിനു തടസ്സം ഉണ്ടാക്കാതിരുന്നാൽ കൊള്ളാം. ചോദ്യങ്ങൾക്കു ഞാൻ അവസാനത്തിൽ മറുപടി പറഞ്ഞുകൊള്ളാം.

ഞാൻ പറഞ്ഞപ്രകാരം എല്ലാ പത്രങ്ങളെയും ഉദ്ദേശിക്കുന്നില്ല. പത്രങ്ങളുടെ ഒരു വകുപ്പിനു ഞാൻ പറയുന്നതു സംബന്ധിക്കുന്നതാണ്. മററനേകം രാജ്യങ്ങളെ അപേക്ഷിച്ചു നമ്മുടെ രാജ്യത്തിൽ വിദ്യാഭ്യാസം ഉള്ളവർ അധികമല്ലെന്നു എല്ലാവർക്കും അറിയാമല്ലോ. അടുത്ത കാലത്തു വിദ്യാഭ്യാസവർദ്ധി പ്രത്യേകം നാട്ടുഭാഷയിൽ അതി ശീഘ്രത്തിലാണ്. പണ്ടു വിദ്യാഭ്യാസമുള്ള യുവാക്കന്മാർക്കെല്ലാം സർക്കാരുദ്യോഗത്തിൽ പ്രവേശനം കിട്ടിവന്നു. എന്നാൽ വിദ്യാഭ്യാസം പ്രചരിപ്പിച്ചതോടുകൂടി സ്കൂളുകളിൽനിന്നു വിദ്യാഭ്യാസം പൂർത്തിയായവരും പൂർത്തിയാകാത്തവരുമായി അനേകം ആളുകൾ പുറത്തിറങ്ങിത്തുടങ്ങിയപ്പോൾ എല്ലാവർക്കും സർക്കാരുദ്യോഗം കൊടുക്കാൻ കഴിയാതെ വന്നു. ഇങ്ങിനെ ഇവിടെ യാതൊരുജോലിയുമില്ലാത്ത കുറെ യുവാക്കന്മാർ ഉണ്ടായി. വിദ്യാഭ്യാസം ഉണ്ടായിട്ടും ജോലിയൊന്നുമില്ലാതിരിക്കുന്നവരുടെ കാര്യം ഒരു വിഷമസ്ഥിതിയെ പ്രാപിച്ചിരിക്കുന്നു, എന്നു ഈ സഭയ്ക്കുതന്നെ അറിവുള്ളതാണല്ലോ. വിദ്യാഭ്യാസത്തിന്റെ അതിശീഘ്രപ്രചാരത്തിന്റെ ഫലം ദാരിദ്ര്യവും ധനദുർല്ലഭത്വവും അഴുപ്പിയും ആകുന്നു. ഇങ്ങനെ ജോലിയില്ലാത്ത ചിലയുവാക്കന്മാർ പത്രപ്രവർത്തകന്മാരായി, അവരിൽ അധികമാളുകളും—ചില പത്രാധിപന്മാരെപ്പററിയാണു ഞാൻ പറയുന്നതു്—അല്ല വിദ്യാഭ്യാസം മാത്രമുള്ളവരും ഉത്തരവാദിത്വബോധമോ സ്വഭാവഗുണമോ സമുദായത്തിൽ താന്പസ്ഥിതിയൊ ഇല്ലാത്തവരും ആകുന്നു. അവരുടെ പുതിയ ജോലിയിൽ പണം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗം പരിത്രാജനകമായ ലേഖനങ്ങളാൽ മനഃക്ഷോഭം ഉണ്ടാക്കുകയും സമുദായവിദ്വേഷം ജനിപ്പിക്കയും ആണെന്നു അവർ മനസ്സിലാക്കി. ചില അവസരങ്ങളിൽ അവർ ഭയപ്പെടുത്തി പണമപഹരിക്കാൻപോലും ഇറങ്ങിട്ടുണ്ടെന്നും എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്.

നമ്മുടെ പത്രങ്ങളുടെ സ്വഭാവങ്ങൾ എന്താണ്? ഒന്നാമതായി ചില പത്രങ്ങൾ രാജദ്രോഹത്തിൽ ഉല്ലസിച്ചു. അവയിൽ രാജകുടുംബത്തെ വെറുക്കയും നിന്ദിക്കയും ചെയ്യാൻ ഇടവരുത്തുന്ന ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. ഗവർണ്ണമെന്റിനെ നിന്ദ്യമാക്കണമെന്നായിരുന്നു അവയുടെ ഉദ്ദേശം. ചിലപ്പോൾ അവ മേൽക്കോയ്മയെപ്പററിയും വെറുപ്പും നിന്ദയും പ്രദർശിപ്പിച്ചു.

പത്രങ്ങളുടെ ആക്ഷേപകരമായ വേറൊരു സ്വഭാവം സമുദായങ്ങൾ തമ്മിൽ ദ്വേഷം ഉണ്ടാക്കുകയാണ്. പത്രങ്ങളുടെ ഈ സ്വഭാവത്തെപ്പററി നമ്മുടെ ദൈവത്തോടതിയിലെ ശ്രേഷ്ഠനായ ഒരു ജഡ്ജി ജന്മഭൂമികേസ്സിൽ കഠിനമായി ആക്ഷേപിച്ചു വിധിച്ചിട്ടുള്ളതുകൊണ്ടു അധികമെപ്പററിഞാൻ സവിസ്തരം ഒന്നുംപ്രതിപാദിക്കണമെന്നില്ല.

നമ്മുടെ പത്രങ്ങളുടെ മൂന്നാമതൊരു അഭിലക്ഷണീയ സ്വഭാവം അധികാരസ്ഥന്മാരെ പതിവായി അപകീർത്തിപ്പെടുത്തുകയാണ്. മാന്യന്മാരുടെ സൽകീർത്തിയെ ബലമായി അപഹരിക്കയാണിതെന്നാകുന്നു കുറച്ചു മുമ്പാരാൾ പറഞ്ഞതു്. വിശുദ്ധമായ കുടുംബജീവിതംപോലും ചിലവർത്തമാനപ്പത്രങ്ങളുടെ ആക്രമണത്തിനു പാത്രമായി തീൎന്നു.

ചില പത്രങ്ങൾക്കുള്ള നാലാമത്തെ ദോഷം കേവലം അസഭ്യമായ ഭാഷാപ്രയോഗം ആകുന്നു. ചില പത്രങ്ങൾ തിരുവിതാംകൂറിലെ പത്രങ്ങളുടെ ഈ ലക്ഷണത്തെപ്പററി പരിചയമുള്ള ഒരു സഭയോടാകുന്നു ഞാൻ സംസാരിക്കുന്നതു്.—നമ്മുടെ ഭവനങ്ങളിൽ കടത്താൻപോലും അയോഗ്യമായിരുന്നു. മെംബർമാരിൽ പിതാക്കന്മാരായവർ അവരുടെ പുത്രീപുത്രന്മാരുടെ കയ്യിൽ കിട്ടാത്ത ആവക പത്രങ്ങളെ ഒളിച്ചുവെക്കാതിരിക്കയില്ല. ഇങ്ങനെ വല്ലപ്പോഴുമെ സംഭവിക്കാറുണ്ടായിരുന്നുള്ളു എങ്കിൽ ക്ഷമിക്കാമായിരുന്നു. എന്നാൽ ഈ നിന്ദ്യവ്യാപാരം സദാ ഇടന്നുകൊണ്ടാണിരുന്നതു്. നമ്മുടെ വർത്തമാനപ്പത്രങ്ങളുടെ ലക്ഷണങ്ങൾ ഇങ്ങനെ രാജദ്രോഹവും സമുദായങ്ങൾ തമ്മിൽ ദ്വേഷം ഉണ്ടാക്കലും അധികാരസ്ഥന്മാരെ സദാ അപകീർത്തിപ്പെടുത്തുകയും അസഭ്യഭാഷ പ്രയോഗിക്കയും ആയിരുന്നാൽ അതിന്റെ ഫലം എന്തായിരിക്കും? ആദ്യമായി അവർ സമുദായമത്സരം വർദ്ധിപ്പിച്ചതു നിമിത്തം ജനങ്ങളുടെ സമാധാനത്തിനും ക്ഷേമത്തിനും ഹാനി വരുത്തമായിരുന്നു. മനുഷ്യർ തങ്ങളുടെ സൽകീർത്തിയും തങ്ങളുടെസമുദായത്തിന്റെ നല്ല പേരും മതത്തിനോടുള്ള ഭക്തിയും ജീവനെക്കാൾ പ്രാധാന്യമുള്ളതായിട്ടാണ് സാധാരണയായി വിചാരിച്ചുപോരുന്നത്. അതുകൊണ്ടു സമുദായങ്ങൾ തമ്മിൽ ദ്വേഷമുണ്ടാക്കുന്നതിനാൽ ജനങ്ങളുടെ ക്ഷേമത്തിനും രക്ഷയ്ക്കും എന്തെല്ലാം ദോഷംസംഭവിക്കുമെന്നും ആർക്കു മുൻകൂട്ടി അറിവാൻ സാധിക്കയില്ല. ബ്രിട്ടിഷ്ഇൻഡ്യയുടെ ചില ഭാഗങ്ങളിൽ സമുദായദ്വേഷംകൊണ്ടുള്ള ദോഷങ്ങൾ നാം കാണുന്നുണ്ടല്ലോ. കലക്കത്തായിലും മററു ചില സ്ഥലങ്ങളിലും ലഹളകളും രക്തച്ചൊരിച്ചലും സമുദായദ്വേഷം നിമിത്തം ഉണ്ടായിട്ടുണ്ട്. ഈസ്ഥിതിക്കു ഉത്തരവാദികൾ പ്രധാനമായി നാട്ടുഭാഷാപത്രങ്ങളാണ്. സമുദായദ്വേഷം ഉണ്ടാക്കിയതിനു ഈയിടെ കൽക്കട്ടായിൽ അനേകം പത്രങ്ങളുടെ മേൽ അന്യായം നടത്തേണ്ടിവന്നിട്ടുണ്ട്.

ഇനിയും അസഭ്യപത്രങ്ങൾ വായിക്കുന്നതിനാൽ ഇപ്പോഴത്തെ യുവാക്കന്മാരുടെ സന്മാൎഗ്ഗത്തിനു എന്തു ദോഷം തട്ടുമെന്നു ആലോചിച്ചുനോക്കുക. പക്വബുദ്ധികളല്ലാത്ത ബാലന്മാരും ബാലികമാരും ഇങ്ങനെയുള്ള പത്രങ്ങൾ അത്യാശയോടെ വായിക്കയും അവരുടെ മനസ്സു സമുദായദ്വേഷവും അശ്ലീലവിചാരങ്ങളും അധികാരമുള്ളവരോടു പുച്ഛവും കൊണ്ടുനിറയുകയും ചെയ്യും. ഇങ്ങനെയുള്ള ഭയങ്കര സംഭവങ്ങൾക്കിടയുണ്ടെന്നു കാണുമ്പോൾ രാജ്യത്തിന്റെ ക്ഷേമത്തിനും സമാധാനത്തിനും ജനങ്ങളുടെ സന്മാൎഗ്ഗത്തിനും ഉത്തരവാദികളായ ഒരു ഗവണ്മെന്റിന്റെ കയ്യും കെട്ടിമിണങ്ങാതിരിക്കാൻ കഴിയുമൊ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ ഭയങ്കരവിപത്തിനെ രാജ്യാഭിമാനം ഉള്ള ഒരുവനു സന്തോഷത്തോടെ നോക്കിയിരിക്കാൻ സാധിക്കുമൊ? നമ്മുടെ കുഞ്ഞുങ്ങൾക്കു അവകാശമായികൊടുക്കേണ്ടതു ഈ ഭയങ്കര സ്വത്താണോ? രാജ്യത്തിൽ സമാധാനവും ഒരുമയും ഉണ്ടാക്കാൻ വേണ്ടുന്ന ശ്രമങ്ങളെല്ലാം നാം ചെയ്യേണ്ടതല്ലയോ?

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): ഈ ആക്ഷേപകര ലക്ഷണങ്ങൾ ഉള്ള ഏതു പത്രങ്ങൾ ഉണ്ടായിരുന്നു എന്നു പറയുമോ?

മി: കെ. ജാൎജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): പ്രസംഗം അവസാനിപ്പിച്ചശേഷം മെമ്പർ ചോദ്യങ്ങൾ ചോദിക്കാം.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): ഇങ്ങനെയുള്ള കുററങ്ങൾക്കു ശിക്ഷിക്കുന്നതിനു ശിക്ഷാനിയമത്തിൽ നിബന്ധനകൾ ഇല്ലയോ?

മി: കെ. ജാൎജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു ഞാൻ അവസാനത്തിൽ മറുപടി പറഞ്ഞുകൊള്ളാം.

സർ, അസാധുവായ സാഹസ്രങ്ങൾ നമ്മെ വഴിതെററിപ്പിക്കാൻ ഇടയുണ്ട്. ഇംഗ്ലണ്ടിലും മററുരാജ്യങ്ങളിലും വർത്തമാനപ്പത്രങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടെന്നു പറയാറുണ്ടു. എന്നാൽ ഈ രാജ്യങ്ങളിൽ പത്രങ്ങൾ സ്വാതന്ത്ര്യം പ്രാപിച്ചതു അനേക ശതവർഷങ്ങൾ കൊണ്ടാണെന്നു നാം വിസ്മരിച്ചുകളയുന്നു. തിരുവിതാംകൂറിലെ സ്ഥിതി ആ രാജ്യങ്ങളിലെ സ്ഥിതി അല്ല. തിരുവിതാംകൂറിൽ വർത്തമാനപത്രങ്ങൾ ആരംഭിച്ചിട്ടു അല്പകാലമെ ആയിട്ടുള്ളു. ഇപ്പോഴും അവ ശൈശവ പ്രായത്തിൽ ഇരിക്കുന്നു. അതുകൊണ്ടു തിരുവിതാംകൂറിനെ യുറോപ്യൻ രാജ്യങ്ങളോടു സാദൃശ്യപ്പെടുത്തുന്നതു ശരിയല്ല. സാദൃശ്യപ്പെടുത്തുന്നുവെങ്കിൽ ബ്രിട്ടീഷ് ഇൻഡ്യയോടും മററു നാട്ടുരാജ്യങ്ങളോടും ആയിരിക്കണം.

ബ്രിട്ടീഷ്ഇൻഡ്യയിൽ ഈയിടവരെ നമ്മുടെതിനെക്കാൾ കാഠിന്യം കുറവല്ലാത്ത ഒരു പത്രനിയമം ഉണ്ടായിരുന്നു. ഇന്നു മൈസൂരിൽ നമ്മുടെ വർത്തമാനപ്പത്രനിയമത്തെക്കാൾ കാഠിന്യമെറിയ പത്രനിയമം പൂൎണ്ണബലത്തിൽ ഉണ്ട്.

പത്രസ്വാതന്ത്ര്യം, പൌരാവകാശം എന്നിത്യാദി പ്രമാണപദങ്ങളും നമ്മെതെററിപ്പിക്കാൻ ഇടയുണ്ട്. യഥാർത്ഥസ്വാതന്ത്ര്യം എന്താണു? തോന്നുന്നപോലെ യെല്ലാം പ്രവൎത്തിക്കാനും സംസാരിക്കാനുമുള്ള അനുവാദമാണോ സ്വാതന്ത്ര്യം? എല്ലാ സമുദായങ്ങളിലും, എന്നു വേണ്ട എല്ലാമനുഷ്യരുടെ അന്യോന്യ പെരുമാററങ്ങളിലും, ഓരോ വ്യക്തികളുടെയും സ്വാതന്ത്ര്യം മററുള്ളവൎക്കും അനുഭവിക്കേണ്ടതന്നെയുള്ള അവകാശങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ സ്വാതന്ത്ര്യത്തെ അടക്കത്തോടെ പ്രയോഗിക്കാനും സ്വാതന്ത്ര്യം മററുള്ളവരുടെ അവകാശങ്ങളെ ധ്വംസിക്കാനുള്ള അനുവാദം അല്ലെന്നു ഗ്രഹിക്കാനും ശക്തിയുള്ളവൎക്കു മാത്രമെ സ്വാതന്ത്ര്യത്തിന്നർഹതയുള്ളു. ഏതാണു അധികം പ്രാധാന്യം ഉള്ളതു പൊതുജന രക്ഷയും സന്മാൎഗ്ഗവും നമ്മുടെ പ്രമാണികളുടെ സൽകീർത്തിയും സംരക്ഷിക്കുകയൊ അതോ ഒരു കൃത്രിമസ്വാതന്ത്ര്യ പാലനമോ എന്നു ഗൗരവമായി ആലോചിക്കണമെന്നു ഞാൻ സഭയോടു ചോദിച്ചുകൊള്ളുന്നു.

ഇപ്പോഴുള്ള നിയമങ്ങൾ മതിയാകുമല്ലോ എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞുവല്ലോ. ആ അഭിപ്രായത്തെ ഞാൻ നിഷേധിക്കുന്നു. ഒന്നാമതായി പത്രങ്ങളുടെ മേൽ അന്യായം നടത്തുക എന്നതു വിരോധം ജനിപ്പിക്കുന്നതും നിഷ്പ്രയോജനവും ആയ ഒരു പ്രവൃത്തി ആകുന്നു. രണ്ടാമതായി ചിലസന്ദർഭങ്ങൾ ഉണ്ടാവട്ടെ അതിനു പ്രതിവിധി നോക്കുന്നതിനേക്കാൾ ആ സന്ദർഭങ്ങൾ ഉണ്ടാകാതിരിക്കാൻ മുൻകരുതലുകൾ ചെയ്യുകയാണു ഉത്തമം. ശിക്ഷയല്ല ശുദ്ധീകരണമാണ് ആവശ്യം. ശിക്ഷാനിയമത്തിലെ നിബന്ധനകളെല്ലാമുണ്ടായാലും പത്രങ്ങൾക്കു അയോഗ്യപ്രസ്താവനകൾ പിന്തുടരാനും എങ്കിലും ശിക്ഷയിൽ അകപ്പെടാതിരിക്കാനും വലിയപ്രയാസമില്ല.

ഇതുകൂടാതെയും സൽചാരത്തിൽക്കൂടി നടത്തപ്പെടുന്ന ഒരു വർത്തമാനപ്പത്രത്തിനു ആപൽകരമായി നമ്മുടെ റഗ്ലേഷനിൽ യാതൊന്നുമില്ല. ഗവണ്മെന്റിനു ആക്ഷേപം ഭയമില്ല. കഠിനമായ ആക്ഷേപംകൊണ്ടും അവർ ഭയപ്പെടുന്നില്ല. അവരുടെ എല്ലാപ്രവൃത്തികൾക്കും വിചാരമില്ലാതെയും മടിക്കൂടാതെയും ഉദ്ദേശം കല്പിക്കുന്നതാണ് ആക്ഷേപകരമായി അവർ വിചാരിക്കുന്നതു്. ഉദ്യോഗസ്ഥന്മാരുടെ മേൽ അപകീർത്തികരമായ കുററം ആരോപിച്ചു് അവരെ പൊതുജനദൃഷ്ടിയിൽ നിസ്സാരന്മാരാക്കുന്നതിൽ നിന്നും സംരക്ഷിക്കുന്നതു പൊതുജനഗുണത്തിനു ആവശ്യമാകുന്നു.

സർ, അവസാനമായി എനിക്കു ബോധിപ്പിക്കാനുള്ളതു് ഈ നാട്ടിലെ പത്രങ്ങളുടെ നിയന്ത്രണത്തിനു ഒരു റഗ്ലേഷൻ വേണമെന്നുള്ള അപേക്ഷയ്ക്കു ചീനമല്ലെന്നുള്ളതാണ്, ഇങ്ങനെയൊരു റഗ്ലേഷൻ വേണമെന്നു കുറവു വർഷം മുമ്പു ശ്രീമൂലം പ്രജാസഭയുടെ മൂന്നാം യോഗത്തിൽ അന്നത്തെ ഫിനാൻസ്സെക്രട്ടറി മിസ്റ്റർ നാരായണപ്പണിക്കർ ആവശ്യപ്പെടുകയുണ്ടായി. ശ്രീമൂലം പ്രജാസഭയുടെ നാലാം യോഗത്തിൽ തിരുവല്ലാത്താലൂക്ക് മെമ്പർ മിസ്ററർ വി എസ്. കൃഷ്ണപ്പിള്ളയും ഇതേ അപേക്ഷ തന്നെ പൊങ്ങിച്ചു. ഒരു സഭയിലും ഒരു മെമ്പർ എഴുന്നേററു നിന്നു് തിരുവിതാംകൂറിലെ ചിലപത്രങ്ങളുടെ അവയുടെ ആക്ഷേപവും നീചവുമായ രീതിയെ സംബന്ധിച്ചു ധൈര്യമായി ആക്ഷേപിക്കുകയും അവയെ നിയന്ത്രണം ചെയ്യുന്നതാവശ്യമാണെന്നു പ്രസ്താവിക്കയും ചെയ്തിട്ടു, നാം എല്ലാവരും അറിയുന്നേരമല്ല ഏറക്കാലമായിട്ടില്ല. ഇതിനെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു ഒരു പ്രമേയം ഹാജരാക്കിയിരുന്നു എങ്കിലും സമയക്കുറവു നിമിത്തം അതു ആലോചനയ്ക്കെടുക്കാതെ പോയതും ഞാൻ ഇപ്പോൾ ഓർക്കുന്നു. വർത്തമാനപ്പത്രറഗ്ലേഷനെ പ്രതിഷേധിക്കുന്നതിനു വിളിച്ചു കൂട്ടിയ ഒരു പൊതുജനയോഗത്തിൽ എന്റെ മാന്യസ്നേഹിതനായ മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻ പിള്ള പറഞ്ഞ ഒരു പ്രസംഗവും ഞാൻ ഒരു അവസരത്തിൽ സഭയുടെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊള്ളുന്നു. ഒരു വർത്തമാനപ്പത്രറഗ്ലേഷൻ പസാക്കിയതിൽ ഗവണ്മെന്റിനെ കുററപ്പെടുത്തുന്ന ചിലസന്ദർഭങ്ങൾ ഉണ്ടായിരുന്നു എന്നു ആ പ്രസംഗത്തിൽ അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ പത്രങ്ങളെ നിയന്ത്രണം ചെയ്യുന്നതിനു ഒരു റഗ്ലേഷൻ അത്യാവശ്യമായിരുന്നു എന്നു അനേകം ഉത്തരവാദിത്വബോധമുള്ള മാന്യന്മാർ സ്വകാര്യമായിസമ്മതിച്ചിട്ടുണ്ടു. ഇവിടത്തെ ചിലവർത്തമാനപ്പത്രങ്ങളും അപ്രകാരംസമ്മതിച്ചിട്ടുണ്ട്. സർ, വർത്തമാനപ്പത്രറഗ്ലേഷനെ നിന്ദിക്കുന്നപ്രധാന സംഗതികൾ എനിക്കുപറവാനുള്ളതു് പറഞ്ഞുകഴിഞ്ഞു. നിയമസംബന്ധമായ വല്ലസംഗതികളും ഉണ്ടെങ്കിൽ അവയെപ്പററിസംസാരിക്കാൻ മാമെമ്പറിനു വിട്ടിരിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വർത്തമാനപ്പത്രങ്ങളുടെ പത്രാധിപന്മാർ ഉത്തരവാദിത്വബോധമുള്ളവരും വിദ്യാഭ്യാസമുള്ളവരും ആയിരുന്നെങ്കിൽ ഈ റഗ്ലേഷൻകൊണ്ടു നിവാരണംചെയ്യാൻ ഉദ്ദേശിക്കുന്ന പല ദോഷങ്ങളും ഒഴിക്കാമായിരുന്നു എന്നു മെമ്പർക്കു വിശ്വാസമുണ്ടോ എന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): എന്റെ കേസുമുഴുവനും അതാണു. ദോഷങ്ങൾഉണ്ടെന്നു മിസ്റ്റർ ശിവരാമപ്പണിക്കർ സമ്മതിക്കുന്നതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു. യഥാർത്ഥവിദ്യാഭ്യാസം ഈ ദോഷങ്ങൾക്കു പരിഹാരമുണ്ടാക്കുമെന്നുള്ളതിനു സംശയമില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ, വർത്തമാനപ്പത്രങ്ങളുടെ പത്രാധിപന്മാർ ആകുന്നതിനു ഏതു യോഗ്യത വേണമെന്നു ഈ റഗ്ലേഷനിൽ വ്യവസ്ഥചെയ്തിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി) ഇല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കുറഞ്ഞ യോഗ്യത ഇന്നതായിരിക്കണമെന്നു വ്യവസ്ഥചെയ്തിരുന്നുവെങ്കിൽ റഗ്ലേഷൻ ഒപ്പം വകുപ്പിൽ വിവരിച്ചിട്ടുള്ള പല ദോഷങ്ങളും ഉണ്ടാകാതെ കഴിക്കാമായിരുന്നുഎന്നു മിസ്റ്റർ ജാർജ് വിശ്വസിക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): പറയാൻ സാധിക്കയില്ല. വിദ്യാഭ്യാസംകൊണ്ടു സ്വഭാവം എല്ലായ്പ്പോഴും നന്നായി എന്നുവരികയില്ല. വിദ്യാഭ്യാസം എന്നു ഞാൻ പറഞ്ഞതു സ്വഭാവഗുണം ഉണ്ടാക്കുന്ന യഥാർത്ഥ വിദ്യാഭ്യാസമാണു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതൊരു അവ്യക്തപ്രസ്താവമാണു.

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): പ്രസ്തുത ജോലിയിൽ ഇരിക്കുന്ന മെമ്പറിനു ഞാൻ പറഞ്ഞതു സ്പഷ്ടമായിരിക്കണമെന്നാകുന്നു എന്റെ വിശ്വാസം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ നിയമം നിയമസഭയിൽ ഹാജരാക്കി പാസ്സാക്കാത്തതിനുള്ള കാരണങ്ങൾ മെമ്പർക്കറിയാമോ എന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഞാൻ പറഞ്ഞപ്രകാരം നിയമസംബന്ധമായ ചോദ്യങ്ങൾക്കു മറുപടി പറയേണ്ടതു ലാ മെമ്പറാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പത്രങ്ങളുടെമേൽ കേസുകൾ നടത്തിയെങ്കിലും അവ നിഷ്പ്രയോജനമായി ഭവിച്ചുഎന്നു മിസ്റ്റർ ജാർജ് പറഞ്ഞുവല്ലോ. ഗവണ്മെന്റു എത്രപ്രാവശ്യം അന്യായംനടത്തിയെന്നും അതിൽ എത്ര ശതമാനം പരാജയത്തിൽ കലാശിച്ചുഎന്നും പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): കേസ് നടത്തുന്നതിനു എനിക്കുള്ളവിരോധം ഞാൻ സഭയിൽ പ്രസ്താവിച്ചുകഴിഞ്ഞു. കുററംചെയ്യുന്ന എല്ലാ പത്രങ്ങളുടെമേലും കേസെടുക്കാൻ ഗവണ്മെന്റു ഒരുക്കമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). അന്യായം നടത്തിട്ടു പരാജയത്തിൽ കലാശിച്ചു എന്നു പറയുന്നതിനു അടിസ്ഥാനമാവണം. ഒരു പത്രത്തിന്റെമേൽപോലും ഗവണ്മെന്റു അന്യായം ഒടത്തിട്ടില്ലെങ്കിൽ അന്യായം നടത്തിയതു പരാജയത്തിൽ കലാശിച്ചുഎന്നു പറയുന്നതു എങ്ങനെയാണു.

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): രോഗത്തിനു ചികിത്സിക്കയല്ല. രോഗം വരാതിരിക്കാൻ ശ്രമിക്കണം എന്നാണു എന്റെവാദം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജാലിയാനമില്ലാത്തതുകൊണ്ടു് പത്രപ്രവർത്തകന്മാരെ യിതിലിട്ടുള്ള അടുക്കുകൾ എന്നു പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു ഇപ്പോഴത്തെ സ്ഥിതിയിൽ നിന്നുള്ള അനുമാനമാണു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനടിസ്ഥാനമനുമാനമല്ലേ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഉണ്ടു്.

മി: ടി. കുമാരപ്പിള്ള (കല്ക്കുളവും വിളവങ്കോടും): ഈ പത്രങ്ങളാണു ജാതിസ്പർദ്ധ വർദ്ധിപ്പിച്ചതെന്നു പറഞ്ഞതല്ലേ. അതിനു സഹായിച്ചിട്ടുള്ള പത്രങ്ങൾമാത്രമെയുള്ളോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): മററു പലതുമുണ്ടു്. അതിൽ പ്രധാനം പത്രങ്ങളാണു്.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും). ഗവണ്മെന്റിന്റെ ഭരണനയങ്ങൾ അതിനു സഹായിച്ചിട്ടില്ലേ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അങ്ങിനെ പറയാൻ നിവൃത്തിയില്ല.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അവ്യാകൃതമായ ഭാഷ അനേകം പത്രങ്ങൾ ഉപയോഗിച്ചതായി പറഞ്ഞുവല്ലോ. ഉദ്ദേശം എത്ര പത്രങ്ങൾ ആ തരത്തിൽ ഉൾപ്പെടുമെന്നു പറയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): കുറെ ഉണ്ടു.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഉദ്ദേശം പത്തെണ്ണംവരുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഉദ്ദേശം പത്തെണ്ണംവരും.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അവയെമാത്രം കുടുക്കുന്നതിനു വേണ്ട നടപടി നടത്താതെ മററുള്ള എല്ലാ പത്രങ്ങൾക്കും ദോഷമെന്നു ഉണ്ടാകുന്നതായ ഒരു നിയമം നിർമ്മിക്കുന്ന നയം നല്ലതാണോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): നല്ല പത്രങ്ങൾക്കു ഇതുകൊണ്ടു ദോഷം ഉണ്ടാകയില്ല.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അഞ്ചാമത്തെ വകുപ്പിൽ ഉൾപ്പെടാതെ ഗവണ്മെന്റിന്റെ ഭരണനയങ്ങളെ വിമർശിക്കാൻ സാധിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ധാരാളം സാധിക്കും.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അഞ്ചാമത്തെ വകുപ്പു വായിക്കേണ്ട ആവശ്യമില്ലല്ലോ, മാർമ്മസ്സുള്ളതായിരിക്കുമല്ലോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): വായിക്കാം വിരോധമില്ല.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അഞ്ചാമത്തെ വകുപ്പു ഇതാണു. "അനുമാനംകൊണ്ടോ, നിർദ്ദേശംകൊണ്ടോ, സൂചകംകൊണ്ടോ, ഭാവാർത്ഥംകൊണ്ടോ, വ്യംഗ്യാർത്ഥംകൊണ്ടോ, മററുപ്രകാരത്തിലൊ (ഇതെന്താണെന്നു എനിക്കു മനസ്സിലായില്ല) പ്രത്യക്ഷമായിട്ടാകട്ടെ, പരോക്ഷമായിട്ടാകട്ടെ, ഗവണ്മെന്റിന്റെ പേരിൽ പകയോ നിന്ദയോ തോന്നിക്കുന്ന". ഇതിൽ ഉൾപ്പെടാതെ ഗവണ്മെന്റിന്റെ ഭരണനയങ്ങളേയും ഭരണതത്വങ്ങളേയും ആക്ഷേപിച്ചു പറയാൻ പത്രങ്ങൾക്കു സാധിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഗവണ്മെന്റിനെ ആക്ഷേപിക്കുന്നതിനെപ്പററി ഒന്നും ഇതിലില്ലല്ലോ.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഗവണ്മെന്റിന്റെ ഭരണതത്വങ്ങളേയും ഭരണനയങ്ങളേയും ആക്ഷേപിക്കാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ധാരാളം ആക്ഷേപിക്കാം. കഠിനമായവിമർശനം ആയാൽതന്നെയും വിരോധമില്ല എന്നു ഞാൻ പറഞ്ഞല്ലോ.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഇത്ര കഠിനമായ ട്രസ്റ്റ്റഗ്രുലേഷൻ വേറെ എവിടെയെങ്കിലുമുണ്ടോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): മൈസൂരിൽ ഉണ്ടെന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലോ.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഇതിലുള്ള വകുപ്പുകൾപോലെ കഠിനമാണോ മൈസൂരിലെ ട്രസ്റ്റ്റഗ്രുലേഷൻ.

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇതിലും കഠിനമായിട്ടാണു.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അങ്ങിനെയൊന്നെഴുതി ഉണ്ടാക്കാൻ സാധിക്കുമോ? (ചിരി).

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): എഴുതിട്ടുള്ളതു കാണിക്കാം.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ശിക്ഷയെക്കാൾ തടുക്കയാണ് വേണ്ടതെന്നു പറഞ്ഞല്ലോ. അതിനുള്ളവഴി എന്താണ്.

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതിനാണു ഈ വഴി.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): അങ്ങിനെയാണെങ്കിൽ ഈ രാജ്യത്തെ പത്രങ്ങൾക്കു വേണ്ടെന്നു വയ്ക്കുകയല്ലേ കുറെക്കൂടിനല്ലതു്.

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): നല്ല പത്രങ്ങളിൽ കാണുന്ന ഉദ്യോഗസ്ഥന്മാരുടെ നല്ല താണ്.

മി. ടി. കുമാരപിള്ള (കുണ്ടറയും വിളവൻകോടും): ജനങ്ങളുടെ അഭിപ്രായത്തിനും ഗവർണ്ണരിന്റെ അഭിപ്രായത്തിനും വ്യത്യാസം ഉണ്ടായിരിക്കയില്ലേ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): അതു വന്നേക്കാം.

മി. ടി. കുമാരപിള്ള (കുണ്ടറയും വിളവൻകോടും): ശ്രീമൂലം പ്രജാസഭയിൽ മി. നാരായണപ്പണിക്കർ പത്രങ്ങളെ നിയന്ത്രിക്കാൻ ഒരു റഗ്യുലേഷൻ വേണമെന്നു നിർബന്ധമായി കൊണ്ടുവന്നതായി പറഞ്ഞല്ലോ. ആ നിർബന്ധം അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): നല്ല നിശ്ചയമില്ല, റിക്കാർഡുകൊണ്ടു പറഞ്ഞതാണ്.

മി. ടി. കുമാരപിള്ള (കുണ്ടറയും വിളവൻകോടും): അന്നു ഞാൻകൂടി ഉണ്ടായിരുന്നതുകൊണ്ടു എനിക്കു നല്ല നിശ്ചയമുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം ഇങ്ങനെ ഒരു റഗ്യുലേഷൻ ഉണ്ടാകണമെന്നാണോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഏതു മാതിരി വേണമെന്നുപറഞ്ഞു എനിക്കു എനിക്കറിഞ്ഞുകൂടാ. ഒരു നിയമം ആവശ്യമാണെന്നു അദ്ദേഹം പറഞ്ഞു.

മി. ടി. കുമാരപിള്ള (കുണ്ടറയും വിളവൻകോടും): മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള ചില പത്രങ്ങൾക്കു ന്യൂനതയുള്ളതായി അഭിപ്രായപ്പെട്ടു എന്നു പറഞ്ഞതല്ലാ. അദ്ദേഹത്തിന്റെ പ്രസംഗം മുഴുവനും വായിച്ചിട്ടാണോ ചീഫ് സെക്രട്ടറി ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു.

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): വായിച്ചിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കുണ്ടറയും വിളവൻകോടും): ആഭാഗം മാത്രമേ വായിച്ചിട്ടുള്ളോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ആ ഭാഗത്തുള്ള അഭിപ്രായമാണു പറഞ്ഞതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പത്രങ്ങൾ ഉദ്യോഗസ്ഥന്മാരെ ഭയപ്പെടുത്തി പണം അപഹരിക്കുന്ന കാര്യം പറഞ്ഞല്ലോ. സാധാരണ പൌരന്മാരെക്കാൾ അധികം ഉദ്യോഗസ്ഥന്മാരെയാണോ ഇങ്ങനെ ഭയപ്പെടുത്തി പണമപഹരിക്കാൻ എളുപ്പം?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഉദ്യോഗസ്ഥന്മാരല്ലാത്തവരുടെ കാര്യം എനിക്കറിഞ്ഞുകൂടാ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭയപ്പെടുത്തി പണമപഹരിക്കുന്ന കാര്യത്തിൽ പരിഹാരമാർഗ്ഗം ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ തന്നെ ഇല്ലേ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): എങ്ങനെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നീചത്വം പ്രവർത്തിപ്പാൻ അവർ ഇനിയുമുണ്ട്.

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഭീഷണി എല്ലാ മനുഷ്യർക്കും ഭയമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരുദ്യോഗസ്ഥൻ തന്റെ ജോലികൾ ഇഷ്ടികരമായി നിർവ്വഹിക്കുന്നു എന്നിരിക്കട്ടെ. അയാൾക്കു ഈ പത്രങ്ങളെ ഭയന്നിട്ടാവശ്യമുണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): തന്നെപ്പററി നീചവും ആഭാസവുമായ കാര്യങ്ങൾ പ്രചരിപ്പിക്കുമെന്നല്ലാതെ വേറൊന്നും ഭയപ്പെടാനില്ല.

മി. കെ. കെ. തോമസ് (കോട്ടയം): സാധാരണ ജനങ്ങളെ ഭീഷണിപ്പെടുത്താറുണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): തീർച്ച പറവാൻ സാധിക്കയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): അസഭ്യഭാഷ ഉപയോഗിക്കുന്നതിനെ തടുക്കുന്നതിനു വർത്തമാനപ്പത്രറെഗ്യുലേഷനിൽ വ്യവസ്ഥ ചെയ്യാത്തതു എന്തുകൊണ്ടെന്നു പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഇതു എന്റെ സ്നേഹിതൻ ലാമെമ്പർ സംസാരിക്കുമ്പോൾ ചോദിക്കേണ്ടതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): പത്രാധിപന്മാർക്കു വേണ്ട യോഗ്യതകളെപ്പററിയും റെഗ്യുലേഷനിൽ വ്യവസ്ഥയൊന്നുമില്ലാത്തതു എന്തുകൊണ്ടെന്നു പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഇവ റെഗ്യുലേഷനെപ്പററി നിയമസംബന്ധചോദ്യങ്ങളാകയാൽ ലാമെമ്പർ സമാധാനം പറയും.

മി. സി. പി. തോമസ് (ഗവർണ്ണരുടെ നിയമനം): പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനത്തെപ്പററി നിയമപ്രകാരം നടപടികൾ നടത്താൻ പാടില്ലെന്നാണോ മി. ജോർജിന്റെ വാദം.

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഞാൻ വ്യസനിക്കുന്നു. ചില ലേഖനങ്ങൾ ഇവിടെ വായിച്ചു കേൾപ്പിക്കാൻ മനസ്സു വരുന്നില്ല. അവ അത്ര അസഭ്യമാണ്.

മി. ടി. കുമാരപിള്ള (കുണ്ടറയും വിളവൻകോടും): പത്രങ്ങൾ വായിക്കാതെയും അതിലടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കാതെയും ഇരിക്കയാണെങ്കിൽ ഇപ്പോഴത്തെ ലൈസൻസ് ഫീസ് എത്ര കണക്കനുസരിച്ചാണു നിശ്ചയിച്ചിട്ടുള്ളതു്.

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഈ ചോദ്യത്തിനു സംഗതി എന്താണെന്നറിയുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ റഗ്യുലേഷൻ സഭയിൽ ഹാജരാക്കാഞ്ഞതു എന്തുകൊണ്ടെന്നുപറയുമോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനു ലാമെമ്പർ സമാധാനം പറയും.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ റഗ്യുലേഷൻ പാസ്സാക്കിയ വിധത്തെപ്പററിയും അതിന്റെ നയത്തെ സംബന്ധിച്ചും തനിക്കു ഒന്നും പറയാനില്ലയൊ എന്നു മിസ്റ്റർ ജോർജിനോടു ചോദിച്ചുകൊള്ളുന്നു.

മി. കെ. ജോർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): അതു ലാമെമ്പർക്കു പറയാൻ വിട്ടിരിക്കയാണ്. അദ്ദേഹവും ഗവർണ്ണരിന്റെ ഭാഗം സംസാരിക്കും.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ വേണ്ടപോലെ ഫലപ്രദമായിരിക്കയില്ലെന്നു മിസ്റ്റർ ജോർജ് പറഞ്ഞുഎന്നു തോന്നുന്നു. ശിക്ഷാനിയമത്തിലെ വ്യവസ്ഥകളെ പ്രയോഗിച്ചുനോക്കിയോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അവ ഫലപ്രദമല്ലെന്നു ഞാൻ പറയുന്നില്ല എന്നാൽ ഉദ്ദേശസാദ്ധ്യതിനു മതിയാകയില്ല; എന്തെന്നാൽ ഒരാളെ ശിക്ഷിച്ചാൽ അയാൾ ജെയിലിൽ പോകുമെന്നേയുള്ളു.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരാളെ ശിക്ഷിക്കുന്നതു മററുള്ളവരെ വിരമിപ്പിക്കയില്ലെന്നാണോ മിസ്റ്റർ ജോർജ് പറയുന്നതു?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതു കുററക്കാരന്റെ മനസ്ഥിതിപോലിരിക്കും.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): തിരുവിതാംകൂറിൽ രാജദ്രോഹത്തിനു വല്ലകേസും നടത്തീട്ടുണ്ടോ എന്നു മിസ്റ്റർ ജോർജിനു അറിയാമോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉണ്ടായിട്ടുണ്ടെന്നു ലാമെമ്പർ പറഞ്ഞിട്ടുണ്ട്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): രാജദ്രോഹകുററത്തിനു ഇന്നിവരെ എത്രയാളുകളുടെമേൽ അന്യായം നടത്തീട്ടുണ്ട്?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ശരിയായ എണ്ണം നിശ്ചയമില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സമുദായസ്പർദ്ധ ഉണ്ടാക്കിയതിന്നു വല്ല അന്യായവും നടത്തീട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉണ്ട്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എത്രയെന്നു പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): രണ്ടാണെന്നു തോന്നുന്നു.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈയ്യിടെ ഉണ്ടായ അന്യായങ്ങളെപ്പററിയാണു ചീഫ്സെക്രട്ടറി പറയുന്നതെന്നുതോന്നുന്നു. അതിനുമുമ്പു വല്ല കേസും എടുത്തിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): എനിക്കു നിശ്ചയമില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അസഭ്യഭാഷ ഉപയോഗിച്ചതിനു വല്ല അന്യായവും നടത്തീട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഇതൊക്കെ എനിക്കറിവില്ലാത്ത സംഗതികളാണ്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സംസാരിക്കാൻ തുടങ്ങുന്നതിനുമുമ്പെ ഇതറിയാൻ മിസ്റ്റർ ജോർജ് ശ്രമിച്ചോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ലാമെമ്പർ പറയാനിടയുള്ള സംഗതികളെപ്പററി ഞാനും സംസാരിച്ചിട്ടുവശ്യമുണ്ടെന്നു വിചാരിച്ചില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഉത്തമഉദ്ദേശങ്ങൾക്കു വേണ്ടി അസഭ്യഭാഷാപ്രയോഗവും ചിലപ്പോൾ ക്ഷമിക്കാറില്ലയോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതു ആശയസത്യതിനു ഒരാൾ കല്പിക്കുന്ന വിലയെ ആശ്രയിച്ചിരിക്കും.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മിസ്റ്റർ ജോർജ് മനസ്സിൽ വിചാരിക്കുന്നതരം അസഭ്യഭാഷയെപ്പററിയാണു ഞാൻ സംസാരിക്കുന്നതു്. ബോക്കാച്ചിയൊവിന്റെ ഡെക്കാമേരോൺ എന്ന പുസ്തകം മിസ്റ്റർ ജോർജ് വായിച്ചിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഞാൻ വായിച്ചിട്ടില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആ പുസ്തകത്തിന്റെ ഒരു പ്രതി പബ്ലിക്കാലൈബ്രറിയിൽ ഉണ്ടെന്നു മിസ്റ്റർ ജോർജിനു അറിയാമോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉണ്ടായിരിക്കാം.

ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മിമേറ വൈവ്സ് ആഫ് വിണ്ട്സർ മിസ്റ്റർ ജോർജ് വായിച്ചിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): വായിച്ചിട്ടുണ്ട്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മെറിവൈഫ്സ്ഓഫ്വിണ്ട്സറിയൽ ഉള്ളതിനെക്കാൾ അസഭ്യമായ കാര്യം തിരുവിതാംകൂറിലെ പത്രങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതിൽ ആശയസത്യം അങ്ങുമിങ്ങും ഉണ്ട്. അതു അധികംആളുകൾ വായിക്കാറില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മിമേറിവൈവ്സ് ആഫ്വിണ്ട്സറിന്റെ കാര്യം അങ്ങനേതന്നെയല്ലേ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതൊരു സാഹിത്യഗ്രന്ഥമാണ്. വ്യക്തിപരമായോ ജീവനോടിരിക്കുന്നവരെ ലക്ഷ്യപ്പെടുത്തിയോ ഉണ്ടാക്കിട്ടുള്ളതല്ല, അധികമാളുകൾ അതു വായിക്കാറുമില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതുകൊണ്ടാണു ഉത്തമാദ്ദേശങ്ങൾക്കുവേണ്ടി അങ്ങനേയുള്ള പ്രവൃത്തികളെ ക്ഷമിക്കാൻ പാടില്ലയോ എന്നു ഞാൻ ചോദിക്കുന്നതു്.

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ആദർശം എന്തായിരുന്നാലും ഞാൻ അനുവദിക്കയില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മിസ്റ്റർ ജോർജിന്റെ വീട്ടിൽ "പഴയനിയമ" പുസ്തകം ഇല്ലയോ?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉണ്ട്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പഴയനിയമം വായിക്കാൻ അദ്ദേഹം കുഞ്ഞുങ്ങളെ അനുവദിക്കുന്നില്ലേ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉണ്ട്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അടുത്തകാലത്തു രാമായണവും മഹാഭാരതവും വായിച്ചിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ചില ഭാഗങ്ങൾ വായിച്ചിട്ടുണ്ട്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇവയെ അദ്ദേഹത്തിന്റെ കുഞ്ഞുങ്ങൾ വായിക്കാറുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഈ പുസ്തകങ്ങളുടെ ചില ഭാഗങ്ങൾ പാഠ്യപുസ്തകങ്ങളായി വായിക്കാറുണ്ടെന്നു തോന്നുന്നു.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവയിൽ അസഭ്യഭാഗങ്ങൾ ഇല്ലേ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അവ സാഹിത്യഗ്രന്ഥങ്ങളാണ്. പാഠ്യപുസ്തകങ്ങളിൽ അസഭ്യവും ആക്ഷേപകരവും ആയ ഭാഗങ്ങൾ വിട്ടുകളയുമെന്നാണു എന്റെ വിശ്വാസം.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): വർത്തമാനപ്പത്രങ്ങളും സാഹിത്യഗ്രന്ഥങ്ങളാണെന്നു അദ്ദേഹം വിചാരിക്കുന്നില്ലേ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അവ കാൽക്കാലികമാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്റെ പ്രസംഗത്തെപ്പററി പ്രസ്താവിച്ചപ്പോൾ ഞാൻ വർത്തമാനപ്പത്രം പാഠ്യപുസ്തകമായതിനെ അനുകൂലിച്ചു എന്നുപറഞ്ഞു.

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി) വർത്തമാനപ്പത്രനിയമത്തെ അദ്ദേഹം അനുകൂലിച്ചു എന്നു ഞാൻ പറഞ്ഞില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു വർത്തമാനപ്പത്രങ്ങളെ സംബന്ധിച്ചു ഒരു നിയമം ആവശ്യമാണെന്നു ഞാൻ അനുമാനിച്ചു.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അങ്ങനെ അനുമാനമുണ്ട്. സ്ഥിതികൾ നന്നാക്കുന്നതിനു ഒരു പ്രസ്സു നിയമം ആവശ്യമില്ലെന്നു എന്റെ പ്രസംഗത്തിൽ ഞാൻ സ്പഷ്ടമായി പറഞ്ഞിട്ടില്ലേ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ചില പത്രങ്ങളുടെ നടപടികൾ മാന്യംകെട്ടതാണെന്നു പത്രാധ്യക്ഷന്മാരുടെ അവസ്ഥയാണു ഒരു കാരണമെന്നും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ ഭാഗത്തെപ്പററിയാണു ഞാൻ പറഞ്ഞതു.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ സംഗതികൾ പത്രനിയമത്തെ നീതീകരിക്കുന്നില്ലെന്നു ഞാൻ വ്യക്തമായി പറഞ്ഞിട്ടുണ്ടു.

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു അദ്ദേഹത്തിന്റെ അഭിപ്രായമാണ്. എന്നാൽ പ്രസ്താവിച്ച സംഗതികളിൽ നിന്നു ഞാൻ ഒരു അനുമാനം ഉണ്ടാക്കി.

മി: കല്ലൂർ നാരായണപിള്ള (ചെങ്ങന്നൂരും പത്തനംതിട്ടയും). സർ, ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്ന വൃത്താന്തപത്രനിയമം ഈ രാജ്യങ്ങളുടെ മനസ്ഥിതിക്കും ചിത്തസംസ്കാരത്തിനും യോജിക്കുന്നതല്ല. രാജസ്ഥാനത്തിന്റെ അധികാരശക്തിയെ വിനിയോഗിച്ചു രാജശക്തിയെ സ്ഥാപിക്കേണ്ട ആവശ്യകത ഈ രാജ്യത്തിൽ ഇല്ലെന്നു മാത്രമല്ല, ഈ നിയമം ഞങ്ങളുടെ രാജശക്തിക്കും സ്ഥിതിക്കും ആക്ഷേപയോഗ്യമായിട്ടുള്ളതുമാണു. രാജശക്തിയെ ധ്വംസിക്കുന്നതോ രാജസ്ഥാനത്തെ ഹിംസിക്കുന്നതോ ആയ ആലോചനകളും ആശയങ്ങളും അടങ്ങിയ ഒരു പത്രത്തിനു ഈ രാജ്യത്തിൽ ജീവിക്കാൻ സാധിക്കയില്ല. അതിനു ജനങ്ങളുടെ സഹായസഹകരണങ്ങൾ സിദ്ധിക്കുന്നതുമല്ലാ. രാജഭക്തന്മാരായ ഞങ്ങൾക്കു രാജകുടുംബത്തിന്റെ കാരുണ്യവും രക്ഷിണ്യവും നിമിത്തം സിദ്ധിച്ചിട്ടുള്ള ശ്രീമൂലം പ്രജാസഭ, അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള നിയമനിർമ്മാണസഭ ഇവയുടെ അന്തരാർത്ഥം ഗ്രഹിക്കാൻ ശക്തിയുണ്ട്. രാജദ്രോഹകരമായ അഭിപ്രായങ്ങളെ പ്രചരിപ്പിക്കുന്ന വൃത്താന്തപത്രങ്ങളെ സംഹരിക്കാൻ ഉള്ള നിർദ്ദേശങ്ങളെ അങ്ങിനെയുള്ള കാര്യത്തു ഞങ്ങൾ തന്നെ നിർബന്ധപൂർവ്വം അവതരിപ്പിക്കുന്നതായിരിക്കും. അനുഗ്രഹീതമായ ഈ നിയമസഭയുടെ അറിവും സമ്മതവും കൂടാതെ രാജസ്ഥാനത്തെ സംരക്ഷിക്കുവാനും ഗവണ്മെന്റിനെ പരിപാലിക്കുവാനും ഒരു നിയമം രാജകീയമായി ഉണ്ടാക്കുന്നതു ഈ മഹാസ്ഥാപനങ്ങളുടെ ഉദ്ദേശമഹത്വത്തെ ലഘുകരിക്കലും ഞങ്ങളുടെ കൃത്യനിർവ്വഹണത്തെ ലക്ഷീകരിക്കലും ചെയ്യുന്നതായിരിക്കും. രാജസ്ഥാനത്തെ അധിക്ഷേപിക്കാത്ത പക്ഷം തിരുവിതാംകൂർ ജനങ്ങൾക്കു മരണശിക്ഷ നൽകുന്നതാണെന്നു ഒരു നിയമം പ്രാബല്യത്തിൽ വരുത്തിയാൽ തന്നെയും ഈ രാജ്യത്തിലുള്ള സകലജനങ്ങളും നാമാവശേഷമാകയേയുള്ളു. ഈ ഏകകാരണം ഈനിയമത്തിന്റെ അനുചിതനിർമ്മിതിയിൽ ജനങ്ങളെ സർവ്വത്ര ക്ഷോഭിപ്പിച്ചിട്ടുണ്ട്. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഇത്ര ഭയങ്കരമായ ഒരു പ്രക്ഷോഭവും സങ്കടവും ഉളവാക്കുന്ന ഒരു ഭയങ്കര സംഭവം ഇതിനു മുമ്പേ ഉണ്ടായിട്ടില്ല.

സർ, ഈ നിയമം ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ഭക്ഷിപ്പിക്കുന്ന ഒരു പരിതാപകരമായ അഗ്നിപർവ്വതമാണ്. പത്രങ്ങളുടെ വിനാശം നിമിത്തം പത്രപ്രവർത്തകന്മാർക്കുണ്ടാകാവുന്നതിനേക്കാൾ കഠിനതരമായ ഉപദ്രവം ജനങ്ങൾക്കു തന്നെ. ജനങ്ങളുടെ രസനയും അവരുടെ അനുദ്യോഗസ്ഥ ഗവണ്മെന്റും നീതിധർമ്മപരിപാലനത്തിന്നായുള്ള ആയുധവും വൃത്താന്തപത്രമാണ്. ജനങ്ങളുടെ സഹകരണം കൊണ്ടാണു പത്രങ്ങൾ ജീവിക്കുന്നതു. പത്രപ്രവർത്തകന്മാരുടെ സാമർത്ഥ്യം കൊണ്ടു മാത്രമല്ല. നീചമായ മനോഭാവത്തെ വിതരണം ചെയ്യുന്ന വർത്തമാനപത്രങ്ങളെ ശിക്ഷിക്കാൻ നിയമമുണ്ട്. അവർക്കു ദാനം ചെയ്യുന്ന ശിക്ഷകൾ കഠിനതരമായിരുന്നാൽ പോലും ജനങ്ങൾക്കു സാർവ്വത്രികമായ ക്ഷോഭം ഉണ്ടാകുന്നില്ല, ഉണ്ടാകയുമില്ല. ഈ നിയമത്തെ അനുകൂലിച്ചു സ്വാർത്ഥപരതയെ ആഗ്രഹിക്കുന്ന നികൃഷ്ട ഹൃദയങ്ങളിലും ഇതിന്റെ കാഠിന്യം സ്ഫുരിച്ചു കാണുന്നു. ഈ നിയമത്തെ സ്തുതിക്കുന്നവരുടെ പോലും ഇതിനെ സ്തുതിക്കുന്നില്ലാ. രാജ്യത്തിനു പൊതുവേ സംഭവിക്കുന്ന ദുരാപത്തിനേയും സ്വാതന്ത്ര്യനാശത്തേയും സ്തുതിച്ചു അതിന്റെ നീചമായും പ്രയോജനത്തെ അനുഭവിക്കുവാൻ അറിയാൻ പാടില്ലാത്തതുകൊണ്ടല്ലാ ഞങ്ങൾ ഇതിനെ പ്രതിഷേധിക്കുന്നതു. അതിന്റെ ഭാവിഫലം ശാശ്വതമായ ദോഷത്തിനു കാരണമായി പരിണമിക്കുമെന്നു മാത്രം ഉദ്ദേശിച്ചാണു. ഇപ്പോൾ കാണുന്ന ഈ പ്രക്ഷോഭവും അസംതൃപ്തിയും നിസ്സാരതരങ്ങളാണെന്നു ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുവാൻ ശ്രമിക്കുന്നവർ ആരെങ്കിലും ഉണ്ടെങ്കിൽ അവർ ഗവണ്മെന്റിന്റെ പരമശത്രുക്കളാണെന്നു കരുതേണ്ടതാണ്. ജനങ്ങളും ഗവണ്മെൻറുദ്യോഗസ്ഥന്മാരും രണ്ടു സ്ഥാ

നങ്ങളിൽ നിന്നു മുതലായതുകൾ നടത്തേണ്ടവരല്ലാ. ഇന്നാട്ടിൽ നിന്നു ഗവർണ്ണർമാർ ഉദ്യോഗം നോക്കി നിയമിക്കപ്പെടുന്നു. ജനങ്ങൾക്കുത്തിനു വേണ്ടി വേല ചെയ്യുവാൻ സന്നദ്ധരാകുന്നവരെ ഗവർണ്ണർ ഉദ്യോഗസ്ഥന്മാർ അവരുടെ ഉദ്യോഗകാലാവധി കഴിഞ്ഞതിൽ അവരെ ജനസാമാന്യത്തിൽ ഉൾക്കൊള്ളുന്നു. ഇവിടത്തെ ഉദ്യോഗസ്ഥന്മാർ ചിട്ടപ്രകാരം ഇരുപ്പിന്റെ സ്ഥാനമാണു കർഹിക്കുന്നതു. ഇരുപ്പിന്റെ സ്ഥാനം കിട്ടിയാൽ അതിനെക്കുറിച്ചു ആദ്യം ആരാംപെടുന്നതിനു ഇരുപ്പല്ലാത്ത സ്ഥലവിടത്തും ചുറ്റും വെട്ടിക്കിഴിച്ചുകൊണ്ടേ ശ്രമം. അഴിക്കുകൾ ഇരുപ്പിന്റെ സ്ഥാനം പ്രാപിക്കുകയല്ലെന്നും ഞാൻ ഒരു ആരാംപെടലാണെന്നു ആ പക്ഷം വിചാരിക്കുന്നില്ല. പരസ്പര വിശ്വാസമില്ലാതെ ഗവർണ്ണർമാരും ജനങ്ങളും ജീവിക്കുന്നതു നന്നല്ല. എപ്പോൾ ആ വിധം അവിശ്വാസം ഉത്പാദിക്കുന്നുവോ അതു നമ്മുടെ കാരണത്തെ ഉടൻ നശിപ്പിക്കേണ്ടതാണ്. അതാണ് രാജ്യക്ഷേമത്തിനു ഏകനിദാനമായിട്ടുള്ളതു. ഒരു മന്ത്രിസഭയുടെ ആയുസ്സ് എപ്പോഴും നീണ്ടുനിൽക്കണം. ഈ മന്ത്രിപദം രാജാക്കന്മാരുടെ ഗുരുക്കന്മാരായ സന്ന്യാസിശ്രേഷ്ഠന്മാർ അലങ്കരിച്ചിരുന്നതാണെന്നു എപ്പോഴും ഓർക്കേണം.

ബ്രിട്ടീഷ് ഇന്ത്യയ്ക്കും ഈ വാക്കിനോടു നമ്മിൽ വളരെ ബന്ധമുണ്ട്. ഭരണസമ്പ്രദായത്തിന്റെ ഒരിക്കലും സാദൃശ്യം വരുത്തുന്നതല്ലെങ്കിലും, ബ്രിട്ടീഷ്ഇന്ത്യയുടെ ഭരണാധികാരങ്ങളെ കൈകാര്യം ചെയ്യുവാൻ തിരുവിതാംകൂർ ഗവർണ്ണമെന്റു ബന്ധകാലത്തും സന്നദ്ധരാകുന്നു. ബ്രിട്ടീഷ്ഇന്ത്യ ഒരു വിദേശചക്രവർത്തിക്കു യുദ്ധം ചെയ്തു കീഴടങ്ങപ്പെട്ട രാജ്യമാണ്. അതിന്റെ ഉടമസ്ഥന്മാരെക്കൊണ്ടു ആ രാജ്യത്തു ആധിപത്യം ചെയ്യിക്കുകയല്ലാതെ അവൻ അനുവദിച്ചിരിക്കുന്നു. അപ്രകാരം ഉർദ്ദനനയംകൊണ്ടു കീഴടക്കിക്കൊണ്ടിരുന്നതല്ല എങ്കിലും അവിടത്തെ മേൽക്കോയ്മസ്ഥാനം സുസ്ഥിരമായിരിക്കുകയല്ലെന്നു ആ വിദേശഗവർണ്ണമെന്റു എപ്പോഴെല്ലാം സംശയിച്ചുകൊണ്ടിരിക്കും. നമ്മുടെ ഗവർണ്ണർക്കു അങ്ങനെയല്ലാ. നമ്മുടെ രാജ്യപരമ്പരയുടെ സുസ്ഥിരതയ്ക്കുവേണ്ടി നമ്മുടെ പ്രജകൾ അവരുടെ ജീവിതകാലം വരിച്ചുവരുന്നു; അവരുടെ സന്താനവർഗ്ഗത്തിൽപെട്ടവരാണു ഇന്നത്തെ പ്രജാസമുദായം. നമ്മുടെ രാജശക്തിയ്ക്കു ജനനാൾതന്നെ നമ്മുടെ രക്തത്തോടും സിരയോടും ബന്ധിക്കപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ രാജസ്ഥാനത്തെയോ രാജ്യത്തെയോ ഭക്തിയോടുകൂടി സ്നേഹിക്കാത്തവർ ഈ രാജ്യത്തിൽ ഉണ്ടായിരിക്കയില്ല. ഉണ്ടാകുകയുമില്ല. നാം ഒരു കുടുംബത്തിലെ അംഗങ്ങളാണ്. ഈ ലക്ഷത്തിൽപരം അംഗങ്ങൾ പല കുടുംബങ്ങളായി വിഭജിച്ചു താമസിക്കുന്നുവെങ്കിലും വഞ്ചിരാജ്യമാകുന്ന പൊതുത്തറവാട്ടിനെ സംരക്ഷിക്കുന്ന കാരണവസ്ഥാനം നമ്മുടെ പൊന്നുതമ്പുരാക്കന്മാരിൽ സ്ഥിതിചെയ്യുന്നു. മിക്കവഴിക്കാർക്കു അവരുടെ സ്ഥാനവും അവിടത്തെന്നെ. ഇപ്രകാരമുള്ള ഒരു കുടുംബത്തിലെ ഭരണക്രമത്തെ നിയന്ത്രിക്കുന്നതിനു ബ്രിട്ടീഷ്ഇന്ത്യയിലെ നിയമങ്ങളെയല്ലാ പകർത്തേണ്ടതു്. റൗലററ് ആക്ട് മുതലായ മർദ്ദനനിയമങ്ങളെ നടപ്പിൽവരുത്തിയ ബ്രിട്ടീഷ്ഗവർണ്ണർമാരെപോലും ഇപ്രകാരമുള്ള ഒരു വൃത്തികെട്ടപത്രക്കുറ്ററഗുലേഷൻ അവിടെ നടപ്പിൽവരുത്തിട്ടില്ല. ഈ നാട്ടുകാർ രാജദ്രോഹികളാണെന്നോ രാജദ്രോഹപരമായ കൃത്യങ്ങൾ ചെയ്യുന്നതിനു മനസ്ഥിതി ഉള്ളവരെന്നോ ഉള്ള അഭിപ്രായം ഈ നിയമശാസനത്തിൽ പുറത്തുവന്നിരിക്കുന്നതാണു ഞങ്ങൾക്കു അസഹ്യമായ വേദനയ്ക്കു കാരണമായിട്ടുള്ളതു്. ഈ പരിഷ്കാരമുള്ള നിയമശാസനമാകുന്ന ശ്രേഷ്ഠത്തെ ഞങ്ങളുടെ കഴുത്തിൽ കുത്തി അമർത്തിയിട്ടു ഞങ്ങളിൽ രാജഭക്തി ഉണ്ടാകേണ്ടതായിരിക്കുന്നില്ല. ആ നിലയിൽ ഉണ്ടാകുന്നതു രാജഭക്തിയുമല്ല. ഈ വഞ്ചിരാജ്യരക്ഷിക്കുന്ന ഹൃദയങ്ങളോടുകൂടിയ ഒരു അകക്കരു നിഴലിച്ചുകാണിട്ടുള്ള ബാഹ്യലക്ഷണമാണു കണ്ടുതുടങ്ങിയിരിക്കുന്നതു്. ഇതിനെ പൊട്ടിക്കാതെയോ പൊട്ടിക്കാതെയോ സൂക്ഷിക്കണം. ഞങ്ങളുടെ മഹാറാണിമിക്കുന്റെ തിരുമനസ്സുകൊണ്ടു കരുണാശീതമാനസയാണെന്നു ഞങ്ങൾക്കറിയാം. ആ തിരുമേനിയെ വേണ്ടുപ്രകാരം ഉപദേശിക്കുന്നപക്ഷം ഈ നിയമശാസനത്തെ ഉടനടി റദ്ദുചെയ്യുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

രാജസ്ഥാനം നിയമശാസനത്തിനും അപരാധത്തിനും ഉപരിയാണെന്നു അവിടുന്നു അറിയേണം. അവിടുന്നു സത്യത്തിന്റെയും നീതിയുടെയും പ്രതിപുരുഷനാണെന്നു ഞങ്ങൾക്കറിയാം. ഉദ്ദേശത്തിൽ കുറ്റമില്ല. അവിടുന്നു ഈ മന്ത്രിപദം ഏറ്റ അവസരത്തിൽ ഈ നാട്ടുകാരന്റെ നിലയിൽ ജനക്ഷേമത്തെ മുൻനിർത്തി പ്രവർത്തിക്കുന്നതാണെന്നു പ്രസ്താവിച്ചതായ ആ മുഖവചനത്തെ സാർത്ഥമാക്കിത്തീർക്കുമെന്നു വിശ്വസിക്കുകയും ആശിക്കയും ചെയ്തുകൊണ്ട് എന്റെ ഈ പ്രസംഗത്തെ അവസാനിപ്പിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ എതിർക്കുന്നതിനാണ് ഞാനും എഴുന്നേൽക്കുന്നതു് ഗവർണ്ണമെന്റു റഗുലേഷനെപ്പററി അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾ രണ്ടുഭാഗങ്ങളായി വിഭജിക്കാം. ഒന്നു റഗുലേഷൻ നടപ്പിൽ വരുത്തിയ രീതിയും രണ്ടാമത്തതു അതിന്റെ സാരവും.

മ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിന്റെ സത്തയും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അതു റഗുലേഷനെ സംബന്ധിച്ചതാണു. റഗുലേഷൻ നടപ്പിൽ വരുത്തിയതു രീതിയെ സംബന്ധിച്ചു റഗുലേഷന്റെ സാധുതയോടോ രാജാവിനു ഒരു നിയമമുണ്ടാക്കാനുള്ള അധികാരത്തോടോ സഭയുടെ ആ ഭാഗത്തുള്ള മെമ്പർമാരിൽ ആരെങ്കിലും നിഷേധിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നില്ല. അവരെ നിഷേധിക്കാൻ കഴിയില്ല. ആരെങ്കിലും നിഷേധിക്കുന്നെങ്കിൽ അദ്ദേഹത്തിന്റെ ഈ സ്ഥാനത്തിനും സ്ഥലത്തിനും അടിസ്ഥാനമായ അധികാരംതന്നെയാണു ഈ റഗുലേഷനും ഉണ്ടാക്കിയതെന്നു അദ്ദേഹത്തെ ഞാൻ ഓർപ്പിച്ചുകൊള്ളുന്നു. തിരുവിതാംകൂറിലെ ഉൽകൃഷ്ടനിയമനിർമ്മാതാവു രാജാവാകുന്നു. അതെല്ലാവരും സമ്മതിക്കുന്ന ഒരു പ്രമാണമാകകൊണ്ട് അതിനെ സംശയിക്കാൻ ഞാൻ വാദിക്കേണ്ടതില്ല. റഗുലേഷൻ പ്രാബല്യത്തിൽ വരുത്തിക്കഴിഞ്ഞതുകൊണ്ടും അതുണ്ടാക്കിയതു എല്ലാവരും സമ്മതിക്കുന്ന ഒരധികാരപ്രകാരമാകകൊണ്ടും റഗുലേഷന്റെ സാരത്തെപ്പററിയേ തർക്കത്തിനു വകാശം ഉള്ളു. അതായതു ഈ റഗുലേഷൻ അഭിലഷണീയമോ അനഭിലഷണീയമോ ആവശ്യമോ അനാവശ്യമോ എന്നു. ഈ റഗുലേഷൻ നയമസഭയോടു ആലോചിക്കാതെ പാസ്സാക്കിയതു എന്തുകൊണ്ടെന്നു ഇവിടെ ചോദിക്കപ്പെടുകയുണ്ടായി. അതിനെ സംബന്ധിച്ചു അങ്ങനെ ചെയ്യുന്നതു യുക്തമെന്നു ഗവർണ്ണമെന്റിനു തോന്നിയില്ലെന്നു ഞാൻ പറയുന്നുള്ളു.

മ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രാജാവു നേരിട്ടു നിയമം നിർമ്മിച്ചു പ്രബലപ്പെടുത്തുകയെന്നതു ഇടക്കാലത്തെ അനുകരിക്കുന്ന ഒരു നയമാണോ? മററുവിധത്തിൽ അസാദ്ധ്യമാകുമ്പോഴല്ലേ അങ്ങനെ ചെയ്യുന്നതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): രണ്ടാമത്തെ പാരഗ്രാഫ് ഞാൻ ബലമായി പ്രതിഷേധിക്കുന്നു. ആ അധികാരം ആവശ്യപ്പോലെ പ്രയോഗിക്കാം, അല്ലാതെ മുറവിധിയിൽ അസാധുവാക്കുന്നതല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ അധികാരം ഉപയോഗിക്കുന്നതു സാധാരണ അവസരങ്ങളിലോ അടിയന്തിര അവസരങ്ങളിലോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): അധികാരം ഉണ്ട്. ആവശ്യമെന്നുതോന്നുമ്പോഴെല്ലാം അതു പ്രയോഗിക്കാം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): നിയമസഭയിൽ ഹാജരാക്കുന്ന സംഗതികൾ സംബന്ധിച്ചു നിയമസഭയോടു ആലോചിക്കാതെ നിയമങ്ങളുണ്ടാക്കുന്നതു യുക്തമാണോ എന്നു മന്ത്രിസഭയോടു ചോദിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): യുക്തമോ എന്നു നിശ്ചയിക്കുന്നതു പല സംഗതികൾ ആലോചിച്ചിട്ടാണു. ഇക്കാര്യത്തിൽ നിയമം നിയമസഭയോടാലോചിക്കാതെ പാസ്സാക്കുകയാണു യുക്തമെന്നു ഗവർണ്ണർ വിചാരിച്ചു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഒരു നിയമത്തെ നിയമസഭയിൽ ഹാജരാക്കാതിരിക്കാൻ ഗവർണ്ണറിനെ പ്രേരിപ്പിച്ച സംഗതികൾ എന്തെല്ലാമാണെന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): ഒരു നിയമം നിയമസഭാമുഖാന്തരമല്ലാതെ പാസ്സാക്കുകയാണ് യുക്തമെന്നാണിന്നു ഗവർണ്ണറിന്റെ അഭിപ്രായം എന്നാണെനിക്കു പറവാനുള്ളതു്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇതു കുറച്ചുകൂടി വിശദമാക്കി ലാ മെംബർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): ഇല്ല. ഇതിനെപ്പററി ഇനിയും വാദം നടത്തുന്നതു രാജാവിന്റെ നടപടിയെപ്പററിയുള്ള ഒരു വാദമായി പരിണമിക്കാൻ ഇടയുള്ളതുകൊണ്ടു ഞാൻ അതിന്നൊരുക്കമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു റെഗുലേഷനെ സംബന്ധിച്ചു് മിസ്ററർ കയ്യാലം പരമേശ്വരൻപിള്ളയ്ക്കു ഏതെങ്കിലും ജോലി ഉണ്ടായിരുന്നോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): അതു പൊതുജനങ്ങൾക്കറിഞ്ഞിട്ടു കാര്യമില്ല. അതിനു ഞാൻ അതുകൊണ്ടു മറുപടി പറയാൻ ഒരുക്കമില്ല.

മി: കെ. കെ. തോമസ് (കോട്ടയം): മിസ്ററർ നീലകണ്ഠപ്പിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇങ്ങനെയുള്ള നിയമങ്ങൾ പാസാക്കാൻ രാജാവിനുള്ള അധികാരത്തെപ്പററി സംശയം പറഞ്ഞു. അതിനെപ്പററി ലാ മെംബർ എന്തു പറയുന്നു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): അദ്ദേഹം ഉപയോഗിച്ച ഒരു വാചകം നിയമത്തിന്റെ സാധുതയെപ്പററി അദ്ദേഹത്തിനു സംശയമുള്ളതായി തോന്നിക്കും. അദ്ദേഹത്തിന്റെ പ്രസംഗം ആകപ്പാടെ നോക്കിയാൽ രാജാവിന്റെ അധികാരത്തെപ്പററി അദ്ദേഹത്തിനു സംശയമുണ്ടെന്നു എനിക്കു തോന്നിയില്ല.

അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രധാനഭാഗം റെഗുലേഷന്റെ സാരത്തെ സംബന്ധിച്ചുള്ള രണ്ടാമത്തെ യോഗമാണ്. റെഗുലേഷന്റെ പ്രാരംഭത്തിൽ വിവരിച്ചിട്ടുള്ള പ്രകാരം അതിന്റെ ഉദ്ദേശം തിരുവിതാംകൂറിലെ വർത്തമാനപ്പത്രങ്ങളുടെ ശരിയായ നിയന്ത്രണം ആകുന്നു. റഗുലേഷൻകൊണ്ടു അമർത്താനും തടുക്കാനും ഉദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ (ചുരുക്കത്തിനുവേണ്ടി വർത്തമാനപ്പത്രക്കുററങ്ങൾ എന്നു അവയെ നാമകരണം ചെയ്യാം) (എ) രാജദ്രോഹം. ഇതിൽ ഇവിടത്തെ രാജാവിന്റെയോ ഗവർണ്ണറിന്റെയോ ചക്രവർത്തിതിരുമനസ്സിലേയോ തിരുമനസ്സിലെ ഗവർണ്ണറിന്റെയോ നേരെ നിന്ദയും വെറുപ്പും ഉണ്ടാക്കത്തക്ക എല്ലാപ്രവൃത്തികളും ഉൾപ്പെടും.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചക്രവർത്തി തിരുമനസ്സിലെ ഗവർണ്ണറിനെ സംബന്ധിച്ചു ഏതെങ്കിലും വർത്തമാനപ്പത്രങ്ങൾ രാജദ്രോഹകുററം ചെയ്തിട്ടുണ്ടോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): ഞാനിപ്പോൾ റഗുലേഷനിലെ വ്യവസ്ഥകളെപ്പററിയാണ് സംസാരിക്കുന്നതു്. പ്രസ്താവത്തിലെ പ്രവൃത്തികളെപ്പററിയാണ് ഇപ്പോൾ വക്കുപ്പ്

ഞാൻ പറഞ്ഞു വന്നതു ഇടരാം, അമർത്താനും തടുക്കാനും ഉദ്ദേശിച്ചിട്ടുള്ള വർത്തമാനപ്പത്രക്കുററങ്ങൾ (എ) രാജദ്രോഹം (ബി) തിരുവിതാംകൂർ രാജകുടുംബത്തിലെ ആരേയെങ്കിലും നിന്ദിക്കുക. (സി) ജാതിസ്പർദ്ധ ഉണ്ടാക്കുക. (ഡി) പതിവായി അപകീർത്തിപ്പെടുത്തൽ. (ഇ) പതിവായി അസത്യവാർത്തകൾ പ്രചരിപ്പിക്കുക, ഇവയാണ്

കൃത്യമായി പറഞ്ഞാൽ, ഇവയിൽ ചില പ്രവൃത്തികൾ ശിക്ഷാനിയമപ്രകാരം കുററങ്ങളല്ല. ഉദാഹരണമായി ബി-ം ഇ-ം രാജകുടുംബത്തിൽ ആരേയെങ്കിലും നിന്ദിക്കയും പതിവായി അസത്യവാർത്തകൾ പ്രചരിപ്പിക്കയും. ഇവതാനെതന്നെ ശിക്ഷാനിയമപ്രകാരം കുററങ്ങളല്ല. മൂന്നാമത്തെതു, റഗുലേഷനിൽ സമുദായസ്പർദ്ധ ഉണ്ടാക്കുക എന്നു പറഞ്ഞിട്ടുള്ളതു ശിക്ഷാനിയമത്തിൽ വിവരിച്ചിട്ടുള്ളതിനെക്കാൾ വിശാലമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രാജകുടുംബത്തിൽപെട്ടയാരെയെങ്കിലും നിന്ദാപാത്രം ആക്കുന്നതു, സാധാരണ പൗരന്മാരുടെ കാര്യത്തിലെന്നപോലെ, അപകീർത്തിപ്പെടുത്തൽ ആയിഗണിച്ചുകൂടയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): അതു അപകീർത്തിപ്പെടുത്തൽ ആയി വരാം, എന്നാൽ വരണമെന്നില്ല. അതുകൊണ്ടാണ് അവതാനെതന്നെ ശിക്ഷാനിയമപ്രകാ

ത്തമുള്ള കുററങ്ങളല്ലെന്നു ഞാൻ പറഞ്ഞതു. റഗ്യുലേഷനിൽ ശിക്ഷാനിയമത്തെക്കാൾ അധികം വർത്തമാനപ്പത്രങ്ങ ററങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിലും ആവക പ്രവൃത്തികളിൽ ചിലതെങ്കിലും ആക്ഷേപയോഗ്യമോ ശാസനാർഹമോ അല്ലെന്നു ഒരു സഭയിൽ ആരും പറയുകയില്ലെന്നു എനിക്കു നിശ്ചയമുണ്ടു്. ഒരു പ്രത്യേകനിയമം ഉണ്ടാക്കുന്നതിനുള്ള കാരണം എന്തായിരുന്നാലും അതിൻപ്രകാരം ശിക്ഷാർഹമാക്കിട്ടുള്ള ചില്ലാപ്രവൃത്തികളും സംശയം കൂടാതെ ശാസനാർഹമാണു്. ഇപ്രവൃത്തികൾ ചെയ്യാൻ സ്വാതന്ത്ര്യം വേണമെന്നു ആരും പറയുകയില്ല അതുകൊണ്ടു് ഈ നിമിത്തം സങ്കടമുണ്ടാകാനും സംഗതിയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചുരുക്കുററങ്ങൾ നിർത്തിക്കാനാണോ ഒരു നിയമവും നിർമ്മിച്ചതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതല്ല ഉദ്ദേശം. വർത്തമാനപ്പത്രങ്ങളുടെ മേൽ അധികം നിയന്ത്രണാധികാരം വേണമെന്നാണു ഉദ്ദേശം. സ്വാതന്ത്ര്യം ക്ഷേപ്പെടുത്തുന്നതുകൊണ്ടു സങ്കടമുണ്ടാകാൻ തരമില്ലെന്നാണു ഞാൻ പറഞ്ഞതു. എന്തെന്നാൽ ശാസനായോഗ്യമായ ഈ പ്രവൃത്തികൾ ചെയ്യുന്നതിനു സ്വാതന്ത്ര്യം വേണമെന്നു ആരും പറയുകയില്ല. എന്നാൽ കുററങ്ങൾ അമർത്തുന്നതിനും തടുക്കുന്നതിനും ശിക്ഷാനിയമത്തിലും, ക്രിമിനൽ പ്രൊസീജ്യർ റെഗ്യുലേഷനിലും ഉള്ള സാധാരണ നിബന്ധനകൾ പോരായോ, ശിക്ഷാനിയമപ്രകാരമുള്ള ശിക്ഷകൾ മതിയാകയില്ലയോ എന്നിവിടെ ചോദ്യം ഉണ്ടായി. തിരുവിതാംകൂറിലെ പത്രപ്രവർത്തനരീതിയെ ആലോചിച്ചാൽ, മതിയാകയില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഞാൻ മുമ്പുപ്രസ്താവിച്ചപ്രകാരം വർത്തമാനപ്പത്രസംബന്ധമായ ചട്ടങ്ങൾ കുറെകൂടി വിശാലമാണു, ഇതു കൂടാതെതന്നെ ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ ഇവിടത്തെ സ്ഥിതിയോടു ചേർത്തുകൂട്ടുന്നതിനു മതിയാകയില്ല. അതുകൊണ്ടു കാര്യം വിശദമാക്കുന്നതിനായി പ്രസ്താവിച്ച വർത്തമാനപ്പത്രക്കുററങ്ങളെല്ലാം ശിക്ഷാനിയമപ്രകാരമുള്ള കുററങ്ങളാണെന്നും ശിക്ഷാനിയമപ്രകാരമുള്ള ശിക്ഷകളെല്ലാം ഉചിതമായതാണെന്നും ഞാൻ സങ്കല്പിച്ചുകൊള്ളാം. എന്നാൽ ശിക്ഷാനിയമപ്രകാരം ശിക്ഷിക്കുന്നതു ആരേയാണു? ആരേയാണു അതു പിടിക്കുടുന്നതു? അതുപിടിക്കുടുന്നതു പ്രവ്യാപനംചെയ്തിട്ടുള്ള അച്ചടിക്കാരനെയും പ്രസിദ്ധീകരണക്കാരനെയും ആരാണെന്നറിവുണ്ടെങ്കിൽ പത്രാധിപരെയും ആണു. പത്രാധിപർ ആരാണെന്നു സാധാരണയായി അറിവുണ്ടായിരിക്കയുമില്ല. എന്നാൽ കുററത്തിനു ആയുധമായിതീർന്ന പത്രത്തെത്തന്നെ അതുകൊടുക്കുകയുമില്ല. പത്രത്തിന്റെ ബാഹ്യപ്രതിനിധികൾ ആയ പ്രസിദ്ധീകരണക്കാരെയോ പത്രാധിപരെയോ ശിക്ഷിച്ചാൽ മതിയാകയില്ലെന്നും കുററത്തിന്നായുധമായ പത്രത്തെത്തന്നെ ശിക്ഷിക്കേണ്ടതാണെന്നും ഗവണ്മെന്റു വിചാരിക്കുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ടു കുററങ്ങളിൽനിന്നു മനുഷ്യർ വിരമിക്കയും കുററങ്ങൾ തുടരുകയോ ആവർത്തിക്കയോ ചെയ്യുന്നതിനു തടസ്സമായിതീരുകയുംചെയ്യും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): കുററത്തിനുപയോഗിക്കുന്ന ആയുധങ്ങളെപ്പററി ക്രിമിനൽ നടപടി നിയമത്തിൽ വ്യവസ്ഥകൾ ഇല്ലയോഎന്നു ലാമെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഉണ്ടു്. ക്രിമിനൽ നടപടി നിയമത്തിൽ വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. വർത്തമാനപ്പത്രറെഗ്യുലേഷനിലെ വ്യവസ്ഥകളെ മെമ്പർ അവയോടു സാദൃശ്യപ്പെടുത്തിനോക്കിയാൽ അവയ്ക്കുള്ള നിർണ്ണയം കാണും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ മതിയാകയില്ലയോഎന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): വർത്തമാനപ്പത്രങ്ങളെ സംബന്ധിച്ചേടത്തോളം ആ വ്യവസ്ഥകൾ മതിയാകയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപകീർത്തികരവും ആക്ഷേപവും ആയ സാധനങ്ങളെ നശിപ്പിക്കുന്നതിനു ക്രിമിനൽ നടപടി നിയമത്തിൽ വ്യവസ്ഥയില്ലയോ? അവ പത്രങ്ങൾക്കു സംബന്ധിക്കയില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഉണ്ടു്. വ്യവസ്ഥയുണ്ടു. എന്നാൽ അതു കുററകരമായ ചേഷ്ടനമുള്ളതും കോടതിയിൽ ഹാജരാക്കപ്പെട്ടതുമായ പത്രപ്പകർപ്പിനു മാത്രമേ സംബന്ധിക്കയുള്ളു. എന്നാൽ ഒരു വ്യക്തിയായി വിചാരിക്കാവുന്ന പത്രത്തെത്തന്നെ അതു സംബന്ധിക്കയില്ല. പത്രത്തിന്റെ ഏതെങ്കിലും സ്ഥലം ആ നമ്പരിന്റെ പ്രതികളും കണ്ടുകെട്ടി നശിപ്പിക്കുമെന്നു സമ്മതിച്ചാലും പത്രത്തിനു അതുകൊണ്ടു ഒരു ദോഷവുംഇല്ല. പത്രം പിന്നെയും ഉണ്ടായിരിക്കയും പ്രവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യും. പത്രം ഒരു സംഘത്തെപ്പോലെ ഒരു വ്യക്തിയാണു. അതിന്റെ അനേകം പ്രതികളെയും അതിന്റെ അച്ചടിക്കാരനെയും പ്രസിദ്ധീകരണക്കാരനെയും ആരാണെന്നറിവുണ്ടെങ്കിൽ പത്രാധിപരെയും കൂടാതെതന്നെ പത്രങ്ങൾക്കു ഒരു ജീവൻ ഉണ്ടു. മേൽപറഞ്ഞവർ അതിന്റെ ബാഹ്യപ്രതിപുരുഷന്മാർമാത്രമാണു. കുററം ചെയ്താൽ പത്രത്തെത്തന്നെ ശിക്ഷിക്കുന്നതിൽ തരക്കേടുമില്ല. തിരുവിതാംകൂറിലെ പത്രങ്ങളുടെ ഒരുഭാഗത്തെ സംബന്ധിച്ചേടത്തോളം ബാഹ്യപ്രതി പുരുഷന്മാരായ അച്ചടിക്കാരനെയും പ്രസിദ്ധീകരണക്കാരനെയും പത്രാധിപരെയും ശിക്ഷിച്ചുകൊണ്ടു മതിയാകയില്ലെന്നും പത്രത്തെത്തന്നെ ശിക്ഷിക്കയാണു വേണ്ടതെന്നും സഭയെ ബോദ്ധ്യപ്പെടുത്തിയാൽ ആ ഉദ്ദേശ്യസാദ്ധ്യത്തിന്നപ്പുറമായി റെഗ്യുലേഷൻ ഒന്നും ചെയ്തിട്ടില്ലെന്നു വ്യക്തമാകുന്നതാണു. ഞാൻ പറഞ്ഞപ്രകാരം ശിക്ഷാനിയമത്തിനു പത്രത്തോടൊന്നും ചെയ്യാൻ കഴികയില്ല. അതിനു പത്രത്തിന്റെ ബാഹ്യപ്രതി പുരുഷന്മാരായ അച്ചടിക്കാരനോടും പ്രസിദ്ധീകരണക്കാരനോടും ആരാണെന്നറിവുണ്ടെങ്കിൽ പത്രാധിപരോടും മാത്രമേ വല്ലതും ചെയ്യാൻ കഴിയുകയുള്ളു. അതിന്നപ്പുറമൊന്നും സാദ്ധ്യമല്ല. തിരുവിതാംകൂറിലെ പത്രങ്ങളുടെ ഒരു ഭാഗത്തിന്റെ പ്രവ്യാപനം ചെയ്തിട്ടുള്ള അച്ചടിക്കാരനും പ്രസിദ്ധീകരണക്കാരനും മാന്യസ്ഥിതിയോസ്വഭാവഗുണമോ ഇല്ലാത്തവരാണെന്നു സുപ്രസിദ്ധമാണു. പ്രവ്യാപനം ചെയ്ത ഒരു പത്രാധിപർതന്നെ ഉണ്ടായിരിക്കയില്ല ഉണ്ടെങ്കിൽതന്നെ അയാളും മാന്യസ്ഥിതിയോ സ്വഭാവഗുണമോ ഇല്ലാത്തവനായിരിക്കും.

മി: എം. ശിവതാണുപിള്ള (തോവാള): പത്രാധിപരില്ലാതെ ഒരു പത്രത്തിനു ജീവിച്ചിരിക്കാൻ കഴിയുമോ എന്നു ലാമെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): യഥാർത്ഥത്തിൽ കഴിയുന്നതല്ല. എന്നാൽ പ്രവ്യാപനം ചെയ്യപ്പെട്ട പത്രാധിപരോ ഇല്ലാവസ്ഥം ആ നിലയിൽ അറിയുന്ന പത്രാധിപരോ ഇല്ലാതെ ഒരു പത്രം ജീവിച്ചിരിക്കാം. ഒരു പത്രാധിപർ ഉണ്ടായിരുന്നാലും പത്രം യഥാർത്ഥത്തിൽ നടത്തുന്നയാൾ തിരശ്ശീലയ്ക്കുള്ളിലായിരിക്കാം.

മി: എം, ശിവതാണുപിള്ള (മാവേലിക്കര): അച്ചടിക്കാരനോ, പ്രസിദ്ധകർത്താവോ, പത്രാധിപരോ ഇല്ലാതെ ഒരു പത്രം ഉണ്ടായിരിക്കാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): പ്രവ്യാപനം ചെയ്ത അച്ചടിക്കാരനും പ്രസിദ്ധകർത്താവും ഉണ്ടായിരിക്കും. അങ്ങനെയൊരു പത്രാധിപർ വേണമെന്നില്ല. എന്നാൽ അങ്ങനെയൊരു പത്രാധിപരും ഉണ്ടെന്നു സങ്കല്പിക്കാം. എന്നാൽ പലപ്പോഴും വെറും നാമധേയക്കാർ അല്ലെങ്കിൽ പാവക്കാർ ആയിരിക്കും. പാവക്കാർ എന്നു പറഞ്ഞതു അങ്ങനെ പറഞ്ഞാൽ എന്റെ അർത്ഥം സഭ ഗ്രഹിക്കുമെന്നു വിചാരിച്ചാണ്. അച്ചടിക്കാരനും പ്രസിദ്ധകർത്താവും ഒരു ഗവേഷക്കാരനോ കമ്പോസിററരോ അഞ്ചൽക്കാരനോ ആയിരിക്കും, പത്രത്തിലെ സാരതകളെപ്പററി അവന്നു യാതൊരു ഗന്ധവുമുണ്ടായിരിക്കയില്ലെങ്കിലും നിയമപ്രകാരം അവനാണ് പ്രസിദ്ധകർത്താവ്, അവനാണു ജയിലിൽ പോകേണ്ടിവരുന്നതു. പത്രാധിപരും, ആളറിഞ്ഞാലും (അറിയണമെന്നില്ല) അതിൽ വിശേഷമായിരിക്കണമെന്നില്ല. അയാളും ഒരു പാവയായിരിക്കും എന്നാൽ പത്രം നടത്തുന്നയാൾ അവന്റെ പിന്നിലായിരിക്കും. ആയാളെ ശിക്ഷിച്ചുകഴിഞ്ഞാൽ മാത്രമേ പത്രത്തിനു തരക്കേടുണ്ടാകുകയുള്ളു. സാധുക്കളായ ഈ പത്രാധിപന്മാരും പ്രസിദ്ധകർത്താക്കളും മാന്യസ്ഥിതിയോ സ്വഭാവഗുണമോ ഉള്ളവരല്ല. ജയിലിന്റെ പുറത്തു സഞ്ചരിക്കുന്നതിനെക്കാൾ അകത്തിരിക്കയാണുത്തമം എന്നായിരിക്കും അവരുടെ വിചാരം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ സഭാംഗങ്ങളിൽ പത്രാധിപന്മാർ ഉണ്ടെന്നുമെമ്പർക്കറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ഉവ്വ്, ചിലരെക്കണ്ടെന്നുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവരെ സംബന്ധിച്ചു "പാവ" എന്ന പദപ്രയോഗത്തെപ്പററി മെമ്പർ എന്തുപറയുന്നു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ചീഫ് സെക്രട്ടറി പറഞ്ഞതു ഞാൻ ആവർത്തിച്ചുകൊള്ളുന്നു. നല്ല പത്രാധിപന്മാരും ചീത്ത പത്രാധിപന്മാരും ഉണ്ട്. തിരുവിതാംകൂറിലെ എല്ലാ പത്രങ്ങളും ഞാൻ പറഞ്ഞവർഗ്ഗത്തിൽ പെടുകയില്ല. പത്രപ്രവർത്തനത്തെപ്പററി എനിക്കവർക്കു ബഹുമാനമാണ്. പത്രങ്ങൾക്കു മഹത്തായ ജോലി ചെയ്യാനുണ്ട്. തിരുവിതാംകൂറിൽ മാന്യനിലയിൽ നടത്തുന്ന പത്രങ്ങളുണ്ട്. ഞാൻ അവയെ ബഹുമാനിക്കുന്നു, ഗവർണ്ണമെന്റും അവയെ ബഹുമാനിക്കുന്നു. എന്നാൽ അതുകൊണ്ടു പത്രങ്ങളിൽ അധമമായവയേയും ബഹുമാനിക്കണമെന്നു വരുന്നില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തിരുവിതാംകൂറിൽ എത്രവർത്തമാനപ്പത്രങ്ങൾ ഉണ്ടെന്നു മെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): മാസികകൾ കൂടാതെ ഏകദേശം നൂറു ഉണ്ടെന്നു തോന്നുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അദ്ദേഹം പരാതിപ്പെടുന്നതു ഏതു പത്രങ്ങളെപ്പററിയാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ഒരു പത്രത്തിന്റെയും പേരു പറവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ കാര്യങ്ങൾക്കു അതു ആവശ്യവുമില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആകെ പത്രങ്ങളുടെ എണ്ണം പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ശരിയായ എണ്ണം പറവാൻ സാധിക്കയില്ല, നമ്മുടെ ആവശ്യത്തിനു അതും വേണ്ടാ. അങ്ങനെ ഒരു തരം വർത്തമാനപ്പത്രങ്ങൾ ഉണ്ടെന്നും പററെല്ലാവ അവയെ അനുകരിച്ചുകൊണ്ടെന്നും പറഞ്ഞാൽ മതി. ചീഫ് സെക്രട്ടറി വിവരിച്ച പ്രകാരമുള്ള "പാവ" പത്രാധിപന്മാരെയും പ്രസിദ്ധകർത്താക്കളെയും അച്ചടിക്കാരെയും ശിക്ഷിച്ചു ജയിലിൽ അടച്ചതു കൊണ്ടു ഫലമെന്തു? അവർ ജയിലിൽ കിടന്നു നരകിക്കും. എങ്കിലും പത്രങ്ങൾ മുൻപിലത്തെപ്പോലെ തന്നെ അവയുടെ ഉടമസ്ഥന്മാരിൽ ചർച്ചകൊണ്ടിരിക്കും. ഇതിനു പരിഹാരം എന്തു? പത്രത്തെത്തന്നെ ശിക്ഷിക്കണം എന്നുമാത്രമാണ് മറുപടി.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അച്ചടിക്കാരെയും പ്രസിദ്ധകർത്താക്കളെയും ശിക്ഷിച്ചാൽ മതിയാകയില്ലയോ എന്നു മാ മെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ഇല്ല. അവർ പാവകളാണെങ്കിൽ മതിയാകയില്ല. പിന്നിൽ ഉള്ളയാൾ വേറെ പാവകളെ അച്ചടിക്കാരായും പ്രസിദ്ധകർത്താക്കളായും സമ്പാദിച്ചു പത്രം നടത്തിക്കൊണ്ടിരിക്കും. മെമ്പർ എന്റെ ആശയം ഗ്രഹിച്ചതായി കാണുന്നതു കൊണ്ടു എനിക്കു സന്തോഷമുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അച്ചടിക്കാരെയും പ്രസിദ്ധകർത്താക്കളെയും സംബന്ധിച്ചുള്ള ശരി യാണെന്നു എനിക്കു തോന്നുന്നുണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): അതിനു നന്ദി പറഞ്ഞുകൊള്ളുന്നു. പ്രവ്യാപനം ചെയ്തിട്ടുള്ള പ്രസിദ്ധകനെ ശിക്ഷിച്ചുകഴിഞ്ഞു മതിയാകയല്ലെങ്കിൽ പിന്നെയുള്ള നടപടി പത്രത്തെത്തന്നെ ശിക്ഷിക്കയാണു. കുററംചെയ്യാൻ ഉപയോഗിച്ച ആയുധം അതാകയാൽ അതു തട്ടിത്തൂവി പിന്നീടു ചെയ്യാൻ കാരണമായിത്തീരാതെ അതിനെ നശിപ്പിക്കണം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : "പാവകളുടെ ഉപയോഗം" നിരത്തലാക്കുവാൻ റെഗ്ലേഷനിൽ വല്ല വ്യവസ്ഥയും ഉണ്ടോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : നേരിട്ടില്ല. റെഗ്ലേഷൻ പ്രകാരം പത്രത്തെത്തന്നെ പിടി കൂടാമല്ലോ. "പാവകളുടെ ഉപയോഗം" കൊണ്ടു പ്രയോജനമില്ല. അതുകൊണ്ടുള്ള ലാഭം ഇല്ലാതാകും. പത്രത്തെത്തന്നെ പിടിച്ചു നശിപ്പിക്കാം എന്തുകൊണ്ടാൽ ഗവർണ്ണമെന്റിന്റെ പത്രത്തിന്റെ ലൈസൻസ് ഉർബലപ്പെടുത്തുകയല്ലോ. ലൈസൻസ് കൂടാതെ പത്രം അച്ചടിക്കയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുവാൻ പാടില്ലാത്തതുകൊണ്ടു അതു നിന്നുപോകാനിടവന്നേക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : അതുകൊണ്ടു പത്രാധിപരെ ശിക്ഷിക്കുമോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : റെഗ്ലേഷൻപ്രകാരമല്ല, അയാളെ ശിക്ഷാനിയമപ്രകാരം ക്രിമിനൽ കോടതി മുഖാന്തരം ശിക്ഷിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : പത്രാധിപരെ ശിക്ഷിച്ചാൽ അയാൾക്കു വേറൊരു പത്രം ആരംഭിച്ചുകൂടയോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ) : അതു തന്നെയാണു എന്റെ വാദം. അതുകൊണ്ടു ലൈസൻസ് കൂടാതെ ഒരു പത്രം നടത്താൻ പാടില്ലെന്നു കുററം ചെയ്യുന്ന പത്രത്തിന്റെ ലൈസൻസ് ഉർബലപ്പെടുത്താമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. പത്ര റഗ്ലേഷനിലെപോലെ ഒരു വ്യവസ്ഥയിരുന്നുകിൽ പാവപ്രസിദ്ധകന്റെ പുറകെ പാവപ്രസിദ്ധകനും പാവപ്പത്രാധിപരുടെ പുറകെ പാവപ്പത്രാധിപരും ജയിലിലേക്കുപോകും തിരിഞ്ഞിലയ്ക്കുള്ളിലിരിക്കുന്ന ആളിന്റെയോ കക്ഷിയുടെയോ സംരക്ഷണത്തിൽ പത്രം അതിന്റെ ഉടമസ്ഥന്മാരിൽ നിലനിന്നുപോരും.

മി. ടി. കുമാരപിള്ള (കുണ്ടുളവും വിളവങ്കോടും) : ഈ ന്യൂനതകളെ പരിഹരിക്കാൻ പീനൽകോഡിലുള്ള വകുപ്പുകളെ അനുരൂപമായവിധം ഭേദഗതി ചെയ്യാൻപോരേ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). പോരാ.

മി. ടി. കുമാരപിള്ള (കുണ്ടുളവും വിളവങ്കോടും) : പത്രങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നും ഇല്ലെന്നും പറയാനുള്ള അധികാരം ഗവർണ്ണമെന്റിനെത്തന്നെ വച്ചുകൊണ്ടിരിക്കണമെന്നാണോ പറയുന്നതു.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : ഞാൻ ഇപ്പോൾ പറഞ്ഞതു അങ്ങനെയല്ല. ശിക്ഷിച്ചാൽ പോരാ, പത്രങ്ങളേയും തടുക്കണമെന്നാണു ഞാൻ പറയുന്നതു.

മി. ടി. കുമാരപിള്ള (കുണ്ടുളവും വിളവങ്കോടും) : ഹൈക്കോടതിയെ സംബന്ധിച്ചു വല്ലതും ചെയ്തിട്ടുണ്ടോ.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : അതിന്റെ അർത്ഥം മനസ്സിലായില്ല.

മി. ടി. കുമാരപിള്ള (കുണ്ടുളവും വിളവങ്കോടും) : ഇപ്പോൾ പത്രങ്ങൾ എന്തെങ്കിലും തെററു ചെയ്താൽ പത്രങ്ങളെ നിരത്താനുള്ള അധികാരം ഗവർണ്ണമെന്റു വച്ചുകൊണ്ടിരിക്കയാണു.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : അതെ, ആകുമായിട്ടു

മി. ടി. കുമാരപിള്ള (കുണ്ടുളവും വിളവങ്കോടും) : പീനൽകോഡുപ്രകാരം പ്രജകളേയും പത്രാധിപരെയും മാത്രമെ ശിക്ഷിക്കാവൂ.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : അതെ.

മി. ടി. കുമാരപിള്ള (കുണ്ടുളവും വിളവങ്കോടും) : ഒരു പത്രം ഗവർണ്ണമെന്റ ചീത്തയാണെന്നു പറയുമ്പോൾ അതിനെ സംബന്ധിച്ചുള്ള ഹൈക്കോടതിയുടെ അഭിപ്രായം പറയുന്നതിനു അവസരം കൊടുത്തിട്ടില്ല.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : ഉണ്ടെന്നാണു ഞാൻ പറയാൻ പോകുന്നതു. അതിനു ഹൈക്കോടതിയിലേക്കു അധികാരം കൊടുത്തിട്ടുണ്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (ചൊട്ടാരക്കരയും കുന്നത്തൂരും): റെഗ്ലേഷൻ ഹൈക്കോടതിയിൽ ഒരു വിചാരണ ഉദ്ദേശിച്ചിട്ടുണ്ടോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : ഉണ്ടു. പ്രയോഗത്തിൽ വിചാരണ നടത്താം.

മാന്യസ്ഥിതിയോ, പണമോ സ്വഭാവഗുണമോ ഇല്ലാത്ത പാവപ്രസിദ്ധകന്മാരെയും പത്രാധിപന്മാരെയും പററി ഞാൻ പറഞ്ഞുവരികയായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : യോഗ്യതയൊന്നുമില്ലാത്തവരും വേറെ ജോലി ഒന്നും കിട്ടാത്തവരുമായ അച്ചടിക്കാരും പ്രസിദ്ധകന്മാരുമായി ഈ പത്രങ്ങൾ നടത്തുന്നതെന്നുള്ള വാദം മി. ജാർജിന്റെ വാദത്തിനു വിപരീതമല്ലയോ എന്നു ലാ മെമ്പർ പറയുമോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) : അല്ല, അതു മി. ജാർജിന്റെ വാദത്തെ അനുകൂലിക്കയാണു ചെയ്യുന്നതു. മാന്യസ്ഥിതിയോ, പണമോ ഇല്ലാത്തവരായ ഒരുതരം പത്രങ്ങളുടെ പത്രാധിപന്മാരും അച്ചടിക്കാരും പ്രസിദ്ധകന്മാരുമായി നിയമിക്കുന്നതു. അതു തടയുകയാണു പുതിയ നിയമത്തിന്റെ ഉദ്ദേശം,

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഈ പാവകളുടെ ഉപയോഗം ഉണ്ടെന്നു വല്ല റിക്കാർഡും ഗവർണ്ണമെന്റിന്റെ കൈവശത്തിൽ ഉള്ളതു നോക്കീട്ടോ അതോ സ്വന്ത അനുഭവത്തിൽ നിന്നോ ലാ മെമ്പർ ഇതു പറയുന്നതെന്നു പറയുമോ?

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): സ്വന്ത അനുഭവത്തിൽ നിന്നു മാത്രമല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പത്രങ്ങളുടെ പിന്നിൽ നിന്നു വിളയാടുന്ന ഗവർണ്ണമെന്റുദ്യോഗസ്ഥന്മാർ ഇല്ലേ?

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഉണ്ടെന്നുംവരും ഇല്ലെന്നും വരാം. എന്നാൽ-

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ലാ മെമ്പർ—

മി: വി. സുബ്ബയ്യർ (ഗവർണ്ണർന്റെ നിയമനം-ഡിപ്യൂട്ടിപ്രസിഡന്റ്): അദ്ദേഹം മിസ്റ്റർ നീലകണ്ഠപ്പിള്ള മുഖേന ചോദ്യത്തിന്നു മറുപടി പറഞ്ഞുകഴിഞ്ഞില്ല. ഒരു ചോദ്യത്തിന്നു മറുപടി പറഞ്ഞുകഴിഞ്ഞശേഷംവേണം അദ്ദേഹത്തിനു മറ്റൊരു ചോദ്യം ചോദിക്കാൻ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹം എന്റെ ചോദ്യത്തിന്നു മറുപടി പറഞ്ഞില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): മെമ്പർ ഒരു ചോദ്യം ആവർത്തിക്കട്ടെ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ പാപികളുടെ ഉപദ്രവം ഉണ്ടെന്നു കാണിക്കുന്ന വല്ല റിക്കാർഡും ഗവർണ്ണർന്റെ കയ്യിലത്തിൽ ഉണ്ടോ, അദ്ദേഹം സ്വന്ത അനുഭവത്തിൽ നിന്നാണോ മെമ്പർ സംസാരിക്കുന്നതെന്നായിരുന്നു എന്റെ ചോദ്യം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഒളിവിൽനിന്നുകൊണ്ടു ചിലർ നടത്തുന്ന ഒരുതരം പത്രങ്ങൾ ഉണ്ടെന്നും അവയുടെ അച്ചടിക്കാരെയോ പ്രസിദ്ധീകരണക്കാരെയോ ശിക്ഷിച്ചു ഇതുകൊണ്ടു പത്രങ്ങൾ നടത്തുന്ന കക്ഷികൾ ആരെന്നു തിരക്കേടുമില്ലെന്നും ഗവർണ്ണർന്നു അറിവുണ്ട്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പാപപ്രസിദ്ധീകരണക്കാരും അച്ചടിക്കാരും ഉള്ള അധികം പത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ എന്നു ലാ മെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഞാൻ മുമ്പു പറഞ്ഞപ്രകാരം ഒരു പത്രത്തിന്റെയും പേരു പറവാൻ എനിക്കുമനസ്സില്ല എന്നാൽ ഞങ്ങൾക്കു വിശ്വാസയോഗ്യമായ അറിവുണ്ട്. അനുദ്യോഗസ്ഥമെമ്പർമാരും ഇതു സമ്മതിക്കുമെന്നാണു എന്റെ വിശ്വാസം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവർണ്ണർന്റെ കയ്യിലും ഉള്ളതും പുറത്താക്കാൻപാടില്ലാത്തതുമായ റിക്കാർഡിന്റെ സ്വഭാവം എന്താണെന്നു പറയുമോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഞാൻ ഉണ്ടെന്നു പറഞ്ഞ അറിവു പ്രസിദ്ധപ്പെടുത്താൻപാടില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെസംബന്ധിച്ചു റിക്കാർഡുകൾ സ്വകാര്യങ്ങളാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): അതിലുള്ള വിവരങ്ങൾ സ്വകാര്യങ്ങളാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊണ്ടു അതു പറയാതിരിപ്പാനുള്ള അവകാശം ഉപയോഗിക്കയാണെന്നുതോന്നുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): അതെ, അങ്ങനെ വിചാരിച്ചുകൊള്ളാം.

പിന്നെ മാനവും പണവും ഇല്ലാത്തവരും ജെയിലിൽ പോകുന്നതു മാനക്കേടായി വിചാരിക്കാത്തവരും എന്തും ചെയ്യാൻ മടിയില്ലാത്തവരുമായ ചില ആളുകൾ നടത്തുന്ന ഒരുവക പത്രങ്ങൾ ഉണ്ടു തിരുവിതാംകൂറിൽ ഒരുപത്രം നടത്തുന്നതിന്നു അധികംപണം ആവശ്യമില്ല. കയ്യിൽ പത്തുരൂപാ ഉണ്ടെങ്കിൽ ഒരു പത്രത്തിന്റെ ഇരുനൂറോ മുന്നൂറോ പ്രതികൾ അടിച്ചിറക്കാം.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരു പാവപ്രസിദ്ധീകരണക്കാരൻ ജെയിലിൽ പോയിട്ടു പത്രത്തിന്റെ പിന്നിൽനിന്ന ആൾ വേറൊരു പാവപ്രസിദ്ധീകരണക്കാരനെവച്ചു വേറൊരുപത്രം തുടങ്ങിയതിന്റെ ഒരു ഉദാഹരണം മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): അങ്ങനെ ഒരു സംഭവം നടന്നു എന്നുവേണമെന്നില്ല. പാവജയിലിൽപോയാലും പത്രം നടക്കും എന്നു നമുക്കറിയാമല്ലോ അതു പരീക്ഷിച്ചിട്ടാവശ്യമില്ല. വേറൊരുപത്രം നടത്തുന്നകാര്യം ധാരണിക്കയല്ല വേറെ പാവപ്രസിദ്ധീകരണക്കാരോ പത്രാധിപന്മാരോ മുഖന്തരം പത്രം നടത്തുകൊണ്ടിരിക്കും.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇതു വെറും ഊഹമാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): അല്ല. ഊഹമല്ല. ഇപ്പോഴത്തെ സ്ഥിതിയിൽനിന്നുള്ള അനുമാനമാണ്.

ഞാൻ പറഞ്ഞുവന്നതു തുടരാം. ഈ നിയമം പ്രാബല്യത്തിൽ വന്നതുവരെ ഒരാൾക്കു പത്തു രൂപാ കയ്യിലം ഉണ്ടായാൽ ഒരു പത്രംതുടങ്ങാൻ കഴിയുമായിരുന്നു ഇങ്ങനെ പണമില്ലാത്തവനും നഷ്ടംവരാൻ ഇടയില്ലാത്തവനും ഒരു പത്രം നടത്തും. അവൻ ജോലിയിൽ പോയാൽ അവനെ അനുകരിക്കാൻ വേറെയുമുണ്ടാകും. തിരുവിതാംകൂറിൽ പത്രങ്ങൾ കുമിളപോലെ ഉത്ഭവിക്കയും കുമിളപോലെതന്നെ നശിക്കയും ചെയ്യുന്നതു എല്ലാവർക്കും അനുഭവസിദ്ധമാണ്. അങ്ങനെയുള്ള പത്രങ്ങളുടെ പത്രാധിപന്മാരെ ശിക്ഷിച്ചിട്ടു ഫലമെന്തു? അങ്ങനെയുള്ള പത്രങ്ങൾ ഉണ്ടാകാതിരിക്കാനാണു നാം നോക്കേണ്ടതു. ഈ വക പത്രങ്ങൾ ഉത്ഭവിക്കാതിരിക്കാനുമാണ് വർത്തമാനപ്പത്ര റഗുലേഷന്റെ ഉദ്ദേശം. എന്തെന്നാൽ ലൈസൻസ് കൂടാതെ ഒരു പത്രം ഉണ്ടാകയില്ല. ലൈസൻസിന്നു ഫീസും കൊടുക്കണം.

തിരുവിതാംകൂറിൽ വർത്തമാനപ്പത്രങ്ങളുടെ എണ്ണം വളരെ അധികമാണ്. ഇവിടെയുള്ള വർത്തമാനപ്പത്രങ്ങളുടെ എണ്ണവും മൈസൂർ, കൊച്ചി, ബറോഡാ മുതലായ രാജ്യങ്ങളിലെ പത്രങ്ങളുടെ എണ്ണവും താരതമ്യപ്പെടുത്തിനോക്കിയാൽ ഇവിടെ പത്രങ്ങൾ അസാമാന്യം അധികമാണെന്നു കാണാം. രാജ്യത്തിന്റെ വിസ്തീർണ്ണവും ജനസംഖ്യയും നോക്കിയാൽ ഇവിടെ അന്യരാജ്യങ്ങളിലേതിനെക്കാൾ അധികം പത്രങ്ങളുണ്ട്.

മി: കെ. ശിവരാജപ്പണിക്കർ (ചേർത്തല): ഇതുകൊണ്ടു ലാ മെമ്പറിന്നു സങ്കടമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): എന്തിനു നിമിത്തം യാതൊരു സങ്കടവുമില്ല. എല്ലാ പത്രങ്ങളും നല്ലതായിരുന്നാൽ മതിയായിരുന്നു.

നമ്മുടെ ധനസ്ഥിതി ഇൻഡ്യയുടെ മററു ഭാഗങ്ങളെക്കാൾ വിശേഷമല്ല, തീർച്ചയായിട്ടും യൂറോപ്പിനേയും അമേരിക്കയേയും കാൾ വിശേഷമല്ല. എന്നാൽ നമ്മുടെ പത്രങ്ങൾ ജീവിക്കുന്നതു എങ്ങിനെ?

മി. ടി. കുമാരപിള്ള (കൽക്കുളവു വിളവങ്കോട്ടം): അവിടേയും ഇവിടേയും ഉള്ള ലിററസിയുടെ വ്യത്യാസത്തിനു അനുരൂപമായിട്ടാണോ പത്രങ്ങൾ വർദ്ധിച്ചു വരുന്നതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സാക്കാർ വക്കീൽ): അതുകൊണ്ടു മാത്രം വർദ്ധിക്കാൻ ഇടയില്ല. ഇക്കാണുമിക്ക് കണ്ടിഷൻതുടി സഹായിക്കണം, പത്രങ്ങൾ ഉപജീവിക്കണം. അവ ന്യായമായി ജീവിക്കുന്നു എങ്കിൽ പോഷണത്തിനു ജനസാമാന്യത്തെ ആശ്രയിക്കണം.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ രാജ്യത്തു എത്ര ഗവർണ്മെന്റ് സ്കൂൾ അദ്ധ്യാപകന്മാർ ഉണ്ട്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): എണ്ണായിരമോ മററോ ഉണ്ടെന്നുതോന്നുന്നു.

മി ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അല്ല, സഹായധനം വാങ്ങുന്നവർ ഉൾപ്പെടെ ൧൮൦൦൦ പേർ ഉണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): അതെ ആ സംഖ്യ ശരിയായിരിക്കാം. അതു ഞാൻ സമ്മതിക്കുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അദ്ധ്യാപകന്മാർ പത്രം വായിക്കാൻ ആഗ്രഹമുള്ളവർ ആണെന്നു പറയുന്നതു ശരിയല്ലേയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): അതെ, എന്റെ അഭിപ്രായവും അതാണ്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അരിവെപ്പുകാരും മററു വേലക്കാരും പോലും പത്രം വായിക്കുന്നുണ്ടെന്നു പറയുന്നതു ശരിയല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): അക്ഷരപ്രകാരം ശരിയല്ലെങ്കിലും സാരത്തിൽ ശരിയാണ്. അവക്കൊക്കെ പത്രങ്ങൾ വായിക്കാൻ ആഗ്രഹമുണ്ട്. എന്നാൽ പത്രങ്ങൾ വാങ്ങാൻ അവക്കു പണമെവിടെ, അവക്കു കഴിയുമോ, അവരെല്ലാവരും ഓരോ പ്രതി വങ്ങുന്നുണ്ടോ?

മി: കെ. കെ. ജോസഫ് (ചിറക്കുലം തേവികുളവും): വെർണ്മെന്റ് സ്കൂൾ അദ്ധ്യാപകന്മാർക്കു ഒന്നിലധികം പത്രം വാങ്ങാൻ ശക്തിയില്ലെന്നുള്ളതു സത്യമല്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): അതുതന്നെ ആണു എന്റെ വാദം.

എല്ലാവർക്കും പത്രങ്ങൾ വായിക്കണം എന്നാൽ എല്ലാവർക്കും അതിനു പണം കൊടുക്കാൻ നിവൃത്തിയില്ല. ഒരു പ്രതി പലർ വായിക്കും. രാജ്യത്തിലെ വിദ്യാഭ്യാസം വായനയ്ക്കു ആഗ്രഹം ഉണ്ടാക്കുന്നു. അവർ വായിക്കയും ചെയ്യുന്നു. എന്നാൽ എന്തു വിലയ്ക്കാണു അവർ വായിക്കുന്നതു? എങ്കിലും ഇവരെല്ലാം പത്രത്തിനു പണം കൊടുക്കുന്നില്ല; കൊടുക്കാനു കഴിവുമില്ല. എന്നാൽ ഈ പത്രങ്ങളെല്ലാം ഉപജീവിക്കുന്നതു എങ്ങനെ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): റഗുലേഷൻ പാസാക്കിയതിന്റെ ഒരുദ്ദേശം വർത്തമാനപ്പത്രങ്ങളുടെ എണ്ണം കുറയ്ക്കുകയായിരുന്നോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): മാന്യംകെട്ടവിധത്തിൽ ഉപജീവനം കഴിക്കുന്ന തിരുവിതാംകൂറിലെ ഒരു തരം നീചപത്രങ്ങളെപ്പററിയാണ് ഞാൻ സംസാരിക്കുന്നതു. അപരനക്ഷോഭത്തിനും സമുദായമത്സരത്തിനും ജാതിസ്പർദ്ധയ്ക്കും നിന്ദയ്ക്കും അനുകൂലിക്കയും അങ്ങനെയുള്ള ലേഖനങ്ങൾ ഴുതുന്നതിനു കൈക്കൂലി വാങ്ങിയും സമുദായപ്രിയന്മാരെ ഭീഷണിപ്പെടുത്തിയും ധനം സമ്പാദിച്ചു ഉപജീവിക്കയും ചെയ്യുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ചില പത്രങ്ങൾ ആക്ഷേപയോഗ്യമായ വിധത്തിൽ പണം സമ്പാദിച്ചുപജീവിക്കുന്നു എന്നാണോ ഹാ മെംബർ പറയുന്നതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ചില പത്രങ്ങൾ അങ്ങനെ ചെയ്യുന്നുണ്ട്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അദ്ദേഹം തന്നെ ഒരു വർത്തമാനപത്രത്തിന്റെ പത്രാധിപർ അല്ലായിരുന്നോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഇല്ല, ആയിരുന്നില്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അദ്ദേഹത്തിനു തിരുവനന്തപുരം ഡെയിലി ന്യൂസിനോടു വല്ല ബന്ധവും ഉണ്ടായിരുന്നിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഉണ്ട്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതൊരു ചാരിറ്റബിൾ കച്ചവടം ആയിരുന്നോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): അതുകേവലം സ്വകാര്യമായ ഒരു സംഗതിയാണ് അതു ഞാൻ ഇവിടെ പ്രസ്താവിക്കുമെന്നു നിശ്ചയമായി ആരും വിചാരിക്കയില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അന്യായക്കാരനു വിധി കൽപ്പിക്കാവും ഒരാളെത്തന്നെയാണിറഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുള്ളതിനെപ്പററി മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള എന്തുപറയുന്നു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): അതിനെപ്പററി ഉടനെ പറഞ്ഞുകൊള്ളാം. തിരുവിതാംകൂറിൽ പുഷ്കിയായി വളരുന്ന ഒരു തരം പത്രങ്ങളുടെ ഗുണത്തെപ്പററിയായിരുന്നല്ലോ ഞാൻ പറഞ്ഞുവന്നതു. അവയുടെ സ്വഭാവം ഞാൻ വർണ്ണിച്ചതിനെപ്പററി മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയ്ക്കു തന്നെ സംശയമുള്ളതായി തോന്നുന്നു കൊണ്ടുവർത്തമാനപ്പത്രറഗുലേഷനെസംബന്ധിച്ചു തിരുവനന്തപുരത്തു നടന്ന പ്രതിഷേധകരയോഗത്തിൽ പ്രസിഡെന്റിന്റെ നിലയിൽ അദ്ദേഹം തന്നെ പ്രസ്താവിച്ചതു ഞാൻ വായിച്ചു കേൾപ്പിക്കാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പത്രപ്രസ്താവനകൾ ഉദ്ധരിക്കാൻ മെമ്പറിന്നു സ്വാതന്ത്ര്യം ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഈ സഭയിലെ മാന്യനായ ഒരു മെമ്പർ പരസ്യമായി പറഞ്ഞതിനെയാണു ഞാൻ ഉദ്ധരിക്കുന്നതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുമ്പൊരിക്കൽ ഞാൻ ഇങ്ങിനെ ചെയ്യാൻ ഭാവിച്ചപ്പോൾ ഉത്തരവാദം ചെയ്യാത്ത പ്രസ്താവനകളെ ഗവണ്മെന്റു കൈവശപ്പെടുത്തിയില്ലെന്നു പ്രസിഡണ്ടു പറകയുണ്ടായി.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഉത്തരവാദം ചെയ്യാത്ത പ്രസ്താവനകൾ ഞാൻ ഉദ്ധരിക്കുന്നില്ല. റിപ്പോർട്ടിലെ ഒരു പ്രസംഗത്തെയാണു ഞാൻ ഉദ്ധരിക്കുന്നതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതായാലും അതൊരു വർത്തമാനപ്പത്രത്തിൽനിന്നാണല്ലോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ആയിരിക്കാം. എന്നാൽ ഈ സഭയിലെ മാന്യനായ ഒരു മെമ്പറിന്റെ പ്രസംഗത്തെയാണു ഞാൻ ഉദ്ധരിക്കുന്നതു. ശരിയല്ലെങ്കിൽ അദ്ദേഹത്തിനു നിഷേധിക്കാമല്ലോ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇതിനെസംബന്ധിച്ചു പ്രസിഡണ്ടിന്റെ തീർപ്പെന്താണെന്നു പ്രസ്താവിച്ചിട്ടില്ല.

പ്രസിഡൻറ്: പ്രസംഗത്തിന്റെ റിപ്പോർട്ടു ഏതു രൂപത്തിലായാലും അതിൽനിന്നു വായിച്ചുകേൾപ്പിക്കാൻ മെമ്പറിനു അവകാശമുണ്ടു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): മിസ്റ്റർ ചങ്ങനാശ്ശേരിപരമേശ്വരൻപിള്ള ഇങ്ങനെയാണു പറഞ്ഞിട്ടുള്ളതു്.

"പത്രങ്ങൾക്കു ഈ വിധി വരുത്തിവെച്ചതിനു അവർതന്നെയാണു ഉത്തരവാദികളെന്നുള്ള എന്റെ ബോധം ഇവിടെ പ്രസ്താവിക്കാതിരുന്നാൽ ഞാൻ എന്നോടുതന്നെ പരമാർത്ഥമായി പെരുമാറുകയല്ലായിരിക്കുമെന്നു് വ്യസനസമേതം പറഞ്ഞുകൊള്ളുന്നു".

ഇവിടെ വരുത്തിവച്ചു എന്നു പറയുന്ന വിധി വർത്തമാനപ്പത്ര റഗുലേഷൻ പാസ്സാക്കിയതാണു. മിസ്റ്റർ ചങ്ങനാശ്ശേരിപരമേശ്വരൻപിള്ള പിന്നെയും ഇങ്ങനെ പറയുന്നു.

"പത്രങ്ങളിൽ പലതും ഉത്തമാദർശങ്ങളോടുകൂടെയും സ്വദേശാഭിമാനത്തോടുകൂടെയും ആണു് നടത്തുന്നതെന്നുവരികിലും ചില പത്രങ്ങളെപ്പററി അങ്ങനെ പറവാൻ കഴികയില്ല. ... ... ചില പത്രങ്ങൾ ഇടങ്ങുന്നതു പത്രാധിപന്മാർക്കു ഒരു ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നതിനുമാത്രമാണു്. അവർ അതിനുപയോഗിക്കുന്ന തന്ത്രങ്ങളെപററി അവർക്കു ചിന്തയില്ല. ചില പത്രാധിപന്മാർ ജനങ്ങളെ ഭയപ്പെടുത്തി അവരുടെ പണം അപഹരിപ്പാനും അവരുടെ ഭീഷണിക്കു വശംവദരാകാത്തവരെ നീചമായവിധത്തിൽ അധിക്ഷേപിക്കുവാനും മടിക്കുന്നില്ല".

ഇതുതന്നെയാണു എന്റെയും വാദം. തിരുവിതാംകൂറിലെ ഒരുതരം പത്രങ്ങളുടെ പത്രാധിപന്മാരും പ്രസിദ്ധീകരണക്കാരും മാന്യസ്ഥിതിയോ പണരൊ സ്വഭാവഗുണമോ ഉള്ളവരല്ല. മനഃസമ്മതിച്ചു് അവർ ഏററവും നീചമായ തന്ത്രങ്ങൾപോലും പ്രയോഗിച്ചു് ഉപജീവനം നേടാൻ ആശിക്കുന്നവരും എന്തുചെയ്യാനും മടിയില്ലാത്തവരുമാകുന്നു. ഇങ്ങനെയുള്ളവരെ ശിക്ഷിച്ചുകൊണ്ടു ആവക പത്രങ്ങൾ നന്നാകുകയൊ നിന്നുപോകുകയൊ ചെയ്യുമല്ലോ. അതുകൊണ്ടു പത്രങ്ങളെത്തന്നെ ശിക്ഷിക്കേണ്ടതു ആവശ്യമായിവന്നിരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു പ്രത്യേകപ്രസംഗത്തെ മാത്രം അടിസ്ഥാനമാക്കിയാണോ ബാമെമ്പർ ഇങ്ങനെ പറയുന്നതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഒരുനാളും അല്ല. ആ പ്രസംഗം തിരുവിതാംകൂറിലെ ഒരുതരം പത്രങ്ങളെപ്പററി എനിക്കുള്ള അഭിപ്രായത്തെ പൂർണ്ണമായി അനുകൂലിക്കുന്നതുകൊണ്ടു ഞാൻ എടുത്തുപറയുന്നതാണു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രതിഷേധയോഗത്തിന്റെ നടപടിക്കുറിപ്പു മുഴുവനും അദ്ദേഹം വായിച്ചിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഉവ്വു്. അവയെ പ്രസിദ്ധപ്പെടുത്തിയസമയം വായിച്ചിട്ടുണ്ടു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആരെങ്കിലും വല്ല ആക്ഷേപവും പുറപ്പെടുവിച്ചിരുന്നോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഞാൻ ഓർക്കുന്നില്ല. ഇന്നു ഞാൻ പ്രസംഗംമാത്രമേ വായിച്ചുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റിപ്പോർട്ടിൽ പ്രതിഷേധകസൂചകമായി വല്ലതും കാണുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): പ്രസംഗഭാഗത്തിൽ ഒന്നുമില്ല. അതു മാത്രമേ ഇന്നു രാവിലെ ഞാൻ വായിച്ചുള്ളു.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): മിസ്റ്റർ പരമേശ്വരൻപിള്ളയുടെ അഭിപ്രായത്തെ ആദരിക്കേണ്ടതാണെന്നു ബാമെമ്പർ വിചാരിക്കുന്നില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഉവ്വു്. മിസ്റ്റർ പരമേശ്വരൻപിള്ള പരസ്യജീവിതത്തിൽ പ്രവേശിച്ചിട്ടു രണ്ടു ദശവർഷങ്ങളിൽ അധികമായി എന്നു തോന്നുന്നു. പത്രങ്ങളുടെ മുതലായവയുടെ ഗതി അദ്ദേഹം സൂക്ഷിച്ചിട്ടുണ്ടായിരിക്കണം. അദ്ദേഹത്തിന്റെ അനുമാനങ്ങൾ വിലവയ്ക്കേണ്ടതാണു്. ഞാൻ അവയെ സമ്മതിക്കുന്നു. അവ എന്റെ അഭിപ്രായത്തോടു യോജിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മററു മെമ്പർമാരുടെ അഭിപ്രായങ്ങൾക്കും അദ്ദേഹം സമവില കല്പിക്കുന്നില്ലെ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയക്കിൽ): ഉണ്ട്. ഈ സഭയിലെ ഓരോ മെമ്പറിന്റെയും അഭിപ്രായത്തെ പ്രത്യേകം കാര്യങ്ങളുടെ സത്യാവസ്ഥയെപററി ഉള്ളതിനെ വേണ്ടപോലെ വിലവയ്ക്കാൻ ഞാൻ ഒരുക്കമാണ്.

ഇങ്ങനെ കാര്യങ്ങളുടെ സത്യാവസ്ഥയെപ്പററി എനിക്കും എതുഭാഗത്തിനുംതമ്മിൽ അഭിപ്രായവ്യത്യാസം ഇല്ലെന്നു കാണുന്നു. ഈയിട ഒരു പത്രത്തിന്റെ മേൽ അന്യായം നടത്തിയപ്പോൾ അതിന്റെ പത്രാധിപരുടെ വക്കീൽ പത്രാധിപർ ഒരു നിസ്സാരപുരുഷനാണെന്നു ഹൈക്കോടതിമുമ്പാകെ സമ്മതിച്ചു സംഗതിയും ഈ സന്ദർഭത്തിൽ പ്രസ്താവയോഗ്യമാണ്. അതുകൊണ്ടു സംഗതികൾ ഞാൻ പ്രസ്താവിച്ചപ്രകാരമാണെങ്കിൽ ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ പത്രങ്ങൾക്കു ബാധകമല്ലാത്തതുകൊണ്ടും ആ പത്രങ്ങൾക്കു വീണ്ടും കുററംചെയ്യാൻ സാധിക്കുന്നതുകൊണ്ടും ശിക്ഷാനിയമംകൊണ്ടു മതിയാകയില്ലെന്നു തെളിയുന്നു. ഈ സന്ദർഭത്തിൽ എന്താണു ചെയ്യേണ്ടതു? എന്താണു പരിഹാരം? എതുഭാഗക്കാരുടെ സമ്മതപ്രകാരംതന്നെ ആപൽകരമായ ഒരു ദോഷം കാണുന്നു. അതിനു മതിയായ പരിഹാരം എന്തു? ആ പരിഹാരം ഗവണ്മെന്റു വർത്തമാനപ്പത്രറെഗുലേഷൻകൊണ്ടു ഉണ്ടാക്കിയിരിക്കുന്നു.

പ്രസിഡൻറു: മി: പരമേശ്വരൻപിള്ള, നിങ്ങൾക്കനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടേറി വക്കീൽ): എതുഭാഗത്തുനിന്നു ചോദിച്ചു ഒന്നു രണ്ടു ചോദ്യങ്ങൾക്കു മറുപടി പറവാൻ ഒന്നുരണ്ടു മിനിട്ടുവേണം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വാദത്തിനു അല്പംകൂടി സമയമനുവദിപ്പാൻ പ്രസിഡൻറിനു കഴിയുമോ?

പ്രസിഡൻറു: ന്യായമായ വിധത്തിൽ അനുവദിക്കാം. മെമ്പറിനെ അനവധി ചോദ്യങ്ങൾകൊണ്ടു ബുദ്ധിമുട്ടിച്ചാൽ അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗം സമയത്തിനുമുമ്പേ അവസാനിപ്പിക്കുമെന്നു കരുതാൻ പാടില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒഴുക്കുക്കണം കഴിഞ്ഞു ഞങ്ങൾക്കു കുറെ സമയം വേണം.

പ്രസിഡൻറു: അനുദ്യോഗസ്ഥമെമ്പർമാരുടെ അഭിലാഷങ്ങളെ ന്യായമായവിധത്തിൽ സാധിച്ചുകൊടുപ്പാൻ ഞാൻ ഒരുക്കമാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു ഒരു അര മണിക്കൂറിനു പുറമെയാണോ എന്നു പറയുമോ?

പ്രസിഡൻറു: അതെ.

മി: വി. സുബ്ബയ്യർ (ഗവണ്മെൻറുനിയമനം-ഡിപ്പുട്ടിപ്രസിഡൻറു): മെമ്പർമാർക്കു കൂടുതൽ സമയമെടുക്കാമെന്നാണു അതിന്റെ അർത്ഥമെന്നു വിചാരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിവക്കീൽ): റെഗുലേഷൻപ്രകാരമുള്ള നടപടികളിൽ അവസാനവിധികർത്താവു ഗവണ്മെൻറുതന്നെയല്ലയൊ എന്നൊരു ചോദ്യം എന്നോടു ചോദിക്കയുണ്ടായി.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): വിധികർത്താവും വാദിയും ഒരാൾതന്നെയല്ലയോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടേറി വക്കീൽ): ലൈസൻസു ഓർഡർ പിടിച്ചുനിർത്തുന്നതു ഗവണ്മെൻറുതന്നെയാകയാൽ അതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾക്കു അങ്ങനെയൊരു വ്യാഖ്യാനം കൊടുക്കാമെങ്കിലും അങ്ങനെ പറയുന്നതു അത്ര ശരിയല്ല. കാര്യം ഹൈക്കോടതിയിലേക്കു അയക്കാമെന്നും അവിടെ മൂന്നു ജഡ്ജിമാരടങ്ങിയ ഒരു ബെഞ്ചു കാര്യം വിചാരണചെയ്തു ഗവണ്മെൻറിന്റെ കല്പനയെ റദ്ദുചെയ്യാമെന്നും റഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുള്ള സംഗതി ഓർക്കേണ്ടതാണ്. അതിനാൽ അവസാനതീർപ്പു ഹൈക്കോടതിയിലാണ്. അങ്ങനെയിരിക്കെ വിധികർത്താവും വാദിയും ഒരാളായിരിക്കുന്നതെങ്ങനെ?

മി: സി. പി. തോമസ് (ഗവണ്മെൻറു നിയമനം): സങ്കടമുള്ള കക്ഷി ഗവണ്മെൻറിനോടു അപേക്ഷിക്കണമോ അതോ ഗവണ്മെൻറുതന്നെ റിക്കാർഡുകൾ ഹൈക്കോടതിയിലേക്കു അയച്ചുകൊടുക്കുമോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറി വക്കീൽ): ഉത്തരവു റദ്ദാക്കുകയൊ കാര്യം ഹൈക്കോടതിയിലേക്കു അയച്ചുകൊടുക്കയൊ ചെയ്യണമെന്നു സങ്കടമുള്ള കക്ഷി ഗവണ്മെൻറിനോടു അപേക്ഷിക്കണം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): റിക്കാർഡുകൾ ഹൈക്കോടതിയിലേക്കു അയക്കുന്നതു ഗവണ്മെൻറിന്റെ ഇഷ്ടമല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടേറി വക്കീൽ): അല്ല. ഗവണ്മെൻറു തങ്ങളുടെ ഉത്തരവു റദ്ദാക്കുകയൊ കാര്യം ഹൈക്കോടതിയിലേക്കു അയക്കുകയൊ ചെയ്യണമെന്നു നിർബന്ധമാണു. വേറൊരു വഴിയില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ലൈസൻസു ഓർഡർ പിടിച്ചെടുത്തിയാൽ ആ കാര്യം വർത്തമാനപ്പത്രം നിർത്തണമെന്നു റഗുലേഷനിൽ വ്യവസ്ഥയില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടേറി വക്കീൽ): പത്രം നിർത്തണ്ടി വരും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഹൈക്കോടതിക്കു കാര്യം തീർച്ചചെയ്യാൻ എത്രകാലം വേണ്ടിവരും?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): രണ്ടാഴ്ചയോ രണ്ടു മാസമോ ആകാം. കാലം കേസിലെ വാദങ്ങളെ ആശ്രയിച്ചിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സാധാരണയായി എത്ര സമയം വേണ്ടിവരും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): തീർച്ചപറയാൻ സാധിക്കയില്ല. അല്പകാലമോ ദീർഘകാലമോ ആയിരിക്കാം.

മി: സി. പി. മാത്യു (ഗവണ്മെന്റ് നിയമനം): ഹൈക്കോടതി കേസു വിചാരണചെയ്യുമ്പോൾ കക്ഷികൾ ഹാജരായി വാദിക്കാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): വാദിക്കാം. ഹൈക്കോടതി കക്ഷിയുടെ വാദം കേൾക്കും.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): തെളിവെടുക്കാൻ ഹൈക്കോടതിക്കു സ്വാതന്ത്ര്യം ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): റഗ്ലേഷനിലെ വ്യവസ്ഥകൾ ശരിയായി വ്യാഖ്യാനിച്ചാൽ ഉണ്ടെന്നാണു എനിക്കു തോന്നുന്നതു്. അങ്ങനെ ചെയ്യുന്നതിനു വിരോധിക്കുന്നതായി ഒന്നുമില്ല. തെളിവുവിചാരണയുടെ ഒരു ഭാഗമായി എടുക്കാവുന്നതാണ്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): റഗ്ലേഷനിൽ എടുക്കാമെന്നു പ്രത്യേകമായു പറയുന്നുണ്ടോ? പ്രത്യക്ഷമായ ഉപദേശമില്ലാത്തപ്പോൾ തെളിവെടുക്കാൽ പാടില്ലെന്നു മദ്രാസ് ഹൈക്കോർട്ടു തീർച്ചചെയ്തിട്ടില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ഇപ്പോൾ ആ വിധിനോക്കാൻ സാധിക്കയില്ല. എങ്കിലും ആ വിധി നമ്മുടെ റഗ്ലേഷനു ബാധകമായിരിക്കണമെന്നില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഉദാഹരണമായി അപകീർത്തിപ്പെടുത്തുന്ന കാര്യത്തിൽ ഒരു മനുഷ്യനെപ്പററിയുള്ള ആരോപണമെല്ലാം അപകീർത്തിപ്പെടുത്തൽ ആണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ആയിരിക്കണമെന്നില്ല. ശിക്ഷാനിയമത്തിൽ കൊടുത്തിട്ടുള്ള പ്രമാണവംഘനങ്ങളിൽ പെടുന്നതൊന്നും അപകീർത്തിയല്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരു പത്രാധിപരുടെ പ്രസ്താവം അപകീർത്തിപ്പെടുത്തൽ അല്ലെന്നു കാണിക്കാൻ അയാൾക്കു അവസരം കൊടുക്കാതെ ഗവണ്മെന്റു ലൈസൻസു ഉർബലപ്പെടുത്തുന്നതു എങ്ങനെയാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സെക്രട്ടറി വക്കീൽ): അങ്ങനെ അവസരംകൊടുക്കരുതെന്നു റഗ്ലേഷനിൽ വിരോധിച്ചിട്ടില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഗവണ്മെന്റിന്റെ മുമ്പാകെ തെളിവുകൊടുക്കാൻ റഗ്ലേഷൻപ്രകാരം അവകാശമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): തെളിവുകൊടുക്കാം എന്നാൽ ഒരു അവകാശമായിട്ടല്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതാണ് ഞാൻ ആക്ഷേപിക്കുന്നതു്.

പ്രസിഡൻറ്: നിയമത്തിന്റെ സാധാരണ തത്വമാണ് ഇപ്പോൾ വാദവിഷയം. അതിലെ പ്രത്യേകവ്യവസ്ഥകളെപ്പററിയുള്ള വാദങ്ങൾ നിരത്തിവയ്ക്കാവുന്നതാണ്. അവയെപ്പററി ഇപ്പോൾ വാദിച്ചു തീർച്ചയാക്കണമെന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): എന്റെ വാദം സാധൂകരിക്കാൻ ചില പത്രങ്ങളുടെ ഭാഗങ്ങൾ ഞാൻ ഉദ്ധരിച്ചു കൊണ്ടുവന്നിട്ടുണ്ട്. അവയിൽ ഒന്നോ രണ്ടോ മാത്രംവായിച്ചാൽ ഞാൻ പറയുന്ന കാര്യം ബോദ്ധ്യപ്പെടുന്നതാണ്. ഒന്നു ഞാൻ വായിക്കാൻ ഭയങ്കരം. അതു വീട്ടിൽകടത്താനൊ സഹോദരിയെ പുത്രിയെ അമ്മയെ കേൾക്കെ വായിക്കാനൊ അയോഗ്യമാണ്.

ഏതു ഭാഗത്തുനിന്നു ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ളപ്രകാരം സമ്മതിച്ചിട്ടുള്ളതുകൊണ്ടു ഇതൊക്കെക്കൊണ്ടു സഭയെ മുഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മിസ്റ്റർ ജാർജ് പറഞ്ഞതിനെ സംബന്ധിച്ചു ആഭാസഭാഷാപ്രയോഗം തടയുന്നതിനു ഈ റഗ്ലേഷനിൽ വല്ലതും ഉണ്ടോ എന്നുപറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): പത്രങ്ങൾ ആഭാസഭാഷ പ്രയോഗിക്കുന്നതു വല്ലവരേയും അപകീർത്തിപ്പെടുത്തുന്നതിനാണ്. അപകീർത്തിപ്പെടുത്തൽ റഗ്ലേഷനിൽ ഉൾപ്പെടുത്തീട്ടുണ്ട്. അപകീർത്തിപ്പെടുത്തൽ സംബന്ധിച്ചല്ലാതെ പത്രങ്ങളിൽ ആഭാസഭാഷ സാധാരണയായി കാണാറില്ല. അതുകൊണ്ടു അപകീർത്തിപ്പെടുത്തലിനെ സംബന്ധിച്ചു വ്യവസ്ഥചെയ്തിട്ടുണ്ട്. അതിൽആഭാസഭാഷാപ്രയോഗവും ഉൾപ്പെടും.

മ : കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): റഗ്ലേഷന്റെ മുഖ്യഉദ്ദേശം ആഭാസഭാഷാപ്രയോഗം തടുക്കുകയാണെങ്കിൽ റഗ്ലേഷനിൽതന്നെ അതിനു പ്രത്യേകവ്യവസ്ഥയാണുണ്ടാക്കാത്തതെന്തുകൊണ്ടാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): പ്രത്യക്ഷമായ ഉദ്ദേശം അപകീർത്തികരങ്ങളായ പ്രസ്താവനകളെ തടുക്കുന്നതിനാണ്. അങ്ങനെയുള്ള പ്രസ്താവനകൾക്കു അസഭ്യഭാഷ ചിലപ്പോൾ ഉപയോഗിച്ചുവരുന്നു. അതുകൊണ്ടു അപകീർത്തിയെ സംബന്ധിച്ചു വ്യവസ്ഥകളുടെ വ്യാപ്തി ആഭാസഭാഷാപ്രയോഗവും ഉൾപ്പെടത്തക്കവണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അപകീർത്തിക്കു റഗ്ലേഷൻപ്രകാരം എന്തുചെയ്യാനാണു ഉദ്ദേശിച്ചിട്ടുള്ളതെന്നു പറയുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി): ഗവണ്മെന്റിന്റെ റഗുലേഷൻ പ്രകാരം നടപടികൾ നടത്തി ലൈസൻസുമായി ബന്ധപ്പെടുത്താം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എല്ലാ വർത്തമാനപ്പത്രങ്ങളേയും റഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തിട്ടാവശ്യം ഉണ്ടോ എന്നുപറയുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി): ഒരു നിയമം ഉണ്ടാക്കുമ്പോൾ അതെല്ലാവർക്കും ബാധകമായിരിക്കണം. വ്യത്യാസങ്ങൾ ഉണ്ടാക്കുന്നതു പ്രായോഗികമല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആരംഭത്തിലെ എല്ലാപത്രങ്ങളോടും പിടിപ്പു വസൂലാക്കാതെ കുറെക്കാലായ പത്രങ്ങളെമാത്രം റഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തി അവരോടുമാത്രം ജസ്റ്റീസോ ലൈസൻസുഫീസോ വസൂലാക്കിയാൽ പോരെ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി): ഇപ്പോഴുള്ള ഒരുതരം പത്രങ്ങളെപ്പററി ഞാൻ പറഞ്ഞ അഭിപ്രായം സ്വീകരിക്കയാണെങ്കിൽ ആരംഭത്തിലുതന്നെ ലൈസൻസുഫീസ് വസൂലാക്കാനുള്ള അധികാരം ഗവണ്മെന്റിനുണ്ടായിരിക്കണമെന്നു സ്പഷ്ടമാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അച്ചടിക്കാർക്കും പ്രസിദ്ധീകരിക്കാർക്കും ഇന്നയിന്ന യോഗ്യതകൾ വേണമെന്നു നിശ്ചയിച്ചാൽ പോരെ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി): അച്ചടിക്കാരും പ്രസിദ്ധീകരിക്കാരും പ്രവൃത്തിചെയ്യുന്ന ആളുകൾ മാത്രമാണ്. അവർക്കെന്തുയോഗ്യതകൾ വേണമെന്നു നിശ്ചയിക്കുന്നതെങ്ങനെ? അതു പ്രായോഗികമല്ല. ഉദ്ദേശസാദ്ധ്യത്തിനുമതിയായതുമല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പത്ര പ്രവർത്തനത്തിന്റെ ഗുണത്തിന്നു അച്ചടിക്കാർക്കും പ്രസിദ്ധീകരിക്കാർക്കും ഇന്നയിന്ന യോഗ്യതകൾ വേണമെന്നു നിശ്ചയിച്ചാൽ മതിയാകയില്ലയോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): എന്തു യോഗ്യതകൾ നിശ്ചയിക്കണമെന്നാണ് എന്റെ സ്നേഹിതൻ വിചാരിക്കുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉദാഹരണമായി ഈ രാജ്യത്തിൽ ദേശത്തു വേണമെന്നു നിശ്ചയിക്കാം.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): അതു പ്രായോഗികമാണോ? എന്നുമാത്രമല്ല അതു പണമായി ഫീസ് അടയ്ക്കുന്നതിനെക്കാൾ കഠിനമായി വിചാരിച്ചു എന്നുവരാം.

ചോദ്യങ്ങൾക്കൊക്കെ ഞാൻ സമാധാനം പറഞ്ഞു എന്നു തോന്നുന്നു. ഇനി റഗുലേഷന്റെ ഉദ്ദേശമോ ഫലമോ വർത്തമാനപ്പത്രങ്ങളുടെ സ്വാതന്ത്ര്യം ഹനിക്കാനല്ലെന്നു പറഞ്ഞു കൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു. വർത്തമാനപ്പത്രങ്ങളുടെ സ്വാതന്ത്ര്യം ശിക്ഷാനിയമത്തിൻ പ്രകാരം ആയിരുന്നു പോലെയും ആയിരിക്കുന്നു പോലെയും റഗുലേഷൻ പ്രകാരവും ഇന്നു വിശാലമോ ഇടുങ്ങിയതോ ആകുന്നു. പത്രങ്ങളിലെ പ്രസ്താവനകൾക്കുള്ള സ്വാതന്ത്ര്യം ശിക്ഷാനിയമം കുറയ്ക്കുന്നതിലപ്പുറം റഗുലേഷനും കുറയ്ക്കുന്നില്ല. റഗുലേഷൻ തടുക്കാൻ ഉദ്ദേശിക്കുന്ന മാതിരി ലേഖനങ്ങൾ ശങ്ക കൂടാതെ പ്രസിദ്ധപ്പെടുത്താനുള്ള സ്വാതന്ത്ര്യം പത്രങ്ങൾക്കു കൊടുക്കേണ്ടതാണെന്നു ഏതെങ്കിലും മെമ്പർ പറയുമോ? ഒരു മെമ്പറും ഇതാവശ്യപ്പെടുകയില്ലെന്നു എനിക്കു നിശ്ചയമുണ്ട്. അങ്ങനെയിരിക്കെ എങ്ങനെയാണ് പത്രങ്ങളുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നതു? ന്യായമായി ഉണ്ടായിരുന്ന സ്വാതന്ത്ര്യം ഇപ്പോഴും ഉണ്ട്. അങ്ങനെയിരിക്കെ റഗുലേഷനെപ്പററി പരാതിയൊന്നും പറയാനില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ മിസ്റ്റർ. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിച്ചു കൊള്ളുന്നു. നിയമസംബന്ധമായ ഒന്നാമത്തെ വാദത്തെപ്പററി, അതായതു ഈ സഭയെ കേവലം വകവയ്ക്കാതെ ഈ റഗുലേഷൻ പാസ്സാക്കിയതിനെപ്പററി എന്റെ സ്നേഹിതനായ ഖാൻ ബഹദൂറിനു ഒന്നും പറവാൻ ഉണ്ടായിരുന്നില്ല. ഈ റഗുലേഷൻ പാസ്സാക്കുന്ന കാര്യത്തിൽ ഈ സഭയെ തിരസ്കരിക്കുന്നതു യുക്തമായി തോന്നി എന്നുമാത്രം അദ്ദേഹം പറഞ്ഞു. രാജാവിനെ സംബന്ധിച്ചേടത്തോളം ഇങ്ങനെയൊരു നിയമം പാസ്സാക്കാൻ രാജാവിനുള്ള അവകാശത്തെപ്പററി തർക്കിക്കാൻ ആർക്കും കഴികയില്ലെന്നും അദ്ദേഹം പറഞ്ഞു. അതു സത്യം തന്നെയാണ്. രാജാവിന്റെ അവകാശത്തെപ്പററി ആരും തർക്കിക്കുന്നില്ല എന്നാൽ നിയമ സഭയേ പോലെ ഒരു സഭയെ നിർമ്മിച്ച ശേഷം ഇങ്ങനെയുള്ള ഒരു നിയമം ഉണ്ടാക്കുന്നതിന്നു അതിന്നുള്ള അധികാരം അതിൽ നിന്നെടുത്തു കളഞ്ഞതിനു എന്തെങ്കിലും കാരണമുണ്ടായിരിക്കണം. ഇതിനു എന്തെങ്കിലും സമാധാനം കേൾക്കാമെന്നും ഈ സഭ ആഗ്രഹിച്ചിരുന്നു. എന്നാൽ അതിനെ സംബന്ധിച്ചു യാതൊന്നും പറവാൻ എന്റെ സ്നേഹിതന്നു കഴിഞ്ഞില്ല. ഈ കാര്യത്തിൽ സ്വീകരിച്ച നടപടിക്കു കാരണമൊന്നും പറവാനില്ലായിരിക്കും. അതു കൊണ്ടു നിന്ദയാണെന്നു മിസ്റ്റർ. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതും എന്റെ അഭിപ്രായത്തിൽ നിന്ദയോടടുത്തതുമായ അനാദരവു ഒരു സങ്കടകാരണവും ആ സങ്കടത്തിനു അടിസ്ഥാനമുള്ളതുമാകുന്നു. ഒന്നാമത്തെ വാദവിഷയത്തെപ്പററി ഇത്രത്തോളമേ ഞാൻ പറയുന്നുള്ളൂ.

ഈ വാദപ്രതിവാദത്തിൽ പ്രധാന്യം പ്രാപിച്ച വേറൊരു സംഗതി പത്രങ്ങളുടെ സ്വാതന്ത്ര്യം ആകുന്നു. അസാധുവായ സാക്ഷ്യങ്ങളും തുച്ഛമായ പ്രമാണങ്ങളുംകൊണ്ടു നാം മയങ്ങിപോകരുതെന്നുപറഞ്ഞുകൊണ്ടു എന്റെ സ്നേഹിതൻ മിസ്റ്റർ. ജാർജ് വാദത്തിന്റെ ഈ ഭാഗം കടന്നു പ്രസ്താവിക്കുകയുണ്ടായി, അസാധുവായ സാക്ഷ്യങ്ങളെയും തുച്ഛമായ പ്രമാണങ്ങളേയുംസംബന്ധിച്ചു അദ്ദേഹത്തിന്റെഅഭിപ്രായത്തിനു എന്റെ അഭിപ്രായം കേവലം വിപരീതമാണെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു.

റഗുലേഷന്റെ പ്രാരംഭത്തിൽ അതു പാസ്സാക്കിയതു പത്രങ്ങളുടെ ശരിയായ നിയന്ത്രണത്തിനാണെന്നു പറഞ്ഞിരിക്കുന്നു. പത്രങ്ങളെ നിയന്ത്രണം ചെയ്തു അവയുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകളയാമോ എന്നാണ് ഒന്നു

ചോദ്യം. പത്രങ്ങളുടെ സ്വാതന്ത്ര്യം "മററെല്ലാ സ്വാതന്ത്ര്യങ്ങളുടേയും സംരക്ഷകനും നായകനും" ആണെന്നു റസ്സൽ പ്രഭു പറഞ്ഞിരിക്കുന്നു. റഗ്ലേഷൻ മൂലം പത്രങ്ങളുടെ സ്വാതന്ത്ര്യം കുറഞ്ഞു പോകുന്നതെങ്ങനെയാണെന്നു ലാ മെമ്പർ ചോദിച്ചു, അദ്ദേഹം കേട്ടുകൊള്ളട്ടെ. "നിയമസംബന്ധമായ ശിക്ഷയ്ക്കുവിധേയമായി അനുചിതം ചോദിക്കാതെ എന്തെങ്കിലും അച്ചടിക്കാൻ ഉള്ള സ്വാതന്ത്ര്യം ആകുന്നു. വർത്തമാനപ്പത്രസ്വാതന്ത്ര്യം" എന്നു "റെക്സ് വെർസസ് ഡിൻ ഓഫ് സെൻറാസാറ്റ്" എന്ന കേസിൽ മാൻസ്ഫീൽഡ് പ്രഭു പറഞ്ഞിരിക്കുന്നു. "ഇംഗ്ലണ്ടിലെ നിയമം സ്വാതന്ത്ര്യനിയമം ആകുന്നു. ഇതിനനുസരിച്ചു മുൻ അനുവാദം എന്നൊന്നില്ല.- മുൻ അനുവാദം ആവശ്യമില്ല" എന്നു റെക്സ് വെർസസ് കോബാറ്റ് എന്ന കേസിൽ ഏല്ലൻബറോ പ്രഭു പറഞ്ഞിരിക്കുന്നു. "പൂർണ്ണസ്വാതന്ത്ര്യത്തോടെ വാദം നടത്തുന്നതിനുള്ള അധികാരം ഈ രാജ്യത്തെ ഓരോ പൌരനിലും അവകാശം ആകുന്നു" എന്നു "റെക്സ് വെർസസ് നീപ്സ്" എന്ന കേസിൽ കെന്യൻപ്രഭു പ്രസ്താവിച്ചിരിക്കുന്നു. "വർത്തമാനപ്പത്രങ്ങളുടെ സ്വാതന്ത്ര്യം മഹാരാജ്ഞിയുടെ ഓരോ പ്രജയ്ക്കുള്ള സ്വാതന്ത്ര്യത്തിൽ കൂടുതലോ കുറവോ അല്ല" എന്നു "റെജിനാ വെർസസ് ഹ്രേ" എന്ന കേസിൽ കിഡ്ഡിനോവേതിലെ റസ്സൽപ്രഭു പറയുന്നു. ഈ കേസുകളിൽ ചിലതിനെപ്പററി നിരൂപണം ചെയ്ത അവസരത്തിൽ പ്രൊഫസർ ഡൈസി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"ഒരു തത്വം തനിക്കു യുക്തമായി തോന്നുന്ന എന്തെങ്കിലും എഴുതുകയോ അച്ചടിക്കുകയോ ചെയ്യുന്നതിൽ ഒരാളെ തടസ്സപ്പെടുത്തുന്ന യാതൊരു തരം ലൈസൻസിനും മുൻപരിശോധനയ്ക്കും കേവലം വിരുദ്ധമാകുന്നു. പ്രസിദ്ധകനെ ശിക്ഷിക്കുന്നതുവരെ പ്രസിദ്ധം ചെയ്യുന്നതും അപകീർത്തികരവുമായ പ്രസിദ്ധീകരണത്തിന്റെ പ്രചാരണത്തെ തടുക്കുന്നതിനു കോടതികൾക്കുള്ള അധികാരം പോലും ഈ തത്വത്തോടു യോജിപ്പിക്കാൻ പ്രയാസമാണ്".

ഈ അഭിപ്രായമനുസരിച്ചു മിസ്സസ്സ് ബെസൻറിന്റെ കേസിൽ ശ്രേഷ്ഠഗിരി അയ്യർ ജഡ്ജി ഇങ്ങനെ അഭിപ്രായപ്പെട്ടു. "ഒരു അച്ചുകൂടം സ്ഥാപിക്കയും അതു ഉപയോഗിക്കയും ചെയ്യുന്നതു സാധാരണ നിയമപ്രകാരമുള്ള അവകാശമാണ്. അതിനു ലൈസൻസ് എടുക്കേണ്ടതായ ഒരു വ്യാപാരത്തോടോ തൊഴിലിയോടോ യാതൊരു സാദൃശ്യവും ഇല്ല." (സൻ മദ്രാസ് ഫ്രീവൻ)

തിരുവിതാംകൂർകാർ ബ്രിട്ടീഷ് പ്രജകളും ആയിരിക്കുന്ന സ്ഥിതിക്കു സാധാരണ നിയമപ്രകാരം എല്ലാബ്രിട്ടീഷ് പ്രജകൾക്കും ഉള്ള വർത്തമാനപ്പത്രസ്വാതന്ത്ര്യം അവർക്കും ഉണ്ട്. നാം ചക്രവർത്തിതിരുമേനിയോടു ഭക്തിപ്രതിജ്ഞ ചെയ്തിട്ടുള്ള പരാണ്, അദ്ദേഹത്തിന്റെ സംരക്ഷണത്തിനു നമുക്കു അവകാശം ഉണ്ട്. ഇങ്ങനെ നമുക്കുള്ള പത്രപ്രവർത്തനസ്വാതന്ത്ര്യം തിരുവിതാംകൂർ ഭരണാധികാരികൾ സംരക്ഷിക്കേണ്ടതാണ്. എന്നാൽ റഗ്ലേഷൻ ആ അവകാശത്തെ നശിപ്പിക്കുന്നതിനുള്ള പ്രത്യക്ഷശ്രമമാണ്. ഈ അസാധാരണനടപടിക്കു കാരണമൊന്നും പറയുന്നുമില്ല.

പ്രജകൾക്കു സാധാരണ നിയമപ്രകാരമുള്ള ഈ അവകാശം ചിലപ്പോൾ നിർജ്ജീവാവസ്ഥയിൽ വെച്ചിരുന്നദൃഷ്ടാന്തങ്ങൾ ഉണ്ട്. ഫ്രാൻസിലെ വിപ്ലവകാലത്തു ഇംഗ്ലാണ്ടിലും ബങ്കാളിലെ അരാജകപ്രക്ഷോഭങ്ങൾ കാരണങ്ങൾ പറഞ്ഞു ഫർഫാ ലെ ഫാംനമ്പർ ആക്ട് മുഖാന്തരം ബ്രിട്ടീഷ് ഇൻഡ്യയിലും ഇങ്ങനെ ചെയ്തിട്ടുണ്ടെന്നു ഉദാഹരണങ്ങൾ പറയാം. റിപ്രസ്സീവ് പ്രസ് കമ്മിററി ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"രാജ്യത്തിൽ ന്യായവും സമാധാനവും പാലിക്കുന്നതിനു ഇപ്പോഴത്തെ സ്ഥിതിയിൽ ഈ നിയമങ്ങൾ ആവശ്യമാണെന്നു തെളിയിച്ചാൽ മാത്രമേ അവയെ പ്രാബല്യത്തിൽ വച്ചുകൊണ്ടിരിക്കുന്നകാര്യം നിർണ്ണയിക്കാവൂ. അടിയന്തിരാവശ്യങ്ങൾ നേരിടുമ്പോൾ അല്ലാതെ ഇതിനുമുമ്പു ഈ നിയമങ്ങൾ പ്രയോഗിപ്പാൻ ഇടവന്നിട്ടില്ലാത്തതുകൊണ്ട് അവയെ ഉടനെ റദ്ദാക്കേണ്ടതാണെന്നു ഞങ്ങൾ ശിപാർശ ചെയ്യുന്നു. മേലാൽ എപ്പോഴെങ്കിലും ഒരു അടിയന്തിരാവശ്യം നേരിട്ടു എന്നു വന്നാൽ അതിനു പരിഹാരമുണ്ടാക്കുന്നതിനാവശ്യമുള്ള ആയുധങ്ങൾ നിയമസഭയ്ക്കു കൊടുക്കുമെന്നു ഗവണ്മെൻറു വിശ്വസിക്കണം.

പത്രാഫീലക്ഷൻ കൂടാതെ നീതിയും ന്യായവും പാലിപ്പാൻ കഴിവില്ലാത്തതായ ഒരു സന്ദർഭം ഇപ്പോൾ വന്നിട്ടുണ്ടെന്നു ഗവണ്മെൻറു തെളിയിച്ചിട്ടുണ്ടോ? അങ്ങനെയൊരു അടിയന്തിരാവശ്യം ഉണ്ടായിട്ടുണ്ടെന്ന് അവർ പറഞ്ഞിട്ടുണ്ടോ? അങ്ങനെ ഒരു കാരണം പറഞ്ഞാൽ അതു തങ്ങളുടെ അപ്രാപ്തികൊണ്ടുണ്ടായതോ തങ്ങളാൽ അപരിഹാര്യമായ വല്ലകാരണങ്ങളാലോ ഉണ്ടായതോ എന്നൊരു ചോദ്യം ഉണ്ടാകാം. എങ്ങനെയായാലും ഈ നിയമത്തെ നിർണ്ണയിക്കുന്നതിനുള്ള കാരണം സങ്കല്പിച്ചെടുക്കേണ്ടതും അതിന്റെ തെളിവു മൌനത്തിൽ നിന്നു അനുമാനിക്കേണ്ടതുമാകുന്നു.

സ്നേഹിക്കപ്പെടുന്നതിനേക്കാൾ നല്ലതു ഭയപ്പെടുകയാണെന്നു മക്കിയവെല്ലി പ്രചരിപ്പിച്ച തത്വമാണ് ഈ റഗ്ലേഷനിൽ വ്യാപിച്ചു കാണുന്നതു. ഈ റഗ്ലേഷൻ റദ്ദായിപ്പോയ ഫർഫാ ലെ ഫാംനമ്പർ പ്രെസ്സ് ആക്ടിനെ മാതൃകയാക്കി രചിച്ചിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. ഇൻഡ്യൻ ആക്ടിൽ ഇല്ലാത്ത ചില വ്യവസ്ഥകൾ ഈ റഗ്ലേഷനിൽ കൂട്ടിച്ചേർത്തിട്ടുള്ളതിൽനിന്നു കാണാവുന്നപ്രകാരം തിരുവിതാംകൂർ റഗ്ലേഷൻ രചിച്ചവർ അപകീർത്തിപ്പെടുന്ന സങ്കല്പനാവൈഭവം ഞാൻ അദ്ദേഹത്തിനില്ലെന്നു പറയുന്നില്ല. ആക്ടിന്റെ ഘടനവകുപ്പ് റഗ്ലേഷന്റെ ഘടന വകുപ്പുപോലെയാണ് എന്നാൽ ഒരു വലിയ വ്യത്യാസമുണ്ട്. ഇൻഡ്യൻ ആക്ടിൽ ആലോചനാവിഷയമാകുന്നതു ഒരു പത്രത്തിലെ ഭാഷയുടെ രീതി, വകുപ്പിൽ വിവരിച്ചകുററങ്ങൾ ചെയ്യാൻ ഉത്സാഹിപ്പിക്കുന്നവകയാണോ എന്നുമാത്രമാണ്. എന്നാൽ റഗ്ലേഷൻ രചിച്ചവരോ, ആ വകുപ്പിൽ പതിവായി അപകീർത്തിപ്പെടുത്തുന്നതും പതിവായി അസത്യപ്രസ്താവനകൾ പ്രചരിപ്പിക്കുന്നതും കൂടെ ഉൾപ്പെടുത്തിട്ടുണ്ട്. അപകീർത്തിപ്പെടുത്തൽ ഒരു കുററമെന്നനിലയിൽ ന്യായമായി ക്രിമിനൽ കോടതികൾ വിചാരണ ചെയ്തുതീർച്ചചെയ്യേണ്ടതാണ്, ആരെങ്കിലും അന്യായം ബോധിപ്പിക്കാതെ ഒരു ക്രിമിനൽകോടതിക്കുപോലും അതെടുത്തു വിചാരണചെയ്യാൻ പാടില്ല. ചാർജ്ജ് തയ്യാറാക്കേണ്ടതു എങ്ങനെയാണ്, തെളിവു ഹാജരാക്കേണ്ടതെങ്ങനെയാണ് എന്നിത്യാദിസംഗതികളെപ്പററി യാതൊരു വ്യവസ്ഥയും റഗ്ലേഷനിൽ നോക്കിയാൽ കാണുകയില്ല. എങ്കിലും ഗവണ്മെൻറു അപകീർത്തികുററം എന്തോ കുറുക്കുവഴിയിൽ തന്നെത്താൻ തീർച്ചയാക്കാനാണ് ആലോചിക്കുന്നതു്, അസത്യപ്രസ്താവന ഒരു പുതിയ കുററമാണ്. എന്തെന്നാൽ അസത്യം ഒരു നിയമംകൊണ്ടു കുററമാക്കാ

ഗിക്കുന്നതിൽ എത്രമാത്രം അസത്യം പറഞ്ഞാലും പറയുന്നവനെ ഒരു നിയമത്താലുടതിശിക്ഷിക്കയില്ല. ഒരു ഞ്ഞൻ ഉച്ചരിക്കുന്നവാക്കുകൾ അസത്യം പ്രചരിപ്പിച്ചാൽ അയാൾക്ക് ശിക്ഷയുണ്ടാകയില്ല. അയാൾ അതു ഒരു പത്രത്തിൽ പ്രസിദ്ധം ചെയ്താൽ റഗുലേഷൻ അവനെ ഉടൻ പിടിക്കുന്നു. എന്നാൽ ഒരു പ്രസ്താവനസത്യമോ അസത്യമോ എന്നു തെളിവെടുക്കാതെ ഗവണ്മെന്റ് എങ്ങനെയാണ് വിച്ഛേദിക്കുക. ജ്യോതിഷപ്രകാരമോ അന്തരീക്ഷസ്ഥിതിപരിശോധിച്ചിട്ടോ വല്ലതും പത്രത്തിൽ പ്രസ്താവിച്ചാൽ അതിന്റെ ഗുണദോഷം സങ്കടകരമായിരിക്കും. അല്ലെങ്കിൽ ചൈനയിലെ മഹാസാപ്പോട്ടേമിയായിലെ ഒരു സംഭവം ഉണ്ടായതായി ഒരു പത്രം പ്രസ്താവിച്ചെന്നിരിക്കട്ടെ. അതു സത്യമൊ അസത്യമൊ എന്നു എങ്ങനെ തീർച്ചയാക്കാൻ കഴിയും. ഇങ്ങനെ സങ്കല്പനാതൈലമോ ചൊല്ലു നിർത്തിച്ചു നമ്മുടെ റഗുലേഷനിൽ ചേർത്തിട്ടുള്ള വ്യവസ്ഥകൾ സ്വതവേ അസംബന്ധമാണ്. ഇൻഡ്യൻ ആക്ടിൽനിന്നു പകർത്തിച്ചേർത്തിട്ടുള്ളവയെപ്പററിപോലും അവയുടെ സാർവ്വത്രികതത്തെയും എല്ലാവരേയും ഉൾപ്പെടുത്തത്തക്കവിധത്തിലുള്ള അതിന്റെ വ്യാപ്തിയേയും സംബന്ധിച്ചു വിദ്വാന്മാരായ ന്യായാധിപന്മാർ ഖേദിച്ചിട്ടുള്ളതായി കാണിക്കാം. ഹേമ്മേദാലിയുടെ കേസിൽ (എ. ഐ. ആർ. ൧൯൨൪ കൽക്കട്ട ൧൭൬) വിശ്രുതനായ ചീഫ് ജസ്റ്റിസ് ജെങ്കിൻസ് ഇപ്രകാരം പറയുന്നു.

"ദേശാഭിമാനകുപ്പായം (നമ്മുടെ ദേശാഭിമാനകുപ്പായം തുല്യം) വ്യവസ്ഥകൾ വളരെ കാര്യങ്ങൾ ഉൾപ്പെടുത്തുന്നു. ദേശാഭിമാനസമുത്ഭവത്തിനെക്കൊണ്ടു വിശാലതാക്കാവുന്നിടത്തോളം വിശാലവും ആകുന്നു. നിശ്ചയമുള്ള കാര്യങ്ങൾ കൊട്ടു അസംതൃപ്തികാര്യങ്ങൾവരെ പലതരം സംഗതികൾ അതിൽ ഉൾപ്പെടുത്താമെന്നു തോന്നുന്നു. സാമർത്ഥ്യമുള്ളവനായ ഈ വകുപ്പിനെ എത്രത്തോളം വ്യാപിപ്പിക്കാമെന്നു പറവാൻ പ്രയാസമുണ്ട്. ആദരണീയമായ ലേഖനങ്ങൾപോലും നിശ്ചയമായി അതിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്താം. മററുള്ളവരുടെ ചിന്തയും ലജ്ജയും കൊണ്ടു ഉപജീവനംകഴിക്കുന്ന ഹീനജനങ്ങളെ ആക്ഷേപിക്കുന്ന ലേഖനങ്ങൾ അതു വിധിക്കുന്ന വലയിൽ ഉൾപ്പെടാം. ഒരു വർഗ്ഗത്തെ പ്രശംസിക്കുന്നതും ആപൽക്കരമല്ലാത്തതല്ല. വിശിഷ്ടസാഹിത്യമെന്നു വിചാരിച്ചുവരുന്ന പലതിനേയും ഈ വകുപ്പുപ്രകാരം പിടികൂടാം".

മദ്രാസ്സ് ഹൈക്കോടതിയിലെ ജഡ്ജിമാർക്കു അനുഭവമായി വന്ന പ്രയാസങ്ങളും വൈഷമ്യങ്ങളും എത്രത്തോളം ആയിരുന്നെന്നു മിസ്സിസ്സ് ആനിബസന്റിന്റെ കേസിൽ ഈ വകുപ്പിനെ സംബന്ധിച്ചുണ്ടായ വാദങ്ങൾകൊണ്ടറിയാം. അതു ദിക്ചക്രത്തെപ്പോലെയാണ്. അതിനെ കടന്നുപോകുന്നുള്ള ശ്രമങ്ങളെല്ലാം വിഫലമാകയേയുള്ളു. അതിനോടടുത്തു ചെല്ലുന്നു എന്നു തോന്നുന്തോറും അതു മാറിമാറിപ്പോകും. പൊതുജനാഭിപ്രായത്തെ നിഗ്രഹിക്കുന്നകാര്യത്തിൽ ബ്രിട്ടീഷ്ഇൻഡ്യൻ ആക്ടിനെ അതിക്രമിക്കണമെന്നായിരുന്നു നമ്മുടെ റഗുലേഷൻ രചിച്ചയാളിന്റെ ഉദ്ദേശമെന്നു തോന്നുന്നു. എന്തെന്നാൽ പത്രങ്ങളെ സംബന്ധിച്ചു ഈ വ്യവസ്ഥകൾ ഉണ്ടാക്കിയശേഷം രാജ്യനിവാസികളെയും ഏടാകൂടത്തിലാക്കുന്നതിനു പുതിയ ഒരു വ്യവസ്ഥ വ്യാഖ്യാനകുപ്പിൽ ഉണ്ടാക്കിയിരിക്കുന്നു. ഒരു പത്രത്തിന്റെ ലൈസൻസ് റദ്ദാക്കിയ വിവരം അറിഞ്ഞുകൊണ്ടു, ആരെങ്കിലും ആ പത്രത്തെ ആപത്രത്തിന്റെ ആക്ഷേപാർഹതയെ അറിഞ്ഞുകൊണ്ടായാലും അറിയാതെയായാലും, കൈവശം ഉണ്ടായിട്ടു അതിനെ അഞ്ചുദിവസത്തിനുള്ളിൽ തനിക്കു ഏററവും അടുത്ത പോലീസ്സ്റ്റേഷനിൽ ഹാജരാക്കാതിരുന്നാൽ അയാൾ ശിക്ഷയ്ക്കു പാത്രവാനാകും എന്നാണു ആ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതു്. ഒരാൾ പത്രലൈസൻസ് റദ്ദാക്കിയ പരസ്യം കണ്ടപ്പോൾ തന്റെ കൈവശം ആ പത്രമുള്ളകാര്യം മറന്നുപോയി എന്നു വരാം. എന്തെന്നാൽ അതു അയാളുടെ വീട്ടിലൊ ആഫീസിലൊ ചവററുകുട്ടയിലൊ ആയിരിക്കാം. പത്രം പ്രസിദ്ധപ്പെടുത്തി വളരെക്കാലം കഴിഞ്ഞായിരിക്കാം അതിന്റെ ലൈസൻസ് റദ്ദാക്കുന്നതു. അപ്പോഴേക്കു ഒരാൾ അതിന്റെ കാര്യം മറന്നുപോയി എന്നു വരാം. തന്റെ അറിവുകൂടാതെ അയാളുടെ കൈവശത്തിൽ വന്നു എന്നുവരാം. എന്തെന്നാൽ പത്രങ്ങൾ പല കാര്യങ്ങൾക്കു ഉപയോഗിക്കുന്നുണ്ട്. അങ്ങാടിയിൽ വാങ്ങുന്ന സാമാനങ്ങൾ പൊതിഞ്ഞുകെട്ടുന്നതിനോ ഒരു കേസിന്റെ റിക്കാർഡുകൾ പൊതിഞ്ഞുകെട്ടുന്നതിനോ ഉപയോഗിച്ചിട്ടു ഒരാളിന്റെ അറിവുകൂടാതെ കൈവശത്തിൽ വന്നു എന്നു വരാം. ഇങ്ങനെ ഏററവും അടുത്ത പോലീസ്സ്റ്റേഷൻ ഏതെന്നറിയുന്നതിനു സ്റ്റേഷൻസിന്റെ ദൂരംകാണിക്കുന്ന ഒരു പട്ടികവാങ്ങിസൂക്ഷിക്കയും പഴയറിക്കാർഡുകളും ചവററുകുട്ടയും, ആഫീസും വീടും, മററെല്ലാജോലികളും നിർത്തിവച്ചിട്ടു, പത്രത്തിന്റെ പകർപ്പുകൾ വല്ലതും ഉണ്ടോ എന്നു പരിശോധിച്ചുകൊണ്ടിരിക്കയും ചെയ്തില്ലെങ്കിൽ, സകല ആളുകളും വർത്തമാനപ്പത്രനിയമത്തിന്റെ പിടിയിൽ അകപ്പെടാൻ ഇടവരുന്നു്. ഈ വിശിഷ്ട റഗുലേഷന്റെ ചില മാതൃകാവ്യവസ്ഥകളാണിവ. ക്ലാസ്സിൽ ആരോ എന്തൊ അനാവശ്യംകാണിച്ചിട്ടു കുററക്കാരനെ കണ്ടുപിടിക്കാൻ കഴിയാതെ ക്ലാസ്സിലെ എല്ലാകുട്ടികളേയും ശിക്ഷിക്കുന്ന ഒരു ഗ്രാമസ്കൂൾ അദ്ധ്യാപകനെപ്പോലെ നാം ഇക്കാര്യത്തിൽ പെരുമാറാൻ തുടങ്ങുന്നു്. ഒരു പത്രം ഉർദ്ദുഭാഷയിൽ പ്രവേശിക്കുന്നു എന്നു കണ്ടാൽ സാധാരണ നിയമപ്രകാരം അതിനെ കഠിനമായി ശിക്ഷിക്കുക. ഉദ്ദേശപത്രങ്ങൾകൊണ്ടും ചില ഗുണങ്ങൾ ഉണ്ട്. ഉൾനാടുകളിൽ ഉള്ള ഗ്രാമഉദ്യോഗസ്ഥന്മാരും പോലീസുകാരും അക്രമങ്ങൾ പ്രവർത്തിക്കാതിരിക്കുന്നതു ഗവണ്മെന്റുത്തരവുകളെ ആദരിച്ചിട്ടല്ല, പത്രപ്രസ്താവനകളെ ഭയന്നിട്ടാണ്. ഒരേഗ്രാമത്തിനു ഇങ്ങനെയുള്ള രക്ഷാമാർഗ്ഗങ്ങൾ നീക്കിക്കളയുന്നതു ആപൽക്കരമാകുന്നു.

വർത്തമാനപ്പത്രസ്വാതന്ത്ര്യത്തെപ്പററി ഇംഗ്ലണ്ടിൽ ഒരു രാജ്യഭരണചരിത്രത്തിൽ അതിന്റെ ഗ്രന്ഥകർത്താവു ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഹർട്ടൻനയം ശാശ്വതമായി കേവലം ഉപേക്ഷിച്ചിരിക്കുന്നു. വിചാരക്കാരെ ശിക്ഷിക്കുന്നതിനാൽ അവരുടെ അധികാരം വർദ്ധിക്കുന്നു. ഒരു ലേഖനത്തെ വിരോധിക്കുന്നതിനാൽ ചവിട്ടിക്കെടുത്താൻ ശ്രമിക്കുന്നവരുടെ മുഖത്തക്കു പറക്കുന്ന ഒരു സത്യജ്വാല അതിലുണ്ടെന്നു വിചാരിച്ചുവരുന്നു" എന്നു ടെബക്കൻപ്രഭു പറഞ്ഞിട്ടുള്ള പ്രമാണത്തിന്റെ സത്യവും ബുദ്ധിയും ഭരണാധികാരികൾ ഇപ്പോൾ സമ്മതിക്കുന്നു.

പത്രങ്ങളെ ധ്വംസിക്കുന്നതിന്റെ ഫലം അധികാരത്തിലിരിക്കുന്നവരുടെ മുഖസ്തുതി പറയാൻ ഉത്സാഹിക്കയാണ്. അതു ആക്ഷേപത്തിനുകാരണമാകുമെന്നു മാത്രമല്ല ഭരണകർത്താക്കൾക്കു ദുഷ്പ്രീതിക്കുകയുമെന്നു്. ലാറിന്റെ കേസിൽ (സ്റ്റോർട്ട്ഗ്രേഗൻ) ഗവണ്മെന്റിനെപററി സ്തുതിയായിട്ടോ ആക്ഷേപമായിട്ടോ എന്തു പറയരുതെന്നു പറഞ്ഞിട്ടുള്ളതു ആക്ഷേപത്തെ ധ്വംസിക്കുന്നതിനെക്കാൾ ന്യായമായിട്ടുള്ളതാകുന്നു.

എന്നെല്ലാം പറഞ്ഞാലും, ബ്രിട്ടീഷ് ഇന്ത്യയിലെ ഫർഫാം-ൽ ഫാം നമ്പർ ആക്ട് റിപ്രസ്സീവ് ചാസ്റ്റിസ്സിൽ കമ്മിററിയുടെ ശിപാർശപ്രകാരം വളരെ കുറച്ചുകളഞ്ഞിട്ടുണ്ടായി. ഗവണ്മെന്റിന്റെ ഗുണവും അഭിമതവും പരിപാലിക്കുന്നതിൽ ഉത്സാഹവാനായ സർവിസ്സ് വിൻസെന്റും ആ കമ്മിററിയിലെ ഒരു മെമ്പർ ആയിരുന്നു. ആ കമ്മിററിയുടെ അഭിപ്രായം വളരെ വിലമതിക്കേണ്ടതാണ്. അവരുടെ ചുരുക്കം പറയുന്ന അഭിപ്രായങ്ങൾ വളരെ പ്രധാനമാണ്.

"ഈ ആക്ടിനെ പ്രാബല്യത്തിൽ വച്ചുകൊണ്ടിരിക്കുന്നതിന്റെ ഗുണങ്ങളെയും ദോഷങ്ങളെയും പററി വാദപ്രതിവാദപ്പെടുത്തി നോക്കുമ്പോൾ, അനേകം ഏതദ്ദേശീയ ഗവണ്മെന്റുകൾ ഈ നിയമത്തിനു അതു വച്ചുകൊണ്ടിരിക്കണമെന്നാണെന്നു അഭിപ്രായപ്പെടുകയും ഇനങ്ങളിൽ എല്ലാവരും അഭിപ്രായക്കാരും അതിനോടു വലിയ വിരോധം പ്രദർശിപ്പിക്കുകയും ചെയ്യുന്നതായികാണുന്നു. ഇങ്ങനെ വിസ്തരിച്ച സാക്ഷികളിൽ ഭൂരിഭാഗം തത്വം നോക്കിയാൽ അതു ന്യായമല്ലെന്നും അതിന്റെ പ്രയോഗം അനീതിയാണെന്നും വിചാരിക്കുന്നു. ആക്ടിന്റെ ശാസ്ത്രം വകുപ്പിലെ വ്യവസ്ഥകൾ ഗവണ്മെന്റിനെപ്പററിയുള്ള ന്യായമായ ആക്ഷേപവും ഉൾപ്പെടത്തക്കവണ്ണം വിശാലമാണെന്നും അതിന്റെ പ്രയോഗം ഒരു നിശ്ചിത നയത്തോടുകൂടിയതല്ലെന്നും പല കാലത്തും പല ഗവണ്മെന്റുകളും പലതരം ഉദ്ദേശ്യത്തോടുകൂടെയാണ് അതിനെ ഉപയോഗിച്ചിട്ടുള്ളതെന്നും പ്രത്യേകമായി ഇംഗ്ലീഷുകാർ നടത്തുന്ന പത്രങ്ങളോടും ഇന്ത്യക്കാർ നടത്തുന്ന പത്രങ്ങളോടും സമകാലീനമല്ല കാണിച്ചിട്ടുള്ളതെന്നും പറയുന്നു. ഈ ആക്ട് വിദ്വേഷം ജനിപ്പിക്കുന്നതും ഇന്ത്യൻ പത്രങ്ങളെ അടക്കുന്നതും ആണെന്നു യുദ്ധകാലത്തു പത്രങ്ങൾ ഗവണ്മെന്റിനു ചെയ്തിട്ടുള്ള സഹായങ്ങളെ സ്മരിക്കുമ്പോൾ ഇതു കഠിനം വർദ്ധിക്കുന്നതെന്നും പലരുടെ ഒരു ബോധവും ഉള്ളതായി കാണപ്പെട്ടു. ഈ ആക്ട് പത്രപ്രവർത്തകന്മാരിൽ ഉത്തരവാദിത്വബോധം ഉണ്ടായി വളരുന്നതിനു വിഘാതമാണെന്നും അതു കുറ്റശിക്ഷയും സ്വഭാവസ്ഥിരത്വം ഉള്ളവരായ പത്രപ്രവർത്തനം ഒരു ജോലിയായി സ്വീകരിക്കുന്നതിൽനിന്നു വിരമിപ്പിക്കുന്നു എന്നും കൂടെ അനേകം സാക്ഷികൾ അഭിപ്രായപ്പെടുന്നുണ്ട്. ഈ ആക്ട് മേലന്വേഷണമയക്കൂടാതെ സോഡാക്കുപോലെ ഗവണ്മെന്റിനു ഉപയോഗിക്കാവുന്ന മരായുധമാകയാൽ ഗവണ്മെന്റിനെ സംബന്ധിച്ച ന്യായമായ ആക്ഷേപങ്ങൾപോലും ധ്വംസിക്കുന്നതാണെന്നും ഇപ്പോഴത്തെ പരിഷ്കാരപദ്ധതിക്കും ഉത്തരവാദിത്വ രാജ്യഭരണത്തിന്റെ വളർച്ചയ്ക്കും കേവലം അനുയോജ്യമല്ലെന്നും അഭിപ്രായമുണ്ട്.

ഈ ആക്ഷേപങ്ങളിൽ പലതും സാധുവാണെന്നാണു ഞങ്ങൾക്കു തോന്നുന്നതു. മുൻപു പറഞ്ഞിട്ടുള്ളപോലെ ഈ ആക്ടിനു രാജദ്രോഹ പ്രചരണത്തെ തടുക്കുന്നതിനു കഴിഞ്ഞിട്ടില്ല. കുലപാതകം മുതലായ വലിയ കുററങ്ങളെ ഉത്സാഹിപ്പിക്കാതെ തടുക്കുന്നതിനു അതിനെ പ്രാബല്യത്തിൽ വച്ചുകൊണ്ടിരുന്നിട്ടുവേണ്ടുവോ എന്നു സംശയമാണ്. ആക്ടിന്റെ തത്വങ്ങളെയും പ്രയോഗത്തെയുംപററി കൊണ്ടുവന്നിട്ടുള്ള ബലവത്തായ ആക്ഷേപങ്ങളെപ്പററി ആലോചിച്ചതിൽ അതു റദ്ദാക്കുന്നതു ഭരണത്തിന്റെ ഗുണത്തിന്നായിരിക്കുമെന്നാണു ഞങ്ങളുടെ അഭിപ്രായം."

ഇങ്ങനെയുള്ള കമ്മിററിയുടെ ശിപാർശപ്രകാരം പ്രസ്സ് ആക്ട് റദ്ദുചെയ്യുകയുണ്ടായി എന്നു ബോധിപ്പിച്ചുകൊള്ളുന്നു.

മി: പി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനിർമ്മാണസഭാപ്രസിഡന്റ്): ഇക്കാര്യത്തെപ്പററി ഇപ്പോൾ അവിടെ വല്ല വ്യവസ്ഥയും പ്രാബല്യത്തിൽ ഇരിക്കുന്നുണ്ടോ എന്നു എന്റെ സ്നേഹിതൻ പറയുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രിൻസസ് പ്രൊട്ടക്ഷൻ ആക്ട് മാത്രമേയുള്ളു. ഫർഫാം-ൽ പ്രസ്സ്ആക്ടിൽ നാട്ടുരാജാക്കന്മാരെപ്പററി ചില വ്യവസ്ഥകൾ ഉണ്ടായിരുന്നു. അവയെ സർവിസ്സ് വിൻസെന്ററിന്റെ ഉത്സാഹംകൊണ്ടു പിന്നീടു പ്രിൻസസ് പ്രൊട്ടക്ഷൻ ആക്ട് എന്ന പേരിൽ ഒരു പ്രത്യേക ആക്ടായി പാസ്സാക്കി. ആ ഉച്ചാരിപ്പും ഒഴിച്ചു പ്രസ്സ് ആക്ട് മുഴുവനും ബ്രിട്ടീഷ് ഇന്ത്യയ്ക്കുമാത്രമായിരിക്കുന്നു. ആ ആക്ട് റദ്ദാക്കിയതിന്റെശേഷമാണു അതിനെ ഒരു മാതൃകയാക്കി ഇവിടെ എടുത്തിട്ടുള്ളതു.

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ബ്രിട്ടീഷ് ഇന്ത്യയിൽ അതു എത്രകാലം പ്രാബല്യത്തിൽ ഇരുന്നു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏകദേശം പത്തുവർഷം. അതും മുൻപ്രസ്താവിച്ചിട്ടുള്ള ഇപ്രകാരമുള്ള ബഹുകാലിൽ രാജദ്രോഹകുററങ്ങൾ നടന്നുകൊണ്ടിരുന്നതുകൊണ്ടാണു.

ഇങ്ങനെ ഫർഫാം-ൽ ഫാം നമ്പർ ആക്ടിനെ അടിസ്ഥാനപ്പെടുത്തി ഉണ്ടാക്കിട്ടുള്ള നമ്മുടെ റഗുലേഷന്റെ അടിസ്ഥാനം നശിപ്പിച്ചുകളഞ്ഞതായികാണാം. ഈ വകുപ്പിലെ പ്രധാനസംഗതികൾ മഹാറാണി തിരുമനസ്സിലെ ഗവണ്മെന്റിന്റെ സൽകീർത്തിയും തിരുമനസ്സിലെ പ്രജകളുടെ സ്വാതന്ത്ര്യവും ആകുന്നു. തടസ്സമൊന്നുമില്ലാത്ത മർദ്ദനനയം ഈ സംഗതികളെ സംരക്ഷിക്കുമോ എന്നാണ് ചോദ്യം. ഇങ്ങനെയൊരുനയം പ്രയോജനമില്ലാത്തതും സ്വീകാര്യയോഗ്യമല്ലാത്തതുമാകുന്നു. തിരുമനസ്സിലെ നല്ല പേരും സൽകീർത്തിയും തിരുമനസ്സിലെ പ്രജകൾക്കു ഒരു പ്രശംസാകാരണമാണ്. അവയെ പാലിച്ചുകൊണ്ടുപോകുന്നതിനു പ്രജകൾക്കുള്ള അവകാശങ്ങളെ അണുപോലും തെററാതെ അനുഭവിക്കയാണ് വേണ്ടതു. ന്യായം ന്യായത്തെ ഉളവാക്കും.

അതിനാൽ തത്വം നോക്കിയാൽതന്നെ ഈ നിയമത്തെ അനുകൂലിപ്പാൻ വിഷമമാണ്. നീതീകരിക്കുന്നതിനു യാതൊരു കാരണവുമില്ലാതെ അതു ജനങ്ങൾക്കുള്ള അവകാശങ്ങളെ ഹനിച്ചിരിക്കുന്നു. ഞങ്ങൾ സാധുവല്ലാത്ത ഒരു സാദൃശ്യത്തെപ്പററിയാണ് പ്രസ്താവിച്ചതെന്ന് മിസ്റ്റർ ജോർജ്ജ് പറഞ്ഞു. അതു അപ്രകാരമല്ലെന്നു ഞാൻ പറയുന്നു. ഗവണ്മെന്റിന്റെ ഈ പ്രവൃത്തിയെ നീതീകരിക്കുന്നതിനു എന്തെങ്കിലും കാരണം വേണ്ടിയിരിക്കുന്നുഎന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ഇനിയും നിങ്ങൾക്കു സമയം അനുവദിക്കാൻ നിവൃത്തിയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഇനി ഒന്നുംപറയുന്നില്ല അതിനാൽ ഞാൻ ഇരുന്നുകൊള്ളുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറിക്കു): എനിക്കൊരു ചോദ്യം ചോദിക്കാനുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു സമയമില്ല. ഞാൻ ഇരുന്നുകഴിഞ്ഞു, അതുകൊണ്ടു. അതിനു മറുപടി പറയാൻ തയ്യാറില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, സഭാമുഖാകെ ഹാജരാകാത്തതുകൊണ്ടു ഉപക്ഷേപകനെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. വർത്തമാനപ്പത്രനിയമം റദ്ദുചെയ്യണമെന്നു പറയാനാണു ഞാൻഅങ്ങനെ ചെയ്യുന്നതിന്റെ ഉദ്ദേശം.

പ്രസിഡൻറ്: ആ നിയമം റദ്ദുചെയ്യണമെന്നു നിങ്ങൾ പറയുന്നതു നടപടിവിരുദ്ധമാണ്. ബഡ്ജറ്റു യോഗത്തിൽ നിയമസംബന്ധമായ കാര്യങ്ങളെപ്പററി വാദിക്കാൻപാടില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉപക്ഷേപകർത്താവു ഉപയോഗിച്ച പദം അതാണെന്നു തോന്നുന്നു.

പ്രസിഡൻറ്: അല്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വർത്തമാനപ്പത്രറഗുലേഷൻ പിൻവലിക്കേണ്ടതാണെന്നു ഞാൻ പറഞ്ഞുകൊള്ളാം. പത്രങ്ങളുടെമേൽ ഒരു നിയന്ത്രണാധികാരം ഗവണ്മെൻറിനുവേണമെന്നുണ്ടെങ്കിൽ അക്കാര്യം ജനപ്രതിനിധികളുടെ മുമ്പാകെവയ്ക്കാവുന്നതാകുന്നു. ഈ നിയമത്തിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാരെ ഞാൻ കഠിനമായി കുററപ്പെടുത്തുന്നില്ലെന്നു ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. അവർ നമ്മേപ്പോലെ മനുഷ്യരാണ്. അവരുടെ സ്ഥിതി ഇങ്ങനെ ഒരു നിയമമുണ്ടാക്കാൻ അവരെ പ്രേരിപ്പിച്ചിരിക്കാം. എങ്കിലും അവർക്കൊരബദ്ധം പററിയതാണെന്നു തെളിയിച്ചാൽ നിയമം പിൻവലിക്കണമെന്നു ശിപാർശചെയ്യാൻ അവർ ഒരുക്കമുള്ളവരായിരിക്കണം.

റെഗുലേഷന്റെ സാരമെന്താണെന്നുള്ളതിനെപററി നമുക്കു പരിശോധിക്കാം. അതുകേവലം നിയമസംബന്ധമായ ചില കാര്യങ്ങളിൽ ഗവണ്മെൻറിന്റെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു വലിയ അധികാരങ്ങൾ കൊടുക്കുന്നു. ഇങ്ങനെയുള്ളകാര്യങ്ങൾ എല്ലാപരിഷ്കൃതരാജ്യങ്ങളിലും വിചാരണചെയ്തു തീർച്ചയാക്കുന്നതു നീതിന്യായക്കോടതികളാകുന്നു. ഈ റെഗുലേഷൻ പാസ്സാക്കുന്നതുവരെ ഇവിടെയും അങ്ങനെ യായിരുന്നു. രാജകുടുംബത്തിൽ അതുസംബന്ധിച്ചെങ്കിലും വെറുപ്പും നിന്ദയും ജനിപ്പിക്കയും ഒരുപത്രത്തിന്റെ റദ്ദാക്കിയ പ്രതികൾ വച്ചുകൊണ്ടിരിക്കയും, അല്ലാതെ നിയമപ്രകാരമുള്ള വിവരണത്തിൽ ഉൾപ്പെടുന്ന യാതൊരുകുററവും ഈ റെഗുലേഷൻ സൃഷ്ടിക്കുന്നില്ല. ഒന്നാമത്തെതു അനാവശ്യമാണെങ്കിലും അതു ആരെയും അസൌകര്യപ്പെടുത്തുന്നതല്ല. തിരുവിതാംകൂർ രാജകുടുംബത്തിൽ ഏതെങ്കിലും അംഗത്തിന്റെനേക്കു എന്നുവേണ്ടാ ഏതെങ്കിലും കുടുംബത്തിലെ ഒരംഗത്തിന്റെനേക്കു വെറുപ്പും നിന്ദയും ജനിപ്പിക്കാൻ സ്വാതന്ത്ര്യം വേണമെന്നു ഇവിടെ ആർക്കും ആവശ്യമില്ല. പത്രങ്ങളുടെ റദ്ദാക്കിയപ്രതികൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതു ഒരു കുററമായിതീർന്നതു റെഗുലേഷനിലെ ആപൽകരസംഗതികളുടെ ഉപദ്രവകരമായ ഫലമാത്രമാണു. ഈ നിയമത്തിനുള്ള ദൂഷ്യങ്ങളിൽ ഒന്നിനെപ്പററിമാത്രം പ്രസ്താവിക്കണമെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

സ്പഷ്ടമായി ശിക്ഷാനിയമപ്രകാരം കുററങ്ങളായ ചിലപ്രവൃത്തികൾക്കു പത്രപ്രവർത്തകന്മാരെ പിഴയിട്ടോ തടവിലടക്കിയോ ശിക്ഷിക്കുന്നതിനു ആപൽകരമായ ഒരു നവീനമാർഗ്ഗം ഉണ്ടാക്കിയതാണു എന്റെ അഭിപ്രായത്തിൽ ഈ റെഗുലേഷന്റെ പ്രധാന വിപത്തു്. ഒരു പത്രപ്രവർത്തകൻ രാജദ്രോഹകുററമോ, ജാതിസ്പർദ്ധ വർദ്ധിപ്പിക്കുകയോ, അപകീർത്തിക്കുററമോ അസത്യവാർത്താപ്രചാരണമോ ചെയ്തിട്ടുണ്ടോഎന്നു തീർച്ചയാക്കാനുള്ള അധികാരം എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു ഈ റെഗുലേഷൻമൂലം ലഭിച്ചിരിക്കുന്നു. ഇതുനിമിത്തം പരിഷ്കൃതരാജ്യങ്ങളുടെ ഇടയിൽ തിരുവിതാംകൂർ ഒരു പ്രത്യേകസ്ഥാനമാണു പ്രാപിച്ചിട്ടുള്ളതു. അതു ആർക്കും അസൂയ ജനിപ്പിക്കുന്ന ഒരു സ്ഥാനമല്ല. ഇവിടെ, ഈ അസാധാരണനിയമപ്രകാരം-(എക്സിക്യൂട്ടീവ് നിയമംഎന്നു അതിനു പേരിടാം)—ഒരു എക്സിക്യൂട്ടീവ് ഉത്തരവിനാൽ ഒരു വർത്തമാനപ്പത്രത്തിന്റെ ലൈസൻസ് ഗവണ്മെൻറിലേക്കു മുതൽ കൂട്ടുകയോ തല്ക്കാലത്തേക്കെങ്കിലും അതിന്റെ പ്രസിദ്ധീകരണം നിർത്തിക്കളകയോചെയ്യാം. ഇതു ഗവണ്മെൻറിനും ജനങ്ങൾക്കും ആപൽകരമാണു, ഞാൻ അതിനെ ബലമായി പ്രതിഷേധിക്കുന്നു. ഈ സംസ്ഥാനത്തെ ഒരു പൌരന്റെ നിലയിലും ജനപ്രതിനിധിയുടെ നിലയിലും ഈ സ്ഥിതി അവസാനിപ്പിക്കുന്നതിനു ന്യായമായ എല്ലാമാർഗ്ഗങ്ങളും നോക്കുന്നതു എന്റെ ധർമ്മമാണെന്നു ഞാൻ വിചാരിക്കയും ചെയ്യുന്നു. ഈ അഭിപ്രായം ഈരാജ്യത്തിലെ ജനങ്ങൾ സ്പഷ്ടമായി പ്രദർശിപ്പിച്ചിട്ടുണ്ടു. ഈ കാര്യം ശരിയായി ഗ്രഹിക്കുന്ന കാര്യബോധമുള്ളവരെല്ലാവരും ഈ റെഗുലേഷനെ ബലമായി പ്രതിഷേധിക്കുന്നതിൽ എന്നോടു യോജിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു. ഈ രാജ്യത്തിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ ജനങ്ങളുടെയോ അവരുടെ പ്രതിനിധികളുടെയോ അധികാരത്തിൻ കീഴിലല്ലെന്നു എല്ലാവർക്കും അറിയാവുന്നതാണു. ഉദ്യോഗസ്ഥന്മാരുടെ അനീതിയിൽനിന്നു രക്ഷപ്പെടുന്നതിനു ജനങ്ങൾക്കുള്ള ഏകായുധം—അഭിപ്രായസ്വാതന്ത്ര്യം—ഇതുതന്നെയാണു— ഉദ്യോഗസ്ഥന്മാരെക്കുറിച്ചു അവർക്കുള്ള സങ്കടങ്ങൾ സ്വാതന്ത്ര്യത്തോടെ പ്രദർശിപ്പിച്ചു ആ ഉദ്യോഗസ്ഥന്മാരുടെയും സ്വാധീനബലമുള്ള സേവകന്മാരുടെയും അഴിമതികളെ അമർത്തുന്നതിനു അധികാരസ്ഥന്മാരെ പ്രേരിപ്പിക്കയും ആ ഉദ്യോഗസ്ഥന്മാരിലും സേവകന്മാരിലും അവരുടെ വിക്രിയകളെല്ലാം പുറത്തായിപോകുമെന്നുള്ള ഭയം ജനിപ്പിക്കയും ആകുന്നു. വർത്തമാനപ്പത്രങ്ങൾ ജനങ്ങൾക്കുചെയ്യുന്ന ഈ ഉപകാരംനിമിത്തം മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാരും സേവകന്മാരും കോപാന്ധന്മാരായി അവരുടെ അധികാരം പ്രയോഗിച്ചു പ്രതികാരമായി ഈ റെഗുലേഷൻ ഉണ്ടാക്കിയതാണു. ഇക്കാര്യത്തിൽ ഗവണ്മെൻറു മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാരുടെയും സേവകന്മാരുടെയും കയ്യിൽ ഒരു

കവരം ആയുധമായിതീൻ എന്നാണു തോന്നുന്നതു. കേവലം നീതിചരിത്രവിചാരത്തെപ്പററിയുള്ള കാര്യങ്ങളിൽ ജനങ്ങൾക്കു വിശ്വാസമുള്ള എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു ഈ റെഗുലേഷൻകൊടുക്കുന്ന അധികാരം കൊണ്ടു പ്രയോജനമില്ല. ജനസമ്മതമില്ലാത്ത എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു ഈങ്ങനെയുള്ള അധികാരം പ്രദാനംചെയ്യുന്നതു ആപൽകരവുമാണു. അതാണു ഇപ്പോഴത്തെ ഗുരുതരാവസ്ഥ ഉദ്യോഗസ്ഥന്മാരിൽനിന്നു തല്ക്കാലത്തേക്കു ഭിന്നമായി കരുതാനെന്നു എനിക്കുതോന്നുന്ന ഗവർണ്ണമെന്റു ഡെയ്ക്കുതോടെ ഇക്കാര്യത്തിൽ പ്രവേശിച്ചു ഈ വൈഷമ്യം തീർക്കണമെന്നു അഭിലഷിച്ചുകൊള്ളുന്നു. വർത്തമാനപ്പത്രങ്ങൾമൂലം ഗവർണ്ണമെന്റിനു നേരിടുന്ന വിഷമങ്ങൾ എന്താണെന്നുവച്ചാൽ അവയെ ജനപ്രതിനിധികളുടെ സഭയിൽ ഹാജരാക്കി ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിനു അവരോടു ആവശ്യപ്പെടട്ടെ ഈ റെഗുലേഷന്റെസഹായംകൂടാതെതന്നെ തിരുവിതാംകൂറിലെ വർത്തമാനപ്പത്രങ്ങളെ നിയന്ത്രണം ചെയ്യുന്നതിനു പ്രയാസമുണ്ടെന്നു എനിക്കു തോന്നുന്നില്ല. അതിനെ പിൻപലിച്ചിട്ടു രാജ്യത്തിൽ ഉത്തരവാദിത്വമുള്ള ഒരു ഗവർണ്ണമെന്റു ഏർപ്പെടുത്തുകയും ജനപ്രതിനിധികളെ തങ്ങളുടെ വിശ്വാസപാത്രമാക്കുകയും, രാജ്യഭരിക്കുന്നതിൽ അല്ലെങ്കിൽ കുറഞ്ഞ പക്ഷം രാജ്യഭരണകാര്യങ്ങളിൽ ഗുരുതരമായ ഉപദേശം കൊടുക്കുന്നതിൽ അവരെ രാജാവിനും ജനത്തിനും ഉത്തരവാദിത്വമുള്ളവരാക്കുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. വർത്തമാനപ്രത്രങ്ങളെ നിയന്ത്രണം ചെയ്യുന്നതിന്നു മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ ആവശ്യപ്പെടുന്നതു ജനപ്രതിനിധികൾ അവയെ കണ്ടുപിടിച്ചു അനുവാദമുണ്ടെങ്കിൽ അവയെ പ്രയോഗത്തിൽ കൊണ്ടുവരിക്കയും ചെയ്യും.

ഒരു നിയമത്തിന്റെ വ്യവസ്ഥകൾ എത്രതന്നെ കർശനമായിരുന്നാലും അവയെ ഉദ്ദേശമനുസരിച്ചോടും നീതിയോടും ചാഞ്ചല്യമില്ലാതെയും പ്രയോഗിച്ചില്ലെങ്കിൽ അതിന്റെ ഉദ്ദേശം സാദ്ധ്യമായി വരികയില്ല. വർത്തമാനപ്പത്രനിയന്ത്രണത്തിനുള്ള പഴയ ചട്ടങ്ങളെ ഗവർണ്ണമെന്റുദ്യോഗസ്ഥന്മാർ ഭയമോ പക്ഷപാതമോകൂടാതെ പ്രയോഗിച്ചിരുന്നെങ്കിൽ ഇങ്ങനെ ഒരു നിയമത്തിന്റെ ആവശ്യകതയെപ്പററി ചിന്തിക്കേണ്ടി വരികയില്ലായിരുന്നു. എന്നാൽ ഗവർണ്ണമെന്റുദ്യോഗസ്ഥന്മാർ അതിനു അപ്രാപ്തന്മാർ ആയിരുന്നു, ഇപ്പോഴും ആകുന്നു. ഞാൻ അവരെ ദൂഷിച്ചുപറകയല്ല. അതു മനുഷ്യസ്വഭാവത്തിന്റെ ലക്ഷണമാത്രമാണു. ഉദ്യോഗസ്ഥന്മാർ വിരിക്ഷുപുണ്യവാന്മാർ അല്ലായിരിക്കുന്ന പക്ഷം, അവർ ഇപ്പോഴത്തെ സ്ഥിതിയിൽ ഇപ്പോഴത്തെക്കാൾ ഉത്തമരീതിയിൽ പ്രവർത്തിക്കുമെന്നു വിചാരിപ്പാൻ തരമില്ല. സ്ഥിതികൾ ഭേദപ്പെടുത്തേണ്ടിയിരിക്കുന്നു. എക്സിക്യൂട്ടീവ് ഗവർണ്ണമെന്റിനെൽ ജനപ്രതിനിധികൾക്കു അധികാരം കൊടുത്താൽ രാജ്യഭരണം ചാഞ്ചല്യമില്ലാതെയും നീതിന്യായങ്ങൾക്കനുസരിച്ചുമുള്ളതും ആയും പത്രങ്ങളിലാകട്ടെ മറെറ എവിടെയെങ്കിലുമാകട്ടെ നീതിന്യായവാഗ്വാദങ്ങൾ അപൂർവ്വമാകയുംചെയ്യും. ഇപ്പോഴത്തെ സ്ഥിതിയിൽ അനേകം ഉദ്യോഗസ്ഥന്മാരുടെയും ഉദ്യോഗമോ അധികാരമോ കാംക്ഷിക്കുന്ന അനുദ്യോഗസ്ഥന്മാരുടെയും ദുഷ്ടാന്തം അന്യായവും അനീതിയും ജാതിസ്പർദ്ധയും വർദ്ധിപ്പിക്കയാണു ചെയ്യുന്നതു. പിൻബലമുള്ളവർ നിയമലംഘനം ചെയ്യാൻ ഉദ്യോഗസ്ഥന്മാർ കണ്ണടച്ചുകളയുന്നു. പൊതുഗുണം ആലോചിക്കാതെ തങ്ങളുടെ ഇഷ്ടാനുസരണമോ സേവകന്മാരുടെ പ്രേരണപ്രകാരമോ പ്രവർത്തിക്കുന്നതാണു അവർ ചാടുകരവും സൌകര്യപ്രദവുമായി കരുതുന്നതു. ജനപ്രതിനിധികൾ ജനങ്ങളുടെ ഗുണത്തിനായി നിശ്ചയിക്കുന്ന കാര്യങ്ങളുടെ സംരക്ഷകനായി രാജാവിനെ അല്ലാതെ ലോകത്തിൽ വേറൊരധികാരത്തെയും അവർക്കു ഭയപ്പെടാൻ ഇടയാകരുതു. ഉദ്യോഗസ്ഥന്മാരുടെയും ജനങ്ങളുടെയും ഗുണത്തെ ഉദ്ദേശിച്ചാണു ഞാൻ ഇതു പറയുന്നതു. ധർമ്മത്തിനു വിപരീതമായ മററു ലൌകികഗുണങ്ങൾ മായയും കണിയും ആകുന്നു. സാധാരണ മനുഷ്യർ ഈ മായയ്ക്കും കണികൾക്കും അധീനരായിപോകാതെ കാര്യങ്ങൾ ബുദ്ധിയോടെ ശരിപ്പെടുത്തണമെന്നു നീതിന്യായരക്ഷകന്മാരായി നിയമിക്കപ്പെട്ടിട്ടുള്ള ഗവർണ്ണമെന്റിനോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും) : സർ, വാദവിഷയമായ ഉപക്ഷേപത്തെപ്പററി ഉദ്യോഗസ്ഥമെമ്പർമാർ ചെയ്ത പ്രസംഗങ്ങളെ ഞാൻ ശ്രദ്ധയോടുകേട്ടു. വർത്തമാനപ്പത്രറെഗുലേഷൻ പാസ്സാക്കിയതിനു അനുകൂലമായി അവർ പറഞ്ഞതൊന്നും എനിക്കു ബോദ്ധ്യംവരുത്തിട്ടില്ല. ഈ റെഗുലേഷൻ രാജ്യമൊട്ടുക്കുവളരെ ക്ഷോഭം ഉണ്ടാക്കിട്ടുണ്ടു. ആ ക്ഷോഭം ഇപ്പോൾ അവസാനിച്ചിട്ടില്ല; അവസാനിക്കുമെന്നു തോന്നുന്നുമില്ല. ഈ റെഗുലേഷന്റെ അസാധുത്വത്തെപ്പററിയും അനൌചിത്യത്തെപ്പററിയും തിരുവിതാംകൂറിലും തിരുവിതാംകൂറിനു പുറത്തുമുള്ള വർത്തമാനപ്പത്രങ്ങളിലും പ്രസംഗപീഠങ്ങളിലും വേണ്ടുവോളം വാദം നടന്നിട്ടുണ്ടു. റെഗുലേഷന്റെ യോഗ്യതായോഗ്യതകളെപ്പററി ദീർഘമായി ഒന്നും പ്രസംഗിക്കാതെ ചുരുക്കമായി ചില വാക്കുകൾ പറവാനെ ഞാൻ വിചാരിക്കുന്നുള്ളു.

സർ, ഈ റെഗുലേഷൻ തിരുവിതാംകൂറിലെ ജനങ്ങൾക്കു ഒരു ദണ്ഡനംതന്നെയാണു. അവരുടെ രാഷ്ട്രീയ പരിശീലനത്തിനു വിഘ്നം വന്നിരിക്കുന്നു. അതു ജനങ്ങളുടെ ശബ്ദത്തെ അടക്കുകയും പൊതുജനാഭിപ്രായത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതു ജനസ്വാതന്ത്ര്യത്തെയും പത്രസ്വാതന്ത്ര്യത്തെയും ചുവടെ മുറിച്ചുകളഞ്ഞിരിക്കുന്നു. ഭരണവിഷയങ്ങളിൽ പൊതുജനാഭിപ്രായം അറിയുന്നതിന്റെ ഗുണം ഗവർണ്ണമെന്റിനു ഇല്ലാതാക്കിയിരിക്കുന്നു. പത്രങ്ങളുടെ നിയന്ത്രണത്തിനു തല്ക്ഷണം ഉപയോഗിക്കാവുന്ന മററു നിയമങ്ങൾ ഉള്ള കാര്യം അതു വിസ്മരിച്ചുകളഞ്ഞിരിക്കുന്നു. ഗവർണ്ണമെന്റുദ്യോഗസ്ഥന്മാർ തങ്ങളുടെ അധികാരം ദുരുപയോഗം ചെയ്യാതിരിക്കുന്നതിനും ജോലിയിൽ ഉപേക്ഷ കാണിക്കാതിരിക്കുന്നതിനുമുള്ള തടസ്ഥങ്ങളെല്ലാം അതു നീക്കം ചെയ്തിരിക്കുന്നു. അതു രാജ്യത്തിൽ അക്രമമായ ഒരു മാററം ഉണ്ടാക്കിയിരിക്കുന്നു. അതിലെ വ്യവസ്ഥകൾ അസ്പഷ്ടവും അനിശ്ചയവും ആകുന്നു. വിചാരണക്കു മുമ്പു ഈ റെഗുലേഷൻ ശിക്ഷനല്കുന്നു. ഇതു ആശ്ചര്യകരമായിരിക്കുന്നു. അതു തിരുവിതാംകൂറിനെ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽനിന്നു പുറകോട്ടു പിടിച്ചുമാററി അതിന്റെ അഭിവൃദ്ധിയെ തടഞ്ഞിരിക്കുന്നു. ഇങ്ങനെയൊരു റെഗുലേഷൻ ഉണ്ടായിരിക്കുന്നതു രാജ്യത്തിനു അഭിമാനകരമല്ല. അതു ഈ സഭയുടെ അവകാശങ്ങളേയും അധികാരങ്ങളേയും അപഹരിച്ചിരിക്കുന്നു. അവസാനമായി, സർ, ഈ നിയമം പാസ്സാക്കിയതു, ഈ രാജ്യത്തു ഒരു

എക്സിക്യൂട്ടീവ് കൌൺസിൽ സൃഷ്ടിക്കേണ്ടതിന്റെ അത്യാവശ്യകതയെ പ്രത്യക്ഷീകരിച്ചിരിക്കുന്നു. ഈ പ്രസ്താവനകളോടുകൂടി ഞാൻ ഉപക്ഷേപത്തെ ബലമായി അനുകൂലിച്ചുകൊള്ളുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ന്യായമായ വിമർശനത്തെ വേണ്ടപോലെ അനുകൂലിക്കുന്ന വ്യവസ്ഥകൾ റഗ്ലേഷനിൽ ഇല്ലയോ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മെമ്പർ റഗ്ലേഷൻ വായിച്ചുനോക്കിയാൽ അറിയാം.

മി: എൻ. വി. ജോസഫ് (പറവൂർ): മെമ്പർമാർക്ക് പ്രസംഗത്തിനുള്ള സമയം നിർദ്ദിഷ്ടപ്പെടുത്തിട്ടുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ അഭ്യർത്ഥനയ്ക്കു നവദിച്ചിട്ടുള്ള രണ്ടര മണിക്കൂറിനപ്പുറം ഈ വാദപ്രതിവാദം നടത്തിക്കൊണ്ടുപോകാമോ?

പ്രസിഡന്റ്: സമയം അല്പംകൂടി സമയം അനുവദിക്കാം. എന്നാൽ അധികം അനുവദിക്കയില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ വിഷയത്തെ സംബന്ധിച്ചു സംസാരിക്കാൻ ആഗ്രഹിക്കുന്ന എല്ലാ മെമ്പർമാർക്കും അതിന്നവസരം കൊടുക്കുമെന്നു വിശ്വസിക്കുന്നു.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): ഈ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ളതിലധികം സമയം ഇപ്പോൾ പ്രസിഡന്റു അനുവദിച്ചിട്ടുണ്ടോണോ ഞാനു ഗ്രഹിക്കേണ്ടതു്.

പ്രസിഡന്റ്: മിസ്റ്റർ തോമസ്, ഞാനതു രണ്ടുപ്രാവശ്യം പറഞ്ഞുകഴിഞ്ഞല്ലോ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിന്താങ്ങുന്നു. പത്രറഗ്ലേഷനു ജനങ്ങളുടെ പ്രാഥമികമായ പൌരാവകാശത്തിനു വലുതായ ദോഷത്തെ ചെയ്തിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ഈ അഭിപ്രായം ജനങ്ങളുടെയിടയിൽ ഒരാശ്വാസവും വർദ്ധിച്ചുവരികയും ചെയ്യുന്നു. ഇങ്ങനെ ജനങ്ങൾക്കുണ്ടാകുന്ന സങ്കടങ്ങളെ പറയാനുള്ള അവസരം ബഹുമാനിന്റെ ജനറൽ ഡിസ്കഷനിലാണെന്നു ഞങ്ങളിൽ പലരും വിചാരിക്കുന്നു. കഴിഞ്ഞ നാലുവർഷത്തിലെ ബഹുമാനയോഗത്തിലെ നടപടികൾ ഈ സ്വാതന്ത്ര്യത്തെ സാധൂകരിക്കുന്നതാണ്.

മി: എൻ. വി. ജോസഫ് (പറവൂർ): സഭാനടപടിനു ബന്ധിച്ചു ഒന്നു ചോദിക്കുന്നു. മെമ്പർ പ്രസിഡന്റിന്റെ ഒരു തീർച്ചയപ്പററി വാദിക്കുന്നതു ക്രമമായിട്ടുള്ളതാണോ?

പ്രസിഡന്റ്: മെമ്പർ അതിനെപ്പററി വാദിക്കുന്നതു കേവലം ക്രമക്കേടാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ പ്രസിഡണ്ടിന്റെ തീർച്ചയപ്പററി വാദിക്കുകയല്ല. അദ്ദേഹത്തിന്റെ തീർച്ചയെ ബഹുമാനിക്കേണ്ടതാണെന്നു എനിക്കറിയാം.

പ്രസിഡന്റ്: ദയവുചെയ്തു നിങ്ങളുടെ പ്രസംഗം തുടരുക മിസ്റ്റർ കുമാരപിള്ള, നിങ്ങൾക്കു അധികസമയമില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പത്രറഗ്ലേഷന്റെ ദോഷങ്ങളെ വിമർശിച്ചു എന്റെ മാന്യസ്നേഹിതന്മാർ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതൽ ശക്തിയോടുകൂടി പറയാൻ സാധിക്കയില്ലെന്നു എനിക്കു ബോദ്ധ്യമുണ്ടെങ്കിലും ആ സംഗതിയിലുള്ള എന്റെ അഭിപ്രായത്തെ രേഖപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നു. പത്രറഗ്ലേഷൻ നിയമസഭയിൽ കൊണ്ടുവന്നു പാസ്സാക്കാതിരിക്കുന്നതിനു പ്രധാനമായിട്ടുള്ള കാരണങ്ങളേ ഞാൻ കാണുന്നുള്ളൂ. അതായതു നിയമസഭയെ ഗവണ്മെന്റിനു വേണ്ടപോലെ വിശ്വാസമില്ലാത്തതു കൊണ്ടോ അല്ലെങ്കിൽ ആ റഗ്ലേഷനിൽ അടങ്ങിട്ടുള്ള വകുപ്പുകളോടുകൂടിയ ഒരു നിയമം കൌൺസിൽവഴി പാസ്സായി കിട്ടാൻ സാധിക്കയില്ലെന്നുള്ളതുകൊണ്ടോ ആയിരിക്കണം.

നിയമസഭയെ വിശ്വാസമില്ലാത്തതുകൊണ്ടാണ് ഈ നിയമത്തിനു രാജാധികാരം ഉപയോഗിക്കേണ്ടിവന്നതെങ്കിൽ അതു നിയമസഭയ്ക്കു ഒരിക്കലും അഭിമാനകരമായിട്ടുള്ളതല്ല. അങ്ങനെയാണെങ്കിൽ ഈ നിയമസഭ കൊണ്ടു ആശിക്കുന്ന ഫലം ജനങ്ങൾക്കു കിട്ടുന്നതുമല്ല. ജനങ്ങൾ തിരഞ്ഞെടുത്തു അയച്ചിട്ടുള്ള അവരുടെ വിശ്വസ്തന്മാരായ പ്രതിനിധികളിൽ ഗവണ്മെന്റിനു വിശ്വാസമില്ലാതെവന്നിട്ടുണ്ടെങ്കിൽ അതു ഏററവും ഗൌരവമായ സംഗതിയായിട്ടാണ് ഞാൻ കരുതുന്നതു്. നിയമസഭയുടെ അധികാരസീമയിലുൾപ്പെട്ട സംഗതികളിൽ രാജാധികാരം പ്രയോഗിച്ചു നിയമമുണ്ടാക്കാൻ തുടങ്ങിട്ടുള്ളതുകൊണ്ടു ജനപ്രതിനിധികൾക്കു ഗവണ്മെന്റിനോടും ഗവണ്മെന്റിനു ജനപ്രതിനിധികളോടും വിശ്വാസമില്ലാത്തതുകൊണ്ടാണെന്നു അനുമാനിക്കുന്നതു ആക്ഷേപിക്കാൻ പാടില്ലാത്തതാണ്. ഗവണ്മെന്റിനും ജനങ്ങൾക്കും പരസ്പരം ഉണ്ടായിരിക്കേണ്ട വിശ്വാസങ്ങൾക്കു ദോഷം വന്നുപോയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളെ കണ്ടുപിടിച്ചു പരിഹരിക്കേണ്ടതു രാജ്യക്ഷേമത്തിനു അത്യാവശ്യമായിട്ടുള്ളതാണ്.

ഇങ്ങനെയൊരു നിയമം കൌൺസിൽവഴി പാസ്സാക്കിക്കിട്ടുകയില്ലെന്നുള്ളതാണ് കാരണമെങ്കിൽ അതു ഏററവും പരമാർത്ഥമായിട്ടുള്ളതാണ്. ഇന്നത്തെ പത്രറഗ്ലേഷനിലുള്ള വകുപ്പുകളോടുകൂടിയ നിയമങ്ങൾ ഈ രാജ്യത്തു ഉണ്ടാകാതിരിക്കുന്നതിനാണ് അനുദ്യോഗസ്ഥഭൂരിപക്ഷമുള്ള ഒരു നിയമസഭ ഇവിടെ ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതു്.

മർദ്ദനനിയമങ്ങൾ ഒരു രാജ്യത്തും ഒരുകാലത്തും ഗുണകരമായി പര്യവസാനിച്ചിട്ടില്ല. അങ്ങനെ പര്യവസാനിക്കുന്നതുമല്ല. ജനങ്ങളുടെ പൌരാവകാശങ്ങളേയും അവരുടെ ന്യായവാദങ്ങളേയും തടുത്തുനിർത്താൻ ശ്രമിക്കുന്നതു തെണ്ടകാര്യങ്ങളെ അവിഹിതമായ വഴികളിലേക്കു നയിക്കാൻ എപ്പോഴും ഒരു പ്രേരണാമാർഗ്ഗമായിത്തീരുമെന്നുള്ളതാണ്. ഇന്നത്തെ പത്രറഗ്ലേഷനെ ആദ്യന്തം വായിക്കുമ്പോൾതന്നെ അതിന്റെ ഉൽദ്ദേശകാരണങ്ങൾ ആർക്കും ബോദ്ധ്യപ്പെടുന്നതാണ്. ഇന്നത്തെ ഗവണ്മെന്റു സ്വീകരിച്ചുപോരുന്ന ഭരണതത്വങ്ങളേയും ഭരണനയങ്ങളേയും പൊതുജനാഭിപ്രായം ആക്ഷേപിക്കുന്നതു ഇഷ്ടമല്ലെന്നും അതിലേക്കു തുടങ്ങുന്ന പത്രങ്ങളെ ശിക്ഷിക്കുമെന്നുമാണ് ഈ നിയമത്താൽ വ്യക്തമാകുന്നതു്. ഗവണ്മെന്റിന്റെ ഈ മനസ്ഥിതിയെ അതുപോലെ തലകുലുക്കി സമ്മതിക്കാൻ എല്ലാവരുടേയും മനഃസാക്ഷി അനുവദിച്ചു നിൽക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഒരം രാജ്യത്തിലെ ജനങ്ങൾ അവരുടെ വിദ്യാഭ്യാസത്താലും ഭരണകാര്യങ്ങളിലുള്ള അവരുടെ പരിജ്ഞാനത്താലും എത്രയോകാലങ്ങളായി സമ്പാദിച്ചിട്ടുള്ള പരിഷ്ക്കാരനിലയിൽ നിന്നും ഇന്നത്തെ പത്ര റഗ്ലേഷനാൽ അവരെ എത്രയോ പിന്നിലേക്കാണ കൊണ്ടുപോയിട്ടുള്ളത്. ഈ സ്ഥിതിയെ ജനങ്ങൾക്കിക്കൂടം ആദരിച്ചു നിൽക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. പത്രറഗ്ലേഷന്റെ ഭാവിഫലങ്ങൾ രാജ്യത്തിനും രാജ്യക്ഷേമത്തിനും ഒരിക്കലും ഗുണകരമായി തീരുന്നതല്ലാ. ഈ രാജ്യത്തു ഇതുവരെ ഒരു പത്ര റഗ്ലേഷൻ കൊണ്ടു വരാത്തതു അന്നത്തെ ഭരണകർത്താക്കന്മാർക്കുണ്ടായിരുന്ന ധൈര്യക്കുറവു കൊണ്ടാണെന്നു ആരും വിചാരിക്കുന്നില്ലാ. അതിന്റെ ഭാവിഫലങ്ങളെ വേണ്ടപോലെ ആലോചിച്ചറിയാൻ അവർക്ക ശക്തിയുണ്ടായിരുന്നതിനാലാണ ഇവിടത്തെ നിയമങ്ങളുടെ കൂട്ടത്തിൽ ഒരു പത്ര റഗ്ലേഷനു സ്ഥലം കിട്ടാൻ ഇടയാകാത്തതു. ജനങ്ങളുടെ പ്രഥമികമായ പൌരാവകാശങ്ങളെ അന്യായമായി ദോഷപ്പെടുത്തുന്ന ഇന്നത്തെ പത്ര നിയമം ഒരു നിമിഷംപോലും ഈ രാജ്യത്തുവച്ചു കൊണ്ടിരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

സഭ ലഘുഭക്ഷണത്തിന്നായി ഉച്ച തിരിഞ്ഞു ൨ മണിക്കു പിരിഞ്ഞു ൨.൩൦ മണിക്കു വീണ്ടും കൂടി.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടും): സർ, പത്ര റഗ്ലേഷനെപ്പററി ഞാനും ചില വാക്കുകൾ പറവാൻ ആഗ്രഹിക്കുന്നു. വ്യക്തികളുടെ അഭിപ്രായങ്ങൾ രാജ്യത്തിൽ പ്രചരിപ്പിക്കുന്നതിന്നുള്ള ഒരു മാർഗ്ഗം വർത്തമാനപ്പത്രങ്ങളാണെന്നാണ് എന്റെ വിശ്വാസം. പത്രങ്ങളിൽ പ്രസിദ്ധം ചെയ്യുന്ന ഉപദേശങ്ങളും അഭിപ്രായങ്ങളും പൊതു ജനങ്ങൾ ഗ്രഹിക്കുന്നു. ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെപ്പററിയും ഗവണ്മെന്റു ചെയ്യുന്ന പ്രവൃത്തികളിൽ അവർ സ്വീകരിക്കുന്ന നയത്തെപ്പററിയും ജനങ്ങൾക്കു അറിവു കിട്ടുന്നതും ഈ വർത്തമാനപ്പത്രങ്ങൾ മുഖേനയാണ്. അതുകൊണ്ടു പത്രങ്ങൾക്കുള്ള ഈ വലിയ ശക്തിനിസ്സംശയമായിവളരെ സൂക്ഷ്മതയോടെ ഉപയോഗിക്കേണ്ടതാകുന്നു. പത്രങ്ങളെ ഭരമേല്പിച്ചിട്ടുള്ള ജോലി വിശുദ്ധമാകുന്നു. ആ ജോലിയിൽ വല്ല വീഴ്ചയും വന്നാൽ ഫലം ഭയങ്കരമായിരിക്കും. അതു കൊണ്ടു പത്രങ്ങൾ ന്യായമായ അതിരു കടന്നു പ്രവർത്തിച്ചാൽ അവയെ നിയന്ത്രണം ചെയ്യുന്നതാരാണ്? പത്രങ്ങൾ ചിലപ്പോൾ അതിരു കടന്നു പ്രവർത്തിക്കുമ്പോൾ ചട്ടങ്ങളും റഗ്ലേഷൻസും ഉണ്ടാക്കേണ്ടതു രാജാവിന്റെയും ഗവണ്മെന്റിന്റെയും ധർമ്മമാകുന്നു. തിരുവിതാംകൂറിലെ ചില പത്രങ്ങൾ ന്യായംവിട്ടു പ്രവർത്തിക്കയും ഹീനമായ അഭിപ്രായങ്ങൾ പ്രചരിപ്പിക്കയും അസഭ്യഭാഷ പ്രയോഗിക്കയും ചെയ്തിട്ടുണ്ടെന്നു ആരും സമ്മതിക്കും. ചീഫ് സിക്രട്ടറിയും അഡിക്ഷണൽ ഹെഡ്സക്രട്ടറിയും തങ്ങളുടെ മുമ്പിൽ ചില പത്രങ്ങൾ അവയിൽ പ്രയോഗിച്ചിരിക്കുന്ന ഭാഷയുടെ അസഭ്യത നിമിത്തം പരസ്യമായി വായിക്കാൻ കൊള്ളുകയില്ലെന്നു പറഞ്ഞപ്പോൾ മെമ്പർമാർ ആരും അവയെ സഭാമുമ്പാകെ വായിക്കണമെന്നു ആവശ്യപ്പെട്ടില്ല. ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ ധാരാളമുണ്ടെന്നും അവ ആകാസം തന്നെയാണെന്നും അവ അല്പകാരമുള്ളവതന്നെയാണെന്നു ഈ സഭയിലെ മെമ്പർമാർക്കു അറിയാമെന്നും എല്ലാവരും സമ്മതിക്കുന്നുണ്ടെന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ ഏകദേശം എത്രയുണ്ടെന്നു മെമ്പർക്കു പറവാൻ കഴിയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടും): ഇപ്രകാരമുള്ള എല്ലാ പത്രങ്ങളുടേയും പേരുകൾ അറിയാത്തതുകൊണ്ടു എനിക്കു ചാരിതാർത്ഥ്യം ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു പേരുകൾ വേണമെന്നില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടും): ഞാൻ വർത്തമാനപ്പത്രങ്ങളുടെ കണക്കും എടുത്തിട്ടില്ല. എന്നാൽ വർത്തമാനപ്പത്രങ്ങളിലെ ഭാഷയുടെ അസഭ്യതയെ പററി പരക്കേയുള്ള അഭിപ്രായം എല്ലാവർക്കും അറിവുള്ളതാണ്. ശോകം താമസിയാതെ അവസാനിക്കുമെന്നു ചില ജനങ്ങളുടെ ഇടയിലുള്ള അഭിപ്രായത്തെപ്പററി എന്റെ ചില സ്നേഹിതന്മാരുമായി ഞാൻ സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോൾ ശോകം ചില വർഷങ്ങൾക്കുള്ളിൽ അവസാനിക്കുമെന്നു ഒരാൾ പറഞ്ഞതു കേട്ടു സംഭാഷണം ചെയ്തു കൊണ്ടിരുന്ന ഒരാൾ അങ്ങനെ സംഭവിച്ചാൽ തനിക്കു വളരെ സന്തോഷമുണ്ടാകുമെന്നു വിളിച്ചു പറഞ്ഞു. അദ്ദേഹത്തിന്റെ സന്തോഷത്തിന്നു കാരണമെന്താണെന്നു ചോദിച്ചതിന്നു മറുപടി തിരുവിതാംകൂറിലെ വർത്തമാനപ്പത്രങ്ങളും അവസാനിക്കുമല്ലോ എന്നായിരുന്നു. ഇങ്ങനെയുള്ള ഭാഷപ്രയോഗിക്കുന്ന പത്രങ്ങളുടെ സംഖ്യ ഏതു ആയാലും സമുദായത്തിന്നു ഭീതിയുണ്ടാക്കുന്നതു ആ വക പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം ആകുന്നു. തിരുവിതാംകൂർ മുഴുവനും പ്രചരിക്കുന്ന ഒരു പത്രം വലിയ ദോഷങ്ങൾ ചെയ്യാൻ മതിയാകുന്നതാണ്. അതുകൊണ്ടു പത്രങ്ങളുടെ എണ്ണത്തിൽനിന്നു ഒന്നും അനുമാനിക്കാൻ പാടില്ലാ.

ഈ പത്രങ്ങളിലെ അധിക്ഷേപങ്ങൾ മൂന്നു തരങ്ങളായി വിഭജനം ചെയ്യാം. ഒന്നാമതായി ഗവണ്മെന്റിനേയും ഗവണ്മെന്റുദ്യോഗസ്ഥന്മാരെയും പററിയുള്ള അധിക്ഷേപങ്ങൾ; രണ്ടാമതായി പൊതുജനങ്ങളിൽ ചിലരെപ്പററിയുള്ളവ; മൂന്നാമതായി സമുദായങ്ങളെയും ജനവിഭാഗങ്ങളെയോ പററിയുള്ളവ. ഇവയിൽ മൂന്നാമത്തെ ഇനത്തെപ്പററി മാത്രമേ ഞാൻ സംസാരിക്കാൻ വിചാരിക്കുന്നുള്ളു. ഒരു രാജ്യത്തിന്റെ ക്ഷേമം അവിടത്തെ സമാധാനത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് എല്ലാവരും സമ്മതിക്കുന്നതാണ്. രാജ്യനിവാസികളിൽ ഓരോരുത്തർക്കും അന്യോന്യം യുദ്ധം ചെയ്തുകൊണ്ടിരുന്നാൽ ആ രാജ്യത്തിൽ സമാധാനം ഉണ്ടാകയില്ലെന്നും എല്ലാവരും സമ്മതിക്കും. വർത്തമാനപ്പത്രങ്ങൾ കുമിഞ്ഞുകൂടുമ്പോൾ ഈ രാജ്യത്തിൽ ഉണ്ടാകുന്നതിനുമുമ്പു ഈ പ്രസ്താവന എനിക്കു ധൈര്യത്തോടെ ചെയ്യാം. ഈ രാജ്യത്തിലെ സമുദായങ്ങളെല്ലാം അന്യോന്യ സ്നേഹത്തിൽ വർത്തിച്ചിരുന്നു. എന്നാൽ നിർഭാഗ്യവശാൽ പലകാരണങ്ങൾ നിമിത്തം, അവയിൽ ചിലരു ചീഫ് സിക്രട്ടറി പ്രസ്താവിച്ചിട്ടുണ്ട്, രാജ്യത്തിൽ അടങ്ങാത്തവണ്ണം അനവധിവർത്തമാനപ്പത്രങ്ങൾ പ്രസിദ്ധപ്പെടുത്തി തുടങ്ങി. ഉടനെ തന്നെ ജാതിസ്പർദ്ധയും ഉൽഭവിച്ചു. ഇതിനെ അമർത്തിയില്ലെങ്കിലുണ്ടാകുന്ന ഫലം എന്തായിരിക്കുമെന്നറിവാൻ നാം ദൂരെയെങ്ങും പോകണ്ടാ. വൈക്കാളത്തെ സ്ഥിതി തന്നെ നോക്കുക. അവിടത്തെ സ്ഥിതിക്കു ഉത്തരവാദികൾ അവിടത്തെ നാട്ടുഭാഷാ പത്രങ്ങളും ആ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളുമാണെന്നു പരക്കെ അറിവുള്ളതാണ്. ഇവിടത്തെ വൃത്താന്ത പത്രങ്ങളിൽ ആ വക ലേഖനങ്ങൾ പ്രസിദ്ധം ചെയ്യാതിരിപ്പാൻ നോക്കേണ്ടതാണെന്നു ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു.

മി: എം. ശിവതാണുപിള്ള (തോപ്പാള്ള): മെമ്പർ പറയുന്ന ജാതിസ്പർദ്ധ കാരണം ഉദ്യോഗങ്ങളിൽ സമുദായപ്രാതിനിധ്യത്തിനു വേണ്ടിയുള്ള ക്ഷോഭം അല്ലയോ എന്നു മെമ്പർ പറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഇതിനു രേഖപ്പെടുത്തി ആവശ്യമുണ്ടെങ്കിൽ, ഉദ്യോഗങ്ങളിൽ സമുദായ പ്രാതിനിധ്യം ഉള്ളതു കൊണ്ടല്ലാ എന്നു പറഞ്ഞുകൊള്ളുന്നു. എന്തെന്നാൽ സമുദായപ്രാതിനിധ്യം സമുദായമത്സരം ഉണ്ടാക്കുന്നതിനു പകരം അതില്ലാതാക്കുകയേയുള്ളൂ.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വർത്തമാനപ്പത്രങ്ങൾ സാമുദായമത്സരത്തിനുകാരണങ്ങൾ ഉണ്ടാക്കുന്നോ അതോ കാണുന്ന സ്ഥിതിയെ അവർ വർണ്ണിക്കുമാത്രം ചെയ്യുന്നോ എന്നു മെമ്പർ പറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): രണ്ടും ചെയ്യുന്നുണ്ട്. ഈ അഭിപ്രായത്തെ ഖണ്ഡിക്കാൻ, ആവക ലേഖനങ്ങൾ പത്രങ്ങളിൽ പ്രസിദ്ധം ചെയ്യുന്നതിനെ തടുക്കുകയല്ലാതെ മറ്റൊന്നു മാർഗ്ഗമില്ല. അതുകൊണ്ടുതന്നെയാണു ഈ രാജ്യത്തിൽ ആവക പ്രസിദ്ധീകരണങ്ങൾ ഉണ്ടാകാതെ തടുക്കുന്നതു. രാജാവിന്റെയും ഗവർണ്ണമെന്റിന്റെയും ധർമ്മമാണെന്നു ഞാൻ പറഞ്ഞതും. അതുകൊണ്ടു ഞാൻ ഈ നിയമത്തെ പ്രതിഷേധിക്കുന്നില്ലെന്നു മാത്രമല്ല, രാജ്യത്തിൽ കലഹങ്ങളും മത്സരങ്ങളും ഉണ്ടാകാതെയിരിക്കാൻ ഇൻസ്ട്രക്ട്! ഒരു റെഗ്ലേഷൻ പാസ്സാക്കാൻ ബുദ്ധിമുട്ടാണെങ്കിൽ ഞാൻ ഗവണ്മെന്റിനെ അനുമോദിക്കുകയുംചെയ്യുന്നു.

സർ, വർത്തമാനപ്പത്രറഗ്ലേഷനെപ്പററി പല ആക്ഷേപങ്ങൾ കൊണ്ടുവന്നിട്ടുണ്ടു. എങ്കിലും ചില പത്രങ്ങൾ പ്രയോഗിച്ച ഭാഷനിമിത്തം അവയെ നിയന്ത്രണംചെയ്യേണ്ടതു ആവശ്യമാണെന്നുള്ള സംഗതി ആരും നിഷേധിച്ചിട്ടില്ല. ഒന്നാമത്തെ ആക്ഷേപം റഗ്ലേഷൻ പാസ്സാക്കിയവിധത്തെപ്പററിയാണു. ചീഫ്സെക്രട്ടറിയും അഡ്വക്കേറ്റ് ജനറൽ ഹൈക്കോർട്ടുവക്കീലും ഇക്കാര്യത്തിൽ നിയമസഭയുടെ അധികാരം പ്രയോഗിക്കാതെ രാജാവിന്റെ അധികാരം നേരിട്ടുപ്രയോഗിച്ചതിനു പ്രത്യേകകാരണമൊന്നും പറഞ്ഞതില്ലെങ്കിലും ഈ റഗ്ലേഷൻ പാസ്സാക്കിയവിധം അഭിനന്ദനീയമാണെന്നു ഞാൻ വീണ്ടു പ്രസ്താവിച്ചുകൊള്ളുന്നു. ഇങ്ങനെയല്ലെങ്കിൽ റഗ്ലേഷൻ ഈ സഭയിൽ ഹാജരാക്കുന്നതായാൽ ഈ സഭയുടെ അധികാരത്തിൽ പെടാത്ത സംഗതികളും പ്രസിദ്ധപ്പെടുത്തേണ്ടി വരുന്നതാകുന്നു. ഗവണ്മെന്റിനുവിരോധമായി, രാജദ്രോഹത്തോടടുത്ത പ്രസിദ്ധീകരണങ്ങൾ സഭയിൽ വായിക്കയും അവയെപ്പററി വാദപ്രതിവാദം നടത്തുകയും ചെയ്യേണ്ടിവരും. രാജാവിനെപ്പററിയുള്ള പ്രസ്താവനകളും രാജാവിനെപ്പററിയുള്ള ആക്ഷേപങ്ങളും സഭയുടെ ആലോചന വിഷയമാകാൻ പാടില്ല. രാജാവിന്റെ നടപടിയെപ്പററിയുള്ള ആക്ഷേപങ്ങളുടെ വ്യാഖ്യാനവും ഈ സഭയുടെ അധികാരത്തിൽ പെട്ടവയല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രാജാവിനെ ആക്ഷേപിച്ചതിനെസംബന്ധിച്ചു ഒരൊററ ഉദാഹരണം പറയാമോ എന്നു മെമ്പർ പറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഉദാഹരണം ഉണ്ടു

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു അതു നോക്കി കണ്ടുപിടിക്കുന്നതിനു കൃത്യമായ വിവരങ്ങൾ മെമ്പർ പറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ആവക പ്രസിദ്ധീകരണങ്ങൾ കണ്ടുപിടിക്കുന്നതിനു ഈ സഭയിലെ ഏതു മെമ്പർക്കും കഴിയുമെന്നു എനിക്കു നിശ്ചയമുണ്ടു. എന്നാൽ ചീഫ്സെക്രട്ടറി പറഞ്ഞ കാരണങ്ങളാൽ ആവക പ്രസിദ്ധീകരണങ്ങൾ ഈ സഭയിൽ ഉദ്ധരിച്ചു വായിക്കാതിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അവയിലെ സൂചനകൾ അത്ര ചീത്തയും വേദനപ്പെടുത്തുന്നവയുമാകുന്നു. അതു ആരെയെങ്കിലും ഞാൻ വായിച്ചുകേൾപ്പിക്കാതിരുന്നാൽ വരുന്ന ഏതു സങ്കടവും അനുഭവിപ്പാൻ ഞാൻ ഒരുക്കമാണു്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): തെങ്ങാക്കുതന്നെ വായിച്ചുനോക്കാൻ അവയെ കണ്ടുപിടിക്കുന്നതിനു വേണ്ടുന്ന വിവരങ്ങൾ മിസ്റ്റർ മാത്യു തരുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): പത്രങ്ങൾ സഭയിൽ കൊണ്ടുവന്നിട്ടു അവ തങ്ങളുടെ കൈവശം ഉണ്ടെന്നു പറഞ്ഞവരോടു മെമ്പർ ചോദിച്ചില്ല. സമുദായങ്ങളെ സംബന്ധിച്ചു പറയുന്ന അധിക്ഷേപങ്ങളും ഈ സഭയിൽ വാദപ്രതിവാദവിഷയങ്ങളാവാൻ പാടുള്ള സംഗതികളല്ല. അതു സമുദായസ്പർദ്ധ ഇല്ലാതാക്കുന്നതിനു പകരം വർദ്ധിപ്പിക്കുകയേയുള്ളു. അതുകൊണ്ടു ഈ റെഗ്ലേഷൻ ഈ സഭയിൽ ഹാജരാക്കാത്തതുകൊണ്ടു ഞാൻ ഗവണ്മെന്റിനെ അഭിനന്ദിച്ചുകൊള്ളുന്നു. സഭയിൽ അതിന്റെ യോഗ്യതാ യോഗ്യതകളെപ്പററിയുള്ളവാദം സമുദായഐക്യം വർദ്ധിപ്പിക്കുകയേയുള്ളുവല്ലോ.

മ: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഉദ്യോഗങ്ങളിൽ സമുദായപ്രാതിനിധ്യം വേണമെന്നുള്ള ക്ഷോഭവും ഈ സഭയിൽ നടന്നിട്ടുള്ള വാദങ്ങളും സമുദായസ്പർദ്ധയെ വർദ്ധിപ്പിച്ചിട്ടുണ്ടോ കുറച്ചിട്ടുണ്ടോ എന്നു മെമ്പർ പറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): സമുദായപ്രാതിനിധ്യത്തെപ്പററി ഈ സഭയിലെ വാദപ്രതിവാദവും സമുദായങ്ങളുടെ മതത്തേയും മതസ്ഥാപനങ്ങളേയും അവർ വിശുദ്ധമായി വിചാരിക്കുന്ന സത്യത്തെയും അധിക്ഷേപിച്ചു പത്രങ്ങളിൽ പ്രസിദ്ധംചെയ്യുന്ന ആക്ഷേപ ലേഖനങ്ങളും എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള സമർത്ഥിക്കുന്നതിനെപ്പററി ഞാൻ വളരെ ഖേദിക്കുന്നു. ഈ സഭയിൽ കൊണ്ടുവന്നിട്ടുള്ള വേറൊരാക്ഷേപം ശിക്ഷാനിയമം ഉള്ളപ്പോൾ വേറൊരുനിയമം പാസ്സാക്കിട്ടാവശ്യം ഇല്ലായിരുന്നു എന്നാണു്. പ്രസിദ്ധീകരണങ്ങളുടെ കർത്താക്കന്മാരെ പിടിച്ചുകൂട്ടുന്നതിനു ശിക്ഷാനിയമം വേണ്ടുവോളം വിശാലമാണെന്നാകുന്നു ആക്ഷേപകന്മാർ പറയുന്നതു്. യഥാർത്ഥത്തിൽ റഗ്ലേഷൻ പുതിയ കുററങ്ങളൊന്നും സൃഷ്ടിച്ചിട്ടില്ല. ഒരു പുതിയ നടപടി നിശ്ചയിച്ചിട്ടേയുള്ളു. ക്രിമിനൽ നടപടിനിയമത്തെ അനുകരിക്കാതെ പത്രപ്രവർത്തകന്മാരുടെമേൽ സമരിയായി നടപടികൾ നടത്തുകയാണു ഈ നവീനപദ്ധതിമൂലം സാധിക്കാവുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റഗ്ലേഷൻ യാതൊരു കുററവും നൂതനമായി സൃഷ്ടിച്ചിട്ടില്ലെന്നാണോ മെമ്പരുടെ അഭിപ്രായം എന്നു പറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): സാങ്കേതികമായി ചില കുററങ്ങൾ ഈ റഗ്ലേഷൻ സൃഷ്ടിച്ചിട്ടുണ്ട്. ലൈസൻസ് ദുർബലപ്പെടുത്തിട്ടുള്ള പത്രങ്ങൾ കൈവശം വെച്ചുകൊണ്ടിരിക്കുന്ന ഒരു അങ്ങനെയൊന്നാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും): അസത്യവൃത്താന്തപ്രചരണം റെഗ്ലേഷൻപ്രകാരം ഒരു സാങ്കേതികമായ കുററം മാത്രമാണോ എന്നു പറയുമോ?

മി: ടി. ജെ മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): പ്രചരണത്തെ ഈ റഗ്ലേഷൻ ഒരു കുററമാക്കീട്ടില്ല. അതു ഗവണ്മെൻറിന്റെ ലൈസൻസ് ദുർബലപ്പെടുത്താൻ അധികാരപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു. പത്രങ്ങളുടെ മേൽ സമരിയായി നടപടികൾ നടത്താൻ ഗവണ്മെൻറു നിശ്ചയിച്ചിട്ടുള്ളതിനെപ്പററി സന്ദർഭങ്ങൾ നോക്കിയാൽ ആ ഒരു മാർഗ്ഗത്തെ സ്വീകരിപ്പാൻ കഴിവുള്ള എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ബെങ്കാളത്തെ കാര്യം പിന്നെയും എടുക്കാം. സമുദായമത്സരം നിമിത്തമുള്ള ആപത്തിൽ ബങ്കാൾ കിടന്നു വലയുകയാണ്. അവിടെ അനേകം ലഹളകളും ഉണ്ടായിട്ടുണ്ട്. പത്രാധിപന്മാരെ വിസ്തരിച്ചു ശിക്ഷിക്കുന്നതായി നാം പത്രങ്ങളിൽ വായിക്കുന്നു. എങ്കിലും ദ്രോഹം ചെയ്തു കഴിഞ്ഞിരിക്കുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇതെല്ലാം മതത്തെ സംബന്ധിച്ചുള്ള വ്യത്യാസങ്ങൾ കൊണ്ടല്ലയോ എന്നും ഉദ്യോഗങ്ങളിൽ പ്രാതിനിധ്യം ലഭിക്കുന്നതിനെ സംബന്ധിച്ചുള്ള വ്യത്യാസങ്ങൾ കൊണ്ടാണോ എന്നും മെമ്പർ പറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മതവ്യത്യാസങ്ങൾ ആയിരത്തിലധികം വർഷങ്ങൾക്കു മുമ്പുതന്നെയുള്ളതാണ്. ഇക്കാലമെല്ലാം സമുദായങ്ങൾ സ്നേഹത്തിൽ തന്നെ വർത്തിച്ചിരുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇപ്രകാരമുള്ള ശത്രുത്വം തുടങ്ങീട്ടു കുറെകാലമായി എന്നാണോ മിസ്റ്റർ മാത്യു പറയുന്നതു?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ആയിരിക്കാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശണ്ഠകൾ ആരംഭിച്ചതും എപ്പോഴാണെന്നു പറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഏതാണ്ടിലാണെന്നു ഓർമ്മിക്കുന്നില്ല. ജാതിസ്പർദ്ധ ഉളവാക്കുന്നതിനു അന്യായം നടത്തുന്നതു സംഭവത്തിനു ശേഷമായാൽ അതുകൊണ്ടു യാതൊരുഫലവും ഉണ്ടാകയില്ല. റഗ്ലേഷന്റെ ഉദ്ദേശം ക്രിമിനൽ നടപടിനിയമത്തിലെ ദീർഘനടപടികൾകൊണ്ടു സാദ്ധ്യമാകയില്ല. അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതെ തടുക്കുന്നതിനാണ് റഗ്ലേഷൻ സമരി നടപടി നിശ്ചയിച്ചിട്ടുള്ളതു. റഗ്ലേഷൻപ്രകാരം സൃഷ്ടിക്കപ്പെട്ട പുതിയകുററങ്ങളെ സംബന്ധിച്ചു പറയുമ്പോൾ റഗ്ലേഷൻ പ്രകാരം നിരോധിക്കപ്പെട്ട പത്രങ്ങൾ കൈവശം വയ്ക്കുന്നതിനെപ്പററി എന്റെ സ്നേഹിതൻ മിസ്റ്റർ നാരായണപിള്ള സംസാരിക്കയുണ്ടായി. അതിനെപ്പററി പറയുന്നവകുപ്പിൽ കൈവശം ആ പത്രത്തെപ്പററി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിട്ടുണ്ടെന്നുള്ള അറിവോടു കൂടെയായിരിക്കണം എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. "കൈവശം" എന്നതിനു പത്രം ഒരു മനുഷ്യന്റെ സമീപത്തോ അവന്റെ വീട്ടിൽ എവിടെയെങ്കിലുമോ കണ്ടാൽ മതിയെന്നു അർത്ഥമില്ല. റഗ്ലേഷൻപ്രകാരം "കൈവശം" എന്ന പദത്തിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു, ഒന്നാമതു പത്രം ഒരുവന്റെ അധീനത്തിലായിരിക്കണം. രണ്ടാമതു ആ പത്രത്തെ സംബന്ധിച്ചു റഗ്ലേഷൻ ൭-ാം വകുപ്പിൻ പ്രകാരം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിട്ടുണ്ടെന്നുള്ള അറിവുണ്ടായിരിക്കണം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും): ഒരു കുററകൃത്യങ്ങൾ നിർവ്വഹിച്ചതിനു ശേഷമാണോ പോലീസുകാർ നടപടിനടത്തുന്നതു?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): വർത്തമാനപ്പത്ര റഗ്ലേഷൻ നാട്ടിൽ സമാധാനമുണ്ടാക്കുന്ന ഒരു നിയമമാണെന്നാണു എന്റെ ബലമായ അഭിപ്രായം. അതുകൊണ്ടു അതിനെ ഞാൻ ഹാർദ്ദമായി അനുകൂലിച്ചു കൊള്ളുന്നു.

മി: കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): സർ, അർദ്ധസത്യങ്ങൾ പൂർണ്ണഅസത്യങ്ങളെക്കാൾ ആപത്കരമാണെന്നു മഹാനായ ഒരു തത്വജ്ഞാനി പറഞ്ഞിരിക്കുന്നു. ഇന്നു ഇവിടത്തെ വാദവിഷയത്തെപ്പററി അനേകം സംഗതികൾ പൂർണ്ണനിശ്ചയത്തോടും സാധാരണതത്വങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. കൂട്ടുചേർന്നസ്വർണ്ണം കൃത്രിമവെളിച്ചത്തിൽ അധികമായി പ്രകാശിക്കുന്നതുപോലെ അനേകം അർദ്ധസത്യങ്ങളും കൃത്രിമസ്ഥിതികളിൽ ഭംഗിയായി തോന്നി എന്നുവരാം. വിഷയത്തെപ്പററി നാം ധൃതഗതിയായിവാദിക്കയും പ്രസ്താവനകൾ പരിശോധിച്ചു അവയുടെ ന്യൂനതകൾ ചൂണ്ടികാണിക്കുവാൻ കഴിവില്ലാതെ ഇരിക്കയും ചെയ്യുമ്പോൾ മെമ്പർമാർക്കു, പ്രത്യേകം വാഗ്വാദത്തിൽ പരിശീലനം പ്രാപിച്ചവർക്കു അർദ്ധസത്യങ്ങൾ തക്കമററസംഗതികളായി പറഞ്ഞു ഫലിപ്പിക്കാൻ എളുപ്പമാണ്. ഇങ്ങനെയുള്ള പ്രസ്താവനകൾ ഉണ്ടാക്കുമ്പോൾ കാര്യത്തിനു വേറെ വശങ്ങൾ ഇല്ലയോ എന്നും താൻ എല്ലാവശങ്ങളുടേയും പ്രാതിനിധ്യം വഹിക്കുന്നുണ്ടോ എന്നും ആലോചിക്കുന്നതു ഏററവും അഭിലഷണീയമായിരിക്കും. ഒരു ഭാഗത്തിരിക്കുന്ന എന്റെ സ്നേഹിതന്മാർ പൂർണ്ണസത്യങ്ങൾ പോലെ പലകാര്യങ്ങൾ പറയുന്നതു കേട്ടപ്പോൾ ഞാൻ ആശ്ചര്യപ്പെടുകയും പ്രത്യക്ഷമായി അവരുടെ ഒപ്പിയിൽ പെട്ടില്ലെന്നു തോന്നിയ ചില സംഗതികളെകുറിച്ചു വ്യസനവും ചെയ്തിരുന്നു. ഈ റഗ്ലേഷൻ പാസ്സാക്കിയപ്പോൾ ഉഷ്പ്രഭുത്വമോ അധികാരപ്രമത്തതയോ അവരുടെ മേൽ ആരോപിക്കത്തക്കവണ്ണം ഗവണ്മെൻറു അവരുടെ അധികാരം ദുരുപയോഗപ്പെടുത്തിയിരിക്കുന്നു എന്നുള്ളതു ഇവിടെ ഒരു സാധാരണസങ്കല്പമായിരുന്നു. ഉഷ്പ്രഭുത്വം കാണിക്കാൻ കഴിവുള്ളതു രാജാവിനോ ഗവണ്മെൻറിനോ മാത്രമാണെന്നു പറകപതിവാണ്. നിസ്സാരമായ ദ്രോഹികളുടെ നേതൃത്വത്തിൻ കീഴിൽ അനേകലക്ഷങ്ങൾ സംഖ്യമായിചേർന്നു രാജാക്കന്മാരെയോ ഗവണ്മെൻറുകളെയൊക്കാൾ അധികം ദോഷകരമായിട്ടോ ക്രൂരമായിട്ടോ ഉഷ്പ്രഭുത്വം കാണിക്കാവുന്നതല്ലെന്നു സാധാരണവിചാരമല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെമ്പർ പറയുന്നതു അർദ്ധസത്യങ്ങളോണോ പൂർണ്ണസത്യങ്ങളാണോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): അവ പരമസത്യങ്ങളാണെന്നു ഞാൻ പറഞ്ഞതില്ല. അവ പ്രത്യക്ഷസത്യങ്ങളാണെന്നും ഞാൻ പറഞ്ഞതില്ല. ഇതിൽ ഒരു തീർച്ചയുണ്ടാക്കുന്നതിനു സഹായമാകിരിക്കണമെന്നു കരുതിമാത്രം പറഞ്ഞതാണു. ഇതിനു ദൃഷ്ടാന്തമായി ഇന്നലെ ഇംഗ്ലണ്ടിൽ ഉണ്ടായ ഒരു സംഭവം പറയാം. ഇംഗ്ലണ്ടു പത്രങ്ങൾക്കു സ്വാതന്ത്ര്യം ഇല്ലാത്ത ഒരു രാജ്യമാണു. അതിന്റെ ഫലം എന്തായിരുന്നു. കൽക്കരിസംബന്ധിച്ചു പണിമുടക്കം ഉണ്ടായപ്പോൾ വേലക്കാരുടെ സംഘത്തിൽ അധികം പേരും സമുദായത്തെ മുഴുവനും വിധമാക്കിക്കണമെന്നുവിചാരിച്ചു. തൊഴിലാളികളുടെ സഹായത്തിനുള്ള ഒരാൾ തന്നെ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഗുണപ്രയോഗത്തെപ്പറ്റി അതിരിക്കാനുള്ള നിബന്ധനകളോടുകൂടി തങ്ങൾക്കു ഇഷ്ടമുള്ള എന്തും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ എല്ലാ പൌരന്മാർക്കും കൊടുത്തിട്ടുള്ള അനുവദിക്കുന്ന പത്രസ്വാതന്ത്ര്യം, നിയമപ്രകാരമുള്ള നിബന്ധനകളോടുകൂടിയുള്ള സംസാരസ്വാതന്ത്ര്യത്തോടു തന്നെ അതും അനുവദിക്കപ്പെടേണ്ടതാണു. ഇതിന്റെ ഫലം വിചാരസ്വാതന്ത്ര്യവും അതിന്റെ ഫലം അഭിപ്രായപ്രകടന സ്വാതന്ത്ര്യവും ആകുന്നു. എന്നാൽ വർത്തമാനപ്പത്രങ്ങൾ അഭിപ്രായപ്രകടനമാർഗ്ഗങ്ങൾ മാത്രമല്ല. അഭിപ്രായങ്ങൾക്കു അടിസ്ഥാനമായ സംഗതികൾ പ്രസിദ്ധപ്പെടുത്തുന്നതും വർത്തമാനപ്പത്രങ്ങളാണ്. രാഷ്ട്രീയകാര്യങ്ങളിൽ തങ്ങളെസംബന്ധിച്ചുള്ള സംഗതികളറിവാൻ പൌരന്മാർക്കുള്ള അവകാശം ആകുന്നു ആ സ്വാതന്ത്ര്യത്തിനുള്ള പ്രധാന സമാധാനം. ഈ വൃത്താന്തങ്ങൾ പരിവായി വിരൂപമാക്കിക്കളകയൊ മറച്ചു അമർത്തിക്കളകയൊ ചെയ്യുമ്പോൾ വൃത്താന്തങ്ങളുടെ സത്യവും നിഷ്പക്ഷവുമായ വിവരണങ്ങൾ പത്രങ്ങളിൽ കാണാനില്ലെന്നു വരികയോ ചെയ്യുമ്പോൾ പത്രസ്വാതന്ത്ര്യത്തെ പററിയുള്ള ചിന്ത പ്രത്യക്ഷമായി കുറഞ്ഞുപോകുന്നു."

ഈ വാദവിഷയത്തെ സംബന്ധിച്ചു ഒരു തീരുമാനമുണ്ടാക്കുമ്പോൾ ഈ അഭിപ്രായവും ആലോചനാവിഷയമാകേണമെന്നു ഞാൻ വിശ്വസിക്കുന്നു. പൊതുജനാഭിപ്രായത്തെപ്പററി ആലോചിക്കണമെന്നു ഗവർണ്ണർക്കു പിന്നെയും പിന്നെയും ഉപദേശിക്കാറുണ്ട്. ഏതെങ്കിലും വിഷയത്തെപ്പററി സത്യമായ അഭിപ്രായം എന്താണെന്നാണു ഞാൻ ആഗ്രഹിക്കുന്നതു. എന്റെ അഭിപ്രായം ഒന്നായിരിക്കും, എന്റെ സ്നേഹിതന്മാരുടെ അഭിപ്രായം വേറൊന്നായിരിക്കും. പൊതുജനാഭിപ്രായം അറിയുന്ന കാര്യത്തെ സംബന്ധിച്ചു പാശ്ചാത്യരുടെ ഇടയിൽ പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ളതും ഇൻഡ്യക്കാരായ നാം പരിശീലിക്കാൻ ആരംഭിച്ചുള്ളതുമായ ഒരു സമ്പ്രദായത്തെ, അതായതു അവിടെ ജനങ്ങളെ വഞ്ചിച്ചു അവരിൽ അബദ്ധവിശ്വാസങ്ങൾ ജനിപ്പിക്കുന്നതിനു കൂട്ടുകെട്ടുകൾ ഉണ്ടാക്കുന്ന ഒരു സമ്പ്രദായത്തെ, ഈ സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു. ഇതിന്റെ ഒരു ദൃഷ്ടാന്തം പറയാം. ഒരു കോടീശ്വരനായ അമേരിക്കൻ നടത്തുന്ന അനേകം പത്രങ്ങൾ സംഘം കൂടി സ്പെയിൻകാരുടെ ഉപനിവേശരാജ്യങ്ങളിലേക്കെല്ലാം പത്രറിപ്പോർട്ടന്മാരെ അയക്കയും അവർ അവരവരുടെ സ്ഥലങ്ങളിൽ എന്തുന്നതിനുമുമ്പായി സ്പെയിനുമായിട്ടു ഒരു യുദ്ധം ആരംഭിപ്പിച്ചുകൊള്ളാമെന്നു അവരോടു പറഞ്ഞയക്കയുംചെയ്തു. ഇങ്ങനെയുണ്ടായതാണു അമേരിക്കയും സ്പെയിനും തമ്മിലുണ്ടായയുദ്ധം. ഇതൊരു ചരിത്രസംഭവമാണു. സ്വാതന്ത്ര്യം നല്ലതാണെന്നു നാം പറയാറുണ്ടു; എന്നാൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാമെന്നു നാം വിചാരിക്കണം. പരിപൂർണ്ണസ്വാതന്ത്ര്യം ഉള്ള രാജ്യം എവിടെയുണ്ട്? സ്വാതന്ത്ര്യം നല്ലതുതന്നെ. എന്നാൽ സമുദായത്തിൽ മററു സദ്ഗുണങ്ങൾ അഭിവൃദ്ധി പ്രാപിക്കുന്നതിനനുസരിച്ചു വേണം സ്വാതന്ത്ര്യവും അഭിവൃദ്ധിപ്പെട്ടുവരാൻ. ഒരു ചെറിയ കുട്ടിയുടെകയ്യിൽ ഒരായുധം കൊടുത്താൽ—

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സ്വാതന്ത്ര്യം തടുക്കണമെന്നാണോ പറയുന്നതു?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): തീർച്ചയായിട്ടും തടുക്കണം. വിദ്യാർത്ഥികൾ അധികാരത്തിനു കീഴടങ്ങാത്തപ്പോൾ അങ്ങനെ ചെയ്യണമെന്നു മിസ്റ്റർ പണിക്കർക്കുതന്നെ അറിയാമല്ലോ. സ്വാതന്ത്ര്യം വഴി തെററിപ്പോകുമ്പോൾ അതിനെ തടുക്കതന്നെവേണം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വഴി തെററിപ്പോകുമ്പോൾ മാത്രമല്ല.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): ഒരു വിദ്യാർത്ഥി താൻ നിശ്ചയിച്ചവഴിയെ പോകണമെന്നു വിചാരിക്കുമ്പോൾ അദ്ധ്യാപകന്നു താൻ നിശ്ചയിക്കുന്നവഴിയെ ആ വിദ്യാർത്ഥി പോകണമെന്നു നിർബന്ധിക്കാൻ അവകാശമുണ്ട്. മിസ്റ്റർ പണിക്കർ വിദ്യാർത്ഥി ആയിരുന്നകാലത്തു ഒരു പ്രവൃത്തിമാർഗ്ഗം സ്വീകരിച്ചിട്ടുള്ളതും ഞാൻ അതു സമ്മതിക്കാതെ വേറൊരു മാർഗ്ഗത്തിൽക്കൂടി പ്രവർത്തിപ്പിക്കാൻ എന്റെ അവകാശം പ്രയോഗിച്ചിട്ടുള്ളതും ഓർമ്മയുണ്ടായിരിക്കും. അദ്ദേഹം അന്നു എന്റെ അധികാരം സമ്മതിക്കേണ്ടിവന്നു. പൂർണ്ണമായ സ്വാതന്ത്ര്യം പെട്ടെന്നു കിട്ടണമെന്നു അവകാശപ്പെടാനോ കിട്ടിയാൽ അനുഭവിപ്പാനോ കഴികയില്ല. അതു ക്രമേണ വളർന്നുവരേണ്ടതാണു. ഇംഗ്ലണ്ടിലും അമേരിക്കയിലും സ്വാതന്ത്ര്യം ക്രമേണ വളർന്നുവന്നതാണെന്നു നമുക്കറിയാമല്ലോ. പരിതസ്ഥിതികൾക്കുവേണ്ട വളർച്ചവരാതെ അവിടെയുള്ളതിനു സമം സ്വാതന്ത്ര്യം നമുക്കിവിടെയുണ്ടാകാൻപാടില്ല. ഒരു ചെറിയ കുട്ടിയുടെകയ്യിൽ മൂർച്ചയുള്ള ഒരായുധമോ ആന്തന്റെ കയ്യിൽ നിറച്ചതോക്കോ കൊടുക്കാൻപാടില്ല. അങ്ങനെകൊടുത്താൽ മററുള്ളവർക്കു ആപൽക്കരമായിരിക്കും. അപ്രകാരംതന്നെ സ്വാതന്ത്ര്യം എന്നു പറയുമ്പോൾ എന്തുമാതിരി സ്വാതന്ത്ര്യത്തെപ്പററിയാണ് നാം വിചാരിക്കുന്നതു, നാം ഉദ്ദേശിക്കുന്ന സ്വാതന്ത്ര്യം ഇംഗ്ലണ്ടിൽ നാം കാണുന്ന സ്വാതന്ത്ര്യം ആകണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. സ്വാതന്ത്ര്യം നിഷ്കൃഷ്ടരൂപത്തിൽ ഉള്ളതു ഇംഗ്ലണ്ടിലാണെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഇംഗ്ലീഷുകാർക്കു ആ സ്വാതന്ത്ര്യം ലഭിച്ചതു അവർ അതിനാവശ്യപ്പെട്ടതുകൊണ്ടു മാത്രമൊ അതിനായി കുറച്ചുകാലം പ്രക്ഷോഭനം നടത്തിയതുകൊണ്ടുമാത്രമൊ അല്ല അവർ അവരുടെ ഇപ്പോഴത്തെ സ്വാതന്ത്ര്യം പ്രാപിച്ചതു. അനേകശതാബ്ദങ്ങൾ അനേകവർഷം കിഷ്ടത സഹിച്ചതുകൊണ്ടും പടിപടിയായിട്ടും ആകുന്നു. "ഇംഗ്ലണ്ടിനു ഈ സ്വാതന്ത്ര്യം മൂലം ഏതും ഉണ്ടായിട്ടുള്ള സ്ഥിതിക്കു നാം അതിന്നായി താമസിച്ചിട്ടു കാര്യമെന്തു" എന്നു പല്ലവരു ചോദിക്കുമായിരിക്കാം. നാം അതിന്നു യോഗ്യന്മാരാകേണ്ടതിനാണെന്നു ഞാൻ പറയുന്നു. ചിലർ ചില കാര്യങ്ങൾ അനുഭവിക്കുന്നുണ്ട്. നമുക്കു ആ കാര്യങ്ങൾ കിട്ടുന്നതിനു അനാദി കാരണമായി ഭവിക്കാൻപാടില്ല. പണത്തിനായോ മറെറ വല്ലതിനായുമോ സംബന്ധിച്ചു എനിക്കുള്ള സ്വാതന്ത്ര്യം എന്റെ മകനും അനുഭവിക്കുന്നതെന്നുണ്ടോ? പണത്തിന്റെയും ആയുധത്തിന്റെയും സംഗതിയിലെന്നപോലെ ഏതൊരു കാര്യത്തിലും ഒരാൾക്കു അതിനെ അനുഭവിപ്പാനുള്ള യോഗ്യതപോലെ കൊടുത്താൽ മതി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : സ്വാതന്ത്ര്യത്തെ കുറയ്ക്കുണ്ടതു ആരാണ്?

മി. കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക്) : അദ്ധ്യാപകൻ മക്കളുടെ സ്വാതന്ത്ര്യത്തെയും അദ്ധ്യാപകൻ വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യത്തെയും തടുക്കുന്നതുപോലെ നമ്മുടെ സ്വാതന്ത്ര്യത്തെ ഏറെക്കുറെ തടുക്കേണ്ടതു ന്യായമായി സ്ഥാപിച്ചിട്ടുള്ള ഗവർണ്ണമാരാണു. രഹസ്യം അന്യോന്യബന്ധമുണ്ട്. ഹൈക്കോടതി അവസാനമായി ഒരു വിധികല്പിക്കട്ടെ എന്നാൽ ഹൈക്കോടതിയുടെ അഭിപ്രായത്തെ ക്രമേണ നടിക്കുന്നതിനു നാട്ടിൽ സംസ്കരിച്ച പൊതുജനാഭിപ്രായം ഉണ്ടായിരിക്കണം എന്നാണു അവസാനത്തേതു. ഏതാണു പരമാധികാരം എന്നിങ്ങനെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നാൽ കാര്യത്തിനവസാനമില്ലാതെ കിടക്കുകയേയുള്ളു. അതുകൊണ്ടു മി. നാരായണപിള്ളയെപ്പോലെയുള്ള ഒരു നിയമജ്ഞനാൽ ഇത്തരം ഉട്ടിപ്പോകുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : എന്റെ സ്നേഹിതനോടു ഞാൻ മാപ്പു ചോദിച്ചുകൊള്ളുന്നു. അദ്ദേഹത്തോടു ഒരു ചോദ്യംകൂടി ചോദിച്ചുകൊള്ളുന്നു. ഗവർണ്ണർമാരിന്റെ സ്വാതന്ത്ര്യത്തെ തടുക്കണമെന്നു മി. മാമ്മൻമാപ്പിളക്കു ആഗ്രഹമുണ്ടോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക) : അതുതന്നെയല്ലെ നാം ചെയ്യുന്നതു്. നിയമസംബന്ധമായി നാം ഇവിടെ ചെയ്യുന്നതെല്ലാം ഗവർണ്ണർമാരിന്റെ സ്വാതന്ത്ര്യത്തെ കുറയ്ക്കുകയാകുന്നു. നാം ഗവർണ്ണർമാരെയും ഗവർണ്ണർമാരിന്റെ ഉദ്യോഗസ്ഥന്മാരെയും ആക്ഷേപിക്കുന്നു. യോജിച്ചുള്ള എല്ലാ സമുദായത്തിന്റെയും ശ്രമം ഗവർണ്ണർമാരിന്റെ സ്വാതന്ത്ര്യം കുറയ്ക്കാനാണ്. ഗവർണ്ണർമാരിന്റെ അധികാരങ്ങളെല്ലാം തങ്ങൾക്കു കിട്ടുന്നതുവരെ ഗവർണ്ണർമാരിന്റെ ഓരോ അധികാരങ്ങളും ക്രമേണ തങ്ങൾക്കു വിട്ടുകൊടുപ്പിക്കണമെന്നാണു അവരുടെ ഉദ്ദേശം. എന്നാൽ ഗവർണ്ണർമാരിന്റെ എല്ലാ അധികാരങ്ങളും ഒന്നോടെ എടുത്തുകളയണമെന്നോ ഗവർണ്ണർമാരിന്റെ അധികാരങ്ങൾ മുഴുവനും ഒന്നോടെ ജനങ്ങൾക്കു കൊടുക്കണമെന്നോ പറയാൻ പാടില്ല. ഒന്നാമതായി നാം അതിന്നായി ഒരുങ്ങണം. ഒരു മനുഷ്യൻ വീടു പണിയാൻ പണമുണ്ടാക്കുന്നതിനു മുമ്പു വീടലങ്കരിക്കാൻ വില പിടിച്ച സാമാനങ്ങൾ വാങ്ങിയാൽ അവൻ ചെയ്യുന്നതു ദോഷമായി വിചാരിക്കപ്പെടും. അപ്രകാരംതന്നെ ഇൻഡ്യയിൽള്ള ജനങ്ങളെപ്പററി നാം ചിന്തിക്കുകതന്നെ. സമുദായമത്സരങ്ങളെയും ബുദ്ധിശക്തിയിലും സമുദായസ്ഥിതിയിലുമുള്ള വലിയ വ്യത്യാസങ്ങളെയും പററി നാം ഗൌനിക്കണം. അധികമധികം സ്വാതന്ത്ര്യം പ്രാപിപ്പാൻ തീർച്ചയായും നാം ശ്രമിക്കണം, എന്നാൽ അതോടുകൂടെ ആ സ്വാതന്ത്ര്യം ലഭിക്കാൻ നാം അധികമധികം യോഗ്യത പ്രാപിപ്പാനും ശ്രമിക്കണം. സ്വാതന്ത്ര്യം വളരെ നല്ലതുതന്നെ, എന്നാൽ ആ സ്വാതന്ത്ര്യത്തിനു എന്തു വില കൊടുത്തു എന്നും അതു സമ്പാദിച്ചതെങ്ങനെയാണെന്നുംകൂടെ നാം അറിയണം. ഗവർണ്ണർമാരിനെ കേവലം കീഴടക്കാൻ വിചാരിക്കുന്നതിനു മുമ്പെ പ്രസ്തുത വിഷയത്തിന്റെ ഈ വശംകൂടെ നാം നോക്കണം.

മി. ജി. രാമൻ മേനോൻ (മാരവലിക്കരയും-കാർത്തികപ്പള്ളിയും) : നാം അനുഭവിച്ചുവന്ന സ്വാതന്ത്ര്യത്തെ എടുത്തു കളയുമ്പോൾ നാം ക്ഷോഭിക്കുന്നതു സ്വാഭാവികമല്ലയോ?

മി. കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും-വ്യവസായവും, വടക്ക്) : സ്വാതന്ത്ര്യം എടുത്തുകളയുമ്പോൾ ക്ഷോഭിക്കുന്നതും കൂടുതൽ സ്വാതന്ത്ര്യത്തിന്നാവശ്യപ്പെടുന്നതും സ്വാഭാവികംതന്നെയാണെന്നു ഞാൻ വിചാരിക്കുന്നു.

ഒരു കാര്യത്തിൽ ഒരു പരിധിവിട്ടു പ്രവർത്തിക്കുന്ന പക്ഷം മററു കാര്യങ്ങളിലും അപ്രകാരം പ്രവർത്തിക്കുന്നതിനിട വരുന്നതാണ്. ഇതു ഞാൻ സഭയുടെ ദൃഷ്ടിയിൽ പെടുത്താൻ ആഗ്രഹിക്കുന്ന വേറൊരു സംഗതിയാകുന്നു. ഇതിന്റെ ഒരു ശ്രുതിപ്പെട്ട ദൃഷ്ടാന്തം ഫ്രാൻസിലെ രാജ്യവിപ്ലവമാണ്. അന്നത്തെ അവിടത്തെ ഭരണകർത്താക്കന്മാരുടെ നിഷ്ഠുരശാസനം നിമിത്തം ജനങ്ങൾ ഇളകി സ്വാതന്ത്ര്യത്തിന്റെ പേരുപറഞ്ഞുകൊണ്ടു അവരും അനേകം ക്രൂരപ്രവൃത്തികൾ ചെയ്തു. ഇതുതന്നെയാണു നാം ഇപ്പോൾ റഷ്യയിലും കാണുന്നതു്. അവിടത്തെ ജനങ്ങൾ ഭൂരിപക്ഷം ആളുകളുടെ പേരു പറഞ്ഞുകൊണ്ടു കണക്കില്ലാത്ത കഠോരപ്രവൃത്തികളും നിഷ്ഠുരകൃത്യങ്ങളും ചെയ്തുവരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള) : ഈ വാദം ഇരുപക്ഷത്തേക്കും ചേരുന്നതല്ലയോ എന്നു മി. മാമ്മൻമാപ്പിളയോടു ചോദിച്ചുകൊള്ളുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും-വ്യവസായവും, വടക്ക്) : അല്ലെന്നു ഞാൻ പറയുന്നില്ല. മി. ശിവരാമപ്പണിക്കരും അദ്ദേഹവും കൊണ്ടുവന്ന വാദങ്ങളും ഇരുപക്ഷത്തിനും പററുന്നതാണെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. എന്നാൽ അതിനു ഈ ഒരുവശമേയുള്ളു എന്നു ഞാൻ വിചാരിക്കുന്നില്ല. ഈ അഭിപ്രായങ്ങൾ പരമസത്യങ്ങളാണെന്നുള്ള ഭാവത്തിലല്ല ഞാൻ പ്രസ്താവിക്കുന്നതെന്നും വീണ്ടും പറഞ്ഞുകൊള്ളുന്നു. പ്രസ്തുത വിഷയത്തെ സംബന്ധിച്ചു ഒരു തീർച്ചയുണ്ടാക്കുന്നതിനു മുമ്പു ഞാൻ ഒരു വശത്തുനിന്നു പറയുന്ന അഭിപ്രായവും ആലോചനയിൽ എടുക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. കൈത്തോക്കുനിറച്ചു പിടിച്ചുകൊണ്ടു ഒരു മനുഷ്യൻ നില്ക്കുന്നു. ചില കുട്ടികൾ അടുത്തു ചെന്നു ചീത്തപറഞ്ഞും കല്ലെടുത്തെറിഞ്ഞും അവനെ കോപിപ്പിക്കാൻ നോക്കുന്നു. ഒടുവിൽ ആ മനുഷ്യൻ കോപാന്ധനായിട്ടു തോക്കെടുത്തു അവരിൽ ചിലരെ വെടി വച്ചാൽ—ആ മനുഷ്യന്റെ അവിവേകത്തിനായി പിന്നീടു അയാളെ ശിക്ഷിക്കുമെങ്കിലും—അവന്റെ കുററത്തെ ലഘുവായി വിചാരിക്കുന്നതിനു സംഗതിയില്ലയോ? കഴിഞ്ഞ ചില വർഷങ്ങളായി ഇവിടെയുള്ള പത്രങ്ങളെ ഞാൻ വായിച്ചുവരികയാണ്. അവ അതിരുകടന്നു വർത്തിച്ചിട്ടുണ്ടെന്നു നമ്മിൽ പലർക്കും തോന്നിട്ടുണ്ടായിരിക്കണം. എന്നാൽ പരസ്യമായി പ്രസ്താവിക്കാൻ ആർക്കും ധൈര്യമുണ്ടായില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ഭരണങ്ങാനവും) : ഇതിനെപ്പററി ഗവർണ്ണർക്കു കുപിതരായോ എന്നു മെമ്പർ പറയുമോ?

മി. കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും-വ്യവസായവും, വടക്ക്) : ഇതിനെപ്പററി ഗവർണ്ണർമാരിന്റെ മനസ്ഥിതി എന്താണെന്നു എനിക്കറിവില്ല. അതറിയുന്നതിനു ഗവർണ്ണർമാരിനോടുതന്നെ ചോദിക്കണം.

ഗവണ്മെന്റ അതിക്രമങ്ങൾ കാണിച്ചെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെന്റിനെ അസൌകര്യപ്പെടുത്തുന്നതിനും നിന്ദിക്കുന്നതിനും ഭേദത്തിനു വിഘടനയുണ്ടാക്കുന്നതിനും— ഗവണ്മെന്റിനു അധികാരമുണ്ടെന്നും നാം പൊതുജനാഭിപ്രായം ദുരുപയോഗം ചെയ്യുന്നതു അസഭ്യരൂപത്തിലായിരിക്കരുതെന്നും നാം ഓർക്കണം.— നാം ഗവണ്മെന്റിനേയും രാജാവിനേയും ഗവണ്മെന്റുദ്യോഗസ്ഥന്മാരേയും ആക്ഷേപിക്കുമ്പോൾ ഗവണ്മെന്റിനു അവർക്കുള്ള അധികാരം പ്രയോഗിക്കാവുന്നതാണെന്നു നാം ധരിക്കേണ്ടതാണ്. ഗവണ്മെന്റ ചില പ്രാവശ്യം അതിരുകടന്ന അവരുടെ അധികാരം ദുരുപയോഗം ചെയ്യാറുണ്ട്. എന്നാൽ പത്രങ്ങളുടെ അതിക്രമങ്ങളെപ്പററി നാം മൌനം ദീക്ഷിക്കുന്നിടത്തോളം നാം ഗവണ്മെന്റിന്റെ പ്രവൃത്തിയെ പ്രതിഷേധിക്കുന്നതു യോഗ്യമായിരിക്കയില്ല. മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള പറഞ്ഞപ്രകാരം നാം നമ്മുടെ സഹോദരന്മാരായ പ്രവർത്തകന്മാർ അവരുടെ ജോലി ശരിയായിട്ടല്ലാണു ചെയ്യുന്നതെന്നു പരിഷേധിക്കുകയാണു; അവർ അങ്ങനെയായിട്ടല്ല ചെയ്യുന്നതെങ്കിൽ ശരിയായ പൊതുജനാഭിപ്രായമുണ്ടാക്കുവാൻ ശ്രമിക്കുക. അപമാനം ഭയന്നിട്ടു ഇങ്ങനെത്തു ജനഹിതമനുസരിച്ചല്ലാത്ത ഒരു അഭിപ്രായം പ്രസ്താവിപ്പാൻ പ്രയാസമുണ്ട്. ചുരുക്കം ചിലർ മാത്രമെ അങ്ങനെ അഭിപ്രായം പറവാൻ തുനിഞ്ഞിട്ടുള്ളു. ഇവിടത്തെ സ്ഥിതികളും ഇംഗ്ലണ്ടിലെ സ്ഥിതികളും തമ്മിൽ പലതരത്തിൽ വ്യത്യാസമുണ്ട്. തെരുവുവീഥിയിൽ വച്ച് ആരെങ്കിലും ഒരു കുററം ചെയ്തിട്ടു ഓടിപ്പോകുന്നു എന്നിരിക്കട്ടെ. ഇംഗ്ലണ്ടിലാണെങ്കിൽ കാണുന്ന ജനങ്ങളെല്ലാം അവനെ പിടിക്കുന്നതിനായി അവന്റെ പിന്നാലെ ഓടും. അങ്ങനെയാണു അവരുടെ വിദ്യാഭ്യാസരീതി. അങ്ങനെ ഒരു പ്രവർത്തനരീതി ഈ നാട്ടിൽ പൂർണ്ണമല്ലാണ്. ഇവിടെ നാം ഒഴുക്കിനനുസരണമായി പ്രവർത്തിക്കയും ഉച്ചത്തിൽ സംസാരിക്കുന്നവർ ആരെയെങ്കിലും അനുകൂലിച്ചു സംസാരിക്കയും ചെയ്യുന്നവരാകുന്നു. അപ്രകാരമുള്ള ജനപ്രീതി നമുക്കു ലഭ്യമായില്ലെങ്കിലും നിന്ദയ്ക്കു പാത്രമാകരുതെന്നാണ് നമ്മുടെ നോട്ടം. ഇങ്ങനെയൊരു ലോകരോഷത്തിനു ഞാൻ പാത്രമാണെന്നു എന്റെ സ്നേഹിതന്മാർ സമ്മതിക്കയില്ലായിരിക്കാം എങ്കിലും അനാവശ്യമായി നിന്ദയ്ക്കു പാത്രമാകുമെന്നുള്ള ഭയം പലകാര്യങ്ങളിൽനിന്നും നമ്മെ വിരമിപ്പിച്ചിട്ടുണ്ടെന്നു വിചാരിക്കാതെ നിവൃത്തിയില്ല; ഇപ്രകാരമുള്ള ഒരു സമ്പ്രദായംമൂലം പീഡ നേരിട്ടേക്കുമെന്നുള്ള ഭയം ഒരു ഗൌരവസംഗതിതന്നെ. അങ്ങനെയുള്ള കുഴപ്പങ്ങളുടെ ശക്തി കുറയ്ക്കുന്നതിനു നാം യത്നിക്കേണ്ടതു അത്യാവശ്യമാണ്. അബദ്ധാഭിപ്രായങ്ങൾ ഇനിപ്പിക്കുന്നതിനുള്ള ശേഷിയെ തടുക്കുന്നതിനു ഇംഗ്ലണ്ടിലും അമേരിക്കയിലും വിഷമമാണ്. ഇന്ത്യയിലെ സ്ഥിതിയെപ്പററി ഇംഗ്ലണ്ടിലെ ജനങ്ങൾക്കു ശരിയായ അറിവുണ്ടാകാതിരിപ്പാൻ അവിടെ ഇൻഡ്യൻകാര്യങ്ങളെപ്പററി അസത്യവൃത്താന്തപ്രചാരണം ചിലർ നടത്തുന്നുണ്ടെന്നു നാം പലപ്പോഴും പരാതി പറയാറുണ്ടല്ലോ,

പ്രസിഡന്റ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ്): എന്റെ പ്രസംഗത്തിന്റെ അവതാരിക ഞാൻ പറഞ്ഞുകഴിഞ്ഞില്ല.

പ്രസിഡന്റ്: നിങ്ങൾ പതിനേഴുമിനിട്ടു നേരത്തേക്കു സംസാരിച്ചിരിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ്): സഭാമുമ്പാകെ പ്രസ്താവിക്കുന്നതിനായി ഞാൻ ചില സംഗതികൾ കുറിച്ചുവച്ചിട്ടുണ്ട്. പത്രറഗുലേഷനെപ്പററി ഇത്രയധികം ഭേദമുണ്ടാകുവാനുള്ള പ്രധാനകാരണം ഈ സംഗതികളാണ്. ഇവനിയമങ്ങൾ ഉണ്ടാക്കാനുള്ള രാജാവിനുള്ള അധികാരവും നിയമത്തിന്റെ സ്വഭാവവുമാകുന്നു നിയമമുണ്ടാക്കാൻ രാജാവിനുള്ള അധികാരത്തെയാണ് നാം പ്രതിഷേധിക്കുന്നതെങ്കിൽ ന്യായമല്ല. എന്തെന്നാൽ ആ അധികാരം രാജാവു ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. ആ അധികാരം എല്ലായ്പ്പോഴും പ്രയോഗിച്ചിട്ടുള്ളതാണ്. ലാമെമ്പർ പ്രസ്താവിച്ചപ്രകാരം നാം ആലോചനകൾ നടത്തുന്ന ഇന്നത്തേതെന്നെയും ആ അധികാരം പ്രയോഗിച്ചതിന്റെ ഫലം ആകുന്നു. ഈ അധികാരം ക്രമേണ ഉപേക്ഷിക്കേണ്ടതാണെന്നു നമുക്കു മഹാരാജാവിനോടു ബോധിപ്പിക്കാം. ഇതൊരു പുതിയ കാര്യമാണു, മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത കാര്യമാണു, നിരീക്ഷിക്കാൻ കേവലം പാടില്ലാത്ത കാര്യമാണ്, എന്നൊക്കെ നാം ഇപ്പോൾ പറയുന്നതു എന്തിനാണു എന്നുമാത്രമല്ല ഈ അധികാരം ഇൻഡ്യയിലെ എല്ലാരാജ്യങ്ങളിലും പലപ്രാവശ്യം ഒരുപ്രാവശ്യം എന്നുപറയാം ഉപയോഗിച്ചിട്ടുള്ളതാണ്. മൈസൂരിലെ റഗുലേഷൻ ഇവിടെ എന്റെകൈൽ ഉണ്ട്. അതു നമ്മുടെ ഇപ്പോഴത്തെ റഗുലേഷനേക്കാൾ പത്തുമടങ്ങു കഠിനമാണ്. തിരുവിതാംകൂർ റഗുലേഷനു കുററംപറയുന്നതിനു മുമ്പായി നമ്മിൽ ഓരോരുത്തരും മൈസൂർറഗുലേഷൻ പഠിക്കണം ചെയ്തിട്ടുണ്ടാകണം. അതു ഇതിനേക്കാൾ വളരെ അധികം കഠിനമാണ്. തിരുവിതാംകൂറിനേക്കാൾ ഇന്ത്യക്കു അധികം സ്വാതന്ത്ര്യം അനുഭവിച്ചിട്ടുള്ള വേറൊരു നാട്ടുരാജ്യം ഇൻഡ്യയിൽ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല, ഇൻഡ്യയിലെ മററുജനങ്ങൾ അനുഭവിക്കുന്നതിലധികം സ്വാതന്ത്ര്യം നമുക്കുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): മൈസൂരിൽ ഒരു കഠിനനിയമം ഉള്ളതുകൊണ്ടു തിരുവിതാംകൂറിലും അതിനെപ്പോലെ ഒന്നു വേണമെന്നാണോ മെമ്പർ പറയുന്നതു?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ്). ഞാൻ അങ്ങനെ പറയുന്നില്ല മററുരാജ്യങ്ങളിലുള്ളവയോടു താരതമ്യപ്പെടുത്തി നോക്കി ഇവിടത്തേക്കു യുക്തമായിട്ടുള്ളതെന്താണെന്നു നാം കണ്ടുപിടിക്കണമെന്നു മാത്രമാണ് എന്റെ ആഗ്രഹം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും): നിയമം പാസ്സാക്കിയവിധവും അങ്ങനെയാണോഎന്നു മെമ്പർ പറയുമോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വകുപ്പ്): അതിനെക്കുറിച്ചു എന്റെ അഭിപ്രായം ചോദിക്കയാണെങ്കിൽ, അതു ഗവണ്മെന്റിന്റെകയ്യിൽതന്നെ വിട്ടുകൊടുക്കയാണുത്തമം എന്നാണു എനിക്കു പറവാനുള്ളതു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഫ്രാൻസിലെ നിയമസഭാ റഗുലേഷൻ പാസ്സാക്കിയതിന്റെ ശേഷം നിയമസഭയുടെ അധികാരത്തിൽപെട്ട കാര്യങ്ങളെ സംബന്ധിച്ചു നിയമസഭാമുഖാന്തരമല്ലാതെ നേരിട്ടു നിയമം പാസ്സാക്കുന്നതിനുള്ള അധികാരം എപ്പോഴെങ്കിലും രാജാവുതന്നെ പ്രയോഗിച്ചു ഒരു ഉദാഹരണം മിസ്റ്റർ മാമ്മൻ മാപ്പിള പറയുമോ?

മി: കെ. സി: മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): നിയമസഭയെ സ്ഥാപിക്കുന്നതിനു മുമ്പു നിയമങ്ങൾ നിർമ്മിച്ചതു രാജാവിന്റെ അധികാരപ്രകാരം ആയിരുന്നു. നിയമസഭയെ സ്ഥാപിച്ചശേഷവും നിയമങ്ങൾ ഉണ്ടാക്കാനുള്ള അധികാരം രാജാവു പ്രത്യേകമായി കരുതിയിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മൈസൂരിലെ പത്രനിയമം പാസ്സാക്കിയതു രാജാവിന്റെ അധികാരം പ്രയോഗിച്ചോ, അതോ നിയമസഭാമുഖാന്തരമോ, എന്നുമെമ്പർ പറയുമോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): രാജാവിന്റെ അധികാരം പ്രയോഗിച്ചിരുന്നു. അതിപ്പോഴും പ്രാബല്യത്തിൽ ഉണ്ടു. ഈ അധികാരം ഏതും പ്രയോഗിച്ചുവരുന്ന ഒന്നല്ല. അതുപയോഗിക്കേണ്ടതായ അവസരം വന്നുഎന്നു ഗവർണ്ണർക്കു വിചാരിക്കുമ്പോൾ പ്രയോഗിക്കുന്നതിന് ആ അധികാരം അവിടെത്തന്നെ ഉണ്ടായിരിക്കും. കഴിഞ്ഞ ചില വർഷങ്ങളിൽ ഉദാഹരണങ്ങൾ പറഞ്ഞിട്ടാവശ്യമില്ല. ഈ അധികാരമുള്ളതു ഇത്രത്തോളം നീതികർമ്മിക്കാൻ കാരണങ്ങളില്ലാത്ത അവസരങ്ങളിലും ഗവർണ്ണർ പ്രയോഗിച്ചിട്ടുണ്ടു.

പ്രസിഡന്റ്: നിങ്ങൾ മററുള്ളവർക്കു സംസാരിക്കാൻ അവസരം നൽകേണ്ടതാണെന്ന് ഞാൻ വിചാരിക്കുന്നു.

മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): സ്വാതന്ത്ര്യത്തെപ്പററി മനുഷ്യർക്കുള്ള പ്രതിപത്തി പുരാതനകാലം മുതക്കേയുള്ളതാണ്. സല്പേരെങ്കിലും പൌരുഷമോ നാഗരികമൊ ഉള്ള ജനങ്ങൾ തങ്ങളുടെ ജീവനെക്കാൾ സ്വാതന്ത്ര്യത്തെ പ്രധാനമായി ഗണിക്കുന്നുണ്ടു. ഇവിടെ പത്രറഗ്രുലേഷൻനിമിത്തം ജനങ്ങൾക്കു കുറെ അസ്വാതന്ത്ര്യം സംഭവിച്ചിട്ടുണ്ടെന്നാണു വാദവിഷയം. ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്ന നിയമങ്ങളെയും അവയുടെ ദോഷകരമായ ഉപയോഗത്തെയും ഒരു ജനപ്രതിനിധിയുടെ നിലയിൽ ശക്തിയായി എതിർക്കേണ്ടതു എന്റെ കർമ്മമായി അനുസരിച്ചു ഞാൻ ഒരു ജനപ്രതിനിധിയായിരുന്ന കഴിഞ്ഞ പതിനെട്ടു വല്ലുകാലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ അവസരത്തിൽ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്ന ഈ റെഗ്രുലേഷനെ ഞാൻ പ്രതിക്ഷേപിക്കേണ്ടതല്ലെ എന്നൊരുചോദ്യം എന്റെ മനസ്സ് എന്നോടുതന്നെ ചോദിക്കുന്നുണ്ടു. എന്നാൽ മനുഷ്യവർഗ്ഗത്തിനു നീതിയും സമാധാനവും പ്രധാനമായി ഗണിച്ചേ കഴിയൂ. നീതിയെയും സമാധാനത്തെയും സന്ത്യജിച്ചാൽ ഉടൻതന്നെ മനുഷ്യവർഗ്ഗം നശിച്ചുപോകും. അതിനാൽ മനുഷ്യവർഗ്ഗത്തിന്റെ ആരംഭംമുതക്കു സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗത്തെ നിയമങ്ങൾകൊണ്ടു തടഞ്ഞുവന്നതായി കാണാം. ഈ പ്രതിനിധി സഭതന്നെ ജനങ്ങളുടെ സമാധാനത്തിനു ബാധകമായിട്ടുപയോഗിക്കുന്ന ജന സ്വാതന്ത്ര്യത്തെ തടയുന്നതിനുവേണ്ട നിയമങ്ങൾ ഉണ്ടാക്കുന്നതിനു സംഘടിതമായിട്ടുള്ളതാണല്ലോ. സാമുദായികമായും മതസംബന്ധമായും രാഷ്ട്രീയമായും ഉള്ള വ്യവസ്ഥകൾ എല്ലാം ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നവയാണല്ലോ. അങ്ങിനെ നിയന്ത്രിച്ചില്ലെങ്കിൽ മനുഷ്യരുടെ അവസ്ഥ എന്തായിരിക്കുമെന്നു?

ഈ വിധത്തിൽ ഇവിടെ ഒരു റെഗ്രുലേഷൻ കൊണ്ടുവന്നു പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടയേണ്ട ആവശ്യമുണ്ടോഎന്ന് ഒന്നുവിചിന്തനം ചെയ്യേണ്ടതുണ്ടു: പത്രങ്ങൾ കൊണ്ടുവരുന്ന പ്രയോജനം ഉണ്ടാകുന്നതും ഉണ്ടായിട്ടുള്ളതുമാണ്. എന്നാൽ അടുത്തകാലത്ത് തിരുവിതാംകൂറിലെ പത്രങ്ങളെ സംബന്ധിച്ചു പറകയാണെങ്കിൽ അവയിൽ സമരകാഹളങ്ങൾ ഊതി ഒരു വർഗ്ഗക്കാരെ മറെറാരു വർഗ്ഗക്കാർക്കെതിരായിട്ടു സമരത്തിനു അണിനിരത്തുകയാണു ചെയ്തിരുന്നതെന്നുള്ളതു ആർക്കും നിഷേധിക്കാൻ സാധിക്കയില്ല. ഇപ്പോൾ തിരുവിതാംകൂറിലെ അന്തരീക്ഷത്തിൽ വർഗ്ഗീയവിദ്വേഷവിഷം കലർന്നിട്ടുണ്ടെങ്കിലും അതിനു പ്രധാന ഉത്തരവാദികൾ ഈ പത്രങ്ങളാണെന്നു തുറന്നുപറയാതെയിരിക്കാൻ എന്റെ മനസ്സാക്ഷി സമ്മതിക്കുന്നില്ല: രാഷ്ട്രീയമായും മതസംബന്ധമായും സാമുദായികമായുള്ളവയും മനുഷ്യർ തങ്ങളുടെ ജീവനെക്കാൾപോലും പ്രധാനമായി ഗണിച്ചുവരുന്നതുമായ സംഗതികളെ ഏതും അസത്യമായ സ്വരത്തിൽ പത്രങ്ങൾ തുടർന്നു പറഞ്ഞുകൊണ്ടിരുന്നാൽ ഭാവിസ്ഥിതി എന്തായിരിക്കും?. ഇവയിൽ ചിലതു രാജസ്ഥാനത്തെപ്പോലും ആക്ഷേപിച്ചിരുന്നു. ഈ പത്രങ്ങൾ നിമിത്തം ജനങ്ങളെ തമ്മിൽ കൂട്ടിയടിപ്പിച്ചു ഒരു സമരമുണ്ടാക്കുന്ന പദ്ധതിയായി, സകല പ്രജകളും മല്ലന്മാരണെന്നു വിചാരിച്ചു ജനങ്ങളുടെ ക്ഷേമത്തെയും സമാധാനത്തെയും സർവ്വോപരിരക്ഷിച്ചുകൊണ്ടു പ്രജാപരിപാലനം ചെയ്യുന്ന മഹാറാണി റീജന്റ് തിരുമനസ്സുകൊണ്ടു കലഹകാഹളം ഇനിമേൽ ധ്വനിപ്പിക്കാൻ പാടില്ലെന്നും ജനങ്ങളുടെ ഇടയിൽ ഐകമത്യവും സമാധാനവും ഉണ്ടാക്കിത്തീർക്കുന്നതിനുപയോഗിക്കേണ്ട ഈ ഉപകരണത്തെ ഇനി ദുരുപയോഗപ്പെടുത്തരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ റെഗ്രുലേഷൻ കൊണ്ടുവന്നിട്ടുള്ളതു. ഈവിധം ഒരു റെഗ്രുലേഷനെ ചില പത്രങ്ങൾ അവയുടെ അന്യായസ്വരങ്ങൾ കൊണ്ടു ക്ഷണിച്ചുവരുത്തുകയായിരുന്നു. തിരുമനസ്സിലെ കാരുണ്യത്തെക്കുറിച്ചും പ്രജകളുടെനേർക്കുള്ള വാത്സല്യത്തെക്കുറിച്ചും ആർക്കാണു സംശയമുള്ളതു?. അതു ഈ രാജ്യത്തെ രാഷ്ട്രീയകക്ഷി ജനങ്ങളും പക്ഷഭേദം കൂടാതെ സമ്മതിക്കുന്ന സംഗതിയാണു, സ്വന്തം പ്രജകളെ കഷ്ടപ്പെടുത്താനോ അവരുടെ ന്യായമായ സ്വാതന്ത്ര്യത്തെ തടയാനോ തിരുമനസ്സുകൊണ്ടു ഒരിക്കലും വിചാരിക്കയില്ലെന്നുള്ളതിനു തിരുമനസ്സിലെ ഇതുവരെയുള്ള ഭരണം തെളിവാണു. തിരുമേനിയുടെ സ്ഥാനാരോഹണസന്ദർഭത്തിൽ കീഴിൽ ഒരിക്കലും ഉണ്ടായിട്ടില്ലാ വിധത്തിൽ ഓരോവർഗ്ഗങ്ങളിലെയും പ്രതിനിധികളെ ക്ഷണിച്ചു് അവരെ ബഹുമാനിച്ചു് ഇരിപ്പിടങ്ങൾ കൊടുത്തു്, ദർബാർഹാളിൽ സ്വീകരിച്ചിട്ടില്ലേ?. ഇതു തിരുമനസ്സിലെ കാരുണ്യത്തിന്റെയും സമഭാവനയുടെയും പ്രത്യക്ഷലക്ഷ്യമല്ലേ?. അങ്ങനെ പ്രജാവാത്സല്യം കാണിച്ചുവരുന്ന തിരുമനസ്സിൽനിന്നു അനാവശ്യം നേരിടാതെ ഇങ്ങനെതിരി ഒരു നിയമം കല്പിച്ചുണ്ടാക്കുകയില്ല.

എന്നാൽ ഈനിയമം ഈ വഴിക്കുണ്ടു വരാഞ്ഞതെന്താണ് എന്നൊരു ചോദ്യം പുറപ്പെട്ടിട്ടുണ്ടു. ഈ സഭകൊണ്ടു പ്രയോജനം ഉണ്ടായിട്ടുണ്ടു. എന്നാൽ പരമാധികാരം രാജസ്ഥാനത്തുതന്നെ യിരിക്കയാണു. ഇപ്പോഴത്തെസ്ഥിതിക്കു വേണ്ടതു. അധികാരം മുഴുവനും സഭയ്ക്കു വിട്ടുകൊടുക്കത്തക്കവണ്ണമുള്ള ഒരു നില ഈ സഭയ്ക്കു വന്നിട്ടില്ലയെന്നു പറയാതെ നിവൃത്തിയില്ല. അതിനേക്കാൾ ഈസഭാനടപടികളും പത്രങ്ങൾതന്നെയും സാക്ഷ്യം വഹിക്കുന്നുണ്ടു. കൂടാതെ ചുററിലുംനടക്കുന്ന പലസംഗതികളും അതിനു ഒടുവിലത്തേതാണു. ഇപ്പോഴത്തെ

തിരഞ്ഞെടുപ്പു സമ്പ്രദായം മാററി എല്ലാവിഭാഗത്തിലേയും പ്രതിനിധികൾ ഇവിടെ വന്നിടത്തോളം പ്രതിനിധീകരിക്കത്തക്കവണ്ണമുള്ള ഒരു സ്ഥിതിവിശേഷമുണ്ടാകുന്നിടത്തോളം ഈ സമ്പ്രദായം പരമാധികാരം കൊടുക്കുന്നതു എല്ലാവിധത്തിലും പൊതുജനങ്ങൾക്കു ഗുണമായിട്ടുള്ളതാണെന്നു ഞാൻ കരുതുന്നു.

"പബ്ലിക്ക്" എന്നു പറഞ്ഞാൽ ഏതാനും ചില പത്ര റിപ്പോർട്ടറന്മാരോ പത്രങ്ങളോ മാത്രം അല്ലല്ലോ ജനങ്ങൾക്കു സമാധാനവും ഐകമത്യവുമില്ലെങ്കിൽ രാജ്യം നിശ്ചയമായിട്ടും അധഃപതിച്ചു പോകും. കൃഷി കൈത്തൊഴിൽ, കച്ചവടം മുതലായവയ്ക്കെല്ലാം ഈ രാജ്യത്തു വർദ്ധിക്കുന്നതിനു ഐകമത്യം അത്യാവശ്യമാണ്. വിശേഷിച്ചു കീഴ്നാട്ടിലെ ജനങ്ങളുടെയിടയിൽ ചെന്നു പരിശീലിച്ചാൽ അവർ സമാധാനം, സമധാനം അതാണു ആവശ്യപ്പെടുന്നതു. ബ്രാഹ്മണരും, നായന്മാരും, ക്രിസ്ത്യാനികളും, ഈഴവരും, മേൽ വിഭാഗക്കാരും ഗുണിതലയ്ക്കു നടത്തുന്നതിനു ഈ പത്രങ്ങളുടെ സ്വരം ബാധകമായി നിന്നിട്ടുണ്ട്. ഭിന്നതയെയാണ് ഇവ പരിപ്പിക്കുന്നതു. ഐക്യതയേ അല്ല. അതു കൊണ്ടു പ്രജകളുടെ ക്ഷേമത്തെ കാംക്ഷിക്കുന്ന ഗവർണ്ണമെന്റ് ഈ കാര്യത്തിൽ മൗനം അവലംബിക്കാൻ പാടില്ലെന്നു വന്നുപ്പെടുകയാണ് ഈ നിയമത്തിന്റെ ഉത്ഭവം. ചില പത്രങ്ങളെല്ലാം നല്ലതായിരുന്നു. ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിച്ചുവരുന്നു. എന്നു തെന്നിയും ഗസ്സ്ട്രിയ ചെയ്യുമ്പോൾ ഉഷിച്ചു രക്ഷയ്ക്കുതക്കട്ടു കൂടി കുറെയെല്ലാം നല്ല ഗുണവും ചെയ്യുമല്ലോ, ഈ നിയമം ചില നല്ലപത്രങ്ങളെയും കുറെ ബാധിച്ചിട്ടുണ്ട്. അതു പോലെ പരിഷ്കൃത രാജ്യങ്ങളിൽ നടന്ന ക്രിമിനൽ നിയമം മാത്രം വച്ച് കൊണ്ടിരിക്കാതെ വലിയ അസ്വാസ്ഥ്യങ്ങളും ബഹളങ്ങളും ഉണ്ടാകുമ്പോൾ പട്ടാള നിയമം തന്നെയും സ്ഥിർപ്പെടുത്തുന്നു. അതു കൊണ്ടു നിർദ്ദോഷികളായ ചിലർക്കു അസൌകര്യങ്ങൾ ഉണ്ടാകും. അതുപോലെ ഈ നിയമം കൊണ്ടു നല്ല പത്രങ്ങൾക്കും കുറെ അസൌകര്യങ്ങളായിരിക്കാം. ഒരു ഗ്രാമത്തിൽ പാളയുടെ ബീജങ്ങൾ വീണിരുന്നാൽ പൊട്ടാസ്യം പെർമ്മാങ്ങനേറ്റ ഇട്ട ജലത്തു പാടെ കുളിയ്ക്കേണ്ടതുമല്ലോ. അതു പോലെ ഇവിടത്തെ അന്തരീക്ഷത്തിലും വർഗ്ഗീയകക്ഷിത്തിനുള്ള വിഷബീജങ്ങൾ കലർത്തീട്ടുള്ളതിനെ മാററാനായിട്ടു പ്രയോഗിച്ച ഔഷധമാണ് ഈ നിയമം. രാജ്യത്തു സമാധാനവും ജനങ്ങളുടെയിടയിൽ ഐകമത്യവും സൌഹാർദ്ദവും വർദ്ധിക്കണമെന്നു വിചാരിക്കുന്നവരെല്ലാം ഈ നിയമത്തെ ഇപ്പോൾ ആദരിക്കണമെന്നാണ് എന്റെ അഭിപ്രായം. രോഗം പിടിപെട്ടാൽ അരുചികരമായ ഔഷധങ്ങളും സ്വാദുകുറഞ്ഞ ക്ഷീണസാധനങ്ങളും ഉപയോഗിക്കേണ്ടിവരുമല്ലോ. രോഗം മാറുമ്പോൾ ഇതിൽ നിന്നെല്ലാം ഒഴിവുണ്ടാകും. അതു പോലെ ഈ പത്രങ്ങളെല്ലാം ന്യായമായ പരിധിയിൽ കൂടി പ്രവർത്തിക്കുന്നതായി ഗവർണ്ണമെന്റിനു ബോദ്ധ്യപ്പെടുമ്പോൾ നിയമത്തെ ഭേദപ്പെടുത്തും. എപ്പോൾ ഈ നിയമം ആവശ്യമില്ലെന്നു തോന്നുന്നോ അപ്പോൾ മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു അതിനെ റദ്ദു ചെയ്യും. അതുകൊണ്ടു നാം ഇപ്പോൾ ഈ പത്ര റഗുലേഷനെ സംബന്ധിച്ചു യാതൊരു ആക്ഷേപവും പുറപ്പെടുവിക്കാതെ കല്പിച്ചുണ്ടാക്കിയ നിയമത്തെ ശിരസാ വഹിച്ചു മഹാറാണി റീജൻറു തിരുമനസ്സിലെ നേക്കം രാജകുടുംബത്തോടും നമുക്കുള്ള ഭക്തിയെ പ്രത്യക്ഷപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: സി. പി. തോമസ് (ഗവർണ്ണമെന്റു നിയമനം): സർ, മിസ്റ്റർ. കെ. പി നീലകണ്ഠപ്പിള്ള കൊണ്ടു വന്ന ഉപക്ഷേപത്തെ ഞാൻ പ്രതികൂലിക്കുന്നു. തത്വം മാത്രം നോക്കിയാൽ ഇങ്ങനെയൊരു റഗുലേഷൻ പാസ്സാക്കിയതിനെ നീതീകരിപ്പാൻ കഴികയില്ലെന്നു ഞാൻ സമ്മതിക്കുന്നു. സാമുദായിക പ്രാതിനിധ്യത്തെ സംബന്ധിച്ചുണ്ടായ വാദപ്രതിവാദത്തിൽ തത്വം മാത്രം നോക്കിയാൽ സർക്കാർ സർവ്വീസിലാകട്ടെ പ്രതിനിധി സഭകളിലാകട്ടെ വർഗ്ഗീയ പ്രാതിനിധ്യം അഭിലഷണീയമല്ലെന്നുള്ളതു നാം മനസ്സിലാക്കിയ ഒരു സംഗതിയാണ്. നമ്മുടെ സമുദായങ്ങളുടെ അപൂർണ്ണസ്ഥിതിയെ ആലോചിച്ചാൽ ഒരു രാജി എന്ന നിലയിൽ വർഗ്ഗീയ പ്രാതിനിധ്യം സ്വീകരിക്കാൻ നാം നിർബന്ധിതരാകുന്നു. അപ്രകാരം തന്നെ തത്വം മാത്രം നോക്കിയാൽ പ്രജകൾക്കെല്ലാവർക്കും മുൻ അനുഭവം കൂടാതെ അവരവരുടെ ഇഷ്ടം പോലെ സംസാരിക്കുന്നതിനും എഴുതുന്നതിനും പ്രസിദ്ധം ചെയ്യുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. എങ്കിലും ഇപ്പോഴത്തെ സാമുദായിക സ്ഥിതിനോക്കിയാൽ വ്യക്തികളുടെയും സംഘങ്ങളുടെയും ഇങ്ങനെയുള്ള സ്വാതന്ത്ര്യത്തെ ക്ഷുണ്ണപ്പെടുത്തുന്നതിനു ഇങ്ങനെയുള്ള നിയമങ്ങൾ ചിലപ്പോൾ ഉണ്ടായിരിക്കുന്നതു ആശ്ചര്യകരമായിരിക്കും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പത്തു വർഷം മുമ്പു അതാവശ്യമില്ലായിരുന്നു അല്ലേ?.

മി: സി. പി. തോമസ് (ഗവർണ്ണമെന്റു നിയമനം): ആവശ്യമില്ലായിരുന്നിരിക്കാം.

ഈ റഗുലേഷൻ പാസ്സാക്കാനുണ്ടായ സന്ദർഭത്തെപ്പററി ഞാൻ അല്പം സംസാരിച്ചു കൊള്ളുന്നു. തിരുവിതാംകൂറിലെ പത്രപ്രവർത്തന രീതിയിൽ കണ്ടതും ഇപ്പോഴും കണ്ടു വരുന്നതുമായ ദോഷങ്ങളെപ്പററി മുൻപ്രാസംഗികന്മാർ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ട്. സന്മാർഗ്ഗദൃഷ്ട്യാനോക്കിയാലും സാമുദായിക സ്നേഹദൃഷ്ട്യാനോക്കിയാലും തിരുവിതാംകൂറിലെ പത്രങ്ങളിൽ ഒരു ഭാഗത്തിന്റെ സ്ഥിതിയെപ്പററി വലിയ അഭിപ്രായവ്യത്യാസം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. തങ്ങളുടെ ഭരണനയത്തെപ്പററിയുള്ള ആക്ഷേപങ്ങൾ കേൾക്കുന്നതു ഗവർണ്ണമെന്റിനു അഹിതമായിരുന്നതു കൊണ്ടാണ് ഈ റഗുലേഷൻ ഇങ്ങനെ പാസ്സാക്കിയതെന്നു പറയുന്നുണ്ടായി. എന്നാൽ ഇപ്പോഴത്തെ ഭരണാധികാരികൾ എന്തെങ്കിലും പുതിയ നയം സ്വീകരിക്കയോ അതിൻപ്രകാരം പ്രവർത്തിക്കയോ ചെയ്തതായി ഞാനൊന്നും കാണുന്നില്ല. പൌരന്മാർക്കെല്ലാവർക്കും ഉണ്ടായിരിക്കേണ്ടതായ ചില അവകാശങ്ങളുടെയും സ്വാതന്ത്ര്യങ്ങളുടെയും കാര്യങ്ങളിൽ ചില സമുദായങ്ങൾക്കുണ്ടായിരുന്ന അസമത്വങ്ങളെ എടുത്തുകളഞ്ഞതു മാത്രമാണ് ഞാൻ കണ്ടെടത്തോളം ഗവർണ്ണമെന്റു ഒരു നയം പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുള്ളതു്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻ പിള്ള (കൊല്ലം): മിസ്റ്റർ. വി. പി. മാധവറാവുവിന്റെ കാലം മുതൽക്ക് ദിവാൻ പത്രങ്ങളുടെ കഠിനമായ ആക്ഷേപങ്ങൾക്കു പാത്രമായിരുന്നിട്ടില്ലെന്നു മെമ്പർക്കു അറിയുമോ?

മി: സി. പി. തോമസ് (ഗവർണ്ണമെന്റു നിയമനം): ഞാൻ അതിനെപ്പററിയല്ല സംസാരിക്കുന്നതു. ഗവർണ്ണമെന്റിനെപ്പററിയുള്ള ആക്ഷേപത്തിന്റെ കാഠിന്യവും ഉപയോഗിച്ച ഭാഷയുടെ അസഭ്യതയുമെന്നിക്കവാറു ഒരു വിഷയത്തെ അധികരിച്ചു് വർഗ്ഗീയകാര്യങ്ങളെ സംബന്ധിച്ചായിരുന്നു. സാമുദായികസ്പർദ്ധയേയും വ

ശ്ലീയമത്സരത്തെയും വർദ്ധിപ്പിക്കാനുള്ള ഇതരയത്നങ്ങളെ തടയുന്നതാണ്, അങ്ങളുടെ പ്രത്യേകാധികാരത്തെ പ്രയോഗിക്കുന്നതിൽ ഗവണ്മെന്റ് നിർബന്ധിതരായതിനെപ്പററി അതിശയിക്കാനില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ യത്നങ്ങൾ ഈ റഗ്ലേഷൻ പാസ്സാക്കുകൊണ്ടു ശമിച്ചുവൊ?.

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): അതുനിറുത്താൻ ഒന്നുരണ്ടുമാർഗ്ഗങ്ങളുള്ളതു ഗവണ്മെന്റ് പ്രയോഗിച്ചു.

റേഷോറ് നിയമവും അങ്ങനെയുള്ള മററു നിയമങ്ങളും പ്രാബല്യത്തിൽ ഇരുന്നതു ഇൻഡ്യയിലെ ചില സംസ്ഥാനങ്ങളിൽ അരാജകത്വം ഉണ്ടാകുന്നു വിചാരിച്ചിരുന്നതാണെന്നു പ്രസ്താവിക്കുകയുണ്ടായി. ബെങ്കാളിലെ കഴിഞ്ഞ നാലഞ്ചു് ആണ്ടുകളിലെ അനുഭവം കൊണ്ടു കാണാവുന്നപ്രകാരം സമുദായസ്പർദ്ധവർദ്ധിച്ചാൽ അരാജകത്വത്തിനു തുല്യമായ ഒരവസ്ഥതന്നെയാണ് ഉണ്ടാകുന്നതെന്നാണു ഞാൻ പറയുന്നതു്. അങ്ങനെയൊരു സ്ഥിതിയിൽ എത്താതിരിക്കാൻ ഗവണ്മെന്റ് തങ്ങളുടെ അധികാരം പ്രയോഗിച്ചു നോക്കുകയാണ്. അങ്ങനെയൊരു അക്രമസ്ഥിതിയിൽ എത്തിയശേഷം അതിന്നു പരിഹാരമുണ്ടാക്കാൻ നോക്കുന്നതിനേക്കാൾ ഈ മാർഗ്ഗമാണ് നല്ലതെന്നാകുന്നു എന്റെ അഭിപ്രായം?.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സമുദായമത്സരങ്ങൾ നിങ്ങാത്തതുകൊണ്ടു മാത്രമാണ് ഈ നിയമം ആവശ്യമായിത്തീർന്നിട്ടുള്ളതെന്നാണോ മെംബരുടെ അഭിപ്രായം?

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): നിയമത്തെ നീതീകരിക്കുന്നകാരണങ്ങളിൽ ഒന്നു അതാണ്. ഒരു കാരണമെന്നാണു ഞാൻ പറഞ്ഞതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിവരം മെംബർക്കു എവിടെനിന്നു കിട്ടിയെന്നു പറയുമോ?.

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): രാജ്യത്തിന്റെ സ്ഥിതിയെ കണ്ടിട്ടു ആലോചിച്ചറിഞ്ഞതാണ്?.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ഈ റഗ്ലേഷൻ പസ്സാക്കിയതിനുള്ള കാരണങ്ങളെപ്പററി വിളംബരത്തിൽ വല്ലതും പറഞ്ഞിട്ടുണ്ടോ?.

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): സ്ഥിതിയെപ്പററി ആലോചിച്ചുകൂട്ടത്തതാണ്.

ചട്ടങ്ങളെ ലംഘിക്കുന്ന കാര്യത്തിൽ നടപടിനടത്തുന്നതിനു ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ മതിയാകുമെന്നു ഇവിടെ പറഞ്ഞുവല്ലോ. എന്നാൽ പ്രസിദ്ധീകരണങ്ങളിൽ പലതിലും പ്രയോഗിക്കുന്ന ഭാഷ അസഭ്യത സൂചിപ്പിക്കുന്നതാകയാൽ കുററക്കാരെ ക്രിമിനൽ നടപടിനിയമപ്രകാരം ശിക്ഷിപ്പിക്കുന്നതു എളുപ്പമായിരിക്കയില്ലെന്നു പറഞ്ഞു കൊള്ളുന്നു. എന്നുമാത്രമല്ല അങ്ങനെയുള്ള കുററങ്ങൾക്കു എത്ര അന്യായങ്ങൾ നടത്തിയാലും ആ വക പ്രസിദ്ധീകരണങ്ങൾ പിന്നെയും ഉണ്ടായിക്കൊണ്ടിരിക്കുന്നതിനെ തടയുകയില്ല. ലാ മെംബർ പ്രസ്താവിച്ചപ്രകാരം കുററങ്ങൾ ചെയ്യുന്ന പത്രങ്ങളെ നിറുത്തിക്കളകയാണു വേണ്ടതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പത്രം തെററുകാരനാണെന്നും ഗവണ്മെന്റ് ശത്രുവാണെന്നും ആരാണ് തീർച്ചയാക്കേണ്ടതു്?.

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): അങ്ങനെയുള്ള അഭിപ്രായവ്യത്യാസം ഉണ്ടാകുമ്പോൾ ആരെങ്കിലും തീർച്ചയാക്കണം. അക്കാര്യം ഗവണ്മെന്റിന്റെ കയ്യിൽ തന്നെ വിട്ടേക്കുകയാണ് ഉത്തമം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിൽ ഉത്തരവാദിത്വമുള്ള ഗവണ്മെന്റുണ്ടോ എന്നു മെംബർ പറയുമോ?

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): ഉണ്ട്. എങ്കിലും ഈ സഭയോടു ഗവണ്മെന്റ് ഉത്തരവാദിത്വം ചെയ്യേണ്ടതില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ഡിമാണ്ടിനു അനുവദിച്ചിട്ടുള്ള സമയം എത്രയാണെന്നുപറയുമോ?

പ്രസിഡൻറ്: സഭയുടെ അഭിപ്രായവിശദമായി എന്നു തോന്നുമ്പോൾ നിറുത്തിക്കളയാം.

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): ചില പത്രങ്ങളുടെ കുററത്തിനു നല്ലരീതിയിൽ നടത്തപ്പെടുന്ന പത്രങ്ങളും കഷ്ടം അനുഭവിക്കണമെന്നു വരുന്നതു ഒട്ടും ന്യായമല്ലാ. എന്നാൽ മനുഷ്യരെല്ലാം ഒരു കുടുംബമാണെന്നും നാം ഒരു ശരീരത്തിന്റെ അംഗങ്ങളാണെന്നും ഉള്ള വസ്തുത ആലോചിക്കുമ്പോൾ കൂട്ടുകാരുടെ പ്രവൃത്തിമൂലം നിർദ്ദോഷികളും കഷ്ടപ്പെടണമെന്നുള്ളതു ഒഴിച്ചു കൂടാത്തതാകുന്നു. എന്നാൽ ഈ വക ദോഷങ്ങൾ വർദ്ധിക്കാതിരിക്കാൻ ശരീരത്തിന്റെ ശേഷം അംഗങ്ങൾ ഒന്നും ചെയ്യാതെയിരുന്നതിനെപ്പററി എനിക്കു ആശ്ചര്യംതോന്നുന്നുണ്ട്. റഗ്ലേഷൻ പസ്സാക്കുന്നതിനുമുമ്പു മററുപത്രങ്ങളുടെ സ്വരത്തെപ്പററി ഏതെങ്കിലും ഒരു പത്രം ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയൻകീഴ്): അവർക്കതിനു ഒരവസരം കൊടുത്തിരുന്നോ?

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങളെപ്പററി യാതൊരാക്ഷേപവും ഉണ്ടായിട്ടില്ല. അവകാശിനമായ ആക്ഷേപത്തിനു യോഗ്യമായിരുന്നു എന്നു മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ളയും പറഞ്ഞിരിക്കുന്നു. അതുകൊണ്ടും ഈ വക പ്രസിദ്ധീകരണങ്ങളെപ്പററി ഒരു വമ്പു പ്രദർശിപ്പിക്കാതിരുന്ന മററു ജനങ്ങളും കഷ്ടപ്പെടുന്നതും ന്യായമാണെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ ശിവരാമപ്പണിക്കർ (ചേർത്തല): ഈവക ലേഖനങ്ങളെപ്പററി ഗവണ്മെന്റുതന്നെ നടപടികൾ നടത്തിയില്ലേ?

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമനം): എന്നാൽ കൂട്ടുപത്രപ്രവർത്തകന്മാർ യാതൊന്നും ചെയ്തിട്ടല്ലല്ലോ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു ഗവണ്മെന്റു നടപടികൾ നടത്തിയതുകൊണ്ടാണ്.

മി: സി. പി. തോമസ് (ഗവണ്മെന്റനിയമനം): ഗവണ്മെന്റ നടപടികൾ നടത്തിയതു വളരെ കഴിഞ്ഞാണ്. പത്രങ്ങൾ ഈവക ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനെപ്പററി പൊതുയോഗങ്ങൾകൂടി പ്രതിഷേധിക്കേണ്ടതായിരുന്നു. അതിനാൽ ഞാൻ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും): ഗവണ്മെന്റ ഈ റെഗ്ലുലേഷൻ പാസ്സാക്കിയതു ഉത്തമോദ്ദേശത്തോടുകൂടിയാണെന്നുള്ളതിനെപ്പററി എനിക്കു അല്പംപോലും സംശയമില്ല. രാജ്യഭരണത്തിന്റെ മേലധികാരി മിസ്റ്റർ വാട്സിന്റെ മനഃസ്ഥിതി ഉള്ള ഒരാളായിരിക്കുന്നകാലത്തു അദ്ദേഹം ഒരുദ്ദേശത്തോടുകൂടി എന്തെങ്കിലും പ്രവർത്തിക്കുമെന്നും എനിക്കു വിശ്വാസമില്ല. പത്രറെഗ്ലുലേഷൻ പാസ്സാക്കുന്നതിനിടവരുത്തിയ സന്ദർഭത്തെ ചീഫ്സെക്രട്ടറി തൃപ്തികരമാംവണ്ണം വിവരിച്ചിട്ടുണ്ടെന്നു തോന്നുന്നു. ചില പത്രങ്ങൾ അവലംബിച്ചിട്ടുള്ള സ്വരവും ഉപയോഗിക്കുന്ന ഭാഷയും ഇന്നപ്രകാരത്തിലുള്ളതാണെന്നും അദ്ദേഹം സ്പഷ്ടമായി കാണിച്ചുവല്ലോ. "ജന്മഭൂമി" കേസിലെ വിധികൊണ്ടു ആ വിഷയത്തെപ്പററി ദീർഘമായി സംസാരിച്ചിട്ടുകാര്യമില്ലെന്നും ഞാൻ വിചാരിക്കുന്നു. ഒരു സംഗതിമാത്രം ഞാൻ ഇവിടെ പറയാം. ജന്മഭൂമികേസിലെ ഹൈക്കോടതിവിധി മിസ്റ്റർ വി. സുബ്ബയ്യർ വക്കീൽസ് അസോസിയേഷനിൽ കൊണ്ടുവന്നിരുന്നുവായി. അതവിടെ വായിച്ചപ്പോൾ പത്രത്തിൽനിന്നുദ്ധരിച്ച ഭാഗങ്ങളിൽ മിക്കവരും വക്കീൽസ് അസോസിയേഷനിൽപോലും വായിക്കാൻ അയോഗ്യമാണെന്നുള്ളനിലയിൽ വായിക്കാതെ വിട്ടുകളകയാണു ചെയ്തതു്. വക്കീലന്മാരെ സംബന്ധിച്ചിടത്തോളം ഉദ്ധരിച്ച ഭാഗങ്ങളിൽ ചിലതിന്റെ കുഴപ്പം അങ്ങനെയാണെങ്കിൽ അങ്ങനെയുള്ള പത്രലേഖനങ്ങൾ സാമാന്യജനങ്ങൾ വായിച്ചാൽ അതിന്റെ ഫലം എന്തായിരിക്കും? അതുകൊണ്ടു പത്രങ്ങളെ ശരിയായി നിയന്ത്രണം ചെയ്യുന്നതിനു ഒരു റെഗ്ലുലേഷൻ പാസ്സാക്കിയതിൽ ആക്ഷേപകരമായി വല്ലതും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഇപ്പോഴത്തെ വാദം ഈ റെഗ്ലുലേഷനെ നീതീകരിക്കാമോ പാടില്ലയോ എന്നാണ്. ഈ സഭയിലെ ഒരു സാമാജികന്റെ നിലയിലും ഈ രാജ്യത്തിലെ ജനങ്ങൾ, പ്രത്യേകമായി എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ തിരഞ്ഞെടുത്തയച്ച പ്രതിനിധി എന്ന നിലയിലും ഈ കാര്യത്തിൽ പൊതുജനാഭിപ്രായം എന്റെ ഉത്തമവിശ്വാസത്തിൽ എന്താണെന്നുള്ളതിനെ ഗവണ്മെന്റിനെ അറിയിക്കുന്നതു എന്റെ കടമയാണെന്നു ഞാൻ വിചാരിക്കുന്നു. ഇതിനെപററിയുള്ള വാദം ഉള്ളതിൽ അല്പം സാമുദായികപ്രതിപത്തിയോടുകൂടെ ആണു നടത്തിയതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അങ്ങനെയല്ലാതെ മെമ്പർമാരിൽ ചിലർ അവലംബിച്ച നിലയെ ഗ്രഹിപ്പാൻ കഴികയില്ല. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ധർമ്മം പൊതുജനാഭിപ്രായത്തെ പ്രതിബിംബിക്കയാണു. പൊതുജനാഭിപ്രായം എന്താണെന്നു ഗവണ്മെന്റിനെ ഗ്രഹിപ്പിക്കുന്നതിൽ മെമ്പർമാർ സത്യസന്ധന്മാരും വിശ്വസ്തന്മാരും ആയിരിക്കണം. അല്ലെങ്കിൽ അവർ ഗവണ്മെന്റിനെയും ജനങ്ങളെയും ഒരുപോലെ വഞ്ചിക്കയാണ്. അങ്ങനെയുള്ള അഭിപ്രായം ഗവണ്മെന്റിനെ വ്യതിചലിപ്പിക്കയില്ലെന്നു എനിക്കു നിശ്ചയമുണ്ട്. ഗവണ്മെന്റിനു അബദ്ധംപററിയിട്ടുണ്ടെങ്കിൽ ആ തെററു പരിഹരിക്കത്തക്കവണ്ണം ശരിയായി ഗവണ്മെന്റിനെ മെമ്പർമാർ ഉപദേശിക്കേണ്ടതാണ്.

മി: എൻ. വി. ജോസഫ് (പറവൂർ): മെമ്പർ രാജ്യത്തിന്റെ ഗുണം മാത്രം ചിന്തിക്കുന്ന ഒരാളാകയാൽ ഈ റെഗ്ലുലേഷന്റെ ആവശ്യകതയെപ്പററി അദ്ദേഹത്തിന്റെ ഉത്തമവിശ്വാസം എന്താണെന്നു പറയുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും): ഈ ചോദ്യത്തിന്റെ മറുപടി അവസാനത്തിൽ പറഞ്ഞുകൊള്ളാം. ഇങ്ങനെ ഓരോ മെമ്പറും വിഷയത്തിന്റെ യഥാർത്ഥസ്ഥിതി എന്താണെന്നു നോക്കേണ്ടതാണ്. നമ്മുടെ രാജ്യത്തു ഗവണ്മെന്റിനു സർവ്വാധികാരവും ഉണ്ടെന്നു നമുക്കറിയാമല്ലോ. ഒരു നിയമം രാജ്യത്തിന്റെ ഗുണത്തിനും ക്ഷേമത്തിനും ആവശ്യമാണെന്നു ഗവണ്മെന്റിനു തോന്നിയാൽ പൊതുജനാഭിപ്രായം എന്തായിരുന്നാലും ആ അഭിപ്രായം ഗണ്യമാക്കാതെ ഗവണ്മെന്റിനു ആ നിയമം പാസ്സാക്കാം. ഇങ്ങനെ നോക്കിയാലും രാജ്യത്തിന്റെ ഗുണത്തെ കാംക്ഷിക്കുന്ന മെമ്പർമാർക്കു യഥാർത്ഥ പൊതുജനാഭിപ്രായം എന്താണെന്നു തങ്ങൾക്കു തോന്നുന്നതു ഗവണ്മെന്റിനെ ഗ്രഹിപ്പിക്കാൻ പാടില്ലാത്തതു എന്തുകൊണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല. വേറെയെന്തെങ്കിലും സംഗതി പ്രസ്തുത കാര്യത്തിൽ ചെയ്തു കിടപ്പുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): മെമ്പറിന്റെ അഭിപ്രായങ്ങൾ ഏകയഭിപ്രായമായിട്ടുള്ളതാണോ എന്നു പറയുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും): മിസ്റ്റർ ജോസഫിനോടു പറഞ്ഞതുപോലെ മറുപടി ഞാൻ അവസാനത്തിൽ പറയാം എന്നു പറഞ്ഞുകൊള്ളുന്നു.

ഈ സഭയെ സംബന്ധിച്ചിടത്തോളം പ്രധാന വാദം റെഗ്ലുലേഷൻ പാസ്സാക്കിയവിധത്തെപ്പററിയാണ്. റെഗ്ലുലേഷനിലെ പല വ്യവസ്ഥകളും കഠിനവും അനാവശ്യവും ആണെന്നു ചിലർ പറയുകയുണ്ടായി. ചില വ്യവസ്ഥകൾ അനാവശ്യവും കഠിനവും ആണെന്നു ഞാനും വിശ്വസിക്കുന്നു. ഈ റെഗ്ലുലേഷനെ ചില പത്രങ്ങൾ വരുത്തിവെച്ചതാണു. പത്രങ്ങളിൽ ചിലതു തെററിപ്രായമായ റെഗ്ലുലേഷൻ എല്ലാ പത്രങ്ങൾക്കും ബാധകമാക്കുന്നതിനു കാരണമല്ല. പത്രമേഖലയെ മുഴുവനും ഗവണ്മെന്റു ശങ്കിക്കുന്നു എന്നുതോന്നുന്നു. ചില പത്രങ്ങൾ കുററം ചെയ്തിട്ടുണ്ടെങ്കിൽ കുററം ചെയ്യുന്ന പത്രങ്ങളെ നിയന്ത്രണം ചെയ്യുന്നതിനു വ്യവസ്ഥകൾ ഉണ്ടാക്കിയാൽ മതി. നിയമങ്ങൾ ഉണ്ടാക്കുന്നതിന്റെ ഉദ്ദേശം എല്ലാ ജനങ്ങൾക്കും ബാധകമായിരിക്കണമെന്നുള്ളതാണെന്നു ചില മെമ്പർമാർ പറയുകയുണ്ടായി. ഈ റെഗ്ലുലേഷനിൽതന്നെയും കുററം ചെയ്യുന്ന പത്രങ്ങൾക്കുമാത്രം ബാധകം കൊടുത്താൽ മതിയെന്നുള്ള വ്യവസ്ഥചെയ്യുന്നതിനു വല്ല വിഷമതയും ഉണ്ടാക്കുവാൻ ഇടയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഏതു പത്രവും ആരംഭിക്കുമ്പോൾ തന്നെ ലൈസൻസെടുക്കണമെന്നു ഒരു നിർബന്ധനിയമം ആവശ്യമില്ലായിരുന്നു. പത്രങ്ങൾ ആരംഭിക്കുന്നതിനുമുമ്പെ തന്നെ ഗവണ്മെന്റു അവയെ ശങ്കിക്കുന്നു എന്നാണ് ഇപ്പോഴത്തെ വ്യവസ്ഥകളുടെ അർത്ഥം. അങ്ങനെയൊരു നില എനിക്കു ഗ്രഹിക്കാൻ കഴിയുന്നില്ല.

അന്വേഷണം നടത്തുന്നതിനുമുമ്പു ശിക്ഷിക്കുന്നതു ന്യായമല്ലെന്നതു വേറൊരാക്ഷേപം. ഒരു പത്രം ജീവിച്ചിരിക്കുന്നതു അതിന്റെ ക്രമമായ പ്രസിദ്ധീകരണത്തെ ആശ്രയിച്ചിരിക്കുന്നു എന്നു് എല്ലാവർക്കും അറിയാ

മല്ലോ. ഒരു പത്രം ഒന്നോ രണ്ടോ ആഴ്ച പ്രസിദ്ധംചെയ്യാതിരുന്നാൽ അതിന്റെ പ്രചാരം കുറഞ്ഞുപോകും, അതു നിന്നുപോയി എന്നുതന്നെവരാം. സംശയത്തിന്മേൽ ഒരു പത്രത്തെ കൊന്നുകളയുന്നതു ന്യായമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ശരിയായ അന്വേഷണം കഴിച്ചുശേഷം ശിക്ഷിക്കുന്നതു ന്യായമാണ്. ഹൈക്കോടതിയുടെ അന്വേഷണവും തീരുമാനവും കഴിയുന്നതുവരെ പത്രം നടത്തിക്കൊണ്ടുപോകുന്നതിന് അനുവാദം ഉണ്ടായിരിക്കേണ്ടതായിരുന്നു. ആവശ്യമില്ലാത്തവേറെയും ചില വ്യവസ്ഥകൾ ഈ റഗ്ലേഷനിൽ ഉണ്ട്. ഇപ്പോൾ നിലവിലുള്ള സ്ഥിതി നിമിത്തം ഗവണ്മെന്റിന് പത്രങ്ങളുടെ മേൽ ശരിയായ നിയന്ത്രണാധികാരം വേണമെന്നുണ്ട്. എന്നാൽ വാദവിഷയം ഈ റഗ്ലേഷനിലെ വ്യവസ്ഥകളാണ്. ഹൈക്കോടതിയുടെ അന്വേഷണം കഴിയുന്നതുവരെ പത്രത്തിന്റെ പ്രസിദ്ധീകരണം നിർത്തിവയ്ക്കുകയെന്നുവന്നാൽ പത്രംതന്നെ ഒരുകാലം നിന്നുപോകുന്നിടയുണ്ട്. ഒരു പത്രത്തെ കൊല്ലുന്നതിന്നു അതിനെപ്പററി സംശയം ഉണ്ടായാൽ മതിയോ.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടും): സർ, അദ്ദേഹം എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞിട്ടില്ല. അദ്ദേഹം പെട്ടെന്നു ഇരുന്നുകളവാനാണു ഭാവിക്കുന്നതു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും തൊടുപുഴയും): ഈ സഭയിൽ ഒരു ബിൽ ഹാജരാക്കിയിരുന്നു എങ്കിൽ സഭ ഈവിധം വ്യവസ്ഥകളെപ്പററിയെല്ലാം പര്യാലോചിച്ചു ശരിയായ ഒരു നിയമം നിർമ്മിക്കുമായിരുന്നു. ഈ ഒരു കാരണം, റഗ്ലേഷൻ സഭയുടെ ആലോചനയ്ക്കു കൊണ്ടുവരാതെ പാസ്സാക്കിയതു അതിനെ അനുമോദിക്കാതിരിക്കാൻ മതിയായ സംഗതിയാണ്. രാജാവിന്റെ അധികാരം പ്രയോഗിച്ചു ഈ റഗ്ലേഷൻ പാസ്സാക്കിയതു ഈ രാജ്യത്തിൽ പ്രജാഭരണ വ്യവസ്ഥകൾ ഉണ്ടായിവന്നതിന്റെ നിഴലായുള്ള ഒന്നായിരുന്നു. ഈ നിയമസഭ അതിന്റെ ആരംഭദശയിൽ ഇരിക്കുന്നതേയുള്ളു എങ്കിലും സഭയിൽ ചോദ്യങ്ങൾ ചോദിക്കാനുള്ള അവകാശത്തെപ്പററി സെക്രട്ടറി അജ്ഞനല്ലെങ്കിൽ ശരിമാർഗ്ഗം പറഞ്ഞുതരേണ്ട പ്രസിഡന്റു വെട്ടിക്കുറച്ചുകളയുന്നു. വ്യാഖ്യാനം അനുസരിച്ചു കാണിക്കാനൊന്നും പറയാതെ പ്രസിഡന്റ് ചോദ്യങ്ങൾ അനുവദിക്കാതിരിക്കുന്നതെന്തുകൊണ്ടാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): സർ, നടപടിക്രമം സംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളുന്നു. പ്രസിഡന്റിന്റെ ഉത്തരവിനെപ്പററി ഇവിടെ വാദിക്കാൻപററില്ല.

പ്രസിഡന്റു: മിസ്റ്റർ ജോസഫ്, നിങ്ങൾ നടപടിക്രമം അനുസരിക്കുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും തൊടുപുഴയും): ഞാൻ നടപടിക്രമം അനുസരിക്കുന്നില്ല എന്നു സെക്രട്ടറി എന്തുകൊണ്ടാണ് പറയുന്നതു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): നിയമസഭാ ചട്ടങ്ങളിൽ ഏഴാം ചട്ടം ഇങ്ങനെയാണ്:—

"ഏഴാം ചട്ടവും പത്താമത്തെയോ പതിനൊന്നാമത്തെയോ ചട്ടവും പ്രകാരം പ്രസിഡന്റു പാസ്സാക്കുന്നതായ ഒരു ഉത്തരവിനെപ്പററിയും ഈ സഭയിൽ വാദം അനുവദിക്കുന്നതല്ല".

മി: കെ. ഐ. ജോസഫ് (മീനച്ചിലും തൊടുപുഴയും): വ്യാഖ്യാന ചട്ടപ്രകാരമുള്ള തീർപ്പിനെപ്പററി വാദം പാടില്ലെന്നു ചട്ടമൊന്നുമില്ലല്ലോ.

പ്രസിഡന്റു: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും തൊടുപുഴയും): ഞാൻ നിർത്തണമെന്നാണോ.

പ്രസിഡന്റു: അതെ നിർത്തണം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും തൊടുപുഴയും): നിർത്തണമെന്നാണെങ്കിൽ ഞാൻ ഇരുന്നുകൊള്ളുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, സഭാമുമ്പാകെയുള്ള ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിക്കുന്നതിനുമുമ്പു ഇങ്ങനെയൊരു ഉപക്ഷേപത്തെപ്പററി വാദംചെയ്യുന്നതു അനുവദിച്ചുതരണമെന്നു ഗവണ്മെന്റിനോടു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. അതിനായി ഞങ്ങളിൽ ചിലർ അതിയായ ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു. ഈ സഭാമുമ്പാകെ ഒന്നാമതായും പ്രധാനമായും സംസാരിക്കാനുള്ളതു ഈ റഗ്ലേഷൻ പാസ്സാക്കിയ വിധത്തെപ്പററിയാണ്. ജനങ്ങളുടേയും ഗവണ്മെന്റിന്റേയും പ്രതിനിധികളടങ്ങിയ ഈ സഭയെ അവഗണിച്ചാണ് ഈ റഗ്ലേഷൻ പാസാക്കിയിട്ടുള്ളതു. റഗ്ലേഷൻ ഇങ്ങനെ പാസാക്കാൻ രാജാവിനുള്ള അധികാരത്തെ ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ ആ അധികാരം അടിയന്തിരവും അത്യാവശ്യവുമായ കാര്യങ്ങളിൽമാത്രമെ പ്രയോഗിക്കാവുള്ളു. ഈ അത്യാവശ്യം എന്താണെന്നു തെളിയിച്ചിട്ടില്ല. ഗവണ്മെന്റു പ്രതിനിധികൾ ഇതിനു സമാധാനം പറയാൻ കഴിയുന്നത്ര ശ്രമിച്ചു എങ്കിലും അങ്ങനെ ചെയ്യുന്നതു യുക്തമായി ഗവണ്മെന്റിനു തോന്നി എന്നുമാത്രമാണ് ലാമെമ്പക്ക് പറയാൻ ഉണ്ടായിരുന്നതു്. ഇങ്ങനെ ഏതുകാര്യത്തിനും സമാധാനം പറയാവുന്നതാണ്. അതുകൊണ്ടു ആവശ്യം മതിയായവണ്ണം തെളിയിച്ചിട്ടില്ല. ഏതെങ്കിലും പത്രങ്ങൾ മാനവും മര്യാദയും ലംഘിച്ചു പ്രവർത്തിക്കുന്നതായി കണ്ടിട്ടു അവയെ അമർച്ചചെയ്യണമെന്നു ഗവണ്മെന്റിനു തോന്നിയെങ്കിൽ അവയെ ഓരോ വ്യക്തികളായി വിചാരിച്ചു നടപടി നടത്താമായിരുന്നു. റഗ്ലേഷൻ പ്രാബല്യത്തിൽ വന്നു മൂന്നാലുമാസങ്ങൾക്കുള്ളിൽ അങ്ങനെയുള്ള ചില പത്രങ്ങളോടു ഗവണ്മെന്റു വളരെ വളരെ കഠിനമായിവർത്തിച്ചു എന്നു നമുക്കറിയാമല്ലോ. എന്നാൽ ഈ റഗ്ലേഷൻ പത്രലോകത്തെ ആകപ്പാടേയും പൌരന്മാരുടെ സ്വാതന്ത്ര്യത്തേയും ബാധിക്കുന്ന ഒന്നാകുന്നു. വർത്തമാനപ്പത്രം പൊതുജനാഭിപ്രായത്തെ രൂപീകരിക്കുന്ന ഒരു മഹാശക്തിയാകുന്നു. അതു ജനങ്ങളുടെ ശബ്ദമാണ്. അതു രാജ്യത്തിന്റെ സമുദായികവും രാഷ്ട്രീയവുമായ ഗതിയെ പ്രതിബിംബിക്കയും ചെയ്യുന്നു. ഈ റഗ്ലേഷൻ പത്രസ്വാതന്ത്ര്യത്തിനു വിഘാതമായി തീർന്നിരിക്കുന്നു. ഇതു പൌരന്മാരുടെ സ്വാതന്ത്ര്യത്തെ എപ്പോഴെങ്കിലും ഹനിക്കാവുന്ന ഒരു വാളാകുന്നു.

ഇനി റഗ്ലേഷനിലെ ചില കഠിനവ്യവസ്ഥകളെപ്പററി കുറെയൊക്കെ പറഞ്ഞുകൊള്ളുന്നു. ഏതെങ്കിലും ഒരു പത്രം രാജാവിന്റെ നേർക്കുള്ള ഭക്തി നശിപ്പിക്കത്തക്കതോ വെറുപ്പുണ്ടാക്കത്തക്കതോ ആയ മഹാരാജാവുതിരുമനസ്സിലെ സാക്ഷാൽ പ്രജകളിൽ ആർക്കും ഇതു സങ്കല്പിക്കാൻപോലും കഴികയില്ല. വല്ല വാക്കുകളും പ്രസിദ്ധപ്പെടുത്തിയാൽ അതു കണ്ടെഴുതി കുക്കാരിലേക്കെടുക്കുന്നതാകുന്നു എന്നാണു ആദ്യത്തേയും സർവ്വപ്രധാനവുമായ വ്യവസ്ഥ. രാജഭക്തി തിരുമനസ്സിലെ പ്രജകളുടെ മുദ്രാവാക്യമാണ്. അതു അവർക്കു സഹജമാണ്.

അതവരുടെ ജീവിതരീതിയെ ക്രമപ്പെടുത്തുന്നതാകുന്നു. മി: കല്ലൂർ നാരായണപിള്ള പറഞ്ഞപ്രകാരം ഇങ്ങനെ ഒരു വകുപ്പു റഗ്ലേഷനിൽ ഉണ്ടായിരിക്കുന്നതു മാനക്കേടുതന്നെയാണ്. ഈ വ്യവസ്ഥകൊണ്ടു പൌരന്മാരിൽനിന്നു രാജശക്തി ഞെക്കിപ്പിഴിഞ്ഞെടുക്കുകയാണ്. ഇതല്ല ശരിയായവഴി. ഇതു പരത്തിന്റെ ഗുണംതന്നെ കളയുന്നു. ഇതാണ് എന്റെ ബോധം, എന്റെ ഉറച്ചവിശ്വാസം. വേറൊരുവകുപ്പു അഞ്ഞൂറോ രണ്ടായിരമോ രൂപാ ഡിപ്പോസിറ്റു ചെയ്യുന്നതിനെപ്പററിയാണ്. തിരുവിതാംകൂർകാരനായ ഒരു പത്രാധിപന്റെ കാര്യത്തിൽ ഇതു വളരെ വലിയ ഒരു സംഖ്യയാണ്. ഏതു പോലീസുദ്യോഗസ്ഥനും വീട്ടു പരിശോധന നടത്താമെന്നാണ് വേറൊരു കാര്യം. നമ്മുടെ വീടുകളിലെ ഏററവും വിശുദ്ധസ്ഥലത്തും അയാൾക്കു കയറിച്ചെല്ലാം. ഇക്കൂട്ടർ അവിടെ എന്തെല്ലാം കണ്ടുനശിപ്പിക്കുമെന്നു നമുക്കു ഊഹിക്കാനെ കഴിയുകയുള്ളു. ഇങ്ങനേയുള്ള ഒരു സ്ഥിതിയിൽ എന്തെല്ലാംകുഴപ്പങ്ങൾ ഉണ്ടാക്കിത്തീർക്കാൻ കഴിയുമെന്നു നമുക്കു സങ്കല്പിക്കാം. ഇതിനെപ്പററി ഇതിലധികം വ്യക്തമായി പറയാൻ എനിക്കു കഴികയില്ല. ഇതു ഒരു പൌരന്റെ സ്വാതന്ത്ര്യത്തെ ധ്വംസിക്കുകയാണ് ചെയ്യുന്നതു്. ഇങ്ങനെയൊരു വകുപ്പു ഇതിൽ ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു. ഇനിയും ഒരാൾ കുററക്കാരനാകുന്നതു കാണുന്നതിനുമുമ്പേ അയാളെ ശിക്ഷിക്കാൻ ഈ റഗ്ലേഷൻ അനുവദിക്കുന്നു.

മി: സി. പി. തോമസ് (ഗവർണ്ണരുടെ നിയമനം): ഇന്നതരം പോലീസുദ്യോഗസ്ഥന്മാർ മാത്രമേ വീട്ടുശോധന നടത്താൻ പാടുള്ളു എന്നു പ്രത്യേകനിബന്ധന ഇല്ലയെന്നോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രായമുള്ള ഒരു പോലീസുകാരൻ കീശയിൽ ഒരു പത്രംകൊണ്ടു വീട്ടിൽചെന്നു അതവിടെ ഇട്ടിട്ടു വീട്ടിൽ കണ്ടുകിട്ടിയതാണെന്നു പറഞ്ഞു എടുത്താൽ എന്താണ് നിവൃത്തി.

മി: സി. പി. തോമസ് (ഗവർണ്ണരുടെ നിയമനം): അങ്ങനേയുള്ള കേസുകൾ ഉണ്ടോ എന്നു അദ്ദേഹം പറയുമോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനേയുള്ള കേസുകൾ ഉണ്ട്. അങ്ങനേയൊരു കേസുചാലയിൽ കണ്ടുപിടിച്ചു എന്നു തോന്നുന്നു. ഒരു മേഷണക്കേസിൽ ഒരു പോലീസുകാരൻ ഉത്സാഹിച്ചതായി ഒരു പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്നു. പ്രത്യേകമായി സ്ത്രീകൾ പെരുമാറുന്ന സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ പോലീസുകാർക്ക് ഈ സ്വാതന്ത്ര്യം കൊടുക്കുന്നതുകൊണ്ടു അപ്രകാരമുള്ള ജോലി അവരെ ഏല്പിക്കാൻ പാടില്ലാത്തതാകുന്നു.

അടുത്തതായി എനിക്കു പ്രസ്താവിക്കാനുള്ളതു റഗ്ലേഷൻ പ്രയോഗിക്കുന്ന രീതിയെപ്പററിയാണ്. അതിനെപ്പററി പ്രസ്താവിച്ചതിൻപ്രകാരം റഗ്ലേഷന്റെ പ്രയോഗം ഒരു വിശ്വിതനടപടിയല്ലാതേയാണു. ലൈസൻസുപീസിന്റെ തുക നിശ്ചയിച്ച രീതിയെപ്പററിയാണു ഞാൻ പറയുന്നതു്. ഏതു അടിസ്ഥാനത്തിന്മേലാണു പീസു നിശ്ചയിച്ചതെന്നു നിശ്ചയമില്ല. പത്രറഗ്ലേഷൻ നടപ്പാക്കിയതിനു മുമ്പു പത്രങ്ങളിൽ പ്രസിദ്ധം ചെയ്തിരുന്ന ലേഖനങ്ങളെ നോക്കിട്ടാണെങ്കിൽ അതു റഗ്ലേഷനുമുമ്പു പ്രാബല്യം കൊടുക്കയാണു. എനിക്കു ഗ്രഹിപ്പാൻ കഴിഞ്ഞേടത്തോളം ഗവർണ്ണരുടെ മെമ്പർമാർ പറഞ്ഞതു ഇത്രമാത്രമാണു. അതായതു പത്രാധിപന്മാർ ഉത്തരവാദിത്വബോധവും വിദ്യാഭ്യാസവും ഉള്ളവരായിരുന്നെങ്കിൽ റഗ്ലേഷനിൽ പ്രസ്താവിച്ച ദോഷങ്ങൾ പലതും ഉണ്ടാകയില്ലായിരുന്നു. എന്നുമാത്രം മെമ്പർമാർ അതാണ് പറഞ്ഞതു. അങ്ങനെയായിരുന്നെങ്കിൽ പത്രാധിപന്മാർക്കു ഇന്നയിന്ന യോഗ്യതകൾ വേണമെന്നു റഗ്ലേഷനിൽ വ്യവസ്ഥചെയ്യേണ്ടതാകുന്നു. അതു ബുദ്ധിപൂർവ്വകവും ആയിരുന്നേനെ. സ്വന്തം ഉത്തരവാദിത്തവും സദുദ്ദേശങ്ങൾ തമ്മിലും വർഗ്ഗങ്ങൾ തമ്മിലും സ്പർദ്ധയുണ്ടാക്കുന്നതുമായ പത്രങ്ങൾ ഉണ്ടായിരുന്നെന്നും ഉണ്ടെന്നും മിസ്റ്റർ ജോസഫ് പറഞ്ഞതു ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ ഇവയെ ഓരോ വ്യക്തികളായി വിചാരിച്ചു അവയുടെ മേൽ നടപടി നടത്തേണ്ടതാണ്. അതിനുപകരം ഈ റഗ്ലേഷനെ പത്രലോകത്തിന്റെ മേൽ എടുത്തെറിയുകയാണ് ചെയ്തിട്ടുള്ളതു. ഈ റഗ്ലേഷനെ ബലമായി പ്രതിഷേധിക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. പത്രാധിപന്മാർക്കും, എന്നു വേണ്ടാ അച്ചടിക്കാർക്കും പ്രസിദ്ധകന്മാർക്കും ഇന്നയിന്ന യോഗ്യതകൾ വേണമെന്നു നിശ്ചയിക്കയും ജനങ്ങളുടെ ഇടയിൽ ജീവിച്ചു വരുന്ന ക്ഷോഭത്തെ ശമിപ്പിക്കുന്നതിന്നായി ഈ റഗ്ലേഷനിലെ കഠിന വ്യവസ്ഥകളെ റദ്ദാക്കുകയും ചെയ്യണമെന്നു ഒരു പരിഹാരമാർഗ്ഗമായി ഞാൻ പ്രസ്താവിച്ചു കൊള്ളുകയും ചെയ്യുന്നു. ഗവർണ്ണരുടെ കാര്യങ്ങൾ ഭേദമാക്കുന്നതിനുള്ള അവസരം ഒരിക്കലും കഴിഞ്ഞു പോകയില്ല. ഇതിനെപ്പററി ക്ഷോഭമുണ്ടെന്നാണ് എന്റെ ഉത്തമവിശ്വാസം. ഈ സംഗതി ഞാൻ ഈ സഭമുമ്പാകെയും ഗവർണ്ണരിന്റെ മുമ്പാകെയും വയ്ക്കുകയും അവർ ഈ കാര്യത്തിൽ സഹതാപത്തോടെ പ്രവർത്തിച്ചു വേഗത്തിൽ സങ്കടനിവൃത്തി ഉണ്ടാക്കണമെന്നു അപേക്ഷിക്കയും ചെയ്യുന്നു.

ഡാക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും വകുപ്പുമന്ത്രി): സർ, ഉപക്ഷേപത്തെ പ്രതിക്ഷേപിക്കാനായിട്ടാണ് ഞാൻ എഴുന്നേൽക്കുന്നതു. എന്നാൽ ഞാൻ ഒരു നിയമജ്ഞനല്ലെന്നും, ഒരു സാധാരണക്കാരന്റെ നിലയിലാണ് ഞാൻ സംസാരിക്കുന്നതെന്നും നിയമകാര്യങ്ങളിൽ ഒരു എതുവിസ്താരത്തെ എതിർത്തു നിൽക്കാൻ എന്നാൽ സാധിക്കയില്ലെന്നും ഞാൻ ആദ്യമേ എതിർഭാഗക്കാരോടു പറഞ്ഞു കൊള്ളുന്നു. എതിർഭാഗത്തെ മെമ്പർമാരുടെ പ്രസംഗങ്ങളെയെല്ലാം ഞാൻ ഉത്സാഹത്തോടെ കേട്ടുകൊണ്ടിരിക്കയായിരുന്നു. തങ്ങളുടെ അബദ്ധങ്ങളും ദുഷ്പ്രവൃത്തികളും പ്രസിദ്ധമായി പോകാതെ പത്രങ്ങളുടെ വാ കെട്ടിക്കളവാൻ എക്സിക്യൂട്ടീവ് ഗവർണ്ണർ നിർമ്മിച്ച ഒരു ദുർന്നിയമമാണു പത്ര റഗ്ലേഷൻ എന്നാണ് ഇവിടെ വ്യവഹരിച്ചതു. ഇപ്പോഴത്തെ ഗവർണ്ണരിന്റെ നിലയെപ്പററി എനിക്കു അറിയാവുന്നേടത്തോളം ഇതു സത്യം വിട്ടു വളരെ അകലത്താണ്. തങ്ങളുടെ പ്രവൃത്തികളെയും നയങ്ങളേയും പററിയുള്ള ന്യായമായ എല്ലാ ആക്ഷേപങ്ങളേയും ഗവർണ്ണർ അഭിനന്ദിക്കയാണു ചെയ്യുന്നതു്. ജനഹിതപ്രാബല്യമുള്ള ഇക്കാലത്തു ആക്ഷേപങ്ങളെ അടക്കിക്കളവാനോ എതിർഭാഗം അഭിപ്രായത്തെ അഗണ്യമാക്കാനോ തങ്ങൾക്കു തോന്നുന്നതു് പോലെ രാജ്യം ഭരിക്കാനോ ഒരു ഗവർണ്ണർക്കും സാധിക്കയില്ല. ഇൻഡ്യയിലെ ഭരണനിയമങ്ങളെ ബഹുമാനിക്കുന്ന ഒരു നാട്ടുരാജ്യം ഉണ്ടെങ്കിൽ അതു തിരുവിതാംകൂറാണ്. എന്നാൽ തിരുവിതാംകൂറിനെപ്പോലെ ഭരണനിയമങ്ങൾ അനുസരിക്കുന്ന ഒരു ഗവർണ്ണരുടെ വർത്തമാനപ്പത്രങ്ങളെ നിയന്ത്രണം ചെയ്യുന്നതിനു ഒരു റഗ്ലേഷൻ പുസ്തകാക്കിയതു എന്തി

ആണെന്നു ചോദിക്കാമായിരിക്കും. തങ്ങളുടെ നടപടി നിയന്ത്രണം ചെയ്യേണ്ടുന്ന പത്രങ്ങൾ തിരുവിതാംകൂറിൽ ഉണ്ടായിരുന്നെന്നും ഉണ്ടെന്നും വിചാരമുള്ള ഏതു മനുഷ്യരും സമ്മതിക്കുന്നതാണ്. ഉത്തരവാദിത്വമില്ലാത്തപത്രപ്രവർത്തനദോഷം തിരുവിതാംകൂറിലെ ഉണ്ടെന്നു പല മെമ്പർമാരും സമ്മതിക്കുന്നുണ്ട്. അങ്ങനെയിരിക്കെ ഈ ദോഷങ്ങൾ വേഗത്തിൽ പറിച്ചു കളയുന്നതിനും സമുദായങ്ങൾ തമ്മിൽ ഭിന്നതയും സമാധാനവും ഉണ്ടാക്കുന്നതിനു മാർഗ്ഗങ്ങൾ കണ്ടു പിടിക്കേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമാകുന്നു. സർ, ഞാൻ തിരുവിതാംകൂറിലെയും മററു ചില രാജ്യങ്ങളിലെയും പത്രങ്ങൾ ക്രമമായി വായിക്കുന്ന ഒരാളാണ്. ഞാൻ അവയ്ക്കു വില കൊടുത്തു വാങ്ങിയാണ് വായിക്കുന്നതു. (ചിരി) അങ്ങനെ ചെയ്യാത്തവർ ഉണ്ടായിരിക്കാം. അതു കൊണ്ടാണ് ചില പത്രങ്ങൾ മിഷനിപ്പെട്ടു പണം സമ്പാദിച്ചു ഉപജീവനം കഴിക്കുന്നതു. ഞാൻ ഈ പത്രങ്ങൾ വായിക്കുന്നതു ഭണ്ഡാരങ്ങളോടു കൂടിയാണ്. ഗവണ്മെന്റിന്റെയും ഡിപ്പാർട്ടുമെൻറുകളുടേയും പ്രവൃത്തികളെയും നയങ്ങളെയും പററി പൊതുജനങ്ങൾ എന്താണ് വിചാരിക്കുന്നതു് എന്നറിയുകയാണു ഒരുദ്ദേശം. രണ്ടാമത്തെ ഉദ്ദേശം വീട്ടിലെ സ്ത്രീകളും കുഞ്ഞുങ്ങളും വായിക്കാതിരിക്കാൻ ഏതിനെയെല്ലാമാണ് നശിപ്പിക്കേണ്ടതെന്നു കണ്ടുപിടിക്കയാണ്. മാനമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും വായിക്കാൻ കൊള്ളരുതാത്ത ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ചില പത്രങ്ങൾ ഉണ്ട്. കുട്ടികളുടെ മേൽ പത്രങ്ങൾക്കുള്ള ശക്തി പളുരെയാണ്. അതു കൊണ്ടു അവയിൽ പ്രസിദ്ധപ്പെടുത്തുന്ന നാശകരമായ ലേഖനങ്ങൾ അവർ വായിക്കാതെ നാം തടയേണ്ടതാണ്. ഇന്നത്തെയു വാക്കന്മാരാണ് നാളത്തെ പൌരന്മാർ. ഇപ്പോൾ തന്നെ സമത്വം, സഹോദരത്വം, സ്വാതന്ത്ര്യം എന്നിവയെ പററിയുള്ള ചില വിചിത്രാഭിപ്രായങ്ങൾ അവരെ ബാധിച്ചു കഴിഞ്ഞിരിക്കുന്നു. ഈ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന അസത്യങ്ങളും അവരെ ബാധിച്ചു നാശമാക്കാതിരിക്കാൻ നാം നോക്കേണ്ടതാണ്. പലതരം അസത്യങ്ങളിൽ ഉല്ലസിക്കുന്ന വിധം കാണ്ട പത്രങ്ങളെ വായിക്കുന്നതിനാവുണ്ടാകുന്ന ദോഷങ്ങളിൽ നിന്നു യുവാക്കന്മാരെ രക്ഷിക്കാൻ നോക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാകുന്നു.

വീണ്ടും സമുദായങ്ങളെ സംബന്ധിച്ചുള്ള വിഷയങ്ങളെപ്പററി ഉണ്ടായിട്ടുള്ള വാദങ്ങൾക്കും മത്സരങ്ങൾക്കും ഉത്തരവാദികൾ ഈ പത്രങ്ങളിൽ ചിലതാണ്. ഇപ്പോൾ ജാതികൾ തമ്മിലുള്ള സ്പർദ്ധയും യോജിപ്പില്ലായ്മയും ഉണ്ടാക്കിയിട്ടുള്ളതു മുഖ്യമായി ചില വർത്തമാനപ്പത്രങ്ങളാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഗവണ്മെന്റു പ്രവേശിച്ചു സമുദായസ്പർദ്ധയും മത്സരവും ഇല്ലാതാക്കി ജനങ്ങളുടെ ഇടയിൽ വെറുപ്പിനും ഭിന്നതയ്ക്കും പകരം യോജിപ്പും സമാധാനവും ഉണ്ടാക്കാൻ മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതു അവരുടെ ചുമതലയാകുന്നു. എനിക്കു മനസ്സിലായേടത്തോളം ഗവണ്മെന്റു ഈ റെഗ്ലേഷൻ പാസ്സാക്കിയതിന്റെ ഉദ്ദേശം ഇതു മാത്രമാണ്. ഈ റെഗ്ലേഷനെപ്പററി ആക്ഷേപം പറഞ്ഞിട്ടുള്ള രണ്ടു സംഗതികളെ ആസ്പദമാക്കിയാണ്. ഒന്ന് റെഗ്ലേഷൻ പാസ്സാക്കിയ വിധത്തെപ്പററിയാണ്. അതിനു എന്റെ സ്നേഹിതനായ മാമെസർ ശരിയായ സമാധാനം പറഞ്ഞു. ആവശ്യമെന്നു കാണുമ്പോൾ നേരിട്ടു നിയമം പാസ്സാക്കുക രാജാവിന്റെ അവകാശമാണ്. നിയമസഭയോടു ആലോചിക്കാതെ നിയമങ്ങൾ പാസ്സാക്കുന്നതു തിരുവിതാംകൂറിൽ ഒരു നവീനസമ്പ്രദായമല്ല. മുമ്പുള്ള ഭരണാധികാരികളും ഇങ്ങനെ ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ ഭരണകാലത്തു ഒരു പുതിയ സമ്പ്രദായം ഉണ്ടാക്കിത്തീർത്തു എന്നു പറയുന്നതു ന്യായമല്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): നിയമസഭയുടെ അധികാരത്തിൽപെട്ട ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് നിയമം ഉണ്ടാക്കുന്നതിനു ഈ അസാധാരണ അധികാരം ഉപയോഗിച്ചതിന്റെ ഒരുദാഹരണം പറയുവാൻ കഴിയുമോ എന്നു ചോദിച്ചുകൊള്ളുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ ആദ്യമെ പ്രസ്താവിച്ച പ്രകാരം എന്റെ ചോദ്യങ്ങൾക്കു സമാധാനം പറയുവാൻ എനിക്കു സാധിക്കയില്ല. നിയമസഭയോടു ആലോചിക്കാതെ നിയമങ്ങൾ നിർമ്മിക്കാനുള്ള അധികാരം രാജാവിൽ സമർപ്പിച്ചിട്ടുണ്ട്. രാജാവു ഇവിടെ ആ അധികാരം പ്രയോഗിച്ചതായുള്ളതു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഒരു പത്രത്തിന്റെ പത്രാധിപരെ നാടുകടത്തിയും ആ പത്രത്തിന്റെ പ്രസിദ്ധീകരണം വിരോധിച്ചും ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയതിനെപ്പററി ഡാക്ടർ കുഞ്ഞൻപിള്ളയ്ക്കു അറിയാമോ.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അറിയാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു നിയമസഭയുടെ അധികാരത്തിൽ പെട്ടതാണോ.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കു ഓർമ്മയുള്ളടത്തോളം അല്ല.

റെഗ്ലേഷനു വേറൊരു ആക്ഷേപം പറയുന്നതു അതിലെ വ്യവസ്ഥകളുടെ കാഠിന്യമാണ്. വ്യവസ്ഥകളുടെ കാഠിന്യത്തെ കുററംചെയ്യുന്ന പത്രങ്ങൾക്കുമാത്രം ഭയമാണ് മതിയല്ലോ എന്നാണു എനിക്കു ഇതിനെസംബന്ധിച്ചു പറയാനുള്ളതു. ന്യായമായരീതിയിൽ നടത്തുന്ന പത്രങ്ങൾ യാതൊന്നും ഭയന്നിട്ടാവശ്യമില്ല. റെഗ്ലേഷൻ എപ്പോഴെങ്കിലും ദേഹത്തിൽ വീഴാവുന്ന ഒരു വാളായിത്തൂങ്ങിക്കിടക്കുന്നതു കുററങ്ങൾ ചെയ്യുന്ന പത്രങ്ങളുടെ തലയ്ക്കുമേൽ മാത്രമാണ്.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): ഡാക്ടർ കുഞ്ഞൻപിള്ളയ്ക്കു ഇങ്ങനെ ധൈര്യം പറവാൻ എങ്ങിനെ സാധിക്കും?.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇന്നയിന്ന കുററം ചെയ്താൽ ആ റെഗ്ലേഷൻ ബാധിക്കുമെന്നു പറഞ്ഞിട്ടില്ലല്ലോ. ആ കുററങ്ങൾ പത്രങ്ങളിൽ കണ്ടാൽ അതു ബാധിക്കും.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): പത്രനിയമത്തിൽ ഉൾപ്പെടാതെ പത്രവിമർശനം സാദ്ധ്യമാണോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എന്റെ സ്നേഹിതന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. കുററം ചെയ്യുന്ന പത്രങ്ങളെ റെഗ്ലേഷൻ യോജിപ്പിക്കുന്നുള്ളു. അവർ ന്യായമായി നടന്നാൽ ഭയപ്പെടാനൊന്നുമില്ല. ഈ റെഗ്ലേഷൻ ഗവണ്മെന്റു പാസാക്കിയതു ഉത്തമോ

ദ്ദേശത്തോടുകൂടിയാണ്. പത്രങ്ങളിൽ പ്രസിദ്ധംചെയ്യുന്ന ആക്ഷേപലേഖനങ്ങളുടെ ശക്തിയിൽനിന്നു യുവാക്കന്മാരെ രക്ഷിക്കണമെന്നും ജനങ്ങളിൽ ഓരോ വർഗ്ഗങ്ങൾ തമ്മിൽ സ്നേഹവും സമാധാനവും വർദ്ധിപ്പിക്കണമെന്നും മാത്രമാണു അവരുടെ ഉദ്ദേശം. ഈ ചുരുക്കിയ പ്രസ്താവനകളോടുകൂടി ഞാൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ പ്രതിഷേധിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോപ്പാള): സർ, ഈ ഉപക്ഷേപത്തെ അനുകൂലിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. ചീഫ്സെക്രട്ടറിയുടെ പ്രസംഗം ഞാൻ കേട്ടുകൊണ്ടിരുന്നപ്പോൾ, തിരുവിതാംകൂറിലെ എല്ലാ പത്രങ്ങളുടെയും സ്വരം കേവലം നിഷ്ഫലം ആണെന്നു—അവയ്ക്കു ചിലപ്പോൾ അസത്യവും വേറെ ചിലതു ക്ഷോഭകരവും ആണെന്നാണു അദ്ദേഹം പറയുന്നതു—അദ്ദേഹം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഓരോ വാക്കും സത്യമാണെന്നാണു എനിക്കു തോന്നിയതു്.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു). ചീഫ്സെക്രട്ടറി ചില പത്രങ്ങളെ വ്യക്തമായി ഒഴിവാക്കിയില്ലയോ?

മി: എം. ശിവതാണുപിള്ള (തോപ്പാള): ചിലതു ശിക്ഷാർഹമെന്നാണ് അദ്ദേഹം പറഞ്ഞതു്. അതുകൊണ്ടാണ് ചീഫ്സെക്രട്ടറി ചില പത്രങ്ങളെ ഈ വർഗ്ഗത്തിൽനിന്നു ഒഴിവാക്കി എന്നു ഞാൻ രണ്ടാമതു തിരുത്തി പറഞ്ഞതു്. തിരുവിതാംകൂറിലെ പത്രങ്ങളുടെ ഈ സ്വരത്തെപ്പററി തനിക്കുള്ള അഭിപ്രായം മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള ഒരു യോഗത്തിൽവച്ചു് പ്രസ്താവിച്ചതു ചീഫ്സെക്രട്ടറി സഭയുടെദൃഷ്ടിയിൽ കൊണ്ടുവരുമോ എന്നറിവാൻ എനിക്കു കൌതുകമുണ്ടായിരുന്നു. അദ്ദേഹവും മാന്യസഭ്യം മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള പറഞ്ഞതുതന്നെ ഇവിടെ ഉദ്ധരിച്ചതുകൊണ്ടു എനിക്കു വളരെ സന്തോഷമുണ്ട്. തിരുവിതാംകൂറിലെ പത്രപ്രവർത്തനരീതി കുറേയെല്ലാം വളരെ ആക്ഷേപയോഗ്യമാണെന്നു വിചാരിക്കുന്നവരുടെ കൂട്ടത്തിൽ ഒരാൾതന്നെയാകുന്നു ഞാൻ. അവ ക്രമം കെട്ട ഭാഷാപ്രയോഗത്തിൽ ഉല്ലസിക്കുന്നു. മി. ജാക്കു് പറഞ്ഞ പ്രകാരം, ചുരുക്കത്തിൽ പറഞ്ഞാൽ അവർ പുരുഷന്മാരെ മാത്രമല്ല, സ്ത്രീകളെ പോലും അവരുടെ അധിക്ഷേപത്തിൽ നിന്നു ഒഴിവാക്കുന്നില്ല. നേരെമറിച്ചു ചില പത്രങ്ങൾ ഉദ്യോഗസ്ഥന്മാരെ ഇമ്പം വാലുമില്ലാതെ സ്തുതിക്കുന്നതു എങ്ങനെയാണെന്നു ചില അവസരങ്ങളിൽ ഞാൻ വിചാരിച്ചുപോയിട്ടുണ്ട്. ചില ഉദ്യോഗസ്ഥന്മാരെ ഭീഷണിപ്പെടുത്തി പണം അപഹരിച്ചിട്ടുള്ളതും എനിക്കറിവുണ്ട്. ആരെങ്കിലും ചോദിച്ചാൽ അതിന്റെ ഒരു ദൃഷ്ടാന്തം പറവാൻ ഞാൻ ഒരുക്കമാണ്. ഞാൻ ഒരു വലിയ ഉദ്യോഗസ്ഥനോടു സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോൾ ചില പത്രങ്ങൾ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെ നീചമായവിധത്തിൽ ആക്ഷേപിക്കുന്നതിനെപ്പററി അദ്ദേഹത്തോടു പറയേണ്ടിവന്നു. ഈ പ്രസിദ്ധീകരണങ്ങൾ നിമിത്തം അമ്പരന്നുപോകരുതെന്നു ഞാൻ ആ വലിയ ഉദ്യോഗസ്ഥനോടു അപേക്ഷിക്കയും, "കോപാന്ധനായി പത്രത്തെ നശിപ്പിക്കാൻ ശ്രമിച്ചു പത്രാധിപരെ ഒരു രക്തസാക്ഷിയാക്കി തീർക്കരുതു്. അയാളെ അയാളുടെ പാട്ടിനു വിട്ടേക്കുക, അയാളെ ജനങ്ങൾതന്നെ മാനമര്യാദകൾ പഠിപ്പിച്ചുകൊള്ളും അല്ലെങ്കിൽ അതു വായിക്കാൻ ആരുമില്ലാതെ തനിയെ തന്നെ പത്രം നിന്നുപോകും" എന്നു പറയുകയും ചെയ്തു. എന്നാൽ എന്റെ ഹൃദയപൂർവ്വമായ ഉപദേശം വക വെക്കാതിരുന്നതിനാൽ എനിക്കു വ്യസനമുണ്ട്. ഗവർണ്ണമെന്റു ഇപ്രകാരം പ്രവർത്തിക്കുന്നതിനും പ്രസിദ്ധീകരണങ്ങളുടെ സ്വരത്തെ നിയന്ത്രിക്കുന്നതിനു ഗവർണ്ണമെന്റിനെ സംബന്ധിച്ചതിനും ഉത്തരവാദികൾ ചില പത്രങ്ങളാണെന്നു എന്റെ സ്നേഹിതൻ മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ റിപ്പോർട്ടു ഞാൻ വായിച്ചതിൽ ചാമെമ്പർ പറയുംപ്രകാരമല്ല, ഇങ്ങനെ അഭിപ്രായം പറവാൻ കാരണമുണ്ടായതിനെപ്പററി അദ്ദേഹം ഖേദിക്കയാണു ചെയ്തതെന്നാകുന്നു ഞാൻ ഗ്രഹിച്ചതു്. ചില പത്രങ്ങൾ അതിയ കടന്നു പ്രവർത്തിച്ചതായിരുന്നു കാരണം. ആ യോഗത്തിൽ കൂടിയിരുന്ന പൌരന്മാർ പത്രങ്ങളുടെ സ്വരത്തെ ആക്ഷേപിക്കാതെല്ലാതെ അധിക്ഷേപങ്ങൾ പ്രസിദ്ധപ്പെടുത്തിയ പത്രത്തെയോ പത്രങ്ങളേയോ അമർത്തുന്നതിനു ഇന്നവിധം പ്രവർത്തിക്കണമെന്നു ഉപദേശിച്ചിട്ടില്ലെന്നുള്ള സംഗതി ഞാൻ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. എങ്കിലും അദ്ദേഹത്തിന്റെ പ്രസ്താവനയെ ഗവർണ്ണമെന്റു മെമ്പർമാർ സ്വീകരിച്ചുകണ്ടതിൽ എനിക്കു ആശ്ചര്യമുണ്ട്. എങ്കിലും അദ്ദേഹം കല്പിച്ച പ്രതിവിധിയെ അവർ സ്വീകരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ നിലയാണു ശരിയായിട്ടുള്ളതെന്നു എനിക്കു തോന്നുന്നു. നീചഭാഷ പ്രയോഗിക്കുന്ന ചില പത്രങ്ങളുടെ ഇപ്പോഴത്തെ സ്വരത്തിന്റെ കാരണം വർഗ്ഗീയപ്രാതിനിധ്യത്തിനുള്ള ക്ഷോഭത്തെ അനുകൂലിക്കുന്ന ഗവർണ്ണമെന്റിന്റെ നടപടിതന്നെയാണു വർഗ്ഗീയമത്സരം അന്ധതയിലും ഭ്രാന്തിലും പര്യവസാനിക്കുന്നു. സ്വസമുദായക്കാർക്കു അനുകൂലിക്കുന്ന ചില പത്രങ്ങൾ ഹീനഭാഷ ഉപയോഗിക്കുന്നതിനു ഇതുതന്നെ മുഖ്യകാരണം.

സർ, പത്രറെഗ്ലേഷൻ പ്രസിദ്ധപ്പെടുത്തിയ ഉടനെ അങ്ങനെയൊരുകാര്യം ഞങ്ങളറിയാതെ ചെയ്തുവരുന്നിടയായതെങ്ങനെയാണെന്നു എന്നോടു ചോദിച്ചു. അതിനു മറുപടിയായി ഞാനു—

മി. കെ. കെ. തോമസ് (കോട്ടയം): നിയമസഭാറെഗ്ലേഷനിലെ വ്യവസ്ഥകൾ അദ്ദേഹത്തിനറിയാമോ.

മി. എം. ശിവതാണുപിള്ള (തോപ്പാള): റെഗ്ലേഷനിൽ വ്യവസ്ഥയുണ്ട്. ഈ റെഗ്ലേഷൻ നിയമസഭാമുഖം പാസ്സാക്കാതിരുന്നതെന്തുകൊണ്ടാണെന്നു അദ്ദേഹം സൂക്ഷ്മമായി ചോദിച്ചു. അതിനെപ്പററി എനിക്കറിവാൻ പാടില്ലെന്നു ഞാൻ പറഞ്ഞു. എങ്കിലും ഗവർണ്ണമെന്റിന്റെ പരിതാപകരമായ ഉദ്ദേശത്തെ ഓർത്തു ഞാൻ അന്നു തൃപ്തനായി. അതു നീതീകരിക്കുന്നതിനു ഞാൻകാരണം തേടുകയായിരുന്നു. എങ്കിലും ഇങ്ങനെയൊരു നിയമം ആവശ്യമുണ്ടെന്നു കണ്ടാൽ അതു ഈ സഭാമുമ്പാകെ ഹാജരാക്കി പാസ്സാക്കുകയല്ലായിരുന്നോ ഉത്തമവും ആശാസ്യകവും എന്നൊരു ചെറിയ ചോദ്യം ഗവർണ്ണമെന്റിനോടു ചോദിക്കാൻ എനിക്കാഗ്രഹമുണ്ട്.

ഇനിയൊരു മീനിട്ടുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ഞങ്ങളോടാലോചിക്കാതെ ഇങ്ങനെയൊരു നിയമം പാസ്സാക്കാൻ രാജാവിനു അധികാരം ഉണ്ടെന്നു സമ്മതിക്കാൻ ഞാൻ ഒരുക്കമാണ്. എന്നാൽ ഈ റെഗ്ലേഷന്റെ വിഷയം ന്യായമായി ഈ സഭയിൽ വാഗ്പ്രതിവാദത്തിനു വരേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതു ഈ സഭാമെമ്പർമാരെ നിന്ദിക്കയായിരുന്നു. അതിനു വ്യവസ്ഥകളും ആവശ്യത്തി

ധികം കഠിനവും പുനരാലോചന ചെയ്യേണ്ടതുമാകുന്നു. ഈ വിഷയം ഈ സഭാമുമ്പാകെ കൊണ്ടുവന്ന സഭയുടെ ദീർഘാലോചനയോടു കൂടിയ അഭിപ്രായം അറിയുന്നതു അഭിലഷണീയമായിരിക്കുമെന്നു ഞാൻ മറുഭാഗം മെമ്പർമാരോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): വർത്തമാനപ്പത്രാന്വേഷണത്തെ സംബന്ധിച്ചു ഈ സഭയുടെ അഭിപ്രായം എന്താണെന്നു വാദപ്രതിവാദം മുഖാന്തിരം വെളിപ്പെടുത്തുന്നതിനു അവസരം ഉണ്ടാക്കുന്നതിനായി ഞാൻ ഇവിടെ സമർപ്പിച്ച പ്രമേയത്തെ സംബന്ധിച്ചു വർത്തമാനപ്പത്രപ്രധിഷേധകക്കമ്മിററി പ്രെസിഡൻറുപോലും അനുകൂലഭാവം കാണിക്കാതെ വിരുദ്ധാഭിപ്രായം പ്രസ്താവിക്കയും പല സാമാജികന്മാരും അനുകൂലിക്കാതിരിക്കുകയും ചെയ്തതിനാൽ ഞാൻ ആത്മാർത്ഥമായി എന്തെങ്കിലും പ്രസ്താവിച്ചാൽ അവർ അതു നിമിത്തം റെഗുലേഷനെ അനുകൂലിക്കുമോ എന്നു സംശയം ഉള്ളതുകൊണ്ടാണ് ഇതുവരെ ഞാൻ ഒന്നും പ്രസ്താവിക്കാതിരുന്നതു്. വർത്തമാനപ്പത്രങ്ങൾക്കു ഗവർണ്മെൻറിനെ എന്നപോലെ, പൊതുസ്ഥാപനങ്ങളെയോ പൊതുജനപ്രതിനിധികളെയോ വ്യക്തികളെത്തന്നേയുമോ ശക്തിയായിട്ടുംവെയ്യുമായിട്ടും, ചിലപ്പോൾ അനാവശ്യമായിട്ടും അസംബന്ധമായിട്ടും ശകാരിക്കാനും കുററം പറയാനും ഉള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതു എത്രയും അത്യാവശ്യമാണു. എല്ലാ മനുഷ്യർക്കും, എല്ലാ സ്ഥാപനങ്ങൾക്കും ഇതുപോലെയുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ എപ്പോഴെങ്കിലും ഈ സ്വാതന്ത്ര്യത്തെ ആരെങ്കിലും ദുരുപയോഗപ്പെടുത്തുന്നതായി കണ്ടാൽ ആ ദുരുപയോഗപ്പെടുത്തൽ മേലാൽ ഉണ്ടാകാതിരിക്കുന്നതിനു ആവശ്യമുള്ള നിയമങ്ങളും ചട്ടങ്ങളും ഉണ്ടാകേണ്ടതു അത്യാവശ്യമാണ്. തിരുവിതാംകൂറിലെ വർത്തമാനപ്പത്രങ്ങൾക്കുനമ്മുടെ ഗവർണ്മെൻറും മഹാരാജാവു തിരുമനസ്സുകൊണ്ടും സർവ്വസ്വാതന്ത്ര്യം അനുഭവിച്ചിരുന്നു എന്നുള്ളതു എല്ലാവർക്കും അറിയാവുന്നതാണ്. ഈ സ്വാതന്ത്ര്യം പല വിധത്തിൽ ദുരുപയോഗപ്പെടുത്തി എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇങ്ങിനെ ദുരുപയോഗപ്പെടുത്തുകയും സമുദായങ്ങളിൽ പല വിധകുഴപ്പങ്ങൾ ഉണ്ടാകാൻ ന്യായമുണ്ടെന്നു ഗവർണ്മെൻറിനു ന്യായമായ സംശയം തോന്നുകയും ചെയ്യുമ്പോൾ ഉത്തരവാദിത്വബോധമുള്ള ഗവർണ്മെൻറു വെറുതെ ഇരിക്കുക എന്നുള്ളതു അസാധാരണയാണ്. എന്നുമാത്രമല്ല വെറുതെയിരിക്കാൻ ഉപദേശിക്കുന്നതു ന്യായവും ആയിരിക്കുകയില്ല. ഗവർണ്മെൻറിനെയും ഗവർണ്മെൻറു ഉദ്യോഗസ്ഥന്മാരെയും പൊതുജനങ്ങളെയും പൊതുസ്ഥാപനങ്ങളെയും എന്നു വേണ്ടാ സമുദായങ്ങളെത്തന്നെയും അന്യോന്യം അനാവശ്യമായും കേവലം നീചമായും ശകാരിക്കാൻ തിരുവിതാംകൂറിലെ പരിശുദ്ധപത്രലോകത്തിൻെറ ഒരു വിഭാഗം തയ്യാറായി എന്നു മാത്രമല്ല, ഈ സഭയിലിരിക്കുന്ന അധികമാളുകളും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. തൻെറ പരിശുദ്ധമായ ജീവിതംകൊണ്ടു തിരുവിതാംകൂറിൽ മാത്രമല്ല ഇൻഡ്യാസാമ്രാജ്യത്തിൽ തന്നെയും സ്ത്രീകളുടെ മാതൃകയായി ശോഭിക്കുന്ന മഹാറാണി തിരുമനസ്സിനെ ഉദ്ദേശിച്ചു ഈ പത്രബന്ധുക്കളിൽ ഒരാൾ പ്രയോഗിച്ച പദം ഉച്ചരിക്കുന്നതിനുള്ള ധൈര്യവും സാമർത്ഥ്യവും ഞാൻ ചെറുപ്പകാലത്തുപോലും പരിശീലിച്ചിട്ടില്ലാത്തതു കൊണ്ടു ഇവിടെ ഉച്ചരിക്കുന്നില്ല. ഇതുപോലെ ഈ പരിശുദ്ധപത്രലോകം വിശ്വസ്തരായ രാജദ്രോഹമായ അഭിപ്രായങ്ങളെ സംബന്ധിച്ചു സാല്പമായ ഒരു ഉദാഹരണം പറഞ്ഞുകൊള്ളട്ടെ.

ഈ സഭ ആരംഭിച്ചതിനുശേഷം ഇവിടെ അടുത്തു എൽ. എം. എസ്. ഹാളിൽ വെച്ചു് ഈഴവസമുദായത്തിൻെറ ഒരുമഹായോഗം കൂടുകയുണ്ടായി. അന്നു ആ സഭയിൽ മാറുസാമാജികന്മാരുടെ കൂട്ടത്തിൽ ഞാനും സന്നിഹിതനായിരുന്നു. ഈ സഭയിൽ മഹാരാജാവു തിരുമനസ്സിനോടും മഹാറാണി റീജൻറു തിരുമനസ്സിനോടും ഉള്ള ഭക്തിദേഹബഹുമാനങ്ങളെ പ്രദർശിപ്പിക്കുന്നു എന്നു പറഞ്ഞുകൊണ്ടു ഒരു പ്രമേയം അവതരിപ്പിക്കയും എല്ലാ ആളുകളും എഴുന്നേററു പിന്തുണക്കയും ചെയ്തു. ആയവസരത്തിൽ ഒരു മൂലയിൽ ഒരാൾ ഇരിക്കുന്നതുകണ്ടു. മററാരാൾ അയാളോടു "എന്താ! നിങ്ങൾക്കു രാജഭക്തി ഇല്ല" എന്നു ചോദിച്ചപ്പോൾ "ഇല്ല" എന്നാണു മറുപടി പറഞ്ഞതു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അയ്യ് റെഗുലേഷൻ പാസ്സാക്കുന്നതിനുമുമ്പോ പിന്നെയോ? (ചിരി)

മി: സി. പി. തരകൻ (കുന്നത്തുനാടു): റെഗുലേഷൻ പാസ്സാക്കിയതിൽ പിന്നെയാണു എന്നാലും അങ്ങിനെ ചെയ്യുവാൻ യാതൊരാവശ്യവുമില്ല.

പിന്നെ അന്വേഷിച്ചതിൽ അദ്ദേഹം ഒരു പത്രത്തിൻെറ സബ്എഡിററർ ആണെന്നുമനസ്സിലായി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ യോഗത്തിൽ എത്ര ആളുകൾ ഉണ്ടായിരുന്നു?

മി: സി. പി. തരകൻ (കുന്നത്തുനാടു): വളരെ ആളുകൾ ഉണ്ടായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൪൦൦ ആളുകൾക്കുമേലോ?

മി: സി. പി. തരകൻ (കുന്നത്തുനാടു): അഞ്ഞൂറു ആളുകൾ ഉണ്ടായിരിക്കും. എല്ലാവരും ഇങ്ങനെയുള്ളവരെന്നു ഞാൻ പറയുന്നില്ല. അധികം ആളുകളും മഹാരാജാവു തിരുമനസ്സിനോടും രാജകുടുംബത്തോടും ഭക്തിയും ബഹുമാനവും ഉള്ളവരാണ്. ഇങ്ങനെ, ഒരു പത്രത്തിൽ മഹാറാണി തിരുമനസ്സിലേക്കു നീചമായപദം ഉപയോഗിക്കത്തക്കവിധത്തിൽ മനസ്ഥിതിയുള്ള രാജദ്രോഹിതയും രാജഭക്തിയെ പ്രദർശിപ്പിക്കാനുള്ള പ്രമേയത്തെ നിന്ദിക്കത്തക്ക ധൈര്യമുണ്ടായ മറെറാരു രാജദ്രോഹിയേയും പാലിച്ചു കൊണ്ടു പോകുന്നതു അവസ്ഥാന്തരം തിരുവിതാംകൂറിൽ വന്നാൽ ഇപ്പോഴത്തെ റെഗുലേഷനെപ്പോലെയോ അതിനെക്കാൾ കഠിനമായിട്ടുള്ളതോ ആയ ഒരുറെഗുലേഷനെ വഹിക്കാൻ സാംയമുള്ളവരായിരിക്കണമെന്നാണ് എൻെറ അഭിപ്രായം. പത്രലോകത്തിൽ ഏതെങ്കിലും ഒരംശം ദുഷിക്കുന്നതായിക്കണ്ടാൽ ശക്തിയായ പൊതുജനാഭിപ്രായം കൊണ്ടു അതിനെ പ്രതിഷേധിച്ചു അങ്ങിനെയുള്ള രാജദ്രോഹം അന്യന്മാരുടെയിടയിൽ ബാധിക്കാതിരിക്കുന്നതിനു ശ്രമിക്കേണ്ടതു എല്ലാ ആളുകളുടെയും കടമയാണ് ഇങ്ങിനെയുള്ള ജീവിതരീതിയെ നാം സ്വീകരിച്ചു രാജദ്രോഹവും മററു വിധത്തിലുള്ള ദുഷ്ടാഭിപ്രായങ്ങളും അകററേണ്ടതു എത്രയും അത്യാവശ്യമാണ്. അങ്ങിനെ പ്രവൃത്തിക്കാതിരിക്കുന്ന സ്ഥിതിക്കു നമ്മുടെ ഗവർണ്മെൻറു പത്രങ്ങളെ നിയന്ത്രിക്കേണ്ടതു അത്യാവശ്യമാണെന്നു വിചാരിക്കുന്നതിൽ എനിക്കു ലവലേശം വിപരീതാഭിപ്രായമില്ല. ഇങ്ങനെ ഒരു നിയന്ത്രണം അർഹിക്കത്തക്കവിധത്തിലുള്ള ഒരുനീച പത്രലോകം സ്വീകരിച്ചിരുന്നുഎന്നാണു എൻെറ അഭിപ്രായം. എന്നാൽ ഈ റെഗുലേഷൻ നടപ്പാക്കിയതു സം-

ബന്ധിച്ചു ഗവണ്മെന്റും ഈ സഭയോട് ആവശ്യമുള്ള വിശ്വാസം പ്രദർശിപ്പിച്ചില്ലാ എന്നാണു എനിക്കു തോന്നിട്ടുള്ളതു. നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥ നല്ലപോലെ മനസ്സിലാക്കുന്നതിനു ശക്തിയുള്ള സാമൂഹികന്മാരാണു ഇവിടെ ഉള്ളതു. ഈ നിലയ്ക്കു ഇവിടത്തെ സമുദായത്തിന്റെയും പത്ര ലോകത്തിന്റെയും സ്ഥിതിക്കു ആവശ്യമുള്ള ഒരു റഗ്ലുലേഷൻ ഈസമയിൽ അവതരിപ്പിക്കാൻ ഗവണ്മെന്റു തെയ്യാറപ്പെടാതിരുന്നതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഇങ്ങിനെ ഒരു റഗ്ലുലേഷൻ സഭയിൽ അവതരിപ്പിച്ചു അതു സഭ സ്വീകരിക്കാതിരിക്കുന്നപക്ഷം മഹാരാണി തിരുമനസ്സിലെ സ്വാതന്ത്ര്യാധികാരം ഉപയോഗിച്ചു ഒരു നിയമം നടപ്പാക്കാൻ ഗവണ്മെന്റിനു സ്വാതന്ത്ര്യം ഉണ്ടായിരുന്നസ്ഥിതിക്കു.—

മി: കെ. കെ. തോമസ് (കോട്ടയം): സ്വാതന്ത്ര്യം ഉണ്ടായിട്ടുള്ളതു കൊണ്ടല്ലാ അങ്ങിനെ ചെയ്തതു.

മി: സി. പി. തരകൻ (കുന്നത്തുനാട്): അതിനു സഭയുടെ അഭിപ്രായം എന്താണെന്നു അറിഞ്ഞതിനുശേഷം പത്രറഗ്ലുലേഷൻ നടപ്പാക്കാമെന്നു ഗവണ്മെന്റു തീരുമാനിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നു എങ്കിൽ ഇപ്പോൾ ഉള്ള റഗ്ലുലേഷനിൽ ആവശ്യമുള്ള ഭേദഗതികൾ ചെയ്യുവാൻ സാധിക്കുമായിരുന്നു. ഇപ്പോൾ ഇങ്ങനെ നിയമം പോലെയോ അതിൽനിന്നു വ്യത്യാസപ്പെട്ടതോ ആയ ഒരു നിയമത്തെ അവധാനപൂർവ്വം ആലോചിച്ചു ഈ സഭയിൽ ഭൂരിപക്ഷം ആളുകളുടെ അഭിപ്രായത്തിനും ആലോചനയ്ക്കുമായി സമർപ്പിച്ചു അവരുടെ അഭിപ്രായം അറിഞ്ഞശേഷം അതു പാസാക്കാൻ ശ്രമിക്കേണ്ടതാണ് എന്നു പ്രസ്താവിച്ചുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): രാജ്യത്തിൽ അസാധാരണമായ ഒരു അവസ്ഥ ഉണ്ടായിരുന്നു എന്നു അംഗമെമ്പർ സമ്മതിക്കുന്നുണ്ടോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): ഒരു അസാധാരണഅവസ്ഥ ഉണ്ടായിരുന്നു എന്നു ഞാൻസമ്മതിക്കുന്നു. എന്നാൽ നിയമസഭയോട് ആലോചിക്കാതെ ഈ റഗ്ലുലേഷൻ പാസാക്കുന്നതിനു പര്യാപ്തമായിരിക്കത്തക്കവിധത്തിലുള്ള ഒരു സ്ഥിതിഅനാണ്ടായിരുന്നില്ല.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): ഞാൻ ഒരു ചോദ്യം ചോദിച്ചു കൊള്ളട്ടയോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): ഞാൻ ഇരുന്നു കഴിഞ്ഞു.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): നിങ്ങൾ ഇരുന്നതിനുമുമ്പെ ഞാൻ ചോദിച്ചുവല്ലോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ചോദ്യം ചോദിക്കേണ്ടതു പ്രസിഡൻറിനോടാണ്. മിസ്റ്റർ തോമസ് ഇപ്പോൾ മിസ്ററർ തരകനോടു സംസാരിക്കുകയാണ്.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): സർ, എനിക്കു മിസ്ററർ തരകനോടു ഒരു ചോദ്യം ചോദിക്കാനുണ്ട്.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം-ഡിപ്യൂട്ടിപ്രെസിഡൻറു): മിസ്ററർ തരകൻ ഇരുന്നു കഴിഞ്ഞു.

പ്രസിഡൻറ്: മിസ്ററർ തരകൻ ഇപ്പോൾ സഭയോടുപ്രസംഗിക്കുന്നില്ല.

മി: വി സുബ്ബയ്യർ (ഗവണ്മെന്റു നിയമനം-ഡിപ്യൂട്ടി പ്രസിഡൻറു): സർ, ഞാനും ഈ ഉപക്ഷേപത്തെപ്പററി അല്പം സംസാരിക്കണമെന്നു വിചാരിക്കുന്നു. സാങ്കേതികവിഷയങ്ങളെ ഗണിക്കാതെ സർവ്വപ്രധാനങ്ങളായ സംഗതികളെപ്പററി വാദപ്രതിവാദം ചെയ്യാൻ ഈ സഭയ്ക്കു ഒരവസരം തന്നതിനായി മിസ്ററർ ശിവതാണുപിള്ള അഭിപ്രായപ്പെട്ടതുപോലെ ആത്മാർത്ഥമായി ഞാനും താങ്കളെ അഭിനന്ദിച്ചുകൊള്ളുന്നു. റഗ്ലുലേഷനിലെ വ്യവസ്ഥകളെ സംബന്ധിച്ചു ഞാൻ യാതൊന്നും പറയാൻ വിചാരിക്കുന്നില്ലെന്നു ആരംഭത്തിലെ പറഞ്ഞുകൊള്ളട്ടെ. അക്കാര്യങ്ങൾ അവസരം ലഭിച്ചാൽ സഭ വേറൊരുനിലയിൽ വിചിന്തനം ചെയ്യേണ്ടതാണ്. അതിൽ ന്യൂനതകൾ വല്ലതും ഉണ്ടെങ്കിൽ അവയെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടു വരുന്നതിനു പലമാർഗ്ഗങ്ങൾ ഉണ്ട്, റഗ്ലുലേഷനിലെവ്യവസ്ഥകളെപ്പററി സഭ ഇപ്പോൾ ആലോചിച്ചിട്ടാവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

ഇവിടത്തെ വാദങ്ങളെ ആകപ്പാടെ നോക്കിയതിൽ മൂന്നുസംഗതികളാണു പ്രധാനമായി പറഞ്ഞിട്ടുള്ളതു. അതായതു ഈ റഗ്ലുലേഷൻ പാസ്സാക്കുന്നതിന് ആവശ്യമുണ്ടായിരുന്നോ, അതു പാസ്സാക്കിയ അധികാരിക്കു അതിനധികാരം ഉണ്ടോ, അതു നടപ്പിൽ വരുത്തിയവിധം നീതികരിക്കാവുന്നതാണോ? ഈ കാര്യത്തിലെ പ്രധാന വാദവിഷയങ്ങൾ ഇവ മൂന്നുമാണെന്നു എനിക്കു തോന്നുന്നു. വ്യവസ്ഥകളെപ്പററി ഇപ്പോൾ വിസ്താരമായി വാദിക്കുന്നതു കേവലം അനാവശ്യമാണ്. ഞാൻ മുമ്പു പ്രസ്താവിച്ചപ്രകാരം വ്യവസ്ഥകളിൽ വല്ല ന്യൂനതകളുമുണ്ടെങ്കിൽ അവയെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ ശേഷം അവയെ ഭേദപ്പെടുത്താവുന്നതാണ്. ഏതു നിയമവും അശേഷം ന്യൂനതകളില്ലാത്തതാണെന്നു വിചാരിക്കാൻ കഴികയില്ല. ലോകത്തിൽ ന്യൂനതകളൊന്നുമില്ലാത്തതും സ്ഥിരമായിട്ടുള്ളതും ഒന്നുംതന്നെയില്ലല്ലോ. പാസ്സാക്കി അധികം നാൾ കഴിഞ്ഞിട്ടില്ലാത്ത ചില നിയമങ്ങളിലെ ന്യൂനതകൾ തീർക്കുന്നതിനായി ഓരോയിട വാ മെമ്പർ ഒരു ഭേദഗതിബിൽ ഈ സഭയിൽ അവതരിപ്പിച്ചതു നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബില്ലുകളെ പററി ഈ സഭയിൽ വാദപ്രതിവാദം നടത്തുന്നതുകൊണ്ടു പ്രയോജനമില്ലെന്നാണോ മിസ്ററർ സുബ്ബയ്യർ പറയുന്നതു.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം-ഡിപ്യൂട്ടിപ്രസിഡൻറു): ഞാൻ അങ്ങനെ പറഞ്ഞില്ല. അതിനെപ്പററി ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം.

എല്ലാ നിയമങ്ങളിലും ന്യൂനതകൾ ഉണ്ടാകാമെന്നുള്ളതുകൊണ്ടു ഈ റഗ്ലുലേഷനിലെ വ്യവസ്ഥകളെപ്പററി നാം ഇപ്പോൾ ചിന്തിച്ചു ബുദ്ധിമുട്ടിട്ടാവശ്യമില്ല. ഈ സഭമുഖാന്തരം പാസ്സാക്കിയിട്ടുള്ള നിയമങ്ങളിൽ ന്യൂനതകൾ ഉള്ളതുപോലെ വർത്തമാനപ്പത്രറഗ്ലുലേഷനിലും ന്യൂനതകൾ ഉണ്ടായിരിക്കാം. അങ്ങനെയുള്ള ന്യൂനതകൾ അധികാരസ്ഥന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ അവർ ആലോചിച്ചു കഴിയുന്നതും വേഗത്തിൽ അവയെ പ

വിഹരിക്കുന്നതാണ്. അപ്രകാരം തന്നെ ഈ റഗ്ലുലേഷന്റെ പ്രവൃത്തിയിൽ കൊണ്ടുവരുന്ന കാര്യത്തിൽ വിഷമതകൾ ഉണ്ടെങ്കിൽ അവ റഗ്ലുലേഷന്റെ ആവശ്യകത മുതലായവയെപ്പററി ആലോചിക്കുന്നതിനു വിഘ്നമാകുന്നതല്ലെന്നില്ല. റെഗ്ലുലേഷനിലെ വ്യവസ്ഥകളെപ്പററി ഇപ്പോൾ വാദം നടത്തുന്നതിൽ മററൊരു വൈഷമ്യമുണ്ട്. എന്തെന്നാൽ അവയെപ്പററി നാം എത്രദിവസംതന്നെ വാഗ്വിതണ്ഡവാദം നടത്തിയാലും നമുക്കു അതിനെസംബന്ധിച്ച് ഒരു തീർച്ചയുണ്ടാക്കാൻ കഴികയില്ല. അതുകൊണ്ടു വ്യവസ്ഥകളുടെ കാര്യം വിട്ടിട്ടു പ്രസ്താവിച്ച മൂന്നുകാര്യങ്ങളിൽ ഒന്നാമത്തെതിനെപ്പററി ഞാൻ ആദ്യം പ്രസ്താവിക്കാം: ഈ റെഗ്ലുലേഷൻ പാസ്സാക്കിയ അധികാരസ്ഥാനത്തേക്കു അങ്ങനെചെയ്യാൻ അധികാരമുണ്ടായിരുന്നോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഈ നിയമം പാസ്സാക്കിയ അധികാരസ്ഥാനത്തിനു, പ്രസ്തുതകാര്യം നിർവഹിക്കുന്നതിൽ വേണ്ട അധികാരയോഗ്യതയുണ്ടായിരുന്നോ എന്നുള്ളതിനെപ്പററി ആരെങ്കിലും തർക്കിച്ചോ?

മി: വി. സുബ്ബയ്യർ (ഗവർണ്ണമെന്റു നിയമനം ഡെപ്യൂട്ടിപ്രസിഡന്റു): സർ, ഈ ഉപക്ഷേപം ഹാജരാക്കിയ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഈ റെഗ്ലുലേഷൻ പാസ്സാക്കിയതു നിയമപ്രകാരംആണോ എന്നു ചോദിക്കയുണ്ടായി. ഈ റെഗ്ലുലേഷനെ പ്രതിഷേധിച്ച എന്റെ സ്നേഹിതന്മാർ അതു പാസ്സാക്കിയ ആളിന് അതിന്നധികാരം ഉണ്ടെന്നു സമ്മതിക്കുന്നതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു. അത്രത്തോളം എന്റെ വാദത്തിനു ബലംകൂടുന്നു. ഈ റെഗ്ലുലേഷൻ പാസ്സാക്കിയ അധികാരസ്ഥാനത്തെ അധികാരം നാം നിഷേധിച്ചാൽ നമ്മുടെ നിലയ്ക്കു ഭംഗം തട്ടുന്നതിനു നാം ഇടയാക്കുകയായിരിക്കും. എന്തെന്നാൽ ഇതിനുമുമ്പു പാസ്സാക്കിയിട്ടുള്ളതും ഇപ്പോൾ പ്രാബല്യത്തിൽ ഇരിക്കുന്നതുമായ നായർറെഗ്ലുലേഷൻ, ഈഴവറെഗ്ലുലേഷൻമുതലായ എല്ലാനിയമങ്ങളുടെ കാര്യത്തിലും ഈ വൈഷമ്യം നേരിടുന്നതാണ്. എന്തെന്നാൽ ഈ റെഗ്ലുലേഷൻ പാസ്സാക്കിയ അധികാരസ്ഥാനത്തു നിന്നുതന്നെയാണു ആനിയമങ്ങളും അവസാനമായി പാസ്സാക്കിയതു. നായർറെഗ്ലുലേഷനും ഈഴവറെഗ്ലുലേഷനും നിയമപ്രകാരം പാസ്സാക്കിയവ അല്ലെന്നോ അവയ്ക്കു നിയമപ്രാബല്യം ഇല്ലെന്നോ എന്റെ സ്നേഹിതൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രാജാധികാരത്തെ സംബന്ധിച്ച രാജാവിനും റിജൻറിനും തമ്മിൽ വ്യത്യാസംഉണ്ടോ എന്നു പറയുമോ?

മി: വി. സുബ്ബയ്യർ (ഗവർണ്ണമെന്റു നിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ആചോദ്യത്തിനു വാദവിഷയത്തോടു യാതൊരുസംബന്ധവുമില്ലാത്തതിനാൽ അതു ഞാൻ പ്രവേശിക്കാൻ വിചാരിക്കുന്നില്ല. റീജൻറിനു റീജൻറായിരിക്കുന്നകാലത്തോളം രാജാവിന്റെ എല്ലാഅധികാരങ്ങളും സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും ഉണ്ടെന്നു എല്ലാ പരിഷ്കൃതരാജ്യങ്ങളും സമ്മതിച്ചിട്ടുള്ള ഒരു തത്വമാണു. അല്ലെങ്കിൽ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകും. എല്ലാകാര്യങ്ങളും മുടങ്ങിപോകും. ഇങ്ങനെ സംഭവിക്കാതിരിക്കുന്നതിനാണു റീജൻറിനു രാജാവിന്റെ എല്ലാ അധികാരങ്ങളും നിയമംകൊടുത്തിട്ടുള്ളതു, ഞാൻ പറഞ്ഞപ്രകാരം ഈ സംഗതിയെപ്പററി വാദംതുടങ്ങിയാൽ ഈ സഭമുഖാന്തരം പാസ്സാക്കിയിട്ടുള്ള നിയമങ്ങൾക്കുതന്നെ നിയമസാധുത്വം ഉണ്ടോഎന്ന വാദത്തിലാണു നാം ചെന്നവസാനിക്കുന്നതു. ഈഴവറെഗ്ലുലേഷൻപ്രകാരമോ നായർ റെഗ്ലുലേഷൻപ്രകാരമോ തറവാട്ടുകാർ ഭാഗംചെയ്യാമോഎന്നുള്ള വാദവുമുണ്ടാകും. ഇങ്ങനെയുള്ള വാദങ്ങൾക്കു ഈ വിഷയത്തോടു സംബന്ധമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യർ ഹാൽസ് ബറീസ് ലാസ് ഓഫ് ഇംഗ്ലണ്ട് എന്ന പുസ്തകം വായിച്ചിട്ടുണ്ടോ എന്നുപറയുമോ?

മി: വി. സുബ്ബയ്യർ(ഗവർണ്ണമെന്റു നിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ഹാൽസ് ബറീസ് ലാസ് ഓഫ് ഇംഗ്ലണ്ട് ഞാൻ പഠിച്ചിട്ടില്ലെന്നു സമ്മതിച്ചുകൊള്ളുന്നു. ഹാൽസ്ബറിപ്രഭു അനേകം വലിയപുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ഈ പുസ്തകങ്ങളെല്ലാം ആരെങ്കിലും പഠിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ചില പുസ്തകങ്ങൾ അങ്ങുമിങ്ങും ഞാൻ നോക്കീട്ടുണ്ട്. ഒരൊററപുസ്തകംപോലും ആദ്യംമുതൽ അവസാനംവരെ ഞാൻ പഠിച്ചിട്ടുണ്ടെന്നു നടിക്കുന്നില്ല.

മി: കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വാദവിഷയം സ്പഷ്ടമാക്കുന്നതിനു ആ പുസ്തകങ്ങൾ പഠിക്കുന്നതു ആവശ്യമാണെന്നു അദ്ദേഹം വിചാരിച്ചില്ലേ?

മി: വി. സുബ്ബയ്യർ (ഗവർണ്ണമെന്റു നിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ഇല്ല. ആവശ്യമാണെന്നു വിചാരിച്ചില്ല. നമ്മുടെ ഇപ്പോഴത്തെ കാര്യത്തിനു അതുകൊണ്ടു പ്രയോജനമില്ല. ആവാദത്തോടു നമുക്കിപ്പോൾ യാതൊരു സംബന്ധവുമില്ല. അതുകേവലം അന്യമാണു.

വർത്തമാനപ്പത്രം റെഗ്ലുലേഷൻ പാസ്സാക്കുന്നതിനു മുമ്പു എപ്പോഴെങ്കിലും നേരിട്ടു നിയമങ്ങൾ പാസ്സാക്കാൻ രാജാവിനുള്ള അവകാശം നമ്മുടെ രാജാവു ഉപയോഗിച്ചിട്ടുണ്ടോഎന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ചങ്ങനാശ്ശേരി പി. പരമേശ്വരൻപിള്ള ചോദിക്കുകയുണ്ടായി. ഞാൻ എന്റെ ഓർമ്മയിൽ നിന്നു പറയാം, (അതിന്റെ ശക്തി കുറഞ്ഞുവരുകയാണു, തെററിപ്പോയി എന്നുവരാം) ൧൦൯൫ മുതൽ ൧൦൯൭ വരെ നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സുകൊണ്ടു നിയമസഭയോടു ആലോചിക്കാതെ ഉദ്ദേശം ൧൯ റെഗ്ലുലേഷൻ പാസ്സാക്കീട്ടുണ്ട്. ൧൦൯൫ മുതൽ ൧൦൯൯ വരെ അങ്ങനെ പാസ്സാക്കിയനിയമങ്ങൾ പതിനെട്ടോ ഇരുപതോവരും. ഇവയിൽ അധികം ആരോ നിയമസഭയിൽ ഹാജരാക്കാവുന്നവിഷയങ്ങളെ സംബന്ധിച്ചവയായിരുന്നു എന്നു മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയോടു എനിക്കു ഉറപ്പായി പറയാൻ കഴിയും. ഈ നിയമങ്ങളുടെയെല്ലാം പേരുകൾ ഇപ്പോൾ എനിക്കു ഓർമ്മയിൽനിന്നു പറയാൻ സാധിക്കാത്തതുകൊണ്ടു വ്യസനിക്കുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹൈ സർക്കാർ വക്കീൽ): മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതുപോലെ തിരിയിലുള്ള ഒന്നല്ലയോ ൧൦൯൫ ലെ ൧൦ നമ്പർ റെഗ്ലുലേഷൻ.

മി: വി. സുബ്ബയ്യർ (ഗവർണ്ണമെന്റു നിയമനം-ഡിപ്യൂട്ടി പ്രസിഡന്റു): അതു നിയമസഭ റെഗ്ലുലേഷൻ ആണല്ലോ. അതല്ലാ ഞാൻപറഞ്ഞതു. അതുനിയമസഭമുഖാന്തരം പാസ്സാക്കാവുന്നതല്ല. ഒന്നുഞാൻ ഓർക്കുന്നു. കാരാണ്മറെഗ്ലുലേഷൻ. ക്ഷേത്രങ്ങളിൽ ദർശിക്കാരായ ചിലർ ജോലിവിട്ടുപോകുന്നതിനാൽ അവരെ ജോലിയിൽനി

ന്നു പിരിച്ചുവിടാൻ ഗവർണ്ണരിന്നു അധികാരമുണ്ടെന്നുള്ളതിനെ സംബന്ധിച്ചുതാണു ആ റെഗുലേഷൻ. ഞാനാണു അതു എഴുതിയുണ്ടാക്കിയതു. അതുകൊണ്ടു ഞാൻ അതു ഓർക്കുന്നു. അതു ഒരു രാജകീയ വിളംബരപ്രകാരം നടപ്പിൽ വരുത്തിയതാണു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദേവസ്വങ്ങൾ നിയമസഭയുടെ നിബന്ധനയിൽ ഉൾപ്പെട്ടതാണോ?

മി. വി. സുബ്ബയ്യർ (ഗവർണ്ണരുടെ നിയമനം-ഡിപ്യൂട്ടി പ്രസിഡെൻറു): അങ്ങനെയുള്ള നിബന്ധനകൾ ഉണ്ടാക്കിയതു് ഗൻറ ഇ-നുശേഷമാണു, നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സുകൊണ്ടു നിയമസഭയോടു ആലോചിക്കാതെ നേരിട്ടു കുറഞ്ഞപക്ഷം അഡ്വൈസൻ റെഗുലേഷൻ പാസ്സാക്കിട്ടുള്ളതാണു് ഏ,നിക്കു ഓർമ്മയുള്ളതുകൊണ്ടു തീർച്ചയായിപറയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) എൻെറസ്നേഹിതൻ പറഞ്ഞതുപോലെ നിയമങ്ങളോടു വർത്തമാനപ്പത്രറെഗുലേഷൻ താര തമ്യപ്പെടുത്തി നോക്കീട്ടു എൻെറ സ്നേഹിതൻ ഏ,ന്താണുവിചാരിക്കുന്നതു?

മി. സുബ്ബയ്യർ (ഗവർണ്ണരുടെ നിയമനം ഡിപ്യൂട്ടിപ്രസിഡെൻറു): സർ, അങ്ങനെ താരതമ്യപ്പെടുത്തി നോക്കിയതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. എൻെറ സ്നേഹിതൻ മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ ഇന്നാരു പറഞ്ഞതുപോലെ നിർമ്മാണസമയങ്ങളോടും സ്ഥാനം ദൂരങ്ങളോടും ഉപമിച്ചതുകൊണ്ടു ഫലമൊന്നുമില്ല. ഉപമിക്കുന്നസാധനങ്ങൾ ഒരുതരത്തിലുള്ളവയായിരിക്കണം. നിയമസഭറെഗുലേഷനെയാകട്ടെ മറ്റേതെങ്കിലുറെഗുലേഷനെയാകട്ടെ കാരണറെഗുലേഷനോടു ഉപമിക്കാമെന്നു എനിക്കുതോന്നുന്നില്ല.

ഞാൻ ആദ്യം പറഞ്ഞതായ സംഗതികളെയും പററി വീണ്ടും പ്രസ്താവിക്കാം. ഈ സഭയുടെ അധികാരങ്ങളും അവകാശങ്ങളും കുറവുകൂടാതെ സംരക്ഷിക്കണമെന്നും പത്രങ്ങളുടെസ്വാതന്ത്ര്യത്തിന്നു ഹാനിവരരുതെന്നും ആഗ്രഹിക്കുന്നവരിൽ ഞാൻ മുമ്പനാണെന്നുള്ളസംഗതി സഭയോടുബോധിപ്പിച്ചുകൊള്ളുന്നു. എന്നാൽ സ്വാതന്ത്ര്യം നൽകിയതുമൂലം ന്യായമല്ലാത്തപ്രവൃത്തി ചെയ്യുന്നതിന്നു ഇടവരുവാൻ പാടില്ലാത്തവിധം നാം അതിനു സൂക്ഷിക്കേണ്ടതാണു്. പത്രസ്വാതന്ത്ര്യത്തെപ്പററിഇംഗ്ലണ്ടിലെ പലരും പറയാറുണ്ടു. ആർവൈൽസറ്റ്ബർഡററ് എന്ന കേസ്സിലാണെന്നുതോന്നുന്നു നല്ല നിശ്ചയമില്ല അധിക്ഷേപം ആരംഭിക്കുമ്പോൾ പത്രസ്വാതന്ത്ര്യം നശിച്ചുപോകുന്നു എന്നുസ്പഷ്ടമായി പ്രമാണപ്പെടുത്തീട്ടുണ്ടു. അതുകൊണ്ടു തിരുവിതാംകൂറിലെ ചില പത്രങ്ങളെങ്കിലും അധിക്ഷേപം പറയുന്നതിൽ ഉല്ലസിക്കുന്നുണ്ടെന്നു എന്നുമാത്രമേ നാം ആലോചിക്കേണ്ടുള്ളു. ഈ നിയമത്തിൻെറ ആവശ്യകതയെപ്പററി പറഞ്ഞപ്പോൾ തിരുവിതാംകൂറിലെ പത്രങ്ങളിൽ ഒരുമാതിരി അധിക്ഷേപങ്ങൾ പതിവായി പ്രസിദ്ധംചെയ്യുന്നുണ്ടെന്നും അങ്ങിനെയുള്ള ലേഖനങ്ങൾ തൻെറകൈവശം ഉണ്ടെന്നും ആ ലേഖനങ്ങൾ വായിച്ചു കേൾപ്പിച്ചു സഭയെ അസംതൃപ്തപ്പെടുത്തുന്നില്ലെന്നും എൻെറസ്നേഹിതൻ മിസ്റ്റർ ജോർജ് പ്രസ്താവിക്കുകയുണ്ടായി. ഈ ഉപക്ഷേപത്തെ അനുകൂലിച്ചവരിൽ തന്നെയും പലരും തിരുവിതാംകൂറിലെപത്രങ്ങളിൽ ചിലതു പതിവായി അതിക്ഷേപങ്ങൾ പ്രസിദ്ധംചെയ്യുന്നുണ്ടെന്നു സമ്മതിക്കയും എൻെറസ്നേഹിതൻ മിസ്റ്റർജോസഫ് പറഞ്ഞപ്രകാരം തിരുവിതാംകൂറിലെ പത്രങ്ങളെ നിയന്ത്രണം ചെയ്യുന്നതിന്നു ഒരുറഗുലേഷൻ ആവശ്യമാണെന്നു പ്രസ്താവിക്കുകയും ചെയ്തുകാണുന്നതിൽ എനിക്കു സന്തോഷമുണ്ടു. മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ളയും ഇങ്ങനെയുള്ള അനേകം ലേഖനങ്ങൾ തൻെറകൈവശത്തിൽ ഉണ്ടെന്നും അവയെ വായിച്ചു സഭയെ മുഷിപ്പിക്കുന്നില്ലെന്നും പറകയുണ്ടായി. റെഗുലേഷനെ പ്രതിഷേധിച്ചവരും അദ്ദേഹം പറഞ്ഞതിനെ നിഷേധിച്ചില്ല. അതുകൊണ്ടു നമ്മുടെരാജ്യത്തിൽ ഒരു പത്രറഗുലേഷൻ ആവശ്യമാണെന്നുസ്പഷ്ടമാകുന്നു. ഞാൻ ഗവർണ്ണർസർവീസിൽ ഇരുന്നപ്പോൾ അനേകംപത്രങ്ങളുടെപ്രതികൾ വായിക്കാനുള്ള നിർഭാഗ്യം ഉണ്ടായി. ഒന്നു രണ്ടുപത്രങ്ങളുടെമേൽ കേസ്സടുക്കുന്നതിന്നു ഗവർണ്ണരിൽ നിന്നുഎന്നെ നിയമിച്ചപ്പോൾ ആ പത്രങ്ങളുടെ അനേകം പ്രതികൾ വായിക്കുന്നതിന്നു ഞാൻ നിർബന്ധിതനായിത്തീർന്നു. അവയെ പരിശോധിച്ചതിൽ ആ പത്രങ്ങൾ അധിക്ഷേപങ്ങളിൽ ഉല്ലസിക്കുന്നതായി ഞാൻ കണ്ടു. ആ പത്രങ്ങൾ ഉണ്ടാകാതിരുന്നെങ്കിൽ നമ്മുടെരാജ്യത്തിന്നു വലിയ ഗുണമായിരുന്നേനെ എന്നാണു അവവായിച്ചപ്പോൾ എനിക്കു തോന്നിയതു ഞാൻ വായിക്കേണ്ടിവന്ന പലലേഖനങ്ങൾ മാന്യന്മാരായ പൌരന്മാരുടെ വായിക്കാൻ ആഗ്രഹിക്കത്തക്കവണ്ണം നീചഭാഷയിലായിരുന്നു എഴുതിയിരുന്നതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) വിവാഹമോചനകോടതികളിലെ നടപടികൾ പ്രസിദ്ധപ്പെടുത്തുന്നതിനെ പ്പററി ഇംഗ്ലണ്ടിലെ പ്രഭുസഭയിൽ നടന്ന വാദത്തെപ്പററി എൻെറ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യക്കു അറിവുണ്ടോ

മി. സുബ്ബയ്യർ (ഗവർണ്ണരുടെ നിയമനം ഡിപ്യൂട്ടിപ്രസിഡെൻറു): വിവാഹമോചനകോടതികളിലെ നടപടികൾ പ്രസിദ്ധപ്പെടുത്തുന്നതിൻപാടില്ലെന്നു എനിക്കറിയാം

എന്നുമാത്രമല്ല, ഗവർണ്ണരുടെ എന്നെ നിയമിച്ചകേസുകളിൽ പ്രസ്തുതപത്രങ്ങളിലെക്രിമിനൽ നടപടിക്കുകാരണമായ ലേഖനങ്ങളും മററും എത്രയോ ആക്രോശമായഭാഷയിൽ എഴുതിയിരുന്നതിനാൽ അവയെ കോടതിയിൽ പരസ്യമായി വായിക്കുന്നതിന്നു എന്നാൽ കഴിയുകയില്ലെന്നു ഞാൻ പറയേണ്ടിവന്നു. അവയിലെ ഭാഷ അത്ര ആക്രോശവും നീചവും ആക്ഷേപകരവും ആയിരുന്നു. ആ ലേഖനങ്ങൾ ജഡ്ജിമാർ തന്നെ വായിച്ചു നോക്കുന്നതിന്നു അപേക്ഷിക്കേണ്ടിവന്നു. ഹൈക്കോടതിമുമ്പാകെ ഈ കേസുകളെപ്പററി എൻെറ സ്നേഹിതൻ മിസ്റ്റർ വി. എസ്. സുബ്രഹ്മണ്യയ്യർ വാദം നടത്തിയപ്പോൾ അദ്ദേഹവും ഈ അപേക്ഷതന്നെ കഴിക്കുന്നതിന്നു നിർബന്ധിതനായിത്തീർന്നു. ലേഖനങ്ങൾ കോടതിമുമ്പിൽ പരസ്യമായി വായിക്കുന്നതിന്നു തന്നാൽ അസാദ്ധ്യമാണെന്നു അദ്ദേഹവും പറഞ്ഞു. ഒരു വർത്തമാനപ്പത്രത്തിലെ ലേഖനങ്ങൾ ഒരു നീതിന്യായക്കോടതിയിൽ ഒരു പുരുഷൻ മറെറാരു പുരുഷനെ വായിച്ചുകേൾപ്പിക്കാൻ കഴികയില്ലെങ്കിൽ അങ്ങനെയുള്ള ആക്രോശപത്രങ്ങൾ നമ്മുടെ നാട്ടിലെ സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ഇടയിൽ പ്രചരിപ്പിക്കുന്നതു അഭിലഷണീയമായിരിക്കുമോ എന്നു ഞാൻ ഈ സഭാസാമാജികന്മാരോടു കാര്യമായി ചോദിക്കുന്നു. സർ, മനുഷ്യസ്വഭാവം ഒരു സംഗതിയിൽ ബഹിർമുഖമായിട്ടുള്ളതുതന്നെ. നാം എത്ര വിദ്യാഭ്യാസമുള്ളവരായിരുന്നാലും ചിലപ്പോൾ മററുള്ളവരെപ്പററിയുള്ള ആക്ഷേപങ്ങൾ വായിക്കുന്നതിന്നു നമുക്കു ആഗ്രഹമുണ്ടായി എന്നു വരാം. അങ്ങനെയിരിക്കെ ഇങ്ങനെയുള്ള ലേഖനങ്ങൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയാൽ വിദ്യാഭ്യാസമുള്ളവർക്കും അവയെ വായിക്കുന്നതിന്നു കൌതുകമുണ്ടായി എന്നുവരാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): എല്ലാ പത്രങ്ങളും ഇങ്ങനെയുള്ളവയാണെന്നാണോ മിസ്റ്റർ സുബ്ബയ്യരുടെ അഭിപ്രായം?

മി: വി. സുബ്ബയ്യർ (ഗവർണ്ണമെന്റ നിയമനം-ഡിപ്യൂട്ടിപ്രസിഡന്റ): ഞാൻ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല.

മാനമുള്ളതും രാജ്യത്തിന്നലങ്കാരമായിരിക്കുന്നതുമായ എത്രയോ പത്രങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ വേറെരുതരം പത്രങ്ങളുണ്ട്. അവ നല്ലവയല്ല. അവ സ്ത്രീകൾക്കും മാന്യപുരുഷന്മാർക്കും കുഞ്ഞുങ്ങൾക്കും വായിക്കുന്നതിന്നു യോജിച്ചവയല്ല. ലേഖന കർത്താവുതന്നെ ആ ലേഖനങ്ങൾ തന്റെ സ്നേഹിതന്മാരെ വായിച്ചുകേൾപ്പിക്കയില്ലെന്നു ഞാൻ ഖണ്ഡിച്ചു പറയുന്നു. ഒരു പത്രം ഒരു പുരുഷന്നു മറ്റൊരു പുരുഷനെ വായിച്ചു കേൾപ്പിക്കാൻ കൊള്ളരുതാത്തതാണെങ്കിൽ അതു ജീവിച്ചിരിക്കാൻ കൊള്ളുകയില്ല. അതു ജനങ്ങളുടെ സന്മാർഗ്ഗത്തെ ദൂഷിപ്പിക്കുമെന്നാണു എന്റെ വിശ്വാസം. ജനങ്ങളുടെ സന്മാർഗ്ഗത്തെ സംരക്ഷിക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണു. അതുകൊണ്ടു ജനങ്ങളുടെ സന്മാർഗ്ഗത്തിന്നു ദോഷം തട്ടാതിരിക്കാൻ നോക്കേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമാണു. മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ പ്രസംഗത്തിൽനിന്നു ലാ മെമ്പർ ഉദ്ധരിച്ചു വായിച്ചു കേൾപ്പിച്ചതു ഈ റഗുലേഷന്റെ ആവശ്യകതയെ തെളിയിക്കുന്നു. മിസ്റ്റർ ശിവതാണുപിള്ള, മിസ്റ്റർ തരകൻ, മിസ്റ്റർ ജോസഫ് ഇവരും അങ്ങനെതന്നെ വിചാരിച്ചു. ഇങ്ങനെ റഗുലേഷനെ പ്രതിഷേധിക്കുന്നവരും അതിനാവശ്യമുണ്ടെന്നുള്ള അഭിപ്രായക്കാരാണു. പത്രങ്ങളുടെ സ്വരവും അവയെ നടത്തുന്നരീതിയുംമാത്രം ആലോചിച്ചാൽതന്നെ ഒരു റഗുലേഷൻ ആവശ്യമാണെന്നു കാണുന്നതാണ്. അതുകൊണ്ടു ഒരു റഗുലേഷന്റെ ആവശ്യകത ഉണ്ടായിട്ടില്ലെന്നു പറയുവാൻ ന്യായമില്ല, "സാധാരണ നീതിന്യായക്കോടതികൾ ഉണ്ടല്ലോ. മജിസ്ട്രേട്ടുകോടതി ഇടക്കിടെ ഹൈക്കോടതിവരെ കേസു നടത്തരുതോ" എന്നു ചിലർ പറയുന്നുണ്ടു. ഇതിന്നു ആറുമാസമോ ഒരു വർഷമോകാലം വേണ്ടിവരും. പൊതുജന സന്മാർഗ്ഗം ഒരു പ്രധാന സംഗതിയാണെങ്കിൽ, അതു ദുഷിച്ചുപോകാൻ സംഗതിയും ഉണ്ടെങ്കിൽ, ഓരോ പത്രത്തിന്റെയും മേൽ അന്യായം നടത്തി ശിക്ഷിപ്പിക്കണമെന്നു പറയുന്നതിന്നു അർത്ഥമുണ്ടോ? അതു നിർവഹിച്ചുവരുന്നതിനിടയ്ക്കു വിഷം രക്തത്തിൽ വ്യാപിച്ചുപോകും. ഒരു വീടിന്നു തീ പിടിച്ചാൽ ആദ്യം നാം ചെയ്യുന്നതു തീ വെച്ചതു ആളാരാണെന്നു അന്വേഷണം നടത്തുകയോ അഗ്നിക്കു കാരണമാക്കിയവന്റെ പിന്നാലെ ഓടുകയോ അതിനെപ്പററി റിപ്പോർട്ടു ചെയ്യാൻ പോലീസ് സ്റ്റേഷനിലേക്കു പോകുകയാണല്ലോ. സാധാരണയായി നാം തീ ശമിപ്പിച്ചതിന്റെ ശേഷമാണു ആ ജോലികൾ ചെയ്യുന്നതു. അപ്രകാരംതന്നെ ഒരാൾക്കു ആരെങ്കിലും വിഷം കൊടുത്താൽ ആദ്യം നാം വൈദ്യനെവരുത്തും. പിന്നീടു സമയംപോലെ കുററക്കാരന്റെ മേൽ നടപടി നടത്തും. പത്രങ്ങളെ വഷളായ രീതിയിൽ നടത്തുമ്പോൾ പൊതുജനങ്ങളുടെ സന്മാർഗ്ഗവും രക്ഷയും സമാധാനവും ഉദ്ദേശിച്ചു ഉടനടി പരിഹാരം ചെയ്യേണ്ടതാണ്. ഇക്കാര്യത്തെപ്പററി എനിക്കിത്രയേ പറയാനുള്ളു.

ഇനി റഗുലേഷൻ നടപ്പിൽവരുത്തിയ രീതിയെപ്പററി ചില മെമ്പർമാർ ചില സംശയങ്ങൾ പറഞ്ഞുണ്ടായി. റഗുലേഷൻ പ്രസിദ്ധപ്പെടുത്തിയ ഉടനെ എനിക്കൊരു പകർപ്പു അയച്ചുതന്നതു ഞാൻ ശ്രദ്ധയോടെ വായിച്ചില്ല. ഇന്നുരാവിലയാണു ഞാൻ അതു വളരെ ശ്രദ്ധയോടുകൂടി വായിച്ചതു. മുമ്പിലത്തെപ്പോലെ ഇപ്പോഴും ഞാൻ ഗവണ്മെന്റാകുന്ന നിയമോപദേഷ്ടാവായിരുന്നെങ്കിൽ മഹാറാണി റീജന്റു തിരുമനസ്സുകൊണ്ടു നേരിട്ടു ഈ നിയമം പാസ്സാക്കണമെന്നല്ലാതെ ഈ സഭ മുഖാന്തിരം വേണമെന്നു പായുകയില്ലായിരുന്നു. കാരണങ്ങൾ പ്രത്യക്ഷമാണു. ഇന്നിക്കിതിൽ വല്ല കാര്യവും ഉണ്ടായിരുന്നെങ്കിൽ ഞാൻ നൽകുന്ന ഉപദേശം ആ വിധത്തിൽ ആയിരിക്കുന്നതാണ്. ഈ ഭാഗത്തുള്ള എന്റെ സ്നേഹിതന്മാരിൽ ചിലർ പക്ഷേ അങ്ങനെ ചെയ്യാതിരുന്നേക്കാം. എന്നാൽ അവർക്കു അബദ്ധം പററിയേക്കുമെന്നാണു എന്റെ ശങ്ക. റഗുലേഷന്റെ ൪-ാം വകുപ്പു ഇപ്രകാരമാണു.

"ഈ റഗുലേഷൻപ്രകാരം ലൈസൻസു കൊടുക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വർത്തമാനപ്പത്രത്തിൽ

(൧) അനുമാനംകൊണ്ടോ, നിർദ്ദേശംകൊണ്ടോ സൂചനകൊണ്ടോ ഭാവാർത്ഥംകൊണ്ടോ വ്യംഗ്യാർത്ഥംകൊണ്ടോ മററപ്രകാരത്തിലോ പ്രത്യക്ഷമായിട്ടാകട്ടെ പരോക്ഷമായിട്ടാകട്ടെ ഗവണ്മെന്റിന്റെ പേരിൽ പകയോ നിന്ദയോ തോന്നിക്കുന്ന വാക്കുകൾ പ്രസിദ്ധപ്പെടുത്തിയതായി ഗവണ്മെന്റിനു എപ്പോഴെങ്കിലും ബോദ്ധ്യപ്പെട്ടാൽ"

ഇത്രയുമേ മിസ്റ്റർ കുമാരപിള്ള വായിച്ചുള്ളു. ശേഷം വ്യവസ്ഥകളും വായിക്കേണ്ടതാണ്,

"(എ) നമ്മുടെയോ നമ്മുടെ ഗവണ്മെന്റിന്റേയോ ഇൻഡ്യാചക്രവർത്തി തിരുമനസ്സിലെയോ ബ്രിട്ടീഷ് ഇൻഡ്യയിൽ നിയമപ്രകാരം സ്ഥാപിതമായ ഗവണ്മെന്റിന്റെയോരുനേക്കു വിരോധമോ പകയോ നിന്ദയോ ജനിപ്പിക്കുന്നതിന്നായിട്ടോ

(ബി) തിരുവിതാംകൂറിലെ രാജകുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെ പേരിൽ പകയോനിന്ദയോ ഉണ്ടാക്കുന്നതിന്നായിട്ടോ' ഇവയാണു ൪-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ. ഇക്കാര്യത്തിൽ എത്രയും സ്പഷ്ടമായ നിയമസഭാറഗുലേഷൻ, ൧൯-ാം വകുപ്പിനെപ്പററി ഈ സഭയിലെ മെമ്പർമാർക്കു ഓർമ്മയുണ്ടായിരിക്കുമെന്നു പറയണമെന്നില്ലല്ലോ. രാജകുടുംബത്തിൽ ആരെയെങ്കിലും സംബന്ധിച്ചതൊ മേൽകോയ്മയെ സംബന്ധിച്ചതൊ സംബന്ധിക്കുന്നതൊ ആയ യാതൊരു സംഗതിയും ഒരു ബില്ലിൽ ഉൾപ്പെടുത്താൻപാടില്ലെന്നുമാത്രമല്ല അതിനെപ്പററി ഈ സഭയിൽ ആലോചിക്കുവാൻപോലും പാടില്ലെന്നും അതിൽ പറഞ്ഞിരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോഴത്തെ ശിക്ഷാനിയമം നിയമസഭയിൽ ആലോചനയ്ക്കെടുത്തതാണൊ,

മി: വി. സുബ്ബയ്യർ (ഗവണ്മെന്റനിയമനം-ഡിപ്യൂട്ടിപ്രസിഡന്റ): അല്ല. എന്റെ സ്നേഹിതന്നു നിയമസഭയുടെ മുൻചരിത്രം അറിവില്ല. ൧൦൯൩ മുതൽ ൧൦൯൬ വരെ നിയമസഭയുടെ അധികാരങ്ങൾ ക്ഷീണപ്പെടുത്തിയിട്ടില്ലായിരുന്നു. ഒരു ക്ഷീണമുണ്ടായിരുന്നതു ഗവണ്മെന്റിന്റെ വരവിനെ ബാധിക്കുന്ന നിയമങ്ങൾക്കു ദിവാന്റെ മുന്നനുവാദം വേണമെന്നുള്ളതു മാത്രമായിരുന്നു. ൧൦൯൩-ലെ ആദ്യ വിളംബരത്തിൽ അധികാരം ചുരുക്കിയിട്ടില്ലായിരുന്നു. എന്തുകാര്യവും അന്നു സഭയിൽ ആലോചനയ്ക്കു കൊണ്ടുവ

രാമായിരുന്നു. ക്രിമിനൽനടപടിനിയമവും മററു നിയമങ്ങളും ആ സഭയിലാണു പാസ്സായതു്. ഈ വ്യവസ്ഥയെ റഗ്ലേഷനുശേഷം ഈ ഭേദഗതികൾ ഉണ്ടാക്കീട്ടില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ ജി. പരമേശ്വരൻപിള്ള ഇതിനു സാക്ഷ്യം വഹിക്കുന്നു വിശ്വസിക്കുന്നു. ഞാൻ കഴിഞ്ഞ പ്രാവശ്യം ഗ്രാമപഞ്ചായത്തു ബിൽ ഹാജരാക്കിയപ്പോൾ ഒരു ഗ്രാമമജിസ്ട്രേട്ടിനു ഒരു യൂറോപ്യൻ ബ്രിട്ടീഷ്പ്രജയെ വിസ്തരിപ്പാൻ പാടില്ലെന്നു അതിലൊരു വ്യവസ്ഥയുണ്ടായിരുന്നു. നാം ഇവിടെ വർഗ്ഗീയ വ്യത്യാസങ്ങൾ ഉണ്ടാക്കരുതെന്നു മിസ്റ്റർ ജി. പരമേശ്വരൻ പിള്ള ഒരാക്ഷേപംകൊണ്ടുവന്നു. എന്നാൽ യൂറോപ്യൻ ബ്രിട്ടീഷ്പ്രജകളെ സംബന്ധിച്ചു നമുക്കു നിയമങ്ങളുണ്ടാക്കാൻപാടില്ലെന്നു ഞാൻ പറഞ്ഞപ്പോൾ യൂറോപ്യൻ ബ്രിട്ടീഷ്പ്രജകളെ സംബന്ധിച്ചു ഭാഗം വിട്ടുകളയാണു ചെയ്തതു്- വേറെരു ദൃഷ്ടാന്തവും പറയാം. മിസ്റ്റർ പി. കെ. നാരായണപിള്ള മെംബറായിരുന്ന സിവിൽ പ്രൊസീഡ്യർ കോഡ്ബിൽസിലെക്കു കമ്മിററിയിലെ പഴയ നിയമത്തിലെ അനേകം വ്യവസ്ഥകൾ മഹാരാണി റീജൻറു തിരുമനസ്സുകൊണ്ടു നേരിട്ടു ഒരു ഉപറഗ്ലേഷനായി പാസ്സാക്കത്തക്കവണ്ണം വിട്ടുകളയുകയാണു ചെയ്തതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ റഗ്ലേഷനിലും അങ്ങനെയൊരു നയം സ്വീകരിക്കാൻ പാടില്ലയൊ.

മി: വി. സുബ്ബയ്യർ (ഗവർണ്ണമെന്റു നിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): എന്റെ പ്രസംഗം തീർന്നില്ല. ഈ സഭയുടെ ആലോചനാവിഷയമാകാൻ പാടില്ലാത്ത ചില കാര്യങ്ങൾ ഉണ്ടു്. ൭-ാം സ-ാം വകുപ്പുകൾ എന്റെ സ്നേഹിതൻ വായിച്ചുനോക്കിയാൽ അവ ഓരോന്നിലും ൪-ാംവകുപ്പിനെപ്പററി പ്രസ്താവനകൾ കാണും. ഇതു മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു പാസ്സാക്കിട്ടുള്ള ഒരു ചെറിയ റഗ്ലേഷൻ ആണു്. അതു അനേക സംഗതികൾ അടങ്ങീട്ടുള്ള സിവിൽനടപടിനിയമത്തെപ്പോലെയോ ക്രിമിനൽ നടപടിനിയമത്തെപ്പോലെയൊ അല്ല. അല്ലും ചില വകുപ്പുകൾ ഈ സഭ പാസ്സാക്കുകയും ആ വകുപ്പുകൾതന്നെ രാജകുടുംബത്തെയും മേൽകോയ്മയേയും സംബന്ധിച്ചുള്ള വ്യവസ്ഥകളോടുകൂടി തിരുമനസ്സുകൊണ്ടു ഒരു വിളംബരംമൂലം വീണ്ടും പാസ്സാക്കുകയും ചെയ്യേണ്ടിവരും. ൪-ാം ൭-ാം സ-ാം വകുപ്പുകൾ വട്ടുകളയുന്നതിനു പകരം എല്ലാംകൂടി ഒരു വിളംബരമായി പ്രസിദ്ധംചെയ്യുന്നതിനു വേണ്ടുവോളം ന്യായമുണ്ടു്. അതിനാൽ ഒരു നിയമം പാസ്സാക്കേണ്ടതു മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടുതന്നെയാണു്. ഒരു സഭയ്ക്കുമാത്രം അല്ല എന്റെ വാദം ഖണ്ഡിക്കാൻപാടില്ലാത്തതാണെന്നുള്ള വിവരം മിസ്റ്റർ ശിവതാണുപിള്ളയേയും മിസ്റ്റർ തരകനെയും മിസ്റ്റർ ജോസഫിനെയും ഞാൻ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടു് എന്നു ഞാൻ വിശ്വസിക്കുന്നു. നേരിട്ടു ഒരു നിയമം പാസ്സാക്കാൻ ആവശ്യമില്ലായിരുന്നു എന്നുള്ള അവരുടെ ആക്ഷേപം അവർ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇനി റഗ്ലേഷൻ പ്രസിദ്ധപ്പെടുത്തിയ വിധത്തെപ്പററിയാണു അവർ പ്രസ്താവിച്ചതു്, രാജാവു തനിക്കുള്ള അധികാരം പ്രയോഗിക്കുമ്പോൾ നമുക്കു അതിനെക്കുറിച്ചു ചോദ്യംചെയ്യാൻ അവകാശമില്ല. വേറൊരു കാര്യം കൂടി ആലോചിക്കേണ്ടതുണ്ടു്. രാജാവിനു ഒരു അധികാരം ഉണ്ടെങ്കിലും അതു കൂടക്കൂടെ പ്രയോഗിപ്പാൻ ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നു എല്ലാവരും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. കൂടക്കൂടെ ഉപയോഗിക്കുന്ന ഒരായുധത്തിനു മൂർച്ചയില്ലാതായി കലാകുമല്ലൊ.

മി: എം. ശിവതാണുപിള്ള (തോവാള): രാജാവിന്റെ അധികാരത്തെ സംബന്ധിച്ചേടത്തോളം ൧൧൦ ൧-ൻ ൪-ാം നമ്പർ രാജാധികാരറഗ്ലേഷൻ അനാവശ്യമാണെന്നു താൻ വിചാരിക്കുന്നില്ലയൊ എന്നു അദ്ദേഹം പറയുമൊ?

മി: വി. സുബ്ബയ്യർ (ഗവർണ്ണമെന്റു നിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): എനിക്കിപ്പോൾ ഒരു നിയമപരീക്ഷയിൽ പരീക്ഷകനായിരിപ്പാൻ സാധിക്കയില്ല. ൧൧൦ ൧-ൻ ൪-ാം നമ്പർ റഗ്ലേഷനു ഇക്കാര്യത്തോടു യാതൊരു സംബന്ധവുമില്ല. അതിനെപ്പററി ഇപ്പോൾ സംസാരിക്കാൻ തുടങ്ങിയാൽ യോഗം വൈകുന്നേരം നീണ്ടുപോകുകയുള്ളു. ഇപ്പോൾ മണി ഏകദേശം അഞ്ചായിരിക്കുന്നു, അതില്ലാതെതന്നെ ആ അധികാരം ഉള്ളതുകൊണ്ടു ആ നിയമം പാസ്സാക്കീട്ടാവശ്യം ഇല്ലായിരുന്നു. കാര്യങ്ങൾ സ്പഷ്ടമാക്കാനായിരിക്കാം അതു പാസ്സാക്കിയതു, അതിന്നപ്പുറമായി ഒന്നുമില്ല.

ആ അധികാരം കൂടക്കൂടെ ഉപയോഗിക്കുന്നതല്ലെന്നു ഞാൻ വീണ്ടും പറയുന്നു. ഒരായുധം കൂടക്കൂടെ ഉപയോഗിച്ചാൽ അതു മൂർച്ചയില്ലാത്തതും ഫലിക്കാത്തതും ആയിപ്പോകും. അതുകൊണ്ടു രാജകീയ വിളംബരങ്ങളുടെ വിലയും ഗൌരവവും മാഹാത്മ്യവും വളരെ കുറഞ്ഞു പോകുന്നതാണു്, വല്ല പ്രാധാന്യമെന്തിക്കൽ അത്യാവശ്യമെന്നു കാണുമ്പോൾ മാത്രമേ ആ അധികാരം പ്രയോഗിക്കയുള്ളു എന്നു ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു.

വേറൊരു സംഗതി എനിക്കു പറയാനുള്ളതു ഈ അധികാരം രാജാവു വല്ലപ്പോഴും ഉപയോഗിച്ചിട്ടുണ്ടോ എന്നു മിസ്റ്റർ, ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള ചീഫ് സിക്രട്ടറിയോടു ചോദിച്ചതിനെപ്പററിയാകുന്നു. നിയമസഭയെ കൂടാതെ നിയമങ്ങൾ പാസ്സാക്കാൻ അധികാരം ഉണ്ടായിരുന്നിട്ടും ആ അധികാരം ഒരിക്കലും ഉപയോഗിക്കാതിരുന്നാൽ ആ അധികാരം ഉപയോഗിക്കയില്ലെന്നു ഒരു പ്രമാണം വന്നു പോയി എന്നും അതിനാൽ മേലാൽ അതു ഉപയോഗിക്കാൻ പാടില്ലെന്നും വന്നു പോകും. 'അതു കൊണ്ടു രാജാവിനു ആ അധികാരമുണ്ടെന്നു കാണിക്കാൻ ചിലപ്പോഴൊക്കെ അതു പ്രയോഗിച്ചു കൊണ്ടിരിക്കണം. ഇങ്ങനെയാണു് എന്റെ വാദം.

സർ, റഗ്ലേഷനിലെ വ്യവസ്ഥകളെപ്പററിയുള്ള വാദത്തിൽ പ്രവേശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. റഗ്ലേഷൻ അങ്ങുമിങ്ങും സൂക്ഷ്മമായി പാരായണം ചെയ്താൽ അങ്ങുമിങ്ങും ചില സംഗതികളെപ്പററി അഭിപ്രായവ്യത്യാസം ഉണ്ടാകാം. അതിന്റെ രചനയിൽ ന്യൂനതകളും പ്രയോഗത്തിൽ ഞെങ്ങറുകൾക്കു സങ്കടവും ഉണ്ടെന്നുവരാം. ഇവയെല്ലാം ചില്ലറ കാര്യങ്ങളാണു്. അവയെ നവർണ്ണമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടു വന്നാൽ നവർണ്ണമെന്റു അവരുടെ നിയമോപദേഷ്ടാക്കന്മാരോടാലോചിച്ചു അവയെ പരിഹരിക്കാവുന്നതാണു്, - അക്കാര്യം നമ്മെ പ്രധാന സംഗതിയിൽ നിന്നു അകന്നായതു വിളംബരത്തിന്റെ ആവശ്യത്തേയും അതു പ്രസിദ്ധം ചെയ്ത വിധത്തേയും സംബന്ധിച്ചുള്ള വാദത്തിൽ നിന്നു നമ്മെ വ്യതിചലിപ്പിക്കണമെന്നില്ല. ഞാൻ ഉപക്ഷേപത്തെ ബലമായി പ്രതിഷേധിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): എനിക്ക സംസാരിപ്പാൻ അല്പസമയമേയുള്ളു. സമയം അതിക്രമിച്ചു പോയതു കൊണ്ടു നിങ്ങളുടെ ശ്രദ്ധയ്ക്കു വിഷയമാകാതെ പോകരുതെന്നു ഞാൻ വിചാരിക്കുന്ന രണ്ടു സംഗതികളെപ്പററിമാത്രമേ ഞാൻ സംസാരിക്കുന്നുള്ളു. ഇവയെപ്പററി അല്പം പറഞ്ഞിട്ടു ഞാൻ ഇരുന്നു കൊള്ളുന്നതാണ്. നിയമസഭയോടു ആലോചിക്കാതെ ഈ നിയമം പാസ്സാക്കുന്നതായിരുന്നു യുക്തം എന്നു എതിർഭാഗത്തുനിന്നു പ്രസ്താവിക്കയുണ്ടായി. മി: .വി. സുബ്ബയ്യരുടെ അഭിപ്രായത്തെ ഞാൻ ബഹുമാനിക്കുന്നു എങ്കിലും ൪-ാം വകുപ്പിൽ അദ്ദേഹം പറഞ്ഞ രണ്ടു ഉപ വകുപ്പുകളുണ്ടായിരുന്നിട്ടും റഗ്ലേഷനിലെ ഏതെങ്കിലും ഒരു വകുപ്പിലെ വിഷയം ഈ സഭയുടെ ആലോചനാവിഷയമാകാൻ പാടില്ലാത്തതാണെങ്കിലും ഈ റഗ്ലേഷൻ ഈ സഭമുഖാന്തരം പാസ്സാക്കാമായിരുന്നു എന്നു ഞാൻ ബോധിപ്പിച്ചു കൊള്ളുന്നു. സിവിൽ നടപടി നിയമത്തിൽ ഈ സഭയുടെ ആലോചനാ വിഷയമാകാൻ പാടില്ലാത്ത അനേകം സംഗതികൾ ഉണ്ടായിരുന്നു ഇവയെ എല്ലാം വിട്ടിട്ടു ആ നിയമത്തിലെ ശേഷം ഭാഗങ്ങളെപ്പററി സഭ ആലോചിച്ചു. ഈ നിയമത്തിന്റെ കാര്യത്തിലും ആ നയം സ്വീകരിച്ചിരുന്നു എങ്കിൽ പരാതി ഉണ്ടാകയില്ലായിരുന്നു. ചീഫ് സിക്രട്ടറിയാകട്ടെ ഈ സംഗതിയെപ്പററി പ്രസംഗിച്ച മെമ്പറാകട്ടെ മി: സുബ്ബയ്യർ കൊണ്ടു വന്ന വാദം പുറപ്പെടുവിച്ചില്ല. അവരുടെ വാദമെല്ലാം ആനയം യുക്തമായി ഗവണ്മെന്റു വിചാരിച്ചു എന്നായിരുന്നു. ഇക്കാര്യത്തിൽ ഞാൻ ഭിന്നാഭിപ്രായക്കാരനാണ്. ഇങ്ങനെയുള്ള നിയമങ്ങൾ, പ്രത്യേകമായി സഭയുടെ അധികാരത്തിൽ പെട്ട സംഗതികളെക്കുറിച്ചുള്ളവ, സാധാരണയായി ഈ സഭയിൽ ആലോചനയ്ക്കു വരേണ്ടതാണ്. ഇനിയും ഒരു സംഗതി പറയാം. ഈ രാജ്യത്തിലെ സ്ഥിതിജനങ്ങളുടെ സമാധാനത്തിനും രക്ഷയ്ക്കും പ്രതിബന്ധമാണെന്നു ചീഫ് സിക്രട്ടറി പറഞ്ഞതു ഈ സഭയിൽ നിഷേധിക്കാതെ വിടുന്നതു യുക്തമല്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ വാദങ്ങൾ കേവലം അസ്ഥാനത്തിലാണ്. ഈ രാജ്യത്തിൽ രാജദ്രോഹം ഇല്ല. ഉണ്ടെന്നു പറയുന്നതു ഞങ്ങൾക്കു മർമ്മഭേദമുണ്ട്. തിരുവിതാംകൂർകാർ പ്രകൃത്യാ സമാധാനമുള്ളവരും സമാധാനപ്രിയരും ആകുന്നു. അവർ ഒന്നൊഴിയാതെ രാജഭക്തരാണ്. നിയമാനുസാരികളായ ഇവിടത്തെ പൌരന്മാരെപ്പററിയാതൊരാക്ഷേപത്തിനും സംഗതിയില്ലാത്തതുമാകുന്നു. ജനങ്ങളുടെ രാജഭക്തിനിമിത്തം ഒന്നു രണ്ടു പേർ രാജദ്രോഹികളാണെന്നു അവരുടെ പിന്നിൽ നിന്നു പറഞ്ഞാൽ പോലും അതു ഞങ്ങളുടെ മനസ്സിനെ ഇളക്കി അങ്ങനേയുള്ള ആരോപണങ്ങളെ ബലമായി പ്രതിഷേധിപ്പാൻ ഇടയാക്കും തിരുവിതാംകൂറിലെ ജനങ്ങൾക്കു രാജദ്രോഹം എന്താണെന്നു അറിവില്ലെന്നു ഞാൻ വീണ്ടും പ്രസ്താവിച്ചുകൊള്ളുന്നു. തിരുവിതാംകൂറിലെ സ്ഥിതിക്രമാനുസാരവും സാധാരണവും ആകുന്നു. അതു നന്നാക്കാൻ ആരുടെയും പ്രവേശനം ആവശ്യമില്ല. ഗവണ്മെന്റു ഭാഗത്തുനിന്നു ഇങ്ങനെയുള്ള പ്രസ്താവനകൾ ഉണ്ടായതിനെപ്പററി ഞാൻ വ്യസനിക്കുന്നു സമുദായസ്പർദ്ധ ഉണ്ടെന്നും മറുഭാഗത്തുനിന്നു പറയുകയുണ്ടായി. എന്നാൽ ഇവിടത്തെ സമുദായമത്സരവും ബങ്കാളത്തെ സമുദായമത്സരവും തമ്മിൽ അവയുടെ ഉൽഭവംകൊണ്ടുതന്നെ വളരെ വ്യത്യാസമുണ്ട്. ബങ്കാളത്തെ മത്സരം മതവും സമുദായസ്ഥിതിയും സംബന്ധിച്ചാണു. ഇവിടേയുള്ള മത്സരം വിദ്യാഭ്യാസം ഉണ്ടായിട്ടും ഉദ്യോഗംകിട്ടാതെവലയുന്ന കുറെആളുകൾ തമ്മിലാണ്. അവരാണ് ഇവിടത്തെ അസൂയപ്രദമായ മത്സരത്തിനും വഴക്കുകൾക്കും ഉത്തരവാദികൾ.

മി: കി. ജെ. മാത്തു (ചങ്ങനാശേരിയും പീരുമേട്ടും): ഈ പ്രസിദ്ധീകരണങ്ങൾ മതസ്ഥാപനങ്ങളേയും അധിക്ഷേപിക്കാറില്ലയോ എന്നുപറയുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതിന്നു പ്രധാനകാരണം വിദ്യാഭ്യാസം കഴിഞ്ഞു ജോലിയില്ലാതെനടക്കുന്നവരുടെ ഇടയിലുള്ള മത്സരമാണ്. അതുകൊണ്ടു ഈ രാജ്യസ്ഥിതിയിൽ ക്രമാനുസാരമല്ലാത്തതോ അസാധാരണമായതോ ആയി യാതൊന്നുമില്ലെന്നും അതു നന്നാക്കാൻ ആരും പ്രത്യേകമായി ഇടപെട്ടിട്ടാവശ്യമില്ലെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): മിസ്റ്റർ പരമേശ്വരൻപിള്ളയോടു ഒരു ചോദ്യം—

പ്രസിഡൻറ്: മെമ്പർ ഇരുന്നുകഴിഞ്ഞു.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (നകാല്യം): ഈ കാര്യത്തെപ്പററിയുള്ള വാദത്തിൽ പ്രത്യേകമായി സഭയുടെ മറുഭാഗത്തുനിന്നു എന്റെ പേരുകൂടെക്കൂടെ പ്രസ്താവത്തിൽ വന്നില്ലെങ്കിൽ ഈ അസംഭവത്തുനു ഞാൻ എഴുന്നേററു വല്ലതും പറയുവാൻ ഉദ്യമിക്കയില്ലായിരുന്നു. എന്റെ പ്രസംഗത്തിൽനിന്നും ചില ഭാഗങ്ങൾ ഉദ്ധരിച്ചു കേൾപ്പിച്ചു എന്നെ രാനിച്ചതിനു ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. എന്നാൽ അതു ആരൊ ബൈബിളിൽനിന്നും ഒരുഭാഗം ഉദ്ധരിച്ചു കേൾപ്പിച്ച കഥയാണ് എന്നെ ഓർമ്മപ്പെടുത്തിയതു്. സന്ദർഭം നോക്കാതെ വായിച്ചാൽ ഖാമെമ്പറും മിസ്റ്റർ ജാർജ്ജും വായിച്ചുകേൾപ്പിച്ച ഭാഗത്തിൽ നിന്നു അവർ പറഞ്ഞ അനുമാനം ഉണ്ടാക്കാമായിരിക്കും. എങ്കിലും അവർ വായിച്ചു വാചകം ഉള്ള ഭാഗം എങ്കിലും മുഴുവനുമായി ഇവിടെ വായിച്ചു കേൾപ്പിക്കയായിരുന്നു ന്യായം. അങ്ങനെ അവർ ചെയ്യുമെന്നും ഞാൻ വിചാരിച്ചു. എന്റെ പ്രസംഗത്തിൽ അവരുടെ ഉദ്ദേശത്തിനു അനുകൂലമായ ഭാഗം അവർ വായിക്കയും അതിൽ പ്രസ്താവിച്ച അഭിപ്രായത്തെ ആദരിക്കുകയും ചെയ്തപ്പോൾ നിയമസഭാറഗ്ലേഷനെപ്പററി ഞാൻ പറഞ്ഞ അഭിപ്രായത്തേയും അവർ അതുപോലെതന്നെ ആദരിക്കണമെന്നു എനിക്ക അപേക്ഷയുണ്ട്. എന്റെ പ്രസംഗത്തിൽ ഞാൻ വർത്തമാനപ്പത്രറഗ്ലേഷനേയും അതു പാസാക്കിയ വിധത്തേയും അതു അങ്ങനെ പാസാക്കാനുള്ള ആവശ്യകതയേയും അതിലെ വ്യവസ്ഥകളേയും രക്ഷിക്കാതെ പ്രതിഷേധിച്ചിട്ടുണ്ട്. ആ സമയംതന്നെ രണ്ടുകൂട്ടരുടെ സ്വാതന്ത്ര്യത്തെ ദുരുപയോഗംചെയ്ത പത്രങ്ങളെപ്പററിയും പത്രങ്ങളുടെ ഒരു വർഗ്ഗത്തെപ്പററി പ്രസ്താവിക്കുന്നതു് എന്റെ ധർമ്മമാണെന്നും ഞാൻ വിചാരിച്ചു അങ്ങനെചെയ്തു. എന്നാൽ അതു ഇങ്ങനെയൊരു റഗ്ലേഷന്റെ പ്രസിദ്ധീകരണത്തെ അശേഷം നിഷേധിക്കുന്നില്ലെന്നായിരുന്നു എന്റെ അഭിപ്രായം. അതു ഈ റഗ്ലേഷന്റെ പ്രസിദ്ധീകരണത്തെ അശേഷം നിഷേധിക്കുന്നില്ലെന്നു ഞാൻ സ്പഷ്ടമായി പ്രസ്താവിക്കയും ചെയ്തു.

സർ, ഈ റഗ്ലേഷനെപ്പററി എന്റെ സ്നേഹിതൻ മിസ്റ്റർ നീലകണ്ഠപ്പിള്ള പുറപ്പെടുവിച്ചിട്ടുള്ള തർക്കവിതർക്കം പ്രാധാന്യമുള്ള ഒന്നാണു. അതിനെപ്പററി പല സംഗതികൾ ഈ സഭയിൽ സവിസ്തരം പ്രസ്താവിക്കയുണ്ടായി. അവയിൽ ഏതിനെപ്പററിയെങ്കിലും എനിക്കു വല്ലതും പറയാൻ സമയമില്ല. എങ്കിലും ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു.

പ്രസിഡന്റ് തിങ്ങൾക്കുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു.

മി. വി. എസ്. സുബ്രഹ്മണ്യഅയ്യർ (ഹെഡ്സക്കാർവക്കീൽ): സർ, ഈ വാദത്തിന്നിടയിൽ ഇവിടെ പ്രസ്താവിച്ച ഒന്നുരണ്ടു സംഗതികളെപ്പററി അല്പം ചില വാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തെന്നാൽ ഗവണ്മെണ്ടിന്റെ ഉദ്ദേശത്തെപ്പററിയും വർത്തമാനപ്പത്രറഗ്ലേഷന്റെ വ്യാപ്തിയേയും ഉദ്ദേശത്തേയും പററിയും ചില തെററിദ്ധാരണകൾ ഉള്ളതായി എനിക്കു തോന്നുന്നു. പത്രങ്ങളുടെ സ്വാതന്ത്ര്യത്തെപ്പററി ചില പുസ്തകങ്ങളിൽ നിന്നും ചില ഭാഗങ്ങൾ എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള നമ്മെ വായിച്ചുകേൾപ്പിച്ചുവല്ലോ. പത്രസ്വാതന്ത്ര്യത്തെ ജനങ്ങളേപ്പോലെതന്നെ ഗവണ്മെണ്ടും അനുകൂലിക്കുന്നു എന്നു സന്തോഷത്തോടു ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളുന്നു. പത്രങ്ങൾ അവയെ നടത്തുന്നതുപോലെ ഗുണത്തിനും ദോഷത്തിനും ഒരു ശക്തിയേറിയ ആയുധമാകയാൽ പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ എല്ലാപ്പോഴും നിയന്ത്രണം ചെയ്യാതെ വിടാൻ പാടില്ല. അതു ശരിയായ നിയന്ത്രണം ചെയ്യേണ്ടതാകുന്നു. എന്തെന്നാൽ ഒരു പത്രത്തെ ദോഷരീതിയിൽ നടത്തിയാൽ അതുകൊണ്ടു വലിയ ദോഷങ്ങൾ ഉണ്ടാകും. ഇതു അനേകം വിശ്രുതന്മാരായ നിയമജ്ഞന്മാരും രാജ്യതന്ത്രജ്ഞന്മാരും സമ്മതിച്ചിട്ടുള്ളതാണു. പത്രസ്വാതന്ത്ര്യത്തെ പാലിക്കേണ്ടതാണെന്നുള്ളതിന്നു തർക്കമില്ല. എന്നാൽ അതു സന്ദർഭം നോക്കിയും അതിനവകാശപ്പെടുന്ന കാലത്തേയും സ്ഥലസ്ഥിതിയേയും നോക്കിയുംവേണം നിർവ്വഹിക്കുവാൻ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ റഗ്ലേഷൻ പാസാക്കിയതിന്റെശേഷം വല്ലപത്രത്തേയും സംബന്ധിച്ചു നടപടികൾ നടത്തിട്ടുണ്ടോഎന്നു പറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യഅയ്യർ (ഹെഡ്സക്കാർവക്കീൽ): വല്ല പത്രത്തിന്റെയുംമേൽ നടപടി നടത്തിട്ടുണ്ടോ എന്നു എനിയ്ക്കു നിച്ചയമില്ല. ഒരു പത്രത്തെ താക്കീതുചെയ്തതായി എനിക്കറിയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താക്കീതു ചെയ്തതു എന്തു കുററത്തിനാണെന്നു പറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യഅയ്യർ (ഹെഡ്സക്കാർവക്കീൽ): നടപടി ഒന്നും നടത്തിട്ടില്ലെന്നു ഞാൻ പറഞ്ഞുവല്ലോ. പ്രാരംഭമായി താക്കീതു ചെയ്തതേയുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താക്കീതാക്കപ്പെട്ടപത്രത്തിന്റെ പേരുപറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യഅയ്യർ (ഹെഡ്സക്കാർ വക്കീൽ): പത്രത്തിന്റെ പേരുപറയാൻ ഞാൻ ഒരുക്കമില്ല.

സന്ദർഭം നോക്കിയാൽ പത്രസ്വാതന്ത്ര്യം നിയന്ത്രണം ചെയ്യേണ്ടതാണെന്നു ബോദ്ധ്യമായാൽ പിന്നെ പത്രസ്വാതന്ത്ര്യത്തെ ഒരു വിശുദ്ധകാര്യമാണെന്നു കരുതണമെന്നുള്ളതുവരം തത്വം വേണ്ടതു പ്രവർത്തിക്കുന്നതിൽ നിന്നുനമ്മെ വിരമിപ്പിക്കരുതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിയമവും ക്രമവും പാലിക്കാൻ അസാദ്ധ്യമായി വരുമ്പോൾ മാത്രമേ പത്രസ്വാതന്ത്ര്യം നിയന്ത്രണം ചെയ്യാവുഎന്നു റിപ്രെസ്സീവ്ലാസ് കമ്മിററിക്കാർ പ്രസ്താവിച്ച അഭിപ്രായത്തെ എന്റെസ്നേഹിതൻ മിസ്റ്റർ സുബ്രഹ്മണ്യയ്യർ നിരാകരിക്കുന്നുവോ എന്നു പറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സക്കാർ വക്കീൽ): റിപ്രെസ്സിവ്ലാസ് കമ്മിററിക്കാരുടെ അഭിപ്രായത്തോടു എനിക്കു കാര്യമാത്രമില്ല. ആ കമ്മിററി ഒരു പ്രത്യേകസ്ഥലത്തെ സ്ഥിതിഗതികളെപ്പററിയാണ് ആലോചിച്ചതു്. നാം വേറൊരു സ്ഥലത്തെ വേറൊരുതരം സ്ഥിതിഗതികളെപ്പററി ആലോചിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റിപ്രസിവ്ലാസ് കമ്മിററിയുടെ അഭിപ്രായം ശരിയാണെന്നു മിസ്ററർ സുബ്രഹ്മണ്യയ്യർ വിചാരിക്കുന്നുണ്ടോ എന്നു പറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സക്കാർ വക്കീൽ): റിപ്രസിവ് ലാസ് കമ്മററിയുടെ അഭിപ്രായം ശരിയാ അല്ലയോ എന്നുള്ള വാദത്തിൽ ഞാൻ ഇപ്പോൾ പ്രവേശിപ്പാൻ വിചാരിക്കുന്നില്ല. പൊതുജനനന്മയ്ക്കുവേണ്ടി പത്രസ്വാതന്ത്ര്യം എത്രത്തോളം ചുരുക്കണമെന്നു ആവശ്യമുണ്ടോ അത്രത്തോളം ചുരുക്കേണ്ടതാണെന്നു മാത്രമേ എനിക്കു പറയാനുള്ളു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ രാജ്യത്തെ സാമ്രാജ്യപ്പെടുത്തേണ്ടതു ബ്രിട്ടീഷ് ഇൻഡ്യയോടും നാട്ടുരാജ്യങ്ങളോടുമാണ്, മററുരാജ്യങ്ങളോടല്ല എന്നു മിസ്ററർ ജാക്ക് പറഞ്ഞതു മിസ്ററർ സുബ്രഹ്മണ്യയ്യർ ഓർക്കുന്നുണ്ടോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സക്കാർ വക്കീൽ): എന്റെ അഭിപ്രായത്തിൽ നമ്മുടെ രാജ്യത്തെ വേറെ ഏതെങ്കിലും രാജ്യത്തോടു സാമ്രാജ്യപ്പെടുത്തിയതുകൊണ്ടു പ്രയോജനമൊന്നുമില്ല (മി: ജി. പരമേശ്വരൻപിള്ള, കേൾക്കട്ടെ, കേൾക്കട്ടെ) എന്തെന്നാൽ ഏതു രാജ്യവും ഏതു സമുദായവും അതിന്റെ പന്ഥാവിൽ കൂടിപോകേണ്ടതാകുന്നു. ഒരു രാജ്യത്തിൽ ഒരു കാലത്തു് ഒരു നടപടി സ്വീകരിക്കുന്നതായിരിക്കും യുക്തമായിട്ടുള്ളതു്. വേറൊരുരാജ്യത്തിൽ സന്ദർഭങ്ങളനുസരിച്ചു് വേറൊരു നടപടി സ്വീകരിക്കേണ്ടിവരും. ഒരു രാജ്യത്തിൽ പകച്ചു വ്യാധിഉണ്ടായാൽ ക്വാറൻറീൻ (സുഖപരിരക്ഷണ) ചട്ടങ്ങൾ അവിടെ നടപ്പാക്കേണ്ടിവരും. എന്നാൽ ആ ചട്ടങ്ങൾ അവിടെ എല്ലാകാലത്തും നടപ്പിൽ വച്ചുകൊണ്ടിരിക്കണമെന്നില്ല. ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രസ്സ് നിയമം അതായതു് ക്രിമിനൽ ലാ-ൽ ഭാഗം നമ്പർ ആക്ട് ക്രിമിനൽ റദ്ദു ചെയ്തു എന്നിവിടെ പ്രസ്താവിച്ചതിനെ സംബന്ധിച്ചാണ് ഞാനിതു പറയുന്നതു്.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം-ഡിപ്യൂട്ടിപ്രസിഡന്റ്): ക്രിമിനൽ ഭാഗം നമ്പർ നിയമങ്ങൾ റദ്ദു ചെയ്യുന്ന ആക്ട് പത്രസ്വാതന്ത്ര്യം കുറയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ക്രിമിനൽ നടപടിനിയമത്തെ ഭേദപ്പെടുത്തിയില്ലയോ എന്നു പറയുമോ.

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സക്കാർ വക്കീൽ): അതു ഞാൻ പറയണമെന്നുദ്ദേശിച്ച ഒരു സംഗതിയാണ്.

ക്രിമിനൽ ലാ-ൽ ഭാഗം നമ്പർ പ്രസ്സ് നിയമത്തിലെ എല്ലാവ്യവസ്ഥകളും റദ്ദു ചെയ്തില്ല. അവയിൽപലതും ക്രിമിനൽ നടപടിനിയമത്തിലും തപാലാഫീസ്സ് ആക്ടിലും കടൽചുങ്കം ആക്ടിലുംകൂടി ഉൾപ്പെടുത്തി:

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തപാലാഫീസുകളും കടൽചുങ്കവും സംബന്ധിച്ചുള്ള വ്യവസ്ഥകൾ നമുക്കിവിടെ ഇല്ലല്ലോ.

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സക്കാർ വക്കീൽ): എന്റെ മുമ്പിലത്തെ കുമ്പിട്ടിക്രിമിനൽ നടപടിനിയമത്തിന്റെ കീഴ്ക്കും പ്രസ്തുതവിഷയത്തെ വിട്ടുകളഞ്ഞു. പ്രസ് ആക്ടിലെ വ്യവസ്ഥകൾ ക്രിമിനൽ നടപടി നിയമത്തിൽ ഉൾപ്പെടുത്തിയതെല്ലാം വർത്തമാനപ്പത്രങ്ങളുടെ പേരിൽ ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്രങ്ങളുടെ പേരിൽ പ്രകാരം നടത്തുന്ന നടപടികൾ ജുഡിഷ്യൽ നടപടികൾ ആണെന്നു ഗണിക്കാമോ എന്നു പറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സക്കാർ വക്കീൽ): എന്റെ സ്നേഹിതന്നു തെററിപ്പോയി. ഹൈക്കോടതിയിലേക്കു അപ്പീൽ ഉള്ളതുകൊണ്ടു അവ ജുഡിഷ്യൽ നടപടികൾ തന്നെയാണ്.

ഞാൻ പറഞ്ഞതുപ്രകാരം രാജ്യത്തിന്റെ സമാധാനം പത്രങ്ങളെ നിയന്ത്രണം ചെയ്യേണ്ടതു ആവശ്യമാണെങ്കിൽ അങ്ങനെ നിയന്ത്രണം ചെയ്യുകതന്നെവേണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിയന്ത്രണം ചെയ്യുന്നതിനുമതിയായ കാരണങ്ങൾ ഉണ്ടോ എന്നു തീർച്ചയാക്കാനുള്ള അധികാരം ആർക്കാണെന്നു പറയുമോ?

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സക്കാർ വക്കീൽ): ഗവണ്മെന്റു അതു ചെയ്യുന്നതിനു ഞാൻ വിരോധമൊന്നും കാണുന്നില്ല. അങ്ങനെ ഒരാവശ്യമുണ്ടെങ്കിലെ അപ്രകാരം പ്രവർത്തിക്കേണ്ടു ആവശ്യമുള്ളു. പത്രസ്വാതന്ത്ര്യം പാലിച്ചുകൊണ്ടു പോകേണ്ടതാണെന്നുള്ള വിചാരം തത്വത്തെ അടിസ്ഥാനമാക്കി ആവശ്യമുള്ളടത്തു, ആവശ്യമുണ്ടെന്നു തെളിയിക്കുന്ന സന്ദർഭങ്ങൾ ഉള്ളേടത്തു, നടപടിനടത്തരുതെന്നു പറയാൻ പാടില്ല. ആ അഭിപ്രായത്തെ സാധൂകരിക്കാൻ കഴികയില്ല. തിരുവിതാംകൂറിൽ, ഒരു ഇടക്കാലത്തു ഒരു വർഗ്ഗം വർത്തമാനപ്പത്രങ്ങളിൽ ഒട്ടധികം ആക്ഷേപകരമായ കാര്യങ്ങൾ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അക്കാര്യം ഏറെക്കുറെ എല്ലാവരും സമ്മതിക്കുന്നുണ്ട്. അടുത്ത ചോദ്യം ശിക്ഷാനിയമത്തിലെ നിബന്ധനകൾ പ്രകാരം പ്രവർത്തിച്ചാൽപോരായൊ എന്നാണ്. ഇപ്പോഴുള്ള നിബന്ധനകൾകൊണ്ടു മതിയാകാത്തതു എന്തുകൊണ്ടാണെന്നു പറയാം. ഒന്നാമതായി ഗവണ്മെന്റു നടപടികൾ നടത്തിയ കേസുകളുടെഎണ്ണം നോക്കി പത്രങ്ങളിൽ പ്രസിദ്ധംചെയ്ത ആക്ഷേപകരമായ ലേഖനങ്ങളുടെ എണ്ണം കണക്കാക്കാൻ പാടില്ലെന്നു ഓർക്കേണ്ടതാണ്. പത്രങ്ങളിൽ കാണുന്ന ആക്ഷേപകരമായ എല്ലാ ലേഖനങ്ങളെ സംബന്ധിച്ചുംകേസുകൾ ഉണ്ടാകയില്ല. അതൊരിക്കലും യുക്തമായിരിക്കയില്ല. കേസുകളുടെ എണ്ണത്തെക്കാൾ എത്രയോ അധികം ആകുന്നു ലേഖനങ്ങളുടെ എണ്ണം. ലേഖനങ്ങളുടെ എണ്ണത്തിൽ എത്രയോ ചെറിയ ശതമാനമേ കേസുകളായി പരിണമിക്കയുള്ളു. ഈ റഗ്ലേഷൻ ശിക്ഷനൽകുന്നതിനുള്ള ഒരു നിയമം അല്ല; കുററങ്ങൾ ചെയ്യുന്നതിനെ തടുക്കുന്നതിനുള്ള ഒരു നിയമം ആകുന്നു. രാജദ്രോഹം സംബന്ധിച്ച ശിക്ഷാനിയമം ൧൧൭-ാം വകുപ്പുപ്രകാരവും വർഗ്ഗീയമത്സരം ഉണ്ടാക്കുന്നതിനു ൧൫൩ എ, വകുപ്പുപ്രകാരവും നടപടി നടത്താവുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കുററങ്ങൾ ഉണ്ടാകാതെ തടുക്കുന്നതിനായുള്ള വ്യവസ്ഥകളോ വകുപ്പുകളോ ക്രിമിനൽനടപടിനിയമത്തിൽ ഉണ്ടോയെന്നു പറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സക്കാർവക്കീൽ): ഈ ആവശ്യത്തിന്നു അവ മതിയാകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെ വല്ല ആവശ്യത്തിന്നോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സക്കാർവക്കീൽ): താം അതിനെക്കുറിച്ചല്ല ഇപ്പോൾ ചിന്തിക്കുന്നതു്. നീചലേഖനങ്ങൾ പ്രസിദ്ധംചെയ്യുന്നവരെ ശിക്ഷിക്കാൻ ശിക്ഷാനിയമത്തിൽ വ്യവസ്ഥയുണ്ട്. അതുമിങ്ങും വല്ലപ്പോഴും വല്ലവരും കുററം ചെയ്യുന്നതേയുള്ളുവെങ്കിൽ അതു മതിയാകും. എന്നാൽ അതു പകർച്ചവ്യാധിപോലെ പടർന്നുപിടിക്കുമ്പോൾ മതിയാകയില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പത്രങ്ങളുടെ കാര്യത്തിൽ ഇങ്ങനെയൊരു പകർച്ചവ്യാധി ഉണ്ടായിട്ടുണ്ടോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സക്കാർവക്കീൽ): ഉണ്ട്. അങ്ങനെയാണല്ലോ പറയുന്നതു്. കേസ് നടത്തി അതു നിവൃത്തിചെയ്യാമെന്നു വിചാരിക്കുന്നതു അബദ്ധമാണ്. പകർച്ചവ്യാധി പടർന്നുപിടിച്ചിരിക്കെ ജനങ്ങളുടെ ചികിത്സയ്ക്കു ഒരുകുപ്പി മരുന്നുംകൊണ്ടു പോകുന്നതുപോലെയുള്ളതാണ്. ദോഷത്തിന്റെ വേരുതന്നെ ചേദിക്കേണ്ടതാണ്. ഒരു ദൃഷ്ടാന്തം പറയാം. വിഷവായു ഉണ്ടാക്കുന്ന ഒരു തൊഴിൽശാലയുണ്ടെന്നിരിക്കട്ടെ. അവിടെ വിഷവായു ഉണ്ടാക്കി പുറമേ വ്യാപിപ്പിക്കുന്നു എന്നു എല്ലാവർക്കും അറിയാം. ശാലയിലെ ഫോർമാനെയൊ ജോലിക്കാരനെയൊ പിടിച്ചു ശിക്ഷിച്ചിട്ടു പിന്നിടാനും ചെയ്യാതിരിക്കുന്നതു ബുദ്ധിപൂർവ്വമായ പ്രവൃത്തിയായിരിക്കുമോ? ആ തൊഴിൽശാലതന്നെ നിവൃത്തിക്കുള്ള വഴി സ്വീകരിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. പത്രവിഷം വ്യാപിക്കാതെ തടുക്കുകയാണ് ഈ റെഗ്ലേഷന്റെ ഉദ്ദേശം എന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റെഗ്ലേഷന്റെ ഉദ്ദേശം തടുക്കുകമാത്രമാണെങ്കിൽ ചില പത്രങ്ങളുടെമേൽ ഏററവും കൂടുതൽ തുക ലൈസൻസ്ഫീസായി ചുമത്തിയതിനു സമാധാനം എന്താണ്.

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സക്കാർവക്കീൽ): ലൈസൻസ്ഫീസിന്റെ തുക സഭയുടെ ചിന്താവിഷയത്തോടു സംബന്ധമുള്ളതല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ക്രിമിനൽ നടപടിനിയമപ്രകാരം വല്ല അന്വേഷണത്തിനും നിബന്ധനചെയ്തിട്ടുണ്ടോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സക്കാർവക്കീൽ): ഉണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ ഇക്കാര്യത്തിലും ഒരന്വേഷണത്തിന്നു നിബന്ധനയുണ്ടാക്കാത്തതു എന്തുകൊണ്ട്.

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സെക്രട്ടറി വക്കീൽ): റെഗുലേഷന്റെ ഉദ്ദേശസാദ്ധ്യത്തിനുതന്നെ അതു പ്രിയാതമായിരിക്കും എന്നു എനിക്കു തോന്നുന്നു. ഞാൻ പറഞ്ഞപ്രകാരം വിഷ നിർദ്ദേശപ്രതി അയച്ചുകൊണ്ടിരിക്കുന്നതായാൽ അതു നല്ലതാകുമായി ഉടനടി നിവൃത്തിക്കാവുന്നതിൽ അതു പ്രാപിച്ചുകൊണ്ടതെന്നായിരിക്കും.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): തിരുവിതാംകൂറിലെ വിദ്യാഭ്യാസമുള്ളവർ പത്രങ്ങളിൽ കാണുന്ന സർവ്വവും വിഴുങ്ങുവാൻ തക്കവണ്ണം അത്ര വിവേചനശക്തിയില്ലാത്തവരാണോ എന്നു മെമ്പർ പറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സെക്രട്ടറി വക്കീൽ): എന്റെ ചോദ്യത്തിനു മറുപടിപറയാം. വിദ്യാഭ്യാസമുള്ളവരെല്ലാം അൽപ്പവിദ്യാഭ്യാസമുള്ളവരെല്ലാം എഴുതാനും വായിക്കാനും മാത്രം അറിയുന്നവരെല്ലാം ന [illegible] (മിസ്റ്റർ ടി. സി. മാത്തൻ മാപ്പിള വിമർശിക്കുന്നു) എഴുതുന്നുവായനയും ആശ്ചർയ്യപ്പെട്ടാൽ, തിരുവിതാംകൂറിനു ഒരു ഉന്നതസ്ഥാനമാണുള്ളതെന്നു നമുക്കു കരുതാം. എന്നാൽ ഒരാൾക്കു എഴുതാനും വായിക്കാനും കഴിവുള്ളതുകൊണ്ടു വിനാശലേഖനങ്ങളെ നല്ല ലേഖനങ്ങളെ അസത്യലേഖനങ്ങളും ഉത്തമലേഖനങ്ങളും തമ്മിൽ തിരിച്ചറിയാനുള്ള വിവേചനശക്തി ഉണ്ടെന്നു വിചാരിപ്പാൻ പാടില്ല. ഉൽകൃഷ്ട വിദ്യാഭ്യാസമുള്ളവർക്കു തന്നെത്താൻ സൂക്ഷിച്ചുകൊള്ളുവാൻ കഴിയും. ആക്ഷേപഹാസ്യമായ ഒരു ലേഖനം കണ്ടാൽ അവർ അതു ഏവരും ചവറാണെന്നു മനസ്സിലാക്കിക്കൊള്ളും.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അസത്യവും ആക്ഷേപഹാസ്യമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നവയായി പറയത്തക്ക പ്രചാരം ഉള്ള ഏതു വർത്തമാനപ്പത്രങ്ങൾ ഉണ്ടെന്നു മെമ്പർ പറയുമോ?

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സെക്രട്ടറി വക്കീൽ): ആ പത്രങ്ങളുടെ പ്രചാരത്തെപ്പററി എനിക്കറിവില്ല.

മി. കെ. സി. മാത്തൻ മാപ്പിള (വ്യാപാരവും-വ്യവസായവും, വടക്കു്): അസത്യമായ ഒരു പത്രം പുറപ്പെട്ടാൽ വായിക്കുന്നതിനു ഒരു പ്രതി കിട്ടാൻ എല്ലാവരും ശ്രമിക്കാറുണ്ടോ എന്നു പറയുമോ?

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സെക്രട്ടറി വക്കീൽ): അങ്ങനെയാണു ഞാൻ കേട്ടിട്ടുള്ളതു്.

മി. കെ. കെ. തോമ്മസ് (കോട്ടയം): അങ്ങനെയുള്ള പ്രതികൾ രണ്ടാമതും അച്ചടിച്ചു പ്രചരിപ്പിക്കാറില്ലയോ എന്നു പറയുമോ?

മി. വി. എസ് സുബ്രഹ്മണ്യയ്യർ (ഹെഡ് സെക്രട്ടറി വക്കീൽ): അങ്ങനെ ചില ദൃഷ്ടാന്തങ്ങൾ ഉണ്ടു്.

ഉന്നതവിദ്യാഭ്യാസം പ്രാപിച്ചിട്ടില്ലാത്തവരും അൽപ്പവിദ്യാഭ്യാസം മാത്രമോ എഴുതാനും വായിക്കാനും മാത്രമോ കഴിവുള്ളവരുമായ ജനസാമാന്യത്തിന്റെയും അപക്വമനസ്സുള്ള യുവാക്കളുടെയും നന്മയെ വിചാരിച്ചാൽ ഇങ്ങനെയൊരു റെഗുലേഷൻ അത്യാവശ്യമായി തീർന്നിട്ടുണ്ടു്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്തായാലും ചില പത്രങ്ങൾ അസത്യവും ആക്ഷേപഹാസ്യമായ ലേഖനങ്ങൾ പ്രസിദ്ധം ചെയ്യുകകൊണ്ടു എന്തെങ്കിലും രാജ്യത്തു പത്രങ്ങളുടെ സ്വാതന്ത്ര്യം കുറച്ചുകളഞ്ഞതും ഇതിനു തുല്യമായതുമായ ഒരു ദൃഷ്ടാന്തം മെമ്പർ പറയുമോ?

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സെക്രട്ടറി വക്കീൽ): ഇവിടത്തെ സ്ഥിതികൾതന്നെയുള്ള വേറൊരു രാജ്യത്തിൽ അപ്രകാരം സംഭവിച്ചതിനെപ്പററി ഒരു അറിവു എനിക്കില്ല. ഇതേ സ്ഥിതിയിലുള്ള വേറൊരു രാജ്യത്തിന്റെ പേരു എന്റെ സ്നേഹിതൻ പറയുമെങ്കിൽ അദ്ദേഹത്തിന്റെ ചോദ്യത്തിനു മറുപടി പറയാൻ എനിക്കു കഴിയുമായിരിക്കും.

മി. കെ. സി. മാത്തൻമാപ്പിള (വ്യാപാരവും-വ്യവസായവും, വടക്കു്): ഇതിനെക്കാൾ കഠിനമായ ഒരു പ്രസ് നിയമം ഇല്ലാത്ത വല്ല നാട്ടുരാജ്യത്തെയുംപററി മെമ്പർക്കറിവുണ്ടോ.

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സെക്രട്ടറി വക്കീൽ): ഇതിനെക്കാൾ കഠിനമായ ഒരു നിയമമുള്ള വല്ല നാട്ടുരാജ്യവും ഉണ്ടോ എന്നാണു മെമ്പർ ചോദിക്കുന്നതെന്നു വിചാരിക്കുന്നു.

മി. കെ. സി. മാത്തൻമാപ്പിള (വ്യാപാരവും-വ്യവസായവും, വടക്കു്): അല്ല, കഠിനമായ നിയമം ഇല്ലാത്ത രാജ്യം ഉണ്ടോ എന്നുതന്നെയാണു്.

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സെക്രട്ടറി വക്കീൽ): എനിക്കു അതിനുത്തരം പറയാൻ കഴിയുകയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും തൊടുപുഴയും): ഇപ്രകാരമുള്ള ദോഷം ഉപയോഗിക്കുന്ന പത്രങ്ങളുടെ ശതമാനം എത്ര?

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സെക്രട്ടറി വക്കീൽ): ശതമാനം ഞാൻ കണക്കാക്കിട്ടില്ല.

തിരുവിതാംകൂറിലെ പത്രങ്ങളിൽ അഗണ്യമല്ലാത്ത ഒരു അംശം ആക്ഷേപകരമായ ലേഖനങ്ങളിൽ രസിക്കുന്നവരുണ്ടെന്നു എല്ലാഭാഗം അനേകം മെമ്പർമാർ സമ്മതിച്ചിട്ടുണ്ടു്. ഈ റെഗുലേഷന്റെ ഉദ്ദേശം ശിക്ഷിക്കലല്ല കുറാങ്ങൾ ഉണ്ടാകാതെ തടുക്കുന്നതിനാണെന്നു നാം ഓർക്കണം. തടുക്കേണ്ടതാവശ്യമായി വരുമ്പോൾ തടുക്കുന്നതിനുള്ള അധികാരം ചിലപ്പോൾ എക്സിക്യൂട്ടീവ് ഗവർണ്മെന്റിനാണു കൊടുക്കുന്നതു്.

മി. ടി. കുമാരപിള്ള (കുഴിത്തുറയും-വിളവങ്കോടും): ഗവർണ്മെന്റു നേരിട്ടധികാരം വഹിക്കുന്നതായി മറെറന്തെങ്കിലും നിയമങ്ങൾ ഈ രാജ്യത്തുണ്ടോ?

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സെക്രട്ടറി വക്കീൽ): ഉണ്ടു്, പോലീസ് റെഗുലേഷൻ ഉണ്ടു്, പോലീസ് റെഗുലേഷൻപ്രകാരം ദേവാലയങ്ങൾ, പള്ളികൾ, മുതലായവ പൂട്ടിക്കളയാം.

ഈ റെഗുലേഷൻപ്രകാരവും ഉടനടി പരിഹാരം ഉണ്ടാകേണ്ട ആവശ്യം നേരിടുമ്പോൾ ഗവർണ്മെന്റിനു നടപടികൾ നടത്താം. ക്രമപ്രകാരമുള്ള വഴികൾ കോടതികൾ എടുത്തുകൊള്ളും. ആർക്കെങ്കിലും കോടതി കയറാനാണു ആഗ്രഹമെങ്കിൽ അതു നിഷേധിപ്പാൻ പാടില്ല. ഗവർണ്മെന്റു നടപടി നടത്തിയശേഷവും കക്ഷി അപേക്ഷിച്ചാൽ ഗവർണ്മെന്റു തങ്ങളുടെ ഉത്തരവിനെ ദുർബ്ബലപ്പെടുത്തുകയോ കാര്യം ഹൈക്കോടതിയിലേക്കയക്കുകയോ ചെയ്യുന്നതുമാണു നിബന്ധമുണ്ടു്. ഇതു എനിക്കു പറവാനുള്ള ഒരു പ്രധാനസംഗതിയാണു്.

ചോദ്യരൂപേണ സംഗതിയെപ്പററിയും തെററിദ്ധാരണയുണ്ടായിട്ടുണ്ട്. ഈ റെഗ്ലേഷൻ പാസ്സാക്കിയ ഉടനെ അതിലെ വ്യവസ്ഥകളെ തെററി വ്യാഖ്യാനിച്ചു ചില ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ലൈസൻസ് നല്കാമെന്നതിക്കൽ ഗർഭവപ്പെട്ടുത്തുമ്പോഴെ അപ്പീലവകാശം ഉള്ളു എന്നാണു ചിലർ പറഞ്ഞതു്. റെഗ്ലേഷൻ ശരിയായി വായിക്കാതിരുന്നതുകൊണ്ടാണു അങ്ങനെ പറയാൻ ഇടവന്നതു്. ഇപ്രകാരംതന്നെ ഗ്രാം വകുപ്പിനെ സംബന്ധിച്ചു, ഏതു പോലീസുകാരനും ഭവനങ്ങളിൽ കയറി ഭവനത്തിലെ രഹസ്യങ്ങളെ ചുഴിഞ്ഞു പത്രങ്ങളുടെ പ്രതികൾക്കായി കശാധന നടത്താമെന്നു എന്റെ സ്നേഹിതൻ ശ്രീ. ശിവരാമപ്പണിക്കർ പറയുകയുണ്ടായി. എന്റെ സ്നേഹിതൻ ആ വകുപ്പു ശരിയായി വായിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു. ഇൻസ്പെക്ടരുടെ താണതല്ലാത്ത സ്ഥാനമുള്ള ഒരു പോലീസുദ്യോഗസ്ഥനുമാത്രമേ ശോധനയ്ക്കായി ഒരു വീട്ടിൽ കയറാവൂ. അതും മജിസ്ട്രേട്ടിന്റെ വാറണ്ടിൻപ്രകാരമേ പാടുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): "പ്രായമുള്ള പോലീസുകാരൻ" എന്നാണു ഞാൻ പറഞ്ഞതെന്നുള്ള അദ്ദേഹം കേട്ടില്ലയോ?

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സർക്കാർവക്കീൽ): അതുകൊണ്ടു് വിശേഷമൊന്നുമില്ല. പ്രായംകൂടിയ പോലീസ്ഇൻസ്പെക്ടർമാരും പ്രായംചെന്ന പോലീസ് കാൺസ്റ്റബിൾമാരും ഉണ്ടല്ലോ.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): ഒരു പോലീസ് ഉദ്യോഗസ്ഥൻ ആവശ്യങ്ങൾ വരിച്ചു വൃദ്ധൻ പോലീസ്കാരൻ മാത്രമാണെന്നു മെമ്പറിനു അറിയാമോ? (ചിരി)

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ഏതു പോലീസുദ്യോഗസ്ഥനും അങ്ങനെയുള്ള പ്രതികൾ എവിടെങ്കിലുമായി പിടിച്ചെടുക്കാവുന്നതാണു" എന്ന ഒരു വചനം റെഗ്ലേഷനിൽ കാണുന്നതിനെപ്പററി മെമ്പർ എന്തുപറയുന്നു?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സർക്കാർവക്കീൽ): ആവാചകം അടുത്ത ഉപവകുപ്പോടുകൂടെ വായിക്കേണ്ടതാണു. അതിന്റെ അന്ത്യഭാഗത്തു വീടശോധനയെപ്പററി പ്രത്യേകവ്യവസ്ഥകൾ ചെയ്തിട്ടുണ്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു വ്യാഖ്യാനം പോലെയിരിക്കും.

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സർക്കാർ വക്കീൽ): അല്ല. അതുവിടെ പറഞ്ഞിട്ടുണ്ട്.

സർ, ഗവർണ്മെന്റു ഈ നിയമം പാസ്സാക്കിയതു കോപംമൂലമാണെന്നു ഒന്നു രണ്ടു മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. ഇങ്ങനെ ഒരു നിയമം പാസ്സാക്കേണ്ടതു അത്യാവശ്യമെന്നുമായി അവർക്കു തോന്നി. വളരെ വ്യസനത്തോടുകൂടെയാണു അവർ ഇതു പാസ്സാക്കിയതെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. കോപംമൂലമോ പ്രതികാരേച്ഛമൂലമോ അതു പാസ്സാക്കിയതല്ല. ഇങ്ങനെയൊരു നിയമം അത്യാവശ്യമാണെന്നു കണ്ടുകൊണ്ടാണു. ഒരുകൂട്ടം വർത്തമാനപ്പത്രങ്ങൾ നമ്മുടെ നാട്ടിലെ ബാലന്മാരുടെയും ബാലികമാരുടെയും മനസ്സിനെ അനവരതം കളങ്കപ്പെടുത്തിക്കൊണ്ടിരുന്നുഎന്നു ബോദ്ധ്യപ്പെട്ടു. ഒരുകൂട്ടം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന അനഭിലഷണീയവും അസഭ്യവും ആക്ഷേപകരവുമായ ലേഖനങ്ങളിൽ നമ്മുടെ നാട്ടിലെ യുവാക്കന്മാരുടെയും യുവതികളുടെയും മനസ്സു കളങ്കപ്പെട്ടുപോകാതിരിക്കാനാണു ഗവർണ്മെന്റു ഈ റെഗ്ലേഷൻ പാസ്സാക്കിയതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അസഭ്യതയെപ്പററി ഈ റെഗ്ലേഷനിൽ വല്ലവ്യവസ്ഥയും ഉണ്ടോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സർക്കാർ വക്കീൽ): മിസ്റ്റർ പരമേശ്വരൻപിള്ള മുമ്പുപറഞ്ഞ പ്രകാരം അസഭ്യപദങ്ങൾ പ്രയോഗിച്ചുകാണുന്നതു വല്ലവരും അധിക്ഷേപിക്കുമ്പോഴാണ്. വല്ല വ്യക്തിയെയോ വർഗ്ഗത്തെയോ അപകീർത്തിപ്പെടുത്തുന്നതിനാണ് അസഭ്യം പ്രയോഗിക്കുന്നതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അസഭ്യതയെപ്പററിവല്ല പ്രത്യേക വ്യവസ്ഥയും ഉണ്ടോ എന്നാണു എന്റെ ചോദ്യം.

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സർക്കാർവക്കീൽ): ഏവരും അസഭ്യപദപ്രയോഗം റെഗ്ലേഷൻ പ്രകാരം ഒരു കുററമാക്കിട്ടില്ലെന്ന് അതു നോക്കിയാൽ അറിയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർണ്മെന്റിന്റെയോ ഒരുദ്യോഗസ്ഥന്റെയോ ഒരു പ്രവൃത്തി നീതീകരിക്കാവുന്നതല്ലെന്നു ഒരു പത്രം പ്രസ്താവിക്കുന്നു എന്നു വിചാരിക്കുക. അതു റെഗ്ലേഷൻപ്രകാരം ഒരു കുററമായിവരുമോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സർക്കാർ വക്കീൽ): അദ്ദേഹം പറഞ്ഞ പ്രത്യേകകേസിൽ ഫീസുകൂടാതെ ഒരഭിപ്രായം പറയാൻ ഞാൻ വിചാരിക്കുന്നില്ല. (ചിരി)

മി: സി. പി. തോമസ് (ഗവർണ്മെന്റു നിയമനം): വർത്തമാനപ്പത്ര റെഗ്ലേഷൻ പാസ്സാക്കിയതിനുശേഷം കഴിഞ്ഞ ഈ മൂന്നുമാസക്കാലത്തു പത്രങ്ങളുടെ സ്വരം നന്നായിട്ടുണ്ടോഎന്നു പറയുമോ?

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സർക്കാർ വക്കീൽ): ഉണ്ട്. നന്നായിട്ടുണ്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, എന്റെ പ്രസംഗത്തിൽ ഞാൻ പ്രതിപാദിച്ച വാദവിഷയങ്ങളെപ്പററി എതുദ്യോഗം മെമ്പർമാർ ലീഡുമായി സംസാരിച്ചു എങ്കിലും ആവാദങ്ങൾ ഞാൻകൊണ്ടുവന്നനിലയിൽതന്നെ ഇരിക്കുന്നതേയുള്ളു എന്നുമാത്രമേ എനിക്കു ഉപസംഹാരമായി പറയാനുള്ളു. അവരുടെ എല്ലാവരുടെയും പ്രസംഗങ്ങൾ പരിശോധിച്ചുനോക്കിയാൽ അവ അസ്പഷ്ടവും തീർച്ചയില്ലാത്തതുമാണെന്നു കാണാം. അവ എന്റെ വാദങ്ങളെ ഖണ്ഡിച്ചിട്ടുണ്ടെന്ന് എനിക്കു ബോദ്ധ്യമായിട്ടില്ല. ചിലപത്രങ്ങൾ അസഭ്യഭാഷയിൽ ഉല്ലസിച്ചു എന്നാണു അവർ പറഞ്ഞതു്. എന്നാൽ അങ്ങനെയുള്ള പത്രങ്ങളുടെ ശതമാനം എത്രയെന്നു അവർക്കു പറയാൻ വിഷമം. അങ്ങനെയുള്ള പത്രങ്ങൾ എത്രയുണ്ടെന്നുപോലും അവർക്കു പറയാൻ വഹിയാ. പത്രങ്ങളുടെ മേൽനടത്തിയ അന്യായങ്ങളുടെ എണ്ണം നോക്കി അവയുടെ എണ്ണം അനുമാനിച്ചെടുക്കുന്നതിനും അവർ സമ്മതിക്കുന്നില്ല.

മി: സി. പി. തോമസ് (ഗവർണ്മെന്റു നിയമനം): മെമ്പറിന്റെ അഭിപ്രായത്തിൽ അസഭ്യഭാഷയിൽ രസിക്കുന്ന പത്രങ്ങളുടെ എണ്ണം ചുരുക്കമാണെങ്കിൽ അതുകൊണ്ടുള്ള ദോഷം സാരമില്ലെന്നാണോ എന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദ്യചോദ്യത്തിനു ഞാൻ പിന്നീടു മറുപടി പറഞ്ഞു കൊള്ളാം.

ഒരു പ്രദേശത്തു പകർച്ച വ്യാധി പിടിപെട്ടാൽ അതുപ്രദേശത്തു് ക്വാറന്റൈൻ ചട്ടങ്ങൾ ഏർപ്പെടുത്തേണ്ടി വരുമെന്നു മിസ്റ്റർ വി. എസ്. സുബ്രഹ്മണ്യയ്യർ പറഞ്ഞുവല്ലോ. ഈസാദൃശ്യം വെച്ചു പറഞ്ഞാൽ, രാജ്യദ്രോഹം പത്രങ്ങൾ കുററം ചെയ്തുകൊണ്ടു പിരുവിതാംകൂറിലെ ചെറുപ്പക്കാരുടെ ചെറുപ്പക്കാരുടെയെല്ലാം വായ് കെട്ടിക്കളയുന്നതിനു ഒരു റെഗുലേഷൻ പാസ്സാക്കുന്നതു ന്യായമാണോ? ഒരു കള്ളൻ രാത്രി വരുമ്പോൾ ഒരു വീട്ടിൽ കയറി നാലോ നാലുപേരോ മോഷ്ടിച്ചുകൊണ്ടു പോയി എന്നിരിക്കട്ടെ. ഒരുവീട്ടിൽ ഒരു മോഷണം ഉണ്ടായിഎന്നറിഞ്ഞിട്ടു, പോലീസ് കമ്മീഷണർ രാത്രി വരുന്നിടത്തു ആരും അവരവരുടെ വീടുകളിലാണിനി പുറത്തിറങ്ങരുതെന്നു ഒരു കല്പന പുറപ്പെടുവിച്ചു എന്നു വിചാരിക്കുക. പോലീസ് കമ്മീഷണർ അങ്ങനെ ഒരുകല്പന പുറപ്പെടുവിക്കുന്നതു ന്യായമായിരിക്കുമോ? മിസ്റ്റർ സി. ദാമോദരന്റെ ചോദ്യത്തിനു. ഇതു മറുപടിയായി എന്നു വിശ്വസിക്കുന്നു. ഈ റെഗുലേഷൻ രാജാവു നേരിട്ടു പാസ്സാക്കിയതിനെ നീതികരിക്കാനും കഴിവുണ്ടെങ്കിൽ ഈ രാജ്യത്തുള്ള ഒന്നോ രണ്ടോ മെമ്പർമാരെ പറ്റിയെങ്കിലും ചെക്കാനും മിസ്റ്റർ സുബ്ബയ്യർ ഗംഭീരഗർജ്ജനം ചെയ്തു.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം—ഡിപ്യൂട്ടിപ്രസിഡന്റു): ഏതെങ്കിലും മെമ്പർ എന്റെ ഭാഗം ചേരണമെന്നു എനിക്കു അശേഷം താല്പര്യമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രാജകുടുംബത്തെ സംബന്ധിച്ചു് റെഗുലേഷനിൽ ഉള്ള ചുരുക്കം വകുപ്പുകൾ രാജാവു നേരിട്ടു പാസ്സാക്കാൻ വിട്ടിട്ടു ശേഷം വകുപ്പുകൾ ഈ സഭ മുഖാന്തരം പാസ്സാക്കാമായിരുന്നു എന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞതു മിസ്റ്റർ സുബ്ബയ്യരുടെ വാദത്തെ ശരിയായി ഖണ്ഡിച്ചിരിക്കുന്നു. അതുകൊണ്ടു ഈ സംഗതിയെപ്പററി എന്റെ വാദം ദീർഘമാക്കണമെന്നു വിചാരിക്കുന്നില്ല. മുൻ പ്രസ്താവിച്ചതുപോലെ ഇങ്ങനെയുള്ള സ്വേച്ഛാനുസാരാധികാരങ്ങൾ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്നതു അഭിലഷണീയമല്ല. എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു സ്വേച്ഛാനുസാരം പ്രവർത്തിക്കുന്നതിനുള്ള അധികാരങ്ങൾ കൊടുത്തതു രാജ്യഭരണസാമർത്ഥ്യം പ്രദർശിപ്പിക്കേണ്ടതു്. വിവേകത്തോടുകൂടി നിയമങ്ങളെ പ്രയോഗത്രപത്തിലാക്കി വിമർശനങ്ങൾ കുറയ്ക്കുന്നതിലാണു രാജ്യതന്ത്രജ്ഞത സ്ഥിതി ചെയ്യുന്നതു്. "പൊതുജനനന്മയെ ഉദ്ദേശിച്ചുള്ള കാര്യങ്ങളിൽ ആക്ഷേപങ്ങൾ വിരോധിക്കുന്നതു രാജ്യഭരണത്തിൽ ജനങ്ങൾക്കു പങ്കുള്ള യാതൊരു ഗവണ്മെന്റിന്റെയും തത്വങ്ങളോടു യോജിക്കുന്നതല്ല" എന്നു ഹാർവാർഡ് ലാറിവ്യൂവിൽ വിദ്വാനായ ഒരു ലേഖകൻ പ്രസ്താവിച്ചിരിക്കുന്നു. വർത്തമാനപ്പത്രറെഗുലേഷൻ നിമിത്തം ജനപ്രതിനിധികൾക്കു ഗവണ്മെന്റിനോടു യോജിച്ചു പ്രവർത്തിക്കുന്നകാര്യം അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു് ഈ റെഗുലേഷൻ പാസ്സാക്കിയതുമൂലമുണ്ടായിട്ടുള്ള ഇവിടത്തെ സ്ഥിതിയെപ്പററി ഗവണ്മെന്റിന് ഇപ്പോൾ ബോദ്ധ്യമായിട്ടുള്ളതിനാൽ ഗവണ്മെന്റു ഏകകാര്യം മുഴുവനും വീണ്ടും പര്യാലോചിച്ചു് ഈ റെഗുലേഷനെ ഉടനെ റദ്ദാക്കണമെന്നു ഞാൻ നിർബന്ധമായി പറയുന്നു. എങ്കിൽമാത്രമേ ജനപ്രതിനിധികളുടെ അഭിപ്രായത്തെ ഗവണ്മെന്റു വിലവയ്ക്കുന്നു എന്നു വിചാരിപ്പാൻതരമുള്ളു. പത്രങ്ങളെ നിയന്ത്രണം ചെയ്യുന്നതു ആവശ്യമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നപക്ഷം അവർ വേറെ ഏതെങ്കിലും റെഗുലേഷൻ ഈ സഭയിൽ കൊണ്ടുവരേണ്ടതാണു. ഇപ്പോഴത്തെനിലയിൽ ഈ റെഗുലേഷനെ അനുകൂലിക്കാൻ എനിക്കു നിവൃത്തിയില്ല. എന്റെ ഉപക്ഷേപത്തെ ഞാൻ നിർബന്ധമാക്കിക്കൊള്ളുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭരണങ്ങാനവും): ഇങ്ങനെയുള്ള ഒരു റെഗുലേഷന്റെ ആവശ്യകതയെ സംബന്ധിച്ചു ചില മെമ്പർമാർ പറഞ്ഞ അഭിപ്രായങ്ങൾ നോക്കിട്ടു, മെമ്പർ ആദ്യം പ്രസ്താവിച്ച എല്ലാ വാദങ്ങളേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണോ അതോ റെഗുലേഷൻ നടപ്പിൽവരുത്തിയ വിധത്തെമാത്രം അടിസ്ഥാനപ്പെടുത്തിയാണോ ഉപക്ഷേപത്തെപ്പററി ഇപ്പോൾ ശഠിക്കുന്നതെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ മൂന്നു സംഗതികളെപ്പററിപ്പറഞ്ഞു. റെഗുലേഷന്റെ ആവശ്യകത, അതു പാസ്സാക്കിയവിധം ആ വിധത്തിൽ നിയമസാധുത്വം. ഈ വാദങ്ങൾക്കൊന്നിനും മറുപടി കിട്ടീട്ടില്ല. ഉദ്യോഗസ്ഥമെമ്പർമാരുടെ വാദങ്ങൾ എന്നെ തൃപ്തിപ്പെടുത്തീട്ടില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): അതല്ല എന്റെ ചോദ്യം. എത്ര പത്രങ്ങൾ കുററക്കാരായാലാണു മെമ്പറിന്റെ അഭിപ്രായത്തിനു ഇങ്ങനെയൊരു റെഗുലേഷൻപ്രകാരം നടപടി നടത്താവുന്നതു എന്നായിരുന്നു എന്റെ ചോദ്യം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇങ്ങനെയുള്ള കാര്യങ്ങളിൽ ക്രൈസ്തനിയമങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയില്ല. ഗവണ്മെന്റിന്റെ ഇങ്ങനെയുള്ള പ്രവൃത്തിനീതികരിക്കുന്നതിനു വളരെ അധികം പത്രങ്ങൾ ഉണ്ടായിരിക്കണം.

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർ, ഈ കാര്യത്തെപ്പററി ദീർഘമായ വാദപ്രതിവാദം കഴിഞ്ഞിരിക്കുന്നു. എനിക്കു കൂടുതലായി യാതൊന്നും പറയാനില്ല. ഗവണ്മെന്റിന്റെ നില എന്താണെന്നു സ്പഷ്ടമാക്കീട്ടുണ്ടു്. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള എന്തുതന്നെ പറഞ്ഞാലും അദ്ദേഹത്തിന്റെ വാദങ്ങളെല്ലാം ഖണ്ഡിച്ചിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. ഈ നിയമത്തിന്റെ ആവശ്യകതയെ വ്യക്തമായി തെളിയിക്കയും മിസ്റ്റർ ജി. പരമേശ്വരൻപിള്ള ഒഴികെ ശേഷം മിക്കവാറും എല്ലാ പ്രാസംഗികന്മാരും ഈ വസ്തുത സമ്മതിക്കയും ചെയ്തിട്ടുണ്ടു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഈ രാജ്യത്തു രാജദ്രോഹം ഇല്ലെന്നാണു ഞാൻ പറഞ്ഞതു. രാജ്യത്തിന്റെ സ്ഥിതി സാധാരണയുള്ളതുപോലെയിരിക്കുന്നുഎന്നു ഞാൻ പറഞ്ഞു.

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. രാജ്യം മുഴുവനും രാജദ്രോഹം പടർന്നുപിടിച്ചിട്ടില്ലായിരിക്കാം. എന്നാൽ രാജദ്രോഹം വ്യാപിച്ചുവരുന്നു. സമുദായമത്സരവും വർദ്ധിച്ചുവരുന്നു. പത്രങ്ങളിൽ ആക്ഷേപഭാഷ പ്രയോഗിക്കയും അതുമൂലം പൊതുജന സമാധാനത്തിനു ദോഷം സംഭവിക്കയും ചെയ്യുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ ആക്ഷേപഭാഷപ്രയോഗത്തെ സംബന്ധിച്ചു റഗ്ലേഷനിൽ പ്രത്യേക വ്യവസ്ഥയൊന്നുമില്ലല്ലോ.

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സിക്രട്ടറി): മെമ്പർ അതിനു സാമാന്യമായി പറഞ്ഞു. അതു റഗ്ലേഷന്റെ വ്യാപ്തിയിൽ ധാരാളം ഉൾപ്പെടും.

റഗ്ലേഷനിലെ വ്യവസ്ഥകൾ കഠിനമാണെന്നു വാദമുണ്ടായി. വ്യവസ്ഥകൾ കഠിനമാണെങ്കിലും ഈ റഗ്ലേഷൻ നടപ്പിൽ വന്നിട്ടു മൂന്നു മാസക്കാലമായിട്ടും യാതൊരു പത്രത്തിനും ആ കാഠിന്യം അനുഭവമായിട്ടില്ല. യാതൊരു പത്രത്തിനും പരാതിക്കു കാരണമുണ്ടായതായി തോന്നുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "നവശക്തി"യെപ്പററി എന്തുപറയുന്നു?

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ് സിക്രട്ടറി): റഗ്ലേഷൻ പ്രകാരം ആ പത്രത്തിനെ സംബന്ധിച്ചു നടപടി നടത്തിയിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അ പത്രത്തെ സംബന്ധിച്ചു എന്തു ചെയ്തു എന്നു പറയുമോ?

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ് സിക്രട്ടറി): റഗ്ലേഷൻ പ്രകാരം ഒന്നും ചെയ്തിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇന്നത്തെ വാർത്തപ്രതിവാദങ്ങളെ ആലോചിച്ചു റഗ്ലേഷനിലെ ചില വ്യവസ്ഥകൾ ഭേദപ്പെടുത്തുന്ന കാര്യം പുനരാലോചിക്കുന്നതിനു ഗവർണ്ണമെന്റു തയ്യാറാണോഎന്നു പറയുമോ?

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ് സിക്രട്ടറി): അതിന്നിപ്പോൾ മറുപടി പറയാൻ സാധിക്കയില്ല.

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാററിങ്കര): ഈ സഭയിൽ കൊണ്ടു വന്ന ആക്ഷേപങ്ങളെ അടിസ്ഥാനമാക്കി ഈ നിയമത്തെ പരിശോധിക്കുന്നതിനു ഒരു പ്രതിനിധിക്കമ്മററിയെ നിയമിക്കുന്നതിന്റെ അഭിലഷണീയതയെ പററി ഗവർണ്ണമെന്റു ആലോചിക്കുമോ എന്നു പറയുമോ?

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): അക്കാര്യത്തെപ്പററിയും എനിക്കിപ്പോൾ തീർച്ചയായ ഒരു മറുപടി പറയാൻ സാധിക്കയില്ല.

പ്രസിഡന്റു: ഉപക്ഷേപം വോട്ടിനിടണമെന്നു മി: നീലകണ്ഠപ്പിള്ളയ്ക്കു നിർബന്ധമുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഉണ്ട്.

ഉപക്ഷേപം വോട്ടിനിട്ടതിൽ ക്ക പേർ അനുകൂലമായും ന്ക പേർ പ്രതികൂലമായും വോട്ടുചെയ്കയാൽ അതു തള്ളപ്പെട്ടുപോയി.

മി: സി. പി. തരകൻ (കുന്നത്തുനാടു): വോട്ടെണ്ണിയെടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വോട്ടെണ്ണിയെടുക്കണമെന്നു ഞാനും ആവശ്യപ്പെടുന്നു. താഴെക്കാണുന്ന പ്രകാരം വോട്ടെടുത്തു.

അനുകൂലം ക്ക.

ക.	മിസ്റ്റർ.	സി. പി. കൊച്ചുകുഞ്ഞുപിള്ള
ഖ.	,,	ടി. കുമാരപിള്ള
ഗ.	,,	കെ. മാധവൻപിള്ള
ഘ.	,,	ജി. നാരായണപിള്ള
ങ.	,,	കല്ലൂർ നാരായണപിള്ള
ന്ന.	,,	പി. കെ. നാരായണപിള്ള
ച.	,,	കെ. പി. നീലകണ്ഠപ്പിള്ള
ഛ.	,,	എം. എൻ. പിള്ള
ജ.	,,	ജി. പരമേശ്വരൻപിള്ള
ഝ.	,,	ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
ഞ.	,,	ജി. രാമൻമേനോൻ
ട.	,,	കെ. ശിവരാമപ്പണിക്കർ
ഡ.	,,	എം. ശിവതാണുപിള്ള
ണ.	,,	സി. പി. തരകൻ.

പ്രതികൂലം ന്ക.

ത.	മിസ്റ്റർ.	ഐ. സി. ചാക്കോ
ഥ.	,,	ജെ. ബി. കുക്ക്
ദ.	,,	പാറേഡാനിയൽ
ധ.	,,	ആർ. ധനുക്കോടിപ്പിള്ള
ന.	,,	കെ. ജോർജ്
പ.	,,	പി. ഹബീബ് മഹമ്മദ്
ഫ.	,,	എ. ജെ. ജാൻ
ബ.	,,	എൻ. വി. ജോസഫ്

൯. മിസ്റ്റർ എസ്. ജി. ചോപ്പസ്
൧൦. ,, സി. കേരളവർമ്മകോയിൽതമ്പുരാൻ
൧൧. ,, ആർ. കെ. കൃഷ്ണപിള്ള
൧൨. ,, ആർ കൃഷ്ണസ്വാമിഅയ്യർ
൧൩. ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൧൪. മിസ്റ്റർ. തയ്യിൽ കുഞ്ഞിതൊമ്മൻ
൧൫. ,, കെ. സി. മാമ്മൻമാപ്പിള
൧൬. ,, ടി. ഇ. മാത്യു
൧൭. ,, കെ. വി. പരമേശ്വരയ്യർ
൧൮. ,, ആർ. നീലകണ്ഠപ്പിള്ള
൧൯ ,, ആർ. പത്മനാഭൻ
൨൦. ,, തയ്യിലം പരമേശ്വരൻപിള്ള
൨൧. മിസ്സസ്. എം. പുന്നൻ പൂക്കോസ്
൨൨. മിസ്റ്റർ. ടി. പി. രാമസുബ്ബയ്യർ
൨൩. റാവുബഹദൂർ. കെ. വി. രങ്ങസ്വാമിഅയ്യങ്കാർ
൨൪. മിസ്റ്റർ. എസ്. സി. എച്ച്. റോബിൻസൺ
൨൫. മിസ്റ്റർ. പി. സുബ്ബയ്യർ.
൨൬. ,, സി. പി. തോമസ്
൨൭. ,, കെ. കെ. തോമസ്.
൨൮. ,, സി. എൻ. ഉപ്പൻനംപൂതിരി.
൨൯. ,, പി. എസ്. സുബ്രഹ്മണ്യയ്യർ.
൩൦. ,, എ. ജെ. പാൻഡറാസ്സ്.

നിയുക്തം ൧.

മ: കെ. ഐ. ജോസഫ്.

ഉപക്ഷേപം തള്ളപ്പെട്ടുപോയതായി പ്രസ്താവിച്ചു

ഡിമാണ്ട്. ൯. സാധാരണചെലവ്-സെക്രട്ടെറിയററ്-എന്ന ഇനത്തിൽ ൧,൫൭ ലക്ഷം രൂപാ അനുവദിക്കാമോ എന്നു ചോദിക്കയും അതു് അനുവദിക്കയും ചെയ്തു.

ഗവർണ്മെന്റ അനുവദിച്ചു.

പ്രസിഡൻറ്: സഭ ഇപ്പോൾ പിരിയുന്നതാണ്; നാളെരാവിലെ പതിനൊന്നുമണിക്കു വീണ്ടും കൂടുന്നതായിരിക്കും.

മി: പി. സുബ്ബയ്യർ (ഗവർണ്മെൻറ നിയമനം ഡിപ്യൂട്ടിപ്രസിഡൻറ്): ഇന്നുമണിക്കൂറ് വളരെ കൈകിപ്പോയതുകൊണ്ടു നിർത്തിവെപ്പിച്ചു നാളെ ആക്കാം

പ്രസിഡൻറ ആകട്ടെ.

ഉപക്ഷേപങ്ങൾ ൨൨-ന്നു മുതൽ ൨൫ വരെ.

അദ്ധ്യക്ഷന്റെ അനുവദിച്ചസമയം കഴിഞ്ഞു പോയതിനാൽ താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഉർന്നുവപ്പെട്ടുപോയി.

മി: കെ. കെ. തോമസ്.

൨൨-ന്നു, ഹജൂർകച്ചേരിക്കു അനുവദിച്ചു ൧,൫൧,൫൦൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: സി. എൻ. ഉപ്പൻ നംപൂതിരി.

൨൩, ഹജൂർകച്ചേരിക്കു അനുവദിച്ചു ൧,൫൧,൫൦൦ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണം.

മി: ടി. ജെ. മാത്യു.

൨൪, ഹജൂർകച്ചേരിക്കു അനുവദിച്ചു ൧,൫൧,൫൦൦ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ.

൨൫, ഹജൂർകച്ചേരിക്കു അനുവദിച്ചു ൧,൫൧,൫൦൦ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണം.

മി: എ. കെ. പിള്ള.

൨൬, ഹജൂർകച്ചേരിക്കു അനുവദിച്ചു ൧,൫൧,൫൦൦ രൂപയിൽ നിന്നും ൧൦ രൂപ കുറയ്ക്കണം.

മി: ടി. കുമാരപിള്ള.

൨൭, ഹജൂർകച്ചേരിക്കു അനുവദിച്ചു ൧,൫൧,൫൦൦ രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി: കെ. ഐ. ജോസഫ്.

൨൮, ഹജൂർകച്ചേരിക്കു അനുവദിച്ചു ൧,൫൧,൫൦൦ രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണം.

൧൫. സി- സാധാരണചെലവ്- നിയമസഭ.

മി: കെ. മാധവൻപിള്ള.

൨൯, ഡിപ്യൂട്ടി പ്രസിഡൻറിന്റെ പാരിതോഷികത്തിന്നനുവദിച്ചു ൩,൦൦൦ രൂപയിൽ നിന്നും ൧,൫൦൦ രൂപ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള.

൩൦, മററു ചെലവുകൾക്കനുവദിച്ചു ൧,൫൦൦ രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണം.

ആകെ ഗ്രാൻറ് കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ.

മി: സി. പി. തരകൻ.

൩൧, നിയമസഭയ്ക്കു അനുവദിച്ചു ൨,൯൦൦ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൨൧൩ നിയമസഭയ്ക്കു അനുവദിച്ച ൨൫,൯൦൦ രൂപയിൽ ൫ രൂപ കുറയ്ക്കണം,
(൫൫൫ ൫ ൽ ഇ-൦൦ നമ്പർ പത്ര റെഗ്ലേഷൻ റദ്ദു ചെയ്യണമെന്നു പറയാൻ).

മി: കെ. കെ. തോമസ്,

൨൧൪. നിയമസഭയ്ക്കു അനുവദിച്ച ൨൫,൯൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: ടി. ജെ. മിത്ര.

൨൧൫. നിയമസഭയ്ക്കു അനുവദിച്ച ൨൫,൯൦൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി: എ. കെ. പിള്ള.

൨൧൬. നിയമസഭയ്ക്കു അനുവദിച്ച ൨൫,൯൦൦ രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണം.

മി: കെ. ഐ. ജോസഫ്.

൨൧൭. നിയമസഭയ്ക്കു അനുവദിച്ച ൨൫,൯൦൦ രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണം.

മി: ടി. കുമാരപിള്ള.

൨൧൮. നിയമസഭയ്ക്കു അനുവദിച്ച ൨൫,൯൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം,

മി: എസ്. പിറവിപ്പെരുമാൾപിള്ള.

൨൧൯. നിയമസഭയ്ക്കു അനുവദിച്ച ൨൫,൯൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

൫ ൪. ഡി. സാമാന്യദേവണം ശ്രീമൂലം പ്രജാസഭ.

ആകെ ഗ്രാൻറു കുറയ്ക്കുന്നതിനുള്ള ഉപരക്ഷപ്രമേയം.

മി: ടി. ജെ. മാത്യു.

൨൨൦. ശ്രീമൂലം പ്രജാസഭയ്ക്കു അനുവദിച്ച ൫ ൪,൯൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം,

മി: എ. കെ. പിള്ള.

൨൨൧. ശ്രീമൂലം പ്രജാസഭയ്ക്കു അനുവദിച്ച ൫ ൪,൯൦൦ രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണം.

ഡിമാണ്ടു ൯-ൽ ആകെ ഗ്രാൻറു കുറയ്ക്കുന്നതിനുള്ള ഉപരക്ഷപ്രമേയം.

മി: സി. പി. തോമസ്.

൨൨൧. ഡിമാണ്ടു ൧൦-ന അനുവദിച്ച ൫,൯൭ ലക്ഷം രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം,
(ഗ്രാമപ്പഞ്ചായത്തുറഗ്ലേഷൻ നടപ്പിൽ വരുത്താനുള്ളതാമസത്തെപ്പററി പ്രസ്താവിക്കുന്നതിനു)

മി: സി. പി. തരകൻ,

൨൨൨. ഡിമാണ്ടു ൯-ന അനുവദിച്ച ൫,൯൭ ലക്ഷം രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: എ. കെ. പിള്ള.

൨൨൩. ഡിമാണ്ടു ൯-ന അനുവദിച്ച ൫,൯൭ ലക്ഷം രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണം.

മി: ജി. രാമൻമേനോൻ.

൨൨൪. ഡിമാണ്ടു ൯-ന അനുവദിച്ച ൫,൯൭ ലക്ഷം രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണം.

(ഉയർന്നതരം ഗവണ്മെൻറുദ്യോഗസ്ഥന്മാർ ജനങ്ങളുടെ സ്ഥിതിയും ആവശ്യങ്ങളും സഹതാപത്തോടെ ഗ്രഹിക്കണമെന്നുള്ള വസ്തുത വ്യക്തമാക്കുന്നതിനു)

മി: ടി. കുമാരപിള്ള.

൨൨൫. ഡിമാണ്ടു ൯-ന അനുവദിച്ച ൫,൯൭ ലക്ഷം രൂപയിൽ ൫൦൦ രൂപ കുറയ്ക്കണം.

മി: പി. ഹബീബ്മഹമ്മദ്.

൨൨൬. ഡിമാണ്ടു ൯-ന അനുവദിച്ച ൫,൯൭ ലക്ഷം രൂപയിൽ ൫൦൦ രൂപകുറയ്ക്കണം.

സഭ വൈകിട്ടു ൪-൫൦-ന പിരിഞ്ഞു

ടി. പി. രാമസുബ്ബയ്യർ (ഒപ്പു),
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ,

രണ്ടാമത്തെ യോഗം,

രണ്ടാമത്തെ സെഷൻ

(അഫിഷ്യൽ റിപ്പോർട്ട്).

൧൯൨൯ ആഗസ്റ്റ് ൨൪—നു/൧൧൦൫ കർക്കടകം ൩൦—നു ശനിയാഴ്ച.

സഭയുടെയോഗം പകൽ ൧൧-൩൦ മണിക്കു തിരുവനന്തപുരത്തു വിക്ടോറിയാ ജൂബിലിടൌൺഹാളിൽ, തിരുവിതാംകൂർ ദിവാൻ എം. ഇ. വാട്ട്സ് എസ്ക്വയർ, ഐ. എ., ബാറ്ററിലായുടെ അദ്ധ്യാസനാധിപത്യത്തിൽ വീണ്ടും കൂടി. താഴെപറയുന്ന അംഗങ്ങൾ ഒഴികെ നിയമമുള്ളവർ എല്ലാവരും ഹാജരുണ്ടായിരുന്നു:—

മിസ്റ്റർ എ. കെ. പിള്ള,
മിസ്റ്റർ എസ്. പിറവിപെരുമാൾപിള്ള,
മിസ്റ്റർ എസ്. സുബ്രഹ്മണ്യകൃഷ്ണയ്യർ,

ചോദ്യങ്ങളും ഉത്തരങ്ങളും.

൧൯൨൧. കുഴിത്തുറ പട്ടണത്തിൽ ൧൧൦൫-ാമ്മാണ്ടു ഇലാമാസത്തിലെ വെള്ളപ്പൊക്കകാലത്തു ഉണ്ടായിട്ടുള്ള കെട്ടിടങ്ങളുടെ നാശം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) ൧൧൦൫-ാമാണ്ടു ഇലാമാസത്തിലെ വെള്ളപ്പൊക്കംകൊണ്ടു കുഴിത്തുറ പട്ടണത്തിൽ എത്ര കെട്ടിടങ്ങൾക്കു നാശംസംഭവിച്ചിട്ടുണ്ട്? ആ സ്ഥലവാസികൾക്കു അതിൽനിന്നും ഏകദേശം എന്തു നഷ്ടം ഉണ്ടായിക്കാണും?

(ബി) കെട്ടിടനാശത്താലും വിളനഷ്ടത്താലും ഇപ്രകാരം കഷ്ടപ്പെട്ടവരായ ആളുകൾക്കു കടമായി പണം അനുവദിച്ചുകൊടുത്തു അവരെ സഹായിക്കുന്നതിനു ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ?

(സി) ആരെങ്കിലും പണം കടംകൊടുക്കുന്നതിനു അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അപേക്ഷകന്മാരുടെപേരു, ഓരോരുത്തരും ആവശ്യപ്പെട്ടിട്ടുള്ള തുകസഹിതം പറയുന്നതിനു ഗവണ്മെന്റിനു മടിയുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി):

(എ) ൧൧൦൫-ാമാണ്ടു ഇലാമാസത്തിലെ വെള്ളപ്പൊക്കകാലത്തു ഏകദേശം ൨൪ കെട്ടിടങ്ങൾക്കു നാശം സംഭവിച്ചിട്ടുണ്ടു. നഷ്ടം ഏകദേശം ൧൨,൦൦൦ രൂപായോളം വരുമെന്നു കണക്കാക്കിയിട്ടുണ്ടു.

(ബി) ആ സംഗതി ആലോചനയിൽ ഇരിക്കുകയാണ്.

(സി) മി. ടി. സി. കേശവപിള്ള ൪൦൦ രൂപ കടംകൊടുക്കണമെന്നു അപേക്ഷിച്ചിട്ടുണ്ടു.

൧൯൨൨. കുഴിത്തുറ പട്ടണത്തിലെ "വെള്ളപ്പൊക്കകമ്മററി"

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കുഴിത്തുറ പട്ടണത്തിൽ സാധാരണ ഉണ്ടാകാറുള്ള വെള്ളപ്പൊക്കവും അതിൽനിന്നും അവിടെയുള്ള ആളുകൾക്കു സംഭവിക്കാറുള്ള ഭീമമായ നഷ്ടവും ആസ്പദമാക്കി ആ സ്ഥലത്തെ ആളുകളെ അപ്രകാരമുള്ള വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിക്കുന്നതിനു ഗവണ്മെന്റു എന്തെങ്കിലും ചെയ്യുന്നതിലേക്കു വിചാരിക്കുന്നുണ്ടോ? അപ്രകാരം വിചാരിക്കുന്നില്ലെങ്കിൽ ആ സംഗതിയെപ്പററി അന്വേഷണംനടത്തുന്നതിലേക്കും റിപ്പോർട്ടുചെയ്യുന്നതിലേക്കും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുൾപ്പെട്ട ഒരു പ്രാദേശികകമ്മററിയെ നിയമിക്കുന്നതിലേക്കു ഗവണ്മെന്റിനു മടിയുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): കഴിഞ്ഞകാലത്തു അനുഭവസ്ഥന്മാരായിരുന്നിട്ടും വെള്ളപ്പൊക്കം ഉണ്ടാകുന്ന സ്ഥലത്തു വീടുകൾ കെട്ടിയിട്ടുള്ളവർക്കു മാത്രമെ നഷ്ടമുണ്ടായിട്ടുള്ളുഎന്നു റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ആ സംഗതിയെപ്പററി അന്വേഷണംനടത്തുന്നതിലേക്കു ഒരു കമ്മററി ഏർപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കുഴിത്തുറ വെള്ളപ്പൊക്കത്തിൽ അകപ്പെട്ടു നശിച്ചതായി ഒന്നോ രണ്ടോ കെട്ടിടങ്ങളുള്ളുഎന്നാണ് ഈ മറുപടിയിൽ പറഞ്ഞിരിക്കുന്നതു. അതിനുമുൻപെയുള്ള ചോദ്യത്തിനു കിട്ടിയിട്ടുള്ള മറുപടിയിൽ ൨൪ കെട്ടിടങ്ങളോളം നശിച്ചിട്ടുള്ളതായി പറഞ്ഞിരിക്കുന്നതെങ്ങിനെയാണ്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഒന്നോ രണ്ടോ കെട്ടിടമല്ല. കെട്ടിടമുടമസ്ഥന്മാരാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കെട്ടിടമുടമസ്ഥന്മാരെങ്കിൽ ഒന്നോ രണ്ടോ ഉള്ളോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഒന്നോ രണ്ടോ എന്നു ഖണ്ഡിച്ചായിട്ടു പറഞ്ഞതല്ല. അതിനു "കുറവ്" എന്ന അർത്ഥംകൊടുത്താൽമതി.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അവിടെ വെള്ളപ്പൊക്കം സാധാരണയായിട്ടുണ്ടാകുകയും കെട്ടിടങ്ങൾ നശിക്കുകയും ചെയ്യുന്നതു പതിവാകയാൽ ഗവണ്മെന്റു അതിനെസംബന്ധിച്ചു എന്തെങ്കിലും പരിഹാരമാർഗ്ഗമായ നടപടികൾനടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): കമ്മററികൊണ്ടു അധികം ഉപയോഗമുണ്ടാകയില്ലാ എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നതു. വെള്ളപ്പൊക്കംവരുന്ന സ്ഥലങ്ങളിൽ കെട്ടിടംവച്ചാൽ എന്തുകമ്മററി ഉണ്ടായിരുന്നാലും വെള്ളംവരുമ്പോൾ കെട്ടിടം വീണുപോകും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിന്റെ കാര്യങ്ങൾ വിസ്തരിച്ചു ചോദിക്കുകയാണെങ്കിൽ ഈ ചോദ്യത്തോടു സംബന്ധമില്ലാത്തതു സമാധാനം പറയാമായിരിക്കാം. അവിടെ കച്ചേരിയുള്ളതുകൊണ്ടു അതിനുസമീപം വീടുകൾ വയ്ക്കാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു ആ കച്ചേരികൾ അവിടെനിന്നു മാറ്റുന്നതിനുസംബന്ധിച്ചു ഗവർണ്ണമെന്റു ആലോചിക്കുമോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): ആലോചിക്കാം.

ചോ. ൩. ൧൯൧൦-മാണ്ടു മെപ്പാതുമരാമത്തു ഡിപ്പാർട്ടുമെന്റു വിലയ്ക്കുവാങ്ങിയ തടി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൯൧൦-മാണ്ടിനിടയ്ക്കു മെപ്പാതുമരാമത്തു ഡിപ്പാർട്ടുമെന്റു പലയിനത്തിലായി കെട്ടിടം പണിക്കും പാലംപണിയ്ക്കും മാറും വിലയ്ക്കുവാങ്ങിയ തടിയുടെ വില എന്തായിരുന്നുഎന്നു പറയുന്നതിലേക്കു ഗവർണ്ണമെന്റിന്നു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): നെ, സ്സ്സ്സ്സ്. രൂപ.

തിരുവനന്തപുരം ദിവാൻപേഷ്കാരുടെ പരിശോധനനോട്ടുകളും ഡിമാൻഡ് നോട്ടീസുകളും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) ൧൯൧൦-മാണ്ടുത്തു തിരുവനന്തപുരം ദിവാൻപേഷ്കാരുടെ പരിശോധനനോട്ടുകളിൽ ഡിമാൻഡുനോട്ടീസുകൾ ഏതുവിധത്തിലാണ് നടത്തിയിട്ടുള്ളതു എന്നതിനെപ്പററി കാണിച്ചിട്ടുണ്ടോ എന്നു പറയുന്നതിലേക്കു ഗവർണ്ണമെന്റിന്നു ദയവുണ്ടാകുമോ?

(ബി) അപ്രകാരമുണ്ടെങ്കിൽ ആവിധത്തിലുള്ള രണ്ടു പരിശോധനനോട്ടുകൾ മേൽപ്പറഞ്ഞ വയ്ക്കുന്നതിലേക്കു ഗവർണ്ണമെന്റിന്നു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി):

(എ) ഇല്ല.

(ബി) 'എ' ഭാഗത്തിന്റെ ഉത്തരംകൊണ്ടു ഈ ചോദ്യത്തിനാവശ്യമില്ല.

ചോ ൧. ൧൯൧൦-മാണ്ടു തിരുവനന്തപുരം പ്രിൻസിപ്പൽ മുൻസിപ്പുകോടതിയിൽനിന്നും അയച്ചിട്ടുള്ള പ്രോസസ്സ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഉത്തരംപറയുന്നതിന്നു ഗവർണ്ണമെന്റിന്നു ദയവുണ്ടാകുമോ?

(എ) ൧൯൧൦-മാണ്ടു തിരുവനന്തപുരം പ്രിൻസിപ്പൽ മുൻസിപ്പുകോടതിയിലുണ്ടായിട്ടുള്ള സമൻസുകളുടേയും നോട്ടീസുകളുടേയും സംഖ്യ.

(ബി) അതിനെസംബന്ധിച്ചു കക്ഷികളുകൊണ്ടു നടത്തിയിട്ടുള്ളവയുടെ സംഖ്യയും മററുവിധത്തിൽ നടത്തിയിട്ടുള്ളവയുടെ സംഖ്യയും.

(സി) ആ കോടതിയിൽ ൧൯൧൦-മാണ്ടു ഓരോരാശിപ്രകാരവും നടത്തിയിട്ടുള്ള പ്രോസസ്സുകളുടെ തരാതരിസംഖ്യ.

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി) മെംബർ ആവശ്യപ്പെട്ടസംഗതികൾ എല്ലാം അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിരിക്കുന്നു.

(അനുബന്ധം ഒന്നു നോക്കുക)

തിരുവനന്തപുരം സംസ്കൃതകാളേജ്.

ചോ ൧൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു) താഴെപ്പറയുന്നവിവരങ്ങൾ ഗവർണ്ണമെന്റു ദയവായി പറയുമോ?

എ. വിദ്യാഭ്യാസഡയറക്ടർ സംസ്കൃതകാളേജ് സന്ദർശിച്ചിട്ടുണ്ടോ?

ബി. കാളേജിൽ വേണ്ടുവോളം സ്ഥലമുണ്ടെന്നു അദ്ദേഹത്തിന്നു തൃപ്തിപ്പെട്ടിട്ടുണ്ടോ?

സി. ആ കാളേജിലെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും സംഖ്യ?

ഡി. അദ്ധ്യാപകന്മാർക്കും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം മുറിപ്പുരകളും ഉപഭോജനശാലകളും ഉണ്ടോ?

ഇ. വിനോദത്തിന്നു ഏതെങ്കിലും സ്ഥലം അവിടെയുണ്ടോ?

മി. കെ. ജാർജ്. (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി)

എ. ഉണ്ടു. അദ്ദേഹം ആ കാളേജ് അവസാനമായി സന്ദർശിച്ചതു ൧൯൧൦-മാണ്ടു ജൂൺമാസം ൨൪-നു യായിരുന്നു.

ബി. വേദക്ലാസുകൾക്കു നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തിന്നു ചില ഭേദഗതികളും പരിഷ്കാരങ്ങളും ആവശ്യമാണെന്നുള്ളതൊഴിച്ചു ശിഷ്ടമുള്ളതിലെല്ലാം സ്ഥലമുണ്ടെന്നു അദ്ദേഹത്തിന്നു തൃപ്തിപ്പെട്ടിട്ടുണ്ടു.

സി. ൩൪൯ ആൺകുട്ടികളും ൩൦ പെൺകുട്ടികളും.

ഡി. അദ്ധ്യാപകന്മാർക്കും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം മുറിപ്പുരകൾക്കു വളപ്പിൽ ഇല്ല. എന്നാൽ കുറേകൂടി തൃപ്തികരമായ വിധത്തിൽ ചെയ്യപ്പെടുന്നതാണു. അവിടെ ൪ ഉപഭോജനശാലകൾ ഉണ്ടു. അവയിൽ മൂന്നു, ബ്രാഹ്മണർ, നായർ, ഈഴവർ ഈ വർഗ്ഗത്തിൽപെട്ട ആൺകുട്ടികളും അദ്ധ്യാപകന്മാരും യഥാക്രമം ഉപയോഗിച്ചുവരുന്നതും നാലാമത്തേതു ഈഴവപെൺകുട്ടികൾ ഉപയോഗിച്ചുവരുന്നതുമാകുന്നു. ശിഷ്ടമുള്ളവർഗ്ഗത്തിൽ പെട്ട പെൺകുട്ടികൾക്കു തൽക്കാലം ഉപഭോജനശാലകൾ അവിടെ ആവശ്യമില്ല.

ഇ. ഉണ്ടു.

വ്യവസായ പാഠശാല പരിശോധന.

ചോ ൧൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) താഴെ പറയുന്നവിവരങ്ങൾ ഗവർണ്ണമെന്റു ദയവായിപറയുമോ?

എ. മാറുവിപ്പാർട്ടുമെന്റുകളാൽ സംരക്ഷിക്കപ്പെടുന്ന വ്യവസായ പാഠശാലകളുടെ മേൽനോട്ടം വ്യവസായഡിപ്പാർട്ടുമെന്റിന്നു ഉണ്ടോ ?എന്നും.

ബി. അപ്രകാരം ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്തെന്ന്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി)

എ. ഇല്ല.

ബി. എ. ഭാഗത്തിന്റെ ഉത്തരത്തെ ആസ്പദമാക്കി നോക്കിയാൽ ഈ ചോദ്യത്തിന്നു അവകാശമില്ല.

ഗവണ്മെന്റ് കാപ്പിപുസ്തകങ്ങളുടെ വില്പന.

൨൪൦. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) ൧൦൯൫, ൧൦൯൬, ൧൧൦ ഈ സ്ഥിരവർഷങ്ങളിൽ ഓരോന്നിലും എത്രമലയാള കാപ്പിപുസ്തകങ്ങൾ ഗവണ്മെന്റിൽനിന്നും അച്ചടിച്ചു വിററുഎന്നും അതിൽനിന്നു ഗവണ്മെന്റിലേക്കു എന്ത് ആദായം ഉണ്ടായിട്ടുണ്ടെന്നും പറയുന്നതിലേക്കു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) മെംബർ ആവശ്യപ്പെടുന്ന സംഗതികൾ അടങ്ങിയ ഒരുസ്റ്റേററുമെന്റ് മേശപ്പുറത്തുവച്ചിരിക്കുന്നു.

(അനുബന്ധം രണ്ടുനോക്കുക.)

(കരുനാഗപ്പള്ളി പൊലീസ് ഇൻസ്പെക്ടർ)

൨൪൧. മി. എൻ. കുമാരൻ (നിയമനം) താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റ് മയവായിപറയുമോ?

എ. കരുനാഗപ്പള്ളിയിലെ ഇപ്പോഴത്തെ പൊലീസ് ഇൻസ്പെക്ടരെ ആസ്ഥലത്തേക്കു സ്ഥലംമാററിയതിയതി.

ബി. അദ്ദേഹത്തെ ഇത്രവളരെനാൾ അവിടെനിന്നും മാററാതിരിക്കുന്നതിന്റെ കാരണം.

സി. മുമ്പും അതിൽകൂടുതലും കൊല്ലങ്ങളായി അവരുടെ ജോലിസ്ഥലങ്ങളിൽനിന്നും മാററിയിട്ടില്ലാത്ത പൊലീസ് ഇൻസ്പെക്ടരന്മാരുടെ പേരുകൾ.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി)

എ. ൧൦൯൭ ഇലാം ൧൧-നു.

ബി. അദ്ദേഹം അവിടെനല്ലജോലിചെയ്യുകയും ആളുകളെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

സി. മെംബർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയസ്റ്റേററുമെന്റ് മേശപ്പുറത്തുവച്ചിരിക്കുന്നു:

മി. എൻ. കുമാരൻ (നിയമനം) മുന്നുകൊല്ലത്തിൽ ഒരിക്കൽ ഉദ്യോഗസ്ഥന്മാരെ സ്ഥലംമാററണമെന്നു എന്തെങ്കിലും നിയമമുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) എനിക്കു അറിവുള്ളിടത്തോളം നോക്കിയാൽ അപ്രകാരം ഒരുനിയമംഇല്ല.

മി. എൻ. കുമാരൻ (നിയമനം) ഏതുതത്വത്തെ ആസ്പദമാക്കിയാണു ഈ ഉദ്യോഗസ്ഥന്മാരെ സ്ഥലംമാററുന്നതു?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) സർവ്വീസിന്റെ ആവശ്യംപ്രമാണിച്ചാണു.

മി. എൻ. കുമാരൻ (നിയമനം) ഏതെങ്കിലും ഒരുദ്യോഗസ്ഥനെ എത്രകൊല്ലം വേണമെങ്കിലും ഒരു സ്ഥലത്തുതന്നെ വച്ചുകൊണ്ടിരിക്കാമെന്നാണോ ഇതിൽനിന്നു ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അവിടെ ആവശ്യകരമായിട്ടുള്ളതല്ലെങ്കിൽ

മി. എൻ. കുമാരൻ (നിയമനം) കരുനാഗപ്പള്ളി പോലീസ്ഇൻസ്പെക്ടർ അവിടെനിന്നും സ്ഥലംമാററം കിട്ടണമെന്നുള്ള ആഗ്രഹം പ്രദർശിപ്പിച്ചിട്ടുണ്ടോഎന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ്ചീഫ്സെക്രട്ടറി) അതിനെപ്പററി എനിക്കു് അറിവുംഇല്ല.

ഗ്രാമപഞ്ചായത്തു രൂപീകരണം.

൨൪൨. മി. ടി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര) ഗ്രാമപഞ്ചായത്തു റഗുലേഷനെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിലേക്കു ഗവണ്മെന്റ് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ എന്നുപറയുന്നതിലേക്കു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ്ചീഫ് സെക്രട്ടറി) ആ റഗുലേഷനിലെ ൩൨ ൧-ാംവകുപ്പുപ്രകാരം ചട്ടങ്ങൾ നിർമ്മിക്കുന്നതിലേക്കു അഡീഷണൽ ഹൈഡ്സെക്രട്ടറിയുടെ ചുമതലപ്പെടുത്തിയിട്ടുണ്ടു.

അനുബന്ധം ൧.

൨൪൧ ൧-ാംനമ്പർ ചോദ്യത്തിന്നു ഉത്തരം നോക്കുക.

തിരുവനന്തപുരം പ്രിൻസിപ്പൽസെഷൻസിപ്പുകോടതിയിൽ നിന്നും ൧൯൩൦-ാമാണ്ടു അയച്ചിട്ടുള്ളതും നടത്തിയിട്ടുള്ളതും ആയ പ്രോസസുകളുടെ സ്റ്റേററുമെന്റ്.

കോടതിയിൽ നിയമിച്ചിട്ടുള്ള ജഡ്ജിമാരുടെസംഖ്യ	ആകൊല്ലത്തിൽഅയച്ചിട്ടുള്ള പ്രോസസുകളുടെസംഖ്യ	നടത്തിയിട്ടുള്ള ആളുകളുടെസംഖ്യ	ആളുകളെനേരിട്ടുകണ്ടുനടത്തിയിട്ടുള്ളതിന്റെസംഖ്യ	മറെറവിധത്തിൽനടത്തപ്പെട്ടവരുടെസംഖ്യ	ആകൊല്ലത്തിൽജഡ്ജിപായി നടത്തിയപ്രോസസുകളുടെ ശരാശരിസംഖ്യ
൪	൧൨,൧൩൫	൧൩,൩൫൪	൧൧,൪൩൯	൨ ൦ ൪൫	൧,൩൯

അനുബന്ധം ൨.

൧൫൦-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

ഗവർണ്ണമെന്റിൽനിന്നും അച്ചടിച്ചുവിററിട്ടുള്ള മലയാളം കാപ്പിപുസ്തകങ്ങളുടെസംഖ്യയും അതിൽനിന്നു കിട്ടിയ ലാഭവുംകാണിക്കുന്ന സ്ററേററുമെന്റ്.

വിവരങ്ങൾ	൧൯൯൫	൧൯൯൬	൧൯൯൭
൧. അച്ചടിച്ചുകൊടുത്തിട്ടുള്ള കാപ്പികളുടെസംഖ്യ	൧,൧൪,൯൯൪	൧,൩൧,൦൦൪	...
൨. വിററകാപ്പികളുടെ സംഖ്യ	൧,൪൩,൪൦൨	൧,൭൩,൨൪൩	൧,൩൪,൨൬൦
൩. ലാഭം (ഏകദേശം)	രൂ. ൪,൦൦൫	രൂ. ൬,൨൦൧	രൂ. ൬,൧൩൩

അനുബന്ധം ൩.

൧൫൧-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

മുന്നുകൊല്ലമോ അതിൽകൂടുതലോ ഇപ്പോഴത്തെജോലിസ്ഥലത്തുതന്നെ ഇരുന്നിട്ടുള്ള പൊലീസ് ഇൻസ്പെക്ടന്മാരുടെ പേരുകൾ കാണിക്കുന്ന സ്ററേററുമെന്റ്.

പേര്	ജോലിസ്ഥലം
൧. ടി. എസ്. ശങ്കരനാരായണയ്യർ	വിളവംകോട്
൨. ഇ. വി. ഏബ്രഹാം (പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടർ)	കൊല്ലം
൩. വി. രാമചന്ദ്രറാവു (പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടർ)	കോട്ടയം
൪. ടി. ആർ. രാമൻപിള്ള സി. ഐ. ഡി. ഇൻസ്പെക്ടർ	
൫. എച്ച്. സുബ്രഹ്മണ്യയ്യർ ഇൻസ്പെക്ടർ കയ്യ് അടയാളവിലാസൻ	
൬. ജി. വേലായുധൻപിള്ള	ഇരണിയൽ
൭. വി. ശിവശങ്കരപ്പിള്ള റിസർവും കൊട്ടാരംഗാർഡും	
൮. കെ. എൻ. പരമേശ്വരൻപിള്ള	കൊല്ലംപെട്ടണം
൯. ഇ. സുബ്രഹ്മണ്യപിള്ള	കോട്ടാർ
൧൦. അനന്തശേണായി	രാജാക്കാട
൧൧. ടി. കുമാരൻതമ്പി	ഇടപ്പാക്കുടി
൧൨. പി. പരമേശ്വരൻപിള്ള	കരുനാഗപ്പള്ളി

കൂടുതൽസംഖ്യക്കു അപ്രാർത്ഥനകൾ.

അപ്രാർത്ഥനം	പൊതുചെലവിനം
അക്കൌണ്ടാഫീസ്	൯ വ്യ ലക്ഷംരൂപ

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഫിനാൻഷ്യൽഗവർണ്ണമെന്റ്സെക്രട്ടറി): സർ, ൯ വ്യ ലക്ഷംരൂപായിൽ കൂടുതൽ അല്ലാത്ത ഒരു സംഖ്യ.

അപ്രാർത്ഥനം — പൊതുചെലവിനത്തിൽ അക്കൌണ്ടാഫീസിലേക്കു അനുവദിപ്പാൻ അപേക്ഷിക്കുന്നതിലേക്കായിട്ടാണ് ഞാൻ എഴുന്നേൽക്കുന്നതു്.

ഉപദേശപം ൨ ൧.

മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): സർ, താഴെപ്പറയുന്ന ഉപദേശപത്രം സമർപ്പിക്കുന്നതിലേക്കു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

൨൪൧. മൂന്നാംക്ലാസ് ക്ലർക്കന്മാർക്കു അനുവദിച്ചിട്ടുള്ള ൨൫ രൂപ ശമ്പളത്തിൽ ൪൫ രൂപാ കുറയ്ക്കുന്നതിലേക്കു ബഡ്ജററിലെ എസ്റ്റിമേററിലെ ൧൫-ാംപുറത്തു താഴെപ്പറയുംപ്രകാരം ഒരു സൂചനകാണിക്കുന്നു "സേവിംഗ്സ്ബാങ്കു വകുപ്പിൽകൂടികൊണ്ടിരിക്കുന്ന ജോലിയെ നിർവിഘ്നം വഹിക്കുന്നതിലേക്കു ൧-൧-' ൧൯൨൫ മുതൽ ൪൦—൬൦ രൂപ ശമ്പളത്തിൽ ഒരു അഡിഷനാൽക്ലർക്കിനേയും ൨൫-൩/൨-൪ ൦-൩/൩-൪ ൩൦ രൂപയിൽ മൂന്നുക്ലർക്കന്മാരേയും നിയമിക്കുന്നതിലേക്കു ഈ നിബന്ധന ഉണ്ടാക്കുന്നതാകുന്നു"

സർ, ആയവ്യയകമ്മററിയുടെ സഹായത്തോടുകൂടി ഗവർണ്ണമെന്റു പരിശോധന നടത്തിയതായി മിസ്റ്റർ നീലകണ്ഠപ്പിള്ള അദ്ദേഹത്തിന്റെ ബഡ്ജററപ്രസംഗത്തിൽ വളരെകേമമായി പറഞ്ഞിട്ടുള്ള ൧൦൭ നൂതനനിയമങ്ങളിൽഒന്നാണ് ഈ ആലോചനാവിഷയമായി പറയപ്പെട്ട 'കൂടുതൽ' എന്നു ഞാൻ വിശ്വസിക്കുന്നു. ഈ നിയമങ്ങളിൽ മിക്കവാറുംഎല്ലാം കൂടുതൽ നിയമനങ്ങൾക്കോ ശമ്പളകൂടുതൽ കൊടുക്കുന്നതിലേക്കോ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു. എന്നാൽ ഇപ്രകാരംകൂട്ടുന്നതു്. അത്യാവശ്യമായിട്ടുള്ള താഴ്ന്നഉദ്യോഗസ്ഥന്മാർക്കല്ലെന്നുകാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. ശമ്പളം കൂട്ടുന്നതിനെപ്പററിയോ 'സാമർത്ഥ്യം' എന്നു പേരുപറഞ്ഞു ശമ്പളം കൂട്ടുന്നതിനെപ്പററിയോ ഉദ്യോഗസ്ഥന്മാരിൽനിന്നും ഉണ്ടാകുന്ന എല്ലാനിർദ്ദേശങ്ങളും വളരെ സൂക്ഷ്മമായി പരിശോധിക്കേണ്ട ആവശ്യമുണ്ടു. കഴിഞ്ഞതവണല്ലും ഈ വിഷയത്തിൽ ഗ്രാൻഡ്സ്റ്റൻറെ ഉപദേശവും അനുമാനങ്ങളും ഞാൻ ഉദ്ധരിക്കയുണ്ടായി.

ഇപ്പോൾ സേവിംഗ്സ്ബാങ്കിനെസംബന്ധിച്ചുജോലിയിലെ പ്രത്യേകകൂടുതലിനെ ൧൫-ാം സൂചനയിൽ വിവരിച്ചിട്ടുണ്ടു. ഇപ്രകാരം ആളുകളുടെസംഖ്യ കൂട്ടുന്നതു അത്ര ന്യായമായിട്ടുള്ളതല്ലെന്നു ബഡ്ജററ അടങ്കലിൽ തന്നിട്ടുള്ള അറിയിപ്പിൽനിന്നു ഞാൻ കാണുന്നു. ബഡ്ജററടങ്കലിലെ ൪-ാംപുറത്തുനിന്നും ൧൯൨൫-ലെ കണക്കിൽ കൂടുതലായി ൧൯൨൬-ൽ സേവിംഗ്സ്ബാങ്കിലെ നിക്ഷേപപ്പുസ്തകം കൂടാൻ മാർഗ്ഗമില്ലാത്തതാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഈ രണ്ടുകാലങ്ങളിലും നിക്ഷേപത്തുക എട്ടുലക്ഷംരൂപാ ആയിരിക്കുമെന്നു അതിൽ കാണുന്നു. അതുകൊണ്ടു ഇപ്രകാരമിരിക്കുന്ന അവസ്ഥക്കു സേവിംഗ്സ്ബാങ്കുവകുപ്പിൽ ഇപ്പോൾ പെട്ടെന്നു കൂട്ടണമെന്നു ഉദ്ദേശിക്കുന്ന നാലു ക്ലാർക്കന്മാരുടെ നിയമനത്തെ നീതീകരിക്കുന്നതിനു കുറച്ചുകൂടി നല്ല സമാധാനം കൊടുക്കേണ്ടതാണെന്നു എനിക്കുതോന്നുന്നു. സേവിംഗ്സ്ബാങ്കിലെ വേലകൾ പ്രധാനമായി നടത്തുന്നതു സേവിംഗ്സ്ബാങ്കിലാണ്. അല്ലാതെ അക്കൌണ്ടാഫീസിൽ അല്ല എന്നാണ് ഞാൻ വിശ്വസിക്കുന്നതു. രണ്ടാമതു ആഫീസിൽ നിക്ഷേപകന്മാരുടേയും അവരുടെ നിക്ഷേപത്തുകയുടേയും അവർ എടുത്തിട്ടുള്ള തുകയുടേയും

ഒരു പൊതുകണക്കു സൂക്ഷിക്കേണ്ടതും വിവിധസേവിംഗ്സ്ബാങ്കുകളിലെ പലിശകണക്കു കൂട്ടുകയും അതു് സേവിംഗ്സ്ബാങ്കിൽ തെയ്യാറെപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. അക്കൗണ്ടാഫീസിലും ആഡിററാഫീസിലും ഈ പ്രവൃത്തിയെസംബന്ധിച്ചു ചെയ്യേണ്ടതായി പറയത്തക്കതായ മാററമുണ്ടാകുമോയെന്നു ഞാൻ വിചാരിക്കുന്നില്ല. ക്ലാർക്കുമാർക്കു ഇപ്പോൾ ഉള്ള ആളുകളെപ്പൊലെ ആ ജോലി തൃപ്തികരമായി നിർവഹിക്കുവാൻ കഴിയുന്നുണ്ടോ എന്നും ക്ലാർക്കുമാരുടെ ചുമതലകൾ അതിനുമുൻപുള്ളതിനെക്കാൾ കുറഞ്ഞിട്ടുണ്ടോ എന്നും ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടു അഭ്യർത്ഥിക്കുന്നു. ചെറുതുകകളുടെ സ്ഥിതിയെ നന്നാക്കുന്നതിലേക്കും ശിപായിമാർ തൈക്കുമാർ സ്കൂൾമാസ്റ്റർമാർ ആശുപത്രിക്കാർ മുതലായവരെപ്പോലെയുള്ള ഉദ്യോഗങ്ങളിൽ തുച്ഛം ആയ സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്കു ജീവനോപായത്തിനു ഉതകുന്നശമ്പളം കൊടുക്കുന്നതിലേക്കും വേണ്ടിടത്തോളം ഏർപ്പാടുകൾ ചെയ്യുകയും പണം ഉണ്ടാക്കുകയും ചെയ്യുകഴിയുന്നതുവരെ ഉദ്യോഗസ്ഥന്മാരെ കൂട്ടുന്നതിലേക്കുള്ള എല്ലാചിലവും കഴിയുന്നിടത്തോളം മാററിവയ്ക്കുന്നതാണെന്നു എനിക്കു തോന്നുന്നു. സാധാരണജനങ്ങളുടെ ദാരിദ്ര്യത്തെയും കഷ്ടതകളെയും കുറയ്ക്കുന്നതിലേക്കു ഗ്രാമങ്ങളിൽ കൃഷിക്കു ഉപയുക്തമാക്കത്തക്കവിധത്തിൽ കവളം കൊണ്ടുവരുന്നതിനു ചാലുകളും പണിപോകത്തക്കതരാറാടുകളും ചെയ്യുന്നു ശരിപ്പെടുത്തേണ്ടതാണ്. ഇപ്പോൾ ഉള്ളതിൽ കുറവായ ഗുമസ്തന്മാരേയും ഉദ്യോഗസ്ഥന്മാരേയുംകൊണ്ടു ഇപ്പോൾ ഉള്ള ഗവർണ്ണമെന്റു ആഫീസുകളിലെ പണിവുഎടുത്തു ജോലിചുരുക്കുന്നതിനു പ്രാപ്തിവരുന്നതിലേക്കുവേണ്ട ഏർപ്പാടുകൾ ചെയ്യാവുന്നതാണെന്നാണ് ഞാൻ വിചാരിക്കുന്നതു. തിരുവിതാംകൂറിലെ ഗവർണ്ണമെന്റു ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുള്ള ആകെചിലവു ഒരു നാരായത്തിനില്ലാത്ത രീതിയിലാണെന്നു എല്ലാപക്ഷം സമ്മതിച്ചിട്ടുണ്ടെന്നു തോന്നുന്നു. അതുകൊണ്ടു ഗവർണ്ണമെന്റു അതു കുറയ്ക്കുന്നതിലേക്കു ശ്രമിക്കേണ്ടതാണ്. എന്നാൽ അതിനുനേരെ വിചിത്രമായിട്ടാണ് ഇപ്പോഴത്തെ ഗതി എന്നു തോന്നുന്നു. ക്ലാർക്കുമാരുടെ ചെലവു ഏകദേശം ൨൦൦ ലക്ഷം രൂപ മാത്രമായിരുന്നതു ക്ലാർക്കുമാരുടെ സ്വല്പം കുറയുകയായിരുന്നു. എന്നാൽ ക്ലാർക്കുമാരുടെ ആകെചെലവു ൨൦൦ ലക്ഷം രൂപയിലധികം കൂട്ടണമെന്നാണ് ഇപ്പോൾ അഭിപ്രായപ്പെടുന്നതു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഇതു് ന്യായാനുസൃതമാണോ എന്നു അറിയുന്നതിലേക്കാണ് ഞാൻ ഒരു നൽകുന്നതു. ഏതെങ്കിലും ഒരു പ്രത്യേകസംഗതിയെ ഖണ്ഡിക്കുന്നതിൽ ഒരു പൊതുസംഗതിയെപ്പററി വിചാരിക്കുന്നതു അസ്ഥാനത്തിലല്ലയോ?

മി. കുഞ്ഞുപിള്ള പരമേശ്വരൻപിള്ള (അധികാരി ഹൈഡ്സക്കാർവകുപ്പു): ഒരു പ്രത്യേക ബഡ്ജററിനത്തിൽ ഈ സംഗതി ഉൾപ്പെടുത്തികൊണ്ടുവരാവുന്നതാണെങ്കിൽ അതു പരിഗണിക്കപ്പെടാവുന്നതാണ്.

പ്രസിഡന്റു. വിമർശിക്കപ്പെടാതിരിക്കുന്നതായ ആ ബഡ്ജററസംഗതിയിൽ ആ നയം കൊണ്ടുവരത്തക്കതാകുന്നതിൽ അതു അസ്ഥാനത്തിലല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കുത്തിയപ്പള്ളിയും). ഈ കൂട്ടത്തിൽ അധികസംഗതിയും പുതിയതായ മനുഷ്യരുടെ നിർമ്മാണത്തിനുവേണ്ടിയോ ശമ്പളക്കൂട്ടൽ കിട്ടുന്നതിനു അർഹതയില്ലാത്ത ഗവർണ്ണമെന്റു ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടികൊടുക്കുന്നതിനോ ആകുന്നു. അതുകൊണ്ടു ഗവർണ്ണമെന്റും ഈ നിയമസഭയും അവരുടെ ദൃഷ്ടി ഇതിൽ പതിയേണ്ടതും കഴിയുന്നിടത്തോളം ഇപ്രകാരമുള്ള പെട്ടന്നുള്ള 'കൂട്ടലിനെ' കുറയ്ക്കുന്നതിലേക്കു ശ്രമിക്കേണ്ടതും ആണെന്നു എനിക്കു തോന്നുന്നു. ഈ തത്വത്തെ പ്രത്യേകം പ്രത്യേകമായി പ്രയോഗത്തിലാക്കുകൊണ്ടുവരുന്നതിലേക്കു ശ്രമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്, ഈ ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചതു. സേവിങ്ങ്സ്ബാങ്കു വകുപ്പിനുവേണ്ടിയുള്ള ഈ പ്രത്യേക ചിലവു ഈ പ്രത്യേക പ്രമേയത്തെ നിശേഷം നിരാകരിക്കുന്നതിലേക്കോ അല്ലെങ്കിൽ അല്പമെങ്കിലും കുറയ്ക്കുന്നതിലേക്കോ സാധിക്കുകയില്ലയോ എന്നു വിചിന്തനം ചെയ്യുന്നതിനു ഞാൻ ഗവർണ്ണമെന്റിനോടു അപേക്ഷിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ സഭയുടെ സ്വീകരണത്തിനു ഞാൻ സമർപ്പിക്കുന്നു.

മി. ടി. വി. കൃഷ്ണപ്പിള്ള (ആക്ടിംഗ് ഗവർണ്ണമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): അക്കൗണ്ടാഫീസിൽ സേവിംഗ്സ്ബാങ്കിനെ സംബന്ധിച്ചു ജോലി ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നതുകൊണ്ടാണു ഇതു ഉണ്ടായതു. നടപ്പിലിരിക്കുന്ന നിക്ഷേപ കണക്കുകളുടെ സംഖ്യ ൧൦ വർഷം മുൻപു ൧൦൦൦ ആയിരുന്നതു ൧൯൯൧-ൽ ൧൫൦൦൦ ആയി വർദ്ധിക്കയും ഏതേ കാലത്തുതന്നെ കണക്കു തീർക്കുന്നതിലേയ്ക്കു കിട്ടിയിട്ടുള്ള പാസ്സുബുക്കുകളുടെ സംഖ്യ ൧൭൭൦-ൽ നിന്നും ൧൦൭൮-ആയി വർദ്ധിക്കയുംചെയ്തു. അതുകൊണ്ടു ൧൯൯൧-ൽ അതിനുമുമ്പു ആയിരുന്നതിൽനിന്നും രണ്ടു ഗുമസ്തന്മാരെകൂടി അധികത്തെ അസ്സൽ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പെടുത്തുകയുംചെയ്തു. ഇപ്രകാരം ൧൯൯൧-മാണ്ടാരംഭത്തിൽ സേവിംഗ്സ്ബാങ്കു വകുപ്പിലെ ഗുമസ്തന്മാരുടെ സംഖ്യ ൧ ആയിരുന്നു.

൧൯൯൧ മുതൽ ൯ വർഷത്തേക്കു സേവിംഗ്സ് ബാങ്കിലെ ജോലി ഏകദേശം മൂന്നരമടങ്ങു കൂടുകയും ചെയ്തിട്ടുണ്ടു. ഈ വലിയ കൂട്ടലിനു അനേകം കാരണങ്ങളുണ്ടു. ആദ്യമായി ആ കാലത്തിനിടയ്ക്കു ൨൫ കൂട്ടൽ അക്കൗണ്ടാഫീസുകളിൽ സേവിങ്ങ്സ് ബാങ്കു ജോലികൾ ഏർപ്പെടുത്തിയതുകൊണ്ടു ആ മാതിരി അക്കൗണ്ടാഫീസുകളുടെ സംഖ്യ ൧൦ൽ നിന്നും ൧൫ ആയി പരിണമിച്ചിട്ടുണ്ടു. രണ്ടാമതായി പലിശയുടെ നിരക്കു മൂന്നര ശതമാനത്തിൽ നിന്നും നാലിൽക്കൂടുതൽ ശതമാനത്തിലേക്കു വർദ്ധിച്ചതുകൊണ്ടു സേവിങ്ങ്സ് ബാങ്കിനെ കൂടുതലായി ഉപയോഗപ്പെടുത്തിയിട്ടുണ്ടു. മൂന്നാമതായി സേവിങ്ങ്സ്ബാങ്കു ചട്ടങ്ങളുടെ നവീകരണത്താൽ ഉണ്ടായിട്ടുള്ള സൌകര്യങ്ങളും പബ്ലിക്ക് അക്കൗണ്ടിന്റെ സംഗതിയെ സംബന്ധിച്ചുള്ള പ്രതിബന്ധങ്ങളുടെ ദൂരീകരണവും ഈ ഏർപ്പാടുകളുടെ സംഖ്യയെ കൂട്ടുന്നതിനു കാരണമാക്കിയിട്ടുണ്ടു. അതിനും പുറമെ ൧൯൯൧-ൽ സ്ഥിരനിക്ഷേപ ഏർപ്പാടിന്റെ ആവിർഭാവത്തോടുകൂടി അതുവരെ ദേവസ്വങ്ങളുടേയും മുൻസിപ്പാലിററികളുടേയും പേരിൽ ഖജനാവിൽ 'പേർസണൽ ഡിപ്പോസിററ്' അക്കൗണ്ടിൽ ചേർത്തിരുന്നതായ പണം നാലു ശതമാന പലിശനിരക്കിനു സേവിങ്ങ്സ്ബാങ്കിലെ 'ഫിക്സഡ്' ഡിപ്പോസിററിലേക്കു സ്വാതന്ത്ര്യമായി മാററംചെയ്യപ്പെട്ടു. നാട്ടിന്റെ നാനാഭാഗങ്ങളിലും പരസ്പരസഹായസംഘങ്ങൾ വർദ്ധിച്ചുവരുന്നതുകൊണ്ടും സംഘങ്ങളിൽനിന്നും സേവിങ്ങ്സ്ബങ്കിൽ പണം നിക്ഷേപിക്കുന്നതുകൊണ്ടും സേവിങ്ങ്സ് ബാങ്കു സംബന്ധ ജോലികൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നതിലേക്കു കാരണമായി തീർന്നിട്ടുണ്ട്.

ഇതിന്റെ എല്ലാത്തിന്റെയും ഫലമായി ൧൦൯൮-ലെ ൧൯൯൫-ൽ നിന്നും ഇക്കൊല്ലം അവസാനത്തിലെ പ്രകടമേശം ൪൭൦൦൦-ത്തിലേയ്ക്കു, ഖജനാവുകളിലേയും അഞ്ചൽ ആഫീസുകളിലേയും സേവിങ്സ് ബാങ്കു കണക്കുകൾ കൂട്ടുന്നതിനു ഹേതുവായി. ൧൦൯൮-ാമാണ്ടവസാനത്തിലെ സേവിങ്സ്ബാങ്കു അക്കൌണ്ടിൽ ബാക്കിനിന്നതുക ൨൨ ലക്ഷം രൂപാ ആയിരുന്നതും ഇക്കൊല്ലംഅവസാനത്തിൽ അതു ൪൫ ലക്ഷത്തോളം ആകുമെന്നു വിചാരിച്ചുവരുന്നതും ആകുന്നു.

൧൦൯൮-ലും ൧൧൧൦-ലും മദ്ധ്യേ അക്കൌണ്ടാഫീസിലെ ഓരോ സേവിങ്സ്ബാങ്കു ആഡിറ്റാരുടെയും ജോലിയും മൂന്നുമടങ്ങായിട്ടുണ്ടെന്നു മേൽ കൊടുത്തിരിക്കുന്ന വസ്തുതകളും കണക്കുകളും വ്യക്തമായി കാണിക്കുന്നുണ്ടു. ഇതു ഓരോ കൊല്ലം ചെല്ലുംതോറും വർദ്ധിച്ചുകൊണ്ടിരിക്കുമെന്നുള്ളതും തീർച്ചതന്നെയാണു. എന്നാൽ അതിലേക്കു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ സംഖ്യ ൧൦൯൮-ലെപ്പോലെതന്നെയാണു ഇപ്പോഴും ഇരിക്കുന്നതു. ഇതിന്റെ അപരിഹാര്യമായ ഫലം ആഫീസിലെ സേവിങ്സ്ബാങ്കു വകുപ്പിൽ ജോലി കുടിശിക കൂടിക്കൊണ്ടുതന്നെ ഇരിക്കുന്നു എന്നതാകുന്നു.

മി. ജി. രാമൻമേനവൻ(മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ വകുപ്പിലെ ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ എത്രയെന്നു എന്നെ അറിയിക്കുമൊ?

മി. ആർ നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഫൈനാൻഷ്യൽ സെക്രട്ടറി): അതിൽ അഞ്ചു ക്ലാർക്കന്മാരുണ്ടു. മേല്പറഞ്ഞ സംഗതികളെ ആസ്പദമാക്കി ഇപ്പോൾ ക്രമേണ വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്ന ജോലിയെ നിർവഹിക്കുന്നതിലേയ്ക്കു ചുരുങ്ങിയപക്ഷം നാലു ക്ലാർക്കന്മാരെ കൂടുതലായിനിയമിച്ചു ആ ഉദ്യോഗസ്ഥന്മാരെ വർദ്ധിപ്പിക്കേണ്ടതു അത്യന്താപേക്ഷിതമാകുന്നു. നിക്ഷേപകന്മാർ സേവിങ്സ്ബാങ്കു ഒരു രക്ഷാവഹമായ ഉറപ്പായിരിക്കുന്നതുകൊണ്ടു കണക്കുകൾ അവസാനിപ്പിക്കുന്ന സംഗതിയിലും തുടങ്ങിയിട്ടുള്ള കണക്കുകൾ പൂർത്തിക്കുന്നതിലും പുതിയ കണക്കുകളെ തുടങ്ങുന്നതിലും എല്ലാ: സൌകര്യങ്ങളും നിക്ഷേപകന്മാർക്കു ഉണ്ടാക്കിക്കൊടുക്കേണ്ടതു അവശ്യമായ ഒരു സംഗതിയാണു. വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഉദ്യോഗസ്ഥന്മാരെ കൂട്ടിക്കഴിഞ്ഞതിന്റെ ശേഷവും ൧൦൯൮-ചെ സെൻസസ്-നു പകരമായി ഇപ്പോൾ ഒരോ ഗ്രാമത്തിലും ൪൭൦൦ കണക്കുകൾ ശരാശരി കൂട്ടേണ്ടതായിവരുന്നുവെന്നു പ്രത്യക്ഷമാണു.

ബഡ്ജററിന്റെ ൧-ാംപുറത്തു 'ബാദ്ധ്യത എന്ന തലക്കെട്ടിൽനിന്നും ൧൯൧൧-ാമാണ്ടു ആകെ സേവിങ്സ്ബാങ്കു നിക്ഷേപം ൪൪,൭൭,൭൭,൭൦൦ രൂപാ ആയിരുന്നു എന്നു കാണാം. ആ കൊല്ലത്തിന്റെ അവസാനത്തിൽ അതു ൪൫,൭൭,൭൭,൭൦൦ രൂപ ആയി എന്നും ൧൯൧൨-ാമാണ്ടു അവസാനത്തിൽ അതു ൫൧,൭൭,൭൭,൭൦൦ രൂപയോളം ആകുമെന്നു കണക്കാക്കിയിട്ടുണ്ടെന്നും എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻമേനോനു കാണാവുന്നതാണ്. അതിനുംപുറമെ ബഡ്ജററു കണക്കിന്റെ ൧൭-ാംപുറം മെംബർ ദയവായിനോക്കുകയാണെങ്കിൽ സേവിങ്സ്ബാങ്കുകൾ' എന്ന ഇനത്തിൽ ഈ കൊല്ലം ൪൫,൫൪,൦൦൦ രൂപായോളം വരവുള്ളതായി കണക്കാക്കിയിട്ടുണ്ടെന്നും അതേ ഇനത്തിൽതന്നെ ൫,൪൫,൪൦൦ രൂപ ചെലവു കണക്കാക്കിയിട്ടുണ്ടെന്നും അദ്ദേഹത്തിനു മനസ്സിലാകുന്നതാണ്. അവസാനത്തിൽ ഉണ്ടാകുന്ന അസ്സൽ ശിഷ്ടംമാത്രമാണ് ൧-ാംപുറത്തിൽ കാണിച്ചിരിക്കുന്നതു. അടുത്തകൊല്ലത്തിൽ ഈ ഏർപ്പാടുകൾ വർദ്ധിച്ചുവരുമെന്നും വിചാരിച്ചുവരുന്നു. മേല്പറഞ്ഞതിൽനിന്നും ആഫീസിലെ സേവിങ്സ്ബാങ്കിനെ സംബന്ധിച്ചു ജോലി വളരെ കൂടിയിട്ടുണ്ടെന്നും മാവിയിലും അതു കൂടിയേക്കാവുന്നതും ആണെന്നും കാണാവുന്നതാണ്. അതുകൊണ്ടു വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നവരുടെ സംഖ്യ അത്യന്താപേക്ഷിതമാണ്.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാററിൻകര): ഉദ്യോഗസ്ഥന്മാരുടെ സംഖ്യ കൂട്ടി രാജ്യഭരണത്തിന്റെ ചിലവിനെ വർദ്ധിപ്പിക്കുന്ന ഏതു ആലോചനയേയും സാധാരണ അംഗീകരിക്കാത്തവരുടെ കൂട്ടത്തിൽ ഒരാളാണ് ഞാൻ. ഈ പ്രത്യേക സംഗതിയിൽ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതു നമ്മാൽ അംഗീകരിക്കാതിരിക്കത്തക്കതു. 'ആന്ധ്രയ്ക്കു' കമ്മററി ഇത്തരം പ്രത്യേക സംഗതികൾ ശരിയായി വിചിന്തനം ചെയ്തിട്ടുണ്ടെന്നുള്ള സംഗതിയെപ്പററി മിസ്റ്റർ രാമൻമേനോൻ സൂചിപ്പിക്കുകയുണ്ടായി. ഈ സംഗതികൾ വിമർശനത്തിനു എടുത്തിട്ടുള്ളതാണെന്നുള്ളതു വാസ്തവംതന്നെ. ഈ കണക്കുകൾ ഞങ്ങൾ ശരിയായി പരിശോധിക്കുകയും അവർ വർദ്ധിപ്പിക്കപ്പെടണമെന്നു ആവശ്യപ്പെട്ട ആളുകൾ അധികമല്ലെന്നു ഞങ്ങൾക്കു തൃപ്തിവരികയും ചെയ്തിട്ടുണ്ടു. ആകാരണത്തൊലാണ് അതു ഞങ്ങൾ സ്വീകരിക്കുന്നതിനു സംഗതിയായതു്. സേവിംഗ്സ് ബാങ്കു കണക്കുകളെ സംബന്ധിച്ചു ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതു് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നുകൂടി ഞാൻ പറയാം.

മി. കെ. സി. മാത്തൻപാപ്പി (വാണിജ്യവും വ്യവസായവും വകുപ്പു): സർ, ക്ലാർക്കന്മാരിൽ ഓരോരുത്തർക്കും വളരെ ജോലിയുള്ള അപൂർവ്വം ചില ഡിപ്പാർട്ടുമെന്റുകളിൽ ഒന്നാണു അക്കൌണ്ടാഫീസ് എന്നു ഞാൻ വിചാരിക്കുന്നു. അപ്രകാരമുള്ള ആഫീസുകളെസംബന്ധിച്ചു ഉദ്യോഗസ്ഥന്മാരെ ആവശ്യം അനുസരിച്ചു വർദ്ധിപ്പിക്കുന്നതിൽ ഈ സഭ വിസമ്മതിക്കുന്നതു വലിയ അനീതിയായിരിക്കും. 'അക്കൌണ്ട്സ്' ഡിപ്പാർട്ടുമെന്റിന്റെ തൃപ്തികരമായ ഒരുണ്ടത്തെയാണ് അനേക ഡിപ്പാർട്ടുമെന്റുകളുടെ ശരിയായ ജോലിയെ നിർവഹിക്കുന്നതിനു ആശ്രയിച്ചിരിക്കുന്നതു. അക്കൌണ്ടാഫീസിലെ അവശ്യം വേണ്ടതും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ ഏററവും ചുരുങ്ങിയ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ കുറയ്ക്കുന്നതു അതികഠോരമായ ഒരു നയം ആയിരിക്കും. അതുകൊണ്ടു മി. രാമൻമേനോന്റെ ഉപക്ഷേപത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അക്കൌണ്ടാഫീസർ തന്നെ വിവരണത്തെ ആസ്പദമാക്കി പ്രത്യേകിച്ചും ൧൦൯൮-ാമാണ്ടു മുതൽ അക്കൌണ്ടാഫീസിലെ ഈ വകുപ്പിലെ ജോലി വളരെ വർദ്ധിച്ചുകൊണ്ടിരിക്കെ ആ സെക്ഷനിലുള്ള ക്ലാർക്കന്മാരുടെ സംഖ്യ കൂട്ടാതിരിക്കുന്നഅവസ്ഥയ്ക്കു എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൪൨ മുതൽ ൨൪൪ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

൨൪൨. ലോവർഗ്രേഡ് ക്ലാർക്കന്മാർക്കു നീക്കിവച്ചിട്ടുള്ള ൩൦ ശതം രൂപയിൽ വ്യ൨ രൂപ കുറയ്ക്കുന്നതിനു.

മി. ടി. ജെ. മാത്യു.

൨൪൩. ൧൦-ാം ഡിമാൻഡുപ്രകാരം ആകപ്പാടെ നീക്കിവച്ചിട്ടുള്ള ൯വു ലക്ഷം രൂപയിൽ ൧ രൂപ കുറയ്ക്കുന്നതിലേയ്ക്കു.

മി. തരിയത്തു കുഞ്ഞിക്കണ്ണൻ.

൨൪൪. ൧൦-ാം ഡിമാൻഡുപ്രകാരം ആകപ്പാടെ നീക്കിവച്ചിട്ടുള്ള ൯വു ലക്ഷം രൂപയിൽ ൪ രൂപ കുറയ്ക്കുന്നതിനു.

൨൪൫-ാം ഉപക്ഷേപം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെപ്പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിലേക്കു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

൨൪൫. ൧൦-ാം ഡിമാൻഡുപ്രകാരം നീക്കിവച്ചിട്ടുള്ള ൯വു ലക്ഷം രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കുന്നതിലേയ്ക്കു.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം വെറും പണസംബന്ധമായ ഒന്നുമാത്രമാണ്. കോതയാർ വർക്ക്സ്, കുറയിൽവെ, ഇപ്രകാരമുള്ള രാജ്യത്തിന്റെ പ്രധാനസ്വത്തുക്കളുടെ അതതുകാലങ്ങളിലുള്ള ശരിയായ വിലയെ തീർച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടികാണിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഇപ്രകാരമുള്ള പ്രധാനപ്പെട്ട ജോലികൾ കരം കൊടുക്കുന്നവർക്കു വളരെ പണം ചിലവിനു കാരണമായിട്ടുണ്ടു. അതുകൊണ്ടു അവർ ചെലവാക്കിയ പണം അതിന്റെ വിലയിൽ കുറഞ്ഞിട്ടുണ്ടോ അതോ കൂടിയിട്ടുണ്ടോ എന്നറിയുന്നതു ആവശ്യമാണ്. വളരെ പണം ചിലവാക്കിയിട്ടുള്ള വഞ്ചിയൂർസ്കൂളിനെപ്പോലെയുള്ള മററു വേലകളെ സംബന്ധിച്ചും ഇപ്രകാരമുള്ള കണക്കു കൂട്ടേണ്ടതാണെന്നു പറയാവുന്നതാണ്. എന്നാൽ കോതയാർ പ്രോജക്ട്, തിരുവണ്ണിപ്പാത ഇതുപോലെയുള്ള വേലകൾ വളരെ കൂടുതൽ പ്രാധാന്യം വഹിക്കുന്നവയാണെന്നു ഞാൻ കരുതുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): മെംബറുടെ അഭിപ്രായം അനുസരിച്ചു എല്ലാ പുതുവൽ സ്ഥലങ്ങളുടേയും വില കാണണമെന്നും അത്യാവശ്യമാണോ?

മി. ജി. രാമൻമേനോൻ(മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു ആവശ്യമായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ പുതുവൽ സ്ഥലങ്ങളുടെ വില കണ്ടുപിടിക്കുന്നതു അത്രവളരെ പ്രയാസമുള്ളതല്ല. എന്നാൽ വില കുറയുന്നതായ ജോലികളുടെ സംഗതിയിൽ അവയുടെ വില കുറയുകയോ കൂടുകയോ ഏതാണ് ചെയ്തിട്ടുള്ളതെന്നു അപ്പഴപ്പോൾ അറിയേണ്ടതു ആവശ്യമായിട്ടുള്ളതാണെന്നാണു ഞാൻ വിചാരിക്കുന്നതു. കോതയാർ പ്രോജക്ററും കുറയിൽവെയും ഗവണ്മെന്റിന്റെ സ്വത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നു ഞാൻ കാണുന്നു. ഗവണ്മെന്റു സ്വത്തുക്കളിൽ ഒന്നു ഇൻഡ്യൻ ഗവണ്മെന്റിന്റെ ഉറപ്പിന്റെ വില കുറയുന്നതിനെപ്പററി രാജ്യഭരണ റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ടു. അതുകൊണ്ടു അപ്രകാരം ഒരു സംഗതി പ്രായോഗികമാണെങ്കിൽ 'കോതയാർ പ്രോജക്ട്' 'കുറയിൽവെ പാതകൾ' ഇവയെപ്പോലുള്ള പ്രധാനവേലകളുടെ ചാലനസ്ഥിതിയെപ്പററി ഇപ്രകാരമുള്ള ഒരു കണക്കെടുപ്പു അവശ്യമാണ്. തിരുവണ്ണിയിൽ സഞ്ചരിക്കുന്ന സമയത്തു ശിഷ്ടമുള്ള സെക്ഷനെ അപേക്ഷിച്ചുനോക്കിയാൽ തിരുവനന്തപുരം—കൊല്ലം സെക്ഷൻ റെയിൽവെ തികച്ചു നിസ്സാരമായിട്ടുള്ളതാണെന്നു എനിക്കു മനസ്സിലായിട്ടുണ്ടു. അതിന്റെ കാരണം അറിയുന്നതിലേക്കു ഞാൻ ആഗ്രഹിക്കുന്നു. അപ്രകാരമുള്ള വസ്തുതകൾ എന്നെ മനസ്സിലാക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. റെയിൽവെ, തെക്കൻ ഇൻഡ്യാ കമ്പനിക്കാർ നടത്തുന്നതുകൊണ്ടു നമുക്കു അതിനെപ്പററി ഒന്നും അന്വേഷിക്കേണ്ട ആവശ്യമില്ലെന്നു എന്റെ സ്നേഹിതന്മാരിൽ ചിലർ പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു. എന്നാൽ നമ്മുടെ റെയിൽവേയ്ക്കു നാം വലിയ തുക ചിലവാക്കിയിട്ടുള്ളതും അതുകൊണ്ടു നമുക്കു അതിനെപ്പററി ചില കണക്കുകൾ ചോദിക്കുന്നതിലേക്കു അവകാശമുള്ളതാണെന്നും അപ്രകാരമുള്ള വേലകളുടെ സ്ഥിതിയെപ്പററി അപ്പഴപ്പോൾ നാം അറിയേണ്ടതാണെന്നും ഞാൻ വിചാരിക്കുന്നു. ഈ സംഗതിയെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേക്കായിട്ടാണ് ഈ ഉപക്ഷേപത്തെ ഞാൻ ഈ സഭയിൽ ഹാജരാക്കുന്നതു.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): സർ, കോതയാർ പ്രോജക്ട് വകയിന്റെ ചാലനസ്ഥിതി കണക്കു ഇതുകൂടി എടുക്കേണമെന്നും അതിലേക്കു നമ്മൾ ചിലവാക്കിയിട്ടുള്ള പണം ബഡ്ജററിലെ ൧-ാംപുറത്തെ 'സ്വത്തും, ബാദ്ധ്യതകളും' എന്ന തലക്കെട്ടിൽ ചേർക്കേണമെന്നും മിസ്റ്റർ രാമൻമേനോൻ അഭിപ്രായപ്പെടുന്നു. കോതയാർ പ്രോജക്ടിന്റെ ചാലനസ്ഥിതി സംബന്ധിച്ചു അക്കൗണ്ടാഫീസ് എന്തെങ്കിലും ചെയ്യുവാനുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അതിനു മെമ്പർമാരുടെ ഉദ്യോഗസ്ഥന്മാർ എനിക്കില്ല. എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ അസിസ്റ്റന്റു അക്കൗണ്ടാഫീസന്മാരിൽ ഒരാളിനെ അതിലേക്കായി നിയോഗിക്കാം. എന്നാൽ അപ്രകാരം നിയോഗിക്കപ്പെടുന്ന ആളിനു അതിനെസംബന്ധിച്ചു എന്തെങ്കിലും പ്രായോഗികമായ നല്ല ജോലി ചെയ്യുവാൻ സാധിക്കുമോ എന്നു സംശയമാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു ചെയ്യുന്നതിലേക്കു ചീഫ്എഞ്ചിനീയരോടു ആവശ്യപ്പെടുകയോ?

മി. എൻ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): അപ്രകാരം ആവാം; അങ്ങിനെയാണെങ്കിൽ ഈ പ്രമേയം ന്യായമായി പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആണ്ടുതോറും കോതയാർ പ്രോജക്ടിൽ പോയി അതിന്റെ ചാലനസ്ഥിതിയെപ്പററി അറിയുന്നതിലേക്കു ചീഫ് എൻജിനീയരോടു ആവശ്യപ്പെടണമെന്നു അക്കൗണ്ടാഫീസക്കു ഗവണ്മെണ്ടിലേക്കു എഴുതുവാൻ പാടില്ലയോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി):

കോതയാർ പ്രോജക്ട്വർക്സ് അപ്പുഴപ്പോൾ പെട്ടെന്ന് പരിഗണിക്കുന്ന ചില്ല് എസ്റ്റിമേറ്റുകൾ ഇതിൽ ഉൾപ്പെട്ടതാണ്. അതിനു സംബന്ധിച്ച വേലകൾ തൃപ്തികരമായിട്ടാണോ നടത്തിക്കാണുന്നതെന്നു കാണുന്നു. അതുപോലെ കാര്യത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുകയാ ആ കാര്യം അതു ശരിയായി നിറവേറുന്നുണ്ട്. ആണെങ്കിലും കോതയാർ പ്രോജക്ട് വില കൊടുക്കണമെന്ന മെമ്പർ പറയുന്നതിന്റെ അർത്ഥം എനിക്ക് വ്യക്തമായി മനസ്സിലാകുന്നില്ല. കൊല്ലംതോറും കോതയാർ പ്രോജക്ട് വർക്കിന്റെ ചിലവു വെട്ടിക്കുറയ്ക്കുന്നു. ഡിസ്ട്രിക്ട് ഇഞ്ചിനീയർമാർ ചെയ്യുന്ന ശിപാർശകളെപ്പോലെതന്നെ ഗവർണ്മെന്റ് റവന്യൂവിൽ നിന്നുണ്ടാകുന്ന നടപടികൾ നല്ലതാണ്. അതിന്റെ വരവു ചിലവു കണക്കുകൾ ശരിയായി സൂക്ഷിക്കുന്നുണ്ട്. കോതയാർ പദ്ധതിയെ സംബന്ധിച്ചു ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ചില പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഏറ്റക്കുറവ് കാണുകയാണെങ്കിൽ ആ അറിവു അക്കൗണ്ടന്റ് ജനറലിൽ നമ്മെ പ്രാപ്തരാക്കുവാൻ ഒരു വിധത്തിലും സഹായിക്കുന്നതല്ല. കോതയാർ പ്രോജക്ട് വർക്ക് തിട്ടപ്പെടുത്തുമ്പോൾ അതിൽ കൂട്ടിയിട്ടുള്ളതായ കണക്കുകൾ ആത്മാർത്ഥമായ ഒരു വിധത്തിലും സഹായിക്കുകയില്ല.

മി. ടി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ അറിവു കൂടി കൊടുക്കേണ്ടതാണെന്നു തുപ്തിയ്ക്കു തോന്നുന്നുണ്ടോ.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ആകാം.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): അതു കൊടുക്കുമ്പോൾ കൂട്ടിയിട്ടുള്ളതു വേറെ കുറഞ്ഞിട്ടുണ്ടെന്നു കാണുകയാണെങ്കിൽ കരം കൊടുക്കുന്നവർക്കു വലിയ നിരാശയുണ്ടാകുകയില്ലേ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഉണ്ട്. അങ്ങനെ കാണാറുണ്ട്. ബഡ്ജറ്റിന്റെ കണക്കിൽ കാണിച്ചിരിക്കുന്ന മുംബിലും കടത്തിലും ഒരു വ്യത്യാസവും വരുത്തുന്നതു ആവശ്യമില്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അതുകൂടാതെ ഒരു പ്രത്യേക പദ്ധതിയിലധികം ഏറ്റെടുത്തിട്ടുള്ളതു ആവശ്യത്തിലധികം നിയമിക്കേണ്ടതായി വരുന്നു. ആകട്ടെ കോതയാർ പ്രോജക്ട്വർക്സ് അതു എടുത്തും വിൽക്കുകയല്ല ഒരു സ്വത്തല്ല. മുൻപു പറഞ്ഞു കഴിഞ്ഞതുപോലെ കോതയാർ പ്രോജക്ട്വർക്സിനു വേണ്ടിവന്നിട്ടുള്ള ചിലവു പൊതു ഖജാനാവിൽ വോക്കായി ചിലവാകുകയിട്ടുള്ളതു മിക്കവാറും ചെലവുപോലെയാണു കണക്കിപ്പോരുന്നതു. ബുക്കിൽ കാണുന്ന സ്വത്തുക്കളുടേയും കടങ്ങളുടേയും സ്റ്റോറുമെന്റിനു എടുപ്പത്തിൽ ഇടാക്കപ്പെടാവുന്നവ മാത്രമേ ചേർത്തിട്ടുള്ളൂ. കോതയാർ പ്രോജക്ട് വർക്സ് ചിലവായി കഴിഞ്ഞിരിക്കുന്ന തുകകൾ ഇത്ര അധികമായി ഇക്കൊല്ലത്തെ സ്വത്തിലും ബാദ്ധ്യതയിലും ചേർക്കണമെന്നുള്ള മി. രാമൻമേനോന്റെ ഉപക്ഷേപത്തെ ഞാൻ സ്വീകരിക്കുന്നതിനു തയ്യാറാണെന്നു സമ്മതിക്കുന്നുപക്ഷവും അതിന്റെ ഫലമായി ഈ കൊല്ലത്തെ ബഡ്ജറ്റിലെ മിച്ചമായ പതിനാലരലക്ഷം രൂപായുടെകൂടെ ഏകദേശം ഒരു ലക്ഷം രൂപ കൂടി ചേർക്കേണ്ടതായി വരുമെന്നു അർത്ഥമാകുന്നു. ഇതോടുകൂടി കൊല്ലത്തിനിന്നു തിരുവനന്തപുരത്തേക്കുള്ള റെയിൽവേയുടെ ചിലവുംകൂടി കൂട്ടുന്നപക്ഷം ഈ കൊല്ലത്തെ മിച്ചം ഏ ൦ ൦ ൦ ൦ ൦ ൦ രൂപ യാണി വർദ്ധിപ്പിക്കേണ്ടതായിവരും. കഴിഞ്ഞയാണ്ടു അവസാനംവരെയുള്ള കണക്കുകൾ എല്ലാം തീർന്നുകഴിഞ്ഞു. അവസാനിപ്പിച്ച കണക്കുകളെ സംബന്ധിച്ചു ഇപ്പോൾ ഒരു ഭേദഗതിയും ചെയ്യുന്നതിലേക്കു സാധിക്കുകയില്ല. നമ്മുടെ സ്വത്തു ഇപ്രകാരം വർദ്ധിപ്പിക്കുന്നതുകൊണ്ടു എന്തെങ്കിലും ഫലവത്തായ ഉദ്ദേശം സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. എന്തുകൊണ്ടെന്നാൽ അപ്രകാരം കൂട്ടുന്നതുകൊണ്ടു കടത്തെസംബന്ധിച്ചു സ്റ്റോറുമെന്റിലുള്ളതു ചേർത്തിരിക്കുന്ന ഗവണ്മെന്റ് കണക്കുകളെ ആശ്രയിക്കേണ്ടതായി അതു ബന്ധിക്കാതിരിക്കുന്നതു യാതൊരു പ്രയോജനവുമില്ല. അതുകൂടാതെ മുൻപു പറഞ്ഞതുപോലെ പ്രോജക്ട്വർക്സ് പ്രധാനമായിട്ടുള്ളതാണെങ്കിലും എടുപ്പത്തിൽ വിൽക്കത്തക്കവയല്ല. പണസംബന്ധമായ കാര്യങ്ങളിൽ ഇപ്രകാരം ജോലികൾ കഴിഞ്ഞ കാലങ്ങളിൽ ശിപാർശയുള്ള ഏതെങ്കിലും ചിലവിനെപ്പോലെ കരുതിപ്പോരുന്നതുകൊണ്ടു റഞ്ചിയൂർ പള്ളിക്കൂടത്തിലും, കോട്ടാർ ഹൈസ്കൂൾ കെട്ടിടം അപ്പുഴപ്പോൾ വെട്ടിച്ചിട്ടുള്ള മററനേക പ്രധാനപ്പെട്ട റോഡുകൾ ഇവയുടെ ചിലവിനെ കൂട്ടപ്പെടുത്തേണ്ട ആവശ്യംകൂടി ഇല്ലെന്നു ഞാൻ വാദിക്കുന്നു. വാമൂലം ചെലവുകൂടിയതായിട്ടുള്ളതുകൊണ്ടു ചെലവുകൂടുകയാണെങ്കിൽ ചെലവിൽ മററുള്ള വിഷയം നമ്മുടെ സ്വത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നു കൂടി കരുതിച്ചു ക്കാവുന്നതാണ്. എങ്ങനെയായാലും ഇപ്പോൾ ഉള്ള സ്വത്തുക്കൾ എടുപ്പത്തിൽ വിൽക്കത്തക്കതോ ഇടാക്കത്തക്കതോ ആയ ഇനങ്ങൾ സാധാരണയായി ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടു നമ്മുടെ സ്വത്തിന്റെ ഏറ്റക്കുറച്ചിൽ അനുഗ്രഹിക്കത്തക്കതല്ലെന്നു തോന്നുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ഈ അഭിപ്രായം ഞാൻ കൊണ്ടുവന്നതു അവയെ വിൽക്കണമെന്നുള്ള ഉദ്ദേശത്തിലല്ല. അവയുടെ വില എത്രമാത്രം കൂടിയിട്ടുണ്ടെന്നോ കുറഞ്ഞിട്ടുണ്ടെന്നോ അറിയുന്നതിലേക്കു മാത്രമാണ്.

മി. കെ. എ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഈ ഉപക്ഷേപം അക്കൗണ്ടാഫീസിനെസംബന്ധിക്കുന്നതല്ലെങ്കിൽ ഇതിനെപ്പററി കൂടുതൽ വിമർശം കൂടാതെ ആവശ്യമെന്തെങ്കിലും ഉണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അദ്ദേഹം ഉപക്ഷേപത്തെ പിൻവലിച്ചിട്ടില്ല.

മി. കെ. എ. ജോസഫ് (മീനച്ചിൽ-ദേവികുളവും): ഞാൻ പ്രസിഡൻറിന്റെ അഭിപ്രായമാണു ചോദിക്കുന്നതു.

പ്രസിഡൻറ്: അതു അക്കൗണ്ടാഫീസിൽ ഉൾപ്പെടുന്നതല്ലാ. എന്തുകൊണ്ടെന്നാൽ കണക്കുകൾ ശരിയായി സൂക്ഷിക്കുന്നതിലേക്കു ഗവണ്മെന്റ് ചുമതലപ്പെടുത്തിയിട്ടുള്ള ആളാണു അക്കൗണ്ടാഫീസർ. കോതയാർ പ്രോജക്ട് ഒരു നാണയവിലയുണ്ടെങ്കിൽ ആ നാണയവില കണക്കിൽ ചേർക്കുന്നതിലേക്കു അക്കൗണ്ടാഫീസർ ചുമതലപ്പെട്ടവനാകുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): എന്തായാലും മി. രാമൻമേനോന്റെ പ്രമേയം പ്രായോഗികമാണെന്നു തോന്നുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കോതയാർ പ്രോജക്ടിന്റെ വില കണക്കാക്കുന്നതുകൊണ്ടു സാധിക്കുമെങ്കിൽ ഈ സംസ്ഥാനത്തുള്ള മററു നദികളുംവിലവയ്ക്കുന്നതുകൊണ്ടല്ലയോ എന്നുഎന്നെ അറിയിക്കുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ: ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): മി. രാമൻ മേനോൻ ഉന്നയിച്ചതു പറയുന്നതിനു എഴുന്നേൽക്കുന്ന സമയം അദ്ദേഹത്തോടു ചോദിക്കുന്നതു കുറച്ചുകൂടി നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു എങ്ങിനെ ആയാലും കോതയാർപ്രോജക്ട് വർക്ക്സ് വീണ്ടും വിലവയ്ക്കുന്നതിലേയ്ക്കു അനുകൂലിക്കുന്നില്ല ഞാൻ അതുകൊണ്ടു ഈ ചോദ്യത്തിനു അവകാശമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ സംസ്ഥാനത്തു ശരിയായ കണക്കു സൂക്ഷിക്കുന്നതിലേക്കു മി. രാമൻമേനോന്റെ ഉപദേശം വല്ല വിധത്തിലും ഉപകാരപ്രദമായിരിക്കുന്നുവോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ: ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): പ്രോജക്ട്വർക്കിനെ സംബന്ധിച്ചു അസ്സൽ മുതലിന്റെയും വരുമാനത്തിന്റെയും കണക്കുകൾ ഇപ്പോൾ സൂക്ഷിക്കുന്നുണ്ടു. പ്രോജക്ട്വർക്ക്സിൽ ജോലി ചെയ്യിക്കുന്നതിലേക്കു നിയമിച്ചു വച്ചിട്ടുള്ള മൂലധനത്തിൽനിന്നും മുതൽ ചിലവാക്കി അതു ശരിയായ നിലയിൽ സൂക്ഷിക്കുന്നുണ്ട്. വിലയുടെ ഏററമൊ ഇറക്കമോ കണക്കിനെ നേരെ ഒരു വിധത്തിലും ബന്ധിക്കുന്നില്ല.

മി. എൻ. കുമാരൻ (നിയമനം): കോതയാർ വർക്ക്സിനു ചിലവാക്കിയിട്ടുള്ള പണം സ്വന്തമായും റോഡിനും കെട്ടിടങ്ങൾക്കും ചിലവാക്കിയിട്ടുള്ളപണം സ്വത്തിന്റെയുടെ ചേർക്കാതിരിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഒരു വ്യത്യാസത്തിനു അക്കൗണ്ടാഫീസർ എങ്ങിനെയാണ് സമാധാനം പറയുന്നതു.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): 'അപ്രോപ്രിയേഷൻ റിപ്പോർട്ടിൽ എഴുപ്പത്തിൽ ഒരംശത്തെക്കുറിച്ചും അങ്ങിനെ ചെയ്യാൻ നിവൃത്തിയില്ലാത്തതും ആയ സ്വത്തുക്കൾ അടങ്ങിയിരിക്കുകയും ബഡ്ജററുകണക്കിൽ എഴുപ്പം ഒരംശക്കത്തക്ക സ്വത്തുമാത്രം കാണിച്ചിരിക്കുകയും ചെയ്തിരിക്കുന്നിടത്തോളംകാലം അതു പരമാർത്ഥാവസ്ഥയെ കാണിക്കുന്നു. ഞാൻ മുൻപുപറഞ്ഞതുപോലെ കഴിഞ്ഞതുകാലങ്ങളിലെ കണക്കുകൾ വീണ്ടും എഴുതുകയും ഏററക്കുറച്ചിലുള്ള സ്വത്തിനെ അതിൽ കാണിക്കുകയും ചെയ്യുന്നതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകയില്ല.

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഈ വിഷയത്തെപ്പററി കുറച്ചുസംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു പ്രധാനഇനങ്ങൾ വിലയിൽ കുറയുന്നുണ്ടോ എന്നാണ് മിസ്റ്റർ രാമൻമേനോന്റെ വിഷമമെന്നും അതു നമ്മുടെ കണക്കിൽ കൂട്ടുന്നുണ്ടോഎന്നു അദ്ദേഹത്തിനു അറിയേണ്ട ആവശ്യമുണ്ടെന്നും എനിക്കു തോന്നുന്നു. പക്ഷേ ഇതായിരിക്കും അദ്ദേഹത്തിന്റെ വിഷമം. അപ്രകാരമാണെങ്കിൽ ഞാൻ അതു വിശദമാക്കാം. കോതയാർപ്രോജക്ട് കുടംവാങ്ങിയിട്ടുള്ള മൂലധനംചിലവാക്കി നിർമ്മിച്ചിട്ടുള്ളതാകയിങ്ങനെ എങ്ങിൽ അതു നിർമ്മിച്ചുമുതലാണ്ട പ്രധാനചിലവായി കണക്കുകൂട്ടാമായിരുന്നു എന്നതിനു സംശയമില്ല. അതായതു ആ മാസംകിട്ടത്തക്ക ഒരു മുതൽമുടക്കായി അതു കണക്കുകൂട്ടാമായിരുന്നു. ആ അർത്ഥത്തിൽ അതിൽ ഒരു ക്ലിപ്തവിലയുള്ളതും ആവില തീർച്ചയായും കുറയുന്നതുമാകുന്നു. ഇപ്രകാരംഉള്ള സന്ദർഭങ്ങളിൽ സാധാരണയായി സംഭവിക്കുന്നതു ആ പ്രകാരം ചിലവായിട്ടുള്ള തുകയിൽനിന്നും അതിന്റെ ചിലവിൽ ഒരു ക്ലിപ്തശതമാനം വിലഇടിവിനെ ഉദ്ദേശിച്ചു ആണ്ടുതോറും കുറയ്ക്കുകയാണ്. അപ്രകാരം കുറയ്ക്കുന്നതു പണസംബന്ധമായ കണക്കിലല്ല. ആ ജോലിക്കായി പ്രത്യേകംവച്ചിട്ടുള്ള കണക്കിലാണു ആകുറവു ചെയ്യുന്നതു. ഉദാഹരണമായി ഒരു വർഷകാലത്തിന്റെ ഓരോവാഹികൾ അവരുടെ മൂലധനത്തിൽ എത്രമാത്രം കുറവുവന്നിട്ടുണ്ടെന്നു അറിയുന്നതിലേക്കു ഒരു കണക്കു സൂക്ഷിക്കുന്നു പതിവാണ്. അപ്രകാരംചെയ്യുന്നതു ഒരുശതമാനക്കണക്കിന്റെ അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ പ്രായോഗികമായി അവർ കണക്കെടുക്കുമ്പോൾ കമ്പോളവിലയോ കോർവിലയോ ഏതാണ് കുറഞ്ഞിരിക്കുന്നതു അതിനെ അടിസ്ഥാനപ്പെടുത്തിയാണ് കണക്കാക്കുകപതിവു. ചാമനക്കത്തെ കണക്കാക്കുന്നതിൽ ഇതു ആവശ്യമാണ്. കോതയാർ പ്രോജക്ടിന്റെ സംഗതിയിൽ കുറവുവരുന്നതിനെ സംബന്ധിച്ചു ഒരു ശതമാനക്കണക്കു നിശ്ചയിച്ചു അതനുസരിച്ചു അതിന്റെ യഥാർത്ഥവില കുറയ്ക്കാം. എന്നാൽ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. നമ്മുടെ സാധാരണയായി ചെയ്യുന്നതു മുതൽ എത്രമാത്രം കുറയുന്നുവോ അത്രയുംതുക ഒററക്കുററപണിക്കായി ചിലവാക്കി അസ്സൽമുതൽ വർദ്ധിക്കാതെ ഇരിക്കുകയാണ്. കഴിയുന്നിടത്തോളം പഴയവിലയെ നിലനിർത്തികൊണ്ടുപോരുകയാണ് ചെയ്യാറുള്ളതു. കുറയുന്നതുതുക ഒററക്കുററപണികൾക്കു ചിലവാകുന്നതുകൊണ്ടു ശരിപ്പെടുത്തിപോരുകയാണ് ഈമാതിരി കാര്യങ്ങളിൽ ചെയ്തുവരുന്നതു. ഇപ്രകാരമുള്ള പണികളുടെ വിലനിശ്ചയിക്കുന്നതു അസാദ്ധ്യമായിട്ടുള്ളതാണ്. തോട്ടങ്ങളുടെയോ അവയിൽ അടങ്ങിയിരിക്കുന്നവയുടെയോ വില നിർണ്ണയിക്കുവാൻ നമുക്കു പ്രയാസമാണ്. എന്നാൽ അവയിൽ വരാവുന്ന കുറവിനെപ്പററി ഊഹിക്കാനും ആണ്ടുതോറും ആ കുറവിനെ പരിഹരിക്കാനും നമുക്കു കഴിയും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അതിന്റെ താണയവില കണക്കുകൂട്ടുന്നതിലേക്കു സാധിക്കയില്ലയോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): താണയവില വെള്ളത്തിന്റെ വിലയിലാണ് സ്ഥിതിചെയ്യുന്നതു. വെള്ളത്തിനു വിലവയ്ക്കുന്നുണ്ടോ എന്നു എനിക്കുപറയുവാൻ സാധിക്കുകയില്ല.

മി. കെ. എ. ജോസഫ് (മീനച്ചിലും-മേവികളവും): നാണയവില തീർച്ചപ്പെടുത്തുന്നതു അതിന്റെ പ്രയോജനത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതിനു നാണയവിലയില്ല. രാജ്യത്തിലേക്കുള്ള വില നാണയവിലയല്ല. കൃഷിക്കാർക്കു കൂടുതൽവിളവും രാജ്യത്തിലേക്കു കൂടുതൽസാധനങ്ങളും കിട്ടുന്നതിനാൽ ഉണ്ടാകുന്ന ഒരു വിലയാണ് അതിന്റെ യഥാർത്ഥവില.

മി. കെ. എ. ജോസഫ് (മീനച്ചിലും-മേവികളവും): നാണയവില പണമായി കണക്കുകൂട്ടുന്നതിലേക്കു സാധിക്കുകയില്ലയോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അവയിൽനിന്നും ഉണ്ടാകുന്ന ഗുണങ്ങളെല്ലാം നാണയവിലയിൽ പറയുന്നതിലേക്കു സാധിക്കുകയില്ല.

മി. കെ. എ. ജോസഫ് (മീനച്ചിലും-മേവികളവും): നാണയവില പണത്തിൽ കണക്കുകൂട്ടുന്നതിലേക്കു സാധിക്കുകയില്ലായോ എന്നാണു എന്റെ ചോദ്യം.

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നാണയവില എന്നതുകൊണ്ടു മെംബർ എന്താണ് അർത്ഥമാക്കുന്നതെന്നു മനസ്സിലാക്കുന്നതിലേക്കു ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. എ. ജോസഫ് (മീനച്ചിലും-മേവികളവും): കൃഷിക്കാർക്കുള്ള യഥാർത്ഥപ്രയോജനമോ ഗുണമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): പ്രയോജനം എല്ലായ്പ്പോഴും നാണയവിലയായി മാറുന്നതിലേക്കു സാധിക്കുകയില്ല. അതുപോലെതന്നെ ജനങ്ങളുടെ അഭിവൃദ്ധിയും നാണയവിലയിൽ പറയുന്നതിലേക്കു സാധിക്കുകയില്ല. എന്നാൽ വിളവു എത്രമാത്രം കൂടിയിട്ടുണ്ടെന്നുമാത്രമെ മെംബർ ഉദ്ദേശിക്കുന്നതെങ്കിൽ അതു പറയാവുന്നതാണെന്നുള്ളതിനു സംശയമില്ല. പ്രോജക്ട് ഏർപ്പെടുത്തിയതിന്റെ മുൻപും പിൻപും ഉള്ള വിളവിനെപ്പററി അറിയണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നെങ്കിൽ തീർച്ചയായും അതു സാദ്ധ്യമായിട്ടുള്ളതാണ്.

മി. കെ. എ. ജോസഫ് (മീനച്ചിലും-മേവികളവും): നമ്മുടെ കൂടുതൽ ചിലവാക്കുന്നതിനുമുമ്പു നമ്മുടെ സ്ഥിതി നമ്മുടെ അറിയത്തക്കവണ്ണം അപ്രകാരം കണക്കുകൂട്ടുന്നതു യുക്തിപൂർവമായിട്ടുള്ളതല്ലയോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതേ; അതു നമ്മുടെ അറിയാം.

മി. ആർ. നീലകണ്ഠപ്പിള്ള (ഗ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): കോതയാർവെള്ളം കുടിക്കാനും കുളിക്കുവാനും ഉപയോഗിക്കുന്നില്ലയോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കല്ലാർനദിയിലുള്ള വെള്ളം പശ്ചിമപർവതത്തിന്റെ മുകളിലോട്ടു കൊണ്ടുപോകുന്നതിനുള്ള ആലോചിച്ചപ്പോൾ അതിനു ഒരു നാണയവിലകൂട്ടിച്ചിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നമ്മുടെനാട്ടിലെ വെള്ളത്തിനു നാണയവില ഉണ്ടെന്നുള്ളതു തീർച്ചതന്നെ എന്നാൽ അപ്രകാരം വിലയുണ്ടാകുന്നതു അതു വേറൊരു മനുഷ്യൻ വിലയ്ക്കു വാങ്ങുന്നതിലേക്കു വരുമ്പോളാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കോതയാറിലേയോ മറ്റേതെങ്കിലും നദിയിലേയോ വെള്ളത്തിന്റെ വില അപ്രകാരം കണക്കുകൂട്ടാവുന്നതല്ലയോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നമ്മൾ വെള്ളം വിൽക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരം സാദ്ധ്യമല്ലയോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): എന്തെങ്കിലും ഒരു വസ്തു എന്റെ കൈവശം ഇരിക്കുമ്പോൾ അതിന്റെ വില നാണയത്തിൽ കണക്കുകൂട്ടുന്നതിലേക്കു സാധിക്കുകയില്ല. അതു വേറൊരാളുവശം ആ വസ്തുപ്പെടുമ്പോൾമാത്രമെ അതിനു ഒരു നാണയവിലയുള്ളു.

ഇതു മിസ്റ്റർ രാമൻമേനോനെ തൃപ്തിപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സന്ദർഭത്തിൽ നമ്മുടെ റെയിൽവേയെപ്പററി ഒരു വാക്കു പറയുന്നതു സന്ദർഭോചിതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. കൊല്ലം തിരുവനന്തപുരം തീവണ്ടിപ്പാത മററൊരാഗത്തെ പാതയെക്കാൾ മോശമായിട്ടുള്ളതാണെന്ന വസ്തുത അദ്ദേഹം പറയുകയുണ്ടായി. അതിന്റെ കാരണം അടങ്കൽ അനുവദിച്ചപ്പോൾ ഇവിടെ ചെങ്കോട്ട കൊല്ലം റെയിൽവെയ്ക്കു ഉപയോഗപ്പെടുത്തിയതിലും കുറഞ്ഞതുകയുള്ള പാളം മതിയെന്നു വിചാരിക്കപ്പെട്ടു. അതുകൊണ്ടു ഏതാനം കുറഞ്ഞപാളം ഉപയോഗപ്പെട്ടു. റെയിൽവെയുടെ ആദായത്തെ കണക്കാക്കുന്നതും ഒരു പ്രായോഗിക പ്രമേയമല്ല. കോതയാർപ്രോജക്ടിന്റെ ചിലവിനെപ്പററി ഞാൻ മുൻപു പറഞ്ഞതുപോലെ ഒരുതരം കുറയ്ക്കുന്നകണക്കു ഉണ്ടാക്കുകയാണ് ചെയ്തുവരാറുള്ളതു്. അററകുററപ്പണികൾ തീർക്കുന്ന ആവശ്യത്തിലേക്കു ഉപയോഗിക്കാൻ റെയിൽവെക്കു "ഒരു ഡിപ്രിസിയേഷൻ ഫണ്ട്" ഉണ്ടായിരിക്കണമെന്നു ഈയിടെ ഇൻഡ്യാഗവണ്മെന്റു തീർച്ചയാക്കിട്ടുണ്ട്. അതുകൊണ്ടു നമ്മുടെ റെയിൽവെയും ആ പൊതു റെയിൽവെ വകുപ്പിൻ കീഴിൽ ഉൾപ്പെടുന്നതാണ്. അററകുററങ്ങൾ തീർക്കുന്നതിലേക്കു ചിലവാക്കാൻ ഉപയോഗിക്കത്തക്കതായ ഒരു ഡിപ്രീസിയേഷൻ ഫണ്ടു അതിനും ഉണ്ടാകും. നമ്മുടെ റെയിൽവെയ്ക്കു ഓരോന്നുകണക്കു തയ്യാറാക്കേണ്ടആവശ്യമില്ലെന്നുള്ളതിനുള്ള കാരണം മെമ്പറിനു മനസ്സിലായി എന്നു ഞാൻ വിശ്വസിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കോതയാർപ്രോജക്ടിനു മുടക്കിയിട്ടുള്ള തുകയിൽനിന്നും ഈടാകുന്ന ആദായമെന്താണ്?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതു ആണ്ടുതോറും പ്രസിദ്ധീകരിക്കുന്ന കാർഷിക വാർഷിക കണക്കിൽനിന്നു കാണാം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മേൽവിവരിച്ച സംഗതികളെ അടിസ്ഥാനപ്പെടുത്തി എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഡിമാൻഡു ൧ം പൊതുഭരണം അക്കൗണ്ടാഫീസുപ്രകാരം ൯൭ ലക്ഷംരൂപ അനുവദിക്കപ്പെടണമെന്നുള്ള സംഗതിയെ സഭയിൽ വോട്ടിനിടുകയും പാസ്സാക്കപ്പെടുകയുംചെയ്തു ഗ്രാൻറു അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൧൧ നീതിന്യായപരിപാലനം, ജുഡിഷ്യൽഡിപ്പാർട്ടുമെൻറു ൭൦൦ വു ലക്ഷം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറിവക്കീൽ):

സർ, ഡിമാൻഡ് ൧൧. നീതിന്യായപരിപാലനത്തിന് ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിനും അഡിഷണൽ ഹെഡ്സെക്രട്ടറിവക്കീൽ ആഫീസ്സിനും ൭ ൦ വു ലക്ഷംരൂപായിൽ കൂടാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

൧൧ ൧൭. നീതിന്യായപരിപാലനം ഹൈക്കോടതി ഉപക്ഷേപം ൨ ൪ ൩ ൧൧,

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, താഴെപറയുന്ന പ്രമേയംസഭയിൽ ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു,

൨ ൪ ൩ ൧൧. എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി നിർദ്ദേശിച്ചിരിക്കുന്ന ൮ ൯ ൪ ൬ ൨ രൂപായിൽ ൧ ൦ ൦ രൂപ കുറയ്ക്കണം.

സർ, എൻെറ ഈ പ്രമേയത്തിൻെറ ഉദ്ദേശം ഹൈക്കോടതിയിലെ ഡെപ്യൂട്ടിരജിസ്ട്രാർക്കു നിർണ്ണയിച്ചിട്ടുള്ള ജോലിയുടെ സ്വഭാവം മനസ്സിലാക്കുന്നതിലേക്കാണെന്നു ഞാൻ പ്രത്യക്ഷമായി അതിൽ കാണിച്ചിട്ടുണ്ടായിരുന്നു. ഹൈക്കോടതിയിലെ ഡെപ്യൂട്ടിരജിസ്ട്രാരുടെ സ്ഥാനം നിരുത്തൽചെയ്യുന്നതെന്നു സാധാരണക്കാർ ശുപാർശ ചെയ്തിരുന്നു എന്നതു് ഒരു പൊതു അഭിപ്രായമാണ്. അപ്രകാരം ശുപാർശചെയ്തിരുന്നു എന്നു വരികിലും അതിനെ ഗണിക്കാതെ ആ സ്ഥാനം നിലനിർത്തിക്കൊണ്ടുതന്നെ പോന്നു. ഈയിടെ ഒരു ഒഴിവുണ്ടായിക്കഴിഞ്ഞപ്പോൾ അതിലേക്കു ആൾനിയമിക്കണം എന്നു ഒന്നാംജഡ്ജി ശുപാർശചെയ്തു എന്നു പറഞ്ഞുകേൾക്കുന്നു. ആ ഒഴിവിൽ ആൾ നിയമിച്ചുകഴിഞ്ഞതുകൊണ്ടു ഡെപ്യൂട്ടിരജിസ്ട്രാക്കു നിശ്ചയിച്ചിട്ടുള്ള ജോലിയുടെ സ്വഭാവത്തെ അറിയുന്നതിലേക്കു ഞാൻ ആഗ്രഹിക്കുന്നു. സാധാരണ പതിവുജോലി ചെയ്യുന്നതിലേക്കുള്ള ചിലവു ആവശ്യത്തെ വളരെ അധികം കവിഞ്ഞു ക്രമേണ കൂടിക്കൊണ്ടിരിക്കുന്നു എന്നുള്ള മുറവിളിയാണ് രാജ്യത്തെങ്ങും ഉള്ളതു്. പകരംജോലിനോക്കുന്ന ഒന്നാംജഡ്ജിക്കു ആ ഉദ്യോഗസ്ഥനു ജോലിയുള്ളതായി തോന്നാത്തതും ശമ്പളം കൊടുക്കപ്പെടുന്നതുമായ ഒരു ഉദ്യോഗസ്ഥൻെറ ഉദാഹരണം ഇതാണ്. ഒന്നാംജഡ്ജി അപ്രകാരം പറഞ്ഞുഎന്നുള്ള വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ തുടരുന്നതു്. അതിനുസംബന്ധിച്ചു ഖാതമെന്തെക്കെ എന്താണ് പറവാനുള്ളതെന്നു അറിയുന്നതിലേക്കു ഞാൻ ആഗ്രഹിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറിവക്കീൽ): ഹൈക്കോടതിയിലെ ഡെപ്യൂട്ടി രജിസ്ട്രാരുടെയോ മാനേജരുടെയോ സ്ഥാനത്തെ നിരുത്തൽചെയ്യണമെന്നു സാധാരണക്കാർ ശുപാർശചെയ്തു എന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ അപ്പോഴത്തെ ഒന്നാംജഡ്ജി ആ സ്ഥാനങ്ങൾതന്നെ നിലനിർത്തി കൊണ്ടുപോരണമെന്നു ബലമായി ആവശ്യപ്പെട്ടു. ജോലിയുടെ സ്വഭാവത്തെപ്പററി ബഹുമാനമുണ്ടായിരുന്നതിനാൽ അപ്പോഴത്തെ ചീഫ്ജഡ്ജിയുടെ ശുപാർശയെ ഗവർണ്ണർ സ്വീകരിച്ചു അനുസരിച്ചു രണ്ടു സ്ഥാനങ്ങളും അനുവദിക്കപ്പെടുകയും ആ സ്ഥാനങ്ങളിൽ പതിവായി ആളുകളെ നിയമിക്കുകയും ചെയ്തുവരുന്നു. ഡെപ്യൂട്ടിരജിസ്ട്രാരുടെ കഴിഞ്ഞ നിയമനം സ്ഥിരം ഒന്നാംജഡ്ജിയായ മിസ്റ്റർ ചാനറഫിൽഡു അവധിക്കു പോകുന്നതിനുമുമ്പിൽ ചെയ്ത ശുപാർശ അനുസരിച്ചാണ്, അതിനുശേഷം ഡെപ്യൂട്ടിരജിസ്ട്രാരുടെ സ്ഥാനം നിരുത്തികളയുന്നതിലേക്കു ഗവർണ്ണർവിൻെറ ആലോചനയ്ക്കായി ആക്ടിംഗ് ഒന്നാംജഡ്ജി മിസ്റ്റർ രാമൻതമ്പി ശുപാർശചെയ്തു. അതിനെത്തുടർന്നു ഉടൻതന്നെ ആ നിയമനം മൂന്നു മാസത്തേക്കു നടത്തി വയ്ക്കാവുന്നതാണെന്നു കാണിച്ചു ഒരു പുതിയ ശുപാർശ അയച്ചു. അതിൻെറഫലമായി ഒരു സ്ഥിരസ്ഥാനത്തെ നിരുത്തൽചെയ്യുന്നതിനെപ്പോലെയുള്ള എന്തെന്തെക്കെം നിലനിൽക്കുന്ന ദേഭഗതി വരുത്തുന്നതു സ്ഥിരം ചീഫ്ജഡ്ജിയുടെ അഭിപ്രായംകൂടി അറിയാതെ പാടില്ലെന്നു ഗവർണ്ണർ വിചാരിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശുപാർശ മെമ്പറുടെ കൈവശം ഇപ്പോഴുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറിവക്കീൽ): ഉണ്ടു്. അതു എൻെറ കൈവശമുണ്ടു്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശുപാർശ എന്തെല്ലാമെന്നു അറിയുന്നതിലേക്കു സഭയ്ക്കു ഒരു നോട്ടീസ് കൊടുക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടറിവക്കീൽ): ആ ശുപാർശയുടെ സാരം ഞാൻ പറഞ്ഞുകഴിഞ്ഞു. ഒരു ഡെപ്യൂട്ടി രജിസ്ട്രാരുടെകൂടാതെ ഹൈക്കോടതിയിലെ ജോലി നടത്തിക്കൊണ്ടു പോകുന്നതിലേക്കു സാധിക്കുമെന്നാണ് അദ്ദേഹം പറയുന്നതു. അതിനു മുമ്പുതന്നെ സ്ഥിരം ചീഫ്ജഡ്ജിയുടെ ശുപാർശ അനുസരിച്ചു ഒരു സ്ഥിരം ഡെപ്യൂട്ടി രജിസ്ട്രാരെ നിയമിച്ചുകഴിഞ്ഞു. എന്നുതന്നെയുമല്ല ഡെപ്യൂട്ടി രജിസ്ട്രാരുടെ ജോലി ചുമതലയുള്ളതാണെന്നും അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്ന ആ ഉദ്യോഗം അത്യാവശ്യമായിട്ടുള്ളതാണെന്നു അതിൽ സൂചിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു സ്ഥിരം ഒന്നാംജഡ്ജി തിരിച്ചുവരുന്നതുവരെ ആ സ്ഥാനം അപ്രകാരംതന്നെ വച്ചുകൊണ്ടിരിക്കണമെന്നു ഗവർണ്ണർ തീർച്ചപ്പെടുത്തി പ്രമേയത്തിൻെറ നോട്ടീസ്സിലെ പ്രത്യേകസംഗതിയെ സംബന്ധിച്ചു—അതായതു ഡെപ്യൂട്ടി രജിസ്ട്രാരുടെ ജോലിയെപ്പററി—അദ്ദേഹം ഇപ്പോൾ വായനശാല ചുമതലവഹിക്കുക, റവന്യൂവും രാജ്യഭരണവിഷയങ്ങൾ തയ്യാറാക്കുക, ജഡ്ജിമാരിൽ ഓരോരുത്തരുടെയും ജോലി തിട്ടപ്പെടുത്തി ഓരോ മാസത്തിൻേറയും അവസാനത്തിൽ ഓരോരുത്തർക്കും മാസാന്ത്യം സമർപ്പിക്കുക, ജുഡിഷ്യൽഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ അറിയായ ഹെഡ് തീരുമാനിച്ചു ലിസ്റ്റ്തയ്യാറാക്കുക, 'രജിസ്ട്രാക്കുവേണ്ടി' ഉത്തരപ്രതികൾ ഒപ്പിടുക—ഇതിനുംപുറമെ വേറെ ജോലികളും അദ്ദേഹം ചെയ്യുന്നു എന്നാണ് എനിയ്ക്കുള്ള അറിവു. ഡെപ്യൂട്ടിരജിസ്ട്രാക്ക് ഇതുകൂടാതെ പകർപ്പെഴുത്തു, പഴയ റിക്കാർഡുകൾ, ടൈപ്പിസ്റ്റ്, ഡിക്ലിനസിക്ഷൻ, ഇതിൻെറ എല്ലാത്തിൻേറയും ചുമതലകൂടിയുണ്ടു്. മാറിപ്പോയ ചീഫ്ജഡ്ജി മിസ്റ്റർ വീരരാഘവയ്യങ്കാർ നിശ്ചയിച്ചിട്ടുള്ള ഡെപ്യൂട്ടി രജിസ്ട്രാരുടെ ചുമതലകൾ ഇവയാകുന്നു. എങ്ങനെയെല്ലാം ആ

കാലം ഇപ്പോൾ മാനേജരെ ചുമതലപ്പെടുത്തിയിരിക്കുന്ന കേസ് ബോർഡുചെയ്യുന്ന ചുമതലമാത്രമാണ് ഡെപ്യൂട്ടിരജിസ്ട്രാക്ക് ഉണ്ടായിരുന്നതു എന്നുള്ളതു ഒരു പരമാർത്ഥമാണ്. എന്നാൽ ഇപ്പോൾ ആ ആളിനെ മേൽപ്പറഞ്ഞ ജോലികളെല്ലാം ചെയ്യുന്നതിലേക്കു ചുമതലപ്പെടുത്തിയിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ജോലികൾ അദ്ദേഹത്തിന്റെ മുൻഗാമി ചെയ്തിരുന്നുവോ എന്നു വ്യക്തമായി അറിയിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): കേസ് ബോർഡു ചെയ്യുന്ന ജോലിമാത്രമാണ് അദ്ദേഹത്തിന്റെ മുൻഗാമി നോക്കിക്കൊണ്ടിരുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡെപ്യൂട്ടിരജിസ്ട്രാരുടെ ശമ്പളസ്കെയിൽ എന്താണ്?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): [illegible] രൂപ മുതൽ [illegible] രൂപവരെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അനാവശ്യമായ ഒരു ഉദ്യോഗത്തെ നിറുത്തൽചെയ്യുന്നതിലേക്കു ഉപദേശിക്കുന്ന സംഗതിയിൽ ആക്ടിംഗ് ഒന്നാംജഡ്ജിയ്ക്കു അദ്ദേഹം ഉദ്യോഗത്തിലിരിക്കുന്നിടത്തോളംകാലം സമാധാനമില്ലായ്മ എന്നു എന്തു അറിയിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ശരിയായി ആലോചിച്ചാൽ ഉണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ എന്തെങ്കിലും ഒരു സ്ഥിരപ്പെടുത്തൽ ചെയ്യേണ്ടതായിവരുമ്പോൾ സ്ഥിരം ഒന്നാംജഡ്ജിവന്നു അദ്ദേഹത്തിന്റെ ജോലി ചെയ്യിക്കുന്ന അവസരത്തിൽ അദ്ദേഹത്തെ മാറ്റിയേക്കുമെന്നു തോന്നിപ്പെട്ടു അദ്ദേഹത്തോടു ആലോചിച്ചതിനുശേഷമേ ചെയ്യാവൂ എന്നുള്ളതാണ് ആലോചനയായിട്ടുള്ളതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഡെപ്യൂട്ടിരജിസ്ട്രാക്ക് ജോലി ഒന്നുമില്ലെന്നു ആക്ടിംഗ് ഒന്നാംജഡ്ജി സ്വയമായി പറഞ്ഞിട്ടില്ലയോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അദ്ദേഹം അങ്ങനെ വാക്കുകളിൽ അതുപോലെ പറഞ്ഞിട്ടില്ല. എന്നാൽ ഡെപ്യൂട്ടി രജിസ്ട്രാരുടെ ഉദ്യോഗം നിറുത്തൽ ചെയ്യാമെന്നു അദ്ദേഹം പറയുകയും അതോടുകൂടിത്തന്നെ ഒരു പുതിയ ക്ലാർക്കിനെ നിയമിക്കുന്നതിലേക്കു ശുപാർശ ചെയ്യുകയും ചെയ്തു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആ ഉദ്യോഗം 5 മാസത്തേക്കു ആളിനെ നിയമിക്കാതെ ഇട്ടേക്കാമെന്നു പറയുന്നതിൽനിന്നും അദ്ദേഹം എന്താണു ഉദ്ദേശിക്കുന്നതു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു അവസാനത്തിൽ നിറുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു പരീക്ഷണടത്താമെന്നാണ് അതിന്റെ അർത്ഥമെന്നു ഞാൻ വിചാരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ഉദ്യോഗം വിഷമമുള്ളതു ഒന്നാണെന്നു സ്ഥിരം ഒന്നാംജഡ്ജി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഓഫീസിൽ ഉണ്ടായിരുന്ന ജോലി എന്തായിരുന്നു എന്നു എന്നെ അറിയിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ എന്താണ് ഉണ്ടായിരുന്നതെന്നു കൃത്യമായി പറയുന്നതിലേക്കു സാദ്ധ്യമല്ല. എന്നാൽ ഡെപ്യൂട്ടി രജിസ്ട്രാർ കേസ്സ് ബോർഡുചെയ്യുന്ന ജോലി നോക്കിക്കൊണ്ടിരിക്കുകയായിരുന്നു എന്നു തോന്നുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെംബറുടെ അഭിപ്രായത്തിൽ ഡെപ്യൂട്ടി രജിസ്ട്രാർ ഇപ്പോൾചെയ്യുന്ന ജോലികൾ ഉൾപ്പെടുത്തുന്നവയാണോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ആ സംഗതിയിൽ ഒന്നാം ജഡ്ജിയുടെ അഭിപ്രായത്തിനാണ് കൂടുതൽ വിലകൊടുക്കേണ്ടതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശുപാർശയിന്മേൽ ആരാണ് ഉത്തരവിട്ടതു?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഗവർണ്ണർ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു ദിവാന്റെകാലത്തോ ആക്ടിംഗ് ദിവാന്റെ കാലത്തോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ആക്ടിംഗ് ദിവാന്റെ കാലത്താണ് അപ്രകാരം ചെയ്തതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശുപാർശയെ ഗവർണ്ണർ അവഗണിച്ചതു എന്തുകൊണ്ടാണ്?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു അവഗണിക്കപ്പെട്ടിട്ടില്ല. അതിനെപ്പററി ശരിയായ വിചിന്തനം ചെയ്യപ്പെട്ടിട്ടുണ്ടു. സ്ഥിരം ഒന്നാംജഡ്ജിയുടെ ശുപാർശ അനുസരിച്ചു ഡെപ്യൂട്ടിരജിസ്ട്രാരെ നിയമിക്കപ്പെട്ടു. അതിനുശേഷമാണ് ഡെപ്യൂട്ടിരജിസ്ട്രാരുദ്യോഗം നിറുത്തണമെന്നു ആക്ടിംഗ് ഒന്നാംജഡ്ജി ഉപദേശിച്ചതു. ഞാൻ മുമ്പു പറഞ്ഞുകഴിഞ്ഞതുപോലെ സ്ഥിരം ഒന്നാംജഡ്ജിയുടേയും അഭിപ്രായം അറിഞ്ഞതിനുശേഷം അല്ലാതെ ആ ഉപദേശം നടപ്പിൽവരുത്താൻ സാധിക്കുകയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സ്ഥിരം ഒന്നാംജഡ്ജിയും പകരം ഒന്നാംജഡ്ജിയും തമ്മിൽ ഒരു വ്യത്യസ്തത മെംബർ ഉണ്ടാക്കുന്നു എന്നു അതിൽനിന്നും അർത്ഥമാകുന്നുണ്ടല്ലോ.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഉണ്ടു. കുറച്ചൊക്കെ. പകരം ഉദ്യോഗസ്ഥൻ കുറച്ചുനാളത്തേക്കുമാത്രമേ ഉദ്യോഗത്തിൽ ഇരിക്കുകയുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ദിവാൻറെ ജോലി കൊച്ചുനാളത്തേക്കുമാത്രം ആക്ടിംഗ് ദിവാനം നോക്കുന്നതുകൊണ്ടു, ആക്ടിംഗ് ദിവാൻറെ സംഗതിയും ഇതുപോലെതന്നെയല്ലയോ? എങ്കിലും, അദ്ദേഹം ഉത്തരവു പാസ്സാക്കിയില്ലയോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ) ഗവർണ്ണറുടെ ഉത്തരവുപാസ്സാക്കി അതു ഇപ്പോൾ നടപ്പിൽ ഇരിക്കുന്നവയെ തുടർന്നുകൊണ്ടുപോകുന്നതിലേക്കായിരുന്നു. അല്ലാതെ എന്തെങ്കിലും വ്യത്യാസത്തെ വരുത്തുന്നതിലേക്കല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആക്ടിംഗ് ഒന്നാംജഡ്ജിയുടേയും സ്ഥിരം ഒന്നാംജഡ്ജിയുടേയും തീരുമാനങ്ങൾക്കിടയിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ, എന്തുകൊണ്ടാണ് ഡിസംബർവരെയും ആക്ടിംഗ് ദിവാൻറെയും തീരുമാനങ്ങൾക്കു തമ്മിൽ ഒരു വ്യത്യാസവും ഉണ്ടാക്കുവാൻ പാടില്ലാത്തതു് ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): അതുകൊണ്ടുതന്നെയാണ് ആക്ടിംഗ് ദിവാൻറെകാലത്തു അതുമതിയെ എന്നുവരിലും ഗവർണ്ണറാണ് ഉത്തരവുകൾ പാസ്സാക്കിയതെന്നു ഞാൻ പറഞ്ഞതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഹൈക്കോടതിയിൽനിന്നല്ലയോ അപ്രകാരം ഒരു ശുപാർശ ചെയ്യപ്പെട്ടതെന്നു എന്നെ അറിയിക്കുമോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): നമ്മുടെ വിചാരത്തിലുള്ള ശുപാർശ ഹൈക്കോടതിയുടെ ശുപാർശയല്ല. അതു ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ഒരു ശുപാർശയായിരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു ന്യായാധിപ ഉദ്യോഗസ്ഥൻ ആവശ്യമില്ലെന്നു ഒരു ഡിപ്പാർട്ടുമെൻറുമേലധികാരി അഭിപ്രായപ്പെടുകയും, അദ്ദേഹത്തിൻറെ വാക്കിനെ ഗവർണ്ണർ വിശ്വസിക്കുകയും ചെയ്യുന്ന ഒരു സംഗതിയല്ലയോ ഇതു ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): നമ്മുടെ അഭിപ്രായം ആ വിധത്തിൽ അല്ല മനസ്സിലാക്കേണ്ടതു. ആക്ടിംഗ് ഒന്നാംജഡ്ജി ഒരു പരീക്ഷണശുപാർശമാത്രമാണ് ചെയ്തിട്ടുള്ളതു. മൂന്നു മാസത്തേക്കു പരീക്ഷണാർത്ഥം അപ്രകാരം ചെയ്യണമെന്നേ അദ്ദേഹം ഉപദേശിച്ചിട്ടുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും); അദ്ദേഹത്തിൻറെ അവസാനതീരുമാനം എന്തു ആയിരിക്കുമെന്നു ഗവർണ്ണർക്കു മുൻകൂട്ടി അറിയിക്കുന്നതിലേക്കു നിവൃത്തിയില്ല

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): അതു മൂന്നു മാസത്തേക്കു പരീക്ഷിക്കേണ്ട ആവശ്യമുണ്ടെന്നു അദ്ദേഹം അഭിപ്രായപ്പെട്ടുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതുകാരണത്താൽ മൂന്നുമാസം കഴിഞ്ഞിട്ടും ആ ഉദ്യോഗം ആവശ്യമുണ്ടെന്നു അദ്ദേഹം അഭിപ്രായപ്പെട്ടേക്കാമെന്നു മെമ്പർക്കു പറയുവാൻ സാധിക്കുകയില്ല. മൂന്നുമാസം കഴിഞ്ഞിട്ടു ആ സ്ഥാനത്തു ആളിനെ നിയമിക്കേണ്ട ആവശ്യമുണ്ടെന്നു അദ്ദേഹം അഭിപ്രായപ്പെട്ടേക്കാം എന്നു മെമ്പർക്കു എങ്ങിനെ പറയുവാൻ സാധിക്കും.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): ആ സ്ഥാനത്തേക്കു ഒരു സ്ഥിരം സ്ഥാനാർത്ഥിയുള്ളപ്പോൾ ആ സ്ഥാനത്തെ നിയമനം ചെയ്യുന്നതിലേക്കു സ്ഥിരം ഒന്നാംജഡ്ജിയുടെ അഭിപ്രായം കൂടി അറിയേണ്ട ആവശ്യമുള്ളപ്പോഴും നമുക്കു എന്തുചെയ്യുവാൻസാധിക്കും?

മി. വി. സുബ്ബയ്യർ (നിയമനം) ഡിപ്യൂട്ടി പ്രസിഡൻറു): ഡിപ്യൂട്ടിരജിസ്ട്രാരുടെ സ്ഥാനം എത്രനാളായി നിലനിൽക്കുന്നുഎന്നു എന്നെ അറിയിക്കുമോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): മുൻ കാലങ്ങളിൽ ശിരസ്തദാർ എന്ന പേരിൽ ആയിരുന്നു എങ്കിലും ആ ഉദ്യോഗം ഏകദേശം അര നൂറ്റാണ്ടായി നിലനിൽക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ചിറയിലെ മുൻസിഫിനെസംബന്ധിച്ചോ ആഫീസിലുള്ള ഉദ്യോഗസ്ഥന്മാരുടെ സാമ്പത്തികസംബന്ധിച്ചോ പകരം ഒന്നാംജഡ്ജിയോ സ്ഥിരം ഒന്നാംജഡ്ജിയോ ആരാണ് ബന്ധപ്പെട്ടിരിക്കുന്നതു എന്നു എന്നെ അറിയിക്കുമോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): ആക്ടിംഗ് ഒന്നാംജഡ്ജി അദ്ദേഹത്തിൻറെ ആഫീസിലെ ജോലിയെസംബന്ധിച്ചുമാത്രമേ ബന്ധിക്കുവനായിട്ടുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ശുപാർശയെസംബന്ധിച്ചു നോക്കുകയാണെങ്കിൽ ഒരു മുൻസിഫിനെ ജോലിയില്ലാതെ നിറുത്തേണ്ട ആവശ്യമുണ്ടോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): ജോലിയില്ലാതെ ഒരാളുമില്ല. മുൻസിഫിനെ ഒന്നാംജഡ്ജിയായിരുന്ന മിസ്റ്റർ വീരരാഘവയ്യരുടെ രേഖാമൂലമായ നിർദ്ദേശങ്ങൾ അനുസരിച്ചുള്ളതും ഞാൻ മുൻപിൽ പ്രസ്താവിച്ചിട്ടുള്ളതുമായ ജോലികളാണ് അദ്ദേഹം ഇപ്പോൾ ചെയ്യുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പരീക്ഷണാർത്ഥമുള്ള ഈ മൂന്നു മാസത്തേക്കു ഇപ്പോഴുള്ള ഡിപ്യൂട്ടി രജിസ്ട്രാരെ മറ്റു വല്ല ഡിപ്പാർട്ടുമെൻറിലേക്കു സ്ഥലംമാറ്റാൻ പാടില്ലയോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർ വക്കീൽ): അതു പ്രായോഗികമായിട്ടുള്ളതല്ല.

പ്രസിഡൻറു: മിസ്റ്റർ മാധവൻപിള്ളേ, ഈ പ്രസ്തുതപ്രമേയത്തിനു—അതായതു ഹൈക്കോടതിയുടെ എസ്റ്റാബ്ലിഷ്മെൻറിനെസംബന്ധിച്ചു—അതു യോജിച്ചതല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വല്ലവിധത്തിലും കഴിയേണ്ടതായ ഒരാശയമുണ്ടു്.

പ്രസിഡൻറു: ഡിപ്യൂട്ടിരജിസ്ട്രാർ ചെയ്യേണ്ടതായ ജോലിയെസംബന്ധിച്ചു ബാരിസ്റ്റർ നിങ്ങളുടെ മുമ്പാകെ വായിച്ചുകേൾപ്പിക്കയും നിങ്ങളോടു വിശദമായി വിവരിച്ചുപറയുകയുംചെയ്തു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശുപാർശ ഒരു വിലയില്ലാത്തതാണെന്നു അതിൽനിന്ന് അർത്ഥമാകുന്നുണ്ടോ?

പ്രസിഡൻറ്: ആക്ടിംഗ് ഒന്നാംജഡ്ജിയും സ്ഥിരം ഒന്നാംജഡ്ജിയും തമ്മിൽ വ്യത്യാസമുണ്ട്. ഗവർണ്ണർ നിയമിക്കുക ശുപാർശകൾ ഗ്രഹിച്ചിട്ടാണ് അയച്ചിട്ടുള്ളതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആ നിയമനം ആവശ്യമില്ലെന്നാണ് പറയപ്പെട്ടിരിക്കുന്നതും; അതിനുസംബന്ധിച്ചു ഗവർണ്ണർക്കു ഒരു ശുപാർശയയക്കുകയുംചെയ്തിട്ടുണ്ട്; ആ ഉദ്യോഗം ഗവർണ്ണർക്കു നിലനിർത്തികൊണ്ടുപോരുകയും ജോലിയില്ലാത്ത ഒരു ഉദ്യോഗസ്ഥനു ശമ്പളംകൊടുക്കുന്ന ആവശ്യകത നികുതികൊടുക്കുന്നവരിൽ ചുമത്തുകയുംചെയ്യുന്നു.

പ്രസിഡൻറ്: ഈ സംഗതിയെസംബന്ധിച്ചു വേണ്ടുവോളം ഉത്തരം പറഞ്ഞുകഴിഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ പ്രമേയത്തിനു സമാധാനം പറയേണ്ട മെമ്പറിൻെറ അഭിപ്രായം കേട്ടതിൽ ഒരു ഉദ്യോഗസ്ഥനു ജോലിയില്ലാതെ വച്ചുകൊണ്ടിരിക്കുന്നതിൻെറ ആവശ്യത്തെപ്പററി ഞങ്ങൾക്കു തൃപ്തിവരുന്നില്ല. ഒരു പൊതുനയത്തെ അടിസ്ഥാനപ്പെടുത്തിനോക്കിയാൽ ഒരു ജോലിയും ചെയ്യാതെ ഒരു ഉദ്യോഗസ്ഥനു ശമ്പളംകൊടുത്തു വച്ചുകൊണ്ടിരിക്കുന്നതിലേക്കു പണം ചിലവാക്കുന്നതു നിരുപയോഗമായിട്ടുള്ളതാണ്. രാജ്യം വളരെ നിർധനാവസ്ഥയിലാണ് സ്ഥിതിചെയ്യുന്നതു. സർക്കാർ സേവനത്തിനുള്ള ചിലവു് വളരെ കൂടുതലാണെന്നാണ് എല്ലായിടത്തുമുള്ള ഒരു മുറവിളി. ജോലിയില്ലാതെ ഒരു ഉദ്യോഗം വച്ചുകൊണ്ടിരിക്കേണ്ട ഒരു ആവശ്യവുമില്ലെന്ന് പറയുന്ന ആളും അദ്ദേഹത്തിൻെറ ഡിപ്പാർട്ടുമെൻറിലെ ജോലിയെപ്പററി തല്ലുതുപോലെ അറിയാവുന്ന ആളുംആയ ഒരു രേണശാഖാധ്യക്ഷൻെറ ഒരു പ്രത്യേക ഉദ്ധാന്തം ഇതാ നമ്മുടെ വിചാരണാവിഷയമായിരിക്കുന്നു. ഒന്നാംജഡ്ജിയുടെ ശുപാർശയെ നിരാകരിച്ചു ആ ഡിപ്പാർട്ടുമെൻറിലെ ജോലികൾ ഒരു കുഴപ്പവുംകൂടാതെ ആ ഉദ്യോഗത്തെ നിർത്തൽചെയ്യുന്നതിലേക്കു സാധിക്കുമെന്നു രേണശാഖാധ്യക്ഷൻ പറയുമ്പോൾ ആ ഉദ്യോഗം നിലനിർത്തികൊണ്ടുപോരേണ്ട ആവശ്യം എന്താണെന്ന് നമ്മൾക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. പണത്തിൻെറ ദൌർലഭ്യംനിമിത്തം മാററിവയ്ക്കേണ്ടതായ അനേകമത്യാവശ്യസംഗതികൾഉണ്ട്. ഒരു പ്രത്യേകഉദ്യോഗം നമുക്കു ആവശ്യമില്ലാത്തതായ ഒരു ഉദാഹരണം ഇതാണ്. എന്നാൽ ഗവർണ്ണർക്കു ഒരു ഉദ്യോഗസ്ഥനു ആവശ്യമില്ലാത്തതായ ഒരു രേണശാഖാ മേലധ്യക്ഷൻെറ തലയിൽ ആ ഉദ്യോഗസ്ഥനെ കെട്ടിവയ്ക്കുന്നു. അതു ന്യായീകരിക്കത്തക്കതാണോ എന്നു ഗവർണ്ണർക്കിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഒരു പുതിയസമ്പ്രദായവുംകൊണ്ടു ഒരു രേണശാഖാധ്യക്ഷൻ വരുമ്പോൾ കൂടുതൽ വന്നിട്ടുള്ള ഉദ്യോഗങ്ങൾക്കു ശമ്പളംകൊടുക്കുന്നതിനു നമ്മൾക്ക് പണമില്ലെന്നും ആവശ്യമുള്ള പണം ഉണ്ടാകാത്തതുകൊണ്ടു അദ്ദേഹത്തിൻെറ പരിഷ്കാരത്തെ സ്വീകരിച്ചു അദ്ദേഹത്തെ തൃപ്തിപ്പെടുത്തുന്നതിനു സാധിക്കുന്നില്ലെന്നും നമ്മൾ സാധാരണ പറയാറുണ്ട്. ഇപ്രകാരമിരിക്കുന്ന അവസ്ഥയ്ക്കു ഈ പ്രത്യേകസംഗതിയിൽ ഗവർണ്ണർക്കു അംഗീകരിക്കുന്നതായും, മനസ്സിലാക്കുന്നതിലേക്കു എനിക്കു സാധിക്കുന്നില്ല. ഗവർണ്ണർക്കു കുറച്ചുകൂടി തൃപ്തികരമാകുംവണ്ണം സമാധാനം പറയേണ്ട ഒരു വിഷയമാണ് ഇതു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മി. മാധവൻപിള്ളയുടെ ഉപക്ഷേപത്തെ ബലമായി പിന്താങ്ങുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാനും മി. മാധവൻപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ പിന്താങ്ങുന്നു. എൻെറ സ്നേഹിതൻ ലാമെമ്പറിനു ഈ സഭയുടെമുമ്പാകെ ഹാജരാക്കുന്നതിനു മെയവുണ്ടായ എഴുത്തുകുത്തുകളുടെ സ്വഭാവത്തിൽനിന്നും എനിക്കു കാണുവാൻ സാധിക്കുന്നിടത്തോളം നോക്കിയാൽ ഈസംഗതി സാധാരണകാണാറുള്ളതിനു നേരെവിപരീതമായിട്ടുള്ളതാണെന്നു തോന്നുന്നു. ഉദ്യോഗസ്ഥന്മാർ അവരുടെ ആഫീസുകളിൽ ജോലികൾ നിർവിഘ്നം നടത്തുന്നതിലേക്കു കൂടുതൽ ആളുകൾ വേണമെന്നാവശ്യപ്പെടുകയാണ് സാധാരണ സമ്പ്രദായം. ഒരു പ്രത്യേകഉദ്യോഗസ്ഥനെ ആവശ്യമില്ലെന്നും ആ ഉദ്യോഗംകൂടാതെ നിർവിഘ്നം ജോലിനടത്തുന്നതിനു സാധിക്കുമോഎന്നു അറിയുന്നതിലേക്കു ഒരു പരീക്ഷണം ആവാൻ അദ്ദേഹം തയാറാണെന്നും ഒന്നാംജഡ്ജി ഒരു ആക്ടിംഗ്ഒന്നാംജഡ്ജിയാണെങ്കിലും പറഞ്ഞു. ഒന്നാംജഡ്ജിയെ അദ്ദേഹത്തിൻെറ അഭിപ്രായം പരീക്ഷിക്കുന്നതിലേക്കു ഗവർണ്ണർക്കു അനുവദിക്കയില്ലാ. അദ്ദേഹത്തിൻെറ ആഫീസിലെ സാമ്പത്തികജോലി നടത്തുന്നതിലേക്കു അദ്ദേഹത്തിനു ഒരു ഉദ്യോഗസ്ഥനെക്കൂടി വേണമെന്നാണ് ഗവർണ്ണർ പറയുന്നു. അതുകൂടാതെ ഡിപ്പുട്ടിരജിസ്ട്രാരുടെ ഉദ്യോഗംതന്നെ ഇടക്കു ഉണ്ടായിട്ടുള്ള ഒരു സൃഷ്ടിആണെന്നുകൂടി ഞാൻ ഇവിടെ സമർപ്പിച്ചുകൊള്ളട്ടെ. ആദ്യമായി ഹൈക്കോടതി ഒരു രജിസ്ട്രാരെ നിയമിച്ചു, അതിനുശേഷം ഒരു ഡിപ്പുട്ടിരജിസ്ട്രാർകൂടി ആവശ്യമാണെന്നു കണ്ടു

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): അതിനുമുമ്പു ഒരു ശിരസ്തദാരില്ലായിരുന്നുവോ എന്നു ഞാൻ മെമ്പരോടു ചോദിച്ചുകൊള്ളട്ടെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു ശിരസ്തദാരുണ്ടായിരുന്നു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി വക്കീൽ): ആ ഉദ്യോഗസ്ഥൻതന്നെയല്ലയോ പിന്നീടു ഡിപ്പുട്ടിരജിസ്ട്രാർ ആയതെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവിടെ ഒരു മാനേജർ ഉണ്ടായിരുന്നു. ഉദ്യോഗവർദ്ധന പ്രോത്സാഹിപ്പിക്കുന്നതാണെങ്കിൽ ഒരു ഡിപ്പുട്ടിമാനേജരെ നിയമിക്കുന്നതിലേക്കു ആവശ്യപ്പെടുകയായിരിക്കും അടുത്തപടി അതിനുശേഷം ഇപ്രകാരം തുടർന്നുകൊണ്ടുപോകയാണെങ്കിൽ ക്ലർക്കന്മാരുടെയും ഡിപ്പുട്ടിക്ലാർക്കന്മാരുടെയും ഉദ്യോഗങ്ങളിൽ ചെന്നുചേരേണ്ടതായിവരും. ഉദ്യോഗങ്ങളുടെ വർദ്ധന ഇപ്രകാരം ആണ് പോകുന്നതു. ചിലവിൻെറ ലാഘവത്തെ ഉദ്ദേശിച്ചു ഏതെങ്കിലും ഉദ്യോഗസ്ഥൻെറ ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ കുറക്കുന്നതിലേക്കായി ഏതെങ്കിലും ഉദ്യോഗസ്ഥൻെറ ശുപാർശയെ സ്വീകരിക്കയും അതിനെ പ്രബലമായി പിടിക്കയും ചെയ്യേണ്ടതു ഗവർണ്ണർക്കിൻെറ പ്രധാന നോട്ടമായിരിക്കേണ്ടതാണ്. ആണ്ടവസാനറിപ്പോർട്ടു മുതലായവ തയാറാക്കുക എന്നിവയെപ്പോലെ ചില ജോലികൾ ഡിപ്പുട്ടിരജിസ്ട്രാരുടെ ഈ ജോലിയിൽ ഉൾപ്പെട്ടതാണെന്നു എൻെറ സ്നേഹിതൻ നമ്മെ വായിച്ചുകേൾപ്പിക്കയുണ്ടായി. ഡിപ്പുട്ടിരജിസ്ട്രാർക്കു ഒരു ഡി

ച്ചട്ടിയക്കുടി നിയമിക്കുകയുണ്ടെങ്കിൽ ആ ആളിനുധാരാളം ജോലി ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ ജോലിയുടെ ഒരുഭാഗം ഡിപ്പുട്ടിരജിസ്ട്രാരുടെ കൊടുത്തുതീർക്കുവാനുള്ള ഡിപ്പുട്ടിരജിസ്ട്രാർക്കു കൊടുക്കുന്നതിലേക്കു സാധിക്കും. അതുകൊണ്ടു അപ്രകാരം ഉദ്യോഗസ്ഥന്മാർക്കു ജോലി ഉണ്ടാക്കുന്നതിലേക്കു എളുപ്പത്തിൽ സാധിക്കാവുന്നതാണു. ചീഫവിസർ ലാഭത്തെ ആസ്പദമാക്കി ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശിപാർശയെ ന്യായമായി വിചിന്തനം ചെയ്യപ്പെട്ടിട്ടുണ്ടോ എന്നാണ് വാദസംഗതി. അപ്രകാരം ചെയ്യപ്പെട്ടിട്ടില്ലാ എന്നാണ് ഞാൻ സമർപ്പിക്കുന്നതു. അപ്രകാരം ഒരു വിചാരണക്കുപോലും ഗവർണ്ണമെന്റു ഒരു അനുവാദം കൊടുക്കയില്ല.

എന്നേയുംകൂടി ഒരു അംഗമായിവേണ്ടു ഒരു കമ്മിററിയിൽച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരസംഗതി നമ്മുടെ ആലോചനക്കു എടുക്കുന്ന സമയം ചിലനിർദ്ദേശങ്ങൾ എനിക്കു പ്രസ്താവിക്കത്തക്കവണ്ണം അപ്രകാരമുള്ള എസ്റ്റാബ്ളിഷ്മെൻറുകളിലെ ആളുകളെ കുറക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും ആണ് ഞാൻ ഇതു ഇവിടെ സമർപ്പിക്കുന്നതു. ഇപ്രകാരമുള്ള സന്ദർഭങ്ങൾ എപ്പോഴെങ്കിലും കിട്ടുകയാണെങ്കിൽ അവയെ ശരിയായി വിനിയോഗിക്കയും അതിൽനിന്നും ലാഭമായികിട്ടുന്നപണം അദ്ധ്യാപകന്മാരുടെ കഷ്ടസ്ഥിതികളെ നന്നാക്കുന്നകാര്യത്തിലേക്കു ചിലവാക്കുകയുംചെയ്യേണ്ടതാകുന്നു. ഡിപ്പുട്ടിരജിസ്ട്രാരുടെ ഉദ്യോഗത്തിൽ ഇപ്പോഴത്തെ സ്ഥാനിത്തിക്കു വിപരീതമായി എനിക്കു ഒന്നുംതന്നെ പറവാനില്ലാ എന്നുള്ളതും അതെസമയത്തുതന്നെ ഞാൻ പറയുകകൂടെട്ടെ. ഇതു തത്വത്തെസംബന്ധിച്ചു ഒരു സംഗതിയാണ്. ഉദ്യോഗസ്ഥന്റെ ഡിപ്പാർട്ടുമെൻറു ഒരുഎസ്റ്റാബ്ളിഷ്മെൻറിൽ ആളുകളെ കുറക്കുന്നതിനു ഒരു ആലോചനകൊണ്ടുവരുമ്പോൾ അതു ഉടനെ സ്വീകരിക്കേണ്ടതാണു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സ്ഥിരം ഒന്നാംജഡ്ജിയുടെ ശിപാർശയെപ്പററി എന്താണ് പറയുന്നതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ പ്രത്യേകം ഉദ്യോഗം ആവശ്യമുണ്ടോ ഇല്ലയോ എന്ന സംഗതിയെപ്പററി അദ്ദേഹം വിചിന്തനം ചെയ്തിട്ടില്ല. ഡിപ്പുട്ടിരജിസ്ട്രാരുടെ സ്ഥാനം നിലനിർത്തിക്കൊണ്ടുപോരണമെന്നാണു എന്നു അദ്ദേഹം വെറുതെ പറഞ്ഞിട്ടുള്ളതേയുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആ ഉദ്യോഗം നിറുത്തുന്നകാര്യം അദ്ദേഹത്തോടു ചോദിച്ചപ്പോൾ അതു ആവശ്യമായിട്ടുള്ളതാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടിട്ടില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഹൈക്കോടതിയിൽ വലിയ ജോലികുമിഞ്ഞിക ഉണ്ടായിരുന്ന വളരെക്കാലംമുമ്പായിരുന്നു അതു അന്നു കേസുകൾ ബോർഡ്ചെയ്യുന്നജോലി ഡിപ്പുട്ടിരജിസ്ട്രാർ നോക്കിവന്നിരുന്നു

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ ഉദ്യോഗം നിറുത്തണമെന്നു സാധാരണക്കാരിയും ശിപാർശചെയ്തിട്ടില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ഉണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതോടുകൂടി ചേർത്താൽ ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശിപാർശക്കു കുറച്ചുകൂടി കൂടുതൽ വില കല്പിക്കാൻ പാടില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). തീർച്ചയായി ആകാം. അതിനെ പ്രത്യേകം നോക്കിയാലും ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശിപാർശക്കു ഒട്ടും വിലകുറവില്ലെന്നാണ് ഞാൻഅഭിപ്രായപ്പെട്ടുവാൻ പോകുന്നതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും- ദേവികുളവും): സ്ഥിരം ഒന്നാംജഡ്ജി തിരിച്ചുവരുമ്പോൾ അദ്ദേഹം കുഴപ്പത്തിലാകയ്ക്കാതെന്നു ലാമെംബർക്കൊണ്ടു വന്നിട്ടുള്ള അഭിപ്രായത്തെ സംബന്ധിച്ചു മെമ്പർ എന്തു പറയുന്നു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങിനെയാണെങ്കിൽ ഒരു ഡിപ്പുട്ടിരജിസ്ട്രാരെ കൂടാതെ ജോലിനിർവ്വിഘ്നം നിർവ്വഹിക്കുന്നതിലേക്കു സാധിക്കയില്ലെന്നും അതിലേക്കു വേണ്ടതു അനുവദിക്കണമെന്നു സ്ഥിരം ജഡ്ജി അഭിപ്രായപ്പെടുന്നു എന്നും പറഞ്ഞു കൂടുതൽപണം അനുവദിക്കണമെന്നു ഒരു അഭ്യർത്ഥനയുംകൊണ്ടു ഗവർണ്ണമെന്റിനു ഈ സഭയിൽ വരാവുന്നതാണ്. അതു് ആറുമാസം കഴിഞ്ഞിട്ടായിരിക്കും. ഈ ആറുമാസത്തേക്കു മാസം ക്ക ൦ രൂപാവീതം ഗവർണ്ണമെന്റിന് ൯൦൦ രൂപാ ലാഭിക്കാൻ സാധിക്കും. രാജ്യത്തിന് അത്രത്തോളം ഒരാശ്വാസമുണ്ടാവുകയുംചെയ്യും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അതുവരെ ആ സ്ഥാനത്തിൽ നിയമിച്ചുകഴിഞ്ഞ ആളിനെ എന്തുചെയ്യണമെന്നുപറഞ്ഞാൽ കൊള്ളാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ആളിനോടു വേറെ വല്ല ജോലിയും ചെയ്യുന്നതിലേക്കു പറയുകയോ പകുതി ശമ്പളത്തിൽ അവധി എടുക്കുന്നതിലേക്കു ആവശ്യപ്പെടുകയോ അതല്ലെങ്കിൽ ആ വിധത്തിൽ എന്തെങ്കിലും ചെയ്യുന്നതിലേക്കു പറയുകയോ ചെയ്യാവുന്നതാണു. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. വി സുബ്ബയ്യർ (നിയമനം) (ഡെപ്യൂട്ടിപ്രസിഡൻറു): സർ, ഈ സംഗതിയിൽ തത്വത്തെസംബന്ധിച്ചു ചില വാദം പുറപ്പെടുവിക്കയുണ്ടായി. അതായതു ഒരു ഗുണശാഖാധ്യക്ഷനിൽനിന്നും ഒരു ശിപാർശ ഉണ്ടാകുമ്പോൾ ചിലവു കുറക്കുന്നതു് പ്രയോജനകരം അല്ലയോ എന്നാണു. നമ്മുടെ അതിനെ അനുകരിച്ചു നടക്കുന്നതാണെങ്കിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഒരു ഗുണാധ്യക്ഷൻ ആക്ടിംഗ്ആയ് ജോലിനോക്കിക്കൊണ്ടിരിക്കുന്നകാലത്തു് വലിയ ദോഷതികൾ ഒന്നും ചെയ്യാൻ പാടില്ലെന്നുള്ള സ്ഥാപിതമായ ഇളിപോലെയുള്ള ദോഷതതത്വം ഉണ്ടു്. ഡിപ്പാർട്ടുമെൻറുകളിലെ ഗുണങ്ങളെപ്പററി എനിക്കു കുറച്ചൊക്കെ അറിയാവുന്നതുകൊണ്ടാണു ഞാൻ ഇപ്രകാരം പറയുന്നതു്. അപ്രകാരമുള്ള എന്തെങ്കിലും വ്യത്യാസങ്ങൾ വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ സാധാരണയായി ചെയ്യുവരാറുള്ളതു ആ സ്ഥാനത്തെ സ്ഥിരം ഉദ്യോഗസ്ഥന്റെ ശിപാർശയെ അനുസരിക്കുക എന്നതാകുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹമാണു ആ ഡിപ്പാർട്ടുമെണ്ടിന്റെ ഭാവിയിലെ ജോലിയുടെചുമതലക്കാരൻ. എനിക്കു അനുഭവത്തിൽ അറിയാവുന്നിടത്തോളം നോക്കിയാൽ— അതു നിഷേധിക്കുകയല്ല ഞാൻ

പ്രചാരിക്കുന്നില്ല—ഡിപ്യൂട്ടി രജിസ്ട്രാരുടെ സ്ഥാനം ചുരുങ്ങിയപക്ഷം പതിനഞ്ചോ ഇരുപതോ കൊല്ലം നി
ലനിന്നിട്ടുള്ളതാണ്. അതു നിറുത്തേണമെന്നു ആലോചിച്ചപ്പോൾ അപ്പോഴത്തെ ഒന്നാം ജഡ്ജി അതിനെ നില
നിറുത്തികൊണ്ടു പോരുന്നതിനെപ്പററി വളരെ ബലമായി ശിപാർശ ചെയ്തുണ്ടായി. ആ സ്ഥാനത്തേക്കു
ഒരു ആളിനെ നിയമിക്കാൻ സ്ഥിരം ഒന്നാംജഡ്ജി ശിപാർശചെയ്തപ്പോൾ അതു് ഗവർണ്ണർ സ്വീകരിക്കയും
ആ ആളിനെ ആ സ്ഥാനത്തു നിയമിക്കയുംചെയ്തു. ആഫീസിലെ ജോലിയെപ്പററി നല്ലതുപോലെ അറിയു
ന്നതിനു സമയം കിട്ടുന്നതിനു മുമ്പുതന്നെ ആ ക്ലിംഗ് ഒന്നാംജഡ്ജി ആ ഉദ്യോഗം ആവശ്യമില്ലെന്നു ശിപാർശചെ
യ്തിട്ടുള്ളതാണെന്നു് ഞാൻ പറയാം. പക്ഷേ, അദ്ദേഹത്തിന്റെ ഉപദേശം വളരെ വിചാരയറിയതായിരുന്നേ
ക്കാം. അതിനെസംബന്ധിച്ചു സ്വല്പമെങ്കിലും എനിക്കു സംശയമില്ല. എന്നാൽ ഒരു ആളിനെ നിയമിക്കണ
മെന്നു സ്ഥിരം ഒന്നാംജഡ്ജി ആ ഉദ്യോഗത്തിനു നിന്നതാണ് സ്വല്പം വിഷമം ഉണ്ടാക്കുന്നതു്. ആ
നിയമനം നിറുത്തൽ ചെയ്യുകയാണോ വേണ്ടതു് എന്നു സ്ഥിരം ഒന്നാംജഡ്ജി പറഞ്ഞുവരുമ്പോൾ ആ ഉദ്യോ
ഗം പുനഃസംഘടനം ചെയ്യണമെന്നു പറകയാണെങ്കിൽ ഗവർണ്ണർക്കു ഒരു പുതിയ നിർദ്ദേശമോ ഒരു പുതിയ
ഡിമാൻറോ ഇതു സംബന്ധിച്ചു ഉണ്ടുവരിയ്ക്കേണ്ടതാണ്. അതുണ്ടു വേണ്ടതെന്നുള്ളതു് ഗൗരവമായി ആലോചിക്കേണ്ട ഒരു
കാര്യമായിട്ടാണ്. ഒരു പുതിയ നിർദ്ദേശത്തിന്നു ഒരു പുതിയ ഡിമാൻറ്നു അവകാശം കിട്ടുന്നതിനുണ്ടാ
യിട്ടുള്ളപ്പോൾ അതുകൊണ്ടു സ്ഥിരം ഒന്നാംജഡ്ജിവരുന്നതുവരെ ആ ഉദ്യോഗം നിലനിറുത്തിക്കൊണ്ടു പോരണമെന്നു
ഹത്തിന് അതേ അഭിപ്രായംതന്നെയാണെങ്കിൽ ആ ഉദ്യോഗസ്ഥനെ ഒരു സൂപ്പർന്യൂമററി ആയി കരുതു
കയും വേറെ ഏതെങ്കിലും വിധത്തിൽ ആ ആളിനെ ശിക്ഷയും ചെയ്യുന്നതാണോ കൂടുതൽ ഗൗരവമുള്ളതു്? ആ ഉദ്യോഗം നിറുത്തൽ ചെയ്യുന്ന സംഗതിയിൽ സ്ഥിരം ഉദ്യോഗസ്ഥന് അഭിപ്രായ പ്രകടനത്തിന്
ഒരു സന്ദർഭം കൊടുക്കാതെ ആ നിറുത്തൽ ചെയ്തായാണെങ്കിൽ അതു ന്യായമായിരിക്കയില്ല. ആ ഉദ്യോഗം
നിറുത്തൽ ചെയ്തുകൊണ്ടു നിലനിറുത്തിക്കൊണ്ടു പോരുന്ന സംഗതിയിൽ എനിക്കു ഒരു അഭിപ്രായവും
ഇല്ല. ആ സംഗതിയെപ്പററിയുള്ള വിവരങ്ങളെല്ലാം ഒന്നാം ജഡ്ജിയുടെ അഭിപ്രായംതന്നെയായിരിക്കാം.
സ്ഥിരം ഒന്നാംജഡ്ജിതന്നെ അതിനെപ്പററി ശിപാർശചെയ്യേണ്ടതാണെന്നാണ് ആ സംഗതിയെപ്പററി എനിക്കു
ള്ള അഭിപ്രായം. സ്ഥിരം ഒന്നാംജഡ്ജിക്കു അതു് ശരിയായി വിമർശനം ചെയ്തു് കഴിയുന്നതുവരെ ആ ഉദ്യോഗം
നിലനിറുത്തിക്കൊണ്ടിരിക്കണമെന്നാണു ഞാൻ താഴ്മയായി അപേക്ഷിക്കുന്നതു്. അപ്രകാരമാണു എല്ലാ ഡി
പ്പാർട്ടുമെൻറിലും നടത്തിക്കൊണ്ടുപോരുന്നതെന്നാണ് എനിക്കു തോന്നുന്നതു്. ഈ പ്രത്യേകസംഗതിയിൽ ആ
മാതിരിയ്ക്ക് വിചാരിക്കേണ്ടതു് എന്തിനാണു എന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-മേവികുളവും): സ്ഥിരംഒന്നാംജഡ്ജിവരുന്നതുവരെ ആ ഉദ്യോ
ഗം നിലനിറുത്തിക്കൊണ്ടു പോരുന്നതിനെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായം എന്താണെന്നു എങ്ങനെ അറിയി
ക്കാം?

മി. വി. സുബ്ബയ്യർ (നിയമനം) (ഡിപ്യൂട്ടിപ്രസിഡൻറ്): ഞാൻ ഗവർണ്ണർക്കുവേണ്ടി ഈ സംഗതി
യെപ്പററി വാദിക്കുകയല്ലാ. അതിനെപ്പററി മെമ്പർ മി. കുഞ്ഞുപിള്ള പരമേശ്വരൻപിള്ളയോടു ചോദിക്കേണ്ടതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-മേവികുളവും): സർ, സാധാരണ തത്വത്തെ അടിസ്ഥാനപ്പെടു
ത്തി ഡിപ്യൂട്ടിരജിസ്ട്രാരുടെ ഉദ്യോഗം നിറുത്തൽചെയ്യുന്ന സംഗതിയെ പിൻതാങ്ങുന്നതിനു ഒരാൾ പ്രേരിത
നായേക്കാം. ആ ഉദ്യോഗം നിറുത്തൽചെയ്യുന്ന സംഗതിയെപ്പററിയോ അതുകുറച്ചു നാളത്തേക്കെങ്കിലും പരീ
ക്ഷണാർത്ഥം നിറുത്തൽചെയ്യുന്ന സംഗതിയെപ്പററിയോ ആക്ടിംഗ് ഒന്നാംജഡ്ജി ശിപാർശചെയ്തിട്ടുണ്ട്. അദ്ദേ
ഹത്തിന്റെ ശിപാർശയ്ക്ക് ശരിയായി എന്തുവിധമാണ് വിലകല്പിക്കേണ്ടതെന്നു നമ്മുടെ മനസ്സിലാക്കാൻ ആ ശി
പാർശയുടെ ശരിയായ വാചകത്തെ ചാരമെമ്പർ ഇതുസഭയുടെ മുമ്പാകെ ഉണർത്തിച്ചിട്ടില്ല. എങ്ങിനെ ആയാലും
അദ്ദേഹം അപ്രകാരം ശിപാർശചെയ്തു എന്നുള്ളതു ഒരു പരമാർത്ഥവസ്തുതന്നെ. എന്നാൽ മി. സുബ്ബയ്യർ
ആ ഉദ്യോഗത്തിന്റെ പൂർവ്വചരിത്രം നമ്മളോടു പറകയുണ്ടായി. ഈ ഉദ്യോഗം നിർദ്ദോഷം നിറുത്തൽചെയ്യേണ്ട
തെന്നു നമ്മുടെ ശിപാർശചെയ്യുന്നതിനുമുമ്പു ഈ സഭ ആ സംഗതിയെപ്പററി ഗൗരവമായി ആലോചിക്കേണ്ടതാണെ
ന്നു മി. സുബ്ബയ്യർ പറഞ്ഞതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഈ സംഗതിയെപ്പററി ശരിയായി വിചിന്തനം
ചെയ്തതിനുശേഷമേ അതു അപ്രകാരംചെയ്യാതെയോ അതു ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ശിപാർശയെന്നു
മെമ്പർ എന്നെ അറിയിക്കുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും) അതിനെപ്പററി എന്തെങ്കിലും പറയുന്നതി
ലേക്കു ഞാൻ പ്രാപ്തനല്ല. അതുകൊണ്ടാണു ചാരമെമ്പറുടെ അടുക്കൽനിന്നും ശിപാർശയുടെ ശരിയായ വാചകം
ഞാൻ അറിയുന്നതിനു ശ്രമിച്ചതു.

മി. കെ. മാധവൻ നായർ (തിരുവനന്തപുരവും നെടുമങ്ങാടും) ആ ആഫീസിലെ ജോലിക്കു ചുമതല
ക്കാരൻ ആരാണു?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികുളവും) ഇപ്പോൾ ആക്ടിംഗ് ഒന്നാംജഡ്ജിതന്നെ
ചുമതലക്കാരൻ. അതുകൊണ്ടു ഇപ്പോഴത്തെ ജോലിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ശിപാർശ
ക്കുവേണ്ടുവോളം പ്രാധാന്യം കല്പിക്കേണ്ടതാണു. എന്നാൽ ആ ഉദ്യോഗം സ്ഥിരമായി നിറുത്തുന്നസംഗതിയെ
പ്പററി കൂടുതൽ ഗൌരവമായി ചിന്തിക്കേണ്ടതാണു. ആ സ്ഥാനത്തു ഒരാളെ നിശ്ചയിച്ചു കഴിഞ്ഞെന്നുതോന്നുന്നു.
ആ ആളിനെ ഒഴിച്ചു കളയുന്നതിൽ ഗവർണ്ണർക്കു ചില അസൗകര്യങ്ങൾ ഉണ്ടാകാം. ആ സംഗതിയെ
ക്കൂടി ഈ സ്ഥലമാക്കിവേണം ആ ഉദ്യോഗത്തെ പരീക്ഷണാർത്ഥം കുറച്ചുനാൾ നിറുത്തൽചെയ്യുന്നകാര്യത്തെ തീർ
പ്പെടുത്തുവാൻ. എന്നാൽ ആ സംഗതി ഈ സഭമുമ്പാകെ പൂർണ്ണമായി വിവരിച്ചിട്ടില്ലാത്തതുകൊണ്ടു ആ പ്ര
ത്യേകസംഗതിയിൽ ഒരുഭാഗത്തേക്കോ മറുഭാഗത്തേക്കോ ചരിയുന്നതിലേക്കു ഞാൻ പ്രാപ്തനാകുന്നില്ല. ആ
ഉദ്യോഗത്തെ പരീക്ഷണാർത്ഥം കുറച്ചുനാൾ നിറുത്തൽചെയ്യുന്നസംഗതി ഈ സഭയിലെ അംഗങ്ങൾ കുറച്ചുകൂടി
വ്യക്തമായി മനസ്സിലാക്കത്തക്കവണ്ണം ആ സംഗതിയെ വിശദമാക്കുന്നതിലേക്കു ചാരമെമ്പറിനോടു ഞാൻ അ
പേക്ഷിക്കുന്നു. ആ ഉദ്യോഗം നിറുത്തൽചെയ്യുന്നസംഗതി സ്ഥിരം ഒന്നാംജഡ്ജി തിരികെ ജോലിയിൽ പ്രവേ
ശിച്ചതിനുശേഷം മാത്രം ആലോചിച്ചാൽമതിയെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ: മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ഡിപ്യൂട്ടി രജിസ്ട്രാർ ഉദ്യോഗത്തിൽ ഇരിക്കുന്ന ആളിനെപ്പററി മി. പി. കെ. നാരായണപിള്ള ഒന്നുസൂചിപ്പിക്കയുണ്ടായി: അദ്ദേഹത്തെ എനിക്കുകൂടി തന്നെ അറിഞ്ഞുകൂടാഎന്ന ഈ സഭയെ ഞാൻ ധരിപ്പിച്ചുകൊള്ളട്ടെ. ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല: അദ്ദേഹത്തെപ്പററി എനിക്ക് അറിഞ്ഞുകൂട. ഒരു ജോലിയും ചെയ്യാനില്ലാത്ത ഒരുദ്യോഗസ്ഥനുവേണ്ടി പണംചിലവാക്കുന്നതു ബുദ്ധിപൂർവ്വമായിട്ടുള്ളതല്ല എന്നു കണ്ടുകൊണ്ടാണു ഞാൻ ഈ ഉപക്ഷേപത്തെ കൊണ്ടുവന്നതു. ഡിപ്യൂട്ടിരജിസ്ട്രാക്ക് ഇപ്പോൾ വേണ്ടുവോളം ജോലിചെയ്യുണ്ടായിട്ടുണ്ടെന്നു ബാരമംബർ എന്നെ ബോദ്ധ്യപ്പെടുത്തിട്ടില്ല. ഏതെങ്കിലും ഉദ്യോഗത്തിനു ആവശ്യമില്ലാതെ പണംചിലവാക്കുന്ന ഏതെങ്കിലും ഉപദേശത്തോടു യോജിക്കുന്നതിനു എനിക്കു സാധിക്കയില്ല. എന്തുതന്നെയങ്കിലും പണമുണ്ടായിരുന്നാൽ അതു വളരെ ഉചിതമായിട്ടുള്ളതായിരുന്നാലും ജോലിക്കു തടസ്സമൊന്നുംകൂടാതെ അതു ചെയ്യുന്നതിലേക്കു സാധിക്കുമെങ്കിൽ നന്നായി അപ്രകാരം ചെയ്യേണ്ടതാണു. അതുകൊണ്ടു ഈ പ്രമേയത്തെപ്പററി അനുകൂല പ്രതികൂലഭാഗം തിരിയുന്നതിലേക്കു ഞാൻ നിർബന്ധിക്കുന്നു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയററ്): സർ, ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ആദ്യ അഭിപ്രായം ഡിപ്യൂട്ടിരജിസ്ട്രാരുടെ ഉദ്യോഗം നിർമ്മൂലം നിറുത്തിക്കളയണമെന്നായിരുന്നു, എന്നുവരികിലും അദ്ദേഹത്തിന്റെ ആദ്യത്തെ സ്വന്തഅഭിപ്രായം പെട്ടെന്നു പുതുക്കി എന്ന വസ്തുത ഒരിക്കൽകൂടി ഈ സഭയെ ഞാൻ അറിയിച്ചുകൊള്ളട്ടെ. അപ്രകാരം ഉണ്ടായതു ചുരുങ്ങിയ ഒരുകാലമായ അഞ്ചോ ആറോ ദിവസത്തിനിടയിലായിരുന്നു, അതിനുശേഷം ആ സ്ഥാനം പരീക്ഷണാർത്ഥം മൂന്നുമാസത്തേക്കു നിറുത്തൽചെയ്യപ്പെടാവുന്നതാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അതുകൂടാതെ ഡിപ്യൂട്ടിരജിസ്ട്രാരുടെ സ്ഥാനം നിറുത്തൽചെയ്യുന്നതിനു ഗവർണ്ണമെന്റ് അനുവദിച്ചിരുന്നു എന്നുവരികിൽ അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചു കൂടുതൽ ആളുകളെ നിയമിക്കേണ്ടതു ആവശ്യമായി തീരുമായിരുന്നു. ഇപ്രകാരമുള്ള മാററങ്ങൾ അതായതു ഇപ്പോൾ ഡിപ്യൂട്ടിരജിസ്ട്രാരുടെ ഉദ്യോഗം നിറുത്തൽചെയ്യുകയും വിശേഷാൽ പുതിയആളുകളെ നിയമിക്കയും ആക്ടിംഗ് ഒന്നാംജഡ്ജി ഉദ്യോഗത്തിൽ ഇരിക്കുന്നിടത്തോളംകാലം ചെയ്യപ്പെടാൻ പാടില്ലാത്ത ഒരു സംഗതിആകുന്നു, എന്തുകൊണ്ടെന്നാൽ ആ ഉദ്യോഗം നിറുത്തൽചെയ്യുന്നസംഗതിതന്നെ അദ്ദേഹം പരീക്ഷണാർത്ഥമായി ഉപദേശിച്ചിട്ടുള്ളതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്ടിംഗ് ഒന്നാംജഡ്ജി ഭരണകാര്യസ്ഥാനങ്ങളിൽ ഇരിക്കുന്നില്ലയോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയററ്): ഉണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവിടെ അദ്ദേഹത്തിന്റെ നിയമനങ്ങൾക്കു എന്തെങ്കിലും വിലയുള്ളതല്ലേ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയററ്): അതെ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഭരണകാര്യസ്ഥാനത്തിൽ അദ്ദേഹം ഇരിക്കുമ്പോൾ ചെയ്യുന്ന നിയമനത്തിനും ഗവർണ്ണമെന്റിലേക്കു അദ്ദേഹംചെയ്യുന്ന ശിപാർശക്കും തമ്മിൽ വിലയിൽഏതെങ്കിലും വ്യത്യാസമുണ്ടോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയററ്): ഞാൻ മുമ്പുസമർപ്പിച്ചതുപോലെ ഈ പ്രത്യേകസംഗതിയിൽ ആക്ടിംഗ് ഒന്നാംജഡ്ജിയുടെ ആദ്യത്തെ അഭിപ്രായത്തിനുതന്നെ, അദ്ദേഹത്തിന്റെ അഭിപ്രായം പെട്ടെന്നു മാററുകയും ആ ഉദ്യോഗം മൂന്നുമാസത്തേക്കു പരീക്ഷണാർത്ഥം മാത്രം നിറുത്തൽചെയ്യാൻമതിയെന്നു അഭിപ്രായപ്പെടുകയുംചെയ്തതുകൊണ്ടു കുറെ വില കുറയുന്നുണ്ടു, അപ്രകാരമുള്ള ഒരു ശിപാർശ ഗവർണ്ണമെന്റിനു കിട്ടിയപ്പോൾ സ്ഥിരം ഒന്നാംജഡ്ജി അവധിയിൽനിന്നു തിരിച്ചു വരുന്നതുവരെ ആ ഉദ്യോഗം നിർത്തിക്കൊണ്ടുപോരുന്നതു യോഗ്യമായിരിക്കുമെന്നു വിചാരിക്കപ്പെട്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്ടിംഗ് ഒന്നാംജഡ്ജി ആ ഉദ്യോഗം നിറുത്തണമെന്നു ഒരു ശിപാർശചെയ്തുവന്നാൽ അതു സാധുവാകയില്ലെന്നുവിചാരിച്ചു മൂന്നു മാസത്തേക്കെങ്കിലും അതു പരീക്ഷണാർത്ഥം നിറുത്തണമെന്നു ആവശ്യപ്പെട്ടുവന്നാൽ അനുമാനിതക്കതാണോ മെമ്പറുടെ സ്റ്റേറമെന്റ്?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയററ്): അല്ല.

മി. വി. സുബ്ബയ്യർ (നിയമനം) (ഡിപ്യൂട്ടിപ്രസിഡന്റ്): ആക്ടിംഗ് ഒന്നാംജഡ്ജി അഭിപ്രായപ്പെട്ടതനുസരിച്ചു കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കയാണെങ്കിൽ അവരുടെ ചിലവു എന്താണെന്നു എനിക്കു അറിയിക്കാമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയററ്): ൭൪-൮൧-൮൦ രൂപ ശമ്പളത്തിൽ ഒരു ഹെഡ്അക്കൗണ്ടന്റിനെയും ൪൦-൪/൨-൬൦ രൂപ ശമ്പളത്തിൽ ഒരു ക്ലാർക്കിനെയും നിയമിക്കണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.

മി. വി. സുബ്ബയ്യർ (നിയമനം) (ഡിപ്യൂട്ടിപ്രസിഡന്റ്): അതുകൊണ്ടു പുതിയ രണ്ടാളുകളെ കൂടുതൽ നിയമിക്കുന്നതുകൊണ്ടു ഏററവും ചുരുങ്ങിയ ചിലവു ഡിപ്യൂട്ടിരജിസ്ട്രാക്ക് കൊടുക്കുന്ന ശമ്പളത്തെക്കാൾ കുറഞ്ഞതായ ൧൧൪ രൂപയാണു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയററ്): അതെ, ഇപ്രകാരം ഇരിക്കുന്ന അവസ്ഥക്കു ആക്ടിംഗ് ചീഫ്ജഡ്ജിയുടെ ശിപാർശയെ ഗവർണ്ണമെന്റിനു ഉടൻ അനുവദിക്കാൻ പാടില്ലെന്നും സ്ഥിരം ഒന്നാംജഡ്ജി വന്നതിനുശേഷം അദ്ദേഹത്തിനോടു ചോദിക്കുന്നതുവരെ അതിനെ നീട്ടിഇട്ടുകൊണ്ടിരിക്കുവാൻ നിവൃത്തിയില്ലെന്നും ഈ സഭയ്ക്കു കാണാവുന്നതാണു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ വിവരണത്തെ അടിസ്ഥാനമാക്കി ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദംചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപത്തെ പിൻവലിച്ചു.

൨൭-ാം ഉപക്ഷേപം.

താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ടി. പി. നീലകണ്ഠപ്പിള്ള:

൨൭. ഹൈക്കോടതിയിലേയ്ക്കു നീക്കിവച്ചിട്ടുള്ള ഇനം, ൪൪ രൂപയിൽ ഒരു രൂപ കുറയ്ക്കണമെന്നു.

൨൭൭-ാം ഉപക്ഷേപം.

മി. കെ. മാത്യു (ചങ്ങനാശ്ശേരിയും പീരിമേട്ടും): താഴെ പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

൨൭൭. ഹൈക്കോടതിക്കു നീക്കിവച്ചിരിക്കുന്ന ഇനം, ൪൪ രൂപയിൽ ൧ രൂപ കുറയ്ക്കണമെന്നു.

രൂപവൽകരിക്കാൻ ഉദ്ദേശിക്കുന്ന "ചട്ടക്കമ്മററി" ബഡ്ജററിൽ അനുവദിച്ചിരിക്കുന്ന ഇത്ര വലിയ ഒരു തുക ഇതിന്റെ ചിലവിലേയ്ക്കു ആവശ്യമാകണമെങ്കിൽ നിർത്തിക്കേണ്ട ആവശ്യമേ ഇല്ല എന്നു ചൂണ്ടിക്കാണിക്കുന്നതിലേക്കാണു ഞാൻ ഈ ഉപക്ഷേപത്തെ കൊണ്ടുവരുന്നതു. ബഡ്ജററിൽ എഴുപതു രൂപ ശമ്പളത്തിൽ ഒരു പ്രത്യേക സെക്രട്ടറിയും ൨൪ രൂപ ശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റ്ക്ലാർക്കും ൪൦ രൂപ ശമ്പളത്തിൽ ഒരു ശിപായിയും ഉണ്ടായിരിക്കണമെന്നുകാണിച്ചിരിക്കുന്നു. ഈ കമ്മിററി ചെയ്യേണ്ടതായ ജോലി ഒരു പ്രത്യേക എസ്റ്റാബ്ലിഷ്മെൻറിന്റെ നിർമ്മാണത്തിനു മതിയാകുന്നതല്ലെന്നും ഇപ്പോഴത്തെ എസ്റ്റാബ്ലിഷ്മെൻറുകൊണ്ടുതന്നെ ചെയ്യേണ്ടതാണെന്നും ആണ് എന്റെ സമർപ്പണം. സെക്രട്ടറി ഒരു പ്രത്യേകആളായിരിക്കേണ്ട ആവശ്യമേ ഇല്ല. രജിസ്ട്രാരേയോ ഡിപ്പുട്ടിരജിസ്ട്രാരേയോ സെക്രട്ടറിയായി നിയമിക്കാവുന്നതും ഇപ്പോൾ ഹൈക്കോടതിയിൽ ജോലിനോക്കിക്കൊണ്ടിരിക്കുന്ന ഒന്നോ രണ്ടോ ഗുമസ്തന്മാരോടു "ചട്ടക്കമ്മററി"യുടെ ജോലിക്കൂടി ചെയ്യുന്നതിലേയ്ക്കു ആവശ്യപ്പെടാവുന്നതുമാകുന്നു. അതുകൊണ്ടു "ചട്ടക്കമ്മററിക്കു" ഒരു പ്രത്യേക എസ്റ്റാബ്ലിഷ്മെൻറു ആവശ്യമില്ലെന്നു ചൂണ്ടിക്കാണിക്കുന്നതിലേയ്ക്കുമാത്രമാണു ഈ ഉപക്ഷേപം ഞാൻ കൊണ്ടുവരുന്നതു.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കു): ഒന്നാംജഡ്ജിയാണു ചട്ടക്കമ്മററിയിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനത്തെപ്പററി അഭിപ്രായപ്പെട്ടിട്ടുള്ളതു. അതു തൽക്കാലം ഒരു കാര്യത്തേയ്ക്കുമാത്രം അനുവദിക്കേണ്ട ആവശ്യമേയുള്ളു എന്നു മനസ്സിലാക്കുന്നതിലേക്കു ഞാൻ മെമ്പറിനോടു അപേക്ഷിച്ചുകൊള്ളുന്നു. തൽക്കാലമുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ആ കമ്മററി എത്രത്തോളം വേലചെയ്യുന്നുഎന്നു അറിഞ്ഞതിനുശേഷംമാത്രമേ ഉദ്യോഗസ്ഥന്മാരെ കുറയ്ക്കുന്ന സംഗതിയെപ്പററിയോ അതിനെ പരിഷ്കരിക്കുന്ന സംഗതിയെപ്പററിയോഉള്ള ആലോചന വിചിന്തനംചെയ്യാൻ എടുക്കുകയുള്ളു.

മി. വി. സുബ്ബയ്യർ (നിയമനം): (ഡിപ്പുട്ടിപ്രസിഡൻറു): മദ്രാസിൽ നടക്കുന്ന സമ്പ്രദായം എന്താണെന്നു മെമ്പറോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കു): അവിടെ നിയമിച്ചിട്ടുള്ള ഉദ്യോഗസമൂഹത്തിന്റെ സ്വഭാവം എനിക്കു അറിഞ്ഞുകൂടാ, എന്നാൽ മദ്രാസിൽ ഒരു സ്ഥിരം ചട്ടക്കമ്മററി ഉണ്ടെന്നുള്ളതു എനിക്കറിയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു ആക്ടിംഗ് ഒന്നാംജഡ്ജിയുടേയോ അതോ സ്ഥിരം ഒന്നാംജഡ്ജിയുടേയോ ഗ്രൂപാർശയാണോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കു): അതു ആക്ടിംഗ് ഒന്നാംജഡ്ജിയുടേതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്ഥിരം ഒന്നാംജഡ്ജിയുടെ ഗ്രൂപാർശ എന്തിനായിരുന്നുഎന്നു എന്നെ അറിയിക്കുമോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കു): അദ്ദേഹം ഏതെങ്കിലും ഗ്രൂപാർശചെയ്തിട്ടുണ്ടായിരുന്നുവോ എന്നുള്ളതു എനിക്കു അറിഞ്ഞുകൂടാ.

മി. വി. സുബ്ബയ്യർ (നിയമനം) (ഡിപ്പുട്ടിപ്രസിഡൻറു): വേറെ ഒരു ഗ്രൂപാർശ ഉണ്ടായിരുന്നുഎന്നു ഞാൻ വിചാരിക്കുന്നു. രജിസ്ട്രാക്കു അൻപതുരൂപയോമറേറാ മാസപ്പടി കൊടുക്കണമെന്നു അദ്ദേഹം ഗ്രൂപാർശചെയ്തിട്ടില്ലയോഎന്നു എന്നെ അറിയിക്കുമോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കു): ഉണ്ടു. ഞാൻ അതുഇപ്പോൾകണ്ടു, ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശ്യം വ്യക്തമായി കാണിച്ചിട്ടില്ലാതിരുന്നതുകൊണ്ടു ഇപ്പോൾ എന്റെ കൈവശം ഫയൽ മുഴുവനുംഇല്ലാഎന്നുള്ളതാണു ഈ സമയം ഇപ്പോൾ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹമുള്ള ആ വിഷമം.

മി. ടി. കെ. മാത്യു. (ചങ്ങനാശ്ശേരിയും പീരിമേട്ടും): വേറൊരു ഗ്രൂപാർശയുണ്ടായിരുന്നു എന്നാണോ മെമ്പർ പറയുന്നതു?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സെക്രട്ടറിക്കു): ഉണ്ടായിരുന്നു. ഇപ്പോഴത്തെ ഗ്രൂപാർശ താഴെ പറയുന്ന കാര്യത്തിലേക്കാകുന്നു. ൭൦-൯൦-൯൦൦ രൂപ മാസ ശമ്പളത്തിൽ ഒരു സെക്രട്ടറിയേയും ൨൪-൪/൨-൪൦ രൂപ ശമ്പളത്തിൽ ഒരു ക്ലാർക്കിനേയും, ൩൦-൪/൨-൪൪ രൂപ ശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റിനേയും ൯൦ രൂപ ശമ്പളത്തിൽ ഒരു ഹെഡ്പ്യൂണിനേയും മാസം ൧൦ രൂപ വീതം ശമ്പളത്തിൽ രണ്ടുപ്യൂൺമാരേയും നിയമിക്കണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അനേക സംഗതികളെ ആസ്പദമാക്കി ഞാൻ മി. മാത്യുവിന്റെ ഉപക്ഷേപത്തോടു അനുകൂലിക്കുന്നു. ആദ്യമായി നമ്മുടെ മനസ്സിൽ ഉദിക്കുന്നതായ വിഷയം ആ കമ്മററിയുടെ രൂപവൽക്കരണത്തെ സംബന്ധിച്ചുള്ളതാണു. സ്ഥിരം ഒന്നാം ജഡ്ജി തിരിച്ചുവരുന്നതുവരെ അതിന്റെ രൂപവൽക്കരണത്തെ മാററിവയ്ക്കാവുന്നതാണു. സ്ഥിരം ഒന്നാംജഡ്ജി എന്തൊക്കെയോ ഗ്രൂപാർശ ചെയ്തുവെന്നു മിസ്റ്റർ സുബ്ബയ്യർ സൂചിപ്പിക്കയുണ്ടായി. എന്നാൽ ആ സംഗതിയെ മിസ്റ്റർ കുട്ടാലം പരമേശ്വരൻപിള്ളയ്ക്കു ഏതെങ്കിലും വിധത്തിൽ വിശദീകരിക്കുന്നതിനു തൽക്കാലം സാധിക്കുന്നില്ല. ഒരു ആഫീസിന്റെ സ്ഥിരമായുള്ള സൃഷ്ടിയെ സംബന്ധിച്ചുനോക്കിയാൽ അതു ആക്ടിംഗ് ഒന്നാം ജഡ്ജിയാണ് ഇപ്പോൾ ഗ്രൂപാർശ ചെയ്തിരിക്കുന്നതു. ഇൻപിലെത്ത ഉപക്ഷേപത്തിലെ തത്വത്തെ ആധാരമാക്കി നോക്കിയാൽ ഈ സംഗതിയെപ്പററി സ്ഥിരം ഒന്നാംജഡ്ജിക്കു എന്തെങ്കിലും പറവാനുണ്ടോ എന്നു കാത്തുനിന്നു അറിഞ്ഞതിനുശേഷം ചെയ്യുന്നതാ

ണ്ടെന്നു ചൂണ്ടിക്കാട്ടി നല്ലതെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. എങ്ങിനെയായാലും സ്ഥിരം ഒന്നാംജഡ്ജി തിരിച്ചു വന്നതിനു വിഷയംപോലെ അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഗ്രഹിക്കുന്നതിനു ഈ സംഗതി ആറു മാസത്തേക്കു മാറിവയ്ക്കേണ്ടതാണെന്നാണു എന്റെ സമർപ്പണം. അതുകൂടാതെ ഇപ്രകാരമുള്ള ശമ്പളത്തോടുകൂടിയ ഒരു ഉദ്യോഗസമൂഹത്തിന്റെ സൃഷ്ടിയുടെ ആവശ്യം എനിക്കു അത്ര തോന്നുന്നില്ല.

മി. കെ. ജോർജ് (ഗവർണ്ണമന്റ് ചീഫ്സെക്രട്ടറി): അതിനു വേണ്ട ചിലവു നിയമത്തിൽതന്നെ കരുതി വച്ചിട്ടില്ലായോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ കമ്മററിയുടെ ആവശ്യത്തെപ്പററി അതിൽ ഉണ്ട്, എന്നാൽ ഇപ്രകാരമുള്ള ശമ്പളത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു കമ്മററിയല്ല അതു. അതിനുംപുറമേ ചട്ടകമ്മററികൾക്കുചിതം കൂട്ടുകയോ പരിക്ഷ ഒരിക്കലും കൂടാതിരിക്കുകയോ ചെയ്യുന്ന ഒന്നാണ്; മദ്രാസ്, കൽക്കത്താമുതലായ സ്ഥലങ്ങളിലെ ചട്ടകമ്മററിയെ സംബന്ധിച്ചിടത്തോളം മിസ്റ്റർ പരമേശ്വരൻപിള്ള സൂചിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതുപോലെ അവ അത്രയ്ക്കു തവണകൂടാറില്ല. ഒരു വിധത്തിൽമാത്രമേ ചട്ടകമ്മററിയുടെ മീററിംഗ് കൂടേണ്ടതാവശ്യം ഉണ്ടാകേയുള്ളു—അതായതു സിവിൽനടപടിനിയമത്തിലെ ഏതെങ്കിലും ഉത്തരവിലെ ഒരു പ്രത്യേകചട്ടം അവിടേയോ ഇവിടേയോ എവിടെയെങ്കിലും വ്യത്യാസം വരുത്തുന്നതിലേക്കു ആകുന്നു. ആ ആവശ്യത്തിലേക്കു ഒരു ചട്ടകമ്മിററിയുടെ രൂപത്തിൽ ഒരു വലിയ കൂസന്യം ഉണ്ടാക്കണമെന്നു പറയുന്നതു അസാധാരണമാണെന്നാണു ഞാൻ വിചാരിക്കുന്നതു. അതുകൊണ്ടു മിസ്റ്റർ മാത്യുവിന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനു എനിക്കു വളരെ സന്തോഷമുണ്ടു.

മി. വി. സുബ്ബയ്യർ (തിരുമനം) (ഡിപ്യൂട്ടിപ്രസിഡൻറ്): സർ, ഞാൻ ഈ ഉപക്ഷേപത്തോടു അനുകൂലിക്കുന്നു. സിവിൽ നടപടി നിയമപ്രകാരം രൂപവൽക്കരിക്കുന്ന ഒരു കമ്മററിയാണ് ചട്ടകമ്മററി. ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തേണ്ടതു ആവശ്യമാണെന്നു തോന്നുന്ന അവസരത്തിൽ അപ്രകാരം ചെയ്യുന്നതാണ് ആ കമ്മററിയുടെ ചുമതല. ആ സംഗതിയിൽ പഴയ പരിചയംഅനുസരിച്ചു നമ്മൾ നടക്കുകയാണെങ്കിൽ നമ്മൾ അനുകരിച്ചതായ സിവിൽനടപടിനിയമം നടപ്പിലിരിക്കുന്ന ബ്രിട്ടീഷ്ഇന്ത്യൻപ്രവിശ്യയിൽ ബ്രിട്ടീഷ്ഇന്ത്യൻ സിവിൽനടപടിനിയമം നടപ്പിൽ വരുത്തിയ തീയതിയായ ക്ക ൧ ൧-നു ശേഷം അധികം ഭേദഗതികൾ ഉണ്ടാക്കിയിട്ടില്ലെന്നു ഞാൻ വിശ്വസിക്കുന്നു. മദ്രാസ് ഹൈക്കോടതിയിലെ രജിസ്ട്രാർക്കു മാസം ൧൦൦ രൂപ കൊടുക്കുന്നുണ്ടെന്നും അദ്ദേഹം ഇക്കൂട്ടപ്പെടുന്ന ഏതു വിധത്തിലും ആ തുക ചിലവാക്കുന്നതിനു അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ടെന്നുംഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിനു ആ തുക കീഴിലുള്ള ക്ലാർക്കന്മാർക്കു ഭാഗിച്ചുകൊടുക്കാം. എന്നാൽ ചട്ടകമ്മററിയുടെ ജോലി ശരിയായി നടക്കുന്നുണ്ടോ എന്നു അദ്ദേഹം നോക്കണം. ഇവിടെ ഒരു മിനിട്ടിനുമുൻപു ഡെപ്യൂട്ടിരജിസ്ട്രാർ ഉദ്യോഗത്തിന്റെ ആവശ്യത്തെപ്പററി വാദപ്രതിവാദം നടന്നു കഴിഞ്ഞതേയുള്ളു. അദ്ദേഹത്തിന്റെ സ്ഥാനത്തു രണ്ടു ക്ലാർക്കന്മാരെ നിയമിക്കണമെന്നു ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹത്തിനു വലിയ ജോലിഭാരമില്ലെന്നു പറയുകയുണ്ടായി. അതുകൊണ്ടു നമ്മൾ പണലാഭത്തെപ്പററി കരുതുകയാണെങ്കിൽ കൂടുതൽ ശമ്പളമൊന്നും കൊടുക്കാതെ അദ്ദേഹത്തിനോടു ഉദ്യോഗനിലയിൽ സെക്രട്ടറിആകുന്നതിലേക്കു ആവശ്യപ്പെടണമെന്നു ഞാൻ പറയാം. അദ്ദേഹം കൂടുതൽജോലിചെയ്യുന്നുവോ എന്നു അപ്പോൾ നമുക്കു കാണാൻ സാധിക്കും. കൂടുതൽ ജോലി ചെയ്യുന്നുഎങ്കിൽ അദ്ദേഹത്തിനു കൂടുതൽപ്രതിഫലം കൊടുക്കേണ്ടതാണെന്നുള്ള അപേക്ഷ അദ്ദേഹംതന്നെ കൊണ്ടുവരും. നമ്മൾക്കു പിന്നീടു അതിനെപ്പററി വിചിന്തനംചെയ്യാം. ഗവർണ്ണർ തീർച്ചപ്പെടുത്തുന്നപ്രതിഫലം സെക്രട്ടറിക്കു കിട്ടുമെന്നുമാത്രമേ നിയമത്തിൽ പറയുന്നുള്ളു. എന്തെങ്കിലും പ്രതിഫലം ക്ലെയിംചെയ്യുന്നതു ഗവർണ്ണർക്കിന്റെ മേലുള്ള ചുമതലയല്ല. പ്രതിഫലം കൊടുക്കാതെ ഉദ്യോഗനിലയിൽ കൂടുതലായി ജോലിചെയ്യുന്നതിനു ഉദ്യോഗസ്ഥന്മാരിൽ ഒരാളിനോടു അവർ ആവശ്യപ്പെട്ടേക്കാം. ഹൈക്കോടതിയിലെ മാനേജരുടേയും ഡെപ്യൂട്ടി രജിസ്ട്രാരുടേയും ജോലികളുടെ ആവശ്യകതയെപ്പററി ചില വാദപ്രതിവാദങ്ങൾ നമ്മൾനടത്തിയതിനു കണ്ടിട്ടു മാനേജരോടോ ഡെപ്യൂട്ടി രജിസ്ട്രാരോടോ ചട്ട കമ്മററിയുടെ ജോലിക്കൂടി ചെയ്യുന്നതിലേക്കു പറയുകയാണെങ്കിൽ ഹൈക്കോടതിയിലെ ഉദ്യോഗസംഘത്തിനു കൂടുതൽ ജോലി ആകയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഓരോ ജഡ്ജിമാർക്കും അവർ കൂടുന്നതായ കോടതിയിൽ സമാധാനം പരിപാലിക്കുന്നതിലേക്കു ഏതോ ഏതോ ശിപായിമാർ ഉള്ളസ്ഥിതിക്കു ചട്ടകമ്മററിക്കു മൂന്നു ശിപായിമാരെ നിയമിക്കുന്നതിനുള്ള വാദത്തിൽ കഗൗരവതരമായി വിശ്വസിക്കപ്പെടുകയോ വശീകരിക്കപ്പെടുകയോ ചെയ്തതല്ല ഞാൻ. ഇപ്രകാരമിരിക്കുന്ന സ്ഥിതിക്കു ഏതെങ്കിലും കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽതീർച്ചയായി വിപരീതകക്ഷിയാണുഞാൻ. സ്ഥിരം ഒന്നാം ജഡ്ജി അൻപതു രൂപ പ്രതിമാസം ഒരു പ്രതിഫലമായോ അലവൻസായോ-അല്ലെങ്കിൽ നിങ്ങൾക്കു എന്തെങ്കിലും പേരുകൊടുത്തുകൊൾക—ആദായമായോ—രജിസ്ട്രാർക്കു കൊടുക്കണമെന്നു ഗ്രൂപ്പാർ ചെയ്തിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതുപോലും കുറെ നാൾ കൊടുക്കാതിരിക്കണമെന്നാണു ഞാൻ ആവശ്യപ്പെടുന്നതു. അപ്രകാരമാകണങ്കിൽ അതുഒരു പുതിയഉദ്യോഗസംഗതി ആകാൻ നിവൃത്തിയില്ലാത്തതാണ്. എന്നാൽ സർവീസിൽ ഇരിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ സംഗതി മാത്രമായിരിക്കും അതു. അതുകൊണ്ടു ഡിപ്യൂട്ടി രജിസ്ട്രാരെ കൂടാതെ ഹൈക്കോടതിയിലെ ജോലികൾ ശരിയായി നടന്നുപോകുമെന്നു വിചാരിക്കുന്ന ആക്ടിംഗ് ഒന്നാം ജഡ്ജിയുടേയും സ്ഥിരം ഒന്നാം ജഡ്ജിയുടേയും ഗ്രൂപ്പാർശകൾ നമ്മൾക്കു ഓരോ സമയത്തുതന്നെ സായുവാക്കുവാൻ സാധിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (കുന്നുംകുളം): മി. സുബ്ബയ്യരുടെ അഭിപ്രായത്തോടു ഞാൻ ബദ്ധമായി യോജിക്കുകയും അതുകൊണ്ടു മി. മാത്യുവിന്റെ ഉപക്ഷേപത്തെ പിൻതാങ്ങുകയും ചെയ്യുന്നു.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടേറിയൽ); ആറുമാസക്കാലത്തേയ്ക്കു ഈ സംഗതി ആലോചനയ്ക്കു എടുക്കാതെയിരിക്കുന്നതിൽ ഞാനും യോജിക്കുന്നു. അതിനുശേഷം ഈ സംഗതി വീണ്ടും ആലോചനയ്ക്കു എടുക്കാവുന്നതാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): സർ, ഗവർണ്ണമെന്റിന്റെ ആറുപേരായി അഡീഷനൽ ഹെഡ് സെക്രട്ടേറിയൽ സ്ഥിരം ഒന്നാം ജഡ്ജി വന്നതിനുശേഷം അദ്ദേഹത്തോടു ഈ സംഗതിയെപ്പററി അഭിപ്രായം ചോദിക്കുന്നതുവരെ അതു തീരുമാനിക്കാതെ ഇട്ടേക്കാമെന്നു തീർച്ചപറയുന്നതുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

മി. വ. സുബ്ബയ്യർ (നിയമനം) (ഡിപ്യൂട്ടിപ്രസിഡണ്ട്): അതു നടപ്പിൽ വരുത്തുന്നതു സൂക്ഷിച്ചുകൊള്ളാമെന്നു എന്റെ സ്നേഹിതൻ പറയുന്നതിൽനിന്നും അദ്ദേഹം എന്താണു ഉദ്ദേശിക്കുന്നതു എന്നു എനിക്കു അറിഞ്ഞുകൂടാ ഉദ്യോഗസമൂഹത്തേയാണോ അതൊ ചട്ട കമ്മററിയേയോ? ആ റഗുലേഷൻപ്രകാരം ചട്ട കമ്മിററിയെ നിയമിക്കേണ്ടതാണ്. ഉദ്യോഗസമൂഹ നിയമനത്തെമാത്രമെ നടപ്പിൽ വരുത്താതിരിക്കുവാൻ സാധിക്കുകയുള്ളു.

മി. കുഞ്ഞാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ഉദ്യോഗസമൂഹം എന്നുമാത്രമെ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

വകുപ്പു ... ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. കെ. എ. ജോസഫ്.

വകുപ്പു. ഹൈക്കോടതിക്കു നീക്കിവച്ചിരിക്കുന്ന ... രൂപയിൽ ... രൂപ കുറയ്ക്കുന്നതിനു.

മി. കെ. കെ. തോമസ്.

വകുപ്പു. സിവിൽകോടതികൾക്കും സെഷൻകോടതികൾക്കും നീക്കിവച്ചിരിക്കുന്ന ... രൂപയിൽ ... രൂപ കുറയ്ക്കുന്നതിന്.

ഉപക്ഷേപം വകുപ്പു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സർ; താഴെ പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

വകുപ്പു. സിവിൽകോടതികൾക്കും സെഷൻകോടതികൾക്കും ആയി നീക്കിവച്ചിരിക്കുന്ന, ... രൂപയിൽനിന്നും ... രൂപ കുറയ്ക്കുന്നതിനു.

വില്ലേജ് പഞ്ചായത്തുകോടതികളിലേയ്ക്കു ജഡ്ജിമാരെ നിയമിച്ചുവരുന്ന ഇന്നത്തെ രീതിയിൽ പല ദോഷങ്ങളും ഉണ്ടെന്നുള്ള സംഗതി പറയാനായിട്ടാണു ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്.

പ്രധാനമായി ഇപ്പോൾ അതിലേയ്ക്കു നടത്തിവരുന്ന നിയമന രീതിയെ നോക്കാം. ജഡ്ജിമാരായി നിയമിക്കേണ്ടവരുടെ കുറെ പേരുകൾ സ്ഥലം പാർവത്യകാർ എഴുതി അയയ്ക്കുന്നു. ആ ലിസ്റ്റിൽ താലൂക്കുകച്ചേരിയിൽനിന്നും ഏതാനും പേരുകൾ തിരഞ്ഞെടുത്തു ഡിവിഷനിലേയ്ക്കു അയയ്ക്കുന്നു. അതിൽനിന്നാ കുറെ പേരുകൾ തിരഞ്ഞെടുത്തു ഗവണ്മെൻറിൽ അയയ്ക്കുകയും അതുപ്രകാരം നിയമനം നടത്തിവരികയും ചെയ്യുന്നു. പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരായി തീരണമെന്നു ആഗ്രഹിക്കുന്നവർ പ്രവർത്തികച്ചേരി മുതൽ ഹജൂർകച്ചേരിവരെ അവരുടെ പേരുകൾ എഴുതുന്നതോടുകൂടി അവരും സഞ്ചരിച്ചു വരികയാണു ചെയ്യുന്നതു. അവരുടെ ഈ ശ്രമങ്ങളിൽ പല അപവ്യാതികൾക്കും അവിഹിതമായ നടപടികൾക്കും ഇടയായിത്തീരുന്നു. ഇങ്ങിനെയുള്ള ദോഷം അതിൽ കടന്നുകൂടിയതോടുകൂടി ജഡ്ജിമാരായി തീരാനുള്ള ഭ്രമം അതിലേക്കു യോഗ്യതയില്ലാത്ത ആളുകളെ ആകർഷിക്കുകയും അവരുടെ മത്സരങ്ങൾ ഓരോ ദിവസവും വർദ്ധിച്ചുവരികയും ചെയ്യുന്നു. ഇതിന്റെ ഫലമായി പഞ്ചായത്തുകോടതികളിൽ ഇരിക്കാൻ യോഗ്യതയില്ലാത്തവർക്കു അവിടെ സ്ഥാനം കിട്ടുകയും അതിനാൽ പല അഴിമതികൾക്കും കാരണമായതോടുകൂടി ജനങ്ങൾക്കു ന്യായം കിട്ടാതാകുകയുംചെയ്യുന്നു.

വില്ലേജ് പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരായി നിയമിക്കേണ്ടവർ ആ സ്ഥലത്തുള്ള ജനങ്ങൾക്കു വിശ്വാസവും ബഹുമാനവും ഉള്ള ആളുകളായിരിക്കണം. ഇന്നത്തെ നിയമന സമ്പ്രദായപ്രകാരം അതിലേയ്ക്കു യോഗ്യതയുള്ളവരെ കിട്ടാൻ പല അവസരങ്ങളിലും സാധിക്കാതെവരുന്നു. ഇതിലേയ്ക്കു ഇപ്പോൾ സ്വീകരിച്ചുപോരുന്ന രീതിയെയാണു ഞാൻ കുററപ്പെടുത്തുന്നതു. ജനങ്ങൾക്കു സ്നേഹവും ബഹുമാനവും ഉള്ള ആളുകൾ അവരുടെ പേരുകളെ എഴുതി അയപ്പിക്കുന്നതിനും ആ പേരുകൾ എത്തുന്ന കച്ചേരികളിലെല്ലാം സഞ്ചരിക്കുന്നതിനും അവിടെ ശുപാർശകൾ ചെയ്യുന്നതിനും തയ്യാറാകുന്നതല്ല. ഇങ്ങനെ വരുമ്പോൾ പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരായിരിക്കാൻ യോഗ്യതയുള്ളവരെ കിട്ടാൻ സാധിക്കാതെവരും. ഇന്നത്തെസ്ഥിതികൾ ഇങ്ങിനെയാണ് വന്നിരിക്കുന്നതു.

പഞ്ചായത്തു കോടതികൾക്കു വന്നിട്ടുള്ള ഈ ദോഷത്തെ പരിഹരിക്കാനായി എനിക്കു തോന്നുന്ന അഭിപ്രായം ജഡ്ജിയായും പ്രസിഡന്റായും നിൽക്കുന്നവർക്കു ഇന്ന ഇന്ന യോഗ്യതകൾ ഉണ്ടായിരിക്കണമെന്നു നിശ്ചയിക്കുകയും അവരെ അതതു സ്ഥലങ്ങളിലെ ജനങ്ങൾതന്നെ തിരഞ്ഞെടുത്തു നിയമിക്കയും ചെയ്യണമെന്നാണ്.

ഇതോടുകൂടി മറെറാരു സംഗതി എനിക്കു പറവാനുള്ളതു പഞ്ചായത്തുകോടതികളുടെ ഭരണത്തെ പരിശോധിച്ചു ജനങ്ങൾക്കു പ്രയോജനകരമാക്കി തീർക്കുന്നതിനു ഈ സ്ഥാപനത്തിനു സമർത്ഥനായ ഒരു മേലധികാരി ഉണ്ടായിരിക്കണമെന്നുള്ളതാണ്. പഞ്ചായത്തു കോടതികളോടു മുൻസിപ്പാലിററികളെ കൂടെ ഉൾപ്പെടുത്തുന്നതായാൽ ഒരാൾക്കു ധാരാളം ജോലിയുണ്ടായിരിക്കുന്നതാണ്. ഈ അഭിപ്രായത്തെ ഗവണ്മെൻറു സ്വീകരിക്കുന്നതിപക്ഷം ഒരു സംഗതി കാണിച്ചുകൂട്ടി ഗവണ്മെൻറിനെ അറിയിക്കേണ്ടതായിരിക്കുന്നു. അതിലേയ്ക്കു പൂർണ്ണ യോഗ്യതയുള്ള ഒരാളെ തിരഞ്ഞെടുക്കണമെന്നുള്ളതാണ്. ഈ നിയമനം ഉണ്ടാകുന്നകാലത്തു ആ ഉദ്യോഗത്തിനു ആളെ നിയമിക്കയല്ലാതെ ആളെ നോക്കി ആ ഉദ്യോഗം കൊടുക്കാതിരിക്കണമെന്നു എനിക്കു പ്രത്യേകം താല്പര്യമുള്ളതാണ്.

മി. കുഞ്ഞാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): സർ, പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരുടെ നിയമനസംഗതിയെ സംബന്ധിച്ചു പേഷ്കാരന്മാരുടെ ശുപാർശപ്രകാരം ഗവണ്മെൻറാണ് അതു ഇപ്പോഴും നടത്തുന്നതുഎന്നും അതിനെപ്പററി ഗവണ്മെൻറു ഗാഢാലോചനചെയ്തതിനുശേഷമെ തീരുമാനിക്കുന്നുള്ളു എന്നും ഞാൻ പറഞ്ഞുകൊള്ളട്ടെ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഗവണ്മെൻറു നിയമനങ്ങളെ ആക്ഷേപിക്കുന്നില്ല. പേഷ്കാരന്മാർ ശിപാർശചെയ്യാത്ത ആളുകളുടെ ഗുണദോഷങ്ങൾ ഗവണ്മെൻറിനു അറിഞ്ഞുകൂടാത്തതാണെന്നു എനിക്കറിയാം. പേഷ്കാർ ചെയ്യുന്നശിപാർശകളുടെ ദോഷമാണ് ഇന്നത്തെ സ്ഥിതികൾക്കു കാരണമായിട്ടുള്ളതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ ആളുകൾ ആരാണെന്നു പേഷ്കാരന്മാർക്കു ചിലസമയങ്ങളിൽ അറിഞ്ഞുകൂടാഎന്നു ഞാൻ മെമ്പറിനെ അറിയിച്ചുകൊള്ളട്ടെ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): അതു അസംഭാവ്യമായിട്ടുള്ളതല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): തഹശീൽദാരന്മാർ ഗ്രൂപ്പാർശചെയ്യുന്നവരെപ്പററി അവർക്കതന്നെ അറിയാൻ പാടില്ലാത്തസ്ഥിതിക്കു പേഷ്കാരന്മാർക്കു അവരുടെ കാര്യങ്ങൾ അറിവാൻപാടില്ലാത്തതിൽ ആശ്ചര്യപ്പെടുവാൻ ഇല്ലാത്തതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർ വക്കീൽ): മി. കുമാരപിള്ളയുടെ വിമർശനത്തിന്റെ പ്രധാനഭാഗം നമ്മുടെതാണെങ്കിൽ നിയമനത്തിനു സ്ഥാനാർത്ഥികളെ ഗ്രൂപ്പാർശചെയ്യുന്നസംഗതിയിൽ തഹശീൽദാർമാർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണമെന്നും ഓരോരുത്തരേയുംപററി അവരുടെ അഭിപ്രായം കേൾക്കണമെന്നും അറിവുകൊടുക്കാമെന്നുള്ളസംഗതി ഗവണ്മെന്റു കണ്ടേക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരം ഗ്രൂപ്പാർശചെയ്യുന്നതിനുള്ള അധികാരം ഡിസ്ട്രിക്ട് ജഡ്ജിമാർക്കും സെഷ്യൻജഡ്ജിമാർക്കും കൊടുക്കാൻ പാടില്ലാത്തതാണോ എന്നും എന്നെ അറിയിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനു ആളുകളുമായി ഇടപെടുന്നതിനു സന്ദർഭം ഉണ്ടാകാത്ത നീതിന്യായപരിപാലന ഉദ്യോഗസ്ഥന്മാർ മാത്രമാണ് അവർ. അതുകൊണ്ടു എല്ലാ ആളുകളുടെയും നന്മയെയും തിന്മയെയും തിരിച്ചറിയുന്നതിനു അവർക്കു സാദ്ധ്യമല്ലെന്നാണ് ഞാൻ വിചാരിക്കുന്നതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരായി സാധാരണനിയമിക്കപ്പെടുന്ന ആളുകൾ കോടതികളിൽ സാധാരണവരുന്നവരും അതാലുക്കിലെ പ്രധാനവ്യവഹാരികളും ആണെന്നു സഭാംഗങ്ങളെ ഞാൻ അറിയിച്ചുകൊള്ളട്ടെ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): എനിക്കു അതു അറിഞ്ഞുകൂടായിരുന്നു. അപ്രകാരം മി. പരമേശ്വരൻപിള്ള എനിക്കു ഉറപ്പുതരുന്നെങ്കിൽ അതു സ്വീകരിക്കുന്നതിനു ഞാൻ തയ്യാറാണ്. ആ വസ്തുത പേഷ്കാരന്മാരെയും തഹശീൽദാരന്മാരെയും തെളിപ്പെടുത്താം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിയമിക്കപ്പെടുന്ന ആളുകൾക്കു നിയമത്തെപ്പററി ഒരു ജ്ഞാനം ഉണ്ടായിരിക്കണമെന്നുള്ളതു ആവശ്യമായിട്ടുള്ളതല്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ഈ ആളുകൾക്കു സാധാരണ അറിയപ്പെടുന്നപ്രകാരം നിയമത്തെപ്പററി ഒരു ജ്ഞാനവും ഉണ്ടായിരിക്കേണ്ട ആവശ്യംഇല്ല. എന്തുകൊണ്ടെന്നാൽ നീതിന്യായം നടത്തേണ്ടതു അവരുടെ വിശേഷബുദ്ധിയെ ഉപയോഗിച്ചുമാത്രമാണ്.

മി. ടി കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): എഴുതാനും വായിക്കാനും ഉള്ള വശമെങ്കിലും വേണ്ടതല്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): പഞ്ചായത്തുകോടതി ജഡ്ജിമാർ അക്ഷരാഭ്യാസം ഉള്ളവരാണെന്നു ഞാൻ വിശ്വസിക്കുന്നു. തീർച്ചയായി ജഡ്ജിമാരുടെ കൂട്ടത്തിൽ ആകാംക്ഷമല്ലാത്ത ആളുകൾ ഉണ്ടെന്നുള്ള അഭിപ്രായപ്രകടനങ്ങൾ പേഷ്കാരന്മാരെ അറിയിക്കാം. പഞ്ചായത്തുകോടതി ജഡ്ജിഉദ്യോഗനിയമനത്തിനു ആളുകളെ ഗ്രൂപ്പാർശചെയ്യുന്ന സംഗതിയിൽ പ്രത്യേകം ശ്രദ്ധിക്കുന്നതിലേക്കു തഹശീൽദാരന്മാരെ ഉപദേശിക്കുന്നതിനുപുറമെ പേഷ്കാരന്മാരോടു ആവശ്യപ്പെടാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആ ആളുകളെ പേഷ്കാരന്മാർതന്നെ അടുത്തറിഞ്ഞിരിക്കേണ്ടതാണെന്നു പേഷ്കാരന്മാരോടു ആവശ്യപ്പെട്ടാൽ എന്താണ്?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): നിയമിക്കപ്പെടുന്നവരെപ്പററി പേഷ്കാരന്മാർ അടുത്തറിഞ്ഞിരിക്കണമെന്നു നിർബന്ധിക്കുന്നതു പ്രായോഗികമായിട്ടുള്ളതാണോ എന്നു എനിക്കറിഞ്ഞുകൂടാ. താലൂക്കിന്റെ ഒരു വിസ്തീർണ്ണമായസ്ഥലം ഒരിക്കാനുള്ളതും അതേഹത്തിന്റെ ഡിവിഷനിൽ അനേകം പഞ്ചായത്തുകോടതികൾ ഉള്ളതും ആകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ജഡ്ജിമാർക്കു ഉണ്ടായിരിക്കേണ്ട ഏററവും ചുരുങ്ങിയ വിദ്യാഭ്യാസയോഗ്യത നിശ്ചയിക്കുന്നതിനു സാധിക്കയില്ലയോ എന്നു എന്നെ അറിയിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ) ഏതെങ്കിലും വിദ്യാഭ്യാസയോഗ്യതകൾ ക്ലിപ്തപ്പെടുത്തുന്നതു പ്രായോഗികമൊ ഗുണപ്രദമൊ ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പൊതുജനങ്ങളുടെ ഒരു വിമർശനത്തിനുവേണ്ടി അവരുടെ പേരുകൾ ആദ്യം പരസ്യംചെയ്യുന്നതിലേക്കു ഗവണ്മെന്റിനു ഒരവസ്ഥയുണ്ടാകുമോ എന്നു എന്നെ അറിയിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): ഒരു സ്ഥലത്തു നീതിന്യായപരിപാലനത്തിനു ഒരുങ്ങുന്നതായ ഒരാൾ ആ സ്ഥലത്തുള്ള പൊതുജനങ്ങളുടെ അഭിപ്രായത്തിനു പാത്രമാകുന്നതു നല്ലതാണോ എന്നു ഞാൻ സംശയിക്കുന്നു.

മി. കെ. സി. മാത്തൻമാപ്പിള (വാണിജ്യവും വ്യവസായവും-വടക്കു): സർ, ഈ രാജ്യത്തിന്റെ ഉൾനാടുകളിലെ അവസ്ഥ പരിചയമുള്ള നമ്മുടെ കൂട്ടത്തിൽ ചിലർക്കു ഈ കോടതികളിൽ ജഡ്ജിമാരായി കുറെക്കൂടി നല്ല ആളുകളെ നിയമിക്കുന്നു എന്നു തീർച്ചയാക്കാൻ എന്തെങ്കിലും മതിയായമാർഗ്ഗം കണ്ടുപിടിക്കുവാൻസാധിക്കാതിരുന്നാൽ ഈ കോടതികൾ നിർത്തൽചെയ്യുന്നതാണു വളരെ നന്നായിട്ടുള്ളതെന്നു ഞങ്ങളുടെ അനുഭവത്തിൽനിന്നും ഞങ്ങൾക്കു വിശ്വാസപ്പെട്ടിട്ടുണ്ടു. (കേൾക്കുക, കേൾക്കുക) കുറെക്കൂടി നല്ല ആളുകളെ ഗവണ്മെന്റു തിരഞ്ഞെടുക്കണമെന്നു അഭിപ്രായപ്പെട്ടതുകൊണ്ടായി. എന്നാൽ അതിന്റെ പ്രയാസം എങ്ങിനെയുള്ളതായിരുന്നു. തിരുവിതാംകൂറിൽ നമ്മുടെ ഇപ്പോൾ ഏകദേശം ൪ ൦ ലക്ഷം ആളുകൾ ഉണ്ടു. അവരിൽ ഓരോരുത്തന്

ത്തം വല്ലവിധത്തിലും പൊതുജനങ്ങളിയിൽ പതിയുന്നതിലേക്കു ശ്രമിക്കയാണു. നിയമസഭയിലും അങ്ങനെ തന്നെ പ്രജാസഭയിലും ഉള്ള അംഗങ്ങളുടെസംഖ്യ വളരെ ഉചിതമായി ക്രിയപ്പെടുത്തിയിട്ടുള്ളതാണു. ഇതാണു വസ്തുവത്തിൽ ഇവിടെ സംഭവിക്കുന്നതു. പഞ്ചായത്തുകോടതികൾ പട്ടണപരിഷ്കാരങ്ങൾ മാററിക എന്നി വരെപ്പോലെ എന്തെങ്കിലും മാറ്റങ്ങൾ ഉള്ളപ്പോൾ ആ സ്ഥലത്തേക്കു എല്ലാ ആളുകളും നിയമനം ചുരിൽ സ്ഥിതിചെയ്യുന്നവരെ അവരുടെ അടുക്കൽ ഓടിഎത്തുകയും വല്ലവിധത്തിലും അവരെ നിയമിക്കപ്പെടുകയും ചെയ്യുന്നു. ആളിന്റെ അയോഗ്യത കൂടുംതോറും അയാളുടെ ആത്യാശകൂടുകയും നിയമിച്ചുകിട്ടുന്നതിലേക്കു ആ ആൾ ചിലവഴിക്കുന്ന പ്രയത്നവും കൂടുകയും ചെയ്യുന്നു. വേറെജോലിചെയ്യാനുള്ള സ്ഥലം കൂടുതൽ അഭിമാനമു ള്ളവരും ആയ ആളുകൾ ഈ നിയമനങ്ങളെപ്പററി വകവെയ്ക്കുന്നതേയില്ല. പഞ്ചായത്തുകോടതിജഡ്ജിയായി മനഃപൂർവ്വമായി ജോലിചെയ്യുന്ന ഒരുആളിനു ആ ആളിന്റെ ഒഴിവുകൾ സമയം, ശക്തിയും അതിലേക്കായി കുറെ അധികം ചിലവഴിക്കേണ്ടതായിട്ടുണ്ടെന്നു എനിക്കറിയാം. വേറെജോലി ഒന്നുമില്ലാത്ത വരും അയോഗ്യന്മാരും വേറെ ഒരുവിധത്തിലും ഒരുജോലിയും കൂടാതെ ജീവിതം കഴിച്ചുകൂട്ടുന്നവരും ആയിട്ടുള്ള ആളുകൾ മാത്രമേ ഇപ്രകാരമുള്ള ജോലി തലയിൽചുമലിച്ചുവയ്ക്കുകയുള്ളുവെന്നും എനിക്കറിയാം. പര മാർത്ഥസംഗതികളെപററിപറയുന്നതു അസുഖമായിട്ടുള്ളതാണ്. അതു സമൂഹത്തിന്നു വിപരീതമായിട്ടുള്ള തല്ലെങ്കിൽ ഈ സഭയെ ആശ്ചര്യപ്പെടുത്തുന്ന സംഗതി ഒരുമാതിരിയായി ഞാൻ ചൂണ്ടിക്കാണിക്കാം ഈ പഞ്ചായത്തുകോടതികളിൽ അപകീർത്തികരമായിത്തീർന്നിരിക്കുന്ന ഒരു സംഗതിയാണ്അതു്. തൃപ്തികരമായി ജോലിചെയ്യുന്ന ജഡ്ജിമാർഉണ്ടെന്നും എനിക്കറിയാം. എന്നാൽ ജനങ്ങളിൽ ഭൂരിപക്ഷവും വിശ്വസിച്ചു അവ രിൽ ചുമത്തിയിരിക്കുന്ന ചുമതലയെ ഉർവിനിയോഗംചെയ്യുന്നു അവരുടെ ഭൂരിപക്ഷത്തിൽനിന്നും ഒരു ചാഞ്ചല്യത്തെ ഉണ്ടാക്കുകയുംചെയ്യുന്നു. പൊതുജനങ്ങളുടെഇടയിൽ അതു ഒരു അപവാദത്തിനു കാരണമാകുന്നുണ്ടു. ഗ്രാമ പഞ്ചായത്തുറഗ്യുലേഷൻപ്രകാരം പഞ്ചായത്തുകോടതികളെ പരിഷ്കരിക്കുന്നതിനു ഗവണ്മെന്റിനു എന്തെങ്കിലും അഭിപ്രായമുണ്ടോയെന്നു എനിക്കു അറിഞ്ഞുകൂടാ. പക്ഷെ ആ ജോലികൾ പഞ്ചായത്തുകോടതിജഡ്ജിമാരിൽ സ്ഥിതിചെയ്യുകയോ ഭൂതിലേക്കു ചിലചട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്യാവുന്നതാണ്. കുറഞ്ഞ യോഗ്യതയുള്ള ആ ളുകളെ പഞ്ചായത്തുകോടതിജഡ്ജിമാരായി നിയമിക്കുന്നതിനു സാധിക്കാത്തപക്ഷം നമ്മുടെ ഒരു കീഴ്ഗതിയാണ് അനുകരിക്കുന്നെങ്കിലും ഈ കോടതികൾ തൽക്കാലം നിർത്തൽ ചെയ്യപ്പെടാമെന്നു ഞാൻ ബലമായി അഭിപ്രാ യപ്പെടുന്നു.

മി. പാറംഡാനിയൽ (നിയമനം): ഞാൻ സമ്പാദിച്ചിട്ടുള്ള പരിചയത്തിൽനിന്നും ഈ വിഷയത്തെ പററി പുതിയതായി ഒന്നും എനിക്കു പറവാനില്ലെങ്കിലും പഞ്ചായത്തുകോടതികളുടെ തൽക്കാലത്തുപവർത്തന ത്തെസംബന്ധിച്ചു എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള പറഞ്ഞ ഓരോവഴിക്കു ബലമായി പിൻതാങ്ങുന്ന തിനു ഞാൻ പ്രേരിതനാകുന്നു. പഞ്ചായത്തുകോടതിയിലെ ആളുകളുടെസ്ഥിതി പെരുകുന്ന കീഴ്പോട്ടാണ് പോകുന്നതു എന്നു ഞാൻ പറയാം പഞ്ചായത്തുകോടതികൾ ആദ്യം സ്ഥാപിക്കുകയും ഗവണ്മെന്റിൽനിന്നും ജഡ്ജിമാരെ നിയമിക്കുകയുംചെയ്തപ്പോൾ കചറിയുകയ്ക്കുവേണ്ടി കേസുവടത്തുന്ന വ്യവഹാരികൾക്കു വലിയ രസംകയ്യും കൊടുക്കത്തക്ക ഒരു യോഗ്യതയുള്ള സ്ഥാപനം ഇതു ആകുവാൻ പോകുകയാണെന്നുതോന്നി. ഏ റററവും നല്ല ആളുകളെ തിരഞ്ഞെടുക്കുകയും എങ്ങിനെയൊ അവർ അവരുടെജോലിയെപററി നല്ലബോ ധമുള്ള ആളുകൾ ആയിരിക്കുകയുംചെയ്തു. മിക്കവാറും സന്ദർഭങ്ങളിൽ ധാരാളം പ്രാക്ടീസുള്ള വക്കീലന്മാർ രണ്ടാഴ്ചയിൽഒരിക്കൽ ഒന്നോ രണ്ടോദിവസം പൊതുജനങ്ങളുടെ കഷ്ടപ്പാടുകൾ മാററുന്നതിലേക്കു പ്രത്യേകം വിനിയോഗിച്ചുവന്നു. എന്നാൽ കാലം ചെന്നതോടുകൂടി യോഗ്യതകുറഞ്ഞ ആളുകളെ—നിയമത്തിൽ യോഗ്യ തകുറഞ്ഞആളുകൾമാത്രമല്ല—ഈ സ്ഥാനങ്ങളിലേക്കു നിയമിക്കുകയുണ്ടായി. വിസ്താരസംഗതികൾക്കു അവരു ടെപുറകെനടന്ന ആളുകളേയും നിയമിക്കുകയുണ്ടായി. അതിന്റെഫലമായി ആ സ്ഥാപനം ഒരിക്കൽ എത്ര വലിയ വിചാരിപ്പിനോടെ കരുതിവരുന്നോ അതെല്ലാംഇപ്പോൾ ഇസ്തീകരിച്ചിരിക്കുന്നു.

പഞ്ചായത്തുകോടതികളിൽ നിയമിക്കപ്പെടുന്നതിലേക്കു വളരെ ആത്യാശയുള്ളവരും എന്നാൽ വളരെ അ പൂർവ്വമായി കോടതികളിൽ ഹാജരാകുന്നവരും ആയ ചിലആളുകൾഉണ്ടെന്നു—അതു പറയുന്നതുതന്നെ അത്ഭുത കരമായിട്ടുള്ളതാണ്—ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു വേറൊരുസംഗതി. പഞ്ചായത്തുകോടതിക ളിലെ ഹാജർ രജിസ്റ്റർ ഒരു പരിശോധനക്കിടന്നിയാൽ ഞാൻ ഇപ്പോൾ പറഞ്ഞതായ അഭിപ്രായം ബലപ്പെട്ടു മെന്നുള്ളതു് എനിക്കു തീർച്ചയാണ്. തന്റെ സ്വന്തആളുകളുടെഇടയിൽ ഒരു പഞ്ചായത്തുകോടതി ജഡ്ജിആകുന്നതു ഒരുബഹുമാനമായി കരുതിവരുന്ന അപ്രകാരമുള്ള ആളുകളെഅപ്രകാരമുള്ള ഉദ്യോഗത്തിലേക്കു ഗവണ്മെന്റുനി യമിക്കുമ്പോൾ അവർ അപ്രകാരം ചെയ്യുന്നതു ആ ആളുകൾ പ്രതിഫലംകൂടാതെ അവരുടെ സ്വന്തആളുകളെ സേവിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ്. എന്നാൽ അവർ വിചാരിക്കുന്നതു ആ ബഹുമതി അവരിൽ പ്രദാനം ചെയ്തിരിക്കുകയാണെന്നാണ്. അതുകൊണ്ടു മിസ്റ്റർ കുമാരപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്ന തിൽ പഞ്ചായത്തുകോടതികളിലെ ഒട്ടും കണിശക്കാരല്ലാത്തജഡ്ജിമാരെ കണ്ടുപിടിക്കുകയും അവർക്കു ഒരു താക്കീ തുകൊടുക്കുകയും ചെയ്യണമെന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു. അപ്രകാരം ചെയ്യുകയാണെങ്കി ൽ അവർ ആളുകളുടെ ശ്രേയസ്സിനുവേണ്ടി ജോലിചെയ്യേക്കാം.

മി. റവി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സർ, പഞ്ചായത്തുകോടതികളിലെ ജഡ്ജിമാരെ കൂടുതൽ വിവേചനയോടും കൂടുതൽ പരിശോധനയോടും തിരഞ്ഞെടുക്കേണ്ടതാണെന്നാണു എന്റെ പരിചയ ത്തിൽനിന്നും ഞാൻ കണ്ടറിയുന്നതു. പ്രമേയം ഏതു അർത്ഥത്തിൽ അവതരിക്കപ്പെട്ടാലും ആ വിധത്തിൽത്ത ന്നെ അതിനെ പിൻതാങ്ങുന്നതിൽ അതു അവതരിപ്പിച്ചു ആറം പ്രദർശിപ്പിച്ച അഭിപ്രായത്തോടു ഞാൻ യോജി ച്ചുകൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): പ്രമേയത്തെ പിൻതാങ്ങുന്നതിൽ എന്റെ സ്നേഹിതൻ മിസ്റ്റർ ഡാനിയൽ പ്രദർശിപ്പിച്ച മനോഭാവത്തോടു ഞാൻ യോജിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുള്ളതും എ ന്റെസ്നേഹിതന്മാർ മിസ്റ്റർ കുമാരപിള്ളയും മിസ്റ്റർ ജാമ്പൻമാപ്പിളയും പുറപ്പെടുവിച്ച ഒരുപോലെയുള്ള അഭി പ്രായങ്ങൾ കേൾക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുകമാത്രം ചെയ്യുകയുംആകുന്നു. നമ്മുടെ സംസ്ഥാനത്തെ പ ഞ്ചായത്തുകോടതികൾ ആകപ്പാടെ അവയെ എന്തു പ്രശംസനീയമായ ഉദ്ദേശത്തോടെ നിർമ്മിക്കപ്പെട്ടുവോ ആ

ഉദ്ദേശങ്ങൾ അവ നിർവഹിക്കുന്നില്ലെന്നുള്ള രീതിക്കാൻ പാടില്ലാത്ത തീരുമാനത്തിലേക്കു ഇവ എന്നെ നയിക്കുന്നു, ജഡ്ജിമാരെ നിയമിക്കുന്ന സമ്പ്രദായമാണ് അല്ലാതെ ആ പദ്ധതിയല്ലാ അതിനു അധികമായാലും കാരണമെന്നു ഞാൻ വിശ്വസിക്കുന്നു. ഭാവിയിൽ ഈ ജോലിക്കു കൂടുതൽസമയവും ശ്രദ്ധയും ചിലവഴിക്കുന്നതിനു പ്രാപ്തരായ ആളുകളെ ഈ സ്ഥാനങ്ങളിലേക്കു ഗവർണ്ണമെന്റു തിരഞ്ഞെടുക്കണമെന്നുമാത്രം ഞാൻ ചൂണ്ടിക്കാണിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും); പഞ്ചായത്തുകോടതിജഡ്ജിമാരായിട്ടു നിയമിക്കുന്നതുകളെസംബന്ധിച്ചു തഹശീൽദാരന്മാരോടു കൂടുതൽ ശ്രദ്ധകാണിക്കണമെന്നു ചട്ടം കെട്ടുന്നതിനു വിരോധമില്ലെന്നാണ് ബാഗമമ്പർപറയുന്നതു. അതുകൊണ്ടുമാത്രം മതിയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പഞ്ചായത്തുകോടതിജഡ്ജിമാരെ ഓരോ ആണ്ടത്തേക്കും നിയമിച്ചാൽപോരെ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഓരോ ആണ്ടത്തേക്കോ രണ്ടു തവണ കാലത്തേക്കോ ആയാലും കാര്യക്ഷമതയോടും സത്യസന്ധതയോടും വേലചെയ്യണമെന്നുമാത്രമെ എനിക്കു പറവാനുള്ളു. ആ സ്ഥാനത്തെ ദുഷിപ്പിക്കാതെയിരിക്കണമെങ്കിൽ തഹശീൽദാരന്മാരോടു നിഷ്കർഷയായിട്ടു ശട്ടംകെട്ടേണ്ടതു പാർവത്യകാരന്മാർ അയക്കുന്നലിസ്റ്റുകളെ കണ്ണടച്ചു അതേമാതിരി മേലംവിലേക്കു അയക്കുകതന്നാണ്. ആ സ്ഥാനത്തിനു പൂർണ്ണയോഗ്യതയുള്ളവരെ വേണമോപോലെ അന്വേഷിച്ചറിഞ്ഞു പേരുവിവരം ലിസ്റ്റു തയ്യാറാക്കണം. ഗവർണ്ണർക്കിനോടു ഇതിൽ തക്കതായ കാരണത്തിന്മേൽ വിപരീതമായി ഈ ജോലിയിൽ അമാന്തിക്കുമ്പോൾ അതിനെപ്പററി ഗവർണ്ണർ തഹശീൽദാന്മാരോടു ചോദിക്കുമെന്നു അവരെ മനസ്സിലാക്കണം. അങ്ങനെയുള്ള പേക്ഷാന്മാരും ഇതിൽ ചുമതലയോടുകൂടി പ്രവർത്തിക്കണം. പഞ്ചായത്തുകോടതി ജനങ്ങളുടെ നന്മക്കായിവച്ചിട്ടുള്ളതാണ്. അതിന്റെ രൂപീകരണത്തിൽ ഗവർണ്ണർക്കു വേണമോപോലെ ശ്രദ്ധിക്കാൻ തയ്യാറില്ലെങ്കിൽ മിസ്റ്റർ മന്മഥൻനായർപിള്ള പറഞ്ഞതുപോലെ — എനിക്കു പറവാൻ വളരെ മതിയുണ്ടു —ഈ സ്ഥാപനം ഇല്ലാതാക്കുന്നതുതന്നെ കൊള്ളാമെന്നു തോന്നുന്നു. അതിനാൽ ഗവർണ്ണർക്കു ഈ കാര്യത്തിൽ കൂടുതൽ നിഷ്കർഷ കാണിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

സഭയുടെ അനുവാദപ്രകാരം ഈ ഉപക്ഷേപത്തെ പിൻവലിക്കപ്പെട്ടു.

പന്ത്രണ്ടാം ഉപക്ഷേപം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): താഴെ പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിക്കുകയാണു.

പന്ത്രണ്ടു. സിവിൽകോടതികൾക്കും കസ്റ്റംസ്കോടതികൾക്കും നീക്കിവച്ചിരിക്കുന്നതിൽ ൪൯൯ ൧൦൦ രൂപയിൽ നൂറു രൂപ കുറയ്ക്കുന്നതിലേയ്ക്കു മുൻസിഫ്കോടതികളുടെ അധികാരാതൃത്തി നിർണ്ണയിച്ചിരിക്കുന്നതിൽ ഹൈക്കോടതി സ്വീകരിച്ചിരിക്കുന്ന നയം ജനസാമാന്യത്തിനു സ്വീകാര്യമല്ലാതിരിക്കുന്നു എന്നാണു എന്റെ അഭിപ്രായം. ഹൈക്കോടതിയിൽ നിന്നും അധികാരാതൃത്തി നിർണ്ണയിച്ചിരിക്കുന്ന ചില മുൻസിഫ് കോടതികളിൽ കേസുകൾ കൂടുതലായി പതിയുകയും അതു മുൻസിഫിനു കൈയ്യൊഴിക്കാൻ സാധിക്കാതെ കുഴിക്കുകവരുന്നതിനു സംഗതിയാകയും ചെയ്യുന്നുണ്ടു. ഉദാഹരണമായി കൊച്ചുന്നൂർ മുൻസിഫ്കോടതിയിൽ കൊല്ലത്തിൽ ശരാശരി ൧൫൦൦ സിവിൽ കേസുകളും ൧൫൦൦ സ്മാൾകോസ് കേസുകളും ഫയലാകുന്നുണ്ടു. അതുപോലെ തിരുവല്ലാ മുൻസീഫ് കോടതിയിൽ ൧൫൦൦ സ്മാൾകോസ് കേസുകളും ൧൫൦൦ സിവിൽ കേസുകളും ശരാശരി ഫയലാകുന്നുണ്ടു. ഇതു ഒരു മുൻസീഫിനു കൈയ്യാവുന്ന ജോലിയിൽ കൂടുതലാണു. ഇപ്പോഴത്തെ വ്യവസ്ഥയിൽ അധികാരാതൃത്തി നിർണ്ണയിച്ചിരിക്കുന്ന ക്രമത്തിനു ഒരു കുഴപ്പത്തിൽ തീർക്കുന്നതിനു ൨ മുൻസിഫ്മാരുടെ ആവശ്യമുള്ളവയും ഒരു മുൻസീഫിനുതന്നെ തീർക്കാൻ കഴിയില്ലാത്തവയും ഒരു മുൻസീഫിനെകൊണ്ടു പോരാതെയും രണ്ടുപേരുടെ ആവശ്യം ഇല്ലാത്തവയും ഇങ്ങിനെ മൂന്നിനങ്ങൾ ഉണ്ടു. ഇതിനുദാഹരണമായി അടൂർ മുൻസിഫ് കോടതിയിൽ ഒരു മുൻസീഫിനുപോലും തീർക്കാൻ കേസ് ഫയലാകുന്നില്ല. അതുപോലെ ചങ്ങനാശേരിയിലും കേസുകൾ വളരെ കുറവായിട്ടു ഫയലാകുന്നുള്ളു. ചെങ്ങന്നൂരും തിരുവല്ലായിലും ഉള്ള കേസുകൾ ഒരു മുൻസീഫിനെകൊണ്ടു തീരുകയില്ല രണ്ടു മുൻസീഫ്മാരുടെ ആവശ്യം ഇല്ലാതാനും. ഈമാതിരിയുള്ള മുൻസീഫ്കോടതികളിലെ ജോലിക്രമത്തെ ക്രമപ്പെടുത്തുന്നതിനു തിരുവല്ലായിലെ അധികാരാതൃത്തിയിലുനിന്നും ഏതാനും പകുതികൾ കൂട്ടി ചങ്ങനാശേരിക്കു വിട്ടുകൊടുക്കയും ചെങ്ങന്നൂരിൽ നിന്നും ഏതാനും പകുതികൾ പത്തനംതിട്ടക്കു വിട്ടുകൊടുത്തു അവിടെയുള്ള ഏഴു പകുതികൾ കൂട്ടിച്ചേർത്തു ഒരു മുൻസീഫ്കോടതി സ്ഥാപിക്കയും ചെയ്യണം. അടൂർ മുൻസീഫ്കോടതിയിൽ ഇപ്പോൾ കേസില്ലാത്തതിനാലും മുമ്പുതന്നെ അവിടെ ഒരു മജിസ്ട്രേട്ടുകോടതി വേണമെന്നു പബ്ലിക് മീററിംഗുകൾമൂലവും ഡെപ്യൂട്ടേഷൻ മുഖാന്തിരവും ഗവർണ്ണർക്കിനെ അറിയിച്ചുകൊണ്ടിരിക്കുന്നതിനാലും അടൂർ ഒരു മജിസ്ട്രേട്ടിന്റെ അധികാരത്തോടുകൂടിയ ഒരു മുൻസീഫ്കോടതി ഏർപ്പെടുത്തി കൊടുക്കയും ചെയ്താൽ ജനങ്ങൾക്കു വളരെ സൌകര്യമായിരിക്കും. ഈ വിധത്തിലുള്ള സൌകര്യങ്ങൾ ചെയ്തു കോടതികളെ ജനങ്ങൾക്കു ഉപയോഗപ്രദമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ); മി. നാരായണപിള്ള കൊണ്ടുവന്ന ഉപക്ഷേപത്തെ പിൻതാങ്ങുന്നതിലേക്കുള്ള എന്റെ കാരണം സ്വല്പം വ്യത്യാസപ്പെട്ടതാണെങ്കിലും അതിനോടു അനുകൂലിക്കുന്നതിൽ എനിക്കു വളരെ വലിയ സന്തോഷമുണ്ടു. എന്റെ വാദം പത്തനംതിട്ടയിലല്ലാ എന്നാൽ അമ്പലപ്പുഴയിലാണു ഒരു മുൻസീഫ് കോടതി സ്ഥാപിക്കേണ്ടതെന്നുള്ളതിനെസംബന്ധിച്ചാണ്. (ചിരി) അമ്പലപ്പുഴ ആദ്യം ഒരു മുൻസീഫ്കോടതിയുണ്ടായിരുന്നു. എന്നാൽ അതു് അവിടെനിന്നു മാററപ്പെട്ടു. അമ്പലപ്പുഴ ഇപ്പോൾ ആലപ്പുഴ മുൻസീഫ്കോടതിയിലെ അധികാരാതൃത്തിയിലാണ്. ആലപ്പുഴ രണ്ടു മുൻസീഫ് കോടതികൾ ഉണ്ടു. അവയിൽ ഒന്നു കായ്യയിൽ ആലപ്പുഴ സത്രത്തിലാണ് സ്ഥിരമായി സ്ഥാപിച്ചിരിക്കുന്നതു. ആളുകൾക്കു ഇതു അസൌകര്യമുണ്ടാക്കുന്നു. രണ്ടാമതായി മുൻസീഫ് കോടതി സ്ഥാപിക്കുന്നതിനു അമ്പലപ്പുഴ ശരിയായ സ്ഥലങ്ങൾ ഉണ്ടു. ആലപ്പുഴയുള്ള ടെമ്പററികോടതി അമ്പലപ്പുഴക്കു മാററുകമാത്രമാണു ഇപ്പോൾ ചെയ്യേണ്ടതായിട്ടുള്ളതു. അതു നടപ്പിൽ വരുത്താവുന്ന ഒരു സംഗതിയാണുതാനും. ഇവയാണ് എന്റെ കാരണങ്ങൾ എന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ ഉപക്ഷേപത്തോടു അനുകൂലിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, എനിക്കും ഇതുപോലെതന്നെ ഒരുപക്ഷേപമുണ്ട്. ഞാൻ ഫാജരാക്കാതെ മിസ്റ്റർ നാരായണപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. അരൂക്കുററിയിൽ ഒരു മുൻസീഫ് മജിസ്ട്രേട്ടുകോടതി സ്ഥാപിക്കണമെന്നാണ് എന്റെ സമർപ്പണം. ഇപ്പോൾ അവിടെയുള്ള സിവിൽകേസുകൾ തൈക്കാട്ടേക്കും ക്രിമിനൽകേസുകൾ അരൂക്കുററിയിൽനിന്നും ഏകദേശം ക്ക്മ്പ മൈലും വൈക്കത്തുനിന്നു ക്ക്ഠ മൈലും ദൂരമുള്ള ചേർത്തലക്കും കൊണ്ടുപോകേണ്ടിയിരിക്കുന്നു, ആ സ്ഥലത്തിന്റെ ഒരു സ്ഥലവിവരണം പറിച്ചാൽ ചേർത്തലക്കോ തൈക്കാട്ടേക്കോ പോകുന്നതിനു വളരെ പ്രയാസമാണെന്നു ആരേയും വിശ്വസിപ്പിക്കും. അവിടെ ശരിയായ റോഡുകളില്ല. അതിനു ചീഫ്എഞ്ചിനീയർ സാക്ഷ്യംവഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഏകദേശം ന മയിൽ തീർച്ചയും ഇ മയിൽ വീതിയുള്ളതും പെരുമ്പിക്കര എന്നു വിളിക്കപ്പെടുന്നതും ആയ വേറെ ഒരു ദ്വീപും ഉണ്ട്. പള്ളിപ്പുറം, ഇച്ചാറപുരം വട്ടാററൻകുളം, ഇവ വൈക്കത്തുനിന്നു വ മൈലും ചേർത്തലനിന്നു ക്ക്ന മൈലും ദൂരമുള്ളവയാണ്. അതുകൊണ്ടു അവിടെ പോകുന്നതിലേക്കു പ്രയാസമുള്ള ഒരു സംഗതിയാണ്. മുൻസീഫ്കോടതി അരൂക്കുററിയിലേക്കു മാററുകയാണെങ്കിൽ ആ സ്ഥലങ്ങളിലുള്ള ആളുകൾക്കു അതു വളരെ സൌകര്യമായിരിക്കും. ആദ്യം അരൂക്കുററിയിൽ ഒരു മജിസ്ട്രേട്ടുകോടതി ഉണ്ടായിരുന്നു. കോടതികളിൽ ഒന്നു അരൂക്കുററിക്കു മാററുകയും ആ സ്ഥലനിവാസികളായി ധാരാളം ആളുകൾ ഉള്ളതുകൊണ്ടു മുൻസീഫിനു മജിസ്ട്രേററു അധികാരംകൂടി കൊടുക്കയും ചെയ്താൽ അപ്രകാരമുള്ള മാററം എന്തെങ്കിലും കൂടുതൽചിലവിനു കാരണമാകയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്രകാരം ആളുകൾക്കു സൌകര്യം കൊടുക്കുന്നതു അവരെ കുറെക്കൂടെ വ്യവഹാരികളാക്കുന്നതിനു പ്രേരിപ്പിക്കയല്ലയൊ എന്നു മെംബർ എന്നെ അറിയിക്കുമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവരുടെ അടുക്കൽ ഒരു കോടതിയുണ്ടെങ്കിൽ അവർക്കു വളരെ സൌകര്യമായി അവിടെ പോകുന്നതിലേക്കു സാധിക്കും. എന്നാൽ അതു വളരെ ദൂരേയാണു സ്ഥിതി ചെയ്യുന്നെങ്കിൽ അവർക്കു കൂടുതൽ പണം ചിലവാക്കേണ്ടിയിരിക്കും. അടുത്താണെങ്കിൽ അവർ അത്ര വളരെ ചിലവുസഹിക്കേണ്ടതായി വരികയില്ല. ആ സ്ഥലങ്ങളിലേക്കു ആളുകൾ പോകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ആദ്യം അവിടെയൊരു മജിസ്ട്രേട്ടുകോടതിയുണ്ടായിരുന്നു. വൈക്കത്തു ഒരു അഡീഷനൽ മുൻസീഫ് കോടതി ഇപ്പോൾ ഉണ്ട്. അതുകൊണ്ടു വൈക്കത്തുള്ള മുൻസീഫ്കോടതികളിൽ ഒന്നു അരൂക്കുററിയിൽനിന്നു എടുത്തുകളഞ്ഞതായ ഒരു മജിസ്ട്രേട്ടുകോടതിയുണ്ടായിരുന്ന സ്ഥലത്തേക്കു മാററണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു.

മി. കെ. സി മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും, വടക്കു): തിരുവല്ലായിലെ മുൻസീപ്പിനോതഹശീൽദാരുക്കു മജിസ്ട്രേട്ടധികാരം കൊടുക്കണമെന്നപേക്ഷിക്കുന്ന ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ കൂട്ടത്തിൽ മജിസ്ട്രേട്ടന്മാരെ ഉൾപ്പെടുത്താൻപാടില്ലെന്നു ഞാൻ മെമ്പറിനോടു പറഞ്ഞുകൊള്ളട്ടെ.

മി. ജി. നാരായണപിള്ള (തിരുവല്ല): തിരുവല്ലാ മുൻസീഫ്കോടതി അതിർത്തിയിൽ ഇപ്പോൾ ഉള്ള ഒരുചകുതിയും ചങ്ങനാശേരി മുൻസീഫ്കോടതിക്കു മാററം ചെയ്യാൻ പാടില്ലാത്തതാകുന്നു എന്നുള്ള ഒരു വ്യതിയാനം ഒഴിച്ചു മിസ്റ്റർ നാരായണപിള്ളയുടെ ഉപക്ഷേപത്തോടു ഞാനും അനുകൂലിക്കുന്നു. ഇപ്പോൾ ചങ്ങനാശേരി മുൻസീഫിനു മജിസ്ട്രേട്ടധികാരങ്ങൾ കൊടുക്കുന്നതിനു ആലോചിച്ചുവരുന്നു. അല്ലെങ്കിൽതന്നെ അദ്ദേഹത്തിനു പിടിപ്പതു ജോലിയുണ്ടു. കൂടുതൽ സിവിൽജോലി ആ ഉദ്യോഗസ്ഥനിൽ ചുമത്തുന്നതു ന്യായമല്ല. തിരുവല്ലാ കോടതിയുടെ അധികാരാതുതി പഴയപോലെതന്നെ വിട്ടയക്കുന്നതെന്നുള്ള പരിഷ്കാരത്തോടെ പത്തനംതിട്ടെ ഒരു മുൻസിപ്പുകോടതി സ്ഥാപിക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. അപ്രകാരം ചെയ്യുന്നതിൽ തിരുവനന്തപുരത്തുനിന്നും ഇവിടെയുള്ള മുൻസീപ്പുകോടതികളിൽ ഒന്നു നെടുമങ്ങാട്ടേക്കു മാററണമെന്നും അവിടെ ഒരു മുൻസീപ്പു മജിസ്ട്രേട്ടുകോടതി നിയമിക്കണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്കാർ വക്കീൽ): സർ, മുൻസീപ്പുകോടതികളുടെ അധികാരാതുതി വിഭജനത്തെപ്പററിയുള്ള വാദമാണെന്നുകാണുന്നു. മിസ്റ്റർ കല്ലൂർ നാരായണപിള്ളയും മിസ്റ്റർ പി. കെ. നാരായണപിള്ളയും അഡീഷനൽ മുൻസീപ്പുകോടതികൾ ആവശ്യപ്പെടുന്നതായും ഞാൻ മനസ്സിലാക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഒരു അഡീഷനൽ കോടതി ആവശ്യപ്പെട്ടില്ല. എന്നാൽ അമ്പലപ്പുഴനിന്നും അവിടെയുള്ള ഒരു കോടതി അമ്പലപ്പുഴക്കു മാററുന്നതിനെ ഞാൻ ആവശ്യപ്പെടുന്നുള്ളു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്കാർവക്കീൽ): മുൻസീപ്പു കോടതികളിലെ അധികാരാതുതി പുനർവിഭജനത്തെപ്പററി ഈ സഭയിലെ അനേകം അംഗങ്ങളുടെ അഭിപ്രായങ്ങൾ ഗണിച്ചു മഹാകോടതിയുടെ ആലോചനയ്ക്കു ഈ സഭയിലെ വാദപ്രതിവാദങ്ങൾ അയച്ചുകൊടുക്കാം. ഗവർണ്മെന്റിനു അപ്രകാരം ചെയ്യാൻ സാധിക്കയില്ലെന്ന്—

മി. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൂടുതലായി ഒരു ചിലവും ഇല്ലെങ്കിൽ ആ അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനു ഗവർണ്മെന്റിനു എന്തെങ്കിലും വിരോധമുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്കാർവക്കീൽ): ശിഷ്ടമുള്ള സംഗതികളോടു കൂടി അതു ആലോചിക്കേണ്ടിയിരിക്കുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പ്രജാസഭയുടെ ക്ക്ഠ-ാമതു യോഗത്തിൽ പത്തനംതിട്ട മെമ്പർ സമർപ്പിച്ച നിവേദനത്തിന്റെ ഫലമായി അവിടെ കൊള്ളാരക്കരയുണ്ടായിരുന്ന അഡീഷനൽ മുൻസീപ്പു കോടതിയെ മാററിയിട്ടതിൽ ഉത്തരവുമായിട്ടു—

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): അതു ഫൈൻ 10-ൽ ആണു സ്ഥാപിച്ചിട്ടുള്ളതെന്നു തോന്നുന്നു. അതു മാററി സ്ഥാപിക്കേണ്ട ആവശ്യമില്ലെന്നു ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഹൈക്കോടതിയുടെ അഭിപ്രായം ഈ സഭയുടെ അഭിപ്രായത്തിനു വിപരീതമാണെങ്കിൽ അതു വാദപ്രതിവാദത്തിനു ഈ സഭ മുമ്പാകെ വാങ്ങിക്കാതെ എന്നു വിചാരിച്ചു ഏതു മെമ്പർ എന്തു അറിയിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): അപ്രകാരം ഒരു പ്രഗ്ദ്ദനം ചെയ്യുന്നതു സാധ്യമല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തിരുവനന്തപുരത്തുള്ള ടെമ്പററി മുൻസിപ്പുകോടതികളിൽ ഒന്നു നെടുമങ്ങാട്ടേക്കു മാററാൻ പാടില്ലയൊ എന്നു ഗവണ്മെൻറു മുമ്പാകെ അന്വേഷണം നടത്തുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): ആ സംഗതിയും ഹൈക്കോടതിയുടെ അഭിപ്രായത്തിനു അയച്ചുകൊടുക്കാം.

മി. എം. ശിവതാണുപിള്ള (തൊടുപുഴ): ആലപ്പുഴയുള്ള മുൻസിപ്പുകോടതികളിൽ ഒന്നു തൊടുപുഴയ്ക്കു മാററുന്നതിൻെറ പ്രായോഗികതയെപ്പററി ഗവണ്മെൻറു ആലോചിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): ആ സംഗതിയെപ്പററി ഒരു വിധത്തിലും മറെറാരുവിധത്തിലും ഇപ്പോൾ മറുപടി പറയുന്നതിനു ഞാൻ ശ്രമിക്കുന്നില്ല. ആ സംഗതിയും ഹൈക്കോടതിയിലേയ്ക്കു അവരുടെ ആലോചനയ്ക്കു അയച്ചുകൊടുക്കാം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഞാൻ ഫീസിൻെറ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

സമയത്തെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

പ്രസിഡണ്ടു: 4-ാ 0 മണിക്കു ഹാൾവിട്ടുകയും ഡിപ്യൂട്ടിപ്രസിഡൻറു ആ സ്ഥാനം സ്വീകരിക്കയും ചെയ്തു.

പന്ത്രണ്ടാം ഉപക്ഷേപം.

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടും): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

പന്ത്രണ്ടു. ക്രിമിനൽ കോടതികൾക്കു നീക്കിവച്ചിരിക്കുന്ന 1,00,000 രൂപയിൽ ഒരു രൂപ കുറയ്ക്കുന്നതിനു, മജിസ്ട്രേട്ടന്മാരായി ആളുകളെ നിയമിക്കുന്ന സംഗതിയെപ്പററി വാദപ്രതിവാദം നടത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണു ഈ ഉപക്ഷേപം കൊണ്ടുവരുന്നതെന്നു ഞാൻ അറിവു കൊടുത്തിട്ടുണ്ടു. വക്കീലന്മാരെ മജിസ്ട്രേട്ടന്മാരായി നിയമിക്കുന്നതുകൊണ്ടു ക്രിമിനൽ നീതിന്യായം കുറച്ചുകൂടി നല്ലതുപോലെ നടത്തുന്നതിനു സാധിക്കുമെന്നു ഈ സഭ ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ അനേകം തവണ കൊണ്ടുവന്നിട്ടുണ്ടു. മിനിസ്ട്രിയിൽ ഉദ്യോഗസ്ഥന്മാരിൽനിന്നും ക്ലാർക്കന്മാരെ മജിസ്ട്രേട്ടന്മാരായി നിയമിക്കയാണു ഇപ്പോഴത്തെ നടപ്പു. ചിലപ്പോൾ നമുക്കു നല്ല ആളുകളെ കിട്ടുന്നതിനു സാധിക്കാതെ വരുമ്പോൾ ക്ലാർക്കുകളിൽനിന്നും അപ്രകാരം തിരഞ്ഞെടുക്കുന്നതിനു വല്ല ന്യായീകരണവും ഉണ്ടായിരുന്നേക്കാം. സർ, ക്രിമിനൽ നീതിന്യായ പരിപാലനത്തെപ്പററി അന്വേഷണാഫീസിലെ ക്ലാർക്കന്മാർ ഒരുവിധത്തിലും പരിചയമില്ലാത്തവരാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. അവർ നിയമപരീക്ഷാവിജയികളായിട്ടുണ്ടെങ്കിലും പീനൽ കോഡോ സിവിൾനടപടിനിയമമോ ഉപയോഗിക്കേണ്ട മാർഗ്ഗത്തെപ്പററി അവർക്കു കുറച്ചു പരിചയം മാത്രമേയുള്ളു. ഒരുകാലത്തു അപ്രകാരം നിയമിക്കുന്നതിനു ഏതെല്ലാം ന്യായങ്ങൾ ഉണ്ടായിരുന്നിരിക്കാമെങ്കിലും ഇപ്പോൾ ഒന്നുംതന്നെയില്ലെന്നാണു ഞാൻ താഴ്മയായി അഭിപ്രായപ്പെടുന്നതു. സംസ്ഥാനത്തുള്ള ധാരാളം വിദ്വാന്മാരായ വക്കീലന്മാർ ഉണ്ടെന്നു രാജ്യത്തിനു ഇപ്പോൾ അഭിമാനിക്കുന്നതിനു സാധിക്കും. വക്കീലന്മാരിൽനിന്നും മുൻസിപ്പന്മാരെ നേരെനിയമിക്കാതെങ്കിൽ മജിസ്ട്രേട്ടന്മാരെ അപ്രകാരം നിയമിക്കാൻ പാടില്ലാത്തതു എന്തുകൊണ്ടാണെന്നു ഞാൻ കാണുന്നില്ല.

ഡിപ്യൂട്ടിപ്രസിഡണ്ടു: മുൻസിപ്പന്മാരേയും ഗ്രേഡസ്സന്മാരുടെ കൂട്ടത്തിൽനിന്നും നിയമിക്കുന്നില്ലയോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേട്ടും): മജിസ്ട്രേട്ടന്മാരെ മുഴുവനും വക്കീലന്മാരുടെ കൂട്ടത്തിൽനിന്നു മാത്രം നിയമിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല.

മുൻസിപ്പന്മാരെ ബാറിൽനിന്നും നിയമിക്കുന്നതിൽ ഗവൺമെൻറിനെ ബന്ധിക്കുന്ന അതേവിചിന്തനകൾ മജിസ്ട്രേട്ടന്മാരുടെ സംഗതിയിൽകൂടി പ്രയോഗിക്കപ്പെടണമെന്നു മാത്രമാണു ഞാൻ അഭിപ്രായപ്പെടുന്നതു. സർ, ഗ്രേഡസ്സന്മാരെ മുൻസിപ്പന്മാരായി നിയമിക്കുന്നില്ലയൊ എന്നു ചോദ്യം എന്നോടു അവിടുന്നു ചോദിച്ചുകൊണ്ടു ഹൈക്കോടതിയിൽ നിയമിച്ചിട്ടുള്ള ഗ്രേഡസ്സന്മാരെ മാത്രമേ അപ്രകാരം നിയമിക്കാറുള്ളുഎന്നു ഞാൻ പറയാം. അവർ ഒരുവിധത്തിൽ നീതിന്യായ പരിപാലനത്തിൽ ബന്ധിച്ചിട്ടുള്ളവരാണു. ഹൈക്കോടതിയിലെ ജഡ്ജിമാരും കീഴ്ക്കോടതികളും എഴുതുന്ന ജഡ്ജുമെൻറുകൾ അവർ വായിക്കുന്നുണ്ടു. കേസ്സുകൾ ബോർഡു ചെയ്യുമ്പോൾ അവർ അവയുടെ റിക്കാർഡുകളും വായിക്കുന്നുണ്ടു. കീഴ്ക്കോടതികളിലും താഴ്ന്നകോടതികളിലുമുള്ള ആളുകൾ ബന്ധുഗ്രേഡസ്സന്മാരായി പരിചയം സമ്പാദിക്കുന്നു. മുൻസിപ്പന്മാരായിരിക്കുന്നതിനു അവർ വളരെ യോജിച്ച ആളുകളാണെന്നു പറയപ്പെടാം. എന്നാൽ അഡ്വക്കേറ്റുജനറലോ സെക്രട്ടറിയേററിലെയൊ ഗ്രേഡസ്സന്മാർക്കു ക്രിമിനൽ നീതിപരിപാലനത്തെ സംബന്ധിച്ചു ഒന്നും ചെയ്യേണ്ടതായിട്ടില്ല. അതു് അവരെ ഒരു പുതിയ വേലതന്നെയാണു്. അതുകൊണ്ടു വക്കീലന്മാർ കുറച്ചുകൂടി നല്ല മജിസ്ട്രേട്ടന്മാരായിരിക്കുമെന്നുള്ള ഒരുത്തരം വിസമ്മതിക്കുകയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): കേസ്സൊന്നുമില്ലാത്ത വക്കീലന്മാരേയും മജിസ്ട്രേട്ടന്മാരാക്കാമെന്നാണോ പറയുന്നതു്?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേട്ടും): അങ്ങനെ ഞാൻ പറഞ്ഞുഎന്നു ഈ കൌൺസിലിലുള്ളവർ ആരും വിചാരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): വക്കീലന്മാർ എന്നുപറഞ്ഞാൽ കേസ്സില്ലാത്ത വക്കീലന്മാരും അതിൽ ഉൾപ്പെടുകയില്ലെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): അതിന്റെ തീരുമാനം ഗവണ്മെന്റിലാണു സ്ഥിതി ചെയ്യുന്നതു.

മി. കെ. എ. ജോസഫ് (മീനച്ചലും-ദേവികുളവും): യോഗ്യന്മാരായ വക്കീലന്മാർ മജിസ്ട്രേട്ടന്മാരായി പോകുന്നതിനു സമ്മതമായിരിക്കുമോ എന്ന സംശയത്തോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ഞാൻ അപ്രകാരം വിശ്വസിക്കുന്നു.

മി. കെ. എ. ജോസഫ് (മീനച്ചലും-ദേവികുളവും): ഏവ ഇത്രപാ നസമ്പന്നത്തിൽ ഒരു ഉദ്യോഗം സ്വീകരിക്കുന്നതിനു സമ്മതമുള്ളവരായ അപ്രകാരം പ്രാക്ടീഷണർ ചെയ്യുന്നവർ മജിസ്ട്രേട്ടന്മാരായി താണിയുള്ള യോഗ്യന്മാരായിരിക്കുമോ എന്നു ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളട്ടെ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): സംശയമില്ലാതെ ഇപ്പോൾ ഈ ശമ്പളത്തിൽ ഒരു മജിസ്ട്രേട്ട് ഉദ്യോഗസ്ഥൻ ഒരുവിധത്തിലും അവരുടെ അയോഗ്യതയെ കാണിക്കാത്തവിധത്തിലാണ് വക്കീലന്മാരുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നതു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): വക്കീലന്മാരുടെ കൂട്ടത്തിൽ നിന്നും മജിസ്ട്രേട്ടന്മാരെ നിയമിക്കാറുണ്ടോ അവരിൽനിന്നു മജിസ്ട്രേട്ടന്മാരുടെ ഒരു ക്ലിപ്തശതമാനം നിയമിക്കണമെന്നു ഉള്ള ഒരു ക്ലിപ്തചട്ടം നിർമ്മിക്കുന്നതു സാദ്ധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്രകാരം ഒരു ക്ലിപ്തചട്ടം ഉണ്ടാക്കുവാൻ സാധിക്കുകയില്ല എന്നതിനു അനേകം കാരണങ്ങൾ ഉണ്ട്. അവയിൽ ഒന്ന് മജിസ്ട്രേട്ടിന്റെ ശമ്പളം ഏകദേശം ത്രപാമാത്രം ആകുന്നതുള്ളതാണു. മജിസ്ട്രേട്ടായി നിയമിക്കപ്പെടുന്നതിനു ഉദ്ദേശിക്കുന്ന വക്കീൽ നീതിന്യായപരിപാലനത്തിനു യോഗ്യനായിരിക്കണമെങ്കിൽ ആ ആൾ കോടതികളിൽ കുറെ പ്രാക്ടീസുള്ള ഒരു വക്കീൽ ആയിരിക്കണം. മജിസ്ട്രേട്ട് ഉദ്യോഗസ്ഥരിൽ ഒരു ക്ലിപ്തശതമാനം വക്കീലന്മാർക്കു കൊടുക്കണമെന്നു പറയുകയാണെങ്കിൽ...

മി. കെ. എ. ജോസഫ് (മീനച്ചലും-ദേവികുളവും): അക്കൌണ്ടാഫീസ്സിലെ ഗുമസ്തന്മാർ വക്കീലന്മാരെക്കാൾ യോഗ്യതയുള്ളവരാണോ എന്നു ഞാൻ മാമെമ്പറിനോടു ചോദിച്ചുകൊള്ളട്ടെ.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): അതു ആ പ്രത്യേകവക്കീലിനേയും പ്രത്യേക ഗുമസ്തനേയും ആശ്രയിച്ചിരിക്കുന്നു. ഒരു മജിസ്ട്രേട്ടിനു ഉണ്ടായിരിക്കേണ്ട പ്രധാനയോഗ്യത ഒരു സ്വന്തതീർപ്പുണ്ടാക്കുന്നതിലേക്കുള്ള ശക്തിയും ത്രാണിയും ആകുന്നു. മജിസ്ട്രേട്ടന്മാരുടെ ക്രിമിനൽ നീതിന്യായപരിപാലനം, സിവിൽ നീതിന്യായപരിപാലനത്തെപ്പോലെ അത്ര സാങ്കേതികമായിട്ടുള്ളതല്ല അത്ര സാങ്കേതികമായിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. അതു സിവിൽ നീതിന്യായപരിപാലനത്തെപ്പോലെ അത്ര സാങ്കേതികമായിട്ടുള്ളതല്ല. എന്നാൽ ഒരു നല്ല കാര്യബോധവും മാനുഷികസംഗതികളുടേയും കാര്യങ്ങളേയുംപററി ഒരു ശരിയായ തീരുമാനം ഉണ്ടാക്കുന്നതിലേക്കുള്ള ഒരു ശക്തിയുംആണ് അവക്കു ആവശ്യമുള്ളതു്. അവരുടെ മുൻപാകെ കക്ഷികൾ ഹാജരാകുകയും അവരുടെ സങ്കടങ്ങളെ ബോധിപ്പിക്കുകയും തെളിവുകൊടുക്കുകയും ചെയ്യുന്നു. വസ്തുതകൾ മുഴുവൻ നിസ്സാരമായിട്ടുള്ളതാണ്, മജിസ്ട്രേട്ട് ശരിയായി പരിശോധിച്ചു തീരുമാനിക്കണം. അതിലേക്കു നിയമയോഗ്യത കൂടാതെ അവക്കു ഉണ്ടായിരിക്കേണ്ട പ്രധാനഗുണം മനുഷ്യസ്വഭാവത്തെപ്പററിയുള്ള ഒരു ജ്ഞാനമാകുന്നു. സെക്രട്ടറിയേററിലും അക്കൌണ്ടാഫീസിലും മററു ആഫീസുകളിലും ഉള്ള ഗുമസ്തന്മാർ എല്ലാദിവസവും മാനുഷികമായ കാര്യങ്ങളിലും ആസക്തികളിലും ഉള്ള പെരുമാററമാകുന്നു ചെയ്യുന്നതു്.

മി. എൻ. കുമാരൻ (നിയമനം): ഏതു നിലയിലാണ് അവർ മനുഷ്യസ്വഭാവം പഠിക്കുന്നതെന്നു ഞാൻ മാമെമ്പറോടു ഒന്നു ചോദിച്ചുകൊള്ളട്ടെ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അവർ പെരുമാറുന്ന റിക്കാർഡുകൾ മനുഷ്യസ്വഭാവത്തെ സംബന്ധിക്കുന്നവയാണ്. അവർ പെരുമാറുന്നതായ ഓരോ ഫയലും ഒരു കണ്ണാടിപോലെ ആകുന്നു. ഒരു കേസു തിർച്ചപ്പെടുത്തുമ്പോൾ കോടതിമുമ്പാകെ വക്കീൽ എപ്രകാരം ചെയ്യുന്നുവോ അപ്രകാരംതന്നെ ക്ലാർക്കന്മാർ ഈ ഫയലുകളെ നല്ലതുപോലെ പഠിക്കയും വിവേചിക്കയും ആവശ്യമായിട്ടുള്ളവയിൽനിന്നും അനാവശ്യമായിട്ടുള്ളവയെ വേർതിരിക്കുകയും നോട്ടുകൾ തയ്യാറാക്കുകയും തീർപ്പു വിധിക്കേണ്ടതായ ഉദ്യോഗസ്ഥന്റെ മുമ്പിൽ അവയെ ഹാജരാക്കുകയും ആ ഉദ്യോഗസ്ഥൻ ഇട്ടിരിക്കുന്ന ഉത്തരവുകൾ കാണുകയുംചെയ്യുന്നു. അപ്രകാരമുള്ള ആ കേസിൽ എങ്ങിനെയാണ് ഒരു തീരുമാനം ഉണ്ടാകേണ്ടതെന്നു അവർ പഠിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും-വ്യവസായവും വകുപ്പു): ആളുകളുമായി പെരുമാറുന്ന ഒരു കച്ചവടക്കാരനു അത്രത്തോളംതന്നെ മനുഷ്യസ്വഭാവത്തെപ്പററി അറിവില്ലായ്മയാണെന്നു മാമെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അയാളുടെ തൊഴിലിനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകതരം ആളുകളുടെ സ്വഭാവത്തെപ്പററി ഒരു ജ്ഞാനം കിട്ടുന്നതിനു അയാൾക്കു സന്ദർഭം ഉണ്ടാകുന്നു. എന്നാൽ അതു ഒരു ക്ലാർക്കിന്റെതിൽനിന്നും വ്യത്യാസപ്പെട്ടതാണ്.

അതിനുംപുറമെ ക്ലാർക്കന്മാർക്കു പ്രമോഷൻ കിട്ടുന്നതിനു വല്ല മാർഗ്ഗവും ഉണ്ടായിരിക്കേണ്ടതാണെന്നു ആർക്കേണ്ടതായിട്ടുണ്ട്. അവരെ മജിസ്ട്രേട്ടന്മാരായി നിയമിക്കുന്ന പതിവു അടച്ചുകളഞ്ഞാൽ ക്ലാർക്കന്മാരുടെ പ്രമോഷനുള്ള ഇടം അത്രത്തോളം ചുരുങ്ങുന്നതാകുന്നു. അവർക്കു പ്രമോഷനു മാർഗ്ഗംവേണം. അതുകൂടാതെ നല്ല യോഗ്യതയുള്ള ആളുകളെ ആഫീസിൽ ക്ലാർക്കന്മാരായി കിട്ടാൻ സാധിക്കയില്ല. ഹജൂർകച്ചേരി, അക്കൌണ്ടാഫീസ്, ചാൻസറിവസ്തുകമ്മീഷണർ ആഫീസ് എന്നീ പ്രധാന ആഫീസുകളിലെ ഗുമസ്തന്റെ ജോലി വളരെ ബുദ്ധിമുട്ടുള്ളതാണ്. അയാൾ ചെയ്യുന്നതു വെറും പേനാകൊണ്ടുള്ള എഴുത്തുജോലി മാത്രമല്ല.

മി. പി. ജെ. ജോൺ (കൊല്ലം): ഗുമസ്തന്മാരായി ഹൈക്കോടതിയിൽ സ്വന്തന്ത്രന്മാരായ ആളുകൾ ഉണ്ടോ എന്നു മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): ഉണ്ട്. ഹൈക്കോടതിയിൽ ഉണ്ട്. എന്നാൽ ഞാൻ പറഞ്ഞ ആഫീസുകളിലുള്ളതുപോലെ അത്ര അധികം എണ്ണമില്ല.

യോഗ്യന്മാരായ ആളുകൾ ഹൈക്കോടതി കയറുന്നു. എന്തുകൊണ്ടെന്നാൽ അവർക്ക് മുൻസിപ്പന്മാരായി പുറത്തേക്കു പോകാൻ സാധിക്കുന്നു. അതാണ് ഒരു പ്രധാന ആകർഷണം. വക്കീലന്മാരെ മുൻസിപ്പന്മാരാക്കുന്നതും മജിസ്ട്രേട്ടന്മാരാക്കുന്നതും തമ്മിൽ വലിയ സാദൃശ്യമൊന്നുമില്ല. ഒരു വിത്യാസമുള്ളതു് എന്തെന്നുവെച്ചാൽ നിലയും വിലയും ഉള്ള വക്കീലന്മാർ മുൻസിപ്പന്മാരായി പോയേക്കാമെങ്കിലും മജിസ്ട്രേട്ടുദ്യോഗം സ്വീകരിച്ചു എന്നു വരികയില്ല. മജിസ്ട്രേട്ടിന്റെ ശമ്പളവും അഭിവൃദ്ധിയും മുൻസിപ്പന്മാരുടെതിനേക്കാൾ വളരെ കുറഞ്ഞതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ക്ലാർക്കന്മാരേക്കാൾ വക്കീലന്മാർക്കു മനുഷ്യസ്വഭാവമായി ഇടപെടുന്നതിനു കൂടുതൽ സൌകര്യം ഇല്ലെന്നുവോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): ഉണ്ട്. അവർക്ക് വലിയ ഉദ്യോഗസംബന്ധമായ ജോലിയുണ്ടെങ്കിൽ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കീഴിൽ ഇരിക്കുന്ന മജിസ്ട്രേട്ടന്മാർ ചെയ്യുന്ന വലിയ അതൃപ്തികരമായ ജോലിയെപ്പററി ഹൈക്കോടതി അവരുടെ ക്രിമിനൽ നീതിപരിപാലനത്തെപ്പററിയുള്ള പരിശോധനയിൽ കഴിഞ്ഞ അനേകം കൊല്ലങ്ങളായി പരമ്പരയായി റിക്കാർഡുകളുസംബന്ധിച്ചു ഗവണ്മെണ്ടു എന്തുചെയ്തു എന്നു ചാമെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ. അവയിൽഎല്ലാം ആണ്ടോടാണ്ടു അവരുടെ ജോലി "തൃപ്തികരമല്ല" "തീരെ തൃപ്തികരമല്ല" എന്നു ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഡിപ്യൂട്ടിപ്രസിഡന്റ്. അവർ ചെയ്യുന്ന ജോലിയുടെ എണ്ണത്തിലൊ വണ്ണത്തിലൊ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വണ്ണത്തിൽ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): അതിനെസംബന്ധിച്ചു ആവശ്യമുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ലാത്തതുകൊണ്ടു അദ്ദേഹത്തോടു മറുപടി പറയുന്നതിന് ഇപ്പോൾ എനിക്കെങ്ങനെ സാധിക്കുകയില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതിനെപ്പററി ഗവണ്മെന്റു അന്വേഷണം നടത്തുമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): തീർച്ചയായി അന്വേഷണം നടത്താം. ഹൈക്കോടതിയുടെ അഭിപ്രായത്തിനു തക്ക വിലകൊടുക്കുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മുൻസിപ്പന്മാരെ വക്കീലന്മാരിൽനിന്നും നിയമിക്കുന്നില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): ഉണ്ട്. എല്ലാ മജിസ്ട്രേട്ടന്മാരേയും വക്കീലന്മാരിൽനിന്നും നിയമിക്കണമെന്നു പറയുന്നതിനു അതു തന്നെത്താനെ ഒരു കാരണമാകുന്നതല്ലാ.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): എല്ലാ മജിസ്ട്രേട്ടന്മാരേയും വക്കീലന്മാരിൽനിന്നു നിയമിക്കണമെന്നു ഞാൻ പറഞ്ഞോ സർ? അതിനെസംബന്ധിച്ചു ഒരു ചോദ്യം എന്നോടു ചോദിക്കുകയും ഞാൻ അതു നിഷേധിക്കുകയുംചെയ്തു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): അദ്ദേഹം അപ്രകാരം പറഞ്ഞില്ലെന്നു ഞാൻ സമ്മതിക്കാം. എന്നാൽ വക്കീലന്മാരെ മജിസ്ട്രേട്ടന്മാരായി നിയമിക്കരുതെന്നു ഒരു ക്ലിപ്തം ചട്ടം വേണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പബ്ലിക്കുസർവീസിനെ സംബന്ധിക്കുന്നവാദം ഒരു പ്രധാന സംഗതിയല്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): അതെ അതുകൊണ്ടുതന്നെയാണ് വലിയ പരീക്ഷായോഗ്യതയുള്ള ഗുമസ്തന്മാർക്കു പ്രമോഷനു വഴികൊടുക്കണമെന്നു ഞാൻ പറയുന്നതു്. ബി. എ. യോ, ബി. എൽ, ഓ അവരണ്ടുംകൂടിയോ ബിരുദധാരിയായ ഒരു ക്ലാർക്കു നല്ല ജോലിചെയ്യണമെന്നും പ്രമോഷൻകിട്ടണമെന്നും ഉള്ള ആത്യാശയോടുകൂടെയാണ് സർവീസിൽ പ്രവേശിക്കുന്നതു, അതിനു ന്യായമായ അവസരം നിങ്ങൾ കൊടുക്കാതിരിക്കുകയാണെങ്കിൽ ക്ലാർക്കന്മാരുടെ വളരെ ഉപകാരപ്രദമായ ജോലിക്കു ശരിയായ യോഗ്യതയുള്ള ആളുകളെ നിങ്ങൾക്കു കിട്ടുവാൻ സാധിക്കുകയില്ല.

ഡപ്യൂട്ടിപ്രസിഡന്റ്. ക്രിമിനൽനടപടിനിയമത്തിലൊ സിവിൽനടപടി നിയമത്തിലൊ ഒരു പരീക്ഷജയിക്കുന്നതിനു ക്ലാർക്കിനോടു ആവശ്യപ്പെടുന്നതു കുറച്ചുകൂടി നന്നായിരിക്കുകയില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): സർ, പക്ഷേ, ബി. എൽ. പരീക്ഷാ വിജയംകൊണ്ടു നടപടിനിയമത്തിൽ പരിജ്ഞാനം സിദ്ധിച്ചിട്ടുള്ളതായി അർത്ഥമാകുന്നതിനാൽ ആ പരീക്ഷാബിരുദമതിയാകുകയില്ലെന്നു അങ്ങു വിചാരിക്കുകയാണ്. അപ്രകാരമാണെങ്കിൽ അങ്ങയുടെ ഉപദേശം വിലമതിക്കത്തക്കതെന്നുതന്നെ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): ഇപ്പോഴത്തെ ആളെടുക്കുന്ന രീതി അദ്ദേഹത്തിനു തൃപ്തിയുള്ളതാണോ എന്നു ചാമെമ്പറോടു ഞാൻ ചോദിച്ചുകൊള്ളട്ടെ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): അതെ.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): വേറെ ഏതെങ്കിലും ആളെടുപ്പു രീതിയുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): വക്കീലന്മാരിൽനിന്നുള്ള അവരെ തിരഞ്ഞെടുക്കാം. ഇപ്പോഴത്തെ രീതി അനുസരിച്ചു ഒരു നിശ്ചിത നിയമവും അതിനെസംബന്ധിച്ചുള്ളതല്ല.

മി. എൻ. കുമാരൻ (നിയമനം): ഈ ക്ലാർക്കന്മാർ എഴുതിയിട്ടുള്ള തീർപ്പുകൾ ചാമെമ്പർ വായിച്ചിട്ടുണ്ടോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ഉണ്ട്. അവർ മജിസ്ട്രേട്ടന്മാരായതിൽപിന്നീട്.

മി. എൻ. കുമാരൻ (നിയമനം): മുൻസിഫുന്മാരായിട്ടുള്ള വക്കീലന്മാർ എഴുതിയിട്ടുള്ള ജഡ്ജ്മെൻറുകളും വായിച്ചിട്ടുണ്ടോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ഉണ്ട്.

മി. എൻ. കുമാരൻ (നിയമനം): അവതമ്മിൽ അങ്ങു ഏതെങ്കിലും വ്യത്യാസം കാണുന്നുണ്ടോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ചിലപ്പോൾ രണ്ടും ഒരുപോലെ ചിന്തനീയമായിരിക്കുകയും ചിലപ്പോൾ രണ്ടും ഒരുപോലെ നല്ലതായിരിക്കുകയുംചെയ്യും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ക്ലാർക്കിൻെറ നിയമനത്തിനുമുമ്പു അവധിയെടുക്കുകയും വക്കീൽപണി പരിശീലിക്കുകയുംചെയ്യുന്നതിനു ഒരു ക്ലാർക്കിനോടു ആവശ്യപ്പെടുന്നതിൽ മെമ്പർക്കു എന്തെങ്കിലും വിചാരിക്കാനുണ്ടോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): അതു പ്രായോഗികമായ ഒരു ഏർപ്പാടല്ല. ക്ലാർക്കു ഒരു കോടതിയിൽ ചെൊകുന്നപക്ഷം പരിശീലനത്തിനു ആ ആളിനു ഏതെങ്കിലും കേസ്സുകൾ കിട്ടുമോ? അതിലേക്കായി ആ ആൾ അനേകംതാൾ കാത്തുനിൽക്കേണ്ടതായിവരും.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും-വടക്കു): സർ, ഗ്രൂപ്പ് മെമ്പളത്തിൽ മജിസ്ട്രേട്ടുദ്യോഗങ്ങൾ സ്വീകരിക്കുന്നതിലേക്കു ധാരാളം വക്കീലന്മാർ ആകർഷിക്കപ്പെടുകയില്ലെന്നുള്ള മിസ്റ്റർ പരമേശ്വരൻപിള്ളയുടെ അഭിപ്രായത്തെ കുറിച്ചുപറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. അതു അദ്ദേഹം ധൈര്യത്തിലിടുകയാണെങ്കിൽ എത്ര ആളുകൾ ധൈര്യംവിട്ടിടുകയാണെന്നു അദ്ദേഹത്തിനു കാണാൻ സാധിക്കും.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): അപ്രകാരം മിടുക്കന്മാരായ വക്കീലന്മാരെ നമ്മൾക്കു കിട്ടാൻസാധിക്കുമോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും-വടക്കു): ജൂണിയർ വക്കീലന്മാരിൽ അനേകം ആളുകൾ ഒരു തൊഴിലുമില്ലാത്തവരായും ജീവിതം നയിച്ചുകൊണ്ടുപോകുന്നതിനു വളരെ പ്രയാസമുള്ളവരായും കാണപ്പെടുന്നു. കുറെക്കൂടി നല്ല ജാതി മജിസ്ട്രേട്ടന്മാർ അത്യാവശ്യമായിട്ടുള്ളതാണെന്നു എനിക്കു തീർച്ചതന്നെ. ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ള മജിസ്ട്രേട്ടന്മാരിൽ അധികമാളുകളും ബുദ്ധിശക്തി കുറഞ്ഞവരാണെന്നാണ് എൻെറ പൂർണ്ണമായ വിശ്വാസം. മജിസ്ട്രേട്ടന്മാരാക്കുന്നതിനു ഉയർന്നതരത്തിലുള്ളവരും ബുദ്ധിമാന്മാരായ വക്കീലന്മാരെമാത്രമേ തിരഞ്ഞെടുക്കപ്പെടാവൂഎന്നുള്ളതു സംശയമില്ലാത്ത ഒരു സംഗതിയാണ്.

മി. എം. ശിവതാണുപിള്ള (തോപ്പിൽ): കടലാസ്സിൽ ആളുകളെ സംബന്ധിച്ചു പെരുമാറുന്ന ഒരു ക്ലാർക്കു നീതിന്യായകോടതികളിൽ സമയംകൊല്ലുന്ന ഒരു വക്കീലിനെക്കാൾ മിടുക്കനായിരിക്കുകയില്ലയോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും-വടക്കു): ഞാൻ അപ്രകാരം വിചാരിക്കുന്നില്ല. ക്ലാർക്കന്മാരിൽ ചിലർക്കു ഇപ്പോൾ കിട്ടാമെന്നു ആശിക്കാവുന്ന ഉദ്യോഗങ്ങൾ എടുത്തുകളയുകയാണെങ്കിൽ ഹജൂർകച്ചേരിയിലോ അക്കൌണ്ടാഫീസിലോഉള്ള ഉദ്യോഗങ്ങൾ സ്വീകരിക്കുന്നതിനു യോഗ്യതയുള്ള ക്ലാർക്കന്മാരെ കിട്ടുന്നതിനു പ്രയാസമാണെന്നു പറയുകയുണ്ടായി. അപ്രകാരമുള്ള ഭയത്തിനു ഒരു കാരണവുമില്ല. ഓരോ കൊല്ലത്തിലും ബി. എ. ക്കാരുടെ സംഖ്യ അതിരില്ലാതെ കൂടുകയാണ്. അവർക്കു ഉദ്യോഗംഉണ്ടാകുന്നതിലേക്കു മാത്രമേ പ്രയാസ ഉണ്ടാകുകയുള്ളു. അതുകൊണ്ടു ഈ സംഗതി തീരുമാനിക്കുന്നതിനു അപ്രകാരമുള്ള ഒരു ഭയം ഗവണ്മെൻറിനു ഉണ്ടാകേണ്ട ആവശ്യമില്ല. ഒരു ക്ലിപ്തകാലം വ്യവഹരിച്ചിട്ടുള്ള വക്കീലന്മാർക്കു മജിസ്ട്രേട്ടുദ്യോഗത്തിൻെറ ഒരു തരമാനം കൊടുക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാണ്.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): എത്ര കൊല്ലം പ്രാക്ടീസാണ് മെമ്പർ ക്ലിപ്തപ്പെടുത്തുന്നതു?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും-വടക്കു): അതു ഗവണ്മെൻറിൻെറ തീരുമാനത്തിനു വിട്ടേക്കാവുന്നതാണ്.

ഡിപ്യൂട്ടി പ്രസിഡൻറ്: മുൻസിഫുന്മാരുടെ നിയമനത്തെപ്പോലെയോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും-വടക്കു): അതെ. ഇതിലും അങ്ങനെന്നു അംഗീകരിക്കപ്പെടാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): സർ, ഈ പ്രമേയത്തോടു അനുകൂലിക്കുന്നതിലേക്കാണ് ഞാനും എഴുന്നേൽക്കുന്നതു. നിയമനിർമ്മാണസഭയുടെ കഴിഞ്ഞ സെഷനിൽപോലും മജിസ്ട്രേട്ടന്മാരിൽ എഴുപത്തഞ്ചു ശതമാനമെങ്കിലും വക്കീലന്മാരിൽനിന്നു നിയമിക്കപ്പെടണമെന്ന് നിവേദനം ഞാൻ അയച്ചിരുന്നു. ആ നിവേദനം ആ കമ്മിറ്റിക്കു വച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതു ഫാഷരാക്കുന്നതിനു എനിക്കു സമയമില്ലായിരുന്നു. അതുകൊണ്ടു ആ സംഗതിയിൽ എൻെറ അഭിപ്രായത്തെ പ്രദർശിപ്പിക്കുന്നതിനു ഈ സന്ദർഭത്തെ ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. ഹജൂർകച്ചേരിയിലേയും അക്കൌണ്ടാഫീസിലേയും ക്ലാർക്കന്മാർക്കു മനുഷ്യസ്വഭാവത്തെപ്പററി തീർച്ചചെയ്യുന്നതിനു കൂടുതൽ ജ്ഞാനിയുണ്ടെന്നുള്ള ചാമെമ്പറുടെ അഭിപ്രായത്തിനു വിപരീതപക്ഷക്കാരനാണ് ഞാൻ. ഹജൂർകച്ചേരിയിലേയോ അക്കൌണ്ടാഫീസിലേയോ ക്ലാർക്കന്മാരുടെക്കാൾ കുറച്ചുകൂടി നല്ലതുപോലെ തീരുമാനിക്കുന്നതിനു കൂടുതൽ ജ്ഞാനിയുള്ളവർ വക്കീലന്മാരാണ്. എൻെറ അനുഭവത്തിൽനിന്നും പറയുകയാണെങ്കിൽ ഈ ആഫീസുകളിൽനിന്നും മജിസ്ട്രേട്ടന്മാരായി നിയമിക്കപ്പെട്ടിട്ടുള്ള ക്ലാർക്കന്മാർക്കു പോലീസുകാരെ മുഴുവനേ ആശ്രയിക്കേണ്ടതായിട്ടാണ് കണ്ടുവരുന്നതു് എന്നുകൂടി ഞാൻ പറയാം. അവർക്കു കോടതികളിലെ നടപടികൾ അറിഞ്ഞുകൂടാ. അവരുടെ മുമ്പിൽ ഹാജരാക്കിയിട്ടുള്ള തെളിവിനെ ആസ്പദമാക്കി കേസ്സു് തീരുമാനിക്കുവാൻ അവർക്കു അറിഞ്ഞുകൂടാ. തെളിവിനെ സൂക്ഷ്മമായി പരിശോധിക്കുന്നതു എങ്ങിനെയെന്നും

കാര്യബോധംപ്രയോഗിക്കണമെന്നു എങ്ങിനെയെന്നും അവക്ക അറിഞ്ഞുകൂട. അതുകൊണ്ടു ഒരു വക്കീലിന നല്ല പ്രാക്ടീസ് ഉണ്ടായിരുന്നാലും ഇല്ലാതിരുന്നാലും അയാൾക്ക കോടതിയുമായും കക്ഷികളുമായും നല്ല പ്രാക്ടീസുള്ള ബാറിലെ വക്കീലന്മാരുമായും പരിചയമുണ്ടാകുന്നതുമാകുന്നു. ഇതെല്ലാം വിചിന്തനംചെയ്തു നോക്കുന്നതിൽ പതിനൊന്നര മണിമുതൽ അഞ്ചുമണിവരെ ആഫീസിൽ ഒരു കസേരയിൽ ഇരിക്കുന്നതിനു നിർബന്ധിതനായ ഒരു ഗുമസ്തനേക്കാൾ മനുഷ്യസ്വഭാവത്തെപ്പററി തീരുമാനിക്കുന്നതിനു അനേകംമടങ്ങു കൂടുതൽ യോഗ്യതയുള്ളവൻ ആ വക്കീലുതന്നെയാണ്.

ഈ സഭയുടെ അറിവിൽ കൊണ്ടുവരുന്നതിലേക്ക ഞാൻ ആഗ്രഹിക്കുന്ന പ്രകാരം സംഗതിക്കുടിയുണ്ടു. ഉയന്ന വിദ്യാഭ്യാസത്തിനു പ്രത്യേകിച്ചു ലാകോളേജിലേക്ക നമ്മുടെ ധാരാളം പണം ചിലവാക്കുന്നുണ്ടു. ആണ്ടുതോറും അനേകം ബി. എൽ. ബിരുദധാരികൾ ലാകോളേജിൽനിന്നും ഇറങ്ങിവരുന്നുണ്ടു.

ഡിപ്യൂട്ടിപ്രസിഡണ്ടു: ലാകോളേജിനു നമ്മുടെ പണം ചിലവാക്കുന്നതെന്തോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഗവർണ്മെൻറിലേക്ക ഒരു ആദായമായിരുന്നേക്കാം. എന്നാൽ, ബി. എ. ബിരുദിതരുള്ള പഠനം അവസാനിപ്പിക്കാതെ ഒരു വിദ്യാർത്ഥിക്ക ലാകോളേജിലേക്ക പ്രവേശിക്കുന്നതിനു സാധിക്കുകയില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേട്ടും): ആ വിദ്യാർത്ഥി പണം ചിലവാക്കിയിട്ടുണ്ടെന്നു വിശ്വസിക്കുന്നപക്ഷം വൈകുതെയിരിക്കുന്നതു അയാൾക്ക ലാഭമായിരിക്കുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തീർച്ചയായി അപ്രകാരമായിരിക്കുകയില്ല. അയാൾക്ക കടന്നുപോകേണ്ടതായിട്ടുണ്ടു. (കുറച്ചു നിവൃത്തിയിട്ടു) ചുരുക്കിപ്പറയുകയാണെങ്കിൽ സർ, ഈ വക്കീലന്മാർക്ക നമ്മുടെ ജോലിയുണ്ടാക്കേണ്ടതായി ഉണ്ടെന്നു ഞാൻ പറയാം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തോടു അനുകൂലിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ സംഗതി ഇപ്പോൾ അവസാനിപ്പിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. പി. കെ. നാരായണപിള്ള (അവിണിപ്പുഴ): തൽക്കാലം ഇതു അവസാനിപ്പിക്കുന്നതിലേക്കുള്ള പ്രമേയത്തോടു ഞാൻ യോജിക്കുന്നു.

അവസാനിപ്പിക്കുന്നതിനുള്ള പ്രമേയം വോട്ടിനിട്ടുകയും പാസാക്കുകയും ചെയ്തു

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേട്ടും): സർ, ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞതെല്ലാം വളരെ സൂക്ഷ്മമായി ശ്രദ്ധിച്ചുകേട്ടു. ഇപ്പോഴത്തെ ആരുടെയെങ്കിലും നടപ്പിനെപ്പററി അദ്ദേഹം ചെയ്ത വാദപ്രതിവാദത്തിൽനിന്നും പക്ഷിക്കുവേണ്ടി ഞാൻ ചെയ്ത വാദം ശക്തിയുള്ളതാണെന്നു അദ്ദേഹംതന്നെയും വിശ്വസിച്ചിട്ടുണ്ടായിരിക്കണമെന്നു ഞാൻ വ്യസനസമേതം പറയുന്നു. ഹജൂർകച്ചേരിയിലെയോ അക്കൗണ്ടാഫീസിലെയോ ക്ലാക്കന്മാർ ഹയലുകളുമായി പെരുമാറുകയും നോട്ടെഴുതുകയും ചെയ്യുന്നതുകൊണ്ടുമാത്രം അവർ നീതിന്യായം പരിപാലിക്കുന്നതിനു യോഗ്യതയുള്ളവരായിരിക്കുമെന്നു പറയുന്നതു—

മി. ആർ. നീലകണ്ഠപ്പിള്ള (ഡെപ്യൂട്ടി ഗവർണ്മെണ്ടു ഫിനാൻഷ്യൽ സിക്രട്ടറി): ഹജൂർകച്ചേരിയിലും അക്കൗണ്ടാഫീസിലും അനേകം ബി. എൽ. കാർ ഇല്ലയോ?

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേട്ടും): ഉണ്ടു. ഈ ക്ലാക്കന്മാരിൽ ചിലരോടു അവധി എടുക്കുന്നതിനും കോടതികളിൽ വ്യവഹരിക്കുന്നതിനും ഗവർണ്മെണ്ടു ആവശ്യപ്പെടുകയില്ലയെന്നുള്ള മിസ്റ്റർ നാരായണപിള്ളയുടെ ചോദ്യത്തിൽ അന്തർഭവിച്ചിരിക്കുന്ന സൂചന ഒരു നല്ല സൂചനതന്നെയാണ്. ഒരു കേസും കിട്ടാത്ത വക്കീൽ പത്രിപ്പായി കോടതിയിൽ ഹാജരാകുകയും വക്കീലന്മാർ സാക്ഷികളെ എങ്ങിനെയാണ് വിശ്വസിക്കുന്നതെന്നും ജഡ്ജിമാർ എങ്ങനെയാണ് കേസുകൾ നടത്തുന്നതെന്നും കാണുകയും ചെയ്യുന്നുണ്ട്.

ഡിപ്യൂട്ടിപ്രസിഡണ്ടു: നിയമഉദ്യോഗസ്ഥന്മാരുടെ ആഫീസിലെ ക്ലാക്കുകളെ മജിസ്ട്രേട്ടന്മാരായി പ്രമോഷൻകൊടുക്കേണ്ട ക്ലാക്കന്മാരുടെ പട്ടികയിൽ അങ്ങു ചേർക്കുന്നുണ്ടോ?

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേട്ടും): അക്കൗണ്ടാഫീസിലെയും മററുള്ള സ്ഥലങ്ങളിലെയും ക്ലാക്കന്മാരേക്കാൾ സ്വല്പംകൂടി നല്ല ഒരു നിലയിലായിരുന്നേക്കാം അവരുടെ നില. അതുകൊണ്ടു മജിസ്ട്രേട്ടന്മാരെ സംബന്ധിച്ചിടത്തോളം വക്കീലന്മാരിൽനിന്നും ആരെയും നിയമിക്കാൻ പാടില്ലെന്നു ഗവർണ്മെണ്ടു നയോജിച്ചു മെമ്പർ സ്വീകരിച്ചിട്ടുള്ള നയം എനിക്കു മനസ്സിലാകുന്നില്ല. വക്കീലന്മാരുടെ കൂട്ടത്തിൽനിന്നും ക്ലാക്കുരൂപ ശമ്പളത്തിൽ മുൻസിപ്പന്മാരായി വരുത്തുമെന്നുവരികിലും ക്ലാക്കുരൂപ ശമ്പളത്തിൽ വക്കീലന്മാർ മജിസ്ട്രേട്ടന്മാരായി വരികയില്ലെന്നാണു അദ്ദേഹം വിചാരിക്കുന്നതെന്നു തോന്നുന്നു. രണ്ടും തമ്മിലുള്ള വ്യത്യാസം എനിക്കു കാണുവാൻ സാധിക്കുന്നില്ല. ഈ പട്ടണത്തിൽ നല്ല വക്കീലന്മാരുടെ സംഖ്യ കൂടിക്കൊണ്ടിരിക്കുന്നുവെന്നു ചൂണ്ടിക്കാണിച്ചിരിക്കെ മജിസ്ട്രേട്ടന്മാരാകുന്നതിനു ധാരാളം വക്കീലന്മാർ ഉണ്ടായിരിക്കുന്നതാണ്. ഈ വക്കീലന്മാർക്കു നീതിന്യായപരിശീലനത്തിൽ വേണ്ടുവോളം പരിചയം കിട്ടുന്നുണ്ടു. എന്നാൽ ക്ലാക്കന്മാർക്കു അല്പകാലമുള്ള ഒരു പരിചയവുമില്ല. അതാണു നിങ്ങളുടെ മുമ്പാകെ ഞാൻ കൊണ്ടുവരുന്ന സംഗതി. മജിസ്ട്രേട്ടന്മാരായി നിയമിക്കപ്പെടുന്നതിനുമുമ്പു വേണ്ടുവോളം നീതിന്യായപരിശീലനം വക്കീലന്മാർക്കുണ്ടു. അവർ രാജ്യത്തിനു ഒരു ഭാരമായിത്തീരുകയും ചെയ്യും. ആദിനംപുറമെ ക്രിമിനൽകോടതികളിലെ ജോലിയുടെ യോഗ്യതയെയും വലിപ്പത്തെയും പററി ഞാൻ സംസാരിക്കാം. ഈ ശിപാർശ പാസാക്കുകയാണെങ്കിൽ നീതിന്യായപരിപാലനം ഇപ്പോഴത്തേക്കാൾ തീർച്ചയായി കുറഞ്ഞുപോകുന്നതാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ ഡിമാൻറിനു നമ്മുടെ എന്തു സമയമുണ്ടെന്നു ഡിപ്യൂട്ടിപ്രസിഡണ്ടിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

ഡിപ്യൂട്ടിപ്രസിഡണ്ടു: ലഘുഭക്ഷണത്തിനുശേഷം മുക്കാൽമണിക്കൂർ ഉണ്ടായിരിക്കും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഗവർണ്മെണ്ടു സക്കാർവക്കീൽ): സർ, ലാപരീക്ഷാവിജയികളായുള്ള ക്ലാക്കന്മാരും ബാറിൽ വ്യവഹരിക്കുന്ന വക്കീലന്മാരും തമ്മിൽ താരതമ്യപ്പെടുത്തുകയുണ്ടായി. ഈ താരതമ്യപ്പെടുത്തലിന്റെ ഔചിത്യം എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. പരന്തു പന്ത്രണ്ടോ കൊല്ലം വ്യവഹാരപരിശീലനമുള്ള ഒരു ഗുമസ്തനും അതുപോലെ വർഷംതന്നെ പരിചയമുള്ള ഒരു വക്കീലും തമ്മിലാണ് ഈ താ

ആയുള്ളതെങ്കിൽ അതു എനിക്കു മനസ്സിലാക്കാൻ സാധിക്കും. അപ്രകാരമുള്ള ഒരു സാമ്യപ്പെടുത്തൽ നടത്തുകയാണെങ്കിൽ പല സംഗതികളിലും വക്കീൽ കുറച്ചുകൂടി നന്നായിരിക്കും. എന്നാൽ ഒരു പരിചയമുള്ള ഗുമസ്തനെ വ്യവഹരിച്ചു തുടങ്ങിട്ടുള്ള ഒരു വൈരം വക്കീലും തമ്മിൽ എന്തിലാണ് താരതമ്യപ്പെടുത്താവുന്നത്?

മി. കെ. പി. ജോസഫ് (മീനച്ചിലും ദേവികുളവും): ഒരു മജിസ്ട്രേട്ടായിരിക്കുന്നതിലേക്കു ഒരു ഗുമസ്തന്റെ മനസ്ഥിതി ഇതിലോം ഇടുങ്ങിയതല്ലയൊയെന്ന് ലാ മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (ഡെപ്യൂട്ടി ഹെഡ് സെക്രട്ടറി): അതു ഒരിക്കലും അപ്രകാരമല്ല. ഏതു വിധത്തിലായാലും അതു അപ്രകാരമായിരിക്കണമെന്നു നിർബന്ധമില്ല.

പണ്ടൊരു പന്ത്രണ്ടോ കൊല്ലം സർവീസുള്ള ഒരു ഗുമസ്തൻ ബി. എൽ. പാസായി കഴിഞ്ഞശേഷം ഒരു മജിസ്ട്രേട്ടായി നിയമിക്കപ്പെടുകയാണെങ്കിൽ ആ ആൾ ഒരു നല്ല മജിസ്ട്രേട്ടായി തീരുന്നതിലേയ്ക്കു വേണ്ട മറ്റുണ്ടാകും ഒക്കെയുണ്ട്. വക്കീലായി അത്രയുംകൊല്ലം വ്യവഹരിച്ചു പാങ്ങിതിക്കുന്നതൊ കുറേയൊക്കെ പ്രാക്ടീസുള്ളതൊ ആയ വക്കീലൊ അത്രത്തോളംതന്നെ ഒരു നല്ല മജിസ്ട്രേട്ടായിരുന്നേക്കാം. അല്ലെങ്കിൽ കുറച്ചുകൂടി നല്ലതാകണമെന്നും നമുക്കു വിചാരിക്കാം. എന്നാൽ അതു ആൾ ഒരു മജിസ്ട്രേട്ടുദ്യോഗം സ്വീകരിക്കുകയെന്നതുമായി ബന്ധമില്ല. എന്തുകൊണ്ടെന്നാൽ മേൽപ്രമോഷൻ കിട്ടുമെന്ന നിശ്ചയമില്ലാത്തതുകൊണ്ടൊ അതു പലരെ എളുപ്പത്തിലല്ലതുകൊണ്ടൊ ഒരു ഗുമസ്തപ്പായി സർവീസിൽ പ്രവേശിച്ചാൽ ഏതു കൊല്ലം സർവീസു തികഞ്ഞതിനുശേഷം ഒരു രണ്ടാംഗ്രേഡ്ഡിയാകുന്നതിലേക്കു അയാൾക്കു ആൾക്കാം. എന്നാൽ പത്തൊ പതിനെട്ടൊ കൊല്ലം സർവീസിനുശേഷം ഒരു മജിസ്ട്രേട്ടിന്റെ ശമ്പളം ഒരു രണ്ടാംഗ്രേഡ്ഡിനേക്കാൾ വളരെ താണ ശമ്പളമുള്ള ഒരു ഒരു തഹശീൽദാരുടെ ശമ്പളത്തെക്കാൾ കൂടുതൽ ആയിരിക്കയില്ല. അതു വളരെ പ്രത്യക്ഷത്തിലുള്ള ഒരു വിചിന്തനമല്ലെന്നു. മജിസ്ട്രേട്ടുദ്യോഗത്തിനു സ്ഥാനാർത്ഥികളായി യോഗ്യരായ പരിചയമുള്ള വക്കീലന്മാർ വരികയാണെങ്കിൽ അപ്രകാരമുള്ള സംഗതികൾ ആലോചിക്കപ്പെടാവുന്നതാണു. എന്നാൽ മജിസ്ട്രേട്ടന്മാരിൽ ഒരു ക്ലിപ്തസംഖ്യ വക്കീലന്മാരിൽനിന്നും നിയമിക്കപ്പെടണമെന്നു ഒരു നിയമിതചട്ടം നിർമ്മിക്കയാണെങ്കിൽ നമ്മുടെ ചില വക്കീലന്മാരെ മജിസ്ട്രേട്ടന്മാരായി നിയമിക്കുന്നതിനു നിർബന്ധിതരാകുകയും നല്ലനിലയുള്ള വക്കീലന്മാർ സ്ഥാനാർത്ഥികളായി വരുന്നതിക്കയാണെങ്കിൽ—അപ്രകാരം സംഭവിക്കുന്നതിനാണു ഇടയുള്ളതു—നമ്മുടെ കയ്യിൽകിട്ടുന്നതായ ഏതെങ്കിലും വക്കീലിനെ നിയമിക്കേണ്ടതായി വരികയുംചെയ്യും. അതു ഒരു നല്ല കാര്യമല്ല.

മി. കെ. പി. ജോസഫ് (മീനച്ചിലും ദേവികുളവും): ആണ്ടുതോറും ഈ മജിസ്ട്രേട്ടന്മാർ ചെയ്യുന്ന ജോലിയുടെഗുണം കുറഞ്ഞുകുറഞ്ഞാണ് വരുന്നതെന്നുള്ള വൈഷമ്യത്തിനു അദ്ദേഹത്തെ ചൂണ്ടിക്കാട്ടിയതായി വിശദീകരിക്കുമോ? ഏതു ഏതു പ്രകാരത്തിലുള്ള നീതിന്യായ പരിപാലനത്തെ സംബന്ധിച്ചു വ്യത്യസ്തമായ അവബോധത്തിന്റെ പ്രശ്നം ഇവിടെ ഉദ്ദേശിക്കുന്നതെന്നു ചോദിക്കട്ടെയോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): വരുന്ന വക്കീലന്മാരെ നിയമിക്കുന്നതുകൊണ്ടു ജോലി നന്നാകുന്നു എന്നു അതിൽനിന്നും വരുന്നതല്ലല്ലോ.

മി. കെ. പി. ജോസഫ് (മീനച്ചിലും ദേവികുളവും): ഇപ്പോഴത്തെ നിയമനസമ്പ്രദായമല്ലയോ ഇതിനു പ്രധാനകാരണം എന്നു നിങ്ങൾ എന്നെ അറിയിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): അതു ഇതിനെ പിൻതുടരുന്നതേയല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്), മജിസ്ട്രേട്ടന്മാരുടെ ജോലി തൃപ്തികരമല്ലെന്നു ഹൈക്കോടതി അഭിപ്രായപ്പെട്ടതിനുശേഷവും എന്തുകൊണ്ടാണ് ഇപ്പോഴത്തെ നിലതന്നെ തുടർന്നുകൊണ്ടിരിക്കുന്നതെന്നുള്ളതിനു കാരണങ്ങൾ എന്തെന്നു അറിയിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ക്ലാർക്കന്മാരെ മജിസ്ട്രേട്ടന്മാരായി പ്രമോഷൻ കൊടുക്കുന്നതുകൊണ്ടാണ് ജോലിയുടെ യോഗ്യതകുറയുന്നതെന്നു ഹൈക്കോടതി അഭിപ്രായപ്പെടുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആ സംഗതിയെപ്പറ്റി ഗവണ്മെന്റു അന്വേഷണം നടത്തിയിട്ടുണ്ടോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ഹൈക്കോടതിയുടെ അഭിപ്രായത്തിനു തക്കവിധം കൊടുക്കുന്നതും സമാംഗത്തിന്റെ സൂചനയെപ്പറ്റി ആലോചിക്കപ്പെടുന്നതും ആകുന്നു.

ഡിപ്യൂട്ടി പ്രസിഡൻറ്: ക്ലാർക്കന്മാർക്കു വേണ്ടിടത്തോളം പ്രോത്സാഹനം കിട്ടുന്നില്ലെന്നു വന്നേക്കാം.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): പബ്ലിക് സർവീസിനെപ്പറ്റിയുള്ള മതിപ്പു ഈ സന്ദർഭത്തിൽ ആലോചിക്കേണ്ടതായ വേറൊരുസംഗതിയാണ്. സമർത്ഥന്മാരായ അനേകം ഗ്രാഡുവേറന്മാരുടെ മേലുള്ള അതിശയ തടയുകയാണെങ്കിൽ പബ്ലിക് സർവീസിനെപ്പറ്റിയുള്ള മതിപ്പു എവിടെയാണ്. ക്ലാർക്കന്മാരായി നല്ല ആളുകളെകിട്ടുന്നതു നല്ല തഹശീൽദാന്മാരെയും നല്ല അസിസ്റ്റന്റു പെഷ്കാരന്മാരെയും കിട്ടുന്നതിനു നമുക്കു എങ്ങനെ സാധിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മജിസ്ട്രേട്ടന്മാരുടെ നിയമനവും ശിക്ഷയും ഹൈക്കോടതിക്കു വിട്ടുകൊടുക്കുന്നതിനു ഗവണ്മെന്റു തയ്യാറാണോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ആ പ്രത്യേക ചോദ്യം ഈ ഉപക്ഷേപത്തിൽ കാണിച്ചിട്ടില്ല. അതിനെസംബന്ധിച്ചു ഒരുവിധത്തിലോ മറ്റൊരുവിധത്തിലോ ഇപ്പോൾ തന്നെ ഉത്തരംപറയുന്നതിനു എന്നെകൊണ്ടു സാധിക്കയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പബ്ലിക്സർവീസിൽ മജിസ്ട്രേട്ടന്മാരുടേയും ഗ്രാഡുവേറന്മാരുടെ ക്ലാർക്കന്മാരുടേയും അന്തരമെന്താണ് എന്തായിരിക്കും.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ഹജൂർകച്ചേരിയിലും അതുകൊണ്ടാഫീസിലുംകൂടി ഏകദേശം നൂറു ഗ്രാഡുവേറന്മാർ ക്ലാർക്കന്മാർ ഉണ്ടെന്നും ഇപ്പോൾ അവരിൽ ഏകദേശം ഇരുപത്തഞ്ചുപേർ ബി. എൽ. കാരാണെന്നും എനിക്ക് അറിവുകിട്ടിയിട്ടുണ്ടു. ഈ ആഫീസുകളിലേയും ലാൻഡ്ഡുറവന്യൂഡിപ്പാർട്ടുമെന്റുമുതലായ മററു ഡിപ്പാർട്ടുമെന്റുകളിലേയും ക്ലാർക്കന്മാർക്കല്ലാവർക്കുംകൂടി ആകപ്പാടെ ഇരുപത്തിരണ്ടു മജിസ്ട്രേട്ടുദ്യോഗംമാത്രമേയുള്ളു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ ക്ലാർക്കന്മാർക്ക് സൂപ്രണ്ടുദ്യോഗവും അസിസ്റ്റന്റുദ്യോഗവും തരപ്പെടുത്തി കയററം നൽകിക്കൂടയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): സൂപ്രണ്ടന്മാരുടെ സ്ഥാനങ്ങൾ വളരെ കുറഞ്ഞ ഒരു സംഖ്യമാത്രമേ ഉള്ളു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഹൈക്കോടതിയിലെ ക്ലാർക്കന്മാർക്ക് വേണ്ടുവോളം പ്രോത്സാഹനം ഇല്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): അവർക്ക് മുൻസിപ്പന്മാരായി പോകാം. വക്കീലന്മാരേയും മുൻസിപ്പന്മാരായി നിയമിക്കുന്നതിന് സംശയമില്ല. മുൻസിപ്പന്മാരുടെ സംഗതിയിൽ ഞാൻ മുമ്പുപറഞ്ഞതുപോലെ മാവിയിലുള്ള അഭിവൃദ്ധിയെ ഉദ്ദേശിച്ചു മുൻസിപ്പന്മാരായി ആകർഷണീയമായിരിക്കും.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): വക്കീലന്മാരെ മജിസ്ട്രേട്ടന്മാരായി നിയമിക്കുന്നപക്ഷം അക്കൌണ്ടാഫീസിലേയും ഹജൂർക്കച്ചേരിയിലേയും ക്ലാർക്കന്മാരുടെ സംഗതിയിൽ പ്രോത്സാഹനം അത്രത്തോളം കുറയുന്നുവോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): തീർച്ചയായി അത്രത്തോളം പ്രോത്സാഹനം കുറയുന്നുണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഫാൻഡ്റവന്യൂ കമ്മീഷണർ ആഫീസ് ഡിവാൻപേഷ്കാരന്മാരുടെ ആഫീസുകൾ ഇത്തരത്തിലുള്ള മററു ഡിപ്പാർട്ടുമെൻറുകളിലെ ക്ലാർക്കന്മാരേയും മജിസ്ട്രേട്ടന്മാരായി തിരഞ്ഞെടുക്കാറുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): ഉണ്ടു. ആ ആഫീസുകളിൽനിന്നും മജിസ്ട്രേട്ടന്മാരെ തിരഞ്ഞെടുക്കാറുണ്ട്.

മജിസ്ട്രേട്ടന്മാരുടെ സ്ഥാനങ്ങൾ വളരെ കുറച്ചുമാത്രമേയുള്ളു. ഈ ഡിപ്പാർട്ടുമെൻറുകളിലെ ഗ്രാഡുവേററ ക്ലാർക്കന്മാരുടെ സംഖ്യ വളരെ കൂടുതലാണ്. അവർ ആശിക്കുന്നതായ ഈ വളരെ ചുരുങ്ങിയ ഉദ്യോഗങ്ങൾ കയററം അവരിൽനിന്നും മോഷ്ടിക്കപ്പെടുകയാണെങ്കിൽ അതു വളരെ കടുപ്പമായിരിക്കും.

മി. കെ. എ. ജോസഫ് (മീനച്ചിലും മേലുകാവും): ഈ ക്ലാർക്കന്മാരുടെ പ്രമോഷൻ അവരുടെ യോഗ്യതയേയോ സീനിയാറിററിയേയോ ഏതിനെയാണ് ആശ്രയിച്ചിരിക്കുന്നതെന്നു എന്നെ അറിയിക്കുമോ?

മി. കല്ലാലം പരമേശ്വരൻ പിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി വക്കീൽ): സീനിയാറിററിയും, യോഗ്യതയും ഓരോ പ്രത്യേക സംഗതിയിൽ അതിന്റെ യോഗ്യത അനുസരിച്ചു ആലോചിക്കപ്പെടുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ക്ലാർക്കന്മാരുടെ ആധിക്യത്തേയും അവർ ചെയ്യാനുള്ള ജോലിയുടെ വലിപ്പത്തേയും ആസ്പദമാക്കി നോക്കിയാൽ അവരുടെ തൃപ്തി സമ്പാദിക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതല്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി വക്കീൽ). അതെ; അതാണ് എന്റെ വാദമുഖങ്ങളിലൊന്ന്.

ഡിപ്പുട്ടിപ്രസിഡണ്ട്: മിസ്റ്റർ മാത്യു! നിങ്ങളുടെ ഉപക്ഷേപത്തെ നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഞാൻ ഈ ഉപക്ഷേപത്തെ നിർബന്ധിക്കുന്നു.

ഉപക്ഷേപം വോട്ടിനിടുകയും പരിഷേധപേർ അനുകൂലമായും, പതിനെട്ടുപേർ പ്രതികൂലമായും വോട്ടു ചെയ്തതുകൊണ്ടു തോററുപോയതായി വിചാരിക്കപ്പെടുകയുംചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപക്ഷേപത്തെ അനുകൂലിക്കുന്നവരായും, ഇപ്പോൾ മാത്രം വന്നവരായും രണ്ടു മെംബറന്മാർ കൂടിയുണ്ടു.

ഡിപ്പുട്ടിപ്രസിഡണ്ട്: വോട്ടു ഇട്ടതിനുശേഷം വന്നവരെ ഞാൻ കണക്കാക്കുകയില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): സർ, ഒരു പോയിന്റ് എടുക്കുന്നതിനു ഞാൻ ആവശ്യപ്പെടുന്നു.

അനുകൂലികൾ ൧൨.

൧	മിസ്റ്റർ	എ. ജെ. ജാൻ	൧൦	മിസ്റ്റർ	പി. കെ. നാരായണപിള്ള
൨	,,	കെ. എ. ജോസഫ്	൧൧	,,	കെ. പി. നീലകണ്ഠപ്പിള്ള
൩	,,	എൻ. വി. ജോസഫ്	൧൨	,,	എം. എൻ. പിള്ള
൪	,,	എക്സ്. ജി. ലോപ്പസ്	൧൩	,,	ആർ. പരമനാഥൻ
൫	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	൧൪	,,	ജി. പരമേശ്വരൻപിള്ള
൬	,,	എൻ. കുമാരൻ	൧൫	,,	ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
൭	,,	ടി. ജെ. മാത്യു	൧൬	,,	ജി. രാമൻമേനവൻ
൮	,,	ജി. നാരായണപിള്ള	൧൭	,,	എം. സുബ്രഹ്മണ്യപിള്ള
൯	,,	കല്ലൂർ നാരായണപിള്ള	൧൮	,,	സി. പി. തരകൻ

പ്രതികൂലികൾ ൧൮.

൧	മിസ്റ്റർ	ഐ. സി. ചാക്കോ	൧൦	മിസ്റ്റർ	കെ. വി. നടേശയ്യർ
൨	,,	പി. ഡാനിയൽ	൧൧	,,	ആർ. നീലകണ്ഠപ്പിള്ള
൩	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൨	,,	കല്ലാലം പരമേശ്വരൻപിള്ള
൪	,,	കെ ജോർജ്	൧൩	മിസസ്സ്	എം. പൂന്നൻ മുക്കോസ്
൫	,,	പി. ഹബീബ് മഹമ്മദ്	൧൪	മിസ്റ്റർ	ടി. പി. രാമസുബ്ബയ്യർ
൬	,,	ആർ. കെ. കൃഷ്ണപിള്ള	൧൫	റാവുബഹദൂർ	കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൭	,,	ആർ. കൃഷ്ണസ്വാമിഅയ്യർ	൧൬	മിസ്റ്റർ	എസ്. സി. എച്ച്. റോബിൻസൺ
൮	ഡാക്ടർ	എൻ. കുഞ്ഞൻപിള്ള	൧൭	,,	വി. എസ്. സുബ്രഹ്മണ്യയ്യർ
൯	മിസ്റ്റർ	കെ. മാധവൻപിള്ള	൧൮	,,	എ. ജെ. വാൻറാസ്

ഡിപ്യൂട്ടിപ്രസിഡണ്ട്: അനുകൂലികളായ പതിനെട്ടുപേർക്കു എതിരായി പ്രതികൂലികളായ പതിനെട്ടു പേർ ഉണ്ട്. തൽക്കാലം നിലനിൽക്കുന്ന സ്ഥിതിയെ നിലനിർത്തുന്നതിനു അനുകൂലമായിട്ടാണ് കാസ്റ്റിംഗ്‌വോട്ടു എല്ലാവരോടും കൊടുക്കുക എന്നുള്ളതുകൊണ്ടു ഉപക്ഷേപത്തിനു വിപരീതമായി ഞാൻ എന്റെ വോട്ടു കൊടുക്കുന്നു

ഉപക്ഷേപം തള്ളി എന്നു ഗണിക്കപ്പെട്ടു.

ഉച്ചതിരിഞ്ഞു ൨-൫ ൦ മണിക്കു സഭ നിർത്തുകയും മൂന്നു മണിക്കു ഡെപ്യൂട്ടി പ്രസിഡന്റിന്റെ അദ്ധ്യക്ഷാധിപത്യത്തിൽ വീണ്ടും കൂടുകയുംചെയ്തു.

൨൯ാം ഉപക്ഷേപം.

മി. ജി. നാരായണപിള്ള (തിരുവല്ലാ): സർ, താഴെ കാണിക്കുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

൨൯൪. ക്രിമിനൽ കോടതികൾക്കു നീക്കിവച്ചിരിക്കുന്ന ൯൨,൯൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നതിനു ഈ ഉപക്ഷേപത്തെ കൊണ്ടുവരുന്നതിലുള്ള എന്റെ ഉദ്ദേശം, മജിസ്ട്രേട്ടുകോടതികളുടെ ഇപ്പോഴത്തെ സ്ഥാപനസ്ഥലങ്ങളെപ്പററി—പ്രത്യേകിച്ചു, തിരുവല്ലായിലെ ഒരു മജിസ്ട്രേട്ടുകോടതിയുടെ സ്ഥാപനത്തെ സംബന്ധിച്ചുള്ള അത്യുത്സുകയായ ഗവർണ്ണമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേക്കാകുന്നു. കുറെ അധികംകാലത്തേക്കു തിരുവല്ലായിൽ മജിസ്ട്രേട്ടുകോടതി ഉണ്ടായിരുന്നു. ഒരിക്കൽ അവിടെ രണ്ടു കോടതികൾ—ഒരു ഒന്നാം ക്ലാസ് മജിസ്ട്രേട്ടുകോടതിയും ഒരു സ്റ്റേഷനറി മജിസ്ട്രേട്ടുകോടതിയും—ഉണ്ടായിരുന്നു. അതിനുശേഷം ഒന്നാം ക്ലാസ് മജിസ്ട്രേട്ടുകൂടെയായിരുന്ന തഹശീൽദാരിൽനിന്നു ആ അധികാരം എടുക്കുകയും സ്റ്റേഷനറി മജിസ്ട്രേട്ടു കോടതി വേറെ ഒരു സ്ഥലത്തേയ്ക്കു മാററുകയും ചെയ്തു. ഇപ്പോൾ തിരുവല്ലായിൽ മജിസ്ട്രേട്ടുകോടതിയില്ലാത്തതും അതിന്റെ ഫലമായി അവിടത്തെ ആളുകൾ വളരെ അസൌകര്യങ്ങൾ അനുഭവിക്കുന്നതും ആകുന്നു. തിരുവല്ലാ ഏററവും ജനബാഹുല്യമുള്ള താലൂക്കുകളിൽ ഒന്നാണ്. പലവിധത്തിലും തിരുവല്ലായ്ക്കുള്ള പ്രാധാന്യം അഗണ്യമായി തള്ളപ്പെടാവുന്നതല്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഈ സംഗതിയെ സംബന്ധിച്ചാണോ ഇയിടെ ഒരു ഡെപ്യൂട്ടേഷൻ ദിവാനെ കാണാൻപോയതു.

മി. ജി. നാരായണപിള്ള (തിരുവല്ലാ): അതെ, തിരുവല്ലാക്കുപ്പോലെ അത്ര വലിപ്പവും പ്രാധാന്യവുമുള്ള വേറെ ഏതെങ്കിലും മുൻസിപ്പാലിററിയുള്ള പട്ടണത്തിൽ മജിസ്ട്രേട്ടുകോടതി ഇല്ലാതെയുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ.

കുറേനാൾമുമ്പു മജിസ്ട്രേട്ടുകോടതി എടുത്തുകളഞ്ഞ ചങ്ങനാശേരി താലൂക്കിനു മജിസ്ട്രേട്ടുകോടതി വീണ്ടും കൊടുത്തിരിക്കുന്നു, തിരുവല്ലാക്കാരുടെ വീണ്ടും വീണ്ടും ഉള്ള അപേക്ഷമാത്രം ഗവർണ്ണമെന്റു അനുകൂല വിചിന്തനം ചെയ്യാത്തതു് ധൃഷ്ടതകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ സഭയുടെ മുമ്പുണ്ടായിരുന്ന ഒരു യോഗത്തിൽ ഞാൻ ചോദിച്ച ഒരു പ്രശ്നത്തിനു ഉത്തരമായി തിരുവല്ലായിൽ ഒരു മജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്നകാര്യം ഗവർണ്ണമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണെന്നു പറയുകയുണ്ടായി. എന്നാൽ ആ സംഗതിയെപ്പററി എന്തു തീരുമാനമാണ് ഉണ്ടാക്കിട്ടുള്ളതെന്നു എനിക്കു അറിഞ്ഞുകൂടാ. താലൂക്കിലെ ശ്രേയസ്സിനായും ആ താലൂക്കിലെ നീതിന്യായപരിപാലകന്മാരായ പൌരന്മാരുടെയും അവരുടെ സ്വത്തുക്കളുടെയും രക്ഷക്കുവേണ്ടിയും ഗവർണ്ണമെന്റു ഈ സംഗതിയിൽ പെട്ടെന്നു ഒരു തീരുമാനം ഉണ്ടാക്കേണ്ടതും, കഴിയുന്നിടത്തോളം എളുപ്പത്തിൽ തിരുവല്ലായിൽ മജിസ്ട്രേട്ടുകോടതി അനുവദിച്ചുകൊടുക്കേണ്ടതും അത്യാവശ്യമായിട്ടുള്ളതാകുന്നു. ഇത്രയുംപറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ സഭയുടെ ആലോചനയ്ക്കു ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): സർ, സമാംഗത്തിന്റെ ഉപക്ഷേപനോട്ടീസിൽ അതിന്റെ ഉദ്ദേശം വ്യക്തമാക്കിട്ടില്ലാത്തിരുന്നതുകൊണ്ടു അതിനു തക്കതായ ഒരു മറുപടി ഖണ്ഡിച്ചു പറയുന്നതിലേക്കു എനിക്കു സാധിക്കുകയില്ല. എങ്കിലും ഈയിടെ ദിവാനെ കാണുന്നതിലേയ്ക്കു ഒരു ഡെപ്യൂട്ടേഷൻ പോയിരുന്നതുകൊണ്ടു ഈ സംഗതി ഗവർണ്ണമെന്റിന്റെ ശ്രദ്ധയിൽ ഉടൻതന്നെ പെടുന്നതാണ്, ഇതു മി. നാരായണപിള്ളയെ തൃപ്തിപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ലാ): മി. പരമേശ്വരൻപിള്ള തന്നസമാധാനത്തെ ആസ്പദമാക്കി ഈ ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റു. ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു സഭസമ്മതിക്കുന്നുണ്ടോ?

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൯൫. സി. നീതിന്യായപരിപാലനം ചാകാളേക്കും ഹോസ്റ്റലും.

താഴെ കാണിക്കുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): ൨൫൯. ചാകാളേക്കിനും ഹോസ്റ്റലിനും നീക്കിവച്ചിരിക്കുന്ന ൯൭൪ രൂപയിൽ ഒരു രൂപ കുറയ്ക്കുന്നതിലേക്കു.

൨൯൬. എഫ്. നീതിന്യായപരിപാലനം നിയമവിളംബക്കമ്മിററി.

൨൯൭ാം ഉപക്ഷേപം.

മി. സി. പി. തരകൻ (കുന്നത്തുനാടു): താഴെ കാണിക്കുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

൨൯൭. എസ്റ്റാബ്ലിഷ്മെന്റു വകയ്ക്കു നീക്കിവച്ചിരിക്കുന്ന ൫൭,൭൦൦ രൂപ കുറയ്ക്കുന്നതിന്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അടുത്ത ഉപക്ഷേപങ്ങളിൽ ഏതിനെക്കാൾ കൂടുതൽ ഭാഗങ്ങൾ അടങ്ങിട്ടുണ്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ചാസ്ഡിവിഷൻസ് കമ്മററിക്കു നീക്കിവച്ചിരിക്കുന്ന ൫൦,൯൭൭ രൂപ കുറയ്ക്കുന്നതെന്നു വിവക്ഷിക്കുന്ന മിസ്റ്റർ കല്ലൂർനാരായണപിള്ളയുടെ പേരിൽ ഒരു ഉപക്ഷേപമുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): എന്നാൽ ഞാൻ എന്റെ ഉപക്ഷേപങ്ങൾ ഹാജരാക്കുന്നില്ലാ.

ഡിപ്യൂട്ടിപ്രസിഡന്റ്. ഈ കമ്മിററിക്കു നീക്കിവെച്ചിരിക്കുന്ന തുക എന്താണു.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ്ഗവർണ്ണമെന്റ് ഫിനാൻഷ്യൽസെക്രട്ടറി): ആ തുക ൩൫,൦൦൦ രൂപയിൽ കൂടുതലാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതു വോട്ടുചെയ്യപ്പെടേണ്ട ഒരു സംഗതിയാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ്ഗവർണ്ണമെന്റ് ഫിനാൻഷ്യൽസെക്രട്ടറി): ആ തുകമുഴുവനും വോട്ടിനു ഇടേണ്ടതല്ല, വോട്ടിനു ഇടേണ്ടതായതുക ൧൦൦൦ന്നൻ രൂപ മാത്രമാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്. അതു കുറേക്കൂടിയ ഒരു തുകയാണ്. അതുകൊണ്ടു അതു് ആദ്യമായെടുക്കണം.

ഉപക്ഷേപം ൧൯൫,

മി. കുട്ടൂർനാരായണപിള്ള (ചങ്ങനാശ്ശേരി): താഴെകാണിക്കുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

൧൯൫. കേസ് കുടിശ്ശിക പരിഹാരക്കമ്മററിക്കു ആയി നീക്കിവെച്ചിരിക്കുന്ന. ൧൦൦൦ന്നൻ രൂപ കുറയ്ക്കണം.

തിരുവിതാംകൂറിലുള്ള സിവിൽകോടതികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുടിശ്ശിക കേസുകൾ തീർക്കുന്നതിന് ഒരു പരിഹാരമാർഗ്ഗം എന്താണെന്നു ഹൈക്കോടതിയുടെ ആലോചനയിൽപെട്ടിരിക്കുന്നതായികാണുന്നു. അതിനെ സംബന്ധിച്ചു കുടിശ്ശിക തീർക്കുന്നതിനു ഒരു കമ്മിററി ഏർപ്പെടുത്തി അതിൽ വെണ്ടവിചാരണനടത്തി ഈ കാര്യം തീരുമാനിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. ഇതിലേക്കു ഇത്രവളരെ ഭീമമായ ഒരു സംഖ്യ ചിലവാക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഇതിനെസംബന്ധിച്ചു മേലെ നിയമത്തിൽ അറിയുന്നതിന് ഇതുപോലെയുള്ള ഒരു കമ്മിററി ബ്രിട്ടീഷ് ഇൻഡ്യയിൽ ഏർപ്പെടുത്തിട്ടുള്ളതും ആ കമ്മിററിയുടെ റിപ്പോർട്ടിന്റെ പകർപ്പു ഹൈക്കോടതിയിൽ തന്നെയുള്ളതും ആകുന്നു. ആ റിപ്പോർട്ടിനെ പരിശോധിച്ചു അതിനെ അടിസ്ഥാനമാക്കിട്ടുള്ള ഒരു റിപ്പോർട്ടു ഇവിടെ തയാറാക്കുന്നതിനു ഹൈക്കോടതിയിലെ ഒരു ഡിവിഷൻ ദിവസം രണ്ടുമണിക്കൂർ വീതം വ്യയംചെയ്താൽ സാധിക്കും അതിനാൽ ഇത്രവലിയ സംഖ്യ ഈ കമ്മിററിക്കുവേണ്ടി ചിലവുചെയ്യേണ്ട ആവശ്യമില്ലെന്നുള്ള എന്റെ അഭിപ്രായത്തെ ഗവർണ്ണമെന്റിനെ അറിയിക്കുന്നതിനാണ് ഈ മോഷൻകൊണ്ടുവന്നിട്ടുള്ളതു്.

മി. സി. പി. തരകൻ (കുന്നത്തുനാട്): മി. നാരായണപിള്ളയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇത്രവളരെപണം ചിലവുചെയ്തു ഒരു കമ്മററി ഏർപ്പെടുത്തേണ്ട ആവശ്യമില്ല. ബ്രിട്ടീഷ്ഇൻഡ്യയിലും മററും ഇതേസംഗതിയെ സംബന്ധിച്ചു കമ്മിററി ഏർപ്പെടുത്തിട്ടുള്ളതിനാൽ അവരുടെ റിപ്പോർട്ടു നമുക്കു വായിച്ചുനോക്കി ഇവിടത്തെ സ്ഥിതിക്കു യോജിച്ചു ഒരു റിപ്പോർട്ടു തയാറാക്കുന്നതിനു പല സൌകര്യങ്ങളും ഉണ്ടായിരിക്കുന്ന സ്ഥിതിക്കു ഒരു കമ്മിററി വേണമെന്നിരുന്നാൽ തന്നെയും ഇത്രദീർഘകാലത്തേക്കു ഇത്ര വലിയ ഒരു ശമ്പളത്തിലുള്ള ഉദ്യോഗസ്ഥനെകൊണ്ടും ആ കമ്മിററിയെ കൊണ്ടും യാതൊരാവശ്യവുമില്ല. ഇപ്പോഴത്തെ ബഡ്ജററിൽ കാണുന്നതു് കമ്മിററി പ്രസിഡന്റിന് ൨൫,൦൦൦ രൂപാവീതം ശമ്പളം കൊടുത്തു് എട്ടു മാസത്തേക്കു നിയമിക്കണമെന്നാണ്. എന്നാൽ ഇങ്ങിനെ മാസക്രമത്തിനു ശമ്പളം വച്ചിരിക്കുന്നതിനാൽ എട്ടുമാസം കഴിയുമ്പോൾ അതു ക്രമേണ ദീർഘിപ്പിച്ചു കൊണ്ടുപോകുവാൻ ആ പ്രസിഡന്റു ശ്രമിക്കുവാൻ ഇടയുണ്ട്.

ഡിപ്യൂട്ടിപ്രസിഡന്റ്. ആ കാരണത്താൽ ഇപ്രകാരം വലിയശമ്പളം കൊടുക്കുന്ന ഒരുദ്യോഗസ്ഥൻ അതു് നീട്ടിക്കൊണ്ടു പോകുമെന്നു നിങ്ങൾക്കു് വിചാരിക്കാൻ പാടില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഹൈക്കോടതിയിലെ ഒന്നാംജഡ്ജിയപ്പോലെയുള്ള ഒരു വലിയ ആൾ ഒരുദ്യോഗത്തിന്റെ സർവീസ്കാലാവധി നീട്ടിക്കൊടുക്കണമെന്നാപേക്ഷിച്ചതു് പരമാർത്ഥമാകുന്നു നമുക്കറിയാം.

ഡിപ്യൂട്ടിപ്രസിഡന്റ്. അതിൽ ഒന്നിന് മറേറതിനോടു ഒരു സംബന്ധവുമില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): അതിനാൽ മാസശമ്പളക്രമത്തിൽ നിയമിക്കുന്നതു ന്യായമായിരിക്കയില്ലാ. മാസശമ്പളം പ്രസിഡന്റിന് കൊടുക്കാമെന്നു തീർച്ചയാക്കുന്നപക്ഷം നിശ്ചയമായും ഇപ്പോഴത്തെ സംഖ്യകൊണ്ടു സംഗതി നടക്കാതെ വരുന്നതിനും ചിലവു വളരെ അധികമായി വർദ്ധിക്കത്തക്കവിധത്തിൽ കാലതാമസിച്ചു പോകാനും ഇടയുണ്ടെന്നാണു ഞാൻ ഭയപ്പെടുന്നതു്. ഇപ്പോൾ കമ്മററി പ്രസിഡന്ററായി ഗവർണ്ണമെന്റ് ഉദ്ദേശിച്ചിരിക്കുന്ന ആളെ സംബന്ധിച്ചു എനിക്കുള്ള അതൃപ്തിയെ പ്രദർശിപ്പിക്കാൻ —

ഡിപ്യൂട്ടിപ്രസിഡന്റ്. അതും അനാവശ്യമാണ്. ആരെയാണു നിയമിക്കാൻ പോകുന്നതെന്നു നമുക്കു അറിഞ്ഞുകൂടാ. ന്യായാനുസൃതമല്ലാത്തതുകൊണ്ടു ഞാനതു തടയുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്) അവിടത്തെ ഉത്തരവിന് ഞാൻ കീഴടങ്ങുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്. ഒരു കമ്മററിയുടെ ആവശ്യത്തെയും അതിലേക്കു ബഡ്ജററിൽ നീക്കിവയ്ക്കേണ്ട തുകയെയും, കുറിച്ചുമാത്രമെ വിചിന്തനംചെയ്യേണ്ടതായുള്ളു.

മി. സി. പി. തരകൻ (കുന്നത്തുനാട്) അതിനാൽ ഇങ്ങനെയുള്ള വലിയസംഖ്യ ചെലവുചെയ്തു ഒരുകമ്മററി ഏർപ്പെടുത്തേണ്ട ആവശ്യമില്ലെന്നുള്ള മി. നാരായണപിള്ളയുടെ അഭിപ്രായത്തോടു കൂടി ഞാൻ യോജിച്ചുകൊള്ളുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) ഈ ഉപക്ഷേപത്തോടു അനുകൂലിക്കുന്നതിനാണു ഞാൻ എഴുന്നേൽക്കുന്നതു. ഇപ്രകാരം ഒരുകമ്മററിയുടെ ആവശ്യം ഞാൻകാണുന്നില്ല. ഒരു അന്വേഷണം നടത്തുന്നതിലേക്കു ഒരുങ്ങിയാൽ അതു മേൽഗതിയെ തടയുകമാത്രമെ ചെയ്യുകയുള്ളു. അപ്രകാരം ഒരുകമ്മററി ആവശ്യമാണെങ്കിൽ ഇത്രവളരെ ചിലവിനിടയാക്കുന്നതായ പേരെ വല്ലമട്ടത്തിലാലും അതു ചെയ്യുവാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. കേസുകൾ കുടിശ്ശികവരുന്നതിനുള്ള കാരണത്തെപററി എന്തെങ്കിലും അറിവു കിട്ടുന്നതായിട്ടുണ്ടെങ്കിൽ നമ്മുടെ കോടതികളിലെ മുൻസിപ്പുമാരിൽനിന്നും ജഡ്ജി

മാരിൽനിന്നും സൂക്ഷ്മമായി നിർണ്ണയിച്ചിട്ടുള്ള ചോദ്യങ്ങൾമൂലം അറിയിക്കാവുന്നതാണ്. ഹൈക്കോടതിയിലെ ഒരുജഡ്ജിയെ ഇതിലേക്കായി നിയമിക്കാവുന്നതും അദ്ദേഹത്തോടു ഒരു റിപ്പോർട്ടുകയ്യിലാക്കാൻ ആവശ്യപ്പെടാവുന്നതും ആകുന്നു. ഇത്ര വലിയ ഒരുചിലവിന്നു കാരണമുണ്ടാക്കാതെ ആ ജഡ്ജിക്കു അന്വേഷിക്കാൻ സാധിക്കും. ബ്രിട്ടീഷ്ഇൻഡ്യയിലും മൈസൂരിലും ഈ വിഷയത്തെപ്പററി പരസ്യപ്പെടുത്തിട്ടുള്ള റിപ്പോർട്ടുകൾ അദ്ദേഹത്തിനു വളരെ സഹായിക്കും. എന്തുകൊണ്ടെന്നാൽ ആ സ്ഥലങ്ങളിലെ സ്ഥിതികളും ഇവിടത്തെസ്ഥിതികളും തമ്മിൽ വലിയ ഭേദമുള്ളതായി എനിക്കു തോന്നുന്നില്ല.

ബഡ്ജററിലെ കണക്കു കാണിക്കുന്നതു ആ നിർദ്ദിഷ്ടകമ്മററിയുടെ പ്രസിഡണ്ടിന്നു മാസം ആയിരത്തിഇരുന്നൂറ്രൂപായും വേറെ ആദ്യോഗസ്ഥന്നു എഴുന്നൂറ്രൂപയ്ക്കും പുറമെ നൂററിഇരുപ്പതു രൂപയും ശിക്ഷുട്ടറിക്കു മാസം നാന്നൂറ്രൂപയ്ക്കുപുറമെ എൺപതുരൂപയും ശമ്പളമായികൊടുക്കണം എന്നാകുന്നു. അതിനോടുകൂടിയതന്നെ ഉദ്യോഗസമൂഹത്തിന്റെ ചിലവും അവിടെ കാണിച്ചിട്ടുണ്ടു. ഈ കമ്മററിയുടെ ആകെ ചിലവു ഒരുവർഷത്തേക്കു അതായതു ൩൦,൬൦൦ രൂപ ആകുന്നതെന്നു കാണുന്നു. ഈ കണക്കുകൾ നോക്കിയാൽ ഇത്ര ഭീമമായ ഒരുചിലവു അത്യാവശ്യമല്ലെന്നു ചില കുടിയാന്മാർ അഭിപ്രായപ്പെടുന്നു. അപ്രകാരമിരിക്കുന്ന സ്ഥിതിക്കു ഈ നിർദ്ദിഷ്ടകമ്മററിയെ നിയമിക്കേണ്ട ആവശ്യമില്ലെന്നു തീർച്ചപറയുന്നതിന്നു എനിക്കു ഒരുശങ്കയുമില്ല. ഇത്രയുംപറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (ഇടവക) ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. ഈ സഭയിൽ നിന്നുതന്നെ അനേകം കമ്മററികളെ ഏർപ്പെടുത്തിയിട്ടുണ്ടു. എന്നാൽ അവയിൽ എല്ലാകമ്മററികളെക്കാളും അതിപ്രധാനവും അത്യാവശ്യവും ആയ ഒരു കമ്മററിയാണു ലാസ്ഡിലേസ് കമ്മററിയെന്നുഎനിക്കുതോന്നുന്നു. കേസുകൾ തീർത്തുകിട്ടുന്നതിലും അതുസമ്മതിച്ചുള്ള നടപടികൾ നടത്തിക്കുന്നതിലും കാലതാമസം നേരിടുന്നതു നിമിത്തം വാദികളായ പക്ഷക്കാർ ഉപദ്രവവും കഷ്ടപ്പാടുകളും ഉണ്ടാകുന്നുണ്ടു. അതിനുമുൻപുതന്നെ ഗവർണ്ണമെന്റു ഒരുകമ്മിററി ഏർപ്പെടുത്തേണ്ടതായിരുന്നു എന്നാണു എന്റെഅഭിപ്രായം, തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന്നും അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന്നും മററുമായി ഗവർണ്ണമെൻറ് കമ്മററികളെ നിയമിക്കാൻ തീർച്ചപ്പെടുത്തിയല്ലൊ. എന്നാൽ അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങൾ അക്കല്ലാം ഒന്നു അതിരുണ്ടു. എന്നാൽ ഇതു സാധുക്കളായ വളരെ ജനങ്ങളെ ബാധിക്കുന്ന ഒരുസംഗതിയാണു. ഈ കമ്മററിക്കു നിശ്ചയിച്ചിട്ടുള്ള ചിലവു ഒരു വലിയതുകയാണെന്നു ഒരിക്കലുമറിവിചാരിക്കാൻ നിവൃത്തിയില്ല. കുറെ കൂടുതൽചിലവു നേരിട്ടാലും ഇതു് എത്രയോ അത്യാവശ്യമാണെന്നാണു എന്റെ അഭിപ്രായം. ബ്രിട്ടീഷ് ഇൻഡ്യയിലും മററും ഇതിലേക്കു കമ്മററിഏർപ്പെടുത്തിയിട്ടുള്ളതിന്റെ തീരുമാനം അറിഞ്ഞു പ്രവർത്തിച്ചാൽ പോരെയെന്നു ചിലർ അഭിപ്രായപ്പെടുന്നു. ബ്രിട്ടീഷ്ഇൻഡ്യയിലെയും ഇവിടത്തെയും സ്ഥിതി ഒരുപോലെ അല്ല. അവിടെ ഏർപ്പെടുത്തിയിട്ടുള്ള കമ്മിററിയുടെ തീരുമാനവും ഇവിടെ ഏർപ്പെടുത്തുന്ന കമ്മററിയുടെ തീരുമാനവും തമ്മിൽതാരതമ്യപ്പെടുത്തി അതിൽഏതാണോ ഗുണകരമായിട്ടുള്ളതു അതനുസരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു ദോഷംഒന്നും ഉണ്ടാകുകയില്ല. എന്നാൽ കമ്മററി കുറെകാലത്തേക്കു നീണ്ടുപോയേക്കുമൊ എന്നൊരുസംശയം ചിലർക്കു ഉണ്ടായിട്ടുണ്ടു. അപ്രകാരം സംഭവിക്കാതിരിക്കത്തക്കവണ്ണം അതിലേക്കു യോഗ്യന്മാരായ ആളുകളെ മാത്രമെ ഗവർണ്ണമെൻറു നിശ്ചയിക്കുകയുള്ളു. അങ്ങനെയുള്ള ഓരാളിനെ നിയമിച്ചാൽ ശമ്പളത്തിന്നുവേണ്ടി കമ്മിററിയുടെ കാലാവധി നീട്ടിക്കൊണ്ടിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു ഈ കമ്മററി അത്യാവശ്യമാണെന്നാണു് എന്റെഅഭിപ്രായം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) മലബാറിൽ എത്രകേസുകൾ ഉണ്ടെന്നു അറിയാമൊ.

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (ഇടവക) അതു എനിക്കു അറിയാൻപാടില്ല. ഒട്ടുവളരെ കാണുമായിരിക്കാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) ബ്രിട്ടീഷ്ഇൻഡ്യയിൽ നിയമിച്ചിട്ടുള്ള കമ്മിററിയുടെ റിപ്പോർട്ടുവായിച്ചിട്ടുണ്ടൊ.

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (ഇടവക) വായിച്ചുകാണും.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) മെമ്പർ വായിച്ചിട്ടുണ്ടൊ?

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (ഇടവക) "ഞാൻ വായിച്ചുകാണും,, എന്നുപറഞ്ഞാൽ ഞാനല്ലാതെ മററാരുണ്ടു?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) അതിൽ ലാസ്ഡിലേസ്കമ്മിററി വ്യവഹാരങ്ങൾ തീർത്തുകൊടുക്കുന്നതിനെപ്പററി പറഞ്ഞിട്ടുള്ള കാരണങ്ങളിൽ വല്ലതും ഈ രാജ്യത്തുകേസുകൾ തീർത്തുകൊടുക്കുന്നതിൽ നേരിടുന്ന താമസത്തിന്നു മേജിച്ചതാണോഎന്നറിയാമൊ?

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (ഇടവക) ചിലതു അങ്ങിനെയുംകാണും.

മി. എം. ശിവതാണുപിള്ള (തോവാള) ബ്രിട്ടീഷ്ഇൻഡ്യയും ഇവിടവും തമ്മിൽവ്യത്യാസമുണ്ടെന്നു പറഞ്ഞതല്ലാ. ഉദാഹരണം പറയാമൊ?

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (ഇടവക) പലതുമുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള) ഒന്നെങ്കിലും പറയാമൊ?

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (ഇടവക) അങ്ങനെ പ്രത്യേകം എടുത്തുപറവാൻ സാധിക്കുകയില്ല. വ്യത്യാസമുണ്ടെന്നാണു എന്റെവിശ്വാസം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) ഈ ഉപക്ഷേപത്തെ സാമാന്യമായി പിൻതാങ്ങുന്നതിന്നു എനിക്കും സാധിക്കുകയില്ല. ഇതിലേക്കു നീക്കിവച്ചിരിക്കുന്നതുകൂടി വളരെകൂടുതൽതന്നെ. ഈ കമ്മിററിയിലെ പ്രസിഡണ്ടിന്നു മാസംതോറും ൨൫൦ രൂപ കൊടുക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു.

ഡപ്യൂട്ടിപ്രസിഡണ്ടു. കമ്മിററിയിലെ പ്രസിഡണ്ടിന്റെ ശമ്പളത്തെപ്പററിയല്ല നാം ഗൌനിക്കേണ്ടതു. എസ്റ്റാബ്ലിഷ്മെൻറിനെപ്പററിമാത്രമെ നാം ആലോചിക്കേണ്ടതായുള്ളു. എന്തുകൊണ്ടെന്നാൽ അതു വോട്ടുചെയ്യപ്പെടേണ്ടതായ ഒരു നമ്പർ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): ഈ ഉപക്ഷേപത്തിൽ പൊതുനയത്തെപ്പററി വിമർശനം കചയ്യുന്നതിന്ന എനിക്കനുവാദമുണ്ടോ?

ഡപ്യൂട്ടിപ്രസിഡൻറ്: പൊതുനയത്തെപററി നിങ്ങൾക്ക വിമർശിക്കുവാൻപാടില്ല. അതു ഒരു "ടോക്കൺ", ഉപക്ഷേപമല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു "കട്ട്" ഉപക്ഷേപത്തിൽ ദിവാൻെറ ശമ്പളത്തെപ്പററി നമുക്ക വിമർശിക്കുവാൻ പാടില്ലയോ?

ഡപ്യൂട്ടിപ്രസിഡൻറ്. ഇപ്പോൾ അതിനെസംബന്ധിച്ചു നിങ്ങൾ ഒന്നും കചയ്യുന്നില്ല. ഒരു "ടോക്കൺ" ഉപക്ഷേപത്തിൽമാത്രമെ പൊതുനയത്തെപററി വിമർശിക്കാൻപാടുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): ഈ സന്ദർഭത്തിൽ പൊതുനയത്തെപററി വിമർശിക്കപ്പെടാൻ പാടില്ലാത്തതുകൊണ്ടു എനിക്ക അധികമൊന്നും പറവാനില്ല. ഈ കമ്മിററിക്ക മാററിവച്ചിരിക്കുന്നതുക വളരെക്കുറഞ്ഞതലാണെന്നുംവല്ല വിധത്തിലും ചിലവാക്കേണ്ടതായതുക കുറയ്ക്കണമെന്നും മാത്രം ഞാൻ പറയുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സക്കീട്ടുപടിക്കായി നീക്കിവച്ചിരിക്കുന്നതുകയായ ൧൦൦൦ രൂപാ ആവശ്യമാണെന്നു മിസ്റ്റർ ജോസഫ് വിചാരിക്കുന്നുണ്ടോ? ഈ കമ്മിററി ഒരു സക്കീട്ടുകമ്മററിയായി എല്ലാദിക്കുകളും സക്കീട്ടുപോകണമെന്നു മിസ്റ്റർ ജോസഫ് വിചാരിക്കുന്നുവോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): എല്ലാഅംഗങ്ങളും സക്കീട്ടുപോകേണ്ടആവശ്യം വരാനിരുന്നേക്കാം. എന്നാൽ അംഗങ്ങളിൽ ചിലർ സക്കീട്ടുപോകുകയും ചിലകോടതികളിൽ ഇപ്രകാരംകേസ്സുകൾ കുമിഞ്ഞുകൂടുകയും യഥാർത്ഥകാരണങ്ങൾ എന്തല്ലാമെന്നു മനസ്സിലാക്കുകയും ചെയ്യുകയാണെങ്കിൽ അതു നന്നായിരിക്കും. അതുകൊണ്ടു ഈ തുക തീരെ ആവശ്യമില്ലാത്തതാണെന്നു നമുക്ക പറയുവാൻ സാധിക്കുകയില്ല. അതിലേക്ക ആ തുക മുഴുവനും ആവശ്യപ്പെട്ടേക്കുകയില്ലെന്നു ഞാൻ പറയാം.

ഈ കമ്മററിക്കുവേണ്ടി ഗവർണ്ണമെൻറു ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻതുകയും അനുവദിക്കാൻ പാടില്ലെന്നാണ് എൻെറ അഭിപ്രായം. എന്നാൽ ഇപ്രകാരം ഒരു കമ്മിററി ആവശ്യമില്ലെന്നു ഉപക്ഷേപകൻ പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല. മൈസൂരിലെയും മററുള്ളസ്ഥലങ്ങളിലേയും ഇങ്ങനെത്തി കമ്മററികളിലെ റിപ്പോർട്ടുകളെ സംബന്ധിച്ചിടത്തോളം ആ സ്ഥലങ്ങളിൽ നടപ്പുള്ള സ്ഥിതികളും ഇവിടത്തെ സ്ഥിതികളും തമ്മിൽ വ്യത്യാസം ഉണ്ടായേക്കാം. ആ സംഗതിയിൽ തെക്കൻതിരുവിതാംകൂറിലെയും വടക്കൻതിരുവിതാംകൂറിലെയും സ്ഥിതിക്കും വ്യത്യാസപ്പെട്ടിരിക്കുമെന്നുപോലും ഞാൻ പറയാം. വ്യവഹാരികളായ ആളുകളുടെ മനസ്ഥിതിയും മററുകാര്യങ്ങളും കോടതിനടപടികൾക്ക താമസത്തിനും പുറമേയുള്ള കാരണങ്ങളായി തീർന്നേക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): വ്യവഹാരികളുടെ മനസ്ഥിതിയെപ്പററിയോ അതോകോടതികളുടെ നടപടിയെപ്പററിയോ ഏതിനെപ്പററിയാണു നാം ഗൌരവിക്കേണ്ടതെന്നു മെമ്പർ എന്നെ അറിയിക്കുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): കോടതികളിൽ യഥാർത്ഥമായി അനുകരിക്കപ്പെടുന്നനടപടികൾ മിക്കവാറും നടപടിച്ചട്ടങ്ങളെ ഉപയോഗപ്പെടുത്തുന്ന കക്ഷികളുടെ മനസ്ഥിതിയെ ആണു ആശ്രയിച്ചിരിക്കുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തെക്കൻതിരുവിതാംകൂറിനും വടക്കൻതിരുവിതാംകൂറിനും പ്രത്യേകം യോജിക്കത്തക്കവണ്ണം സിവിൽനടപടി നിയമത്തിൽ എന്തെങ്കിലും വ്യത്യാസം ആ കാരണത്താൽ വരുത്തുന്നതിനു മെമ്പർ ശിപാർശ ചെയ്യുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): മൈസൂരിലേയും മദ്രാസിലേയും സ്ഥിതികളും തിരുവിതാംകൂറിലെസ്ഥിതികളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുമെന്നാണ് ഞാൻ പറയുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള); കമ്മിററിയുടെ ഉപദേശത്തിൽ ശസ്ത്രക്രിയയും മെമ്പർ ഉൾപ്പെടുത്തുന്നുണ്ടോ എന്നു എന്നെ അറിയിക്കുമോ?

ഡപ്യൂട്ടിപ്രസിഡൻറ്. നമുക്ക അതുമായി എന്തുസംബന്ധമാണ് ഉള്ളതു.

മി. എം. ശിവതാണുപിള്ള (തോവാള); വ്യവഹാരികളായ ആളുകളുടെ മനസ്ഥിതിയെപററി മെമ്പർ പ്രസ്താവിച്ചതുകൊണ്ടു ഈ ചോദ്യം ഞാൻ ചോദിച്ചതാണ്.

ഡിപ്യൂട്ടിപ്രസിഡൻറ്. അതു അശ്ലീലം യോജിച്ചതല്ല. ന്യായാസ്വതന്ത്രമല്ലാത്തതുകൊണ്ടു ഞാനതു തടയുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇവിടെ അംഗീകരിച്ചിട്ടുള്ള സിവിൽനടപടിനിയമവും അവിടെ അംഗീകരിച്ചിട്ടുള്ള സിവിൽനടപടിനിയമവും യഥാർത്ഥത്തിൽ ഒന്നുതന്നെയാണെന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി. കെ. ഐ. ജോസഫ് (മീനിച്ചിലും മേവികളവും): അതേ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇവിടെ കോടതികളിൽ നീതിന്യായപരിപാലനത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള നടപടികളും മൈസൂരിലേയും മദ്രാസിലേയും നടപടികളും ഒന്നുതന്നെയാണെന്നു പറയുന്നതിനു അദ്ദേഹം ഉദ്ദേശിക്കുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): പരമാർത്ഥത്തിൽ ഒന്നുതന്നെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്); തിരുവിതാംകൂറിലെ ഒരു ഡിസ്ട്രിക്ട്ടും വേറൊരു ഡിസ്ട്രിക്ട്ടും തമ്മിൽ താരതമ്യപ്പെടുത്തിനോക്കിയാൽ കേസു കുമിഞ്ഞുകൂടുകയുള്ളകാരണം ഒന്നുതന്നെ ആയിരിക്കുമോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): ആ ചോദ്യത്തിനു ഒരു ഇല്ലുമറുപടി ഇപ്പോൾ പറയുന്നതിനു എന്നെക്കൊണ്ടുസാധിക്കുകയില്ല

മി. എം. ശിവതാണുപിള്ള (തോവാള): പഴയസിവിൽനടപടിനിയമം നടപ്പിൽ ഇരുന്നപ്പോഴും ഒരു കമ്മററി ആവശ്യമായിതീർന്നു എന്നുള്ളസംഗതി മെമ്പറിനു അറിയാവുന്നതാണോ എന്നു അദ്ദേഹം എന്നെ അറിയിക്കുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും); അറിയാം ഞാൻ മനസ്സിലാക്കുന്നു

മി. എം. ശിവതാണുപിള്ള (തോവാള): അതിന്റെ ആവശ്യകത ഇപ്പോഴും നിലനിന്നുപോകുന്നുവെന്ന എന്നു എന്നെ അറിയിക്കുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മൈസൂർ മദ്രാസ് ഈ സ്ഥലങ്ങളിലെ കമ്മിററികൾ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടു നമ്മുടെ കമ്മററികൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഈ സംസ്ഥാനങ്ങളിലെ കോടതി നടപടികളെ സംബന്ധിച്ചു സ്ഥലത്തുപോയി ചില അന്വേഷണങ്ങൾകൂടി നടത്തേണ്ടതായിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): അപ്രകാരമാണെങ്കിൽ കമ്മററിയുടെ ജോലിയെപ്പററി മെമ്പർ വിവരിച്ചുപറയുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സംസ്ഥാനത്തെ കോടതികളുടെ യഥാർത്ഥനടപടികൾ കമ്മററികൾ മനസ്സിലാക്കണം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇവിടത്തെ സിവിൽകോടതികളിലെ നടപടികൾ ഓരോ കോടതികളിലും വ്യത്യാസപ്പെട്ടതാണോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): നടപടിയെസംബന്ധിച്ചുചട്ടമോ നടപ്പോക്കോ കോടതികളിൽ വ്യത്യാസപ്പെട്ടതാണെന്നല്ല ഞാൻ സമർപ്പിക്കുന്നത്. യഥാർത്ഥജോലിയിൽ ചില വ്യത്യാസങ്ങൾ ഉണ്ടായേക്കാമെന്നു മാത്രമെ ഞാൻ പറയുന്നുള്ളു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ശരിയായ നടത്തിപ്പിനെ സംബന്ധിച്ചുപറയുകയാണെങ്കിൽ കുറച്ചു ആളിൽഅല്ലുകയാ സ്ഥിതിചെയ്യുന്നത്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അത് അധികവും ആളിൽതന്നെയാണ് സ്ഥിതി ചെയ്യുന്നത്.

ഡിപ്പുട്ടിപ്രസിഡന്റ്. എന്തു ചോദ്യങ്ങൾ ചോദിക്കുന്നതിനും എനിക്കു ഒരുവിരോധവുമില്ല. എന്നാൽ ഇതു പലതു മിന്നിട്ടുള്ളതു മാത്രമെയുള്ളു. സംസാരിക്കേണ്ടവരായി അനേകം മെമ്പർമാർഉണ്ട്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അളവെഹത്തിന്റെ മെസ്സിലുള്ള പദ്ധതി അനുസരിച്ചു തുകകളുള്ളതിന്റെ ഒരുഭാഗത്തിൽ കുറവുവരുത്തുന്നതിനുള്ള ഉപദേശപ്രകാരം അളവെഹം അനുകൂലിക്കുന്നുവോ എന്നു എന്നു അറിയിക്കുമോ. വേറെവിധത്തിൽ പറയുകയാണെങ്കിൽ ഈ തുകയെയോ, അല്ലെങ്കിൽ അതിൽക്കൂടുതലോ കുറഞ്ഞതോ ആയ തുക കുറവുവരുത്തുന്നതുകൊണ്ടു അളവെഹം തൃപ്തിപ്പെടുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): കുറയ്ക്കണമെന്നോ അല്ലെങ്കിൽ വിട്ടുകളയണമെന്നോ ആവശ്യപ്പെട്ടിരിക്കുന്ന തുക എസ്റ്റാബ്ലിഷ്മെന്റിനു നിശ്ചിപ്പിച്ചിരിക്കുന്ന തുക എസ്റ്റാബ്ലിഷ്മെന്റിന്റെ ഭൂകത്തുകയാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആകെ നീക്കിവച്ചിരിക്കുന്ന തുക സംഖ്യരൂപയായിരിക്കുന്നതുകൊണ്ടു അതു കുറയ്ക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആകെ നീക്കിവച്ചിരിക്കുന്ന സംഖ്യരൂപയിൽനിന്നും ഈ തുക കുറയ്ക്കുന്നതിക്കു എനിക്കു ഒരു വിരോധവുമില്ല. എന്നാൽ ഉപദേശപത്തിന്റെ ഇപ്പോഴത്തെ നിലയിൽ അതിനെ പിൻതുടരുന്നതിനു എനിക്കു സാധിക്കയില്ല. ഒരു കമ്മററി അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം എന്നാൽ അതിന്റെ ചിലവു അത്രയധികം ആകേണ്ട ആവശ്യമില്ല. ഈ കമ്മററിയുടെ പ്രസിഡന്ററായി അനുഭവസ്ഥനായ ഒരാളെ നിയമിച്ചാൽ മതിയാകുന്നതും ആ പ്രസിഡണ്ടിനു ഒരു ഉചിതമായ സംഖ്യ ബഹുമാനസൂചകമായി കൊടുത്താൽ മതിയാകുന്നതും ആകുന്നു. ഇത്ര വലിയ ശമ്പളം കൊടുക്കേണ്ട ഒരു പ്രസിഡന്റു ഉണ്ടായിരിക്കേണ്ട ഒരു ആവശ്യവുമില്ല. ഈ സംഗതി പൊതുജനങ്ങളുടെ ശ്രദ്ധയിൽ വളരെനാളുമുമ്പു കൊണ്ടുവന്നിട്ടുള്ളതും കമ്മററി അംഗങ്ങളായി കുറച്ചാളുകളെ തിരഞ്ഞെടുക്കുന്നതിനു വക്കീൽ അസോസിയേഷനോടു ആവശ്യപ്പെട്ടിട്ടുള്ളതും ആണെന്നും ആണ് ഞാൻ പറയുന്നതിനു ആഗ്രഹിക്കുന്ന വേറൊരുസംഗതി. ആ സന്ദർഭത്തിൽ വക്കീലന്മാരോ പൊതുജനങ്ങളോ ഒരു കമ്മിററിയുടെ നിയമനത്തെപ്പററി ഒരു അഭിപ്രായവും പുറപ്പെടുവിച്ചില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആ കമ്മററിയുടെ നിയമനത്തെസംബന്ധിച്ചു എന്തെങ്കിലും വിപരീതാഭിപ്രായം ഉണ്ടായിരുന്നുവോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ അവസാനിപ്പിക്കട്ടെ. എന്റെ സമയം കഴിഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. കൊച്ചിക്കോടതിവക്കീൽ അസോസിയേഷനിലെ ഏകദേശം ഒരു അംഗങ്ങൾ അവരുടെ പ്രതിനിധിയായി ഒരാളിനെ തിരഞ്ഞെടുക്കുന്നതിനു ആഗ്രഹമുള്ളവരായിരുന്നു. ചില ആളുകൾ ഇപ്പോൾ മുന്നണിയിൽവന്നു ഈ കമ്മററിയുടെ അവസാന ദശയിൽ അഭിപ്രായം ആവശ്യമില്ലാത്തതുകൊണ്ടു അതിനെ ഉപേക്ഷിക്കപ്പെടേണ്ടതാണെന്നു പറയുന്നു. ഇതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഈ സന്ദർഭത്തിൽ ആലോചിക്കപ്പെടേണ്ടതായ വളരെ പ്രാധാന്യമേറിയ സംഗതിയാണ് ഇത്. എന്തുകൊണ്ടെന്നാൽ ഈ സംഗതിയുടെ വിശിഷ്ടതയെപ്പററി എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെങ്കിൽ പൊതുജനങ്ങൾ അതു പുറപ്പെടുവിക്കയില്ലായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. പൊതുജനങ്ങളിൽനിന്നു ഒരു വിപരീതാഭിപ്രായവുമില്ലാതെ ഗവണ്മെന്റു അതിനെപ്പററി വിചിന്തനംചെയ്തു ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്തപ്പോൾ ആളുകൾ മുന്നണിയിൽവന്നു അതിനു എതിരായി പ്രവർത്തിക്കുന്നതു എന്തുകൊണ്ടാണെന്നു ഞാൻ അതിശയിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). അതിലേക്കു ചിലവാക്കേണ്ട തുകയെപ്പററി അവർക്കു എന്തെങ്കിലും അറിവുണ്ടായിരുന്നുവോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇതിലേക്കു ഇത്രയളവു ഒരുവലിയതുക ചിലവാക്കുന്നതിൽ ഞാൻ ബലമായി എതിർക്കുന്നു. ഒരു കമ്മററി ആവശ്യമാണെന്നും എസ്റ്റാബ്ലിഷ്മെന്റുചെലവുകൾക്കുള്ള ചിലവു നിശ്ചയിച്ചു വിട്ടുകളയത്തക്കതെന്നും മാത്രം ഞാൻ അഭിപ്രായപ്പെടുന്നു. ഒരു കമ്മററിയും കുറെ പണവും ആവശ്യമാണ്. ഇപ്പോൾ നീക്കിവച്ചിരിക്കുന്ന തുക തീർച്ചയായും വളരെ കൂടുതലാണ്.

മി. ശിവതാണുപിള്ള (തോവാള): ബാറിൽനിന്നും സഹകരണത്യാഗം ഇല്ലാതിരുന്നതുകൊണ്ടു അതിലെ അംഗങ്ങൾ അതു അംഗീകരിച്ചുവന്നാണ് ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): വക്കീലന്മാരിൽനിന്നും ഒരു മെമ്പറിനെ തിരഞ്ഞെടുക്കുന്നതിനു അവരോടു ആവശ്യപ്പെട്ടിരുന്നു. അപ്രകാരം ആ സംഗതിയിൽ അവരുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനു ഒരു നല്ല സന്ദർഭം ഉണ്ടായിരുന്നിട്ടുപോലും വക്കീലന്മാരിൽനിന്നും ഒരു പ്രതിഫലം ഇക്കാര്യത്തിൽ ഉണ്ടായില്ല.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): സർ, ബഹുമാന്യരായ നിബന്ധനകളിലും മററു കാര്യങ്ങളിലുംനിന്നുമനസ്സിലാക്കേണ്ടതുഗവണ്മെന്റിന്നു പൊതുജനസമ്മതം കിട്ടിയിട്ടില്ലെന്നുള്ള ഒരു സംഗതിയാണ്. ഇതു് സംശയമററ ഒരു സംഗതിയാണ്. നീതിന്യായപരിപാലനത്തിൽ വലിയ താമസമുണ്ടെന്നുള്ളതിനു ഒരു സംശയവും ഇല്ല. ഈ ദോഷങ്ങൾ പരിഹരിക്കുന്നതിലേക്കു ഗവണ്മെന്റു ഉദ്ദേശിക്കുന്നുവെന്നു തോന്നുന്ന മാർഗ്ഗം ഗുണത്തെക്കാൾ വളരെ കൂടുതൽ ദോഷത്തെയാണ് ഉണ്ടാക്കുന്നതെന്നു എല്ലാവരും വളരെ ഭയപ്പെടുന്നുണ്ട്. നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ കാരണം ഏതു ദോഷങ്ങളെ മാററുന്നതിനു നിർദ്ദേശിക്കപ്പെടുന്നുവോ ആ ദോഷങ്ങളെ നിലനിർത്തുന്നുവെന്നു മാത്രമല്ല വർദ്ധിപ്പിക്കുകയും ചെയ്യുകയാണ് സാധാരണ സംഭവിക്കാറുള്ളതു്. ഇതിനു ഒരുദാഹരണമായി സിവിൽകോടതി ഗവിഡിനെ ഞാൻ ഉദ്ധരിക്കാം. ഞാൻ ഉദാഹരണമായി പറയുന്നതു ശരിയാണോയെന്നു എനിക്കു അറിഞ്ഞുകൂടാ. സിവിൽകോടതി ഗവിഡിനെപ്പററി പരിചയം സിദ്ധിച്ച ഒരു വക്കീൽ അതു സംഗതികളെ വെടിഞ്ഞു കുഴക്കുകയാണ് ചെയ്യുന്നതെന്നും നീതിന്യായ പരിപാലനത്തെ കൂടുതൽ കൂടുതൽ പ്രയാസത്തിലേക്കു നയിക്കുകയാണ് ചെയ്യുന്നതെന്നും പറയുകയുണ്ടായി. ഇപ്പോഴത്തെ നിർദ്ദിഷ്ട കമ്മിററിയുടെ ഫലമായി നാം ഇപ്പോൾ ഉണ്ടെന്നു പറയുന്ന എല്ലാ ദോഷങ്ങൾക്കുപുറമെ, പ്രത്യക്ഷമായി നിലനിൽക്കുന്നതും കുറെക്കൂടി ചീത്തയായതുമായ ഒരു പ്രമാണം ഉണ്ടാക്കയാണെങ്കിൽ ആ കമ്മിററിയിലെ പ്രസിഡന്റും അതിൽ സംബന്ധിച്ചിരിക്കുന്ന ആളുകളും പൊതുജനങ്ങളുടെ അഭിനന്ദനത്തിനു അർഹരായി തീരുമോ എന്നു ഞാൻ വളരെ സംശയിക്കുന്നു.

ഡിപ്യൂട്ടി പ്രസിഡന്റു: നിയമസഭ കൂടാതെ എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ, ഇതിനുസംബന്ധിച്ച റിപ്പോർട്ടു ഈ സഭയിൽ ഹാജരാക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): അതിനു സംബന്ധിച്ചു ഈ സഭയ്ക്കു ചെയ്യാവുന്നതു വളരെ കുറച്ചുമാത്രമാണ്. ആദ്യ ഘട്ടത്തിൽ ആ വ്യവസ്ഥയുടെ രൂപീകരണത്തിൽ മുമ്പന്തലക്കാരായിരിക്കേണ്ടവർ പഴയ നടപടികളെ ഇടർന്നുകൊണ്ടുപോകണമെന്നാഗ്രഹിക്കാത്തവരും സ്വതന്ത്രമായ കാര്യങ്ങളിൽ മുൻഭിപ്രായം ഉള്ളവരും ആയിരിക്കാൻ പാടില്ലാത്തതാകുന്നു. കൂടാതെ, സകുടുംബരായും അല്ലെങ്കിൽ അല്പപക്ഷക്കാരായും പൂജിക്കത്തക്ക യോഗ്യതയില്ലാത്തവരായ ആളുകളെ അതിനായി തിരഞ്ഞെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപ്രകാരമുള്ള ആളുകളെ തിരഞ്ഞെടുക്കുകയും അവരെ നിയമിക്കുവാൻ പോകുന്ന സ്ഥാനങ്ങളിലേക്കു അവർ തീരെ യോഗ്യന്മാരല്ലെന്നും പൊതുജനങ്ങൾ അഭിപ്രായപ്പെട്ടിരിക്കെ ഗവണ്മെന്റു അവരെ പ്രസ്തുതസ്ഥാനങ്ങളിൽ നിയമിക്കുകയും ചെയ്യുന്നതായാൽ—

ഡിപ്യൂട്ടി പ്രസിഡന്റു. ഇത്രവളരെ ചിലവുവരുന്ന ഒരു കമ്മിററി ആവശ്യമുണ്ടോ എന്നാണ് വിവാദവിഷയം. ആളുകളെസംബന്ധിച്ചു സൂചിപ്പിക്കുന്നതിൽ നിങ്ങൾ ന്യായാനുസൃതമായി പെരുമാറുകയല്ലെന്നാണു ഞാൻ വിചാരിക്കുന്നതു്.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): ഞാൻ സങ്കല്പനിലയിലാണു സംസാരിക്കുന്നതു.

ഡെപ്യൂട്ടി പ്രസിഡന്റു: നമുക്കു സങ്കല്പിതസംഗതികളെപ്പററി ഒന്നും ചെയ്യാനില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു പ്രത്യേക ഗ്രാന്റിനു വിപരീതമായി വോട്ടുചെയ്യുന്നതിൽ തന്റെ കാരണം കാണിക്കുന്നതിനു ഒരു മെമ്പറിനു സ്വാതന്ത്ര്യമില്ലയൊ?

ഡെപ്യൂട്ടി പ്രസിഡന്റു: ഒരു കമ്മിററി ആവശ്യമില്ലെന്നോ, ഇത്രവളരെ ചിലവുവരുന്ന ഒരു കമ്മിററിയെ നിയമിക്കേണ്ട ആവശ്യമില്ലെന്നോ അദ്ദേഹത്തിനു അഭിപ്രായപ്പെടാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആളുകൾക്കു ഒരാളുടെ അഭിപ്രായത്തെ ബലപ്പെടുത്തുന്നതിനു കാരണങ്ങൾ കാണുന്നതിനു ആ ആളിനു അവകാശമുണ്ടു.

ഡെപ്യൂട്ടി പ്രസിഡന്റു: ആളുകളെ ചൂണ്ടിപ്പറയുന്നതിനു അദ്ദേഹത്തിനു സ്വാതന്ത്ര്യമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആളുകളുടെ പേരുകൾ പറഞ്ഞു ഇവിടെ ഒന്നും സംസാരിച്ചില്ല.

ഡെപ്യൂട്ടി പ്രസിഡന്റു: അതു എന്റെ തീരുമാനമാണു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): പഴയ മാമൂലിനെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്നവരെപ്പററിമാത്രമേ ഞാൻ പറയുന്നുള്ളു.

ഡെപ്യൂട്ടി പ്രസിഡന്റു: അദ്ദേഹത്തിന്റെ മനസ്സിൽ ഉള്ള ആളുകളെ ഉദ്ദേശിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നതു. അദ്ദേഹത്തിനു ആ ആളുകളെപ്പററിയുള്ള അഭിപ്രായം പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. അതു ന്യായാനുസൃതമല്ലെന്നാണ് ഞാൻ പറയുന്നതു (ചിരി)

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): ഈ സഭയുടെ അഭിപ്രായത്തെ ഗവണ്മെന്റു സ്വീകരിക്കണമെന്നില്ല. ഈ സഭയുടെ തീരുമാനത്തെ നിരാകരിക്കുന്നതിനു അവർക്കു ഒരു സ്വതന്ത്രമായ അവകാശമുണ്ടു. എന്നാൽ ഒരിക്കൽ ഈ സഭയുടെ പൊതു അഭിപ്രായത്തെ തീരുമാനിച്ചുകഴിഞ്ഞാൽ ഗവണ്മെന്റു അതിനു വിപരീതമായി പ്രവർത്തിക്കയാണെങ്കിൽ അതു വളരെ സംകടകരമായിരിക്കുമെന്നു ഞാൻ സബഹുമാനം പ്രസ്താവിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടി പ്രസിഡന്റു: അതു കമ്മിററിയിലെ മെമ്പറന്മാരെ നിയമിക്കുന്ന അവസരത്തിലാണു. ഒരു കമ്മിററി ആവശ്യമാണോ അല്ലയോ എന്ന സംഗതിയെപ്പററിയാണു നാം ഇപ്പോൾ ആലോചിക്കേണ്ടതു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): അപ്രധാനമായ സംഗതികളെ സംബന്ധിച്ചു സംശയങ്ങൾ ഉണ്ടായേക്കാമെന്നുവരികിലും പ്രസംഗിച്ച എല്ലാ അംഗങ്ങളും ഒരുവിധത്തിലെ

മററാരുവിധത്തിലോ അവക്ക പ്രസ്തുതസംഗതിയിലുള്ള എതിരഭിപ്രായം പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. ഈ സഭയിലെ അന്യോന്യസ്ഥാനസംഗതിയുടെ മിക്കവാറും ഐകകണ്ഠ്യേനയുള്ള അഭിപ്രായത്തിനു എന്തെങ്കിലും വിലകല്പിക്കയാണെങ്കിൽ ഗവർണ്ണമെന്റിന്റെ ഉദ്ദേശത്തെ പുനരാലോചനക്കെടുക്കുകയും അവരുടെ പദ്ധതി ഭേദപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇപ്പോഴത്തെ സ്ഥിതിക്കു ബഡ്ജററിൽ ആവശ്യപ്പെട്ടിരിക്കുന്ന തുക ആ സംഗതിയുടെ ആവശ്യത്തിനെക്കാൾ വളരെ കുറഞ്ഞതാണ്. ആ സംഗതിയെപ്പററി ആലോചിക്കുന്നതിലേക്കു ബ്രിട്ടീഷ് ഇൻഡ്യയിൽ യോഗ്യതയുള്ളതും ശേഷിയുള്ളതും ആയ ഒരു വലിയ കമ്മിററിയുണ്ടായിരുന്നു. അവർ ഒരു റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ഉദാഹരണത്തിനു, നമ്മുടെ നിയമനിർമ്മാണത്തിൽ, ബ്രിട്ടീഷ്ഇൻഡ്യൻ നടപടികളോടു ഒരു സംബന്ധവുംകൂടാതെ നമ്മുടെ നടപടിക്രമങ്ങളെല്ലാം നാം ആദ്യമായി ഏർപ്പെടുത്തുകയാണെങ്കിൽ അതു വലിയ ദോഷങ്ങൾക്കു കാരണമാകുന്നതാണ്. കൂടാതെ അതിൽ നിന്നും ഉണ്ടാകുന്ന ചെലവു അനുഷ്ഠിക്കുന്നതായിരിക്കുകയും ചെയ്യും. ന്യായമതിമാരായ വക്കീലന്മാരുടെയും പഴക്കമുള്ള ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരുടെയും അഭിപ്രായങ്ങൾ കിട്ടാൻ സാധിക്കുന്ന ഒരു ഹൈക്കോടതി ജഡ്ജിയെ നിയമിക്കയും അദ്ദേഹം ഒരു സ്കീം നിർമ്മിക്കയും ആ സ്കീം വിചിന്തനത്തിനു ഹൈക്കോടതിയുടെ ഒരു റഫറൻസ് ജഡ്ജിമാർ ആവശ്യപ്പെടുകയും ആണ് നാം ഇപ്പോൾ ചെയ്യേണ്ടതു. വലിയ ശമ്പളം കൊടുക്കേണ്ട ഒരു ഉദ്യോഗസ്ഥനും, അംഗങ്ങളും ശിപായിമാരും ക്ലർക്കന്മാരും മററു ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ടതും, വലിയ ചിലവു വരുന്നതും, രാജ്യമൊട്ടുക്കു സർക്കീട്ടുപോകേണ്ടതും ആയ ഒരു ഭരണകൂടം ഉണ്ടായിരുന്നാൽ അതു ഒരുത്തക്കം ഗുണപ്രദമായിരിക്കുന്നതല്ല.

ഡെപ്യൂട്ടി പ്രസിഡൻറ്: ഡെപ്യൂട്ടേഷൻ അലവൻസും കൂടാതെയിരുന്നുകൊണ്ടു ഒരാൾ ഡ്യൂട്ടിക്കുകിട്ടും.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): ഡെപ്യൂട്ടി പ്രസിഡൻറിനെപ്പോലെ യോഗ്യനായ ഒരാളിനോടു അതു നിർവഹിക്കുന്നതിനു ആവശ്യപ്പെടാം.

ഡെപ്യൂട്ടി പ്രസിഡൻറ്: തീർച്ചയായി ഞാൻ അതു കയ്യേറുകയില്ലെന്നു മെമ്പറിനോടു തീർച്ചപ്പെടുത്തുകൊള്ളുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): ഞാൻ ഒരുദാഹരണം ചൂണ്ടിക്കാണിച്ചതേയുള്ളു. സ്വരാജ്യസേവനത്തെ ആദരിക്കുന്നവനും യോഗ്യതയുള്ളവനും അദ്ദേഹത്തിന്റെ അറിവും പരിചയവും പൊതുജനങ്ങളുടെ ആവശ്യങ്ങളിലേക്കു വിനിയോഗിക്കുന്നതിനു തയ്യാറായിട്ടുള്ളവനും ആയ ആരെയെങ്കിലും നിയമിക്കപ്പെടാമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു ആ ആൾ കാര്യങ്ങളിൽ സംബന്ധമുള്ള റിക്കാർഡുകളെ ഒന്നിച്ചു കൊണ്ടുവരികയും അവയുടെ ചുരുക്കം എഴുതുകയും ഒരു നക്കൽ പദ്ധതി തയ്യാറാക്കുകയും ചെയ്യും. കൂടാതെ അതിനെ അദ്ദേഹം ഹൈക്കോടതിമുൻപാകെ ഹാജരാക്കുകയോ പത്രങ്ങളിൽ പരസ്യം ചെയ്തു പൊതുജനാഭിപ്രായത്തെ ക്ഷണിക്കുകയോ ചെയ്യുന്നതുമാകുന്നു. ഏതു വിധത്തിലായാലും, ഈ സഭയിലെ അവസ്ഥാസ്ഥാനസാമൂഹിക ഭാഗത്തിലെ ഐകകണ്ഠ്യേനയുള്ള അഭിപ്രായപ്രകാരവും രാജ്യമൊട്ടുക്കുള്ള പൊതുജനങ്ങളുടെ അഭിപ്രായപ്രകാരവും പറയുകയാണെങ്കിൽ ബഡ്ജററിലെ നിബന്ധനകളാൽ പ്രത്യക്ഷമാക്കപ്പെടുന്ന ഗവർണ്ണമെന്റിന്റെ ഉദ്ദേശം രാജ്യത്തിനു തീരെയോജിച്ചതല്ലെന്നു ഞാൻ ബഹുമായി ഖണ്ഡിച്ചുപറയുന്നു. അതുകൊണ്ടു ഈ സംഗതി പുനരാലോചനക്കു എടുക്കണമെന്നും പൊതുജനവ ഒരു പുതിയ പദ്ധതി തയ്യാറാക്കണമെന്നും ഞാൻ വിശ്വസിക്കുന്നു.

മി. കെ. ഐ. ജോസഫ് (ചിറക്കിലും—മേവികളവും): ഗവർണ്ണമെന്റു നിർദ്ദേശിച്ചിരിക്കുന്ന കമ്മിററിക്കു വിപരീതമായി ഐകകണ്ഠ്യേന ഒരു പൊതുജനാഭിപ്രായമുണ്ടെന്നു മിസ്റ്റർ മാമ്മൻമാപ്പിള തീർച്ചപ്പെടുത്തിയതു എങ്ങിനെയാണ്.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): ഏതെങ്കിലും ഒരു സംഗതിയിലും പൊതുജനാഭിപ്രായം എന്താണെന്നു ഒരുത്തക്കം തീർച്ചയായി പറയുവാൻ സാധിക്കയില്ല. ഒരു പ്രത്യേകസംഗതിയെപ്പററി ഓരോരുത്തക്കം അവനവന്റെ സ്വന്തംഗതാനുസരിച്ചു പൊതുജനാഭിപ്രായം എന്താണെന്നുള്ളതിനെപ്പററി സ്വന്താഭിപ്രായം, അതു ശരിയായിരുന്നാലും, തെററായിരുന്നാലും, ഉണ്ടാകുന്നതിനു സ്വാതന്ത്ര്യമുണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഗവർണ്മെന്റ്സെക്രട്ടേറിയററ്). സർ, "നിയമവിളംബം" എന്നുപറയപ്പെടുന്ന ദോഷത്തിന്റെ നിലയെപ്പററിയും അതിനെ പരിഹരിക്കേണ്ട മാർഗ്ഗങ്ങളെപ്പററിയും വിപരീതാഭിപ്രായം ഒട്ടുംതന്നെ ഉള്ളതായി തോന്നുന്നില്ല. ഇതു എല്ലാവരാലും സമ്മതിച്ചിട്ടുള്ളതുമാകുന്നു. ആണ്ടോറും താൽക്കാലിക കോടതികൾ സ്ഥാപിക്കേണ്ടിവരുന്നതുകൊണ്ടും ഈ വസ്തുതതെളിയുന്നുണ്ട്. ഈ ദോഷത്തെപരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിലേക്കാണു ഇപ്പോൾ ഞങ്ങൾ കേൾക്കുന്നതെന്നുതോന്നുന്നു. ആ സംഗതിയെ സംബന്ധിച്ചു കേസുകൾ കുടിശ്ശിക വരുന്നതിനുള്ള കാരണങ്ങളെ കണ്ടുപിടിക്കുന്നതിനും അവയെ നിവാരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെ കണ്ടുപിടിക്കുന്നതിനും ഒരു കമ്മിററി ഏർപ്പെടുത്തണമെന്നു—തീർച്ചയായി ഈ സഭയുടെ അഭിപ്രായത്തെ ആധാരമാക്കി—ഗവർണ്ണമെന്റു തീർച്ചപ്പെടുത്തിട്ടുണ്ട്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഇപ്രകാരം ഒരു കമ്മിററി ഉണ്ടായിരുന്നെന്നും, ആ കമ്മിററി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനെ നമുക്കു ഉപയോഗപ്പെടുത്താമെന്നും നമ്മുടെ ഇവിടത്തെ പ്രവൃത്തിക്കു അതു മതിയായ മാർഗ്ഗദർശിയോ ഒരു ഒററ മാർഗ്ഗദർശിയോ ആയി അതിനെ വിനിയോഗിക്കാമെന്നും അതിനെ അപ്രകാരം വിനിയോഗിക്കണമെന്നുമാണ് ഇതിനു എതിരായി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം. ഇതു ആലോചിക്കപ്പെടേണ്ട ഒരു സംഗതിയാണെന്നു സമ്മതിക്കുന്നതിനു ഞാൻ തയ്യാറാണ്. പരമാർത്ഥത്തിൽ ഗവർണ്ണമെന്റു ഈ സംഗതിയെപ്പററി ആലോചിക്കയുംചെയ്തു എന്നാൽ സ്വഭാവികമായി ഇപ്രകാരമുള്ള സംഗതികളിൽ രാജ്യത്തിലെ നീതിന്യായപരിപാലനത്തിലുള്ള ചുമതല ലഭിച്ചിരിക്കുന്ന ഹൈക്കോടതി കൊടുക്കുന്ന ഉപദേശം അനുസരിച്ചു ഗവർണ്ണമെന്റു പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബ്രിട്ടീഷ് ഇന്ത്യയിലെ സിവിൽജസ്റ്റീസ് കമ്മിററിയിലെ റിപ്പോർട്ടു ഉപയോഗിക്കാൻ പാടില്ലാത്തതു എന്തുകൊണ്ടാണെന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനെസംബന്ധിച്ചു ഞാൻ അയച്ച ചില പ്രശ്നങ്ങളെപ്പററി ലാ മെമ്പർക്കു അറിവാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഗവർണ്മെന്റ്സെക്രട്ടേറിയററ്): അറിയാം. ആ ചോദ്യങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെണ്ടു ആ പ്രശ്നങ്ങൾക്കു മറുപടിപറയാതിരുന്നതു എന്തുകൊണ്ടാണെന്നു എന്നെ അറിയിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹൈഡ്സക്കാർവക്കീൽ): ആദ്യമായിതന്നെ പറയുകയാണെങ്കിൽ ഇപ്പോൾ ആ ചോദ്യം വിചാരണയ്ക്കു യോജിച്ചതല്ല. അതിനുംപുറമെ, അവർ ഉത്തരംപറയാതിരുന്നതിനുള്ള കാരണങ്ങൾ പറയുന്നതിനു എനിക്കു സാധിക്കയില്ല.

ഗവണ്മെണ്ടു ആ സംഗതിയിൽ ഹൈക്കോടതിയുടെ അഭിപ്രായത്തിനു അയക്കയും ബ്രിട്ടീഷ് ഇന്ത്യൻസിവിൽസർവ്വീസ് കമ്മിററിയുടെ റിപ്പോർട്ടു നമുക്കു ഉചിതമെപ്പെടുത്താൻ സാധിക്കുമോഎന്നു അവരോടു ചോദിക്കയുംചെയ്തു. ഹൈക്കോടതി അതിനെപ്പററി ആലോചിക്കയും ബ്രിട്ടീഷ്ഇന്ത്യൻ സിവിൽസർവ്വീസ് കമ്മിററിയുടെ റിപ്പോർട്ടു പഠിക്കുന്നതിനും അതിനെ ഇവിടെ പ്രയോഗപ്പെടുത്തുന്നതിനും അവക്കു ദീർഘകാലം ആവശ്യമാണെന്നും തൽക്കാലകാര്യത്തിനു നമ്മുടെ അനാവശ്യചിലവായിക്കൂടുമെന്നും അഭിപ്രായപ്പെട്ടു. കൂടാതെ തിരുവിതാംകൂറിലെ സ്ഥിതികൾ ബ്രിട്ടീഷ്ഇന്ത്യയിലെപ്പോലെയല്ലെന്നും അതുകൊണ്ടും എല്ലാ സംഗതികളേയുംപററിഅന്വേഷണം നടത്തണമെന്നും കേസുകൾ കുടിശിഖവരുന്നതിന്റെ കാരണം അറിഞ്ഞു അതിലേക്കു തക്ക നിവാരണമാർഗ്ഗങ്ങളെ നിർദ്ദേശിച്ചു ഒരു റിപ്പോർട്ടു തയാറാക്കുന്നതിനു ഒരു കമ്മിററി രൂപീകരിക്കപ്പെടണമെന്നും അവർ തീരുമാനിച്ചു. ആ ജഡ്ജിമാർ ഉൾക്കൊള്ളുന്ന ഹൈക്കോടതി ഫുൾബഞ്ചിനോടു ഈ സംഗതിയെപ്പററി ആലോചിക്കുന്നതിനു ആവശ്യപ്പെടണമെന്നും എന്റെ സ്നേഹിതൻ മിസ്റ്റർമാമ്മൻമാപ്പിള്ള ഉപദേശിക്കയായിരുന്നു

മി. കെ. സി. മാമ്മൻമാപ്പിള്ള (വാണിജ്യവും വ്യവസായവും വകുപ്പു): സർ, ഞാൻ പറഞ്ഞതു എന്തുകൊണ്ടു വിശദമാക്കണമെന്നു വിചാരിക്കുന്നു. ഒരു യോഗ്യനായ ഉദ്യോഗസ്ഥനോടു—ഉദാഹരണമായി ഹൈക്കോടതിയിലെ ഒരു ജഡ്ജിയോടു—ഈ സംഗതിയെപ്പററി അന്വേഷിച്ചു അറിയുന്നതിലേക്കും, ബ്രിട്ടീഷ് ഇന്ത്യൻകമ്മിററിയിലെ റിപ്പോർട്ടിനെപ്പററി ആലോചിക്കുന്നതിലേക്കും, ആവശ്യമുള്ള റിക്കാർഡുകളെ പരിശോധിക്കുന്നതിലേക്കും ആ സ്കീമിന്റെ ഒരടിസ്ഥാനമെ ത്രമായിരിക്കുന്ന ഒരു സ്കീം തയ്യാറാക്കുന്നതിനും ആവശ്യപ്പെടണമെന്നും, അപ്രകാരമുള്ള ആളിന്റെ റിപ്പോർട്ടു ഹൈക്കോടതിയിലെ ഒരു ഫുൾബഞ്ചു ആലോചനക്കു എടുക്കണമെന്നും ആണ് ഞാൻ പറഞ്ഞതു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹൈഡ്സക്കാർവക്കീൽ): സർ, ഇത്തരത്തിലുള്ള ജോലിക്കായി ഒരാററ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനെസംബന്ധിച്ചു, ഈ ദേശവാസികൾ ഏതെങ്കിലും ഒരാററുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുംകൊണ്ടു തൃപ്തിപ്പെടുമോ എന്നു ഞാൻ വളരെ സംശയിക്കുന്നു. ജനാധിപത്യവാദം നടന്നുകൊണ്ടിരിക്കുന്ന കാലമാണ് ഇതു്. അതുകൊണ്ടു എല്ലാ ആളുകളുടേയും ഗുണകാംക്ഷിക്കുന്നതായ ഇപ്രകാരമുള്ള സംഗതികൾ, ജനങ്ങൾക്കു നല്ല വിശ്വാസമുള്ള ഒരു കമ്മിററിയാൽ ഗൌനിക്കപ്പെടണമെന്നുള്ളതു് അത്യാവശ്യമായ ഒരു സംഗതിയാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സിവിൽകോടതി ഗെസറ്റിന്റെ രൂപികരണത്തിൽ ഹൈക്കോടതി അംഗീകരിച്ചു നടപടി ജഡ്ജിമാരിൽ ഒരാളിനെ നിയമിച്ചു അയക്കുകയായിരുന്നുവൊ എന്നു എന്നെ അറിയിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹൈഡ്സക്കാർവക്കീൽ): ആദ്യമായി പ്രസ്തുത സംഗതിയിൽനിന്നും ആ ചോദ്യം ഉത്ഭവിക്കുന്നില്ല. അതിനും പുറമെ, സിവിൽകോടതിഗെസറ്റ്കോടതികളിലെ നടപടികളെ നിയന്ത്രിക്കുന്ന നിയമങ്ങൾ മാത്രം ഉദ്ദേശിച്ചു ഉണ്ടാക്കിയതാണ്. അതുകൊണ്ടു നടപടികളെ സംബന്ധിച്ചു കോടതികളിലെ കാര്യങ്ങളെ ഒരിച്ചുകൊണ്ടുപോകുന്നതിനാണ് അതിനെ ഏർപ്പെടുത്തിയിട്ടുള്ളതു. അതുകൊണ്ടു ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന സംഗതിയിൽ പതിപ്പിക്കേണ്ട ശ്രദ്ധ മുൻപറഞ്ഞകാര്യത്തിൽ പതിപ്പിക്കേണ്ടതാവശ്യമില്ല. നീതിന്യായപരിപാലനത്തിൽ നേരിടുന്ന കാലതാമസവും അതിലേക്കുള്ള കാരണങ്ങളും ആ ദോഷനിവാരണത്തിനു ഉപയോഗിക്കേണ്ടതായ പരിഹാരങ്ങളേയും പററിയുള്ളതാണ് വിചാരണ. ഈ പരിഹാരമാർഗ്ഗങ്ങൾ പൊതുജനങ്ങൾ സ്വീകരിക്കത്തക്കവയും ആയിരിക്കണം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മുമ്പു ഒരവസരത്തിൽ മി. കയ്യാലം പരമേശ്വരൻപിള്ള പ്രസ്താപിച്ചിട്ടുള്ളതിലേക്കു ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ. അദ്ദേഹം പറഞ്ഞതു ഇപ്രകാരമായിരുന്നു.

"ഈ സംഗതി ബ്രിട്ടീഷ്ഗവണ്മെണ്ടിന്റെ ശ്രദ്ധയെ ആകർഷിക്കയാകുന്നു. അവിടെ കേസു കുടിശ്ശികയസംബന്ധിച്ചു അന്വേഷണംനടത്തുന്നതിനു ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ടു അധികാരികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്നു. പക്ഷെ അതു വളരെ ചിലവു വരുന്നതായിരിക്കും. അപ്രകാരമുള്ള ഒരു കമ്മററിയെ യമുക്കു ഇവിടെ നിയമിക്കേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ സിസ്റ്റം ബ്രിട്ടീഷ്ഇൻഡ്യയിൽ നടപ്പുള്ള സിസ്റ്റത്തെ അനുസരിച്ചാണ് അധികവും ഇരിക്കുന്നതു്. ബ്രിട്ടീഷ്സിസ്റ്റത്തിൽ എന്തെങ്കിലും ഒരു ഭേദഗതി വരുത്തുമ്പോൾ അവർ ഒരു തീരുമാനംവരുത്തുന്നതു വരെ നാം കാത്തുനിൽക്കുന്നതാണ് കുറച്ചുകൂടെ നല്ലതു. അതിനുശേഷം അവരുടെ വ്യവസ്ഥ നമുക്കു സ്വീകരിക്കാൻപാടില്ലയോ എന്നു നമുക്കു ആലോചിക്കാം. അതുവരെ ആ സംഗതിയിൽ എന്തെങ്കിലും ഒരഭിപ്രായം പുറപ്പെടുവിക്കുന്നതു വളരെ മോശമായ ആയിപ്പോകയില്ലയോ എന്നു എനിക്കു തോന്നുന്നു"

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹൈഡ്സക്കാർവക്കീൽ): അതെ, ഞാൻഅതോർക്കുന്നു. ഈ സംഗതിയെപ്പററി ഹൈക്കോടതിയോടു അഭിപ്രായം ചോദിച്ചപ്പോൾ അവരുടെ ശിപാർശ അയക്കുന്നതിനു മുമ്പു അവർ ബ്രിട്ടീഷ് ഇൻഡ്യൻ കമ്മററിയുടെ റിപ്പോർട്ടിനെപ്പററി ചിന്തചെയ്യണമെന്നു അവരോടു ആവശ്യപ്പെട്ടതിന്റെ കാരണം അതുതന്നെയായിരുന്നു. എന്നാൽ ബ്രിട്ടീഷ് ഇൻഡ്യൻകമ്മററിയുടെ റിപ്പോർട്ടിനെപ്പററി ഗൌരവമായ ആലോചിക്കുന്നതിലേക്കു അധികംസമയം വേണമെന്നും അതു അനാവശ്യമായ വലിയ ചിലവിനു കാരണമാക്കരുതെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടിരിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള്ള (വാണിജ്യവും വ്യവസായവും വകുപ്പു): ഈ സംഗതിയുടെ അവസാന ഉത്തരവാദിത്വം ഗവണ്മെണ്ടിൽ അല്ലയോ സ്ഥിതിചെയ്യുന്നതു്.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): അതെ.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): അതിനെ മുൻനിർത്തി തൊഴിലാളികയാണെങ്കിൽ ആ സംഗതിയുടെ പ്രസ്തുത മുഖത്തസംബന്ധിച്ചു ഗവണ്മെന്റു കൂടുതൽശ്രദ്ധ പതിപ്പിക്കേണ്ടതല്ലായിരുന്നുവോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി): ആ സംഗതിയെപ്പററി ആലോചിക്കപ്പെട്ടുകയും ഹൈക്കോടതിയുടെ വിചിന്തനത്തിനു അതു അയക്കുകയുംചെയ്തു. ഹൈക്കോടതിക്കതിനെപ്പററി ആലോചിക്കയുണ്ടായി. ഹൈക്കോടതി ആ സംഗതി വേണ്ടവിധം ആലോചിച്ചശേഷം ഒരു കമ്മററിയെ കൂർപ്പെടുത്തുന്നതാണ് ഏററവും നല്ല മാർഗ്ഗമെന്നു നിപാർശ ചെയ്തുകൊണ്ടുചെയ്തു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര): ഹൈക്കോടതി ഇതു ചെയ്ത ചിലവു വരുന്ന കമ്മററി വേണമെന്നു നിപാർശചെയ്തുവോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): ഹൈക്കോടതി ഒരു കമ്മററി വേണമെന്നു നിപാർശചെയ്തു. ആ കമ്മററിയുടെ പ്രസിഡൻറായി ഹൈക്കോടതി ജഡ്ജിമാരിൽ ഒരാളെ നിയമിക്കണമെന്നു അഭിപ്രായപ്പെടുകയുംചെയ്തു. ഹൈക്കോടതിയുടെ നിപാർശയെ ആധാരമാക്കിയാണ് ഇപ്പോൾ ഒരു കമ്മററി രൂപീകരിക്കണമെന്നു പരിഗണിച്ചിരിക്കുന്നത്.

മി. ജി. പരമേശ്വരൻപിള്ള (വെയ്റ്റേജ്): അന്യേ അംഗങ്ങൾ ഉൾപ്പെട്ടിട്ടും സിൽബന്ധിച്ചിട്ടുവിനുംപുറമെ വളരെ ചിലവുവരുത്തുന്നതുമായ ഒരു കമ്മററിയെ നിയമിക്കുന്നതിനുപകരം ഈ സംഗതിയെപ്പററി ആലോചിക്കുന്നതിനും നീതിന്യായ പരിപാലനവുമായി ബന്ധിച്ചുള്ള എല്ലാ പ്രധാന പ്രശ്നങ്ങൾക്കും ചോദ്യസമൂഹം അയച്ചുകൊടുത്തു മറുപടി ശേഖരിക്കുന്നതിനും ആ ദിശയെ ക്രമീകരിക്കുന്നതിലേക്കു ചില മാർഗ്ഗങ്ങളെ രൂപീകരിക്കുന്നതിനും ജഡ്ജിമാരിൽ ഒരാളിനോടു ആവശ്യപ്പെട്ടാൽ പോരയോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി). നിന്യായമായ ഒരു അന്വേഷണമാണ് നടത്തേണ്ടതു്. ഹൈക്കോടതിയിലെ ഒരാൾ ഒററക്കു ജഡ്ജിയായി ചെയ്യുവാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ്): അപ്രകാരമുള്ള ഒരുദ്യോഗസ്ഥന്റെ റിപ്പോർട്ടു ഗസററിൽ പരസ്യംചെയ്തുകയും പൊതു ജനാഭിപ്രായവും വിമർശനവും കഴിഞ്ഞതിനുശേഷം അവസാനമായി ഹൈക്കോടതിയോ ഒരുമാസത്തിൽക്കൂടുതലായോ കുറെ ആളുകളിൽ കൂടുതലായോ ജോലിചെയ്യേണ്ട ആവശ്യമില്ലാത്ത ഒരു കമ്മററിയോ അവസാനമായി അതിന്റെ ഫലത്തെപ്പററി ചിന്തിച്ചാൽ പോരയൊ അപ്രകാരം ചെയ്യുകയാണെങ്കിൽ ചെലവു നിശ്ചയമായും വളരെ കുറയുന്നതാണ്.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അതും ഇപ്രകാരം പ്രാധാന്യമേറിയ സംഗതിയിൽ തീരെ മതിയാകയില്ല.

മി. ജി. പരമേശ്വരൻപിള്ള (വെയ്റ്റേജ്): ബ്രിട്ടീഷ്ഇൻഡ്യൻ കമ്മററിയുടെ റിപ്പോർട്ടു തിരുവിതാംകൂറുകാരായ നാം സ്വീകരിക്കാൻപാടില്ലെന്നോ അതിനെപ്പററി വിചിന്തനം ചെയ്യുന്നതിനു അവർക്കു സമയമില്ലെന്നോ ഹൈക്കോടതി അഭിപ്രായപ്പെട്ടതു്?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): ഗവണ്മെണ്ടിലേക്കുള്ള അവരുടെ നിപാർശയിൽ ഹൈക്കോടതി പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണ്. രജിസ്ട്രാരുടെ എഴുത്തുതാഴെ പറയുന്നപ്രകാരമാണ്.

"ഹൈക്കോടതി ജഡ്ജിമാർക്കു അവരുടെ നീതിന്യായപരിപാലന ജോലിക്കു വിഘ്നംവരുത്താതെ ഈ പറഞ്ഞ കമ്മററിയുടെ ഉപദേശങ്ങളെ വിചിന്തനംചെയ്യുന്നതിനു സമയം കിട്ടുന്നതല്ല. ബ്രിട്ടീഷ്ഇൻഡ്യയിൽ നടപ്പിലിരിക്കുന്ന സ്ഥിതികൾ തിരുവിതാംകൂറിലെ സ്ഥിതികളിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതുകൊണ്ടും ആലോചനയിൽ ഇരിക്കുന്ന സംഗതി വളരെ പ്രാധാന്യമേറിയതാകകൊണ്ടും തിരുവിതാംകൂറിലെ സിവിൾനീതി പരിപാലനത്തിന്റെ താനുഭോഗങ്ങളും ഒരു കമ്മററിയാൽ ആലോചിക്കപ്പെടണമെന്നാണ് അവരുടെ അഭിപ്രായം. അതുകൊണ്ടു നീതിന്യായപരിപാലന കമ്മററിയുടെ നിപാർശകൾ തിരുവിതാംകൂറിനു എന്തുതോതിൽ യോജിച്ചതാണെന്നുള്ളതിനെപ്പററി ആലോചിക്കുന്നതിലേക്കു ഹൈക്കോടതിയിലെ ഒരു ജഡ്ജി പ്രസിഡണ്ടായി (അതിൽക്കൂടുതൽ അംഗങ്ങൾ ഇല്ലാത്ത) ഒരു ചെറിയ കമ്മററിയെ നിയമിക്കണമെന്നു നിപാർശ ചെയ്യുന്നതിലേക്കു എന്നോടു ആജ്ഞാപിച്ചിരിക്കുന്നു"

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഹൈക്കോടതിയുടെ അഭിപ്രായപ്രകാരം ബ്രിട്ടീഷ്ഇൻഡ്യയിലേയും ഇവിടത്തെയും സ്ഥിതികൾ തമ്മിൽ ഏതു പ്രത്യേകസംഗതികളിൽ സാമ്യമുണ്ടെന്നു എന്നെ അറിയിക്കുമോ?

മി. കുഞ്ഞാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി). അവരുടെ എഴുത്തിലെ പ്രധാനസംഗതി അടങ്ങിയഭാഗം ഞാൻ വായിച്ചു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നീതിന്യായ പരിപാലനത്തിലൊ ഭൗതികസ്ഥിതിയിലോ മേറെ ഏതെങ്കിലും സംഗതിയിലൊ തിരുവിതാംകൂറും ബ്രിട്ടീഷ്ഇൻഡ്യയും തമ്മിൽ വ്യത്യാസമുണ്ടെന്നു അവർ പറയുന്നുണ്ടോ? ബ്രിട്ടീഷ്ഇൻഡ്യയും തിരുവിതാംകൂറും തമ്മിൽ ഏതു പ്രത്യേകസംഗതിയിലാണ് വ്യത്യാസമുള്ളതായി അവർ പറയുന്നതു്.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): തീർച്ചയായും നിന്യായ പരിപാലനത്തിലാണ്, അതിനുസംബന്ധിച്ചു ഒരു സംശയവും ഉണ്ടാകാനില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഏതു സംഗതിയിലാണ് തിരുവിതാംകൂർ ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതെന്നു എന്നെ അറിയിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): തിരുവിതാംകൂറിലെ സ്ഥിതികളും ബ്രിട്ടീഷ്ഇൻഡ്യയുടെ സ്ഥിതികളും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടെന്നു ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്. എല്ലാസംഗതികളിലും രണ്ടു സ്ഥലത്തെയും സ്ഥിതികൾ ഒന്നുപോലെ തന്നെയല്ലെന്നു അവർ പ്രത്യേകം പറഞ്ഞിട്ടുണ്ട്.

മി. [illegible] (തൊഴിൽ): [illegible]

മി. [illegible] (അഡീഷണൽ ഹെഡ്സെക്രട്ടറി): [illegible] മായി അന്തികൾ [illegible] ഉള്ള [illegible]

മി. [illegible] (ഗ്രാമ വികസനം, വ്യവസായം): ബ്രിട്ടീഷ് [illegible] [illegible]

മി. [illegible] (അഡീഷണൽ ഹെഡ്സെക്രട്ടറി): ബ്രിട്ടീഷ് ഇന്ത്യൻ [illegible] ഉള്ളതല്ല.

മി. ജി. പരമേശ്വരൻപിള്ള (തൊഴിൽ): [illegible] സംബന്ധിച്ചു എന്തെങ്കിലും [illegible] ഉണ്ടോ?

മി. [illegible] (അഡീഷണൽ ഹെഡ്സെക്രട്ടറി): [illegible] ചുണ്ടിക്കാണിച്ചിട്ടുണ്ടു്. [illegible] സംബന്ധിച്ചു [illegible] ഇന്ത്യക്കാരുടെ [illegible]

മി. [illegible] (തൊഴിൽ): [illegible] അന്തികൾ [illegible]

മി. [illegible] (അഡീഷണൽ ഹെഡ്സെക്രട്ടറി), [illegible]

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (തൊഴിൽ): [illegible] അഭിപ്രായത്തിൽ ബ്രിട്ടീഷ് ഗവർണ്മെന്റ് [illegible] ആണ്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): [illegible] ഇല്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (തൊഴിൽ): ബ്രിട്ടീഷ് ഇന്ത്യൻ കമ്മറിയുടെ അഭിപ്രായത്തിൽ [illegible] ഇന്ത്യൻ [illegible] ആണ്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ബ്രിട്ടീഷ് ഇന്ത്യൻ കമ്മറിയുടെ [illegible] ഇന്ത്യൻ [illegible] ഉണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ബ്രിട്ടീഷ് ഇന്ത്യൻ കമ്മറിയുടെ [illegible] ഇന്ത്യയിലെ സ്ഥിതി [illegible] ഇന്ത്യക്കാരുടെ [illegible] ഇന്ത്യക്കാരുടെ [illegible] ഇന്ത്യക്കാരുടെ [illegible]

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള (തൊഴിൽ): [illegible] ബ്രിട്ടീഷ് ഇന്ത്യയും [illegible] ഇന്ത്യൻ [illegible] ഏകദേശം [illegible]

ഡിപ്യൂട്ടി പ്രസിഡന്റ്: ഈ സംഗതിക്കു ഒരു കമ്മിറ്റിയുടെ രൂപീകരണം ആവശ്യമാണെന്നു [illegible] ബ്രിട്ടീഷ് ഇന്ത്യൻ കമ്മറിയുടെ അഭിപ്രായത്തിൽ [illegible] വിചിന്തനം ചെയ്യുന്നതിലേക്കു അവരുടെ സമയം [illegible] ആവശ്യമില്ലെന്നു [illegible] വിചാരിക്കാം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (തൊഴിൽ): ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനെപ്പറ്റി ബ്രിട്ടീഷ് ഇന്ത്യൻ കമ്മറിയുടെ അഭിപ്രായമറിയുന്നതിനു [illegible] ആണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ [illegible] സംബന്ധിച്ചിടത്തോളം [illegible] ഇല്ല.

മി. കെ. സി. മാത്തൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പു): ഈ സഭയുടെ [illegible] ആയിരിക്കുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഈ സഭയുടെ അഭിപ്രായം [illegible] ആയിരിക്കും. [illegible] ഇന്ത്യയിലെ സ്ഥിതി [illegible] ഇന്ത്യക്കാരുടെ [illegible]

മി. കെ. മാധവൻപിള്ള (വിദ്യാഭ്യാസം—ആരോഗ്യം): [illegible] ബ്രിട്ടീഷ് ഇന്ത്യയെ സംബന്ധിച്ചു എന്തെങ്കിലും [illegible] ചെയ്യുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ മെമ്പർ സർക്കാർവക്കീൽ): ആട്ടിക്കിന്ത്യയിൽ നിലനിൽക്കുന്ന സ്ഥിതികൾ തിരുവിതാംകൂറിനു പ്രയോഗിക്കാൻ പാടുള്ളതല്ലെന്നാണ് ഗവർണ്ണമെന്റിന്റെ അഭിപ്രായപ്പെടുന്നത്.

വൈസ്പ്രസിഡന്റ്: സമയമായിരിക്കുന്നു. ഈ ഉപക്ഷേപത്തെ വോട്ടിനിടുന്നതിനു ഞാൻ ആരംഭിക്കുന്നു. മിസ്റ്റർ. വല്ലൂർ നാരായണപിള്ള, നിങ്ങളുടെ ഉപക്ഷേപത്തെ നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി. വല്ലൂർ നാരായണപിള്ള (പ്രസംഗിച്ചു): ഞാൻ ഭൂരിപക്ഷത്തിന്റെ തീരുമാനത്തിനു നിർബന്ധിക്കുന്നു.

ഈ ഉപക്ഷേപം ഭൂരിപക്ഷത്തിന്റെ വോട്ടിനിടുകയും പിന്താങ്ങപ്പെടുകയും ചെയ്തു. ൨൦ പേർ അനുകൂലമായും ൨൭ പേർ പ്രതികൂലമായും വോട്ടുചെയ്തു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ മെമ്പർ സർക്കാർ വക്കീൽ): ഞാൻ ഗവർണ്ണറുടെ ആജ്ഞ അനുസരിക്കുന്നു.

താഴെപ്പറഞ്ഞ ഹർജ്ജികൾ വായിച്ചു കേൾക്കപ്പെട്ടു.

അസംബ്ലിക്കാർ ൧൭.

൧	മിസ്റ്റർ	ടി. ഡി. വാനിയൽ	൯	മിസ്റ്റർ	ടി. ജെ. മാത്യു
൨	,,	ടി. ജെ. പോൾ	൧൦	,,	ജി. നാരായണപിള്ള
൩	,,	പി. ജി. ചെറിയാൻ	൧൧	,,	വല്ലൂർ നാരായണപിള്ള
൪	,,	സി. പി. ചെറുകുഞ്ഞുപിള്ള	൧൨	,,	പി. കെ. നാരായണപിള്ള
൫	,,	ടി. കുമാരപിള്ള	൧൩	,,	കെ. പി. നീലകണ്ഠപ്പിള്ള
൬	,,	തരിനയ്യ കുഞ്ഞിത്തമ്മാൾ	൧൪	,,	എം. എൻ. പിള്ള
൭	,,	കെ. മാധവൻപിള്ള	൧൫	,,	ജി. പരമേശ്വരൻ പിള്ള
൮	,,	കെ. സി. മാത്തൻതരകൻ	൧൬	,,	വടക്കേത്തിൽ പരമേശ്വരൻപിള്ള
൧൯	മിസ്റ്റർ	ജി. രാമൻമേനോൻ	൨൦	,,	സി. പി. തരകൻ
൧൮	,,	കെ. ശിവരാമപ്പണിക്കർ	൨൧	,,	സി. പി. തോമസ്
൧൭	,,	എം. ശിവതാണുപിള്ള			

പ്രതിപക്ഷക്കാർ ൧൭.

൧	മിസ്റ്റർ	എ. സി. ചാക്കോ	൧൦	മിസ്റ്റർ	കെ. വി. നടേശയ്യർ
൨	,,	ടി. ധനുഷ്കോടിപ്പിള്ള	൧൧	,,	ആർ. നീലകണ്ഠപ്പിള്ള
൩	,,	കെ. ജോർജ്ജ്	൧൨	,,	കയ്യാലം പരമേശ്വരൻപിള്ള
൪	,,	കെ. എ. ജോസഫ്	൧൩	മിസ്സിസ്	എം. പുന്നൻ ലൂക്കോസ്
൫	,,	സി. കേരളൻ കേരളത്തിനുരാൻ	൧൪	മിസ്റ്റർ	ടി. പി. രാജഗോപാലയ്യർ
൬	,,	ആർ. കെ. കൃഷ്ണപിള്ള	൧൫	,,	റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ
൭	,,	ആർ. കൃഷ്ണസ്വാമിഅയ്യർ	൧൬	,,	എസ്. സി. എച്ച്. റോബിൻസൺ
൮	,,	എൻ. കുമാരൻ	൧൭	,,	വി. എസ്. സുബ്രഹ്മണ്യയ്യർ
൯	,,	വാക്കീൽ എൻ. കുഞ്ഞൻ പിള്ള	൧൮	,,	സി. എൻ. ഇട്ടിപ്പുൻനമ്പൂതിരി
			൧൯	,,	എ. ജെ. വാൻറൂസ്

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

താഴെ കാണുന്ന ഉപക്ഷേപങ്ങൾ സമയമില്ലാതിരുന്നതിനാൽ കാലഹരണപ്പെട്ടുപോയി.

൧൯. എഫ്. ലാസ്ഡിലേസ് കമ്മിററി.

൨൯൭ മുതൽ ൨൭൦ വരെ ഉപക്ഷേപങ്ങൾ.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൨൯൭. ലാസ്ഡിലേസ് കമ്മിററിക്കു നിക്കിവച്ചിരിക്കുന്ന ൧൦ രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കുന്നതിനു.

മി. ടി. ജെ. മാത്യു.

൨൯൮. ലാസ്ഡിലേസ് കമ്മിററിക്കു നിക്കിവച്ചിരിക്കുന്ന ൧൦ രൂപയിൽനിന്നും അഞ്ചു രൂപ കുറയ്ക്കുന്നതിനു.

മി. കെ. ടി. ജോസഫ്.

൨൭൦. ലാസ്ഡിലേസ് കമ്മിററിക്കു നിക്കിവച്ചിരിക്കുന്ന ൧൦ രൂപയിൽനിന്നും ൯ ൧൨ രൂപ കുറയ്ക്കുന്നതിനു.

൨൭൧ മുതൽ ൨൭൯ വരെ ഉപക്ഷേപങ്ങൾ:

മി. കെ. ശിവരാമപ്പണിക്കർ.

൨൭൧. ലാസ്ഡിലേസ് കമ്മിററിക്കു നിക്കിവച്ചിരിക്കുന്ന ൧൦ രൂപയിൽ കുറയ്ക്കുന്നതിനു.

മി. ജി. രാമൻമേനോൻ.

൨൭൨. ലാസ്ഡിലേസ് കമ്മിററിക്കു നിക്കിവച്ചിരിക്കുന്ന ൧൦ രൂപ കുറയ്ക്കുന്നതിനു.

മി. ജി. നാരായണപിള്ള.

൨൭൩. ലാസ്ഡിലേസ് കമ്മിററിക്കു നിക്കിവച്ചിരിക്കുന്ന ൧൦ രൂപ കുറയ്ക്കുന്നതിനു.

മി. എം. കെ. പിള്ള.

൨൭൪. ലാസ്ഡിലേസ് കമ്മിററിക്കു നിക്കിവച്ചിരിക്കുന്ന ൧൦ രൂപ കുറയ്ക്കുന്നതിനു.

മി. കെ. കെ. തോമസ്.

൨൭൫. ലാസ്ഡിലേസ് കമ്മിററിക്കു നിക്കിവച്ചിരിക്കുന്ന ൧൦ രൂപ കുറയ്ക്കുന്നതിനു.

ക്ലാം ഡിമാൻഡുപ്രകാരമുള്ള ഉപക്ഷേപങ്ങൾ.

മി. സി. പി. തരകൻ.

൨൭൭. ക്ലാം ഡിമാൻഡുപ്രകാരം ആകെ നീക്കിവച്ചിരിക്കുന്ന ൧൦൧ വകയ്ക്കം രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കുന്നതിന്നു.

മ. തരിയത്തു കുഞ്ഞിമൊയ്തീൻ.

൨൭൭. ക്ലാം ഡിമാൻഡുപ്രകാരം ആകെ നീക്കിവച്ചിരിക്കുന്ന ൧൦൧ വകയ്ക്കം രൂപയിൽ അഞ്ചു രൂപ കുറയ്ക്കുന്നതിന്നു.

മി. ജെ. രാമൻമേനോൻ.

൨൭൭. ക്ലാം ഡിമാൻഡുപ്രകാരം ആകെ നീക്കിവച്ചിരിക്കുന്ന ൧൦൧ വകയ്ക്കം രൂപയിൽ നിന്നും പത്തു രൂപ കുറയ്ക്കുന്നതിന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: ക്ലാം ഡിമാൻഡു— നിയമസഭാംഗങ്ങൾ— ഡിപ്പാർട്ടുമെൻറും അഡീഷനൽ ചീഫ് സെക്രട്ടറി [illegible] ക്ലാസ്സിലെ [illegible] ഉള്ള ക്ലാസ്സൻ രൂപ ആകമായുള്ള ൧൦൧ വകയ്ക്കം രൂപയിൽനിന്നും കുറയ്ക്കുന്നതു [illegible] ഭൂരിപക്ഷത്തോടെ വോട്ടിനിടുന്നു.

ഉപക്ഷേപം പാസ്സാക്കപ്പെട്ടു യു ഗ്രാൻറ് അനുവദിക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ടു.

ഡിമാൻഡുക്കൾ— [illegible] നിയമസഭാംഗങ്ങൾ.

ഗവൺമെൻറ് വക്കീൽ— [illegible] ഡിപ്പാർട്ടുമെൻറ് [illegible] വകയ്ക്കം രൂപ.

മി. വി. എസ്. സുബ്രഹ്മണ്യഅയ്യർ (ഗവൺമെൻറ് വക്കീൽ): സർ, ഡിമാൻഡു ക്ലാം പ്രകാരം ൧,൨൭ വകയ്ക്കം രൂപയിൽ കുറയാത്ത ഒരു ഗ്രാൻറ് അനുവദിക്കപ്പെടുന്നതിന്നു "ശുപാർശ" ചെയ്യുന്നു എന്നു എഴുതാൻ കല്പിക്കുന്നു.

ക്ലസ്. ഇ. നിയമന്യായ പരിപാലനം.

൧൦ ഉദ്യോഗസ്ഥന്മാർ.

൨൭൭—ാം ഉപക്ഷേപം.

മെമ്പർ ഹാജരില്ലാതിരുന്നതുകൊണ്ടു താഴെ കാണുന്ന ഉപക്ഷേപം ഹാജരാക്കിയിട്ടില്ലെന്നു കണ്ടിക്കപ്പെട്ടു.

മി. എ. കെ. പിള്ള.

൨൭൭. എക്സൈസ്ഡ്യൂട്ടി നീക്കിവച്ചിരിക്കുന്ന ക്ലാസ്സ് ൪ രൂപയിൽനിന്നും പത്തു രൂപ കുറയ്ക്കുന്നതിന്നു.

ക്ലാം ഡിമാൻഡുപ്രകാരമുള്ള ഉപക്ഷേപങ്ങൾ.

൨൭൭ എൻ ൨൭൭ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെ കാണുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൨൭൭. ക്ലാം ഡിമാൻഡുപ്രകാരം ആകെ നീക്കിവച്ചിരിക്കുന്ന ൧,൭൭ വകയ്ക്കം രൂപയിൽനിന്നും ഒരു കാശു കുറയ്ക്കുന്നതിന്നു.

മി. ശിയമ്പ കുഞ്ഞിമൊയ്തീൻ.

൨൭൭. ക്ലാം ഡിമാൻഡുപ്രകാരം ആകെ നീക്കിവച്ചിരിക്കുന്ന ൧,൭൭ വകയ്ക്കം രൂപയിൽ നിന്നും ഒരു രൂപ കുറയ്ക്കുന്നതിന്നു.

മി. ജി. രാമൻമേനോൻ.

൨൭൭. ക്ലാം ഡിമാൻഡുപ്രകാരം ആകെ നീക്കിവച്ചിരിക്കുന്ന ൧,൭൭ വകയ്ക്കം രൂപയിൽ നിന്നും പത്തു രൂപ കുറയ്ക്കുന്നതിന്നു.

൨൭൭—ാം ഉപക്ഷേപം.

മെമ്പർ ഹാജരല്ലാതിരുന്നതുകൊണ്ടു താഴെ കാണുന്ന ഉപക്ഷേപം ഹാജരാക്കിയിട്ടില്ലെന്നു കണ്ടിക്കപ്പെട്ടു.

മി. ഡബ്ല്യു. കെ. പിള്ള.

൨൭൭. ക്ലാം ഡിമാൻഡുപ്രകാരം ആകെ നീക്കിവച്ചിരിക്കുന്ന ൧,൭൭ വകയ്ക്കം രൂപയിൽ നിന്നും പത്തു രൂപ കുറയ്ക്കുന്നതിന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: ക്ലാം ഡിമാൻഡുപ്രകാരം നിയമസഭാംഗങ്ങൾ [illegible] ഡിപ്പാർട്ടുമെൻറ് [illegible] വകയ്ക്കം രൂപ അനുവദിക്കണമെന്നുള്ള [illegible] ഗ്രാൻറ് [illegible] കൊള്ളുന്നു.

ഉപക്ഷേപം പാസ്സാക്കുകയും ഉക്ത അനുവദിക്കുകയും ചെയ്തു.

ക്ലാം ഡിമാൻഡ്—സെൻട്രൽജയിൽ—൧,൭൭ വകയ്ക്കം രൂപ.

മി. കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): സർ, ക്ലാം നമ്പർ ഡിമാൻഡുപ്രകാരം ൧,൭,൦൦൦ രൂപയിൽ കൂടാത്ത ഒരു സംഖ്യ സെൻട്രൽജയിലിനുവേണ്ടി അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ക്ലാ. എ. ജയിലുകൾ—സെൻട്രൽജയിൽ

൨൭൭ മുതൽ ൨൭൭ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. കെ. മാധവൻപിള്ള:

൨൭൭. എക്സൈസ്ഡ്യൂട്ടി നീക്കിവച്ചിരിക്കുന്ന ക്ലാസ്സ് ൪ രൂപയിൽനിന്നും അഞ്ചു രൂപ കുറയ്ക്കുണമെന്നു.

മെമ്പർ ഹാജരില്ലാതിരുന്നതുകൊണ്ടു താഴെകാണുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയിട്ടില്ലെന്നു കണ്ടിക്കപ്പെട്ടു.

മി. എസ്. പി. പിള്ളപ്പെരുമാൾപിള്ള:

൨൭൭. ഉടുപ്പിനും അനുസാരികൾക്കും ആയി നീക്കിവച്ചിരിക്കുന്ന ൨,൭൭൦ രൂപയിൽനിന്നു ക്ലാ,൦൦൦ രൂപാ കുറയ്ക്കണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള:

ചോദ്യം. ആഫീസ്ചിലവിനും പലവകയ്ക്കുമായി നീക്കിവച്ചിരിക്കുന്ന ൭൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

താഴെകാണിക്കുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. കെ. മാധവൻപിള്ള:

ചോദ്യം. സന്മാർഗ്ഗോപദേശപ്രചാരണത്തിനു സംഭാവനയായി നീക്കിവച്ചിരിക്കുന്ന ൩൦൦ രൂപയിൽനിന്നു ൨൦൦ രൂപ കുറയ്ക്കണം.

ചോദ്യനമ്പർ ഉപക്ഷേപം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെപറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു ഞാൻ അനുമതി ചോദിച്ചുകൊള്ളുന്നു.

ചോദ്യം. സന്മാർഗ്ഗോപദേശത്തിനു സംഭാവനയായി വകയിരുത്തിയിരിക്കുന്ന ൩൦൦ രൂപ കുറയ്ക്കണം. ജനങ്ങൾക്കിടയിൽ ദുർഗ്ഗുണം ശിക്ഷാർഹമായിരിക്കുന്നതിനേക്കാളും ഉത്തമം ജയിൽ പരിഷ്കരിക്കുക മാനസികമായ ഉൽപരിവർത്തനം സൃഷ്ടിക്കുക എന്നിവയാണെന്നു. ജയിലുകൾ, വിദ്യാഭ്യാസവും മാനസികപരിവർത്തനവുമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ അവിടെക്കായ് ഉണ്ടു. അവരുടെ ആ സന്മാർഗ്ഗോപദേശത്തിനു ചെലവുചെയ്യുക സംഭാവന കൊടുക്കുക ആവശ്യമില്ലെന്ന് എനിക്കു തോന്നുന്നു. സൂപ്രണ്ടും ഡെപ്യൂട്ടിസൂപ്രണ്ടുമാരും ഉപദേശകരെക്കൂടി ചെന്നതന്നെ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ടു. ഉപദേശകരെ കാര്യക്ഷമതിയിൽ ആയി കേൾക്കുന്നു. എന്നാൽ അവരുടെ മാനസികപരിവർത്തനം ആയിക്കൂടാൻ മതി. ജയിലുകളിൻെറ ഭാവി ഇങ്ങനെ ഒരു സന്മാർഗ്ഗോപദേശപ്രചാരണത്തിനുവേണ്ടുന്നതിൽ പോയിത്തീരുന്നു. അതുകൊണ്ടു ഒരു പ്രത്യേകസംഭാവനയ്ക്കുള്ള നിബന്ധന വളരെ അനാവശ്യമായിട്ടുള്ളതാണെന്നു എനിക്കു തോന്നുന്നു. സൂപ്രണ്ടോ ജയിലധികാരിയോ ആരെങ്കിലുമോ അപ്രകാരമുള്ള മാനസിക ഉപദേശത്തിനു ആണിയില്ലാത്തവരായ്കയാൽ ഒരു ആളുകൾ പിടിച്ചുവച്ചതിൻെറശേഷം അപ്രകാരം ഉപദേശംകൊടുക്കുന്നതിനു ആണിയുള്ള ഒരാളിനെ ജയിലുകൾക്കു സ്ഥാനത്തു നിയമിക്കേണ്ടതാണെന്നാണു ഞാൻ വിചാരിക്കുന്നതു. കാര്യങ്ങൾകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ ഹാജരാക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, താഴെപറയുന്ന കാരണത്താൽ ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. അനാഥരായ ഈ കൊല്ലത്തിൽതന്നെ കൂടുതലായ സഹായധനത്തെസംബന്ധിച്ചു ഈ സഭയിൽ പിന്നീടു വിചാരണയ്ക്കു ഈ വിഷയം തന്നെ വരികയും ഈ സംഗതിയുടെ ഗുണദോഷങ്ങളെപ്പറ്റി അപ്പോൾ പരിമർശിക്കപ്പെടുകയുംചെയ്യും.

കാര്യപ്രവർത്തകസെക്രട്ടറി: മിസ്റ്റർ രാമൻമേനോൻ അപ്പോഴും ഇതേ അഭിപ്രായംതന്നെ പ്രകടിപ്പിച്ചു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതേ. സംഭാവന അനുവദിക്കപ്പെടുന്നതിനെപ്പറ്റി പിന്നീടു പുനഃപ്രതിപാദിച്ചു കാണുമല്ലോൾ ഈ ഉപക്ഷേപം ഈ സഭ അംഗീകരിക്കപ്പെടൽ പാടില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. ടി. മാത്തൻകുഞ്ഞിപ്പിള്ള (വാണിജ്യവും വ്യവസായവും വകുപ്പു): ഞാനും ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): തീർച്ചയായും ഞാനും ഈ ഉപക്ഷേപത്തെ എതിർക്കുന്നു. സൂപ്രണ്ടും ജയിലധികാരികളും ഡെപ്യൂട്ടിജയിലധികാരികളും പാർഡർമാരും തടവുകാർക്കു മാനസിക ഉപദേശം കൊടുക്കുന്നതു ചെയ്യുന്നതു തന്നെയാണെന്നു മിസ്റ്റർ രാമൻമേനോൻ വിചാരിക്കുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തോടു ഞാൻ പിന്തുടരുന്നില്ല. ഈ ആളുകളുടെ പരിജ്ഞാനവും യോഗ്യതകളും തടവുകാർക്കു സദുപദേശം കൊടുക്കുന്നതിലേക്കു അത്ര യോഗ്യതമാരാകുന്നതല്ല. അവരുമായി നേരിട്ടു ഇടപെടേണ്ട ആവശ്യം ഇല്ലാത്ത ആളുകൾക്കു കാര്യത്തിൽ ഗ്രന്ഥസദുപദേശം നൽകുന്നതു നന്നായിരിക്കുമല്ലോ. പ്രത്യേകമായുള്ള ഒരു നിർദ്ദേശംകൊണ്ടു പ്രയോജനമുണ്ടായിരിക്കയില്ലെന്നു ഈ വിഷയത്തെപ്പറ്റി ഒരു നിമിഷത്തെ ആലോചനയ്ക്കുശേഷം ഞാൻ വിചാരിക്കുന്നു.

മി. ടി. ഐ. ജോസഫ് (ചിറയിൻകീഴും മടവൂരിയും): സദുപദേശം കൊടുക്കുന്നതിനു ആൾക്കാരെ കിട്ടുന്നതിനു ബുദ്ധിമുട്ടുണ്ടോ? ഈ ആളുകൾക്കു പ്രത്യേക എന്നിക്കു ശമ്പളം ആവശ്യമില്ല. എന്നാൽ ആളുകളുടെ കുറവുണ്ടെന്നു തോന്നുന്നതിനെപ്പറ്റി ഞാൻ അന്വേഷണം ആഗ്രഹിക്കുന്നു.

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അങ്ങനെ ഒരു ആളുണ്ടു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്നാൽ ഒരു ആൾ ഒരു അനുഭവസ്ഥനാണോ?

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതേ എന്നാൽ ആ കുട്ടിക്കു ജയിലിലെ ആളുകളുടെപേരിൽ ഒരു അധികാരവുംഇല്ലാ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്നാൽ ഒരു അനുഭവസ്ഥനെ കൂടെ നിയമിക്കുന്നതിനു ജയിൽ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിയന്വേഷിച്ചു വിധികല്പിക്കുവാൻ ഇദ്ദേഹത്തിനു പാടില്ലയോ.

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): തടവുകാരുടെ സഹായി എന്നനിലയിൽ അല്ലാതെ അവരുമായി വേറൊരുവിധത്തിലും ആ ആൾ ഇടപെടുന്നില്ല. അതുകൊണ്ടു മി. രാമൻമേനോൻെറ നിർദ്ദേശം പ്രായോഗികമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ജയിൽപുള്ളികൾക്കു ഉപദേശംനൽകുന്നതിനു ജയിൽ ഡിപ്യൂട്ടിയോ ഉള്ള ഉദ്യോഗസ്ഥന്മാരെ ഉപദേശം ചുരുക്കപ്പെടുത്തുന്നതു തീരെ സാദ്ധ്യമായിട്ടുള്ള സംഗതിയല്ല.

മി. കെ. ശിവരാമപ്പണിക്കർ (കുന്നത്തു): സദുപദേശം കൊടുക്കുന്നതിനു അയാൾക്കു എന്തെങ്കിലും പ്രത്യേക യോഗ്യതയുണ്ടോ.

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ് സിക്രട്ടറി): അയാൾക്കു ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി. [illegible] (തിരുവിതാംകൂർ [illegible]): [illegible] ഉണ്ടായിരിക്കുന്ന [illegible] എന്ന [illegible] അറിയാമോ?

മി. [illegible] ജാർ (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): [illegible] ഒരു [illegible] ആയിട്ടുള്ള [illegible] ഇല്ലെന്നു ഞാൻ വിചാരിക്കുന്നു.

മി. [illegible] (തിരുവിതാംകൂർ [illegible]): [illegible] ഇ [illegible]?

മി. [illegible] ജാർ (ഗ[illegible] ചീഫ് സെക്രട്ടറി): [illegible] എന്നു [illegible] ചെയ്യുന്നു [illegible]

മി. [illegible] (തിരുവിതാംകൂർ [illegible]): [illegible]?

മി. [illegible] (ഗവർണ്ണരുടെ ചീഫ് [illegible]): [illegible]

മി. [illegible] (തിരുവിതാംകൂർ [illegible]): [illegible]?

[illegible]

മി. [illegible] (തിരുവിതാംകൂർ [illegible]): [illegible] ഇതിനു [illegible]?

മി. [illegible] ജാർ (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): [illegible] ഇല്ലെന്നു [illegible] ഞാൻ [illegible]

മി. [illegible] (തിരുവിതാംകൂർ [illegible]): [illegible]

മി. [illegible] (തിരുവിതാംകൂർ [illegible]): [illegible] ഗവർണ്ണർ [illegible] ഗവർണ്ണർ [illegible] ആയിട്ടുള്ളതാണോ?

മി. [illegible] ജാർ (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): [illegible] ഗവർണ്ണർ [illegible]

മി. [illegible] (തിരുവിതാംകൂർ [illegible]): [illegible] ഗവർണ്ണർ [illegible] ഗവർണ്ണർ [illegible] ആയിട്ടുള്ളതാണോ?

മി. [illegible] ജാർ (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): [illegible] ഗവർണ്ണർ [illegible] ഗവർണ്ണർ [illegible] ആയിട്ടുള്ളതാണ്.

മി. കെ. ടാക്ക് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): അവസാനത്തെ അപേക്ഷകനെപ്പറ്റി ഗവർണ്ണർ അനുകൂലമായി ആലോചിക്കും.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇന്നു ഉപക്ഷേപപ്രസ്താവനകൾ അവതരിപ്പിക്കുമ്പോൾ മന്ത്രിമാരുടെ ഗുരുതരപ്രവൃത്തികൾ ഞാൻ കാണിച്ചുകൊടുക്കുകയാണല്ലോ. [illegible] ഞാൻ അനുവാദം തരാതിരിക്കട്ടെയെന്നു.

അടിയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

[illegible]

അംഗങ്ങൾ ഹാജരില്ലാത്തതിനെപ്പറ്റി [illegible] ഉപക്ഷേപങ്ങൾ [illegible] ഉച്ചിച്ചു.

മി. ഡി. കെ. പിള്ള

[illegible] ഗവൺമെന്റ് ചീഫ് സെക്രട്ടറി [illegible]

[illegible] ജയിലിലെ ഡ്രൈവർമാരെപ്പറ്റി.

മി. ടി. കെ. പിള്ള

[illegible] വ്യവസായത്തിനു നികുതിചുമത്തിക്കൊണ്ടു [illegible] കുറയ്ക്കുന്നതിനു.

[illegible]: [illegible] അംഗങ്ങൾ [illegible] ഞാൻ [illegible].

[illegible] ഞാൻ [illegible]

[illegible] ഞാൻ [illegible] മാറ്റിവയ്ക്കാം.

[illegible] ([illegible]): [illegible]?

[illegible]: [illegible] കുറ്റമായിക്കണക്കാണ്. [illegible] [illegible] [illegible] [illegible] [illegible]

[illegible] [illegible] [illegible] [illegible] [

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ കൌൺസിൽ.

(അഫിഷ്യൽ റിപ്പോർട്ട്).

൧൯൩൧ ആഗസ്റ്റ് ൧൭-ാം൹/൧൧൨൬ ചിങ്ങം ൨-ാം൹ ബുധനാഴ്ച.

തിരുവനന്തപുരം പ്രിക്ടോറിയാ ജൂബിലിടൌൺഹാളിൽവച്ച് ദിവാൻ മി. എം. ഇ. വാട്ട്സ് ബി. എ., ബാരിസ്റ്റർ അററ്‌ലാ-യുടെ അദ്ധ്യക്ഷതയിൽ ൧൯൩൧ മണിക്കു സഭ വീണ്ടും കൂടി. താഴെപ്പറയുന്ന മെമ്പറന്മാർ ഒഴികെ മററെല്ലാവരും ഹാജരുണ്ടായിരുന്നു. മി. ടി. ജെ. മാത്യു, മി. പി. കെ. നാരായണപിള്ള, മി. എ. നക പിള്ള, മി. എസ്സ്. പിറവിപ്പുരമാറംപിള്ള, മി. എസ്. സുബ്രഹ്മണ്യകരയാളർ.

ചോദ്യോത്തരങ്ങൾ.

൧൦൯൭-ാം വൃശ്ചികത്തിലെ വെള്ളപ്പൊക്കനിമിത്തം കുഴിത്തുറ നഗരത്തിലുണ്ടായ കെട്ടിടനാശങ്ങൾ.

൧൪൩. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) ൧൦൯൭ വൃശ്ചികത്തിലെ വെള്ളപ്പൊക്കനിമിത്തം കുഴിത്തുറ നഗരത്തിൽ എത്ര കെട്ടിടങ്ങൾ നശിച്ചുപോയിട്ടുണ്ടെന്നു ഗവർണ്ണമെന്റു സദയം പറയുമോ? തൻമൂലം ആ സ്ഥലനിവാസികൾക്കു നേരിട്ടിട്ടുള്ള നഷ്ടം എത്ര രൂപായ്ക്കുവരുമെന്നുകൂടി പറയുന്നതിനു ദയവുണ്ടാകുമോ?

(ബി) അവിടെ ഏതെങ്കിലും ഗവർണ്ണമെന്റിങ്കൽനിന്നും പണം കടമായി എടുക്കപ്പെട്ടോ? ഉണ്ടെങ്കിൽ ആർക്കെങ്കിലും അപ്രകാരം കടം കൊടുത്തിട്ടുണ്ടോ? കൊടുത്തുവെങ്കിൽ ആർക്കെല്ലാമാണെന്നും ഓരോരുത്തർക്കും എത്ര രൂപവീതം കൊടുത്തുവെന്നും പറയുന്നതിനു ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): (എ) ൧൦൯൭ വൃശ്ചികത്തിലെ വെള്ളപ്പൊക്കനിമിത്തം പല കെട്ടിടങ്ങൾ നശിച്ചുപോയിട്ടുണ്ട്. അതുനിമിത്തം ജനങ്ങൾക്കു നേരിട്ടിട്ടുള്ള നഷ്ടം ൧൩,൭൦൦ രൂപായ്ക്കു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) നാലുചേർ വായ്പക്കപേക്ഷിച്ചു. അപേക്ഷകന്മാരിൽ ആർക്കുതന്നെ വായ്പ അനുവദിച്ചില്ല.

പള്ളിയാടി സബ്ബ്‌രജിസ്ട്രാർആഫീസ്.

൧൪൪. മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): (എ) കൽക്കുളംതാലൂക്കിൽ പള്ളിയാടിയിൽഉള്ള സബ്ബ്‌രജിസ്ട്രാർ ആഫീസ് എപ്പോഴാണ് സ്ഥാപിച്ചിട്ടുള്ളതു എന്നു് ഗവർണ്ണമെന്റു സദയം പറയുമോ?

(ബി) പ്രസ്തുത സബ്ബ്‌രജിസ്ട്രാർആഫീസിൽ, അതിന്റെ സ്ഥാപനത്തിനുശേഷം ൧൯൩൦-ാമാണ്ടു അവസാനംവരെ പ്രതിവർഷം എത്ര ആധാരങ്ങൾ രജിസ്റ്റർചെയ്തിട്ടുണ്ടു? അവിടെ മുദ്രപ്പത്രവില്പനയിൽനിന്നും, രജിസ്ട്രേഷൻഫീസുവകയിൽനിന്നും എത്ര രൂപ ഈടായിട്ടുണ്ടു?

(സി) പ്രസ്തുത സബ്ബ്‌രജിസ്ട്രാർആഫീസിനെ വേറെ വല്ലസ്ഥലത്തേയ്ക്കു മാററിസ്ഥാപിക്കണമെന്നു് ഗവർണ്ണമെന്റു വിചാരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നു ദയവായി പറയുമോ?

(ഡി) ഈ സബ്ബ്‌രജിസ്ട്രാർആഫീസ് പള്ളിയാടിയിൽനിന്നും മാററുന്നതായാൽ തങ്ങൾക്കു വമ്പിയ കഷ്ടപ്പാടുകൾ നേരിടുമെന്നു ബോധിപ്പിക്കുന്ന ഹർജികൾ സ്ഥലനിവാസികൾ ഗവർണ്ണമെന്റിനു സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ സംഗതിയെപ്പററി ഗവർണ്ണമെന്റു എന്തെങ്കിലും അന്വേഷണങ്ങൾ നടത്തുകയോ എന്തെങ്കിലും തീർമാനിക്കുകയോ ചെയ്തിട്ടുണ്ടോ?

(ഇ) പള്ളിയാടി ഒരു കച്ചവടകേന്ദ്രമാണെന്നും അവിടെ അനേകം ചിട്ടികൾ നടത്തിവരുന്നുണ്ടെന്നും ഉള്ള വസ്തുത ഗവർണ്ണമെന്റിന്റെ അറിവിൽ പെട്ടിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): (എ) പള്ളിയാടിയിലുള്ള സബ്ബ്‌രജിസ്ട്രാർആഫീസ് സ്ഥാപിച്ചതു കൊല്ലം ൧൯൩-ാമാണ്.

(ബി) ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു മേശമേൽ വെച്ചിട്ടുണ്ട്.

(സി) (ഡി) (ഇ) കച്ചേരി മാററിഇടണമെന്നു ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ പരിശോധനക്കുറിപ്പുകൾ.

൧൪൫. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): വിദ്യാഭ്യാസമേലദ്ധ്യക്ഷൻ ൧൯൩൦-ൽ രണ്ടു ദിവസം സർക്കീട്ടുചെയ്തിട്ടുണ്ടെന്നും മൂന്നു കാളേജുകളും രണ്ടു ഇംഗ്ലീഷ് സ്കൂളുകളും ഉൾപ്പെടെ ൧൪൩ വിദ്യാലയങ്ങൾ പരിശോധിച്ചിട്ടുണ്ടെന്നും ൧൯൩൦-ാമാണ്ടത്തെ ഭരണറിപ്പോർട്ടിൽ കാണുന്നു. അദ്ദേഹം പരിശോധിച്ചിട്ടുള്ള മൂന്നു കാളേജുകളേയും മൂന്നു ഹൈസ്കൂളുകളേയും സംബന്ധിച്ചുള്ള പരിശോധനക്കുറിപ്പുകൾ മേശമേൽ വയ്ക്കുന്നതിനു ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): രണ്ടു കാളേജുകളെ സംബന്ധിച്ചുള്ള പരിശോധനക്കുറിപ്പുകൾ മാത്രമെ ഗവർണ്ണമെന്റിനു കിട്ടിയിട്ടുള്ളു. പരിശോധനക്കുറിപ്പുകൾ മേശമേൽ വയ്ക്കുവാൻ നിവൃത്തിയില്ല.

൧൯൩൦-ൽ തിരുവനന്തപുരം താലൂക്കിലെ പോക്കുവരവുകേസുകൾ.

൧൪൬. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൧൯൩൦-ൽ തിരുമാനിച്ചിട്ടുള്ള തിരുവനന്തപുരം താലൂക്കിലെ പോക്കുവരവുകേസുകളുടേയും, പ്രസ്തുതവർഷത്തിൽ ഗവർണ്ണമെന്റിൽനിന്നും കൊടുത്തിട്ടുള്ള പട്ടങ്ങളുടേയും എണ്ണം എത്രഎന്നു ഗവർണ്ണമെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): ൪,൫൦൭ പോക്കുവരവുകേസുകൾ. പ്രസ്തുത കൊല്ലത്തിൽ ൩൩൭ പട്ടങ്ങൾ നൽകിയിട്ടുണ്ടു. പോക്കുവരവുകേസുകളിൽ പട്ടങ്ങൾ നൽകുന്നതു്, വള്ളങ്ങൾ അനുസരിച്ചു നിർബന്ധമായിട്ടുള്ള ഒന്നല്ല. അവ, അതിനപേക്ഷിക്കുന്ന കക്ഷികൾക്കു മാത്രം നൽകിയാൽ മതിയാകുന്നതാണ്.

മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥന്മാർ പെൻഷൻപറ്റിപോകുന്നതു.

ക്ര ൪൧. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറ ദയവായി ഉത്തരംപറയുമോ?

(എ) മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥന്മാർക്കു പെൻഷൻപറ്റിപിരിയുന്നതിനുള്ള വയസ്സ് ഇപ്പോൾ ന്യൂനം ആക്കി വർദ്ധിപ്പിക്കുന്നതു എപ്പോഴാണ്?

(ബി) ഈ വർഷം ഉദ്ദേശിതത്തിൽ വന്നതിനുശേഷം അറുപതു വയസ്സാകുന്നതിനുമുമ്പു പെൻഷൻകൊടുത്തു പിരിച്ചയച്ചിട്ടുള്ള മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥന്മാരുടെ എണ്ണം എത്ര?

(സി) വർക്കർഹിസ്സാബിന്റെ ആഫീസ് മദ്രാസിലായിരുന്നപ്പോൾ മി. ചൂണ്ടൽ എപ്പോഴാണ് പെൻഷൻകൊടുത്തു പിരിച്ചയച്ചതു?

(ഡി) പെൻഷൻപറ്റി പിരിയുമ്പോൾ അദ്ദേഹത്തിനു എത്ര വയസ്സായിരുന്നു?

മി. കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) രാജ്യത്തെ മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥന്മാരുടെ പെൻഷൻപറ്റി പിരിയാനുള്ള വയസ്സ് ഇപ്പോൾ ന്യൂനം ആക്കി വർദ്ധിപ്പിച്ചിട്ടില്ല.

(ബി) (എ) യ്ക്കുള്ള ഉത്തരം നോക്കുമ്പോൾ ഈ ചോദ്യം സംഗതമല്ല.

(സി) മി. ക്ലാസിനു പെൻഷൻ നൽകിയതു ൧൯൧൦ ചിങ്ങം ൧-ന്നു മുതൽക്കാണ്.

(ഡി) പെൻഷൻപറ്റിപിരിയുമ്പോൾ അദ്ദേഹത്തിനു ഇന്നു വയസ്സ് തികഞ്ഞിരുന്നു.

പെൺപള്ളിക്കൂടങ്ങളിലെ അണ്ടർഗ്രാഡുവേറ്റ ആൺവാദ്ധ്യാന്മാർ.

ക്ര ൪൨. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (൧) ഡിപ്പാർട്ടുമെൻറുവക പെൺപള്ളിക്കൂടങ്ങളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവരും ഈല്ലാത്തവരുമായ അണ്ടർ ഗ്രാഡുവേറ്റ ആൺവാദ്ധ്യാന്മാരുടെ എണ്ണം എത്രഎന്നും,

(൨) ഇവരുടെ, വിശേഷിച്ചു വെട്ടാദ്ധ്യക്ഷർവകുപ്പിൽ ജോലിനോക്കിവരുന്നവരുടെ ഉദ്യോഗക്കയറ്റത്തിനുള്ള ന്യായമായ അവകാശങ്ങളെ പെൺപള്ളിക്കൂടം ഇൻസ്പെക്ടർസ്സ് നിശേഷം അവഗണിച്ചുവരുന്നു എന്നും ഇവർക്കൊപ്പം ആൺപള്ളിക്കൂടങ്ങളിൽ ജോലിനോക്കിവരുന്നവരുമായി താരതമ്യപ്പെടുത്തി നോക്കുന്നതായാൽ പെൺപള്ളിക്കൂടങ്ങളിൽ ജോലിനോക്കുന്നുഎന്നുള്ള ഏകകാരണത്താൽ ഇവരെ ഏററവും വിഷമകരമായ ഒരു അവസ്ഥയിലാണു വച്ചിരിക്കുന്നതുഎന്നും ഉള്ള സംഗതി വാസ്തവമാണോ? എന്നും,

(൩) ഈ ആൺവാദ്ധ്യാന്മാർക്കുകൂടി ജോലിനോക്കുന്നതിനു അപേക്ഷക്കാരായി വേണ്ടുവോളം അണ്ടർഗ്രാഡുവേറ്റുകൾ ഉണ്ടെന്നും ഒഴിവുകളുടെ ഔല്ലത്യംനിമിത്തം ഇവർക്കു ജോലി നൽകുന്നതിനു പെൺപള്ളിക്കൂടം ഇൻസ്പെക്ടർസ്സിനു നിവൃത്തിയില്ലാതാണ് ഇരിക്കുന്നതെന്നും ഗവണ്മെൻറിനു അറിയാമോ? എന്നും,

(൪) ഈ അണ്ടർഗ്രാഡുവേറ്റ ആൺവാദ്ധ്യാന്മാർക്കു ജോലികൊടുക്കുന്നതു ഇവരെ ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷ്സ്കൂളുകളിൽ സ്ഥിരമായ നിയമനങ്ങൾ ചെയ്യുമ്പോൾ എന്നു അധികൃതന്മാർക്കു ഗവണ്മെൻറു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുമോ? എന്നും,

(൫) ഇവർക്കു ജോലികൊടുക്കുന്നതിനു തൽക്കാലം സ്ഥിരഒഴിവുകൾ ഇംഗ്ലീഷ് ആൺപള്ളിക്കൂടങ്ങളിൽ ഇല്ലാത്തപക്ഷം ഇവരെ ദീർഘകാലത്തേയ്ക്കുള്ള പകരഒഴിവുകളിലോ സ്ഥിരമായിവരാവുന്ന ഒഴിവുകളിലോ ഗവണ്മെൻറു നിയമിക്കുമോ? എന്നും, ഗവണ്മെൻറു ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (൧) പരിശീലനം സിദ്ധിച്ചിട്ടുള്ള വാദ്ധ്യാന്മാർ ൭. പരിശീലനം സിദ്ധിക്കാത്തവർ ൭. പരിശീലനം സിദ്ധിച്ച ൭ വാദ്ധ്യാന്മാരിൽ ൩ പേർ മാനവൽട്രെയിനിംഗ് അസിസ്റ്റൻറന്മാരും ബാക്കി ൪ പേരിൽ ൨ പേർ ഇംഗ്ലീഷ് ആൺപള്ളിക്കൂടങ്ങളിൽ പകരം ജോലിനോക്കിവരുന്നവരും ആകുന്നു.

(൨) ആൺവാദ്ധ്യാന്മാരെ പെൺപള്ളിക്കൂടങ്ങളിൽനിന്നും കാലക്രമേണ നീക്കംചെയ്യുന്നതും പെൺപള്ളിക്കൂടങ്ങളിൽ സ്ത്രീവാദ്ധ്യാന്മാരെ നിയമിക്കുന്നതും ആണ് ഡിപ്പാർട്ടുമെൻറിന്റെ നയം.

(൩) അറിയാം. എന്നാൽ മാനവൽട്രെയിനിംഗ് പരിശീലനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാർ പ്രസ്തുത വിഷയം പഠിപ്പിക്കുന്ന ആൺവാദ്ധ്യാന്മാർക്കുപകരം നിയമിക്കുന്നതിനു വേണ്ടുവോളംഇല്ല.

(൪—൦ ൬-൦) ഇംഗ്ലീഷ് ആൺപള്ളിക്കൂടങ്ങളിൽ ഇപ്പോൾ ൨൨ സൂപ്പർന്യൂമററി അണ്ടർഗ്രാഡുവേറ്റ വാദ്ധ്യാന്മാരുണ്ടെന്നും അവരെ സ്ഥിരപ്പെടുത്തുന്നതുവരെ പെൺപള്ളിക്കൂടങ്ങളിലെന്നിന്നും അണ്ടർഗ്രാഡുവേറ്റ ആൺവാദ്ധ്യാന്മാരെ ഇംഗ്ലീഷ് ആൺപള്ളിക്കൂടങ്ങളിലേയ്ക്കു എടുക്കുന്നതിനു നിവൃത്തിയില്ലെന്നും റിപ്പോർട്ടുചെയ്തിരിക്കുന്നു.

വിധികൾ നടത്തുന്നതിനും, നിക്ഷേപധനങ്ങൾ തിരിച്ചുവാങ്ങുന്നതിനും.

ക്ര ൪൩. മി. ജി. രാമൻനായരും കാർത്തികപ്പള്ളിയും): കീഴ് ജീവനക്കാരുടെ അഴിമതികൾക്കും കാര്യനടപ്പിനു തടസ്സം വരുത്തുന്ന താമസത്തിനും ഇടയാകാതിരിക്കത്തക്കവണ്ണം, കോടതികളിൽ വിധിനടത്തിപ്പിനും നിക്ഷേപധനങ്ങൾ തിരിച്ചു വാങ്ങുന്നതിനും അപേക്ഷിക്കുന്നവരോടു ആ കോടതിയിലുതന്നെ അസൽ പ്രമാണങ്ങളോ ഒപ്പം മുദ്രവച്ചിട്ടുള്ള പകർപ്പുകളോ ഇരിപ്പുള്ളപക്ഷം ആ കേസുസംബന്ധിച്ചുള്ള ഡിക്രികളുടേയും അസൽപ്രമാണങ്ങളുടേയും ഒപ്പം മുദ്രയും ഉള്ള പകർപ്പുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൂടാഎന്നു ഗവണ്മെൻറിൽനിന്നും ദയവായി ഉത്തരവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഇപ്പോഴത്തെ ഡിക്രികളേയോ കോർട്ടുനടപടികളേയോ മെമ്പർ നിർദ്ദേശിക്കുന്നപ്രകാരം മാറ്റപ്പെടുത്തേണ്ട ആവശ്യമോ, അപ്രകാരം മാറ്റപ്പെടുത്തുന്നതായാൽ ജനങ്ങൾക്കു കൂടുതൽഗുണമുണ്ടാകുമെന്നു വിചാരിക്കുന്നതിനുള്ള കാരണമോ ഇല്ലെന്നു ഹൈക്കോടതി അഭിപ്രായപ്പെട്ടിരിക്കുന്നു. ഗവണ്മെൻറു ഹൈക്കോടതിയുടെ അഭിപ്രായത്തോടു യോജിക്കുന്നു.

തലയോലപ്പറമ്പിൽനിന്നും പിറവത്തേയ്ക്കു 'റോഡ്'.

ക്ര ൪൪. മി. എ. ജെ. ജോൺ (വയ്ക്കം): തലയോലപ്പറമ്പിൽനിന്നും പിറവത്തേയ്ക്കു ഒരു പുതിയ റോഡുമുറക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതിനെപ്പററി ആലോചിയ്ക്കുന്നതാണ്.

കടുത്തുരുത്തി സബ്‌രജിസ്ട്രാർ ആഫീസ്.

ശ്രീ. പി. ഡബ്ലു. ജെ. ജാൺ (വയ്ക്കം): താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെന്റ് സദയം ഉത്തരം പറയുമോ?

(എ) കടുത്തുരുത്തിയിലുള്ള സബ്‌രജിസ്ട്രാർക്കച്ചേരി മററാനുകൂലിച്ചു സ്ഥലത്തേയ്ക്കു മാററണമെന്നു രജിസ്ട്രേഷൻ ഡയറക്ടർ ശിപാർശ ചെയ്തിരുന്നോ?

(ബി) ഉണ്ടെങ്കിൽ അതിനു ഉദ്ദേശിക്കുന്ന കാരണങ്ങൾ എന്തെല്ലാം,

(സി) കടുത്തുരുത്തിയിലും അടുത്തുചുററുമുള്ള പകുതികളിലുള്ള ജനങ്ങൾ ആ മാററത്തിനു പ്രതികൂലികളാണെന്നു ഗവണ്മെന്റിനു അറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) (ബി) (സി) കടുത്തുരുത്തിയിലുള്ള സബ്‌രജിസ്ട്രാർ ആഫീസ് മാററിസ്ഥാപിയ്ക്കുന്നതിനു ഇപ്പോൾ യാതൊരു ആലോചനയുംഇല്ല.

തഹശീൽദാരന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക.

ശ്രീ. പി. ഡബ്ലു. ജെ. ജാൺ (വയ്ക്കം): ഈ സംസ്ഥാനത്തെ തഹശീൽദാരന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക മേശമേൽവയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): നാലു സ്ഥിരം തഹശീൽദാരന്മാരുള്ളതിൽ നാലിവുകൾക്കുണ്ടു. തഹശീൽദാരന്മാരിൽ ഏഴു പേർ ബ്രാഹ്മണരും, ഏഴു പേർ നായന്മാരും, ഏഴു "മററു സവർണ്ണഹിന്ദുവും" ഏ ക്രിസ്ത്യാനിയും, ഏ ഈഴവനും ആകുന്നു.

കഴിഞ്ഞ പതിനഞ്ചുകൊല്ലത്തിനിടയിൽ നിയമിച്ചിട്ടുള്ള മുൻസിപ്പന്മാർ.

ശ്രീ. പി. ഡബ്ലു. ജെ. ജാൺ (വയ്ക്കം): താഴെപറയുന്ന വിവരങ്ങൾഅടങ്ങിയ ഒരുപട്ടിക ഗവണ്മെന്റ് സദയം മേശമേൽവയ്ക്കുമോ?

(എ) കഴിഞ്ഞ പതിനഞ്ചുകൊല്ലങ്ങൾക്കിടയിൽ (൧൯൨൫—൧൯൪൦) സ്ഥിരമായും, താൽക്കാലികമായും, ആക്ടിംഗ ആയും നിയമിച്ചിട്ടുള്ള മുൻസിപ്പന്മാരുടെ ആകെയുള്ള എണ്ണം.

(ബി) സുറിയാനികളും, ലത്തീൻകാരും, ഉറപ്പോടെ ഉദ്യോഗത്തിനു യോഗ്യതയുള്ള റോമൻകത്തോലിക്കരുടെപക്കൽനിന്നും കിട്ടിയിട്ടുള്ള അപേക്ഷകളുടെ എണ്ണം.

(സി) മുൻസിപ്പന്മാരായി നിയമിക്കപ്പെട്ടിട്ടുള്ള കത്തോലിക്കരുടെ എണ്ണം.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) നാലു അവരിൽ രണ്ടുപേർ മരിച്ചുപോയി.

(ബി) റിക്കാർഡുചെയ്തുകൊണ്ടുകാണാവുന്നിടത്തോളം രണ്ടു അപേക്ഷകന്മാർമാത്രമേ ഉണ്ടായിരുന്നുള്ളൂ.

(സി) ഒന്നുമില്ല.

ശ്രീ. പി. ഡബ്ലു. ജെ. ജാൺ (വയ്ക്കം): ഈ സംസ്ഥാനത്തുള്ള മുൻസിപ്പന്മാരുടെ ആകെ എണ്ണം എത്രയാണെന്നു സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇതു മെമ്പറിനു സിവിൽലിസ്റ്റിൽനിന്നും കാണാവുന്നതാണ്.

ശ്രീ. പി. ഡബ്ലു. ജെ. ജാൺ (വയ്ക്കം): ൪൦ മുൻസിപ്പന്മാരുള്ളതിൽ കത്തോലിക്കന്മാർ ആരെങ്കിലും ഉണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സിവിൽലിസ്റ്റിൽ നോക്കാതെ എനിയ്ക്കുപറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ഡബ്ലു. ജെ. ജാൺ (വയ്ക്കം): സംസ്ഥാനത്തു കത്തോലിയ്ക്കു മുൻസിപ്പന്മാർഇല്ല. കാത്തോലിയ്ക്ക് അപേക്ഷകന്മാരുടെ കാര്യത്തെപ്പററി ഗൗനിയ്ക്കുന്നതിനു ദൈവാധീനമില്ലെങ്കിൽ ഗവണ്മെന്റ് ദയവായി ഗവണ്മെന്റിൽ ശേഷങ്ങൾ കൊടുക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതിനെപ്പററി ആലോചിയ്ക്കുന്നതാണ്.

പുതിയ കാളേജ് ഹോസ്റ്റൽ.

ശ്രീ. പി. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപറയുന്നവയ്ക്കു ഗവണ്മെന്റ് ദയവായി ഉത്തരം പറയുമോ?

(എ) കാളേജ് ഹോസ്റ്റൽ പണിചെയ്യുവകയ്ക്കു ചെലവായ സംഖ്യ.

(ബി) അതിൽ ഇപ്പോൾ താമസിയ്ക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം.

(സി) പ്രസ്തുതഹോസ്റ്റൽ കെട്ടിടത്തിൽ അകപ്പെടെ എത്രപേർക്കു താമസിക്കാൻ സ്ഥലമുണ്ട്?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ൧൯൨൫ മിഥുനം ഒടുവിൽവരെ കാളേജുഹോസ്റ്റൽ പണിവകയ്ക്കു കണക്കെഴുതിത്തു കൊടുത്തിട്ടുള്ളതു ൨,൩൬,൯൫ രൂപയാകുന്നു.

ഇതേവരെ ചെയ്തുതീർത്തിട്ടുള്ളപണിയ്ക്കു ഉദ്ദേശം ൧൦,൦൦൦ രൂപ ഇനി കൊടുക്കേണ്ടതായിട്ടുണ്ട്.

(ബി) ൭൫.

(സി) ൧൦൫.

തിരുവനന്തപുരം മുൻസിപ്പാലിററിയിൽനിന്നും കൊടുത്തിട്ടുള്ള ക്രിമിനൽകേസുകൾ.

ശ്രീ. പി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മുൻസിപ്പൽ റഗുലേഷൻപ്രകാരം തിരുവനന്തപുരം മുൻസിപ്പൽ കൌൺസിൽനിന്നും ൧൯൧൫-മാണ്ടു ചാർജ്ജുചെയ്തിട്ടുള്ള ക്രിമിനൽകേസുകളുടെ എണ്ണംഎത്രഎന്നും, അതെങ്ങനെയിൽതന്നെ മിഥുനമാസംവരെ തീരുമാനിക്കേണ്ടതായിക്കിടക്കുള്ള കേസുകളുടെഎണ്ണം എത്രഎന്നും ഗവണ്മെന്റ് ദയവുചെയ്തു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ൨,൫൩൭-ം ൫,൭൨൩-ം, ഈ സംഖ്യകളിൽ ൩൫ ദോഷം ശിപായിമാർ ചാർജ്ജുചെയ്തിട്ടുള്ള ൭ കേസുകൾ ഉൾപ്പെടുത്തിയിട്ടില്ല. അവയുടെ തീരുമാനത്തെപ്പററിയുള്ള വിവരങ്ങൾ കിട്ടിയിട്ടില്ലഎന്നു റിപ്പോർട്ടുചെയ്തിരിയ്ക്കുന്നു.

ടൈനർ ഇറിഗേഷൻകുളങ്ങളുടെ ജീർണ്ണോദ്ധാരണവും അറ്റകുറ്റപ്പണിയും.

ചോദ്യം. മി. കെ. മായവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റ് സദയം തരുമോ?

(എ) ൧൯൫൫ മുതൽ ൧൯൫൮ വരെയുള്ള മുന്നുകൊല്ലത്തിനിടയിൽ തിരുവനന്തപുരം, നെടുമങ്ങാട് ഈ താലൂക്കുകളിൽ ജീർണ്ണോദ്ധാരണം ചെയ്തതോ അറ്റകുറ്റം തീർക്കയോ ചെയ്തിട്ടുള്ള ടൈനർ ജലസേചനക്കുളങ്ങളുടെ എണ്ണം എത്ര?

(ബി) ൧൯൫൮-ാമാണ്ടു പ്രസ്തുത താലൂക്കുകളിൽ ഓരോന്നിലും അത്തരം കുളങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി ചെലവഴിച്ചിട്ടുള്ള തുക എത്ര?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി):

(എ) തിരുവനന്തപുരം താലൂക്കിൽ ഒരു ടൈനർ ഇറിഗേഷൻകുളം നെടുമങ്ങാട് താലൂക്കിൽ ഒന്നും ഇല്ല. ഈ മുന്നുകൊല്ലങ്ങൾക്കിടയിൽ ഈ ജോലിയ്ക്കു ആകെ ചെലവായിട്ടുള്ള സംഖ്യ ൩,൩൩൦ രൂപ ൨൭ പൈസ ആകുന്നു.

(ബി) ൧൯൫൮ മിഥുനമാസം അവസാനംവരെ തിരുവനന്തപുരം താലൂക്കിൽ രൂപ ൧,൪൪൪-൨൭-വു ചെലവാക്കിയിട്ടുണ്ട്.

നെടുമങ്ങാട്താലൂക്കിലേയ്ക്കു യാതൊന്നും ചെലവാക്കിയിട്ടില്ല.

സർക്കാർജീവനക്കാരിൽ ഇരിയ്ക്കുന്ന സ്ത്രീഗ്രാഡുവേറ്റുകൾ.

ചോദ്യം. മി. ആർ. പത്മനാഭൻ (നിയമിതം):

(എ) സർക്കാർജീവനക്കാരിൽ ഇരിപ്പുള്ള സ്ത്രീഗ്രാഡുവേറ്റുകളുടെ എണ്ണം എത്രയെന്നും?

(ബി) അവരിൽ ഈഴവരുടെ എണ്ണം എത്രയെന്നും ഗവണ്മെന്റ് ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) സർക്കാർജീവനക്കാരിൽ ഇരിപ്പുള്ള സ്ത്രീഗ്രാഡുവേറ്റുമാരുടെ എണ്ണം ൨൯.

(ബി) അവരിൽ ഈഴവരുടെ എണ്ണം ൧.

കുടിവെള്ളറോഡ് ചട്ടങ്ങളെ പുതുക്കുക.

ചോദ്യം. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും):

(എ) നിയമസഭാംഗങ്ങൾ വിമർശനങ്ങൾ അനുസരിച്ചു കുടിവെള്ളറോഡുകളെസംബന്ധിച്ചുള്ള ചട്ടങ്ങളെ പുതുക്കി ഭേദപ്പെടുത്തുന്നകാര്യത്തിൽ ഗവണ്മെന്റ് എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നു സദയം പറയുമോ?

(ബി) ഇല്ലാത്തപക്ഷം ഈ താമസത്തിനുള്ള കാരണമെന്തെന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മി. കെ. കെ. ചാക്കോയുടെ ൧൪-ാം നമ്പർ ഉപചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടിനോക്കുന്നതിനു മെമ്പറിനോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

പൊലീസ്സൂപ്പിപ്പാർട്ടുമെന്റിൽ ഉള്ള ഇൻസ്പെക്ടറന്മാർ, ഹെഡ്കാൺസ്റ്റബിൾമാർ, കാൺസ്റ്റബിൾമാർ എന്നിവരുടെ ജാതിതിരിച്ചുള്ള പട്ടിക.

ചോദ്യം. മി. എൻ. കുമാരൻ (നിയമിതം): പൊലീസ്സൂപ്പിപ്പാർട്ടുമെന്റിലുള്ള ഇൻസ്പെക്ടറന്മാർ, ഹെഡ്കാൺസ്റ്റബിൾമാർ, കാൺസ്റ്റബിൾമാർ എന്നിവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ൧൯൫൫ ചിങ്ങം ൧-നു-യിലെ സ്ഥിതിഅനുസരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റു മേശമേൽ വച്ചിട്ടുണ്ട്.

പീരുമേട്ടു തഹശീൽദാരുടെ സ്ഥലംമാറ്റം.

ചോദ്യം. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെപറയുന്ന സംഗതികൾക്കു ആവശ്യപ്പെടുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി നൽകുമോ?

(എ) പീരുമേട്ടുതാലൂക്കിലെ ഇപ്പോഴത്തെ തഹശീൽദാരെ അവിടെ നിയമിച്ചിട്ടു എത്രകാലമായി?

(ബി) പ്രൊമോഷൻ ലിസ്റ്റുകളിൽ അദ്ദേഹം എത്രകാലം ജോലിയായിരുന്നു?

(സി) ആ താലൂക്കിലുള്ള പകുതികളുടെ എണ്ണം?

(ഡി) ആ തഹശീൽദാരെ അവിടെനിന്നും സ്ഥലംമാറ്റുന്നതിനു ലാൻറ്റാക്സ് കമ്മീഷണർ ശിപാർശചെയ്തിട്ടില്ലയോ എന്നും,

(ഇ) പ്രസ്തുത ശിപാർശയുടെഫലം എന്തെന്നും?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ൧൯൫൫ കുംഭം ൧-നു മുതൽ അവിടെ നിയമിച്ചു.

(ബി) അതിനുമുമ്പു അദ്ദേഹം ൧൯൫൫ ചിങ്ങം ൧-നു മുതൽ മേവികുളം താലൂക്കിൽ തഹശീൽദാരായിരുന്നു.

(സി) ൧൯൫൭-ലെ സർക്കാർ പഞ്ചാംഗത്തിന്റെ ൨൭൭-ാമദ്ധ്യായം നോക്കുന്നതിനു മെമ്പറോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

(ഡി) ഉണ്ട്.

(ഇ) അതിനപ്പുറം ആലോചിച്ചുവരുന്നു.

൧൯൫൭ കൊട്ടാരക്കരയുള്ള ഡിസ്പെൻസറി കെട്ടിടം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും):

(൧) താഴെപറയുന്ന സംഗതികൾ ഗവണ്മെന്റിനു അറിയാമോ?

(എ) കൊട്ടാരക്കരയുള്ള ഡിസ്പെൻസറി കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ.

(ബി) കെട്ടിടം ഇരിയ്ക്കുന്ന കുന്നിന്റെ മുകളിൽ കയറിപ്പോകുന്നതിനു രോഗികൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ.

(സി) ടെയ്ലറിൽനിന്നും ഡിസ്പെൻസറിയിലേയ്ക്കുള്ള വലിയ ദൂരവും അതു ഇരിയ്ക്കുന്ന സ്ഥലത്തിന്റെ സംബന്ധിച്ചു അനാരോഗ്യകരവും.

(ഡി) പ്രസ്തുത ഡിസ്പെൻസറി ടെയ്ലറിനകത്തുതന്നെ സൗകര്യമായ ഒരുസ്ഥലത്തു മാററിസ്ഥാപിക്കേണ്ടകാര്യത്തെപ്പററി അന്വേഷിക്കുന്നതിനു ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസരോടു ആജ്ഞാപിക്കാൻ ഗവർണ്ണറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർണ്ണറുടെ ചീഫ് സെക്രട്ടറി):

(എ) (എ) (ബി) (സി) അറിയാം.

(ഡി) ഡിസ്പെൻസറി സ്ഥലത്തെ സത്രത്തിലേയ്ക്കു മാററണമെന്നു മെഡിക്കൽ സർവ്വീസ് ഭരണസമിതിയിൽനിന്നും ശിപാർശചെയ്തിട്ടുണ്ട്. അതു ഗവർണ്ണറുടെ ആലോചനയിൽ ഇരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കോട്ടയവും കുന്നത്തൂരും): മെഡിക്കൽ ഭരണസമിതിയുടെ നിർദ്ദേശം അനുസരിച്ചു ഡിസ്പെൻസറി സ്ഥലത്തു മാററുന്നതു ജനങ്ങൾക്കു മുൻപിലത്തേക്കാൾ കൂടുതൽ അസൗകര്യമുള്ളതല്ലയോ എന്നു ഗവർണ്ണറിൽനിന്നും ഒഴിവുചെയ്തു പ്രസ്തുത സമിതിയോടു ചോദിക്കുമോ?

മി. കെ. ജോർജ് (ഗവർണ്ണറുടെ ചീഫ് സെക്രട്ടറി): ഗവർണ്ണർ അവരോടു ഇതേപ്പററി ചോദിക്കുന്നതാണ്.

൮൭൦. മാനുവൽ ട്രെയിനിംഗ് ആർഗനൈസർ.

മി. പി. ഹബീബ്മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ):

(എ) മി. എച്ച്. ഡബ്ലിയു. ഗ്രീൻ പെൻഷൻപററി പിരിഞ്ഞതിനുശേഷം മാനുവൽ ട്രെയിനിംഗ് ആർഗനൈസറുടെജോലി നിർവ്വഹിക്കുന്നതിനു ഗവർണ്ണറിൽനിന്നും ചെയ്തിട്ടുള്ള ക്രമീകരണം എന്താണെന്നും,

(ബി) ഈ വിഷയത്തിൽ മി. ഗ്രീനോ വിദ്യാഭ്യാസമേലദ്ധ്യക്ഷനോ എന്തെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടോ എന്നും,

(സി) ഉണ്ടെങ്കിൽ അതുകൂടി നിർദ്ദേശങ്ങൾ എന്താണെന്നും ഗവർണ്ണറുടെ ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണറുടെ ചീഫ് സെക്രട്ടറി): മാനുവൽ ട്രെയിനിംഗ് ആർഗനൈസർ ചെയ്യുവന്നിരുന്ന പള്ളിക്കൂടങ്ങളിലെ മാനുവൽ ട്രെയിനിംഗ് പരിശോധനജോലി ഇൻസ്പെക്ടർമാരേയും അസിസ്റ്റൻറു ഇൻസ്പെക്ടർമാരേയും ഭരമേല്പിച്ചിട്ടുണ്ട്. അതുപോലെതന്നെ ട്രെയിനിംഗ്കാളേജിൽ സീനിയറും ജൂനിയറും ലക്ചറർമാർ ട്രെയിനിംഗ് കാളേജിലേയും മോഡൽസ്കൂളിലേയും ലക്ചർജോലി നടത്തിവരുന്നു.

(ബി)-യും (സി)-യും ഉണ്ട്. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ നിർദ്ദേശിച്ചിരിയ്ക്കുന്നതു രണ്ടുതരം ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കണമെന്നും, അവയിൽ ഒന്നു ട്രെയിനിംഗ കാളേജിലും, മോഡൽസ്കൂളിലുംഉള്ള മാനുവൽ ട്രെയിനിംഗ്ജോലിക്കായും, മററുള്ള മാനുവൽട്രെയിനിംഗ് അഭ്യസിപ്പിക്കുന്ന സ്കൂളുകളിൽ മാനുവൽട്രെയിനിംഗ് പരിശീലനം പരിശോധിയ്ക്കുന്നതിനും ആയിരിക്കണമെന്നും രണ്ടാമതുപറഞ്ഞ സംഗതിക്കു ഒരു മാനുവൽ ട്രെയിനിംഗ് ഇൻസ്പെക്ടരെ പുതിയതായി ഡിപ്പാർട്ടുമെൻറിൽ നിയമിക്കണമെന്നും ആകുന്നു.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): മാനുവൽ ട്രെയിനിംഗ് ആർഗനൈസേഷനെപ്പററി ട്രെയിനിംഗ്കാളേജ് പ്രിൻസിപ്പാൾ ഗവർണ്ണറിലേയ്ക്കു എന്തെങ്കിലും നിർദ്ദേശങ്ങൾ അയച്ചിട്ടുണ്ടോ എന്നു ചീഫ് സെക്രട്ടറിയിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവർണ്ണറുടെ ചീഫ് സെക്രട്ടറി): വിദ്യാഭ്യാസഡയറക്ടരുടെപക്കൽനിന്നും മാത്രമേ ഗവർണ്ണറിലേക്കു നിർദ്ദേശങ്ങൾ വരാറുള്ളു.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ട്രെയിനിംഗ് കാളേജ് പ്രിൻസിപ്പാളിന്റെ അഭിപ്രായം ആവശ്യപ്പെട്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവർണ്ണറുടെ ചീഫ് സെക്രട്ടറി): പക്ഷേ, പ്രിൻസിപ്പാൾ വിദ്യാഭ്യാസ മേലദ്ധ്യക്ഷനു എഴുതിഅയയ്ക്കുകയും അദ്ദേഹം ഗവർണ്ണറിലേക്കു എഴുതിഅയയ്ക്കുകയും ചെയ്തിട്ടുള്ളതായിരിക്കണം.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ആരുടെ അഭിപ്രായത്തെയാണ് ഗവർണ്ണറുടെ അവസാനമായി സ്വീകരിച്ചതു എന്നു ചീഫ് സെക്രട്ടറി ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണറുടെ ചീഫ് സെക്രട്ടറി): ഗവർണ്ണറിനെസംബന്ധിച്ചിടത്തോളം ഒരു നിർദ്ദേശംമാത്രമേ ഉണ്ടായിരുന്നുള്ളു. അതു വിദ്യാഭ്യാസ മേലദ്ധ്യക്ഷന്റെപക്കൽനിന്നും ആയിരുന്നു.

൮൭൧. പള്ളിക്കൂടങ്ങളിലെ മാനുവൽ ട്രെയിനിംഗ് പരിശോധനജോലി.

മി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ):

(എ) പള്ളിക്കൂടങ്ങളിലെ മാനുവൽ ട്രെയിനിംഗ്ജോലിയുടെ മേൽനോട്ടംവഹിക്കുന്നതിനും പരിശോധനനടത്തുന്നതിനും അസിസ്റ്റൻറു ഇൻസ്പെക്ടന്മാരോടു ആവശ്യപ്പെട്ടിട്ടുണ്ട് എന്നുള്ളതു വാസ്തവമാണോ എന്നു ഗവർണ്ണറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

(ബി) പ്രത്യേകം പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ മാനുവൽ ട്രെയിനിംഗ് പരിശീലിപ്പിക്കുന്നതിനു സ്കൂളുകളിൽ നിയമിച്ചിട്ടില്ലയോ?

മി. കെ. ജോർജ് (ഗവർണ്ണറുടെ ചീഫ് സെക്രട്ടറി):

(എ) അദ്ദേഹത്തിന്റെ ൮൭൨-ാം നമ്പർ ഉപചോദ്യത്തിന്റെ (എ) ഭാഗത്തിനു നൽകിയ മറുപടിതന്നെ ഒക്കുന്നതിനു മെമ്പറോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

(ബി) ഉണ്ട്.

൮൭൩. മൂവാററുപുഴ, തൊടുപുഴ, കുന്നത്തൂനാടു ഈ താലൂക്കുകളിൽ ഏതിലെങ്കിലും ഒന്നിൽ ഒരു സർവേസ്കൂൾ സ്ഥാപിക്കുക.

മി. തരിയത്തു കുഞ്ഞിരാമൻതാമ്പൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ, തൊടുപുഴ, കുന്നത്തൂനാടു ഈ താലൂക്കുകളിൽ ഏതിലെങ്കിലും ഒന്നിൽ ഉടനടി ഒരു സർവേസ്കൂൾ സ്ഥാപിക്കുന്നതിനു ഗവർണ്ണറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഇപ്പോൾ തന്നെ സർവ്വേസ്കൂളുകൾ ഉണ്ട്. അവയിൽ ഒന്നു തിരുവനന്തപുരത്തും മറ്റേതു കോട്ടയത്തും ആകുന്നു. സർക്കാർ സർവീസിലെ പ്രിയമിയ്ക്കുന്നതിനു ഇപ്പോൾ സ. വേ ട്രെയിനിംഗ് വകിച്ചിട്ടുള്ള ഗ്രാന്റുകൾ ആളുകൾക്കുണ്ട്. ഒരു പുതിയസ്കൂൾ കൂടി സ്ഥാപിക്കേണ്ട ആവശ്യമുണ്ടെന്നു ഗവർണ്മെന്റിനു തോന്നുന്നില്ല.

അനുബന്ധം I.

ക്ലർക്കുമാരുടെ ചോദ്യത്തിനു നൽകിയ ഉത്തരം നോക്കുക.

പുതുക്കിയാതി സബ്ബ് രജിസ്ട്രാർ ആഫീസിൽ ക്ലർക്കു മുതൽ ക്ലാർക്കു വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളുടെ എണ്ണം, അവിടെനിന്നും ഈടായിട്ടുള്ള പണത്തിന്റെ തുക ഇവ അടങ്ങിയ പട്ടിക.

ആണ്ടു.	രജിസ്റ്റർ ചെയ്ത ആധാരങ്ങൾ എണ്ണം.	രജിസ്ട്രേഷൻവകയിൽ വരവു.	പത്രവില വകയിൽ.
		ഉ.	ഉ.
ക്ലർക്ക്	൨,൧൮൭	൪,൪൪൦	൪,൯൩൦
ക്ലർക്കു	൪,൦൭൪	൭,൪൦൦	൭,൭൭൫
ക്ലർക്ക്	൩,൭൭൭	൩,൫൪൪	൪,൫൭൭
ക്ലർക്കു	൩,൭൫൩	൩,൪൪൦	൪,൩൦൭
ക്ലർക്ക്	[illegible],൪൩൩	[illegible],൩൩	൪,൭൭൩
ക്ലർക്കു	൩,൭൭൦	൩,൭൩൫	൩,൭൭൭

അനുബന്ധം II.

ഗവർണ്മെന്റുവക ചോദ്യത്തിനു നൽകിയ ഉത്തരം നോക്കുക.

പോലീസ് ഡിപ്പാർട്ടുമെന്റിലുള്ള ഇൻസ്പെക്ടർമാർ, ഹെഡ് കാൺസ്റ്റബിൾമാർ, കാൺസ്റ്റബിൾമാർ എന്നിവരുടെ ജാതിവിവരം അറിയിക്കുന്ന പട്ടിക, (ക-ക-ക ൧-ലെ കണക്കനുസരിച്ചു)

| ഉദ്യോഗപ്പേരു | ബ്രാഹ്മണർ | | |

പോലീസ്—സംബന്ധിച്ച ചിലവിലേക്കു ഇ്യ്യ ലക്ഷം രൂപയിൽ കവിയരുതെന്നു ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

ഗവ. എ. പോലീസ്—കമ്മീഷണർ.

ഉപക്ഷേപം വർദ്ധ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, ഞാൻ പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

വർദ്ധ. എസ്റ്റാബ്ലിഷ്മെന്റു ചിലവുകൾക്കു നിശ്ചയിച്ചിരിക്കുന്ന ഗവ. ശമ്പള രൂപയിൽ നിന്നും ഗ ൦ ൦ രൂപ കുറയ്ക്കണമെന്നു

അപ്രകാരം ചെയ്യുന്നതിൽ തിരുവിതാംകൂറിൽ പോലീസ് സംബന്ധമായ ജോലി കുറഞ്ഞ സംഗതി ഞാൻ ഉള്ള ബുദ്ധിമുട്ടു ഞാൻ വിസ്മരിക്കുന്നില്ല. പോലീസ് ഡിപ്പാർട്ടുമെന്റിലെ അംഗങ്ങൾ ചിലപ്പോൾ പ്രകടിപ്പിക്കാറുള്ള സമത്വം, ധൈര്യം, കുറ്റക്കാരെ കണ്ടുപിടിക്കാനുള്ള ശേഷി എന്നിവയെ ഞാൻ ആദരിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള അനുകൂല്യ സാഹചര്യങ്ങൾ ഞങ്ങൾക്കു പോലീസുവകുപ്പിലെ ജോലിയെപ്പറ്റിയുള്ള സങ്കല്പം എന്താണെന്നു അറിയുന്നതു ഈ വകുപ്പിന്റെ ചെലവു കൂടുന്നതു വഹിക്കുന്ന ഒരു ഗവൺമെന്റു ഉപയോഗപ്പെടുത്തുകയാണിരിക്കുന്നതാണ് ഏജന്റ്സ്ട്രീവ് വകുപ്പിന്റെ ചെലവു കൂടി പോലീസ് തന്നെ ആത്രയധികം കൂന്നതുകൊണ്ടു ഡിപ്പാർട്ടുമെന്റു മാനേജിംഗ് ഗവർണ്ണർക്കു നയം എന്തുതന്നെയാകട്ടെ ഇതിനു ചെയ്യുന്നതു ഗവർണ്ണർക്കു അറിവുള്ള കാര്യമല്ലെന്നു ഞാൻ വിശ്വസിക്കുന്നു. പോലീസുവകുപ്പിന്റെ ജോലിയുടെ യഥാർത്ഥ സ്വഭാവത്തെ ഗവർണ്ണർ അനുകൂലിക്കുന്നതിനു തക്കവണ്ണം നമ്മുടെ ഗവർണ്ണർ പോലീസ് കമ്മീഷണർ ആയിരിക്കുന്നതു ഭാഗ്യമാണ്. ഇ, ഡി. ആർ പോലീസ് കമ്മീഷണർ ആയിരിക്കുമ്പോൾ, ഏ ൦ ൦ ൦-ാമാണ്ടു യഥാർത്ഥത്തിലുണ്ടായിട്ടുള്ള ചിലവുകൾ ഇ സംബന്ധിച്ചുള്ള വിമർശനം, ഞാൻ ചിലപ്രാവശ്യം പറയാം. ഏ ൦ ൦-ാമാണ്ടു പോലീസുവകുപ്പു സാധിച്ചിട്ടുള്ള ചില വലിയ കാര്യങ്ങൾ ഞാൻ ഇവിടെ എടുത്തുപറയാൻ ശ്രമിക്കാം. എന്തെന്നാൽ നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ ഗുണങ്ങൾ അവരെപ്പറ്റി അനുകൂലിക്കുന്നതിനു നമ്മുടെ കടമയാണല്ലോ.

മി. കെ. പോൾ (ഗവൺമെന്റു ചീഫ് സെക്രട്ടറി): ഇതു ക്രമം തെറ്റിയതു ഒരു സംഗതിയാണെന്നു ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. അദ്ദേഹം പോലീസുകാരുടെ സാധിച്ചിട്ടുള്ള ചില കാര്യങ്ങളെപ്പറ്റി വിമർശിക്കുവാൻ പോകുകയാണെന്നു പറയുന്നു. ഇപ്രകാരമുള്ള ഒരു ഉപക്ഷേപം കൊണ്ടുവരുന്ന അവസരത്തിൽ പൊതുജനയത്തെ സംബന്ധിക്കുന്ന ഒരു കാര്യത്തെപ്പറ്റി ചർച്ചയ്ക്കു നിശ്ചയിക്കാമോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവർ എന്തുചെയ്തു എന്നതിനെപ്പറ്റി പറയുന്നതിനു ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പറ്റി പ്രതിവാദിക്കുകയാകാം നല്ലതു അവർ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പറ്റി പറയുന്നതു ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പറ്റി പ്രതിപാദിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെന്നാണ് എന്റെ അഭിപ്രായം. ഏ ൦ ൦-ൽ അവർ ചെയ്തിട്ടുള്ള ജോലിയെപ്പറ്റിയാണു ഞാൻ ഇവിടെ സംസാരിക്കുന്നതു.

അദ്ധ്യക്ഷൻ: നിങ്ങളുടെ പ്രസംഗം തുടർന്നുകൊള്ളണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, ഒന്നാമതായി നമ്മുടെ മുമ്പിലുള്ളതു, ഗവൺമെന്റു ചെലവു കൂടുന്നതിനു പുറമേ ജനങ്ങളുടെ ജീവനും സ്വത്തിനേയും കാത്തുരക്ഷിക്കുന്നതിനു ഒരു പോലീസുകാർ മാത്രമേ ഉള്ളു എന്നുള്ള വസ്തുതയാണ് ക്രമസമാധാനത്തിനു ഭംഗം വരുത്തുന്ന ചില കുറ്റങ്ങൾ ഒരു പോലീസുകാരുടെ ഒരു ചുമതലയാണല്ലോ. ഇതു കൂടാതെ ഒരു പോലീസുകാരുടെ സംബന്ധിച്ചു ഗവൺമെന്റിനുള്ള ചിലവു ശരാശരി ഒന്നുമല്ലെന്നാണ്. എന്നാൽ ബ്രിട്ടീഷ് ഇന്ത്യയിൽ ഇതു ഒരു ലക്ഷമോ അതിലധികമോ രൂപയാകുന്നു. ഇവിടെ ആ മാന്യന്റെ ഉദ്ദേശം രണ്ടു വിധത്തിലുള്ളതാണെന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ബ്രിട്ടീഷ് ഇന്ത്യയിൽ ഇതു ഒരു ആവശ്യമായിട്ടുള്ളതാകുന്നു.

പോലീസുവകുപ്പിന്റെ ഭരണത്തിൽ പ്രത്യേകമായി കാണുന്ന കുറവുകൾ, ആകെയുള്ള ചിലവിന്റെ ഉദ്ദേശം കുറച്ചുകൊണ്ടു പോലീസുകാരുടെ എണ്ണം അല്പമെങ്കിലും കൂട്ടേണ്ടതാണ്. ഏ ൦ ൦-ൽ ഡിപ്പാർട്ടുമെന്റിൽ നിന്നും ചെയ്തിട്ടുള്ള ജോലിയെപ്പറ്റി പ്രതിപാദിക്കുന്നതായാൽ, ഇവിടത്തെ കുറ്റങ്ങൾ വർദ്ധിച്ചതിനു കാരണം കണ്ടുപിടിക്കുന്നതിലും കുറ്റക്കാരെ ശിക്ഷിക്കുന്നതിലും കുറവു വന്നിട്ടുണ്ടെന്നു മനസ്സിലാക്കാം. ചിലപ്പോൾ കുറ്റവാളികൾ പിടിക്കപ്പെടുന്നതു കുറഞ്ഞ ചിലവുകൾ മാത്രമായിട്ടു കിട്ടിയിട്ടുള്ളതാണെന്നു കാണുന്നു. പോലീസ് വകുപ്പിന്റെ ചുമതലകൾ വർദ്ധിച്ചതിനു പ്രസ്തുത വർഷങ്ങളിൽ സ്റ്റാഫ് വർദ്ധിപ്പിച്ചതായി കാണുന്നില്ല. ഹൈക്കോൺസ്റ്റേബിൾമാരുടെ ചില ശമ്പളങ്ങൾക്കു കൂട്ടിയിട്ടുണ്ടു. ആകെയുള്ള പോലീസുകാരുടെ ഒരു ശതമാനം മാത്രം വർദ്ധിച്ചിട്ടുണ്ടു. ഗോപ്യമായ സംഗതികൾ കിട്ടുന്ന കാര്യങ്ങളെപ്പറ്റി പറയുന്നതുകൊണ്ടു ബ്രിട്ടീഷ് ഡിസ്ട്രിക്ടിൽ ഇതു ഇവിടത്തെക്കാൾ വളരെ കുറവു കണക്കുകൾ പ്രസിദ്ധീകരിക്കുന്നു നമ്മുടെ പോലീസുകാരെപ്പറ്റി പറയുന്നു. ബ്രിട്ടീഷ് ഡിസ്ട്രിക്ടുകളിലെ പോലീസുകാരുടെ സാമ്പത്തികസ്ഥിതി ഇവിടത്തേതിലായിരുന്നാലും നമ്മുടെ നമ്മുടെ സ്വന്തത്തിൽ ഒരുജോലി ചെയ്തു ജീവിക്കുവാൻ കഴിയുന്നതല്ലെന്നു എന്റെ അഭിപ്രായത്തോടു ഈ സഭയിലെ പ്രമുഖന്മാരായി നമ്മുടെ ജനങ്ങൾ അനുകൂലിക്കുന്നു എന്തെന്നാൽ നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസം ഇപ്പോൾ വർദ്ധിച്ചുവരുന്ന ചിലവുകളെ നിയന്ത്രിക്കുന്നതിനും ജീവിതച്ചെലവു കൂടുന്നതിനും വർദ്ധിച്ചുവരുന്ന ചിലവുകൾ അറിഞ്ഞുകൊണ്ടു ചിലവുകൾ കുറയ്ക്കുന്നതിനും നമ്മുടെ ചെലവു ആശ്രയമാണ്. കഴിഞ്ഞ ജനസംഖ്യ നാം നിശ്ചയിച്ചിട്ടുള്ളതിനെപ്പറ്റി വാദപ്രതിവാദങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ അവിടത്തെയും ഇവിടത്തെയും ഉള്ള സ്ഥിതികൾ ഒന്നുപോലെ അല്ലെന്നു സാധിച്ചുകഴിഞ്ഞിട്ടുണ്ടു. പോലീസുകാരുടെ സംബന്ധിച്ചിടത്തോളം മറ്റിടങ്ങളിലും സ്ഥിതികൾ ഇപ്രകാരമല്ല എന്നു ഞാൻ പറയുന്നു. എന്തെന്നാൽ അവർക്കു ഇവിടത്തേക്കാൾ പതിന്നാലിരട്ടി സംഖ്യ വലുതുള്ള ഒരു പോലീസുസൈന്യമുണ്ടു്.

ചെറുതരം കുറ്റങ്ങൾ സംബന്ധിച്ചുള്ള കേസുകളുടെ സംഖ്യ നോക്കുന്നതായാൽ മദ്രാസ് സംസ്ഥാനത്തു ഏ ൦ ൦ കേസുകൾ ഉണ്ടായിരുന്നു. അതു നമ്മുടെ രാജ്യത്തുണ്ടായിരുന്നതിനേക്കാൾ പകുതി അധിക

ചാണ്. ഗൌരവതരമായ കുററങ്ങൾ സംബന്ധിച്ചുള്ള കേസുകളുടെ സംഖ്യ നോക്കുന്നതായാൽ അതു മദ്രാസിൽ സന്നദ്ധ ൧൦-ം ഇവിടെ ൧൯൯൨-ം ആയിരുന്നു. ബ്രി. ഇൻഡ്യയിൽ നമ്മുടേതുമായി താരതമ്യപ്പെടുത്താൻ തീരെ പോരാത്തതായ മററു പല സംഗതികളും ഉണ്ട്. ഇവിടെ പോലീസുകക്കെതിരെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരായി ൨൦ കാൺസ്റ്റബിൾമാർ മാത്രമേ ഉള്ളു. എന്നാൽ ബ്രി ഇൻഡ്യയിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്ത ഹെഡ്കാൺസ്റ്റബിൾമാരും അനവധി ഉണ്ട്. ഈ കാര്യങ്ങളെസംബന്ധിച്ചു ഇവിടത്തെ സ്ഥിതികൾ മദ്രാസിയുള്ളതിനോടു താരതമ്യപ്പെടുത്തി നോക്കുക എന്നുള്ളതു ഒട്ടുതന്നെ ആശാസ്യമായിട്ടുള്ളതല്ല. എന്നു നമുക്കു കാണാം. തിരുവിതാംകൂറിൽ ചെയ്യുന്നതും ഗൌരവതരവുമായ കുററങ്ങളെപ്പററി നോക്കുന്നതായാൽ ൧൯൯൨ കേസുകൾ ഉണ്ടായിരുന്നതിൽ വളരെ ദേശം ൨൦൦൦-ം മോഷണം, കന്നുകാലിമോഷണം, കത്തിക്കുവച്ചു എന്നിവയെ സംബന്ധിച്ചുള്ളവയായിരുന്നു. എന്നു കാണാം. ഇതുകൂടാതെ തിരുവിതാംകൂറിൽ ക്രിമിനൽകുററങ്ങളിൽ ഒരു വലിയ സംഖ്യ മോഷണം സംബന്ധിച്ചുള്ളവയാണ്. പോലീസുകാരുടെ ചുമതലകളെ ഞങ്ങൾക്കെല്ലിയിക്കുന്നതിനും മേലുദ്യോഗസ്ഥന്മാരുടെ കുററങ്ങൾ കണ്ടുപിടിക്കുന്നതിനും സ്വാതന്ത്ര്യം നൽകുക എന്നുള്ള ഇതു ആയിരിക്കണമായിരുന്നു. അതുകൊണ്ടു തിരുവിതാംകൂർ പോലീസുകാർ അവരുടെ പ്രധാനജോലിയെ സംബന്ധിച്ചുള്ളതെന്നും അവരുടെ ചുമതലകളെ തൃപ്തികരമാംവണ്ണം നിർവഹിച്ചിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. അവർക്കു നല്ലപരിശീലനമുള്ള ശിക്ഷകരെപ്പററി പറയുന്നതായാൽ പോലീസു തസ്തികയിലെ ഏകദേശം ൧൦ ശതമാനവും ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. അവരുടെ ഇടയിൽ ശരിയായ സംഘടനയും ഡിസിപ്ലിനും ഉണ്ടായിരുന്നില്ല എന്നു ഇതിൽനിന്നും കാണുന്നു. ഈ പോലീസുകമ്മീഷണർതന്നെ സമ്മതിച്ചിട്ടുള്ള ഒരു സംഗതിയാണ്. ചോട്ടയ്യത്തു പോലീസ് നടപടിക്രമം മോശമായിത്തീർന്നു എന്നും അദ്ദേഹം പറയുന്നു. അവിടുന്നു കുറെക്കൂടി സ്പഷ്ടമായ ഭാഷയിൽ പറഞ്ഞിരുന്നു എന്നുവരികിൽ കോട്ടയം ഡിസ്ട്രിക്ടിൽ പോലീസുകാരെ ക്രമരാഹിത്യമായ പ്രവൃത്തികൾ ചെയ്യുന്നതിനു അനുവദിച്ചിരുന്നു എന്നു നമുക്കു കാണാനുകഴിയും. ഈ സംഗതി സമ്മതിച്ചതോടുകൂടെ ചില കുട്ടികളോടു കോപങ്ങൾ അവിടെ ഉണ്ടായിരുന്നതിനെസംബന്ധിച്ചു അദ്ദേഹം നമുക്കു അറിവുതന്നിട്ടുണ്ട്. ഇതിൻെറയും ജനനസ്ഥലം കോട്ടയം ഡിസ്ട്രിക്ടിലുള്ള ചില താലൂക്കുകളിലുമാണ്. കോട്ടയംഡിസ്ട്രിക്ടിൽ പോലീസു നിയന്ത്രണം തൃപ്തികരമല്ലായിരുന്നു എന്നാണ് ഇതിൽനിന്നും കാണുന്നതു. ഈ കുററത്തിന്റെ ഹേതുക്കൾ കാരണഭൂതനായ ഉദ്യോഗസ്ഥനെ ചൂണ്ടിക്കാട്ടി എന്നു ഞാൻ ചോദിക്കുന്നു.

ഉദ്യോഗസ്ഥൻ തൻെറ ചുമതലകൾ ശരിയായി നിർവഹിക്കാതിരുന്നതിനു മററുദ്യോഗസ്ഥന്മാരെ ആരെങ്കിലും ശിക്ഷിക്കേണ്ടതുണ്ട്. അതു ഞാൻ ചോദിക്കണമെന്നു അനുഗ്രഹിക്കുന്ന ഒരു ചോദ്യമാണ്.

പ്രസ്തുതപർക്ഷത്തിൽ പോലീസ്വകുപ്പിനെ സംബന്ധിച്ചു ഉണ്ടായിട്ടുള്ള ഒരു സംഗതി അനവധി സ്ത്രീകളും നിരക്ഷരയംഖണ്ഡനക്കാരായി ഭവിച്ചു എന്നുള്ളതാണ്. ൩൦൦൦ സ്ത്രീകളുടെപേരിൽ ക്രിമിനൽകേസു എടുക്കുകയും ൧൦൦൦-ൽപരം സ്ത്രീകളെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ൧൦൦൦-ൽ ഉള്ളതിനെക്കാൾ ഏകദേശം നൂറു മടങ്ങു കൂടുതലാണ്. ഇതിനു എന്തെങ്കിലും കാരണമുണ്ടായിരിക്കണം. ഈ സ്ത്രീകളെ മജിസ്ട്രേട്ടന്മാരായി നിയമിക്കുന്നതിനു പ്രത്യക്ഷത്തിൽ ചെയ്തിട്ടുള്ളതും സസംഘടിതവുമായ ഒരു പ്രഥമ ക്രിയാലോചനയുടെ ഒന്നാമത്തെ ലക്ഷ്യമാണെന്ന് പോലീസ്കമ്മീഷണർ പറയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല ഇതിനു സാമ്പത്തികമായ കാരണങ്ങൾ കണ്ടേക്കാം. ഈ ഗവണ്മെന്റിന്റെ ഹാർദ്ദമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒന്നാണ്.

മജിസ്ട്രേട്ടന്മാർ പോലീസുകാരെ ശിക്ഷിക്കാതെ അവരെത്തന്നെ വിട്ടുനല്കുകയും അവർക്കു നഷ്ടംകൊടുക്കാൻ പറയാതിരുന്നാൽ അപ്രകാരം ചെയ്യുന്നതിലുള്ള കാരണങ്ങൾ എല്ലാവരോടും ബോധിപ്പിച്ചു കഴിയേണ്ടതാണെന്നു ഗവണ്മെന്റിൽനിന്നും ഉത്തരവുണ്ടായിട്ടുണ്ട്. എന്നുള്ളതു മറെറാരു പ്രധാനസംഗതിയാണ്. ഒന്നാമതായി ഉദ്യോഗസ്ഥന്മാർക്കു മാത്രമേ പോലീസുകാരുടെമേൽ ഉള്ള കേസുകൾ വിചാരണചെയ്യാൻ പാടുള്ളു എന്നു നാം മറക്കണം. നഷ്ടംകൊടുക്കുക എന്നുള്ളതു നിയമപ്രകാരം മജിസ്ട്രേട്ടിന്റെ യഥേഷ്ടം ചെയ്യാവുന്ന ഒരു കാര്യമാണ്. എന്നാൽ അപ്രകാരം നഷ്ടംകൊടുക്കാൻ പറയുന്നപക്ഷം അതിനുള്ള കാരണങ്ങൾകൂടി പറഞ്ഞിരിക്കേണ്ടതാകുന്നു. ഇപ്പോൾ അയച്ചിരിക്കുന്ന എക്സിക്യൂട്ടീവു ഉത്തരവു നിയമങ്ങളുടെ അതിരുകളെ കവിഞ്ഞു പോയിരിക്കുന്നു. എന്തെന്നാൽ അതിൻപ്രകാരം നഷ്ടം കൊടുക്കാതിരിക്കുന്ന പക്ഷം അതിനുള്ള കാരണങ്ങൾ മജിസ്ട്രേട്ടന്മാർ നിർബന്ധമായും പറഞ്ഞിരിക്കണം. ഇതു ന്യായാധിപതിമാരുടെ അധികാരസീമയ്ക്കകത്ത് അന്യായമായി പ്രവേശിക്കുകയാകുന്നു. നിയമഭാഷയിൽ പക്ഷഭേദം ഉണ്ടായിരിക്കുന്നു. അതൊരു സൂചനാരൂപത്തിൽ മാത്രം ആയിരുന്നാൽതന്നെയും അതിനെ നിഷേധിക്കുന്നതായാൽ ശക്തിപ്രയോഗിച്ചു അതനുസരിപ്പിക്കാൻ പ്രാപ്തിയുള്ള ആ അധികാരക്ഷേത്രത്തിൽനിന്നും ആണ് അതു പുറപ്പെട്ടിട്ടുള്ളതു. അതിനു ഒരു കല്പനയുടെ സകല സ്വഭാവവും ഉണ്ട്. ഒരു നീതിന്യായകോടതിയിൽ കേസു വിചാരണചെയ്യുന്നതിന്റെ പ്രധാനഉദ്ദേശം നിഷ്പക്ഷപാതിത്വം തന്നെയാകുന്നു. അപ്രകാരമുള്ള നിഷ്പക്ഷപാതത്തെ നശിപ്പിക്കുന്നതിനു ഇതു പര്യാപ്തവുമാണ്.

അദ്ധ്യക്ഷൻ: സമയംകഴിഞ്ഞു നിങ്ങളുടെ വാചകം പൂർത്തിയാക്കാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അങ്ങനെതന്നെ ചെയ്യാം. ആ ഉത്തരവിനെ ഒരു ഒപ്പുവയ്ക്കേണ്ടതു എന്തായാലും അന്യായവുമാകുന്നതാണ് എന്റെ അഭിപ്രായം.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): കഴിഞ്ഞകൊല്ലം ക്രിമിനൽകുററങ്ങൾ വളരെ വർദ്ധിച്ചിട്ടുണ്ട്. എന്നുള്ള കുററാരോപണത്തെപ്പററി പറയുന്നതായാൽ അപ്രകാരമുള്ള വർദ്ധനയ്ക്കു എന്തെങ്കിലും ഒരു പ്രത്യേകകാരണം എടുത്തുപറയാൻ സാധിക്കുകയില്ല എന്നാണ് എന്റെ അഭിപ്രായം. ചില പ്രാവശ്യം അന്തരംകുററങ്ങൾക്കു അല്പം കുറവുണ്ടായിരിക്കും. മററു ചില അവസരങ്ങളിൽ അതിനു വർദ്ധനയുണ്ടായിരിക്കും. ഇതിനു ഒരു പ്രത്യേകകാരണം പറയാനുള്ളതായി തോന്നുന്നില്ല. ഇതിനു ക്രമത്തിലധികമായ ഒരു വർദ്ധന ഉണ്ടായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മുന്നാണ്ടിനെ അപേക്ഷിച്ചു പ്രസ്തുതവർഷത്തിൽ ഇരുപത്തിരണ്ടു കേസുകൾ കൂടുതലായി ഉണ്ടായിരുന്നില്ലേ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): അതിനൊരു പ്രത്യേകകാരണം എടുത്തുകാണിക്കാൻ സാധിക്കയില്ല എന്നാണ് ഞാൻ പറയുന്നതു. നായർതറവാടുകളിൽ ഭാഗംനടത്തുന്നകാര്യത്തിൽ ഇപ്പോൾ പ്രദർശിപ്പിച്ചുവരുന്ന തല്പരത്വം ഇതിനുള്ള കാരണങ്ങളിൽ ഒന്നായിരിക്കണം. ഇതുനിമിത്തം വസ്തുതർക്കങ്ങളും തൻമൂലം അപരാധങ്ങളും ഉണ്ടാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നായർറഗ്ലേഷൻ പാസ്സാക്കിയതു എപ്പോഴാണ്? നാംഇവിടെ സംസാരിക്കുന്നതു ക്ഷ ാ ാ ാമാണിമനപറിയാണ്.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): അതു നായർറഗ്ലേഷൻ പാസ്സാക്കിയതു കാണല്ലേ. പ്രസ്തുത റെഗ്ലേഷൻ പാസാക്കുന്നതിനു മുമ്പുതന്നെ നായർതറവാടുകളുടെപോക്കു കുടുംബഭാഗത്തിനു അനുകൂലമായിട്ടായിരുന്നു. കലഹാദികളുടെ വർദ്ധനയ്ക്കു ഇതൊരുകാരണമാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ കുഴക്കേസുകളിലെല്ലാം പ്രതികൾ നായന്മാരായിരുന്നു എന്നാണോ കമ്മീഷണർ പറയുന്നതു?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): കുഴക്കേസുകളുടെ വർദ്ധനവിനു ഉള്ള കാരണങ്ങളിൽ ഒന്നാണു ഇതു എന്നുമാത്രമെ ഞാൻ പറയുന്നുള്ളു. കേസുകളെല്ലാം പ്രത്യേകമായി പരിശോധിക്കാതെ അതിനുള്ള കാരണങ്ങൾ എന്താണെന്നു തീർച്ചപറയാൻ എനിക്കു സാധിക്കയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). എനിക്കു കേൾക്കാൻപാടില്ല.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): കേസുകളെകയല്ലാം പരിശോധിക്കാതെ അവയിൽപ്പെട്ട എല്ലാപ്രതികളും നായന്മാരായിരുന്നു എന്നു പറയാൻ എനിക്കു സാധിക്കയില്ല. കുലഹാദികളുടെ വർദ്ധനയ്ക്കു ഒരു കാരണം നായർതറവാടുകളിൽ കുടുംബഭാഗമാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് പോലീസ് കമ്മീഷണർ ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു എന്നു അറിഞ്ഞാൽകൊള്ളാം.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): ഭാഗത്തിൻഫലമായിട്ടു താനവധി തർക്കങ്ങൾ ഉണ്ടായി.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഭാഗസംബന്ധമായി ഉണ്ടായിട്ടുള്ള വഴക്കുകളുടെ എണ്ണം എത്രയാണെന്നു പറയുന്നതിനു രേഖകൾ സാധിക്കുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): അതിന്റെ എണ്ണം എത്രയെന്നു പറയുന്നതിനു എനിക്കു ഇപ്പോൾ സാധിക്കുകയില്ല. അവയെ എല്ലാപ്രത്തിൽ സംഭരിച്ചുതരാവുന്നതാകുന്നു. വസ്തു സംബന്ധമായ തർക്കങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത നിസ്തർക്കമായിട്ടുള്ളതാണ്. പോലീസുകാരെ ശിക്ഷിക്കുന്ന കാര്യത്തിലുള്ള വർദ്ധനയെപ്പററി മി. കെ. മാധവൻപിള്ള പറയുകയുണ്ടായി. ഉദ്യോഗസ്ഥർ അവരുടെകീഴിലുള്ള ആളുകളുടെമേൽ കുറേക്കൂടി കർശനമായി മേൽനോട്ടം വഹിക്കാൻ തുടങ്ങിയിട്ടുണ്ട് എന്നാണു അതിനു നിന്നു സ്പഷ്ടമാകുന്നതു. മുൻപു കണ്ടുപിടിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത കുററങ്ങളെ ഇപ്പോൾ കണ്ടുപിടിക്കയും അതിനു ശിക്ഷനടാകുകയും ചെയ്തുവരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഏകദേശം ഇ ാ ശതമാനത്തിനു ശിക്ഷനടാകി എന്നുള്ള വസ്തുത ശരിയായ മേൽനോട്ടത്തെയോ അതോമേൽ നോട്ടക്കുറവിനേയോ ഏതിനെയാണ് വെളിപ്പെടുത്തുന്നതു?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): ഉദ്യോഗസ്ഥന്മാർ അവരുടെകീഴിലുള്ള ആളുകളെ കുറേക്കൂടി നല്ലവണ്ണം ഭരിക്കുന്നു എന്നാണ് അതിനു നിന്നും വെളിവാകുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കൃത്യനിഷ്ഠയ്ക്കു ക്ഷയിച്ചുപോയി എന്നു പോലീസ് കമ്മീഷണർ പറഞ്ഞതു എന്തിനാണ്.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): ഒരു പ്രത്യേക ഡിസ്ട്രിക്ടിൽ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). ദയവുചെയ്തു കുറേക്കൂടി ഉച്ചത്തിൽ സംസാരിച്ചാൽകൊള്ളാം.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): കഴിഞ്ഞകൊല്ലത്തിൽ കോട്ടയംഡിസ്ട്രിക്ടിന്റെ മേൽനോട്ടത്തിനു മൂന്നു ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു പക്ഷെ അതിൽ പ്രത്യേകം ഒരു ഉദ്യോഗസ്ഥനെപ്പററി ആയിരിക്കാം അദ്ദേഹം പറയുന്നതു. അദ്ദേഹം ഇക്കാര്യത്തിൽ പ്രാത്യേകിച്ചു ഒന്നും പ്രവർത്തിച്ചിട്ടില്ലെന്നു എനിക്കു തോന്നുന്നു. ആ ഉദ്യോഗസ്ഥൻ ഉദ്യോഗത്തിനുനിന്നും പെൻഷൻപററി പിരിഞ്ഞു അതുകൊണ്ടായിരിക്കണം അദ്ദേഹത്തിന്റെപേരിൽ കേസ്സൊന്നും എടുക്കാതിരുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കള്ളനോട്ടുകൾ ഉണ്ടാക്കാതിരിക്കാൻ നിരോധനങ്ങൾ ചെയ്തു എന്നുവരുകിൽ കോട്ടയത്തു ഇത്രയധികം കള്ളനോട്ടുകേസുകൾ ഉണ്ടാകാൻ കാരണമെന്തെന്നു സമയം പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മീഷണർ): അവിടെയാണ് ഈവക കുറ്റങ്ങൾ ആദ്യമായി ആരംഭിച്ചതു. അതു അവിടെ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. പുതിയകള്ളനോട്ടുകേസുകൾ ഇപ്പോൾ നടന്നുവരുന്നു എന്നു എനിക്കു തോന്നുന്നില്ല. പിന്നിട്ട കണ്ടുപിടിക്കപ്പെട്ട ചുരുക്കംചില കേസുകൾ മുൻപേതന്നെ ഉത്ഭവിച്ചിട്ടുള്ളതായിരുന്നു. ഇതിനിടയായിട്ടു കോട്ടയംഡിസ്ട്രിക്ടിൽ പുതിയ കള്ളനോട്ടുകേസുകൾ ഒന്നും ഉണ്ടായിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എനിക്കു കേൾക്കാൻ പാടില്ലാ.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ്പോലീസ് കമ്മീഷണർ): ആദ്യമേതന്നെ വ്യാജമായി നിർമ്മിച്ചിട്ടുള്ള നോട്ടുകളെ കണ്ടെടുത്തിട്ടുണ്ട്. ആ കേസുകൾ ഇപ്പോൾ പുതിയകേസുകളായി വന്നുചേരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കള്ളനോട്ടുകളുടെ ഉത്ഭവത്തെ തിരഞ്ഞു കണ്ടുപിടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു പുതിയ ഇൻസ്പെക്ടറെ കൂടുതലായി നിയമിക്കുന്നതിനു അനുവദിച്ചിട്ടുണ്ടു എന്നു ഭരണറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു ആ ഇൻസ്പെക്ടർക്കു ചെയ്യാനുള്ള ജോലി എന്തെന്നതിലുള്ളതാണെന്നു അറിഞ്ഞുകൊള്ളാം.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ്പോലീസ് കമ്മീഷണർ): പ്രസ്തുതനിയമനം താൽക്കാലികം മാത്രമായിരുന്നു. അതു കഴിഞ്ഞുകൊല്ലത്തിൽതന്നെ നിന്നുപോകുകയുംചെയ്തു. കള്ളനോട്ടുകളുടെ ഉത്ഭവം എങ്ങിനെയെന്നുള്ളതു കണ്ടുപിടിക്കുകയായിരുന്നു അതിന്റെ ഉദ്ദേശം അതു കണ്ടുപിടിക്കുകയും കുററക്കാരുടെമേൽ കേസ്സെടുക്കയുംചെയ്തു. ഇവിടെ ബ്രിട്ടീഷ് ഇൻഡ്യയിൽ ഉള്ളതിനേക്കാൾ കൂടുതൽ പോലീസുകാർ ഉണ്ടെന്നു

മി. മാധവൻപിള്ള പറയുകയുണ്ടായി ഇവിടത്തെസ്ഥിതികൾ വ്യത്യാസപ്പെട്ടതാണ് ബ്രി: ഇൻഡ്യയിൽ ഗണ്യമാക്കാത്ത പലകേസുകളേയും തിരുവിതാംകൂറിൽ ചാർജ്ജ്ചെയ്യുന്നുണ്ട്. അതുകൊണ്ടു പോലീസുകാർ കൂടുതൽ ഉണ്ടായിരിക്കേണ്ടതു എന്തായും അത്യാവശ്യമാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): എണ്ണം കുറവാണെന്നാണ് ഞാൻ പറഞ്ഞതു. കൂടുതലാണെന്നല്ല.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മിഷണർ): അദ്ദേഹം പറഞ്ഞതു ശരിയായിരിക്കാത്തതിൽ ഞാൻ മനസ്സാപിക്കുന്നു, കോട്ടയം ഡിസ്ട്രിക്ടിൽ ഡിസിപ്ലിൻ ക്ഷാമം ഉണ്ടായിട്ടുതിനെപ്പററി പറയുന്നതായാൽ അതിനു സമാധാനം ഞാൻ പറഞ്ഞുകഴിഞ്ഞു. ആ ഡിസ്ട്രിക്ടിൽ മൂന്നുദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. അതിനു പ്രത്യേകം ഒരു ഉദ്യോഗസ്ഥനെപററി മി: പിറവ് പറയുകയുണ്ടായി. ആ ഉദ്യോഗസ്ഥൻ രൈൻഡൻപററിപ്പിരിഞ്ഞു. അതുകൊണ്ടു കൂടുതലായി യാതൊന്നും ചെയ്യുന്നതിനു ഇപ്പോൾ നിവൃത്തിയില്ല.

പോലീസുകാർക്കു നല്കുന്ന കാര്യത്തെസംബന്ധിച്ചുള്ള ഗവർണ്ണമെന്റുത്തരവിനെപ്പററി മി: മാധവൻപിള്ള പറയുകയുണ്ടായി, കേസന്വേഷണം നടത്തുന്ന പോലീസുകാരുടെകാര്യത്തിൽ ഏതെങ്കിലും ഒരു കക്ഷിയുടെ വിരോധത്തിനു പാത്രമാകുന്നതിനു അവർക്കധികാരം സാദ്ധ്യതയുണ്ടു. അവർ പോലീസുകാരുടെമേൽ പലതരത്തിലുള്ള കുററങ്ങളും ചുമത്തി അന്യായപ്പെടുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): മജിസ്ട്രേട്ടന്മാരുടെ അടുക്കൽ റിപ്പോർട്ടുചെയ്തിട്ടുള്ള കേസുകളിൽ നൂറു ശതമാനവും സത്യമായിട്ടുള്ളവയായിരുന്നു എന്നു ക്രിമിനൽ നീതിന്യായഭരണറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു എന്നുള്ളതു അദ്ദേഹത്തിനു അറിയാമോ? പോലീസുകാരുടെമേൽ കൊണ്ടുവരുന്ന കേസുകൾമാത്രം അവാസ്തവമായിരിക്കുവാൻ കാരണം എന്തു?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ്പോലീസ് കമ്മിഷണർ): അതിനുള്ള കാരണങ്ങളെ ഞാൻ വിശദീകരിക്കുകയാണ്. ഉദ്യോഗസ്ഥന്മാർ കേസുകൾ അന്വേഷണംചെയ്തു ഒരുകേസിൽ സംബന്ധിക്കുന്ന കക്ഷിയെപ്പററി റിപ്പോർട്ടുചെയ്യുന്നു. ആ കക്ഷി എപ്പോഴും പോലീസുകാരുടെമേൽ യഥാർത്ഥമല്ലാത്ത പല കുററങ്ങളും ആരോപിക്കുന്നു. അതു പലപ്പോഴും തങ്ങളുടെ രക്ഷയെ ആസ്പദമാക്കിയിട്ടാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): അതുകൊണ്ടു മജിസ്ട്രേട്ടന്മാർക്കു നിയമപ്രകാരം നൽകിയിട്ടുള്ള സ്വാതന്ത്ര്യത്തിൽ കൈകടക്കുന്നതു ന്യായമായിട്ടുള്ളതാണോ?

മി. ആർ. കെ. പിള്ള (ആക്ടിംഗ്പോലീസ് കമ്മിഷണർ): ഇക്കൂട്ടർ അടിസ്ഥാനരഹിതമായ പല കേസുകളും മജിസ്ട്രേട്ടന്മാരുടെ മുമ്പിൽ കൊണ്ടുവരുന്നു. ഈ കാര്യത്തിൽ പോലീസുകാർക്കുള്ള ഉത്തരവാദിത്തത്തെ പുരസ്കരിച്ചു പോലീസ് ഉദ്യോഗസ്ഥന്മാർക്കു കൂടുതൽ അധികാരം നൽകേണ്ടതു ആവശ്യമാകുന്നു. പോലീസുകാരെ മററാളുകളോടൊപ്പം കരുതുന്നതായാൽ പോലീസ്കാർക്കു നൈതിക്കസമത്വവും ന്യായമായ നിലയിലും പ്രവർത്തിക്കുന്നതിന് സാധിക്കുന്നതല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ജനങ്ങളുടെ യഥാർത്ഥസ്വാതന്ത്ര്യങ്ങളെ തടയുന്നതിനു പോലീസുകാർക്കു വേണ്ടതിലധികം അധികാരങ്ങൾ നൽകിട്ടില്ലേ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ്കമ്മിഷണർ): നീതിന്യായ ഉദ്യോഗസ്ഥന്മാർക്കു അനാവശ്യമായ കേസുകളിൽനിന്നും ഏതുപ്രകാരത്തിലാണോ അഭയം നൽകിയിരിക്കുന്നതു അതുപ്രകാരംതന്നെയാണ് പോലീസുകാർക്കും അഭയം നൽകിയിരിക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): എന്നാൽ അതു നിയമപ്രകാരം നൽകിയിട്ടുള്ളതാണ്. ഒരു എക്സിക്യൂട്ടീവ് ഉത്തരവിൻപ്രകാരം അല്ല. അതാണ് എനിക്കു ബോധിപ്പിക്കാനുള്ള സങ്കടം.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ്പോലീസുകമ്മിഷണർ): അങ്ങിനെയാണെന്നുള്ളപക്ഷം നിയമം ഭേദപ്പെടുത്തുന്നതാണ് നല്ലതു, പോലീസുകാരുടെമേൽ ഇപ്പോൾ കൊണ്ടുവരപ്പെടുന്ന അസംഖ്യം വ്യാജമായ കുററാരോപണങ്ങളെ കണക്കാക്കുമ്പോൾ അവർക്കു ഏതെങ്കിലും ഒരുതരത്തിൽ അഭയംനൽകേണ്ടതു എന്തായും അത്യാവശ്യമാകുന്നു. ഇത്തരം ചാർജ്ജുകൾക്കു സമാധാനം പറയുന്നതിനായി അവർക്കും കോടതികളിൽ ഹാജരാകേണം. ഇതുമൂലം അവർക്കു സമയം വളരെ നഷ്ടമാകുന്നു അതുകൊണ്ടു അവർക്കു ഏതെങ്കിലും കുറെ രക്ഷനൽകേണ്ടതു എന്തായും അത്യാവശ്യമാണ്.

അദ്ധ്യക്ഷൻ: നിങ്ങൾക്കുള്ള സമയം കഴിഞ്ഞിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഒരു സംഗതി പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. മോഷ്ടിക്കപ്പെട്ട സാമാനങ്ങൾ തിരിയെകിട്ടുന്നകാര്യത്തിലും കുററങ്ങളെ കണ്ടുപിടിക്കുന്നകാര്യത്തിലും ശതമാനക്കണക്കു ആണ്ടോടാണ്ടു കുറഞ്ഞുവരുന്നുവെന്നു പോലീസ്ഡിപ്പാർട്ടുമെന്റിന്റെ ഭരണറിപ്പോർട്ടുകളിൽനിന്നറിയാവുന്നു. കൂടുതൽശതമാനം കേസുകളിൽ കുററക്കാരെ കണ്ടുപിടിച്ചു ശിക്ഷിച്ചുഎന്നും മോഷ്ടിക്കപ്പെട്ട വസ്തുക്കൾ കൂടുതൽശതമാനം തിരിച്ചുകിട്ടിഎന്നും പറയുന്നതു ഭരണത്തിന്റെ ഒരു ശ്ലാഘനീയമായ ലക്ഷണമായി കരുതിപോരുന്നുണ്ടായിരുന്ന മുമ്പിലത്തെ പതിവു. എന്നാൽ ഇടയിടയായിട്ടു ആ ശതമാനം വളരെ കുറഞ്ഞുപോയിട്ടുണ്ടു. ഇടയിടക്കുള്ള വാർഷികറിപ്പോർട്ടുകളിൽ പോലീസുകാരുടെ നമുക്കു തീരെ മനസിലാക്കാൻ വഹിയാത്തവിധത്തിലുള്ള ഒരുനിലയാണ് അവലംബിച്ചുകാണുന്നതു. ഒരുകാലത്തു ഗവർണ്ണമെന്റു ഇക്കാര്യങ്ങളിൽ ഒരു കൂടുതൽശതമാനത്തിനു സന്നദ്ധരായിരുന്നു; എന്നാൽ ആ ശതമാനം കുറഞ്ഞുപോകുന്നതോടുകൂടി അതു ആശാസ്യകരമായ ഒരു കാര്യമാണെന്നു അവർ പ്രസ്താവിക്കുകയുണ്ടായി, ഒരു ചുരുങ്ങിയശതമാനം വളരെ ആശാസ്യമായിട്ടുള്ളതാണെന്നും ഒരു ഉയർന്നശതമാനം പോലീസ്ഭരണത്തിൽ ഉള്ള ദൌർബ്ബല്യങ്ങളെയാണ് വെളിപ്പെടുത്തുന്നതെന്നും അവർപറയുന്നു. എന്റെ ഒരു ചോദ്യത്തിനു മറുപടിയായി, അതു ഗവർണ്ണമെന്റിന്റെ നയം അതായിരുന്നു എന്നുവരുകിൽ ആ നയത്തു ഭേദപ്പെടുത്തണമെന്നു ഗവർണ്ണമെന്റിനോടു അപേക്ഷിക്കുമാത്രം ചെയ്തിരുന്നു; അതു ഭേദപ്പെടുത്തേണ്ടതു ജനങ്ങൾക്കു കൂടുതൽശതമാനം ക്രിമിനൽ കുററങ്ങൾ കണ്ടുപിടിച്ചു കിട്ടത്തക്കവിധത്തിൽ ആയിരിക്കണം. മററുസ്ഥലങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുക എന്നുള്ളതു ഗുണപ്രദമായ ഒരു കാര്യമല്ല. നമ്മുടെ പോലീസ്സൈന്യത്തിന്റെ കാര്യശേഷിക

തിക്കലും ക്ഷയിച്ചുപോകാൻ അനുവദിക്കാൻ പാടുള്ളതല്ല. മാറ്റ വല്ല സ്ഥലങ്ങളിലും ഉള്ള സ്ഥിതികളുമായി താരതമ്യപ്പെടുത്തിനോക്കി നമുക്കു തൃപ്തിപ്പെടാൻ കഴിവുള്ളതുമല്ല. പോലീസുകാർ കേസുകളിൽ നിരപരാധികൾ എന്നുകാണുന്ന പക്ഷം വിട്ടുകൊടുക്കുക എന്നുള്ളകാര്യത്തെപ്പററി ഗവർണ്ണർക്കിൽനിന്നും മജിസ്ട്രേട്ടന്മാർക്കു കൊടുത്തിട്ടുള്ള ആജ്ഞയെ സംബന്ധിച്ചു മി. മാധവൻപിള്ള പറയുകയുണ്ടായി. മജിസ്ട്രേട്ടന്മാർക്കു ഗവർണ്ണർക്കിൽനിന്നു കൂടുതലായി യാതൊരു ആജ്ഞയും നാടുകാണ്ക ആവശ്യമുള്ളതല്ല. പ്രത്യേകിച്ചും നീതിന്യായസംബന്ധമായി ജോലികൾക്കു പുറമെ എക്സിക്യൂട്ടീവ് അധികാരമുള്ള പല മജിസ്ട്രേട്ടന്മാരുമുണ്ടു. അവർക്കു അവരുടെ ചുമതലകളെ സംബന്ധിച്ചു പ്രത്യേകമുന്നറിവുകൾ ഒന്നും കൊടുക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു മി. മാധവൻപിള്ളയുടെ അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എൻറെ ഉപക്ഷേപത്തെ സംബന്ധിച്ചു എനിക്കു കൂടുതലായി യാതൊന്നും പറവാനില്ല.

മി. ആർ. കെ. കൃഷ്ണപിള്ള (അഡ്ജിഗ്പോലീസ്കമ്മീഷണർ): കുററങ്ങൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ ശ്രമം വളരെ കുറഞ്ഞുവരുന്നു എന്നുള്ള സംഗതിയെപ്പററി മി. ജി. പരമേശ്വരൻപിള്ള ചില്ലതാക്കെ വിമർശിച്ചുവല്ലോ. നമ്മുടെ ജീവിതവീതിയിലുള്ള വിവിധതരം വർദ്ധിച്ചുവരുന്ന കാലത്തോളം ഇതു ഇപ്രകാരമായിരിക്കാനേ തരമുള്ളു. ഇംഗ്ലണ്ടിൽ (എനിക്കു നൈറിപോയിട്ടില്ലെങ്കിൽ) മെട്രോപ്പോളിറ്റൻ ഡിക്ടേറിവ് ഉദ്യോഗസ്ഥന്റെ ശമ്പളം 1500—മററൊ ആയിട്ടാണ് കിട്ടുന്നതു. ഇവിടെ അതു വളരെ കൂടുതലാണ് ഇവിടെ ആ ജോലി കുറച്ചുകൂടി നല്ലവണ്ണം നടന്നിരുന്നു എന്നല്ല ഞാൻ പറഞ്ഞതിന്റെ സാരം. ഇംഗ്ലണ്ടിൽ ഉള്ളതുപോലെതന്നെ നമ്മുടെ ജീവിതവീതിയിലുള്ള വിവിധതരം വർദ്ധിച്ചിട്ടില്ല എന്നുമാത്രമേ അതിൽനിന്നും അർത്ഥമാകുന്നുള്ളു. നാം ആ സ്ഥിതിയിൽ എത്തുമ്പോൾ ഇവിടത്തെ കുററങ്ങൾ കണ്ടുപിടിക്കുന്നതിന്റെ ശതമാനവും തൃപ്തിമുട്ടുന്നതു മററൊ ആയിരിക്കും ഇപ്പോൾ അതു കൂടുതലാണ്. കൂടുതലായി ഇത്രമാത്രം പറയുന്നതിനെ ഞാൻ ആഗ്രഹിക്കുന്നുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കപ്പെട്ടു

ഉപക്ഷേപങ്ങൾ 1-ാമത് മുതൽ 7-ാമത്തു വരെ.

താഴെ പറയുന്നമോഷൻ ഹാജരാക്കപ്പെട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള:

1-ാമത്. കമ്മിഷണർക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള 8,000 രൂപയിൽനിന്നും 4 രൂപ കുറക്കണമെന്നു.

ഉപക്ഷേപകന്മാർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ലെന്നു കണക്കാക്കപ്പെട്ടു.

മി. എസ്. പിറ്റിപ്പെരുമാൾപിള്ള.

2-ാമത്. കമ്മിഷണർക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള 8,000 രൂപയിൽനിന്നും 4,000 രൂപ കുറക്കണമെന്നു.

4-ാമത്. ബി. പോലീസ്—ഡിസ്ട്രിക്ട് പോലീസ്.

മി. എ. കെ. പിള്ള.

2-ാമത്. ട്രാഫിക് ഇൻസ്പെക്ടർമാർക്കു ഡ്യൂട്ടി അലവൻസ് വകക്കു നിശ്ചയിച്ചിട്ടുള്ള 500 രൂപയിൽനിന്നും 400 രൂപ കുറക്കണമെന്നു.

മി. എസ്. പിറ്റിപ്പെരുമാൾപിള്ള.

7-ാമത്. കാപ്പിയിംഗ് പേപ്പർ വാങ്ങുന്നതിനു 4,000 രൂപ നിശ്ചയിച്ചിട്ടുള്ളതു നിശേഷം എടുത്തുകളയണമെന്നു.

ഉപക്ഷേപം—7-ാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

7-ാം. ഡിസ്ട്രിക്ട് പോലീസിന്റെ ചെലവുകൾക്കായി നിശ്ചയിച്ചിട്ടുള്ള 8,17,000 രൂപയിൽനിന്നും 4 രൂപ കുറക്കണമെന്നു.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം എളുപ്പമായ ഒന്നാണു. കഴിഞ്ഞ ഒൻപതുകൊല്ലക്കാലമായി ആററിങ്ങൽ ഉണ്ടായിരുന്ന പോലീസ് ഇൻസ്പെക്ടരുടെ ഒഴിവിൽ ഇതുവരെയും ആരെയും നിയമിച്ചിട്ടില്ലാത്തതു എന്തുകൊണ്ടാണെന്നു പോലീസ് കമ്മിഷണരിൽ നിന്നും അറിഞ്ഞാൽകൊള്ളാം. ഈ ഉപക്ഷേപം ഹാജരാക്കുന്നതിനാൽ, തിരുവിതാംകൂറിലുള്ള പല ക്രിമിനൽ തർക്കങ്ങളിൽ ചിറയിൻകീഴും ഒന്നാണ് എന്നു എനിക്കു സമ്മതിക്കേണ്ടതാകുന്നു. എല്ലായ്പ്പോഴും ഒരു പോലീസ് ഇൻസ്പെക്ടർ ഉണ്ടായിരിക്കേണ്ട ഒരു സ്ഥലമാണ് ആററിങ്ങൽ. അവിടെ പോലീസ് ഇൻസ്പെക്ടർ ഇല്ലാതായതിനുശേഷം പോലീസ് സ്റ്റേഷന്റെയും മജിസ്ട്രേട്ട കോടതിയുടെയും മുൻവശത്തുവച്ചു പരസ്യമായി പല അക്രമങ്ങളും നടത്തിയിട്ടുണ്ടു. ഇതിനെപ്പററിയെല്ലാം പോലീസ് കമ്മിഷണരുടെ അടുക്കൽ റിപ്പോർട്ടുചെയ്തു. ഇത്തരം അക്രമങ്ങൾ വീണ്ടും ആവർത്തിച്ചുകൊണ്ടിരുന്നപ്പോൾ പോലീസ്കമ്മിഷണരുടെ അടുക്കൽപോയി ആററിങ്ങൽ ഒരു പോലീസ് ഇൻസ്പെക്ടരുടെ ആവശ്യമുണ്ടെന്നുപറയുന്നതിനു എനിക്കു അവസരം ലഭിച്ചു. പോലീസ് ചെലവുകൾക്കായി നാട്ടിലെ മുനിസിപ്പാലിറ്റിയുടെ ഒരു വലിയ ഭാഗം നമുക്കു കൊടുക്കേണ്ടതായി ഉള്ളപ്പോൾ ആററിങ്ങൽ ഒരു പോലീസ് ഇൻസ്പെക്ടരെ നിയമിക്കാത്തതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. അവിടെ നടന്നിട്ടുള്ള ഈ അക്രമങ്ങൾക്കു പോലീസുകമ്മിഷണർ എങ്ങനെ സമാധാനം പറയുന്നു എന്നു അറിഞ്ഞാൽകൊള്ളാം.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസുകമ്മിഷണർ): സർ, അദ്ദേഹത്തിന്റെ വിമർശനങ്ങൾക്കു മറുപടിയായി, ഞാൻ ഇത്രയും പറഞ്ഞുകൊള്ളട്ടെ. മുൻപു ആറന്മുളയ്ക്കു ഇത്തരം പോലീസ് ഇൻസ്പെക്ടർക്കു ഒരു ഉയർന്ന സ്ഥാനത്തേക്കു പ്രമോഷൻ നൽകി അതിനുപകരം നൽകാനുള്ളതുകൊണ്ടു ഒരാളിനെ അവിടെ നിയമിച്ചു. എന്നാൽ നൽകാവാൻ തീയമിച്ചപ്പോൾ ആ സ്ഥലത്തെ ആൾക്കാർക്കു പോരാതെവന്നു. ഇപ്പോൾ വേറെ ഒരാളിനെ അവിടെ നിയമിച്ചിട്ടുണ്ടു. മി. നീലകണ്ഠപ്പിള്ള ഇങ്ങനെ ഉയർത്തപ്പെടുമെന്നും അദ്ദേഹത്തിന്റെ പ്രമോഷൻ പിൻവലിക്കപ്പെടുമെന്നും ഞാൻ വിശ്വസിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇപ്പോൾ ശരിയായ വ്യവസ്ഥകൾ ചെയ്തിട്ടുണ്ട് എന്നു കമ്മിഷണർ എന്നോടു ഉറപ്പുപറയുന്നതുകൊണ്ടു ഇതേവരെയുള്ള കുഴപ്പങ്ങളെ അതു പരിഹരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തായാലും എന്റെ ഉപക്ഷേപത്തെ ഞാൻ നിർബന്ധമാക്കുന്നില്ല.

സഭയുടെ അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം—റൂൾ 7.

മി. ടി. കുമാരപിള്ള (തൽക്കാലവും വിളവംകോട്ടു): താഴെ പറയുന്ന ഉപക്ഷേപത്തെ ഞാൻ ഫോർമ്മാക്കിക്കൊള്ളട്ടെ.

റൂൾ 7, ഡിസ്ട്രിക്ട് പൊലീസിന്റെ ചെലവുകൾക്കു നിശ്ചയിച്ചിട്ടുള്ള 7,50,000 രൂപയിൽ നിന്നും ഏറ്റം കുറച്ചു കുറയ്ക്കണമെന്നു.

മോട്ടാർ വാഹനങ്ങളിൽ സഞ്ചരിക്കുന്ന യാത്രക്കാർക്കു നേരിട്ടുവരുന്ന ചില സങ്കടങ്ങളെ ഈ സഭ ശ്രദ്ധിക്കണമെന്നിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ മോഷൻ അവതരിപ്പിച്ചിട്ടുള്ളതു.

ഇവിടത്തെ റോഡുകൾ നന്നായിവരുന്ന ക്രമത്തിനു യാത്രക്കാരായ ജനങ്ങളുടെ സൌകര്യത്തിനു മോട്ടാർ വാഹനങ്ങൾ വർദ്ധിച്ചുവരുന്നു. മോട്ടാർവാഹനങ്ങളുടെ ഈ വർദ്ധന യാത്രക്കാരായ ജനങ്ങൾക്കു ഒരു അനുഗ്രഹമാണെന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ മോട്ടാർ വാഹനങ്ങളുടെ നിയന്ത്രണം നീതിയാകാതെ വരുന്നതിനാൽ മോട്ടാർവാഹനങ്ങളിലുള്ള സഞ്ചാരത്തിൽ ജനങ്ങൾക്കു പലവിധമായ സങ്കടങ്ങൾക്കും കഷ്ടങ്ങൾക്കും ഇടയായിത്തീരുന്ന സംഗതി മറച്ചുവയ്ക്കാവുന്നതല്ല. നിയമനിർദ്ദേശങ്ങൾ മോട്ടാർവാഹനങ്ങളെ കൂടുതൽ ശ്രദ്ധയോടുകൂടി നിർത്തിക്കേണ്ട ചുമതല ഗവർണ്മെന്റിന്റെ കർത്തവ്യങ്ങളിലുള്ളതായിരുന്നു. ഈ സംഗതിയിൽ പോലീസുവകുപ്പു അമാന്തം കാണിക്കുന്നു എന്നു ഞാൻ പറയുന്നില്ല. അവർക്കു സാധിക്കാവുന്ന വിധത്തിൽ എത്തിയിരിക്കുന്നു. ഇതിനു ദൃഷ്ടാന്തമായി എം. എസ്. റോഡിന്റെ എടുക്കാം. എം. എസ്. റോഡിൽതന്നെ ഇപ്പോൾ ഓടിച്ചുവരുന്ന ഹോർഡ്, അഷ്ടാസനകാറുകൾ ന്യൂ-ഓളം ഉപദ്രവിക്കുന്നതാണ് ഞാൻ അറിയുന്നതു. ഇവരുടെ നിയന്ത്രണാധികാരം പോലീസുവകുപ്പിലാണ് സ്ഥിതിചെയ്യുന്നതു. ഈ അഷ്ടാസന മോട്ടാർകാറുകൾ ഒരു മണിക്കൂറിൽ എന്നു താഴികയിൽ കൂടുതൽ ഓടിക്കാൻപാടില്ലെന്നും ൻ പേരിനു കൂടുതൽ കയററാൻപാടില്ലെന്നും ആണ് നിശ്ചയിച്ചിട്ടുള്ളതു. ഈ നിശ്ചയങ്ങൾ വകവെക്കാതെ സൂക്ഷിക്കുന്നതിനു പലസ്ഥലങ്ങളിലും പോലീസുവകുപ്പിൽനിന്നു പരിശോധനകളും ഏർപ്പെടുത്തിയിട്ടുള്ളതാണ്. അഷ്ടാസന മോട്ടാർ കാറുകൾക്കു നിശ്ചയിച്ചിട്ടുള്ള എന്നു മൈൽ വേഗത്തിനുപകരം ൨൫ മൈൽ വേഗത്തിലാണ് അവയെ ഓടിച്ചുകൊണ്ടുപോകുന്നതു. അതിൽ മൻപതുപേരെ കയററാമെന്നു നിശ്ചയിച്ചിട്ടുള്ളതിനുപകരം എത്രയോ കൂടുതൽ ആളുകളെയാണു കയററിക്കൊണ്ടുപോകുന്നതു. ചിലപ്പോൾ, ൧൦൦, ൧൫൦, ൨൦൦ ആളുകളെ കയററിക്കൊണ്ടുപോകുന്നതു പല അവസരങ്ങളിലും എനിക്കുതന്നെ കാണാൻ ഇടയായിട്ടുണ്ടു. വിശേഷദിവസങ്ങളിൽ ഈ അഷ്ടാസന മോട്ടാർകാറുകളിൽ സഞ്ചരിക്കുന്നവരുടെ സ്ഥിതി ഏററവും പരിതാപകരമാണ്. ഇങ്ങനെ ഈ കാറുകളിൽ വേഗത്തേയും ഭാരത്തേയും വർദ്ധിപ്പിക്കുന്നതുകൊണ്ടു പലവിധമായ അപകടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. യാത്രക്കാർക്കു കഠിനമായ പരുക്കുകൾക്കും മരണങ്ങൾക്കും ഇടയാകാതിരിക്കുന്നു എന്നുള്ളതു പത്രങ്ങളിൽനിന്നും പലപ്പോഴും കാണാവുന്നതാണ്. ഇങ്ങനെയുണ്ടാകുന്ന അപകടങ്ങൾ ടൌണിലൊ അതിനു സമീപസ്ഥലങ്ങളിലൊ ഉണ്ടാകുന്നവ മാത്രമേ പുറത്തറിയാനും കേസാക്കുന്നതിനും ഇടയായിട്ടുള്ളു. മററു സ്ഥലങ്ങളിൽവച്ചു റോഡിൽ സഞ്ചരിക്കുന്ന ആളുകൾക്കു അപകടങ്ങൾ ഉണ്ടാകുമ്പോൾ അവർ അവിടെ ഉപേക്ഷിച്ചിട്ടു പോകുകയാണ് ചെയ്യുന്നതു. ഇങ്ങനെയുള്ള അവസരങ്ങളിൽ ആ കാറിന്റെ നമ്പർ അറിയാൻപോലും സാധിക്കാത്തവിധം അതിവേഗത്തിൽ ഓടിച്ചുകൊണ്ടു പോകുകയാണ് ചെയ്യുന്നതു. ഹോർഡുകാറുകളെ അതിവേഗത്തിൽ ഓടിച്ചുകൊണ്ടുപോകുമ്പോൾ അതിന്റെ സ്റ്റീയറിങ്ങ് വളരെ സൂക്ഷിക്കേണ്ടതാണെന്നും അതു ഡ്രൈവറുടെ സ്വാധീനത്തിൽ നിൽക്കാതെ വരുമെന്നാണ് ഞാൻ അറിഞ്ഞിട്ടുള്ളതു. ഇക്കാരണത്താൽ മദ്രാസ് മുതലായ പ്രധാന പട്ടണങ്ങളിൽ ഹോർഡുകാറുകളെ ജനങ്ങളുടെ യാത്രക്കായുള്ള സർവീസിനുപയോഗിക്കാൻ പാടില്ലെന്നു തീർച്ചയാക്കിയിട്ടുള്ളതായി ഞാൻ അറിഞ്ഞിട്ടുണ്ടു. ഇവിടെ ഇപ്പോഴുള്ള അഷ്ടാസന ഹോർഡുമോട്ടാർ കാറുകളെ നിറുത്തണമെന്നു ഞാൻ ഒരിക്കലും അഭിപ്രായപ്പെടുന്നില്ല. ഇപ്പോൾ ലൈസൻസുകൊടുത്തിട്ടുള്ള ഈ ഹോർഡ് അഷ്ടാസന കാറുകളിൽ സ്പീഡോമീറർ വച്ചു ഓടിക്കുന്നതിനു നിർബന്ധിക്കേണ്ടതാണ്.

ഇപ്പോൾ ഹോർഡു അഷ്ടാസന മോട്ടാർകാറുകളെക്കാൾ സുഖവും സൌകര്യവും നിർമ്മലവും ആയ ന്യൂറററിക്ക് ഒൺട്ടൻ ബസ്സുകൾ ഉള്ളപ്പോൾ ബുദ്ധിമുട്ടും അസൌകര്യങ്ങളും അപകടങ്ങളും ഉള്ളതായ ഹോർഡു അഷ്ടാസനമോട്ടാർ കാറുകളിൽ യാത്രക്കാരായ ജനങ്ങൾ എന്തിനു കയറുന്നു എന്നുള്ള ചോദ്യത്തിനു അവകാശമുള്ളതാണ്. അതിലേക്കു കാരണമുണ്ടു. ഈ ഒൺട്ടൻ ബസ്സുകളെല്ലാം ടൌണിലുള്ള പ്രധാനറോഡുകളിൽ കടക്കാൻ സമ്മതിക്കാതെ കരമനവരെ നിൽക്കുകയും ആവഴി പോകുകയുമാണ് ചെയ്യുന്നതു. ഒൺടൻ ബസ്സുകളിൽ വരുന്ന യാത്രക്കാർ കരമനയിലും പാളയത്തിലും നിന്നു വണ്ടികൾപിടിച്ചു ചാല, കോട്ടയ്ക്കകം മുതലായ സ്ഥലങ്ങളിലേക്കു പോകേണ്ടതായിവരുന്നു. ഇതിലേക്കു മിക്കവാറും നാഗർകോവിലിൽനിന്നും തിരുവനന്തപുരത്തേക്കുള്ള മോട്ടാർ ചാർജ് കൊടുക്കേണ്ടതായിവരുമെന്നുള്ളതാണ്. ഈ നഷ്ടത്തെ പരിഹരിക്കുന്നതിനാണ് അഷ്ടാസനമോട്ടാർകാറുകളിൽ താല്പര്യമില്ലാത്തവർപോലും സഞ്ചരിക്കാനിടവരുന്നതു.

കുറഞ്ഞ ടയറുകൾ ഇട്ടിട്ടുള്ള വലിയ ബസ്സുകൾ തിരുവനന്തപുരം മെയിൻറോഡു വഴിപോകാൻ പാടില്ലെന്നു മുമ്പു നിശ്ചയമുണ്ടായിരുന്നു. ഈ ബസ്സുകൾ ടൌൺ റോഡുകളെ ചീത്തയാക്കുമെന്നു മാത്രമല്ല ആ റോഡുകളിൽ നടന്നുസഞ്ചരിക്കുന്ന ജനങ്ങൾക്കു അസൌകര്യമാണെന്നും സമ്മതിക്കാവുന്നതാണ്. എന്നാൽ അതിൽപിന്നിട്ടു നടപ്പിലാവന്നിട്ടുള്ളതും ന്യൂമററിക്കു ടയറുകൾ ഉള്ളതും ആയ ഒൺടൺബസ്സുകളെ തിരുവനന്തപുരം

റോഡിലെ മെയിൻറോഡുവഴി ഓടിക്കാൻപാടില്ലെന്നു തടഞ്ഞിട്ടുള്ളതു യാത്രക്കാർക്കു വലുതായ അസൗകര്യത്തിനും വുദ്ധിമുട്ടിനും നഷ്ടത്തിനും ഇടയാക്കിട്ടുള്ളതാണു. ഈ ഒൺടൻബസ്സുകൾക്കു കണ്ടക്ടർ വലിയബസ്സുകളുടെ ക്ലാസിൽ ഉൾപ്പെടുത്തിയതു എങ്ങിനെയാണെന്നു അറിയുന്നില്ല. ഒൺടൺ ബസ്സുകൾ പൂജപ്പുര, കുരമന റോഡുവഴിപോകുന്നതുകൊണ്ടു കൊട്ടാരക്കര, ചാല, പഴവങ്ങാടി മുതലായ സ്ഥലങ്ങളിൽ ഉള്ളവർക്കു വരുന്നിടത്തു കൊടുത്തു കൂടുന്നതിനു വിഷമിച്ചു അവർ സന്തോഷത്തോടെ കുറച്ചു പ്രാവിശ്യം സഞ്ചരിക്കാറു അനുഭവിക്കേണ്ടതായിരിക്കുന്നു. യാത്രക്കാരായ ജനങ്ങൾ അവരുടെ ഇഷ്ടപ്രകാരം ഒൺടൻ ബസ്സുകൾ, സ്വന്തവും മോടിയുള്ള വാഹനങ്ങളിൽ സഞ്ചരിക്കുന്നതിൽ ഗവർണ്മെൻറിനു പലുത്ത പ്രതിബന്ധം ഉണ്ടാകുമെന്നു തോന്നുന്നു. യാത്രക്കാരായ ജനങ്ങൾ അവരുടെ ഇഷ്ടപ്രകാരം ഒൺടൻ ബസ്സുകൾ, വിശിഷ്ടമായ ചെലവു കൂടിയതും ഗതിക്കേടായി ഒൺടൻ ബസ്സുകളുടെ ഉടമസ്ഥന്മാരേയും അഭ്യാസനക്കാർക്കാരുടെ ഉടമസ്ഥന്മാരേയും വിചിച്ചുകൂട്ടി ഒരു കാൺഫറൻസു നടത്തിക്കാണുന്നു. ഒൺടൺ ബസ്സുകളും അഭ്യാസനക്കാർക്കും തിരുവനന്തപുരം ടൌണിലെ മെയിൻറോഡുവഴി ചാലയിലേക്കു കൂടി നാഗർകോവിലേക്കു പോകണമെന്നു തീർച്ചയുള്ളവരായി കുരമന പൂജപ്പുര റോഡുവഴി വരുന്നതു നിർത്തുകയും ഗവർണ്മെൻറിലെ ഉദ്യോഗസ്ഥന്മാരെ കൂടി ഇതിനു ഉത്തരവാദികളാക്കുകയും ചെയ്തിട്ടുള്ളതായും അറിഞ്ഞു. അങ്ങനെ ഗവർണ്മെൻറിനു കമീഷണർ റിപ്പോർട്ടു ചെയ്തിട്ടുണ്ടെങ്കിൽ ഇപ്പോൾ ഈ റോഡുവഴി ഓടിവരുന്ന മോട്ടോർ വാഹനങ്ങളുടെ സംഖ്യ കാണക്കുപോകുന്നതാണ്. മോട്ടോർവാഹനങ്ങളെക്കൊണ്ടു ടൌണിലെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾക്കു കുറവു വരുന്നതാണ്. യാത്രക്കാരായ ജനങ്ങൾക്കു വളരെ ഇഷ്ടമുള്ള ഈ അഭ്യാസക്കുതിരകളെ പിടിച്ചിടുന്നതിനു ഒരുട്ടൺബസ്സുകളെ ചാലവഴി വിടുന്നതിനു അനുവദിക്കേണ്ടതാണ്.

മി. ജി. പരമേശ്വരൻപിള്ള (ഡെപ്യൂട്ടി സെക്രട്ടറി): സ്ത്രീസമക്ഷത്തും കുട്ടികൾ സമക്ഷത്തും ഈ ബസ്സുകൾ ടൌണിൽക്കൂടി പോകുമ്പോൾ എന്തിനു സ്ഥിതിക്കിടയാക്കുന്ന ഉപദ്രവങ്ങൾ വേറെ കൂട്ടിൽ ഉപദ്രവം ഉണ്ടാകുകയില്ലേ?

മി. ടി. കുമാരപിള്ള (കൺസർവ്വേറ്റീവ് ഡിവിഷൻ): പോലീസുകമ്മിഷണർക്കു ചിലർ ഇതിനെ സംബന്ധിച്ചു ഹർജി കൊടുത്തതുകൊണ്ടു ഞാൻ അതിനെപ്പറ്റി അന്വേഷണം നടത്തുകയും ഗവർണ്മെൻറിലേക്കു എഴുതിയിട്ടുള്ളതായും ഞാൻ കേട്ടിട്ടുണ്ടു. ഇതുപോലെ ഒരു നടപടി കൈക്കൊള്ളുന്നപക്ഷം ടൌണിൽ ഉള്ളവർക്കു ഉപദ്രവം കുറഞ്ഞുവരുന്നതാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (ഡെപ്യൂട്ടി സെക്രട്ടറി): ടൌൺ വിചാരിക്കുന്നതെന്തു?

മി. ടി. കുമാരപിള്ള (കൺസർവ്വേറ്റീവ് ഡിവിഷൻ): ടൌണിലെ നിവാസികളും ഇവിടം മുതൽ നാഗർകോവിൽവരെ യാത്രചെയ്യുന്നവരുമായ ആളുകളുംകൂടെ ചേർന്നു ഹർജികൊടുത്തിട്ടുണ്ടെന്നു ഞാൻ അറിയുന്നു. ഇവിടെനിന്നും പുറപ്പെടുന്ന മോട്ടോർവാഹനങ്ങൾ നാഗർകോവിൽവരെ പോയി തിരിയ്ക്കുമ്പോൾ പൂജപ്പുര വഴി ടൌണിൽ വരണമെന്നും മംഗലാപുരം കമ്മിഷണർ ഗവർണ്മെൻറിലേക്കു എഴുതി അയച്ചിട്ടുള്ളതായി ഞാൻ അറിയുന്നു. മി. ജി. പരമേശ്വരൻപിള്ള ചോദിച്ചതുപോലെ വളരെ ന്യായമായ കാര്യമാണ്, പോലീസ് കമ്മിഷണറുടെ വിചാരത്തിനു പിന്നെ മോട്ടോർ വാഹനങ്ങളുടെ യാത്ര മുന്നോട്ടുതന്നെ കുറയുകയും ഉപദ്രവങ്ങൾ ഒരു കുറഞ്ഞുപോകുകയും ചെയ്യുന്നതാണ്.

മി. എം. ശിവതാണുപിള്ള (മാവേലിക്കര): സർ, ഞാൻ മി. കുമാരപിള്ളയുടെ മേലഭിപ്രായത്തെ രണ്ടു കാരണങ്ങളാൽ പിൻതാങ്ങുന്നു. അതിൽ ഒന്നാമത്തേതു ചെക്കുചെയ്യുന്ന കാര്യത്തിൽ പോലീസുകാരുടെ ഗതി ഇപ്പോൾ തൃപ്തികരമായിട്ടു എനിക്കു തോന്നുന്നില്ല എന്നുള്ളതും രണ്ടാമത്തെ കാരണം മോട്ടോർവാഹനങ്ങൾ റോഡിൽക്കൂടി ഓടിക്കുന്നതിനു കൊടുക്കുന്ന ലൈസൻസ് അല്ലലേറെയെന്നു പരിശോധിക്കുന്നകാര്യത്തിൽ അനുകരിക്കുവാനുള്ള നീതി ഇപ്പോൾ തൃപ്തികരമായിട്ടുള്ളതല്ലെന്നുള്ളതും ആകുന്നു. വാടകക്കു വിടുന്ന കാറുകളെ ഓടിക്കുന്നകാര്യത്തിന് നിയന്ത്രിക്കുന്നതിനായി ഗവർണ്മെൻറിനു ചില ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നു ഈ സഭയിലെ മെമ്പർമാർക്കു അറിയാമല്ലോ. മോട്ടോർവാഹനങ്ങൾ ഓടിക്കുന്നതിനുള്ള സമയം നിയന്ത്രിക്കുന്നതിനായും ചില ചട്ടങ്ങൾ ഉണ്ടെന്നു ഈ സഭയിലെ മെമ്പർമാർ അറിഞ്ഞിട്ടുണ്ടു. ഈ വാഹനങ്ങൾ അവയുടെ ഗതിതുടങ്ങുന്നസ്ഥലത്തുനിന്നു കുറഞ്ഞ സമയങ്ങളിൽ പുറപ്പെടുകയും ഓരോ സ്ഥലങ്ങളിൽ ചെന്നുചേരുകയുമാവണം പക്ഷേ ഈ ചട്ടത്തിന്റെ ഉദ്ദേശം. വാഹനങ്ങൾ അമിത മത്സരത്തിൽ ഓടിക്കുന്നതിനു തടസ്ഥമുണ്ടാക്കുന്നതിനായിരിക്കണം. ഒന്നുകൂടെപറഞ്ഞാൽ കയറാവുന്ന ഒരു ഹോർസ്പവർ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു ഓടിക്കുന്ന ഒരു പ്രത്യേകവഴിയിൽക്കൂടിയേപാടുള്ളു. ഇതുകൂടാതെ ഒടുന്ന മരുന്നുകൾ കൂടി കൺസ്ട്രക്ടർമാരുടെ പോലെയുള്ളതു, എന്നാൽ യഥാർത്ഥത്തിൽ അവയെ നിയന്ത്രിക്കുന്നതിനു നിയുക്തരായിട്ടുള്ള പോലീസുകാരുടെ നടപടിയെപ്പററി നമുക്കുള്ളതുകൊണ്ടു അധികവും ഇതുപോലെ, ഒരു സ്ഥലത്തുനിന്നു കുറഞ്ഞ സമയത്തു പുറപ്പെടേണ്ടതായ ഒരു മോട്ടോർവാഹനം വഴിയിൽ നിന്നും ആളുകളെ കയറ്റുന്നതിനു റോഡിൽ കൂൽ മണ്ണ ക്രമീകരിക്കുന്നതിനു കുത്തിവരുന്നതായും തൻനിമിത്തം ഒരുസ്ഥലത്തുനിന്നും തരണ്ടു വാഹനങ്ങൾ ഒരുമിച്ചു പുറപ്പെടുന്നതായും നാം പലപ്പോഴും കാണുന്നുണ്ടു. പോലീസ് കുട്ടികളെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാർ എന്തെങ്കിലും പ്രതിഫലം സ്വീകരിക്കുന്നതിനും ഈ കാറുകളെ യഥേഷ്ടം സഞ്ചരിക്കാൻ അനുവദിക്കുന്നതിനും പ്രേരിതരായിട്ടുണ്ടെന്നു എനിക്കറിയാം. അതിനു ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു, തിരുവനന്തപുരം ഡിവിഷനിലെ ഡിസ്ട്രിക്ട് സൂപ്രണ്ടിന്റെ മരുമകനെ ടൌണിനായി ഒരു മോട്ടോർകാറുമായി പോകുകയായി വരികയും ആ കമ്പനിയുടെ കണക്കുപുസ്തകം അദ്ദേഹത്തിനെ കാണിക്കയും ചെയ്തിട്ടുണ്ടു. ചിലവുകളുടെ കൂട്ടത്തിൽ 'പോലീസുകാർക്കു നാലണ', 'പോലീസുകാർക്കു നാലണ' എന്നും എഴുതിയിരുന്നു. ഒരേ പേജിൽ തന്നെ രണ്ടോ മൂന്നോ പ്രാവശ്യം ഇതുതന്നെ പററി പറഞ്ഞിട്ടുണ്ടായിരുന്നു. ഇതിനെപ്പററി ചോദിച്ചപ്പോൾ കേട്ടിട്ടുണ്ടെന്നു പോലീസ് സൂപ്രണ്ടിനോടു പറഞ്ഞപ്പോൾ കണക്കെഴുത്തിലെ ഇത്തരം കുറിപ്പുകൾകൊണ്ടു യാതൊരു ഫലവുമില്ലെന്നും എന്തെന്നാൽ പ്രതിഫലം പററിയ കാൺസ്റ്റബിൾ ആരാണെന്നു കണ്ടുപിടിക്കുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു. ഒൻപതുമണിക്കു കയറാവുന്ന ഇത്തരം കാറുകൾ സ്റ്റാൻഡുകളിൽനിന്നു ഒരുസ്ഥലത്തുതന്നെ പുറപ്പെടുകയും ഒന്നിലധികം കാറുകൾ തമ്മിലുള്ള മത്സരിച്ചു ഓടിക്കുകയും ഒരുസ്ഥലത്തുചെന്നു ചേരുകയും ചെയ്യുന്നുഎന്നുള്ളതു എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്.

രജിസ്ട്രേഷൻ വാഹനങ്ങളെ പരിശോധിക്കുന്നതിന്നു [illegible] ഏർപ്പെടുത്തിയിട്ടുള്ള [illegible] അതിചുരുക്കം [illegible] അപ്രാപ്തരാകുന്നു. ഇപ്പോൾ ചെയ്തുവരുന്നതെന്തെന്നാൽ [illegible] ഡിവിഷൻ എൻജിനീയറിങ്ങ്മാരും [illegible] ഒരു സബ്ഡിവിഷൻ ആഫീസറെ ഒരു [illegible] കൊള്ളുവാനുള്ള [illegible] ചുമതലകൾ [illegible] ഏൽപ്പിക്കുന്നതിന്നു അനുവദിച്ചിരിക്കുന്നു. സിവിൽഎൻജിനീയറിങ്ങ്മാരും നിശ്ചയപ്പെടുത്തുന്ന [illegible] വാഹനങ്ങൾ പരിശോധിക്കുന്നതിന്നു പ്രാപ്തന്മാരല്ലെന്നുള്ള കാര്യം ഈ സമയത്തെ [illegible] തന്നെ. ഏതെന്തെന്നാൽ അതിപ്രകാരം ഒരു എലക്ട്രിക്കൽ എൻജിനീയരോ ഒരു മെക്കാനിക്കൽ എൻജിനീയരോ ആണ്ടെങ്കിലും ഇത്ര മാത്രക്കാരായ ജനങ്ങൾക്കു ഒക്കെയുന്നു തൃപ്തിനൽകുന്നില്ല. ചിലപ്പോൾ മി. കുമാരപിള്ള പറഞ്ഞതുപോലെ സ്റ്റീയറിങ്ങ്ഡ്രൈവറുടെ സ്വാധീനത്തിൽ അല്ലാതെയും വരുത്തിപോകുന്നുണ്ടു.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): ഒരു സിവിൽഎൻജിനീയരെ ഒരു മോട്ടോർ വാഹനം പരിശോധിക്കാൻ നിയോഗിച്ചിട്ടുള്ളതിന്നു ഒരു ഉദാഹരണം പറയാമോ?

മി. എം. ശിവതാണുപിള്ള (മാവേലിക്കര): നാഗർകോവിലിൽ സബ്ഡിവിഷൻ ആഫീസർ മോട്ടോർവാഹനങ്ങളെ പരിശോധിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): അദ്ദേഹം ഒരു മെക്കാനിക്കൽ എൻജിനീയറാണ്.

മി. എം. ശിവതാണുപിള്ള (മാവേലിക്കര): റോഡിൽക്കൂടി കാർ ഓടിച്ചുകൊണ്ടു പൊകുമ്പോൾ സ്റ്റീയറിങ്ങ്ഡ്രൈവറുടെ സ്വാധീനത്തിൽ നിൽക്കാതെ വരുന്നതായും നാം കാണുന്നുണ്ടു. സ്റ്റീയറിങ്ങ്ഡ്രൈവറുടെ സ്വാധീനത്തിൽ നിന്നു തിരെ വിട്ടുപോയിട്ടുള്ള ഒരു സംഭവം യഥാർത്ഥത്തിൽ എനിക്കു കണ്ടറിവുണ്ടു. ഏതാനുമുട്ടു ബ്രേക്കുകൊണ്ടു കാർ നിറുത്തുന്നതിന്നു ഡ്രൈവർക്കു സാധിച്ചു. ഈ കാര്യങ്ങളെ നിയന്ത്രിക്കുന്നതിന്നു അതിൽപ്രത്യേകം വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള ഒരാൾ വേണമെന്നാണ് എന്നു [illegible] ഞാൻ സങ്കല്പിച്ചു യഥാർത്ഥ അനുഭവം സിദ്ധിച്ചിട്ടുള്ള ജനങ്ങൾ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. മറെറാരു കാരണംകൂടിയുണ്ടു. സബ്ഡിവിഷൻ ആഫീസർമാർ അവരുടെ സെക്ഷൻജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. ഇതിനേക്കാൾ പ്രത്യേകം നിയമിച്ചിട്ടുള്ള ഒരാൾ ചെയ്യുന്നതുപോലെ ഈ ജോലിയിൽ ആവശ്യപ്പെടുന്ന ശ്രദ്ധ പതിക്കുന്നതിന്നു അവർക്കു സാധിക്കുകയില്ല. അതുകൊണ്ടു മി. കുമാരപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ സന്തോഷസമേതം പിൻതാങ്ങുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സർ, മി. കുമാരപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പാടെ പിൻതാങ്ങുന്നില്ല. തിരുവനന്തപുരത്തുനിന്നും വാർക്കോവിലെ മുതലായ സ്ഥലങ്ങളിലേക്കു യാത്രക്കാരെ കൊണ്ടുപോകുന്നതിന്നു വളരെ ഉപയോഗമുള്ള ഒരു തരം വാഹനങ്ങളാണ് ഈ അഷ്ടാസനക്കാറുകൾ. തിരുവനന്തപുരം പട്ടണത്തിലുള്ള തെരുവുകളിൽക്കൂടി സഞ്ചരിക്കുന്നതിന്നു ബസ്സുകളെ അനുവദിക്കണമെന്നാണ്. മി. കുമാരപിള്ള ആവശ്യപ്പെടുന്നതു. ഈ ഉപക്ഷേപംകൊണ്ടു പണ്ടത്തിലെ അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശം അതാകുന്നതാണ് എന്നു എനിക്കു തോന്നുന്നതു. അതിനെപ്പററിനല്ലവണ്ണം ആലോചിച്ചു നോക്കിയതിന്നുശേഷമെ അതു അനുവദിക്കാവുന്നതാകുന്നുള്ളു എന്നു ഞാൻ ഗവർണ്ണമെന്റിനോടു ഈ പട്ടണത്തിലെ ഒരു മെമ്പർഎന്ന നിലയിൽ അപേക്ഷിച്ചുകൊള്ളുന്നു. തിരുവനന്തപുരത്തുള്ള ഗറാഡ്ജുകൾ വളരെ വിസ്താരം കുറഞ്ഞവയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി അവയിൽക്കൂടിയുള്ള സഞ്ചാരം വളരെ നിബിഡമായിക്കഴിഞ്ഞിട്ടുണ്ടു. ഒരുപ്രകാരം കാറുകൾ അഷ്ടാസനക്കാറുകൾ, മററു ചെറുതരം വാഹനങ്ങൾ എന്നിവയുടെ സംഖ്യ വർദ്ധിച്ചുവരികയുമാണ് ഈ വാഹനങ്ങൾക്കെല്ലാം സ്വതന്ത്രമായി സഞ്ചരിക്കുന്നതിന്നു റോഡിൽ വേണ്ടിടത്തോളം സ്ഥലമില്ല. അതുകൊണ്ടു ഈ ഭാരമേറിയ ബസ്സുകളെ പട്ടണത്തിനകത്തുകൂടി ഓടിക്കുന്നതിന്നു അനുവദിക്കുന്നതു അത്ര യുക്തമായിരിക്കും. സ്കൂളുകളിൽപോകുന്ന കുട്ടികൾക്കും, യാത്രക്കാരായ മററു ജനങ്ങൾക്കും റോഡിൽക്കൂടി നിർബ്ബാധമായി സഞ്ചരിക്കുന്നതിന്നു വലിയ വിഷമം നേരിടുന്നതാണ്. ഈ റോഡുകളുടെ ധിതിക്കുട്ടിയും മെയിൻ റോഡുകളുടെ ഇരുവശത്തും കാൽനടയായി സഞ്ചരിക്കുന്നവരുടെ ഉപയോഗത്തിന്നു പ്രത്യേകം വഴി ഉണ്ടാക്കുകയും ചെയ്യുന്നതാണ്.

മി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): തിരുവനന്തപുരത്തുള്ള റോഡുകളിൽ ഇപ്പോൾ ഉള്ളതിൽനിന്നും കുറയുകയാണെങ്കിൽ വിരോധമുണ്ടോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കുറഞ്ഞാൽകൊള്ളാം. എന്നാൽഅതു എങ്ങനെ കുറയും?

ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നതു ചാലറോഡിലു മെയിൻറോഡിലുംകൂടി ബസ്സുകൾ ഓടിക്കാൻ അനുവദിച്ചുകൂടെന്നു കാണിക്കാൻ വേണ്ടിയാകുന്നു. പാളയം വഴി ബസ്സുകൾ ടൌണിൽ പോകാൻ അനുവദിച്ചിട്ടുണ്ടല്ലൊ, അതുകൊണ്ടു യാത്രക്കാർക്കു യാതൊരുപ്രയാസവും നേരിടുമെന്നു തോന്നുന്നില്ല. പഴവങ്ങാടി, ചാല, മെയിൻറോഡു ഈ സ്ഥലങ്ങളിലേക്കു യാത്രക്കാർക്കു പോകണമെങ്കിൽ അവർക്കു അഷ്ടാസനക്കാറുകൾ തന്നെ സഞ്ചരിക്കാവുന്നതാണ്. അഷ്ടാസനക്കാറുകൾ ധാരാളം റോഡിൽക്കൂടി ഗതാഗതം ചെയ്യുന്നുണ്ടു് അതിനാൽ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി. ആർ. കെ. കൃഷ്ണപിള്ള (അഡീഷനൽ പോലീസ്കമ്മീഷണർ): മോട്ടോർവാഹനങ്ങളുടെ ഗതാഗതനിയന്ത്രണം തൃപ്തികരമായിരിക്കുന്നില്ലെന്നുള്ള സംഗതിയെപ്പററി മി. കുമാരപിള്ളയും മി. ശിവതാണുപിള്ളയും പറഞ്ഞതു ശരിതന്നെ. എന്നാൽ മോട്ടോർവാഹനങ്ങളുടെ നിയന്ത്രണത്തിനായി [illegible] സ്റ്റാഫ് അനുവദിച്ചിട്ടില്ലെന്നുള്ള വിവരം അവർക്കു അറിയാമെന്നു തോന്നുന്നില്ല. ഇപ്പോൾചെയ്തുകൂട്ടുന്ന എന്തെന്നാൽ മററു സ്റ്റാഫിനെക്കൊണ്ടുതന്നെ മോട്ടോർനിയന്ത്രണജോലിയുംകൂടി നടത്തിവരുന്നു എന്നുള്ളതാകുന്നു. ഇന്നയിന്നു പ്രത്യേകജോലികൾ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് നമ്മുടെ രാജ്യത്തിലെ പോലീസ്സൈന്യത്തിന്റെ സംഖ്യ ക്രമപ്പെടുത്തിയിട്ടുള്ളതു. മോട്ടോർവാഹനനിയന്ത്രണത്തിനായിട്ടു പ്രത്യേകആളുകളെ നിയമിച്ചിട്ടില്ല. ആ സ്ഥിതിക്കു ഇപ്പോൾ അതുസംബന്ധിച്ചു പോലീസുകാർ ചെയ്തുവരുന്ന ജോലിക്കുള്ളിൽ മോട്ടോർജോലിയാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഇപ്പോൾ മോട്ടോർബസ്സുകൾ പരിശോധിക്കുന്നതിന്നു എത്ര ഇൻസ്പെക്ടർമാർ ഉണ്ടെന്നു കമ്മീഷണർ പറയുമോ?

മി. [illegible] കൃഷ്ണപിള്ള (ഗതാഗതകമ്മീഷണർ): സംസ്ഥാനത്തുടനീളം മോട്ടോർ ട്രാഫിക് ഇൻസ്പെക്ടർ [illegible] ഇപ്പോൾ [illegible] ഇൻസ്പെക്ടർമാരെക്കൂടി അനുവദിച്ചിട്ടുണ്ട്. ആ ഇൻസ്പെക്ടർമാർ [illegible] നിയമിതരായാൽ ആകെ രണ്ടു ഇൻസ്പെക്ടർമാർ ഉണ്ടായിരിക്കും.

മി. [illegible] പിള്ള (തിരുവനന്തപുരം): സംസ്ഥാനത്തെമോട്ടോർവാഹനങ്ങളും പരിശോധിക്കുന്നതിനു രണ്ടു ഇൻസ്പെക്ടർമാർ മതിയാകുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. ഗതാഗതകമ്മീഷണർ): രണ്ടു ഇൻസ്പെക്ടർമാരെക്കൊണ്ടുതന്നെയും മതിയാകുമായിരുന്നു. കൂടുതൽ ആളുകളെ അനുവദിക്കുന്നതുകൊൾ നന്നായിരിക്കും. ഇപ്പോൾ ഒരു ഇൻസ്പെക്ടറെക്കൊണ്ടു [illegible] ജോലിനടത്തിപ്പോരുന്നു. ഒരാളെക്കൂടി ഈമാസത്തിൽ കിട്ടുകയും ചെയ്യും. കൂടുതൽ ഇനിയുമുണ്ടായാൽ അത്രയും നല്ലതുതന്നെ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കൂടുതൽ ആളുകൾ വേണമെന്നു കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ടോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. ഗതാഗതകമ്മീഷണർ): ഒരു ഇൻസ്പെക്ടർക്കൂടിവേണമെന്ന അപേക്ഷയും അയച്ചു ഗവർണ്മെന്റിനു അനുവദിക്കയുംചെയ്തിട്ടുണ്ടു. ഇങ്ങനെ മോട്ടോർവാഹനനിയന്ത്രണത്തിനു മേലാൽ രണ്ടു ഇൻസ്പെക്ടർമാർ ഉണ്ടായിരിക്കും. ഇപ്പോൾഉള്ള സ്റ്റാഫിനെക്കൊണ്ടുതന്നെ മോട്ടോർനിയന്ത്രണവും നടത്തിവരുന്നു.

മി. ടി. കുഞ്ഞുപിള്ള (കൽക്കുളം-വില്ലുവാതുക്കാട്ടു): പോലീസ് കാൺസ്റ്റബിൾമാരെയും ഹെഡ്കാൺസ്റ്റബിൾമാരെയും ഇൻസ്പെക്ടർമാരെയും കൂടുതൽ നിയമിച്ചാലും ചെക്കുചെയ്യുന്ന സ്ഥലങ്ങൾക്കുമേൽ ഉദ്യോഗസ്ഥന്മാർ ഇല്ലെങ്കിൽ എങ്ങിനെ നടത്താൻസാധിക്കും?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്കമ്മീഷണർ): ട്രാഫിക്ക്ഇൻസ്പെക്ടർമാർ മോട്ടോർവാഹനങ്ങളിൽക്കൂടി യാത്രചെയ്താലേസാധിക്കുകയുള്ളു. ഇപ്രകാരം ഈ കൂടുതൽ ജോലിക്കുകൂടി ഇപ്പോൾഉള്ള ജീവനക്കാരെക്കൊണ്ടാണു സാധിച്ചുവരുന്നതു. മോട്ടോർട്രാഫിക്കു പരിശോധനയും മോട്ടോർവാഹനനിയന്ത്രണവും കാൺസ്റ്റബിൾമാരെക്കൊണ്ടു നടത്തുന്നതു അത്ര തൃപ്തികരമല്ലെന്നു ഞാൻ സമ്മതിക്കുന്നു. ഈ പ്രധാനമായ ജോലി ഹെഡ്കാൺസ്റ്റബിൾമാരെക്കൊണ്ടെങ്കിലും നടത്തിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അതിനേയ്ക്കു ഞങ്ങൾക്കു വേണ്ടിടത്തോളം ഹെഡ്കാൺസ്റ്റബിൾമാർ ഇല്ല. കാൺസ്റ്റബിൾമാർ മാത്രമേയുള്ളു. അതുകൊണ്ടു അവരെക്കൊണ്ടു നടത്തിച്ചുവരുന്നു. ഹെഡ്കാൺസ്റ്റബിൾമാരെങ്കിലും ഉണ്ടായിരുന്നാൽ കൊള്ളാം.

ഒരു ടൺ ഭാരമുള്ള ബസ്സുകൾ ടൌണിൽക്കൂടി ഓടിക്കാൻ അനുവദിക്കാമെന്നുള്ളതിനെപ്പററി ഞാൻ ഗവർണ്മെന്റിലേക്കു എഴുതിയിട്ടുള്ളതു വാസ്തവംതന്നെ. എന്നുമാത്രമല്ല ഒരു ടൺബസ്സുകൾ മെയിൻറോഡിൽ ഓടിക്കുന്നതിൽ എനിക്കു വിരോധവും ഇല്ല. എന്റെ റിപ്പോർട്ടിൽപ്പറയുന്ന വ്യവസ്ഥകൾ അനുസരിച്ചു നടത്തുന്നതുകൊണ്ടു [illegible] ഗതാഗതസംഖ്യ കുറഞ്ഞുപോകുന്നതാണ്. തിരുവനന്തപുരത്തിനും നാഗർകോവിലിനും മദ്ധ്യേയായി ഇപ്പോൾ അനേകംതാമസം നവസേനക്കാരുകൾ ഓടുന്നുണ്ടു. [illegible] ഓരോന്നിനും ഇപ്പോൾ ഒന്നു സർവീസുവീതം ഉണ്ടു, അതായതു ഇവിടത്തെ റോഡുകളിൽക്കൂടി [illegible] പ്രാവശ്യം ഈ നവാസനങ്ങൾ ഓടിക്കൊണ്ടിരിക്കും. ഈ എല്ലാ കാറുകളും ബസ്സുകളും കരമനയിൽനിന്നും ഏതെങ്കിലും ഒരു ക്ലൂപ്പുറോഡുവഴി പ്രവേശിച്ചു ഒരേ മാർഗ്ഗമായി ഗതാഗതംചെയ്യുന്നതായാൽ അവതമ്മിൽ കൂട്ടിക്കൂടുക്കാൻ ഇടയാകുകയില്ല. അതുകൊണ്ടു അപ്രകാരം ചെയ്യുന്നതിലേക്കാണു ഞാൻ നിർദ്ദേശിക്കാൻപോകുന്നതു. ഇവയെല്ലാം മെയിൻറോഡിൽക്കൂടി കരമനവഴി നാഗർകോവിലിലേക്കു പോകുന്നതാണ് ബസ്സുകൾ ടൌൺറോഡിൽക്കൂടി ഒരേ മാർഗ്ഗമായി ഗതാഗതംചെയ്യുമെന്നുള്ളതുകൊണ്ടു ഒട്ടുകൂടുള്ള ഗതാഗതസംഖ്യ ഏകദേശം ഒന്നുപകുതിയായി കുറഞ്ഞുപോകും. ആകെ വന്ന ബസ്സുകളെയുമല്ല. ഇവയെക്കൂടി ഉൾപ്പെടുത്തുമ്പോൾ ഗതാഗതം വന്നു ആയി കൂടുകയുംചെയ്യും. എന്നാൽ തൻമൂലം ഗതാഗതം [illegible] ആയി കുറയുകയുംചെയ്യും.

അദ്ധ്യക്ഷൻ: നിങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയം തീർന്നിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): കമ്മീഷണരുടെ അഭിപ്രായങ്ങൾ കേട്ടശേഷം ഒരു സംഗതിമാത്രം ചൂണ്ടിക്കാണിക്കേണ്ടതായി എനിക്കു തോന്നുന്നു. അതായതു [illegible] ജനങ്ങൾ [illegible] യോഗ്യതകൾ അനുഭവിക്കുന്നതു കുറഞ്ഞതും ആയിരിക്കുന്നസ്ഥിതിക്കു മോട്ടോർ ട്രാഫിക്കുനിയന്ത്രണത്തെപ്പററിയുള്ള ഈ വ്യവസ്ഥകൾമൂലം അവകളിൽ സഞ്ചരിക്കുന്ന പൊതുജനങ്ങൾക്കു അസൌകര്യവും ഉണ്ടാക്കുന്നതായി കാണുന്നു. [illegible] അതിൽ കൂടുതലും ആളുകളെ കയററുന്ന വലിയ ബസ്സുകൾ മെയിൻറോഡിൽക്കൂടി ഗതാഗതംചെയ്യുന്നതിനു അനുവദിക്കുന്നതു തീരെ അനാവശ്യമാണു. ഇപ്പോൾഉള്ള വ്യവസ്ഥയിൽ യാതൊരു ഭേദഗതിയും ചെയ്തിട്ടു ആവശ്യമില്ലെന്നാണു എന്റെ അഭിപ്രായം.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): മോട്ടോർവാഹനങ്ങളുടെ നിയന്ത്രണവിഷയത്തിൽ ഗവർണ്മെന്റിന്റെ ശ്രദ്ധ പൂർവ്വാധികം പതിയേണ്ടതാണെന്നു ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. കാൽനടക്കാരുടെ രക്ഷയാണു ഇതിൽ പ്രധാനമായി നോക്കാനുള്ളതു. നമ്മുടെ പബ്ലിക്ക്റോഡുകളിൽ കാൽനടക്കാർക്കു പ്രത്യേകം പാതകൾ ഇല്ലെന്നുള്ളതു നിർവിവാദമാണല്ലൊ. ആസ്ഥിതിക്കു കാൽനടക്കാരുടെ രക്ഷയാണു മോട്ടോർവാഹനങ്ങളുടെ ഗതാഗതനിയന്ത്രണത്തിൽ പ്രധാനമായി നോക്കാനുള്ളതു. [illegible] ആദ്യം പ്രാധാന്യംകൊടുത്തു കാൽനടക്കാർക്കു മററുള്ളവരെക്കാൾ പബ്ലിക്ക്റോഡുകളെ സംബന്ധിച്ചിടത്തോളം പ്രാധാന്യവും അധികതരവും ആയ അവകാശം ഉണ്ടെന്നു അമേരിക്കയിലെ ഐക്യനാടുകളിലെ ചില കോടതികളിൽനിന്നും വിധിച്ചിട്ടുണ്ടെന്നുള്ള വസ്തുത മിക്കയാളുകളും അറിഞ്ഞിരിക്കാനുള്ളതാണല്ലൊ. ഈ വസ്തുത അധികാരസ്ഥന്മാരുടെ ദൃഷ്ടിയിൽ എപ്പോഴും പതിയേണ്ടതാകുന്നു. മോട്ടോർവാഹനങ്ങളിൽ ക്ലിപ്പുപ്പട്ടത്തിയിട്ടുള്ളതിൽ കൂടുതൽ ആളുകളെ കയററാൻ പാടില്ലെന്നു നിഷ്കർഷയായി നിർബന്ധിക്കേണ്ടതാണെന്നുള്ള മി. കുമാരപിള്ളയുടെ അഭിപ്രായത്തിൽ ഞാൻ ചേരുന്നു എന്നുമാത്രമല്ലാ അതിനേക്കായിട്ടു ഓരോബസ്സിലും ഒരോ കൺസ്റ്റബിളിനെക്കൂടി കയററിഅയക്കുന്നതു നന്നായിരിക്കുമെന്നും ഞാൻ അഭിപ്രായപ്പെടുന്നു. മി. കുമാരപിള്ള [illegible]

[illegible] ക്രമരീതിയിൽ അറേഞ്ചുചെയ്തു [illegible] സ്റ്റേഷൻ സമീപിക്കുമ്പോൾ [illegible] ഇറക്കി [illegible] സ്റ്റേഷൻ കഴിഞ്ഞുകഴിഞ്ഞുപോകുമ്പോൾ വീണ്ടും കയറി [illegible] ഏർപ്പാടു സാധാരണമായി നടന്നുവരുന്നതാണു. ഇതുവരെ അപകടങ്ങൾ ഉണ്ടായിട്ടില്ലെന്നു പറയുന്നതു ശരിയല്ലല്ലോ. ഇതുനിമിത്തം പല മോട്ടോർ അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഏതിനിക്കറിയാം. ക്രോസിങ്ങുകൾ [illegible] ഗവൺമെന്റു [illegible] ഏതെങ്കിലും നിസ്സാരമായ [illegible] ഉണ്ടാക്കുകയുംചെയ്യുന്നു.

മി. കുമാരപിള്ളയുടെ പ്രമേയത്തോടു ഞാൻ യോജിക്കുന്നില്ല. [illegible] ജനങ്ങളുടെ രക്ഷയാണു ഗുരുസംഗതി. കളിൽ [illegible] നിയന്ത്രണമുണ്ടായിരിക്കണമെന്നാണു ഞാൻപറയുന്നതു. മററുള്ളവരുടെ [illegible] ചിന്തിക്കാതെ [illegible] ഉണ്ടാക്കുന്നു. [illegible] ഉണ്ടാകുമ്പോൾ [illegible] ഉണ്ടാക്കുന്നു. [illegible] ഇവയ്ക്കെല്ലാം ആത്യന്തികമായ [illegible] ഉണ്ടു. [illegible] ഇവയ്ക്കെല്ലാം ആത്യന്തികമായ [illegible] ഉണ്ടു. [illegible] ഇപ്രകാരമുള്ള [illegible] അമേരിക്കയിലെ [illegible] നാടുകളിൽ ഇവ [illegible] വസ്തുതകൾ നിയമപരമായി [illegible] ഇതുകൊണ്ടു ഇവിടെയും നടപ്പാക്കണമെന്നു [illegible] ഗവൺമെൻറിനോടു അഭ്യർത്ഥിക്കുന്നു. [illegible] നടപ്പാക്കാം. എന്നാൽ [illegible] ഗവൺമെൻറിനാൽ സാധ്യമല്ല. [illegible] ചട്ടങ്ങൾ [illegible] ഉണ്ടാക്കുന്നതാണു. [illegible] ഇതുവരെ [illegible] ഉണ്ടായ [illegible] വണ്ടി [illegible] ഇതുകൊണ്ടു [illegible] ഡ്രൈവർമാരിൽ ഇരിക്കേണ്ടതാണു. [illegible] അവർ [illegible] ഉണ്ടായിട്ടുണ്ടെന്നു [illegible] ഇരിക്കേണ്ടതാണു. [illegible] കാൽനടക്കാരുടെ രക്ഷയ്ക്കും [illegible] ഇവയ്ക്കു [illegible] ഈവിധം വ്യവസ്ഥ [illegible] ചെയ്യേണ്ടതാണു.

മി. സി. പി. ജോസഫ് (നിയമസഭാംഗം): കഴിഞ്ഞ ഡിസംബർമാസത്തിൽ ഉണ്ടായിട്ടുള്ള [illegible] ഭേദഗതിയുടെ [illegible] മോട്ടോർ അപകടങ്ങളുടെ വിഷയത്തിൽ ഞാൻ [illegible] ഗ്രൂപ്പിലെ [illegible] ഇതുവരെ അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നു [illegible] അഭിപ്രായമുള്ളതു [illegible] ഒരു [illegible] ആവശ്യമാകുന്നു. ഒരു ഡ്രൈവർ [illegible] ഇരുപതു [illegible] ഒരു [illegible] ഡ്രൈവർ ഇരുപതിനാലുമണിക്കൂർ [illegible] ഇരിക്കുന്നതും ഈ സമയങ്ങളിൽ [illegible] ഇരിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നതായാൽ മോട്ടോർവാഹനം [illegible] അയാളുടെ നിയന്ത്രണത്തിലായിരിക്കുന്നതു [illegible] അതിശയമല്ല. [illegible] പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനു [illegible] ഞാൻ അശക്തനാകുന്നു. ഒരു ഡ്രൈവർ [illegible] ന്യായമായ വിശ്രമം ഉറക്കവും കിട്ടാൻ സാധിക്കത്തക്കവിധത്തിലുള്ള ഒരുസമയം മാത്രമെ അവരെക്കൊണ്ടു വേലചെയ്യിക്കുവാൻ ഒരു നിയമം ഉണ്ടാക്കുന്നതിനു ഗവൺമെൻറിനു സാദ്ധ്യമാകുന്നതാണു.

ഗതാഗതസംഗതി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു ഇതാണു. ഇപ്പോഴത്തെ ഫിറ്റ്നസ്സിൻ പ്രകാരം ഡ്രൈവർമാർക്കും വാഹനങ്ങൾക്കും [illegible] കൊടുക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഈവക [illegible] നൽകിയ ആപ്രകാരം [illegible] ഡ്രൈവർമാർ ഒടുക്കുന്ന ഫീസിൽനിന്നും ഒരുഅംശം കൊടുക്കുകയാകുന്ന ഇതു ആശാസ്യമായ ഏർപ്പാടാണോഎന്നു ഞാൻ സംശയിക്കുന്നു. ഈ [illegible] ഗവൺമെൻറിൽനിന്നും ശമ്പളംകൊടുത്തു ഒരുഉദ്യോഗസ്ഥനെ നിയമിക്കുകയും [illegible] ആപ്രകാരപ്പെടുന്നവർ ഒടുക്കുന്ന ഫീസ്മുഴുവനും ഗവൺമെൻറിലേക്കു മുതൽക്കൂട്ടുകയും ഫീസ്സിൻറെ [illegible] കണക്കാതെ ഉദ്യോഗസ്ഥൻ ചെയ്തുകൊണ്ടുള്ള ശമ്പളം ശരിയായി കൊടുക്കുകയും ചെയ്യുന്നതു ഒരു ഉത്തമമാർഗ്ഗമായിരിക്കും. വാഹനങ്ങൾ പരിശോധിച്ചു സർട്ടിഫിക്കററു കൊടുക്കുന്ന വകുപ്പു കഴിഞ്ഞ [illegible] ഒരു പ്രത്യേക ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു എന്നാണു എൻെറ അറിവു. എന്നാൽ ഇപ്പോൾ അതിനെക്കൂടെപ്പെടുത്തി [illegible] ഡിപ്പാർട്ടുമെൻറിലോ എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിലോ [illegible] ചില ഉദ്യോഗസ്ഥന്മാരെ ഈ [illegible] ചുമതലപ്പെടുത്തിയിട്ടുള്ളതു കൂടാതെ അവർക്കു ഈവകുപ്പു ആവശ്യമായ [illegible] ഇല്ലാതെയും ഈ [illegible] ഗവൺമെൻറിൽനിന്നും ഈ സംഗതികൾ വീണ്ടും പര്യാലോചിച്ചു [illegible] ഒരു [illegible] ഉദ്യോഗസ്ഥനെ മുമ്പിലത്തെപ്പോലെ നിയമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. മാത്തൻമാപ്പിള (വാണിജ്യവ്യവസായം വടക്കു): മോട്ടോർവാഹനങ്ങളുടെ ഏർപ്പാടും അവയുടെ വ്യാപ്തി [illegible] സുഖപ്രദമായി തീർന്നിട്ടുണ്ടു. വടക്കൻ ഡിവിഷനിലുള്ള ഞങ്ങൾക്കു മുൻകാലത്തു [illegible] ഒരുആഴ്ചവട്ടം [illegible] വേണ്ടിയിരുന്നു [illegible] ഇപ്പോൾ [illegible] ഞങ്ങൾക്കു പഴയ [illegible] ഇപ്പോൾ ഞങ്ങൾക്കു [illegible] ഇതുകൊണ്ടു [illegible] ഇപ്പോൾ ഞങ്ങൾക്കു [illegible] ഏർപ്പെടുത്തുന്നു [illegible] എത്താൻ കഴിയും. [illegible] ഞങ്ങൾക്കുണ്ടായിട്ടുള്ള ഗുണം അപരിമിതമാകുന്നു. എന്നാൽ മോട്ടോർ [illegible] ക്രമാതീതമായും വർദ്ധിച്ചിരിക്കുന്നു. ഇതുനിമിത്തം പലേ അനാരോഗ്യകരമായ അവസ്ഥകളും ഉണ്ടായിട്ടുണ്ടു എന്നുമാത്രമല്ല ഇപ്പോൾ ഉണ്ടായിരിക്കുന്ന ഒന്നുകൂടെ ഇല്ലായ്മചെയ്യുന്നതിനു ഗവൺമെൻറു [illegible] ഉണ്ടെങ്കിൽ സംബന്ധിക്കുന്ന ഡിപ്പാർട്ടുമെൻറുകളും എന്തെങ്കിലും ഫലവത്തായ ഏർപ്പാടുകൾ [illegible] ഞങ്ങൾക്കു ഒരു അനുഗ്രഹമായിത്തീരുമെന്നുള്ളതു ആണു്. ഇതിലേയ്ക്കു ഉള്ള പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിൽ ഒരു സംഗതി പ്രത്യേകം ആലോചിക്കാനുണ്ടു. അതായതു പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തുമ്പോൾ അവ [illegible] ഉപദ്രവം ചെയ്യുന്നതിനു ഇടയാക്കിക്കൂടാ എന്നുള്ളതാകുന്നു. മോട്ടോർവാഹനങ്ങളെ പരിശോധിച്ചു അവയുടെ ഉപയോഗക്ഷമതയെപ്പററി സർട്ടിഫിക്കററു കൊടുക്കുന്നതിലേക്കു മി. സി. പി. ജോസഫ് പറയുന്നതുപോലെ ഒരു ഒററ ഉദ്യോഗസ്ഥനെ സംസ്ഥാനം ഒട്ടുക്കു അധികാരപ്പെടുത്തി നിയമിക്കുന്നതായാൽ, അയാൾ അത്യന്തം സത്യസന്ധനും സംശയഹീനനായ നല്ലനടത്തക്കാരനും ആയിരുന്നില്ലെങ്കിൽ, അദ്ദേഹത്തിനു അർപ്പിക്കപ്പെടുന്ന വിപുലമായ അധികാരത്തെ ചൊല്ലുജനനന

യെ വിസ്മരിച്ചു സ്വന്ത അർത്ഥസമ്പത്തിക്കായി അദ്ദേഹം വിനിയോഗിക്കാൻ ഇടയുള്ളതാണ്. ആ സ്ഥിതിക്കു ഇങ്ങനെയുള്ള സംഗതികളിൽ ഒരു കുറഞ്ഞ ശമ്പളക്കാരനായ മെക്കാനിക്കൽ എൻജിനീയരുടെയോ ഓവർസീയരുടേയോ അഭിപ്രായം പരമാവധിയായവിധിയായി ഭവിക്കുന്നതിനേക്കാൾ അതിനേൽ ഒരു അസിസ്റ്റൻറു എൻജിനിയക്കോ പൊലീസ്സൂപ്രണ്ടിനോ ഒരുവിധം സാരമായഅധികാരം ഉണ്ടായിരിക്കുന്നതു ഉത്തമമായിട്ടുള്ളതാകുന്നു. ഈ ജോലി നോക്കുന്നതിനു മതാന്ത്യാസക്കാരായ ഉദ്യോഗസ്ഥന്മാരെ നിയമിച്ചതിൽവച്ചുണ്ടായിട്ടുള്ള ഭീമമായ ഹാനികൾ ഞാൻ ഈ രാജ്യത്തിലും അന്യരാജ്യങ്ങളിലും കണ്ടറിഞ്ഞിട്ടുണ്ടു. ഉദാഹരണമായിപ്പറയുകയാണെങ്കിൽ, ഒരു ബ്രായിലർഇൻസ്പെക്ടർ വിചാരിച്ചാൽ ഒരു തൊഴിൽശാലയിലെ യന്ത്രത്തിന്റെ പണി പകുതി മണിക്കൂറോളം നിറുത്തിവയ്ക്കാൻകഴിയുന്നതും തല്പരനായ അദ്ദേഹത്തിനു ഒട്ടനവധിദ്രവ്യം സമ്പാദിക്കാൻ കഴിയുന്നതുമാണ്. അപ്രകാരം ഒരു കുഴപ്പമുണ്ടായാൽ യന്ത്രത്തിന്റെ പണിമുടക്കം ഉണ്ടാകാതിരിപ്പാൻവേണ്ടി യന്ത്രമുടമസ്ഥൻ ആയിരമൊ അതിനപ്പുറമൊരുപാ അദ്ദേഹത്തിനു കൈക്കൂലികൊടുക്കും. നമ്മുടെ ബ്രായിലർ ഇൻസ്പെക്ടർ സത്യസന്ധനും യജമാനഭക്തിക്കാരനുംആണു. അതുകൊണ്ടു അദ്ദേഹം നമുക്കു ഒരു വലിയരക്ഷയും ആകുന്നു. ഞാൻ പറയുന്നതിന്റെ താല്പര്യം മി. പത്മനാഭമേനോനെപ്പോലെയുള്ള ആളുകളെ ഇങ്ങനെയുള്ള ജോലികൾക്കു നിയമിക്കണമെന്നാകുന്നു.

ഇപ്രകാരമുള്ള ആളുകൾ അവരുടെ അധികാരങ്ങൾ ദുർവിനിയോഗംചെയ്യുന്ന പല ഉദാഹരണങ്ങളും എനിക്കു അറിയാം. മോട്ടാർവാഹനങ്ങളെപ്പററി പറയുന്നതായാൽ, അവയുടെ ഡ്രൈവർമാർ പ്രായേണ മതാന്ത്യാസക്കാരും വിദ്യാവിഹീനരുംആകുന്നു. ഇങ്ങനെയുള്ളവരുടെ മുമ്പിൽ പെട്ടെന്നു ഒരുമോരമായ ചുമതലവച്ചുകൊടുക്കുന്നു. ഈ ഡ്രൈവർമാർ ൨ ൪ ൦-൫ ൦ ൦. രൂപ ഡേമണിവയ്ക്കണമെന്നു ആവശ്യപ്പെടുന്നതു നന്നായിരിക്കും. ഏതെങ്കിലും അപകടങ്ങൾ ഉണ്ടായാൽ അതു അവരുടെ സൂക്ഷ്മക്കേടുകൊണ്ടു ഉണ്ടായതല്ലെന്നു തെളിയിക്കേണ്ടതുമാകുന്നു അർവരിൽതന്നെ ഇരിക്കേണ്ടതാണ്. അപ്രകാരം തെളിയിക്കാത്തപക്ഷം അവരുടെ ഡേമണിപ്പണം പിഴഎന്നനിലയിൽ പിടിക്കേണ്ടതാണ്. ഒട്ടനേകസംഗതികളിലും ഇവരുടെ പരമമായ അനവധാനത്വംനിമിത്തമാണ് അപകടങ്ങൾഉണ്ടാകുന്നതു. പലപ്പോഴും ഇവർ നിർധനന്മാരാകുന്നു. ഇവർ പെട്ടെന്നു ധനികന്മാരായിഭവിക്കുന്നു. അതായതു അവർക്കു പ്രതിമാസം ൪ ൦- ൬ ൦- രൂപ ശമ്പളം ലഭിക്കുന്നു. ഇവർ മദ്യപിക്കയും മററവിനോദങ്ങളിൽ സമയവ്യയം ചെയ്യുകയുംചെയ്യും. തന്നിമിത്തം യാത്രക്കാരുടെ രക്ഷയിൽ ഇവർക്കു ഒരു ശ്രദ്ധയുംഇല്ലാ. ഇവർ ഡേമണിവയ്ക്കയും സൂക്ഷ്മക്കേടുകാണിച്ചാൽ അതു പിടിച്ചുകളയുമെന്നുവരികയുംചെയ്താൽ ഇവരുടെ ക്രമക്കേടുകൾക്കു ശാന്തിഉണ്ടാവാൻ ഇടയുണ്ടു.

മോട്ടാർഉടമസ്ഥന്മാർ രാപ്പകൽ ഡ്രൈവറെക്കൊണ്ടു വേലചെയ്യിച്ചുകൂടാഎന്നു മി. തോമസ്സ് പറയുകയുണ്ടായി. ഇതു ആവശ്യമാണ്. മോട്ടാർവാഹനം ഉടമസ്ഥന്മാർക്കു ഏതുവിധവും ലാഭംഎടുക്കണമെന്നേ ആശയുള്ളു. ഒരുദിവസം ഞാൻ ഒരു ബസ്സിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ദിവാൻജിഅവർകൾ ആ വഴിയെ വരികയും ബസ്സിൽ ക്രമാതീതമായി ആൾ കയററിയിരുന്നവിവരം അദ്ദേഹത്തിനു ബോദ്ധ്യമാകയുംചെയ്തു. ദിവാൻജിഅവർകൾ കുറച്ചുദൂരംവരെ പോയതിന്റെശേഷം ബസ്സിൽ എത്രആളുകളെ കയററിയിട്ടുണ്ടെന്നു പരിശോധിക്കാൻ ഒരു പൊലീസ്കാൻസ്റ്റേബിളിനോടു ആജ്ഞാപിച്ചു. കാൻസ്റ്റബിൾ നോക്കിയതിൽ വണ്ടിയിൽ കൂടുതൽ ആൾ ഉണ്ടായിരുന്നില്ലാ. ഇതു എന്തു മായാവിദ്യയാണെന്നു എനിക്കു അറിഞ്ഞുകൂടാ. (ചിരി) ദിവാൻജിയാണ് ആ വഴി പോയതെന്നു ഡ്രൈവർക്കു മനസ്സിലായില്ല. ദിവാൻജിയാണെന്നു പറഞ്ഞപ്പോൾ അവിടെക്കുറെ പരിഭ്രമംഉണ്ടായി.

മി. കെ. ഐ. ജോസഫ് (മീനച്ചൽ—ദേവികുളം): മോട്ടാർബസ്സിൽ കൂടുതൽ ആൾ കയററിയിരുന്ന വിവരം മി. മാത്തൻമാപ്പിള റിപ്പോർട്ടുചെയ്തിട്ടുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. സി. മാമൻമാപ്പിള (വാണിജ്യവുംവ്യവസായവും വകുപ്പു): ഇപ്രകാരമുള്ള ദുർന്നയങ്ങളെസംബന്ധിച്ചു മി. ജോസപ്പിനെപ്പോലുള്ള ഒരു പൌരനോടു പറയാതെ കഴിക്കുവാനുള്ളതു.

മി. കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): മോട്ടാർവാഹന നിയന്ത്രണവിഷയത്തിൽ പൊലീസ്സുകാർക്കു വേണ്ടുവിധം അധികാരമില്ലെന്നു മി. കുമാരപിള്ള പറഞ്ഞുവല്ലോ. പൊലീസ്കമ്മിഷണർക്കു ഒരു റിപ്പോർട്ടു വന്നിട്ടുണ്ടുഎന്നും അതിനെപ്പററി ഗവർണ്ണമെന്റു പര്യാലോചിക്കുന്നുണ്ടെന്നും മാത്രം തൽക്കാലം പറഞ്ഞുകൊള്ളുന്നു. ഈ സഭയിൽനടന്ന വാദപ്രതിവാദങ്ങളെപ്പററി ഈ വിഷയത്തിൽ എന്തെങ്കിലും തീർച്ചചെയ്യുന്നസമയം പ്രത്യേകം ഗണിക്കുന്നതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോട്): എന്റെ സ്നേഹിതൻ മി. എം. എൻ. പിള്ള പറഞ്ഞ ആ അഭ്യാസനങ്ങൾ വളരെ ഉപയോഗമുള്ളവയാണെന്നാണ്. അതു ഉപയോഗമുള്ളതാണെന്നു ഞാൻ അദ്ദേഹം പറഞ്ഞതിനേക്കാൾ വളരെ കൂടുതലായിട്ടും ശക്തിയായിട്ടും പറയുന്നു. ബസ്സിൽ പോകയാണെങ്കിൽ, ൪ മണിക്കൂർകൊണ്ടു നാഗരുകോവിൽ എത്തുകയുള്ളു. ഈഎയിറക്കസീററിൽ പോകയാണെങ്കിൽ ൬½ മണിക്കൂർകൊണ്ടു എത്താൻസാധിക്കും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ബസ്സിൽപോകയാണെങ്കിൽ ൩½ മണിക്കൂർവേണോ?

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ൪ മണിക്കൂർ വേണ്ടിവരും. ഞാൻ എപ്പോഴും മോട്ടാർ വാഹനങ്ങളിൽ സഞ്ചരിക്കുന്നവനാണ്. ഒരുദിവസം ചാലയിൽനിന്നും ഒരു അഭ്യാസനമോട്ടാർകാറിൽ ഞാൻ തിരിച്ചപ്പോൾ ൬൩ പേർ ഉണ്ടായിരുന്നു. അതിന്റെ വേഗത്തെ ശരിയായിപ്പറയാൻ സാധിക്കയില്ലെങ്കിലും ഞങ്ങളുടെമുമ്പു ഒപ്പത്തെത്താണ്ടിരുന്ന ഒരു ഗ്ലഷർകാറിന്റെ മുമ്പേപോയി, കുറഞ്ഞപക്ഷം മണിക്കൂറിനു ൨൦ മയിൽവേഗമുണ്ടായിരിക്കുമെന്നാണുതോന്നുന്നതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കരമനയിൽ ഒരു സ്റ്റേഷൻ ഉണ്ടല്ലോ? അവിടെ ചെക്കു ചെയ്തില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോട്): ഞങ്ങൾ ൬൩ പേരും ഇരുന്ന വണ്ടിയുടെ രണ്ടുവശത്തുമുള്ള പടുത ഇട്ടിരിക്കയാണു ചെയ്തതു. കരമന പൊലീസ്സ്റ്റേഷന്റെ അടുത്തുവന്നപ്പോൾ പൊലീസുകാർ വരികയോ പരിശോധിക്കയോ ചെയ്തില്ലാ. അവിടെനിന്നും നെയ്യാററിൻകരപ്പോയി. അവിടെചെന്നപ്പോൾ

അവിടത്തെ ഒരു കാൺസ്റ്റബിളിനു ഒരാളിനെകേററി പാറശ്ശാല കൊണ്ടുവിടണം. അവിടേയും പരിഭ്രമിച്ചില്ലാ. ആ കാൺസ്റ്റബിളിന്റെ ആളിനെകൂടിചേർത്തു ഞങ്ങൾ ഏഴു പേർ ആയിട്ടുപോയി. എയിററ്സീററിൽനിന്നും താഴെ ഇറങ്ങുന്നതുവരെ മനസ്സിൽ ഉണ്ടായിരുന്നതെന്തു എത്രമാത്രമാണെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ല. അളവോടുകൂടിയുള്ളതെല്ലാം എല്ലാവർക്കും ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഈ സംഗതി ഇവിടെ നിർബന്ധമായിട്ടു പറയാൻ ഇടയായതു. എയിററ്സീററർ ഓടിക്കുന്നതിൽ എനിക്കു ഒരു വിരോധവുമില്ലാ. കാര്യങ്ങളിൽ സ്പീഡോമീററർ വെക്കണമെന്നു അവരോടു നിർബന്ധമായി ചട്ടംകെട്ടണം. ഞാൻ കയറിയിരുന്നവണ്ടി എത്രവേഗത്തിൽപ്പോയി എന്നു എനിക്കുതന്നെപറയാൻ നിവൃത്തിയില്ല. ഞങ്ങൾക്കു മുമ്പേപോയിരുന്ന പ്ലഷർകാറിനേക്കാൾ വേഗത്തിൽപോയി എന്നു പറയാതെ ഇപ്പോൾ നിവൃത്തിയുള്ളു. സ്പീഡോമീററർവച്ചാൽ യാത്രക്കാർക്കു വേഗത്തെപ്പററി അറിയുന്നതിനും ഇങ്ങനെയുള്ള അവസരങ്ങളിൽ ഗവണ്മെൻറിനോടോ അല്ലെങ്കിൽ പൊലീസ്കമ്മീഷണരോടോ സങ്കടത്തെയും പറയുന്നതിനും സാധിക്കുമെന്നുള്ളതാണ്. അതുകൊണ്ടു സ്പീഡോമീററർവയ്ക്കുന്നതിനു അവരെ നിർബന്ധിക്കണം. എയിററ്സീററർ ജനങ്ങൾക്കു വളരെ ഉപകാരമാണെങ്കിലും അതിനേക്കാൾ കൂടുതൽ ഉപദ്രവങ്ങളേയും ഉണ്ടാക്കിതീർക്കുന്നുണ്ടു. ചീഫ് സെക്രട്ടറി പറഞ്ഞതുപോലെ ഗവണ്മെൻറുതന്നെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതാണ് മതിയാകുന്നതാണ്.

മി. ജി. പരമേശ്വരൻപിള്ള പറഞ്ഞ അഭിപ്രായത്തിനു സമാധാനം പറയേണ്ടതായിരിക്കുന്നു. എന്നപ്പോലെ ബസ്സിലും എയിററ്സീററിലും സഞ്ചരിക്കുന്നതിനുള്ള ഒസൗകര്യം അദ്ദേഹത്തിനു ഉണ്ടായിട്ടില്ലാ. അദ്ദേഹം തിരുവനന്തപുരത്തെ സ്ഥിരതാമസക്കാരനും സ്വന്തമായിട്ടു കാർഉള്ളിലുള്ളവനും ആണ്. അതുകൊണ്ടു എയിററ്സീററിൽ നേരിടുന്ന ബുദ്ധിമുട്ടുകളും അപകടങ്ങളും അദ്ദേഹത്തിനു അറിയാൻ ഇടയുണ്ടെന്നു തോന്നുന്നില്ലാ. എന്റെ അനുഭവംകൊണ്ടു ഈ സംഗതി ധാരാളം അറിയാവുന്നതാണ്. ബസ്സിൽ കരമന വന്നിറങ്ങി മുക്കാൽ രൂപാ കൊടുത്തു വണ്ടിപിടിച്ചു കോട്ടയ്ക്കകത്താ ചാലക്കാ പോകാൻ ആരും തയ്യാറാകയില്ലാ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പാളയത്തിൽ വന്നിറങ്ങാമെല്ലോ.

മി. ടി. കുമാരപ്പിള്ള (കൽക്കുളം വിളവങ്കോട്): പാളയത്തിൽനിന്നും കോട്ടയ്ക്കകത്തു പോകണമെങ്കിൽ മുക്കാൽ രൂപാ വണ്ടിക്കൂലികൊടുക്കണം.

എയിററ്സീററിൽപോകാൻ ഒരുപ്പെടുന്നവർ വളരെയുണ്ടു. ഇവർ എല്ലാം കരമനവന്നിറങ്ങി വണ്ടി വാടകകൊടുത്തു കോട്ടയ്ക്കകം ചാല മുതലായ സ്ഥലങ്ങളിലേക്കു ഇപ്പോൾ പോകയാണ് ചെയ്യുന്നതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ചാലറോഡിനു വളരെ വിസ്താരം കുറവാണെന്നു അറിയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോട്): ആ സംഗതി എനിക്കു നല്ലതുപോലെ അറിയാം. പൊലീസ് കമ്മീഷണർ ഗവണ്മെൻറിലേക്കയച്ച റിപ്പോർട്ടിൽ നാം എയിററ്സീററർകൾ ഒരു ദിവസം ഏകദേശം പ്രാവശ്യം പോകുകവരവുചെയ്തിട്ടുണ്ടെന്നു പറയുന്നു. ഒൺഡൺ ബസ്സ് ഏകദേശം മാത്രമേയുള്ളു. പൊലീസ്കമ്മീഷണരുടെ റിപ്പോർട്ടു ഗവണ്മെൻറു അനുവദിക്കുന്നപക്ഷം മോട്ടോർവാഹനങ്ങൾ ചാലവഴി ഏകദേശം പ്രാവശ്യമെ പോകയുള്ളു. ഈ കണക്കനുസരിച്ചു ട്രഫിക്ക് അവിടെ വളരെ കുറയുകയാണ് ചെയ്യുന്നതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എയിററ്സീററിനു പണം ചിലവാക്കിയിട്ടുള്ളവർ എന്തു ചെയ്യും?

മി. ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോട്): ആ ചോദ്യത്തിനു ഇവിടെ അവകാശമില്ല. എയിററ്സീററിനേക്കാൾ കൂടുതൽ പണച്ചിലവു ബസ്സുകൾക്കുണ്ടു. ഇവിടെ നോക്കേണ്ടതു യാത്രക്കാരുടെ സൗകര്യവും രക്ഷയുംആണ്.

മിസ്റ്റർ മാത്തൻമാപ്പിള പറഞ്ഞ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ ഡ്രൈവർമാർക്കു ലൈസൻസുകൊടുക്കുന്നകാലത്തു ശരിയായ ഒരു ഇക്ക ഡിപ്ലോമസിററ കൊടുത്തിട്ടുണ്ടെന്നതു നന്നായിരിക്കും. ഇപ്പോഴത്തെ ഡ്രൈവറന്മാരിൽ പലർക്കും ഉത്തരവാദിത്വബോധമില്ലാതെ കാണുന്നു. ഈയിടക്കുതന്നെ ഏകദേശം ഒരുമാസമായിട്ടു ഒരു അപകടംഉണ്ടായി. ഒരുദിവസം കാലത്തു ഒരു സ്ത്രീ തുക്കാനായി വിട്ടിൽനിന്നു നില്ക്കുകയായിരുന്നു. രണ്ടു എയിററ്സീററർ മത്സരിച്ചു ഓടിച്ചുകൊണ്ടുവന്നു. സ്റ്റിയറിംഗ് ഡ്രൈവരുടെ കൺട്രോളിൽ പിടിച്ചുനിറുത്തുവാൻ സാധിക്കാതെവന്നതിനാൽ ഒരു കാർ സ്ത്രീയുടെ പുറത്തുകയറുകയും ആ സ്ത്രീ ഉടനെ മരിക്കയുംചെയ്തു. അതുകൊണ്ടു ഇതിനെപ്പററി തൃപ്തികരമായ അന്വേഷണം നടത്തി തീരുമാനിക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ വാക്കുകളോടുകൂടി ഞാൻ ഈ മോഷനെ പിൻവലിക്കുന്നു.

മോഷൻ സഭയുടെ അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ നമ്പർ ൦ ൦.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അതിലേക്കുള്ള മെമ്പർമാർ ഹാജരില്ലാതിരുന്നതിനാൽ ഹാജരാക്കുവാനല്ലെന്നു കണിക്കപ്പെട്ടു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള:

നമ്പർ. ഡിസ്ട്രിക്ട് പൊലീസിനുള്ള അലാട്ടുമെൻറായ ൪,൯൫,൭ ൫ രൂപയിൽനിന്നും ൫ ൦ ൦ രൂപ കുറയ്ക്കണമെന്നുള്ളതു.

മി. ടി. ജെ. മാത്യു:

നമ്പർ. ൫൪–ാംനമ്പർ ഡിമാൻഡിൻപ്രകാരമുള്ള ൪൦൫ ൦ ലക്ഷം രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

നമ്പർ ൫–ാംനമ്പർ ഉപക്ഷേപം.

മി. ജി. രാമൻമേനോൻ (തിരുവല്ലക്കരയും കാർത്തികപ്പള്ളിയും): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു: —

നമ്പർ ൫. ൫൪–ാംനമ്പർ ഡിമാൻഡ് (പൊലീസ്) പ്രകാരമുള്ള ൪൦൫ ൦ ലക്ഷം രൂപയിൽനിന്നും പത്തു രൂപ കുറയ്ക്കണം.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം പൊലീസ് ഡിപ്പാർട്ടുമെൻറിലെ കീഴ് ജീവനക്കാരുടെ ഇടയിൽ നടന്നുവരുന്ന ദുഷ്പ്രവൃത്തികളും അഴിമതികളും നിറുത്തുന്നതിനു പര്യാപ്തമായ ഒരു തീർദ്ദേശം ഹാജരാ

ക്കണമെന്നുള്ളതാണ്. പോലീസുകാരുടെ ക്രൂരകേടുനിമിത്തം രാജ്യത്തിലെ സാധാരണ ജനങ്ങൾക്കു ഒട്ടേറെ ഉപദ്രവങ്ങളും കഷ്ടപ്പാടുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളതു ഒരു സുവിദിതമായ സംഗതിയാണെല്ലൊ. ഇതിലേക്കു ഞാൻ ഉദാഹരണങ്ങൾ പറയേണ്ട ആവശ്യമില്ല—എന്തെന്നാൽ ആവക ഉദാഹരണങ്ങൾ പ്രജാസഭയിലും ഈ സഭയിലുംനിന്നു ഇതിനുമുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അതാകുന്നു സ്ഥലത്തെ ജനങ്ങളെ ഗവർണ്ണമെന്റു സ്വല്പംകൂടി വിശ്വസിക്കുന്നതായാൽ ഈ വക ഉപദ്രവങ്ങൾ കുറയാൻ ഇടയാകുമെന്നാണ് ഞാൻ പറയുന്നതിന്റെ സാരം. മുൻകാലങ്ങളിൽ രാജ്യത്തിലെ കാര്യങ്ങൾ ഏതുപ്രകാരം നടക്കുന്നുഎന്നു, ഉദ്യോഗസ്ഥന്മാർ അവരുടെജോലികൾ ഏതുവിധം നിർവ്വഹിച്ചുവരുന്നുഎന്നും ജനങ്ങളുടെ അഭിപ്രായങ്ങൾ എന്താണെന്നും അവർക്കു സങ്കടങ്ങൾ ഉണ്ടാകുന്നുണ്ടോ എന്നും മററും അറിയുന്നതിനായിട്ടു രാജാക്കന്മാരും പ്രഭുക്കന്മാരും ചാരന്മാരെ അയച്ചു അന്വേഷിച്ചിരുന്നു..ന്നു ഞാൻ കേട്ടിട്ടുണ്ടു. ഈ ചാരന്മാരുടെ പ്രവൃത്തിയെ പരിശോധിക്കുന്ന ഇതരചാരന്മാരേയും നിയോഗിച്ചിരുന്നു എന്നാണ് തോന്നുന്നതു. ജനങ്ങളുടെ സ്വത്തുക്കളും ജീവനും കാത്തുരക്ഷിക്കുന്നതിനായി നിയുക്തന്മാരായ പോലീസ് ഉദ്യോഗസ്ഥന്മാർ രാജ്യത്തിന്റെ നാനാഭാഗത്തും ഉണ്ട്. ഞാൻ നിർദ്ദേശിക്കുന്നതു ഓരോസ്ഥലത്തും ഒരു ദേശീയകമ്മിററിയുണ്ടായിരിക്കണമെന്നാണ്. ഇവർക്കു അതാതുദിക്കിലെ സ്റ്റേഷൻ പരിശോധിക്കുന്നതിനു അധികാരം ഉണ്ടായിരിക്കണം. ഏതെങ്കിലും സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ അവരുടെ ജോലികൾ ശരിയായി നിർവ്വഹിക്കുന്നില്ലെന്നുകണ്ടാൽ അവരെപ്പററി കമ്മിഷണരുടെ അടുക്കലോ ഗവർണ്ണമെന്റിലേക്കോ റിപ്പോർട്ടുചെയ്യുന്നതിനും ഇവർക്കു അധികാരം ഉണ്ടായിരിക്കണം. ഞാൻ ഈ പദ്ധതിയെപ്പററി എന്റെ ഒരു സ്നേഹിതനോടു പറഞ്ഞപ്പോൾ അതിലേക്കു തക്കതായ ആളുകൾ കിട്ടാൻ കഴിയുമെങ്കിൽ അതു നന്നായിരിക്കുമെന്നു അദ്ദേഹം മറുപടിപറഞ്ഞു. ഇപ്പോഴത്തെസ്ഥിതിയിൽ ഇൻഡ്യയിലെ മറെറല്ലാഭാഗങ്ങളേയും അപേക്ഷിച്ചു ഈ രാജ്യത്തു വിദ്യാഭ്യാസം വളരെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്. ആ സ്ഥിതിക്കു കമ്മിററിയിൽ അംഗങ്ങളായിരിപ്പാൻ യോഗ്യരായ ജനങ്ങളെ കിട്ടാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ലാ. പക്ഷെ മനുഷ്യപുരുഷന്മാരെ കിട്ടാൻ പ്രയാസമായിരിക്കും. എന്നാൽ പൊലീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും മനുഷ്യപുരുഷന്മാരല്ല. അതുകൊണ്ടു രണ്ടുകൂട്ടക്കാരുടേയും പരസ്പരനിയന്ത്രണംനിമിത്തം കാര്യങ്ങൾ ഇപ്പോഴത്തേതിനേക്കാൾ ഭംഗിയായും ജനക്ഷേമകരമായും ഭവിക്കാൻ ഇടയുണ്ട്. മുന്നറിവുകൊടുക്കാതെ പോലീസുസ്റ്റേഷൻ പരിശോധിക്കുന്നതിനു പൌരന്മാർക്കു അധികാരംകൊടുത്താൽ അതുമൂലം കുററങ്ങൾ കണ്ടുപിടിക്കുന്ന ജോലിക്കു തടസ്സം ഉണ്ടാകുമെന്നു പറഞ്ഞേക്കാം. കമ്മിററിയിൽ അംഗങ്ങൾമാരായി തീരുന്ന പൌരന്മാർ ശമ്പളംകൂടാതെ ജോലിചെയ്യുന്നവരാണെങ്കിലും അവരുടെ അധികാരത്തെ അവർ ദുർവ്വിനിയോഗം ചെയ്യുന്നപക്ഷം അവരെ സർക്കാർ ജീവനക്കാരെപ്പോലെ ഗണിച്ചു അവരുടെ മേൽ നടപടി നടത്താവുന്നതാണ്. ഇപ്രകാരം ഒരു പരസ്പരനിയന്ത്രണം ഉണ്ടാക്കിത്തീർക്കണമെന്നാണ് ഞാൻ പറയുന്നതു. പ്രാചീനറോമിൽ 'ട്രിബ്യൂൺ' എന്ന ജനപ്രതിനിധിസഭകൾ ഉണ്ടായിരുന്നതുപോലെ ഇവിടെയും സഭകൾ ഉണ്ടായിരിക്കണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നതു. ഈ ദേശീയകമ്മിററിയിലെ അംഗങ്ങൾക്കു ഇന്നിന്ന പ്രത്യേകസ്ഥലങ്ങളിലുള്ള പോലീസുഭരണത്തെപ്പററി നോക്കുന്നതിനു അധികാരം ഉണ്ടായിരിക്കുമെന്നും കണ്ടെത്തപ്പെടട്ടെന്നു. ഈ ഉദ്ദേശത്തോടുകൂടി പ്രസ്തുത ഉപക്ഷേപത്തെ ഞാൻ സഭാസമക്ഷം ഹാജരാക്കിക്കൊള്ളുന്നു.

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ് കമ്മിഷണർ): മിസ്റ്റർ രാമൻമേനോന്റെ നിർദ്ദേശത്തിനെ സംബന്ധിച്ചു അതായതു, ദേശീയബോർഡുകൾ ഏർപ്പെടുത്തുകയും അതാതുസ്ഥലത്തെ പോലീസുകാരുടെ നടത്തയെപ്പററി റിപ്പോർട്ടുചെയ്യുവാൻ അവർക്കു അധികാരംകൊടുക്കുകയും ചെയ്യുന്നതിൽ ഞാൻ ഒരു വിരോധവും കാണുന്നില്ലാ. എന്നാൽ മുന്നറിവുകൊടുക്കാതെ പോലീസ് സ്റ്റേഷൻ പരിശോധിക്കുന്നതിനു അവരെ അനുവദിക്കണമെന്നുള്ള നിർദ്ദേശത്തിന്റെ ആവശ്യകത എനിക്കു മനസ്സിലാകുന്നില്ലാ. പോലീസുകാർ ചെയ്യുന്നതായി ഊഹിക്കുന്നതോ അല്ലെങ്കിൽ അവർ വാസ്തവത്തിൽ ചെയ്യുന്നതോആയ പ്രവൃത്തികളെപ്പററി ദേശീയസഭകൾക്കോ അതാതുസ്ഥലത്തെ ജനങ്ങൾക്കോ മുന്നറിവുകൂടാതെയുള്ള പരിശോധനമൂലമല്ലാതെതന്നെ അറിയാൻ സാധിക്കുന്നതാണ്. ദേശീയസഭകൾക്കു അപ്രകാരം പരിശോധിക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതായാൽ അതുനിമിത്തം പലവക കുഴപ്പങ്ങളും നേരിടാൻ ഇടയുണ്ടു. ആ അഭിപ്രായത്തെ അതിനാൽ ഞാൻ സ്വീകരിക്കുന്നില്ലാ. മിസ്റ്റർ രാമൻമേനോന്റെ മററു നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം, ഞാൻ മുമ്പിൽ പറഞ്ഞതുപോലെ, പോലീസുകാരുടെ പ്രവൃത്തിയെ സംബന്ധിച്ചു ആവശ്യമെന്നു തോന്നുന്ന അറിവുകൾ ദേശീയസഭകൾ കമ്മിഷണർക്കു കൊടുക്കുന്നതു എനിക്കു സന്തോഷമാണ്. അപ്രകാരമുള്ള റിപ്പോർട്ടുകൾ കമ്മിഷണരുടെ കയ്യിൽ കിട്ടിയാൽ ഉടനടിവേണ്ട നടപടി നടത്തുന്നതാണെന്നും ഞാൻ ഉറപ്പുപറയുന്നു. ഇതിൽ കൂടുതലായി എനിക്കു ഒന്നും പറയാനില്ലാ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മുന്നറിവുകൊടുക്കാതെ പൊലീസുസ്റ്റേഷൻ പരിശോധിക്കുന്നതിനുള്ള അധികാരത്തോടുകൂടി ദേശീയസഭകൾ ഏർപ്പെടുത്തണമെന്നുള്ള മിസ്റ്റർ രാമൻമേനോന്റെ നിർദ്ദേശം പല അനർത്ഥങ്ങൾക്കും ഇടയാക്കുന്നതാണ്. അങ്ങനെയുള്ള ഒരു പ്രമേയം ഈ സഭ സ്വീകരിക്കണമെന്നു ഞാൻ ഒരിക്കലും വാദിക്കുകയില്ല. എന്തെന്നാൽ ഒന്നാമതായിട്ടു ഗ്രാമങ്ങളിൽ ഇതുമൂലം കലഹമുണ്ടാകും. തന്നിമിത്തം ജനങ്ങളുടെ പണം തട്ടിപ്പറിക്കുന്നതിനു പോലീസുകാരെക്കൂടാതെ വേറൊരുതരം ആളുകൾകൂടി തവണ്ടെന്റെ അനുവാദം കൊടുക്കുകയായിരിക്കും. അതിന്റെ ഫലം മിസ്റ്റർ രാമൻമേനോന്റെ നിർദ്ദേശം സ്വീകരിക്കുകയാണെങ്കിൽ അതു ജനോപദ്രവകരമായ ഒരുകൂട്ടം ആളുകളുണ്ടാകുന്നതിനു ഇടയാക്കുന്നതാണ്. എന്റെ സ്നേഹിതന്റെ ഉദ്ദേശം മെച്ചപ്പെടുത്തിക്കാണിച്ചു ആളിളക്കുന്നതിനാണെങ്കിലും അതിന്റെ ഫലം നേരെ മറിച്ചായിരിക്കും. വിശേഷിച്ചും അതിന്റെ പ്രായോഗികനടപടിയെപ്പററിയും എനിക്കു ഗുരുതരമായ സംശയം ഉണ്ടു. കുററങ്ങൾ കണ്ടുപിടിക്കുക, അവയെപ്പററി അന്വേഷണം നടത്തുക, ഇവകൾ ഗ്രഹിച്ചു ചെയ്യേണ്ട പ്രവൃത്തികൾ ഇതുകൾ. അങ്ങനെയുള്ള സംഗതികളിൽ സഭകൾ ഇടപെടുന്നതു ഒരിക്കലും ആശാസ്യമായിരിക്കുന്നതല്ലാ. എന്റെ സ്നേഹിതൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള സഭകൾ മുന്നറിവുകൂടാതെ പരിശോധന നടത്തുന്നതു, പോലീസുകാരുടെ പ്രധാനജോലിയെ സംബന്ധിച്ചിടത്തോളം, അസ്ഥാനത്തിലായിരിക്കുമെന്നുമാത്രമല്ല, പോലീസിന്റെ പ്രവൃത്തിയുടെ ഉദ്ദേശസിദ്ധിക്കു പലപ്പോഴും അതു തടസ്സമായിത്തീരുന്നതും ആണ്. ഇപ്രകാരമുള്ള ഒരു പ്രമേയം സഭ അംഗീകരിക്കുന്നതിനു ഞാൻ നിർദ്ദേശിക്കുകയല്ല.

മി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം വടക്ക): പൊലീസുകാരുടെ കാര്യക്ഷമതയെസംബന്ധിച്ചു അതിയായ അഭിവൃദ്ധി ആവശ്യമാണെന്നുള്ളതു നിസ്സംശയം തന്നെ. പോലീസുകാർ കുറെക്കൂടി കാര്യക്ഷമതയുള്ളവരായി മാറുകയും അവർ സമാധാനരക്ഷകന്മാരുടെ നിലയിലും, ദീനന്മാരുടേയും പീഡിതന്മാരുടേയും ബന്ധുക്കൾ എന്നുള്ള നിലയിലും പൂർവ്വാധികം കൃത്യബോധത്തോടുകൂടി പെരുമാറുകയും ചെയ്താൽ അതു വളരെ ഗുണപ്രദമായിരിക്കുമെന്നുള്ളതിനു സംശയമില്ല. എന്നാൽ ഈ ഉദ്ദേശസാധ്യത്തിനു മിസ്റ്റർ രാമൻമേനോന്റെ നിർദ്ദേശം ഉത്തമമാർഗ്ഗമാണെന്നു എനിക്കു തോന്നുന്നില്ല.

കുറച്ചുനാൾമുമ്പേ വില്ലേജ് പഞ്ചായത്തുകോടതി ജഡ്ജിമാരുടെ യോഗ്യതക്കുറവിനെപ്പററി ഈ സഭയിൽ സംസാരിക്കുകയുണ്ടായി. അതുപോലെ പൊലീസുകാരുടെ പ്രവൃത്തിയെപ്പററി പരിശോധിച്ചു ഹെഡ്ക്വാർട്ടർ ആഫീസുമായി നേരിട്ടു റിപ്പോർട്ടുചെയ്യുന്നതിനു നിയമിക്കപ്പെടുന്ന ദേശീയകമ്മിററിയും ജനങ്ങളുടേയും ചില പ്രാവശ്യം പൊലീസുകാരുടേയും പണം തട്ടിപ്പറിക്കുന്നതിനുള്ള ഒരു യന്ത്രമായി പരിണമിക്കുന്നതായിരിക്കും. ശരിയായ ആളുകൾ ഉണ്ടാകുമെങ്കിൽ അതു നന്നായിരിക്കും. എന്നാൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉള്ള നഗരസഭകളുടേയും പഞ്ചായത്തുകോടതികളുടേയും അംഗങ്ങളുടെ സ്ഥിതിയെപ്പററി ഓർത്തുനോക്കുന്നതായാൽ ശരിയായ കൃത്യബോധവും ജനക്ഷേമതല്പരതയും യോഗ്യതയുമുള്ള ആളുകൾ ധാരാളം ഉണ്ടാകുമെന്നു വിചാരിക്കാൻ കാരണം കാണുന്നില്ല. വിശേഷിച്ചും എല്ലാ സമുദായത്തിനും അതാതിന്റെ പ്രതിനിധികൾ ഈ വകയിൽ ഉണ്ടായിരിക്കണമെന്നു വാദിക്കുന്ന ഈ അവസരത്തിൽ പൊലീസുകാരെ ശരിയായ നിയന്ത്രിക്കുന്നതിനു ഈ കമ്മിററികൾ അശേഷം മതിക്കുന്നതല്ല. ഏതായാലും ഇതിനു ഒരു ഉപശാന്തി കണ്ടുപിടിക്കേണ്ടതു ആവശ്യമാണ്. അതിനെപ്പററി വാദവും ഇല്ല. എന്നാൽ അതിലേയ്ക്കുള്ള സിദ്ധൌഷധം എന്താണെന്നു തൽക്കാലം ഖണ്ഡിച്ചു പറയുന്നതിനു എല്ലാവർക്കും പ്രയാസമായിരിക്കും.

മി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അപ്രകാരം യോഗ്യതയുള്ള ആളുകൾ സുലഭമായുള്ള വലിയ നഗരങ്ങളിൽ ഈ പദ്ധതി പരീക്ഷണാർത്ഥം ഏർപ്പെടുത്തിക്കൂടയോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം വടക്ക): വലിയ നഗരങ്ങളിൽതന്നെയും ശരിയായ ആളുകളെ എളുപ്പത്തിൽ കിട്ടുമെന്നു തോന്നുന്നില്ല. തിരുവനന്തപുരത്തുതന്നെയും പഞ്ചായത്തുകോടതിയിലേയും മുൻസിപ്പാലിററിയിലേയും അംഗങ്ങളെക്കുറിച്ചു ജനങ്ങൾക്കു പൂർണ്ണമായ തൃപ്തിയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രസ്തുത നിർദ്ദേശം പ്രയോഗസാദ്ധ്യമാകുമെന്നു സമ്മതിക്കാൻ എനിക്കു കഴിയുന്നതല്ല. ഇതിലേയ്ക്കുള്ള ഒരു ഒററ ഉപശാന്തി കിട്ടാവുന്നതിൽ ഏററവും ഉത്തമന്മാരായ ആളുകളെ മാത്രമേ പൊലീസു ഉദ്യോഗസ്ഥന്മാരായി നിയമിക്കാൻ പാടുള്ളു എന്നുള്ളതാണ്. അതുകൂടാതെ പൊതുജനാഭിപ്രായത്തിന്റെ സ്വരവും നന്നാകുന്നുണ്ടു. ഇതു രണ്ടും പരസ്പര ബന്ധത്തിലേൽ വർത്തിക്കണം. ഇപ്രകാരമല്ലാതെ പൊലീസു വകുപ്പു പൂർവ്വാധികം കാര്യക്ഷമമാക്കാൻ പ്രയാസമാണ്. ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർ, അസിസ്റ്റന്റു സൂപ്രണ്ടന്മാർ, ഇൻസ്പെക്ടർമാർ, ഹെഡ് കാൺസ്റ്റബിൾമാർ എന്നിങ്ങനെയുള്ള ഉദ്യോഗങ്ങൾക്കു വളരെ ഉത്തമന്മാരായ ആളുകളെ നിയമിക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണ്. യോഗ്യതാപരീക്ഷകൾ ഏർപ്പെടുത്തുകയും ശമ്പളങ്ങൾ കൂട്ടുകയും നല്ലതരത്തിലുള്ള ആളുകൾ സുലഭമാകുന്നതിനു വേണ്ട ആകർഷണങ്ങൾ കൊടുക്കുകയും ചെയ്താൽ ഇതു സാദ്ധ്യമാകുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. അതു ജനങ്ങൾക്കു കൂടുതൽ ഗുണപ്രദമായിത്തീരുമെന്നാണ് എന്റെ അഭിപ്രായം. മിസ്റ്റർ രാമൻമേനോൻ നിർദ്ദേശിക്കുന്ന പദ്ധതിക്കു ഞാൻ അനുകൂലിയല്ല.

മി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇത്തരം കമ്മിററിക്കാർ ജനോപകാരികളായിത്തീരുമെന്നു മി. മാമ്മൻമാപ്പിളയും മി. ജി. പരമേശ്വരൻപിള്ളയും അഭിപ്രായപ്പെടുന്നു. ചുരുക്കവതികിലും ദേശീയ കമ്മിററികൾ ഏർപ്പെടുത്തുന്നതായാൽ അവ പൊലീസു ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാർ ജനങ്ങളെ പീഡിപ്പിക്കുന്നതിനു വലുതായ നിരോധനമാർഗ്ഗങ്ങളായിത്തീരുമെന്നാണ് എന്റെ അഭിപ്രായം. നാം സർവ്വഗുണവും തികഞ്ഞവരല്ല. മി. മാമ്മൻമാപ്പിള ഈ സംഗതിയെ കൂടക്കൂടെ ഓർമ്മപ്പെടുത്തുന്നുണ്ടായിരുന്നു. അതുകൊണ്ടു തൽക്കാലസ്ഥിതിക്കു യോജിക്കുന്നതൊക്കെയും നമ്മൾ ചെയ്യുകയും, കഴിയുന്നതും യോഗ്യന്മാരായ ആളുകളെ കണ്ടുപിടിച്ചു അവരെ ഈ ജോലി ചുമതലപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. ഇപ്രകാരമുള്ള കമ്മിററികൾ ഏർപ്പെടുത്തുന്നതുകൊണ്ടു സംഗതികൾ പൂർവ്വാധികം ദോഷവത്താകുമെന്നു ഞാൻ വിമർശിക്കുന്നില്ല. ഓരോ പ്രദേശത്തുനിന്നും നാലൊ അഞ്ചോ ആളുകളെ പോലീസു മേൽ നോട്ടത്തിനായി തിരഞ്ഞെടുക്കുന്നതായാൽ, അതുനിമിത്തം പോലീസു കീഴുദ്യോഗസ്ഥന്മാരുടെ ഉന്നതത്തിന് വളരെ ശാന്തിയുണ്ടാകുന്നതാണു. പൊലീസുകാരുടെ ജോലികളിൽ കമ്മിററി ഇടപെടത്തക്കവിധത്തിൽ അവർക്കു യാതൊരധികാരവും കൊടുക്കണമെന്നു ഞാൻ പറയുന്നില്ല. കമ്മിററിക്കാർ സ്റ്റേഷനുകളെ പരിശോധിച്ചു കുറ്റിക്കണക്കുകളെപ്പോക്കോ, ഗവണ്മെന്റിലേയ്ക്കോ റിപ്പോർട്ടുചെയ്യാൻ അവർക്കു അധികാരം കൊടുക്കണമെന്നേ ഞാൻ പറയുന്നുള്ളു. അതു പൊലീസുകാരുടെ ജോലിക്കു പ്രതിബന്ധമായിത്തീരുമെന്നു ഞാൻ വിചാരിക്കുന്നില്ല. നേരേമറിച്ചു, അതു ഒരു ദോഷനിവാരണമാർഗ്ഗമായി ഭവിക്കുകയേയുള്ളു. ഈ അഭിപ്രായത്തോടുകൂടി എന്റെ ഉപക്ഷേപത്തെ ഞാൻ നിർബന്ധപൂർവ്വം ഹാജരാക്കിക്കൊള്ളുന്നു.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസു കമ്മിഷണർ): എനിക്കു കൂടുതലായി ഒന്നും പറയാനില്ല.

അദ്ധ്യക്ഷൻ: മി. കൃഷ്ണപിള്ള പറഞ്ഞതു ഞാൻ കേട്ടില്ല.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): എനിക്കു കൂടുതൽ ഒന്നും പറയുവാനില്ല. മി. രാമൻമേനോന്റെ നിർദ്ദേശം സ്വീകരിക്കാൻ ഞാൻ അപ്രാപ്തനാകുന്നു.

അദ്ധ്യക്ഷൻ: മി. രാമൻമേനോൻ, നിങ്ങളുടെ ഉപക്ഷേപം സ്വീകരിക്കണമെന്നു നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉണ്ടു.

പ്രമേയം വോട്ടിനിട്ടതിന്മേൽ തള്ളപ്പെട്ടുപോയി. അഞ്ചുപേർ മാത്രമേ അതിനനുകൂലിച്ചുള്ളു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മോഷൻ പോളിൽ ഇടണമെന്നു ഞാൻ ആവശ്യപ്പെടുന്നു. (ചിരി).

പോളിസിന്റെ ഫലം താഴെപ്പറയുംപ്രകാരമാണ്.

അനുകൂലിക്കാം ൪.

൧.	മിസ്റ്റർ ജി. രാമൻമേനോൻ.	൪.	മിസ്റ്റർ കെ. കെ. ജോസഫ്.
൨.	,, എം. എൻ. പിള്ള.	൫.	,, കേരളവർമ്മ കോയിത്തമ്പുരാൻ.
൩.	,, ശിവതാണുപിള്ള.		

പ്രതികൂലിച്ചവർ ൩൩.

൧.	മിസ്റ്റർ ടി. എ. സി. ചാക്കോ.	൧൫.	മിസ്റ്റർ കെ. വി. നടേശയ്യർ.
൨.	,, കെ. ബി. കുക്ക്.	൧൬.	,, ആർ. നീലകണ്ഠപ്പിള്ള.
൩.	,, ആർ. ധനുക്കോടിപ്പിള്ള.	൧൭.	,, ജി. പരമേശ്വരൻപിള്ള.
൪.	,, കെ. ജാല്ല.	൧൮.	,, കയ്യാലം പരമേശ്വരൻപിള്ള.
൫.	,, പി. ഹബീബ് മഹമ്മദ്.	൧൯.	,, ടി. പി. രാമസ്വയ്യർ.
൬.	,, എ. ഐ. ജോൺ.	൨൦.	റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ.
൭.	,, ആർ. കൃഷ്ണസ്വാമി അയ്യർ.	൨൧.	മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ.
൮.	,, ആർ. കെ. കൃഷ്ണപിള്ള.	൨൨.	,, കെ. ശിവരാമപ്പണിക്കർ.
൯.	,, എൻ. കുമാരൻ.	൨൩.	ടി. വി. സുബ്ബയ്യർ
൧൦.	,, ടി. കുമാരപിള്ള.	൨൪.	,, എം. സുബ്രഹ്മണ്യപിള്ള
൧൧.	ഡാക്ടർ എൻ. കുഞ്ഞൻപിള്ള.	൨൫.	,, വി. എസ്. സുബ്രഹ്മണ്യയ്യർ
൧൨.	മിസ്റ്റർ തരിയത്തു കുഞ്ഞിക്കോമ്മൻ.	൨൬.	,, സി. പി. തരകൻ
൧൩.	,, എക്സ്. ജി. ജോസ്പ്പസ്.	൨൭.	,, സി. പി. തോമസ്
൧൪.	മിസ്സസ് എം. പുന്നൻ ലൂക്കോസ്.	൨൮.	,, കെ. കെ. തോമസ്
൧൫.	മിസ്റ്റർ കെ. സി. മാത്തമ്മൻതാപ്പിള.	൨൯.	,, സി. എൻ. ഇളയപ്പൻനംപൂതിരി
൧൬.	,, ജി. നാരായണപിള്ള.	൩൦.	,, എ. മജ. വാൻറാസ്.
൧൭.	,, കുല്ലൂർ നാരായണപിള്ള.		

നിഷ്പക്ഷനിലക്കാർ.

൧.	മി.	കെ. പി. നീലകണ്ഠപ്പിള്ള
൨.	,,	ആർ. പത്മനാഭൻ.

മോഷൻ നമ്പർ ൩൦൪.

മി. ശിവതാണുപിള്ള (മതാവാള): ഞാൻ താഴെപ്പറയുന്ന പ്രമേയം ഹാജരാക്കിക്കൊള്ളുന്നു.

൩൦൪. ൧൪-ാം നമ്പർ ഡിമാൻഡിലെ ഇനമായ ൪൭ ലക്ഷം രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

പൊലീസ് സൈന്യത്തിലെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരെസംബന്ധിച്ചു, പ്രത്യേകിച്ചു എന്റെ നിയോജകമണ്ഡലത്തിലും അതിനടുത്ത അഗസ്ത്യീശ്വരം താലൂക്കിലും, ജനങ്ങളുടെഇടയിൽവർത്തമാനമായിരിക്കുന്ന അഭിപ്രായത്തിലേക്കു ഗവർണ്ണമെന്റിന്റെ ഗാഢമായ ശ്രദ്ധയെ ക്ഷണിക്കുന്നതിനുവേണ്ടിയാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നതു. മി. രാമൻമേനോന്റെ ഉപക്ഷേപത്തെ അനുകൂലിച്ചു അദ്ദേഹപക്ഷക്കാരിൽ ഞാൻ കൂടിച്ചേർന്നതു, പൊലീസ് സൈന്യത്തിന്റെ, വിശേഷിച്ചും അതിലെ കീഴ്ദ്യോഗസ്ഥന്മാരുടെ, നടത്തയെപ്പററിയുള്ള എന്റെ അപ്രീതിയെ ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണെന്നു ഞാൻ ആത്മാർത്ഥമായി പറഞ്ഞുകൊള്ളട്ടെ. നാട്ടുനാട്ടിലെ ജനങ്ങളിൽ ഒട്ടധികംപേർക്കും പൊലീസ്കാരിലുള്ള വിശ്വാസവും അവരെക്കുറിച്ചുള്ള ബഹുമാനവും വേഗത്തിൽ കുറഞ്ഞുവരുന്നു എന്നുള്ള സംഗതി ഗവർണ്ണമെന്റിനേയും ഈ സഭയിലെ മെംബർമാരെയും ഞാൻ ധരിപ്പിക്കുകകൊള്ളുന്നതുകൂടാതെ അതിലേക്കു താഴെപ്പറയുന്ന ഒന്നുരണ്ടു ഉദാഹരണങ്ങളും എടുത്തുപറഞ്ഞുകൊള്ളുന്നു. മോട്ടോർ വാഹനങ്ങളുടെ പരിശോധനയിലുള്ള അവരുടെ പെരുമാറ്റം മനസിലാക്കുന്നപക്ഷം, പൊലീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു ജനങ്ങളുടെ ഇടയിലുള്ള അഭിപ്രായം ഈ സഭയിലെ സാമാജികന്മാർക്കു അറിയാൻ എളുപ്പം സാധിക്കുന്നതാണു. ഡിപ്പാർട്ടുമെന്റിലെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ എത്രതന്നെ ശ്രമിച്ചാലും ജനങ്ങളുടെ ഇടയിലുള്ള അഭിപ്രായം മാറ്റുന്നതിനു വളരെനാൾ വേണ്ടിവരും. അഗസ്ത്യീശ്വരം താലൂക്കിൽപ്പെട്ട ശുചീന്ദ്രത്തുള്ള റോഡുകളിൽക്കൂടി പൊതുജനങ്ങൾക്കു ജാതിമതഭേദമന്യേ ഗതാഗതംചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനായിട്ടു കുറച്ചുകാലം ശുചീന്ദ്രത്തു ഇടങ്ങിയ സത്യാഗ്രഹസമരത്തെപ്പററി നമ്മുടെ ഗവർണ്ണർക്കു ഓർമ്മയുള്ളതാണെല്ലൊ. സത്യാഗ്രഹസമരം ഇടങ്ങിയസമയം അതിനെസംബന്ധിച്ചു ഗവർണ്ണമെന്റിന്റെ വാസ്തവമായ നില എന്താണെന്നു ആർക്കും അറിയാൻപാടില്ലായിരുന്നു. അതുകൊണ്ടു സത്യാഗ്രഹവാളന്റിയർമാർ ഗവർണ്ണമെന്റു യിഷ്ടപക്ഷനില കൈക്കൊണ്ടിരിക്കുന്നു എന്നു കരുതി, സമധൈര്യപൂർവ്വമായും അക്രമരഹിതമായും ഉള്ള മാർഗ്ഗത്തിൽക്കൂടി പ്രസ്തുത റോഡിൽ പ്രവേശിക്കുന്നതിനു സ്വാതന്ത്ര്യത്തെ ഉപയോഗിക്കാൻ ആരംഭിച്ചു. ഗവർണ്ണമെന്റിന്റെ നില, കേവലം നിഷ്പക്ഷസ്ഥിതിയിലല്ലെന്നു തോന്നിയ പ്രസ്തുതസംഗതിയിൽ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ഉപാമദങ്ങളായ ഉദ്ദേശങ്ങളോടുകൂടി പ്രവൃത്തിക്കുമെന്നു ജനങ്ങൾ വിചാരിച്ചിരുന്നു. എന്നാൽ ഈ സംഗതിയിൽ ജനങ്ങൾക്കു ഇഷ്ടഭംഗമാണു ഉണ്ടായതു. വാളന്റിയർമാർ അവരാൽ കഴിയുന്നിടത്തോളം ന്യായമായവിധത്തിൽ അവരുടെ അവകാശങ്ങളെ വിനിയോഗിക്കുന്നതിനു ഉദ്യമിച്ചതിന്റെ ഫലമായി പല ഭടികൾക്കുകൂടെ അന്യായമായ ധനാപഹരണത്തിനും ഇടയായിട്ടുണ്ടു. ചിലപ്പോൾ ഈവക അഭിക്രമങ്ങൾക്കു മുമ്പായി ന്യായവിരുദ്ധമായ സംഘങ്ങൾ കൂടുകയുംചെയ്തിരുന്നു. പൊലീസ് ഉദ്യോഗസ്ഥന്മാർ വിചാരിച്ചിരുന്നു എങ്കിൽ ഇതുകളെല്ലാം അപ്പോൾത്തന്നെ തടയാമായിരുന്നു. തേരെമറിച്ചു ഈവക കുററങ്ങൾ പൊലീസ് ഡിപ്പാർട്ടുമെന്റിലെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽവച്ചുകൂടി നടത്തപ്പെട്ടിരുന്നു. ഇതിൽ ചിലതിനു ഞാൻതന്നെ ദൃക്സാക്ഷിയാണ്. ഈവക കുററങ്ങൾ ചെയ്യുന്നതിനായി നട്ടുച്ചസമയത്തും പബ്ളിക്ക് കാഹരോഡിൽവച്ചും അഞ്ചിനുമേൽ ആളുകൾ യഥേഷ്ടം സംഘംകൂടുന്നതു ഞാൻതന്നെ കണ്ടിട്ടുള്ളതാണ്. ഒരു ഹെഡ്കാൻസ്റ്റബിളിന്റെയും മൂന്നു കാൻസ്റ്റബിൾമാരുടേയും മുമ്പിൽവച്ചു, ഒരു

മിഷ്യൻസ്കൂളിലൊ കാളേജിലൊവച്ചുണ്ടായ ഒരു ആഘോഷത്തിൽ പംകെടുത്തതിന്റശേഷം യാത്രതിരിച്ച ചില അധികൃതജാതിയിൽപ്പെട്ട യുവാക്കന്മാരെ പത്തുമുന്നു ആളുകൾ സംഘംചേർന്ന അതിക്രമശൽകചെയ്തു. നാഗർകോവിൽ മിഷ്യൻകാളേജിലെ ചില ആഘോഷങ്ങൾ കണ്ടുംവച്ചു, ഏകദേശം പതിനാലു വയസ്സു പ്രായമുള്ള ചില കുട്ടികൾ കർക്കാട്ടു എന്ന സ്ഥലത്തേക്കു തിരിച്ചു പോകുമ്പോൾ, ഒരുകൂട്ടം ആളുകൾ മദ്യപിച്ചുംകൊണ്ടു ഈ സാധുക്കളായ കുട്ടികളെ കഠിനമായി അതിക്രമശൽചെയ്തു. ഈ സംഗതിക്കു തൊൻതന്നെ ഒരു ദൃക്സാക്ഷിയാണ്. ഈ കുററക്കാരോടു ഞാൻ പറഞ്ഞ സാന്ത്വനവാക്കുകൾ ഒന്നും ഫലപ്പെട്ടില്ല. ഞാൻ നേരിട്ടുകണ്ട ഈ സംഗതിയിൽനിന്നും, ഇപ്രകാരമുള്ള അവസരങ്ങളിൽ പൊലീസുകാർ അനുഷ്ഠിച്ചുവന്ന നിലയെപ്പററി കേൾക്കുന്ന വൃത്തികൾ വസ്തുവമാണെന്നു, ഞാൻ നേരിട്ടുകണ്ടറിഞ്ഞ ഈ സംഗതിയിലെന്നിന്നും ഗ്രഹിക്കുന്നതിനു എനിക്കിടയായി. ഈ സാധുക്കളായ കുട്ടികൾക്കുവേണ്ടി പല പരാതികളും വിപ്പുട്ടുമെന്റു ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ പറഞ്ഞതായിട്ടും എനിക്കു അറിയാം. എന്നാൽ ഈവക പരാതികൾ ഉണ്ടായിട്ടും അവർ ഒരു നടപടിയും നടത്തിയില്ല. സ്ഥലത്തെ പൊലീസു ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ തൊൻതന്നെ സംഗതികൾ അറിവു കൊടുത്തു. അവരുടെ അറിവിൽവന്നിട്ടുള്ള മററുസംഗതികളിൽ നടത്തുന്നതുപോലെ ഒരു സംഗതിയിലും അവർ നടപടിനടത്തുന്നുമെന്നു അവർ മറുപടിപറഞ്ഞു. സങ്കടക്കാർ എടുത്താക്കടി പൊലീസു സ്റ്റേഷനിൽ കൊടുത്ത മൊഴികളെപ്പററി അപ്പിടത്തെ പൊലീസുകാരെ അറിയിക്കുകകൂടാതെ കുററത്തിൽ പംകെടുത്തവരായി പ്രയപ്പെട്ട ആളുകളുടെ പേരും ഞാൻ പറഞ്ഞുകൊടുത്തു. പൊലീസുകാർ ഏററവും സമ്പൂർണ്ണശ്രദ്ധയോടുകൂടി പ്രവൃത്തിക്കുമെന്നും സങ്കടക്കാരുടെ മൊഴികൾ വാങ്ങിയതിന്റശേഷം കേസു മുറക്കു അന്വേഷിക്കുമെന്നും അവർഎന്നോടു പറഞ്ഞു. എന്നാൽ ഒരു പരാതികളിന്മേൽ അവർ യാതൊരു നടപടിയും എടുത്തില്ലാ. പിന്നീടു വിവരം പൊലീസു കമ്മിഷണരെ അറിയിച്ചു. കമ്മിഷണർ ഹജ്ജി കൊണ്ടർസൈൻചെയ്തശേഷം സ്ഥലം പൊലീസുകാരുടെ അന്വേഷണത്തിനു അയച്ചുകൊടുക്കുകമാത്രം ചെയ്തു. ഇതെല്ലാം നടന്നിട്ടും, സങ്കടക്കാരുടെ സങ്കടനിവാരണത്തിനു യാതൊന്നും നിർവ്വഹിച്ചിട്ടില്ല. പൊലീസുകാരുടെ ഈവിധമുള്ള നിലയെക്കണ്ടു മേൽജാതിക്കാരെന്നും കീഴ്ജാതിക്കാരെന്നും പറയപ്പെടുന്നവർതമ്മിൽ ഗൌരവമായ സമാധാനഭംഗം ഉണ്ടാകാൻ ഇടയാകുമെന്നു സ്ഥലം പൊലീസുകാരോടു തൊൻ പറഞ്ഞു. വസ്തുവത്തിൽ സംഗതികൾ ഒരു പരുവത്തിൽ അവസാനിക്കുകയുംചെയ്തു. പ്രസ്തുതസ്ഥലത്തു ഗൌരവമായ ഒരു ലഹളയുണ്ടായി. എന്നാൽ ലഹളയ്ക്കു പ്രധാനകാരണക്കാരായ നാലുകന്മാരെ വെറുതെവിട്ടുകൊണ്ടു ചുമതലയുള്ള പൊലീസു ഉദ്യോഗസ്ഥന്മാർ വേണ്ടതെല്ലാംചെയ്തു. ഇതിലേക്കു നായകന്മാരായിരുന്ന ഉൽകൃഷ്ടജാതിക്കാരെ മുമ്പുവിട്ടുകയും, ലഹളയിൽ സാമാന്യമായ വിധത്തിൽ ഒന്നുംചെയ്തിട്ടില്ലാത്ത ചിലരെ ലഹളയ്ക്കു പ്രധാനകാരണക്കാരായി ചാർജ്ജുചെയ്തുകയുംചെയ്തു. മേൽജാതിക്കാരെ നിർദ്ദോഷികൾ എന്നു എനിക്കു ബോധ്യമുള്ള അധികൃതർഎന്നു പറയപ്പെടുന്ന ആളുകൾ ലഹളയ്ക്കു പ്രധാനചുമതലക്കാരെന്നു വിചാരിക്കുകയുംചെയ്തു. ഗവർണ്ണർക്കു വാസ്തവത്തിൽ നിഷ്പക്ഷതയിലധിഷ്ഠിതമായിരുന്നു, എങ്കിൽ പോലീസുകാരുടെ ഈ നയം മനസ്സിലാക്കാൻ വിഷമമാണ്. ഗവർണ്ണർക്കു ഒരു കക്ഷിയിലും ചേരാതിരിക്കുന്നിടത്തോളംകാലം പോലീസുകാരും ഒരു കക്ഷിയിലും ചേരാതെ ഇരിക്കേണ്ടതു അവരുടെ കടമയാണ്. അവർ സാധാരണ പക്ഷമാറുന്നനിലയിൽഗതി ഈ സംഗതിയിലും പക്ഷമാറേണ്ടതാണ്. ഇതു അവരുടെ കർത്തവ്യബോധക്കുറവുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ. നിങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു.

മി. എം. ശിവരാമപ്പിള്ള (ശൊവാള): രണ്ടുമുന്നുമിനിട്ടുകൂടി സംസാരിക്കാൻ ദയചെയ്തു അനുവദിക്കുമോ?

അദ്ധ്യക്ഷൻ. നിവൃത്തിയില്ല. നമുക്കു കാര്യം നടക്കേണ്ടതല്ലോ.

മി. എം. ശിവരാമപ്പിള്ള (തോവാള): പോലീസ്ഡിപ്പാർട്ടുമെന്റിന്റെ സാധാരണപ്രവൃത്തിയിൽതന്നെ അവർ ചില പ്രത്യേകസംഗതികളിൽ അനുവർത്തിക്കുന്നസമ്പ്രദായം ശരിയായിരിക്കുന്നില്ല. ഒരു ഹൈന്ദവക്ഷേത്രം രക്ഷാസൈന്യക്കാർ ഇടിച്ചുപൊളിച്ചുകളയുകയും അതിനെപ്പററി പോലീസുകാർക്കു അറിവുകൊടുക്കുകയും ചെയ്തപ്പോൾ അവർ ഒന്നുംതന്നെ ചെയ്തിട്ടില്ല. ഇങ്ങനെ പലിശ്ശം പലിശ്ശം പരാതികൾ പറഞ്ഞതിലും പൊലീസുഉദ്യോഗസ്ഥന്മാർ യാതൊരു നടപടിയും നടത്തിയില്ലാ. ഇങ്ങനെചെയ്തു രക്ഷാസൈന്യത്തിൽ ഇന്നതസ്ഥാനത്തിൽഇരിക്കുന്ന ചിലരെസംബന്ധിച്ചും നടപടിയെടുത്തുകൂടിവരുമെന്നുള്ളതുകൊണ്ടാണെന്നു ഞാൻ പറയുന്നു. ഈ സംഗതിയിലേക്കു ഗവർണ്ണർക്കിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

മി. എം. സുബ്രഹ്മണ്യപ്പിള്ള (അഗസ്തീശ്വരം): എന്റെ സ്നേഹിതൻ മിസ്റ്റർ ശിവരാമപ്പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ശ്രീചിത്രത്തുണ്ടായ സത്യാഗ്രഹപ്രസ്ഥാനം സംബന്ധിച്ചുള്ള പോലീസുകാരുടെ അന്യായമായ നടപടിയെമാത്രം ആസ്പദമാക്കിയാണ്. ഞാൻ അപ്രകാരംചെയ്യുന്നതു. സമാധാനശീലന്മാരും അക്രമരഹിതന്മാരുംആയ സത്യാഗ്രഹികളെ പതിവുപോലെ ഒട്ടുംതെററാതെയും ശ്രീചിത്രത്തുള്ള അക്രമികൾ അതിക്രമശൽ ചെയ്തിരുന്നു. ഈ സംഗതി പോലീസുകാരുടെ ശ്രദ്ധയിൽ കൊണ്ടുവരിയുംചെയ്തു. എന്നാൽ അതിലേക്കുവേണ്ട നിരോധനമാർഗ്ഗങ്ങൾ അവർ ഒന്നുംതന്നെ എടുത്തില്ലാ. നിർദ്ദയങ്ങളും ദുഷ്ടിയങ്ങളുംആയ ഈ അതിക്രമശലുകൾ പ്രസ്തുതസ്ഥലത്തു പോലീസുകാൻസ്റ്റബിൾമാർ ഇല്ലാതിരുന്നപ്പോഴാണ് ഉണ്ടായിട്ടുള്ളതു. ഈ സംഗതി ഞാൻതന്നെ പോലീസുകാരെ അറിയിക്കുകയും ഒരു കാൻസ്റ്റബിളിനെങ്കിലും സ്ഥലത്തു ഡ്യൂട്ടിക്കു നിയമിക്കണമെന്നു അപേക്ഷിക്കുകയുംചെയ്തു. ഈ സംഗതി ചുമതലയുള്ള ഒരു വലിയ പോലീസ്ഉദ്യോഗസ്ഥനേയും ഞാൻ ധരിപ്പിച്ചു. അതിലേക്കു എന്തിക്കുട്ടിയുടെപേരിൽ ശ്രീചിത്രം സത്യാഗ്രഹത്തിൽ പോലീസുകാർക്കു സ്ഥാനം ഇല്ലെന്നായിരുന്നു. ഗവർണ്ണർക്കിന്റെനില എന്തുതന്നെയായിരുന്നാലും സമാധാനശീലന്മാരായ ഒരുകൂട്ടം ജനങ്ങളെ രാജപാതയിൽവച്ചു അതിക്രമശൽചെയ്യുന്നുവെന്നു പോലീസുകാർക്കു അറിവുകൊടുത്താൽ അതിലേക്കു നിവാരണമാർഗ്ഗങ്ങൾ എടുക്കേണ്ടതു പോലീസുകാരുടെ കർത്തവ്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഇപ്രകാരമുള്ളസ്ഥലത്തു പോലീസുകാർക്കു സ്ഥാനംഇല്ലെങ്കിൽ ഈ സംസ്ഥാനത്തിൽതന്നെ അവർക്കു സ്ഥാനം ഇല്ലെന്നു പറയുന്നതിൽ അസ്വഭാവമുണ്ടെന്നുതോന്നുന്നില്ലാ. തീണ്ടൽജാതിക്കാരുടെ തീണ്ടൽ നിവൃത്തിക്കുന്നതിനു ഒരു പ്രസ്ഥാനം നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുവരുന്നു ഒന്നാണെന്നും അതിനു സകല പരിഷ്കൃതലോകത്തി

ന്റെയും സമാഗ്രികമായും ശക്തിമത്തായുള്ള പിൻതാങ്ങൽ ഉണ്ടെന്നു പോലീസുകാർ മനസ്സിലാക്കേണ്ടതു ദയനീയംതന്നെ. ഈ പ്രത്യേകസംഗതിയിൽ പോലീസുകാർ അനുഷ്ഠിച്ചുവരുന്നതിൽ എന്റെ അപ്രിയം പ്രദർശിപ്പിക്കുന്നതിനു മാത്രമായിട്ടു പ്രസ്തുതഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. വി. സുബ്ബയ്യർ (നിയമിത ഡിപ്പോളിപ്രസിഡന്റ്): പോലീസുകാർ ഭരണം ഭിക്ഷിച്ചു അവസ്ഥയിൽ വല്ല അടികലശൽ കേസുകളും മജിസ്ട്രേട്ടിന്റെ അറിവിൽ കൊണ്ടുവന്നിട്ടുണ്ടോഎന്നു ദയവുചെയ്തു പറയുമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം). ഉണ്ടു എന്നെപ്പോലെയുള്ള ആളുകൾ അറിവുകൊടുത്തിട്ടുണ്ടു. അല്ലാതെ സത്യഗ്രഹികൾഅല്ലാ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): വല്ല സങ്കടക്കാരും അന്യായം ബോധിപ്പിച്ചിട്ടുണ്ടോ എന്നു ദയവായിപ്പറയുമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ സംഗതികൾ പറഞ്ഞപ്പോലെയുള്ളവർ മജിസ്ട്രേട്ടിന്റെ അറിവിൽകൊണ്ടുവന്നു. സത്യഗ്രഹികൾഅല്ലാ.

മി. കെ. കെ.ജോസഫ് (മീനച്ചിൽ ദേവികുളം): ഈ ഉപക്ഷേപത്തിന്മേൽ ചിലസംഗതികൾ പറയണമെന്നു ഞാനും ആഗ്രഹിക്കുന്നു. മിസ്റ്റർ ശിവതാണുപിള്ളയും മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും പ്രസ്താവിച്ച ശ്രീമൂലത്തു സത്യാഗ്രഹത്തെപററി എനിക്കു ഒന്നും പറയാനില്ലെന്നു ഞാൻ ആദ്യമായിപ്പറഞ്ഞുകൊള്ളുന്നു. പോലീസുഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെപ്പററി ചില സാമാന്യവിമർശനങ്ങൾ ഞാൻ ചെയ്യുന്നുണ്ട്. രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിൽ കാൺസ്റ്റബിൾമാർ അനുവർത്തിച്ചു വരുന്ന നടപടിതന്നെ ഇപ്പോൾ ഇല്ലെന്നു തോന്നുന്നു. കേസുകൾ കണ്ടുപിടിക്കുന്നതിനു അനുവർത്തിച്ചുവരുന്ന നയം ഒട്ടുംതന്നെ ആശാസ്യമല്ല. പൊതുസംശയത്തിന്മേൽ അവർ ആളുകളെഅറസ്റ്റ്ചെയ്യുകയും ദേഹോപദ്രവം കൂടാതെ കുറ്റം സമ്മതിപ്പിക്കുകയും ചെയ്തു അറിവുകിട്ടാൻ ശ്രമിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിലെ ചട്ടങ്ങളെയോ ഡിപ്പാർട്ടുമെന്റിലെ സർക്കുലറുകളോ പ്രകാരം ഇപ്രകാരമുള്ള ദേഹോപദ്രവം ചെയ്യുന്നതിനു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ലാ. ഏതായാലും നിർമ്മലാത്മാക്കളായ ജനങ്ങളും ചിലപ്പോൾ തോന്ന്യാസക്കാരായ സർക്കാർജീവനക്കാരുടെകയ്യിൽനിന്നും പലപ്പോഴും ദേഹോപദ്രവം ഏററുവരുന്നുണ്ടെന്നുള്ളതു എല്ലാവർക്കും അറിവുള്ള സംഗതിയാണ്. ഈ സംഗതികൾ ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാരുടെ അറിവോടുകൂടിയാണോ നടത്തുന്നതു എന്നു പോലീസുകമ്മിഷണറിൽനിന്നും അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങിനെ അല്ലെങ്കിൽ അതിനെപററി വേണ്ട അന്വേഷണങ്ങൾ നടത്തി കഴിയുന്നതുംവേഗത്തിൽ ഈ അനഭിലഷണീയമായ പതിവിനെ നിഷ്കാസനംചെയ്യേണ്ടതാണെന്നു ഞാൻ പോലീസുകമ്മിഷണരോടു അപേക്ഷിച്ചുകൊള്ളുന്നു.

പോകാരുസംഗതി എനിക്കു പൂണ്ടിക്കാണിക്കാനുള്ളതു ഈ കാൺസ്റ്റബിൾമാരുടെ സാമാന്യനടത്തയെപ്പററിയാണ്. ഇവർക്കുകൊടുത്തുവരുന്ന ഏററവും ഉച്ചരമായ ശമ്പളവും ഇതിലേക്കു കാരണമായിരിക്കാമെന്നുള്ള സംഗതിയും ഈ അവസരത്തിൽ എടുത്തുപറഞ്ഞുകൊള്ളുന്നു. കാരണം ഏതുതന്നെആയിരുന്നാലും ഡിപ്പാർട്ടുമെന്റിലെ ഈ വക ജീവനക്കാർ ന്യായപരിപാലനത്തിനു വേണ്ടകാര്യങ്ങളല്ലാ എല്ലായിപ്പോഴും ചെയ്യുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഇവർ പലപ്പോഴും പലവിധത്തിലുള്ള പ്രതിഫലങ്ങൾ വാങ്ങിക്കയും നീതിന്യായത്തിനു പ്രതികൂലമായി പ്രവർത്തിക്കയും ചെയ്യുന്നതുന്നുണ്ടെന്നു പറയപ്പെടുന്നുണ്ടു. ചിലപ്പോഴെല്ലാം ഇവർ മദ്യപാനംചെയ്തു ബോധഹീനരായിത്തീരുകയും യാതൊരു കൃത്യബോധവും കൂടാതെയും നീതിയെപററി ഗണിക്കാതെയും പ്രവർത്തിക്കയും ചെയ്യുന്നു. ഈ കാരണത്താൽ കാൺസ്റ്റബിൾമാർ അവരുടെഡ്യൂട്ടിസമയത്തിലും പകൽ സമയത്തിലും യാതൊരുതരം മദ്യവും സേവിച്ചുകൂടെന്നു വിരോധിക്കുന്നതായ ഒരു സർക്കുലർ അയക്കണമെന്നുകൂടി ഞാൻ കമ്മിഷണരുടെ അടുക്കൽ നിർദ്ദേശിച്ചുകൊള്ളുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം—വിളവംകോട്): സർക്കുലർ കാൺസ്റ്റബിൾമാർക്കുമാത്രം അയച്ചാൽ മതിയോ? മററുള്ളവർക്കും അയക്കേണ്ടതല്ലേ?

മി. കെ. കെ. ജോസഫ് (മീനച്ചിൽ—ദേവികുളം): ഇവർ മദ്യപിച്ചുംകൊണ്ടിരിക്കുന്ന അവസരത്തിൽ മാന്യന്മാരും മര്യാദക്കാരുംആയ ആളുകളെപ്പോലും ഇവർ ഉപദ്രവിക്കും.

മി. ടി. കുമാരപിള്ള (കൽക്കുളം—വിളവംകോട്): കാൺസ്റ്റബിൾമാരേയും ഹെഡ് കാൺസ്റ്റബിൾമാരേയും മദ്യപാനത്തിൽനിന്നും തടഞ്ഞാൽ മതിയോ; മററുള്ളവരേയും തടയേണ്ടേ?

മി. കെ. കെ. ജോസഫ് (മീനച്ചിൽ—ദേവികുളം): ഞാൻ ഇപ്പോൾ പൊലീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചുമാണ് പറയുന്നതു. അതുകൊണ്ടാണു ഈ വിമർശനം ഞാൻ ചെയ്യുന്നതു. ഈ സംഗതിയിൽ ഞാൻ ചുവ്വായി പ്രതിവാദിക്കുന്നില്ല. ഇതിൽനിന്നും ജനങ്ങൾക്കു പല ഉപദ്രവങ്ങളും നേരിടുന്നുണ്ടു. ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാരെപ്പററി എനിക്കു അധികം ഒന്നും അറിഞ്ഞുകൂടാ. അതുകൊണ്ടു അവരെപ്പററി ഒന്നും ഞാൻ ഇപ്പോൾ പറയുന്നില്ല.

ഈ കാൺസ്റ്റബിൾമാരെപ്പററിയുള്ള വേറൊരു സംഗതി, ഇവർ രാജ്യത്തിന്റെ ഉൾനാടുകളിൽ അക്രമങ്ങൾക്കും അനീതികൾക്കും പിൻബലം കൊടുക്കുന്നു എന്നുള്ളതാണ്. അപ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നതിനു ഇവർ ഉത്സാഹിപ്പിക്കുകകൂടി ചെയ്യുന്നുണ്ടു. ഞാൻ മുമ്പേ പറഞ്ഞ പൊലീസ് കമ്മിഷണർ ഈ വിഷയത്തിൽ വേണ്ടവിധം ശ്രദ്ധചെലുത്തി അവയെ തടയുന്നതിനുവേണ്ടിയാകുന്നു.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): അഗസ്തീശ്വരത്തുള്ള ജനങ്ങൾക്കു ആ സ്ഥലത്തെ പൊലീസുകാരുടെ നേരേയുള്ള വിശ്വാസം കുറഞ്ഞുവരുന്നു-എന്നു മിസ്റ്റർ ശിവതാണുപിള്ള പറയുന്നു. എന്നാൽ അവിടത്തെ പൊലീസുകാരുടെമേൽ തങ്ങൾക്കു പൂർണ്ണവിശ്വാസം ഉണ്ടെന്നു ആ താലൂക്കിലെ മററനേകംപേർ പറയുന്നുണ്ടു, എന്നുള്ള വസ്തുത ഞാൻ മിസ്റ്റർ ശിവതാണുപിള്ളയെ ധരിപ്പിച്ചുകൊള്ളുന്നു. ആ സ്ഥിതിക്കു സംഗതികൾ ഇപ്രകാരമാണിരിക്കുന്നതു. സംഗതികളുടെ ഒരു വശത്തെപ്പററി പറയുന്ന ആളാണ് മിസ്റ്റർ ശിവതാണുപിള്ള. എന്നാൽ പൊലീസുകാരെ അഭിനന്ദിച്ചു അവർ അവരുടെ കൃത്യങ്ങൾ ശരിയാ

യി ചെയ്യുന്നു എന്നു പറയുന്ന ആളുകളും ഉണ്ട്. ശുചീന്ദ്രത്തു സത്യഗ്രഹപ്രസ്ഥാനം സംബന്ധിച്ചു അവിടത്തെ ജനങ്ങൾ രണ്ടു കക്ഷികളായി തിരിഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്കു അതിൽ ഒരു കക്ഷി മറ്റു കക്ഷികളെപ്പററി കുററം പറയുന്നതിനു ഇടയുള്ളതാകുന്നു.

മി. എൻ. കുമാരൻ (നിയമിതം): ഏതെല്ലാം സംഗതികളിലാണ് അവിടത്തെ ജനങ്ങൾ പൊലീസുകാരെ സ്തുതിച്ചതെന്നും അവർ എന്തെല്ലാം കൃത്യങ്ങളാണ് ചെയ്തതെന്നും ദയവായി പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): പൊലീസുകാരില്ലായിരുന്നു എങ്കിൽ ഇതിലും വലുതായ അക്രമങ്ങൾ നടക്കുമായിരുന്നു എന്നാണ് അവർ എന്നോടു പറഞ്ഞതു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അവർ അവിടെ വല്ല മോഷണം ചെയ്തോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): അവർ നിരോധനവേലകൾ ചെയ്തിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): പൊലീസുകാരുടെ നടത്തയെപ്പററി വല്ല പരാതിയും ഉണ്ടായോ എന്നു ദയവായി പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): ഉണ്ടായി. പൊലീസുകാർ ശരിയായി ജോലി ചെയ്തില്ലെന്നു ഒരു കക്ഷിക്കാരുടെ പരാതിയുണ്ടായി. റിപ്പോർട്ടുചെയ്ത കേസുകൾ പൊലീസുകാർ സ്വയമായി എടുക്കത്തക്ക കേസുകൾ അല്ലാതിരുന്നതുകൊണ്ടു അവർക്ക് അവയെപ്പററി നടപടിനടത്താൻ ഇടയായില്ല. അവയെ മജിസ്ട്രേട്ടിനു റിഫർ ചെയ്തു.

മി. എം. ശിവതാണുപിള്ള (തോവാള): ന്യായരഹിതമായ സംഘചേരുക മുതലായ കുററങ്ങൾ പൊലീസുകാർക്ക് സ്വയം എടുക്കത്തക്ക കേസുകളാണോ എന്നു സദയം പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): ന്യായരഹിതമായ സംഘം ചേർന്നതായ ഒരു കേസിൽ നടപടി എടുക്കുകയുണ്ടായി. അതു വിചാരണയിൽ ഇരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഇതിൽ നടപടി നടത്തിയതു അനേക കുററങ്ങൾ നടന്നതിന്റെ ശേഷം അല്ലേയോ എന്നു സദയം പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): സർക്കാരുവക്കീലിന്റെ പ്രകാരം ഞങ്ങൾ കേസുകൾ എടുത്തിട്ടുണ്ട്. അവ മജിസ്ട്രേട്ടുമുമ്പിൽ വിചാരണയിൽ ഇരിക്കുന്നു. ഞങ്ങൾ നിരോധനനടപടിയും നടത്തിയിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ കേസുകൾ എടുത്തതു ഒട്ടനേകം പരാതികൾ പൊലീസ് കമ്മിഷണരുടെ അടുക്കൽ പറഞ്ഞതിന്റെ ഫലമായിട്ടാണോ എന്നു സദയം പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): പക്ഷേ അതിന്റെ ഫലമായിട്ടായിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): ഈ നടപടികളിൽ മേൽജാതിക്കാർ എന്നു പറയപ്പെടുന്നവരുടെ ഇടയിലുള്ള പ്രധാനികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു സദയം പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): രണ്ടു കക്ഷികളിലേയും ആളുകളെ ചേർത്തിട്ടുണ്ട്. പ്രധാനികളെപ്പററി എനിക്കു ഒരറിവും ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): നടപടിനടത്തിയിട്ടുള്ളതു അധഃകൃതരെന്നു വിളിക്കപ്പെടുന്നവരുടെ പരാതികളിന്മേൽ ആണോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): അപ്രകാരമായിരിക്കാം. പ്രധാനികളെ ചേർത്തിട്ടില്ലായിരിക്കും. അതു പൊലീസുകാരുടെ വിവേചനത്തിനു വിട്ടിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ സംഗതി സദയം പറയുമോ?

മി. വി. സുബ്ബയ്യർ (നിയമിതൻ—ഡെപ്യൂട്ടിപ്രസിഡന്റ്). അദ്ദേഹം ചോദ്യത്തിനു മേലവൻ ഉത്തരം പറഞ്ഞുകഴിഞ്ഞിട്ടില്ല.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): അന്വേഷണം നടത്തിയതിന്റെ ശേഷം ആവശ്യമുണ്ടെന്നു കണ്ടതിന്മേലല്ലാം നടപടിനടത്തി. ഏതെങ്കിലും ഒരു പ്രത്യേക കുററം ആവശ്യപ്പെടുന്നതുപോലെ ചെയ്യണമെന്നു അവരോടു പറയാൻ പാടില്ല. പൊലീസുകാർക്കു അവർ നടത്തുന്ന അന്വേഷണഫലം അനുസരിച്ചു നടപടിനടത്താൻ പാടുള്ളതു.

മി. എം. ശിവതാണുപിള്ള (തോവാള): സത്യാഗ്രഹസമരം നിറുത്തിവച്ചു വളരെ നാൾ കഴിഞ്ഞശേഷമല്ലേ നടപടി നടത്തിയതെന്നു സദയം പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): ഒരുവേള അതിനു ശേഷമായിരിക്കാം കേസിനെപ്പററി ചർച്ചചെയ്തിട്ടുള്ളതു. അതിന്റെ രീതി എനിക്കു നിശ്ചയമായി അറിഞ്ഞുകൂടാ. പൊലീസുകാർ നടപടി നടത്തി എന്നും അതു വേണ്ട ആവശ്യമുണ്ടെന്നു കണ്ടപ്പോൾ തെളിവുശേഖരിക്കാൻ അവർ ഇടഞ്ഞി എന്നും മാത്രമേ എനിക്കു പറയാൻ സാധ്യതയുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): മഹാമാരി നടന്നതിനു ശേഷമല്ലേ മജിസ്ട്രേട്ടുമുമ്പാകെ കേസു ചാർജ്ജുചെയ്തതു? അതായതു സത്യാഗ്രഹസമരം നിറുത്തിവച്ചു വളരെ നാൾ കഴിഞ്ഞശേഷമല്ലേ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പൊലീസ് കമ്മിഷണർ): ഇപ്രകാരം ഒരു സംഭവം ഉണ്ടായതിന്റെ ശേഷമെ നടപടി നടത്തേണ്ട ആവശ്യമുണ്ടെന്നു പൊലീസുകാർക്കു മനസ്സിലാകയുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): സകുടുംബക്കാരായ മനുഷ്യരെ ചുമതലയുള്ള പൊലീസുകാരുടെ അടുക്കൽ മൊഴികൊടുക്കാൻ ഹാജരായതിൽ മൊഴിവാങ്ങിയിട്ടില്ലെന്നു ഒരു ഹർജി ഉണ്ടായിട്ടില്ലേ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്കമ്മിഷണർ): അപ്രകാരം ഒരു പരാതിയുണ്ടായതായി എനിക്കു അറിവില്ലാ.

മി. എം. ശിവതാണുപിള്ള (തോവാള): അപ്രകാരം ഒരു ഹജ്ജി പോലീസ് കമ്മിഷണർക്കു അയച്ചിട്ടില്ലേ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്കമ്മിഷണർ): എനിക്കു അതിനെപ്പററി നല്ലനിശ്ചയം ഇല്ലാ. ഇതിൽ ചില സംഗതികളെല്ലാം പോലീസുകാരുടെമുമ്പിൽ വച്ചു നടന്നുഎന്നു മി. ശിവതാണുപിള്ള ഒരു കുററം ആരോപിക്കുന്നുണ്ടു. ഇതു വാസ്തവമാണ്. ഞങ്ങൾ അന്വേഷണം നടത്തിയടത്തോളം മനസ്സിലാകുന്നതു ഈവക അതിക്രമങ്ങൾ പോലീസുകാർ ഇല്ലാതിരുന്ന അവസരങ്ങളിൽ ഉണ്ടായി എന്നാണ്.

മി. എം. സുബ്രഹ്മണ്യപിള്ള (അമ്പലപ്പുഴ): ഞാനും അങ്ങിനെ പറഞ്ഞു എന്നാണ് എനിക്കറിയാം.

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്കമ്മിഷണർ): അങ്ങനെയാണെങ്കിൽ പോലീസുകാർക്കു എന്തുചെയ്യാൻ കഴിയും? ഇന്നു ഒരു സംഗതിനടക്കാൻപോകുന്നോ ഇല്ലയോ എന്നു അവർക്കു മുൻകൂട്ടി അറിയാൻ സാധിക്കുന്നതല്ലാ.

മി. എം. ശിവതാണുപിള്ള (തോവാള): പ്രസ്തുതസ്ഥലം പോലീസ്സ്റ്റേഷനു സമീപം അതായതു രണ്ടുഫർലാംഗിനകത്താണെന്നു കമ്മിഷണർക്കു അറിയാമോ എന്നു സശയം പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്കമ്മിഷണർ): രണ്ടോ മൂന്നോ ഫർലാംഗ്തന്നെ ആയിരിക്കാമല്ലോ. അങ്ങനെയുള്ള എങ്ങിനെയാണു സംഗതികൾ വ്യത്യാസപ്പെടുന്നതു? ഇവിടെ ഒരു പോലീസ്സ്റ്റേഷൻ ഉണ്ടായിരിക്കും. ഇവിടെനിന്നും രണ്ടോ മൂന്നോ ഫർലാംഗ്കളെ ഒരു ചന്തനടന്നിരിക്കുകയുംചെയ്യും. അതിന്റെ വിവരം അറിഞ്ഞതാകെ പോലീസുകാർക്കു അവിടെപോകാൻ സാധിക്കുകയുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): അധഃകൃതവർഗ്ഗക്കാർ എന്നുപറയുന്നവർ കാര്യങ്ങൾ സ്ഥലം പോലീസ്സുദ്യോഗസ്ഥനെ അറിയിച്ചപ്പോൾ അദ്ദേഹം അവരുടെ മൊഴിവാങ്ങിച്ചു കേസു ചാജ്ജ്ചെയ്യാൻ വിസമ്മതിച്ചു എന്നും നേരെമറിച്ചു ഉൽകൃഷ്ടജാതിക്കാരുടെ മൊഴിവാങ്ങിച്ചു ആ മൊഴികൾ അടിസ്ഥാനമാക്കി കേസ് ചാജ്ജ്ചെയ്തു എന്നും ഉള്ളതു പരമാർത്ഥമാണോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്കമ്മിഷണർ): അപ്രകാരം മൊഴികൊടുക്കുകയോ പോലീസ് ഇൻസ്പെക്ടർ മൊഴി റിക്കാർഡുചെയ്യാൻ വിസമ്മതിക്കുകയോ ചെയ്തിട്ടില്ല. ഞങ്ങൾ അന്വേഷണം നടത്തിയതിന്റെ ഫലമാണ് ഇതു.

മി. എം. ശിവതാണുപിള്ള (തോവാള): അങ്ങനെ ചെയ്തു എന്നു ഹജ്ജിയുണ്ടായിട്ടില്ലേ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്കമ്മിഷണർ): അതു വാസ്തവമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അധഃകൃതവർഗ്ഗക്കാരുടെ മൊഴികൾവാങ്ങാൻ ഒരു (പ്രത്യേക) ഇൻസ്പെക്ടർ വിസമ്മതിച്ചുഎന്നു ഒരു ഹജ്ജി ഉണ്ടായില്ലേ.

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ് കമ്മിഷണർ): അപ്രകാരം ഒരു ഹജ്ജി ഉണ്ടായിരിക്കാം. ഹജ്ജി ഉണ്ടായതുകൊണ്ടു സംഗതി വാസ്തവമാണെന്നു വരുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഹജ്ജിയെപ്പററി വിചാരണനടത്തിയോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്കമ്മിഷണർ): കമ്മിഷണർക്കു കിട്ടിയ എല്ലാ ഹജ്ജികളെപ്പററിയും വേണ്ടതുപടിനടത്തിയിട്ടുണ്ടു. പരാതികൾ വാസ്തവമല്ലെന്നുകണ്ടാൽ കീഴ്ദ്യോഗസ്ഥന്മാരെ ശിക്ഷിച്ചില്ലെന്നു പറഞ്ഞു കമ്മിഷണരുടെ നടപടിയെ ആക്ഷേപിക്കാൻ പാടില്ല. ഒരാൾ കുററക്കാരനെന്നുകണ്ടാലെ ശിക്ഷിക്കാൻപാടുള്ളു.

ഒരുക്ഷേത്രം ഇടിച്ചുപൊളിച്ചു കളഞ്ഞു എന്നുള്ള ഒരു കേസിനെപ്പററി മി. ശിവതാണുപിള്ള പറകയുണ്ടായി അതിനെപ്പററി ശരിയായ അറിവുകൾ നല്കുന്നതായാൽ ഞാൻ ആ സംഗതികൾ യോജിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തുന്നതാണ്.

മി. ജോസഫ് പറഞ്ഞിട്ടുള്ളചില സാമാന്യനിരൂപണങ്ങളെപ്പററി എനിക്കു പറയാനുള്ളതു സാമാന്യനിരൂപണങ്ങളെ അടിസ്ഥാനമാക്കി ഖാദരതരം നടപടിയും നടത്താൻ നിവൃത്തിയില്ലെന്നുള്ളതാണ്. കള്ളുകുടിയോ മദ്യപാനത്തെയോ സംബന്ധിച്ചു ഏതെങ്കിലും പ്രത്യേകസംഗതികൾ ചൂണ്ടിക്കാണിച്ചാൽ അതിനെപ്പററി ജീവനക്കാരന്റെമേൽ ശരിയായ നടപടിനടത്തുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കുപ്പക്കേസ്സുകളുടെ വർദ്ധനയ്ക്കു ഗവർണ്മെന്റിന്റെ അബ്കാരി നയവുമായി വല്ല ബന്ധവുമുണ്ടോ എന്നു പറയുമോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആ. പോലീസ്സ്കമ്മിഷണർ): അങ്ങനെ ഒരു ബന്ധമുള്ളതായിട്ടു എനിക്കു നിശ്ചയമില്ലാ പോലീസ്സ് ഡിപ്പാർട്ടുമെന്റിൽ കള്ളുകുടിയും മദ്യപാനവും നിറുത്തുന്നതിനു മി. ജോസഫിനെപ്പോലെ ഞങ്ങളും ഉത്സുകരാണെന്നു മി. ജോസഫിനോടു പറഞ്ഞുകൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നതിന്റെ ഉദ്ദേശം കമ്മിഷണർ മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു. അദ്ദേഹം ഡിപ്പാർട്ടുമെന്റിലെ കീഴ്ജീവനക്കാരുടെ നടത്തയെപ്പററി അദ്ദേഹം ഗാഢമായി ശ്രദ്ധിച്ചുകൊള്ളുമെന്നു അദ്ദേഹം ഉറപ്പുതരുന്നതായാൽ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു എനിക്കു യാതൊരുതടസ്സവും ഉണ്ടാകുന്നതല്ലാ. അതിലേക്കു മനസ്സാക്ഷി അനുവദിക്കയും ചെയ്യും. പൊലീസ്സ്കമ്മിഷണർ വേണ്ട ഉറപ്പുതരുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. വി. സുബ്ബയ്യർ (നിയമിതൻ ഡെപ്യൂട്ടിപ്രസിഡെന്റു): സങ്കടക്കാരിൽനിന്നും മജിസ്ട്രേട്ടുമുമ്പാകെ വല്ല അന്യായവും കൊടുത്തിട്ടുണ്ടോ എന്നു സശയം പറയുമോ?

മി. എം. ശിവതാണുപിള്ള (തോവാള): ഉണ്ടു സത്യാഗ്രഹികളിൽനിന്നല്ലാ. അടിക്കലശലുചെയ്യപ്പെട്ടവരുടെ കുടുംബങ്ങളിൽ നിന്നാണ് ആ കേസുകൾ വിചാരണയിൽ ഇരിക്കുന്നു.

അദ്ധ്യക്ഷൻ: കേസുകൾ വിചാരണയിൽ ഇരിക്കയാണെങ്കിൽ അതിനെപ്പററി ഇവിടെന്നും പറയാൻ പാടില്ലാ.

മി. എം. ശിവതാണുപിള്ള (തോവാള): വിചാരണയിൽ ഇരിക്കുന്ന കേസുകളെപ്പററി ഞാൻ ഒന്നും നിർദ്ദേശിക്കുന്നില്ലാ.

അദ്ധ്യക്ഷൻ: നിങ്ങളുടെ ഉപക്ഷേപം നിങ്ങൾ പിൻവലിക്കുന്നോ ഇല്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): പോലീസ്സ് കമ്മിഷണർ ഉറപ്പുതരുമെങ്കിൽ ഞാൻ പിൻവലിക്കാം.

അദ്ധ്യക്ഷൻ: നിങ്ങൾ കമ്മിഷണരുടെ പ്രസംഗം കേട്ടുവല്ലോ? അതുകൊണ്ടു പിൻവലിക്കുന്നോ ഇല്ലയോ എന്നു നിങ്ങൾ തീരുമാനിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒടുവിലത്തെ ഭാഗം ഞാൻ കേട്ടില്ലാ.

അദ്ധ്യക്ഷൻ: അതിനു ഇതു നിവൃത്തിയില്ലാ.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം ഉറപ്പുതരുന്നു എന്നുള്ള വിശ്വാസത്തിന്മേൽ ഉപക്ഷേപം ഞാൻ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ.

൧൪-ാം നമ്പർ ഡിമാൻഡ് അതായതു പോലീസ് ഡിപ്പാർട്ടുമെന്റു സംബന്ധിച്ചു ൧,൯൦ ലക്ഷം രൂപയിൽ കവിയാതെയുള്ള തുക അനുവദിക്കണമെന്നുള്ള സംഗതി ഞാൻ സഭയുടെ വോട്ടിനു ഇടുന്നു.

പ്രസ്തുത ഉപക്ഷേപം പാസ്സാക്കുകയും ഗ്രാന്റു അനുവദിക്കയും ചെയ്തു.

സഭ മദ്ധ്യഭക്ഷണത്തിനായി പകൽ ൧-൩൦ മണിക്കു പിരിഞ്ഞു. വൈ ൩-നു വൈസ്പ്രസിഡന്റിന്റെ അദ്ധ്യക്ഷത്തിൽ വീണ്ടുംകൂടി.

൧൩-ാം നമ്പർ ഡിമാൻഡ് കൃഷിയും മത്സ്യവ്യവസായവും ൧,൭൫ ലക്ഷം രൂപ.

കൃഷിമത്സ്യവ്യവസായ ഡയറക്ടർ ഡാക്ടർ കുഞ്ഞൻപിള്ള.

സർ,

൧൩-ാം നമ്പർ ഡിമാൻഡിൻപ്രകാരം ൧,൭൫ ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നുള്ള ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

വ൧. എ. കൃഷിയും മത്സ്യവ്യവസായവും നിയന്ത്രണം.

൩൦ മുതൽ ൩൦൭ വരെ ഉപക്ഷേപങ്ങൾ, താഴെ പറയുന്ന മോഷൻ ഹാജരാക്കിയില്ല.

മി. കെ. കെ. താമസ്സ്.

൩൦൩, നിയന്ത്രണത്തിനുള്ളതുകയായ വ൩൦ എന്ന രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണമെന്നു.

താഴെപ്പറയുന്ന മോഷനു മെമ്പർ ഹാജരില്ലാതിരുന്നതുകൊണ്ടു ഹാജരാക്കിയില്ലെന്നു ഗണിക്കപ്പെട്ടു.

മി. ടി. കെ. മാത്യു.

൩൦൩. നിയന്ത്രണത്തിനുള്ള വ൩൦ എന്ന രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണമെന്നു.

താഴെപ്പറയുന്ന മോഷൻ ഹാജരാക്കിയില്ല.

മിസ്റ്റർ. കെ. കെ. ജോസഫ്.

൩൦൪. നിയന്ത്രണത്തിനുള്ള വ൩൦ എന്ന രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്നു.

വ൧. ബി. കൃഷിമത്സ്യവ്യവസായവും പരീക്ഷണത്തോട്ടങ്ങളും വളം ഡിപ്പോകളും.

ഉപക്ഷേപം നമ്പർ ൧.

മി. കെ. കെ. താമസ്സ് (കോട്ടയം)

ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

പരീക്ഷണത്തോട്ടങ്ങൾക്കും വളം ഡിപ്പോകൾക്കും ഉള്ള വ൧൦൯ രൂപയിൽ നിന്നും ഒരു രൂപ കുറയ്ക്കണമെന്നു.

മദ്ധ്യ തിരുവിതാംകൂറിലെ റബ്ബർകൃഷിയുടെ വർദ്ധനവുനിമിത്തം പുഞ്ച നിലങ്ങൾക്കു ചിറയിടുന്നതിനു ആവശ്യമായ ചുള്ളിക്കാടുകൾ തീരെ നശിപ്പിച്ചു വരുന്നു. എന്നുള്ള കാര്യമാണു ഈ മോഷൻ മുഖേന എനിക്കു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു. ഇതു മേഖലയിലുള്ള ഏതുതരം തൊഴിലാളികളെ സൌജന്യമായി ബോധിക്കുന്ന ഒരു സംഗതിയാണ്. റബ്ബർ കൃഷി ഇപ്പോൾ നടക്കുന്ന ക്രമമനുസരിച്ചു വർദ്ധിച്ചു വരികയാണെങ്കിൽ പുഞ്ച നിലങ്ങളുടെ വരുമാനം ഉറപ്പിക്കുന്നതിനു അത്യാവശ്യമായിരിക്കുന്ന സാധനം തീരെ നശിച്ചുപോകുന്നതാണ്. ചുള്ളിക്കാടുകൾക്കു പകരം പുഞ്ച നിലങ്ങളുടെ ചിറ ഉറപ്പിക്കുന്നതിനു കുറഞ്ഞ ചെലവിൽ പറ്റാവുന്നതായുള്ള എന്തെങ്കിലും ഒരു സാധനം കണ്ടുപിടിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇപ്പോൾ ഉള്ളതിൽ ഇതിലേയ്ക്കു ഉപയോഗപ്രദമായുള്ള ഒരു മാറ്റ സാധനം ഇറക്കുമതി ചെയ്യുന്നു. ഇതിന്റെ ഉപയോഗം പടിഞ്ഞാറൻപ്രദേശങ്ങളിലെ മണ്ണിലാക്കിയിട്ടുള്ള ചുള്ളിക്കാടുകൾ തീരെ നശിപ്പിക്കുമ്പോൾ അതിനു പകരം എന്തെങ്കിലും ഒരു സാധനം കണ്ടുപിടിക്കേണ്ടതാണ്. തിരുനെൽവേലി ഭാഗമായ മല്ലികളിൽ കൃഷിചെയ്യുവാൻ ചാണം ഇവിടെയും വളത്തുന്നതിനെപ്പററി ചില നിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ടു. പുഞ്ചനിലങ്ങളുടെ വരുമാനം കുറയുന്നതിനു പുഞ്ച നിലങ്ങൾക്കു സമീപമായി കണ്ണരം കൃഷിചെയ്യുന്നതിന്റെ ഗുണദോഷങ്ങളെപ്പററി ഡിപ്പാർട്ടുമെന്റിൽനിന്നും അന്വേഷിക്കേണ്ടതായിരിക്കുന്നു. ഈ വിദ്ദേശം അന്വേഷണം നടത്തുകൊണ്ടുവന്നിട്ടുള്ളതുകൊണ്ടു ഇപ്രകാരമുള്ള ഏർപ്പാടിന്റെ ഗുണദോഷങ്ങളെപ്പററി ചില സംഗതികൾ ഇതിലേയ്ക്കു ചേർക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ചാണകമോ അതുപോലെയുള്ള മറെറാരു വളമോ കൊടുത്തു വർഷകാലങ്ങളിൽ കൃഷി ചെയ്യുന്നതു അതു ആറുമാസംകൊണ്ടു വേണ്ട വിധം വളരുമെന്നും അതു പുഞ്ചനിലങ്ങളുടെ വരുമാനം കൂട്ടുന്നതിനു ഉപയോഗപ്പെടുത്താമെന്നും അനുഭവംകൊണ്ടു അറിഞ്ഞിട്ടുള്ളതാകുന്നു.

വേനലായ സംഗതിയെപ്പററി ഗൌനിക്കാനുള്ളതു തിരുവിതാംകൂറിൽ പച്ചിലവളത്തിന്റെ കുറവാണു. തിരുവിതാംകൂറിലെ ഭൂമിയിൽ ഫാസ്ഫേററ് എന്ന സാധനം കുറവാണെന്നും എന്നാൽ ഫാസ്ഫേററ് ഉണ്ടായേ തീരേണ്ടതു വിളവിന്നു അത്യാവശ്യമാണെന്നും ഡയറക്ടർ നമ്മെ ധരിപ്പിക്കുന്നുണ്ടു. ആണ്ടുതോറും ഒട്ടുവളരെ ഫാസ്ഫേററ്വളം നാം കയററുമതിചെയ്യുന്നുണ്ടു. ഈ വളം കയററുമതി ചെയ്യുന്നതിനെ നിരോധിക്കണമെന്നു ഞാൻ ഒരു പ്രശ്നംചെയ്യുന്നില്ലേയ്ക്കു അതു അന്ന ആലോചനാവിഷയമായിട്ടുണ്ടെന്നു എനിക്കു മറുപടി നൽകി. പിന്നെയ്ക്കു മുതലായ ഫാസ്ഫേററു വളങ്ങൾ കയററുമതി ചെയ്യുന്നതിനെ നിരോധിക്കയോ നിഷേധിക്കാതിരിക്കുകയോ ചെയ്യുന്നതിന്റെ ആശാസ്യതയെപ്പററി ഗവർണ്മെന്റു ആലോചിക്കുന്നുണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. ഈ സംസ്ഥാനത്തിന്നു ഫാസ്ഫേററ് വളങ്ങൾ കയററുമതി ചെയ്യുന്നതിനെ നിരോധിക്കേണ്ടതാവശ്യമാണെന്നുള്ള കാര്യത്തിൽ ഡിപ്പാർട്ടുമെണ്ടിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മദ്ധ്യ തിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും പച്ചിലവളം കിട്ടുന്നില്ലെന്നുള്ള പരാതികൾ കേട്ടുവരുന്നുണ്ടു്. ചില സ്ഥലങ്ങളിൽ ഒരു ചുമട പച്ചിലവളത്തിന്നു ഏ്ര കക്കുവരെ വിലയായിരിക്കുന്നു എന്നുള്ളവിവരം എനിക്കു അറിയാം. ഈ സ്ഥിതിക്കു ആണ്ടുതോറും ഉള്ള കൃഷിക്കു പച്ചിലവളം കേവരിക്കുന്നതിന്നു കൃഷിക്കാർക്കു ഉണ്ടാകുന്ന കഷ്ടപ്പാടുകൾ പ്രതിവർഷം വർദ്ധിച്ചുവരുന്നതാണു്. അതുകൊണ്ടു മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും പച്ചിലവളം കൃഷിചെയ്യുന്നതിന്നു എന്തെങ്കിലും മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതാണെന്നുള്ള സംഗതിയും ഡിപ്പാർട്ടുമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. ഈ സംഗതികളിൽ ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഈ അഭിപ്രായങ്ങളോടുകൂടി പരീക്ഷണത്തോട്ടങ്ങൾക്കും വളം ഡിപ്പോകൾക്കും ഉള്ള തുകയായ ൧൮൦൦൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ ഹാജരാക്കുകൊള്ളുന്നു.

ഉപാദ്ധ്യക്ഷൻ: മി. കെ. ഐ. ജോസഫിന്റെ മോഷനും ഇതേപ്രകാരമുള്ളതാകയാൽ അതിനെപ്പററി മി. ജോസഫിന്നു പറയാനുള്ളതും പറയാം.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ—തോടുകളും): ഞാൻ ഒന്നുംപറയണമെന്നു വിചാരിക്കുന്നില്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യ വ്യവസായ ഡയറക്ടർ): സർ, മിസ്റ്റർ തോമസ്സ് കൊണ്ടുവന്നിട്ടുള്ള രണ്ടു സംഗതികളും രസാവഹവും പ്രാധാന്യമേറിയതും ആകുന്നു. ഇതിൽ ഒന്നാമത്തെതു, പുഞ്ചനിലങ്ങളുടെ ചിറകൾ പിടിക്കുന്നതിന്നു ഉപയോഗിച്ചുവരുന്ന കാട്ടുചുള്ളികൾക്കു പകരം എന്തെങ്കിലും ഒരു സായനം കണ്ടുപിടിക്കണമെന്നാകുന്നു. ഇതിന്റെ പ്രാധാന്യത്തെക്കുറിച്ചു ഞാൻ പൂർണ്ണമായി ഗ്രഹിച്ചിട്ടുണ്ടു. പുറമ്പുകൃഷികൾ വർദ്ധിക്കുംതോറും വരമ്പുപിടിക്കുന്നതിന്നു ആവശ്യമായ ചുള്ളിക്കാടുകൾ കുറഞ്ഞുവരുന്നു എന്നു എനിക്കു അറിയാവുന്നതാണു്. എന്നാൽ അതിന്നു പകരം ഏതു സാധനമാണു് ഉപയോഗിക്കേണ്ടതു എന്നു കണ്ടുപിടിക്കുന്നതിലും പുഞ്ചനിലങ്ങളുടെ വരമ്പുപിടിക്കുന്നതിന്നു മതിയാകുന്നവിധത്തിൽ അതിനെ ധാരാളമായി കൃഷിചെയ്യുന്നതിലും ചില പ്രായോഗികമായ വിഷമതകൾ ഉണ്ടു. ചണം കൃഷിചെയ്യണമെന്നു മി. തോമസ്സ് നിർദ്ദേശിക്കുന്നു. ചണം ഒരു വിലയേറിയ വിളയാണു്. ചണം ഫലപ്രദമായി കൃഷിചെയ്യുമെങ്കിൽ വരമ്പുപിടിക്കുന്നതിനേക്കാൾ കൂടുതൽ ഗുണപ്രദമായ സംഗതികൾക്കു അതിനെ വിനിയോഗിക്കാം. അതിൽനിന്നും ചണനാർ എടുത്തു കയററുമതിചെയ്യുന്നതായാൽ നല്ലവില കിട്ടുന്നതാണു്. മുമ്പേവേളു ചണം തിരുവിതാംകൂറിൽ ഫലപ്രദമായി കൃഷിചെയ്യാം എന്നുവന്നാൽ അതിൽനിന്നും ഏക്കർ ഒന്നിന്നു കിട്ടുന്ന ആദായം പുഞ്ചനിലത്തിൽനിന്നും കിട്ടുന്ന ആദായത്തേക്കാൾ കൂടുതലായിരിക്കും. അതുകൂടാതെ തിരുവിതാംകൂറിലെ ദേശകാലാവസ്ഥകൾ ചണകൃഷിക്കു യോജിച്ചവയാണോ എന്നും സംശയമാണു്. തിരുനെൽവേലി മുതലായ സ്ഥലങ്ങളിൽ അതിനെ ധാരാളം കൃഷിചെയ്യുന്നുണ്ടു. അതിന്റെ വളർച്ചക്കു അവിടത്തെ ഭൂമി നമ്മുടെ ഭൂമിയേക്കാൾ നന്നായി പററിയതാണു്. അവിടത്തെ ഭൂമിക്കു ഇവിടത്തതിനേക്കാൾ കൂടുതലായി ജലാർദ്രതയെ (അതായതു നനവിനെ) സന്ധാരണം ചെയ്യുന്നതിനുള്ള ശക്തിയുണ്ടു. ഒരു മഴപെയ്താൽ അവിടത്തെ മണ്ണിൽ നനവു വളരെനാൾ നിൽക്കും. യേതെമറിച്ചു തിരുവിതാംകൂറിൽ മഴപെയ്യുമ്പോൾ അതിവർഷമാണെങ്കിലും മണ്ണിലെ വെള്ളം സ്വല്പസമയംകൊണ്ടു വലിഞ്ഞുപോകുന്നു. തന്നിമിത്തം ഭൂമി വേഗം ഉണങ്ങിപ്പോകുന്നുണ്ടു. ഈ സ്ഥിതിക്കു ചണംകൃഷി തിരുവിതാംകൂറിൽ വിജയപ്രദമായി ഭവിക്കുമോ എന്നും തെരേളു കൃഷിചെയ്താൽതന്നെയും പുഞ്ചകൃഷിക്കാരുടെ ആവശ്യത്തിന്നു മതിയായിവരുമോ എന്നും ഞാൻ സംശയിക്കുന്നു.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഡയറക്ടർ സ്വയം അതിനെപ്പററി പരീക്ഷിച്ചുനോക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യ വ്യവസായ ഡയറക്ടർ): നിശ്ചയമായും നോക്കാം. ചണം വിജയപ്രദമായി കൃഷിചെയ്യാമോ എന്നും, കൃഷിചെയ്താൽ അതിൽനിന്നും കിട്ടുന്ന ചണനാരിന്നു പുഞ്ചനിലങ്ങളുടെ വരമ്പുറപ്പിക്കുന്നതു കൂടുതൽ ആദായകരമായിത്തീരുമോ എന്നും പരീക്ഷിച്ചുനോക്കാമെന്നാണു ഞാൻ പറയാൻ ഭാവിച്ചതു. ഏതായാലും പുഞ്ചനിലങ്ങളുടെ വരമ്പുകൾ പിടിക്കുന്നതിന്നു ഏതെങ്കിലും അതിയായ സാധനം ഉണ്ടായിരിക്കേണ്ടതു ആവശ്യമാണു്. ഈ സംഗതി ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതും തന്നെയാണു്. ഞാൻ ചില പരീക്ഷണങ്ങൾ നോക്കി അതിന്റെ ഗുണദോഷഫലങ്ങളെ ഈ സഭയിൽ വഴിയെ അറിയിച്ചുകൊള്ളാം.

മിസ്റ്റർ തോമസ്സ് കൊണ്ടുവന്നിട്ടുള്ള രണ്ടാമത്തെ സംഗതി വളങ്ങൾ കയററുമതി ചെയ്യുന്നതിനെപ്പററിയുള്ളതാണു്. ഇതു വളരെ പ്രധാന്യമേറിയ ഒരു വിഷയമാണു്. ഈ കാര്യം ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുള്ളതുകൂടാതെ, ധനപരിപോഷണ കമ്മിററിക്കാരുടെ ശ്രദ്ധയും ആകർഷിച്ചു ഈ വിഷയത്തിൽ പതിഞ്ഞിട്ടുണ്ടു. ഈ സംഗതിയെപ്പററി ഞാൻ ഒന്നിലധികം തവണ ഗവർണ്മെന്റിലേക്കു എഴുതിയിട്ടുള്ളതാകുന്നു. വളങ്ങൾ കയററുമതിചെയ്യുന്നതിനെ നിരോധിക്കണമെന്നുള്ള സംഗതിയെപ്പററിയാകട്ടെ, ഈയ്യിട ഒരു നിശ്ചയം ധനപരിപോഷണസഭയിൽ പാസ്സാക്കിയിട്ടുണ്ടു ഇതിൽ ഫാസ്ഫേററ് വളങ്ങൾക്കു പുറമെ, ഇന്ത്യിയ വളങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇപ്രകാരം ചെയ്തിട്ടുള്ളതു ഈ വക സാധനങ്ങൾ നിലങ്ങൾക്കു ഉത്തമമായി ഉപയോഗിക്കാൻവേണ്ടിയാണു്. എന്നാൽ ഈ സംഗതി നാം വിചാരിക്കുന്നിടത്തോളം അത്ര ലഘുവായിട്ടുള്ളതല്ല. ഈ വക വളങ്ങൾ കയററുമതിചെയ്യുന്നതിനെ തടയണമെങ്കിൽ കയററുമതിക്കു തടസ്സ

നേരിടത്തക്കവിധത്തിൽ വലുതായ ഒരു ചുങ്കം ഏർപ്പെടുത്തേണ്ടതാണെന്നു തോന്നുന്നു. ഇൻറർപ്പോർട്ടൽ കൺവെൻഷൻപ്രകാരം നമുക്കു സാമാന്യവിലയുടെ പത്തുശതമാനമുള്ള ചുങ്കമേ ചുമത്താൻ അനുവാദമുള്ളു. അപ്രകാരമുള്ള ഒരു തീരുവ വയ്ക്കുന്നതായാൽ, തിരുവിതാംകൂറിൽനിന്നും ഈ വക വളങ്ങൾ കയറുമതിചെയ്യുന്നതിനെ തടയുന്നതിനു അതു അത്ര പര്യാപ്തമാകുമോ എന്നു ഞാൻ സംശയിക്കുന്നു. ഒന്നുകിൽ വലിയ ചുങ്കം ഏർപ്പെടുത്തണം, അല്ലെങ്കിൽ കയറുമതി നേരെ നിരോധിക്കണം. എന്നാൽ ഈ വിഷയത്തിൽ വേറൊരു സംഗതി ആലോചിക്കാനുണ്ട്. നാം ചില വളങ്ങൾ തിരുവിതാംകൂറിൽനിന്നും കയറുമതിചെയ്യുന്നുണ്ടെങ്കിലും വേറെ ചില വളങ്ങൾ വിദേശങ്ങളിൽനിന്നും ഈ രാജ്യത്തിലേക്കു ഇറക്കുമതി ചെയ്യുന്നുമുണ്ടു. ഉദാഹരണമായി, നാം അസ്ഥി വളങ്ങളും മററു കൃത്രിമവളങ്ങളും വിദേശങ്ങളിൽനിന്നും വരുത്തുന്നുണ്ടു. നാം ബ്രിട്ടീഷ് ഇൻഡ്യയിലേക്കു വളങ്ങൾ കയറുമതി ചെയ്യുന്നതിനെ നിരോധിച്ചാൽ ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നും തിരുവിതാംകൂറിലേക്കു അയക്കുന്ന വളങ്ങൾ അയച്ചുകൂടാ എന്നു അവർ വിരോധിക്കും. കൊഞ്ചുപൊടിയും മററു വളങ്ങളും നാം കടൽമാർഗ്ഗം അയക്കുകയല്ല ചെയ്യുന്നതു. ഇവകളെ ബ്രിട്ടീഷ് ഇൻഡ്യയിലേക്കു അയക്കുന്നതു കരമാർഗ്ഗത്തിൽക്കൂടിയാണ്. വളങ്ങൾ കയറുമതി ചെയ്യുന്നതിനെ നാം വിരോധിച്ചാൽ പ്രതിക്രിയയ്ക്കു ഇടയാകും. പ്രതിക്രിയ ഉണ്ടാകുമെന്നല്ലാം ഞാൻപറയുന്നതു ഉണ്ടായേക്കാൻ ഇടയുണ്ടെന്നാകുന്നു അതുകൊണ്ടാണു മിസ്റ്റർ തോമസ്സിന്റെ പ്രശ്നത്തിനു ഉത്തരമായി അതു ഗാഢമായ ആലോചനയ്ക്കു വിഷയീകരിക്കേണ്ടതാണെന്നു ഗവർണ്ണമെന്റു മറുപടികൊടുത്തതു. ഈ സംഗതി യപ്പററി ഏതെങ്കിലും തീർച്ചചെയ്യുന്നതിനുമുമ്പായി മുൻപറഞ്ഞ വിഷയങ്ങളെ കുറിച്ചുകൂടി ഗാഢമായി ചിന്തിക്കേണ്ടതായിട്ടുണ്ട്. കൃഷിയുടെ ഗുണത്തിനെ ഉദ്ദേശിച്ചു വളങ്ങൾ കയറുമതിചെയ്യുന്നതിനെ നിരോധിക്കണമെന്നുള്ള മി. തോമസിന്റെ അഭിപ്രായത്തിൽ എനിക്കു തീർച്ചയായും അനുഭാവം ഉണ്ട്.

പച്ചിലവളത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, പച്ചിലവളങ്ങൾ കൃഷിചെയ്യുകയും അവയുടെ വിത്തുകൾ ശേഖരിച്ചു കൃഷിക്കാരുടെ ഇടയിൽ വിതരണംചെയ്യുകയും ചെയ്യുന്ന ജോലികൾ ഡിപ്പാർട്ടുമെന്റിൽ നിന്നും നടത്തിക്കൂടയോ എന്നു ഇതിനുമുമ്പുള്ള ഒരു യോഗത്തിൽവച്ചു എന്റെ സ്നേഹിതൻ മി. കൊച്ചുകുഞ്ഞുപിള്ള ചോദിക്കുകയുണ്ടായി. ഇതനുസരിച്ചു ഞങ്ങൾ ചണവും വേറെ ചില പച്ചിലവളങ്ങളും കൃഷിചെയ്തും അവയുടെ വിത്തുകൾ പലസ്ഥലങ്ങളിലും ശേഖരിക്കുകയും വിൽക്കാൻ തയ്യാറാണെന്നു പരസ്യം ചെയ്യുകയും ചെയ്തു. എന്നാൽ ജനങ്ങളിൽനിന്നും വേണ്ടപ്രോത്സാഹനം ലഭിച്ചില്ലാ. ഈ വിത്തുകൾക്കു സ്വല്പമായ വിലമാത്രമേ നിശ്ചയിച്ചിരുന്നുള്ളു എന്നുവരികിലും അതിലേക്കു ആവശ്യപ്പെട്ടവർ ചുരുക്കമായിരുന്നു. ഈ വിത്തുകൾ ഒരാണ്ടുവരെ വച്ചിരുന്നതും പിന്നീടു ഉപയോഗശൂന്യമായിത്തീരുകയാൽ കളഞ്ഞിട്ടുള്ളതും ആകുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈവക വിത്തുകൾ വിലകൂടാതെ വിതരണം ചെയ്തിരുന്നുഎന്നുവരികിൽ ജനങ്ങളിൽനിന്നും പ്രോത്സാഹനം ലഭിക്കുകയില്ലായിരുന്നോ എന്നു ഭയവാചി പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗവ്യവസായ ഡയറക്ടർ): ഞങ്ങൾ വിലകൂടാതെയും ചിലക്കു വിത്തു കൊടുക്കയുണ്ടായി. അവർ അവയെ കൃഷിചെയ്തോ കളഞ്ഞോ എന്നു അറിഞ്ഞുകൂടാ. അതിനെപ്പററി ഒരു അറിവും ഞങ്ങൾക്കില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഈ വിഷയത്തിൽ വേണ്ടിടത്തോളം പരസ്യം ഉണ്ടായിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗവ്യവസായ ഡയറക്ടർ): ഞാൻ ഗസററിൽ പരസ്യംചെയ്തതും മറ്റുപത്രികകൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തതുകൂടാതെ ഈ പത്രികകളെ ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്തതുംചെയ്തു. ഇതിനുംപുറമെ വിത്തുകൾ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണെന്നു ഡിപ്പാർട്ടുമെന്റു ജീവനക്കാർ മുഖേന അറിവുകൊടുക്കയും ചെയ്തു. സംഗതി പരസ്യമാക്കുന്നതിനു ഈ മാർഗ്ഗങ്ങളല്ലാമാണു ഞാൻ അനുകരിച്ചതു. ഇവ മതിയായ പരസ്യമാവുകയില്ലെങ്കിൽ ഇനി സ്ഥലങ്ങളിലുള്ള വല്ല പത്രങ്ങളിലും പരസ്യം ചെയ്താൽ മതിയായ പരസ്യമായി ഗണിക്കപ്പെടുമോ എന്നു അറിയുന്നില്ലാ.

പച്ചിലവളത്തിന്റെ കുഴവിനെസംബന്ധിച്ചു പറയുമ്പോൾ അവയെ കൃഷിചെയ്യുന്നതിൽ ഒരു യഥാർത്ഥമായ വിഷമതയുണ്ട്. അതു അനുദ്യോഗസ്ഥ മെമ്പർമാർ മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ലാ. തിരുവിതാംകൂർ മണ്ണിന്റെ സ്വഭാവത്തിലും മററുസംഗതികളിലും ബ്രിട്ടീഷ് ഇൻഡ്യപോലെ അല്ല, തിരുനൽവേലിയിൽ ആദ്യത്തെ വിളവെടുപ്പു കഴിഞ്ഞുതീരുമ്പോൾ ചണം കൃഷിചെയ്യുന്നു. അവിടെ മണ്ണിനു വേണ്ടുവോളം നനവുള്ളതും കർഷകന്മാർ വിളവെടുത്തഉടനെയോ അല്ലെങ്കിൽ സ്വല്പംമുമ്പായിട്ടോ പച്ചിലവളത്തിനുള്ള കുരുക്കൾ (വിത്തുകൾ) വിതയ്ക്കുന്നതും ആകുന്നു. അതു അതിവേഗം വളരുകയും ആറോ എട്ടോ ആഴ്ചവട്ടങ്ങൾകൊണ്ടു, വളത്തിനായി വെട്ടിയെടുക്കത്തക്കവിധത്തിൽ മതിയായ വളർച്ചയെ പ്രാപിക്കയും ചെയ്യുന്നു. ആദ്യത്തെ വിളവെടുപ്പുകഴിഞ്ഞു രണ്ടുമാസംകൂടി കഴിഞ്ഞശേഷമാണ് ഈവക്കും ഉപയോഗപ്പെടുത്താനുള്ള രണ്ടാമത്തെകൃഷി ഉടങ്ങുന്നതു്. തിരുവിതാംകൂറിൽ ഒന്നാമത്തെ വിളവെടുപ്പു ചിങ്ങം ഒടുവിൽ ആണ്. അതു കഴിഞ്ഞഉടനെ രണ്ടാമത്തെ വിളവിനുള്ള നടവു ഉടങ്ങുകയും ചെയ്യുന്നു. അതുകൊണ്ടു പച്ചിലവളത്തിനുള്ള കൃഷികൾ ചെയ്യുന്നതിനു ഇവിടെ സമയംകിട്ടുന്നില്ലാ. കൂടാതെയും കുംഭം മീനം മാസങ്ങളിൽ ഭൂമി ഉണങ്ങിപ്പോകുന്നു അതുകൊണ്ടു പച്ചിലവളങ്ങൾ വളരാൻ തരമില്ലാ. വെള്ളം കിട്ടുന്നില്ലാ എന്നപരാതി വന്നപ്പോൾ, കുംഭത്തിലെ വിളവെടുപ്പു കഴിഞ്ഞശേഷവും രണ്ടുമൂന്നു ആഴ്ചവട്ടങ്ങൾകൂടി സ്വല്പമായ ഒരു നികുതി ചുമത്തിക്കൊണ്ടെങ്കിലും കോതയാർവെള്ളം വിട്ടുകൊടുക്കണമെന്നു നന്നായിരിക്കുമെന്നു ഞാൻ ഗവർണ്ണമെന്റിലേക്കു എഴുതി. എന്റെ ഈ നിർദ്ദേശത്തെ അനുവദിക്കുന്നതിൽ പ്രായോഗികമായ ചില വിഷമതകൾ ഉണ്ടായിരുന്നു. കോതയാറിലെ അതിനുതക്കവെള്ളം മതിയായതോതിൽ ഉണ്ടായിരിക്കുമോ എന്നു സംശയമായിരുന്നു. അതുകൊണ്ടു പച്ചിലവളംകൃഷിക്കു വെള്ളം വിട്ടുകൊടുക്കാമെന്നു വാഗ്ദാനംചെയ്യുന്നതു യുക്തമെന്നു ഗവർണ്ണമെന്റിനു തോന്നിയില്ലാ. ഈ ഒരു പ്രായോഗികമായ വൈഷമ്യം നമുക്കു നേരിട്ടിരിക്കുന്നു. നമ്മുടെരാജ്യം ബ്രിട്ടീഷ് ഇൻഡ്യയെപ്പോലെ അല്ലാ. അവിടെ നിലങ്ങളിൽതന്നെ പച്ചിലവളം കൃഷിചെയ്യുന്നതിനു വേണ്ട സൗകര്യങ്ങൾഉണ്ടു. എന്നാൽ നമുക്കു ആ സൗകര്യങ്ങൾ ഇല്ലാ. തെക്കൻതിരുവിതാംകൂറിൽ കൃഷിക്കാർ തെങ്ങു, വാഴ, ചീനി മുതലായ കുഴമരങ്ങൾ കൃഷിചെയ്യുന്നുണ്ടു. ഇവയ്ക്കു അതിനു സ്ഥലംകിട്ടുന്നടത്തോളം അവർ നട്ടുപിടിപ്പി

ക്കയും അവയെ തെൽകൃഷിക്കു വളത്തിനായി ഉപയോഗിക്കയും ചെയ്യുന്നു. എന്നാൽ ഉത്തരതിരുവിതാംകൂറിൽ ഈ നടപ്പില്ലാ. പൊന്നാവൂരിനു സമീപത്തിലായി കുറെഏക്കർ സ്ഥലത്തു ഞങ്ങൾ പരീക്ഷണാർത്ഥം കോഴി, വാഹ, ചീലാന്തി ഇവകൾ നട്ടുപിടിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. അപ്രകാരം ചെയ്യുതിൽ എനിക്കുള്ള ഉദ്ദേശം കുഴികൾവളത്തിന് ഉപയോഗിക്കാവുന്ന ഈവക ചെടികളുടെകൃഷി ജനങ്ങളെ മനസ്സിലാക്കാനും പറ്റുമെന്നായി കാണുന്നസ്ഥലങ്ങൾ ഈ വകയ്ക്കായി ഉപയോഗപ്പെടുത്താമെന്നു കാണിച്ചുകൊടുക്കാനും ആണ്. ഇതു പച്ചിലവളം സംസ്ഥാനത്തിൽ നടപ്പാക്കാനുള്ള ഒരു സമ്പ്രദായമാകുന്നു. മറെറാരു സമ്പ്രദായം അതായതു ബ്രിട്ടീഷ് ഇൻഡ്യയിലെപ്പോലെ ആണ്ടുതോറും പച്ചിലവളം കൃഷിചെയ്യുക എന്നുള്ളതു വളരെ വിഷമതകൾ ഉള്ളതാകുന്നു. ഈ വിഷമതകൾ നിവൃത്തിയുള്ളടത്തോളം ഇല്ലായ്മചെയ്യുന്നതിനു ഞങ്ങൾ കഴിയുന്നതും ശ്രമിക്കുന്നുണ്ട്. പച്ചിലവളങ്ങൾക്കുള്ള കുഴിമരങ്ങൾ കൃഷിചെയ്യുന്നവിഷയത്തിൽ ജനങ്ങൾ സഹകരിക്കുമെങ്കിൽ ഈ വിഷയത്തിൽ സാരമായ അഭിവൃദ്ധി കാണിക്കാൻ ഞങ്ങൾക്കു സാധിക്കുന്നതാണ്.

മി. കെ. കെ. തോമസ്സ് (കോട്ടയം): കൃഷിഡയറക്ടരുടെ അഭിപ്രായങ്ങൾ കേട്ടശേഷം, ഈവക വിഷമതകൾ അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടെന്നും അതിലേക്കുള്ള പരീക്ഷണങ്ങൾ വഴിയെ തുടങ്ങുമെന്നും മനസ്സിലാകുന്നുണ്ടു. ആ സ്ഥിതിക്കു ഇതിനപ്പുറമുള്ള വാദപ്രതിവാദത്തിനു ആവശ്യം കാണുന്നില്ലാ. അതിനാൽ ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

മോക്കൻ സമയുടെ അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

മോഷൻ നം ൦ ൻ.

താഴെപ്പറയുന്ന മോക്കൻ ഹാജരാക്കിയില്ല.

മി. കെ. ഐ. ജോസഫ്.

നം ൦ ൻ. പരീക്ഷണത്തോട്ടങ്ങൾ വന്നംഡിപ്പോവുകൾ ഇവയ്ക്കുള്ള വ ഫ ൦ ൻ രൂപയിൽനിന്നും ഫ ൦ ൦ രൂപ കുറയ്ക്കണമെന്നു

ഡ. ഫ. സി. കൃഷിയും മത്സ്യവ്യവസായവും.

കൃഷിപാഠശാല.

മോക്കൻ നം ഫ ൦.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ താഴെപ്പറയുന്ന മോക്കൻ ഹാജരാക്കുന്നു:—

നം ഫ ൦. കൊട്ടാരക്കരയിൽ ഒരു കൃഷിപാഠശാല തുറക്കുന്നതിനുള്ള ഇടക്കാലയ ഒ ഇ ഫ വ രൂപയുംവേണ്ടുന്നവയ്ക്കുണ്ടാകണമെന്നു.

കൊട്ടാരക്കരതാലൂക്കിൽ ഒരു കൃഷിസ്കൂൾ സ്ഥാപിക്കുന്നതിനുസംബന്ധിച്ചു എനിക്കു അഭിപ്രായം അസൂയ ഇല്ലാഎന്നു ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ, ഇപ്പോൾതന്നെ ആലുവായിൽ ഒരു സ്കൂൾഉണ്ട്. അതു വീണ്ടും രണ്ടുകൊല്ലത്തേക്കു പരീക്ഷണാർത്ഥമായി നടത്താൻ ഗവണ്മെന്റു തീർച്ചയാക്കിയിരിക്കുന്നതായി കാണുന്നു. ഇപ്പോൾ ആലുവായിൽ സ്ഥാപിച്ചിട്ടുള്ള കൃഷിസ്കൂൾകൊണ്ടു യഥാർത്ഥത്തിൽ ഗുണമുണ്ടു എന്നു ഗവണ്മെന്റിനു തോന്നുന്നു എങ്കിൽ അതു സ്ഥിരപ്പെടുത്താതിരിക്കുന്നതു എന്താണെന്നു മനസ്സിലാകുന്നില്ല. അതു സ്ഥിരപ്പെടുത്താതിരിക്കുന്നിടത്തോളംകാലം ഈ മാതിരി സ്കൂളുകൾ സ്ഥാപിക്കുന്നതിൽ ഗവണ്മെന്റിനു സംശയമുള്ളതുപോലെ തോന്നുന്നു. അങ്ങനെയാണെങ്കിൽ ആ ജാതിയിലുള്ള മറെറാരു സ്കൂൾ സ്ഥാപിക്കുന്നതിനു പണം ചിലവാക്കുന്നതു ന്യായമല്ല. ആലുവാ കൃഷിസ്കൂൾകൊണ്ടു എന്തെങ്കിലും പ്രയോജനംഉണ്ടെന്നു ഗവണ്മെന്റിനു തോന്നുന്നു എങ്കിൽ ആ മാതിരി വേറെ സ്കൂൾ സ്ഥാപിക്കുന്നതിനു എനിക്കു വിപരീതാഭിപ്രായംഇല്ല. അങ്ങിനെ തോന്നിയിട്ടില്ലെങ്കിൽ പുതിയ സ്കൂൾ സ്ഥാപിക്കുന്നതു അനാവശ്യമാകുന്നുവെന്നാണ് എന്റെ അഭിപ്രായം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, ഈ മോക്കന്റെ വാചകംകൊണ്ടു എനിക്കു അതിനെ കഠിനമായി എതിർക്കണമെന്നാണ് തോന്നിയതു. എന്നാൽ മി. തരകന്റെ പ്രസംഗം കേട്ടതിൽ അദ്ദേഹത്തിനു ഈ സ്കൂൾ നിറുത്തണമെന്നു ആഗ്രഹമുള്ളതായി തോന്നുന്നില്ല. ആലുവാ സ്കൂൾ സ്ഥിരപ്പെടുത്തണമെന്നു ഡിപ്പാർട്ടുമെന്റുകാർ ആഗ്രഹിക്കുന്നുഎങ്കിൽ എനിക്കു അതിൽ ഒരു തടസ്സവുംഇല്ല. എന്റെ ആക്ഷേപം ഇതാണ്. അതായതു ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന തുക വിട്ടുകളയാൻപാടില്ല എന്നുള്ളതാണു. എന്നാണ്. അതായതു കൊട്ടാരക്കരയിൽ സ്കൂൾ തുടങ്ങേണ്ടതാണ്. ആലുവാസ്കൂളിനെപ്പററി കഴിഞ്ഞ തവണ സഭയിൽ നടന്ന വാദപ്രതിവാദങ്ങൾ ഞാൻ കേട്ടിട്ടുള്ളതാകുന്നു. അന്നു ചില മെംബർമാർ സ്കൂൾ അഭിവൃദ്ധിയായി വരുന്നില്ലെന്നു വാദിക്കുകയുണ്ടായി. ഒരുവേളു അതുകൊണ്ടായിരിക്കാം ആ സ്കൂൾ സ്ഥിരപ്പെടുത്തുന്നതിനു ഗവണ്മെന്റിൽനിന്നും അവസാനഉത്തരവു പാസ്സാക്കാത്തതു. എന്നാൽ അതു കൊട്ടാരക്കരെ വേറെ ഒരു സ്കൂൾ തുടങ്ങാതിരിക്കുന്നതിനു കാരണമായിവരികയില്ല. ഒരു സ്കൂൾ ഒരു സ്ഥലത്തു വർദ്ധനയിൽഇരിക്കും. മറെറാരുസ്ഥലത്തു വർദ്ധനയില്ലാതേയുംഇരിക്കും. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ആലുവാസ്കൂളും അഭിവൃദ്ധിയിൽ ഇരിക്കുന്നില്ലെന്നു എനിക്കു തോന്നുന്നില്ല. എന്തെന്നാൽ കഴിഞ്ഞ തവണ സഭയിൽനടന്ന വാദപ്രതിവാദങ്ങളിൽനിന്നും ആദ്യത്തെ ആണ്ടിൽ സ്കൂളിൽ ചേരുന്നതിനു ഫസ്റ്റ് അപേക്ഷകന്മാർ ഉണ്ടായിരുന്നതായും അതിൽ ൪ ൦ പേരെ മാത്രമേ തിരഞ്ഞെടുത്തിട്ടുള്ളു എന്നും അടുത്തയാണ്ടിൽ അതുപോലെ ൪ ൦ അപേക്ഷകൾ ഉണ്ടായിരുന്നതിൽ ഫ ൪ പേരെ മാത്രമേ തിരഞ്ഞെടുത്തിട്ടുള്ളുഎന്നും ആണ് എനിക്കു മനസ്സിലായതു. സ്കൂൾ സ്ഥിരപ്പെടുത്താതിരിക്കുന്നതിനു ഗവണ്മെന്റു കൊണ്ടുവന്ന കാരണങ്ങളിൽ ഒന്നു സ്കൂളിൽനിന്നും വിജയികളായി പോയവർക്കു ഗവണ്മെന്റുദ്യോഗം കൊടുക്കാൻ സാധിക്കാതിരുന്നതാണെന്നായാണ് എനിക്കു തോന്നിയതു. എന്നാൽ ആ ചോദ്യത്തിനു ഞാൻ ഉത്തരംപറയാം, ഗവണ്മെന്റുസർവ്വീസിൽ പ്രവേശനം കിട്ടുന്നതിനു ഇപ്പോൾ വളരെ പ്രയാസമുള്ളകാലമാണ്. അതിനെപ്പററി വിവരമായി പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതുനിമിത്തം ഈ സ്കൂളുകളിൽനിന്നും വിജയംപ്രാപിച്ച വിദ്യാർത്ഥികൾക്കു ഉദ്യോഗംകിട്ടിയില്ലെങ്കിലും അവർ കൃഷിവകയിൽ പ്രവേശിക്കാൻ നിർബന്ധിതരാകുമെന്നാണ് എനിക്കു നിശ്ചയമായും തോന്നുന്നതു. ജനങ്ങൾ അവരുടെ സ്വന്തഅഭിരുചിയിൽതന്നെ കൃഷിതന്ത്രത്തിലിൽ പ്രവേ

ശിക്കുന്നതിനു പര്യാപ്തമായവിധത്തിൽ ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതായ ഒരു പദ്ധതി കൃഷിയധികൃതർ ആലോചിക്കുന്നതായി അദ്ദേഹം പറഞ്ഞതിനെ ഞാൻ ഓർക്കുന്നുണ്ട്. ഈ നിർദ്ദേശം ഗവർണ്മെന്റിൽ അയച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്മേൽ അവസാനഉത്തരവു പാസ്സായിട്ടുണ്ടോ എന്നും അറിയുന്നില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): അതു അനുവദിച്ചുകഴിഞ്ഞിരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതു അനുവദിച്ചിട്ടുണ്ടെങ്കിൽ ആലുവായിലെ സ്റ്റോറുതന്നെയും നിഷ്ഫലമായവിധത്തിൽ ആകുകയില്ല. ഏതായാലും കൊട്ടാരക്കര ഒരു സ്റ്റോറു തുടങ്ങുന്നതായാൽ അതു വഴുതനയിൽവരാൻ ഇടയുണ്ടെന്നും അതിനെ ഉപയോഗപ്രദമാക്കുന്നതിനു അവിടത്തെ ജനങ്ങൾ കഴിയുന്ന ശ്രമംചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു. ഈ വിമർശനങ്ങളോടുകൂടി പ്രസ്തുത ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കണമോ പ്രതികൂലിക്കണമോ എന്നു എനിക്കു അറിയാൻപാടില്ലാതിരിക്കുന്നു.

ഉപാദ്ധ്യക്ഷൻ. നിങ്ങൾ മോഷനെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഞാൻ മോഷനെ എതിർക്കുന്നു.

മി. സി. പി. തോമസ്സ് (ഗവർണ്മെന്റു നിയമിച്ച മെമ്പർ): സർ, കൊട്ടാരക്കരെ ഒരു സ്റ്റോറു തുടങ്ങുന്നതിനെപ്പററി എനിക്കു പറയാനുള്ളതു ഇതാണ്. ആലുവാ സ്കൂളിനെ സ്ഥിരപ്പെടുത്തുന്നകാര്യം തീരുമാനിക്കപ്പെട്ടില്ല. ആ സ്ഥിതിക്കു ഇപ്രകാരം ഒരു സ്റ്റോറു കൊട്ടാരക്കരയിൽ തുടങ്ങുന്നതിനുള്ള നടപടിയെ നിർദ്ദേശിക്കുന്നതിനുള്ള ഒരു ഒററ സംഗതി ആലുവാസ്റ്റോറു ഗതിചെയ്യുന്ന സ്ഥലത്തെസംബന്ധിച്ചുള്ള വല്ല പ്രാമുഖ്യകാരണത്തിന്മേലും സ്ഥാപിതപ്പെടായിരിക്കണമല്ലോ. എന്റെ അറിവിൽപ്പെട്ടിടത്തോളം ആലുവാ സ്കൂളിനെ സ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ചു വല്ല വിഷമതകളോ സംശയങ്ങളോ ഉൾക്കൊണ്ടതായിട്ടില്ല. എന്റെ അറിവിൽപ്പെട്ടിടത്തോളം ഈ വിഷമതകളും സംശയങ്ങളും മി. കൊച്ചുകുഞ്ഞുപിള്ള ചൂണ്ടിക്കാണിച്ചുസംഗതിയിൽ നിന്നും ഉണ്ടായിട്ടുള്ളതാണെന്നു ഞാൻ അറിയുന്നു. അതായതു ആലുവാ സ്കൂളിൽ പഠിക്കുന്നതിനു ചെറുപ്പക്കാരായ ജനങ്ങൾ വേണ്ട മുൽസുക്യം കാണിച്ചിട്ടില്ലെന്നുള്ളതാകുന്നു. ഇതു സ്കൂൾ തുടങ്ങിയ ആദ്യദിവസങ്ങളിൽതന്നെ പ്രത്യക്ഷപ്പെട്ടു. അപ്രകാരം ആയിരുന്നതിൽ തന്നെയും ഇതു നിരീക്ഷകന്മാർ ഉണ്ടായിരുന്നു എന്നും അതിൽ ഏകദേശമെങ്കിലും വിരക്തിപ്പെട്ടിട്ടുള്ളതു എന്നും ആണ്. അതിനെപ്പററിയുള്ള വിവരം സ്റ്റോറുമെന്റിൽനിന്നും കാണുന്നു. ആ സ്ഥിതിക്കു ഇപ്പോൾ ഉണ്ടായിട്ടുള്ള വിഷമത സ്കൂളിൽനിന്നും ജയിച്ചുപോകുന്നവർക്കു ഗവർണ്മെന്റു സർവ്വീസിലോ മററു വല്ല സ്ഥലത്തോ ജോലികിട്ടുന്നതിനു സാധിക്കുന്നില്ലെന്നുള്ളതാണ്. സ്കൂളിൽ പ്രവേശനം ലഭിക്കാൻ ആഗ്രഹിച്ചവരുടെ ഉദ്ദേശം മിക്കവാറും ഗവർണ്മെന്റു സർവ്വീസിൽ ഉദ്യോഗത്തിനു കിട്ടുമെന്നും ആയിരുന്നു. അവർക്കു ജോലികിട്ടാത്തതുകൊണ്ടു തന്നെ പ്രസ്തുതസ്കൂൾ ജനസമ്മതമുള്ളതായി തീരാൻ ഇടയില്ല. ഇങ്ങനെ വിഷമതയെങ്കിൽ സ്കൂൾ ആലുവായിൽനിന്നും കൊട്ടാരക്കരയ്ക്കു മാററിയാൽ അതിനു ഇതുമൂലം എന്തു പരിഹാരം ഉണ്ടാകുമെന്നു മനസിലാകുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, സംസ്ഥാനത്തിലെ ജനങ്ങളുടെ ഇടയിൽ കർഷകവൃത്തിയുടെ പ്രാധാന്യത്തെപ്പററി ചിന്തിക്കുമ്പോൾ, സംസ്ഥാനത്തു ഒരു കാർഷിക പാഠശാലയെങ്കിലും വേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഞാൻ ഒരു സംഗതിയിൽ താമസിക്കുന്നതു ചൂണ്ടിക്കാണിക്കട്ടെയോ? കൊട്ടാരക്കര ഒരു പുതിയ സ്കൂൾ തുറക്കാൻപോകുന്നു എന്നു ബഡ്ജററിൽ പറഞ്ഞിരിക്കുന്നു. അതിശ്രേഷ്ഠ കഴിഞ്ഞയാണ്ടിൽ ഗവർണ്മെന്റു ഒരു കെട്ടിടം ഉണ്ടാക്കി ഇപ്പോൾ ഈ ബഡ്ജററിൽ ഹോസ്റ്റലോ അതുപോലുള്ള മററുവല്ല കെട്ടിടമോ തീർക്കുന്നതിനു പണവും കരുതിയിട്ടുണ്ടു. ആലുവാ സ്കൂൾ കൊട്ടാരക്കരക്കു മാററുന്നതിനെക്കുറിച്ചു യാതൊരു ആലോചനയും ഇല്ലാതിരിക്കുന്നസ്ഥിതിക്കു അപ്രകാരം ഉള്ള അറിവു അദ്ദേഹത്തിനു എവിടെനിന്നും കിട്ടി എന്നു അറിഞ്ഞാൽകൊള്ളാമായിരുന്നു.

മി. സി. പി. തോമസ്, (ഗവർണ്മെന്റു നിയമനം): ആലുവാ സ്കൂൾ കൊട്ടാരക്കരയ്ക്കു മാററാൻപോകുന്നു എന്നല്ലാ ഞാൻ പറഞ്ഞതിന്റെ ശരിയായ അർത്ഥം ഞാൻ പറയുന്നതു എന്തെന്നാൽ ഞാൻ വിവരിച്ച വിഷമതകൾ ഉള്ളടത്തോളംകാലം, ആലുവാ സ്കൂളിനെ സ്ഥിരപ്പെടുത്താൻ ആലോചിക്കാതെ കൊട്ടാരക്കരയിൽ അപ്രകാരം ഒരു സ്കൂൾ പരീക്ഷണാർത്ഥം സ്ഥാപിക്കാൻ വിചാരിക്കുന്നതിൽ ഒരു അർത്ഥവും ഇല്ലാതാകുന്നു, ആലുവാ സ്കൂൾ സ്ഥിരപ്പെടുത്തുന്നതിനുമുൻപായി ഈ സ്കൂൾ തുറക്കുന്നതു അനുചിതമാണെന്നാണു ഞാൻ ചൂണ്ടിക്കാണിക്കുന്നതു എന്നിട്ടു വേറൊരു സംഗതി പറയാനുള്ളതു, സംസ്ഥാനത്തിൽ ഒരു കൃഷിപാഠശാലയെങ്കിലും ആവശ്യമാണെന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ ആലുവാ സ്കൂൾ സ്ഥിരപ്പെടുത്താതിരിക്കുന്നതിനു യാതൊരു ന്യായവും ഇല്ലാ. ആലുവായിലെ സ്കൂൾ തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമില്ലെന്നും, കൊട്ടാരക്കര സ്കൂൾമാത്രം മതിയെന്നും ആണ് ഗവർണ്മെന്റിന്റെ അഭിപ്രായമാണെങ്കിൽതന്നേയും ഇപ്പോൾ ആലുവായിൽ ജോലിനോക്കുന്ന ജീവനക്കാർക്കു ജോലികൊടുക്കുന്നതിനു അവർക്കു സാധിക്കുന്നതാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആലുവാ സ്കൂൾ നിറുത്തിക്കളയുമെന്നു മെമ്പറിനു ഭയംതോന്നാൻ വല്ല കാരണവും ഉണ്ടോ?

മി. സി. പി. തോമസ്. (ഗവർണ്മെന്റു നിയമനം): നാലു സംവത്സരം കഴിഞ്ഞതിനുശേഷവും ഗവർണ്മെന്റു അതിനെ സ്ഥിരമാക്കണമെന്നു നിശ്ചയിക്കാത്തതുകൊണ്ടാണ്. ആലുവാ സ്കൂളിനെ സ്ഥിരപ്പെടുത്തേണ്ടതു കുറ്റത്തെപ്പററി ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതിനുള്ളകാലം അതിക്രമിച്ചിരിക്കുന്നു, എന്നാൽ കൊട്ടാരക്കരസ്കൂൾ തുടങ്ങുന്നതിനെസംബന്ധിച്ചുള്ള പദ്ധതി രൂപീകരിക്കുന്നതിൽ അവരുടെ സ്ഥിതി കൂടുതൽ ഗുണപ്രദമായിരുന്നേനെ.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യ വിവസായം വകുപ്പു): കൃഷിപാഠശാലകളും വളംഡിപ്പോകളും വർദ്ധിപ്പിക്കുന്നവിഷയത്തിൽ എന്റെ പ്രതിഷേധം കഴിഞ്ഞ ആണ്ടിൽ ഞാൻ പുറപ്പെടുവിച്ചിട്ടുണ്ടു ഞാൻതന്നെ നിർദ്ദേശിച്ചതു, കുറച്ചുള്ളതു കേന്ദ്രീകരണം ആവശ്യമാകുന്നതും, സംഗതികൾ ഗ്രഹിക്കാൻ ശക്തിയില്ലാത്ത ആളുകൾ പറയുന്നതിനെ കേട്ടു ഡയറക്ടർ ഡിപ്പാർട്ടുമെന്റിന്റെ ശക്തിയെ ചിന്നഭിന്നമാക്കിക്കൂടെന്നും ആയിരുന്നു. അവിടവിടെയായിട്ടു വല്ല വളം ഡിപ്പോയെയോ പാഠശാലയെയോ ഏർപ്പെടുത്തുന്നതുകൊണ്ടു കൃഷിക്കാരുടെ ക

ക്കുപ്പാടുകളും ന്യൂനതകളും തീർന്നുപോകുമെന്നാണ് ജനങ്ങളുടെ വിശ്വാസം. ആലുവാ സ്കൂളിന്റെ കാര്യത്തെപ്പററി തീർച്ചചെയ്യാതിരിക്കുന്നിടത്തോളംകാലം കൊട്ടാരക്കരയിൽ ഒരു സ്കൂൾ ഏർപ്പെടുത്തുന്നതിനുള്ള കാരണങ്ങൾ എന്താണെന്നു മനസിലാക്കാൻ കഴിയുന്നില്ല. ആലുവാ സ്കൂളിൽ പ്രവേശനത്തിനു അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ വളരെ കുറഞ്ഞിട്ടുണ്ടെന്നുള്ള സംഗതി എനിക്കറിയാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഇനിയും കൂടുതൽ സ്കൂളുകൾ ഇറക്കേണ്ടതാണെന്നു കഴിഞ്ഞ സഭയിൽ അദ്ധ്യക്ഷൻ അവർകൾചെയ്ത പ്രസംഗം.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യ വ്യവസായം വടക്ക): ഇപ്പോഴുള്ള സ്കൂളുകളെ ശരിയായി സ്ഥിരപ്പെടുത്തുന്നതിനു കൂടുതൽ സ്കൂളിൽ സ്ഥാപിക്കുന്നതിനെ എതിർത്തു ഞാൻ അന്നു സംസാരിച്ചിട്ടുണ്ടു. ആലുവാ സ്കൂളിനെ കുറെക്കൂടി ആകർഷണീയമാക്കിത്തീർക്കേണ്ടതു ആവശ്യമായിട്ടുള്ളതാണ്; അങ്ങിനെയാകുമ്പോൾ കാചകൂമംകൊണ്ടു സ്കൂളിൽ പ്രവേശിക്കുന്നതിനുള്ള അപേക്ഷകന്മാരുടെ സംഖ്യ വർദ്ധിച്ചുവരികയും ഒടുവിൽ ഒരു ഇറ സ്കൂൾകൊണ്ടു മതിയാകയില്ലെന്നുള്ള സ്ഥിതിവരികയുംചെയ്യും. അക്കാലത്തു കൂടുതൽ സ്കൂളുകൾ ഇറക്കുന്നതു ആവശ്യമായിരിക്കും. ആലുവാ സ്കൂളിൽനിന്നു വിജയികളായിവരുന്ന വിദ്യാർത്ഥികൾക്കു പ്രോത്സാഹനം കൊടുക്കുന്നതിനായിട്ടു കൃഷിഡയരക്ടർ ഒരു പദ്ധതി തയ്യാറാക്കി ഗവണ്മെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നു അറിയുന്നു. ആലുവാ സ്കൂളിൽനിന്നും ശരിയായ പരിശീലനംസിദ്ധിച്ചു പുറത്തു വന്നിട്ടുള്ളവർക്കു കുറെ ഏക്കർ സ്ഥലവും സ്വല്പതായ മൂലധനവും ഗവണ്മെന്റിൽനിന്നു കൊടുക്കുകയും അവർ ആ സ്ഥലത്തു ശാസ്ത്രീയരീതിയിൽ കൃഷിനടത്തുന്നതിനു അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നുള്ളതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശം. ഇവർക്കു കൊടുക്കുന്ന മൂലധനം ഒടുവിൽ അവർ തിരിച്ചു കൊടുക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): കോന്നിയിലെ കൃഷിത്തോട്ടത്തിന്റെ വിസ്തീർണ്ണം എത്രമാത്രമാണെന്നു മി. മാമ്മൻമാപ്പിളയ്ക്കു അറിയാമോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യ വ്യവസായം വടക്ക): എനിക്കു അറിഞ്ഞുകൂടാ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതിന്റെ വിസ്തീർണ്ണം ൩൦൦-ഏരാ ൪൦൦-ഏരാ ഏക്കറിനു മേലാണ്.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യ വ്യവസായം വടക്ക): ഞാൻ പറയുന്ന സംഗതികളും കോന്നിയിലെ കൃഷിത്തോട്ടത്തിന്റെ വിസ്തീർണ്ണവും തമ്മിൽ പ്രസ്തുതബന്ധമാണെന്നു എനിക്കു മനസ്സിലാകുന്നില്ല. കൃഷിഡയരക്ടരുടെ അഭിപ്രായങ്ങൾ പ്രവൃത്തിപ്രായത്തിൽ കൊണ്ടുവന്നു ആലുവാസ്കൂൾ വേണ്ടവണ്ണം ആകർഷണീയമാക്കിത്തീർക്കണമെന്നാണ് ഞാൻ പറഞ്ഞതിന്റെ സാരം. അതു പ്രവൃത്തിപ്രായത്തിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നും ഗവണ്മെന്റു അതിന്മേൽ വല്ല ഉത്തരവും ചെയ്തിട്ടുണ്ടോ എന്നും എനിക്കു അറിഞ്ഞുകൂടാ. എന്നാൽ അതു ഒരു ഉപയോഗപ്രദവും ബുദ്ധിപൂർവ്വവുംആയ നിർദ്ദേശമാണെന്നു എനിക്കു തോന്നിയിട്ടുണ്ട്. കൃഷിഡയരക്ടരോ വ്യവസായഡയരക്ടരോ സമർപ്പിക്കുന്ന പുതിയ പദ്ധതികൾ ഗവണ്മെന്റു അനുവദിച്ചാൽമാത്രംപോരാ. എന്നാൽ ഗവണ്മെന്റിന്റെനയം ഒരിക്കൽ തുടങ്ങിയിട്ടുള്ള പദ്ധതികൾക്കു ക്രമമായ പരിപാലനമുണ്ടാകുന്നതിനു രജിച്ചതും സ്ഥായിയായിട്ടുള്ളതുമായിരിക്കണം. ഗവണ്മെന്റിന്റെ നയത്തിനു സ്ഥിരതയില്ലാത്തതുകൊണ്ടു ചില സമയങ്ങളോടുകൂടി തുടങ്ങുന്ന പദ്ധതികൾ പ്രോത്സാഹനം ഇല്ലാതെ നശിച്ചുപോകുന്നുണ്ടു. എന്തെന്നാൽ ആ പദ്ധതികളെ അനുവദിച്ച ആളുകളുടെ അഭാവത്തോടുകൂടി പ്രസ്തുതപദ്ധതികൾ ഇല്ലാതായിത്തീരുന്നു. ഇതുനിമിത്തം ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളിലും അനാവശ്യചെലവും ക്രമക്കേടായ നിയന്ത്രണവും ഉണ്ടാകുന്നുണ്ട്. ആലുവാ സ്കൂളിൽനിന്നും വിജയികളായി വന്നിട്ടുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്ന സംഗതിയും ഇതുപോലെയുള്ളതാകുന്നു. അതുകൊണ്ടു ഞാൻ ഗവണ്മെന്റിനോടു ഗൗരവമായി ഉപദേശിക്കുന്നതെന്തെന്നാൽ, മുൻപു തുടങ്ങിയിട്ടുള്ള പദ്ധതികൾക്കുവേണ്ട പ്രോത്സാഹനം കൊടുക്കണമെന്നും അല്ലാതെ, ക്ഷണംകഴിക്കുന്നതുപോലെ, ഒട്ടധികം പുതിയ പദ്ധതികൾ ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നുംആണ്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗവ്യവസായ ഡയരക്ടർ): ആലുവായിലെ കൃഷിപാഠശാലയെ സംബന്ധിച്ചു അനുദ്യോഗസ്ഥാംഗങ്ങളുടെഇടയിൽ ചില സംശയങ്ങൾ ഉളവായിട്ടുണ്ടെന്നു കാണുന്നു. ആ സംശയം തീർക്കുന്നതിനു ഞാൻ കഴിയുന്നതും ശ്രമിക്കാം. കൊട്ടാരക്കരയിൽ ഒരു കൃഷിപാഠശാല തുറക്കുന്നതിൽ മി. സി. പി. തരകനു വിരോധമില്ലെന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഗവണ്മെന്റുവകയായ ഒരു സ്കൂൾ തുറക്കുന്നതിനുമുമ്പായിട്ടു ആലുവാ സ്കൂളിനെ സ്ഥിരപ്പെടുത്തണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നുള്ളു. ആലുവാ സ്കൂളിനെസംബന്ധിച്ചിടത്തോളം അതിന്റെ പൂർവ്വചരിത്രം ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം. ആ ജനങ്ങൾ പിരിച്ചെടുത്തപണത്തിന്റെ സഹായത്തോടുകൂടി നാലു സംവത്സരംമുമ്പേ തുടങ്ങിയതാണ് ചെട്ടികുളങ്ങൾ കൊട്ടിക്കഴിഞ്ഞശേഷം അവകയ ഗവണ്മെന്റിൽനിന്നുംഎടുത്തു. സ്കൂൾതുടങ്ങണമെന്നു ജനങ്ങൾ ആവശ്യപ്പെടുകയും ഗവണ്മെന്റു അപ്രകാരം ചെയ്യുകയുംചെയ്തു. ആദ്യത്തെ ദിവസത്തിൽ സ്കൂളിൽ പ്രവേശനത്തിനു ൧൮ അപേക്ഷകന്മാർ ഉണ്ടായിരുന്നു. അതിൽ ൫൦ പേരെ തിരഞ്ഞെടുത്തു. ആദ്യത്തെ സംഘം വിദ്യാർത്ഥികൾ ൧൦൯ ഒടുവിൽ പരിശീലനംകഴിഞ്ഞു സ്കൂൾ വിട്ടുപോയി. അതിന്റെശേഷംതന്നെ അവർ എല്ലാവരും ജോലിക്കായിട്ടു എന്റെഅടുക്കൽ അപേക്ഷയുംകൊണ്ടുവന്നു. ഇവരെ സ്കൂളിൽചേർക്കുന്നതിനുമുമ്പിൽതന്നെ ഇവർ ഗവണ്മെന്റുജോലി കിട്ടുന്നതിനു ആഗ്രഹിച്ചിട്ടാവശ്യമില്ലെന്നു ഞാൻ അവരോടുപറഞ്ഞു. അവർ അതിനു സമ്മതിച്ചു. പക്ഷേ സ്കൂളിൽ പ്രവേശനംകിട്ടാൻവേണ്ടി അവർ അപ്രകാരം ചെയ്തതായിരിക്കും. രണ്ടാമത്തെ സെററിലെ വിദ്യാർത്ഥികൾ മുമ്പത്തേതിലും വളരെ കുറവായിരുന്നു. അൻപതു പേർ അപേക്ഷിച്ചു. അതിൽ ൨൪ പേരെയും മററു തിരഞ്ഞെടുത്തു രണ്ടാമത്തെസെററുകാരും പരിശീലനംകഴിഞ്ഞു കഴിഞ്ഞപ്പോൾ ഒടുവിൽ സ്കൂൾ വിട്ടുപോയി. ഇവർ സർക്കാർജോലിക്കായി എന്നെ വളയുന്നതിനുമുമ്പായി ഈ വിദ്യാർത്ഥികളെ കൃഷിജോലിയിൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഞാൻ ഒരു പദ്ധതി ഗവണ്മെന്റിൽ സമർപ്പിക്കയും ആ പദ്ധതി ഗവണ്മെന്റിൽനിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്, പ്രസ്തുതപദ്ധതി താഴെ പറയുംപ്രകാരമാണ്. കോന്നിയിൽ ൩൦൦ ഏക്കർസ്ഥലം പരിശീലനംസിദ്ധിച്ചിട്ടുള്ളവരായ ൩൦ വിദ്യാർത്ഥികളുടെ ഇടയിൽ വീതിച്ചുകൊടുക്കപ്പെടും. ഓരോരുത്തർക്കും ൧൦ ഏക്കർസ്ഥലംവീതം കൊടുക്കുന്നതാണ്.

കൃഷിചെയ്യേണ്ടരീതി ഏതുപ്രകാരത്തിലായിരിക്കണമെന്നുള്ളതു ഇതുവരെ തീർച്ചയായിട്ടില്ല. ഒരേക്കർസ്ഥലം കൃഷിക്കാരന്റെ വസതിക്കുവേണ്ട കെട്ടിടംഉണ്ടാക്കുന്നതിനും മലക്കറികൃഷിക്കും മററുമായി കൊടുക്കും. നാലേക്കർസ്ഥലം മലകനല്ല മരച്ചീനിമുതലായ കൃഷിക്കായി കൊടുക്കും. ഈ ഏക്കർസ്ഥലം തെങ്ങും റബ്ബർമുതലായ സ്ഥിരമായ കൃഷികൾക്കു കൊടുക്കണമെന്നാണ് എന്റെ ഉദ്ദേശം. ഈ കൃഷിക്കു ഭൂമി പററിയതാണ്. ൩൦ വിദ്യാർത്ഥികൾ വരുന്നപക്ഷം ൨൫ ഏക്കർസ്ഥലം റബ്ബർകൃഷിക്കോ തെങ്ങുകൃഷിക്കോ ആയിട്ടും ൨൫ ഏക്കർസ്ഥലം മററു കൃഷികൾക്കായിട്ടും വിനിയോഗിക്കും. അതിനുപുറമേ ഏകദേശം ൪൦ ഏക്കർസ്ഥലം കന്നുകാലിമേച്ചിലിനായി ഒഴിച്ചിടുകയുംചെയ്യും. ഒഴിച്ചിടുന്ന ഈ സ്ഥലംമുൻപു പറഞ്ഞ ൩൦ പേർക്കും ഉപയോഗിക്കാവുന്നതാണ്. കന്നുകാലികളും കൃഷിആയുധങ്ങളും മററുംവാങ്ങുന്നതിനായി ൨൫൦ രൂപാ ഓരോവിദ്യാർത്ഥിക്കും ഗവർണ്മെന്റിൽനിന്നും കടമായികൊടുക്കുന്നതാണ്. ഇതുകൂടാതെ കെട്ടിടങ്ങൾ പണിയുന്നതിനു ആവശ്യമുള്ളമരവും കൊടുക്കുന്നതാണ് വിദ്യാർത്ഥികൾ രണ്ടു സംവത്സരത്തേക്കു യതൊരുകരവും കൊടുക്കേണ്ടിവരികയില്ല. ൩—ാംവർഷം മുതൽ മുറപ്രകാരമുള്ള കരംകൊടുക്കണം. ൫ വർഷംകൊണ്ടു കടംതീർക്കേണ്ടതാണ്. ഇപ്രകാരം ഒരു പദ്ധതി ഏർപ്പെടുത്തണമെന്നു ഞാൻ വളരെനാളായിട്ടു ആശിച്ചിരുന്നതും ഇപ്പോൾ ഗവർണ്മെന്റു അതു അനുവദിച്ചതിൽ എനിക്കുവളരെ ചാരിതാർത്ഥ്യംഉള്ളതും ആകുന്നു. ഈസ്ഥലം പങ്കിട്ടുതിരിക്കുന്നതിനു രണ്ടു സർവ്വേയർമാരെ വേണമെന്നു ഞാൻ മി. റാബിൻസനോടു അപേക്ഷിക്കയും അദ്ദേഹം അപ്രകാരംചെയ്യുകയും ചെയ്തിട്ടുണ്ടു. സർവ്വേയർമാരുടെ ജോലി കുറെയൊക്കെ തീർത്തുകഴിഞ്ഞിരിക്കുന്നു. അടുത്തയാണ്ടു ആദ്യംമുതൽ കൃഷിതുടങ്ങണമെന്നാണ് എന്റെ ആഗ്രഹം.

ഉപാദ്ധ്യക്ഷൻ: ഈആണ്ടു ആദ്യംമുതലല്ലാ അതോ വരുന്നആണ്ടിലോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗ്യവ്യവസായ ഡയറക്ടർ): ഈയാണ്ടാദ്യംമുതൽ (ചിരി) പുതിയവർഷം തുടങ്ങിയെന്നുള്ള വിവരം ഞാൻ മറന്നുപോയി. ൩൦ വിദ്യാർത്ഥികളും ഭൂമിക്കു അപേക്ഷ അയച്ചിട്ടുണ്ടു. ഇതിനുമുമ്പിൽ എല്ലാവർക്കും സർവീസിൽ പ്രവേശിക്കണമെന്നായിരുന്നു വിചാരം. ഇപ്പോൾ ഭൂമി കിട്ടണമെന്നാണു എല്ലാവരും ആഗ്രഹിക്കുന്നതു. എന്റെ ഡിപ്പാർട്ടുമെന്റിൽ പണ്ടു രൂപാ ശമ്പളമുണ്ടായിരുന്ന ഒരു ശിപായിക്കൂട്ടി ആലുവാ സ്കൂളിൽ പരിശീലനംചെയ്തിരുന്നു. അയാളും കൃഷിയിൽ പ്രവേശിക്കുന്നതിനു തയ്യാറായിരിക്കുന്നു. മറ്റുള്ളവരെ അവിടെ അയക്കുന്നതുകൊണ്ടു ഒരു പ്രയോജനവും ഇല്ല. അതുകൊണ്ടു ആളുകളെ തിരഞ്ഞെടുക്കേണ്ടതു ആവശ്യമാണു. ഇവരിൽ ൩൦ പേരെയെങ്കിലും തിരഞ്ഞെടുക്കണമെന്നാണു ഞാൻ ഉദ്ദേശിക്കുന്നതു.

മി. എ. ജെ. ജാൻ (തൈക്കം): ആലുവാ സ്കൂളിൽനിന്നും ഒട്ടുക്കു ജയിച്ചുവന്നിട്ടുള്ളവരുടെ എണ്ണം പറയാമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗ്യവിവസായ ഡയറക്ടർ): ഡിപ്പാർട്ടുമെന്റു ജീവനക്കാരിൽ ചിലരെ പരിശീലിപ്പിച്ചതു കൂടാതെ രണ്ടു സെററിപ്പുകൂട്ടി ൩൦ പേരെ പരിശീലിപ്പിച്ചു. ചില ഡിപ്പാർട്ടുമെന്റു ജീവനക്കാരെ കൂടി പരിശീലിപ്പിച്ചു. അതിൽ ഒരാൾക്കു ഭൂമി കൃഷിക്കായി കിട്ടുമെങ്കിൽ അയാൾ സർക്കാർജോലി രാജികൊടുക്കാൻ തയ്യാറാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിപ്പാർട്ടുമെന്റു ജീവനക്കാരെ പരിശീലിപ്പിച്ചു എന്നു പറഞ്ഞല്ലോ. അവരുടെ സംഖ്യ എത്രയാണെന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗ്യവ്യവസായ ഡയറക്ടർ): രണ്ടു സെററിപ്പുകൂട്ടി ൪ പേർ.

ഇവരെ ൩൦ പേരും ഈയാണ്ടിൽതന്നെ കേന്ദ്രിയിൽപോയി കുടിപാർപ്പു തുടങ്ങുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു ഒരു ശരിയായ കുടിപാർപ്പു സ്ഥലമാക്കിത്തീർക്കണമെന്നാണു എന്റെ ഉദ്ദേശം. കാലക്രമംകൊണ്ടു അവിടെ ഒരു സ്കൂളും പരസ്പരസഹായ തത്വത്തിന്മേൽ ഒരു സ്റ്റോറും തുറക്കണമെന്നും സ്റ്റോറിനെ സ്വാശ്രയമുള്ളതാക്കിത്തീർക്കണമെന്നും വിചാരിച്ചിട്ടുണ്ടു. ഈ പദ്ധതി വിജയപ്രദമായിത്തീരുമെങ്കിൽ ആലുവാസ്കൂളിലെക്കു വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനു ഒരു പ്രയാസവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. കൃഷിജോലിയിൽ പ്രവേശിക്കുന്നതിനു തങ്ങൾക്കു ധാരാളം സൌകര്യംകൊടുക്കുന്ന ഒരു പദ്ധതിയാണു ഗവർണ്മെന്റു തുടങ്ങിയിട്ടുള്ളതെന്നു, സ്കൂളിൽ പ്രവേശനത്തിനു അപേക്ഷിക്കുന്ന കുട്ടികൾ മനസ്സിലാക്കുന്നതും തന്നിമിത്തം ധാരാളം വിദ്യാർത്ഥികൾ സ്കൂളിൽപോകുന്നതിനു തയ്യാറാകുമെന്നുള്ളതും ആകുന്നു.

മി. കെ. എ. ജോസഫ് (മീനച്ചൽ മേപ്പിക്കുളം): ഇപ്പോൾ ആലുവാ സ്കൂളിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടെന്നു ദയവുചെയ്തു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗ്യവ്യവസായ ഡയറക്ടർ): സ്കൂൾ ഇതുവരെ തുറന്നില്ല. സ്കൂൾ ൨൫ ൦ ൫ കക്കടകം ൨ ൪ ൯ യോടുകൂടി അടച്ചു. ഇനി ഓണംഒഴിവുകഴിഞ്ഞു തുറക്കുകയുള്ളു. സ്കൂൾ വീണ്ടും തുടങ്ങുന്നതിനു മുമ്പായി സ്കൂൾതുടർന്നുകൊള്ളുന്നതിനു ഗവർണ്മെന്റു അനുവദിക്കുമോ എന്നു അറിയേണ്ടതായിരിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം വടക്കു): ഈ സംഗതികൾകൊണ്ടും പുതിയപദ്ധതിയുടെ ഗുണദോഷങ്ങൾ അറിഞ്ഞതിനുശേഷം പുതിയസ്കൂൾ തുടങ്ങുന്നതു നന്നായിരിക്കുമെന്നു ഡയറക്ടർക്കു തോന്നുന്നില്ലയോ.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗ്യവ്യവസായ ഡയറക്ടർ): അതിനെപ്പററി പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നുണ്ടു. ഈ പുതിയപദ്ധതി വിജയപ്രദമാക്കുമെങ്കിൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനു യാതൊരു പ്രയാസവും ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. അനുദ്യോഗസ്ഥാംഗങ്ങൾ ആലുവാ സ്കൂൾ സ്ഥിരപ്പെടുത്തുന്നതിനു ആഗ്രഹിക്കുന്നു എങ്കിൽ അതിനെപ്പററി ഗവർണ്മെന്റു ഗാഢമായി ആലോചിക്കുമെന്നു ഗവർണ്മെന്റിനുവേണ്ടി ഞാൻ ഇപ്പോൾ പറഞ്ഞുകൊള്ളുന്നു. പുതിയപദ്ധതി വിജയപ്രദമാകുമെങ്കിൽ അവർ മിക്കവാറും സ്കൂൾ സ്ഥിരപ്പെടുത്തുകയും ചെയ്യും.

ഏതായാലും വേറെ ഒരു സ്കൂൾ തുടങ്ങുന്നതിൽ ഇതു മതിയായ ഒരു കാരണമാകുന്നില്ല. കൊല്ലത്തെ കൊല്ലാരക്കരയോ ഒരു സ്കൂൾ തുറക്കണമെന്നു ദീർഘകാലമായി പ്രജാസഭയിൽ നിവേദനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു. ഈ സംഗതി കലാശാലസെക്രട്ടറിയോടു ആലോചിക്കുന്നതാണെന്നു മി. രാഘവയ്യരും യോഗാന

വും ചെയ്തിട്ടുണ്ടു. ആ വാഗ്ദാനം അനുസരിച്ചാണ് കൊട്ടാരക്കരയിൽ കെട്ടിടങ്ങൾ പണിയുന്നതിനു് സ്കൂൾ കഴിയുന്നതും വേഗത്തിൽ തുടങ്ങുന്നതിനു വേണ്ട പ്രാരംഭ ജോലികൾ തുടങ്ങിയിട്ടുള്ളതു്. കൊട്ടാരക്കരയിൽ ഒരു സ്കൂൾ സ്ഥാപിക്കുന്നതായാൽ വിദ്യാർത്ഥികൾക്കു ഒരു കുറവുകൂടി പരിഹരിക്കപ്പെടുമായിരിക്കും. എന്തെന്നാൽ കൊട്ടാരക്കര മധ്യതിരുവിതാംകൂറിലും ആലുവാ പടക്കെ അറ്റത്തും തന്നെയല്ലാ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ജനങ്ങൾ കൂടുകൂടെ ആവശ്യപ്പെടുന്ന ഒരു മെമ്പർ പറയുന്നുണ്ടു. ഏതു ദിക്കിലുള്ളവർ ആണെന്നു മെയ്വാഴിപ്പറയാമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): കൊല്ലം കൊട്ടാരക്കര ഈ താലൂക്കുകൾ മെമ്പറന്മാർ,

ഇപ്പോൾ സ്കൂൾ തുടങ്ങുന്നതിനു പ്രൊവിഷൻ ഉണ്ടെന്നു തോന്നുന്നില്ല. കെട്ടിടങ്ങൾ കഴിഞ്ഞ ആണ്ടിൽ കെട്ടിത്തുടങ്ങി. അതു ഈ ആണ്ടിൽ തീരാൻ പോകുന്നു. സ്കൂൾ അടുത്തയാണ്ടിൽ തുടങ്ങാൻ കഴിയുമെന്നു തോന്നുന്നു.

മി. ശിവതാണുപിള്ള (തോവാള): സംസ്ഥാനത്തിന്റെ മദ്ധ്യസ്ഥലത്തു ഒരു ഒന്നു സ്കൂൾമാത്രം സ്ഥാപിക്കുന്നതുകൊണ്ടു കൃഷിഡയറക്ടർക്കു തൃപ്തിയാകുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എന്റെ പക്ഷം വിജയകരമാകുമെങ്കിൽ കൂടുതൽ സ്കൂളുകൾ തുറക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കുട്ടനാടൻ പ്രദേശങ്ങളിലെ, അല്ലെങ്കിൽ തെക്കൻതിരുവിതാംകൂറിലെ, ജനങ്ങൾ ആവശ്യപ്പെടാതെയുള്ള ഒരു കൃഷിപ്രചാരണം തുടങ്ങുന്നു നന്നായിരിക്കുമെന്നു ഡയറക്ടർ വിചാരിക്കുന്നുണ്ടോ എന്നു ചോദിക്കുന്നതിൽ ക്ഷമിക്കണം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ആ സംഗതി ഞാൻ ആലോചിച്ചില്ല. എന്തെന്നാൽ ആദ്യമായിട്ടു ആലുവായിൽ ഒരു സ്കൂൾ തുടങ്ങി. പിന്നീടു കൊട്ടാരക്കര ഒരു സ്കൂൾ വേണമെന്നു ആവശ്യപ്പെട്ടു. കൊട്ടാരക്കര സ്കൂൾ തുടങ്ങിയതിന്റെ ശേഷം കൂടുതൽ സ്കൂളിനു ആവശ്യമുണ്ടാകുമോ എന്നു ആലോചിക്കുന്നതാണ്. ആവശ്യമുണ്ടെങ്കിൽ കൂടുതൽ സ്കൂൾ തുറക്കും. എല്ലാ സ്ഥലത്തും ഒരേസമയത്തു വാണ സ്കൂളുകൾ തുടങ്ങാൻ സാധിക്കുന്നതല്ല. സാധാരണമായി ധൃതികൂട്ടണമെന്നുള്ള തത്വം ഈ വിഷയത്തിൽ അനുകരണീയമാണു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): സ്കൂളിൽ പ്രവേശനം ലഭിക്കുന്നതിനു കാലതാമസം ഭയന്നു യോഗ്യതകൾ ഉണ്ടായിരിക്കുകയുമെന്നു വല്ല നിബന്ധനയും ഉണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഉണ്ടു. അല്പസമയത്തു ഒരു പരീക്ഷയോ യോഗ്യതയുണ്ടാകണമെന്നു നിർബന്ധമില്ല. എഴുത്തുവായനയും പഠിച്ചിരുന്ന എല്ലാവരേയുംചെയ്തു. എന്നാൽ സ്കൂളിൽ പഠിപ്പിക്കുന്ന ഭാഷയായി മനസ്സിലാക്കാൻ അവർക്കു ശക്തിയില്ലെന്നുകണ്ടതിനാൽ നാട്ടുഭാഷാസ്കൂൾപിന്നീടു സർട്ടിഫിക്കററോ അല്ലെങ്കിൽ ഇംഗ്ലീഷ്സ്കൂളിൽ നാലാം ഫാറംവരെയുള്ള പഠിപ്പെങ്കിലോ വേണമെന്നുള്ളകാര്യം നിർബന്ധമാക്കി.

മി. എം. ശിവതാണുപിള്ള (തോവാള): കൊട്ടാരക്കരസ്കൂൾ തുറക്കാൻ നിശ്ചയിച്ചിട്ടുള്ളതു. ജനങ്ങൾ ആവശ്യപ്പെട്ടതുകൊണ്ടോ അതല്ലാ ആവശ്യമുണ്ടെന്നു കണ്ടിട്ടോ; ഏതാണെന്നു അറിഞ്ഞാൽകൊള്ളാം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ജനങ്ങൾ ആവശ്യപ്പെട്ടു. അതുകൊണ്ടു ആവശ്യമുണ്ടെന്നുതന്നെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഡാക്ടർ കുഞ്ഞൻപിള്ള വിവരിച്ചപ്രകാരം പദ്ധതി ആകർഷണീയമായിരിക്കുന്നു. എന്റെസ്ഥിതി ഇപ്പോൾ തെക്കുനിന്നും മേലെപ്പള്ളിയെന്നുപറഞ്ഞാൽ ഞാൻ തരുന്ന ആലുവാസ്കൂളിൽ ഒരു വിദ്യാർത്ഥിസ്ഥാനം സന്തോഷപൂർവം തരുകയുമായിരുന്നു. (ചിരി) ഇതുപോലെ ഒരു സ്കൂൾ നെയ്യാററിൻകരയിലൊ അതിനു സമീപപ്രദേശത്തോ തുടങ്ങുന്നതായാൽ അതിൽ വിദ്യാർത്ഥികൾ ഒരിക്കലും ചേരുകയില്ലെന്നുള്ള പരാതിപറയാൻ ഇടയാകുകയില്ല. എന്നാൽ ഡയറക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള സൌജന്യങ്ങൾ ഗവണ്മെന്റിൽനിന്നും ലഭിക്കേണ്ട ആവശ്യംമാത്രമെ നേരിടുകയുള്ളു. എന്തായാലും കൊട്ടാരക്കരസ്കൂൾ തുടങ്ങുന്നകാര്യം, ആലുവാസ്കൂൾ സ്ഥിരപ്പെടുത്തുന്നതുവരെ, മാററിവയ്ക്കേണ്ട ആവശ്യം കാണുന്നില്ലാ. നിവൃത്തിയുള്ളിടത്തോളമെങ്കിലും സ്കൂളുകൾ തുടങ്ങുന്നതും സൌജന്യങ്ങൾ അനുവദിച്ചുകൊടുക്കുന്നതും നന്നായിരിക്കും.

മി. കെ. സി. മാത്തൻതൊപ്പിൽ (വാണിജ്യവും വ്യവസായവും വകുപ്പു): ഒട്ടുക്കു ഒരു സ്കൂളുകൾ തുറക്കുന്നു എന്നും അവയിൽ ഓരോന്നിൽനിന്നു ഒരു പേരെവീതം ജയിപ്പിച്ചു അയക്കുന്നു എന്നും ഇരിക്കട്ടെ. അങ്ങിനെയായാൽ ഒരു ഒരു പേക്കു ഒരു ഏക്കർവീതം കൊടുക്കുമ്പോൾ സംസ്ഥാനത്തിലെ ചേരിക്കൽഭൂമി തീർന്നുപോകുകയില്ലയോ?

ഉപാദ്ധ്യക്ഷൻ: ആവശ്യമുള്ളിടത്തോളം ആളുകളെ പഠിപ്പിച്ചുകഴിയുമ്പോൾ സൌജന്യം വേണ്ടെന്നു വയ്ക്കും (ചിരി).

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): വമ്പിമാനമായിട്ടു പിൻവലിക്കപ്പെടട്ടെ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): കൃഷിഡയറക്ടരുടെ പ്രസംഗം ഞാൻ അവധാനപൂർവം കേട്ടു. എന്നാൽ കൊട്ടാരക്കരയിലും വേറൊരുസ്ഥലത്തും കൃഷിസ്കൂളുകൾ ഏർപ്പെടുത്തുന്നതിന്റെ നയം എനിക്കു മനസ്സിലാകുന്നില്ല. ആലുവാസ്കൂളിൽനിന്നു വിദ്യാർത്ഥികൾ ഉണ്ടായിരുന്നുവെന്നും അവർ പരീക്ഷയിൽ ജയിച്ചുടനെ സർക്കാർജോലിക്കു അപേക്ഷിച്ചുവെന്നും അദ്ദേഹം പറയുന്നുണ്ടു. ആ വിഷമതകൾ നിവൃത്തിക്കുന്നതിനായിട്ടാണ് കോന്നിയിലുള്ള ഭൂമികൾ അവർക്കു വീതിച്ചുകൊടുക്കുന്നതിനും ഭൂമിയിൽ ജോലിചെയ്യിക്കുന്നതിനു ചില സൌജന്യങ്ങൾ ചെയ്യുന്നതിനും അദ്ദേഹം ഗവണ്മെന്റിലേക്കു ശിപാർശചെയ്തിട്ടുള്ളതു.

ആലുവായിൽ സ്കൂൾ തുടങ്ങുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിച്ച ആദ്യനയം എന്താണെന്നു വ്യക്തമാകുന്നില്ലാ. കൃഷിപ്പണിയിൽ തന്നത്താൻ ഏർപ്പെട്ടു നടത്താൻ ശക്തന്മാരല്ലാത്തവരും ജോലിക്കായിട്ടു ഡിപ്പാർട്ടുമെന്റു മേലധികാരിയെ ഉപദ്രവിക്കുന്നവരുംആയ ഒരുകൂട്ടം യോഗ്യതസിദ്ധിച്ച കർഷകന്മാരെ ഉണ്ടാക്കിത്തീർ

ക്കുന്നതായിരുന്നു ഗവർണ്ണമെന്റിന്റെ ഉദ്ദേശം എന്നുവരികിൽ അങ്ങിനെ ഒരു സ്കൂൾ തുടർന്നുകൊണ്ടിരിക്കേണ്ട ആവശ്യം കാണുന്നില്ല.

ആലുവാസ്കൂളിൽനിന്നും ജയിച്ചുവന്നവർക്കു സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനെസംബന്ധിച്ചു ഏതിർവ്വേശങ്ങൾ ഗവർണ്ണമെന്റിന്റെ ക്ഷേമത്തിനു ഉതകുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല. മി. ജി. പരമേശ്വരൻപിള്ള പറഞ്ഞതുപോലെ, ഇപ്രകാരം സൌകര്യങ്ങൾ കൊടുക്കുമെന്നുവരികിൽ അനവധി ആളുകൾ സ്കൂളിൽ ചേരാൻ തയ്യാറായിവരുന്നതാണ്. അദ്ദേഹംതന്നെയും തയ്യാറായിരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അങ്ങിനെയല്ലാ. ഞാൻ ഏകദേശസ്ഥിതിയിൽ ഇരുന്നിരുന്നെങ്കിൽ ചോദ്യമാവിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേലുകാവു): അദ്ദേഹത്തിനെപ്പോലുള്ള ആളുകൾ മററു സ്ഥിതികൾക്കധീനരായിരുന്നെങ്കിൽ അതിനായിപ്പോകുമെന്നു അദ്ദേഹം പറയുന്നു. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള സൌജന്യങ്ങൾ ഗവർണ്ണമെന്റിൽനിന്നും കൊടുക്കുന്നതായാൽ അനവധി ആളുകൾ വരാൻ തയ്യാറായിരിക്കുമെന്നുള്ളതിനു സംശയമില്ലാ. ആ സ്ഥിതിക്കു മി. മത്തൻ മാപ്പിള പറയുന്നതുപോലെ ഇവർക്കു എല്ലാപേർക്കും ഭൂമി വിതിച്ചുകൊടുക്കാൻ ഗവർണ്ണമെന്റിനു സാദ്ധ്യമാകാതെവരും. ആ സ്ഥിതിക്കു ഇനിയുംഅധികം വിദ്യാർത്ഥികളെ പരിശീലിപ്പിക്കേണ്ട ആവശ്യം ഞാൻ കാണുന്നില്ലാ. അതുകൊണ്ടു ഇതു രാജ്യത്തിന്റെ പൊതുക്ഷേമത്തിനു ഉതകുമെന്നും എനിക്കു തോന്നുന്നില്ലാ. ഈ വകക്കായി നാലു ഏക്കർസ്ഥലം കോന്നിയിൽ തിരിച്ചുവച്ചിരിക്കുന്നുഎന്നു ഡാക്ടർ കുഞ്ഞൻപിള്ളതന്നെ പറഞ്ഞുകേട്ടല്ലോ. ആലുവാസ്കൂൾ വടക്കേക്കരയ്ക്കു മാറ്റിപ്പണിയിപ്പാനും അതുകൊണ്ടു കൊട്ടാരക്കരസ്കൂൾ വേണ്ടെന്നുംകൂടി അദ്ദേഹം പറഞ്ഞു. ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തു പരീക്ഷാർത്ഥരീതിയിലുള്ള കൃഷിചെയ്യുന്നതുകൊണ്ടു സംസ്ഥാനം ഒട്ടുക്കുള്ളവർക്കു എങ്ങിനെ ഗുണം സിദ്ധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ലാ. സംസ്ഥാനത്തിലെ കൃഷിത്തൊഴിൽ പൊതുവേ നന്നാക്കണമെന്നാണ് ഗവർണ്ണമെന്റു വിമർശിക്കുന്നതു എന്നുവരികിൽ നാലു ഏക്കർ സ്ഥലവും മററും തോട്ടങ്ങൾക്കായി ഒരേ സ്ഥലത്തുതന്നെ കൊടുക്കുകയല്ല സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലുമായി കൊടുക്കേണ്ടതാണ്. സംസ്ഥാനത്തു കൃഷിസ്കൂളുകൾ തുറക്കുന്നതിനെപ്പററി ഒരു സാമാന്യനയം ഇല്ലാതെയാണാണ് കഴിയുന്നതു. ഈ സ്കൂളുകൾ അനാവശ്യവും അവയെ നിർത്തിക്കളയേണ്ടതുമാണെന്നും ആണെന്നാണ് ഞാൻ പറയുന്നതു. സാധാരണ വിദ്യാലയങ്ങളിൽ ഈ വിഷയങ്ങളിൽകൂടി വിദ്യാർത്ഥികൾക്കു അഭ്യസനം നൽകിയാൽ മതിയാകുമെന്നാണ് എനിക്കു തോന്നുന്നതു.

ഉപാദ്ധ്യക്ഷൻ: ഈപ്രാവിശ്യം എല്ലാ സംഗതികളും പ്രത്യേകിച്ചു ചർച്ചചെയ്യുന്നകാലം അല്ലെല്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേലുകാവു): പ്രത്യേകവിഷയങ്ങൾക്കായി ധാരാളം വിദ്യാർത്ഥികൾ ഇക്കാലത്തു പോകുന്നതായി കാണുന്നില്ലാ. കൃഷിത്തൊഴിലിൽ ഏർപ്പെടുന്നതിനേക്കാൾ അവർ പത്തോ പതിനഞ്ചോ രൂപാ ശമ്പളംകിട്ടാൻ ശ്രമിക്കുകയാണ്ചെയ്യുന്നതു. ധാരാളം ഭൂമികൾ ഉണ്ടായിരിക്കുകയും അവർ പ്രത്യേകമായി കൃഷിവിദ്യാഭ്യാസംചെയ്യുകയും ചെയ്യുന്നതായാൽ ഈവക സ്കൂളുകൾ ആവശ്യമുണ്ടെന്നു ആർക്കും മനസ്സിലാക്കാൻകഴിയും. എന്നാൽ തിരുവിതാംകൂറിൽ കൃഷിവിദ്യാഭ്യാസം സമ്പാദിക്കാൻപോകുന്നവർ വളരെ മർക്കടമുഷ്ടിതന്നെതാൻ കൃഷിത്തൊഴിലിൽ ചേർപ്പെടുന്നതിനു പ്രാപ്തിയില്ലാതെവരും ആകുന്നു.

അങ്ങനെയുള്ളവർക്കു ഈവക സ്കൂളുകൾകൊണ്ടു ഒരു പ്രയോജനവും ഉണ്ടാവുന്നതില്ലെന്നാണ് എന്റെ അഭിപ്രായം. സാധാരണ വിദ്യാലയങ്ങളിൽ എല്ലാ തരക്കാരിൽനിന്നും കുട്ടികൾ ചേരുന്നുണ്ട്. അവർക്കു വിദ്യാഭ്യാസവുംകൂടി നൽകുന്നതായാൽ അവർക്കു ഗുണം ഉണ്ടാകും. അതല്ലാതെ ഇപ്രകാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനു ഗവർണ്ണമെന്റു വിചാരിക്കുന്നതായാൽ, അപ്രകാരം പഠിക്കാൻ പോകുന്നവർക്കു ആവശ്യമുള്ള സൌകര്യങ്ങൾ ഗവർണ്ണമെന്റു ചെയ്തുകൊടുക്കേണ്ടതായിവരും. ആയിരത്തിനു ക്ക ഏക്കർ ഭൂമിയും ഇതുകൂടാതെ വേറെ സൌജന്യങ്ങളും ഗവർണ്ണമെന്റു ചെയ്തുകൊടുക്കേണ്ടതായി വരും. അങ്ങനെ ചെയ്തില്ലെങ്കിൽ ഡിപ്പാർട്ടുമെന്റു മേലധികാരിയെ ക്ക-ഗ്, ക്ക-ഗ്ക്കു രൂപ ശമ്പളം കൊടുക്കണമെന്നു പറഞ്ഞു അവർ ഉപദ്രവിച്ചുകൊണ്ടിരിക്കും. ഇപ്രകാരമുള്ള ഒരു അവസ്ഥ തുടർന്നുകൊണ്ടിരിക്കേണ്ടതല്ലെന്നാണ് ഞാൻ വിചാരിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തൊടുപുഴ): മിസ്റ്റർ തരകന്റെ മോക്ഷണം ഞാൻ പിന്തുണയ്ക്കുന്നു. കൊട്ടാരക്കര സ്കൂളിനുള്ള ഇക മാത്രമല്ലാ ആലുവാ സ്കൂളിനുള്ള ജകയുംകൂടി തള്ളിക്കളഞ്ഞാൽ കൊള്ളാമെന്നു എനിക്കു ആശയുണ്ട്. കൊട്ടാരക്കര സ്ഥാപിക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്കൂളും ആലുവയിൽ താത്കാലികമായി സ്ഥാപിച്ചിട്ടുള്ള സ്കൂളും നിമിത്തം ഈ സമയിൽ വളരെ ഒരു വിത്തു വിതച്ചിട്ടുള്ളതായിട്ടാണ് എനിക്കു തോന്നുന്നതു. ഇതുകൂടാതെ സ്കൂളിൽ ചേരണമെന്നും ചേരണോ എന്നുമുള്ള സംശയത്തിൽ പുത്രന്മാരും പിതാക്കന്മാരും തമ്മിൽ ശണ്ഠയുണ്ടാകാനും ഇടയാകും. ഇതുകൊണ്ടാണ് ആലുവാ സ്കൂൾനിർത്തൽ സാധിക്കാൻ നിശ്ചയിരിക്കുന്ന കാര്യം എന്താണെന്നും അതിനെ സംബന്ധിച്ചു പരിഹരിക്കേണ്ടതായ ന്യൂനതകൾ എന്താണെന്നും ഒരു ചോദ്യം ഞാൻ ഡയറക്ടരോടു ചോദിച്ചതു. ഈ ന്യൂനതകൾ അറിഞ്ഞാൽ കൊട്ടാരക്കര സ്കൂളിൽ അതിനു പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കാവുന്നതാണ്. കൊട്ടാരക്കര ഒരു മദ്ധ്യസ്ഥലം ആയതുകൊണ്ടു ആ സ്കൂളിൽ വടക്കുനിന്നും തെക്കുനിന്നും വരുന്ന എല്ലാ വിദ്യാർത്ഥികളും ചേരാൻ ഇടയുണ്ട്. ഏതുപോലും കൃഷിപാഠശാല സ്ഥാപിക്കുന്നതിനുതന്നെ ശരിയായ ന്യായങ്ങൾ ഡയറക്ടർ പറഞ്ഞുകേട്ടതെന്നു എനിക്കു തോന്നുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടിടത്തോളവും, ഓരോ വിദ്യാർത്ഥിക്കും ക്ക ഏക്കർ ഭൂമി വീതം കൊടുക്കുന്നതുകൊണ്ടു മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞതുപോലെ ആകർഷണീയമായ ഒരു പദ്ധതി അദ്ദേഹം കൊണ്ടുവന്നിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. ഈ രണ്ടു സ്കൂളുകളും തുറന്നതിനുശേഷം വേറേയും സ്കൂളുകൾ അദ്ദേഹം തുറക്കുമെന്നു വിശ്വസിക്കാം. എന്തെന്നാൽ ഭൂമി വെറുതെ കിട്ടുമെങ്കിൽ ചെറുപ്പക്കാർ മാത്രമല്ലാ പ്രായമായ ആളുകൾപോലും സ്കൂളിൽചേരാൻ തയ്യാറാകുമെന്നു അദ്ദേഹം പറയുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ഭൂമികൾ ഇവരുടെപേരിൽ പതിച്ചുകൊടുക്കുകയാണോ ഡയറക്ടർ പറയുന്നതു?

മി. എം. ശിവതാണുപിള്ള (തൊവാള): അതേ. പത്തു വർഷം കഴിഞ്ഞു പേരിനുമാത്രം ഒരു കരവും ചുമത്തും.

ഉപാദ്ധ്യക്ഷൻ: പത്തു വർഷംകഴിഞ്ഞു സാധാരണ ക്രമത്തിലുള്ള കരം ചുമത്തുമെന്നു അദ്ദേഹം പറഞ്ഞതായിട്ടാണ് ഞാൻ ഓർക്കുന്നത്.

മി. എം. ശിവതാണുപിള്ള (തോവാള): കൃഷിചെയ്യുന്നതിനു തയ്യാറുള്ളവരായി അനവധി ആളുകൾ രാജ്യത്തിൽതന്നെ ഉണ്ടാകുമെന്നാണ് അദ്ദേഹം പറയുന്നതു.

മി. സി. പി. തോമസ് (ശാസ്ത്രജ്ഞൻമാരെ നിയമിച്ച മെംബർ): ഈ ജോലിയിൽ പ്രവേശിക്കുന്നവർ ഈ സ്കൂളുകളിൽ പരിശീലനം സിദ്ധിച്ചവർ ആകുന്നുവെല്ലോ?

മി. എം. ശിവതാണുപിള്ള (തൊവാള): അങ്ങനെയാണ് ഞാൻ മനസ്സിലാക്കിയതു. ഇവർ ഫാം ഏജന്റുമാർ സ്വന്തം കൃഷിവകയ്ക്കായി ഇല്ലാത്തവരായിരിക്കും. ഇവരാണ് പഠിക്കാൻ പോകുന്നവർ. ഇവർക്കു പോകാൻ മനസ്സുണ്ടെങ്കിലും ശാസ്ത്രീയരീതിയിൽ കൃഷിചെയ്യാൻ സാധിക്കയില്ല. അതിനു ധാരാളം പണം വേണ്ടിവരും. ഇപ്രകാരമുള്ള സ്കൂളുകൾ ഒന്നും ഇല്ലാതെതന്നെയും കൃഷിത്തൊഴിലിൽ താല്പര്യം പ്രദർശിപ്പിക്കുന്ന ജനങ്ങളെ കിട്ടാൻകഴിയും. അവർക്കു വേണ്ടുന്ന ശാസ്ത്രീയരീതിയിലുള്ള അഭ്യസനം കൂടക്കൂടെ നൽകുകയും കൃഷി ഡിപ്പാർട്ടുമെൻറിലെ വിദഗ്ദ്ധന്മാരുടെ മേൽനോട്ടം ഉണ്ടായിരിക്കുകയും മാത്രമാണ്. കൃഷിവിദഗ്ദ്ധൻ, എണ്ണവിദഗ്ദ്ധൻ, മററു വിദഗ്ദ്ധന്മാർ എന്നിങ്ങനെ വിദഗ്ദ്ധന്മാർ ഉണ്ടല്ലോ. അതുകൊണ്ടു കർഷകന്മാരുടെ ആവാസസ്ഥാനമായ നമ്മുടെ രാജ്യത്തിൽ കൃഷിപാഠശാല ഉണ്ടായിരിക്കേണ്ട യാതൊരു ആവശ്യവും ഇല്ലെന്നാണ് ഞാൻ പറയുന്നതു.

മി. കെ. കെ. തോമസ്. (കോട്ടയം): അങ്ങനെയാകണങ്കിൽ ഈ ഡിപ്പാർട്ടുമെൻറുകൊണ്ടുതന്നെ വല്ല പ്രയോജനവും ഉണ്ടോ എന്നു മെംബറിനോടു ചോദിച്ചുകൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അവരുടെ വിദഗ്ദ്ധന്മാരും പരീക്ഷണങ്ങളുംമൂലം ഉണ്ടാകുന്ന പ്രയോജനമെ സിദ്ധിക്കുകയുള്ളു.

ഉപാദ്ധ്യക്ഷൻ: കൃഷിവായ്പ, വ്യവസായവായ്പ മുതലായതുകൾ വേണ്ടെന്നാണോ നിങ്ങളുടെ അഭിപ്രായം?

മി. എം. ശിവതാണുപിള്ള (തോവാള): കൃഷിക്കാരുടെ സങ്കേതസ്ഥലമായ ഒരു രാജ്യത്തു ഇപ്രകാരമുള്ള ഒരു സ്ഥാപനം ആവശ്യമുണ്ടെന്നു തെളിയിക്കാത്തിടത്തോളംകാലം, ആവക സ്ഥാപനങ്ങൾക്കായി പണം ചിലവാക്കേണ്ട ആവശ്യമില്ലെന്നാണ് ഞാൻ പറയുന്നതു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം). കൃഷിപാഠശാലകൾ ഒരു കച്ചവടരാജ്യത്തുമാത്രമേ ഉപയോഗമുണ്ടായിരിക്കയുള്ളു എന്നാണോ മെംബർ പറയുന്നത്?

മി. എം. ശിവതാണുപിള്ള (തൊവാള): തീർച്ചയായും അല്ല. ഇപ്രകാരം ഒരു ഡിപ്പാർട്ടുമെൻറിൽ വിദഗ്ദ്ധന്മാരെ നിയമിച്ചാൽ ഇവിടത്തെ ഒരു മ്യൂസിയത്തിൽമാത്രമേ അവർകൊണ്ടു പ്രയോജനം സിദ്ധിക്കയുള്ളു. എന്നാൽ ഈ രാജ്യത്തിൽ ജനങ്ങൾക്കെല്ലാന്നേ കൃഷിയിൽ വൈദഗ്ദ്ധ്യം ഉണ്ട്. ഈ സ്കൂളുകൾകൊണ്ടു വല്ലതും ഉദ്ദേശിക്കുന്നു എങ്കിൽ അതു ശാസ്ത്രീയമായ പ്രത്യുത്പാദനം ഉണ്ടാക്കിക്കൊടുക്കുന്നതാണ്. രാജ്യത്തിലെ തപ്പാളുവെയുള്ള ദാരിദ്ര്യം നോക്കുമ്പോൾ ഡയറക്ടർ തന്നെ മനസ്സിലാക്കാൻ ശ്രമിക്കുന്ന കാര്യം അസംഭവം സാദ്ധ്യമല്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): കൊച്ചാരക്കരയുള്ള സ്കൂൾ അടുത്തകൊല്ലത്തിൽമാത്രമെ ആരംഭിക്കാൻ വിചാരിക്കുന്നുള്ളു എന്നും അതിനിടയ്ക്കു ആയ പാസ്കൂൾ സ്ഥിരപ്പെടുത്തുമെന്നും കൃഷിഡയറക്ടർ പ്രസ്താവിച്ചിരിക്കുന്നതിനാൽ ഈ പ്രമേയത്തെ ഞാൻ പിന്താങ്ങിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഡയറക്ടർ പറഞ്ഞതു സ്കൂൾ വരുന്നാണ്ടിൽമാത്രമെ തുടങ്ങുകയുള്ളുഎന്നും എന്നാൽ കെട്ടിടങ്ങൾ ഈയ്യാണ്ടിൽ പണിതീർക്കുമെന്നും ആകുന്നു.

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ.

തുടർന്നുള്ള ഉപക്ഷേപത്തെ ഹാജരാക്കിയില്ല.

മി. കെ. കെ. തോമസ് നമ്പർ.

കൃഷിപാഠശാലയ്ക്കുള്ള ഫണ്ടിന്റെ രൂപയിൽനിന്നും ഫ രൂപ കുറയ്ക്കണമെന്നു.

ഉപക്ഷേപം നമ്പർ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഈ ഉപക്ഷേപത്തെ സംബന്ധിച്ചു എനിക്കു പറയാനുള്ളതു ഞാൻ പറഞ്ഞുകഴിഞ്ഞു.

ഉപാദ്ധ്യക്ഷൻ: ഈ ഉപക്ഷേപം മുൻപു ഹാജരാക്കിയ ഉപക്ഷേപത്തിൽനിന്നും വ്യത്യാസപ്പെട്ടതല്ലെങ്കിൽ ഈ ഉപക്ഷേപം ഹാജരാക്കുന്നതു ക്രമമായിട്ടുള്ളതല്ല.

ഉപക്ഷേപം ക്രമമായിട്ടുള്ളതല്ലെന്നു പ്രസിഡൻറു തീർച്ചയാക്കുന്നു എങ്കിൽ ഞാൻ അതിനെ ഹാജരാക്കുന്നില്ലാ.

ഉപാദ്ധ്യക്ഷൻ: സംഗതി രണ്ടും ഒന്നാണെങ്കിൽ ഉപക്ഷേപം ക്രമമായുള്ളതല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഞാൻ പറഞ്ഞതിനു ഒരു മറുപടിതരാൻ കൃഷിഡയറക്ടർക്കു അവസരം ഉണ്ടായില്ലാ. അദ്ദേഹത്തിനു അപ്രകാരം അവസരംകിട്ടുന്നതിനായിട്ടു ഞാൻ ഉപക്ഷേപം ഹാജരാക്കാം.

ഉപാദ്ധ്യക്ഷൻ: അതു അദ്ദേഹം നോക്കിക്കൊള്ളേണ്ടതാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ പ്രമേയവും ഇതിനു മുമ്പിലത്തെ പ്രമേയവും സാരാംശത്തിൽ ഒന്നുതന്നെയാണോഎന്നു മെംബർ സത്യം പറയുമോ?

ഉപാദ്ധ്യക്ഷൻ: രണ്ടും ഒന്നുതന്നെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായങ്ങൾ വല്ലതും ഉണ്ടോ?

ഉപാദ്ധ്യക്ഷൻ: അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പറഞ്ഞുകഴിഞ്ഞു എന്ന് അദ്ദേഹം പറഞ്ഞതല്ലോ. അതല്ലാതെ വേറെ കൂടിപ്പറയാനുള്ളതുണ്ടോ? നമ്പിടിപ്പുറി അദ്ദേഹത്തിന്റെ അഭിപ്രായം പറയുകയും ചെയ്തു. ഈ സ്ഥിതിക്ക് അതിനെപ്പറ്റി വീണ്ടും പറയേണ്ടിട്ടു കാര്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ലാ

മി. കെ. കെ. ജോസഫ് (മീനച്ചൽ-തോപ്പിക്കുടി): ഇത് പ്രസിഡന്റിന്റെ റൂളിംഗ് ആണോ?

ഉപാദ്ധ്യക്ഷൻ: അതെ, മോഷൻ ക്രമമല്ലെന്നു ഞാൻ തീർച്ചപ്പെടുത്തുന്നു.

മോഷൻ തള്ളിപ്പോയതിന്റെ കാരണത്താൽ വോട്ടെടുപ്പുണ്ടായില്ല.

നമ്പർ ൩.

മി. കെ. കെ. ജോസഫ് (മീനച്ചൽ-തോപ്പിക്കുടി): ക്രിസ്ത്യാനികളുടെ ഗവർണ്മെന്റ് ഗ്രാന്റിൽ നിന്നും ഗ്രാന്റ് കുറയ്ക്കുന്നതെന്തു.

ഉപാദ്ധ്യക്ഷൻ നമ്പർ ൩.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഞാൻ പ്രതിഷേധിക്കുന്ന വിഷയം വാദിക്കുന്നു.

നമ്പർ ൩, ഗ്രാന്റ്-ഇൻ നമ്പർ സിമാർഡിൻപ്രകാരമുള്ള ക്രിസ്ത്യൻ പക്ഷം ഗ്രാന്റിൽനിന്നും ഗ്രാന്റ് കുറയ്ക്കുന്നതാണ്.

കുറച്ചുകാലം മുമ്പേ ഇതിന്റെ ആവശ്യമില്ലാഎന്നു പ്രസ്താവിക്കാനാണ് ഞാൻ ഈ മോഷൻ കൊണ്ടുവന്നിട്ടുള്ളത്. അനുനിമിത്തം ഗവർണ്മെന്റിന്റെ ചെലവിന് സ്റ്റോറേജിലേക്കുള്ള സംഖ്യയ്ക്കുമാണ് ലാഭം ഉണ്ടാകുന്നത്. അതിൽനിന്നു ഉണ്ടാകുന്ന ഗുണം ഗവർണ്മെന്റിനു വരിച്ചു കൂടുന്നതല്ലാതെ ക്രിസ്ത്യാനികൾക്കു സാമ്പത്തികമായ ഗുണമുണ്ടാകുന്നതുമല്ലാ, ഗവർണ്മെന്റിന്റെ ക്ലർക്കുമാരുടെ ശമ്പളം വളരെ കുറവും ജനങ്ങൾക്കുള്ള ചെലവു വളരെ കൂടുതലും ആണ്. എന്നാൽ ക്ലർക്കുമാർക്കു നല്ല ആദായം കിട്ടുന്നതുണ്ടു എല്ലാ വിഷയത്തിലും ഇതുതന്നെ ക്ലർക്കുമാർക്കു ധാരാളം ലാഭം കിട്ടുന്നു. അതിനാൽ ജനസമുദായത്തെ വഞ്ചിക്കുന്നതും ക്ലർക്കുമാർക്കു മാത്രം ധാരാളം ലാഭം എടുക്കാൻ സൗകര്യം ഉണ്ടാകുകയും ഗവർണ്മെന്റിന്റെ തക്ക ആദായം കിട്ടാതിരിക്കുന്നതും ആയ ഈ ഏർപ്പാട് ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഈ പ്രമേയം ഇവിടെ മോഷൻ പ്രസ്താവിച്ചപ്പോൾ എല്ലാവരും എടുത്തുപറഞ്ഞിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചക്കായുടെ വിചാരത്തിൽ വ്യത്യാസം ഉണ്ടോ?

മി. സി. പി. തരകൻ (കുന്നത്തുനാട്): വളരെ വ്യത്യാസം ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തു വ്യത്യാസം ഉണ്ടു.

മി. സി. പി. തരകൻ (കുന്നത്തുനാട്): ചക്കാ ചെലവു നടത്തുന്നതിനു മുമ്പുണ്ടായിരുന്നതിനേക്കാൾ ഇപ്പോൾ ഇരട്ടിവില തൊഴിലാളികൾക്കുണ്ടു. മററു ഭാഗങ്ങളിൽ ഉള്ള വില ഇവിടെ മററു ഗവർണ്മെന്റ് ആണിയാണെന്നുള്ളതിനാൽ അവർ പറയുമെന്നു വിശ്വസിക്കുന്നു.

ഉപാദ്ധ്യക്ഷൻ: മിസ്റ്റർ തൊച്ചുകുഞ്ഞുപിള്ള! നിങ്ങൾക്കു ഇതുതന്നെ മതിയോ? ഒരു മോഷൻ ഉണ്ടല്ലോ.

മി. സി. പി. തൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം.

മി. തരിയൻ കുഞ്ഞിരാമൻ (മൂവാററുപുഴ—തൊടുപുഴ): ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിന്താങ്ങുന്നു. കൃഷിക്കാരന്മാരെ പണിയിക്കുന്നതിനും ഏററവും അത്യാവശ്യമായ ഒരു സാധനമായിട്ടാണ് കുമ്മായത്തെ കണ്ടിട്ടുള്ളതു. കുമ്മായം ഉണ്ടാക്കുന്ന ചക്കാ യഥേഷ്ടം കായ്ക്കുന്നതിനു വാരി വളത്തിനുകൂടി കുഴിച്ചുകളഞ്ഞിട്ടുള്ളതു വിറകുകൊണ്ടിരുന്ന സമ്പ്രദായത്തിൽനിന്നും ഇതു കുത്തകച്ചരക്കായതോടുകൂടി ഗണനകം ഉപയോഗം വിരമിക്കയാണു ചെയ്തിട്ടുള്ളതു. മുമ്പിലത്തെപ്പോലെ ഇതു വ്യാപാരത്തിനടത്തിയാൽ വ്യാപാരക്കുറവിനു തീരുമെന്നുള്ള വിചാരത്തോടുകൂടി കച്ചവടക്കാർ പിന്മാറുകയും വിദ്യുതകാർക്കു അസൗകര്യവും ഉണ്ടാകുകയും വില കൂടിവരികയും ചെയ്തു. കുറെനാൾമുമ്പുവരെ ഇവിടത്തെ കുമ്മായം ധാരാളമായും ഉപയോഗിച്ചുവന്നിരുന്ന ആളുകൾ ഇപ്പോൾ കുമ്മായം കിട്ടാത്ത വയലിൽനിന്നും ചെളിവാരി ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. കുറച്ചുനാൾകഴിഞ്ഞു ഒരാൾ പ്രകാശം ചെയ്തപ്പോൾ ഞാൻ അയാളോടു ചോദിച്ചതിനു മണ്ണിനെക്കാൾ കുറച്ചുകൂടി ബലം ചെളിക്കുണ്ടെന്നും ഇപ്പോൾ കുമ്മായം കിട്ടുകയില്ലെന്നും ഇനി വർഷംതോറും കുത്തകക്കാരന്റെ അനുമതിയോടുകൂടി കുമ്മായം വില്പനയ്ക്കു കൊണ്ടുവന്നാൽമാത്രമേ കിട്ടുകയുള്ളുഎന്നും മറുപടി പറഞ്ഞു.

മി. ജി. പരമേശ്വരൻപിള്ള (ഗെയ്ററിങ്കര): കക്കാവേലം തുടങ്ങുന്നതിനുമുമ്പു കുഴിയിൽ ചെളിടം കെട്ടാറില്ലേ?

മി. തരിയൻ കുഞ്ഞിരാമൻ (മൂവാററുപുഴ—തൊടുപുഴ): ഏല്ലാവരും അങ്ങിനെ ചെയ്യാറില്ലായിരുന്നു, ഇപ്പോൾ ഒരുമാതിരി ഗൃഹസ്ഥന്മാരായ ആളുകൾക്കു കുമ്മായത്തിനുപകരം ചെളി ഉപയോഗിച്ചു തുടങ്ങിട്ടുണ്ടു. ധാരാളം മഴയുള്ള മലയോരങ്ങളിൽ ഈ മാതിരി ചെളിക്കെട്ടുകൾ കെട്ടിയാൽ ഇടിഞ്ഞു പോകുന്നതും അതുനിമിത്തം സാധുക്കളായ ജനങ്ങൾക്കു വളരെ സങ്കടം ഉണ്ടാകുന്നതും തന്നെ.

കൃഷിഡിപ്പാർട്ടുമെന്റിന്റെ പരിശ്രമഫലമായി സാധിച്ചിട്ടുള്ള കാര്യങ്ങൾ മറന്നാൽതടിയും കുമ്മായം വളമിടലും ആണെന്നു പറഞ്ഞുവരുന്നു. ഞങ്ങളുടെ നാട്ടിൽ കുമ്മായവളം ഉപയോഗിച്ചു വന്നിരുന്നില്ല. എപ്പോൾ അതിന്റെ ഗുണം മനസ്സിലാക്കി ഉപയോഗിച്ചുതുടങ്ങിയോ അപ്പോൾ അതു കിട്ടാതെയായി. ഈ കക്കാവേലയംകൊണ്ടു ഗവർണ്മെന്റിനു സാരമായ യാതൊരു പ്രയോജനവുമില്ല. ഇഷ്ടമായ ഒരു സംഖ്യമാത്രമേ കിട്ടുന്നുള്ളു. വലുതായ ഒരു തുക ജനങ്ങൾക്കു നഷ്ടപ്പെടുന്നുണ്ടു. ജനങ്ങൾ ഒരുരൂപ നഷ്ടപ്പെട്ടാൽ ഗവർണ്മെന്റിനു മുക്കാൽരൂപാ കിട്ടിയാൽ ഞങ്ങൾക്കു സങ്കടമില്ലാ.

മുമ്പ പാട്ടക്ക ഒരു ചക്രമായി കിട്ടിക്കൊണ്ടിരുന്ന കക്കായ്ക്കു ഇപ്പോൾ ൭ ചക്രത്തോളം വിലയുണ്ട്. മൂവാററുപുഴ തൊടുപുഴ കുന്നത്തുനാടു മുതലായ മലയോര നിവാസികൾക്കു ഇത്രവളരെ സങ്കടത്തെയുണ്ടാക്കുന്ന ഒരു സംഗതിയാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മൂവാററുപുഴ താലൂക്കിൽ കക്കായുണ്ടോ?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): കുമരകം മുതലായ സ്ഥലങ്ങളിൽ നിന്നുമാണ് കക്കാ അവിടേയ്ക്കു കൊണ്ടുവരുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചാരംമുതലായ മററു വളങ്ങൾക്കും വില കൂടുതൽ ഉണ്ടോ?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): ചാരംമുതലായ്ക്കു അവിടെ ധാരാളം ഉണ്ട്. അതൊന്നും വിലകൊടുത്തു വാങ്ങിക്കേണ്ട ആവശ്യം ഇല്ല.

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു കെട്ടിടത്തിന്നു എത്ര ശതമാനം കല്ലും മണ്ണും ആകും.

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): അതിനെ ഞാൻ ശതമാനം കണക്കുകൂട്ടി നോക്കിയിട്ടില്ല.

മി. എൻ. വി. ജോസഫ് (പറവൂർ): കുമ്മായത്തിന്നു വില അല്പം കൂടിയതുകൊണ്ടു ചെളികൊണ്ടു കെട്ടിടം പണിയുന്നു എന്നുപറഞ്ഞു.

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): കുമ്മായത്തിന്റെ വില സ്വല്പം കൂടിയതുകൊണ്ടല്ലാ അധികം കൂടിയതുകൊണ്ടാണ് എന്നാണു ഞാൻ പറഞ്ഞതു്.

മി. എൻ. വി. ജോസഫ് (പറവൂർ): ഇപ്പോൾ എത്ര ശതമാനം വരുമെന്നു പറയാമോ?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ). അതു മുമ്പു ഞാൻ പറഞ്ഞുവല്ലോ? കക്കായ്ക്കു വില കൂടിയതുകൊണ്ടു സാധാരണ ജനങ്ങൾക്കു കുമ്മായംവാങ്ങി വേണം പണിയുന്നതിന്നു വളരെ പ്രയാസമുണ്ട്. അതുകൊണ്ടു ചെളി ഉപയോഗിക്കുന്നു. ഗവണ്മെന്റിന്നു കക്കാലേലത്തിൽനിന്നും വലിയ ആദായം കിട്ടുന്നുങ്കിൽ ജനങ്ങൾക്കു കുറെ സമാധാനം ഉണ്ടായിരുന്നു. അതുമില്ല.

മി. കെ. ഇ. ജോസഫ് (മീനച്ചൽ തെക്കുകരയ്ക്കു): ഗവണ്മെന്റിന്നു ഇപ്പോൾ എന്താദായം കിട്ടുന്നുണ്ട്?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): ഗവണ്മെന്റിന്നു അയ്യായിരമോ ആറായിരമോ രൂപാ കിട്ടുന്നുണ്ട്. ക്ലിപ്തമായിട്ടു ബഡ്ജററിൽ കാണിച്ചിട്ടില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമിച്ചമെമ്പർ): ൪൦൦൦-ൽ ചിൽവാനം രൂപയാണ്.

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): പണ്ടു ഒരു പറക്കു ൧ ചക്രം ആയിരുന്നു ഇപ്പോൾ ൭ ചക്രംവരെ ആയിട്ടുണ്ടെന്നു ഞാൻ മുമ്പെ പറഞ്ഞല്ലോ. രണ്ടുലക്ഷമോ മൂന്നുലക്ഷമോ പറക്കാം ജനങ്ങൾക്കു ആവശ്യമുണ്ടെങ്കിൽ അതു ജനങ്ങൾക്കു ഭീമമായ ഒരു നഷ്ടത്തിന്നു കൺട്രാക്ടന്മാർക്കു ഒരു വലിയ ലാഭത്തിന്നും കാരണമായിത്തീരുന്നു അതുകൊണ്ടു ഈ ഏർപ്പാടു നിറുത്തണം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഒരു ചക്രം എന്നുപറഞ്ഞതു പാട്ടയ്ക്കോ പറയ്ക്കോ?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): പറയ്ക്കാണ്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മദ്രാസ്പറയ്ക്കാണോ?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): സാധാരണ നാടൻപറയ്ക്കു അങ്ങിനെയുള്ള ഒന്നര പറയാണ് ഒരു പാട്ട.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഒരു ചക്രമായിരുന്നതു ഏഴു ചക്രമായിട്ടുണ്ടോ?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): മൂവാററുപുഴ താലൂക്കിൽപ്പെട്ട കോതമങ്ങലം കുട്ടമങ്ങലം മുതലായ പകുതികളിൽ ആറും ഏഴും ചക്രം പറയ്ക്കു വിലയുണ്ട്.

മി. എൻ. വി. ജോസഫ് (പറവൂർ): കുന്നത്തുനാടു താലൂക്കിൽ കുഴുമകുന്നത്തക്കാരം ഇരട്ടിയെ വിലയുള്ളതു എന്നു ആ തലൂക്കമെമ്പർ പറഞ്ഞല്ലോ?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): അദ്ദേഹത്തിന്നു കുന്നത്തുനാടുതാലൂക്കിലെ എല്ലാസ്ഥലത്തേയുംപററി അറിവില്ലായിരിക്കാം. അശമന്നൂർമുതലായ സ്ഥലങ്ങളിൽ ഞാൻ പറഞ്ഞതുപോലെ വിലയുണ്ട്. കുന്നത്തുനാടു വലിയതാലൂക്കാണ്. കായംകുളത്തിന്നു അടുത്തുള്ള സ്ഥലത്താണ് മി. സി. പി. തരകൻ താമസിക്കുന്നതു. അദ്ദേഹം അതിനടുത്ത സ്ഥലങ്ങളിലെ കാര്യം ആയിരിക്കും പറഞ്ഞതു്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): മൂവാററുപുഴ കൊണ്ടുവരുന്നതിന്നുള്ള ചാർജ്ജ് കൂടിയുൾപ്പെടുത്തിയാണോ ഈ വില?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): എന്തെല്ലാം ഉൾപ്പെടുത്തിയാലും വില്ലനവില ഇങ്ങിനെയാണ്.

മി. എൻ. വി. ജോസഫ് (പറവൂർ): മൂവാററുപുഴ താലൂക്കിനെസംബന്ധിച്ചു മുഴുവൻസംഗതികളും മെംബേക്കു അറിയാൻ പാടില്ലെങ്കിലും കുന്നത്തുനാടുതാലൂക്കിലെ സംഗതികൾമുഴുവനും മി. സി. പി. തരകനു അറിയാമെന്നു വരുമോ?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): ഒരു താലൂക്കിനെസംബന്ധിച്ചു മുഴുവൻസംഗതിയും ഒരുത്തർക്കും നല്ലവണ്ണം അറിഞ്ഞുകൂടാഎന്നു എനിക്കു ബോദ്ധ്യമുണ്ട്.

മി. എൻ. വി. ജോസഫ് (പറവൂർ): മൂവാററുപുഴതാലൂക്കിൽ ഏതു പകുതിയിലാണ് കക്കാക്കു വില കൂടുതലുള്ളതു്?

മി. തരിയ്യു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴ തൊടുപുഴ): സാമാന്യമായിട്ടു താലൂക്കു മുഴുക്കെ വില കൂടുതലാണ്. ൫ ചക്രംമുതൽ ൭ ചക്രംവരെ കൊടുത്തുവരുന്നുണ്ട്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗസ്യവ്യവസായ ഡയറക്ടർ): ഒരു ചക്രം കൊടുത്തുവാങ്ങിക്കാണ്ടിരുന്നതു എപ്പോഴാണ്.

മി. തരിയ്യു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): രണ്ടു മൂന്നു വർഷത്തിനു മുമ്പുവരെ മാസവും തീയതിയും യിത്രയുമില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): കല്ലിന്റെയും മണ്ണിന്റെയും വിലകൂടിയിട്ടുണ്ടോ?

മി. തരിയ്യു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): കല്ലും മണ്ണും അവിടങ്ങളിൽ വിലകൊടുത്തു വാങ്ങിക്കാറില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): കല്ലും മണ്ണും കൊണ്ടുവരുന്നതിനുള്ള കൂലി കൂടിയിട്ടുണ്ടോ?

മി. തരിയ്യു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): സാധാരണ കൂലി കൂടിയിട്ടുള്ളതുപോലെ അവിടയും കുറെ കൂടിയിട്ടുണ്ട്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കക്കാശേഖരിക്കുന്ന സ്ഥലങ്ങളിൽ മുമ്പിലത്തതിനെക്കാൾ ഇപ്പോൾ വില എത്ര വർദ്ധിച്ചിട്ടുണ്ട്?

മി. തരിയ്യു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): കക്കാശേഖരിക്കുന്ന സ്ഥലങ്ങളിൽ ഞാൻപോയി മനസ്സിലാക്കിയിട്ടില്ല. അവിടെനിന്നും കക്കാ കൊണ്ടുവന്നു വിൽക്കുന്ന സ്ഥലങ്ങളിൽ വിലകൂടുതൽഉണ്ട്.

മി. സി. പി. തോമസ്സ് (ശാസ്താംകോട്ട നിയമസഭാംഗം): കൺട്രാക്ട് കൊടുത്തതുകൊണ്ടു വില വർദ്ധിച്ചതാണെങ്കിൽ കക്കാ ശേഖരിക്കുന്ന സ്ഥലങ്ങളും വില വർദ്ധിച്ചിരിക്കുകയല്ലോ.

മി. തരിയ്യു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): കാരണമെന്തായാലും ഈ ലേലം തുടങ്ങിയതിനുശേഷമാണു കക്കായ്ക്കു വില വളരെ വർദ്ധിച്ചു.

ജനങ്ങൾക്കു രസ്യവസ്തുമായ പുളിയിൽ പുഴുപേണി മുതലായ കാര്യങ്ങളിൽ ഇതുനിമിത്തം ഉണ്ടായിട്ടുള്ള വ്യത്യാസത്തിനെ ഞാൻ ശക്തിയായി ഇവിടെ പ്രസ്താവിക്കുകയുണ്ടായി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നാണ്ടിനും കക്കാ വളമായിട്ടു ഉപയോഗിക്കുമോ?

മി. തരിയ്യു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): പല കൃഷികൾക്കു ഉപയോഗിക്കുന്നുണ്ട്. ഉൾനാടുകളിൽ കക്കയ്ക്കു വില കൂടുതൽ ഉള്ളതുകൊണ്ടു അതു വളമായിട്ടു ഉപയോഗിക്കുന്നതിൽനിന്നും വിരമിച്ചു തുടങ്ങിയിരിക്കുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗസ്യവ്യവസായ ഡയറക്ടർ): കക്കാ കുഞ്ഞപ്പോളം കൊടുത്തതിനു വിരോധമായി കൊണ്ടുവന്നിട്ടുള്ള ഒരു കാരണം കമ്പോളത്തിനു വില ക്രമാതീതമായ കൂടിപ്പോയി എന്നാകുന്നു. വില ഏഴുമടങ്ങു കൂടിപ്പോയി എന്നു മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞുകേട്ടില്ലാ. മൂന്നാലു വർഷത്തിനു മുമ്പു ഒരു അളവു പറ കണ്ണിനു ഒരുചക്രം കൊടുത്തു വാങ്ങിച്ചിരുന്ന കക്കായ്ക്കു ഇപ്പോൾ ഏഴുചക്രം വിലയായിപ്പോയി എന്നു അദ്ദേഹം പറയുന്നു. തന്റെ വാദം ശരിയാണെന്നു അദ്ദേഹം എങ്ങനെ സ്ഥാപിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. സംഗതി വസ്തുവാണെന്നു മാത്രമെ അദ്ദേഹം പറയുന്നുള്ളൂ. ഇതു അതിശയോക്തിയായ ഒരു പ്രസ്താവനയാണെന്നു ഞാൻ ധൈര്യംപറയാം. എന്തെന്നാൽ, കക്കാശേഖരിക്കുന്ന കുമരകത്തുകാരെന്നും കുമരകത്തുകാരല്ലാത്തതുമായ ചിലരുടെ കാലത്തിലെ വില അന്വേഷിക്കേണ്ടതുണ്ടു. നടപ്പുകാലത്തെ വിഷയമായി മി. കുഞ്ഞിത്തൊമ്മൻ പറയുന്ന വിലയിൽനിന്നും വളരെ കുറവായിരിക്കാൻ വഴിയില്ലാ.

മി. തരിയ്യു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): മൂവാററുപുഴതാലൂക്കിൽ കോതമംഗലം മുതലായ സ്ഥലങ്ങളിൽ ഇപ്പോൾ കക്കയുടെ വില അന്വേഷിച്ചശേഷമാണോ ഞാൻ പറഞ്ഞതു അതിശയോക്തിയാകുന്നു പറയുന്നതു?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗസ്യവ്യവസായ ഡയറക്ടർ): ഞാൻ പറഞ്ഞതിനെ സ്ഥാപിക്കാമെന്നു വിചാരിച്ചായാണ്. അതുകൊണ്ടു പറഞ്ഞതു അതിശയോക്തിതന്നെയാണു.

മി. തരിയ്യു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഡാക്ടർ അവിടെവന്നു കക്കായുടെ വിലയെപ്പററി അന്വേഷിച്ചിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗസ്യവ്യവസായ ഡയറക്ടർ): ഇല്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-തൊടുപുഴ): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞതിന്റെ ഉത്തമവിശ്വാസത്തെപ്പററി അദ്ദേഹം ചോദ്യപ്പെടുന്നതു എന്തുകൊണ്ടാണെന്നറിയാമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമൃഗസ്യവ്യവസായ ഡയറക്ടർ): ഇതു ഒരു അതിശയോക്തിയാണെന്നു തെളിയിപ്പാൻ എനിക്കുവേണ്ട തെളിവുകൾ ഉണ്ടു. കക്കാ ശേഖരിക്കുന്ന കുമരകത്തുകാരെ പെറുക്കിഎടുക്കുന്നതുതന്നെ തൊഴിലായിട്ടുള്ളവർ പലരും ഉണ്ടു. കക്കാ ഒന്നുതന്നെ ശേഖരിച്ചാലും അതു വാരിഎടുക്കുന്നതിനു കൂലികൊടുക്കണം. കക്കാ പെറുക്കിഎടുക്കുന്നവനു പാട്ടു ഒന്നിനു ഏകദേശം കാശുവീതം കൂലിയുണ്ടു. മുമ്പു അവനു ൧-ാം ൧൦-ാം കാശു കൊടുത്തിരുന്നു. ഇപ്പോൾ അവൻക്കു ഏകദേശം കാശു കൊടുത്തില്ലെങ്കിൽ അവൻ മുങ്ങി കക്കാ എടുക്കുകയില്ലാ. ഒരുപാട്ടു ഏതാണ്ടു സമമാണ് എന്നു ഞങ്ങൾ പറഞ്ഞുകൊള്ളട്ടെ. അങ്ങിനെ കക്കാ പെറുക്കിഎടുക്കുന്നതിനുതന്നെ ഏകദേശം കാശു കൊടുക്കണം. കുമരകത്തുനിന്നും കോതമംഗലത്തേയ്ക്കു കൊണ്ടുപോകുന്നതിനുള്ള ചുമട്ടുകൂലി വള്ളക്കൂലി മുതലായതു ഒരു വലിയ സംഖ്യയായിരിക്കും. എന്തെന്നാൽ വള്ളങ്ങൾ മൂവാററുപുഴവരെ ഒഴുക്കിനു എതിരായി കുത്തിക്കൊണ്ടു പോകേണ്ടിയിരിക്കുന്നു. ഇങ്ങിനെ ഇരിക്കുന്നസ്ഥിതിക്കു മൂന്നുനാലു സംവത്സരത്തിനുമുമ്പു പാട്ടയൊന്നിനു ഏകദേശം വിലയ്ക്കു കുത്തകയായി വാങ്ങിക്കുന്നതിനു മിസ്റ്റർ കുഞ്ഞിത്തൊമ്മനു എങ്ങനെ സാധിച്ചുഎന്നു ഒരു നിമിഷംപോലും എനിക്കു വിചാരിക്കാൻ സാധിക്കുന്നില്ലാ. മൂന്നു സംവത്സരംമുമ്പുവരെ വില രണ്ടോ മൂന്നോ ചക്രമായിരുന്നുഎന്നും ഇപ്പോൾ അതിൽ ഇരട്ടിച്ചുഎന്നും അദ്ദേഹം പറഞ്ഞിരുന്നുഎങ്കിൽ എനിക്കു അതു മനസ്സിലാകുമായിരുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ഡാക്ടർ കുഞ്ഞൻപിള്ള ഉദ്ദേശിക്കുന്ന പറയും മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഉദ്ദേശിച്ചിരിക്കുന്ന പറയും ഒന്നുതന്നെയാണോഎന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഒരു പാട്ട കണക്കു പറയാകുന്നു. ഒരു പാട്ട വാരി കൂട്ടുക്കുന്നതിനു കക്കാ കാശു കൊടുക്കണം. ഒരു ചക്രത്തിനു ഒരു പറ കിട്ടിക്കൊണ്ടിരുന്നുഎന്നു മിസ്റ്റർ കുഞ്ഞിരാമൻ പറഞ്ഞുവെല്ലോ. ചുമട്ടുകൂലി ചുമട്ടുകൂലി മുതലായതു കണക്കാക്കിയാൽ ഇതു അസാദ്ധ്യമാകുന്നതാണ് ഞാൻ പറയുന്നതു.

മല്ലാഡികളുടെ ഇടവകയെപ്പററി ആരോ പറഞ്ഞുവല്ലോ. കുന്നുകപ്പാളത്തിനു മുമ്പും ധാരാളം മല്ലാഡികൾ ഉണ്ടായിരുന്നു. കക്കാ മുങ്ങിയെടുക്കുന്നവരിൽനിന്നും ഒരാൾ വാങ്ങി വേറൊരാൾക്കു അതിനെ വിൽക്കും അയാൾ അതിനെ കുമ്മായമാക്കി മൂന്നാമനു വിൽക്കും. അയാൾ അതിനെ കോതമംഗലത്തു വിച്ചുന്നക്കു കൊണ്ടുപോകും. ഈ സംഗതികളിൽ ഒരുപറ കുമ്മായം ഒരു ചക്രംകൊടുത്തു കോതമംഗലത്തു വാങ്ങിക്കുന്നതു അസാദ്ധ്യമായിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): ഒരാൾ ദിവസംഒന്നിനു എത്രപറ കക്കാ മുങ്ങിഎടുക്കുമെന്നു പറയാമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഒരു സമർത്ഥനായ വേലക്കാരൻ ദിവസംഒന്നിനു കുറെ അണയുടെ കുറുപ്പാടം കൂലി സമ്പാദിക്കുമെന്നു പറഞ്ഞുകേട്ടിട്ടുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): കുറെ കാശു നിരക്കു എത്രസംവത്സരം മുമ്പാണ് നടപ്പിൽ ഇരുന്നതു?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അതു ഇപ്പോഴത്തെ നിരക്കാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): ആറു സംവത്സരത്തിനു മുമ്പുള്ള ചാർജ്ജു എന്തായിരുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഒരുവക്കു ഏതെങ്കിലും ചെറുതോ കാശു കൊണ്ടു അവർ തൃപ്തിപ്പെട്ടിരുന്നിരിക്കാം. നിരക്കു നിശ്ചയമായി പറയാൻ നിവൃത്തിയില്ല. ഏതായാലും ഇപ്പോഴത്തെ നിരക്കു കുറെ കൂടുതലാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): മിസ്റ്റർ കുഞ്ഞിരാമൻപറഞ്ഞതു കുറച്ചുസംവത്സരങ്ങൾക്കുമുമ്പു കോതമംഗലത്തു ഒരു ചക്രത്തിനു കിട്ടിക്കൊണ്ടിരുന്നുഎന്നാണ്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മൂന്നോ നാലോ വർഷമെന്നാണ് അദ്ദേഹം പറഞ്ഞതു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): മൂന്നു നാലു സംവത്സരങ്ങൾക്കുമുമ്പു അതായതു മി. കുഞ്ഞിരാമൻ പറഞ്ഞകാലത്തു കുറെ കാശു കിട്ടിയിരുന്നോഎന്നു ഡാക്ടർ കുഞ്ഞൻപിള്ളയിൽനിന്നും അറിയാൻ ആഗ്രഹിക്കുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അങ്ങനെ ഇരുന്നിരിക്കാം. ഏതായാലും വലിയ വ്യത്യാസം ഉണ്ടാവാൻ ഇടയില്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): ഡാക്ടർ കുഞ്ഞൻപിള്ളക്കു നിശ്ചയമുണ്ടോഎന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എനിക്കു നല്ല നിശ്ചയമില്ല. ഇപ്പോൾ കുറെ കാശാണ് കൊടുക്കുന്നതു.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): ഈ കക്കാലേലം ഏർപ്പെടുത്തുന്നതിനുമുമ്പു ആലപ്പുഴ മുതലായ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്ന വള്ളങ്ങൾ തിരുവനന്തപുരം കക്കാകയററി മൂവാറ്റുപുഴ മുതലായ സ്ഥലങ്ങളിലേക്കു കൊണ്ടുവരികയാണ് പതിവായിരുന്നു. ലേലം ഉടങ്ങിയശേഷം വില കൂടുതലിനാലും മറ്റു സ്ഥലത്തുനിന്നു തന്നെ ചെന്നു വാങ്ങുന്നതിനാലും അങ്ങിനെ കൊണ്ടുവരുന്നില്ലെന്നും മനസ്സിലായിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മുമ്പിലത്തെപ്പോലെതന്നെ ഇപ്പോളും പ്രവർത്തിക്കുന്നതിനു യാതൊരു തടസ്സവും ഇല്ലല്ലോ.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): കുന്നുകക്കാരന്റെ സമ്മതമില്ലാതെ കക്കാ കൊണ്ടുപോകാമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): കുന്നുകക്കാരുടെ അടുക്കൽ ചെന്നാൽ കക്കാകിട്ടും. അവർ കൊടുക്കാൻ തയ്യാറാണ്.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): ജലമാർഗ്ഗമായിട്ടു ബോട്ടിച്ചെടുത്തെല്ലാം കക്കാ കൊണ്ടുപോകാൻ ഇപ്പോൾ സാധിക്കയില്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഏതുവഴിപോയാലും കക്കാ കിട്ടുകയില്ലാ. കുമ്പുകുത്തുപോയാലെ കിട്ടുകയുള്ളു.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): പുളിങ്കുന്നിൽ മുമ്പു കക്കാ വാരി വിററിരുന്നോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): പുളിങ്കുന്നിൽനിന്നും കക്കാവാരാൻ ഇപ്പോഴും തടസ്സം ചെയ്തിട്ടില്ലാ.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): പുളിങ്കുന്നിൽനിന്നും കക്കാകൊണ്ടുവന്നാൽ അതിനു കുന്നുകക്കാരൻ തടസ്സംപറയുകയില്ലല്ലോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അങ്ങിനെ ചെയ്യുന്നതുകൊണ്ടു അതിനെ തടുക്കുന്നതിനു ഗവർണ്മെന്റിനു അധികാരം ഉണ്ടു.

മി. തരിയത്തു കുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): അതിനെ തെളിയിക്കണമല്ലോ. അതു കുന്നുകക്കാരന്റെ സ്ഥലത്തുള്ളതല്ലെന്നു തെളിയിക്കാൻ സാധിക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): കുമ്പുകുത്തുമാത്രമെ കുന്നുകൾ കൊടുത്തിട്ടുള്ളു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മററു സ്ഥലങ്ങളിൽനിന്നും കൊണ്ടുവന്നാലും ഈ കുമരകത്തുനിന്നും ആണെന്നു വാദിച്ചാൽ അതല്ലെന്നു തെളിയിക്കാൻ സാധിക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): സാധിക്കും.

മി. കെ. സി. മാമൻമാപ്പിള (വാണിജ്യവ്യവസായം ഉത്തരം): കുമരകത്തു കുറച്ചുസ്ഥലത്തു മാത്രമേ ഇതു ബാധിക്കുന്നുള്ളു എന്നാണൊ ഡയറക്ടർ പറയുന്നതിന്റെ അർത്ഥം. വേമ്പനാട്ടുകായൽ മുഴുവനും പ്രത്യേകമായി ബാധിക്കുമെന്നാണു എനിക്കു തോന്നുന്നതു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അല്ല. കുമരകത്തുമാത്രമല്ല. അതു ചുററുവിളകുമരംമുതൽ വൈക്കംവരെയുള്ള സ്ഥലങ്ങൾ ഉൾപ്പെട്ടതു. പുളിംകുന്നു ഇതിനുവെളിയിലാണു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): കക്കാ ലേലംചെയ്യുന്നതിനു അവർ എങ്ങിനെ നിർബന്ധിതരായി എന്നു പറയാമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അതിനെപ്പററി ഞാൻ പറയാൻപോകുന്നതേയുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-മേവികുളം): സർ—

ഉപാദ്ധ്യക്ഷൻ: അദ്ദേഹം പറഞ്ഞുതീരുന്നതിനുമുമ്പെ ചോദ്യങ്ങൾ ചോദിക്കുന്നതുകൊണ്ടു എന്തു പ്രയോജനമാണുള്ളതു? കരട്ടേഹത്തിനു പറയാനുള്ളതു അദ്ദേഹം പറഞ്ഞുതീർക്കട്ടെ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-മേവികുളം): കുമരകത്തു കക്കാക്കു ഇപ്പോൾ എന്തുവിലയുണ്ടു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എന്തുതരം കക്കായാണെന്നു പറയുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ-മേവികുളം): സാധാരണ കക്കാ.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): പാട്ട ഒന്നിനു ഒരണയാണ് വില.

വിലക്കൂടുതലിനെപ്പററി ധാരാളം പ്രസ്താവിച്ചിട്ടുണ്ടു. ചുണ്ണാമ്പിനു ക്രമാതീതമായി വിലകൂടിട്ടില്ലെന്നു കാണിക്കുന്നതിനു എനിക്കു കണക്കുണ്ടു. അവിടവിടെ ചിലടത്തു സ്വല്പം വിലക്കൂടുതൽ ഉണ്ടായിരിക്കാം. എന്നാൽ കക്കാലേലംചെയ്യുന്ന ഏർപ്പാടു നിറുത്തിക്കളയത്തക്കവിധത്തിൽ അത്ര വലിയ വിലക്കൂടുതൽ ഇല്ല. കോതമംഗലത്തു ഇപ്പോൾ എന്തുവിലയാണെന്നു നിർച്ചയിച്ചുപറയാൻ എനിക്കു സാധിക്കുകയില്ല. തിരുവനന്തപുരം, കൊല്ലം, കായംകുളം, കണ്ണൂർ എന്നീ സ്ഥലങ്ങളിലെ വില എനിക്കു അറിയാം. ഞാൻ ഇതു എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽനിന്നും അറിഞ്ഞതാണ്. അവരാണല്ലോ കുമ്മായം അധികം ചിലവാക്കുന്നവർ.

മി. കെ. കെ. തോമസ് (കോട്ടയം): കോട്ടയത്തെ വിലയെ സംബന്ധിച്ചു നിങ്ങൾക്കു കണക്കില്ലേ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഉണ്ടു. അതിന്റെ കണക്കുണ്ടു.

൧൯൩൪ മുതൽ ൧൯൩൦ വരെയുള്ള വിലവിവരം താഴെ പറയുന്നതാണ്:—

തിരുവനന്തപുരം ഡിവിഷൻ.

എക്സിക്യൂട്ടീവ് എൻജിനീയരുടെ കണക്കുപ്രകാരം ഒരു ഫർലാങ്ക്.

൧൯൩൪-ൽ	൩ ചക്രം മുതൽ കൂട്ടി
൧൯൩൦-വരെ	൩ ചക്രം

കൊല്ലം ഡിവിഷൻ.

(എ) കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയരുടെ ചാർജ്ജുപ്രകാരം.

൧൯൩൪-ൽ	൩½ ചക്രം
൧൯൩൦-ൽ	൩ ചക്രം

(ബി) കായംകുളം.

൧൯൩൪-ൽ	൩½ ചക്രം
൧൯൩൫-ൽ	൨ ചക്രം
൧൯൩൫-൧൯൩൦	൩ ചക്രം

(സി) കണ്ണൂർ.

൧൯൩൪-ൽ	൪ ചക്രം
൧൯൩൫-ൽ	൪½ ചക്രം
൧൯൩൫-൧൯൩൦-ൽ	൩ ചക്രം

കോട്ടയം ഡിവിഷൻ.

എക്സിക്യൂട്ടീവ് ഇൻജിനിയരുടെ ചാർജ്ജിൻപ്രകാരം.

൧൯൩൪-ൽ	൩½	ഒരു ഉണ്ണാണ്ണം പാട്ടക്കു
൧൯൩൫-ൽ	൩½	

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കൺട്രാക്ടർ യഥേഷ്ടം വിലകൂട്ടി വിൽക്കുന്നതിനെ നിയന്ത്രിക്കാൻ വല്ല നിയമവുംഉണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഉണ്ടു. ഇന്നവിലക്കു വിൽക്കണമെന്ന വ്യവസ്ഥയുണ്ടു.

C. മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇന്നിന്ന താലൂക്കുകളിൽ ഇന്നിന്ന വിലക്കു വിൽക്കണമെന്ന വ്യവസ്ഥയുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഇപ്പോൾ കുമരകം, കോട്ടയം, ആലപ്പുഴ മുതലായ സ്ഥലങ്ങളിലേക്കു വ്യവസ്ഥയുണ്ടു. എല്ലാ താലൂക്കുകളിലേക്കും അങ്ങിനെ വ്യവസ്ഥ ചെയ്തിട്ടില്ല. മററു താലൂക്കുകളിലേക്കും ആവശ്യമാണെന്നു ആരെങ്കിലും അറിയിക്കുന്നപക്ഷം അവിടങ്ങളിലും വ്യവസ്ഥപ്പെടുത്തുന്നതിൽ വിരോധമില്ല.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇപ്പോഴത്തെ ചേലക്കാരൻ ചാക്കത്തമാത്രം വാണിച്ചു യുക്തമെന്നു തോന്നുന്ന വിലക്കു വില്പനനടത്തുകയല്ലെ ചെയ്യുന്നതു?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അല്ല. ഇന്നവിലക്കു കൊടുക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടു. അതനുസരിച്ചാണു വിൽക്കുന്നതു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ചുഴിഞ്ഞ ബഡ്ജററു കാലത്തിൽതന്നെ മൂവാററുപുഴ മുതലായ താലൂക്കുകളിൽ കക്കയ്ക്കു വില വളരെക്കൂടുതൽ ഉണ്ടെന്നും ആവശ്യക്കാർ ധാരാളം ഉണ്ടെന്നും പറഞ്ഞിരുന്നില്ലേ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ആവശ്യമുണ്ടെന്നു എന്നെ അറിയിച്ചാൽ കണ്ട്രാക്ടർമാരോടു വേണ്ട ഏർപ്പാടുചെയ്യുമായിരുന്നു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): അങ്ങിനെ ഓരോരുത്തരും ആപ്പീസിപ്പോൾ അറിയിക്കണോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അങ്ങിനെ അറിയിച്ചാലെ അതു നെ പരിഹരിപ്പാൻ സാധിക്കുകയുള്ളു

മി. തരിയത്തുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കുത്തകക്കാരൻ വിലകൂട്ടിവിററാലുള്ള ശിക്ഷ എന്താണ്?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ലൈസൻസു എടുത്തുകളയാൻ ഗവണ്മെൻറിനു അധികാരമുണ്ടു.

മി. തരിയത്തുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അങ്ങിനെ പറഞ്ഞിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഉണ്ടു.

മി. തരിയത്തുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മൂവാററുപുഴ മുതലായ സ്ഥലങ്ങളിൽ വിലകൂട്ടിവിററാലും ലൈസൻസു എടുത്തുകളയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മൂവാററുപുഴയുടെ കാര്യം ഞാൻ പറയുന്നില്ല. അവിടെ ഇന്നവിലക്കു വിൽക്കണമെന്നു ഇപ്പോൾ വ്യവസ്ഥചെയ്തിട്ടില്ല.

മി. കെ. എ. ജോസഫ് (മീനച്ചൽ-ദേവികുളം): കുമരകത്തെ വില ഇന്നതാണെന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): കക്കാക്കു പാട്ടു ഒന്നിനു ഒരണയും ചുണ്ണാമ്പിനു പത്തുപാട്ടയ്ക്കു ഒരു രൂപയും ആകുന്നു.

വൈസ്പ്രസിഡണ്ടു: മി. കുഞ്ഞൻപിള്ള, നിങ്ങളുടെ പ്രസംഗം നിങ്ങൾ തുടർന്നുകൊള്ളണം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ, ഇങ്ങിനെ കൊല്ലത്തും കാർഷികത്തും ഫ്രാൻ്റെ-ഉം അതിൽപിന്നെയും പാട്ടു ഒന്നിനു ൩ അര ചക്രമായിരുന്നു വില. ആ പ്രധിതിക്കു കുമ്മായം ഏററവും കൂടുതലായി ചിലവാകുന്ന പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടിയിട്ടുള്ളതായ കണക്കിൽനിന്നു കുമ്മായവില ഫ്രാൻ്റെ-ചെതിഴനക്കാറെ (ചുണ്ണാമ്പു ചേലം കൊടുക്കുന്നതിനുമുമ്പുണ്ടായിരുന്നതിനേക്കാറെ) വർദ്ധിച്ചിട്ടില്ലെന്നു കാണുന്നുണ്ടു. തിരുവിതാംകൂറിൽ എല്ലാസ്ഥലങ്ങളിലും വച്ചു തിരുവനന്തപുരത്താണ് അധികം കുമ്മായം ചിലവുള്ളതു എന്നു നിശ്ചയമാണ്. കുരികളുടെ വകയായ കെട്ടിടങ്ങൾക്കുതന്നെയും കുമ്മായം തിരുവനന്തപുരത്തേക്കാറെ കൂടുതൽ ചിലവാകുന്നസ്ഥലം ഈ സംസ്ഥാനത്തിലെ വേറെ ഇടമല്ലെന്നു നിശ്ചയംതന്നെ. തിരുവനന്തപുരത്തു കുമ്മായവിലക്കു ചേലത്തിനു മുമ്പുണ്ടായിരുന്നതിൽ നിന്നും സാരമായ വ്യത്യാസം ഒന്നുംഇല്ല.

കക്കാ ചേലംചെയ്തതുകൊണ്ടു കുമ്മായവില വർദ്ധിച്ചുപോയി എന്നു ധാരാളമായി പ്രസ്താവിക്കുകയുണ്ടായി വരുന്നു ചേലംകൊണ്ടുമാത്രമല്ലാ മററനേകസംഗതികൾനിമിത്തവും ഉണ്ടായിട്ടുള്ളതാണ്. കരിയുടെ വിലകൂടിയിട്ടുണ്ടു. കുമ്മായം തീററുന്നതിനു കരി അത്യാവശ്യവും ആകുന്നു. കോതമംഗലത്തിലെ വിലകൂടുതലിനെപ്പററി മി. കുഞ്ഞിത്തൊമ്മൻ പരാതിപറയുന്നു. എന്നാൽ കുമരകത്തുനിന്നും കോതമംഗലത്തു കൊണ്ടുപോകുന്നതിനുള്ള വള്ളക്കൂലി ചുമട്ടുകൂലി മുതലായതിനെ ഗണിക്കണം. നാലഞ്ചു സംവത്സരത്തിനു മുമ്പു ഒരു വള്ളത്തിനു ൪ രൂപ കൊടുത്താൽ മതിയായിരുന്നതേ. ഇപ്പോൾ അത്രയും കുമ്മായം കൊണ്ടുപോകുന്നതിനു അതിന്റെ രണ്ടോ മൂന്നോ മടങ്ങു വള്ളക്കൂലി കൊടുക്കണം. വള്ളക്കൂലി മുതലായതു വളരെ വർദ്ധിച്ചിട്ടുണ്ടു. കുമ്മായവില വർദ്ധിക്കുന്നതിനു കാരണമാക്കിയ സംഗതികളിൽ ചിലതു ഇവയാകുന്നു. കക്കാചേലം മാത്രമല്ല കുമ്മായവില കൂടുന്നതിനു കാരണമാക്കിയതു എന്നുള്ളതിലേക്കു കക്കാ വള്ളത്തിൽ കയററി ഇറക്കാൻ സൌകര്യമുള്ള കൊല്ലം മുതലായ മിക്കതിൽ വില കൂടിയിട്ടില്ലെന്നുള്ളതു പ്രത്യക്ഷമായി തെളിവാകുന്നു. ഈ സ്ഥലങ്ങളിൽ പാട്ടക്കണക്കു ചക്രമെ വിലയുള്ളു. ഉൾപ്രദേശങ്ങളിലാണ് വില വർദ്ധിച്ചതു. അതു വണ്ടിക്കൂലി വള്ളക്കൂലി മുതലായതിന്റെ വർദ്ധനവു നിമിത്തമാകുന്നു. കൊട്ടാരക്കരയിലും കുമ്മായവില കൂടിയിരിക്കുന്നു എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള പറയുമായിരിക്കും. അതും കൊട്ടാരക്കരയിൽ കൊണ്ടുപോകുന്നതിനുള്ള വള്ളക്കൂലി വണ്ടിക്കൂലി മുതലായവ നിമിത്തം ഉണ്ടായിട്ടുള്ളതാണ്.

മി. സി. പി. തരകൻ (കുന്നത്തുനാടു): തിരുവനന്തപുരത്തു വില കൂടിയിട്ടില്ലെന്നു ഡാക്ടറുടെ സ്വന്ത അറിവുകൊണ്ടു പറയുകയാണോ, അതോ ഡിപ്പാർട്ടുമെൻറിലെ അറിവുകൊണ്ടു പറയുകയാണോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എന്റെ സ്വന്ത അനുഭവംകൊണ്ടു പറയുന്നതാണ്. മററുള്ളവരുടെ അടുക്കലും ഞാൻ അന്വേഷിച്ചിട്ടുണ്ടു.

ഈ കുമ്മായചേലംതന്നെ ആവശ്യമുണ്ടോ എന്നു ഒരു ചോദ്യവും കൊണ്ടുവന്നിട്ടുണ്ടു. ഈ ചേലത്തിങ്കലിനും ഗവണ്മെൻറിനു കിട്ടുന്ന ഇക [illegible] രൂപ മാത്രമാണെന്നു ഞാൻ സമ്മതിക്കുന്നു. ഒരു

ചെയ്ത ഈ കുത്തക ഏർപ്പാടു നിലനിന്നുപോകുന്നപക്ഷം ഭാവിയിൽ ഗവണ്മെന്റിനു കുറെകൂടി ആദായം കിട്ടുന്നതാണ്. എന്നാൽ ഒരു സംഗതി നോക്കാനുള്ളതു, കുത്തക മുഖേനയോ ലൈസൻസു മുഖേനയോ കള്ളു വാങ്ങുന്നു കാര്യത്തിൽ ഒരു നിയന്ത്രണം വേണമെന്നുള്ളതാണ്. കള്ളുവാങ്ങുന്നതിനു ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടതു ഏററവും ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ക്രമമില്ലാതെ വാങ്ങുന്നതിനെ തടയേണ്ടതാവശ്യമാകുന്നു. എന്തെന്നാൽ ക്രമമില്ലാതെ കള്ളു വാങ്ങാൻ അനുവദിക്കുന്നതായാൽ ഒരുകാലത്തു കള്ളു കിട്ടാതെ ഇല്ലാതെയാകാൻ ഇടവരും. കൂടാതെയും കള്ളു വിളയുന്ന ചില സ്ഥലങ്ങളിൽ കള്ളിനെ നശിപ്പിക്കാതെ തടയേണ്ടതായുണ്ട്. ഈ വക സ്ഥലങ്ങൾ അന്യന്മാരുടെ പ്രവേശനങ്ങളിൽനിന്നും സംരക്ഷിക്കേണ്ടതും അവിടെനിന്നും കള്ളു വാങ്ങുന്നതിനെ നിരോധിക്കേണ്ടതും ആകുന്നു. ഞാൻ മുമ്പുപറഞ്ഞതുപോലെ കള്ളു ക്രമമില്ലാതെ വാങ്ങുന്നതിനു അനുവദിച്ചാൽ കള്ളു തീരെ കിട്ടാത്തതായ ഒരു കാലം വന്നുചേരാൻ ഇടവരുകയും ആകാലത്തു കള്ളു തീരെ കിട്ടുന്നില്ലെന്നും അതിനാൽ കള്ളു വാങ്ങുന്നതിൽ ഗവണ്മെന്റു എന്തെങ്കിലും നിയന്ത്രണം ചെയ്യണമെന്നും ഇപ്പോൾ വിലകൂടുതലിനെപ്പററി പരാതി പറയുന്നതിനുദ്യോഗസ്ഥാംഗങ്ങൾതന്നെ അഭിപ്രായപ്പെടാൻ ഇടവരുകയും ചെയ്യും. അതിനാൽ കള്ളു വാങ്ങുന്നവിഷയത്തിൽ എന്തെങ്കിലും ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടതു അത്യാവശ്യമാണ്. കള്ളുമേലം ചെയ്യുന്ന ഏർപ്പാടു ഇടർന്നുകൊണ്ടുപോകുകയോ വേറെ വല്ല നിയന്ത്രണവും ഏർപ്പെടുത്തണമെന്നുള്ള സംഗതിയോ ഗവണ്മെന്റു ഇതുവരെ തീർച്ചയാക്കിയിട്ടില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): ഇപ്പോൾ ഈ നിയന്ത്രണം എങ്ങിനെ നടത്തിവരുന്നു എന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): കുത്തകയിന്മേൽ കൃഷിഡയറക്ടർക്കു നിയന്ത്രണം ഉണ്ടു.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): കണ്ട്രാക്ടർക്കു ആവശ്യമുള്ളിടത്തോളം വാങ്ങുന്നതിനു വല്ല തടസ്ഥവും ഉണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ചില സ്ഥലങ്ങളിൽനിന്നും വാങ്ങിക്കൂടാ എന്നു നിശ്ചയിച്ചിട്ടുണ്ടു.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): ഇന്ന ഇന്ന പ്രത്യേകസ്ഥലങ്ങൾ എന്നു തിരിക്കയും അവിടെനിന്നും കള്ളു വാങ്ങാൻ പാടില്ലെന്നു നിശ്ചയിക്കയും ചെയ്തിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉണ്ടു. കുത്തകകൊടുക്കുന്ന ഏർപ്പാടു ഇടരുന്നതായാൽ വേറെ ചില നിബന്ധനകൾകൂടി ചെയ്യുന്നതാണ്.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): കണ്ട്രാക്ടർക്കു കള്ളുവാങ്ങാൻ അനുവദിച്ചിട്ടുള്ളിടത്തു അയാൾക്കു മനസ്സുള്ളിടത്തോളം വാങ്ങുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): പാടില്ലാ. ഒരാണ്ടിനുള്ളിൽ അയാൾക്കു വിററഴിക്കാൻ കഴിയുന്ന കള്ളുകയ്യ വാങ്ങാൻ പാടുള്ളു. അതിൽക്കൂടുതൽ വാങ്ങാൻപാടില്ല. ഒട്ടും മിച്ചം വരാൻ പാടില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): കഴിഞ്ഞതുണ്ടു അവസാനത്തിൽ മിച്ചം ഇല്ലായിരുന്നു എന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): മിച്ചം ഉണ്ടെങ്കിൽ ഗവണ്മെന്റിൽനിന്നും പുതുതായി കൂടുതലെന്നുള്ളതാകുന്നു.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): അപ്രകാരം വല്ല വ്യവസ്ഥയുമുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യ വ്യവസായ ഡയറക്ടർ): ഉണ്ടു. അപ്രകാരം ഒരു വ്യവസ്ഥയുണ്ട്.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): ക്ഷ ക്ഷ ക്ഷമാണ്ടു ഒടുവിൽ വല്ല മിച്ചവും ഉണ്ടായിട്ടുണ്ടോ എന്നു കൃഷിഡയറക്ടർ തിട്ടപ്പെടുത്തിയിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): വല്ല മിച്ചവും ഉണ്ടോ എന്നും അതിനെ എന്തുചെയ്യണമെന്നും നോക്കുന്നതിനായി ഞാൻ സ്ഥലത്തുപോകാൻ നിശ്ചയിച്ചിരിക്കയാണ്. അതുകൊണ്ടു ജനങ്ങളുടെ ഗുണത്തിനെ ഉദ്ദേശിച്ചും കള്ളു തീരെ നശിച്ചുപോകാതിരിക്കുന്നതിനു വേണ്ടിയും കള്ളു വാങ്ങുന്നതിൽ ഒരു നിയന്ത്രണമുണ്ടാകേണ്ടതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ, ഇപ്പോഴത്തെ കുത്തകതന്നെ തുടരുകയോ അതല്ലാ വേറെ വല്ല ശക്തിയായ നിയന്ത്രണമാർഗ്ഗം ഉണ്ടാക്കുകയോ ചെയ്യുന്നതിനെപ്പററി ഗവണ്മെന്റു ഇതുവരെ തീർച്ചയാക്കിട്ടില്ലാ. ഈവ്യവസ്ഥ തുടർന്നുകൊണ്ടുപോകണമോ വേണ്ടയോ എന്നു നിശ്ചയിക്കേണ്ട അധികാരം സഭയ്ക്കു വിട്ടിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ കുത്തകയിൽനിന്നും കിട്ടുന്ന ആദായം എന്താണ്?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ൧൦൦൦-മോ ൫൦൦൦-മോ രൂപയെന്നു ഞാൻ മുമ്പേ പറഞ്ഞുവെല്ലോ.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യ വ്യവസായം ഉത്തരം):

ഈ സംഗതിയിൽ ഗവണ്മെന്റു കക്ഷികൾ നിഷ്പക്ഷനിലയിൽനിൽക്കുമെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അനുദ്യോഗസ്ഥാംഗങ്ങളിൽ കുറെ അധികംപേർ ഈ ഏർപ്പാടു നിർത്തണമെന്നു ആഗ്രഹിക്കുന്നസ്ഥിതിക്കു ഇതിൽ എന്തോ ഒരു സങ്കടം ഉണ്ടെന്നു ഗവണ്മെന്റിനു വിചാരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു ഈ സംഗതിയിൽ ഗവണ്മെന്റു നിഷ്പക്ഷനില അവലംബിക്കാൻ നിശ്ചയിച്ചിരിക്കയാണ്.

മി. കെ. കെ. തോമസ് (കോട്ടയം): ആകെ രണ്ടു മെമ്പർമാരെ ഇതിനെപ്പററി പ്രസംഗിച്ചിട്ടുള്ളൂ. ആസ്ഥിതിക്കു ഇതു ഒരു പൊതുസങ്കടമെന്നു കൃഷിഡയറക്ടർ വിചാരിക്കുന്നതു എങ്ങിനെ?

മി. എം. ശിവതാണുപിള്ള (തോവാള): കക്കാവളത്തിനുപയിട്ടു ധാരാളമായി ഉപയോഗിക്കുന്നുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അതു വളമായി ചിലടത്തെല്ലാം ഉപയോഗിക്കുന്നുണ്ടു. വിശേഷിച്ചും പുഞ്ചനിലത്തിനും കുരിനിലത്തിനും ആണ് ഉപയോഗിക്കുന്നതു. അതിനെപ്പററി ഞാൻ ഇത്രയുംപറയാം. ഉത്തമവിശ്വാസമായ കൃഷിആവശ്യത്തിനായി കുത്തകക്കു ആവശ്യമുള്ളപ്പോൾ ചില സൌജന്യനിരക്കിൽ കൺട്രാക്ടരിൽനിന്നും കുത്തകക്കു വാങ്ങിക്കാവുന്നതാണ്. ഉത്തമവിശ്വാസമായ കൃഷി ആവശ്യങ്ങൾക്കു വീച്ചുഒന്നിനു ഗ്രഷരയോ ഗ്രഷാലോ ചക്രം നിരക്കിൽ കൊടുക്കണമെന്നുള്ളതിനു ഗവൺമെന്റു കൺട്രാക്ടറിൽനിന്നു ഉടമ്പടി വാങ്ങിയിട്ടുണ്ട്.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): ഈ സംഗതിയിൽ ഗവൺമെൻറിൻെറനില എന്താണെന്നു എനിക്കു മനസ്സിലായില്ല. കക്കാ കൂമ്പിച്ചുകൂടാതെ വാരിക്കൊണ്ടുപോകാൻ അനുവദിച്ചാൽ കാലക്രമം കൊണ്ടു കക്കാതന്നെ തീർന്നുപോകുമെന്നു കൃഷിഡയറക്ടർ വിചാരിക്കുന്നുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അതു എൻെറ സ്വന്തഅഭിപ്രായമാണ്. അതിരില്ലാതെ വാരിയാൽ കക്കാ തീരെ തീർന്നുപോകുന്നതായ ഒരു കാലം ഉണ്ടാകുകതന്നെ.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): അങ്ങേയ്ക്കിൻെറവിശ്വാസാഭിപ്രായമാണ് ഞാൻ ആവശ്യപ്പെടുന്നതു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): കക്കാവാരുന്നതിൽ എന്തെങ്കിലും ഒരു നിയന്ത്രണം വേണം. അതു കുത്തകമുഖമോ വേറെവല്ലവിധത്തിലോ ഏതുവിധത്തിലാണ് വേണ്ടതു എന്നു പിന്നീടു നിശ്ചയിക്കണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൺട്രാക്ടർക്കു വാരികയെടുക്കാവുന്നതു ഇത്രമാത്രമേ പാടുള്ളൂ എന്നു വല്ലതുകയും കണക്കുപ്പെടുത്തിയിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മരാണ്ടിൽ അയാൾക്കു വിററഴിക്കാൻ കഴിയുന്നതിൽ കൂടുതൽ കക്കാ ശേഖരിച്ചുകൂടാ. അതു ഞാൻ മുമ്പേതന്നെ പറഞ്ഞുവല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ മാപ്പു ചോദിച്ചുകൊള്ളുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം): ഒരാണ്ടിൽ വില്പനനടത്താൻ കഴിയുന്നതിൽ കൂടുതൽ ശേഖരിച്ചാൽ കൈസൻസും കുത്തകയും റദ്ദുചെയ്യുന്നതിനു വല്ല വ്യവസ്ഥയും ഉണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): കുത്തക ഇടൻകൊണ്ടുപോകുന്നപക്ഷം ആവശ്യമുണ്ടെങ്കിൽ അങ്ങിനെ വല്ല വ്യവസ്ഥകളും ഉണ്ടാകാം.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം, വടക്കു): കക്കാവാരുന്ന സംഗതിയിൽ ഇപ്പോൾ വാസ്തവത്തിൽ യാതൊരു നിയന്ത്രണമേ കുത്തകക്കാരോടില്ലാ. കുത്തകക്കാരെല്ലാത്തപക്ഷവും വാരിഎടുക്കുന്ന കക്കായുടെ പരിമാണം അതിൻെറ ആവശ്യമനുസരിച്ചു നിയന്ത്രിതമാകും. ഞാൻ കക്കാവാരുന്നസ്ഥലത്തിനു സമീപത്താണു പാർക്കുന്നതു. അതുകൊണ്ടു അവിടെ നടക്കുന്ന സംഗതികളെപ്പററി എനിക്കു യാതൊരു അറിവുണ്ടു. കക്കാ മുങ്ങിഎടുക്കുന്നവരിൽ ഒട്ടുവളരെ ഈഴവർ അവിടെയുണ്ടു. മുമ്പു ഇവർ തന്നത്താൻ യഥേഷ്ടം കക്കാ വാരിക്കൊണ്ടിരുന്നു. ഇപ്പോൾ ഇവർ കൺട്രാക്ടർക്കുവേണ്ടി കക്കാവാരുന്നു. കുത്തകക്കുമുമ്പുള്ളതും ഇപ്പോഴുള്ളതും തമ്മിലുള്ള വ്യത്യാസം ഇതു ഒന്നുതന്നെ. ഈ സംഗതിയിൽ ഒരു നിയന്ത്രണം ഉണ്ടാക്കേണ്ടകാലം ഭാവിയിൽ ഉണ്ടായേക്കാം. എന്നാൽ ഇപ്പോൾ ശരിയായവിധത്തിൽ യാതൊരു നിയന്ത്രണവും നടത്തിവരുന്നില്ലെന്നു ഞാൻ സന്തോഷത്തോടെ എൻെറ അനുഭവംകൊണ്ടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. ഇപ്പോഴത്തെ ഏർപ്പാടിനെപ്പററി ജനങ്ങളുടെഇടയിൽ ധാരാളം പ്രതികൂലഅഭിപ്രായം ഉണ്ടായിരിക്കുന്നു. ആകിൽനിന്നും ഗവൺമെൻറിനു കിട്ടുന്ന ആദായം തീരെ നിസ്സാരമായിരിക്കുകയുംചെയ്യുന്നു. ഇതിനു യോജിച്ചവിധത്തിൽ യാതൊരു ഗുണങ്ങളും സിദ്ധിക്കുന്നുമില്ല. ഈസ്ഥിതിക്കു കുത്തക വീണ്ടും ഉടനുന്നതു ആശാസ്യമായിരിക്കുകയില്ല. കുത്തകയെ ഇടൻകൊണ്ടുപോകുന്നതിലുള്ള പ്രതികൂലഅഭിപ്രായത്തിനു ഒരു കാരണം കൺട്രാക്ടർ ധാരാളം ലാഭംഎടുക്കുന്നു എന്നുള്ളതാണു. കുത്തക നിറുത്തണമെന്നു ചിലർ ആഗ്രഹിക്കുന്നവരിൽ ഈവിധം മനഃസ്ഥിതിയുള്ളതാകുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): കഴിഞ്ഞയാണ്ടിൽ കക്കാ ലേലംനടത്തിയപ്പോൾ കുമരകത്തുകാരായ പല മാന്യന്മാരും ഹാജരുണ്ടായിരുന്ന വിവരം ഞാൻ മെമ്പറിനെ ധരിപ്പിച്ചുകൊള്ളുന്നു. അവരാൽ കഴിയുന്നടത്തോളം അവർ ലേലത്തുക കൂട്ടുകയാണു ചെയ്തതു. വിണ്ടും കൂട്ടാഞ്ഞതു എന്താണെന്നു ചോദിച്ചപ്പോൾ അതിൽ കൂടുതൽ കൂട്ടിയാൽ അവർക്കു സാരമായ ലാഭംചെയ്തിക്കാൻ സാധിക്കുകയില്ലെന്നു അവർ മറുപടിപറഞ്ഞു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം ഉത്തരം):.

ഇപ്പോഴത്തെ കൺട്രാക്ടർമാരുടെ തുകയെക്കാൾ മറെറാരുപർ കൂട്ടാത്തതിൻെറ കാരണം എനിക്കു അറിയാം. ഇപ്പോഴത്തെ കൺട്രാക്ടർ ഒടുപ്പക്കൽ ൨,൦൦൦-മോൾ ൩,൦൦൦ രൂപാ വിലക്കുള്ള കക്കാ അപ്പോൾകൈവശംകിടന്നിരുന്നു. അതുകൊണ്ടു പുതുതായിട്ടു ആരെങ്കിലും കൺട്രാക്ട്എടുത്താൽ പഴയ കൺട്രാക്ടർക്കു അവരു നഷ്ടപ്പെടുത്തി അപ്പകടത്തിൽ ചാടിക്കുന്നതിനു ഇടയുണ്ടായിരുന്നു. പഴയ കൺട്രാക്ടർ മുന്നാണ്ടുകളിൽ ധാരാളം ലാഭംസമ്പാദിച്ചു. അതുകൊണ്ടു ഈയ്യാണ്ടിൽ കുറെ നഷ്ടംവരുന്നതിനെപ്പററി അയാൾ അത്ര ഗണിക്കേണ്ടതില്ലായിരുന്നു. മററുള്ള ആളുകൾക്കു ഈയാൾക്കുപ്പം ലേലത്തുക കൂട്ടാൻ സാധിക്കാഞ്ഞതുകൊണ്ടും ഇതാണ്, കുമരകത്തുനിന്നുംവന്ന ആളുകളുടെഅടുക്കൽനിന്നും കിട്ടിയ അറിവാണ് ഇതു. ഈ സംഗതി രണ്ടുപേർക്കാരിൽനിന്നും മനസ്സിലാക്കുന്നതിനു ഞാൻ ശ്രമിച്ചിരുന്നു. ഞാൻ കൺട്രാക്ടരോടുതന്നെ ചോദിച്ചുകൂടാതെ ഇപ്പോഴത്തെഏർപ്പാടിനെ പ്രതികൂലിക്കുന്നവരുമായിട്ടു ഇതിനെപ്പററി സംസാരിക്കുകയുംചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെപ്പററി ഡയറക്ടറെ ധരിപ്പിക്കുന്നതിനു മെമ്പർ വല്ലതുരവും ചെയ്തോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം, വടക്ക): ഏതിനെപ്പററി?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പഴയകൺട്രാക്ടുതടെപക്കൽ ധാരാളം കക്കാകിടന്നിരുന്നുഎന്നും അതുകൊണ്ടു മററു ലേലക്കാരെ തോല്പിക്കാൻ അയാൾക്കു സൗകര്യം ഉണ്ടായിരുന്നു എന്നും ഉള്ള സംഗതി.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം ഉത്തരം):.

അയാളുടെപക്കൽ ധാരാളം കക്കാ ശേഖരിച്ചുവകയിൽ കിടന്നിരുന്നുഎന്നു ഗവർണ്ണമെൻറിനും കൃഷിഡയറക്ടർക്കും അറിയാമായിരുന്നു. കൺട്രാക്ട് പീണ്ടും കൊടുത്തതിൻെറ കാരണംതന്നെ പഴയകൺട്രാക്ടുതടെ കയ്യിൽ ധാരാളം കക്കാ ശേഖരിച്ചുകിടന്നിരുന്നതുകൊണ്ടും അയാൾക്കു ഒരാണ്ടുകൂടി കരാർകാലം നടത്തിയില്ലെങ്കിൽ അയാൾക്കു നഷ്ടംവരുമെന്നു ധണിച്ചതുകൊണ്ടും ആകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൺട്രാക്ടർക്കു അവരുടെ കരാർകാലത്തിൽ വിററഴിക്കാവുന്ന തുകയല്ലാതെ അതിൽ കൂടുതൽതുകക്കു കക്കാ ശേഖരിക്കാൻ അധികാരമില്ലാതിരുന്ന സ്ഥിതിക്കു അതു കൺട്രസൻസിനു വിപരീതമായ പ്രവൃത്തിയല്ലായിരുന്നോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം ഉത്തരം):.

ഈ സംഗതി എന്നെക്കാൾ കൃഷിഡയറക്ടർക്കു അറിയാവുന്ന സംഗതിയാണെന്നു ഞാൻ വിചാരിക്കുന്നു.

മി. സി. പി. തോമസ്സ് (ഗവർണ്ണമെൻറു നിയമനം): മിസ്റ്റർ മാമ്മൻമാപ്പിളയുടെ അഭിപ്രായത്തിൽ അധികൃതന്മാർ അവരുടെ ലേലി ചതിയായി പെയ്യുന്നില്ലെന്നാണോ ഞാൻ മനസിലാക്കേണ്ടതു?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം, വടക്ക): മററെല്ലാവരേയും അപേക്ഷിച്ചു എൻെറ സ്നേഹിതൻ മി. സി. പി. തോമസ് ഈ ചോദ്യംചെയ്യുന്നതിൽ ഞാൻ അതിശയിക്കുന്നു. ഞാൻ പറഞ്ഞതു ഇപ്പോഴത്തെ ഏർപ്പാടുനിമിത്തം മുൻപുണ്ടായിരുന്നതിനേക്കാൾ കൂടുതലായി ഒരു നിയന്ത്രണവും ഉണ്ടാകുന്നില്ലെന്നായിരുന്നു.

ഉപാദ്ധ്യക്ഷൻ: നിങ്ങളുടെസമയം തീർന്നിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മിസ്റ്റർ മാമ്മൻമാപ്പിളയുടെ അഭിപ്രായം നിയന്ത്രണംവേണമെന്നോ വേണ്ടെന്നോ; ഏതാണ്എന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവ്യവസായം, വടക്ക): ഞാൻ കൺട്രാക്ടരോടു ചോദിച്ചതിൽ കക്കാ ഇപ്പോൾ തീർന്നുപോകുന്നപക്ഷം കാണുന്നില്ലെന്നാണ് അയാൾ പറഞ്ഞതു. അയാൾ ഒരു പ്രത്യേകസ്ഥലത്തു കക്കാവാങ്ങുന്നവർക്കു കൂടുതൽ കൂലികൊടുത്തു അവിടെയുള്ള കക്കാമുഴുവൻ വാരിഎടുക്കാൻ ശ്രമിച്ചതിൽ അവിടെ കക്കയുടെസംഖ്യ അക്ഷയമായികണ്ടു എന്നാണ് എന്നോടു പറഞ്ഞതു. കക്കാമുഴുവൻ കയിച്ചുപോകുന്നതായ അപകടം പക്ഷേ ഉണ്ടായേക്കാം. അങ്ങിനെയുള്ള കാര്യത്തിൽ നമുക്കു ഉണ്ടറിവുണ്ടാകുമെന്നുള്ളതു നിശ്ചയംതന്നെ. അക്കാര്യത്തു ഗവർണ്ണമെൻറു അതിൽ പ്രവേശിച്ചാൽ മതിയാകുമെന്നാണ് എനിക്കു തോന്നുന്നതു്.

ഉപാദ്ധ്യക്ഷൻ: ഇന്നു യോഗം പിരിയാം. നാളെ ൧൧-൩൦-ന പീണ്ടും കൂടുന്നതാണ്.

യോഗം പകൽ ൪-൩൦-ന തന്നെ പിരിഞ്ഞു.

ടി. പി. രാമലിങ്ങയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Ag. *Head Translator to Government.*

തിരുവിതാംകൂർ നിയമസഭാ.

രണ്ടാംകൌൺസിൽ,

൧൯൧൫-മെ മിതിയയോഗം.

അഫിഷ്യൽറിപ്പോർട്ട്.

൧൯൧൫ ആഗസ്റ്റ് ൧൯-ാം നു- വ്യാഴാഴ്ച/൧൯൧൫ ചിങ്ങം ൫-നു-

യോഗം കൂത്യം മണി ൧൧-൩൦-ന് ദിവാൻ മി. എം. ഇ. വാട്സ് ബി. എ., ബാരിസ്റ്റർ അറ്റ്ലായുടെ അദ്ധ്യക്ഷതയിൽ വിക്ടോറിയ ജൂബിലിടൌൺ ഹാളിൽ വച്ചുകൂടി. താഴെ പേർ പറയുന്ന അംഗങ്ങൾ ഒഴിച്ചു ബാക്കി എല്ലാവരും ഹാജരുണ്ടായിരുന്നു. മി. ജെ. ബി. കുക്ക, മി. എ. കെ. പിള്ള, മി. ടി. ജെ. മാത്യു, മി. എസ്. പിറവിപ്പുരമോപിള്ള, മി. എസ്. സുബ്രഹ്മണ്യ കരയാളർ.

ചോദ്യോത്തരങ്ങൾ.

ഹർജി എഴുതി എന്നുള്ള കുററത്തിന്നു സെൻട്രൽ ജയിലിൽ ഒരു കുററവാളിയെ അടിച്ചതു.

൧൭൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും തെക്കുമങ്ങാട്ടും)

(എ) പേരുവയ്ക്കാത്ത ഹർജി എഴുതി എന്നുള്ള കുററത്തിന്നു പ്രഹരശിക്ഷ നൽകിയതായി ൧൯൧൫-ലെ സെൻട്രൽപ്രിസൺ ജനറൽറിപ്പോർട്ടിൽ ൧൫-ാംപാരായിൽ പറഞ്ഞുകാണുന്നു. ആ കാര്യത്തിൽഗവർണ്ണമെന്റിന്റെ ശ്രദ്ധംപതിഞ്ഞിട്ടുണ്ടോ എന്നു ദയവായി പറയുമോ?

(ബി) ഹർജി എഴുതുക എന്നുള്ളകുററത്തിന്നു ഇന്നു മാലിരിശിക്ഷ ഗവർണ്ണമെന്റിൽനിന്നു അനുവദിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിന്നുമുൻപു ൧൯൧൫-ാംനമ്പർ ജയിൽചട്ടം അവർ വായിച്ചിട്ടുണ്ടോ?

(ഡി) പേരുവയ്ക്കാത്ത ഹർജി എഴുതിയതിന്നു പ്രഹരശിക്ഷ നൽകണമെന്നുള്ളതിലേക്കു സൂപ്രണ്ടുചെയ്ത ഉത്തരവിന്റെ ഒരുപകർപ്പു ഗവർണ്ണമെന്റു ദയവായി സഭമുമ്പാകെ ഹാജരാക്കുമോ?

(ഇ) ൧൯൧൫-ൽ ഒടുവിലത്തെ ആറുമാസകാലമായി അനുദ്യോഗസ്ഥ സന്ദർശകന്മാർ പ്രിസൺ വിസിറേറഴ്സ്ബുക്കിൽ എഴുതിയിട്ടുള്ള റിമാർക്കുകളുടെ ഒരുപകർപ്പു സഭാസമക്ഷം ഹാജരാക്കുമോ?

(എഫ്) ൧൯൧൫-ലെ ഒടുവിലത്തെ മൂന്നുമാസകാലത്തിനിടയിൽ ഉദ്യോഗസ്ഥ സന്ദർശകന്മാർ എഴുതിയിട്ടുള്ള റിമാർക്കുകളുടെ ഒരുപകർപ്പു ദയവായി ഹാജരാക്കുമോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി) (എ) ഉണ്ടു.

(ബി) ജയിൽ നിയമമനുസരിച്ചു പ്രഹരശിക്ഷ ചുമത്തുവാൻ സൂപ്രണ്ടിന്നു അധികാരമുള്ളതും അതിലേക്കു ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ഗവർണ്ണമെന്റിന്റെ പ്രത്യേക അനുവാദം ആവശ്യമില്ലാത്തതുമാകുന്നു.

(സി) ബി ചോദ്യത്തിന്റെ മറുപടിനോക്കുന്നപക്ഷം ഇതിന്റെ ആവശ്യം ഉണ്ടാകുന്നതല്ല.

(ഡി) സൂപ്രണ്ടുചെയ്ത ഉത്തരവിന്റെ പകർപ്പു (അനുബന്ധം ൧ എ, നോക്കുക) ഇതാ സഭമുൻപാകെ ഹാജരാക്കിയിരിക്കുന്നു.

(ഇ) (എഫ്) ൧൯൧൫-ലെ ഒടുവിലത്തെ ആറുമാസകാലത്തിനിടയിലുള്ള അനുദ്യോഗസ്ഥസന്ദർശകന്മാരും, ആ ആണ്ടു ഒടുവിലത്തെ മൂന്നുമാസകാലത്തിനിടയിലുള്ള ഉദ്യോഗസ്ഥസന്ദർശകന്മാരും വിസിറേറഴ്സ്ബുക്കിൽ എഴുതിട്ടുള്ള റിമാർക്കുകളുടെ പകർപ്പുകൾ (അനുബന്ധം ൧ ബി. നോക്കുക) സഭാസമക്ഷം ഹാജരാക്കിയിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവുംതെക്കുമങ്ങാട്ടും): ബി ചോദ്യത്തിനെ സംബന്ധിച്ചുണ്ടായ ഇത്രയുംകൂടി അറിയണമെന്നാഗ്രഹിക്കുന്നു. അതാവതു ഉപദ്രവം കിട്ടിയതിന്നുശേഷമാണോ ഹർജിഎഴുതി എന്നുള്ള കുററത്തിന്നു പ്രഹരശിക്ഷ തക്കതായ ഒന്നാണെന്നു ഗവർണ്ണമെന്റിന്നുബോദ്ധ്യപ്പെട്ടിട്ടുള്ളതു?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി) പ്രഹരശിക്ഷ യോജിച്ചതോ അല്ലയോ എന്നുള്ളതു ഓരോകേസിന്റെയും പ്രത്യേകപ്രകൃതത്തെ അനുസരിച്ചാണിരിക്കുന്നതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും തെക്കുമങ്ങാട്ടും) ഈ കാര്യത്തിൽ പ്രഹരശിക്ഷ അത്യാവശ്യമെന്നു തോന്നത്തക്കവണ്ണം അതിന്റെ പ്രകൃതം ഒരു ഗൌരവമേറിയതാണെന്നു ഗവർണ്ണമെന്റിന്നു ബോദ്ധ്യപ്പെട്ടുവൊ എന്നുള്ളതു ദയവായി അറിയിക്കുമോ?

മി. കെ. ജാർജ്(ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി) ഗവർണ്ണമെന്റു അതിനെ നിഷേധിച്ചില്ല,

മി. കെ. മാധവൻപിള്ള(തിരുവനന്തപുരവുംതെക്കുമങ്ങാട്ടും)ഗവർണ്ണമെന്റുമെന്നാൽ വാദംനൽകിയോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി) അതുവാദംതന്നെ ആവശ്യമില്ല. പ്രഹരശിക്ഷവിധിക്കുന്നതിന്നു ജയിൽനിയമമനുസരിച്ചു സൂപ്രണ്ടിന്നു അധികാരമുണ്ടു

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവുംതെക്കുമങ്ങാട്ടും) മററുള്ള സകുവവഴികളുംപ്രയോഗിച്ചുനോക്കി, ആ വഴികളെല്ലാം പ്രയോജനാഗ്രഹ്യമെന്നു ബോദ്ധ്യപ്പെട്ടതിന്നുശേഷമല്ലാതെ പ്രഹരശിക്ഷ അനുവദിച്ചുകൊടുത്ത ഇന്ന-ാംവകുപ്പു വിശദമായി പറയുന്നില്ലേ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി) ജയിൽസൂപ്രണ്ടിന്റെ ഉത്തരവിൽ, പ്രഹരശിക്ഷയ്ക്കു ഇസന്ദർഭത്തിലാണ് ഉചിതമായിട്ടുള്ളതു എന്നുള്ളതിനെ സംബന്ധിച്ചു പറയുന്നുണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവുംതെക്കുമങ്ങാട്ടും) എനിക്കു തന്നിട്ടുള്ള മറുപടിയിൽ, ആ ഹർജി ജയിലധികാരികളെ ദൂഷണിപ്പെടുത്തുന്നതിന്നും ജയിലിനുള്ളിൽ മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യം വരുത്തിത്തീർക്കുന്നതിന്നുമായിട്ടാണു എഴുതപ്പെട്ടിട്ടുള്ളതെന്നു പറഞ്ഞുകാണുന്നു. ജയിലധികാരികൾ മജിസ്ട്രേട്ടിനെ എന്തുനാണുമയപ്പെടുന്നതെന്നു പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി) അപ്രകാരമുള്ള ഒരു ചോദ്യത്തിന് ഇവിടെ സന്ദർഭമുണ്ടെന്നില്ല. പേരുവയ്ക്കാതെ ഹർജിഎഴുതിയ ആ ആൾ തർക്കവും പർക്കവും ചെന്ന ഒരുപദിച്ചു കുറവാളിയാണെന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു) അതുവാസ്തവമായിരിക്കാം, എന്നാൽ ജയിൽനിയമം അതിനെസംബന്ധിച്ചു പറയുന്നില്ല.

മി. കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി) തർക്കവും പർക്കവും ചെന്നതിൻപിച്ചു കുറവാളിയുടെ കാര്യത്തിൽ, അവനെ ശിക്ഷയ്ക്കു കീഴ്പ്പെടുത്തുന്നതിനു പര്യാപ്തമായ ശിക്ഷ വിധിക്കുന്നതിനു, ജയിൽ നിയമപ്രകാരം സൂപ്രണ്ടിനു അധികാരം കൊടുത്തിട്ടുള്ളതാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു) പ്രഹരശിക്ഷ സംബന്ധിച്ചു ശിക്ഷാനിയമത്തിൽ ചെയ്തിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചു ഈ സംഗതിയിൽ പ്രവർത്തിച്ചിട്ടുണ്ടോയെന്നു ഗവർണ്ണർ അന്വേഷിച്ചുവോ? പ്രസ്തുത നിയമപ്രകാരം പതിനാറു വയസിനു താഴെയുള്ളവരെയും, മുപ്പതിനു മുകളിൽ (എത്രയെന്നു എനിക്കു നിശ്ചയമില്ല) കൊല്ലത്തിനുമേൽ തടവുശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളവരേയും അടിക്കുകൂടാഎന്നു ശിക്ഷാനിയമത്തിൽ പറഞ്ഞിട്ടുണ്ടു.

മി. കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി) അംഗങ്ങൾക്കു നിശ്ചയമില്ലാത്ത ഒരുകാര്യത്തെ സംബന്ധിച്ചു ഞാൻ എങ്ങനെയാണു മറുപടി പറയുക.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു) ഈ കുറവാളികളുടെ പ്രായം എത്രയെന്നു വിശദമായി അറിയിക്കാമോ?

മി. കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി) അതു അഭിപ്രായവ്യത്യാസമുള്ള ഒരുകാര്യമാണു. ഈ പ്രത്യേകകേസിൽ ഗവർണ്ണർ അതൊരു വലിയ കുറവായിതന്നെ കരുതുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു) ജയിലിനകത്തു ഈ തടവുകാർക്കു കടവാസംചെയ്തതും എങ്ങിനെ ലഭിച്ചു എന്നുള്ളതിനെ സംബന്ധിച്ചുകാര്യം ദയവായി അറിയിക്കാമോ?

മി. കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി) എനിക്കു അറിവില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു) ഈ സാധനങ്ങൾ കൈകാര്യംചെയ്തതിനു മററുള്ളവർ എങ്ങിനെയാണു സഹായിച്ചതു?

മി. കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി) അതു ഈ ചോദ്യത്തിൽനിന്നും അതു ഉളവാകയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു) സഹായിച്ചവൻ കുററക്കാരനാണെന്നു ഗണിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അതു നിശ്ചയമായും ഈ ചോദ്യത്തിനോടു യോജിച്ചതുതന്നെ.

മി. കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി) പക്ഷേ, ആ പരിസ്ഥിതികൾ ഈ കുററത്തെ ഒരു വിധത്തിലും കുറയ്ക്കുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു): ഈ തടവുകാർക്കു കടവാസം മുഷിയും എങ്ങിനെ ലഭിച്ചു എന്നറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി): ചോദ്യം പ്രഹരശിക്ഷയെ സംബന്ധിച്ചു മാത്രമായിരുന്നു

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): പേരുവയ്ക്കാതെ ഹർജി എഴുതുക എന്നുള്ള കുററത്തിനു പ്രഹാരം തക്കതായ ഒരു ശിക്ഷയാണെന്നു ഞാൻ മനസ്സിലാക്കിക്കൊള്ളട്ടയോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അപ്രകാരം പൊതുവിൽ ഞാൻ പറയുന്നില്ല. ജയിലനടപടികളെ അവലോകനപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി പേരുവയ്ക്കാതെ ഹർജി എഴുതുക എന്നുള്ളതു വളരെ വലിയ ഒരു കുററമാണെന്നും അപ്രകാരമുള്ള സന്ദർഭങ്ങളിൽ അതു ഒരു നല്ലശിക്ഷയാണെന്നുമാണ് ഞാൻ പറയുന്നതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യം ജയിലിൽ ഉണ്ടാകുന്നതുകൊണ്ടു അവിടത്തെ നടപടിക്രമത്തിനു വല്ലഹാനിയും സംഭവിക്കുമോ എന്നു മര്യാദയായി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി). അങ്ങനെയൊന്നുമല്ലാതെ ഒരു ഹാനിയും സംഭവിക്കാനിടയില്ല. എന്നാൽ, പേരുവയ്ക്കാതെ ഹർജിഎഴുതുക എന്നുള്ളതല്ല ഒരു സാധിക്കുന്നതിനുള്ള ശരിയായനടപടി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): പിന്നീടു ജയിലോടാണു അയാൾ സങ്കടം പറയേണ്ടതു?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അവിടെ അന്വേഷണസ്ഥ സന്ദർശകന്മാർ ചെല്ലാറുണ്ട്. അവരോടു അയാൾക്കു സങ്കടംപറയാം. ഒരു മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യം അവിടെ വരുത്തിതീർക്കേണ്ട ആവശ്യം എന്താണെന്നു ഞാൻ അറിയുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അയാൾക്കു ഒരു മജിസ്ട്രേട്ടിനോടു സങ്കടം ബോധിപ്പിക്കുവാൻ പാടില്ലേ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി). പേരുവയ്ക്കാത്ത ഒരു ഹർജിമൂലമല്ലാ അതു ചെയ്യേണ്ടതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): എങ്കിൽ, അയാൾ ഏതുവിധമാണു അതു സാധിക്കേണ്ടതു?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): സാധാരണക്കാർ ചെയ്യാറുള്ള നടപടിക്രമമനുസരിച്ചുതന്നെ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഒരു മജിസ്ട്രേട്ടിനെസമ്പന്ധിച്ചു സങ്കടം പറയാനൊരുമ്പെടുന്ന ഒരു തടവുകാരനെ, അപ്രകാരം ചെയ്യുന്ന കുററത്തിനു പ്രഹരിക്കയാണുവേണ്ടതു എന്നു ഞാൻ ധരിച്ചുകൊള്ളട്ടയോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അയാൾ ഒരുസങ്കടം ബോധിപ്പിക്കുകയല്ലാ ചെയ്തിട്ടുള്ളതു്; പേരുവയ്ക്കാത്ത ഒരുഹർജി എഴുതുകയാണു ചെയ്തതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഹർജി ആരുടെപേക്കു ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): മജിസ്ട്രേട്ടിന്റെ പേക്കു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഉദ്ദേശമെന്തായിരുന്നു?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ആയതു സൂപ്രണ്ടിന്റെ ഉത്തരവിൽ വിശദമാക്കീട്ടുണ്ട്.

പ്രസിഡണ്ട്: മി. മാധവൻപിള്ള, നിങ്ങൾ അദ്ദേഹത്തോടു ക്രാസ്സ് ചോദിക്കുകയാണ് ഇപ്പോൾ ചെയ്യുന്നതു്. അതു അനുവദിക്കുവാൻ എനിക്കു നിവൃത്തിയില്ല.

ക്വസ്റ്റ്യൻ—ക്ക ൦ വരെ സ്ഥാപിക്കപ്പെട്ടിട്ടുള്ള മാതൃഭാഷാ വിദ്യാലയങ്ങൾ,

ക്ക൧൩. മിസ്റ്റർ കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ക്ക൦൯വു മുതൽ, ക്ക൦൦ വരെയുള്ള മൂന്നുകൊല്ലങ്ങൾക്കുള്ളിൽ തെക്കൻകൂറിൽ ഗ്വേജൻസിമൂലം പുതുതായി തുറക്കപ്പെട്ടിട്ടുള്ള എല്ലാവിധ നാട്ടുഭാഷാ വിദ്യാലയങ്ങളുടേയും, ആ കാലത്തിനുള്ളിൽ വിദ്യാഭ്യാസവകുപ്പിൽനിന്നും സ്ഥാപിച്ചിട്ടുള്ള എല്ലാവിധ നാട്ടുഭാഷാ വിദ്യാലയങ്ങളുടെയും എണ്ണം എത്രയെന്നു ഗവണ്മെൻറു മര്യാദയായി അറിയിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള പട്ടിക (അനുബന്ധം ക. യോക്കുക) ഹാജരാക്കിയിരിക്കുന്നു.

നദികളിലെ ഗതാഗതങ്ങൾ കൂടുതൽ സൌകര്യപ്രദമാക്കുന്നതിനെ സംബന്ധിച്ചുള്ള റിപ്പോർട്ട്.

ക്ക൧൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): തിരുവനന്തപുരം താലൂക്കിൽ, നദികളിൽക്കൂടിയുള്ള ഗതാഗതങ്ങൾ കൂടുതൽ സൌകര്യപ്രദമാക്കുന്നതിനെ സംബന്ധിച്ചുള്ള മി. ജോൺ കുട്ടിയുടെ റിപ്പോർട്ടിന്റേയും, മെമ്പർ ജചസേഫനക്കുഞ്ഞിററിയുടെ റിപ്പോർട്ടിന്റേയും പകർപ്പുകൾ ഗവണ്മെൻറു മര്യാദയായി ഹാജരാക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (ക) ഒന്നാംഭാഗത്തെ സംബന്ധിച്ചു മെമ്പറുടെ ശ്രദ്ധയെ ക്ക൦൯വു ആഗസ്റ്റ് ക്ക൧-ാംനു ൯൪-ാംനമ്പർ ഉപക്ഷേപത്തിനു കൊടുത്ത മറുപടിയിലേക്കു ക്ഷണിക്കുകൊള്ളുന്നു.

(ഖ) തിരുവനന്തപുരം മെമ്പർ ഇറിഗേഷൻകമ്മററിക്കാരുടെ റിപ്പോർട്ടിന്റെ പകർപ്പുകൾ കൌൺസിൽ മെമ്പർമാർക്കു മാതൃകയ്ക്കു നൽകിയിട്ടുണ്ട്.

ഇ. എസ്സ്. എൽ. സി. പരീക്ഷകന്മാർ.

ക്ക൧൫. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇ. എസ്സ്. എൽ. സി. പരീക്ഷയ്ക്കുള്ള എറിയഭാഗം പരീക്ഷകന്മാരേയും കാളേജ് അദ്ധ്യാപകന്മാരുടെ ഇടയിൽനിന്നുമാണ് എടുത്തിട്ടുള്ളതെന്നു ഗവണ്മെൻറിനറിയാമോ ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): പ്രധാനപരീക്ഷകന്മാരിൽ ഭൂരിപക്ഷവും കാളേജിൽനിന്നും, സഹായപരീക്ഷകന്മാരിൽ ഭൂരിപക്ഷവും ഇംഗ്ലീഷ്സ്കൂളുകളിൽനിന്നുമാണ് എടുത്തിട്ടുള്ളതു് എന്നറിയാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇ. എസ്സ്. എൽ. സി പരീക്ഷകൊണ്ടു അദ്ധ്യേതാക്കൾ കാളേജ്വിദ്യാഭ്യാസം തുടരുന്നതിനു യോഗ്യതയുള്ളവരാണോ എന്നു നിർണ്ണയിക്കുന്നതിനുംപുറമെ, സർക്കാർജീവനത്തിനു യോഗ്യതയുള്ളവരാണോ എന്നുകൂടി നിർണ്ണയിക്കണമെന്നുള്ള സംഗതി ഗവണ്മെൻറിനറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെമ്പർന്റെ ചോദ്യം എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ധ്യാപകരെ കാളേജ്വിദ്യാഭ്യാസം ആരംഭിക്കുന്നതിനു യോഗ്യതയുള്ളവരാണോ എന്നുള്ളതിനുപുറമെ സർക്കാർ സർവീസിൽ പ്രവേശിപ്പാൻ യോഗ്യതയുള്ളവരാണോ എന്നുള്ള വസ്തുതകളിൽ ഇ. എസ്സ്. എൽ. സി. പരീക്ഷകൊണ്ടു നിർണ്ണയിക്കപ്പെടണമെന്നു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായി ഗവണ്മെന്റിനറിവുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): യോഗ്യത നിർണ്ണയിപ്പാനുള്ള ഒരു പരീക്ഷയാണ് അതു എന്നുപറവാൻ നിവൃത്തിയില്ല. സർവ്വീസിലെ ആളുകളെ എടുക്കുന്നകാര്യത്തിൽ ഗവണ്മെന്റിനു അതു് സഹായമായിരിക്കുന്നു എന്നുമാത്രമെയുള്ളു. പബ്ലിക്സർവീസിൽ പ്രവേശിക്കാനുള്ള ഒരു പരീക്ഷാരീതിയാണ് അതു് എന്നുള്ളതു പരമാർത്ഥംതന്നെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എങ്കിൽ, കുറഞ്ഞതു പകുതി പരീക്ഷകന്മാരെയെങ്കിലും, ഈ വിദ്യാർത്ഥികളെ അദ്ധ്യയനംചെയ്യിക്കുന്ന കോളേജിലെ അദ്ധ്യാപകന്മാരുടെ ഇടയിൽനിന്നും എടുക്കേണ്ടതാണെന്നു ഗവണ്മെന്റിനു ബോദ്ധ്യമാകുന്നില്ലേ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ആ കാര്യത്തെ സംബന്ധിച്ചു വിദ്യാഭ്യാസ ഡയറക്ടരോടു ആലോചിക്കുന്നതായിരിക്കും.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലുള്ള സബ് രജിസ്ട്രാറന്മാരുടെയും ഗുമസ്തന്മാരുടെയും

ജാതിതിരിച്ചുള്ള പട്ടിക.

*൧൭൯. മി. എൻ. കുമാരൻ (നാമിനേറ്റഡ്): രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലുള്ള സബ്രജിസ്ട്രാറന്മാരുടെയും ഗുമസ്തന്മാരുടെയും എണ്ണത്തെസംബന്ധിച്ചു ജാതിതിരിച്ചുള്ള ഒരു പട്ടിക ഗവണ്മെന്റു ദയവായി സഭമുമ്പാകെ ഹാജരാക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റു (അനുബന്ധം ൩. നോക്കുക) ഹാജരാക്കിയിരിക്കുന്നു.

പോലീസു ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാററം.

*൧൭൦. മി. എൻ. കുമാരൻ (നാമിനേറ്റഡ്): ഓരോസ്റ്റേഷനിലും രണ്ടുകൊല്ലത്തോളം ജോലിനോക്കി കഴിഞ്ഞാൽ പോലീസുദ്യോഗസ്ഥന്മാരെ അവിടെനിന്നും സ്ഥലംമാററുന്നതു നന്നായിരിക്കുമെന്നുള്ള സംഗതി ഗവണ്മെന്റു ദയവായി ആലോചിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): പോലീസുദ്യോഗസ്ഥന്മാരുടെ സ്ഥലംമാററകാര്യത്തിൽ കർശനമായ ഒരു നിബന്ധനയും ഏർപ്പെടുത്തുന്നതിനു നിവൃത്തിയില്ല.

മി. എൻ. കുമാരൻ (നാമിനേറ്റഡ്): ഒരേസ്ഥലത്തുള്ള ആളുകളുമായി ദീർഘകാലത്തെ പരിചയം ഉണ്ടായാൽ അതുകൊണ്ടു പോലീസ് ഇൻസ്പെക്ടർമാരുടെജോലി കൂടുതൽ വിഷമമുള്ളതായി തീരുമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലേ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതു ഓരോരുത്തരുടെയും അഭിപ്രായത്തെ അനുസരിച്ചാണിരിക്കുന്നതു്. ആളുകളുമായി ദീർഘകാലം പരിചയപ്പെടുന്നതുകൊണ്ടു അവരുടെജോലി, നേരെമറിച്ചു, വളരെ എളുപ്പമുള്ളതായി തീർന്നേക്കാം. അതെല്ലാം പലവിധത്തിലുള്ള പരിതസ്ഥിതികളെ അനുസരിച്ചാണിരിക്കുന്നതു്.

മി. എൻ. കുമാരൻ (നാമിനേറ്റഡ്): ഒരേസ്ഥലത്തുതന്നെ ദീർഘകാലം താമസിക്കുന്നതിനിടയായാൽ അതു അവിടെയുള്ള ആളുകളുമായി വിവിധബന്ധങ്ങളുണ്ടാവാൻ ഇടയാക്കുകയും, തൻമൂലം നിഷ്പക്ഷനിലയിൽ കൃത്യനിർവഹണം നടത്തുന്നതിനു പ്രതിബന്ധം നേരിടുകയും ചെയ്യുമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലേ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അങ്ങിനെയുള്ള ഘട്ടങ്ങളിൽ പോലീസുകമ്മീഷണർ അവരെ സ്ഥലംമാററിക്കാറുണ്ടു്. ഇപ്രകാരമുള്ള കാര്യങ്ങളിൽ കർശനമായ നിബന്ധനകൾ വയ്ക്കുക എന്നുള്ളതു സാദ്ധ്യമല്ലെന്നാണ് ഈ മറുപടിയിൽ പറഞ്ഞുകാണുന്നതു്.

മി. എൻ. കുമാരൻ (നാമിനേറ്റഡ്): ഉദ്യോഗസ്ഥന്മാരെ രണ്ടും മൂന്നും കൊല്ലങ്ങൾക്കു ശേഷമെങ്കിലും സ്ഥലംമാററുന്നതു നന്നായിരിക്കുമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലയോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): കർശനമായ നിബന്ധനകൾ വയ്ക്കുക എന്നുള്ളതു് അസാദ്ധ്യമാണെന്നായാണ്. സാധാരണ വളരെകാലം ഒരാളിനെ ഒരേസ്ഥലത്തു വച്ചുകൊണ്ടിരിക്കാറില്ല. ദീർഘകാലം ഒരേസ്ഥലത്തു ഇരിക്കുന്നതുകൊണ്ടു ദോഷമുണ്ടെന്നു കാണുന്ന അവസരങ്ങളിൽ അവരെ അവിടെനിന്നും മാററാറുണ്ടു്.

ആലുവാ—പറവൂർ റോഡ്തകർക്കുക.

*൧൭൧. മി. എൻ. വി. ജോസഫ് (പറവൂർ) (എ) ആലുവാ—പറവൂർറോഡ് വർഷകാലത്തു വളരെ അടി ആഴത്തിൽ വെള്ളത്തിൽ മുങ്ങിപ്പോകുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(ബി) ഈ റോഡിൽ താണുപോകുന്ന ഭാഗങ്ങൾ അപ്രകാരം താണുപോകാതിരിക്കത്തക്ക വിധത്തിൽ തകർക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) അറിയാം.

(ബി) ഈ റോഡിൽ തീരെ താഴ്ന്നഭാഗങ്ങളെ ൧൧൦൦—നും ൧൧൦൫-നും ഇടയിൽ തകർക്കിയിട്ടുണ്ടു്. ശേഷമുള്ള ഭാഗങ്ങളെ സംബന്ധിച്ചുള്ള കാര്യത്തിൽ ഗവണ്മെന്റിന്റെ ഉദ്ദിഷ്ടകാലക്രമത്തിൽ പതിയുന്നതാണ്.

അയിരൂർ സബ്ബ്രജിസ്ട്രാർആഫീസ്.

*൧൭൨. മി. എൻ. വി. ജോസഫ് (പറവൂർ): (എ) അയിരൂർ സബ്ബ്രജിസ്ട്രാരുടെ അധികാരാതിർത്തി ഏവിടെഎന്നും, അദ്ദേഹം ഇപ്പോൾ കച്ചേരിനടത്തിവരുന്ന കെട്ടിടത്തിലേക്കു ഈ അതിർത്തിയിൽനിന്നും എത്രദൂരമുണ്ടെന്നും ഗവണ്മെന്റു ദയവായി അറിയിക്കുമോ?

(ഡ) ഈ കച്ചേരി, അതിന്റെ ഇപ്പോഴത്തെ ഇരിപ്പിടത്തിൽനിന്നു കുറച്ചുകൂടി സൗകര്യമുള്ളതും ഉദ്യോഗസ്ഥരുടെ ഒരു സ്ഥലത്തേക്കു മാറുന്നതിനു ഗവർണ്ണമെന്റിനു ഭയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): (എ)—ം (ബി)—ം അയിരുന്നു സബ്‌രജിസ്ട്രാരാഫീസ്സ്പേരോടുള്ളതു ഒരു കച്ചേരിയില്ല.

പുത്തൻചിറയിൽ ആശുപത്രിസ്ഥാപനം.

ചോദ്യം. മി. എൻ. ജോസഫ് (പനവൂർ): താഴെപറയുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഗവർണ്ണമെന്റു ഭയവായി പറയുമോ?

(എ) ഗവർണ്ണമെന്റിനോ, മെഡിക്കൽഡിപ്പാർട്ടുമെന്റിനോ, പുത്തൻചിറയിലുള്ള ജനങ്ങളിൽനിന്നും അവിടെ ഒരു ആശുപത്രി സ്ഥാപിക്കുകകൂടുകണമെന്നു പ്രാർത്ഥിച്ചുകൊണ്ടുള്ള ഏതെങ്കിലും ഹർജി ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള ഹർജികൾ എത്ര? അവയിൽ ഏറ്റവും ആദ്യമായി അയക്കപ്പെട്ടതു ഏതു?

(സി) അതിനെ സംബന്ധിച്ചു ഗവർണ്ണമെന്റു വല്ല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടോ? അവരുടെ പ്രാർത്ഥന അനുവദിച്ചുകൊടുക്കുന്നതിനു ഗവർണ്ണമെന്റു ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ആയതു എപ്പോൾ ആണ് ഗവർണ്ണമെന്റു ചെയ്യുന്നതു വിചാരിക്കുന്നതു?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഫർവ്വ—ൽ ഒന്നും, ഫർവ്വ—ൽ രണ്ടുവരെ നാലും ഇങ്ങിനെ പ്രകാരം ഹർജി ഗവർണ്ണമെന്റിനുകിട്ടിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ അന്വേഷണത്തിനായി അവയെ അയച്ചിട്ടുമുണ്ട്. അവയിൽ ഏറ്റവും ആദ്യമായുള്ള ഹർജി കിട്ടിയതു ഫർവ്വ—ൽ ഇ—ാം തീയതി ആയിരുന്നു.

(സി) അതിനെ സംബന്ധിച്ചുള്ള അന്വേഷണവരവു ഫർവ്വ—ൽതന്നെ നടത്തുകയും തൽഫലമായി ഫർവ്വ—ൽ സെപ്തംബർമാസം ഫസ്റ്റാം തീയതിയിലെ ഡിസ് നമ്പർ ഫ൪൩൨/വ—ഗ/ജി. എ. യിൽ പുത്തൻചിറയിലെ ഒരാശുപത്രിയുടെ ആവശ്യമില്ലെന്നു തീരുമാനിക്കുകയുമുണ്ടായി. ഫർവ്വ—ൽ ഫർവ്വ—ലും വീണ്ടും ഹർജികൾ ലഭിക്കുകയാൽ അതിനെ സംബന്ധിച്ചു ഒരു പുതിയ അന്വേഷണം നടത്തുന്നതിലേക്കു മെഡിക്കൽഡൈറക്ടറിനു ഉത്തരവുകൊടുക്കുകയും ഗവർണ്ണമെന്റു അവരുടെ റിപ്പോർട്ടിനു പ്രതീക്ഷിച്ചിരിക്കുകയാണ്.

ആലുവാ എക്സൈസ്ഇൻസ്പെക്ടരുടെ ആപ്പീസുമാറുന്ന വിവരം.

ചോദ്യം. മി. എൻ. പി. ജോസഫ് (പറവൂർ): (എ) ആലുവാ എക്സൈസ് ഇൻസ്പെക്ടരുടെ ആപ്പീസു ഇപ്പോൾ ഇരിക്കുന്ന കെട്ടിടം വളരെ ചെറിയതാകയാൽ ആളുകൾക്കു പടണാവിധമെ ഗതാഗതത്തിനു അകത്തുകയ്യും മനസിട്ടുന്നതിനാൽ ആ ആപ്പീസു അവിടെനിന്നും മാറുന്നതിനെ സംബന്ധിച്ചു വല്ല ഏർപ്പാടുകളും ആലുവാ മുൻസിപ്പാലിറ്റിയിൽനിന്നും ഗവർണ്ണമെന്റിനു കിട്ടിയിട്ടുണ്ടോഎന്നും,

(ബി) ഗവർണ്ണമെന്റു അവയെ എക്സൈസ്കമ്മിഷണർക്കു അയച്ചിട്ടുണ്ടോഎന്നും, അദ്ദേഹത്തിങ്കൽനിന്നും അതിനെ സംബന്ധിച്ചു വല്ല റിപ്പോർട്ടും ഗവർണ്ണമെന്റിനു ലഭിച്ചിട്ടുണ്ടോഎന്നും,

(സി) ആലുവാ മുൻസിപ്പാലിറ്റിയുടെ ഈ അപേക്ഷയെ കഴിയുന്നത്രംവേഗത്തിൽ അനുവദിച്ചുകൊടുക്കുന്നതിനു ഗവർണ്ണമെന്റിനു ഒരുവുണ്ടാകുമോഎന്നും ഉള്ള വിവരങ്ങൾ ഗവർണ്ണമെന്റു ദയവായി അറിയിക്കുമോ?

ഇ. എസ്സ്. എൽ. സി. പരീക്ഷകൾ മറ്റു പരീക്ഷകൾക്കു ഉള്ള പരീക്ഷകന്മാരുടെ ശമ്പളം.

ചോദ്യം. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) (എ) ഇ. എസ്സ്. എൽ. സി., വി. എസ്സ്. എൽ. സി. ഈ പരീക്ഷകൾക്കു വെർണ്ണാക്കുലർ ഹയർപരീക്ഷകൾ ഉള്ള അസിസ്റ്റന്റു സൂപ്രണ്ടന്മാരുടെ ജോലിക്കു കൊടുക്കുന്ന ശമ്പളനിരക്കു ഒരുപോലെയാണോ?

(ബി) അങ്ങനെയല്ലെങ്കിൽ, ഓരോന്നും ഏതു വിധം വ്യത്യാസപ്പെട്ടിരിക്കുന്നു?

(സി) ഏതെങ്കിലും ഒരു കാലത്തു ഈ ശമ്പളനിരക്കു അങ്ങനെയല്ലായിരുന്നുവോ?

(ഡി) ആയിരുന്നുഎങ്കിൽ, ആരുടെ ഉത്തരവനുസരിച്ചു, എപ്പോൾ, ഏതു ന്യായത്തിന്മേൽ ഇതു മാറ്റപ്പെട്ടതുഎന്നും അറിയിക്കുമോ?

(ഇ) ഇപ്രകാരമുള്ള ശമ്പളവ്യത്യാസം ചീഫ്സൂപ്രണ്ടന്മാരുടെ കാര്യത്തിലുണ്ടോ? അവർ പല ഗ്രേഡുകളിലുള്ള ഉദ്യോഗങ്ങളിൽ ഇരിക്കുന്നവരും പല ശമ്പളങ്ങൾ വാങ്ങുന്നവരുമല്ലെ?

മി. കെ. ജാർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): (എ) അല്ലാ. എങ്കിലും ശമ്പളനിരക്കുകൾക്കു തമ്മിൽ ഗണ്യമായ താരതമ്യങ്ങളുണ്ട്.

(ബി) അസിസ്റ്റന്റു സൂപ്രണ്ടന്മാരുടെ പ്രതിഫലനിരക്കുകൾ താഴെ കാണിച്ചിരിക്കുന്നു.

സ്കൂൾഫൈനൽ സർട്ടിഫിക്കറ്റു പരീക്ഷ.

ആൾക്കു കൊടുക്കേണ്ടതെന്ത്	ദിനംപ്രതിയുള്ള ശമ്പളനിരക്കു് ശ്രീ.	ച.	കാ.
അസിസ്റ്റന്റു സൂപ്രണ്ടു്			
രൂപാ ൨൫—൫/൨—൭ ൦—൫/൩—൫ ൦	൧	൧൭	൦
ടി രൂപാ ൩൦—൫—൭൫	൨	൦	൦
ടി രൂപാ ൫ ൦—൫—൧൨ ൦	൩	൦	൦
ടി രൂപാ ൧൨ ൫—൧ ൦—൧ ൭ ൫	൪	൦	൦

വെർണ്ണാക്കുലർ ഹയർ പരീക്ഷ.

പ്രതിമാസം ൫ ൦ ബ്രിട്ടീഷ്രൂപയിൽ കൂടുതൽ ശമ്പളമില്ലാത്ത അദ്ധ്യാപകനൊ മറ്റുള്ളോരസ്ഥനോ	൧	൧൭	൦
ടി ൭൫ രൂപയിൽ ടി	൨	൦	൦
ടി ൧൨൦ ബ്രി. രൂപയിൽ ടി	൩	൦	൦
ടി ൧൨൦ ബ്രി. രൂപക്കുമേൽ ശമ്പളമുള്ള	൪	൦	൦

(സി) ഇല്ല.

(ഡി) സി ചോദ്യത്തിന്റെ മറുപടിയുടെ സ്ഥിതിക്കു ഈ ചോദ്യം ആവശ്യമില്ലാത്തതാകുന്നു.

(ഇ) ഇല്ല.

ഇംഗ്ലീഷ്സ്കൂളുകളിലെ അൺഡർഗ്രാഡുവേറന്മാർ അദ്ധ്യാപകന്മാർ.

൭൫൩. മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള വിവരം ഗവർണ്ണമെന്റു ദയവായി അറിയിക്കുമോ?

(എ) ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ അൺഡർഗ്രാഡുവേറന്മാർ അദ്ധ്യാപകന്മാർക്കുവേണ്ടി 'എഫിക്ഷ്യൻസിഗ്രേഡ്' എന്ന പേരോടുകൂടിയ ഒരു പ്രത്യേക ഗ്രേഡ് ഏർപ്പെടുത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതെന്നൊണ്ടാക്കിയതു?

(സി) ആ ഗ്രേഡിലേക്കുള്ള തിരഞ്ഞെടുപ്പു മുറക്കു ആണ്ടുതോറും നടത്തുന്നുണ്ടോ?

(ഡി) ൧൯൨൦-ലും ൧൯൨൧-ലും ഉള്ള സ്കൂൾ വർഷങ്ങളിൽ എത്രപേരെ തിരഞ്ഞെടുത്തിട്ടുണ്ട്?

(ഇ) അപ്രകാരമുള്ള തിരഞ്ഞെടുപ്പു ഏതു മാതിരി അടിസ്ഥാനമാക്കിയാണു നടത്തുന്നതു്.

മി. കെ. ജാജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): (എ) ഇല്ല. എന്നാൽ ഗ്രാഡുവേറന്മാർ അദ്ധ്യാപകന്മാരായി നടന്നപ്പോൾ അടുത്ത ക്ലാസുകളിൽ പഠിപ്പിക്കുന്ന അൺഡർഗ്രാഡുവേറന്മാർക്കു ഗവർണ്ണമെന്റിന്റെ പ്രത്യേക ഉത്തരവനുസരിച്ചു ൧൯൧/൨—൭൦ വരെയുള്ള ഒരു പേഴ്സണൽ സ്കെയിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സ്കെയിൽ ഗ്രേഡ് ഫസ്റ്റ്—ൽ അനുവദിച്ചു.

(സി) ഇല്ല.

(ഡി) ആരേയും തിരഞ്ഞെടുത്തിട്ടില്ല.

(ഇ) സാമർത്ഥ്യത്തെ അടിസ്ഥാനമാക്കി തിരഞ്ഞെടുപ്പു നടത്തുന്നു. എന്നാൽ തുല്യസാമർത്ഥ്യമുള്ളവരുടെ കാര്യത്തിൽ കൂടുതൽ സർവ്വീസുള്ളവർ കൂടുതൽ യോഗ്യരെന്നു തീരുമാനിക്കപ്പെടുന്നു.

കൊട്ടാരക്കര സബ്ട്രഷറി മി. സഭാപതിഅയ്യർ.

൭൫൪. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഗവർണ്ണമെന്റു ദയവായി അറിയിക്കുമോ?

(എ) ഇപ്പോൾ തിരുവനന്തപുരത്തെക്കു സ്ഥലംമാറ്റപ്പെട്ട കൊട്ടാരക്കര സബ്ട്രഷറി മി. സി. കെ. സഭാപതിഅയ്യരുടെ പേരിൽ, അദ്ദേഹം ചാർജ്ജ് ഒന്നാം ഗുമസ്തനെ ഏൽപ്പിച്ചിട്ടു പുതിയസ്ഥലത്തു ജോലിയിൽപ്രവേശിച്ചുകൊള്ളുന്നതെന്നു കാണിച്ചു ഉത്തരവു അയക്കുക ഉണ്ടായില്ലെ?

(ബി) അദ്ദേഹത്തിനു ആ ഉത്തരവു എപ്പോൾ കിട്ടി?

(സി) അദ്ദേഹം എപ്പോൾ ചാർജ്ജ് ഏല്പിച്ചു? താമസത്തിനുള്ള കാരണമെന്തു?

(ഡി) താമസിച്ച ദിവസങ്ങളിൽ രജിസ്റ്റർചെയ്ത പ്രമാണങ്ങൾ എത്ര?

(ഇ) ആ കൂട്ടത്തിൽ എത്ര ഭാഗപത്രങ്ങളുണ്ടായിരുന്നു?

(എഫ്) ആ കാലത്തിനുള്ളിൽ രജിസ്റ്റർചെയ്യാൻവേണ്ടി ഹാജരാക്കപ്പെട്ട എല്ലാ പ്രമാണങ്ങളും ഒരേ ദിവസത്തിൽതന്നെ രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ടോ?

മി. കെ. ജാജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): (എ) ഉത്തരവു അയക്കുക ഉണ്ടായി.

(ബി) ൧൯൨൧ മിഥുനം ൨൨-ാം തീയതി.

(സി) ൧൯൨൧ മിഥുനം ൨൩-ാം തീയതി. ഒരു ശുഭദിവസത്തിൽ ചാർജ്ജെടുത്തു പിതിയണമെന്നാഗ്രഹിക്കയാൽ താമസിച്ചതാണെന്നാണു അദ്ദേഹം പറഞ്ഞിട്ടുള്ളതു.

(ഡി) ൭൫,

(ഇ) ൭.

(എഫ്) ഉണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): (എ) ആലുവാ മുൻസിപ്പൽ കൌൺസിലിന്റെ പ്രസിഡന്റു, ഈ കെട്ടിടം മാറുന്നതിനു വേണ്ട നടപടികൾ ഗവർണ്ണമെന്റു നടത്തണമെന്നപേക്ഷിച്ചുകൊണ്ടു അയച്ചതായ ഒരെഴുത്തു ഗവർണ്ണമെന്റിനു വരിച്ചിട്ടുണ്ടു.

(ബി) ഉണ്ട്.

(സി) ഒരു പുതിയ കെട്ടിടം പണിയിക്കുന്നതിനുള്ള പണം ഉണ്ടാകുന്നതുവരെ എക്സൈസ് ഇൻസ്പെക്ടറുടെ ആഫീസ് ഇപ്പോഴത്തെ സ്ഥലത്തുതന്നെ ഇരിക്കേണ്ടതാണെന്നു വേണ്ടവിധം പര്യാലോചിച്ചശേഷം ഗവർണ്ണമെന്റു തീരുമാനിച്ചിരിക്കുന്നു.

നെയ്യാറ്റിൻകരതാലൂക്കിലെ ഗ്രൈനർ ഇറിഗേഷൻ.

൭൫൫. മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ൧൯൨൧ മിഥുനമാസം അവസാനം വരെ നെയ്യാറ്റിൻകര താലൂക്കിലെ ഗ്രൈനർ ഇറിഗേഷനുവേണ്ടി വ്യയംചെയ്തിട്ടുള്ള പണത്തുക എത്രയെന്നും ആ ഇനത്തിലേക്കു ൧൯൨൧-ൽ മൊത്തമായി വിനിയോഗിച്ചിട്ടുള്ള തുക എത്രയെന്നും ഗവർണ്ണമെന്റു ദയവായി അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): ൧൯൨൧-ലും ൧൯൨൨-ലും രൂപാ വീതമാകുന്നു.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ഇംഗ്ലീഷ് ശാഖയിൽ ഉണ്ടായിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

൭൫൬. മി. തയ്യിൽ കുഞ്ഞിരാമത്താമ്മൻ (മൂവാറ്റുപുഴ—തൊടുപുഴ): വിദ്യാഭ്യാസവകുപ്പിൽ ഇംഗ്ലീഷ് ശാഖയിൽ സ്ഥിരമായും താൽക്കാലികമായും ഉദ്യോഗം വഹിക്കുന്നവരായി ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കാ ക്രിസ്ത്യാനികൾ, മററു ക്രിസ്ത്യാനികൾ, ഈഴവർ, മഹമ്മദീയർ തുടങ്ങിയുള്ള ഓരോ ജാതിക്കാരിൽ നിന്നും എത്രയെത്രപേർ ഉണ്ടെന്നു പറയുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

ബ്രാഹ്മണർ	൩൯൯
നായന്മാർ	൧൨൯
കുത്താലിക്കാ കുസ്ത്രീയാനികൾ	൨൪
മററു കുസ്ത്രീയാനികൾ	൧൮൪
ഈഴവർ	൯
മഹമ്മദീയർ	൧൬
മററു ജാതിക്കാർ	൬ ൭

സ്റ്റാമ്പാഫീസിലെ മോഷണം.

൧൯൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) സ്റ്റാമ്പാഫീസിലെ സ്റ്റോർക്കീപ്പർ മിസ്റ്റർ കെ. പരമേശ്വരൻപിള്ള കുറെ കടലാസ് മോഷ്ടിച്ചു എന്ന കേൾക്കുന്നതു പരമാർത്ഥംതന്നെയാ എന്നും,

(ബി) ആയതു പരമാർത്ഥമാണെങ്കിൽ, അതേസംബന്ധിച്ചു ഗവണ്മെന്റിൽനിന്നും എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിച്ചിട്ടുണ്ടോ എന്നും,

(സി) ബി ചോദ്യത്തിനുള്ള മറുപടി നിഷേധരൂപത്തിലാണെങ്കിൽ, ഇതിനെസംബന്ധിച്ചും കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ കൌൺസിലിന്റെ ദൃഷ്ടിക്കു വിഷയീകരിച്ചിട്ടുള്ള മററു ന്യൂനതകളുസംബന്ധിച്ചും വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ എന്നും അറിയിക്കുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഫിനാൻഷ്യൽ സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി)യും (സി)യും. (എ) ചോദ്യത്തിന്റെ മറുപടിയുടെ സ്ഥിതിക്കു ഈ ചോദ്യങ്ങളുടെ ആവശ്യം നേരിടുന്നില്ല. സ്റ്റാമ്പാഫീസിൽ യാതൊരു ന്യൂനതകളും ഉള്ളതായി ഇതുവരെ ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിട്ടില്ല.

സ്റ്റാമ്പാഫീസ് സൂപ്രണ്ടു മിസ്റ്റർ ചാക്കോ.

൧൯൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) സ്റ്റാമ്പാഫീസ് സൂപ്രണ്ടു മിസ്റ്റർ ചാക്കോയേക്കാൾ കൂടുതൽ സർവീസുള്ളവരായി ഭൂമികൈമാറ്റപ്പിരിവുകളിലും അക്കൌണ്ടാഫീസിലും ഉള്ള എല്ലാപേരെയും സംബന്ധിച്ചു പൂർണ്ണമായ ഒരു പട്ടിക ഗവണ്മെന്റു സഭമുമ്പാകെ ഹാജരാക്കുമോ?

(ബി) ൧൯൧൯ ഇടവം ൩-ാം തീയതി മിസ്റ്റർ ചാക്കോയെ പ്രൊവിഷണലായി ൧൬ ൦ രൂപ ശമ്പളത്തിൽ ആക്കിയപ്പോൾ അദ്ദേഹത്തിനേക്കാൾ കൂടുതൽ സർവീസുള്ള എല്ലാപേരുടേയും അവകാശങ്ങളെ ഗവണ്മെന്റു വേണ്ടവിധം പരിഗണിച്ചുവോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഫിനാൻഷ്യൽ സെക്രട്ടറി): (എ) ഭൂമികൈമാറ്റപ്പിരിവിനെ സംബന്ധിച്ചിടത്തോളം, വിവരങ്ങൾ അറിയുന്നതിനു മെമ്പറുടെ ശ്രദ്ധയെ സിവിൾ ലിസ്റ്റിലേക്കു ക്ഷണിച്ചുകൊള്ളുന്നു. മിസ്റ്റർ ചാക്കോക്കു അക്കൌണ്ടുവകുപ്പിൽ യാതൊരുവിധമായ അവകാശവുമില്ലാത്തതിനാൽ, അദ്ദേഹത്തിന്റെയും അക്കൌണ്ടു വകുപ്പിലുള്ള ഉദ്യോഗസ്ഥന്മാരുടേയും സർവീസ് തമ്മിൽ താരതമ്യപ്പെടുത്തേണ്ട ആവശ്യം ഇല്ല.

(ബി) ഒരേ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗകയററം കൊടുക്കുന്ന സന്ദർഭങ്ങളിൽമാത്രമേ സർവീസിന്റെ കൂടുതൽകുറവിനെപ്പററി പരിഗണിക്കേണ്ടുള്ളു.

നട്ടാലം പകുതിയിലെ ജലദൌർലഭ്യം.

൧൯൨. മി. ടി. കുമാരപിള്ള (കൽക്കുളം—വിളവംകോട്): (എ) നട്ടാലം പകുതിയിലെ ആളുകൾ കുടിക്കാനുപയുക്തമായ ജലത്തിന്റെ ദൌർലഭ്യംമൂലം അനുഭവിച്ചുപോരുന്ന കഷ്ടതയസംബന്ധിച്ചു ഗവണ്മെന്റിനു അറിവില്ലയോ?

(ബി) ആനാട്ടിലെ ആളുകളുടെ ഉപയോഗത്തിനായി ഗവണ്മെന്റിൽനിന്നും കിണറുകൾ കുഴിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അപ്രകാരം കുഴിപ്പിച്ചിട്ടുള്ള കിണറുകൾ എത്രയുണ്ടെന്നും അവ ഏതേതു സ്ഥലങ്ങളിൽ ആണെന്നും ഉള്ള വിവരം അറിയിക്കുമോ?

(സി) നട്ടാലത്തുള്ള ആൺ പെൺ പള്ളിക്കൂടങ്ങളിലെ വിദ്യാർത്ഥികൾ കുടിക്കാനുപയുക്തമായ ജലത്തിന്റെ ദൌർലഭ്യംനിമിത്തം കഷ്ടതയനുഭവിക്കുന്ന വിവരം ഗവണ്മെന്റിനറിയാമോ?

(ഡി) തത്സംബന്ധമായി ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ ആരെങ്കിലും വല്ല അന്വേഷണവും നടത്തുകയോ നടപടികൾ നടത്തുകയോ ചെയ്തിട്ടുണ്ടോ?

(ഇ) നട്ടാലത്തുള്ള ജനസാമാന്യത്തിന്റേയും സ്കൂൾ വിദ്യാർത്ഥികളുടേയും ഉപയോഗത്തിനായി ഒരു കിണറു കുഴിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഇല്ല. ചാന്നാന്മാരുടെ ഉപയോഗത്തിനായി നട്ടാലത്തു കവലിക്കോട്ടുപള്ളിക്കു സമീപം ഒരു കിണറു കുഴിപ്പിക്കുന്നതിനെസംബന്ധിച്ചു സാനിട്ടറി കമ്മീഷണർ ശുപാർശചെയ്തിട്ടുണ്ട്. ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(സി)യും (ഡി)യും. നട്ടാലം ആൺപള്ളിക്കൂടത്തിൽ ജലദൌർലഭ്യം ഉണ്ടെന്നും ഒരു കിണറു കുഴിപ്പിക്കുന്നതിലേക്കായി കുറെ സ്ഥലം കൂടി വാങ്ങിസ്കൂൾ കാമ്പൌണ്ടിനോടു ചേർക്കണമെന്നു ആലോചന ഉണ്ടെന്നും എന്നാൽ തദ്ദേശവാസികൾ ഇതിലേക്കു നാട്ടുകാരെന്നു പറഞ്ഞിരുന്ന പണം ഇതുവരെ കൊടുത്തിട്ടില്ലായ്കയാൽ ഇതേസംബന്ധിച്ചു യാതൊന്നും ചെയ്യുന്നതിനിടയായിട്ടില്ലെന്നും റിപ്പോർട്ടു കിട്ടിയിരിക്കുന്നു.

(ഇ) അപ്രകാരം ചെയ്യാം.

മി. ടി. കുമാരപിള്ള (കൽക്കുളം—വിളവംകോട്): നട്ടാലം പകുതിയിൽ പൊതുജനങ്ങളുടെ വകയ്ക്കായി ഒരു കിണറുകുഴിപ്പിക്കാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഉത്തരത്തിൽ ഏതുഭാഗത്തെപ്പററിയാണ് ചോദ്യം ചോദിക്കുന്നത്?

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): (ബി) ഭാഗം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): നട്ടാലത്തു വെറിക്കോട്ട എന്ന സ്ഥലത്തിനു സമീപം ഒരു കിണറുകഴിക്കുന്നതിനെസംബന്ധിച്ചു എഴുതുകൂത്തു നടന്നുവരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): അതു ചർച്ചിനു അടുത്താണല്ലോ; അല്ലാതെ ആ പകുതിയിലുള്ള പൊതുജനങ്ങളുടെ ആവശ്യത്തിനായി വേറെ കിണറുകഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതല്ലാതെ വേറെ കഴിക്കണമെന്നു ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം- വിളവംകോട്ട്): പാർട്ടു സിയും ഡിയും. ആൺ പള്ളിക്കൂടത്തിൽ സ്ഥലം എടുക്കുന്നതിനു ജനങ്ങൾ പണം കെട്ടിവെച്ചിട്ടില്ലങ്കിൽ അവിടെ ഒരു കിണറു കുഴിക്കേണ്ടോ എന്നാണോ ഉദ്ദേശിക്കുന്നത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പണം കെട്ടിവയ്ക്കാമെന്നു പറഞ്ഞതനുസരിച്ചു പണം കെട്ടിവയ്ക്കുമോ ഇല്ലയോ എന്നറിഞ്ഞതിന്റെ ശേഷംവേണം അതിനെപ്പററി ആലോചിക്കാൻ.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): എന്തിനല്ലാ അറിയേണ്ടതു. ആ പള്ളിക്കൂടത്തിൽ വെള്ളംകിട്ടാൻ പ്രയാസമാണെന്നു സമ്മതിക്കുന്ന സ്ഥിതിക്കു കുട്ടികളുടെയും സമീപത്തുള്ള ആളുകളുടെയും ഉപയോഗത്തിനു അവിടെ ഒരു കിണറു കഴിപ്പിക്കുമോ എന്നതിനെപ്പററിയാണു. ജനങ്ങൾ പണം കെട്ടിവച്ചില്ല, അതാണു പ്രശ്നം എന്നു പറഞ്ഞു. അവർ പണം കെട്ടിവച്ചില്ലങ്കിൽ അവിടെ കിണറുകഴിപ്പിക്കുന്നതിനു ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പണം കെട്ടിവയ്ക്കുന്നതിനു എന്തുകൊണ്ടു പറഞ്ഞതനുസരിച്ചു വായനക്കാരുടെ റിപ്പോർട്ടു തരുവാനെ കിട്ടിയിട്ടുള്ളൂ. പണം കെട്ടിവയ്ക്കുന്നതിൽ കിണറു കുഴിക്കേണ്ടതാണോ അതിനെപ്പററി പിന്നീടു ആലോചിക്കണം.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): പെൺപള്ളിക്കൂടത്തിൽ വെള്ളംകിട്ടുന്നതിനു വിഷമമില്ലാ എന്നാണു മറുപടിയിൽ കാണുന്നതു. എന്നാൽ ആൺപള്ളിക്കൂടത്തിനും പെൺപള്ളിക്കൂടത്തിനും ഒരു തരത്തിലുള്ള ഭേദമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു ഇപ്പോൾ അറിയാൻ പറ്റില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): അതു വരുന്നതുവരെ അടുത്തതാണെങ്കിൽ ആ ഉദ്യോഗസ്ഥനെ ഒട്ടുകണ്ടു ഗവണ്മെന്റ് സമ്മതിക്കാതെ നിവൃത്തിയുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പെൺപള്ളിക്കൂടം ഇൻസ്പെക്ടറസ്സ് അവിടെ വെള്ളംകിട്ടുന്നതിനു യാതൊരു അപേക്ഷയുമില്ലെന്നു എഴുതിട്ടുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്ട്): ഡിപ്പാർട്ടുമെന്റുകൾക്കധികാരികൾ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞാൽ അതുകൊണ്ടു സ്കൂളിന്റെ ബുദ്ധിമുട്ടു വരികയില്ലെന്നാണോ വിചാരിക്കുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഡിപ്പാർട്ടുമെന്റിലെ അധികാരി പറഞ്ഞതനുസരിച്ചാണ് മറുപടി പറഞ്ഞിട്ടുള്ളതു.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്ട്): പെൺപള്ളിക്കൂടത്തിൽ കുടിക്കാൻ വെള്ളത്തിനു വിഷമമുണ്ടോ എന്നു സൂക്ഷ്മമായി അന്വേഷിച്ചറിയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതിനെപ്പററി അന്വേഷിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): അന്വേഷണത്തിൽ ആവശ്യമുണ്ടെന്നു കാണുന്നപക്ഷം അവിടെ ഒരു കിണറുകഴിപ്പിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു റിപ്പോർട്ടിന്മേൽ ആലോചിക്കേണ്ടതാണ്.

വിളവംകോട്ടതാലൂക്കിൽ കരംഇളവു.

ക്വസ്റ്റ്യൻ. മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): (എ) ഫസൽ പകുതിയിൽ ഉണ്ടായ അതിവർഷാനിമിത്തം വിളവുകോട്ടതാലൂക്കിലെ കൃഷിക്കു നഷ്ടം ഭവിച്ചതുകൊണ്ടു കരത്തിൽ ഒരംശം ഇളവുചെയ്തു വാങ്ങിയോ കൃഷിക്കാരിൽനിന്നു പിന്തിക്കുകയുണ്ടായിട്ടുണ്ടോ?

(ബി) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ഇളവുചെയ്തതുക ഇപ്പോൾ വീണ്ടും ഈടാക്കണമെന്നു ഉത്തരവു ഉണ്ടായിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) ഉത്തരം നിഷേധരൂപത്തിലാണ്.

(ബി) ഒന്നാംഭാഗത്തിന്റെ മറുപടിയുടെസ്ഥിതിക്കു ഈ ചോദ്യത്തിനു സന്ദർഭമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): എൻ-തല വർഷത്തിൽ തിരുവനന്തപുരം ഡിവിഷനിൽ അഴുകിച്ചതം ഉണ്ടായിട്ടില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഉണ്ടായിരിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): അങ്ങിനെ ഉണ്ടായിട്ടുണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അറിയാം.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്ട്): അങ്ങിനെ അഴുകിച്ചതം ഉണ്ടായിട്ടുണ്ടെങ്കിൽ കരം കുറവുചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഒറമിക്കൽചട്ടത്താൽ അഴുകിച്ചതത്തിനു സാധാരണകരം ഇളവുചെയ്തുകൊടുക്കണമെന്നു എർപ്പാടില്ലാ. സ്പെഷ്യൽ കേസായിട്ടു കരം കുറവുചെയ്യുന്നതിനു വല്ല കാരണവുംഉണ്ടെങ്കിൽ അതിനു പ്രത്യേകമായ ഉത്തരവാണ് കൊടുത്തുവരുന്നതു. ഇക്കാര്യത്തിൽ തിരുവനന്തപുരം ഡിവിഷനെസംബന്ധിച്ചു അവസാനമായി കൊടുത്തിട്ടുള്ള ഉത്തരവിൽ വിളവംകോട്ടതാലൂക്കിനും

തിരുവനന്തപുരം ഡിവിഷനിലുള്ള മററുചില താലൂക്കുകൾക്കും അഴുകിച്ചേതം നിമിത്തം കരം കുറവുചെയ്യുകിട്ടുന്നതിനു അർഹതയില്ലെന്നുള്ള കമ്മീഷണരുടെ റിപ്പോർട്ടനുസരിച്ചുള്ള തീരുമാനം ഇല്ലായ്മ.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): ഫാമിൻ-കാലത്തു വലുതായ നഷ്ടങ്ങൾ ഉണ്ടായ കൃഷിദോഷത്തിനു ഗവർണ്ണമെന്റു, കരം ഇളവുചെയ്തു കൊടുക്കേണ്ടതാണെന്നു വിചാരിക്കുന്നുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): അതാണ് അളക്കേണ്ടതു. ഫാമിൻ-കാലവർഷത്തിനിമിത്തം സംഭവിച്ചതെന്നു കരുതിക്കൊള്ളുകയായിട്ടുള്ള കൃഷിപ്പിഴയെപ്പററി പാർലമെന്റുവകുപ്പ് കമ്മീഷണരുടെ അഭിപ്രായം റിപ്പോർട്ടുചെയ്തു അതിൻമേൽ ഗവർണ്ണമെന്റു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു. ഇതിൽ വിളവംകോട്ടു താലൂക്കിനെ ഉൾപ്പെടുത്തീട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): ഫാമിൻ-കാലത്തു അതിവർഷംനിമിത്തമുണ്ടായ കൃഷിദോഷത്തിനു ഏതിടത്തെങ്കിലും കരം കുറവുചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): ഉണ്ടു്.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): അതു വിളവംകോട്ടുതാലൂക്കിനു ബാധിക്കാതിരിക്കുന്നതിനുള്ള കാരണമെന്തു്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): സ്ഥലം തഹശീൽദാർ കൊടുത്തിട്ടുള്ള റിപ്പോർട്ടിന്നു ഗവർണ്ണമെന്റു ചെയ്തതീരുമാനമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): വിളവംകോട്ടുതാലൂക്കിൽ അഴുകിച്ചേതം വന്നിട്ടില്ലെന്നു അവിടത്തെ തഹശീൽദാർ റിപ്പോർട്ടു സമ്പ്രദിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): അഴുകിച്ചേതത്തിനു ചട്ടപ്രകാരം കരം ഇളവുചെയ്തുകൊടുക്കാറില്ലെന്നു ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞതല്ലോ?

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): ഒരു പൂവിൽ കരം പിരിക്കാതിരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): അതികഠിനമായ വർഷം ഉണ്ടായപ്പോൾ താലൂക്കുകളിൽ സ്ഥലപരിശോധനനടത്തി കരം ഇളവുചെയ്തു കൊടുക്കുന്നതിനെസംബന്ധിച്ചു ഒരു ചട്ടം ഉണ്ടാക്കി അയയ്ക്കുന്നതിനു ഗവർണ്ണമെന്റിൽനിന്നും ഉത്തരവുകൊടുത്തു. അതനുസരിച്ചു കരം പിരിക്കുന്നതു പിന്നീടു തൽക്കാലം നിറുത്തിവച്ചു. അതിനുശേഷമാണ് അതിനെസംബന്ധിച്ചു ഗവർണ്ണമെന്റു ഓർഡർ ഉണ്ടായതു. അതിൽ വിളവംകോട്ടുതാലൂക്കിലേക്കു കരം ഇളവുചെയ്തു കൊടുക്കണമെന്നു തീരുമാനിച്ചു. പിന്നീടാണ് കരംപിരിക്കാൻ തുടങ്ങിയതു്. കരം നിറുത്തൽചെയ്തിട്ടു പിന്നീടു പിരിച്ചിട്ടില്ലാ.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): വിളവംകോട്ടുതഹശീൽദാർ എഴുതി അയച്ചു ലിസ്റ്റിൽ അവിടെ കരം ഇളവുചെയ്യണമെന്നു പറഞ്ഞിട്ടില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): ഉണ്ടു്.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): രണ്ടുപൂവിലെ കരം ഒന്നിച്ചാണോ പിരിച്ചതു്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): നവംബർ വ്യ-ന്നയാണ് അവസാനത്തെ ഉത്തരവുണ്ടായതു. രണ്ടുപൂവിനുള്ളകരം ഒന്നിച്ചു പിരിച്ചിട്ടുണ്ടോഎന്നു തീർച്ചയായി അറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): കരംകുറവുചെയ്യുകിട്ടുമെന്നുള്ള വിചാരത്തോടുകൂടി ജനങ്ങൾ ഇരിക്കുകയും ഒടുവിൽ രണ്ടുപൂവിലെകരം ഒന്നിച്ചു ഈടാക്കുകയും ചെയ്തിട്ടുള്ളതായി ഗവർണ്ണമെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): അതാണ് അറിഞ്ഞുകൂടാ എന്നു പറഞ്ഞതു. നവംബർ വ്യ-ന്നക്കുശേഷമാണ് കരംപിരിവു തുടങ്ങിയതു.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): അഴുകിച്ചേതംവന്നു കൃഷിക്കു നഷ്ടംവന്നതു ഗവർണ്ണമെന്റു അറിഞ്ഞിട്ടുള്ളതിനാൽ അടുത്തപൂവിനു ഇനിയ പരിഹാരമുണ്ടാക്കുമെന്നു വിചാരിച്ചിരുന്നപ്പോൾ രണ്ടു പൂവിലേയും കരം ഒന്നിച്ചു ഈടാക്കിയതിൽ ജനങ്ങൾക്കു സങ്കടമുണ്ടെന്നു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): സങ്കടം ഉണ്ടായിരിക്കാം. വിളവംകോട്ടുതാലൂക്കിലേക്കു കരം ഇളവുചെയ്തുകൊടുക്കണമെന്നു കമ്മീഷണർ ശുപാർശചെയ്തതിനാൽ അതു ഗവർണ്ണമെന്റിൽനിന്നും അനുവദിച്ചില്ല.

ശ്രദ്ധിക്കുക്കി.

ഫാൻ്റ്. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്): കരംകൊടുക്കുന്നവരുടെ ഇടയിൽ ഒരു രൂപയും അതിനു കുറവും ശ്രദ്ധിക്കുതി കൊടുക്കുന്നവരായി എത്ര ശതമാനം ആളുകൾ ഉണ്ടെന്നുള്ളവിവരം ഗവർണ്ണമെന്റു ദയവായി അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): ഏകദേശം മുപ്പത്തൊൻപതു ശതമാനത്തോളം.

ഫാൻ്റ്വു മുതൽ ഫാ ൦ ൦ വരെ ഇംഗ്ലീഷ്സ്കൂളുകളുടെ അംഗീകരണത്തിനു അയച്ചിട്ടുള്ള അപേക്ഷകൾ.

ഫാൻ്റ്. മി. കെ. മധുവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്): (എ) കഴിഞ്ഞ മൂന്നു കൊല്ലങ്ങൾക്കിടയിൽ (ഫാ ൦ ൦—ഫാ ൦ ൦) ഗ്രാൻറിനും അംഗീകരണത്തിനുമായി പ്രൈവേററു ഇംഗ്ലീഷ്വിദ്യാലയങ്ങളിലെ മാനേജരന്മാരുടെപക്കൽനിന്നും എത്ര അപേക്ഷകൾ ഗവർണ്ണമെന്റിനു ലഭിച്ചിട്ടുണ്ടു? അവയിൽ എത്ര അനുവദിക്കയും എത്ര നിരസിക്കയുംചെയ്തു.

(ബി) ഓരോ അപേക്ഷകളെസംബന്ധിച്ചും ഏതേതുകാരണങ്ങളാൽ ഗ്രാൻറോ അംഗീകരണമോ നിരസിക്കപ്പെട്ടുഎന്നുള്ളവിവരം പറയുമോ?

മി. കെ. ജാർജ് (ഗവർണ്ണമെന്റുചീഫ്സെക്രട്ടറി): (എ) മെംബർ ആവശ്യപ്പെട്ടിട്ടുള്ളപ്രകാരം (അനുബന്ധം ൪ നോക്കുക) സഭാസമക്ഷം ഹാജരാക്കിയിരിക്കുന്നു.

(ബി) അംഗീകരണത്തിനു പര്യാപ്തമായ യോഗ്യതകൾ ഇല്ലാതിരുന്ന വിദ്യാലയങ്ങൾക്കുമാത്രമെ അംഗീകരണം നല്കാതിരുന്നിട്ടുള്ളു. സഹായധന നിബന്ധനകൾഅനുസരിച്ചു ഗവർണ്ണമെന്റിന്റെ സഹായത്തിനു

അർഹതയുള്ളവയെന്നു കാണപ്പെട്ടവയും തൃപ്തികരമായി നടത്തപ്പെട്ടിട്ടുള്ളവയുംആയ എല്ലാ വിദ്യാലയങ്ങൾക്കും ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്.

നിശാപാഠശാലകളുടെ എണ്ണത്തിനുള്ള ഇടിവ്.

ക്വസ്റ്റ്യൻ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): (എ) ൧൯൪൦-ൽ നിശാപാഠശാലകളുടെ എണ്ണം കുറയുന്നതിനുള്ള കാരണങ്ങൾ ഇന്നതെന്നു പറയുവാൻ ഗവർണ്ണമെന്റിന് സാധിക്കുമോ?

(ബി) ഇവയിൽ ൧൯ പാഠശാലകൾക്ക് എന്തുകൊണ്ടു ഗ്രാൻറ് അനുവദിക്കപ്പെട്ടില്ല?

മി. കെ. ജോർജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): (എ) ൧൯൪൦-ൽ ൧൯ നിശാപാഠശാലകൾക്കു നിർത്തേണ്ടിവന്നു. വേണ്ടിടത്തോളം അദ്ധ്യാപകരെ ലഭിക്കായ്കയോ മരണപ്പെട്ടോ മരണപ്പെടുത്തിയോ ഉള്ള കുഴപ്പങ്ങൾകൊണ്ടാണ് സ്കൂൾ നിറുത്തേണ്ടതായി വന്നിട്ടുള്ളതെന്നു റിപ്പോർട്ടു കിട്ടിയിരിക്കുന്നു.

(ബി) ൧൯൪൦-മാണ്ടു ഇടവമാസത്തിൽ ഇറക്കപ്പെട്ട ൪ വിദ്യാലയങ്ങൾക്ക് ൧൯൪൦-ൽ സ്കൂൾ ഇറന്ന തീയതി മുതൽ സഹായധനം നൽകിയിട്ടുണ്ട്. നമ്മ വിദ്യാലയങ്ങൾ തൃപ്തികരമായ വിധത്തിൽ നടത്തപ്പെട്ടില്ല. തൽഫലം അവയ്ക്കു ഗ്രാൻറ് അനുവദിച്ചില്ല. സഹായധനത്തിനപേക്ഷിച്ച ഒൻപതു സ്കൂളുകളെ സംബന്ധിച്ചു യാതൊരു റിപ്പോർട്ടും ഇതുവരെ ലഭിച്ചിട്ടില്ല. പലവിധമായ കുറവുകൾ ഉണ്ടായിരുന്നതിനാൽ സഹായധനം നിരസിക്കപ്പെട്ട ഏഴു വിദ്യാലയങ്ങൾ പിന്നീടു അഭിവൃദ്ധിയിൽ വന്നുകാണുകയും പിൽക്കാലം അവയ്ക്കു സഹായധനം നൽകുകയും ചെയ്തിട്ടുണ്ട്. ൧൯൪൦-ൽ സഹായധനം നൽകപ്പെടാത്ത നമ്മ വിദ്യാലയങ്ങളിൽ മൂന്നെണ്ണത്തിനു ൧൯൪൧-ൽ ആയതു നൽകിയിട്ടുണ്ട്. പുതിയ സഹായധനങ്ങളുടെ കാര്യത്തിൽ, ഗ്രാൻറ് അനുവദിച്ചു ഉത്തരവുണ്ടാകുന്ന സ്കൂൾവർഷത്തിനു 4നുള്ള ഒരു തീയതി മുതൽ ആ ഉത്തരവിന്റെ പ്രാബല്യത്തിൽ വരുത്തുവാൻ നിവൃത്തിയില്ലെന്നുള്ളതുകൊണ്ടാണ് ൧൯൪൦-ൽ ഈ വിദ്യാലയങ്ങൾക്കു ഗ്രാൻറ് ലഭിക്കാതെപോയതു.

ഒരു രൂപയിൽ കുറഞ്ഞ തുകകൾ കൊടുക്കാനുള്ളവരുടെമേൽ ൧൯൪൦-ൽ അയച്ചിട്ടുള്ള ഡിമാൻഡ് നോട്ടീസുകൾ.

ക്വസ്റ്റ്യൻ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): (എ) ഒരു രൂപയിൽ കുറഞ്ഞ തുകകൾ കൊടുക്കാനുള്ളവരിൽ എത്രപേരുടെമേൽ ഡിമാൻഡ്നോട്ടീസ് അയച്ചിട്ടുണ്ടെന്നുള്ളതു ഗവർണ്ണമെന്റ് ദയവായി പറയുമോ?

(ബി) നാലു ചക്രത്തിൽ കുറഞ്ഞ ഇത്ര തുകകൾ കൊടുക്കേണ്ടവരുടെമേൽ ൧൯൪൦-ൽ ഡിമാൻഡു നോട്ടീസുകൾ അയക്കപ്പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): (എ) ൧൯വ, ൨ ൪വ..

(ബി) ഉണ്ട്.

൧൯൪൦-മാണ്ടു മജിസ്ട്രേട്ടന്മാർ ചെയ്തിട്ടുള്ള ജോലി.

ക്വസ്റ്റ്യൻ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ൧൯൪൦-ൽ സബാർഡിനേറ്റ് സുപ്രീരിയറും ആയ മജിസ്ട്രീരിയൽ ഉദ്യോഗസ്ഥന്മാരുടെ കൃത്യനിർവ്വഹണത്തിൽ സാരമായ ഹാനി സംഭവിച്ചിട്ടുണ്ടെന്നുള്ള ഹൈക്കോടതിയുടെ അഭിപ്രായത്തെ സംബന്ധിച്ചു—

(എ) മജിസ്ട്രേട്ടന്മാരുടെ നിയമനകാര്യത്തിലും ഉദ്യോഗക്കയററക്കാര്യത്തിലും ഗവർണ്ണമെന്റ് ഹൈക്കോടതിയുമായി ആലോചിക്കാറുണ്ടോ എന്നും,

(ബി) ഏതെങ്കിലും മജിസ്ട്രേട്ടിന്റെ അഭാവം ചെയ്തുതീർക്കുന്ന ജോലി പരിമാണത്തിലും യോഗ്യതയിലും തൃപ്തികരമായിരിക്കുന്നില്ലെന്നുള്ള ഹൈക്കോടതിയുടെ റിപ്പോർട്ടനുസരിച്ചു, ഗവർണ്ണമെന്റ് ശിക്ഷിച്ചിട്ടുണ്ടോ എന്നും ദയവായി അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): (എ) നിയമനകാര്യത്തിൽ ഹൈക്കോടതിയുമായി ആലോചിക്കാറില്ല. ഉദ്യോഗക്കയററക്കാര്യത്തിലും മററു ചുരുക്കം മജിസ്ട്രേട്ടന്മാരുടേയും ജോലിയെ സംബന്ധിച്ചു ഹൈക്കോടതിക്കുള്ള അഭിപ്രായം വേണ്ടവണ്ണം പരിഗണിക്കാറുണ്ടു.

(ബി) ഉണ്ട്.

൧൯൪൦-ൽ ഒടുവിലത്തെ മൂന്നു മാസത്തിനുള്ളിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റ് വ്യയംചെയ്ത പണത്തിന്റെ തുക.

ക്വസ്റ്റ്യൻ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): പൊതുമരാമത്തു ഡിപ്പാർട്ടുമെന്റ് ൧൯൪൦-ൽ ആകെ നടപ്പാക്കിയ പണത്തുകയുടെ ഏതെത്ര അംശമാണ് ആ ആണ്ടു ഒടുവിലത്തെ മൂന്നു മാസകാലത്തിനുള്ളിൽ വ്യയം ചെയ്തിട്ടുള്ളതു എന്നു ഗവർണ്ണമെന്റ് ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): നൂററു ശതമാനം.

വിമൻസ് കാളേജിലെ സംസ്കൃത ട്യൂട്ടർ.

൨൦൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) വിമൻസ് കാളേജിൽ ഈയിടെ ഒരു സംസ്കൃത ട്യൂട്ടറിനെ നിയമിച്ചു എന്നുള്ളതു വാസ്തവമാണോ എന്നും,

(ബി) ഏതു നിലയിലാണ് ആ നിയമനം ഉണ്ടായതെന്നും,

(സി) ആ സ്ഥാനത്തേക്കു യോഗ്യതയുള്ള ഒരു സ്ത്രീ അപേക്ഷക്കാരിയായി ഉണ്ടായിരുന്നോ എന്നും, ഗവർണ്ണമെന്റ് ദയവായി അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): (എ) ൧൯൪൧ നവംബർ മാസത്തിൽ ഒരു സംസ്കൃതപണ്ഡിതനെ നിയമിക്കുകയുണ്ടായി.

(ബി) ആ സ്ഥാനത്തിനു പര്യാപ്തമായ യോഗ്യതയുള്ള ഗ്രാഡുവേററായ ഒരു സ്ത്രീ ഉണ്ടാകുന്നകാലത്തു അദ്ദേഹത്തെ പിരിച്ചുവിടുന്നതാണെന്നുള്ള നിയമത്തിന്മേലാണ് ആ നിയമനം നടത്തപ്പെട്ടിട്ടുള്ളതു.

(സി) നിയമനകാലത്തു ആരുംതന്നെ ഉണ്ടായിരുന്നില്ല

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ സ്കൂൾവർഷാവസാനത്തിൽ വിമൻസ് കാ ളേജിൽ ഏതെങ്കിലും സംസ്കൃതട്യൂട്ടറെ നിയമിച്ചുവോ എന്നു മര്യാദയായി അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി). ഏതൊഴിവിലാണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർണ്ണമെന്റ ഒരു നിയമനവും നടത്തിയിട്ടില്ലെന്നാണോ ഈ പറയുന്നതുകൊണ്ടു വ്യക്തമാക്കാനുദ്ദേശിക്കുന്നതു്?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി): അല്ല. അപ്രകാരം പറവാൻ ഞാൻ ഒരുക്കമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സംസ്കൃതട്യൂട്ടറെ നിയമിച്ചുവോ എന്നുള്ളതായിരുന്നു എന്റെ ചോദ്യം. എനിക്കു ലഭിച്ച മറുപടി ഒരു സംസ്കൃതപണ്ഡിതനെ നിയമിച്ചു എന്നാണ്.

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി): അയിടെ സംസ്കൃതട്യൂട്ടർ എന്ന അഭിധാനത്തിൽ ഒരു ഉദ്യോഗമേ ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പണ്ഡിതർ കഴിഞ്ഞ വർഷത്തിൽ അവധി എടുത്തുവോ?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി): എനിക്കു അതിനെ സംബന്ധിച്ചു അറിവില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യോഗ്യതയുള്ള ഏതെങ്കിലും സ്ത്രീ ഇപ്പോൾ ഇതിനു അപേക്ഷക്കാരിയായി ഉണ്ടോ എന്നുള്ളതു അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി): ഉണ്ട്. ഇപ്പോൾ ഒരാൾ ഉണ്ടെന്നാണ് അറിയുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർണ്ണമെന്റ ആ അപേക്ഷയെപ്പററി പരിഗണിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി): പരിഗണിക്കാം.

ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസരുടെ ക്ലാർക്കുമാരെ സർക്കിൾമാരായി.

൨൦൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ക്ലാർക്കുമാർ ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ പരിശോധിച്ചിട്ടുള്ള ആശുപത്രികളുടെ എണ്ണം എത്രയെന്നും,

(ബി) ഗവർണ്ണമെന്റിലേക്കു സമർപ്പിച്ചിട്ടുള്ള പരിശോധനാറിപ്പോർട്ടുകളുടെ എണ്ണം എത്രയെന്നും,

(സി) ഈ ആശുപത്രികൾ പരിശോധിച്ച തീയതികൾ ഏതേതു എന്നും ഇൻസ്പെക്ഷൻ ഡയറികൾ ഗവർണ്ണമെന്റിൽ സമർപ്പിച്ച തീയതികൾ ഏതെല്ലാം എന്നും ഉള്ള വിവരം ഗവർണ്ണമെന്റ മര്യാദയായി അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി): (എ)-യും, (ബി)-യും, (സി)-യും നമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക (൧൦൦ അനുബന്ധം നോക്കുക) സഭ മുമ്പാകെ ഹാജരാക്കിയിരിക്കുന്നു.

കാസ്റ്റ് ഹിന്ദു ഹോസ്റ്റലിൽ പിഴ ഈടാക്കിയതു.

൨൦൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ക്ലാ ൦ ൦-ൽ മല്ലുവേനൽ അവധികഴിഞ്ഞു വിദ്യാലയം തുറന്നതുമുതൽ ആ വർഷത്തിൽ കർക്കടകമാസാവസാനംവരെ സവർണ്ണഹിന്ദുവിദ്യാർത്ഥിമന്ദിരത്തിലെ വിദ്യാർത്ഥികളിൽനിന്നും ഈടാക്കിയ പിഴയുടെ ആകെ തുക എത്രയെന്നും,

(ബി) ഏററവും കൂടിയതും ഏററവും കുറഞ്ഞതുമായ പിഴകളുടെ തുക എത്രയെന്നും, ഈ പിഴകൾ കല്പിക്കുന്നതിനു കാരണമായ കുററങ്ങൾ ഏതേതെന്നും,

(സി) ക്ലാ ൦ ൦ കർക്കടകം ൧൯-ന് ഇട്ട പിഴയുടെ തുക എന്തെന്നും അറിയിക്കുന്നതോടുകൂടി ഇപ്രകാരം പിഴ നിശ്ചയിക്കപ്പെട്ട വിദ്യാർത്ഥികളുടെ ജാതിതിരിച്ചുള്ള ഒരു ലിസ്ററുകൂടി ഗവർണ്ണമെന്റ സഭമുമ്പാകെ ഹാജരാക്കുമോ?

(ഡി) കൂടാതെ ഹോസ്റ്റലിൽനിന്നും നിഷ്കാസനം ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നും അവരിൽ ഓരോരുത്തരേയും നിഷ്കാസനം ചെയ്യുന്നതിനുണ്ടായ കാരണങ്ങൾ ഏതെന്നും,

(ഇ) അവരെ ഹോസ്റ്റലിൽനിന്നും പുറത്താക്കുന്നതിനു മുമ്പു അവർക്കു പറവാനുള്ള സമാധാനങ്ങൾ കേട്ടിരുന്നോ എന്നും,

(എഫ്) ഇപ്രകാരം പിഴയിടുന്ന ഇനത്തിൽനിന്നുണ്ടാകുന്ന പണം ഏതു പ്രകാരത്തിൽ വ്യയം ചെയ്യപ്പെടുന്നു എന്നും,

(ജി) സവർണ്ണഹിന്ദുവിദ്യാർത്ഥിമന്ദിരത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി കസേരകൾ വാങ്ങിക്കപ്പെടുത്തിയിട്ടുള്ള കളികൾ എന്തെല്ലാമെന്നും ഗവർണ്ണമെന്റ മര്യാദയായി അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി):

(എ) ശ്രീ. രൂപ ഇല്ല.

(ബി) ഏററവും വലിയപിഴ ബ്രിട്ടീഷ്രൂപാ ൪ ആയിരുന്നു. ആയതു, മുമ്പു ഇടക്കു ഉണ്ടായിക്കൊണ്ടിരുന്ന മററു ഉപദ്രവങ്ങൾക്കുപുറമെ വാർഡനോടു അശുക്രമമായും അധികപ്രസംഗമായും അപമര്യാദയായ കുററത്തിനായിരുന്നു. ഏററവും ചെറിയപിഴ നാലുചക്രമാണ് ആയതു അനുസരണഇല്ലായ്മയ്ക്കുവേണ്ടി നല്കപ്പെട്ട ശിക്ഷയാണ്.

(സി) ഒന്നുംഇല്ല.

(ഡി) ആരുംഇല്ലാ. പ്രൊവിഷണലായി അഡ്മിഷൻനൽകപ്പെട്ട ഒരു വിദ്യാർത്ഥിയുടെ കാര്യത്തിൽ അഡ്മിഷൻ പിൻവലിക്കപ്പെട്ടു എന്നുമാത്രമേയുള്ളു.

(ഇ) അപ്രകാരം അയാളെ വെളിയിലാക്കുന്നതിനുമുമ്പുതന്നെ അയാളുടെ സമാധാനം കേൾക്കുകയുണ്ടായി.

(എഫ്) ചോദ്യത്തിന്റെ ഒന്നാംഭാഗത്തിൽ വിവരിച്ചിരിക്കുന്നകാലത്തു ഈടാക്കിയപിഴ ഗവർണ്ണമെന്റു ഖജനാവിൽ നികുതി രസീതിൻപ്രകാരം ഒടുക്കിയിട്ടുണ്ടു.

(ജി) എൻവ മുതൽ എൻവസ വരെയുള്ള സ്കൂൾവർഷത്തിനിടയ്ക്കു ഒന്നുതന്നെയല്ല.

ചിറയിൻകീഴ് ഹയർഗ്രേഡ് വെർണാക്യുലർ ബാലികാപാഠശാലയിലെ

എ൦൧വ—എ൦൧൮ വരെയുള്ള സ്കൂൾപരീക്ഷാഫലം.

൨൦൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴ് ഹയർഗ്രേഡ് വെർണാക്യുലർ ബാലികാപാഠശാലയിൽനിന്നും എ൦൧വ, എ൦൧ൻ, എ൦൧൦, എ൦൧൮ ഈ വർഷങ്ങളിൽ വെർണാക്യുലർ സ്കൂൾപരീക്ഷയ്ക്കു അയച്ച വിദ്യാർത്ഥികളിൽ വിജയിച്ചവരുടെ എണ്ണവും വിദ്യാർത്ഥിനികളിൽ വിജയിച്ചവരുടെ എണ്ണവും കുറിയ്ക്കുന്ന. ഒരു പട്ടിക സഭമേശമേൽ ഗവർണ്ണർക്കു ഒയവായി ഹാജരക്കുമോ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി):

വർഷം.	വിജയിച്ചവരുടെ എണ്ണം.
എ൦൧വ	൨
എ൦൧ൻ	൦
എ൦൧൦	൦
എ൦൧൮	൦

എ൦൧൦—ൽ വനവകുപ്പിൽനിന്നു വിററ തടി.

൨൦൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം, നെടുമങ്ങാട്):

(എ) എ൦൧൦—ൽ വനംവകുപ്പിൽനിന്നും മററു വകുപ്പുകളിലേയ്ക്കു വിലയ്ക്കുകൊടുത്ത ഓരോതരം തടിയുടേയും പരിമാണംഎന്തെന്നും,

(ബി) അപ്രകാരംവിററ ഓരോഇനം തടിയുടേയും വില എന്തെന്നും,

(സി) പബ്ലിക്കുമേലത്തിൽ ഓരോ ജാതിയ്ക്കുമായി വിൽക്കപ്പെട്ട തടിയുടെ പരിമാണം എന്തെന്നും,

(ഡി) എ൦൧൦—ൽ മേല്പറഞ്ഞ ഓരോഇനത്തിൽനിന്നു വസൂലാക്കപ്പെട്ടിട്ടുള്ള വിലയുടെ ആകെയുക എന്തെന്നും ഗവർണ്ണർക്കു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കു സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട ഒരു പട്ടിക, നിയമസഭാനിർവ്വാഹകന്റെ ആഫീസിൽ, നോക്കി കാര്യംഅറിയുന്നതിനു, ചേർക്കുന്നതാണ്.

വനംവകുപ്പിൽനിന്നു വിററിട്ടുള്ള തടിയുടെ വില.

൨൦൫. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം, നെടുമങ്ങാട്): എ൦൧൦—ൽ ഗവർണ്ണർക്കു കൊടുത്തിട്ടുള്ള ഓരോതരം തടിയുടെ വിലയ്ക്കും പബ്ലിക്കുമേലത്തിൽ വിൽക്കപ്പെട്ട അനേകതരം തടിയുടെ വിലയ്ക്കും തമ്മിലുള്ള വ്യത്യാസം വിശദമാക്കുന്ന ഒരു പട്ടിക ഗവർണ്ണർക്കു ദയവായി സഭമേശമേൽ ഹാജരാക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കു സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട പട്ടിക (ആറാം അനുബന്ധം നോക്കുക) സഭമേശമേൽ ഹാജരാക്കിയിരിക്കുന്നു.

വിദ്യാഭ്യാസവകുപ്പിലുള്ള നായന്മാർ.

൨൦൬. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) എൻവ മുതൽ എൻവസ വരെയുള്ള ഒരു കാലത്തിനിടയിൽ യാതൊരു നായർ ഗ്രാഡുവെററിനേയും എൽ. ടി. പരീക്ഷാപരിശീലനത്തിനു എടുക്കാതിരുന്നിട്ടുള്ള കാരണം ഗവർണ്ണർക്കു ദയവായി അറിയിക്കുമോ?

(ബി) എൻവ മുതൽ എൻവസ വരെയുള്ള ഒരു കാലത്തിനിടയിൽ ട്രേയിനിംഗിനു ആളെടുത്ത ഒഴിവിൽ നിയമിച്ചിട്ടുള്ള ഗ്രാഡുവേററ അദ്ധ്യാപകന്മാരുടെ പേരുകൾ പറയുമോ?

(സി) നമ്പ അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരുള്ളതിൽ ഒരു നായർ ഇൻസ്പെക്ടർമാത്രമെയുള്ളുവെന്നും നായന്മാരുടെ അവകാശത്തെ അവഗണിക്കാറുണ്ടെന്നും, അപരേതരം സർവീസല്ലാത്ത നായരേതരന്മാരെ അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരായി നിയമിക്കാറുണ്ടെന്നുള്ള വസ്തുത ഗവർണ്ണർക്കു അറിയാമോ?

(ഡി) വിദ്യാഭ്യാസവകുപ്പിൽ നായർഗ്രാഡുവേററ അദ്ധ്യാപകന്മാരുടെ ശതമാനം വളരെ കുറവാണെന്നുള്ളതു അറിയാമോ?

(ഇ) യോഗ്യതയുള്ള നായന്മാർക്കു വിദ്യാഭ്യാസവകുപ്പിൽ വേണ്ട പ്രോത്സാഹനം നൽകുന്നതിനു അധികൃതന്മാരോടു ആജ്ഞാപിക്കുന്നതിനു ഗവർണ്ണർക്കു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി):

(എ) സർക്കാർ സ്കൂളുകളിൽനിന്നും ഒരു നായർഗ്രാഡുവേററിനേയും ട്രേയിനിംഗിനു എടുത്തിട്ടില്ല എങ്കിലും പ്രൈവേററ സ്കൂളുകളിൽനിന്നും മൂന്നുപേരെ സഹായധനങ്ങൾകൊടുത്തു എടുത്തിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽനിന്നും അദ്ധ്യാപകന്മാരെ ട്രേയിനിംഗിനുഎടുക്കുന്നതു സാധാരണയായി അവരുടെ സർവീസ്അവകാശത്തെ പരിഗണിച്ചിട്ടാണ്. ഈ തത്വത്തെ അടിസ്ഥാനമാക്കി യാതൊരു നായർഗ്രാഡുവേററിന്റേയും അവകാശത്തെ അവഗണിച്ചിട്ടില്ലെന്നുകാണുന്നു.

(ബി) മെമ്പർ ആവശ്യപ്പെട്ട പട്ടിക (ഏഴാമതു അനുബന്ധംനോക്കുക) സഭമേശമേൽ ഹാജരാക്കിയിരിക്കുന്നു.

(സി) നമ്പ ഇല്ലാ. നമ്പ അസിസ്റ്റൻറ് ഇൻസ്പെക്ടിംഗ്ആഫീസർമാർമാത്രമെയുള്ളു. ഇതിൽ ൪ പേർ നായന്മാരാണ്. ഒരു അദ്ധ്യാപകനെ അസിസ്റ്റൻറ് ഇൻസ്പെക്ടർആയി നിയമിക്കുന്നതുകൊണ്ടു അദ്ദേഹത്തിനു അമ്പളക്കൂടുതൽ വരിക്കുന്നില്ല. അപ്രകാരമുള്ള നിയമനങ്ങൾ സർവീസിന്റെ കാര്യക്ഷമതയെ ലക്ഷ്യമാക്കിയാണ് നടത്താറുള്ളതു്.

(ഡി) വിദ്യാഭ്യാസവകുപ്പിൽ നായർഗ്രാഡുവേററ അദ്ധ്യാപകന്മാരുടെ എണ്ണം കുറവാണെന്നുള്ളതു ഗവർണ്ണർക്കു അറിയാം.

(ഇ) യോഗ്യതയുള്ള നായന്മാർക്കു ഈ വകുപ്പിൽ സാമ്പത്തികമുള്ളിടത്തോളം വേണ്ടവിധപ്രോത്സാഹനം നൽകുന്നുണ്ടെന്നാണ് ഗവർണ്ണമെന്റു അറിയുന്നതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ട്രെയിനിംഗ്കാളേജിലെ ട്രെയിനിംഗിനു നായർ അദ്ധ്യാപകന്മാരേക്കാൾ സർവ്വീസു കുറവുള്ള നായരല്ലാത്തവരെ തിരഞ്ഞെടുത്തിട്ടുണ്ടെന്നുള്ളതു ഗവർണ്ണമെന്റിനു അറിയാമോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): അതിനെസംബന്ധിച്ചു അറിവില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗവർണ്ണമെന്റു അന്വേഷിക്കുമോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): അന്വേഷിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): വിദ്യാഭ്യാസവകുപ്പിൽ നായന്മാർക്കു കൂടുതൽ പ്രോത്സാഹനം നൽകുന്നതിനു ഗവർണ്ണമെന്റു ഉത്തരവുണ്ടെന്നു മനസ്സിലായി പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): ആ വകുപ്പിൽ വേണ്ടവിധം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത എല്ലാ സമുദായക്കാർക്കും തരിയായ പ്രോത്സാഹനം നൽകണമെന്നുള്ളതിനു ഗവർണ്ണമെന്റിൽനിന്നും ഡയറക്ടർക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കഴിഞ്ഞകൊല്ലത്തിൽ എത്ര ബി. എ.ക്കാർക്കു ഈ വകുപ്പിൽ ഉദ്യോഗം നൽകി എന്നു പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): ആ ചോദ്യത്തിനു ഉത്തരം പറഞ്ഞുകഴിഞ്ഞു എന്നാണ് എനിക്കു തോന്നുന്നതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഇപ്രകാരമാണെങ്കിൽതന്നെയും അതു എന്റെ ചോദ്യത്തിനുള്ള മറുപടിയല്ല

മി. കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി): ഈ കാര്യം കൌൺസിലിന്റെ ഒഴിക്കു വിഷയീഭവിപ്പിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നതു.

വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽനിന്നും അബ്രാഹ്മണരെ സ്ഥലംമാറ്റിയതു.

൨൦൭. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) മതിയായ യോഗ്യതയില്ലാത്ത ഒരു ബ്രാഹ്മണനു ഉദ്യോഗക്കയറ്റം കൊടുക്കുന്നതിനുവേണ്ടി ഒരു അബ്രാഹ്മണക്കാരനെ വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽനിന്നും മലയാളം സ്കൂൾഇൻസ്പെക്ടരുടെ ആഫീസിലേയ്ക്കു സ്ഥലംമാറ്റിയതായി ഗവർണ്ണമെന്റിനു അറിയാമോ?

(ബി) ഒരു അബ്രാഹ്മണ ടൈപ്പിസ്റ്റിനെ അവിടെനിന്നു അയാളുടെ സ്ഥിരവാസമായ സ്ഥലത്തിലേക്കു തിരിച്ചയച്ചിട്ടു തത്സ്ഥാനത്തു അബ്രാഹ്മണസമുദായങ്ങളിൽപ്പെട്ട അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടും ഒരു ബ്രാഹ്മണനെത്തന്നെയാണ് നിയമിച്ചതെന്നു ഗവർണ്ണമെന്റിനു അറിയാമോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി):

(എ) ഒരു അബ്രാഹ്മണക്കാരനെ വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽനിന്നും മലയാളം സ്കൂൾ ഇൻസ്പെക്ടരുടെ ആഫീസിലേക്കു ഈയിടെ മാറ്റുകയുണ്ടായി. എന്നാൽ അതു മതിയായ യോഗ്യതയില്ലാത്ത ഒരു ബ്രാഹ്മണനു ഉദ്യോഗക്കയറ്റംകൊടുക്കാൻവേണ്ടിഅല്ല.

(ബി) ആ അബ്രാഹ്മണടൈപ്പിസ്റ്റിനെ അയാളുടെ അപേക്ഷ അനുസരിച്ചാണ് സ്ഥിരവാസസ്ഥലമായ സ്ഥലത്തിലേയ്ക്കു തിരിയെ അയച്ചതു. ഇപ്പോൾ നിയമിച്ചിരിക്കുന്ന ബ്രാഹ്മണടൈപ്പിസ്റ്റ് ആ ഉദ്യോഗത്തിനു ഉണ്ടായിരുന്ന അപേക്ഷകന്മാരിൽ ഏററവും കൂടുതൽ യോഗ്യതയുള്ള ആളാണെന്നാണ് അറിയുന്നതു.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലെ തൊഴിൽതാവ.

൨൦൮. മി. കെ. രാമരാമപ്പണിക്കർ (ചേർത്തല):

എ. പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലെ വർക്ക്എസ്റ്റാബ്ലിഷ്മെന്റിലുള്ള ജോലിക്കാരെ വളരെ ചുമതലയേറിയ കാര്യങ്ങൾ ഏൽപ്പിച്ചിട്ടുണ്ടെന്നുള്ളതു ഗവർണ്ണമെന്റിനു അറിയാമോ?

൨. (എ) ഈ സ്ഥാപനത്തിൽ ൨ വർഷം മുതൽ കൊല്ലത്തെ സർവ്വീസുള്ള ജോലിക്കാർ ഉണ്ടെന്നുള്ളതു ഗവർണ്ണമെന്റിനറിയാമോ?

(ബി) ഈ വർക്ക് എസ്റ്റാബ്ലിഷ്മെന്റിലെ മേസ്ത്രിമാർക്കു പെർമനന്റസ്റ്റാഫിലെ താഴ്ന്നജോലിക്കാരെപ്പോലെതന്നെ അവധി, പെൻഷൻ മുതലായ കാര്യങ്ങളിൽ അവകാശം ലഭിക്കുന്നുണ്ടോ എന്നുള്ള കാര്യം ഗവർണ്ണമെന്റിനു അറിയാമോ?

(സി) ഇതിലെ ജോലിക്കാരിൽനിന്നും അവരുടെ അഭിവൃദ്ധിയെ ലക്ഷിച്ചുകൊണ്ടുള്ള വല്ല നിവേദനങ്ങളും ഗവർണ്ണമെന്റിനു ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി ഗവർണ്ണമെന്റു നടത്തിയിട്ടുണ്ടോ?

(ഡി) അവധിയും പെൻഷനും കിട്ടായ്കയാൽ ഈ സ്ഥാപനത്തിലെ ജോലിക്കാർ അനുഭവിച്ചുപോരുന്ന കഷ്ടതകളെസംബന്ധിച്ചു സങ്കടംപറയാനായി അവരുടെ സമൂഹത്തിൽനിന്നും ഒരു കമ്മിറ്റിയെ ഒന്നിലധികംപ്രാവശ്യം ചീഫ് എൻജിനീയരുടെ അടുക്കൽപോയിരുന്നുവെന്നും അവരുടെ സങ്കടങ്ങളെ അറിയിച്ചിട്ടുണ്ടെന്നും പറയുന്നതു വാസ്തവമാണോ എന്നും ആണെങ്കിൽ ചീഫ് എൻജിനീയർ അതിലേക്കു സഹായമായിവല്ല ശിപാർശകളും ഗവർണ്ണമെന്റിനോടു ചെയ്തിട്ടുണ്ടോ എന്നും ദയവായി പറയുമോ?

(ഇ) തന്നാണ്ടത്തെയ്ക്കു ഫണ്ടിനെപ്പററി യാതൊരു നിശ്ചയവുമില്ലാതെ ചീഫ് എൻജിനീയരുടെ കീഴുദ്യോഗസ്ഥന്മാർ ഈ വർക്ക് എസ്റ്റാബ്ലിഷ്മെന്റിലേക്കു ആളിനെ എടുക്കുന്നുണ്ടെന്നുള്ള വസ്തുത അദ്ദേഹത്തിനു അറിയാമോ?

(എഫ്) ഫണ്ടില്ലായ്മയാൽ ഈ സ്ഥാപനത്തിൽനിന്നും വർക്കിന്റെ മദ്ധ്യത്തിൽ പല നല്ലജോലിക്കാരെയും പിരിച്ചയച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണോ?

൩. കൊച്ചിരാജ്യത്തിൽ ഇപ്രകാരമുള്ളവർക്കു എസ്റ്റാബ്ലിഷ്മെന്റു സ്ഥിരപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നുള്ളതു ഗവർണ്ണമെന്റിനു അറിയാമോ?

൪. (എ) ഈ ക്ലർക്കുമാരുടെ ശമ്പളം എത്രയത്രയിൽ കിട്ടുന്നുണ്ട് കൊടുക്കുന്നതെന്നു അറിയിക്കുമോ?

(ബി) ഈ സ്ഥാപനത്തിൽ ക്ലർക്കുമാരെ ചേർക്കുന്നതുകൊണ്ടുള്ളതുസംബന്ധിച്ചു വല്ല നിബന്ധനകളും ഉണ്ടോ?

(സി) ഈ ക്ലർക്കുമാരെ എല്ലാപേരെയുമോ; അല്ലെങ്കിലെപക്ഷം അതിൽ എത്രശതമാനം പേരെയെങ്കിലുമോ കഴിയുന്നതും വേഗത്തിൽ സ്ഥിരജോലിക്കാരാക്കുന്നതിനെ സംബന്ധിച്ചു ഗവർണ്ണരുടെ ഉദ്ദേശമെന്തു ആലോചിക്കുമോ?

൫. അവധിമുതലായ സാധാരണ അവകാശങ്ങൾ ഈ ക്ലർക്കുമാർക്കു കഴിയുന്നതും വേഗത്തിൽ അനുവദിച്ചുകൊടുക്കുന്നതിനു ഗവർണ്ണരുടെ ഉദ്ദേശമുണ്ടാകുമോ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവർണ്ണരുടെ സെക്രട്ടറി): ൧–൨–൩, ബി. സി. ഡി–൫ മുതലും ൪–സി–ം ഇ–ം ചോദ്യങ്ങൾക്കു മെമ്പർ ൧൯൨൯ ആഗസ്റ്റ് ൧൧-ന് ഈ വിഷയത്തെസംബന്ധിച്ചു ഈ കൗൺസിലിൽ ഉണ്ടായ ഉപക്ഷേപത്തിനു കൊടുത്ത മറുപടി നോക്കിക്കൊള്ളുന്നതാകുന്നു.

൨. (ഇ) മറുപടി നിഷേധരൂപത്തിലാണ്:—

(എഫ്) വർക്കു എസ്റ്റാബ്ലിഷ്മെൻറിൽനിന്നും ഫണ്ടു ഇല്ലാതെ ആളുകളെ പിരിച്ചയയ്ക്കുമ്പോൾ, ജോലിയ്ക്കു പ്രാപ്തിക്കുറവുള്ളവരെമാത്രമേ അപ്രകാരം പിരിച്ചയയ്ക്കാറുള്ളു.

൩. (എ) പെററി സൂപ്പർവിഷനുവേണ്ടിയുള്ള എസ്റ്റിമേററിൽനിന്നും ആകുന്നു.

൩. (ബി) മറുപടി നിഷേധരൂപത്തിലാണ്.

ഈ. എസ്. എൽ. സി. പരീക്ഷയും പ്രകൃതിപാഠവും.

൨൦൯. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല):

൧. കഴിഞ്ഞ ഈ. എസ്. എൽ. സി. പരീക്ഷയിൽ എലിമെൻററിക്കണക്കിനു പ്രാപ്തിയായുള്ള മാർക്കുവിച്ചുവരും എന്നാൽ പ്രകൃതിപാഠംനിമിത്തം ശരാശരിമാർക്കു കുറഞ്ഞുപോയവരും ആയുള്ള ആൺകുട്ടികളുടെ എണ്ണം എത്രയെന്നു ഗവർണ്ണരുടെ പറയുമോ?

൨. ബ്രിട്ടീഷ് ഇൻഡ്യയിൽ വിദ്യാർത്ഥികൾക്കു പ്രകൃതിപാഠത്തിൽ പരീക്ഷനടത്താറില്ലെന്നു ഗവർണ്ണരിനു അറിയാമോ?

മി. കെ. ജാർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി):

൧. ൧൪൯൫; എന്നാൽ ഇവരിൽ നൂൻനു പേർ അവരുടെ ശരാശരിമാർക്കു പ്രകൃതിപാഠമൂലം കുറഞ്ഞുപോയെങ്കിലും, കാലത്തു വിദ്യാഭ്യാസത്തിനുവേണ്ട യോഗ്യതയുള്ള സർട്ടിഫിക്കററുകൾ ലഭിച്ചുവരാണ്.

൨. അറിയാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വളരെ അധികം വിദ്യാർത്ഥികളുടെ ശരാശരിമാർക്കു പ്രകൃതിപാഠംമൂലം കുറഞ്ഞിട്ടുണ്ടെന്നുള്ള സ്ഥിതിക്കും, ബ്രിട്ടീഷ് ഇൻഡ്യയിൽ വിദ്യാർത്ഥികൾക്കു പ്രകൃതിപാഠത്തിൽ പരീക്ഷനടത്താറില്ലെന്നുള്ള സ്ഥിതിക്കും ഇനിയും ഈ വിഷയം ഇവിടുത്തെ ഇ. എസ്. എൽ. സി. പരീക്ഷയ്ക്കുള്ള വിഷയവിവരത്തിൽ അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നു ഗവർണ്ണരുടെ വിചാരിക്കുന്നുണ്ടോ?

മി. കെ. ജാർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): വിദ്യാഭ്യാസ ഡയറക്ടരോടു അതുസംബന്ധിച്ചു വേണ്ട അന്വേഷണം നടത്താം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രകൃതിപാഠത്തിനു, ആറാംഫാറത്തിലെ കുട്ടികളെത്തിൽ ഭൂമിശാസ്ത്രത്തിനുള്ളതുപോലെ ഒരു സ്ഥാനംമാത്രം നൽകുന്നതിനു ഗവർണ്ണരിനു വല്ല വിരോധവുമുണ്ടോ?

മി. കെ. ജാർജ് (ഗവർണ്ണരുടെ ചീഫ് സെക്രട്ടറി): ഈ ചോദ്യത്തിനു എൻറെ മറുപടി മുമ്പിലത്തേതുതന്നെയാണ്.

ചേർത്തലതാലൂക്കിലെ കൊഴുമരാമത്തു ഡിപ്പാർട്ടുമെൻറ്.

൨൧. കെ. ശിവരാമപ്പണിക്കർ (ചേർത്തല):

(എ) ആ താലൂക്കിലുള്ള മേസ്തിരിമാരുടെ ജോലി എന്തെന്നും,

(ബി) അവിടെ ഇപ്പോൾ ഉള്ള റോഡുകൾക്കു നീളം എത്രയെന്നും,

(സി) അവിടെ എത്ര മേസ്തിരിമാർ ഉണ്ടെന്നും,

(ഡി) ആ താലൂക്കിലേയ്ക്കു നിക്കിവയ്ക്കാറുള്ള തുകയിൽനിന്നുമാണോ ഇവർക്കു ശമ്പളം കൊടുക്കുന്നതെന്നും,

(ഇ) ആണെങ്കിൽ ൧൯൨൧-ൽ ഈ ഇനത്തിൽനിന്നും എത്രപണം മേസ്തിരിമാരുടെ ശമ്പളത്തിലേയ്ക്കായി ചിലവായിട്ടുണ്ടെന്നും,

(എഫ്) ഇത്രവളരെ മേസ്തിരിമാരെ ചേർത്തല താലൂക്കിൽ ആവശ്യമുണ്ടോ എന്നു വിചാരിക്കുന്നോ എന്നും ഗവർണ്ണരുടെ ദയവായി പറയുമോ?

൨. ഒന്നാംഭാഗം എഫ് ചോദ്യത്തിന്റെ മറുപടി നിഷേധരൂപത്തിലാണെങ്കിൽ ആ താലൂക്കിലെ മേസ്തിരിമാരുടെ എണ്ണംകുറയ്ക്കുന്നതിനുള്ള നടപടികൾ ചെയ്യുമോ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവർണ്ണരുടെ സെക്രട്ടറി):

൧. (എ) റോഡുകൾ, തോടുകൾ, ചിറകൾ, പാലങ്ങൾ, കെട്ടിടങ്ങൾ ഇവയുടെ നിർമ്മാണത്തിലും കേടുപാടുപോക്കലിലും ഉള്ള ചില്ലറ മേൽനോട്ടം, കണക്കുപാട്ടം പിരിയ്ക്കൽ, സ്റ്റോർ സൂക്ഷിക്കുക ആതിലെ സാമഗ്രികളുടെ കണക്കു സൂക്ഷിക്കുക, വേലയെസംബന്ധിച്ചുള്ള കണക്കുകൾ സൂക്ഷിക്കുക മുതലായവയാണ്.

(ബി) പ്രധാന റോഡുകൾ കഴക്കൂട്ടം മുതൽ ഇ ഫർലാങ്ങ് മുതൽ ൧ ഫർലാങ്ങ് മുതൽ അതിലധികമാണ് ഗ്രാമവീഥികളുടെ നീളം ൨൮ മൈൽ ആണ്.

(സി) വർക്കു എസ്റ്റാബ്ലിഷ്മെൻറു സർവേയർ ഒന്ന്, ചേർത്തല തണ്ണീർമുക്കം ബോട്ടുജട്ടി മേസ്തിരിമാർ രണ്ട്, റോഡു തോടു കെട്ടിടം ഇവയ്ക്കുള്ള മേസ്തിരിമാർ ഇവർആണ്.

(ഡി) ഓരോ വേലയ്ക്കും അനുവദിക്കുന്നപണത്തുകയിൽ കൈമാറ്റം സൂപ്പർവിഷനുള്ള ഓഹരിയിൽ നിന്നുമാണ് ഇവരുടെ ശമ്പളം കൊടുത്തുവരുന്നത്,

(എഫ്) ആ താലൂക്കിലെ ഗോഡൗൺ മുറയ്ക്കു ചെയ്തുതീർക്കുന്നതിന് ഇപ്പോൾഉള്ള മേസ്ത്രിമാർ അത്യാവശ്യമാണ്.

ഘ. ഒന്നാംഭാഗം എഫ് ചോദ്യത്തിനുള്ള മറുപടിയുടെ സ്ഥിതിക്ക് ഈ ചോദ്യത്തിന്റെ ആവശ്യം ഉണ്ടാകുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ചോദ്യത്തിന്റെ മറുപടിയുമായി ബന്ധിച്ച് എനിക്ക് ഇത്രയുംകൂടി അറിയുവാനുണ്ട്,

അതായതു ക്ഷ ഠ ക്ഷ ൽ പി. ഡബ്ലിയു. ഡി. വകുപ്പിൽ ചേർത്തലതാലൂക്കിലേക്ക് അനുവദിച്ച പണത്തിന്റെ തുക എന്താണെന്നുള്ളതാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതു് ഇപ്പോൾ പറയുവാൻ എനിക്കു സാദ്ധ്യമല്ല.

ചേർത്തലതാലൂക്കിലെ റോഡുകൾ.

ങ ക്ഷ. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല):

ക. ക്ഷ ഠ ൦ കക്കടകത്തിങ്കൽനടന്ന ബഡ്ജറ്റുചർച്ചയോടുബന്ധത്തിൽ ചേർത്തലതാലൂക്കിലെ റോഡുകൾക്കു അനുവദിച്ചുകൊടുത്ത വീതി എത്രയെന്നും റോഡിൽ ഇടുന്നതിനുള്ള പാറക്കല്ലിന്റെ ഘനം എത്രയെന്നും ഗവർണ്ണമെന്റു മെമ്പറായി പറയുമോ?

ഖ. അപ്രകാരം അനുവദിച്ചിരിക്കുന്ന വീതിയും പാറക്കല്ലിന്റെ ഘനവും വണ്ടി പോകുന്നതിനു ഉതകത്തക്ക ഒരു റോഡിന് ആവശ്യമുള്ളിടത്തോളം ഇല്ലെന്ന് ഗവർണ്ണമെന്റിന് അറിയാമോ?

ഗ. ഈ റോഡുകൾ വണ്ടിപോകത്തക്കവിധത്തിലാക്കി ഗതാഗതസൗകര്യം ഉണ്ടാക്കുന്നതിനു ചോദ്യം നടപടികൾ നടത്തുന്നതിന് ഗവർണ്ണമെന്റിനു മനസ്സുണ്ടാകുമോ?

ഘ. റോഡിനെസംബന്ധിച്ച് ഇതുവരെ നടത്തിയിട്ടുള്ള ചെലവു തീരെ തൃപ്തികരമായിരിക്കുന്നില്ലെന്നു ഗവർണ്ണമെന്റിനു അറിയാമോ?

ങ. ചേർത്തല താലൂക്കിലെ മണ്ണിന്റെ പ്രകൃതിഅനുസരിച്ച് ഈ റോഡിന്റെ ഇരുഭാഗത്തും ചെങ്കല്ലു കെട്ടി ഉറപ്പിക്കേണ്ടതാണെന്ന് ഗവർണ്ണമെന്റിന് അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

ക. ചേർത്തല-അരൂക്കുററിറോഡിന് എട്ടടിവീതി നാലുഇഞ്ചു് ഘനം മററുള്ള റോഡുകൾക്കു പത്തടി വീതി നാലു്ഇഞ്ചുഘനം ഉണ്ട്.

ഖ. അറിയാം,

ഗ. വണ്ടികളുടെ ഗതാഗതം വർദ്ധിക്കുമ്പോൾ ഈ എട്ടടിവീതി പാറക്കൽനിരത്തിന്റെ വീതി വർദ്ധിപ്പിക്കുന്നതാണ്.

ഘ അറിവില്ല.

ങ. ചെങ്കൽ കിത്തിക്കളിയേതിനു എന്നുള്ള സ്ഥലങ്ങളിൽ ആവശ്യംപോലെ അതു കെട്ടുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചോദ്യത്തിന്റെ മൂന്നാം ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ച്, ഏതെങ്കിലും ഒരു താലൂക്കിൽ വണ്ടിഗതാഗതം വർദ്ധിക്കുമോ ഇല്ലായോ എന്നുള്ളതു് അറിവാൻ ഉതകുന്ന വല്ല ശോധനമാർഗ്ഗങ്ങളും ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): വണ്ടിയുടെ ഗതാഗതം വർദ്ധിക്കുമോ ഇല്ലയോഎന്നുള്ളതല്ല വാദവിഷയം. അതു വർദ്ധിക്കുമ്പോൾ റോഡിന്റെവീതി വർദ്ധിപ്പിക്കുന്നതാണ് എന്നാണുഞാൻപറഞ്ഞതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): റോഡിനു വേണ്ട വീതി ഇല്ലെങ്കിൽ പിന്നെ എങ്ങിനെയാണ് വണ്ടിയുടെ ഗതാഗതം വർദ്ധിക്കുക,

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): പത്തടി വീതിയുള്ള മററുള്ള റോഡുകൾ വണ്ടിയുടെ ഗതാഗതത്തിനു സൌകര്യപ്പെട്ടവയാണ്. എട്ടടിമാത്രം വീതിയുള്ള സ്ഥലങ്ങളിൽ അതു വർദ്ധിപ്പിക്കേണ്ടിവന്നേക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പാറക്കൽനിരത്തിന്റെ വീതി എട്ടടിയിൽനിന്നു വർദ്ധിപ്പിക്കുന്നതല്ലെന്ന് മറുപടിയിൽ പറഞ്ഞുകാണുന്നു. റോഡിനു വണ്ടിപോകത്തക്ക വീതി ഇല്ലെങ്കിൽ പിന്നെ എങ്ങിനെയാണ് വണ്ടികളുടെ ഗതാഗതം വർദ്ധിക്കുന്നതു് എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): വർദ്ധനവു എന്നു പറയുമ്പോൾതന്നെ ഏതാനും വണ്ടികൾ കാത്തുനിൽക്കുന്നുണ്ടായിരുന്നു് എന്നാണ് അർത്ഥമാക്കുന്നതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): റോഡുതന്നെ ഇല്ലാത്തപ്പോൾ വണ്ടികൾ എങ്ങിനെയാണ് കാത്തുനിൽക്കുന്നതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാർക്കു വണ്ടിപോകത്തക്ക റോഡിന്റെ ആവശ്യം ഉണ്ടോ ഇല്ലയോ എന്നുള്ളതു് അറിവാൻസാധിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തല താലൂക്കിൽ വണ്ടിപോകത്തക്ക ഏതെങ്കിലും റോഡുണ്ടോ എന്ന് അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): അപൂർവം ചില റോഡുകളുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തല താലൂക്കു നിവാസികൾ വണ്ടിപോകത്തക്ക റോഡിനുവേണ്ടി വളരെക്കാലമായി മുറവിളികൂട്ടിക്കൊണ്ടിരിക്കയാണെന്നു ഗവർണ്ണമെന്റിന് അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ഈ വിവരം ഞാൻ നോട്ടുചെയ്യുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ മുറവിളിയുടെ ഫലമായിട്ടല്ലേ ഈ റോഡുകൾ അനുവദിക്കപ്പെട്ടിട്ടുള്ളതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ആയിരിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആസ്ഥിതിക്കു വണ്ടിയുടെ ഗതാഗതത്തിനു ഉപയുക്തമല്ലാത്ത റോഡ് അനുവദിച്ചതിന്റെ അർത്ഥം എന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സിക്രട്ടറി): ആവശ്യത്തെക്കുറിച്ചു അതിസ്ഥാനപ്പെടുത്തിയാണ് റോഡ് ഉണ്ടാക്കാറുള്ളതു. പ്രസ്തുതറോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനെസംബന്ധിച്ചു, ആവശ്യം എന്നു കാണുമ്പോളും ഫണ്ടു ഉണ്ടാകുമ്പോളും ആലോചിക്കുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): ഖജനാവിൽ പണമില്ലെന്നോ, അല്ലെങ്കിൽ ഈ റോഡിന്നു വീതി കൂട്ടേണ്ട ആവശ്യം ഇല്ലെന്നു ഗവർണ്ണമെന്റു വിചാരിക്കുന്നതായിട്ടോ, ഞാൻ മനസ്സിലാക്കിക്കൊള്ളട്ടയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സിക്രട്ടറി): ഈ രണ്ടു കാര്യങ്ങളെസംബന്ധിച്ചും ഞാൻ യാതൊന്നു തീർച്ചയും പറയുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): വണ്ടിപോകത്തക്ക റോഡിന്റെ ആവശ്യം ചേത്തലയിൽ എത്രമാത്രം ഉണ്ടെന്നുള്ളതു ഗവർണ്ണമെന്റിന്നു ബോദ്ധ്യപ്പെട്ടുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സിക്രട്ടറി): ബോദ്ധ്യപ്പെട്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): അരിപ്പാടു—അമ്പലപ്പുഴ റോഡ് പണിതീർന്നവസ്ഥിതിക്കു ഈ ചേത്തലവരെ നീട്ടുന്നതിനുള്ളി ഗവർണ്ണമെന്റു ഉദ്ദേശിക്കുന്നുണ്ടോ എന്നു ദയവായി അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സിക്രട്ടറി): മെംബർ പറയുന്നതു ചീഫ് എൻജിനിയരെ അറിയിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): ഗവർണ്ണമെന്റ് അതിനെപ്പററി അന്വേഷിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സിക്രട്ടറി): നിശ്ചയമായും അപ്രകാരം ചെയ്യുന്നതാണ്.

അനുബന്ധം I. എ.

൧൯൩-ാം ചോദ്യത്തിന്നുള്ള മറുപടി നോക്കുക.

സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ, ൧൯൯൯ മേടം ൨൫-നു-മുതൽ നടപടികളുടെ പകർപ്പു്.

ഡപ്യൂട്ടി ജയിലരുടെ ൧൯൯൯-ൻ-൨൦-നു-മുതൽ റിപ്പോർട്ടു വായിച്ചുനോക്കി.

ഉച്ചക്കു ഏകാന്ത തടവുമുറികൾ പരിശോധിക്കുന്നതിന്നു ചെന്നപ്പോൾ ൧൯൧൪-ാം നമ്പർ തടവുകാരനും വുന്നുവുന്നു-ാം നമ്പർ തടവുകാരനുംകൂടി ഒരു പാറാവിനുള്ളിൽ ഇരിക്കുന്നതു കണ്ടു എന്നു് ഡപ്യൂട്ടിജയിലർറിപ്പോർട്ടുചെയ്തിരിക്കുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനുള്ള ഒരു ഹർജി ൧൯൧൪-ാം നമ്പർ തടവുകാരൻ പുറത്തുകൊടുക്കുകയും വുന്നുവുന്നു-ാം നമ്പർ തടവുകാരൻ എഴുതുകയും ചെയ്യുകയായിരുന്നു. അന്വേഷണത്തിൽ, മുൻപേയച്ചിട്ടുള്ള ഹർജികളുടെ രസീതുകളും അവയോടൊന്നിച്ചു ആ ഹർജികളുടെ പകർപ്പുകളും അയാളുടെ പായുടെ അടിയിൽ മടിച്ചുവച്ചിരുന്നതിന്നു കണ്ടെടുക്കപ്പെട്ടു. കുറെ ചക്കരവും ഉണ്ടായിരുന്നു

എന്റെ അന്വേഷണത്തിൽ, ൧൯൧൪-ാം നമ്പർ തടവുകാരൻ, മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യം ജയിലിൽ ഉണ്ടാക്കി ജയിലധികാരികളെ ഉപദ്രവിക്കണമെന്നുള്ള ഏകദുരുദ്ദേശത്തോടുകൂടി ഗ്രൂഢമായി മജിസ്ട്രേട്ടന്മാരുടെപേരു പേരുവയ്ക്കാതെ ഹർജികൾ സാധാരണമായി അയയ്ക്കാറുള്ള ഒരുവനാണെന്നാണു, അറിയുന്നതു്. ഹർജിയിലെ കാര്യം ചില ജയിലധികാരികളുടെമേലുള്ള നിസാരകുററങ്ങൾമാത്രമായിരുന്നു. വുന്നുവുന്നു-ാം നമ്പർ തടവുകാരൻ, ൧൯൧൪-ാം നമ്പർ തടവുകാരന്റെ പ്രേരണയിന്മേൽ കഴിഞ്ഞമാസത്തിൽ മററൊരു ഹർജികൂടി എഴുതിയെന്നു സമ്മതിക്കുകയും അതിന്റെ ഒരു പകർപ്പു എന്നു കാണിക്കുകയുംചെയ്തു. ൧൯൧൪-ാംനമ്പർ തടവുകാരൻ മുൻപു പലശിക്ഷകളും അനുഭവിച്ചിട്ടുള്ളവനും ജയിലിൽതന്നെ പലകുററങ്ങൾ പ്രവർത്തിച്ചിട്ടുള്ളവനും ആയതുകൊണ്ടും പഴക്കവുംചെന്ന ഒരു കുററവാളിയാകുന്നു. തടവുകാർ ഇപ്രകാരം പേരുവയ്ക്കാതെ ഹർജി എഴുതുകയും മററുംചെയ്യുന്നതു നിരുത്തൽചെയ്യാതിരുന്നാൽ, ജയിലിനുള്ളിൽ ഗുരുതരമായ ശാസന ഉണ്ടായിരിക്കുക എന്നുള്ളതു അസന്ദേഹമായിത്തീരും. ഈ ആളിന്റെ കുററത്തെ ലഘൂകരിക്കുന്ന യാതൊരു കാര്യവും ഞാൻ കാണുന്നില്ല. അതിനാൽ ൧൯൧൪-ാം നമ്പർ തടവുകാരനു, മുക്കാലിയിൽകെട്ടി ൨൫ അടി വീതം നൽകിയിരിക്കുന്നു. വുന്നുവുന്നു-ാംനമ്പർ കുററവാളി മുവുകഒരു സഹായിയായിരുന്നതേയുള്ളു എങ്കിലും കുററത്തിന്റെ ഗൌരവം ആലോചിക്കുമ്പോൾ, അയാളെ ഒരു നിസാരശിക്ഷകൊടുത്തു വിട്ടുന്നതിന്നു പററുകാണുന്നില്ല. അതിനാൽ, അയാൾക്കും അഞ്ചടിക്കുതന്നെ നൽകുന്നു. എന്നാൽ അടിയുടെ എണ്ണം ൨൫-ആയി കുറച്ചിരിക്കുന്നു.

അനുബന്ധം I. ബി.

൧൯൩-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൯൧൪ കുന്നിമണ്ണിലെ അന്തേവാസി സന്ദർശകന്മാർ സന്ദർശക ഡയറിയിൽ എഴുതിയിട്ടുള്ള അഭിപ്രായങ്ങളുടെ പകർപ്പുകൾ.

മദ്രാസ് പ്രസിഡൻസിയിലുള്ളതുപോലെ ഇവിടെയും, ജയിൽപുള്ളികളുടെ മനഃസംസ്കരണത്തിനായി ഇടയ്ക്കിടെ ജയിലിനുള്ളിൽ ചെയ്യുവരുന്ന ജീവകാരുണ്യശ്രമങ്ങൾക്കുടാതെ, വിട്ടുപോകുന്ന പുള്ളികളുടെ നന്മക്കുവേണ്ടി പ്രവർത്തിക്കുന്നതിന്നു ജയിലിനുപുറത്തിയിലും ഏതെങ്കിലുംതരത്തിലുള്ള ഒരു സംഘം ഉണ്ടായിരിക്കേണ്ടതാണെന്നു എനിക്കു് അഭിപ്രായമുണ്ടു്. ഈ സംഘം, ജയിൽനിന്നുവിട്ടു വെളിയിൽവരുന്ന പുള്ളികളെ ജയിൽവാതുക്കൽവച്ചുതന്നെ സ്വീകരിച്ചു് അവരെസംബന്ധിച്ചുള്ള ചുമതലകൾ ഏററുകേണ്ടതാണു്. അതു് അവരുടെ അനന്തരനടപടികളെ സൂക്ഷിക്കുകയും അവർക്കു തൊഴിലുണ്ടാക്കി കൊടുക്കുകയും ചെയ്യണം. ആയതു സാദ്ധ്യമല്ലെങ്കിൽ അവർ പണ്ടേപ്പോലെ അവരുടെ ഉൎവ്വ്യാപാരങ്ങളിൽ ഏർപ്പെടാതെ സൂക്ഷിക്കുകയെങ്കിലും വേണ്ടതാകുന്നു. കൂടാതെ ജയിൽ ഉദ്യോഗത്തിൽ ഇരുന്നു നല്ലപരിചയംസിദ്ധിച്ചിട്ടുള്ള ഏതെങ്കിലും ഒരാളെ സൎക്കാരിൽനിന്നു, ഈ രാജ്യത്തിന്നുവെളിയിലുള്ള ജയിലുകളെ സന്ദർശിച്ചു അവിടത്തെ നടപടിക്രമങ്ങളെ നേരിട്ടുകണ്ടറിയുന്നതിന്നും, മദ്രാസ് മുതലായ സ്ഥലങ്ങളിൽ ജയിലിൽനിന്നുവിട്ടു വെളിയിൽവരുന്ന തടവുകാരെ സഹായിപ്പാനായി ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങൾ അവർക്കു് ഏതുവിധത്തിൽ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നു [illegible] അറിയുന്നതിന്നുംവേണ്ടിയായി, അയക്കുന്നതു നന്നായിരിക്കുമെന്നു ഈ സന്ദർഭത്തിൽ ഞാൻ അഭിപ്രാ

യപ്പെടുന്നു. ഈ സർവപ്രധാനമായ അഭിപ്രായത്തെസംബന്ധിച്ചു അധികാരികൾ കഴിയുന്നതുംവേഗത്തിൽ വേണ്ട ആലോചനകൾ ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

കെ. എസ്. നാരായണയ്യർ (ഒപ്പു).

൧൯൦൯-൨-൧൨

൧൯൦൯-൩-൧൨.

ജയിൽ സന്ദർശിക്കുകയും ആ സ്ഥലത്തെല്ലാം ചുററിനടക്കുകയുംചെയ്തു. അവിടത്തെ സുഖസംരക്ഷണം വളരെ തൃപ്തികരംതന്നെ. അതിനും പച്ചക്കറിസാമാനങ്ങളും നന്നായിരിക്കുന്നു. അതിരെവെപ്പു ഭംഗിയാകുവണ്ണം നടത്തപ്പെടുന്നു. പാചകശാല ശുചിയായി സൂക്ഷിച്ചിരിക്കുന്നു. തടവുകാരുടെ ആരോഗ്യം വളരെ തൃപ്തികരമായിരിക്കുന്നു. അവരുടെ കൂട്ടത്തിൽ വളരെ മെലിഞ്ഞു വരുന്നതിൽ സുഖക്കേടാണെന്നു പരാതിപറഞ്ഞ ഒരു മോട്ടാർ ഡ്രൈവർ ഉണ്ടായിരുന്നു. അയാളെ സംബന്ധിച്ചു ഞാൻ ഡാക്ടരോടു ചോദ്യകയുണ്ടായി. ആ ആശുപത്രിയിൽ ആകെ ഒരു രോഗിമാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽനിന്നും, അധികൃതന്മാർ തടവുകാരുടെ ആരോഗ്യത്തെ സംബന്ധിച്ചു എത്രമാത്രം ശ്രദ്ധയുള്ളവരായിട്ടാണിരിക്കുന്നതെന്നു വെളിപ്പെടുന്നതാണ്. മരണശിക്ഷ വിധിക്കപ്പെട്ട ഒരു തടവുകാരനെ ഞാൻ കണ്ടു. ഞാൻ അയാളുമായി സംസാരിച്ചതിൽ അയാൾ സ്വബുദ്ധിയുള്ളവനായി കാണപ്പെട്ടില്ല. അയാളെ ഇപ്രകാരത്തിലുള്ള നായിക്കുന്നതിനുമുമ്പു ഒന്നുകൂടി പരിശോധിക്കുകയോ അല്ലാത്തപക്ഷം ശാന്താശുപത്രിയിൽ കുറെനാൾ താമസിപ്പിച്ചു നോക്കുകയൊ ചെയ്യുന്നതു നന്നായിരിക്കും. ചെങ്ങളം മേനോൻ എന്ന പേരുള്ള ഒരു തടവുകാരനുണ്ട്. ഏകദേശം ൨൫ കൊല്ലങ്ങൾക്കു മുൻപു അവൻ ജയിലുചാടി രക്ഷപ്രാപിപ്പാൻ ശ്രമിച്ചിട്ടുള്ളവനാണെങ്കിലും ഇപ്പോൾ പ്രായശ്ചിത്തമുണ്ടായതുകൊണ്ടു അയാൾ അപ്രകാരം ചെയ്യുമെന്നുള്ള ശങ്കയ്ക്കവകാശമില്ല. അതിനാൽ അവന്റെ ശരീരത്തിൽനിന്നും വിലങ്ങു ഇനി മാററാമെന്നാണ് എന്റെ അഭിപ്രായം. വിലങ്ങുകൾക്കുള്ള ഉപയോഗത്തെ സംബന്ധിച്ചു അവൻ വളരെ മനസ്താപത്തോടെ സങ്കടംപറയുന്നു.

ജയിലിൽനിന്നുവിട്ടു വെളിയിൽപോകുന്ന തടവുകാരുടെ നന്മയെ ഉദ്ദേശിച്ചുള്ള ഒരു സ്ഥാപനം വേണമെന്നുള്ള എന്റെ സ്നേഹിതൻ മിസ്റ്റർ കെ. എസ്സ്. നാരായണയ്യരുടെ അഭിപ്രായം വളരെ നല്ലതുതന്നെ. അപൂർവ്വം ചില തടവുകാർ, ജയിൽവാസംവിട്ടാൽ സന്മാർഗ്ഗികളായി ജീവിപ്പാനുള്ള അവരുടെ ആഗ്രഹത്തെ സംബന്ധിച്ചു എന്നോടു പറഞ്ഞിട്ടുണ്ടു. എന്നാൽ അപ്രകാരം ചെയ്യുന്നതിൽ അവർക്കുള്ള പ്രതിബന്ധങ്ങളെക്കുറിച്ചു പറഞ്ഞുകേട്ടപ്പോൾ, അവരുടെ ആഗ്രഹങ്ങളറിഞ്ഞു സഹായിക്കുന്നതിനു തയ്യാറുള്ള ഒരു സംഘം ഉണ്ടായിരുന്നാൽ ആ സംഘത്തിന് അവർക്കുവേണ്ടി സാരമായ പല ഗുണങ്ങളും ചെയ്യുവാൻ കഴിയുമെല്ലാ എന്ന് എനിക്കുതോന്നി. ഒരു മാജിക്ക്ലാന്റേൺ (ഇന്ദ്രജാലവിളക്കു) വാങ്ങിക്കണമെന്നുള്ള അഭിപ്രായവും നന്നായിരിക്കുന്നു. ജയിലിൽ മാത്രമല്ല വെളിയിലുള്ള വിദ്യാലയങ്ങളിൽക്കൂടി അതിനെ ഉപയോഗപ്പെടുത്താം. അതുപോലെയുള്ള പ്രദർശനങ്ങൾ, മവേറെ പ്രസംഗങ്ങളുക്കാളും, ഉപദേശങ്ങളുക്കാളും എത്രയോഹലവത്താണ്.

എം. കെ. നാരായണപിള്ള (ഒപ്പു).

൧൯൦൯ ധനു ൧൪-൦൩-നു-൪൦-നു ജയിൽ സന്ദർശിച്ചു. പറയത്തക്ക വിശേഷം ഒന്നും ഇല്ല.

കെ. പരമേശ്വരൻപിള്ള (ഒപ്പു).

൧൯൦൯-൧-൩൦. നു-൩൦-നു ജയിൽ സന്ദർശിച്ചു. ചുററിനടന്നു നോക്കിയതിൽ ആരോഗ്യസംരക്ഷണമാർഗ്ഗങ്ങൾ വളരെ തൃപ്തികരമായി തോന്നി. വൈകുന്നേരത്തേക്കുള്ള ആഹാരസാധനങ്ങൾ പാകംചെയ്യുന്നതുകണ്ടു. അതും വളരെ തൃപ്തികരമായിരിക്കുന്നു. ആശുപത്രിയിൽ രോഗികൾ ഇല്ലെന്നുതന്നെപറയാം. വളരെ പാരവശ്യനിലയിലുള്ള ഒരു വാതരോഗിമാത്രം ഉണ്ടായിരുന്നു. തടവുകാർക്കു യാതൊരു പരാതിയും പറവാനില്ലായിരുന്നു. എന്നുമാത്രമല്ല, അവർ വളരെ സന്തോഷമുള്ളവരായി കാണപ്പെടുകയും ചെയ്തു. തസൻട്രൽജയിലിലെ ഡാക്ടർമാരെ കൂടെക്കൂടെ മാററിക്കൊണ്ടിരിക്കുന്ന നയം നല്ലതാണോഎന്നു സംശയിക്കുന്നു. ഇതു ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസരുടെ ആലോചനയ്ക്കു വിഷയീഭവിക്കേണ്ടതായ ഒരു കാര്യമാണ്.

എസ്സ്. പരമേശ്വരയ്യർ,
ഡിസ്ട്രിക്ട് മജിസ്ട്രേട്ട്.

൧൯൦൯-൧൧-൩.

ഇന്നു പ്രഭാതത്തിൽ സെൻട്രൽജയിൽ സന്ദർശിച്ചു. പാചകശാല, ജയിലിന്റെ പരിസരങ്ങൾ, ആശുപത്രി ഇവയും തടവുകാരേയും പരിശോധിച്ചു. സുഖസംരക്ഷണമാർഗ്ഗം വളരെ തൃപ്തികരമായിരിക്കുന്നു. തടവുകാരുടെ ആരോഗ്യം തൃപ്തികരംതന്നെ. ആഴ്ചയിൽ മൂന്നുദിവസംവീതം തടവുകാർക്കു ഉണങ്ങിയ മത്സ്യം കൊടുക്കുന്നതുകൊണ്ടെന്നറിയുന്നു. ഇപ്പോൾ ചിങ്ങത്തിൽ വയറുകടി വളരെ ഉള്ളതുകൊണ്ടു, ഇടക്കിടെ മഴപെയ്തുകൊണ്ടിരിക്കുന്നതിനാൽ ചീക്കുന്ന ഉണക്കമത്സ്യം നന്നായിരിപ്പാൻ ഇടയില്ലാത്തതിനാലും, ആഴ്ചയിൽ മൂന്നുപ്രാവശ്യം

കണ്ടുപിടിക്കുന്നതിനു നൽകാവുന്നതല്ല. ആയുർവ്വേദം ഒരിക്കൽ ആരംഭിച്ചതിനു ശേഷം മാസംവീതം ഒരു ദിവസം നൽകാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ റിമാർക്കുകളിൽനിന്നും, കൂടെക്കൂടെ ഡാക്ടർമാരെ മാറിക്കൊണ്ടിരിക്കുന്ന സമ്പ്രദായം നന്നല്ലെന്നു അദ്ദേഹം വിചാരിക്കുന്നതായിക്കാണുന്നു. എന്റെ അഭിപ്രായം ഡാക്ടർമാർക്കു ഇവിടെ ചികിത്സക്കുള്ള സമയം വളരെ കുറവായിട്ടു ചെയ്യുക്കയുള്ളു എന്നുള്ളതുകൊണ്ടു വളരെനാൾ ഒരാളെത്തന്നെ ഇവിടെ നിയമിച്ചിരുന്നാൽ അവർക്കു അവരുടെ ശമ്പളത്തിൽ വെക്കപ്പെടുത്തുന്നതിനു ഇടയുള്ളതും പ്രായേണ അവർ ഉദാസീനന്മാരായി തീർന്നേക്കാവുന്നതും ആണ് എന്നാകുന്നു. ഡാക്ടർമാരിൽ ഉത്സാഹമുള്ള യുവാക്കന്മാരെ തിരഞ്ഞു ഓരോരുത്തരെയും ഒരുവർഷത്തിൽ കവിയാത്ത കാലത്തേക്കു ഇവിടെ നിയമിക്കുന്നതു നല്ല മാർഗ്ഗവും ഗുണകരമായിരിക്കുമെന്നു എനിക്കു തോന്നുന്നു.

കെ. രാമൻനമ്പി (ഒപ്പു).

൧൯൦൫—൧൬—൧൭.

അനുബന്ധം II.

൧൯൦൫-൦൬ ചൊല്ലത്തിന്റെ മരുപടി തോക്കുകൾ.

൧൯൦൫—൧൯൦൬ വരെ സ്ഥാപിച്ചിട്ടുള്ള വെയ്റ്റാകുവർ സ്കൂളുകളുടെ പട്ടിക.

സ്കൂളുകൾ	സ്കൂൾ സ്ഥാപിച്ച വർഷം					
	൧൯൦൫		൧൯൦൭		൧൯൦൯	
	ഡിപ്പാർട്ടുമെന്റൽ	പ്രൈവേറ്റ്	ഡിപ്പാർട്ടുമെന്റൽ	പ്രൈവേറ്റ്	ഡിപ്പാർട്ടുമെന്റൽ	പ്രൈവേറ്റ്
പ്രൈമറിസ്കൂളുകൾ	൩	൧൨൩	൮	൧൫൧	൪	൯൨
വെയ്റ്റാകുവർമിഡിൽ സ്കൂളുകൾ	...	...	...	൧	...	...
വെയ്റ്റാകുവർഹയർ സ്കൂളുകൾ	...	...	...	...	...	...

അനുബന്ധം III.

൧൯൯൦-൦൧ ചോല്ലത്തിന്റെ മരുപടി നോക്കുക.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ സബ് രജിസ്ട്രാറന്മാരുടെയും ഗുമസ്തന്മാരുടെയും ജാതിതിരിച്ചുള്ള പട്ടിക.

ജാതി		എണ്ണം	നിരക്കുകൾ
സബ് രജിസ്ട്രാറന്മാർ.			
നായർ	...	൨൭	
ബ്രാഹ്മണർ	...	൨൫	
നാംബൂതിരി	...	൨	
മഹമ്മദീയൻ	...	൫	
ക്രിസ്ത്യാനികൾ	...	൫ ൭	ആഫീസ് മാനേജർ ഉൾപ്പെടെ.
ക്ഷത്രിയന്മാർ	...	൭	
വെള്ളാളന്മാർ	...	൨	
ദേവർ	...	൫	
ആകെ	...	൭൩	
ഗുമസ്തന്മാർ.			
നായർ	...	൨൩൫	
ബ്രാഹ്മണർ	...	൩൫	
നാംബൂതിരി	...	൨൨	
മഹമ്മദീയർ	...	൫൫	
ക്രിസ്ത്യാനികൾ	...	൭ ൭	
വെള്ളാളന്മാർ	...	൨൨	
ക്ഷത്രിയന്മാർ	...	...	
മലയാള ബ്രാഹ്മണർ	...	൩	
മുണ്ണിമാർ	...	൪	
തകരക്കുണ്ണി ബ്രാഹ്മണർ	...	൪	
കമ്മാളർ	...	൩	
വെളുത്തേടന്മാർ	...	൨	
കണിയാൻ	...	൫	
തണ്ടാൻ	...	൫	
കുശവൻ	...	൨	
വാര്യർ	...	൫	
തിരുമുല്പാട്	...	൫	
വേളാൻ	...	൫	
ആകെ	...	൪൩൩	

അനുബന്ധം IV.

൧൯൯൦-൦൧ ചോല്ലത്തിന്റെ മരുപടി നോക്കുക.

൧൯൯൭—൧൯൯൯ വരെ തെക്കുവടക്ക് ഇംഗ്ലീഷ് വിദ്യാലയങ്ങളുടെ മാനേജരന്മാരിൽനിന്നും, അംഗീകരണത്തിനും ഗ്രാന്റിനും വേണ്ടി അയച്ചിട്ടുള്ള അപേക്ഷകളുടെ തീരുമാനത്തെ സംബന്ധിച്ചുള്ള വിവരം അടങ്ങിയ പട്ടിക.

ഇനവിവരം	വർഷം	ചമിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം	അനുവദിച്ച അപേക്ഷകളുടെ എണ്ണം	തിരസ്കരിച്ച അപേക്ഷകളുടെ എണ്ണം
അംഗീകരണം	൧൯൯൭	൫൪	൪ ൭	൧൯
	൧൯൯൮	൫ ൦	൨ ൭	൩൩
	൧൯൯൯	൫ ൭	൪ ൦	൨ ൭
ഗ്രാന്റ്	൧൯൯൭	൪ ൦	൩൫	൪
	൧൯൯൮	൪ ൯	൪ ൩	൧ ൫
	൧൯൯൯	൭ ൯	൭ ൨	൧ ൭

അനുബന്ധം V.

൧൯൯൫-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ പരിശോധിച്ച ആശുപത്രികളുടെ എണ്ണവും, പരിശോധന നോട്ടുകൾ ഗവർണ്ണമെന്റിൽ സമർപ്പിച്ച തീയതികളും അടങ്ങിയ മസ്റ്റർമെന്റ്.

നമ്പർ	സ്ഥാപനത്തിന്റെ പേര്		പരിശോധന തീയതി	ഗവർണ്ണമെന്റിൽ റിപ്പോർട്ട് സമർപ്പിച്ചതായതി
൧	കോട്ടയം ഡിസ്ട്രിക്ട് ആശുപത്രി		൧൯൦൧-൪-൮	
൨	തിരുവല്ല	തി	൧൯൦൧-൪-൮	
൩	അടൂർ ഡിസ്ട്രിക്ട് ഡിസ്പെൻസറി		൧൯൦൧-൪-൯	
൪	കായംകുളം	തി	൧൯൦൧-൪-൯	
൫	പത്തനാപുരം	തി ആശുപത്രി	൧൯൦൧-൪-൧൨	
൬	ചവറ	തി ഡിസ്പെൻസറി	൧൯൦൧-൪-൧൪	
൭	കരുനാഗപ്പള്ളി	തി തി	൧൯൦൧-൪-൧൪	൧൯൨൩-൧-൨൦ /
൮	മാവേലിക്കര	തി ആശുപത്രി	൧൯൦൧-൪-൧൭	൧൯൨൧-൩-൪
൯	അരിപ്പാട്ടു	തി തി	൧൯൦൧-൪-൧൭	
൧൦	പത്തനംതിട്ട	തി ട	൧൯൦൧-൪-൧൭	
൧൧	കോന്നി	തി തി	൧൯൦൧-൪-൧൭	
൧൨	കൊട്ടാരക്കര	തി തി	൧൯൦൧-൪-൧൭	
൧൩	കുമാരശേഖരം	തി തി	൧൯൦൧-൪-൧൭	
൧൪	കന്യാകുമാരി സായഹ്ന ഡിസ്പെൻസറി		൧൯൦൧-൪-൧൮	
൧൫	തക്കാട്ടാരം ഡിസ്ട്രിക്ട് ഡിസ്പെൻസറി		൧൯൦൧-൪-൧൯	
൧൬	നെയ്യാറിൻകര	തി ആശുപത്രി	൧൯൦൧-൫-൨	
൧൭	പാറശാല	തി ട	൧൯൦൧-൫-൨	
൧൮	ചെങ്ങന്നൂർ	തി ഡിസ്പെൻസറി	൧൯൦൧-൫-൩	
൧൯	ചങ്ങനാശേരി	തി ആശുപത്രി	൧൯൦൧-൫-൩	
൨൦	തൈക്കാട്ടു	തി തി	൧൯൦൧-൫-൩	
൨൧	ആലുവാ	തി ട	൧൯൦൧-൫-൭	
൨൨	പറവൂർ	തി ട	൧൯൦൧-൫-൭	
൨൩	തൃപ്പൂണിത്തുറ	തി ഡിസ്പെൻസറി	൧൯൦൧-൫-൮	
൨൪	ഏറണാകുളം	തി തി	൧൯൦൧-൫-൧൦	൧൯൨൩-൩-൫ /
൨൫	അരൂക്കുന്ന ഡിസ്ട്രിക്ട് ഡിസ്പെൻസറി		൧൯൦൧-൫-൧൪	൧൯൦൧-൭-൨൨
൨൬	തൃശ്ശൂർ	തി തി	൧൯൦൧-൫-൧൫	
൨൭	കൊല്ലം	തി ആശുപത്രി	൧൯൦൧-൫-൧൭	
൨൮	പുനലൂർ	തി ഡിസ്പെൻസറി	൧൯൦൧-൫-൧൭	
൨൯	ചെങ്കോട്ട	തി ആശുപത്രി	൧൯൦൧-൫-൧൭	
൩൦	മാർത്താണ്ഡം ഗ്രാൻറ് ആശുപത്രി		൧൯൦൧-൫-൨൦	
൩൧	ആറമ്പോലി രക്ഷാരക്ഷസന്യം ആശുപത്രി		൧൯൦൧-൫-൨൦	
൩൨	നാഗരകോവിൽ കാതറയിൻ ഹൂത്തു ആശുപത്രി		൧൯൦൧-൫-൨൧	
൩൩	നാഗരകോവിൽ ഡിസ്ട്രിക്ട് ആശുപത്രി		൧൯൦൧-൫-൨൧	
൩൪	ശൂരപ്പാണ്ടി ഡിസ്ട്രിക്ട് ഡിസ്പെൻസറി		൧൯൦൧-൫-൨൨	
൩൫	നെയ്യൂർ ഗ്രാൻറ് ആശുപത്രി		൧൯൦൧-൫-൨൩	
൩൬	തി കുഷ്ഠരോഗആശുപത്രി		൧൯൦൧-൫-൨൩	
൩൭	കുളച്ചൽ മേജർ രക്ഷാരക്ഷസന്യം ആശുപത്രി		൧൯൦൧-൫-൨൩	
൩൮	ആലപ്പുഴ ഡിസ്ട്രിക്ട് ആശുപത്രി		൧൯൦൧-൬-൫	
൩൯	ചേർത്തല	തി തി	൧൯൦൧-൬-൭	
൪൦	തൃക്കുന്നപ്പുഴ	തി ഡിസ്പെൻസറി	൧൯൦൧-൬-൭	
൪൧	അരൂക്കുററി	തി ആശുപത്രി	൧൯൦൧-൬-൭	
൪൨	അമ്പലപ്പുഴ	തി ഡിസ്പെൻസറി	൧൯൦൧-൬-൭	൧൯൨൩-൩-൩൧ /
൪൩	പിറവൻകിഴ	തി ആശുപത്രി	൧൯൦൧-൬-൧൮	൧൯൦൧-൭-൧൭
൪൪	ഉദയം	തി തി	൧൯൦൧-൬-൧൯	
൪൫	മൂവാററുപുഴ	തി തി	൧൯൦൧-൬-൨൭	
൪൬	തൊടുപുഴ	തി ഡിസ്പെൻസറി	൧൯൦൧-൬-൨൭	
൪൭	കോതമംഗലം	തി തി	൧൯൦൧-൬-൨൭	
൪൮	കുഞ്ഞാട്ടുകുളം	തി തി	൧൯൦൧-൬-൨൭	
൪൯	കോഴിക്കോട്	തി ആശുപത്രി	൧൯൦൧-൬-൨൮	

അനുബന്ധം V. (അവസാനം)

നമ്പർ	സ്ഥാപനത്തിന്റെ പേരു	പരിശോധന തീയതി	ഗവർണ്ണമെന്റിൽ റിപ്പോർട്ടു സമർപ്പിച്ച തീയതി
൪൦	മുണ്ടക്കയം ഡിസ്ട്രിക്ട് ഡിസ്പെൻസറി	൧൯൦൯-വ-൩	൧൯൨൩-൬-൨൪/ ൧൯൦൯-൧൨-൯
൪൧	ബാണാമിഗ്രാൻറ	തി	൧൯൨൩-൬-൨൩/ ൧൯൦൯-൧൨-൧൧
൪൨	ആർനാകൽ തി	തി	തി
൪൩	പിരമേട് ഡിസ്ട്രിക്ട് ഡിസ്പെൻസറി	൧൯൦൯-വ-൪	
൪൪	കാഞ്ഞിരപ്പള്ളി തി ആശുപത്രി	൧൯൦൯-വ-൪	൧൯൨൩-൬-൨൪
൪൫	മല്ലപ്പള്ളി തി ഡിസ്പെൻസറി	൧൯൦൯-വ-൩	൧൯൦൯-൧൨-൯
൪൬	നെടുങ്ങാടപ്പള്ളി തി ആശുപത്രി	൧൯൦൯-വ-൨	
൪൭	പൊൻമുടി ഗ്രാൻറ ഡിസ്പെൻസറി	൧൯൦൯-വ-൨൭	൧൯൨൩-൬-൨൩/ ൧൯൦൯-൧൨-൧൧
൪൮	വിളക്കുമാടം ഡിസ്ട്രിക്ട് ഡിസ്പെൻസറി	൧൯൦൯-വ-൨൯	൧൯൨൩-൬-൨൪/ ൧൯൦൯-൧൨-൯
൪൯	നെടുങ്ങോലം ഗ്രാൻറ തി	൧൯൦൯-൯-൧	൧൯൨൩-൬-൨൩/ ൧൯൦൯-൧൨-൧൧
൫൦	കുമരകം ഡിസ്ട്രിക്ട് ഡിസ്പെൻസറി	൧൯൦൯-൯-൩	൧൯൨൩-൬-൨൪ ൧൯൦൯-൧൨-൯
൫൧	തരൂർ തി	തി	തി
൫൨	മൂന്നാർ ഗ്രാൻറ തി	൧൯൦൯-൯-൧൧	൧൯൨൩-൬-൨൩/ ൧൯൦൯-൧൨-൧൧
൫൩	ദേവികുളം ഡിസ്ട്രിക്ട് ഡിസ്പെൻസറി	൧൯൦൯-൯-൧൨	൧൯൨൩-൬-൨൪/ ൧൯൦൯-൧൨-൯
൫൪	ഉടുമ്പഞ്ചോല തി തി	൧൯൦൯-൯-൧൪	തി
൫൫	ശാന്തമ്പാറ ആയുർവ്വേദാശുപത്രി ഡിസ്പെൻസറി	൧൯൦൯-൯-൧൫	തി
൫൬	എമ്മപ്പാഞ്ചിഗ്രാൻറ ഡിസ്പെൻസറി	൧൯൦൯-൯-൧൬	൧൯൨൩-൬-൨൩/ ൧൯൦൯-൧൨-൧൧
൫൭	ചോററപ്പാറ തി തി	൧൯൦൯-൯-൧൭	തി
൫൮	പൂഞ്ഞാർ തൈവാരിക ഡിസ്പെൻസറി	൧൯൦൯-൯-൨൦	൧൯൨൩-൬-൨൪/ ൧൯൦൯-൧൨-൯
൫൯	തിരുവനന്തപുരം ജനറൽ ആശുപത്രി	൧൯൦൯-൧൦-൪	
൬൦	തി കണ്ണാശുപത്രി	൧൯൦൯-൧൦-൫	
൬൧	ഉഴുസാറ ആശുപത്രികൾ	൧൯൦൯-൧-൪-൨൨	൧൯൨൩-൬-൨/
൬൨	തിരുവനന്തപുരം കോട്ടയ്ക്കകം ആശുപത്രി	൧൯൦൯-൧-൬-൨൨	൧൯൦൯-൧൨-൧൨
൬൩	തിരുവനന്തപുരം സെൻട്രൽ ജയിൽ ആശുപത്രി	൧൯൦൯-൧൨-൧൧	
൬൪	ഇരുണിമുററം പകർച്ചവ്യാധി വാർഡുകൾ	൧൯൦൯-൧-൩-൩൦	

അനുബന്ധം VI.

൨൯൪-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

ഗവർണ്മെന്റിലേക്കു വിറ്റിട്ടുള്ള തടിയുടെ വിലകൾ പബ്ലിക്ക്‌ലേലത്തിൽ വിറ്റിട്ടുള്ള തടിയുടെ വിലകൾ തമ്മിലുള്ള വ്യത്യാസം കാണിക്കുന്ന പട്ടിക.

ഇനം		ഗവർണ്മെന്റിലേക്കു വിറ്റതിന്റെ തിരക്കവില				ലേലത്തിൽ വിറ്റതിന്റെ തിരക്കവില				വ്യത്യാസം		
		ഉ.	ച.	ക.		ഉ.	ച.	ക.		ഉ.	ച.	ക.
൧. തേക്ക് ൧-ാം ക്ലാസ്	...	൩	൮	൧൦	ഘനഅടി ഒന്നിന്	൧	൦	൧൩	ഘനഅടി ഒന്നിന്		൧൫	൧൩
ടി ൨-ാം ടി	...	൨	൮	൨	ടി	൧	൧൦	൪	ടി	൦	൨൫	൧൪
ടി ൩-ാം ടി	...	൧	൧൪	൧൨	ടി	൧	൦	൧൨	ടി	൦	൧൪	൦
അരുത്തരതേക്ക്	...	൪	൨	൦	ടി	൫	൧൮	൫	ടി	൨	൧൧	൧൧
തേക്കിൻകാലുകൾ ൧-ാംക്ലാസ്	...	൩	൧	൮	കുടക്കാലിന്	൩	൫	൧൧	കാലൊന്നിന്	൩	൪	൩
ടി ടി ൨-ാം ടി	...	൨	൧	൦	ടി	൧	൩	൧൧	ടി	൦	൨൧	൫
൨. ഇരട്ടി ൧-ാം ക്ലാസ്	...	൪	൨	൦	ഘനഅടി ഒന്നിന്	൨	൧൨	൧൨	ഘനഅടി ഒന്നിന്	൧	൧൭	൪
ടി ൨-ാം ടി	...	൨	൧	൮	ടി	൧	൮	൧൫	ടി	൧	൨൦	൭
ടി ൩-ാം ടി	...	൨	൧	൦	ടി	൦	൧൮	൩	ടി	൧	൧൦	൧൦
ടി (അരുത്തരതു)	...	൪	൧൩	൪	ടി	൧	൨൫	൧	ടി	൫	൧൭	൩
൩. കാരഞ്ഞിലി (ചരിച്ചതു)	...	൦	൮	൧൨	ടി	൧	൧൦	൧൪	ടി	൧	൨	൨
൪. പൊങ്ങുകൾ	...	൦	൨൩	൧൧	ടി	൧	൦	൨	ടി	൦	൪	൭
ടി (ചരിച്ചതു)	...	൦	൨൨	൪	ടി	൧	൧൫	൧൫	ടി	൦	൨.൧	൧൧
ടി അരുത്തതു	...	൧	൨ ●	൧൩	ടി	൧	൨.൧	൪	ടി	൦	൪	൩
ടി വള്ളങ്ങൾ	...	൧൫൩	൦	൦	വള്ളം ഒന്നിന്	൨ ൦ ൧	൨.൫	൦	വള്ളം ഒന്നിന്	൪ ൫	൨. ●	൦
൫ തേന്മാവു ഉരുളുകൾ	...	൧	൨.൧	൧൪	ഘനഅടി ഒന്നിന്	൧	൫	൩	ഘനഅടി ഒന്നിന്	൦	൧൪	൧൧
ടി അരുത്തതു	...	൨	൪	൩	ടി	൧	൧ ൦	൩	ടി	൦	൨.൨	൩
൩. വെൺതേക്കു ഉരുൾ	...	൧	൭	൪	ടി	൦	൨.൫	൧൫	ടി	൦	൩	൫
൭. ഇരുംപൂരം ഉരുൾ	...	൧	൩	൧ ൦	ടി	൦	൩.൪	൪	ടി	൦	൧൨	൩
ടി അരുത്തതു	...	൦	൧൩	൦	ടി	൦	൧൩	൩	ടി	൦	൨	൧ ൦
൮. മരുതി ഉരുൾ	...	൦	൭	൨	ടി	൦	൨.൩	൩	ടി	൦	൧൩	൭
ടി അരുത്തതു	...	൧	൧൪	൧൨	ടി	൦	൩	൧	ടി	൧	൫	൪
൯. വേങ്ങ ഉരുൾ	...	൧	൨ ൧	൧൪	ടി	൧	൫	൧	ടി	൦	൧൩	൧൩
൧൦ മഞ്ചസുന്ന ഉരുൾ	...	൦	൧	൧൨	ടി	൦	൧൧	൧ ൦	ടി	൦	൩	൧൪

എൻ. ബി.—എല്ലാ പബ്ലിക്ക് ഡിപ്പാർട്ടുമെൻറുകൾക്കും ഏററവും നല്ലതടി തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം ഉണ്ട്, അപ്രകാരം തിരഞ്ഞെടുത്തതിനുശേഷമുള്ളതു ലേലത്തിൽ വിൽക്കാറാകുന്നു.

൨൦൭-ാം ചോദ്യത്തിന്റെ മറുപടിയോർക്കുക.

ചോദ്യോത്തരസമയത്തു ഉപദ്രഷ്ടാക്കൾ ഹാജരില്ലായിരുന്നതുകൊണ്ടു താഴെപറയുന്ന ചോദ്യവും അതിന്റെ മറുപടിയും കഴിഞ്ഞ ആഗസ്റ്റ്മാസം ൨൫-ന്നു-യിലെ സമാനടപടികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തപ്പെട്ടില്ല.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലെ വർക്സ് എസ്റ്റാബ്ലിഷ്മെന്റ്,

൨൦൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലെ വർക്ക് എസ്റ്റാബ്ലിഷ്മെന്റ് ആ ഡിപ്പാർട്ടുമെന്റിന്റെ ഒരു പ്രധാനഭാഗമാകുന്നുവോ എന്നും,

(ബി) ആ വകുപ്പിൽ ൨ കൊല്ലത്തിലധികം അതിൽക്കൂടുതലും സർവീസുള്ള ക്ലർക്കാർ ഉണ്ടെന്നുള്ളതു പരമാർത്ഥമാണോ എന്നും,

(സി) ഈ വകുപ്പുകാരിൽനിന്നും അവരുടെ അഭിവൃദ്ധിയെ ലക്ഷ്യമാക്കികൊണ്ടുള്ള വല്ല നിവേദനങ്ങളും ഗവർണ്മെന്റിനു വരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ അതിട്ടുണ്ടോ എന്നും,

(ഡി) ഈ വകുപ്പിലെ മേൽ താഴ്ന്ന ഉദ്യോഗസ്ഥന്മാരുടെയെല്ലാം ഒഴിവു പെൻഷൻ മുതലായ കാര്യങ്ങളിൽ ഈ ക്ലർക്കുകൾക്കും അവകാശം അനുവദിച്ചിട്ടുണ്ടോ എന്നും,

(ഇ) ഈ വർക്ക് എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫിങ്കിന്നും ചീഫ് എൻജിനീയർ വല്ല ഡെപ്യൂട്ടേഷനും സ്വീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അവരുടെ നിവേദനങ്ങളെ സംബന്ധിച്ചു അദ്ദേഹം ഗവർണ്മെന്റിനോടു വല്ല ശുപാർശകളും ചെയ്തിട്ടുണ്ടോ എന്നും,

(എഫ്) അയൽരാജ്യമായ കൊച്ചിയിൽ വർക്ക് എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫ് സ്ഥിരവും അടുത്തുണ്ടായ അവകാശമുള്ളതും ആക്കിത്തീർത്തിട്ടുണ്ടെന്നുള്ളതു ഗവർണ്മെന്റിനറിയാമോ എന്നും,

(ജി) ഇതിലെ ശമ്പളക്കാരെ പബ്ലിക്ക്വർക്ക് ഡിപ്പാർട്ടുമെന്റിലെ സ്ഥിരജീവനക്കാരെപ്പോലെ സ്ഥിരജീവനക്കാരാക്കുന്നതിനെസംബന്ധിച്ചു ഗവർണ്മെന്റു ദയവായി ആലോചിക്കുമോ എന്നും പറയുമോ.

മി. ജി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി) അതെ.

(സി) ഇല്ല.

(ഡി) ഇല്ല; മുകളിലുള്ളതുകൊണ്ടു, കൊല്ലത്തിൽ ൨ വിലയ്ക്കു അവധിക്കു മാത്രമേ അവർക്കു അവകാശം നൽകിയിട്ടുള്ളൂ.

(ഇ) ഉണ്ട്, എന്നാൽ അദ്ദേഹം ഗവർണ്മെന്റിനോടു ഒന്നുതന്നെ ശുപാർശയും ചെയ്തിട്ടില്ല.

(എഫ്) മറുപടി നിഷേധരൂപത്തിലാണ്.

(ജി) മറുപടി നിഷേധരൂപത്തിലാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ തെക്കുഭാഗം): സർ, ഉപക്ഷേപങ്ങൾ തള്ളിക്കളയുന്ന കാര്യത്തിൽ ഒരു റൂളിംഗ് ഉണ്ടായാൽ നന്നായിരുന്നു എന്നു ഞാൻ ആഗ്രഹിക്കുന്നു. വ്യാഴം ചട്ടമനുസരിച്ചു ഉപക്ഷേപങ്ങൾ തള്ളിക്കളയുന്നതിനോ, അവയിൽ മാററങ്ങൾ വരുത്തുന്നതിനോ, അല്ലെങ്കിൽ അവ മെമ്പർമാരുടെ പേരിൽ തിരികെ അയയ്ക്കുന്നതിനോ, പ്രസിഡണ്ടിനു വല്ലധികാരവും ഉണ്ടോ?

പ്രസിഡണ്ടർ. ഇതിനെപ്പററി ആലോചിച്ചു അടുത്തയോഗത്തിൽ ഒരു റൂളിംഗ് ഉണ്ടാക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ കഴിഞ്ഞ കർക്കടകത്തിൽ (൧൯൩൦ കർക്കടകത്തിൽ) ഏതാനും ചോദ്യങ്ങൾ ചോദിച്ചിരുന്നു. വീണ്ടും ആ ചോദ്യങ്ങൾതന്നെ എന്നെക്കൊണ്ടു മൂന്നാലാവർത്തി പ്രാവശ്യം ചോദിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും അതിന്മേൽ മറുപടി തന്നിട്ടില്ല. ഇപ്പോൾ അതിലേയ്ക്കു നാളത്തെ മുതിർന്നിവസത്തെ അവസരം മാത്രമേയുള്ളൂ. ഗവർണ്മെന്റു ആ ചോദ്യങ്ങൾക്കു മറുപടിപറയുവാൻ തയ്യാറില്ലെങ്കിൽ ഞങ്ങളെക്കൊണ്ടു വീണ്ടും ആ ചോദ്യങ്ങൾ ചോദിപ്പിക്കണമെന്നില്ല.

പ്രസിഡണ്ടർ: അതിനെസംബന്ധിച്ചു നിയമസഭാസെക്രട്ടറിയുടെ പേർക്കു നിങ്ങൾ എഴുതണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഇതിനുശേഷം ൩൫-ാം നമ്പർ പ്രമേയത്തെസംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ തുടരാം.

ഗ്രാൻറിനുള്ള അപേക്ഷകൾ (തുടർച്ച)

ഡിമാൻറു നമ്പർ XV. കൃഷിമത്സ്യവ്യവസായം (തുടർച്ച)

൩൫-ാം നമ്പർ പ്രമേയം (തുടർച്ച)

മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): കക്കാകൃഷി നിരുത്തേജനം ചെയ്യണമെന്നുള്ള തിരമേയത്തെ മി. സി. പി. തരകൻ ഹാജരാക്കിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ സന്ദർഭത്തിൽ എന്റെ അറിവിൽപെട്ടിട്ടുള്ള ഏതാനും വസ്തുതകളെ ഗവർണ്മെന്റിനേയും സഭയുടെയും ഒക്കിലെ വിലയിരുത്തിക്കാമെന്നു വിചാരിക്കുന്നു. ആളുകൾക്കു കക്കാചേലം കഴിഞ്ഞുടൻ കക്കാവ്യവസായത്തിന്റെ കേന്ദ്രമായ കുമരകത്തു ഞാൻ പോകുകയും, നേരിട്ടു വേണ്ട അന്വേഷണം നടത്തിയതിന്റെ ഫലമായി കക്കായുടെ വില മുൻപു ഉണ്ടായിരുന്നതിൽനിന്നും ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ടെന്നു എനിക്കു ബോദ്ധ്യപ്പെടുകയുംചെയ്തു. ഈ ഇനത്തിൽ നിന്നു ഗവർണ്മെന്റിലേക്കു വരിച്ചുവരുന്ന ഇച്ഛുകായ ആദായംകൊണ്ടു യാതൊരുവിധത്തിലും സാധുകരിപ്പാൻ നിവൃത്തിയില്ലാത്തവിധം കക്കായുടെ വില അത്ര അസാമാന്യമായി വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധനവിനു കാരണം, ഗവർണ്മെന്റിൽനിന്നും കക്കാകൃഷിക്കു കൊടുത്തതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. കഴിഞ്ഞ ബഡ്ജററുകയേഗകാലത്തു കൺട്രാക്ടുകാരുടെപക്ഷത്തിലുള്ള ആളുകളും പൊതുജനപക്ഷത്തിലുള്ള ആളുകളും ഇവിടെവന്നു ഈ സഭയിലെ പല സാമാജികന്മാരോടും ഇതിനെസംബന്ധിച്ചു പറയുകയുണ്ടായി. ആ വർ

ചത്തിൽ (കക്കാ ഗ്രാമം) കൺട്രാക്ടർ ഒരു വർഷത്തിനുള്ളിൽ പിടിച്ചടക്കാൻ വേണ്ടി മല്ലുതയ്യാറെണ്ണം അത്രയുള്ള കക്കാ ശേഖരിച്ചിട്ടുണ്ടെന്നു ഇത്രകാലത്തിനിടയ്ക്കു എനിക്കു മനസ്സിലാകുന്നതിനിടയായി. ഇപ്രകാരം വളരെയധികം കക്കാ കൈവശം കിടപ്പുണ്ടായിരുന്നതുകൊണ്ടു കുറഞ്ഞതു അടുത്ത ഒരു വർഷത്തേക്കു മാത്രമെങ്കിലും കൂലിക്കയോ വേലക്കോ ഇടരാത്തവക്കാരെ ഭീമമായ നഷ്ടം വരുത്തിക്കൂട്ടുമെന്നു കൺട്രാക്ടർ വാദിക്കുകയുണ്ടായി. ആ ഒരു കാല്ലത്തിനുള്ളിൽ വേണ്ടിക്കാവുന്നിടത്തോളം കക്കാ ശേഖരിച്ചുകൂട്ടുന്നതിനു കൺട്രാക്ടറെ അനുവദിച്ചു എന്നുള്ളതിൽനിന്നു ഡിപ്പാർട്ടുമെന്റു വേണ്ടുന്ന കാര്യത്തിൽ വളരെ നിയന്ത്രണവും പ്രായോഗികമാക്കിയിട്ടുള്ളതു വെളിവാകുന്നു. ഇതുമൂലമാണു് ഈ വേലം ഒരു കല്ലുതടസ്സക്കുടി ഇടരേണ്ടതുള്ള അവ്യവസ്ഥ നേരിട്ടതു്. അതിനാൽ [illegible] കക്കാ [illegible] ചേക്കു ഒരു നിയന്ത്രണം ആവശ്യമാണെന്നുള്ള അഭിപ്രായത്തെ സംബന്ധിച്ചു ഡിപ്പാർട്ടുമെന്റിൽനിന്നു ന്യായയുക്തമായി യാതൊരു നടപടിയും നടപ്പിൽ വരുത്തിയിട്ടില്ലെന്നാണു് ഞാൻ പറയുന്നതു.

ഞാൻ ഈ സന്ദർഭത്തിൽ വിശദമാക്കണമെന്നുദ്ദേശിക്കുന്ന മറ്റൊരു കാര്യം, സംരക്ഷണ നയമാണു് ഡിപ്പാർട്ടുമെന്റിൽനിന്നു ഉദ്ദേശിക്കുന്നതെങ്കിൽ, ഒരു കൺട്രാക്ടർക്കു കുത്തകകൊടുക്കുന്നതുകൊണ്ടു അതു സാദ്ധ്യമാകയില്ലെന്നുള്ളതാകുന്നു. മത്സ്യവ്യവസായത്തിൽ എന്നപോലെ കക്കായുടെ കാര്യത്തിലും സ്വതന്ത്ര യഥാർത്ഥത്തിൽ ഭംഗിവെയ്ക്കുന്ന ഒരു കുത്തകയ്ക്കുതന്നെ ലൈസൻസു കൊടുക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. കക്കാവാരുന്ന കാര്യത്തിൽ നിയന്ത്രണം ആവശ്യമെന്നു ഗവർണ്ണമെന്റു വിചാരിക്കുന്നെങ്കിൽ അതിലേക്കു കൊല്ലംതോറും കൊടുക്കുന്ന ലൈസൻസിന്റെ എണ്ണം കുറച്ചുകൂട്ടുന്നതാണു്. ആ ന്യായപരമായ ഉദ്ദേശം ഇപ്പോൾ കുത്തകയ്ക്കു കൂടാതെതന്നെ സാധിക്കാം. കുത്തകയ്ക്കു കൂടാതെ അനേകരുണ്ടു്. ആകെ കൺട്രാക്ടന്മാർക്കു ഒരു ആലായമാർഗ്ഗമാകുന്നുണ്ടെന്നുള്ളതു പരമാർത്ഥംതന്നെ. സ്വതന്ത്ര യഥാർത്ഥത്തിൽ വേലചെയ്യുന്നവർക്കു ഗവർണ്ണമെന്റിനോ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അതിനാൽ കഴിയുന്നത്ര ഈനയം ഒഴിച്ചു വയ്ക്കേണ്ടതാണു്.

ഞാൻ പറയണമെന്നുദ്ദേശിക്കുന്ന മറ്റൊരു കാര്യം ഗവർണ്ണമെന്റു ഈ കായലുകളിൽ നിന്നു ലാഭമുണ്ടാക്കുന്നതിനു ശ്രമിച്ചുകൂടാ എന്നുള്ളതാണു്. കായലുകൾ സമൂഹ മുതലായവ ഗ്രാമസ്ഥന്മാരുടെ ജനസാമാന്യത്തിനു കൊള്ളുവാൻ അവകാശപ്പെട്ട 'റെസ്സ്കമ്മുണിസ്' എന്ന ഇനത്തിൽ ഉള്ളവയാണു്. ഗവർണ്ണമെന്റിനു കായലുകളോടോ സമുദ്രതീരങ്ങളോടു സംബന്ധിച്ചു യാതൊരു പ്രത്യേക അവകാശവും ഇല്ല. കൊള്ളജനങ്ങളെ ഉദ്ദേശിച്ചുമാത്രമെ ഗവർണ്ണമെന്റിനു ഈവക വല്ല അധികാരവും പ്രയോഗിക്കാവൂ. അല്ലാതെ ഇതു ഒരു ആദായമാർഗ്ഗമായി പരിഗണിച്ചുകൂടാ. ഇത്രയും പറഞ്ഞുകൊണ്ടു മി. സി. പി. തരകൻ അവതരിപ്പിക്കുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, കക്കയെ സംബന്ധിച്ചുള്ള ഈ പ്രമേയപ്രതിവാദത്തിൽ അതോടു സംബന്ധപ്പെട്ട ചില കാര്യങ്ങൾ പ്രത്യേകം ഓർമ്മയിൽ ഉണ്ടായിരിക്കേണ്ടതുണ്ടു്. ഈ കക്കയുണ്ടാകുന്നതു വേമ്പനാട്ടുകായലിൽ ഗവർണ്ണമെന്റുവക വസ്തുവെന്നു ഏറ്റവും സമ്മതിക്കുന്ന ഒരു ഭാഗത്താണു്. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ രാമൻമേനോൻ ഉദ്ധരിക്കുന്ന നിയമസിദ്ധാന്തം ശരിയായിട്ടുള്ളതുതന്നെയെങ്കിലും കക്കായെ സംബന്ധിച്ചിടത്തോളം അതു ഒരുത്തർക്കും പ്രത്യേകാവകാശമില്ലാത്ത (റെസ്സ് നുള്ളിസ്): ഒന്നാണെന്നു പറയാൻ നിർവ്വാഹമില്ല. കക്കാ ഗവർണ്ണമെന്റിനു അവകാശപ്പെട്ട സ്വത്തുതന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ നടപ്പിൽ ഇരിക്കുന്ന വല്ല 'ഉപയോഗാവകാശനിയമ' പ്രകാരവും അതിൽവസ്തു ഉടമസ്ഥന്മാർക്കു മീൻപിടുത്തത്തിനു നടപടിക്രമമായിട്ടു ഈ കക്കായിൽ ഏതാനും അംശം എടുക്കുന്നതിനുള്ള അവകാശം സിദ്ധിച്ചിട്ടുണ്ടായിരിക്കാം. അതു പ്രത്യേകം ആർക്കെന്നു അറിയേണ്ട ഒരു സംഗതിയാണു്. അതിനാൽ കക്കാ സർക്കാർ സ്വന്തമാണെന്നുള്ളതു പ്രാഥമികദൃഷ്ടിയിൽതന്നെ ആർക്കും മനസ്സിലാകുന്ന ഒന്നാണെന്നാണു ഞാൻ പറയുന്നതു്, ഇപ്പോൾ തീരുമാനിക്കേണ്ടതായ കാര്യം ഗവർണ്ണമെന്റു ഇപ്രകാരമുള്ള സ്വത്തിനെ പൊതുജനോപയോഗത്തിനായി ഗവർണ്ണമെന്റിനു ഉത്തമമെന്നു തോന്നുന്ന മാർഗ്ഗങ്ങളിൽക്കൂടി ചിലവഴിക്കേണ്ടതോ ഇല്ലയോ എന്നുള്ളതാകുന്നു. ഈ സ്വത്തു ഗവർണ്ണമെന്റിന്റെ കൈവശമാണു് ഇരിക്കുന്നതു എന്നുള്ളതുകൊണ്ടു ഗവർണ്ണമെന്റിനു അതിന്മേലുള്ള വിനിയോഗ നിയന്ത്രണാവകാശത്തെ തടയുവാൻ ഇതുസംബന്ധിച്ചു എതിരവകാശം സ്ഥാപിക്കുന്നതിനു ഏതെങ്കിലും ഒരു കുടിയാനുവന്നു സാധിക്കാതിരിക്കുന്നിടത്തോളം കാലം നിയമവ്യവ്യാ പ്രയാസമായിട്ടുള്ളതാണു്. അപ്രകാരം ഇരിക്കെ ആയ്യാട്ടു വിളക്കുമരത്തിൽനിന്നും കുമരകത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തിലേക്കുള്ള സങ്കല്പരേഖക്കപ്പുറം ആയി വേമ്പനാട്ടു കായലിനടിക്കു കാണപ്പെടാവുന്ന വസ്തുക്കളിൽ ഗവർണ്ണമെന്റിനുള്ള അവകാശത്തെ അവർ സുരക്ഷിതമാക്കിച്ചുയ്വാൻ ഒരുങ്ങുന്നതിൽ ന്യായമായി ഏതെങ്കിലും തടസ്സംചെയ്യാമെന്നു എനിക്കു തോന്നുന്നില്ല. കക്കാവാരുന്നതിനു അനുവദിച്ചു കുത്തകയ്ക്കു കൊടുക്കപ്പെട്ടിട്ടുള്ള സ്ഥലത്തിനു അപ്രകാരം കൊടുക്കപ്പെട്ടിട്ടില്ലാത്ത സ്ഥലത്തിനും മദ്ധ്യേയുള്ള വിഭജനരേഖയായി കൃഷിഡയറക്ടർ പ്രസ്താവിച്ചിട്ടുള്ളതിനെക്കുറിച്ചുതന്നെയുണ്ടെന്നാണു എനിക്കു തോന്നുന്നതു്. തോന്ന്യാസമായി ഈ പ്രദേശങ്ങളിൽനിന്നും കക്കാശേഖരിച്ചു ധനസമ്പാദനം ചെയ്യാൻ ഒരുങ്ങിയിരിക്കുന്ന ഏതാനും ആളുകൾക്കു ഇതുകൊണ്ടു തരക്കേടു സംഭവിക്കാൻ ഇടയില്ലയോ എന്നുള്ള സംശയം ചിലർ പുറപ്പെടുവിച്ചിട്ടുണ്ടു്. ഈ ഭാഗങ്ങളിൽനിന്നു കക്കാവാരി ഉപജീവനം കഴിച്ചുപോരുന്നവരിൽനിന്നുതന്നെ നേരിട്ടു കക്കവാങ്ങുന്ന പക്ഷം വില കുറച്ചുകിട്ടുമെന്നോ കൂടുതൽ ആദായം ഉണ്ടാക്കാൻ കഴിയുമെന്നോ ആശയുള്ളവരായി കുമരകം മുതലായ സ്ഥലങ്ങളിൽ ഏതാനും ആളുകൾ ഉണ്ടു്. ഗവർണ്ണമെന്റിന്റെ നിയന്ത്രണത്തിൻകീഴിൽ ആകയാൽ കക്കാ വിലയ്ക്കു വാങ്ങുന്ന വിഷയത്തിൽ അവർക്കു പ്രയാസം നേരിടുന്നുണ്ടെന്നു ഇക്കൂട്ടർ പരാതി പറയുന്നു. ഇതു ആലോചനയ്ക്കു വിഷയമാക്കേണ്ട ഒരു സംഗതിതന്നെയാണു്. കൃഷിഡയറക്ടർ ആ വാദമുഖത്തെ ശക്തിയായി എതിർക്കുന്നതു ഞാൻ കേട്ടു. സർ, എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിക്കൃഷ്ണൻ പറഞ്ഞതിനു എതിരായി കൃഷിഡയറക്ടർ ഉദ്ദേശത്തോടു പ്രയോഗിച്ച എതിർവാദങ്ങൾ എങ്ങിനെതന്നെയായിരുന്നാലും ഇപ്പോഴത്തെസ്ഥിതിക്കു ചുണ്ണാമ്പിന്റെ വില കൂടുതലായിത്തന്നെ ഇരിക്കും എന്നുള്ളസംഗതി ഏറെക്കുറെ വെളിവായിട്ടുണ്ടെന്നാണു് എന്റെ അഭിപ്രായം. ഇപ്രകാരം വരുന്നതിനുള്ള കാരണം, ഡാക്ടർ കുഞ്ഞൻപിള്ള

യുടെ ഡിപ്പാർട്ടുമെന്റ് ഈ വിഷയത്തിൽചെയ്തുവരുന്നതായി വിചാരിച്ചുപോരുന്ന നിയന്ത്രണംമാത്രമല്ലായിരിക്കാം, യഥാർത്ഥകാരണം നിശ്ചയമായും അതിൽനിന്നും എന്തായാലും വിഭിന്നമാണ്. ടോളുകളെ നിർമ്മിക്കയും തോടുകളെയും കടത്തുകളേയും സംബന്ധിച്ച കാര്യങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തുമുമ്പും ജനസാമാന്യത്തിന്റെ മേൽക്കൂടുതൽ നികുതി ചുമത്തുകയാണു ഗവർണ്മെന്റു ചെയ്തിട്ടുള്ളത്. ഈ കക്കാ വാരുന്നതിനു ഉപയോഗപ്പെടുത്തുന്ന വള്ളങ്ങളുടെ മേൽചോദ്യം നികുതി ചുമത്തിവിട്ടുകൊണ്ടുള്ളതു ഈ സന്ദർഭത്തിൽ പ്രത്യേകിച്ചു ഓർക്കേണ്ടതാണ്. ഇപ്രകാരമുള്ള വിവിധകാരണങ്ങൾ ഈ കാര്യത്തിൽ ഉണ്ടെന്നുള്ളവസ്തുത ഇതപ്പോൾ ചർച്ചചെയ്യുന്നവരാരും ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മി. നാരായണപിള്ള, അദ്ദേഹത്തിന്റെ വീടുകെട്ടുന്നതിനു കുമ്മായം വാങ്ങുന്നുണ്ടോഎന്നും വാങ്ങുന്നുണ്ടെങ്കിൽ തിരുവനന്തപുരത്തു അതിനു എന്തു വിലകൊടുത്താണു അദ്ദേഹം വാങ്ങുന്നതെന്നും അറിഞ്ഞാൽകൊള്ളാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ കുമ്മായം വിലകൊടുത്തുവാങ്ങുന്നുണ്ട്. ഞാൻ തിരുവനന്തപുരത്തു കുമ്മായം വാങ്ങുന്ന വിലയും കുമ്പളത്തു കൺട്രാക്ടുകാരുടെ ആളുകൾ ആവശ്യപ്പെട്ട വിലയുംതമ്മിലുള്ള വ്യത്യാസത്തിനെക്കുറിച്ചു നോക്കിയതിൽ അവിടത്തെ ഗണ്യമായ യാതൊരു വ്യത്യാസവും ഉള്ളതായി കാണുന്നില്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മി. നാരായണപിള്ള ഏതു വിലക്കാണു തിരുവനന്തപുരത്തു കുമ്മായം വാങ്ങുന്നതു് എന്നറിഞ്ഞാൽകൊള്ളാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വില ഇന്നതാണെന്നു കൃത്യമായി പറയാൻ നിവൃത്തിയില്ല. ഈ സംഗതി ഞാൻ ഒരു എഞ്ചിനീയറെ ഏല്പിച്ചിരിക്കുകയാണു. എന്നാൽ കുമ്പളത്തുനിന്നും കുറെക്കൂടി കുറഞ്ഞ നിരക്കിൽ കുമ്മായം വാങ്ങാൻ സാധിക്കുമോ എന്നു അന്വേഷിക്കയും കുമ്പളം കൺട്രാക്ടർ പ്രസിഡണ്ടുചെയ്തിട്ടുള്ള നിരക്കുവില നോക്കിയതിൽ അവിടത്തേക്കാൾ കുറഞ്ഞ നിരക്കിൽ കക്കാവാങ്ങുന്നതിനും പാവൂർക്കോട്ടയിലെ അമ്പലമുക്കിലെ അടുത്ത മാർക്കറ്റുകളിലും കായംകുളത്തിനു കക്കാ വാരുന്നവരുടെപക്കൽനിന്നും വാങ്ങുന്നതിനും തമ്മിൽ വിലക്കു ഗണ്യമായ വ്യത്യാസം ഒന്നും ഉണ്ടായിരിക്കയില്ലെന്നു മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടു. എന്റെ അനുഭവം ഇപ്രകാരമാണ്. ഗവർണ്മെന്റിൽനിന്നും കുമ്പളത്തിന്റെ ഉപയോഗത്തെ നിയന്ത്രണംചെയ്യുന്നിടത്തോളം കാലം സാമാന്യ ജനങ്ങൾക്കു അവരുടെ ആവശ്യത്തിനു കക്കാവാങ്ങാൻ സാദ്ധ്യമല്ലാത്തവിധത്തിൽ ആകുന്നതിക്കാതിരിക്കണമെന്നു ഗവർണ്മെന്റിനോടു അപേക്ഷിക്കുന്നു. ഇക്കാര്യത്തിൽ ഞാൻഎന്റെ സ്നേഹിതൻ കുഞ്ഞിരാമമേനോട്ടു നിശ്ചയമായും അനുകൂലിക്കുന്നു ചെയ്യുന്നു. ഈ സന്ദർഭത്തിൽ ഇതിനെ സംബന്ധിച്ചു യുക്തിപൂർവ്വമായി ചർച്ചചെയ്തുപോരുന്ന ഏകസംഗതി ഞാൻ പറഞ്ഞതുമാത്രമേ ഉള്ളുഎന്നാണു എന്റെ അഭിപ്രായം. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഇത്രമാത്രം പരിഗണിക്കുന്നതിനു ഗവർണ്മെന്റിനു ദയവുണ്ടാകുമെങ്കിൽ ഈ വിഷയത്തിൽ ജനങ്ങൾക്കു മനഃപ്രയാസമുണ്ടായിരിക്കുന്ന സങ്കടത്തിനു പരിഹാരനിവാരണമാർഗ്ഗം ഉണ്ടാകുമെന്നാണു എനിക്കു തോന്നുന്നതു്.

സർ, മുൻപു ഒരിക്കൽ ഈ രാജ്യത്തെ ദിവാൻജി എന്നുള്ള നിലയിൽ ഈ ഹാളിനോടു ചേർന്നുള്ള ലക്ഷ്മീവിലാസം മുറിയിൽവച്ചു ഞങ്ങളിൽചിലർചേർന്നു ഒരു ചെറിയപ്രതിനിധി സംഘമായി അങ്ങയെപ്പുണ്ടുകാണുകയും തദവസരത്തിൽ ഗവർണ്മെന്റു ഈ വിഷയത്തിൽ ദേവസ്വത്തിലേക്കു ശ്രദ്ധിക്കുന്നതുണ്ടെന്നു അങ്ങു ഞങ്ങൾക്കു ഉറപ്പുതരികയും ചെയ്തതായി ഞാൻ ഓർക്കുന്നു. ആ ആലോചനപക്കമായി വരുന്നുണ്ടെങ്കിൽ അതിന്റെ തീരുമാനത്തിനുമുമ്പു അതോടൊന്നിച്ചു ഇത്രയുംകൂടി നിരീക്ഷിക്കേണ്ടതാണെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. കെ. കെ. ദാമോദർ (കോട്ടയം): കക്കാവാരുന്നതിനു ലൈസൻസുകൊടുക്കുന്നതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട മിസ്റ്റർ രാമൻമേനോന്റെ അഭിപ്രായത്തോടു മെമ്പർ അനുകൂലിക്കുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ പദ്ധതി സ്വീകരിക്കുന്നതിൽ എനിക്കു വിരോധമില്ല. പക്ഷേ കക്കായുടെ വിലയെ ഏതു വിധത്തിലാണു അതു ബാധിക്കാൻ ഇടയുള്ളതു് എന്നുള്ള കാര്യം ലൈസൻസിന്റെ നിബന്ധനകൾ അനുസരിച്ചാണു പിന്നെയും ഇരിക്കാൻ ഇടയുള്ളതു്.

മി. കെ. സി. മാമ്മൻമാപ്പിള (കുമ്പളം വ്യവസായം വകുപ്പ്): കുമ്പളസൻസുകളുടെ അവകാശം ഒരാളിൽ ക്രോഡീകരിക്കുന്നതിനു അനുവദിക്കുന്നതിനെക്കാൾ പലർക്കായി വിതരണം ചെയ്യുന്നതല്ലയോനല്ലതു്. അപ്രകാരം ചെയ്തു ന്യായമായ മത്സരംമൂലം പ്രോത്സാഹനം നൽകുന്നതു കുറെക്കൂടി നന്നായിരിക്കയില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരാളെന്നു ലൈസൻസുകൊടുക്കുന്നുഎങ്കിൽ കാര്യത്തിന്റെ ഫലം ആ ലൈസൻസിലെ നിബന്ധനകളെ അനുസരിച്ചു ഇരിക്കും. പരസ്പരം വഞ്ചിക്കുന്നതിനു ഒരുങ്ങാൻ ഇടയുള്ള പലർക്കായി ലൈസൻസുകൊടുത്തു അവരുടെ ഇടയിൽ ഉത്സാഹത്തിനു വഴി തെളിക്കുമ്പോൾ ഫലം ലൈസൻസിലെ നിബന്ധനഅനുസരിച്ചുതന്നെ പിന്നെയും ഇരിക്കുന്നതാണ്.

പ്രസിഡണ്ടു്. ഈ ദിവസത്തിനു അനുവദിച്ചിട്ടുള്ള സമയം ൪ മണിക്കൂർ കഴിയുമ്പോൾ തീർന്നുപോകും. എന്നാൽ അതിലേക്കുള്ള സമയം നീട്ടികിട്ടണമെന്നു മെമ്പറന്മാർക്കു് താല്പര്യമുള്ളപക്ഷം അപ്രകാരം ചെയ്യുന്നതിനു ഞാൻ തയ്യാറാണ്.

മി. സി. പി. തരകൻ (കുന്നത്തുനാടു): സർ, ഇതിനെ സംബന്ധിച്ചു എല്ലാ സാമാജികന്മാരും ധാരാളം പ്രസംഗിച്ചിരിക്കുന്നതുകൊണ്ടും സമയം അതിക്രമിച്ചിരിക്കുന്നതുകൊണ്ടും ഞാൻ കൂടുതലായി ഒന്നുംതന്നെ പറയണമെന്നുവിചാരിക്കുന്നില്ല. എന്റെ മോഷൻ വോട്ടിനിടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡണ്ടു്. ഈ സഭയിൽ ഇതു വോട്ടിനിടണമെന്നു നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): ഉണ്ടു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ, ഈ സംഗതിയെ സംബന്ധിച്ചു എനിക്കു പറയാനുണ്ടായിരുന്നതു ഞാൻ മുമ്പുതന്നെ പറഞ്ഞുതീർന്നു. ഈ സഭയുടെ സമയത്തെ ഇനിയും കൂടുതലായി ഇതിലേക്കു വ്യയംചെയ്യുന്നതെന്നു വിചാരിക്കുന്നില്ല. സഭയ്ക്കു ഇക്കാര്യത്തിൽ കേവലമായ നിർബന്ധം ഉണ്ടെങ്കിൽ വോട്ടിനിടുന്നതിനും വിരോധമില്ല. അനുകൂലിക്കുന്ന സാമാജികന്മാരുടെ തീരുമാനം അനുസരി

ച്ചു ഗവർണ്ണമെന്റു ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ തയ്യാറാണെന്നുള്ളതുകൊണ്ടു അവർ നിഷ്പക്ഷനിലയെ അവലംബിക്കുന്നതാണ്. ഞാൻ ഇന്നലെ പറഞ്ഞതുപോലെ കക്കാശേഖരണത്തെ സംബന്ധിച്ചു ഏതെങ്കിലും വിധത്തിൽ ഒരു നിയന്ത്രണം ഉണ്ടായിരിക്കേണ്ടതു ആവശ്യമായിരുന്നേക്കാം. ഏതു പ്രകാരത്തിലാണ് അതു നിയന്ത്രണം പ്രയോഗിക്കേണ്ടതു എന്നുള്ളതിനെപ്പററി ഗവർണ്ണമെന്റു തീരുമാനവും ചെയ്തിട്ടില്ല. കുത്തകക്കാരുടെ കുത്തകപ്പററി തീരുമാനിക്കുന്നതിനുള്ള മുഴുവൻ സ്വാതന്ത്ര്യവും ഇവ സമയത്തിലെ തിരുമനസ്സിലെ ഗവർണ്ണമെന്റു സാമാജികന്മാർക്കായി ഗവർണ്ണമെന്റു വിട്ടുകൊടുത്തിരിക്കുന്നു.

പ്രമേയം സഭയിൽ വോട്ടിനിട്ടപ്പോൾ ൧൪ പേർ അനുകൂലമായും ൧൧ പേർ പ്രതികൂലമായും വോട്ടു ചെയ്തതിൽ പാസ്സാക്കപ്പെടുകയുംചെയ്തു.

മി. കെ. ചി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പോൾ നടത്തണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പോൾ നടത്തിയതിൽ താഴെ പറയുന്ന ഫലം കാണപ്പെട്ടു.

അനുകൂലിച്ചവർ ൧൪.

൧.	മി.	പാറപ്പാടിയൻ	൭.	മി.	എൻ. കുമാരൻ
൨.	,,	പി. ഹബീബ്മഹമ്മദ്	൮.	,,	രയ്യിതു കുഞ്ഞിത്തമ്പാമ്മൻ
൩.	,,	എ. ജെ. ജോൺ	൯.	,,	കെ. സി. മാമ്മൻമാപ്പിള
൪.	,,	കെ. ഐ. ജോസഫ്	൧൦.	,,	ആർ. പരമനാഥൻ
൫.	,,	എൻ. വി. ജോസഫ്	൧൧.	,,	ജി. രാമൻമേനോൻ
൬.	,,	എസ്സ്. ജി. വേട്ടപ്പസ്	൧൨.	,,	സി. പി. തരകൻ
൭.	,,	സി. കെ. കേരളവർമ്മ കോയിത്തമ്പുരാൻ	൧൩.	,,	സി. പി. തോമസ്.

പ്രതികൂലിച്ചവർ ൧൧.

൧.	മി.	സി. പി. കൊച്ചുകുഞ്ഞുപിള്ള	൭.	മി.	എം. എൻ. പിള്ള
൨.	,,	ടി. കുമാരപിള്ള	൮.	,,	ജി. പരമേശ്വരൻപിള്ള
൩.	,,	കെ. മാധവൻപിള്ള	൯.	,,	ചങ്ങനാശേരി കെ. പരമേശ്വരൻ പിള്ള
൪.	,,	ജി. നാരായണപിള്ള	൧൦.	,,	കെ. കെ. തോമസ്
൫.	,,	കല്ലൂർ നാരായണപിള്ള	൧൧.	,,	സി. എൻ. ഇപ്പൻനമ്പൂതിരി
൬.	,,	പി. കെ. നാരായണപിള്ള			
൭.	,,	കെ. പി. നീലകണ്ഠപ്പിള്ള			

നിഷ്പക്ഷവാദികൾ ൧൭.

൧.	മി.	കെ. സി. ചാക്കോ	൧൦.	മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ	
൨.	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൧.	റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ	
൩.	,,	കെ. ജോർജ്ജ്	൧൨.	മിസ്റ്റർ എസ്സ്. വി. എച്ച്. റാബിൻസൺ	
൪.	,,	ആർ. കെ. കൃഷ്ണപിള്ള	൧൩.	,,	കെ. ശിവരാമപ്പണിക്കർ
൫.	,,	ആർ. കൃഷ്ണസ്വാമിഅയ്യർ	൧൪.	,,	വി. സുബ്ബയ്യർ
൬.	,,	ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൧൫.	,,	വി. എസ്സ് സുബ്രഹ്മണ്യയ്യർ
൭.	,,	കെ. വി. വടേശയ്യർ	൧൬.	,,	എ. ജെ. വാൻറോസ്
൮.	,,	ആർ. നീലകണ്ഠപ്പിള്ള			
൯.	,,	കയ്യാലം പരമേശ്വരൻപിള്ള			
൧൦.		മിസ്റ്റസ് പുന്നൻ യൂക്കോസ്			

പ്രമേയം പാസ്സാക്കപ്പെട്ടു.

൩൧൪ മുതൽ ൩൧൭ വരെയുള്ള പ്രമേയങ്ങൾ.

ഡിമാൻഡിനു അനുവദിച്ചിരുന്ന സമയം തീർന്നുപോയതിനാൽ താഴെ പറയുന്ന പ്രമേയങ്ങൾ പാസ്സായിട്ടുപോയി.

മി. സി. പി. തോമസ്.

൩൧൪. ൧൪-ാം നമ്പർ ഡിമാൻഡിനുള്ള ൧.൭൪ ലക്ഷം രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. ടി. കെ. മാത്യു

൩൧൫. ൧൫-ാം നമ്പർ ഡിമാൻഡിനുള്ള ൧.൭൪ ലക്ഷം രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. ടി. രാമൻമേനോൻ

൩൧൬. ൧൪-ാം നമ്പർ ഡിമാൻഡിനുള്ള ൧.൭൪ ലക്ഷം രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള

൩൧൭. ൧൫-ാം നമ്പർ ഡിമാൻഡിനുള്ള ൧.൭൪ ലക്ഷം രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. കെ. ഐ. ജോസഫ്

൩൧൮. ൧൬-ാം നമ്പർ ഡിമാൻഡിനുള്ള ൧.൭൪ ലക്ഷം രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണം.

൧൪-ാം നമ്പർ ഡിമാൻഡിൻപ്രകാരം കൃഷിമൃഗസ്യവ്യവസായ വകുപ്പിലേയ്ക്കുള്ള ൧.൭൪ ലക്ഷം രൂപയിൽ നിന്നും ഒരു രൂപകുറച്ചു വാക്കിയുള്ള തുക അനുവദിക്കണമെന്നുള്ള പ്രമേയം വോട്ടിനിട്ടു പാസ്സാക്കപ്പെട്ടു.

ഗ്രാന്റ് അനുവദിക്കപ്പെട്ടു.

ഡിമാന്റ് നമ്പർ ൭൯ വ്യവസായം വകയ്ക്കു രൂപ ൧൦൧൮ മുക്കാൽ.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): സർ, നമ്പർ ൭൯ ഡിമാന്റിൻപ്രകാരം, വ്യവസായങ്ങളുടെ പേരിൽ ൧൦൧൮ മുക്കാൽ രൂപയിൽ കുറയാതെ ഒരു തുക നാമമാത്രമായിട്ടുള്ളതെന്നു ഞാൻ ഊഹിക്കപ്പെടുന്നു.

൨൦. വ്യവസായം—ഡയറക്ടർ.

നമ്പർ ൭൯ മുതൽ ൯൨ വരെ പ്രമേയങ്ങൾ

മെംബർ ഹാജരില്ലായിരുന്നതിനാൽ താഴെ പറയുന്ന പ്രമേയം ഹാജരാക്കിയതായി ഗണിക്കപ്പെട്ടില്ല

മി. ടി. ജെ. മാത്യു.

നമ്പർ. ഡയറക്ടർക്കുള്ള ൧൭,൫൦൦ രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണം.

താഴെ പറയുന്ന പ്രമേയങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. കെ. ഐ. ജോസഫ്.

നമ്പർ. ഡയറക്ടർക്കുള്ള ൧൭,൫൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കുന്നതിന്.

൨൧. ബി. വ്യവസായം-വ്യവസായ വിദ്യാഭ്യാസം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

നമ്പർ. താൽക്കാലികമായി കൂടുതൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള ൪൫൦ രൂപ കുറയ്ക്കണം.

മെംബർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന പ്രമേയം ഹാജരാക്കിയതായി ഗണിക്കപ്പെട്ടില്ല.

മി. എ. കെ. പിള്ള.

നമ്പർ. നൂൽ നൂല്പ് അദ്ധ്യാപകന്മാരുള്ള ൪൫൦ രൂപയിൽനിന്നും പത്തു രൂപ കുറയ്ക്കണം.

താഴെ പറയുന്ന പ്രമേയങ്ങൾ അവതരിക്കപ്പെട്ടില്ല.

മി. കെ. ഐ. ജോസഫ്.

നമ്പർ. വ്യവസായ വിദ്യാഭ്യാസത്തിനുള്ള നൂറ, ൭ എന്ന രൂപയിൽനിന്നും നൂറു രൂപ കുറയ്ക്കണം.

൨൨. സി വ്യവസായവും-വ്യവസായ പരിപോഷണവും.

മി. കെ. ഐ. ജോസഫ്.

നമ്പർ. വ്യവസായ പരിപോഷണത്തിനുള്ള ൨൧,൫൪൫ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

പ്രമേയം നമ്പർ ൪.

മി. സി. പി. തോമസ് (നാമിനേറ്റഡ്).

സർ, താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നമ്പർ ൪. നമ്പർ ൭൯-ാം നമ്പർ ഡിമാൻഡിൻപ്രകാരമുള്ള ൧൭,൫൦൦ രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണം.

രാജ്യത്തിന്റെ വ്യവസായാഭിവൃദ്ധിക്കുവേണ്ടി കൂടുതൽ പണം വ്യയംചെയ്യേണ്ട ആവശ്യം നേരിട്ടിരിക്കുന്നതിനാൽ അതിനുള്ള ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഉത്തര തിരുവിതാംകൂറിലും, മദ്ധ്യതിരുവിതാംകൂറിൽ ചില ഭാഗങ്ങളിലും ഉള്ള ആളുകൾക്കു വിചിത്ര തുണി, കസവുവേല ഇവയിൽവേണ്ട ഉൽബോധനം നൽകുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റു ശ്രദ്ധചെലുത്തിക്കേണ്ട ആവശ്യം ഉണ്ടെന്നുള്ള വിവരം ഈ സന്ദർഭത്തിൽ ഞാൻ അറിയിക്കാമെന്നു വിചാരിക്കുന്നു. ഈ കാലത്തു ഇതു വളരെ ലാഭമുള്ള ഒരു വ്യവസായമാണ്. ദക്ഷിണതിരുവിതാംകൂറിൽ ഇതു നടപ്പിലിരിക്കുന്നുണ്ടു, മദ്ധ്യതിരുവിതാംകൂറിലും, ഉത്തര തിരുവിതാംകൂറിൽ പ്രത്യേകിച്ചും ഈ കൂടിൽ വ്യവസായം നടപ്പിൽവരികയോ പ്രോത്സാഹിപ്പിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നുള്ളതു പരിതാപകരംതന്നെ. ഇതിനുള്ള ഒരു കാരണം, ഈ കലയിൽ വേണ്ട ഉൽബോധനം നൽകുന്നതിനു ടെക്സ്റ്റൈൽ ഏജൻസികൾ തുനിയുന്നതായാൽ അതു പരാജയത്തിലെ പര്യവസാനിക്കയുള്ളു എന്നുള്ളതാണ്. എന്തുകൊണ്ടെന്നാൽ ടെക്സ്റ്റൈൽ ഏജൻസികൾക്കു തെക്കൻ തിരുവിതാംകൂറിലെനിന്നും ഈ കലയിൽ വിദഗ്ദ്ധന്മാരായ ആളുകളെ അദ്ധ്യാപകന്മാരായി ലഭിക്കുന്നതിനു വളരെ പ്രയാസമുണ്ടു. ഇപ്രകാരമിരിക്കെ, വടക്കൻ തിരുവിതാംകൂറിൽ ഇത്തരം ഉൽബോധനം ലഭിക്കുന്നതിനു കാംക്ഷയുള്ള ആളുകളുള്ള പല സ്ഥലങ്ങളിലേക്കും ഗവണ്മെന്റുതന്നെ സ്വന്തച്ചിലവിന്മേൽ അദ്ധ്യാപകന്മാരെ അയച്ചുകൊടുത്തെങ്കിൽ മാത്രമെ ഈ പോരായ്മയ്ക്കു ഒരു നിവൃത്തിയുണ്ടാകയുള്ളു. ഒരു ടെക്സ്റ്റൈൽ ഏജൻസിക്കു ഉത്സാഹമായ ഈ കാര്യം ഗവണ്മെന്റു ഡിപ്പാർട്ടുമെന്റിനു നിഷ്പ്രയാസം സാധിക്കാൻകഴിയും. അതിനാൽ ആവശ്യംപോലെ ഗ്രാമങ്ങൾതോറും സഞ്ചരിച്ചു, ഓരോഇടങ്ങളിലും അഞ്ചോ ആറോ മാസകാലം താമസിച്ചു, അവിടെയുള്ള ആളുകൾക്കു ഈവിഷയത്തിൽ വേണ്ട ഉൽബോധനം നൽകി ഈ വ്യവസായം വടക്കൻതിരുവിതാംകൂറിലും പ്രചരിപ്പിക്കുന്നതിനു ഏതാനും അദ്ധ്യാപകന്മാരെ നിയമിക്കേണ്ടതിലേക്കു വ്യവസായഡയറക്ടരുടെ ശ്രദ്ധയെ ഞാൻ ആകർഷിച്ചുകൊള്ളുന്നു. വി. എസ്. എൽ. സി-മുതലായ പരീക്ഷകൾ ജയിച്ചു, ബാലികാപാഠശാലകളിൽ അദ്ധ്യാപകവൃത്തി ലഭിക്കുന്നതിനു നിർവാഹമില്ലാതെ കഴിയുന്ന ബാലികമാർവളരെയധികം നമ്മുടെ നാട്ടിൽ ഉണ്ടെന്നുള്ളതു ഓർക്കുമ്പോൾ, ഇതിന്റെ ആവശ്യം എത്രമാത്രമുണ്ടെന്നു നമുക്കു ബോദ്ധ്യപ്പെടുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയം സമക്ഷമാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): സർ, വിചിത്രതുണിയിനേയും കസവുവേലയേയും സംബന്ധിച്ചു പറഞ്ഞിട്ടുള്ളതിൽ മിക്കവാറും ഭാഗങ്ങളോടു ഞാൻ യോജിക്കുന്നു. ഈ വ്യവസായം മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും പ്രചരിപ്പിക്കുന്നതിനു മേല്പറഞ്ഞപ്രകാരമുള്ള നെയ്ത്തുഅദ്ധ്യാപകന്മാരെ നിയമിക്കേണ്ട ആവശ്യം വളരെയുണ്ടെന്നു എനിക്കുതന്നെ പലസന്ദർഭത്തിലും തോന്നിയിട്ടുണ്ടു. ഏതാനും കുടുംബങ്ങൾക്കുമുൻപു—

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഇവിടെയുള്ള ശാലയിൽ കസവുവേല പഠിപ്പിക്കുന്നതിനു ഒരു ക്ലാസ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള വിവരം വ്യവസായ ഡയറക്ടർ അറിയിക്കുമോ?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ക്ലാസ് ഏർപ്പെടുത്തിയിട്ടില്ല. വിചിത്രവേലയും കസവുവേലയും അഭ്യസിപ്പിക്കുന്നതിനു ഒരു അദ്ധ്യാപകനെ നിയമിക്കുന്ന കാര്യത്തെസംബന്ധിച്ചു ഞാൻ ഗവണ്മെൻറിനോടു ശുപാർശചെയ്തിരുന്നു. ആ മാതിരി ഒരു അദ്ധ്യാപകന്റെ നിയമനത്തെ സംബന്ധിച്ചു പിന്നീടു ധനപരിപോഷകന്മാരറിക്കാതെ ശുപാർശ ചെയ്തിട്ടുണ്ടെന്നാണ് ഞാൻ ഓർക്കുന്നതു. എന്നാൽ ആ കാര്യത്തു ഗവണ്മെൻറിനു ആ നിയമനകാര്യത്തിൽ ഒന്നുംതന്നെ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ മി. സി. പി. തോമസ് ഇപ്രകാരമുള്ള ഒരു പ്രമേയം അവതരിപ്പിച്ചിരിക്കുന്ന സ്ഥിതിക്കു, ഞാൻ ഈ ആലോചന ഒന്നുകൂടി നവണ്മെൻറിന്റെ ഒക്കിക്കു വിഷയീകരിച്ചു വല്ല ഫലവും ഉണ്ടാകാമോ എന്നു നോക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കസവുവേലയും വിചിത്രവേലയും അഭ്യസിപ്പിക്കുന്നതിനു ഒരു ക്ലാസ് ഇവിടത്തെ വ്യവസായപാഠശാലയിൽ സ്ഥാപിക്കണമെന്നു ഡയറക്ടർ വിചാരിക്കുന്നുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞാൻ അപ്രകാരം വിചാരിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പിന്നെ എങ്ങിനെയാണ് നിങ്ങൾ ഉത്തരതിരുവിതാംകൂറിലെക്കും മദ്ധ്യതിരുവിതാംകൂറിലെക്കും പരിശീലനം ലഭിച്ച ആളുകളെ അയക്കാൻ പോകുന്നതു്.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): പരിശീലനം ലഭിച്ച ആളുകളെ ഇപ്പോൾതന്നെ ധാരാളംകിട്ടും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എങ്കിൽ, ഇവിടെ ഒരു ക്ലാസ്സുതുടങ്ങുന്നതിനുള്ള പ്രതിബന്ധമെന്താണ്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തിരുവനന്തപുരത്തും തെക്കൻതിരുവിതാംകൂറിലും പരിശീലനം ലഭിച്ച ആളുകളെ ധാരാളമായി കിട്ടുമെന്നുള്ളതുകൊണ്ടു അപ്രകാരമുള്ള ഒരു ക്ലാസിന്റെ ആവശ്യം ഇല്ല. തിരുവനന്തപുരത്തുതന്നെ പെൺകുട്ടികൾക്കു വിചിത്രവേലയിലും കസവുവേലയിലും മറ്റൊരു വാദ്ധ്യാന്മാരിൽനിന്നു പരിശീലനം ലഭിക്കുന്നതിനു പ്രയാസമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഇവിടെ ഒരു ക്ലാസ്സു തുടങ്ങുന്നതിൽ വല്ല പ്രതിബന്ധവും ഉണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പ്രതിബന്ധം ഒന്നുമില്ല. പക്ഷേ അതിന്റെ ആവശ്യം ഇല്ലെന്നാണ് ഞാൻ പറയുന്നതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതിൽനിന്നു ഇവിടെ കസവുവേല പരിശീലിപ്പിക്കുന്നതിനുള്ള ക്ലാസുകൾ ധാരാളം ഉണ്ടെന്നു അർത്ഥമാക്കാമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ക്ലാസുകൾ ഇല്ല. പക്ഷേ പെൺകുട്ടികൾക്കു പരിശീലനം ലഭിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ ഉണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഇവിടെ വളരെയധികം പെൺകുട്ടികൾ ഈ കാര്യത്തിൽ പരിശീലനം ലഭിക്കുന്നതിനു ആഗ്രഹിക്കുന്നുണ്ടെന്നും അവരെ പരിശീലിപ്പിക്കാൻ വേണ്ടിടത്തോളം ആളുകൾ ഇല്ലെന്നും എനിക്കറിയാം.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതുകൂടി ഞാൻ ആലോചിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ബോറിംഗ് യന്ത്രത്തെപ്പററി എന്തുപറയുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഈ ചോദ്യത്തിനു ഇപ്പോൾ എങ്ങിനെ സന്ദർഭമുണ്ടായി എന്നറിഞ്ഞാൽകൊള്ളാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു ഒരു 'ടോക്കൺമോഷൻ' ആണെന്നുള്ളതുകൊണ്ടു പല കാര്യങ്ങളെസംബന്ധിച്ചും ഈ അവസരത്തിൽ പ്രതിപാദിക്കാമെന്നാണു എനിക്കു തോന്നുന്നതു. ആ യന്ത്രം എവിടെയെങ്കിലും ഉപയോഗപ്പെടുത്തിക്കാണിരിക്കുകയാണോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതെ, അതു ഉപയോഗത്തിലിരിക്കുകയാണു.

മി. സി. പി. തോമസ് (നിയമനം): ഞാൻ മുൻപു പറഞ്ഞപ്രകാരമുള്ള ഒരുപാദ്ധ്യായനെ നിയമിക്കണമെന്നുള്ള എന്റെ അപേക്ഷയെ ആനുകൂല്യത്തോടെ സ്വീകരിച്ചതിനു ഞാൻ ഡയറക്ടർ അവർകളോടു കൃതജ്ഞതയുള്ളവനായിരിക്കുന്നു. അദ്ദേഹത്തിന്റെ ശുപാർശയെ ഗവണ്മെൻറു അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഡിപ്പാർട്ടുമെൻറിന്റെ ജോലിയുടെ മററു ചില അംശങ്ങളെ കുറിച്ചുകൂടി സംസാരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

മി. വി. സുബ്ബയ്യർ (നാമിനേറേഡ്) (ഡെപ്യൂട്ടിപ്രസിഡണ്ടു): സർ, മററെന്തെങ്കിലും വിഷയത്തെ സംബന്ധിച്ചു സംസാരിക്കുന്നതിനുള്ള സമയം കഴിഞ്ഞിരിക്കുന്നില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഔദ്യോഗിക മറുപടികേട്ടു കഴിഞ്ഞിരിക്കെ മററെന്തെങ്കിലും കാര്യത്തെസംബന്ധിച്ചു സംസാരിക്കുന്നതിനു മി. തോമസ് ഒരുമ്പെടുന്നതു എങ്ങിനെ എന്നറിയുന്നില്ല. വ്യാഖ്യാനം ഒരുവഴി, പ്രസംഗം മറെറാരുവഴി.

മി. സി. പി. തോമസ് (നിയമനം): ഈ പ്രമേയത്തിന്റെ കൂട്ടത്തിൽ ഏതുവകുപ്പിനെക്കുറിച്ചും സംസാരിപ്പാനവകാശം ഉണ്ടെന്നാണു ഞാൻ ധരിച്ചുപോയതു. ആ വ്യവസായ വകുപ്പിലും മററു വകുപ്പുകളിലും ഉള്ള ഉദ്യോഗസ്ഥന്മാർ ചെയ്തു—

മി. വി. സുബ്ബയ്യർ (നിയമനം) (ഡെപ്യൂട്ടിപ്രസിഡണ്ടു): അദ്ദേഹത്തിനു മറുപടി പറയാനുള്ള അവകാശമുണ്ടു.

പ്രസിഡൻറ്: മി. തോമസ്, ഒരു പരിഷ്കാരം ഞങ്ങളെക്കൊണ്ടിരിക്കുമ്പോൾ ഒരു പ്രസ്താവിച്ചിട്ടില്ലാത്ത കാര്യത്തെപ്പറ്റിച്ചും നിങ്ങൾക്കു പറയാനുള്ള അവകാശമുണ്ടല്ലോ. പ്രമേയം വോട്ടിനിടണമെന്നു നിങ്ങൾക്കു നിർബന്ധമുണ്ടോ?

മി. സി. പി. തോമസ് (നിയമനം): പ്രമേയം വോട്ടിനിടണമെന്നു ഞാൻ നിർബന്ധിക്കുന്നില്ല.

സഭയുടെ അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം നമ്പർ ൩.

മെംബർ ഹാജരില്ലാത്തതിനാൽ താഴെപ്പറയുന്ന പ്രമേയം ഹാജരാക്കിയില്ലെന്നു കണക്കാക്കപ്പെട്ടു.

മി. ടി. ജെ. മാത്യു:

നമ്പർ ൧൯-ാം നമ്പർ ഡിമാൻഡിൻപ്രകാരമുള്ള ൯൦൧ വക്കം രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

പ്രമേയം നമ്പർ ൧.

മി. ജി. രാമൻമേനോൻ (മാവേലിക്കര, കാർത്തികപ്പള്ളി): സർ, താഴെപ്പറയുന്ന പ്രമേയം ഹാജരാക്കണമെന്നു ഞാൻ വിചാരിക്കുന്നു:—

നമ്പർ ൧. ൧൯-ാം നമ്പർ ഡിമാൻഡുപ്രകാരമുള്ള ൯൦൧ വക്കം രൂപയിൽ ൧ രൂപ കുറയ്ക്കണം.

പ്രമേയം അവതരിപ്പിക്കുമ്പോൾ തന്നെ എന്റെ ഉദ്ദേശം എന്താണെന്നു ഞാൻ വെളിപ്പെടുത്തിയിരുന്നു. അതു് ഇപ്രകാരമാണ്.

"ഡിപ്പാർട്ടുമെൻറിന്റെ ചിലവിൽ ഒരു ശതമാനം കുറയ്ക്കുന്നതുകൊണ്ടു ഉണ്ടാകുന്ന മിച്ചം പാവപ്പെട്ട കൃഷിവേലക്കാരുടെമേലുള്ള നികുതി കുറയ്ക്കുന്നതിനു വിനിയോഗിക്കുന്നതു് എത്ര നന്നായിരിക്കും എന്നുള്ളതിനെ ചൂണ്ടിക്കാണിപ്പാൻ"

തിരുവിതാംകൂറിലെ വ്യവസായവിദഗ്ദ്ധന്മാരുടെയും, കാർഷികവിദഗ്ദ്ധന്മാരുടെയും ജോലികളെ സംബന്ധിച്ചു നിരീക്ഷിക്കുമ്പോൾ ഒരു 'രസവാദി'യുടെ കഥയാണ് എനിക്കു ഓർമ്മയിൽവരുന്നതു്. ഒരു കാലത്തു ഒരു 'രസവാദി' നാട്ടിൻപുറത്തുള്ള ഒരാൾക്കു നൂറുരൂപാ കൊടുക്കുന്നപക്ഷം ആയിരം രൂപയ്ക്കു ചെമ്പുചക്രം സ്വർണ്ണമാക്കി മാറിക്കൊടുക്കാമെന്നുപറഞ്ഞു. ആ്യം നാട്ടുകാരുത്തുകാരൻ ഈ കാര്യംകേട്ടു ഇളകിപ്പോയി. പുക്കിലും വീണ്ടും ആലോചിച്ചപ്പോൾ രസവാദിയോടു സമ്മതമായി. തന്റെ ശമ്പളത്തിൽ കുറച്ചു ചെമ്പുചക്രം സ്വർണ്ണമാക്കിത്തരുവാൻ പറയാമെന്നു നിശ്ചയിച്ചു. ഇതേസ്ഥിതിതന്നെയാണ് നമ്മുടെ നാട്ടിലെ സാമാന്യജനങ്ങൾക്കു ഇപ്പോൾവന്നു നേരിട്ടിരിക്കുന്നതു്. ഓരോമാസത്തിലും ഏതാനുംചെറുതു് അവർക്കു കൊടുത്തുകൊണ്ടിരുന്നാൽ സുഗമമായ ധനാഭിവൃദ്ധിമാർഗ്ഗം ജനങ്ങൾക്കുവേണ്ടി കണ്ടുപിടിക്കാമെന്നാണ് ഈ വിദഗ്ദ്ധന്മാർ പറയുന്നതു്. ഇതുവരെ ജനങ്ങൾക്കു ഗുണകരമായ ഒരു കാര്യമായി ഇതു പരിണമിച്ചിട്ടില്ല. ഈ വിദഗ്ദ്ധന്മാർ ഒരു മാസശമ്പളം കൊടുക്കുന്നതിനുപകരം അവർ ചെയ്യുന്ന വേലയിൽനിന്നുതന്നെ അവർക്കുപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊള്ളുന്നതിനു അനുവദിക്കുന്നതാണ് നല്ലതെന്നു എനിക്കു തോന്നുന്നു. ഒരു കൃഷിവിദഗ്ദ്ധനാണെങ്കിൽ അയാൾക്കാവശ്യമുള്ള ഭൂമിയും കൃഷിചാലുകളായി കുറെ പണവുംകൊടുക്കണം; ഒരു നെയ്ത്തുവിദഗ്ദ്ധനാണെങ്കിൽ നെയ്ത്തു വ്യവസായം നടത്തുന്നതിനുവേണ്ട മൂലധനം കൊടുക്കണം. അവർ ഇത്തരം വ്യവസായങ്ങൾ എങ്ങിനെയാണ് നടത്തിക്കൊണ്ടുപോകേണ്ടതെന്നു ജനങ്ങൾക്കു കാണിച്ചുകൊടുക്കട്ടെ. അതു ജനങ്ങൾക്കു വളരെനല്ല ഒരു ഉപദേശപാഠമായിരിക്കും. നാം ഈ വിദഗ്ദ്ധന്മാർക്കു ഏറ്റിയകാര്യമായി ശമ്പളംകൊടുത്തുകൊണ്ടിരിക്കയാണ്. തങ്ങൾക്കു വേലചെയ്യാൻ കഴിയുമെന്നുള്ളതു് ഈ വിദഗ്ദ്ധന്മാർ കാണിച്ചുകൊടുക്കുകയാണ് വേണ്ടതെന്നു ജനസാമാന്യത്തിന്റെനിലയിൽ ഞാൻ അഭിപ്രായപ്പെടുന്നു. വേലയുടെ അടിസ്ഥാനത്തിൽ ഗവർണ്മെന്റു ധനസഹായംചെയ്യുന്ന കാര്യത്തിൽ എനിക്കു വിരോധമില്ല. എല്ലാ വ്യവസായവിദഗ്ദ്ധന്മാരെയും ഒന്നാകെ പിരിച്ചുവിടണമെന്നു ഞാൻ പറയുന്നില്ല. തങ്ങൾക്കാവശ്യമായ അൻപതുശതമാനം വിദഗ്ദ്ധന്മാരെ പിരിച്ചുവിട്ടു അവർക്കുവേണ്ട ഗ്രാമങ്ങൾ വാങ്ങുകളും കൊടുത്തുകൊൾമതി. ഗവർണ്മെൻറുവകയായിത്തന്നെ ചില സ്ഥാപനങ്ങൾ ഉണ്ടു. അതിൽനിന്നു വേലചെയ്തു അവർ ഉപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊള്ളട്ടെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഓരോ വിദഗ്ദ്ധന്മാരുടെ അൻപതുശതമാനം പിരിച്ചുവിടുക എന്നുള്ളതു എങ്ങിനെയാണ് സാദ്ധ്യമാവുക? (ചിരി).

മി. ജി. രാമൻമേനോൻ (മാവേലിക്കര, കാർത്തികപ്പള്ളി): ഡിപ്പാർട്ടുമെൻറിങ്കൽനിന്നു നടത്തിവരുന്ന ചില നെയ്ത്തുശാലകളുണ്ടു. അവ ഈ വിദഗ്ദ്ധന്മാരെ ഏല്പിക്കുന്നതുകൊള്ളാം. അവർ സ്വന്തം ചുമതലയിന്മേൽ അതു നടത്തട്ടെ. ഇപ്രകാരം ശമ്പളത്തെക്കുറച്ചു ഇനത്തിൽ മിച്ചംവരുന്നതുക വ്യവസായങ്ങളിൽ ചുമത്തിപ്പിടിച്ചുള്ള നികുതി കുറയ്ക്കുന്നതിനു വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതി സ്വീകരിക്കുന്നതുകൊണ്ടു ഗവർണ്മെൻറിനു നിസ്സാരമിററികൾക്കു കൂടുതൽ സഹായധനം നൽകുന്നതിനും, തന്മൂലം അവർക്കു കരംകുറയ്ക്കുന്നതിനും സാധിക്കുന്നതാണ്. ഇപ്രകാരമുള്ള ഒരു പ്രമേയം കൃഷിവകുപ്പിനെ സംബന്ധിച്ചു അവതരിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ സമയമില്ലാതിരുന്നതിനാൽ ആയതു നിർവഹിക്കുന്നതിനു ആ അവസരത്തിൽ എനിക്കു സാധിച്ചില്ല. ഈ ഗവർണ്മെൻറും ജനങ്ങളും ഗൌരവമായി ചിന്തിക്കേണ്ട ഒരു പ്രാധാന്യമേറിയ കാര്യമാണെന്നു എനിക്കു തോന്നുന്നു. എന്റെ ഉപരിക്ഷേപങ്ങൾക്കുവകിച്ചു മലയാളത്തിൽ ഉള്ള ചില കണക്കനുസരിച്ചു ഇന്നുവരെ കൃഷിവ്യവസായം ഈ വകുപ്പുകളിൽ നടന്നു നടത്തിപ്പോരുന്ന സ്ഥാപനങ്ങൾ വളരെ നഷ്ടം സഹിച്ചാണ് നടത്തപ്പെട്ടുവരുന്നതെന്നു കാണുന്നു. ഈ ജനങ്ങൾക്കു വലിയ ഒരു ഉപദേശമായി ഭവിക്കുന്നു. ഈ വിദഗ്ദ്ധന്മാർ അവരുടെ വ്യവസായം ആദായകരമായ ഒന്നല്ലെന്നു ജനങ്ങൾക്കു പാഠമാക്കിക്കൊടുക്കുകയാണ് ചെയ്യുന്നതു. അവർക്കു ഉണ്ടായിരിക്കേണ്ട ഉദ്ദേശം ഇതല്ല. അവരുടെ അഭിമാനം സംരക്ഷിക്കുന്നതിനുവേണ്ടിമാത്രമെങ്കിലും അവർ തങ്ങൾ പാരതന്ത്ര്യശക്തിയുള്ളവരാണെന്നു ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഈ കാര്യത്തെസംബന്ധിച്ചു ഗവർണ്മെൻറു ഗൌരവമായി ആലോചിക്കണമെന്നും ഉടൻതന്നെ ഈ ദോഷപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ തേടണമെന്നും ഞാൻ ഗവർണ്മെൻറിനോടു അപേക്ഷിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, എന്റെ മാന്യസ്നേഹിതൻ പുറപ്പെടുവിച്ച അഭിപ്രായങ്ങളെ ഗവർണ്മെന്റ് വിമർശിക്കണമെന്നു ഞാൻ ഒരിക്കലും പറയുന്നില്ല; എന്നിരുന്നാലും ഈ കാര്യത്തിൽ എന്റെ അഭിപ്രായം അദ്ദേഹത്തിന്റെ അഭിപ്രായത്തിനു തീരെ വിപരീതമായിട്ടുള്ളതാണെന്നു പറയാതെ തരമില്ല, ഈ ഡിപ്പാർട്ടുമെന്റിലേയ്ക്കു അനുവദിക്കാനുദ്ദേശിക്കുന്ന പണത്തുകയിൽ അനവധി കുറയ്ക്കണമെന്നു ആലോചിയ്ക്കുള്ള ഇടകൊണ്ടു ഈ ഉർഷ്ടാടാ സ്ഥയിൽ നിന്നു വിജയം നേടി തന്റെ ഡിപ്പാർട്ടുമെന്റിന്റെ ഖ്യാതിയെ ഉറപ്പിക്കുവാൻ ഡയറക്ടർക്കു കഴിയുമോഎന്നു പരിശ്രമിക്കണമെന്നുമാണ് എന്റെ സ്നേഹിതന്റെ നിർദ്ദേശത്തിന്റെ സാരം. അദ്ദേഹത്തിന്റെ ഈ അഭിപ്രായം പ്രായോഗികമായ ഒന്നല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ, ഈ ഡിപ്പാർട്ടുമെന്റിന്റെ വിജയകരമായി വല്ലതും പ്രവൃത്തിക്കണമെന്നുണ്ടെങ്കിൽ ധനസഹായത്തിനു കൂടുതൽ പ്രോത്സാഹനം ഡിപ്പാർട്ടുമെന്റിന്നു കിട്ടേണം എന്നുള്ളതാണ്. ഞാൻ സ്പഷ്ടം തുറന്നുപറയുന്നതിനു എന്റെ സ്നേഹിതനായ വ്യവസായവകുപ്പു മന്ത്രി അന്യഥാ തോന്നരുതെങ്കിൽ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിന്റെ ഈ നാട്ടിൽ ഉള്ളതായി ആരും അറിയാതിരിക്കുന്നതു തന്നെ പറയേണ്ടിയിരിക്കുന്നു. വ്യവസായകുപ്പോലെയുള്ള ഒരു പുതിയ ഡിപ്പാർട്ടുമെന്റിന്നു അവശ്യം ഉണ്ടായിരിക്കേണ്ട ഉത്സാഹമോ പ്രസക്തിയോ മനോഗതമോ ഇവിടെ ഇല്ല.

മി. കെ. കെ. തോമസ് (കോട്ടയം): പൊലീസ് ഡിപ്പാർട്ടുമെന്റിന്റെ ഉള്ളതായി അനുഭവത്തിൽ അറിയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആവഴിക്കു ഒരു പരീക്ഷണം സ്നേഹിതൻതന്നെ നടത്തുന്നതുവരെ ഞാൻ ഏകദേശത്തിൽ അനുഭവിച്ചു അറിയാവുന്നതാണ്. (ചിരി).

വ്യവസായവകുപ്പിന്റെ കൈകൊണ്ടുവന്നിട്ടുള്ള പല നടപടികൾക്കായിക നിർദ്ദേശങ്ങളും പ്രയോജനശൂന്യമായിട്ടുണ്ട് കണ്ടിട്ടുള്ളതായി വ്യവസായമന്ത്രി പറയേണ്ടിയിരിക്കുന്നു. അല്പംകൂടി ഞാൻ വിവരം പറഞ്ഞു ബോറിങ്ങ് തമ്പുരാന്റെ അതൃപ്തി ഉണ്ടാക്കി വ്യസനപ്പെടുത്തുവാണെങ്കിൽ ഞാൻ ഒരു ചോദ്യം ചോദിക്കുന്നു. എന്റെ തരമിവ്. അതു വേണ്ടുന്നതിനെസംബന്ധിച്ചുള്ള കാര്യം സാമൂഹ്യസേവനം ആയാലും, വേണ്ടുന്ന സമയത്തിൽ വ്യവസായവകുപ്പിലെ ഡയറക്ടർ വളരെ ശ്രദ്ധക്കാണിച്ചു പ്രകടിപ്പിച്ചുകണ്ടു. കഴിഞ്ഞ നവംബറുമാസത്തിൽ ഞാൻ ഗതിനെപ്പററി ചോദിച്ചപ്പോൾ ഒരു കന്യാകുമാരിക്കടുത്തു ചെമ്പ്ഗമലഎന്നസ്ഥലത്തു, കൊണ്ടുവന്നു പാർപ്പിക്കയാണെന്നും ഈവിടെ പാറകുഴിക്കുന്നതിനു ഉപയോഗപ്പെടുത്താൻ ശ്രമങ്ങൾ ചെയ്തുവരികയാണെന്നും എന്റെ സ്നേഹിതൻ പറഞ്ഞു. അവിടെ പരീക്ഷണാർത്ഥം നടത്തിയ ശ്രമങ്ങളിൽനിന്നു ഒരു വിജയവും ഉണ്ടായിട്ടില്ലെന്നാണ് ഞാൻ അറിയുന്നതു. ഇതിനുശേഷം ഈ മാരകമായ യന്ത്രം തീരപ്രദേശങ്ങൾവഴി ഒരു വലിയ ദേശയാത്ര ചെയ്തുകൊള്ളുന്നതിനു അനുവദിച്ചു അയച്ചുകൊടുത്തിരിക്കയാണെന്നു തോന്നുന്നു. കന്യാകുമാരിമുതലായ പല സ്ഥലങ്ങളിലെയ്ക്കും അതു കൊണ്ടുപോകപ്പെട്ടു. എന്നാൽ മുൻപിലത്തേക്കാൾ കൂടുതൽ യാതൊരുനേട്ടവും ഉണ്ടായിക്കണ്ടില്ല.

ഈ യന്ത്രംകൊണ്ടുള്ള ഉപയോഗത്തിന്റെ പ്രകൃതം ഒന്നു മനസ്സിലാക്കിയാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ഡയറക്ടരുടെ പ്രവൃത്തികളുടെ മററൊരുസംഗതിയെപ്പറ്റി സഭയുടെ ശ്രദ്ധിക്കു വിചാരിപ്പിക്കാമെന്നു വിചാരിക്കുന്നു. ഒരു അവസരത്തിൽ ഗൌരവതരമായ ഏതിരഭിപ്രായം ഈ സഭയിൽ ഉണ്ടായിരുന്നിട്ടും ഡയറക്ടർ അവർകൾ നാളികേരത്തൊണ്ടു ഉണക്കുന്നതിനുള്ള ഒരു യന്ത്രം (കോക്കനട്ട് ഡസ്ക്കേററർ) വാങ്ങിക്കേണ്ടതു അത്യാവശ്യമാണെന്നു സ്ഥാപിക്കുകയുണ്ടായി. ഇതിന്മേൽ ശക്തിമത്തായ വാദപ്രതിവാദം ഉണ്ടായിഎങ്കിലും ഒടുവിൽ ഇരുപതിനായിരം രൂപാവരെയുള്ള വരുന്ന വലിയ ഒരുതുക ആ യന്ത്രംവാങ്ങി പരീക്ഷണാർത്ഥം ചെലവു ഇടുന്നതിനുമേൽ ഡയറക്ടർക്കു സഭ അനുവദിച്ചുകൊടുത്തു.

മി. ജി. രാമൻതമ്പി (മാവേലിക്കര, കാർത്തികപ്പള്ളി): അതു ഒരു വാസ്തവമായിരുന്നോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതേ, അതു ഒരു വാസ്തവമായിരുന്നു. വിദ്വാനായ ഡയറക്ടരുടെ അഭിപ്രായങ്ങൾ ഒന്നുംതന്നെ ഇതേവരെ പ്രവൃത്തിരൂപത്തിൽ എത്തിയിട്ടില്ലെന്നാണു ഞാൻഅറിയുന്നതു. ഡിപ്പാർട്ടുമെന്റിന്റെ ഇതുവരെയുള്ള നടത്തിപ്പിൽ പല കാര്യങ്ങളിലും ഇടർച്ചയ്ക്കു ഇടയുണ്ടായിട്ടുള്ളതായി ഞാനിയും ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഡയറക്ടരുടെ നിർദ്ദേശങ്ങളിൽ പ്രായോഗികത്വം കുറഞ്ഞിരുന്നതിനും വിശ്വാസമില്ലായ്മയും ഉള്ളതായിക്കാണുന്നു. അതിനാൽഎന്റെ ആഗ്രഹം അഭിപ്രായം ഗവർണ്മെന്റു ഡയറക്ടരോടു ഏതുവിധത്തിലും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കണമെന്നാണു. തന്റെ ഡിപ്പാർട്ടുമെന്റിന്റെ സാരമായ വല്ല പ്രവൃത്തികളും ചെയ്യുന്നതിനു അദ്ദേഹം സ്വപരിചിതമായ വല്ല പ്രവൃത്തിമണ്ഡലങ്ങളും കണ്ടുപിടിക്കയും ഗവർണ്മെന്റു അദ്ദേഹത്തോടുചെന്നു ആവശ്യപ്പെടുന്ന പ്രോത്സാഹനങ്ങൾ നടത്തിക്കൊണ്ടിരിക്കയും ചെയ്യണം. അതിനാൽ ഈ ഡിപ്പാർട്ടുമെന്റിലേക്കു ഡയറക്ടർ ആവശ്യപ്പെട്ടസംഖ്യയുടെ മേൽപ്പകുതി കുറയ്ക്കണമെന്നുള്ള എന്റെ സ്നേഹിതന്റെ അഭിപ്രായത്തോടു യോജിക്കുന്നതിനു ഞാൻ വഴികാണുന്നില്ല. കാര്യത്തിന്റെ സ്ഥിതിഗതികൾ ഇപ്രകാരമിരിക്കെ രാജ്യത്തിൽ വല്ലതും വിജയകരമായി പ്രവൃത്തിക്കുന്നതിലേയ്ക്കു ഡയറക്ടർ ന്യായമായി ആവശ്യപ്പെടുന്ന മുഴുവൻതുകയും അനുവദിച്ചുകൊടുക്കണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു. ഇതിനുശേഷവും വ്യവസായഡയറക്ടർക്കു പരാജയം തന്നെയാണു നേരിടുന്നതെങ്കിൽ ഡിപ്പാർട്ടുമെന്റിന്റെ മിഷനില്ലായ്മയെ സംബന്ധിച്ചു തന്നെയൊ, അല്ലാത്തപക്ഷം അതിനെനടത്തുന്ന മേധാവിയെ സംബന്ധിച്ചോ വേണ്ടതുപോലെ ആലോചിപ്പാനുള്ള ഒരു ഘട്ടമായിരിക്കും അതു് എന്നാണു എന്റെ അഭിപ്രായം. തന്റെ ഡിപ്പാർട്ടുമെന്റിന്റെ ഉപയോഗത്തെ ആകർഷണീയമായ വിധംപ്രത്യക്ഷപ്പെടുത്തുന്നതിനു ഉപയുക്തമായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു പ്രവർത്തിക്കുവാൻവേണ്ടി ഡയറക്ടർ ന്യായമായി ആവശ്യപ്പെടുന്ന എന്തും ഗവർണ്മെന്റു ഒരു അവസാനപരീക്ഷണാർത്ഥം അനുവദിച്ചുകൊടുക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. ഈ കാരണങ്ങളാൽ മി. രാമൻതമ്പിയുടെ പ്രമേയത്തെ ഞാൻ പ്രതിഷേധിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പ്): സർ, മി. രാമൻമേനവൻ എല്ലാപ്പോഴും ഒരു നിഷ്പക്ഷനിലയിൽ നിന്നുമാണു കാര്യങ്ങൾ വിചിന്തനം ചെയ്യാറുള്ളതു. അദ്ദേഹവുമായി പല കാര്യഭാഗങ്ങളിലും യോജിക്കുവാൻ നിവൃത്തിയില്ലെന്നു കാണുന്ന അവസരങ്ങളിൽ പോലും അദ്ദേഹത്തിന്റെ അഭിപ്രായം സാദരം ശ്രവിക്കപ്പെട്ടുവരുന്നുണ്ടു. ഈ കാര്യത്തിൽ എന്റെ അഭിപ്രായം അദ്ദേഹത്തിന്റേതിൽനിന്നും പാടെ വ്യത്യസ്തമായിട്ടുള്ള ഒന്നല്ലയോ എന്നു ഞാൻ ഭയപ്പെടുന്നു. ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളിൽനിന്നും ഉടനടി സാരമായും പ്രത്യക്ഷമായും ഉള്ള യാതൊരു ഫലവും ഉണ്ടാകുന്നില്ലെന്നുള്ളതു തിരുവിതാംകൂറിലെ വ്യവസായവകുപ്പിന്നുമാത്രം പ്രത്യേകമായുള്ള ഒരു പ്രകൃതമല്ലെന്നാണു ഞാൻ കേൾക്കുന്നതു. വ്യവസായഡയറക്ടർക്കു അതിലധികം ഒരുകെട്ടുന്ന മററാൾക്കിലുമോ സമുദ്രതീരത്തു മണലെന്നപോലെ നിഷ്പ്രയാസം കരസ്ഥമാക്കത്തക്ക വല്ല യാജ്ഞമാർഗ്ഗവും കാണാൻ സാധിക്കുമായിരുന്നെങ്കിൽ ഒരിക്കലും ഒരു വ്യവസായവകുപ്പിന്റെ ആവശ്യം നേടുകയില്ലായിരുന്നു. വ്യവസായവകുപ്പു വഴി അന്വേഷിച്ചു നടക്കുകയാണെന്നു വേണമെങ്കിൽ സമ്മതിച്ചേക്കാം. ഒരു വ്യവസായവകുപ്പു ഇവിടെ ഉണ്ടെന്നുള്ളവസ്തുത എല്ലാവരും സമ്മതിച്ചേക്കുമെന്നു ഞാൻ വിചാരിക്കുന്നു. ചെത്തിമിനുക്കി കയർചെയ്യപ്പെട്ട യാതൊരു ധനാർജ്ജനമാർഗ്ഗവും ഇവിടെ ഇല്ലാത്തതിനാലാണു അവ്യവസ്ഥിത പദ്ധതികളിലും പരീക്ഷണങ്ങളിലും മററും പണം മുടക്കേണ്ട ആവശ്യം ഉണ്ടെന്നുള്ള ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിരിക്കുന്നതു. അവസാനത്തിൽ ഇവയിൽ വല്ലപദ്ധതികളിൽനിന്നും വിജയം ഉണ്ടായേക്കാം എന്നുള്ള ആശയോടുകൂടി അവർ മാർഗ്ഗാന്വേഷണം ചെയ്യുകയാണു. ഇൻഡ്യയിൽ എത്രയോ വ്യവസായവകുപ്പുകൾ ഉണ്ടു. അവയെ ഓരോന്നിനെയും സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ എല്ലാം എന്റെ സ്നേഹിതൻ മി. നാരായണപിള്ള വായിച്ചിട്ടുണ്ടോഎന്നു എനിക്കു നിശ്ചയമില്ല. ഞാൻ ഇതിൽ ഏതാനും റിപ്പോർട്ടുകൾ വായിച്ചിട്ടുണ്ടായി. അവയിൽനിന്നും നമ്മുടെ വ്യവസായഡിപ്പാർട്ടുമെന്റിനെക്കാൾ കൂടുതൽ ഗുണകരമോ പ്രത്യക്ഷമോ ആയഫലങ്ങൾ പ്രദാനംചെയ്യുന്ന ഒരു വ്യവസായഡിപ്പാർട്ടുമെന്റു ഇൻഡ്യയിൽ എങ്ങുംതന്നെ ഇല്ലെന്നാണു ഞാൻഅറിയുന്നതു. നമ്മെപ്പോലെ അവരും ചെലവിട്ടു വിഷമിക്കുകയാണു ചെയ്യുന്നതു. എന്നാൽ ഡയറക്ടറെ ഒരുവിചാരണക്കു കീഴ്പ്പെടുത്തണമെന്നും ശത്രുപക്ഷത്തുള്ളവരുടെ പരീക്ഷണത്തിൽനിന്നും പ്രത്യക്ഷവും തൽക്ഷണവുമായ ഫലം ബോദ്ധ്യപ്പെടുത്താത്തപക്ഷം ഉടൻ നിഷ്കാസനം ചെയ്യുന്നതാണെന്നും മററുംപറഞ്ഞു ശീഷണിപ്പെടുത്തുന്നതു വളരെ കഷ്ടമായിട്ടുള്ളതാണു. ആയതു വ്യവസായവകുപ്പുകളുടെ രൂപീകരണത്തിലുള്ള ന്യൂനതകൾക്കു ഏററവും വിപരീതമായിട്ടുള്ളതു മാകുന്നു. ഈ വകുപ്പിനെസംബന്ധിച്ചു എന്തുനയമാണുസ്വീകരിക്കേണ്ടതെന്നു നിശ്ചയമില്ലാതെ എല്ലാ ഗവണ്മെന്റുകളും കുഴങ്ങിക്കൊണ്ടിരിക്കയാണെന്നു നമുക്കു അറിയാം. ഒരു വ്യവസായവകുപ്പുണ്ടായിരിക്കേണ്ടതു ആവശ്യംതന്നെ ഉണ്ടെന്നുള്ളതും അതിന്റെ കൃത്യം വെറും ഉപദേശം നൽകുക മാത്രമാണെന്നു എന്നുള്ളതും വ്യവസായസംബന്ധമായ പരീക്ഷണങ്ങൾ നടത്തുക എന്നുള്ളതുകൂടി അതിന്റെ കൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ല എന്നുംമററുമുള്ള കാര്യങ്ങൾ ഇപ്പോഴും പ്രാഥമികാഭിപ്രായങ്ങളായിത്തന്നെ ഇരിക്കുന്നതുമുള്ളതു. ഇത്രമാത്രവിഷമമേറിയതും അവ്യക്തവും ആയ കാര്യങ്ങളുടെ പരിശോധനയിലും സ്പഷ്ടീകരണത്തിലും നമ്മുടെ ഡിപ്പാർട്ടുമെന്റു പിന്തംപോലെ നിശ്ചയമായും സംശോധനകൾ ചെയ്തുകൊണ്ടുതന്നെയാണിരിക്കുന്നു. മദ്രാസ്സംസ്ഥാനത്തിലെ കൃഷിവകുപ്പിനെ ഒന്നുവിക്ഷിക്കുക. കൈലാസപ്പെട്ടയിൽ അതു ആരംഭിച്ചിട്ടു അൻപതുകൊല്ലങ്ങൾക്കുമേൽ ആയിരിക്കുന്നു. അതിന്റെ പരിഷ്കരണത്തിനും പുനഃസംഘടനത്തിനും വേണ്ടി പലയത്നങ്ങളും നടത്തിയിട്ടുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) മദ്രാസ്സംസ്ഥാനത്തെ കൃഷിവകുപ്പിന്റെ നവീകരണത്തെ ആദിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ഇവിടത്തെ വ്യവസായവകുപ്പിനു ഏതാനും മാററങ്ങൾ ആവശ്യമാകുന്നു എന്നു മി. മാമ്മൻമാപ്പിളയ്ക്കു കാണുവാൻ കഴിയുന്നില്ലെ.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പ്): അതുതന്നെയാണു ഞാൻ വാദിക്കുന്നതു. കടൽ തീരത്തിലെ മണലെന്നപോലെ നിഷ്പ്രയാസം കരസ്ഥമാക്കാവുന്ന സുഗമപദ്ധതികൾ ഒന്നുതന്നെ ഈ കാര്യങ്ങളിൽ ഇല്ലെന്നാണു ഞാൻ പറയുന്നതു. സ്വന്തമായി ഏതാനും മാർഗ്ഗങ്ങൾ പരീക്ഷിച്ചുനോക്കുകയും ഇൻഡ്യയിൽ മററുഭാഗങ്ങളിലുള്ള ഇതരം ഡിപ്പാർട്ടുമെന്റുകളിലെ വിദഗ്ദ്ധർ അമ്മാതിരി കാര്യത്തിൽ സ്വീകാര്യമെന്നു അഭിപ്രായപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങൾകൂടി പരീക്ഷിക്കുകയും ചെയ്തശേഷം നമ്മുടെ പ്രവൃത്തനപദ്ധതികൾ വ്യത്യാസപ്പെടുത്തണമെന്നുകാണുന്ന പക്ഷം നിശ്ചയമായും അപ്രകാരം ചെയ്യേണ്ടതാണു. തൽക്ഷണവും ക്ഷിപ്രവും ആശ്ചര്യകരവും ആയ ഫലം ഉണ്ടാകണമെന്നുമാത്രം ഉദ്ദേശിച്ചല്ല ഇൻഡ്യയിൽ വ്യവസായ വകുപ്പുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതു. തിരുവിതാംകൂറിലെ വ്യവസായ വകുപ്പു ഇതിനു നിന്ന വ്യത്യസപ്പെട്ട ഒന്നല്ല. ഇതാണു എന്റെ അഭിപ്രായം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഇതുതന്നെയാകുന്നു ഇൻഡ്യയിലുള്ള എല്ലാവ്യവസായവകുപ്പുകളുടേയും ഉദ്ദേശ്യം.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പ്) രാജ്യത്തിലെ വ്യവസായം വളർത്തുന്നതിനു ഉപയുക്തമായ മാർഗ്ഗങ്ങൾ തേടുകയെന്നുള്ളതാണു ഉദ്ദേശ്യം. പുതിയവാദം ഈ മാർഗ്ഗങ്ങൾ നമുക്കു കടൽ തീരത്തെ മണലെന്നപോലെ നിഷ്പ്രയാസം കരസ്ഥമാക്കാവുന്നതാണെങ്കിൽ ഇപ്രകാരം ഒരു ഡിപ്പാർട്ടുമെന്റിന്റെ ആവശ്യംതന്നെ നേരിടുകയില്ലായിരുന്നു എന്നുള്ളതാണു. ഇക്കാര്യത്തിൽ പരിശോധനകളും പരീക്ഷണങ്ങളും അവശ്യം നടക്കേണ്ടിയിരിക്കുന്നു. പരീക്ഷണം എന്നുപറയുമ്പോൾ തന്നെ പരാജയവും നിരാശയും അതിൽനിന്നും വ്യക്തമായി ഉൽപ്പാദിക്കുന്നുണ്ടു. ഇതാണു ഈകാര്യത്തിന്റെ മർമ്മം. ഗവണ്മെന്റിനു ഉടൻ ഫലമായ ഭരണനയം ഇല്ലാത്തതിനാലാണു വ്യവസായം കൃഷി ഈ രണ്ടുവകുപ്പുകൾക്കും വിഷമം നേരിടുന്നതു. എന്നുള്ള കാര്യത്തിൽ ഞാൻ മി. നാരായണപിള്ളയോടു പൂർണ്ണമായി യോജിക്കുന്നു. ഡയറക്ടറെ നിയമിച്ചു ഏതാനും പ്രവൃത്തി പദ്ധതികൾ ഒരു സമയത്തു ഗവണ്മെന്റു ആനുകൂല്യത്തോടെ ആരംഭിക്കുകയും ആ പദ്ധതികൾ പരാജയമാകുന്നതിനുമുൻപു ഗവണ്മെന്റിന്റെ ഭരണനയത്തിൽ മററങ്ങൾ വന്നു മറെറാരവസരത്തിൽ അവയെ പാടെ തിരസ്കരിക്കുകയും ചെയ്യുന്നു. ഈ കഴിഞ്ഞ ദിവാൻജിയുടെ ഭരണകാലത്തു കരമന തുകൽ ഊറക്കിടുന്നതിനുവേണ്ടി ഒരു വ്യവസായശാല സ്ഥാപിക്കുകയുണ്ടായി. അവിടെ ഒരു കുളംകുഴിക്കുകയും ഏകദേശം രണ്ടുകൊല്ലങ്ങൾക്കുമുൻപു ജലോദ്ധാരണയന്ത്രം മുതലായ സാമഗ്രികൾ

വിചയ്ക്കുപാങ്ങുകയും ചെയ്തു. എന്നാൽ ഇപ്പോഴും ആ കാര്യം അതേനിലയിൽതന്നെ ഇരിക്കുന്നതേയുള്ളു. പ്രക്ഷാഗവർണ്ണമെന്റിന്റെ ഭരണനയത്തിൽ വല്ലമാററവും നേരിട്ടിട്ടുണ്ടായിരിക്കാം. തൻമൂലം കുറെ പണം കൂടി വ്യയംചെയ്തു ആ ജോലി പൂർത്തിയാക്കുന്നതിനു പകരം അതിലേയ്ക്കു മുടക്കിയപണം ഉപയോഗശൂന്യമായനിലയിൽ തള്ളിക്കളഞ്ഞിരിക്കയാണുചെയ്തിരിക്കുന്നതു. സോപ്പുണ്ടാക്കുന്നതിനു ഒരു വ്യവസായശാല ഇവിടെസ്ഥാപിക്കുന്നതിനുവേണ്ടി വ്യവസായ ഡയറക്ടർ രണ്ടുകൊല്ലങ്ങൾക്കുമുമ്പു കുറെ പണം അനുവദിക്കുന്നതിനു ഗവർണ്ണമെന്റിനോടു ആവശ്യപ്പെട്ടു. കഴിഞ്ഞതിനു മുൻപിലത്തെ കൊല്ലത്തെ ധനപരിപോഷണക്കമ്മററിയിൽവച്ചു അതു ഉപയോഗശൂന്യമായ ഒരുകാര്യമാണെന്നുകണ്ടതു ഈ സ്കീം തള്ളിക്കളയുന്നതിനു ഞാൻ സഹായിച്ചു. കുറെക്കാലംകഴിഞ്ഞു ഈ സ്കീംകണ്ടുവരുന്നതിനു പ്രധാനകാരണക്കാരനായ ഒരുയുവാവുമായി ഞാൻ സംസാരിക്കയുണ്ടായി. ആ യുവാവു ബോട്ടർമുതലായ സ്ഥലങ്ങളിലുള്ള വ്യവസായശാലകളിൽ ചെന്നു സോപ്പുണ്ടാക്കുന്നതിനുള്ള പ്രായോഗിക പരിശീലനങ്ങൾ നടത്തിയിട്ടുണ്ടെന്നു എന്നോടുപറഞ്ഞു. ഇവിടെ സോപ്പുണ്ടാക്കുവാൻ സാധിക്കുമെന്നുള്ളതു അന്നത്തെ ഗവർണ്ണമെന്റിനെ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. പ്രസ്തുത കാര്യത്തിൽ പ്രവർത്തനം ആരംഭിക്കയുംചെയ്തു. ഈ സ്കീം ധനപരിപോഷണക്കമ്മററിക്കു വന്നപ്പോൾ ഞാൻ മുൻപു പറഞ്ഞതുപോലെ ഇതിനുവേണ്ടി പണം വ്യയംചെയ്തു ക്ഷാമത്തിലാണെന്നു കണ്ടതോടുകൂടിയും തൻമൂലം അതിനെ തള്ളിക്കളയുന്നതിനു ഞാൻ സഹായിക്കുകയും ചെയ്തു. ഇപ്രകാരമാണു ഓരോ കാര്യത്തിൽ പലവിധ ജനവിഭാഗങ്ങളും ഇടിവുകളും നേരിടുന്നതു. അതിനാൽ കൃഷിപകുപ്പോ വ്യവസായവകുപ്പോ പ്രത്യുത്പാദനങ്ങൾ ഉണ്ടാക്കിത്തീർക്കണമെന്നു നിർബന്ധിക്കുന്ന ആ അഭിപ്രായക്കാരെ ഞാൻപുകഴ്ത്തുകയുണ്ടു അവരുടെ ഉദ്ദേശം പരീക്ഷണാർത്ഥം പ്രവൃത്തിചെയ്തുകൊണ്ടിരിക്കുന്നിടത്തോളം കാലം പൊതുജനങ്ങൾ, അതു ൻ പരാജയമുണ്ടായേക്കാനിടയുണ്ടെന്നു കരുതി, ക്ഷമിച്ചിരിപ്പാൻ തയാറാകണം.

മി. ജി. രാമൻനമ്പിയാർ (മാവേലിക്കര, കാർത്തികപ്പള്ളി): യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കൻ രാജ്യങ്ങളിലും ഉള്ള ഇത്തരം ഡിപ്പാർട്ടുമെൻറുകളുടെ ജോലി എന്താണെന്നു മെംബറിനു അറിവുണ്ടോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): അവർ പരിഷ്കാരത്തിൽ നമ്മുക്കാൾ എത്രയോ മുന്നണിയിൽ നില്ക്കുന്ന രാജ്യക്കാരാണു. അവരും ഒരുകാലത്തു നമ്മെപ്പോലെതന്നെ ഇരുളിൽ വഴിതപ്പി ഉഴന്നതിനുശേഷം അഭിവൃദ്ധിയിലു വന്നവരായിരിക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കുളത്തൂപ്പുഴ, കുന്നത്തൂർ) ഞാൻ പ്രമേയത്തെ പ്രതിഷേധിക്കുന്ന അപ്രകാരം ചെയ്യുന്നതോടുകൂടി ഡയറക്ടരോടു ഏതാനും ചോദ്യങ്ങൾ ചോദിക്കണമെന്നു മാത്രമെ ഉദ്ദേശിക്കുന്നുള്ളു. അവയ്ക്കു അദ്ദേഹം മറുപടിപറയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. സർ, കഴിഞ്ഞകൊല്ലം ഈനാട്ടിൽ കുടിൽവ്യവസായം ആരംഭിക്കുന്നതിനു ചെണ്ടി മുപ്പതിനായിരം രൂപയോളം ചെലവു വരുന്ന ഒരുപദ്ധതി ഈ സഭ അനുവദിക്കുകയുണ്ടായി. അതിലേയ്ക്കു എത്രപണം ചെലവാക്കി എന്നും ഏതെല്ലാം വ്യവസായശാലകൾ ഈ തുക ഉപയോഗിച്ചു എന്നും അതിൽനിന്നുണ്ടായ ഫലം എന്തെന്നും വ്യവസായഡയറക്ടരിൽനിന്നും അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): മി. രാമൻനമ്പിയാരുടെയും ജനപ്രതിനിധിപക്ഷത്തിലുള്ള മററു ചില അംഗങ്ങളുടേയും പ്രസംഗങ്ങൾ കേട്ടശേഷം മി. ജി. രാമൻനമ്പിയാർ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിനു ഗൌരവമായ ഒരുമറുപടി പ്രസംഗം ഞാൻ ചെയ്യേണ്ടതുആവശ്യം ഉണ്ടായി എന്നു സംശയിക്കുന്നു. എന്നിരുന്നാലും ഈ പ്രമേയം അവതരിപ്പിച്ചപ്പോൾ ഉൽഭൂതമായിട്ടുള്ള രണ്ടുമൂന്നുസംഗതികളെ സംബന്ധിച്ചു ഞാൻ എനിക്കുപറയാനുള്ള മറുപടിപറയാം. തങ്ങൾ രണ്ടു രസവാദികളാണെന്നുള്ള അഭിപ്രായമാണു വ്യവസായ ഡയറക്ടരും കൃഷിഡയറക്ടരും നൽകുന്നതെന്നു മി. രാമൻനമ്പിയാർ പറയുകയുണ്ടായി. ഡാക്ടർ കുഞ്ഞൻപിള്ളയോ ഞാനോ ഞങ്ങളെ രണ്ടുരസവാദികളായി ആരെങ്കിലും മനസിലാക്കണമെന്നു ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. നേരേമറിച്ചു ഞങ്ങൾ ജനങ്ങളെ ഈ തെററിദ്ധാരണയിൽനിന്നു മോചിപ്പിക്കുന്നതിനാണു ഉദ്യമിച്ചിട്ടുള്ളതു ഞങ്ങൾ പരീക്ഷണങ്ങൾ നടത്തുന്നവരാണെന്നും ഞങ്ങളുടെ പരീക്ഷണങ്ങൾ ചിലപ്പോൾ പരാജയത്തിൽ പര്യവസാനിച്ചു എന്നുവന്നേക്കാം എന്നുമാണു പറഞ്ഞുവന്നിട്ടുള്ളതു. എങ്ങിനെയായാലും പൊതുജനങ്ങൾ തങ്ങളുടെ ഡിപ്പാർട്ടുമെൻറുകളിൽനിന്നും യാതൊരു പ്രതിഫലവും പ്രതീക്ഷിക്കരുതു (ചിരി) ധനലാഭം എന്നാണു ഞാൻ അർത്ഥമാക്കുന്നതു.

ചില ആളുകൾ മനസ്സിലാക്കിയിരിക്കുന്നതു വ്യവസായശാലകൾ സ്ഥാപിക്കുന്നതു മാത്രമായിട്ടുള്ളതു ഒന്നാണു് വ്യവസായവകുപ്പു എന്നാകുന്നു. ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം ഗവർണ്ണമെന്റിന്റെ ഉദ്ദേശം അതല്ല. വ്യവസായവകുപ്പിന്റെയും കൃഷിവകുപ്പിന്റെയും ഉദ്ദേശം ഈ രണ്ടു കാര്യങ്ങളിലും ഏർപ്പെട്ടിട്ടുള്ള ജനങ്ങളെ സഹായിക്കുക എന്നുള്ളതാണ്. ഇതാണ് ഈ രണ്ടു വകുപ്പുകളുടേയും ഉദ്ദേശം. ഈ ധാരണയോടുകൂടി നിരീക്ഷിക്കുന്നപക്ഷം ഇതു രണ്ടു ഡിപ്പാർട്ടുമെൻറുകളുടെയും ഉപയോഗം എന്തെന്നു മനസ്സിലാക്കാൻ സാധിക്കും. പല വ്യവസായങ്ങളെ സംബന്ധിച്ചു പരീക്ഷണങ്ങളും പരിശോധനകളും നടത്തേണ്ടതായുണ്ട്. ഇതിലേയ്ക്കു നല്ല തുക ശമ്പളം കൊടുത്തു ഉദ്യോഗസ്ഥന്മാരെ നിയമിക്കാതെ തരമില്ല. ഇപ്രകാരം ചിലവുചെയ്യുന്ന പണത്തിനു പണത്തിന്റെ രൂപത്തിലുള്ള യാതൊരു പ്രതിഫലവും ഡിപ്പാർട്ടുമെൻറിനു കിട്ടുന്നില്ല. ഒരു ഉദാഹരണം ഇവിടെ പറയാം. എന്റെ കീഴിലുള്ള തോൽവിദഗ്ദ്ധൻ തമ്പകപ്പട്ട ഊറയ്ക്കിട്ടു മാർദ്ദവപ്പെടുത്തുന്നതു സാധനമാണോ എന്നു പരീക്ഷിക്കുന്നുണ്ടായിരുന്നു. അതു ഇതേവരെ ഒരിടത്തും ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതാണ്. ശരിയായ തോൽ അതിൽനിന്നു ലഭിക്കുമോ എന്നുള്ളതു ഞങ്ങൾക്കു നിശ്ചയവും ഇല്ലായിരുന്നു. അതിൽനിന്നും കുറച്ചു തോൽ ഉണ്ടാക്കി ലണ്ടനിലെ ഇമ്പീരിയൽ ഇൻസ്റ്റിററ്യൂട്ടിലേയ്ക്കു അയച്ചിരുന്നു. അവർ അതിനെ സംബന്ധിച്ചു അവരുടെ അഭിപ്രായം അയച്ചുതന്നിട്ടുള്ളതിനെ താഴെ ചേർക്കുന്നു.

"തമ്പകപ്പട്ടയിൽനിന്നുള്ള തോലിൽ കൊന്നപ്പട്ടയിൽനിന്നുള്ള തോലിനെക്കാൾ കൂടുതൽ ടാനിയാകുവാനും ചായംപിടിക്കുന്നതുണ്ടെന്നു പരീക്ഷിച്ചുകണ്ടിരിക്കുന്നു. തോലിന്റെ ഉറപ്പുകുറവു മിനുക്കുവേലകൊണ്ടു നിശ്ശേഷം ഇല്ലാതാക്കപ്പെട്ടു. ഈ ഫലങ്ങളെ അടിസ്ഥാനപ്പെടുത്തി ഒല്ലാളികൾ തമ്പകപ്പട്ടയിൽനിന്നുള്ള തോലിന്റെ വാത്തൽ ഒന്നിന്നു മൂന്നു ഷില്ലിംഗ് നാലു പെൻസ് മുതൽ മൂന്നു ഷില്ലിംഗ് ആറു പെൻസുവരെ ഖണ്ഡത്തിൽ ഇപ്പോൾ വില കിട്ടുമെന്നു പറയുന്നു. കൊന്നപ്പട്ടയിൽനിന്നുള്ള തോലിന്നു മൂന്നു ഷില്ലിംഗ് മുതൽ മൂന്നു ഷില്ലിംഗ് രണ്ടു പെൻസുവരെമാത്രമേ വിലകിട്ടുകയുള്ളു. ധാരാളമായി കയററുമതി ചെയ്യുന്നപക്ഷം ഈ നിരക്കിനു ഇവിടെ വിൽക്കാൻസാധിക്കും. എണ്ണായിരം മുതൽ പതിനായിരംവരെ പട്ട ഒരു പ്രാവശ്യം കയററുമതി ചെയ്യണം. ആയിരമോരണ്ടായിരമോ ആയിപ്പോയാൽ നല്ല വിലകിട്ടാൻ ഇടയില്ല."

ഇപ്രകാരമുള്ള ഒരു അഭിപ്രായം ചമിക്കുന്നതിനുവേണ്ടി ഒരു തോൽവിദഗ്ദ്ധന്നു മുന്നൂറു രൂപാ ശമ്പളത്തിൽ ഏകദേശം ഒരു കൊല്ലത്തോളം ഇതിലേയ്ക്കുമാത്രമായി നിയമിക്കേണ്ടിവന്നു. വളരെ സാധനങ്ങൾ അതിനുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതായുംവന്നു.

ഈ പരീക്ഷണത്തിൽനിന്നുണ്ടായ ഗുണം, ഈ വിവരം ജനസാമാന്യത്തിന്റെ അറിവിനായി ചമിച്ചു എന്നുള്ളതാണ്. ഏട്ടോ പത്തോ ആയിരം തോലുകൾ ഒരു സമയത്തുണ്ടാക്കത്തക്കവിധത്തിൽ മതിയായ ഉപകരണം മുടക്കാൻ തയാറുള്ള ഏവർക്കും ഡിപ്പാർട്ടുമെന്റിനോടപേക്ഷിച്ചാൽ ആവശ്യമുള്ള വിവരങ്ങൾ അറിയുവാനും അവർക്കു ഈ ഉകൽവ്യവസായം തുടങ്ങാവുന്നതുമാകുന്നു. വ്യവസായവകുപ്പുകൾ നടത്തുന്ന പരീക്ഷണങ്ങളുടേയും പരിശോധനകളുടേയും ഫലം എപ്പോഴും പണമായി കണക്കാക്കപ്പെടാവുന്നതല്ല. ഡിപ്പാർട്ടുമെന്റു വിജയകരമായി നടത്തിയ പരീക്ഷണങ്ങളിൽ ഒന്നിനെക്കുറിച്ചു സഭാസമക്ഷം ഇപ്പോൾ ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനിയും ഇതുപോലെയുള്ള പല ഉദാഹരണങ്ങളും ഉണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളം—വിളവംകോട്ട): ഇപ്പോൾ ഇവിടെ പറഞ്ഞതുമാതിരിയിൽ മണ്ടുന്ന ഉദ്യോഗസ്ഥന്മാരെക്കൂടി പറയാമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഒരു ഉദാഹരണംകൂടിയുണ്ടെങ്കിലും ഞാൻ പറയാം. എല്ലാ ഉദാഹരണങ്ങളും ഓർമ്മയിൽ വച്ചുകൊണ്ടിരിക്കുക എന്നുള്ളതു പ്രയാസമാണ്. മഷി ഉണ്ടാക്കുന്ന വിഷയത്തിൽ ഞങ്ങൾ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു, ആ പരീക്ഷണത്തിൽ ഞങ്ങൾ വിജയികളായിരിക്കുന്നു എന്നുള്ള വിവരം ധരിപ്പിക്കാം. സർ, മഷി ഉണ്ടാക്കുക എന്നുള്ളതു വളരെ നിസ്സാരമാണെന്നു ആളുകൾ വിചാരിച്ചേയ്ക്കാം. എന്റെ ബാല്യകാലത്തിൽ എനിക്കാവശ്യമുണ്ടായിരുന്ന മഷി ഞാൻതന്നെ ഉണ്ടാക്കിക്കൊണ്ടിരുന്നതായി ഓർക്കുന്നുണ്ട്. എന്നാൽ കമ്പോളങ്ങളിൽ വില്പനക്കുള്ളേശിച്ചു മഷി ഉണ്ടാക്കുവാൻ തുടങ്ങുമ്പോൾമാത്രമെ ആ വിഷയത്തിൽ എത്രമാത്രം കൈവക്രമ്യം ഉണ്ടെന്നുള്ളതു നിങ്ങൾക്കു അറിയാറാകുകയുള്ളു. ഈ കാര്യത്തിൽ മദ്രാസിലെ വ്യവസായഡയറക്ടർ പറഞ്ഞിരിക്കുന്ന അഭിപ്രായംകൂടി ഞാൻ ഇവിടെ ഉദ്ധരിക്കാം. അവർ അവിടെ വ്യവസായനിലയിൽ മഷി ഉണ്ടാക്കാൻ ആദ്യമായി ശ്രമിച്ചപ്പോൾ അതു വളരെ എളുപ്പമുള്ള ഒരു കാര്യമായി വിചാരിച്ചിരുന്നു എന്നും ജോലി ആരംഭിച്ചപ്പോഴാണ് അതിന്റെ കൈവക്രമ്യം എത്രമാത്രമുണ്ടെന്നു മനസ്സിലായി തുടങ്ങിയതെന്നും വളരെ പരീക്ഷണങ്ങൾക്കുശേഷം മാത്രമെ അതിനുള്ള ശരിയായ വഴി അവർക്കു കണ്ടുപിടിക്കാൻ സാധിച്ചുള്ളു എന്നും അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞുകാണുന്നു. ഇവിടെ ഞങ്ങൾക്കും വളരെയധികം പരീക്ഷണങ്ങൾക്കുശേഷം മാത്രമെ അതിനുള്ള ശരിയായ ചാർട്ടു കണ്ടുപിടിക്കാൻ കഴിവുണ്ടായുള്ളു. ഇപ്പോൾ, ഞങ്ങൾ സ്റ്റേഷനറി വകുപ്പിലേക്കു ദ്രാവകമഷി ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകൊണ്ടിരിക്കയാണ്. ലാഭമുണ്ടാക്കുന്നതിനുവേണ്ടി മഷിവ്യവസായം നടത്തിക്കൊണ്ടിരിക്കുന്നതെന്നു ഡിപ്പാർട്ടുമെന്റിൽനിന്നു വിചാരിക്കുന്നില്ല. ആരെങ്കിലും ആ വ്യവസായം ആരംഭിക്കാൻ ഒരുങ്ങുന്നെങ്കിൽ ഡിപ്പാർട്ടുമെന്റിൽനിന്നു അതിനുസംബന്ധിച്ചുള്ള രഹസ്യങ്ങൾ എല്ലാം അറിയിച്ചുകൊടുക്കാൻ തയ്യാറാണ്. മിസ്റ്റർ കുമാരപിള്ള ഈ രണ്ടു ഉദാഹരണങ്ങൾകൊണ്ടു തൃപ്തിപ്പെടുമെന്നുള്ളതിക്കുന്നു. ഏറെ ഉദാഹരണങ്ങളും ഉണ്ട്.

മി. സി. എൻ. ഉപ്പുന്നംപൂതിരി (ജന്മി പ്രതിനിധി): മഷിയുണ്ടാക്കുന്നതിനുള്ള വഴി രഹസ്യമായിട്ടു വച്ചുകൊണ്ടിരിക്കുന്നതു എന്തിനാണ്? ഗവർണ്ണറിൽ പരസ്യം ചെയ്യുകയോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പരസ്യംചെയ്യാം. വിരോധമില്ല.

മിസ്റ്റർ പി. കെ. നാരായണപിള്ള ബോറിംഗ് യന്ത്രത്തെസംബന്ധിച്ചു പ്രത്യേകം ചോദിക്കുകയുണ്ടായി. അദ്ദേഹത്തിനു ഒരു ശരിയായ മറുപടി കൊടുക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ധനികതിയും ആദായനികുതിയും കമ്മീഷണർ): അതു് കുറച്ചു അസഹ്യമായിരിക്കുന്നു. സർ, (ചിരി)

മി. സി. എൻ. ഉപ്പുന്നംപൂതിരി (ജന്മിപ്രതിനിധി): വ്യവസായഡിപ്പാർട്ടുമെന്റു ഇവിടെ സ്ഥാപിച്ചശേഷം ജനങ്ങൾക്കു പ്രയോജനമുള്ള എന്തെങ്കിലും കണ്ടുപിടിച്ചിട്ടുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പല കാര്യങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. അതെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞു.

മി. സി. എൻ. ഉപ്പുന്നംപൂതിരി (ജന്മി പ്രതിനിധി): മഷി നമ്മുടെ നാട്ടിൽ മുമ്പുതന്നെ ഉണ്ടാക്കിക്കൊണ്ടിരുന്ന ഒന്നാണ്, അതിനേക്കാൾ പ്രയോജനകരമായി മറെറ വല്ലതും കണ്ടുപിടിച്ചിട്ടുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തോൽവ്യവസായം ചെയ്യുന്നുണ്ട്. ഇങ്ങനെ പല സംഗതികളും ഇവിടെ പറഞ്ഞുകഴിഞ്ഞു. ആ ബോറിംഗ് യന്ത്രം വാങ്ങുന്നതിനുവേണ്ട ഗ്രാന്റിനു അപേക്ഷിച്ചപ്പോൾ ഞാൻ അതുകൊണ്ടുള്ള പല ഉപയോഗങ്ങളെക്കുറിച്ചും പറയുകയുണ്ടായി. ലോഹങ്ങൾക്കുവേണ്ടി ഖനികൾ തുരക്കുക എന്നുള്ളതാണ് ഞാൻ പറഞ്ഞതിൽ ഒരു ഉപയോഗം. യന്ത്രംവരുത്തി കൂട്ടിയിണക്കിയ ഉടൻതന്നെ മംഗളൂരു എന്ന സ്ഥലത്തെത്തുകയുണ്ടായി മംഗളൂരിൽ 'ഹൈഡ്രോഇലക്ട്രിക് ഉൽപ്പന്നം' ഉണ്ടായിരുന്നു, അതിൽ നിക്കൽ, ചെമ്പു ഈ രണ്ടു ലോഹങ്ങളും കൂടാതെ വളരെ ചുണ്ണാമ്പിയ ഒരംശം പ്ലാററിനവും ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാര്യം മുമ്പേ പരിശോധിച്ചറിഞ്ഞശേഷമാണോ അവിടെ ജോലി ആരംഭിച്ചതു.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ബോറിംഗ് യന്ത്രംകൂടാതെ സാദ്ധ്യമായിരുന്നിടത്തോളം ഞങ്ങൾ പരിശോധിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതു് ഉദ്യോഗസ്ഥനാണ് ആ പരിശോധന നടത്തിയതു്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പല ഉദ്യോഗസ്ഥന്മാരും പരിശോധിച്ചു. മിസ്റ്റർ മാസിലാമണി പരിശോധിച്ചു. ഞാൻ പരിശോധിച്ചു. എന്റെ അസിസ്റ്റന്റന്മാരും പരിശോധിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേസംബന്ധിച്ചു മിസ്റ്റർ മാസിലാമണിയുടെ അഭിപ്രായം എന്തായിരുന്നു?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അദ്ദേഹത്തിനു അതിന്റെ വിജയത്തിൽ വലിയ വിശ്വാസമായിരുന്നു. അവിടെ പാറ തുരന്നു ഖനിസംബന്ധമായ വേലകൾ തുടങ്ങണമെന്നു അഭിപ്രായപ്പെടുകയുംചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവിടെ ഖനിസംബന്ധമായ വേലകൾ തുടങ്ങിയാൽ അതു പരാജയത്തിൽ അവസാനിക്കുമെന്നു മിസ്റ്റർ ഷിപ്പർ അഭിപ്രായപ്പെട്ടിട്ടില്ലേ.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മിസ്റ്റർ ഷിപ്പറുടെ അഭിപ്രായം അതായിരുന്നോ എന്നു എനിക്കറിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മംഗലമലയിൽ ഉള്ള ഊറലിന്റെ ഘനം എത്രയുണ്ടെന്നു പറയാമൊ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതിനുവേണ്ടിത്തന്നെയാണ് പാറ കുഴിക്കുന്ന ജോലി അവിടെ ആരംഭിക്കണമെന്നു ഞങ്ങൾ ഉദ്ദേശിച്ചതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവിടെ കണ്ടുവരുന്ന ധാതുവിൽ ഉള്ള ലോഹങ്ങൾ ഓരോന്നും എത്ര ശതമാനംവീതം ഉണ്ടെന്നറിയിക്കാമൊ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതിന്റെ കണക്കു എന്റെ കൈവശം ഇപ്പോൾ ഇല്ല. എന്റെ ഒരു റിപ്പോർട്ടിൽ അതു ചേർത്തിട്ടുണ്ട് 'കൈറോക്ലൈറ്റ്' ആ പ്രദേശത്തു ഏതു സ്ഥലങ്ങളിൽ കിട്ടിയിട്ടുണ്ടെന്നു കണ്ടുകൊണ്ടാണ് ഞാൻ ആ യന്ത്രം അങ്ങോട്ടു കൊണ്ടുപോയതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ സാധനം എന്താണു?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതു 'കൈറോക്ലൈറ്റ്' എന്നു പറയപ്പെടുന്നു. അതിൽ നിക്കൽ, ചെമ്പു ഇവകൂടാതെ അല്പമായ ഒരംശം പ്ലാറ്റിനംകൂടിയുണ്ട്. ഇമ്പീരിയൽ ഇൻസ്റ്റിറ്റ്യൂട്ടുകാരും അവിടത്തെ ഊറലിന്റെ പരിമാണം നിർണ്ണയിക്കുന്നതു നന്നായിരിക്കുമെന്നു അഭിപ്രായപ്പെട്ടു മംഗലമലയിലെ പാറ എടുത്തിയുന്നതു ആകകൊണ്ടു അവിടെ ഉള്ള ഊറലിന്റെ ഘനം നിർണ്ണയിപ്പാൻ ഏററവും ആദായകരമായ മാർഗ്ഗം ആ സ്ഥലങ്ങളിൽ ഉള്ള പാറകളിൽ അങ്ങുമിങ്ങും കുഴിച്ചുനോക്കുന്നതാണെന്നു തീരുമാനിച്ചു. അതുകൊണ്ടാണ് ബോറിംഗ് യന്ത്രം മംഗലമലയിലേയ്ക്കു കൊണ്ടുപോകപ്പെട്ടതു. ഊറലിന്റെ ഏകദേശം കിഴക്കേ അതുത്തിയിൽ ഒന്നു കുഴിച്ചുനോക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ അനുമാനിച്ചു. അതിന്റെ പരിമാണം നിർണ്ണയിക്കുന്നതിനു ഉത്തമമായ മാർഗ്ഗം അതില്ലാത്ത സ്ഥലങ്ങൾ തിരിച്ചുതിരിക്കുകയാണ് എന്നു ഞാൻ കരുതി. ഞങ്ങൾ കുഴിച്ച സ്ഥലത്തു ഊറലുണ്ടായിരുന്നെങ്കിൽ അൻപതു അടി ആഴത്തിൽ അതു ഒന്നുകൂടെ ഉണ്ടായിരുന്നു. അവിടെ ഊറൽ ഇല്ലെന്നു സൂക്ഷ്മമായി തീരുമാനപ്പെടുത്തുന്നതിനുവേണ്ടി ഞങ്ങൾ നൂറു അടിവരെ കുഴിച്ചുനോക്കി. അതിനുശേഷം ജോലി നിർത്തിയച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നൂറു അടി ആഴം എത്ര സമയംകൊണ്ടാണ് കുഴിച്ചതു്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഏകദേശം അഞ്ചോ ആറോ മാസംകൊണ്ടാണെന്നു തോന്നുന്നു. എന്തിനു നിശ്ചയമില്ല. ഒരുപക്ഷേ കൂടുതൽ സമയം വേണ്ടിവന്നിട്ടുണ്ടെങ്കിൽതന്നെ അതിനു മതിയായ കാരണം ഉണ്ട്. ആ കാര്യത്തിൽ ആദ്യമായിട്ടാണ് ഞങ്ങളുടെ ജോലിക്കാർ ഒരു ബോറിംഗ് ഡ്രില്ലുകൊണ്ടു വേലചെയ്യാൻ തുടങ്ങിയതു്. അവർക്കു അതുപയോഗപ്പെടുത്തുന്നതിൽ നല്ല പരിചയം സിദ്ധിച്ചിട്ടില്ലായിരുന്നു. പോരെങ്കിൽ ആ പ്രദേശം വളരെ അസൗകര്യങ്ങളുള്ള ഒന്നുമായിരുന്നു. വെള്ളം വളരെ ദൂരത്തുനിന്നാണ് കൊണ്ടുവരേണ്ടിയിരുന്നതു. ഇപ്രകാരമുള്ള പല വിഷമതകളുമുണ്ടായിരുന്നു. അതിനാൽ സമയത്തെ മാത്രം പരിഗണിച്ചു ജോലിചെയ്തുതീർക്കുക. ചിലപ്പോൾ ഡ്രില്ലുകൾ പൊട്ടിപ്പോയിട്ടുണ്ട്. ഇതു പലപ്പോഴും സംഭവിക്കാറുണ്ട്. പ്രത്യേകിച്ചും പാറപ്രദേശങ്ങളിൽ ഡ്രില്ലുകൾ ഉടഞ്ഞാൽ പുതിയ ഡ്രില്ലുകൾ ചേർത്തിണക്കണം. അതിനു വളരെ സമയം ആവശ്യമുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മംഗലമലയിലെ പാറ തുരപ്പുകാര്യത്തിൽ ഡ്രില്ലുകൾ ഉടയുക എന്നുള്ള അപകടം ഉണ്ടായിട്ടുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട്. ഇപ്രകാരമുള്ള പാറതുരപ്പുജോലികളിൽ ഇത്തരം സംഭവങ്ങൾ ധാരാളം ഉണ്ടാകാറുണ്ട്. ഈ ഇനത്തിലേക്കു അനുവദിച്ചിരുന്ന പണം തീർന്നുടൻ കൃഷി ഡയറക്ടറുടെ ആവശ്യപ്രകാരം മഹാരാജാവിന്റെ ഹർജ്ജിഫാറത്തിലേക്കു യന്ത്രം കൊണ്ടുപോകപ്പെട്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തിനായിട്ടെന്നു അറിയിക്കാമൊ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ആ തോട്ടത്തിൽ അസൗകര്യമായ ആഴത്തിൽ വെള്ളം കിട്ടുവാൻ മാർഗ്ഗമുണ്ടോ എന്നു പരിശോധിക്കുവാൻവേണ്ടി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആർട്ടീസിയൻ വെള്ളം കണ്ടുപിടിക്കുവാൻ വേണ്ടിയാണോ അതു ചെയ്തതു്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ആർട്ടീസ്യൻ കിണറ എന്നാലെന്ന അർത്ഥമാക്കുന്നത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ആ സ്ഥലത്തു ഒരു ആർട്ടീസ്യൻ കിണറ കാണപ്പെട്ടതെന്ന ഞാൻ ഒരിക്കലും പറയുകയില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ ആ സ്ഥലം ആഗ്നേയാപലങ്ങൾകൊണ്ടു പരിവൃതമായിട്ടുള്ളതാണ്. അപ്രകാരമുള്ള സ്ഥലത്തു ഒരു ആർട്ടീസ്യൻകിണറുണ്ടാകുമെന്നു ആരും പ്രതീക്ഷിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതിൻപിന്നീടു ഈ ബോറിംഗ്സ്ക്രീൽ ചീഫ് എഞ്ചിനീയരുടെ ആവശ്യപ്രകാരം കൊട്ടാരം എന്ന സ്ഥലത്തോ ഇച്ചിന്ദ്രത്തോ ഉപയോഗിക്കപ്പെട്ടുത്തവരികയായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ യന്ത്രം വ്യവസായഡിപ്പാർട്ടുമെൻറിന്റെ കൈവശത്തിൽനിന്നു അന്യഡിപ്പാർട്ടുമെൻറുകളുടെ കൈവശത്തിലേക്കു ഒഴിഞ്ഞുകൊടുക്കപ്പെട്ടിരിക്കയാണോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അല്ല. ഇതുവരെ കൊടുത്തിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെ വ്യവസായഡയറക്ടരുടെ നിർദ്ദേശപ്രകാരമാണോ ഉപയോഗപ്പെടുത്തിവരുന്നത്?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അത് ഇൻഡസ്ട്രിയൽ എൻജിനീയരുടെ അധികാരത്തിൻ കീഴിലാണെങ്കിലും എന്റെ ഉപദേശപ്രകാരമാണുപയോഗിച്ചുവരുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെ എല്ലാ ഡിപ്പാർട്ടുമെണ്ടുകൾക്കും ഉപയോഗിക്കാമോ?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഗവർണ്മെന്റ് ഏതെല്ലാം ആവശ്യങ്ങൾക്കു അതു ഉപയോഗിക്കണമെന്നു പറയുന്നുവോ ആ ആവശ്യങ്ങൾക്കെല്ലാം ഞാൻ അതു ഉപയോഗിക്കുന്നുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അതു ആരാണ് കൂടുതൽ ഉപയോഗിക്കുന്നത്. വ്യവസായ വകുപ്പുകാരോ മറ്റുവകുപ്പുകാരോ?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ : വാസ്തവത്തിൽ വ്യവസായവകുപ്പും കൃഷിവകുപ്പും രണ്ടാമതുള്ള വകുപ്പും ഓരോപ്രാവശ്യം അതു ഉപയോഗിച്ചിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൃഷിഡയറക്ടർക്കു അധീനത്തിൽ അതു എത്രമാസം ഇരുന്നിട്ടുണ്ട്?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ). അതു ഒരിക്കലും കൃഷിഡയറക്ടരുടെ അധീനത്തിൽ ഇരുന്നിട്ടില്ല. എന്റെ അധീനത്തിലാണ് ഇരുന്നിട്ടുള്ളതു്. അദ്ദേഹത്തിനുവേണ്ടി ഞാൻതന്നെ അതുകൊണ്ടു പ്രവൃത്തി ചെയ്തിട്ടുള്ളതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എത്രകാലം അതു കൃഷിഡിപ്പാർട്ടുമെണ്ടു് ഉപയോഗപ്പെട്ടുത്തിവന്നു?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഏകദേശം മൂന്നുമാസകാലമാണെന്നു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചീഫ്എൻജിനീയരുടെ അധീനത്തിൽ എത്രകാലം ഇരുന്നിരുന്നു?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ചീഫ്എൻജിനീയരുടെ അധീനത്തിലായിട്ടു ഇപ്പോൾ ഒരുമാസത്തിൽ കൂടുതലായെന്നു തോന്നുന്നില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയൻകീഴ്): വെള്ളംകണ്ടുപിടിക്കുവാൻവേണ്ടി അതുകൊണ്ടു വേല ആരംഭിക്കുന്നതിനു മുൻപു ആ പ്രദേശത്തെ ജലസംഭരണ മാർഗ്ഗങ്ങൾ മുപ്പാറി വേണ്ടപരിശോധനകൾ നടത്തിയോ? വെള്ളത്തിന്റെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കുന്നതിലേക്കാണോ അതുകൊണ്ടു ആദ്യമായി വേല ആരംഭിച്ചതു്.

മി. ഐ. സി. ചാക്കോ (വ്യവസായം ഡയറക്ടർ): വെള്ളത്തിന്റെ ഉത്ഭവസ്ഥാനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഏറ്റവും നല്ലവഴി ബോറിങ്ങ്സ്ക്രീൽകൊണ്ടു തുരക്കുകയാണു (ചിരി).

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): അതിനാൽ യാതൊരു അറിവിനേയും ആസ്പദമാക്കാതെ കുഴിക്കുവാൻ ഇടയുണ്ടായിരുന്നുവോ?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഞങ്ങൾക്കു ചില അഭിസ്ഥാനങ്ങൾ ഉണ്ട്. ആ പ്രദേശം ആഗ്നേയാപലങ്ങൾകൊണ്ടു മൂടപ്പെട്ടതാണെന്നു തൻമൂലം അവിടെ സ്ഥിരമായ ഒരു നല്ല ജലോത്പത്തിസ്ഥാനം ലഭിക്കുകയെന്നുള്ളതു് പ്രയാസമാണെന്നും ഞങ്ങൾക്കറിയാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): വ്യവസായഡയറക്ടർക്കു ദയവായി ആയന്ത്രത്തിനു ബോറിങ്ങ്മിഷ്യൻ എന്നുള്ള പേരിനു പകരം, വേറെ എന്തെങ്കിലും ഒരു പേരു കൊടുക്കുവാൻ കഴിയുമോ? (ചിരി)

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ). മെംബർ ഇഷ്ടപ്പെടുന്നെങ്കിൽ അതിനു ഡ്രില്ലിംഗ്മെഷീൻ എന്ന നാമകരണം ചെയ്യാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കുഴിക്കുന്നതിന്റെ ഫലമായി നല്ലവെള്ളത്തിനുള്ള ഒരു ഉത്ഭവസ്ഥാനം ഡിപ്പാർട്ടുമെൻറിനു കണ്ടുപിടിക്കുവാൻ സാധിച്ചോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): സാധിച്ചു. ആ സ്ഥലത്തു വെള്ളമുണ്ടായിരുന്നു. അതു നല്ലവെള്ളമായിരുന്നു. പക്ഷേ വെള്ളത്തിന്റെ ഉത്ഭവസ്ഥാനം കാണുന്നതിനു ഞങ്ങൾക്കു ഏകദേശം ഏകദേശം എട്ടുപത്തിനടുത്തു എൻപതോ അടിയാളം ആഴത്തിൽ കുഴിക്കേണ്ടിവന്നു. ആ ആഴത്തിൽ നിന്നും വെള്ളം ഭൂമിതിരുപ്പിൽ ക്ഷീണമേറ്റു മുപ്പതടിതാഴെവരെ വന്നു ഉറച്ചുനിന്നു എന്നു ഞങ്ങൾ കണ്ടറിഞ്ഞു.

സർ, ഞാൻ മുമ്പേ പറയേണ്ടതായി ഇനിയുള്ളതു് മാത്രമേയുള്ളു. കുടിൽവ്യവസായത്തിനുവേണ്ടി ഒന്നാകെ അനുവദിച്ചു ആ മുപ്പതിനായിരം രൂപയുടെ ചെലവിനെപ്പറ്റി മി. കൊച്ചുകുഞ്ഞുപിള്ള എന്നോടു ചോദിക്കുകയുണ്ടായി. ആ തുക അനുവദിക്കുന്നതിനു സംബന്ധിച്ചു ഈ സഭയിൽ വാദപ്രതിവാദമുണ്ടായപ്പോൾ പ്രസിഡന്റു പ്രസ്താവിച്ചിട്ടുള്ളതു നോക്കുന്നതായാൽ ആയതു് ആ വർഷത്തിൽ നവീനമായി ഉത്ഭവിക്കുവാനിടയു

ണയിരുന്ന വ്യവസായ പദ്ധതികൾക്കുവേണ്ടി ആയിരുന്നു ഉദ്ദേശിക്കപ്പെട്ടിരുന്നതു് എന്നു മനസിലാക്കാം. വാസ്തവത്തിൽ ഗവർണ്ണമെന്റു പലപദ്ധതികളും പരിശോധിക്കുന്നുണ്ടായിരുന്നു. പക്ഷേ അവയിൽ മിക്കവയും സ്വീകരിക്കപ്പെടുകയുണ്ടായില്ല. ഇതാണു ഈ തുകയിൽ ഏറിയഭാഗവും ചെലവാക്കാതിരിക്കുന്നതിനുള്ള കാരണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര—കുന്നത്തൂർ). ആ പണം ചെലവായിട്ടില്ലെന്നാണോ ഞാൻ മനസിലാക്കേണ്ടതു്.

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതിൽ ചുരുങ്ങിയ ഒരംശം ഗവർണ്ണമെന്റു സ്വീകരിച്ചു ഏതാനും പദ്ധതികൾക്കായി ചെലവാക്കിയിട്ടുണ്ടു്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): യഥാർത്ഥത്തിൽ ചെലവുചെയ്തുകാണുക ഇന്നതെന്നറിയിക്കുമോ?

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): മുപ്പതിനായിരമോ നാല്പതിനായിരമോ രൂപയാണെന്നാണ് എനിക്കു തോന്നുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): മുപ്പതിനായിരം രൂപയും ഈ ആണ്ടിൽ ചെലവാക്കുവാനല്ലെ ദിവാൻജി അവർകൾ പറഞ്ഞതു്?

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): പ്രസിഡന്റു ആ സന്ദർഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് നോക്കുന്നതായാൽ, ആ തുക മുഴുവനും ആ വർഷത്തിൽതന്നെ വ്യയംചെയ്യപ്പെടുമെന്നു പറഞ്ഞിട്ടില്ലെന്നു കാണാം. ആ വർഷത്തിനുള്ളിൽ ശരിപ്പെടുത്തുവാനോ കാലിടയുള്ള പദ്ധതികൾക്കുവേണ്ടിയാണ് ആ തുക അനുവദിച്ചതു് എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. ഞാൻ ഓർമ്മിക്കുന്നതു ശരിയാണെങ്കിൽ ഇങ്ങനെയാണ് അന്നു പ്രസിഡന്റു പ്രസ്താവിച്ചിട്ടുള്ളതു്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ഞാൻ ആ ഭാഗം വായിച്ചുകേൾപ്പിക്കാം.

"പുതിയവ്യവസായ പദ്ധതികൾക്കുവേണ്ടി മുപ്പതിനായിരം രൂപയുടെ ഒരു തുക നീക്കിവച്ചിരിക്കുന്നു"

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): പ്രസിഡന്റുപറഞ്ഞതു അതല്ലാ.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ശ്രീമൂലം പ്രജാസഭയുടെ ഇപ്പോൾ യോഗത്തിൽ ദിവാൻജി അവർകൾ ചെയ്തുവരുന്ന പ്രസംഗം മി. ചാക്കോ ഒന്നുകൂടി നോക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഞാൻ അതിനെ സംബന്ധിച്ചല്ലാ പറയുന്നതു്; ഞാൻ കൌൺസിലിലെ നടപടികളെപ്പററിയാണ് പറയുന്നതു്. പ്രസിഡന്റു അവിടെ പ്രസ്താവിച്ചിട്ടുള്ളതു ഇപ്രകാരമാണ്.

"ഈ പ്രമേയത്തെ സംബന്ധിച്ചു ഇത്രയും ഞാൻ പറയാം. ആ മുപ്പതിനായിരം രൂപാ അടുത്തവർഷത്തിൽ കുടിൽവ്യവസായം ചുരുങ്ങിയതിലയിൽ ആരംഭിക്കാമെന്നുള്ള ആശയോടുകൂടി ഞാൻതന്നെ ചേർത്തിട്ടുള്ളതാണ്. ഏതു പ്രത്യേകമാർഗ്ഗത്തിൽ കൂടി അതു വിനിയോഗിക്കപ്പെടുമെന്നുള്ളതു് ഇപ്പോൾ സൂക്ഷ്മമായി പറയുന്നതിനു നിവൃത്തിയില്ല."

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ഞാൻ വായിച്ചതു ദിവാൻജി അവർകൾ പ്രജാസഭയിൽ വച്ചു പറഞ്ഞതാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). ആ മുപ്പതിനായിരമോ നാല്പതിനായിരമോ എന്തിനുവേണ്ടി വ്യയംചെയ്തു എന്നറിയിക്കാമോ?

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതിൽ ഒരംശം കടക്കുട്ടുന്നതിനെ സംബന്ധിച്ചുള്ള പരീക്ഷണത്തിനായി ചെലവാക്കി (ചിരി) മറെറാരംശം ഒരു ഇലക്ട്രോപ്ലേറിംഗ് ഉപകരണത്തിനുവേണ്ടിയും ചെലവുചെയ്തു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഒരുകടകളെപ്പററിയാണോ അദ്ദേഹം പറയുന്നതു്? (ചിരി).

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അല്ലാ ഞാൻ ഈ കടയേയാണു വിവക്ഷിക്കുന്നതു്.

മി. കെ. കെ. തോമസ്സ് (കോട്ടയം): 'അംബർഷാ അസംബ്ലി' എന്നുപറഞ്ഞാൽ എന്താണെന്നു എനിക്കു മനസ്സിലായില്ല.

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതു് അംബർഷാ അസംബ്ലിഅല്ല അവർഷാ അസംബ്ലിംഗ് ആണ്. കടയുടെവിവിധഭാഗങ്ങളും വരുത്തി ഒന്നുചേർക്കുക എന്നുള്ളതാണ്, ആളുവളരെ ചാടുള്ള ഒരു തൊഴിലാകുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ആ സ്കീം വിജയകരമായിരുന്നോ?

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ) അതു വിജയകരമായിരിക്കുമെന്നാണ് ഞാൻ ആശിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). പ്രസിഡന്റിന്റെ പ്രസംഗത്തിൽനിന്നും അദ്ദേഹം ഉദ്ധരിച്ച ഭാഗം ഏതുവിധത്തിലാണ് ഡിപ്പാർട്ടുമെന്റിന്റെ നിയോഗ്യതയെ സാധുകരിക്കുന്നതിനു സഹായിക്കുന്നതെന്നറിയിക്കുമോ? അദ്ദേഹം ഒരുവായി അതൊന്നു വ്യാഖ്യാനിച്ചാൽ കൊള്ളാം.

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): എനിക്കു ആ ചോദ്യം ശരിയായി മനസ്സിലാകുന്നില്ല

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹം ഇവിടെ ഉദ്ധരിച്ച ആ ഭാഗം ഡിപ്പാർട്ടുമെന്റിന്റെ മെയ്നത്തെ സാധുകരിക്കുന്നതിനു എങ്ങിനെ സഹായിക്കുന്നു ? എന്നാണു ഞാൻ അറിയണമെന്നു ആഗ്രഹിക്കുന്നതു്.

മി. ഒ.എ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഞാൻ മുൻപുപറഞ്ഞിട്ടുള്ളതുപോലെ അപ്പോൾ വന്നുചേരുന്ന വിവിധവ്യവസായ പദ്ധതികളെ ഗവർണ്ണമെന്റിന്റെ ആലോചനയ്ക്കു അയയ്ക്കപ്പെടുകയാണ് ചെയ്തുവരുന്നതു്. ഗവർണ്ണമെന്റു അതിനെസംബന്ധിച്ചുള്ള തീരുമാനംചെയ്യുന്നതിന് ഏതാനും സമയം എടുത്തു എന്നു വരും

ന്നതു് സ്വാഭാവികമാണ്. അനുവദിച്ചിട്ടുള്ള ഇക മുഴുവൻ ഒരു കൊല്ലത്തിൽതന്നെ ഉപയോഗപ്പെടുത്തത്തക്ക വിധത്തിൽ വേണ്ടുവോളം വ്യവസായ പദ്ധതികളെ സംബന്ധിച്ചു തീരുമാനംചെയ്തു എന്നുള്ളതു് എല്ലാപ്പേരും സന്തുഷ്ടരായെന്നുവരികയില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ൩,൦൦൦ മോ ൪,൦൦൦ മോ രൂപ മുഴുവൻ കടമുണ്ടാകുന്നതിനു ചിലവുചെയ്യുമോ?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതിൽ ഒരംശം ഇലക്ട്രോപ്ലേറ്റിംഗ് ഉപകരണത്തിനു മുടങ്ങിയാണ് വ്യയംചെയ്തതു എന്നു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. അതിൽനിന്നും കുറച്ചുപണം—എത്രയെന്നു നിശ്ചയമില്ല—തൊഴിൽവ്യവസായത്തിനുള്ള അസംസ്കൃതസാധനങ്ങൾ വാങ്ങുവാൻ ഉപയോഗിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. നാളികേരം അരിഞ്ഞുണക്കുന്നതിനുള്ള യന്ത്രത്തെപ്പററി പറഞ്ഞപ്പോൾ കുറെപണം ഒരാൾക്കു കടംകൊടുത്തു എന്നു മി. പി. കെ. നാരായണപിള്ള പറയുകയുണ്ടായി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പണം കടംകൊടുക്കുന്നതിനു ആലോചിച്ചു എന്നേഞാൻ പറഞ്ഞുള്ളു.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതുകൂടി ആ കടത്തിനുള്ള ഇക അനുവദിച്ചു അധികനാൾ കഴിയുന്നതിനുമുമ്പു് പണംആവശ്യപ്പെട്ട ആളിന്റെ കുടുംബത്തിൽ എന്തോചില കലാപങ്ങൾ ഉണ്ടായതിനാൽ അദ്ദേഹത്തിനു മുൻപറഞ്ഞ വ്യവസായം കുറെനാൾ കഴിഞ്ഞുസാധിക്കയുള്ളു എന്നുവന്നു. തൻമൂലം പണംകടംകൊടുക്കേണ്ട ആവശ്യം വരുമ്പോൾ ഇല്ലാതായിത്തീർന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഭാഗ്യദോഷം നാലുവശത്തുനിന്നും ഡിപ്പാർട്ടുമെൻറിനെ ആശ്രയിക്കുന്നതായി തോന്നുന്നു. (ചിരി)

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതു ഡിപ്പാർട്ടുമെൻറിന്റെ ഭാഗ്യമില്ലായ്മയാകണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കല്ലുവടവും-വ്യവസായവും വടക്കൻതാലൂക്കുകൾ): ശരിയായ ജാമ്യത്തിന്മേൽ, അനുവദിച്ചുപണം കൊടുക്കുകയെന്നുള്ളതല്ലാതെ ഡിപ്പാർട്ടുമെൻറിന്റെ സഹായം ആവശ്യപ്പെടുന്ന ആളിന്റെ പരാജയത്തിനു വ്യവസായ ഡിറക്ടർക്കു മററുവല്ല ഉത്തരവാദിത്വവുമുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): നിശ്ചയമായും ഇല്ല. സഹായം ആവശ്യപ്പെടുന്ന ആളിനെ പണംഏൾപ്പിക്കുന്നതോടുകൂടി എന്റെ കൃത്യം അവസാനിക്കുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കര, കാർത്തികപ്പള്ളി): ന്യായമായ വിലയ്ക്കു കുടവില്ലാൻ ഡിപ്പാർട്ടുമെൻറിനു ഇപ്പോൾ സാദ്ധ്യമായിട്ടുണ്ടോ? (ചിരി),

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഞാൻ മുൻപുപറഞ്ഞിട്ടുള്ളതുപോലെ ഒരു വ്യവസായമെന്നനിലയിൽ ഞങ്ങൾ ഇവിടെ കുടഉണ്ടാക്കുന്നില്ല. കുറച്ചുനാൾമുൻപു കുടയ്ക്കുള്ള സാമഗ്രികൾ വരുത്തിക്കൂട്ടി ചെത്തു പരീക്ഷണാർത്ഥം ഏതാനും കുടകൾ ഉണ്ടാക്കി. സർ, മി. രാമൻമേനോൻ പറഞ്ഞതുപോലെ കുറെപണം വായ്പയായി കിട്ടുന്നപക്ഷം ഈ വ്യവസായത്തിൽ നിന്നു വലിയലാഭമുണ്ടാക്കാമെന്നു എനിക്കു നല്ല ഉറപ്പുണ്ടു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സർ, ഈ പ്രമേയം കൊണ്ടുവരുന്നതിൽ എനിക്കുണ്ടായിരുന്ന ഉദ്ദേശം വ്യവസായകാര്യത്തിൽ ജനങ്ങൾക്കു എന്തെങ്കിലും പ്രത്യക്ഷപ്പെടുത്തിക്കാണിച്ചുകൊടുക്കേണ്ടതു എത്രമാത്രം ആവശ്യമാണെന്നുള്ളതു് ഗവണ്മെൻറിന്റെയും ഈ സഭയുടെയും ദൃഷ്ടിക്കു ഗോചരീകരിപ്പിക്കണമെന്നുള്ളതു മാത്രമാണ്. ഈ സംഗതിയെ സംബന്ധിച്ചു പല തെററിദ്ധാരണകളും എന്റെ സ്നേഹിതന്മാരുടെ ഇടയിൽ ഉടലെടുക്കുന്നതു കാണുന്നു. അവയെ ഉൻമൂലനം ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സാമാന്യ ജനങ്ങളുമായി തങ്ങൾക്കു യാതൊരു ബന്ധവുമില്ലെന്നുള്ള നിലയിൽ ഉദ്യോഗസ്ഥന്മാർ അവരിൽനിന്നു എത്രയോ അകലെയുള്ള ഒരു പ്രത്യേകമണ്ഡലത്തിലാണ് ജീവിക്കുന്നതു് എന്നുള്ളതാകുന്നു ഇൻഡ്യയിലുള്ള എല്ലാ ഗവണ്മെൻറുകൾക്കും പ്രത്യേകിച്ചു തിരുവിതാംകൂർ ഗവണ്മെൻറിനും തട്ടിയിട്ടുള്ള പ്രധാനദോഷം, ഈ ദോഷം നമ്മുടെ വ്യവസായവകുപ്പിനേയും ബാധിച്ചിട്ടുണ്ട്. മററുരാജ്യങ്ങളിലുള്ള വ്യവസായ വകുപ്പുകൾ അവിടെ യഥാർത്ഥത്തിൽ നടപ്പിലിരിക്കുന്ന വ്യവസായങ്ങളുമായി ഇടപെട്ടു അതിന്റെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചുകൊടുക്കുകയാണ് ചെയ്യുന്നതു്. നമ്മുടെ വ്യവസായവകുപ്പിന്റേയും ഉദ്ദേശം അതായിത്തീർന്നാൽ അന്ധകാരത്തിൽ വഴിതപ്പി അലയുകയെന്നുള്ളതു കൂടാതെ കഴിക്കാം. ഈ ഡിപ്പാർട്ടുമെൻറിന്റെ ഉദ്ദേശം ജനസാമാന്യത്തിന്റെ ജീവിതവുമായി ഏകോപിച്ചു പ്രവൃത്തിക്കുകയെന്നുള്ളതും രാജ്യത്തിൽ നടപ്പിലിരിക്കുന്ന വിവിധ വ്യവസായങ്ങളുമായി ഇടപെട്ടു അവയുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക എന്നുള്ളതും ആയിരിക്കണം. വളരെ ശതാബ്ദങ്ങളായി പരീക്ഷിച്ചറിയപ്പെട്ടിട്ടുള്ളതും നാട്ടിൽ നടപ്പിലിരിക്കുന്നതും ആയ വ്യവസായങ്ങളെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളാണ് വ്യവസായവകുപ്പിലുള്ള വിദ്യാഭ്യാസം ലഭിച്ച വിദഗ്ധന്മാർ ചെയ്യേണ്ടതു് ഈ വ്യവസായങ്ങളിൽ നിന്നും ഉപജീവനമാർഗ്ഗം ഉണ്ടാക്കുമെന്നുള്ളതു അവർ സാമാന്യ ജനങ്ങൾക്കു കാണിച്ചുകൊടുക്കണം. ഈ ഉദ്ദേശത്തോടുകൂടിയാണ്, ഈ വിദഗ്ധന്മാരെ ഉദ്യോഗസ്ഥന്മാരെന്നനിലയിൽ ഗവണ്മെൻറ് ശമ്പളംകൊടുത്തു പോററിക്കൊണ്ടിരിക്കാതെ മുഖ്യനം കൊടുത്തു സ്വന്തം ചുമതലയിന്മേൽ അവരെക്കൊണ്ടു വ്യവസായങ്ങൾ നടത്തിച്ചു അതിൽനിന്നു ആദായം ഉണ്ടാക്കി എടുത്തുകൊള്ളുന്നതിന് വേണ്ടി നിഷ്കർഷകൾ ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. സർക്കാർ സെർവീസ് ആദായകരവും ബഹുമാനപരവും ആണെന്നു നമുക്കു എല്ലാവർക്കും അറിയാം, ഈ വ്യവസായ വിദഗ്ധന്മാരെക്കൂടെ സുഖഭോഗന്മാരായ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ചേർക്കണമെന്നു നാംആഗ്രഹിക്കുന്നില്ല. ഈ വിദഗ്ധന്മാർ അവരവരുടെ തോളിൽനിന്നുതന്നെ ആദായംഉണ്ടാക്കി എടുത്തുകൊള്ളുന്നതിനു വേണ്ട നിഷ്കർഷകൾ ചെയ്യണമെന്നുതന്നെയാണ് എന്റെ അഭിപ്രായം ഈ ഉദ്ദേശത്തോടുകൂടിയാകുന്നു ഞാൻ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതും ഇത്രയും പറഞ്ഞുകൊണ്ടു പ്രമേയം പിൻവലിക്കുവാൻ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം നമ്പർ വ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, താഴെപറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

നമ്പർ വ. പതിനാറാമത്തെ ഡിമാൻഡനുസരിച്ചുള്ള ചെലവ് ലക്ഷം രൂപയിൽ ചുരുക്കുന്നതാണ്, പ്രമേയത്തിന്റെ ഉദ്ദേശം ധനപരിപോഷണ വകുപ്പുകളെയെല്ലാം ഏകീകരിക്കണമെന്നുള്ള അഭിപ്രായത്തെ ഗവണ്മെന്റിനെ അറിയിക്കണമെന്നുള്ളതാണ്.

മി. എൻ. വി. ജോസഫ് (പറവൂർ): അദ്ധ്യക്ഷന്റെ ഒരു അനുശാസനം ഉണ്ടാകുന്നതിനുവേണ്ടി ഞാൻ എഴുന്നേൽക്കുന്നു. ഇതു ഒരു ജിജ്ഞാസാപ്രമേയമാണെങ്കിലും ഇതിന്റെ ഉദ്ദേശം വ്യവസായ വകുപ്പിനെമാത്രം സംബന്ധിച്ചുള്ളതല്ല. വ്യവസായവകുപ്പിലെക്കു മാത്രമല്ല ഡിമാൻഡിന്റെ ഒരംശമാണു കുറയ്ക്കുന്നതെന്നു പറഞ്ഞുകാണുന്നതു. പ്രമേയം മററു പല വകുപ്പുകളെയും സ്പർശിക്കുന്നുണ്ടു. പ്രയോക്താവു അവയെ എല്ലാററിനേയുംകുറിച്ചു ചോദ്യങ്ങൾ ചോദിച്ചേക്കാം, വ്യവസായ വകുപ്പുമാത്രമാണു ഈ വിഷയത്തിൽ ഉത്തരവാദിചെയ്യേണ്ടതു. പ്രയോക്താവു മററു വകുപ്പുകളെക്കുറിച്ചു ചോദിക്കുമ്പോൾ മറുപടി പറയാൻ അദ്ദേഹം ബാദ്ധ്യതപ്പെട്ടവനല്ല. അതുകൊണ്ടു ധനപരിപോഷണവകുപ്പുകളുടെ ഏകീകരണത്തിനു അഭിപ്രായപ്പെടാനുള്ള ശരിയായ സന്ദർഭം ഇതല്ലെന്നാണു ഞാൻ പറയുന്നതു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): സർ, സൂക്ഷ്മം ആലോചിച്ചാൽ മി. കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിക്കുന്ന പ്രമേയോദ്ദേശം വ്യവസായവകുപ്പിന്റെ പരിധിയിൽ അടങ്ങുന്നതല്ലെന്നാണു എനിക്കു തോന്നുന്നതു. മുഖ്യമായ വ്യവസായവകുപ്പു ഒരു പ്രത്യേക വകുപ്പായി ഇരിപ്പാൻ അർഹിക്കുന്നില്ലെന്നുമാത്രമല്ല അദ്ദേഹത്തിനു ഈ അവസരത്തിൽ അഭിപ്രായപ്പെടാൻ അവകാശമുള്ളതു, അല്ലാതെ, മററു വകുപ്പുകളെക്കൂടി സ്പർശിക്കുന്ന സ്ഥിതിക്കു, ധനപരിപോഷണ വകുപ്പുകളെല്ലാംകൂടി സംയോജിപ്പിക്കണമെന്നു അദ്ദേഹത്തിനു ഈ സന്ദർഭത്തിൽ അഭിപ്രായപ്പെടാൻ അവകാശമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള വ്യവസായവകുപ്പിനെ സംബന്ധിച്ചു മാത്രം പറയുകയാണെങ്കിൽ, അദ്ദേഹത്തിന്റെ നടപടി ക്രമാനുസൃതമായിരിക്കും. അല്ലാതെ ധനപരിപോഷണവകുപ്പുകളെല്ലാം യോജിപ്പിച്ചു മെന്നാക്കുന്നതിനെസംബന്ധിച്ചു സംസാരിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ നടപടി ക്രമവിരുദ്ധമായിരിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയം അവതരിപ്പിക്കുമ്പോൾതന്നെ ധനപരിപോഷണ വകുപ്പുകളെല്ലാം സംയോജിപ്പിക്കുന്നതിനെക്കുറിച്ചു അഭിപ്രായപ്രകടനം ചെയ്യുക എന്നുള്ളതാണു എന്റെ ഉദ്ദേശം എന്നു ഞാൻ ഗവണ്മെന്റിനെ അറിയിച്ചിരുന്നു. എന്റെ ഉദ്ദേശം ഇന്നതെന്നു അറിഞ്ഞുകൊണ്ടുതന്നെയാണു പ്രമേയം ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതു. പ്രമേയം ക്രമവിരുദ്ധമാണെന്നു ഗവണ്മെന്റിനു തോന്നിയിരുന്നെങ്കിൽ അതിനു അവർ അനുവാദം തരുകയില്ലായിരുന്നു; അതു സ്വീകരിക്കുമായിരുന്നില്ലാ. എന്നുതന്നെയുമല്ല, വ്യവസായവകുപ്പിലെ തിക്തനുഭവത്തിന്റെ കൈവഴി വളരെ ചുരുക്കമാണെന്നും അതു കുറയ്ക്കുന്നതിനുള്ള ഉദ്ദേശം അതിനെ ധനപരിപോഷണ വകുപ്പുകളിലെ മററു വകുപ്പുകളുമായി സംയോജിപ്പിക്കുകയാണെന്നും പറയാൻ അവകാശമുണ്ടെന്നു എനിക്കു നിശ്ചയമുണ്ടു അറിയാം.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ധനപരിപോഷണ വകുപ്പുകളിൽ ഉൾപ്പെട്ട കൃഷിവകുപ്പിനേയോ വനവകുപ്പിനേയോ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്കു മറുപടി പറയുവാൻ മിസ്റ്റർ ചാക്കോ ബാദ്ധ്യതപ്പെട്ടവനല്ലെന്നുള്ളതാണു എന്റെ വാദം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (തലപ്പിള്ളി-കുന്നത്തൂർ): ആ വകുപ്പുകളിലെ മന്ത്രിമാരോടു ഈ പ്രമേയത്തെക്കുറിച്ചു സംസാരിക്കാമല്ലോ.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): എന്നാൽ മിസ്റ്റർ ചാക്കോക്കുമാത്രമെ ഈ ഡിമാൻഡിനുള്ള പ്രമേയത്തെസംബന്ധിച്ചു മറുപടി പറയാൻ ബാദ്ധ്യതയുള്ളു. ഗവണ്മെന്റു പ്രമേയം തള്ളിക്കളയുകതിരുന്നതുകൊണ്ടു, ധനപരിപോഷണ വകുപ്പുകളുടെ ഏകീകരണത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദം അവരുടെ അഭിപ്രായത്തിൽ ക്രമാനുസൃതമായിട്ടുള്ളതാണെന്നുണ്ടു മിസ്റ്റർ നീലകണ്ഠപ്പിള്ള പറയുന്ന മറെറാരു വാദം. പ്രമേയം തള്ളിക്കളയുകയോ അനുവദിച്ചു എന്നുള്ളതിൽനിന്നു പ്രസ്തുത അനുമാനിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. എന്നുതന്നെയുമല്ല മെമ്പറിന്റെ നടപടി ക്രമവിരുദ്ധമാണെന്നു ചൂണ്ടിക്കാണിക്കാൻ ഏതൊരു മെമ്പറിനും ഏതൊരു സമയത്തിലും അവകാശമുള്ളതാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു മെമ്പറിന്റെ പ്രമേയത്തെ ഗവണ്മെന്റു കൊടുത്തിട്ടുള്ള വ്യാഖ്യാനമനുസരിച്ചു അദ്ദേഹത്തിനു സംസാരിക്കുന്നതിനു അവകാശമില്ലേ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ഒന്നാമതായി പ്രമേയം തള്ളിക്കളഞ്ഞിട്ടില്ലെന്നുള്ള വസ്തുതയിൽനിന്നും മെമ്പറിന്റെ നടപടി ശരിയെന്നു ഗവണ്മെന്റു വ്യാഖ്യാനിച്ചതായിവരുന്നില്ലെന്നാണു എനിക്കു പറയാനുള്ളതു. അങ്ങിനെയാണെങ്കിൽതന്നെ അതുകൊണ്ടു കാര്യം അവസാനിക്കുന്നില്ല. മെമ്പറന്മാർക്കു ഓരോരുത്തർക്കും നടപടിപ്രസ്താവിക്കുകയോ ചൂണ്ടിക്കാണിക്കാനുള്ള പൂർണ്ണസ്വാതന്ത്ര്യം ഈ അവസരത്തിൽ ഉണ്ടു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, മററു ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചു ഞാൻ സംസാരിക്കുന്നതായാലുണ്ടാകുന്ന അവയുടെ മേധാവികൾക്കു ഇവിടെ ഹാജരുള്ളസ്ഥിതിക്കു അവരുടെ ഡിപ്പാർട്ടുമെന്റുകളുമായി സംബന്ധിച്ചു കാര്യകാരണസഹിതം എന്നോടു മറുപടി പറയാൻ അവരോടു ആവശ്യപ്പെടാമല്ലോ എന്നാണു ഞാൻ പറയുന്നതു. ധനപരിപോഷണ വകുപ്പുകളുടെ ഏകീകരണത്തെക്കുറിച്ചു പൊതുവിൽ സംസാരിക്കാമെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

മി. വി. സബ്ബയ്യർ (നിയമനം) (ഡെപ്യൂട്ടി പ്രസിഡന്റു): ഡിപ്പാർട്ടുമെന്റുകളുടെ ഏകീകരണത്തെ സംബന്ധിച്ചു അഭിപ്രായപ്പെടാനുള്ള ശരിയായമാർഗ്ഗം ഒരു പ്രത്യേക പ്രമേയം അവതരിപ്പിക്കുക എന്നുള്ളതാണു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വ്യവസായവകുപ്പും കൃഷിവകുപ്പുംകൂടി യോജിപ്പിച്ചു ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ ആക്കാം എന്നു ഞാൻ അഭിപ്രായപ്പെട്ടാൽ അതു സമാനടപടിക്കു അനുയോജ്യമായിരിക്കുമോ?

മി. വി. സബ്ബയ്യർ (നിയമമന്ത്രി, ഡിപ്യൂട്ടി പ്രസിഡന്റ്): ഇല്ല. എന്നാൽ വ്യവസായവകുപ്പ് പാടേ നിറുത്തൽചെയ്യണമെന്നു പറയാനുള്ള അവകാശം മി. നീലകണ്ഠപ്പിള്ളയ്ക്കുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, എങ്കിൽ വ്യവസായവകുപ്പ് പാടെ നിറുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടെ നടപടികൾ ആരംഭിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

പ്രസിഡന്റ്: മി. കെ. പി. നീലകണ്ഠപ്പിള്ളേ! നാം ഇപ്പോൾ ഇവിടെ ഏതു ഡിപ്പാർട്ടുമെന്റിലെയ്ക്കുള്ള ഡിമാൻഡിനെക്കുറിച്ചു വാദപ്രതിവാദം ചെയ്യുന്നുവോ ആ ഡിപ്പാർട്ടുമെന്റിന്റെ കാര്യസീമയിൽ കവിയുന്നതാണു നിങ്ങളുടെ പ്രമേയത്തിന്റെ വിഷയം. ഈ പ്രത്യേകവകുപ്പിനെ സംബന്ധിക്കുന്നിടത്തോളം കാര്യങ്ങളെക്കുറിച്ചുമാത്രം ഈ പ്രമേയത്തിന്മേൽ നിങ്ങൾക്കു സംസാരിക്കാം. എന്നാൽ ഈ വിഷയം ഒരു കാരണമാക്കിവച്ചുകൊണ്ടു മററു പല വകുപ്പുകളേയും സംബന്ധിച്ചു നിങ്ങൾ സംസാരിച്ചുകൂടാ. ഈ പ്രമേയത്തിനുവേണ്ടി നിങ്ങൾ ഗവർണ്ണമെന്റിലേക്കു കൊടുത്തിരുന്ന മെമോറാണ്ടത്തിലെ വാചകങ്ങളെക്കുറിച്ചാണെങ്കിൽ, അതു നിങ്ങളുടെ ആശയത്തെമാത്രമെ സംബന്ധിക്കുന്നുള്ളു. അല്ലാതെ ഈ കാര്യത്തിൽ ഖണ്ഡിതമായ ഒരു അഭിപ്രായം വെളിപ്പെടുത്തേണ്ട ബാദ്ധ്യത ഗവർണ്ണമെന്റിനില്ല. അതു നിങ്ങളുടെ അപ്പോഴത്തെ ഉദ്ദേശത്തെ സംബന്ധിച്ചുള്ള ഒരു വിവരം അറിയിപ്പുമാത്രമാണ്. അതിൽ പലകാര്യങ്ങളെക്കുറിച്ചും പറയാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. ധനപരിപോഷണ വകുപ്പുകളുടെ ഏകീകരണകാര്യം ഇവിടെ വാദവിഷയമാക്കണമെങ്കിൽ അതിലേയ്ക്കു ഒരു പ്രത്യേക പ്രമേയം അവതരിപ്പിക്കുക എന്നുള്ളതാണ് ശരിയായ മാർഗ്ഗം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എങ്കിൽ വ്യവസായവകുപ്പ് നിറുത്തൽചെയ്യുന്നതിനെക്കുറിച്ചു സംസാരിച്ചുകൊള്ളാം. വ്യവസായവകുപ്പുപോലെയുള്ള ഒരു വകുപ്പു പ്രത്യേകം ഉണ്ടായിരിക്കേണ്ട ആവശ്യം ഞാൻ കാണുന്നില്ല. വ്യവസായവകുപ്പിലെ നിയന്ത്രണത്തിനുള്ള ജീമായ ചിലവിന്റെ കാര്യത്തിലേയ്ക്കു ഗവർണ്ണമെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുക എന്നുള്ളതാണ് പ്രമേയത്തിന്റെ ഉദ്ദേശം. മററു ഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ചു് ഈ ഡിപ്പാർട്ടുമെന്റിന്റെ ചെലവു അതിന്റെ വരുത്തിപ്പിൽനിന്നു ജനങ്ങൾക്കു ലഭിക്കുന്ന ഗുണങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ വളരെ കൂടുതലായിട്ടാണിരിക്കുന്നതു്. ഈ ഡിപ്പാർട്ടുമെന്റിനുവേണ്ടിയുള്ള ചെലവു പ്രതിവർഷം വർദ്ധിച്ചുവരികയാണെന്നുള്ളതു ഈ കൌൺസിലിലെ മെമ്പറന്മാർ കൌൺസിലിന്റെ ശ്രദ്ധിക്കും പ്രജാസഭയിലെ ജനപ്രതിനിധികൾ ഗവർണ്ണമെന്റിന്റെ ശ്രദ്ധിക്കും പലപ്പോഴും വിശദീകരിച്ചിട്ടുള്ളതാണ്. പ്രജാസഭയിലെ നിവേദനങ്ങൾക്കു കൊടുത്ത മറുപടിയിൽ, ദിവാൻജി അവർകൾ ഇപ്രകാരം പറയുകയുണ്ടായി "ചിലവുകാര്യത്തിൽ നിങ്ങളുടെ അഭിപ്രായത്തോടു ഞാൻ വളരെ യോജിക്കുന്നു. ചെലവുകുറയ്ക്കുന്നതു സാദ്ധ്യമെന്നുവന്നെങ്കിൽ ആകാര്യത്തിൽ ഞാൻ ബദ്ധശ്രദ്ധനായിരിക്കും." മെമ്പർമാരുടെ നിവേദനങ്ങൾക്കു ദിവാൻജി അവർകൾ മറുപടിപറഞ്ഞതിപ്രകാരമാണ്. അതിനാൽ വർദ്ധിച്ചുവരുന്ന ഈ ചെലവു കുറയ്ക്കണമെന്നു ഗവർണ്ണമെന്റിനു അതിയായ താല്പര്യമുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിനുള്ള ഒരു നല്ല അവസരം 'എന്റെ അഭിപ്രായം സ്വീകരിക്കുന്നതുകൊണ്ടു ഉണ്ടാകുന്നതാണ്. വ്യവസായവകുപ്പു ഒരു പ്രത്യേക വകുപ്പായി വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ല. ഈ വകുപ്പിനെ നിറുത്തൽചെയ്യുന്ന പക്ഷം ഗവർണ്ണമെന്റിനു അനേകായിരം രൂപ ലാഭപ്പെടുത്താവുന്നതാകുന്നു. ഈ ഡിപ്പാർട്ടുമെന്റിനെ അതിൽ നിന്നുള്ള ആദായത്തെ അടിസ്ഥാനപ്പെടുത്തി നാമകരണം ചെയ്യുന്നപക്ഷം 'നിരാദായ വകുപ്പ്' എന്നു വിളിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയോളം വ്യയം ചെയ്യുക എന്നുള്ളതിൽ മാത്രമാണ് ഈ ഡിപ്പാർട്ടുമെന്റു മേധാവിയുടെ ഭരണനൈപുണ്യം പ്രയോഗിക്കേണ്ടിയിരിക്കുന്നതു. ഇതിൽ നിയന്ത്രണത്തിനുമാത്രം സർ. ൦ ൦ രൂപയോളം ചെലവാകുന്നു. ഇതിലേയ്ക്കു ഗവർണ്ണമെന്റു ഒരു വലിയ ചെലവു സഹിക്കേണ്ടതായിവരുന്നു. മററു ഡിപ്പാർട്ടുമെന്റുകളുമായി താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം ഈ ഡിപ്പാർട്ടുമെന്റിൽ നിയന്ത്രണത്തിനുള്ള ചെലവു വളരെ കൂടുതലാണെന്നു കാണാവുന്നതാകുന്നു. ഉദാഹരണമായി ആനികുതിയും ആദായനികുതിയും വകുപ്പിനെ നോക്കുക. ഉദ്ദേശം നാല്പത്തഞ്ചു ലക്ഷം രൂപയോളം വരവും പത്തു ലക്ഷം രൂപയോളം ചെലവും ഉള്ള ആ ഡിപ്പാർട്ടുമെന്റിൽ ഡയറക്ടർക്കുവേണ്ടി ചെലവു സർ. ൪൦ ൦ രൂപമാത്രമാണ്. ഉദ്ദേശം തൊണ്ണൂററിരണ്ടിൽ ചില്ലാനം ലക്ഷം രൂപ വരവും അഞ്ചു ലക്ഷം രൂപയോളം ചെലവും ഉള്ള എക്സൈസ് ഡിപ്പാർട്ടുമെന്റിൽ നിയന്ത്രണത്തിനുവേണ്ടി ഉ൪ൻ ൦ ൦ രൂപ മാത്രമെ ചെലവാകുന്നുള്ളു. സർ, ഈ തുകകൾ ഉദ്ധരിച്ചുകൊണ്ടു, വ്യവസായവകുപ്പുപോലെയുള്ള ഒരു ചെറിയ വകുപ്പിലെ നിയന്ത്രണത്തിനുവേണ്ടിമാത്രം ഈത്രവലിയ ഒരു തുക വ്യയംചെയ്യേണ്ട ആവശ്യംഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. വ്യവസായവകുപ്പു ഒരു പ്രത്യേക വകുപ്പായി വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ പറഞ്ഞതിന്റെ കാരണം ഇതുതന്നായ കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്റെയും ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിന്റെയും ചെലവും ഡയറക്ടറുടെ ചെലവും തമ്മിലുള്ള സാമ്യത എപ്രകാരമാണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബഡ്ജററു നോക്കാമല്ലോ. അതു ബഡ്ജററിലെ മൂന്നാം പുറത്തിലുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ചാർജ്ജററവന്നു ഡിപ്പാർട്ടുമെന്റിന്റെയും എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെയും കാര്യം മെമ്പർ ഇവിടെ പറയുകയുണ്ടായി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദായത്തെ അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ ഈ രണ്ടു ഡിപ്പാർട്ടുമെന്റുമാണ് വളരെ പ്രാധാന്യമേറിയവ എന്നുള്ളതിനാലാണ് ഞാൻ ഇവയെപ്പററി എടുത്തുപറയുവാനിടയായതു്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളും വരവുണ്ടാക്കുന്നതിനു മാത്രമാണെന്നു മെമ്പറിനറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വരവുണ്ടാക്കുന്നതിനു മാത്രമല്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): പിന്നെ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഉദ്ദേശം എന്താണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശരിയായവിധത്തിൽ വരവുണ്ടാക്കുന്നതിനു്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ചാർജ്ജററവന്നു ഡിപ്പാർട്ടുമെന്റിന്റെ ഉദ്ദേശമെന്താണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിൽ ന്യായമായ വരവുണ്ടു. അതുകൊണ്ടുതന്നെ ആ ഡിപ്പാർട്ടുമെന്റു ചെലവുചെയ്യുന്നതുകൊണ്ടു ജനങ്ങൾക്കു സങ്കടമില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറ ജനങ്ങൾക്കു അഭിമാനം ഉണ്ടാക്കുന്നതിനാണ് സ്ഥാപിച്ചിരിക്കുന്നതെന്നറിയാമൊ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർണ്ണമെൻറിന്റെ ഉദ്ദേശം അതുതന്നെയായിരിക്കാം. എന്റെ വാദമുഖം മെംബർ മനസ്സിലാക്കിയിട്ടില്ലെന്നുതോന്നുന്നു. ചെലവുതായ ഒരു ഡിപ്പാർട്ടുമെൻറിലേക്കു നിയമിക്കുന്നതിനുമാത്രം വലുതായ ഒരു തുക ചെലവാകുന്നുണ്ട്. അതു ആവശ്യമില്ലെന്നാണു ഞാൻ പറയുന്നതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): ഈ ഡിപ്പാർട്ടുമെൻറ നിറുത്തൽചെയ്യുന്നതാൽ തന്നെ ഈ സെക്ഷൻ മരിക്കുന്നതിനു ഒരാൾ പ്രത്യേകംവേണമെന്നാ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേണം. ഞാൻ പറയുന്നതും അഭിപ്രായമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): അങ്ങനെയാണെങ്കിൽ ചെലവിനു വളരെ കുറവുവരുമോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കുറവുവരും.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): ചെലവിന്റെ പൂർണ്ണവിവരങ്ങൾ പറയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്); ഈ സഭയുടെ അറിവിൽ കൊണ്ടുവരണമെന്നു ഞാൻ ഉദ്ദേശിച്ചുകൂടിയും അതുതന്നെയാണ്. ഏതാനും വകുപ്പുകളുടെ ഏകീകരണത്തെ സംബന്ധിച്ചു അതായതു ഈവകയ്ക്കു ഒരു ഓഫീസ് ഉദ്യോഗസ്ഥന്റെ കീഴിലാക്കുന്നതിനെപ്പററി സംസാരിക്കണമെന്നാണ് എന്റെ ഉദ്ദേശം. ധനപരിപോഷണവകുപ്പുകളുടെ ഏകീകരണത്തെക്കുറിച്ചു പ്രസ്താവിക്കാൻ എനിക്കു അനുമതി ലഭിച്ചിരുന്നെങ്കിൽ ഏതുവിധത്തിലാണു ഗവർണ്ണമെൻറിനു ചിലവു കുറയ്ക്കുവാൻ കഴിയുക എന്നുള്ളതു ഞാൻ ബോദ്ധ്യപ്പെടുത്താമായിരുന്നു. മററു വകുപ്പുകളെക്കുറിച്ചു സംസാരിക്കുന്നതിനു അനുവാദംകിട്ടാത്ത ഈ ഡിപ്പാർട്ടുമെൻറുകളെയെല്ലാം ഒരു ഉദ്യോഗസ്ഥന്റെ കീഴിലാക്കുന്നതുകൊണ്ടു എപ്രകാരമാണു ഒരു വലിയ തുക ചാരപ്പെടുത്തുവാൻ കഴിയുന്നതു എന്നുള്ള സംഗതി മെംബറിനെ പറഞ്ഞുമനസ്സിലാക്കുവാൻ നിവൃത്തിയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): ഒരു പ്രധാന ഉദ്യോഗസ്ഥൻ പൊതുവിനു ഉണ്ടായിരുന്നാൽ തന്നെയും വ്യവസായവകുപ്പിന്റെ ചുമതലകൾ വഹിക്കുന്നതിനു ഒരു കീഴുദ്യോഗസ്ഥൻ കൂടി വേണമെന്നാ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു കീഴുദ്യോഗസ്ഥനും ഡിപ്പാർട്ടുമെൻറ മേധാവിക്കും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നു എന്റെ സ്നേഹിതൻ മനസ്സിലാക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): എല്ലാ ഡിപ്പാർട്ടുമെൻറുകളേയും ചേർത്തു ഭരിക്കത്തക്ക ത്രാണിയുള്ള ഒരാളിനെ കണ്ടെത്താൻ സാധിക്കുകയില്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിശ്ചയമായും ഈ വകുപ്പുകളെയെല്ലാം ഒന്നാകെ ഭരിക്കുന്നതിനു ശേഷിയുള്ള ഒരാളിനെ കാണാൻ സാധിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): ഈ ഡിപ്പാർട്ടുമെൻറുകളുടെ ചുമതല വഹിക്കുന്നതിനു തക്ക പ്രാപ്തിയുള്ള ഒരാളിന്റെ ആവശ്യമില്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉണ്ട്. അപ്രകാരം പ്രാപ്തിയുള്ള ഒരാളിനെ ലഭിക്കുന്നപക്ഷം അദ്ദേഹം ഏകീകൃതവ്യവസായ വകുപ്പുകളെ ഒന്നായി ഭരിക്കുന്നതിനു തക്ക കൈവശ്യമുള്ള ഒരാളും ആയിരിക്കും. അങ്ങിനെയല്ലാത്തപക്ഷത്തു വ്യവസായവകുപ്പിലേക്കു ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ ആവശ്യം നേരിടുമെന്നു എനിക്കു തോന്നുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ, മേവികുളം): ഈ വകുപ്പുകളെയെല്ലാം ഏകീകരിക്കുന്നപക്ഷം ഒന്നായിരിക്കത്തക്ക പ്രാപ്തിയുള്ള ഒരു ഉദ്യോഗസ്ഥൻ ഈനാട്ടിൽ ഉണ്ടെന്നു അദ്ദേഹം വിചാരിക്കുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈനാട്ടിൽ ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നുഞാൻ വിശ്വസിക്കുന്നു. അപ്രകാരം ഞാൻ വിശ്വസിക്കുന്നില്ലെങ്കിലും തക്കതായശമ്പളം കൊടുക്കുവാൻ തയ്യാറുള്ളപക്ഷം ഗവർണ്ണമെൻറിനു പ്രാപ്തിയുള്ള ഒരു ഉദ്യോഗസ്ഥനെ ലഭിപ്പാൻ വലിയപ്രയാസമൊന്നും ഉണ്ടാകുകയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ, മേവികുളം): ഈ വകുപ്പുകളിലെല്ലാം ഓരോവിഷയങ്ങളിലും പ്രത്യേക വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവരെ ആവശ്യമില്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതാണ് വിദഗ്ധന്മാർ എന്നുപറഞ്ഞതുകൊണ്ടു ഞാൻ അർത്ഥമാക്കിയതു. വ്യവസായം, കൃഷി, ഉപ്പുനിർമ്മാണം തുടങ്ങിയവിവിധവിഷയങ്ങളിൽ ഓരോരുത്തർക്കു പ്രത്യേക വൈദഗ്ദ്ധ്യംസമ്പാദിക്കുന്നതിനു യാതൊരു തടസ്ഥവുമുണ്ടെന്നു തോന്നുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ, മേവികുളം); ഈ ഡിപ്പാർട്ടുമെൻറുകളിലെല്ലാം വൈദഗ്ദ്ധ്യം സമ്പാദിച്ച ആളുകളെ ലഭിക്കുമെന്നാണൊ അദ്ദേഹം പറയുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വകുപ്പു ഭരിക്കുന്നതിനു വിദഗ്ധന്മാർ എന്നതാത്പര്യമുള്ളവർ ഇപ്പോൾതന്നെയുണ്ടല്ലോ. ഈ വകുപ്പുകളുടെ നടത്തിപ്പിനെസംബന്ധിച്ചു ആലോചിക്കുന്നപക്ഷം നിയന്ത്രണത്തിനുവേണ്ടിമാത്രം ഇത്രവളരെപണം ചെലവുചെയ്യേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഒരു വിദഗ്ധന്റെകീഴിൽ പലഡിപ്പാർട്ടുമെൻറുകൾ ഉണ്ടായിരുന്നാലും മേൽനോട്ടക്രമത്തിൽ അവയെസംബന്ധിച്ചിടത്തോളം എല്ലാം ഒരുപോലെതന്നെയാണ്. അതുകൊണ്ടു ഈ വകുപ്പുകളെല്ലാം ഒരു ഉദ്യോഗസ്ഥന്റെകീഴിലാക്കി ചെലവുകുറയ്ക്കുന്നതിനുള്ള സകലശ്രമങ്ങളും നാം ചെയ്യണമെന്നുള്ളതാണ് എന്റെ വാദമുഖം.

മി. എൻ. കുമാരൻ (നിയമസഭ): മദിരാശിയിൽ ഒരു ധനപരിപോഷണമന്ത്രി ഉണ്ടെന്നുള്ളതു അദ്ദേഹത്തിനറിയാമൊ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അറിയാം.

മി. എൻ. കുമാരൻ (നിയമസഭ): അദ്ദേഹം വ്യവസായത്തിലൊ കൃഷിയിലോ അല്ലെങ്കിൽ ധനപരിപോഷണവകുപ്പുകളിലുള്ള മററേതെങ്കിലും പ്രത്യേകതരമായകാര്യങ്ങളിലൊ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ആളല്ലാതെ, അതുതന്നെ മെംബറിയിക്കുകയാമൊ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അല്ലായിരിക്കാം. പരമാർത്ഥം പറയുകയാണെങ്കിൽ അദ്ദേഹം ഇപ്രകാരമുള്ള വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഒരാളല്ല. ഒരു ധനപരിപോഷണമന്ത്രിക്കും വ്യവസായഡിപ്പാർട്ടുമെൻറുകൾക്കോ കൃഷിഡിപ്പാർട്ടുമെൻറുകൾക്കോ ഉള്ള ഡിപ്പാർട്ടുമെൻറിന്റെ മേധാവിക്കും തമ്മിൽ ഗണ്യമായവ്യത്യാസമുണ്ടെന്നാണ് എനിക്കുതോന്നുന്നത്. സർ, പ്രസിഡൻറിന്റെ ഗുണിഗ്ദ്ധ കൊണ്ടു എന്റെ പ്രസംഗപരിധി നിർണ്ണയപ്പെടുത്തിക്കളിക്കുകിരിക്കുന്നതിനാൽ വ്യവസായവകുപ്പിൽ നിയന്ത്രണത്തിനുമാത്രമായി ഒരു വലിയ തുക വ്യയംചെയ്യുന്നതുകൊണ്ടു യാതൊരുപ്രയോജനവുമില്ലെന്നു മാത്രമേ ഞാൻപറയുന്നുള്ളു. അതിനാൽ സാദ്ധ്യമെന്നുള്ളപക്ഷം ഇന്നോ നാളെയോ ഇതിനു ഭേദഗതി വരുത്തുന്ന തെന്നർഡിപ്പാർട്ടുമെൻറുകൾക്കുചെയ്തു മരണശേഷിയുള്ള ഒരു മേധാവിയുടെ കീഴിലാക്കേണ്ടതാണ്. അപ്രകാരം വ്യവസായവകുപ്പുപോലെ മരണമേധാവിയുടെ ശമ്പളപരിധിവിട്ടു വളരുകയധികംപണം ആവശ്യമുള്ള ഒരു ഡിപ്പാർട്ടുമെൻറിന്റെ പ്രത്യേകനടത്തിപ്പു നിയന്ത്രണം ചെയ്യാവുന്നതാകുന്നു. ഇപ്രകാരമുള്ള ഒരു പദ്ധതി ഗവൺമെൻറു കണ്ടുപിടിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മി കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയം എനിക്കു സ്വീകരിപ്പാൻ നിവൃത്തിയാവുന്നതിനാൽ വ്യസനിക്കുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ വാദത്തെ മിതവ്യയം എന്ന ഒന്നിന്മേൽ മാത്രമാണ് അടിസ്ഥാനപ്പെടുത്തുന്നത്. എന്നാൽ ഒരു ഡിപ്പാർട്ടുമെൻറിന്റെ ഭരണകാര്യത്തിലോ ഗവൺമെൻറു ജനസാമാന്യത്തിനുവേണ്ടി ചെയ്യേണ്ടതായ വിവിധസഹായങ്ങളുടെ കാര്യത്തിലോ മിതവ്യയം എന്ന ഒന്നിനെ മാത്രമല്ല പരിഗണിക്കേണ്ടത്. മിതവ്യയംകൊണ്ടു കാര്യക്ഷമതക്കു ഹാനിസംഭവിച്ചുകൂടാ. ഡിപ്പാർട്ടുമെൻറുകളുടെ ഭരണത്തിന്നു ആദ്ധ്യക്ഷ്യാധികാരിക്കു വൈദഗ്ദ്ധ്യം സമ്പാദിച്ചിരിക്കേണ്ട ഏതാനംകാര്യങ്ങളും ചിന്തിക്കേണ്ടതികളും ഏതാനംവിഷയങ്ങളുമുണ്ട്. ഒരു ഭരണമേധാവി ഈ കാര്യങ്ങളിലെല്ലാം ഒരുപോലെ വൈദഗ്ദ്ധ്യം സമ്പാദിച്ചിരിക്കണമെന്നില്ല. എന്നാൽ ഒരു സാങ്കേതികഡിപ്പാർട്ടുമെൻറിന്റെ മേധാവിക്കു ആ ഡിപ്പാർട്ടുമെൻറിൽ നടത്തപ്പെടുന്ന വിവിധജോലികളിലെ ഏററവും പ്രധാനമായവയിൽ മാത്രമെങ്കിലും ശരിയായപരിചയം സിദ്ധിച്ചിട്ടുള്ളആൾ ആയിരിക്കണം. കൂടാതെ ആ ആൾ ഈ വിവിധസ്ഥാനങ്ങളെ ഏകോപിച്ചുനടത്തുന്നതിനു ശേഷിയുള്ളആളായിക്കൂടി ആയിരിക്കേണ്ടതാണ്. പരസ്പരബന്ധമില്ലാത്തതും ഐകരൂപ്യമില്ലാത്തതും ആയ വളരെയധികം വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഡിപ്പാർട്ടുമെൻറിന്റെ മേധാവിക്കു അവയെല്ലാംകൂട്ടിച്ചേർത്തു ഒന്നായിട്ടരിക്കുകയെന്നുള്ളതു സാദ്ധ്യമല്ലെന്നുവരാം.

മി. വി. സുബ്ബയ്യർ (നിയമനം ഡെപ്യൂട്ടിപ്രസിഡൻറ്): മുതിരാശിക്കിടെ വ്യവസായഡയറക്ടർ ഒരുവിദഗ്ധനാണോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അല്ല. അദ്ദേഹം ഒരു വിദഗ്ധനല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഡിപ്പാർട്ടുമെൻറുകളിൽ ചിലതിന്റെ ഏകീകരണം സാദ്ധ്യമല്ലെന്നു വ്യവസായഡയറക്ടർക്കു അഭിപ്രായമുണ്ടോ എന്നറിയിക്കുമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): സാദ്ധ്യമാണെന്നാണ് എന്റെ അഭിപ്രായം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്പോഴത്തെ ഡയറക്ടർക്കുകീഴിൽ ഒരു തോൽവ്യവസായവിദഗ്ധനുണ്ടോ എന്നു പറയുമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട്. എന്റെകീഴിൽ ഒരു തോൽവ്യവസായവിദഗ്ധനുണ്ട്

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെൻറിൽ ഒരു നെയ്ത്തുവിദഗ്ധനുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട് എന്റെകീഴിൽ ഒരു നെയ്ത്തു വിദഗ്ധനുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡയറക്ടർതന്നെ നെയ്ത്തിൽ വൈദഗ്ദ്ധ്യമുള്ള ആൾ ആണോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): നെയ്ത്തിൽ അദ്ദേഹത്തിനു വൈദഗ്ദ്ധ്യം ഇല്ലായിരിക്കാം. എന്നാൽ ആ വ്യവസായകാര്യത്തിൽ സംഘടിതമായ ശാസ്ത്രങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ഒരാളാണ് അദ്ദേഹം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡയറക്ടർ ഒരു തോൽവ്യവസായ വിദഗ്ധനാണോ എന്നറിയിക്കാമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്നിരുന്നാലും, തമ്പകപ്പള്ളയിൽനിന്നു തോൽ ഉണ്ടാക്കുന്ന വിഷയത്തിൽ ചില പ്രത്യക്ഷഫലങ്ങൾ കാണിക്കുന്നതിന് അദ്ദേഹത്തിനു സാധിക്കുന്നില്ലേ? അതിൽനിന്നു എന്താണു തെളിവാകുന്നത്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതിൽനിന്നു ഡയറക്ടർക്കു അതിൽ ചമച്ചിട്ടുള്ള ഉൽപന്നങ്ങൾ അറിയാമായിരുന്നു എന്നു തെളിവാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ പ്രത്യേകവഴിയിൽ വൈദഗ്ദ്ധ്യമില്ലായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെൻറിൽ കാര്യക്ഷമതകാണിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുഎന്നു സമ്മതിക്കുന്നുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ആ കാര്യത്തിൽ അന്തർലീനമായിട്ടുള്ള ഉൽപന്നങ്ങൾ അദ്ദേഹത്തിനു അറിയാമായിരുന്നതുകൊണ്ടു അത്രയും സാധിച്ചു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ വിവിധഡിപ്പാർട്ടുമെൻറുകൾ ഏകീകരിച്ചു ഒരാളെ അവയുടെ മേലദ്ധ്യക്ഷനായി നിയമിക്കുന്നപക്ഷം ആ ആളിൽ കുറെ കാര്യശേഷിയോ ഗ്രഹണശക്തിയോ ഉണ്ടായിരിക്കേണ്ടതുള്ള വസ്തുത അദ്ദേഹം പ്രതീക്ഷിക്കുന്നില്ലേ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ചോദ്യം എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്പോഴത്തെ ഡയറക്ടറെ ധനപരിപോഷണവകുപ്പുകളുടെ എല്ലാത്തിന്റെയും മേധാവിയായി നിയമിക്കണം എന്നു വിചാരിക്കുക; എങ്കിൽ ഇപ്പോൾ ചെയ്തുവരുന്ന ജോലി ശരിയായ ഒട്ടുമിക്ക ആ വകുപ്പുകളെല്ലാം ഒരിക്കുന്നതിനു അദ്ദേഹത്തിനു സാധിക്കുകയില്ലേ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അപ്രകാരം ഒരു ചുമതല നിശ്ചയമായും ഞാൻ ഏറ്റെടുക്കുകയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹം സ്വീകരിക്കണമോ തള്ളിക്കളയണമോ എന്നുള്ളതല്ലാ ചോദ്യം. ഈ ഡിപ്പാർട്ടുമെന്റുകൾ ഇപ്പോൾ ഒരിക്കുന്നതിനു അദ്ദേഹത്തിനു പ്രാപ്തിയുണ്ടോ എന്നുള്ളതാണ് ഞാൻ അറിയണമെന്നാഗ്രഹിക്കുന്നത്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഏതെല്ലാം ഡിപ്പാർട്ടുമെന്റുകൾ എന്നുള്ളതു പ്രത്യേകം വിവക്ഷിക്കാതെ എനിക്കു ഒന്നുതന്നെ പറയുവാൻ നിവൃത്തിയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൂടുതൽ ശമ്പളം കൊടുക്കണം എന്നു വിചാരിക്കുക, എങ്കിൽ ഒരിക്കാൻ കഴിയുകയില്ലേ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഡിപ്പാർട്ടുമെന്റുകൾ ഏതെല്ലാമാണ്?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ഉദ്ദേശിക്കുന്നതു വ്യവസായം, കൃഷി പരസ്പരസഹായം ഈ ഡിപ്പാർട്ടുമെന്റുകളും വേറെ ചിലതും ഒരിയാണ്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതു ഏതാണ്ടവനം വളരെ കൂടുതലായിട്ടുള്ളതാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്രകാരമുള്ള ഡിപ്പാർട്ടുമെന്റുകൾ എല്ലാം ചേർത്തുകൂട്ടുന്ന ഒരാൾ എങ്കിലും ഈ നാട്ടിലുണ്ടായിട്ടുണ്ടോ എന്നു വ്യവസായഡയറക്ടർ അറിയുമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ ജോലി ഒരാൾക്കു ചെയ്തുതീർക്കാൻ സാദ്ധ്യമാകത്തക്ക വണ്ണം അത്ര വളരെ കൂടുതലാണെന്നു വ്യവസായഡയറക്ടർ വിചാരിക്കുന്നുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ആ ഭാരം ഭരണകൂടത്തിന്റെ മേധാവി മാത്രമാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിവിധഡിപ്പാർട്ടുമെന്റുകളുടെ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നിട്ടും ദിവാൻജി അവർകൾ അദ്ദേഹത്തിന്റെ ജോലി ഇപ്രകാരമാംവണ്ണം നിർവ്വഹിച്ചുപോരുന്നതുണ്ടെന്നുള്ള അഭിപ്രായത്തിനു അറിവാമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ദിവാൻജി ചെയ്യേണ്ടതായ ജോലികൾ ഇന്നിന്നവയെന്നു കണ്ടുപിടിക്കുമുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കഴിവുമുണ്ട് എന്നു പറയുന്നതുകൊണ്ട് അദ്ദേഹം എന്താണ് അർത്ഥമാക്കുന്നത്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അദ്ദേഹത്തിന്റെ പ്രവൃത്തി സീമപരിമിതമാണ് എന്നാകുന്നു. ആ പരിധിയിൽക്കവിഞ്ഞുള്ള കാര്യങ്ങളിൽ ഡിപ്പാർട്ടുമെന്റു മേധാവികൾ അദ്ദേഹത്തെ സഹായിക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എങ്കിൽ മററുഡിപ്പാർട്ടുമെന്റു മേധാവികളിൽനിന്നു കൂടി അത്രത്തോളം കാര്യക്ഷമത എടുത്തുകൊണ്ടു പ്രതീക്ഷിപ്പാൻ പാടില്ലേ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): എനിക്കു രണ്ടുകാര്യങ്ങൾ ഭംഗിയായി ചെയ്‌വാൻ കഴിയുമെന്നുള്ളതുകൊണ്ടു അതുപോലെ നൂറുകാര്യങ്ങൾ ചെയ്‌വാൻ കഴിവുണ്ടായിരിക്കണമെന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കഴിയുമോ ഇല്ലയോ എന്നാണു ഞാൻ ചോദിക്കുന്നതു.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ആളിന്നാരെന്നറിയാതെ മറുപടി പറയാൻ നിവൃത്തിയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ആരെയും പ്രത്യേകം വിവക്ഷിച്ചല്ലാ ഇതെല്ലാം പറയുന്നതു. മി. ചാക്കോ പറഞ്ഞവാക്കുകളിൽനിന്നുദിക്കുന്ന അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റു കൈകാര്യതരണം ചെയ്തിട്ടില്ലാത്തതിനാൽ അതിൽനിന്നു രാജ്യത്തെക്കു യാതൊരാദായവും ഉണ്ടാകുവാൻ ഇടയായിട്ടില്ലെന്നു ഞാൻ മനസ്സിലാക്കി. പ്രാരംഭദശയിൽ ഈ ഡിപ്പാർട്ടുമെന്റുകൾ എല്ലാം ഏകീകരിക്കുകയെന്നുള്ളതു സാദ്ധ്യമല്ലെന്നോ? അപ്രകാരമുള്ള ഒരവസരം ഉണ്ടാകുന്നെങ്കിൽ അവയെ ഏകീകരിക്കാമെന്നാണു എനിക്കു തോന്നുന്നതു്. അതുകൊണ്ടു ഏകീകരിപ്പാൻ നിർവ്വാഹമില്ല.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഒരു പ്രസ്താവനയെ ഇപ്പോൾ ഞാൻ കുറിതിരുത്തിയാൽമാത്രം

മതിയാകും. വ്യവസായവകുപ്പും രാജ്യത്തെക്കു യാതൊരു പ്രയോജനവുംഇല്ലാത്ത ഒന്നാണെന്നു ഞാൻ പറഞ്ഞില്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ, ദേവികുളം): മററുവ്യവസായവിദഗ്ദ്ധന്മാരുടെ ജോലികളിൽ മേൽനോട്ടംചെയ്യുന്നതിനു പര്യാപ്തമായ യോഗ്യതകൾ ഇപ്പോഴത്തെ ഡയറക്ടർക്കു ഉണ്ടോ എന്നറിയിക്കാമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): വ്യക്തിപരമായ ചോദ്യമാകയാൽ അതിനു മറുപടി പറയാൻ ഞാൻ വിചാരിക്കുന്നില്ല.

മി. കെ. സി. മാത്തൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കൻദേശങ്ങൾ): സർ. ഭരണമേധാവി വിവിധവകുപ്പുകളുടെ നിയന്ത്രണകൃത്യം നിർവഹിക്കുന്നതിനേയും, ഏതിലെങ്കിലും തവെദഗ്ദ്ധ്യം സമ്പാദിച്ച ഡിപ്പാർട്ടുമെന്റു മേധാവി ഡിപ്പാർട്ടുമെന്റു ഭരണംനടത്തുന്നതിനേയുംസംബന്ധിച്ചു ചില മെംബറന്മാരുടെ പ്രസംഗങ്ങളിൽ വളരെധികം കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. മുൻകാലങ്ങളിൽ ദിവാൻപേഷ്കാ

ന്മാർ, എക്സൈസ് ഗുണികൾ ആദിയായ അനേകവകുപ്പുകളുടെ മേലധികാരികളായിരുന്നിട്ടുണ്ട്. പല ഡിപ്പാർട്ടുമെൻറുകളുടെ ചുമതലകൾ ഒരു ഓഫീസിൽ ലയിച്ചിരിക്കുക എന്നുള്ളതു കാര്യക്രമത്തിൽ ദോഷകരമാണെന്നു വോട്ടുചെയ്തു. ഈ ഡിപ്പാർട്ടുമെൻറുകൾ വളരുന്നു വന്നതോടുകൂടി അപരയസംബന്ധിച്ചുള്ള മേലധികാരം പലർക്കായി വീതിച്ചുകൊടുക്കേണ്ടിവന്നു. തിരുവിതാംകൂറിലേപ്പോലെയുള്ള ഒരു പരിഷ്കൃതഗവണ്മെൻറിന് ഇപ്രകാരമുള്ള അധികാരവിതരണം അത്യന്താപേക്ഷിതമാണ്.

കാണക്കുടമേധാവി വിവിധവകുപ്പുകളെ ഒന്നാകെ അടക്കിഭരിക്കുന്നുണ്ടെന്നുള്ള വസ്തുതയെ അടിസ്ഥാനമാക്കി, അതിൽനിന്നു കൃഷിവ്യവസായം തുടങ്ങിയുള്ള (എൻജിനീയറിംഗ്, മെഡിക്കൽ ഈ വകുപ്പുകൾ എന്തുകൊണ്ടു ചേർത്തുകൂടാ?) സാങ്കേതികവകുപ്പുകളെല്ലാം ഒരു മേലധികാരിയുടെ ആജ്ഞയിൻകീഴിൽ കൊണ്ടുവരാവുന്നതാണ്എന്നു സ്ഥാപിക്കുന്നതു അബദ്ധമാണ്. ഡിപ്ലോമാസഡയറക്ടർ എന്ന ഉദ്യോഗം നിറുത്തൽചെയ്തു, തൽസ്ഥാനത്തു ഒരു സെക്രട്ടറിയെയുണ്ടാക്കിയാൽ മതിയാകുമെന്നു ഗൾപ്പു ദിവസം അഭിപ്രായപ്പെടുകയുണ്ടായല്ലോ. മെഡിക്കൽവകുപ്പിൽ പ്രാപ്തിയുള്ള അസിസ്റ്റൻറു സർജ്ജന്മാർഉണ്ട്. എൻറെ സ്നേഹിതൻറെ വാദമനുസരിച്ചു നോക്കുന്നപക്ഷം, അവരിൽ ഒരാളെ വളരെ കുറഞ്ഞശമ്പളത്തിൽ ഡർബാർഫീസിഷ്യനായി നിയമിക്കാവുന്നതാണെന്നു മോചനമെങ്കിൽ ഞാനോ എനിക്കു അഭിപ്രായപ്പെടാം. ഇമ്മാതിരിയെന്നു എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചും പറയാവുന്നതാണ്. അതിനാൽ പ്രമേയം സാധുവല്ലാത്തതും അതിൽ പറയുന്നതുപോലെയുള്ളകാര്യം അസാദ്ധ്യമായിട്ടുള്ളതുംആകുന്നു എന്നാണ് എനിക്കു സ്ഥാപിക്കുവാനുള്ളതു്. അതിനാൽ ഈ പ്രമേയത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയപ്രസ്താവകന്റെ നാനാമുഖങ്ങളെയും സഭയുടെ ശ്രദ്ധ വിഷമിപ്പിക്കുന്നതിനു എനിക്കു കഴിഞ്ഞിട്ടില്ല. വ്യവസ്ഥയോജനയും ഉദ്ദേശിക്കണമെങ്കിൽ കാര്യത്തിൻറെ നാനാഭാഗങ്ങളെയുംസംബന്ധിച്ചു കൂലങ്കഷമായി പര്യാലോചിക്കേണ്ടതു അത്യന്താപേക്ഷിതമാണ്. അതിനാൽ മറെറാരവസരത്തിൽ ഒരുപ്രമേയം അവതരിപ്പിച്ചു ഈ വിഷയത്തെസംബന്ധിച്ചു വാദപ്രതിവാദം നടത്തുന്നതിനു സന്ദർഭമുണ്ടാക്കിക്കൊള്ളാം. ഇത്രയും പറഞ്ഞുകൊണ്ടു പ്രമേയം പിൻവലിക്കുന്നതിനു ഞാൻ സഭയുടെ അനുമതി അപേക്ഷിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം നമ്പർ,

താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

മി. കെ. ഐ. ജോസഫ്.

നമ്പർ. ഫസ്റ്റ്-ാംനമ്പർ ഡിമാൻഡനുസരിച്ചുള്ള ൧൮൮ ലക്ഷം രൂപായിൽനിന്നു ൧ ൦ ൦ രൂപ കുറയ്ക്കുന്നു.

ഫസ്റ്റ്-ാം ഡിമാൻഡിൻപ്രകാരം വ്യവസായവകുപ്പിലേക്കു ൧൮൮ ലക്ഷംരൂപ അനുവദിക്കണം എന്നുള്ള പ്രമേയം വോട്ടിനിട്ടു പാസ്സാക്കപ്പെട്ടു.

ഗ്രാൻറു അനുവദിക്കപ്പെട്ടു.

സഭ ൧-ാ൦-ന ലഘുഭക്ഷണത്തിനായി പിരിയുകയും അനന്തരം ൨-ര ൩-ന ഉപാദ്ധ്യക്ഷൻറെ അധ്യക്ഷത്തിൽ വീണ്ടും കൂടുകയുംചെയ്തു.

ഡിമാൻഡു XVII മെഡിക്കൽവകുപ്പു്: ൧൨ ലക്ഷംരൂപ.

മിസ്സസ് എം. പുന്നൻപൂലോസ് (സീനിയർസർജ്ജൻ വിമൻസ് മെഡിക്കൽസർവീസസ്): സർ, ഫസ്റ്റ്-ാം നമ്പർ ഡിമാൻഡിൻപ്രകാരം മെഡിക്കൽവകുപ്പിലേക്കു ൧൨ ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഡി. എ. മെഡിക്കൽവകുപ്പും സാനിട്ടറിവകുപ്പും മേൽനോട്ടം.

പ്രമേയം നമ്പർ.

താഴെപ്പറയുന്ന പ്രമേയം ഹാജരാക്കപ്പെട്ടില്ല.

മി. കെ. മാധവൻപിള്ള.

നമ്പർ. എസ്റ്റാബ്ലിഷ്മെൻറിലേക്കുള്ള ൧൮൭ രൂപയിൽനിന്നും ൧ ൦ ൦ രൂപ കുറയ്ക്കണം.

പ്രമേയം നമ്പർ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

നമ്പർ. മേൽനോട്ടംവകയ്ക്കു നീക്കിവച്ചിട്ടുള്ള ൧ ൦ൻൻവു രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണം. പ്രമേയത്തിൻറെ പ്രഥമമായ ഉദ്ദേശം മെഡിക്കൽവകുപ്പിനെ ഒരു അഡ്മിനിസ്ട്രേറിവ്ബോർഡിൻറെ കീഴിലാക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളതിനെയും ഒരു വിദേശീയമിഷനറിയെ മെഡിക്കൽബോർഡിലെ അനുദ്യോഗസ്ഥമെമ്പറായി നിയമിച്ചിട്ടുള്ളതിനെ ഈ സഭ അംഗീകരിക്കാവുന്നതാണോ എന്നുള്ളതിനെയുംപററി പര്യാലോചിക്കുക എന്നുള്ളതാണ്. ആരോഗ്യത്തെ സംബന്ധിച്ചിടത്തോളം, മെഡിക്കൽവകുപ്പു വളരെ പ്രാധാന്യമുള്ള ഒരു വകുപ്പാണെന്നു നിരന്നാവും. അതിലെ സാമാന്യജോലികളെ സംബന്ധിച്ചിടത്തോളം അതു തീരെ പ്രാധാന്യമുള്ള ഒന്നല്ലെന്നാണ് ഒന്നാമത്തെ വാദമുഖത്തെസംബന്ധിച്ചു പറയാനുള്ളതു് ഉദാഹരണമായി, ഗുണികൾവകുപ്പിൽ, കമ്മീഷണർക്കു നിയന്ത്രിച്ചിരിക്കുക; ഡിപ്പാർട്ടുമെൻറിൻറെ ചിലവു നിയന്ത്രിക്കുക, ഉദ്യോഗസ്ഥന്മാരുടെമേൽനോട്ടംവഹിക്കുക, ആദിയായി അനേകംജോലികൾ ചെയ്യേണ്ടതായിട്ടുണ്ട്. ഈ സാമാന്യജോലികൾക്കുപുറമെ, ചുമതലകളെയും ആദായനികുതിയേയും സംബന്ധിച്ചുള്ള കേസുകളിൻമേൽ അപ്പീലുകൾകേട്ടു തീരുമാനിക്കേണ്ട ചുമതലയുംകൂടി അദ്ദേഹത്തിനുണ്ട്. അതിനാൽ ആ ഉദ്യോഗസ്ഥൻ അസാമാന്യജോലിതിരക്കുള്ള ഒരു ഉദ്യോഗസ്ഥനാണെന്ന് പറയുന്നതിൽ യാതൊരതിശയോക്തിയും ഇല്ല. ഒരു അഡ്മിനിസ്ട്രേറിവ്ബോർഡിൻറെ കീഴിലാക്കേണ്ടതായിട്ടുള്ളതെങ്കിൽ ഡിപ്പാർട്ടുമെൻറുകളെങ്കിൽ അതു് ലാൻഡ്റവന്യൂഡിപ്പാർട്ടുമെണ്ടോന്നു്, മലിരാശിയിൽ റവന്യൂഡിപ്പാർട്ടുമെൻറിലുള്ള സാധാരണ ജോലികൾനടത്തുന്നതു ആവകുപ്പിലെ കിഴ്ജീവനക്കാ

താണെങ്കിലും ഒരു നയത്തെസംബന്ധിച്ചു മേൽനോട്ടത്തിനു ഒരു റവന്യൂബോർഡു ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടു. ഇപ്രകാരം വരുത്തുമ്പോൾ മെഡിക്കൽഡിപ്പാർട്ടുമെണ്ടിനെ ഒരു അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെകീഴിൽ ആക്കേണ്ട യാതൊരാവശ്യവും ഉണ്ടായിരുന്നിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു. തന്നെയാണെന്നു വാദമുഖത്തെസംബന്ധിച്ചു നമുക്കു നോക്കാം. പ്രജാസഭയിൽ ദിവാൻജി അവർകൾ മുഖ്യപ്രസംഗത്തിൽ രാജ്യത്തിലെ ഒരു പ്രധാനഡിപ്പാർട്ടുമെൻറിന്റെ കൃത്യനിർവഹണത്തിൽ ഒരു അനുദ്യോഗസ്ഥമെമ്പറിനെക്കൂടി ഭാഗഭാക്കാക്കുക എന്നുള്ളതു ഒരു നവീനപ്രസ്ഥാനമായി ഉൾക്കൊള്ളപ്പെടുന്നു, ഈ വ്യവസ്ഥയുടെ ഗുണദോഷം, പക്ഷേ, മിസ്റ്റർ നോബിളിന്റെ നിരീക്ഷണം നമ്മെ വാദിപ്പിക്കുന്ന വിഷയത്തിന്റെ വിസ്തൃതിയിലുള്ളതാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: ഈ പദ്ധതിയുടെ സംബന്ധിച്ചു പൊതുവായിട്ടുള്ള ചോദ്യത്തിനു നിങ്ങൾക്കു അവകാശമുണ്ടെന്നു എനിക്കു തോന്നുന്നു, ഭൂരിപക്ഷത്തിന്റെ ചുരുക്കിപ്പറയട്ടെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] സംസാരിച്ചുകൊള്ളാം, രാജ്യഭരണകാര്യത്തിൽ അനുദ്യോഗസ്ഥന്മാരെക്കൂടി ഭാഗഭാക്കുകളാക്കണമെന്നുള്ള ജനങ്ങളുടെ അപേക്ഷയെ ഗവർണ്മെന്റു അംഗീകരിച്ചു അതിൻപ്രകാരം പ്രവർത്തിക്കയാണ് ചെയ്തിട്ടുള്ളതെങ്കിൽ ജനങ്ങൾ ആശ്ചര്യപ്പെടേണ്ടതു ഇപ്രകാരം ചെയ്തുണ്ടെന്നല്ല, ഇതാണു എനിക്കു പറവാനുള്ളതു. ദിവാൻജിയുടെ രാജ്യത്തോടുള്ള സ്ഥാനത്തിനു യോജിച്ച ബന്ധം; ഉമ്മറത്തു ഈ നടപടികൾ ആയ അനുദ്യോഗസ്ഥന്മാരെ ആക്ഷേപിച്ചവരെ അവർ ഏറവിളിച്ചിട്ടുള്ളതു്. എന്നാൽ, അനുദ്യോഗസ്ഥന്മാരെ ഭരണനിർവഹണകൃത്യത്തിൽ ഭാഗഭാക്കുകളാക്കണമെന്നുള്ള ജനങ്ങളുടെ അപേക്ഷയെ പുരസ്കരിച്ചു അതിൻപ്രകാരം പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടു രാജ്യത്തോടു യാതൊരുവിധമായ ബന്ധവുമില്ലാത്ത ഒരു വിദേശിയെ നിയമിക്കുക എന്നുള്ളതാണ് ഈ കാര്യത്തിൽ ഗവർണ്മെന്റു ഇപ്പോൾ ചെയ്തിരിക്കുന്നതു. പോരെങ്കിൽ അദ്ദേഹം ഒരു മതപ്രചാരകനുകൂടിയാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: അതിനും വാദവിഷയത്തിനും തമ്മിൽ എന്തുബന്ധമാണുള്ളതു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചുമതലയേറിയ ഒരു ഉദ്യോഗത്തിൽ ഒരു മിഷനറിയെ നിയമിക്കുക എന്നുള്ളതു നാം ഒരിക്കലും അനുവദിക്കാൻപാടുള്ളതല്ല. ഒരു പ്രത്യേകതരത്തിലുള്ള ജോലി നിർവ്വഹിക്കുമാറുള്ളിൽക്കൂടി പ്രവർത്തിക്കുന്നതിനു പുറമേ, ഒരു സ്ഥാപനത്തിൽനിന്നു ശമ്പളംകൊടുത്തു നിയമിച്ചിട്ടുള്ള ഒരാളാണ് അദ്ദേഹം. അതുകൊണ്ടു ജനങ്ങളെ പലപ്രകാരത്തിൽ വശീകരിക്കുവാൻ സൗകര്യം ഉണ്ടാക്കുന്ന വിധത്തിൽ ഈ രാജ്യത്തിലെ ഒരു ഡിപ്പാർട്ടുമെണ്ടിൽ ഒരനുദ്യോഗസ്ഥന്റെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥാനത്തു് അദ്ദേഹം നിയമിതനാകുന്നിരിക്കുകയാണ് ചെയ്യുന്നതു. ഇതാണു ഞാൻ പറയുന്നതായ്തു്. അതിനാൽ ഒരനുദ്യോഗസ്ഥമിഷനറിയെ ഭരണസമിതിയിലെ ഒരംഗമായി നിയമിച്ചിരിക്കുന്നതു ജനഹിതത്തിനു യോജിച്ചതല്ലാ എന്നാണു ഞാൻ പറയുന്നതു്. രാജ്യഭരണകാര്യത്തിൽ അനുദ്യോഗസ്ഥന്മാരെക്കൂടി ഭാഗഭാക്കുകളാക്കണമെന്നു ജനങ്ങൾ മുറവിളിക്കുട്ടിക്കൊണ്ടിരിക്കയുണ്ടല്ലോ. തിരുവിതാംകൂറുകാരായ അനുദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുവേണ്ടിയാണു അവർ അപ്രകാരം മുറവിളിക്കൂട്ടുന്നതു. ഈ പ്രമാണത്തെ അടിസ്ഥാനമാക്കിയാണു നിയമനം നടത്തിട്ടുള്ളതെങ്കിൽ, ഈ ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം, ആ പ്രമാണത്തിനു വിപരീതമായിട്ടാണു പ്രവർത്തിച്ചിട്ടുള്ളതെന്നുതന്നെ പറയേണ്ടിവരുന്നു. ഈ സ്ഥാനം അലങ്കരിക്കുന്നതിനു യോഗ്യതയായ ഒരാൾ തിരുവിതാംകൂറിൽ ഉണ്ടോഇല്ലയോ എന്നുള്ള ചോദ്യത്തിനു ഞാൻ ഉത്തരം പറയേണ്ട ആവശ്യം ഒട്ടുംതന്നെയില്ല. ഈ സ്ഥാനത്തു നിയമിതനാകാൻ തക്ക യോഗ്യതയുള്ള തിരുവിതാംകൂറുകാർഉണ്ടു, അവരെ നിയമിച്ചിരുന്നുവെങ്കിൽ അതു കൂടുതൽ ആദരണീയകരമായിരിക്കുമായിരുന്നു എന്നാണു എനിക്കു തോന്നുന്നതു. വിധിരചനാപരിജ്ഞാനത്താൽ, തിരുവിതാംകൂറിൽ നാട്ടുകാരുടെ ബുദ്ധിശക്തിയെ സംബന്ധിച്ചു ഗവർണ്മെന്റിനു ഒരുതരം അനാസ്ഥയോ അല്ലാ പുച്ഛംതന്നെയോ ഉള്ളതായിട്ടാണു കണ്ടുവരുന്നതു, ഇവിടത്തിൽ നിരീക്ഷിക്കുന്നപക്ഷവും ഈ അളിന്റെ നിയമനം സാമാന്യജനങ്ങൾക്കു തൃപ്തികരമായിട്ടുള്ളതല്ലെന്നുകാണാം.

ഈ സഭ ഈ നിയമനത്തിൽ അനുകൂലിക്കുമോ എന്നു ഗവർണ്മെന്റിനുതന്നെ സംശയം തോന്നിട്ടുള്ളതുകൊണ്ടുതന്നെയാണ് ഇനി എനിക്കു സംസാരിക്കാനുള്ളതു്. ഈ സഭയിലെ ഡെപ്യൂട്ടി പ്രസിഡന്റു പ്രസിഡന്റിന്റെ 'അണ്ടർറോയിംപോലും സഭാംഗങ്ങൾക്കു വോട്ടുചെയ്യാൻ അധികാരമുള്ള ഇനത്തിൽപെട്ടതാണ് എന്നിരിക്കെ, അഡ്മിനിസ്ട്രേറ്റീവു ബോർഡിലെ അനുദ്യോഗസ്ഥമെമ്പറിന്റെ ശമ്പളം ഗവർണ്മെന്റിൽനിന്നു 'നൺവോട്ടബിൾ' എന്ന ഇനത്തിൽ ഉൾപ്പെടുത്തിക്കാണുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: മെമ്പറിന്റെ നടപടി ക്രമവിരുദ്ധമാണ്. ഈ വിഷയത്തിൽ ഗവർണ്മെന്റിന്റെ അവസാനതീരുമാനം കഴിഞ്ഞുപോയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നുള്ളതുകൊണ്ടു 'അനുദ്യോഗസ്ഥൻ' എന്ന വാക്കിന്റെ വിവരണത്തിനു വല്ല വ്യത്യാസവും വരുത്തുമോ?

ഡെപ്യൂട്ടി പ്രസിഡന്റ്. വരുന്നില്ലായിരിക്കാം. എന്നാൽ ഒരു പ്രത്യേക ഇനം വോട്ടുചെയ്യപ്പെടാവുന്നതാണോ അല്ലയോ എന്നുള്ളതിനെപ്പറ്റി തീർച്ചയാക്കുന്നതിനുള്ള അധികാരം ഗവർണ്മെന്റിനാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആയിരിക്കാം. എങ്ങിനെയുള്ളതായാലും ആ ഒരിനം ഈ സഭയുടെ വോട്ടിനു വിഷയമാകാതെ കഴിക്കണമെന്നു മാത്രമേ ഗവർണ്മെന്റിനു ഉദ്ദേശം ഉണ്ടായിരുന്നുള്ളു.

ഡെപ്യൂട്ടി പ്രസിഡന്റ്. മെമ്പർ സഭാക്രമത്തിൽനിന്നു വ്യതിയാനം ചെയ്തിരിക്കുന്നു. നിയമസഭാ റൂൾ ആക്ടിൻ ഖണ്ഡ-ാംവകുപ്പു ഉ-ാംഉപവകുപ്പിൻപ്രകാരം പറയുന്നു.

"ഇനിക്കുതിയിങ്ങനിന്നോ മററിനത്തിങ്ങനിന്നോ ഏതെങ്കിലും ആവശ്യത്തിലേക്കു വ്യയംചെയ്യണമെന്നു ഗവർണ്മെന്റു ഉദ്ദേശിക്കുന്ന ആ ഇനം നിയമനിർമ്മാണസഭയ്ക്കു വോട്ടുചെയ്യുവാൻ അധികാരമില്ലാത്തതായ ഇനത്തിൽ പെട്ടതാണോ അല്ലയോ എന്നു ഒരു ചോദ്യത്തിനിടയാകുന്നപക്ഷം, അതുസംബന്ധിച്ചു ദിവാൻജി ചെയ്യുന്ന തീരുമാനം അവസാനതീർപ്പായിരിക്കുന്നതാകുന്നു."

അതിനാൽ, 'നൺവോട്ടബിൾ' എന്ന ഇനത്തിൽ ഉൾപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നതുകൊണ്ടു നിങ്ങൾക്കു അതുസംബന്ധിച്ചു പ്രതിപാദിക്കുവാൻ അവകാശമില്ല. അപ്രകാരം ഉൾപ്പെടുത്തിട്ടുള്ളതു ശരിയായിരുന്നാലും തെററായിരുന്നാലും അതു അവസാനതീരുമാനമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഇനത്തെ 'നോൺവോട്ടബിൾ' ആക്കിയതിന്റെ അടിസ്ഥാനമായ നയത്തെപ്പററിമാത്രമാണു ഞാൻ പ്രതിപാദിക്കുന്നതു്.

ഡെപ്യൂട്ടി പ്രസിഡന്റ്: നിങ്ങൾ അതേപ്പററി സംസാരിച്ചുകൂടാ. ഈ നിബന്ധന തീരുമാനമായിട്ടുള്ളതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഡിപ്പാർട്ടുമെന്റിനെ ഒരു അഡ്മിനിസ്ട്രേററീവു ബോർഡിന്റെ കീഴിലാക്കുന്നതുകൊണ്ടു പ്രതിവർഷമുള്ള ചിലവിൽ വല്ല വർദ്ധനവും ഉണ്ടാകുമോ എന്നു കൺസൾട്ടിങ് സെക്രട്ടറിക്കു ഒരുപക്ഷേ ഞാൻ അന്വേഷിച്ചിട്ടുണ്ടായിരുന്നു. ഏതാണ്ടു മുമ്പത്തെ മരാമത്തു ചിലവു കൂടുതൽ ഇല്ലെന്നും ആയതു 20 രൂപ മുതൽ 40 രൂപ വരെ കാണുമെന്നും ആയിരുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (അക്കൗണ്ടിംഗ് ഫിനാൻഷ്യൽ സെക്രട്ടറി): അതു മുക്കാൽ മാസംതോറുമുള്ള ചിലവാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു മാസംതോറുമാണ് എന്നിരുന്നാൽതന്നെ എന്തു്? അതുകൊണ്ടു ഈ കാര്യത്തിൽ വിശേഷമൊന്നും ഇല്ല. 20 എ. എന്ന ഇനത്തിൽ 40 രൂ 40-ൽ 20, 50 രൂ 50-ൽ 20, 60 രൂ 60-ൽ 20 രൂപ മാത്രമേ ചിലവായിട്ടുള്ളു എന്നിരിക്കെ 40 രൂ. 20-ൽ 20, 50 രൂ 50-ൽ 20, 60 രൂ ചിലവിടേണ്ട ആവശ്യമുള്ളതായി കാണുന്നു. അനുദ്യോഗസ്ഥമെമ്പറിന്റെ ശമ്പളം ചിലവിലേക്കും മററുമായി 80, 100 രൂപ തന്നെയുണ്ടു ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. ഈ ചിലവു അഡ്മിനിസ്ട്രേററീവു ബോർഡിലേക്കുള്ള ചിലവിന്റെ ഒരംശമല്ലയോ എന്നു ഞാൻ സംശയിക്കുന്നു. അതിനാൽ എന്റെ ഉപക്ഷേപത്തിനു മരാമത്തിയായി തന്നിട്ടുള്ള കണക്കു വിശദമായിട്ടുള്ളതും തെററിധാരണക്കു വകനല്കുന്നതും ആകുന്നു. ഈ കാര്യത്തിൽ എനിക്കു പറയാനുള്ളതു് ഒരു വിദേശീയ മിഷനറിയെ ബോർഡിലെ ഒരംഗമായി നിയമിച്ചതു ആശാസ്യമായ ഒരു പ്രവൃത്തിയല്ലാ എന്നുമാത്രമാണു്.

ഡെപ്യൂട്ടി പ്രസിഡന്റ്: ഒരു വിദേശീയൻ എന്നുമാത്രം പറഞ്ഞുകൊള്ളുക.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഒരു വിദേശീയ മിഷനറിയല്ലയോ?

ഡെപ്യൂട്ടി പ്രസിഡന്റ്: അദ്ദേഹം ഒരു മിഷനറിയാണോ അല്ലയോ എന്നുള്ളതു വാദത്തിന്റെ വിഷയമാകുന്നില്ല. ഒരു വിദേശീയൻ എന്നു പറഞ്ഞുകൊള്ളുക.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസിഡന്റിന്റെ ആജ്ഞയെ ഞാൻ അനുസരിക്കുന്നു. മററൊരു സംഗതിക്കുകൂടി ഗവണ്മെന്റിന്റെ ശ്രദ്ധക്കു വിഷയീഭവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അന്യതായുള്ള ജനത്തെ ആകെ പത്രിയിൽനിന്നു ഏതാനും നർസുകളെ വൈവാഹിക നിബന്ധനക്കു എതിരായി പ്രവർത്തിച്ചു എന്നുള്ള കാരണത്താൽ പിരിച്ചുവിടുകയുണ്ടായി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കാര്യം വിശദമാകുന്നില്ല. വൈവാഹിക നിബന്ധനകൾ എന്നുള്ളതിന്റെ അർത്ഥം വ്യക്തമാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നർസുകളെ ആളും പരിശീലനത്തിനെടുക്കുമ്പോൾ, അവർ ഒരു കൊല്ലത്തേക്കു (ഏതാണ്ടു എനിക്കു തോന്നുന്നതു) വിവാഹം ചെയ്യുകയില്ലെന്നുള്ള നിബന്ധനയിന്മേലാണ് അപ്രകാരം എടുക്കുന്നതു്. ആളുകൾക്കു സംഘക്കാരുടെമേൽ ഈ ചട്ടം അത്ര കർശനമായി പ്രയോഗിക്കപ്പെട്ടിരുന്നില്ല. ഇപ്പോൾ പരിശീലനത്തിനു എടുക്കുമ്പോൾതന്നെ വിവാഹത്തെ സംബന്ധിച്ചുള്ള നിയമത്തെ അനുസരിച്ചുകൊള്ളാമെന്നു അവർ ഒരു സമ്മതപത്രം കൊടുക്കണമെന്നുണ്ടു്. ആളുകൾക്കു സംഘക്കാരുടെ കാര്യത്തിൽ ഈ ചട്ടം കർശനമായി ഗണിക്കപ്പെട്ടിരുന്നില്ല. അവരിൽനിന്നും ഈ നിയമം ശരിയായി അനുസരിച്ചുകൊള്ളാമെന്നുള്ളതിലേക്കു സമ്മതപത്രം വാങ്ങുകയും ഉണ്ടായില്ല.

ഡെപ്യൂട്ടി പ്രസിഡന്റ്: ഈ ചട്ടം സാധാരണയായി പ്രയോഗിക്കപ്പെടുന്നതാണോ നിങ്ങളുടെ വാദം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അല്ല. എന്നാൽ, ആളുകൾക്കു സംഘക്കാരുടെമേൽ ഗവണ്മെന്റു ഈ നിയമം നിർബന്ധമായി നടപ്പിൽ വരുത്തുന്നതിരിക്കുകയും, അതനുസരിച്ചു പ്രവർത്തിക്കണമെന്നില്ലെന്നു അവരോടു പറഞ്ഞിരിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കു്—

ഡെപ്യൂട്ടി പ്രസിഡന്റ്: തെററുചെയ്യുന്നകാര്യത്തിൽ മുൻതടസ്സം ന്യായവാദമാകുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എങ്കിൽ ആ ചട്ടങ്ങളെ ഭേദപ്പെടുത്തേണ്ടതായിരുന്നു. അതു കുറെക്കൂടി നന്നായിരിക്കുമായിരുന്നു. ഈ കാര്യത്തിനു വേറെ കാരണംകൂടിയുണ്ടു്. ഈ ചട്ടം ഉണ്ടായിരിക്കേണ്ട ആവശ്യം എന്താണു് എന്നെനിക്കു മനസ്സിലാകുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ നർസുകളുടെ ശമ്പളം എന്താണു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): 20 രൂപ മുതലും അതിനുകൂടുതലും.

മി. കെ. കെ. തോമസ് (കോട്ടയം): ഈ ഡിമാൻഡിനു വല്ല സമയപരിധിയുമുണ്ടോ?

ഡെപ്യൂട്ടി പ്രസിഡന്റ്: സമയമാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രത്യേകചട്ടം എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ചിലരെയെല്ലാം പിരിച്ചുവിട്ടതിനുശേഷവും ജനറൽ ആശുപത്രിയിൽ വീണ്ടും കൂടിക്കൂടിയുള്ള ഏതാനും നർസുകളെ നിയമിക്കുകയുണ്ടായി. അതിനാൽ ചിലരുടെമേൽ ഈ ചട്ടം കർശനമായി പ്രയോഗിക്കുകയും മററു ചിലരുടെമേൽ അപ്രകാരം ചെയ്യാതെ മാറ്റിനിർത്തുകയും ചെയ്യുന്നതിനുള്ള പ്രത്യേകകാരണം എന്തെന്നു ഈ ഡിപ്പാർട്ടുമെന്റു ചുമതലവഹിക്കുന്ന മെംബറിൽനിന്നു അറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

എനിക്കു ഒരുകാര്യംകൂടി പറയാനുണ്ടു്. അതിനെക്കുറിച്ചു സംസാരിക്കേണ്ടിവന്നതിൽ എനിക്കു മനസ്താപമുണ്ടു്. നായന്മാർക്കു ശരിയായ പ്രാതിനിധ്യം കൊടുത്തിട്ടില്ലാത്ത ഒരു ഡിപ്പാർട്ടുമെന്റാണു് മെഡിക്കൽ ഡിപ്പാർട്ടുമെന്റു. സമുദായപ്രാതിനിധ്യം എന്നുള്ളതു ഒരു നയമായി ഗവണ്മെന്റു അംഗീകരിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ടു മെഡിക്കൽ ഡിപ്പാർട്ടുമെന്റിലും അതു സ്വീകരിച്ചുകൂടാ എന്നു എനിക്കു മനസ്സിലാകുന്നില്ല. നായന്മാർക്കു വളരെക്കുറച്ചുമാത്രം പ്രാതിനിധ്യം കൊടുത്തിട്ടുള്ള ഒരു ഡിപ്പാർട്ടുമെന്റാണു അതു്. അതുകൊണ്ടു മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നായന്മാർക്കു കൂടുതൽ പ്രോത്സാഹനം നല്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. തരിയത്തു കുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴ-തൊടുപുഴ): കുഞ്ഞാലിക്കാ ക്രിസ്ത്യാനികൾക്കു ആ ഡിപ്പാർട്ടുമെൻറിൽ പ്രാതിനിധ്യമുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ക്രിസ്ത്യാനികളുടെ ഇടയിൽ പരസ്പരമുള്ള വ്യത്യാസങ്ങളെ ഞാൻ ഗണ്യമാക്കുന്നില്ല. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ക്രിസ്ത്യാനികൾക്കു ശരിയായ പ്രാതിനിധ്യം ഉണ്ട്.

മി. തരിയത്തു കുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴ-തൊടുപുഴ): നസ്രാണിമാർ ഹിന്ദുക്കളുടെ ഒരു വിഭാഗമല്ലേ? അതുകൊണ്ടു കുഞ്ഞാലിക്കുട്ടി ക്രിസ്ത്യാനികളുടെ ഒരു വിഭാഗമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഹിന്ദുക്കൾക്കു ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നാണു ഞാൻ പറയുന്നത്.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): സർ, അഡ്മിനിസ്ട്രേറ്റീവു ബോർഡു സ്ഥാപിക്കുന്നതിനു മാനാരോഗ്യവും ഉണ്ടായിക്കൂടുന്നില്ലെന്നു തെളിയിക്കുന്നതിലേക്കാണു താൻ ഈ പ്രമേയം കൊണ്ടുവരുന്നതെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള സഭയെ അറിയിച്ചുകഴിഞ്ഞിരിക്കുന്നു. ആ കാര്യത്തെക്കുറിച്ചു മറുപടി പറയുന്നതിനുമുമ്പു മി. കെ. പി. നീലകണ്ഠപ്പിള്ളയോടു അദ്ദേഹം മെഡിക്കൽ ഡിപ്പാർട്ടുമെൻറു പ്രതിനിധിയല്ലാത്ത ഒരു ഡിപ്പാർട്ടുമെൻറാണെന്നു പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു ചോദിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദായനികുതി സംബന്ധിച്ചിടത്തോളമാണു അതിനു പ്രാധാന്യമില്ലാത്തത്; ആരോഗ്യത്തെ സംബന്ധിച്ചിടത്തോളം, രാജ്യത്തിലുള്ള ഡിപ്പാർട്ടുമെൻറുകളിൽ എല്ലാത്തിലുംവച്ചു അതാണു ഏറ്റവും പ്രധാനമായിട്ടുള്ളതെന്നു ഞാൻ സമ്മതിക്കുന്നു.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): മെഡിക്കൽ ഡിപ്പാർട്ടുമെൻറു ആദായം ഉണ്ടാക്കിക്കൊടുക്കുന്ന മറ്റു ഡിപ്പാർട്ടുമെൻറു ആണെന്നോ, നികുതി വർദ്ധിപ്പിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണെന്നോ നാം കരുതുന്നില്ല. മോശമായ ഏതിടത്തും മെഡിക്കൽ ഡിപ്പാർട്ടുമെൻറു ജനങ്ങൾക്കുവേണ്ടി ചെലവു ചെയ്യുകയാണു ചെയ്യുന്നതു്. അപ്രകാരം ചെയ്യുന്നതിൽനിന്നു നമുക്കുള്ള ധാരണ ഇവർക്കാർക്കില്ല. ഈ വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. സർ, അത്ര പ്രധാന്യമേറിയ ഒരു ഡിപ്പാർട്ടുമെൻറുതന്നെയാണ്. അതിനു ഗൗരവതരമായ വളരെ ജോലികൾ ചെയ്യാനുണ്ടു്.

ഭരണസമിതിയിൽ ചേർക്കുന്നതിനുണ്ടായ കാരണങ്ങൾ സംബന്ധിച്ചു, കഴിഞ്ഞ പ്രജാസഭയിൽ ദിവാൻജി അവർകൾ ചെയ്ത മുഖപ്രസംഗത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. മി. കെ. പി. നീലകണ്ഠപ്പിള്ളതന്നെ ഈ വിഷയത്തെ സംബന്ധിച്ചു ഈ സഭയിൽവച്ചു ഗവർണ്ണർക്കു നേരെ പ്രശ്നങ്ങൾ ചെയ്യുകയും ഗവർണ്ണർക്കു അതിനു മറുപടി പറകയും ഉണ്ടായി. അതിനാൽ, സർ, ഈ കാര്യത്തെസംബന്ധിച്ചു കൂടുതലായി ഞാൻ ഒന്നുകൂടെ പറയേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

മി. നീലകണ്ഠപ്പിള്ള ബോർഡിലെ അനുദ്യോഗസ്ഥാംഗത്തിന്റെ നിയമനത്തെ സംബന്ധിച്ചു സംസാരിക്കുകയുണ്ടായി. സർ, ആശുപത്രികളിൽ ചെയ്തു വരുന്ന ജോലികളെ സംബന്ധിച്ചു അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിലേക്കു അനുദ്യോഗസ്ഥാംഗങ്ങൾ ഉൾപ്പെട്ട ഒരു മെഡിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യത്തെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനുള്ളിൽ ഒരു പ്രമേയം, ഞാൻ ആദ്യമായി ഈ സഭയിൽ ഉന്നയിക്കാൻ തുടങ്ങിയ അവസരത്തിൽതന്നെ ഇവിടെ അവതരിപ്പിക്കപ്പെട്ടതായി ഞാൻ ഓർക്കുന്നു. അതിനാൽ ബോർഡിലെ അനുദ്യോഗസ്ഥ മെമ്പറിന്റെ നിയമനകാര്യത്തിൽ സമക്ഷ വിപരീതാഭിപ്രായം ഉണ്ടായിരിക്കാൻ ഇടയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ കാര്യത്തിൽ ആരും വിപരീതാഭിപ്രായം പുറപ്പെടുവിക്കുന്നില്ല.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അനുദ്യോഗസ്ഥ സാമാജികന്റെ കാര്യത്തിൽ ഇപ്പോൾ വ്യക്തിപരമായ ആക്ഷേപമാണുള്ളതെന്നു തോന്നുന്നു. ഡിപ്പാർട്ടുമെൻറിന്റെ സാരമായ നന്മയെ ലാക്കാക്കിയാണു ഗവർണ്ണർ ഈ പ്രത്യേക അനുദ്യോഗസ്ഥ സാമാജികനെ തിരഞ്ഞെടുത്തിരിക്കുന്നതു്. ഒരു മിക്കനറി എന്ന നിലയിലല്ല, ഒരു കൈവല്യശാസ്ത്രജ്ഞന്റെ നിലയിൽ മാത്രമാണ് അദ്ദേഹം ബോർഡിലെ ഒരംഗമായിരിക്കുന്നതെന്നു മി. നീലകണ്ഠപ്പിള്ളയോടു ഞാൻ ഉറപ്പായി പറയാം. ഈ ബോർഡുണ്ടായതിൽ പിന്നീടു ഈ അനുദ്യോഗസ്ഥ സാമാജികൻ അദ്ദേഹത്തിന്റെ ഏതെങ്കിലും ഒരു പ്രവൃത്തിമൂലം ഡിപ്പാർട്ടുമെൻറിനെ അനാരോഗ്യമായ നടപടികളിലേക്കു പ്രേരിപ്പിക്കുന്നതിനു ശ്രമിച്ചതായി മി. നീലകണ്ഠപ്പിള്ളക്കു ചൂണ്ടിക്കാണിക്കാൻ കഴിയുമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. നേരെ മറിച്ചു്, ബോർഡിലെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യംമൂലം വളരെ ഗുണം ഉണ്ടായിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, പ്രസിഡൻറിന്റെ ആജ്ഞഹേതുവാൽ ഞാൻ ഈ നിയമനസംബന്ധിച്ചു ഒന്നും പറയാതിരുന്നിട്ടുള്ളതാണ്, അല്ലെങ്കിൽ ഈ കാര്യത്തെസംബന്ധിച്ചു ഞാൻ സംസാരിക്കുമായിരുന്നു.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ഈ ഡിപ്പാർട്ടുമെൻറിന്റെ നടത്തിപ്പിനെപ്പററി അദ്ദേഹത്തിനുള്ള അഭിപ്രായത്തെ നമുക്കു ധരിപ്പിക്കുവാൻ ഇന്നേദിവസം മി. എ. കെ. പിള്ള ഇവിടെ ഇല്ലാത്തതിൽ ഞാൻ മനഃസ്താപിക്കുന്നു. 'സാമാന്യജനങ്ങളുടെ' (എന്നാണു അദ്ദേഹം പറയുകയുണ്ടായതു). രക്ഷക്കായി പ്രത്യേകം ഒരുദ്യോഗസ്ഥനെ നിയമിക്കണമെന്നു നിർബന്ധിച്ചവരുടെ കൂട്ടത്തിൽ ഒരാളായിരുന്നു അദ്ദേഹം. അപ്രകാരമുള്ള ഒരുദ്യോഗസ്ഥനെ ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ എന്ന നാമധേയത്തിൽ ഗവർണ്ണർ ഇപ്പോൾ നിയമിച്ചിട്ടുണ്ട്. മി. നീലകണ്ഠപ്പിള്ള ഈ വ്യക്തിയുടെ കാര്യത്തിൽ ഗവർണ്ണർക്കെതിരെ അഭിനന്ദിച്ചു കാണാത്തതിൽ ഞാൻ അതിശയിക്കുന്നു. ബോർഡുമൂലം ഉണ്ടായിട്ടുള്ള അധിക ചിലവു വളരെ കൂടുതലാണെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രതിമാസം പന്ത്രണ്ടു രൂപ മാത്രമേ അധിക ചിലവായിട്ടുള്ളു.

ഇനി നർസുകളെ സംബന്ധിച്ചു മി. നീലകണ്ഠപ്പിള്ള ചോദിച്ച ചോദ്യങ്ങൾക്കു മറുപടി പറയാം. ആദ്യത്തെ സംഖ്യം നർസുകളുടേതല്ല ഈ ചട്ടം എന്തുകൊണ്ടാണു പ്രയോഗിക്കപ്പെടാതിരുന്നതു്. എന്നുള്ള കാര്യം മി. നീലകണ്ഠപ്പിള്ളക്കു മനസ്സിലാക്കാൻ പ്രയാസമുള്ളതായി കാണുന്നു. ഇ ചട്ടത്തിന്റെ രൂപീകരണത്തിൽ ഞാൻ മുഖ്യകക്ഷിയായിരുന്നില്ല. ഡാക്ടർ ലക്ഷ്മണന്റെ കാലത്താണു ഈ കാര്യം ആലോചനക്കു വിഷയമായതു്. ഈ ചട്ടത്തിനു വിപരീതമായി പ്രവർത്തിച്ചു ഒരു നർസിനെ ജോലിയിൽനിന്നു പിരിച്ചയക്കുന്നതിനു ആലോചിച്ചുകൊണ്ടുള്ള ആളുകളുടെ ഉത്തരവു ജനറൽ ആശുപത്രിയിൽ അന്നു ചാർജ്ജ്വഹിച്ചുകൊണ്ടിരുന്ന മെഡിക്കൽ ആഫീസറുടേയ്ക്കു ഡാക്ടർ ലക്ഷ്മണനാണു് അയച്ചതു്. ഈ കാര്യത്തിൽ കുറെക്കാലം കഴിഞ്ഞു ഗവർണ്ണർക്കായി ആലോചിച്ചുണ്ടു അവസാനതീരുമാനം ഉണ്ടാക്കിയതു. പ്രസിഡന്റു കാര്യസമയംകൂടി അനുഭവിച്ചു തരുമെങ്കിൽ ഞാൻ ഈ കാര്യം കുറെകൂടി വിശദമായി ധരിപ്പിക്കാം. ഇതു അസാമാന്യമായ ഒരുദ്യോഗസ്ഥന്മാർക്കും ഒട്ടുമുക്കുകൾക്കും കാരണം ഉണ്ടാക്കിട്ടുള്ള ഒരു വിഷയമാണു്. അതിനാൽ ഇതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ചോദ്യോത്തരങ്ങൾ വിശദമാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡന്റു: അനുവദിച്ചിരിക്കുന്നു.

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ആശുപത്രിയിൽ നർസുകൾക്കുള്ള ജോലി വളരെ പ്രയാസമേറിയതും കാഠിന്യമുള്ളതുമാണു്. അവരെ രാത്രിയും പകലും തവണമാറിഡ്യൂട്ടിയിൽ ഏർപ്പെടുത്തുകയാണുചെയ്യുന്നതു്. പകൽ ഡ്യൂട്ടിയിൽ ഏർപ്പെടുത്തപ്പെടുന്ന നർസു രാവിലെ 6 മണി മുതൽ അടുത്തദിവസം രാവിലെ 6 മണിവരെ ജോലിനോക്കണം. സ്വന്തംവീടുകളിൽതന്നെ കിടക്കുന്ന ചില രോഗികളെ രാപകൽ ശുശ്രൂഷിക്കാൻ വേണ്ടി ചിലപ്പോൾ ഒരു നർസിനെ വിളിച്ചു എന്നുവരാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ നർസുകളുടെ സമ്പളം എന്താണു്.

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസസ്): രണ്ടു കൊല്ലത്തെ പ്രത്യേകപരിശീലനം ലഭിച്ചിട്ടില്ലാത്തവരും പ്രായം കൂടിയവരും ആയ നർസുകൾക്കു പ്രതിമാസം 4 രൂപ ശമ്പളമുണ്ടു. അപൂർവം ചിലർക്കു 5 രൂപയും ഉണ്ടു്. 4 ൻ-ഉം 5-ഉം നവീകരണത്തിനു മുൻപു അവർക്കു 3 രൂപയേ ഉണ്ടായിരുന്നുള്ളു. രണ്ടുകൊല്ലത്തെ പ്രത്യേകപരിശീലനം ലഭിച്ചിട്ടുള്ള ഇപ്പോഴത്തെ നർസുകൾക്കു 6 മുതൽ 8 രൂപവരെ സ്കയിൽഉണ്ടു്. സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേകമായുള്ള ആശുപത്രിയിൽ 4 നർസുകളും, 4 സ്ത്രീവാർഡർമാരും, 1 യൂറോപ്യൻ നർസിംഗ് സിസ്റ്റേഴ്സും, 2 മിഡ്വൈഫ്സും ഉണ്ടു്. ഇത്ര വലിയ ഒരു കീഴ്സിൽബന്ധിസംഘം ഉണ്ടായിരുന്നിട്ടും നാട്ടുകാരായ നർസുകളുടെ അല്ലെങ്കിലും തൃപ്തികരമായി ജോലിചെയ്യിക്കാൻ സാധിച്ചിട്ടില്ലെന്നാണു എന്റെ കഴിഞ്ഞ പത്തു കൊല്ലത്തെ അനുഭവത്തിൽനിന്നു കാണുന്നതു. വളരെ തൃപ്തികരമായി ജോലിചെയ്യുന്ന അപൂർവം ചിലർ ഉണ്ടെന്നുള്ളതു പരമാർത്ഥംതന്നെ. ഇപ്രകാരം സംഭവിക്കുന്നതിന്റെ കാരണം ഈ നർസുകളിൽ ഏറിയഭാഗവും വിവാഹംചെയ്തവരാകയാൽ അവർക്കു കുടുംബസംബന്ധമായ ജോലിയാലാകാം ചെയ്യുണ്ടതായി ഉണ്ടെന്നുള്ളതാണു.

മി. എം. എൻ. പിള്ള. (തിരുവനന്തപുരം): ഇവരിൽ എത്രപേർ വിവാഹം ചെയ്തിട്ടുള്ളവരാണെന്നു അറിയിക്കുമോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അവരിൽ ഭൂരിപക്ഷവും വിവാഹംചെയ്തിട്ടുള്ളവരാണു. രണ്ടുകൊല്ലത്തെ ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്ത നർസുകളെ സംബന്ധിച്ചാണു് ഞാൻ പറയുന്നതു. അവർ രാത്രി ഡ്യൂട്ടിക്കു വരുന്ന അവസരങ്ങളിൽ, ഉണർന്നിരിക്കേണ്ട പല സന്ദർഭങ്ങളിലും ഉറങ്ങുന്നതായിട്ടാണു കണ്ടിട്ടുള്ളതു. ക്ഷീണംമൂലം ഉണർന്നിരിപ്പാൻ നിവൃത്തിയില്ലാത്തതിനാൽ ചില രോഗങ്ങളുടെ പ്രധാനമായ ചില ചിഹ്നങ്ങൾ കണ്ടറിഞ്ഞു പറയാൻ സാധിക്കാതെവന്നിട്ടുണ്ടു, ഡാക്ടർമാരെ അവർ പല സന്ദർഭങ്ങളിലും രോഗനിർണ്ണയം ചെയ്യുന്നകാര്യത്തിൽ തെററായമാർഗ്ഗങ്ങളിൽക്കൂടി ചരിപ്പിക്കാറുണ്ടു. നർസുകളെ വിശ്വസിക്കാൻ നിവർത്തിയില്ലെന്നു വരുമ്പോൾ ചികിത്സവളരെ പ്രയാസമേറിയതായിതീരുന്നു. വിവാഹംചെയ്തവരാകയാൽ, ഇംഗ്ലണ്ടിലെ നർസുകളുടെയോ ഇന്ത്യയിലെ വലിയ ആശുപത്രികളിലെ നർസുകളുടെയോ പകൽസമയം വിശ്രമിക്കുന്നതിനു ഇവർക്കു സാധിക്കാത്തതിനാലാണു് ഇപ്രകാരം സംഭവിക്കുന്നതു. രാത്രി ഡ്യൂട്ടികഴിഞ്ഞാൽ ഈ സാധുസ്ത്രീകൾക്കു പകൽസമയം അവരുടെ കുടുംബകാര്യങ്ങൾ നോക്കേണ്ടതായിട്ടുണ്ടു. പാചകവൃത്തി, കുട്ടികളെ സ്കൂളിൽ അയക്കുന്നകാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുക ആദിയായി പല ഗൃഹജോലികളും ഇവർചെയ്യണം. വീട്ടിൽ ഇരിക്കുമ്പോൾ വളരെകുറച്ചു വിശ്രമമേ അവർക്കു ലഭിക്കുകയുള്ളു, എന്നുള്ളതുകൊണ്ടു രാത്രിയായാലും പകലായാലും ആശുപത്രിയിൽ ജോലിക്കായി വരുമ്പോൾ ഉന്മേഷംചെയ്യാൻ വഹിയാത്തവണ്ണം അത്ര ക്ഷീണിച്ചാണു് അവർ വരുന്നതു. ഗൃഹജോലിയിൽനിന്നു ആശ്വാസം ലഭിച്ചിരുന്നാൽ ചെയ്യാൻ സാധിക്കുമെന്നുള്ളതുപോലെ അത്ര തൃപ്തികരമായി ആശുപത്രിയിൽ ഇപ്പോൾ അവർക്കു ജോലിചെയ്യാൻ കഴിയുന്നില്ലെന്നുള്ളതിൽ വല്ലതും അതിശയിക്കാനുണ്ടോ? സർ, കൂടാതെ, രോഗികളെ അവരവരുടെ വീടുകളിൽ കിടത്തി ശുശ്രൂഷിക്കാൻ നർസുകളെ ആവശ്യപ്പെടുന്ന അവസരത്തിൽ——

മി. എം. എൻ. പിള്ള. (തിരുവനന്തപുരം): ഇപ്രകാരമുള്ള നർസുകൾക്കു പകൽ ഡ്യൂട്ടിനൽകാൻ പാടില്ലേ എന്നു മിസ്സസ് പൂക്കോസിനോടു ഞാൻ ചോദിക്കുന്നു.

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർ സർജ്ജൻ വിമൻസ് മെഡിക്കൽ സർവീസസ്) സാദ്ധ്യമല്ല. അവരെ എല്ലാവരേയും എല്ലാപ്പോഴും പകൽ ഡ്യൂട്ടിക്കു ഏർപ്പെടുത്താൻ നിവൃത്തിയില്ല. മററു ചില നർസുകളെ അപ്പോൾ വളരെ മാസത്തേക്കു ഒന്നിച്ചു രാത്രിഡ്യൂട്ടിയിൽ ഏർപ്പെടുത്തേണ്ടതായിവരും. അതു വളരെ കഷ്ടമാണു്. ഓരോ നർസുകൾക്കും ഡ്യൂട്ടി രാത്രിയും പകലും ആയി മാറിമാറി കൊടുത്തുകൊണ്ടിരിക്കയാണു്. ഇത്ര നർസുകൾമൂലം ആശുപത്രിക്കകത്തുള്ള പകരോഗികളും ഗുണിതമുട്ടുകൾ അനുഭവിക്കുന്നുണ്ടു. ഒരു നർസിനെ രോഗി ശുശ്രൂഷണത്തിനായി ഒരിടത്തേയ്ക്കയച്ചാൽ, രണ്ടാം ദിവസമോ മൂന്നാം ദിവസമോ "എന്റെ കുട്ടി

[illegible] സുഖമില്ല, എനിക്കു അവധിവേണം" എന്നുള്ള അപേക്ഷയോടുകൂടി അവർ തിരികെവരിക സാധാരണമാ[illegible]
കുന്നു. ചില സന്ദർഭങ്ങളിൽ ഒരു രോഗിക്കുവേണ്ടി ഒരു മാസത്തിനിടയിൽ അഞ്ചു നർസുകളെയാണു മാറി എ[illegible]
[illegible]ട്ടുത്തുന്നതിനു എനിക്കു ഇടയായിട്ടുണ്ടു. ചിൽഡ്രൻസ് ആശുപത്രിയിലെ അവസ്ഥകളിൽ അതി[illegible]
[illegible] അവിവാഹിതരായ നർസുകളെ ഏർപ്പെടുത്തുന്നതിനും വിവാഹിതരായ നർസുകളെ ഏർപ്പെടുത്തുന്നതി[illegible]
[illegible]ം [illegible]ത്തിലുള്ള [illegible] ഡെപ്യൂട്ടി [illegible] [illegible]
[illegible] ഇതിനു സാക്ഷ്യംവഹിക്കുമെന്നു എനിക്കറിയാം. [illegible]
[illegible] [illegible]
[illegible]
[illegible] [illegible] [illegible] [illegible] [illegible] [

പ്രയോജനമാണുള്ളതു? വിവാഹംചെയ്തുകഴിഞ്ഞാൽ ഇവർ അനഭിലഷണീയമായവിധത്തിലാണു കൃത്യനിർവഹണം ചെയ്യുന്നതു എന്നുകാണിക്കാൻ അനേകം ഉദാഹരണങ്ങൾ ഉണ്ടു്. സ്ത്രീകൾക്കും തിരുക്കൊച്ചിക്കുമായി പ്രത്യേകം ഏർപ്പെടുത്തിട്ടുള്ള ആശുപത്രിയിലെ ഒരു നർസിന്റെ കാര്യംതന്നെ ഉദാഹരണമായി ഉദ്ധരിക്കാം. വിവാഹത്തിനുമുമ്പു ഈ സ്ത്രീ ആ ആശുപത്രിയിലുള്ള നർസുകളിൽ ഏററവും തൃപ്തികരമായവണ്ണം ജോലിചെയ്തുപോന്നവരുടെകൂട്ടത്തിൽഉള്ള ഒരു സ്ത്രീ ആയിരുന്നു. വിവാഹാനന്തരം ഏകദേശം ൪ വർഷകാലത്തിനിടക്കു ൨൯ മാസം ഇവർ അവധിഎടുത്തിട്ടുണ്ടു്. ആശുപത്രിയിൽ ഹാജരുണ്ടായിരുന്ന കാലത്തു ജോലി തീരെ തൃപ്തികരമല്ലാത്തവിധത്തിലും ആയിരുന്നു. സമയമുണ്ടായിരുന്നെങ്കിൽ ഇതുപോലെ അനേകം ഉദാഹരണങ്ങൾ ഞാൻ ഉദ്ധരിക്കാമായിരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം, തെക്കുമങ്ങാട്ടു): ലേഡി അസിസ്റ്റന്റു സർജ്ജൻമാരുടെകാര്യത്തിൽ വിവാഹംമൂലം വല്ലു ദോഷവും ഉണ്ടായിട്ടുണ്ടോ?

മിസ്സസ് എം. പുന്നൻ ചുക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അവരുടെനില വേറെയാണു്. മിസ്റ്റർ മാധവൻപിള്ളയെപോലെയുള്ള മരാരം ഇപ്രകാരം ഒരു ചോദ്യംചോദിച്ചതിൽ എനിക്കു അതിശയംതോന്നുന്നു. ലേഡി അസിസ്റ്റന്റു സർജ്ജൻമാർക്കും ഞാൻഉൾപ്പെടെയുള്ള ലേഡിഡോക്ടറന്മാർക്കും ആശുപത്രിയിൽ രാത്രിയോ പകലോ മുഴുവൻസമയവും ജോലിചെയ്യേണ്ടതായിട്ടില്ല. കണ്ടുസമയങ്ങളിൽമാത്രം ഹാജരായിരുന്നാൽമതി. നേരെമറിച്ചു നർസുകൾക്കു വളരെ കൂടുതൽസമയം ജോലിചെയ്യേണ്ടതായുണ്ടു്. ചിലപ്പോൾ രാത്രിയും പകലും ഒരുപോലെ മുഴുവൻ ജോലിചെയ്യേണ്ടതായിവരും. ഇതിനുപുറമെ ഗൃഹകാര്യനിർവഹണത്തിൽ ലേഡി അസിസ്റ്റന്റു സർജ്ജൻമാരെപ്പോലെ നർസുകൾക്കു ചേരുന്ന സൌകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്നു മിസ്റ്റർ മാധവൻപിള്ള വിചാരിക്കുന്നതായി എനിക്കു തോന്നുന്നില്ല. ഏതുതിലയിലുള്ള ഒരു സ്ത്രീആയിരുന്നാലും തന്റെ ചുമതലകളെല്ലാം തൃപ്തികരമായ വിധത്തിൽ നിർവഹിക്കാൻ സാദ്ധ്യമല്ലാത്തപക്ഷം ആ സ്ത്രീക്കു സേവനത്തിന്റെ സർവീസിനു ഇരിക്കുന്നതിനു യാതൊരവകാശവും ഉള്ളതായി ഞാൻ വിചാരിക്കുന്നില്ല. വിവാഹത്തെസംബന്ധിച്ചുള്ള നിബന്ധന കർശനമായി പ്രയോഗിക്കേണ്ടിവരുന്നതിന്റെകാരണം എന്താണെന്നു ഞാൻ വിശദമാക്കിക്കഴിഞ്ഞു എന്നു വിശ്വസിക്കുന്നു. ഒരു പ്രത്യേകസമുദായത്തിൽ ഉൾപ്പെട്ടവരാണെന്നുള്ള കാരണത്താലല്ലാ നർസുകളെ പിരിച്ചയക്കുന്നതിനിടയായതു്. ചട്ടത്തിനു വിപരീതമായി പ്രവർത്തിച്ചു ഒരു ക്രിസ്ത്യൻ നർസിനേയും പിരിച്ചുവിടുകയുണ്ടായി. കാര്യക്ഷമമായ രോഗി ശുശ്രൂഷയ്ക്കുതന്നെയും രോഗികളുടെ ശരീരരക്ഷയേയും ലാക്കാക്കി പ്രവർത്തിക്കുന്ന പക്ഷം നർസുകളുടെ കാര്യത്തിൽ ഈ നിബന്ധന കർശനമായിനടപ്പിൽ വരുത്തുകയെന്നുള്ളതു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാകുന്നു.

മി. കെ. പി. തിലകണ്ണപ്പിള്ള (പിറയിൻകീഴ്): ഒരു നർസിനു വളരെ കുട്ടികൾ ഉണ്ടെങ്കിൽ അതു ചെലവുമായിരിക്കുകയില്ലേ?

മിസ്സസ് എം. പുന്നൻ ചുക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ഉചിതമായകരമായിരിക്കും.

സർ, ഈ നർസുകളുടെ കൂട്ടത്തിൽ ഒരു ബ്രാഹ്മണവിധവയും, ഒരു ക്രിസ്ത്യാനിവിധവയും ഉണ്ടെന്നുള്ള വസ്തുതകൂടി ഈ സന്ദർഭത്തിൽ ഞാൻ പറഞ്ഞുകൊള്ളട്ടെ. വീണ്ടും വിവാഹംചെയ്യാതിരിക്കുന്നിടത്തോളംകാലം ഇവർക്കു ഈ ജോലിയിൽ ഇരിക്കുന്നതിനു ഈ ചട്ടം പ്രതിബന്ധമാകയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെഡിക്കൽബോർഡിലെ അനുദ്യോഗസ്ഥസാമാജികന്റെ നിയമനത്തെസംബന്ധിച്ചു, ഇന്നിലയിൽ അദ്ദേഹത്തിനുള്ള ചുമതലകൾക്കുപുറമെ മറേറതെങ്കിലും ചുമതലകൂടി ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മിസ്സസ് എം. പുന്നൻ ചുക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസസ്): മെംബർ പറഞ്ഞതു എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെഡിക്കൽബോർഡിലെ അനുദ്യോഗസ്ഥസാമാജികനെസംബന്ധിച്ചു അതിലെ മരാരമെന്നുള്ളതിലയിൽ അദ്ദേഹത്തിനുള്ള ചുമതലകൾക്കുപുറമെ, മറേറതെങ്കിലും ചുമതലകൾകൂടി അദ്ദേഹത്തിനുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മിസ്സസ് എം. പുന്നൻ ചുക്കോസ് (സീനിയർസർജ്ജൻ, വിമൻസ് മെഡിക്കൽസർവീസസ്): നാഗർകോവിൽ ആശുപത്രിയിലെ വാർഡു അദ്ദേഹം വഹിക്കുന്നതെന്നുള്ളതുകൊണ്ടു അദ്ദേഹം ഒരു ഫുൾടൈം ആഫീസർതന്നെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹത്തിന്റെ ആ ചുമതല ഇവിടത്തേതുമായി യോജിക്കത്തക്കതാണോ?

മിസ്സസ് എം. പുന്നൻ ചുക്കോസ് (സീനിയർസർജ്ജൻ, വിമൻസ് മെഡിക്കൽസർവീസസ്): ശരിയായിയോജിക്കത്തക്കതുതന്നെ.

ഉപപ്രസിഡന്റു: വേറും ഓരുമെമ്പറെ ബോർഡിൽ മെംബറായി നിയമിക്കണമെന്നു നിങ്ങൾ വിചാരിക്കുന്നില്ലെന്നു ഞാൻ ഉദ്ദേശിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹത്തിനു ചില പ്രചാരകവേലകൂടി ചെയ്യേണ്ടതായിട്ടില്ലേ?

മിസ്സസ് എം. പുന്നൻ ചുക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽസർവീസസ്): ഉണ്ടായിരിക്കാം. എന്നാൽ അഡ്മിനിസ്ട്രേറിവു ബോർഡിൽ അദ്ദേഹത്തിനുള്ള ജോലിക്കു അതു പ്രതിബന്ധമാകാറില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രചാരണവേലഎന്ന കൃത്യത്തിൽ വശീകരണശക്തി പ്രയോഗിക്കേണ്ടതുണ്ടെന്നുള്ളതു സ്പഷ്ടമല്ലേ?

മിസ്സസ് എം. പുന്നൻ ചുക്കോസ് (സീനിയർസർജ്ജൻ, വിമൻസ് മെഡിക്കൽസർവീസസ്): മെംബർതന്നെ ആ ചോദ്യത്തിനു മറുപടി പറഞ്ഞുകൊള്ളുക.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): അന്യരെവശീകരിക്കുന്നകാര്യത്തിൽ ന്യായവാദങ്ങളും യുക്തിയും ഉപയോഗപ്പെടുത്തുന്നതിനുപുറമേ ചിലസന്ദർഭങ്ങളിൽ മററുമാർഗ്ഗങ്ങൾകൂടി സ്വീകരിക്കുന്നതിനു അദ്ദേഹം നിർബന്ധിതനാണെന്നുള്ളതു് നിഷേധ്യമാണ്. അതിനാൽ അദ്ദേഹത്തിന്റെ മതപ്രചരണകൃത്യം, ഒരുഎക്സിക്യൂട്ടീവ് ആഫീസർ എന്നതിലധികം അദ്ദേഹത്തിനുള്ള കൃത്യവുമായി യോജിക്കുകയില്ലെന്നാണു ഞാൻപറയുന്നതു.

ഡെപ്യൂട്ടിപ്രസിഡന്റ്: മിസ്റ്റർ പണിക്കർ, നിങ്ങൾ ഒരുപ്രസംഗം ചെയ്യുകയാണു ചെയ്യുന്നതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): ഞാൻകാര്യം വിശദമാക്കിക്കൊടുക്കുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: കമ്പനിയുടെ പ്രേരണശക്തിക്കുണ്ടു ബോർഡിലുള്ള മററംഗങ്ങളെ തന്നോടു അനുകൂലിക്കത്തക്കവിധത്തിൽ അദ്ദേഹം വശീകരിക്കുമെന്നാണോ നിങ്ങൾ പറയുന്നതു? (ചിരി)

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): അതല്ലാം. അപ്രകാരം ചെയ്യുന്നതിനു, ബോർഡിലെ ഒരംഗമെന്നതിലേക്കു അദ്ദേഹത്തിനുള്ള കൃത്യവുമായി യോജിക്കാത്ത പലമാർഗ്ഗങ്ങളും അദ്ദേഹം ചിലപ്പോൾ വിനിയോഗപ്പെടുത്തുകയുണ്ടായിട്ടുണ്ടു്.

ഡെപ്യൂട്ടിപ്രസിഡന്റ്: അതെല്ലാം നിങ്ങളുടെ പ്രസംഗമദ്ധ്യേ പറഞ്ഞുകൊള്ളണം.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): ഒരുചോദ്യംചോദിക്കുന്നതിനു ഞാൻഉദ്ദേശിച്ചു. അതിനുള്ള ഉത്തരം വിശദമാക്കുകയാണുചെയ്യുന്നതു.

ഡെപ്യൂട്ടിപ്രസിഡന്റ്: ചോദ്യംചോദിക്കുന്നതു വിവരങ്ങൾ ഗ്രഹിക്കുന്നതിലേക്കാണു, അല്ലാതെധരിപ്പിക്കുന്നതിലേക്കല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബോർഡിലെ അനുദ്യോഗസ്ഥമെമ്പറിനു പ്രതിമാസം ശരാശരി ലഭിച്ചുവരുന്ന അലവൻസിന്റെ തുക എന്താണെന്നുപറയുമോ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ്മെഡിക്കൽസർവീസസ്): പ്രതിമാസം [illegible] രൂപയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സ്ഥാനത്തേക്കു യോഗ്യതയുള്ള ആരാളിനെ ഈ നാട്ടിൽനിന്നുതന്നെ ലഭിക്കുകയില്ലേ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽസർവീസസ്): എനിക്കറിയാമെന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യോഗ്യതയുള്ള ആരുംഇല്ലെന്നാണോ ഇപ്രകാരം പറയുന്നതിൽനിന്നും അർത്ഥമാക്കേണ്ടതു?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽ സർവീസസ്): ആരെങ്കിലും ഉണ്ടോ ഇല്ലയോ എന്നുള്ളതു എനിക്കറിഞ്ഞുകൂടാ.

മി. കെ. ശിവരാമപ്പണിക്കർ (ചേത്തല): മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ ഹിന്ദുക്കൾക്കുള്ള പ്രാതിനിധ്യത്തെ സംബന്ധിച്ചു മെമ്പറിനു എന്തുപറയാനുണ്ടെന്നറിയിക്കാമോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽസർവ്വീസസ്): സർ, ആകാര്യത്തെക്കുറിച്ചു പറയാൻവിട്ടുപോയതിൽ ഞാൻ മനസ്താപിക്കുന്നു. ചിലകാലത്തിടയിൽ അതിനെസംബന്ധിച്ചു കുറെബഹളം ഉണ്ടായിരുന്നു. ഈ ഡിപ്പാർട്ടുമെന്റിൽ നായന്മാർക്കധികമായ പ്രാതിനിധ്യംലഭിച്ചിട്ടില്ലാത്തതും, മുൻകാലങ്ങളിൽ, ഇപ്പോൾവരുന്നതുപോലെ അത്രവളരെഅധികം ജോലിക്കായി വന്നിരുന്നില്ലെന്നുള്ളതുമാകാം ഞാനെന്നുമാത്രമെ അതിനുമറുപടിയായി ഞാൻ പറയുന്നുള്ളു. കൃസ്ത്യാനികളാണു ധാരാളമായി ആദ്യംമെഡിക്കൽ വിദ്യാഭ്യാസത്തിനുപോയി യോഗ്യതകൾ സമ്പാദിച്ചു സർക്കാർസർവീസിൽ പ്രവേശനം നേടിയതു. ഇപ്പോൾ മററുസമുദായക്കാരും മുന്നോട്ടുവരുന്നുണ്ടു്. ഞങ്ങൾഅവരുടെ അവകാശത്തെ നിഷ്പക്ഷമായും പരിഗണിക്കുന്നുമുണ്ടു്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): നായന്മാരും മററുഹിന്ദുക്കളും ഉൾപ്പെടെ ആ പേർ ഈ ഡിപ്പാർട്ടുമെന്റിൽ ജോലിക്കു അപേക്ഷിച്ചിരുന്നു എന്നും അവരുടെഅപേക്ഷകളെ തിരസ്കരിച്ചുഎന്നും തൽഫലമായിജോലിക്കുവേണ്ടി അവർ ബ്രിട്ടീഷ്ഇൻഡ്യയിൽ പോകേണ്ടിവന്നു എന്നും മെമ്പറിനറിയാമോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽ സർവീസസ്): എനിക്കതു പത്രത്താണ്?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ആ കാര്യങ്ങൾക്കുമുൻപു,

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽ സർവീസസ്): അതുകഴിഞ്ഞുകാലംമുൻപാണ്, അന്നുഎന്താണുനടന്നതെന്നു സൂക്ഷ്മമായി എനിക്കറിയാൻപാടില്ല, എന്നാൽഇവിടെ ജോലിക്കിട്ടാത്തതുകൾ പലകൃസ്ത്യാനികളും ജോലിഅന്വേഷിച്ചു ബ്രിട്ടീഷ്ഇൻഡ്യയിൽ പോകേണ്ടതായി വന്നിട്ടുണ്ടെന്നു എനിക്കറിയാം. ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗത്തിനുനായന്മാർക്കുള്ള അവകാശത്തെ പരിഗണിച്ചുവരുന്നുണ്ടു. ഞാൻ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ്വഹിച്ചിരുന്നകാലത്തു, അദ്ദേഹത്തിന്റെ സമുദായത്തിനുവേണ്ടുന്നപോലുള്ള പ്രാതിനിധ്യം ഡിപ്പാർട്ടുമെന്റിൽ ലഭിച്ചിട്ടില്ലെന്നുള്ള കാരണത്തിന്മേൽ ഒരുനായർ അപേക്ഷകനെ ഒരുജോലിയിൽ നിയമിക്കുന്നതിനുവേണ്ടി ഞാൻ ശുപാർശചെയ്തിട്ടുമുണ്ടായി. ഈ സന്ദർഭത്തിൽ, കൂടുതൽകാലം വാളണ്ടിയറായി ജോലിനോക്കി സീനിയറിറി സമ്പാദിച്ചിരുന്ന പലകൃസ്ത്യാനികളുടേയും അവകാശത്തെ അവഗണിക്കേണ്ടിവന്നു. ഇപ്രകാരംതന്നെ ഒരുഇരുപതുപേരുവേണ്ടിയും ശുപാർശചെയ്തിട്ടുണ്ടു്. ഇവിടേയും കൃസ്ത്യാനികളുടെ അവകാശത്തെ അവഗണിക്കുകയാണുചെയ്തതു. നായന്മാരെ യാതൊരുതരത്തിലും മനഃപൂർവ്വമായി ഡിപ്പാർട്ടുമെന്റിൽ പ്രവേശിപ്പിക്കാതെ ഇരിക്കുന്നില്ല, ഒരുനായക്കു ജോലികൊടുക്കാൻ വേണ്ടിമാത്രം, ഏറിയകാലംഡിപ്പാർട്ടുമെന്റിൽ ജോലിനോക്കിട്ടുള്ള കൃസ്ത്യാനികളെ പിരിച്ചയക്കാൻ നിവൃത്തിയില്ലെന്നുള്ളതുകൊണ്ടു, ഈ രണ്ടുജാതിക്കാരുടേയും എണ്ണത്തിലുള്ള വ്യത്യാസം തീർപ്പുകൽപ്പിക്കുന്നതിനു ഏതാനുംവർഷം വേണ്ടിവരും. ഒഴിവുകൾക്കുടക്കുടെ ഉണ്ടാകാറില്ലെന്നിരുന്നാലും ഉണ്ടാകുന്ന അവസരങ്ങളിൽ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാരുടെ അവകാശത്തെ പരിഗണിക്കുന്നുണ്ടു്. ഞങ്ങളുടെ ഇപ്പോഴത്തെനയം ഇതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വളരെപേർ ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ വാളണ്ടിയർ മാരായിട്ടുണ്ടോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ് മെഡിക്കൽസർവ്വീസസ്): ഉണ്ട്. വളരെപേരുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവരെ ജോലിയിൽ നിയമിക്കുന്നതിനു ഗവർണ്മെൻറിൽനിന്നും വല്ലനിയമങ്ങളും ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ് മെഡിക്കൽസർവീസസ്): ഉണ്ട്. ഒഴിവുകൾ ഉണ്ടാകുന്നതനുസരിച്ചു അവർക്കു ജോലികൊടുത്തുവരുന്നുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവർമാരോടിവസവും ആശുപത്രികളിൽ ഇപ്പോൾ ധാരാളം ജോലിചെയ്തുവരുന്നില്ലേ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽസർവീസസ്): അവരിൽ ചിലർ നല്ലതുപോലെ ജോലിചെയ്യുന്നുണ്ട്. മിക്കപോരംപേർ ആശുപത്രികളിൽനിന്നും ധാരാളംകാര്യങ്ങൾ ഗ്രഹിച്ചുവരുന്നുമുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവർക്കിനിമേൽ ആശുപത്രിയിൽവന്നു ജോലിനോക്കണമെന്ന നിർബന്ധമില്ലേ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽസർവീസസ്): അതെ, വാളണ്ടിയർ ചെയ്യണമെങ്കിൽ അവർവീട്ടുകൂടാതെ ഹാജരായി ജോലിചെയ്യണമെന്ന നിർബന്ധമുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ സ്ഥിതിക്കു ബ്രിട്ടീഷ്ഇൻഡ്യയിലെപോലെ ഇവർക്കുതന്നെ ചെറിയതുക അലവൻസായി കൊടുക്കുന്നതു നന്നായിരിക്കുകയില്ലേ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽസർവീസസ്): ബ്രിട്ടീഷ് ഇൻഡ്യയിൽ വാളണ്ടിയർമാർക്കു അലവൻസ്കൊടുക്കുന്നില്ല. ഡാക്ടറന്മാർ വളരെകുറവുള്ള ആശുപത്രികളിൽനോ ഗ്രാമത്തുള്ള ചിലതരം ആണുറിജാചിക്കാരായി നിയമിക്കാറുണ്ട്. മാറ്റുചില ആശുപത്രികളിൽ ഇപ്രകാരമുള്ളവർക്കു ഒരുവിസിറ്റിംഗ് അലവൻസ്കൊടുത്തുവരുന്നുണ്ട്. ഇവിടെവളരെയധികം വാളണ്ടിയർമാരുണ്ട്. അവർക്കെല്ലാം ശമ്പളംകൊടുക്കുകയെന്നുള്ളതു സാദ്ധ്യമാകുകയില്ല. എന്നുമാത്രമല്ല, ഇവരിൽഭൂരിപക്ഷംപേരും വാളണ്ടിയർചെയ്യുന്നതു അവരുടെ സ്വന്തഗുണത്തിനുവേണ്ടിയാണ്. അപ്രകാരംചെയ്യുന്നതുകൊണ്ടു അവർക്കു അവരുടെതൊഴിലിൽ നിത്യപരിചയം നേടുന്നതിനുസാധിക്കുന്നു. ചിലഡാക്ടറന്മാർ അല്പദിവസത്തേക്കു അവധിഎടുക്കുന്നതുകൊണ്ടും മാറ്റം ചിലപ്പോൾ ചില ആശുപത്രികളിൽ ഹാജരുള്ള ഡാക്ടറന്മാരുടെ എണ്ണം തല്ക്കാലത്തേക്കു കുറഞ്ഞുപോകുന്നുവരാം, അപ്രകാരമുള്ള സന്ദർഭങ്ങളിൽ ഏതുതരംവാളണ്ടിയറന്മാർ ഉണ്ടായിരിക്കുന്നതു വളരെസഹായകരമാണെന്നുള്ളതു പരമാർത്ഥംതന്നെ. എന്നിരുന്നാലും മിക്കവാറും സന്ദർഭങ്ങളിൽ അവരിൽനിന്നു ഡിപ്പാർട്ടുമെൻറിനു ചെലവിക്കുന്നതിനേക്കാൾ കൂടുതൽഗുണം അവർക്കു ആശുപത്രികളിൽനിന്നു ചെലവിക്കയാണുചെയ്യുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൊല്ലത്തുള്ള ആശുപത്രിയിൽ അഞ്ചുവർഷത്തിനുമുൻപു എത്ര ഡാക്ടർമാരെ നിയമിച്ചിട്ടുണ്ട്?

ഡെപ്യൂട്ടിപ്രസിഡൻറ്: ആ ചോദ്യത്തിനു എന്തുസന്ദർഭമാണ് ഇവിടെയുള്ളതു?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽ സർവീസസ്): ചോദ്യംവേണ്ടപോലെ വിശദമില്ലാത്തതിനാൽ മറുപടിപറയാൻ നിവൃത്തിയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്പോൾ എത്രപേരുണ്ടെന്നുപറയാമോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ വിമൻസ്മെഡിക്കൽ സർവീസസ്): ചാർജ്വഹിക്കുന്ന മെഡിക്കൽഓഫീസറും മൂന്നുഅസിസ്റ്റൻറന്മാരും ഉൾപ്പെടെ ഇപ്പോൾ അവിടെ നാലുപേരുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എത്ര വാളണ്ടിയറന്മാർ ഉണ്ടെന്നുപറയാമോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ വിമൻസ്മെഡിക്കൽസർവ്വീസസ്): മൂന്നോ നാലോ ഉണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻപറയുന്നതിനു മെംബർ—

ഡെപ്യൂട്ടിപ്രസിഡൻറ്: മെംബറിനെ വിവരങ്ങൾ ധരിപ്പിക്കണമെങ്കിൽ അതു മറ്റുവിധത്തിലാവാമല്ലോ? ഇപ്പോൾ അപ്രകാരംചെയ്യേണ്ട ആവശ്യമുണ്ടെന്നു എനിക്കുതോന്നുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്ത): ഈ വാളണ്ടിയറന്മാർ വളരെഗുണകരമായ ജോലികൾ ചെയ്തുവരുന്നുണ്ടെന്നുള്ള വിവരം സഭയെ ധരിപ്പിക്കണമെന്നുള്ളതാണ് എൻറെ ഉദ്ദേശം.

ഡെപ്യൂട്ടിപ്രസിഡൻറ്: അതുനിങ്ങളുടെ പ്രസംഗമദ്ധ്യേ ആയിക്കൊള്ളണം.

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ്മെഡിക്കൽ സർവീസസ്): ഈ വാളണ്ടിയറന്മാർ ചിലസന്ദർഭങ്ങളിൽ സഹായങ്ങൾ ചെയ്തുകൊടുക്കുന്നു എന്നു ഞാൻപറഞ്ഞുകഴിഞ്ഞു. എന്നാൽ ഈ കാര്യംപ്രമാണിച്ചു അവർക്കു ശമ്പളം നൽകണമെന്നു ഞാൻവിചാരിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഗവർണ്മെൻറു അവരോടു പ്രത്യേകതകാണിക്കണം എന്നുദ്ദേശിക്കുന്നില്ലെങ്കിലും സാധുക്കളായ തമിഴരുടെകാര്യത്തിൽ—

ഡെപ്യൂട്ടിപ്രസിഡൻറ്: മിസ്റ്റർ ശിവതാണുപിള്ള, ഒഴിവുകൾ ഉണ്ടാകുന്ന അവസരങ്ങളിൽ തമിഴരുടെ അവകാശത്തെ പരിഗണിക്കുമോ എന്നുള്ളതാണോ നിങ്ങളുടെചോദ്യം?

മി. എം. ശിവതാണുപിള്ള (തോവാള): തമിഴരുടെ അവകാശത്തെ ഗവർണ്മെൻറു പരിഗണിക്കുമോഎന്നു ഉറപ്പുപറയുമോ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസസ്): മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം തമിഴരുടെ അവകാശവും പരിഗണിക്കുന്നുണ്ട്.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): സർ, മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തിനു മറുപടിയായി മിസ്സസ് മുക്കോസുചെയ്ത പ്രസംഗം ഞാൻ സശ്രദ്ധം കേൾക്കുന്നുണ്ടായിരുന്നു. ഒരു അനുദ്യോഗസ്ഥാംഗം ഉൾപ്പെട്ട കമ്മിററിയുടെ അവസ്ഥ ശ്ലാഘനീയംതന്നെ. അപ്രകാരമുള്ള ഈ കമ്മിററിയുടെ രൂപീകരണത്തിൽ വളരെയൊക്കെ നല്ലകാര്യങ്ങൾ ഉണ്ടെന്നു വിചാരിക്കുന്നവരുടെകൂട്ടത്തിൽ ഒരുവനാണ് ഞാൻ. എന്നാൽ ഈ പ്രത്യേകകമ്മിററിയെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു 'ടാട്ടാറി'നെയാണ് പിടിച്ചുകുലുക്കിയിരിക്കുന്നതെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. സർ, എന്റെ സ്നേഹിതൻ മിസ്റ്റർ നീലകണ്ഠപ്പിള്ള ബോർഡിന്റെ രൂപീകരണത്തിൽനിന്നു ഏതൊരു ചിലതൊക്കെ അനുമാനിക്കയും, അതിന്റെ ഭാവിഫലം ഇന്നതായിരിക്കാമെന്നു പറയുകയും ചെയ്തു. ഞാൻ ഏതാനുംവാക്കുകൾ——

മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെംബർ തെററായ സിദ്ധാന്തത്തെ ആസ്പദമാക്കിയാണ് പ്രഭാഷണം ചെയ്യുന്നതെന്നു പറഞ്ഞുകൂടാമോ? ബോർഡ് ഒരു വിദേശിയെന്നു നിയമിച്ചു എന്നുള്ളതിൽനിന്നു ഞാൻ ഒന്നും അനുമാനിക്കുകയുണ്ടായില്ല.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): ഈ കാര്യത്തിൽ എന്റെ നില ഇന്നതെന്നു സ്പഷ്ടമാക്കുന്നതിനുവേണ്ടി, ബോർഡുകൊണ്ടു ഉദ്ദേശിക്കാവുന്ന ഫലങ്ങളെ സംബന്ധിച്ചു ഞാൻ ഇപ്പോൾതന്നെ രണ്ടുവാക്കു പറയാം. സർ, ബോർഡിലെ അനുദ്യോഗസ്ഥസാമാജികന്റെ സ്ഥാനത്തിനിന്നുതന്നെയാണ് ഞാനും വന്നത്. അവിടെയുള്ള ഉദ്ദേശങ്ങളോടു എനിക്കു അടുത്തു പരിചയമുണ്ടെന്നുള്ളതു പ്രത്യേകം ഈ സഭയോടു പറയേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. ഈ അനുദ്യോഗസ്ഥസാമാജികനെ സംബന്ധിച്ച്, അദ്ദേഹം സ്വീകരിക്കുന്നതായ ഒരാളാണെന്നുംമററും പല അഭിപ്രായങ്ങൾ ആളുകൾക്കിടയിൽ നിലനിന്നുപ്രതിധ്വനിച്ചുവരുന്നുണ്ടെന്നുള്ള വസ്തുത വളരെയാണും വിട്ടുകൂടാതെയുള്ളതെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: അനുദ്യോഗസ്ഥന്മാർ ഇടപെടുന്ന എല്ലാ കാര്യങ്ങളിലും ഇതുണ്ടാകുന്നതുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ? ഈ കൗൺസിലിങ്കലുള്ള ഏതൊരു അനുദ്യോഗസ്ഥനെ സംബന്ധിച്ചും ഇപ്രകാരം സംസാരിക്കേണ്ടിവരുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): അതിൽനിന്നു സാധാരണക്കു നന്മയാണോ തിന്മയാണോ ഉണ്ടാകുന്നതു എന്നാണു നോക്കാനുള്ളതു്. ഒരു അനുദ്യോഗസ്ഥസമംവേറിനു ജനങ്ങളുടെമേൽ വളരെ സ്വാധീനശക്തി ഉണ്ടായിരിക്കുമെന്നുള്ളതു പരമാർത്ഥംതന്നെ. ഈ അഭിപ്രായം ജനങ്ങളുടെ നന്മയ്ക്കു ഉതകുന്നതല്ലെന്നും, ചിലപ്പോൾ അതു പൊതുജനക്ഷേമത്തിനു വിപരീതമായിവരുമെന്നും ഉള്ളതാണ് എനിക്കു ഇതുസംബന്ധിച്ചു പറയാനുള്ളതു്. ഏതൊരാൾ——

ഡെപ്യൂട്ടിപ്രസിഡന്റ്: ആരെങ്കിലും ജനങ്ങളുടെ യഥാർത്ഥക്ഷേമത്തെ പുരസ്കരിച്ചു പ്രവർത്തിച്ചുവെന്നോ പ്രവർത്തിച്ചിട്ടില്ലെന്നോ പറയുന്നതിനെ നാം സ്വീകരിക്കണമെന്നു എനിക്കു തോന്നുന്നില്ല.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): എങ്ങിനെയായാലും ജനങ്ങളുടെ മനസ്സിൽ ഒരു തെററായ ധാരണയുണ്ടോ——

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു തെററാണെന്നു അദ്ദേഹം എങ്ങനെ പറയുന്നു.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): ഡെപ്യൂട്ടിപ്രസിഡണ്ടിന്റെ റിമാർക്കുകളിൽനിന്നും അതു തെററാണെന്നു ഞാൻ മനസ്സിലാക്കി. അതുകൊണ്ടാണ് എനിക്കുള്ളതിൽ ആ വാദം ഞാൻ വകവച്ചുകൊടുത്തതു്. ഒരു ഉപക്ഷേപത്തിനു നൽകിയ മറുപടിയിലും ദിവാൻജിതന്നെ പ്രജാസഭയിൽചെയ്ത മുഖപ്രസംഗത്തിലും ബോർഡിന്റെ രൂപീകരണത്തെ പുരസ്കരിച്ചു ഒരു വിവരണം നൽകിട്ടുണ്ടെന്നു ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജുവഹിക്കുന്ന മെംബർ അവരുടെ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി. എന്നാൽ, ഒരു ബോർഡു രൂപീകരിക്കേണ്ടതിനുള്ള ആവശ്യവും ഇവിടെയുണ്ടെന്നു ഇതിയും ഗവണ്മെന്റിനു സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നു ഇവനു പറഞ്ഞുകൊള്ളുന്നു. ഗവർണ്ണമെന്റിന്റെ ചാഞ്ചല്യമനുസരിച്ചിതിയുടേയും, തൻമൂലം ഒരു സംഗതി മെച്ചപ്പെററി ഏതെങ്കിലും ഒരുപ്രകാരത്തിൽ തീരുമാനംചെയ്യുന്നതിനുള്ള തന്റേടമില്ലായ്മയുടേയും ഫലമായിട്ടാണ് ഈ ബോർഡു രൂപീകരിക്കപ്പെടുവാൻ ഇടയായിട്ടുള്ളതു എന്നുള്ള വസ്തുത എന്നെപ്പോലെതന്നെ ഈ സഭയിലുള്ള ഓരോ അംഗങ്ങൾക്കും അറിയാവുന്നതാണ്.

മിസ്റ്റർ കെ. കെ. തോമസ് (കോട്ടയം): ഗവണ്മെന്റിന്റെ മനഃസ്ഥിതിക്കു എന്തു ചാഞ്ചല്യമാണുള്ളതെന്നു ഒന്നുകൂടി പറയുമോ?

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): മെംബർ ഒരു പ്രശ്നം ചോദിക്കുകയാണെങ്കിൽ ഞാൻ കുറച്ചു വിശദമാക്കാം. ഈ സഭയിലെ അംഗങ്ങളും പ്രജാസഭയിലെ അംഗങ്ങളും, എൻജിനീയറിംഗ് മുതലായ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഏതാനും ഉദ്യോഗങ്ങൾ കുറയ്ക്കണമെന്നും, യഥാപരിഭാഷണവകുപ്പുകളെ ഏകീകരിച്ചു ഒരു ഉദ്യോഗസ്ഥന്റെ കീഴിലാക്കണമെന്നും മററും അനവരതം മുറവിളിക്കൂട്ടിക്കൊണ്ടിരിക്കവെ ഗവണ്മെന്റു ഇപ്രകാരം ഒരു ബോർഡു രൂപീകരിച്ചതിനെകണ്ടു ജനങ്ങൾ ആശ്ചര്യഭരിതരായിരിക്കയാണ് എന്നാണ് എനിക്കു പറയാനുള്ളതു്. ഗവണ്മെന്റിന്റെ ഭരണനടപടികളുമായി അടുത്തു പരിചയമുള്ള ഒരുവനും ഈ ബോർഡിന്റെ രൂപീകരണത്തെ ഒരു നിസ്സാരസംഗതിയായി ഗണിക്കുന്നതല്ലെന്നു ഞാൻ വിശ്വസിക്കുന്നു. വർഗ്ഗീയമത്സരം ഉണ്ടാകുന്ന അവസരങ്ങളിൽ, അതിനു ഹേതുഭൂതമായ സംഗതികളെ സംബന്ധിച്ചു ഏതെങ്കിലും ഒരുപ്രകാരത്തിൽ തീരുമാനം ചെയ്യുന്നതിനു വേണ്ട തന്റേടം ഗവണ്മെന്റിനില്ല എന്നുള്ള അഭിപ്രായം ജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്നതിനുള്ള ഒന്നാമത്തെ കാരണം ഇതുതന്നെയാണ്. ഉദ്യോഗനിയമനകാര്യത്തിൽ ഗവണ്മെന്റിന്റെ നില എന്തുതന്നെയായിരുന്നാലും, സാധുക്കളായ കൃഷിവലന്മാരുടെ പ്രതിനിധിഎന്ന നിലയിൽ അവരുടെ പണം ഇപ്രകാരം ദുർവ്യയം ചെയ്യപ്പെടാത്തതാണെന്നു ഞാൻ ശക്തിയുക്തം അഭിപ്രായപ്പെടുന്നു. ബോർഡിൽ ഒരു അനുദ്യോഗസ്ഥസാമാജികൻ ഉണ്ടായിരിക്കേണ്ട ആവശ്യത്തെപ്പററി അടുത്തു പ്രസ്താവിക്കാം. ഒരു കമ്മിററിയിലെ അനുദ്യോഗസ്ഥസാമാജികൻ എന്നു കേൾക്കുമ്പോൾ അദ്ദേഹത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലയാണ് എല്ലാവരുടെയും എന്റെ ഓർമ്മയിൽ വരുന്നതു്. മററുതരത്തിലുള്ള യാതൊരു വ്യാഖ്യാനവും അതിനെ സംബന്ധിച്ചു സ്വീകരിക്കുവാൻ ഞാൻ ഒരുക്കമില്ല. ഒരനുദ്യോഗസ്ഥാംഗം എന്നുപറയുമ്പോൾ, തനെങ്ങളോടു ഉത്തരവാദിത്വമുള്ളവരാൾ എന്നാണു അർത്ഥമാകുന്നതു്. ഞാൻ ഇപ്രകാരമാണ് അതിനെ മനസ്സിലാക്കുന്നതു്. മറെറാരു

ഒരുത്തിയും മനസ്സിലാക്കാൻ ഞാൻ തയ്യാറില്ല. ഈ പ്രത്യേക അനുദ്യോഗസ്ഥാംഗം ജനസാമാന്യത്തിന്റെ ഏതു വിഭാഗത്തെയാണ് പ്രതിനിധീകരിക്കുന്നതെന്നു അറിഞ്ഞാൽകൊള്ളാം. ഒന്നാമതായി, പ്രസിഡന്റതന്നെ പറഞ്ഞതുപോലെ, ഒരു വിദേശിയായ ഈ നാട്ടിന്റെ അഭിവൃദ്ധിയിൽ വലിയ താല്പര്യം ഒന്നും ഉണ്ടായിരിക്കാൻ ഇടയില്ല. ഒരുപക്ഷെ ജീവകാരുണ്യത്തിലുള്ള താല്പര്യം നിമിത്തമായിട്ടു തിരുവിതാംകൂറിലെ ജനങ്ങളുടെ നന്മയെ പുരസ്കരിച്ചു പ്രവർത്തിക്കുന്നതിനു അദ്ദേഹം തയ്യാറാകുന്നു വന്നേയ്ക്കാം. എന്നാൽ പ്രായോഗികമായ ജീവിതത്തിൽ ഇപ്രകാരമുള്ള ഒരു കാര്യം നാം കാണുന്നുമില്ല. ജനങ്ങളിൽനിന്നു പിരിക്കുന്ന നികുതിയെ ഇല്ലായ്മചെയ്യുന്നതിനുമാത്രം പര്യാപ്തമായ ഈ ബോർഡിന്റെ രൂപീകരണത്തെയും, അതിന്റെ ആവശ്യമില്ലായ്മയെയും സംബന്ധിച്ചു, അവർ ബഹളംകൂട്ടിക്കൊണ്ടിരിക്കയാണ് എന്നുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ വിഷയം കുറെ രസകരമാണ്. ഇതിനെ സംബന്ധിച്ചു അല്പമായി സംസാരിക്കാൻ എനിക്കും ആഗ്രഹമുണ്ട്. മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഒന്നാമത്തെകാര്യം ഭരണസമിതിയെ സംബന്ധിച്ചുതന്നെയാണ്. ഈ ബോർഡിൽ ഇപ്പോൾ ഒരു അനുദ്യോഗസ്ഥാംഗവും രണ്ടു ഉദ്യോഗസ്ഥാംഗങ്ങളും ഉൾപ്പെടെ മൂന്നുപേർ ഉണ്ട്. ഈ അനുദ്യോഗസ്ഥസാമാജികനെ നിയമിക്കേണ്ട ആവശ്യത്തെപ്പററിയാണ് ഒന്നാമതായി ചിന്തിക്കാനുള്ളതു. സർ, ഇതിനെ സംബന്ധിച്ചു എന്റെ അഭിപ്രായം ഇതാണ്. ഈ ബോർഡിലെ അംഗങ്ങളായി രണ്ടുദ്യോഗസ്ഥന്മാരെ നിയമിച്ചപ്പോൾ, അവർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകയ്ക്കാതെയും, (പ്രത്യേകിച്ചു, ഡാക്ടർമാരുടെ കാര്യത്തിൽ അഭിപ്രായൈക്യരൂപം ഇന്നു കാണുന്നില്ലെന്നാണല്ലോ) അപ്രകാരമുള്ള സന്ദർഭങ്ങളിൽ ആരുടെ അഭിപ്രായമാണ് സ്വീകാര്യമെന്നു തീർച്ചയാകേണ്ട ചുമതല ഗവർണ്ണറുടെ തലമേൽ വന്നുകൂടുമെല്ലോ എന്നുള്ളതുകൊണ്ടു, മൂന്നാംപക്ഷമായ്ക്കൊണ്ടാൽ അവരിൽ രണ്ടുപേർ എല്ലായ്പ്പോഴും ഒരുപോലെ വോട്ടുചെയ്യേണ്ടതുമുള്ളതിനാൽ അപ്രകാരം ചെയ്യുന്നതു നന്നായിരിക്കുമെന്നു കരുതി ബോർഡിൽ ഒരു അനുദ്യോഗസ്ഥനെകൂടി അംഗമായി നിയമിച്ചുവെന്നേയുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ ഗവർണ്ണറുടെ ഗുണത്തിനുവേണ്ടി സംസാരിക്കയാണോ എന്നറിഞ്ഞാൽകൊള്ളാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ സംസാരിച്ചുതീരട്ടെ. ഏതുഭാഗത്തേയ്ക്കുവേണ്ടിയാണ് സംസാരിക്കുന്നതെന്നു മെമ്പറിന്നു അപ്പോൾ മനസ്സിലാകും. അതിനാൽ മൂന്നാമതു ഒരു മെമ്പർ കൂടി ഉണ്ടായിട്ടെന്നാൽ, അപൂർവ്വം സമയങ്ങളിൽ മൂന്നുപേരും ഒരുപോലെ വോട്ടുചെയ്യുമെന്നുള്ളതിനാലും, അല്ലാത്ത സന്ദർഭങ്ങളിൽ രണ്ടുപേർ മാത്രമെങ്കിലും ഒരുപോലെ വോട്ടുചെയ്യുമെന്നുള്ളതിനാലും, ആഡ്മിനിസ്ട്രേറ്റീവു ബോർഡു സംബന്ധിച്ചുള്ള ഭാരതാരം കാര്യത്തിലും ഒരു തീരുമാനം കാണുവാൻ ചുമതല ഗവർണ്ണറിനു ഉണ്ടായിരിക്കുകയില്ല. സ്വതന്ത്രമായ ബോർഡിന്റെ നിർവഹണത്തിനു ഒഴിഞ്ഞുകൊടുക്കുക എന്നുള്ളതാണ് ഈ ബോർഡ് രൂപീകരിച്ചുകൊണ്ടു ഗവർണ്ണറുടെ പരമാർത്ഥത്തിൽ ചെയ്തിട്ടുള്ളതു.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടം, വ്യവസായം വകുപ്പുമന്ത്രി): ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനായി ഒരാൾ മാത്രമെയുള്ളുവെങ്കിൽ, അപ്പോഴും സ്വതന്ത്രമായ ഗവർണ്ണറുടെ ആ മേലദ്ധ്യക്ഷനായി രാജി കൊടുത്തിരിക്കയാണ് എന്നു മെമ്പർ പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വെറും സങ്കല്പപരമായ ഒരു ചോദ്യമാണ്. അപ്രകാരമുള്ള ഒരു ചോദ്യത്തിനു മറുപടിപറയാൻ ഒരു അഭിഭാഷകനോടു ആവശ്യപ്പെടാവുന്നതല്ല. കാര്യമായി വല്ലതും ഉണ്ടെങ്കിൽ മറുപടിപറയാനും, മിസ്റ്റർ മാമ്മൻമാപ്പിളയുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാനും ഞാൻ തയ്യാറായിരിക്കും. ഇപ്പോഴത്തെ സ്ഥിതികൾകൊണ്ടു ഞാൻ അനുമാനിക്കുന്നതു ഇതാണ്, അതായതു ഈ നിയമത്തിൽ ഡിപ്പാർട്ടുമെന്റിന്റെ ഭരണനടപടികളെ സംബന്ധിച്ചു തങ്ങൾക്കു മേലാൽ വലിയ ചുമതലകൾ ഒന്നും ഉണ്ടായിരിക്കയില്ലെന്നു ഗവർണ്ണറുടെ വിചാരിക്കുന്നു എന്നുള്ളതാണ്. ഇതിനു കാശ്വതമായ പരിഹാരമായിട്ടു ബോർഡിൽ മൂന്നാമതു ഒരു കക്ഷിയായി ഒരനുദ്യോഗസ്ഥനെകൂടി നിയമിക്കുകയാണ് ഉത്തമം എന്നു അവർ നിശ്ചയിച്ചു. വേറായും കാര്യങ്ങൾ ഭൂതിൽ ഉണ്ടായിരിക്കാം. എന്നാൽ പ്രഥമദൃഷ്ടിയിൽ ഇതാണു എനിക്കു തോന്നുന്നതു. ബോർഡിൽ ഒരനുദ്യോഗസ്ഥനെ കൂടിനിയമിച്ചു ഗവർണ്ണറുടെ ഈ പരിഹാരമാർഗ്ഗം തെളിയെട്ടു നികുതികൊടുക്കുന്നവരുടെ കണ്ണുപ്പെടുത്തിയാണ്.

മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ മറ്റൊരു വാദം ഈ അനുദ്യോഗസ്ഥ മെമ്പർ ഒരു പരമശേഷിയാണെന്നുള്ളതാണ്.

മി. കെ. വി. ജോസഫ് (മീനച്ചിൽ-മേവികുളം): വൈകല്യം ഇല്ലാതാക്കാൻ വേണ്ടിയാണു ഗവർണ്ണറുടെ ഇപ്രകാരം ചെയ്തതു. ഏതു മെമ്പർ വിചാരിക്കുന്നതു വല്ല തെളിവുകളുടെയും അടിസ്ഥാനത്തിലാണോ അതോ അദ്ദേഹത്തിന്റെ ഭാവനാശക്തിയുടെ പ്രവർത്തനഫലമായിട്ടാണോ എന്നറിയിക്കുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തെളിവിന്റെ അടിസ്ഥാനത്തിലാണ്. ഞാൻ അധികകാര്യങ്ങൾ ഭാവനാശക്തിയെ അടിസ്ഥാനപ്പെടുത്തി സംസാരിക്കാറില്ല.

മി. കെ. വി. ജോസഫ് (മീനച്ചിൽ-മേവികുളം): മെമ്പറിന്റെ അഭിപ്രായത്തിനു അടിസ്ഥാനമായ ആ തെളിവുകൾ എന്തെല്ലാമെന്നു പറയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മൂന്നുപേർ ഉണ്ടെന്നുള്ളതു, അവരുടെയിടയിൽ മത്സരമുണ്ടാകാൻ ഇടയുണ്ടെന്നുള്ളതു, ഇവയെല്ലാം തെളിവുകളാണ്. ഞാൻ സംസാരിച്ചപ്പോൾ സ്നേഹിതൻ ശ്രദ്ധിച്ചതുകൊണ്ടു നന്നായിരുന്നു എന്നു ഞാൻ വിചാരിച്ചു. പക്ഷെ ഉറങ്ങിപ്പോയിരുന്നിരിക്കും. (ചിരി)

മി. കെ. വി. ജോസഫ് (മീനച്ചിൽ-മേവികുളം): സ്നേഹിതൻ സംസാരിച്ചതു ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. എനിക്കു അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ ഔചിത്യം എന്തെന്നു എനിക്കു മനസ്സിലായില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു കാരണംകാണിച്ചു കൊടുക്കാമെന്നല്ലാതെ, അദ്ദേഹം അതു മനസ്സിലാകുന്നതിനുവേണ്ടി മറെറാന്നും പ്രദർശനം ചെയ്യാൻ എനിക്കു സാധിക്കുകയില്ല.

വൈസ്പ്രസിഡണ്ടു (ഡോക്ടർ): —ഉടനെ മിസ്റ്റർ നാരായണപിള്ളേ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ആറു ഒരു പിശേഷിയാണെന്നുള്ളതാണ് രണ്ടാമതായി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു. ഇതും മുൻപിൽ പറഞ്ഞതുപോലെ അറിയായ ഒരു വാദമാണ്,

മി. കെ. എ. ജോസഫ് (മീനച്ചിൽ—മേവികുളം): പബ്ലിക്ക് സർവീസിൽ വിദേശീയരെ നിയമിച്ചുകൂടെന്ന മിസ്റ്റർ നാരായണപിള്ള അഭിപ്രായപ്പെടുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിശ്ചയമായും ഉണ്ട് [illegible] ഉള്ളിടത്തോളം കാലം ഇവിടെ ഒരു വിദേശിയെ ഉദ്യോഗത്തിൽ നിയമിക്കുന്നപക്ഷം ഞാൻ അതിനെ ശക്തിയായി പ്രതിഷേധിക്കും നിശ്ചയമായും അപ്രകാരം തന്നെയും.

അദ്ദേഹത്തെ സംബന്ധിച്ചുള്ള മൂന്നാമത്തെ ആക്ഷേപം അദ്ദേഹം [illegible] സർ, മെഡിക്കൽ ബോർഡിലെ ഒരു അംഗമായിരുന്നു അദ്ദേഹത്തിന്റെ [illegible] വിനിയോഗിക്കാം എന്നു ഞാൻ ചരിത്രം പറയുകയില്ല. [illegible] എന്നു തന്നെയും ഒരു സാമാന്യനിയമം [illegible] ഉണ്ടായിട്ടുണ്ട്. സർ, ശങ്കരൻനായർ പബ്ലിക്ക് സർവ്വീസ് കമ്മീഷൻമുമ്പാകെ, [illegible] ഒരു ഹിന്ദുവിനോടോ, [illegible] ഒരു [illegible] ഉദ്യോഗത്തിൽ [illegible] യമിച്ചുകൂടാ എന്നു മെഴിക്കൊടുത്തപ്പോൾ, [illegible] ഇടയ്ക്കു [illegible] വിനിയോഗിക്കാം എന്നുള്ളതിച്ചുകൊണ്ടല്ലാ [illegible] പറയാനിടയായത്. [illegible] ഉദ്യോഗസ്ഥനായി ഇടപെടേണ്ട സാമാന്യജനങ്ങൾക്കു [illegible] ഉണ്ടായിരിക്കാവുന്ന അഭിപ്രായമാണു [illegible] കാണ്മാനുള്ളത്. [illegible] ഉദ്യോഗസ്ഥന് അദ്ദേഹത്തിന്റെ [illegible] കണക്കിനായി നിർവഹിക്കുകയോ [illegible] കകയും, ബോർഡിലെ അംഗമെന്നുള്ളതിൽ [illegible] അധികാരത്തെ ദുർവിനിയോഗം ചെയ്യാതിരിക്കുകയും ചെയ്താൽ [illegible], അദ്ദേഹത്തിന്റെ [illegible] ഇതരതൊഴിലുകളെയും സംബന്ധിച്ചു ജനങ്ങളുടെ ഇടയിൽ പലവിധ ദുഷ്കീർത്തികളും [illegible] കുന്നതിനു [illegible]. അതിനെ [illegible] പ്രത്യേകം [illegible] നടപ്പാക്കുന്നതിനു [illegible] യിരുന്നില്ലാ എങ്കിൽ ഈ ബോർഡിന്റെ [illegible] എത്രമാത്രം ശക്തിഹീനമായിരിക്കുമോ അത്രമാത്രം ശക്തി ഇപ്പോൾ അതിനില്ലാ എന്നു പറയേണ്ടിവരുന്നു. ഇതുചിന്തിച്ചാണ് ഇദ്ദേഹത്തെക്കുറിച്ചുള്ള [illegible] ഗവർണ്ണരുടെ നിർദ്ദേശിക്കേണ്ടതു്. [illegible] അദ്ദേഹം അനാശാസ്യമായ [illegible] ആളുകൾ വിചാരിക്കുന്നതായിട്ടോ, അദ്ദേഹത്തെപ്പററി [illegible] ഇതിൽനിന്നു ഗവർണ്ണരുടെ ധരിക്കേണ്ട [illegible] ഇല്ല. ഇതാണ് മൂന്നാമത്തെ ആക്ഷേപം.

ഇനി പോറെറ്റ സംഗതിയെ, അതായതു നർസുകളുടെ വിവാഹവിഷയത്തെ സംബന്ധിച്ചു ഒരു കാര്യം ഈ സഭയുടെ ശ്രദ്ധിക്കു [illegible] ചെയ്യേണ്ടതാകുന്നു. കർശനമായ അനുശാസനം, നർസുകളുടെ കൃത്യനിർവ്വഹണം ഇവയെ [illegible] മിസ്സസ് ചൂക്കോസ്, നർസുകൾ സർവീസിൽ ഇരിക്കുന്നിടത്തോളം [illegible] ഹിതരായിരിക്കണം എന്നു ഡിപ്പാർട്ടുമെന്റിനു വളരെ ഗുണകരമായിരിക്കുമെന്നുള്ളതുകൊണ്ടു് അവർ അപ്രകാരം ചെയ്യേണ്ടതാണെന്നു വളരെ ഊർജ്ജിതത്തോടുകൂടി പ്രസ്താവിക്കുകയുണ്ടായി. അതു [illegible] ഒരു ഭാഗം മാത്രമേ ആകുന്നുള്ളു. ഒന്നാമതായി, അതുപോലുള്ള [illegible] രോഗി ശുശ്രൂഷയ്ക്കു സ്ത്രീകളെത്തന്നെ നിയമിക്കണമെന്നു നാം ആഗ്രഹിക്കുന്നതിന്റെ കാരണമെന്താണ്? സ്ത്രീകളിൽ സഹജമായി കാണുന്ന [illegible] സ്വഭാവവിശേഷങ്ങൾ തന്നെ, കർശനമായ കൃത്യനിർവ്വഹണം മാത്രമാണു ഉദ്ദേശിക്കുന്നതെങ്കിൽ, [illegible] ഉത്കൃഷ്ടമായി നർസുകൾ സാധാരണ ചെയ്യുവരുന്ന എല്ലാ കൃത്യങ്ങളും നിർവ്വഹിക്കുന്നതിൽ [illegible] വരുത്തുന്ന മുഴുവൻ സമയവും വിനിയോഗിക്കാൻ സാധിക്കുന്നതല്ലെന്നുള്ളതുകൊണ്ടു്, രോഗി ശുശ്രൂഷയ്ക്കു [illegible] നിയമിക്കുന്നതല്ലെ ഉത്തമം എന്നുകൂടി സംശയിക്കേണ്ടതായിരിക്കുന്നു. നർസുകൾ [illegible] എല്ലാ കൃത്യങ്ങളും [illegible] ചെയ്യുന്നതുകൊണ്ടു [illegible]. എന്നാൽ സ്ത്രീകളുടെ [illegible] ഒരു [illegible] ദയയും പ്രേമാദരവുമായ അനുകമ്പയും ഒന്നു പ്രത്യേകതരത്തിലുള്ളതാണ്. ജന്മസിദ്ധമായുള്ള ആയമാണ് സ്ത്രീകളിൽ [illegible] ഗുണമായിട്ടുള്ളതു്. ഇത്രയും സമ്മതിക്കുന്നെങ്കിൽ, വിവാഹിതരാകുന്നതിലുള്ള അനുകൂലത്വം സ്ത്രീത്വത്തിന്റെ ലക്ഷണങ്ങളിൽ സർവ്വപ്രധാനമായിട്ടുള്ള ഒന്നാണെന്നു വന്നുചേരുന്നു. വിവാഹംകൊണ്ടു സ്ത്രീയിൽ സ്ത്രീത്വം വർദ്ധിക്കുകയാണ് ചെയ്യുന്നതു്. അതു അവരെ കൂടുതൽ കാരുണ്യശീലരാക്കി ചെയ്യുന്നു. അതു അവരെ മനുഷ്യജീവികളോടു കൂടുതൽ അനുകമ്പയുള്ളവരാക്കിത്തീർക്കുന്നു. ഈ അനുകമ്പ ഒരു കൂടുതൽ യോഗ്യതയാണെന്നു സമ്മതിക്കുന്നെങ്കിൽ വിവാഹിതയായ ഒരു സ്ത്രീയേയാണ് രോഗി ശുശ്രൂഷയ്ക്കു നിയമിക്കേണ്ടതു് എന്നാണു എന്റെ താഴ്മയായ അഭിപ്രായം. മനുഷ്യർക്കു സാധാരണയായുള്ള വേദനകളേയും കഷ്ടതകളേയും സംബന്ധിച്ചു ഇവർക്കു നല്ലപോലെ അറിവാം. നേരെമറിച്ചു, ലോകരംഗത്തിലെ കഷ്ടതകൾ അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത അവിവാഹിതയായ ഒരു സ്ത്രീ ശുശ്രൂഷസംബന്ധമായ പുറനടപടികളെ ശരിയായി അനുഷ്ഠിച്ചു എന്നുവരാം. [illegible] മനുഷ്യജീവികളോടു അവശ്യം ഉണ്ടായിരിക്കേണ്ട ആന്തരമായ സ്നേഹം അവളിൽ ഉണ്ടായി എന്നുവരണമെന്നില്ലാം. ഗവർണ്ണരുടെ നിശ്ചയിച്ച ഒരു ചട്ടത്തെ നടപ്പിൽ വരുത്തിയതിനു ഞാൻ ഡിപ്പാർട്ടുമെന്റിലുള്ള ആരേയും കുററപ്പെടുത്തുന്നില്ല. ഈ ചട്ടത്തെപ്പററി പുനരാലോചിക്കേണ്ടതാണെന്നുള്ള സംഗതി ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയ്ക്കല്ല, ഗവർണ്ണരിന്റെ ശ്രദ്ധയ്ക്കാണ്. ഈ അവസരത്തിൽ ഞാൻ വിനയിച്ചുവിനീതനായി ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സർ, ഞാനും മി. നിലകണ്ഠപ്പിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു. മെഡിക്കൽ വകുപ്പിന്റെ ഭരണത്തിനു ഒരു ബോർഡ് ഉണ്ടായിരിക്കേണ്ട ആവശ്യം എന്തെന്നു ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു് മിസ്സസ് ചൂക്കോസിനു സാധിച്ചിട്ടില്ല. സ്ഥിരമായിട്ടല്ലെങ്കിലും, ഇവിടത്തെ മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ ഉപദേഷ്ടാവായി ഒരു വിദേശിയെ നിയമിക്കേണ്ട ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതാനംകാലമായിട്ടു മെഡിക്കൽവകുപ്പിനെ [illegible] അട്ടിമറിക്കേണ്ടതായി [illegible] ജിച്ചിരിക്കുകയാണ്. ഈ രണ്ടുഭാഗങ്ങളുടേയും ഭരണത്തിനായി [illegible] ആക്ടർ തമ്പി, മിസ്റ്റർ ചൂക്കോസ് ഇങ്ങിനെ സമർത്ഥരായ രണ്ടു ആളുകളും ഉണ്ട്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ഈ രണ്ടുവിഭാഗങ്ങളും [illegible] ക്ലിപ്തതയോ കാര്യവിപരീതമോ [illegible] ഇവർക്കില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിലേക്കു [illegible] ഗവർണ്ണർ വിചാരിക്കുന്നുപക്ഷം തിരുവിതാംകൂറുകാരനായ ഒരാളെത്തന്നെ കിട്ടുമായിരുന്നു. ഈ രണ്ടുപേരും വളരെ പ്രാപ്തിയുള്ളവരുകയാൽ മൂന്നാമതു ഒരാളിന്റെ ആവശ്യം ഉണ്ടെന്നതന്നെ എനിക്കു തോന്നു

ന്നില്ല. അതിനാൽ, വിദേശിയും ഒരു മതപ്രചാരകനും ആയ ഒരാളിനെ ഈ ബോഡിലെ അംഗമായി നിയമിച്ചതിൽ ഗവണ്മെന്റിനെ ഞാൻ കഠിനമായി ആക്ഷേപിക്കുന്നു.

മെഡിക്കൽവകുപ്പിൽ കൂടുതൽ ഹിന്ദുക്കളെ നിയമിക്കണമെന്നു കുറേ വർഷങ്ങളായി അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണല്ലോ. വളരെകാലമായി ഈ വകുപ്പിനെ ക്രിസ്ത്യാനികൾക്കു കുത്തകയെന്നപോലെ വിട്ടുകൊടുത്തിരിക്കുകയായിരുന്നു. ഈ വകുപ്പിലെ ഉദ്യോഗങ്ങളുടെ ശരിയായ ഒരംശം ഹിന്ദുക്കൾക്കു നൽകുന്നതു് വളരെ ഉചിതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ബ്രിട്ടീഷ് സർവീസിലോ മറ്റെവിടെങ്കിലുമോ ഉദ്യോഗം നേടിക്കൊടുക്കുന്നതിനിടയിലോ ഹിന്ദുസമുദായത്തിൽപ്പെട്ട യോഗ്യതയുള്ള ആളുകൾക്കു ഗവണ്മെന്റിൽ നിന്നു കൂടുതൽ പ്രോത്സാഹനം നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ അവസരത്തിൽ നർസുകളെ സംബന്ധിച്ചുള്ളതു് രണ്ടുവാക്കു സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അവരിൽ ഹിന്ദുക്കളായിട്ടുള്ളവരിൽ ഒരു ക്ലിപ്തപ്രായത്തിനകം അവിവാഹിതരായി കഴിച്ചുകൂട്ടാൻ പ്രയാസമാണ്. (ചിരി) ഹിന്ദുക്കളായ പെൺകുട്ടികൾ അധികകാലം അവിവാഹിതരായി ഇരിക്കുക എന്നുള്ളതു വളരെ കഠിനമാണ്. പോരെങ്കിൽ അതു അവരുടെ സമുദായം നടപ്പാക്കുന്ന വിലക്കുമാണ്. അതിനാൽ ഈ ചട്ടത്തെ അനുകൂലിക്കുന്നതായി പ്രയോഗിക്കാതെ അവർക്കു ചില ഇളവുകൾ ചെയ്തുകൊടുക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം-വ്യവസായം-വടക്കൻതിരുക്കൊച്ചി): അവിവാഹിതരായി കഴിച്ചുകൂട്ടുകയെന്നുള്ളതു് ഹിന്ദുക്കളായ പെൺകുട്ടികളെ സംബന്ധിച്ചു മാത്രമെ കഠിനമായ ഒരു കാര്യമാകുന്നുള്ളോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഹിന്ദുക്കളെസംബന്ധിച്ചുമാത്രം പറയുന്നതു ക്രിസ്ത്യൻസമുദായത്തെപ്പററി എനിക്കു യാതൊന്നും അറിവില്ലാത്തതിനാലാണ്. ഹിന്ദുക്കളെസംബന്ധിച്ചു അവർ വിവാഹിതരാകണമെന്നുതന്നെ ഞാൻ പറയുന്നു (ചിരി). അതു അവരുടെ സാമുദായികനടപടിയാണ്. അതിനാൽ ഈ കർശനമായ നിയമത്തെ അല്പം ഭേദപ്പെടുത്തേണ്ടതാണെന്നും നർസുകളായി ഹിന്ദുസ്ത്രീകൾക്കുള്ളപക്ഷം യോഗ്യന്മാരായ വരന്മാർ വന്നുചേരുന്നസന്ദർഭങ്ങളിൽ അവർ വിവാഹംചെയ്തുകൊള്ളുന്നതിനു അനുവദിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): പ്രമേയം ഇപ്പോൾ വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ഡിമാൻഡിന്മേൽ ഇനി എത്രസമയമുണ്ടു?

ഡെപ്യൂട്ടിപ്രസിഡൻറ്: അഞ്ചുമണിവരെ സംസാരിക്കാം. പക്ഷേ അപ്പോൾ ഈ ഡിമാൻഡിനെസംബന്ധിച്ചുള്ള മററു പ്രമേയങ്ങളെല്ലാം ലാപ്സ്ചെയ്തുപോകും. മററു ഡിപ്പാർട്ടുമെൻറുകളെസംബന്ധിച്ചുള്ള പ്രമേയങ്ങളും ലാപ്സ്ചെയ്തുപോകും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മററു ഡിപ്പാർട്ടുമെൻറുകൾ?

ഡെപ്യൂട്ടിപ്രസിഡൻറ്: നാലഞ്ചു ഡിപ്പാർട്ടുമെൻറുകൾ ഉണ്ടു.

ക്ലോഷർമോഷൻ വോട്ടിനിട്ടതിൽ തള്ളിപ്പോയി.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): മെഡിക്കൽഡിപ്പാർട്ടുമെൻറിന്റെ പൊതുനയത്തെപ്പററി പ്രസ്താവിക്കുന്നതിനു നിർദ്ദിഷ്ടമായ ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു ഞാൻ ഏറെക്കുറെ യോജിക്കുന്നു. എന്റെ മാന്യസ്നേഹിതന്മാരിൽ ചിലർ പറഞ്ഞതുപോലെ ഈ ഡിപ്പാർട്ടുമെൻറിന്റെ നയത്തിൽ പ്രധാനദോഷമുള്ളതു ഉദ്യോഗനിയമനവിഷയത്തിൽ പ്രാതിനിധ്യക്കുറവുള്ള വർഗ്ഗങ്ങളുടെ അവകാശത്തെ വേണ്ടുംവണ്ണംഗണിച്ചു പ്രവർത്തിക്കുന്നില്ലാ എന്നുള്ളതാണ്. മി. നീലകണ്ഠപ്പിള്ളയും മി. എം. എൻ. പിള്ളയും പറഞ്ഞതുപോലെ ഹിന്ദുസമുദായത്തിൽപ്പെട്ട നായന്മാർക്കു വേണ്ടിടത്തോളം പ്രാതിനിധ്യം ഇല്ലായിരിക്കാം. ഈ ഡിപ്പാർട്ടുമെൻറിൽ ഇവർക്കു എത്രമാത്രം പ്രാതിനിധ്യം ഇല്ലാതിരിക്കുന്നുവോ അതിലും അധികമാണ് മററുപല ഡിപ്പാർട്ടുമെൻറുകളിലും ക്രിസ്ത്യാനികളുടെ പ്രാതിനിധ്യക്കുറവു. അതിനാൽ ആ വകുപ്പുകളിലും ഈ നയം സ്വീകരിക്കേണ്ടതാണ്. ലാൻഡ്റവന്യൂ, സർവേ, പോലീസ് ഈ ഡിപ്പാർട്ടുമെൻറുകൾ ഇതിനു ഉദാഹരണങ്ങളാണ്.

സ്പീക്കർ: അതിനെപ്പററി ഇവിടെ പറയേണ്ട ആവശ്യമില്ല.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അതുകൊണ്ടു മെഡിക്കൽഡിപ്പാർട്ടുമെൻറിലും മററു ഡിപ്പാർട്ടുമെൻറുകളിലേപ്പോലെ വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിക്കണം. ഇതിൽ ചില വർഗ്ഗക്കാർക്കു പ്രാതിനിധ്യത്തിനു വളരെ കുറവുണ്ടു. പലതരത്തിലുള്ള ഡാക്ടറന്മാരുടെ എണ്ണം കുറവു അതുണ്ടെന്നു ഗവണ്മെന്റു പ്രസ്താവിച്ചിട്ടുള്ള കണക്കിൽ കാണുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കുറവു അല്ലാ കുറവു അല്ല?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): കുറവു തന്നെയാണു ഞാൻകണ്ടതു. അതിൽ നമ്പ നായരും ക്ഷത്രിയ ബ്രാഹ്മണരും കുറഞ്ഞിരിക്കുന്നു. ഇ കു മററുവകുപ്പിലുള്ള ക്രിസ്ത്യാനികളും ഈഴവരും ൪ വെള്ളാളരും ഒരു നായിഡുവും ഒരു ക്ഷത്രിയനും ഉണ്ടെന്നാണു കാണുന്നതു. നായന്മാർ ൩ പേർ ഉണ്ടു. നായന്മാരോളംതന്നെ ജനസംഖ്യയുള്ള കത്തോലിക്കാസമുദായത്തിൽനിന്നും ൫ പേരും അത്രയും ജനസംഖ്യയുള്ള ഈഴവരിൽനിന്നു ൭ പേരുമാത്രമേയുള്ളു. മററു ക്രിസ്ത്യാനികൾ കുറേപ്പേരുണ്ടു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): അതുകൊണ്ടു കത്തോലിക്കർ അല്ലാത്തവരെ കുറയ്ക്കണമെന്നാണോ പറയുന്നതു?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കുറയ്ക്കണമെന്നോ കൂട്ടണമെന്നോ ഞാൻ പറഞ്ഞില്ല. മററു ഡിപ്പാർട്ടുമെൻറുകളിലുള്ളതുപോലെ വർഗ്ഗീയപ്രാതിനിധ്യം സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നതു. എന്നാൽമാത്രമെ പ്രവേശനം ലഭിക്കാത്ത വർഗ്ഗങ്ങളുടെ അവകാശങ്ങൾക്കു രക്ഷയുണ്ടാകുകയുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നായന്മാർ എത്രയുണ്ടു?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇപ്പോൾ.....യങ്ങ്യ (ചിരി). നായന്മാരേക്കാൾ കൂടുതൽ ജനസംഖ്യയുള്ള പരാന്ന് കണ്ടോചിക്കരം ഈഴവരും. അവരുടെ പ്രാതിനിധ്യം ഈ ഡിപ്പാർട്ടുമെണ്ടിൽ വളരെ കുറവാണ്.

മി. സി. എൻ. ഉപ്പുന്നൂപ്പൂതിരി (ഇന്നി): വർഗ്ഗീയപ്രാതിനിധ്യം സ്വീകരിക്കണമെന്നുപറഞ്ഞതു മതത്തോടോ ജാതിയോടോ ബന്ധിച്ചിട്ടുള്ള അവാന്തരവിഭാഗങ്ങളുടെയോ ഏതിനെ അടിസ്ഥാനപ്പെടുത്തിയാണ്?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മതത്തെയും വർഗ്ഗത്തേയും അടിസ്ഥാനപ്പെടുത്തി ഇപ്പോൾ ജനസാമാന്യം അംഗീകരിച്ചിട്ടുള്ള രീതിയിൽ കൊടുക്കേണ്ടതാണ്. അതായതു പൌരജന്മഹിതത്തെ ഗണിക്കാതെയാണ് പറയുന്നതു. ഹിന്ദുക്കളിൽ ബ്രാഹ്മണർ, നായന്മാർ, ഈഴവർ മുതലായവർക്ക് പ്രത്യേകം പ്രാതിനിധ്യം വേണമെന്നു ആ വർഗ്ഗങ്ങളിൽഉള്ള പ്രതിനിധികളും പൌരസംഘങ്ങളും പത്രങ്ങളും എല്ലാം അഭിപ്രായപ്പെടുന്നുണ്ട്. അതുപോലെ ക്രിസ്ത്യാനികളിൽ ഓരോവർഗ്ഗക്കാർക്കും പ്രത്യേകം പ്രാതിനിധ്യം വേണമെന്നു അവരുപറയുന്നു. എന്നാൽ പ്രത്യേകം തിരിക്കണമെന്നു ആവശ്യപ്പെടാത്ത ചെറിയ ഉപവിഭാഗങ്ങളുടെ അവരുടെ ഹിതത്തിനു വിരോധമായി പിരിക്കേണ്ട ആവശ്യമില്ല. കത്തോലിക്കർ ക്രിസ്ത്യാനികളിൽ വലിയഭൂരിപക്ഷം വിഭാഗക്കാരാണ്. അവരെ പ്രത്യേകം ഗണിക്കണമെന്നു അവർ ആവശ്യപ്പെട്ടുകൊണ്ടു ഇതിക്കുന്നു. അതിലേക്കു ബലമേറിയ ന്യായങ്ങളുമുണ്ട്. ഇങ്ങിനെ വർഗ്ഗം പ്രത്യേകം എടുത്തുനോക്കാത്തപക്ഷം ഹിന്ദുക്കളെ ഒരുസമുദായമായിട്ടു ഗണിച്ചാൽമതിയല്ലോ, അതിൽ ഈഴവർ, നായന്മാർ എന്നിങ്ങനെ പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ല.

മി. ടി. കുമാരപിള്ള (കുൽക്കളം വിളവംകോട്): കത്തോലിക്കരും മററു ക്രിസ്ത്യാനികളും ഒരുമിച്ചു ഊണുകഴിക്കാറുണ്ടോ?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മതസംബന്ധമായിട്ടുള്ള യോജിപ്പിനെ ഗണിക്കുകയല്ലാതെ ഊണുകഴിക്കുന്നസംഗതിയെ പ്രധാനമായിട്ടു വിചാരിക്കാറില്ല.

മി. ടി. കുമാരപിള്ള (കുൽക്കളം-വിളവംകോട്): ഹിന്ദുക്കളുടെയിടയിൽ അതു വളരെ പ്രധാനമായി കരുതിവരുന്നതായി അറിയാമോ?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇപ്പോൾ മിക്കസ്ഥലങ്ങളിലും വിദ്യാന്മാരായ ആളുകൾ ഈ വ്യത്യാസങ്ങളുടാതെ പംക്തിഭോജനം നടത്തുന്നുടങ്ങിയിട്ടുണ്ട്. ബ്രാഹ്മണരും ഈഴവരും നായന്മാരും പുലയരും തമ്മിച്ചിരുന്നു ഊണുകഴിച്ചിട്ടുള്ളതായി പത്രത്തിൽ കണ്ടിട്ടില്ലേ?

മി. ടി. കുമാരപിള്ള (കുൽക്കളം-വിളവംകോട്): ഒന്നോരണ്ടോപേർ രഹസ്യമായി കൂടിച്ചു ഊണുകഴിച്ചാൽ ആ സമുദായത്തിൽ എല്ലാവരും സമ്മതിച്ചുചെയ്തതായി വിചാരിക്കാമോ?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): വിദ്യാന്മാരായ ആളുകൾ കാണിച്ചുതരുന്നതിനെ വേണമല്ലോ ആദർശമായിട്ടു സ്വീകരിക്കാൻ. ഈ പരിഷ്കാരകാലത്തിൽ മിശ്രഭോജനം പരസ്യമായും നടക്കുന്നതായിട്ടുകാണുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങിനെയാണെങ്കിൽ മതത്തിലും സമുദായത്തിലും വരുത്തേണ്ടതല്ലേ?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മതത്തിൽ അങ്ങിനെ വന്നിട്ടില്ലല്ലോ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവസ്ഥരകാലത്തു അങ്ങിനെ അറിയിക്കയല്ലേ?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇപ്പോൾ അങ്ങിനെ കാണുന്നില്ലല്ലോ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങിനെയായാൽ വിരോധമുണ്ടോ?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അങ്ങിനെ ആകുന്നതിടത്തോളംകാലം, അതിനെയായാലും എന്നുള്ള ചോദ്യത്തിനു അവകാശമില്ല. വർഗ്ഗീയപ്രാതിനിധ്യം മററു ഡിപ്പാർട്ടുമെൻറുകളിലുമുള്ളപോലെ ഇതിലും നടപ്പിൽവരുത്തണം. അതിനു തടസ്ഥമായിട്ടുള്ളതു കുടുംബനിയമങ്ങളുടെ ക്രമത്തിനനുസരിച്ചുമാത്രമെ ഉദ്യോഗനിയമനം നടത്തുകയുള്ളുഎന്നുള്ള പുതിയവ്യവസ്ഥയാണ്. അതിനെ മാറ്റപ്പെടുത്തുകതന്നെവേണം.

ഡെപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കഴിഞ്ഞ എട്ടുവർഷങ്ങൾക്കുള്ളിൽ ഇപ്പോൾ ഡാക്ടർമാരുടെ നിയമനം ഉണ്ടായിട്ടുണ്ടെങ്കിലും അതിനു ഒരു ഒററ കത്തോലിക്കനെപ്പോലും കാണുന്നില്ല. യോഗ്യതയുള്ള അപേക്ഷകന്മാരുണ്ടായിരുന്നു എന്നുള്ളതു നിശ്ചയമാണ്.

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടം വ്യവസായം വടക്കൻതിരുവിതാംകൂർ): നമ്മുടെ ഭരണസമിതി രൂപീകരിച്ചിട്ടു വളരെ കുറച്ചുകാലംമാത്രമെ ആയിട്ടുള്ളു. ആസ്ഥിതിക്കു ഈ സ്ഥാപനത്തെപ്പററി ആക്ഷേപിക്കുന്നതിനു കാലം ഇനിയും ആയിട്ടില്ല. ഈ സ്ഥാപനത്തിനു അതിന്റെ രൂപീകരണത്തെ ന്യായീകരിക്കുന്നതിനു പൊതുജനങ്ങൾക്കു അതിനെ ആക്ഷേപിക്കുന്നതിനൊള്ളകാലം ഇപ്പോൾ കഴിഞ്ഞിട്ടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ഭരണങ്ങാനം): ഈ സ്ഥാപനത്തെ പൊതുജനങ്ങൾക്കു ആക്ഷേപിക്കണമെങ്കിൽ എത്രനാൾകഴിയണം?

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടം വ്യവസായം വടക്കു): മി. ജോസഫിന്റെ അഭിപ്രായത്തിൽ ഈ ബോർഡിനെപ്പററി ആക്ഷേപിക്കുന്നതിനുള്ള കാലം പണ്ടേ കഴിഞ്ഞിരിക്കാം. ഇതിലേയ്ക്കു ഇത്ര ഇത്ര പണിമായി സമയനിഷ്ഠയംചെയ്യാൻ ആർക്കും സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. ചില സന്ദർഭങ്ങളിൽ ബോർഡുകൊണ്ടു ജനങ്ങൾക്കു വളരെ ഗുണങ്ങൾഉണ്ടായിട്ടുണ്ടെന്നും മറെറചിലപ്പോൾ ദോഷം ഉണ്ടായിട്ടുണ്ടെന്നും വരാവുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ബോർഡിന്റെ ആവശ്യത്തെപ്പററി മി. മാമ്മൻമാപ്പിളയുടെ അഭിപ്രായം എന്താണ്?

മി. കെ. സി. മാമ്മൻമാപ്പിള (കുച്ചുവടം വ്യവസായം വടക്കു): ഈ ബോർഡിന്റെ ഇപ്പോഴത്തെസ്ഥിതിക്കു ഇതിൽനിന്നും ജനങ്ങൾക്കു വല്ല ഗുണവും ഉണ്ടാകുമൊ ഇല്ലയോഎന്നു തീരുമാനപ്പെടുത്തിട്ടില്ല.

യുന്നതിനു എനിക്കു സാധിക്കുകയില്ല. അപ്രകാരംചെയ്യുന്നതിനു കുറേകാലംകൂടി കഴിയണം എന്നാണ് എന്റെ അഭിപ്രായം.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞില്ലല്ലൊ?

ഡെപ്യൂട്ടി പ്രസിഡന്റ്: അതെന്തെന്നോ, അല്ലാ എന്നോ ഒരു മറുപടി നിർബന്ധിച്ചുപറയിക്കുന്നതിനു നിങ്ങൾക്കു അവകാശമില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): പുരുഷന്മാർക്കായി ഒന്നാം സ്ത്രീകൾക്കും ശൂദ്രക്കാർക്കു മറ്റൊന്നും ഇങ്ങിനെ രണ്ടു ശാഖകളായി മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെ കാലാന്തരത്തിൽ വിഭജിക്കേണ്ടതാണെന്നുള്ള അഭിപ്രായബീജം ബോർഡിന്റെ രൂപീകരണത്തിൽ അന്തർഭവിച്ചിരിക്കുന്നു. ഈ കാര്യങ്ങളൊക്കെയാലോചിക്കുമ്പോൾ ഈ സ്ഥാപനത്തെ വച്ചുകൊണ്ടിരിക്കുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു.

ഗവർണ്ണമെന്റുമായി ആലോചിക്കാതെതന്നെ ബോർഡിലെ മൂന്നംഗങ്ങൾക്കുകൂടി എല്ലാകാര്യങ്ങളിലും തീരുമാനംചെയ്യാമെന്നുള്ളതുകൊണ്ടു, ഗവർണ്ണമെന്റു അവരുടെ ചുമതലകളിൽനിന്നു ഒഴിഞ്ഞുനിൽക്കുകയാണു എന്നുള്ള ഒരഭിപ്രായം മിസ്റ്റർ പി. കെ. നാരായണപിള്ളയിൽനിന്നു പുറപ്പെട്ടുകണ്ടതിൽ എനിക്കു വളരെ അതിശയം തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ മാമ്മൻമാപ്പിളക്കു അതിശയം തോന്നിയതിൽ എനിക്കു വലിയ അതിശയമില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): ഞാൻ മിസ്റ്റർ പി. കെ. നാരായണപിള്ളക്കുവേണ്ടിയല്ല എനിക്കുവേണ്ടിമാത്രമാണ് സംസാരിക്കുന്നതു. ഇങ്ങിനെയുള്ള ഒരഭിപ്രായം മിസ്റ്റർ പി. കെ. നാരായണപിള്ളയിൽനിന്നു പുറപ്പെടുവാനിടയായതിൽ എനിക്കു അതിശയം തോന്നുന്നുഎന്നുതന്നെ ഞാൻ പറയുന്നു. ഓരോ ഡിപ്പാർട്ടുമെന്റും നടിച്ചുവരുന്നതു ഓരോ മേധാവികളുടെ അവിടെയെല്ലാം അഭിപ്രായവ്യത്യാസങ്ങളോ ഒത്തുനോക്കലുകളോ ഉണ്ടാകുന്നില്ല. അഡ്മിനിസ്ട്രേറ്റീവ് ബോർഡിലുള്ള അംഗങ്ങൾ തന്നെ എല്ലാ സംഗതികളേയും സംബന്ധിച്ചു തീരുമാനിക്കുന്നുഎന്നു പറഞ്ഞതിനെപ്പററി എനിക്കു പറയാനുള്ളതു പുതിയ ആശുപത്രികൾ സ്ഥാപിക്കുക, മരുന്നുകളുടെ സ്റ്റാക്കു വർദ്ധിപ്പിക്കുകമുതലായി ഗവർണ്ണമെന്റിന്റെ അനുമതി ആവശ്യമുള്ളകാര്യങ്ങൾ ഇന്നിന്നവയെന്നു നിശ്ചയിക്കുന്നതിലേക്കു ചില ചട്ടങ്ങൾ ഉണ്ടെന്നുള്ളതാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ബോർഡിൽ രണ്ടുദ്യോഗസ്ഥാംഗങ്ങൾമാത്രമെയുള്ളു എങ്കിൽ മിസ്റ്റർ മാപ്പിളക്കു തൃപ്തിയാകുമോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): ഇപ്പോഴത്തെ ഏർപ്പാടു എനിക്കു വളരെ തൃപ്തികരമായി തോന്നുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): ഒരു ആയുർവ്വേദസമാജക്കാരനെ ബോർഡിലെ ഒരംഗമായി നിയമിക്കുന്നതായാൽ മിസ്റ്റർ മാമ്മൻമാപ്പിളക്കു സമ്മതമായിരിക്കുമോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): പ്രായോഗികമായി നോക്കുന്നപക്ഷം ഇപ്പോഴത്തെ ഏർപ്പാടു വളരെ തൃപ്തികരമാണെന്നുതന്നെ ഞാൻ പറയുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): മിഷനറി എന്നനിലയിൽ തനിക്കുള്ള സ്വാധീനശക്തിയെ ഡിപ്പാർട്ടുമെന്റിൽ അദ്ദേഹം പ്രയോഗിക്കുകയില്ലേ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): പ്രയോഗിക്കണമെന്നു നിർബന്ധമില്ല. അദ്ദേഹം മിഷനറിഎന്ന നിലയിലല്ലാ ഒരു മെഡിക്കൽ ഉദ്യോഗസ്ഥൻ എന്നനിലയിലാണു ബോർഡിൽ അംഗമായിരിക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): മതപരിവർത്തനംചെയ്യുക എന്നുള്ള തന്റെ തൊഴിൽ അദ്ദേഹം ഉപേക്ഷകൊണ്ടിരിക്കുകയില്ലേ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): വേണ്ടിടത്തോളം മതപരിഷ്കാരവും വിദ്യാഭ്യാസവും സിദ്ധിച്ചിട്ടുള്ളതുകൊണ്ടു ഒരു മിഷനറിയുടെ നിലക്കുള്ള സംരക്ഷണത്തെ ബോർഡിലെ കൃത്യങ്ങളുമായി ഘടിപ്പിക്കാതെ സൂക്ഷിക്കുന്നതിനുള്ള ശക്തി അദ്ദേഹത്തിനുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): അദ്ദേഹത്തെ ബോർഡിലെ ഒരു മെംബറായി നിയമിച്ചപ്പോൾ ഇപ്രകാരമുള്ള ഒരു നിബന്ധനയുണ്ടായിരുന്നോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): രണ്ടു ചുമതലകളും പ്രത്യേകം പ്രത്യേകമായി വച്ചുകൊണ്ടിരിക്കണമെന്നതാണു. നിശ്ചയമായും ഈ നിബന്ധനയിന്മേൽതന്നെ ആയിരിക്കണം അദ്ദേഹത്തെ നിയമിച്ചിട്ടുള്ളതു്. ഈ അദ്ദേഹത്തിന്റെ നിയമനത്തിനുമുൻപുതന്നെ ചെയ്തിരിക്കാവുന്ന ഒരു വ്യവസ്ഥയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): മിസ്റ്റർ മാമ്മൻമാപ്പിള വിദേശീയരുടെ നിയമനത്തെ സസന്തോഷം അനുകൂലിക്കുമോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): അത്യന്താപേക്ഷിതമായിവരുന്ന സന്ദർഭങ്ങളിൽ അനുകൂലിക്കതന്നെ ചെയ്യും, ഇവിടെ വിദേശികൾ ഉണ്ടെന്നുള്ളതു ഒരുതരത്തിലും അവഗണിക്കാൻ പാടില്ലാത്ത ഒരു വസ്തുതയാണു. അവരെ തീരെ ഉപേക്ഷിക്കാൻ നിർവ്വാഹവുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): കൂടുതൽ വേണമെന്നാണോ നിങ്ങളുടെ അഭിപ്രായം.

മി. എം. ശിവതാണുപിള്ള (തോവാള): ബോർഡിലെ ഒരുദ്യോഗസ്ഥാംഗമായി ഈ വിദേശീയനെ നിയമിച്ചിരിക്കുന്നതിൽ മിസ്റ്റർ മാമ്മൻമാപ്പിളക്കുള്ള അഭിപ്രായമെന്താണു?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം വ്യവസായം വടക്കു): വിദേശിയരുടെ നിയമനകാര്യത്തിൽ ഞാൻ വിരോധിയാണെങ്കിലും അവരെ എല്ലാവരേയും ഇവിടെനിന്നും പുറത്താക്കാൻ ഞാൻ തയ്യാറില്ല. അവരുടെ നിയമനത്തിൽ എനിക്കു വിരോധമുണ്ടു എന്നുള്ളതുകൊണ്ടു ഞാൻ അവരെയെല്ലാം കുറിമ്പമായി വെറ

ക്കണമെന്നോ തിരിക്കണമെന്നോ ഇല്ല. നമുക്ക വിദേശീയരിൽനിന്നു വളരെ ഗുണങ്ങൾ ഉണ്ടായിട്ടുണ്ട്. അവരെ തീരെ നിയമിച്ചുകൂടാ എന്നു ഞാൻ ഒരിക്കലും അഭിപ്രായപ്പെടുകയില്ല. ഒരു വിദേശിയെ നിയമിക്കുന്നതു കഴിക്കാനുള്ളപ്പോഴെല്ലാം നാം അപ്രകാരം ചെയ്യണം. എന്നാൽ ഇപ്പോൾ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്ന ഈ ബോഡിനു വേണ്ടസമയം കൊടുക്കണമെന്നു—

മി. എം. ശിവതാണുപിള്ള (കോഴിക്കോട്). ഈ പ്രത്യേകകാര്യത്തിൽ മിസ്റ്റർ മാമ്മൻമാപ്പിളക്കു അനുഭവമുണ്ടോ?

മി. കെ. സി. മാമ്മൻമാപ്പിള (കുമ്പനാടം വ്യവസായം വടക്കു): ഈ പ്രത്യേകകാര്യത്തിൽ എനിക്കു വിരോധമില്ല. ലോകത്തിൽ കുറേമുറ ഒരു സ്ഥാപനവും ഇല്ല. കാര്യങ്ങളുടെ പരിണാമസ്ഥിതിക്കു ബോഡിന്റെ പ്രവൃത്തി ഇടൻകൊണ്ടിരിക്കുന്നതിൽ ഞാൻ യാതൊരാക്ഷേപവും കാണുന്നില്ല.

ഡെപ്യൂട്ടി പ്രസിഡൻറ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ മേവികരം): ഈ അഡ്മിനിസ്ട്രേറ്റീവ് ബോഡിന്റെ രൂപീകരണത്തിൽ യാതൊരാക്ഷേപവും ഉള്ളതായി ഞാൻ കാണുന്നില്ല. ഇതുകൂടാതെ വ്യത്യസ്തങ്ങൾ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ മാത്രമല്ല, മററു ഡിപ്പാർട്ടുമെൻറുകളിൽക്കൂടി ഉണ്ടാകണമെന്നാണു എന്റെ അഭിപ്രായം. അവയെ വിദഗ്ദ്ധരായ ആളുകൾ നടത്തിക്കൊണ്ടുപോകണമെന്നു മാത്രമേയുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ഇനത്തിലുള്ള കൂടുതൽ ചിലവിനെ സംബന്ധിച്ചു നിങ്ങൾക്കു സമ്മതക്കേടുണ്ടോ?

ഡെപ്യൂട്ടി പ്രസിഡൻറ്: അദ്ദേഹം സംസാരിക്കട്ടെ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ മേവികരം): ഡിസ്പെൻസറിയിലെ ഡോക്ടറുടെ നിയമം മിക്കഡിപ്പാർട്ടുമെൻറുകളിലേക്കും ഇപ്രകാരമുള്ള ബോഡുകൾ ഉപകാരപ്രദമാണെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഗൻമൂലമുണ്ടാകുന്ന അധികചിലവിനെപ്പറ്റി ഗണ്യമാക്കേണ്ടതല്ലേ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ മേവികരം): ചിലവിനെസംബന്ധിച്ചു ഞാൻ പിന്നീടു സംസാരിക്കാം. ഡിസ്പെൻസറികളുടെ മേധാവിക്കു സംബന്ധപ്പെട്ടേടത്തോളം ഈ നാടുകളിലെ ആളുകൾ അവരുടെ പ്രവൃത്തികളെ നിയന്ത്രിക്കുവാനുള്ളവരായിട്ടുള്ളതിനാൽ, അവർ ക്ലർക്കിന്റെ ചുമതല ബോധിപ്പിച്ചിട്ടുള്ളതിനു ഞാനാതെ സംശയവും ഇല്ല. ഡിസ്പെൻസറിയുടെ മേധാവിയുടെ മററുദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ മിക്കവാറും വലിയചുമതല നിർവ്വഹിക്കേണ്ടതു ക്ലർക്കുതന്നെയാണെന്നു കാണുന്നതിനാൽ, ഇതുണ്ടാകാനുള്ളതിൽ അനുദ്യോഗസ്ഥന്മാരുടെ ചുമതലകൾക്കുകൂടി ഒരു ഭാഗം കൊടുക്കുകയും അവരെ ഉദ്യോഗസ്ഥന്മാരായി കണക്കാക്കുകയും ചെയ്തു ഈ പ്രത്യേകകാര്യത്തിൽ ഒരു അനുദ്യോഗസ്ഥനെ നിയമിച്ചു വരുന്നതു സ്വീകാര്യമാകുന്നു.

മി. ശിവരാമപ്പണിക്കർ ഈ ഗ്രന്ഥത്തിലുള്ള അധികചിലവിനെക്കുറിച്ചു ചോദിക്കുകയുണ്ടായി. ഈ കാര്യത്തെസംബന്ധിച്ചു ഞാനുടെ വിശദമായ നിലപാടു നിർണ്ണയിച്ചുണ്ടെങ്കിലും ജനസാമാന്യത്തിന്റെ പക്ഷമാണ് ഞാൻ ആഗ്രഹിക്കുന്നതു എന്നുള്ളതുകൊണ്ടും മിസ്റ്റർ പണിക്കർ പറഞ്ഞ കാര്യത്തോടു നാം യോജിക്കണം. എന്നാൽ നിയമസഭാംഗിയിലെ സഭാധ്യക്ഷന്മാരുടെ അഭിപ്രായം, ഉയർന്ന ഉദ്യോഗങ്ങളെസംബന്ധിച്ചിടത്തോളം, മിതവ്യയത്തെ ഉദ്ദേശിക്കുകയുള്ളതു യാതൊരുത്തമങ്ങളും കാണുന്നില്ല. ചെലവുജനങ്ങളും മിസ്റ്റർ പണിക്കരെപ്പോലെയുള്ള മെമ്പർമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കണമെന്നു വാദിക്കുന്നപക്ഷം അവരുടെ ആ പ്രവൃത്തി നിഷ്ഫലമായും ഗതിയായിട്ടുള്ളതായി കാണുന്നു. എന്നാൽ അഡ്മിനിസ്ട്രേറ്റീവ്ബോഡിനെസംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന്റെ നടത്തിപ്പിൽനിന്നുണ്ടാകുന്ന ഗുണങ്ങൾ അത്രമുഖ്യമുണ്ടാകുന്ന അധികചിലവിനോടു തുല്യമായ പ്രാധാന്യം ഉള്ളതല്ലെന്നു പറയേണ്ടിയിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യുദ്യോഗസ്ഥന്മാർ എന്നുള്ള ഉദ്യോഗം നിർത്തൽചെയ്യേണ്ടതാണെന്നും പ്രഥമസ്ഥാനക്കാരുടെ ശമ്പളം കുറയ്ക്കേണ്ടതാണെന്നും മിസ്റ്റർ ജോസഫിനും അഭിപ്രായം ഉണ്ടായിരുന്നില്ലേ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ മേവികരം): ആ അഭിപ്രായം എനിക്കുണ്ടായിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതിപ്പോഴത്തെ അഭിപ്രായവുമായി യോജിക്കാത്തതല്ലേ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ മേവികരം): യാതൊരു യോജിപ്പില്ലായ്മയും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വിദ്യുദ്യോഗസ്ഥന്മാർ മററു വകുപ്പുകളിലുള്ള വ്യത്യസ്തസ്ഥാനപ്പെട്ടവരാണ്. അപ്രകാരമല്ലെന്നു വിചാരിക്കുന്നപക്ഷവും, മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം, വളരെ അധികച്ചിലവാണുംഇല്ല. അനുദ്യോഗസ്ഥ മെമ്പറിനു കൊടുക്കുന്ന ശമ്പളംമാത്രമേ അധികചിലവായുള്ളു. മററു രണ്ടു മെമ്പറന്മാരും ഉദ്യോഗസ്ഥന്മാരാണ്. ഡർബാർഫിസിഷ്യൻ എന്നുള്ള ഉദ്യോഗം നിർത്തൽചെയ്തുകഴിഞ്ഞു. പകരമായി ഇപ്പോൾ മൂന്നു ഉദ്യോഗസ്ഥന്മാരാണുള്ളതു.

മി. ശിവരാമപ്പണിക്കർ (ചേർത്തല): ഒരാൾ മാത്രമാണ് ഉള്ളതെങ്കിൽ അതിസ്ഥാനം കുറേക്കൂടി സുരക്ഷിതമായിരിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികരം): തൻമൂലമുണ്ടാകുന്ന മിച്ചം തീരെ നിസ്സാരമായിരിക്കും. വല്ല ഉദ്യോഗവും നിർത്തേണ്ടതുണ്ടെങ്കിൽ അതു താഴ്ന്ന ശമ്പളക്കാരുടെ ഇടയിൽനിന്നുമാത്രമെ ആയിരിക്കയുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹം ചൂണ്ടിപ്പറയുന്ന ആ കുറഞ്ഞ തുക എന്താണ്?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികരം): അതു ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ അടിസ്ഥാനമാക്കിയാണു ഇരിക്കുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രമേയത്തിൽ പറയുന്ന തത്വത്തെപ്പററിയാണോ അദ്ദേഹം വാദിക്കുന്നതു?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): കുടുംബനിർവഹണം ബോർഡിനെ ചുമതലപ്പെടുത്തുന്നപക്ഷം കൂടുതൽ കാര്യക്ഷമത ഭരണകാര്യത്തിൽ ഉണ്ടായിരിക്കുമെന്നാണ് പ്രമേയത്തിലെ തത്വത്തെസംബന്ധിച്ചു എനിക്കു പറയാനുള്ളതു. അപ്രകാരം ചെയ്യുന്നതുകൊണ്ടു കാര്യക്ഷമത ഉണ്ടായിരിക്കുമെന്നു മാത്രമല്ല, പൊതുജനങ്ങളുടെ കാര്യം സുരക്ഷിതമായിരിക്കയുംചെയ്യും എന്നുള്ളതിനാലാണ് കൂടുതൽ പണം ചിലവായാലും തരക്കേടില്ലെന്നു ഞാൻ പറയുന്നതു.

മി. കെ. ശിവരാമമേനോൻ (ചേർത്തല): ഈ ബോർഡു രൂപീകരിക്കുന്നതിനു മുൻപുതന്നെ, ഈ ഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജു വഹിച്ചു ഇവിടെ സന്നിഹിതയായിരിക്കുന്ന ആ അമ്മ അതിനെ ശരിയായ വിധത്തിൽ നടത്തിക്കൊണ്ടുപോന്നിരുന്നു എന്നുള്ള വസ്തുത മെംബറിനറിയാമോ?

ഡെപ്യൂട്ടി പ്രസിഡൻറ്: മിസ്റ്റർ പണിക്കർ, കൂടുതൽ വിവരങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി മിസ്സിസ് അദ്ദേഹത്തിനോടു ചോദ്യങ്ങൾ ചോദിക്കുന്നതിനു വിരോധമില്ല. ഭിന്നാഭിപ്രായക്കാരായ മെംബറന്മാരെ ക്രാസ് ചെയ്യാൻ ഒരുമ്പെടുകയാണെങ്കിൽ സമയം മുഴുവൻ വൃഥാ വ്യയംചെയ്യേണ്ടിവരുകയാണു.

മി. കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മററു ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചും വിദേശീയരുടെ നിയമനം നാമിലക്ഷണീയമാണെന്നു മിസ്റ്റർ ജോസഫ് വാദിക്കുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ ഞാൻ പിൻതാങ്ങുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: നിങ്ങൾക്കു ഇനി ഒരു മിനിട്ടുകൂടിയുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): വിദേശീയരെ നിയമിക്കുന്ന കാര്യത്തിൽ, ചില പ്രത്യേക ആളുകളെ സംബന്ധിച്ചിടത്തോളം, ഞാൻ വലിയ ദോഷമൊന്നും കാണുന്നില്ല. വിദേശീയരെ നിയമിക്കണം എന്നു ഞാൻ പറയുന്നില്ല. ഈ കൗൺസിലിലെ നടപടികളെ ഒരാൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന പക്ഷം, വിദേശികളാണ് കുറേകൂടി ഭേദമായിട്ടുള്ളതെന്നു അദ്ദേഹത്തിനു തോന്നിപ്പോകാനിടയുണ്ടെന്നാണ്, മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ചോദ്യത്തെ സംബന്ധിച്ചു എനിക്കു പറയാനുള്ളതു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): മെഡിക്കൽ ഡിപ്പാർട്ടുമെൻറു വളരെ പ്രാധാന്യമുള്ള ഒന്നാണെന്നു മിസ്സിസ് ലൂക്കോസ് പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. മനുഷ്യരുടെ പ്രാണസംരക്ഷണം ചെയ്യുക എന്നുള്ള ജോലിയാണ് അതു നിർവഹിക്കുന്നതു. അതിനാൽ നിശ്ചയമായും അതു വളരെ പ്രാധാന്യമുള്ള ഒരു ഡിപ്പാർട്ടുമെൻറാണ്. എന്നാൽ ഈ അവസരത്തിൽ പരിഗണിക്കേണ്ടതു, ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണനിർവഹണം വളരെ പ്രയാസമേറിയ ഒന്നാണോ എന്നുള്ളതാണ്. അതു അത്ര വളരെ പ്രയാസമേറിയ ഒന്നല്ല എന്നാണ് ഞാൻ വിചാരിക്കുന്നതു. മനുഷ്യരുടെ ദുഃഖശാന്തിവരുത്തുന്ന ഒരു കാര്യത്തിലാണ് മെഡിക്കൽ ഡിപ്പാർട്ടുമെൻറു ഏർപ്പെട്ടിരിക്കുന്നതെന്നുള്ളതു നിർവിവാദംതന്നെ. വൈദ്യന്മാരുടെ ചികിത്സനടത്തുന്ന കാര്യത്തിലാണ്. ഡാക്ടർമാരുടെ കൃത്യമാണ് പ്രയാസമേറിയതു. രോഗനിർണ്ണയം ചെയ്യുക, അതിൻെറ ശമനത്തിനു ശരിയായ മരുന്നുകൊടുക്കുക, ആദിയായി പലതും ഡാക്ടർമാർ ചെയ്യേണ്ടതായിട്ടുണ്ടു. രോഗശമനം ഡാക്ടർമാരുടെ ചികിത്സയും എല്ലാം പ്രയാസമുള്ളവതന്നെ. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണനയം രൂപീകരിക്കുക എന്നുള്ളതു വളരെ എളുപ്പമായ ഒരു സംഗതിയാണെന്നാണ് എനിക്കു തോന്നുന്നതു. ഈ മെഡിക്കൽബോർഡിൻെറ രൂപീകരണകാര്യത്തിൽ ഗവണ്മെൻറു വേണ്ടവിധത്തിലല്ല പ്രവർത്തിച്ചിട്ടുള്ളതു എന്നാണ് എൻെറ അഭിപ്രായം. അഡ്മിനിസ്ട്രേറിവ് ബോർഡുകൾ സ്ഥാപിക്കണമെന്നു ഗവണ്മെൻറിനു അഭിപ്രായം ഉണ്ടായിരുന്നെങ്കിൽ ജനറൽ അഡ്മിനിസ്ട്രേഷൻെറ കാര്യത്തിലായിരുന്നു ആദ്യമായി ആരംഭിക്കേണ്ടിയിരുന്നതു, അവിടെ വളരെ കുഴപ്പങ്ങൾ ഉണ്ടെന്നുള്ളതു നിശ്ചയംതന്നെ. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണകാര്യത്തിൽ യാതൊരു കുഴപ്പവും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഈ ഒരു ആക്ഷേപം മാത്രമെ എനിക്കു ഈ കാര്യത്തിൽ പറയാനുള്ളു. ഇപ്രകാരമൊക്കെയാണെങ്കിലും, ഡിപ്പാർട്ടുമെൻറുകളുടെ ഭരണനടപടികളിൽ അനുദ്യോഗസ്ഥന്മാരെക്കൂടി ഭാഗഭാക്കുകളാക്കുക എന്നുള്ള നയം വളരെ ശ്ലാഘനീയംതന്നെ. എനിക്കു പറയാനുള്ള ഏകആക്ഷേപം, ഞാൻ മുൻപു പറഞ്ഞതുപോലെ, ഗവണ്മെൻറു ഈ കാര്യത്തിൽ വിപരീതമായിട്ടാണ് പ്രവർത്തിച്ചുവരുന്നതു എന്നുള്ളതാകുന്നു. എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും ഭരണനടപടികളിൽ തങ്ങൾക്കു കൂടുതൽ അധികാരാവകാശങ്ങൾ നൽകണം എന്നു പൊതുജനങ്ങൾ ആവശ്യപ്പെട്ടിരിക്കവെ ഈ ഒരു കാര്യത്തിൽ മാത്രമാണ് ഗവണ്മെൻറു ആ അപേക്ഷയെ സ്വീകരിക്കുകയുണ്ടായതു. അതു തീരെ അഭിലഷണീയമല്ലാത്ത നിലയിലുമാണ്. ഡിപ്പാർട്ടുമെൻറുകളുടെ ഭരണനടപടികളിൽ തങ്ങളുടെ പ്രതിനിധികളെ ഭാഗഭാക്കുകളാക്കണം എന്നാണ് ജനങ്ങൾ ആവശ്യപ്പെട്ടതു. അല്ലാതെ ഗവണ്മെൻറു അവർക്കു ഇഷ്ടപ്പെട്ട ആരെയെങ്കിലും നിയമിക്കണമെന്നല്ല (മിസ്റ്റർ പി. കെ. നാരായണപിള്ള—ഹിയർ, ഹിയർ)

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികുളം): ജനങ്ങളുടെ പ്രതിനിധിയായി ഒരാളെ എങ്ങനെയാണു തിരഞ്ഞെടുക്കുക?

ഡെപ്യൂട്ടി പ്രസിഡൻറ്: ഈ കൌൺസിലിനുതന്നെ ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കാം.

മി. ജി. രാമൻമേനോൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഗവണ്മെൻറു നിശ്ചയിച്ചു ആ അനുദ്യോഗസ്ഥാംഗം ഒരു പൊതുജനപ്രതിനിധി ആയിരിക്കേണ്ടതായിരുന്നു. അല്ലാത്തപക്ഷം ജനസമ്മതനായ ഒരാൾ എങ്കിലും ആയിരിക്കേണ്ടതായിരുന്നു. ഒരു യൂറോപ്യനെ നിയമിക്കുന്നതിൽ എനിക്കു അശേഷം അപ്രീതിയില്ല. പൊതുജനങ്ങൾക്കു അതു സമ്മതമായിരിക്കണം എന്നുമാത്രമേയുള്ളു. പൊതുജനാഭിപ്രായത്തെ പ്രതിനിധീകരിക്കയും, പൊതുജനക്ഷേമത്തെ മുൻനിറുത്തി പ്രവർത്തിക്കുകയും ചെയ്യുമെന്നുണ്ടെങ്കിൽ, ചികിത്സാസമ്പ്രദായത്തിൽ യാതൊരു പരിചയവും ഇല്ലാത്തവരെപ്പോലും, ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണതന്ത്രനിർണ്ണയകാര്യത്തിൽ ഗവണ്മെൻറുമായി ഏകോപിച്ചു പ്രവർത്തിക്കുന്നതിനു, നിയമിക്കാവുന്നതാണെന്നാണ് എനിക്കു തോന്നുന്നതു.

നർസുകളുടെ വിവാഹകാര്യത്തെക്കുറിച്ചും രണ്ടുവാക്കു പറഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. (ചിരി) അണ്ടുകൊല്ലുകാലത്തേയ്ക്കു ആയമാർ അവിവാഹിതരായിരിക്കണം എന്നു പറയുകയുണ്ടായി. അവരുടെ വിവാഹം ഒരു കൊല്ലത്തേയ്ക്കു മോചകരമാണെന്നുണ്ടെങ്കിൽ പിന്നീടു അപ്രകാരം സംഭവിക്കാതിരിക്കുന്നതു എന്തുവിധത്തിലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. മിസ്റ്റർ നാരായണപിള്ള പറഞ്ഞതുപോലെ, മിക്കവാറും

രും രോഗികൾ അവരുടെ ശുശ്രൂഷയ്ക്കു ഒരുഗതിയിൽ പെരുമാറുന്ന കന്യകകളെക്കാൾ, ശാന്തസ്വഭാവികളും ശോകപരിചയം സിദ്ധിച്ചവരും വിവാഹിതരുമായ സ്ത്രീകളെയാണ് നർസുകളായിരിക്കാൻ ഇഷ്ടപ്പെടുന്നതെന്നാണ് എനിക്കു തോന്നാറുള്ളതു. (ചിരി) പക്ഷേ അതിനെ സംബന്ധിച്ചു ഡാക്ടർമാർ വിധിയിരിക്കാം കൂടുതലായി അറിയാവുന്നതു, ആദ്യത്തെ അഞ്ചു കൊല്ലകാലത്തേക്കു വിവാഹം ദോഷകരമായിട്ടുള്ളതാണെങ്കിൽ പിന്നീടു അതു അപ്രകാരമല്ലാതാകുന്നതു എങ്ങനെയെന്നു ഞാൻ അറിയുന്നില്ല. അതിൽ യാതൊരു യുക്തിയും ഇല്ല. ഈ ചട്ടം ഭേദപ്പെടുത്തേണ്ടതാണെന്നുള്ള കാര്യത്തിൽ ഞാൻ മിസ്റ്റർ പി. കെ. നാരായണപിള്ളയോടു യോജിക്കുന്നു. ഈ നർസുകൾ അവരുടെ കൃത്യനിർവഹണത്തിൽ ശ്രദ്ധയുള്ളവരാണിരിക്കണമെന്നുള്ളതു പരമപ്രധാനം തന്നെ. വിവാഹം അതിനു പ്രതിബന്ധമായിവരുന്ന അവസ്ഥകളിൽ അപ്രകാരമുള്ള നർസുകൾ പിരിച്ചയക്കാവുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ഗവൺമെന്റിന്റെ സന്ദർശനങ്ങളിലെല്ലാം ചിലവു ചുരുക്കുന്നതിനുവേണ്ടി നാം യഥാശക്തി ചെയ്തുവരികയായിരുന്നല്ലോ. ചിലവു കുറയ്ക്കുന്നതിനു പകരം ഗവൺമെന്റു ഇതാ അഡ്മിനിസ്ട്രേറ്റീവ് ബോർഡു സ്ഥാപിച്ചു പ്രത്യേകമായി ചിലവു വർദ്ധിപ്പിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ഒരു ബോർഡു സ്ഥാപിക്കേണ്ടതിന്റെ ആവശ്യം എന്തെന്നു ഗവൺമെന്റിനു ഇതുവരെ കാണിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഡിപ്പാർട്ടുമെന്റിന്റെ ചുമതലവഹിക്കുന്ന മെംബർ പ്രമേയപ്രസംഗത്തിനോടു മറുപടി പറഞ്ഞ സന്ദർഭത്തിൽ, മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തിനു നൽകിയ മറുപടിയേയും ദിവാൻജിഅവർകളുടെ മുഖപ്രസംഗത്തേയും കാര്യമായി ചൂണ്ടിക്കാണിക്കുകയുണ്ടായതായി കാണുന്നു. ഈ കടലാസുകൾ ഞങ്ങൾക്കു ലഭിച്ചിട്ടില്ല. തൽഫലം അവയിൽ പറഞ്ഞിരിക്കുന്ന സംഗതികളെക്കുറിച്ചു ഞങ്ങൾക്കു ഒന്നുംതന്നെ പറയാൻ നിവൃത്തിയില്ലാതിരിക്കുന്നു. എങ്കിലും, ഇപ്രകാരമുള്ള ഒരു ബോർഡു സ്ഥാപിക്കേണ്ട ആവശ്യം എന്താണെന്നു ഗവൺമെന്റിനു ഇതുവരെയും കാണിക്കാൻ കഴിഞ്ഞിട്ടില്ലെന്നു പറയാമെന്നാണു എനിക്കു തോന്നുന്നതു.

സർ, യഥാർത്ഥ പരാതിക്കും അവസരം കൊടുക്കാതെ ഒന്നാന്തരമായ ഒരു ഡിപ്പാർട്ടുമെന്റാണ് ഇതു. ഈ ഡിപ്പാർട്ടുമെന്റിന്റെ ചുമതലവഹിക്കുന്ന മെംബർ ഡർബാർഹിസിസ്റ്റുകൾആയി നിയമിതരായപ്പോൾ ജനങ്ങൾ ആഹ്ലാദഭരിതരായിട്ടാണ് അവരെ സ്വീകരിക്കുകയുണ്ടായതു. (ഹിയർ, ഹിയർ) യാതൊരു സ്വകാര്യപക്ഷവും ഉദ്ദേശിച്ചല്ല ഞാൻ ഇതു പറയുന്നതു. രാജ്യഭ്രോഹസ്സിനെമാത്രം ലാക്കാക്കിയാണ് ഞാൻ ഇപ്പോൾ സംസാരിക്കുന്നതു. ഒരാൾക്കു ചെയ്യാൻ കഴിയുകയുണ്ടെങ്കിൽ കാര്യം ഒരാൾ ചെയ്തുതന്നെവേണം ചെയ്യിക്കുവാൻ. അതായിരിക്കണം നമ്മുടെ മുദ്രാവാക്യം. ഇപ്രകാരമുള്ള ഒരു ബോർഡ് സ്ഥാപിച്ചതിൽ ഗവൺമെന്റിനുള്ള പ്രത്യേകഉദ്ദേശം എന്താണെന്നു ഇതുവരെ സ്പഷ്ടമായിട്ടില്ല. ബോർഡിലെ അനുദ്യോഗസ്ഥാംഗം തിരുവിതാംകൂറുകാരനോ വിദേശിയോ എന്നുള്ളതിനെ ഞാൻ വലുതായി ഗണിക്കുന്നില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ ശിവതാണുപിള്ള പറഞ്ഞതുപോലെ, ആ മെംബറിനു ജനസാമാന്യത്തിനോടു ഉത്തരവാദിത്വം ഇല്ലാതിരിക്കുന്നിടത്തോളംകാലം അദ്ദേഹത്തിനെ ഒരു അനുദ്യോഗസ്ഥാംഗമായി പരിഗണിക്കാൻ പാടില്ല എന്നുമാത്രമെ ഞാൻ പറയുന്നുള്ളു. അദ്ദേഹത്തിനേയും ഒരുദ്യോഗസ്ഥന്റെ നിലയിൽ പരിഗണിക്കേണ്ടിയിരിക്കുന്നു. ബോർഡിലെ കൃത്യങ്ങൾക്കു പുറമെ, മററു പല ചുമതലകളും ഇദ്ദേഹത്തിനു ഒരനുദ്യോഗസ്ഥന്റെ നിയമനത്തിനു കാരണഭൂതമായ ഗവൺമെന്റിന്റെ നയത്തെ ഞാൻ കഠിനമായി ആക്ഷേപിക്കുന്നു. ബോർഡിലെ ഒരു എക്സിക്യൂട്ടീവ് ആഫീസർ എന്ന നിലയിലുള്ള ചുമതലകളും അദ്ദേഹത്തിന്റെ മററു ചുമതലകളും തമ്മിൽ യോജിക്കാതെ വന്നേയ്ക്കാം. അതിനുള്ള കാരണം എന്റെ വന്ദ്യഗുരുവായ മിസ്റ്റർ പി. കെ. നാരായണപിള്ള ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു. അതിനാൽ ഞാൻ അതിനെപ്പററി സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. ഒരു ആഭ്യന്തരമാന്യക്കാരനെ നിയമിക്കുന്ന കാര്യത്തിലും ഞാൻ ആക്ഷേപം പുറപ്പെടുവിക്കും. എന്തെന്നാൽ ബോർഡിലെ അംഗമായി നിയമിക്കപ്പെടുന്ന അനുദ്യോഗസ്ഥനു അതിനേക്കാൾ കൂടുതൽ ശ്രേഷ്ഠതയുള്ള മറെറാരു ചുമതലകൾ ഉണ്ടായിരിക്കാൻ പാടില്ല. അദ്ദേഹത്തിന്റെ അഭിലാഷം രാജ്യഭ്രോഹസ്സ് എന്ന ഒന്നുമാത്രമായിരിക്കണം. ഇതുകൊണ്ടാണു നാട്ടിന്റെ നന്മയെ മുൻനിറുത്തി പ്രവർത്തിക്കുമെന്നുണ്ടെങ്കിൽ ഒരു വിദേശിയെപ്പോലും നിയമിക്കുന്നതിൽ എനിക്കു വിരോധമില്ലെന്നു മുൻപു ഞാൻ പറഞ്ഞതു. ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി തീവ്രപ്രയത്നം ചെയ്യുന്ന വിദേശിയരായ ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഇവിടെയുണ്ടു. രാജ്യഭ്രോഹസ്സിനെ പുരസ്കരിച്ചു പ്രവർത്തിക്കുമെന്നുണ്ടെങ്കിൽ, വിദേശിയരെ നിർവിശങ്കം നിയമിക്കാമെന്നുള്ളതിലേക്കു അവിപ്രത്യക്ഷ ഉദാഹരണങ്ങളുണ്ട്. എന്നാൽ, മററു ചുമതലകൾ ഉണ്ടായിരുന്നാൽ ഒരനുദ്യോഗസ്ഥനു രാജ്യാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കാൻ സാധിക്കാത്ത വരുകയുണ്ടെന്നുള്ളതിലേക്കു ഒരു ദൃഷ്ടാന്തം ഇതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): അദ്ദേഹത്തിനുള്ള മറെറ ചുമതലകൾ എന്തെല്ലാമാണെന്നു പറയുമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു മിഷനറി എന്ന നിലയിൽ അദ്ദേഹത്തിനുള്ള ചുമതലകളെ സൂചിപ്പിച്ചാണു ഞാൻ പറയുന്നതു.

ഇനി, ഈ ഡിപ്പാർട്ടുമെന്റിൽ ഹിന്ദുക്കൾക്കും കത്തോലിക്കർക്കും വേണ്ടവിധത്തിലുള്ള പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നുള്ളതിനെസംബന്ധിച്ചു പറയേണ്ടിയിരിക്കുന്നു. വർഗ്ഗീയപ്രാതിനിധ്യം അഭിലഷണീയമെന്നു എനിക്കു അശേഷം അഭിപ്രായമില്ല. എന്നാൽ ആയതു അത്യാവശ്യമാണെന്നു മററു മെംബർമാർ നിർബന്ധമായി പറയുന്ന സ്ഥിതിക്കു, എന്റെ സമുദായത്തിലെ ഒരംഗമെന്നനിലയിലും ഞാൻ ആചരിച്ചുപോരുന്ന ആ പുരാതനമതത്തിൽ ഉറപ്പെട്ട ഒരാൾ എന്ന നിലയിലും, എന്റെ സമുദായത്തിന്റേയും എന്റെ മതത്തിന്റേയും അവകാശങ്ങളെ സുരക്ഷിതമാക്കണമെന്നു ഞാനും ആഗ്രഹിക്കുന്നു. കത്തോലിക്കരുടെകാര്യത്തിലും എനിക്കു അനുകമ്പയുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാടു): ജാക്കോബാക്കാരെസംബന്ധിച്ചു എന്തുപറയുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവർക്കു ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നുണ്ടെങ്കിൽ ഞാൻ അവരോടും അനുകമ്പയുള്ളവൻതന്നെ. അവർക്കു പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ ഇല്ലയോ എന്നു എനിക്കറിവില്ല.

അതിനാൽ, ഡിപ്പാർട്ടുമെന്റിൽ മേധാവി നിയമനങ്ങൾ നടത്തുമ്പോൾ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ ചെന്ന വാളണ്ടിയർമാരുടെ അവകാശത്തെ കൂടുതലായി പരിഗണിക്കണമെന്നു ഞാൻ ആ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിക്കുന്ന മെമ്പറിനോടും ഗവണ്മെന്റിനോടും അപേക്ഷിക്കുന്നു.

നർസുകളെസംബന്ധിച്ചു എനിക്കു ഈ അവസരത്തിൽ ഒന്നും പറയുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു. ഔദ്യോഗികമെമ്പർ സംസാരിച്ചതു കേട്ടപ്പോൾ അവർ പറഞ്ഞ ന്യായങ്ങളെല്ലാം വളരെ വളരെ യുക്തിക്കുമായി തോന്നി. എന്നാൽ മി. പി. കെ. നാരായണപിള്ള സംസാരിച്ചതുകേട്ടപ്പോൾ എന്റെ മനസ്സു ആകെ വട്ടത്തിൽ ഒന്നു ചുഴറുകയും, പിന്നീടു ഇപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായത്തോടുതന്നെ കൂടുതലായി യോജിക്കുകയും ചെയ്തിരിക്കുന്നു. സർ, എങ്ങനെയായാലും ഈ ചട്ടത്തിനു ചില ഭേദഗതികൾ വരുത്തണം. അഞ്ചു കൊല്ലത്തെ ജോലികഴിയുമ്പോൾ ഈ പത്തിനാലോ ഈ പത്തിനഞ്ചോ വയസ്സാകുമെന്നുള്ളതിനാൽ പിന്നീടു അവർക്കു തൊഴിലുകാരെ ലഭിക്കുകയെന്നുള്ളതു പ്രയാസമാണ്. (ചിരി) ആ ചട്ടത്തിന്റെ കാഠിന്യം കുറെ കുറയ്ക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു ആവശ്യപ്പെടുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേലുകാവു): ഡിപ്പാർട്ടുമെന്റു മേധാവികളുടെ വർഗ്ഗീയപക്ഷപാതത്തെ സംബന്ധിച്ചു ഇത്രവളരെ പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, ഡിപ്പാർട്ടുമെന്റിന്റെ ഭരണകാര്യങ്ങളും അതിലെ നിയമനകാര്യങ്ങളും ഒരു ഓരാളുടെ അധികാരത്തിൽ ആക്കുന്നതിനേക്കാൾ നല്ലതു ഒരു ബോർഡിന്റെ അധികാരത്തിൻ കീഴിലാക്കുന്നതല്ലേ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡിപ്പാർട്ടുമെന്റു മേധാവികൾ വർഗ്ഗീയപക്ഷപാതം കാണിക്കുന്നു എന്നു എനിക്കു അഭിപ്രായമായിട്ടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേലുകാവു): എന്റെ ചോദ്യം ഡിപ്പാർട്ടുമെന്റു മേധാവികൾ വർഗ്ഗീയപക്ഷപാതം കാണിക്കുന്നു എന്നുള്ള പരാതിയെസംബന്ധിച്ചാണു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വർഗ്ഗീയപക്ഷപാതത്തെ സംബന്ധിച്ചു യാതൊരു പരാതിയും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. വേണ്ടവിധത്തിലുള്ള വർഗ്ഗീയ പ്രാതിനിധ്യം ലഭിക്കുന്നതിലേക്കായിട്ടാണു വഴക്കുള്ളതു.

ഡെപ്യൂട്ടി പ്രസിഡന്റു: വർഗ്ഗീയപക്ഷപാതത്തെസംബന്ധിച്ചു യാതൊരു പരാതിയും ഉണ്ടായിരുന്നില്ല എന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തെ നിങ്ങളോടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അദ്ദേഹം പറയുന്നതിനെ നിങ്ങൾ വിശ്വസിക്കേണ്ടിയിരിക്കുന്നു. അതിനെ നിവൃത്തിയുള്ളു. നിങ്ങൾക്കു അദ്ദേഹത്തിനെ നിങ്ങളുടെ അഭിപ്രായഗതിയിലേക്കു പരിവർത്തനംചെയ്യാൻ സാധിക്കുകയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേലുകാവു): തത്വപരമായി നോക്കുന്നെങ്കിൽ, ഒരു ബോർഡല്ലേ ഒരു വ്യക്തിയെക്കാൾ അഭിലഷണീയമായിട്ടുള്ളതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അധികചിലവു വന്നുകൂടുമെന്നുള്ളതിനാലാണു ഒരു ബോർഡു സ്ഥാപിക്കുന്നതിൽ ഞാൻ വിപരീതാഭിപ്രായം പുറപ്പെടുവിക്കുന്നതു. തത്വപരമായി വീക്ഷിക്കുന്നെങ്കിൽ അധികച്ചിലവു അനുവദിക്കാവുന്നതല്ല. അതിനാൽ തത്വത്തെ ആസ്പദമാക്കി ഞാൻ ബോർഡിന്റെ രൂപീകരണത്തെ ആക്ഷേപിക്കുന്നു. ഇതു ഞാൻ മുൻപുതന്നെ വിശദമായി പറഞ്ഞുകഴിഞ്ഞു.

ഡെപ്യൂട്ടി പ്രസിഡന്റു: മി. ജോസഫ്, നിങ്ങൾ അദ്ദേഹത്തിനോടു ചോദ്യങ്ങൾ ചോദിക്കുന്നതുകൊണ്ടു എന്തുപ്രയോജനമാണുള്ളതു. ചിലവു വർദ്ധിക്കാനിടയുണ്ടെന്നും അതിനാൽ ഈ കാര്യത്തിൽ അദ്ദേഹം വിപരീതപക്ഷക്കാരനാണെന്നും നിങ്ങളോടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. യാതൊരു വിവരവും ഗ്രഹിക്കുന്നതിനുവേണ്ടിയാണെന്നു തോന്നുന്നില്ല നിങ്ങൾ ഇപ്പോൾ അദ്ദേഹത്തിനോടു ചോദ്യങ്ങൾ ചോദിക്കുന്നതു. ചിലവിന്റെ വർദ്ധനയെസംബന്ധിച്ചുള്ള വിവരങ്ങൾ പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ അഡ്മിനിസ്ട്രേട്ടീവ് ബോർഡിന്റെ രൂപീകരണത്തെ ന്യായീകരിക്കുന്നതിനുവേണ്ടി രണ്ടു വാക്കു സംസാരിക്കാൽകൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ പ്രജാസഭയിൽ ദിവാൻജി അവർകൾ ചെയ്ത മുഖപ്രസംഗത്തിൽ ഈ ബോർഡിന്റെ രൂപീകരണത്തിൽ ഗവണ്മെന്റിനുണ്ടായിരുന്ന ഉദ്ദേശം എന്താണെന്നു അദ്ദേഹം വിശദമായി പറഞ്ഞിട്ടുണ്ടു. അതിനുള്ള കാരണങ്ങൾ ഇന്നിന്നവയെന്നു മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തിനു നൽകിയ മറുപടിയിലും പ്രത്യേകം പറഞ്ഞിട്ടുണ്ടു. ദിവാൻജി അവർകളുടെ മുഖപ്രസംഗമാകട്ടെ, മി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തിനു കൊടുത്ത മറുമടിയാകട്ടെ, കൈവശം കിട്ടിയിട്ടില്ലാത്തതിനാൽ അദ്ദേഹത്തിനു അതേസംബന്ധിച്ചു ഒന്നും പറയാൻ നിവൃത്തിയില്ലാതിരിക്കുന്നു എന്നു മി. ശിവരാമപ്പണിക്കർ പറയുകയുണ്ടായി. യഥാർത്ഥത്തിൽ അതു ഈ സഭയിലെ അംഗങ്ങളുടെ ഇടയിൽവിതരണം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മി. ശിവരാമപ്പണിക്കർക്കു അതു ഇനിയും ലഭിച്ചിട്ടില്ലെങ്കിൽ ആ കാര്യത്തിൽ ഗവണ്മെന്റല്ലാ കുറ്റക്കാർ. സർ, ഡർബാർഹിസിക്ക്രന്റെ സക്കീട്ടു പരിശോധനകൾ തീരെ പര്യാപ്തമാകുന്നില്ലെന്നു അഭിക്കടി ഈ സഭയിൽ പരാതികൾ ഉണ്ടായിട്ടുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡർബാർഹിസിക്ക്രന്റെ പരിശോധനകൾ തീരെ പര്യാപ്തമാകുന്നില്ലെന്നു ഗവണ്മെന്റു എപ്പോഴെങ്കിലും സമ്മതിച്ചിട്ടുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): പരാതികൾ ഉണ്ടായതെന്നു എന്നുമാത്രമെ ഞാൻ പറയുകയുണ്ടായുള്ളു. കൂടെ ഉണ്ടായിരുന്ന സ്റ്റാറ്റിസ്റ്റിക്സിൽനിന്നു ഡർബാർഹിസിക്ക്രന്റെ സക്കീട്ടു ജോലി തൃപ്തികരമല്ലെന്നു ഒരുപക്ഷെ കാണുകയായിരിക്കാം. ഗവണ്മെന്റു അതു സ്വീകരിച്ചോ ഇല്ലയോ എന്നു ഇപ്പോൾ എനിക്കു നിശ്ചയമില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ആരാണു പരാതിപറഞ്ഞതെന്നറിയിക്കാമൊ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു ഞാൻ മുൻപുതന്നെ പറഞ്ഞുകഴിഞ്ഞല്ലോ. ഈ സഭയിൽതന്നെയാണു പരാതികൾ ഉണ്ടായിട്ടുള്ളതു.

സർ, പണ്ടത്തെ ഡർബാർഹിസിക്ക്രന്റെ രണ്ടുജോലികളാണു ഉണ്ടായിരുന്നതു. രാജകുടുംബത്തിലെ അംഗങ്ങളുടെ കാര്യത്തിൽ ഇടപെടുന്നതിനു പലപ്പോഴും അദ്ദേഹം തിരുവനന്തപുരത്തുതന്നെ ഉണ്ടായിരിക്കേണ്ടിയിരുന്നു. ഡിപ്പാർട്ടുമെന്റു ഭരിക്കുന്ന ചുമതലകളിൽ അദ്ദേഹത്തിൽ ലയിച്ചിരുന്നു. ഇതിലേക്കു കഴിയുന്നത്ര സ

ക്കീഴ്ച്ച പോകേണ്ടതായിട്ടും ഉണ്ടായിരുന്നു. ഈ രണ്ടുകാര്യങ്ങളും കൂടി നിർവ്വഹിക്കുന്നതിനു ഒരാൾ മതിയാകയില്ല്യ ന്നു വന്നു, പരിശോധനകാര്യങ്ങൾ മോശമായ നിലയിലായിട്ടുകൂടി. ഇതാണു ആശുപത്രികൾ പരിശോധിക്കുന്നതിനുവേണ്ടി ഒരു ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസറെ പ്രത്യേകം നിയമിക്കുന്നതിനുള്ള കാരണം. ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസറെ നിയമിച്ചതു മുതൽ പരിശോധനജോലി ഗുണ്യമായതരത്തിൽ വർദ്ധിച്ചിട്ടുണ്ടെന്നു ഞാൻ സന്തോഷം പ്രസ്താവിക്കുന്നു. അതിനാൽ ഇപ്പോഴത്തെ ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ പരിശോധനകൾക്കുപുറമെ ആശുപത്രികളുടെ ഭരണകാര്യത്തിൽ ചെയ്തുവരുന്ന നിയന്ത്രണം പണ്ടത്തെ ഡർബാർഫിസിഷ്യൻ ചെയ്തുകൊണ്ടിരുന്ന നിയന്ത്രണത്തേക്കാൾ എത്രയോ കൂടുതൽആണെന്നുള്ള വസ്തുത ഇതിൽ നിന്നു സ്പഷ്ടമാകുന്നു. ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസറുടെ നിയമത്തിനുള്ള ഒരന്യായംഇതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): സക്കീട്ടജോലിയിലുണ്ടായിരുന്ന പോരായ്മകൾ പരിഹരിക്കുന്നതിനു മെഡിക്കൽബോർഡിന്റെ രൂപീകരണത്തിനു കാരണമായിട്ടുള്ളതല്ലേ?

മി. കെ. ജോർജ് (ഗവർണ്ണമെന്റ്ചീഫ്സെക്രട്ടറി). ബോർഡിന്റെ രൂപീകരണത്തിനു ഗവർണ്ണമെന്റിനെ പ്രേരിപ്പിച്ച കാരണങ്ങളിൽ ഒന്നുതന്നെയാണ് എന്നുമാത്രമെ ഞാൻ പറഞ്ഞുള്ളൂ.

മി. എം. ശിവതാണുപിള്ള (തോവാള): സക്കീട്ടജോലിയുമായി സംബന്ധിച്ചുള്ള പരാതിക്കു കഴിഞ്ഞവർഷത്തിൽ ഡർബാർഫിസിഷ്യൻ നൽകിയ മറുപടി ഈ സമ്പ്രദായം ഏറ്റവും തൃപ്തികരമായി തോന്നിയിട്ടുണ്ടെന്നുള്ളതു് മെമ്പറിയറിയാമോ?

ഡെപ്യൂട്ടിപ്രസിഡന്റ്: മിസ്റ്റർ ശിവതാണുപിള്ളേ, ഡർബാർഫിസിഷ്യൻ കഴിഞ്ഞകൊല്ലത്തിൽ പറഞ്ഞതുമറുപടി ഈ സമ്പ്രദായം തൃപ്തികരമായി തോന്നിയോ ഇല്ലയോ എന്നുള്ളതു നിങ്ങൾക്കു എങ്ങനെതീരുമാനിക്കാൻ സാധിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): പ്രമേയത്തിന്റെ ഭാഷാപ്രയോഗത്തിൽനിന്നും അതു തീരുമാനിക്കാമല്ലോ.

മി. എൻ. കുമാരൻ (നിയമനം): സക്കീട്ടകാര്യത്തിൽ കഴിയുന്നത്രയും ചെയ്യുന്നുണ്ടെന്നു ഡർബാർഫിസിഷ്യൻ കഴിഞ്ഞകൊല്ലത്തിൽ പറയുകയുണ്ടായിട്ടില്ലേ?

മി. കെ. ജോർജ് (ഗവർണ്ണമെന്റ്ചീഫ്സെക്രട്ടറി): ഡർബാർഫിസിഷ്യൻ ഇൻപുചെയ്തിരിക്കാവുന്ന വാദ്യത്തത്തിൽ എനിക്കഭിപ്രായമൊന്നുംഇല്ല, ഡർബാർഫിസിഷ്യൻ സാല്യുമായിരുന്നിടത്തോളം സക്കീട്ടജോലിചെയ്തു, എന്നാൽ രാജകുടുംബത്തിലെ അംഗങ്ങളുടെ ആരോഗ്യസംബന്ധമായ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ആശുപത്രികളുടെ പരിശോധനകാര്യങ്ങൾ നിർവ്വഹിക്കുകയും രണ്ടുംകൂടി ആശാസ്യമായനിലയിൽ നടത്തുന്നതിനു സാധിച്ചിട്ടില്ല. അതാണുഞാൻ പറയുന്നകാര്യം.

മി. എം. ശിവതാണുപിള്ള (തോവാള): സക്കീട്ടജോലിയിലുള്ള പോരായ്മ പരിഹരിക്കുന്നതിനു ഇപ്പോൾ സൃഷ്ടിച്ചിട്ടുള്ള ബോർഡിനുപകരം ഒരു ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസറെ പ്രത്യേകം അതിനുവേണ്ടിയായി മാത്രം നിയമിച്ചിരുന്നാൽ പോരായിരുന്നോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റ്ചീഫ്സെക്രട്ടറി): ബോർഡിന്റെ രൂപീകരണത്തിനുള്ള മറ്റുകാരണങ്ങളെ സംബന്ധിച്ചുഞാൻ പറയാൻപോകുന്നതേയുള്ളൂ.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം). രാജകുടുംബത്തിലെ ചികിത്സകാര്യങ്ങൾ ഇപ്പോൾ ആരാണുനോക്കിവരുന്നതു?

മി. കെ. ജോർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): ബോർഡിലെ ഒരുമെമ്പർ.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ബോർഡിലെ ഒരുമെമ്പർആണ് ഇപ്പോൾരാജകുടുംബത്തിലെ അംഗങ്ങളുടെ ആരോഗ്യസംരക്ഷണചുമതലവഹിക്കുന്നതു?

മി. കെ. ജോർജ് (ഗവർണ്ണമെന്റ്ചീഫ്സെക്രട്ടറി): സ്ത്രീകൾക്കുള്ള ആശുപത്രിയിലെ ചാർജ്വഹിക്കുന്ന സീനിയർ സർജ്ജൻ.

ബോർഡിന്റെ രൂപീകരണത്തിനു ഗവർണ്ണമെന്റിനെ പ്രേരിപ്പിച്ച മറ്റൊരുകാര്യംകൂടി ദിവാൻജിക്കുവർക്കുടെ മുഖ്യസംഗതിയെ വിശദമാക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരമാണു അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതു.

"ഇതിനുപുറമെ, സ്ത്രീകളുടേയും കുട്ടികളുടേയും ചികിത്സക്കുവേണ്ടി ചെയ്തിട്ടുള്ള ഏർപ്പാടുകൾക്കെതിരായ പ്രചരണമോ രൂപീകരണമോ സിദ്ധിച്ചിട്ടില്ലെന്നുള്ള വസ്തുതയും മറച്ചുവയ്ക്കാവുന്നതല്ല"

അതിനാൽബോർഡിന്റെ രൂപീകരണകാര്യത്തിൽ ഗവർണ്ണമെന്റു ആദ്യമായിതന്നെ അതിലുന്നതപേർക്കും ഗുണമായി ഉണ്ടായിരിക്കണമെന്നും ഈവരിൽരണ്ടുപേർ ഉദ്യോഗസ്ഥന്മാരായിരിക്കണമെന്നും തീരുമാനിച്ചു. അവരിൽ ഒരാൾ രാജ്യത്തിൽ സഞ്ചരിച്ചു അവിടവിടെയുള്ള ആശുപത്രികളെ പരിശോധിക്കണമെന്നും മറ്റൊരാൾ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രിയിലെ ചാർജ്മാത്രം വഹിക്കണമെന്നും നിശ്ചയിക്കപ്പെട്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ഉദ്യോഗസ്ഥന്റെ പരിശോധനജോലി തൃപ്തികരമായിട്ടുള്ളതാണോ അല്ലയോ എന്നുള്ളതു തീരുമാനിക്കുന്നതാരാണു? ബോർഡോ ഗവർണ്ണമെന്റോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റ്ചീഫ്സെക്രട്ടറി): ഇൻസ്പെക്ടിംഗ് ആഫീസർ അദ്ദേഹം ചെയ്യുന്നജോലിയെസംബന്ധിച്ചുള്ള ഒരുറിപ്പോർട്ടു തയ്യാറാക്കി ബോർഡിനയക്കും. അതിനുശേഷം ആ റിപ്പോർട്ടു ഗവർണ്ണമെന്റിലേക്കയക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ കാര്യത്തിൽ ബോർഡിനുവല്ല അഭിപ്രായവും പ്രകടിപ്പിക്കാമോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): റിപ്പോർട്ടു ബോർഡിലേക്കു അയക്കും. അതിലെന്തെങ്കിലുമുണ്ടായിട്ടു അതിന്മേലുള്ള അഭിപ്രായംപ്രകടിപ്പിക്കാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): പരിശോധനജോലി തൃപ്തികരമായില്ലെന്നുപറയുന്നതിനുള്ള അവകാശം ബോർഡിനുണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റ്ചീഫ്സെക്രട്ടറി): ബോർഡുഅപ്രകാരം ചെയ്യുന്നുണ്ടെന്നു എനിക്കതോന്നുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ബോർഡിനു അപ്രകാരംപറയാമോ?

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): ആ ചോദ്യത്തിന്റെ സന്ദർഭത്തിലോകളെ അപ്പോൾതന്നെ ചർച്ചചെയ്തിട്ടുള്ളതിയല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നുവരത്തക്കവിധത്തിൽ ചട്ടത്തിൽ യാതൊന്നുംഇല്ല.

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): ഇപ്പോൾത്തെ ഉദ്യോഗസ്ഥൻ സ്ത്രീകൾക്കും ശിശുക്കൾക്കുമായുള്ള ആശുപത്രിയിലെ ചാർജ്വഹിക്കുന്ന സർജ്ജൻആണ്. സ്ത്രീകൾക്കു പ്രത്യേകസ്ഥാപനം വേണമെന്നും അതിന്റെ മേധാവിയായി ഒരാളെ നിയമിക്കണമെന്നും ആയിരുന്നുദ്ദേശം. ഇതുണ്ടാകുമ്പോൾ, ഒരു അനുദ്യോഗസ്ഥൻകൂടി ആ ബോർഡിൽ ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നുള്ള ഒരുകാര്യം കൂടിഉണ്ടായിരുന്നു. ബോർഡിന്റെ രൂപീകരണത്തിനുശേഷം വിദഗ്ധാഭിപ്രായകാര്യത്തിൽ ഗവർണ്ണർക്കു അതിനിന്നു വളരെസഹായങ്ങൾ ചെയ്തിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (വർക്കലയിൻകീഴ്): വിദഗ്ധാഭിപ്രായം സംബന്ധിച്ചു ബോർഡിനു വല്ല കാര്യവുംഉണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): ഉണ്ട് അതിനുകാര്യമുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബോർഡിന്റെജോയിന്റ്ഡിപ്പാർട്ടുമെന്റിന്റെ പൊതുവെയുള്ള തീരുമാനം നിർണ്ണയിക്കണമെന്നുള്ളതല്ലേ?

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി), വിദഗ്ധാഭിപ്രായത്തെപ്പററി സംസാരിക്കുമ്പോൾ, അപ്രകാരമുള്ള അഭിപ്രായങ്ങൾ ചെയ്തിരുന്നാൽ അതുഗവർണ്ണർക്കു വളരെസഹായമായിരിക്കും എന്നുള്ളസംഗതിയാണ് ഞാൻസൂചിപ്പിക്കുന്നതു. സാനിട്ടറികമ്മീഷണർ ഒരുചെലവിഡസ്റ്റീം തയ്യാറാക്കി ഗവർണ്ണർക്കു അയക്കുന്നു എന്നുവിചാരിക്കുക. ആ സ്കീം യുക്തിപൂർവ്വമാണോഎന്നും അതുനടപ്പിൽ വരുത്തുന്നതു ഗുണകരമാണോഎന്നും മററുള്ള കാര്യങ്ങൾ ബോർഡിലേക്കു ഗവർണ്ണർഇപ്പോൾ ആലോചിച്ചുവരുന്നതു. വളരെ വിദഗ്ധനായ ഒരാളുടെ അഭിപ്രായത്തെക്കാൾ കൂടുതൽഗുണകരമായുള്ളതു വിദഗ്ധന്മാരായ പലർചേർന്നുപുറപ്പെടുവിക്കുന്ന അഭിപ്രായമാണ്. എന്നുള്ളതു എല്ലാവരും സമ്മതിക്കുന്ന ഒരുകാര്യമാണെന്നു എനിക്കുനിശ്ചയമുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): സാനിട്ടറികമ്മീഷണരുടെ സ്ഥാനം ബോർഡിന്റെകീഴിലാണോ?

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): അല്ല. അദ്ദേഹത്തിനു ബോർഡുമായി യാതൊരു സംബന്ധവുംഇല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): എന്നാൽപിന്നെഎങ്ങനെയാണുഅദ്ദേഹത്തിന്റെ സ്കീം ബോർഡിന്റെ പരിശോധനയ്ക്കു വിഷയമാക്കുന്നതു?

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): സാനിട്ടറികമ്മീഷണർ അദ്ദേഹത്തിന്റെ സ്കീം ഗവർണ്ണർക്കുനല്കും. ഗവർണ്ണർഅതിനെ ബോർഡിന്റെ അഭിപ്രായത്തിനായി അയച്ചുഎന്നുവരാം.

മി. എം. ശിവതാണുപിള്ള (തോവാള): വിദഗ്ധാഭിപ്രായം നൽകുന്നതിനു വല്ലപ്രത്യേകയോഗ്യതകളും ആ വകുപ്പുമന്ത്രിക്കോ എന്നറിഞ്ഞുകൊള്ളാം.

ഡെപ്യൂട്ടിപ്രസിഡന്റ്: അപ്രകാരമുള്ള ആറു ഒരുമെഡിക്കൽ ശാസ്ത്രജ്ഞൻ ആയിരിക്കണം.

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): ഇപ്പോൾത്തെഅനുദ്യോഗസ്ഥനെക്കാൾ ഒരുമെഡിക്കൽ ഡിഗ്രി ഉണ്ടെന്നാണ് ഞാൻവിശ്വസിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): സർ,—

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അതുഒരു ഇംഗ്ലീഷ്ഡിഗ്രിയാണോ?

ഡെപ്യൂട്ടിപ്രസിഡന്റ്: മിസ്റ്റർ മാധവൻപിള്ള, നിങ്ങൾമുമ്പുതെററിയാണ് സംസാരിക്കുന്നതു. മിസ്റ്റർ ശിവതാണുപിള്ള ഒരുചോദ്യംചോദിച്ചിട്ടുണ്ട്. അതിനുമറുപടിപറഞ്ഞുകഴിഞ്ഞിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ബോർഡിലെ ഈ അനുദ്യോഗസ്ഥാംഗം വിദഗ്ധാഭിപ്രായങ്ങൾ നൽകുന്നതിക്കയിലത്തിൽ യോഗ്യനാണോ എന്നുചീഫ്സെക്രട്ടറിയിൽനിന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): വ്യക്തികളെസംബന്ധിച്ചുള്ള കാര്യങ്ങളെകുറിച്ചു വാഗ്പ്രതിവാദം ചെയ്യണമെന്നു ഞാൻവിചാരിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹത്തിന്വല്ലസാങ്കേതികയോഗ്യതകളും ഉണ്ടോഎന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: ഒരുഉപക്ഷേപമുഖം നിങ്ങൾ ആ സംഗതിഗ്രഹിച്ചുകൊള്ളണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അതുഇംഗ്ലീഷ്ഡിഗ്രിയാണോ അതോഇൻഡ്യൻഡിഗ്രിയാണോ?

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): വ്യക്തിപരമായ കാര്യങ്ങളെകുറിച്ചു വാഗ്പ്രതിവാദം ചെയ്യണമെന്നു ഞാൻവിചാരിക്കുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): എങ്കിൽ ആളിന്റെപരീക്ഷാ യോഗ്യതയെസംബന്ധിച്ചു മെംബറിനുപറയാൻപാടില്ലേ? അദ്ദേഹത്തിന്റെ ബിരുദിന്റെ പേരുപറയാമല്ലോ, അതുമാത്രം പറഞ്ഞാൽമതി.

മി. കെ. ജോർജ് (ഗവർണ്ണർചീഫ്സെക്രട്ടറി): ഒരുപ്രത്യേകആളിനെസംബന്ധിച്ചുള്ള ഒരുകാര്യമാകകൊണ്ടു മറുപടി പറയാൻനിവൃത്തിയില്ലാത്തതിൽ ഞാൻവ്യസനിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഗവർണ്ണർ, ബോർഡിൽ ഒരനുദ്യോഗസ്ഥനെ കൂടിചേർത്തതിന്റെ ഉദ്ദേശം.

ഡെപ്യൂട്ടിപ്രസിഡന്റ്: മറുപടിപറയാൻ കഴിയുകയില്ലെന്നു അദ്ദേഹം പറയുന്നു.

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): ഞാൻ പറഞ്ഞതുപോലെ, ഭൂവിനിയോഗസംബന്ധമായും ഗ്രാമീണസംബന്ധമായും ഉള്ള കാര്യങ്ങളിൽ ബോർഡിന്റെ ഉപദേശം കൊണ്ടു ഗവർണ്ണറിന്നു വളരെ സഹായങ്ങൾ ഉണ്ടാകുന്നുണ്ട്.

മി. സി. പി. കൃഷ്ണപിള്ള (കൊല്ലം): ഈ ഉദ്യോഗസ്ഥൻ, അതായതു, ബോർഡിന്റെ ഉദ്യോഗസ്ഥരല്ലേ? ഈ ഉദ്യോഗത്തിന്നു ശമ്പളം കൊടുക്കുന്നതാരാണ്?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): ആരായിട്ടല്ല.

മി. പി. കെ. നാരായണപിള്ള (ആലപ്പുഴ): ഇപ്പോൾ ഗ്രാമീണസ്വയംഭരണം കിട്ടുന്നതെന്നു പറയണമെങ്കിൽ ഗവർണ്ണർക്കു ഈ കാര്യത്തിൽ മുൻപു സർവീസിലിരുന്ന ചില്ലറക്കിടാവും മറ്റു ഡിവിഷൻമാരുടെ പരിക്ഷിച്ചു നിശ്ചയിക്കണം, അപ്രകാരം ചെയ്തിട്ടുണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): ഒരു കമ്മിറ്റിയിൽ മെമ്പറന്മാരായ പഴയ്യുള്ള കാര്യങ്ങൾ ചോദിക്കുന്നതിനും പറയുന്നതിനും കസിനക്കുണ്ടായിരിക്കുമെന്നു എല്ലാവരും സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ വർ തമ്മിൽ രസമില്ലാതാകുന്നതിന്നു ഇടയില്ലല്ലോ. നേരെമറിച്ചു ബോർഡു ഇല്ലെന്നു വിചാരിക്കുക, ഒരു ഡിപ്പാർട്ടുമെന്റിന്റെ ചാർജ് വഹിക്കുന്ന ഒരാൾ ഉണ്ടെന്നിരിക്കട്ടെ. ആ ആളിന്നു അദ്ദേഹത്തിന്റെസ്കീം വേറൊരാളുടെ നിരൂപണത്തിന്നു സമർപ്പിക്കുന്നതു സാധാരണ ഇഷ്ടമായിരിക്കയില്ല. ഒരു കമ്മറ്റിയാണു അതിനെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ ചെയ്യുന്നതെങ്കിൽ പ്രപ്രകാരമുള്ള ദോഷങ്ങൾ നേരിടുകയില്ലെന്നാണു എനിക്കു തോന്നുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): സാനിട്ടറികമ്മിഷണുടെ സ്കീമിനെ സംബന്ധിച്ചു തീരുമാനം ചെയ്യുന്നകാര്യത്തിൽ ബോർഡുമായി ഗവർണ്ണർക്കു ആലോചിക്കാമെന്നു എന്നറിയിക്കുമോ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): അദ്ദേഹം റിക്കാർഡുകൾ ഗവർണ്ണറിലേക്കാണു അയക്കുന്നതു. ഏതെങ്കിലുംകാര്യത്തിൽ കൂടുതൽ അഭിപ്രായം ആവശ്യമുണ്ടെന്നുള്ളപക്ഷം അപ്രകാരമുള്ള കാര്യങ്ങളെസംബന്ധിച്ചു തീരുമാനംചെയ്യുന്നതിന്നുമുമ്പു അവർ ബോർഡിന്റെ അഭിപ്രായം ആരായുന്നതു ക്ഷണിക്കും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): അതായതു ഗവർണ്ണർക്കു അദ്ദേഹത്തിന്റെ സ്കീമിനെ ബോർഡിന്റെ നിരൂപണത്തിന്നയക്കാം അല്ലേ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): അതു എന്തുകൊണ്ടുപാടില്ല? പോരെങ്കിൽ അദ്ദേഹത്തിന്റെസ്കീമിനെസംബന്ധിച്ചു ഒന്നിൽപരം വിദഗ്ദ്ധന്മാരുടെ ഒരു ബോർഡിനോടാണു അഭിപ്രായം ചോദിക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): സാനിട്ടറികമ്മിഷണർ പബ്ലിക്ഹെൽത്തിനെസംബന്ധിച്ചു പ്രത്യേക തെളിവെടുപ്പു സമ്പാദിച്ചിട്ടുള്ള ആളല്ലേ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): അതെ.

കൃഷിമന്ത്രിവ്യവസായഡയറക്ടർ ഒരു സ്കീം ഗവർണ്ണറിലേക്കു അയക്കുന്നു എന്നു വിചാരിക്കുക. ഗവർണ്ണർക്കു അതിനെസംബന്ധിച്ചു ഏതാനും വിദഗ്ദ്ധന്മാർചേർന്ന ഒരു കമ്മറ്റിയുമായി ആലോചിക്കുന്നു എന്നിരിക്കട്ടെ. അപ്രകാരം ചെയ്യുന്നതിൽ കൃഷിഡയറക്ടർക്കു വലിയവിരോധം ഉണ്ടായിരിക്കയില്ല. എന്തെന്നാൽ ഒരു ഒറ്റയാൾഅല്ല ഏതാനും വിദഗ്ദ്ധന്മാരുടെ ഒരു കമ്മറ്റിയാണു ആ കാര്യത്തിൽ അഭിപ്രായം പുറപ്പെടുവിക്കുന്നതു. ഒരാളുടെമാത്രം അഭിപ്രായമാണു ക്ഷണിക്കുന്നതെങ്കിൽ അപ്പോൾ അദ്ദേഹത്തിന്നു രസക്ഷയമുണ്ടായേക്കാം. ഇവിടെ ഇപ്പോൾ ഈ അഡ്മിനിസ്ട്രേറ്റിവ്ബോർഡു ഏതാനും വിദഗ്ദ്ധന്മാർഉൾപ്പെട്ട ഒരു കമ്മറ്റിപോലെയാണ് എന്നുള്ളതുകൊണ്ടു വലിയവിരോധിക്കു വകയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): പബ്ലിക്ഹെൽത്തുമെഡിക്കൽകാര്യങ്ങളിൽ അതിന്നു വ്യത്യസ്തമായിട്ടല്ലേ ഗവർണ്ണർക്കു പരിഗണിക്കാനുള്ളതു?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): ഈ കാര്യത്തിൽ മററു വിദഗ്ദ്ധന്മാരുടെ അഭിപ്രായംകൂടി അറിയണമെന്നു ഗവർണ്ണർവിചാരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്ടു): ഡോക്ടർമാരുടെ കൈപ്പടയ്ക്കുള്ള കാര്യങ്ങളിൽ വ്യത്യാസമുള്ളതെന്തിനെന്നു ഞാൻ?

ഡെപ്യൂട്ടിപ്രസിഡന്റ്. നിങ്ങൾ പ്രധാനകാര്യത്തിൽനിന്നു വിട്ടുപോയ്സംസാരിക്കുന്നു?

മി. എം. ശിവതാണുപിള്ള (തോവാള): ബോർഡിന്റെ വിദഗ്ദ്ധാഭിപ്രായം ക്ഷണിക്കേണ്ട ഏതെങ്കിലും അവസരം ഗവർണ്ണർക്കുണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): ഉണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): അവ ഏതെല്ലാമെന്നു ഗവർണ്ണർക്കു ഒരുവായി പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണർക്കു ചീഫ്സെക്രട്ടറി): പ്രത്യേകഅവസരങ്ങൾ ഏതെല്ലാമെന്നു പറയാൻ ഞാൻതയ്യാറില്ല. ഒരവസരം മാത്രമെങ്കിലും ഉണ്ടായിട്ടുണ്ടു എന്നു ഞാൻ മെമ്പറിനോടു ഉറപ്പായിപറയുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്. അപ്രകാരം പറയുന്നതിനെ വേണമെങ്കിൽ സ്വീകരിച്ചുകൊള്ളണം.

മി. എം. ശിവതാണുപിള്ള (തോവാള): കഴിഞ്ഞമാസത്തിൽ ഒരു ഉപക്ഷേപത്തിന്നു കൊടുത്തമറുപടിയിൽ ഇല്ല എന്നുള്ളതാണു ഞാൻ കണ്ടതു.

ഡെപ്യൂട്ടിപ്രസിഡന്റ്. ചീഫ്സെക്രട്ടറി ഉറപ്പുപറയുന്നതിനെ വേണമെങ്കിൽ നിങ്ങൾ സ്വീകരിക്കണം

മി. എം. ശിവതാണുപിള്ള (തോവാള): വിവരം അറിയുന്നതിന്നുവേണ്ടിമാത്രമാണ് ഒരു ഉദാഹരണം കാണിക്കണമെന്നു ഞാൻ പറയുന്നതു.

ഡെപ്യൂട്ടിപ്രസിഡന്റ്. ഒരു ഉദാഹരണം ഉണ്ടെന്നു അദ്ദേഹം ഉറപ്പായിപറയുന്നു. അതിനപ്പുറം കടന്നുനോക്കുന്നതെന്തിനാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ആ ഉദാഹരണത്തെപ്പററി ചീഫ്സെക്രട്ടറിക്കു അറിവില്ലെന്നാണോ പറയുന്നതിന്നു അദ്ദേഹത്തിന്നു സമ്മതമില്ലെന്നാ ഇതിൽ ഏതാണ്

മി. കെ. ജോർജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി): ഒരു ഉദാഹരണം ഉണ്ടെന്നുപറയുന്നസ്ഥിതിക്ക് അതു പരമാർത്ഥമാണെന്നുവേണം വിചാരിക്കാൻ

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): മെംബർ ഇപ്രകാരം പറയുന്നതുകൊണ്ടു ഒരു കാര്യ്യ തെപ്പററി ഖണ്ഡിതമായി പറയുന്നതായാൽ അതു കണ്ണടച്ചു സ്വീകരിച്ചുകൊള്ളണം എന്നപറയുന്നതുപോലെ തോന്നുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്. രഹസ്യമായിരിക്കേണ്ട ഒരു കാര്യമാണെന്നു വിചാരിക്കുക എങ്കിൽ അതിനെ സംബന്ധിച്ചു അദ്ദേഹത്തിനു പറയാൻ നിവൃത്തിയില്ലല്ലോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): അപ്രകാരമാണെങ്കിൽ ആ കാര്യം രഹസ്യമായിട്ടുള്ളതാണെന്നും അതിനെസംബന്ധിച്ചുപറയാൻ താൻ തയ്യാറില്ലെന്നും പറയാമല്ലോ

ഡെപ്യൂട്ടിപ്രസിഡൻറ്. അതു പ്രത്യേകം ചൂൺപ്പുകൊണ്ടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മി. കെ. ജോർജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി): അഡ്മിനിസ്ട്രേറ്റിവ്ബോർഡ് രൂപീകരിച്ചു ഗവണ്മെൻറ് അവരുടെ ചുമതലയെ ഏല്പിച്ചിട്ടു എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞുകണ്ടു യി. ഡിബോർഡിസിഷിനോടുണ്ടായിരുന്ന ആ ബന്ധം തെറ്റാണ് ഗവണ്മെൻറിനു അഡ്മിനിസ്ട്രേറ്റിവ്ബോർഡിനോടുള്ളതു. ഏതൊരാൾ അധികാരങ്ങളും ചുമതലകളും നൽകി മെഡിക്കൽബോർഡിനെ ആ ഡിപ്പാർട്ടുമെൻറിന്റെ ചുമതലയിൽ ഏല്പിച്ചുവോ അവിടെ ഗവണ്മെൻറ് ഇടപെടാതിരിക്കുന്നു. ആ അധികാരങ്ങൾ കൊടുത്ത കാര്യങ്ങളിൽ ബോർഡിനു ഗവണ്മെൻറിനോടു ഉത്തരവാദിത്വമുണ്ടു എന്നു മാത്രമേയുള്ളു. അതിനെപ്പററി ഡിബോർഡിസിഷൻ വരുത്തുന്നതായാലും ഗവണ്മെൻറ് ആ വിധത്തിലല്ലാതെ ഗവണ്മെൻറിനു അവരുടെ അധികാരങ്ങളേയും ചുമതലകളേയും സ്വീകരിച്ചു തിരിക്കുന്നു. ആ അധികാരം ഗവണ്മെൻറ് ഏല്പിച്ചിട്ടുണ്ടു. എന്നുള്ളതു ഉണ്ടായിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ബോർഡിന്റെ അഭിപ്രായത്തിൽ ഗവണ്മെൻറിനല്ല അവസാനത്തെ തീർപ്പു ഇരിക്കുന്നതെന്നു? ഗവണ്മെൻറിനു മെഡിക്കൽബോർഡിന്റെ അഭിപ്രായം സ്വീകരിക്കാതെ ഇരുന്നിട്ടുള്ള സ്ഥലം ഏതെങ്കിലും ഒരു സന്ദർഭം ഉണ്ടോ? അതുകൂടെ പറയണമെന്നില്ല.

മി. കെ. ജോർജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി): ഉദാഹരണങ്ങൾ ഉദ്ധരിപ്പാൻ എനിക്കു നിവൃത്തിയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ബോർഡിലുള്ള ഓരോ മെംബറിനും ഗവണ്മെൻറിനോടു എന്തു ഉത്തരവാദിത്വബന്ധമാണുള്ളതു? ഓരോ പ്രത്യേക അഭിപ്രായങ്ങളുടെയോ പ്രസ്താവങ്ങളുടെയോ സംബന്ധിച്ചിടത്തോളമുള്ളതു?

മി. കെ. ജോർജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി): ഓരോരുത്തരുടെ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള കാര്യ്യങ്ങളെസംബന്ധിച്ചുമാത്രമെ ഉത്തരവാദിത്വം ചെയ്യേണ്ടതായുള്ളു. എന്നാൽ ബോർഡു ഗ്രൂപ്പാർത്ഥകൾ ചെയ്യുന്ന ഒരു ഏകാഭിപ്രായം എന്നുള്ള നിലയിലാണ്.

അവസാനമായി ഈ ബോർഡു ഉണ്ടാക്കിട്ടുതന്നെ ഏതാനംമാസങ്ങൾമാത്രമെ ആയിട്ടുള്ളുഎന്നും അതിന്റെ പ്രവർത്തനം പരീക്ഷണാർത്ഥമാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നുകൂടി ഞാൻ പറയുന്നു. ഈ പരീക്ഷണം വിജയകരമായിട്ടാണ് ഇതേവരെ കണ്ടിരിക്കുന്നതു. അപ്രകാരമല്ലെങ്കിൽ ചിലപ്പോൾ പരാതികൾ പുറപ്പെടുവിക്കുന്നതിനുമുമ്പായും അതു പരാജയത്തിലാണ് അവസാനിച്ചിരിക്കുന്നതെന്നു പറയുന്നതിനുമുമ്പായും പരീക്ഷണാർത്ഥം കുറെസമയംകൂടി അതിനു അനുവദിച്ചുകൊടുക്കേണ്ടതാണെന്നാണു എനിക്കു തോന്നുന്നതു. അതിന്റെ പ്രവർത്തനം വിജയകരമാണെന്നു തെളിഞ്ഞിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. അതിനാൽ കുറച്ചു നിവൃത്തിക്കണമെന്നുള്ള ഒരു പ്രമേയം കാലാനുസൃതമല്ല. തത്കാലം പ്രമേയം പിൻവലിക്കണമെന്നു ഞാൻ മെംബറോടു ആവശ്യപ്പെടുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ബോർഡിന്റെ രൂപീകരണത്തിനുള്ള രണ്ടു കാരണങ്ങൾ സർക്കിട്ടുമോഷിലെ പോരായ്മയും വിദഗ്ധാഭിപ്രായം ലഭിക്കേണ്ടതുമാണെന്നു ചീഫ്സെക്രട്ടറി പറഞ്ഞതായി ഞാൻ പറഞ്ഞിട്ടുള്ളതു് ശരിയാണോ?

ഡെപ്യൂട്ടിപ്രസിഡൻറ്. കാരണങ്ങൾഎല്ലാം അദ്ദേഹം പറഞ്ഞുകഴിഞ്ഞു.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): ഇവിടെ മെഡിക്കൽബോർഡു രൂപീകരിച്ചിട്ടുള്ളതിന്റെകാരണം ചീഫ്സെക്രട്ടറിയുടെ പ്രസംഗത്തിൽനിന്നും എനിക്കു മനസ്സിലാകാനിടയായി. അതുകേട്ടതിനുശേഷമാണു ഇതിനെപ്പററി രണ്ടു വാക്കു സംസാരിക്കണമെന്നു എനിക്കു തോന്നിയതു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ തേവികുളം): അതിനുമുമ്പുതന്നെ എണിററിരുന്നില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): അതു് ചോദ്യം ചോദിക്കാനാണ്. ഞാൻ എണിററതു ഇന്നതിനാണെന്നു നിശ്ചയിക്കാൻ ആ മെംബറക്കു ശക്തിയുണ്ടാകുമെന്നു ഞാൻ വിചാരിച്ചില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ തേവികുളം): അങ്ങനെയാണെങ്കിൽ—

ഡെപ്യൂട്ടിപ്രസിഡൻറ്. മിസ്റ്റർ ജോസഫ് മെംബറിന്റെ ഉത്തമവിശ്വാസത്തെപ്പററി ചിന്തിക്കേണ്ടതായിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. അദ്ദേഹം ഒരു കാര്യം പ്രസ്താവിക്കുമ്പോൾ അതു പരമാർത്ഥമായിരിക്കുമെന്നു നിങ്ങൾ വിശ്വസിക്കേണ്ടിയിരിക്കുന്നു. മെംബറിന്റെ ഉത്തമവിശ്വാസത്തെ നിങ്ങൾ സംശയിച്ചുകൂടാ,

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): സ്വകീയജോലി ശരിയായി നടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ ദേഹരക്ഷക്കു അത്യാവശ്യമാണെന്നു കരുതി അതിലേക്കു ഒരാളെ നിശ്ചയിച്ചതിലും രാജകുടുംബത്തെ ചികിത്സിക്കുന്നതിനും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള ആശുപത്രിയിലെ ചാർജ്ജ് വഹിക്കുന്നതിനുമായി ഒരാളെ ഒരുമിച്ചു നിശ്ചയിച്ചതിലും ആർക്കും അഭിപ്രായവ്യത്യാസമില്ല. പിന്നെ മൂന്നാമതു ഒരുദ്യോഗസ്ഥനെ കൂടി ബോർഡിൽ ഒരംഗമായി നിയമിച്ചതിനു ചീഫ്സെക്രട്ടറി പറയുന്നസമാധാനം വിദഗ്ധാഭിപ്രായം അറിയുന്നതിനുതന്നാണ്.

മി. കെ. ജോർജ് (ഗവൺമെന്റ് ചീഫ്സെക്രട്ടറി): എനിക്കു അതിനെപ്പറ്റി സമാധാനം പറയാനല്ലേ. അനുഭാവസ്ഥാനം വിദഗ്ദ്ധാഭിപ്രായം നൽകുന്നതിനാണു നിയമിച്ചതെന്നു ഞാൻ പറഞ്ഞല്ലോ. മെഡിക്കൽ ബോർഡിന്റെ അപ്രകാരമുള്ള സ്ഥിതിയെങ്കിൽ ഉണ്ടാകുന്നതെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ദിവാൻജിയവർകൾ പറഞ്ഞതുപോലെ ഒരനുഭാവസ്ഥാനത്തെക്കുറിച്ചു ഡിപ്പാർട്ടുമെന്റിന്റെ ഭരണനടപടികളിൽ സംബന്ധിപ്പിക്കണമെന്നതു ഉദ്ദേശിച്ചാണ് ഈ അനുഭാവസ്ഥാനം നിയമിച്ചിട്ടുള്ളതു എന്നാണ് ഞാൻ മനസ്സിലാക്കുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്): ഞാൻ മനസ്സിലാക്കിയതുകൊണ്ടാണു ഞാൻ എഴുന്നേറ്റതു. തിരുവിതാംകൂർ സർവ്വീസിലുള്ള ജനറൽ ഡ്യൂട്ടിക്കാരെ പണം കൊടുത്തു ചികിത്സിക്കുന്ന ഏർപ്പാടു ഉണ്ടെന്നു ദിവാൻജി പറഞ്ഞുവല്ലോ. ഇതിനു ഉദ്യോഗസ്ഥന്മാരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ടോ? ഇതിനു ഉദ്യോഗസ്ഥന്മാരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആ ലിസ്റ്റിൽ ഉള്ളവരെ ഇതിനു നിയമിക്കുന്നതിനു ഒരു ഏർപ്പാടു ഉണ്ടോ? ഇതിനു ഉദ്യോഗസ്ഥന്മാരുടെ

ഗതികേടുകൊണ്ടും രോഗികൾ ആ മരുന്നു കഴിക്കയും ചെയ്തുകഴിഞ്ഞാൽ അവർ മരിക്കുന്നു. അതുകൊണ്ടു ഈ ഒരു ഡിപ്പാർട്ടുമെന്റിനെയെങ്കിലും ഈ നിലമായ അവസ്ഥയിൽ അകപ്പെടാതെ ജനങ്ങളുടെ ആരോഗ്യത്തെമാത്രം വിചാരിച്ചു യോഗ്യതയുള്ള പരം ചികിത്സിക്കുന്നതിനു തുണിയുള്ളവരുമായ ആളുകളെ നിയമിക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ ഡിപ്പാർട്ടുമെന്റിൽമാത്രം വർഗ്ഗീയ പ്രാതിനിധ്യത്തിനു പ്രാധാന്യം കല്പിക്കരുതു്.

മി. തയ്യിൽ കുഞ്ഞിരാമൻ (കുമ്പാനാട്ടുപുഴ തൊടുപുഴ): യോഗ്യന്മാരെ എങ്ങനെ അറിയാൻസാധിക്കും.

മി. ടി. കുമാര പിള്ള (കൽക്കുളം പിരുവഴുകാട്ടു): ഡാക്ടർ രാമൻതമ്പിയെപോലെയോ, മിസ്സസ് ലൂക്കോസിനെപോലെയോ ഞാനും ഇംഗ്ലണ്ടിൽപോയി പരീക്ഷാവിജയം ചെയ്തിരുന്നു എങ്കിൽ നിഷ്പ്രയാസം ഇതിനു അകം പറ്റാമായിരുന്നു. നല്ല ഡാക്ടർമാരെ കണ്ടറിയുക അവരുടെ അനുഭവംകൊണ്ടു തിരിച്ചറിയാൻ സാധിക്കുന്നതല്ലല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, രാജ്യത്തിലുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളിലും എല്ലാ സമുദായക്കാർക്കും ശരിയായ പ്രാതിനിധ്യം ഉണ്ടായിരിക്കണം എന്നു എന്റെ ഭേദഗതിയിൽ ഞാൻ പറഞ്ഞില്ല. ഗവർണ്ണരുടെ വർഗ്ഗീയ പ്രാതിനിധ്യതത്വത്തെ പരിഗണിച്ചിട്ടുണ്ടെങ്കിൽ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽകൂടി എന്തുകൊണ്ടു ആ തത്വം കടപ്പിൽ വരുത്തിക്കൂടാ എന്നുള്ളതാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. ഗവർണ്ണരുടെ ആ തത്വത്തെ സ്വീകരിച്ചിട്ടില്ലെങ്കിൽ എനിക്കു പരാതിയില്ല. നിയമനകാര്യത്തിൽ വർഗ്ഗീയ പ്രാതിനിധ്യം വേണമെന്നു എനിക്കു അഭിപ്രായമില്ല. കാര്യക്ഷമതയും ബുദ്ധിസാമർത്ഥ്യവും മുള്ളവരെ ഉദ്യോഗങ്ങളിൽ നിയമിക്കണമെന്നാണ് എന്റെ സ്ഥിരമായ അഭിപ്രായം. ആ കാര്യത്തെസംബന്ധിച്ചു എനിക്കു അത്രമാത്രമെ പറയാനുള്ളു. ഗവർണ്ണരുടെ വർഗ്ഗീയപ്രാതിനിധ്യം വേണമെന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ ആ ഉദ്ദേശം എല്ലാ ഡിപ്പാർട്ടുമെന്റുകളിലും കാര്യത്തിൽ ഗവർണ്ണരിയപ്രകാരമായിരിക്കണമെന്നുള്ളതു് വളരെ ന്യായമായിട്ടുള്ള ഒന്നാണ്.

വിവാഹകാര്യത്തെസംബന്ധിച്ചു (ചിരി) ഇപ്പോൾ ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. വൈവാഹികജീവിതമോ, മെഡിക്കൽഡിപ്പാർട്ടുമെന്റിൽ ഒരു ജോലിയോ ഏതാണു താൻ വരിക്കേണ്ടതു് എന്നുള്ളകാര്യത്തിൽ ഒരു തീരുമാനം ചെയ്യുമ്പോൾ ആ അവസരത്തിൽ ഒരു നർസിനു മനസിട്ടുന്ന വൈക്ലവ്യം എത്രമാത്രമുണ്ടു്. എന്നുള്ളതു ഈ സഭയിലുള്ള ഏവർക്കും അറിയാമെന്നുള്ളതാണ്.

മെഡിക്കൽ ബോർഡിന്റെ രൂപീകരണത്തിനു തക്കതായ കാരണങ്ങൾ ഉണ്ടെന്നു സ്ഥാപിക്കുന്നതിനു ചീഫ്സെക്രട്ടറി കഴിയുന്ന യത്നം ചെയ്തു ഉണ്ടായെങ്കിലും ആ സംഗതി ഇതുവരെ എനിക്കു തൃപ്തിയായിട്ടില്ല.

ഇനി, അടുത്തകാര്യത്തെക്കുറിച്ചു പറയുന്നതായാൽ, ഗവർണ്ണരിന്റെ നടപടിക്കുള്ളിൽ ഒരുനല്ലോഗസ്ഥനെകൂടി ഭാഗഭാഗാകണം എന്നുള്ളതിൽ ഈ സഭയ്ക്കു ഐകകണ്ഠ്യമായ അഭിപ്രായമാണുള്ളതു് എന്നിരുന്നാലും,

ഡെപ്യൂട്ടിപ്രസിഡന്റ്. സഭയിലുള്ള എല്ലാ അംഗങ്ങൾക്കും ആ കാര്യത്തിൽ ഒരേ അഭിപ്രായമാണുള്ളതെന്നു എനിക്കു തോന്നുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അല്ലായിരിക്കാം. ഈ സഭയിൽ ഐകകണ്ഠ്യമായുള്ള ഒരഭിപ്രായം ഉണ്ടാക്കുക എന്നുള്ളതു വളരെ പ്രയാസമാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: മറ്റല്ലായിടങ്ങളിലും എങ്ങിനെയോ അങ്ങനെപോലെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവിടെ പ്രത്യേകിച്ചും

ആ പ്രത്യേക നിയമനത്തെപ്പററി തോക്കുന്നപക്ഷം അതും വളരെ ആശാജനകമായ നിലയിലല്ല കാണുന്നതു്. വിദഗ്ദ്ധമായതും തക്ക യോഗ്യതയുള്ളവരും നാട്ടിൽ ഉണ്ടായിരിക്കുന്നടത്തോളം കാലം വെളിയിൽ എന്തെങ്കിലും ഒരു ദേശത്തിൽനിന്നു ഒരു വിദേശീയനെയോ മിഷനറിയേയോ ഗവർണ്ണരു തപ്പിത്തടഞ്ഞു കൊണ്ടുവരുന്ന ആവശ്യം ഇല്ലെന്നാണ് എന്റെ അഭിപ്രായം. ഗവർണ്ണരിന്റെ അപ്രകാരമുള്ള പ്രവൃത്തികളെ ഞാൻ ആക്ഷേപിക്കുന്നു. അതിനാൽ ബോർഡിന്റെ ഉപയോഗത്തേക്കോ ഉപയോഗശൂന്യതയേക്കോ സംബന്ധിച്ചുള്ള കാര്യത്തിൽ ഞാൻ ആരോടും യോജിക്കുന്നില്ല

എല്ലാ ഡിപ്പാർട്ടുമെന്റുകളും ഏററവും ശരിയായ നിലയിലാണ് നടന്നുവരുന്നതെന്നു ഗവർണ്ണർ പറയാവുന്നെങ്കിലും ഡാർബാർഫിസിഷ്യൻ സെക്രട്ടറിജോലി തൃപ്തികരമായിരുന്നിട്ടില്ലെന്നും ബോർഡിന്റെ രൂപീകരണത്തിനുള്ള ഒരു കാരണം അതാണെന്നും ഗവർണ്ണർ സമ്മതിച്ചു കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്.

ഡെപ്യൂട്ടിപ്രസിഡന്റ്. കഴിയുന്നതു ഉപന്യസിയായനിലയിൽ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ സാദ്ധ്യമെന്നുള്ളടത്തോളം എങ്ങിനെ ആയാലും എല്ലാ കാര്യങ്ങളും പരിപൂർണ്ണമായ നിലയിലാണ് നടക്കുന്നതെന്നു ഗവർണ്ണർ പറഞ്ഞാൽ അതിനെ പാടെ വിശ്വസിക്കാൻ ഞാൻ തയ്യാറില്ല. ഒരനുഭവസ്ഥനെ എന്നുള്ള നിലയിലാണെങ്കിലും ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽ ഒരു വിദേശിയനെ പ്രത്യേകിച്ചു ഒരു മിഷനറിയെ നിയമിക്കുക എന്നുള്ളതു അഭിലഷണീയമല്ല. അതിനാൽ പ്രമേയം വോട്ടിനിടണമെന്നു ഞാൻ നിർബന്ധിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): എവിടെയെങ്കിലും മിഷനറി ജഡ്ജിമാർ ഉള്ളതായി അദ്ദേഹത്തിനറിയാമൊ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു എന്റെ അറിവിൽപെട്ടിട്ടില്ല.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽസർവീസസ്): സർ, ചീഫ് സെക്രട്ടറി നൽകിയ മറുപടിക്കുശേഷം അഡ്മിനിസ്ട്രേറ്റിവ് ബോർഡിന്റെ രൂപീകരണത്തിനുള്ള ആവശ്യത്തെപ്പററി ഞാൻ ദീർഘമായ ഒരു പ്രസംഗം ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ബോർഡിൽ ഒരു വിദേശിയെയോ നിയമിച്ചതിനെസംബന്ധിച്ചു ഏതാനും മെമ്പന്മാർ കഠിനമായി ആക്ഷേപിക്കുകയുണ്ടായി. ഗവർണ്ണരുടെ ഇക്കാര്യത്തെക്കുറിച്ചു ഗൗരവമായി ആലോചിച്ചു എന്നും ക്ഷുഭിതമായ പത്രപ്രസ്താവനയ്ക്കു ക്ഷമാണ ഇപ്പോഴത്തെ അനുഭവസ്ഥരെ മെമ്പറിനെ നിയമിച്ചിട്ടുള്ളതു എന്നും ആണ് എനിക്കു പറയാനുള്ളതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അദ്ദേഹത്തിനു വൈദ്യശാസ്ത്ര സംബന്ധമായ ധാരാളം യോഗ്യതയാണുള്ളതു്.

മി. എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അദ്ദേഹത്തിന്നു അംഗീകൃതമായ ഒരു തൊഴിൽ യോഗ്യതയുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമണ്ഡലം): അതെന്താണ്? അദ്ദേഹം പരീക്ഷയോ ഗ്രന്ഥമുള്ളതോ ആണോ അതോ അതില്ലാത്ത ആളാണോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അദ്ദേഹത്തിന്നു യോഗ്യതയുണ്ടു.

മി. എം. ശിവതാണുപിള്ള (തൊടുപുഴ): അദ്ദേഹത്തിന്റെ യോഗ്യത എന്താണെന്നു അറിയിക്കാമോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസ്): അദ്ദേഹത്തിന്നു ഒരു അമേരിക്കൻ സർവ്വകലാശാല വകയായ ഡിപ്ലോമ ഉണ്ടെന്നാണു ഞാൻ അറിയുന്നതു.

മി. എം. ശിവതാണുപിള്ള (തൊടുപുഴ): ആ സർവ്വകലാശാലയുടെ മേൽവിലാസമോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ മെഡിക്കൽസർവീസ്): ആ വിവരം അറിയിക്കാൻ ഇപ്പോൾ എനിക്കു നിർവ്വാഹമില്ല.

മി. എം. ശിവതാണുപിള്ള (തൊടുപുഴ): [illegible] അംഗീകരിച്ചിട്ടുള്ള ഒരു ബിരുദമാണോ അതു?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസ്): എനിക്കറിഞ്ഞുകൂടാ. [illegible] അദ്ദേഹം ഒരു വിദ്യാഭ്യാസമുള്ളവനാണെന്നു [illegible] ഇല്ല. [illegible] ഈ സഭയോടു ഞാൻ ക്ഷമ ചോദിക്കുന്നു. [illegible] ആണെന്നു ഞാൻ പറഞ്ഞു——

മി. പി. കെ. നാരായണപിള്ള (ആലപ്പുഴ): [illegible] പറഞ്ഞില്ല. [illegible] ആണെന്നു ഞാൻ പറഞ്ഞതുമാണ്.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസ്): അതെ അതു വ്യത്യാസമാണെന്നുതന്നെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (പിറവിൻകീഴ്): അദ്ദേഹം അതു സമ്മതിച്ചു.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസസ്):—ബോർഡിന്റെ ഉദ്യോഗസ്ഥാംഗങ്ങൾ തമ്മിൽ ഒരിക്കലും യാതൊരു അസ്വരക്കേടും ഉണ്ടായിട്ടില്ലെന്നു ഞാൻ അംഗങ്ങളോടു ഉറപ്പുപറയാം.

മി. പി. കെ. നാരായണപിള്ള (ആലപ്പുഴ): എന്നുമുതൽക്കാണിതിൽ എനിക്കു ചില സംശയങ്ങൾ മുണ്ടു. എന്താണു ഗവർണ്ണമെന്റു എന്തിനു വേണ്ടിട്ടാണു ഇങ്ങനെ ഒരു മെമ്പറിനെക്കൂടി നിയമിച്ചതു?

ഡെപ്യൂട്ടി പ്രസിഡണ്ടു: ഇങ്ങനെയല്ലേ ചോദ്യം ചെയ്യേണ്ടതു.

മി. പി. കെ. നാരായണപിള്ള (ആലപ്പുഴ): എനിക്കു മി. ജോർജ് പറഞ്ഞതു, ഡോക്ടർ മാത്രമാകുമ്പോൾ അവർക്കിടയിൽ അസ്വരക്കേടുണ്ടായേക്കാം എന്നുള്ളതിനാണു ഇങ്ങനെ ഒരാളെ നിയമിച്ചതു എന്നാണല്ലോ.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസസ്): മി. ജോർജ് അപ്രകാരം പറഞ്ഞു എന്നു എനിക്കു തോന്നുന്നില്ല. ഒരു വൈദേശിക മിഷനറി ബോർഡിന്റെ ഒരു മെമ്പർ എന്നുള്ള തന്റെ സ്ഥാനം [illegible] അദ്ദേഹം ഒരു [illegible] [illegible] ഇല്ല. [illegible] ഈ സഭയോടു ഞാൻ ക്ഷമ ചോദിക്കുന്നു. [illegible] ആണെന്നു ഞാൻ പറഞ്ഞതുമാണ്.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അതെ അതു വ്യത്യാസമാണെന്നുതന്നെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (പിറവിൻകീഴ്): അദ്ദേഹം അതു സമ്മതിച്ചു.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസസ്):—ബോർഡിന്റെ ഉദ്യോഗസ്ഥാംഗങ്ങൾ തമ്മിൽ ഒരിക്കലും യാതൊരു അസ്വരക്കേടും ഉണ്ടായിട്ടില്ലെന്നു ഞാൻ അംഗങ്ങളോടു ഉറപ്പുപറയാം.

മി. പി. കെ. നാരായണപിള്ള (ആലപ്പുഴ): എന്നുമുതൽക്കാണിതിൽ എനിക്കു ചില സംശയങ്ങൾ മുണ്ടു. എന്താണു ഗവർണ്ണമെന്റു എന്തിനു വേണ്ടിട്ടാണു ഇങ്ങനെ ഒരു മെമ്പറിനെക്കൂടി നിയമിച്ചതു?

ഡെപ്യൂട്ടി പ്രസിഡണ്ടു: ഇങ്ങനെയല്ലേ ചോദ്യം ചെയ്യേണ്ടതു.

മി. പി. കെ. നാരായണപിള്ള (ആലപ്പുഴ): എനിക്കു മി. ജോർജ് പറഞ്ഞതു, ഡോക്ടർ മാത്രമാകുമ്പോൾ അവർക്കിടയിൽ അസ്വരക്കേടുണ്ടായേക്കാം എന്നുള്ളതിനാണു ഇങ്ങനെ ഒരാളെ നിയമിച്ചതു എന്നാണല്ലോ.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസസ്): മി. ജോർജ് അപ്രകാരം പറഞ്ഞു എന്നു എനിക്കു തോന്നുന്നില്ല. ഒരു വൈദേശിക മിഷനറി ബോർഡിന്റെ ഒരു മെമ്പർ എന്നുള്ള തന്റെ സ്ഥാനം [illegible] അദ്ദേഹം ഒരു [illegible] [illegible] ഇല്ല. [illegible] ഈ സഭയോടു ഞാൻ ക്ഷമ ചോദിക്കുന്നു. [illegible] ആണെന്നു ഞാൻ പറഞ്ഞതുമാണ്. ഇപ്പോഴത്തെ അനദ്ദേഹ്യ സ്ഥാനമെമ്പറാണു ബോർഡിൽ അംഗമായിരിക്കാൻ ഏറ്റവും യോഗ്യതയുള്ള ആൾ എന്നു ഗവർണ്ണമെന്റിന്നു തോന്നിയതിനാലാണ് അദ്ദേഹത്തെ നിയമിക്കുന്നതിനിടയായിട്ടുള്ളത്. ഇതിനെപ്പററി കൂടുതൽ വാദപ്രതിവാദം ചെയ്യുന്നപക്ഷം ഏതെങ്കിലും ഫലം ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല

നർസുകളെ സംബന്ധിച്ചുള്ള കാര്യമാണ് അടുത്തതായി പ്രസ്താവിക്കേണ്ടിയിരിക്കുന്നതു. വിവാഹിതരായ സ്ത്രീകൾക്കുള്ള ആകർഷണീയമായ ഗുണങ്ങളെപ്പററി മി. പി. കെ. നാരായണപിള്ള സൂചിപ്പിച്ചതായി വർണ്ണിക്കപ്പെട്ടുണ്ടായി. ഈ ആകർഷണീയമായ ഗുണങ്ങൾ അനുഭവമുള്ളതു യഥാർത്ഥമായിട്ടുള്ളവയാണെങ്കിൽ മററുചിലരുടെ കളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അവയെ വിനിയോഗപ്പെടുത്തട്ടെ എന്നുമാത്രമെ ഞാൻ പറയുന്നുള്ളു. മി. എം. പി. പിള്ള പറയുന്നതുപോലെ ഹിന്ദുക്കൾക്കു വിവാഹം ചെയ്യേണ്ടതില്ല എന്നുണ്ടെങ്കിൽ അവർ അപ്രകാരം ചെയ്തുകൊള്ളട്ടെ. യാതൊരു വിരോധവും ഇല്ല. പക്ഷെ അവർ നർസുകളായി വരാതിരിക്കണമെന്നേയുള്ളു.

ഡെപ്യൂട്ടിപ്രസിഡണ്ടു: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മിസ്സസ് എം. പുന്നൻലൂക്കോസ് (സീനിയർസർജൻ വിമൻസ് മെഡിക്കൽ സർവീസസ്): സർ, ഒരു കാര്യംകൂടി പറഞ്ഞിട്ടു ഞാൻ അവസാനിപ്പിച്ചേക്കാം.

സർ, ബോർഡിന്റെ രൂപീകരണത്തെ സംബന്ധിച്ചു, മിസ്റ്റർ ശിവതാണുപിള്ളയും, മി. ശിവരാജപ്പണിക്കരും അധികച്ചിലവുണ്ടാകുന്നു എന്നു പറകയുണ്ടായി. തക്ക കാര്യക്ഷമത ഉണ്ടെന്നു കാണുമെങ്കിൽ ഈ ഉചിതമായ അധികച്ചിലവിനെ ഗണ്യമാക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നതു. ആശുപത്രികളുടെ പരിശോധനാർത്ഥം ഒരു ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസറെ നിയമിച്ചിട്ടുള്ളതു വളരെ ഗുണകരമാണ്. ആണ്ടിൽ ഏകദേശം ഒരു മാസക്കാലം ഈ ഉദ്യോഗസ്ഥനെക്കൊണ്ടു അദ്ദേഹം ഇതുമാതിരിയുള്ള പണി നടത്തിവരുന്നതു. ഓരോസ്ഥലത്തും ഉള്ള ആവശ്യങ്ങൾ ഇന്നിന്നവയെന്നു കണ്ടറിയാൻ അദ്ദേഹത്തിന്നു സൗകര്യമുണ്ടു. ബോർഡിന്റെ രൂപീകരണത്തിന്നു ശേഷമുള്ള അധികച്ചിലവു പ്രതിവർഷം 2,000 രൂപയോളം മാത്രമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആയുക തെറ്റാണെന്നു ഞാൻ ബലമായി വാദിക്കുന്നു.

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ വിമൻസ് മെഡിക്കൽ സർവീസസ്): എങ്ങിനെ ആയാലും ഇതാണു കണക്കാക്കപ്പെട്ടിട്ടുള്ളതു്.

ഡിപ്പാർട്ടുമെന്റിന്റെ ജോലിനടപ്പിനു ഒരു ബോർഡിന്റെ ആവശ്യം ഇല്ലെന്നു മി. രാമൻമേനോൻ പറകയുണ്ടായി. മെഡിക്കൽ ഡിപ്പാർട്ടുമെന്റു മേധാവി മരുന്നുകുറിപ്പാനും മരുന്നുകൾ കൂട്ടിയോജിപ്പിക്കാനും മാത്രമാണിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നതായി തോന്നുന്നു.

മി. ജി. രാമൻമേനോൻ (മാർ പലിക്കര—കാർത്തികപ്പള്ളി): മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെക്കാൾ മററു ഡിപ്പാർട്ടുമെന്റുകളുടെ കാര്യത്തിലാണു ഒരു അഡ്മിനിസ്ട്രേററിവു ബോർഡിന്റെ ആവശ്യം കൂടുതലായുള്ളതു എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളതെന്നു പറഞ്ഞുകൊള്ളട്ടെയോ.

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർ സർജ്ജൻ വിമൻസ് മെഡിക്കൽ സർവീസസ്): എന്നാൽ ഒരു ഡാക്ടറുടെ ജോലി ചികിത്സിക്കുക മരുന്നുകൊടുക്കുക എന്നിത്യാദിയാണെന്നു അദ്ദേഹം പറകയുണ്ടായി. മുൻകാലങ്ങളിൽ ഡർബാർഫിസിഷ്യന്റെ ജോലി മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെ ഭരിക്കുക എന്നുള്ളതുമാത്രമല്ലായിരുന്നു. മററു ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചും ബ്രിട്ടീഷ് ഗവർണ്ണമെന്റിനെ സംബന്ധിച്ചുപോലും പല ഗൌരവമേറിയ കാര്യങ്ങളിലും ഗവർണ്ണമെന്റു അംഗമായി ആലോചനകൾ ചെയ്തു ഉണ്ടായിട്ടുണ്ടു ഇപ്രകാരമുള്ള കാര്യങ്ങളിൽ മുന്നുപേരുടെ ഏകോപിച്ചുള്ള അഭിപ്രായം വളരെ ഗുണകരമായിരിക്കുമെന്നതന്നെ പറയേണ്ടിയിരിക്കുന്നു. ഇതിനെല്ലുകൂത്ത ബഡ്ജററിൽ എക്സ്ട്രേ സ്ഥാപിക്കുന്നതിനുവേണ്ടി വലിയ ഒരുതുക ചേർത്തിട്ടുള്ളതിനെ ഉദാഹരണമായി എടുക്കാം. ബോർഡു ഇതാലോചിക്കുന്നതിൽ ചുമതലപ്പെടുത്തിയിരിക്കയാണ്. അതിനെ സംബന്ധിച്ചു എത്രയും അഭിപ്രായഭേദം അപ്പർ ഗവർണ്ണമെന്റുവകുപ്പു സമർപ്പിച്ചിട്ടുണ്ടു, ഇതുപോലെ ഗൌരവമേറിയ ഒരു കാര്യത്തിൽ മൂന്നുപേരുടെ അഭിപ്രായം ഉണ്ടായിരിക്കുന്നതു ഗുണകരമാണെന്നതന്നെ എനിക്കു തോന്നുന്നു. ബോർഡിൽ ഒരു വിദേശിയ മിഷനറി ഉണ്ടെങ്കിൽ എന്തുദോഷമാണുള്ളതു്? അതിൽ തിരുവിതാംകൂറുകാർ കൂടിയിരുന്നാൽ? ഈ നാട്ടിന്റെ അഭ്യുദയകാംക്ഷികളായി രണ്ടുപേർക്കു അതിൽ ഇരുന്നാൽ? എന്നാണ് ഞാൻ ചോദിക്കുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളം—വിളവംകോട്): ഇത്ര ദരിദ്രമായിട്ടു വെളിയിൽനിന്നു മാളിനെ കൊണ്ടുവരേണ്ട ആവശ്യം ഉണ്ടോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർസർജ്ജൻ വിമൻസ് മെഡിക്കൽ സർവീസസ്): അതു മതിയാകുമെന്നുദ്ദേശിച്ചില്ല. ഈ പ്രശ്നത്തിനെതിരായി എനിക്കു ഇത്രമാത്രമേ പറയാനുള്ളു.

ഡെപ്യൂട്ടിപ്രസിഡന്റു: മി. നീലകണ്ഠപ്പിള്ള, പ്രമേയം വോട്ടിനിടണമെന്നു നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, പരീക്ഷണാർത്ഥം ആരംഭിച്ചിട്ടുള്ള ഒരു പദ്ധതിയാകയാൽ, ബോർഡിന്റെ പ്രവർത്തനങ്ങൾ പരാജയത്തിലാണോ പര്യവസാനിക്കുന്നതു എന്നുള്ളതു അറിയുന്നതുവരെ ഞാൻ കാത്തിരിക്കേണ്ടതാണെന്നു വിചാരിക്കുന്നു. അതിനാൽ പ്രമേയം വോട്ടിനിടണമെന്നു ഞാൻ നിർബന്ധിക്കുന്നില്ല.

സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

ഡെപ്യൂട്ടിപ്രസിഡന്റു: സമയമില്ലാത്തതിനാൽ ബാക്കിയുള്ള പ്രമേയങ്ങൾ മാറ്റിവെയ്ക്കപ്പെടുന്നു.

നമ്പർ മുതൽ നമ്പർ വരെയുള്ള പ്രമേയങ്ങൾ.

നിശ്ചിതസമയം കഴിഞ്ഞുപോയതിനാൽ താഴെപ്പറയുന്ന പ്രമേയങ്ങൾ മാറ്റിവെയ്ക്കപ്പെടുന്നു.

മി. ടി. കെ. മാത്യു.

നമ്പർ. മേൽനോട്ടച്ചിലവിലേക്കുള്ള ൧൦,൦൦൦ രൂപയിൽനിന്നും ൪ രൂപ കുറയ്ക്കുന്നതിനു.

നമ്പർ. ആശുപത്രികളും ഡിസ്പെൻസറികളും.

മി. സി. എൻ. ഇപ്പൻനായർ.

നമ്പർ. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കുമായുള്ള ൩,൩൦,൩൫൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കുന്നതിനു.

നമ്പർ ൬. മെഡിക്കൽ ആവശ്യങ്ങൾക്കുള്ള ഗ്രാൻറുകൾ.

മി. സി. പി. തോമസ്.

നമ്പർ. മെഡിക്കൽ ആവശ്യങ്ങൾക്കുള്ള ൪ ൪,൪൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കുന്നതിനു.

൫൭-ാം നമ്പർ ഡിമാൻഡിൽ ഉൾപ്പെട്ട പ്രമേയങ്ങൾ.

മി. തയ്യിൽ കുഞ്ഞിക്കണ്ണൻ.

നമ്പർ. ൫൭-ാം നമ്പർ ഡിമാൻഡിൻപ്രകാരമുള്ള ൩,൭൧൬ ലക്ഷം രൂപയിൽ നിന്നും ൫ രൂപ കുറയ്ക്കണം.

മി. ടി. ജെ. മാത്യു.

നമ്പർ. ൫൭-ാം നമ്പർ ഡിമാൻഡിൻപ്രകാരമുള്ള ൩,൭൧൬ ലക്ഷം രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കുന്നതിനു.

മി. എ. കെ. പിള്ള.

നമ്പർ. ൫൭-ാം നമ്പർ ഡിമാൻഡിൻപ്രകാരമുള്ള ൩,൭൧൬ ലക്ഷം രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കുന്നതിനു.

ഡെപ്യൂട്ടിപ്രസിഡന്റു: മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്കു ൩,൭൧൬ ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ൫൭-ാം നമ്പർ ഡിമാൻഡു ഞാൻ സഭയുടെ വോട്ടിനു വിഷയമാക്കിക്കൊള്ളുന്നു.

പ്രമേയം പാസ്സാക്കുകയും ഗ്രാൻറു അനുവദിക്കുകയും ചെയ്തു.

ഡിമാൻഡു XVIII. മെഡിക്കൽ എക്സാമിനർ ആയുർവേദം ഗ്രേഡിംഗും ഫാർമസി വകുപ്പ് രൂപീകരണം നമ്പർ 1 മുതൽ നമ്പർ 4 വരെ പ്രമേയങ്ങൾ.

ഡബ്ല്യു. എച്ച്. ആയുർവ്വേദവകുപ്പ്.

ഗ്രാൻറ് വോട്ടുചെയ്യുന്നതിൻമുള്ള സമയം കഴിഞ്ഞുപോയതിനാൽ താഴെ പറയുന്ന പ്രമേയങ്ങൾ മാറ്റിവെപ്പായി.

മി. സി. പി. തോമസ്.

നമ്പർ 1. ആയുർവ്വേദ വകുപ്പിലേക്കുള്ള വ, ൻനമ്പ രൂപയിൽനിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. ടി. കെ. മാത്യു.

നമ്പർ 2. ആയുർവ്വേദവകുപ്പിലേക്കുള്ള വ, ൻനമ്പ രൂപയിൽ നിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. സി. ഡബ്ല്യു. കുട്ടിക്കൃഷ്ണമേനോൻ.

നമ്പർ 3. ആയുർവ്വേദവകുപ്പിലേക്കുള്ള വ, ൻനമ്പ രൂപയിൽനിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. ടി. കെ. പിള്ള.

നമ്പർ 4. ആയുർവ്വേദ വകുപ്പിലേക്കുള്ള വ, ൻനമ്പ രൂപയിൽ നിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. ടി. ശിവരാമപ്പണിക്കർ.

നമ്പർ 5. ആയുർവ്വേദ ഡിസ്പെൻസറികൾക്കുള്ള വ, ൻനമ്പ രൂപയിൽ നിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. കുഞ്ഞൻ നമ്പ്യാർ.

നമ്പർ 6. ആയുർവ്വേദ വകുപ്പിലേക്കുള്ള വ, ൻനമ്പ രൂപയിൽ നിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

വി. എൻ. മാധവൻപിള്ള.

നമ്പർ 7. ആയുർവ്വേദ ഡിസ്പെൻസറികൾക്കുള്ള വ, ൻനമ്പ രൂപയിൽ നിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. കെ. മാധവൻപിള്ള.

നമ്പർ 8. ഡോക്ടർ ഡിക്കോസിന്റെ സാനിട്ടറി സർവ്വീസ് ആയുർവ്വേദിയുള്ള വ, ൻ രൂപയിൽ നിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. ടി. കെ. പിള്ള.

നമ്പർ 9. സാനിട്ടേഷനും വാക്സിനേഷനും വകയ്ക്കുള്ള വ, ൻ, നമ്പ രൂപയിൽനിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. ആർ. പരമേശ്വരൻ.

നമ്പർ 10. ആയുർവ്വേദ ചികിത്സാലയങ്ങൾക്കുള്ള വ, ൻ രൂപയിൽനിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. പി. ഹബീബ്മഹമ്മദ്.

നമ്പർ 11. ഫ്ര-ാംസ്വർ ഡിമാൻഡുകൾക്കുള്ള ഫാർമസി വകുപ്പ് രൂപയിൽ നിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

ഡഡ്ഡ്ലിപ്രസിഡൻറ്. ഫ്ര-ാംസ്വർ ഡിമാൻഡു ഞാൻ വോട്ടിനിടുന്നു—മെഡിക്കൽ എക്സാമിനർ, ആയുർവ്വേദം ഗ്രേഡിംഗും ഇറക്കുള്ള ഫാർമസി വകുപ്പ്.

പ്രമേയം പാസ്സായി ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻഡു XIX സ്റ്റേഷനറിയും അച്ചടിയും നമ്പർ 1 വകുപ്പ്,
നമ്പർ 1 മുതൽ നമ്പർ 7 വരെ പ്രമേയങ്ങൾ.

ഡബ്ല്യു. എച്ച്. സ്റ്റേഷനറി.

ഗ്രാൻറ്വോട്ടു ചെയ്യുന്നതിനുള്ള സമയം കഴിഞ്ഞുപോയതിനാൽ താഴെപറയുന്ന പ്രമേയങ്ങൾ മാറ്റിവെപ്പായി.

മി. എം. ശിവതാണുപിള്ള.

നമ്പർ 1. പബ്ലിക്ക്ഡിപ്പാർട്ടുമെൻറുകൾക്കുള്ള സ്റ്റേഷനറിസാധനങ്ങളുടെവിലയ്ക്കുള്ള വ, ൻ, ൦ ൦ രൂപയിൽനിന്നു ഫ, ൦ ൦ രൂപ കുറയ്ക്കുന്നതിന്.

മി. എം. ശിവതാണുപിള്ള.

നമ്പർ 2. സ്റ്റേഷനറിസാധനങ്ങൾക്കുള്ള വ, ൻ, ൦ ൦ രൂപയിൽ നിന്നും ഫ ൦ രൂപ കുറയ്ക്കുന്നതിന്.

ഡബ്ല്യു. ജി. അച്ചടി.

മി. കെ. ഐ. ജോസഫ്.

നമ്പർ 1. സഹിതംപ്രിസ്വർക്ക് എസ്റ്റാബ്ലിഷ്മെൻറിലേക്കുള്ള നമ, ൦ ൦ രൂപയിൽനിന്നും ഫ ൦ രൂപ കുറയ്ക്കുന്നതിന്.

മി. എം. ശിവതാണുപിള്ള.

നമ്പർ 2. അച്ചടിസാമഗ്രികൾ വാങ്ങുന്നതിനുള്ള വ, ൻ, ൦ ൦ രൂപയിൽനിന്നും ഫ ൦ ൦ രൂപ കുറയ്ക്കുന്നതിന്.

മി. ടി. ജെ. മാത്യു.

നമ്പർ 3. അച്ചടിവകയ്ക്കുള്ള ഫ, ഫ ഫ, സ്സൽ ൦ രൂപയിൽനിന്നും ഫ രൂപ കുറയ്ക്കുന്നതിന്.

മി. കെ. ഐ. ജോസഫ്.

നമ്പർ. അച്ചടിവകയ്ക്കുള്ള ൨,൫൫,൩൯൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുന്നതിന്.

മി. സി. എൻ. ഉപ്പുണ്ണിത്തമ്പുരാൻ.

നമ്പർ. ഫൻ—ാംനമ്പർ ഡിമാൻഡിൻപ്രകാരം ആകെയുള്ള സംവത്സരം രൂപയിൽനിന്നും ൫ രൂപ കുറയ്ക്കുന്നതിന്.

മി. എം. ശിവതാണുപിള്ള.

നമ്പർ. ഫൻ—ാംനമ്പർ ഡിമാൻഡിൻപ്രകാരം ആകെയുള്ള സംവത്സരം രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുന്നതിന്.

പ്രസിഡണ്ടിപ്രസിഡൻറ്: സ്റ്റേഷനറി, അച്ചടി മുതലായ്ക്കു സംവത്സരം രൂപയ്ക്കുള്ള ഫൻ—ാം നമ്പർ ഡിമാൻഡു ഞാൻ സഭയിൽ വോട്ടിനിടുന്നു.

പ്രമേയം പാസ്സായി ഗ്രാൻറു അനുവദിച്ചു.

ഡിമാൻഡു XX സയൻസ് ഡിപ്പാർട്ടുമെൻറും പലവകയും ഡിപ്പാർട്ടുമെൻറും ൪ ൫ ലക്ഷം രൂപ.

നമ്പർ ൧ മുതൽ നമ്പർ ൨ വരെ ഉപക്ഷേപങ്ങൾ.

ഗ്രാൻറു വോട്ടുചെയ്യുവാനുള്ള സമയം കഴിഞ്ഞുപോയതിനാൽ താഴെ പറയുന്ന ഉപക്ഷേപങ്ങൾ ലാപ്സായിപ്പോയി.

൨൧. എ. കാർഷ്യൻസ്ലാവും പബ്ലിക്ഗാർഡൻസും.

മി. കെ. പി. നീലകണ്ഠപ്പിള്ള.

നമ്പർ ൧. കാർഷ്യൻസ്ലാവും പബ്ലിക്ഗാർഡൻസ് ഇവയ്ക്കുള്ള ൪൦,൪൧൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുന്നതിന്.

൨൨. കെ. അധൃതസംരക്ഷണം.

നമ്പർ ൨. അധൃതസംരക്ഷണത്തിനുള്ള ൫൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കുന്നതിന്.

മി. എൻ കുമാരൻ.

നമ്പർ ൩. അധൃതസംരക്ഷണത്തിനുള്ള ൫൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി. ടി. കെ. മാത്യു.

നമ്പർ ൪. അധൃതസംരക്ഷണത്തിനുള്ള ൫൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

പ്രസിഡണ്ടിപ്രസിഡൻറ്: സയൻസ്, പലവക ഈ ഡിപ്പാർട്ടുമെൻറുകൾക്കു ൪ ൫ ലക്ഷം രൂപയ്ക്കുള്ള ൨൦—ാംനമ്പർ ഡിമാൻഡു ഞാൻ സഭയിൽ വോട്ടിനിടുന്നു.

ഉപക്ഷേപം പാസ്സായി ഗ്രാൻറു അനുവദിച്ചു.

ഡിമാൻഡു XXI സയൻസും പലവകയും ഡിപ്പാർട്ടുമെൻറുകൾ ൨ ൫ ലക്ഷം രൂപ.

നമ്പർ ൧ മുതൽ നമ്പർ ൪ വരെ ഉപക്ഷേപങ്ങൾ.

ഗ്രാൻറു വോട്ടുചെയ്യുന്നതിനുള്ള സമയം കഴിഞ്ഞതിനാൽ താഴെപറയുന്ന ഉപക്ഷേപങ്ങൾ ലാപ്സായിപ്പോയി.

൨൨. പബ്ലിക് ലൈബ്രറി.

മി. എം. കെ. പിള്ള.

നമ്പർ ൧. പബ്ലിക് ലൈബ്രറിവകയ്ക്കുള്ള ൫൦,൫൦൦ രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണം.

൨൩. ജി. പരസ്പരസഹായസംഘം രജിസ്ട്രാർ.

മി. കെ. മാധവൻപിള്ള.

നമ്പർ ൧. എസ്റ്റാബ്ലിഷ്മെൻറു പകയ്ക്കുള്ള ൨൭,൫൪൭ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

മി. കെ. കെ. തോമസ്.

നമ്പർ ൨. പരസ്പരസഹായസംഘം രജിസ്ട്രാർക്കുവേണ്ടിയുള്ള ൪൭,൫൪൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി. ടി. കെ. മാത്യു.

നമ്പർ ൩. പരസ്പരസഹായസംഘം രജിസ്ട്രാർക്കുവേണ്ടിയുള്ള ൪൭,൫൪൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി. എൻ കുമാരൻ.

നമ്പർ ൪. പരസ്പരസഹായസംഘം രജിസ്ട്രാർക്കുവേണ്ടിയുള്ള ൪൭,൫൪൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

പ്രസിഡണ്ടിപ്രസിഡൻറ്: സയൻസ്, പലവക ഈ ഡിപ്പാർട്ടുമെൻറുകൾക്കു ൪ ൫ ലക്ഷം രൂപ വേണമെന്നുള്ള ൨൧—ാംനമ്പർ ഡിമാൻഡു ഞാൻ സഭയിൽ വോട്ടിനിടുന്നു.

ഉപക്ഷേപം പാസ്സായി ഗ്രാൻറു അനുവദിച്ചു.

ഡിമാൻഡു XXII ലൈബ്രറി ഡിപ്പാർട്ടുമെൻറു ൩.൫൫ ലക്ഷം രൂപ.

നമ്പർ ൧ മുതൽ നമ്പർ ൫ വരെ ഉപക്ഷേപങ്ങൾ.

ഗ്രാൻറു വോട്ടുചെയ്യുന്നതിനുള്ള സമയം കഴിഞ്ഞുപോയതിനാൽ താഴെ പറയുന്ന പ്രമേയങ്ങൾ ലാപ്സായിപ്പോയി.

മി. കെ. പി. നീലകണ്ഠപ്പിള്ള.

നമ്പർ ൧. ഇൻസ്പെക്ടരുടെ ശമ്പളച്ചിലവിനും അലവൻസിനും വേണ്ടിയുള്ള ൫,൫൦൦ രൂപയുടെ ലാപ്സുമെൻറു വിട്ടുകളയണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

നമ്പറ്റ്. ഇൻസ്പെക്ടറന്മാരുടെ ശമ്പളച്ചിലവിനുള്ള ൻ,ൻ ക്ക ക്ക രൂപയിൽനിന്നും ൪ ൪ ൦ ൦ രൂപ കുറയ്ക്കണം.

മി. ടി. ജെ. മാത്യു.

നമ്പർ. ൨൮-ാം നമ്പർ ഡിമാൻറിൻപ്രകാരം ആകെയുള്ള ൩,൫൨ ലക്ഷംരൂപയുടെ അലോട്ടുമെൻറിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

നമ്പർ. ൨൮-ാം നമ്പർ ഡിമാൻറിൻപ്രകാരം ആകെയുള്ള ൩,൫൨ ലക്ഷം രൂപയുടെ അലോട്ടുമെൻറിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി. എ. കെ. പിള്ള.

നമ്പർ ൫. ൨൮-ാം നമ്പർ ഡിമാൻറിൻപ്രകാരം ആകെയുള്ള ൩,൫൨ ലക്ഷം രൂപയിൽനിന്നു ൫ ൦ രൂപ കുറയ്ക്കണം.

ഡെപ്യൂട്ടിപ്രസിഡൻറ്: അഡ്വൈൻഡിസ്ട്രിബ്യൂട്ടർട്ടുമെൻറിലെയ്ക്കു ൩,൫൨ ലക്ഷം രൂപവേണമെന്നുള്ള ൨൮ നമ്പർ ഡിമാൻഡു ഞാൻ സഭയിൽ വോട്ടിനു അവതരിപ്പിക്കുന്നു.

മോഷൻപാസ്സായി ഗ്രാൻറു അനുവദിച്ചു.

ഡിമാൻഡു XXIII പലവക ൩൯ ലക്ഷം,രൂപ.

നമ്പർ ൧ മുതൽ നമ്പർ ൪൭ വരെ ഉപക്ഷേപങ്ങൾ.

ഗ്രാൻറു വോട്ടുചെയ്യുന്നതിനുള്ള സമയം കഴിഞ്ഞതിനാൽ ൪൭-ാം നമ്പറായുള്ള ഉപക്ഷേപങ്ങൾ പാസ്സായിട്ടായി.

മി. ടി. ജെ. മത്യു.

നമ്പർ. സർവ്വീസ്പെൻഷനുള്ള ൪ ൦ ൦ രൂപയുടെ അലോട്ടുമെൻറു വോട്ടുചെയ്യണമെന്നു വയ്ക്കണം.

മി. ടി. ജെ. മത്യു.

നമ്പർ. മുൻസിപ്പാലിറ്റി ഗ്രാൻറിനുള്ള ൨,൨ ൦ ൦ രൂപയുടെ തുകയിൽ ൪ രൂപ കുറയ്ക്കണം.

മി. ടി. ജെ. മാത്യു.

നമ്പർ ൪൮. ഡിസഫാംസ്യോൻ കമ്മററികൾക്കുള്ള അലോട്ടുമെൻറു ൨ ൦ ൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

ഡെപ്യൂട്ടിപ്രസിഡൻറ്: പലവകച്ചിലവുകൾക്കായി ൩൯ ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ൨൮-ാം നമ്പർ ഡിമാൻഡു സഭയിൽ ഞാൻ വോട്ടിനവതരിപ്പിക്കുന്നു.

മോഷൻപാസ്സായി ഗ്രാൻറു അനുവദിച്ചു.

ഡിമാൻഡു XXIV വാട്ടുകൾ ൫ ൪ ൦ ലക്ഷംരൂപ.

ഡെപ്യൂട്ടിപ്രസിഡൻറ്: വാട്ടുകൾക്കായി ൫ ൪ ൦ ലക്ഷംരൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ൨൯-ാം നമ്പർ ഡിമാൻഡു ഞാൻ സഭയിൽ വോട്ടിനു അവതരിപ്പിക്കുന്നു.

ഡിമാൻറു XXV വാട്ടുകൾ ൨ ൦ ലക്ഷംരൂപ.

ഡെപ്യൂട്ടിപ്രസിഡൻറ്: വാട്ടുകൾക്കു ൨ ൦ ലക്ഷംരൂപ ആവശ്യപ്പെട്ടുകൊണ്ടു ൩൦-ാം നമ്പർ ഡിമാൻഡു ഞാൻ സഭയിൽ വോട്ടിനു അവതരിപ്പിക്കുന്നു.

ഉപക്ഷേപം പാസ്സായി ഗ്രാൻറു അനുവദിച്ചു.

അടുത്തദിവസം രാവിലെ ൧൦-മണിക്കു വീണ്ടും കൂടുന്നതാണെന്നുള്ള നിശ്ചയത്തെ മുൻനിർത്തി ഗവർണ്ണരുടെ ൫-ാം സമ്മേളനം പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമനിർമ്മാണ സിക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

ദ്വിതീയസഭ

൧൯൨൪—ലെ രണ്ടാംദിവസം.

(അഫിഷ്യൽ റിപ്പോർട്ട്).

ഗൺവന്നു ആഗസ്റ്റ് ൨൦-നു-ക്കു ൧൯൨൪ ചിങ്ങം ൪-നു വെള്ളിയാഴ്ച.

മിഡാൻ, എം. ഇ. വാട്ട്സ് എസ്ക്വയർ, ബി. എ., ബാരിസ്റ്റർ അററ്ചായുടെ അദ്ധ്യക്ഷതയിൽ ൧൯ അടിച്ചു സഭ മിനിട്ടായപ്പോൾ സഭ വീണ്ടും കൂടി. താഴെ പേരുകുറിച്ചിട്ടുള്ളവരൊഴികെ ശേഷം മെമ്പറന്മാരെല്ലാവരും ഹാജരുണ്ടായിരുന്നു.

മി. എൻ. വി. ജോസഫ്, മി. എ. കെ. പിള്ള, മി. കെ. സി. മാത്തൻമാപ്പിള, മി. ടി. ജെ. മാത്തു, മി. എസ്. പിറവിപ്പുരമാറപിള്ള, മി. എസ്. സുബ്രഹ്മണ്യകരയാളർ.

ചോദ്യങ്ങളും ഉത്തരങ്ങളും.

തലയോലപ്പറമ്പു-കുത്താട്ടുകുളം റോഡ്.

൧൫൧. മി. എ. ജെ. ജാൺ (വൈക്കം): തലയോലപ്പറമ്പു-കുത്താട്ടുകുളംറോഡ് എപ്പോൾ ഗതാഗതത്തിനു യോജിച്ചതായി തീരുമെന്നു പറയുവാൻ ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): ആ റോഡിൽ യാതൊരു പ്രതിബന്ധവും കൂടാതെ സഞ്ചരിക്കുവാൻ ൧൯൨൫ മാർച്ചുമാസത്തിൽ സാധിക്കുമെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

വൈക്കം എൽ. ജി. ഇ. സ്കൂളിലേക്കുള്ള വഴി.

൧൫൨. മി. എ. ജെ. ജാൺ (വൈക്കം): തൃക്കരിയൂർ പകുതിയിലുള്ള വൈക്കം എൽ. ജി. ഇ. സ്കൂളിലേക്കു പോകുന്നതിനു പബ്ലിക്കുറോഡിൽനിന്നും വഴികളൊന്നും ഇല്ലെന്നു ഗവർണ്ണമെന്റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): മറുപടി അനുകൂലമാവത്തിലാണ്.

സ്കൂളിലേക്കു ഒരു റോഡു പണിയുന്നതിനുള്ള അടങ്കൽ ചീഫ് എൻജിനീയരോടു ആവശ്യപ്പെട്ടിട്ടുണ്ടു.

ഏറ്റുമാനൂർ-വൈക്കം റോഡ്.

൧൫൩. മി. എ. ജെ. ജാൺ (വൈക്കം). (എ) (എ) എല്ലാ ആണ്ടിലും വർഷകാലങ്ങളിൽ ഏറ്റുമാനൂർ-വൈക്കം റോഡു വെള്ളംകയറി മുങ്ങി നാശപ്പെട്ടുപോകുന്നുണ്ടെന്നും, അതുസംബന്ധിച്ചു അററകുററപ്പണികൾക്കായി എല്ലാ ആണ്ടുകളിലും ഗവർണ്ണമെന്റു ഒരു വലിയസംഖ്യ ചെലവാക്കുന്നുണ്ടെന്നും;

(ബി) കോട്ടയംമുതൽ വൈക്കംവരെ ഓടിക്കൊണ്ടിരുന്ന മോട്ടോർവണ്ടികളുടെ ഗതാഗതത്തിനു ഉടവുകൾനിമിത്തം തടസ്സം നേരിട്ടിരിക്കുന്നു എന്നും, ഗവർണ്ണമെന്റിനു അറിയാമോ?

(സി) വർഷകാലങ്ങളിലും ഈ റോഡ് വണ്ടിപോകത്തക്കതാക്കിത്തീർക്കുവാൻ ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): ൧ (എ) കടുത്തുരുത്തിമുതൽ വൈക്കം വരെയുള്ള ഭാഗത്തിലെ ഏറ്റുമാനൂർ-വൈക്കംറോഡ്, സമീപത്തിലുള്ള ഇത്തിപ്പുഴയാററിൽ കലശലായ വെള്ളപ്പൊക്കവും ഉടവുകളും ഉണ്ടാകുമ്പോൾ, വെള്ളത്തിനടിയിൽ മുങ്ങി നാശപ്പെടാറുണ്ടു. ൧൯൨൩ കർക്കടകത്തിലെ വലിയ വെള്ളപ്പൊക്കത്തിനുശേഷം ഇപ്രകാരംതന്നെയായിരുന്നു. എന്നാൽ കഴിയുന്നത്രവേഗത്തിൽ റോഡ് പൂർവ്വസ്ഥിതിയിൽ ഉയർത്തപ്പെട്ടു. ഇതിലേക്കു ചെലവായതു ൧,൫൩൫ രൂപയാണ്.

(ബി) അപ്രകാരമുള്ള നാശം ഉണ്ടാകുമ്പോൾ ഗതാഗതത്തിനു തടസ്സവും നേരിടുന്നതാണ്.

(സി) സമീപത്തിലുള്ള നദിയുടെ കവളം പൊങ്ങുന്നതുകൊണ്ടു ൧൯൨൩-ലും, ൧൯൨൪-ലും ബലപ്പെടുത്തിയിട്ടുണ്ടു. ൧൯൨൪ കർക്കടകമാസത്തിൽ, ഉടവുകൾ ഉണ്ടായിട്ടുള്ള ബലംകുറഞ്ഞ കരകൾ താമസം കൂടാതെ ബലപ്പെടുത്തുന്നതായിരിക്കും. റോഡ് വണ്ടിപോകത്തക്ക വിധത്തിലുള്ളതാക്കുന്നതിനു കഴിയുന്നതും പ്രയത്നിക്കുന്നുണ്ടു്.

വനം സംബന്ധിച്ച പ്രവൃത്തിപദ്ധതി.

൧൫൪. മി. കെ. കെ. തോമ്മസ് (കോട്ടയം): (൧) വനപ്രദേശങ്ങളിൽ ചെയ്യുന്നവേലകൾ ഫലപരിപൂർണ്ണമായി തീരുന്നതിനായി ഒരു പ്രവൃത്തിപദ്ധതി ഏർപ്പെടുത്തിയിരിക്കുന്നതിന്റെ ഉദ്ദേശം എന്തെന്നും,

(൨) അതുസംബന്ധിച്ചു ഗവർണ്ണമെന്റിനുണ്ടായിട്ടുള്ള ചെലവു എന്തെന്നും,

(൩) വേലകളുടെ രീതിയിൽ അവർ ഈ പ്രവൃത്തിപദ്ധതിയെ കൃത്യമായി അനുസരിക്കുന്നുണ്ടോ എന്നും,

(൪) ൩-ാംഭാഗത്തിന്റെ ഉത്തരം 'ഇല്ല' എന്നാണെങ്കിൽ അപ്രകാരം ചെയ്യാത്തതിനുള്ള കാരണം എന്തെന്നും, പറയുവാൻ ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): (൧) എല്ലാ പ്രധാനപ്പെട്ട വനങ്ങളേയും ക്രമാനുസരണമായ ഭരണത്തിൻകീഴിൽ കൊണ്ടുവരുന്നതിനായും, ക്രമപ്രവൃദ്ധമായ അഭിസ്ഥാനത്തിന്മേൽ ഉടച്ചുയായും, മുറയായും, പണച്ചെലവു കുറവായും, പണിനടത്തുകയുണ്ടെന്നു ഉറപ്പു വരുത്തുന്നതിനായും, വനോൽപാദനത്തിനു യാതൊരുകുറവും ഉണ്ടാകാതിരിക്കുന്നതിനായും വനംവക വേലകളെ പ്രവൃത്തിപദ്ധതികൾ കൊണ്ടു ക്രമപ്പെടുത്തിയിരിക്കുന്നു.

(൨) പ്രവൃത്തിപദ്ധതികൾ തയ്യാറുചെയ്യുന്നതിനുള്ള ചെലവു, അവ ഏതുതരം വനങ്ങളെ ഉദ്ദേശിച്ചുണ്ടാക്കപ്പെട്ടിരിക്കുന്നുവോ അതിനനുസരണമായും, അവയുടെ വ്യാപകതയേയും മററുകാര്യങ്ങളേയും അനുസരിച്ചു വ്യത്യാസപ്പെടുന്നതാണ്.

(ന)-ം, (ര)-ം കഴിവുള്ളിടത്തോളം പ്രവൃത്തിപദ്ധതി കൃത്യമായി അനുസരിച്ചുതന്നയാണ് നടക്കുന്നതു്. ഈ പദ്ധതികൾ സ്വഭാവത്തിൽ അനുകരണയോഗ്യങ്ങളും, വനവൃക്ഷങ്ങളുടെ പരിഷ്കരണമാർഗ്ഗങ്ങൾ അറിയാൻ പാടില്ലാത്തതിനാൽ പ്രായോഗികമല്ലാത്തതും ആകുന്നു. അനേക ദശവർഷകാലങ്ങളിലെ ഉപയോഗത്തിലേക്കായിട്ടാകുന്നു ഈ പദ്ധതികൾ തയ്യാറാക്കിട്ടുള്ളതു്. അതുകൊണ്ടു ചിലസംഗതികളിൽ നമുക്കു സിദ്ധിച്ചിട്ടുള്ള അനുഭവം അടിസ്ഥാനമാക്കി ഈ പദ്ധതികളിൽ പരിഷ്കാരം ചെയ്യേണ്ടതായിവരും. അതിനുംപുറമെ, ചിലപ്പോൾ ഇവയിൽ ആവശ്യമുള്ളതന്നു തോന്നുന്നവയും കൂടുതൽ ഗുണകരമായവയും ആയ പരിഷ്കാരങ്ങളും ചെയ്യേണ്ടതായിട്ടുണ്ടു്. ഈവനങ്ങളുടെ ക്രമാനുസൃതമെന്നു തോന്നിയ നടപ്പു അനേകം ദേശഗതിഭേദങ്ങൾക്കധീനവും, ഇനിയും പ്രാരംഭഘട്ടത്തിൽതന്നെ സ്ഥിതിചെയ്യുന്നതും ആണെന്നു പറയേണ്ടിയിരിക്കുന്നു. പ്രവൃത്തിപദ്ധതികൾ പരിഷ്കരിക്കേണ്ടതുണ്ടെന്നു മുൻകൂട്ടി അറിഞ്ഞിരിക്കുന്നു. കൂടാതെ അതിശ്രേഷ്ഠ വനംവകുപ്പിൽ വേണ്ടനിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ടു്.

സർവ്വെ ഡിപ്പാർട്ടുമെന്റിലെ നിയമനങ്ങൾക്കും ഉദ്യോഗക്കയറ്റങ്ങൾക്കും ആവശ്യമുള്ള പരീക്ഷാരജിസ്ട്രേഷനുകൾ.

൨൯൬. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (എ) മദ്രാസിൽ പരീക്ഷായോഗ്യതകളായി ഗണിച്ചുപോരുന്ന "ഹെഡ്സർവ്വേയർ ടെസ്റ്റും, സബ് അസിസ്റ്റന്റ്ടെസ്റ്റും" ജയിച്ചിട്ടുള്ള ഇവിടത്തെ ആളുകൾക്കു സർവ്വേ ഡിപ്പാർട്ടുമെന്റിൽ നിയമനങ്ങൾക്കും ഉദ്യോഗക്കയറ്റങ്ങൾക്കും കൂടുതൽ അവകാശം നൽകുന്നുണ്ടോഎന്നും,

(ബി) ൧൯൪൧ കർക്കടകം ൧-നു ഈ പരീക്ഷായോഗ്യതകളുള്ളവരും, ഉദ്യോഗത്തിലിരിക്കുന്നവരുമായ ആളുകളുടെ പേരും അവർ ഓരോരുത്തരും വാങ്ങിവരുന്ന ശമ്പളത്തുകയും എന്തെന്നും പറയുവാൻ ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): (എ) മദ്രാസിലെ 'ഹെഡ്സർവ്വേയേർസ് ടെസ്റ്റും, സബ് അസിസ്റ്റന്റ്ടെസ്റ്റും' മദ്രാസ് സർവ്വെഡിപ്പാർട്ടുമെന്റിൽനിന്നും നടത്തുന്ന ഡിപ്പാർട്ടുമെന്റൽ പരീക്ഷകളാകുന്നു. ഈ പരീക്ഷായോഗ്യതകൾ സിദ്ധിച്ചിട്ടുള്ള ആളുകളെ, അവർ ബ്രിട്ടീഷിൻ ഡ്യൂയിഷാകട്ടെ ഇവിടെയാകട്ടെ സർവ്വെസംബന്ധിച്ച ജോലിയിൽ മതിയായ പരിചയം ഉണ്ടെങ്കിൽ, ഈ സംസ്ഥാനത്തുള്ള സർക്കാർ ഉദ്യോഗങ്ങളിൽ ഒരുകാലത്തു നിയമിച്ചിരുന്നു. എന്നാൽ ഇപ്രകാരം നിയമിച്ചുവന്നിരുന്ന ഒരുകാലത്തു ഡിപ്പാർട്ടുമെന്റിൽ പരീക്ഷായോഗ്യതയുള്ള സർവ്വേയർമാർഇല്ലാതിരുന്നപ്പോളാണ് ൧൯൭൬-ാമാണ്ടു താലൂക്കുസർവ്വേയർമാരുടെ സ്ഥാനത്തിനു മദ്രാസ് ഗവർണ്ണമെന്റിൽനിന്നുംനടത്തുന്ന "സർവ്വെയിങ്ങും വവല്ലിങ്ങും അഡ്വാൻസ്ഗ്രേഡ്" എന്നപരീക്ഷകൂടി ജയിച്ചിരിക്കണമെന്നുകൂടെ ഉയർന്നതരംസ്ഥാനങ്ങളിൽ ഗവർണ്ണമെന്റുനിയമിക്കുകയോ ആ യോഗ്യതയുള്ളവർ ലഭ്യമായിത്തീരുകയും ചെയ്തതിനുശേഷം സർവ്വേയർമാരുടെ ഉദ്യോഗത്തിൽ ഇരിക്കുന്നവരിൽനിന്നും അവരുടെസർവ്വീസും പരീക്ഷായോഗ്യതകളും, കാര്യശേഷിയും നോക്കിനിയമിച്ചുവന്നു.

(ബി) 'മദ്രാസ്'സർവ്വെഅസിസ്റ്റന്റ്ടെസ്റ്റ്' എന്നപരീക്ഷയിൽ ജയംനേടിട്ടുള്ളവരായിട്ടുള്ളവർ ഡിപ്പാർട്ടുമെന്റിൽ മൂന്നുപേരുണ്ടു. അവരുടെ പേരും ശമ്പളംമുതലായവിവരങ്ങളും താഴെകൊടുത്തിരിക്കുന്നു.

പേരു		൧൯൪൧ കർക്കടകം ൧-നു ഉണ്ടായിരുന്നശമ്പളം
൧.	പി. കെ. സുബ്ബയ്യർ ഹെഡ്സർവ്വേയർ	൭൫ രൂപ
൨.	കെ. വെങ്കിടാചലമയ്യർ "	൭൦ രൂപ
൩.	കെ. ഗോവിന്ദക്കുറുപ്പ് "	൨൫ രൂപ

സാങ്കേതികസ്ഥാപനങ്ങളും സഹായധനവും.

൨൯൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ൧൯൪൧-ാമാണ്ടു സഹായധനം കുറവുചെയ്തിട്ടുള്ള സാങ്കേതികസ്ഥാപനങ്ങളുടേയും അവയുടെ മാനേജരന്മാരുടേയുംപേരുകളും അവ ഓരോന്നിനുസംബന്ധിച്ചു കുറവുചെയ്തിട്ടുള്ളതുകയും അടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുവാൻ ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

(ബി) ഈ കുറവുചെയ്യുവാനുള്ളകാരണം എന്താണെന്നു പറയുവാനും അവർക്കു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റുചീഫ്സെക്രട്ടറി): (എ) മെമ്പർ ആവശ്യപ്പെട്ടലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) സാങ്കേതികവിദ്യാഭ്യാസസംബന്ധിച്ചു സഹായധനം നൽകുന്നതിനെപ്പററിയുള്ളകോഡ് നടപ്പിൽവരുന്നതിനുമുമ്പു കൊടുത്തുവന്നിരുന്ന ഗ്രാൻറുകൾ വിദ്യാഭ്യാസകോഡനുസരിച്ചു 'ബ്ലോക്കുഗ്രാൻറുകൾ' മാത്രമായിരുന്നു. അതു ഇതു സംബന്ധിച്ചു പ്രത്യേകനിബന്ധനകളെ ബലപ്പെടുത്തുന്നില്ല. വിദ്യാഭ്യാസകോഡിൻപ്രകാരം ഗ്രാൻറുകൾ വാങ്ങിക്കുന്ന വിദ്യാലയങ്ങളെ സംബന്ധിച്ചു ഈ പുതിയകോഡ് നടപ്പിൽവന്നതു ൧൯൪൧ മേടം ൧-നു മുതൽക്കാണ്. ആ കോഡിലെ വ്യവസ്ഥകളനുസരിച്ചു ഗ്രാൻറുകൾ പരിഷ്കരിക്കപ്പെട്ടു. ഈ പരിഷ്കാരത്തിന്റെ ഫലമായിട്ടാണ് ചില വിദ്യാലയങ്ങളിലെ ഗ്രാൻറുകൾ കുറയ്ക്കേണ്ടതായിവന്നതു.

ലാൻഡ്റിക്കാർഡ് ഡിപ്പാർട്ടുമെന്റിലെ കമ്പ്യൂട്ടർഡ്രാഫ്ടസ്മാന്മാർ.

൨൯൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലാൻഡ്റിക്കാർഡ്സംരക്ഷണഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചുവിട്ട കമ്പ്യൂട്ടർ ഡ്രാഫ്ടസ് മാന്മാരുടെ ഒരു ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുവാൻ ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

സർവെസൂപ്രണ്ടിന്റെയും അസിസ്റ്റന്റ്സർവെസൂപ്രണ്ടിന്റെയും ആഫീസ് അസിസ്റ്റന്റിന്റെയും കൃത്യങ്ങൾ.

൨൭൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവെസൂപ്രണ്ടിന്റെയും അസിസ്റ്റന്റ്സർവെസൂപ്രണ്ടിന്റെയും ആഫീസ് അസിസ്റ്റന്റിന്റെയും കൃത്യങ്ങൾ എന്തെല്ലാമാണെന്നു പറയുവാൻ ഗവർണ്ണമെന്റിന്നു ഭയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ്സെക്രട്ടറി):

(എ) സർവെസൂപ്രണ്ടിന്റെ കൃത്യങ്ങൾ.

ആഫീസും ഫീൽഡുസ്റ്റാഫ്കളും ഉൾപ്പെട്ട സർവെഡിപ്പാർട്ടുമെന്റുമുഴുവനും തിരുവനന്തപുരത്തുള്ള സെൻട്രൽസർവെസ്റ്റേഷനിലും കോട്ടയത്തുള്ള താൽക്കാലികസർവെസ്റ്റേഷനിലും ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുന്നതും അവയെ നിയന്ത്രിച്ചുകാണുന്നതും സർവെസൂപ്രണ്ടു എന്ന ഉദ്യോഗസ്ഥനാകുന്നു. രണ്ടാഫീസുകൾ സംബന്ധിച്ച ജോലികളേയും പുറത്തിലുള്ള പരിശോധനജോലിയേയുംസംബന്ധിച്ചു അദ്ദേഹം ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു. റഗുലേഷനും നിബന്ധനകളും അനുസരിച്ചുള്ള സർവ്വേ ജോലികൾ നടത്തിച്ചുകൊണ്ടുപോകുന്നതും അദ്ദേഹംതന്നെയാണ്. അപ്പീലിൻപ്രകാരം വന്നുചേരുന്ന ഭൂമിസംബന്ധമായ തർക്കങ്ങളെപ്പററി അന്വേഷണംനടത്തി അദ്ദേഹം തീരുമാനിക്കേണ്ടതാണ്. ലാൻഡ്സറിക്കാർഡുകളുമായി സംബന്ധിച്ചു സാങ്കേതികശാഖകളിലെ വേല വേണ്ടുന്നപോലെ ചെയ്യപ്പെടുന്നുണ്ടോ എന്നു നോക്കേണ്ടതും അദ്ദേഹത്തിന്റെ ജോലിയിലുൾപ്പെട്ടതുതന്നെയാണ്.

(ബി) ആഫീസ്അസിസ്റ്റന്റിന്റെ കൃത്യങ്ങൾ.

സൂപ്രണ്ടിനെ അദ്ദേഹത്തിന്റെ പരിശോധനകൃത്യങ്ങളിലും ആഫീസ്സംബന്ധിച്ചവയും മററുള്ളവയുംആയ ജോലികളിലും ലാൻഡുറിക്കാർഡ്കൾസംബന്ധിച്ചവേലകളിലും സഹായിക്കുകയാകുന്നു അസിസ്റ്റന്റുസൂപ്രണ്ടു ചെയ്യുന്നതു.

(സി) ആഫീസ്അസിസ്റ്റന്റിന്റെ കൃത്യങ്ങൾ.

പ്രധാനമായി താഴെകാണുന്നജോലികളിൽ സൂപ്രണ്ടിനുസഹായിക്കുകയാകുന്നു ആഫീസുഅസിസ്റ്റന്റിന്റെ കൃത്യങ്ങൾ.

(൧) കണക്കുകൾ സമർപ്പിക്കുക.

(൨) കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാന്മാരുടേയും ചിത്രം ഡ്രാഫ്ട്സ്മാന്മാരുടേയും വേലകളെ പരിശോധിക്കുക.

(൩) ഡ്രാഫ്ട്സ്മാന്മാരുടെ സെക്ഷനിൽനിന്നും തയ്യാർചെയ്യുന്ന പ്ലാട്ട്ഡ്റിക്കാർഡുകളെ നിഷ്കർഷയോടുകൂടി പരിശോധിക്കുക.

(൪) ഡ്രാഫ്ട്സ്മാന്മാരുടെസെക്ഷനിലും ചിത്രംസെക്ഷനിലും കംപ്യൂട്ടർഡ്രാഫ്ട്സ്മാന്മാർ ചെയ്തുതീർക്കുന്നവേലകളെ നിഷ്കർഷയോടുകൂടി പരിശോധിക്കുക.

(൫) ഫീൽഡുസർവ്വെയർമാരുടേയും ഹെഡ്സർവ്വെയർമാരുടേയും ദിവാരികങ്ങളായ ഡയറികളെ പരിശോധിച്ചുനോക്കുക.

(൬) ദിവസേനയുള്ള പണസംബന്ധമായ കൊടുക്കൽവാങ്ങലുകളെസംബന്ധിച്ചു പരിശോധന.

(൭) സർവെസ്റ്റോറുകളും റിക്കാർഡുകളും പരിശോധിക്കുക. ആപ്പീസുനടപടികൾ ക്രമപ്പെടുത്തുന്നതിലും ജോലികൾ ഊർജ്ജിതമായും സൂക്ഷ്മമായും നടത്തിക്കുന്നതിലും അദ്ദേഹം ഉത്തരവാദിയുംആകുന്നു.

സർവെഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗകാലം നീട്ടുക.

൨൮൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൯൦൧-ൽ സർവെസൂപ്രണ്ടു ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കണമെന്നു ശുപാർശ ചെയ്തിട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ എത്രപേരുടെ എന്നും പറയുവാൻ ഗവർണ്ണമെന്റിന്നു ഭയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ്സെക്രട്ടറി): ഉണ്ടു. സർവെസൂപ്രണ്ടാഫീസിൽ സ്റ്റോർകീപ്പർ മിസ്റ്റർ വിട്ടുരാവുചിന്റെ ഉദ്യോഗകാലാവധി നീട്ടുന്നതിന് ശുപാർശചെയ്തിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവെസൂപ്രണ്ടാഫീസിലെ സ്റ്റോർകീപ്പറുടെവയസ്സു എന്താണെന്നുപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ്സെക്രട്ടറി): ഇയ്യു അദ്ദേഹത്തിനു രണ്ടാമതു പ്രാവശ്യമാണ് ഉദ്യോഗകാലാവധി നീട്ടികൊടുക്കുന്നതെന്നു തോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിന്റെവയസ്സു എത്രയാണെന്നു മെമ്പർ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ്സെക്രട്ടറി): അദ്ദേഹത്തിനു ൪൭ വയസ്സു പ്രായമുണ്ടെന്നു തോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ അദ്ദേഹത്തിനു എത്രശമ്പളമുണ്ടു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ്സെക്രട്ടറി): അദ്ദേഹത്തിനു ഇപ്പോൾ കിട്ടിവരുന്നശമ്പളം സ്വ൦ രൂപായാണെന്നുതോന്നുന്നു.

കാളേജ്കളിൽ പിന്നോക്കംനിൽക്കുന്ന വർഗ്ഗക്കാർക്കുള്ള വേതനം.

൨൮൧. മി. ആർ. പത്മനാഭൻ (നിയമിതമെമ്പർ). (എ) പിന്നോക്കംനിൽക്കുന്ന വർഗ്ഗത്തിലുൾപ്പെട്ട കാളേജു വിദ്യാർത്ഥികൾക്കു തിരഞ്ഞെടുപ്പു പരീക്ഷകൾമുഖം കൊടുത്തുവരുന്ന നിശ്ചിത വേതനങ്ങൾക്കു പുറമെ പ്രത്യേക വേതനങ്ങൾ നൽകുവാൻ അവർ നടപടികൾ ഉണ്ടാക്കിട്ടുണ്ടോ എന്നും

(ബി) ഗവർണ്ണമെന്റു കാളേജ്കളിലെ വിദ്യാർത്ഥിനികൾക്കു പ്രത്യേക വേതനങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ എന്നും,

(സി) ഉണ്ടെങ്കിൽ അപ്രകാരമുള്ള വേതനങ്ങൾ ലഭിക്കുന്ന സ്ത്രീകളുടെ സംഖ്യ എത്രയെന്നും,

(ഡി) ഒന്നും ഇല്ലെങ്കിൽ, ൧൯൭൦-ൽ അപ്രകാരമുള്ള വേതനങ്ങൾ നൽകുവാൻ ഗവണ്മെൻറ് വേണ്ട പ്രവർത്തിക്കുമോ എന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ)-യും ബി-യും) കോളേജുകളിൽ പഠിക്കുന്ന മഹന്മതീയ വിദ്യാർത്ഥിനികളുടെ കാര്യമൊഴിച്ചു മററു വിദ്യാർത്ഥിനികൾക്കുള്ള യോഗ്യതയെ അടിസ്ഥാനമാക്കി കൊടുത്തുവരുന്നതിനു പുറമേ പ്രത്യേകമായ വേതനങ്ങൾ നൽകുവാൻ യാതൊരു നിവൃത്തിയും ഇല്ല.

(സി) ഒന്ന്, അല്ല് ഒരു മഹന്മതീയ വിദ്യാർത്ഥിനിയാകുന്നു.

(ഡി) ധനസംബന്ധമായ കാരണങ്ങളാൽ പ്രത്യേക വേതനങ്ങൾ കൂടുതലായി ഏർപ്പെടുത്തുവാൻ സാധിക്കുമെന്നു ഗവൺമെൻറ് വിചാരിക്കുന്നില്ല.

ചെൻഷൻപ്പററിപ്പിരിഞ്ഞ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ മിസ്റ്റർ എ. നാരായണയ്യരുടെ യാത്രയയപ്പ്.

ഡോ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ മി. എ. നാരായണയ്യർ ചെൻഷൻപററിപ്പിരിഞ്ഞതു സംബന്ധിച്ചു തന്നെ തിരുവനന്തപുരത്തു വച്ചു ഏർപ്പാടിൻപ്രകാരം നടത്തിയ യാത്രയയപ്പു യോഗത്തിനുവേണ്ടി സംസ്ഥാനത്തുള്ള ഡിപ്പാർട്ടുമെൻറൽ സ്കൂളുകളോടാണിരിക്കയും ജീവനക്കാരിൽനിന്നും പിരിച്ചിട്ടുള്ള പണത്തിൻെറ ഇകമ്പമെന്തു,

(ബി) പിരിച്ചിട്ടുള്ള പണം ചെലവാക്കിയതെങ്ങനെയെന്നും,

(സി) യോഗം നടത്തിയതു ഗവണ്മെൻറുദ്യോഗസ്ഥരോടുള്ള കൂടിയാലോചനയാണോ എന്നും,

(ഡി) അദ്ദേഹത്തിൻെറ പേരിൽ ഒരു സ്മാരകം ഏർപ്പെടുത്തുവാൻ ഗവണ്മെൻറ് അനുവാദം നൽകിട്ടുണ്ടോ എന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേററുമെൻറ് മേശപ്പുറത്തിരിക്കുന്നു.

(ബി) ഡിപ്പാർട്ടുമെൻറലും പ്രൈവററുമായ സ്കൂളുകളിൽനിന്നും "എ. നാരായണയ്യർ മെമ്മോറിയൽ കമ്മററി" പ്രസിഡൻറ് വെറണ്ടു ഹാർ, അഗസ്തീൻ ഗ്രൂപ്പാക്കിട്ടുള്ള ൨,൦൪൦ രൂപാ ● ചക്രം വു കുശിൽനിന്നും മി. എ. നാരായണയ്യരുടെ ഒരു എണ്ണച്ചായചിത്രത്തിനും വിദ്യാർത്ഥിനികൾ തുടങ്ങിയ ഗ്രൂപ്പിൽ ചക്രം ൧൭൭ ചെലവു ചെയ്തിട്ടുണ്ട്. ബാക്കിയിരിപ്പുള്ള തുകയും പിരിഞ്ഞുകിട്ടാനുള്ള തുകയും ഏതുവിധമാണ് ചെലവുചെയ്യേണ്ടതെന്നുള്ള കാര്യം ആലോചനയിൽ ഇരിക്കുന്നതെയുള്ളു.

(സി) മറുപടി അനുകൂലമായിട്ടല്ല.

(ഡി) മി. എ. നാരായണയ്യരുടെ ഒരു എണ്ണച്ചായചിത്രം തിരുവനന്തപുരം എസ്. എം. വി. സ്കൂളിൽ സ്ഥാപിക്കുന്നതിനു ഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്.

കുളക്കടപ്പഞ്ചായത്തിൽ ചന്തകാലികളുടെ മേച്ചിലിനായി വിട്ടിട്ടുള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതുസംബന്ധിച്ചുണ്ടായിട്ടുള്ള ഹർജി.

൨൨൩. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (എ) കുളക്കടപ്പഞ്ചായത്തിൽ ചന്തകാലിമേച്ചിലിനായി വിട്ടിട്ടുള്ള സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ഏർപ്പാടുകളെ നിഷേധിച്ചു കൊട്ടാരക്കരതാലൂക്കിൽ തി പകുതിയിലുള്ള ജനങ്ങൾ കൊടുത്തിട്ടുള്ള ഹർജി, ഗവൺമെൻറിനാകട്ടെ, കൊല്ലം ദിവാൻപേഷ്കാർക്കാകട്ടെ കിട്ടിയിട്ടുണ്ടോ എന്നു പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ, അതുസംബന്ധിച്ചു എന്തു നടപടിയാണ് നടത്തിട്ടുള്ളതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) കുളക്കടപ്പഞ്ചായത്തിൽ സർവേ നമ്പർ ൨൯/൨ ൭-ൽ അടങ്ങിയ മേച്ചിൽ സ്ഥലത്തിൽ ഉണ്ടായിട്ടുള്ള കൈക്കേററങ്ങളെ നീക്കംചെയ്തു കൊടുക്കേണ്ടതാണെന്നു കാണിച്ചു ആ പകുതിയിലുള്ള ഏതാണ്ടു ജനങ്ങൾ അയച്ചിട്ടുള്ള ഒരു ഹർജി കൊല്ലം ദിവാൻപേഷ്കാർക്കു കിട്ടിട്ടുണ്ട്.

(ബി) ആ ഹർജി കൊട്ടാരക്കര തഹശീൽദാർക്കു അയച്ചുകൊടുക്കുകയും അദ്ദേഹം അതിൻപ്രകാരം ഒരു അന്വേഷണം ഒഴിച്ചു ബാക്കിയുള്ള എല്ലാ കൈക്കേററങ്ങളും നീക്കം ചെയ്തതും ചെയ്തിട്ടുണ്ട്.

കല്ലുപ്പാറപ്പുകതിയിലുള്ള പോക്കുവരവു കേസുകളുടെ തീർപ്പാക്കൽ.

൨൨൪. മി. സി. പി. തോമസ് (നിയമിതമെമ്പർ): താഴെകൊടുത്തിട്ടുള്ളവയെ സംബന്ധിച്ചുള്ള വിവരങ്ങൾ തരുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

(എ) ൧൯൮൭ മുതൽ ൧൯൯൦ വരെയുള്ള ഏഴു വർഷങ്ങളിൽ പോക്കുവരവു സംബന്ധിച്ചു തീർപ്പാക്കുന്നതിലുൾപ്പെട്ട കല്ലുപ്പാറപ്പുകതിയെപ്പററിയുള്ള പ്രമാണങ്ങളുടെ പ്രതികൾ എത്ര?

(ബി) ഓരോവർഷത്തിലും അവയെ ആധാരമാക്കി ഹയലായിട്ടുള്ള കേസുകളുടെ എണ്ണമെത്ര?

(സി) ഓരോവർഷത്തിലും തീർപ്പാക്കിയ കേസുകളുടെ എണ്ണം എത്ര?

(ഡി) പോക്കുവരവു അനുവദിച്ചിട്ടുള്ള കേസുകളുടെ എണ്ണമെത്ര?

(ഇ) പോക്കുവരവു അനുവദിച്ചിട്ടുള്ള കേസുകളുടെ എണ്ണമെത്ര?

(എഫ്) ഓരോവർഷത്തിലും കിടപ്പുവന്നിട്ടുള്ള കേസുകളുടെ എണ്ണംഎത്ര?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) മുതൽ (എഫ്) വരെ കല്ലുപ്പാറപ്പുകതിയിലുള്ള സർക്കാർ ഭൂമികളിന്മേൽ തഹശീൽദാർ നടത്തിട്ടുള്ള പോക്കുവരവു കേസുകളെ സംബന്ധിച്ചതു ഒന്നും ഇടവക ഭൂമികളെ സംബന്ധിച്ചു ഇഷ്ടപ്രകാരം നടത്തിട്ടുള്ളതു വേറെയായിട്ടുമാണിങ്ങനെ രണ്ടു സ്റ്റേററുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. സി. പി. തോമസ് (നിയമിത മെമ്പർ): ഇടവകഭൂമികളെ സംബന്ധിച്ചു പോക്കുവരവു പ്രവൃത്തികളിന്മേൽ ഗവൺമെൻറിനു എന്തു നിയന്ത്രണാധികാരമാണുള്ളതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഒന്നും ഇല്ല.

മി. സി. പി. തോമസ് (നിയമിതമെമ്പർ): അവയെസംബന്ധിച്ചു അപ്രകാരമുള്ള ഏതെങ്കിലും നിയന്ത്രണാധികാരം ഉണ്ടായിരിക്കേണ്ടതു ആവശ്യമാണെന്നു ഗവൺമെണ്ടിനു വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതുസംബന്ധിച്ചു ഇടപ്പള്ളിരാജാവു അദ്ദേഹത്തിന്റെ അധികാരം വിട്ടുതരുമോ എന്നു സംശയമാണ്. ഇതുതരത്തിലുണ്ടായിട്ടുള്ള യാദൃച്ഛികതകളുടെ ഫലമായി ഗവണ്മെന്റ് ഇപ്പോൾ ഇടപ്പള്ളിരാജാവുമായി എഴുത്തുകുത്തു നടത്തിവരികയാണ്.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ബി. എ. ക്ലാർ.

ചോ. ചെ. മി. എൻ. കുമാരൻ (തിയമിതമെമ്പർ): (എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ പ്രൊഫസർമാരുടെപ്പുറമുള്ള ആകെയുള്ള ബി. എ. ക്ലാർക്കുകൾ എണ്ണം എത്രയെന്നും,

(ബി): അപ്രകാരമുള്ള ബി. എ. ക്ലാർക്കിൽ തിരുവിതാംകൂർ കാരല്ലാത്തവരെത്രയെന്നും പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്. (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ)	സ്ഥിരം	...	...	നവ ൭
	ആക്ടിംഗ്	....	...	വുന്നു
(ബി)	സ്ഥിരം	...	...	വുന്നു
	ആക്ടിംഗ്	..	...	൨

മുക്കം കടുത്തുരുത്തി റോഡും മന്നക്കനാട്ടു പാലവും,

ചോ. ചെ. മി. കെ. ഐ. ജോസഫ് (ദീനമുക്കം ദേവികളുവും) (എ) മുക്കം കടുത്തുരുത്തി റോഡ് വണ്ടിപോകത്തക്ക നിലക്കിത്തിക്കുവാൻ ക്ക ൦ ൦-ാമാണ്ടു അനുവദിച്ചിട്ടുള്ള തുക മുഴുവനും ക്ക ൦ ക്ക-ാമാണ്ടു ചെലവാക്കിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു?

(ബി) ക്ക ൦ ക്ക-ാമാണ്ടു കർക്കടകമാസാവസാനം റോഡിന്റെ എത്രമാത്രം ഭാഗം വണ്ടിപോകത്തക്കതാണിത്തീർത്തിട്ടുണ്ടു.

(സി) റോഡുമുഴുവനും വണ്ടിപോകത്തക്കതാക്കിത്തീർക്കുന്നതിനും ആവശ്യമുള്ള കലുങ്കുകളും പാലങ്ങളും ഉടനടിയിൽ കെട്ടിക്കുന്നതിനും യത്നിക്കുമോ?

(ഡി) ഈ റോഡിൽ മന്നക്കനാട്ടുള്ള പാലം പണിയിക്കുന്നതിനു ചെലവായ പണം എത്ര?

(ഇ) പാലത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്തിനെ?

(എഫ്) പാലത്തിന്റെ പണി തീർന്നതെപ്പോൾ? പണിതീർന്ന എത്രകാലത്തിനകമാണ് അതു ചീത്തയായതു?

(ജി) പണിതീർന്ന ഇത്രവേഗത്തിൽ അതു ചീത്തയാകുന്നതിനുള്ള കാരണം എന്തു?

ഈ വിവരങ്ങൾ തരുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി):

(എ) ക്ക ൦ ക്ക-ാമാണ്ടിലേക്കു അനുവദിച്ചിട്ടുണ്ടായിരുന്ന ഗ്രാന്റ് മുഴുവൻ ചെലവായി.

(ബി) വെള്ളപ്പൊക്കമുള്ളപ്പോൾ കടക്കാൻ നിവൃത്തിയില്ലാത്ത മന്നാമത്തെയും മൂന്നാമത്തെയും തരക്കേടുകളിൽ പാലങ്ങൾക്കു സമീപപ്രദേശങ്ങളിലെഴിക്കെ ശേഷമുള്ള ഭാഗങ്ങൾ മുഴുവനും വണ്ടിപോകത്തക്കതാണ്.

(സി) കലുങ്കുകളെല്ലാം കെട്ടിച്ചുകഴിഞ്ഞിരിക്കുന്നു. മന്നാമത്തതരമെയിലുള്ള പാലം പണിതീർന്നവസ്ഥ. മൂന്നാമത്തതരമെയിലുള്ള രണ്ടു പാലങ്ങളുടെ പണി ക്ക ൦ ക-ൽ ആരംഭിക്കുന്നതാണ്.

(ഡി) എട്ടാമത്തതരമെയിൽ, ൪-ാമത്തെ ഹർഷാംഗിൽ ഉള്ള മൂന്നു കലുങ്കുകൾ കെട്ടിക്കുന്നതിനു ക്ക൪ വുൻ രൂപ ചിലവായി.

(ഇ) ക ൦ ൻ ൻ-ാമാണ്ടത്തെ അസാധാരണമായ മഴവെള്ളപ്പൊക്കത്തിൽ പാലം താഴ്ന്നു ചീത്തയായിട്ടുണ്ട്.

(എഫ്) പാലം പണിതീർന്നു ക ൦ ൻ വ-ലും ചീത്തയായതു ക ൦ ൻ ൻ-ലെ മഴവെള്ളപ്പൊക്കത്തിലുമാണ്.

(ജി) ക ൦ ൻ ൻ-ലെ വെള്ളപ്പൊക്കം ഇതിനുമുമ്പു ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം അതു കൂടുതലായിരുന്നതിനാൽ വലിയിലെ കരകളെ എടുത്തുകൊണ്ടുപോകുകയും തൻമൂലം പാലത്തിന്റെ അസ്ഥിവാരത്തിനു കേടുസംഭവിക്കുകയും ചെയ്തു.

പൊതുസ്കൂൾസഹായഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

ചോ. ഇ. മി. തയ്യിൽ കുഞ്ഞിക്കണ്ണാമ്മൻ (മുവാറ്റുപുഴയും—തൊടുപുഴയും): പൊതുസ്കൂൾസഹായഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. തയ്യിൽ കുഞ്ഞിക്കണ്ണാമ്മൻ (മുവാറ്റുപുഴയും—തൊടുപുഴയും): കൊച്ചിപ്പോർട്ടുട്രസ്റ്റിലെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗനിയമനലിസ്റ്റിൽ വർഗ്ഗംതിരിച്ചു ക ൦ ഇനം ഉള്ളതിൽ മറ്റാരാകട്ടെയോ ക്രിസ്ത്യാനികളുടെയും, മാപ്പിള സിറിയന്മാരുടെയും കാര്യങ്ങളിൽ യാതൊന്നും കാണുന്നില്ല. അതു ആ വർഗ്ഗങ്ങളിലുള്ള അപേക്ഷകന്മാർ ഇല്ലാത്തതുകൊണ്ടാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അപേക്ഷകന്മാർ ഉണ്ടായിരുന്നോ എന്നു ഇപ്പോൾ അറിയാൻ പാടില്ല.

മി. തയ്യിൽ കുഞ്ഞിക്കണ്ണാമ്മൻ (മുവാറ്റുപുഴയും—തൊടുപുഴയും): നിയമനം നടത്തിട്ടില്ലാത്ത വർഗ്ഗങ്ങളിൽ നിന്നുതന്നെ മേലാൽ അപേക്ഷകന്മാരുണ്ടെങ്കിൽ നിയമനം നടത്തുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതിനെപ്പറ്റി ഗവണ്മെന്റ് ആലോചിക്കും.

൧൯൦൦–൧൯൧൧-ൽ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ൪൦ രൂപയും അതിൽക്കൂടുതലുമായി നടത്തിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെൻറ്.

൨൨൨. മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (കുന്നത്തുനാടു്): ൧൯൦൫ മിഥുനമാസംമുതൽ ൧൯൦൭ കർക്കടകത്തിൽ അവസാനിക്കുന്ന രണ്ടു സംവത്സരങ്ങളിലായി, മാസം ഒന്നുക്കു ൪൦ രൂപയും അതിൽ കൂടുതലും ശമ്പളമുള്ള മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ സ്ഥാനങ്ങളിൽ, നിയമിച്ചിട്ടുള്ള ബ്രാഹ്മണർ, കത്തോലിക്കക്രിസ്ത്യാനികൾ, മറ്റു ക്രിസ്ത്യാനികൾ, ഈഴവർ, മഹമ്മദീയർ, മറ്റു ജാതിക്കാർ ഇവരുടെ എണ്ണം എത്രയാണെന്നറിയുവാൻ ഗവണ്മെൻറിന്നു മയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി):

ബ്രാഹ്മണർ	൧
നായന്മാർ	൩
കത്തോലിക്ക ക്രിസ്ത്യാനികൾ	ഇല്ല
മറ്റു ക്രിസ്ത്യാനികൾ	൨
ഈഴവർ	൧
മഹമ്മദീയർ	ഇല്ല
മറ്റു ജാതിക്കാർ	ഇല്ല

൧൯൦൦–൧൯൦൧-ൽ കൊടുത്തിട്ടുള്ള വെളിവെയ്പ്പ് ലൈസൻസുകൾ.

൨൨൪. മി. സി. പി. തരകൻ (കുന്നത്തുനാടു്): ൧൯൦൦, ൧൯൦൧–എന്നിവർഷങ്ങളിൽ വെളിവെയ്പ്പുന്നതിലേക്കുള്ള ലൈസൻസിനു അപേക്ഷിച്ചവരുടെ പേരുകളും, അവരിൽ ലൈസൻസ് അനുവദിച്ചുകൊടുത്തവരുടെ പേരുകളും അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തിടുവാൻ ഗവണ്മെൻറിന്നു മയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടതിൻപ്രകാരമുള്ള രണ്ടു സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിരിക്കുന്നു.

ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ നിയമനങ്ങൾ.

൨൨൫. മി. കെ. എ. ജോസഫ് (മീനച്ചിലും–ഭരണങ്ങാനവും):

(എ) ഡിസ്ട്രിക്ട് ജഡ്ജിമാർ, രണ്ടാംജഡ്ജിമാർ, മുൻസിപ്പുമാർ, മജിസ്ട്രേട്ടുമാർ, സബ്മജിസ്ട്രേട്ടുമാർ, വാക്കാളേജ് പ്രൊഫസറന്മാർ മുതലായ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനം ഇപ്പോൾ ഏതെങ്കിലും നിർദ്ദിഷ്ടനിയമമനുസരിച്ചാണോ നടത്തിവരുന്നതു എന്നും, അപ്രകാരമാണെങ്കിൽ ആ നിയമങ്ങൾ ഏവ എന്നും,

(ബി) ഗവണ്മെൻറോ ഹൈക്കോടതിയോ ഈ സംഗതിയിൽ സമുദായപ്രാതിനിധ്യത്തെ സ്വീകരിക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ ഗവണ്മെൻറോ ഹൈക്കോടതിയോ അപ്രകാരം അംഗീകരിച്ചിട്ടുള്ള സമുദായങ്ങൾ ഏതെല്ലാമെന്നും,

(സി) അപ്രകാരം തരംതിരിച്ചിട്ടുള്ളതു ഏതു മതാനുസരിച്ചാണെന്നും,

(ഡി) ഈ സംഗതിയിൽ റോമൻകത്തോലിക്കർ, ജാക്കബൈറ്റുകൾ, പ്രോട്ടസ്റ്റൻറുകൾ, സിറിയൻസ് എന്നിവരെ പ്രത്യേക സമുദായങ്ങളായി ഗണിച്ചിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ അപ്രകാരം ഗണിക്കാത്തതിൻെറ കാരണങ്ങൾ എന്തെല്ലാമാണെന്നും,

(ഇ) ജഡ്ജിമാർ, മുൻസിപ്പുമാർ, മജിസ്ട്രേട്ടുമാർ എന്നീ സ്ഥാനങ്ങളിലേക്കു ഗ്രേഡുസ്സുമാരിൽനിന്നും വ്യവഹരിക്കുന്ന വക്കീലന്മാരിൽനിന്നും നടത്തുന്ന നിയമനങ്ങൾ ഇനിയുള്ളതിന്നു വേണമെന്നുള്ളതിന്നു ഏതെങ്കിലും നിർദ്ദിഷ്ടമായ നിയമം ഗവണ്മെൻറോ ഹൈക്കോടതിയോ സ്വീകരിച്ചിട്ടുണ്ടോ? എന്നും,

(എഫ്) വക്കീലന്മാരിൽനിന്നും നിയമിക്കുന്ന ആളുകളുടെ കാര്യശേഷി നിർണ്ണയിക്കുന്നതു ഏതു വിധത്തിലാണെന്നും,

(ജി) ഒരു വക്കീലിൻെറ കാര്യപ്രാപ്തി നിർണ്ണയിക്കുന്നതു കൂടുതൽ സർവ്വീസിനെ അനുഭവമായിട്ടു മാത്രമാണോ എന്നും, പറയുവാൻ ഗവണ്മെൻറിന്നു മയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി):

(എ) പബ്ലിക്കുസർവ്വീസു പരസ്യത്തിൽ കൊടുത്തിട്ടുള്ളതല്ലാതെ പ്രത്യേകമായ മറ്റു നിയമങ്ങൾ ഒന്നും നിർമ്മിച്ചിട്ടില്ല. പല തരത്തിലുള്ള നിയമനങ്ങൾക്കു അടിസ്ഥാനമായിരിക്കുന്ന തോതു ജോലിയിലുള്ള സാമർത്ഥ്യമാണ്.

(ബി) കാര്യശേഷിക്കു തടസ്സം വരാത്തവിധത്തിൽ സമുദായപ്രാതിനിധ്യവും ആലോചനാവിഷയമാകുന്നുണ്ടു. ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം, അപ്രകാരമുള്ള സമുദായങ്ങൾ താഴെ കൊടുത്തിട്ടുള്ളവയാകുന്നു.

(൧) ബ്രാഹ്മണർ
(൨) നായർ
(൩) ക്രിസ്ത്യൻ
(൪) മറ്റു ഹിന്ദുക്കൾ

സമുദായപ്രാതിനിധ്യം കുറവുള്ള മറ്റു സമുദായങ്ങളുടെ കാര്യവും ആലോചനാവിഷയമാകുന്നുണ്ടു്.

(സി) രാജ്യഭരണസംബന്ധമായ കാര്യശേഷിക്കു ഹാനിസംഭവിക്കാത്തവിധത്തിലുള്ള സമുദായപ്രാതിനിധ്യമാണ് സ്വീകരിച്ചിട്ടുള്ള തോതു്.

(ഡി) പ്രത്യേകപ്രാതിനിധ്യമല്ലെന്നുള്ള ഹൈക്കോടതിയുടെ അഭിപ്രായമനുസരിച്ചു എല്ലാം ഒരേ സമുദായമായിട്ടല്ലാതെ പ്രത്യേകസമുദായമായി ഗണിച്ചിട്ടില്ല; എന്നാൽ അവാന്തരവർഗ്ഗക്കാരുടെ അവകാശങ്ങളും പേണ്ടതുപോലെ ഗണിക്കുന്നുണ്ടു്.

(ഇ) ഗൺസിപ്പന്മാരുടെ നിയമനം സംബന്ധിച്ചിടത്തോളം, ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാർക്കാണ് ഉദ്യോഗക്കയറ്റം കൊടുത്തുവരുന്നതു. കഴിയുന്നിടത്തോളം ഇടയിട്ട വക്കീലന്മാരിൽനിന്നും അതിലേക്ക് ആളുകളെ എടുക്കുന്നുണ്ടു. മജിസ്ട്രേട്ടന്മാരുടെ നിയമനം സംബന്ധിച്ചിടത്തോളം, ആളുകളെ തിരഞ്ഞെടുക്കുന്നതു പ്രധാനമായി സെക്രട്ടറിയറ്റിലും, അക്കൗണ്ടാഫീസിലും, ലാൻഡ് റവന്യൂവിലും മററു ഡിപ്പാർട്ടുമെന്റുകളിലുമുള്ള യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാരെയാണ് വക്കീലന്മാരിൽനിന്നും അപൂർവമായിട്ടുമാത്രമെ മജിസ്ട്രേട്ടന്മാരെ തിരഞ്ഞെടുക്കുന്നുള്ളു.

(എഫ്) വക്കീലന്മാരുടെ പഴക്കത്തേയും കാര്യശേഷിയേയും നോക്കിയാണ് അതു നിശ്ചയിക്കുന്നതു്.

(ജി) ഇല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): ചോദ്യത്തിലെ (സി) പിരിവിനുള്ള ഉത്തരം സംബന്ധിച്ചിടത്തോളം, തരംതിരിക്കുന്നതു ഏതു തോതനുസരിച്ചാണെന്നുള്ളതു അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): തരംതിരിക്കൽ കൊടുത്തിരിക്കുന്നതു് (ബി) പിരിവിലാണ് അല്ലാതെ (സി) പിരിവിലല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): (സി) പിരിവിലാണ് തരംതിരിക്കുന്നതെന്നു മിനപ്പററി പറഞ്ഞിരിക്കുന്നതു്.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സ്വീകരിച്ചിട്ടുള്ള തോതു സമുദായ പ്രാതിനിധ്യമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): ഞാൻ ചോദിക്കുന്നതു ഏതു തോതനുസരിച്ചാണ് തരംതിരിക്കൽ നടത്തുന്നതെന്നാണ്.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): തോതു എന്താണെന്നു (ബി) പിരിവിനുള്ള 2ാം പടിയിൽ പറഞ്ഞിട്ടുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): ഇപ്രകാരമുള്ള തരംതിരിക്കൽ നടപ്പിൽവരുത്തുന്നതു ഏതു തോതനുസരിച്ചാണെന്നാണ് ഞാൻ അറിയാനാഗ്രഹിക്കുന്നതു. അതായതു ജാതിയോ, മതമോ അല്ലെങ്കിൽ അപ്രകാരമുള്ള മറേറതിനെയെങ്കിലുമോ ഇതുസംബന്ധിച്ചു ഗണിക്കപ്പെടുന്നുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): വളരെക്കാലമായി ഈ തരംതിരിക്കുന്ന ജോലി ഹൈക്കോർട്ടിൽനിന്നുമാണ് നടത്തിവരുന്നതു്. അതിലേക്കുള്ള തോതും ഹൈക്കോർട്ടിനെസംബന്ധിച്ചതാണ് അതുകൊണ്ടു എനിക്കു നിശ്ചയമായി ഒന്നും പറയുവാൻ നിവൃത്തിയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): അതുസംബന്ധിച്ചുള്ള വിവരം ഇപ്പോൾ കിട്ടത്തക്കതല്ല എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അല്ല. ഇപ്പോൾ കിട്ടത്തക്കതല്ല.

ക്ഷാപ്പുകളും, ക്ഷാപ്പുകളും ഉള്ള മദ്യഷാപ്പുകളുടെ വില്പന.

൨൮൫. മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും):

(എ) ക്ഷാപ്പുകളും അതിനടുത്തുള്ള വില്പനയിലും മേഖലത്തിൽവിററ സംസ്ഥാനത്തിലെ കള്ളുഷാപ്പുകളുടേയും ചാരായഷാപ്പുകളുടേയും എണ്ണം എത്രയെന്നും,

(ബി) ക്ഷാപ്പുകളും അതിനടുത്തുള്ള അവസരങ്ങളിലും പ്രത്യേക ഉടമ്പടിയിന്മേൽ കൺട്രാക്ടന്മാർക്കു കൊടുത്തിട്ടുള്ള ഷാപ്പുകളുടെഎണ്ണം എത്രയെന്നും,

(സി) ക്ഷാപ്പുകൾ ഈ ഓരോ ഇനങ്ങളിൽനിന്നും ഗവണ്മെന്റിനു കിട്ടീട്ടുള്ള മുതലെടുപ്പെത്രയെന്നും, ക്ഷാപ്പുകൾക്കു കിട്ടുമെന്നു കണക്കാക്കപ്പെട്ടിട്ടുള്ള തുക എത്രയെന്നും,

(ഡി) ക്ഷാപ്പുകൾ മീനച്ചിൽ താലൂക്കിൽ ഉണ്ടായിരുന്ന കള്ളുഷാപ്പുകളുടേയും ചാരായക്കടകളുടേയും എണ്ണം എത്രയെന്നും ക്ഷാപ്പുകൾക്കു ഉണ്ടായിരിക്കണമെന്നു ഗവണ്മെന്റു ഉദ്ദേശിക്കുന്നതെത്രയെന്നും,

(ഇ) മീനച്ചിൽതാലൂക്കു നിവാസികളിൽനിന്നും, ഏതാനും കടകൾ നിവൃത്തിചെയ്യേണ്ടതാണെന്നും, മററുചിലവയുടെ സ്ഥാനം മാറേണ്ടതാണെന്നും കാണിച്ചു എക്സൈസ് കമ്മിഷണർക്കു ഒരു അപേക്ഷകിട്ടിട്ടുണ്ടോ എന്നും,

(എഫ്) എക്സൈസ്കമ്മിഷണർ അതു സംബന്ധിച്ചു ഏതെങ്കിലും നടപടിനടത്തീട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ എന്തു നടപടിയാണ് അദ്ദേഹം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും,

(ജി) ക്ഷാപ്പുകൾ നടത്തിയ പൊതുലേലത്തിൽ വിളികേൾക്കുവാൻ ആളുകൾ വരാതിരുന്ന മീനച്ചിൽ താലൂക്കിലെ ക്ഷാപ്പുകളുടെ എണ്ണം എത്രയെന്നും, അപ്രകാരം വരാതിരുന്നതിനു കാരണങ്ങളുണ്ടെങ്കിൽ അവ എന്തെന്നും,

(എച്ച്) അതിനുശേഷം പ്രത്യേക ഉടമ്പടിയനുസരിച്ചു കൺട്രാക്ടന്മാർക്കു വിട്ടുകൊടുത്ത ക്ഷാപ്പുകളെത്രയെന്നും

(ഐ) പൊതു ലേലത്തിൽ വിളികേൾക്കുവാൻ ആളില്ലാതിരുന്ന ഷാപ്പുകളുടെ നടത്തിപ്പിനു ആളുകളുണ്ടാകുവാനായി എക്സൈസ് ഡിപ്പാർട്ടുമെന്റിലെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാർ ജനങ്ങളെ ഉത്സാഹിപ്പിച്ചു വന്നുകയാ എന്നും,

(ജെ) അപ്രകാരം ഷാപ്പു കൺട്രാക്ടന്മാരെ വരിക്കുവാനായി ചെയ്യുന്ന പ്രോത്സാഹജനകങ്ങളായ ജോലികൾ ആ ഉദ്യോഗസ്ഥന്മാരുടെ ഒരുപ്രകാരമുള്ള ജോലിയിൽ ഉൾക്കൊള്ളുന്നതാണോ എന്നും, പറയുവാൻ ഗവണ്മെന്റിനു യോഗ്യതയുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി):

(എ)-യും (ബി)-യും ചോദ്യങ്ങൾ, രണ്ടു ചാരായഷാപ്പുകളും, ചാരായ കള്ളുഷാപ്പുകളും മേലത്തിൽ വിൽക്കുകയും, ചാരായ കടകളും, നുര കള്ളുകാപ്പുകളും പ്രത്യേക ഏർപ്പാടനുസരിച്ചു കൊടുക്കുകയുംചെയ്തു. അതിനു മുമ്പിലത്തെആണ്ടിൽ വിററഷാപ്പുകളുടെഎണ്ണം എത്രയാണെന്നുള്ള വിവരം ഇപ്പോൾ കൈവശമില്ല.

(സി) ചോദ്യം-മേലത്തെ ചാരായ കടകളുടേയും കള്ളു ഷാപ്പുകളുടേയും വാടക യഥാക്രമം രൂ,സ,വ,ഉ രൂപ ചവ ചക്രം ന്യ കാലും ചാ ,വ,ചാ,വ ഉ രൂപ ചാ ചക്രം ഇ കാലും ആകുന്നു. എല്ലാ ഷാപ്പുകളുടേയും വില്പന അവസാനിച്ചിട്ടില്ലാത്തതുകൊണ്ടു ചോദ്യങ്ങൾ ആകെ വാടക ഇപ്പോൾ നിശ്ചയിക്കാൻ നിവൃത്തിയില്ല.

(ഡി) ചോദ്യം-ചോദ്യവേ കൺട്രാക്ടിനു മീനച്ചിൽതാലൂക്കിൽ ഒ ഇ ചാരായക്കടകളും, വ്യ കള്ളുഷാപ്പുകളും ഉണ്ടായിരുന്നു. അടുത്ത കൺട്രാക്ടിനു യഥാക്രമം ഒ രൂ-ം, വ്യ-ം വാടകം ഉണ്ട്.

(ഇ)-യും (എഫ്)-ം മീനച്ചിൽവെച്ചു എക്സൈസ് കമ്മിഷണർ ഒരു ഡെപ്യൂട്ടേഷൻ സ്വീകരിക്കുകയുണ്ടായി. മീനച്ചിലും സമീപസ്ഥലങ്ങളിലുമുള്ള ഒ ന്യ,രൂ ഉ,രൂ വ എന്നീ നമ്പർ കള്ളുഷാപ്പുകളും, ചാ-ം നമ്പർ ചാരായക്കടയും അവയുടെ ഇപ്പോഴത്തെ സ്ഥലങ്ങളിൽനിന്നും മാററേണ്ടതാണെന്നു അവർ അദ്ദേഹത്തിനോടു ആവശ്യപ്പെട്ടു. എക്സൈസ്കമ്മിഷണർ ആ സ്ഥലങ്ങൾ പരിശോധിച്ചുനോക്കിയതിൽ അവ മാററേണ്ട ആവശ്യമുണ്ടെന്നു അദ്ദേഹത്തിനു തോന്നിയില്ല.

(ജി) ലേലം വിളിക്കാൻ ആളുകൾവരാത്ത ഷാപ്പുകൾ ഒന്നുംതന്നെയില്ല. എന്നാൽ ഒരു ചാരായക്കടയ്ക്കും വ കള്ളുഷാപ്പിനുമുള്ള ലേലം വളരെ കുറവായിട്ടാണ് വിളിക്കപ്പെട്ടതു. അതുകൊണ്ടു അവമാത്രം ലേലത്തിൽ വിൽക്കപ്പെട്ടില്ല.

(എച്ച്) എട്ടു കള്ളുകാപ്പുകൾ.

(കെ) (കജ) (ജി) പിരിവിനുള്ള ഉത്തരംനിമിത്തം ഈ ചോദ്യങ്ങൾക്കു അവകാശം ഉണ്ടാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): (സി) പിരിവിനു ഒടുവിലത്തെ കാര്യംസംബന്ധിച്ചിടത്തോളം, ഇപ്പോൾ എത്രമാത്രം നിശ്ചയിച്ചിട്ടുള്ളതുക എന്താണെന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി), വിററഴിഞ്ഞിട്ടുള്ള ഷാപ്പുകളെസംബന്ധിച്ചുവിവരം എക്സൈസ് കമ്മിഷണരിൽനിന്നും ചോദിച്ചറിയേണ്ടതായിട്ടാണിരിക്കുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും); എന്റെ ചോദ്യത്തിനു മറുപടിപറയുവാൻ മന്ത്രിക്ക് ഇപ്പോൾ സാധിക്കുകയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി): ഇപ്പോൾ ഒരു മറുപടിയും തരുവാൻ എനിക്കു സാധിക്കുന്നതല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): (ഇ) (എഫ്) എന്നീ പിരിവുകൾക്കു നൽകിയ മറുപടിയെസംബന്ധിച്ചു, സ്വന്തമായി തീരുമാനംചെയ്യുന്നതിനുമുമ്പു എക്സൈസ്കമ്മിഷണർ തന്നെത്തന്നെ അഭിപ്രായമെന്താണെന്നു അന്വേഷിച്ചറിയുകയുണ്ടായോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി): നിശ്ചയം ചെയ്യുന്നതിനുമുമ്പു എന്തു അന്വേഷണമാണ് അദ്ദേഹം നടത്തിയതെന്നു പറയുവാൻ എനിക്കു സാധിക്കുന്നതല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അദ്ദേഹത്തിന്റെ തീരുമാനം എന്തു കാരണങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ ഷാപ്പുകൾ നിരത്തൽചെയ്യണമെന്നാണു തന്നെ ജനങ്ങളുടെ അഭിപ്രായമെന്നു എക്സൈസ്കമ്മിഷണർക്കു അറിയാമായിരുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി): എക്സൈസ്കമ്മിഷണർ സമയത്തിൽ ഹാജരുള്ളപ്പോൾ അദ്ദേഹത്തിനോടു മെംബർ ഇതിനെപ്പററി ഒരുവട്ടംചെയ്തു ചോദിക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ ഷാപ്പുകളുടെ ഇപ്പോഴത്തെ സ്ഥാനങ്ങൾ മാററേണ്ടതാണെന്നു സ്ഥലത്തുള്ള ജനങ്ങൾ എക്സൈസ്കമ്മിഷണരെ ധരിപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവർണ്ണറിനു അറിവില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി): അതു മറുപടിയിൽനിന്നും സ്പഷ്ടമാകുന്നുണ്ട്. ആ സംഗതിയെസംബന്ധിച്ചു ഒരു ആവലാതിയുണ്ടായിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതിനുള്ള കാരണങ്ങൾ എന്താണെന്നറിയുവാൻ ഗവർണ്ണറിനു ഇപ്പോൾ സാധിക്കുന്നതല്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി): ബഹുമാനസംബന്ധിച്ചുണ്ടായ ചെലവുവായവാടകപ്രതിവാദത്തിൽ ഈ സംഗതിയും വാദവിഷയമായിരുന്നു. ആ സന്ദർഭത്തിൽ എക്സൈസ്കമ്മിഷണർ അദ്ദേഹത്തിന്റെ നില എന്താണെന്നു നല്ലപോലെ പ്രത്യക്ഷമാക്കിട്ടുമുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എക്സൈസ് കമ്മിഷണർ ഏതുകാരണങ്ങളെ അടിസ്ഥാനമാക്കിയാണ് സ്വന്തമായി തീരുമാനംചെയ്തതെന്നു ഇപ്പോൾ പറയുവാൻ ഗവർണ്ണറിനു സാധിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർടെ സെക്രട്ടറി): ബഹുമാനസംബന്ധിച്ചുണ്ടായ ചെലവുവായവാടപ്രതിവാദത്തിൽ എക്സൈസ് കമ്മിഷണർ തന്നെ ഈ സംഗതിയെപ്പററി വിവരിച്ചുപറഞ്ഞിട്ടുള്ള സ്ഥിതിക്കു ആ കാരണങ്ങളെപ്പററി വീണ്ടും പറയേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മോഡൽ സ്കൂൾ അദ്ധ്യാപകൻ മി. പി. വി. എബ്രഹാം.

ഡബ്ല്യു. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) മോഡൽസ്കൂളിലുണ്ടായ ഒരു സ്ഥിരം ഒഴിവിൽ ഒരു മി. പി. വി. ഏബ്രഹാമിനെ നിയമിച്ചിട്ടുണ്ടോ എന്നും,

(ബി) ആ ഒഴിവിൽ ഒരു മി. പി. കെ. സുബ്രഹ്മണ്യയ്യർ പകരത്തിനു ജോലിനോക്കി വന്നിരുന്നുവോ എന്നും അപ്രകാരം ഉണ്ടായിരുന്നെങ്കിൽ അയാൾ എത്ര വർഷത്തേക്കായിരുന്നു എന്നും,

(സി) മാഡൽസ്കൂൾ ഹെഡ്മാസ്റ്റരും ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലും മി. പി. കെ. സുബ്രഹ്മണ്യയ്യരുടെ ജോലിയെപ്പററി അനുകൂലമായി അഭിപ്രായപ്പെട്ടിരുന്നുവോ എന്നും,

(ഡി) തന്നെ ഉദ്യോഗസ്ഥന്മാരുടേയും പരീക്ഷായോഗ്യതകൾ എന്തെന്നും,

(ഇ) മി. പി. കെ. ഏബ്രഹാം പ്രിൻസിപ്പാലിനോടു ആ സ്ഥാനത്തിനുവേണ്ടി അപേക്ഷിച്ചിരുന്നുവോ എന്നും പറയുവാൻ ഗവർണ്ണമെന്റിനു മനസ്സുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ്സെക്രട്ടറി):

(എ) ഇല്ല.

(ബി) ഉവ്വ്. ഉദ്ദേശം $\frac{1}{2}$ മാസത്തേക്കു.

(സി) ഉണ്ടു.

(ഡി) മി. പി. കെ. ഏബ്രഹാം, ബി. എ., എൽ, ടിയും, മി. പി. കെ. സുബ്രഹ്മണ്യയ്യർ, ബി. എ (ഓണേഴ്സും) ആകുന്നു.

(ഇ) ഇല്ല.

സ്റ്റാമ്പു മാനുഫാക്ടറി സ്റ്റോർകീപ്പർ മി. എൻ. കോശി.

ഡബ്ല്യു. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ൧൯൨൯ ചിങ്ങമാസത്തിൽ സ്റ്റാമ്പുമാനുഫാക്ടറിയിൽ ൧൯൨ രൂപ ശമ്പളത്തിൽ ഒരു ആക്ടിംഗ് കെയ്ക്കാരനായി നിയമിച്ച മി. എൻ. കോശിക്കു ആ നിയമനത്തിനുമുമ്പു മറേറതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗം ഉണ്ടായിരുന്നോ എന്നും,

(ബി) ൧൯ രൂപ ശമ്പളത്തിൽ സ്റ്റോർകീപ്പറായി അദ്ദേഹത്തെ നിയമിച്ചതെപ്പോൾ എന്നും,

(സി) അദ്ദേഹത്തിനു സ്റ്റോർകീപ്പറായി നിയമിച്ചപ്പോൾ അദ്ദേഹത്തിനേക്കാൾ കൂടുതൽ സർവീസുള്ളവരുടെ അവകാശങ്ങളെപ്പററി ആലോചിക്കുകയുണ്ടായോ എന്നും,

(ഡി) ൧൯൨൯-ലെ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒന്നാം ക്വാർട്ടർലി ലിസ്റ്റിൽ മി. കോശിയുടെ പേർ ഉൾപ്പെടുത്തിട്ടുണ്ടായിരുന്നുവോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും പറയുവാൻ ഗവർണ്ണമെന്റിനു മനസ്സുണ്ടാകുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവർണ്ണമെന്റു ഫിനാൻഷ്യൽ സെക്രട്ടറി):

(എ) ഉവ്വ്; ൧൯൨൯-ൽ ഗവർണ്ണമെന്റു പ്രസ്സിൽ അദ്ദേഹം ഒരു ആക്ടിംഗ് ക്ലാർക്കായിരുന്നു.

(ബി-യും സി-യും) സ്ഥിരം സ്റ്റോർകീപ്പറായിരുന്ന മി. പരമേശ്വരൻപിള്ള ൧൯൨൯ കർക്കടകം ൧൭-തീയ്യതി മുതൽ ൫ ദിവസത്തേക്കു പ്രിവിലേജ് അവധി ഉപയോഗിച്ചു. ഈ ചെറിയ കാലത്തേക്കു ആവശ്യമുള്ള ജാമ്യത്തുക നിക്ഷേപിക്കുവാൻ ആഫീസിലുള്ള ആരും തയ്യാറില്ലാതിരുന്നതുകൊണ്ടു ആ കാലത്തേക്കു സ്ഥിരജീവനക്കാരന്റെ സ്വന്ത ഉത്തരവാദിത്വത്തിൽ അദ്ദേഹത്തേക്കാൾ കൂടുതൽ സർവീസുള്ളവരുടെ അവകാശങ്ങൾക്കു തടസ്സം വരാത്തവിധത്തിൽ മി. എൻ. കോശിയെ സ്റ്റോർകീപ്പർക്കു പകരം നിയമിച്ചു.

(ഡി) ഇല്ല. ൧൯൨൯-ൽ അദ്ദേഹം ഒരു പകരം ജോലിയിൽ ഇരുന്നതുകൊണ്ടു ആഫീസിലെ കണക്കുകളിൽ അദ്ദേഹത്തിന്റെ പേർ സൂപ്രണ്ടു ഉൾപ്പെടുത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മി. പരമേശ്വരൻപിള്ള ഉപയോഗിച്ചു ഈ ൫ ദിവസത്തെ പ്രിവിലേജ് അവധിക്കാലത്തു എത്ര ജോലിയുള്ള ദിവസം ഉണ്ടായിരുന്നു എന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റു ആ. ഫിനാൻഷ്യൽ സെക്രട്ടറി): എനിക്കറിവില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ എട്ടു ദിവസങ്ങൾക്കു അദ്ദേഹത്തിനു ഏതെങ്കിലും അലവൻസു കൊടുക്കുകയുണ്ടായോ എന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവർണ്ണമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): മിക്കവാറും കൊടുത്തിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്റ്റോർകീപ്പറായി നിയമിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉദ്യോഗവും ശമ്പളവും എന്തായിരുന്നു?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവർണ്ണമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ആക്ടിംഗ് സ്റ്റോർകീപ്പറായി നിയമിക്കുന്നതിനുമുമ്പു അദ്ദേഹത്തിന്റെ ഉദ്യോഗം ആ. കെയ്ക്കാരനായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിന്റെ ശമ്പളത്തെപ്പററി മറുപടിയൊന്നും പറഞ്ഞില്ല.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവർണ്ണമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): അതുസംബന്ധിച്ചു പ്രത്യേകമായ ചോദ്യമൊന്നുമുണ്ടായിരുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തെ സ്റ്റാമ്പുനിർമ്മാണശാലയിലേക്കു എടുത്തപ്പോൾ ഗവർണ്ണമെന്റു പ്രസ്സിലേയും സ്റ്റാമ്പുമാനുഫാക്ടറിയിലേയും സൂപ്രണ്ടന്മാർക്കു തമ്മിൽ ഏതെങ്കിലും എഴുത്തുകുത്തുകൾ ഉണ്ടായിട്ടുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റു ആ. ഫിനാൻഷ്യൽ സെക്രട്ടറി): എനിക്കറിവില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്റ്റാമ്പുമാനുഫാക്ടറി കണക്കിൽ അദ്ദേഹത്തിന്റെ പേർ ഉൾപ്പെടുത്താതിരുന്നതിനു ഏതെങ്കിലും പ്രത്യേക കാരണമുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റു ആ. ഫിനാൻഷ്യൽ സെക്രട്ടറി): സ്റ്റാമ്പുമാനുഫാക്ടറി സൂപ്രണ്ടു അദ്ദേഹത്തിന്റെ പേർ കണക്കിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തുകൊണ്ടാണ് ഉറപ്പെടുത്താത്തതെന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് ആ. ഫിനാൻഷ്യൽ സിക്രട്ടറി); അതു ഒരു കുറവാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ആയുശ്രമമുള്ള ഒരു നിക്ഷേപിച്ചുവോ?

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് ആ. ഫിനാൻഷ്യൽ സിക്രട്ടറി): സ്ഥിരലാഭണക്കാരന്റെ ഉത്തരവാദിത്വത്തിലാണ് അദ്ദേഹം സ്വോർക്കിപ്പുറായി പകരംജോലിനോക്കിവന്നതു.

പരസ്പരസഹായഇൻസ്പെക്ടരുടെ നിയമനം.

൧൯൫. മി. എൻ. കുമാരൻ (നിയമിതരെമ്പർ): (എ) പരസ്പരസഹായവിഭാഗം ഇൻസ്പെക്ടറന്മാരുടെ നിയമനത്തെ സംബന്ധിച്ചു, ഫെബ്രുവരി ഏപ്രിൽ മാസം-നടന്ന യോഗത്തിലെ തീരുമാനത്തിൽ ചോദിച്ച ചോദ്യത്തിന്നു ഗവണ്മെന്റു നൽകിയ മറുപടിയനുസരിച്ചു, ഈഴവർ ധാരാളം താമസിച്ചുപോരുന്ന സ്ഥലങ്ങളിൽ എത്ര ഈഴവ ഇൻസ്പെക്ടറന്മാരെ നിയമിച്ചിട്ടുണ്ടെന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) കോട്ടയം ഡിവിഷനിൽ ചേർത്തല, തലപ്പള്ളി, പറവൂർ എന്നീതാലൂക്കുകളിലും, കൊല്ലം ഡിവിഷനിൽ, കാർത്തികപ്പള്ളി, കുന്നത്തൂർ, കൊല്ലം എന്നീ താലൂക്കുകളിലും തിരുവനന്തപുരം ഡിവിഷനിൽ ചിറയിൻകീഴ് താലൂക്കിലും വളരെയധികം ഈഴവർ താമസിക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(സി) രണ്ടാം ഭാഗത്തിലെ ചോദ്യത്തിനുള്ള മറുപടി 'ഉണ്ടു' എന്നാണെങ്കിൽ ആ താലൂക്കുകൾ ഓരോന്നിന്നും ഈഴവ ഇൻസ്പെക്ടറന്മാരെ നിയമിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ? എന്നു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി:

(എ) ഒന്നു.

(ബി) ഉവ്വ്.

(സി) പ്രത്യേക സമുദായങ്ങൾക്കു ജോലികൊടുക്കുന്നതിനായി താലൂക്കുകൾതോറും പുതിയ നിയമനങ്ങൾ നടത്തുവാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ലാത്തതുകൊണ്ടു ഇതു സാദ്ധ്യമല്ല.

മി. എൻ. കുമാരൻ (നിയമിതരെമ്പർ): സ്പഷ്ടമായ ഭാഗത്തിനു കൊടുത്ത മറുപടിയനുസരിച്ചു കഴിഞ്ഞവർഷം ഗവണ്മെന്റു ഏഴു ഉദ്യോഗങ്ങൾ സൃഷ്ടിക്കുകയുണ്ടായില്ലേ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): സൃഷ്ടിച്ചു.

മി. എൻ. കുമാരൻ (നിയമിതരെമ്പർ): ഈയാണ്ടു മൂന്നെണ്ണംകൂടി ഗവണ്മെന്റു പുതുതായി ഏർപ്പെടുത്താൻപോകുന്നില്ലയോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉണ്ടെന്നതോന്നുന്നു. അതിലേക്കു ബഡ്ജറ്റിൽ മാർഗ്ഗം കല്പിച്ചിട്ടുണ്ടു.

മി. എൻ. കുമാരൻ (നിയമിതരെമ്പർ): ഈയാണ്ടു പുതിയ നിയമനങ്ങൾ ചെയ്യുമ്പോൾ എന്റെ ചോദ്യത്തിലെ ഭാഗത്തിലെ കാര്യങ്ങൾകൂടി ആലോചിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഈഴവരുടെ അവകാശങ്ങളെപ്പററിയും ഗവണ്മെന്റു ആലോചിക്കാതിരിക്കയില്ല. അവ ഒരിക്കൽ എടുക്കപ്പെട്ടാൽ പ്രസ്താവിച്ച കാര്യങ്ങളെപ്പററി ഗൗനിക്കുന്നതുമാകുന്നു.

ആർട്ട്സ്കാളേജ് ട്യൂട്ടർ മി. ഉമാമഹേശ്വരൻ.

൧൯൬. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ആർട്ട്സ്കാളേജിൽ ട്യൂട്ടറായി നിയമിക്കപ്പെട്ട മി. ഉമാമഹേശ്വരൻ ബി. എ. (ഓണേർസ്) ഡിഗ്രി പരീക്ഷയിൽ ഇംഗ്ലീഷിൽ മൂന്നാംക്ലാസിൽ മാത്രമല്ലയോ ജയിച്ചിട്ടുള്ളതെന്നും,

(ബി) ആ സ്ഥാനത്തേയ്ക്കു മി. ഉമാമഹേശ്വരനെ ഡയറക്ടരും പ്രിൻസിപ്പാലും ശുപാർശചെയ്തിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ അറിവുകൾകൂടിപ്പററി ശുപാർശചെയ്യാനുള്ള അധികാരികൾ ഗൗനിക്കാത്തതെന്തുകൊണ്ടെന്നും,

(സി) ആ സ്ഥാനത്തേക്കുണ്ടായിരുന്ന ൨൫ അപേക്ഷകന്മാരിൽ മോഡൽസ്കൂൾ അദ്ധ്യാപകൻ മി. കെ. സുന്ദരമയ്യർ എം. എ. എൽ. ടി-യെക്കാണോ ഡയറക്ടർ ആ സ്ഥാനത്തേക്കു കൂടുതൽ യോഗ്യതയുള്ളതായി തിരഞ്ഞെടുത്തതു എന്നും,

(ഡി) ഡയറക്ടരുടെ ശുപാർശയെ ഇടയ്ക്കു ആ സ്ഥാനത്തേക്കു ഒരു മി. കെ. എൻ. ചാക്കോയെ ഗവണ്മെന്റു സെക്രട്ടറിമാർ തിരഞ്ഞെടുത്തുവോ എന്നും,

(ഇ) മി. കെ. എൻ. ചാക്കോ ൨൫ അപേക്ഷകന്മാരിൽ ഒരാളാണോ എന്നും,

(എഫ്) ഡിപ്പാർട്ടുമെന്റിലെ അദ്ധ്യയനശാഖകളിൽ ഒന്നിലും ഒരുസ്ഥാനത്തിനും യോഗ്യതയില്ലാതെയാകത്തക്കവിധത്തിൽ അദ്ദേഹത്തിന്റെ അപേക്ഷയിൽ ഉണ്ടായിരുന്ന വ്യാകരണസംബന്ധമായ വീഴ്ചകൾ നിമിത്തമാണു മി. കെ. എൻ. ചാക്കോയുടെ അപേക്ഷയെ ഉപേക്ഷിച്ചതെന്നു പറഞ്ഞുകേൾക്കുന്നതു വാസ്തവമാണോ എന്നും.

(ജി) മി. കെ. എൻ. ചാക്കോയുടെ അപേക്ഷ പ്രിൻസിപ്പാലിന്റെ അഭിപ്രായത്തോടുകൂടി മേലപ്പോട്ടയച്ചിട്ടുണ്ടോ എന്നും.

(എച്ച്) മെസ്സേഴ്സ് ഉമാമഹേശ്വരൻ, കെ. എൻ. ചാക്കോ, കെ. സുന്ദരയ്യർ എന്നിവരുടെ താരതമ്യത്തിനുള്ള യോഗ്യതകൾ എന്തെല്ലാമെന്നും,

(ഐ) ആർട്ട്സ്കാളേജിലെ നിയമനങ്ങൾസംബന്ധിച്ചു വിഷയങ്ങളിൽ ശുപാർശചെയ്യുന്നതിനുള്ള അധികാരം ആർക്കാണെന്നും,

(ജെ) ആ സ്ഥാനത്തേക്ക് മി. ഉമാമഹേശ്വരനെ തിരഞ്ഞെടുക്കുവാൻ ഗവണ്മെന്റിനെ പ്രേരിപ്പിച്ച പ്രത്യേകമായ ആലോചനഎന്താണെന്നും,

പറയുവാൻ ഗവണ്മെന്റിന് കഴിയുമോകയോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ഉവ്വ്.

(ബി) മറുപടി പ്രതികൂലമായിട്ടാണ്. അദ്ദേഹത്തിന്റെ യോഗ്യതകൾ പ്രൊപ്പോസ് ചെയ്ത ആളുകൾക്ക് മറ്റുള്ളവരുടെ യോഗ്യതയോളം നല്ലതാണെന്നു തോന്നുന്നുണ്ട്.

(സി) ഉവ്വ്. അപേക്ഷകന്മാരുടെ എണ്ണം മെമ്പർ പറഞ്ഞതുപോലെ 2-ാം അല്ല എന്നാൽ 4 ആണ്.

(ഡി) ഗവണ്മെന്റ് സെക്രട്ടറിമാരുടെ നോട്ടുകൾ രഹസ്യമായിട്ടുള്ളതാകയാൽ ആ നോട്ടുകളിലെ വിവരങ്ങൾ പരസ്യമാക്കുവാൻ ഗവണ്മെന്റ് തയ്യാറില്ല. നിയമനങ്ങൾസംബന്ധിച്ച് സെക്രട്ടറിമാർ അങ്ങിനെ പ്രൊപ്പോസ് ചെയ്യുന്ന പരിചിതമല്ലാത്ത മെമ്പറെ അറിയിച്ചുകൊള്ളുന്നു.

(ഇ) ഉവ്വ്. മി. ചാക്കോ 4 പേർ അപേക്ഷകന്മാരിൽ ഒരാളായിരുന്നു.

(എഫ്) ഇല്ല.

(ജി) മറുപടി 'ഇല്ല' എന്നാണ്.

(എച്ച്) 1. മി. ഉമാമഹേശ്വരൻ എം. എ. (ഓണേഴ്സ്) സ്കോളർ.

2. മി. കെ. സുന്ദരയ്യർ എം. എ. (സ്കോളർ) എൽ. ടി. (സ്കോളർ)

3. മി. കെ. എൻ. ചാക്കോ ബി. എ. (ഓണേഴ്സ്) സ്കോളർ എൽ. ടി.

(ഐ) ആദ്യമായിട്ട് കാലേജ് പ്രിൻസിപ്പാൾ.

(ജെ) ആ സ്ഥാനത്തിന് ആ പശ്ചാത്തലമുള്ള ബി. എ. (ഓണേഴ്സ്) എന്ന യോഗ്യതയ്ക്കുപുറമെ സർക്കാർ ജീവനത്തിൽ വളരെ കുറവായിമാത്രം പ്രാതിനിധ്യം സിദ്ധിച്ചിട്ടുള്ള തട്ടാർജാതിയിൽ ഉൾപ്പെട്ട ആളാണ് അദ്ദേഹം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ജി) ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചിടത്തോളം പ്രിൻസിപ്പാളിന്റെ അഭിപ്രായത്തോടുള്ളിയുള്ള അപേക്ഷയും രഹസ്യമായിട്ടുള്ളതാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മറുപടി അവിടെത്തന്നെയുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവിടെത്തന്നെ കാണുന്നതിട്ടുള്ള മറുപടി 'ഇല്ല' എന്നാണ്. എന്റെ ചോദ്യം പ്രിൻസിപ്പാളിന്റെ അഭിപ്രായത്തോടുള്ളിയുള്ള അപേക്ഷ മേലപ്പറത്തിട്ടോ എന്നാണ്. അതു രഹസ്യമായിട്ടുള്ള ഒരു റിക്കാർഡാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതുമേലപ്പറത്തിട്ടുന്നതല്ലെന്നു പറഞ്ഞിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു ഈ സംഗതി അതുഅറിവാൻ അവകാശമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ.

സ്റ്റാമ്പു മാനുഫാക്ടറി പ്രിൻസിപ്പാൾ മി. എം. എബ്രഹാം.

1. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) സ്റ്റാമ്പു മാനുഫാക്ടറിയിൽ ആക്കിംഗ് സ്കോളർഷിപ്പ് പ്രിൻസിപ്പാളായി മി. എം. എബ്രഹാമിനെ നിയമിച്ചതു എന്നാണെന്നും,

(ബി) അതിനെത്തുടർന്ന് അദ്ദേഹത്തിനുണ്ടായിട്ടുള്ള ഉദ്യോഗക്കയറ്റങ്ങളുടെ തീയതികളും അപ്പോഴത്തെ ശമ്പളവും എന്തെല്ലാമാണെന്നും,

(സി) സ്റ്റാമ്പുമാനുഫാക്ടറിയിൽ എബ്രഹാമിനെ ആദ്യമായി നിയമിച്ചപ്പോൾ അവിടെ അയാളെക്കാൾ കൂടുതൽ സർവ്വീസുള്ളവരായിട്ടുണ്ടായിരുന്ന പലരുടെ പേരുകളെന്തെന്നും,

സ്റ്റാമ്പുമാനുഫാക്ടറിസൂപ്രണ്ടു അവരുടെ സർവ്വീസുകളെ അവഗണിച്ചുകൂടുവാ? എന്നും പറയുവാൻ ഗവണ്മെന്റിന് കഴിയുമോകയോ?

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് ആ. ഫിനാൻഷ്യൽ സെക്രട്ടറി): (എ) 1 ക 0 0 പി ഇ 0 ൻ- അദ്ദേഹം ഒരു കെയ്ണറുടെ സ്ഥാനത്തേക്കു അപേക്ഷകനായിരുന്നു. എന്നാൽ അപ്പോൾ ഒഴിവുകൾ ഒന്നും ഇല്ലാതിരുന്നതിനാൽ ഒരു ആക്കിംഗ് പ്രിൻററായി അയാളെ നിയമിച്ചു. കെയ്ണറുടെ സ്ഥാനത്തിൽ അടുത്ത ഒഴിവുണ്ടായപ്പോൾ പെർണാക്കുലർ ഹയർപരീക്ഷജയിച്ചു യോഗ്യതസിദ്ധിച്ച ആളായിരുന്നതിനാൽ 1 ക 0 0 കുക്കടക്കം ൻ-ന- അയാളെ ആ സ്ഥാനത്തിൽ പകരംജോലിനോക്കുന്നതിനു നിയമിച്ചു.

(ബി) അതിനെത്തുടർന്ന് ഉദ്യോഗക്കയറ്റമൊന്നും അയാൾക്കു കൊടുത്തിട്ടില്ല.

(സി) സ്റ്റാമ്പുമാനുഫാക്ടറിയിൽ എബ്രഹാമിനെ ആദ്യമായി നിയമിച്ചപ്പോൾ അയാളെക്കാൾ കൂടുതൽ സർവ്വീസുള്ളവരായി ആക്കിടിംഗ് പ്രിൻടർമാരുടെ ഇടയിൽ ആരും ഉണ്ടായിരുന്നില്ല.

(ഡി) (സി) ഭാഗത്തിന്റെ മറുപടികൊണ്ടു ഈചോദ്യത്തിനു അവകാശം ഉണ്ടാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്റ്റാമ്പു മാനുഫാക്ടറിയിൽ കെയ്ണർസ്ഥാനത്തേയ്ക്കു ഗവണ്മെന്റ് ഏതെങ്കിലും യോഗ്യതവേണമെന്നു നിശ്ചയിച്ചിട്ടുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ: ഫിനാൻഷ്യൽ സെക്രട്ടറി): ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു പ്രിൻററുടെ സ്ഥാനം ഇല്ലാതിരുന്നതുകൊണ്ടാണു അയാളെ കെയ്ണറുടെ സ്ഥാനത്തേക്കു നിയമിച്ചതു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഫിനാൻഷ്യൽസെക്രട്ടറി): ഈ ചോദ്യത്തിനു മറുപടി പറഞ്ഞു കഴിഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരുസ്ഥാനം ഇല്ലാതിരിക്കുമ്പോൾ അപേക്ഷകനെ വേറെ ഒരു സ്ഥാനത്തേക്കു നിയമിക്കുക എന്നല്ലർത്ഥപ്പാടിനു ഇതല്ലാതെ വേറെയ്ക്കെങ്കിലും ഇതുപോലെയുള്ള ഉദാഹരണങ്ങൾ ഉണ്ടോഎന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ: ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): ഇതുപോലെയുള്ള ഉദാഹരണങ്ങൾ വേറെയും ഉണ്ടായിരിക്കാം.

'ജന്മഭൂമി'യുടേയും 'കേരളദാസ'ന്റേയും പ്രാസിക്യൂഷൻ.

൨൮൬. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) 'ജന്മഭൂമി'യിലും 'കേരളദാസനി'ലും ശിക്ഷാനിയമത്തിനു അധീനമായിതീരത്തക്കവണ്ണം പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ പേരുകൾഎന്തെന്നും,

(ബി) ആ ലേഖനങ്ങളുടെ പ്രസിദ്ധീകരണം ഏതേതു തീയതികളിലായിരുന്നുഎന്നും,

(സി) മുൻപ്രസ്താവിച്ച പത്രങ്ങളിൽ ഓരോന്നിന്റെ പേരിലും കേസെടുത്തതെന്താണെന്നും പറയുവാൻ ഗവണ്മെന്റിനു മടിയുണ്ടാകുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹൈഡ്സക്കാർവക്കീൽ):

(എ) 'ജന്മഭൂമി'പത്രത്തെ ശിക്ഷാനിയമത്തിനധീനമാക്കുവാനിടയാക്കിയതു "ക്രൈസ്തവബഹുഭൂരിപക്ഷം" എന്നലേഖനവും കേരളദാസൻപത്രത്തിനെ അതിനിടയാക്കിയതു തിരുവിതാംകൂറിലെ "വർഗ്ഗീയമത്സരം" എന്ന ലേഖനവും ആകുന്നു.

(ബി) ആദ്യത്തെപ്രസ്താവിച്ച ലേഖനം പ്രസിദ്ധപ്പെടുത്തിയതു ൧൯൩൧ വൃശ്ചികം ൧൫-നും മറ്റേതു ൧൯൩൧ വൃശ്চികം ൩-നും ആണു.

(സി) 'ജന്മഭൂമിയുടെ'യും 'കേരളദാസന്റെ'യും പേരിൽ കേസ്ആരംഭിച്ചതു യഥാക്രമം ൧൯൩൧ ധനു ൭-നും ൧൯൩൧ മകരം ൩-നും ആകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവയുടെ അവസാന ഫലം എന്തായിരുന്നു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹൈഡ്സക്കാർവക്കീൽ): സർ, ഇതു ഉപചോദ്യമാകുന്നതല്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഇതുസംബന്ധിച്ചുള്ള വിവരം ഇല്ലായ്കകൊണ്ടല്ല ഞാൻ ഇപ്രകാരം പറയുന്നതു; എന്നാൽ ഇതു ഒരു ഉപചോദ്യമാകാത്തതുകൊണ്ടാണു.

അനുബന്ധം ക.

൨൫൭-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൦൧-ൽ ഗ്രാൻറുകൾ കുറവുചെയ്തിട്ടുള്ള സാങ്കേതിക വിദ്യാലയങ്ങളുടെ ലിസ്റ്റ്.

നമ്പർ	വിദ്യാലയത്തിന്റെപേര്	തലൂക്ക്	മാനേജരുടെപേര്	ആദ്യത്തെ ഗ്രാൻറുതുക	ഇപ്പോഴത്തെ ഗ്രാൻറുതുക	കുറവുചെയ്തതുക തുക
൧	ഭഗവതിവിലാസം വീവിംഗ്സ്കൂൾ, കന്യാകുമാരി	അതമ്പീശ്വരം	മിസ്റ്റർ കെ. പി. ഹരിഹരയ്യർ	൨൦	൧൧൯	൮൧
൨	ശ്രീകൃഷ്ണവിലാസം വീവിംഗ്സ്കൂൾ, വടശ്ശേരി	ദി	,, ആർ. സുബ്രഹ്മണ്യൻ	൨൪	൧൪	൧൦
൩	പുത്തളം അനാഥവ്യവസായസ്കൂൾ	ദി	ഗവർണ്ണ വേദമണി	൨൪	൨൦	൪
൪	നെയ്യൂർ വീവിംഗ് ഇൻസ്റ്റിററ്യൂട്ട്	കൽക്കുളം	മിസ്റ്റർ പി. കൃഷ്ണപിള്ള	൫൦	൩൦	൧൦
൫	ലീസസ്സ് സേക്രഡ്ഹാർട്ട് വീവിംഗ്സ്കൂൾ	വിളവങ്കോട്ട	ഫാദർ ഇഗ്നേഷ്യസ്	൧൨	...	൧൨
൬	ചാനി വീവിംഗ്സ്കൂൾ	നെയ്യാററിൻകര	മിസ്റ്റർ പി. ആർ. വില്യം	൨൦	൧൧൫	൮൫
൭	ആർ. വി. ഡ്രായിംഗ്ആൻഡു പെയിൻറിംഗ്സ്കൂൾ, തിരുവനന്തപുരം	തിരുവനന്തപുരം	,, കെ. പത്മനാഭൻതമ്പി	൪൦	൩൪	൧൪
൮	ശ്രീകൃഷ്ണവിലാസം വീവിംഗ്സ്കൂൾ	നെടുമങ്ങാട്	,, കൃഷ്ണപിള്ള	൧൪	...	൧൪
൯	ആററിങ്ങൽ വീവിംഗ് ഇൻസ്റ്റിററ്യൂട്ട്	ചിറയിൻകീഴ്	,, അനന്തകൃഷ്ണയ്യർ	൪൫	൩൪	൧൧
൧൦	ഷൺമുഖവിലാസം വീവിംഗ്സ്കൂൾ	ദി	,, ശിവശങ്കരപ്പിള്ള	൨൦	൧൪	൬
൧൧	കാവലയൂർ ശ്രീകൃഷ്ണവിലാസം വീവിംഗ്സ്കൂൾ	ദി	,, എൻ വേലപ്പിള്ള	൨൦	൧൪	൬
൧൨	ശ്രീകൃഷ്ണവിലാസം ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ട്	കൊല്ലം	,, എസ്. കൃഷ്ണൻ	൩൦	...	൩൦
൧൩	തിരുഗിരി ശ്രീനാരായണവിലാസം വീവിംഗ്സ്കൂൾ	ചിറയിൻകീഴ്	,, ആർ. സി. പത്മം	൨൪	...	൨൪
൧൪	പെരുമ്പുഴ വീവിംഗ്സ്കൂൾ	കൊല്ലം	,, കെ. ശങ്കരപ്പിള്ള	൧൪	...	൧൪
൧൫	ഓണാട്ടുകര ദി	മാവേലിക്കര	,, എൻ. രാമൻപിള്ള	൪൦	൩൦	൧൦
൧൬	രസഉപാധിവിലാസം വീവിംഗ്സ്കൂൾ, ആലപ്പുഴ	അമ്പലപ്പുഴ	,, വേലായുധമേനോൻ	൨൦	൧൪	൬
൧൭	സി. എം. എസ്. ഇൻഡസ്ട്രിയൽസ്കൂൾ, കോട്ടയം	കോട്ടയം	,, ടി. കെ. ബെഞ്ചമിൻ	൪൦	൩൮	൧൨
൧൮	ചിങ്ങവനം ഇൻഡസ്ട്രിയൽസ്കൂൾ	ദി	,, കേളൻ യോഹന്നാൻ	൧൮	...	൧൮
൧൯	സി. എം. എസ് ഇൻഡസ്ട്രിയൽസ്കൂൾ, കുമ്പനാടം	ചങ്ങനാശേരി	,, എ. നൈനാൻ	൧൩	൧൦	൩
൨൦	മുലക്കുഴ പത്തോടയം വീവിംഗ്സ്കൂൾ	തിരുവല്ല	,, എസ്. പത്മനാഭപ്പണിക്കർ	൨൪	൧൪	൧൦
൨൧	ഉത്തമിക്കാട്ട് ദി	ദി	,, നാരായണപിള്ള	൨൦	൧൪	൬
൨൨	കയർ ഇൻഡസ്ട്രിയൽസ്കൂൾ, തൈക്കാട്ടുശേരി	ചേർത്തല	,, പാറയിൽ കുഞ്ഞവിര ; രകൻ	൩൪	൨൨½	൧൧½
൨൩	തൂംവൂർ വീവിംഗ്സ്കൂൾ	ദി	,, കെ. പി. പത്മനാഭപിള്ള	൪൦	...	൪൦

അനുബന്ധം ൨.

൧ ൧ വ-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

ചാൻഡുറിക്കാർഡ്സ് ഡിപ്പാർട്ട്മെൻറിൽനിന്നും പിരിച്ചുവിട്ട കംപ്യൂട്ടർ ഡ്രാഫ്ട്സ്മാന്മാരുടെ പിന്തുടർച്ച.

൧	എൻ. അനന്തകൃഷ്ണപിള്ള
൨	ജി. വേലുപ്പിള്ള
൩	വില്യം പ്ലോറി
൪	കെ. കൃഷ്ണപിള്ള
൫	കെ. പി. നാരായണപിള്ള
൬	മാർട്ടിൻ ഡിക്രൂസ്
൭	രാജഗോപാലൻനായർ
൮	എൻ. ആർ. കുട്ടൻപിള്ള
൯	ജി. ശിവശങ്കരപ്പിള്ള
൧൦	എ. അർജ്ജുനൻചെട്ടിയാർ
൧൧	കെ. പരമേശ്വരൻപിള്ള

അനുബന്ധം ൩.

൨ ൨-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

ഇംഗ്ലീഷ്സ്ക്കൂൾ ഇൻസ്പെക്ടർ മിസ്റ്റർ എ. നാരായണയ്യർ പെൻഷ്യൻപ്പറ്റിപ്പിരിഞ്ഞതു സംബന്ധിച്ചുള്ളതിയ യാത്രയയപ്പുയോഗം സംബന്ധിച്ചു സംസ്ഥാനത്തിലെ ഡിപ്പാർട്ട്മെൻറൽ ഇംഗ്ലീഷ്സ്ക്കൂൾ ഓരോന്നിലേയും സ്റ്റാഫിൽനിന്നും പിരിച്ചു പണത്തുകയുടെ കണക്ക്.

പള്ളിക്കൂടത്തിന്റെ പേരു	ഉറു.	ചക്രം	കാശു
തേപ്പാണി ഇ. എം. എസ്.	൨	൦	൦
തിരുവിതാംകോട്ട മഹമ്മദൻ ടി	൩	൨	൧൨
ഇരണിയൽ ഇംഗ്ലീഷ്ഹൈസ്ക്കൂൾ	൪൯	൧൪	൪
തക്കല ഇ. എം. എസ്.	൨	൧൩	൩
മാർത്താണ്ഡം ഇ. എച്ച്. എസ്.	൩൩	൧൬	൦
പെയ്യാററിൻകര ടി	൧൦൦	൦	൦
എസ്. എം. വി. സ്കൂൾ, തിരുവനന്തപുരം	൨൩൧	൦	൦
മോഡൽസ്കൂൾ, ടി	൧൦	൦	൦
ആറാറങ്ങൽ ഇ. എച്ച്. എസ്.	൭൦	൦	൦
ചെറുകോട്ട ടി	൪൪	൧൨	൨
കൊട്ടാരക്കര ടി	൪൨	൩	൦
കൊല്ലം ടി	൬൪	൧	൪
കായംകുളം ടി	൨൯	൯	൨
ചവറ ടി	൭൦	൧൩	൨
ഹരിപ്പാട്ട ഇ. എം. എസ്.	൧൩	൨൨	൨
മാവേലിക്കര ഇ. എച്ച്. എസ്.	൪൯	൧൨	൨
ടി സ്പെഷ്യൽ ഇ. എം. എസ്.	൭	൪	൧൦
ചങ്ങനാശ്ശേരി ഇ. എച്ച്. എസ്.	൪൧	൧൩	൪
പത്തനംതിട്ട ഇ. എം. എസ്.	൧	൨൬	൨
അമ്പലപ്പുഴ ടി	൩	൧൨	൨
ആലപ്പുഴ മഹമ്മദൻ ഇ. എസ്.	൨൪	൨൨	൦
ചേർത്തല ടി	൩൨	൨൦	൩
വൈക്കം ടി	൨൯	൦	൦
ഏറ്റുമാനൂർ ഇ. എം. എസ്.	൨൩	൬	൦
കുമരകം ടി	൨	൦	൦
മൂവാറ്റുപുഴ ഇ. എച്ച്. എസ്.	൬൩	൦	൦
കോതമംഗലം ഇ. എം. എസ്.	൧൨	൧൦	൧൨
പെരുമ്പാവൂർ ടി	൧൬	൯	൪
ഇടപ്പള്ളി ടി	൧൦	൦	൦
പറവൂർ ഇ. എച്ച്. എസ്.	൧൦൯	൩	൦
ആകെ	൧,൨൯൨	൧൯	൧൪

അനുബന്ധം ൪ എ.

൨൦൪൫-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

൧൦൯൪ മുതൽ ൧൯൫൦ വരെയുള്ള വർഷങ്ങളിൽ തിരുവല്ലാതാലൂക്കിൽ കല്ലുപ്പാറപ്പുകുതിയിൽ സ്ഥാർത്ഥമികളെ സംബന്ധിച്ചു പോക്കുവരവു കേസുകളുടെ സ്റ്റേറ്റുമെന്റു.

വർഷം	തിരുവല്ലാതാലൂക്കിലുള്ള കല്ലുപ്പാറപ്പുകുതിയെ സംബന്ധിച്ച പോക്കുവരവുകേസുകളുടെ പ്രമാണങ്ങളുടെ തികളുടെഎണ്ണം.	ഓരോവർഷത്തിലും അവസാനത്തിച്ച് ഹ്യയലായുള്ള കേസുകളുടെ എണ്ണം.	ഓരോവർഷത്തിലും തീരുമാനിച്ച കേസുകളുടെ എണ്ണം.	പോക്കുവരവു അനുവദിച്ച കേസുകളുടെഎണ്ണം.	പോക്കുവരവ് അനുവദിക്കാത്ത കേസുകളുടെ എണ്ണം.	ഓരോവർഷത്തിലും തീരുമാനം കിടപ്പുള്ള കേസുകളുടെഎണ്ണം.
൧൦൯൪	൩	൩	൩	൪	൨	
൧൦൯൫	൨	൨	൨	൫	൩	
൧൦൯൬	൧൨	൧൨	൧൨	൭	൫	
൧൦൯൭	൧൦	൧൦	൧൦	൫	൫	
൧൦൯൮	൯	൯	൯	൩	൩	
൧൦൯൯	൧൨	൧൨	൧൨	൧൨	൩	ഇല്ല
൧൧൦൦	൨൨	൨൨	൨൨	൯	൧൯	
ആകെ	൯൧	൯൧	൯൧	൫൯	൫൨	

അനുബന്ധം ൪. ബി.

൨൦൪൫-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

൧൦൯൪ മുതൽ ൧൧൦൦ വരെയുള്ള വർഷങ്ങളിൽ കല്ലുപ്പാറപ്പുകുതിയിലെ ഇടവകമതികളിൽഉള്ള പോക്കുവരവുകേസുകളെ കാണിക്കുന്ന സ്റ്റേറ്റുമെന്റു.

വർഷം	പോക്കുവരവുകൾക്കായി കിട്ടിട്ടുള്ള കല്ലുപ്പുകുതിയെ സംബന്ധിച്ചതായ മാണങ്ങളുടെ പ്രതികളുടെ എണ്ണം.	ഓരോവർഷത്തിലും അവസാനം ഹ്യയിച്ച് ഹ്യയലായിട്ടുള്ള കേസുകളുടെ എണ്ണം.	ഓരോവർഷത്തിലും തീരുമാനിച്ച കേസുകളുടെ എണ്ണം.	പോക്കുവരവ് അനുവദിച്ച കേസുകളുടെഎണ്ണം.	പോക്കുവരവു അനുവദിച്ചതായ കേസുകളുടെ എണ്ണം.	ഓരോവർഷത്തിലെസ്റ്റോക്കായ നിലുള്ള കേസുകളുടെ എണ്ണം.	റിമാർക്ക്
൧൦൯൪	൩൨൭	൩൨൭	൨൪൧	൧൪൩	൭൨	൧൧൧	൧൦൯൪ ആണ്ടത്തിന്റെ ൧൦൯൫ മുതലുള്ള കേസുകൾ തീർപ്പുചെയ്തുതുടങ്ങിയിട്ടുള്ളതാണ്.
൧൦൯൫	൩൪൦	൩൪൦	൩൩൨	൧൪൩	൨൦൩	൧൦൦	
൧൦൯൬	൪൭൭	൪൭൭	൪൦൧	൨൨൩	൧൭൭	൧൭൭	
൧൦൯൭	൪൨൧	൪൨൧	൩൪൨	൧൪൭	൧൯൪	൩൪൩	
൧൦൯൮	൪൦൪	൪൦൪	൪൪൭	൩൪൩	൧൭൨	൧൯൩	
൧൦൯൯	൩൨൭	൩൨൭	൨൪൧	൧൪൯	൨൨൩	൩൪൪	
൧൧൦൦	൨൩൪	൨൩൪	൨൭൩	൧൪൦	൧൩൩	൩൨൩	
ആകെ	൨,൭൪൪	൨,൭൪൪	൨,൪൪൭	൧,൨൭൩	൧,൧൩൪	൧,൪൯൪	

അനുബന്ധം ഇ.

൨൨ ൧—ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

പരസ്പരസഹായഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള കണക്കുകൾ.

| ഉദ്യോഗപ്പേര് | ഹിന്ദുക്കൾ | | |

അനുബന്ധം നു ബി.

വകുപ്പ്–നമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

൧൯൦൯-ൽ വെടിമരുന്നുകളുടെ ലൈസൻസുകൾക്കുള്ള അപേക്ഷകന്മാരുടെ ലിസ്റ്റ്.

സീരിയൽ നമ്പർ	അപേക്ഷകന്മാരുടെ പേരു
	എ. ലൈസൻസുകൾ അനുവദിച്ച അപേക്ഷകന്മാരുടെ ലിസ്റ്റ്.
	റിസർവുകൾക്കുവേണ്ടി.
൧	മ. രാ. രാ. ശ്രീ. രാമചന്ദ്രഅയർകൾ, വലിയകോയിൽത്തമ്പുരാൻ
൨	മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൻ, തിരുവനന്തപുരം
൩	,, എസ്. പുലിക്കണ്ണത്തലവനാർ, ചെങ്ങോട്ട
൪	,, എസ്, പുലിയപ്പുത്തവനാർ, ചെങ്ങോട്ട
൫	പബ്ലിക്കുതോട്ടങ്ങളുടെ സൂപ്രണ്ടും സിൽബന്ധികളും
	ഗവർണ്മെന്റിന്റെ അധീനത്തിലുള്ള ശൂരികൾക്കുവേണ്ടി
൬	മിസ്റ്റർ സി. പി. ഹൊറൊഡ്സ്ബറി, ഫ്ലഡറൽഎസ്റ്റേറ്റ
൭	,, സി. എച്ച്. മിച്ചൽ, കൈലൻവെയി എസ്റ്റേറ്റ
	ബി. ലൈസൻസുകൾ അനുവദിക്കപ്പെട്ടഅപേക്ഷകന്മാരുടെ ലിസ്റ്റ്,
൮	മിസ്റ്റർ ജി. ഡബ്ല്യു. എസ്. അഗാർ പഴുമല എസ്റ്റേറ്റ
൯	,, മാണി ശീ വർഗ്ഗീസ്തരകൻ, മഴുവന്നൂർ
൧൦	,, ക്രോഫ്ടൻ പൈസ്സി സൂപ്രണ്ടിംഗ് എൻജിനീയർ, തൃച്ചിനാപ്പള്ളി

പൊതുജനാവശ്യംപ്രമാണിച്ചുള്ള സംഗതികളെ സംബന്ധിച്ച പ്രമേയങ്ങൾ.

പ്രസിഡണ്ടു: നമുക്കു ഇപ്പോൾ ഇന്നത്തേക്കു നിശ്ചയിച്ചിട്ടുള്ള പ്രമേയങ്ങൾ വാദപ്രതിവാദം ചെയ്യുന്നതിലേക്കാരംഭിക്കാം. ആദ്യത്തെ പ്രമേയം മിസ്റ്റർ ജി. രാമൻമേനവന്റെപേരിലുള്ളതാകുന്നു.

൧. പൊതുക്കിണറുകൾ, കുളങ്ങൾ മുതലായവയുടെ അററകുററം തീർക്കലും സംരക്ഷണവും.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

"പൊതുക്കിണറുകളും, പൊതുക്കുളങ്ങളും മററു പുറമ്പോക്കുകളും ജാതിമതഭേദമെന്യേ എല്ലാ പൊതുജനങ്ങളുടേയും ന്യായമായ അവകാശപ്രകാരമുള്ള ഉപയോഗത്തിനു വിരോധമില്ലാതിരിക്കയാണെങ്കിൽ, പൊതുജനങ്ങളുടെ ആരോഗ്യത്തേയും രക്ഷയേയും ഉദ്ദേശിച്ചു, മുൻസിപ്പാലിററികൾ മുഖാന്തിരമൊ അല്ലെങ്കിൽ പൊതുസംഘങ്ങൾ വഴിയാലൊ, അവ ഉള്ള സ്ഥലങ്ങളിൽ അപ്രകാരവും അവ ഇല്ലാത്ത സ്ഥലങ്ങളിൽ മററെങ്ങിലുപ്രകാരത്തിലും, ശരിയായ വിധത്തിൽ സംരക്ഷിക്കുന്നതിനു പര്യാപ്തമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നും, അപ്രകാരമല്ലാതെയുള്ളവയെ, അവ യിഷ്ടമനുസരണമായി മററുള്ളവർ ഉപയോഗിക്കാൻ പാടില്ലെന്നു അവകാശവാദംചെയ്തു തടുക്കുകയോ കൊട്ടുന്നു സ്ഥാപിക്കുന്ന ഒരു വർഗ്ഗത്തിന്റെയൊ വർഗ്ഗങ്ങളുടേതായ സ്വന്തമാണെങ്കിൽ, ആ സ്ഥലത്തു വസിക്കുന്ന ആ . ഗ്ഗക്കാരായ ജനങ്ങളുടെ ചെലവിൽ നന്നാക്കേണ്ടതാണെന്നും, പ്രത്യേക പുറമ്പോക്കുകളുടെ സംരക്ഷണത്തിനു പ്രത്യേക ഫണ്ടുകൾ ഉപയോഗപ്പെടുത്തേണ്ടതാണെന്നും ഈസഭ ഗവർണ്മെന്റിനോടു ശുപാർശ ചെയ്യുകൊള്ളുന്നു."

സർ, ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന പ്രധാനമായ സംഗതി, പൊതുജനങ്ങൾക്കു ഗുണവും നീതിയും വരുത്തുന്നതിലേക്കു ഏററവും ബലവും വ്യാപകവുമായ രീതിയിൽ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ഗവണ്മെന്റു, സമുദായപക്ഷപാതമെന്ന സംശയത്തിനു ഇടം സന്ദർഭം കൊടുക്കാതിരിക്കണമെന്നാകുന്നു. ഇതിനു വിപരീതമായ രീതിയിലാണ് രാജ്യത്തിലെ പല ഭാഗങ്ങളിലും പൊതുമുതലുകൾ ചെലവുചെയ്യുവരുന്നതെന്നു കാണുന്നുണ്ട്. പൊതുമുതലുകൾ ചെലവുചെയ്യുന്നതിൽ സമുദായപക്ഷപാതം യാതൊരുമാതിരി പ്രത്യക്ഷപ്പെടുന്നുണ്ടെന്നു പറയുന്നതിൽ എനിക്കു അല്പവും അഭിപ്രായമില്ല. ഉദാഹരണത്തിനു, കൊല്ലംകടവിൽ കുളിക്കുന്നതിനായി ഉപയോഗിച്ചു പോരുന്ന അനവധി കുളങ്ങൾ ഉണ്ടു. ഇവയിലെ ചിലതു ചിലപ്പോൾ വററിച്ചു അവയെ വൃത്തിയാക്കുന്ന പതിവുണ്ടു. ഇതിലേക്കുള്ള ചെലവെല്ലാം പൊതുമുതലുകളിൽനിന്നാകുന്നു. എന്നാൽ എന്റെ അറിവിൽപെട്ടിടത്തോളം, ജാതിമതഭേദമെന്യേ എല്ലാ ജാതിക്കാർക്കും ഒരുപോലെ ഉപയോഗിക്കാവുന്നതായി അവിടെ ഒരു കുളംമാത്രമേ ഉള്ളു. അതിന്റെ സംരക്ഷണം തൃപ്തികരമായ വിധത്തിലല്ലെങ്കിലും ഒരുവിധം നടത്തിപ്പോരുന്നതു പൊതുമുതലിൽനിന്നുതന്നെയാണ്. പൊതുമുതൽ ചെലവുചെയ്തു കാലാകാലങ്ങളിൽ ഇറച്ചു വൃത്തിയാക്കി സൂക്ഷിച്ചുപോരുന്ന മററു കുളങ്ങളെല്ലാം സവർണ്ണഹിന്ദുക്കളുടെ ഉപയോഗത്തിലേക്കു മാത്രമായിട്ടുള്ളവയാണ്. കൊല്ലംകടവിൽതന്നെയും, എനിക്കു അറിവുള്ളിടത്തോളം, ഭൂരിപക്ഷജനങ്ങൾ സവർണ്ണഹിന്ദുസമുദായത്തിലുൾപ്പെട്ടവരല്ല. രാജ്യത്തിലെ മററു സ്ഥലങ്ങളുടെ സ്ഥിതിയും ഇതുപോലെതന്നെയാകുന്നു. അഹിന്ദുക്കൾക്കും, അസവർണ്ണഹിന്ദുക്കൾക്കും തൊട്ടുകൂടാത്തവയും പൊതുമുതൽ ഉപയോഗിച്ചുപോരുന്നവയുമായ അനേകം കുളങ്ങൾ ഉണ്ടു. മിക്കവാറും സ്ഥലങ്ങളിൽ ഈ വർഗ്ഗക്കാരുടെ ഉപയോഗത്തിനു പ്രത്യേക കുളങ്ങൾ കാണുന്നുമുണ്ടു. എന്റെ അഭിപ്രായത്തിൽ അതു ഒരു പക്ഷപാതംതന്നെയാണ്. ഗവണ്മെന്റു ഇപ്രകാരമുള്ള പക്ഷപാതത്തിനു ഇടകൊടുക്കുവാൻ പാടില്ലാത്തതാകുന്നു. തിരുവിതാംകൂറിൽ വിവിധവർഗ്ഗക്കാരുടെ ഇടയിൽ സമുദായസ്പർദ്ധ ഏറെക്കുറെ കുടിപൊളിക്കുന്നതുണ്ടെന്നുള്ളതു പ്രത്യക്ഷമായ ഒരുസംഗതിയാണ്. ആ വാസ്തവത്തെ മറച്ചുവെക്കുവാൻ നമുക്കു സാധിക്കുന്നതല്ല. ഈ സമുദായസ്പർദ്ധയുടെ ഉത്ഭവം ഏറെക്കുറെ ഗവണ്മെന്റിൽനിന്നുമാണ് ഉണ്ടാകുന്നതെന്നാണ് ഞാൻ വിചാരിക്കുന്നതു. എന്തുകൊണ്ടെന്നാൽ—

മി. വി. സുബ്ബയ്യർ (നിയമിത മെംബർ) (ഡിപ്യൂട്ടി പ്രസിഡന്റ്): കൊല്ലത്തു കുളങ്ങളുടെ സംരക്ഷണം നടത്തിപ്പോരുന്നതു മുൻസിപ്പൽ മുഖേനയോ അതോ ഗവർണ്മെൻറുവക മുഖേനയോ എന്നു പറയാമോ?

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പൊതുമരാമത്തിൽ മുൻസിപ്പൽ മുഖേനയാണ് ഉൾപ്പെടുന്നതാണ്.

അതുകൊണ്ടു ഗവർണ്മെൻറുതന്നെ വേണ്ടുന്നപോലെ ആലോചിച്ചു നിർണ്ണയിക്കേണ്ട പ്രധാനമായ ഒരു സംഗതിയാണ് ഇതു് എന്നു എനിക്കു തോന്നുന്നു. ഗവർണ്മെൻറു പൊതുജനസമ്പത്തായിട്ടുള്ള ഒരു ന്യൂക്ലിയസായ ഏടനായകയാൽ ഈ തരത്തിലുള്ള പക്ഷപാതങ്ങളിൽനിന്നും വേറിട്ടിരിക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യേണ്ടതാകുന്നു. എല്ലാ വർഗ്ഗക്കാരിലുമുള്ള ജനങ്ങൾക്കും പ്രത്യേകാവകാശങ്ങളുള്ള സമുദായങ്ങളും മററു ഇന്ദ്രിയഗോചരസംഗതികളും വേണ്ടതിലധികം പുറമ്പോക്കുകൾക്കു എന്നു വിചാരിക്കാവുന്നതാണ്. (ചിരി) സമുദായസംബന്ധമായ പക്ഷപാതം ഗവർണ്മെൻറിനെ ബാധിക്കാതിരിക്കുവാൻ ആവശ്യമായ എല്ലാത്തരം ഏർപ്പാടുകളും ചെയ്യേണ്ടതാണു. കഴിഞ്ഞ മൂന്നോ നാലു വർഷങ്ങളിൽ ഗവർണ്മെൻറിനും ജനങ്ങൾക്കും ഈ വമുദായപക്ഷപാതത്തിനിമിത്തം അനേകവിധമായ ആവശ്യമില്ലാത്ത വഴക്കിനും മുതലനഷ്ടത്തിനും ഇടയായിത്തീർന്നിട്ടുണ്ടെന്നു തിരുവിതാംകൂർ ചരിത്രത്തിൽനിന്നും കാണാവുന്നതാണ്. അതുകൊണ്ടു ഗവർണ്മെൻറു എത്രയും വേഗത്തിൽ ഈ ദോഷത്തെ പരിഹരിക്കുന്നുവോ അത്രയധികം നന്മതാകുന്നതുള്ളതിനു സംശയമില്ല.

ഇനി ഞാൻ ഈ പ്രമേയത്തെ സംബന്ധിക്കുന്ന ചില കാര്യങ്ങളെപ്പററി വിവരിക്കുവാനാകുന്നു ഉദ്ദേശിക്കുന്നതു. പൊതുകിണറുകളും കുളങ്ങളും മററും പുറമ്പോക്കുകളും യോഗ്യമായ രീതിയിൽ സംരക്ഷിക്കുന്നതു പൊതുജനങ്ങളുടെ ആരോഗ്യത്തെയും രക്ഷയേയും ഉദ്ദേശിച്ചാകുന്നു. രാജ്യത്തിലെ ചില ഭാഗങ്ങളിൽ, പുറമ്പോക്കുകളായിട്ടുള്ള കുളങ്ങളും, ഉറസ്സായ സ്ഥലങ്ങളും പൊതുജനാരോഗ്യത്തിനും രക്ഷയ്ക്കും ഹാനികരമായ വിധത്തിൽ കിടക്കുന്നതായിട്ടാണ് കണ്ടുവരുന്നതു. ചിലപ്പോൾ ചില സ്ഥലങ്ങളിൽ രോഗം വരുത്തുവാൻ സമീപത്തിലായിട്ടു അപായകരമായ കുഴിമുക്കുകളായിരിക്കും. ചില ഉറസ്സായ സ്ഥലങ്ങൾ സ്വന്തമായ ജനങ്ങളുടെ മലമൂത്രവിസർജ്ജനത്തിനു നാലുപുറവുമായിരിക്കും. ഇതും പൊതുജനാരോഗ്യത്തിനു ഹാനികരമായിട്ടുള്ളതാണ്. ഇപ്രകാരമുള്ള സ്ഥലങ്ങളിലെ ജനങ്ങളുടെ ആരോഗ്യത്തിനും രക്ഷയ്ക്കും തക്കതായ നല്ലതായ രീതിയിൽ സംരക്ഷ വേണ്ടതാവശ്യമാണ്. മറു ചില സ്ഥലങ്ങളിൽ മഴക്കാലത്തു വെള്ളം നിറഞ്ഞു കുന്നുകിടക്കുന്ന കുളങ്ങൾ ഉണ്ടായിരിക്കും. ഇവയിൽ കിടക്കുന്ന മലിനപദാർത്ഥങ്ങളുണ്ട് അണുപ്രാണികളും വിഷബീജങ്ങളും ചിലപ്പോൾ പകർച്ചവ്യാധികൾക്കു കാരണീഭൂതങ്ങളുമായ ജീവികളുടെ ഉത്പത്തിസ്ഥാനങ്ങൾ. ഇവയെ ഗവർണ്മെൻറു മുതലോ മുൻസിപ്പൽ മുഖേനയോ പൊതുമുതൽ ഉപയോഗിച്ചു സംരക്ഷ വേണ്ടതാവശ്യമാകുന്നു. ഇതിനുപുറമെ, ചില കുളങ്ങളും ഉറസ്സായ സ്ഥലങ്ങളും നിയമപ്രകാരം തന്നെ ചില പ്രത്യേക വർഗ്ഗക്കാരുടെ ഉപയോഗത്തിനു മാത്രമായി കിടപ്പുള്ളതായി കാണാം. അപ്രകാരമുള്ളവയിൽ സമുദായസംബന്ധമായ പ്രത്യേകതകൾ ഉള്ളപക്ഷം ഗവർണ്മെൻറു കാര്യങ്ങളെ നിർബന്ധിക്കണമെന്നു ഞാൻ പറയുന്നില്ല. സമുദായങ്ങൾക്കു തങ്ങളുടെ, അഭിപ്രായങ്ങളിലും, ആചാരങ്ങളിലും, മതവിഷയമായ കാര്യങ്ങളിലും പല പ്രത്യേകതകളും ഉണ്ട്. ഈ വക്കിൽ ഗവർണ്മെൻറു ഇടപെടുന്നതു ശരിയല്ല. എന്നാൽ ഈ പുറമ്പോക്കുകളുടെ സംരക്ഷണത്തിനു പൊതുജനത്തെ ചെലവുചെയ്യുന്നതല്ലെന്നു ഗവർണ്മെൻറിനു പറയാവുന്നതാണ്. മഹാരാജാവു തിരുമനസ്സിലെ പ്രജകളായി എല്ലാ വകുപ്പിലും വകയാണ് പൊതുജനം. അതുകൊണ്ടു ഞാൻ അഭിപ്രായപ്പെടുന്നതു, നിയമപ്രകാരം തങ്ങൾക്കുള്ളതായ അവകാശങ്ങളുള്ളതായ വാദിക്കുന്നവരായ ആളുകളുടെ പുറമ്പോക്കുകൾ അവരുടെ ചെലവിൽ തന്നെ സംരക്ഷിക്കേണ്ടതാണെന്നാകുന്നു. അവർ അവയെ ശരിയായ വിധത്തിൽ സംരക്ഷിച്ചിട്ടുള്ളതിനു അശ്രദ്ധകൊണ്ടു പൊതുജനാരോഗ്യത്തിനു ഹാനി സംഭവിക്കുന്നതാണ്. അപ്രകാരം സംഭവിക്കുമ്പോൾ ആ ദോഷം തീർക്കുന്നതു ഗവർണ്മെൻറു അവരെ നിർബന്ധിക്കുകയും വേണ്ടിവന്നാൽ പൊതുജനരക്ഷയ്ക്കായി നിയമപ്രകാരമുള്ള അധികാരം ഉപയോഗിച്ചു ആ പുറമ്പോക്കുകളെ സംരക്ഷിക്കുകയും, അവയുടെ അവകാശത്തിനായി വാദിക്കുന്നവരിൽനിന്നും അതുസംബന്ധിച്ചുണ്ടായിട്ടുള്ള ചെലവു ഈടാക്കുകയും ചെയ്യേണ്ടതാണ്. ഉദാഹരണമായി ചില ദിവസങ്ങൾക്കു മുമ്പു കഴിഞ്ഞ യോഗത്തിൽ കർക്കടകട്ടി റോഡുപൊട്ടുന്നതിനെപ്പറ്റി ചോദ്യമുണ്ടായതിനു അവതരിപ്പിക്കപ്പെടുകയുണ്ടായി. അവിടെ ഒരു ജനസമൂഹം ആ റോഡു അവരുടെ പ്രയോജനത്തിനു മാത്രമാണു നിർമ്മിച്ചതെന്നു അവകാശപ്പെട്ടു. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ഗവർണ്മെൻറു ചെയ്യേണ്ടതു ഏതു കിണറും കുളവും പുറമ്പോക്കും അവസ്തുതകളുടെ അവകാശത്തിനു വാദിക്കുന്നവരോടു, പൊതുജനം ചെലവുചെയ്തു എന്നു സംരക്ഷണം ഉപേക്ഷിക്കുകയാകുന്നു എന്നതാകുന്ന പ്രമേയത്തിലെ ആശയത്തിന്റെ ഉദ്ദേശം.

മറെറ സന്ദർഭങ്ങളിൽ, പുറമ്പോക്കുകളെ സംബന്ധിച്ചു നിയമപ്രകാരം പ്രത്യേകാവകാശം ഉണ്ടെന്നു തെളിയിക്കുന്ന സമുദായങ്ങളിലെ വ്യക്തികളിലെ ഉൾപ്പെട്ട സ്വന്തം ജനങ്ങൾ അവരുടെ സ്വന്തം ചെലവിൽ ആ പുറമ്പോക്കുകളെ സംരക്ഷിച്ചു കാത്തുകൊള്ളുന്നു.

പ്രകൃതത്തിന്റെ അടിസ്ഥാനത്തിൽ, 'പ്രത്യേക'മായിട്ടുള്ള പുറമ്പോക്കുകളുടെ സംരക്ഷണം 'പ്രത്യേക' മുതലുകൊണ്ടു നടത്തേണ്ടതാണെന്ന ഒരു കക്ഷിക്കാരുണ്ടായിട്ടുണ്ട്. പ്രത്യേക ഇനമായി വിഭജിക്കപ്പെട്ടിട്ടുള്ള അനേകതരം പുറമ്പോക്കുകളുണ്ടെന്നു എനിക്കു അറിയാൻ ഇടവന്നിട്ടുണ്ട്. ദേവസ്വം പുറമ്പോക്കുകൾ, കൊട്ടാരങ്ങളെ സംബന്ധിച്ചുള്ള പുറമ്പോക്കുകൾ ഇവ ഇതിനു ഉദാഹരണങ്ങളാകുന്നു. ഇപ്രകാരമുള്ള പ്രത്യേക പുറമ്പോക്കുകൾ അതതു സ്ഥിതിക്കുള്ള പ്രത്യേകമുതലുകൾകൊണ്ടു സംരക്ഷിക്കപ്പെടുന്നതുമാകുന്നു.

സർ, അതുകൊണ്ടു, പുറമ്പോക്കുകളുടെ സംരക്ഷണത്തിനു ഗവർണ്മെൻറിനു ചെലവു ഉണ്ടായേക്കാവുന്നതോ ഉണ്ടായിക്കൂടാത്തതോ ആയ ന്യായമായ ചെലവിന്റെ കണക്കിലധികം ഏതൊരു പ്രമേയം സംബന്ധിക്കുന്നില്ല. എന്നാൽ ഈ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പു, ഗവർണ്മെൻറിന്റെ ശ്രദ്ധയെ ചുണ്ടിക്കാണിക്കേണ്ടതുണ്ടു. ഇപ്രകാരം കുടിവെള്ളത്തിനുപയോഗിച്ചു വരുന്ന കുളങ്ങളിലെ മലിനജലത്തിന്റെ ഉപയോഗത്തിലിരിക്കുന്നതിനെപ്പറ്റി, കുളങ്ങൾ പ്രത്യേകം പുറമ്പോക്കുകളുടെ സംരക്ഷണം ഗവർണ്മെൻറിന്റെ യഥാർത്ഥ ഉത്തരവാദിത്വമല്ലെന്നു ഞാൻ കരുതുന്നു. അപ്രകാരമുള്ള പ്രവൃത്തികളിൽ ഗവർണ്മെൻറു കാണിക്കുന്നോരു ശ്രദ്ധ

ക്കുറവാണ് പൊതുജനാരോഗ്യത്തിനും രക്ഷയ്ക്കും ഹാനികരമായിത്തീർന്നിരിക്കുന്നതു. അതുകൊണ്ടു, മിതവും ന്യായവുമായിട്ടുള്ള എന്റെ ഈ പ്രമേയത്തെ ഈ സഭയും ഗവർണ്ണമെന്റും സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): സർ, ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡപ്യൂട്ടിപ്രസിഡണ്ട്): സർ, ഈ പ്രമേയത്തെ എതിർക്കുന്നതിനു എനിക്കു വളരെസന്തോഷമുണ്ട് (ചിരി). തന്റെ പ്രമേയത്തെ അനുകൂലിക്കുവാൻ, യഥാർത്ഥത്തിൽ അനുകൂലിക്കുന്ന ഒരു മിത്രത്തെ മി. എം. എൻ. പിള്ളയെക്കാൾ മി. ജി. രാമമേനോനു കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു (ചിരി). അനുകൂലിക്കുവാൻ ആളില്ലാതെ പ്രമേയം തള്ളപ്പെടുമെന്നാണു ഞാൻ ആദ്യം വിചാരിച്ചതു.

സർ, ആദ്യമായി എനിക്കു പറയുവാനുള്ളതു പ്രമേയം ആകപ്പാടെ ക്ലേശകരമായ രീതിയിലാണു രചിച്ചിരിക്കുന്നതെന്നാകുന്നു. ഒരുപദ്ധതി സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്ത അനേകകാരണങ്ങൾ അതിൽകാണുന്നുണ്ടു. പ്രമേയം, ഇപ്പോൾ ഗ്രഹിക്കുന്ന രീതിയിൽ നോക്കുമ്പോൾ അതുകൊണ്ടു പന്ന ആളിന്റെ ഉദ്ദേശം എന്താണെന്നവെളിപ്പെടുത്തുന്നുണ്ടോ എന്നു സംശയമാണ്. അതിനുംപുറമെ പ്രമേയം സ്വീകരിക്കപ്പെടുന്നതായാൽ അതിലെ അർത്ഥപ്രകാരമനുസരിച്ചു പ്രവർത്തിക്കുക തീരെസാദ്ധ്യമല്ലാത്തതുമാണ്. എന്റെ സ്നേഹിതൻ ആദ്യമായി ആവശ്യപ്പെടുന്നതു പൊതുജനങ്ങളെല്ലാവരും ഉപയോഗിക്കുന്ന പുറമ്പോക്കുകൾമാത്രമെ സർവ്വകണ്ടൻറുമുതൽ കൈവശപ്പെടുത്തി സംരക്ഷിക്കാൻപാടുള്ളു എന്നാകുന്നു.

മി: ജി. രാമമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പൊതുജനങ്ങളെല്ലാവരും എന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല. ജാതിമതഭേദമെന്യേ എല്ലാജനങ്ങൾക്കും ഉപയോഗിക്കാവുന്ന പുറമ്പോക്കുകൾമാത്രമെ എന്നാണു ഞാൻ ഉദ്ദേശിച്ചതു.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡപ്യൂട്ടിപ്രസിഡണ്ട്): അതിന്റെ അർത്ഥം പൊതുജനങ്ങളെല്ലാവരുമെന്നാണ്.

പ്രമേയത്തിൽ പറഞ്ഞുകാണുന്നതു, മുൻസിപ്പാലിറ്റികളോ അല്ലെങ്കിൽ പൊതുജനസംഖ്യങ്ങളോ ഉള്ള സ്ഥലങ്ങളിൽ അവമുഖാന്തിരമോ, ഇല്ലാത്തസ്ഥലത്തു മറ്റുപ്രകാരത്തിലോ, പൊതുക്കിണറുകളും, കുളങ്ങളും മറ്റുപുറമ്പോക്കുകളും, അവ ജാതിമതഭേദമെന്യേ എല്ലാ ജനങ്ങൾക്കും ന്യായമായ അവകാശത്തോടുകൂടി ഉപയോഗിക്കാവുന്നതായിരിക്കുമ്പോൾ, പൊതുജനങ്ങളുടെ ആരോഗ്യത്തേയും രക്ഷയേയുംകരുതി, പൊതുമുതൽചെലവുചെയ്തു വേണ്ടപോലെ സംരക്ഷിക്കുവാൻ ഗവർണ്ണമെന്റു യഥായോഗ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നാകുന്നു.

സർ, ഇതിൽപറഞ്ഞിരിക്കുന്നതനുസരിച്ചു നടക്കുകയാണെങ്കിൽ, ഇപ്പോൾ പൊതുവിലുള്ള ഒരു കിണറും ഒരു കുളവും പണ്ടത്തെപോലെ സംരക്ഷിച്ചുവരുന്നില്ലെന്നും, ഭാവിയിലെങ്കിലും ഇവയുടെ ശരിയായ സംരക്ഷണത്തിലേക്കു ആവശ്യമുള്ള ഏർപ്പാടുകൾചെയ്യേണ്ടതാണെന്നും അദ്ദേഹം ഉദ്ദേശിക്കുന്നതായി തെളിവാകുന്നതാണു. എന്നാൽ ജാതിമതഭേദമെന്യേ, എല്ലാജനങ്ങൾക്കും ഉപയോഗിക്കാവുന്ന പുറമ്പോക്കുകൾമാത്രമെ പൊതുമുതൽചെലവുചെയ്തുകൊണ്ടു സംരക്ഷിക്കാൻപാടുള്ളു എന്നാണു എന്റെ സ്നേഹിതൻ വാസ്തവത്തിൽ ആഗ്രഹിക്കുന്നതു.

എന്നാൽ പ്രമേയത്തിലെ നിന്നും ഈ ആശയം കിട്ടുന്നതല്ല. "മുൻസിപ്പാലിറ്റികളോ മറ്റുപൊതുജനസംഖ്യങ്ങളോ ഉള്ള സ്ഥലത്തു അവമുഖാന്തിരമോ, ഇല്ലാത്തസ്ഥലത്തു മറ്റുപ്രകാരത്തിലോ വേണ്ട ഏർപ്പാടുകൾചെയ്യേണ്ടതാണ്" എന്നിടത്തോളം മുഴുവനും അർത്ഥമില്ലാത്തതും പ്രമേയത്തിന്റെ ഉദ്ദേശത്തിനു തികച്ചുംവിരോധത്തിൽ ഉപേക്ഷിക്കാവുന്നതുമാണ്.

പ്രമേയത്തിലെ രണ്ടാംഭാഗം താഴെക്കാണുന്നപ്രകാരം ആകുന്നു: —

"മററുള്ളവരെ, അവനിയമാനുസരണമായി മററുള്ളവർ ഉപയോഗിക്കുവാൻപാടില്ലെന്നു അവകാശവാദംചെയ്തു തടുത്തിട്ടുകൊള്ളുന്ന സ്ഥാവരിക്കു ഒരു വ്യക്തിക്കോ വ്യക്തികളുടെയോ സ്വന്തമാണെങ്കിൽ ആസ്ഥലത്തു വസിക്കുന്ന വർഗ്ഗക്കാരായ ജനങ്ങളുടെ ചെലവിൽ നന്നാക്കിക്കേണ്ടതും, പ്രത്യേകപുറമ്പോക്കുകളുടെ സംരക്ഷണത്തിനു പ്രത്യേകമുതലുകൾ ഉപയോഗപ്പെടുത്തേണ്ടതും ആകുന്നു.

പൊതുജനങ്ങൾക്കെല്ലാവർക്കും ഉപയോഗിക്കാൻപാടില്ലാത്ത കുളങ്ങളും, കിണറുകളും, മററു പുറമ്പോക്കുകളും അവയെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ജനങ്ങളുടെ ചെലവിൽ പരിഷ്കരിച്ചു സംരക്ഷിക്കേണ്ടതാണെന്നുമാകുന്ന ഈ ഭാഗത്തിൽ പ്രസ്താവിച്ചിരിക്കുന്നതു ഈ പുറമ്പോക്കുകളെ ശരിയായവിധം സംരക്ഷിക്കുന്നതിൽ ഉടമസ്ഥന്മാരെ നിർബന്ധിക്കേണ്ടതാണെന്നും അദ്ദേഹം പ്രസംഗത്തിൽ പറകയുണ്ടായി. അവയെ ശരിയായി സംരക്ഷിക്കുന്നകാര്യത്തിൽ അവരെ നിർബന്ധിക്കേണ്ടതിന്റെ കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ പുറമ്പോക്കുകൾ ഇഷ്ടംപോലെ ഉപയോഗിച്ചുകൊള്ളുവാൻ അവരെ മി. രാമൻമേനോൻ അനുവദിക്കുന്നുണ്ട്, അതിനു ഉപയോഗിക്കുകയും ഉപയോഗിക്കാതിരിക്കുകയോചെയ്യും. ആ സ്ഥിതിക്കു, വേണ്ടുന്നപോലെ ആ സ്ഥലങ്ങളെ സംരക്ഷിച്ചുകൊള്ളണമെന്നു അവരെ നിർബന്ധിക്കുന്നതെന്തുകൊണ്ടാണെന്നു ഞാൻ അറിയുന്നില്ല. അത്തരം പുറമ്പോക്കുകൾ ജനങ്ങൾക്കു സങ്കടകരങ്ങളായതിന്നാൽ അതുസംബന്ധിച്ചു വേണ്ടതു പ്രവർത്തിക്കുവാൻ നിയമപ്രകാരം മുൻസിപ്പാലിറ്റികൾക്കു അധികാരമുണ്ട് ഒരു സമുദായംമാത്രം പ്രത്യേകമായി ഉപയോഗിക്കുന്ന ഒരു പൊതുവായ കുളത്തേയോ കിണറിനേയോ ആ സമുദായത്തിന്റെ സ്വന്തചെലവിൽ നന്നാക്കി സംരക്ഷിക്കേണ്ടതാണെന്നുള്ളതിനോ അവയുടെ ശരിയായ സംരക്ഷണവിഷയത്തിൽ ആ സമുദായത്തെ നിർബന്ധിക്കേണ്ടതാണെന്നുള്ളതിനോ ഞാൻ കാരണമൊന്നും കാണുന്നില്ല.

മി: രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പൊതുജനാരോഗ്യത്തിലേക്കായിട്ടല്ലതാവശ്യമല്ലയോ?

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡപ്യൂട്ടിപ്രസിഡണ്ട്): അപ്രകാരമുള്ള കുളങ്ങൾ പൊതുജനങ്ങൾക്കു ഉപയോഗപ്രദമാണെന്നു തോന്നുന്നതായാൽ ആ കുളം സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള മുൻസിപ്പാലിറ്റിക്കു ആ കുളത്തിൽ പ്രവേശിച്ചു വേണ്ടപ്രകാരം പ്രവർത്തിച്ചുകൂടിപ്പെടുത്തുവാനു നിയമപ്രകാരം അധികാരമുണ്ടെന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

ഒടുവിലായിട്ടു പ്രമേയത്തിൽ 'പ്രത്യേകമതവുകളേ'യും, 'പ്രത്യേകപുറമ്പോക്കുകളേ'യുംപററി പ്രസ്താവിക്കുന്ന ഭാഗം നിബന്ധനകാണുന്നുണ്ട്. 'പ്രത്യേകമതവുകൾ', 'പ്രത്യേക പുറമ്പോക്കുകൾ' എന്നിവയെപ്പററി മി. രാമൻമേനോൻ അർത്ഥമാക്കീട്ടുള്ളതെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

ചില പ്രത്യേകസമുദായങ്ങൾമാത്രം ഉപയോഗിക്കുന്നവയും, പൊതുജനങ്ങളാകപ്പാടെ ഉപയോഗിക്കാത്തവയും ആയ കുളങ്ങളും കിണറുകളും പൊതുമതവുകളിൽനിന്നും സംരക്ഷിക്കാൻപാടില്ലെന്നു എന്റെ സ്നേഹിതൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു, നാം പ്രമേയം സ്വീകരിക്കുകയാണെങ്കിൽ, പൊതുജനങ്ങൾ എല്ലാവരും ഉപയോഗപ്പെടുത്തുന്ന കുളങ്ങളും കിണറുകളുംമാത്രമേ പൊതുമതവുപയോഗിച്ചു സംരക്ഷിക്കാവൂ എന്നർത്ഥമാകുന്നതാണ്. അങ്ങനെവെയ്ക്കുമ്പോൾ ഈ കിണറുകളും കുളങ്ങളും ഏതുപ്രകാരത്തിലാണ് ഗവർണ്മെന്റിനും മുൻസിപ്പാലിററിക്കും അതതിന്റെ വാസ്തവസ്ഥിതിപോലെ സ്വാധീനത്തിലായിത്തീർന്നതെന്നുള്ള കാര്യം നാം വിസ്തരിക്കുകയാകുന്നതുചെയ്യുന്നതു. കൊല്ലത്തുള്ള അനേകം കുളങ്ങൾ ചില പ്രത്യേകആളുകളുടെവക സ്ഥലങ്ങളാണെന്നുള്ളവസ്തുത എനിക്കു അറിയാവുന്നതാണ്. ആദ്യകാലത്തു ആ കുളങ്ങൾ ആ പുരയിടങ്ങളുടെ ഉടമസ്ഥന്മാരുടെ ഉപയോഗത്തിനുമാത്രമായി ഉപേക്ഷിക്കപ്പെട്ടതായിരുന്നു. മററുള്ളവരുടെ ആവശ്യത്തെ മനസ്സിലാക്കി ധർമ്മബുദ്ധിയോടുകൂടി, കുളം ഉപയോഗിക്കുന്നതിൽ വിരോധമില്ലെന്നു അവർക്കു തോന്നിയിരുന്ന മററുസമുദായാംഗങ്ങളേയും ഈ കുളം ഉപയോഗിച്ചുകൊള്ളുവാൻ അവർ അനുവദിച്ചിരുന്നു. കാലക്രമത്തിൽ കുളം ഉപയോഗിക്കുന്നതിൽ ആദ്യകാലത്തു ഉടമസ്ഥന്മാർ തടസ്ഥപ്പെടുത്താതിരുന്ന സമുദായങ്ങളിലെ എല്ലാ അംഗങ്ങളും ആ കുളങ്ങൾ ഉപയോഗപ്പെടുത്തുവാൻ ഇടയായിത്തീർന്നു. അവസാനത്തിൽ മുൻസിപ്പാലിററി അവയിൽ പ്രവേശിക്കുകയും അവയുടെ ഉടമസ്ഥന്മാർ അവരുടെ ഉപയോഗത്തിലുള്ള സ്വന്തഅവകാശത്തിനു വിരോധമില്ലാത്തവിധത്തിൽ ആ കുളങ്ങളെ മുൻസിപ്പാലിററിക്കു വിട്ടുകൊടുക്കുകയുംചെയ്തു. ഉടമസ്ഥന്മാരുടെ അവകാശത്തിനു ഹാനിയുണ്ടാകാത്തവിധത്തിൽ പൊതുജനങ്ങളുടെ ആവശ്യത്തിലേക്കായി ഈ കുളങ്ങളെ സംരക്ഷിച്ചുകൊള്ളാമെന്നു മുൻസിപ്പാലിററി സമ്മതിച്ചിട്ടുണ്ട്. ഈവിധത്തിലെല്ലാമാണ് ഈ കുളങ്ങളെസംബന്ധിച്ചു അധികാരം മുൻസിപ്പാലിററിക്കു കിട്ടിട്ടുള്ളതെങ്കിൽ, വാഗ്ദാനപ്രകാരം ചെയ്യാതിരിക്കുന്നതും, എല്ലാ സമുദായങ്ങളുടെയും ഉപയോഗത്തിനായി ഇവയെ വിട്ടുകൊടുക്കണമെന്നു അപ്രകാരം എല്ലാവർക്കുമായി കൊടുക്കാത്തപക്ഷം പൊതുമതവിൽനിന്നും അവയെ സംരക്ഷിക്കാൻപാടില്ലെന്നും പറയുന്നതും യോഗ്യമാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇതിമതമേതെന്നു, ഈ കുളങ്ങൾ എല്ലാജനങ്ങളുടെയും ഉപയോഗത്തിനായി വിട്ടുകൊടുക്കുകയാണെങ്കിൽ ആ പ്രവൃത്തി നിശ്ചയമായും ഉടമസ്ഥന്മാരുടെ അവകാശത്തെ അവഗണിക്കുന്നതുതന്നെയാണ്.

മി. കെ. കെ. തോമ്മസ് (കോട്ടയം): അദ്ദേഹം പറയുന്ന വാദത്തെ വ്യംഗ്യമൊ വാച്യമോ എന്നു പറയുമോ?

മി. വി. സുബ്ബയ്യർ (നിയമിതമെംബർ) (ഡപ്യൂട്ടിപ്രസിഡൻറ്): വ്യംഗ്യം തന്നെയാണ്.

സർ, കൊല്ലത്തു എന്റെ ഗൃഹത്തിനു വളരെ സമീപത്തിൽ സ്ഥിതിചെയ്യുന്ന കുളത്തിന്റെ വാസ്തവം പറയുകയാണെങ്കിൽ പണ്ടു മുൻസിപ്പായിരുന്ന ഒരാളുടെ പുരയിടത്തിന്റെ ഒരു ഭാഗമാണെന്നു എനിക്കു അറിയാം. ആദ്യകാലത്തു അദ്ദേഹത്തിന്റെ സ്നേഹിതന്മാരായിരുന്ന ചുരുക്കം ചിലർമാത്രം അതു ഉപയോഗിച്ചുവന്നിരുന്നു. അതിനുശേഷം സ്ഥലത്തുള്ള മിക്ക ബ്രാഹ്മണരും നായന്മാരും അതു ഉപയോഗിച്ചുതുടങ്ങി. വളരെ ജനങ്ങൾ അതു ഉപയോഗിക്കുന്നതായി കണ്ടപ്പോൾ, മുൻസിപ്പാലിററി പ്രവേശിച്ചു അതിനെ രോഗമുക്തമായി സംരക്ഷിച്ചുതുടങ്ങി. ഗവർണ്മെന്റു ആ കുളത്തെ സർക്കാരിലേക്കു ചേർക്കുകയാകട്ടെ ഉടമസ്ഥൻ അതിനെ പൊതുജനങ്ങൾക്കായി വിട്ടുകൊടുക്കുകയാകട്ടെ ചെയ്തിട്ടില്ല. അവിടെയുള്ള മററു കുളങ്ങളിൽ മിക്കവയുടെയും സ്ഥിതി ഇതുപോലെതന്നെയാണ്. അപ്രകാരമിരിക്കെ ഈ കുളങ്ങൾ എല്ലാ ജനങ്ങളുടേയും ഉപയോഗത്തിനായി വിട്ടുകൊടുക്കാത്തപക്ഷം അവയെ നാം സംരക്ഷിക്കേണ്ടതായിട്ടില്ല എന്നു പറയുന്നതു സാധുകരിക്കത്തക്കതാണോ എന്നു ഞാൻ അറിയുന്നില്ല. ഈവിധത്തിലുള്ള കുളങ്ങളുടെ സംരക്ഷണത്തെപ്പററി അപ്രകാരമുള്ള ഏതെങ്കിലും ഒരു നിയമം നടപ്പാക്കുന്നതും സാധുകരിക്കത്തക്കതാണെന്നു ഞാൻ വിചാരിക്കുന്നില്ല. അപ്രകാരമുള്ള ഏതെങ്കിലും ഒരു അഭിപ്രായം പറയുന്നതിനുമുമ്പു ഈ കുളങ്ങളുടെ ചരിത്രത്തെപ്പററി നാം അറിഞ്ഞിരിക്കേണ്ടതാകുന്നു.

മി. എൻ. കുമാരൻ (നിയമിതമെംബർ): ഈ കുളങ്ങളുടെ സംരക്ഷണത്തിനുവേണ്ടി മുൻസിപ്പൽ മുതലുകൾ ചെലവുചെയ്യാതിരിക്കുന്നതു് മുൻസിപ്പാലിററിയുടെ അഭിപ്രായത്തിനു അധീനമല്ലയോ?

മി. വി. സുബ്ബയ്യർ (നിയമിതമെംബർ) (ഡപ്യൂട്ടിപ്രസിഡൻറ്): നിശ്ചയമായിട്ടും അല്ല. ആ സംഗതിയെപ്പററിയാണ് ഞാൻ ഇനി പറയുവാൻ ഉദ്ദേശിക്കുന്നതു്.

എല്ലാ സമുദായങ്ങൾക്കും പ്രവേശമുള്ള സ്ഥലങ്ങൾക്കു മാത്രമേ മുൻസിപ്പൽമുതലുകൾ ന്യായമായി ചെലവുചെയ്യാൻ പാടുള്ളു എന്നാണ് മിസ്റ്റർ രാമൻമേനോന്റെ ഉദ്ദേശവും, മിസ്റ്റർ കുമാരന്റെ അഭിപ്രായവുമെന്നു എനിക്കു തോന്നുന്നു. മുൻസിപ്പൽറഗുലേഷൻ 'പബ്ലിക്' എന്ന വാക്കിനു അപ്രകാരമുള്ള അർത്ഥമൊന്നും തന്നെ ഉദ്ദേശിക്കുന്നില്ല. അതിനാൽ ഞാൻ ആ അഭിപ്രായത്തെ ആശംകാപൂർവ്വം ബലമായി എതിർക്കുന്നു. ജനറൽ ക്ലാസസ് റഗുലേഷനിൽ വിവരിച്ചിട്ടുള്ളപ്രകാരം 'പബ്ളിക്' അല്ലെങ്കിൽ 'പൊതുജനം' എന്ന വാക്കിൽ പൊതുജന വിഭാഗങ്ങളും ഉൾപ്പെടുന്നതാകുന്നു. വേറെപ്രകാരത്തിൽ പറയുന്നതായാൽ പൊതുജനങ്ങളിലുള്ള പ്രത്യേക സമുദായങ്ങളും അല്ലെങ്കിൽ പ്രത്യേക വർഗ്ഗങ്ങളും ജനറൽ ക്ലാസസ് റഗുലേഷനിൽ വിവരിച്ചിട്ടുള്ളപ്രകാരം 'പബ്ളിക്' അല്ലെങ്കിൽ 'പൊതുജനം' എന്ന വാക്കിൽ ഉൾപ്പെടുന്നതാണ്. ബ്രാഹ്മണർമാത്രം അധിവസിക്കുന്ന ചാല അഗ്രഹാരത്തെയോ അല്ലെങ്കിൽ മറേറതെങ്കിലും തെരുവിനേയോ, അല്ലെങ്കിൽ നായന്മാർ മാത്രമോ, മറേറതെങ്കിലും സമുദായങ്ങളിലുള്ളവർ മാത്രമോ അധിവസിക്കുന്ന ഏതെങ്കിലും ഇതരതെരുവുകളേയോ ഉദാഹരണമായിട്ടെടുക്കാം. അപ്രകാരമുള്ള തെരുവുകളിൽ അധിവസിക്കുന്ന ആ സമുദായങ്ങളിലെ അംഗങ്ങളും ഉദ്യോഗസ്ഥന്മാരായ നികുതികളും വീട്ടുകരങ്ങളും അതുപോലെയുള്ള ഇതര രാജഭോഗങ്ങളും മുൻസിപ്പാലിററിക്കു കൊടുക്കുന്നുണ്ടെന്നുള്ള വസ്തുതകൾ ആലോചിക്കേണ്ടതായിട്ടുണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കുന്തിക്കുളങ്ങളിലും): അപ്രകാരമുള്ള പുറമ്പോക്കുകൾ പ്രത്യേക സ്വത്താണെന്നു മെംബർ കുറച്ചുമുമ്പു പറഞ്ഞില്ലയോ?

മി. വി. സുബ്ബയ്യർ (നിയമിത മെംബർ) (ഡിപ്യൂട്ടിപ്രസിഡൻറ്): ഇല്ല. അവ പ്രത്യേക സ്വത്താണെന്നു ഞാൻ പറഞ്ഞില്ല. ഞാൻ പറഞ്ഞതു്, 'പബ്ളിക്ക്' അല്ലെങ്കിൽ 'പൊതുജനം' എന്ന പദത്തിനു ജാതിമതഭേദംകൂടാതെ എല്ലാജനങ്ങളും എന്നു അർത്ഥമാക്കുന്നതു് ഒരു മിഥ്യാനാമകരണമോ അല്ലെങ്കിൽ അബദ്ധമായ വ്യാഖ്യാനമോ ആണെന്നാണ്. 'പബ്ളിക്ക്' അല്ലെങ്കിൽ 'പൊതുജനം' എന്ന പദത്തിൻെറ വിവരണത്തിൽ ഒരു പൊതുജനവിഭാഗവും ഉൾപ്പെടുത്തേണ്ടതാണെന്നും പൊതുജനങ്ങളിലുൾപ്പെട്ട പൊതുജനവിഭാഗങ്ങളുടെ നന്മക്കായി പൊതുമുതലുകൾ ഉപയോഗിക്കാവുന്നതാണെന്നും ആകുന്നു എൻെറ അഭിപ്രായം. അതിനുള്ള കാരണം, മുമ്പു പറഞ്ഞതുപോലെ, ഞാൻ ഉദാഹരണമായിട്ടെടുത്ത തെരുവുകൾ പോലെയുള്ള പ്രത്യേക പുറമ്പോക്കുകൾ ഒരു പ്രത്യേക സമുദായത്തിലെയോ അല്ലെങ്കിൽ ഒരു പൊതുജന വിഭാഗത്തിലെയോ അംഗങ്ങളാൽ അധിവസിക്കപ്പെടുന്നതാണെങ്കിലും അവയ്ക്കു വീട്ടുകരവും ഇതരകരങ്ങളും മുൻസിപ്പാലിറ്റിക്കു കൊടുക്കുന്നതുകൊണ്ടു ആ പുറമ്പോക്കുകളുടെ ശരിയായ സംരക്ഷണത്തിനു മുൻസിപ്പൽ മുതലുകളിൽനിന്നുമുള്ള അവകാശത്തെ അർഹിക്കുന്നവയെന്നാകുന്നു. അവർ ഒരു സ്ഥലത്തു ഒരുമിച്ചു താമസിക്കുന്നതുകൊണ്ടുമാത്രം അവരുടെ സൗകര്യങ്ങൾക്കും ആവശ്യങ്ങൾക്കുമായി മുൻസിപ്പൽ മുതൽ ചെലവുചെയ്യുവാൻ നിങ്ങൾ തയ്യാറല്ലെന്നു പറയുവാൻ നിങ്ങൾക്കു സാധിക്കുന്നതല്ല. അവരിങ്ങനെയിരിക്കുന്ന കാലത്തോളം അവരുടെ സൗകര്യങ്ങളെപ്പററി അനുപേക്ഷിക്കുന്നതായ ഉത്തരവാദിത്വത്തെ നിങ്ങൾക്കു ഒഴിച്ചുകളയാവുന്നതല്ല. അവരുടെ ആവശ്യങ്ങളെപ്പററി ശ്രദ്ധിക്കുവാൻ നിങ്ങൾ തയ്യാറില്ലെങ്കിൽ അല്പകാലമുള്ള തെരുവുകളേയും മററു പുറമ്പോക്കുകളേയും മുൻസിപ്പൽ അനുഭവത്തിക്കുള്ളിൽനിന്നും നിക്കംചെയ്യുന്നതാകുന്നു ഉത്തമമായിട്ടുള്ളതു്. സർ, അതുകൊണ്ടു പ്രമേയത്തിലെ ആശയം എന്തുതന്നെ പ്രയാസമേറിയ വൈഷമ്യങ്ങൾകൊണ്ടു കൂടെ ഗ്രഹിക്കപ്പെടുന്നതാണ്. മററുള്ളവരെപ്പോലെതന്നെ നിങ്ങൾക്കു കരംതരുന്ന ഒരു വർഗ്ഗക്കാരുടെ സൗകര്യങ്ങളെപ്പററി അന്വേഷിക്കുകയില്ലെന്നു നിങ്ങൾക്കു എങ്ങനെ പറയാം? മുൻസിപ്പാലിററി വ്യക്തികളുടെ നന്മക്കായി അതിൻെറ മുൻകൈചെലവു ചെയ്യുന്ന ആവശ്യം ഇല്ല. നിശ്ചയംതന്നെ. എന്നാൽ നിങ്ങൾ അവരിലും കരംചുമത്തുന്നതുകൊണ്ടും, ജനറൽ ക്ലാസസ് റഗുലേഷനിൽ 'പബ്ളിക്ക്' അല്ലെങ്കിൽ 'പൊതുജനം' എന്ന പദത്തിൻെറ വിവരണം പൊതുജന വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നതാകകൊണ്ടും പ്രത്യേക സമുദായങ്ങളാലോ അല്ലെങ്കിൽ പൊതുജന വിഭാഗങ്ങളാലോ തങ്ങൾക്കു മാത്രമായി ഉപയോഗിച്ചുപോരുന്ന ആ പുറമ്പോക്കുകളുടെ സംരക്ഷണവും അതിൻെറ മുതലിൽനിന്നുതന്നെ നടത്തുന്നതിനു മുൻസിപ്പാലിററി നിശ്ചയമായും നിർബന്ധിതമായിരുക്കുന്നുണ്ട്.

മി. സി. പി. തോമ്പസ് (നിയമിത മെംബർ): മെംബറുടെ അഭിപ്രായപ്രകാരം ജാതിമതഭേദം കൂടാതെ എല്ലാ ജനങ്ങൾക്കും ഉപയോഗിക്കുവാൻ നിവൃത്തിയില്ലാത്ത തെരുവുകൾ മുതലായവ പൊതുമുതലിൽനിന്നും സംരക്ഷിക്കുവാൻ പാടില്ലെന്നാകണം എന്നുപറയുമോ?

മി. വി. സുബ്ബയ്യർ (നിയമിതമെംബർ) (ഡിപ്യൂട്ടിപ്രസിഡൻറ്): നാം ഇപ്പോൾ തെരുവുകളെപ്പററി ആലോചിക്കുന്നില്ല. കുളങ്ങളേയും കിണറുകളേയും സംബന്ധിച്ചു മാത്രമാണ് നാം ഇപ്പോൾ ആലോചിക്കുന്നതു്.

കഴിഞ്ഞ പലതരം കാലങ്ങളായി പ്രത്യേക സമുദായങ്ങൾ മാത്രം ഉപയോഗിച്ചു പോരുന്നവയും മുൻസിപ്പൽ മുതലുകളിൽനിന്നും സംരക്ഷിച്ചു പോരുന്നവയും ആയ അനേകം കുളങ്ങളും കിണറുകളും ഈ സംസ്ഥാനത്തിലുണ്ട്. അതിനുപുറമെ, മുൻസിപ്പാലിററികളുടെ ഭരണത്തെപ്പററിയുള്ള സംഗതികൾ ഈ സമുദായങ്ങൾ പ്രമേയങ്ങളുടെ രൂപത്തിൽ കൊണ്ടുവരാറുണ്ടോ എന്നും ഞാൻ അറിയുന്നില്ല. എന്തുകൊണ്ടെന്നാൽ പ്രമേയങ്ങൾ ഗവർണ്മെൻറിനോടുള്ള ശുപാർശകളാകുന്നു, മുൻസിപ്പൽ അനുഭവത്തിക്കുള്ളിലുള്ള കുളങ്ങളുടെയും കിണറുകളുടെയും സംരക്ഷണം മുൻസിപ്പൽ അധികാരികളുടെ അധികാരത്തിൽ മാത്രം ഉള്ളതാണ്, അതുകൂടാതെ ഞാൻ പറഞ്ഞതുപോലെ പ്രമേയത്തിൻെറ രചന പ്രവൃത്തിയിൽ കൊണ്ടുവരുവാൻ സാധിക്കാത്ത വിധത്തിലുമാകുന്നു. അതുകൊണ്ടു ഞാൻ പ്രമേയത്തെ ബലമായി എതിർക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (കനയ്യാറിൻകര): സർ, ഞാൻ മിസ്റ്റർ ജി. രാമൻമേനോൻെറ പ്രമേയത്തെ വീണ്ടും വീണ്ടുംവായിക്കുകയും അദ്ദേഹത്തിൻെറ പ്രസംഗം സശ്രദ്ധം ശ്രവിക്കുകയുംചെയ്തു. എന്നാൽ അദ്ദേഹം ഈ പ്രമേയത്തോടു കൂടി ഈ സമുദായകൈ ഹാജരായപ്പോൾ അദ്ദേഹത്തിൻെറ ഉദ്ദേശം എന്തായിരുന്നു എന്നു പൂർണ്ണമായി മനസ്സിലാക്കുവാൻ എനിക്കു സാധിച്ചില്ലെന്നു സമ്മതിക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. മിസ്റ്റർ സുബ്ബയ്യരുടെ വ്യാഖ്യാനരൂപത്തിലുള്ള പ്രസംഗം കേട്ടതിനുശേഷമെ മിസ്റ്റർ രാമൻമേനോൻെറ ഉദ്ദേശം എന്തെന്നു അല്പമെങ്കിലും മനസ്സിലാക്കുവാൻ എനിക്കു സാധിച്ചുള്ളു. ഞാൻ പ്രമേയംവായിച്ചപ്പോൾ എനിക്കു തോന്നിയതു്, കുളങ്ങൾ, കിണറുകൾ മുതലായ ചില പുറമ്പോക്കുകളുടെ കാര്യത്തിൽ സ്ഥലത്തെ മുൻസിപ്പൽ അധികാരികളോടുള്ള ഗവർണ്മെൻറുകളുടെ ഉത്തരവിടൽ പ്രവർത്തിക്കുന്നില്ലെന്നും അതുകൊണ്ടു ആ സംഗതിയെപ്പററി മുൻസിപ്പൽ അധികാരികളുടെയും ഗവർണ്മെൻറിൻെറയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് മിസ്റ്റർ രാമൻമേനോൻ ഈ പ്രമേയം തയ്യാറുചെയ്തിട്ടുള്ളതെന്നുമാണ്. പ്രമേയം ഞാൻ ആദ്യം വായിച്ചപ്പോൾ എനിക്കുണ്ടായ ധാരണ അതായിരുന്നു. പ്രമേയത്തെപ്പററി വാദപ്രതിവാദം ചെയ്യുമ്പോൾ, എല്ലാ ജാതിക്കാർക്കും സമുദായങ്ങൾക്കും ഉപയോഗിക്കുവാൻ പാടില്ലാത്തതായ പൊതു കിണറുകളും കുളങ്ങളും അല്ലെങ്കിൽ മറെറാരു തരത്തിലുള്ള തെരുവുകളും സംരക്ഷിക്കുന്നതിനു പൊതുമുതലുകളോ അല്ലെങ്കിൽ മുൻസിപ്പൽ മുതലുകളോ ഉപയോഗിക്കുന്നതു ന്യായമാണോ എന്നുള്ള വിഷയം ഉദ്ദേശത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നു തെളിയുന്നുണ്ട്. പ്രമേയത്തിലുള്ള ആശയപ്രകാരം മുൻസിപ്പാലിററികളോ മററു പൊതുജനസംഘടനകളോ ഉള്ള സ്ഥലങ്ങളിൽ അവ പൊതു കിണറുകളുടെയും കുളങ്ങളുടെയോ അല്ലെങ്കിൽ മററു പുറമ്പോക്കുകളുടെയും സംരക്ഷണത്തിനു യഥാശയാനുസൃതമായ ഏർപ്പാടുകൾ ചെയ്യുണ്ടാണെന്നും അപ്രകാരമുള്ള മുൻസിപ്പാലിററികളും പൊതുജന സംഘങ്ങളും ഇല്ലാത്ത സ്ഥലങ്ങളിൽ സൗകര്യപ്രദമായ മററു ഏർപ്പാടുകൾ ചെയ്യുണ്ടാണെന്നുമാകുന്നു. സർ, മുൻസിപ്പൽ അനുഭവത്തിക്കകത്തുള്ള പൊതു കിണറുകളേയും പൊതു കുളങ്ങളേയും സംബന്ധിച്ചു മിസ്റ്റർ രാമൻമേ

[illegible] ചോദ്യത്തിന്റെ [illegible], പഴയവരുടെ സമാധാനം അവ [illegible] സംരക്ഷിക്കപ്പെടുന്നതെന്ന [illegible] ജനങ്ങൾക്കെല്ലാം [illegible] മുൻസിപ്പൽ അതുതന്നെ [illegible] [illegible] സ്ഥലങ്ങളിലുള്ളവരെ [illegible], [illegible] ഇതിൽ 'ഗ്രാമപഞ്ചായത്തു റസ്ക്കേഷൻ' [illegible] നടപ്പാക്കുവാൻ [illegible] [illegible] ഗ്രാമപഞ്ചായത്തുകൾ [illegible] [illegible] ഗ്രാമപഞ്ചായത്തു [illegible] [illegible] [illegible]

ണ്ടാന്നില്ല. അപ്രകാരമിരിക്കെ, പ്രമേയകർത്താവും മററനേകം പ്രാസംഗികന്മാരും തമ്മിൽ അർത്ഥതത്ത്വസംബന്ധിച്ചു വളരെ ഭിന്നത്വം പ്രകടിപ്പിച്ചിട്ടുള്ള ഒരു പ്രമേയത്തെപ്പററി എന്തെങ്കിലും ഒരഭിപ്രായം പറയുക വളരെ പ്രയാസമാണ്. ഈ പ്രമേയം സ്വീകരിക്കുന്നതായാൽ വാസ്തവത്തിൽ സ്വീകരിച്ചിട്ടുള്ളതെന്താണെന്നു മനസ്സിലാക്കുന്നതുതന്നെയും വളരെ പ്രയാസമാണ്. പൊതുമുതലുപയോഗിച്ചു സംരക്ഷിച്ചുപോരുന്ന കുളങ്ങളും, കിണറുകളും, മററു പുറമ്പോക്കുകളും ജാതി മതഭേദമൂടാതെ എല്ലാജനങ്ങൾക്കുമായി വിട്ടുകൊടുക്കേണ്ടതാണെന്നു അപ്രകാരം ചെയ്തിട്ടില്ലെങ്കിൽ അവയുടെ സംരക്ഷണത്തിനു പൊതുമുതലുപയോഗിക്കാൻ പാടില്ലെന്നുമാണു മിസ്റ്റർ രാമൻമേനോൻ ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ, ഇതുസംഗതിയെ സംബന്ധിച്ചുള്ള അഭിപ്രായം അതിനു മനഃപൂർവ്വമായിട്ടുള്ളതാണെന്നു ആയ ഒരു പ്രമേയം കഴിഞ്ഞവർഷം ഈ സഭയിൽ കൊണ്ടുവരികയും, ഭേദഗതിയോടുകൂടിയ രീതിയിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. ഭേദഗതി ചെയ്ത പ്രമേയം താഴെ കാണുന്നപ്രകാരമായിരുന്നു:—

ഞാൻ ഉദ്ദേശിക്കുന്നതു ഗസററ് ആഗസ്റ്റ് മാസം-ലക്കത്തിലെ ഈ സമാനപ്രകാരമുള്ളവയാകുന്നു.

"പൊതു മുതലുകളിൽനിന്നും ഗവർണ്മെന്റു സംരക്ഷിച്ചുപോരുന്നവയും, ഗവർണ്മെന്റിൽനിന്നും പുതിയ അവകാശങ്ങളുണ്ടാക്കുകയോ സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്തവയും ആയ എല്ലാ കുളങ്ങളും, ജാതി മതഭേദംകൂടാതെ എല്ലാ ജനങ്ങളുടെയും ഉപയോഗത്തിനായി, പൊതുജനങ്ങളുടെ ആവശ്യത്തിലേക്കു അപ്രകാരമുള്ള കുളങ്ങൾ ആവശ്യമുള്ളതാണെന്നു തോന്നുന്നിടത്തോളംകാലം, വിട്ടുകൊടുക്കേണ്ടതാണെന്നു ഈ സഭ ഗവർണ്മെന്റിനോടു ശുപാർശചെയ്യുകകൊള്ളുന്നു."

ആ പ്രമേയത്തിനും, ഇപ്പോൾ ഇരിക്കുന്ന രീതിയിൽ ഈ സഭയിൽ കാണുന്നുള്ള ഈ പ്രമേയത്തിനും തമ്മിൽ വളരെ വ്യത്യാസം കാണുന്നുണ്ട്. എന്നാൽ, ഉദ്ദേശം സംബന്ധിച്ചിടത്തോളം ആ പ്രമേയത്തിനും ഇപ്പോഴുള്ള പ്രമേയത്തിലെ ആദ്യഭാഗത്തിനും തമ്മിൽ ചില സാമ്യവും ഇല്ലാതില്ല. ഗ്രേറ്റ്ക്ക മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളിടത്തോളം മിസ്റ്റർ രാമൻമേനോന്റെ പ്രമേയത്തിലെ ആദ്യഭാഗത്തിൽ പ്രസ്താവിച്ചുകാണുന്നതു പൊതുമുതലുകൾ പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചു ചെലവുചെയ്യുന്നതല്ലാതെ പൊതുജനവിഭാഗങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചു പാടില്ലെന്നാകുന്നു. ആ പ്രമേയം ആകപ്പാടെ സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്തതാണെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യർ പ്രകടമായി പറഞ്ഞിട്ടുണ്ടു. അതിലെ വ്യംഗ്യങ്ങളായ കാര്യങ്ങൾ പുറമെ കാണുന്നതിനേക്കാൾ എത്രയോ പ്രാധാന്യമേറിയവയാണ്. അതു തിരുവിതാംകൂറിൽ സ്വീകരിച്ചിട്ടുള്ള ധനസംബന്ധമായ ഏർപ്പാടുകൾക്കും നടപടികൾക്കും വിപരീതമാണു, ചില പ്രത്യേകസമുദായങ്ങളുടെ നന്മയെ ഉദ്ദേശിച്ചുമാത്രമായിട്ടു എല്ലാ വർഷത്തിലേയും ബഡ്ജററിൽ നാം ചില തുകകൾ ചെയ്യുന്നുണ്ടു. അതിലേക്കു ഉദാഹരണങ്ങൾ തരുവാൻ എനിക്കു കഴിയുന്നതാണു. മലയാളബ്രാഹ്മണരുടെ വിദ്യാഭ്യാസത്തിനായി വിദ്യാഭ്യാസസംബന്ധിച്ചുബഡ്ജററിൽ വ്യവസ്ഥചെയ്യുന്നുണ്ടു. പൊതുമുതലിൽനിന്നു സംരക്ഷിച്ചുപോരുന്നതും മലയാളബ്രാഹ്മണർക്കുമാത്രമാവുള്ളതുമായ സ്പെഷ്യൽസ്കൂളുകൾ ഉണ്ടു. ചിലരാജകുടുംബങ്ങളിലെ കുട്ടികൾക്കുമാത്രമായി മാവേലിക്കരയിൽ ഒരു സ്പെഷ്യൽസ്കൂൾ ഉണ്ടു. സംബന്ധന്മാരുടെ ഉപയോഗത്തിലേക്കുമാത്രമായി കിണറുകൾ കുഴിപ്പിക്കുന്നതിനും നാം പണം ചെലവുചെയ്യുന്നുണ്ടെന്നുള്ളതിനും ഒട്ടനവധി കാണുന്നതാണു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇവയെല്ലാം "പ്രത്യേകപുറമ്പോക്കുകൾ" എന്ന ഒരു തരത്തിൽ ഉൾപ്പെടുത്താവുന്നതല്ലയോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ഇവയെല്ലാം 'പ്രത്യേകപുറമ്പോക്കുകൾ'ക്കുള്ളതാണെന്നു ഉൾപ്പെടുത്തുവാൻ പ്രമേയകർത്താവു തയ്യാറാണെങ്കിൽ പ്രമേയം സ്വീകരിക്കുന്നതിനു എനിക്കു യാതൊരു വിരോധവുമില്ല. ഇതിനുംപുറമെ വിദ്യാഭ്യാസവിഷയമായി മഹാജനിയർക്കും മററു ചിലസമുദായങ്ങൾക്കും പ്രോത്സാഹനമുള്ളതായ പ്രത്യേകസഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടെന്നുള്ളതിനും ഉദാഹരണങ്ങളുണ്ടു. ഇവയെല്ലാത്തിന്റെയും ഉദ്ദേശങ്ങൾ ഒന്നുതന്നെയാണ്. പൊതുമുതലുകൾ പൊതുജനങ്ങൾക്കാകമാനമായിട്ടു ഉപയോഗപ്പെടുത്തുവാൻ പാടുള്ളതെങ്കിൽ ഇവയെല്ലാം മുപ്രകാരമല്ലാത്തതാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രത്യേകസ്ഥലങ്ങളുടെപേരിൽ കുളങ്ങളും കിണറുകളും ഇല്ലേ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ഉണ്ടു എന്നു ഞാൻ സമ്മതിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവയെ 'പബ്ലിക്കുപുറമ്പോക്കുകൾ' എന്നു വിളിക്കാമോ? പ്രത്യേകങ്ങളുടെപേരിൽ വേർതിരിച്ചുകൊടുത്തിട്ടുള്ള ഗവർണ്മെന്റുബഡ്ജററുകളിൽ കിണറുകൾ ഇല്ലേ? അവ സർക്കാർവകവസ്തുക്കളുടെ ഗണത്തിൽ ചേർത്തുന്നതുകൊണ്ടു അവയെയും 'പബ്ലിക്കുപുറമ്പോക്കുകൾ' എന്നു വിളിക്കാൻ പാടില്ലയോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): അപ്രകാരമുള്ള കിണറുകൾ പബ്ലിക്കുകിണറുകളല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെയാണെങ്കിൽ സ്പെഷ്യൽസ്ഥലങ്ങളോടുചേർന്ന കിണറുകളെയും പബ്ലിക്കുകിണറുകളായി തരംതിരിക്കാൻ പാടില്ല.

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): അതെ എന്നാൽ ഞാൻ പറയുന്നതിനോടു അതിനു ഈ സംബന്ധമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

സർ, അതുകൊണ്ടു പൊതുമുതലുകൾ പൊതുജനങ്ങൾക്കാകപ്പാടെമാത്രമേ ഉപയോഗിക്കാവൂ എന്നുള്ള സിദ്ധാന്തം കേവലമനുസരിച്ചു സ്വീകരിക്കപ്പെട്ടിട്ടുള്ള ഒരു നിയമമല്ല. തിരുവിതാംകൂറിലെ പലവിധത്തിലുള്ള പ്രത്യേകപൊതുജനവിഭാഗങ്ങളുടെ ഗുണത്തിലേക്കായി പൊതുമുതലുകൾ ചെലവുചെയ്യുവാനുള്ള ഒട്ടനവധി ഉദാഹരണങ്ങൾ ഉണ്ടു. ബ്രിട്ടീഷിൻഡ്യയിൽ യൂറോപ്യൻസ്കൂളുകളുടെ സംരക്ഷണത്തിലേക്കായി പൊതുമുതലുപയോഗിക്കുന്നതെങ്ങനെയെന്നു നമുക്കു അറിയാമല്ലോ. ഇംഗ്ലണ്ടിൽ കൃഷിസംരക്ഷണത്തിനായും വ്യാപാരത്തിനു പ്രോത്സാഹനംകൊടുക്കുന്നതിനായും അനേകം വ്യവസായങ്ങളുടെ പരിതസ്ഥിതിക്കുതകുന്നതിനായും പൊതുമുതൽ ചെലവുചെയ്യുവാനുള്ളതെങ്ങനെയെന്നു

നമുക്കറിയാവുന്നതാണ്. ഈ സംഗതികളുടെയെല്ലാംഉള്ളിൽ ഒന്നുതന്നെയാണെന്നാകുന്നു എന്റെ അഭിപ്രായം. അതായതു പൊതുജനങ്ങൾക്കെല്ലാം ഗുണംഉണ്ടാകുന്നകാര്യങ്ങൾക്കുമാത്രമേ പൊതുമുതലുപയോഗിക്കാവൂ എന്നു പറയാവുന്നതല്ല. മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതുപോലെ 'പൊതുജനങ്ങൾ' എന്നപദത്തിൽ 'പൊതുജനവിഭാഗങ്ങളും' ഉൾപ്പെടുന്നതാകുന്നു.

മി. വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡപ്യൂട്ടിപ്രസിഡണ്ടു): ഹിന്ദുക്ഷേത്രങ്ങൾക്കും ക്രിസ്ത്യാനിപ്പള്ളികൾക്കും മഹമ്മദീയപള്ളികൾക്കും നൽകിവരുന്ന സഹായവിതരണങ്ങൾ പൊതുമുതലുകളിൽനിന്നും അല്ലയോ?

മി. കെ. ജാർജ് (ഗവൺമെണ്ടുചീഫ്സെക്രട്ടറി): അതെ നമ്മുടെ ബഡ്ജററിൽതന്നെയും അപ്രകാരമുള്ള ദാനങ്ങൾക്കു ദൃഷ്ടാന്തങ്ങളുണ്ടു.

ഞാൻ ഇനി വേറെയൊരു സംഗതിയെപ്പററിയാകുന്നു പറയാൻ ഭാവിക്കുന്നതു. അതായതു 'പ്രത്യേകപുറമ്പോക്കുകളിൽ സ്ഥിതിചെയ്യുന്ന കുളങ്ങളേയും കിണറുകളേയും മെമ്പർ വിട്ടുകളഞ്ഞതു എന്തുകൊണ്ടാണെന്നുള്ളതാകുന്നു. ഈ പ്രത്യേക 'പുറമ്പോക്കുക'ളിലുള്ള കുളങ്ങളും കിണറുകളും ഉപയോഗിക്കുവരുന്ന സമുദായങ്ങളുടെ മതസംബന്ധമായും മററുമുള്ള വിശ്വാസങ്ങളെ ബഹുമാനിക്കേണ്ടതാണെന്നു അദ്ദേഹം ആഗ്രഹിക്കുന്നുണ്ടു.

ഇതേതരത്തിലുള്ള ബുദ്ധിമുട്ടുതന്നെയാണ് പൊതുമുതലുകൾ ഉപയോഗിച്ചു സംരക്ഷിച്ചുപോരുന്ന ചിലകുളങ്ങൾ സംബന്ധിച്ചുംകണ്ടുവരുന്നതു. ഹിന്ദുക്കൾക്കു മതസംബന്ധമായ പ്രാധാന്യമുള്ളതാണു സ്നാനം. അതിനെ ആരും വിസമ്മതിക്കയില്ലെന്നു വിശ്വസിക്കുന്നു. സ്നാനത്തിനു അശുദ്ധത്തിൽനിന്നും ശുദ്ധമാക്കുവാനുള്ളശക്തിഉണ്ടു. അതുകൊണ്ടു കുളിസംബന്ധിച്ചു മതസംബന്ധമായ വിശ്വാസം ജനങ്ങൾക്കുണ്ടായിരുന്നു; ഇപ്പോഴും ഉണ്ടെന്നാണ് എനിക്കതോന്നുന്നതു. മതസംബന്ധമായകൃത്യങ്ങളെ നടത്തിക്കൊണ്ടുപോകുന്നതിൽ സഹായിക്കുന്നതിനും ഉത്സാഹിപ്പിക്കുന്നതിനുമായി മതവിശ്വാസമുള്ളവരും ദാനശീലന്മാരുമായുള്ള പ്രഭുക്കൾ ചിലസമുദായങ്ങൾക്കു പ്രത്യേകമായി കുളങ്ങളും കിണറുകളും കഴിപ്പിച്ചുകൊടുത്തിരിക്കണം. അതുകൊണ്ടു ഇപ്പോൾ അവയെയെല്ലാംഎടുത്തു പൊതുജനങ്ങളുടെ ആവശ്യത്തിലേക്കായിട്ടു കൊടുക്കുവാൻ നാം ഉദ്ദേശിക്കുന്നതായാൽ ഏതുദ്ദേശത്തോടുകൂടി അവ കൊടുക്കപ്പെട്ടുവൊ അവരുടെ ആ ഉദ്ദേശങ്ങൾക്കു നാം വിപരീതമായി പ്രവർത്തിക്കുന്നുഎന്നുമല്ല, ജനങ്ങളുടെ മതസംബന്ധമായ കാര്യങ്ങളിൽ നാം വിപരീതമായി ഇടപെടുകയുമാകുന്നു ചെയ്യുന്നതു. പൊതുമുതലുകളിൽനിന്നുമുള്ള സംരക്ഷണത്തെ സംബന്ധിച്ചു ചിലകുളങ്ങളും കിണറുകളും ഒഴിവാക്കണമെന്നു എന്റെ സ്നേഹിതൻ പുറപ്പെടുവിച്ച അഭിപ്രായത്തിൽ അന്തർലീനമായിരിക്കുന്ന ഉദ്ദേശത്തെതന്നെ ഇപ്പോൾ ചിലസമുദായങ്ങൾ സ്വന്തമായി ഉപയോഗിച്ചുപോരുന്ന എല്ലാപുറമ്പോക്കുകളെ സംബന്ധിപ്പിക്കേണ്ടതാണ്. ആ ഉദ്ദേശത്തെത്തന്നെ കൂടുതൽ വ്യാപകമാക്കുന്നതായാൽ ഇപ്പോഴത്തെസ്ഥിതി സമ്മതിക്കേണ്ടതായി വരുന്നതാകുന്നു.

സർ, ഈ പ്രമേയം ഏതെങ്കിലുംപ്രകാരത്തിൽ പ്രായോഗികമായ ഒരു വലിയ ആലോചനാവിഷയമല്ല. ആയ്ക്കം ഒരു വിധത്തിലുള്ള അസൌകര്യങ്ങൾ കൂടാതെ ഇപ്പോഴത്തെ ഈ ഏർപ്പാടു അനേക ശതവർഷങ്ങളായി നടന്നുപോരുന്നുണ്ടു, ഉപദ്രവകരങ്ങളായ നടപടികളൊ ക്രൂരങ്ങളായ ഏർപ്പാടുകളൊ ആണെങ്കിൽ ഗവർണ്മെണ്ടു ആ വക കാര്യങ്ങളിൽപ്രവേശിച്ചു ആവശ്യമുള്ള ഭേദഗതിവരുത്തേണ്ടതാവശ്യമാണ്. എന്നാൽ മതസംബന്ധമായവിശ്വാസങ്ങളെമാത്രം അടിസ്ഥാനമാക്കിട്ടുള്ളകാര്യങ്ങളിൽ അതും ഒരു കൂട്ടരുടെ വിശ്വാസങ്ങൾ മററാരുകൂട്ടരുടെ വിശ്വാസങ്ങൾക്കു ബാധകങ്ങളാകാതിരിക്കുമ്പോൾ ഗവർണ്മെണ്ടു ഇടപെടുന്നതു ഉചിതമല്ല. അപ്രകാരമുള്ള സംഗതികളിൽ നാം അവയെ കാലങ്ങൾക്കു അധീനമാക്കുകമാത്രമാണ് ചെയ്യേണ്ടതു. സർ, തിരുവിതാംകൂറിൽ ഒരു കാലത്തു നടപ്പിലിരിക്കുന്ന ചില ആചാരങ്ങളും നടപടികളുംമററും ഇപ്പോൾ അസ്വീകാര്യമായിട്ടുണ്ടു. ഉദാഹരണത്തിനു ഉദ്ദേശം ഇരുപതുവർഷങ്ങൾക്കുമുമ്പു എന്റെ സ്വദേശത്തു ഉയർന്നജാതിക്കാരായ ആളുകൾ റോഡിൽക്കൂടി നടന്നുപോകുന്നസന്ദർഭങ്ങളിൽ അധഃകൃതജാതിക്കാർ അവരെ അശുദ്ധപ്പെടുത്താതെ മാറിക്കൊള്ളുന്നതിനായി ഉച്ചത്തിൽ നിട്ടിവിളിക്കുക പതിവായിരുന്നു. ഇപ്പോൾ അധഃകൃതവർഗ്ഗക്കാർ ഉൽകൃഷ്ടസവർണ്ണഹിന്ദുക്കളുമായി തോളോടു തോൾ ഉരസി ഇഷ്ടംപോലെ നടക്കുന്നുണ്ടു. അതുകൊണ്ടു ഞാൻ പറയുന്നതു പരിഷ്കൃതജീവിതത്തിനു യോജിച്ചതല്ലാത്ത ആചാരങ്ങളെ കാലം പരിഹരിക്കുന്നതാണെന്നാകുന്നു. ഒരു ആചാരം ആഗ്രഹിക്കത്തക്കതല്ലെന്നു തോന്നുന്നതായാൽ പൊതുജനാഭിപ്രായം ആ ആചാരത്തെ കാലക്രമേണ നിരോധനം ചെയ്യിക്കുന്നതാണ്. എന്നാൽ നേരെമറിച്ചു ഗവർണ്മെന്റു ഒരു സംഗതിയിൽ പ്രവേശിക്കുന്നപക്ഷം ആ ദോഷത്തെ ഇല്ലാതാക്കുന്നതിനുപകരം അതിനെ പർദ്ധിപ്പിക്കുന്നതിനും പലവിധമായ കുഴപ്പങ്ങൾക്കിടയാകുന്നതിനും കാരണമായേക്കാം. ഇപ്രകാരമുള്ള സമുദായസംബന്ധമായകാര്യങ്ങളിൽ അതുകൊണ്ടു, നിയമസംബന്ധമായ നടപടികളിലൂടെലൊ ഗവർണ്മെണ്ടു ഉത്തരവുകളിലൂടെലൊ ചെയ്യാൻ കഴിയുന്നതിനെക്കാൾ പൊതുജനാഭിപ്രായത്തെ പ്രബലമാക്കി ഭേദഗതികൾ ഫലപ്രദമാക്കാവുന്നതാകുന്നു.

മി. രാമൻമേനോൻ എന്റെ പ്രമേയത്തിലെ വേറെയൊരു സംഗതിയെപ്പററിയാകുന്നു ഇനി ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നതു. ആയതു എല്ലാവർക്കും ഉപയോഗിക്കാൻ പാടില്ലാത്ത പൊതുകിണറുകളും പൊതുകുളങ്ങളും ഗവർണ്മെണ്ടു സംരക്ഷിക്കാൻ പാടില്ലെന്നുള്ളതാണ്. പൊതുജനവിഭാഗങ്ങളുടെനന്മക്കായി ഗവർണ്മെണ്ടു പണം ചെലവുചെയ്യുന്നതിൽ വിരോധമില്ലാത്തതെന്തുകൊണ്ടാണെന്നു ഞാൻ വിവരമായി പറഞ്ഞിട്ടുണ്ടു. അതുകൊണ്ടു നാം ഇനി ആലോചിക്കാനുള്ളതു ഈ കുളങ്ങളെ ഗവർണ്മെണ്ടു സംരക്ഷിച്ചില്ലെങ്കിൽ ഉണ്ടാകുന്ന ദോഷമെന്താണ്. കുളങ്ങൾ ഗവർണ്മെണ്ടുവക വസ്തുക്കളാണെന്നാണ് ഞാൻ ഊഹിക്കുന്നതു. മുനിസിപ്പൽമെമ്പറന്മാരുടെ നിയന്ത്രണത്തിലുള്ള കുളങ്ങളെപ്പററി ഞാൻ ഒന്നുംപറയുന്നില്ല. അവർചെയ്യേണ്ടതെന്താണെന്നു ഗവർണ്മെണ്ടിനു അവരോടു നിയോഗിക്കുവാൻ നിവൃത്തിയില്ല. അവരുടെകൃത്യങ്ങൾ ഇന്നതെല്ലാമാണെന്നു മുൻസിപ്പൽറൂളേഷനിൽ വിവരിച്ചിട്ടുണ്ടു. അതിലേക്കു മുൻസിപ്പൽമുതലുകളെ അവർക്കു ചെലവുചെയ്യുകയുംചെയ്യാം. അതുകൊണ്ടു മുൻസിപ്പാലിററികളെസംബന്ധിച്ചു ഗവർണ്മെണ്ടു ചെയ്യേണ്ടതിനെപ്പററി വാദിക്കുതിപ്രയോജനം

ചെയ്യുന്നതുകൊണ്ടു യാതൊരുപയോഗവുംഇല്ല. ഗവൎണ്ണമെന്റു ഈ കുളങ്ങളെ സംരക്ഷിക്കുവാൻ കഴിയുകയില്ലെന്നു പറയുന്നതായാൽ എന്തു സംഭവിക്കുമെന്നു ഇപ്പോൾ ഞാൻ നിങ്ങളോടു ചോദിച്ചുകൊള്ളുന്നു. മി. രാമൻ പിള്ള ഇവിടെ വിവരിച്ചുപറഞ്ഞ മാതിരിയിലുള്ള അവസ്ഥതന്നെ വന്നുചേരുന്നതാണ്. ഇവയുടെ സംരക്ഷണത്തിൽ ആരും ശ്രദ്ധിക്കാതാകും. ക്രമേണ അവ വെള്ളംവററി, മലിനപദാൎത്ഥങ്ങൾകൊണ്ടു നിറഞ്ഞുകിടക്കും, ഒടുവിൽ പൊതുജനാരോഗ്യത്തിനു ഹാനികരമായും പരിണമിക്കും, അതുകൊണ്ടു ഈ കുളങ്ങളുടെ സംരക്ഷണം വേണ്ടെന്നുവച്ചു അവയെ ആരോഗ്യഹാനിക്കു ഉത്തരവാദസ്ഥാനമാക്കുന്നതിൽനേരം പൊതുജനതാല്പൎയത്തിന്റെ ശക്തികൊണ്ടു ഗവൎണ്മെന്റിനു ഇവയെ എല്ലാജനങ്ങളുടേയും ഉപയോഗത്തിനായി വിട്ടുകൊടുക്കുന്നതിനു സാധിക്കുന്നതുവരെ ഈ കുളങ്ങളേയും കിണറുകളേയും ഗവൎണ്മെന്റു സംരക്ഷിച്ചുകൊണ്ടിരിക്കുന്നതല്ലയോ നല്ലതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ജനങ്ങൾതന്നെ തയ്യാറായിവന്നു കുളങ്ങളുടെ സംരക്ഷണകൃത്യം ഏറ്റെടുത്തു, ഗവൎണ്മെന്റിനു അവയെ എല്ലാജനങ്ങൾക്കുമായിട്ടു കൊടുക്കുവാൻ സാധിക്കത്തക്കവണ്ണം നടത്തുന്ന അവരെ ഗവണ്മെന്റുതന്നെ ഇവയുടെ സംരക്ഷണകൃത്യം ഇടൎന്നുകൊണ്ടു പോകുന്നതാണ് നല്ലതെന്നു എല്ലാവരും സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെയല്ലെങ്കിൽ, ജനങ്ങൾ അവരുടെ പ്രത്യേകമായ അവകാശത്തെ വിട്ടുകൊടുക്കുന്നതിനും, അവയെ സംരക്ഷിക്കുന്നതിനും തയ്യാറായിവരുമ്പോൾ ഉപയോഗത്തിനു കുളങ്ങൾ ഉണ്ടായിരിക്കുന്നതല്ല. സർ, അതുകൊണ്ടു, ആകപ്പാടെ പ്രമേയത്തിലെ ഉദ്ദേശങ്ങളെ സ്വീകരിക്കുന്നകാൎയ്യം വളരെ പ്രയാസമാണ്. പരസ്പരം ശരിയായ ബന്ധംഇല്ലാത്ത അനേകംകാൎയ്യങ്ങൾ അതിൽ അടങ്ങിട്ടുണ്ടു, എങ്കിലുമായാലും, മെംബർ വിവരിച്ചുതുപോലെതന്നെ എല്ലാ കുളങ്ങളും ഒരേനിലയിലല്ലാ സ്ഥിതിചെയ്യുന്നതു; ചില കുളങ്ങൾ ദേവസ്വത്തിന്റെ അധികാരത്തിനു വെളിയിലുണ്ടെങ്കിൽ ദേവസ്വത്തിനോടുചേൎന്നിരിക്കുന്ന അനേകം കുളങ്ങൾഉണ്ടു. അതുകൊണ്ടു പ്രമേയം ആകപ്പാടെയും, ഇപ്പോൾഇരിക്കുന്ന രീതിയിലും സ്വീകരിക്കത്തക്ക ഒരുനിലയ്ക്കു ഗവൎണ്മെന്റിനു ഇല്ല.

മി. എൻ. കുമാരൻ (നിയമിതമെംബർ): സർ, പ്രമേയത്തെ പ്രതിക്ഷേപിക്കേണ്ടിയിരിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. പ്രമേയത്തിന്റെ അൎത്ഥംഎന്താണെന്നു എനിക്കുമുമ്പു സംസാരിച്ചവർ വാദിച്ചുകഴിഞ്ഞിരിക്കുന്നു. പ്രമേയത്തിലെ ആദ്യഭാഗത്തെ സംബന്ധിച്ചിടത്തോളം അതു ആവശ്യമില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അവരുടെ കാൎയ്യങ്ങൾ നടത്തിക്കൊണ്ടുപോകേണ്ടതെങ്ങിനെയാണെന്നു മുൻസിപ്പൽകൌൺസിലിനെ നാം നിൎദ്ദേശിക്കേണ്ടു ആവശ്യമില്ല.

രണ്ടാമതായി, മുൻസിപ്പൽഅതുത്തിക്കു നവട്ടിയിലുള്ള കുളങ്ങളേയും കിണറുകളേയും സംബന്ധിച്ചിടത്തോളം, പൊതുജനങ്ങൾ അവരുടെ ഇഷ്ടമനുസരിച്ചു അവയെപ്പററി വേണ്ടുന്ന അന്വേഷണം ചെയ്തുപോരുന്ന സ്ഥിതിക്കു, ഈ സമയിൽ പ്രത്യേകമായ ഏൎപ്പാടുകളൊന്നും ചെയ്യേണ്ട ആവശ്യമില്ലെന്നുമാത്രമല്ല, അപ്രകാരം ചെയ്യുന്നതായാൽ അതു ആവശ്യമില്ലാതെ ഗവണ്മെന്റു ഇടപെടുന്നതായിത്തീരുകയുംചെയ്യും, അതിനുംപുറമെ അതു, ആ സ്ഥലങ്ങളിലുള്ള ജനങ്ങളുടെ സാമൂഹ്യസ്ഥിതിയുടെ കാലക്രമമായ പരിണാമത്തിനു തടസ്സമായും തീരുന്നതുമാകും. ജനങ്ങളെ അവരുടെ ഇഷ്ടപ്രകാരം കാൎയ്യങ്ങൾ ഏൎപ്പാടുചെയ്തുകൊള്ളുന്നതിനു അനുവദിക്കുകയാണെങ്കിൽ കുറെ വൎഷങ്ങൾകഴിയുമ്പോൾ, ഇന്നു ഉച്ചത്തിലിരിക്കുന്ന ഈ ശാഖാവലംബികളായ വ്യത്യാസങ്ങളെല്ലാം ക്രമേണഇല്ലാതായി, ഒരുപ്രത്യേകസമുദായംമാത്രം ഇന്നു ഉപയോഗിച്ചുപോരുന്ന കുളങ്ങളും കിണറുകളും വിവിധസമുദായങ്ങൾ ഉപയോഗിക്കുന്നതായിത്തീരും എന്നാണ് എനിക്കു പറയുവാനുള്ളതു. അതല്ലാതെ ഗവണ്മെന്റു ഇതിൽ ഇടപെട്ടു ഏതെങ്കിലും വ്യവസ്ഥകൾ ഈ കുളങ്ങളുടെ സംരക്ഷണത്തിനുവേണ്ടിചെയ്യുന്നതായാൽ അതു ജനസമൂഹത്തിന്റെ സ്വാഭാവികമായ പരിണാമത്തിനു വിഘ്നകരമായിത്തീരുകയും തന്നിമിത്തം അവൎക്കു ഹാനികരമായിഭവിക്കുകയുംചെയ്യും എന്നാകുന്നു എന്റെ അഭിപ്രായം. എല്ലാവൎഗ്ഗക്കാൎക്കും ഒരുപോലെ ഉപയോഗിക്കാവുന്ന കുളങ്ങളും കിണറുകളും പരിരക്ഷിക്കുന്നതിനുമാത്രമെ പൊതുമുതലുകൾ ഉപയോഗിക്കാൻ പാടുള്ളുവോ എന്നുള്ള വിഷയത്തെപ്പററി വാദിക്കുന്നതുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ അതു തൎക്കവിഷയമായ ഒരു സംഗതിമാത്രമാകുന്നു. അതിനുംപുറമെ 'പൊതുജനം' എന്നുപറയുന്നതിൽ എല്ലാപൊതുജനങ്ങളും മാത്രമല്ല പൊതുജനങ്ങളിലുൾപ്പെട്ട എല്ലാവിഭാഗങ്ങളും അടങ്ങുന്നതുകൊണ്ടുമാണ് തിരുവിതാംകൂറിലെ നിയമങ്ങളിൽ വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ളതെന്നു വിദ്വാനായ ഡഡ്ലിപ്രസിഡണ്ടു പറയുന്നുമുണ്ടു, ആ പദത്തിനു അപ്രകാരമുള്ള അൎത്ഥമുള്ളതായിട്ടു നാം ഗണിക്കുന്നതായാൽ 'പൊതുമുതലുകൾ 'എല്ലാ പൊതുജനങ്ങൾക്കോ' അല്ലെങ്കിൽ പൊതുജനവിഭാഗത്തിനൊ മാത്രമെ ഉപയോഗിക്കാവൂഎന്നു വഴക്കുപറയുന്നതുകൊണ്ടു യാതൊരുപ്രയോജനവുമില്ല. മുൻസിപ്പൽറഗുലേഷൻപ്രകാരം, പൊതുജനങ്ങൾ എന്നതിനു പൊതുജനവിഭാഗമെന്നുമൎത്ഥമാകുമ്പോൾ അപ്രകാരമുള്ള പൊതുക്കാൎയ്യങ്ങൾക്കും പൊതുമുതലുകൾ ഉപയോഗിക്കാവുന്നതാണ്, അതുകൊണ്ടു അതിനെപ്പററി വാദിക്കേണ്ട ആവശ്യകത നേരിടുന്നില്ല.

ഞാൻ ഈ പ്രമേയത്തെ പ്രതിക്ഷേപിക്കുന്നതു നമ്മുടെ മൂന്നാമത്തെ കാരണംപറയാം. പ്രമേയത്തിന്റെ രണ്ടാം ഭാഗത്തിൽ ഗവണ്മെന്റു മററുകാൎയ്യങ്ങളിലും ഇടപെടണമെന്നു മി. രാമൻമേനോൻ ആവശ്യപ്പെടുന്നു,

"അവയെസംബന്ധിച്ചു പ്രത്യേകമായുള്ള നിയമാവകാശത്തെ ആവശ്യപ്പെടുകയും വാദിക്കുകയുംചെയ്യുന്ന വൎഗ്ഗത്തിലോ വൎഗ്ഗങ്ങളിലോഉള്ള ജനങ്ങളിലുൾപ്പെട്ട സ്ഥലത്തുള്ളവരുടെ ചെലവിൽ".

പ്രമേയത്തിലെ ഈ ഭാഗത്തെ സംബന്ധിച്ചിടത്തോളം എനിക്കു പ്രത്യേകമായ വിപരീതാഭിപ്രായമുണ്ടു. ജനങ്ങളോടു അവൎക്കുള്ള നിയമാവകാശത്തെ സ്ഥാപിക്കുവാനാവശ്യപ്പെടുന്നതു അനൎത്ഥാവഹങ്ങളായ ഭാവിഫലങ്ങൾക്കു ഇടംകൊടുക്കുകയും ദുഷ്ടബുദ്ധിയെ വെളിപ്പെടുത്തുകയുമല്ലയോ ചെയ്യുന്നതുഎന്നു ഞാൻ ഭയപ്പെടുന്നു. ഈ നിയമാവകാശത്തെ, തെളിയിക്കുന്നതിനു വളരെ ബുദ്ധിമുട്ടുകൂടാതെ കഴിയുന്നതല്ല, അതുകൊണ്ടു ജനങ്ങൾ തങ്ങളിൽതന്നെ അവരെപ്പററി തീരുമാനിച്ചുകൊള്ളട്ടെഎന്നു വിടുന്നതാണ് നല്ലതു. ഒരു നിയമകോടതിയിൽ നിന്നുംഉണ്ടായ ഒരു തീരുമാനത്തെ സ്ഥലത്തുള്ളജനങ്ങൾ സ്വീകരിക്കാതിരുന്നിട്ടുള്ള ഒരു പ്രത്യേകദൃഷ്ടാന്തംഞാൻ പറയാം. ഒരുപക്ഷെ, ഈ പ്രമേയം തയ്യാറാക്കിയപ്പോൾ മി. രാമൻമേനോനും ആ ദൃഷ്ടാന്തത്തെപ്പററി ഓൎത്തിട്ടുണ്ടായിരിക്കാം. ആ സംഗതിയിൽ അദ്ദേഹം കുറെച്ചാൾക്കു ഉറപ്പുകൊടുത്തിട്ടുണ്ടു. ഒരു പണ്ടികശാലക്കുടത്തിന്റെ സമീപത്തിലുള്ള ഒരു കുളം കരുനാഗപ്പള്ളിയിൽഉണ്ടു. ആ സ്ഥലത്തിലെ മാന്യനായ ഒരു നായർ ഈ പുറ

ബോക്ക പതിപ്പിച്ചുകിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരപേക്ഷ അയച്ചു. എന്നാൽ ആ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി വിദ്യാലയാധികാരികളും ആ കൂട്ടം ആവശ്യപ്പെട്ടു. വിദ്യാഭ്യാസമേലധികാരികൾ ആ സ്ഥലം പരിശോധിക്കുകയുംചെയ്തു. അപ്രകാരമിരിക്കെ ആ കൂട്ടം പതിപ്പിച്ചുകിട്ടണമെന്നപേക്ഷിച്ച മാന്യൻ തന്റെ ഉദ്ദേശം സാധിക്കുന്നകാര്യം പ്രയാസമാണെന്നുകണ്ടതുകൊണ്ടു ഒരു പ്രത്യേക സമുദായത്തിന്റെ ആവശ്യത്തിലേക്കു, വിട്ടുകൊടുക്കേണ്ടതാണെന്നു ആവശ്യപ്പെട്ടു. അതുസംബന്ധിച്ചുണ്ടായ വിചാരണയിൽ ചില ഈഴവരായിരുന്ന പ്രതികൾ, നീതിന്യായക്കോടതിയിൽ ഈ സംഗതിയെപ്പററി വാദംതുടന്നു, രണ്ടുനാഴികയ്ക്കകത്തിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിലെ ആറാട്ടുകുളമായിട്ടു ഈ കുളം ഉപയോഗിച്ചുവന്നിരുന്ന എന്നായിരുന്ന വാദിഭാഗത്തിലെ തർക്കം. ക്ഷേത്രത്തിലെ ഘോഷയാത്രസംബന്ധിച്ചു ഈ കുളം ഉപയോഗിച്ചുപോന്നിരുന്നുഎന്നു തെളിയിക്കുവാൻ വാദിഭാഗത്തിന്നു സാധിച്ചില്ല. അതുകൊണ്ടു അവർ കേസു തോററു, അപ്പോൾ ഈ കുളത്തിനും ആ പ്രത്യേകക്ഷേത്രത്തിനും തമ്മിൽ പരസ്പരസംബന്ധം ഉണ്ടാക്കിവെയ്ക്കുവാൻ ശ്രമിച്ചവരായ അവർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ ഈ സംഗതിയിൽ പ്രവേശിപ്പിക്കുവാൻ ശ്രമിക്കുകയും, അതുസംബന്ധിച്ചു കേസിലെ നടപടികളിൽ നിന്നും എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻമേനോൻ ക്രിമിനൽ പ്രോസീഡിയർകോഡിലെ ൧൮ ൭-ാം വകുപ്പു അനുസരിച്ചു നടപടികൾ ആരംഭിക്കേണ്ടതാണെന്നു കാണിച്ചു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു ഒരു എഴുത്തയക്കുകയും ചെയ്തതായി എനിക്കറിയാം. സമാധാനലംഘനമുണ്ടായേക്കുമെന്നു ഭയന്ന ഒരു സവർണ്ണഹിന്ദുവായിരുന്ന ഡിസ്ട്രിക്ട്മജിസ്ട്രേട്ട് സവർണ്ണരല്ലാത്ത ഹിന്ദുക്കൾ ആ കുളം ഉപയോഗിക്കുവാൻ പാടില്ലെന്നു തടഞ്ഞതുകൊണ്ടു ആസംഗതി അവിടെയിരുന്നപോരാതെ നിടയായി. ൧൮ ൭-ാം വകുപ്പിൻപ്രകാരമുള്ള ആ ഉത്തരവു അദ്ദേഹം പുറപ്പെടുവിച്ചിട്ടില്ലായിരുന്നുവെങ്കിൽ എല്ലാവർഗ്ഗക്കാരിലുമുൾപ്പെട്ട ജനങ്ങൾ പതിവു ആ കുളം ഉപയോഗിച്ചിരിക്കുമായിരുന്നു. എന്നാ... ആ ഉദ്യോഗസ്ഥന്റെ ആ പ്രവൃ...നിമിത്തം ഇപ്പോൾ അതു സവർണ്ണഹിന്ദുക്കൾക്കുമാത്രമായി തീർന്നിരിക്കുന്നു. ക്ഷേത്രത്തിലെ അധികാരികൾ ബോധിപ്പിച്ചു അന്യായം വാസ്തവമല്ലാത്ത ഒരു ഒന്നാംക്ലാസ് മജിസ്ട്രേട്ട് തീർത്തുകൂടാത്തതെന്നുള്ള വസ്തുത ഡിസ്ട്രിക്ട്മജിസ്ട്രേട്ട് ആലോചിച്ചില്ല. എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ ഇപ്രകാരം ഇടപെടുന്നതുനിമിത്തം ജനസമൂഹത്തിന്റെ സ്വാഭാവികമായ പരിണാമം വിജാതീയസ്ഥിതിയിൽനിന്നും ഭിന്നജാതീയസ്ഥിതിയിലായിത്തീരുവാനേ ഇടയാകയുള്ളുഎന്നു ഞാൻ ഖണ്ഡിതമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. അതുകൊണ്ടു അപ്രകാരമുള്ള ഏർപ്പാടുകൾക്കു യാതൊരു സഹായവും ചെയ്യാതിരിക്കുന്നതാണ് നല്ലതെന്നു എനിക്കു തോന്നുന്നു.

പ്രത്യേക പുറംപോക്കുകളുടെ സംരക്ഷണത്തിന്നു പ്രത്യേകമുതലുകൾ ഉപയോഗിക്കേണ്ടതാണെന്നുള്ള പ്രമേയത്തിലെ അവസാനഭാഗത്തെസംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളതു അതു തീരെ ആവശ്യമില്ലെന്നാകുന്നു. ഗവർണ്ണമെന്റിന്റെ അധീനത്തിലുള്ള പുറംപോക്കുകളുടെ സംരക്ഷണകൃത്യം ഗവർണ്ണമെന്റിനുതന്നെ വിട്ടുകൊടുക്കുകയും അവയുടെ സംരക്ഷണത്തെയും അഭിവൃദ്ധിയെയുംസംബന്ധിച്ചു ഉത്തരവാദിത്വം ഗവർണ്ണമെന്റിൽതന്നെ സമർപ്പിക്കുകയും ചെയ്യേണ്ടതാകുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ പ്രതിക്ഷേപിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ രാമൻമേനോന്റെ പ്രമേയത്തെ അനുകൂലിക്കുവാൻ എനിക്കു വന്നുകാണാത്തതിനു ഞാൻ വ്യസനിക്കുന്നു. പ്രമേയത്തിലെ രചനാരീതി വളരെ ലീഡ്യവും ശൈലിക്കുറവുള്ളതുമാണെങ്കിലും അതിലടങ്ങീട്ടുള്ള പ്രധാന ഉദ്ദേശങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെമ്പർ പ്രമേയത്തെ അനുകൂലിക്കുകയോ പ്രതിക്ഷേപിക്കുകയോ ചെയ്യുന്നതു?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ പറയാൻപോകുന്നതിൽനിന്നും മെമ്പർക്കു അതു മനസ്സിലാക്കാവുന്നതാണ്. പ്രമേയത്തിലെ പ്രധാനഉദ്ദേശങ്ങൾ ഇവയാകുന്നു. അവയിൽ പ്രാധാന്യമേറിയതും ആദ്യമായിട്ടുള്ളതുമെന്തുണ്ട് പൊതുക്കിണറുകളും കുളങ്ങളും മററുപുറംപോക്കുകളും യോഗ്യമായവിധത്തിൽ സംരക്ഷിക്കുന്നതിന്നു ആവശ്യമുള്ള ഏർപ്പാടുകൾചെയ്യണമെന്നുള്ളതു. പൊതുജനങ്ങൾ ഉപയോഗിക്കുന്നതായ പുറംപോക്കുകളുടെ സംരക്ഷണത്തിനായി പൊതുമുതലുകൾ ഉപയോഗിക്കേണ്ടതാണെന്നും, മററുള്ളവയ്ക്കു സ്ഥലത്തെ ജനങ്ങളുടെവക മുതലുമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂഎന്നും ഉള്ളതാണ് രണ്ടാമത്തേതു. ഒടുവിൽ മിസ്റ്റർ രാമൻമേനോൻ അഭിപ്രായപ്പെട്ടിരിക്കുന്നതു പ്രത്യേകപുറംപോക്കുകൾക്കു പ്രത്യേകമുതലുപയോഗിക്കണമെന്നാകുന്നു, ഇപ്രകാരം അദ്ദേഹത്തിന്റെ ഉദ്ദേശങ്ങൾ എന്താണെന്നു സ്പഷ്ടമാകുന്നുണ്ടു. മിസ്റ്റർ രാമൻമേനോൻ പ്രധാനമായി ഈ സമുദായത്തിന്റെ വിഷയിക്കുവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു മററുള്ള എല്ലാത്തിനെക്കാളും ആരോഗ്യസംരക്ഷണത്തെസംബന്ധിച്ചുവയെയാണ്. അതുകൊണ്ടു ഈ പ്രമേയത്തിലെ അദ്ദേഹത്തിന്റെ പ്രധാനഉദ്ദേശം. പൊതുജനങ്ങളുടെ ആരോഗ്യത്തെയും രക്ഷയെയും ശരിയായവിധത്തിൽ പരിപാലിക്കുന്നുണ്ടെന്നു കാണുവാനുള്ള ആഗ്രഹംനിമിത്തമാണ് ഇപ്പോൾ തീരെ മോശമായരീതിയിൽ സ്ഥിതിചെയ്യുന്ന അനേകംകുളങ്ങളും മററുപുറംപോക്കുകളും യോഗ്യമായവിധത്തിൽ സംരക്ഷിക്കേണ്ടതാണെന്നു അദ്ദേഹം നിർബന്ധിക്കുന്നതു, ഇതുസംബന്ധിച്ചു ആർക്കും വാദിക്കുവാൻ സാധിക്കുമെന്നുതോന്നുന്നില്ല. ഈ നാട്ടിൽതന്നെ വളരെ മോശമായസ്ഥിതിയിലുള്ള അനേകംകുളങ്ങളുണ്ടു. അതുകൊണ്ടു ഈ കുളങ്ങളുടെയും മററുപുറംപോക്കുകളുടെയും യോഗ്യമായ സംരക്ഷണത്തിന്നു വേണ്ടഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നുള്ള മിസ്റ്റർ രാമൻമേനോന്റെ പ്രധാന ഉദ്ദേശത്തെ ആർക്കും അനുകൂലിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

എന്നാൽ മുതലുകളുസംബന്ധിച്ചു അദ്ദേഹത്തിന്റെ പ്രമേയത്തിലെ ഉത്തരഭാഗം എനിക്കുമുമ്പു സംസാരിച്ചവരെ വഴിതെററിച്ചുകളഞ്ഞു എന്നുതോന്നുന്നു. ഇതുസംബന്ധിച്ചു ചീഫ്സെക്രട്ടറി പ്രസ്താവിച്ചപ്പോൾ, ഒരു പ്രത്യേകസമുദായത്തിലേക്കായിട്ടോ അല്ലെങ്കിൽ ഒരു പ്രത്യേകസംഘത്തിനായിട്ടോ സംസ്ഥാനത്തിലേ പണം ചെലവുചെയ്യുന്നതാണെങ്കിൽ അതു നാമത്തിനു വിപരീതമല്ലെന്നു അദ്ദേഹം വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. പൊതുജനങ്ങൾക്കല്ലാതെക്കല്ലാതെക്കും ഒരുപോലെ ഉപയോഗാർഹതയുള്ള കാര്യങ്ങൾക്കായിട്ടുമാത്രമേ പൊതുമുതൽ ചെലവുചെയ്യുവാൻ പാടുള്ളു എന്നാണ് എന്റെ

അഭിപ്രായം. ഏതെങ്കിലും ക്രിസ്ത്യമായ ഒരു ജനവിഭാഗത്തിനുമാത്രം സ്വന്തമായ ഏതെങ്കിലും അവകാശമുള്ള സംഗതികൾക്കു പൊതുവായപണം ഉപയോഗിക്കുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ വ്യത്യസ്തങ്ങളായ സന്ദർഭങ്ങളിൽ ചിലതരത്തിലുള്ള ഗ്രാൻറുകളോ അല്ലെങ്കിൽ അതുപോലെയുള്ള മററു സഹായങ്ങളോ നൽകി പ്രത്യേകസംഘങ്ങളുടെ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ വിരോധമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതും ചെലവുതന്നെയല്ലയോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു ചെലവുതന്നെയെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ തിരുവിതാംകൂറിലെ പ്രത്യേകസമുദായങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി ആലോചിക്കുമ്പോൾ പ്രത്യേകഗ്രാൻറുകൾ നൽകി ചില പ്രത്യേകകാര്യങ്ങളിൽ ഉത്സാഹം ജനിപ്പിക്കേണ്ടതു ചില സന്ദർഭങ്ങളിൽ ആവശ്യമായിട്ടുള്ളതാണ്. അപ്രകാരമുള്ള സംഗതികളിലും, ഗവണ്മെൻറുതന്നെ യേറിട്ടു ഉത്തരവാദിത്വം കൈയേറുക്കുന്നതു അത്ര ഉചിതമായിട്ടുള്ളതല്ല. ഒരു ഉദാഹരണംകൊണ്ടു ഞാൻ പറഞ്ഞിട്ടുള്ളതിൻെറ സാധുത്വം തെളിപ്പെടുത്താം. പ്രത്യേകവർഗ്ഗക്കാരുടെ ഉപയോഗത്തിനെ ഉദ്ദേശിച്ചു സ്കൂൾ സ്കൂളുകൾ ഏർപ്പെടുത്തിട്ടുള്ളതിൽ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നയം അത്ര യുക്തികരമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. വിദ്യാഭ്യാസത്തിൽ പിന്നോക്കംനിൽക്കുന്ന പ്രത്യേകവർഗ്ഗക്കാരെ പ്രത്യേകഗ്രാൻറുകളും മറെറാരു ജനസമ്പത്തുകളും നൽകി വിദ്യാഭ്യാസവിഷയത്തിൽ ഗവണ്മെൻറു ഉത്സാഹിപ്പിക്കുന്നതിൽ വിരോധമില്ല. എന്നാൽ പ്രത്യേകവർഗ്ഗക്കാർക്കു സ്വന്തമായ ഉപയോഗത്തിനുമാത്രമായിട്ടു പ്രത്യേകസ്കൂളുകൾ ഏർപ്പെടുത്തുന്നതു യുക്തിയുക്തമല്ല. പൊതുവകയായപണം ചെലവുചെയ്യുന്നതിലേക്കുള്ള സാധാരണനയം, അതുനിമിത്തം ഉണ്ടാകുന്ന നന്മയിൽ, പങ്കുകൊള്ളുവാനുള്ള അവകാശം പൊതുജനങ്ങൾക്കെല്ലാമായിരിക്കത്തക്കവണ്ണമായിരിക്കണം. അതുകൊണ്ടു രണ്ടാമത്തെ സംഗതിസംബന്ധിച്ചും ഞാൻ മിസ്റ്റർ രാമൻമേനോനു അനുകൂലിക്കേണ്ടതായിട്ടാണിരിക്കുന്നതു.

അദ്ദേഹം അതിചേക്ക നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളെസംബന്ധിച്ചിടത്തോളം ഗവണ്മെൻറു അതിനെ പ്രവൃത്തിയിൽ കൊണ്ടുവരുവാനുള്ള സമയകാര്യത്തെപ്പററി ആലോചിക്കേണ്ടതാണ്. പ്രത്യേകപുറംപോക്കുകളെ സംബന്ധിച്ചിടത്തോളം പ്രത്യേകഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നു മിസ്റ്റർ രാമൻമേനോൻ ഒടുവിൽ പറഞ്ഞിരിക്കുന്നു. ഈ ഒടുവിൽപറഞ്ഞിട്ടുള്ള ഏർപ്പാടുകൾക്കു മതസംബന്ധമായോ സമുദായസംബന്ധമായോ ഉള്ള വിശ്വാസങ്ങളേയും തോന്നലുകളേയും നിർത്തിപ്പിക്കാവുന്നതുമാകുന്നു. അതുകൊണ്ടു പ്രമേയത്തിലടങ്ങീട്ടുള്ള തത്വങ്ങളെ അനുകൂലിക്കുന്നതിൽ യാതൊരു പ്രയാസവുമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ രാമൻമേനോൻെറ പ്രമേയത്തിൽ അടങ്ങീട്ടുള്ള ഉദ്ദേശത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു.

ചീഫ്സെക്രട്ടറി പറഞ്ഞതു കേട്ടതിനുശേഷം, അതിൻെറ ആകപ്പാടെയുള്ള ആശയത്തിൽ എനിക്കു പൂർണ്ണമായ ബോദ്ധ്യം വന്നിട്ടുണ്ടെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു. ഇതുസഭയുടെ മുൻപടന്ന ഒരുയോഗത്തിൽ നടപ്പിലായിട്ടുള്ള ഒരു പ്രമേയത്തെപ്പററി അദ്ദേഹം പ്രസ്താവിക്കുകയും, ആ പ്രമേയം മിസ്റ്റർ രാമൻമേനോൻെറ പ്രമേയത്തിലെ സകലസംഗതികളേയും സംബന്ധിക്കുന്നതാണെന്നു നമ്മെ അദ്ദേഹം വിശ്വസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ആ പ്രമേയത്തിലെ ഉദ്ദേശങ്ങളെ അംഗീകരിച്ചിട്ടുണ്ടെന്നു നമുക്കു പൂർണ്ണവിശ്വാസം തോന്നുന്നതിലേക്കു ഗവണ്മെൻറു അതുസംബന്ധിച്ചു ഏതെങ്കിലും നടപടി നടത്തീട്ടുണ്ടോ എന്നു ചീഫ്സെക്രട്ടറി പറഞ്ഞുകേട്ടാൽ കൊള്ളാമെന്നുണ്ടു. ഒരു ഉദ്യാനത്തിൽനിന്നും അറിഞ്ഞിട്ടുള്ള ടത്തോളം അതുസംബന്ധിച്ചു ഗവണ്മെൻറു യാതൊന്നും ചെയ്തിട്ടില്ലെന്നു പറയുവാൻ ഞാൻ തയ്യാറാണ്. മുൻസിപ്പൽ മുതലുകൾകൊണ്ടു സംരക്ഷിച്ചുപോരുന്ന എല്ലാ പൊതുക്കിണറുകളും കുളങ്ങളും പൊതുജനങ്ങൾക്കായി വിട്ടുകൊടുക്കേണ്ടതാണെന്നു നാഗർകോവിൽ മുൻസിപ്പാലിററി ഒരുപ്രമേയം നടപ്പിലാക്കുകയുണ്ടായി. ആ വിവരം ചീഫ്സെക്രട്ടറി അറിഞ്ഞിരിക്കാനിടയുള്ളതുപോലെ, ഗവണ്മെൻറിനും അറിവിൽ കൊണ്ടുവരികയുണ്ടായിട്ടുണ്ടു. എന്നാൽ ഗവണ്മെൻറിൽനിന്നും അതുസംബന്ധിച്ചു പ്രവർത്തിച്ചിട്ടുള്ളതെന്താണെന്നു എനിക്കു അറിഞ്ഞുകൂടാ.

പ്രമേയത്തിലെ രണ്ടാമത്തെ സംഗതി താഴെപ്പറയുന്നതാണ്. ബ്രിട്ടീഷിൻഡ്യയിലുള്ള യൂറോപ്യൻ സ്കൂളിനെപ്പററിയും, മലയാള ബ്രാഹ്മണക്കായുള്ള ചില വിദ്യാലയങ്ങളെപ്പററിയും സാമ്പത്തികവേണ്ടി കിണറുകൾ കഴിപ്പിക്കുന്നതിനായുള്ള മാർഗ്ഗത്തെപ്പററിയും ചീഫ്സെക്രട്ടി പ്രസ്താവിച്ചു. എന്നാൽ ഈ സ്ഥാപനങ്ങൾ ഏർപ്പെടുത്തിട്ടുള്ളതു വളരെ സ്തുത്യർഹമായ ഉദ്ദേശ്യത്തോടുകൂടിയാണോ എന്നു ഞാൻ ചീഫ്സെക്രട്ടറിയോടു ചോദിച്ചുകൊള്ളുന്നു. അതായതു ഒരു പ്രത്യേക സമുദായംമാത്രം, അതുപോലെയുള്ള മററു സമുദായങ്ങളുള്ളപ്പോഴും അവ പ്രശംസാർഹമല്ലാതിരിക്കുമ്പോഴും പ്രോത്സാഹനത്തിനു അർഹതയുള്ളതാണോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): പ്രശംസാർഹമാകണോ എന്നു നിശ്ചയിക്കുന്നതാരാണെന്നു പറയുമോ?

മി. എം. ശിവതാണുപിള്ള (നിയമിതമെമ്പർ): മനുഷ്യവർഗ്ഗത്തിലുള്ള എല്ലാവ്യക്തികളിലും കാണപ്പെടുന്ന പ്രചോദനം ഒന്നുപോലെ തന്നെയാണെന്നും, യഥാർത്ഥത്തിൽ അനുകമ്പയെ അർഹിക്കുന്ന ഒരുസംഗതി പ്രശംസാർഹമാകണോ എന്നു നിർണ്ണയിക്കുന്നതിനും, അതു അനുകമ്പയേയോ അല്ലെങ്കിൽ പ്രത്യുപദേശത്തേയോ അർഹിക്കുന്നതെന്നു തീരുമാനിക്കുന്നതിനും അതിനുതക്കതായ ശക്തിയുണ്ടെന്നുമുള്ള എൻെറവിശ്വാസം. ഇതുസംബന്ധിച്ചു തീരുമാനിക്കുന്നകാര്യം ഓരോ മെമ്പർമാർക്കും വിട്ടുകൊടുക്കേണ്ടതാകുന്നു. എന്നാൽ ഇവിടെ അറിവോടുകൂടിയല്ലെങ്കിലും, ചില അഭിപ്രായങ്ങൾക്കും ചിലതററായ സങ്കല്പങ്ങൾക്കും അവയുടെ മതാനുവാദത്തേയോ അല്ലെങ്കിൽ രക്ഷണീയത്വത്തേയോ സംബന്ധിച്ചു സംശയം ഉണ്ടായിരിക്കത്തക്കതായ പ്രോത്സാഹനം നൽകിവരുന്നതു ബുദ്ധിപൂർവ്വമല്ലെന്നാണ് എൻെറ അഭിപ്രായം. ചില സ്ഥാപനങ്ങൾ നമ്മുടെ മതസംബന്ധമായ ആചാരങ്ങളിൽ ഈയിടെ ഉണ്ടായിട്ടുള്ള മിത്ഥ്യാകല്പനകളാണെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അപ്രകാരമുള്ള സ്ഥാപനങ്ങളേയും ആചാരങ്ങളേയും അപലപിക്കാതിരിക്കുന്നതു നാം ചെയ്യുന്ന വലുതായ തെററാകുന്നു. അതുമാത്രവുമല്ല ഈ ആചാരങ്ങളെ ബഹുമാനപൂർവ്വം കരുതിപ്പോരുന്നതിനുപകരം ഊർജ്ജിതമായി ഞെക്കിക്കളയേണ്ടതാകുന്നു നമ്മുടെയും ഗവണ്മെൻറിൻെറയും കൃത്യം. എല്ലാവിദ്യാലയങ്ങളിലും അധഃകൃതവർഗ്ഗക്കാർക്കു പ്രവേശനം നൽകുവാൻ ഈ ഗവണ്മെൻറു പ്രവർത്തിച്ചതുപോലെ ഈകാര്യത്തിലും മുന്നോട്ടിറങ്ങി സഹായിക്കേണ്ടതു

കർത്തവ്യം എല്ലാ പരിഷ്കൃത ഗവണ്മെന്റിനും ഉണ്ട്. അതുകൊണ്ടു ഒരു ആചാരം മതസംബന്ധമായ സഹായത്തോടുകൂടിയതായിരുന്നാലും അല്ലെങ്കിലും, അതിന്റെ ഉപപത്തിയെപ്പററി അന്വേഷിക്കേണ്ടതാവശ്യമാണ്. അപ്രകാരമുള്ള അന്വേഷണങ്ങൾ നടത്തുന്നതിനുമുമ്പു, ഒരു നിർദ്ദിഷ്ടമായ ആചാരം മതാനുവാദത്തെ അടിസ്ഥാനമാക്കിട്ടുള്ളതാണെന്നും അതുകൊണ്ടു അതിനു വിവരിതമായിട്ടുള്ള പ്രവൃത്തി ധർമ്മലംഘനമായിത്തീരുന്നതാണെന്നും ഗവണ്മെന്റിനു പറയാവുന്നതാണോ? എന്റെ അഭിപ്രായത്തിൽ അതു ഒരുപ്രകാരത്തിലും നീതീകരിക്കത്തക്കതല്ലാത്തതും അധികാരമില്ലാത്തതുമാണെന്നാണ് തോന്നുന്നതു, അതിനുംപുറമെ, ജനങ്ങളിലുള്ള ചിലവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഏതാനും ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും മതസംബന്ധമായ ചില ആധാരങ്ങൾ കൊടുത്തിട്ടുണ്ട്. അപ്രകാരമുള്ള ചില സമുദായങ്ങളുടെ സ്ഥിതി ഇക്കാലങ്ങളിൽ അസഹനീയമായിത്തീർന്നിട്ടുണ്ടു, അവയെ പ്രോത്സാഹിപ്പിക്കാതെ ധ്വംസിക്കേണ്ടതു ഗവണ്മെന്റിന്റെ കൃത്യമാകുന്നു. പരിഷ്കാരവും ധർമ്മപരിവർത്തനവും നടന്നുകൊണ്ടിരിക്കുന്ന ഈകാലത്തു, ഗവണ്മെന്റു ഇപ്രകാരം അഹേതുകമായ അവസ്ഥയെ അവലംബിക്കുന്നതു അപേക്ഷണീയമാണെന്നു തോന്നുന്നില്ല. ആകപ്പാടെ ഞാൻ ഇവിടെ പറയണമെന്നു ഉദ്ദേശിക്കുന്നതു്, കഴിഞ്ഞയോഗത്തിൽ നടപ്പിലായിട്ടുള്ള പ്രമേയത്തിലെ ഉദ്ദേശങ്ങളുടെ സരിച്ചു ഗവണ്മെന്റു പ്രവർത്തിച്ചിട്ടില്ലെന്നാകുന്നു. ആ പ്രമേയത്തിലെ ഉദ്ദേശത്തിനു മിക്കവാറും അനുരൂപമായ ഈ പ്രമേയം കൊണ്ടുവരുവാൻ മിസ്റ്റർ രാമൻമേനോനെ ഉത്സാഹിപ്പിച്ചതും അതുതന്നയാണെന്നാണ് എന്റെ ഉദ്ദേശം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ രാമൻമേനോന്റെ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. ചങ്ങനാശ്ശേരി, പരമേശ്വരൻപിള്ള (കൊല്ലം): മി. രാമൻമേനോന്റെ പ്രമേയത്തെ സംബന്ധിച്ചു പുറപ്പെടുവിച്ച വിപരീതാഭിപ്രായങ്ങൾക്കു മറുപടിയായി ഒന്നുരണ്ടുവാക്കുകൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയത്തെപ്പററി സംസാരിച്ച പലരും, ഈ കുളങ്ങളുടേയും, കിണറുകളുടേയും, റോഡുകളുടേയും ഉപയോഗം സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കുന്ന അക്ഷമതയെ പരിഹരിക്കണമെന്നാകുന്നു മി. രാമൻമേനോന്റെ ഉദ്ദേശമെന്നു ധരിച്ചിട്ടുള്ളതായി തോന്നുന്നു. മി. രാമൻമേനോൻ അദ്ദേഹത്തിന്റെ പ്രമേയത്തിൽ ബലപ്പെടുത്തിട്ടുള്ള പ്രധാനമായ ഉദ്ദേശം അതാണെന്നു എനിക്കു തോന്നുന്നില്ല. പക്ഷേ അപ്രധാനങ്ങളായ മാർഗ്ഗങ്ങളെ ബലപ്പെടുത്തിയതിനാൽ അദ്ദേഹത്തിന്റെ പ്രധാനഉദ്ദേശങ്ങളെ ബലപ്പെടുത്തുന്നതിൽ അദ്ദേഹത്തിനു പരാജയം സംഭവിച്ചതായിരിക്കാം. എന്റെ സ്നേഹിതൻ മി. ജോസഫ് ശരിയായിട്ടു നിരീക്ഷണം ചെയ്തതുപോലെ പ്രമേയത്തിലെ സർവ്വപ്രധാനമായ ഉദ്ദേശം ഈ രാജ്യത്തിൽ ശരിയായവിധത്തിൽ ശ്രദ്ധയിൽ പെടാതെ തീരെ ഉപേക്ഷിക്കപ്പെട്ട സ്ഥിതിയിൽ കിടക്കുന്ന അനേകം കുളങ്ങളും കിണറുകളും ഉണ്ടെന്നാകുന്നു. പുറമ്പോക്കുകളായ അപ്രകാരമുള്ള കുളങ്ങളേയും കിണറുകളേയും സംബന്ധിച്ചു ഗവണ്മെന്റു നിഷ്കർഷാപൂർവ്വം ശ്രദ്ധിക്കേണ്ടതാണെന്നാകുന്നു മി. രാമൻമേനോൻ ആവശ്യപ്പെടുന്നതു്. ഈ കുളങ്ങളുടേയും കിണറുകളുടേയും സംരക്ഷണത്തിനു ഉപയോഗിക്കേണ്ട മുതലുകൾ ഏതെല്ലാമെന്നും അവർ ആരുമുഖാന്തിരമായിരിക്കണമെന്നും അദ്ദേഹം ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നുമുണ്ടു. എന്നാൽ ഇതെല്ലാം അപ്രധാനങ്ങളായ സംഗതികൾ മാത്രമാണ്. പ്രസ്തുത പ്രമേയത്തിലെ പ്രധാനമായസംഗതി, പൊതുജനാരോഗ്യത്തിനു വിഘാതങ്ങളായിത്തീർന്നിരിക്കുന്നതും, ജനങ്ങൾക്കു ഉപയോഗമുള്ളതും, പുറമ്പോക്കുകളായിക്കിടക്കുന്നതുമായ ഒരു കുളവും കിണറും ഉപേക്ഷിക്കാൻ പാടില്ലെന്നാകുന്നു. അതാണ് പ്രമേയത്തിന്റെ പ്രധാന ഉദ്ദേശമെന്നാണ് എനിക്കു തോന്നുന്നതു. എന്റെ ഉദ്ദേശം വാസ്തവമാണെങ്കിൽ ഗവണ്മെന്റിനു അതു സ്വീകരിക്കാതിരിക്കുവാൻ ഞാൻ യാതൊരു കാരണവും കാണുന്നില്ല.

മി. വി. സുബ്ബയ്യർ (നിയമിതരമെമ്പർ ഡപ്യൂട്ടിപ്രസിഡന്റു): സർ, എന്റെ അഭിപ്രായംകൂടെ ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. പ്രമേയത്തിലെ ഉദ്ദേശം അതാണെങ്കിൽ, ഞാൻ അതിനെ നിശ്ചയമായും അനുകൂലിച്ചുകൊള്ളുന്നു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): അതാണ് പ്രമേയത്തിന്റെ വാസ്തവമായ ഉദ്ദേശമെന്നു എനിക്കു തോന്നുന്നു. ഈ കുളങ്ങളുടേയും കിണറുകളുടേയും സംരക്ഷണത്തിനു ഉപയോഗിക്കേണ്ട മുതലുകളെപ്പററിയും, ആ മുതലുകൾ ചെലവുചെയ്യേണ്ടതു ഏതു മാർഗ്ഗമായിരിക്കേണ്ടതാണെന്നുള്ളതിനെപ്പററിയും മററുഭാഗങ്ങളിൽ പറഞ്ഞുകാണുന്നതു മിസ്റ്റർ രാമൻമേനോന്റെ അഭിപ്രായങ്ങൾ മാത്രമാകുന്നു. ഈ റോഡുകളും കുളങ്ങളും എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കത്തക്കതായിരിക്കണമെന്നുള്ള വാദഹേതുകമായ സംഗതി അദ്ദേഹം ആവശ്യപ്പെടുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതാണു പ്രമേയത്തിന്റെ ഉദ്ദേശമെന്നു എനിക്കു തോന്നുന്നുമില്ല.

മി. എൻ. കുമാരൻ (നിയമിതരമെമ്പർ): മി. പരമേശ്വരൻപിള്ള ഇതുസംബന്ധിച്ചു ഒരു ഭേദഗതി ആവശ്യപ്പെടുന്നുണ്ടോ?

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഇല്ല. ഞാൻ ഭേദഗതിയൊന്നും ആവശ്യപ്പെടുന്നില്ല. പ്രമേയം വായിച്ചിടത്തോളം ഞാൻ അതിൽനിന്നും മനസ്സിലാക്കുന്ന അർത്ഥം ഇത്രമാത്രമാകുന്നു.

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): മി. പരമേശ്വരൻപിള്ള പ്രമേയത്തിലുള്ള വിശേഷണ വാചകങ്ങളെ മാററുമോ?

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ആ വിശേഷവാചകങ്ങൾ ഏതെല്ലാമാകുന്നു. പ്രമേയത്തിലെ പ്രധാനഭാഗം.....

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു പുറംപോക്കുകളെ സംബന്ധിച്ചാകുന്നു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മുതലുകളെ സംബന്ധിച്ചു അദ്ദേഹം പറയുന്നതു, ഈ പുറംപോക്കുകൾ എല്ലാ വർഗ്ഗക്കാരുടേയും ഉപയോഗത്തിനായി വിട്ടുകൊടുക്കുകയാണെങ്കിൽ അവ പൊതുമുതലുകൾ ചെലവുചെയ്തു സംരക്ഷിക്കേണ്ടതാണെന്നും അതല്ല ഏതെങ്കിലും പ്രത്യേകസമുദായക്കാർ അവരുടെ പ്രത്യേകോപയോഗത്തിനായിട്ടു അവകാശപ്പെടുന്നതായാൽ ആ പുറംപോക്കുകളുടെ സംരക്ഷണത്തിനു അവരിൽനിന്നും പ്രത്യേകകരം ഈടാക്കേണ്ടതാണെന്നും ആകുന്നു. അതു ഈ കുളങ്ങളുടേയും കിണറുകളുടേയും

സംരക്ഷണത്തിനുപായമായിക്കണ്ടു മുതലുകളെ സംബന്ധിച്ചുള്ള മിസ്റ്റർ രാമൻമേനോന്റെ അഭിപ്രായം മാത്രമാകുന്നു. എന്നാൽ ഈ പ്രമേയത്തിൽ മിസ്റ്റർ രാമൻമേനോൻ ബന്ധപ്പെടുത്തുവാനുദ്ദേശിക്കുന്നതും ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുവാൻ വിചാരിക്കുന്നതുമായ സംഗതി പുറംപോക്കായിക്കിടക്കുന്ന ഒരു കുളവും കിണറും പൊതുജനാരോഗ്യത്തിനു വിഘാതമായിത്തീരുന്നതുവണ്ണം ഉപേക്ഷിക്കുവാൻ പാടില്ലെന്നാകുന്നു. ആ സംഗതിയാണ് ഗവണ്മെന്റിന്റെ ആലോചനയെ അർഹിക്കുന്നതെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. പ്രമേയത്തിന്റെ രചനാരീതി അവ്യക്തമായും സന്ദിഗ്ദ്ധമായുമിരിക്കുന്നുഎന്നുള്ള കാരണംകൊണ്ടുമാത്രം അതു അർഹിക്കുന്നതായ വില അതിനു കൊടുക്കാതിരിക്കുന്നതു യുക്തമാണെന്നു തോന്നുന്നില്ല.

മി. വി. സുബ്ബയ്യർ (നിയമനിർമ്മാണമെമ്പർ) (ഡപ്യൂട്ടിപ്രസിഡണ്ടു): ആ ഉദ്ദേശ്യത്തിലേക്കു ഒരു പ്രത്യേക പ്രമേയത്തിന്റെ ആവശ്യകതയുണ്ടെന്ന് മിസ്റ്റർ പരമേശ്വരൻപിള്ള വിചാരിക്കുന്നുണ്ടോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പൊതുജനാരോഗ്യത്തിനു ദോഷമാകാത്തവിധത്തിൽ അററകുററം തീർത്തിട്ടില്ലാത്തതായും, സ്ഥലത്തുള്ള അധികാരികളും, മുൻസിപ്പാലിററികളും, ഗവണ്മെന്റും ശ്രദ്ധിക്കാത്തതായും വീരെ മോശമായ രീതിയിൽകിടക്കുന്ന പൊതുകുളങ്ങളും കിണറുകളുമുള്ള അനേകം സ്ഥലങ്ങൾ എനിക്കു അറിയാവുന്നതുപോലെ മിസ്റ്റർ രാമൻമേനോനും അറിയാം. ഉദാഹരണത്തിനു മിസ്റ്റർ ജോസഫ് പ്രസ്താവിച്ചതുപോലെ തിരുവനന്തപുരത്തു മുൻസിപ്പൽ അതുത്തിക്കുത്തുള്ള വില കുളങ്ങൾ കുളത്തെന്നു കയ്യിക്കാം. അവയുടെ അവസ്ഥ പൊതുജനങ്ങളുടെ ആരോഗ്യത്തിനു ഏററവും ഹാനികരമായവിധത്തിലാണ്. ഒന്നുകിൽ അവയെ നികത്തുകയോ അല്ലെങ്കിൽ പൂർണ്ണമായ്ക്കെട്ടുകയോ ചെയ്യണം. അതല്ല അവയെ കുളങ്ങളായിട്ടുതന്നെ വച്ചുകൊണ്ടിരിക്കണമെന്നു ഗവണ്മെന്റും മുൻസിപ്പാലിററിയും വിചാരിക്കുന്നുണ്ടെങ്കിൽ, പൊതുജനാരോഗ്യത്തിനു ദോഷംനേരിടാത്തവിധത്തിൽ അവയെ, ആ ഉദ്ദേശ്യത്തിനുള്ള അററകുററപ്പണികൾതീർത്തു യഥായോഗ്യം സംരക്ഷിക്കേണ്ടതാകുന്നു. അവ പട്ടണത്തിനുമാത്രമല്ല, മുൻസിപ്പാലിററിക്കും എല്ലാവർക്കും ആവശ്യോപയോഗ്യമായിട്ടാണിരിക്കുന്നതു. മിസ്റ്റർ വാൻറോസിന്റെ ഗൃഹത്തിനു സമീപത്തിലുള്ള പേരിൽപതിച്ചിട്ടുള്ള കുളത്തിനുപുറമെ, ടൌണിന്റെ പലഭാഗങ്ങളിൽ കുളമായിട്ടു സ്ഥിതിചെയ്യുവാൻ പാടില്ലാത്തതും, പൊതുജനങ്ങൾക്കു ഉപയോഗാർഹമല്ലാത്തതുമായ അനേകം കുളങ്ങളുണ്ട്. എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാൻ പാടില്ലാത്തതും, ചില വർഗ്ഗക്കാർ അവരുടെ ഉപയോഗത്തിനു മാത്രമുള്ളതാണെന്നു അവകാശപ്പെടുന്നതുമായ ഈ പുറമ്പോക്കുകളുടെ സംരക്ഷണത്തിലേക്കു ഉപയോഗിക്കേണ്ട മുതലുകളെ സംബന്ധിച്ചടത്തോളം മി. രാമൻമേനോൻ സല്പം വിശദവചനാനുസൃതി ഉപയോഗിച്ചുകാണുന്നതെന്നുള്ളതിനു സംശയമില്ല. അതുസംബന്ധിച്ചു, ഇവിടെ പ്രസ്താവിക്കപ്പെട്ടതുപോലെ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാവുന്നതാണ്. എന്നാൽ തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്ന ജാതിവ്യത്യാസങ്ങൾക്കും വർഗ്ഗീയഭേദങ്ങൾക്കും ഇച്ഛിതമായി ചീഫ്സെക്രട്ടറി ഇംഗ്ലണ്ടിലെ, വൃദ്ധന്മാർക്കു കൊടുക്കുന്ന പെൻഷ്യനേയും, വ്യവസായികങ്ങളായ രക്ഷാഭോഗങ്ങളുടെയും പാരിതോഷികങ്ങളേയും പ്രസ്താവിച്ചതിൽ ഞാൻ വ്യസനിക്കുന്നു. വൃദ്ധന്മാർക്കു കൊടുത്തുവരുന്ന പെൻഷ്യൻ വൃദ്ധന്മാരായ ആളുകൾക്കു കിട്ടിവരുന്നതല്ലാതെ അതിൽനിന്നും ഉണ്ടാകുന്ന നന്മയുടെ ഫലത്തിൽനിന്നും വൃദ്ധന്മാരായ ഒരു പ്രത്യേകവർഗ്ഗക്കാരേയും ഒഴിവാക്കുന്നില്ല. അതുപോലെതന്നെ വ്യവസായസംബന്ധമായി നല്കിവരുന്ന രക്ഷാഭോഗം പാരിതോഷികം ആളിയായവരിൽനിന്നും ഉണ്ടാകുന്ന ഗുണങ്ങൾ ഒരു പ്രത്യേകവർഗ്ഗക്കാർക്കോ സമുദായത്തിലുൾപ്പെട്ടവർക്കോ മാത്രമെ അനുഭവിക്കാവൂ എന്നില്ല. എന്നാൽ ഇവിടത്തെ സ്ഥിതി അങ്ങനെയല്ല കുളങ്ങളുടെ ഉപയോഗത്തിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതു ഒരു പ്രത്യേകവർഗ്ഗമെ സമുദായമെ ആകുന്നു. ഇപ്രകാരം ഈ രണ്ടു സംഗതികൾക്കും തമ്മിൽ യാതൊരു താരതമ്യമെ സാദൃശ്യമെ ഇല്ലെന്നു വെളിവാകുന്നതാണ്. എന്റെ അഭിപ്രായത്തിൽ ഒരു പ്രത്യേകവർഗ്ഗക്കാർക്കുമാത്രം അവകാശമുള്ള കുളങ്ങളോ കിണറുകളോ ഒന്നുംതന്നെ പൊതുമുതലുകൾ ഉപയോഗിച്ചു നന്നാക്കാൻ പാടില്ലെന്നാണ്. പൊതുമുതലുകൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു പൊതുജനങ്ങളുടെ ഉപയോഗത്തിനുവേണ്ടിയാകുന്നു. അതായതു എല്ലാ സമുദായങ്ങളും അടങ്ങിട്ടുള്ള പൊതുജനങ്ങൾക്കല്ലാതെ ഒരു പ്രത്യേകസമുദായത്തിന്റെ ഗുണത്തിനു മാത്രമായി അതു ഉപയോഗിക്കാവുന്നതല്ല. അതുകൊണ്ടു, ഈ പുറമ്പോക്കുകളിൽ പൊതുമുതലുകൾ ഉപയോഗിക്കുന്നതു ന്യായീകരിക്കാൻ നിവൃത്തിയില്ലെന്നും ഈ കുളങ്ങളേയും കിണറുകളേയും സംബന്ധിച്ചു സ്വന്തമായി പ്രത്യേകാവകാശം വേണമെന്നു ആവശ്യപ്പെടുന്നവരിൽനിന്നും ഒരു നിർദ്ദിഷ്ടകരം ഈടാക്കേണ്ടതാണെന്നും എന്റെ സ്നേഹിതൻ പറയുന്നു. അതു ഒരു ന്യായമായ അഭിപ്രായമാണെന്നും അതിനെപ്പററി ആലോചിക്കാതിരിക്കുവാൻ കാരണമൊന്നുമില്ലെന്നുമാണ് എനിക്കു തോന്നുന്നതു. എങ്ങിനെയായാലും, പൊതുജനങ്ങളുടേതായാ അല്ലെങ്കിൽ ഏതെങ്കിലും പൊതുജനവിഭാഗങ്ങളുടേതായാ ഉപയോഗത്തിലേക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു കുളമോ കിണറോ പൊതുജനാരോഗ്യത്തിനു ഹാനികരമാകുവണ്ണം ഉപേക്ഷിക്കാൻ പാടില്ലെന്നു എന്റെ സ്നേഹിതൻ പുറപ്പെടുവിച്ചിട്ടുള്ള ഉദ്ദേശം ഈ സഭ സ്വീകരിക്കേണ്ടതാണെന്നാകുന്നു എന്റെ അഭിപ്രായം.

മി. ജി. രാമൻമേനോൻ (മാവേലിക്കര യും കാർത്തികപ്പള്ളിയും): സർ, അതു ന്യായമായ സംശയനിവൃത്തിക്കുവേണ്ടി ചെയ്യുന്ന പരിശ്രമമാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ മിക്കസന്ദർഭങ്ങളിലും സമാധാനപരിപാലകന്മാർ പറഞ്ഞാലുള്ളതുപോലെ ഒരു ഭാഗക്കാരേയും തൃപ്തിപ്പെടുത്തുവാൻ അവർക്കു സാധിക്കാത്തവനേക്കാം അങ്ങിനെയാണെങ്കിലും, അതു ഒരു ന്യായമായ മാർഗ്ഗസ്ഥാവലംബനമാണെന്നു എനിക്കു തോന്നുന്നുണ്ടു. എന്റെ പ്രമേയത്തിനു വിപരീതമായി കൊണ്ടുവന്നിട്ടുള്ള ചില യുക്തികൾക്കു സമാധാനമായി ചില്ലറ പറയാൻ ഞാൻ ശ്രമിക്കാം. പ്രമേയത്തിൽ പദങ്ങളുടെ ഘടന തൃപ്തികരമായിരിക്കുന്നില്ലെന്നു മിസ്റ്റർ സുബ്ബയ്യർ ആദ്യമായി പ്രസ്താവിച്ചു. കൊള്ളാം; അതു സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു ഡംഗ്ലർമാർ അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുന്നുണ്ടെന്നു മാത്രമല്ല പല അവസരങ്ങളിലും വ്യവഹാരജ്യോതിസ്സുകൾക്കിടയിൽപോലും കൂടക്കൂടെ പ്രതിപക്ഷനിരൂപണങ്ങൾക്കിടയാകുന്നുണ്ടെന്നുമാകുന്നു. അതുസംബന്ധിച്ചു എനിക്കു യാതൊരു വഴക്കമില്ല. അർത്ഥവൈശദ്യത്തിലേക്കായി ഏതെങ്കിലും ന്യായമായ ഭേദഗതി ആവശ്യമാണെന്നു ആരെങ്കിലും അഭിപ്രായപ്പെടുന്നുണ്ടെങ്കിൽ ഞാൻ അതു സ്വീകരിക്കുവാൻ തയ്യാറാണ്. എന്റെ ഉദ്ദേശം ഏതുതന്നെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യർ മനസ്സിലാക്കിയിട്ടുണ്ടെന്നുമാത്രമല്ല അദ്ദേഹം അതു സമ്മതിക്കുന്നു

യും ചെയ്തു. അതു ഗവണ്മെന്റിനോടുള്ള ഒരു ശുപാർശ മാത്രമാണ്. ഉദ്ദേശം സൂക്ഷ്മമാക്കിട്ടുള്ള പക്ഷം പരിഷ്കരണയെപ്പററി അതു വിചാരിക്കേണ്ടതായിട്ടില്ല. ഈ പരിഷ്കരണയിലിന്നിന്നതന്നെ ഒരു സാധാരണ മനുഷ്യന് എന്റെ ഉദ്ദേശമെന്താണെന്നു മനസ്സിലാക്കുവാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു അതു ഒരു ഗൌരവതരമായ പ്രതിബന്ധമല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

രണ്ടാമതായി പുറപ്പെടുവിച്ച തടസ്സം അതു പ്രായോഗികമല്ലെന്നുള്ളതാണ്. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നതിനു ഏററവും പ്രായോഗികമായ ഒരു മാർഗ്ഗമാണതു. ഈ കുളം സംരക്ഷണം ഗവണ്മെന്റു ചെയ്യാതിരിക്കുന്നതായാൽ അതു പൊതുജനങ്ങൾക്കു അപായകരമായിത്തീരുമെന്നു മിസ്റ്റർ ജാർജ് പറയുകയുണ്ടായി. അതുകൊണ്ടുതന്നെയാണ്, മുൻസിപ്പാലിററികളോ പൊതുജനസംഘങ്ങളോ ഉള്ള സ്ഥലങ്ങളിൽ അവ മുഖാന്തിരമോ ഇല്ലാത്ത സ്ഥലങ്ങളിൽ മററു പ്രകാരത്തിലോ ഈ പൊതുക്കിണറുകളുടേയും കുളങ്ങളുടേയും യോഗ്യമായ സംരക്ഷണത്തിനു യഥായോഗ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നു ഞാൻ പറഞ്ഞതു. മുൻസിപ്പാലിററികളെപ്പോലെയുള്ള പൊതുസംഘങ്ങളുമായി ഗവണ്മെന്റിനു ഇടപെടുവാൻ നിവൃത്തിയില്ലെന്നു പ്രസ്താവിച്ചു. പക്ഷെ മുൻസിപ്പൽറഗുലേഷൻ അപ്രകാരം ഇടപെടുന്നതിനു അനുവദിക്കുന്നില്ലായിരിക്കാം, അങ്ങനെയുള്ള കാര്യങ്ങളിൽ, ജനങ്ങളുടെ ആരോഗ്യത്തേയും ഭക്ഷ്യയേയും മുൻനിറുത്തി പ്രവർത്തിക്കുവാൻ കൂടുതൽ അധികാരം നല്കുന്ന പുതിയനിയമങ്ങൾ നിർമ്മിക്കുന്നതിൽ എനിക്കവിരോധമില്ല.

അവർക്കു കൂടുതൽ അധികാരം ആവശ്യപ്പെടുന്നുവെങ്കിൽ, അതു നിയമവ്യവസ്ഥകൾക്കുണ്ടു സമ്പാദിക്കേണ്ടതുമാണ്.

അതിനുശേഷം അതു പ്രവൃത്തിയിൽ കൊണ്ടുവരുന്നകാര്യം ഗവണ്മെന്റിന്റെ കാര്യമാണെന്നു കാണിക്കുന്നതിനുവേണ്ടി മിസ്റ്റർ ഗബ്ബേയ്യർ, പ്രത്യേക സമുദായങ്ങളുടെ വക കുളങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ ഗവണ്മെന്റു പ്രവേശിക്കുന്നതു ബുദ്ധിപൂർവ്വമായ പ്രവൃത്തിയാകുമിരിക്കയില്ലെന്നു പ്രസ്താവിച്ചു. പൊതുജനങ്ങളെ ഉദ്ദേശിച്ചു അവരുടെ ആരോഗ്യസംരക്ഷണത്തിലേക്കായിട്ടാണെങ്കിൽ ഗവണ്മെന്റിനു അപ്രകാരമുള്ള അധികാരം സ്വീകരിക്കുന്നതിനുള്ള അവകാശം ഉണ്ട്.

പിന്നെ എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരനു അതിലെ ഒരു ഭാഗത്തെ സംബന്ധിച്ചു തീരെ അതൃപ്തിയാണുള്ളതെന്നു തോന്നുന്നു. പ്രത്യേക സമുദായക്കാർക്കു നിയമാവകാശമുണ്ടായിരിക്കാവുന്ന ചില കുളങ്ങളെ ഒഴിവാക്കുന്നതിനുള്ള ഒരു നിർഗ്ഗമദ്വാരമാണ് ഇതുനിമിത്തമുണ്ടായിട്ടുള്ളതെന്നു അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ അപ്രകാരം ചെയ്യുന്നതിനു അവരുടെ നിയമാവകാശത്തെ അവർക്കു തെളിയിക്കേണ്ടതായിട്ടുണ്ട്. അവർ അതു തെളിയിക്കുന്നു എങ്കിൽ, അതു നിഷേധിക്കുന്നതു ഗവണ്മെന്റിനോ, ഈ സഭയ്ക്കോ, മററുള്ളവർക്കോ യോഗ്യമായിട്ടുള്ളതല്ല. എന്നാൽ ഇതുസംബന്ധിച്ചു ഉദ്ദേശിച്ചിട്ടുള്ളതു അവർക്കു സ്വന്തമായ പ്രത്യേകാവകാശമുണ്ടെങ്കിൽ അതിലേയ്ക്കു അവർ പ്രത്യേകമായിട്ടു ചെലവുചെയ്യണമെന്നുള്ളതാണ്. ആ കാര്യത്തെ സംബന്ധിച്ചാണ് ഗവണ്മെന്റു നിഷ്കർഷിക്കേണ്ടതു. അതുനിമിത്തം, അവരവരുടെ മതവിശ്വാസങ്ങളെ മുറുകെപ്പിടിക്കണമെന്നുദ്ദേശമുള്ള ആളുകളിൽ ധർമ്മാനുരൂപമായ ഒരു ശക്തി പ്രവർത്തിച്ചുകൊണ്ടിരിക്കുവാനിടയാകുന്നതാകുന്നു. അവർ അവരുടെ മതവിശ്വാസങ്ങളെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. മററുള്ളവരുടെ വിശ്വാസങ്ങളെ പരിപാലിക്കുന്നതിലേക്കു പൊതുമുതൽ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. പ്രത്യേക സമുദായങ്ങളുടെ വിശ്വാസങ്ങളിലൊ അവരിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേകാവകാശങ്ങളിലോ ഇടപെടണമെന്നു ഞാൻ ഗവണ്മെന്റിനോടാവശ്യപ്പെടുന്നില്ല. പ്രസ്തുത, പൊതുജനങ്ങളിലുൾപ്പെട്ട എല്ലാ അംഗങ്ങൾക്കും പ്രവേശിക്കുവാൻ അനുവാദമില്ലാത്ത സംഗതികൾക്കു പൊതുമുതലുകൾ ഉപയോഗിക്കുന്നതല്ലെന്നു നിശ്ചയംചെയ്യണമെന്നുമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു.

മി. എൻ. കുമാരൻ (നിയമിത മെമ്പർ): പൊതുജനങ്ങളുടെ വകയായ ചില പുറമ്പോക്കുകൾ പ്രത്യേക സമുദായങ്ങൾക്കായി നീക്കിവയ്ക്കേണ്ടതാണെന്നും, പ്രത്യേക സമുദായങ്ങൾ അവർക്കു മാത്രമായി ഉപയോഗിക്കുന്ന കുളങ്ങളുടെ സംരക്ഷണത്തിനു പൊതുമുതൽ ചെലവുചെയ്യരുതെന്നും ഉള്ള രണ്ടു അഭിപ്രായങ്ങളും പരസ്പരവിരുദ്ധങ്ങളല്ലേ.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കുത്തിയതോട്ടുള്ളിയും): മുൻസിപ്പൽമുതലുകൾ തന്നെയും പൊതുജനങ്ങളുടെ വകയാണ്. ജനവിഭാഗത്തിലുൾപ്പെട്ട വിവിധവർഗ്ഗങ്ങളിൽനിന്നും ഈടാക്കുന്നവയാകുന്നു അവ. ആവശ്യമുണ്ടെങ്കിൽ നിയമങ്ങൾ നിർമ്മിച്ചും ആവക മുതലുകൾ ന്യായമായും പക്ഷപാതരഹിതമായും ഉപയോഗപ്പെടുത്തുന്നുണ്ടെന്നറിയേണ്ടതു ഗവണ്മെന്റിന്റെ കൃത്യമാകുന്നു. ഗവണ്മെന്റിങ്കലിനിന്നും സംരക്ഷിച്ചില്ലെങ്കിൽ ഈ കുളങ്ങളുടെ സ്ഥിതി എന്തായിരിക്കും? ഇതാണല്ലൊ ഇവിടെ ഉണ്ടായ ചോദ്യം. അതിലേയ്ക്കു അനേകം മാർഗ്ഗങ്ങൾ ഉണ്ട്. അവ യഥായോഗ്യം സംരക്ഷിക്കപ്പെടുന്നുണ്ടെന്നറിയുന്നതിനു പ്രത്യേക സമുദായങ്ങൾക്കു അവരുടെ പ്രത്യേക മുതലുകളെ, അവർക്കു അതു ഇഷ്ടമാണെങ്കിൽ, പൊതുജനസംഘങ്ങളേയോ അല്ലെങ്കിൽ ഗവണ്മെന്റിനേയോ ഏല്പിക്കാവുന്നതാണ്. അതിനു ഇഷ്ടമില്ലെന്നു തോന്നുന്നതായാൽ അവർക്കുതന്നെ അതിലേയ്ക്കു സ്വന്തമായി ഏർപ്പാടുകൾ ചെയ്യാവുന്നതാകുന്നു.

കുമാരനല്ലൂരിയിൽ നടന്നതായി മിസ്റ്റർ കുമാരൻ പ്രസ്താവിച്ചകേസു കുളത്തിൽ കുളിച്ചു ആൾ ആരാണെന്നു കൃത്യമായി പറയുവാൻ വാദികൾക്കു സാധിക്കാത്തതുകൊണ്ടും, അവർക്കു അതിനെ സംബന്ധിച്ചു സ്വന്തമായ അവകാശമുണ്ടെന്നു തെളിയിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടും തള്ളപ്പെടുവാനാണ് ഇടയായതു്. അതിനുശേഷം, ചില സർക്കാർ റിക്കാർഡുകൾ വഴിയായി അതു ക്ഷേത്രംവകയ്ക്കു പ്രത്യേകം നീക്കിവച്ചിട്ടുള്ളതാണെന്നു തെളിഞ്ഞതിനാൽ ക്ഷേത്രസംബന്ധമായ അവകാശത്തിൽ കൈകടക്കരുതെന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടു തന്നെ വിധിച്ചു. അപ്രകാരമുള്ള സംഗതികളെല്ലാം നിയമത്തിനു അധീനമാക്കിച്ചെയ്യുകയേ നിവൃത്തിയുള്ളു.

പ്രമേയത്തിൽ ഭേദപ്പെടുത്തുന്നതായി യാതൊന്നുമില്ല. അതുനിമിത്തം ഒരുത്തർക്കും ഒരു ദോഷവും ഉണ്ടാവുന്നതല്ല. യാതൊരു ദോഷഫലവും അതിൽനിന്നും ഉണ്ടാകുന്നതുമല്ല. ഞാൻ ആദ്യം വിവരിച്ചതുപോലെ, ഗവണ്മെന്റു അംഗീകരിക്കുവാൻ നിർബന്ധിതമായിട്ടുള്ള ഒന്നാകുന്നു പ്രമേയത്തിന്റെ ഉദ്ദേശം. അതായതു സമുദായ പക്ഷപാതമുണ്ടെന്നുള്ള സംശയംപോലും ഗവണ്മെന്റിനെ സംബന്ധിച്ചു ഉണ്ടാവാൻ പാടില്ലാത്തതാണ്. ഇതും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ നിർബന്ധിച്ചു അവതരിപ്പിച്ചുകൊള്ളുന്നു.

മി. കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): സർ, ഈ സഭയിൽ നടപ്പിൽവരുത്തുവാൻപോകുന്നതു എന്താണെന്നു സൂക്ഷ്മമായി അറിയാൻ എനിക്കു സാധിക്കുന്നില്ല.

മി. വി. സുബ്ബയ്യർ (നിയമിത മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ട്): അതാണ് പ്രയാസമായിരിക്കുന്നതു്.

മി. കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മിസ്റ്റർ രാമൻമേനോൻ അദ്ദേഹത്തിൻെറ പ്രമേയത്തിൻെറ അർത്ഥം ഒരുപ്രകാരം വിവരിക്കുന്നു. അദ്ദേഹത്തെ ഇടപെട്ടുസംസാരിച്ചവർ അതിനെപ്പററി വിവിധാഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. കുളങ്ങളും, കിണറുകളും മററു പുറമ്പോക്കുകളും സംരക്ഷിക്കേണ്ടതു ഗവണ്മെൻറിൽനിന്നുമാണ് എന്ന അർത്ഥമാകുന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള മനസ്സിലാക്കിയതു. പഞ്ചായത്തു റഗുലേഷൻ നടപ്പിൽവന്നു പ്രവൃത്തിയാരംഭിക്കുമ്പോൾ ഈവക കാര്യങ്ങളുടെ സംരക്ഷണത്തിനു വേണ്ടത്ര ഏർപ്പാടുകൾ ഉണ്ടായിരിക്കുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചു. മിക്കവാറും ഈ അഭിപ്രായംതന്നെയാണ് മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ളയ്ക്കുമുള്ളതു. മിസ്റ്റർ രാമൻമേനോൻെറ സംഭാഷണത്തിൽനിന്നും ഗവണ്മെൻറു സാമുദായികപക്ഷപാതം കാണിക്കാൻ പാടില്ലെന്നുള്ള ഉദ്ദേശത്തു അദ്ദേഹം ബലപ്പെടുത്തിയതുകൊണ്ടും, കുളങ്ങളും കിണറുകളും ശരിയായ വിധത്തിൽ സംരക്ഷിച്ചുകാണുന്നതിനല്ലാ അദ്ദേഹം ആഗ്രഹിക്കുന്നതെന്നും നേരെമറിച്ചു പ്രമേയത്തിൻെറ മററു ഭാഗങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം അദ്ദേഹം കല്പിക്കുന്നതെന്നും തെളിഞ്ഞുകാണുന്നുണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടു ഭാഗങ്ങൾക്കും ഞാൻ ഒന്നുപോലെ പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞുകൊള്ളുന്നു.

മി. കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അപ്രകാരമാണെങ്കിൽ അതു രണ്ടോ അതിലധികമോ വിവാദവിഷയങ്ങൾക്കു ഇടയാകുന്നുണ്ട്. അവയെല്ലാം ഒരുമിച്ചു തീരുമാനിക്കുന്നതിനു ഈ സഭയ്ക്കു സാധിക്കുന്നതല്ല. അതുകൊണ്ടു നമ്മുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ള രൂപത്തിൽ പ്രമേയത്തു വോട്ടുചെയ്യുന്നതിനു ഈ സഭയ്ക്കു സാധിക്കുന്നതാണോ എന്നു ഞാൻ അറിയുന്നില്ല.

മി. സി. പി. തോമ്മസ് (നിയമിത മെംബർ): പ്രമേയത്തു രണ്ടായി പിരിക്കുവാൻ പ്രയോക്താവിനെ അനുവദിക്കുന്നതല്ലയോ നല്ലതു്?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഒരു സമയത്തു ഒരു പ്രമേയത്തെപ്പററി വാദപ്രതിവാദം ചെയ്യുവാനേ നമുക്കു സാധിക്കയുള്ളു. പ്രമേയത്തു ഭേദഗതിചെയ്യുവാൻ പ്രമേയകർത്താവിനെ പ്രസിഡണ്ടു അനുവദിക്കുന്നുവെങ്കിൽ അതു കാര്യം വേറെയാണ്. ഇപ്പോൾ ഇരിക്കുന്നപ്രകാരം, പ്രമേയത്തിൽ അനേകം സംഗതികൾ അടങ്ങിയിരിക്കുന്നതുകൊണ്ടും, സഭയിൽ ചെയ്യുന്ന തീരുമാനം ഓരോ സംഗതികളെ പ്രത്യേകമായിരിക്കേണ്ടതുകൊണ്ടും നമുക്കു ഈ പ്രമേയത്തെ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഓരോ വോട്ടിൽതന്നെ അനേകം സംഗതികളെപ്പററി തീരുമാനിക്കുന്നതെങ്ങനെയെന്നു എനിക്കു മനസ്സിലാകുന്നില്ല.

എന്തുകൊണ്ടും, മിസ്റ്റർ ശിവതാണുപിള്ളയുടെ പ്രസംഗത്തിൽ ഒന്നോ രണ്ടോ വാക്യങ്ങൾ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ; ചില കുളങ്ങളേയും കിണറുകളേയും സംബന്ധിച്ചു ഇപ്പോൾ നാം കാണുന്ന പ്രത്യേകാവകാശങ്ങൾ മതസംബന്ധമായ ആചാരങ്ങളിൽനിന്നും ഉണ്ടായതായിരിക്കാമെന്നു ഞാൻ അഭിപ്രായപ്പെട്ടതിനു അദ്ദേഹം മറുപടി പറഞ്ഞതു ആ ആചാരത്തിൻെറ നിലനില്പിനെപ്പററി അന്വേഷണം നടത്താതിരിക്കുന്ന കാലത്തോളം അതു ശരിയായിട്ടുള്ളതല്ലെന്നായിരുന്നു. കുളങ്ങളേയും കിണറുകളേയും സംബന്ധിച്ചു ചില പ്രത്യേക സമുദായങ്ങൾക്കു മാത്രമുണ്ടായിരിക്കുന്ന അവകാശങ്ങൾക്കു അടിസ്ഥാനമായിരിക്കുന്ന മതാചാരങ്ങളുടെ നിലനില്പിനെപ്പററി അന്വേഷണങ്ങൾ ഒന്നും നടത്തിട്ടില്ലെന്നാണ് അദ്ദേഹം ഉദ്ദേശിച്ചതെന്നു ഞാൻ വിചാരിക്കുന്നു. സർ, അപ്രകാരമുള്ള അന്വേഷണങ്ങൾ ഒന്നും ആവശ്യമില്ലെന്നാണ് എനിക്കുതോന്നുന്നതു. ഈ ആചാരങ്ങൾ നിലനില്ക്കുന്നതെന്നു അവയ്ക്കു വാദം സിദ്ധിച്ചിട്ടുണ്ടെന്നും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇന്നുംഇവയ്ക്കു ശാസ്ത്രാനുവാദം ലഭിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ള സംഗതി വിദ്വാന്മാരായ പണ്ഡിതന്മാരുടെയിടയിൽ വിവാദവിഷയമായിരിക്കുന്നുണ്ടെന്നുതന്നെയാണ് എൻെറ വിശ്വാസം. എന്നാൽ ഈ വാദപ്രതിവാദത്തിൽ ഗവണ്മെൻറിനു പ്രവേശിക്കാൻ സാധിക്കുന്നതല്ല, ധർമ്മാനുവാദമുള്ളതോ അല്ലെങ്കിൽ അപ്രകാരമുണ്ടെന്നു ജനങ്ങൾ വിശ്വസിക്കുന്നതോ ആയ ചില ആചാരങ്ങൾ നിലനിന്നുപോകുന്നുണ്ടെന്നു ഗവണ്മെൻറു അറിയുന്നുണ്ട്. ഗവണ്മെൻറു അറിയേണ്ടതും അത്രമാത്രമേ ഉള്ളു. മതസംബന്ധമായ വാദങ്ങളിൽ പ്രവേശിക്കുന്നതു് ഗവണ്മെൻറിൻെറ അധികാരത്തിലുൾപ്പെട്ടതല്ല.

മി. എം. ശിവതാണുപിള്ള (മാവേലിക്കര): വിദ്വാന്മാരായ ജനങ്ങൾ അപ്രകാരമുള്ള ആചാരങ്ങളെ നിഷേധിച്ചിട്ടുള്ള വിവരം ചീഫ്സെക്രട്ടറി അറിഞ്ഞിട്ടുണ്ടോ എന്നു പറയുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): എനിക്കു അത്രത്താളം സമ്മതിക്കുവാൻ കഴിയുമോ എന്നു ഞാൻ സംശയിക്കുന്നു. മതസംബന്ധമായ ആചാരങ്ങളെപ്പററി വ്യാഖ്യാനിക്കുന്ന ചിലരിൽതന്നെയും വിപരീതാഭിപ്രായങ്ങൾ കാണുന്നുണ്ട്. എന്നാൽ, ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം, ഈ ആചാരങ്ങളിൽ മതസംബന്ധമായ ഒരു പവിത്രതയും സാധാരണ ജനങ്ങൾ കല്പിച്ചുപോരുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (മാവേലിക്കര): മതവിഷയങ്ങളിൽ പ്രാമാണികത്വം വഹിക്കുന്ന അധികാരികൾ, അന്യോന്യ സ്പർശം അശുദ്ധകാരണമാണെന്നുള്ളതിനെ മതം അനുവദിക്കുന്നില്ലെന്നു അഭിപ്രായപ്പെട്ടിട്ടുള്ള വിവരം മെംബർക്കു അറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഞാൻ അതുസമ്മതിക്കുന്നു. എന്നാൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ആ വിഷയത്തെപ്പററി പ്രബലമായ അഭിപ്രായ വ്യത്യാസമുള്ളതുകൊണ്ടു അതിൻെറ ന്യായാന്യായങ്ങളെപ്പററി അന്വേഷിക്കുന്നതിനു ഞാൻ പുറപ്പെടേണ്ടതായ ആവശ്യമില്ല.

ചിലസമുദായങ്ങളുടെ പ്രത്യേകമായ ഗുണങ്ങൾക്കായി മററു ഏജൻസികൾ മുഖാന്തിരം പണംചെലവുചെയ്യുണ്ടോണെന്നു മി. കെ. വി. ജോസഫ് പറഞ്ഞതു് പരസ്പര വിരുദ്ധമല്ലയോ എന്നു തോന്നുന്നു.

മി. കെ. ഐ. ജോസഫ് (ദേവികുളവും-മീനച്ചിലും). ഞാൻപറഞ്ഞതു അപരിഷ്കൃതരായ കാര്യങ്ങളിന്നു ചിലസമുദായങ്ങളിലെ രമ്പന്മാരെക്കൊണ്ടു പ്രത്യേക ഗ്രാൻറുകൾ നൽകേണ്ടതാണെന്നാകുന്നു.

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതുതന്നെയാണ് ഞാനും പറഞ്ഞതു്. അപ്രകാരമായാൽ എല്ലാകാര്യങ്ങളും അദ്ദേഹം അനുവദിക്കുന്നുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും- ദേവികുളവും): അപ്രകാരമല്ലാ. അതിനെപ്പററി എനിക്കു കൂടുതലായിട്ടു വിവരിക്കേണ്ടതായിരിക്കുന്നു. ചില അവസരങ്ങളിൽ, ചില സമുദായങ്ങളെ ഉദ്ദേശിച്ചു, രാജ്യത്തിന്റെ ഗുണത്തിനായിട്ടും, പിന്നോക്കം നിൽക്കുന്ന ചില സമുദായങ്ങൾക്ക് പ്രത്യേകഗ്രാൻറുകളും സൗജന്യങ്ങളും നൽകി സഹായം ചെയ്യേണ്ടതാവശ്യമാണ്. എന്നാൽ ഈ പ്രത്യേകകാര്യത്തിൽ അതിനുകാരണം കാണുന്നില്ല. ആചാരത്തെയും മതസംബന്ധമായ വിശ്വാസത്തെയും പ്രമാണമാക്കിമാത്രമാണ് ഇതിൽ ഗവണ്മെൻറു പതിവിൻപടിയുള്ള കോലിനടത്തുന്നതിനുള്ള ഉത്തരവാദിത്വം വഹിക്കുന്നതു്. വിദ്യാഭ്യാസവിഷയത്തിൽ പിന്നോക്കം നിൽക്കുന്ന മഹമ്മദീയർക്കും മലയാളബ്രാഹ്മണർക്കും പ്രത്യേക വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നതു് ഈ കാര്യത്തിനു നിന്നും വ്യത്യസ്തമായ അടിസ്ഥാനത്തെ ആശ്രയിച്ചുണ്ടിരിക്കുന്നതു്.

മി. കെ. ജോർജ് (ഗവണ്മെൻറുചീഫ്സെക്രട്ടറി): അതു ഉത്തരവാദിത്വത്തെ സംബന്ധിച്ച ഒരു വിഷയമല്ല. പൊതുക്കിണറുകളുടെ ഉപയോഗത്തെ സംബന്ധിച്ച വിഷയം മാത്രമാകുന്നു അതു്. അതുകൊണ്ടു മി. കെ. ഐ. ജോസഫ് പറഞ്ഞകാര്യങ്ങൾ രണ്ടിനും തമ്മിൽ പരസ്പരബന്ധമില്ലായ്മ ഉണ്ടെന്നുതന്നെയാണു ഇനിയും എനിക്കു തോന്നുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു പ്രശംസാർഹമായ ഒരു ഉദ്ദേശത്തിലേക്കു പ്രവർത്തിക്കാൻ ഉദ്ദേശിക്കുമ്പോൾ മററൊരാൾ അന്ധവിശ്വാസത്തെ അടിസ്ഥാനമാക്കിയിരിക്കുന്ന ഉദ്ദേശത്തെ പ്രോത്സാഹിപ്പിക്കുന്നതിലേക്കു ആഗ്രഹിക്കുന്നു എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്.

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതുകൊണ്ടുതന്നെയാണ് അതിന്റെ വ്യാഖ്യാനത്തെപ്പററി നിർണ്ണയിക്കേണ്ടതാരാണെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചതു്. ഈ കാര്യത്തെസംബന്ധിച്ചു അവരുടെ പ്രവൃത്തിക്കു അടിസ്ഥാനമായിരിക്കുന്ന ഉദ്ദേശം പ്രശംസാർഹമാണോ അല്ലയോ എന്നു നിശ്ചയിക്കേണ്ട ഭാരം ഗവണ്മെൻറിൽ സ്ഥിതിചെയ്യുന്നു.

ഒരു സംഗതികൂടി എനിക്കു പറയേണ്ടതായിട്ടുണ്ട്. പ്രത്യേകസമുദായങ്ങളുടെ ഉപയോഗത്തിനുമാത്രമായുള്ള കുളങ്ങളുടെയും കിണറുകളുടേയും സംരക്ഷണത്തിന് പൊതുജനങ്ങൾ ഉപയോഗിക്കുന്നതിനേയും പ്രത്യേകകാര്യങ്ങൾക്കുവേണ്ടി പ്രത്യേക ഗ്രാൻറുകൾ അനുവദിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്യുന്നതിനേയും തമ്മിൽ ഞാൻ സാദൃശ്യപ്പെടുത്തിപറഞ്ഞതു് ശരിയല്ലെന്നും ആ രണ്ടു ഏർപ്പാടുകൾക്കും തമ്മിൽ പ്രധാനമായ വ്യത്യാസമുണ്ടെന്നു മി. ചങ്ങനാശേരി പരമേശ്വരൻപിള്ള പറയുകയുണ്ടായി. ആവസ്തു തമ്മിൽ പരിപൂർണ്ണമായ സാദൃശ്യമുണ്ടെന്നു ഞാനും സമ്മതിച്ചിട്ടുള്ളതായി വിചാരിക്കുന്നില്ല. പൊതുജനങ്ങളെല്ലാവരും പങ്കുകൊള്ളാത്തകാര്യങ്ങൾക്കായി പൊതുമുതലുകൾ ഉപയോഗിക്കുന്ന ഏർപ്പാടു ധനസംബന്ധമായ അധികാരനിയമത്തിന് വിപരീതമല്ലെന്നു ഉദാഹരണംകൊണ്ടു സ്പഷ്ടമാക്കണമെന്നു മാത്രമായിരുന്നു എന്റെ ഉദ്ദേശം. അതിലേക്കായി ഇത്രമാത്രം പറയേണ്ടിവന്നു എന്നു മാത്രമേയുള്ളു. എന്നാൽ ഉദ്ദേശങ്ങൾ അനഭിലഷണീയങ്ങളെന്നോ, കാര്യങ്ങൾ സ്തുത്യർഹങ്ങളല്ലെന്നോ അതുകൊണ്ടു വിസംവദിക്കാത്ത മററു ഒട്ടനവധി കാര്യങ്ങൾ നമ്മുടെ രാജ്യത്തിൽതന്നെയുണ്ടു; പ്രത്യേകസമുദായങ്ങൾക്കു പ്രത്യേക വേതനങ്ങൾ കൊടുത്തുവരുന്നുണ്ടു; ഫീസ്സംബന്ധിച്ചു സൌജന്യങ്ങൾ പ്രത്യേക സമുദായങ്ങൾക്കു നൽകിവരുന്നുണ്ടു, പ്രത്യേകസമുദായങ്ങളുടെ ആവശ്യത്തിലേക്കായി വിദ്യാലയങ്ങൾ സ്ഥാപിച്ചു സംരക്ഷിച്ചുപോരുന്നുണ്ട്, ഇതുപോലെ എത്രയോ കാര്യങ്ങൾ പ്രത്യേക സമുദായങ്ങളുടെ നന്മയെ ഉദ്ദേശിച്ചു നമ്മുടെ രാജ്യത്തിൽ ചെയ്തുപോരുന്നുണ്ടെന്നു കാണാം. രാജ്യത്തിലെ ധനസംബന്ധമായ ഭരണത്തിലെ ഒരു നയമായി നാം അതിനെ അംഗീകരിക്കാത്തപക്ഷം എന്തുസംഭവിക്കുമെന്നുകൂടി ആലോചിക്കുക. പിന്നോക്കം നിൽക്കുന്നവരും, പ്രകൃതിദത്തമായ പ്രോത്സാഹനം ആവശ്യപ്പെടുന്നവരുമായ സമുദായങ്ങളുടെ പ്രത്യേകോപയോഗത്തിനായി പണം തീർക്കിവെക്കുവാൻ നമുക്കു സാധിക്കാത്ത നിലവന്നുചേരുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): പ്രത്യേകമായ വ്യത്യസ്തങ്ങൾ ചെയ്യുക എന്നുള്ളതിനു അനുവദിക്കാത്തതു മാത്രമല്ലയോ?

മി. കെ. ജോർജ് (ഗവണ്മെൻറുചീഫ്സെക്രട്ടറി): മോചനമാർഗ്ഗം അനുവദിക്കേണമോ അനുവദിക്കാൻ പാടില്ലയോ എന്നുള്ളതല്ല നമ്മുടെ ആലോചനാവിഷയം സാധാരണയായി പൊതുമുതലുകൾ സമുദായങ്ങൾക്കു് ആകപ്പാടെയുള്ളതാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ചില സമുദായങ്ങളുടെ പ്രത്യേകാവശ്യങ്ങൾക്കായിട്ടും പൊതുമുതലുകൾ ഉപയോഗിക്കേണ്ട അവസരങ്ങൾ ഉണ്ട്.

മി. ജി. തമ്പാനുമേനോൻ (മാവേലിക്കരയും-ചാത്തിക്കുട്ടിപ്പള്ളിയും): അപ്രകാരമുള്ള അവസരങ്ങളിൽ ഒന്നിന് ഒരു ഉദാഹരണം പറയുമോ?

മി. കെ. ജോർജ് (ഗവണ്മെൻറുചീഫ്സെക്രട്ടറി): എന്റെ ഉദ്ദേശത്തെ ഞാൻ അനേകം ഉദാഹരണങ്ങൾകൊണ്ടു സ്പഷ്ടമാക്കിട്ടുണ്ട്. മലയാളബ്രാഹ്മണർക്കായുള്ള സ്പെഷ്യൽ സ്കൂളുകളേയും, പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലുൾപ്പെട്ട വിദ്യാർത്ഥികൾക്കു നൽകിവരുന്ന വേതനങ്ങളേയും പററി ഞാൻ പ്രസ്താവിച്ചു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പൊതുകുളങ്ങൾ ശരിയായി സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ളതിനെ അംഗീകരിക്കുവാൻ ഗവണ്മെൻറു തയ്യാറാണോ?

മി. കെ. ജോർജ് (ഗവണ്മെൻറുചീഫ്സെക്രട്ടറി): നിശ്ചയമായിട്ടും പൊതുക്കുളങ്ങൾ യോഗ്യമായ വിധത്തിൽ സംരക്ഷിക്കേണ്ടതാണെന്നുള്ളതു് ഗവണ്മെൻറു പരിപൂർണ്ണമായി സമ്മതിച്ചിട്ടുള്ള ഒരു പ്രമേയമാണ്. അവയെ ഉപേക്ഷണീയമായ സ്ഥിതിയിൽ തള്ളിക്കളയുവാൻ പാടില്ലാത്തതാകുന്നു. ഈ സഭയിലുള്ള ആരും, ഗവണ്മെൻറുതന്നെയും ആ അഭിപ്രായത്തിന് വിപരീതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. പൊതുജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കായി പൊതുകിണറുകളും പൊതുക്കുളങ്ങളും മാത്രമല്ല, പ്രത്യേക കിണറുകളും കുളങ്ങളും, ആരോഗ്യാവഹമായരീതിയിൽ സംരക്ഷിക്കപ്പെടേണ്ടതാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ഭരണിക്കാവും): ഈ തൊഴിലാളികളുടെ സംരക്ഷണം പ്രത്യേക സമുദായങ്ങളുടെ ആവശ്യത്തിലേക്കു വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനോടു സാദൃശ്യംവഹിക്കുന്നതെന്നോ ടണോ മി. ജാർജ്ജു പറയുന്നതു?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ്സെക്രട്ടറി): ഈ രണ്ടുകാര്യങ്ങളിലും പ്രത്യേകോദ്ദേശ്യത്തിലേക്കായി പൊതുമുതലുകൾ ഉപയോഗിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ഭരണിക്കാവും). ഈ രണ്ടുകാര്യങ്ങളും ഗവണ്മെൻറിന്റെ ഇഷ്ടമായ ഗണനയെ അർഹിക്കുന്നതെങ്കിലോ ഞാൻ വിചാരിക്കുന്നു.

മി. കെ. ജാർജ്ജ് (ഗവണ്മെൻറ്സെക്രട്ടറി): അതു വളരെ പ്രധാനമായ ഒരു സംഗതിയാകയാൽ ഈ സഭയ്ക്കു യോഗ്യതയുള്ളപോലെ ആലോചിക്കാതെ അതിനു മറുപടി പറയുവാൻ സാധിക്കുന്നതല്ല. സർ, ഞാൻ പ്രമേയത്തെ പ്രതിക്ഷേപിച്ചുകൊള്ളുന്നു. അതിനു അനേകംഭാഗങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ടു അതിനെപ്പററി ഈ സഭയിൽ വോട്ടിനിടുന്നതെങ്ങിനെയെന്നും എനിക്കറിഞ്ഞുകൂട.

മി. വി. സുബ്ബയ്യർ (ദിയമിനൈറ്റേബിൾ): (ഡപ്യൂട്ടിപ്രസിഡണ്ട്): അതിനെ വേർതിരിച്ചു ഈ സഭയുടെ അഭിപ്രായം അറിയാവുന്നതാണു.

മി. കെ. ജാർജ്ജ (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): വേർതിരിക്കുന്നതുതന്നെയും വളരെ പ്രധാനമാണ്.

മി. ടി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ പ്രമേയം ഭാഗിക്കുവാൻ പാടുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ഭരണിക്കാവും): അതു നിയമത്തിനു വിധേയമാണെന്നു മി. ജാർജ് വിചാരിക്കുന്നുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഞാൻ അപ്രകാരം വിചാരിക്കുന്നില്ല. അതിനെപ്പററി വാദിച്ചുകഴിഞ്ഞിരിക്കുന്നസ്ഥിതിക്കു അതു നിയമവിരോധമാണെന്നു പറയുന്നതുകൊണ്ടു ഇപ്പോൾ എന്തുപ്രയോജനമാണുള്ളതു?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പ്രത്യേകസ്ഥാപനങ്ങളിലുള്ള കിണറുകളെഒഴിച്ചു ഈ പ്രമേയത്തിലെ ഉദ്ദേശങ്ങളെ ഗവണ്മെൻറു അംഗീകരിക്കുന്നുണ്ടോ എന്നു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): പ്രമേയത്തിൽ പ്രത്യേകമായ ഒരു ഉദ്ദേശം കാണുന്നില്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. മെംബേഴ്സിന്റെ അഭിപ്രായം കുളങ്ങളെ യോഗ്യമായവിധത്തിൽ സംരക്ഷിക്കണമെന്നാണെങ്കിൽ ഗവർമെൻറു അതു സ്വീകരിക്കുവാൻ തയ്യാറാണ്. കിണറുകളും ശരിയായവിധം സംരക്ഷിക്കപ്പെടുന്നില്ലെന്നാണ് അഭിപ്രായമെങ്കിൽ അവയുടെ യോഗ്യമായസംരക്ഷണത്തിനു കൂടുതൽപണം ചെലവുചെയ്യുവാൻ ഗവർണ്മെൻറു തയ്യാറാണു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പ്രത്യേകവർഗ്ഗക്കാരുടെ ഉപയോഗത്തിനുവേണ്ടിമാത്രമായിട്ടുള്ള സാധാരണകുളങ്ങളുടേയും കിണറുകളുടേയും സംരക്ഷണത്തിലേക്കു പൊതുമുതലുകൾ ചെലവുചെയ്യുവാൻ പാടില്ലെന്നുള്ള എന്റെ അഭിപ്രായത്തെ ഗവണ്മെൻറു അംഗീകരിക്കുന്നുണ്ടോ എന്നു അറിവാനാണു ഞാൻ ആഗ്രഹിക്കുന്നതു. അതുകൂടെ ഗവർണ്മെൻറു സമ്മതിക്കുന്നതായാൽ പ്രമേയത്തെപ്പററി ഞാൻ നിർബന്ധിക്കുന്നില്ല.

മി. കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു. അതിനു വിപരീതമായിട്ടുതന്നെയാണ് വാസ്തവത്തിൽ ഞാൻ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നിട്ടുള്ളതു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) —എങ്കിലാൽ ഞാൻ പ്രമേയത്തെ നിർബന്ധമായി അവതരിപ്പിച്ചുകൊള്ളുന്നു. പ്രമേയം വോട്ടിനിട്ടതിൽ വ പേർ അനുകൂലമായും ൨൫ പേർ പ്രതികൂലമായും അഭിപ്രായപ്പെട്ടു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ ഒരു പോറാം വേണമെന്നു ആവശ്യപ്പെടുന്നു.

'പോറാം' എടുത്തതിന്റെ ഫലം താഴെകാണുന്നപ്രകാരമായിരുന്നു.

അനുകൂലിച്ചവർ—൨൫.

൧	മിസ്റ്റർ കെ. ഐ. ജോസഫ്	൧	മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
൨	,, പി. കെ. നാരായണപിള്ള	൩	,, ജി. രാമൻമേനോൻ
൩	,, കെ. പി. നീലകണ്ഠപ്പിള്ള	൪	,, എം. ശിവതാണുപിള്ള
൪	,, എം. എൻ. പിള്ള	൫	,, എം. സുബ്രഹ്മണ്യപിള്ള

പ്രതികൂലിച്ചവർ ൨൫.

൧	മിസ്റ്റർ ടി. എ. സ്. പാക്കർ	൧൩	മിസ്റ്റർ ആർ. നീലകണ്ഠപ്പിള്ള
൨	,, ജെ. ബി. കുക്ക	൧൪	,, ആർ. പരമയാൻ
൩	,, പാറേ ഡാനിയൽ	൧൫	,, ജി. പരമേശ്വരൻപിള്ള
൪	,, ആർ ധനുഷ്കോടിപ്പിള്ള	൧൬	,, കയ്യാലപ്പറമ്പത്തു പരമേശ്വരൻപിള്ള
൫	,, കെ. ജാർജ്	൧൭	മിസ്സസ് എം. പുന്നൻപൂക്കോസ്
൬	,, എ. കെ. ജോൺ	൧൮	മിസ്റ്റർ ടി. പി. രാമസ്വാമിയ്യർ
൭	,, എസ്സ് പി. ലോപ്പസ്	൧൯	,, റാവുബഹദൂർ ശങ്കർ. വി. രങ്കസ്വാമി അയ്യങ്കാർ
൮	,, സി. കേരളപ്പണിക്കരയിത്തമ്പുരാൻ	൨൦	,, എസ്. ടി. ഡി. ഡബ്ല്യു. റാബിൻസൺ
൯	,, ആർ. കെ. കൃഷ്ണപിള്ള	൨൧	,, കെ. ശിവരാമപ്പണിക്കർ
൧൦	,, ആർ. കൃഷ്ണസ്വാമിഅയ്യർ	൨൨	,, വി. സുബ്ബയ്യർ
൧൧	,, ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൨൩	,, കെ. കെ. തോമസ്
൧൨	,, തണ്ടുമ കുഞ്ഞിതൊമ്മൻ	൨൪	,, സി. എൻ. ജയ്പൂർതമ്പുരി
൧൩	,, ജി. നാരായണപിള്ള	൨൫	,, വി. എസ്. സുബ്രഹ്മണ്യയ്യർ
൧൪	,, കെ. വി. നടേശയ്യർ	൨൬	,, എ. ജെ. വാൻറോസ്

നിഷ്പക്ഷനില അവലംബിച്ചവർ, ന്ന

എ. മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള	ഴ. മിസ്റ്റർ കല്ലൂർ നാരായണപിള്ള
ഖ. ,, ടി. കുമാരപിള്ള	ഒ. ,, സി. പി. തരകൻ
ന. ,, കെ. മാധവൻപിള്ള	ന. ,, സി. പി. തോമസ്

പ്രമേയം തള്ളപ്പെട്ടു.

പ്രസിഡണ്ട്: അടുത്ത പ്രമേയവും മി. ജി. രാമൻമേനവന്റെ പേരിൽതന്നെയായിട്ടാണു കാണപ്പെടുന്നതു.

കാർഷികാധിനിവേശപദ്ധതി സംബന്ധിച്ച ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതി.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ഞാൻ താഴെകാണുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു:—

ഈ സംസ്ഥാനത്തിലെ പ്രജകൾക്കെല്ലാവർക്കും ജോയിൻറസ്റ്റോക്കുകമ്പനികളിലോ, സിൻഡിക്കേറ്റുകളിലോ, പരസ്പരസഹായസംഘങ്ങളിലോ മെംബറന്മാരായിചേരാതെതന്നെ കാർഷികാധിനിവേശപദ്ധതിയ്ക്കു അനുസരിച്ചുള്ള നന്മകൾ സിദ്ധിക്കത്തക്കവണ്ണം ആ പദ്ധതിയിൽ ഭേദഗതിവരുത്തേണ്ടതാണെന്നും ആ പദ്ധതിഅനുസരിച്ചു, പരസ്പരസഹായസംഘങ്ങളിൽ അംഗങ്ങളായിചേരുന്ന ഓരോരുത്തർക്കും ൫ ഏക്കർവരെ എന്നു ക്രിയ്ക്കം ചെയ്തു ഭൂമി പതിച്ചുകൊടുക്കുവാൻ അനുവദിക്കേണ്ടതാണെന്നും ഈ സഭ ഗവർണ്ണമെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു.

കാർഷികാധിനിവേശ പദ്ധതിയുടെ ഉദ്ദേശം, വളരെ പ്രശംസാർഹമാണ്. എന്നാൽ ആ പദ്ധതി പാസ്സാക്കുകയും അതുസംബന്ധിച്ച നിയമങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു ഒരുവർഷം കഴിഞ്ഞുഎങ്കിലും അതു ആരംഭിക്കുന്നതിനു യഥാർത്ഥത്തിൽ യാതൊന്നും ചെയ്തിട്ടില്ല. ചട്ടങ്ങൾ പ്രസിദ്ധീകരിച്ചപ്പോൾതന്നെ അവസംബന്ധിച്ചു ചില ന്യൂനതകളെ പത്രലേഖകന്മാർ എടുത്തുപറഞ്ഞിട്ടുണ്ടു. അവരുടെ അഭിപ്രായങ്ങളനുസരിച്ചാണ് ഞാൻ ഈ പ്രമേയം ഹാജരാക്കിട്ടുള്ളതു. ഇപ്പോളിരിക്കുന്നസ്ഥിതിയിൽ ഈ പദ്ധതി അനുസരിച്ചു ജോയിൻറസ്റ്റോക്കുകമ്പനികൾക്കും, സിൻഡിക്കേറ്റുകൾക്കും പരസ്പരസഹായസംഘങ്ങൾക്കും മാത്രമേ ഗുണാസിദ്ധിക്കയുള്ളു. ഈ പദ്ധതിയനുസരിച്ചു ഇവകളിൽ ഉൾപ്പെടാത്ത വ്യക്തികൾക്കു ഭൂമിലഭിക്കുന്നതല്ല. ഈ പദ്ധതിയിലെ വ്യവസ്ഥകൾ വളരെ ഗുണകരങ്ങൾതന്നെയാകുന്നു. പത്തുവർഷത്തിലൊരിക്കൽ 'തരവിച' കൊടുത്താൽമതിയാകും. കരങ്ങൾസംബന്ധിച്ചു പ്രത്യേകസൗജന്യങ്ങളും ഗവണ്മെണ്ടു നൽകീട്ടുണ്ടു. അതുകൂടാതെ ഇവർക്കു ഭൂമിഇഷ്ടപ്പെട്ടുവെച്ചു ഭൂൻകൂട്ടി കടംവാങ്ങുവാൻ സാധിക്കുന്നതാകുന്നു. ഇവയെല്ലാം വളരെ ഗുണകരങ്ങൾതന്നെയാകുന്നു. ഈരാജ്യത്തിന്റെ ഇപ്പോഴത്തെസ്ഥിതിക്കു സാധാരണ ജനങ്ങൾക്കു, വിശേഷിച്ചു നിർധനന്മാർക്കു ഈ നിയമങ്ങൾകൊണ്ടു യാതൊരുഗുണവും ലഭിക്കുന്നതല്ല. ഇതു ഈനാട്ടിലെജനങ്ങൾ പ്രാപിച്ചിട്ടുള്ള സാംസ്കൃതികപരിണാമത്തിലെ ദശാഫലമാകുന്നു. പരസ്പരസഹായസംഘങ്ങൾക്കും, സിൻഡിക്കേറ്റുകൾക്കും, ജോയിൻറസ്റ്റോക്കുകമ്പനികൾക്കും ജനങ്ങളുടെയിടയിൽ വളരെ പ്രചാരംസിദ്ധിച്ചിട്ടില്ല. ഈ കമ്പനികളിലും പരസ്പരസഹായസംഘങ്ങളിലും അനേകരുണ്ടെങ്കിലുത്തപ്പററി ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം അവ ശരിയായി ജോലിനടത്തുന്നില്ലെന്നും ജനങ്ങൾക്കു പ്രസ്താവയോഗ്യമായ നന്മകളൊന്നും അവയിൽനിന്നും കിട്ടുന്നില്ലെന്നുമാണ് എനിക്കു പറയുവാനുള്ളതു.

മി. കെ. എ. ജോസഫ് (മീനച്ചിലും-ഭരണങ്ങാനവും): മി. രാമൻമേനോന്റെ പ്രമേയത്തിലെ ഉത്തരഭാഗം താഴെ കാണുംപ്രകാരമാണ്.

"പരസ്പരസഹായസംഘങ്ങളെസംബന്ധിച്ചിടത്തോളവും അതിലെ മെംബറന്മാരിൽ ഓരോരുത്തർക്കും മെംബർ ഉദ്ദേശിക്കുന്നതു രാജ്യത്തിലെ പ്രജകൾക്കെല്ലാവർക്കും അവകാശം ഉണ്ടായിരിക്കണമെന്നോ അതോ പരസ്പരസഹായസംഘങ്ങൾക്കുമാത്രമെന്നോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചട്ടങ്ങളനുസരിച്ചു പരസ്പരസഹായസംഘങ്ങൾക്കു മാത്രമേ ഭൂമി കൊടുക്കാൻ പാടുള്ളു. ഓരോ മെംബർക്കും ഒരു ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ടു അതു പത്തു ഏക്കറാക്കി വർദ്ധിപ്പിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു.

ഇൻഡ്യയിൽ, വിശേഷിച്ചും തിരുവിതാംകൂറിൽ ജോയിൻറസ്റ്റോക്കുകമ്പനികളും വളരെ അഭിലഷണീയമായ സ്ഥിതിയിലല്ലിരിക്കുന്നതു. നാം ഇപ്പോൾ പ്രാപിച്ചിട്ടുള്ള സാംസ്കൃതികപരിവർത്തനത്തിന്റെ ദശാപരിണാമമായിട്ടാണ് ഞാൻ അതിനെ വിചാരിക്കുന്നതു. ഒരു പരിവർത്തനഘട്ടത്തിലാകുന്നു നമ്മുടെ ഇപ്പോഴത്തെ സ്ഥിതി. വർഗ്ഗീയമോ അല്ലെങ്കിൽ സാമുദായികമോആയ ഉണർവിൽനിന്നും വ്യക്തിപരമായ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും കൂടുതൽ പ്രാധാന്യം കല്പിക്കുന്ന വ്യക്തിജ്ഞാനത്തിലേക്കാകുന്നു നാം ഇപ്പോൾ ഗമിക്കുന്നതു. ആ ഘട്ടത്തിലേക്കു നാം ഇപ്പോൾ കടക്കുന്നതേയുള്ളു. ചില ആളുകൾ ആ ഘട്ടത്തിൽ ഉത്കൃഷ്ടമായ ഉപചയത്തെ പ്രാപിച്ചിട്ടുണ്ടു. എന്നാൽ ലോകത്തിൽ പ്രധാനഭാഗവും അപ്രകാരമായിട്ടല്ലതാനും. സാമുദായികപ്രതിപത്തി ജനങ്ങളിൽ ഇപ്പോഴും വളരെ ബലമായിരിക്കുന്നുണ്ടെന്നാണ് പറയേണ്ടിയിരിക്കുന്നതു. സാമുദായികപ്രതിപത്തിയുടെ ശക്തി നാൾക്കുനാൾ ക്ഷീണിച്ചും വ്യക്തിപരമായ അവകാശത്തിലും സ്വാതന്ത്ര്യത്തിലുമുള്ള ആഗ്രഹം വർദ്ധിച്ചും വരുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നതു.

പാശ്ചാത്യരാജ്യങ്ങളിൽ പരസ്പരസഹായസംഘങ്ങളും പരസ്പരസഹായോദ്യമങ്ങളും ജോയിൻറസ്റ്റോക്കുകമ്പനികളുമെപ്പോലെ വ്യക്തിപരമായ അവകാശത്തേയും സ്വാതന്ത്ര്യത്തേയും സംബന്ധിച്ചു ജ്ഞാനമാകുന്ന ഉറച്ച പാറയിലാകുന്നു അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതു. നാം അതു മനസ്സിലാക്കീട്ടില്ല. ലോകത്തിൽ പ്രധാനഭാഗമെങ്കിലും അതു മനസ്സിലാക്കീട്ടുണ്ടോഎന്നു സംശയവുമാണ്. അതുകൊണ്ടു പരസ്പരസഹായസംബന്ധമായ ഉദ്യമങ്ങൾക്കു അതുപോലെയുള്ള ഉറപ്പായ അടിസ്ഥാനംഇല്ല. നമ്മുടെ രാജ്യത്തിൽ പരസ്പരസഹായസംബന്ധമായ ഉദ്യമങ്ങൾ പുഷ്കലമായ പ്രാപിക്കാത്തതിനു അതാണ് കാരണം. ഗവണ്മെന്റു ആ വാസ്തവം മനസ്സിലാക്കി വ്യക്തികൾക്കുകൂടെ ഈ പദ്ധതിയുടെ ഗുണം ലഭിക്കുവാൻ അനുവദിക്കേണ്ടതാകുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ദേവികുളവും ആമായത്തികുളവും കമ്മീഷണർ): പരസ്പരസഹായ സംഘങ്ങളെസംബന്ധിച്ചു കഴിഞ്ഞ വർഷത്തെ രാജ്യഭരണറിപ്പോർട്ടു മെംബർ വായിച്ചിട്ടുണ്ടോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇല്ല. ഞാൻ വായിച്ചിട്ടില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പിന്നെ ഈ രാജ്യത്തിൽ പരസ്പരസഹായസംബന്ധമായ ഉദ്യമങ്ങൾ അഭിവൃദ്ധിയെ പ്രാപിക്കുന്നില്ലെന്നു അദ്ദേഹം പറഞ്ഞതു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ്?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ സ്വന്ത അനുഭവത്തിൽനിന്നു തന്നെ എന്റെ സമീപപ്രദേശങ്ങളിലുള്ള അനേകം പരസ്പരസഹായസംഘങ്ങളെ എനിക്കു അറിയാം. അവ സ്ഥിതിചെയ്യുന്നതു കടലാസിൽമാത്രമാണ്. അന്യേയുള്ളു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മെംബർ അദ്ദേഹത്തിന്റെ താലൂക്കിലുള്ള പരസ്പരസഹായസംഘങ്ങളെസംബന്ധിക്കുന്ന രാജ്യഭരണറിപ്പോർട്ടിലെ ആ ഭാഗംഎങ്കിലും വായിച്ചിട്ടുണ്ടോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ഞാൻ രാജ്യഭരണറിപ്പോർട്ടു വായിച്ചിട്ടില്ലെങ്കിലും അനേകം സംഘങ്ങളുടെ പ്രവൃത്തി കടലാസിൽമാത്രമാണെന്നു എനിക്കു അറിയാം. പരസ്പരസഹായസംഘങ്ങളുടെ പ്രവൃത്തി സാധാരണയായി കടലാസിൽമാത്രമാകുന്നു. അതുകൊണ്ടു നാം ഇപ്പോൾ സ്ഥിതിചെയ്യുന്ന സാമുദായികപരിവർത്തനത്തിന്റെ അവസ്ഥയെപ്പററി ആലോചിക്കുമ്പോൾ ജനങ്ങളുടെ സ്ഥിതിയെ ശ്രേയസ്കരമാക്കാനായിട്ടു ഗവർണ്ണമെന്റു ചെയ്യുന്ന ശ്രമം അവർക്കു ഖേദിക്കത്തക്കവണ്ണമായിരിക്കേണ്ടതാണ്. അതുകൊണ്ടുതന്നെയാകുന്നു ഞാൻ ചട്ടങ്ങളിൽ ഈ ഭേദഗതികൾക്കാവശ്യപ്പെടുന്നതു. ഭൂമിയെ വലിയ ബ്ലാക്കുകളായി ഭാഗിച്ചു അവയിൽ അനേകംപേരെ കുടികേറിതാമസിപ്പിക്കുവാനുള്ള ഗവർണ്ണമെന്റിന്റെ ഉദ്ദേശം പ്രശംസനീയംതന്നെ. ആ ബ്ലാക്കു ആകമാനം അനേകം ഭാഗങ്ങളാക്കി അതു മുഴുവനിലും കുടികേറിത്താമസിക്കുവാൻ ധാരാളം അപേക്ഷകന്മാർ ഉള്ളപ്പോൾ ആ അപേക്ഷകന്മാർക്കുമാത്രമേ പതിച്ചുകൊടുക്കുകയുള്ളു എന്നു ഏർപ്പാടുചെയ്യുന്നതായാൽ ഉദ്ദേശത്തിലെ ഒരു ഭാഗം ഗവർണ്ണമെന്റിനു സാധിക്കുവാൻകഴിയും. ഒരു ബ്ലാക്കിന്റെ വിസ്താരം ൧൫ ഏക്കറാണെന്നും അതിൽ ആളൊന്നിനു ൧ ഏക്കർവീതം പതിച്ചുകിട്ടുവാൻ അഞ്ചോ ആറോ പേർ അപേക്ഷിക്കുന്നുഎന്നും വിചാരിക്കുക അപ്പോൾ ആ ബ്ലാക്കു മുഴുവനും പതിച്ചുകൊടുക്കുവാൻ സാധിക്കുകയില്ലെന്നുമാത്രമല്ല ഒരുമിച്ചു താമസിക്കുവാൻ ആവശ്യമുള്ളിടത്തോളം ആളുകൾ ഉണ്ടായിരിക്കുന്നതുമല്ല. ൧൫ പേർ അപേക്ഷിക്കുന്നുവെങ്കിൽമാത്രമേ ആ ബ്ലാക്കു പതിച്ചുകൊടുക്കുകയുള്ളുഎന്നു ഗവണ്മെന്റിനു നിർബന്ധമായി പറയുവാൻകഴിയുന്നതാണു. എന്നാൽ സിൻഡിക്കേററുകളേയോ പരസ്പരസഹായതൊഴിലുകളേയൊ അപ്രകാരം ഗവർണ്ണമെന്റു നിർബന്ധിക്കാൻപാടില്ല. അവർക്കു അതിൽ പ്രവേശിച്ചു അന്യോന്യം സ്വതന്ത്രമായി വേലചെയ്യുവാൻ അനുവാദംകൊടുക്കേണ്ടതാകുന്നു. അതാകുന്നു ജനങ്ങളുടെ മനഃസ്ഥിതി. ജോയിൻറസ്റ്റാക്കു വ്യാപാരത്തെ നിർബന്ധമാക്കുന്നതായാൽ അതു അധികം കുഴപ്പമുണ്ടാകുന്നതാകുന്നതാണു എന്റെ അഭിപ്രായം. കമ്പനി രജിസ്റ്റർചെയ്യുന്നതിനു എന്തെങ്കിലും ഒരു തുക ഗവർണ്ണമെന്റിനു നമുക്കു കൊടുക്കേണ്ടിവരും. അതിനുംപുറമെ കമ്പനിവക കാര്യങ്ങൾ അന്വേഷിക്കുവാൻ ഒരാളെ നിയമിക്കേണ്ടതായും അയാൾക്കു ശമ്പളംകൊടുക്കേണ്ടതാകുന്നുവരും. ഇത്രയൊക്കെയായാലും കാര്യങ്ങൾ ശരിയായി അന്വേഷിക്കുവാൻ ഇടയാകുകയില്ലെന്നും നമുക്കു അനുഭവത്തിൽനിന്നു അറിയാം. അതുകൊണ്ടു ബ്ലാക്കു മുഴുവനിലുമോ അല്ലെങ്കിൽ അതിൽ ഒരു നല്ല ഭാഗത്തിലൊ ഒരേസമയത്തു അധിവസിക്കുവാൻ ആളുകളുണ്ടാകുന്നപക്ഷം ൧ ഏക്കറോ അതിൽ കുറവോ കൊടുക്കുവാൻ ഗവർണ്ണമെന്റു തയ്യാറായിരിക്കേണ്ടതാണ്.

അടുത്ത സംഗതി പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങൾക്കു ആളൊന്നിനു ഒരേക്കർ എന്നുള്ളതിനുപകരം ആളൊന്നിനു ൧ ഏക്കർ അനുഭവിക്കുവാനുള്ള സൌകര്യംകൊടുക്കേണ്ടതാണുഎന്നാകുന്നു. ഇപ്പോഴുള്ള ചട്ടമനുസരിച്ചു ആളൊന്നിനു ഒരേക്കർവീതമെ കൊടുക്കാൻപാടുള്ളു. അതു പത്തു ഏക്കറായി വർദ്ധിപ്പിക്കേണ്ടതാകുന്നു എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെംബർ പറയുന്ന ൧ ഏക്കർ സ്ഥലവും ജലവുമുൾപ്പെടയോ അല്ലെങ്കിൽ സ്ഥലംമാത്രമോ? (ചിരി).

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ജലത്തെപ്പററി ആലോചിക്കേണ്ടതില്ല നമ്മുടെ ആലോചനാവിഷയം സ്ഥലത്തെപ്പററിയാകുന്നു.

മി. എൻ. കുമാരൻ (നിയമിതമെംബർ): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാനും ഈ വിശേഷണത്തോടുകൂടി പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. ചില സ്ഥലങ്ങളിൽ ആൾക്കെങ്കിലും കൊടുക്കുവാനുദ്ദേശിച്ചിട്ടുള്ള ൧ ഏക്കറിൽ ജലമയമായ പ്രദേശവും കണ്ടേക്കാം. ഉദാഹരണത്തിനു എന്റെ സ്വന്ത തട്ടേക്കിൽ ൧ ഏക്കർ വിസ്താരത്തിൽ ഇടച്ചുയായി ഇടയ്ക്കു ജലമില്ലാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടുകിട്ടുവാൻപ്രയാസമാണ്. ഈ വിശേഷണത്തോടുകൂടി ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): അമ്പലപ്പുഴത്താലൂക്കിൽ അധിനിവേശസ്ഥലങ്ങൾ ഏതെങ്കിലും ഉണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പുറക്കാട്ടിൽ ഉണ്ട്. പുറക്കാട്ടുകരിയെ ചെറുതോടുകളോടുകൂടി അനേകം ചെറു ബ്ലാക്കുകളായിഭാഗിക്കുവാനുദ്ദേശിക്കുന്നതെന്നു ഇതിനുമുമ്പിരുന്ന ലാൻഡ്റവന്യൂ കമ്മീഷണർ പറഞ്ഞിട്ടുണ്ടു. എന്നാൽ ഇപ്പോഴും അതു യാതൊന്നുംചെയ്യാതെ അതേസ്ഥിതിയിൽ കിടക്കുന്നതേയുള്ളു. ലാൻഡ്റവന്യൂകമ്മീഷണരുടെ സഹകരണംകൂടാതെതന്നെ അപ്രകാരമുള്ളസ്ഥലങ്ങൾ പതിച്ചുവാങ്ങുവാൻ തയ്യാറുള്ള ആളുകൾക്കായി ഭാഗിച്ചുകൊടുക്കാവുന്നതാകുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). ഞാൻ മിസ്റ്റർ രാമൻമേനോന്റെ പ്രമേയത്തെ അനുകൂലിക്കുന്നു. തരിശുഭൂമികൾ കാർഷികാധിനിവേശചട്ടങ്ങൾ അനുസരിച്ചു സംഘടിതമായ സംഘങ്ങളിന്നോ, അല്ലെങ്കിൽ സിൻഡിക്കേററിനോ, പരസ്പരസഹായസംഘത്തിനോ മാത്രമല്ല, ഇതുമാതിരി സംഘങ്ങളിന്നോ,

ളിൽചേരാതിരിക്കുന്ന മററു ജനങ്ങൾക്കും കൊടുക്കേണ്ടതാണ്. ഇപ്പോഴത്തെ പദ്ധതി ജനങ്ങളിൽ ഓരോരുവ്യക്തിക്കും പ്രത്യേകം കൃഷിചെയ്യുന്നതിനുള്ള സൌകര്യവും, ഉത്സാഹവും കുറച്ചുകളയുകയാണുചെയ്യുന്നതു. തെക്കെ സ്വർഗ്ഗതുല്യമായ ചില രാജ്യങ്ങളെക്കുറിച്ചു കാർഷികാധിനിവേശപദ്ധതി വളരെ സൌകര്യമായിരിക്കാം. എന്നാൽ ഇവിടെ ഈ സമ്പ്രദായത്തിനു ഇതുകൊണ്ടുതന്നെ പററിയവയല്ല. വളരെആളുകൾ ഒരുമിച്ചു കൃഷിചെയ്യാൻ തുടങ്ങുകയാണെങ്കിൽ അവർക്കു കൂടുതൽസൌകര്യംകൊടുക്കയും, തനിച്ചു കൃഷിചെയ്യാൻ തുടങ്ങുന്നവർക്കു അങ്ങനെ കൊടുക്കാതിരിക്കയുംചെയ്യുന്നതു ഒട്ടും യോജിച്ചതല്ല. യോജിച്ചുള്ള പ്രവൃത്തികൾ അഭിപ്രായഭിന്നതകൊണ്ടു പരാജിതങ്ങളായിത്തീരുന്നേക്കാം. അതിനാൽ ഓരോരുത്തർക്കും പ്രത്യേകം സ്വാതന്ത്ര്യവും സൌകര്യവും കൊടുക്കുന്നതാണു അഭിവൃദ്ധിക്കു നല്ലതുമാകുന്നു. അവിടെക്കുടുംബസമ്പ്രദായം ഭേദപ്പെടുത്തണമെന്നുള്ള അഭിപ്രായം സമുദായങ്ങളിൽനിന്നും ജനിച്ചപ്പോൾ അതിനെ മാററികൊടുത്തു. ഒരാൾക്കു ഒരുതൊഴിൽ ഒരുവിധത്തിൽ ചെയ്യണമെന്നു ഗ്രഹിക്കുന്നതാകാം മററൊരാൾക്കു അതു വേറൊരുവിധത്തിൽ ചെയ്യുന്നതായിരിക്കുംഇഷ്ടം. ഇങ്ങനെയുള്ളവിഷമതകൾകൊണ്ടാണ് വിഭജനം ഉണ്ടാകുന്നതു ഉപേക്ഷിക്കപ്പെട്ടതു. അതു ഒരു നിയമത്താൽ സാധിച്ചുകൊടുക്കയും ചെയ്തു. പിന്നെ പലകമ്പനികളും പരാജയത്തിൽ കലാശിക്കയും ജനങ്ങൾക്കു നഷ്ടംവരുത്തിവയ്ക്കുകയും ചെയ്തിട്ടുണ്ടു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വളരെആളുകൾ ഒരുമിച്ചു കൃഷിചെയ്യാൻ പുറപ്പെട്ടാൽമാത്രമേ യന്ത്രങ്ങൾചെയ്തുകൊടുക്കയുള്ളൂഎന്നു പറയുന്നതു വളരെ ദുഷ്കരമായ ഒന്നാണ്. കാർഷികാധിനിവേശപദ്ധതിയിൽ ജനങ്ങൾക്കു വലിയ ഉത്സാഹമില്ല. സിൻഡിക്കേററുകളും ഇവിടെയില്ല. പിന്നെ ചില പരസ്പരസഹായസംഘങ്ങൾഉണ്ടു. അവപലതുകൊണ്ടു മിക്കവാറും കടലാസിൽമാത്രം ജീവിക്കുന്നവയാണ്. എന്നുമാത്രവുമല്ല പരസ്പരസഹായസംഘങ്ങൾക്കു ഏക്കർവീതം ഓരോസംഘാംഗങ്ങൾക്കും കൊടുക്കുകയുണ്ടായാൽ ൧൦൦ അംഗങ്ങൾ ഉള്ള ഒരു പരസ്പരസഹായസംഘത്തിനു ൧,൦൦൦ ഏക്കർസ്ഥലം കൊടുക്കേണ്ടിവരും. ഈമാതിരിസംഘങ്ങളുടെ പ്രവൃത്തിപദ്ധതിയിൽ വിശ്വാസമില്ലാത്തതുകൊണ്ടോ, അതുകളുടെ നടത്തിപ്പിൽ ശരിയായവിശ്വാസമുണ്ടാകാത്തതുകൊണ്ടോ ഈ സംഘങ്ങളിൽചേരാതെ ഒഴിഞ്ഞുനിൽക്കുന്ന ആളുകൾക്കു ഭൂമികിട്ടാതെവരും. സാധുക്കളിൽ ഓരോരുത്തർക്കു പുഴയോ, എട്ടോ ഏക്കർ ഭൂമികിട്ടിയാൽ മരച്ചീനികയോ മററോ കൃഷിചെയ്തു ഉപജീവനം കഴിക്കാമെന്നുള്ള അഭിപ്രായത്തെ തടയുകയാണു ചെയ്യുന്നതു. കാർഷികാധിനിവേശപദ്ധതിഅനുസരിച്ചു പതിച്ചുകൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമികളിൽ സാധുക്കളായ അനേകം ആളുകൾ മേഹണ്ടിച്ചിട്ടുള്ളസ്ഥലങ്ങളുടെ ഉൾപ്പെടുത്തിട്ടുണ്ടു. അവരെ മേഹണ്ടക്കാരനുതന്നെ പതിച്ചുകൊടുക്കണമെന്നു ഇപ്പോൾ നടപ്പിലിരിക്കുന്നചട്ടങ്ങളിൽഉണ്ടു. അതു വിശ്വസിച്ചു മാവു, പ്ലാവുതുടങ്ങിയ കൃഷിചെയ്തു മേഹണ്ടിച്ചിട്ടുള്ള പലഭൂമികളും കുന്നുകളുടെ, മുവാറപുഴതുടങ്ങിയ താലൂക്കുകളിൽ മേഹണ്ടക്കാരുടെ പതിച്ചുകിട്ടാതെ വളരെ കഷ്ടപ്പെടുകയാണുചെയ്യുന്നതു. അവരെ മേഹണ്ടിച്ചവർക്കുതന്നെ പതിച്ചുകൊടുക്കണം ഭൂമിയില്ലാത്ത അധഃകൃതവർഗ്ഗക്കാർക്കു തരവിചക്കൂടാതെ പതിച്ചുകൊടുക്കേണ്ടതാണു. കരംതീരുവയില്ലാതേയും ഭൂമിഇല്ലാതേയുള്ളതു എല്ലാ സമുദായത്തിൽപെട്ടവർക്കും ഒരു ക്ലിപ്തമായരീതിയിൽ നാലോ, അഞ്ചോ ഏക്കർ മിനിമം തരവിലക്കു പതിച്ചുകൊടുക്കണം. ബാക്കിയുള്ള സ്ഥലമെല്ലാം ലേലംചെയ്യണം. പണംഉള്ളവർ വാങ്ങിക്കട്ടെ. ദരിദ്രന്മാർക്കു ഈമാതിരി സൌജന്യംചെയ്യേണ്ടതാണു. മററുഭൂമികൾ ലേലംചെയ്തുകൊടുത്തു കൃഷിക്കുള്ള സൌകര്യം വർദ്ധിപ്പിച്ചാൽ ഗവർണ്മെൻറിനു ഭണ്ഡാരം പുഷ്ടിപ്പെടുത്തുന്നതിനും ജനക്ഷേമംഉണ്ടാകുന്നതിനും ഇടയാകുന്നതാണു ഇപ്പോഴത്തെ സമ്പ്രദായം ഈ രാജ്യസ്ഥിതിക്കുപററിയതല്ല. മൈസൂർ തുടങ്ങിയരാജ്യങ്ങളിൽ ജനങ്ങൾ കൂട്ടമായിട്ടു മലകളിൽ കൃഷിചെയ്യുന്നതിനുപോകയുള്ളു. ഇവിടെ അങ്ങിനെയല്ല. ഇവിടെ ജനങ്ങൾ പതിച്ചുകൊടുത്ത ഭൂമികൾ ഏല്ലാം തനിയെ കൃഷിചെയ്തുകൂട്ടുന്നതുതന്നെയാണു ചെയ്യുന്നതു റിസർവിൽനിന്നും ഭൂമി ഒഴിച്ചുകിട്ടണംഎന്നുള്ളതുസാരം ജനങ്ങൾ പുറപ്പെട്ടുവിച്ചുതുടങ്ങിട്ടു കാലംകുറേയായി. ദരിദ്രന്മാർക്കു ഈമാതിരിസൌജന്യം കൊടുക്കേണ്ടതു ഈ രാജ്യത്തിൻെറ ക്ഷേമത്തിനു അത്യാവശ്യമാണു. ഓരോ ആളുകളുടേയും ഓരോകുടുംബത്തിൻേറയും അഭിവൃദ്ധിക്കു ഈ പദ്ധതി വിഘാതമായിട്ടുതീരും. ഈ പദ്ധതികൊണ്ടു ഈ രാജ്യത്തേക്കു യാതൊരു പ്രയോജനവുമില്ല. കാർഷികാധിനിവേശപദ്ധതികൊണ്ടു ഗവർണ്മെൻറിനു പാഴുചിലവും ജനങ്ങൾക്കു കൂടുതൽ ഉപദ്രവവും ഉണ്ടാകുന്നതാണു. ഇങ്ങനെ പതിച്ചുകൊടുത്താൽതന്നെയും കുറെകഴിയുമ്പോൾ അഭിപ്രായവ്യത്യാസംനിമിത്തം വ്യവഹാരങ്ങളും കുഴപ്പങ്ങളും ഉണ്ടാകയും തന്നിമിത്തം ജനങ്ങളുടെ അഭിവൃദ്ധിക്കു വിഘാതമായിട്ടു തീരുകയും ചെയ്യും. അതിനാൽ ഈ സമ്പ്രദായംനിറുത്തി അധഃകൃതർക്കു സൌജന്യമായും കരംതീരുവയില്ലാത്തവർക്കു ഒരു ക്ലിപ്തതുക—നാലു ഏക്കറിൽ കുറയാതെ ഏറാവും കുറഞ്ഞതരവിലയ്ക്കും ആക്കിയുള്ളതു ലേലംചെയ്തും, പുതുമോൻമാരുടെ ഭൂമികളെകൊടുക്കേണ്ടതാണു. ഈ സംഘങ്ങളിൽ ചേരുന്നവരോടുള്ള പ്രത്യേകാനുകൂല്യം പതിച്ചുകൊണ്ടു മററുള്ളവരുടെ അവകാശത്തിനു പ്രതിബന്ധം ഉണ്ടാകത്തക്കതുള്ള അഭിപ്രായത്തോടുകൂടി മിസ്റ്റർ രാമൻമേനോൻെറ പ്രമേയത്തെ ഞാൻ ബലമായി പിന്താങ്ങുന്നു.

പ്രസിഡണ്ട്: സഭ ഇപ്പോൾ പിരിയുന്നതും, വീണ്ടും മുന്നരിക്കാൻ ൧൪ മിനിട്ടുള്ളപ്പോൾ കൂട്ടുന്നതുമാകുന്നു.

ഉച്ചതിരിഞ്ഞു ൧-൪൫-ന് ലഘുഭക്ഷണത്തിനായി സഭപിരിഞ്ഞു. വീണ്ടും ൨-൪ ൪൫-ന് ഡെപ്യൂട്ടിപ്രസിഡൻറിൻെറ ആദ്ധ്യക്ഷ്യത്തിൽ സമകൂടി.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, കാർഷികാധിനിവേശനിയമങ്ങൾ പാസ്സായതു ൧൯൨൪ നവംബർ ൧൩-ന് മാത്രമാകുന്നു. നിയമങ്ങളുടെ ഉദ്ദേശ്യത്തിൽനിന്നും കാണാവുന്നതുപോലെ, ഈ നിയമം പാസ്സാക്കിയതിൽ ഗവർണ്മെൻറിനുള്ള ഉദ്ദേശം കൃഷിഭൂമികളിൽ കുടുംബങ്ങളെ കുടിയേററിത്താമസിപ്പിച്ചു തൊഴിലില്ലായ്മയെന്ന സംഗതിക്കു ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാകുന്നതിനും, കർഷകന്മാർക്കു പൊതുവേ മാതൃകയായിത്തീരത്തക്ക ഒരുതരം ഭൂമികൾ ഉണ്ടാക്കുന്നതിനും കൃഷിക്കു ഉപരാധമായിരിക്കുന്ന വ്യവസായസംബന്ധങ്ങളായ ഉദ്യമങ്ങളെ പ്രോത്സാഹിക്കുന്നതിനും മാർഗ്ഗങ്ങൾ ഉണ്ടാകുന്നതാകുന്നു. സിൻഡിക്കേററുകളുടേയും, പരസ്പരസഹായസംഘങ്ങളുടേയും രൂപീകരണംകൊണ്ടു അതിൻെറ ആദ്യഘട്ടത്തിൽതന്നെ അവർക്കു തങ്ങളിൽ ഉണ്ടായിരിക്കേണ്ട പൊതുവായ ഉദ്ദേശസാദൃശ്യംകൊണ്ടോ അല്ലെങ്കിൽ ഒരുസ്ഥലത്തു ഒരേഉദ്ദേശത്തോടുകൂടിയിരിക്കുന്നവരായതുകൊണ്ടോ, അതിലെ അംഗങ്ങൾക്കുതമ്മിൽ

സുഖകരമായ സൗകര്യങ്ങൾ സൂചിപ്പിക്കപ്പെടുന്നു. അപ്രകാരമുള്ള സംഘങ്ങളെയാണു പതിച്ചുകൊടുക്കുവാനായി തിരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങളിൽ താമസിപ്പിക്കുവാൻ ഗവർണ്ണർ ഉദ്ദേശിക്കുന്നതു. മിസ്റ്റർ രാമൻമേനോന്റെ അഭിപ്രായപ്രകാരമാണെങ്കിൽ അപ്രകാരമുള്ള സാഹചര്യത്തിനുപകരം പലപ്രകാരത്തിലുള്ള ഉദ്ദേശങ്ങളോടും, വ്യക്തിപരമായ ഉദ്ദേശങ്ങളെപ്രതിക്കു ചൊതുവായി യാതൊന്നും പ്രവർത്തിക്കായാവശ്യമില്ലാതെയും ഉള്ള ഭിന്നമതസ്ഥരായ ഒരു ജനസമൂഹംമാത്രം നമുക്കു ലഭിക്കുകയുള്ളു. അപ്രകാരമാണ് ഇതിന്റെ ഫലമെന്നു വരികിൽ, ഇവിടെ പ്രസ്താവിച്ചപ്രകാരത്തിലുള്ള ഏതെങ്കിലും നിയമങ്ങളുടെ ആവശ്യമുണ്ടെന്നുഎനിക്കു തോന്നുന്നില്ല. പുതുവൽനിയമമനുസരിച്ചു വ്യക്തികൾക്കു പുതുതായി പതിച്ചുകൊടുക്കുന്ന ഏക്കർപ്പാടു ധാരാളം മതിയാകുന്നതാണ്.

പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങളിൽ ഓരോരുത്തരുടെയുംപേരിൽ ൫ ഏക്കർവീതം പതിച്ചുകൊടുക്കുന്നതിനെപ്പറ്റി സംബന്ധിച്ചിടത്തോളം, ഇപ്പോൾ അപ്രകാരമുള്ള ഒരു ദാസഭൂമിയുടെ ആവശ്യകതയുണ്ടോഎന്നു എനിക്കു സംശയമാണ്. ഏതിക്കറിയാവുന്നിടത്തോളം പരസ്പരസഹായസംഘങ്ങൾ അനേകം അംഗങ്ങളുടെയല്ലെന്നു ചെറുസ്ഥാപനങ്ങൾ മാത്രമാകുന്നു. അപ്രകാരമുള്ള സ്ഥാപനത്തിനു വളരെ വിസ്താരമുള്ള സ്ഥലങ്ങളിൽ ശരിയായതുതാതിൽ കൃഷിചെയ്യുവാൻ സാധിക്കുമോഎന്നുള്ളകാര്യം എനിക്കു സംശയമാണ്. സാധാരണയായി ഈ സംഘങ്ങളിലെ മാഹരികളുടെകൂടെ മാസശമ്പളക്കാരനായ ഒരു ആചാര്യനെയാണിരിക്കുന്നതു. നമുക്കു ഇപ്പോൾ അറിവുകിട്ടിട്ടുള്ളിടത്തോളം തിരുവിതാംകൂറിലെ സംഘങ്ങൾക്കു ക്ലിപ്തമായ മൂലധനമാത്രമുള്ളതു. പരസ്പരസഹായസംഘങ്ങളുടെ പ്രവർത്തനങ്ങളെസംബന്ധിച്ചുള്ള റിപ്പോർട്ടുകളെ മിസ്റ്റർ രാമൻമേനോൻ പരിശോധിച്ചിട്ടുമില്ല. താരതമ്യപ്പെടുത്തിനോക്കിയതിൽ തിരുതിരാംകൂറിൽ സംഘമൊന്നിനു ശരാശരി ൭൪ മെമ്പറന്മാർവീതം ആകെ ൭൪,൦൦൦ അംഗങ്ങളുള്ള ൫,൦൦൦ പരസ്പരസഹായസംഘങ്ങൾ ൫൫൦൦-മാണ്ടു ഉണ്ടായിരുന്നതു എനിക്കു മനസ്സിലായിട്ടുണ്ടു. ഈ അംഗങ്ങളിൽ ൩൬,൦൦൦ പേർ കൃഷിക്കാരാകുന്നു. ഇപ്പോൾ ഓരോരുസംഘത്തിനാ താം കൊടുക്കുന്നതുദ്ദേശിക്കുന്നതു ൫ ഏക്കർ വീതമാണു, മിസ്റ്റർ രാമൻമേനോന്റെ അഭിപ്രായപ്രകാരം ചെയ്യുന്നതായാൽ ഓരോമെമ്പർക്കും ൫ ഏക്കർ ലഭിക്കുന്നതാണ്. രാജ്യഭരണറിപ്പോർട്ടിൻപ്രകാരം എല്ലാസംഘങ്ങളിലെയും കൊടുത്തുതീർത്തിട്ടുള്ള തുകകൾ ൧,൦൦,൦൦൦ ത്തിൽ ചുവാനനുരൂപമാത്രമാകുന്നു. കണക്കാക്കുന്നതായാൽ അതു സംഘമൊന്നിനു ൧൦ രൂപയാണെന്നുകാണാം. ഇത്രചെറിയ മൂലധനമുള്ള സംഘങ്ങൾക്കു ൧൦ ഏക്കറോളം വിസ്താരംവരുന്ന വലിയഭൂമികൾ കൃഷിചെയ്യാൻസാധിക്കുമെന്നു എനിക്കുതോന്നുന്നില്ല. കാർഷികാധിനിവേശനിയമങ്ങളിലെ ൩-ാമത്തെ നിബന്ധനയനുസരിച്ചു, 'പരസ്പരസഹായസംഘങ്ങളെ സംബന്ധിച്ചിടത്തോളം സംഘമൊന്നിനു കുറഞ്ഞപക്ഷം ൨൦ മെമ്പറന്മാരും സിൻഡികേറ്റുകളിൽ ൫൧ മെമ്പറന്മാരും ഉണ്ടായിരിക്കണ"മെന്നുണ്ടു. അതിനാൽ മിസ്റ്റർ രാമൻമേനോന്റെ നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കുന്നതായാൽ ഈ ൨൦ മെമ്പറന്മാരിൽ ഓരോരുത്തർക്കും ൫ ഏക്കർസ്ഥലം വീതംകൊടുക്കേണ്ടതാണ്. അതിനുപുറമെ ഒരു പരസ്പരസഹായസംഘത്തിലേക്കു കുറഞ്ഞതു ൨൦൦ ഏക്കർ ഉണ്ടായിരിക്കണം.

ഇപ്പോഴത്തെതടസ്സമനുസരിച്ചു ൧൦ മെമ്പറന്മാരുള്ള ഒരു പരസ്പരസഹായസംഘത്തിനു ൧൦ ഏക്കർമാത്രമേകിട്ടുകയുള്ളു. അപ്രകാരമുള്ള ഒരു സംഘത്തിനു ഉദരിക്കുവാൻകഴിയുന്ന ക്ലിപ്തമർദ്ദസ്ഥലങ്ങളെപ്പറ്റി ആലോചിക്കുന്നതായാൽ കാർഷികാധിനിവേശനിയമങ്ങളിലെ നിബന്ധനയനുസരിച്ചു വളരെവിസ്താരമേറിയസ്ഥലങ്ങൾ കൃഷിചെയ്യുവാൻ ആ സംഘത്തിനു സാധിക്കുമെന്നുതോന്നുന്നില്ല. ഗ്രാൻറനുകൾകിട്ടിയതിനുടങ്ങിയുള്ള ആദ്യത്തെ നാലുവർഷങ്ങൾക്കകം ഉടമ്പടിക്കാരൻ, കുന്നുകാലിമേയലിനും കെട്ടിടങ്ങൾക്കുമായി നിശ്ചയിച്ചിട്ടുള്ളവ കഴിഞ്ഞുള്ള ബാക്കിസ്ഥലങ്ങളിൽ ൩൦ ശതമാനം കൃഷിചെയ്തിരിക്കേണ്ടതാണെന്നു ൧൯൦൮ നിബന്ധനയിൽ കാണുന്നുണ്ടു. അതിനുപുറമെ നാലുവർഷങ്ങളിലൊരോന്നിലും ഒരു നിശ്ചിതക്രമമനുസരിച്ചുള്ളസ്ഥലം കൂടുതലായി കൃഷിചെയ്തിരിക്കേണ്ടതാണെന്നും ഇങ്ങനെ ഏഴുവർഷംകഴിയുമ്പോൾ കൊടുത്തിട്ടുള്ളബ്ഭൂമിയുടെ ൭൦ ശതമാനം കൃഷിചെയ്തിരിക്കേണ്ടതാണെന്നും വ്യവസ്ഥചെയ്തിട്ടുണ്ടു. ഈ വ്യവസ്ഥയെ ലംഘിക്കുന്നതായാൽ ഉടമ്പടിക്കാരനു കുപ്പിയെ നിയമമനുസരിച്ചു ഗ്രാൻറ് റദ്ദുചെയ്യുന്നതാകുന്നു. മിസ്റ്റർ രാമൻമേനോന്റെ അഭിപ്രായപ്രകാരം പ്രവർത്തിക്കുന്നതിനു ആവശ്യം വേണ്ട മുതൽ ഒരു പരസ്പരസഹായസംഘത്തിനുണ്ടോ എന്നുള്ളകാര്യത്തെപ്പറ്റി ആലോചിക്കേണ്ടതാണെന്നു ഞാൻ ഈ സഭയോടുപേക്ഷിച്ചുകൊള്ളുന്നു. ഇപ്രകാരമുള്ളസംഘങ്ങൾക്കു അംഗപ്രതി ൫ ഏക്കർവീതം ഭൂമികൊടുക്കാൻ അനുവദിക്കാമെന്നു തന്നെയിരുന്നാലും, ചില്ലാതാപുക്കകളിലും അതിലെ കുടിസൗകര്യമുള്ളസ്ഥലം ഉണ്ടായിരിക്കുന്നകാര്യംകൂടെ ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. സിൻഡികേറ്റുകൾക്കും, പരസ്പരസഹായസംഘങ്ങൾക്കും ഇരുവകയിയ തോതിൽ കൊടുക്കത്തക്കവണ്ണം അനുവദിക്കുന്നതു നന്നല്ല.

തിരുവല്ലായിൽവച്ചുനടന്ന പരസ്പരസഹായസംഘങ്ങളുടെ ഒരു സാധാരണയോഗത്തിൽ പാസ്സാക്കിയ പ്രമേയത്തെസംബന്ധിച്ചു ഗവർണ്ണരിൽനിന്നും അഭിപ്രായംചോദിച്ചപ്പോൾ, സിൻഡികേറ്റുകളുടെ സംഗതിയിലെന്നപോലെ പരസ്പരസഹായസംഘങ്ങൾക്കും കാർഷികാധിനിവേശനിയമങ്ങളനുസരിച്ചു ൫ ഏക്കറോളംഭൂമി കൊടുക്കുവാൻ സാധിക്കുന്നതാണോഎന്നു ഞാൻ ദിവാൻപേഷ്കാരന്മാരോടും, ദേവികളും കമ്മീഷണരോടും റിപ്പോർട്ടുചെയ്യുവാൻ ആവശ്യപ്പെടുകയുണ്ടായി. കിട്ടിയിടത്തോളം റിപ്പോർട്ടുകളിൽനിന്നും, ഇപ്പോഴത്തെ നിയമങ്ങളെസംബന്ധിച്ചു വേണ്ടപ്രകാരം ഒരു പരീക്ഷണം നടത്തുന്നതുവരെ സിൻഡികേറ്റുകൾക്കും പരസ്പരസഹായസംഘങ്ങൾക്കും തമ്മിൽ, അവയുടെ ഘടനയും, പ്രവർത്തനവും, ധനസ്ഥിതിയും സംബന്ധിച്ചിടത്തോളം പാരയത്തക്ക വ്യത്യാസംഉണ്ടായിരിക്കുന്നതുകാണുന്നു, അവ രണ്ടിനെയും ഒരേനിലയിൽ ഗണിക്കുന്ന ശരിയായ ഒരു പ്രവൃത്തിയായിരിക്കയില്ലെന്നാണ് കാണുന്നതു. ഏതെങ്കിലും വലിയതോതിൽ ഭൂമിപതിച്ചുകൊടുക്കുന്നതിനുതക്ക സൗകര്യമുള്ള ബ്ളോക്കുകൾ ഉണ്ടായിരിക്കുന്നതല്ലെന്നു റിപ്പോർട്ടുകളിൽകാണിച്ചിട്ടുണ്ടു. ഇങ്ങനെയാകയാൽ തന്നെങ്കിലും ഈ സംഗതിയുടെ എല്ലാ ആവസ്ഥകളുമപ്പാടെയും വേണ്ടപോലെ ആലോചിക്കുന്നുണ്ടു. അതുകൊണ്ടു ഈ സംഗതിയെപ്പറ്റി സൂക്ഷ്മമായി അന്വേഷണം നടത്തുവാൻ കുറച്ചുസമയം ഗവർണ്ണരിനു കൊടുക്കേണ്ടതാണെന്നു ഞാൻ ഈ സഭയോടുപേക്ഷിച്ചുകൊള്ളുന്നു.

കാർഷികാധിനിവേശനിയമങ്ങളിലെ നാനാവകുപ്പുകൾപ്രകാരം രൂപീകരിക്കേണ്ട ആവശ്യമുള്ള കമ്മിറ്റികൾ ഗവർണ്ണമെന്റിൽനിന്നു നിയമിച്ചിട്ടുണ്ടു. സിൻഡിക്കേററുകൾക്കും പരസ്പരസഹായസംഘങ്ങൾക്കും കൃഷിക്കു പരമാധികാരമുള്ള ബ്ലോക്കുകൾ തിരഞ്ഞെടുക്കുവാൻ ആ കമ്മിറ്റികളോടു ആവശ്യപ്പെട്ടിട്ടുണ്ടു. ഇപ്പോൾ ഈ നിയമങ്ങളെ പരിഷ്കരിക്കുന്നതിനു ശ്രമിക്കുന്നതിനുമുമ്പു ഈ കമ്മിറ്റികളുടെ റിപ്പോർട്ടുകളെ പ്രതീക്ഷിക്കേണ്ടതാണെന്നാകുന്നു എന്റെ അഭിപ്രായം. സിൻഡിക്കേററുകളും പരസ്പരസഹായസംഘങ്ങളും അവയുടെ ശക്തിയിൽ കവിഞ്ഞുള്ള വലിയ പദ്ധതികൾക്കുമുതിരുന്നതിനുമുമ്പു ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമങ്ങളെപററി നാം നല്ലപോലെ പരീക്ഷിക്കേണ്ടതാണെന്നാകുന്നു എനിക്കു തോന്നുന്നതു. അതുകൊണ്ടു ഈ പ്രശ്നത്തെപററി നിർബന്ധിക്കാതിരിക്കണമെന്നു ഞാൻ സഭക്കാരോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സർ, മിസ്റ്റർ റാബിൻസൺ അഭിപ്രായപ്പെട്ടതുപോലെ ഗവർണ്ണമെന്റു ആരംഭിച്ചിട്ടുള്ള കാർഷികാധിനിവേശപദ്ധതി പുതുവൽ നിയമത്തിനനുസരിച്ചു ഭൂമി പതിച്ചുകൊടുക്കുന്നതിനു തുല്യമല്ലാത്ത ഒരു മറ്റൊർപ്പാടിനു അടിസ്ഥാനമാക്കിട്ടുള്ളതാകുന്നു. പ്രത്യേകസ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിനുപകരം വ്യക്തികളായ അംഗങ്ങളിൽനിന്നും കിട്ടുന്ന അപേക്ഷകളനുസരിച്ചു ഭൂമി പതിച്ചുകൊടുക്കുന്നതിനു ഒരു തരം നിയമങ്ങൾ ഗവർണ്ണമെന്റു നിർമ്മിച്ചിട്ടുണ്ടു. പുതുവൽനിയമങ്ങളനുസരിച്ചു പ്രവർത്തിക്കുന്നതിനു പ്രയാസം നേരിടുന്നതുകൊണ്ടു ആ നിയമങ്ങളെ പരിഷ്കരിക്കുന്നതിനു ഇടയിലെ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുമുണ്ടു. ആ സ്ഥിതിക്കു വ്യക്തികൾക്കു ഭൂമി പതിച്ചുകിട്ടുന്നകാര്യത്തിൽ കാർഷികാധിനിവേശപദ്ധതി അനുകൂലമായിരിക്കുന്നില്ലെന്നുവരികുന്നതു ശരിയല്ല. പുതുവൽനിയമങ്ങളുടെ ഉള്ളിലായി ക്രിയപ്പെടുത്തിട്ടുള്ള ചില്ലറ മാററങ്ങളിൽ അതു വ്യക്തികളുടെ സ്വാധീനത്തിലിരിക്കണമെന്നു നിർബന്ധമില്ല. പതിച്ചുകൊടുക്കൽ അനുവദിക്കാവുന്നതാണെന്നാകുന്നു. എന്നാൽ കാർഷികാധിനിവേശപ്രകാരം അനുസരിച്ചു പേരിൽ പതിയാതെ ഉപയോഗിക്കപ്പെട്ടിരിക്കുന്ന ചില ഭൂമികൾ കുടുംബങ്ങൾക്കു കൂടിക്കലർന്നു താമസിക്കുവാനായി വിടപ്പെട്ടിരിക്കുന്നു. അതുകൂടാതെ ജീവിതത്തിലുള്ള കുറവുകൾ തീരുന്നതിനും കൃഷിക്കു വ്യവസായസംബന്ധമായ ഉദ്യോഗങ്ങൾക്കും അഭിവൃദ്ധിയുണ്ടാക്കുന്നതിനും ഗവർണ്ണമെന്റു യത്നിക്കുകയാകുന്നു ചെയ്യുന്നതു്. അപ്രകാരമുള്ള ഒരു പദ്ധതി വിജയകരമായി പര്യവസാനിക്കുന്നതിനു ഒരു സന്നദ്ധസംഘം അത്യാവശ്യമുള്ളതാകുന്നു. അതുകൊണ്ടാണ് അപ്രകാരമുള്ള സ്ഥലങ്ങൾ കിട്ടുന്നതിലേക്കായി അപേക്ഷിക്കുവാൻ പരസ്പരസഹായസംഘങ്ങളും സിൻഡിക്കേററുകളും മാത്രമേ യോഗ്യതയുള്ളതായിട്ടുള്ളു എന്നുപറഞ്ഞതു്. ഇപ്പോഴത്തെസ്ഥിതിക്കു വ്യക്തികൾക്കും ആ നിയമത്തെ അനുകൂലമാക്കിത്തീർക്കുന്നതാകയാൽ ഒരു ഉദ്ദേശത്തോടുകൂടി ഈ പദ്ധതി ആരംഭിക്കപ്പെട്ടിരിക്കുന്നുവോ ആ ഉദ്ദേശത്തിനു അതു നാശകരമായി തീരുന്നതാകുന്നു. അവരെസംബന്ധിച്ചിടത്തോളം ഈ സിൻഡിക്കേററുകളുടേയും പരസ്പരസഹായസംഘങ്ങളുടേയും പേരിൽ പതിച്ചിട്ടുള്ള സ്ഥലങ്ങൾ അവരുടെ ഉദ്ദേശങ്ങൾക്കു വിഘാതമുണ്ടാക്കിത്തീരുന്നില്ല. അപ്രകാരമുള്ള സിൻഡിക്കേററുകളുടേയും പരസ്പരസഹായസംഘങ്ങളുടേയും കാര്യങ്ങളിൽ വിമർശാത്മകമായ ഇടപാടുകൾക്കു തീരെ നിവൃത്തിയുണ്ടായിരിക്കുന്നതല്ലെന്നും നാം അറിയേണ്ടതാകുന്നു. കാർഷികാധിനിവേശ നിയമങ്ങളനുസരിച്ചു ഈ ഭൂമികളെ സിൻഡിക്കേററുകൾക്കു ഗവർണ്ണമെന്റുവകുപ്പു കൂടാതെ യാതൊരുപ്രകാരത്തിലും കൈവശത്തിൽനിന്നും വിട്ടുപിരിയുവാൻ പാടില്ലാത്തതാകുന്നു. ഈ സംഘങ്ങൾ കുറഞ്ഞപക്ഷം കൈവശമുള്ള ഭൂമികളുടെ ൫ ശതമാനമെങ്കിലും അല്പകാലത്തെ നാലു വർഷങ്ങൾക്കുള്ളിൽ പരിഷ്കരിക്കുവാൻ നിർബന്ധിതരാകണമെന്നും അതിനെ ഇടർന്ന വർഷങ്ങളിൽ വേറൊരു ശതമാനവും നന്നാക്കേണ്ടതാണെന്നും ഈ നിയമങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. കാർഷികാധിനിവേശപദ്ധതി അനുസരിച്ചു പതിച്ചിട്ടുള്ള ഭൂമികളെസംബന്ധിച്ചു ഈ വ്യവസ്ഥകൾ, വ്യക്തികൾക്കു പതിച്ചുകൊടുക്കുന്ന ഭൂമികളെ സംബന്ധിച്ചുള്ള വ്യവസ്ഥകളിൽനിന്നും വളരെ ആകപ്പാടെതന്നെ വ്യത്യാസപ്പെട്ടതാകുന്നു. ആരംഭിച്ചിട്ടുള്ളതായ പദ്ധതി ഒരു ശ്രേയസ്കരമായ പദ്ധതിയാകുന്നു. എന്നാൽ നമുക്കു ഹിതകാരിയായ യാതൊന്നും പ്രയോഗികമായി ചെയ്യുകാണുന്നില്ല. ഇതിലേക്കു ഉപയോഗിക്കത്തക്ക ഉദ്യോഗങ്ങൾ പ്രത്യേകം തിരഞ്ഞെടുക്കുന്നതിനായി കാർഷികാധിനിവേശ കമ്മിറ്റികളെ ഗവർണ്ണമെന്റു നിയമിച്ചിട്ടുണ്ടു്. ആ കമ്മിറ്റികളിലെ അംഗങ്ങൾ മിക്കവാറും അനുദ്യോഗസ്ഥന്മാരാകുന്നു. ഈ കമ്മിറ്റികളുടെ ഘടനയനുസരിച്ചു ഇവരുടെ പ്രവൃത്തികൾ സംബന്ധിച്ചു കാര്യങ്ങളിൽ ഡിപിഷൻചെയ്യുന്നതിനു നമുക്കു കിട്ടിട്ടുള്ള ഏകമായ പ്രാധാന്യം, ഞാൻ വിചാരിച്ചിട്ടുള്ളതുപോലെ, ഒരു ന്യൂനതയാണെങ്കിൽ അതൊഴികെ ഇത്രയും കാലത്തോളം അവർ യാതൊന്നും ചെയ്തിട്ടില്ലെന്നാണ് പറയേണ്ടിവരുന്നതു. ഈ പദ്ധതി അനുസരിച്ചുള്ള ഉദ്ദേശങ്ങൾ കഴിയുന്നതുംവേഗത്തിൽ നടപ്പിൽ വരുത്തുന്നതിനായി കമ്മിറ്റികളുടെ പ്രവൃത്തികളെ ത്വരപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗം ഗവർണ്ണമെന്റിനു നിന്നും കണ്ടുപിടിക്കേണ്ടതു വളരെ ആവശ്യമാകുന്നു. അതിനുപുറമെ കാർഷികാധിനിവേശ നിയമങ്ങളെ സംബന്ധിച്ചു ഏതെങ്കിലും പുനരാലോചനയ്ക്കു ഭാവമുണ്ടെങ്കിൽ ആയതു ഈ പദ്ധതിയെപ്പററിത്തന്നെ ശരിയായ ഗവേഷണം നടത്തുന്നതുവരെ ആവശ്യമില്ലാത്തതാകുന്നു. ആ രീതിയിൽ യാതൊന്നാണെന്നു ചെയ്തിട്ടില്ല. കമ്മിറ്റികളുടെ റിപ്പോർട്ടും, സ്ഥലങ്ങളുടെ വിഭജനവും, പ്രവർത്തനരീതിയിലുള്ള നിയമങ്ങളുടെ ക്രമീകരണവും കഴിഞ്ഞതിനുശേഷം ഈ സഭയിൽ വന്ന നിയമങ്ങൾ ഭേദഗതിചെയ്യുകിട്ടുന്നതിലേക്കു ശ്രമിക്കുന്നതിലേക്കു നമുക്കു സമയംകിട്ടുന്നതല്ല. അതുവരെ നിയമങ്ങളെല്ലാം ഇപ്പോളിരിക്കുന്നതുപോലെതന്നെ ഇരിക്കുമായിരിക്കാം. ഈ സന്ദർഭത്തിൽ വേറൊരു സംഗതിയെപ്പററിക്കൂടി എനിക്കു പറയേണ്ടതായിട്ടുണ്ടു്. പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങൾ മാത്രം സിൻഡിക്കേററുകളിലെ അംഗങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു നിലയിൽ ഇരിക്കുന്നതെന്തിനാണെന്നു ഞാൻ അറിയുന്നില്ല. സിൻഡിക്കേററുകളിലെ മെമ്പറന്മാർക്കു ൨ ഏക്കർവീതം അനുവദിച്ചിരിക്കെ പരസ്പരസഹായസംഘങ്ങളിലെ മെമ്പറന്മാർക്കു ഒരേക്കർമാത്രം കൊടുക്കുന്നതെന്തിനാണെന്നു മനസ്സിലാക്കുവാൻ എനിക്കു വളരെ പ്രയാസമായിരിക്കുന്നു. ഏതുകൊണ്ടും പരസ്പരസഹായസംഘങ്ങളെ സംബന്ധിച്ചുള്ള മിസ്റ്റർ രാമൻമേനോന്റെ പ്രമേയം എനിക്കു സ്വീകാര്യമായിട്ടാണ് തോന്നുന്നതു്. എന്നാൽ മിസ്റ്റർ റാബിൻസൺ അതുസംബന്ധിച്ചു പറഞ്ഞപ്രകാരം... ...

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഈ സംഗതിസംബന്ധിച്ച് മിസ്റ്റർ റോബിൻസൺ പറഞ്ഞ സമാധാനം മെമ്പർ കേട്ടുവോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ അതിലേക്കാണ് വരുന്നത്. മിസ്റ്റർ റോബിൻസൺ പറഞ്ഞതുപ്രകാരമാണെങ്കിൽ പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങൾക്കും, സിൻഡിക്കേറ്റിലെ അംഗങ്ങൾക്കും, തമ്മിൽ അഭേദം ഒരു ഭേദം കല്പിക്കുവാൻ ചെയ്തത് ആ നിന്ന സംബന്ധിച്ചുടത്തോളം ദിവാൻപേഷ്കാരുടെയോ, ഭൂനികുതി അധികാരികളുടെയോ അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നില്ലെന്ന അഭിമാനത്തോടു പറഞ്ഞുകൊള്ളുന്നു. ഈ കാര്യത്തിൽ സിൻഡിക്കേറ്റുകളും പരസ്പരസഹായ സംഘങ്ങളും പ്രത്യുസ്തമായ നിലയിലാണു നിലകൊള്ളുന്നതെന്നുള്ള നിലയ്ക്ക് ഒരു ഭേദം കല്പിക്കേണ്ട ആവശ്യം തീരെയില്ല. ഉപചയമായ ഭൂമികളെ ഇപ്രകാരം അംഗപ്രതി ൨ ൦ ഏക്കർവീതം വിഭജിക്കുവാൻ ഗവർണ്ണമെന്റിനു ഉദ്ദേശിക്കുന്നതല്ലെന്നുള്ള അഭിപ്രായത്തെ സംബന്ധിച്ചുടത്തോളം എനിക്കു പറവാനുള്ളത് അക്കാര്യത്തിൽ തരാതരംപോലെ പ്രവർത്തിക്കേണ്ടതാണെന്നും ധർമ്മസ്ഥമായ യാതൊരു നിയമവും ഏർപ്പെടുത്തുവാൻ പാടില്ലെന്നും ആകുന്നു. യോഗ്യതാനുസരണം ഓരോന്നിനെസംബന്ധിച്ചും പ്രവർത്തിക്കേണ്ടതാകുന്നു. മിസ്റ്റർ രാമൻമേനോന്റെ പ്രമേയം ഗവൺമെന്റു പരിഗണനചെയ്തിട്ടുള്ള നയത്തിനോടു തീരെ അനുരൂപമായിട്ടുള്ളതല്ലെന്നു മാത്രമല്ല, ഈ പദ്ധതിയിലെ പ്രധാനമായ ഉദ്ദേശത്തിനു തീരെ വിപരീതവുമാകുന്നു എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു മിസ്റ്റർ രാമൻമേനോന്റെ പ്രമേയത്തെ ആകമാനമായും ഇപ്പോഴത്തെ അതിന്റെ രൂപത്തിലും സ്വീകരിക്കുവാൻ എനിക്കു സാധിക്കുന്നതല്ലെന്നു പറയേണ്ടി വന്നതിൽ ഞാൻ വ്യസനിക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഞാൻ മിസ്റ്റർ രാമൻമേനോന്റെ പ്രമേയത്തിലെ ആദ്യഭാഗത്തോടു പൂർണ്ണമായി യോജിക്കുന്നു എങ്കിലും രണ്ടാമത്തെ ഭാഗത്തോടുകൂടി എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. പരസ്പരസഹായസംഘത്തിൽ ൨ ൦ അംഗങ്ങൾ ഉണ്ടെങ്കിൽ അതു നൂറുപേർക്കും ൨ ൦ ഏക്കർവീതം ൨ ൦ ൦ ഏക്കർ പതിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശമാണ് ഈ പ്രമേയംകൊണ്ടു അർത്ഥമാകുന്നത്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പതിച്ചുകൊടുക്കണമെന്നേയുള്ളൂ.

മി. സി. പി. തരകൻ (കുന്നത്തുനാട്): അങ്ങനെ പതിച്ചുകൊടുക്കാൻമാത്രം സ്ഥലം ഇപ്പോൾ ഉണ്ടോ എന്നു എനിക്കു സംശയമാണ്. അതിനാൽ രണ്ടാമത്തെ ഭാഗത്തോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഈ പ്രമേയം ഹാജരാക്കിയപ്പോൾ ഞാൻ വിവരിച്ചുപോലെ എന്റെ മുഖ്യമായ ഉദ്ദേശം ഈ പദ്ധതി അനുസരിച്ചുള്ള ഗുണം ഉളവാകുന്നതിനു ഉണ്ടാകണമെന്നുള്ളതാണ്. കാർഷികാധിനിവേശപദ്ധതി ഓരോരുത്തരുടെപേരിലും ഭൂമി പതിച്ചുകൊടുക്കുന്നതിനു തടസ്സമായി നിൽക്കുന്നില്ലെന്നു മി. ജി. പരമേശ്വരൻപിള്ള പറയുകയുണ്ടായി.

മി. കെ. കെ. തോമസ്സ് (കോട്ടയം): വ്യക്തികൾക്കു സിൻഡിക്കേറ്റുകൾക്കല്ലേ പതിച്ചുകൊടുക്കുന്നതിനു ലഭ്യമായ ഭൂമി എത്രമാത്രമുണ്ടെന്നുള്ളതിനെപ്പററി അദ്ദേഹത്തിന്റെ ഉദ്ദേശം എന്താണെന്നു മെമ്പർ പറയുമോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പറയാം. പ്രത്യേക ആളുകളിൽ ഓരോരുത്തരുടെപേരിലും പതിച്ചുകൊടുക്കുന്നതിലേക്കു ലഭ്യമായ തററുഭൂമികൾ ധാരാളം ഉണ്ടായിരിക്കാം. എന്നാൽ ഈ പദ്ധതി അനുസരിച്ചുള്ള നിർദ്ദിഷ്ടമായ ഗുണങ്ങളും സൗജന്യങ്ങളും വ്യക്തികൾക്കു പതിച്ചുകൊടുക്കുവാൻ അവകാശമില്ല. എന്റെ പ്രമേയത്തിലെ പ്രധാനസംഗതി കഴിയുന്നിടത്തോളം ഈ സൗജന്യങ്ങൾ ഇവരിൽ അർഹതയുള്ളവർക്കു കൊടുക്കണമെന്നാകുന്നു. ഏകോപിച്ചുചെയ്യുന്ന കൃഷികൾ, ജായിന്റ് സ്റ്റാക്കുകമ്പനികൾ മുതലായവ നിർബന്ധിതമാക്കരുത്. ഞാൻ വിവരിച്ചുപോലെ, വഴിവിട്ടസ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്നവയും, തനിച്ചു ചെന്നുതാമസിക്കുവാൻ സമ്മതമില്ലാത്തതുമായ ഭൂമികളിൽ ൨ ൦-ഓ, ൨ ൫-ഓ ൨ ൦-ഓ ആളുകൾ അടങ്ങിയ സംഘങ്ങളായി പോകുന്നതിനു ഗവർണ്ണമെന്റു ആവശ്യപ്പെടേണ്ടതുതന്നെയാകുന്നു ഇത്രത്തോളം ഞാൻ ഗവർണ്ണമെന്റുമായി യോജിക്കുന്നുണ്ട്. എന്നാൽ എന്റെ അഭിപ്രായം ഈ പദ്ധതി അനുസരിച്ചുള്ള സൗജന്യങ്ങൾ ഓരോരുത്തർക്കും അനുവദിക്കേണ്ടതാണെന്നാകുന്നു. ഓരോരുമ്പർക്കും ൨ ൦ ഏക്കർവീതം കിട്ടത്തക്കവണ്ണം എല്ലാസംഗതികളിലും ജായിന്റസ്റ്റാക്കുകമ്പനികൾക്കും പരസ്പര സഹായസംഘങ്ങൾക്കും അനുവാദം നൽകണമെന്നു എനിക്കു നിർബന്ധമില്ല. അതു സാധിക്കുന്നതുമല്ലായിരിക്കാം. ഭൂമികൾക്കു അനുവാദം നൽകണമെന്നു എനിക്കു നിർബന്ധമില്ല. അതു സാധിക്കുന്നതുമല്ലായിരിക്കാം. ഭൂമികൾ പതിച്ചുകൊടുക്കുന്നതുസംബന്ധിച്ചു ൨ ൦ ഏക്കർവരെ എന്നു മിച്ചം ചെയ്യണമെന്നുമാത്രമാകുന്നു എന്റെ പ്രമേയം. ആവശ്യപ്പെടുന്നതു. അനേകം പരസ്പരസഹായസംഘങ്ങൾ ഇതിലേക്കു ആവശ്യപ്പെടുകപോലും ചെയ്യുകയില്ലായിരിക്കാം. ഞാൻ പറഞ്ഞിട്ടുള്ളതുപോലെ ഈ പദ്ധതിഅനുസരിച്ചു പ്രവർത്തിക്കുവാൻ ശക്തിയില്ലാത്ത അനേകം പരസ്പരസഹായസംഘങ്ങളുണ്ടു. ഏതുകൊണ്ടും, പ്രമേയത്തിലെ ആ ഭാഗം ഉപേക്ഷിക്കുന്നതിനു എനിക്കു യാതൊരു വിരോധവുമില്ല. എന്റെ പ്രധാനഉദ്ദേശം അർഹതയുള്ള ഓരോരുത്തർക്കും സൗജന്യങ്ങൾ നൽകേണ്ടതാണെന്നാകുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു: മിസ്റ്റർ റോബിൻസൺ! ഇനിയു ഉപേക്ഷിയായി നിങ്ങൾക്കെന്തെങ്കിലും പറയുവാനുണ്ടോ?

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, മറെപടിയായിട്ടു പറയുവാൻ എനിക്കൊന്നുമുണ്ടെന്നു തോന്നുന്നില്ല. പരസ്പരസഹായ സംഘങ്ങളിലെ അംഗങ്ങളിൽ ഓരോരുത്തർക്കു ൨ ൦ ഏക്കർവീതം കൊടുക്കണമെന്നുള്ളഭാഗം പ്രമേയത്തിൽ നിന്നും മി. രാമൻമേനോൻ പിൻവലിച്ചിരിക്കുന്നു. എന്നാൽ കാർഷികാധിനിവേശനിയമങ്ങൾ, സംഘങ്ങൾക്കുമാത്രമല്ല, വ്യക്തികളേയും സംബന്ധിക്കുന്നവയായിരിക്കണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നു. നിയമങ്ങൾ നിർമ്മിച്ചിട്ടുള്ളതു ഏതുകാര്യത്തേയും ഉദ്ദേശത്തേയും അടിസ്ഥാനമാക്കിയാണോ ആ ഉദ്ദേശങ്ങളേയും കാര്യത്തേയും ആസ്പദമാക്കി അദ്ദേഹം രണ്ടിക്കുന്നതിനില്ലെന്നു തോന്നുന്നു. നിയമങ്ങളനുസരിച്ചു കൊടുക്കപ്പെടുന്നതുമി പ്രത്യേകമായി രണ്ടിച്ചു ചില ആളുകൾക്കു കൊടുക്കേണ്ടതാണെന്നു അദ്ദേഹം പറയുന്നു. അപ്രകാരം ചെയ്യുന്നതായാൽ അതു അധമിലക്ഷണിയമായ നീതികൾക്കു കാരണമായിത്തീരുകയില്ലയോ എന്നു ഞാൻ ഭയപ്പെടുന്നു. അതിനുപുറമെ, യാതൊന്നിയ

ഖം അംഗങ്ങളായി ചേർന്നിട്ടില്ലാത്ത ആളുകൾ ഭൂമി കൈവശപ്പെടുത്തുന്നതുകൊണ്ട് എല്ലാത്തിനേയും സംബന്ധിക്കുന്ന പുതുവൽ നിയമങ്ങൾ അവശ്യമായിട്ടുണ്ട്. ആ നിയമങ്ങൾ അനുസരിച്ച് അധ്യാപകവർഗ്ഗങ്ങളിലുള്ള അംഗങ്ങൾക്കും തുല്യവില കൊടുക്കാതെതന്നെ ഭൂമി ലഭിക്കുന്നതാണ്. അതുകൊണ്ടു നിയമങ്ങളിൽ ഭേദഗതി ചെയ്യേണ്ടതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറഞ്ഞതുപോലെ നിയമങ്ങളെ സംബന്ധിച്ചു ഒരു പരീക്ഷണം നടത്തിയതിനുശേഷമേ അവയെപ്പററി ആലോചിക്കുവാൻ വിചാരിക്കുന്നുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): പരസ്പരസഹായ സംഘങ്ങൾക്കുമാത്രമെ ഈ ഫ ാ ഏക്കർ കൊടുക്കുകയുള്ളു എന്നൊരു നിരോധനത്തിന്റെ ആവശ്യകതമന്താണെന്നു പറയുമൊ?

ഡെപ്യൂട്ടിപ്രസിഡണ്ടു: അദ്ദേഹത്തിന്റെ ആദ്യത്തെപ്രസംഗത്തിൽ അദ്ദേഹം അതിനെപ്പററി വിവരിച്ചിട്ടുണ്ട്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഗുണിക്കുതിയും ആലായനക്കുതിയും കമ്മീഷണർ): ഈ സംഘങ്ങൾക്കെല്ലാം ഫ ാ ഏക്കറിൽ കൂടുതൽകൊടുക്കുന്നതു സാദ്ധ്യമല്ലെന്നു ഞാൻ ആദ്യം വിവരിച്ചു. ഈ ാ സംഘങ്ങൾ ഉണ്ടായിരിക്കാം. ഈ സംഘങ്ങളിൽ ഒരോന്നിനും ഫ ാ ഏക്കർവീതം ലഭിക്കണമെങ്കിൽ മറെറാരുന്നക്കം നമുക്കു ഭൂമി കൊടുക്കുവാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അതല്ല ഞാൻ ചോദിച്ചതു്. എന്റെ പ്രശ്നം സംഘങ്ങളിലെ അംഗങ്ങൾക്കുമാത്രമെന്നു നിർബന്ധമാക്കുവാൻ കാരണമെന്താകുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു: അദ്ദേഹം അതിനു മറുപടി പറഞ്ഞുകഴിഞ്ഞു. അതാണ് പദ്ധതിയുടെ ഉദ്ദേശം.

മി. രാമൻമേനോൻ, നിങ്ങൾ നിങ്ങളുടെ പ്രമേയത്തെപ്പററി നിർബന്ധിക്കുന്നുവൊ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ പ്രമേയത്തിലെ ആദ്യഭാഗത്തെപ്പററി നിർബന്ധിക്കുകയും രണ്ടാംഭാഗത്തെ പിൻവലിക്കുകയും ചെയ്യുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): പ്രമേയത്തെ രണ്ടുഭാഗങ്ങളായി വിഭജിച്ചു വോട്ടെടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു: മി. രാമൻമേനോൻ പ്രമേയത്തിലെ താഴെക്കാണുന്ന ഭാഗം പിൻവലിക്കുന്നു.

"പരസ്പരസാഹായങ്ങളുടെ വിഷയത്തിലും അതിലെ അംഗങ്ങൾ ഓരോരുത്തർക്കും ഈ പദ്ധതി അനുസരിച്ചു ഫ ാ ഏക്കർവരെ എന്നു ക്രിയചെയ്തു ഭൂമി പതിച്ചുകൊടുക്കുവാൻ അനുവദിക്കുന്നതിനും"

പ്രമേയത്തിലെ ഈഭാഗം പിൻവലിക്കുവാൻ സമ്മതിക്കുന്നുവൊ?

സഭയുടെ അനുവാദമനുസരിച്ചു പ്രമേയത്തിലെ ആ ഭാഗം പിൻവലിക്കപ്പെട്ടു.

ഡെപ്യൂട്ടിപ്രസിഡണ്ടു: ഇനിയുള്ള ഭാഗം താഴെക്കാണും പ്രകാരമാകുന്നു.

"ഈരാജ്യത്തിലെ പ്രജകൾക്കു ജായിൻറസ്റ്റാക്ക് കമ്പനികളിലൊ, സിൻഡിക്കേററുകളിലൊ, പരസ്പരസഹായസംഘങ്ങളിലൊ അംഗങ്ങളാകാതെതന്നെ പദ്ധതി അനുസരിച്ചുള്ള ഈനങ്ങൾ ലഭിക്കുവാൻ സാധിക്കത്തക്കവണ്ണം കാർഷികാദിയായ വേശനിയമങ്ങൾക്കു ഭേദഗതി ചെയ്യേണ്ടതാണെന്നു ഈസഭ ഗവർണ്ണമെന്റിനോടു ശുപാർശചെയ്യുകൊള്ളുന്നു.

ഇതിനെ ഞാൻ ഈസഭയിൽ വോട്ടിനിടാം.

സഭയിൽവച്ചു പ്രമേയം വോട്ടിനിട്ടതിൽ ൻ പേർ പ്രമേയത്തിനനുകൂലമായും ൻ പേർ പ്രതികൂലമായും വോട്ടുചെയ്തതായി രേഖപ്പെട്ടു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ ഒരു 'പാഠം' വേണമെന്നു ആവശ്യപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു: ഈ സംഗതിയിൽ ഒരു 'പാളി'ന്റെ ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഞാനും ഒരു പാളിനു ആവശ്യപ്പെട്ടുകൊള്ളുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാനും ഒരു പാഠം വേണമെന്നു ആവശ്യപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു: ഒരു പ്രസ്താവകഭാഗം ന്യൂനസംഖ്യാശ്രിതമായിരിക്കുമ്പോൾ പാഠം വേണമെന്നു ആവശ്യപ്പെടുന്നതു അവകാശത്തിനു ഭംഗംചെയ്യുന്നതാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): 'പാഠം' വേണമെന്നുള്ള എന്റെ അപേക്ഷയെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഞാൻ 'പാഠം' ആവശ്യപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു: പ്രമേയത്തെ അനുകൂലിക്കുന്നവർ ദയവുചെയ്തു എഴുന്നേൽക്കുക.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): 'പാഠം' വേണമെന്നുള്ള അഭിപ്രായത്തെ പ്രതികൂലിക്കുന്നവരും എഴുന്നേല്ക്കേണ്ടതാവശ്യമാണോ?

ഡെപ്യൂട്ടിപ്രസിഡണ്ടു: പ്രമേയത്തെ അനുകൂലിക്കുന്നവർ എഴുന്നേററാൽകൊള്ളാം

പോഠം എടുത്തതിൽ ഫലം താഴെ കാണുംപ്രകാരമാകുന്നു.

അനുകൂലിച്ചവർ ഫ ാ.

ക.	മിസ്റ്റർ	പി. ഹബീബ്മഹമ്മദ്	ന.	മിസ്റ്റർ	തയ്യിൽ കുഞ്ഞിക്കേയമ്മൻ
ഖ.	,,	എ. ജെ. ജോൺ	ഒ.	,,	പി. കെ. നാരായണപിള്ള
ഗ.	,,	കെ. ഐ. ജോസഫ്	വ.	,,	ജി. രാമൻമേനോൻ
ഘ.	,,	സി. കേരളവർമ്മ കോയിത്തമ്പുരാൻ	ൻ.	,,	സി. പി. തരകൻ
ങ.	,,	എക്സ്. ജി. യോപ്പസ്	ഫ ാ.	,,	കെ. കെ. തോമ്മസ്

പ്രതിഷ്ഠിച്ചവർ വന്നു.

൧.	മിസ്റ്റർ കെ. സി. ചാക്കോ	
൨.	,,	കെ. ബി. കുക്ക്
൩.	,,	പി. ഡാനിയൽ
൪.	,,	ആർ. ധനുഷ്കോടിപ്പിള്ള
൫.	,,	കെ. ജോഷ്വ
൬.	,,	ആർ. കൃഷ്ണപിള്ള
൭.	,,	ആർ. കൃഷ്ണസ്വാമിഅയ്യർ
൮.	,,	ടി. കുമാരപിള്ള
൯.	ഡാക്ടർ	എൻ. കുഞ്ഞൻപിള്ള
൧൦.	മിസ്റ്റർ	കെ. മാധവൻപിള്ള
൧൧.	,,	കെ. വി. നടേശയ്യർ
൧൨.	,,	ആർ. നീലകണ്ഠപ്പിള്ള
൧൩.	,,	എം. എൻ. പിള്ള
൧൪.	,,	ആർ. പത്മനാഭൻ
൧൫.	മിസ്റ്റർ	ജി. പരമേശ്വരൻപിള്ള
൧൬.	,,	ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള
൧൭.	,,	കുളാലം പരമേശ്വരൻപിള്ള
൧൮.	മിസ്റ്റസ്	പുന്നൻ ചുക്കാസ്
൧൯.	മിസ്റ്റർ	ടി. പി. രാമസുബ്ബയ്യർ
൨൦.	റാവു ബഹദൂർ	കെ. വി. യകസ്വാമിഅയ്യങ്കാർ
൨൧.	മിസ്റ്റർ	എസ്. സി. എച്ച്. റാബിൻസൺ
൨൨.	,,	കെ. ശിവരാമപ്പണിക്കർ
൨൩.	,,	എം. ശിവതാണുപിള്ള
൨൪.	,,	വി. എസ്. സുബ്രഹ്മണ്യയ്യർ
൨൫.	,,	സി. എസ്. ഇട്ടിപ്പൻനമ്പൂരി
൨൬.	,,	എ. ജെ. വാൻറോസ്

പ്രമേയം തള്ളിയിരിക്കുന്നതായി പ്രസ്താവിച്ചു.

മലയാളഭാഷയെ കോർട്ടു ഭാഷയായിട്ടുള്ള സ്വീകരണം.

താഴെ കാണുന്ന പ്രമേയം സഭമുമ്പാകെ കൊണ്ടുവന്നില്ല.

മി. കല്ലൂർ നാരായണപിള്ള: ഔദ്യോഗികവും അർദ്ധഔദ്യോഗികവുമായി സംസ്ഥാനത്തിൽ നടത്തിവരുന്ന എല്ലാ നടപടികളിലും എഴുത്തുകുത്തുകളിലും മലയാളഭാഷതന്നെ ഉപയോഗിക്കുവാൻ നിർബന്ധിക്കണമെന്നു ഈ സഭ ഗവർണ്ണമെന്റിനോടു ശുപാർശചെയ്യുകകൂടുന്നു.

ഇംഗ്ലീഷ്സ്കൂളുകളിലെ ശിക്ഷാമാർഗ്ഗം.

മി. കല്ലൂർ നാരായണപിള്ള (പഴയനടപ്പിൽ): ഞാൻ താഴെകാണുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു:—

"ഈ സംസ്ഥാനത്തിലെ ഇംഗ്ലീഷ്സ്കൂളുകളിൽ, ഇംഗ്ലീഷ്ഭാഷയാഴികെയുള്ള എല്ലാ വിഷയങ്ങളും മലയാളഭാഷാ മുഖേനയും, ആവശ്യമുണ്ടെന്നു തോന്നുന്ന സ്ഥലങ്ങളിൽ അതിനുപകരം തമിഴ് ഭാഷമുഖേനയും അഭ്യസിപ്പിക്കുവാൻ തക്കവണ്ണം ഒരു പദ്ധതി വ്യവസ്ഥാപിക്കുന്നതിനു ആവശ്യമുള്ള പ്രാരംഭനടപടികൾ ചെയ്യുണമെന്നു ഈ സഭ ഗവർണ്ണമെന്റിനോടു ശുപാർശചെയ്യുകകൊള്ളുന്നു."

ഈ പ്രമേയം ഞാൻ അവതരിപ്പിച്ചിട്ടുള്ളതു് തിരുവിതാംകൂറിലെ ബാലവിദ്യാർത്ഥികളുടെ ശരീരമാനസികശക്തികളെ ദുർബലപ്പെടുത്തുന്ന പഠനപദ്ധതിയെ ഭേദപ്പെടുത്തുന്നതിനുവേണ്ടിയാണ്. ഇംഗ്ലീഷ് സ്കൂളുകളിൽ താഴ്ന്ന ക്ലാസുമുതൽ സ്കൂൾ ഫൈനൽ ക്ലാസുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കു എല്ലാവിഷയങ്ങളും ആ വിദേശഭാഷയിൽതന്നെ പറഞ്ഞുകൊടുക്കുന്നതു സുഗ്രഹമായിട്ടുള്ളതല്ല. മലയാളഭാഷയാണ് അവരുടെ മാതൃഭാഷ. ജനനംമുതൽ കേട്ടും അറിഞ്ഞും പഠിച്ചും വന്നിട്ടുള്ള ഭാഷയിൽ കൊടുക്കുന്ന വിദ്യാഭ്യാസത്തിനെ അവരുടെ ഹൃദയത്തിൽ സ്ഥാനംപിടിക്കാൻ കഴിയുകയുള്ളു. മനസ്സും ബുദ്ധിയും രണ്ടുവിധം പ്രവൃത്തികളെയാണു ചെയ്യുന്നതു. വിദേശഭാഷയായ ഇംഗ്ലീഷ് ഭാഷാ മുഖേന പറഞ്ഞുകൊടുക്കുന്ന അറിവിനെ ഒരു മലയാളിവിദ്യാർത്ഥിക്കു മനസ്സിലാകണമെങ്കിൽ ബുദ്ധി അതിനെ തർജ്ജിമ ചെയ്തുകൊടുത്തുകൊണ്ടിരിക്കണം. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഒരേ ഉദ്ദേശത്തിൽതന്നെ മനസ്സും ബുദ്ധിയും വേലചെയ്യേണ്ടതായിട്ടാണ് വരുന്നതു് "You come here" (നിങ്ങൾ ഇങ്ങോട്ടുവരിക) എന്നു ഒരു മലയാളിവിദ്യാർത്ഥിയോടു പറയുന്നതായാൽ ആദ്യമായി ആ കുട്ടി അതിന്റെ അർത്ഥം എന്താണെന്നു ബുദ്ധികൊണ്ടുചോദിച്ചു മനസ്സിലാക്കിയശേഷമേ ഇരിക്കുന്ന സ്ഥാനം വിട്ടെഴുന്നേൽക്കുവാൻ ഭാവിക്കയുള്ളു. എന്നാൽ ഒരു ഇംഗ്ലീഷ്കാരനായ വിദ്യാർത്ഥിയോടു അതുവിധം "You come here" എന്നു പറയുന്നതായാൽ അതുമാത്രയിൽതന്നെ ഒരു തർജ്ജിമയുടെ ആവശ്യംകൂടാതെ ഉടൻ ആ വിദ്യാർത്ഥി എഴുന്നേററുവരുന്നതാണ്. ഈ വ്യത്യാസം കൊണ്ടുണ്ടാകുന്ന സ്ഥിതി നിസ്സാരമായിട്ടുള്ളതല്ല. ഈ മാതിരി വിദ്യാഭ്യാസം ഉടൻതോന്നുകുന്നതായാൽ വിദ്യാർത്ഥികളുടെ ശാരീരമാനസിക സ്ഥിതികൾക്കു വളരെ ദുഷ്യം സംഭവിക്കുന്നതാണ്. ഈ പഠനരീതി വിദ്യാർത്ഥികളെ ക്ലേശിപ്പിക്കയാണു ചെയ്യുന്നതു.

ശാസ്ത്രീയമായും സാങ്കേതികമായും ഉള്ള വിഷയങ്ങൾ കഴിയുന്നതും മാതൃഭാഷാമുഖേനയാണ് അഭ്യസിപ്പിക്കേണ്ടതു. മാതൃഭാഷാമുഖേന അഭ്യസിക്കുന്ന വിഷയങ്ങൾ ഒരിക്കലും സ്മൃതിപഥത്തിൽനിന്നും വിട്ടുപോകുന്നതല്ല. ഇതിലേക്കു മാതൃഭാഷയിൽ ശാസ്ത്രീയമായും സാങ്കേതികമായുള്ള ഗ്രന്ഥങ്ങൾ കുറവാണെന്നുള്ള ഒരു വാദം പുറപ്പെടുവിക്കുകാം. ആവശ്യമാണ് സൃഷ്ടിക്കു കാരണമാകുന്നതു. ആ മാതിരി ഗ്രന്ഥങ്ങൾ ആവശ്യംപോലെ ഉണ്ടാകുന്നതേയുള്ളു.

സാങ്കേതിക ശബ്ദങ്ങൾ ഈ മാതൃഭാഷയിൽ വേണ്ടുവോളമില്ലെന്നുള്ള അഭിപ്രായവും സ്വീകാര്യമല്ല. മലയാളഭാഷയിലേക്കു സംസ്കൃതപദങ്ങൾ വേണ്ടുവോളം പ്രവേശിച്ചിട്ടുണ്ടു. സാങ്കേതികശബ്ദങ്ങളെ സംസ്കൃതത്തിൽനിന്നും ധാരാളമായി സ്വീകരിക്കാവുന്നതാണ്. ക്ലസ്മ, പെൻസിൽ, കടലാസ്, ചൈന, കൌൺസിൽ, പ്രസിഡന്റ് മുതലായ പദങ്ങൾ ഹിന്ദുസ്ഥാനി, പെർഷ്യൻ, ഇംഗ്ലീഷ് മുതലായ ഭാഷാപദങ്ങളാണ്. ഈമാതിരി പദങ്ങൾ മലയാളഭാഷയിൽ ചേർന്നു മലയാളത്തിന്റെ ഛായപിടിച്ചുകഴിഞ്ഞിരിക്കുന്നു. ഇതുപോലെ ഉപയോഗക്രമംകൊണ്ടു അന്യഭാഷാപദം മാതൃഭാഷാപദമായിത്തീരാവുന്നതാണ്. ഇംഗ്ലീഷ് ഭാഷയിൽതന്നെ അന്യഭാഷാപദങ്ങൾക്കു ധാരാളമായി സ്ഥാനം കല്പിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു മാതൃഭാഷാപദങ്ങളെ ഒരു സാങ്കേതികശബ്ദത്തിനു ഉപയോഗിക്കുവാൻ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ ഇംഗ്ലീഷ്ഭാഷാപദത്തെ തന്നെ അതേരൂപത്തിൽ നമ്മുടെ മാതൃഭാഷയിലേയ്ക്കു സ്വീകരിക്കാവുന്നതാണ്. ആ സ്ഥിതിക്കു സാങ്കേതികശബ്ദങ്ങളുടെ കുറവു മാതൃഭാഷയിൽ സാങ്കേതിക ഗ്രന്ഥങ്ങളെ അഭ്യസിപ്പിക്കുന്നതിനു തടസ്സമായി വരാവുന്നതല്ല.

അരശതവർഷത്തിനു മേലായി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി നമ്മുടെ ഗവർണ്മെന്റ് അനവധി ദ്രവ്യം ചിലവുചെയ്തുവരുന്നു. ഈ കാലംകൊണ്ടു ൧,൦൦൦-ത്തു ക്ലർക്ക്-യിൽ കൂടുതൽ ആളുകൾക്കു ഇംഗ്ലീഷ് ഭാഷാപരിജ്ഞാനംതന്നെ സിദ്ധിച്ചുകഴിഞ്ഞിട്ടില്ല. ശാസ്ത്രീയമായോ സാങ്കേതികമായോ ഉള്ള പരിജ്ഞാനം ജനസാമാന്യത്തിനു സിദ്ധിച്ചിട്ടില്ല. മാതൃഭാഷയിൽ ആധുനിക ഗ്രന്ഥങ്ങൾ സമൃദ്ധിയായി ഉണ്ടാകുന്നതു ജനസാമാന്യത്തിന്റെ അറിവിനെ പോഷിപ്പിക്കുന്നതിനും, തല്ഫലം അവരെ വ്യവസായ പരിശീലനത്തിനു പ്രേരിപ്പിക്കുന്നതിനും അതിലേക്കു വാസന ജനിപ്പിക്കുന്നതിനും കാരണമാകുന്നതാണ്. അപ്രകാരമുള്ള ഗ്രന്ഥങ്ങൾ സാമാന്യജനങ്ങളുടെ കേൾക്കെപ്രയോജനങ്ങൾക്കും നിദാനമായിത്തീരുന്നതാണ്.

ആകയാൽ ഇംഗ്ലീഷ് സ്കൂളുകളിൽ ഇംഗ്ലീഷ്ഭാഷ ഒഴികെയുള്ള വിഷയങ്ങൾ മലയാളത്തിലും, തമിഴ് ഭാഷയെ മാതൃഭാഷയായി സ്വീകരിച്ചിട്ടുള്ള ദേശങ്ങളിൽ ആ ഭാഷയിലും പഠിപ്പിക്കുന്നതിനുവേണ്ടി എന്റെ പ്രമേയത്തെ ഈ കൌൺസിൽ മുമ്പാകെ ഹാജരാക്കിക്കൊള്ളുന്നു.

മാതൃഭാഷാഭിമാനികളും, ബാലവിദ്യാർത്ഥികളുടെ അഭ്യുദയകാംക്ഷികളുമായ സജ്ജനങ്ങൾ എന്റെ ഈ പ്രമേയത്തെ ഹാർദ്ദമായി അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

മി. സി. കേരളവർമ്മക്കോയിൽത്തമ്പുരാൻ (ഇടവക): സർ, മിസ്റ്റർ കല്ലൂർ നാരായണപിള്ളയുടെ പ്രമേയത്തെ ഞാൻ വളരെ സന്തോഷത്തോടുകൂടി പിന്താങ്ങിക്കൊള്ളുന്നു. അധോഗതിയിൽകിടക്കുന്ന മലയാളഭാഷയെ ഉദ്ധരിക്കുന്നതിനും നമ്മുടെ ആത്മാഭിമാനത്തെ രക്ഷിക്കുന്നതിനും ഉതകുന്ന ഒരു പ്രമേയമാണു ഇതു്. മലയാളഭാഷയിൽതന്നെ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ മലയാളത്തിൽതന്നെ മററാരു സാമാജികൻ പിന്താങ്ങുന്നതു ഉചിതമായിരിക്കുമെന്നു എനിക്കു തോന്നിയതുകൊണ്ടാണു ഞാൻ ഇപ്പോൾ എണീററതു. ഈ കൌൺസിലിൽ മലയാളത്തിൽ സംസാരിക്കുന്ന ഞങ്ങൾ രണ്ടുപേരുകൂടി മലയാളത്തിനു അധികം പ്രാധാന്യം കൊടുക്കണമെന്നു ആവശ്യപ്പെടുന്നതു വാൽമുറിഞ്ഞ കുറുക്കൻ മററു കുറുക്കന്മാരുടേയും വാൽ മുറിക്കണമെന്നു ആവശ്യപ്പെട്ടതുപോലെ ആകുന്നുവോ എന്നെനിക്കു സംശയമുണ്ടു. എന്നാൽ ഞങ്ങളുടെസ്ഥിതിക്കും കഥയിലെ കുറുക്കന്റെ സ്ഥിതിക്കും സ്വല്പം വ്യത്യാസമുണ്ടു. സ്വതന്ത്രമായ ഒരവയവത്തെ മുറിച്ചുകളയണമെന്നാണു കുറുക്കൻ ആവശ്യപ്പെട്ടതു. എന്നാൽ ഞങ്ങൾ ആവശ്യപ്പെടുന്നതു അങ്ങനെയല്ല. കൃത്രിമമായിട്ടു കെട്ടിക്കൊണ്ടുനടക്കുന്ന വാലിനെ മുറിച്ചുകളയണമെന്നുള്ളതാണു. നമ്മുടെ മാതൃഭാഷയും പൂർവികന്മാർ വളരെക്കാലമായിട്ടു ഉപയോഗിച്ചുവന്നിട്ടുള്ള ഭാഷയും മലയാളമാണു. നമ്മുടെ പലമാതിരിയുള്ള പൂർവമഹിമകളെല്ലാം സൂക്ഷിച്ചുവച്ചുകൊണ്ടിരിക്കുന്നതും മലയാളഭാഷയിലാണു. അതിനുംപുറമെ മലയാളത്തിലാണു ഉണ്ണിയച്ചൻ, കുഞ്ചൻ തുടങ്ങിയുള്ള മഹാകവികളുടെ ആശയങ്ങളെ സൂക്ഷിച്ചുവച്ചിട്ടുള്ളതു. പിന്നെ നമ്മുടെ ജനനംമുതൽ നടക്കുമ്പോളും ഇരിക്കുമ്പോളും ഉറങ്ങുമ്പോളും എന്നുവേണ്ട സകല സമയവും ഉപയോഗിക്കുന്നതു മാതൃഭാഷയായ മലയാളംതന്നെയാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ മലയാളം നമ്മുടെ ദേഹത്തിലെ ഒരംഗംപോലെ ആയിത്തീർന്നിട്ടുണ്ടു. അങ്ങനെയുള്ള ഒരു ഭാഷയെ കേവലം തിരസ്കരിച്ചു തൽസ്ഥാനത്തു ഇംഗ്ലീഷിനെ പ്രതിഷ്ഠിക്കുന്നതു രാജ്യക്ഷേമത്തിനു ഹാനികരമാണെന്നുമാത്രമല്ല നമ്മുടെ അഭിമാനത്തിനുംകൂടി ഹാനികരമാണു. ആഫ്രിക്കായിലുള്ള നീഗ്രോവർഗ്ഗക്കാരുടേയും അമേരിക്കയിലുള്ള റെഡ് ഇൻഡ്യാക്കാരുടേയും ഇടയിൽ യൂറോപ്യന്മാർ ചെന്നതോടുകൂടി അവരുടെ പരിഷ്കാരം അവിടെ വരുത്തുകയും വേഷത്തിലും ആചാരത്തിലുമെല്ലാം പാശ്ചാത്യസമ്പ്രദായം അനുകരിപ്പിക്കയുംചെയ്തു. എന്നാൽ ഈ വർഗ്ഗക്കാർ കേവലം കാട്ടാളന്മാരെപ്പോലെ അപരിഷ്കൃതന്മാരായി ജീവിച്ചുവന്നിരുന്നതിനാൽ ഈ പരിവർത്തനം അവർക്കു ആവശ്യമായിരുന്നു. എന്നാൽ നമ്മുടെ സ്ഥിതി അങ്ങനെയല്ല. നമ്മുടെ പൂർവികന്മാർ പരിഷ്കാരത്തിൽ പാശ്ചാത്യരേക്കാൾ എത്രയോ മുന്നണിയിൽ ആയിരുന്നുഎന്നുള്ളതു ചരിത്രംകൊണ്ടു നമുക്കറിയാവുന്ന ഒരു സംഗതിയാണു. ഭാഷയിലുള്ള വ്യാകരണം തത്വശാസ്ത്രം തുടങ്ങിയുള്ള ഗ്രന്ഥസമുച്ചയങ്ങളിലാകട്ടെ നമ്മുടെ പൂർവികന്മാർ ഒട്ടും പിന്നോട്ടല്ലായിരുന്നില്ല. എന്നാൽ മലവെള്ളംവന്ന നദിയുടെ തീരപ്രദേശങ്ങളെ നശിപ്പിച്ചുകൊണ്ടു പോകുന്നതുപോലെ പാശ്ചാത്യപരിഷ്കാരത്തിനു ഇവിടെ സ്ഥാനംലഭിച്ചതോടുകൂടി ഇതുകളെയെല്ലാം ഉപയോഗശൂന്യമാക്കിത്തീർത്തു.

പാശ്ചാത്യപരിഷ്കാരം ഇവിടെ വന്നുകൂടിട്ടു കുറച്ചു കുറെയായി. അതിൽനിന്നും ഏതെല്ലാമാണു ഗുണമെന്നും ഏതെല്ലാമാണു ദോഷമെന്നും നാം കണ്ടറിഞ്ഞുകഴിഞ്ഞു. അതിൽനിന്നും നാം നല്ലതിനെ സ്വീകരിക്കണം. അതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു മാതൃഭാഷാപ്രചാരണം. സ്വന്തഭാഷയെ എത്രത്തോളം പരിഷ്കരിക്കാമോ അത്രത്തോളം പരിഷ്കരിച്ചു പാശ്ചാത്യശാസ്ത്രങ്ങളെ സ്വന്തഭാഷയിലാക്കി നമ്മുടെ കുട്ടികളെ പഠിപ്പിക്കയാണെങ്കിൽ അവർക്കു മനസ്സിലാക്കാൻ വളരെ എളുപ്പമുണ്ടെന്നാണു എന്റെ അഭിപ്രായം. മലയാളഭാഷയെ ഇപ്പോൾ വലിയ പുഛമായിട്ടാണു വച്ചിട്ടുള്ളതു. ഇംഗ്ലീഷ്വേഷവുംധരിച്ചു ഇംഗ്ലീഷ്ഭാഷയും സംസാരിച്ചു നടക്കുന്നുണ്ടെങ്കിൽ അതിൽ യോഗ്യത കുറെ കൂടുതൽഉണ്ടെന്നും മലയാളവേഷത്തിലും മലയാളഭാഷയിലും സംസാരിച്ചാൽ യോഗ്യത കുറയാണെന്നും ചിലർ ധരിച്ചിട്ടുണ്ടു്. ഇതിനു ദൃഷ്ടാന്തമായി സാധാരണ കണ്ടുവരാറുള്ള ഒരു സംഗതി പറയാം. നാം ഒരാളിനെ കാണാൻപോകുമ്പോൾ നടയിൽനിൽക്കുന്ന ശിപായിയോടു ഇംഗ്ലീഷിൽ ചോദിച്ചാൽ അവൻ ഉടനെ അടുത്തുള്ള സമാധാനംപറയും. എന്നാൽ അയാളോടു മലയാളത്തിൽ ചോദിച്ചാൽ അയാൾ അവിടെനിന്നും എഴുന്നേൽക്കുകകൂടി ചെയ്യുകയില്ല. അതുപോകട്ടെ തന്നെ നമ്മുടെ കുട്ടികളുടെയിടയിലും ഇംഗ്ലീഷിനാണു പ്രാധാന്യമെന്നും മലയാളത്തിനു പ്രാധാന്യക്കുറവുണ്ടെന്നും ഒരു ധാരണയുണ്ടു. ആ ധാരണ ഇനി ഒട്ടും വച്ചുകൊണ്ടിരിക്കുന്നതു നന്നല്ല. അതുകൊണ്ടു നമ്മുടെ വിദ്യാഭ്യാസവകുപ്പിൽ നാട്ടുഭാഷാവിദ്യാഭ്യാസത്തിനു ഒന്നാമത്തെ സ്ഥാനം കല്പിക്കയും ഇംഗ്ലീഷിനു രണ്ടാമത്തെ സ്ഥാനം കല്പിക്കയും ചെയ്യണമെന്നാണു എന്റെ അഭിപ്രായം.

അതുപോകട്ടെതന്നെ മലയാളഭാഷയ്ക്കു ഒരു കുറവു ഈ കൌൺസിലിലുംഉണ്ടു. ഇംഗ്ലീഷിൽതന്നെ ഇവിടെ സംസാരിക്കുന്നതുകൂടാതെ ഇംഗ്ലീഷ് സാഹിത്യത്തിനു കൂടുതൽ ഗുണമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടത്തെ പ്രൊസീഡിംഗ്സ് ശീമയിലുള്ളവരാരുംതന്നെ വായിക്കാറില്ല. നേരെമറിച്ചു ഭാഷയെ ചീത്തയാക്കുന്നുഎന്നു അവർക്കു അഭിപ്രായമുണ്ടാകുമെന്നു. അതുകൊണ്ടു ഈ സഭാനടപടികൾ മലയാളഭാഷയിൽതന്നെ നട

ഇരുന്നപക്ഷം ഈ സഭയ്ക്കിൽതന്നെയുള്ള അനേകം പണ്ഡിതന്മാർ നല്കിയ പല പ്രസംഗങ്ങൾ ചെയ്യുന്നതിനും തന്നിമിത്തം ഭാഷയ്ക്കു നല്ല അഭിവൃദ്ധിയുണ്ടാകുന്നതിനും സംഗതിയാകുന്നതാണു. അതിനെ അവഗണിച്ചു വളരെ കുറച്ചു ഇംഗ്ലീഷ്ഭാഷയെ മുഖ്യപ്പെടുത്തുന്നതു നല്ലതാണെന്നു എനിക്കു തോന്നുന്നില്ല.

ഇപ്പോഴത്തെ പാഠപദ്ധതിയെ പൊട്ടുന്നു മാററാൻ സാധിക്കയില്ലെന്നുള്ളതു മലയാളഭാഷയിലുള്ള പാഠപുസ്തകത്തിന്റെ അഭാവം തെളിയിക്കുമെങ്കിലും അതിനു ശ്രമിക്കാതെയിരുന്നാൽ ഒരിക്കലും അതു സാദ്ധ്യമാകയില്ല. അതുകൊണ്ടു ഇതിലേക്കുള്ള പ്രാരംഭജോലികൾ ഇപ്പോൾതന്നെ ഉടങ്ങേണ്ടതാണു.

സാധാരണ തിരുവിതാംകൂറിലുള്ള സമ്പ്രദായം കൊച്ചിയിൽ അനുകരിക്കുകയാണു പതിവു. എന്നാൽ കൊച്ചിനിയമസഭയിൽ മലയാളഭാഷയ്ക്കു പ്രാധാന്യം കൊടുക്കണമെന്നു ഒരു പ്രമേയം ഹാജരാക്കിയതായി ഞാൻ അറിയുന്നു. പക്ഷെ അതു പാസ്സായിട്ടില്ലെന്നുതോന്നുന്നു. അതിനാൽ മലയാളഭാഷയ്ക്കു പ്രാധാന്യംകൊടുക്കണമെന്നുള്ള അഭിപ്രായവും മററു പരിഷ്കാരങ്ങളെപ്പോലെ ഇവിടെനിന്നുതന്നെ വടക്കോട്ടുപോകുന്നതാണു നമുക്കു അധികം അഭിമാനകരമായിരിക്കുമെന്നു എനിക്കുതോന്നുന്നു. അതിനാൽ ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): സർ, പ്രമേയം ഹാജരാക്കിയതും പ്രമേയത്തെ അനുകൂലിച്ചതും രണ്ടുപേരും പ്രമേയത്തെ താങ്ങി വളരെ വാക്കുകൾ പറഞ്ഞുകഴിഞ്ഞു പ്രസംഗിച്ചു. അവരുടെ പ്രസംഗോദ്ദേശ്യം ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ ഭാഷയൊഴികെയുള്ള എല്ലാവിഷയങ്ങളും നാട്ടുഭാഷമുഖേന പഠിപ്പിക്കണമെന്നാകുന്നു. ഈ ഭേദഗതിവേണമെന്നു ആവശ്യപ്പെടുന്നതിനു അവർ പറയുന്ന കാരണങ്ങളിൽ ആദ്യത്തേതു രാജ്യത്തിലെ ദരിദ്രകുടുംബങ്ങളുടെ അഭിവൃദ്ധിയ്ക്കു ഈ ഭേദഗതി ആഗ്രഹിക്കുന്നതാണെന്നും രണ്ടാമതു ആ രാജ്യത്തിലെ സാമ്പത്തികാഭിവൃദ്ധിയ്ക്കു സഹായമായിരിക്കുമെന്നും മൂന്നാമതു ഒരുവിശേഷഭാഷയുടെ ആധിക്യം വിശേഷിച്ചും നാട്ടുഭാഷകളുടെതന്നിമിത്തം ആകപ്പാടെ പ്രഭാവഭിന്നമായ ഇംഗ്ലീഷിനെപ്പോലെയുള്ള ഭാഷയുടെ സ്വീകരണം മാനസികമായ പ്രയത്നത്തിനു കൂടുതൽ കാരണമായിത്തീരുന്നതാകയാൽ കഴിയുന്നതും വേഗത്തിൽ വയ്ക്കേണ്ടതാണെന്നും അവസാനത്തേതു അഭിപ്രായപ്പെട്ടിട്ടുള്ള മാററം ചെയ്യുന്നതായാൽ നാട്ടുഭാഷാസാഹിത്യത്തിന്റെ ഉൽക്കർഷത്തിനും ശ്രേഷ്ഠതയ്ക്കും കാരണമാകുന്നതാണെന്നും ആകുന്നു.

സർ, നമ്മുടെ രാജ്യത്തെപ്പററിയുള്ള സ്നേഹംനിമിത്തം നമ്മുടെ സാമ്പത്തികാഭിവൃദ്ധികളെപ്പററിയുള്ള ആഗ്രഹത്തിനോ നമ്മുടെ നാട്ടുഭാഷയുടെ ശ്രേഷ്ഠതയ്ക്കും അഭിവൃദ്ധിക്കോ ആയിട്ടുള്ള മോഹത്തിനോ ഞാൻ അധീനനായി ഭവിക്കുന്നില്ല. ഇംഗ്ലീഷ ഭാഷയെപ്പോലെയുള്ള ഒരു വിശേഷഭാഷയെ സ്വീകരിക്കുന്നതുകൊണ്ടു മാനസികശക്തിക്കു വളരെ പ്രയത്നം വേണ്ടിവരുന്നതാണെന്നു സമ്മതിക്കാൻ ഞാനുംതയ്യാറാണു. എന്നാൽ അവർ സ്ഥാപിക്കുവാൻ ശ്രമിക്കുന്ന അനുമാനം അവരുടെ പ്രസ്താവങ്ങൾക്കനുരൂപമായിരിക്കുന്നുഎന്നു ഞാൻ വിചാരിക്കുന്നില്ല. കേവലം ഒരു പ്രമേയംമാത്രമായിട്ടു ഗണിക്കുന്നതായാൽ പ്രാഥമികവിദ്യാഭ്യാസംമുതൽ സർവ്വകലാശാലാവിദ്യാഭ്യാസംവരെയുള്ള എല്ലാഘട്ടങ്ങളിലും നാട്ടുഭാഷമുഖേന ഈരാജ്യവാസികളെ അഭ്യസിപ്പിക്കുന്നതു ഉത്തമമായമാർഗ്ഗമാണെന്നുള്ളതു ആർക്കും വിസമ്മതിക്കത്തക്കതല്ല. ഈഅഭിപ്രായത്തെപ്പററി ആർക്കും വാദിക്കുവാൻ സാധിക്കുന്നതുമല്ല ഞാൻ അപ്രകാരംചെയ്യണമെന്നാഗ്രഹിക്കുന്നതുമല്ല. എന്നാൽ എന്റെഅഭിപ്രായം ഇതുഒരു മാതൃകമാത്രമാണെന്നും നമ്മുടെ ഇപ്പോഴത്തെ സ്ഥിതിക്കു നമുക്കു അതു സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നുമാകുന്നു.

ഇനി ആസ്ഥിതികൾ എന്തെല്ലാമാണെന്നു നമുക്കുനോക്കാം. ഹൈസ്കൂൾ വിദ്യാഭ്യാസപദ്ധതി സർവ്വകലാശാലവിദ്യാഭ്യാസത്തിലേയ്ക്കുള്ള സജ്ജീകരണം മാത്രമാണെന്നുള്ള വസ്തുതയെ അടിസ്ഥാനപ്പെടുത്തിവേണം ഇംഗ്ലീഷ്സ്കൂളുകളിലെ അഭ്യസനരീതി ഏതുഭാഷമുഖേനയായിരിക്കണമെന്നു തീർക്കുവാനും നിശ്ചയിക്കുവാൻ കലാശാലവിദ്യാഭ്യാസത്തിനു പോകണമെന്നു ആഗ്രഹിക്കുന്ന നമ്മുടെ യുവാക്കന്മാർക്കു നമ്മുടെരാജ്യത്തിൽ ഇൻഡ്യയിൽ മററൊരിടത്തുമില്ലാത്തവിധം നാട്ടുഭാഷയിൽതന്നെ വിദ്യാഭ്യാസംനല്കുന്നഏതാനുംസ്ഥാപനങ്ങൾ പ്രത്യേകമായിട്ടുൾപ്പെടുത്തീട്ടുണ്ടു. ഈ സ്ഥാപനങ്ങളിൽ ഇംഗ്ലീഷ്സ്കൂളുകളിൽ പഠിപ്പിച്ചുവരുന്നതിനോടു മിക്കവാറും തുല്യമായരീതിയിൽതന്നെ അതേവിഷയങ്ങളിലെ വിദ്യാഭ്യാസം നല്കിവരുന്നുണ്ടു. അതുകൊണ്ടു നാട്ടുഭാഷയിൽമാത്രമായി വിദ്യാഭ്യാസം സിദ്ധിക്കുവാൻ ആഗ്രഹിക്കുന്ന നമ്മുടെ യുവാക്കന്മാർ ഈ സ്ഥാപനങ്ങളിൽ ഏതിലെങ്കിലും ചെന്നിൽചേരാവുന്നതാണു. ഇപ്രകാരമുള്ള സ്ഥാപനങ്ങളായിട്ടു നമ്മുടെരാജ്യത്തിൽ ക്ലാസിക്കൽസ്കൂളുകളും ഉദ്ദേശം ക്ലാ ഹൈസ്കൂളുകളുമുണ്ടു. ഈ വെർണാക്യുലർ ഹൈസ്കൂളുകളിൽനിന്നും ഒരാൾക്കു ഇംഗ്ലീഷ്സ്കൂളുകളിൽ നടക്കിവരുന്ന വിദ്യാഭ്യാസരീതിയിൽ ഒരുപ്രകാരത്തിലും താണതല്ലാത്ത വിദ്യാഭ്യാസംസിദ്ധിക്കുവാൻ സാധിക്കുന്നതുമാണു. അതിനുംപുറമെ ആസ്കൂളുകളിലെ വിദ്യാഭ്യാസംകൂടുതൽ ആദായകരവുമാണു ആസ്കൂളിൽ അവർക്കുകൊടുക്കേണ്ടഫീസ് ഇംഗ്ലീഷ്സ്കൂളുകളിൽ കൊടുക്കേണ്ടതിനെക്കാൾ വളരെ കുറവുമാകുന്നു. അപ്രകാരമിരുന്നിട്ടും വിദ്യാഭ്യാസത്തിനു കൂടുതൽ ചെലവു വേണ്ടിവരുന്നതു മനസ്സിലാക്കുവാൻ വളരെ പ്രയാസമുള്ള ഒരു ഭാഷമുഖേന അഭ്യസനം നടത്തിവരുന്നതുമായ ഇംഗ്ലീഷ്സ്കൂളുകളിൽ നമ്മുടെ യുവാക്കന്മാരിൽ അസംഖ്യംപേർ ചേരുന്നതിന്റെ രഹസ്യമെന്തായിരിക്കാം? ഈരഹസ്യം നമുക്കെല്ലാവർക്കുംഅറിയാവുന്ന ഒന്നുതന്നെയാണു. ഇംഗ്ലീഷ്സ്കൂളുകളിൽ ചേരുന്ന എല്ലാവരുടെയും ഉദ്ദേശം സർവ്വകലാശാലാ ബിരുദ സമ്പാദിക്കണമെന്നുള്ളതുതന്നെയാണു. എന്നാൽ ഇംഗ്ലീഷ്സ്കൂളുകളിൽ ചേരുന്ന എല്ലാവരും സർവ്വകലാശാലയ്ക്കുള്ളിൽ എത്തുന്നില്ല. അതിനിടയ്ക്കു അനേകംപേർ പഠിത്വം മതിയാക്കുന്നുണ്ടു അപ്രകാരമാകുന്നെങ്കിലും ഇംഗ്ലീഷ്സ്കൂളുകളിൽ ചേരുമ്പോൾ സർവ്വകലാശാലബിരുദ സമ്പാദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിത്തന്നെയാണു അവർ അപ്രകാരംചെയ്യുന്നതു.

സർവ്വകലാശാലവിദ്യാഭ്യാസം നടക്കിവരുന്ന നമ്മുടെകാളേജുകൾ ഇപ്പോൾ മദ്രാസിലെ സർവ്വകലാശാലയുമായി സംയോജിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷ്ഭാഷവഴിയായിട്ടാണു അവയിൽ വിദ്യാപ്രദാനംചെയ്തുവരുന്നതു ഇപ്പോഴത്തെസ്ഥിതിക്കു നമ്മുടെ നാട്ടുഭാഷകളുടെ ദാരിദ്ര്യംനിമിത്തം അതായതു സാഹിത്യപരവും ശാസ്ത്രീയവുമായ അഭിവൃദ്ധി ഉണ്ടായിട്ടില്ലാത്തതുകൊണ്ടു നാട്ടുഭാഷമുഖേന നമ്മുടെ യുവാക്കന്മാർക്കു കാളേജ്വിദ്യാഭ്യാസം നടക്കുന്നകാര്യം സാദ്ധ്യമല്ലാത്തതാണ്. ഇന്നുമുതൽ തൃതീയാദിവർഷക്കാരത്തെയ്ക്കു ഒരു രൂപീകൃതമായരീതിയിൽ

പ്രയത്നംചെയ്യുന്നതായാൽ പക്ഷെ നമുക്ക അതു സാധിക്കുമായിരിക്കാം. ഈ കാരണം കൊണ്ടുമാത്രമാണ നമ്മുടെ യുവാക്കന്മാർക്ക ഇംഗ്ലീഷ്ഭാഷയുടെ വിദ്യാഭ്യാസം നൽകിവരുന്നതു. ആപ്രകാരം ചെയ്യുന്നതു മാത്രമായി യാതൊന്നും കാണുന്നുമില്ല. കാര്യത്തിന്റെ ഗതി അപ്രകാരമിരിക്കുന്നതുകൊണ്ടു കാളേജുകളിൽ പ്രവേശനം ലഭിക്കുമ്പോൾ അവിടെ ഇംഗ്ലീഷ്ഭാഷയിലെ നടത്തുന്ന പ്രസംഗങ്ങളിലെ സാരാംശം ഗ്രഹിക്കുന്നതിനുള്ള പ്രാപ്തി ആ ഭാഷ സംബന്ധിച്ചടത്തോളം നമ്മുടെ യുവാക്കന്മാർക്കുണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. ഇംഗ്ലീഷ്ഭാഷ പിഴയുടെ കൂടാതെ എഴുതുന്നതിനും തടവുകൂടാതെ സംസാരിക്കുന്നതിനും അവർക്ക പ്രാപ്തിയുണ്ടായിരിക്കണം. അതിനു അവർക്ക കഴിവില്ലെങ്കിൽ പരീക്ഷകളിൽ തൃപ്തികരമായവിധം എഴുതുന്നതിനൊ പറിപ്പിക്കുന്നതു നല്ലപോലെ മനസ്സിലാക്കുന്നതിനൊ അവർക്ക സാധിക്കുന്നതല്ല. അതുകൊണ്ടു ഇംഗ്ലീഷ്സ്കൂളുകളിലെ അഭ്യസനരീതി എളുപ്പമുള്ളതായിരിക്കണമെന്ന നിശ്ചയിക്കുന്നതിനു ആവശ്യമായിട്ടുള്ളവയിൽ ഉപേക്ഷിക്കാൻ നിവൃത്തിയില്ലാത്ത ഒരു സംഗതിയാകുന്നുണ്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ സംഗതിയെ സംബന്ധിച്ചു മദ്രാസ് പ്രവിശ്യയിലെ രസാനന്തരം സ്വീകരിച്ചിട്ടുള്ള നയം എന്താകുന്നു?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസസഹായകർ): ഞാൻ അതിനെപ്പററി പറയാൻ ഓർക്കുകയാണ്?

സർ, നമ്മുടെ ഇംഗ്ലീഷ്ഹൈസ്കൂളുകൾ സർവ്വകലാശാലകൾക്കുള്ള പ്രാരംഭമായിട്ടാണ സ്ഥിതിചെയ്യുന്നതെന്നാകുന്നു എനിക്ക ആദ്യമായിട്ടു പറയുവാനുള്ളതു. അതുകൊണ്ടു നമ്മുടെ വിദ്യാർത്ഥികൾ കാളേജുകളിൽ ചേരുമ്പോൾ അവക്ക അവിടെനടക്കുന്ന പ്രസംഗങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതിനും ഇംഗ്ലീഷ്ഭാഷ തെററുകൂടാതെ എഴുതുന്നതിനും തടസ്സംകൂടാതെ സംസാരിക്കുന്നതിനും പ്രാപ്തിയുള്ളവരായിരിക്കേണ്ടതു അത്യാവശ്യമാകുന്നു.

സംഗതികളുടെ സൂക്ഷ്മസ്ഥിതി അപ്രകാരമായിരിക്കെ ഭാഷാസംബന്ധമല്ലാത്ത വിഷയങ്ങൾ ഇംഗ്ലീഷ്ഭാഷമുഖേന പഠിപ്പിക്കാനാരംഭിക്കേണ്ടതു അഭിലഷണീയമായിട്ടുള്ളതെന്നല്ലാ ഗ്രഹണന്നാകുന്ന ആലോചിക്കാനുള്ളതു, ഭാഷാസംബന്ധമല്ലാത്ത വിഷയങ്ങൾ ഇംഗ്ലീഷ്പോലെയുള്ള ഒരു വിദേശഭാഷമുഖേന പഠിപ്പിക്കാനാരംഭിക്കുന്നതു, വിദ്യാർത്ഥികൾക്ക ആ ഭാഷയിലുള്ള പരിജ്ഞാനം അല്പമെങ്കിലും അഭിവൃദ്ധിയെ പ്രാപിക്കുന്നതു വരെ തീരെ സാധിക്കാത്തതാണെന്നുള്ളതിനു സംശയമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ബോംബേ സർവ്വകലാശാലാവിദ്യാർത്ഥികൾക്ക, മൈസൂർ സർവ്വകലാശാലയിലെ, വൈസ്ചാൻസലർ, സർ, ബി. സീൽ നൽകിയ കോൺവക്കേഷൻ അഡ്രസ്സ് അദ്ദേഹത്തിന്റെ വായിക്കുവാനിടയായിട്ടുണ്ടോഎന്നു മി. കൃഷ്ണസ്വാമിഅയ്യർ പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസസഹായകർ): ഉവ്വ്.

മി. എം. ശിവതാണുപിള്ള (തോവാള): അല്ലെങ്കിൽ ആലോചിച്ചു, ഇതിനു സദൃശമായി സർ ബി. സീൽ പ്രസ്തുതപ്രസംഗത്തിന്റെ ബോംബേഅഡ്രസ്സിൽ പ്രസ്താവിച്ചിട്ടുള്ള സംഗതിയോടു തന്റെ അഭിപ്രായങ്ങളെ മെമ്പർ താരതമ്യപ്പെടുത്തുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസസഹായകർ): അദ്ദേഹം ഈ സംഗതിയെപ്പററി ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടെന്നു എനിക്കറിയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ അഭിപ്രായങ്ങൾ നാട്ടുഭാഷകൾമുഖേന അഭ്യസനം നടത്തുന്നതിനു അനുകൂലമായിട്ടോ, അതോ, പ്രതികൂലമായിട്ടോഎന്നു മെമ്പർ പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസസഹായകർ): അദ്ദേഹം മൂന്നുതരം ആളുകൾക്കു തമ്മിൽ ഭിന്നത്വം കല്പിക്കുന്നുണ്ടു. അതിൽ ഒരുതരക്കാർ സർവ്വകലാശാലാഫലം വരെ പോകുന്നോഗ്രഹിക്കുന്നവരും മറെറാരുതരക്കാർ രാസ്ട്രസംബന്ധമായ അന്വേഷണങ്ങൾ നടത്തുവാനുദ്ദേശിക്കുന്നവരും, മറെറയൊരു കൂട്ടർ സാങ്കേതികവിദ്യാഭ്യാസത്തിനുവേണ്ടി യത്നിക്കുവാൻ വിചാരിക്കുന്നവരും അടങ്ങിയിരിക്കുന്നു. ഈ മൂന്നുതരക്കാരിലും ഉണ്ടായിരിക്കണമെന്നുദ്ദേശിക്കുന്ന ഇംഗ്ലീഷ്പരിജ്ഞാനത്തിന്റെ തോതു ഒരുപോലെയായിരിക്കണമെന്നില്ലെന്നും അദ്ദേഹംപറയുന്നുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ എന്നോടുചേർത്തു അഭിപ്രായങ്ങൾ മൈസൂർ സർവ്വകലാശാലയിലെ വൈസ്ചാൻസിലർ പ്രസ്താവിച്ചപ്പോൾ മൈസൂരിൽ നാട്ടുഭാഷാ വിദ്യാലയങ്ങൾ ഉണ്ടായിട്ടുണ്ടെന്നവിവരം അദ്ദേഹത്തിനു അറിഞ്ഞുകൂടായിരുന്നു എന്നാണോ വിദ്യാഭ്യാസസഹായകർ പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കേണ്ടതു?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസസഹായകർ): ഇവിടെ നമുക്കുള്ളതിനു തുല്യമായി മൈസൂരിൽ നാട്ടുഭാഷാവിദ്യാലയങ്ങളുണ്ടോഎന്നുള്ള വിവരം എനിക്കറിഞ്ഞുകൂടാ. ആ സംഗതിയിൽ നമ്മുടെരാജ്യം അദ്വിതീയമാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മൈസൂരിൽ നമ്മുടെ നാട്ടുഭാഷാവിദ്യാലയങ്ങൾക്കു മിക്കവാറും തുല്യമായ വിദ്യാലയങ്ങളുണ്ടു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസസഹായകർ): നമ്മുടെ ഹൈസ്കൂളുകളിലെ സ്റ്റാൻഡർഡിനു തുല്യമായ വെർണാക്യുലർ ഹൈസ്കൂളുകൾഉണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഇവിടത്തെപ്പോലെതന്നെ അവിടെയും നാട്ടുഭാഷാവിദ്യാലയങ്ങളിൽ, ബീജഗണിതം, ക്ഷേത്രഗണിതം, പ്രകൃതിശാസ്ത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ടു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസസഹായകർ): സർ, അതു ഞാൻ അറിഞ്ഞിട്ടില്ലെന്നു ഞാൻ സമ്മതിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇംഗ്ലീഷുസ്കൂളുകൾ ഫൈനൽപരീക്ഷ പാസ്സാകുന്നവർക്ക ഗവർണ്മെന്റിൽനിന്നും നൽകുന്നതുപോലെയുള്ള പ്രോത്സാഹനം വെർണാക്യുലർ സ്കൂൾഫൈനൽ പാസ്സാകുന്നവർക്കും നൽകുന്നുണ്ടോഎന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): അയ്യ് വ്യത്യസ്തമായ ഒരു സംഗതിയാണ്, ഇപ്പോൾ വാദത്തിലിരിക്കുന്ന പ്രമേയത്തിനെ സംഗതിയുമായിട്ട് അതിനു യാതൊരുസംബന്ധവുമില്ലെന്നാണ് എന്റെ അഭിപ്രായം.

മി. ജി. രാമൻമേനോൻ (കാർത്തികപ്പള്ളിയും മാവേലിക്കരയും): മെമ്പർ പുറപ്പെടുവിച്ച ചില അഭിപ്രായങ്ങളിൽനിന്നും അതിനു അവകാശമുണ്ടാകുന്നുണ്ട്.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): സർ, ഭാഷസംബന്ധിച്ചതല്ലാത്ത വിഷയങ്ങൾ ഏതുഘട്ടംമുതലാണ് ഇംഗ്ലീഷിൽപഠിപ്പിക്കുന്നു തുടങ്ങേണ്ടതെന്നുള്ളതാണ് മുഖ്യമായിട്ടാലോചിക്കാനുള്ളതെന്ന് ഞാൻ പറയുകയായിരുന്നു. ഞാൻ പ്രസ്താവിച്ചതുപോലെ, വിദ്യാർത്ഥികൾക്കു ഇംഗ്ലീഷ്ഭാഷാപരിജ്ഞാനത്തിൽ അല്പമെങ്കിലും അഭിവൃദ്ധിയുണ്ടായി, ആ ഭാഷയിൽ എഴുതിട്ടുള്ള പാഠ്യപുസ്തകങ്ങൾ വായിച്ചു ഗ്രഹിക്കുവാൻ പ്രാപ്തിയുണ്ടാകുന്നതുവരെ അവരെ ഇംഗ്ലീഷ്ഭാഷമുഖേന അഭ്യസിപ്പിക്കുന്നതു പ്രയാസമാണെന്നുള്ളതിനു സംശയമില്ല. ഞാൻ ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുള്ളതിൽനിന്നും ഒരു വിദ്യാർത്ഥി ഈവിധത്തിലുള്ള സാമർത്ഥ്യം സമ്പാദിച്ചതിനുശേഷം, ഇംഗ്ലീഷ്ഭാഷമുഖേനയുള്ള അഭ്യസനം ഒട്ടുംതന്നെ താമസിപ്പിക്കാവുന്നതല്ല. അപ്രകാരം ചെയ്തില്ലെങ്കിൽ, സ്കൂൾ വിട്ടതിനുശേഷം ഉയർന്നതരം വിദ്യാഭ്യാസം ചെയ്യുന്നതിനു യോഗ്യതയുണ്ടാകുന്നതിനാവശ്യമായ ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം പരീക്ഷ അയാൾക്കുണ്ടാകുന്നതല്ല. ഏതുഘട്ടത്തിലാണ് ഇതു സംഭവിക്കുന്നതെന്നറിയുന്നതിനു ബ്രിട്ടീഷിൻഡ്യയിലുള്ള പ്രാവിൻസുകളിലെയും മററു നാട്ടുരാജ്യങ്ങളിലെയും അനുഭവങ്ങൾ സഹായമായിത്തീരുന്നതാണ്, നാട്ടുരാജ്യമായ കൊച്ചിയിൽ ഇംഗ്ലീഷ്, ഭൂമിശാസ്ത്രം, ഗണിതം മുതലായ വയൊഴികെയുള്ള എല്ലാ വിഷയങ്ങളും ലോവർസെക്കണ്ടറി ഡിപ്പാർട്ടുമെന്റുകളിൽ മലയാളത്തിലാണ് പഠിപ്പിക്കുന്നതു. കൊച്ചിയിലെ വിദ്യാഭ്യാസകോഡിൽനിന്നും ഞാൻ അറിഞ്ഞിട്ടുള്ളതാകുന്നു ഈ വിവരം. അവിടത്തെ ലോവർസെക്കണ്ടറി ഡിപ്പാർട്ടുമെണ്ടിനു അനുരൂപമായി ഇവിടെയുള്ളവയാകുന്ന ക, ഖ, ന എന്നീഫാറങ്ങൾ ഹയർസെക്കണ്ടറിഡിപ്പാർട്ടുമെന്റിൽ ഏതുഭാഷവഴിയായിട്ടാണ് അഭ്യസനം നടത്തേണ്ടതെന്നുള്ളതിനെപ്പററി കൊച്ചിയിലെകോഡിൽ പ്രസ്താവിച്ചുകാണുന്നില്ല. അതുകൊണ്ടു ഭാഷസംബന്ധിച്ചല്ലാതെയുള്ള എല്ലാവിഷയങ്ങളും ഇംഗ്ലീഷ്ഭാഷമുഖേനയാണ് പഠിപ്പിച്ചുപോരേണ്ടതെന്നുവേണം അനുമാനിക്കുവാൻ. പ്രൊഫസറന്മാരുടെ ശമ്പളത്തെസംബന്ധിച്ചു, മി. തരകനാരണനതോന്നുന്നു, കൊച്ചിയിലെ പ്രൊഫസറന്മാരുടെ ശമ്പളക്രമത്തെപ്പററി അറിയാത്തതിന് എന്നെ വളരെ ബുദ്ധിമുട്ടിക്കുകയുണ്ടായി. അതുകൊണ്ടു, കൊച്ചിയിൽ അഭ്യസനത്തിനുപയോഗിച്ചുപോരുന്ന ഭാഷ ഏതാണെന്നു അറിയുവാൻ ഞാൻ പ്രത്യേകം സൂക്ഷിക്കുവാനിടയായിട്ടുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോഴത്തെ വാദവിഷയവുമായി അതിനുള്ള ബന്ധമെന്താണെന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): പല അഭിപ്രായങ്ങളും പറഞ്ഞുവന്ന കൂട്ടത്തിൽ അതിനെപ്പററിയും പറഞ്ഞു എന്നുമാത്രമേയുള്ളു.

മൈസൂരിൽ, ഇപ്പോഴത്തെസ്ഥിതിക്കു, ഹൈസ്കൂൾക്ലാസുകളിൽ ഇംഗ്ലീഷ്ഭാഷമുഖേന അഭ്യസനം നടത്തുന്ന ഏർപ്പാടു തുടരേണ്ടതാണെന്നും, എന്നാൽ ഇംഗ്ലീഷിൽതന്നെ പഠിപ്പിക്കേണ്ട ഗണിതശാസ്ത്രമൊഴികെയുള്ള മററെല്ലാവിഷയങ്ങളിലും വാങ്മൂലമായിട്ടുള്ള അഭ്യസനത്തിനു വിദ്യാർത്ഥികളുടെ നാട്ടുഭാഷ ഹൈസ്കൂൾക്ലാസുകളിൽ പരിതിഷ്ടമായിട്ടുപയോഗിക്കേണ്ടതാണെന്നും ഗവണ്മെന്റു ആജ്ഞാപിച്ചിട്ടുണ്ടു.

കൽക്കട്ടാ സർവകലാശാലാക്കമ്മിററിയുടെ ശുപാർശകൾ ദക്ഷിണഇൻഡ്യയിലെ സ്ഥിതിക്കു എത്രമാത്രം യോജിച്ചതാണെന്ന വിഷയത്തെപ്പററി ആലോചിക്കുന്നതിനായി ഒരു കമ്മിററി കുറച്ചുകാലങ്ങൾക്കുമുമ്പു മദ്രാസ്പ്രസിഡൻസിയിൽ നിയമിക്കപ്പെടുകയുണ്ടായി. ആ കമ്മിററി, അഭ്യസനവും പരീക്ഷയും നാലാംഫാറംമുതൽ ആറാംഫാറംവരെയുള്ള ക്ലാസുകളിൽ നാട്ടുഭാഷാമുഖേന നടത്തേണ്ടതെന്നുള്ളതായിരിക്കണം പ്രധാന ഉദ്ദേശമെന്നും എന്നാൽ അവസംബന്ധിച്ചു ഇംഗ്ലീഷോ നാട്ടുഭാഷയോ ഇഷ്ടംപോലെ സ്വീകരിച്ചുകൊള്ളുന്നതിനുള്ള സ്വാതന്ത്ര്യം വിദ്യാലയങ്ങളുടെ മാനേജന്മാർക്കു വിട്ടുകൊടുക്കേണ്ടതാണെന്നും ഈ സ്വാതന്ത്ര്യം ഉപയോഗിക്കുന്നതിൽ അവർ അഭ്യസനത്തിനുപയോഗിക്കുന്ന സമയത്തിൽ ഒന്നുപകുതി ഇംഗ്ലീഷ്ഭാഷമുഖേനയുള്ളതിനും ശേഷിച്ചുള്ളപകുതി നാട്ടുഭാഷമുഖേനയുള്ളതിനും വ്യയംചെയ്യുവാനും, സെക്കണ്ടറിസ്കൂളുകളിലേയും പബ്ലിക്കു പരീക്ഷകളിലേയും ചോദ്യക്കടലാസുകൾ ഭാഷാസംബന്ധിച്ചതല്ലാത്ത മററുവിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷിലോ അല്ലെങ്കിൽ നിർദ്ദിഷ്ടമായ ഏതെങ്കിലും നാട്ടുഭാഷകളിലോ രചിക്കുന്നതിനും നിബന്ധിതരാണെന്നും ശുപാർശചെയ്തിട്ടുണ്ടു. ഈ ശുപാർശ ഏറക്കുറെ ഇപ്പോൾ മൈസൂരിൽ നടന്നുവരുന്നതീതിയോടു സാദൃശ്യമുള്ളതുതന്നെയാണ്. കുറച്ചുകൂടെ കടന്നുനോക്കുകയാണെങ്കിൽ, പാട്നാ യൂണിവേർസിററിയിലെ സെനേറ്റ്, ഫൈനൽ-ന ശേഷം പരീക്ഷകൾ നടത്തുന്നതു നാട്ടുഭാഷകൾ മുഖേന ആയിരിക്കണമെന്നും, ഫൈനൽ-ന ശേഷം നാട്ടുഭാഷകൾ മുഖേന ആയിരിക്കണമെന്നുതാണെന്നും ഒരു പ്രമേയം പാസ്സാക്കിട്ടുണ്ട്. എന്നാൽ റഗ്യുലേഷനിൽ അതുസംബന്ധിച്ചാവശ്യമുള്ള ഭേദഗതികളൊന്നും ചെയ്യുന്നതിന് ഗവണ്മെന്റു ഇതുവരെ അനുവദിച്ചിട്ടില്ല.

കൽക്കട്ടാ സർവകലാശാലയിലെ മെസനാറ്റ് മട്രിക്കുലേഷൻ, ഇംഗ്ലീഷ് ഒഴികെയുള്ള എല്ലാവിഷയങ്ങളിലും അഭ്യസനവും പരീക്ഷയും, നാട്ടുഭാഷയിൽ തന്നെ നടത്തേണ്ടതാണെന്നു നിശ്ചയം ചെയ്തതും അതു നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ടു.

പഞ്ചാബ് സർവകലാശാലയിലെ മെസനേറ്റ്, മട്രിക്കുലേഷൻ, സ്കൂൾഫൈനൽ സർട്ടിഫിക്കേറ്റ് എന്നീ പരീക്ഷകൾക്കു ചേരുന്ന പരീക്ഷാർത്ഥികൾക്കു ചരിത്രം ഭൂമിശാസ്ത്രം എന്നിരണ്ടുവിഷയങ്ങളിലുള്ള ചോദ്യങ്ങൾക്കു ഇംഗ്ലീഷിലോ അല്ലെങ്കിൽ അവരുടെ പ്രാവിൻസിലെ ഏതെങ്കിലും നാട്ടുഭാഷയിലോ ഉത്തരമെഴുതാമെന്നു ഐച്ഛികമാക്കി നിശ്ചയംചെയ്തിട്ടുണ്ടു.

യുണൈറ്റഡ് പ്രാവിൻസിലുള്ള ഇംഗ്ലീഷ്സ്കൂളുകളിലെ രണ്ടുമുതലും, മിഡിൽസ്കൂളും ക്ലാസുകളിൽ ഇംഗ്ലീഷ് ഭാഷമുഖേനയുള്ള അഭ്യസനം നിന്നു കഴിഞ്ഞിട്ടുണ്ടു, ഈ മാററത്തിന് പ്രതിക്രിയകളായി നിന്നവർ ഇം

ഗ്ലീഷ് പരിജ്ഞാനത്തിന്റെ സ്റ്റാൻഡർഡിനു ഇടുനിലിക്കം കുറവുവരുന്നതാണെന്നു ഒവിക്ഷ്യൽ ഫലം പറഞ്ഞിരിന്നു എങ്കിലും, അറിഞ്ഞിട്ടുള്ളിടത്തോളം ഈ മാററം വരുത്തിയ കാലത്തേതിനേക്കാൾ നല്ലനിലയിലാണ് ഇംഗ്ലീഷിന്റെ സ്ഥിതിയെന്നു കാണുന്നുണ്ട്.

ഫൻ ഫ ഒ-ൽ പഞ്ചാബിലും നാട്ടുഭാഷമുഖേനയുള്ള വിദ്യാഭ്യാസം മിഡിൽസ്കൂളുകളിൽ സ്വീകരിക്കപ്പെടുകയുണ്ടായി.

(ഈ സന്ദർഭത്തിൽ പ്രസിഡണ്ടു വന്നുചേരുകയും ആദ്ധ്യക്ഷ്യം സ്വീകരിക്കുകയും ചെയ്തു).

ബോംബെയിൽ, വിദ്യാലയകാലം മുഴുവനും ഇംഗ്ലീഷൊഴികെയുള്ള എല്ലാ വിഷയങ്ങളും നാട്ടുഭാഷമുഖേന പഠിപ്പിക്കുന്നതിനു ഗവർണ്ണമെന്റു അനുവദിക്കുന്നുണ്ടു. ഉയർന്ന ക്ലാസുകളിൽ ഇംഗ്ലീഷ്ഭാഷമുഖേനയുള്ള അഭ്യസനമാണ്. സ്കൂളുകൾ പൊതുവെ സ്വീകരിച്ചിരിക്കുന്നതു. എന്നാൽ മട്രിക്കുലേഷൻ പരീക്ഷയ്ക്കു നാട്ടുഭാഷമുഖേനയുള്ള അഭ്യസന രീതി പാടില്ലെന്നു വിപരീതമായി ഈയിടെ സർവ്വകലാശാല തീരുമാനിച്ചിരിക്കുന്നതുകൊണ്ടു ഈ ഫുർപ്പാടു നിന്നുപോകാനാകണമെന്നുള്ളതു.

ഇൻഡ്യയിലെ മററുഭാഗങ്ങളിൽ നടപ്പിലിരിക്കുന്ന അനുഭവങ്ങളെയും ഞാൻ ഇപ്പോൾ കൊടുത്തിട്ടുള്ള സംക്ഷിപ്തവിവരണങ്ങളേയും പരിശോധിക്കുമ്പോൾ, അനേകം സ്കൂളുകളിലെ മിഡിൽസ്കൂൾ ക്ലാസുകളിൽ നാട്ടുഭാഷമുഖേന അഭ്യസനം നടത്തിവരുന്നതായി കാണാവുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഹൈഡ്രാബാദ് സംസ്ഥാനത്തിലുള്ള ഓസ്മാനിയാ സർവ്വകലാശാലയിലെ നടപ്പെന്താണെന്നു അദ്ദേഹത്തിനറിവുണ്ടോ എന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ആ സർവ്വകലാശാല ആരംഭിച്ചിട്ടുള്ളതു ഉറദുഭാഷ വഴിയായി അഭ്യസനം നടത്തണമെന്നുള്ള പ്രത്യേകഉദ്ദേശത്തോടുകൂടിയാകുന്നു. മാതൃഭാഷമുഖേന ഉയർന്നതരം വിദ്യാഭ്യാസം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി അതുപോലെ ഒരു സർവ്വകലാശാല തിരുവിതാംകൂറിലും ഏർപ്പെടുത്തുകയും, ആ സർവ്വകലാശാലയിലെ കാളേജുകളിൽ ചേരുന്നതിനായി നമ്മുടെ പള്ളിക്കൂടങ്ങളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നതായാൽ അതിനു ഇല്ലായ്മയായ ഒരു പരിഹാരം നമുക്കു സ്വീകരിക്കാവുന്നതാകുന്നു. അതുകൊണ്ടു ഓസ്മാനിയാ സർവ്വകലാശാലയെ സംബന്ധിച്ചു ഉദാഹരണം ഈ സംഗതിയെ സംബന്ധിച്ചു യാതൊരു തീരുമാനവും ചെയ്യുന്നതിന് നമ്മെ സഹായിക്കുന്നില്ല. ഓസ്മാനിയാ സർവ്വകലാശാലക്കു പുറമെ, പൂനായിൽ പ്രൊഫസർകാർവെയുടെ സ്ത്രീസർവ്വകലാശാലയുണ്ട്. ആ സർവ്വകലാശാലയിലും അഭ്യസനം ശുദ്ധമായ നാട്ടുഭാഷമാർഗ്ഗമായിട്ടുതന്നെയാണു നടത്തിവരുന്നതു. ഇപ്രകാരം ഞാൻ പറഞ്ഞുതുടങ്ങിയപോലെ, സംരക്ഷിതരാജ്യങ്ങളിലും, ബ്രിട്ടീഷിൻഡ്യയിലെ അനേകം പ്രാവിൻസുകളിലും ഉള്ള നടപ്പുകളെ നോക്കുമ്പോൾ, മിക്കവാറും എല്ലാ ഇംഗ്ലീഷ് ഹൈസ്കൂൾ ക്ലാസുകളിലും ഇംഗ്ലീഷ്ഭാഷ മുഖേനതന്നെയാണ് അഭ്യസനം നടത്തിവരുന്നതെന്നു കാണാവുന്നതാകുന്നു. ഹൈസ്കൂൾ ക്ലാസുകളിൽ അഭ്യസനത്തിന് ഇംഗ്ലീഷ്ഭാഷ അനുവദിക്കപ്പെട്ടിട്ടില്ലാത്തതും, ഭാഷസംബന്ധിച്ചതല്ലാത്ത വിഷയങ്ങളിൽ നാട്ടുഭാഷമാർഗ്ഗമായി പരീക്ഷകൾ നടത്തിവരുന്നതുമായ ഏകപ്രാവിൻസ് ബംഗാൾ മാത്രമാകുന്നു. മററുപ്രാവിൻസുകളിൽ, പ്രമേയത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ള ഭേദഗതികളെല്ലാനും സ്വീകരിച്ചിട്ടുള്ളതായി തോന്നുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ബോംബെയിലോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ബോംബെ ഗവർണ്ണമെന്റു ഈ സംഗതിയിൽ ചില സ്വാതന്ത്ര്യം നൽകുന്നുണ്ട്. അവർ ഉപയോഗത്തെ കേവലം അനുവദിക്കുകമാത്രം ചെയ്യുന്നു. വിദ്യാലയത്തിലെ എല്ലാക്ലാസുകളിലും ഇംഗ്ലീഷൊഴികെയുള്ള എല്ലാവിഷയങ്ങളും പഠിപ്പിക്കുന്നതിനു നാട്ടുഭാഷ ഉപയോഗിച്ചുകൊള്ളുവാൻ അവർ അനുവദിച്ചിട്ടുള്ളതു ഐച്ഛികമായിട്ടാകുന്നു. സ്കൂൾലീവിംഗ് പരീക്ഷയിൽ ചോദ്യങ്ങൾക്കു നാട്ടുഭാഷയിൽ ഉത്തരമെഴുതുന്നതു സംബന്ധിച്ചു മദ്രാസ് ഗവർണ്ണമെന്റു പരീക്ഷകന്മാർക്കു കൊടുത്തിട്ടുള്ള അനുവാദം അവർ പ്രസ്താവയോഗ്യമാകുംവണ്ണം ഉപയോഗിച്ചിട്ടില്ലെന്നു ഞാൻ ഈ സമയം അറിയിച്ചുകൊള്ളുന്നു. വിദ്യാലയങ്ങൾ ഭേദഗതി സ്വീകരിച്ചിട്ടില്ല. ഭാഷസംബന്ധിച്ചല്ലാത്ത വിഷയങ്ങളിലെ ചോദ്യങ്ങൾക്കു ഹൈസ്കൂൾ പരീക്ഷകന്മാർ നാട്ടുഭാഷമുഖേന ഉത്തരം എഴുതുന്നില്ല.

മി. സി. പി. തോമ്മസ് (നിയമിതമെംബർ): ഈ ഭേദഗതികൾ നടപ്പിലാക്കുന്നതിനു വേണ്ടസമയം വിദ്യാലയങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടെന്നു ഡയറക്ടർ വിചാരിക്കുന്നുവോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): മദ്രാസ് ഗവർണ്ണമെന്റിൽനിന്നും നിശ്ചയിച്ചു ഈ കമ്മററി ഈ ശുപാർശചെയ്തതു മൂന്നുനാലു വർഷങ്ങൾക്കു മുമ്പാണെന്നാണ് തോന്നുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവർണ്ണമെന്റിൽ നിന്നും അതു അനുവദിച്ചതു എപ്പോളായിരുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഹൈസ്കൂളുകളിലുള്ള എല്ലാവിദ്യാർത്ഥികൾക്കും സർവ്വകലാശാലാ വിദ്യഭ്യസിക്കണമെന്നുള്ള ഉദ്ദേശം ഉള്ളതുകൊണ്ടു വിദ്യാലയങ്ങൾക്കു കാളേജുകളുടെ പോഷകസ്ഥാനം വഹിക്കേണ്ടിയിരിക്കുന്നു എന്നും അതുകൊണ്ടു ഈ ഭേദഗതി ആദ്യമായി സർവ്വകലാശാലാ ഘട്ടത്തിൽ വരുത്തുന്നതുപക്ഷം വിദ്യാലയങ്ങളിൽ നടപ്പാക്കുന്നകാര്യം സാധിക്കാത്തതാണെന്നും ഒരു ഹെഡ്മാസ്റ്റർ മദ്രാസ് എഡ്യൂക്കേഷൻ റിവ്യൂവിലെ ഒരു ലേഖനത്തിൽ ഈ മാററം വരുത്താൻ സാധിക്കാത്തതിനു കാരണമായി പറഞ്ഞിട്ടുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. ഇപ്രകാരം അവരുടെ അഭിപ്രായം ഈ മാററം വരുത്തേണ്ടതു ഉയർന്നസ്ഥാനത്തിലാകണമെന്നും ആയതു് ക്രമേണ താഴോട്ടു വ്യാപിച്ചുകൊള്ളുകയെന്നുമാകുന്നു. ഈ അഭിപ്രായംതന്നെയാണ് രക്ഷാകർത്താക്കന്മാരിൽ അനേകം പേർക്കും ഉള്ളതു്. ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം അഭ്യസനപദ്ധതിയിൽ മാററംവേണ്ടതാണെന്നുള്ള ആഗ്രഹം രക്ഷാകർത്താക്കന്മാരുടെയിടയിൽ പ്രബലമായിട്ടുണ്ടായിരുന്നെങ്കിൽ, കമ്മിററിയുടെ ശുപാർശയനുസരിച്ചു ആയതിലേക്കു മദ്രാസ് ഗവർണ്ണമെന്റു അനുവാദം നൽകിട്ടുള്ള സ്ഥിതിക്കു മദ്രാസ്ഗവർണ്ണമെന്റുതന്നെവു പാസായികഴിഞ്ഞ മൂന്നുനാലു വർഷങ്ങൾക്കുള്ളിൽ മദ്രാസിലുള്ള അനേകംസ്കൂളുകൾ ഈ ഭേദഗതി സ്വീകരിച്ചിരിക്കുമായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ നിർദ്ദിഷ്ടമായ ഏർപ്പാടു ഗവർണ്ണമെന്റു അനുവദിച്ചതെപ്പോളാണെന്നുള്ള എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞിട്ടില്ല.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസഡയറക്ടർ): സൂക്ഷ്മമായ തീയതി ഏതാണെന്ന് എനിക്കു ഓർമ്മയില്ല. ഫർവരി-ൽ ആണെന്നാണു തോന്നുന്നതു്. ഏതാനും വിദ്യാലയങ്ങൾക്കെങ്കിലും ഈ ഭേദഗതി സ്വീകരിക്കുന്നതിനു നിശ്ചയമായിട്ടും സമയം ഉണ്ടായിട്ടുണ്ട്. അതുമാത്രവുമല്ല, നമ്മുടെ രാജ്യത്തിൽ ഹൈസ്കൂൾ ക്ലാസുകളെ സംബന്ധിച്ചിടത്തോളം പാഠ്യപുസ്തകങ്ങളുടെ കാര്യത്തിൽ യാതൊരുബുദ്ധിമുട്ടുണ്ടായിരിക്കുന്നതുമല്ല. നമ്മുടെ വിദ്യാലയങ്ങളിൽ ഈ ഭേദഗതിവരുത്തുന്നതിനു നിശ്ചയിക്കുന്നതായാൽ നമ്മുടെ ടെക്സ്റ്റ് ബുക്ക് കമ്മിററി, പുസ്തകങ്ങൾകൊണ്ടു നിറയുകയും തൽക്കർത്താക്കൾ അവരവരുടെ പുസ്തകങ്ങൾ സ്വീകരിക്കണമെന്നു മെംബർമാരെ നിർബന്ധിക്കുകയും ചെയ്യുമെന്നു എനിക്കു നിശ്ചയമുണ്ട്. സർവ്വകലാശാലാ പദ്ധതിയിൽ നാട്ടുഭാഷമുഖേനയുള്ള അഭ്യസനം നടപ്പിൽ വരുത്തുന്നപക്ഷം ആ ബുദ്ധിമുട്ടുകൾ കുറഞ്ഞതരമാകുന്നതുമാണ്. അതുകൊണ്ടു എന്റെ സ്ഥിതിക്ക് ഞാൻ ആ ന്യായത്തെപ്പററി നിർബന്ധിക്കുവാനുദ്ദേശിക്കുന്നില്ല

ഞാൻ പറഞ്ഞിട്ടുള്ളപ്രകാരം രണ്ടു സംഗതികളെപ്പററി ആലോചിക്കുവാനുണ്ടു, ആദ്യത്തെതു ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസം സർവ്വകലാശാലാ വിദ്യാഭ്യാസത്തിനുള്ള ഒരുതരം ഒരുക്കം ആകുന്നുഎന്നുള്ളതാണ്. ആ സ്ഥിതിക്കു ഇംഗ്ലീഷ്സ്കൂൾ പഠിത്തത്തിന്റെ അവസാനത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്കു ഇംഗ്ലീഷ്ഭാഷയിൽ ആവശ്യമുള്ളിടത്തോളം അറിവുണ്ടായിരിക്കേണ്ടതാണ്. രണ്ടാമതു, അവർക്കു ആ കാലത്തു മററുപലതരം വിഷയങ്ങളിലും ഒരു വിധം നല്ല പരിജ്ഞാനം സിദ്ധിച്ചിരിക്കണം. ഇപ്രകാരം, ഈ രണ്ടു ഉദ്ദേശങ്ങൾക്കും അനുഗുണമായ വിധത്തിൽ ഏതു ഘട്ടത്തിലാണ് ഇംഗ്ലീഷ്ഭാഷമുഖേനയുള്ള അഭ്യസനം ആരംഭിക്കേണ്ടതെന്നുള്ളതാകുന്നു നാം ആലോചിക്കാനുള്ള വിഷയം.

മി. എം. ശിവതാണുപിള്ള (തോവാള): ഭാഷസംബന്ധിച്ച വിഷയത്തിനുമാത്രം ഇംഗ്ലീഷ്ഭാഷമുഖേനയുള്ള അഭ്യസനം മതിയെന്നുവെയ്ക്കുന്നതായാൽ മഹെസ്കൂൾ ക്ലാസുകളിലെല്ലാം ജയിക്കുന്നതിനും സർവ്വകലാശാലാഡിഗ്രിയെടുക്കുന്നതിനും ഒരു വിദ്യാർത്ഥിയെ പ്രാപ്തനാക്കുകയില്ലയോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസഡയറക്ടർ): ആ സംഗതിസംബന്ധിച്ചു ഞാൻ പിന്നീടുപറഞ്ഞുകൊള്ളാമെന്നു വിചാരിക്കുന്നു. ഇപ്പോൾ നമ്മുടെരാജ്യത്തിൽ പ്രിപ്പാരട്ടറിക്ലാസിലും ൧-ം, ൨-ം ഫാറങ്ങളിലും ഭാഷസംബന്ധിച്ചല്ലാത്ത വിഷയങ്ങളുടെ അഭ്യസനപദ്ധതി മലയാളമാണ്. മൂന്നാംഫാറത്തിലാണ് മലയാളത്തിൽനിന്നും ഇംഗ്ലീഷിലേക്കുള്ള പഠനപദ്ധതി ആരംഭിക്കുന്നതു. നാലും അഞ്ചും ആറും ഫാറങ്ങളിൽ എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽതന്നെയാണ് പഠിപ്പിച്ചുവരുന്നതു. മൂന്നാം ഫാറത്തിലുള്ള വിദ്യാർത്ഥികൾക്കു ഇംഗ്ലീഷ്ഭാഷയിൽ എഴുതിട്ടുള്ള ഇംഗ്ലീഷുഭാഷയല്ലാത്ത വിഷയങ്ങളെ സംബന്ധിച്ചു പാഠ്യപുസ്തകങ്ങൾ മനസ്സിലാക്കുവാൻ ആവശ്യമുള്ള ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം സിദ്ധിച്ചിട്ടുണ്ടോഎന്നുള്ളതിനെപ്പററി സംശയത്തിനവകാശമുണ്ടു. ഭാഷ സംബന്ധിച്ചതല്ലാത്ത വിഷയങ്ങൾ പഠിക്കുന്നതിനുള്ള ഇംഗ്ലീഷ്ഭാഷയുടെ അകാലികമായ ഉപയോഗം ഗുണത്തിനുപകരം ദോഷത്തെയാണ് ഉളവാക്കുന്നതു്. അതു നിമിത്തം വിദ്യാർത്ഥികൾക്കു വളരെ കാണാതെ പഠിക്കേണ്ടിവരുന്നുണ്ടു. അതിന്റെ ഫലം ഇംഗ്ലീഷ്ഭാഷയിൽ നല്ലഅറിവുണ്ടാകുന്നതിനു പകരം ആ അറിവു സമ്പാദിക്കുന്നതിൽ വിദ്യാർത്ഥികൾക്കു തടസ്സം നേരിടുന്നതാകുന്നു. വാസ്തവത്തിൽ അതു വളരെ ദോഷകരമായ ഇംഗ്ലീഷ്ഭാഷ പഠിക്കുവാൻ ഇടയാക്കുന്നു. അതുകൊണ്ടു ഇപ്പോളിരിക്കുന്നതിൽനിന്നും കുറഞ്ഞപക്ഷം ഉയർന്ന ഘട്ടംവരെ മലയാളഭാഷ മുഖേന അഭ്യസനം നടത്തുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്നും അനുവദിക്കേണ്ടതല്ലയോ എന്നുള്ളതു ആലോചിക്കേണ്ട വിഷയമാകുന്നു. അതെങ്ങിനെയായാലും ഏററവും ഉയർന്ന രണ്ടു ഫാറങ്ങളിൽ അതായതു ൪-ം, ൫-ം, ഫാറങ്ങളിൽ കാളേജുപ്രവേശനത്തിനു ഇച്ഛിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്കു അപ്രകാരം ചെയ്യുന്ന സന്ദർഭത്തിൽ ആവശ്യമുള്ള ഇംഗ്ലീഷ്പരിജ്ഞാനം ഉണ്ടായിരിക്കുന്നതിലേക്കായി അഭ്യസനപദ്ധതി ഇംഗ്ലീഷ്ഭാഷമാർഗ്ഗമായിട്ടുതന്നെയിരിക്കണമെന്നാകുന്നു എന്റെ സ്വന്ത അഭിപ്രായം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മൂന്നാംഫാറംവരെയുള്ള മിഡിൽസ്ക്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ ഒഴികെ ശേഷമുള്ള വിഷയങ്ങൾ നാട്ടുഭാഷയിൽതന്നെ ചേരിയകുട്ടികളെ പഠിപ്പിക്കുന്നതിനു വിരോധമില്ലാഎന്നിണോ അഭിപ്രായം.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസ ഡയറക്ടർ): അങ്ങിനെയാണ് എന്റെ സ്വന്ത അഭിപ്രായം. രണ്ടാംഫാറംവരെയുള്ള ക്ലാസുകളിൽ ഇംഗ്ലീഷ്ഭാഷ ഒഴികെ ശേഷം എല്ലാം നാട്ടുഭാഷയിലാണ് പഠിപ്പിക്കുന്നതു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ആറാംഫാറം വരെയുള്ള ക്ലാസുകളിൽ ഇംഗ്ലീഷ് ഒഴികെ മററു വിഷയങ്ങൾ മലയാളത്തിൽതന്നെ പഠിപ്പിക്കുന്നതിനെപ്പററി ആലോചിക്കാമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസഡയറക്ടർ): അതു ഞാൻ മുമ്പേതന്നെ പറഞ്ഞുകഴിഞ്ഞു. തീർച്ചയായി ഒരു സമാധാനവും ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. അതിനെപ്പററി ആലോചിച്ചുവേണം പറയുവാൻ.

ഇ. സി. പി. തോമ്പസ് (നിയമനിർമ്മാണമെംബർ): ഐച്ഛികവിഷയം ആരംഭിക്കുന്നതു ൪-ം ഫാറത്തിൽ മാത്രമായതുകൊണ്ടു നാട്ടുഭാഷാ മുഖേനയുള്ള പഠനപദ്ധതി നാലാം ഫാറത്തിൽ നടപ്പിൽവരുത്തുന്നതു ന്യായമാണെന്നു ഡയറക്ടർ വിചാരിക്കുന്നുണ്ടോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അ: വിദ്യാഭ്യാസ ഡയറക്ടർ): അങ്ങിനെയാണു എന്റെ സ്വന്ത അഭിപ്രായം. നിങ്ങളുടെ അഭിപ്രായങ്ങളെപ്പററിയെല്ലാംവേണ്ടപോലെ ആലോചിച്ചു, ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങളെല്ലാം അറിഞ്ഞതിനുശേഷം ഗവർണ്ണമെന്റു ഇതു സംബന്ധിച്ചു ഏതെങ്കിലും ഒരു തീരുമാനം ചെയ്യുന്നതാണെന്നുമാത്രമേ എനിക്കു ഇപ്പോൾ നിങ്ങളോടു പ്രതിജ്ഞചെയ്യുവാൻ നിർവ്വാഹമുള്ളു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടാംഫാറത്തിൽ ഇംഗ്ലീഷൊഴികെയുള്ള വിഷയങ്ങൾക്കു പാഠപുസ്തകങ്ങൾ നിശ്ചയിച്ചിട്ടുള്ളതു ഇംഗ്ലീഷിലാണോ നാട്ടുഭാഷയിലാണോ എന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): അവ നാട്ടുഭാഷയിലാണ് നിശ്ചയിച്ചിട്ടുള്ളത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇൻഡ്യാചരിത്രവും ഭൂമിശാസ്ത്രവും സംബന്ധിച്ച പുസ്തകങ്ങളോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): അവ നാട്ടുഭാഷമാധ്യമമായിട്ടുതന്നെയാണ് പഠിപ്പിച്ചുവരുന്നത്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പാഠപുസ്തകങ്ങളും നാട്ടുഭാഷയിൽ തന്നെയാണോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): അതെ.

മി. എം. ശിവതാണുപിള്ള (തോവാള): ഭാഷ സംബന്ധിച്ചതല്ലാത്ത വിഷയങ്ങൾ ഇംഗ്ലീഷുമുഖേന പഠിപ്പിക്കുന്നതുകൊണ്ടുമാത്രം സർവ്വകലാശാലാ പരീക്ഷ വിജയകരമാകുംവണ്ണം കടന്നുപോകുവാൻ ഒരു വിദ്യാർത്ഥിക്കു സാധിക്കുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസ ഡയറക്ടർ): എന്റെ സ്വന്ത അഭിപ്രായം, ഇംഗ്ലീഷ് ഫാറങ്ങളിലെങ്കിലും ഭാഷ സംബന്ധിച്ചതല്ലാത്ത വിഷയങ്ങൾ ഇംഗ്ലീഷുമുഖേന പഠിപ്പിക്കേണ്ടതാണെന്നാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അതിനുള്ള കാരണമെന്താണെന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): അപ്രകാരം ചെയ്തില്ലെങ്കിൽ അവർ സർവ്വകലാശാലാ പരീക്ഷയിൽ എത്തുമ്പോൾ, അവർക്ക് ആവശ്യംവേണ്ടതായ ഇംഗ്ലീഷ് ഭാഷാജ്ഞാനം ഉണ്ടായിരിക്കുന്നതല്ല. എനിക്കുള്ള സമാധാനങ്ങൾ ഞാൻ മുമ്പേതന്നെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): വാസ്തവമിങ്ങനെയിരിക്കെ അഭ്യസനം സിദ്ധിച്ചതിനു ശേഷം ഭാഷയെ ഉപയോഗിക്കുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്കു നൽകാതിരിക്കുന്നതെന്തുകൊണ്ടാണ്?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): അഭ്യുദയപദ്ധതി നാട്ടുഭാഷാമാധ്യമമായിട്ടാക്കുന്നതായാൽ പക്ഷേ, ഇംഗ്ലീഷ്ഭാഷ പഠിക്കുന്നതിലേക്കു നിശ്ചയിച്ചിട്ടുള്ള സമയം അല്പം അധികമാക്കാവായിരിക്കാം. എന്നാൽ അതുകൊണ്ടുമാത്രം അവർക്കു കാളേജുപ്രവേശനാവസരത്തിലും അവിടെ നടത്തുന്ന പ്രസംഗങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ ആവശ്യമുള്ള ഇംഗ്ലീഷ്ഭാഷാജ്ഞാനം ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഞാൻ പ്രമേയത്തെ എത്രയുംഹാർദ്ദമായി അനുകൂലിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം മനഃപരിഷ്കരണമാണെന്നു ഓർമ്മിക്കുന്നതായാൽ കഴിയുന്നിടത്തോളം മാതൃഭാഷമാധ്യമമായിട്ടുവേണം അഭ്യസനം നടത്തേണ്ടതെന്നു നമുക്കു മനസ്സിലാകുന്നതാണ്. വിദേശഭാഷമുഖേന അഭ്യസനം നടത്തിവരുന്ന ഇപ്പോഴത്തെ ഏർപ്പാടു ബുദ്ധിശക്തിയേക്കാൾ ഓർമ്മശക്തിയെ കൂടുതൽ വേല ചെയ്യിക്കുന്നതുകൊണ്ടു ബാലികാബാലന്മാരുടെ ബുദ്ധിശക്തിയെ താഴ്ത്തുകയാകുന്നുകൊണ്ടിരിക്കുന്നു. മാതൃഭാഷയുമായിട്ടു യാതൊരു ബന്ധവുമില്ലാത്ത ഒരു ഭാഷാമുഖേന അഭ്യസനം നടത്തുന്ന ഏർപ്പാടുകൊണ്ടുണ്ടാകുന്ന പ്രധാന ദോഷം അതാകുന്നു. ഇവിടെയുള്ള ഭൂരിപക്ഷം ജനങ്ങളുടെ മാതൃഭാഷയുമായി ഇംഗ്ലീഷുഭാഷയ്ക്കു യാതൊരു സംബന്ധവുമില്ല. അതുകൊണ്ടു ഇംഗ്ലീഷു ഒഴികെയുള്ള എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നതു മാതൃഭാഷമുഖേന വേണ്ടതാണെന്നു പ്രമേയത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളതു സംബന്ധിച്ചു അഭിപ്രായവ്യത്യാസത്തിനു വകയില്ല. ഇപ്പോഴത്തേക്കാൾ കൂടുതലായി വിദ്യാർത്ഥിവിദ്യാർത്ഥിനികൾ നാട്ടുഭാഷാവിദ്യാലയങ്ങളിൽ ചേർന്നുകാണാത്തതെന്തുകൊണ്ടെന്നു ചോദിക്കുകയുണ്ടായി. രണ്ടുതരം വിദ്യാലയങ്ങളിലേയും അഭ്യസനം അന്യത്രപ്രകാരമായ രീതിയിലാണെന്നും പ്രസ്താവിച്ചു. ഇംഗ്ലീഷുഭാഷയിൽ യോഗ്യതസമ്പാദിക്കുന്ന യുവജനങ്ങൾക്കു സർക്കാർ സർവീസിൽ ഉദ്യോഗം ലഭിച്ചു കാലക്ഷേപമാർഗ്ഗം നേടുവാൻ സാധിക്കുന്നതാണെന്നുള്ള പ്രത്യാശയ്ക്കു കൂടുതൽ വഴിയുണ്ടെന്നുള്ളതു എല്ലാവർക്കും അറിയാവുന്നതാകുന്നു. ഈ നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിന്നും പാസ്സാകുന്നവരേക്കാൾ ഇംഗ്ലീഷ്സ്കൂളിൽ പഠിച്ചു പാസ്സാകുന്നവർക്കു കൂടുതൽ സമ്പളംകൊടുത്തുവരുമ്പോൾ നാട്ടുഭാഷാവിദ്യാലയങ്ങളെ അപേക്ഷിച്ചു ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ അധികംപേർ ചേരുന്നതു സ്വാഭാവികമായിട്ടുള്ളതു മാത്രമാകുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഐച്ഛിക വിഷയങ്ങളിൽ ഒന്നല്ലയോ ഇംഗ്ലീഷ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ ഉദ്ദേശം അതല്ല.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): പ്രമേയത്തിൽ പ്രസ്താവിച്ചിട്ടുള്ളതിനു സദൃശമായ ഒരു ഏർപ്പാടു നാട്ടുഭാഷാവിദ്യാലയങ്ങളിലുണ്ടു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): എന്നാൽ നാട്ടുഭാഷാപരീക്ഷകളിൽ വിജയംനേടുന്നവർക്കു കൊടുക്കുന്നതിനെക്കാൾ ഇംഗ്ലീഷ്പരീക്ഷകളിൽ ജയിക്കുന്നവർക്കു കൂടുതൽ പ്രോത്സാഹനം തവണകൾക്കിടയിൽനിന്നും കൊടുക്കുന്നുണ്ടു. അതുകൊണ്ടു നിവൃത്തിയുള്ളപ്പോളെല്ലാം ജനങ്ങൾ ഇംഗ്ലീഷ്വിദ്യാഭ്യാസത്തിനുപോകുന്നു. അതു സ്വാഭാവികവുമാണു. സർക്കാർശാലാവിദ്യാഭ്യാസത്തിനു ഇംഗ്ലീഷുഭാഷയിൽ ഒരു നല്ല ജ്ഞാനം ആവശ്യമാണെന്നും ഇവിടെ പറയുകയുണ്ടായി. ജപ്പാനിലും മററുരാജ്യങ്ങളിലും പാഠപുസ്തകങ്ങളായി ഇംഗ്ലീഷ്പുസ്തകങ്ങളുണ്ടു് ഉപയോഗപ്പെടുത്തിവരുന്നതെന്നു വരുകിലുംപ്രസംഗങ്ങളെല്ലാം മാതൃഭാഷയിലാണെന്നു ഞാൻ അറിഞ്ഞിട്ടുണ്ടു. ഇവിടെ അതുപോലെചെയ്യാവുന്നതാകുന്നു. നാട്ടുഭാഷവഴിയായി വിദ്യാഭ്യാസം നടക്കുകിവരുന്നു, എന്നുകരുതുന്നതാൽ വിദ്യാർത്ഥികൾക്കു ആവശ്യമുള്ളിടത്തോളം ഇംഗ്ലീഷ്പരിജ്ഞാനം ഉണ്ടാകുന്നതല്ലെന്നുവരുന്നതല്ല. ഇംഗ്ലീഷ്ഭാഷയിൽതന്നെ പരിജ്ഞാനംഉണ്ടാകുന്നതിനുവേണ്ട സമയം ഉപയോഗിക്കാവുന്നതാണ്. അതിലേക്കാവശ്യമുള്ള സമയം ഇതുനിമിത്തം ലഭിക്കുന്നതുകൂടുന്നു. ചരിത്രം, ഭൂമിശാസ്ത്രം, ശാസ്ത്രീയവിഷയങ്ങൾ മുതലായവ നാട്ടുഭാഷാമുഖേന പഠിപ്പിക്കുന്നതായാൽ വിദ്യാർത്ഥികൾക്കതുസംബന്ധിച്ചു അറിവു വളരെ

ഭാഗത്തിൽ സമ്പാദിക്കയാൽകഴിയും. അവരുടെ ബുദ്ധിശക്തിക്കും സഹനശക്തിക്കും ഇപ്പോഴത്തെപ്പോലെ അത്രയ്ക്കുള്ളത്രയും ഉണ്ടാകുന്നതുമല്ല. അതുകൊണ്ടു വിദ്യാഭ്യാസസംബന്ധമായും പ്രായോഗികമായും എല്ലാകാര്യങ്ങളെ സംബന്ധിച്ചും ആലോചിച്ചുനോക്കുന്നതായാൽ ഇംഗ്ലീഷ്ഭാഷമുഖേന എല്ലാവിഷയങ്ങളും കഴിയുന്നിടത്തോളം മാതൃഭാഷമാർഗ്ഗമായിട്ടു പഠിപ്പിക്കേണ്ടതാണെന്നുകാണാം. ഗവൺമെന്റു ആ അഭിപ്രായം സ്വീകരിക്കുന്നപക്ഷം, മലയാളത്തിലും തമിഴിലും പാഠപുസ്തകങ്ങളെഴുതാൻ തക്കയോഗ്യതയുള്ള വിദ്വാന്മാരുള്ളസ്ഥിതിക്കു ൩, ൪, ൫, ൬ എന്നീ ഫാറങ്ങളിൽ പഠിപ്പിക്കുന്നതിനു വിവിധവിഷയങ്ങളിലും ആവശ്യമുള്ള പാഠ്യപുസ്തകങ്ങൾ വളരെപ്പെട്ടെന്നു ഉണ്ടാകുന്നതാകുന്നു. രണ്ടാംഫാറംവരെ നാട്ടുഭാഷമുഖേന പഠിപ്പിച്ചുവരുന്നതായി സമ്മതിച്ചിട്ടുള്ളതു പാടുള്ളതുതന്നെ. അതുകൂടാതെ, ചരിത്രം, ഭൂമിശാസ്ത്രം, ഗണിതവിഷയങ്ങൾ എന്നിവസംബന്ധിച്ചു പാഠപുസ്തകങ്ങൾ മലയാളത്തിലാണെന്നും പറഞ്ഞിട്ടുണ്ടു. ഏതായാലും അതു നല്ലകാര്യംതന്നെയാണ്. രണ്ടാംഫാറത്തിനുതന്നിലും ചരിത്രത്തിനും ഭൂമിശാസ്ത്രത്തിനും ഇംഗ്ലീഷ്പുസ്തകങ്ങളാണു നിശ്ചയിച്ചു പോന്നതെന്നായിരുന്നുഎന്റെ അറിവു. അതു അബദ്ധകാരമല്ലെന്നറിഞ്ഞതിൽ എനിക്കു വളരെ സന്തോഷമുണ്ടു. ഇംഗ്ലീഷ്ഒഴികെയുള്ള എല്ലാവിഷയങ്ങൾക്കും ൩, ൪, ൫, ൬എന്നീ ഫാറങ്ങളിലേക്കു കഴിവുള്ളതുംവേഗത്തിൽ നാട്ടുഭാഷയിലെഴുതിട്ടുള്ള പാഠ്യപുസ്തകങ്ങൾ പകരംനിശ്ചയിക്കുന്നതായിരിക്കണം. ഗവൺമെണ്ടിന്റെ ഉദ്ദേശം ഇത്രയുംപറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെഅനുകൂലിച്ചുകൊള്ളുന്നു.

മി. സി. പി. തോമ്മസ് (നിയമിതമെംബർ): സർ, മി. കല്ലൂർ നാരായണപിള്ള ഹാജരാക്കീട്ടുള്ളപ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കും വളരെ സന്തോഷമുണ്ടു. നാട്ടുഭാഷയുടെ ഉൽക്കർഷത്തിൽ എനിക്കും എന്റെ നാട്ടുകാരെപ്പോലെ വളരെ അഭിമാനമുണ്ടെങ്കിലും ഈ ഭേദഗതിമൂലം നാട്ടുഭാഷയ്ക്കുണ്ടാകുന്ന അഭിവൃദ്ധിയെ അഭിസ്ഥാനപ്പെടുത്തി മാത്രമല്ല ഞാൻ ഈ മാററത്തിന്റെ പ്രാധാന്യത്തെ ബലപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതു എന്നാൽ ഇംഗ്ലീഷ്സ്കൂളുകളിൽ നാട്ടുഭാഷാമുഖേന അഭ്യസനംനടത്തുന്നരീതി സ്വീകരിക്കുന്നസംഗതിയെപ്പററിയുള്ള വാദത്തിൽ മുഖ്യമായിട്ടുള്ള ആലോചനാവിഷയം അതായിരിക്കേണ്ട ആവശ്യമില്ല. വിദ്യാഭ്യാസ ഡയറക്ടർ സമ്മതിച്ചുപോലെ അല്പമായ ആലോചന കൊണ്ടുതന്നെ യുവാക്കന്മാർക്കു അഭ്യസനംനടക്കുന്നതു അവരുടെ മാതൃഭാഷമുഖേനയായിരിക്കുന്നതാണ് ഉത്തമമെന്നു എല്ലാവരും സമ്മതിക്കുന്നതാകുന്നു. രാജ്യഭരണസംബന്ധമായും സാമ്പത്തികമായുമുള്ള അനേകം അവസ്ഥാന്തരങ്ങൾകൊണ്ടുമാത്രമാണു നമ്മുടെ രാജ്യത്തിൽ വിദേശഭാഷമുഖേന വിദ്യാഭ്യാസം നടത്തേണ്ടതായിത്തീർന്നിരിക്കുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാമ്പത്തികമായ ആലോചനയെന്താണെന്നു ദയവുചെയ്തു പറയുമോ?

മി. സി. പി. തോമ്മസ് (നിയമിതമെംബർ): രാജ്യകാര്യസംബന്ധമായ സ്ഥിതിനിമിത്തം ഇംഗ്ലീഷ്വിദ്യാഭ്യാസത്തിനു വ്യവഹാരസംബന്ധമായ വിലയുള്ളതുകൊണ്ടു തന്നെ സാമ്പത്തികമായിട്ടു ആലോചിക്കാനുള്ളതു. അതുകൊണ്ടു സാധാരണസ്ഥിതിയിൽ നാട്ടുഭാഷമുഖേനയുള്ള അഭ്യസനം ആവശ്യമായിരിക്കുന്നസ്ഥിതിക്കു ഇംഗ്ലീഷ്മാർഗ്ഗമായി അഭ്യസനംനടത്തുവാൻ നമ്മെ നിർബന്ധിക്കുന്ന ബുദ്ധിമുട്ടിൽനിന്നും വിമോചനംലഭിക്കുവാനുള്ള ഒരുമാർഗ്ഗം നാം കണ്ടുപിടിക്കേണ്ടതായിരിക്കുന്നു.

ഇവിടെ പ്രസ്താവിച്ച ഒരു പ്രയാസം നമ്മുടെ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ വിദ്യാഭ്യാസത്തിനായി വന്നുചേരുന്നവരിൽ അധികംപേരുടേയും പ്രധാനഉദ്ദേശം സർവകലാശാലാശാലാ ചട്ടയ്ക്കായതുകൊണ്ടും സർവകലാശാലയിലെ വിദ്യാഭ്യാസം ഇപ്പോൾ ഇംഗ്ലീഷ് ഭാഷയിലായിരിക്കുന്നതുകൊണ്ടും ഇനിയും വളരെക്കാലത്തേക്കു അപ്രകാരംതന്നെയായിരിക്കാവുന്നതുകൊണ്ടും ഇംഗ്ലീഷ്ഭാഷയിൽ പ്രാവീണ്യം സമ്പാദിക്കുന്നതിനാവശ്യമുള്ള സകലസൗകര്യങ്ങളും കൈസ്കൂളുകളിൽ ചെയ്തുകൊടുക്കേണ്ടതാവശ്യമായിരിക്കുന്നു എന്നതുമാത്രമാണ്. പ്രായോഗികനിലയനുസരിച്ചു ഇതിനു ശരിയായവിധം കല്പിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. എന്നാൽ ഈ പരിഷ്കാരം സംബന്ധിച്ചു സർവകലാശാലയുടെ പരിപൂർണ്ണമായ അനുഭവംനമുക്കു ലഭിക്കുകയും ഈ മാർഗ്ഗത്തിൽതന്നെ സർവകലാശാല അടുത്തതായിയിൽ ഒരു പരിഷ്കാരം ചെയ്യുന്നതാണെന്നുള്ള അഭിപ്രായം നമുക്കു ഉണ്ടാകുകയും ചെയ്യുന്നതുവരെ ഇംഗ്ലീഷ്സ്കൂളുകളിൽ നമ്മുടെ വിദ്യാർത്ഥികൾക്കു ലഭിച്ചുവരുന്ന ഇംഗ്ലീഷ്ഭാഷാപരിജ്ഞാനത്തിനു കുറവുവരുത്തുവാൻ പാടുള്ളതല്ല. സർ, ഭാഷസംബന്ധിച്ചതല്ലാത്ത വിഷയങ്ങൾ നാട്ടുഭാഷമുഖേന പഠിപ്പിക്കുന്നതുനിമിത്തം ഇംഗ്ലീഷ്ഭാഷസംബന്ധിച്ച അറിവിനു സംഭവിക്കുന്നദോഷത്തെപ്പററിപറഞ്ഞതു അല്പം അതിശയോക്തരൂപത്തിലാണെന്നാകുന്നു എനിക്കു പറയുവാനുള്ളതു. ചരിത്രം, ഭൂമിശാസ്ത്രം, സയൻസ് മുതലായവിഷയങ്ങളെപ്പററിയുള്ള ജ്ഞാനം നാട്ടുഭാഷാമുഖേന നേടുകയാണെന്നതായാൽ ഇപ്പോൾ അതിലേക്കു ആവശ്യപ്പെടുന്നസമയത്തിൽ പകുതി മതിയാകുമെന്നാണ് എനിക്കുതോന്നുന്നതു, അതുനിമിത്തം ഇംഗ്ലീഷ്ഭാഷ ശരിയായരീതിയിൽ പഠിക്കുന്നതിനു ധാരാളംസമയം വിട്ടുകൊടുക്കുവാൻ സാധിക്കുന്നതുമാകുന്നു. (മി. പി. കെ. നാരായണപിള്ള): കേൾക്കുവിൻ; കേൾക്കുവിൻ.

ഈ സന്ദർഭത്തിൽ എനിക്കു പറയുവാനുള്ള വേറൊരുസംഗതി ചരിത്രം, ഭൂമിശാസ്ത്രം, സയൻസുമുതലായ വിഷയങ്ങൾ നാട്ടുഭാഷാമുഖേന പഠിപ്പിക്കുമ്പോൾ ആ വിഷയങ്ങളിലെ സംഗതികളെത്തന്നെ ആധാരമാക്കി വിദ്യാർത്ഥികൾക്കു ഇംഗ്ലീഷ്ഭാഷാസംബന്ധമായ അഭ്യസനങ്ങൾ പരിശീലനത്തിനായി കൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാവുന്നതാകുന്നു. അവർ ഈ വിഷയങ്ങൾ പഠിക്കുമ്പോൾ ഭാഷസംബന്ധിച്ച ബുദ്ധിമുട്ടുകൾകൊണ്ടു ആവശ്യമില്ലാത്ത യാതൊരുഭാരവും അവരുടെ ബുദ്ധിശക്തിക്കുണ്ടാകാതെതന്നെ സംഗതികൾ ഗ്രഹിക്കത്തക്കവണ്ണം അവർ നാട്ടുഭാഷമുഖേന ആ വിഷയങ്ങൾ പഠിക്കുന്നു എന്നാണുഞാൻ ഉദ്ദേശിക്കുന്നതു. വിഷയങ്ങളെ സംബന്ധിച്ചു ഇംഗ്ലീഷിൽ വ്യവഹരിക്കുന്നതിനു ആവശ്യമുള്ള പ്രയോഗപരിചയം അവർക്കു ഉണ്ടാകുന്നതിലേക്കു, ആ വിഷയങ്ങളിലെ സംഗതികളെ ആധാരമാക്കി ഇംഗ്ലീഷിൽ വാക്യരചനയും വായനയും സംബന്ധിച്ചഅഭ്യാസങ്ങൾ കൊടുക്കേണ്ടതാകുന്നു. ഇപ്രകാരംചെയ്തീടുകയാൽ, ഇംഗ്ലീഷ്പരിജ്ഞാനംസംബന്ധിച്ച ദോഷകരമായ ഫലത്തിന് വളരെക്കുറവുവരുത്തുവാനാവുന്നതാകുന്നു മാത്രമല്ല, നാട്ടുഭാഷയിൽ നേരിട്ടു പഠിച്ചിട്ടുള്ളവരെയവർക്കുതൊഴിലുണ്ടുസിദ്ധിച്ചിട്ടുള്ള ഇംഗ്ലീഷ്ഭാഷയിൽ അവരിപ്പെടുത്തുവാൻ ശ്രമിക്കുന്നതുകൊണ്ടു കൂടുതൽ ഉത്സാഹവർദ്ധനവുണ്ടാവുന്നതുമാകുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ഹൈസ്കൂളിലെ ശിക്ഷണത്തിനായുള്ള വർഷങ്ങളുടെ സംഖ്യ ഉപയോഗിപ്പിക്കുവാൻ മെംബർ ശുപാർശചെയ്യുമോ എന്നുചോദിക്കട്ടെ?

മി. സി. പി. തോമസ് (നിയമിതമെംബർ): എന്റെ അഭിപ്രായത്തിൽ അതു ഉൾപ്പെടുന്നതല്ല.

അതുകൊണ്ടു, ഞാൻ പറഞ്ഞിട്ടുള്ള അവസ്ഥകളെപ്പറ്റി ആലോചിക്കുമ്പോൾ, ഇംഗ്ലീഷ് അല്ലാത്ത വിഷയങ്ങൾ മാതൃഭാഷാമാദ്ധ്യമമായുള്ള അദ്ധ്യാപനരീതി സ്വീകരിക്കുന്നതുകൊണ്ടു ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തെ സംബന്ധിച്ചു ഉണ്ടാകുന്നു എന്നു പറയുന്ന ദോഷങ്ങൾ അതിശയോക്തിപരമാകുന്നു എന്നു തോന്നുന്നു.

മദ്രാസ് പ്രസിഡൻസിയിൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു ചേർക്കപ്പെടുന്ന വിദ്യാർത്ഥികൾ മാതൃഭാഷാദ്ധ്യമമായി ഉത്തരം എഴുതുന്ന സമ്പ്രദായം സ്വീകരിച്ചു കൊള്ളുന്നതിനു സ്കൂൾ മാനേജർമാർക്കും രക്ഷകർത്താക്കൾക്കും സ്വാതന്ത്ര്യമായി അനുവാദം കൊടുത്തിട്ടുണ്ടെങ്കിലും വളരെക്കുറച്ചുപേർ അതിൽ ഉപയോഗപ്പെടുത്തിട്ടുള്ളു എന്ന് പ്രസ്താവിച്ചു. അപ്രകാരം സ്വാഭാവികമായ കുറവുകൾ നിലനിൽക്കുമ്പോൾ സന്ദേഹസ്പദമായ അദ്ധ്യാപനരീതിയിൽ ആദ്യമായി പ്രവേശിച്ചു പരിശ്രമിച്ചു നോക്കുവാൻ മാനേജർമാരും രക്ഷകർത്താക്കന്മാരും സൂക്ഷിക്കാഭിരുചിക്കയില്ലെന്നു നാം ഓർക്കേണ്ടതാണ്. നേരെമറിച്ചു നാട്ടുഭാഷാമുഖേനയുള്ള അദ്ധ്യാപനം ഗവർണ്മെന്റിനെസ്സംബന്ധിച്ചു നിർബന്ധമാക്കുന്നതായിരുന്നാൽ അപ്രകാരമുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതല്ലെന്നു എനിക്കുനിശ്ചയമുണ്ട്. ഇപ്രകാരമുള്ള എല്ലാസ്ഥാനങ്ങളിലും അദ്ധ്യാപനം പ്രവർത്തിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നമുക്കു ഇപ്പോൾ ഗവർണ്മെന്റിനെ ആശ്രയിക്കേണ്ടതായിട്ടുതന്നെയാണിരിക്കുന്നത്. ഒരു നിർദ്ദിഷ്ടമായ വിദ്യാഭ്യാസരീതി അഭിലഷണീയമോ അല്ലയോ എന്നു നിശ്ചയിക്കുന്നതിനുള്ള ഉത്തമപരിജ്ഞാനക്കാർ രക്ഷകർത്താക്കന്മാരല്ല. ഇപ്രകാരമുള്ള സംഗതികൾ രക്ഷാകർത്താക്കന്മാരുടെ തിരഞ്ഞെടുപ്പിനും അഭിപ്രായത്തിനുമായിട്ടു നാം വിട്ടുകൊടുക്കുന്നതായാൽ അനേകം രാജ്യങ്ങളിൽ വിദ്യാഭ്യാസാധികാരികൾ അംഗീകരിച്ചിട്ടുള്ള അനേകം വിദ്യാഭ്യാസരീതികളേയും നയങ്ങളെയും, വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ അനുകൂലിക്കുകയോ പരിപോഷിക്കുകയോ ചെയ്യുന്നതല്ല.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഈ സഭ ഒരു നല്ല പരീക്ഷകസംഘമാണോ എന്ന് മെംബർ പറയുമോ?

മി. സി. പി. തോമസ് (നിയമിതമെംബർ): കൊള്ളാം, അതുസഭയിലുള്ള ആളുകളുടെ യോഗ്യതയെ ആശ്രയിച്ചിരിക്കുന്നു. ഈ സഭയിലുള്ള ഒരുത്തരെപ്പററിയും ഒരഭിപ്രായവും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സഭയിലുള്ള മെംബർമാർ വിദ്യാഭ്യാസവിഷയത്തെപ്പററി ബുദ്ധിപൂർവ്വമായി ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽ ഈ സഭ ഒരു നല്ല പരീക്ഷകസമിതിയായിരിക്കുന്നതാണ്.

അതുകൊണ്ടു, മൂന്നുവർഷം കഴിഞ്ഞിട്ടും, രക്ഷകർത്താക്കളും സ്കൂൾമാനേജർമാരും ആയിട്ടുള്ളവരിൽ അധികംപേർ അവർക്കു അനുവദിച്ചു കൊടുത്തിട്ടുള്ള സ്വാതന്ത്ര്യത്തെ ഉപയോഗപ്പെടുത്തീട്ടില്ലെന്നുള്ള അഭിപ്രായത്തിനു പ്രാബല്യം കൊടുക്കുവാൻ നമുക്കു കഴിയുകയില്ല. കൂടുതൽ സമയം അവർക്കു ഒരുകാര്യത്തിലേക്കു അനുവദിച്ചു കൊടുക്കേണ്ടതാണു. ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം ഈ ഭേദഗതി അനുവദിച്ചിട്ടു മൂന്നുവർഷം മാത്രമേ കഴിഞ്ഞിട്ടുള്ളു. ഈ കാലംകൊണ്ടു ഏതുസ്കൂളിലും ഒരുതരം വിദ്യാർത്ഥികളെ ഈ ഭേദഗതിക്കനുസരിച്ചു നാലാംഫാറത്തിൽനിന്നും ആറാംഫാറംവരെ കൊണ്ടുവരുവാൻ മാത്രമെ സാധിക്കുകയുള്ളു. ഞാൻ പ്രസ്താവിച്ചതുപോലെ, സ്വന്തംവിദ്യാർത്ഥികളെ സംബന്ധിച്ചു ഈ വിഷയത്തിൽ ആത്മാർത്ഥമായി പരിശ്രമിച്ചുനോക്കുവാൻ എല്ലാവർക്കും ഒരുമുണ്ടായിരിക്കുന്നതാണ്. അതുകൊണ്ടു, ഈ ഫുർപ്പാലിനു ജനങ്ങളുടെയിടയിൽ പ്രചാരം ഉണ്ടാകുന്നുണ്ടോ ഇല്ലയോ എന്നു പരീക്ഷിക്കുവാൻ കൂടുതൽകാലം അനുവദിക്കേണ്ടതാണ്, അങ്ങിനെയായാൽ വിദ്യാർത്ഥികൾക്കു സാധാരണയായി കൊടുത്തുവരുന്ന അദ്ധ്യാപനം വിദേശഭാഷാമുഖേനയായതുകൊണ്ടു അവരുടെ മാനസികബുദ്ധിക്കു പൊരുത്തപ്പെടാത്തതിട്ടുള്ള വളരെയധികം അധികമാകുന്നു എന്നു പറയാൻ നിവൃത്തിയില്ലാതാകുന്നതാണ്. മുമ്പുപ്രസ്താവിച്ചതുപോലെ, ചരിത്രം, ഭൂമിശാസ്ത്രം, പ്രകൃതിപഠനം മുതലായ വിഷയങ്ങൾ ഒരുവിദേശഭാഷാമാദ്ധ്യമമായി പഠിക്കുന്നതിനുള്ള ശ്രമം, ആ ഭാഷവഴിയായി മനസ്സിലാക്കുവാനും വെളിപ്പെടുത്തുവാനും വിദ്യാർത്ഥികൾക്കു ജ്ഞാനമില്ലാതിരിക്കുമ്പോൾ, ബുദ്ധിക്കു ഒരുഭാരമായി തീരുന്നതാകുന്നു. അതുകൊണ്ടുശക്തിക്കു ക്രമത്തിലധികമായ ശ്രമത്തെ കൊടുക്കുകയും മാനസികമായ മററുശക്തികളെ അവഗണിക്കുകയുംചെയ്യുന്നു. രക്ഷാകാര്യം ഇന്നതാണെന്ന് കാണപ്പെടുന്ന വിദ്യാർത്ഥികളുടെ മാനസികാഭിവൃദ്ധിയെപ്പററി ആലോചിക്കുമ്പോൾ വാസ്തവത്തിൽ ദോഷമായിട്ടു തീരുന്നതാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൽ): മാനസികവ്യാപാരകേന്ദ്രതാപാംഗീകരണത്തെ മിസ്റ്റർ തോമസ് അദ്ദേഹത്തിന്റെ അഭിപ്രായത്തിനു അടിസ്ഥാനമാക്കുന്നുണ്ടോ എന്നുചോദിക്കട്ടെ?

മി. സി. പി. തോമസ് (നിയമിതമെംബർ): ഞാൻ ആ പ്രയോഗത്തെ ഗതിനിർണ്ണയകമായ അർത്ഥത്തിൽമാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നതു. അല്ലാതെ ശാസ്ത്രീയമായ അർത്ഥത്തിലല്ല അതുകൊണ്ടു, ഒരു വിദ്യാർത്ഥിയുടെ ക്രമമായും വ്യാപകമായുമുള്ള മാനസിക പരിപോഷണത്തിനു ചെയ്യുന്ന ഗതിയോടു താരതമ്യപ്പെടുത്തുമ്പോൾ മിതത്വമുള്ളതാണ്ക്കുവിക്കവുമാത്രമാണെന്നു എനിക്കുതോന്നുന്നു. വിദ്യാർത്ഥികളുടെ ഇംഗ്ലീഷ്ഭാഷാപരിജ്ഞാനത്തിലുള്ള പ്രാവീണ്യത്തെ സംബന്ധിച്ചു നമുക്കു അനുചിക്കാൻ ഇടയായേക്കാവുന്നതായ അല്പമായ ഏതു അത്യാഹിതവും ഗുണകരമായിട്ടുള്ളതാകുന്നു. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ പ്രമേയത്തെ അനുകൂലിച്ചു കൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ സംഗതിയെ സംബന്ധിച്ചു റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാരുടെ അഭിപ്രായം എന്താണെന്ന് അറിയുന്നതിനുള്ള അനുഗ്രഹം നമുക്കു ലഭിക്കുമോ?

പ്രസിഡണ്ട്: അതെല്ലാം നമ്മുടെ അധീനത്തിലിരിക്കുന്ന സമയത്തെ ആശ്രയിച്ചാണിരിക്കുന്നത്. അധികവും അനുദ്യോഗസ്ഥർമെംബറന്മാരുടെ അഭിപ്രായം അറിയുന്നതാണു ഞങ്ങൾക്കു ആഗ്രഹം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മാതൃഭാഷാമാദ്ധ്യമമായി—

മി. കെ. കെ. തോമസ് (കോട്ടയം): സർ, മെംബർ സംസാരിക്കുന്നതു നിയമാനുസരണമാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മാതൃഭാഷാമാധ്യമമായി—

പ്രസിഡണ്ട്: മിസ്റ്റർ നാരായണപിള്ളേ, നിങ്ങൾ ഇംഗ്ലീഷിൽതന്നെപ്രസംഗിക്കണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സഭാസമക്ഷം ഹാജരാക്കിട്ടുള്ള പ്രമേയം ഇംഗ്ലീഷ്സ്കൂളുകളിൽ നാട്ടുഭാഷാവഴിയായി പഠിപ്പിക്കാൻ പാടില്ലയോഎന്നാണ്.

മി. കെ. മാധവൻപിള്ള (നിയമവകുപ്പുമന്ത്രി—നെടുമങ്ങാട്): മെമ്പർ അവരെ ഇംഗ്ലീഷ്സ്കൂളുകൾഎന്നുവിളിക്കുന്നതെന്തിന്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാധാരണപറഞ്ഞുവരുന്നതു ഇംഗ്ലീഷ്സ്കൂളുകളെന്നാണ്, അവ ഇംഗ്ലീഷ്ജനതയെ സംബന്ധിച്ചതായതുകൊണ്ടല്ല ആ പേർവിളിച്ചുവരുന്നതു. സർ, ഇംഗ്ലീഷ്മീഡിയംസ്കൂളുകളിൽ നാട്ടുഭാഷാമുഖേന പഠിപ്പിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടു വിദ്യാഭ്യാസമേധാവികൾക്കും ഉപബലമായ ഒരു അനുകൂലസ്ഥിതിയുണ്ടെന്നു എനിക്കുതോന്നുന്നു. വിദ്യാഭ്യാസസംബന്ധമായ വിവിധകേന്ദ്രങ്ങളിൽ ഈ സംഗതിയെപ്പററി പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളുടെ ചുരുക്കം ഈ സഭമുമ്പാകെ വിദ്യാവൃദ്ധനായ ഡയറക്ടറവർകൾ ദയാപൂർവ്വം അറിയിച്ചിട്ടുണ്ട്. അതിൽനിന്നും ഞാൻ ഉദ്ദേശിക്കുന്നതു അനേകം വിദ്യാലയങ്ങളിൽ നാട്ടുഭാഷാമുഖേന അഭ്യസനം നടത്തുന്നതിലേക്കുള്ള ശ്രമംനടന്നുവരുന്നുണ്ടെന്നാണ്. സർ, അതുതന്നെ അഭിലഷണീയമായപ്രമേയമായിട്ടാണു എൻെറമനസ്സിനു തോന്നുന്നതു. ഇംഗ്ലീഷ്ഭാഷസംബന്ധിച്ചു നാംഇപ്പോൾ ആഗ്രഹിക്കുന്നരീതിയിൽ, ഒരു അറിയായ പിടികിട്ടുന്നതിനു അസാമാന്യമായ പ്രയത്നംകൂടാതെ കഴിയുകയില്ലെന്നുള്ളതാണ് എനിക്കു അപ്രകാരം തോന്നുന്നതിനുള്ള കാരണം.

പിന്നിട്ട പ്രസ്താവിച്ചസംഗതി, സ്കൂൾഫൈനൽ സർട്ടിഫിക്കററ പരീക്ഷസംബന്ധിച്ചു ചോദ്യങ്ങൾ ചോദിക്കുന്നതു ഉത്തരമെഴുതുന്നതു നാട്ടുഭാഷയിൽ മതിയെന്നു വരണമെന്നു നിർബന്ധിക്കുന്ന അഭിപ്രായത്തെ വിദ്യാർത്ഥികൾ ഹിതകരമാക്കാത്തതെന്തുകൊണ്ടെന്നുള്ളതാണ്. അതിലേക്കു എനിക്കു പറയാനുള്ള സമാധാനം അനേകം പ്രകാരത്തിലാണ്. ഒന്നാമതായിട്ടു, ഇപ്പോഴത്തെനിലയ്ക്കു ഇംഗ്ലീഷ് ഭാഷയ്ക്കു ഒരു ഭാഷയുടെ നിലയിൽ, പ്രത്യേകമായ ഒരു വിലയുണ്ട്. അതിനാൽ ഇംഗ്ലീഷ്ഭാഷയിൽ പരിപൂർണ്ണമായ ഒരു അടിസ്ഥാനം സിദ്ധിക്കുകയാണെങ്കിൽ, പരീക്ഷസംബന്ധിച്ച കാര്യങ്ങളിൽ അതു സഹായമായിത്തീരുന്നതുമാത്രമല്ല ജീവിതകാലത്തിലെ ഇതരസംഗതികളിൽ ഉത്തമസ്ഥാനവസ്തുക്കൾ അവലംബമായി ഭവിക്കുന്നതുമാകുന്നു. ഈ കൃത്രിമമായ വില ഇംഗ്ലീഷ്ഭാഷയ്ക്കു കല്പിച്ചിരിക്കുന്നിടത്തോളം കാലം ആ ഭാഷ പഠിക്കുന്നതിൽനിന്നും വിദ്യാർത്ഥികളെ പിൻവലിക്കുന്ന കാര്യം വളരെ പ്രയാസമാകുന്നു. ആ സംഗതിയെ സംബന്ധിച്ചു ഒരു രൂപം ഇതരത്തിലാണ്.

ഇപ്പോഴത്തെസ്ഥിതിയനുസരിച്ചു അദ്ധ്യേതാക്കൾ നാട്ടുഭാഷമാധ്യമമായി ഉത്തരമെഴുതുന്നതിൽ അദ്ധ്യാപകന്മാർക്കതന്നെ സന്തുഷ്ടരുണ്ടായിരിക്കുമോഎന്നുള്ള രണ്ടാമത്തെ സംഗതി വളരെയായ വാർത്തിനു കാരണമായിട്ടുള്ളതാണ്. വിദ്യാർത്ഥികൾ നാട്ടുഭാഷയിൽ ഉത്തരം എഴുതണമെന്നു അവരുടെ മാതാപിതാക്കന്മാർ ആഗ്രഹിക്കുന്നില്ലെന്നു വിദ്യാഭ്യാസാധ്യക്ഷർ പ്രസ്താവിച്ചു. അതുസംബന്ധിച്ചു എനിക്കു നല്ല നിശ്ചയം ഇല്ല. സാധാരണ മാതാപിതാക്കന്മാരെയും, രക്ഷകർത്താക്കളേയും സംബന്ധിച്ചിടത്തോളം, അവർക്കു ഇപ്രകാരമുള്ള സംഗതികളിൽ വരുത്തിക്കൂട്ടുന്ന പലപ്രകാരത്തിലുള്ള പരിഷ്കാരങ്ങളെപ്പററി മനസ്സിലാക്കുന്നതിനുതന്നെ അനേകം വർഷങ്ങൾ വേണ്ടിവരുന്നതാണ്. അതിലേക്കു ഒരു ഉദാഹരണംപറയാം. ഫാ ൧൯൨൯—ലെ മാനർറഫോർമേഷൻ പാസ്സായി ഇപ്പോൾ പത്തുവർഷം കഴിഞ്ഞിട്ടുണ്ടെങ്കിലും നായർസമുദായത്തിലെ വിവാഹസംഗതിയെപ്പററി പലപ്രകാരത്തിലുള്ള തററായ ധാരണകളും ജനങ്ങളുടെ ഇടയിൽഉണ്ട്. അതുകൊണ്ടു, സാധാരണ ജനങ്ങൾക്കു ഇപ്രകാരമുള്ള സംഗതികളെ സംബന്ധിച്ചു ശരിയായി മനസ്സിലാകുന്നതിനു അനേകവർഷങ്ങൾ വേണ്ടിവരുന്നതാണെന്നു വ്യക്തമാകുന്നു. അതിനാൽ നാട്ടുഭാഷയിൽ ഉത്തരം എഴുതുവാൻ വിദ്യാർത്ഥികളിൽ കാണുന്ന അനാസ്ഥയ്ക്കുള്ള കാരണം രക്ഷകർത്താക്കന്മാരുടേതായാ മാതാപിതാക്കന്മാരുടേതായാ അനുഭാവമില്ലായ്മയാണെന്നു പറയുന്നതു ശരിയാണെന്നു തോന്നുന്നില്ല. ഈ സംഗതിയെപ്പററി ആകപ്പാടെ പൊതുവായി ഒരു പരിശോധന നടത്തുന്നപക്ഷം ഈവിധം നാട്ടുഭാഷയിൽ ഉത്തരമെഴുതുന്നതിൽ വിരോധമുള്ളവർ അനേകം വാദ്ധ്യാന്മാർക്കതന്നെയാണെന്നു കാണാവുന്നതാകുന്നു. നാട്ടുഭാഷയിൽ പ്രസംഗിക്കുവാൻ അവർക്കു സാധിക്കുന്നതല്ല. അവർക്കതന്നെ നാട്ടുഭാഷയിൽ യാതൊന്നു പിടിപാടുമില്ല. നാട്ടുഭാഷയിൽ രണ്ടു വാചകം തെററുകൂടാതെ എഴുതുവാൻ അവർക്കു കഴിയുന്നതല്ല. അപ്രകാരമുള്ള അനേകം വാദ്ധ്യാന്മാർ ഇപ്പോഴും ഉണ്ട്. അപ്രകാരമുള്ള വാദ്ധ്യാന്മാർ ഉണ്ടായിരിക്കുന്നിടത്തോളംകാലം ഈ പദ്ധതി വിദ്യാർത്ഥികൾക്കു അനുവദിച്ചുകൊടുക്കാതിരിക്കുന്നതിൽ ആക്ഷേപിക്കപ്പെടുവാനില്ല. മിസ്റ്റർ രാമൻരമണോൻറയും, മിസ്റ്റർ സി. പി. തോമസ്സിൻെറയും അഭിപ്രായങ്ങളിൽനിന്നും, ഒരു വിദേശഭാഷയ്ക്കു തന്നത്താനെ അഭിമതപ്പെടുന്നതിനു ഇടയാകുന്നതിനിമിത്തം മാനസികശക്തിക്കു അല്പമെങ്കിലും ഇളിവുതട്ടാതിരിക്കയില്ലെന്നു വ്യക്തമാകുന്നുണ്ട്. ഭാഷസംബന്ധിച്ചതല്ലാത്ത വിഷയങ്ങളെപ്പററി മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരും പ്രസ്താവിച്ചിട്ടുണ്ട്. നാട്ടുഭാഷവഴിയായി ഇംഗ്ലീഷ്ഭാഷയും നല്ലപോലെ പഠിപ്പിക്കാൻ സാദ്ധ്യമാണെന്നിരിക്കെ ഈ സംഗതിയിൽ നാം ഇംഗ്ലീഷ്ഭാഷാപഠനത്തെ മാത്രം ഒഴിച്ചുകൂട്ടുന്നതെന്തിനാണ്? സംസ്കൃതഭാഷ പഠിപ്പിക്കുന്ന കാര്യത്തിൽ ആരും സംസ്കൃതഭാഷകൊണ്ടുതന്നെ ആരംഭിക്കുവാൻ വിചാരിക്കുന്നില്ല. സംസ്കൃതം ഒരു കഠിനഭാഷയാകുന്നു. എൻെറ സ്നേഹിതൻ മിസ്റ്റർ ചാക്കോവിനെപ്പോലെയുള്ള പണ്ഡിതന്മാർ അതു അപ്രകാരംതന്നെയാണെന്നു സമ്മതിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. (ചിരി): സംസ്കൃതഭാഷ പഠിക്കാൻ ആരംഭിച്ചിട്ടുള്ള ഒരു വിദ്യാർത്ഥി സംസ്കൃതഭാഷമുഖേനതന്നെയുള്ള അഭ്യസനത്തെ ആഗ്രഹിക്കുന്നില്ല. എന്നാൽ അതേസംഗതി ഇംഗ്ലീഷ്ഭാഷയെ സംബന്ധിച്ചതാകുമ്പോൾ വിദ്യാഭ്യാസം ഇംഗ്ലീഷ്ഭാഷമാധ്യമമായിട്ടുതന്നെയാണ് നടക്കേണ്ടിയിരിക്കുന്നതു.

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഒന്നു മൃതഭാഷയും മറെറാന്നു ജീവൽഭാഷയുമാണെന്നുള്ള വ്യത്യാസം സംസ്കൃതഭാഷയേയും ഇംഗ്ലീഷ്ഭാഷയേയും സംബന്ധിച്ചിടത്തോളം ഇല്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഒരു വ്യത്യാസമല്ല. മററനേകം സംഗതികളിലും ഇംഗ്ലീഷ്ഭാഷ സംസ്കൃതഭാഷയിൽനിന്നും വ്യത്യാസപ്പെട്ടതാകുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): സംസ്കൃതത്തിൽ സംസാരിക്കാൻ കഴിവുള്ള സംസ്കൃതപണ്ഡിതന്മാർ നാലിനു എത്രവിധത്തിലുണ്ടെന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവരിൽ അനേകംപേർ സംസ്കൃതത്തിൽ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): കുറച്ചുപേരുണ്ടെന്നു ഞാൻ സമ്മതിക്കാതിരിക്കുന്നില്ല. എന്നാൽ അപ്രകാരമുള്ളവരുടെ അനുപാതം എന്താണ്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു കണക്കാക്കുന്നതിന് വളരെ പ്രയാസമുണ്ട്. സംസ്കൃതത്തിൽ പ്രസംഗങ്ങൾ നടത്തുന്നതു ഞാൻ കേട്ടിട്ടുണ്ട്.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): മെമ്പർക്കു അറിവുള്ള ആ സംസ്കൃതപണ്ഡിതന്മാരിൽതന്നെ സംസ്കൃതഭാഷയിൽ സംഭാഷണം നടത്തുവാൻ കഴിവുള്ളവർ എത്രപേരുണ്ട്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു പരിചയമുള്ള എല്ലാ പണ്ഡിതന്മാർക്കും സംസ്കൃതത്തിൽ സംസാരിക്കുവാൻ കഴിയും. ചില്ലുവഗ്രാഹിയായ സംസ്കൃതഭാഷാപരിജ്ഞാനംകൊണ്ടുമാത്രം പരക്ഷ, ജയങ്ങൾക്കു സംസാരിക്കുവാൻ സാധിക്കുന്നതല്ലായിരിക്കാം. ആർട്ട്സ് കാരേജിൽവച്ചു മിസ്റ്റർ ജി.വൂർ നാരായണശാസ്ത്രികളും, ബനാറിസിലെ റവറണ്ടു ജോൺസനും, സ്വപ്രസിദ്ധനായ കഴിഞ്ഞുപോയ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും സംസ്കൃതത്തിൽ പ്രസംഗിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. ഇവരെല്ലാവരും സംസ്കൃതഭാഷയിൽ സംസാരിക്കുന്നതും പ്രസംഗങ്ങൾ നടത്തുന്നതും ഞാൻ കേട്ടിട്ടുണ്ട്.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): ശാസ്ത്രപരീക്ഷ പാസ്സാകുന്നവരെല്ലാം സ്റ്റാറ്റഫ്യിനൽപരീക്ഷ പാസ്സാകുന്നവർക്കു ഇച്ഛിതാരാകുന്നു മെമ്പർ ഗണിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉവ്വ്.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): താരതമ്യേന അവരിൽ എത്രപേർക്കു സംസ്കൃതത്തിൽ സംസാരിക്കുവാൻ കഴിയും?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവരിൽ ചിലർക്കു വളരെ ഭംഗിയായി സംസ്കൃതഭാഷയിൽ സംസാരിക്കുവാൻ കഴിയും. സ്റ്റാറ്റഫ്യിഗ്പരീക്ഷ പാസ്സാകുന്നവർക്കു എത്രമാത്രം തെററുകൂടാതെ ഇംഗ്ലീഷ് സംസാരിക്കുവാൻ കഴിയുമോ അതുപോലെ അവർക്കു സംസ്കൃതഭാഷ തെററുകൂടാതെ സംസാരിക്കുവാൻ കഴിയുന്നതാണ്. പരക്ഷ അവർ സംസാരിക്കുന്നതിൽ അത്രമാത്രം തടസ്സമില്ലായ്മ കാണുകയില്ലായിരിക്കാം. അതിനു കാരണം സംസ്കൃതഭാഷാവ്യാകരണം ഇംഗ്ലീഷ്ഭാഷാവ്യാകരണത്തെക്കാൾ അധികം ഗഹനമായിട്ടുള്ളതാകുന്നു.

സർ, ഞാൻ അറിയിക്കുന്നതു, വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം, നാട്ടുഭാഷമുഖേന ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു സാധിക്കുന്നതായാൽ, വളരെ ലാഭം സിദ്ധിക്കുന്നതാണെന്നാകുന്നു.

മി. സി. പി. തോമ്മസ് (നിയമിതമെമ്പർ): അന്യഭാഷാസഹായംകൂടാതെയുള്ള അഭ്യസനരീതിയിൽ മെമ്പർക്കു തീരെ വിശ്വാസമില്ലയോ എന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വിദ്യാർത്ഥികൾക്കു മനസ്സിലാക്കുവാൻ എളുപ്പമായിരിക്കുന്നതിനായിട്ടു പഴയരീതിയോടുകൂടിതന്നെ ആ രീതിയും പ്രയോഗിച്ചുനോക്കുവുന്നതാണു. ഈ രണ്ടുരീതികളെയും അന്യോന്യം താരതമ്യപ്പെടുത്തുവാൻ എന്നെ നിയോഗിക്കുന്നതെങ്കിൽ വിവിധങ്ങളായ ആശയങ്ങളെ പേരെടുത്തുഭാഷയിലേക്കു തർജ്ജമചെയ്യുന്നതിനുശേഷം താൻചെയ്ത തർജ്ജമയിലെ ആശയം എന്താണെന്നു ഗ്രഹിക്കുവാൻ പ്രയാസപ്പെട്ട ഒരാളെപ്പററി എനിക്കു ഓർമ്മയുണ്ടെന്നു ഞാൻ പറയും. അയാളുടെ പ്രവൃത്തിയിലെ കുറവിന്റെ കാരണം എന്താണെന്നറിയാൻ ഒരു കൂടുകാരൻചെയ്ത ഉല്ലാസത്തോടു താരതമ്യപ്പെടുത്താവുന്നതാണ്. കൂടുകാരൻ പറഞ്ഞതു, വെള്ളപ്പു എന്നാൽ എന്താണെന്നു അവൻചോദിച്ചു. അതു കൊക്കിനെപ്പോലെയാണെന്നായിരുന്നു മറുപടി. കൊക്കു എന്നാലെന്താണെന്നു കൂടുകാരൻ വീണ്ടും ചോദിച്ചു. ഇതുകേട്ടു ക്ഷമയില്ലാതായിത്തീർന്ന അയ്യൻ മുഴംകൈയ്മടക്കിക്കാണിച്ചിട്ടു "അതു ഏകദേശം ഇതുപോലെയിരിക്കും" എന്നുപറഞ്ഞു. സ്വന്തംകൈകൊണ്ടു, മടക്കിയിരിക്കുന്ന അന്യന്റെ മുഴംകൈയ് തടവിനോക്കീട്ടു കൂടുകാരൻ തന്നെ ഇതുപോലെയിരിക്കുമെന്നു തനിക്കു മനസ്സിലായി എന്നുപറഞ്ഞു (ചിരി). അതുകൊണ്ടു അന്യഭാഷകളിൽനിന്നും തർജ്ജമചെയ്തിട്ടുള്ള ആശയങ്ങളെ, വിദ്യാർത്ഥികൾ മനസ്സിലാക്കിയാലുംശരി ഇല്ലെങ്കിലുംശരി, അതേപ്രകാരത്തിൽ ഗ്രഹിച്ചുകൊള്ളുവാൻ ആജ്ഞാപിക്കുന്നതു വിദ്യാർത്ഥിചിത്തത്തിലുള്ള സംസ്കാരയോഗ്യമായ കാലത്തെ വിനിയോഗിക്കുകയാകുന്നു. നിങ്ങൾക്കു ഒരു വിദ്യാർത്ഥിയോടു നേരിട്ടു മലയാളത്തിൽ സംസാരിച്ചു (ചുരുങ്ങി) എന്നുള്ളതിന്റെ ആശയം എന്താണെന്നു അയാളെ എളുപ്പത്തിൽ ഗ്രഹിപ്പിക്കുവാൻകഴിയും. അപ്രകാരമുള്ള സാരമില്ലാത്തസംഗതികളെല്ലാം നാട്ടുഭാഷയിൽ പഠിപ്പിക്കാവുന്നതാകുന്നു. ആസ്ഥിതിക്കു നാട്ടുഭാഷമുഖേന പഠിപ്പിക്കുന്നപക്ഷം എന്തുകൊണ്ടു സ്വീകരിക്കാൻ പാടില്ല? അതു ആലോചിക്കേണ്ടതായ ഒരു വിഷയമാകുന്നു. ആ സംഗതിയെപ്പററി താൻതന്നെ പ്രത്യേകം തൊന്നിക്കുന്നതാണെന്നു പണ്ഡിതനായ ഡയറക്ടർ അവർകളും സമ്മതിച്ചിട്ടുണ്ട്. അതിനുപുറമെ, ഇൻഡ്യയിലും ജപ്പാനിലും ഈസംഗതിസംബന്ധിച്ചു ഉടൻപോരുന്ന വിദ്യാഭ്യാസപ്പുസ്തകങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തിനോക്കുന്നതു വളരെ രസകരമായിട്ടുള്ളതാണു. അവരും പാശ്ചാത്യവിദ്യാഭ്യാസരീതിതന്നെയാണു അനുസരിച്ചുപോരുന്നതു. എങ്കിലും ഒരു വ്യത്യാസം ഇല്ലാതില്ല. ആയതു അവർ അഭ്യസനപദ്ധതിയായി സ്വീകരിച്ചിട്ടുള്ളതു നാട്ടുഭാഷയാണെന്നുള്ളതാകുന്നു. അതുനിമിത്തം ജപ്പാനിലുള്ള ജനങ്ങളുടെ കല്പനാശക്തിക്കു ഉത്തേജനം സിദ്ധിക്കുന്നു. ഇവിടെയാകട്ടെ കല്പനാശക്തിക്കു ഉദ്ദീപനം ലഭിക്കുന്നില്ല. ഇവിടെ നിങ്ങൾക്കു തീരെ യോജിക്കാത്തതായ ഒരു പ്രത്യേകമാർഗ്ഗത്തെത്തന്നെ മുറുകെപ്പിടിക്കേണ്ടിയിരിക്കുന്നതുകൊണ്ടു നിങ്ങൾ കൃത്രിമമായ ഒരു അവസ്ഥയെപ്രാപിക്കുന്നു. അതുനിമിത്തം നിങ്ങളുടെ കല്പനാശക്തി

ളെല്ലാം നാശംസംഭവിക്കുകയും വിദ്യാഭ്യാസം ചെയ്യുന്ന കാലത്തിൽതന്നെ ഒരു കൃത്രിമാവസ്ഥയിലാണു സ്ഥിതി ചെയ്യുന്നതെന്നു യിദ്ദേഹം തോന്നുകയുംചെയ്യുന്നു. അതുകൊണ്ടു ഇപ്പോഴത്തെ ഈ ഉദ്യമം പ്രയോജാർഹമായിട്ടുള്ളതുതന്നെയാണു. കഴിയുന്നതും വേഗത്തിൽ അതനുസരിച്ചു പ്രവർത്തിച്ചുകാണുവാൻ ഞാൻ വിദ്യാഭ്യാസവകുപ്പുകാരോടു അപേക്ഷിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ഗവർണ്മെന്റ് സ്കൂൾസ് പ്രിൻസിപ്പൽ): ജപ്പാൻരാജ്യത്തിൽ ഇംഗ്ലീഷ്ഭാഷയ്ക്കു ഇൻഡ്യയിലുള്ളതുപോലെയുള്ള വിലയുണ്ടോ എന്നു മിസ്റ്റർ നാരായണപിള്ള പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇല്ല. അതു ഉണ്ടാകാൻ സാധിക്കുന്നതല്ല. അതുകൊണ്ടുതന്നെയാണു ഇംഗ്ലീഷ്ഭാഷയ്ക്കു ഇപ്പോഴത്തെപ്പോലെയുള്ള ഒരു വില ഇൻസ്ട്രക്ടിൽ വിശേഷിച്ചു തിരുവിതാംകൂറിൽ ഉണ്ടെന്നു ഞാൻ പറഞ്ഞതു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സർ, ഈ സഭയിലെ ഈ ഭാഗത്തുള്ള മെംബറന്മാർക്കു ഉദ്യോഗസ്ഥഭാഗത്തിലുള്ളവരുടെ അഭിപ്രായത്തോടു യോജിക്കുവാൻ പലപ്പോഴും പ്രയാസമായിട്ടാണിരിക്കുന്നതു. എന്നാൽ ഈ നിർദ്ദിഷ്ടവിഷയത്തിൽ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരുടെ അഭിപ്രായത്തോടു യോജിക്കുവാൻ യാതൊരുപ്രയാസവും ഞാൻ കാണുന്നില്ല. ഇപ്പോൾ രാജ്യഭരണസംബന്ധമായും, സാമ്പത്തികമായും, സാമൂഹ്യമായും മതസംബന്ധമായിട്ടുപോലും ഇംഗ്ലീഷ്ഭാഷ അപരിഹാര്യമായ ആവശ്യമായിത്തീർന്നിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മതസംബന്ധമായിട്ടുപോലുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതെ, അതുസംബന്ധിച്ചു കൂടുതൽവിവരണം ആവശ്യപ്പെടുന്നുണ്ടെങ്കിൽ ഞാൻ അപ്രകാരംചെയ്യുവാൻ തയ്യാറാണു. അതുകൊണ്ടു ഇംഗ്ലീഷ്ഭാഷയുടെ പ്രാധാന്യത്തെ ആലോചിച്ചിട്ടുള്ളതിലും നമ്മുടെ കുഞ്ഞുങ്ങൾക്കു ആ ഭാഷയിൽ വേണ്ടുവോളം പരിശീലനം സിദ്ധിക്കുവാനുള്ള അവസരം നാം കൊടുക്കേണ്ടതാകുന്നു. ഇംഗ്ലീഷ്ഭാഷമുഖേനയുള്ള അഭ്യസനം ആ ഭാഷയിൽ ഒരു നല്ലപ്രാവീണ്യംസമ്പാദിക്കുന്നതിനു അവരെ സഹായിക്കുന്നതാകുന്നു. ആ വഴിക്കും, ഇപ്പോഴത്തെ സ്ഥിതിക്കു ഇംഗ്ലീഷ്ഭാഷവഴിയായി പഠിപ്പിക്കുന്നതു ഉചിതംതന്നെയാണു. ആ സംഗതിയെപ്പററി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുകാരുടെ നോക്കുന്നതായാലും നാട്ടുഭാഷാമാർഗ്ഗമായി വേണ്ടതുപോലെ പഠിപ്പിക്കുവാൻ നിവൃത്തിയില്ലാത്ത അനേകം വിഷയങ്ങൾ ഉള്ളതുകൊണ്ടു ഇപ്പോഴത്തെ ഏർപ്പാടു ആവശ്യമായിട്ടുള്ളതാണെന്നാണു എന്റെ അഭിപ്രായം. പ്രമേയം ഹാജരാക്കുകയും അതിനെ അനുകൂലിക്കുകയും ചെയ്ത മെംബറന്മാർക്കുകൂടിയും ചില ആശയങ്ങൾ നാട്ടുഭാഷയിൽ പ്രകാശിപ്പിക്കുവാൻ സാധിച്ചിട്ടില്ല. അവരെപ്പോലെതന്നെ ചില അദ്ധ്യാപകന്മാർക്കും അവരുടെ അഭിപ്രായങ്ങളെ നാട്ടുഭാഷവഴിയായി വെളിപ്പെടുത്തുവാൻ പലപ്പോഴും പ്രയാസം നേരിട്ടേക്കാം. അതുകൊണ്ടു ഇംഗ്ലീഷ്ഭാഷമുഖേന അഭ്യസനം നടത്തിപ്പോരുന്ന ഇപ്പോഴത്തെരീതി നല്ലതും അവശ്യവുമാകുന്നതാകുന്നു എന്റെ അഭിപ്രായം.

മി. സി. പി. തോമസ് (നിയമിത മെംബർ): അതിൽതന്നെ ദോഷവും ഉണ്ടെന്നും അതിനാൽ അതു പരിഹരിക്കപ്പെടേണ്ടതാണെന്നും മെംബർ വിചാരിക്കുന്നില്ലയോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു ഏതെങ്കിലുംപ്രകാരത്തിൽ ദോഷമുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇംഗ്ലീഷ്ഭാഷയിൽ നല്ലപരിശീലനംലഭിച്ചിട്ടുള്ളവർക്കുകൂടിയും ചിലപ്പോൾ അവരുടെ സംഭാഷണങ്ങളിൽ ശരിയായ ഇംഗ്ലീഷ്ഭാഷാപദങ്ങൾ കിട്ടുന്നതിനു ചിലപ്പോൾ വളരെ പ്രയാസം നേരിടുന്നതായികാണുന്നുണ്ടു. അതുകൊണ്ടു ഇംഗ്ലീഷ്ഭാഷസംബന്ധിച്ചുള്ള ജ്ഞാനം വർദ്ധിപ്പിക്കേണ്ടതു ആവശ്യമാകുന്നു. ധനതത്വശാസ്ത്രം, നീതിശാസ്ത്രം, സയൻസു മുതലായവിഷയങ്ങൾ നാട്ടുഭാഷമുഖേന പഠിപ്പിക്കുന്നതും വളരെ പ്രയാസമായിട്ടുള്ളതാണു. അതുകൊണ്ടു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുകാരോ ഇംഗ്ലീഷ്ഭാഷമുഖേന പഠിപ്പിക്കുന്നരീതി പരിഷ്കരിക്കേണ്ടതു ആവശ്യമായിട്ടുള്ളതാകുന്നു.

ഇതിനു വിരോധമായി പ്രകടിപ്പിച്ച ഒരു കാരണം അതു വിദ്യാർത്ഥികൾക്കു മാനസികമായ ആയാസത്തിനു കാരണമായിത്തീരുന്നുഎന്നാണ്. വിദ്യാർത്ഥികളുടെ വിഷയത്തിൽ അതു ഭാരവർദ്ധനകുറയെക്കെ ശ്രമത്തെ കൊടുക്കുന്നുണ്ടെന്നു നമുക്കു സമ്മതിക്കാം. എന്നാൽ അതു എല്ലായ്പ്പോഴും ഒരു ആയാസമായിത്തീരണമെന്നില്ല. അതിനെ ഒരു മാനസികവ്യായാമമായി ഗണിക്കാവുന്നതാണ്. അതു ഒരുശ്രമംതന്നെയാകണമെന്നു വിചാരിക്കുന്നതായാലും വിദ്യാർത്ഥികൾക്കു ശരിയായ പ്രതിഫലത്തെ പ്രദാനംചെയ്യുന്നതാകയാൽ അനുഭവിക്കത്തക്കതു മാത്രമാകുന്നു.

മി. സി. പി. തോമസ് (നിയമിത മെംബർ): മെംബറുടെ അഭിപ്രായത്തിൽ ഏതു സ്റ്റാൻഡാർഡിനുതാഴെയാണു ഇംഗ്ലീഷ്ഭാഷമാർഗ്ഗമായി പഠിപ്പിക്കാൻ പാടില്ലാത്തതെന്നു പറയുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): താഴ്ന്നക്ലാസുകളിൽ നാട്ടുഭാഷയെമാത്രമേ ആശ്രയിക്കാവൂ. ഇംഗ്ലീഷുഭാഷ മനസ്സിലാക്കുവാനുള്ള വിദ്യാർത്ഥികളുടെ ത്രാണിയെയാകുന്നു ആ സംഗതി ആശ്രയിച്ചിരിക്കുന്നതു. ഇംഗ്ലീഷുഭാഷ മനസ്സിലാക്കുവാനുള്ളശക്തി വിദ്യാർത്ഥിക്കുണ്ടെങ്കിൽ ആ ഭാഷമുഖേന പഠിപ്പിക്കുന്നതുകൊണ്ടു യാതൊരുദോഷവും വരാനില്ല.

മി. സി. പി. തോമസ് (നിയമിത മെംബർ): ഇപ്പോഴത്തെ സ്ഥിതികരണം അനുസരിച്ചു ഏതു സ്റ്റാൻഡാർഡിനുതാഴെ ഇംഗ്ലീഷുഭാഷപ്രയോഗിച്ചുനോക്കുവാൻ പാടില്ലെന്നുള്ളതിനെപ്പററി മെംബർക്കു ഏതെങ്കിലും അഭിപ്രായമുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞതുപോലെ, മൂന്നാംഫാറംമുതൽ മേല്പോട്ടു ഇംഗ്ലീഷുഭാഷമാർഗ്ഗമായി പഠിപ്പിക്കാമെന്നാകുന്നു ഞാനും വിചാരിക്കുന്നതു.

പിന്നീടു പ്രസ്താവിച്ച വേറൊരുകാര്യത്തെസ്സംബന്ധിച്ചു ഇംഗ്ലീഷുഭാഷവഴിയായി വിദ്യാഭ്യാസം ചെയ്യിക്കുന്നതുകൊണ്ടു നാട്ടുഭാഷയുടെ പ്രാധാന്യം കുറഞ്ഞുപോകുന്നതാണെന്നായിരുന്നു. ആ ആശങ്കയുണ്ടെന്നു തോന്നുന്നപക്ഷം നാട്ടുഭാഷയിൽ കൂടുതൽപുസ്തകങ്ങൾ നിർമ്മിച്ചു ഈ കുറവിനെ പരിഹരിക്കാവുന്നതാണെന്നാകുന്നു എന്റെ അഭിപ്രായം.

ഈ അഭിപ്രായങ്ങളാൽ എനിക്കു പ്രമേയത്തെ പ്രതിഷേധിക്കേണ്ടതായിരിക്കുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സർ, ഹോർത്തുഫാരംപദരയുള്ള ക്ലാസുകളിൽ ഇംഗ്ലീഷ് ഭാഷകഴിക്കെ ശേഷമുള്ള വിഷയങ്ങളെല്ലാം നാട്ടുഭാഷയിൽതന്നെ പഠിപ്പിക്കുന്നതു നന്നായിരിക്കുമെന്നു ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ടു. അതിനെ അടിസ്ഥാനപ്പെടുത്തിവേണം നടപടിനടത്താമെന്നു സമ്മതിക്കുന്നസ്ഥിതിയ്ക്കു പ്രമേയത്തെ പോട്ടിവിടണമെന്നു വിചാരിയ്ക്കുന്നില്ല.

പ്രസിഡണ്ട്: എന്നാൽ അതു അദ്ദേഹത്തിന്റെ സ്വന്ത അഭിപ്രായമാണെന്നുള്ള വാസ്തവത്തെ വെളിപ്പെടുത്തുന്നതിൽ വിദ്യാഭ്യാസഡയറക്ടർ കൂടക്കൂടെ നിഷ്കർഷിക്കുകയും വളരെ ശ്രദ്ധിക്കുകയും ചെയ്തിരുന്നുഎന്നു ഞാൻ വിചാരിക്കുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഞാൻ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: പ്രമേയം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുവോ?

സഭയുടെ അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രസിഡന്റ്, ശേഷിച്ചുള്ള പ്രമേയങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുവാൻ നമുക്കു സമയംകാണുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

സമയംഇല്ലാത്തതുകൊണ്ടു താഴെക്കാണുന്ന പ്രമേയങ്ങൾ ഉപേക്ഷിക്കപ്പെട്ടു.

ഉ. നിർദ്ദിഷ്ടപാഠ്യപുസ്തക ലിസ്റ്റിന്റെ കാലേക്കൂട്ടിയുള്ള പ്രസിദ്ധീകരണം.

മി. ജി. രാമൻമേനോൻ.

ഉ. ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വിദ്യാലയവർഷത്തിന്റെ ആരംഭത്തിനു കുറഞ്ഞപക്ഷം രണ്ടു മാസത്തിനു മുമ്പേതന്നെ നിർദ്ദിഷ്ട പാഠ്യപുസ്തകങ്ങളുടെ ലിസ്റ്റ് ഗവണ്മെന്റ് ഗസെററിൽ പ്രസിദ്ധംചെയ്യേണ്ടതാണെന്നും, ഏതെങ്കിലും സംഗതിയിൽ പ്രത്യേകമായ കാരണങ്ങളാൽ ആവശ്യമായിത്തീരുന്നമാറങ്ങൾ ഒഴികെ, ഏതെങ്കിലും പുസ്തകത്തിൽ പണവിഷയമായി സംബന്ധമുള്ള ഏതെങ്കിലും ആളിനു ഹാനികരമായവിധത്തിൽ, പ്രസിദ്ധീകരണനീയതിക്കുശേഷം മററു യാതൊരു ഭേദഗതിയും ചെയ്യാവുന്നതല്ലെന്നും ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യുകൊള്ളുന്നു.

ന്യ. പ്രായപൂർത്തിയായവരുടെ വിദ്യാഭ്യാസം.

മി. എ. കെ. പിള്ള:

ന്യ. തൊഴിലാളിവർഗ്ഗത്തിലുള്ള പ്രായംചെന്നവരുടെ വിദ്യാഭ്യാസത്തിനായി, വിദ്യാഭ്യാസസംബന്ധിച്ചു ചെലവാകുന്ന മൊത്തംതുകയിൽനിന്നും ഒരു യുക്തമായ ശതമാനം നീക്കിവെയ്ക്കേണ്ടതാണെന്നു ഈ സഭ ഗവണ്മെന്റിനോടു ശുപാർശകാട്ടുന്നു.

വൈകുന്നേരം ൪ മണിക്കു സഭ പിരിഞ്ഞു,

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGOM PILLAI,
Head Translator to Government.

TPL
STOCK VERIFIED
1995

2 കർക്കടകം 18, 1101- പുതിയ മെമ്പർമാർ

3 കർക്കടകം 18, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

20 കർക്കടകം 18, 1101-1101 ലെ റിവൈസ്ഡ് എസ്റ്റിമേറ്റ്

24 കർക്കടകം 18, 1101-സ്റ്റാന്റിംഗ് ഓഡർ ഭേദഗതി പ്രമേയം

26 അനുബന്ധം-1101-ലെ ഫൈനാൻസ് കമ്മിറ്റിയുടെ പ്രവൃത്തി വിവരം

41 കർക്കടകം 21, 1101-പ്രശ്നങ്ങളും മറുപടിയും

53 കർക്കടകം 21, 1101-ബഡ്ജറ്റിന്റെ സാമാന്യ നിരൂപണം

65 കർക്കടകം 22, 1101-ചോദ്യോത്തരങ്ങൾ

71 കർക്കടകം 22, 1101-ബഡ്ജറ്റിനെപ്പറ്റി പൊതുവെയുള്ള വാദപ്രതിവാദം

109 കർക്കടകം 25, 1101-ചോദ്യോത്തരങ്ങൾ

114 കർക്കടകം 25, 1101-ബഡ്ജറ്റിന്റെ സാധാരണ വാദപ്രതിവാദം

121 കർക്കടകം 25, 1101-പൊതുമരാമത്ത് ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന

163 കർക്കടകം 26, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

169 കർക്കടകം 26, 1101-വിദ്യാഭ്യാസം-ധനാഭ്യർത്ഥന

217 കർക്കടകം 27, 1101-ചോദ്യോത്തരങ്ങൾ

221 കർക്കടകം 27, 1101-ഭൂനികുതി-ധനാഭ്യർത്ഥന

268 കർക്കടകം 27, 1101-ആദായനികുതി-ധനാഭ്യർത്ഥന

273 കർക്കടകം 28, 1101-പ്രശ്നങ്ങളും മറുപടികളും

277 കർക്കടകം 28, 1101-എക്സൈസ് ഡിപ്പാർട്ടുമെന്റ് -ധനാഭ്യർത്ഥന

289 കർക്കടകം 28, 1101-വനം-ധനാഭ്യർത്ഥന

301 കർക്കടകം 28, 1101-സ്റ്റാമ്പ്-ധനാഭ്യർത്ഥന

303 കർക്കടകം 29, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

318 കർക്കടകം 29, 1101-സാധാരണഭരണം-സെക്രട്ടറിയേറ്റ് ഇത്യാദി-ധനാഭ്യർത്ഥന

375 കർക്കടകം 30, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

378 കർക്കടകം 30, 1101-പൊതുഭരണം-അക്കൗണ്ടാഫീസ്

421 ചിങ്ങം 2, 1102-പ്രശ്നോത്തരങ്ങൾ

426 ചിങ്ങം 2, 1102-പോലീസ്-ധനാഭ്യർത്ഥന

446 ചിങ്ങം 2, 1102-കൃഷിയും മത്സ്യവ്യവസായവും-ധനാഭ്യർത്ഥന

465 ചിങ്ങം 3, 1102-ചോദ്യോത്തരങ്ങൾ

487 ചിങ്ങം 3, 1102-കൃഷി മത്സ്യവ്യവസായം-ധനാഭ്യർത്ഥന

491 ചിങ്ങം 3, 1102-വ്യവസായ വകുപ്പ്-ധനാഭ്യർത്ഥന

507 ചിങ്ങം 3, 1102-മെഡിക്കൽ വകുപ്പ്-ധനാഭ്യർത്ഥന

537 ചിങ്ങം 4, 1102-ചോദ്യങ്ങളും ഉത്തരങ്ങളും

553 ചിങ്ങം 4, 1102-പൊതുജനാവശ്യം പ്രമാണിച്ചുള്ള സംഗതികളെ സംബന്ധിച്ച പ്രമേയങ്ങൾ

570 ചിങ്ങം 4, 1102-കാർഷികാധിനിവേശ പദ്ധതി സംബന്ധിച്ച പട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതി

577 ചിങ്ങം 4, 1102-മലയാളഭാഷയെ കോർട്ടു ഭാഷയായിട്ടുള്ള സ്വീകരണം